ശക്തൻ തമ്പുരാൻ.

ധാർമ്മികചക്രവർത്തി
കൊച്ചി മഹാരാജാവു് തിരുമനസ്സുകൊണ്ടു്.

Printed at the Deccan Printing House Calicut.

ശ്രീ

ശക്തൻ തമ്പുരാൻ

ഗ്രന്ഥകർത്താ

പുത്തേഴത്തു രാമമേനോൻ

DATA ENTERED

എറണാകുളം

വിശ്വനാഥ് പ്രസ്സിൽ അച്ചടിച്ചതു്

[illegible] സർവ്വാധി[illegible] രാമന [illegible].

ശക്തൻ വലിയതമ്പുരാന്റെ ഒരു ജീവ
ചരിത്രം [illegible] നായർ അവർകളെ [illegible]
[illegible]
[illegible]
[illegible]. നമ്മുടെ നാട് [illegible]
[illegible]. നമ്മുടെ [illegible]
[illegible]
ശ്രീ ശക്തൻ തമ്പുരാൻ [illegible]
[illegible] നായർ അവർകളെ [illegible]
[illegible]
[illegible]
[illegible]
[illegible] 1116 [illegible] മാസം 15-നു
[illegible] Rama Varma

സമർപ്പണം.

ധാർമ്മികചക്രവർത്തിയായ ഏതൊരു മഹാ-
രാജാവിന്റെ കാരുണ്യാതിരേകത്താൽ
ഇതെഴുതുന്നവൻ അനുഗൃഹീതനും അതീവ
ധന്യനും ആയിത്തീൎന്നു,

ഔദാൎയ്യനിധിയായ ഏതൊരു മഹാരാജാ-
വിന്റെ പ്രോത്സാഹനത്താൽ ഈ
ഗ്രന്ഥനിൎമ്മാണം ആഹ്ളാദജനകവും
അശ്രമസാദ്ധ്യവും ആയിത്തീൎന്നു,

കലാകൗതുകിയായ ഏതൊരു മഹാരാജാ-
വിന്റെ തൃക്കൈവിളയാട്ടത്താൽ ഈ
ഗ്രന്ഥം ആദരണീയവും തൽകൎത്താവ്
അഭിമാനിതനും ആയിത്തീൎന്നു,

ഋഷിതുല്യനായ ആ മഹാരാജാവിന്റെ—
ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ—
വന്ദനീയങ്ങളായ തൃച്ചേവടികളിൽ,

ഈ വിനീതോപഹാരത്തെ തൃപ്പാദദാസ-
നായ ഗ്രന്ഥകൎത്താവു സഭക്ത്യാദരം
സമൎപ്പിച്ചു സാഷ്ടാംഗം നമസ്കരിച്ചു
കൊള്ളുന്നു.

വിഷയവിവരം

	തൃക്കൈവിളയാട്ടം	iii
	സമർപ്പണം	v
	അവതാരിക	xv
	പ്രസ്താവന	xix
I	ചരിത്രസംക്ഷേപം	1
II	പെരുമ്പടപ്പിൽസ്വരൂപം	11
	൧ വേരുകളും വേടുകളും	
	൨ ക്രിസ്ത്വബ്ദം 1500നു മുൻപു	
	൩ പോർത്തുഗീസുകാർക്കുശേഷം	
	൪ ഒടുവിലത്തെ ഒത്തു്	
	൫ ഇന്നത്തെ സ്വരൂപം	
III	കൊച്ചി	23
IV	വെള്ളാരപ്പിള്ളി	32
V	ഉദയാന്തരീക്ഷം	41
	൧ തൃപ്പാപ്പിയും നെടിയിരുപ്പും	
	൨ സന്ധിയും ബന്ധവും	
	൩ ഡച്ചുകാരുമായുള്ള എഴുത്തുകുത്ത്	
	൪ സാമൂതിരിപ്രവാഹം	
	൫ 937ലെ കരാറ്	
	൬ രാജ്യസ്ഥിതി	
	൭ അരുണോദയം	
VI	ജനനവും ബാല്യകാലവും	70
VII	പ്രതിപുരുഷതാപ്രാപ്തി	81
VIII	ഗൃഹസ്ഥാശ്രമം	90
IX	ചിററമ്മത്തമ്പുരാൻ	102
X	ഡച്ചുകാർ	111

XI	പ്രഥമലേഖനം	119
XII	കച്ചവടവൈപുല്യം	128
XIII	ചന്തകൾ	143
XIV	ഹൈദർ ആലിഖാൻ	151
XV	ടിപ്പുസുൽത്താൻ	161
XVI	തിരുമ്പപ്പ്	177
XVII	ആംഗ്ലേയസന്ധി	187
XVIII	കമ്പനിദിവാൻമാർ	200
XIX	മലബാർ കമ്മീഷണർമാർ	213
XX	ഗോവിന്ദാഖ്യാനം	228
XXI	ഒരു പ്രത്യക്ഷപത്രം	233
	൧ അല്പാന്തി (കടൽ) ചുങ്കം	
	൨ അകച്ചുങ്കം	
	൩ മാക്കാരുടെ കാര്യം	
	൪ നാട്ടുചുങ്കം	
	൫ ചേറ്റുവാമണപ്പുറം	
XXII	ആംഗ്ലേയപ്രശസ്തി	245
XXIII	കോഴിക്കോട്	252
	൧ കലാപകാലം	
	൨ ഇംഗ്ലീഷുകാരുടെ പ്രവേശം	
	൩ കൊച്ചിക്കെതിരായ വാദങ്ങൾ	
	൪ ചാലക്കലെ യുദ്ധം	
XXIV	കവളപ്പാറ	274
XXV	ചിറ്റിലപ്പിള്ളി	285
XXVI	കൊടുങ്ങല്ലൂർ	297
XXVII	ചേറ്റുവാമണപ്പുറം	322
	൧ പൂർവ്വചരിത്രം	
	൨ ഡച്ചിനുശേഷം	
	൩ ഇംഗ്ലീഷുകാർക്കു ശേഷം	
	൪ പട്ടോലക്കരണകാര്യം	

XXVIII	പാലഘാട്ടും പുന്നത്തൂരും	342
	൧ പാലഘാട്ട്	
	൨ പുന്നത്തൂർ	
	൩ തലപ്പിള്ളി	
XXIX	തിരുവിതാംകൂർ	355
XXX	ആലങ്ങാട്ടും പറവൂരും	368
XXXI	ക്രിസ്ത്യാനികൾ	379
	൧ സാമാന്യസ്ഥിതി	
	൨ ലന്തയും പറങ്കിയും	
	൩ വരാപ്പുഴ മെത്രാൻ	
	൪ കൂറില്ലോസ് മെത്രാൻ	
	൫ പള്ളികളുടെ കിടപ്പും വ്യാപ്തിയും	
	൬ ആത്താറുപള്ളി വഴക്ക്	
	൭ മേൽക്കോയ്മാധികാരവാദം	
	൮ കണ്ടുപിടിച്ച പോംവഴി	
	൯ ഡച്ചിന്റെ മനസ്ഥിതി	
	൧൦ ശക്തൻതമ്പുരാന്റെ നയം	
XXXII	കൊങ്കിണികൾ	410
	൧ പ്രജാവാദം	
	൨ ദേവരശക്കിണി	
	൩ തിരുമലദേവസ്വം	
	൪ ഇംഗ്ലീഷുകാക്കശേഷം	
XXXIII	ജൂതന്മാർ	434
	൧ പൂർവ്വചരിത്രം	
	൨ ധർമ്മസാദ്ധ്യം ശക്തൻതമ്പുരാനും	
	൩ ശക്തൻതമ്പുരാനും മതിരാശിഗവർണ്ണരും	
	൪ യൂദന്മാരുടെ അവസാനനില	
XXXIV	ഈഴവർ	451
XXXV	ക്ഷേത്രസങ്കേതങ്ങൾ	456

XXXVI	തിരുവില്വാമല	471
XXXVII	തച്ചുടയകയ്മൾ	483
XXXVIII	യോഗാതിരിപ്പാട്	493
XXXIX	ഊട്ടു—ദേവസ്വം വകുപ്പ്	505
	൧ വടക്കുന്നാഥൻ ക്ഷേത്രം	
	൨ അശോകേശ്വരം	
	൩ തൃശ്ശിവപേരൂർ ഊട്ടുപുര	
	൪ എറണാകുളം ഊട്ടുപുര	
XL	സോദയമഠം	518
XLI	സൈനികവ്യവസ്ഥകൾ	526
XLII	ഭരണവിഭാഗങ്ങളും മുതലെടുപ്പുകളും	533
XLIII	ചുങ്കങ്ങൾ	539
	൧ അല്ലാന്തിച്ചുങ്കം	
	൨ മററു ചുങ്കങ്ങൾ	
XLIV	പുകയിലയും മലവകയും	550
	൧ പുകയിലക്കത്തുമതി	
	൨ മലവക വകുപ്പ്	
XLV	നിത്യച്ചിലവുകൾ	561
	൧ ദാനഅടിയന്തിരം വക	
	൨ പള്ളിത്തേവാരം വക	
	൩ തിരുവെലികൾ	
	൪ മഠപ്പിള്ളിച്ചിലവ്	
	൫ നീരാട്ടുകുളി	
	൬ തിരുമേനിചാത്ത്	
	൭ മുറക്കച്ചിലവ്	
	൮ പതിവുകാർ	
	൯ 'മഠ'ത്തിലെ ചിലവ്	
	൧൦ പലവക ചിലവ്	
	൧൧ പുറത്തുള്ള ചിലവുകൾ—തെക്കേ മുഖം	
	൧൨ ,, —വടക്കേ മുഖം	
	൧൩ അരിയും കോപ്പും	
	൧൪ ഹുക്കനാമം	

XLVI മരാമത്തുകൾ 573

൧ കോവിലും കോവിലകവും
൨ കളിക്കോട്ട—ദേവതമാളിക
൩ തൃശ്ശൂർ കോട്ടയും കോവിലകവും
൪ രാജപാതകൾ മുതലായവ
൫ ഏനാമാക്കൽക്കെട്ട്

XLVII സമ്പാദിച്ച സ്വത്തുക്കൾ 583

XLVIII ചില കൗതുകങ്ങൾ 594

൧ ലായം
൨ തൊഴുത്തുകൾ
൩ പൂന്തോട്ടങ്ങൾ
൪ നായാട്ടനായ്ക്കൾ
൫ കാപ്പിരിക്കുട്ടികൾ
൬ മൃഗശാല

XLIX രാജനീതി 614

൧ സാമാന്യവിവരണം
൨ ശുക്രനീതി
൩ അഗ്നിപുരാണോക്തി
൪ അന്വേഷണവും മറുപടിയും
൫ നീതിശാസ്ത്രം
൬ മലബാർ ജില്ലാസ്ഥാപനം

L ഉദ്യോഗസ്ഥന്മാർ 636

൧ പ്രവൃത്തിയാരന്മാർ
൨ കാര്യക്കാരന്മാർ
൩ കൊമ്പാന്തന്മാർ
൪ രജിമിട്ടകാർ

LI പാലിയത്തച്ചൻ 662

LII ചിമ്മുക്കുട്ടിയമ്മ 674

LIII സാഹിത്യാഭിവൃദ്ധി 693

LIV അസ്തമനം 707

൧ അന്ത്യകാലം
൨ ആലസ്യം
൩ അന്ത്യശാസനങ്ങൾ

LV അസ്സമനാൽപരം 726

൧ അച്ഛൻ വീണ്ടും മന്ത്രി
൨ കുഞ്ഞികൃഷ്ണമേനോൻ
൩ അച്ഛന്റെ അവിവേകം
൪ മടവിലത്തെ വലിയസമ്പാധി
൫ അതിർത്തിവിട്ട അതിക്രമങ്ങൾ
൬ 'മഹാരാജ'ന്റെ മഹാസമാധി
൭ മൺടോ സാഷ്യ്

ഉപസംഹാരം 755

ബ്ലോക്കുവിവരം.

1. ധാൎമ്മികചക്രവത്തി കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ടു്.
2. മഹാമഹിമശ്രീ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് 1
3. തിരുവഞ്ചിക്കുളം (കൊടുങ്ങല്ലൂർ) ക്ഷേത്രം 16
4. പഴയന്നൂർ ക്ഷേത്രം (അകത്തുവശം) 17
5. കൊച്ചി അഴി 24
6. വല്ലാർവട്ടം—നഷ്ടശിഷ്ടങ്ങൾ 25
7. വെള്ളാരപ്പിള്ളി തെക്കേക്കോവിലകവും, കോവിലകത്തിന്റെ മുൻഭാഗത്തുള്ള ഭീമമായ മതിൽക്കെട്ടും 32
8. വെള്ളാരപ്പിള്ളി തെക്കേക്കോവിലകം— ശക്തൻതമ്പുരാന്റെ ജനനസ്ഥലം 33
9. വെള്ളാരപ്പിള്ളി പുതിയേടം ക്ഷേത്രം 48
10. വെള്ളാരപ്പിള്ളി പുതിയേടം ക്ഷേത്രത്തിന്റെ മറ്റൊരുവശം 49
11. 951 കന്നിമാസത്തിൽ തീപ്പെട്ട തമ്പുരാൻ 80
12. 965 കൎക്കടകമാസത്തിൽ തീപ്പെട്ട തമ്പുരാൻ 81
13. ഹൈദരാലിഖാൻ 160
14. ടിപ്പുസുൽത്താൻ 160
15. തൃശ്ശിവപേരൂർ വടക്കേക്കരക്കോവിലകം — ടിപ്പുവിന്റെ കൊടിമരം—അതിന്മേൽ ഒരു ആലുമുളച്ചു് അതിനെ മൂടിയിരിക്കുന്നു 161
16. നെടുങ്കോട്ടയുടെ ഒരുഭാഗം 161
17. കണയന്നൂർ കോവിലകം 182
18. കണയന്നൂർ കോവിലകത്തിന്റെ പഴയകോട്ടയുടെ നഷ്ടശിഷ്ടങ്ങൾ 182
19. മട്ടാഞ്ചേരി ഡച്ചുകൊട്ടാരം 183
20. കൊടുങ്ങല്ലൂർ അഴി 296
21. കൊടുങ്ങല്ലൂർ കോട്ടമുക്കു കായൽ 297
22. കൊടുങ്ങല്ലൂർ അഴിമുഖത്തിന്റെ ഒരുഭാഗം 297
23. കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം 320
24. തിരുവഞ്ചിക്കുളം (കൊടുങ്ങല്ലൂർ) ക്ഷേത്രം 321

25. കുന്ദംകുളം ആത്താറവപള്ളി. ടി. മുൻവശം 384

26. കുന്ദംകുളം ആത്താറവ ക്രിശ്ശുപള്ളി—നറുക്കിട്ടപ്പോൾ റോമൻകത്തോലിക്കർക്കു കിട്ടിയതു് 385

27. കുന്ദംകുളം ആത്താറവപള്ളിയുടെ ഒരുഭാഗം 400

28. അന്തിമാളൻകാവുപള്ളി— ശക്തൻതമ്പുരാൻ കുന്ദംകുളത്തുകാർക്കു കല്പിച്ചുകൊടുത്തതു് 400

29. കാഞ്ഞൂർ കത്തോലിക്കപ്പള്ളി— പടിഞ്ഞാറേഗോപുരവും, ശക്തൻതമ്പുരാൻ പള്ളിക്കു സമ്മാനിച്ച ആനവിളക്കും 401

30. തിരുമലദേവസ്വം മഹാക്ഷേത്രം 434

31. മട്ടാഞ്ചേരി ജൂതപ്പള്ളി 435

32. പെരുമനം ക്ഷേത്രം 468

33. തിരുവില്വാമലക്ഷേത്രം 469

34. ഇരിങ്ങാലക്കുട കൂടൽമാണിക്കം ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുരം 488

35. കൂടൽമാണിക്കം ക്ഷേത്രം 489

36. വടക്കുന്നാഥൻ ക്ഷേത്രം 510

37. തൃശ്ശിവപേരൂർ അശോകേശ്വരം ക്ഷേത്രം 511

38. തൃപ്പൂണിത്തുറ ദേവതമാളിക— 574

39. ... ... ഒരുവശം 574

40. ... ... മറെറാരുവശം 575

41. ... ... ഉൾഭാഗം 575

42. ... ... ഒരു ഭാഗം 578

43. ... ... വിചിത്രത്തൂണുകൾ 578

44. തൃപ്പൂണിത്തുറ ശക്തൻതമ്പുരാൻ പണികഴിപ്പിച്ച കളിക്കോട്ട 579

45. തൃശ്ശിവപേരൂർ വടക്കേക്കരക്കോവിലകം 708

46. ... പഴയകോവിലകത്തിന്റെ കിഴക്കേക്കോട്ടവാതിൽ 709

47. ... വടക്കേക്കരകോവിലകം തെക്കേ തോപ്പുപറമ്പിൽ ഒരുഭാഗം 724

48. ... ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു സംസ്കരിക്കപ്പെട്ട സ്ഥലം 724

49. ശക്തൻതമ്പുരാൻ തിരുമനസ്സിലെ ശ്മശാനത്തറ. 725

അവതാരിക

ഗംഗാപ്രവാഹംപോലെ അപ്രതിഹതമായ വാഗ്ധോരണിയിൽ അനുവാചകപ്രജ്ഞയെ ഒഴുക്കിക്കൊണ്ടുപോകുന്ന ഈ ഗ്രന്ഥം, ജീവചരിത്രമോ, രാജ്യചരിത്രമോ, ഐതിഹ്യമാലയോ, ഗദ്യകാവ്യമോ, എല്ലാംകൂടിയതോ, എന്തെങ്കിലുമായിക്കൊള്ളട്ടേ, മലയാളസാഹിത്യത്തിന്ന് ഒരു മികച്ച നേട്ടം തന്നെയാണെന്നുള്ളതിനെക്കുറിച്ചു യാതൊരഭിപ്രായവ്യത്യാസത്തിനും വഴിയുണ്ടെന്നു തോന്നുന്നില്ല. കേരളത്തിലെ ഒരു വീരപുരുഷനെ നായകനായി സ്വീകരിച്ചുകൊണ്ട് ഇത്ര വിസ്തൃതവും ബഹുഗുംഫവും, അതേസമയംതന്നെ ആപാദചൂഡം ആകർഷകവുമായ ഒരു "ബൃഹൽകഥ" ഇതുവരേ ആരും നിർമ്മിച്ചിട്ടുള്ളതായി അറിവില്ല. ഏതുതരത്തിലുള്ള ജനങ്ങൾക്കും വിജ്ഞാനത്തിനും വിനോദത്തിനും ധാരാളം വകയുള്ള അനേകം ഭാഗങ്ങളാൽ സമലംകൃതമായ പ്രസ്തുതചരിത്രഗദ്യകാവ്യത്തിന്ന് അനന്യസുലഭമായ പ്രചാരം സിദ്ധിക്കുമെന്നു ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്. വശ്യവാക്കായ പുത്തേഴത്തു രാമമേനോൻ അവർകളുടെ ഭാഷാമാധുര്യവും ഫലിതചാതുര്യവും കേരളീയർക്കു സുപരിചിതങ്ങളാണല്ലോ; അപരദുർല്ലഭങ്ങളായ ഈ ഗുണങ്ങളോടുകൂടി, പൂർവ്വകാലങ്ങളിലെ സംഭവങ്ങളേയും സന്ദർഭങ്ങളേയും സജീവങ്ങളാക്കി നമുക്കനുഭവപ്പെടുത്തിത്തരുന്നതിനു തക്ക വൈഭവമുള്ള കവിസഹജമായ ഭാവനാശക്തിയും ഈ ഗ്രന്ഥത്തിന്റെ നാനാഭാഗങ്ങളിൽ, വിശിഷ്യ സാങ്കല്പികസംഭാഷണരംഗങ്ങളിൽ, കളിയാടുന്നതു് ഇതിന്റെ സാഹിത്യാംശത്തിനു ഗണ്യമായവിധം മാററുകൂട്ടുകതന്നെ ചെയ്യുന്നുണ്ട്.

ഒരു വ്യക്തിയുടെ ജീവചരിത്രമെഴുതുമ്പോൾ ആയാളുടെ ദോഷഭാഗങ്ങളെയെല്ലാം ഗുണഭാഗങ്ങളോടൊപ്പം, ഉള്ളതുപോലെതന്നെ, യാതൊരുവക ഏററക്കുറച്ചലോ മാററമ്മറിച്ചലോ കൂടാതെ, തുല്യപ്രാധാന്യത്തോടെ പ്രകാശിപ്പിക്കേണ്ടതാണെന്നൊരു പക്ഷക്കാർ അടുത്തകാലത്തു് ആവിർഭവിക്കയുണ്ടായിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം ജീവചരിത്രകാരന്മാർ തങ്ങളുടെ കഥാനായകന്മാരുടെ മഹത്വത്തെ, ഉള്ളതില

ധികംപോലും, ഉയത്തിക്കാണിച്ചു് ഉള്ളഴിഞ്ഞാരാധിക്കുന്നതിലാണു് ഉത്സുകരായി കാണപ്പെട്ടിട്ടുള്ളതു്. ചരിത്രപരമായ ഏതെങ്കിലും സംഗതിയിന്മേൽ പടുത്തുകെട്ടീട്ടുള്ള ലോകോത്തരകാവ്യങ്ങളിലാകട്ടേ, നായകോൽക്കഷത്തിനുവേണ്ടി കവി എത്രത്തോളം സ്വാതന്ത്ര്യം പ്രയോഗിക്കുമെന്നു ഷേക്സ്പിയർമഹാകവിയുടെ ചരിത്രനാടകങ്ങൾ സ്പഷ്ടമായി ഉദാഹരിക്കുന്നുണ്ടല്ലോ. ശ്രീമാൻ രാമമേനോൻെറ ദൃഷ്ടിയിൽ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ലക്ഷണസമ്പൂർണ്ണനായ ഒരു ധീരോദാത്തനായകനായി പ്രശോഭിക്കുന്ന സ്ഥിതിക്കു്, ഗ്രന്ഥകത്താവിനും പ്രതിപാദ്യവിഷയത്തിനും തമ്മിലുണ്ടാകേണ്ടതായ പരമസ്നിഗ്ധത എന്ന ഗുണം ഈ ജീവചരിത്രത്തെ വിശേഷിച്ചും സജീവമാക്കിത്തീക്കുന്നുണ്ടു്. എന്നാൽ ശക്തൻതമ്പുരാൻെറ ദോഷഭാഗങ്ങളെന്നു പറയപ്പെടുന്ന അംശങ്ങളെപ്പോലും ഗ്രന്ഥകത്താവു കേവലം മൂടിവെക്കാതെ വിമശിച്ചു വിശുദ്ധിപ്പെടുത്തീട്ടുള്ളതായി തെളിഞ്ഞുകാണാം. ശക്തൻതമ്പുരാൻ തിരുമനസ്സിലെ കാലംകഴിഞ്ഞിട്ടു് ഇപ്പോൾ ഒന്നരന്തററാണ്ടുപോലും തികഞ്ഞിട്ടില്ലെങ്കിലും, അദ്ദേഹത്തെ ഭയങ്കരമോ ബീഭത്സമോ ആയ വികൃതരൂപത്തിൽ കാണിക്കുന്ന എത്രയെത്ര കെട്ടുകഥകളാണു് ആ തിരുനാമധേയത്തിന്മേൽ പടന്നുകേറി കാടുപിടിച്ചു വളന്നുവന്നിട്ടുള്ളതു്! ആവക "മുത്തശ്ശിക്കഥ" കളേയും ഐതിഹ്യപരമ്പരകളേയും നമ്മുടെ ഗ്രന്ഥകത്താവു് ഒട്ടുംതന്നേ വിസ്മരിച്ചിട്ടില്ല; എന്നാൽ, അദ്ദേഹത്തിൻെറ ശക്തൻതമ്പുരാൻ ആ വകയിൽനിന്നെല്ലാം തീരെ വ്യത്യസ്തനായ ഒരു മഹാപുരുഷനായിട്ടാണു പ്രോത്ഭാസിക്കുന്നതു്. പ്രഥമാധ്യായത്തിൽ സൂചിപ്പിച്ച പ്രകാരത്തിലുള്ള മാഹാത്മ്യം "ശക്തൻ"െറ ചരിത്രത്തിൽ നെടുനീളം വ്യാപിച്ചുകിടക്കുന്നതു്, പുസ്തകം വായിച്ചുപോകുന്നതോടുകൂടി എല്ലാവക്കും ബോധ്യമാകും.

ചരിത്രമാകുന്ന അസ്ഥിപഞ്ജരത്തിൽ രക്തമാംസാദിധാതുക്കളെ യഥോചിതം ആരോപിച്ചു ജീവനുണ്ടാക്കിത്തീക്കുന്നതിനു സാഹിത്യമമ്മജ്ഞൻ തൻെറ പ്രതിഭയെ സമഗ്രമായി വിനിയോഗിച്ചിരിക്കുന്നു. അതിൻെറ ഫലമായി, പുസ്തകം ഒരു വട്ടം വായിച്ചുതീരുമ്പോഴേയ്ക്കും, നായകൻെറ സ്വരൂപവും സ്വഭാവവും, മാഞ്ഞുപോകാത്തവിധത്തിൽ, നമ്മുടെ മനസ്സിൽ പതിയുന്നു; കൊല്ലം പത്താംശതകത്തിലേ കേരളരാജ്യചരിത്രമാകുന്ന പശ്ചാത്തലത്താൽ വിജൃംഭിതമായ മഹസ്സോടുകൂടിയ ഒരു അസാധാരണപുരുഷൻ (ഒരു

അതിമാനുഷൻ എന്നുതന്നെ പറയാം) നമ്മുടെ മുമ്പാകെ, യഥാൎത്ഥ ജീവിതത്തിലെന്നപോലെ സുവ്യക്തരൂപത്തിൽ പ്രത്യക്ഷനാകുന്നു. ഈ യാഥാൎത്ഥ്യപ്രതീതിയുടെ സ്ഫുടതയും ദൃഢതയുമത്രേ "ശ്രീ ശക്തൻ തമ്പുരാ"നെസ്സംബന്ധിച്ച പ്രത്യേകം വക്തവ്യമായിട്ടുള്ള ഒരു ഉൽകൃഷ്ടകാവ്യഗുണം. തനിക്കു സമ്പാദിക്കുവാൻ സാധിച്ചിട്ടുള്ള സാമഗ്രികളെ സ്വച്ഛന്ദവും സ്വതന്ത്രവുമായ തന്റെ സ്വാഭാവികരീതിയിൽ കൈകാൎയ്യംചെയ്തു്, ആഹ്ലാദജനകമായ ഒരു ഉത്തമഗ്രന്ഥം നിൎമ്മിക്കണമെന്ന ആഭ്യന്തരപ്രചോദനത്തിനധീനനായിട്ടാണു ശ്രീമാൻ രാമമേനോൻ തന്റെ അനുഗൃഹീതതൂലികയെ ഇതിൽ വ്യാപരിപ്പിച്ചിട്ടുള്ളതു്. അതുതന്നെയാണല്ലോ സാഹിത്യത്തിൽ വിജയത്തിനുള്ള മുഖ്യാവലംബം.

കഥാനായകന്റെ ജീവിതചരിത്രത്തേയും സമകാലീനമായ കേരളചരിതത്തേയും വിശദമായി പ്രകാശിപ്പിക്കുന്ന വിലയേറിയ പല രേഖകളും ഈ ഗ്രന്ഥത്തിൽ പല ഭാഗങ്ങളിലായി സന്ദൎഭാനുസാരേണ ഉദ്ധരിച്ചുചേൎത്തിട്ടുള്ളതു വായനക്കാരുടെ ശ്രദ്ധയ്ക്കു സവിശേഷം വിഷയീഭവിക്കേണ്ടതാകുന്നു. ശക്തൻതമ്പുരാനെക്കുറിച്ചു ശരിയായ ബോധമുണ്ടാകണമെങ്കിൽ മുഖ്യമായി പഠിക്കേണ്ടതു് അദ്ദേഹത്തിന്റെ എഴുത്തുകുത്തുകളാകയാൽ, അവ എത്രതന്നെ എടുത്തുവിലക്കിയാലും ഇത്തരത്തിലുള്ള ഒരു ഗ്രന്ഥത്തിൽ അസ്ഥാനത്താകുന്നതല്ലെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. പ്രസ്തുതരേഖകൾ ചരിത്രപരമായിമാത്രമല്ലാ, ഭാഷാപരമായും, വളരെ രസാവഹങ്ങളായിരിക്കുന്നതുകൊണ്ടു് അവയെ തിരഞ്ഞെടുക്കുന്നതിൽ പ്രദൎശിപ്പിച്ചുകാണുന്ന ഔചിത്യബോധം പ്രത്യേകം ശ്ലാഘനീയംതന്നെയാണു്.

ഓരോ അദ്ധ്യായവും ഇതരാപേക്ഷകൂടാതെതന്നെ കഴിയുന്നത്ര പരിപൂൎണ്ണമായിരിക്കേണമെന്ന ഉദ്ദേശ്യം ഗ്രന്ഥകൎത്താവിനുണ്ടായിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു; അതിനുംപുറമേ ഈ ഗ്രന്ഥത്തിലേ പല അദ്ധ്യായങ്ങൾ പല മാസികകളിലും പത്രങ്ങളിലുമായി അപ്പോഴപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടവയാണെന്ന വാസ്തവംകൂടി ഓൎക്കുമ്പോൾ, അവിടവിടെ കാണുന്ന സ്ഥൗല്യാധിക്യത്തിനും ആവൎത്തനച്ഛായകൾക്കുമുള്ള ഹേതു വിശദമാകുന്നതാണു്. ഒരു വ്യക്തിയുടെ ജീവചരിത്രമെന്നനിലയ്ക്കു നോക്കുമ്പോൾ, ഇതിലെ അവയവസംയോഗത്തിൽ കുറേക്കൂടി ക്ലുപ്തത വേണ്ടതാണെന്നു തോന്നാമെങ്കിലും, ആക

പ്പാടെ, ശക്തൻതമ്പുരാൻ തിരുമനസ്സിലേയും അവിടുത്തെ കാലത്തേയും സുസ്പഷ്ടമാക്കുന്ന ഹൃദയാവർജ്ജകമായ ഒരു വിശദദൃശ്യം ഇതിൽ ഗോചരീഭവിക്കുന്നുണ്ടെന്നു് അനുഭവവേദ്യമാകുന്നു.

പഴയകാലത്തെ സ്ഥിതിഗതികളെ പരാമർശിക്കുന്ന ഒരു പ്രസംഗം ഇയ്യിടേ നിർവ്വഹിക്കേണ്ടതായിവന്നപ്പോൾ ചെയ്യുതായ ഒരു പ്രസ്താവനയുടെ ആവർത്തനത്തോടുകൂടി ഈ അവതാരികയേ ഇവിടെ അവസാനിപ്പിച്ചേയ്ക്കാം:— കാലമാകുന്ന കടലിലേ തിരമാലകൾ കരവെച്ചു പിൻവാങ്ങിപ്പോകുമ്പോൾ കാണുമാറാകുന്ന കക്കകളേയും കല്ലുകളേയും പെവക്കിയെടുത്തു പരിശോധിക്കുന്നതു് എല്ലായ്പോഴും രസാവഹവും ചിലപ്പോൾപ്രയോജനപ്രദവുമാകുമെന്നു പരക്കെ ബോദ്ധ്യമായിട്ടുള്ള ഒരു സംഗതിയാണല്ലോ. ഇത്രയും നിരുപദ്രവമായവിധത്തിൽ ഉന്മേഷജനകമായിട്ടുള്ള ഒരു വ്യവസായംപോലും പരാഭിഭവത്തിനും കലഹത്തിനും കാരണമായിപ്പരിണമിക്കുന്നതു കാണുമ്പോൾ എവിടംകൊണ്ടാണു് ഈ അപകടമുണ്ടാകുന്നതെന്നു സ്വല്പം ചിന്തിക്കേണ്ടിവന്നിരിക്കുന്നു. ശാസ്ത്രീയഗവേഷണത്തിന്റെ ഉദ്ദേശ്യംപോലെതന്നെ, ചരിത്രപരമായ ചർച്ചയുടേയും ഉദ്ദേശ്യം വാസ്തവപ്രകാശനം മാത്രമായിരിക്കേണ്ട സ്ഥിതിക്കു്, അതിൽ സ്വാർത്ഥത്തിനു പ്രവേശമനുവദിക്കുന്നതു "പാൽപ്പന്തീരാഴി"യിൽ ഉപ്പോ മണ്ണെണ്ണയോ ചേർക്കുന്നതിനോടു തുല്യമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. പഴയകാലങ്ങളിലെ കാര്യങ്ങളേയും, സ്ഥാനങ്ങളേയും, സ്ഥാപനങ്ങളേയും, സമുദായങ്ങളേയും, വ്യക്തികളേയുംകുറിച്ചു നിരൂപിക്കുമ്പോൾ അവയുടെ ഇന്നത്തേ പരിണതരൂപങ്ങളെക്കുറിച്ചുള്ള ഇഷ്ടാനിഷ്ടഭാവങ്ങൾ കേവലസത്യപ്രകാശനോദ്യമത്തേ മലീമസമാക്കാതിരിക്കുവാൻ ആധുനികന്മാർ പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു. ഗ്രന്ഥത്തിൽതന്നെ അവിടവിടെ തൽകർത്താവു് ആ സംഗതി വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ടു്.

എറണാകുളം,
൧൦൮൬ൻ

പി. ശങ്കരൻനമ്പ്യാർ, എം. എ.
(ഇംഗ്ലീഷ് പ്രൊഫസർ)

പ്രസ്താവന.

"ശ്രീ ശക്തൻതമ്പുരാ"ന്റെ ആവിർഭാവത്തിനു നിദാനമായ സാഹചര്യങ്ങളും പരിസരങ്ങളും, ഗ്രന്ഥാരംഭത്തിൽ ചേർത്തിരിക്കുന്ന 'തൃക്കൈവിളയാട്ട'ത്തിൽനിന്നു സ്പഷ്ടമാണെന്നു വിശ്വസിക്കുന്നു. കയ്യെഴുത്തുപുസ്തകത്തിലുണ്ടായിരുന്ന അറുപത്തിഎട്ട് അദ്ധ്യായങ്ങളെ വിഷയസ്വഭാവം നോക്കി ഒന്നു് ഉടച്ചുവാക്കുകയും, ശക്തൻതമ്പുരാന്റെ ആയുഷ്കാലമായ അയ്മ്പത്തിയഞ്ചു കൊല്ലത്തിനനുസരിച്ച്, അദ്ധ്യായസംഖ്യയും അയ്മ്പത്തിയഞ്ചാക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

ഈ കൃതിയുടെ നിർമ്മാണത്തിനും പ്രസിദ്ധീകരണത്തിനും ഉദാരമനസ്കനായ മഹാരാജാവു തിരുമനസ്സുകൊണ്ടും തിരുമനസ്സിലെ ഗവർമ്മേണ്ടും പഴയ റിക്കാർട്ടുകൾ യഥേഷ്ടം പരിശോധിക്കുവാൻ അനുമതി നല്കിയും, ഗവർമ്മേണ്ടുവകയായ ഏതാനും ബ്ളോക്കുകൾ ഉപയോഗിക്കുവാൻ അനുവാദംതന്നും, പ്രവൃത്തി ആരംഭിക്കുന്നതിനു പ്രാപ്തനാക്കുമാറു ദ്രവ്യസഹായംചെയ്തുംമററും എന്നെ സകുതുകം സഹായിച്ചിട്ടുണ്ടു്. അതിനു് എനിക്കുള്ള കൃതജ്ഞത സീമാതീതമാകുന്നു.

ആരംഭംമുതൽ അവസാനംവരെ എന്നെ നാനാപ്രകാരത്തിൽ ഉപദേശിക്കയും പ്രോത്സാഹിപ്പിക്കയും യഥാവസരം സഹായിക്കയും ചെയ്തിട്ടുള്ള സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ അവർകളോടും, പ്രൂഫുകൾ നോക്കിയും സ്ഖാലിത്യങ്ങൾ തിരുത്തിയും മററും ഇക്കാര്യത്തിൽ വളരെ പരിശ്രമിച്ചിട്ടുള്ള മഹാരാജാസ്കോളെജ് അസിസ്റ്റൻറ് ലക്ചറർ വിദ്വാൻ ജി. ശങ്കരക്കുറുപ്പ് അവർകളോടും എനിക്കുള്ള കടപ്പാടിനെ ഞാൻ സഹർഷം രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്റെ ഒരു ബഹുമാന്യമിത്രവും, മഹാരാജാസ്കോളേജിലെ സീനിയർ ഇംഗ്ലീഷ് പ്രൊഫസ്സരുമായ പി. ശങ്കരൻനമ്പ്യാർ അവർകളോടു് ഇക്കാര്യത്തിൽ എനിക്കുള്ള കടപ്പാടുകൾ കേവലം വാക്കുകളാൽ കഴിക്കാവുന്നവയല്ല. കയ്യെഴുത്തുപുസ്തകംതന്നെ അദ്ദേഹം ഒരുകുറി പരിശോധിക്കുകയും, പ്രസിദ്ധീകരണാർഹം എന്നു പ്രോത്സാ

ഹിപ്പിക്കുകയും ചെയ്യുതിനുപുറമെ, യഥാവസരം അച്ചടിപ്രൂഫുകൾ നോക്കുകയും, സർവ്വോപരി, ഈ ഗ്രന്ഥത്തിൻെറ ഒരു 'രക്ഷാകവചം' എന്നു ഞാൻ വിശ്വസിക്കുന്ന അവതാരികകൊണ്ടു് എന്നെ ഉള്ളഴിഞ്ഞു സഹായിക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തിൻെറ ഔദാര്യത്തിനു് എൻെറ കൂപ്പുകൈ.

മേല്പറഞ്ഞവക്കു പുറമേ, 'ശ്രീ ശക്തൻതമ്പുരാൻ' പുസ്തകരൂപത്തിൽ പുറത്തുവരുന്നതിനു്, അതിൻെറ കയ്യെഴുത്തുകോപ്പി അച്ചുകൂടത്തിൽ ചെന്നതിനുശേഷം, വിദഗ്ധനായ ഒരു എഴുത്തുകാരൻെറനിലയ്ക്കും, പ്രഗത്ഭനായ ഒരു പ്രസ്സുകാരൻെറനിലയ്ക്കും, വിശ്വസ്തനായ ഒരു മിത്രത്തിൻെറനിലയ്ക്കും ആ കയ്യെഴുത്തുപകർപ്പുകെട്ടിലെ കാരായിരത്തോളം ചെന്ന കടലാസ്സുകൾ മുഴുവനും പുസ്തകരൂപത്തിലാക്കുന്നതിനു് അശ്രാന്തം ആഹ്ലാദപുരസ്സരം പ്രയത്നിച്ചിട്ടുള്ള എം. ഒ. ജോസഫ് നെടുങ്കുന്നം അവർകളോടും ഞാൻ അതീവകൃതജ്ഞനാകുന്നു.

ഈ പുസ്തകത്തിൽ കാണുന്ന ബ്ളോക്കുകളിൽ അധികവും അതതു സ്ഥലങ്ങളിൽചെന്നു ഫോട്ടോ എടുത്തുകൊണ്ടുവന്നു ബ്ളോക്കു് ആക്കിയവയാണു്. ആ ഫോട്ടോപ്പണി മുഴുവനും എനിക്കുവേണ്ടി ചെയ്തിട്ടുള്ളതു കരിങ്ങാച്ചിറ മാലിയിൽ എം. കുരിയാക്കോ അവർകളാകുന്നു.

വളരെ ഭയാശങ്കകളോടുകൂടിയാണു് ഈ ഗ്രന്ഥത്തെ ഞാൻ ബഹുജനസമക്ഷം നിവേദിക്കുന്നതു്. അപ്രാപ്തിമൂലവും അജ്ഞതനിമിത്തവും സമയക്കുറവിനാലും അനേകം അപഭ്രംശങ്ങൾ ഈ ഗ്രന്ഥത്തിലുണ്ടാകാമെന്നു് എനിക്കറിയാം. എന്നാൽ അഭിപ്രായവ്യത്യാസത്തേയോ, അറിവില്ലായ്മയേയോ ഔദ്ധത്യമായോ മനഃപൂർവ്വമായോ വ്യാഖ്യാനിച്ചു്, എന്നെ തീണ്ടിട്ടുപോലുമില്ലാത്ത നീചമനഃസ്ഥിതിയെ എന്നിൽ ആരോപിക്കരുതെന്നുമാത്രം ഞാൻ എത്രയും വിനീതനായി വിദ്വജ്ജനങ്ങളോടു വീണ്ടുംവീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.

ചൊവ്വരക്കോവിലകം,
116 മേടമാസം 1-ാംനു-

പുത്തേഴത്തു രാമമേനോൻ.

മഹാമഹിമശ്രീ
ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്

I

ചരിത്രസംക്ഷേപം.

കൊല്ലവഷം 926-ാമാണ്ടു കക്കിടകമാസം 10-ാംനു- വെള്ളാരപ്പിള്ളി കോവിലകത്തു ജനിക്കയും 981 കന്നിമാസം 13-ാംനു- തൃശ്ശിവപേരൂർ വടക്കേക്കര കോവിലകത്തുനിന്നു തീപ്പെട്ടുകയും ചെയ്തു കൊച്ചിയിലെ രാമവമ്മരാജാവിനെയാണ 'ശക്തൻതമ്പുരാൻ' എന്ന സുപ്രസിദ്ധമായ പേരുകൊണ്ടു് ഇന്നു ലോകം അറിയുന്നതു്. പെരുമാൾവാഴ്ച അവസാനിച്ചു കേരളരാജാക്കന്മാർ സ്വതന്ത്രന്മാരായിത്തീൎന്നതു ക്രിസ്ത്വബ്ദം 825 സെപ്തമ്പർ മാസത്തിലാണെന്നും, അതിനെത്തുടൎന്നും അന്നുമുതല്ക്കും ആകുന്നു 'കൊല്ലവഷ'ത്തിന്റെ പരിഗണനം എന്നുമാണു്—അതിനെക്കുറിച്ചു പല പല വ്യത്യസ്താഭിപ്രായങ്ങളുണ്ടെങ്കിലും—എനിക്കു തോന്നുന്നതു്. അതു് ഏതുവിധമായാലും, പെരുമാൾവാഴ്ചയ്ക്കുശേഷം കൊച്ചി രാജകുടുംബം ക്രമമായും അനുസ്യൂതമായും രാജ്യഭാരം നടത്തിവന്നിട്ടുണ്ടെന്നുള്ളതു നിർവ്വിവാദമാകുന്നു. ചേരമാൻപെരുമാളുടെ സഹോദരീപുത്രനായ ഒരു വീരകേരളവമ്മരാജാവായിരുന്നു കൊച്ചിയിലെ ഒന്നാമത്തെ രാജാവെന്നാണ പറയപ്പെടുന്നതു്. പോൎത്തുഗീസ്സുകാരുടെ കാലംവരെ കൊച്ചിരാജ്യം വാണിരുന്ന രാജാക്കന്മാരുടെ പേരുവിവരങ്ങൾ അങ്ങിങ്ങും കുറെതിരിഞ്ഞതുമല്ലാതെ പരമ്പരയായി, വാഴ്ചക്രമമനുസരിച്ചു്, മുഴുവനും അറിവുകിട്ടീട്ടില്ല. അവരിൽ പലരും പ്രസിദ്ധന്മാരും പ്രശസ്തന്മാരും പ്രതാപവാന്മാരുമായിരുന്നതായി ചരിത്രം രേഖപ്പെടുത്തീട്ടുണ്ടു്. എന്നാൽ, കൊല്ലവഷം 812-ാമാണ്ടു മുതല്ക്കുള്ള രാജാക്കന്മാരുടെ നാമാവലിയും ഭരണകാര്യങ്ങളും ഏറെക്കുറെ കൃത്യമായിത്തന്നെ ഗ്രഹിക്കാവുന്നതാണു്. ഈ നാന്നൂറുകൊല്ലത്തിന്നിടയ്ക്കു മുപ്പത്തിയെട്ടു രാജാക്കന്മാർ കൊച്ചിസിംഹാസനത്തെ അലങ്കരിച്ചിട്ടുണ്ടു്. അവരിൽ ആരിലും സംക്രമിയ്ക്കുകാണാത്തതായ 'ശക്തൻ' എന്ന ഈ ബിരുദനാമം—അന്യൊരു ചക്രവത്തിയും സമ്മാനിച്ചതല്ല— 981-ൽ തൃശ്ശൂരുനിന്നു തീപ്പെട്ട രാമവമ്മരാജാവിനു്, അദ്ദേഹത്തിന്റെ വാഴ്ചക്കാലത്തുതന്നെ, കൈവന്നിട്ടുണ്ടായിരുന്നു എന്നും, അത്ഥവത്തായ ആ അസാധാരണ ബഹുമതിയെ അന്നത്തെ അയൽരാജാക്കന്മാരും ആദരിച്ചിരുന്നു

എന്നും, ആ ഉജ്ജ്വലനാമം ഇന്നും, കൊച്ചിരാജ്യവാസികളുടെ ഹൃദയാന്തർഭാഗങ്ങളിൽ വിവിധങ്ങളായ വികാരങ്ങളെ വളർത്തിക്കൊണ്ടിരിക്കുന്നു എന്നും വരുമ്പോൾ, ആ മഹാപുരുഷൻ എല്ലാംകൊണ്ടും ഒരു അസാമാന്യനായിരുന്നു എന്ന്, മററു തെളിവുകളുടെ അപേക്ഷ കൂടാതെതന്നെ, ആക്കും അനുമാനിക്കാവുന്നതാണ്. കൊച്ചിക്കാക്ക് എത്രതന്നെയായാലും—വികൃതാഭിമാനംകൊണ്ടു വിജൃംഭിച്ചുനില്ക്കുന്ന ചില വിരൂപാക്ഷന്മാർ ഇതിൽപ്പെടാതെ പുറത്തുനിന്നേക്കാമെങ്കിലും—ശക്തന്റെ തിരുനാമം ആനന്ദാഭിമാനങ്ങളേയും അത്ഭുതപൂർവ്വമായ ആവേശത്തേയും വിപുലപ്പെടുത്തുന്ന ഒരു വിശിഷ്ടസൂക്തമാകുന്നു.

മനുഷ്യൻ മിക്കവാറും പരിസരങ്ങളുടെ സൃഷ്ടിയാകുന്നു. അതാതു കാലത്തെ സമുദായമയ്യാദകളുടേയും നീതിബോധനിലകളുടേയും പ്രതിഫലനങ്ങൾ ഏതു മഹാനിലും ഏറക്കുറെ കാണപ്പെടാതിരിക്കയില്ല. 'പരിഷ്കൃത'മെന്നു പറയപ്പെടുന്ന ഇന്നത്തെ അഭിപ്രായഗതികളും അനുഷ്ഠാനമുറകളും വെച്ചുനോക്കിയാൽ, പരിഷ്കാരസമുദ്രത്തിൽ റബ്ബർ ഉടുപ്പിട്ടു മുങ്ങിക്കളിക്കുന്നവരായ നവീനന്മാക്ക്, 'ശക്തൻതമ്പുരാൻ' തിരുമനസ്സിലെ അപദാനങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ, പുരികം ചുളിയുകയും, മുഖം കോട്ടുകയും ചെയ്യുമായിരിക്കാം. എന്നാൽ, ഓരോരുത്തനും അവനവനു സിദ്ധിച്ചിട്ടുള്ള അറിവിന്റെ അവസ്ഥപോലെ വിചാരണചെയ്യപ്പെടണം. കാലത്തിന്റെ കോലായിൽ നിത്തിക്കൊണ്ടല്ലാതെ കലാകാരന്മാരെപ്പോലും നിരൂപിക്കുക വയ്യാ. അല്ലാത്തപക്ഷം, നാലുലക്ഷം വരി കവിതയെഴുതീട്ടും, അതിൽ നാലു വരിയിൽപോലും തൊഴിലാളിമർദ്ദനത്തെക്കുറിച്ചു മിണ്ടീട്ടില്ലാത്ത നിർജ്ജീവസാഹിത്യകാരനായ തുഞ്ചത്താചാര്യർ കവിയേ അല്ലെന്നായിപ്പോകും! അലമാരിക്കണക്കിനു കാവ്യങ്ങൾ രചിച്ചിട്ടും ഒരു 'പ്രേമഗാനം'പോലും എഴുതി പ്രാണത്യാഗം ചെയ്യാൻ ശ്രമിക്കാതെ ആയുസ്സൊടുങ്ങുന്നതുവരെ കളിച്ചും ഉണ്ടും ജീവിച്ച കവികുലകിരീടമണിയായ കുഞ്ഞിക്കുട്ടൻതമ്പുരാൻ ഒരു യഥാർത്ഥകവിക്കു വേണ്ട 'ഹൃദയ'മില്ലാത്ത വികൃതസൃഷ്ടിയായിത്തീരും! ശക്തൻതമ്പുരാനെ, അദ്ദേഹം ജീവിച്ചിരുന്ന കാലത്തിന്റെ കൽത്തറമേൽ കയററിനിർത്തി, അന്നത്തെ നീതിന്യായനിബന്ധനകൾക്കനുസരിച്ചു വിചാരണചെയ്യുന്നപക്ഷം, അവിടുന്ന്, നിതാന്തസുന്ദരവും സാരസമുജ്ജ്വലവുമായ ഒരു പ്രഭാമണ്ഡലത്തിന്റെ മദ്ധ്യത്തിൽ പ്രോല്ലസിക്കുന്നതായി, അദ്ദേഹത്തിനാൽ ഉദ്ധരിക്കപ്പെട്ടതുകൊണ്ടുമാത്രം ഇന്നും നിലനിന്നുപോ

രുന്ന ഈ കൊച്ചീരാജ്യത്തിലെ കൃതജ്ഞതാബദ്ധമായ ജനസഞ്ചയത്തിനു്, കൺകുളൎക്കെ കണ്ടാനന്ദിക്കുന്നതിനും, അഭിമാനിക്കുന്നതിനും സാധിക്കുന്നതായിരിക്കും.

ടിപ്പുവിൻെറ പട വന്നപ്പോഠം ഈ ശക്തൻെറ ശക്തിയൊക്കെ എവിടെപ്പോയി? ഇംഗ്ലീഷുകാരുടെ വെടിയുണ്ടകളോടു് ഈ ശക്തൻ എന്തെടുത്തു? അദ്ദേഹത്തിനു് എന്തു പാണ്ഡിത്യമാണുണ്ടായിരുന്നതു്? അവിടുന്നു വല്ല ചമ്പുക്കളോ കഥകളിയോ നിൎമ്മിച്ചിട്ടുണ്ടോ? ഏവംവിധങ്ങളായ പ്രശ്നബോംബുകളെ, പ്രശസ്തരെങ്കിലും അസംപ്രേക്ഷ്യകാരികളായ കുതൎക്കക്കാർ ചിലപ്പോഠം അശ്രദ്ധരായ സാധുജനങ്ങളുടെ എടയിലേക്കു് എറിയുന്നതും, അവയിൽനിന്നു ബഹിൎഗ്ഗമിക്കുന്ന വിഷവായുവേറ്റും, അവയുടെ വമ്പിച്ച ശബ്ദം കേട്ടും ഇതികൎത്തവ്യതാവിമൂഢരായി അവർ അമ്പരക്കുന്നതും കണ്ടിട്ടുണ്ടു്. വിസ്തൃതമായ ഒരു ഖ്യാതിസമ്പത്തോടുകൂടി ഒരു നൂററിമുപ്പതു കൊല്ലങ്ങഠക്കുമുമ്പു തീപ്പെട്ടുപോയ ആ രാജപുംഗവൻെറ, ഇന്നും തീരെ നിൎദ്ദോഷമായവിധത്തിൽ നിലനിന്നുപോരുന്ന, കീൎത്തിവൈശിഷ്ട്യത്തെ, ഒരു വേള അനൎഹവും അയഥാൎത്ഥവുമാണെന്നിരുന്നാൽക്കൂടി, നാമെന്തിനു കളങ്കപ്പെടുത്തുന്നു എന്നുള്ള ഒരു ഉദാരഭാവംപോലും സംസ്കൃതാശയന്മാരെന്നു പറയപ്പെടുന്ന ആ നിരൂപണധുരന്ധരന്മാരിൽ കാണപ്പെടാത്തതാണു കഷ്ടാൽകഷ്ടതരമായിരിക്കുന്നതു്.

*

കല്പാന്തകാലപ്രവാഹംപോലെ മൈസൂർമലകളിൽനിന്നു പുറപ്പെട്ട കടുവാക്കൂട്ടത്തെ മാടരാജാവു തടഞ്ഞുനിൎത്തിയില്ലത്രെ! സൂൎയ്യനസ്തമിക്കാത്ത ഒരു മഹാസാമ്രാജ്യത്തിൻെറ അസ്ഥിവാരമുറപ്പിച്ചുംകൊണ്ടു് ഉയൎന്നുവന്നിരുന്ന ബ്രിട്ടീഷിൻെറ ബ്രഹ്മാണ്ഡശക്തിയോടും കൊച്ചുകൊച്ചി ചെറുത്തുനില്ക്കാതെ വഴങ്ങിയത്രെ! ഒരു യോദ്ധാവിൻെറ നിലയിലും, രാജ്യതന്ത്രജ്ഞൻെറ നിലയിലും, ഒരു കാമുകൻെറ നിലയിൽപ്പോലും, ശക്തൻതമ്പുരാൻെറ ജീവിതം പരിതാപകരമായ പരാജയമായിരുന്നുവത്രെ! അജ്ഞാനതിമിരാന്ധന്മാരും ദുരഭിമാനഭരിതന്മാരുമായ ആ നിരൂപകന്മാരുടെ നേരെ, അനുകമ്പയല്ലാതെ, അമൎഷത്തിനു് അവകാശമില്ല. പതിനെട്ടു തിരുവയസ്സു തികഞ്ഞപ്പോഴേക്കും നിലയില്ലാത്ത ഒരു രാജ്യഭാരക്ലേശസമുദ്രത്തിൽ നിപതിച്ച ആ തിരുമേനിയുടെ വിശ്രമവിഹീനമായ മുപ്പത്തിയാറുകൊല്ലത്തെ ഭരണചരിത്രത്തെന്നെ, ലോകോത്തരമായ ഒരു മഹാകാവ്യവും

വിശ്വമോഹനമായ ഒരു ചരിത്രാഖ്യായികയും ആകുന്നു. ഇരുന്നു പഠിക്കുവാനോ, പഠിപ്പുള്ളവരെ ഇരുത്തി ഉത്സാഹിപ്പിക്കുവാനോ, അവിടേയ്ക്കു വേണ്ടത്ര അവസരമോ സൗകൎയ്യമോ ഉണ്ടായിരുന്നില്ലെങ്കിലും, അവിടുന്നു പല ഭാഷകളിലും പണ്ഡിതനും പലവിധത്തിലും പണ്ഡിതന്മാരെ പരീക്ഷിച്ചിട്ടുള്ള പരമോദാരനും ആയിരുന്നു.

കഷ്ടിച്ചു പ്രായപൂൎത്തിയായതോടുകൂടി, തനിക്കുമീതെ രണ്ടു രാജാക്കന്മാർ— വലിയതമ്പുരാനും ഇളയതമ്പുരാനും— ഉണ്ടായിരിക്കെ, അന്നു വീരെളയതമ്പുരാൻ മാത്രമായിരുന്ന ശക്തൻതമ്പുരാനെ രാജ്യഭാരം ഏല്പിച്ചു എന്നുള്ള അസാധാരണവും അൎത്ഥവത്തുമായ അവസ്ഥ ഒന്നുമാത്രം മതി, അതിനുള്ള ഭാഗധേയം സിദ്ധിച്ച ആ യുവകേസരി അസാമാന്യനായ ഒരു അത്ഭുതവിക്രമനായിരുന്നു എന്നു സ്ഥാപിക്കുവാൻ. ശക്തൻതമ്പുരാനു പ്രായപൂൎത്തിവന്ന കാലത്തു്, കൊല്ലവൎഷം 945-ൽ, വീരകേരളവൎമ്മൻ എന്നൊരാളായിരുന്നു രാജാവായിരുന്നതു്. അത്യന്തം ദുർഘടതരമായിരുന്ന ആ കാലഘട്ടത്തെ തരണം ചെയ്യുന്നതിനുവേണ്ട ഊക്കോ ഉത്സാഹമോ ആ രാജാവിനുണ്ടായിരുന്നില്ല. യഥാൎത്ഥത്തിൽ കൊച്ചിരാജ്യം അന്നു് അടിയോളം അധഃപതിച്ചിരുന്നു. ചുരുക്കത്തിൽ, നാശസമുദ്രത്തിലേയ്ക്കു താണുതാണു പൊയ്ക്കൊണ്ടിരുന്ന മാടഭൂമിയെ ഉദ്ധരിക്കുന്നതിനു തിരുവവതാരംചെയ്ത ഒരു 'കൂൎമ്മമൂൎത്തി'യായിരുന്നു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് എന്നു്, അന്നത്തെ സ്ഥിതിയും പിന്നത്തെ ഗതിയും അചിരേണ സംഭവിച്ച അവസ്ഥയും നിരൂപണംചെയ്യുന്ന നിൎമ്മത്സരന്മാരായ നിരീക്ഷകന്മാൎക്കു നിഷ്പ്രയാസം ബോധപ്പെടുന്നതാണു്. അക്കാലത്തെ കഥയോൎത്താൽ, ഈ കൊച്ചിരാജ്യം പിന്നീടു് ഒരു നാട്ടുരാജ്യമായി നിലനിന്നുപോന്നതുതന്നെ കേരളചരിത്രത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നാണെന്നു ഗണിക്കേണ്ടിവരും. കേരളചക്രവൎത്തിപദം സ്വയം സ്വീകരിച്ചു്, കോഴിക്കോട്ടുനിന്നു് ഒരുലക്ഷം സൈന്യത്തോടുകൂടി ജൈത്രയാത്രയായി തെക്കോട്ടുവന്നു കൊച്ചിക്കോട്ടയിലും തൃശ്ശൂർകോവിലകത്തും രാജാധിരാജനായി പ്രവേശിച്ചു്, വടക്കുന്നാഥക്ഷേത്രത്തിൽ സ്വൎണ്ണംകൊണ്ടുള്ള തുലാഭാരംകഴിച്ചു തന്റെ പ്രതാപൈശ്വൎയ്യങ്ങളാൽ ഇന്ദ്രോപമനായി ഉഴിഞ്ഞാലാടിയ കുന്നലക്കോനാതിരിയായ സാമൂതിരിപ്പാട്ടു് ഇന്നു് ഒരു വെറും ജന്മി!! എന്നാൽ, രാജദ്രോഹികളായ ദുഷ്പ്രഭുക്കന്മാരുടെ നിതാന്തവും നിന്ദ്യവുമായ ചതിയാലും എതിൎപ്പിനാലും, നാലുപുറത്തുകൂടിയുമുള്ള ശത്രുസംരംഭങ്ങളുടെ

അപ്രതിഹതമായ അക്രമങ്ങളാലും ഞെരിഞ്ഞമർന്നു വീർപ്പുമുട്ടിക്കഴിഞ്ഞിരുന്ന കൊച്ചിരാജ്യം ദൈവാനുഗ്രഹത്താൽ ഇന്നു ഭാരതത്തിലെ നാട്ടുരാജ്യങ്ങളുടെ നേതൃനായകമായും, കൊച്ചിരാജാവു 'ധാർമ്മികചക്രവർത്തി'യായും പരിലസിക്കുന്നു ! അതാണു കേരളചരിത്രത്തിലെ അത്ഭുതങ്ങളിൽ ഒന്നു്. മനോഹരവും മഹത്തരവുമായ ഈ പരിണാമത്തിനു കാരണം ശക്തൻതമ്പുരാൻ തിരുമനസ്സിലെ നയകൗശലവും, ഭരണനൈപുണ്യവും, ധൈര്യവായ്പും മാത്രമാകുന്നു. അതുകൊണ്ടാണു് അവിടുന്നു ശക്തനും കൊച്ചിരാജ്യക്കാർ അവിടുത്തെ ഭക്തരും ആയിത്തീർന്നതു്.

പത്തൊമ്പതാമത്തെ വയസ്സുമുതല്ക്കു് ഒട്ടും ക്രമീകൃതമല്ലാതിരുന്ന രാജ്യഭരണവിഷയത്തിൽ അവിടുന്നു പ്രവേശിച്ചതായി പ്രസ്താവിച്ചുവല്ലോ. വലിയതമ്പുരാനേയും എളയതമ്പുരാനേയും വിഗണിച്ചതു്—അഥവാ അനന്തരവൻെറ ശക്തിമാഹാത്മ്യത്തേയും തങ്ങളുടെ ദയനീയമായ അപ്രാപ്തിയേയും പരിഗണിച്ചു് അവർ സ്വയം ഒഴിഞ്ഞുകൊടുത്തപ്രകാരം ശക്തനെ രാജാധികാരിയാക്കിയതു്—കേവലം ഒരു ഗൃഹസംഭവമായിട്ടല്ലാ, നേരേമറിച്ചു ഭീതിജനകമായ ഒരു ദുരവസ്ഥയുടെ ദൂരീകരണമായിട്ടായിരുന്നു എന്നു്, ആ സംഭവം നടന്നതു തിരുവിതാംകൂർരാജാവിന്റേയും ലന്തഗവർണ്ണരുടേയും മദ്ധ്യസ്ഥതയിലായിരുന്നു എന്നതിൽനിന്നു സ്പഷ്ടമാകുന്നുണ്ടു്. അപ്രകാരം അന്നത്തെ ആ വലിയ രണ്ടു ശക്തികളുടെ—കോയ്മകളുടെ—ആത്മാർത്ഥമായ ഭക്തിബഹുമാനങ്ങളെ അത്ര കാലേ ആർജ്ജിച്ച ആ രാജകുമാരനെക്കുറിച്ചു് ആർക്കാണു് അത്ഭുതവും ആനന്ദവും അങ്കുരിക്കാത്തതു്? 'അന്നു പത്തൊമ്പതു വയസ്സുമാത്രം പ്രായമായിരുന്ന അദ്ദേഹം മഹാധീരനും, ഓജസ്വിയും, ഉത്സാഹിയും ഉൽക്കർഷേച്ഛുവുമായ ഒരു യുവാവായിരുന്നു' എന്നാണു നിരൂപണനിപുണനായ 'സ്റ്റേറ്റുമാനുവൽ'കർത്താവു്—ശക്തനെക്കുറിച്ചു് അത്ര വലിയ ബഹുമാനമൊന്നും പ്രദർശിപ്പിച്ചിട്ടില്ലാത്ത ഗ്രന്ഥകർത്താവു്—പ്രസ്താവിക്കുവാൻ 'നിർബ്ബന്ധിത'നായിക്കാണുന്നതു്. 'ധൈര്യം, ഓജസ്സ്, ഉത്സാഹം, ഉൽക്കർഷേച്ഛ!' ഹാ! മറ്റെന്തുവേണം ഒരു മഹാരാജാവിനെ അഭിവന്ദ്യനാക്കുന്നതിനു്?

മുപ്പത്തിയാറുകൊല്ലം—ദിവസങ്ങളെക്കൊണ്ടുതന്നെ എണ്ണിക്കഴിക്കേണ്ടവയായ നീണ്ട മുപ്പത്തിയാറു കൊല്ലം, മൂന്നു നിലയിൽ—വീരെളയതമ്പുരാൻ, എളയതമ്പുരാൻ, വലിയതമ്പുരാൻ-ശക്തൻതമ്പുരാൻ

രാജ്യഭാരം ചെയ്യു— ശേഷിയോടും ശേമുഷിയോടുംകൂടി രാജ്യഭാരം ചെയ്യു. മലയാളക്കരയിൽ വളരെക്കാലം താമസിച്ചിട്ടുള്ള ഒരു ഡച്ചു ഗ്രന്ഥകാരൻ ശക്തൻതമ്പുരാനെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഞാൻ മട്ടാഞ്ചേരിയിൽചെന്നു പലതവണയും അദ്ദേഹത്തെ കണ്ടിട്ടുണ്ട്. ഞാൻ അവിടെ എത്തിയാൽ അപ്പോഴം അദ്ദേഹം എനിക്കു് ആളെ അയയ്ക്കും. ലന്തഭാഷ അദ്ദേഹത്തിനു കടുകട്ടിയായിരുന്നു. ആ ഭാഷയിൽ വെള്ളംപോലെ സംസാരിച്ചിരുന്നു. ഇംഗ്ലീഷും പഠിക്കുവാൻ ആഗ്രഹിച്ചിരുന്നു. യൂറോപ്പിലെ സംഗതികളെക്കുറിച്ചെല്ലാം വിവരമായി അറിയുന്നതിന് അദ്ദേഹത്തിനു വളരെ മോഹമുണ്ടായിരുന്നു. മഹാധീരനും ഉത്സാഹിയുമായ ഒരു പുരുഷൻ; ബുദ്ധിശക്തി അതികേമം! അതിലൊട്ടും കുറയാത്ത ഗർവ്വം! അന്നുള്ള മുതലെടുപ്പുകൊണ്ടു തൃപ്തിപ്പെടുക എന്നതു് അദ്ദേഹത്തിനു വിചാരിക്കാൻകൂടി വയ്യായിരുന്നു."

ശക്തൻതമ്പുരാൻെറ ഭരണസമ്പ്രദായങ്ങളെക്കുറിച്ചോ, ജീവിതരീതിയെക്കുറിച്ചോ, അദ്ദേഹം ചെയ്തിട്ടുള്ള അനേകങ്ങളായ അത്ഭുതപ്രവൃത്തികളെക്കുറിച്ചോ ഒന്നും ഇപ്പോൾ ഇവിടെ പ്രതിപാദിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല. അവയിൽ ഓരോന്നും നീണ്ടനീണ്ട നിരവധി അദ്ധ്യായങ്ങളെ അർഹിക്കുന്നവയാണ്. എന്നാൽ അന്നത്തെ കൊച്ചിരാജ്യത്തെ ഏതവസ്ഥയിലും ഇന്നത്തെ ഈ നിലയിൽ എത്തിക്കുന്നതിനു വേണ്ടതായ എല്ലാ പന്ഥാക്കളേയും അദ്ദേഹം സ്വയം വെട്ടിത്തുറന്നു വെച്ചിട്ടാണു നിര്യാതനായതു് എന്ന സംഗതി, അക്ഷരംപ്രതി പരമാർത്ഥമായ സംഗതി, സൂചിപ്പിക്കുവാൻമാത്രമേ ഇവിടെ ഉദ്ദേശിച്ചിട്ടുള്ളൂ.

രാജ്യത്തെ രണ്ടു മുഖങ്ങളാക്കി ഭാഗിച്ച്, കോവിലകത്തുംവാതുക്കലായി തിരിച്ച്, പ്രവൃത്തികളായി വിഭജിച്ച്, കണ്ടെഴുതി ക്രമമായി കരം പിരിച്ചുതുടങ്ങിയതു ശക്തൻതമ്പുരാൻെറ ഭരണകാലത്താണ്. നായർപട്ടാളത്തെ സ്ഥിരമായി ഏർപ്പെടുത്തിയതും, ഈഴവർസൈന്യത്തെ രൂപീകരിച്ചതും, പൊതുമരാമത്തുകൾ ആരംഭിച്ചതും അവിടുന്നാണ്. ബ്രിട്ടീഷുകാരുമായുള്ള ഒന്നാമത്തെ കരാറുചെയ്തതും— ആ കരാറു തന്നെയാണ് അല്പസ്വല്പം വ്യത്യാസങ്ങളോടുകൂടി ഇന്നും നിലനിന്നു പോരുന്നതു്—ശക്തൻതിരുമേനിയാണ്. വഴികൾ വെട്ടിക്കുക, വഴിവക്കത്തു മരങ്ങൾ വെപ്പിക്കുക, പാലങ്ങൾ പണിയിക്കുക, കുളങ്ങൾ

താഴ്ത്തിക്കുക, എന്നിവയെല്ലാം അവിടുത്തെ നേരിട്ടുള്ള മേൽനോട്ടത്തിൽ തന്നെ നടത്തപ്പെട്ടു. ഊട്ടുകൾ, വഴിയമ്പലങ്ങൾ, തണ്ണീർപ്പന്തലുകൾ മുതലായവ വേണ്ട ദിക്കുകളിലൊക്കെ ഏർപ്പെടുത്തി. അവിടുന്നു വഴി വാടുകൾ, ചെയ്യിട്ടില്ലാത്ത ക്ഷേത്രങ്ങളില്ല. സന്ദർശിച്ചിട്ടില്ലാത്ത മുക്കും മൂലയുമില്ല. സ്വന്താഭിപ്രായപ്രകാരമല്ലാതെ യാതൊരു കാര്യവും പ്രവർത്തിച്ചിട്ടില്ല.

കച്ചവടക്കാര്യങ്ങളിൽ ശക്തൻതമ്പുരാൻ ബദ്ധശ്രദ്ധനായിരുന്നു. പ്രധാനപ്പെട്ട മിക്കസ്ഥലങ്ങളിലും ചന്തകൾ സ്ഥാപിച്ചു. പട്ടണങ്ങളിലെല്ലാം സർക്കാർ ചിലവിൽ പാണ്ടികശാലകൾ തീർപ്പിച്ചു കച്ചവടക്കാർക്കു വാടകയ്ക്കുകൊടുത്തു. കൃഷിക്കാർക്ക് ആവശ്യമുള്ള നെല്ലും വിത്തും നൽകി. കെടുപിഴകളെ നോക്കിക്കണ്ടു നികുതിപാട്ടങ്ങൾ ഇളവു ചെയ്തു. മലകളിൽനിന്നുള്ള എല്ലാത്തരം അനുഭവങ്ങളേയും ആദായങ്ങളേയും സംരക്ഷിച്ചും സംഭരിച്ചും വന്നു. സ്വന്തമായിത്തന്നെ കച്ചവടങ്ങൾ നടത്തി മുതലെടുപ്പു വർദ്ധിപ്പിച്ചു. പണം കടം കൊടുത്തും, പലിശയ്ക്കു കടം വാങ്ങിയും സാമ്പത്തികസ്ഥിതിയെ ക്രമപ്പെടുത്തി. ദത്തുതീട്ടൂരങ്ങൾ നല്കിയും, സ്വത്തുകൾ വിലയ്ക്കുവാങ്ങിയും ജനാഭീഷ്ടങ്ങളെ ആദരിച്ചു. സ്ഥാനമാനങ്ങളേയും അവകാശാധികാരങ്ങളേയും തുളവസ്ഥപോലെ അനുവദിച്ചുകൊടുത്തു. യൂറോപ്യൻകമ്പിത്താന്മാർ കൂലിക്കു കൊണ്ടുനടന്നിരുന്നതായിട്ട് അവിടുത്തെ സ്വന്തം വക വളരെ കപ്പലുകൾ ഉണ്ടായിരുന്നു. ബോംബെമുതൽ കല്ക്കട്ട വരെയുള്ള തുറമുഖങ്ങളിലെല്ലാം കൊണ്ടുപിടിച്ചു കച്ചവടം നടത്തി വന്നു. ചുരുക്കത്തിൽ, അദ്ദേഹത്തിന്റെ ദൃഷ്ടി പതിയാത്തതോ കയ്യെത്താത്തതോ ആയി യാതൊന്നും അന്നുണ്ടായിരുന്നില്ല.

സാത്വികാഗ്രേസരനായിരുന്ന ശ്രീരാമചന്ദ്രൻതന്നെ ഖരദൂഷണത്രിശിരസ്സുകളേയും രാവണകുംഭകർണ്ണന്മാരേയും നിഗ്രഹിച്ചു. ശരിയാണ്. അദ്ദേഹംതന്നെ സുഗ്രീവവിഭീഷണന്മാർക്കു രാജ്യാധികാരവും കൊടുത്തു. താപസോത്തമന്മാരുടെ യാഗരക്ഷ ചെയ്തു. ഹനുമൽപ്രഭൃതികളെ അനുഗ്രഹിച്ചയച്ചു. അന്തഃഛിദ്രംകൊണ്ടും, അക്ഷന്തവ്യമായ രാജദ്രോഹംകൊണ്ടും, അതിക്രൂരങ്ങളായ അക്രമപ്രവൃത്തികളെക്കൊണ്ടും രാജ്യത്തെ താറുമാറാക്കിയിരുന്ന, അധർമ്മത്തിന്റെ കൂത്തരങ്ങാക്കിയിരുന്ന, ദുഷ്പ്രഭുക്കന്മാരെ, സാമന്തന്മാരെ, ജന്മികളെ, ക്ഷേത്രാധികാരികളെ, അദ്ദേഹം തുളവസ്ഥനോക്കാതെ അമർച്ചചെയ്തു.

സാധുക്കളെ, നിരപരാധികളെ, രാജഭക്തന്മാരെ, ധർമ്മനിരതന്മാരെ, അദ്ദേഹം ജാതിഭേദംകൂടാതെ സ്നേഹാദരപുരസ്സരം പരിപാലിച്ചു. ഭൂരിപക്ഷത്തിന്റെ ഭൂരിസുഖത്തിനുവേണ്ടി ആ തിരുമേനി, നിരുത്തരവാദികളായി നൃത്തംചെയ്തിരുന്ന നിഷ്കണ്ടകന്മാരോടു നിഷ്കരുണം തന്നെ പെരുമാറി.

'ഒരു രാജ്യത്തു് ഒരു രാജാവു്', എന്ന ശരിയായ അഭിപ്രായത്തിന്റെ സംസ്ഥാപനത്തിനുവേണ്ടി അവിടുന്നു വണങ്ങേണ്ടവരെ വണങ്ങി ; പിണങ്ങേണ്ടവരോടു പിണങ്ങി; പഴിക്കേണ്ടവരെ പഴിച്ചു ; പിഴിയേണ്ടവരെ പിഴിഞ്ഞു ; തുണയ്ക്കേണ്ടവരെ തുണച്ചു ; തുലയ്ക്കേണ്ടവരെ തുലച്ചു. മുമ്പുള്ളവരുടെ മിടുക്കുകുറവുകൊണ്ടോ, പുറത്തുള്ളവരുടെ പാരിച്ച പരാക്രമശക്തികൊണ്ടോ, പൊയ്പ്പോയതു വീണ്ടെടുക്കുവാനുള്ള ശ്രമത്തിൽ കൈവശമുള്ളതുംകൂടി ഒഴുക്കിക്കളയുന്നതു് ഉചിതമല്ലെന്നു് അദ്ദേഹം ബുദ്ധിപൂർവ്വം നിശ്ചയിച്ചു. കയ്യിലുള്ളതിനെ മുറുക്കിപ്പിടിച്ചുകൊണ്ടു്, കൈവിട്ടുപോയതിനെ കൈക്കലാക്കുവാൻ കഴിയുന്നതു പ്രയത്നംചെയ്തു. നയത്താലല്ലാതെ ഭയത്താൽ അതൊന്നും അന്നു സാദ്ധ്യവുമായിരുന്നില്ല. ഇംഗ്ലണ്ടുമായി സന്ധിസംസാരം നടന്നുകൊണ്ടിരിക്കെത്തന്നെ ജർമ്മനിയുമായി കരാറിലേർപ്പെട്ട ഇന്നത്തെ റഷ്യയെപ്പോലെ, ഇംഗ്ലീഷുമായി ഇണങ്ങി നടക്കുമ്പോഴും ഫ്രഞ്ചുകാരിൽനിന്നു വല്ല സഹായവും സിദ്ധിക്കുമോ എന്നു ശക്തൻതമ്പുരാൻ പരീക്ഷിച്ചു എന്നുപറയപ്പെടുന്നതു നേരാണെങ്കിൽപ്പോലും, അതിൽ അശേഷം അത്ഭുതത്തിനവകാശമില്ല.

“അദ്ദേഹം ഏററവും ഉത്സാഹത്തോടും വീര്യത്തോടുംകൂടി രാജ്യം ഭരിച്ച ഒരു തമ്പുരാനായിരുന്നു. ഭരണസംബന്ധമായ സകലകാര്യങ്ങളും അദ്ദേഹം നേരിട്ടുതന്നെ അന്വേഷിച്ചുവന്നു. ഒന്നെങ്കിലും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെടാതെയിരുന്നില്ല. അദ്ദേഹത്തിന്റെ കാലത്തു്, പരക്കെ ജനങ്ങൾ, അതിനു മുമ്പു കേട്ടുകേൾവിയില്ലാത്ത, സുഖവും രക്ഷയും അനുഭവിച്ചുവന്നു.” കോൾമയിർക്കൊള്ളിക്കുന്ന ഈ വാചകങ്ങളിലാണു ചരിത്രകാരന്മാർ ശക്തൻതമ്പുരാന്റെ ഭരണകാലത്തെ വർണ്ണിച്ചിട്ടുള്ളതു്. ഏതു രാജാവിനും ഏതുകാലത്തും ഇതിലും ഉപരിയായുള്ള ഒരു അഭിനന്ദനപത്രം കിട്ടാവുന്നതല്ല. അദ്ദേഹത്തെ 'ശക്തൻ' എന്നല്ലാ, 'മഹാശക്തൻ' എന്നുതന്നെ പറയണം. 'ശ്രീമത്സകലഗുണസമ്പന്നരായ, സകലധർമ്മപ്രതിപാലകരായ, മിത്ര

ജനമനോരഞ്ജിതരാന, അഖണ്ഡിതലക്ഷ്മീപ്രസന്നരാന, രാജശ്രീ കൊച്ചിരാജാവു് അവർകൾ' എന്നു് അക്കാലത്തെ എഴുത്തുകുത്തുകളിൽ കാണുന്ന വിവരണത്തെ അവിടന്നു് അക്ഷരംപ്രതി അർഹിച്ചിരുന്നു.

അദ്ദേഹത്തിൻെറ ശിക്ഷാവിധികൾ ക്രൂരങ്ങളായിരുന്നു എന്നും പ്രവൃത്തികൾ നിർദ്ദയങ്ങളായിരുന്നു എന്നും പറയപ്പെടുന്ന ആക്ഷേപങ്ങൾ അടിസ്ഥാനരഹിതങ്ങളല്ലെന്നിരിക്കിൽക്കൂടി. അശേഷം അസ്വാഭാവികങ്ങളല്ല. 'കളിപ്പാൻകുള'ത്തിലേക്കു കുളിക്കാൻപോയ രാജകുമാരന്മാരെ, നിശ്ചിതസംഖ്യയിലധികമുള്ള നായ്ക്കുട്ടികളെ സായ്പുമാർ തിളച്ചവെള്ളത്തിലിട്ടു കൊന്നുകളയുന്നതുപോലെ, മുച്ചൂടും മുക്കി കൊന്ന കാലത്തു്, എട്ടുവീട്ടിൽപിള്ളമാരുടെ കുടുംബാംഗങ്ങളെ എണ്ണിയെണ്ണി വെട്ടിക്കൊന്നകാലത്തു്, കായംകുളത്തുള്ള തേവലക്കരക്ഷേത്രത്തെ പോർത്തുഗീസ്സുകാർ മിത്രഭാവേന കൊള്ളചെയ്യുകാലത്തു്, സാമൂതിരിയുടെ ദൂതനോ ചാരനോ ആയ ഒരു നമ്പൂരിയുടെ ചുണ്ടും ചെവിയും അരിഞ്ഞെടുത്തു് ആ സ്ഥാനത്തു് ഒരു പട്ടിയുടെ ചെവി മുറിച്ചു ചേർത്തു തുന്നിക്കെട്ടി തിരിച്ചയയ്ക്കാൻ പോർത്തുഗീസ്സുകാർ മടിക്കാതിരുന്ന കാലത്തു്, സുറിയാനിമെത്രാന്മാരെ പോർത്തുഗീസ്സു വൈദികന്മാർ വഴിക്കുവെച്ചു പിടിച്ചു കൂട്ടത്തോടെ കുഴിയിലിട്ടു മൂടിയിരുന്ന കാലത്തു്, രാജദ്രോഹികളും ജനദ്രോഹികളുമായിരുന്ന ദുഷ്പ്രഭുക്കന്മാരിൽ ചിലരേയോ, കൊള്ളക്കാരിൽ ചിലരേയോ, കൊന്നതോ കൊല്ലിച്ചതോ — അതൊക്കെ നേരാണെങ്കിൽക്കൂടി — ശക്തൻതമ്പുരാൻെറപേരിൽ അക്ഷന്തവ്യങ്ങളായ അപരാധങ്ങളായിത്തീരുന്നതല്ല.

"അദ്ദേഹം കവച്ചക്കാരേയും എല്ലാത്തരത്തിലുള്ള ദുഷ്ടജനങ്ങളേയും അക്ഷീണമായ ശ്രദ്ധയോടുകൂടി തേടിപ്പിടിക്കുകയും ദയാലേശംകൂടാതെ കഠിനമായി ശിക്ഷിക്കുകയും ചെയ്തിരുന്നു. അതു ഹേതുവായിട്ടു് അദ്ദേഹത്തിൻെറ വാഴ്ചയിൽ ഗൗരവമുള്ള കുററങ്ങൾ അപൂർവ്വസംഭവങ്ങളായിരുന്നു." ഈ പ്രശംസാപത്രമാണു ചരിത്രകാരൻ നല്കീട്ടുള്ളതു്.

ശക്തൻതമ്പുരാൻെറ കാലംകഴിഞ്ഞു നാലഞ്ചുകൊല്ലം ചെന്നപ്പോഴേയ്ക്കും, 'പിൻവാഴ്ചക്കാരുടെ അയോഗ്യതകൊണ്ടു് അധികാരബലം ക്ഷയിച്ചുവശായി; അനീതിയും കൈക്കൂലിയും അക്രമമായി വർദ്ധിച്ചു; കവച്ചക്കൂട്ടങ്ങൾ വർദ്ധിച്ചു നാട്ടിലുള്ളവരെ ഭയപ്പെടുത്തി,

എന്നീ നിലയിലായി. ഈ പതനത്തിലാണ 'കേണൽ മൺറോ' സായ്പു റസിഡണ്ടും ദിവാനുമായിവന്നതു്. നയജ്ഞനും നീതിനിഷ്ഠാനിരതനുമായിരുന്ന ആ സായ്പുതന്നെ ഇത്തരം അനീതികളെ അമത്തുന്നതിനു് എന്താണ ചെയ്തതു്? ശക്തൻതമ്പുരാൻെറ പ്രയോഗചാതുരികളെ അംഗീകരിക്കുകതന്നെ ചെയ്തു. കവൎച്ചക്കാരേയും കൊള്ളക്കാരേയും വേട്ടയാടിപ്പിടിച്ചു; വളരെപ്പേർ മൃതിപ്പെട്ടു; പിടികിട്ടിയവരെ റസിഡണ്ടുസായ്പുതന്നെ കൂടെനിന്നു്, ഉപദ്രവിക്കപ്പെട്ടവരുടെ വീടുകളുടെ മുമ്പിൽവെച്ചു്, തൂക്കിക്കൊന്നു. കററക്കാരെ അതതു സ്ഥലങ്ങളിൽവെച്ചുതന്നെ മുക്കാലിയിന്മേൽ കെട്ടിയിട്ടു് അടിപ്പിച്ചു. 'കേണൽ' താൻതന്നെ പലപ്പോഴും കൊരടാവു് എടുത്തു പ്രയോഗിക്കാറുണ്ടു്.'

ഏതുകൊണ്ടു നോക്കിയാലും, കൊച്ചി ശക്തൻതമ്പുരാൻതിരുമനസ്സുകൊണ്ടു് അക്ഷയ്യഭാസ്സോടുകൂടി പ്രകാശിക്കുന്ന ഒരു രാജനക്ഷത്രം തന്നെയാകുന്നു. അവിടത്തെ സംബന്ധിക്കുന്ന 'യക്ഷികഥകൾ'കല്ലാതെ, യഥാൎത്ഥചരിത്രത്തിനു ജനമദ്ധ്യത്തിൽ പ്രചുരപ്രചാരമില്ലാത്തതുകൊണ്ടുമാത്രമാണ, 'നല്ലക്ഷ'ക്കാരെന്നു നടിക്കുന്ന ചിലൎക്കു് അഭിപ്രായവ്യത്യാസത്തിനു് അല്പമെങ്കിലും അവസരമുണ്ടായതു്. മേൽ വിവരിച്ച ഓരോ സംഗതിയും അക്കാലത്തെ അനിഷേധ്യങ്ങളായ ഗവൎമ്മേണ്ടുറിക്കാൎട്ടുകൾകൊണ്ടു നിരാക്ഷേപം തെളിയിക്കാവുന്നതാണു്. പ്രചാരത്തിലുള്ള മിക്കകഥകളിലും, ആദരവിൻെറ ആധിക്യംകൊണ്ടു വന്നുചേൎന്നിട്ടുള്ള അതിശയോക്തിപ്രകൎഷം പ്രസ്പഷ്ടമായിട്ടുണ്ടെങ്കിലും, അതൊന്നും കൂടാതെതന്നെ, ശക്തൻതമ്പുരാൻ തിരുമനസ്സിനെ മനോഹരമായ ഒരു മണിസിംഹാസനത്തിൽ ഇരുത്തി, 'ശക്തൻ വലിയതമ്പുരാൻ കീജെ' എന്നു് ഇന്നത്തെ സമ്പ്രദായത്തിൽ, വിജയം വിളിക്കുന്നതിനു സാധിക്കുന്നതാണെന്നു് അവിടത്തെ യഥാൎത്ഥചരിത്രം വെളിപ്പെടുത്തുന്നതായിരിക്കും.

II

പെരുമ്പടപ്പുസ്വരൂപം

ക

വേരുകളും വേട്ടുകളും

'കേരളപുത്രന്മാ'രുടെ പുരാതനപാരമ്പര്യം, പെരുമാക്കന്മാരുടെ വംശസംബന്ധം, ആര്യബ്രാഹ്മണരുമായുള്ള ദൃഢസമ്പർക്കം, സൂര്യസോമവംശങ്ങളുടെ സമ്മേളനസംശുദ്ധി, സർവ്വോപരി സർവ്വേശ്വരനിൽ സൽഭക്തിയോടുകൂടിയ വിനീതവും വിശുദ്ധവുമായ ജീവിതാദർശം, ഈ വകകളാൽ പ്രശോഭിതവും, പ്രസിദ്ധവും, പ്രബുദ്ധവുമാകുന്നു പ്രാചീനവും അനുഗൃഹീതവുമായ പെരുമ്പടപ്പിൽ രാജസ്വരൂപം. സന്തതികൊണ്ടും സമ്പത്തുകൊണ്ടും സവിശേഷം ശോഭിക്കുന്ന ആ വംശത്തിൻെറ ഇന്നത്തെ സ്ഥിതി നോക്കിയാൽ അതിനു് അനേകം പ്രാവശ്യം സന്തതിവിച്ഛേദവും പലപ്പോഴും നിരാലംബസ്ഥിതിപോലും പണ്ടു് അനുഭവിക്കേണ്ടിവന്നിട്ടുണ്ടെന്നു് ആർക്കും വിശ്വാസം വരുന്നതല്ല.

മഹനീയമായ ഒരു മഹാശ്വത്ഥവൃക്ഷത്തെപ്പോലെ പരന്നും, പന്തലിച്ചും, തഴച്ചും, തടിച്ചും, ഇപ്പോൾ കാണപ്പെടുന്ന ഈ കൊച്ചീ രാജവംശം മുളച്ചതു് എവിടെയാണെന്നോ, അതിൻെറ വിത്തു് എവിടെനിന്നു വന്നതാണെന്നോ, എവിടെയെല്ലാം അതു 'പറിച്ചുനടൽ' ഉണ്ടായിട്ടുണ്ടെന്നോ, ഒന്നും കൃത്യമായി പറയുന്നതിനു സാദ്ധ്യമല്ല. 'മാടക്ഷോണീമണാള'നിലെ 'മാടമോ,' ഗോശ്രീശാദിത്യ' ചരിത്രത്തിലെ 'ഗോവോ,' 'കുരുഭൂതത്തി'ലെ 'കുരുവോ,' 'പെരുമ്പടപ്പി'ലെ 'പെരുംപരപ്പോ' 'ഗംഗാധരകോവിലധികാരി'കളുടെ 'കോവിലധികാരമോ,' 'കൊച്ചിക്കധീശ'നിലെ 'കൊച്ചി'യോ, ഒന്നും സംശയാതീതങ്ങളായ തീർപ്പുകൾക്കു് ഇന്നും വിധേയമായിട്ടില്ല.

'വന്നേരി'യിൽ വന്നു കയറിയതു എന്നായാലും, 'പൂക്കൈതപ്പുഴ'യ്ക്കുള്ളിലുമുള്ള രാജ്യവും, 'ചിത്രകൂട'ത്തിലെ കിരീടധാരണവും ചരിത്രസത്യങ്ങളാകുന്നു. 'മുരിങ്ങൂർ'സ്വരൂപത്തിൻെറ 'മാടത്തിൻകീഴാ'ണു 'മാടാവനീശ'ൻെറ മൂലം. 'കുറുനാട്ടി'ലെ 'കുരൂർ' സ്വരൂപം വാണിരുന്ന

'കരീക്കാട്ട്' എന്ന സ്ഥലത്തുവെച്ചാണ കൊല്ലം 821-ൽ അന്നത്തെ കൊച്ചിമഹാരാജാവു തീപ്പെട്ടതു്. 'കൊടുങ്ങ ബ്രാഹ്മണാഢ്യൻ' കൊച്ചിയെ എന്നാണ വിശ്വസിക്കപ്പെടുന്നതു്.

എത്രതവണ എവിടെനിന്നൊക്കെ ഈ വംശത്തിലേയ്ക്കു ദത്തുണ്ടായിട്ടുണ്ടെന്നുള്ളതിനു കണക്കില്ല. ആദ്യത്തെ അഞ്ചു താവഴിക്കാർ—വലിയ, എളയ, മുരിഞ്ഞൂർ, പള്ളുരുത്തി, ചാഴൂർ—കററിമുടിഞ്ഞും ദത്തുപുക്കും ഒടുവിൽ 'ചാഴിയൂർ' മാത്രമായി. അവിടെനിന്നുണ്ടായ ദത്തുവഴി വദ്ധിച്ചതാണ് ഇന്നത്തെ സ്വരൂപം. 'ചാഴൂർ' ഇന്നും ഒരു പാശ്ചാതാവഴിയായി നിലനിന്നുപോരുന്നു. വെള്ളാരപ്പിള്ളി കോവിലകവും എളങ്കുന്നപ്പുഴകോവിലകവും ഈ സ്വരൂപത്തിന്റെ 'പുത്തുംപുലക്കാർ' ആകുന്നു. കൊടുങ്ങല്ലൂർരാജവംശത്തിന്റെ ഒരു ശാഖയായ 'ഐരൂർ' സ്വരൂപത്തിൽനിന്നും ഒരുതവണ ദത്തുണ്ടായിട്ടുണ്ട്. 'പതിനെട്ടരയാള'വും 'കാരയും' ആ ദത്തുവഴി കൈവന്നതാണത്രെ. 'വെട്ടത്തു'നിന്നുണ്ടായ ദത്തുനിമിത്തം വെട്ടും മുറിയും മൂത്തുവശായ സംഗതി ചരിത്രപ്രസിദ്ധമാണ്. 'ഉദയംപേരൂർ' വാണിരുന്ന 'പെരുംചോറവതയ'ന്റെ പാരമ്പര്യവഴിക്കാണ 'കണയന്നൂർ' കിട്ടിയതെന്നു പറയപ്പെടുന്നു. പരദേശിപ്പെരുമാളും, സ്വദേശിനമ്പൂതിരിയും, കേരളക്ഷത്രിയനും, ചിദംബരബ്രാഹ്മണനും, ഈ വംശത്തിന്റെ വിശുദ്ധിയെ വദ്ധിപ്പിച്ചിട്ടുണ്ടെന്നുവേണം വിചാരിക്കുവാൻ. കുലശ്രേഷ്ഠതകൊണ്ടും ആഭിജാത്യംകൊണ്ടും മതാദ്ധ്യക്ഷതകൊണ്ടും, കേരളത്തിൽ മുന്നണിയിൽമിന്നുന്ന രാജവംശം 'പെരുമ്പടപ്പി'ലെയാണെന്നു പാശ്ചാത്യന്മാരുടെ പല പഴയഗ്രന്ഥങ്ങളിലും പറഞ്ഞുകാണുന്നുണ്ട്. ചേരമാൻപെരുമാളുടെ കിരീടം, പള്ളിശ്ശംഖ്, വീരമദ്ദളം, മുത്തുമാല, ചെങ്കോൽ ഇവ അഞ്ചും 'സ്വരൂപക്ഷേത്ര'മായിരുന്ന 'തിരുവഞ്ചിക്കുളത്തപ്പ'ന്റെ തിരുക്കോവിലധികാരവും സിദ്ധിച്ചതു് ഈ വംശത്തിലേയ്ക്കാകുന്നു.

'പഴയന്നൂർഭഗവതി'ക്കു് 'തൃപ്പൂണിത്തുറെതേവരേ'ക്കാൾ മുൻഗണന നൽകിക്കാണുന്നതുകൊണ്ടു് ഈ വംശത്തിന്റെ 'പഴയ ഊ രായിരുന്നിരിക്കണം 'പഴയന്നൂർ.' വന്നേരിയിൽ വാണിരുന്നു എന്നതു നിരാക്ഷേപമാണ്. തിരുവഞ്ചിക്കുളത്തുണ്ടായിരുന്നുവോ എന്നു സംശയിക്കാനേയില്ല. 'ഇരവികൊത്ത'ന്നു ചെമ്പുപട്ടയം കൊടുത്ത കേരളചക്രവത്തി 'മകോതയപുരത്തു' വാണിരുന്ന 'പെരുമ്പടപ്പിൽ

മൂപ്പിന്നു്, ആയിരുന്നു എന്നു സമ്മതിക്കാതെ തരമില്ല. 'ഞാറയ്ക്കൽ' കോവിലകത്തുവെച്ചു് ഇന്നും ഒരു 'പട്ടത്താനം' നടന്നുപോരുന്നു. 'ഉദയംപേരൂർ കോവിലകത്തുനിന്നും അരുളേ' എന്നു വലിയമ്മതമ്പുരാൻ കോവിലകംവക 'തീട്ടൂര'ങ്ങളിൽ ഇക്കാലത്തും എഴുതിപ്പോരുന്നു. 'കണയന്നൂർ കോവിലകത്തുനിന്നരുളേ' എന്നാണു വലിയതമ്പുരാൻ തിരുമനസ്സിലെ മുഖ്യങ്ങളായ തീട്ടൂരങ്ങളിലെ വാചകം; 'മട്ടാഞ്ചേരി കോവിലകത്തുവെച്ചാണു് ഇപ്പോഴും മഹാരാജാക്കന്മാരുടെ കിരീടധാരണം; 'പള്ളുരുത്തി കോവിലകം,' സമരചരിത്രത്തിൽപ്പോലും പ്രഖ്യാതമാണു്; ഇരിങ്ങാലക്കുടയിൽ അടുത്തകാലംവരെ വലിയതമ്പുരാനും, മററു തമ്പുരാക്കന്മാൎക്കും, അമ്മതമ്പുരാനും പ്രത്യേകം കോവിലകങ്ങളുണ്ടായിരുന്നു; 'കൂടൽമാണിക്യ'ത്തിന്റെ 'പുത്തരി'നാളാണു കൊച്ചി മഹാരാജാവിനും പുത്തരി. പിറേറദിവസം, ദേവന്റെ 'മുക്കുടി' എത്തി അതു സേവിക്കുന്നതിനു മഹാരാജാവു് അക്ഷമനായി കാത്തിരിക്കും. 930 വരെ, എതായാലും, 'വെള്ളാരപ്പിള്ളി' ഈ രാജവംശത്തിന്റെ അധിവാസസ്ഥാനമായിരുന്നു. ഏതേതുകാലങ്ങളിൽ എന്തെന്തുകാരണങ്ങളാൽ, ഈ സ്ഥാനങ്ങളിലെല്ലാം അധിവസിച്ചു, വിട്ടുപോന്നു, എന്നതൊക്കെ ഗവേഷകന്മാർ അന്വേഷിക്കട്ടെ.

'തിരുവഞ്ചിക്കുളംക്ഷേത്ര'ത്തെ 'മേലേചിദംബരം' (പടിഞ്ഞാറൻചിദംബരം) എന്നു പറയത്തക്കവണ്ണം അതു തനി ചിദംബരച്ഛായയുള്ള ഒരു ക്ഷേത്രമാകുന്നു എന്നും, ചിദംബരത്തുനിന്നുവന്ന ഒരു 'ചോളപ്പെരുമാൾ' ആയിരിക്കും അതിന്റെ സ്ഥാപകൻ എന്നും ചോളന്റെ കൊടിയടയാളം 'പുലി' ആയിരുന്നതുകൊണ്ടു് ആ രാജാവിനെ 'പുലിയൻ' എന്നും അദ്ദേഹത്തിന്റെ രാജ്യത്തെ 'പുലിയന്നൂർ' എന്നും വൎണ്ണിക്കാറുണ്ടെന്നും, ചിലർ പ്രസ്താവിക്കുന്നുണ്ടു്. അവിടെനിന്നുവന്ന ആളാണത്രെ 'പുലിയന്നൂരു്' നമ്പൂതിരി. അദ്ദേഹം ആദ്യം മുതൽ കൊച്ചീരാജവംശത്തിലെ 'തന്ത്രിനമ്പൂതിരി'യുമാകുന്നു! ചിദംബരത്തുള്ള 'പെരുമ്പാത്തുറയിലെ' 'പെരിയവർ' ആയതുനിമിത്തം 'പെരുമ്പാത്തുറപ്പെരിയവരി'ൽനിന്നുത്ഭവിച്ചതാണീ 'പെരുമ്പടപ്പു്' [illegible] എന്നുംകൂടി 'പുലിയൻപക്ഷക്കാർ'ക്കു് അഭിപ്രായമുണ്ടു്.

പരദേശത്തുനിന്നു്, ആഭ്യന്തരകലഹങ്ങളാലോ മറേറാ നീങ്ങിപ്പോരേണ്ടിവന്ന ഒരു ക്ഷത്രിയരാജവംശത്തിന്റെ ശാഖ അവിടെനിന്നു പുറപ്പെട്ടുപോന്നു്, ആദ്യം 'പഴയന്നൂരിൽ പാറിക്കൂടുകയും,

പിന്നീടു 'വന്നേരി പൂക്കൈതക്കൂട്ടത്തിൽ എത്തിച്ചേർന്നു' അവിടെ പ്രമാണപ്പെടുകയും, ആ ശാഖക്കാർക്കു 'വന്നേരി വരേണ്യൻ' ആയിരുന്ന പെരുമ്പടപ്പുനമ്പൂരിയുടെ സ്ഥാനവും സ്വത്തുക്കളും സിദ്ധിക്കുകയും, 'വന്നേരിമന്നൻ' ആകുവാൻ സംഗതിയാകുകയും ചെയ്തിരിക്കാം. ക്രമേണ അവരുടെ പ്രതാപൈശ്വര്യങ്ങൾ പലപ്രകാരത്തിലും വദ്ധിക്കുകയും അവരുടെ രാജ്യം 'പെരുംപരപ്പു' ഉള്ളതാകുകയും, ഒടുവിൽ അവർ തിരുവഞ്ചിക്കുളത്തിലെ ഗംഗാധരതിരുകോവിലധികാരികളും, പെരുമാളുടെ പിൻവാഴ്ചക്കാരും ആയി ഭവിക്കുകയും, കാലാന്തരത്തിൽ സാമൂതിരിയാൽ ചിത്രകൂടത്തിൽനിന്നു ബഹിഷ്കൃതരാവുകയും ചെയ്തിരിക്കാം. വന്നേരി വിടേണ്ടിവന്നതുമുതല്ക്കായിരിക്കും പഞ്ചതാവഴികളുടെ പരസ്പരമത്സരവും മൂപ്പുവാഴ്ചാവഴക്കും മററും മൂദ്ധന്യാവസ്ഥയിൽ എത്തിയതു്.

കൊച്ചീരാജാക്കന്മാരുടെ 'സൂര്യവംശ്യ'ത്വം പഴയപാശ്ചാത്യ ഗ്രന്ഥകാരന്മാർകൂടി രേഖപ്പെടുത്തിക്കാണുന്നുണ്ടു്. കേരളത്തിൽ എന്തിനും ഒന്നാമത്തെ അവലംബം ശ്രീപരശുരാമനായതുകൊണ്ടു് ഇക്കാര്യത്തിലും 'ഉത്തരവാദിത്വം' അവിടെത്തന്നെയാണു സമപ്പിക്കപ്പെട്ടിരിക്കുന്നതു്. ശ്രീരാമചന്ദ്രന്റെ പുത്രന്മാരായ 'ലവകുശന്മാ'രിൽ ലവന്റെ വംശപരമ്പരയിൽപ്പെട്ട ഒരു രാജാവിനെ തൃപ്പൂണിത്തുറയിൽ കേരളരാജാവായി പ്രതിഷ്ഠിച്ചു എന്നും, ആ സന്തതിപരമ്പരയാണു് ഇന്നത്തെ രാജവംശമെന്നും, അതുകൊണ്ടാണു് അവർ അസ്സൽ ക്ഷത്രിയന്മാരും സൂര്യവംശജന്മാരും രാമവമ്മാഭിധാന്മാരും ആയിരിക്കുന്നതെന്നും പറയപ്പെടുന്നു.

സൂര്യവംശജന്മാരായ ഇവക്കു ചന്ദ്രാന്വയസംബന്ധംകൂടി കൈവന്നിട്ടുള്ളതായും ഐതിഹ്യങ്ങൾ നിലനിന്നുപോരുന്നുണ്ടു്. 921-ൽ 'കുരീക്കാട്ടിൽ'നിന്നും തീപ്പെട്ട രാജാവിന്റെ നാമധേയമാണു കൊച്ചി സക്കാർപഞ്ചാംഗത്തിലെ രാജവംശാവലിയിലെ ആദ്യത്തെ പേരു്. കുരീക്കാട്ടു് 'കുരുനാട്ടു്' ആണു്. 'കുരുവംശം' ചന്ദ്രാന്വയമാണു്. പഞ്ചപാണ്ഡവന്മാരിൽ വില്ലാളിവീരനായ അജ്ജുനൻ കേരളരാജാവായ 'ഉതയ'ന്റെ മകൾ 'വിദ്യാവതി'യെ, ധമ്മപുത്രരുടെ അശ്വമേധത്തിലെ കുതിരയെ പിന്തുടന്നു നടന്നകാലത്തു്, വിവാഹം ചെയ്കയും, വിദ്യാവതിയുടെ സന്താനപരമ്പരകൾ 'കുരുക്കൾ' ആവുകയും അവരുടെ നാടായ 'കുരുനാട്ടു്' ദത്തുപ്രകാരം സിദ്ധിക്കുകയും ചെയ്തുകൊണ്ടാ

ണത്രെ കൊച്ചീരാജവംശത്തിനു ചന്ദ്രാന്വയസംബന്ധം സംഭവിച്ചതു്! 'കണയൻ' (വില്ലാളി) ആയിരുന്ന അർജ്ജുനനിൽനിന്നാണു പോലും 'കണയന്നൂർ' ഉണ്ടായതും! ഭാരതയുദ്ധകാലത്തുണ്ടായിരുന്ന കേരളചക്രവർത്തി ഈ 'വിദ്യാവതി'യുടെ പിതാവായ 'ഉതയൻ' തന്നെ ആയിരുന്നുവത്രെ. തൃപ്പൂണിത്തുറക്ഷേത്രത്തിലെ പ്രതിഷ്ഠ അർജ്ജുനന്റെയാണെന്നുള്ള 'പുരാണ'വും ഈ സന്ദർഭത്തിൽ സ്മർത്തവ്യമാകുന്നു. യുധിഷ്ഠിരവിജയത്തിലും 'കൃഷ്ണാർജ്ജുനീയ'ത്തിലും മററും ഇതിനെപ്പററിയുള്ള പല പല കഥകളും സംഘടിപ്പിച്ചുകാണുന്നുണ്ടു്.

൨

ക്രിസ്ത്വബ്ദം 1500-നു മുമ്പു്

പെരുമ്പടപ്പിൽസ്വരൂപത്തിന്റെ ശക്തി അതിന്റെ മൂർദ്ധന്യദശയിൽ എത്തിയിരുന്നകാലത്തു കൊച്ചീരാജ്യത്തിനു് ഏകദേശം നാലായിരം ചതുരശ്രനാഴിക വിസ്താരമുണ്ടായിരുന്നു. തിരുവിതാംകൂറും സാമൂതിരിയും അപ്പപ്പോൾ മാന്തിത്തിന്നതു മടക്കിക്കിട്ടാതെ പോയതുകൊണ്ടാണു വലുപ്പത്തിൽ ഇന്നത്തെ സ്ഥിതിയിലായതു്. തെക്കു്, കരപ്പുറം, കരുനാട്ടു്, കുന്നത്തുനാട്ടു്, ഉദയംപേരൂരു്, ചെമ്പിൽ, ചേർത്തല, വയ്ക്കം, ഏററുമാനൂർ എന്നീ പ്രദേശങ്ങളെല്ലാം തിരുവിതാംകൂറിലേക്കു് കഴിഞ്ഞുകിട്ടുന്നതുവരെ പെരുമ്പടപ്പിൽ ചേർന്നതായിരുന്നു. അതുപോലെതന്നെ വടക്കു്, പൊന്നാനിത്താലൂക്കു്, വന്നേരി, കവളപ്പാറ, വള്ളുവനാട്ടു് എന്നീ പ്രദേശങ്ങളും കൊച്ചിവകയായിരുന്നു. അതിനുംപുറമെ, പൊറക്കാട്ടു്, വടക്കുംകൂർ, തെക്കുംകൂർ, മങ്ങാട്ടു്, പറവൂരു് എന്നീ രാജ്യങ്ങൾ കൊച്ചിയുടെ നാലു പ്രധാന 'കീഴേട'ങ്ങളായിരുന്നു. പെരുമ്പടപ്പിലെ 'താവഴിത്തക്കങ്ങളും, കിടമത്സരങ്ങളും, വിജിഗീഷുകളായി പുറപ്പെട്ട കോഴിക്കോടിനും വേണാടിനും അവരുടെ രാജ്യാതിർത്തികളെ വിപുലമാക്കുന്നതിനു പ്രത്യേകം സഹായമായിത്തീർന്നു.

ക്രിസ്ത്വബ്ദം 15-ാം നൂററാണ്ടിനുമുമ്പു്—മിക്കവാറും 17-ാംനൂററാണ്ടിന്റെ അവസാനം വരേയും—മദ്ധ്യകാലങ്ങളിലെ യൂറോപ്പിൽ നടപ്പുണ്ടായിരുന്നമാതിരി കരുതരം 'ഫ്യൂഡലിസം' എന്ന പ്രഭുഭരണമാണു് ഈ രാജ്യത്തും നിലവിൽ ഉണ്ടായിരുന്നതു്. രാജാവിന്റെ മേല്ക്കോയ്മയെ അനുവദിച്ചുംകൊണ്ടു പ്രഭുക്കന്മാർതന്നെ അവര

വരുടെ നാട്ടുകളിൽ ഏറെക്കുറെ സ്വതന്ത്രമായി രാജ്യഭരണം നടത്തിവന്നു. കൊടകരനാട്ടിലെ 'അഞ്ഞൂറ്', അന്നമനാട്ടിലെ 'നാനൂറ്', ചെങ്ങഴിനാട്ടിലെ 'മുന്നൂറ്' എന്നിങ്ങനെയുള്ള വിവരങ്ങളിൽനിന്നുതന്നെ അന്നത്തെ രാജ്യവിഭജനസമ്പ്രദായവും, തോതും അനുമിക്കാവുന്നതാണ്. ഈ പ്രഭുക്കന്മാരും രാജാവും തമ്മിലുള്ള ബന്ധം അതതു കാലത്തെ പ്രഭുക്കന്മാരുടെ ബലം, രാജാക്കന്മാരുടെ ആജ്ഞാശക്തി, പുറത്തുനിന്നുള്ള ശത്രുക്കളുടെ സംഘട്ടനം എന്നിവയെ ആശ്രയിച്ചു ദൃഢപ്പെട്ടും ശിഥിലപ്പെട്ടും ഇരുന്നു. സ്വന്തം സ്വത്തുക്കളിൽനിന്നുള്ള ആദായത്തിനു പുറമെ, രാജാവിനു പുരുഷാന്തരം, ചുങ്കം, ആണ്ടുകാഴ്ച, രക്ഷാഭോഗം, പലം എന്നിങ്ങനെ ചില വരവുകൾ പ്രഭുക്കന്മാരിൽനിന്നുണ്ടായിരുന്നു. കെട്ടുതെങ്ങ്, മുപ്പറ എന്നൊരുതരം നികുതിയും പിരിച്ചുവന്നിരുന്നു. നാട്ടുവാഴിസ്ഥാനങ്ങൾക്കു പുറമെ, പ്രധാനപ്പെട്ട ക്ഷേത്രങ്ങളെല്ലാം, പ്രഭുക്കന്മാരെപ്പോലെ സ്വതന്ത്രഭരണം നടത്തിയിരുന്ന 'അമ്പലരാജ്യ'ങ്ങളായിരുന്നു.

പോർത്തുഗീസ്സുകാർക്കു മുമ്പുണ്ടായിരുന്ന കൊച്ചീരാജാക്കന്മാരെക്കുറിച്ചു വിവാദാർഹമല്ലാത്തവിധത്തിൽ ഒരു ചരിത്രം രചിക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. സ്ഥിതിഗതികൾ നോക്കിയാൽ, അതു സാദ്ധ്യമാകുമോ എന്നുംകൂടി സംശയിക്കണം. ജൂതന്മാരുടെ ചെമ്പുപട്ടയത്തിലും, ഇരവികൊർത്തൻെറ ചെപ്പേടിലും, തിരുനെല്ലി, തൃക്കാരിയൂർ മുതലായ സ്ഥലങ്ങളിലെ ശിലാലിഖിതങ്ങളിലും കാണുന്ന 'രാജ[illegible]ങ്ങൾ'ക്കു അവകാശികളായി ഇന്നത്തെ രാജസ്വരൂപങ്ങളുടെയെല്ലാം പ്രതിനിധികൾ പുറപ്പെട്ടുകാണുന്നുണ്ട്. വേണാട്ടിലെ വിദഗ്ദ്ധന്മാർ കേരളത്തിൻെറ കേളിക്കൊക്കെ അവകാശം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. പാണ്ഡ്യചോളചക്രവർത്തിമാർ വേണാട്ടുരാജ്യം പലപ്പോഴും കീഴമർത്തുകയും അവരുടെ ആ വിജയങ്ങളെ അവർ പരദേശങ്ങളിൽ 'കല്ലിൽ രേഖപ്പെടുത്തുക'യും ചെയ്തിട്ടുള്ളതിനെ തിരുവിതാംകൂറിൻെറ ദിഗ്വിജയങ്ങളായി വർണ്ണിക്കപ്പെടുന്നു.

ആവക തർക്കച്ചുഴികളിലൊന്നും ചെന്നു ചാടുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. പോർത്തുഗീസ്സുകാരുടെ വരവിനും മുമ്പു കഴിഞ്ഞ ഏകദേശം ഒരു സഹസ്രാബ്ദംകാലത്തൊന്നും പെരുമ്പടപ്പിൽ രാജാവുണ്ടായിരുന്നില്ലെന്നോ, പെരുമ്പടപ്പിനു രാജ്യമുണ്ടായിരുന്നില്ലെന്നോ, ഉണ്ടായിരുന്ന രാജാക്കന്മാരൊക്കെ ഒരുപോലെ സാധാരണന്മാരായി



തിരുവഞ്ചിക്കുളം (കൊടുങ്ങല്ലൂർ) ക്ഷേത്രം



രുന്നു എന്നോ വരാവുന്നതുമല്ല, വരുത്താവുന്നതുമല്ല. നിർഭാഗ്യവശാൽ, അക്കാലത്തെ ചരിത്രം ഐതിഹ്യങ്ങളിൽനിന്നും, സാഹിത്യഗ്രന്ഥങ്ങളിൽനിന്നുംമാത്രം ആരാഞ്ഞറിയേണ്ടിയിരിക്കുന്നു. അവ രണ്ടും ആ പാർശ്വസ്ഥകം ആദരിക്കപ്പെടാവുന്ന മൂലസ്ഥാനങ്ങളുമല്ല. എന്നാൽ ഒന്നൊക്കെ വരാവുന്നതാണ്: രാജ്യത്തിന്റെ വിസ്താരമല്ല, മതാദ്ധ്യക്ഷൻ, ക്ഷേത്രാധികാരി, എന്ന നിലയ്ക്കുള്ള അഭിവന്ദ്യതയാണ് ആ മേൽക്കോയ്മസ്ഥാനത്തിന്റെ നിദാനം എന്നതു ശരിയായിരിക്കാം.

പല പഴയകൃതികളിൽനിന്നും പെരുമ്പടപ്പുസ്വരൂപത്തിന്റെ ഏകദേശജ്ഞാനം സമ്പാദിക്കാവുന്നതാണ്. 'ഭ്രമരസന്ദേശ'ത്തിൽ പെരുമ്പടപ്പിനെ 'രാജാധിരാജ'നായി വർണ്ണിച്ചുകാണുന്നുണ്ട്. ക്രിസ്ത്വബ്ദം പതിനാലാം നൂറ്റാണ്ടിന്റെ ആദ്യകാലത്തു രചിക്കപ്പെട്ടതാണെന്നു വിചാരിക്കാവുന്ന 'മഴമംഗലം ഭാണ'ത്തിൽ അനവധി സാമന്തരാജാക്കന്മാരാൽ സമാരാധിതനും വിശുദ്ധപണ്ഡിതനും 'രാജരാജൻ' എന്ന ബഹുമാനപ്പേരോടുകൂടിയ ദേഹവും ആയ ഒരു പെരുമ്പടപ്പിൽ മൂപ്പീന്നിനെക്കുറിച്ചു കീർത്തിച്ചിട്ടുണ്ട്. തൃശ്ശിവപേരൂരുള്ള സ്വാമിയാർമഠങ്ങളിൽ ഒന്നിലെ ഒരു സ്വാമിയാരാൽ വിരചിതമായ 'ശാരീരികമീമാംസാസംഗ്രഹം' എന്ന ഗ്രന്ഥത്തിൽ പെരുമ്പടപ്പിലെ ഒരു 'രവിവർമ്മ'യുടെ വർണ്ണനയുണ്ട്. 'മഹോദയപുര'ത്തിൽ വാണിരുന്ന 'രാമവർമ്മ' എന്ന ഒരു രാജാവിന്റെ അപദാനങ്ങൾ 'വിടനിദ്രഭാണ'ത്തിൽ കീർത്തിക്കപ്പെട്ടിരിക്കുന്നു. മൂക്കോല നീലകണ്ഠകവിയുടെ 'ത്രിപുരദഹന'വ്യാഖ്യാനത്തിൽനിന്നു 'ഗോദവർമ്മ' എന്ന പ്രസിദ്ധനായ ഒരു കൊച്ചിത്തമ്പുരാനെക്കുറിച്ച് അറിവുകിട്ടുന്നുണ്ട്. ലക്ഷ്മീറാണിയുടെ പുത്രനായ രാമവർമ്മരാജാവിന്റെ മരുമകനായിരുന്ന രാമവർമ്മയുവരാജകുമാരനെ കായംകുളംരാജാവിന്റെ പുത്രിയായ 'ഉണ്ണിയാത്തി' വലിയ ഒരു രാജസദസ്സിൽവെച്ചു സ്വയംവരിച്ചതായ കഥയാണു ദാമോദരകവിയുടെ 'ശിവവിലാസം'കാവ്യത്തിലെ ഇതിവൃത്തം. പെരുമ്പടപ്പിനു 'കേരളചക്രവർത്തി'പദവിതന്നെ അതിൽ കൊടുത്തു കാണുന്നുണ്ട്. 'രാജരത്നാവലീയ'ത്തിലേയും 'തെൻകൈലനാഥോദയ'ത്തിലേയും കഥകളിൽ കൊച്ചിരാജാക്കന്മാർ തന്നെയാണു പ്രകീർത്തിതരായിരിക്കുന്നതു്. വേദാന്തദേശികാചാരിയുടെ 'രവിവർമ്മയശോഭൂഷണം' എഴുതപ്പെട്ടതു 'വീരകേരളവർമ്മ'യുവരാജാവിന്റെ പ്രേരണപ്രകാരമാണെന്നു കാണുന്നു. 'തെൻകൈലനാഥോദയ'ത്തിൽ കൊച്ചിരാജാവിനെ 'കുരുഭൂമി ഭൃത്' എന്നു വിളിച്ചിരിക്കുന്നു.

പ്രകാശിതങ്ങളും അപ്രകാശിതങ്ങളുമായ പല ഗ്രന്ഥങ്ങളിൽനിന്നും പെരുമ്പടപ്പിന്റെ പൂർവ്വപ്രശസ്തി പരിഗണിക്കാവുന്നതാണ്. അത്തരം ഗ്രന്ഥങ്ങൾ വേറേ പലതും ഇനിയും ആരുടേയും ദൃഷ്ടിയിൽ പെടാതെ അവിടവിടെ കിടന്നു നശിക്കുന്നുണ്ടെന്നും വരാം. വിഷ്കൃഷ്ടമായ ഒരു ഗ്രന്ഥാന്വേഷണവും, കിട്ടാവുന്ന ഗ്രന്ഥങ്ങളുടെ കൂലങ്കഷമായ പരിശോധനയും ഈ കാലഘട്ടത്തിന്റെ പ്രകാശനത്തിന്ന് അത്യാവശ്യമായിട്ടാണിരിക്കുന്നതു്. അക്കാലത്തു 'സാമൂതിരി'യില്ലെന്നും ആ സ്ഥാനം പിന്നീടുണ്ടായതാണെന്നും ഓർക്കേണ്ടതാകുന്നു. സാമൂതിരിയുടെ 'അരിയിട്ടുവാഴ്ച'തന്നെയും ഒരു സാമന്തന്റെ പദവിയേയാണു കുറിക്കുന്നതെന്നാണു വിചാരിക്കേണ്ടതു്. സാമൂതിരിക്കു് 'അരിയിട്ടുവാഴ്ചയ്ക്കു'ള്ള 'കല്പലക' കൊച്ചിയിൽ രാമേശ്വരത്തുള്ള 'പള്ളിയറക്കോവിലിൽ' ആയിരുന്നു കിടന്നിരുന്നതു്. അതു കൈക്കലാക്കുവാനായിരുന്നു സാമൂതിരിയുടെ ശ്രമം മുഴുവനും. എളങ്ങല്ലൂരിന്റെ സഹായത്തോടുകൂടി ആ പലക എടപ്പള്ളിക്കെത്തിച്ചു. അവിടെവെച്ചും ഒരിക്കൽ 'അരിയിട്ടുവാഴ്ച' നടന്നിട്ടുണ്ടത്രെ. ഒരു പതനത്തിൽ എടപ്പള്ളിയും സാമൂതിരിയും തമ്മിൽ പിണങ്ങി. പിന്നീടു് 'അരിയിട്ടുവാഴ്ച' നടത്തീട്ടുള്ളതെല്ലാം കോഴിക്കോട്ടു സ്വന്തം ക്ഷേത്രത്തിൽ വെച്ചായിരുന്നു.

൩

പോർത്തുഗീസുകാർക്കുശേഷം

17-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ, പെരുമ്പടപ്പിലെ ചരിത്രപ്രഖ്യാതങ്ങളായ അഞ്ചു താവഴികളിൽ ഒന്നായ 'മുരിഞ്ഞൂർ'സ്വരൂപത്തിലെ ഒടുവിലത്തെ രാജാവു്, സന്തതിവിച്ഛേദത്തെ ഭയന്നു് 'എളയതാവഴി'യിലെ യുവരാജാവായിരുന്ന 'ഗോദവർമ്മ'രാജാവിനെ, വലിയതമ്പുരാന്റെ അനുമതിയോടുകൂടി, ദത്തെടുത്തു. മുരിഞ്ഞൂർ മൂപ്പീന്നു മരിക്കയും 'ഗോദവർമ്മ' എളയതാവഴിയിലെ മൂത്തരാജാവാകുകയും ചെയ്യുതോടുകൂടി, മുരിഞ്ഞൂർത്താവഴി എളയതാവഴിയിൽ ലയിച്ചുപോയി. ഈ ഗോദവർമ്മയുടെ വാഴ്ചക്കാലത്തു് എളയതാവഴിയിൽ അദ്ദേഹവും ഒരു തമ്പുരാട്ടിയും മാത്രമായിത്തീർന്നു. അപ്പോൾ എളയതാവഴിയിലേക്കും ദത്തുവെച്ചു. അതു മൂത്തതാവഴിയിൽനിന്നും, പള്ളുരുത്തിത്താവഴിയിൽനിന്നും കൂടിയായിരുന്നു എന്നും, മാത്രമല്ല, ചാഴൂർത്താവഴിയിൽനിന്നും കൂടിയായിരുന്നു എന്നും, പക്ഷാന്തരമുണ്ടു്.

ത്തൃപ്പൂണിത്തുറ ഗ്രന്ഥവരിയിൽ 'മൂന്നുദിക്കിൽനിന്നും', എന്നാണു കാണുന്നതു്.

ഗോദവർമ്മൻ തീപ്പെട്ടപ്പോൾ, ദത്തുപുക്കവർതമ്മിൽത്തന്നെ വഴക്കാകുകയും, മൂത്തതാവഴിക്കാരോടു മുമ്പുതന്നെ വിരോധത്തിലായിരുന്ന പോർത്തുഗീസുകാർ പള്ളുരുത്തിത്താവഴിയിലെ ഒത്തനായ 'വീരരയിരവർമ്മ'യെ കിരീടം ധരിപ്പിക്കുവാൻ സഹായിക്കുകയും ചെയ്തു. അദ്ദേഹം അന്തരിച്ചപ്പോൾ 'ചാഴൂർ'ത്താവഴിയിൽനിന്നു ദത്തുവന്ന രാമവർമ്മ എന്ന ആൾ രാജാവായി. അദ്ദേഹവും 1656-ൽ മരിച്ചു. ഇനി 'മൂത്തതാവഴി'ക്കാരൻതന്നെ വേണമെന്നായപ്പോൾ, എളയ താവഴിയിലെ അവശേഷിച്ച രാജ്ഞിയായിരുന്ന 'റാണി ഗംഗാധരലക്ഷ്മി'യുടെ പിന്നിൽ പോർത്തുഗീസ്സുകാർ ചേരുകയും, അവരെക്കൊണ്ടു രാജ്യഭാരം നടത്തിച്ചു മൂത്തതാവഴിക്കാരനെ വീണ്ടും അകററിനിർത്തുകയും ചെയ്തു. പോർത്തുഗീസ്സുകാരുടെ ഉപദേശവഴിക്കു റാണി ഗംഗാധരലക്ഷ്മി വെട്ടത്തുനാട്ടിൽനിന്നു് അഞ്ചാളെ ദത്തെടുത്തു. അവരിൽ മൂത്തയാളെ റാണിയുടെ പ്രായാധിക്യംപ്രമാണിച്ചു പോർത്തുഗീസ്സുകാർ 1658-ൽ കിരീടധാരണം ചെയ്യിച്ചു. നിരസിക്കപ്പെട്ട താവഴിക്കാർ, അവരുടെ കൂറനിന്ന പ്രഭുക്കന്മാരോടും കീഴ്‌രാജാക്കന്മാരോടുംകൂടി ലന്തക്കാരെ അഭയംപ്രാപിച്ചു. ചാഴൂർത്തമ്പുരാൻ കളമ്പിലേക്കു പോയതും, മടങ്ങുംവഴിക്കു ലന്തക്കപ്പലിൽവെച്ചു മരിച്ചതും, കൊച്ചിയിൽ അഞ്ചേരിമഠത്തിൽ ശവസംസ്കാരം നടത്തിയതും മററും ഈ അവസരത്തിലാണു്. പിന്നീടുണ്ടായ യുദ്ധം വളരെ ഭയങ്കരമായ ഒന്നുതന്നെയായിരുന്നു. ആ യുദ്ധത്തിൽ വെട്ടത്തുനിന്നു ദത്തുപുക്കവരെല്ലാം മരിച്ചുപോയി. റാണിയുടെ ഉപദേഷ്ടാവും വലംകയ്യും ആയിരുന്ന രാമരുകോവിൽ—അദ്ദേഹം ദത്തുപ്രകാരം തിരുവിതാംകൂർ രാജവംശത്തിലെ ഒരു അംഗംകൂടിയായിരുന്നുവത്രെ— മുറിവേററു് കാടിപ്പോയി. പിന്നെ അദ്ദേഹത്തെപ്പററി ഒന്നും കേട്ടിട്ടില്ല. ലന്തക്കാർ കൊച്ചി പിടിച്ചു. ചാഴൂർത്താവഴിക്കാരനായ വീരകേരളവർമ്മയെ ലന്തക്കാർ രാജാവായി വാഴിച്ചു്, അദ്ദേഹവുമായി സന്ധിയുംചെയ്തു. ആ രാജാവിന്റെ മരണശേഷം അദ്ദേഹത്തിന്റെ സഹോദരൻ രാമവർമ്മയും രാജ്യഭാരംചെയ്തു. അതോടുകൂടി അഞ്ചുതാവഴികളിൽ നാലെണ്ണവും കുററിമുടിഞ്ഞു. താവഴിത്തല്ലുകൾക്കു് അറുതിയും സംഭവിച്ചു.

താവഴികൾ കുററിമുടിഞ്ഞാലും രാജ്യഭാരം നടത്തിവന്ന ശാഖ

യിൽ—അതു ചാഴൂർത്താവഴിയെന്നും മൂത്തതാവഴിയെന്നുംതന്നെ ഒക്ക മുണ്ട്—വീണ്ടും സന്തതിവിച്ഛേദത്തിനുള്ള വട്ടങ്ങൾ കണ്ടു. കൊല്ലം 864-ൽ ചാഴൂർത്താവഴിയിൽനിന്നു 'ആറ് ആണിനേയും നാലു പെണ്ണിനേയും', ഇനി കരിക്കൽ ഇതുകൂടാതെ കഴിയണമെന്നുള്ള വ്യവസ്ഥയോടുകൂടിയാണെന്നുതോന്നും, മഹാജനങ്ങളും മാടമ്പികളും മററും സഭകൂടി നിശ്ചയിച്ചപ്രകാരം, ദത്തെടുത്തു. ഇതുകാരണവും വഴക്കുണ്ടാകാതിരുന്നില്ല. 'അയിനിക്കൂററിൽ നമ്പിടി' മുതലായവരുടെ പ്രേരണപ്രകാരം, 'ദത്തു വെട്ടത്തുനിന്നുവേണം' എന്നു നിർബന്ധപ്പെട്ടുകൊണ്ടു് ഒരു വടക്കൻപട പുറപ്പെട്ടു. എന്നാൽ കൊച്ചിക്കുണ്ടായിരുന്ന പ്രബലക്കാരുടെ പിൻബലത്തെ ഭയന്നു് ആ പട മലപോലെ വന്നെങ്കിലും മലർപോലെ പൊയ്പ്പോയി. ഈ ആറ് ആണുങ്ങളിൽപ്പെട്ടവരാണ 'തിരുവല്ലാ'യിൽനിന്നും ഇരിങ്ങാലക്കുടെനിന്നും തീപ്പെട്ട തമ്പുരാക്കന്മാർ.

ദത്തുകൊണ്ടുള്ള ആപത്തിനെ എന്നെന്നേയ്ക്കുമായി അകററുവാൻ വേണ്ടിയായിരുന്നു ഒരു പത്താളെ ഒന്നിച്ചു ദത്തുവെച്ചതു്. എന്നിട്ടും ആ ഭയപ്പെട്ട അത്യാപത്തുതന്നെ അല്പകാലത്തിനുള്ളിൽ വീണ്ടും എത്തിച്ചേർന്നു. 890-ൽ തൃശ്ശൂരുവെച്ചു ശിവരാത്രിദിവസം തീപ്പെട്ട മഹാരാജാവിന്റെ മരണത്തോടുകൂടി 'വാഴുന്ന താവഴി'യിൽ ഒരാൾ മാത്രമായിത്തീർന്നു. അഥവാ സന്തതിവർദ്ധനയ്ക്കു വഴിയില്ലെന്നായിത്തീർന്നു. അക്കൊല്ലത്തിൽ വീണ്ടും ഒരു ദത്തു് ഏർപ്പാടുണ്ടായി. ഭാഗ്യാതിരേകത്താൽ അതു് അവസാനത്തെ ദത്തായി പരിണമിച്ചു. അതിനുശേഷം സന്തതിവിച്ഛേദഭയം ദത്തുപോന്ന താവഴിയേയോ ദത്തുകൊടുത്ത താവഴിയേയോ തീണ്ടിയിട്ടില്ല. ആ ദത്തിനെക്കുറിച്ചുള്ള 'തൃപ്പൂണിത്തുറ ഗ്രന്ഥവരി' താഴെച്ചേർക്കുംപ്രകാരമാകുന്നു.

൮
ഒടുവിലത്തെ ദത്തു്

"പെരുമ്പടപ്പിൽ സ്വരൂപത്തിൽ എണ്ണൂററിത്തൊണ്ണൂറാമത്തു കൊല്ലത്തിൽ മുടിഞ്ഞുപോയി. അന്നു വടക്കേ കോവിലകത്തുനിന്നു ഒരു സ്ത്രീയേയും ഒരു പുരുഷനേയും ദത്തെടുത്തു. ആ സ്ത്രീ രണ്ടു സ്ത്രീയെ പെററു. അതിൽ മൂത്തസ്ത്രീ പ്രസവിച്ചില്ല. രണ്ടാമത്തേതു് ആറു പുരുഷന്മാരേയും രണ്ടു സ്ത്രീയേയും പ്രസവിച്ചു. അതിൽ മൂത്തതിന്നു ഒരു

പുരുഷൻ. അതു ശക്തൻതമ്പുരാൻ. പിന്നെ രണ്ടു സ്ത്രീകളും ഉണ്ടായി. അതിലൊന്നു തിരണ്ടിരുന്നു മരിച്ചു; രണ്ടാമത്തെതിൽ നാലുപുരുഷൻ. അതിലൊന്നു വെള്ളാർപ്പിള്ളീന്നു തീപ്പെട്ട തമ്പുരാൻ. മറേറതു കർക്കടകമാസത്തിൽ തീപ്പെട്ട തമ്പുരാൻ. പിന്നെ രണ്ടാളുള്ളവർ ചെറുപ്പത്തിൽ തീപ്പെട്ടു. രണ്ടു സ്ത്രീകളും ഉണ്ടായി. അതിൽ മൂത്തതിൽ ഒരു പുരുഷൻ. അതു എടവമാസത്തിൽ തീപ്പെട്ട തമ്പുരാൻ. രണ്ടാമത്തേതിൽ ഒരു പുരുഷനും ഒരു സ്ത്രീയും. പുരുഷൻ തുലാമാസത്തിൽ തീപ്പെട്ട തമ്പുരാൻ. സ്ത്രീ 1036-ൽ തീപ്പെട്ട വലിയമ്മതമ്പുരാൻ. ഈ വലിയമ്മതമ്പുരാനു നാലു സ്ത്രീകളും മൂന്നു പുരുഷനും സന്താനങ്ങൾ. പുരുഷന്മാർ തൃശ്ശൂരുനിന്നും, കാശിയിൽനിന്നും തൃപ്പൂണിത്തുറെനിന്നും തീപ്പെട്ട തമ്പുരാക്കന്മാർ. നാലു സ്ത്രീകൾ ഇപ്പോഴും ഉള്ളവർ."

ഈ ഗ്രന്ഥവരിപ്രകാരമുള്ള ഒരു വംശപാരമ്പര്യപ്പട്ടിക തയ്യാറാക്കുന്നതിനു അത്ര എളുപ്പമല്ല. 'പിന്നെ രണ്ടു സ്ത്രീകളും ഉണ്ടായി' എന്ന വാചകം നോക്കുമ്പോൾ ശക്തൻതമ്പുരാന്റെ അമ്മയ്ക്കു ജനിച്ച 'രണ്ടു സ്ത്രീകളെ'ക്കുറിച്ചാണു വിവക്ഷ എന്നു തോന്നും. 'അതിലൊന്നു തിരണ്ടിരുന്നു മരിച്ചു; മറേറതിന്നു നാലു പുരുഷൻ' എന്നു പറഞ്ഞതുകൊണ്ടു ആ നാലു പുരുഷന്മാരും ശക്തൻതമ്പുരാന്റെ സഹോദരീപുത്രന്മാരും തന്നിമിത്തം സ്വന്തം മരുമക്കളും ആണെന്നാണു തോന്നുക. എന്നാൽ അങ്ങനെയല്ലെന്നും, ശക്തൻതമ്പുരാനു രണ്ടു സഹോദരിമാർ ഉണ്ടായിരുന്നവർ രണ്ടാളും സന്താനമില്ലാതെ മരിക്കയാണുണ്ടായതെന്നും, അവിടത്തെ അമ്മയുടെ സഹോദരിയുടെ—ഗ്രന്ഥവരിയിലെ 'അതിൽ മൂത്തതിന്നു ഒരു പുരുഷൻ' എന്നു പറയുന്നതിലെ എളയതിന്റെ—മകൾക്കാണു നാലു പുരുഷന്മാർ ഉണ്ടായിരുന്നതെന്നും പക്ഷാന്തരമുണ്ടു. അതായതു, ശക്തൻതമ്പുരാന്റെ മാതാവിന്റെ ശാഖ അവിടത്തോടുകൂടി കുററിമുടിഞ്ഞു എന്നും, അമ്മയുടെ സഹോദരിയുടെ—ശക്തന്റെ പ്രസിദ്ധപ്പെട്ട 'ചിററമ്മയുടെ'—താവഴിയാണു ഇന്നത്തെ രാജവംശമെന്നുമാണു പാറപ്പെട്ടുന്നതു. അതുതന്നെയാണു ശരിയെന്നും തോന്നുന്നു.

തക്കത്തിൽത്തന്നെ കിടക്കുന്ന മറെറാരു സംഗതിക്കൂടി ഈ ഗ്രന്ഥവരിയിലുണ്ടു. 'രണ്ടാമത്തേതു ആറു പുരുഷന്മാരേയും രണ്ടു സ്ത്രീയേയും പ്രസവിച്ചു' എന്നാണു ഗ്രന്ഥവരി. സ്ത്രീകളിൽ ഒന്നു ശക്തന്റെ അമ്മ. മറേറതു മേല്പറഞ്ഞ ചിററമ്മ. എന്നാൽ, ഈ ആറു പുരുഷന്മാർ ആരെല്ലാം? 921-ലും, 25-ലും, 35-ലും, 51-ലും, 65-ലും

ഓരോ രാജാക്കന്മാർ തീപ്പെട്ടിട്ടുള്ളതായി കാണുന്നുണ്ട്. അവരുടെ വിവരങ്ങൾ കൊച്ചിഗവൎമ്മെണ്ടുവക പഞ്ചാംഗത്തിലുമുണ്ട്. അവരാണ് ആ 'പുരുഷന്മാർ' എന്നാണൊരു പക്ഷം. അതല്ലാ, കൊല്ലം 864- (ക്രിസ്ത്വബ്ദം 1689) ൽ ചാഴൂർനിന്നു പത്തുപേരുടെ ദത്തുണ്ടായിട്ടുള്ളതിൽ അവശേഷിച്ചവരാണ് ആ ആറുപുരുഷന്മാർ എന്നാണു മറ്റൊരഭിപ്രായം. അതു സംശയഗ്രസ്തമാണ്. അവരിൽ ഒരാൾ തിരുവല്ലായിൽനിന്നും ഒരാൾ ഇരിങ്ങാലക്കുടെനിന്നും തീപ്പെട്ടതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പിന്നത്തെ ആളാണ് 897-ൽ പുണർതം ദിവസം തുള്ളുവെച്ചു തീപ്പെട്ടതു. ഒരാൾ, രാജാവാകുന്നതിനു മുമ്പു തന്നെ അന്തരിച്ചതായി വേറേ ഗ്രന്ഥവരിയുമുണ്ട്. ഒടുവിലത്തെ ആൾ 887-മുതൽ 906-വരെ രാജ്യഭാരം ചെയ്ത രാജാവുമാണ്. അദ്ദേഹത്തിന്റെ കാലത്താണു പാലിയത്തച്ചൻ രാജസ്ഥാനവുമായി എടഞ്ഞതും തന്നിമിത്തം രാജ്യത്തു് ഏറ്റവും അസമാധാനം ഉണ്ടായതും. ഒടുവിൽ അച്ചനെ രാജ്യഭ്രഷ്ടനാക്കി ചേന്നമംഗലത്തു് ഒതുക്കിയിരുത്തിയതും സ്വത്തുക്കൾ കണ്ടുകെട്ടിയതും ആ രാജാവാണ്. ഇട്ടിക്കേളുനച്ചൻ മാലിപ്പുറത്തെയിയെ വെട്ടിക്കൊന്നതിൽ വെച്ചാണത്രെ ആ കലഹം ആരംഭിച്ചതു്. ആ രാജാവു തീപ്പെടുന്നതിനു മുമ്പിൽ അച്ചൻ പിഴ ചെയ്തു രാജിയാകുകയും ഉണ്ടായി. ആ സ്ഥിതിക്കു മേൽപ്പറഞ്ഞ 'ആറു പുരുഷന്മാർ' 890-ലെ ദത്തിനുശേഷം ഉണ്ടായവരായിരിക്കുവാനേ തരമുള്ളു. അച്ചനെ തോല്പിച്ച രാജാവിന്റെ പിൻതുടച്ചക്കാരനായിരുന്നു 921-ൽ കരിക്കാട്ടുനിന്നും തീപ്പെട്ട രാജാവു്.

൫.

ഇന്നത്തെ സ്വരൂപം

മേൽവിവരിച്ച സംഗതികളിൽനിന്നു ശക്തൻതമ്പുരാന്റെ അമ്മയുടെ സഹോദരന്മാർ—നേരെ അമ്മാമന്മാർ—ആയിരുന്നു 925-ലും 935-ലും 951-ലും 965-ലും തീപ്പെട്ട രാജാക്കന്മാർ എന്നു് ഒരുവിധം തെളിയുന്നുണ്ട്. എന്നാൽ 925-ലും 935-ലും തീപ്പെട്ടവർ ആദ്യത്തെ ദത്തിൽ അവശേഷിച്ചവരാണെന്നു സംശയിപ്പാനും സംഗതിയില്ലായ്കയില്ല. അതെങ്ങനെയായാലും, അദ്ദേഹത്തിന്റെ ചിറ്റമ്മമാരുണ്ടായ സന്താനപരമ്പരയാണ് ഇന്നത്തെ രാജവംശമെന്നു് ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ ചിറ്റമ്മയ്ക്കു നാലു പുരുഷന്മാരും രണ്ടു സ്ത്രീകളുമാണുണ്ടായിരുന്നതെന്നു ഗ്രന്ഥവരിയിൽ കാണുന്നു. ആ പുരുഷ

ന്മാരിൽ രണ്ടുപേർ 984_ലും 1003_ലും തീപ്പെട്ട തമ്പുരാക്കന്മാരാണു്. രണ്ടുപേർ ചെറുപ്പത്തിൽതന്നെ അന്തരിച്ചുപോയി. രണ്ടു സ്ത്രീകളിൽ ഒരാൾക്കു് ഒരു പുരുഷസന്താനം മാത്രമുണ്ടായിരുന്നു. അദ്ദേഹമാണു് 1019_ൽ തീപ്പെട്ട തമ്പുരാൻ. മറേറ സ്ത്രീക്കു് ഒരാണും ഒരു പെണ്ണും ഉണ്ടായിരുന്നതിൽ ആണു് 1013_ൽ തീപ്പെട്ട തമ്പുരാനാകുന്നു. പെണ്ണു് 1036_ൽ തീപ്പെട്ട വലിയമ്മതമ്പുരാനാകുന്നു.

1036 ൽ തീപ്പെട്ട വലിയമ്മതമ്പുരാൻ തിരുമനസ്സിലെ സന്താനപരമ്പരയാണു് ഇന്നത്തെ തൃപ്പൂണിത്തുറ രാജവംശം മുഴുവനും. അവിടുന്നു 971 വൃശ്ചികം 1_ാം നു- ജനിക്കുകയും 1036 മേടം 31_ാംനു അന്തരിക്കുകയും ചെയ്തു. അവിടുന്നാണു 'തിലപർവ്വതദാനം' എന്ന മഹത്തായ അടിയന്തിരം ഇദംപ്രഥമമായി നടത്തിച്ചതു്. അവിടുത്തെ മൂന്നു് ആൺമക്കൾ ഉണ്ടായിരുന്നവരെല്ലാം യഥാക്രമം രാജ്യഭാരം ചെയ്തു് 1026_ലും, 1028_ലും, 1039_ലും ചരമഗതിയെ പ്രാപിച്ചു. അവിടുത്തെ നാലു പെൺമക്കളുടെ താവഴികളാണു് ഇന്നുള്ള നാലുതാവഴികൾ. തൃശ്ശൂരുനിന്നും തീപ്പെട്ട രാജ്യഭാരം ഒഴിഞ്ഞ മഹാരാജാവിൻെറ താവഴി, മദിരാശിയിൽനിന്നു തീപ്പെട്ട മഹാരാജാവിൻെറ താവഴി, ഇപ്പോൾ നാടുവാഴുന്ന ധാർമ്മികചക്രവർത്തി തിരുമനസ്സിലെ താവഴി, ആയുഷ്മതിയായ ഇന്നത്തെ വലിയമ്മതമ്പുരാൻ തിരുമനസ്സിലെ താവഴി, ഇവയാണു് ആ താവഴികൾ. സന്തതിയും സമ്പത്തും, സൽക്കീർത്തിയും സജ്ജനസമ്മതിയും, വിദ്യാഭ്യാസമേന്മയും വിനയവിശുദ്ധികളും, സർവ്വോപരി ആസ്തിക്യബോധവും ആർത്തത്രാണപരായണതവും വിളങ്ങുന്ന ഈ വംശം വിജയിപ്പൂതാക എന്നു പ്രാർത്ഥിക്കുന്നു.

III

കൊച്ചി

കൊച്ചിരാജ്യത്തിൻെറയും, കൊച്ചിരാജവംശത്തിൻെറയും ആദിചരിത്രം ഐതിഹ്യപടലങ്ങളിൽ മൂടിക്കിടക്കുന്നതുപോലെ, 'കൊച്ചി'യുടെ പൂർവ്വകഥയും അഭ്യൂഹങ്ങളിലും നാടോടിക്കഥകളിലും മറഞ്ഞുകിടക്കുന്നു. ഇന്നു കാണുന്ന ഈ കൊച്ചി, അറബിക്കടലിൻെറ അഴകിയന്ന മഹാറാണിയായി വ്യാപാരസമ്രാട്ടുകളെ എല്ലാം ആകർഷി

കുന്ന കൊച്ചി, ലോകോത്തരവും മനോഹരവുമായ ഒരു തുറമുഖത്താൽ പ്രഖ്യാതയായ കൊച്ചി, എന്നുണ്ടായി, എങ്ങനെയുണ്ടായി, സ്ഥാപിച്ചതാരുടെയായിരുന്നു എന്നു തുടങ്ങിയ ന്യായമായ ചോദ്യങ്ങൾക്ക് ഇന്നും നിസ്സംശയമായ ഒരു സമാധാനം കൊടുക്കുന്നതിനു് അശക്തയായിത്തന്നെ വർത്തിക്കുന്നു. "ഞാൻ സ്വയംഭൂവോ, മനുഷ്യസൃഷ്ടിയോ എന്തെങ്കിലുമായിക്കൊള്ളട്ടെ, കാലചക്രത്തിരിച്ചിലിൽ എനിക്കു സംഭവിച്ചിട്ടുള്ള ഉച്ചനീചത്വങ്ങൾ എപ്രകാരമെല്ലാമെങ്കിലും ഇരിക്കട്ടെ, ഞാൻ ഇന്നു സർവ്വാംഗസുന്ദരിയും, സമ്പൽസമൃദ്ധയും സുമനസ്സുകളാൽ സമാരാധിതയുമാകുന്നു" എന്നാണു കൊച്ചി ഉച്ചൈസ്തരാം ഉൽഘോഷിക്കുന്നതു്.

ക്രിസ്ത്വബ്ദം 1341-ൽ ഉണ്ടായതായി പറയപ്പെടുന്ന ഒരു ഭയങ്കരമായ വെള്ളപ്പൊക്കം നിമിത്തമാണു കൊച്ചി അഴി തുറന്നതെന്നും അതോടുകൂടിയുണ്ടായ ഒരു ഭൂകമ്പത്താലോ മറ്റോ ആണ 'വയ്പിൻകര'കടലിൽനിന്നും ഉയർന്നുണ്ടായതെന്നും ആ മലവെള്ളത്തിൽ പെരിയാർ—ആലുവാപ്പുഴ, അല്ലുവാപുഴ—അടിച്ചുകയററിയ മണൽ വീണാണു് അതുവരെ അഖിലലോകപ്രസിദ്ധിയോടുകൂടി പ്രശോഭിച്ചിരുന്ന മകോതയപട്ടണം—തിരുവഞ്ചിക്കുളം, കൊടുങ്ങല്ലൂർ—നശിച്ചതെന്നും പറയപ്പെടുന്നു. 1400-ാമാണ്ടിനു മുമ്പു മലയാളക്കരകളിൽ സഞ്ചരിച്ചിട്ടുള്ള വിദേശീയരായ സഞ്ചാരികൾ ആരും അവരുടെ വിജ്ഞാനപ്രദങ്ങളായ യാത്രാവിവരണഗ്രന്ഥങ്ങളിൽ കൊച്ചിയെക്കുറിച്ചൊന്നും രേഖപ്പെടുത്തിയിട്ടില്ലെന്നുള്ള സംഗതി, കൊച്ചിയുടെ കേവലം ആധുനികംമാത്രമായ അന്തസ്സിനു് ഒരു ലക്ഷ്യമായും ചിലർ എടുത്തു കാണിക്കുന്നു. കൊച്ചിക്കു വടക്കും തെക്കുമുള്ള പല രാജ്യങ്ങളേയും, തുറമുഖങ്ങളേയും അവക ഗ്രന്ഥങ്ങളിൽ സ്പർശിച്ചും വിവരിച്ചും കാണുന്നതുകൊണ്ടു കൊച്ചിക്കു് അക്കാലത്തു് അത്ര പ്രാമാണ്യമുണ്ടായിരുന്നില്ല എന്നെങ്കിലും വിചാരിക്കാതെ തരമില്ല.

"ബാലപുരി" എന്നൊരു പട്ടണത്തെപ്പററിയുള്ള പല പ്രസ്താവനകൾ പഴയ ചില സാഹിത്യഗ്രന്ഥങ്ങളിലും—കേരളമാഹാത്മ്യത്തിലും—കാണുന്നതു കൊച്ചിയെക്കുറിച്ചാണെന്നു വിശ്വസിക്കപ്പെടുന്നതുകൊണ്ടു പതിന്നാലാംശതകത്തിനു മുമ്പു 'കൊച്ചി' ഉണ്ടായിരുന്നില്ലെന്നു തീർത്തു പറയുവാൻ വയ്യാ. ചെറിയ ഒരു പുഴയുടെ വക്കത്തു സ്ഥിതിചെയ്തിരുന്ന പട്ടണമായിരുന്നു കൊച്ചി എന്നും, അവിടെ ഉണ്ടായിരുന്നതു്

കൊച്ചി അഴിമുഖം

വില്ല്വാർവട്ടം — നാട്ടുപിച്ചുങ്ങൾ

ഒരു "കൊച്ച് അഴി" ആയിരുന്നതിൽനിന്നാണ 'കൊച്ചി' ഉണ്ടായ തെന്നും, മേല്പറഞ്ഞ വെള്ളപ്പൊക്കക്കാലത്തു് അഴിമുഖം വിസ്താരപ്പെട്ടതുകൊണ്ടാണ പിന്നീട ഈ തുറമുഖത്തിനു പ്രാധാന്യം സിദ്ധിച്ചതെന്നും ഒരു പക്ഷം കാണുന്നുണ്ടു്.

ആ വെള്ളപ്പൊക്കത്തോടുകൂടിയാണ 'വയ്പിൻ'കര ഉണ്ടായതെന്നും അതിന്റെ സ്മാരകമായിട്ടാണ "പുതുവയ്പ്"വഷഗണന ആരംഭിച്ചതെന്നും പറയുന്നതു് അത്ര സ്വീകാര്യമാണെന്നു തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ, കൊച്ചി അഴിമുഖംമുതൽ കൊടുങ്ങല്ലൂർ അഴിമുഖംവരെ യാതൊരു കരയും ഉണ്ടായിരുന്നില്ലെന്നും, സമുദ്രം കിഴക്കെക്കരവരെ ഇടച്ചയായുണ്ടായിരുന്നു എന്നും വരണം. അപ്പോൾ, അഖിലലോക പ്രസിദ്ധി സമ്പാദിച്ചിരുന്ന കൊടുങ്ങല്ലൂർതുറമുഖം, ശരിയായ ഒരു തുറമുഖമേ ആയിരുന്നിരിക്കാൻ വഴിയില്ല. ഇരുവശത്തും കരകളുടെ തടവോടുകൂടി ഉള്ളിലേക്കു കടന്നു കിടന്നിരുന്ന സമുദ്രബന്ധംകൊണ്ടാണു് ആ അഴി കപ്പലുകൾക്കു സുഖകരമായ ഗതാഗതത്തിനും നങ്കൂരമിട്ടുകിടക്കുന്നതിനും ഇത്രോം സൗകര്യമുള്ളതായിബ്ഭവിച്ചതു്. കൊടുങ്ങല്ലൂർ അഴിക്കു തെക്കുഭാഗത്തു കരയുണ്ടായിരുന്നു എങ്കിൽ ആ കര വയ്പിൻതുരുത്തുതന്നെ ആയിരുന്നിരിക്കണം. 'പുതുവയ്പ്" അബ്ദത്തിന്റെ അടിസ്ഥാനം, ആ കരയെ കണ്ടെഴുതി നികുതിചുമത്തിയതോ, അവിടെ ഞാറയ്ക്കൽ ഒരു കോവിലകം തീർത്തു രാജാവു് എഴുന്നള്ളി ഇരുന്നതോ, അഥവാ മകോതയപട്ടണത്തിന്റെ നാശത്തോടുകൂടി പെരുമ്പടപ്പിന്റെ രാജസ്ഥാനം കൊച്ചിയിലേക്കു മാററിയതോ ആയ ഏതെങ്കിലും വലിയ ഒരു സംഭവമായിരിക്കണം. 'ഞാറയ്ക്കൽ കോവിലകത്തു നിന്നരുളെ' എന്നു പഴയ തീട്ടുരങ്ങളിൽ കാണുന്നതുകൊണ്ടും, ആ കോവിലകത്തുവെച്ചു് ഇന്നും ഒരു 'പട്ടത്താനം' നടന്നുവരുന്നതുകൊണ്ടും, ഒരുകാലത്തു ഞാറയ്ക്കൽ രാജസ്ഥാനമായിരുന്നു എന്നു ധാരാളം അനുമാനിക്കാവുന്നതാണു്.

'മകോതയപട്ടണം' മൺമറഞ്ഞതുവരെ 'പെരുമ്പടപ്പി'ന്റെ തലസ്ഥാനം അവിടെത്തന്നെ ആയിരുന്നു എന്നും, എട്ടാംശതകത്തിലെ "ശുകസന്ദേശ"ത്തിൽ മകോതയപുരത്തെ രാജസദസ്സ് വർണ്ണിക്കപ്പെട്ടിട്ടുണ്ടെന്നും, പ്രസ്തുത ജലപ്രളയാനന്തരം കൊച്ചി അഴി തെളിഞ്ഞതോടുകൂടിയാണ 'പെരുമ്പടപ്പുകാർ' കൊടുങ്ങല്ലൂർവിട്ടു കൊച്ചിക്കു മാറി അവിടെ തലസ്ഥാനം ഉറപ്പിച്ചു 'ശരിയായ് കൊച്ചിരാജാക്കന്മാർ'ആയ

തെന്നും ചില ഗവേഷകന്മാർ വാദിക്കുന്നുണ്ടു്. അതു് അത്ര അടിസ്ഥാനരഹിതമാണെന്നും തോന്നുന്നില്ല. ഏതായാലും, എങ്ങനെ ആയാലും, പോർത്തുഗീസ്സുകാരുടെ ആവിർഭാവകാലത്തു കൊച്ചി ഒരു നല്ല തുറമുഖവും കൊച്ചിരാജാവിന്റെ തലസ്ഥാനപട്ടണവും ആയിരുന്നു.

പതിനാലാംനൂററാണ്ടിൽ, 1341 ൽ, ഉണ്ടായ ആ വെള്ളപ്പൊക്കത്തിൽ പലപല നാടുകളും നശിച്ചു സാഗരസമമായിത്തീർന്നതായും ചില താഴ്ന്നസ്ഥലങ്ങൾ മണൽവീണു കരയായി ഉയർന്നതായും, മററും ഉണ്ടായിട്ടുണ്ടെന്നുള്ളതു നിർവ്വിവാദമാണു്. ഈ ഘട്ടത്തിൽ കുറെ അത്ഭുതമായി തോന്നുന്ന ഒരു സംഗതി പ്രസ്താവ്യമാകുന്നു. 'കെഴമനച്ചാലു്' എറണാകുളം കായലിൽ വളരെ അഗാധമായ ഒരു ഭാഗമാണു്. 'കെഴമനച്ചാലിൽ കെട്ടിത്താഴ്ത്തുക' എന്നു് ആ പ്രദേശങ്ങളിലെ ജനങ്ങൾ, തൃശ്ശൂരുള്ളവർ തെക്കേഗോപുരം വഴിയൊട്ടു കടത്തിവിടുക എന്നു പറയാറുള്ളതുപോലെ, വലിയ ഒരു ശിക്ഷയായി സാധാരണ പറഞ്ഞുവരാറുണ്ടു്. ശക്തൻതമ്പുരാന്റെ കാലത്തു് ആക്രമികളായ അനേകംപേരെ അങ്ങനെ കെട്ടിത്താഴ്ത്തീട്ടുള്ളതായും കഥകളുണ്ടു്. 'കെഴമനച്ചാലിൽ കെട്ടിത്താഴ്ത്തുന്ന' ക്രിയക്കു ഭംഗ്യന്തരേണ 'മനസ്സുൽ കൊണ്ടാക്കുക' എന്നു പറയാറുണ്ടെന്നു ചില സർക്കാർരേഖകളിൽ തന്നെ കാണുന്നതിന്റെ താൽപ്പര്യത്തെക്കുറിച്ചു് അന്വേഷിച്ചതിൽ, 'കെഴമന' എന്നൊരു 'മന'(നമ്പൂരിയില്ലം) പണ്ടു് അവിടെ ഉണ്ടായിരുന്നു എന്നും, ആ ഇല്ലമിരുന്നിരുന്ന സ്ഥലം അന്നത്തെ ആ വെള്ളപ്പൊക്കത്തിൽ നശിച്ചു് അവിടം മുഴുവൻ അഗാധമായ കായലായിത്തീർന്നു എന്നും, അതുകൊണ്ടാണു 'കെഴമനച്ചാലു്' എന്ന പേർ തന്നെ ഉണ്ടായതെന്നും, കെഴമനച്ചാലിൽ താഴ്ത്തുന്ന കർമ്മത്തിനു മനസ്സുൽകൊണ്ടാക്കുക എന്ന ഭാവം സിദ്ധിച്ചതെന്നും അറിവാൻ ഇടയായിട്ടുണ്ടു്. വിനോദപ്രദമായ ഒരു ജ്ഞാനശകലം എന്ന വിലക്കു് ആ സംഗതിയുംകൂടി ഇവിടെ പ്രസ്താവിച്ചതാകുന്നു.

കൊച്ചിയിൽ തലസ്ഥാനമുറപ്പിച്ചതു് എന്നായാലും, 'കൊച്ചി' കൊച്ചിരാജാവിന്റെ ആയതു് ഏതുകാലത്താണെന്നും എങ്ങനെയാണെന്നും ഉള്ള ചരിത്രം ശ്രദ്ധേയമാണല്ലോ. 'കൊച്ചീത്തുറമുഖം' ആദ്യകാലത്തു് എടപ്പള്ളിരാജാവിന്റെ —എളങ്ങല്ലൂർസ്വരൂപത്തിന്റെ— സ്വന്തംവകയായിരുന്നു. അവർക്കു് എങ്ങനെ കിട്ടി എന്നു ചോദിച്ചാൽ, കേരളത്തിലെ ഏതു കേമനും പറഞ്ഞിരുന്നപോലെ, "ചേരമാൻപെരു

മാർ പങ്കുവെച്ചുതന്നിട്ട്" എന്നുതന്നെ പറയുമായിരിക്കും! അന്നു് അതിനു നാലുനാഴിക വിസ്തീർണ്ണം എന്നാണു് കാണുന്നതു്. 'മാർഹർ' എന്ന ചീനക്കാരൻ പതിനഞ്ചാംശതകത്തിന്റെ ആദ്യത്തിലും, 'നിക്കൊളാ കോൺറി' എന്ന ആൾ ആ ശതകത്തിന്റെ മദ്ധ്യത്തിലും കൊച്ചിയെക്കുറിച്ചു വിസ്തരിച്ചെഴുതീട്ടുണ്ടു്.

കൊച്ചി ആദ്യത്തിൽ 'എളങ്ങല്ലൂരി'ന്റെ ആയിരുന്നതുകൊണ്ടു്, ഇതിന്റെ പൂർവ്വകഥാകഥനത്തിൽ, എളങ്ങല്ലൂരിനെക്കുറിച്ചു പ്രസ്താവിക്കാതെ തരമില്ലല്ലോ. 'എളങ്ങല്ലൂർ' ഒരു ആഢ്യൻനമ്പൂതിരിയാണു്. പെരുമാളുടെ 'തേവാരി'യായിരുന്ന വഴിക്കാണത്രെ 'ഭാഗകാലത്തു്' രാജ്യവും മററു സ്വത്തുക്കളും കിട്ടിയതു്. മൂന്നു ശീമയിലും സ്വത്തുക്കളും അനവധി ക്ഷേത്രങ്ങളും ഉണ്ടു്. സാമൂതിരിയുടെ ആക്രമണകാലത്താക്കെ കൊച്ചിക്കു് എതിരായി സാമൂതിരിയെ കലശലായി സഹായിച്ചിരുന്നു. അദ്ദേഹത്തിന്റെ 'രാജ്യ'മായിരുന്നു ഈ കൊച്ചിത്തുരുത്തു്. ഇപ്പോഴത്തെ 'പൂഞ്ഞാററിൽ'തമ്പുരാന്റെ ഒരു പൂർവ്വികനായിരുന്ന 'മാനവിക്രമകുലശേഖരപ്പെരുമാൾ', അദ്ദേഹത്തിന്റെ സ്വന്തം രാജ്യമായിരുന്ന 'മധുര'യിൽനിന്നു്, 'തൊണ്ടിമാന്റെ' ആക്രമണകാലത്തു രാജ്യഭ്രഷ്ടനായി കുടുംബസഹിതം കൊല്ലം 364-ൽ കേരളത്തിലേക്കുവന്നു. പലേടത്തും പലനാൾ കഴിച്ചു്, ഒടുവിൽ എളങ്ങല്ലൂരിന്റെ അനുമതിയോടുകൂടി എടപ്പള്ളിയിൽ വന്നുകൂടി. രാജാവു്—നമ്പൂരി—ആ കുടുംബത്തെ യഥാവിധി സംരക്ഷിച്ചുപോന്നു. കുറേ കഴിഞ്ഞപ്പോൾ ആ പെരുമാളും അദ്ദേഹത്തിന്റെ ഭാർയ്യയും അന്തരിക്കുകയും സന്താനങ്ങൾ മുൻസ്ഥിതിപോലെ എടപ്പള്ളിരാജാവിന്റെ രക്ഷയിൽതന്നെ വർത്തിക്കുകയും ചെയ്തു. എടപ്പള്ളിയിൽ എത്തിക്കൂടുന്നതിനുമുമ്പു് ആ പെരുമാൾ പാലക്കാട്ടുകാരിക്കാട്ടുഗ്രാമത്തിലും, ആക്കപൂറം നമ്പൂരിയില്ലത്തും, വന്നേരിയിലും മൂണ്ടനമ്പൂരിയില്ലത്തും മററും താമസിച്ച കഥകളൊന്നും വിസ്തരിക്കുന്നില്ല.

പെരുമാളും ഭാർയ്യയും മരിച്ചതിന്റെ ശേഷം, സന്താനങ്ങളെ എടപ്പള്ളിരാജാവു തന്റെ വകയായിരുന്ന കൊച്ചിയിൽ പ്രത്യേകം ഒരു സ്ഥലത്തു താമസിപ്പിച്ചു. മൂണ്ടനമ്പൂരിയെ അവരുടെ വാദ്ധ്യാനായും ആക്കപ്പൂറം നമ്പൂരിയെ 'തേവാരി'യായും കല്പിച്ചാക്കുകയും ചെയ്തു. ആ സന്താനങ്ങളിൽ ഒന്നു് ഒരു പെണ്ണായിരുന്നു. ആ

പെൺകുട്ടിയെ ഒരു 'ആര്യപട്ടരെ'ക്കൊണ്ടു താലികെട്ടിക്കയും എടപ്പള്ളിരാജാവുതന്നെ സംബന്ധംചെയ്കയും ഉണ്ടായി. ഇങ്ങനെ അവർ, പരദേശമക്കത്തായികളും, മലയാളമരുമക്കത്തായക്കാരായിത്തീൎന്നു ! പത്തുകാലത്തിനുശേഷം ആ എടപ്പള്ളിരാജാവു് അന്തരിച്ചു. അന്നുമുതൽ ആ പെരുമാൾപ്പരമ്പരയ്ക്കു വീണ്ടും ആപത്തുകാലം നേരിട്ടു.

'പെരുമാൾ പെണ്ണിനെ' ബാന്ധവിച്ച എടപ്പള്ളിരാജാവു തീപ്പെട്ടതിനുശേഷം പിന്തുടൎച്ചക്കാരനായിവന്ന രാജാവു് ആ വൎഗ്ഗക്കാരോടു വളരെ വിദ്വേഷമുള്ളവനായിബ്ഭവിച്ചു. അവൎക്കു കൊച്ചിയിൽ ഇരിക്കപ്പൊറുതി ഇല്ലാതായി. സ്വരക്ഷയ്ക്കു നല്ലതു രാജ്യംവിട്ടു പോകുന്നതാണെന്നു തോന്നി. അവർ കൊച്ചിയിൽ അവൎക്കുണ്ടായിരുന്ന സകലതും 'മണ്ഡലമുതലിയാർ' എന്ന ആളോടു വിലയ്ക്കു വിററു തെക്കോട്ടുപോയി; അതിനിടയ്ക്കു് 'അന്യം നിന്നുപോയ' പൂഞ്ഞാർരാജ്യത്തെ, ആ രാജ്യവാസികളുടേയുംമററും സമ്മതപ്രകാരം, 'തെക്കുംകൂറി'ന്റെ സഹായത്തോടുകൂടി വിലയ്ക്കുവാങ്ങി 'പൂഞ്ഞാർരാജാ'വായി. ആ തീറിനുള്ള ചെമ്പുപട്ടയത്തിൽ എടപ്പള്ളി, വഞ്ഞിപ്പുഴ, വെടിയൂർ നമ്പൂരി, മൂത്തമനഭട്ടതിരി ഇവരൊക്കെ സാക്ഷികളാണു്. പണം കിട്ടിയതു് അധികവും തെക്കുംകൂർ ആദിത്യവൎമ്മയ്ക്കാണത്രെ ! അങ്ങനെ പാണ്ടിക്കാരൻ മാനവിക്രമകുലശേഖരപ്പെരുമാളുടെ സന്തതികൾ മലയാളത്തിലെ 'പൂഞ്ഞാർ'വംശക്കാരായി ! പൂഞ്ഞാർസ്വത്രുപത്തിലേയ്ക്കു് ഇന്നും മുദ്ര 'മധുരമീനാക്ഷിസഹായം' എന്നാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാകുന്നു. ഈ കുലവും രണ്ടുമൂന്നു തലമുറകൾ ചെന്നപ്പോൾ കുററിമുടിഞ്ഞു. അന്നു്, ബഹുജനങ്ങളുടെ ആനുകൂല്യപ്രകാരം, കൊടുങ്ങല്ലൂർ രാജവംശത്തിന്റെ ഒരു താവഴിസ്വരൂപമായ 'ശാക്കരകോവിലക'ത്തുനിന്നു ദത്തുവെച്ചു. തെക്കുംകൂറും വടക്കുംകൂറും 1756-ൽ തിരുവിതാംകൂറിൽ ലയിക്കുന്നതുവരെ 'പൂഞ്ഞാർ' മിക്കവാറും സ്വതന്ത്രമായിരുന്നു. ഇപ്പോൾ നല്ല ഒരു ജന്മിയാണു്.

മണ്ഡലമുതലിയാൎക്കു വിററു 'പൂഞ്ഞാർക്കാർ' പുറത്തുപോയതിനുശേഷം 'കൊച്ചി' വീണ്ടും എടപ്പള്ളിരാജാവിന്റെ രാജ്യമായിത്തന്നെ നിലനിന്നു. പിന്നീടാണത്രെ എടപ്പള്ളിത്തമ്പുരാൻ കൊച്ചിരാജവംശത്തിലെ ഒരു തമ്പുരാട്ടിയെ സംബന്ധം ചെയ്തതു്. ആ തമ്പുരാൻ ആ തമ്പുരാട്ടിക്കു കൊച്ചിത്തുരുത്തു നല്കിയത്രെ. അന്നത്തെ കലിദിനമാണു പോൽ 'കൊടുത്തു ബ്രാഹ്മണാഢ്യൻ' എന്നുള്ളതിൽ കാണുന്നതു്.

വീലേശ്വരത്തും കടത്തനാട്ടും മററും അങ്ങനെ 'അപ്പൻതമ്പുരാക്കന്മാർ' മക്കൾക്കു 'രാജ്യം' കൊടുത്തിട്ടുള്ളതായിക്കാണുന്നതുകൊണ്ടു്, ബ്രാഹ്മണാദ്ധ്യൻ കൊടുത്ത' കഥ അടിസ്ഥാനമില്ലാത്തതാകണമെന്നില്ല. (കൊല്ലം 424–ക്കു ക്രിസ്ത്വബ്ദം 1249 ആകുന്നു ആ കലിവഷം).

പിന്നത്തെ എടപ്പള്ളിരാജാവിന്നു് ഈ ദാനം പത്ഥ്യമായിരുന്നില്ല. ഏറിയ ഉപദ്രവങ്ങൾ അദ്ദേഹം കൊച്ചിക്കാരുടെ നേരെ ആരംഭിച്ചു. എന്നാൽ, അനാഥരായ മധുരക്കാരുടെ കൂട്ടത്തിലല്ലായിരുന്നുവല്ലോ പെരുമ്പടപ്പിലെ 'കൊച്ചിക്കാ'രുടെ കഥ. ബലവാനായ പെരുമ്പടപ്പു വിട്ടുകൊടുത്തില്ല; വലിച്ചെറിഞ്ഞുമില്ല. തന്നിമിത്തം എടപ്പള്ളി കൊച്ചിയുടെ പരമശത്രുവായിത്തീന്നു. കൊച്ചിയുടെ ആജന്മവൈരിയായ സാമൂതിരിയെ കൂട്ടുപിടിച്ചു. പിന്നീടുണ്ടായിട്ടുള്ള സാമൂതിരിയുദ്ധങ്ങളിലെല്ലാം സാമൂതിരിയുടെ 'തിണ്ണമിടുക്കും' ഒററും എടപ്പള്ളിയായിരുന്നു. 'എടപ്പള്ളിക്കാവിലെ യുദ്ധം' കേരളചരിത്രത്തിൽ—കൊച്ചിരാജ്യചരിത്രത്തിൽ തീച്ചയായും—പ്രഖ്യാതമായ ഒരു യുദ്ധമായിരുന്നു. സാമൂതിരിക്കും എടപ്പള്ളിക്കും കാലചക്രത്തിരിച്ചലിൽ അവരുടെ രാജാധികാരം പോകുകയും കൊച്ചിയുടേതുമാത്രം നിലനില്ക്കുകയും ചെയ്തു. 'മണ്ഡലമുതലിയാർ'സ്ഥാനം ഇന്നും നിലനിന്നു പോരുന്നുണ്ടു്. കൊച്ചിമഹാരാജാവു് അത്തച്ചമയത്തിനു 'പുത്തൻ' കൊടുക്കുന്ന സ്ഥാനികളുടെ കൂട്ടത്തിൽ മുതലിയാരുടെ പേർ ഇന്നുമുണ്ടു്.

പോർത്തുഗീസ്സുകാരുടെ കാലത്തു് എടപ്പള്ളിയുടെ നാമധേയം സവ്വദിക്കിലും പ്രചരിച്ചിരുന്നു. അന്നു് എടപ്പള്ളിസ്വാതന്ത്ര്യത്തിന്റെ നില ശക്തിയുള്ള ഒരു രാജാവു്—സാമൂതിരിയുടെ ഉററതുണക്കാരൻ—പെരുമ്പടപ്പിന്റെ പെരിയശത്രു—കൊച്ചിപട്ടണം വീണ്ടെടുക്കുന്നതിന്നു് എന്തുംചെയ്യാൻ സന്നദ്ധനായിരുന്ന ഒരു പരാക്രമി—ഇങ്ങനെയായിരുന്നു. സാമൂതിരിയുദ്ധത്തിൽ ഒരിക്കൽ പോർത്തുഗീസ്സുകാർ എടപ്പള്ളിരാജ്യം കൊള്ളയിടുകയും ചുട്ടുപൊടിക്കയും ചെയ്തു. കട്ടവിൽ 1504–ൽ പോർത്തുഗീസ്സു് ജനറാൾ "പച്ചിക്കോ"വും എടപ്പള്ളിയും തമ്മിൽ ഒരു സന്ധിചെയ്തു. 1546–ൽ 'മാർട്ടിൻ' വീണ്ടും എടപ്പള്ളിയെ ആക്രമിച്ചു. അതിനുശേഷം എടപ്പള്ളിയുടെ ശബ്ദം കേൾക്കുന്നതു ഡച്ചുകാരുടെ ആധിപത്യസ്ഥാപനത്തിന്നുശേഷംമാത്രമാണു്. അന്നു് എടപ്പള്ളി യുദ്ധവിദഗ്ദ്ധനായ ഒരു പരാക്രമിയല്ല; വൈദികവൃത്തിയിൽ ബദ്ധശ്രദ്ധനായ ഒരു ആഢ്യബ്രാഹ്മണനാണു്.

"കാരൂരി" എന്ന ബഹുമാനം ഏറെക്കാലം നിലനിന്നു. ആരും ഉപദ്രവിച്ചില്ല. ആരെയും ഉപദ്രവിച്ചതുമില്ല. മൂന്നുരാജ്യത്തും സ്വത്തുക്കളും ക്ഷേത്രങ്ങളും ഉള്ളതൊക്കെ നോക്കി രക്ഷിച്ചുകൊണ്ടിരുന്നു. കൊച്ചിയെ ആക്രമിച്ച തിരുവിതാംകൂറുപോലും എടപ്പള്ളിയെ പിടിച്ചമത്തിയില്ല. ഒരു കീഴ്‌രാജ്യം ആക്കുകമാത്രം ചെയ്തു. "മൺറോ"സായ്‌വിന്റെ കാലംവരെ അങ്ങനെ കഴിഞ്ഞു. ശക്തൻതമ്പുരാന്റെ കാലത്തും എടപ്പള്ളിരാജാവുമായി ഒരു വഴക്കുണ്ടായതായി കാണുന്നില്ല. അന്നു് എടപ്പള്ളി ഏറക്കുറെ ശക്തനെ ആദരിച്ചുകൊണ്ടാണു കഴിഞ്ഞു വന്നതു്. 1820-ൽ എടപ്പള്ളിയെ തന്റെ കീഴേടമാക്കുന്നതിനു കൊച്ചിരാജാവു് എഴുത്തുകുത്തുകൾ നടത്തി. അന്നത്തെ മതിരാശി ഗവർണ്ണർ, റസിഡണ്ടിന്റെ ശിപാർശി അനുസരിച്ചു് ആ അപേക്ഷ അനുവദിച്ചുകൊടുത്തു. കുറെ കഴിഞ്ഞപ്പോൾ, കൊച്ചിയിൽനിന്നു വിട്ടുതൽചെയ്തു കിട്ടുന്നതിനു പല കാരണങ്ങളും കാണിച്ചു്, എടപ്പള്ളി അപേക്ഷിച്ചു. "വയ്യെന്നു്" റസിഡണ്ടു് പറഞ്ഞുനോക്കിയെങ്കിലും, ആദ്യത്തെ തീർപ്പിനു കാരണമായതു് എടപ്പള്ളിക്കു കൊച്ചിക്കീഴിരിക്കാൻ സമ്മതമാണെന്നു കാണുകകൊണ്ടാണെന്നും അങ്ങനെ സമ്മതിച്ചതായി റസിഡണ്ടു് റിക്കാർട്ടുണ്ടാക്കിട്ടുള്ളതു് ഉത്തമവിശ്വാസമില്ലാതെയും അസത്യമായും ആണെന്നും തെളിഞ്ഞിട്ടുള്ളതുകൊണ്ടു മുൻതീർപ്പിനെ മാററിയിരിക്കുന്നു എന്നും, ഒടുവിൽ ഗവർണ്ണർ ഒരു തീർപ്പുകല്പിച്ചു. 1824 മുതൽക്കു തന്നിമിത്തം എടപ്പള്ളി വീണ്ടും തിരുവിതാംകൂറിനു കീഴിലായി. ഇപ്പോൾ എടപ്പള്ളിക്കു നികുതിപിരിവധികാരമുള്ളതുകൊണ്ടു രാജാധികാരത്തിന്റെ ഒരംശമുണ്ടെങ്കിലും, മറെറാന്നുമില്ല. ആ അവകാശം ഒരു ഭാരം മാത്രമായി പരിണമിക്കുകയാൽ ഇയ്യിടെ വേണ്ടെന്നു വെച്ചപേക്ഷിച്ചതായും അറിയുന്നു. എഴുപത്തിഒന്നു് അമ്പലങ്ങളോടു കൂടിയ നാല്പത്തിനാലു ദേവസ്വങ്ങൾ ഉണ്ടത്രെ ഇടപ്പള്ളിക്കു്. അതിൽ രണ്ടെണ്ണം മാത്രമേ കൊച്ചീരാജ്യത്തുള്ളൂ.

പെരുമ്പടപ്പുരാജസ്വരൂപത്തിൽ 'ബ്രഹ്മസ്വം' കുറെ ഏറെ ചേർന്നിട്ടുണ്ടെന്നുള്ളതു നിരാക്ഷേപമാണു്. പെരുമ്പടപ്പുനമ്പൂരിയും എടപ്പള്ളി നമ്പൂരിയും പെരുമ്പടപ്പിന്റെ ക്ഷത്രിയതേജസ്സിനു ബ്രഹ്മദീപ്തികൊണ്ടുള്ള പുണ്യവും, പൊലിമയും വർദ്ധിപ്പിച്ചിരിക്കുന്നു.

1341-നു് അടുത്തകാലം മുതല്ക്കു പെരുമ്പടപ്പിന്റെ തലസ്ഥാനം "കൊച്ചി"തന്നെയായിരുന്നു എന്നുവേണം വിചാരിക്കുവാൻ. ഇന്നു

കാണുന്ന കോവിലകം പിന്നീട്ട പണിയിച്ചിട്ടുള്ളതാകുന്നു. അവിടത്തെ 'പഴയന്നൂർഭഗവതി'യുടെ സ്ഥാപനം അവിടം ഒരു കാലത്തു രാജകുടുംബത്തിൻെറ സ്ഥിരസ്ഥാനം ആയിരുന്നു എന്നു തെളിയിക്കുന്നുണ്ടു്. 'തൃപ്പൂണിത്തുറ'യിൽപ്പോലും ഇത്ര സ്പഷ്ടവും സമ്പുഷ്ടവും ആയ ഒരു 'പഴയന്നൂർക്കാവി'ല്ല. നാല്പത്തിയൊന്നുദിവസത്തെ 'മഹാഗണപതി ഹോമം' മുതലായ വലുതായ വഴിപാടുകൾ തുളച്ചയും തടവും കൂടാതെ ഇന്നും അവിടെവെച്ചു നടത്തപ്പെടുന്നുണ്ടു്. 'കിരീടധാരണം' കൊച്ചി രാജാക്കന്മാൎക്കു് കൊച്ചിക്കോവിലകത്തുവച്ചുതന്നെയാണു് ഇക്കാലവും നടത്തപ്പെടുന്നതു്. അവിടെയുള്ള കോവിലകം കാണേണ്ടതായ ഒരു വമ്പിച്ച കെട്ടിടമാണു്. പണികളുടെ സമ്പ്രദായവും, കനവും, നിലവറകളുടെ സ്വഭാവവും, ഭിത്തിവൎണ്ണവും ചുവർച്ചിത്രങ്ങളും എല്ലാം അത്ഭുതകരങ്ങളത്രെ.

ശക്തൻതമ്പുരാൻ പലപ്പോഴും കൊച്ചിക്കോവിലകത്തു് എഴുന്നള്ളിത്താമസിച്ചിട്ടുണ്ടു്. കൊച്ചി അവിടേക്കു വളരെ കാൎയ്യമായിരുന്നു. അനവധി ഭൂസ്വത്തുക്കൾ—അവിടെ ഇന്നുള്ള പണ്ടാരവകയും പള്ളിയറമുതൽപ്പിടിവകയും ആയ സ്വത്തുക്കൾ മിക്കവാറും —ശക്തൻ തമ്പുരാൻ ദ്രവ്യംകൊടുത്തും 'വകപറഞ്ഞും' വാങ്ങിച്ചിട്ടുള്ളവയാണു്. 984-ൽ 'വെള്ളാരപ്പിള്ളി'യിൽവച്ചു തീപ്പെട്ട മഹാരാജാവിൻെറ കാലത്തിനുശേഷം — അക്കാലത്താണു പാലിയത്തച്ചനും വേലുത്തമ്പിദളവയും ചേൎന്നു് ഇംഗ്ലീഷുകാരെ എതിൎത്തു കോട്ടയെ ആക്രമിച്ചതും മററും—കൊച്ചിമഹാരാജക്കന്മാർ നിയമേന കൊച്ചിക്കോവിലകത്തു് എഴുന്നള്ളിത്താമസിക്കുക എന്നു നടപ്പില്ലാതായിത്തീൎന്നു.

ഡച്ചുകാരുടെ വകയായുണ്ടായിരുന്ന കൊച്ചിയിലെ വമ്പിച്ചകോട്ടയും മററും ഇംഗ്ലീഷുകാർ, ആ സ്ഥലം അവരിൽനിന്നു കൈവശപ്പെടുത്തിയതിനുശേഷം, തിരികെ കൊടുക്കേണ്ടിവന്നാലോ എന്നു ശങ്കിച്ചു്, വെടിമരുന്നിട്ടു തകൎക്കുകയാണുണ്ടായതു്. ഇപ്പോൾ അവിടെ ബ്രിട്ടീഷുകൊച്ചിയിൽ "കോട്ട"തന്നെ ഇല്ല. കൊച്ചിയുടെ "പൂൎവ്വമാഹാത്മ്യം" മറെറാരു മാൎഗ്ഗത്തിൽക്കൂടി, പുതിയ തുറമുഖപ്രസ്ഥാനത്തോടുകൂടി, പൂൎവ്വാധികം വൎദ്ധിച്ചുവരുന്നു. രാജവംശത്തിൻെറ കീൎത്തി കൊച്ചിയേയും കൊച്ചിയുടെ പുകൾ രാജവംശത്തേയും പരസ്പരം ആശ്ലേഷിച്ചു് അഭൌമമായ ഒരു ആഹ്ലാദം ഉളവാക്കുന്നു !

IV

വെള്ളാരപ്പിള്ളി.

ശക്തൻതമ്പുരാൻെറ ജനനസ്ഥലം എന്ന നിലയിൽ വിശേഷിച്ചും വിഖ്യാതിസമ്പാദിച്ചിട്ടുള്ള 'വെള്ളാരപ്പിള്ളി', കൊച്ചിരാജ്യത്തിലെ പ്രധാനപ്പെട്ട വില്ലേജുകളിൽ ഒന്നാകുന്നു. 'ഷോൺഊർ കൊച്ചിൻ' തീവണ്ടിപ്പാതയിലെ ഒരു തീവണ്ടി ആപ്പീസ്സായ 'ചൊവ്വര'യിൽനിന്നു നേരേ കിഴക്കോട്ടു് ഒരു ആറുനാഴിക ചെന്നാൽ വെള്ളാരപ്പിള്ളിയായി. മലയാററൂർ, കാഞ്ഞൂർ, കാലടി, ചെങ്ങൽ, എന്നീ സ്ഥലങ്ങളെല്ലാം വെള്ളാരപ്പിള്ളിയുടെ സമീപപ്രദേശങ്ങളാകുന്നു. അങ്കമാലിക്കും അധികം അകലമില്ല. വെള്ളാരപ്പിള്ളിയിലാണു 'പുതിയേടം' എന്നു പ്രസിദ്ധമായ ക്ഷേത്രമുള്ളതു്. കവീന്ദ്രന്മാരായിരുന്ന വെണ്മണിനമ്പൂരിപ്പാടന്മാരുടെ ഇല്ലം വെള്ളാരപ്പിള്ളിയിൽ ആണു്. ഇവിടെത്തന്നെയാണു് 'അകവൂർ' നമ്പൂതിരിപ്പാട്ടിലെയും വെടിയൂർ മൂറിയസ്സനമ്പൂതിരിപ്പാടന്മാർ മുതലായ പ്രമാണപ്പെട്ട മററു നമ്പൂരിബ്രാഹ്മണരുടെയും ഇല്ലങ്ങൾ. അവിടെ 'വടക്കെക്കോവിലകം' 'തെക്കെക്കോവിലകം' എന്നു രണ്ടു കോവിലകങ്ങൾ ഇന്നുമുണ്ടു്. പുതിയേടത്തു് അമ്പലത്തിൻെറ വടക്കുഭാഗത്തും തെക്കുഭാഗത്തുമാണു് ആ കോവിലകങ്ങൾ. അവയിൽ തെക്കേ കോവിലകത്താണു ശക്തൻതമ്പുരാൻ ഭൂജാതനായതു്.

വെള്ളാരപ്പിള്ളി വളരെ സുഖവാസയോഗ്യവും മനോഹരവും ആയ ഒരു പ്രദേശമാകുന്നു. അതിൻെറ വടക്കും കിഴക്കും തെക്കും അതിരുകൾ സാക്ഷാൽ പെരിയാർ ആയ ആലുവാപ്പുഴയാകുന്നു. ഇങ്ങനെ മൂന്നുവശത്തും ആ നദിയാൽ നിഷേവണംചെയ്യപ്പെടുന്ന ഒരു പുണ്യസ്ഥലം അതിനെസ്സംബന്ധിച്ച മറെറങ്ങുമുള്ളതായി തോന്നുന്നില്ല. നല്ല വെളുത്ത മണൽത്തിട്ടുകളെക്കൊണ്ടു പ്രശോഭിക്കുന്നതും, അച്ഛസ്ഫടികാഭയാന്ന നിർമ്മലജലത്താൽ ആരേയും ആകഷിക്കുന്നതും ആയ ആലുവാപ്പുഴയുടെ ആ ഭാഗത്തെ, വിശേഷിച്ചും, വെളുത്ത ആർ (വെള്ളപ്പുഴ!) എന്നു പറയുവാൻ വിരോധമില്ലാത്തതാണു്. 'വെളുത്ത ആറിൻെറ പ്രദേശം' എന്ന അത്ഥത്തിലായിരിക്കണം 'വെള്ളാരപ്പിള്ളി'യുടെ ആഗമമെന്നു വിചാരിക്കാം. അതെങ്ങനെയായാലും ആ പ്രദേശം ആ പേരിനെ സവ്വഥാ അർഹിക്കുന്നുണ്ടെന്നു തീച്ചയാണു്.



വയനാട്ടിലെ ഒരു കോവിലകവും, കോവിലകത്തിന്റെ
മുൻഭാഗത്തുള്ള ശിലാമയമായ മതിൽക്കെട്ടും

വെള്ളാരപ്പിള്ളി തെക്കേക്കോവിലകം—ശക്തൻതമ്പുരാന്റെ ജനനസ്ഥലം

ഒരു കാലത്തു് ആ പ്രദേശം പ്രമാണപ്പെട്ട നമ്പൂതിരിമാരുടെ മാത്രമല്ലാ ബലവാന്മാരായ നായർപ്രഭുക്കന്മാരുടെയും കേളീരംഗമായിരുന്നു. അവിടെയും സമീപസ്ഥലങ്ങളിലും 'വാണിരുന്ന' 'കൎത്താക്കന്മാരു'ടെ എണ്ണവും വണ്ണവും ഇപ്പോഴും ചരിത്രഗവേഷകന്മാരുടെ ശ്രദ്ധയെ ആകൎഷിക്കുന്നതു്. ആ പ്രഭുകുടുംബങ്ങളിൽ മിക്കതും നാമാവശേഷമായി. അപൂൎവ്വം ചിലതു് ഇന്നും നിലനില്ക്കുന്നതു് പേരിനു മാത്രവുമായി. അവിടത്തെ കൎത്താക്കന്മാർ മഹാപ്രബലന്മാരും [illegible]മികളുമായിരുന്നു എന്നും, അവരും ആ പ്രദേശത്തെ നമ്പൂതിരിപ്രവരന്മാരും തമ്മിൽ എതുനേരവും ഏറ്റുമുട്ടിക്കൊണ്ടിരുന്നു എന്നും, കൎത്താക്കന്മാരെ ഒതുക്കുന്നതിനു നമ്പൂതിരിമാർ യോഗംകൂടി ശത്രുസംഹാരോദ്യുക്തനായ പാൎത്ഥസാരഥിയെ പുതിയേടംക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു പൂജിച്ചു് ഇംഗിതം സാധിക്കുന്നതിനു തീൎച്ചപ്പെടുത്തി എന്നും, പ്രതിഷ്ഠാകൎമ്മത്തിനു നിയുക്തനായിരുന്ന നമ്പൂതിരിപ്പാടിനെത്തന്നെ കൎത്താക്കന്മാർ വശീകരിച്ചു പാൎത്ഥസാരഥിക്കു പകരം 'വെണ്ണക്കൃഷ്ണ'നെ പ്രതിഷ്ഠിപ്പിച്ചു എന്നും, തന്നിമിത്തം പുതിയേടത്തെ വിഷ്ണുപ്രതിഷ്ഠ വെണ്ണക്കൃഷ്ണന്റേതായിത്തീൎന്നു എന്നും, പഴമക്കാർ പറഞ്ഞുകേൾക്കുന്നുണ്ടു്.

പുതിയേടം ക്ഷേത്രത്തിന്റെ സ്വഭാവവും, അവിടെ ഇന്നും നടന്നുവരുന്ന 'തൂക്കം' എന്ന ഭയാനകമായ വഴിപാടിന്റെ സമ്പ്രദായവും നോക്കുമ്പോൾ, ഇപ്പോൾ ആ ക്ഷേത്രത്തിന്റെ ചുററമ്പലത്തിനു പുറത്തു വടക്കുകിഴക്കുമാറി സ്ഥാപിച്ചുകാണുന്ന ഭഗവതിയായിരുന്നിരിക്കണം പണ്ടത്തെ പുതിയേടത്തെ സാക്ഷാൽ പ്രതിഷ്ഠ എന്നും, അതുമെല്ലാഞ്ഞ കൎത്താക്കന്മാരുടെ വകയായിരുന്നിരിക്കണമെന്നും, നമ്പൂതിരിമാരുടെ ആധിപത്യം നിമിത്തമാണു വിഷ്ണുവിനു പ്രാധാന്യം സിദ്ധിച്ചതും ഭദ്രകാളിക്കു രണ്ടാംസ്ഥാനം ആയതും എന്നും ഊഹിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. 'പുതിയേടം' ഇപ്പോൾ കൊച്ചി സൎക്കാർവക ഒരു ക്ഷേത്രമാണു്. ആ ക്ഷേത്രം രാജകുടുംബത്തിനു 'പ്രത്യേക'മായിട്ടുള്ളതും, തമ്പുരാക്കന്മാർ നിയമേന തൃക്കൺപാൎത്തുവരുന്നതും, തിരുനാളുകളിൽ 'ഏററരി' എന്ന സമ്പ്രദായം നടത്തിപ്പോരുന്നതും ആകുന്നു. ഒരു തിരുവയസ്സിനു് ഒരു പറ അരി എന്ന കണക്കിനു്, തൃപ്പൂണിത്തുറ കോവിലകത്തെ എല്ലാ അംഗങ്ങളുടെയും ആണ്ടുതിരുനാളുകൾക്കു്, വയസ്സനുസരിച്ചുള്ള അരിയളവുണ്ടു്. അതിനെയാകുന്നു 'ഏററരി' എന്നു പറയുന്നതു്. ആ അരിക്കു പലപല അവകാശികളുമുണ്ടു്. വെള്ളാരപ്പിള്ളിയിൽ അവശേഷിച്ചിട്ടുള്ള കൎത്താക്കന്മാരിൽ

STOCK ... 1965

കപ്രശ്ശേരി കർത്താവിനാണ് ഇപ്പോഴും അല്പമെങ്കിലും ഒരു 'സ്ഥിതി' യുള്ളത്. ചൊവ്വരയ്ക്കും വെള്ളാരപ്പിള്ളിക്കും ഇടയ്ക്കുള്ള ഒരു കുന്നുപ്രദേശത്തിന്—ആ കുന്നിന്മേലാണ് അവിടത്തെ ആസ്പത്രി, റജിസ്ട്രാപ്പീസ് മുതലായ സ്ഥാപനങ്ങൾ—പേരുതന്നെ 'കപ്രശ്ശേരിക്കുന്ന്' എന്നാണ്.

ഇപ്പോൾ പുഴയ്ക്കക്കരെ, വെള്ളാരപ്പിള്ളിയുടെ മൂന്നുഭാഗവും, തിരുവിതാംകൂർശീമയിൽ ഉൾപ്പെട്ട പ്രദേശങ്ങളാണെങ്കിലും, മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ദിഗ്ജയത്തിനുമുമ്പ് അവിടമെല്ലാം പെരുമ്പടപ്പിലേയ്ക്കു ചേർന്നുതന്നെയായിരുന്നു. പെരുമ്പടപ്പിലെ തേവാരിനമ്പൂതിരിമാരിൽ ഏതുകൊണ്ടും ഇന്നും പ്രഥമഗണനീയനായ 'ചേന്ദോസ്സ്' എന്ന ചേന്ദമംഗലത്തുനമ്പൂതിരിപ്പാടിന്റെ ഇല്ലവും സ്വത്തുക്കളും വെള്ളാരപ്പിള്ളിപ്പുഴയ്ക്കു തെക്കേക്കരയിൽ തിരുവിതാംകൂറിലാകുന്നു. ഈ ഇല്ലക്കാരുടെ മൂലം വന്നേരിയിലെ ചിത്രകൂടത്തിൽ ആയിരുന്നുഎന്നും, പെരുമ്പടപ്പുകാർ വന്നേരിവിട്ടപ്പോൾ അവരും ഒരുമിച്ചുപോന്നതാണെന്നും ആണു പറയപ്പെടുന്നത്. 'ചേന്ദോസ്സി'നു വടക്കൻദിക്കിലും പ്രസിദ്ധിയും ഭൂസ്വത്തുക്കളും കാണുന്നത് ആ ചരിത്രത്തെ കുറെയൊക്കെ സാധൂകരിക്കുന്നതുമുണ്ട്. പൂതിയേടത്തുക്ഷേത്രത്തിലെ തന്ത്രിയോ മേശ്ശാന്തിയോ ആദ്യകാലത്തു ചേന്ദോസ്സായിരുന്നു. ചേന്ദോസ്സു നമ്പൂതിരിപ്പാടന്മാർക്കു രാജകുടുംബവുമായി വിവാഹസംബന്ധവും ഉണ്ടായിരുന്നു.

വെള്ളാരപ്പിള്ളിയുടെ പൂർവ്വചരിത്രത്തിലേയ്ക്കു പിന്തിരിഞ്ഞുനോക്കുമ്പോൾ, അധികമൊന്നും നമുക്കു സ്പഷ്ടമായി കാണുവാൻ സാധിക്കുന്നില്ല. കൊച്ചിരാജകുടുംബം ആ പ്രദേശത്തേയ്ക്ക് എന്നു വന്നു, എന്തിനാണ് അവിടെച്ചെന്നുകൂടുവാൻ പ്രത്യേകകാരണം, അവിടെ രണ്ടു കോവിലകങ്ങൾ എങ്ങനെ ഉണ്ടായി, എന്നതുടങ്ങിയ പ്രശ്നങ്ങൾക്കു സർവ്വസമ്മതമായതോ, രേഖകളുടെ പിൻബലമുള്ളതോ ആയ സമാധാനങ്ങൾ ലഭിക്കുമെന്നു തോന്നുന്നില്ല. അവിടെയുള്ള തെക്കെക്കോവിലകം, ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുവവതാരംചെയ്ത കോവിലകം, ഇപ്പോൾ മിക്കവാറും ജീർണ്ണപ്പെട്ടും ആൾപ്പാർപ്പില്ലാതെയും കിടക്കുന്ന ഒരു വലിയ നാലുകെട്ടുപുര മാത്രമാകുന്നു. നാടുവാഴുന്ന ശ്രീമൂലംതിരുനാൾ മഹാരാജാവു സിംഹാസനാരോഹണം ചെയ്തതിനുശേഷം രാജകീയങ്ങളായ ആഡംബരങ്ങളോടുകൂടി ഒരുകുറി ആ കോ

വിലകത്തു് എഴുന്നള്ളി അല്പം സമയം വെള്ളയും 'കരിമ്പടവും' വിരിച്ചു വിശ്രമിക്കുകയുണ്ടായി. അതിനുവേണ്ടി അന്നു നടത്തപ്പെട്ട ചില ചില്ലറ ജീർണ്ണോദ്ധാരണക്രിയകൾ നിമിത്തമാണു് ആ കെട്ടിടം ഇപ്പോഴും ഒരു കെട്ടിടമായി നിലനില്ക്കുന്നതു് എന്നുപറഞ്ഞാൽ അതിനെക്കുറിച്ചു് ആധുനികന്മാർക്കുള്ള ആദരവിന്റെ അളവു കിട്ടുന്നതാണല്ലോ. ആ നാലുകെട്ടോടുചേർന്നു വേറെ പല വലിയ എടുപ്പുകളും മതിൽക്കെട്ടുകളും മററും അവിടെ ഉണ്ടായിരുന്നതിന്റെ നഷ്ടശിഷ്ടങ്ങൾ പൂർവ്വചരിത്രഗവേഷകന്മാരുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനു മതിയായിട്ടുള്ളവയാകുന്നു. പഴയന്നൂർഭഗവതിയെ ആ നാലുകെട്ടിലും പ്രതിഷ്ഠിച്ചുകാണുന്നുണ്ടു്. അവിടെ നിത്യനിദാനം പൂജാദികളും നടന്നുവരുന്നുണ്ടു്. പുതിയേടത്തുഭഗവതിയെ ഉദ്ദേശിച്ചും ആ ഭഗവതിയുടെ നടയ്ക്കൽവെച്ചും നടത്തപ്പെടുന്ന 'തൂക്ക'ത്തിന്റെ 'നൊയമ്പുകാരൻ' തൂക്കത്തിനുള്ള യാത്രപുറപ്പെടുന്നതു് ഇന്നും ഈ കോവിലകത്തുനിന്നു് 'പഴയന്നൂരമ്മ'യെ വന്ദിച്ചതിനുശേഷമാണു്. തൂക്കക്കാരനു ചില 'അനുഭവങ്ങൾ' ഉണ്ടു്. അതൊക്കെ പണ്ടാരവകയിൽനിന്നും കൊടുത്തുവരുന്നു.

'വെള്ളാരപ്പിള്ളി വടക്കെക്കോവിലക'ക്കാർ കൊച്ചിരാജകുടുംബത്തിലെ ഏററവും അടുത്ത 'ശേഷക്കാരാ'ണു്. ആ കോവിലകത്തു മരിച്ചാലും ജനിച്ചാലും തൃപ്പൂണിത്തുറക്കോവിലകത്തു പെലയും വാലായ്മയും ഉണ്ടു്. തൃത്താലിചാർത്തു മുതലായ അടിയന്തിരങ്ങൾ ആ കോവിലകത്തുകാരേയും—എളങ്കുന്നപ്പുഴ, ചാഴൂർ എന്നീ കോവിലകങ്ങളിൽ ഉള്ളവരേയും—കന്നിച്ചുചേർത്താണു് ഇപ്പോഴും നടത്തിവരുന്നതു്. വടക്കേക്കോവിലകത്തുനിന്നു് അടുത്തകാലത്തു ഭാഗംതിരിഞ്ഞു വേറെ താമസിച്ചുവരുന്നവരാണു് 'എളങ്കുന്നപ്പുഴക്കോവിലകത്തു'ള്ളവർ. ഇവരൊക്കെയും,—തൃപ്പൂണിത്തുറക്കാരും,—മുമ്പൊരുകാലത്തു ചാഴൂർക്കോവിലകത്തുനിന്നു പോന്നവരായതുകൊണ്ടു മൂലകുടുംബമെന്നു് ഇപ്പോഴും പറയേണ്ടതു ചാഴൂർക്കോവിലകത്തെയാണു്. ചാഴൂർത്താവഴിക്കാരുടെ അവകാശവാദങ്ങളും, 'പെരുമ്പടപ്പിൽമൂപ്പ' സ്ഥാനത്തിനുള്ള തർക്കങ്ങളും മററും ചരിത്രപ്രഖ്യാതങ്ങളായ സംഗതികളാണല്ലോ. അതിനെക്കുറിച്ചുള്ള സമഷ്ടിയായ സൂചനകൾ അന്യത്ര കാണപ്പെടുന്നതുകൊണ്ടും ആ വിഷയം ഇവിടെ സംഗതമല്ലാത്തതുകൊണ്ടും വിസ്തരിക്കുന്നില്ല. ചാഴൂർ, എളങ്കുന്നപ്പുഴ, വെള്ളാരപ്പിള്ളി, ഈ മൂന്നു ശാഖാകോവിലകങ്ങളേയും നാടുവാഴുന്ന മഹാരാജാവിന്റെ ദയാവിശേഷത്താൽ, ഇപ്പോഴും

സർക്കാർഭരണത്തിൽ ഉൾപ്പെട്ടതി കാര്യങ്ങളെ ഭംഗിയായും ശാഖാംഗങ്ങളുടെ ആവശ്യങ്ങളെ അവസ്ഥാനുസരണമായും നിർവ്വഹിച്ചവരുന്നുണ്ട്.

'ചാഴൂർ താവഴി'തന്നെ രണ്ടായിട്ടുണ്ടായിരുന്നു എന്നു 'ചാഴൂർ തെക്കേപ്പാട്ടെ' എന്നു ഇന്നത്തെ ചാഴൂർത്താവഴിക്കു നിലനിന്നുപോരുന്ന പേരിൽനിന്നു തെളിയുന്നു. 'വടക്കെപ്പാട്ടെ' എന്നു മറെറാരു ശാഖകൂടിയുണ്ടായിരുന്നു എന്നും അതാണു 'വെള്ളാരപ്പിള്ളി വടക്കെക്കോവിലകം' എന്നും ഒരു പക്ഷം പറഞ്ഞുകേൾക്കുന്നുണ്ട്. ചാഴൂരിൽ ഇപ്പോൾ 'വടക്കെപ്പാട്ടെ'ശാഖ അശേഷം അവശേഷിച്ചിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥവുമാണ്. ചാഴൂർശാഖയിൽനിന്നുണ്ടായിട്ടുള്ള ദത്തുകളിൽ 'വടക്കേപ്പാട്ടെ' എന്നോ, 'തെക്കേപ്പാട്ടെ' എന്നോ പഴയരേഖകളിൽ ഒന്നും വ്യത്യസ്തമായോ വിവരമായോ എഴുതിക്കാണുന്നില്ല. എല്ലാം കൂടി നോക്കുമ്പോൾ 'വടക്കേപ്പാട്ടുവർ' മുഴുവനും വെള്ളാരപ്പിള്ളിക്കു പോന്നു എന്നു വിചാരിക്കുവാൻ വിരോധമുണ്ടെന്നു തോന്നുന്നില്ല. ഒരു സംഗതിയുംകൂടി സാരഗർഭമായിട്ടുണ്ട്. ചാഴൂർക്കോവിലകത്തേക്കു് ഇന്നു് ആ പ്രദേശത്തുള്ള ഭൂസ്വത്തുക്കളുടെ സ്വഭാവം നോക്കിയാൽ, ഏതു് എന്നത്തിലും പകുതി ചാഴൂർ തെക്കേപ്പാട്ടെ ജന്മവും മറേറ പകുതി 'പണ്ടാരവക'യും ആകുന്നു. പണ്ടാരവകയായിത്തീൎന്ന പകുതി രാജസ്ഥാനത്തോടു ചേൎന്ന 'വടക്കേപ്പാട്ടിന്റെ' ജന്മമായിരുന്നിരിക്കണം. അങ്ങനെയാണു് ഐതിഹ്യവും. മൂലസ്ഥാനം ചാഴൂരായിട്ടുള്ള ചേററക്കുളത്തുഭട്ടതിരി, വരിക്കാശ്ശേരിനമ്പൂതിരി, പള്ളിപ്പാട്ടുനമ്പൂതിരി, എന്നിവർ തൃപ്പൂണിത്തുറക്കോവിലകത്തെ 'അടിയന്തിരക്കാർ' ആയി ഇന്നും നിലനിന്നുപോരുന്നുണ്ട്.

വെള്ളാരപ്പിള്ളിയിലേക്കു് എന്നുവന്നു എന്നു തീർച്ചയില്ലെങ്കിലും കൊല്ലം എട്ടാംശതകത്തിനു മുമ്പു് അവിടെ ഈ രാജസ്വരൂപം ഉണ്ടായിരുന്നു എന്നുവേണം വിചാരിക്കുവാൻ. പതിനേഴാംനൂററാണ്ടിന്റെ മദ്ധ്യത്തിൽ രചിക്കപ്പെട്ടിട്ടുള്ള ചില ഡച്ചുഗ്രന്ഥങ്ങളിൽ കൊല്ലത്തെ ജയസിംഹനാട്ടിലേക്കു വെള്ളാരപ്പിള്ളിക്കോവിലകത്തുനിന്നു ചിലരെ ദത്തുകൾ എടുത്തതായ ഒരു പ്രസ്താവമുണ്ട്. 1630_ലും 1631_ലുമായി ഒന്നുരണ്ടുതവണ ദത്തുണ്ടായിട്ടുണ്ടത്രെ. "വെള്ളാരപ്പിള്ളിയിൽ കോവിൽ പള്ളിക്കോവിലന്മാർ കൂട്ടത്തിൽ നയിനാർ ഉണ്ണിക്കേരളവർമ്മരായനെ ഇങ്ങനാട്ടു മൂത്തപണ്ടാരത്തിൽ," എന്നിങ്ങനെയാണു് അന്നത്തെ ജയ

സിംഹനാട്ടിലെ മൂത്തരാജാവിനെ വിവരിച്ചിരിക്കുന്നതു്. ഈ താവഴിയത്രെ കൊല്ലം ജയസിംഹനാടു ഭരിച്ചിരുന്നതു്. ആ സ്വരൂപത്തിൽനിന്നാണുപോലും കൊല്ലം 795-ൽ തൃപ്പാപ്പിസ്വരൂപത്തിലേക്കു ദത്തുവൃകിയതു്. അങ്ങനെ വരുമ്പോൾ, തൃപ്പാപ്പിസ്വരൂപം പെരുമ്പടപ്പിൽസ്വരൂപത്തിൽനിന്നുണ്ടായതാണെന്നുംകൂടി വരുന്നു! ഡച്ചുകാർ പറയുന്നതിന്റെ അടിസ്ഥാനമെന്താണെന്നു നല്ല നിശ്ചയമില്ലെങ്കിലും 'വെള്ളാരപ്പിള്ളിക്കോവിൽ പള്ളിക്കോവിലന്മാർവകയിൽ' എന്നു സ്പഷ്ടമായി പറയുന്നതു മറെറന്തിനെക്കുറിക്കാമെന്നു മനസ്സിലാവുന്നില്ല. എന്നു മാത്രമല്ലാ, കൊല്ലത്തേക്കു ദത്തുപുക്കവരിൽപ്പെട്ട ആളായിരുന്നു കൊച്ചിയിലെ റാണി ഗംഗാധരലക്ഷ്മിയുടെ വാഴ്ചക്കാലത്തു് അവിടത്തെ പ്രധാനോപദേഷ്ടാവായി വത്തിച്ചിരുന്ന 'രാഘവൻകോവിൽ' എന്നുംകൂടി കാണുന്നു. അദ്ദേഹം, ദത്തന്മാരിൽ മൂത്തവനായിരുന്നു എന്നും, 1662-ൽ മട്ടാഞ്ചേരിയുദ്ധത്തിൽ കഠിനമായി മുറിവേററു് ഒളിച്ചുപോയി എന്നും പറയുന്നു. പിന്നീടു് അദ്ദേഹത്തെപ്പററി ഒന്നും കേൾക്കാത്തതുകൊണ്ടു് ഉടനെ മരിച്ചിരിക്കണമെന്നു് ഊഹിക്കണം. എന്നാൽ, ആ ദത്തന്മാരിൽ രണ്ടാമനായിരുന്ന രാമവമ്മനും, മൂന്നാമനായിരുന്ന ആദിത്യവമ്മനും ആണത്രെ 1662 മുതൽ 1677 വരെ തിരുവിതാംകൂർരാജ്യം ഭരിച്ചവർ! പെരുമ്പടപ്പുസ്വരൂപത്തിൽനിന്നു വേണാട്ടുസ്വരൂപത്തിലേക്കു ദത്തുവെക്കുക എന്നതു പലതുകൊണ്ടും അസംഭവ്യമായിരുന്നു എന്നു പറയാതെ തരമില്ല.

മേലുദ്ധരിച്ച ചരിത്രശകലങ്ങളെ ആ നിലക്കു് എടുത്തു ചേത്തു എന്നല്ലാതെ അവയുടെ സാധുതയെ സംശയിക്കുന്നതിനോ, സ്ഥാപിക്കുന്നതിനോ ഒരുങ്ങുന്നില്ല. വിശേഷിച്ചും, ശക്തൻതമ്പുരാന്റെ ജനനത്തിനു് ഒരു നൂററാണ്ടെങ്കിലും മുമ്പു കഴിഞ്ഞതായ ആ സംഭവങ്ങളുടെ ചച്ച നമ്മുടെ കഥാഗതിക്കു് ഒട്ടും അത്യാവശ്യവുമല്ല. 'വെള്ളാരപ്പിള്ളി'ശബ്ദം അന്നു് ഉച്ചരിച്ചുകാണുന്നതുകൊണ്ടു്, വെള്ളാരപ്പിള്ളിയുടെ പഴക്കത്തെ സൂചിപ്പിക്കുവാൻവേണ്ടി മാത്രം, അപ്രസക്തമെന്നു സംശയിക്കപ്പെട്ടേക്കാവുന്ന, ആ ഭാഗങ്ങൾ സൂചിപ്പിച്ചതാണു്. [illegible]റാമാണ്ടിനു മുമ്പുതന്നെ വെള്ളാരപ്പിള്ളിക്കോവിലകമുണ്ടെന്നുവന്നുവെങ്കിൽ, 'എന്നു വന്നു, എന്തിനു വന്നു' എന്ന ചോദ്യം പിന്നെയും ഒന്നുകൂടി മുഴച്ചുനില്ക്കുന്നതേയുള്ളൂ.

കൊല്ലം ആറാം ശതകത്തിന്റെ ആദ്യഘട്ടത്തിൽ പെരുമ്പടപ്പ

കാർ മകോതയപട്ടണം വിട്ടുപോന്നു്, കൊച്ചിയിൽ തലസ്ഥാനമുറപ്പിച്ചു, ശരിയായി 'കൊച്ചിരാജാവായി' വാഴ്ചതുടങ്ങിയിരിക്കണം. അക്കാലത്തു രാജകുടുംബം മുഴുവനും കൊച്ചിയിൽതന്നെ ആയിരുന്നിരിക്കണം താമസിച്ചിരുന്നതു്. കഷ്ടിച്ചു് ഒരു രണ്ടുനൂററാണ്ടു് അങ്ങനെ കഴിഞ്ഞിരിക്കുമെന്നും, പോൎത്തുഗീസുകാരുടെ ആധിപത്യസ്ഥാപനവും സാമൂതിരിയുടെ കയ്യേററങ്ങളും വൎദ്ധിച്ചപ്പോഠം, കടലിനും കായലിനും ഇടയ്ക്കുള്ള കൊച്ചിയിൽ, ഏതുപുറത്തുനിന്നാണു്, എപ്പോഴാണു്, യുദ്ധം പൊട്ടിപ്പുറപ്പെടുക എന്നു നിശ്ചയിക്കാൻവയ്യാത്ത കാലത്തു്, സ്ത്രീകളെയും കുട്ടികളെയും അവിടെ താമസിപ്പിക്കുന്നതു ഭംഗിയല്ലെന്നോ, യുക്തമല്ലെന്നോ, രക്ഷയല്ലെന്നോ ബോദ്ധ്യപ്പെട്ടതിന്റെ ഫലമായി, വെടിയും പടയും എത്താത്തതും, സുഖവും സൈ്വരവും ഉള്ളതും ആയ ഒരു ഉഠംപ്രദേശത്തേയ്ക്കു രാജകുടുംബത്തെ മാററി പാൎപ്പിച്ചിരിക്കണമെന്നും, അങ്ങനെയായിരിക്കണം വെള്ളാരപ്പിള്ളിയുടെ ഉദയമെന്നും അഭ്യൂഹിക്കുവാൻ അവകാശംകാണുന്നുണ്ടു്. അങ്ങനെയാണെങ്കിൽ കൊല്ലവൎഷം 750-നു് അടുത്തകാലത്തായിരിക്കും അതു സംഭവിച്ചിരിക്കുക. അതിനുശേഷം മൂത്തരാജാവും ആണവഴിത്തമ്പുരാക്കന്മാരിൽ ആരെങ്കിലുമല്ലാതെ ആരും കൊച്ചിയിൽ സ്ഥിരമായി താമസിച്ചിട്ടുണ്ടായിരിക്കയുമില്ല.

ഏറണാകുളം അന്നു് അഞ്ചുകയ്മഠംമാരുടെ രാജ്യമായിരുന്നതുകൊണ്ടും, തൃപ്പൂണിത്തുറയിലെ ക്ഷേത്രാധികാരം പിന്നീടുമാത്രം പ്രബലപ്പെട്ടതാകകൊണ്ടും, ഒഴിഞ്ഞ ഒരു മൂലനോക്കി വെള്ളാരപ്പിള്ളിയിൽ എത്തിക്കൂടിയതായിരിപ്പാൻ വിരോധമില്ല. ആലങ്ങാട്ടുരാജ്യം അക്കാലത്തു പെരുമ്പടപ്പിനു ചേൎന്നതോ ചാൎന്നതോ ആയിരുന്നതുകൊണ്ടും, കൂറുകാരായ നമ്പൂതിരിപ്രഭുക്കന്മാർ ധാരാളമുണ്ടായിരുന്നതുകൊണ്ടും, വെള്ളാരപ്പിള്ളിയെ സ്വീകരിച്ചതാണെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. എങ്ങനെയായാലും കൊല്ലവൎഷം 750 നടുത്തു വെള്ളാരപ്പിള്ളിതെക്കെ കോവിലകം അവിടെ ഉണ്ടായിരിക്കുന്നു. അക്കാലം കുടുംബാദികഠംക്കു കൊച്ചിയിൽ സൈ്വരവാസത്തിനു പററിയ കാലമല്ലായിരുന്നുവെന്നു ചരിത്രം വിളിച്ചുപറയുന്നുണ്ടു്. 736-ലെ രാജാവിന്റെ വടക്കുംകൂറിന്റെ കിങ്കരന്മാരായ മാപ്പിളമാർ കൊച്ചിയിൽവെച്ചു വെട്ടിക്കൊന്നതായും, 740-ലെ രാജാവും രണ്ടു സഹോദരന്മാരും സാമൂതിരിയുദ്ധത്തിൽ കൊച്ചിയിൽവെച്ചു മരിച്ചതായും ചരിത്രത്തിൽകാണുന്നുണ്ടു്. ഒമ്പതാംശതകത്തിന്റെ മദ്ധ്യകാലത്തു താവഴിവഴക്കുകഠം ഒരുവിധമെല്ലാം ശമി

ക്കുകയും കുററിമുടിഞ്ഞും, ദത്തുപുക്കുംമററും ചാഴൂർത്താവഴിയിൽനിന്നു ദത്തുവന്നവർ മാത്രമായിത്തീരുകയുംചെയ്തു. 868-ൽ 'നാലു പെണ്ണുങ്ങളെയും ആറു് ആണുങ്ങളെയും' ചാഴൂരു വടക്കെപ്പൊട്ടുനിന്നു ദത്തെടുത്തു. അവർ വെള്ളാരപ്പിള്ളിക്കോവിലകത്തു വന്നു താമസിച്ചിരിക്കും.

ആറും നാലുമായി പത്താളെ വടക്കേപ്പൊട്ടുനിന്നു ദത്തെടുത്തപ്പോഠം വടക്കെപ്പൊട്ടെ താവഴി മുഴുവനായോ എന്നു് അറിയുന്നില്ല. എന്നാൽ, എല്ലാവരുമായിട്ടില്ലെന്നും ആ താവഴിയിൽ ബാക്കി ആളുകഠം ഉണ്ടായിരുന്നു എന്നും വേണം, വിവരണത്തിൻെറ സ്വഭാവത്തിൽനിന്നു് ഊഹിക്കുവാൻ. അല്ലെങ്കിൽ, വടക്കെപ്പൊട്ടെ താവഴിയെ 'അങ്ങനെതന്നെ എന്നോ, മുഴുവനും എന്നോ പറയാമായിരുന്നു. അതു പറയാതെ, ആ താവഴിയിൽനിന്നു പത്താളെ, എന്നു പറഞ്ഞിരിക്കകൊണ്ടു് ആ താവഴി മുഴുവനായിട്ടില്ലെന്നുതന്നെ വിചാരിക്കണം. പറഞ്ഞുകേഠക്കുന്ന പഴങ്കഥയുടെ ഒരു ഭാഗത്തുകൂടി നോക്കിയാലും അതങ്ങനെയാണെന്നു തോന്നും. വെള്ളാരപ്പിള്ളി വടക്കെകോവിലകത്തെപ്പററി ഇങ്ങനെയും കേഠക്കുന്നുണ്ടു്.

ചാഴൂർ വടക്കെപ്പൊട്ടുനിന്നു ദത്തുപൂകിയ ഏതാനുംപേർ വെള്ളാരപ്പിള്ളിക്കോവിലകത്തു താമസിച്ചു. അന്നു് ഒരു കോവിലകമേ അവിടെ ഉണ്ടായിരുന്നുള്ളു. കുറച്ചു കഴിഞ്ഞപ്പോഠം, വടക്കെപ്പൊട്ടെ ബാക്കി ആളുകളും സുഖംനോക്കിയോ, അന്തസ്സു് ആഗ്രഹിച്ചോ ചാഴൂരുവിട്ടു വെള്ളാരപ്പിള്ളിയിൽവന്നു തങ്ങളുടെ സഹോദരീസഹോദരന്മാർ ഒന്നിച്ചു താമസം തുടങ്ങി. ഭേദബുദ്ധികൂടാതെ അവർ കഴിഞ്ഞുവന്നു. അചിരേണ ആ കൂട്ടേപ്പാടു് അസുഖത്തിനും അസൂയയ്ക്കും വേറുകൂറുകഠക്കും കാരണമായി. അതിൽ അശേഷം അത്ഭുതപ്പെടുവാനുമില്ല. രാജസ്ഥാനത്തേയ്ക്കു ദത്തുവന്നവരും, ദത്തന്മാരുടെ പൂർവ്വകുടുംബക്കാരും ഒരേ നിലക്കാരാവാൻ നിവൃത്തിയില്ലല്ലൊ. മേലിൽ മത്സരം മൂക്കാതിരിക്കുന്നതിനു നല്ലതു്, ദത്തുവന്നവരേയും, പിന്നാലെ ചെന്നവരേയും വെറേവേറെ നിത്തുകയാണെന്നു തീച്ചപ്പെടുത്തി, പിന്നീടു വന്നവക്കു വടക്കുഭാഗത്തു് ഒരു കോവിലകം പണിയിച്ചുകൊടുക്കുകയും ചെലവിനുംമററും വ്യവസ്ഥപ്പെടുത്തുകയും, വടക്കേപ്പൊട്ടെ വകയായി ചാഴൂരുണ്ടായിരുന്ന ഭൂസ്വത്തുക്കളെല്ലാം ഏറെറടുക്കുകയും ചെയ്തു. അങ്ങനെ വെള്ളാരപ്പിള്ളിയിൽ രാജ്യാധികാരത്തോടുകൂടിയ ഒരു തെക്കേക്കോവിലകവും, രാജകുടുംബത്തോടു ബന്ധപ്പെട്ട ഒരു വടക്കേക്കോവിലകവും ഉണ്ടായി. ഈ

കഥയ്ക്കു ധാരാളം സംഭാവ്യതയുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ഇന്നത്തെ നില ഇതിനെ ശക്തിയായി താങ്ങുന്നുമുണ്ടു്.

ശക്തൻതമ്പുരാൻ തിരുമനസ്സിലെ പ്രിയപ്പെട്ട മാതാവു് അവിട്ടത്തെ പ്രസവിച്ചു് അധികം കഴിയുന്നതിനുമുമ്പു തീപ്പെട്ടുപോയി. പിന്നെ അന്നുണ്ടായിരുന്നതു് അവിട്ടത്തെ മുത്തശ്ശിയും, ചിററമ്മയും (അമ്മയുടെ സഹോദരി) ആയിരുന്നു. മുത്തശ്ശി വലിയ വയോവൃദ്ധയായിരുന്നു. അതുകൊണ്ടു 'വലിയമ്മത്തമ്പുരാൻ' അല്ലെങ്കിലും കുഞ്ഞമ്മത്തമ്പുരാനായ ആ ചിററമ്മയായിരുന്നു സ്വരൂപത്തിലെ പെൺവഴിത്തമ്പുരാക്കന്മാരിൽ പ്രഥമഗണനീയ. ആ തമ്പുരാട്ടിയെ ശക്തൻതമ്പുരാൻ സ്വന്തം മാതാവിനെപ്പോലെ സ്നേഹിച്ചും ആദരിച്ചും വന്നു. യഥാർത്ഥത്തിൽ ആ തമ്പുരാട്ടിക്കു് അവിട്ടത്തെ സ്വന്തം മക്കളേക്കാഠ —984-ലും 1003-ലും തീപ്പെട്ട മഹാരാജാക്കന്മാർ—ശക്തൻതമ്പുരാനോടു വാത്സല്യമുണ്ടായിരുന്നു. തന്നിമിത്തം, 'കുഞ്ഞമ്മത്തമ്പുരാന്റെ സ്ഥാനം' അക്കാലംമുതല്ക്കു കൊച്ചിരാജവംശത്തിലെ കൂറവാഴ്ചസ്ഥാനങ്ങളിൽ ഒന്നായിത്തീൎന്നു. കുഞ്ഞമ്മത്തമ്പുരാൻ സ്ഥാനം ആ സ്ഥിതിയിൽ ഇന്നും നിലനിന്നുപോരുന്നുണ്ടു്.

930-നുശേഷം രാജകുടുംബത്തിന്റെ സ്ഥിരതാമസം വെള്ളാരപ്പിള്ളിയിൽനിന്നു തൃപ്പൂണിത്തുറയ്ക്കു മാറി. അതിനിടയ്ക്കു തൃപ്പൂണിത്തുറയിൽ ക്ഷേത്രാധികാരവും മററു പല അന്തസ്സുകളും സൗകൎയ്യങ്ങളും ആ സ്വരൂപത്തിനു സിദ്ധിച്ചതുകൊണ്ടും, കൊച്ചി, എറണാകുളം, ഈ പ്രദേശങ്ങളോടു് അടുപ്പമുള്ളതുകൊണ്ടും വെള്ളാരപ്പിള്ളിയുടെ മൂന്നുപുറവും തിരുവിതാംകൂർരാജ്യത്തിൽ കുടുങ്ങിപ്പോയതുകൊണ്ടും, തൃപ്പൂണിത്തുറയെ പ്രധാനസ്ഥാനമാക്കിയതായിരിക്കണം. കൊല്ലം 740-ൽ അന്നത്തെ രാജാവു തൃപ്പൂണിത്തുറയ്ക്കു സമീപമുള്ള പുതിയകാവിൽവെച്ചു യുദ്ധത്തിൽ മരിച്ചതായിക്കാണുന്നതുകൊണ്ടു് അക്കാലത്തു തൃപ്പൂണിത്തുറയിൽ രാജകുടുംബം സ്ഥിരതാമസമില്ലായിരുന്നു എന്നു വിചാരിക്കണം. എന്നാൽ 800-ാമാണ്ടിലെ മഹാരാജാവു തൃപ്പൂണിത്തുറയിൽനിന്നു തീപ്പെട്ടതായി ഗ്രന്ഥവരിയുണ്ടു്. പക്ഷെ അക്കാലത്തു വെള്ളാരപ്പിള്ളിയിലായിരുന്നു കുടുംബസ്ഥാനമെന്നു നിരാക്ഷേപമാണു്. അന്നേയ്ക്കു താവഴികളുടെ മത്സരങ്ങഠ അവസാനിച്ചിട്ടുമുണ്ടായിരുന്നില്ല. പിന്നീടു് ഒരു മഹാരാജാവു തൃപ്പൂണിത്തുറയിൽനിന്നു തീപ്പെട്ടതായിക്കാണുന്നതു 925-ലാകുന്നു. 935-ൽ കൊച്ചിയിൽനിന്നു തീപ്പെട്ട മഹാരാ

ജാവിന്റെ കാലത്താണ വെള്ളാരപ്പിള്ളിയെ സ്ഥിരമായി വിട്ടൊഴിഞ്ഞതു് എന്നാണ പറയപ്പെടുന്നതു്.

ജനിച്ചതു വെള്ളാരപ്പിള്ളിയിലും തീപ്പെട്ടതു തൃശ്ശിവപേരൂരും ആണെങ്കിലും, ശക്തൻതമ്പുരാനെ, തൃപ്പൂണിത്തുറക്കാരൻ എന്നുതന്നെ പറയാവുന്നതാണ്. അവിടുത്തെ കാലത്തു മേല്പറഞ്ഞ ചിററമ്മത്തമ്പുരാൻ സ്ഥിരമായി താമസിച്ചിരുന്നതു വെള്ളാരപ്പിള്ളിയിൽത്തന്നെയായിരുന്നു. അങ്ങനെ ആ കോവിലകം കാലാന്തരത്തിൽ—ആ ചിററമ്മത്തമ്പുരാൻ, സ്വരൂപത്തിലെ കുഞ്ഞമ്മത്തമ്പുരാൻ ആയിരുന്നതു കൊണ്ടായിരിക്കണം—പെൺവഴിത്തമ്പുരാക്കന്മാരിൽ രണ്ടാമത്തെ തമ്പുരാനു പ്രത്യേകമായ ഒരു സ്ഥലമായിത്തീൎന്നു. ഇന്നും വെള്ളാരപ്പിള്ളിയിലെ തെക്കേകോവിലകം കുഞ്ഞമ്മത്തമ്പുരാൻവകയാകുന്നു. ഈ വെള്ളാരപ്പിള്ളിക്കോവിലകത്താണ കൊല്ലം 926 കൎക്കടകം 10-ാംനു പൂയം നക്ഷത്രത്തിൽ, ആധുനികകൊച്ചിയുടെ സ്രഷ്ടാവെന്നു ധാരാളം അഭിമാനിക്കാവുന്ന ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ഭൂജാതനായതു്.

V

ഉദയാന്തരീക്ഷം

൧

തൃപ്പാപ്പിയും, നെടിയിരുപ്പും

കൊല്ലവൎഷം 933-ലാണ്,—അന്നു കൊച്ചിയിലെ ശക്തൻതമ്പുരാനു് ഏഴു തിരുവയസ്സായിരുന്നു—തിരുവിതാംകൂറിന്റെ സ്രഷ്ടാവായ കീൎത്തിപ്പെട്ട മാൎത്താണ്ഡവൎമ്മമഹാരാജാവു നാടുനീങ്ങിയതു്. അവിടുന്നു് ഒരു അസാമാന്യനായിരുന്നു എന്നതിനു സംശയമില്ല. അവിടേയ്ക്കു പട്ടംകിട്ടുന്നകാലത്തു വേണാടു നന്നേ ചെറിയ ഒരു രാജ്യമായിരുന്നു. അക്രമികളായിരുന്ന സാമന്തന്മാൎക്കായിരുന്നു അവിടെ മുമ്പും ശക്തിയും ഉണ്ടായിരുന്നതു്. കൊല്ലം, അമ്പലപ്പുഴ, കായംകുളം, ചെമ്പകശ്ശേരി, തെക്കുംകൂർ, വടക്കുംകൂർ, ആലങ്ങാടു്, പറവൂർ തുടങ്ങിയ രാജ്യഭാഗങ്ങളെല്ലാം ആദ്യകാലത്തു പെരുമ്പടപ്പിന്റെ കീഴ്‌രാജ്യങ്ങളും

കട്ടവുവെച്ചു മിക്കവാറും സ്വതന്ത്രങ്ങളായ ചെറിയ സംസ്ഥാനങ്ങളുമായിരുന്നു. ആ മഹാരാജാവിന്റെ കാലത്താണ തിരുവിതാംകൂറിനു് ഇന്നത്തെ വിസ്താരവും വലുപ്പവും കൈവന്നതു്. അദ്ദേഹം കന്യാകുമാരി മുതൽ പറവൂർവരെയുള്ള രാജ്യങ്ങളെയെല്ലാം കീഴടക്കുകയും, പ്രഭുക്കന്മാരുടെ ശക്തിയെല്ലാം നാമാവശേഷമാക്കുകയും ചെയ്തു. കൂലിപ്പട്ടാളത്തെ പുറത്തുനിന്നു വരുത്തിയും—മലയാളത്തിൽ അതു് ആദ്യം ചെയ്തതു് ആ മഹാരാജാവാണു്—നാട്ടുപട്ടാളത്തെ സ്ഥിരസൈന്യമായി സ്വയം രൂപവല്ക്കരിച്ചും, അവക്കു പാശ്ചാത്യസമ്പ്രദായത്തിലുള്ള പരിശീലനം പാശ്ചാത്യന്മാരെക്കൊണ്ടുതന്നെ കൊടുപ്പിച്ചും, അദ്ദേഹം, വിജിഗീഷുവായ ഒരു മഹാരാജാവിനു് ഒന്നാമതായി വേണ്ട, സൈന്യബലത്തെ ഉറപ്പിച്ചു. കൊച്ചീത്തമ്പുരാൻ ഡച്ചിനോടു് ആവലാതിപ്പെട്ടതുപോലെ, ശക്തി ഒന്നുകൊണ്ടുമാത്രമാണു് അദ്ദേഹം തന്റെ ദിഗ്ജയം നിർവ്വഹിച്ചതു്. ഇംഗ്ലീഷുകമ്പനിക്കാരോടും, അവരുടെ മിത്രമായിരുന്ന ആർക്കാട്ടിലെ നവാബിനോടും അദ്ദേഹം സൗഹാർദ്ദത്തിലും സഖ്യത്തിലുമായിരുന്നു വർത്തിച്ചതു്. സ്ഥിരസൈന്യമില്ലാതേയും, പരസ്പരം സംശയിച്ചും അവിശ്വസിച്ചും കഴിഞ്ഞുവന്നിരുന്ന തിരുവിതാംകൂറിലെ ഇതരരാജാക്കന്മാരും ശക്തികളുമെല്ലാം ഓരോന്നായി, കൊടുങ്കാററിനു മുമ്പിൽ അടിയുറപ്പില്ലാത്ത മരങ്ങളെപ്പോലെ, മാർത്താണ്ഡചണ്ഡവാതമേററു കേവലം നിലംപതിച്ചു. എല്ലാരാജ്യങ്ങളെയും മാർത്താണ്ഡവർമ്മ കീഴടക്കി. രാജ്യാതിർത്തികളെ വിപുലപ്പെടുത്തുവാൻ ബദ്ധകങ്കണനായി പുറപ്പെടുന്ന ശക്തനായ ഒരു രാജാവു് എതുകാലത്തും സാധാരണ സ്വീകരിക്കാറുള്ള നയങ്ങളേയും ഉപായങ്ങളേയുമെല്ലാം ആ മഹാരാജാവു് അംഗീകരിച്ചു.

മാർത്താണ്ഡവർമ്മയുടെ കാലത്തെ സാമൂതിരിപ്പാടും അതേപ്രകാരമുള്ള അഭിലാഷങ്ങളോടുകൂടി അശ്രാന്തം പരിശ്രമിച്ചിരുന്ന ഒരു പരാക്രമശാലിയായിരുന്നു. അദ്ദേഹത്തിനു കോഴിക്കോട്ടുനിന്നു കൊച്ചിവഴി തന്റെ വമ്പിച്ച സൈന്യത്തെ തിരുവിതാംകൂറിലേക്കു് ആനയിക്കണമെന്നു വലിയ ആഗ്രഹമുണ്ടായിരുന്നു. മാർത്താണ്ഡവർമ്മ കൊച്ചിയേയും കോഴിക്കോടിനേയും കീഴടക്കി, കേരളചക്രവർത്തിയായി വാഴുന്നതിനു് ആശിച്ചിരുന്നു എന്നതിനും സംശയമില്ല. ഇടയ്ക്കു കിടന്നിരുന്ന കൊച്ചിയാണു് ആ രണ്ടു രാജമല്ലന്മാരുടേയും സമരസന്നദ്ധമായ ഘോരസംഘട്ടനത്തിനു് ഒരു തടസ്സമായിത്തീർന്നതു്. മാർത്താണ്ഡവർമ്മ 933-ൽ നാടുനീങ്ങുക, അഭൂതപൂർവ്വമായ ശക്തിയോടുകൂടി ഹൈദരാലി

ഖാൻ കേരളത്തിലേക്കു കടക്കുക, ടിപ്പുസുൽത്താൻ തന്റെ അവി വേകത്താൽ ഇംഗ്ലീഷുകാരുടെ ശക്തിയെ മുഴുവൻ തനിക്കു് എതിരാക്കി ത്തീക്കുക, സാഹസികനായിരുന്ന സാമൂതിരി കാററമാറുന്നതു കാണാ തിരിക്കുക; കൊച്ചിക്കു് ഒരു ശക്തൻതമ്പുരാനുണ്ടാകുക, ഇങ്ങനെ ചില തെല്ലാം അന്നു സംഭവിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ, തിരുവിതാംകൂറും കോഴിക്കോട്ടും തമ്മിൽ നേരിട്ടുതന്നെ നീണ്ടതായ ഒരു യുദ്ധം നടക്കുമാ യിരുന്നു എന്നും, മാപ്പിളസൈന്യത്തിന്റെ സഹായമുണ്ടായിരുന്നാലും, അശിക്ഷിതരായ നായർസൈന്യത്തെ പ്രധാനമായി അവലംബിച്ചിരു ന്ന സാമൂതിരി തിരുവിതാംകൂറിനു കീഴടങ്ങേണ്ടിവരുമായിരുന്നു എന്നും, അഭ്യൂഹിക്കുന്നതിൽ അന്നത്തെ സ്ഥിതിഗതികൾ നോക്കിയാൽ, അധി കം തെററുണ്ടെന്നു തോന്നുന്നില്ല. സാമൂതിരിപ്പാട്ടിന്നു കുറേക്കൂടി നയ ജ്ഞതയോടുകൂടി പെരുമാറുകയും, ചുററുപാടുകളെ കുറേക്കൂടി ബുദ്ധി പൂർവ്വം വീക്ഷിക്കുകയും, വ്യക്തിവിദ്വേഷത്തിനു പഴക്കംകൊണ്ടു വേണ്ട തായ തേമാനം അനുവദിക്കയും ചെയ്തിരുന്നു എങ്കിൽ, തീർച്ചയായും കോഴിക്കോട്ടുരാജ്യം, കൊച്ചിയേയും തിരുവിതാംകൂറിനേയുംപോലെ, ഭര ണാധികാരമുള്ള ഒരു നാട്ടുരാജ്യമായി ഇന്നും പ്രശോഭിക്കുമായിരുന്നു!

കോഴിക്കോട്ടേയ്ക്കു പുറപ്പെട്ട തിരുവിതാംകൂറിനു്, കൊച്ചിയി ലോളം എത്തിയിരുന്ന കോഴിക്കോടിനെ ഇടയ്ക്കുവെച്ചു കാണേണ്ടി വന്നപ്പോൾ, കൊച്ചിയെ പിടിച്ചടക്കുകയല്ലാ, ഒരു ഏടത്തട്ടായി നില നിർത്തി സാമൂതിരിയേ അകററുകതന്നെയാണു് ഒന്നാമതായി വേണ്ടതെ ന്നു പൂർണ്ണബോദ്ധ്യംവന്നു. അല്ലെങ്കിൽ കൊച്ചിയുടെ കീഴ്‌ഘടങ്ങളായി രുന്ന ചെമ്പകശ്ശേരി, വടക്കുംകൂർ മുതലായ രാജ്യങ്ങളെ ജയിക്കുകയും, പെരുമ്പടപ്പിന്റെ രാജ്യത്തിനു് അവകാശവാദവും പുറപ്പെടുവിച്ചു കൊണ്ടു്, കരപ്പുറം കൈവശംവെച്ചു, പള്ളുരുത്തിയിൽ വാണിരുന്ന ചാ ഴൂർത്തമ്പാക്കന്മാരെ അകററുകയും ചെയ്തു തൃപ്പാപ്പിസ്വരൂപത്തിലേയ്ക്കു്, കൊച്ചിരാജാവിനു് ആളും ആയുധവും കൊടുത്തു സഹായിച്ചു സാമൂ തിരിയെ കൊച്ചിരാജ്യാതിർത്തികൾ കടത്തിവിടുന്നതിൽ അത്ര ജാഗ രൂകത കാണുമായിരുന്നില്ല!

പെരുമ്പടപ്പിന്റെ കഥ അക്കാലത്തു കുറെ പരുങ്ങലായിരുന്നു എന്നു സമ്മതിക്കാതെ തരമില്ല. കൊല്ലം 897-ൽ തൃശ്ശൂരിൽനിന്നു തീപ്പെട്ട കൊച്ചിത്തമ്പുരാൻ ചാഴൂർത്താവഴിക്കാരനായിരുന്നു. അദ്ദേ ഹം കൊച്ചിരാജാവായ ഉടനെ പെരുമ്പടപ്പുസ്ഥാനവും രാജസ്ഥാന

വും തമ്മിൽ ഉണ്ടായിക്കൊണ്ടിരുന്ന സമരസംഘട്ടനങ്ങൾക്കു് ഒരു പര്യവസാനമുണ്ടാക്കുന്നതിനുവേണ്ടി, തന്റെ വമ്പിച്ച സ്വകാര്യസമ്പാദ്യങ്ങൾ മുഴുവനും ചാഴൂർത്താവഴിക്കാക്കു സ്വയം വിട്ടുകൊടുക്കുകയും, പെരുമ്പടപ്പിലെ മൂപ്പിൽസ്ഥാനത്തേക്കു ചാഴൂർത്താവഴിക്കാർക്കുണ്ടായിരുന്ന അവകാശത്തെ അന്നത്തെ മൂപ്പിലയോടു് കഴമുറിമൂലം ഒഴിഞ്ഞുവാങ്ങുകയും ചെയ്തിരുന്നു. തന്നിമിത്തം, 924-ാമാണ്ടുവരെ, ആ സ്ഥാനം സംബന്ധിച്ച തക്കങ്ങൾ ഒന്നും കൂടാതെ, രാജാവും മൂപ്പീന്നും ഒരാളായിത്തന്നെ കഴിഞ്ഞുപോന്നു. എന്നാൽ, 924-ൽ, ചാഴൂർത്തമ്പാക്കന്മാർ വീണ്ടും വാദം തുടങ്ങി. 894-ലെ കുമറി അവർ സ്വീകരിച്ചില്ല.

മാർത്താണ്ഡവർമ്മമഹാരാജാവു വടക്കോട്ടുനോക്കി കേരളത്തിന്റെ ദീഘവിസ്താരത്തെ മനസ്സുകൊണ്ടു് അളന്നുകണക്കാക്കിക്കൊണ്ടിരിക്കുന്ന കാലത്തു്, അസംതൃപ്തരായ ചാഴൂർത്തമ്പാക്കന്മാർ, അദ്ദേഹത്തെ ശരണംപ്രാപിച്ചു. 'കരുത്തതമ്പാ'ന്റെ ഭാഗംപിടിച്ചു മാർത്താണ്ഡവർമ്മ കൊച്ചിയിലെ ഡച്ചുകാർമുഖേന പെരുമ്പടപ്പുമായി എഴുത്തുകുത്തുകൾ തുടങ്ങി. ഡിലാനോയ് എന്ന ഡച്ചുകുമുദവരും, തിരുവിതാംകൂർ ദളവയും, കൊച്ചിരാജാവുംകൂടി തമ്പാക്കന്മാരുടെ കാര്യംകൊണ്ടു കൊച്ചിയിൽവെച്ചു നേരിട്ടു് ഒരു വാദപ്രതിവാദം നടത്തി. 926-ൽ ചാഴൂർത്താവഴിയിലെ ഒരു വീരകേരളൻതമ്പാൻ, വടക്കുംകൂറിന്റെ സേവ സമ്പാദിച്ചു്, ആ സ്വരൂപത്തിൽനിന്നു പള്ളിക്കെട്ടുകഴിച്ചു. കൊച്ചിയുടെ കീഴേടമായിരുന്നെങ്കിലും വടക്കുംകൂർ, തമ്പാക്കന്മാരുടെ വക്കാലത്തേററു്, ഇരുവരും ചേർന്നു മാർത്താണ്ഡവർമ്മയെ നേരിട്ടടുത്തു് അഭയംപ്രാപിച്ചു. മാർത്താണ്ഡവർമ്മ അക്കാലത്തു് എട്ടുവീടരെ നശിപ്പിച്ചു്, കൊട്ടാരക്കര, എളേടത്തുനാടു്, ചവറ, ദേശിംഗനാടു് ഇവയൊക്കെ കീഴൊതുക്കി, തിരുവല്ലായിൽ പെരുമ്പടപ്പിനുണ്ടായിരുന്ന മേല്കോയ്മാവകാശത്തെ നിരസിച്ചു്, "ഇനിയോ, രാമയ്യാ!" എന്നു വിചാരപ്പെട്ടിരിക്കുകയായിരുന്നു. തമ്പാക്കന്മാരുടെ ആവലാതി നല്ല കണക്കിനും സമയത്തും എത്തിച്ചേർന്നു. അവരുടെ ബന്ധുവായി, വടക്കുംകൂറിന്റെ സഹായിയായി, അശരണരക്ഷാനിരതനായിട്ടെന്നപോലെ, മാർത്താണ്ഡവർമ്മ വടക്കോട്ടു പുറപ്പെട്ടു. ആലപ്പുഴവന്നു 'വാടക്കൽ' പാളയമടിച്ചു. സ്വരക്ഷയ്ക്കായി യുദ്ധംചെയ്യുന്നതിനു കൊച്ചിത്തമ്പുരാൻ ചേർത്തലയിലും എത്തിച്ചേർന്നു. 927 കന്നി 5-ാംനു യുദ്ധം തുടങ്ങി. പെരുമ്പടപ്പുനാട്ടിലുള്ളവർ മടങ്ങി പിന്നോക്കംവാങ്ങി. 'കറിയമുട്ട'ത്തിനു തെക്കോട്ടു മുഴുവനും തൃപ്പാപ്പിസ്വരൂപത്തിന്റെ ആള

കളുമായി, തമ്പാക്കന്മാർ പടച്ചിലവുംകെട്ടി കരപ്പുറം രാജ്യം തിരുവിതാംകൂറിന്റെ സഹായത്തോടുകൂടി വാഴുകയും ചെയ്തു.

928 കർക്കിടകം 28-ാംനുവരെ തമ്പാക്കന്മാർതന്നെ, മാർത്താണ്ഡവമ്മയുംട് ചൊല്പടിക്ക്, കരപ്പുറം ഭരിച്ചു. എന്തെങ്കിലും ഒന്നു പറഞ്ഞുവെച്ചില്ലെങ്കിൽ, ഈ തെക്കേത്തലക്കലെ ശത്രുവിനെക്കൊണ്ടുള്ള ഉപദ്രവം പൂർവ്വാധികം വദ്ധിക്കുമെന്നു പെരുമ്പടപ്പിനു മനസ്സിലായി. "'തൃപ്പാപ്പിസ്വരൂപ'ത്തിങ്കലെ വലിയതമ്പുരാനുമായിട്ടു കാഴ്ചകഴിഞ്ഞു കാര്യങ്ങൾകൊണ്ടൊക്കയും വേണ്ടുംവണ്ണം പറഞ്ഞു വെയ്ക്കുക എന്നും വെച്ചു മാവേലിക്കരെ എഴുന്നെള്ളി കാഴ്ചയും കഴിച്ചു." "മാർത്താണ്ഡവമ്മ മഹാരാജാവു് കരപ്പുറം രാജ്യം സ്വാധീനപ്പെട്ടുത്തിയതിനുശേഷം 'പെരുമ്പടപ്പിൽ മൂപ്പു്' എന്ന സ്ഥാനത്തെ പുനരുദ്ധാരണംചെയ്തു്, തമ്പാക്കന്മാരിൽ മൂത്ത ആളെ ആ സ്ഥാനത്തേക്കുവെച്ചു്, തിരുവിതാംകൂർ രാജാവിന്റെ കീഴിൽ ഒരു സ്വരൂപമായി, കരപ്പുറം വാഴുവാൻ കല്പിച്ചു. അവരെക്കൊണ്ടു തനിക്കുണ്ടായിരുന്ന ആവശ്യങ്ങൾ സാധിച്ചു കഴിഞ്ഞ ഉടനെ അവരെ കൈവിടുകയും ചെയ്തു."

ഡച്ചുകാരുടെ സഹായസഹകരണങ്ങളായിരുന്നു അന്നു യഥാർത്ഥത്തിൽ കൊച്ചിയുടെ ശരിയായ അവലംബം. അവരുടെ ശക്തിയാണെങ്കിൽ ക്രമേണ ക്ഷയോന്മുഖമായി. 'വലിയ മത്സ്യത്തിനെക്കണ്ടാൽ കണ്ണടയ്ക്കുന്ന പൊന്മ'യെപ്പോലെ അവർ ദുർബ്ബലന്മാരോടു ചന്ദ്രഹാസമിളക്കിയും, ബലവാന്മാരോടു പഞ്ചാരവാക്കുകൾ പറഞ്ഞും കേവലം 'ഒടിച്ചുകുത്തികൾ' ആയിട്ടാണു് അക്കാലത്തു കഴിഞ്ഞുവന്നതു്. കൊച്ചിക്കു യാതൊരു സ്ഥിരസൈന്യവും ഉണ്ടായിരുന്നില്ല. പട്ടാളത്തിൽ ചേൎന്ന നായന്മാർ ഓരോ കർത്താക്കന്മാരുടെ കീഴിലായിരുന്നു. മൂവ്വായിരം നായക്കു് ഉടമസ്ഥനെയാണു 'കർത്താവു്' എന്നോ 'കയ്മൾ' എന്നോ മുമ്പൊക്കെ പറഞ്ഞുവന്നിരുന്നതു്. എത്ര കർത്താക്കന്മാരും കയ്മൾമാരും ഈ രാജ്യത്തു് ഇന്നും ഉണ്ടു് എന്നുള്ളതിൽനിന്നു് അന്നത്തെ പരിതസ്ഥിതികൾ ഏറക്കുറെ അനുമാനിക്കാവുന്നതാണു്. കർത്താക്കന്മാർ മേല്ക്കോയ്മയെ സഹായിക്കുന്നതിനു പകരം രാജസ്ഥാനത്തോടു വില്ലുകിച്ചു ശത്രുപക്ഷത്തിൽ ചേരുവാനുംകൂടി മടികാണിച്ചില്ല. പാടങ്ങളിൽനിന്നും പറമ്പുകളിൽനിന്നും അപ്പപ്പോൾ വിളിച്ചുകൂട്ടുന്ന "ഉണ്ണാമൻമാർ" യുദ്ധത്തിനല്ലാ ഉണ്ണുവാൻതന്നെയാണു് അധികം ഉപകരിക്കുക എന്നു പറയേണ്ടതില്ലല്ലോ. ക്ഷേത്രസങ്കേതങ്ങളെല്ലാം സ്വത

ന്ത്രമായി ഭരണം നടത്തിവന്നു. ക്ഷേത്രങ്ങളിൽ രാജാവിന്റെ മേല്ക്കോയ്മാധികാരം കേവലം നാമമാത്രമായിരുന്നു. പ്രഭുക്കന്മാരും പ്രബലന്മാരായ നമ്പൂരിമാരും പരസ്യമായിത്തന്നെ സാമൂതിരിപക്ഷം പിടിച്ചു. എന്നുതന്നെയല്ല, അവരിൽ പലരും സാമൂതിരിയെ അങ്ങോട്ടു ചെന്നു കണ്ടു കൂട്ടിക്കൊണ്ടുവരുവാൻ നിസ്സങ്കോചം പ്രയത്നിക്കുകയും ചെയ്തു. സാമൂതിരിയും കാര്യക്കാരന്മാരും പുരുഷാരവും വടക്കുനിന്നു പുറപ്പെട്ടു് ഓരോ പ്രദേശങ്ങൾ അടക്കി ചേന്നാമംഗലത്തു് എത്തി പാലിയംതന്നെ ഇടിച്ചുതകർത്തു. കൊച്ചിപ്പട്ടണത്തിലോളം സാമൂതിരിയുടെ പട എത്തി. കൊച്ചിരാജ്യത്തെ തിരുവിതാംകൂറോ കോഴിക്കോടോ പങ്കിട്ടെടുക്കുകയോ, അവരിൽ കൂടുതൽ പ്രബലനായിബ്ഭവിച്ച ആൾ മുഴുവനും സ്വന്തമായെടുക്കുകയോ ചെയ്യേക്കുമെന്നു കൊച്ചിരാജാവു ഭയപ്പെട്ടു.

൮

സന്ധിയും ബന്ധവും.

പരമ്പരയാ ശത്രുവായ സാമൂതിരിയോടോ, രാജ്യമൊതുക്കിക്കൊണ്ടുമാത്രം പാഞ്ഞുകയറുന്ന തൃപ്പാപ്പിയോടോ ആരോടാണു് സന്ധി ചെയ്യുന്നതു യുക്തവും ബുദ്ധിപൂർവ്വകവുമായിരിക്കുക എന്നുള്ള ചിന്തകളാൽ കൊച്ചിരാജാവു സംശയഗ്രസ്തനായി. രണ്ടിലൊന്നുകൂടാതെ ഗത്യന്തരമില്ലെന്നു ബോധപ്പെട്ടു. ഒടുവിൽ, തിരുവിതാംകൂറാണു ബന്ധുതയ്ക്കു കൂടുതൽ അർഹനെന്നുതന്നെ തീർച്ചപ്പെടുത്തി. ആ തീർപ്പാണു കൊച്ചിരാജ്യത്തെ നിലനിർത്തിയതു്. അന്നു മറുതരത്തിൽ പ്രവർത്തിച്ചിരുന്നു എങ്കിൽ, തീർച്ചയായും ഇന്നു കൊച്ചിരാജ്യം ബ്രിട്ടീഷ്മലബാറിന്റെ ഒരുഭാഗം മാത്രമായിപ്പോകുമായിരുന്നു. പുരാതനകാലംമുതല്ക്കു സനാതനവും സാത്വികവും ഉൽകൃഷ്ടവുമായ ഒരു ആദർശത്തിൽ കഴിഞ്ഞുപോന്നിട്ടുള്ള പെരുമ്പടപ്പുരാജവംശത്തിന്റെ രാജ്യാധികാരം ഭൂമുഖത്തുനിന്നു മുടിഞ്ഞുപോകുന്നതു് ഈശ്വരൻ ഇഷ്ടപ്പെട്ടില്ലെന്നുവേണം ഇതിൽനിന്നു വിശ്വസിക്കുവാൻ.

അന്നു കൊച്ചിരാജാവിന്റെ പ്രധാനകാര്യക്കാർ 'വെള്ളക്കാട്ടു നമ്പൂതിരി'യായിരുന്നു. 'നാഗേശമല്ലൻ' എന്നൊരു ഗൊങ്ങിണിപ്രഭുവും 'അനന്തനാരാണപട്ടര്' കാര്യക്കാരും അന്നത്തെ സന്ധികാര്യത്തിൽ കൊണ്ടുപിടിച്ചു ശ്രമം ചെയ്തവരാണു്. 928-ാമാണ്ടു് കർക്കട

കമാസത്തിൽ, മാർത്താണ്ഡവർമ്മമഹാരാജാവു മാവേലിക്കരയിലേയ്ക്കു് എഴുന്നള്ളിയിരുന്ന അവസരത്തിൽ, കൊച്ചിത്തമ്പുരാൻ അദ്ദേഹത്തെ അവിടെച്ചെന്നു കാണുകയും, കാര്യങ്ങൾ പറഞ്ഞു നിശ്ചയിക്കുകയും ചെയ്തു എന്നു പറഞ്ഞുവല്ലോ. ഇരുസംസ്ഥാനക്കാരും ഒപ്പിട്ടു പരസ്പരം കൈമാറാൻ ഉദ്ദേശിച്ചു്, വേണ്ട സന്ധിക്കരാറിനു് ഒരു പകൎപ്പും അന്നു് അവിടെവെച്ചു തയ്യാറാക്കി. അതിലെ സംഗതികളിൽ പ്രധാനമായവ—"കൊച്ചിയിൽ ഉണ്ടാകുന്ന കുരുമുളകിൽ തന്റെ് ആവശ്യത്തിനു വേണ്ടതായ അഞ്ഞൂറുകണ്ടി കഴിച്ചു ബാക്കിയുള്ളതു തിരുവിതാംകൂറിനു മാത്രം വില്ക്കുക; കരപ്പുറം രാജ്യം കൊച്ചിരാജാവു വിട്ടൊഴിയുക; തിരുവല്ലായിലും ഹരിപ്പാട്ടും കൊച്ചിക്കു പണ്ടേ ഉള്ള മേല്ക്കോയ്മസ്ഥാനം മുമ്പിലത്തെപ്പോലെ കൊച്ചിയിൽനിന്നുതന്നെ നടത്തുക; 'കുട്ടംവേലി'ൽ പെരുമ്പടപ്പിലേയ്ക്കുള്ള ആളും വസ്തു ഉല്പത്തികളും പെരുമ്പടപ്പിൽനിന്നു വിട്ടൊഴിയുക; 'പൈങ്ങോട്ടു കയ്മളെ'യും താവഴിക്കാരേയും വസ്തുഉല്പത്തികളെയും കീഴിലെപ്പോലെ പെരുമ്പടപ്പിൽനിന്നുതന്നെ രക്ഷിക്കുക; തമ്പാക്കന്മാരുടെ കാര്യം (ചാഴൂർ) വഴിയെ വയ്ക്കത്തുവച്ചു് ആലോചിച്ചു തീൎച്ചപ്പെടുത്തുക; ചെമ്പകശ്ശേരിയും വടക്കുംകൂറും പെരുമ്പടപ്പിന്നു് അമന്നവരാകകൊണ്ടു്, അവർ എന്തെങ്കിലും പിഴച്ചാലും തുപ്പാപ്പിസംസ്ഥാനം പെരുമ്പടപ്പുമായി മാത്രം അന്യോന്യം പറയുക; യുദ്ധച്ചിലവുവകയ്ക്കു തുപ്പാപ്പിക്കു 25,000ക. പെരുമ്പടപ്പു കൊടുക്കുക;" എന്നിവയായിരുന്നു. ഈ ഉടമ്പടിക്കു പകൎപ്പു് എഴുതിയതല്ലാതെ അസ്സൽ എഴുതി ഒപ്പുകുത്തി കൈമാറുക ഉണ്ടായില്ല. എഴുതി കൈമാറിയില്ലെങ്കിലും മേല്പറഞ്ഞ നിശ്ചയങ്ങൾക്കു് ഏറക്കുറെ വശംവദരായി പ്രത്യക്ഷമായ മത്സരം ഒന്നും കൂടാതെ തല്ക്കാലം ഇരുഭാഗക്കാരും തമ്മിൽ പിരിഞ്ഞു. അടുത്തുതന്നെ മാർത്താണ്ഡവർമ്മയും എളമുറയും കൂടി തൃപ്പൂണിത്തുറയ്ക്കു് എഴുന്നള്ളി അന്യോന്യം കാണുകയും ചെയ്തു.

"വടക്കുംകൂറും ചെമ്പകശ്ശേരിയും പെരുമ്പടപ്പിനു കീഴമന്ന സംസ്ഥാനങ്ങൾ" എന്നു കരാറിൽ വിശദമാക്കീട്ടുണ്ടെങ്കിലും ആ സംസ്ഥാനങ്ങളെ അങ്ങനെ വെറുതെ വിടുന്നതിനു മാർത്താണ്ഡവർമ്മമഹാരാജാവുയഥാൎത്ഥത്തിൽ ഉദ്ദേശിച്ചിരുന്നില്ലെന്നു തീൎച്ചയാണു്. തന്റെ രാജ്യാതൃത്തികളെ കൊച്ചിയിലോളമെങ്കിലും എത്തിക്കണമെന്നും, ആ സംസ്ഥാനങ്ങളേയും, അതുപോലെയുള്ള ചെറിയസംസ്ഥാനങ്ങളെ അടക്കിയൊതുക്കിയതുപോലെ, തിരുവിതാംകൂറിനോടു ചേൎക്കണമെന്നും ആ വീരമാർത്താണ്ഡവർമ്മയും രാമയ്യൻദളവയും അന്നു നിശ്ചയിച്ചിട്ടുണ്ടായിരി

ക്കണം.' തല്ക്കാലത്തെ സമാധാനത്തിനും, പുതിയതായി കീഴൊതുക്കിയ രാജ്യങ്ങളെ തിരിച്ചുറപ്പിക്കുന്നതിനുള്ള സൗകര്യത്തിനുംവേണ്ടി ആ കരാറിലെ വ്യവസ്ഥകൾക്ക് അന്നു് അംഗീകാരം നല്കിയതായിരിക്കണമെന്നു് അനന്തരസംഭവങ്ങൾ തെളിയിക്കുന്നുണ്ടു്. ഒരു സമയം, ആ കാരണത്താൽതന്നെയായിരിക്കാം, എല്ലാം പറഞ്ഞുവെച്ചതല്ലാതെ ഒന്നും എഴുതിപകരാഞ്ഞതും. ഏതായാലും അധികം താമസിയാതെതന്നെ, വടക്കുംകൂറും ചെമ്പകശ്ശേരിയും ആയി മാർത്താണ്ഡവർമ്മ ശണ്ഠകൂടി എന്നും, ആ സ്വരൂപങ്ങളോടു യുദ്ധംതന്നെ തുടങ്ങിവെന്നും, പെരുമ്പടപ്പിൽനിന്നു പറയത്തക്ക യാതൊരു സഹായവും അവക്കു ലഭിച്ചില്ലെന്നും, അചിരേണ ആ രണ്ടു രാജ്യങ്ങളും അവക്കും പെരുമ്പടപ്പിലേയ്ക്കും നഷ്ടപ്പെട്ടു എന്നും, അവ രണ്ടും തിരുവിതാംകൂർ സംസ്ഥാനത്തിൽ ചേന്നു ലയിച്ചുപോയി എന്നും ഉള്ള സംഗതികൾ ചരിത്രപ്രസിദ്ധങ്ങളാകുന്നു.

അന്യരാജ്യങ്ങളെ ആക്രമിക്കുന്ന പരാക്രമശാലികളായ രാജാക്കന്മാരുടെയെല്ലാം മനോഭാവങ്ങളും ന്യായവാദങ്ങളും പണ്ടും ഇന്നും ഒരുപോലെതന്നെയാകുന്നു: എന്തെങ്കിലും 'തൊടുന്യായം' പറഞ്ഞു പ്രബലപ്പെട്ടു സന്ധിക്കരാറുകളെ കീറക്കടലാസ്സുകഷണങ്ങളാക്കി വലിച്ചെറിയുന്ന സമ്പ്രദായം ഇന്നത്തെ പരിഷ്കൃതരായ പാശ്ചാത്യരാജ്യഭരണകത്താക്കൾകൂടി കൈവെടിഞ്ഞുകാണുന്നില്ല. "കായംകുളവുമായി നടന്ന യുദ്ധത്തിൽ ചെമ്പകശ്ശേരി കായംകുളത്തെ സഹായിച്ചു എന്ന കാരണം പറഞ്ഞു് ആ രാജാവിന്റെ നേരെ മാർത്താണ്ഡവർമ്മ യുദ്ധത്തിനു പുറപ്പെട്ടു. അതുപോലെതന്നെ വടക്കുംകൂറിനോടും പടതുടങ്ങി" എന്നാണു ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളതു്.

തിരുവിതാംകൂർപട പുറപ്പെട്ടു വടക്കോട്ടു 'മുറിഞ്ഞപുഴ'യ്ക്കലോളം വന്നു. 928 കക്കടകത്തിലെ കരാറും പിന്നീടുണ്ടായ കൂടിക്കാഴ്ചയും ഒന്നും ഈ പ്രവാഹത്തെ തടയുന്നതിനു പര്യാപ്തമായില്ല. ആവുന്നതൊക്കെ 'നോക്കുകതന്നെ' എന്നു കൊച്ചിയും ഉറച്ചു. പള്ളിയിൽ ഇട്ടിക്കേളമേനോന്റെ നേതൃത്വത്തിൽ കൊച്ചിപ്പടയും പുറപ്പെട്ടു. 929-ൽ കടമാളൂരും അമ്പലപ്പുഴയിലും പ്രവേശിച്ചു. [illegible]മാസം 18-ാംനു- ശരിയായ യുദ്ധം തുടങ്ങി. രണ്ടുപുറത്തും ആളപായം വളരെ വന്നു. കൊച്ചി തോറൊഴിഞ്ഞു. പാലിയത്തു കോമിഅച്ചൻ, കോടശ്ശേരി അഞ്ചാമൻ, പ[illegible]ത്ത മൂന്നാമൻ, ചാങ്ങരംകോത [illegible]പ്പില,

വെള്ളാറപ്പിള്ളി പുതിയേടം ക്ഷേത്രം

ംവള്ളാപ്പള്ളി—പുതിയമട ക്ഷേത്രത്തിന്റെ മതിലകം.

ഇടിക്കേളമേനോൻ, തോട്ടശ്ശേരി ചീരാമനുണ്ണി ഇവരൊക്കെ. ബന്ധനത്തിലായി. അവരിൽ ചീരാമനുണ്ണിയേയും ഇടിക്കേളമേനോനെയും ശത്രുക്കൾ സംഹരിച്ചു. ബാക്കിയുള്ളവരെ പിടിപ്പതു വിലവാങ്ങി വിട്ടയച്ചു. ചതുരംഗഭ്രാന്തനായിരുന്ന അന്നത്തെ കൊച്ചിത്തമ്പുരാനെത്തന്നെ ചതിയിൽ പിടിച്ചു തിരുവനന്തപുരത്തേയ്ക്കു കൊണ്ടുപോകാൻ കലാശലായ ഒരു ശ്രമം നടന്നു. ഭാഗ്യവശാൽ അതുണ്ടായില്ലെന്നുമാത്രം.

൧൦൩ 18-ാംനൂറ്റാണ്ടുശേഷം തമ്പാക്കന്മാരുടെ കരപ്പുറംരാജ്യം മാർത്താണ്ഡവർമ്മതന്നെ ഏറ്റെടുത്തു. തമ്പാക്കന്മാരുടെ മൂന്നേമുക്കാൽ നാഴികനേരത്തെ 'വീരസ്വർഗ്ഗം' അങ്ങനെ അവസാനിച്ചു. തിരുവിതാംകൂർസൈന്യം വടക്കോട്ടുനീങ്ങി 'പമ്പാഅഴി'വരെ വന്നു. 'പൂത്തോട്ടു'കോവിലകം, 'തെക്കുംഭാഗത്തു'കോവിലകം, 'കരീക്കാട്ടു'കോവിലകം, 'കണയന്നൂർ'കോവിലകം, ഇതൊക്കെ അവർ ചുട്ടെരിക്കയും, 'ഉതയംപേരൂർ'വഴിക്കു 'മാമലപ്പാലം'വരെ എത്തുകയും, 'കരുനാട്ടും' 'കുന്നത്തുനാട്ടും' കൊള്ളകയും ചെയ്തു.

ഇതിനിടയ്ക്കു കോമിഅച്ചൻ പാലിയത്തെ വലിയച്ചനായി. തിരുവനന്തപുരത്തു കുറച്ചുകാലം ഒരു തടവുകാരനെപ്പോലെ പാർക്കേണ്ടിവന്ന ആയുഷ്യവാവ്, തനിക്കു് അവിടെനിന്നു സിദ്ധിച്ച ചില സ്വാധീനശക്തികൾ ഉപയോഗിച്ചു്, ഒരു പുതിയ സന്ധിക്കരാറിനുവേണ്ട ഉത്സാഹങ്ങൾ ചെയ്തു. തൃപ്പാപ്പിസ്വരൂപത്തിലെ വലിയതമ്പുരാനും എളയതമ്പുരാനുംകൂടി തൃപ്പൂണിത്തുറയ്ക്കുവന്നു മുറയ്ക്കു് ഒരു കൂടിക്കാഴ്ചതന്നെ നടത്തി. എന്നാൽ, അന്നു കാര്യങ്ങൾ പറഞ്ഞു് അലസിപ്പിരിഞ്ഞതല്ലാതെ സന്ധിയൊന്നും നടന്നില്ല.

ആ 'അലസൽ' കൂടുതൽ ആപല്ക്കരമായി പരിണമിച്ചു. സംഗതികൾ കുറെക്കൂടി അവതാളത്തിലായി. രാമയ്യൻദളവയുടെ പട്ടാളം 'അത്രക്കാറി'യിലെത്തി, സേതുക്കരയിലെ വാനരപ്പടയെപ്പോലെ, കൊച്ചിയെ നോക്കിനില്പായി. എളമുറ മഹാരാജാവിന്റെ, നേതൃത്വത്തിൽ അദ്ദേഹത്തിന്റെ സേനകൾ മേലെ വഴിക്കു പുറപ്പെട്ടു 'കണ്ടനാട്ടു'കര പിടിച്ചടക്കി, തൃപ്പൂണിത്തുറയ്ക്കു സമീപം വന്നുചേർന്നു.

ഈ ഘട്ടത്തിലാണു കൊച്ചിരാജാവു കൊച്ചിക്കോട്ടയിലേയ്ക്കും ബറ്റാവിയായിലേയ്ക്കും ഡച്ചുകമ്പനിക്കാരുടെ സഹായം അഭ്യർത്ഥിച്ചു

കൊണ്ടുള്ള 'വിലാപലേഖനങ്ങൾ' എഴുതിയതു്. ഡച്ചിന്റെ ഔദാസീന്യം അക്ഷന്തവ്യവും അമർഷജനകവും ആയിരുന്നു. പോരെങ്കിൽ, "ആപത്തു വരുമ്പോൾ കൂട്ടത്തോടെ" എന്നു പറയുന്നപോലെ 'കാററുള്ളപ്പോൾ തൂററണന്തി'നുള്ള തക്കവും നോക്കി സാമൂതിരി വടക്കുനിന്നും പുറപ്പെട്ടു്, വമ്പിച്ച പുരുഷാരത്തോടുകൂടി, മലവെള്ളംപോലെ പ്രവേശിച്ചു് ആലുവാ, വരാപ്പുഴ, മഞ്ഞുമ്മൽ, കോതാട്ടു്, ചാത്തനാട്ടു് ഈ സ്ഥലങ്ങളിൽ കോട്ടകൾകെട്ടി ഉറപ്പിച്ചു. ഈ ആപൽസന്ധിയിലാണ 932 ധനുമാസം 26-ാംനു- കൊച്ചിയും തിരുവിതാംകൂറും തമ്മിൽ വീണ്ടും ഒരു ഉടമ്പടികൊണ്ടുമ്പെട്ടതു്.

തിരുവിതാംകൂർ അന്നും ഇംഗ്ലീഷ്കമ്പനിക്കാരുടെ ഒരു ബന്ധുവായിരുന്നു എന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ വഴിക്കും സ്വന്തം നിലക്കും, ഡച്ചിനെ അമർത്തുന്നതിനു തിരുവിതാംകൂറിനു നന്നെ മോഹമുണ്ടായിരുന്നു. പ്രസ്തുത ഉടമ്പടികൊണ്ടു് ആയതും സാധിച്ചു. പിന്നീടു് ഡച്ചുകാർ കൊച്ചിയിൽ തലപൊക്കീട്ടില്ലെന്നുതന്നെ പറയാം. "ഇങ്ങോട്ടുവന്നാൽ തടുക്കാം. അങ്ങോട്ടു ഒന്നിനുമില്ല" എന്ന വ്രതം അവർ ദൃഢമായി വരിച്ചു. ഇതരരാജാക്കന്മാരുടെ സഹായാപേക്ഷകളെ അതിനുമുമ്പു ഡച്ചുകാർ തീരെ നിരസിച്ചിരുന്നു. തന്നിമിത്തം, തെക്കുംകൂർ, വടക്കുംകൂർ, ചെമ്പകശ്ശേരി മുതലായവരെല്ലാം നിസ്സഹായരായി ഗത്യന്തരമില്ലാതെയാണ മാർത്താണ്ഡവർമ്മമഹാരാജാവിനു കീഴടങ്ങിയതു്. അഭയാർത്ഥികളെ ആട്ടിയകററിക്കളഞ്ഞ ഡച്ചിനു് അഭയാപേക്ഷ അടുത്തുതന്നെ വേണ്ടിവന്നു. സാമൂതിരിപ്പാട ഡച്ചിനെ കൊടുങ്ങല്ലൂരനിന്നു പറപറപ്പിച്ചപ്പോൾ, ഭയവിഹ്വലരായിത്തീർന്ന അവർ, പാലൂരിലേയും ആലങ്ങാട്ടിലേയും രാജാക്കന്മാരോടും മററും സഹായമപേക്ഷിച്ചു. "വിദേശീയക്കു ഞങ്ങൾ സഹായമില്ലെ"ന്നു പറഞ്ഞൊഴിഞ്ഞു് അവരെല്ലാം സാമൂതിരിയുടെ പക്ഷംചേർന്നു. എന്തിനു പറയുന്നു, ഡച്ചുകാർ ഒടുവിൽ തിരുവിതാംകൂറിനോടുതന്നെ സഹായം അഭ്യർത്ഥിച്ചു. പാമ്പിനെ പേടിച്ച മൂഷികൻ മാർജ്ജാരനെ തുണക്കുവിളിച്ചു! കൊച്ചിമാത്രം പണ്ടത്തെ ബന്ധുതയും 'അന്യോന്യവും' മറക്കാതെ, സാമൂതിരിപ്പാട്ടിന്നു കൊച്ചിക്കും ശത്രുവായതുകൊണ്ടു്, ഡച്ചിനെ തുണിച്ചു. സാമൂതിരിയുടെ കൈകൊണ്ടു തന്നെ ഡച്ചിന്റെ കഥ കഴിയുമെന്ന ഘട്ടത്തിലായി. അവിചാരിതങ്ങളായ ചില അനിഷ്ടസംഭവങ്ങൾ അന്നുണ്ടായില്ലെങ്കിൽ, കൊച്ചിരാജ്യചരിത്രം എങ്ങനെയെല്ലാം മാറി എഴുതപ്പെട്ടുമായിരുന്നു എന്നു് ഇപ്പോൾ ഊഹ്യമല്ല.

1758 മേയ് മാസം 5-ാംനു- (933 മേടത്തിൽ) ആ സാമൂതിരിപ്പാട്ടീന്നു തൃശ്ശൂരുവെച്ചു തീൎപ്പെട്ടു. പിന്നത്തെ ആറം യുദ്ധത്തിൽനിന്നു തല്ക്കാലം പിൻവലിക്കാൻ തീൎച്ച്പ്പെടുത്തി. ഹൈദർനവാബിന്റെ മൈസൂർക്കാററ കേരളത്തിലേയ്ക്കു കടന്നു വീശിത്തുടങ്ങിയതും, ഈ തല്ക്കാലസന്ധിക്കു സാമൂതിരിക്കു് ഒരു പ്രേരകമായിത്തീൎന്നു. തിരുവിതാംകൂറിൽനിന്നു വല്ല സംഗതിവശാലും ഡച്ചിനെ സഹായിച്ചേക്കുമോ എന്നും സാമൂതിരി ശങ്കിക്കാതിരുന്നില്ല. എതായാലും കഴുത്തോളം വെള്ളത്തിലിറങ്ങിയ ഡച്ചു തല്ക്കാലം കരയ്ക്കു കയറി. ആ സന്ധികാൎയ്യത്തിൽ ഡച്ചുകമ്പനിയുടെ തനി സ്വാത്മം ഏററവും നഗ്നമായ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. കൂട്ടുപിടിച്ച കൊച്ചിയെ അവർ "ആലുവാമണപ്പുറത്തു വെച്ചുകണ്ട പരിചയം പോലും" നടിക്കാതെ വലിച്ചെറിഞ്ഞു. ആ സന്ധിയെക്കുറിച്ചുള്ള ചരിത്രപ്രസ്താവന ഇപ്രകാരമാകുന്നു. "പെരുമ്പടപ്പിൽസ്വരൂപത്തിന്റെ പൂൎവ്വവൈരിയായിരുന്ന നെടിയിരിപ്പിൽസ്വരൂപത്തിന്റെ നേരെ, തങ്ങളുടെ ഉററബന്ധുവിന്റെ നിലയിൽ കൊച്ചിയെ യുദ്ധത്തിനു പുറപ്പെടുവിച്ചു്, ഇരുഭാഗക്കാരും പടനിലത്തു ചെന്നപ്പോഠം, പെട്ടെന്നു ശത്രുവായി നേരെ സംസാരിച്ചു്, തങ്ങളുടെ ബന്ധുവിനെ ശത്രുസന്നിധിയിൽ ഉപേക്ഷിച്ചു്, ഒരു വാക്കുപോലും തമ്പുരാനോടു പറയാതെ, പിന്മാറിപ്പോയ ഡച്ചുകമ്പനിയുടെ യോഗ്യത നിന്ദ്യവും നിഷിദ്ധവും ആകുന്നു."

932 ധനുവിൽ ആലോചിച്ചതായി മേൽപ്രസ്താവിക്കപ്പെട്ട ഉടമ്പടിക്കരാറ് എഴുതിമാറിയതായി കാണുന്നതു മകരം 12-ാംനു- ആകുന്നു. അതിലെ പ്രധാനഭാഗം താഴെ ഉദ്ധരിക്കുന്നു:— "929 ചിങ്ങമാസം 8-ാംനു- മാവേലിക്കരെവെച്ചു് അന്യോന്യം പറഞ്ഞുവെച്ചതിന്റെശേഷം, ചെമ്പകശ്ശേരിയിലെയും വടക്കുംകൂറിലെയും നിമിത്തമായിട്ടു് ഉണ്ടായ അപത്തിനു് അങ്ങു് (തൃപ്പാപ്പി) ചിലവിട്ട ദ്രവ്യം അവരോടുതന്നെ വാങ്ങിക്കൊള്ളുകയും വേണം. ആ ദ്രവ്യം ബോധിപ്പോളത്തക്കു് ആ രണ്ടു രാജ്യവും അങ്ങുതന്നെ അനുഭവിച്ചുകൊള്ളുമാറും, ആ രണ്ടു സ്വരൂപത്തിലേക്കു വേണ്ടിട്ടു നാം (കൊച്ചി) മേലിൽ ഒരു സഹായത്തിന്നു വരികയും ഇല്ല. ചെമ്പകശ്ശേരി തൃശ്ശൂരു സങ്കേതത്തിനകത്തു പാൎത്തുകൊള്ളട്ടെ എന്നും, അങ്ങു അനുവദിച്ചപ്രകാരം അവിടെ പാക്കുന്നേടത്തു്, ഒരു കാല ഉത്തരം എഴുത്തുക് എങ്കിലും, ചിലവിന്നുകൊടുക്ക എങ്കിലും, അന്യോന്യം കാണുക എങ്കിലും, നാം ചെയ്കയും ഇല്ല. നമ്മുടെ നാട്ടകത്തു് അങ്ങെയ്ക്കുള്ള കോയ്മസ്ഥാനങ്ങളും അങ്ങേ നാട്ടകത്തു

നമുക്കുള്ള കോയ്മസ്ഥാനങ്ങളും കീഴിലെപ്പോലെ ചെന്നുകൊള്ളുകയുമാം. എന്ന ഈ അവസ്ഥകളെല്ലാം നമ്മുടെ പുതുശ്ശേരി വായിച്ച തൃപ്പാപ്പിസ്വരൂപത്തിലെ കുലശേഖരപ്പെരുമാളെ ധരിപ്പിച്ചേക്കയും വേണം." ഇതുപ്രാരംതന്നെ, "ഇയ്യവസ്ഥകളെല്ലാം തേവാരിവായിച്ച പെരുമ്പടപ്പു മൂപ്പിലെ കേൾപ്പിച്ചുവെക്കയുംവേണം. എന്നു തിരുവുള്ളത്തിൻപടി നിനവ എഴുതിയ കണക്കു സുബ്രഹ്മണ്യൻ ചൊക്കനാഥൻ" എന്നു തൃപ്പാപ്പിസ്വരൂപത്തിൽനിന്നു് ഇങ്ങോട്ടും എഴുതിക്കൊടുത്തു.

൩

ഡച്ചുകാരായുള്ള എഴുത്തുകുത്തു്

തെക്കുനിന്നുള്ള തള്ളിച്ചയ്ക്കു് ഇതുകൊണ്ടു ശമനമുണ്ടായാലും, അതൊരു താല്ക്കാലശാന്തി മാത്രമെ ആയിരുന്നുള്ളു. ഇതിനിടയ്ക്കാണു മുൻപ്രസ്താവിച്ചപ്രകാരം സാമൂതിരിപ്പാടു കൊച്ചിയെ ആകമാനം ഗ്രസിച്ചതു്. ഏകരക്ഷാമാൎഗ്ഗം ലന്തയായിരുന്നു എന്നും, എന്നാൽ ലന്തക്കാരന്റെ അന്നത്തെ സ്ഥിതി "ചുങ്കക്കാരന്റെ കഥ" പറഞ്ഞ കൂട്ടത്തിൽ, ("ഞാൻ ഇവിടന്നു എണീററാൽ—ഉണ്ടല്ലൊ—ഹാ—" പക്ഷേ എണീക്കാൻ കാലുമാത്രം ഉണ്ടായിരുന്നില്ല), ആയിരുന്നു എന്നും, മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ലന്തയും പെരുമ്പടപ്പും തമ്മിൽ അക്കാലത്തു നടന്ന എഴുത്തുകുത്തുകളിൽനിന്നു പെരുമ്പടപ്പിന്റെ അന്നത്തെ പരിഭ്രമജനകമായിരുന്ന പരിതസ്ഥിതികൾ സ്പഷ്ടമാകുന്നതാണു്. 932-ൽ പെരുമ്പടപ്പിൽനിന്നു കൊച്ചിയിലെ ലന്തക്കുമുദവക്കു് അയച്ച എഴുത്തു്:—

"അരുളിച്ചെയ്യു നമ്മുടെ എത്രയും കീൎത്തിപ്പെട്ട കുമുദവക്കു എന്നാൽ, തൃപ്പാപ്പിസ്വരൂപത്തിങ്കലെ ശക്തികൊണ്ടു്, ഇങ്ങോട്ടു കടന്നു നാം രക്ഷിക്കേണ്ടും രാജ്യങ്ങൾ പലതും ഒതുക്കി, അവരേയും നീക്കി, അങ്ങുന്നു തന്നെ വിരുപിച്ച ചെല്ലുന്നപ്രകാരവും അതിനകം നമ്മുടെ രാജ്യമായ കരപ്പുറം ഒതുക്കിയിരിക്കുന്നപ്രകാരവും, കന്നുരണ്ടു് എഴുതി അയച്ചുവല്ലോ. അതിൽപിന്നെയും കരപ്പുറത്തുനിന്നു നാലുകാതം വടക്കോട്ടു കടന്നു, പമ്പാ അഴിക്കലോളം വന്നു, കാററിക്കൊട്ടയുമിട്ടു് ഒറപ്പിച്ചു പാൎക്കുക ആകുന്നു. വടക്കെ വീഥിക്കും വന്നു കുലമലക്കുറം ഐക്കരനാടും കുന്നത്തുനാടും, ഒതുക്കി താന്നിപ്പുഴയോളം വന്നിരിക്കുന്നു.

"തൃപ്പാപ്പിസ്വരൂപത്തിങ്കലെ ഇപ്പോഴത്തെ ശക്തികൾ് അന്ന്യ

ന്യം ചേൎന്നു കണ്ടുകൊള്ളുകെ ഉള്ളു എന്നുവെച്ചു കുമദവൎമ്മായി വിചാരിച്ചു് ഒരച്ചു മാവേലിക്കരെ വെച്ചുകാൺകയും ചെയ്തു. (928 കൎക്കടകത്തിൽ) രണ്ടാമതും, തൃപ്പാപ്പിമൂപ്പിന്നും എളമെന്നും, കൂടി തൃപ്പൂണിത്തുറക്ക് എത്തി അന്യോന്യം കണ്ടു, നാമും കുമദവൎമ്മായി കൂടി വിചാരിച്ച കാൎയ്യങ്ങൾകൊണ്ടു് അങ്ങോട്ടു പറഞ്ഞതിൻെറശേഷം, ശക്തികൊണ്ടു് ഓരോന്നു പറകയല്ലാതെ, ഞായമായിട്ടു് ഒന്നും പറഞ്ഞുകേട്ടതുമില്ല. കാൎയ്യ കഴിയുന്നതിന്നുമുമ്പു് അന്യോന്യം കണ്ടു പറഞ്ഞാൽ കാൎയ്യങ്ങൾ ഒന്നും വേണ്ടുംവണ്ണം ഇരിക്കാ എന്നും, ഒഴിയേണ്ടതു് ഒക്കയും ഒഴിയാമെന്നു നിശ്ചയിച്ചു പറകകൊണ്ടും അത്രെ, കാണ്മ എന്നു ഉറച്ചതും. തമ്മിൽ കണ്ടതിൽ പിന്നെയും ഒഴിയേണ്ടതു് ഒന്നും ഒഴിഞ്ഞില്ല. പിന്നെയും നമ്മുടെ ആളുകളോടുള്ള ചോദ്യവും, നമുക്കു ഒതുങ്ങിയിരിക്കുന്നേടത്തുന്നു ഇങ്ങോട്ടു കടന്നു, നമുക്കു പ്രത്യേകമുള്ള കരുനാട്ടിൽ കടന്നു, നമുക്കു വരേണ്ടുന്ന തരശുപാട്ടങ്ങൾ കരേറിത്തെണ്ടുകയും, കുത്തുമതിയും ചുങ്കങ്ങളും അഞ്ചു് ആളാക്കി എടുപ്പിക്കുകയും, അല്ലാതെ അടികുടിയാരോടു് അടുത്തവണ്ണം പിടിക്കയും, മുന്നില ചെരിമാനം എറ്ററുകൊള്ളണമെന്ന ഞെരുക്കങ്ങളും ആകുന്നു.

"തൃപ്പാപ്പിസ്വരൂപത്തിലെ ബലംകൊണ്ടു് ഒതുക്കിയിരിക്കുന്ന ദിക്കുകളിൽ ഉള്ള ആളുകൾ, സങ്കടംകൊണ്ടു നാം ഇരിക്കുന്നേടത്തു വന്നു ഞങ്ങളെ രക്ഷിക്കണമെന്നും, അതിനു് എവ്വണ്ണമെല്ലാം ഞങ്ങൾ ഇരിക്കണമെന്നു കല്പിച്ചാൽ അവ്വണ്ണമെല്ലാം ഞങ്ങൾ ചെയ്യാമെന്നും, തെകച്ചു പറയുന്നു.

"ഇനി കുമ്പഞ്ഞിയുടെ ബലവും വന്ന നമ്മുടെ ബലവും തികക്കാതെ ഒന്നും ചെയ്താൽ ഫലം വരികയില്ലെന്നു നിശ്ചയിച്ചു സഹിച്ചുകൂടാത്ത സങ്കടങ്ങൾ ഒക്കയും നാം ക്ഷമിച്ചു് ഇരിക്കയാകുന്നു. ഇപ്പോൾ സാമൂതിരിയും, നമുക്കും കുമ്പഞ്ഞിക്കും ബലം ക്ഷയിച്ചിട്ടുള്ള സമയമാകുന്നു എന്നുവെച്ചു, നമ്മുടെ അമ്മാമനും അമരാലും കൂടി പറഞ്ഞുവെച്ച വെയ്യു കവിഞ്ഞു്, പടിഞ്ഞാറെ വഴിക്കു കടന്നു, ചെററവായീന്നു പാപ്പിനിവട്ടത്തോളം കുററിയും കൊട്ടയും ഇട്ടു പാക്കുന്നു. കൊടുങ്ങല്ലൂര പുതിയകോവിലകത്തും കടന്നു് ഉറപ്പിച്ചു പാക്കുന്നു. ആലങ്ങാട്ടും പറവൂരും സാമൂതിരിയുടെ കാൎയ്യക്കാരന്മാരും ആളുകളും പാക്കുന്നുമുണ്ടു്. കിഴക്കെ വഴിക്കു തൃശ്ശിവപേരൂൎക്കു കടന്നു് അവിടെ നമ്മുടെ കോവിലകങ്ങളിലും പള്ളിയത്തും സാമൂതിരിയും അനന്തരവരും പാക്കുക ആകുന്നു. മാപ്രാണ

ത്തും കാട്ടരും പുതുക്കാട്ടും കോട്ടകളിട്ടു കാൎയ്യക്കാരന്മാരും ആളുകളുംപാൎത്തു വരുന്നു. കോടശ്ശേരി നാട്ടിലും ഏതാനും ആളുകൾചെന്നു പാൎക്കുന്നുണ്ടു്. ഏനാമാക്കൽ കോട്ടയിൽ പ്രമാണമാക്കി നാം കല്പിച്ചിരുന്നവന്റെ വ്യാജംകൊണ്ടു് അവിടേയും അവർ കരേറി ഇരിപ്പാനുള്ള സംഗതി വന്നു. സാമൂതിരി ഇങ്ങോട്ടു പുറപ്പെടുന്നതിന്റെ മുമ്പുതന്നെ പ്രഭുക്കന്മാരിൽ ചിലരു് അങ്ങു ചെന്നുകണ്ടു സാമൂതിരി കല്പിക്കുംവണ്ണം കേൾക്കാമെന്നു എഴുതികൊടുക്കയും ചെയ്തു.

"ഇതൊക്കയും നമുക്കു് ഇപ്പോൾ വന്നിരിക്കുന്ന ബലക്ഷയംകൊണ്ടും, കുമ്പഞ്ഞിയുടെ ശക്തി ഇനി നടയത്തെപ്പോലെ തികഞ്ഞുവരികില്ലെന്നു് ഉറപ്പിച്ചിട്ടും എല്ലൊ ആകുന്നു. നമ്മുടെ സ്വരൂപത്തികൽ പണ്ടു് അനേകംപ്രകാരത്തിലുള്ള അനൎത്ഥങ്ങൾ വളരെ ഉണ്ടായിട്ടുണ്ടു്. അന്നു കുമ്പഞ്ഞിയുടെ ശക്തികൊണ്ടും നേരുകൊണ്ടും എല്ലൊ നമ്മുടെ പൂൎവ്വികന്മാരുടെ രാജ്യം അനുഭവിച്ചതു്. ഇന്നു് അതിലും വലുതായിട്ടുള്ള ആപത്തുകൾ വന്നിരിക്കുന്നു. എങ്കിലും കാററത്തെ പഞ്ഞിപോലെ ആ ആപത്തൊക്കയും, കഴിയുമെന്നു നാം വിശ്വസിക്കുക ആകുന്നു. രണ്ടുപുറത്തുനിന്നും ഇങ്ങനെയുള്ള അനൎത്ഥങ്ങൾ വരികകൊണ്ടു നമുക്കു എല്ലാവിധത്തിലും വലിയ മനസ്സുമുട്ടാകുന്നു. ഇതുയും തിരിച്ചുതിരിച്ചു് എഴുതുന്നതു്, കുമ്പഞ്ഞിക്കു വരുന്ന ദോഷം നമുക്കും, നമുക്കു വരുന്ന ദോഷം കുമ്പഞ്ഞിക്കും ഭേദംകൂടാതെ ഇരുന്നു ഞായം എന്നു നമ്മുടെ മനസ്സിൽ ഉറക്കകൊണ്ടു വേണ്ടിവന്നു. ഇതൊക്കെ മനസ്സിൽ വഴിപോലെ ഉണ്ടായിട്ടു നമ്മുടെ സ്വരൂപം വൎദ്ധിക്കത്തക്കവണ്ണം കട്ടും താമസിയാതെ കല്പിച്ചയക്കയും വേണം. ഇനി പ്രയത്നങ്ങൾ ചെയ്യാൽ കുമ്പഞ്ഞിക്കു് ഏറിയ ചിലവും കുറഞ്ഞ ലാഭവുമേ ഉണ്ടാകയുള്ളു എന്നു വരികയും ഇല്ല. കൂടിനിരൂപിച്ചാൽ കാൎയ്യങ്ങൾ പലതും വരുത്തുവാനും ഉണ്ടു്."

എത്ര ദുഘടാവസ്ഥയിലായിരുന്നു അന്നത്തെ കൊച്ചിയുടെ സ്ഥിതി എന്നു് ഈ എഴുത്തിൽനിന്നു സ്പഷ്ടമാണു്. ശക്തൻതമ്പുരാനു് ആറു വയസ്സു പ്രായമായകാലത്തെ കഥയാണിപറയുന്നതു്. 20 വയസ്സായപ്പോൾ അവിടുന്നു രാജ്യഭരണക്ലേശങ്ങൾ ഏറെറടുത്തു. അതിലേയ്ക്കു് അവിടത്തെ സഹായിക്കുന്നതിനു് ഈ തൃപ്പാപ്പിമൂപ്പീന്നും കുമുദവരും കൂടിത്തന്നെ ഉത്സാഹിക്കയും ചെയ്തു. അല്ലെങ്കിൽ, ഇന്നു പെരുമ്പടപ്പിൽ മൂപ്പീന്നും, ചേർന്നെല്ലൂർമൂപ്പീന്നു്, കോടശ്ശേരിമൂപ്പീന്നു്,

കക്കാട്ടുമൂപ്പീന്നു്, എന്നൊക്കെയുള്ള സ്ഥാനിജന്മികളിൽ ഒരാൾ മാത്രമായിപ്പോകുമായിരുന്നു. കിരീടമണിയുന്നതിനു വിധിച്ചിട്ടുള്ള ശിരസ്സിൽ ചുമ്മാട്ടു കേറുന്നതല്ല; കേററിയാൽ അതു് അവിടെ ഇരിക്കുന്നതുമല്ല; അല്ലെങ്കിൽ, ആ ചാമ്പിലച്ചുമ്മാട്ടുതന്നെ പൊൻകിരീടമായി രൂപാന്തരപ്പെടുകയും ചെയ്യും!

മേലുദ്ധരിച്ച അപേക്ഷയ്ക്കു് ഉടനെതന്നെ ഡച്ചിന്റെ മറുപടി കിട്ടി. അതു് ഏതാണ്ടിപ്രകാരമായിരുന്നു. "എഴുത്തു കിട്ടി വായിച്ച അവസ്ഥയും അറിഞ്ഞു. 1740-ൽ (925-ൽ) കുമ്പഞ്ഞിയും തൃപ്പാപ്പിയും തമ്മിൽ എടഞ്ഞാറെ മലയാളത്തിലെ രാജാക്കന്മാരുടെ സഹായം അറിയിച്ചപോതിൽ, കുമ്പഞ്ഞിയാരർ അവാൾക്കുവേണ്ടി രൊമ്പവും രക്തം മുമ്പിന്നെ ഒഴിച്ച കായ്യത്തെ നമ്പാമൽ എല്ലാം ശേത്തു, കുമ്പഞ്ഞിക്കു യാവരൊരുത്തരും ഒരു സഹായവും ചെയ്യലൈ. അപ്രം തൃപ്പാപ്പിസ്വരൂപത്തികലെ രാജാവുക്കാഹ രൊമ്പവും സഹായങ്കളും ആഹവും ചെയ്യോം. ആനാൽ, ഇന്ത മലയാളത്തുംകരയിലെ രാജാക്കളുടെ വിഷയമാഹ കുമ്പഞ്ഞി മേലിൽ ചൈയ്യുതും ഇല്ലൈ. അപ്പടികനും ആശൈ വെച്ചിരിക്കറതും വേണ്ടാം. ആനാലും ഇന്ത സംഗതികൾ നാം ബററാവിയയിലെ ഇരിക്കിറ എജമാനക്കു് കായതം അനപ്പരതുണ്ടു......"

ബത്താവിയായിലേക്കു് അയച്ചതായി പറയുന്ന ആ എഴുത്തിൽ എന്തെഴുതിയിരുന്നു എന്നു വിവരമില്ല. എങ്കിലും അവിടെ 'ഇരിക്കറ എജമാനർ' അയച്ച മറുപടി ഒട്ടും ആശ്വാസപ്രദമായിരുന്നില്ല. അതിൽ, ഡച്ചുകാരുടെ പഴയബന്ധുത്വങ്ങളേയും സഹായങ്ങളേയും ആകാശത്തോളം പുകഴ്ത്തിയും, തങ്ങളുടെ യോഗ്യതകളെ അതിശയോക്തിയോടു കൂടി വർണ്ണിച്ചും സ്നേഹനിലയുടെ ഗുണങ്ങളെ വിശദീകരിച്ചും, മററും പലതും എഴുതിയിരുന്നതല്ലാതെ, ആവശ്യപ്പെട്ട സഹായങ്ങളുടെ വാഗ്ദാനമോ, ആശിക്കാവുന്ന എന്തെങ്കിലും സഹായോത്സുകതയോ അശേഷം സൂചിപ്പിച്ചിരുന്നില്ല. ലന്തക്കാർ അക്കാലത്തു് 'അഴക്കൊലിന്മലെ കാക്ക'യെപ്പോലെയായിരുന്നു. ഏതു വശത്തേക്കാണു തിരിയേണ്ടതു് എന്നു് അറിയാതേയും, ആധിപത്യം അററുപോകാതിരിപ്പാൻ ആഗ്രഹിച്ചും, അശക്തിയിൽ വ്യസനിച്ചും, എന്നാൽ അതു പുറത്തുകാണിക്കാതെ കഴിക്കുവാൻ ക്ലേശിച്ചും, അവർ കഷ്ടപ്പെടുന്ന കാലമായിരുന്നു അതു്. അധികം താമസിയാതെതന്നെ 'ഞങ്ങളിതാ പോകുന്നു

എന്നുപറഞ്ഞു് ആ രംഗത്തിൽനിന്നു് അവക്കു് അന്തൎദ്ധാനം ചെയ്യേണ്ടിയും വന്നു.

“യഥോചിതം പ്രവൎത്തിക്കുന്നതിന്നു കൊച്ചിയിലെ കുമ്മദവക്കു് എഴുതി അയച്ചിട്ടുണ്ടു്” എന്നു ബത്താവിയായിൽനിന്നു കിട്ടിയ എഴുത്തിൽ പ്രസ്താവിച്ചിരുന്നാലും കൊച്ചിയിൽ അതിന്നു തക്ക ആളോ ആയുധമോ ഒന്നും ഇല്ലാതിരുന്നതുകൊണ്ടു് ആ എഴുതിയതും എഴുതാത്തതും അനുഭവത്തിൽ ഒരുപോലെ ആയിരുന്നു.

അതുകൊണ്ടു പെരുമ്പടപ്പിൽനിന്നു വീണ്ടും ഇപ്രകാരം എഴുതി. “നെടുയിരിപ്പിൽസ്വരൂപത്തിങ്കന്നു ചെയ്ത ഏററത്തിന്റെ നിവൃത്തി ഇത്രനേരം വന്നില്ല. തൃപ്പാപ്പിസ്വരൂപത്തിന്റെ കാൎയ്യംകൊണ്ടു ഇങ്ങോട്ടു എഴുതിയതു പരമാൎത്ഥംതന്നെ ആകുന്നു. എന്നാലും ഇവിടത്തെ കാൎയ്യങ്ങൾ ഒക്കെയും അങ്ങു് അറിയാത്തതു് അല്ലല്ലൊ. മുമ്പേ നെടിയിരിപ്പുസ്വരൂപത്തോടു നമ്മുടെ അമ്മാവന്മാരായിട്ടു് അനേകകാലം പടവെട്ടിയിട്ടും കുമ്പഞ്ഞിയുടെ സഹായം ഉണ്ടായിട്ടും ജയം വന്നില്ല. ഒടുക്കം കുമ്പഞ്ഞിയുടെ ബലം തികച്ചും കല്പിച്ചുവന്നതിൽ പിന്നെയല്ലൊ നിവൃത്തി വന്നുള്ളു. തൃപ്പാപ്പിസ്വരൂപത്തിന്നു ഇപ്പോൾ നെടിയിരിപ്പു സ്വരൂപത്തേക്കാൾ ശക്തി ഏറിയിരിക്കുന്നു. തന്റെ രാജ്യത്തു ചെയ്ത അക്രമങ്ങൾകൊണ്ടുതന്നെ തെക്കേ തലക്കലുള്ള മലയാളര് ഒക്കെയും ശങ്കിച്ചുപോയി. അതുകൊണ്ടു പിന്നെയും ചെയ്യുന്ന ഏററങ്ങൾ എല്ലാവരും കണ്ടിരിക്കേണ്ടിവന്നു. മലയാളത്തിലുള്ള രാജാക്കൾ തമ്മിലുള്ള ഛിദ്രങ്ങൾകൊണ്ടും ഒരുംപാടു് ഇല്ലായ്കകൊണ്ടും മലയാളര് തന്നെ നിരൂപിച്ചാൽ അമച്ചു് വരുമെന്നു തോന്നുന്നില്ല. ഇനിയും അവിടത്തെ അമച്ചു് വേണമെങ്കിൽ നടേത്തെപോലെ കുമ്പഞ്ഞിടെ ബലം തികച്ചും കണ്ടല്ലാതെ സാധിക്കില്ല. അതല്ലാതെ ഗുണങ്ങൾ പറഞ്ഞാലും കേൾക്കുമെന്നു തോന്നുന്നില്ല. ഇക്കാൎയ്യത്തിന്നു കുമ്പഞ്ഞി, ശക്തിയോടുകൂടെ വന്നു മലയാളത്തിൽ കുമ്പഞ്ഞിക്കും നമുക്കും ഉള്ള ശത്രുക്കളെ ഒക്കെ അമച്ചുചെയ്തു തരണം. അതിന്നു നാം കൂടെനിന്നു പ്രയത്നിക്കയും ചെയ്യും.

“തൃപ്രയാററെ ക്ഷേത്രം പ്രത്യേകം നമുക്കുള്ളതു് ആകുന്നു. നെടിയിരിപ്പു സ്വരൂപത്തിൽനിന്നു് ഒതുക്കിയിരുന്ന അന്നും, നമ്മുടെ സ്ഥാനം ഒക്കെയും കല്പിച്ചു നടത്തിയും വന്നു. പട കഴിഞ്ഞതിന്നുശേ

ഷവും നമ്മുടെ കല്പന കേട്ടിരുന്നു. ഇപ്പോഠം കുറഞ്ഞൊരു കാലമായി ആ ക്ഷേത്രത്തികലുള്ള സിദ്ധാന്തികഠം ഇങ്ങനെ ആക്കിവെച്ചു. അവിടംകൊണ്ടു നമുക്കു ചിലവല്ലാതെ ഒരാദായവും ഇല്ല. എന്നാലു ഉപേക്ഷിക്കേണ്ട സ്ഥാനമല്ല. അങ്ങനെ നമ്മുടെ പൂർവന്മാരായിട്ടു ചെന്നു കിടക്കുന്നു.

"വെള്ളൊസ്സനാട്ടിലെ അവസ്ഥ, അതു അറനാട്ടിൽ പ്രഭുക്കളുടെ ഒരു നാടാകുന്നു. അവിടെ നമ്മുടെ കോയ്മസ്ഥാനം കീഴിലെപ്പോലെ ചെല്ലായ്ക കൊണ്ടു, ശേഷം അഞ്ചുനാട്ടിലുള്ള പ്രഭുക്കളും നമുക്കു് അമർച്ചയില്ലാതെ ആയി. വെള്ളൊസ്സനമ്പ്യാര് ചൊവ്വരക്കൂറുകാര് ആകുന്നു. അവിടെ ആളില്ലാഞ്ഞാൽ നാം കല്പിക്കയുംവേണം. പന്നിയൂർക്കൂററിലുള്ള വെങ്ങനാട്ടു നമ്പിടിയെ അവിടെ ആക്കിയതു (സാമൂതിരി ആക്കി) നമുക്കും കുമ്പഞ്ഞിക്കും ഗുണമായിട്ടുള്ളതു് അല്ല. നേരല്ലാത്തതു കല്പിക്കയും കാര്യദോഷം വരുന്നതിന്നു അപേക്ഷിക്കയും നാം ചെയ്യാറും ഇല്ല...."

ലന്തയുടെ അന്തം ആസന്നമായിരുന്നു എന്നൊട്ടും അറിയാതെ അന്തംകൂടാതെ അഭ്യർത്ഥനകഠം ആവർത്തിക്കപ്പെട്ടു! തുപ്പാപ്പിയുടെ ശക്തിപ്രവാഹത്തോടു ലന്ത അസ്ഥതംതന്നെ അഭിനയിച്ചു. ലന്തക്കാരിൽനിന്നു കാര്യമായ സഹായമൊന്നും ലഭിക്കുന്നതല്ലെന്നു പെരുമ്പടപ്പിലേക്കു ബോദ്ധ്യമായി. 'അകലത്തെ ബന്ധുവിനേക്കാഠം അരികത്തെ ശത്രു നല്ലൂ' എന്നു മനസ്സിലായപ്പൊഴേയ്ക്കും വടക്കുനിന്നു നെടിയിരിപ്പും തെക്കുനിന്നും കിഴക്കുനിന്നും കൂടി തുപ്പാപ്പിയും മുക്കാലും വിഴുങ്ങിക്കഴിഞ്ഞു. സ്വന്തം നാട്ടിലെ പ്രഭുക്കഠം തരംപോലെ തെക്കേ ചേരിയിലേക്കും വടക്കേ ചേരിയിലേക്കും പകന്നുനിന്നു.

൪

സാമൂതിരിപ്രവാഹം.

സാമൂതിരിയുടെ ശത്രുത, ഐതിഹ്യത്തിന്നു് അടിസ്ഥാനമുണ്ടെങ്കിൽ, മക്കളും മരുമക്കളും തമ്മിലുള്ള ഒരു തീരാവൈരമായിരുന്നു. ഒരു പുസൻ തവണ സാമൂതിരി കൊച്ചിയെ ആക്രമിച്ചിട്ടുണ്ടു്. കടുവിലത്തെ പുറപ്പാടു സംഹാരരുദ്രനായിട്ടുതന്നെയായിരുന്നു. അന്നത്തെ കഥയാലോചിച്ചാൽ മറിച്ചുവന്നതു വെറും യാദൃച്ഛികസംഭവമെന്നോ,

കേവലം . ദൈവേച്ഛയെന്നോ തോന്നിപ്പോകുന്നു. ഒടുവിലത്തെ വരവിൽ കാട്ടിയതെല്ലാം മരണഗോഷ്ഠികൾ ആയിരുന്നു എന്നു പിന്നത്തെ അനുഭവം അറിയുന്ന നമുക്കു തീർച്ചയായും അഭിപ്രായപ്പെടാം. ഒരഞ്ചുകൊല്ലം സാമൂതിരി തൃശ്ശൂര കോവിലകത്തു 'രാജാധിരാജനായി വാണു. വടക്കുന്നാഥൻ ക്ഷേത്രത്തിൽ സ്വർണ്ണംകൊണ്ടൊരു തുലാഭാരം നടത്തി ആ പൊന്നൊക്കെ ഒപ്പം പോന്നവക്കു് ഓഹരി വെച്ചു കൊടുത്തു. തൃശ്ശൂരുവെച്ചു് ഒരു തിരുനാൾ ആഘോഷിക്കയും 'പെരുമ്പടപ്പുമൂപ്പിലെ തിരുനാളിൻെറ വരിയോല' വായിപ്പിച്ചു സംഭാവനകൾ നൽകുകയും ചെയ്തു. ചിററൂരു നമ്പൂരിപ്പാടും ചങ്ങരംകണ്ടത്തു കർത്താവുംകൂടി സാമൂതിരിയെ 'മാപ്രാണം'വരെ എഴുന്നള്ളിച്ചു. ആ നാട്ടിൽ പ്രഭുക്കന്മാർ അങ്ങോട്ടു ചെന്നുകണ്ടു തിരുമുല്ക്കാഴ്ച കഴിച്ചു. മുള്ളൂക്കരയിൻനിന്നു പാലിയത്തച്ഛനെ 'പമ്പകടത്തിവിട്ടു'. തലപ്പിള്ളി രാജാക്കന്മാരും ചെങ്ങഴിനമ്പ്യാന്മാരും സാമൂതിരിയുടെ ആധിപത്യത്തെ ആദരിച്ചനുസരിച്ചു. പാലിയംതന്നെ തകർത്തു് അച്ഛന്മാരെ ചേന്നമംഗലത്തുനിന്നും വയ്പിലേക്കു് ഓടിച്ചു. അച്ഛന്മാരിൽ ചിലർ തന്നെയും സാമൂതിരിപക്ഷത്തിൽ ചേന്നു! കൊച്ചിരാജാവു തൃശ്ശൂക്കും, പഴയന്നൂക്കും, കുമാരപുരത്തേക്കും ഇങ്ങനെ അങ്ങോട്ടും ഇങ്ങോട്ടും മാറിയും വാങ്ങിയും, ഏററം തോററം കാലം കഴിച്ചു. ഈ കാലത്താണു സാമൂതിരി ഏറാൽപ്പാട്ടിന്നു പെരുവനം ക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്തതു്. തൃശ്ശൂരിന്നു് അടുത്തു വടക്കു വിശ്രുതമുള്ള 'പടപാമ്പു ഭഗവതി' (ഇപ്പോൾ 'വടാമ്പ' എന്നു സാധാരണ പറയുന്നു) സാമൂതിരിയുടെ 'തിരുവളങ്ങാട്ടു'ഭഗവതിയാണു്. തൃശ്ശിവപേരൂരുണ്ടായിരുന്ന മിക്ക വീടുകളും സാമൂതിരിയുടെ ആൾക്കാർ കൊള്ളചെയ്തു. അതിനെപ്പററി ഗ്രന്ഥവരിയിൽ ഒരിടത്തു്; ഇരുന്നൂററിഇരുപത്തഞ്ചു വീടുകൾക്കു "പരുക്കും നാശവും" വന്നതായും, ഒരുലക്ഷത്തി എമ്പത്തോരായിരത്തി അഞ്ഞൂററിരുപതു പണം ആ വക നഷ്ടം വന്നതായും ചേർത്തുകാണുന്നുണ്ടു്.

ഇത്രയൊക്കെയായിട്ടും സാമൂതിരിക്കു 'കടിച്ചതുമില്ലാ പിടിച്ചതുമില്ലാ' എന്ന അനുഭവമാണു കാലാന്തരത്തിൽ കൈവന്നതു്. 'വന്നേരി ചിത്രകൂടത്തി'ൽനിന്നു്, പെരുമ്പടപ്പിൻെറ പൂർവ്വത്തിലുള്ള സ്വരൂപസ്ഥാനത്തിൽനിന്നു്, അവരെ എന്നെന്നേയ്ക്കുമായി ഓടിച്ചുകളഞ്ഞു. അതു് അവക്കു വലിയ വ്യസനത്തിനു കാരണവുമായി. ആ ദുഃഖം ഇന്നും ഒരു തീരാദുഃഖമായിത്തന്നെ നിൽക്കുന്നുമുണ്ടു്. എങ്കിലും വന്നേരിയിലെ 'കോയപ്പിള്ളിതേവരെ' പെരുമ്പടപ്പിൽനിന്നു് ഇന്നും മ

റന്നിട്ടില്ല. ഏതു പ്രധാനകാര്യത്തിനും 'കോയപ്പിള്ളിതേവൎക്കു കലം' എന്നുള്ള വഴിവാട്ട നടന്നുവരുന്നുണ്ട്. ഏതായാലും സാമൂതിരിയുടെ ആഗ്രഹം ഈശ്വരേച്ഛയ്ക്കു വിപരീതമായിരുന്നു എന്നതിനു സംശയമില്ല. അതുകൊണ്ട്, മക്കൾക്ക് അച്ഛന്റെ തറവാട്ടുസ്വത്തിൽ അവകാശമില്ലെന്നുള്ള മരുമക്കത്തായനിയമംതന്നെ കടുവിൽ ജയിച്ചു. സാമൂതിരി രാജ്യാധികാരമില്ലാത്ത 'മഹാരാജാവും' 'പെരുമ്പടപ്പുരാജ്യം' ചെറുതെങ്കിലും കൊച്ചിരാജാവു ധാൎമ്മിക'ചക്രവൎത്തി'യുമായി.

സാമൂതിരിയുമായി പലപ്പോഴും പല സന്ധിയും ഉണ്ടായിട്ടുള്ള കൂട്ടത്തിൽ, 928_ൽ കക്കാട്ടുവെച്ചു വളരെ നിഷ്കൎഷിച്ച് ഒരു ഉടമ്പടിയും വരിയോല എഴുത്തും നടന്നു. മേലിലെങ്കിലും സൈ്വരക്കേടുകൂടാതെ കഴിയുമെന്നാശിച്ചു. സാമൂതിരിയുടെ 'സന്ധിബന്ധങ്ങൾ' എന്നും ദുർബലങ്ങളായിരുന്നു. 928_ലെ ആ കരാറിനെക്കുറിച്ചുള്ള ഗ്രന്ഥവരിയുടെ മുഖവുരയാണു താഴെ ചേൎക്കുന്നതു്:—

"928 ധനുവിൽ പെരുമ്പടപ്പിൽനിന്നും നെടിയിരിപ്പിൽനിന്നും അതിൎത്തിവാദം ഉണ്ടാകകൊണ്ടു തൃപ്പാപ്പിസ്വരൂപത്തിങ്കൽ തിരുമനസ്സിൽനിന്നും കല്പിച്ച് അയച്ചിട്ടു, പട്ടരുണ്ണി വലിയ സൎവ്വാധിയും. തെക്കേടത്തു ഭട്ടതിരിയും, വലിയമേലെഴുത്തുപിള്ളയും, സൎവ്വാധികാൎയ്യക്കാരന്മാരിൽ രണ്ടുപേരും, കൊച്ചി കോട്ടയിൽനിന്നും രണ്ടു കപ്പിത്താന്മാരും, വലിയ തുപ്പായിയും, ഇവരെല്ലാവരുംകൂടി കക്കാട്ട് എത്തി, പെരുമ്പടപ്പിൽ സ്വരൂപത്തിൽനിന്നും കല്പിച്ചയച്ചു പാലിയത്തച്ചനും, കോടശ്ശേരി കൎത്താക്കളും, കൃഷ്ണപട്ടര് സൎവ്വാധികാൎയ്യക്കാരും, നെടിയിരിപ്പിലെ കാൎയ്യക്കാരന്മാരിൽ പൊന്നാനിവാഴ്ക്കൽ തലച്ചെന്നവരും, പാറനമ്പിയും, പള്ളിയിൽ മേനവും, ദേശവാഴിയും കൂടെ കക്കാട്ട എത്തിച്ചു, അതിൎത്തിവാദം ഒക്കെയും പറഞ്ഞുതീൎത്തു, പെരുമ്പടപ്പിൽനിന്നും മുതൽ എടുത്തുകൊള്ളത്തക്കവണ്ണം അതിൎത്തി തിരിച്ചപ്രകാരത്തിന്ന് എഴുതിയ വരിയോല...."

ഈ വരിയോലയിൽ വസ്തുവിവരങ്ങൾ മുഴുവനുമുണ്ട്. നിലംപറമ്പുകളെ എണ്ണിയെണ്ണി നാലതിരുകൾചേൎത്തു വിസ്തരിച്ചിട്ടുണ്ട്. എന്നാൽ, ഇതുകൊണ്ടൊന്നും വലിയ ഫലമുണ്ടായില്ല. എങ്കിലും, പിന്നീട്, ഇംഗ്ലീഷുകാർ ബ്രിട്ടീഷ് മലബാറിന്റെ അധികാരികളായതിനുശേഷം 'മലബാർ കമ്മീഷണർ'മാർ ചെയ്ത അതിൎത്തിവാദാന്വേഷണ

കാര്യത്തിൽ, ഈ വരിയോല, അന്നും അനേകം ആക്ഷേപങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്ന സാമൂതിരിക്ക് എതിരായി, കൊച്ചിരാജാവിനു തക്കതായ ഒരു താങ്ങും തെളിവുമായിഭവിച്ചു. ചാല, പെരിഞ്ചാല, അയിനിക്കാട്, അകത്തുരുത്ത് മുതലായ പ്രദേശങ്ങളെ സംബന്ധിച്ചു സാമൂതിരി പിന്നീടും പുറപ്പെടുവിച്ച ദുർവ്വാദങ്ങൾക്ക് ഈ വരിയോലകൊണ്ടാണു സമാധാനമുണ്ടായതു്. ആ വാദവിഷയം മറ്റൊരദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടു്.

928-ലെ കരാറിനുശേഷവും സാമൂതിരി വീണ്ടും ആളും ആയുധവും ശേഖരിച്ചു കൊച്ചിയോടു യുദ്ധത്തിനു പുറപ്പെടുകതന്നെയാണുണ്ടായതെന്നു കണ്ടുവല്ലോ. 'വരിയോലകൾ' എല്ലാം അദ്ദേഹത്തിനു 'മാറാലകൾ' മാത്രമായിരുന്നു. ആ പുറപ്പാടു രണ്ടുംകല്പിച്ചുള്ള പുറപ്പാടായിരുന്നു. ആ പുറപ്പാടിലാണു മുൻവിവരിച്ച ക്ഷണഭംഗുരങ്ങളെങ്കിലും, വിസ്മയാവഹങ്ങളായ, വിജയങ്ങളും വന്നുചേന്നതു്. ആ ശക്തിപ്രവാഹത്തെ തടയുന്നതിനാണു ഗത്യന്തരമില്ലാതെ, ദീഘാലോചനയ്ക്കുശേഷം, 937-ൽ പെരുമ്പടപ്പിൽസ്വരൂപത്തിൽനിന്നു തൃപ്പാപ്പിസ്വരൂപവുമായി സന്ധിക്കരാറു ചെയ്യുന്നതു്. അന്നു് ആ കരാറു ചെയ്തിരുന്നില്ലെങ്കിൽ, ആ കരാറുപ്രകാരം തിരുവിതാംകൂർ കൊച്ചിയെ സഹായിച്ചിരുന്നില്ലെങ്കിൽ, ലന്തയാൽ തിരസ്കൃതനും സാമൂതിരിയാൽ പരാജിതനും ആയ 'മരുമകൻ പെരുമ്പടപ്പിന്റെ' പരമ്പരാസിദ്ധമായ താവാട്ടുസ്വത്തുക്കൾ മുഴുവനുംതന്നെ 'മകൻ നെടിയിരിപ്പി'ന്റെ കൈവശത്തിൽ പെട്ടുമായിരുന്നു. ഒരു സമയം അതും, 'തട്ടിപ്പറിച്ചതു പൊട്ടിത്തെറിക്കു'മെന്ന ന്യായപ്രകാരം, ബ്രിട്ടീഷിന്റെ 'മലബാർ ഡിസ്ത്രിക്റ്റിൽ' ഉൾപ്പെടുകയും ചെയ്യുമായിരുന്നു. ചരിത്രദൃഷ്ട്യാ നോക്കുന്നതായാൽ 937-ലെ ആ കരാറു കൊച്ചിക്ക് ഏറ്റവും പ്രധാനപ്പെട്ട ഒന്നാകുന്നു. അന്നു് അതിനു തോന്നിയതു കൊച്ചിയുടെ ഭാഗ്യംകൊണ്ടും പെരുമ്പടപ്പിന്റെ ദൈവാധീനംകൊണ്ടുമാണെന്നതിനു സംശയമില്ല.

൫

937-ലെ കരാറു്

ചരിത്രപ്രഖ്യാതമായ ആ കരാറിലെ പ്രധാനഭാഗങ്ങൾ താഴെ ഉദ്ധരിച്ചുകൊള്ളുന്നു:—

'...932-മാണ്ടിനുശേഷം, സാമൂതിരി നമ്മുടെ രാജ്യത്തു പുരുഷാരത്തോടുകൂടെ കടന്നു്, നമ്മുടെ ആളുകളെ ഓടിച്ചു്, രാജ്യം സ്വാധീനമാക്കികൊൾകകൊണ്ടു, നമ്മുടെ ശത്രുക്കളെ ഒഴിച്ചു മുമ്പിലത്തെപ്പോലെ രാജ്യം വടക്കെ അതിർത്തി പടിഞ്ഞാറെ വഴിക്കു പൂക്കൈതയ്ക്കു തെക്കോട്ടും, കിഴക്കേവഴിക്കു ചിററാറിനു തെക്കോട്ടും, വെള്ളപ്പനാട്ടിൽ കീഴിൽ നാം അനുഭവിച്ചുവന്ന പ്രദേശങ്ങളും, നമുക്കു സ്വാധീനമാവോളത്തിനു, അങ്ങു കൂടെ അർത്ഥപുരുഷാരം ചിലവിട്ടു നമുക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്യണമെന്നു് അങ്ങോട്ടു് അപേക്ഷിക്കകൊണ്ടു്, അതിന്നും അങ്ങു് നമുക്കു വേണ്ട സഹായങ്ങൾ ചെയ്യുന്നതിനു, കരപ്പുറം, പമ്പാ അഴിക്കു തെക്കു് ആലപ്പുഴയ്ക്കു വടക്കുള്ള പ്രദേങ്ങളിൽ അണ്ടിക്കടവും, കുമ്പളങ്ങിയും, ചെല്ലാനവും നീക്കി ശേഷം ഉള്ള പ്രദേശങ്ങളും, പറവൂരും ആലങ്ങാടും രാജ്യവും, അതിൽ സംബന്ധിച്ച സ്ഥാനമാനങ്ങളും സമ്പത്തും അങ്ങയ്ക്കു നാം എഴുതിത്തന്നിരിക്കകൊണ്ടു്, അതിൻവണ്ണം അനുഭവിച്ചുകൊൾകയും വേണം. നമ്മുടെ രാജ്യം സ്വാധീനമായി അങ്ങെ ആളുകളെ പിരിപ്പൊളത്തക്കും രാജ്യത്തിൽ എടുക്കുന്ന പിരിവിൽ പകുതി അങ്ങേ ആളുകളുടെ ചിലവിന്നായിട്ടു, നാംതന്നെ ആളാക്കി മുതലെടുത്തു് അങ്ങേ ആളെ ബോധിപ്പിക്കയുമാം. വെള്ളപ്പനാട്ടുകരയിൽ കടന്നാൽ നെടിയിരിപ്പു സ്വരൂപം പണ്ടു അനുഭവിച്ചിരുന്ന പ്രദേശങ്ങളിൽ അങ്ങുതന്നെ ആളാക്കി മുതൽ എടുത്തുകൊൾകയും വേണം. നമ്മുടെ രാജ്യത്തുനിന്നും ശത്രുക്കളെ ഒഴിച്ചു രാജ്യം നമുക്കു സ്വാധീനമാവോളത്തേക്കും, അങ്ങു കൂടെ അർത്ഥപുരുഷാരം ചിലവിട്ടു വേണ്ടുന്ന സഹായങ്ങൾ നമുക്കു ചെയ്കയും വേണം. മുറിഞ്ഞപുഴയ്ക്കു വടക്കു വരപ്പുഴയ്ക്കു തെക്കു കുരുനാടു ഉൾപ്പെട്ട പ്രദേശങ്ങളിൽ 933-ാമാണ്ടുവരെ അങ്ങു അനുഭവിച്ചിരുന്ന പ്രദേശങ്ങൾ നീക്കി ശേഷം ഉള്ള ദേശങ്ങൾ ഒക്കെയും നാം അനുഭവിച്ചുകൊള്ളുകയുമാം. നമ്മുടെ നാട്ടകത്തുള്ള പ്രഭുക്കന്മാർ എടപെട്ടുള്ള കാര്യത്തിനു നീക്കേണ്ടവരെ നീക്കുന്നതിനും ആക്കേണ്ടവരെ ആക്കുന്നതിനും നാം ക്ലേശിക്കുന്ന കാര്യത്തിനു് അങ്ങു കൂടെ സഹായമായിരിക്കയുംവേണം....'' ഇതിനെ ഇതുപോലെ തന്നെ സമ്മതിച്ചു തൃപ്പാപ്പിസ്വരൂപത്തിൽനിന്നു് ഇതോടുകൂടി ഒരു നീട്ടു് ഇങ്ങോട്ടും എഴുതിക്കൊടുത്തു. ഇതു 937 ധനു 12-ാംനു-യായിരുന്നു.

ഈ കരാറുനോക്കുമ്പോൾ അന്നു കൊച്ചിയിൽ ലന്തക്കാർ എന്നൊരു ശക്തി ഉണ്ടായിരുന്നതായിട്ടുപോലും കാണുകയില്ല. അത്രയ്ക്കു് അ

വർ അക്കാലത്തു് അഗണ്യരായിരുന്നു എന്നു് ഇതിൽനിന്നു് അനുമാനിക്കാവുന്നതാണു്. ഈ കരാറോടുകൂടി സാഹസത്തിൽനിന്നു മാത്രം പിന്നോക്കം മാറിനിന്നിരുന്ന തൃപ്പാപ്പിസ്വരൂപം ബലവാനായ സഹായിയായിത്തീൎന്നു. സാമൂതിരിയെ രാജ്യാതിൎത്തി കടത്തിവിട്ടു എങ്കിലും ഉടമ്പടിയിലെ താല്പൎയ്യപ്രകാരം മുഴുവനും നടന്നിട്ടില്ലെന്നും മുഴുവനും നിറവേററുവാൻ ഉദ്ദേശിച്ച നല്ലപ്പെട്ടതായ പ്രതിഫലം അത്രയ്ക്കു മാത്രം ശൂന്യമായിത്തീൎന്നു എന്നും സ്പഷ്ടമാണല്ലോ. തിരുവിതാംകൂറും സാമൂതിരിയുംകൂടി ഇടയ്ക്കുവെച്ചു് ഒരു സന്ധിക്കരാറിൽ ഏൎപ്പെട്ടതുകൊണ്ടാണു വന്നേരി മുതലായ പ്രദേശത്തുനിന്നുംകൂടി സാമൂതിരിയെ പുറത്താക്കുവാൻ ഇടയാകാതെയും കൊച്ചിക്കു് ആവക രാജ്യങ്ങൾ അന്നു കിട്ടാതെയും പോയതെന്നുംകൂടി ഈ ഘട്ടത്തിൽ പ്രത്യേകം സ്മൎത്തവ്യമാകുന്നു.

പ്രസ്തുതസന്ധിക്കരാറിലെ താല്പൎയ്യപ്രകാരം തിരുവിതാംകൂർ സൈന്യം കൊച്ചിയോടുചേൎന്നു സാമൂതിരിപ്പാടിനോടു യുദ്ധംചെയ്തു. മാൎത്താണ്ഡൻപിള്ള ദളവയുടെ കീഴിലും 'ഡില്യനായി' കപ്പിത്താൻെറ കീഴിലുമായി രണ്ടു തിരുവിതാംകൂർസൈന്യങ്ങൾ കരവഴിക്കും വെള്ളംവഴിക്കും കൊച്ചിരാജ്യത്തേക്കുവന്നു. അവർ തൃശ്ശിവപേരൂർവരെ എത്തി. സാമൂതിരിയെ തോല്പിച്ചു രാജ്യാതിൎത്തികൾ കടത്തിവിട്ടു. 939_ൽ ആ സൈന്യങ്ങൾ കൊച്ചിരാജ്യം വിട്ടു തിരുവാങ്കോട്ടേക്കു മടങ്ങി. സന്തുഷ്ടനായ കൊച്ചിരാജാവു മാൎത്താണ്ഡൻപിള്ളദളവയ്ക്കു പുത്തൻചിറ എന്ന പ്രദേശം ഇനാമായി കൊടുത്തു. അദ്ദേഹമാകട്ടെ അതു തൻെറ മഹാരാജാവിൻെറ തൃപ്പാദത്തിങ്കൽ സമൎപ്പിച്ചു. അങ്ങനെയാണു് ആ രാജ്യം തിരുവിതാംകൂറിനു ചേൎന്നതു്. തല്ക്കാലശാന്തിക്കു സന്ധിയാണു നല്ലതെന്നുകണ്ടാണു സാമൂതിരി കരാറുചെയ്യാൻ സന്നദ്ധനായതു്. തിരുവിതാംകൂറിൻെറ യുദ്ധച്ചിലവു മുഴുവനും സാമൂതിരി വഹിക്കയും കൊച്ചിരാജ്യത്തേക്കു കടന്നു് എതിൎക്കുകയില്ലെന്നു് ഏല്ക്കുകയും ചെയ്തു.

അന്നത്തെ തിരുവിതാംകൂറിൻെറ ഉദ്ദേശ്യത്തെക്കുറിച്ചു ഡച്ചുഗവൎണ്ണർ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ഇങ്ങനെ എല്ലാവിധത്തിലും ജയം പ്രാപിച്ചിട്ടും, കൊച്ചിരാജാവിനെ മട്ടാഞ്ചേരിയിൽനിന്നും ഓടിച്ചുകളഞ്ഞു് ആ രാജ്യം തനിക്കു കൈവശമാക്കാൻ നിഷ്പ്രയാസം സാധിക്കുമായിരുന്നിട്ടും, കൊച്ചിയെ നിശ്ശേഷം കീഴടക്കാഞ്ഞതു് എന്തുകൊണ്ടാകുന്നു. എന്നാൽ, സൂത്രജ്ഞനും ബുദ്ധിമാനുമായ അദ്ദേഹം (മാൎത്താണ്ഡവൎമ്മ) തിന്നതു തിന്നതു ദഹിച്ചിട്ടു പിന്നെയും പിന്നെയും

തിന്നാമെന്ന നിശ്ചയക്കാരനായിരുന്നു. കിട്ടിയത്തോക്കെ കഉക്കാനും പുഉക്കാനും ശ്രമിക്കുകയായിരുന്നു. അതു കഴിഞ്ഞാൽ വീണ്ടും വരുമോ എന്നതിനു സംശയമില്ല. അതിനുംപുറമെ, ഹൈദരാലിഖാനു തിരുവിതാംകൂറിന്റെ നേരെ കണ്ണുണ്ട്. അങ്ങോട്ടുള്ള വഴി കൊച്ചിയിൽക്കൂടിയുമാണ്. അതുകൊണ്ടു കൊച്ചിയെ കൊച്ചിയായിത്തന്നെ നിൎത്തണം. അതും കൂടാതെ, സാമൂതിരി വീണ്ടുംവീണ്ടും കൊച്ചിയോടു യുദ്ധത്തിനു വരും. അപ്പോഴൊക്കെ തന്റെ സഹായം കൊച്ചിക്കു വേണം. അതിനൊക്കെ ചിലവിലേക്കു രാജ്യഭാഗങ്ങൾ കിട്ടും. അപ്പോൾ ചിലവുകൂടാതെയും നേരിട്ടു യുദ്ധം ചെയ്യാതെയും 'ലോഗ്യ'നിലയ്ക്കു് കഉക്കിക്കൊണ്ടുവരാം."

അതെങ്ങനെയായാലും, ആജന്മശുദ്ധന്മാരും അത്യുദാരന്മാരും അധൎമ്മഭീരുക്കളുമായ, പെരുമ്പടപ്പുസ്വരൂപക്കാരുടെ ആസ്തിക്യബോധം അവരെ ഏതു് ആപൽസന്ധികളിലും അത്ഭുതമാംവണ്ണം അനുഗ്രഹിക്കാതിരുന്നിട്ടില്ലാ എന്നു് ഇക്കാലത്തെ ചരിത്രസംഭവങ്ങൾ അവിതൎക്കിതമായവിധം തെളിയിക്കുന്നുണ്ടു്.

ന്ന

രാജ്യസ്ഥിതി.

കൊല്ലവൎഷം 918-ൽ കൊച്ചിയിൽ ഡച്ചുഗവൎണ്ണർ ആയിരുന്ന 'ഗൊല്ലനീസ്സ' എന്ന ആൾ ഉദ്യോഗം കഴിയുന്ന അവസരത്തിൽ പിൻഗാമിയുടെ അറിവിനായി എഴുതിവെച്ചിട്ടുള്ള മെമ്മോറാണ്ടത്തിൽനിന്നു് അന്നത്തെ പെരുമ്പടപ്പുരാജാവിനു കൊച്ചിരാജ്യത്തുതന്നെ പ്രഭുക്കന്മാരുടെ ഒരു പ്രഭു എന്ന നിലയാണു് അധികമുണ്ടായിരുന്നതു് എന്നു കാണാം. കൊച്ചിരാജാവിനു്, മൂത്ത, എളയ, താവഴികൾ അന്യംനിന്നു് അവരുടെ സ്വത്തുക്കൾകൂടി ലഭിച്ചതുകൊണ്ടും, കരൂർസ്വരൂപം കൂടിച്ചേൎന്നു കിട്ടിയതുകൊണ്ടും, ബഹുമാനപ്പെട്ട ലന്തക്കമ്പനിക്കാർ സാമൂതിരിയോടു പിടിച്ചെടുത്ത രാജ്യങ്ങൾ—കൊടുങ്ങല്ലൂരും പതിനെട്ടരയാളവും—അവർ അദ്ദേഹത്തിനു വിട്ടുകൊടുത്തതുകൊണ്ടും, അദ്ദേഹം ഇപ്പോൾ ശക്തനായ ഒരു രാജാവുതന്നെയാകുന്നു എന്നും എന്നാൽ, അദ്ദേഹത്തിന്റെ പ്രധാനബലം സ്വന്തമായി ഭൂസ്വത്തുക്കൾ ധാരാളമുണ്ടു് എന്നുള്ളതാകുന്നു എന്നും ആ മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തീട്ടുണ്ടു്. അതിൽനിന്നു സംഗ്രഹിച്ച വിവരങ്ങളാണു് താഴെ കൊടുക്കുന്നതു്.

'അഞ്ചിക്കയ്മൾ'—ഇന്നത്തെ എറണാകുളം കര— അക്കാലത്തു സ്വതന്ത്രമായ ഒരു രാജ്യമായിരുന്നു. കൊച്ചിരാജാവിൽനിന്നു് അഞ്ചിക്കയ്മൾക്കു പലപ്പോഴും ഉപദ്രവം നേരിടുന്നതുകൊണ്ടും, അഞ്ചിക്കയ്മളെ കൊച്ചിക്കു കീഴമരാതെ സ്വതന്ത്രനായി നിലനിർത്തുന്നതു കമ്പനിക്കാർക്കു വളരെ രക്ഷയായിരിക്കുന്നതുകൊണ്ടും, അതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതു കമ്പനിക്കാരുടെ കർത്തവ്യമാണെന്നു് ഉപദേശിക്കയും, കൊച്ചിയുടെ ഏറ്റവും എതിർക്കുന്നതിനു് അഞ്ചിക്കയ്മൾ അങ്ങാടിയിൽ ഡച്ചുകമ്പനിയിൽനിന്നു വിശേഷാൽ നിർത്തിയിരിക്കുന്ന പൊല്ലീസ്സുകാവലിനെ ഒഴിപ്പിക്കരുതെന്നു നിർദ്ദേശിക്കുകയും ഗൊല്ലനീസ്സ ചെയ്തിട്ടുള്ളതായി കാണുന്നു. ചേരാനെല്ലൂർകർത്താവാണു് ആ കയ്മൾമാരിൽ പ്രധാനി. മറ്റൊരു കയ്മൾസ്ഥാനംകൂടി അദ്ദേഹത്തിനു ദത്തുപ്രകാരം ഇപ്പോൾ സിദ്ധിച്ചിട്ടുമുണ്ടു്. "വെറുതെ വഴങ്ങിപ്പോകരുതു്; കൊച്ചിരാജാവിന്റെ നേരെ ഇടയ്ക്കിടക്കു 'ദംഷ്ട്രങ്ങൾ കാട്ടിക്കൊള്ളു'; 'കമ്പനി വേണ്ടസഹായം ചെയ്യാം'. എന്നു് അദ്ദേഹത്തെ പ്രത്യേകിച്ചും ഡച്ചുകാർ ധൈര്യപ്പെടുത്തീട്ടുണ്ടായിരുന്നു! 'അക്കാര്യത്തിൽ കമ്പനി അശേഷം അലസമായിപ്പോകയുമരുതു്.'

'മുരിയനാട്ടുനമ്പ്യാരു'ടെ രാജ്യം കൊച്ചിക്കും, പാപ്പിനിവട്ടത്തിനും, 'വേളോസ്സനമ്പ്യാരു'ടെ രാജ്യത്തിനും 'കോടശ്ശേരിക്കും' ഇടയ്ക്കു കിടക്കുന്നതും, ധാരാളം കുരുമുളകുണ്ടാകുന്നതുമായ ഒരു പ്രദേശമാകുന്നു. നമ്പ്യാരുടെ സ്വരൂപത്തിൽ സന്തതിയില്ല. അദ്ദേഹത്തിനു ദത്തെടുക്കണമെന്നുണ്ടു്. ഒന്നു എടുത്തിട്ടുമുണ്ടു്. എന്നാൽ കൊച്ചിരാജാവു് അതു തീരെ അനുവദിക്കുന്നില്ല. അക്കാര്യത്തിൽ നമ്പ്യാർ ഡച്ചുകമ്പനിയുടെ സഹായസഹകരണങ്ങളെ തുടർച്ചയായി അപേക്ഷിച്ചുകൊണ്ടു വരുന്നുണ്ടു്. അദ്ദേഹത്തിന്റെ രാജ്യത്തുണ്ടാകുന്ന കുരുമുളകു് ഒക്കെ ഏല്പിച്ചു തരാമെന്നു് എല്ലാമെങ്കിൽ വേണ്ടുന്ന എല്ലാ സഹായങ്ങളും ചെയ്യാമെന്നു വാക്കുകൊടുത്തിട്ടുമുണ്ടു്. ഒന്നും തീർച്ചപ്പെടാതെയാണിരിക്കുന്നതു്. നമ്പ്യാർ പെട്ടെന്നു മരണപ്പെട്ടുപോയാൽ, ദത്തിനെ നിരാകരിച്ചു്, കൊച്ചിരാജാവു മനോഹരമായ ആ ചെറുരാജ്യത്തെ വിഴുങ്ങിക്കളയുമെന്നതിനു സംശയമില്ല. അതുകൊണ്ടു് ഏതുവിധവും ആ ദത്തിനെ ഉറപ്പിക്കുന്നതിനു കമ്പനിയിൽനിന്നു് എന്തും പ്രവർത്തിക്കുന്നതിനു സന്നദ്ധമായിരിക്കണം. മറ്റൊരു ചിന്തയും അന്നതിനു തടസ്സമായി നില്ക്കരുതു്!

'കോടശ്ശേരിക്കയ്മ'ളുടെ രാജ്യത്തുനിന്നു 125 കണ്ടി കുരുമുളകു്

കിട്ടുന്നുണ്ട്. ആ രാജ്യാതിർത്തിക്കകത്തുള്ള 'അമ്പഴക്കാട്ട്' വന്നുകൂടിയിരിക്കുന്ന 'ജസ്യൂട്ട്'കാരാണ് അവിടെ ഉണ്ടാകുന്ന ഏലക്കായും മെഴുകും മുഴുവനും കയ്യിലാക്കുന്നത്. ആ ദ്രോഹികളെ അവിടെനിന്നു പുറത്താക്കുന്നതിനുള്ള ശ്രമങ്ങളൊന്നും ഫലിച്ചിട്ടില്ല. കുറച്ചൊന്നു കടന്നു പ്രവർത്തിച്ചാലല്ലാതെ അതു സാദ്ധ്യമാകുമെന്നു തോന്നുന്നില്ല. അതിനു വേണ്ട അനുവാദം മേലധികാരത്തിൽനിന്നു ലഭിക്കുവാൻ നോക്കണം. ഇപ്പോഴത്തെ കയ്മൾ ബഹുസൂത്രക്കാരനും വിരുതനുമാണ്. വലിയ മത്സ്യപാനിയുമാണ്. 'കള്ളപ്പണ'മുണ്ടാക്കൽ ആ രാജ്യത്തു സർവ്വസാധാരണമാകുന്നു. കയ്മളുടെ നായന്മാരെ ഭയപ്പെട്ട കൊച്ചിരാജാവ്, എത്രയൊക്കെ നിർബ്ബന്ധിച്ചിട്ടും, ഒന്നും കേട്ടതായി നടിച്ചിട്ടില്ല.

'പാലിയത്തച്ചൻ' വലിയ പ്രതാപിയാണ്. ചേന്നമംഗലത്താണ് ഇരിപ്പ്. 'വയ്പിൻതുരുത്തി'ന്റെ ഉടമസ്ഥനാണ്. അടുത്തകാലത്തു ദത്തുവഴി മങ്ങാട്ടച്ചന്റെ മുള്ളൂക്കരരാജ്യംകൂടി അദ്ദേഹത്തിനു സിദ്ധിച്ചിട്ടുണ്ട്. 'വില്ലാർവട്ടത്തു'രാജാവിന്റെ സ്ഥാനത്തിന്നും അവകാശിയാണ്. എന്നാൽ ആ സ്ഥാനം അത്ര വിലയുള്ളതല്ല, കേവലം നാമമാത്രമാണ്. ഇപ്പോഴത്തെ വലിയച്ചൻ വലിയ നയജ്ഞനാണ്. വളരെ കുറച്ചേ സംസാരിക്കയുള്ളു. വലിയ ദീർഘാലോചനക്കാരനാണ്. കമ്പനിക്കാരുടെ വലിയ ബന്ധുവാണെന്നാണ വെച്ചിരിക്കുന്നത്. എന്നാൽ എല്ലാവർക്കും അദ്ദേഹത്തെ സംശയമാണ്. അദ്ദേഹത്തിന്റെ പുറപ്പാട് എങ്ങോട്ടെന്നു തീർച്ചപ്പെടുന്നവരെ മുഷിപ്പിക്കാതെ നോക്കണം.

'വട്ടതലരാജ്യം' ചെറള്ളിനമ്പൂരിയുടെ ആണ്. മലയാറവർ വഴിക്കു 'തേവുങ്ങൽ നായരും' ഗണനീയനായ ഒരു പ്രഭുവാണ്.

'കൊരട്ടിസ്വരൂപം' ഇപ്പോഴ് ഒരു സ്ത്രീയുടെ ഭരണത്തിലാണ്. 120 കണ്ടി മുളക് അവിടെനിന്നു കിട്ടാം. എന്നാൽ അതൊക്കെ ആ കൊള്ളരുതാത്ത സ്ത്രീ ഇപ്പോഴ് അന്യന്മാർക്കാണ കൊടുത്തുവരുന്നത്. 1730ൽ അവരെ മങ്ങാട്ടേയ്ക്കു ദത്തെടുത്തു. അതു കമ്പനിയുടെ അറിവും അനുവാദവും കൂടാതെയാണ്. കൊച്ചിരാജാവിന്റെ പ്രേരണവഴിക്ക് അവിടെ അവർ പല ആപത്തുകളും വരുത്തിവെച്ചു. വള്ളുനാട്ടുകാർ അവർക്ക് എതിരാണ്. ആ സ്ത്രീയുടെ സഹോദരന്മാരെയും കൂടി ദത്തെടുക്കണമെന്നാണ വാദം. അവരുടെ ദത്തുതന്നെ സാധുവല്ല; എന്നിട്ടു വേണ്ടേ അവരുടെ സഹോദരന്മാരെ സ്വീകരിക്കുന്നതിനു്?

നന്തിലത്തുനാട്ട' നാലുകയ്മന്മാരുടെ രാജ്യമാണ്. ചങ്ങരൻകോതകയ്മളാണ് അവരിൽ പ്രധാനി. കൊരട്ടി, പനമുക്കത്ത്, കോടശ്ശേരി ഈ മൂന്നുപേരും ചേൻ നാലു കയ്മന്മാരാണ് ആ രാജ്യത്തിന്റെ ഉടമസ്ഥന്മാർ.

'കൊടുങ്ങല്ലൂർ'രാജ്യം — പടിഞ്ഞാററിയേടത്തുസ്വരൂപം — ഇവൎക്കു സാമൂതിരിയുടെ അച്ഛൻസ്ഥാനമുണ്ട് — 1717 ഡിസംബർ 17-ാംനു-യിലെ കരാറപ്രകാരം സാമൂതിരിയിൽനിന്നു കമ്പനിക്കു വിട്ടുകിട്ടിയിട്ടുള്ള ഒരു രാജ്യമാകുന്നു.

'അയിരൂർ' — വെള്ളാങ്ങല്ലൂർ — സ്വരൂപത്തിനു വലിയ ശക്തിയൊന്നുമില്ല. അവർ കൊടുങ്ങല്ലൂർസ്വരൂപത്തിന്റെ ഒരു പാശ്ചാത്യവഴിക്കാരാണ്. കൊടുങ്ങല്ലൂരിനു വടക്കാണ് അവരുടെ രാജ്യം.

മാപ്രാണാധിപനായ 'വേള്ളോസ്സ്'നമ്പ്യാരുടെ രാജ്യം മുരിയാടിനും, പാപ്പിനിവട്ടത്തിനും, തൃശ്ശൂരിനും ഇടയ്ക്കാണ്. ആ നമ്പ്യാർ ഇപ്പോഠ കമ്പനിയുടെ കീഴിലാണ്. മുമ്പു സാമൂതിരിക്കു കീഴിലായിരുന്നു. കഴിഞ്ഞ യുദ്ധത്തിൽ സാമൂതിരിയെ തോല്പിച്ചു കൊച്ചിരാജാവു കീഴടക്കി. അവിടെ ആളില്ലാതായപ്പോഠ, കൊച്ചിരാജാവിന്റെ അധികാരത്തെ നിരസിച്ചു. 'വെങ്ങനാട്ടുനമ്പിടി'യുടെ ആളെ കമ്പനിയുടെ സഹായത്തോടുകൂടി അവിടെ സ്ഥാപിച്ചു. അങ്ങനെയാണ കമ്പനിയുടെ ആളായത്. 'വെങ്ങനാട്ട' വന്നതു കൊച്ചിക്കു വലിയ പോരായ്മയായി. കൊച്ചിയിൽനിന്ന് ഏതുനേരത്തും, തന്നിമിത്തം, ആയാഠക്ക് ഉപദ്രവമേയുള്ളു. കമ്പനിയുടെ സഹായക്കയ്യ് അവിടെ എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്.

'ചങ്ങരംകണ്ടത്തു കയ്മളും,' 'ചിറമുത നമ്പൂതിരി'യും പ്രബലന്മാരായ രണ്ടു പ്രഭുക്കന്മാരാണ്. ഏനാമാക്കൽക്കായലിന്റെ തെക്കാണ് അവരുടെ രാജ്യം. അവർ മുമ്പു സാമൂതിരിപക്ഷക്കാരായിരുന്നു. 1717-ൽ കമ്പനി അവരെ സാമൂതിരിയോടു വിട്ടുമേടിച്ചു. കൊച്ചിരാജാവിന്റെ ദൃഷ്ടികഠ എന്നും അവരുടെ നേക്കാണ്. കമ്പനിയുടെ സഹായം കൊണ്ടാണ് അവർ കീഴമരാതെ നിലനിന്നുപോരുന്നത്.

"പഴഞ്ചേരിനായ"രുടെ രാജ്യം കൊച്ചിക്കു വടക്കാണ്. നായർ

സാമൂതിരിയുടെ സാമന്തനായിരുന്നു. മേല്പറഞ്ഞ സന്ധിക്കരാറുപ്രകാരമാണ് അവരുടെ രാജ്യം കമ്പനിക്കു സിദ്ധിച്ചതു്. ആ രാജ്യത്താണു കമ്പനിക്കുള്ള പ്രധാനപ്പെട്ട "ചേററുവായ കോട്ട". പഴഞ്ചേരിനായർ ഇപ്പോൾ നാലു താവഴിക്കാരായിട്ടുണ്ടു്. അതിൽ ചിലതു പിന്നെയും പലതായി ഭാഗിച്ചിട്ടുണ്ടു്. താവഴികൾ തമ്മിലുള്ള മത്സരങ്ങൾക്കും വഴക്കുകൾക്കും അവസാനമില്ല. വാദം മൂത്താൽ അപ്പോൾ കമ്പനിയിൽനിന്നു് അധികാരവഴിക്കു മാദ്ധ്യസ്ഥ്യം വഹിക്കും. തോററകക്ഷി ഉടനെ സാമൂതിരിയുടെ അടുക്കലേക്കു് ഓടും. സാമൂതിരിയാണെങ്കിൽ കയ്യു കടത്താൻ കാരണവും കാത്തിരിക്കുന്നു. സാമൂതിരിയുടെ പ്രവേശത്തെ, അതു് ഏതു നിലയ്ക്കായാലും, കരിക്കലും അനുവദിച്ചുകൂടുന്നതല്ല. ഈ രാജ്യം പണ്ടു 'ശക്കര'ക്കോവിലകം വകയായിരുന്നു. അവിടത്തെ ഒടുവിലത്തെ രാജാവും കുടുംബാംഗങ്ങളും തമ്മിലുണ്ടായ തീരാവഴക്കിൽ അദ്ദേഹം അവരെ തോല്പിപ്പാൻ വേണ്ടി രാജ്യം തന്റെ മക്കളായ പഴഞ്ചേരിനായന്മാർക്കായിട്ടു് ഒഴിഞ്ഞുകൊടുത്തു. സ്വരൂപക്കാർ ഇപ്പോൾ ഒരു ഗതിയുമില്ലാത്തവരായി!

"തലപ്പിള്ളി"രാജ്യം, അയിനിക്കൂററിൽ, കക്കാട്ടു്, മണക്കുളം, പുന്നത്തൂർ, എന്ന നാലു സ്വരൂപക്കാരുടെയാണു്. കക്കാട്ടു് 'അന്യൻ വന്ന'പ്പോൾ മൂന്നായി പകിട്ടു് ഒരു ഓഹരി പുന്നത്തൂർ എടുക്കുകയും, ബാക്കി രണ്ടു ഓഹരികളെ സംബന്ധിച്ചു്, ഭാഗിച്ചു തിരിച്ചെടുക്കാതെ മണക്കുളവും അയിനിക്കൂറും കൂടി ഒരു കരാറു ചെയ്യുകയും ഉണ്ടായി. അതുപ്രകാരം കക്കാട്ടു് ഇരുകൂട്ടർക്കും സമാവകാശമാണു്. അയിനിക്കൂററിൽനമ്പിടി യഥാർത്ഥത്തിൽ കൊച്ചിക്കു കീഴമന്ന ആളാണു്. എന്നാൽ തന്റെ അയൽവക്കക്കാരനായ സാമൂതിരിയുടെ പ്രബലതയിൽ ഭ്രമിച്ചു് ഇടയ്ക്കിടയ്ക്കു കൊച്ചിക്കു നേരെ പൃഷ്ഠം കാട്ടിയാണു കഴിഞ്ഞുവരുന്നതു്. എന്നാലും അപ്പപ്പോഴത്തെ ലാഭചേതംപോലെ ഇന്നു സാമൂതിരിയുടെ സ്വന്തം ആളും, നാളെ കൊച്ചിയുടെ വിശ്വസ്തമിത്രവും ആയിരിക്കും. കൊച്ചിരാജാവു്, കമ്പനിയുടെ സഹായം, അയിനിക്കൂററിനു് എതിരായി, പലപ്പോഴും ആവശ്യപ്പെടാറുണ്ടു്. അങ്ങനെ സഹായിക്കേണ്ടതു് അത്യാവശ്യമാണു്. എന്നാൽ അപ്രകാരം ചെയ്യാൽ, അതുനിമിത്തം, സാമൂതിരി വെറുതെ കമ്പനിയുടെ മെക്കിട്ടു കയറിയാലൊ എന്നു ഭയന്നു്, "വരട്ടെ, ക്ഷമിക്കു" എന്നു പറഞ്ഞു വരികയാണു്.

"പുന്നത്തൂർ" സാമൂതിരിയുടെതന്നെ ആളാണ്. കോപിഷ്ഠനും കുസൃതിക്കാരനുമാണ്. കൊച്ചിയും കോഴിക്കോട്ടും തമ്മിലുള്ള വഴക്കുകൾക്കെല്ലാം പ്രധാനകാരണം ഈ പുന്നത്തൂരാണ്. മൂന്നു കൊല്ലം മുമ്പ്, പരന്ത്രീസ്സുകാരുടെ സേവപിടിച്ച്, അവരെ തന്റെ രാജ്യത്തു വരുത്തി, സാമൂതിരിയിൽനിന്നും സ്വതന്ത്രനാകുന്നതിന്നു ശ്രമിച്ചു. മോഹമുണ്ടായിരുന്നാലും, അതിനുവേണ്ട ബലമില്ലാതിരുന്ന പരന്ത്രീസ്സുകാർ അചിരേണ അവരുടെ കുതന്ത്രങ്ങളെല്ലാം വലിച്ചെറിഞ്ഞു രാജ്യം വിട്ടോടി. പിന്നീടു തിരിഞ്ഞുനോക്കീട്ടില്ല. ഇപ്പോൾ കഷ്ടിച്ചു പുന്നത്തൂർ ഡച്ചുകമ്പനിയുടെ പക്ഷമാണെന്നാണു വെച്ചിരിക്കുന്നതു്. കുരുമുളകു മുഴുവനും കിട്ടുന്നില്ലെങ്കിലും, പയറു വേണ്ടതു തന്നു കൊണ്ടിരിക്കുന്നുണ്ട്.

മനക്കുളം, കൂട്ടത്തിൽ ചെറുതും സാധുവും ആണ്. കൊച്ചിക്കും സാമൂതിരിക്കും കീഴിലാണ്. കമ്പനിയായിട്ട് ഒരു അല്ലോഹ്യവുമില്ല. വിശ്വസ്തമിത്രമായിട്ടാണു നില.

൭

അരുണോദയം.

ഡച്ചുകാൎക്കു നേരിട്ട് ഇടപഴകേണ്ടിവന്ന സ്വരൂപങ്ങളേയും, ആളുകളേയും കുറിച്ചുമാത്രമെ ഈ മെമ്മോറാണ്ടത്തിൽ പ്രസ്താവിച്ചിട്ടുള്ളു. അതിൽനിന്നു രാജ്യാധികാരം നടത്തുകയോ, നടത്തുവാൻ ശ്രമിക്കുകയോ ചെയ്തിരുന്നവരുടെ പട്ടിക മുഴുവനായി എന്നു വിശ്വസിക്കുവാൻ തരമില്ല. അനവധി കൎത്താക്കന്മാരും ക്ഷേത്രസങ്കേതങ്ങളും വേറെയും അക്കാലത്തു സ്വാധികാരം നടത്തിയിരുന്നതായി നമുക്ക് അറിവുണ്ട്. മുളന്തുരുത്തിക്കൎത്താവ്, കപ്രശ്ശൂർക്കൎത്താവ്, പുത്തൻപീടികക്കൎത്താവ്, ഇട്ട്യേപ്രടത്തു കൎത്താവു മുതലായി പലരും രാജകോയ്മയെ ആവശ്യംപോലെ ധിക്കരിക്കുകയുംകൂടി ചെയ്തിരുന്ന ബലവാന്മാരായിരുന്നു. അതിനുപുറമെ, എളങ്കുന്നപ്പുഴ, ഇരിങ്ങാലക്കുട, പെരുവനം, തൃപ്രയാർ, തൃശ്ശിവപേരൂർ, തിരുവില്വാമല, കടവല്ലൂർ മുതലായ പല ക്ഷേത്രസങ്കേതങ്ങളിലും നടന്നിരുന്നതു യഥാൎത്ഥത്തിൽ സ്വതന്ത്രഭരണമാണ്. എടപ്പിള്ളിരാജാവു കൊച്ചിയെ എതുനേരവും ബാധിച്ചുംകൊണ്ടിരുന്ന ഒരു ബ്രഹ്മരക്ഷസ്സാണ്.

രാജാവിന്റെ പ്രധാനബലം അദ്ദേഹത്തിന്റെ സ്വന്തംവക ഭൂസ്വത്താണെന്നും അതിൽ പ്രധാനപ്പെട്ടതു പോരാറ്റവീഥി—ഷോർണ്ണൂറിന്നു കിഴക്കായും ഭാരതപ്പുഴയ്ക്കു തെക്കായും കിടക്കുന്ന രാജ്യം—ആണെന്നും മെമ്മോറാണ്ടത്തിൽ പ്രത്യേകം എടുത്തുപറഞ്ഞുകാണുന്നുണ്ടു്. രാജ്യത്തുള്ള പ്രഭുക്കന്മാരും ക്ഷേത്രങ്ങളുമെല്ലാം മാമൂൽപ്രകാരം പെരുമ്പടപ്പിൽ വലിയരാജാവിന്റെ 'ചൊല്പടിക്കു്' ആണെന്നാണു സങ്കല്പമെങ്കിലും, ആവശ്യപ്പെട്ടപ്പോഴെല്ലാം അവർ അവരുടെ 'നായന്മാരോടു'കൂടി രാജശാസനപ്രകാരം യുദ്ധത്തിനു പുറപ്പെടുകയും, രാജപക്ഷത്തിൽനിന്നു സമരം നടത്തുകയും ചെയ്യുന്നതിനു നിർബ്ബദ്ധന്മാരാണെങ്കിലും, അവർ തമ്മിൽത്തമ്മിൽ ഉണ്ടായിരുന്ന ക്രൂരമത്സരത്താലും, അനൈക്യത്താലും, അവരിൽ പലക്കും ഉണ്ടായിരുന്ന അഹങ്കാരത്താലും സ്വാർത്ഥതല്പരതയാലും രാജസ്ഥാനത്തോടു് ആന്തരമായ ആദരം അവക്കു് ഇല്ലാതിരുന്നതിനാലും, പെരുമ്പടപ്പിൽ മൂത്തരാജാവിന്റെ രാജ്യത്തിന്റെ 'പെരുംപടപ്പു്' പരമാർത്ഥത്തിൽ, ഒരു 'പെരുംപകപ്പാ' ണക്കൈവളത്തിയതു്. പോരാത്തതിനു്, കേവലം ലാഭേച്ഛുക്കളായി, കച്ചവടക്കണ്ണുകളോടുകൂടി മാത്രം എന്തിനേയും വീക്ഷിച്ചിരുന്നവരായ ലന്തക്കമ്പനിക്കാർ, പ്രഭുക്കന്മാരിൽ ഓരോരുത്തരെ തരംപോലെ പിന്നിൽക്കൂടി സഹായിച്ചും പ്രേരിപ്പിച്ചും പോന്നിരുന്നു എന്ന സംഗതിയും സ്പഷ്ടമാകുന്നു.

ഈ പ്രഭുക്കന്മാരുടെ ചിറകുകൾ വെട്ടിയല്ലാതെ രാജാവിനും രാജ്യത്തിനും രക്ഷയില്ലായിരുന്നു. മാർത്താണ്ഡവർമ്മമഹാരാജാവു തന്റെ ശക്തി ഉറപ്പിക്കുന്നതിനു തന്റെ രാജ്യത്തു് ഒന്നാമതായി ചെയ്തതും ആ കടന്നൽക്കൂടുകൾ തീവെച്ചുകരിക്കുകയാണു്. കൊച്ചിയിലും അതുതന്നെ വേണമെന്നു് അനുഭവവും ഉദാഹരണവുംകൊണ്ടു ബോധപ്പെട്ടതിന്റെ ഫലമായിട്ടാണു 937.ൽ കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ചെയ്തതായ സന്ധിക്കരാറിൽ അതിനെക്കുറിച്ചു പ്രത്യേകം ഒരു വ്യവസ്ഥതന്നെയും ഉൾപ്പെടുത്തിയതു്. 'അങ്ങെ നാട്ടകത്തുള്ള പ്രഭുക്കന്മാർ എടപെട്ടുള്ള കാൎയ്യത്തിനു നീക്കേണ്ടുന്നവരെ നീക്കുവാനും ആക്കേണ്ടുന്നവരെ ആക്കുവാനും, അങ്ങു ക്ലേശിക്കുന്ന കാൎയ്യത്തിനു നാം കൂടെ സഹായമായിരിക്കയും ആം' എന്നാണു തിരുവിതാംകൂർ ഏററിരുന്നതായി കാണുന്നതു്.

തിരുവിതാംകൂറുമായുണ്ടായ മേല്പറഞ്ഞ 937-ലെ കരാറനുസ

രിച്ച് സാമൂതിരിയേയും പുരുഷാരത്തേയും കൊച്ചിരാജ്യാതിർത്തിക്കു കടത്തിവിട്ടതിനു ശേഷമാണു കൊച്ചിരാജ്യത്തിന്റെ പുനരുദ്ധാരണവും ഏകീകരണവും ആരംഭിച്ചതു്. അനന്തരം പത്തുകൊല്ലത്തിനകത്തു ഭരണാധികാരം അന്നു മൂന്നാം മുറക്കാരൻ മാത്രമായിരുന്ന യുവാവായ ശക്തൻതമ്പുരാനിൽ സംക്രമിച്ചു. അദ്ദേഹം 946-മുതൽ 981വരെ ഒരു മൂന്നു പന്തീരാണ്ടുകാലം, വീരെളയതമ്പുരാനായും, ഇളയതമ്പുരാനായും, വലിയതമ്പുരാനായും കൊച്ചിരാജ്യം ഭരിച്ചു. അക്കാലത്തു് അദ്ദേഹത്തിന്റെ വീരഖഡ്ഗപാതം കൊണ്ടു ചിറകററുവീണ ജടായുക്കൾ അസംഖ്യമാകുന്നു; വിഷപ്പല്ലുകൾ പറിച്ചുകളയപ്പെട്ട മൂർഖന്മാർ അനേകമാകുന്നു; ഭരണാധികാരം കയ്യിലാക്കപ്പെട്ട ക്ഷേത്രങ്ങൾ വളരെയാകുന്നു; രാജദ്രോഹത്തിനു സപത്നികൾ കണ്ടുകെട്ടപ്പെട്ടവരുടെ എണ്ണം കുറച്ചൊന്നുമല്ലായിരുന്നു.

പെരുമ്പടപ്പിന്റെ പെരുംപകപ്പ് അതിന്റെ മൂർദ്ധന്യദശയിൽ എത്തിയിരുന്ന കാലത്താണു ശക്തൻതമ്പുരാന്റെ പ്രവേശവും പ്രവൃത്തിയും ഉണ്ടായതു്. കൊച്ചിയുടെ ഇന്നത്തെ ഈ നിലനില്പിനും സ്വാതന്ത്ര്യത്തിനും രാജ്യം കടപ്പെട്ടിരിക്കുന്നതു് ആ മഹാപുരുഷനോടാകുന്നു.

VI

ജനനവും ബാല്യകാലവും.

ശക്തൻവലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുവവതാരം ചെയ്യരുളിയതു കൊല്ലവർഷം 926-ാമാണ്ടു കർക്കടകമാസം 10-ാംനു വ്യാഴാഴ്ച പൂയം നക്ഷത്രവും അമാവാസിതിഥിയും കൂടിയ സമയത്താണു്. അക്കാലത്തു കൊച്ചിരാജകുടുംബം താമസിച്ചിരുന്നതു വെള്ളാരപ്പിള്ളിക്കോവിലകത്തായിരുന്നതുകൊണ്ടു് അവിടത്തെ ജനനസ്ഥലം എന്നു് അഭിമാനിക്കുന്നതിനുള്ള ഭാഗധേയം സിദ്ധിച്ചതു് ആ കോവിലകത്തിനാണു്. കൊല്ലം 890-ൽ ചാഴൂർ വടക്കേപ്പാട്ടുതാവഴിയിൽനിന്നും ദത്തുവെച്ച സ്ത്രീകളിൽ രണ്ടാമത്തെ സ്ത്രീക്കുണ്ടായിരുന്ന രണ്ടു സ്ത്രീസന്താനങ്ങളിൽ മൂത്ത സ്ത്രീയായിരുന്ന 'അംബികത്തമ്പുരാട്ടി'യുടെ മൂന്നാമത്തെ സന്താനമായിരുന്നു പ്രസ്തുതരാജകുമാരൻ. അംബികത്തമ്പുരാട്ടിയുടെ അമ്മയ്ക്കുണ്ടായിരുന്ന പുരുഷസന്താനങ്ങളാണു 925മുതൽ 965

വരെയുള്ള കാലങ്ങളിൽ രാജ്യഭാരംചെയ്ത അഞ്ചു മഹാരാജാക്കന്മാരിൽ മൂന്നുപേരും. അംബികത്തമ്പുരാട്ടിയുടെ ഏകസഹോദരിയായിരുന്ന ചിരപ്രശസ്തയായ 'ചിററമ്മത്തമ്പുരാൻ'. അവിടുത്തെ പൗത്രിയായിരുന്ന 1036-ൽ തീപ്പെട്ട വലിയമ്മത്തമ്പുരാൻ. ആ വലിയമ്മത്തമ്പുരാന്റെ സന്താനപരമ്പരമാത്രമാണ് ഇന്നത്തെ രാജകുടുംബം മുഴുവനും.

അംബികത്തമ്പുരാട്ടിയെ വിവാഹം ചെയ്തിരുന്നതു 'ചേന്ദോസ്സ്' എന്ന ചേന്ദമംഗലത്തുമനയ്ക്കലെ അനുജൻനമ്പൂതിരിപ്പാടായിരുന്നു എന്നാണു പറയപ്പെടുന്നതു്. ചേന്ദമംഗലത്തുമന വെള്ളാരപ്പിള്ളിക്കു തൊട്ടു പുഴയ്ക്കക്കരെ തെക്കെവീഥിയിലാകുന്നു. ആ പ്രദേശം ഇപ്പോഴ് തിരുവിതാംകൂർശീമയിൽ ഉൾപ്പെട്ടതാണെങ്കിലും അന്നു കൊച്ചിക്കു ചേർന്നതായിരുന്നു. ആ ഇല്ലക്കാർക്കു കൊച്ചിരാജകുടുംബത്തിൽ അന്നും ഇന്നും പൗരോഹിത്യമുണ്ടു്. അവരും, പെരുമ്പടപ്പുകാർ വന്നേരി വിട്ടപ്പോൾ കന്നിച്ചു പോന്നവരാണെന്നാണു് ഐതിഹ്യം. വെള്ളാരപ്പിള്ളിക്കോവിലകത്തിനടുത്തുള്ള പേർപുകഴ്ന്ന 'പുതിയേടം'ക്ഷേത്രത്തിലെ തന്ത്രവും ശാന്തിയും അക്കാലത്തു ചേന്ദോസ്സ് ഇല്ലത്തുനിന്നായിരുന്നു നിർവ്വഹിച്ചിരുന്നതു്. അനുജൻനമ്പൂതിരിപ്പാടു മന്ത്രതന്ത്രാദികളിൽ വളരെ വിദഗ്ദ്ധനും, വിശിഷ്ടനും ആയിരുന്നു. അംബികത്തമ്പുരാട്ടിയുടെ ആദ്യത്തെ രണ്ടു പെൺകുട്ടികൾക്കുശേഷം 'കാണാൻ കൊതിച്ചുണ്ടായ' ഒരാൺകുട്ടിയായിട്ടാണു ശക്തൻതമ്പുരാന്റെ ജനനം. ആ രണ്ടു പെൺവഴിത്തമ്പുരാക്കന്മാരും, നിർഭാഗ്യവശാൽ പ്രസവിക്കാതെ പിന്നീടു് അന്തരിച്ചുപോകുകയാണുണ്ടായതു്. ശക്തനു മൂന്നു തിരുവയസ്സാകുന്നതിനുമുമ്പിൽ അംബികത്തമ്പുരാട്ടിയും മൃതിയടഞ്ഞു.

കർക്കടകമാസം, രാത്രിസമയം, കറുത്തവാവു്, കഠോരമാരി, കട്ടിയായ കൂരിരുട്ടു്, പൂയം നക്ഷത്രം! ഉണ്ണിയുടെ ജനനം എല്ലാംകൊണ്ടും ബന്ധുജനങ്ങളെ പരിഭ്രാന്തചിത്തരാക്കി. സമയംനോക്കി 'തലക്കുറി' വരയ്ക്കുന്നതിനുംകൂടി ആർക്കും സന്മനസ്സുണ്ടായില്ല. വിദ്വാനും, ദൈവഭക്തനുമായിരുന്ന അച്ഛൻനമ്പൂരിപ്പാടുമാത്രം സന്തോഷംപൂണ്ടു. "ഉണ്ണി ഉണ്ടായി" എന്ന വസ്തുതമാത്രം മതിയായിരുന്നു അവിടുത്തെ സന്തോഷത്തിനു്. "നാം ആഗ്രഹിച്ചു പ്രാർത്ഥിച്ചപ്രകാരം നമുക്കൊരുണ്ണിയെത്തന്നു ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുമ്പോൾ എല്ലാം അവിടെത്തന്നെ സമർപ്പിച്ചു സമാധാനിക്കാതെ വ്യസനിക്കുന്നതു് എന്തിനാണു്"

എന്നുള്ള അവിടുത്തെ തത്വജ്ഞാനസംശുദ്ധമായ സാന്ത്വനവാക്കുകൾ കോവിലകത്തിനു മുഴുവനും അല്പം ആശ്വാസമരുളി.

സത്വ,രജ,സ്തമോഗ്ഗുണങ്ങളിൽ തമോഗ്ഗുണത്തിന്റെ ആധിക്യത്തെയാണു പ്രസവസമയം സൂചിപ്പിക്കുന്നതെന്നു ചിലർ വ്യാഖ്യാനിച്ചു. "രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതിയും നിലയും കുറിക്കുന്നതാണീ സമയം; അവിടുത്തെ ജനനംകൊണ്ടു സ്ഥിതിഗതികൾ ഭേദപ്പെടണം നാളെ മുതൽ ക്രമേണ ചന്ദ്രൻ വളർന്നു വരികയല്ലേ? പള്ളിവാലായ്മ കഴിയുന്നതോടുകൂടി കള്ളക്കർക്കടകവും അവസാനിച്ചുകൂട്ടത്തിലായി; സിംഹമാസാരംഭവും മലയാളത്തിന്റെ മനോഹരതയെക്കാട്ടുന്ന ഓണക്കാലവുമാണു പിന്നെ; ഈ രാജകുമാരൻ കൊച്ചിരാജ്യത്തെ ഇരുട്ടിൽനിന്നു വെളിച്ചത്തിലേയ്ക്കും, കർക്കടകത്തിൽനിന്നു ചിങ്ങത്തിലേയ്ക്കും ആനയിക്കും; അശേഷം സംശയിക്കാനില്ല," എന്നു് അന്നവിടെത്തന്നെ ഉണ്ടായിരുന്ന, രാജകുടുംബത്തിന്റെ കുലഗുരുവായ, കല്ലേങ്കരെപ്പിഷാരടി അദ്ദേഹത്തിന്റെ 'സരസ്വതീവിലാസ'ത്തെ വിസ്തരിച്ചു. അതുകപ്പാടെ ആദ്യത്തെ ആശങ്കകൾക്കു തൽക്കാലം ശമനം കൈവന്നു. അനന്തരകൃത്യങ്ങൾ നിർവ്വിഘ്നം നിർവ്വഹിക്കപ്പെടുകയും ചെയ്തു.

പിഷാരടിയുടെ "സാഹിത്യപ്രസംഗം" ഒരു സമയം ഒരു മനോധർമ്മപ്രകടനം മാത്രമായിരുന്നിരിക്കാമെങ്കിലും ശക്തൻതമ്പുരാന്റെ ജീവചരിത്രം ഗുരുവാക്യത്തെ അത്ഭുതാവഹമാംവണ്ണം അന്വർത്ഥമാക്കിത്തീർത്തു. അവിടുത്തെ നിര്യാണം, ഓണംകഴിഞ്ഞ കന്നിമാസത്തിലായിരുന്നു എന്ന സംഗതിയും, ഈ അവസരത്തിൽ സ്മരണീയമാണു്. കൊച്ചിയെ കർക്കടകത്തിലെ ദാരിദ്ര്യത്തിൽനിന്നു രക്ഷിച്ചു്, ചിങ്ങത്തിലെ ഓണമഹോത്സവം അനുഭവിപ്പിച്ചു്, സുഖവും സന്തോഷവുമുള്ള കന്നിയിൽ എത്തിച്ചതിനുശേഷമാണു് അവിടുന്നു് അന്തരിച്ചതു് !

ഉണ്ണിയുടെ ജനനസമയത്തെക്കുറിച്ചുള്ള ഭയപരിഭ്രമങ്ങൾ എന്നായിട്ടും സ്വരൂപാംഗങ്ങളെ വിട്ടുമാറിയില്ല. അങ്ങനെയിരിക്കുമ്പോൾ ഒരിക്കൽ ദൈവഗത്യാ ഒരു യതീശ്വരൻ പുതിയേടത്തുക്ഷേത്രത്തിൽ എത്തിച്ചേരുവാൻ ഇടയായി. യോഗീശ്വരന്മാർ ദേശാടനം ചെയ്തുകൊണ്ടുനടക്കുന്ന പതിവു് അക്കാലത്തു വളരെ കൂടുതൽ ഉണ്ടായിരുന്നു. കേവലം 'ഉദരംഭരികൾ' അല്ലാത്ത യതീന്ദ്രന്മാരും മുൻകാലങ്ങളിൽ

അപൂർവ്വമല്ലായിരുന്നു. അങ്ങനെയിരിക്കുമ്പോഠം ഒരു പ്രഭാതത്തിൽ ഒരു സന്ന്യാസിവര്യൻ ക്ഷേത്രസന്നിധിയിലൊ, ആൽത്തറമേലൊ സ്ഥിതിചെയ്യുന്നതു കാണാം. എവിടെനിന്നു്, എപ്പോഠം, എന്തിനായിട്ടു്, ആരു എന്നു് ആക്കും വിവരമുണ്ടാകയില്ല. അതറിയാനും സാധിക്കയില്ല. ഒരുദിവസം ആപ്രകാരംതന്നെ ആദ്ദേഹം അപ്രത്യക്ഷനാകയും ചെയ്യും. എന്താണു പോയതു്? എവിടേയ്ക്കാണു തിരിച്ചതു്? ആവോ? അതു് ആക്കും അറിവാൻ സാധിക്കയില്ല. ആ കൂട്ടത്തിൽ ഒരു സ്വാമിയാരാണു് അന്നു പുതിയേടത്തുക്ഷേത്രത്തിലും വന്നു കുറച്ചുദിവസം താമസിച്ചു്, പിന്നെ എങ്ങോ പൊയ്ക്കളഞ്ഞതു്.

ഉണ്ണിത്തമ്പുരാനെക്കുറിച്ചുള്ള മനശ്ശല്യം ആ യോഗിയാരെ അമ്മത്തമ്പുരാട്ടി അറിയിച്ചു എന്നും അവിടുന്നു കുറെ പൂവും വെള്ളവും എടുത്തു ജപിച്ചു് "ഈ പൂവു കുമാരനെക്കിടത്തിയിരിക്കുന്ന കിടക്കയുടെ ചുവട്ടിൽ വെക്കുകയും, ഈ തീർത്ഥം തളിക്കുകയും ചെയ്യൂ; ഒന്നും ഭയപ്പെടണ്ടാ; ഉണ്ണി യശസ്വിയും പരാക്രമശാലിയും ആയിത്തീരും" എന്നുപറഞ്ഞു കൊടുത്തു എന്നും, ആജ്ഞാനുസരണം അമ്മത്തമ്പുരാനും മററും പ്രവർത്തിച്ചു എന്നും പരക്കെ വിശ്വസിച്ചുവരുന്ന ഒരു കഥയുണ്ടു്. അങ്ങനെ എന്തെങ്കിലും സംഭവിച്ചിരിപ്പാൻ കട്ടും പ്രയാസവുമില്ല. ഏതായാലും കാലക്രമത്തിൽ ഉണ്ണിത്തമ്പുരാൻ മഹാ യശസ്വിയും അതിപരാക്രമശാലിയും ആയിത്തീൎന്നു എന്നതു നിൎവ്വിവാദമാണു്.

അച്ഛൻനമ്പൂരിപ്പാട്ടീന്നു്, അന്നു് ആ ദിക്കിൽ പ്രസിദ്ധനായിരുന്ന ഒരു കണിയാനെക്കൊണ്ടും ഒരു വാരിയരെക്കൊണ്ടും ഉണ്ണിയുടെ ജാതകമെഴുതിച്ചു; എങ്കിലും അതുകൊണ്ടൊന്നും തൃപ്തനാവാതെ അദ്ദേഹം ആ രണ്ടു ജാതകവുംകൊണ്ടു് ഒരു ദിവസം സാക്ഷാൽ പാഴൂർക്കണിയാന്റെ 'പടിപ്പുരയ്ക്കൽ' ചെന്നു എന്നും, 'മഹാകേമൻ' ആയിരുന്ന അന്നത്തെ പാഴൂർക്കണിയാൻ ആഗതനായ നമ്പൂരിപ്പാട്ടിലെ വരവിന്റെ 'ലക്ഷണങ്ങഠം' നോക്കിക്കൊണ്ടുതന്നെ ഫലഗണന ചെയ്തു എന്നും, ഐതിഹ്യമുണ്ടു്. "എന്താ തിരുമനസ്സിലെ മടിയിൽ? അതു രണ്ടും അങ്ങു കളഞ്ഞേക്കൂ' എന്നാണത്രെ നമ്പൂരിപ്പാട്ടിലെ കണ്ട ഉടനെ കണിയാൻ കണിശമായി 'കല്പിച്ചതു്.'

"എന്താന്നിച്ചാ പറേണെ. മടിയിൽ കുറച്ചു പൂത്തനും മുറുക്കാനും

മററം ഒക്കെ ഉണ്ടല്ലൊ".

കണിയാൻ: അതൊന്നും കളയണ്ടാ. ഉണ്ണിത്തമ്പുരാന്റെ ജാതകം രണ്ടും കളഞ്ഞേക്കു. അവ രണ്ടും തെററാണ്.

നമ്പൂരിപ്പാട്ട്: എന്തേ രസികാ! എന്റെ മടിയിൽ ജാതകോണ്ടെന്ന് ആരു പറഞ്ഞു?

കണിയാൻ: ജാതകപ്രശ്നത്തിന്നല്ലെ എഴുന്നള്ളത്ത്? നാളെപ്പോരാന്നല്ലെ വെച്ചിരുന്നത്? ഇന്നുതന്നെ എഴുന്നള്ളിയില്ലെ? കൊച്ചുതമ്പുരാൻ തിരുമനസ്സിലേയ്ക്കു കാലത്തിന്നു മുമ്പുതന്നെ രാജ്യാധികാരം കിട്ടും! എന്താ പോരെ?

നമ്പൂരിപ്പാട്ട്: ഹെയ്, എന്നാലും ഒന്നു നോക്കെണ്ടെ? പരിഭ്രമം നന്നേണ്ട്. ട്ടൊ.

കണിയാൻ: ആ സ്വാമിയാര് കല്പിച്ചതൊക്കെ ശരിയാ. ഉണ്ണി യോഗ്യനാകും.

നമ്പൂരിപ്പാട്ട്: അതു മതിയോ, കണിയാരെ! മുഴുവനും കേൾക്കണ്ടെന്നുച്ചല്ലെ ഇങ്ങോട്ടു വന്നത്?

കണിയാൻ: മുഴുവൻ അടിയൻ വിടകൊള്ളണോ! അടിയൻ ഒക്കെ നോക്കികണ്ടിട്ടുണ്ട്. ഉണ്ണി മഹാശക്തനും, യശസ്വിയും, ധൈര്യവീര്യപരാക്രമങ്ങളോടുകൂടിയവനും ആയി രാജ്യം ഭരിക്കും. അതുപോരെ തിരുമനസ്സോണ്ട്?

നമ്പൂരിപ്പാട്ട്: ദോഷഭാഗങ്ങളോ, കണിയാരെ!

കണിയാൻ: നിർബ്ബന്ധിച്ചാൽ വിടകൊള്ളാം. നാലാം ഭാവാധിപനും കാരകനും ദുസ്ഥിതിയും ഭാവത്തിനു് അനിഷ്ടഭാവാധിപബന്ധവും ബലക്കുറവും മററും കാണുന്നതുകൊണ്ടു മാതൃക്ലേശവും പിതാവിനു പുത്രന്റെ യോഗ്യത കാണാനുള്ള ഭാഗ്യമില്ലായ്കയും ഫലം പറയണം.

നമ്പൂരിപ്പാട്ട്: ആട്ടെ, ലഗ്നത്തിന്റെ ആയുർഭാവമെങ്ങനെ?

കണിയാൻ: മാർക്കണ്ഡേയനു പതിനാറു വയസ്സല്ലെ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടെന്താ? ഉണ്ണിത്തമ്പുരാനു മദ്ധ്യവയസ്സു കിട്ടില്ല. എട്ടാംഭാവാധിപനു ലഗ്നാധിപനേക്കാൾ ബലം കൂടുകകൊണ്ടും, കേന്ദ്രസ്ഥിതി ഉള്ളതുകൊണ്ടും, ആറെട്ടു പന്ത്രണ്ടുകളിൽ പാപബന്ധം ഉള്ളതുകൊണ്ടും മററും അവിടുന്നു ഷഷ്ടിപൂർത്തി കൊണ്ടാടില്ലാ.

നമ്പൂരിപ്പാട്ട്: വരേണ്ടിന്നില്ലാ. പുറപ്പെട്ടപ്പഴക്കം അകത്തുന്നു് കരപിൻവിച്ചീം.

കണിയാൻ: അതുകൊണ്ടെന്താ, തിരുമനസ്സിന്നു്. ആൽത്തറക്കൽ വന്നപ്പോഠം ഒരു 'വാഹനം' ശബ്ദിച്ചില്ലേ! തിരുമേനി മേല്പോട്ടുനോക്കി തൊഴുതില്ലേ! ഒരു കറവപ്പശുവിനെ വില്ക്കാൻ കൊണ്ടുവരണതല്ലേ ശകുനം? ഗോബ്രാഹ്മണരക്ഷാചതുരനായി, ഈശ്വരാധീനം തികഞ്ഞവനായി, സമ്പത്തും സൽകീർത്തിയും വർദ്ധിപ്പിച്ചുകൊണ്ടു് ഈ കൊച്ചുതമ്പുരാൻ രാജ്യഭാരം ചെയ്യും.

നമ്പൂരിപ്പാട്ടു്: ഈശ്വരോ രക്ഷതു! ആട്ടെ ഇതൊന്നു നോക്കണ്ടെ. ഈ തലക്കുറി.

കണിയാൻ: വേണ്ടാ തിരുമനസ്സിന്നു്. ഇതാ അടിയൻ എഴുതി വെച്ചിട്ടുണ്ടു്. ഇതു കൊണ്ടുപോകാം.

നമ്പൂരിപ്പാട്ടു്: എന്നേ 'വിഷമേ'! ഇതെങ്ങനെ പററിച്ചു!

കണിയാൻ: അപ്പം തിന്നാൽപോരേ തിരുമനസ്സിന്നു്. കുഴി എണ്ണണൊ. പ്രബലമായ രാജയോഗമുള്ള ജാതകമാണു്. ഇനിയൊക്കെ ഈശ്വരേച്ഛ. അതാകു.റിയാം?

നമ്പൂരിപ്പാട്ടിലേക്കു് അത്ഭുതവും ആഹ്ലാദവും അതോടുകൂടി അത്യന്തം വ്യസനവും ഉണ്ടായി. കണിയാനെ യഥാവിധി സമ്മാനിച്ചു തിരിച്ചുപോരുകയും, 'ഈശ്വരൻ വരുത്തുന്നതൊക്കയും സഹിച്ചുകൊണ്ടീശ്വരാർപ്പണം ചെയ്തു പാകു.യേ ഗതിയുള്ളൂ' എന്നു സമാധാനപ്പെട്ടു കഴിച്ചുകൂട്ടുകയും ചെയ്തു. വിവേകിയായിരുന്ന നമ്പൂരിപ്പാട്ടിന്നു മാതൃക്ലേശത്തിന്റെ സംഗതിമാത്രം പുറത്തു പറയാതെയും, മററു കാര്യങ്ങളെല്ലാം യഥാശക്തി വർണ്ണിച്ചു കോവിലകത്തുള്ളവരെ സമാധാനപ്പെടുത്തിക്കൊണ്ടും (മാതാവിന്റെ സ്ഥിതിയിൽനിന്നു കണിയാന്റെ ഗണിതത്തിന്റെ ഫലമറിയാമെന്നു നിശ്ചയിച്ചാശ്വസിച്ചുകൊണ്ടും) കഴിച്ചുകൂട്ടി.

ഉണ്ണിക്കു മുറപ്രകാരം 'രാമവർമ്മൻ' എന്നു നാമകരണംചെയ്തു. കേരളവർമ്മൻ, രാമവർമ്മൻ, രവിവർമ്മൻ എന്നിങ്ങനെ മൂന്നു പേരുകളാണു കൊച്ചിരാജകുടുംബത്തിലെ പുരുഷനാമങ്ങൾ. വിളിക്കുന്നതൊക്കെ പിന്നെ ഇഷ്ടംപോലെയാവാം. ഇന്നും അപ്രകാരംതന്നെയാണു നടന്നുവരുന്നതു്. ഉണ്ണിക്കു മൂന്നുവയസ്സാകുന്നതിനുമുമ്പു പെററമ്മ തീപ്പെട്ടുകയും, പിന്നീടു ചിററമ്മതന്നെ പെററമ്മയുടെ സ്ഥാനം അന്യൂയാവഹമാംവണ്ണം വഹിക്കുകയും ചെയ്തു. 930-ാമാണ്ടിൽ രാജകുടുംബത്തിന്റെ സ്ഥിരതാമസം മിക്കവാറും തൃപ്പൂണിത്തുറയിൽതന്നെയായി. അതു

കൊണ്ടു ശക്തൻതമ്പുരാൻെറ വിദ്യാഭ്യാസവും ആയുധാഭ്യാസവും എല്ലാം തൃപ്പൂണിത്തുറവെച്ചുതന്നെ ആയിരുന്നു.

അഞ്ചാമത്തെ വയസ്സിൽ രാജകുമാരനെ കുലാചാരപ്രകാരം 'എഴുത്തിനു വെച്ചു'. പ്രായത്തിൽ കവിഞ്ഞ ബുദ്ധിശക്തിയും വാഗ്വിലാസവും ബാല്യത്തിൽത്തന്നെ അവിടുന്നു പ്രകടിപ്പിച്ചു. അവിടുത്തെ വാശിയും ചുണയും സാധാരണബാലന്മാർക്കുള്ളതിൽ വളരെ കൂടുതൽതന്നെ ആയിരുന്നു. വളച്ചുനിന്നുസരിച്ചു വളർത്തുന്നതിൽ എല്ലാവരും വളരെ നിഷ്കർഷ വെയ്ക്കുകയും ചെയ്തു. പെരുമ്പടപ്പുസ്വരൂപത്തിലെ കുലഗുരുവായ 'കല്ലേക്കുളപ്പിഷാരോടി'യാണു് ഉണ്ണിയെ എഴുത്തിനുവെച്ചതു്. അന്നു വെള്ളാരപ്പിള്ളിയിൽവെച്ചു 'സരസ്വതീവിലാസം' വിളമ്പിയ ആ വിദ്വാൻതന്നെയായിരുന്നു ആദ്യഗുരുവെന്നതു പ്രസ്താവ്യമാണു്. ആ പിഷാരം ഇന്നും ഉണ്ടു്. ആ പിഷാരത്തെയാണു പ്രസിദ്ധസംസ്കൃതപണ്ഡിതരാജനായ മുൻഷി—ഇപ്പോൾ പെൻഷൻപററി ആയുഷ്മാനായി തൃപ്പൂണിത്തുറത്തന്നെ താമസിക്കുന്ന—കെ. രാമപ്പിഷാരോടി. പതിനഞ്ചു തിരുവയസ്സായപ്പോഴേയ്ക്കും ആ രാജകുമാരൻ, അന്നത്തെ സ്ഥിതിക്കു്, എല്ലാററിലും ഒരു സാമാന്യവ്യുൽപത്തിക്കു് അവകാശിയായിത്തീർന്നു. രണ്ടാംഭാവാധിപനു തീക്ഷ്ണതയും ബലവും വിദ്യാകാരകനു ശുഭത്വവുംമററും ഉണ്ടായിരുന്നതുമൂലം വിദ്യയിൽ ഒട്ടും പിന്നോക്കമായിരുന്നില്ല.

അന്നത്തെക്കാലത്തു കൊച്ചിരാജകുടുംബത്തിലെ രാജകുമാരന്മാർ ആയുധാഭ്യാസവും ശീലിച്ചിരുന്നു. കളരിപ്പയററം, കച്ചകെട്ടു, കാലാനുസരണം കഴിച്ചുകൂട്ടേണ്ട കായികപരിശീലനങ്ങളിൽ ഉൾപ്പെട്ടവയുമായിരുന്നു. 'ഉറച്ച ശരീരവും നിറച്ച ബുദ്ധിയും' എന്ന തത്വം മലയാളികൾ മററുള്ളവരിൽനിന്നു പഠിച്ചതായിരുന്നില്ല. ആയുധാഭ്യസനത്തിൽ ഉണ്ണിത്തമ്പുരാൻ അസാധാരണമായ വാസനയും നൈപുണിയും ആദ്യംമുതല്ക്കേ പ്രദർശിപ്പിച്ചു. ഗുരുക്കന്മാരെക്കൂടി വിസ്മയിപ്പിച്ചതായിരുന്നു അവിടുത്തെ ശസ്ത്രസാമർത്ഥ്യങ്ങൾ. കാര്യംകുളത്തുകാരൻ കേളച്ചാരും, കടത്തനാട്ടുകാരൻ കോരുനായരും ഒരു നമ്പൂരിയും ആയിരുന്നു അവിടുത്തെ ഗുരുക്കന്മാർ. 'പേരാററുപുറത്തുനമ്പൂതിരിമാർ'— ഇന്നുമുണ്ടു്, തൃശ്ശൂരിനടുത്തു് മുക്കാട്ടുകരയാണില്ലം—പണിക്കന്മാരുടെ പയററുമുറ പഠിച്ചവരും അതു പഠിപ്പിക്കുവാൻ നിശ്ചയിക്കപ്പെട്ടവരുമായിരുന്നു. അവരുടെ സ്ഥാനപ്പേർതന്നെ 'പേരാററുപുറത്തുപണി

ക്കർ എന്നത്രേ. ആയുധാഭ്യസനത്തിൽ അതിവിദഗ്ദ്ധനായി ശക്തൻ തമ്പുരാൻെറ കാലത്തുണ്ടായിരുന്ന 'പേരാററുപുറം' അവിട്ടത്തെ കളരിച്ചങ്ങാതിയുമായിരുന്നു. അവർ രണ്ടുപേരുംകൂടി വിവിധങ്ങളായ വിക്രമങ്ങൾ നടത്തിയിട്ടുള്ളതായി പല കഥകളും പ്രചാരത്തിലുണ്ട്. പാറപ്പെട്ടിനായരുടെ അക്രമസംഘത്തെ അമച്ചുചെയ്യുകാര്യത്തിൽ ശക്തൻ തമ്പുരാൻെറ വലത്തുകയ്യായിപ്രവർത്തിച്ചതു പേരാററുപുറത്തു പണിക്കർ ആയിരുന്നു. മൂന്നാംഭാവാധിപനും കാരകൻ ചൊവ്വയ്ക്കും പൂർണ്ണബലവും പതിനൊന്നാം ഭാവാധിപനു തൽഭാവത്തേയ്ക്കുള്ള അനുകൂലസ്ഥിതിയും നിമിത്തം ധൈര്യം, വീര്യം, പരാക്രമം ഇവയെല്ലാം ആ ബാലനിൽ സ്വയംസംഭൂതങ്ങളായിരുന്നു.

"കായംകുളം വാളി"ൻെറ പ്രസിദ്ധി സർവ്വവിദിതമാണല്ലോ. കായംകുളം അക്കാലത്തു് ആയുധവിദ്യകൾക്കു കേൾവിപ്പെട്ടിരുന്നു. മാർത്താണ്ഡവർമ്മമഹാരാജാവു കായംകുളം കീഴടക്കിയപ്പോൾ അവിടെനിന്നു കൊച്ചിക്കു കടന്നുകൂടിയ ഒരു അഭ്യാസിയായിരുന്നു 'കേളച്ചാർ.' 937-ലെ സാമൂതിരിപ്പടയൊന്നിച്ചു കൊച്ചിക്കു വന്ന വിദഗ്ദ്ധന്മാരിലൊരാൾ കൊച്ചിയിൽ തങ്ങിനിന്നിരുന്നു. ആയാളാണു മുൻപറഞ്ഞ കോരുനായർ. വാളേറു്, കുന്തേറു്, 'കുതിരകയററം', പരിശപ്പയററു് ഇവയൊക്കെ തമ്പുരാൻ കേളച്ചാരിൽനിന്നും, അടവു്, തടവു്, ആകാശപ്പയററു്, പരിശയൊളിപ്പു്, കാട്ടം, ചാട്ടം, വായുസ്തംഭനം എന്നിവ കോരുനായരിൽനിന്നും വശമാക്കി. ഈ വക എല്ലാ വിദ്യകളിലും അവിട്ടന്നു് അചിരേണ അദ്വിതീയനായും ഭവിച്ചു. വാളഭ്യാസത്തിലും കുതിരകയററത്തിലുമായിരുന്നു തമ്പുരാൻ പൂർത്തിയായ പ്രാഗത്ഭ്യംപ്രാപിച്ചതു്. തമ്പുരാൻെറ കൂട്ടത്തിലും കൂപ്പംനില്ക്കാൻ അന്നു കൊച്ചിരാജ്യത്തു് ഒരുത്തനേ ഉണ്ടായിരുന്നുള്ളു. അദ്ദേഹമാണു പ്രസിദ്ധനായ 'പണിക്കർകപ്പിത്താൻ'. കമ്പളം രാജ്യത്തു തണ്ടാശ്ശേരി എന്ന വീട്ടിലെ ബാലകൃഷ്ണപ്പണിക്കർ എന്നാണദ്ദേഹത്തിൻെറ മുഴുവൻ പേരു്. അദ്ദേഹം ആദ്യാവസാനം ശക്തൻതമ്പുരാൻെറ അംഗരക്ഷകനും ആജ്ഞാകരനുമായിരുന്നു. "രജമിട്ട വിചാരിപ്പോ" "കമ്പിനികാര്യമോ" പണിക്കർക്കുണ്ടായിരുന്നില്ല.

കവണയേറു് അവിട്ടത്തെ കുട്ടിക്കാലത്തെ വിനോദങ്ങളിൽ ഒന്നായിരുന്നു. ഏററവും ഉയരമുള്ള മാവിൻെറ കൊമ്പുകളിൽനിന്നു ചെറിയ കൊമ്പോടുകൂടി മാങ്ങാക്കുലകൾ എറിഞ്ഞു വീഴ്ത്തുന്നതിനു് അവി

ടേയ്ക്കു് ഒരു പ്രയാസവുമുണ്ടായിന്നില്ല. അതുപോലെതന്നെ പച്ചനാളികേരം കുലയോടുകൂടി കല്ലെറിഞ്ഞു വീഴ്ത്തുന്നതും അവിടുത്തെ കുട്ടിക്കളികളിൽ ഒന്നായിരുന്നു. പലപ്പോഴും ശ്വാസസ്തംഭനം ചെയ്തു വെള്ളത്തിനടിയിൽ വളരെനേരം മുങ്ങിക്കിടന്നു കൂട്ടുകാരെ അമ്പരപ്പിക്കുകയും ചിററമ്മമുതൽപേരെ പാടല്ലാതെ പരിഭ്രമിപ്പിക്കുകയും ചെയ്തിരുന്നു.

മേൽപ്രകാരംതന്നെ കുതിരകയറാം അവിടേയ്ക്കു് ഏറ്റവും പ്രിയപ്പെട്ട ഒരു വ്യായാമമായിരുന്നു. 'അശ്വഹൃദയ'മന്ത്രം പഠിച്ചിട്ടുണ്ടെന്നു കാണികൾ പറഞ്ഞത്ഭുതപ്പെട്ടുമാറു് ഏതു പടക്കുതിരയേയും മെരുക്കി പുറത്തു കയറുന്നതിനു് അവിടേയ്ക്കു് ഒരു ക്ലേശവുമുണ്ടായിരുന്നില്ല. പതിനൊന്നു വയസ്സായ കാലത്താണു് ഒരിക്കൽ ഒരു ജോനകൻ വില്പനയ്ക്കു കൊണ്ടുവന്ന കുതിരകളിൽ വലിയ ഒന്നിൻെറ പുറത്തു ജീനിയും കടിഞ്ഞാണും ഒന്നുംകൂടാതെ, ചാടിക്കയറി നാലുചാലു വെട്ടുവഴിയിലിട്ടോടിച്ചതു്. അതിനെക്കുറിച്ചു മറെറാരു അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. അവിടുത്തെ പാദസ്പർശസുഖം അനുഭവിക്കാത്ത ദേശങ്ങൾ കൊച്ചിരാജ്യത്തില്ല; യാത്ര മുഴവനും കുതിരപ്പുറത്തായിരുന്നുതാനും.

പ്രച്ഛന്നവേഷനായി നടക്കുന്നതിനു് അവിടേയ്ക്കു നന്നേ ചെറുപ്പത്തിൽതന്നെ അതികലാശലായ വാസനയുണ്ടായിരുന്നു. അതിൽ അവിടുന്നു പ്രകടിപ്പിച്ചിരുന്ന തന്മയത്വവും, എളുപ്പവും ആരെയും അത്ഭുതപരതന്ത്രരാക്കി. മൊട്ടച്ചി അമ്മ്യാരുടെ വേഷംകെട്ടി ചിററമ്മയെ പററിച്ച കഥ മറെറാരിടത്തു ചേർത്തിട്ടുണ്ടു്. നമ്പൂരിയായും തിരുപ്പാടായും 'ആൾമാറി'നടന്നു കാര്യം പററിക്കുന്നതിൽ അത്ര ആശ്ചര്യപ്പെട്ടവാനൊന്നുമില്ല. അവർ രണ്ടുപേരും ഒരു തമ്പുരാനും തമ്മിൽ പ്രത്യക്ഷത്തിൽ ഒരു വ്യത്യാസവുമില്ല. തമ്പുരാനെ എല്ലാവരും കണ്ടുപരിചയിച്ചിട്ടുമുണ്ടാവില്ല. എന്നാൽ, ജോനകനായും, ഭൃത്യനായും, കുടുംബിക്കാരനായും, കൊങ്ങിണിയായും, പട്ടരായും, പട്ടാണിയായും, ചാടനായും വേടനായും അവിടുന്നു വേഷംമാറി നടന്നു പല സംഗതികളുടേയും പരമാർത്ഥം നേരെ മനസ്സിലാക്കുകയും, യഥാർത്ഥവേഷം കണ്ടിട്ടുണ്ടെങ്കിൽ 'വിശ്വരൂപം' പ്രത്യക്ഷപ്പെടുത്തി 'ന്യായം നടത്തുക'യും ചെയ്തിട്ടുള്ളതായി കേൾക്കുമ്പോൾ അത്ഭുതം മാത്രമല്ലാ അവിശ്വാസംകൂടി തോന്നിപ്പോകും.

അവിടുത്തേയ്ക്കു ബാല്യത്തിൽതന്നെ പ്രകടമായിരുന്നു, മൃഗയാവി

...ാദത്തിലുള്ള വാസന കാട്ടാനയെപ്പോലും വേട്ടയാടീട്ടുള്ളതായും പന്നിവേട്ട സാധാരണ ചെയ്യുവന്നിട്ടുള്ളതായും കേട്ടിട്ടുണ്ട്. തോക്കുകഠം അധികവും ഉപയോഗിച്ചിരുന്നതു നായാട്ടിനാണ്. അവിടുന്ന് ഒരു ഒന്നാംതരം വെടിക്കാരനായിരുന്നു. പലതരത്തിലുള്ള അസംഖ്യം തോക്കുകഠം സ്വാതന്ത്ര്യാവശ്യത്തിനു പ്രത്യേകം വരുത്തി സൂക്ഷിച്ചിരുന്നു. എന്നാൽ സാധാരണമായും ഒഴിവുകൂടാതെയും ധരിച്ചിരുന്ന ആയുധം ഉടവാഠം തന്നെ ആയിരുന്നു.

അക്രമത്തിനുള്ള ഒരു കൈത്തരിപ്പും, സാധുക്കളോടുള്ള അനുകമ്പയും ജാതകവശാൽ തന്നെ 9-ം 10-ം ഭാവങ്ങളുടെ സ്ഥിതികൊണ്ടു ശക്തൻ തമ്പുരാനു ജന്മാന്തരഫലമായി സിദ്ധിച്ചതാണെന്നു വേണം വിചാരിക്കുവാൻ. അതുമല്ല ചെറുപ്പത്തിൽതന്നെ അതിൻെറ ഓരോ പ്രതിഫലനങ്ങഠം പ്രത്യക്ഷപ്പെട്ടിരുന്നു. ഒരു പൊട്ടക്കുളത്തിൻെറ ചുററും നിന്ന്അതിലെ തവളകളെ കല്ലെറിഞ്ഞുകൊണ്ടിരുന്ന 'കന്നാലിപ്പിള്ളരെ' ഒരുതവണ ഈ ഉണ്ണിത്തമ്പുരാൻ പൊതിരെ തല്ലിവിട്ടുവത്രെ. 'ആരെയും ഒന്നും ഉപദ്രവിക്കാത്ത ആ സാധുത്തവളകഠം എന്തുപിഴച്ചു! വേദനയെന്താണെന്ന് അവരും അറിയട്ടെ,' എന്നായിരുന്നു ആ സംഭവം വിചാരണചെയ്യുവന്നപ്പോഠം ഉണ്ണിയുടെ സമാധാനം. വല്ല പാമ്പും തവളയെ പിടികൂടിയിരിക്കുന്നതു കാണുകയാണെങ്കിൽ തനിക്കു നേരിട്ടേക്കാവുന്ന ആപത്തിനെയൊക്കെ അവഗണിച്ച് ആ പാമ്പിനെ തല്ലിക്കൊന്നു തവളയെ വിട്ടയക്കാതെ ആ ഉണ്ണി സ്ഥലംവിട്ടുമായിരുന്നില്ല. 'സാധുക്കളെ ഉപദ്രവിക്കേ്യാ? ദുഷ്ടന്മാരെ ചതയ്ക്കണം,' എന്നായിരുന്നു ബാല്യം മുതല്ക്കേ അവിടുത്തെ ആദർശം. തദനുസരണമായ പല പ്രവൃത്തികളും ഉണ്ണിയായിരിക്കുമ്പോഠംതന്നെ ചെയ്യിട്ടുമുണ്ട്. അവസാനംവരെ ആ മനസ്ഥിതി നിലനില്ക്കുകയും ചെയ്തു. വിചാരിക്കാൻകൂടി വയ്യാത്തവിധത്തിലുള്ള കഠിനശിക്ഷകഠം കല്പിക്കുന്നതിനും നടത്തുന്നതിനും അവിടേയ്ക്ക് ഒരിക്കലും ഒരു സങ്കോചവും ഉണ്ടായിട്ടില്ല. അതുപോലെതന്നെ സാധുക്കളുടെ ക്ഷേമാദികളിൽ അവിടുന്ന് അശ്രാന്തം ശ്രദ്ധിക്കുകയും അനേകവിധത്തിൽ അവരെ സഹായിക്കുകയും, അതിനുവേണ്ടി പല കഷ്ടതകഠം സഹിക്കുകയും ത്യാഗങ്ങഠം ചെയ്കയും ഉണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ ശക്തൻതമ്പുരാൻെറ തിരുനാമം ഇന്നും പൊതുജനഹൃദയങ്ങളിൽ പച്ചപിടിച്ചുനില്ക്കുന്നതു് അവിടുത്തെ കഠിനശിക്ഷകളുടെ ഭയാനകത്വം കൊണ്ടല്ലാ, അവിടുത്തെ ദീനാനുകമ്പയുടെ പുളകജനകമായ സ്മരണ കൊണ്ടാകുന്നു.

ഗോബ്രാഹ്മണരക്ഷയിൽ ക്ഷത്രിയവംശാലങ്കാരഭൂതനായിരുന്ന ശക്തൻതമ്പുരാനുണ്ടായിരുന്ന തീവ്രമായ താൽപര്യവും ബാല്യത്തിൽ തന്നെ പ്രത്യക്ഷപ്പെട്ട ഒരു മനോഗുണവിശേഷമായിരുന്നു. പശുക്കളെ ശുശ്രൂഷിക്കുന്നതും പരിപാലിക്കുന്നതും ഉണ്ണിക്ക് ഏററവും ഇഷ്ടമായ ഒരു പ്രവൃത്തിയായിരുന്നു. 'ആയി, ആയി എന്തുനേരോ തൊഴുത്തിലൊ കുഞ്ഞിപ്പിള്ളേ!' എന്നു ചിററമ്മ പലപ്പോഴും ശകാരിക്കാറും, 'എനിക്കു ചിററമ്മെക്കഴിഞ്ഞാൽപ്പിന്നെ ഇഷ്ടം പശൂനെ ആണ്' എന്നു ഉണ്ണി മറുപടിപറയാറും ഉണ്ടത്രെ. 'പശുവിൻപാൽ' അവിടേയ്ക്കു അത്ര്യംമുതല്ക്കേ വളരെ പത്ഥ്യമായ ഒരു ഭക്ഷണസാധനമായിരുന്നു. പ്രാലെത്ര കുടിച്ചാലും തൃപ്തി വന്നിരുന്നില്ല. 'നമുക്കു പാലുകുടിക്കുന്നതിന്' ഒരു സൂറത്തിപശുവിനെ വാങ്ങിച്ചയക്കു'ന്നതിനു ശക്തൻതമ്പുരാൻ ഡച്ചുഗവർണ്ണർക്കും മററും പിൽക്കാലങ്ങളിൽ എഴുതിയയച്ചതായി കാണുന്നുണ്ട്.

ഉണ്ണിത്തമ്പുരാന്റെ 'ഗോബ്രാഹ്മണരക്ഷാവ്രതം' അനന്തരകാലങ്ങളിൽ രണ്ടു രൂപത്തിൽ പ്രത്യക്ഷപ്പെട്ടു.—ഗോബ്രാഹ്മണസംരക്ഷയും, ഗോബ്രാഹ്മണദ്രോഹികൾക്കുള്ള കഠിനശിക്ഷയും. 'ഗോഹത്യ'. അവിടുത്തെ കാലത്ത് ഒരു കൊലക്കുററമായിരുന്നു. ഉണ്ണിയായിരിക്കുമ്പോൾതന്നെ ഒരിക്കൽ വെള്ളാരപ്പിള്ളിയിൽവെച്ച് ഒരു നമ്പൂരിയുടെ പശുവിനെ അറുത്ത ജോനകനെ പിടിച്ചുകെട്ടി ആ കയറു കയ്യിൽ പിടിച്ചുകൊണ്ടു കുതിരപ്പുറത്തു കയറി ഓടിച്ചുപോരുകയും, വഴിനീളെ ആയാളെയിട്ടു വലിക്കുകയും, കടവിൽ വെട്ടിക്കൊല്ലുകയും, മൂന്നു പശുവിന്റെ വില നമ്പൂരിക്കു കൊടുപ്പിക്കുകയും ചെയ്തിട്ടുണ്ടത്രെ! കൊച്ചിയിലെ 'മാക്കൊരിൽ' ചിലർ ഗോഹത്യാനിരതന്മാരാണെന്നു കണ്ട് അവരെക്കുറിച്ചു ഡച്ചുകാർക്കു വളരെ ഹൃദയവേദനയോടുകൂടി പല തവണ എഴുതി അയയ്ക്കുകയുണ്ടായിട്ടുണ്ട്. പലരേയും ആ കുററത്തിനു കഠിനമായി ശിക്ഷിച്ചിട്ടുമുണ്ട്. പശുക്കളേയും മററും ശുശ്രൂഷിക്കുന്ന സംഗതിക്കു പശുപാലകന്മാർക്കു [illegible]തങ്ങളായ ഇനാമങ്ങൾ കല്പിച്ചുകൊടുത്തിരുന്നു.

'ബ്രാഹ്മണരക്ഷ'യിൽ ഉഗ്രമായ ശിക്ഷയും ഉൾപ്പെട്ടിരുന്നു എന്നുള്ളതു് അവിടുത്തെ മനോഭാവത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. ബ്രാഹ്മണനാണെന്നു കരുതി അപരാധങ്ങളെയൊന്നും അവിടുന്നു ക്ഷമിച്ചിരുന്നില്ല. അക്രമവും വിശ്വാസക്കേടും രാജദ്രോഹവും പ്രവർത്തി

51 ക[illegible]ത്തിൽ തീപ്പെട്ട കൊച്ചിരാജാവ്.
ഇദ്ദേഹമാണ് ശക്തൻതമ്പുരാനെ ഇദംപ്രഥമമായി ഭരണകാര്യം
പഠിപ്പിച്ചത്

ശക്തൻതമ്പുരാൻ

കൊല്ലം 965 കർക്കിടകം 32-ാംനു തീപ്പെട്ട കൊച്ചിരാജാവു്

good for nothing

ച്ചിട്ടുള്ള ആഢ്യ നമ്പൂരിമാരുടെ ഇല്ലങ്ങൾതന്നെ തകക്കുന്നതിനു് അ ിടുന്നു മടിച്ചിട്ടില്ല. എന്നാൽ, ബ്രാഹ്മണവൃത്തിയിൽമാത്രം ലീന മാരായസന്മാരായി ജാതിധമ്മങ്ങൾ അനുഷ്ഠിച്ചുപോന്ന അനേകം നമ്പൂരി ഗൃഹങ്ങൾക്കു അവിടുന്നു കരമൊഴിവായും അല്ലാതെയും, ഭൂമികൾ ാനം കൊടുത്തും, ദ്രവ്യം കൊടുത്തും, ജനോപദ്രവങ്ങൾ ഇല്ലായ്മ ചെയ്തുകൊടുത്തും മററും ഏററിയപ്രകാരത്തിൽ അനുഗ്രഹിച്ചിട്ടുമുണ്ടു്.

കാര്യസ്ഥത നടിക്കലും കാര്യങ്ങളിൽ കടന്നു കയ്യിടലും കുട്ടിക്കാല ൽതന്നെ തുടങ്ങിയിരിക്കുന്നു! 937-ലെ തിരുവിതാംകൂർ ഉടമ്പടി ക്കാ ര്യത്തിൽകൂടി—അന്നു പതിനൊന്നു വയസ്സേ ആയിരുന്നുള്ളു എങ്കിലും സ്വാഭിപ്രായപ്രകടനമുണ്ടായി എന്നും, ലന്തക്കുമുദവർ അതുകണ്ട് അത്ഭുതപ്പെട്ടു എന്നും പറയപ്പെടുന്നു.

ഏതായാലും അവിടേയ്ക്കു് ഇരുപതു തിരുവയസ്സായതോടുകൂടി അവിടുത്തെ സവ്വവിധസ്വഭാവസമ്പ്രദായങ്ങളും അഭിപ്രായഗതികളും ആദശ്ശുദ്ധതയും സവ്വജനവിദിതമായിത്തീന്നിട്ടുണ്ടായിരുന്നു.

VII

പ്രതിപുരുഷതാപ്രാപ്തി

946 മുതൽ, 965-ൽ വലിയതമ്പുരാനാകുന്നതുവരെ, ശക്തൻതമ്പുരാൻ അതതുകാലത്തെ രാജാക്കന്മാരുടെ 'പ്രതിപുരുഷൻ' ആയിരുന്നു. സകലരാജ്യകാര്യങ്ങളും അവരുടെ നാമധേയത്തിൽ—എന്നാൽ സവ്വതന്ത്രസ്വതന്ത്രനായിത്തന്നെ — ശക്തൻതമ്പുരാൻ നടത്തിപ്പോന്നു. 951-ൽ തീപ്പെട്ട വലിയതമ്പുരാൻ പരമസാത്വികനും സമാധാനതൽപരനും ആയിരുന്നു. അവിടുത്തെ കാലത്താണ തിരുവിതാംകൂറുമായി സന്ധി ചെയ്യുതും, അതിന്റെ ഫലമായി സാമൂതിരിയെ കൊച്ചിരാജ്യാതിത്തികൾ കടത്തിവിട്ടതും. ആ ബഹളം ഒരുവിധം അവസാനിച്ചപ്പോഴേക്കും ഹൈദർനവാബിന്റെ പടപ്പുറപ്പാടായി. 937-ലെ കരാറുപ്രകാരം തിരുവിതാംകൂറിനു് കഴിഞ്ഞുകൊടുത്ത രാജ്യങ്ങളെസംബന്ധിച്ചുള്ള പ്രതിഫലക്കാര്യത്തിനെക്കുറിച്ചു് ആലോചിക്കുന്നതിനുകൂടി, "വീണ്ടുകി

ട്ടാൻവെച്ചതു മുഴുവനും കിട്ടാത്തതുകൊണ്ടു്, വിട്ടുകൊടുത്തതും മുഴുവൻ എടുക്കാൻ അവകാശമില്ല",എന്ന വാദം കുറേശ്ശെ പുറപ്പെട്ടിരുന്നാലും, ആ മഹാരാജാവു പുറപ്പെട്ടുകയുണ്ടായില്ല! സാമൂതിരി തൽക്കാലം പിന്മാറിയാലും, മേൽ എന്തുണ്ടാകുവാൻപോകുന്നു എന്നോ, മൈസൂർകാരോട് ഏതുനയമാണു് അംഗീകരിക്കേണ്ടതെന്നോ, ആ കാലഘട്ടത്തിൽ ലന്തക്കാരുടെ തനിനിറം എന്താണെന്നോ, തഴച്ചുകൂടി അടുത്തുപററിയിരിക്കുന്ന തിരുവിതാംകൂറിൻെറ ആന്തരമായ ഉദ്ദേശ്യം എന്താണെന്നോ, എടഞ്ഞും എതിർത്തും, എങ്കിലും പററിയും പരുങ്ങിയും, നില്ക്കുന്ന നാട്ടുപ്രഭുക്കന്മാരോടു് എന്തെടുക്കണമെന്നോ, രാജഭണ്ഡാരത്തിൻെറ ശുഷ്കാവസ്ഥയെ പരിഹരിക്കുന്നതു് എങ്ങനെയെന്നോ, ഒന്നും അറിയാതെ ആ മഹാരാജാവു നന്നെ പരുങ്ങലിലായി.

ഡച്ചുഗവർണ്ണരും മാർത്താണ്ഡൻപിള്ളദളവയും തൃപ്പൂണിത്തുറയ്ക്കു വന്നു. സാമൂതിരിയോടുള്ള യുദ്ധത്തിൽ ജയിച്ച സന്തോഷംകൊണ്ടു മാർത്താണ്ഡൻപിള്ളദളവയ്ക്കു 'പുത്തൻചിറ'പ്രദേശം സമ്മാനംകൊടുത്തതും ഈ മഹാരാജാവാണു്. അന്നു് എളമുറയായിരുന്ന ആളും,—965-ൽ തീപ്പെട്ട വലിയതമ്പുരാൻ—അന്നത്തെ കാര്യാലോചനയിൽ പങ്കുകൊണ്ടു. തിരുവിതാംകൂർമഹാരാജാവിനു "ശക്തൻതമ്പുരാനെ" അതിനുമുമ്പുതന്നെ നേരിട്ടു പരിചയവും അവിടുത്തെക്കുറിച്ചു വളരെ നല്ല അഭിപ്രായവും ഉണ്ടായിരുന്നു. "അമ്മാമന്മാർ കല്പിച്ചനുവദിക്കുകയാണെങ്കിൽ ഒക്കെ കോട്ടം കൂടാതെ നോക്കിക്കൊള്ളാം. കല്പന കേൾക്കാൻ ആളില്ലാത്തതുകൊണ്ടു കാര്യദോഷം ഒന്നും വരണ്ടാ" എന്നു് അന്നത്തെ ആലോചനകൾക്കിടയിൽ 'ശക്തൻതമ്പുരാൻ' സധൈര്യം പ്രസ്താവിച്ചുവത്രെ. "വിരോധമൊന്നുമുണ്ടായിട്ടല്ല, ഉണ്ണി സാഹസിയാണെന്നുള്ള ഭയമാണു്" എന്നു വലിയതമ്പുരാനും, "നമുക്കും വേണ്ടതു് ഉപദേശിക്കാമല്ലോ" എന്നു് എളയതമ്പുരാനും പറഞ്ഞു. "കുറച്ചൊക്കെ കയ്യൂക്കും കരളുറപ്പും കൂടാതെ ഇക്കാലത്തൊന്നും സാധിക്കയില്ല. അമർത്തേണ്ടവരെ അമർത്തുകയാണു് ഒന്നാമതു വേണ്ടതു്. തിരുവിതാംകൂറിലെ കാര്യം അനുഭവമല്ലേ? 37ലെ കരാർപ്രകാരം തിരുവിതാംകൂറിൻെറ സഹായവും ഉണ്ടാവും. അവിടയ്ക്കു് (തിരുവിതാംകൂർ മഹാരാജാവിനും) ഈ ഭാഗത്തു് ഒരു ശക്തിയുള്ളാളുണ്ടാവണമെന്നുതന്നെയാണു പക്ഷം. കൊച്ചുതിരുമേനി കല്പിച്ചപ്രകാരമായാൽ കുറ്റം തരക്കേടില്ല. എന്താ അങ്ങെയ്ക്കു തോന്നുന്നതു്"? എന്നു്, (ഡച്ചുഗവർണ്ണരെ നോക്കിക്കൊണ്ടു) ദളവയും, സ്വാഭിപ്രായപ്രകടനം ചെയ്തു. "വിരോധമൊട്ടുമി

ല്ല. നമുക്കതു മുമ്പേ തോന്നീട്ടുള്ളതാണ്. എങ്ങനെയാണ പറയുക എന്നു വിചാരിച്ചിട്ടാണ്" എന്നു ഗവൎണ്ണരും അനുകൂലിച്ചു.

"എന്താ, അനുജാ" എന്നായി മഹാരാജാവു് എളയതമ്പുരാനോട്. "അവിടുന്നല്ലേ തീൎച്ചയാക്കേണ്ടതു്. ഇപ്പോഴുംതന്നെ ഉണ്ണിയാണ പലതും പ്രവൎത്തിക്കുന്നതു്. അവിടുന്നു കല്പിച്ചിട്ടും കല്പിക്കാതെയും എന്തെല്ലാം ചെയ്യുന്നു. ഉണ്ണിക്കു ഭാഷാപരിചയവും ധാരാളമുണ്ട്" എന്നു് എളയതമ്പുരാനും, "ഡച്ചുഭാഷ ഞങ്ങളെക്കാൾ ഭംഗിയായി സംസാരിക്കും" എന്നു ഗവൎണ്ണരും, "ഹിന്ദുസ്ഥാനിയും കൎണ്ണാടകവും അന്നൊരുദിവസം സംസാരിക്കുന്നതു കേട്ടു ഞാൻ അത്ഭുതപ്പെട്ടുപോയി," എന്നു ദളവയും ശക്തനെ പ്രശംസിച്ചു. വലിയതമ്പുരാൻ അല്പനേരം വിചാരമഗ്നനായി ഇരുന്നു. പിന്നെ ശക്തൻതമ്പുരാനെ അടുക്കലേയ്ക്കു വിളിച്ചു്, എഴുന്നേററുനിന്നു്, കൈരണ്ടും തലയിൽ അമൎത്തിവെച്ചുകൊണ്ടു്, "എന്റെ സൎവ്വാധികാരങ്ങളും ഞാൻ ഉണ്ണിക്കു തന്നിരിക്കുന്നു" എന്നു പറഞ്ഞു തന്റെ കൈവശമുണ്ടായിരുന്ന ഉടവാൾ ശക്തൻതമ്പുരാന്റെ കരങ്ങളിൽ ഏല്പിച്ചു. "ഒന്നും പരിഭ്രമിക്കണ്ടാ, ഒക്കെ കണക്കിലാവും" എന്നു് എളയതമ്പുരാനും അനുഗ്രഹിച്ചു. ശക്തൻതമ്പുരാൻ അവരെ രണ്ടുപേരെയും വലംവെച്ചു തൊഴുതു നമസ്കരിച്ചു. "അമ്മാമന്മാരുടെ അനുഗ്രഹവും ഈശ്വരകാരുണ്യവും", എന്നുമാത്രം സഗദ്ഗദം അരുളിച്ചെയ്തു. "നിങ്ങളുടെയൊക്കെ സഹായമുണ്ടാവണം" എന്നു ദളവയേയും ഗവൎണ്ണരെയും നോക്കി അഭ്യൎത്ഥിച്ചു. "അതിൎത്തികളൊക്കെ ശരിയാക്കുക; മുതലെടുപ്പു വൎദ്ധിപ്പിക്കുക; ഇതാണാദ്യം വേണ്ടതു്. പിന്നെയൊക്കെ കാലംപോലെയും യോഗം പോലെയും ആണ്" എന്നു ദളവാ ചെറിയ ഒരു ഉപദേശപ്രസംഗംചെയ്തു. ഇങ്ങനെയാണു് അന്നു മൂന്നാംകൂറുമാത്രമായിരുന്ന ഉണ്ണിത്തമ്പുരാൻ — ചിററമ്മത്തമ്പുരാന്റെ കുഞ്ഞിപ്പിള്ള — അമ്മാമന്മാരുടെ അനുമതിപ്രകാരം രാജാധികാരം നേരിട്ടു നടത്തിത്തുടങ്ങിയതു്.

അനന്തരം ഏകദേശം ഒരുകൊല്ലം കഴിഞ്ഞപ്പോഴേയ്ക്കും, 951-ൽ, ആ മഹാരാജാവു തീപ്പെട്ടു. ശക്തൻതമ്പുരാന്റെ ആദ്യത്തെ 'പഞ്ചവൎഷപദ്ധതി"കൊണ്ടുതന്നെ അവിടുത്തെ നാമം രാജ്യമെങ്ങും പരന്നു. ആജ്ഞാശക്തിയും, ആലോചനാശക്തിയും, അഭിപ്രായധീരതയും, കൎമ്മപാടവവും, ചോരത്തിളപ്പുമുള്ള ഒരു യുവാവാണ രാജസ്ഥാനത്തെ

ഇപ്പോഴത്തെ ആൾ എന്നു വന്നപ്പോൾതന്നെ രാജ്യാന്തരീക്ഷത്തിന്റെ ആകപ്പാടെയുള്ള ഭാവം ഒന്നു മാറി.

946-ൽ കൊച്ചിയിലേയ്ക്കു് ഒരു പുതിയ ലന്തഗവൎണ്ണർ മാറി വന്നു. തന്റെ മുൻഗാമി 'പിൻതാങ്ങി'യ ശക്തൻതമ്പുരാനുമായി ഇദ്ദേഹം വാക്കുകൊണ്ടൊന്നുരസിനോക്കി. ഇതിന്റെ ഫലമാണു ശക്തൻതമ്പുരാൻ ബത്താവിയായിലെ ഗവൎണ്ണൎക്കയച്ചതും 'പ്രഥമലേഖനം' എന്ന അദ്ധ്യായത്തിൽ സമൂലം ഉദ്ധരിച്ചിട്ടുള്ളതുമായ എഴുത്തു്. ശക്തൻതമ്പുരാൻ ശരിയായി കാൎയ്യത്തിൽ പ്രവേശിച്ചതിനുശേഷം എഴുതീട്ടുള്ള ഏതാണ്ടു് ഒന്നാമത്തെ എഴുത്താകുന്നു അതു്. മൎയ്യാദകേടു കാണിച്ച പല മാക്കക്കാരേയും, മുഷ്കന്മാരായിരുന്ന പല ജോനകന്മാരേയും, അനാദരം ഭാവിച്ച പല നമ്പൂരിമാരേയും, നാനാവിധങ്ങളിൽ തുടൎന്ന പല നായന്മാരേയും ഈ അഞ്ചു കൊല്ലത്തിനകത്തുതന്നെ അവിടുന്നു നല്ലപാഠം പഠിപ്പിച്ചു. ശിക്ഷകളുടെ കഠോരതയെക്കുറിച്ചു കേട്ടവർ കേട്ടവർ പരിഭ്രാന്തചിത്തരാകുകയും തന്നിമിത്തം "പിച്ച കിട്ടിയില്ലെങ്കിലും വേണ്ടില്ല, പട്ടി കടിക്കാഞ്ഞാൽ മതി" എന്നുള്ള ഒരു മനഃസ്ഥിതി നാട്ടിലൊക്കെ വളരുകയുംചെയ്തു.

രാജ്യക്കൊതികൊണ്ടു് അന്യരാജാക്കന്മാരോടു യുദ്ധം ചെയ്യണമെന്നുള്ള മോഹമോ, അത്തരത്തിലുള്ള ഒരു വാസനയോ ശക്തൻതമ്പുരാനു തീരെ ഉണ്ടായിരുന്നില്ല. കേവലം ശക്തി ഉപയോഗിച്ചു്, തന്നെപ്പോലെതന്നെ സ്വതന്ത്രന്മാരായ ഇതരരാജാക്കന്മാരോടു യുദ്ധംചെയ്തു സ്വന്തം രാജ്യാതിൎത്തികളെ വൎദ്ധിപ്പിക്കുന്ന നയത്തെ അവിടുന്നു് ആന്തരമായി അവഹേളിച്ചിരുന്നു. "അതിനു് എവിടെയാണു് ഒരവസാനം. കൂടുതൽ കൂടുതൽ ശക്തി എന്നായാൽ ഒരു നിലയുണ്ടോ? ആരൊക്കെ ശരിയാണു്. തന്റെ രാജ്യം രക്ഷിക്കുക; പുറത്തുനിന്നുള്ള ശത്രുക്കളിൽനിന്നും അകത്തുതന്നെയുള്ള അക്രമികളിൽനിന്നും കാക്കുക. സമാധാനവും സമ്പത്തും രക്ഷിക്കുക. അതാണു രാജധൎമ്മം" എന്നൊരിക്കൽ 'ആകംബൈക'മായുണ്ടായ സൌഹാൎദ്ദസമ്മേളനവേളയിൽ അവിടുന്നുതന്നെ പ്രസ്താവിക്കയുണ്ടായിട്ടുണ്ടു്. "എന്നാൽ ഒന്നു ഞാൻ സമ്മതിക്കില്ല. അതെനിക്കു സഹിക്കവയ്യ. എന്താണെന്നല്ലേ? എന്റെ രാജ്യത്തിരുന്നുകൊണ്ടു് എനിക്കെതിരായി ഓരോന്നു പറയുകയും പ്രവൎത്തിക്കയും, ഞാൻ രക്ഷിക്കേണ്ടവരെ ഉപദ്രവിക്കയും ചെയ്യുന്നതു്. അതു് ആരായാലും വേണ്ടില്ല, ഇളങ്ങേററാം ഉണ്ണികളായാലുംവേണ്ടില്ല, ഞാൻ സമ്മതിക്കില്ല."

ഇതുതന്നെ ആയിരുന്നു എന്നും ശക്തൻതമ്പുരാന്റെ ആദർശവും അഭിപ്രായവും. അതിൽക്കൂടി നോക്കിയാൽ അദ്ദേഹത്തിന്റെ സകല പ്രവൃത്തികളും "മഹാഭയങ്കരങ്ങളാം" എന്നു പ്രത്യക്ഷത്തിൽ തോന്നാവുന്ന പല കാഠിനക്രിയകളും, കേവലം രാജനീതി മാത്രമേ ആയിരുന്നുള്ളൂ. ശിക്ഷയുടെ കാഠിന്യം അക്കാലത്തെ ഒരു സ്വഭാവവും ആയിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവും, ഹൈദരാലിഖാനും, സാമൂതിരിരാജാവും, ആരും അക്കാലത്തു ശിക്ഷിക്കുന്നതിൽ ഒട്ടും പിന്നോക്കമായിരുന്നില്ല. വടിയും വാളും യഥേഷ്ടം ഉപയോഗിക്കപ്പെട്ടിരുന്നു. ആധുനികസമ്പ്രദായത്തിലുള്ള സംസ്കാരസമ്പത്തിന്റെ അഭാവംകൊണ്ടു പരുഷമായിരുന്ന അക്കാലത്തു ജനങ്ങളെ അപരാധങ്ങളിൽനിന്നു് അകററി നിറുത്തുവാൻ കഠിനദണ്ഡനീതി ആവശ്യവുമായിരുന്നു. മാനാപമാനങ്ങളുടെ മാനദണ്ഡത്തിനു് ഇന്നു വളരെ വ്യത്യാസം വന്നിട്ടുണ്ടു്. എന്നിട്ടും, ശിക്ഷയെ ഭയന്നിട്ടല്ലാ, മര്യാദ നിലനില്ക്കുന്നതെന്നു് ആർക്കു പറയാൻ സാധിക്കും!

രാജ്യരക്ഷയ്ക്കു് അവശ്യം ആവശ്യമായ ഒരു സൈന്യശേഖരത്തിനാണു ശക്തൻതമ്പുരാൻ ഒന്നാമതായി ഒരുമ്പെട്ടതു്. സൈനികപരിശീലനം രാജ്യത്തൊക്കെ നടപ്പാക്കി. "തണ്ടും തടിയു"മുള്ളവരെല്ലാം "കമ്പനിക്കു" ചേരണമെന്നു വ്യവസ്ഥചെയ്തു. അതിൽ അവിടേയ്ക്കു ജാതിഭേദമൊ വർഗ്ഗവ്യത്യാസമൊ ഒന്നും ഉണ്ടായിരുന്നില്ല. ക്രിസ്ത്യാനികളെയും, ഈഴവരെയും, വാലന്മാർ മുതലായവരെയും ഒക്കെ അവിടുന്നു സൈന്യത്തിൽ ചേർത്തിരുന്നു. എന്നാൽ, ശിപ്പായിമാരെന്നും, രജിമിട്ടുകാരെന്നും, കമ്പനിക്കാരെന്നും, കാടിക്കാരെന്നും വർഗ്ഗവ്യത്യാസമനുസരിച്ചുള്ള ചില എണ്ണംതിരിക്കൽ അന്നുണ്ടായിരുന്നില്ലെന്നില്ല.

കായലുകളിൽ മുഴുവൻ അക്കാലത്തു കൊള്ളവഞ്ചിക്കാരായ തസ്കരന്മാരുടെ വിളയാട്ടമായിരുന്നു. ആവക 'കടൽക്കള്ളന്മാരെ' അമർച്ചചെയ്യുന്നതിനു് ഒന്നാംതരം കാടിവള്ളങ്ങളോടുകൂടിയ ബഹുസമർത്ഥമായ ഒരു വാലസൈന്യത്തെ അദ്ദേഹം രൂപവൽക്കരിച്ചു. പലപ്പോഴും അവിടുന്നുതന്നെ അവരൊന്നിച്ചു രാത്രിസമയങ്ങളിൽ 'കായൽക്കാവലിൽ' ഏർപ്പെട്ടിട്ടുണ്ടു്. അവിടുത്തെ നേത്ര്യാരമ്മയെത്തന്നെ ഒരവസരത്തിൽ വഞ്ചിക്കള്ളന്മാർ പിടിച്ചുകൊണ്ടുപോയി എന്നും, കാടിവെച്ചു് കാടിച്ചെത്തിപ്പിടിച്ചു്, ആ 'വർഗ്ഗ'ത്തെ മുഴുവനും കഥാശേഷമാക്കിയെന്നും, കായലിലേയ്ക്കു തള്ളപ്പെട്ട നേത്ര്യാരമ്മയെ 'മുങ്ങൽവിദഗ്ദ്ധന്മാ'രായിരുന്ന വാലന്മാർ വലയെറിഞ്ഞു മുങ്ങിയെടുത്തു രക്ഷിച്ചുവെന്നും,

മററം അവിട്ടത്തെ കായൽവേട്ടകളെ വിസ്തരിക്കുന്ന പലകഥകളും ജനതാമദ്ധ്യത്തിൽ പ്രചാരപ്പെട്ടുകിടക്കുന്നുണ്ടു്. അവയെല്ലാം അക്ഷരം പ്രതി പരമാത്ഥങ്ങളായിരിക്കണമെന്നില്ല; എങ്കിലും തനിസ്സത്തുങ്ങളായ അനഘിവാരങ്ങളിൽ പട്ടക്കപ്പെട്ട മനോധമ്മസൗധങ്ങളായിരിക്കണം ആ കഥകളെല്ലാം എന്നു നിർവ്വിവാദമാണ്. വഞ്ചിയാത്രയെ വഞ്ചകന്മാരിൽനിന്നു സുരക്ഷിതമാക്കി ആ രാജപുംഗവൻ എന്നുള്ളേടത്തോളം ആ കഥകൾക്കു സ്വാഗതപൂർവ്വമായ സ്വീകാരം നല്കുന്നതു് അനുചിതമായിരിക്കയില്ല.

"രാജാക്കന്മാക്കു ചാരന്മാർ കണ്ണാകുന്നു; ദൂതന്മാർ വദനവും" എന്ന തത്വത്തെ അവിടുന്നു ഹൃദിസ്ഥമാക്കിയിരുന്നു. ഇന്നത്തെ ഹിററ്ലരുടെ 'ഗസ്റ്റാപ്പോ'വിനെ തോല്പിക്കത്തക്ക ഒരു 'ചാരസംഘം', ആരെന്നും എവിടെയെന്നും ആരും അറിയാതെ, അവിട്ടത്തെ ആജ്ഞാനുസരണം, രാജ്യം മുഴുവനും വ്യാപിച്ചു്, ദിവാനിശം പണിയെടുത്തിരുന്നു. ശക്തൻതമ്പുരാനെക്കുറിച്ചുള്ള കഥകളിൽ നമുക്കു് അവിശ്വാസം ജനിക്കുന്നതിനുള്ള ഒന്നാമത്തെ കാരണം, അവിട്ടത്തെ ചാരന്മാരുടെ ചതുരതയെക്കുറിച്ചുള്ള അജ്ഞാനമാണു്. ബോട്ടിൽവെച്ചു ഒരു നമ്പൂരിയെ ഉപദ്രവിക്കാൻഭാവിച്ച മുഹമ്മദനെ, ആ നമ്പൂരി കോവിലകത്തെത്തി കുളിയും ഊണും കഴിഞ്ഞു പുറത്തുവന്നപ്പോഴെയ്ക്കും, നമ്പൂരി അതിനെക്കുറിച്ചു യാതൊന്നും തിരുമനസ്സറിയിച്ചിരുന്നില്ലെങ്കിലും, രാജകിങ്കരന്മാർ കെട്ടിവലിച്ചു തിരുമുമ്പിൽ എത്തിച്ചു! എന്താ വിഷമം, ആ ബോട്ടിൽ തന്നെ നമ്പൂരിയെ നേരെ അറിയുന്ന ഒരു രാജചാരൻകൂടെ ഉണ്ടായിരുന്നു എങ്കിൽ? 'എന്റെ ശക്തൻതമ്പുരാനെ!' എന്നൊരുത്തി കൊള്ളക്കാരുടെ കയ്യിൽപെട്ടു കരകാണാതെ കരയുന്നതോടുകൂടി ആ ശക്തൻതമ്പുരാൻതന്നെ അവിടെ എത്തി, കൊള്ളക്കാരെ ശൂലാരോഹണംചെയ്തു്, സാധുസ്ത്രീയെ രക്ഷിച്ചു എന്നു കേട്ടാൽ, അവിശ്വാസികളായ ഇന്നത്തെ സംശയമൂർത്തികൾ 'കമ്പസ്യകമ്പം' എന്നുപറഞ്ഞു പരിഹസിക്കുകതന്നെ ചെയ്യും. എന്നാൽ, ആ തസ്കരസംഘത്തിന്റെ നടവടികളേയും ഉദ്ദേശ്യങ്ങളേയും കാര്യപരിപാടികളേയും അറിഞ്ഞുകൊണ്ടും, ഒരുപക്ഷെ നിയന്ത്രിച്ചുകൊണ്ടും, അവരുടെ കൂട്ടത്തിൽതന്നെ, ശക്തൻതമ്പുരാന്റെ ഒരു ചാരൻകൂടി ഉണ്ടായിരുന്നുവെന്നും, അവനിൽനിന്നു സകലവിവരങ്ങളും വഴിക്കുവഴി തമ്പുരാൻ ധരിച്ചുകൊണ്ടിരുന്നുവെന്നും വിചാരിക്കുക. അപ്പോൾ, തമ്പുരാന്റെ ആ അത്ഭുതവിക്രമത്തിൽ 'അത്ഭുതം' എവിടെയാണു്? അതു സാധാരണസംഭവ

മായി രൂപാന്തരപ്പെടുന്നില്ലേ? യഥാത്ഥത്തിൽ അതായിരുന്നു അവിടുത്തെ അസാധാരണങ്ങളായിരുന്ന പരാക്രമങ്ങളുടെയെല്ലാം രഹസ്യം.

'പ്രകരക്കാല'ത്തെ ആദ്യത്തെ ഘട്ടത്തിൽ, 951വരെയുള്ള കാലത്തു്, ഹൈദർനവാബിൻെറ പുറപ്പാടാണു പ്രധാനമായുണ്ടായ സംഭവം. ഹൈദരുടെ ശ്രദ്ധ തിരുവിതാംകൂറിലേയ്ക്കു് ആകഷിക്കപ്പെട്ടതു്, വാസ്തവംപറഞ്ഞാൽ, മാർത്താണ്ഡവർമ്മമഹാരാജാവു നവാബിൻെറ സഹായം ആവശ്യപ്പെട്ടു് അങ്ങോട്ടു ക്ഷണിച്ചപ്പോഴാണു്. ആ മഹാരാജാവിൻെറ ആലോചനാരഹിതമോ, അല്ലെങ്കിൽ ബുദ്ധിപൂർവ്വകമോ ആയ പ്രവൃത്തികളിൽ ഒന്നായിരുന്നു അതു്. സ്വരാജ്യത്തുള്ള പ്രഭുക്കന്മാരെ അമർത്തുന്നതിനു വിദേശീയനും അന്യമതസ്ഥനുമായ ഒരു 'ആഗ്രഹി'യുടെ സൈന്യസഹായം ആവശ്യപ്പെട്ടതു് അക്ഷന്തവ്യമായ ആലോചനക്കുറവായി എന്നു ഒരു പക്ഷക്കാരും, പ്രവൃത്തിയുടെ മര്യാദയെല്ലാം അവസാനത്തിൽ കിട്ടുന്ന ഫലത്തിൻെറ തോതുപോലെ ഇരിക്കും എന്നു മറുപക്ഷക്കാരും, "ക്ഷണിച്ചല്ലേ ഉള്ളു; കടത്തിക്കൊണ്ടു വന്നില്ലല്ലോ" എന്നു മൂന്നാമതൊരു കൂട്ടരും, വിഭിന്നങ്ങളായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു്. ഏതായാലും, "നമ്മുടെ സൈന്യസഹായത്തെ തിരുവിതാംകൂർ അപേക്ഷിച്ചു. നാം അതു വാഗ്ദാനംചെയ്തു. അതിലേയ്ക്കു വേണ്ട സകല സംരംഭങ്ങളും നടത്തി. ആ വകയ്ക്കു നമുക്കു വന്നിട്ടുള്ള നഷ്ടം നമുക്കു രാജാവു തരികതന്നെ വേണം" എന്നുള്ളതായിരുന്നു തിരുവിതാംകൂറിൻെറ നേരേ പുറപ്പെടുന്നതിനു ഹൈദരാലിഖാനു പ്രത്യക്ഷത്തിലുണ്ടായിരുന്ന കാരണവും ന്യായവും. ഹൈദരുടെ കായ്യത്തിൽ ഡുപ്ലേപ്പിസായ്പവും, പെരുമ്പടപ്പും, ലന്തക്കമ്പഞ്ഞിയും ഒരുപോലെ ശ്രദ്ധാലുക്കളും പരിഭ്രമക്കാരുമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ലന്തക്കാർ ഉരുട്ടുപറഞ്ഞുകഴിച്ചു. ബത്താവിയായിലേയ്ക്കു് എഴുതീട്ടുണ്ടെന്നും മറുപടി വന്നിട്ടില്ലെന്നും പറഞ്ഞു പത്തുകൊല്ലം കഴിച്ചു! അതു ചതിയാണെന്നു ഹൈദർ ധരിക്കാതിരുന്നുമില്ല. ഡച്ചിൻെറ നേരേ പുറപ്പെട്ടതും അതുകൊണ്ടായിരുന്നു. ഈ ദുർഘടഘട്ടത്തിൽ തൻെറ കർത്തവ്യമെന്താണെന്നു ശക്തൻതമ്പുരാനു ലേശവും സംശയമുണ്ടായിരുന്നില്ല. ഒരു ഹിന്ദുരാജ്യമായ തിരുവിതാംകൂറിനെ അക്രമിക്കുവാൻ മുഹമ്മദീയനായ ഹൈദരെ താൻ സഹായിച്ചു എന്നു് ഒരിക്കലും വരാൻപാടില്ലെന്നുതന്നെ അവിടുന്നു തീച്ചപ്പെടുത്തി. നയോപായങ്ങളാൽ, സാമന്തപദം സ്വീകരിക്കേണ്ടിവന്നാലും, ആ അപഖ്യാതികൂടാതെ കഴിക്കയും ചെയ്തു.

951_ൽ വലിയതമ്പുരാൻ തീപ്പെട്ടു. ശക്തൻതമ്പുരാൻ എളമ ൨രാജാവായി. 965_ലാണ് ആ മഹാരാജാവു ദിവംഗതനായതു്. അവിടത്തെ കാലത്തും, അടുത്തുകഴിഞ്ഞ അഞ്ചുകൊല്ലത്തെ ആനുഭവത്താലും, കൂടുതൽ കലാപങ്ങൾ മുളയിടുന്നതായിക്കണ്ടതിനാലും, പ്രശാന്തനും ആഡംബരരഹിതനുമായിരുന്ന അവിടുന്നും രാജ്യഭാരക്ലേശങ്ങൾ സഹിക്കുന്നതിന്നു സന്നദ്ധനായില്ല. "ഒക്കെ ഉണ്ണിതന്നെ നോക്കിക്കൊള്ളു. ഞാനെന്താ വേണ്ടതെന്നുച്ചാൽ ചെയ്യുതരാം" എന്നു്, അവിടുന്നും കല്പിച്ചനുവദിച്ചു. അപ്രകാരം ആ പതിന്നാലുകൊല്ലവും ശക്തൻതമ്പുരാൻ തന്നെയാണ ഭാരം മുഴുവനും വഹിച്ചതു്.

953_ൽ അമ്മാമൻ ഒന്നിച്ചും, 968_ൽ തനിച്ചും—അന്നേയ്ക്കു മഹാരാജാവായിട്ട—ശക്തൻ തമ്പുരാൻ തിരുവനന്തപുരത്തേയ്ക്കു് എഴുന്നള്ളീട്ടുണ്ടു്. ശക്തൻതമ്പുരാനെക്കുറിച്ചു പ്രസിദ്ധമായി കേൾക്കുന്ന മിക്ക കഥകളുടെയും കാലം 951 മുതൽ 965 വരെയുള്ള 'ഈരേഴുപതിന്നാലു' കൊല്ലമാകുന്നു. തസ്കരസംഘങ്ങളെ അമർച്ച ചെയ്യുതും, പ്രഭുക്കന്മാരുടെ മുഷ്കു കളഞ്ഞതും, ക്ഷേത്രസങ്കേതങ്ങളെ രാജകീയമാക്കു കീഴിലാക്കിയതും, മിക്കവാറും ഈ കാലത്തായിരുന്നു. കപ്പൽക്കച്ചവടം ആരംഭിച്ചതും പാണ്ടികശാലാവ്യാപാരം തുടങ്ങിയതും, കണ്ടുകൃഷി ഏർപ്പാടുകൾ നാട്ടിലൊക്കെ പരത്തിയതും ഈ കാലത്താണു്. ലന്തക്കാരുമായുണ്ടായ ഒടുവിലത്തെ കരാറും, മാക്കൊരെ സംബന്ധിക്കുന്ന മദ്ധ്യസ്ഥതീർപ്പും ഈ കാലത്തെ സംഭവങ്ങളാകുന്നു. ഇംഗ്ലീഷുകാരും കൊച്ചിയും തമ്മിൽ ഇദംപ്രഥമമായുണ്ടായ 965_ലെ ഉടമ്പടി ഈ കാലത്തെ ഒടുവിലത്തെ സംഗതിയാകുന്നു. വലിയതമ്പുരാന്റെ നിർബ്ബന്ധമായിരുന്നു നിബന്ധനകളുടെ നിശ്ചയം കഴിഞ്ഞതിനുശേഷവും ആ കരാറിൽ ഒപ്പിട്ടു കൈമാറുന്നതിന്നു കുറേ താമസം നേരിട്ടതിനുള്ള കാരണം.

കാർത്താവുകാര്യക്കാരും, ഇല്ലത്തുഗോവിന്ദമേനോൻ വലിയകപ്പിത്താനും, മാളിയക്കൽ ഗോവിന്ദമേനോൻ വലിയസർവ്വാധിയും, തമ്പുരാന്റെ നിഴലെന്നോണം വർത്തിച്ചിരുന്ന പണിക്കർകപ്പിത്താനും, കണക്കെഴുത്തിനു പ്രധാനിയായിരുന്ന കുണ്ടനാട്ടുകൃഷ്ണമേനോനും, അന്നത്തെ പ്രധാനോദ്യോഗസ്ഥന്മാരായിരുന്നു. അന്നത്തെ വിശ്വസ്തഭൃത്യന്മാരിൽ ഒരാളായി എന്റെ ഒരു പൂർവ്വികൻ പുത്തേഴത്തു ശങ്കരൻകൃഷ്ണൻ എന്നൊരാളുടെ പേർക്കൂടി കാണപ്പെടുന്നുണ്ടെന്നും പ്രധാനപ്പെട്ട കൂടിയ

ന്നരങ്ങൾക്കെല്ലാം 'കലവറ' ആ ശങ്കരൻകൃഷ്ണൻ ആയിരുന്നു എന്നും അഭിമാനത്തോടുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. ഞങ്ങളുടെ മൂലകുടുംബം അന്നും ഇന്നു് പള്ളുരുത്തിയിലാകുന്നു. ടിപ്പുവിനു കപ്പം കൊടുക്കേണ്ടി വന്നതോടുകൂടിയാണു "നിജകരം" പതിക്കുക എന്ന ഏർപ്പാടും ശരിയായ നികുതിപിരിവും ആരംഭിച്ചതു്.

ആശ്രിതവാത്സല്യം, ശിഷ്ടരക്ഷ, ദുഷ്ടശിക്ഷ, ദീനാനുകമ്പ, പ്രഭുശക്തി, ഉത്സാഹശക്തി, മന്ത്രശക്തി, ആജ്ഞാശക്തി, തുടങ്ങിയ രാജോചിതങ്ങളായ അനവധിഗുണങ്ങൾക്കു് ഒരു വിളനിലമായിരുന്നു ശക്തൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു്. മേല്പറഞ്ഞ ഗുണങ്ങളിൽ ഓരോന്നും നിസ്തർക്കം തെളിയിക്കുന്ന കഥാപരമ്പരകൾ ജനങ്ങളുടെ ഹൃന്നാളങ്ങളിൽ തേഞ്ഞുമാഞ്ഞുപോകാതെ അശ്മരേഖക്കു തുല്യം ഇന്നും നിലനിന്നുപോരുന്നുണ്ടു്. ഐതിഹ്യപടലങ്ങളാൽ ആവരണംചെയ്യപ്പെടുന്നതു് അതിമാനുഷരായ മഹാന്മാർ മാത്രമാണു്. ഇത്രവളരെ കഥക്കു നായകനായിട്ടുള്ള ഒരു മഹാരാജാവു്, കൊച്ചിയിൽ തീച്ചയായും, വേറെ ഇല്ല. അതിൽനിന്നുതന്നെ, ആ കഥകളുടെയെല്ലാം യാഥാർത്ഥ്യം എപ്രകാരമിരുന്നാലും, ശക്തൻതമ്പുരാൻ, അദ്ദേഹത്തിന്റെ ജീവിതകാലത്തു്, അനിതരസാധാരണമായ ഒരു 'പ്രക്ഷോഭം' ഉണ്ടാക്കീട്ടുള്ള അസാമാന്യനാണെന്നു തെളിയുന്നു. തന്നോടു വിശ്വാസവഞ്ചന പ്രവർത്തിച്ച കുഞ്ഞിട്ടിണ്ണാൻമേനോന്റെ 'കണ്ണുകുത്തിപ്പൊട്ടിക്കു'ന്നതിനു് അദ്ദേഹം മടിച്ചില്ലായിരിക്കാം; തന്റെ കപ്പിത്താന്മാരിൽ ഒരാളായിരുന്ന ഇക്കണ്ണൻ, ഒരു സാധുസ്ത്രീയുടെ ചാരിത്രഭംഗത്തിനു് ഉദ്യോഗബലത്തോടുകൂടി ശ്രമിച്ചപ്പോൾ ആയാളെ ഇരുമ്പുകുററിയോടുചേർത്തുകെട്ടി തുണിചുററി തൈലധാരചെയ്തു 'ത്രിപുരദഹനം' നടത്തുകതന്നെ ചെയ്തിട്ടുണ്ടായിരിക്കാം;—അങ്ങനെ അനവധി എണ്ണങ്ങൾ—കടുംകയ്യുകൾ—ചെയ്തിട്ടുണ്ടു് എന്നു കേൾവിയുണ്ടു്. അവയെല്ലാം അക്ഷരംപ്രതി പരമാർത്ഥമാണെന്നു വാദിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുന്നില്ല. ഏതായാലും അധർമ്മത്തോടുള്ള വിദ്വേഷമാണു് ഈദൃശപ്രവൃത്തികൾക്കു പ്രേരകമായിരുന്നതെന്നു് ആരും സമ്മതിക്കും. യഥാർത്ഥത്തിൽ ശക്തൻതമ്പുരാന്റെ വ്യക്തിമാഹാത്മ്യം, ദീനാനുകമ്പകൊണ്ടു സംശുദ്ധവും, ധർമ്മതല്പരതകൊണ്ടു സംശോഭിതവും ആയിരുന്ന അവിടുത്തെ ഹൃദയത്തിന്റെ നൈർമ്മല്യത്തിലാണു നിലനില്ക്കുന്നതു്. പല സാധുക്കളേയും, അനാഥരേയും, വൃഥാമർദ്ദിതരേയും, ധർമ്മനിരതരായ ദരിദ്രരേയും അവിടുന്നു് ഉള്ളഴിഞ്ഞും കയ്യയച്ചും സഹായിച്ചിട്ടുള്ളതാ

യ കഥകളും കൊട്ടക്കണക്കിനു കിട്ടുവാനുണ്ടു്. ആ കഥകളേയും 'വെറുംകഥകൾ' എന്നുപറഞ്ഞു് അപലപിക്കുന്നവരുണ്ടാകാമെങ്കിലും, അവിടുത്തെ തൃക്കൈവിളയാട്ടമുള്ള ഹൃക്കുനാമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ദീനാനുകമ്പ കോൾമയിർക്കൊള്ളിക്കുന്നതും, അവിടുത്തെ പ്രജാവാത്സല്യത്തെ ദ്യോതിപ്പിക്കുന്ന കെട്ടുകഥകളേപ്പോലും സത്യചരിത്രങ്ങളാക്കുന്നതിനു ശക്തമായതും ആകുന്നു.

965-ൽ അവിടുന്നു മഹാരാജാവായതിനുശേഷമുള്ള ചരിത്രം മുഴുവനും വിഷയവിവരണങ്ങളോടുകൂടിയ ഇതരപ്രകരണങ്ങളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു് ഈ പഠനത്തിൽ പ്രസ്താവിക്കേണ്ടതായിട്ടില്ല. പരക്കെ വിശ്വസിക്കപ്പെടുന്നവയും, പ്രചുരപ്രചാരമുള്ളവയും, ഓരോ അവസരങ്ങളിൽ ഓരോരുത്തർ രേഖപ്പെടുത്തീട്ടുള്ളവയുമാണെങ്കിലും, ആ കാടുപിടിച്ചുകിടക്കുന്ന കഥകളിൽക്കൂടി അധികദൂരം സഞ്ചരിക്കുന്നതിനു് ഇവിടെ ഉദ്ദേശിക്കുന്നില്ല. അല്ലാതെതന്നെ, അതിമനോഹരവും അത്യാശ്ചര്യകരവും ആയ ഒരു രാജകീയസിംഹാസനത്തിൽ ആ മഹാപുരുഷൻ സ്വയം ഉപവിഷ്ടനാണു്.

ഇരുപതുകൊല്ലത്തോളം അന്നന്നത്തെ മഹാരാജാക്കന്മാരുടെ 'പ്രതിപുരുഷ'നായും, പതിനാറുകൊല്ലത്തോളം മഹാരാജാവായും ശക്തൻ തമ്പുരാൻ കൊച്ചിരാജ്യം ഭരിച്ചു. അന്നത്തെസ്ഥിതിക്കു്, "ഉണ്ടായിരുന്നതു കളയാതിരുന്നവൻതന്നെ മിടുമിടുക്കനാണു്." എന്നാൽ അവിടുന്നു രാജ്യാതിർത്തികളെ കഴിയുന്നത്ര വിപുലപ്പെടുത്തുകയും, രാജാധികാരത്തെ പുഷ്ടിപ്പെടുത്തുകയും, രാജസമ്പത്തിനെ ഉയർത്തുകയും, രാജ്യത്തിൽ സമാധാനസംതൃപ്തികളെ പണ്ടൊന്നും കേട്ടിട്ടില്ലാത്തവിധം വർദ്ധിപ്പിക്കുകയും ചെയ്തു.

VIII
ഗൃഹസ്ഥാശ്രമം.

ശക്തൻതമ്പുരാൻതിരുമനസ്സിലേയ്ക്കു ജാതകപ്രകാരംതന്നെ ഏഴാമിടത്തിൻെറ സൗഖ്യമോ സന്താനഭാഗ്യമോ ഉണ്ടായിരുന്നില്ല. ഏഴിൽ ശുഭബന്ധമുണ്ടെങ്കിലും പാപബന്ധവും ഭാവബലക്കുറവും ബഹുഗ്രഹബന്ധവും ഉള്ളതിനാൽ ബഹുഭാര്യനായും, ഭാര്യാസൗഖ്യം കുറഞ്ഞവനായും, ഭാര്യാക്ലേശത്തോടുകൂടിയവനായും ഇരിക്കുമെന്നാണ് ജ്യോ

ത്ര്യന്മാർ പറഞ്ഞിരുന്നതു്. അനുഭവവും അപ്രകാരമായിരുന്നു. അവിടുന്നു ക്രമപ്രകാരം രണ്ടു നൈത്ത്യാരമ്മമാരെ സ്വീകരിച്ചു. 950-ലായിരുന്നു അവിടുത്തെ ആദ്യത്തെ വിവാഹം, അഥവാ സംബന്ധം. ആദ്യഭാര്യയായിരുന്നതു കുറപ്പത്തുമഠത്തിൽ പാറുക്കുട്ടിയമ്മ എന്ന സ്ത്രീയാണു്. അവർ 972-ൽ കാലധർമ്മംപ്രാപിച്ചു. പിന്നീടു് അവിടുന്നു 975-ൽ കരിമ്പററ ചിമ്മുക്കുട്ടിയമ്മയെ നൈത്ത്യാരമ്മയായി സ്വീകരിച്ചു. ആ സ്ത്രീകു് 24 വയസ്സാകുന്നതിനു മുമ്പുതന്നെ തമ്പുരാൻ തീപ്പെട്ടുകയുംചെയ്തു. രണ്ടേടത്തും അവിടേക്കു സന്താനലാഭമുണ്ടായതായി കാണുന്നുമില്ല. എന്നാൽ പാറുക്കുട്ടിയമ്മക്കു് ഒരു പെൺകുട്ടി ജനിച്ചു എന്നും, ആ കുട്ടിയുടെ കെട്ടുകല്യാണം തമ്പുരാൻ കഴിപ്പിച്ചുഎന്നും പറയപ്പെടുന്നു. ചുരുക്കത്തിൽ ഇത്രയുമാണു് അവിടുത്തെ ദാമ്പത്യജീവിതം.

കുറപ്പത്തുതറവാടു തൃശ്ശിവപേരൂരിലാണെന്നു പ്രസിദ്ധമാണല്ലോ. പഴയകാലം മുതല്ക്കുതന്നെ ആ തറവാട്ടു് ഒരു സ്ഥിതിയും, വടക്കുന്നാഥൻക്ഷേത്രത്തിലെ പട്ടോലമേനോൻസ്ഥാനവും ഉള്ളതായിരുന്നു; എങ്കിലും ഐശ്വര്യവർദ്ധന പ്രധാനമായുണ്ടായതു കൊല്ലവർഷം കമ്പതാംശതകത്തിൻെറ ആദ്യഘട്ടംമുതല്ക്കാണു്. അതിനെ സംബന്ധിച്ചു് ഒരു ഐതിഹ്യമുള്ളതുകൂടി പ്രസ്താവിക്കുന്നതു രസപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

അക്കാലത്തു തൃശ്ശിവപേരൂരിൽ വടക്കേക്കരക്കോവിലകമെന്നും എരട്ടച്ചിറക്കോവിലകമെന്നും പ്രധാനപ്പെട്ട രണ്ടു കോവിലകങ്ങൾ ഉണ്ടായിരുന്നു. "എരട്ടച്ചിറകോവിലക"ത്തിന്നായിരുന്നു പ്രാധാന്യം. എരട്ടച്ചിറയിലെ 'വലിയചിറയും' പുരാതനശിവക്ഷേത്രവും വിശാലമായ പരിസരങ്ങളും ഇന്നും നിലനില്ക്കുന്നുണ്ടു്. ഇടക്കാലത്തു് അവിടെ മലവക ആപ്പീസ്സും മററചില കച്ചേരികളും നടത്തിയിരുന്നു. അന്നത്തെ കെട്ടിടങ്ങളൊന്നും ഇന്നില്ലെന്നു പറയേണ്ടതില്ലല്ലോ. ആ പറമ്പിൻെറ വടക്കെ അററത്താണു് ഇന്നത്തെ പോല്ലീസ്സു് കമ്മീഷണരുടെ ആപ്പീസു്. തൃശ്ശൂരിൽ ബ്രിട്ടീഷ് പട്ടാളം ഉണ്ടായിരുന്ന കാലത്തു് ആ പ്രദേശത്തായിരുന്നു അവരുടെ കേന്ദ്രം. അതുകൊണ്ടു് അടുത്തകാലംവരെ ആ ഭാഗത്തിനു 'പട്ടാളത്തിൽ' എന്നൊരു പേർ നിലനിന്നുപോന്നു. ഇന്നും അവിടെ താമസക്കാരായ ചില കോനാൻമാരുടെ പേരുവിലാസത്തിൽ 'പട്ടാളത്തിൽ കുടിയിരിക്കും' എന്നു് എഴുതിക്കാ

ണ്ടന്നുമുണ്ടു്. പട്ടണത്തിന്റെ വടക്കേ ഭാഗത്തു് ഇന്നുള്ള കോവിലകത്തിന്നു് ആ കാലത്തു് 'വടക്കേക്കരക്കോവിലകം' എന്നാണ പേർ പറഞ്ഞുവന്നിരുന്നതു്.

എരട്ടച്ചിറക്കോവിലകം പെരുമ്പടപ്പിൽമൂപ്പിന്നിന്റെ രാജധാനിയായിരുന്നു. ആ സ്ഥാനം ഏറിയകാലം ചാഴൂർത്താവഴിക്കാരാണല്ലൊ നടത്തിവന്നതു്. തന്നിമിത്തം എരട്ടച്ചിറക്കോവിലകം ചാഴൂർക്കോവിലകമായിട്ടും വടക്കെക്കരക്കോവിലകം കൊച്ചിരാജാവിന്റെ കോവിലകമായിട്ടും അറിയപ്പെട്ടിരുന്നു. ക്ഷേത്രകാര്യങ്ങളിൽ മൂപ്പിലേയ്ക്കുണ്ടായിരുന്ന മുൻഗണനകൊണ്ടും മററും അന്നു് എരട്ടച്ചിറക്കോവിലകത്തിനു കൂടുതൽ പ്രാസിദ്ധിയും, അവിടെ നമ്പൂതിരിമാരുടെയുംമററും കൂടുതൽ സഹവാസവും ഉണ്ടായിരുന്നു. 950 ധനു 15-ാനു-യാണ "മൂപ്പിൽസ്ഥാന"ത്തുനിന്നുള്ള കടുവിലത്തെ ഒഴുമുറിയുണ്ടായതു്. അതു വാങ്ങിച്ചതു ശക്തൻതമ്പുരാനായിരുന്നു. എരട്ടച്ചിറയ്ക്കു നേരെ പടിഞ്ഞാറുഭാഗത്തായിരുന്നു കുറപ്പത്തെ ഭവനം. "കണ്ണംകുറപ്പത്തു്" എന്നായിരുന്നു അന്നത്തെ പേരു്. "കണ്ണംകടത്തു കുറപ്പത്തു്" എന്ന ആ മൂലത്തറവാടു് ഇന്നുമുണ്ടു്.

കുറപ്പത്തെ സ്ത്രീകൾ അക്കാലത്തു് എരട്ടച്ചിറയിൽ സ്നാനത്തിനായും, അവിടുത്തെ ശിവക്ഷേത്രത്തിൽ ദർശനത്തിനായും, എരട്ടച്ചിറക്കോവിലകത്തു് ഓരോ കാര്യത്തിനായും സാധാരണ പെരുമാറിപ്പോരാറുണ്ടായിരുന്നു. കുറപ്പത്തെ സ്ത്രീകൾക്കു കോവിലകത്തെ "സേവുകവും" ഉണ്ടായിരുന്നു. ഏതോ ഒരു മഹാബ്രാഹ്മണൻ ഒരിക്കൽ ദാനസംഭാവനകളിൽനിന്നു കിട്ടിയ ദ്രവ്യം മുഴുവനും മടിശ്ശീലയ്ക്കെട്ടിക്കൊണ്ടു് എരട്ടച്ചിറയിൽ കുളിക്കുവാൻ ചെല്ലുകയും, മടിശ്ശീല കുളക്കടവിൽ ഒരിടത്തു വെച്ചു നീരാട്ടുകുളിക്കു് എറങ്ങുകയും ചെയ്തു. കുളിയും ജപാദികളും മററും കഴിഞ്ഞു കരയ്ക്കു കയറി നോക്കിയപ്പോൾ തന്റെ പണമടിശ്ശീല കണ്ടില്ല. എവിടെപ്പോയി, ആർ മോഷ്ടിച്ചു, എന്നറിയാതെ വളരെ വ്യസനിക്കുകയും, ഓരോന്നു പിറുപിറുത്തുകൊണ്ടും, കള്ളനെ ശപിച്ചുകൊണ്ടും, കയറിപ്പോകുകയും ചെയ്തു. പണത്തിന്നു് ഒരു തുമ്പും ഉണ്ടായതുമില്ല.

അന്നുച്ചയ്ക്കു പതിവുപോലെ കുറപ്പത്തെ അന്നത്തെ മുത്തശ്ശിയമ്മ —കാളി എന്നോ ഇക്കാളി എന്നോ ആയിരുന്നുവത്രെ അവരുടെ പേരു്

—എരട്ടച്ചിറയിൽ കളിക്കാൻചെന്നു. പഴയ ആളുകൾ കുളക്കടവു വെട്ടപ്പവരുത്തിയല്ലാതെ കളിക്കുക പതിവില്ല. ഇക്കാളിയമ്മ കുളക്കടവു വെട്ടപ്പവരുത്തുമ്പോൾ കല്പടയിൽ ഒരിടത്തു് ഒരു വലിയകുന്തിച്ചാണകം കിടന്നിരുന്നതു വാരി എടുത്തു നീക്കി. അപ്പോൾ ആ ചാണകത്തിനടിയിൽ ഒരു മടിശ്ശീല കണ്ടു. നോക്കിയപ്പോൾ അതു നിറയെ ദ്രവ്യമായിരുന്നു. ആ സ്ത്രീക്കു കത്തവ്യത്തിൽ യാതൊരു സംശയവും ജനിച്ചില്ല. ഉടനേതന്നെ അതെടുത്തു മൂപ്പീന്നിന്റെ മുമ്പിൽ എത്തിച്ചു്, ഉണ്ടായ ചരിത്രം അവിടെ ഉണത്തിച്ചു. ഉടമസ്ഥൻനമ്പൂതിരിയും അപ്പോൾ അവിടെത്തന്നെ ഉണ്ടായിരുന്നു. അദ്ദേഹത്തിനു പററിയ അമളി മൂപ്പിലെ ധരിപ്പിച്ചിട്ടുമുണ്ടായിരുന്നു. "നമ്പൂതിരിയുടെ മടിശ്ശീലയുടെ മീതെ പശു ചാണകമിട്ടതാണു്; ആരും മോഷ്ടിച്ചതല്ലാ" എന്നു മൂപ്പീന്നു പറഞ്ഞപ്പോൾ നമ്പൂരി സന്തോഷാധിക്യത്താൽ മോദാശ്രുക്കൾ പൊഴിച്ചുകൊണ്ടു്, ആ മടിശ്ശീല ഏററുവാങ്ങുകയും, അതിൽനിന്നു നേർപകുതി ആ വൃദ്ധയ്ക്കു സൗജന്യമായി നല്കുകയും, സമ്പൽസമൃദ്ധിയുണ്ടാകട്ടെ എന്നു് ഉള്ളഴിന്നു അനുഗ്രഹിക്കുകയും ചെയ്തുവത്രെ. ആ ബ്രാഹ്മണാശിസ്സിന്റെ ഫലമായിട്ടാണുപോലും കുറപ്പത്തു ഭവനത്തിനു സകലസമ്പത്തും സൽകീത്തിയും ഉണ്ടായതു് "അങ്ങാനെ ആയിക്കൂടാ" എന്നു് ആ കഥകേട്ടാൽ ഒട്ടുംതോന്നുന്നതുമില്ല.

ആ ഇക്കാളിയമ്മയുടെ "ഇക്കേക്കി" എന്ന മകൾക്കു മൂന്നു പുത്രിമാരുണ്ടായിരുന്നു. അവർ പതിവായി 'എരട്ടച്ചിറയി'ലായിരുന്നു 'നനഞ്ഞി'രുന്നതു്. പെരുമ്പടപ്പിൽമൂപ്പീന്നിന്റെ കോവിലകത്തു് അന്നത്തെ പാലിയത്തച്ചൻ മിക്കവാറും പതിവുകാരനായിരുന്നു എന്നും, 'കുളംചാടാൻ' സമത്ഥകളായിരുന്ന ആ പെണ്ണുങ്ങളുടെ പ്രസരിപ്പും സൗന്ദര്യാതിരേകവും പാലിയത്തച്ചന്റെ ശ്രദ്ധയെ ഹഠാദാകഷിച്ചുവെന്നും, മലരമ്പനും ആ സമ്മോഹനാവസരത്തെ വ്യത്ഥമാക്കാതെ ജാഗരൂകനായിരുന്നുവെന്നും, നോട്ടങ്ങൾ വാക്കുകളായും, വാക്കുകൾ പ്രവൃത്തികളായും വളന്നുവെന്നും, അചിരേണ ആ കാമിനികളിൽ ഒരുവളെ അച്ചൻ തന്റെ ഭായ്യാപദത്തിലേക്കുയത്തി എന്നും, അങ്ങനെയാണു പാലിയവും കുറപ്പവുമായുള്ള ചരിത്രപ്രഖ്യാതിസിദ്ധിച്ച ബന്ധത്തിന്റെ ആരംഭമെന്നും ആണു പഴമക്കാർ പറഞ്ഞുകേട്ടിട്ടുള്ളതു്. രണ്ടാമത്തെ സ്ത്രീയുടെ ഭത്താവു് ആരായിരുന്നു എന്നറിവില്ല. മൂന്നാമത്തെ മകൾ അചിരേണ, അച്ചന്റെ വഴിക്കുതന്നെ ആയിരിക്കാം,

തൃപ്പൂണിത്തുറെക്കോവിലകത്തു് ഒരുദ്യോഗസ്ഥന്റെ കളത്രമായി ത്തീന്നു. കാലക്രമത്തിൽ പാലിയത്തെ കുറപ്പും, വടക്കെ കുറപ്പവും മറേറതു തെക്കേക്കുറപ്പവുമായി ഭേദിച്ചു.

ഈ പാലിയത്തച്ചനു രണ്ടാണും നാലു പെണ്ണും ആയി ആറു മക്കളുണ്ടായിരുന്നു. ആ പെൺമക്കളിൽ രണ്ടുപേരെ, 'പാലിയം സഹോദരന്മാർ' എന്നു് അക്കാലത്തു പറഞ്ഞുവന്നിരുന്ന രണ്ടു ജ്യേഷ്ഠാനുജന്മാർ—അവർ ഭരതശത്രുഘ്നന്മാരെപ്പോലെ എന്നും ഒന്നിച്ചായിരുന്നു—സംബന്ധംചെയ്തു. (അവരുടെ താവാടുകളാണു നടുവിലെ ശ്രാമ്പിയും നാലുകെട്ടും.) മൂന്നാമത്തെ മകളുടെ ഭത്താവു രാജസേവകനും സുപ്രസിദ്ധനും ആയ ചേരുപറമ്പത്തു് കുഞ്ഞിട്ടിണ്ണാൻ കാര്യക്കാരനായിരുന്നു. (അവരുടെ തറവാടാണു പടിഞ്ഞാറെ ശ്രാമ്പി). ആ നാൽവരിൽ ഒരുവളായിരുന്നു പാറുക്കുട്ടി. അവരാണു ശക്തൻതമ്പുരാന്റെ ആദ്യത്തെ നേത്യാരമ്മയായിത്തീന്നതു്.

ഇക്കാലത്തു ശക്തൻതമ്പുരാനു്, ഇരുപത്തിനാലു് ഇരുപത്തഞ്ചു തിരുവയസ്സാണു്. പാലിയത്തച്ചന്മാക്കും, കുഞ്ഞിട്ടിണ്ണാൻ മേനവനും, യൗവനായുക്തനായി, രാജാവിന്റെ പ്രതിപുരുഷനായി, പ്രസിദ്ധിസമ്പാദിക്കുവാൻ തുടങ്ങിയിരുന്ന ശക്തൻതമ്പുരാൻതിരുമനസ്സിലെ വിവാഹച്ഛന്ദയിലേയ്ക്കു് ആരായിക്കുന്നതിനു് അതിപ്രയത്നം വേണ്ടിവന്നിരിക്കയില്ല. കാരണവന്മാരെ ബോധിപ്പിച്ചു് അനുവാദം വാങ്ങിക്കുന്ന ഭാരവും അവർ യഥാവസരം ഏററിട്ടുണ്ടായിരിക്കും. മാന്യന്മാരും രാജധാനിയിലെ പ്രമാണക്കാരുമായ അവക്കു കുൻപ്പെത്തുവീട്ടുമായുണ്ടായിരുന്നബന്ധം വളരെ ശക്തിയുള്ള ഒരു 'ശിപാശി'യായും പരിണമിച്ചിരിക്കും.

ഇതിനിടയ്ക്കല്ലെങ്കിലും, ഇക്കാലത്തു 'ചാഴൂർ'ക്കാർ മൂപ്പിൽസ്ഥാനം വെച്ചൊഴിയുകയും, എരട്ടച്ചിറക്കോവിലകം രാജകുടുംബത്തേയ്ക്കു സിദ്ധിക്കുകയും ചെയ്തു. തൃശ്ശിവപേരൂക്കുള്ള എഴുന്നള്ളത്തുകാലങ്ങളിൽ ശക്തൻതമ്പുരാനു് എരട്ടച്ചിറക്കോവിലകത്തുതന്നെ ചെല്ലാനും ചേരാനും സന്ദർഭങ്ങൾ ധാരാളമായിരുന്നു. എന്തിനധികം വർണ്ണിക്കുന്നു.! കുറപ്പത്തെ പാറുക്കുട്ടി, 950-ൽ, കൊച്ചിശക്തൻതമ്പുരാൻതിരുമനസ്സിലെ അംഗീകരിക്കപ്പെട്ട നേത്യാരമ്മയായിത്തീന്നു.! പാറുക്കുട്ടിക്കു ജാതകപ്രകാരം ചെറുപ്പത്തിൽത്തന്നെ വൈധവ്യം വരുമെന്നു കണ്ടു ശക്തൻതമ്പു

രാന്റെ സംബന്ധാലോചന കാരണവന്മാർക്കു സമ്മതമല്ലാതെ വന്നുവെന്നും, "എനിക്കു് അല്പായുസ്സല്ലാ" എന്നു തമ്പുരാൻ ശഠിച്ചുവെന്നും, പാറുക്കുട്ടിയുടെ പ്രസരിപ്പും കുസലില്ലായ്മയും രാജചിത്തത്തെ ഹഠാദാകർഷിച്ചുവെന്നും, എരട്ടച്ചിറക്കോവിലകത്തെ മാന്തോപ്പുകൾക്കു് ആ രാജകുമാരന്റെ അനുരാഗചേഷ്ടകൾ പലതും കണ്ടാനന്ദിക്കുവാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ടെന്നും, അങ്ങനെയൊക്കെയാണു് ആ സംബന്ധം നടന്നതെന്നും പറയപ്പെടുന്നു.

ശക്തൻതമ്പുരാന്റെ ശരീരപ്രകൃതിയേയും ആകാരസൗഷ്ഠവത്തേയും കുറിച്ചുള്ള വിചിന്തന ഇവിടെ സംഗതമാണെന്നു വിചാരിക്കുന്നു. തിരുമനസ്സിൽനിന്നു് 'ഇരുനിറത്തിൽ' നീണ്ടുനിവർന്ന ആജാനുബാഹുവായ ഒരു തേജോമയൻ ആയിരുന്നു. പുരുഷസൗന്ദര്യത്തിന്റെ അടിസ്ഥാനം അവയവങ്ങളുടെ ശരിയായ ബലിഷ്ഠതയും യോജിപ്പും ആണെന്നു പറയേണ്ടതില്ലല്ലോ. രോമനിബിഡമായ പുരികം, ദീപ്തിനിറഞ്ഞ നയനം, തടിച്ചുയർന്ന നാസ, പരന്നുയർന്ന നെറ്റി, കനംകുറഞ്ഞ അധരം, അസാമാന്യനായിരുന്ന ആ മഹാപുരുഷന്റെ ആകൃതി അസാധാരണം തന്നെയായിരുന്നു. ഒരു ദൃഢനിശ്ചയക്കാരനും, നിർദ്ദയനും, കഠിനകൃത്യങ്ങൾ ശങ്കിക്കാത്തവനും ആണെന്നു മുഖത്തെ പ്രത്യക്ഷസ്തോഭം പ്രഖ്യാപനം ചെയ്തിരുന്നു. വിരിഞ്ഞ മാറിടവും നീണ്ട കരപരിഘങ്ങളും ചെറുപ്പകാലത്തു വ്യായാമമുറകളിലുണ്ടായിരുന്ന നിഷ്ഠയുടെ കാഠിന്യത്തെ വിശദപ്പെടുത്തിയിരുന്നു. ആകപ്പാടെ അവിടുന്നു കാഴ്ചയ്ക്കു 'യോഗ്യ'നായിരുന്നുവെന്നു നിശ്ശങ്കം പറയാം. എന്നാൽ, സാധാരണനിലയിൽ ഒട്ടും "സുന്ദരൻ" ആയിരുന്നതുമില്ല.

ശക്തൻതമ്പുരാന്റെ ഛായ എന്ന നിലയ്ക്കു് ഒരു ചിത്രം സ്കൂൾകുട്ടികളുടെ പാഠപുസ്തകത്തിൽ അക്ഷന്തവ്യമായ അനവധാനതയോടുകൂടി ചേർത്തുകാണുന്നുണ്ടു്. ആ വികൃതചിത്രം അവിടുത്തെ രൂപത്തെക്കുറിച്ചു വലുതായ തെറ്റിദ്ധാരണകൾ ഉളവാക്കിയിരിക്കുന്നു. അവിടുത്തെ അമ്മാമന്റെ — 965-ൽ തീപ്പെട്ട മഹാരാജാവിന്റെ — ഒരു ചിത്രം പി. ശങ്കുണ്ണിമേനോൻ അവർകളുടെ പഴയതിരുവിതാംകൂർരാജ്യചരിത്രഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതിനെ, ശക്തൻതമ്പുരാന്റെ ഛായ എന്നു തെറ്റിദ്ധരിച്ചു് അതിനെ അനുകരിച്ചു് ആരോ എഴുതിയ ഒരു ചിത്രത്തെ വിശ്വസിച്ചതിനാലാണു മേല്പറഞ്ഞ അബദ്ധം പിണഞ്ഞുപോയതു് എന്നു വിചാരിക്കുന്നു. ആ ഛായ നോക്കിയാൽ, അങ്ങനെ ആവർണ്ണ

മെന്നു് ആക്കും തോന്നുന്നതുമാണ്. ആ വലിയതമ്പുരാൻ കായികാഭ്യാസങ്ങളൊന്നും ശീലിക്കാതെയും, പുറത്തിറങ്ങി സഞ്ചരിക്കാതെയും കേവലം ഒരു "അകക്കോയ്മ"യായി വർത്തിച്ചിരുന്ന പ്രശാന്തനായിരുന്നു. അവിടുത്തെ 'കുടവയർ'യും മററും പ്രസിദ്ധവുമായിരുന്നു. ആ ഛായ നോക്കി പിൽക്കാലത്തു വിനോദരസികന്മാരായ കോവിലകസംബന്ധികളിൽ ആരെങ്കിലും എഴുതീട്ടുള്ള ഒരു ചിത്രത്തിൽനിന്നുത്ഭവിച്ചതാണു പ്രസ്തുത "ശക്തൻതമ്പുരാൻെറ ഛായ" എന്നാണു സൂക്ഷ്മാന്വേഷണങ്ങളുടെ ഫലമായി എനിക്കു തീർച്ചപറയുവാൻ സാധിക്കുന്നതു്. മിഥുനമാസത്തിൽ തീപ്പെട്ട വലിയതമ്പുരാൻെറ കാലത്തു കോവിലകച്ചുമരുകളിന്മേൽ വളരെ ചിത്രങ്ങൾ ഉണ്ടായിരുന്നുവെന്നും അവ ഇന്നിന്നവരുടെ എന്നില്ലായിരുന്നുവെന്നും അറിയുന്നു. നരചരിത്രവിദഗ്ദ്ധന്മാരോടു ചോദിച്ചാൽ ശക്തൻെറ ആ ചിത്രം ഒരു ആധുനികമനുഷ്യൻെറ ചിത്രമേ അല്ലെന്നു നിശ്ശങ്കം പറയുന്നതായിരിക്കും.

മുമ്പു പ്രസിദ്ധീകൃതമായ ആ ചിത്രം ശക്തൻതമ്പുരാൻെറയല്ലെന്നു് അതു സൂക്ഷിച്ചുനോക്കുന്ന ആക്കും എളുപ്പത്തിൽ അറിയാവുന്നതാണ്. പത്തുപന്ത്രണ്ടു വയസ്സുമുതല്ക്കു്, ഒരുമാതിരി അവസാനകാലംവരെ, കുതിരപ്പുറത്തുനിന്നു താഴെ ഇറങ്ങാതെ, എന്നുതന്നെ പറയാം, അമിതവ്യായാമം ആചരിച്ചുപോന്നിട്ടുള്ള ഒരാൾക്കു് ഇത്രവലിയ 'ലംബോദരം,' ആ ചിത്രത്തിൽ കാണുന്നതുപോലെ, എങ്ങനെ ഉണ്ടാവാം? 'വയറുചെറുതാവാ'നുള്ള വ്യായാമമായിപ്പറയുന്ന കുതിരസ്സവാരി നിത്യത്തൊഴിലായിരുന്ന ഒരാൾക്കു 'മഹോദര'ക്കാരൻെറ വയറോ? കളരിപ്പയററും, ആയുധവിദ്യകളും, ശ്വാസസ്തംഭനവും, ആൾമാറാട്ടവുംമററും ആദ്യംമുതലേ അഭ്യസിച്ചിട്ടുള്ള ഒരാൾക്കു യോജിച്ചതല്ലാ പ്രസ്തുത ഛായ എന്നു വിധികല്പിക്കുവാൻ ഒരു പ്രയാസവുമില്ല. അങ്ങനെയൊരു ചിത്രത്തിനു പ്രമാദത്താൽ പ്രചാരംവന്നുപോയതുകൊണ്ടുമാത്രം അതിനെക്കുറിച്ചു് ഇത്രയും പ്രസ്താവിക്കേണ്ടിവന്നതാണ്.

'കുറപ്പത്തെ കല്യാണം' തൃശ്ശൂർക്കോവിലകത്തുവെച്ചാണു നടന്നതെന്നും, പാലിയത്തച്ചൻമാരും, കുഞ്ഞിട്ടിണ്ണാൻമേനവനുമായിരുന്നു അതിൻെറ "പുരോഹിതന്മാർ" എന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ. എണങ്ങിയതാണെങ്കിലും സിംഹത്തിൻെറ കൂട്ടിലേയ്ക്കു കടക്കുന്ന സക്കസ്സുകാരൻെറ ആശങ്കകൾ നിറഞ്ഞ മനോഭാവത്തോടുകൂടിയാണ് കുറപ്പത്തെ പാറുക്കുട്ടിയമ്മ ശക്തൻതമ്പുരാൻെറ ഗൃഹണീപദത്തി

ലേക്കു പ്രവേശിച്ചതെന്നാണ് ഐതിഹ്യം. സുശീലയും സുമുഖിയുമെങ്കിലും വീണ്ടുവിചാരമില്ലാത്തവളും ദുർബ്ബലയും പോരു കാണാൻ പോരാത്തചരുമായിരുന്നു ആ മഹിളാമണി. യുവാവായിരുന്ന തമ്പുരാന് അവരോട് ആദികാലത്തു വളരെ പ്രേമമുണ്ടായിരുന്നു. അവിടുന്ന് എവിടെ എഴുന്നള്ളിത്താമസിക്കുന്നതായാലും അടുത്തു മറെറാരു 'മഠത്തിൽ' അവരെ പ്രത്യേകം പാർപ്പിക്കുകയും യഥാവിധി വേണ്ട എല്ലാ അന്തസ്സുകളും അനുവദിച്ചുകൊടുക്കുകയുംചെയ്യുവന്നു. "നിത്യച്ചിലവുവകപ്പ്" എന്ന അദ്ധ്യായത്തിൽ കുറപ്പത്തുമഠത്തിലെ ചിലവുകളുടേയും അവിടെ താമസിച്ചിരുന്നവരുടേയും മററും വിവരങ്ങൾ ചേർത്തിട്ടുള്ളതുകൊണ്ട് അതൊന്നും ഇവിടെ വിവരിക്കുന്നില്ല.

ശക്തൻതമ്പുരാൻെറ കണക്കുകളിൽ ചിലതിൽ— അവിടവിടെ ചിലതു മാത്രമെ കണ്ടുകിട്ടീട്ടുള്ളു— കുറപ്പത്തമ്മയും മററും തൃശ്ശൂർനിന്നു തൃപ്പൂണിത്തുറയ്ക്കു വരുന്നവഴി കരുപ്പടന്നയിൽ താമസിച്ചതിന് ഒരുനേരത്തെ ചിലവിന് ഇത്രപുത്തൻ എന്നും, എറണാകുളത്തു താമസിച്ചതിന് ഒരു നേരത്തെ ചിലവിന് ഇത്രപുത്തൻ എന്നും എഴുതിക്കാണുന്നതിൽനിന്ന് അവരും ഇടയ്ക്കിടയ്ക്ക് എഴുന്നള്ളത്ത് ഒന്നിച്ചു പൊയ്ക്കൊണ്ടിരുന്നുവെന്ന് ഊഹിക്കാവുന്നതാണ്. നേത്യാരമ്മയെ തമ്പുരാൻ കോവിലകത്ത് ഒന്നിച്ചു താമസിപ്പിച്ചിരുന്നില്ലായെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാകുന്നു.

'മഠം' എന്നപേർ കൊച്ചിയിലെ വലിയതമ്പുരാൻെറ നേത്യാരമ്മയുടെ ഭവനത്തിനു പറഞ്ഞുവരുന്ന ഒരു ബഹുമാനപ്പേർകൂടിയാണെന്നു തോന്നുന്നു. 'കുറപ്പത്തുമഠ'ത്തിൽ എന്നാണ് ഈ പാറുക്കുട്ടിനേത്യാരമ്മയുടെ വസതിയെ എപ്പോഴും നിർദ്ദേശിച്ചുകാണുന്നത്. 'എളമനമഠം' 1013_ൽ തീപ്പെട്ട മഹാരാജാവിൻെറയും, രാമഞ്ചിറമഠം 1026_ൽ തീപ്പെട്ട മഹാരാജാവിൻെറയും, 'വള്ളിക്കാട്ടുമഠം' മറെറാരു മഹാരാജാവിൻെറയും നേത്യാരമ്മമാരുടെ ഭവനങ്ങളാകുന്നു.

പാറുക്കുട്ടിയമ്മ പ്രസവിച്ചില്ല എന്നും, അല്ലാ ഒരു പെൺകുട്ടിയെ മാത്രം പ്രസവിച്ചു എന്നും, പക്ഷാന്തരമുണ്ട്. സന്താനഭാഗ്യം ജാതകവശാൽത്തന്നെ തമ്പുരാനു നിഷേധിക്കപ്പെട്ടിരുന്നതാണല്ലോ. എന്നാൽ അവിടുന്നു നേത്യാരമ്മയുടെ സഹോദരിയുടെ— ഇട്ടിണ്ണാൻ മേനോൻെറ ഭാര്യയുടെ—സന്താനങ്ങളെ പുത്രനിർവ്വിശേഷമായ സ്നേഹ

ത്തോടുകൂടി നോക്കിപ്പോന്നിരുന്നു എന്നുള്ളതു് അവിടുത്തെ 'സന്താനഭ്രമ'ത്തിന്റെ ശക്തിയേയും ഔദാര്യവായ്പിനേയും കുറിക്കുന്നു. ആ സ്ത്രീക്കു സന്താനങ്ങൾ ഉണ്ടായിരുന്നു. 967 തുലാം 16-ാംനു-ത്തെ കണക്കിൽ 'കുറപ്പത്തെ കിടാവിന്നു ചോറു കൊടുക്കുന്ന ദിവസം. തൃപ്പൂണിത്തുറെ തേവർക്കു കളഭവും സദ്യയും കഴിപ്പാൻ കല്പനപ്പടിക്കു ചിലവു പുത്തൻ 2595' എന്നും, പിറെറ ദിവസത്തെ കണക്കിൽ, 'വിശേഷാൽ കളഭവും സദ്യയും വകക്കു പുത്തൻ 4566' എന്നും, ടി അമ്പലത്തിൽ പന്ത്രണ്ടുപെര പട്ടന്മാരെക്കൊണ്ടു 52 ദിവസത്തെ ശിവപൂജയും വഴിപാടും ശാസ്താവിന്നു പാട്ടും കഴിപ്പിച്ച വകക്കു പുത്തൻ 4547$\frac{1}{2}$' എന്നും എഴുതിയിരിക്കുന്നു. ഈ പറഞ്ഞതു പാറക്കുട്ടിനേത്ര്യാരമ്മയുടെ മേല്പറഞ്ഞ പെൺകുട്ടിയെക്കുറിച്ചാണെന്നും ചിലർ പറയുന്നുണ്ടു്. ആ പെൺകുട്ടി കെട്ടുകല്യാണാടിയന്തിരംകൂടി കഴിഞ്ഞതിനുശേഷമാണത്രെ മരിച്ചുപോയതു്. ഏതായാലും ശക്തൻതമ്പുരാന്റെ പാരമ്പര്യം പറയാൻതക്കവണ്ണം ആരും അവശേഷിച്ചിട്ടില്ലെന്നുള്ളതു നിർവ്വിവാദമാണു്. അവിടേക്കു് ഇട്ടീണ്ണാൻമേനോന്റെ സന്താനങ്ങളോടു വളരെ സ്നേഹമായിരുന്നുവെന്നു് ഐതിഹ്യപ്രസിദ്ധിയുമുണ്ടു്.

"കുറപ്പത്തെ കിടാങ്ങളുടെ" കെട്ടുകല്യാണവും ശക്തൻതമ്പുരാൻ പൊടിതകൃതിയായി തൃശ്ശൂരുവെച്ചു് ആഘോഷിക്കുകയുണ്ടായി. അന്നത്തെ കണക്കിൽ "മെടം 24-ാംനു- ബ്രഹ്മസ്വംമഠത്തിലും കുറപ്പത്തുമഠത്തിലുംകൂടി സദ്യകഴിച്ചവകക്കു കൊപ്പു വിലത്തരം വക ചിലവു പുത്തൻ 17158$\frac{7}{8}$" എന്നും, 'മുഹൂർത്തദാനത്തിന്നു പുത്തൻ 1246' എന്നും, രണ്ടുസ്ഥലത്തും 'ദഹണ്ഡക്കാർക്കു പുത്തൻ 877$\frac{1}{2}$' എന്നും, 'സമ്മാനം വകക്കു പുത്തൻ 9977$\frac{1}{4}$' എന്നും, 'കൂലിച്ചെലവു പുത്തൻ 950$\frac{3}{4}$' എന്നും ചില ചിലവുകൾ എഴുതിക്കാണുന്നുണ്ടു്. 'അരിച്ചിലവു്' എത്രയാണെന്നു് ആ കണക്കിൽനിന്നു മനസ്സിലാകുന്നില്ല. എന്നാൽ, 'കുറപ്പത്തെ കല്യാണംവകക്കു് അരിയും നെല്ലും അരണാട്ടുകര കടവിൽ എറക്കിച്ചതിനുള്ള കൂലിച്ചിലവു്' എന്നൊരിനവും കണക്കെഴുതീട്ടുണ്ടു്. ഇതിനുപുറമെ, കല്യാണത്തിന്നു വെടിക്കെട്ടുവകക്കു് കരുമരുന്നു ഗന്ധകവും, വെടിവകക്കു രണ്ടുമന്നു് ഉപ്പും കൊച്ചിയിൽനിന്നു വരുത്തിയിരിക്കുന്നു. ഏതായാലും കല്യാണം പൊടിപൊടിച്ചു കഴിച്ചു എന്നു തീർച്ചയാണു്.

ഈ 'കുറപ്പത്തെ കിടാങ്ങൾ' ഒന്നും തിരുമനസ്സിലെ സന്താനങ്ങളായിരുന്നില്ലെന്നും, ഇട്ടീണ്ണാൻമേനോന്റെ ഭാര്യയുടെ, നേത്ര്യാരമ്മയുടെ

സഹോദരിയുടെ, കുട്ടികളായിരുന്നുവെന്നും, തമ്പുരാൻ അവരെ സ്വന്തം മക്കളെപ്പോലെ നോക്കിയിരുന്നു എന്നും, തന്നിമിത്തം ആ സഹോദരിമാർ. അന്യോന്യം ചതുർത്ഥികളായിബ്ഭവിച്ചുവെന്നും, അചിരേണ ആ മത്സരം അവിചാരിതങ്ങളും മർമ്മഭേദകങ്ങളുമായ അനിഷ്ടാനുഭവങ്ങൾക്കു വഴിയുണ്ടാക്കി എന്നും ആണു പറയപ്പെടുന്നതു്.. ആ കെട്ടുകല്യാണത്തിനു "കെട്ടിയ കുട്ടികളിൽ" തീർച്ചയായും ഒന്നു ശക്തൻ തമ്പുരാൻെറ മേല്പറഞ്ഞ പുത്രിതന്നെ ആയിരുന്നു എന്നും, എരുട്ടച്ചിറയ്ക്കിൽ കല്യാണം കുളിപ്പിച്ചു വളരെ ആഘോഷമായി പുറപ്പെട്ടു എന്നും, പാറുക്കുട്ടിനേത്ര്യാരമ്മയോടു പിണക്കമായിരുന്നാലും താലികെട്ടുസമയത്തു സന്നിഹിതയാകുന്നതിനു തമ്പുരാൻ അവരെ അനുവദിച്ചു എന്നും, തമ്മിൽത്തമ്മിൽ കാണാതിരിക്കുന്നതിനു് എടയ്ക്കു് ഒരു പട്ടുയവനികയിട്ടിരുന്നുവെന്നും, മററും പഴമക്കാർ ഇന്നും പറഞ്ഞുകേൾക്കുന്നുണ്ടു്, പാലിയത്തച്ചന്മാരോടു ശക്തൻതമ്പുരാനു് ആദ്യകാലത്തുണ്ടായിരുന്ന സ്നേഹവിശ്വാസങ്ങൾക്കു കാലാന്തരത്തിൽ ലാഘവം സംഭവിച്ചതിനും, അവസാനത്തിൽ അതു തികഞ്ഞ സുഖമില്ലായ്മയിൽ കലാശിച്ചതിനും, സ്ത്രീകൾ തമ്മിലുണ്ടായിത്തീൎന്ന ഈ കിടമത്സരവും അസൂയാദികളുംകൂടി കാരണമായിരുന്നില്ലേ എന്നു സംശയിക്കണം. സഹോദരീസന്താനങ്ങളോടു പ്രദർശിപ്പിച്ച അതിസ്നേഹത്തിൽ നേത്ര്യാരമ്മതന്നെയും പരിഭവക്കാരത്തിയായത്രെ! കുഞ്ഞിട്ടിണ്ണാൻമേനോനും, സ്വസന്താനങ്ങളിൽ ചൊരിയപ്പെട്ടുന്ന രാജകീയാനുഭാവങ്ങളിൽ അല്പേതരമായ അസഹിഷ്ണുത വളൎന്നുവന്നുവത്രെ. പരമാൎത്ഥസ്ഥിതികളൊന്നും ബുദ്ധിഗോചരങ്ങളല്ല. വളരെ വ്യസനകരമായ ഒരു പര്യവസാനമാണു് ആ അന്തർനാടകത്തിനുണ്ടായതെന്നുമാത്രം, അണിയറയിലേയ്ക്കു കണ്ണെത്താത്തവരായ നമുക്കു്, അരങ്ങത്തെ അനുഭവങ്ങളിൽനിന്നു്, അറിയാം. കുറപ്പാത്തെ പാറുക്കുട്ടിനേത്ര്യാരമ്മ രാജസംബന്ധം വിട്ടു തൃശ്ശിവപേരൂരിൽ സ്ഥിരതാമസമായി. കുഞ്ഞിട്ടിണ്ണാൻമേനോൻ അതിരററ രാജകോപത്തിനു പാത്രമായി അകാലമൃത്യുവും അടഞ്ഞു! മഹാ ദുഃഖപര്യവസായിയായ ഒരു നാടകം—ഒരുഗ്രൻ ട്രാജഡി—തന്നെയായിരുന്നു ആ രംഗം. അജ്ഞാതങ്ങളായ ആ പരിസരങ്ങളിൽ വെറും അന്ധകാരത്തിൽ തപ്പിത്തടഞ്ഞു നടന്നതുകൊണ്ടൊന്നും കുററങ്ങളേയും കുററക്കാരേയും ശരിയായി കണ്ടുപിടിച്ചു ന്യായമായ ഒരു വിധികല്പിക്കുന്നതിനു സാധിക്കുന്നതല്ല. എന്നാൽ, കഠിനശിക്ഷ അനുഭവിച്ചതു മേനോൻആയിരുന്നു. 972-ൽ പാറുക്കുട്ടിയമ്മ മരിക്കുന്നതുവരെ അവരുടെ ആവശ്യങ്ങളെ തമ്പുരാൻ അന്വേഷിച്ചിരുന്നുവെന്നുമാത്രമല്ല, ആ സ്ത്രീയുടെ

ജീവിതകാലത്തൊന്നും അവിടുന്നു പുനർവിവാഹത്തിൽ താല്പര്യം പ്രദർശിപ്പിച്ചിരുന്നുമില്ല. എല്ലാംകൂടി നോക്കിയാൽ, ആ സാധുസ്ത്രീ നിരപരാധിനിയായിരുന്നു എന്നു നിശ്ചയിക്കാവുന്നതാണ്. പാറക്കുട്ടിയുടെ വൈധവ്യം ഭർത്താവു മരിക്കാതെതന്നെ സംഭവിക്കയും ജാതകം ശരിയാകുകയും ചെയ്തു!

ശക്തൻതമ്പുരാന്റെ സദാചാരബോധത്തിന്റെനേക്കു കരിംചെളി വാരിയെറിയുന്നതരത്തിലുള്ള ചില പാഴ്ക്കഥകൾകൂടി ചിലകൂട്ടർ പറഞ്ഞുവരുന്നുണ്ടെന്നുള്ള സംഗതി ഞാൻ ഇവിടെ മറച്ചുവെയ്ക്കുന്നില്ല. എന്നാൽ, അവയെല്ലാം തീരേ അടിസ്ഥാനരഹിതങ്ങളും കേവലം ശത്രുപക്ഷക്കാരുടെ കുസൃതികളും ആണെന്നു വിശ്വസിക്കുവാനാണു ന്യായവും കാരണവും കാണുന്നതു്. സദാചാരസംരക്ഷണാർത്ഥം അവിടുന്നു ക്ലേശിച്ചിട്ടുള്ളതിനു കയ്യും കണക്കുമില്ല; അബലാപീഡനത്തെ വളരെ കഠിനമായും കഷ്ടപ്പാടുകൾ സഹിച്ചും അവിടുന്നു അമർത്തുകയും ശിക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്നു തെളിയിക്കുന്ന സംഭവപരമ്പരകൾ കുറച്ചൊന്നുമല്ല. കുളിക്കുമ്പോൾ കൂട്ടുകാരോടു ചീത്തവാക്കുപറഞ്ഞ ഒരു നമ്പൂരിക്കുട്ടിയുടെ ആ വാക്കിൽനിന്നു ബീജശുദ്ധിയില്ലെന്നു നിശ്ചയിച്ച് ആ ബാലന്റെ അമ്മയായ അന്തർജ്ജനത്തിനെ സ്മാർത്തവിചാരം ചെയ്തു പുറത്താക്കിച്ചതായിട്ടുപോലും അവിടുത്തെക്കുറിച്ച് ഐതിഹ്യമുണ്ട്. പാറപ്പെട്ടിനായർ, കപ്പിത്താൻ ഇക്കണ്ണൻ, കാവപ്പുരത്തിണ്ടാൻ, എന്നുവേണ്ടാ, സ്ത്രീദ്രോഹംനിമിത്തം ശക്തന്റെ കയ്യുകൊണ്ടു യമപുരി പൂകിയിട്ടുള്ളവർ അനേകരാണ്. "...തിരുപ്പാടിന്റെ മഠത്തിൽ ശൂദ്രസംസർഗ്ഗമുണ്ടെന്നു സംശയിച്ചു്" ആ കുടുംബക്കാരെ കഠിനശിക്ഷയ്ക്കു വിധിച്ചിരിക്കുന്നു! ഇപ്രകാരം അബലകളുടെ സദാചാരകാര്യത്തിൽ ബദ്ധശ്രദ്ധനും, ജാത്യാചാരങ്ങളിൽ നിഷ്ണാതനും, അവിവേകികളുടെ നേരെ നിർദ്ദയനും ആയ ഒരു മഹാരാജാവ്, ആ വിഷയത്തിൽ തന്നെ സ്വന്തംനിലയിൽ മഹാപരാധിയായിരുന്നു എന്നു പറയുന്നതു് അവിടുത്തെ ശത്രുക്കൾക്കുപോലും മര്യാദയായിട്ടുള്ളതല്ല.

ശക്തൻതമ്പുരാന്റെ കാലത്തെ നമ്പൂതിരിപ്രവരന്മാരിൽ ചിലർക്കും അവിടുത്തോടു വൈരവും മത്സരവുമായിരുന്നു എന്നും, സാമൂതിരിയോടു പക്ഷപാതവും, സ്വാധികാരത്തിൽ ഭ്രമവും, രാജസ്ഥാനത്തോടു് അനാദരവും ഉണ്ടായിരുന്ന അനവധി നമ്പൂതിരിമാർക്ക് അവിടുത്തെ ആജ്ഞാശക്തിയുടെ രുചി അറിയേണ്ടിവ

ന്നിട്ടുണ്ടെന്നും ഉള്ളതു സർവ്വവിദിതമാണല്ലോ. ആ എതിർകക്ഷിഭാഗത്തുനിന്നു പൊട്ടിപ്പുറപ്പെട്ടതാണു തമ്പുരാനപ്പററിയുള്ള പ്രസ്തുതാക്ഷേപമെന്നു് അതിന്റെ സ്വഭാവം കേട്ടാൽത്തന്നെ മിക്കവാറും തീർച്ചപ്പെടുത്താവുന്നതാണു്.

ഒരു നമ്പൂതിരിക്കന്യകയിൽ ശക്തൻതമ്പുരാൻ ഭ്രമിച്ചുവശായി എന്നും, ഗത്യന്തരമില്ലാതെ ആ ബുദ്ധിമതി അനുസരണംമൂളി, കുളിയും ഊണും കഴിക്കുവാൻ തമ്പുരാനെ ക്ഷണിച്ചുവെന്നും, ഭക്ഷണത്തിനിരുന്നപ്പോൾ ആ പ്രതിഭാശാലിനി ഒരു കൂട്ടാൻതന്നെ അറുപത്തിനാലു ദിക്കിലായി വിളമ്പിക്കൊണ്ടാണു് അമൃതേത്തു കഴിപ്പിച്ചതെന്നും, ആലോചനാചതുരനായിരുന്ന ശക്തൻതമ്പുരാൻ ആ പ്രയോഗത്തിന്റെ അർത്ഥം ധരിച്ചു വീണ്ടുവിചാരം ചെയ്തു്, ഉദ്ദേശിച്ച അധർമ്മത്തിൽനിന്നു താനേ പിൻവലിച്ചു എന്നുമാണു് ആ കഥ. "ഒരു വെടിക്കു രണ്ടു പക്ഷി" എന്നു പറഞ്ഞതുപോലെ, ഈ കഥയുടെ കർത്താവായ ആ 'സരസൻനമ്പൂരി—മററാരാൾക്കും ഈ ചാതുര്യം തോന്നുകയില്ല—നമ്പൂരിക്കന്യകയുടെ പാതിവ്രത്യവും അസാമാന്യമായ ബുദ്ധിവിലാസവും പ്രദർശിപ്പിക്കുന്നതോടുകൂടിത്തന്നെ ശക്തൻതമ്പുരാന്റെ സൽക്കീർത്തിയെ കളങ്കപ്പെടുത്തുകയും ചെയ്യിരിക്കുന്നു! "അമ്പടാ, രസികാ"! എന്നു പറഞ്ഞൊന്നു പുഞ്ചിരിക്കൊള്ളുവാനല്ലാതെ അതിനെക്കുറിച്ചു സഗൌരവം ചിന്തിക്കുന്നതിനു് ആവശ്യമുണ്ടെന്നേ തോന്നുന്നില്ല.

കാമഭ്രാന്തനായി, സ്ഥിതിഗതികളെ മുഴുവനും വിസ്മരിച്ചു കേവലം അന്ധനായി, ആ തമ്പുരാൻ അങ്ങനെയൊരു അധർമ്മത്തിനു തുനിഞ്ഞു എന്നുതന്നെ വെയ്ക്കുക. എത്രയേറെ ഹൃദയവ്യാമർദ്ദവും, മനോവ്യഥയും പിന്നിട്ടിട്ടായിരിക്കും അവിടുന്നു് അതിനു തീർച്ചപ്പെടുത്തിയിരിക്കുക. മററു സകലസൗകര്യങ്ങളും അവിടെ ഉണ്ടായിരിക്കെ, ഇല്ലെങ്കിൽതന്നെ ഉണ്ടാക്കുവാനുള്ള ശക്തി കൈവന്നിരിക്കെ, ഒരുകൂട്ടം കൂട്ടാൻ അറുപത്തിനാലു ദിക്കിൽ വിളമ്പിയതിനെമാത്രം നോക്കിക്കണ്ടുകൊണ്ടു്, അതുവരെ ഉദിക്കാത്തതായ ഒരു വിവേകം താനേ അംഗീകരിച്ചു് ഇറങ്ങിപ്പോയി എങ്കിൽ, ആയതു കാമാന്ധനായ യാതൊരുത്തനും എതൽക്കാലപര്യന്തം ചെയ്തിട്ടില്ലാത്തതും, ചെയ്വാൻ ശക്തനായി ഭവിച്ചിട്ടില്ലാത്തതുമായ അത്യാശ്ചര്യകരമായ ഒരു പ്രവൃത്തിയാകുന്നു. അതു നിസ്സാരമായ ഒരു തന്ത്രോപദേശംകൊണ്ടു സുബോധം വരണമെങ്കിൽ അധർമ്മാസക്തി വളരെ വളരെ ദുർബ്ബലമായിരുന്നിരിക്കണം.

അതു് അശക്തമായിരുന്നെങ്കിൽ, ഇത്ര വമ്പിച്ച ഒരു ദുരാചാരത്തിനു് ആദ്യംതന്നെ പുറപ്പെട്ടുകയുമില്ല. അസൂയയും അസഹിഷ്ണുതയും നിമിത്തം എതിർകക്ഷികൾ മനഃപൂർവ്വം പരത്തിവിട്ട ഒരു മിഥ്യാപവാദം, മാത്രമാകുന്നു ശക്തൻതമ്പുരാൻെറ പ്രസ്തുതസദാചാരവിഭ്രംശകഥ.

ശക്തൻതമ്പുരാൻെറ ഗൃഹസ്ഥാശ്രമം ഒട്ടും സുഖകരമോ തൃപ്തികരമോ വിജയപ്രദമോ ആയിരുന്നില്ലാ എന്നു സ്പഷ്ടമാണു്. സന്താനലാഭം അവിടേക്കു് ഉണ്ടായതായി സ്പഷ്ടമായ അറിവില്ല. തമ്പുരാൻ തിരുമനസ്സുകൊണ്ടു 975_ലാണു വീണ്ടും വിവാഹോത്സുകനായിബ്ഭവിച്ചതു്. അവിടത്തെ രണ്ടാമത്തെ നേത്ര്യാരമ്മ തൃശ്ശൂർ കരിമ്പററെ ചിമ്മുകുട്ടിയമ്മയായിരുന്നു. അവരെക്കുറിച്ച് പ്രത്യേകം മറെറാരിടത്തു പ്രസ്താവിക്കുന്നുണ്ടു്.

പാറുകുട്ടിനേത്ര്യാരമ്മയുടെ സഹോദരികളിൽ ഒരാൾക്കു പാലിയത്തച്ചനായിരുന്നു സംബന്ധം എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹമാണു് ഇംഗ്ലീഷ്കാരോടു മത്സരിച്ചു് ഒടുവിൽ ചികൽപ്പേട്ടയിലേക്കു നാടുകടത്തപ്പെട്ട വലിയച്ചൻ. അദ്ദേഹത്തിൻെറ മകനായിരുന്നു കുറപ്പത്തു കുഞ്ഞൻമേനോൻ. ആ കുഞ്ഞൻമേനോൻെറ പുത്രനായിരുന്നു, ശക്തൻതമ്പുരാനോടു് അശേഷം ആദരം കാണിച്ചിട്ടില്ലാത്ത, കൊച്ചിൻസ്റ്റേററ മാനുവൽ കർത്താവു്, പരേതനായ മിസ്റ്റർ സി. അച്ചുതമേനോൻ. അന്തരിച്ച വി. കെ. ശങ്കരമേനോൻ ജഡ്ജി അവർകളുടെ മുത്തശ്ശി പാർവ്വതിയമ്മ ജാതയായതു ചികൽപ്പേട്ടയിൽവെച്ചായിരുന്നു.

IX

ചിററമ്മത്തമ്പുരാൻ

കൊച്ചിരാജകുടുംബത്തിൽ ചിററമ്മത്തമ്പുരാൻ എന്ന ശബ്ദം ഇന്നും എന്തെന്നില്ലാത്ത ഒരു ആദരവും അഭിമാനവും ഉളവാക്കുന്ന ശ്രവ്യമാകുന്നു. ചിററമ്മത്തമ്പുരാൻെറ താവഴിയാണു് ഇന്നത്തെ വലുതായ രാജവംശം മുഴുവനും. അവിടത്തെ പുത്രന്മാർ രണ്ടുപേർ— 984_ലും, 1003_ലും തീപ്പെട്ടവർ— മഹാരാജാക്കന്മാരായി വാണിട്ടുണ്ടു്. അവിടത്തെ പൗത്രിയായിരുന്നു, 1036_ൽ തീപ്പെട്ട വലിയമ്മത്തമ്പുരാൻ.

ചിററമ്മത്തമ്പുരാൻ

ഈ സ്വത്രപത്തിൽ ഇദംപ്രഥമമായി അത്യുൽകൃഷ്ടവും അതിവ്യയകരവുമായ 'തിലപർവതദാനം' നിർവ്വഹിച്ചതു് അവിടുന്നാണ്. കുഞ്ഞമ്മത്തമ്പുരാൻ മാത്രമായിരുന്ന ആ ചിററമ്മത്തമ്പുരാനോടുണ്ടായിരുന്ന ഭക്ത്യാദരങ്ങളുടെ ഫലമായിട്ടാണ പിൽക്കാലത്തു കുഞ്ഞമ്മത്തമ്പുരാൻസ്ഥാനംതന്നെ കൂറവാഴ്ചയിൽ ഉൾപ്പെട്ടതു്. ആ ചിററമ്മത്തമ്പുരാന്റെ പ്രധാനപ്പെട്ട വാസസ്ഥലം വെള്ളാരപ്പിള്ളിക്കോവിലകമായിരുന്നതുകൊണ്ടു് ആ കോവിലകം പിന്നീടു കുഞ്ഞമ്മത്തമ്പുരാൻസ്ഥാനത്തോടു ചേർന്നതുമായി.

ശക്തൻതമ്പുരാൻതിരുമനസ്സിലെ അമ്മയുടെ സഹോദരിയും തന്നിമിത്തം അവിടുത്തെ 'ചിററമ്മ'യും ആയിരുന്ന തമ്പുരാനാണ നമ്മുടെ 'ചിററമ്മത്തമ്പുരാൻ'. അവിടുത്തെ പെററമ്മത്തമ്പുരാൻ കാലേ തീപ്പെട്ടതുകൊണ്ടു് അവിടേയ്ക്കു പെററമ്മയായിത്തീർന്നതു പോററമ്മയായ ഈ ചിററമ്മത്തമ്പുരാനായിരുന്നു. ആ തമ്പുരാൻ, ശക്തൻതമ്പുരാന്റെ കാലത്തു്, 'വലിയമ്മത്തമ്പുരാൻ' ആയിട്ടുതന്നെയാണ കഴിഞ്ഞുവന്നതു്.

ശക്തൻതമ്പുരാന്റെ പല തിരുവെഴുത്തുകളിലും "നമ്മുടെ ചിററമ്മത്തമ്പുരാൻതിരുമനസ്സുകൊണ്ടു്," എന്നു് ഏററവും ഭക്തിയോടും വലിയ ബഹുമാനത്തോടും കൂടി ആ സ്ത്രീരത്നത്തെ സ്മരിച്ചും വിവരിച്ചും കാണുന്നുണ്ടു്. സ്വന്തം പുത്രന്മാരേക്കാൾ ആ മാന്യമഹിളാമണിക്കു ശക്തൻതമ്പുരാനെ വാത്സല്യവുമുണ്ടായിരുന്നു. സ്വപുത്രന്മാർ പല അവസരങ്ങളിലും ശക്തൻതമ്പുരാന്റെ കർക്കശങ്ങളായ ശാസനങ്ങൾക്കു വിധേയരായി അമ്മത്തമ്പുരാന്റെ അടുക്കൽ ആവലാതിപ്പെട്ടിട്ടുണ്ടെങ്കിലും ഒരിക്കൽപോലും ആ നയകോവിദ ശക്തൻതമ്പുരാനോടു നീരസപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. നേരമ്പോക്കുകളും നയചാതുരികളുംകൊണ്ടു ശക്തൻ ചിററമ്മയെ ഏതുനേരത്തും പ്രസാദിപ്പിച്ചുകൊണ്ടിരുന്നു. അവിടുത്തെ 'തിരുവുള്ളക്കേടിനെ'ക്കുറിച്ചു ശക്തനു വലിയ ശങ്കയും ഭയവും ഉണ്ടായിരുന്നതാനും.

കുടുംബകാര്യങ്ങൾ മാത്രമല്ല, പ്രധാനപ്പെട്ട രാജ്യതന്ത്രവിഷയങ്ങൾപോലും ശക്തൻതമ്പുരാൻ ചിററമ്മയോടുകൂടി ആലോചിക്കാറുള്ളതായി രേഖപ്പെട്ടിട്ടുണ്ടു്. ആലങ്ങാടു്, പറവൂർ മുതലായ രാജ്യങ്ങളുടെ കാര്യത്തിൽ കൊച്ചിയും തിരുവിതാംകൂറും തമ്മിലുണ്ടായിരുന്ന

വിവാദവിഷയത്തിന്റെ പര്യവസാനത്തിനുമുമ്പായി, തമ്പുരാൻ അവിടുത്തെ ചിററമ്മയെക്കണ്ടു് അക്കാൎയ്യത്തിൽ എങ്ങനെ വേണമെന്നു് ആലോചിച്ചതായും, അമ്മയുടെ അഭിപ്രായമനുസരിച്ചു് ആ അവകാശത്തൎക്കത്തിൽനിന്നു ശക്തൻതമ്പുരാൻ തല്ക്കാലം പിൻവലിച്ചതായും മലബാർകമ്മീഷണർമാർ അവരുടെ റിപ്പോൎട്ടിൽ പ്രസ്താവിച്ചിരിക്കുന്നു! കൊടുങ്ങല്ലൂർക്കേസ്സിനിടയിൽ "നമുക്കു നമ്മുടെ ചിററമ്മയിൽനിന്നു അറിയാൻ സാധിച്ച ചില പുതിയ സംഗതികൾ അവിടെ ധരിപ്പിക്കുന്നതിനു" 'മുൻശി'യെ കമ്മീഷണർമാരുടെ അടുക്കലേക്കു് അയച്ചതായി രേഖ കാണുന്നുണ്ടു്.

'ശക്തൻ' എന്ന ബിരുദനാമത്തിന്റെ തുടക്കവും ആ ചിററമ്മയുടെ തിരുമുഖത്തുനിന്നാണു് എന്നത്രെ പറയപ്പെടുന്നതു്. പല ശക്തിപ്രദൎശനങ്ങളും, ആൾമാറാട്ടവിദ്യകളും, കായികാഭ്യാസപ്രകടനങ്ങളും ചിററമ്മയുടെ വിനോദത്തിനായും സ്വന്തം സാമൎത്ഥ്യങ്ങളെ പരീക്ഷിക്കുന്നതിനായും ഉണ്ണിയായിരുന്ന കാലത്തു് ആ രാമവൎമ്മരാജകുമാരൻ ചിററമ്മയുടെ മുമ്പിൽ കാണിക്കാറുണ്ടെന്നും, അവിടുന്നു് അതൊക്കെക്കണ്ടു് അതീവ ആനന്ദിക്കാറുണ്ടെന്നും പറയപ്പെടുന്നു. ശക്തൻ കുട്ടിക്കാലത്തൊരിക്കൽ ജീനിയും കടിഞ്ഞാണും കൂടാത്ത ഒരു വികൃതിക്കുതിരയുടെ പുറത്തു പെട്ടെന്നു ചാടിക്കയറി നാലുചാലു് അങ്ങോട്ടുമിങ്ങോട്ടും അതിനെ ഓടിച്ചതായ സംഭവം അന്യത്ര പ്രസ്താവിച്ചിട്ടുണ്ടു്. അന്നുമുതല്ക്കാണു 'ശക്തൻ' എന്ന പേരുണ്ടായതെന്നും ആ പേരുകൊണ്ടു് ആദ്യം വിളിച്ചതു ചിററമ്മത്തമ്പുരാനാണെന്നും ഒരുപക്ഷമുണ്ടു്. ടിപ്പുസുൽത്താന്റെ പക്ഷംനിന്നു തിരുവിതാംകൂറിനെ എതിൎക്കുവാൻ സഹായിച്ചു കൊച്ചിയെ രക്ഷിക്കുകയോ, അതോ ടിപ്പുവിനെ കൈവെടിഞ്ഞു ക്ഷത്രിയവംശത്തിനു മുഴുവനും അഭയസ്ഥാനം അരുളിയ തിരുവിതാംകൂറിനോടു ചേൎന്നു്, കൊച്ചിക്കു ടിപ്പുവിൽനിന്നുണ്ടായേക്കാവുന്ന നാശം സഹിക്കുകയോ, ഏതാണു കൎത്തവ്യമെന്നു് ഉഗ്രമായ ഒരു സംശയം നേരിട്ട ഘട്ടത്തിൽ, തിരുവിതാംകൂറിനും ലന്തക്കമ്പനിക്കാൎക്കും അത്യാദരം തോന്നുമാറു് അത്ഭുതാവഹമായ ധീരതയോടുകൂടി തിരുവിതാംകൂർപക്ഷം ചേരുവാൻ തീർച്ചപ്പെടുത്തിയതിൽ കാണിച്ച മനശ്ശക്തിയെ മാനിച്ചുകൊണ്ടു, ലന്തഗവർണർ വിളിച്ച പേരാണു "ശക്തൻ" എന്നു മററൊരു പക്ഷക്കാരും പറഞ്ഞുകേൾക്കുന്നുണ്ടു്. ഉത്ഭവം ഏതുവിധത്തിലായാലും, ചിററമ്മത്തിരുമനസ്സിൽനിന്നു വളരെ ചെറുപ്പംമുതല്ക്കുതന്നെ അവിടുത്തെ "ശക്തനുണ്ണി" എന്നും, ചിലപ്പോൾ വെറും 'ശക്തൻ'

എന്നും, പറഞ്ഞുവന്നിരുന്നു. സാമൂതിരിമാരുടെ ഇടയിലും ഒന്നില ധികം "ശക്തൻസാമൂതിരിപ്പാട്" ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. സാധാരണയിൽ കവിഞ്ഞ സാമൎത്ഥ്യമോ ധീരതയോ ശേഷിയോ ശേമുഷിയോ പ്രദൎശിപ്പിക്കുന്ന ആളെ 'ശക്തൻ' എന്ന ബഹുമാനപ്പേരുകൊണ്ടു സമാരാധിക്കുന്നതു് ഈ രാജ്യത്തു സാധാരണമാകുന്നു. അടുത്തകാലത്തുപോലും നമ്പൂരിസമുദായത്തിൽ ഒരു 'ശക്തൻ' ഉണ്ടായിരുന്നു! ചിററമ്മത്തമ്പുരാനാണ രാമവൎമ്മരാജാവിനെ ശക്തൻതമ്പുരാനായി ആദ്യം ദൎശിച്ചതെന്നും, പിൽക്കാലത്തെ പ്രയോഗചാതുരികളാലും, ധീരകൃത്യങ്ങളാലും, കൎക്കശങ്ങളായ കല്പനകളാലും, കഠിനങ്ങളായ ശിക്ഷകളാലും അദ്ദേഹം ആ പേരിനെ അന്വൎത്ഥമാക്കിച്ചെയ്തതുകൊണ്ടു "ശക്തൻതമ്പുരാൻ" എന്ന അപരനാമത്താൽ അവിടുന്നു സൎവ്വത്ര സംപൂജ്യനായിത്തീൎന്നുവെന്നും വിചാരിക്കുവാൻ വിരോധമില്ല.

ശക്തനു മൂന്നു വയസ്സു തികയുന്നതിനു മുമ്പിൽ അവിടുത്തെ ജനനി തീൎപ്പെട്ടതുകൊണ്ടു്, അവിടുന്നു പെററമ്മയുടെ 'രുചി' അറിഞ്ഞനുഭവിച്ചിട്ടില്ലെങ്കിലും, മറെറാരമ്മയുണ്ടായിരുന്നു എന്ന ധാരണക്കുതന്നെ വഴി കൊടുക്കാതെ ചിററമ്മ അവിടുത്തെ മാതൃസ്ഥാനം സ്തുത്യൎഹമാംവണ്ണം വഹിക്കുകയും, ശക്തൻതമ്പുരാൻ മാതാവായിത്തന്നെ അവിടുത്തെ അനുസരിക്കുകയും ആദരിക്കുകയും ചെയ്തു എന്നു നിരാക്ഷേപമാണു്. ഈ ചിററമ്മയെ വിനോദിപ്പിക്കുന്നതും പരിഭ്രമിപ്പിക്കുന്നതും ശക്തൻതമ്പുരാനു ബഹുരസമായിരുന്നു. കാൎയ്യവിചാരങ്ങളിലുള്ള ഏകാഗ്രതയിൽനിന്നു മനസ്സിനെ പിൻവലിപ്പിച്ചു വിശ്രമംനല്കുന്നതിനുവേണ്ടി പലപ്പോഴും അവിടുന്നു ചിററമ്മയുടെ സമീപത്തുചെന്നു നേരമ്പോക്കുകൾ കാട്ടുകയും പറയുകയും ചെയ്തിരുന്നു. ഒരുതവണ അവിടുന്നു് ഒരു മൊട്ടച്ചിഅമ്മ്യാരുടെ വേഷത്തിൽ ചിററമ്മയുടെ അടുക്കൽചെന്നു യാചനനടത്തി ചില ഓട്ടുപാത്രങ്ങളും ഭക്ഷണസാധനങ്ങളും പററിച്ചുവെന്നും, പിന്നീടു് ആ വക സാധനങ്ങളെല്ലാം അമ്മയുടെ മുമ്പിൽകൊണ്ടുവെച്ചു് 'അമ്മയെ ചതിച്ച ആ മൊട്ടച്ചിക്കു് എൻെറ ഛായയുണ്ടോ', എന്നു ചോദിച്ചു് അവരെ വിഡ്ഢിയാക്കിയെന്നും ഒരു കഥയുണ്ടു്. മറെറാരവസരത്തിൽ മാളികപ്പുറത്തേക്കു ഒരു പലകയിന്മേൽകൂടി ശരീരം ഒതുക്കി ഒരുപന്തുപോലെയായി ഉരുണ്ടുകയറുകയും പെരണ്ടുപോരുകയും അമ്മയുടെ മുമ്പിൽവെച്ചു ചെയ്തു്, അമ്മയെ പരിഭ്രാന്തചിത്തയാക്കിയെന്നും പറയപ്പെടുന്നു. ശക്തൻെറ പ്രച്ഛന്നവേഷവൈദഗ്ദ്ധ്യവും, കായികാഭ്യാസപ്രതിഭയും ബാല്യത്തിൽതന്നെ സുപ്രസിദ്ധങ്ങളായിത്തീൎന്നു.

ശക്തൻതമ്പുരാന് ഒരു 'അമരം' ആ ചിററമ്മമാത്രമായിരുന്നു. അവിടുത്തെ ഒരു കല്പനയും തമ്പുരാൻ ധിക്കരിച്ചിട്ടില്ല. എന്നാൽ, ഏതു കാര്യത്തിലും, പ്രാരംഭാഭിപ്രായങ്ങൾ അവക്ക് എന്തുതന്നെ ആയിരുന്നാലും, ശക്തൻതമ്പുരാൻ സേവശ്ശനിന്നും, കാര്യകാരണങ്ങൾ വിവരിച്ചും മററും, ഒടുവിലാകുമ്പോൾ 'എന്നാൽ ഉണ്ണീടെ ഇഷ്ടംപോലെയായിക്കൊള്ളട്ടെ' എന്ന് അവിടുത്തെക്കൊണ്ടുതന്നെ മൂളിച്ചിരുന്നു. അങ്ങനെയാണ് അനുസരണക്കേടുകൂടാതെ കഴിച്ചതു്. ചിററമ്മയുടെ സ്വന്തം മക്കൾ—പിന്നത്തെ രണ്ടു മഹാരാജാക്കന്മാർ—പലപ്പോഴും ശക്തൻതമ്പുരാൻെറ നിർദ്ദയങ്ങളായ ശാസനങ്ങൾക്കും, ശിക്ഷകൾക്കുതന്നെയും, വിധേയരായി, വിധുരതയോടെ അമ്മയുടെ അടുക്കൽ കരച്ചിലുംപിഴിച്ചിലും ആയിട്ടുണ്ട്. അപ്പോഴൊക്കെയും ചിററമ്മയെ പറഞ്ഞു സമാധാനിപ്പിച്ച്, 'അതു ശരിയാണ്'' അവരെന്താ അങ്ങനെ ചെയ്യാൻ' എന്ന് ആ അമ്മയുടെ അപ്രീതിയെ അവരുടെ നേക്കു തിരിച്ചുവിട്ടിട്ടുമുണ്ട്.

തൃശ്ശൂർ വടക്കുന്നാഥൻക്ഷേത്രത്തോടു ചേന്ന തേക്കിൻകാടു മൈതാനത്തിലെ കാടുവെട്ടിച്ചപ്പോൾ, പാറമ്മേക്കാവിൽഭഗവതിയുടെ കോമരം കോപിച്ചു 'വെളിച്ചപ്പെട്ടു'കൊണ്ടു ശക്തൻതമ്പുരാനെ എതിക്കുകയും, തമ്പുരാൻ വകവെയ്ക്കാതെ തട്ടിക്കയറി ആ വെളിച്ചപ്പാടിനെ യമലോകം കാണിച്ചുകൊടുക്കുകയും ചെയ്ത സംഭവത്തെക്കുറിച്ചു ചിററമ്മത്തമ്പുരാൻ കേട്ടപ്പോൾ, പഴമക്കാരിയായിരുന്ന ആ തമ്പുരാട്ടി നന്നെ പരിഭ്രമിച്ചുവശാവുകയും, അടുത്ത അവസരത്തിൽത്തന്നെ ശക്തൻതമ്പുരാനെ വരുത്തി ശാസിക്കുകയും ചെയ്തു. ചിററമ്മത്തമ്പുരാൻ 'ശക്തനെ' ഓമനപ്പേരായി 'കുഞ്ഞിപ്പിള്ള' എന്നാണത്രെ വിളിച്ചുവന്നിരുന്നതു്. ശക്തൻതമ്പുരാനോടു ചിററമ്മ ചോദിച്ചു: "പാറമെക്കാവിലെ വെളിച്ചപ്പാടിനെ കുഞ്ഞിപ്പിള്ള വെട്ടിക്കോന്നൊ? നന്നായില്ല. എന്തൊക്കെ ആപത്താണാവോ വന്നുകൂടുക".

ശക്തൻ: അമ്മ പരിഭ്രമിക്കേണ്ട. ഞാനാ കോമരത്തെ ഒരു നായരെയാണു കഥകഴിച്ചതു്. അവനുണ്ട് എൻെറ മെക്കട്ടുകയറാൻ വരുന്നു! അവനിലുണ്ടോ ഭഗവതി. ഭഗവതി ഒന്നും കോപിക്കില്ല.

ചിററമ്മ: ആവോ? എനിക്കൊന്നും അറിഞ്ഞുകൂട. സാഹസങ്ങൾ കുറയ്ക്കണം കുഞ്ഞിപ്പിള്ളെ! എപ്പോഴുണ്ട് ഓരോന്നു്.

ശക്തൻ: അമ്മയ്ക്കു് ഒട്ടും സമാധാനക്കേടു വേണ്ട. ഇങ്ങനത്തെ വെ

ളിച്ചപ്പാടന്മാർ ഭഗവതിക്കു പോരയ്മയാണു്. ജനങ്ങൾക്കു ദൈവവിശ്വാസംതന്നെ കുറഞ്ഞുപോകും. ഈവകക്കാരുണ്ടായാൽ.

ചിററമ്മ: കുഞ്ഞിപ്പിള്ള പറേമ്പോ അതൊക്കെ ശരിയാന്നു തോന്നും. എന്തെങ്കിലുമായിക്കൊള്ളു. സൂക്ഷിച്ചിട്ടുവേണേ ഒക്കെയും.

946 മുതല്ക്കുതന്നെ—അന്നു് ഇരുപതു തിരുവയസ്സാണു്—രാജ്യകാര്യങ്ങളിൽ ശക്തൻതമ്പുരാൻ നേരിട്ടു പ്രവർത്തിച്ചുതുടങ്ങിയതായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ തീരുമാനസമയത്തു ചിററമ്മ വെള്ളാരപ്പിള്ളിയിൽ ആയിരുന്നു. അന്നുതന്നെ തമ്പുരാൻ അവിടെച്ചെന്നു വിവരം ധരിപ്പിക്കയും, അഭിപ്രായം ചോദിക്കയും, ആശീർവ്വാദം അഭ്യർത്ഥിക്കയും ചെയ്തു. 'കുഞ്ഞിപ്പിള്ളയ്ക്കു് അത്രയായോ? സ്വതേതന്നെ കുഞ്ഞിപ്പിള്ള സാഹസിയാണു്. ഇപ്പോളിതുംകൂടിയായാൽ' എന്നു ചിററമ്മ ശരിയായി സംശയിച്ചു.

ശക്തൻ: അമ്മാമന്മാൎക്കു വയ്യാത്രെ. ഞാൻതന്നെവേണമെന്നു ലന്തക്കമ്പനിയും തൃപ്പാപ്പിമൂപ്പീന്നും നിർബ്ബന്ധിക്കയുംചെയ്യുന്നു. അമ്മയുടെ അനുഗ്രഹോണ്ടായാൽ മതി. ഒന്നും ദോഷംവരില്ല.

ചിററമ്മ: എന്റെ കുഞ്ഞിപ്പിള്ളയ്ക്കു് എന്റെ അനുഗ്രഹോണ്ടാവാണ്ടിരിക്കോ. എന്റെ ഉണ്ണിക്കു കണക്കിലാവും. പഴയന്നൂർഭഗവതിയാണു സാക്ഷി. ഏറിയോന്നൊക്കെ ഏടാകൂടോള്ള കാലാന്നു കേക്കുന്നുണ്ടു്. അമ്മാമന്മാരോടു ചോദിക്കാണ്ടൊന്നും കടന്നു ചെയ്യരുതു്. നന്നായി വരട്ടെ.

അമ്മത്തമ്പുരാട്ടി കുഞ്ഞിപ്പിള്ളയെ മാറോടണച്ചു മോദാശ്രുക്കൾകൊണ്ടു രാജാഭിഷേകംചെയ്തു. കുഞ്ഞിപ്പിള്ള അമ്മയെ വലംവെച്ചു നമസ്കരിച്ചു. 'സാഹസോന്നും അരുതേട്ടോ, കുഞ്ഞിപ്പിള്ളെ! എനിക്കിവിടെ ഇരിക്കുന്നേടത്തു സൈ്വരക്കേടുണ്ടാക്കരുതെ', എന്നു് ഒരിക്കൽകൂടി താക്കീതുചെയ്കയുചെയ്തു.

950-ലാണു ശക്തൻതമ്പുരാന്റെ ആദ്യത്തെ സംബന്ധകാര്യം നടന്നതു്. അതിനെക്കുറിച്ചുള്ള ആലോചനയുള്ളതായി ചിററമ്മത്തമ്പുരാൻ അറിഞ്ഞുവശായപ്പോൾ ഒരിക്കൽ അവിടുന്നു ചോദിച്ചു:—

എന്താ_ കുഞ്ഞിപ്പിള്ളെ, ഒരുട്ടം വർത്തമാനോക്കെ കെക്കണേ. എന്തെ എന്നോട്ട പറയാഞ്ഞതു്?'

ശക്തൻ: അതു പറയാനാണു വന്നതു്! ആലോചിക്കുന്നേ ഉള്ളു. അമ്മയോടല്ലാതെ ആരോടാ പറയാനുള്ളതു്? കുഞ്ഞിട്ടിണ്ണാൻ അമ്മാമൻമാരെ തിരുമനസ്സറിച്ചൂന്നും, സമ്മതിച്ചൂന്നും ആണു പറഞ്ഞതു്.

ചിററമ്മ: വേണ്ടതൊക്കെ വേണം. പ്രായോം ആയി. എവിടെയ്യാ? ഏതാ? നല്ലോണം ഒക്കെ അന്വേഷിച്ചുവൊ?

ശക്തൻ: തൃശ്ശൂരാ. കുറുപ്പത്തേന്നാ പറയാ. നമ്മുടെ പാലിയത്തെ മേനോന്മാര കൊണ്ടുവന്നിരിക്കുന്നവരുടെ താഴേള്ളതാ. കുഞ്ഞിട്ടിണ്ണാനും അവിടെത്തന്നെയാ.

ചിററമ്മ: എനിക്കൊട്ടും ആക്ഷേപോല്യാ. ഞാനൊട്ടു് അറിയേം ഇല്യ. വർത്തമാനം കേട്ടതാ. കുഞ്ഞിപ്പിള്ളേടെ സ്വഭാവത്തിനു പാകം നോക്കാൻ ക്ഷ കഴിഞ്ഞും, ആരായാലും.

ശക്തൻ: അതെന്താ അമ്മ അങ്ങനെ കല്പിക്കുന്നതു്? കുഞ്ഞിപ്പിള്ള ക്യാശ്മംകൂടാതെ കയക്കുന്നതു് അമ്മ കണ്ടിട്ടുണ്ടോ? ഒന്നുല്ലാമ്മെ. ഒക്കെ ഭംഗിയാക്കിക്കൊള്ളാം. അമ്മേടെ തിരുവുള്ളോണ്ടായാൽ മതി.

ചിററമ്മ: അങ്ങനെ ആയിക്കൊള്ളു. തെക്കോട്ടു കൊണ്ടന്നാൽ അപ്പോളിവിടെ വരണം. എനിക്കു കാണാൻ തിടുക്കായി.

ശക്തൻതമ്പുരാനും ചിററമ്മത്തമ്പുരാനും തമ്മിലുണ്ടായിരുന്ന ഭക്തിസ്നേഹങ്ങളുടെ ബന്ധം വിമോഹനവും വിശേഷാന്തരവുമായിരുന്നു. ടിപ്പുവിനെ കാണാൻ പുറപ്പെട്ടപ്പോഴും, തിരുവനന്തപുരത്തേക്കു എഴുന്നെള്ളുമ്പോഴും—അതു 968_ലായിരുന്നു— ഇംഗ്ലീഷുകാരുമായുള്ള കരാറിനു തുടങ്ങുമ്പോഴും, എന്നുവേണ്ട, ഏതു പ്രധാനസന്ദർഭത്തിലും ശക്തൻതമ്പുരാൻ ചിററമ്മയുടെ അനുമതിനേടാതെ, അനുഗ്രഹം വാങ്ങാതെ, പുറപ്പെട്ടിട്ടില്ലെന്നുതന്നെ പറയാം.

970_ൽ, ഇംഗ്ലീഷും ലന്തയുംതമ്മിൽ കൊച്ചിയിൽവെച്ചു യുദ്ധമുണ്ടായകാലത്തു്, ചിററമ്മയുംമററും തൃപ്പൂണിത്തുറയിലായിരുന്നു. യുദ്ധവർത്തമാനംകേട്ടു് അവർ പരിഭ്രമിച്ചാലോ എന്നു ഭയന്നു ശക്തൻതമ്പുരാൻ കാരക്കാട്ടു രാമ്രമേനനു് ഇങ്ങനെ എഴുതിയിരിക്കുന്നു:

"വിശേഷിച്ച് നമ്മുടെ ചിററമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ...പ്പോഠ എഴുന്നെള്ളിയിരിക്കുന്നതു തൃപ്പൂണിത്തുറെ കൊവിലകത്തല്ലൊ ആകുന്നു. വത്തമാനം ഇങ്ങനെ ഒക്കെ ആകകൊണ്ടു ചിററമ്മതിരുമനസ്സകൊണ്ടും കിടാങ്ങളും തൃപ്പൂണിത്തുറനിന്നു കിഴക്കോട്ടു് എങ്ങാനും മാറിപ്പാക്കണമോ എന്നും എതുപ്രകാരമെന്നും രാമന്തന്നെ 'ഇഷ്ട്രിമാ' നെക്കണ്ടു പറഞ്ഞ അവസ്ഥക്കു് എഴുതിവരികയും വേണം."

951_ലും, 965_ലും, അന്നന്നത്തെ മഹാരാജാക്കന്മാർ അന്തരിച്ചപ്പോഠ അവരുടെ പള്ളിദീക്ഷകഠ ആചരിച്ചതും ചിററമ്മയുടെ ഉപദേശപ്രകാരം ശക്തൻതമ്പുരാനാണ്. "കുഞ്ഞിപ്പിള്ളയല്ലെ അവരുടെ കാലത്തും കായ്യം നോക്കിയിരുന്നതു്? കുഞ്ഞിപ്പിള്ളതന്നെയാണ് ആണ്ടുദീക്ഷയും വെണ്ടതു്" എന്നു് അവിടുന്നു് അഭിപ്രായപ്പെട്ടപ്പോഠ 'അതിനെന്താത്ര സംശയം? മററാക്കാ അതിനവകാശം?' എന്നു സമ്മതിച്ചുകൊണ്ടു് ആ ഭാരം ശക്തൻതമ്പുരാൻതന്നെ കയ്യേററു.

965_ൽ ശക്തൻതമ്പുരാൻ മുറപ്രകാരം സിംഹാസനാരോഹണം ചെയ്ത അവസരത്തിൽ, ചിററമ്മയുടെ സന്തോഷാധിക്യം സീമയററതായിരുന്നു. അതിനുശേഷവും ശക്തൻതമ്പുരാനു ചിററമ്മത്തിരുമനസ്സിലേ പേരിലുണ്ടായിരുന്ന ഭക്ത്യാദരങ്ങഠക്കു യാതൊരു കുറവും സംഭവിച്ചിരുന്നില്ല. എന്നല്ലാ, സ്വാധികാരം കൈവന്നപ്പോഠ അതിനു് ഒന്നുകൂടി ശക്തി വദ്ധിക്കുകയും ചെയ്തു.

ഇതിനിടക്കു് ~~ആ കുഞ്ഞുക്കുട്ടൻ~~ ഭായ്യയെ ശക്തൻതമ്പുരാൻ ഏറക്കുറെ തിരസ്കരിച്ചുവെന്നോ മറേറാ ഒരു വത്തമാനം ചിററമ്മയും അറിഞ്ഞുവശാവുകയും അതിനെസ്സംബന്ധിച്ചു തമ്പുരാനും ചിററമ്മയും തമ്മിൽ ഒരു വാഗ്വാദത്തിന്നിടവരികയും ചെയ്തു.

ചിററമ്മ: കുഞ്ഞിപ്പിള്ളേടെ സ്വഭാവത്തിനു പാകംനോക്കാൻ ആരെക്കൊണ്ടാ ആവാ എന്നു ഞാൻ അന്നേ പറഞ്ഞതു് ഇപ്പോ കുഞ്ഞിപ്പിള്ളക്കു് കാമ്മേണ്ടോ? അങ്ങനെയൊന്നും വയ്യാ കുഞ്ഞിപ്പിള്ളേ. അതൊക്കെ പോരായ്ക്യാ.

ശക്തൻ: അമ്മ എന്തറിഞ്ഞിട്ടാ ഇങ്ങനെയൊക്കെ കല്പിക്കുന്നതു്? ഞാനൊന്നും ചെയ്തിട്ടില്ല. ഒന്നിനൊന്നായിട്ടു് കാരോരുത്തരും അമ്മേടെ അടുക്കൽ എന്തൊക്കെയോ ധരിപ്പിച്ചിട്ടുണ്ടു്.

ചിററമ്മ: എനിക്കും കണ്ണും ചെവീം ഒക്കെ ഇല്ലേ കുഞ്ഞിപ്പിള്ളേ! ആ കുഞ്ഞിട്ടിണ്ണാന്റെ കഥ കഷ്ടായില്യേ?

ശക്തൻ: അതു നിലയ്ക്കു നില്ക്കാഞ്ഞിട്ടല്ലേ? അതാരുടെ കുററാ? ഉപ്പു തിന്നോൻ വെള്ളംകുടിക്കും.

ചിററമ്മ: ഉപ്പു തിന്നോ തിന്നില്യേ്യാ— കഷ്ടമൊന്നും കാണിക്കരുതു്ട്ടോ, കുഞ്ഞിപ്പിള്ളേ.

ശക്തൻ: ഒന്നും ചെയ്തിട്ടില്ല. ആ കിടാങ്ങളുടെ കല്യാണം എത്ര ക്ഷേമമായിക്കഴിച്ചു. അവളിവിടെ ചെല്ലും ചെലവായി പാർത്തിരുന്നതല്ലേ?

ചിററമ്മ: അതന്ന്യാ പറഞ്ഞെ. എന്നിട്ടിപ്പൊ എവിടെ? പാവം!

ചിററമ്മയുടെ ഈ ശാപവും തീരെ വ്യർത്ഥമായില്ലാ. ചില അസുഖങ്ങൾ നിമിത്തം, ധാരണത്തെററുകൾ നിമിത്തം, ആ സ്ത്രീയെ ത്യജിച്ചാലും, 972-ൽ ആ സ്ത്രീ മരിക്കുന്നതുവരെ, ചിററമ്മയെ ഭയന്നും, ബഹുമാനിച്ചും, ശക്തൻ പുനർവിവാഹോത്സുകനായി ഭവിച്ചില്ലാ എന്ന സംഗതി സവിശേഷം സ്മരണീയമാണു്. അവൾക്കു യഥാവിധി ചിലവിനും കൊടുത്തുകൊണ്ടിരുന്നു.

978-ലാണു "ചിററമ്മത്തമ്പുരാൻ" തീപ്പെട്ടതു്. "978 ചിങ്ങമാസം 12-ാംനു- വ്യാഴാഴ്ച നമ്മുടെ ചിററമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ടു തീപ്പെടുകയും ചെയ്തു", എന്നു ശക്തൻതമ്പുരാൻ സായ്പിനു് എഴുതിയ ആ എഴുത്തിൽകൂടിത്തന്നെ അവിടുത്തെ മാതൃഭക്തിയുടെ പാരമ്യം സ്പഷ്ടമായി കാണാവുന്നതാണു്. തൃപ്പൂണിത്തുറെവെച്ചു പിണ്ഡം അടിയന്തിരവും, എറണാകുളത്തുവെച്ചു പന്ത്രണ്ടാംമാസവും വളരെ ആഘോഷമായി നടത്തി. സ്വന്തം പുത്രന്മാർ ആ ചിററമ്മയ്ക്കുണ്ടായിരുന്നിട്ടും, ക്രമപ്രകാരം ദീക്ഷിക്കുന്നതിനുള്ള അധികാരികൾ അവർ മാത്രം ആയിരുന്നിട്ടും, ശക്തൻതമ്പുരാൻതന്നെ, അവിടുത്തെ ദേഹാസ്വാസ്ഥ്യത്തേയും, രാജ്യഭരണക്ലേശത്തേയും അഗണ്യമാക്കി, ആ ഭാരവും, അതു തന്റെ മാതൃഭക്തിക്കു ചേർന്ന അവസാനകർത്തവ്യമെന്ന ബോധത്താൽ, ആവേശത്തോടുകൂടി വിധിയാംവണ്ണം വഹിച്ചു.

ഇപ്രകാരമുള്ള ഒരു ചിററമ്മയേയും ഇതുപോലെയുള്ള ഒരു വളർത്തുപുത്രനേയും പുരാണകഥകളിൽകൂടിയും കണ്ടെത്തുന്നതു് അപൂർവ്വമായിരിക്കും. "ചിററമ്മത്തമ്പുരാൻ" ഇന്നും ഒരു ഉപാസനാമൂർത്തിയായി

വൎത്തിക്കുന്നതിലും, ആ ശബ്ദം ഇന്നും അവാച്യങ്ങളായ അന്തഃസ്പന്ദനങ്ങളെ ഉൽപാദിപ്പിക്കുന്നതിലും അശേഷം അത്ഭുതപ്പെടുവാനില്ല. "ചിററമ്മ പത്തു വന്നാലും പെററമ്മയ്ക്കു സമമല്ലാ" എന്ന പഴമൊഴിയുടെ താൽപൎയ്യത്തെപ്പോലും സംശയകോടിയിൽ തള്ളുന്നതിനു പൎയ്യാപ്തമായ ഒരു മാഹാത്മ്യവിശേഷത്തെ ശക്തൻതമ്പുരാന്റെ ചിററമ്മ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു.

X
ഡച്ചുകാർ

970-ൽ ഡച്ചുകാരുടെ 'ചരമപ്രസംഗം' ഇംഗ്ലീഷുകാർ നിൎവ്വഹിച്ചു. കൊച്ചിയിൽ തങ്ങൾക്കുണ്ടായിരുന്നതൊക്കയും ലന്തക്കാർ ഇംഗ്ലീഷിന്റെ കാല്ക്കൽ സമൎപ്പിച്ചു്, ഭരതവാക്യവും ചൊല്ലി, ഒരു നൂററാണ്ടു കാലത്തിലധികം കാലം ആൎഭാടത്തോടുകൂടി അഭിനയിച്ച ഉജ്ജ്വലമായ നാടകരംഗത്തെ അവസാനിപ്പിക്കുകയുംചെയ്തു. അതിനാൽ അവരുടെ 'വാഴ്ച'യുടെ ഒടുവിലത്തെ കാൽനൂററാണ്ടുകാലം മാത്രമേ ശക്തൻതമ്പുരാന്റെ ജീവചരിത്രത്തോടു സംബന്ധപ്പെട്ടുകിടക്കുന്നുള്ളു. ശക്തൻതമ്പുരാനും ഡച്ചുകമ്പനിക്കാരും തമ്മിൽ, ചില്ലറയായ ചില വാഗ്വാദങ്ങൾക്കും കശപിശകൾക്കും അല്ലാതെ ഉഗ്രമായ ഒരു ഏററുമുട്ടലിന്നൊന്നും സംഗതിവന്നിട്ടില്ല. മിക്കവാറും അക്കാലത്തെ ലന്തക്കുമുദവരും, എതിലേരും ശക്തൻതമ്പുരാനും സ്നേഹവിശ്വാസങ്ങളോടുകൂടിയാണു കഴിഞ്ഞുവന്നതു്. ഒടുവിലത്തെ ഡച്ചുകമുദവരായിരുന്ന ആംഗൽബെക്കും തമ്പുരാനുംതമ്മിൽ ഏററിയകൂറും മൈത്രിയിലായിരുന്നു എന്നു കൊടുങ്ങല്ലൂർക്കാൎയ്യത്തിൽ ഇംഗ്ലീഷുകാർ ശക്തൻതമ്പുരാന്റെ അടുക്കലേക്കു് ആംഗൽബെക്കിനെ മദ്ധ്യസ്ഥനായി നിയോഗിച്ചതിൽ നിന്നുതന്നെ നിശ്ചയിക്കാവുന്നതാണു്.

937-ൽ കൊച്ചിയും തിരുവിതാംകൂറുംതമ്മിലുണ്ടായ സന്ധിക്കുശേഷം, ഹൈദർനവാബിന്റെ പാളയം കൊച്ചിക്കുവന്നതുവരെയുള്ള കാലത്തിനിടയ്ക്കു്, ഡച്ചുകാരുടെ ശക്തിയും പ്രതാപവുമെല്ലാം കേവലം നാമമാത്രമായി. ഹൈദർ കോഴിക്കോടു പിടിച്ചപ്പോൾ ഡച്ചുകാർ ഭയപ്പെട്ടു പ്രതിനിധികളെ തിരുമുല്ക്കാഴ്ചകളോടുകൂടി കോഴിക്കോട്ടേക്കയച്ചു. ഡച്ചുകാരുടെ അപേക്ഷകൾ മുഴവനും നവാബിനു സ്വീകാൎയ്യ

ങ്ങളായിരുന്നില്ല. നവാബിന്റെ അഭിപ്രായങ്ങൾക്ക ഡച്ചുകാർ ഉടനെ വഴിപ്പെടാതേയും, എന്നാൽ അവയെ ഒട്ടും നിരസിക്കാതെയും, ബത്തവിയായിലേക്ക് എഴുതി അയച്ചിട്ടുണ്ടെന്നു പറഞ്ഞുകൊണ്ടും കാലം കഴിച്ചുകൂട്ടി. അതു ചതിയാണെന്നു ഹൈദർ മനസ്സിലാക്കി. ചേററുവായും കൊടുങ്ങല്ലൂരും, സാമൂതിരിയുടെ പിൻഗാമിയുടെ നിലയിൽ ഹൈദർ ചോദിച്ചുപ്പെട്ടു. ഡച്ചുകാർ വഴിപ്പെട്ടില്ല. തിരുവിതാംകൂറിലേക്കു കടക്കുന്നതിനാണു ഹൈദർ അത്യന്തം ആഗ്രഹിച്ചിരുന്നതു്. അന്നു ഡച്ചുകാർ അതിനു വഴിപ്പെട്ടിരുന്നു എങ്കിലും എന്തുതന്നെ സംഭവിക്കുമായിരുന്നില്ലെന്നു് ആക്കറിയാം? അപ്പോഴാണു ഹൈദർ കൊച്ചിരാജ്യത്തേക്ക പ്രവേശിച്ചതു്. കൊച്ചിയെ സഹായിക്കുന്നതിനു ഡച്ചുകാർ ശക്തിയോ സന്നദ്ധതയോ കാണിച്ചില്ല. കൊച്ചിരാജാവു ഹൈദരുമായി സന്ധിചെയ്തു. ഹൈദർ വഴിയെ ഡച്ചിന്റെ നേക്കു തിരിഞ്ഞു. ഡച്ചുകാരുടെ രാജ്യത്തുകൂടി ഹൈദക്കു തിരുവിതാംകൂറിലേക്കു കടക്കണമെന്നായിരുന്നു ആഗ്രഹം എന്നു പറഞ്ഞുവല്ലൊ. 'സർദർഖാൻ' ചേററുവായ് ആക്രമിച്ചു. കൊടുങ്ങല്ലൂർ വളഞ്ഞു. ഡച്ചുകാർ ഭയവിഹ്വലരായി. ഹൈദരുടെ ബലത്തെ ചെറുത്തുനില്ക്കുന്നതിനുള്ള സൈനികശക്തി ഡച്ചിനില്ലായിരുന്നു. കീഴടങ്ങുകയല്ലാതെ നിവ്വാഹമില്ലെന്നു വന്നപ്പോൾ, കത്തവ്യവിമൂഢരായിത്തീന്ന ഡച്ചുകാർ, നാണംകൂടാതെ, കൊച്ചിയോടും തിരുവിതാംകൂറിനോടും സഹായം ആവശ്യപ്പെട്ടു. "നമുക്കു മൂന്നാൾക്കുംകൂടി ഹൈദരെ ഇരത്തിവിടാം" എന്നു ഡച്ചു ഗവണ്ണർ പറഞ്ഞു. എങ്കിലും രണ്ടാളും വഴിപ്പെട്ടില്ല. "ഞങ്ങൾ ഇംഗ്ലീഷുകാരുടെയും കണ്ണാട്ടിക്കിലെ നവാബിന്റെയും ബന്ധുവാകകൊണ്ടു് അവരുടെ അഭിപ്രായപ്രകാരം വേണം പ്രവത്തിക്കുവാൻ" എന്നു തിരുവിതാംകൂർ മഹാരാജാവും, "നാം നവാബായി കൂടിക്കണ്ടുകഴിഞ്ഞു" എന്നു കൊച്ചി മഹാരാജാവും മറുപടി പറഞ്ഞു. ഡച്ചിന്റെ കായ്യം "വെള്ളത്തിലുമില്ല, കരയിലുമില്ല" എന്ന മട്ടായി. എന്നാൽ, കുളമ്പിൽനിന്നെത്തിയ സഹായസൈന്യം ഡച്ചിനെ തൽക്കാലം രക്ഷപ്പെടുത്തി. കൊടുങ്ങല്ലൂർകോട്ടമാത്രം നഷ്ടപ്പെടാതെ കഴിഞ്ഞു. അടുത്തുതന്നെ ഹൈദരും ഇംഗ്ലീഷുകാരും തമ്മിൽ ഏററുമുട്ടിയതുകൊണ്ടു ഹൈദരുടെ ശ്രദ്ധ തൽക്കാലം മൈസൂരിലേക്കുതന്നെ തിരിഞ്ഞു. ചേററുവായ് നഷ്ടപ്പെട്ടെങ്കിലും പിന്നെ ഹൈദരുടെ കാലത്തൊന്നും ഡച്ചിനു് ആ ഭാഗത്തുനിന്നുള്ള ഭയപ്പാടുണ്ടായിട്ടില്ല.

*

കൊല്ലം 957-ൽ ടിപ്പുസുൽത്താൻ സിംഹാസനാരൂഢനായി.

പിതാവു തുടങ്ങിവെച്ചതു പുത്രൻ മുഴുവനാക്കുവാൻ നിശ്ചയിച്ചു. ഡച്ചുകാരോടു ചോദ്യംതുടങ്ങി. ഡച്ചുകാർ പതിവുപോലെ മുക്കിമൂളിക്കഴിച്ചു. കൊച്ചി, കൊടുങ്ങല്ലൂർ, ആയക്കോട്ട ഈ മൂന്നുസ്ഥലങ്ങളും താൻ വിലയ്ക്കു വാങ്ങാൻ തയ്യാറാണെന്നും തനിക്കു തന്നെ തരണമെന്നും ടിപ്പു ഡച്ചുകാരെ അറിയിച്ചു. തിരുവിതാംകൂറിലേയ്ക്കുള്ള പ്രവേശനത്തിനു ടിപ്പുവിനുണ്ടായിരുന്ന വലിയ പ്രതിബന്ധം ആ കോട്ടകളായിരുന്നു. ടിപ്പുവിൻെറ അഭിലാഷത്തെ ഡച്ചുകാർ തിരുവിതാംകൂറിനെ അറിയിച്ചു. തിരുവിതാംകൂറിൽനിന്നു തൽക്ഷണംതന്നെ ആയക്കോട്ടയും കൊടുങ്ങല്ലൂർക്കോട്ടയും അതോടുചേൎന്ന ഡച്ചുവക നിലംപറമ്പുകളും റൊക്കം വിലകൊടുത്തു തീറും കൈവശവും വാങ്ങി. കൊച്ചിരാജാവിൻെറവകയോ ഡച്ചുകമ്പനിവകയോ ആയ ഉരുക്കൾക്കു് ആ പുഴവഴിക്കു ഗതാഗതം ചെയ്യുന്നതിനു പൂൎണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണെന്നും യാതൊരു ചുങ്കവും പിരിക്കാവുന്നതല്ലെന്നും പ്രസ്തുത തീറാധാരത്തിൽ നിഷ്കൎഷിച്ചിട്ടുണ്ടു്. 964 കൎക്കടകം 19-ാംതീയതിയാകുന്നു ഈ ആധാരം എഴുതിയിട്ടുള്ളതു്. കട്ടാകെ തീറവില മൂന്നുലക്ഷം ഉറുപ്പികയുമാകുന്നു. കൊച്ചിയെക്കൂടി അറിയിക്കാതെയാണു ഡച്ചുകാർ ഈ ചതി പററിച്ചതു്!

ഡച്ചിൻെറ ഈ 'കൊലച്ചതിക്കു' ടിപ്പുസുൽത്താൻ' ഡച്ചുകാരെ അങ്ങനെതന്നെ വിഴുങ്ങുമായിരുന്നു. എന്നാൽ ദൈവഗത്യാ സംഭവപരമ്പരകൾ മറെറാരുവഴിക്കാണു തിരിഞ്ഞതു്. ഇംഗ്ലീഷുകാരുടെ ബന്ധുവായിരുന്ന തിരുവിതാംകൂറിനെ ആക്രമിക്കുന്നതിനു പുറപ്പെട്ടതുകൊണ്ടുംമററും ടിപ്പുവും ഇംഗ്ലീഷുകാരും തമ്മിൽ നേരിട്ടു യുദ്ധം തുടങ്ങി. ആ യുദ്ധത്തിൽ ടിപ്പു പരാജയപ്പെട്ടു. 1792-ൽ (967-ൽ) മംഗലാപുരത്തുവെച്ചു് ഒരു കരാറുണ്ടായി. ടിപ്പുവിൻെറ 'മലയാളം' മുഴുവനും ഇംഗ്ലീഷു കമ്പനിക്കാൎക്കു് അധീനമാകുകയുംചെയ്തു.

മൈസൂർപ്പുലി പിടിക്കാതെ ഡച്ചു രക്ഷപ്പെട്ടെങ്കിലും ഇംഗ്ലീഷുസിംഹത്തെ മെരുക്കുന്നതിനു ഡച്ചുകാൎക്കു സാദ്ധ്യമായിരുന്നില്ല. തങ്ങളെപ്പോലെതന്നെ കച്ചവടക്കൊതിയോടുകൂടി പുറപ്പെട്ടിരിക്കുന്ന ഒരു മത്സരക്കമ്പനിയായ ഇംഗ്ലീഷ്കമ്പനിക്കു്, തങ്ങൾ ഇതുവരെ സ്വാതന്ത്ര്യവ്യാപാരം നടത്തിയിരുന്ന മലയാളക്കരയിൽ, രാജ്യാധിപത്യവും കൂടികൈവരുന്നപ്പോൾ, ഡച്ചുകാരുടെ വിലയും നിലയും കേവലം നാമമാത്രമായിത്തീരും എന്നു് അവരും അറിയാതിരുന്നില്ല. കൊച്ചിയിൽ

മാത്രം അവർ പണ്ടത്തെ പ്രതാപൈശ്വൎയ്യങ്ങളെ അയവിറക്കിക്കൊണ്ടുങ്ങനെ കഴിച്ചുകൂട്ടി. എന്നാൽ അതിനുതന്നെയും ഏറിയകാലം സാധിച്ചില്ല.

ഇംഗ്ലണ്ടും ഫ്രാൻസും ഇതിന്നിടയ്ക്കു യുദ്ധത്തിൽ ഏറ്റെപ്പെട്ടു. അപ്പോൾ ഹോളണ്ടുകാർ—ഡച്ചുകാർ—ഫ്രാൻസിനോടു ചേൎന്നു. യൂറോപ്പിൽ വെച്ചുണ്ടായ ആ സമരോദ്യമങ്ങളുടെ പ്രത്യാഘാതങ്ങൾ ഇന്ത്യാക്കരയിലും തിരതല്ലി. ഇംഗ്ലീഷിന്റെ ശത്രുവായിത്തീൎന്ന ഡച്ചിന്റെ കൊച്ചിക്കോട്ടയെ വെച്ചൊഴിയുവാൻ ആ തക്കംനോക്കി ഇംഗ്ലീഷ്കാർ ആവശ്യപ്പെട്ടു. ഇംഗ്ലീഷുസൈന്യാധിപൻ 'മേജർ പെടി' കൊച്ചിയെ ആക്രമിച്ചു. ഡച്ചുഗവൎണ്ണർ ആയിരുന്ന 'വാൻ സ്പാൽ' കുറെയൊക്കെ ചെറുത്തുനിന്നെങ്കിലും ഒടുവിൽ ഇംഗ്ലീഷുകാൎക്കു കീഴടങ്ങി. 970 തുലാം 5-ാംനു ഡച്ചുകാർ കോട്ടയിൽനിന്നു പുറത്തുകടന്നു്, ആയുധങ്ങളെല്ലാം കടൽക്കരയിൽ നിലത്തുവെച്ചു്, ഇംഗ്ലീഷുകാരുടെ തടവുകാരായി; ഡച്ചുകോട്ട ഇംഗ്ലീഷുകാൎക്കധീനവുമായി. ഇടയ്ക്കുവെച്ചു് ഇംഗ്ലണ്ടും ഹോളണ്ടും സന്ധിചെയ്യാൻ പോകുന്നതായി കേട്ട കിംവദന്തിയെ വിശ്വസിച്ചും, സന്ധിപ്രകാരം കോട്ട വിട്ടുകൊടുക്കേണ്ടിവരുന്നതായാൽ അതു ഡച്ചിനു് ഉപകരിക്കരുതെന്നു നിശ്ചയിച്ചും, ഇംഗ്ലീഷുകാർ കൊച്ചിയിൽ ഉണ്ടായിരുന്ന ലന്തക്കോട്ടയെ മനഃപൂൎവ്വം വെടിമരുന്നിട്ടു തകൎത്തുകളഞ്ഞു!! പക്ഷെ യൂറോപ്പിലെ അന്നത്തെ ആ ഭയങ്കരകലഹം അവസാനിച്ച സമാധാനം സംസ്ഥാപിതമായതു 1814-ൽ പാരീസ്സിൽ വെച്ചു്, നെപ്പോളിയന്റെ അധഃപതനാനന്തരം, ഉണ്ടായ കരാറുപ്രകാരമാണു്. ആ കരാറോടുകൂടി ലന്തകമ്പനിക്കാരുടെ അന്തവും സംഭവിച്ചു. 970നു ശേഷം കൊച്ചിയിൽ ലന്തക്കൊടി പാറുകയുണ്ടായിട്ടില്ല.

ഡച്ചുകമ്പനിക്കാരുടെ ഉദ്ദേശ്യം മുഴുവനും കുരുമുളകു കച്ചവടമായിരുന്നു. അതിന്റെ കുത്തക തങ്ങൾക്കു മാത്രമായിരിക്കണമെന്നായിരുന്നു അവരുടെ പ്രധാനമോഹം. രാജാക്കന്മാരും പ്രഭുക്കന്മാരും മററാൎക്കും മുളകു വില്ക്കാതിരിക്കണമെങ്കിൽ അവൎക്കു തങ്ങളെ ഭയമുണ്ടായിരിക്കണം. ഭയത്തിന്റെ അടിസ്ഥാനം ശക്തി ഒന്നുമാത്രവുമായിരുന്നു. അങ്ങനെയാണു ഡച്ചുകാർ കോട്ടകൾ കെട്ടുവാനും, രാജാക്കന്മാരെ കീഴിൽ നിൎത്തുവാനും, നാട്ടുരാജ്യങ്ങളുടെ ആഭ്യന്തരകാൎയ്യങ്ങളിൽത്തന്നെ കൈകടത്തുവാനും തുടങ്ങിയതു്. എന്നാൽ തക്കതായ

സൈനികശക്തിയെ അക്ഷയമായവിധം നിലനിൎത്തുന്നതും യുദ്ധസന്നാഹങ്ങളിൽ പങ്കുചേരുന്നതും തട്ടിക്കിഴിച്ചുനോക്കുമ്പോഠം, കച്ചവടസമ്പ്രദായത്തിനു്, കട്ടും ഒരു ലാഭമുള്ള ഏൎപ്പാടായി പരിണമിച്ചില്ല. തന്നിമിത്തം സൈനികസംഭരണങ്ങളെ ക്രമേണ കുറയ്ക്കുവാൻതുടങ്ങി. അതിനെ അശക്തിയുടേയും അധോഗതിയുടേയും അടയാളമായി അന്യന്മാർ സ്വീകരിച്ചു! വഴിപ്പെട്ടുനിന്നിരുന്നവർതന്നെ വഴക്കിട്ടു. തെക്കുനിന്നു മാൎത്താണ്ഡവൎമ്മമഹാരാജാവിൻേറയും വടക്കുനിന്നു സാമൂതിരിയുടേയും ശക്തിപ്രവാഹങ്ങഠം കൊച്ചിയിലോളം എത്തി. മൈസൂർപ്പാളയങ്ങളുടെ പുറപ്പാടു് കൈക്കൂത്തന്നെ ഒന്നു കലക്കിമറിച്ചു. ഇംഗ്ലീഷുകാരുടെ അരുണോദയത്തിൽ പൂൎവ്വസ്ഥാനങ്ങഠംക്കെല്ലാം പലപ്രകാരത്തിലുള്ള നിറഭേദങ്ങളും സംഭവിച്ചു. കൊച്ചിയിലെ ഡച്ചിനു പ്രവൎത്തനസ്വാതന്ത്ര്യം തീരെ ഇല്ലായിരുന്നു. കൊച്ചി, ബത്താവിയായിക്കും, കൊളമ്പിനും കീഴിലുള്ള ഒരു സ്ഥാനം മാത്രമായിരുന്നതുകൊണ്ടു് അവിടത്തെ കല്പനകഠംക്കല്ലാതെ ഇവിടത്തെ അഭിപ്രായങ്ങഠംക്കു പ്രസക്തിയൊ ശക്തിയോ ഉണ്ടായിരുന്നില്ല. ഡച്ചിൻെറ കൊച്ചിക്കാൎയ്യം മെച്ചപ്പെടാഞ്ഞതിനു് അതു് ഏററവും പ്രധാനമായ ഒരു കാരണമായിരുന്നു.

അപ്രാപ്തികൊണ്ടൊ അവിവേകംകൊണ്ടോ ആണു്—അവ രണ്ടും ഇടയ്ക്കിടക്കു പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും— ഡച്ചുകാരുടെ ശക്തി നശിച്ചതെന്നു പറയാവുന്നതല്ല. ഡച്ചുദ്യോഗസ്ഥന്മാർ 'ഹെട്ട്സ്റ്റാർട്ട്'മുതൽ 'ആങ്കഠംബെക്കു'വരെ, മിക്കവാറും എല്ലാവരും പ്രാപ്തന്മാരും പ്രശസ്തന്മാരും ആയിരുന്നു. "നിയോഗന്മാ"രുടെ നിശ്ചയങ്ങളും, തലസ്ഥാനമായിരുന്ന ബത്താവിയായുമായുള്ള കീഴ്വണക്കവും പെരുമാററങ്ങളും, എഴുത്തുകുത്തുസമ്പ്രദായങ്ങളും എല്ലാം എത്രയും അഭിനന്ദനീയങ്ങളായിരുന്നു. യഥാൎത്ഥത്തിൽ, ഡച്ചുകാരുടെ ഭരണമുറകളും എഴുത്തുകുത്തുസമ്പ്രദായങ്ങളും അങ്ങനെതന്നെ അനുകരിക്കുകയാണു് ഇംഗ്ലീഷുകാർ പിന്നീടു ചെയ്തതു്. പറങ്കി (പോൎത്തുഗീസ്) കളെപ്പോലെ ലന്തക്കാൎക്കു ധനക്കൊഴുപ്പുമുണ്ടായിരുന്നില്ല. പറങ്കികളുടെ ചരിത്രം കൊലപാതകങ്ങളാലും, ക്രൂരതകളാലും, അകൃത്യങ്ങളാലും പങ്കിലമായിരുന്നതുപോലെ ഡച്ചുകാരുടെ ചരിത്രം അത്ര അശുദ്ധവുമായിരുന്നില്ല. സാമൂതിരിയുദ്ധത്തിൽ പുന്നത്തൂരിൻെറ ഒരു ക്ഷേത്രത്തിൽ മാത്രമാണു്, ഈ കാലത്തിന്നിടയ്ക്കു്, ഇവർ ഒരു അതിക്രമം നടത്തിയതായി രേഖപ്പെട്ടിട്ടുള്ളതു്. അതുതന്നെയും കമ്മദവരുടെ അറിവുകൂടാതെ 'കൂലിപ്പട്ടാളം' പ്രവൎത്തിച്ച

തുമാണ്. കൊള്ളിവെക്കലും കൊള്ളയടിക്കലും കൊള്ളുകയില്ലെന്ന് അവർ ധരിച്ചിരുന്നു. പറങ്കികളുടെ കാലത്തു സാധാരണങ്ങളായിരുന്ന അക്രമപ്രവൃത്തികൾ ഒന്നും ഡച്ചുകാർ ചെയ്തിരുന്നില്ല. മിക്ക ഡച്ചുകമുദവർമാരും എതിരേലുകളും നാട്ടുരാജാക്കന്മാരോടും പ്രഭുക്കന്മാരോടും വളരെ സ്നേഹവിശ്വാസങ്ങളോടുകൂടി പെരുമാറിയിരുന്നു. 'പ്രൊട്ടസ്റ്റൻറ്' ക്രിസ്ത്യാനികളായിരുന്ന ഡച്ചുകാർ, കത്തോലിക്കരായിരുന്ന പറങ്കികളുടെ നേരെ സഹജമായ ഒരു വിപ്രതിപത്തിയുണ്ടായിരുന്നതിനെ ഡച്ചുകാർ ആദ്യകാലത്തു പ്രത്യക്ഷപ്പെടുത്തി, അവരുടെ പള്ളികളോടും പാതിരിമാരോടും കുറച്ചൊക്കെ കടന്നു പ്രവർത്തിച്ചിട്ടുള്ളതു് ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ ആദ്യത്തെ ആ ചാടിക്കയറ്റം കഴിഞ്ഞതിനുശേഷം ഡച്ചുകാർ കത്തോലിക്കരോടും മമതയോടുകൂടിത്തന്നെ സഹകരിച്ചിരുന്നു. എന്നുമാത്രമല്ലാ എല്ലാത്തരം ക്രിസ്ത്യാനികളും ഡച്ചിന്റെ പ്രത്യേകരക്ഷയിലായിരുന്നു എന്നാണു സങ്കല്പിച്ചിരുന്നതും. തന്നിമിത്തം, 'ലത്തീൻകാർ' പ്രത്യേകിച്ചും, കൊച്ചിരാജാവിനെ കുറെയൊക്കെ ധിക്കരിക്കുവാനുംകൂടി ഇടയായി. അതു സംബന്ധിച്ചു കൊച്ചിരാജാവും ഡച്ചുകാരും തമ്മിൽ അനാവശ്യമായ ഒരസുഖത്തിന്നും സംഗതിയായി. റോമിലെ മാപ്പാപ്പാതന്നെ ഡച്ചുകാരെ അനുമോദിച്ചുകൊണ്ടു തിരുവെഴുത്തുകൾ അയച്ചതായി കാണുന്നുണ്ടു്.

ഡച്ചും കൊച്ചിയും തമ്മിലുള്ള സ്നേഹാദരങ്ങൾ മൂർദ്ധന്യാവസ്ഥയിലെത്തുമ്പോൾ എതിരേലുടെയൊ കമുദവരുടെയൊ ഒരു സ്ഥലമാററം സംഭവിക്കും. പുതിയതായി വരുന്ന ആൾ ചിലപ്പോൾ അധികാരപ്രമത്തനും അഭിമാനക്കുടുക്കയും ആയിരിക്കും. അപ്പോഴാണു തമ്മിൽ അലോക്യങ്ങളും അസുഖങ്ങളും വന്നുചേരുന്നതു്. അങ്ങനെയുള്ള ഒരു ഘട്ടം 946 ൽ ഉണ്ടായി. അന്നു കൊച്ചിയിൽ മാറി വന്ന ഗവർണ്ണർ പല പുതിയ 'വകുപ്പു'കളും പുറത്തെടുത്തു. അതിനെസംബന്ധിച്ചു കൊച്ചിരാജാവു ബത്താവിയായിലെക്കു നേരിട്ടു് ഒരു നീണ്ട കത്തയച്ചു. അന്നത്തെ വാദവിഷയങ്ങളും, സമാധാനങ്ങളും, അതുവരെയുള്ള പൂർവ്വചരിത്രസംഗ്രഹവും അതിൽ അടങ്ങിയിരിക്കകൊണ്ടും, അതു ശക്തൻതമ്പുരാൻ കാര്യത്തിൽ പ്രവേശിച്ചതിനുശേഷം എതാണ്ടു് ഒന്നാമതായി എഴുതിയ എഴുത്താകകൊണ്ടും, അതിലെ ഭാഷക്കും പ്രസ്താവസമ്പ്രദായത്തിനും നല്ല ജീവനും രസവും കാണുന്നതുകൊണ്ടും, കുറച്ചധികം സ്ഥലം മുടക്കുന്നതാണെങ്കിലും, ആ കത്തു് അങ്ങനെതന്നെ അടുത്ത അദ്ധ്യായത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്.

പ്രസ്തുതലേഖനത്തിൽ വിവരിച്ചിട്ടുള്ള വാദവിഷയങ്ങളെക്കുറിച്ചും മററുമുള്ള കൂടുതൽ സംഗതികൾ മറ്റോരോ ആദ്ധ്യായങ്ങളിൽ യഥാക്രമം പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു ചവ്വിതചവ്വണത്തിനു ഇവിടെ ഒരുങ്ങുന്നില്ല. അവയെല്ലാം യഥാത്ഥത്തിൽ 'സൗന്ദൎയ്യപ്പിണക്കങ്ങ'ളുടെ സ്ഥാനമേ ഉണ്ടായിരുന്നുള്ളു. ' അശക്തിയെ പ്രത്യക്ഷപ്പെടുത്താതെ കഴിക്കുവാൻ ഉദ്ദേശിച്ചും, അതിവ്യയത്തിൽ ഭയം ജനിച്ചും ശാന്തതയും സമാധാനവും ഐകമത്യവും രാജ്യത്തു വളരുന്നതു സ്വലാഭത്തിനു ഹാനികരമാകുമെന്നു വിശ്വസിച്ചും, ഡച്ചുകാർ അടിയിൽക്കൂടി എപ്പോഴും പ്രവൎത്തിച്ചുകൊണ്ടിരുന്നുവെന്നും ഏഷണിപ്രയോഗത്തിൽ ജാഗരൂകരായിരുന്നുവെന്നും, പക്ഷെ, പറയാതെ തരമില്ല.

ശക്തൻതമ്പുരാന്റെ കാലത്തു ഡച്ചുകാരുമായി രണ്ടു കരാറുകൾ ഉണ്ടായിട്ടുണ്ടു്. രണ്ടിലേയും പ്രധാനവിഷയം മാൎക്കൊരുടെ കാൎയ്യമായിരുന്നു. അതിൽ ഒന്നാമത്തേതു് 961 കന്നി 29-ാംനു-യിലെയാണു്. ആ കരാറിലെ പീഠികയിൽനിന്നുതന്നെ അതിന്റെ വൈപുല്യവും പൂൎവ്വചരിത്രവും ഗ്രഹിക്കാവുന്നതാകുന്നു.

"പെരുമ്പടപ്പിൽരാജ്യത്തുപാക്കുന്ന മാൎക്കൊര, കുമ്പഞ്ഞിയുടെ കുടിപതികളായിരിക്കുന്നവര തമ്പുരാനു കൊടുക്കെണ്ടുന്ന മരിയാദകൾക്കു ഇനിയൊളവും ഒരു ചട്ടം വയ്ക്കാക ഹെതുവായിട്ടു ഏറിയ അനൎത്ഥങ്ങളും ഛിദ്രവും മുതിൎന്നുവരികകൊണ്ടു ഈ ദുഷ്പ്രവൃത്തികൾ മാററിവെക്കത്തക്കവണ്ണം വ്യവസ്ഥ വരുന്നതിന്നു കുമ്പഞ്ഞിവക മൂന്നു കപ്പിത്താന്മാരും, കപ്പായക്കാരുടെ കപ്പിത്താൻ 'ഇഗാസ്സുദിരീക്കും' മാൎക്കൊരുടെ കപ്പിത്താൻമാര ബാവുമത്തായിയും അന്തിരെപ്പിരെരും, കുമ്പഞ്ഞിക്കച്ചവടം അനന്തൻശെട്ടിയും, ഗൊവിന്ദമെനൊൻസൎവ്വാധികാൎയ്യക്കാരും ശെഷമുള്ളവരുംകൂടെ...അങ്ങൊട്ടും ഇങ്ങൊട്ടും ഏറിയതൎക്കവും ഉണ്ടായിട്ടു മൂന്നുദിവസിവഴിയെ വിവരമായിട്ടു മെലെഴുത്തുപെട്ടു് ഒടുക്കം തീൎച്ചവരുത്തി എഴുതി ഒപ്പിടുകയുംചെയ്തു." ഈ കരാറുപ്രകാരം മാൎക്കൊരും, ചുരുക്കത്തിൽ, രാജാവിന്റെ മററു പ്രജകളെപ്പോലെ എട്ടിലൊന്നും കെട്ടുതെങ്ങും മററും കൊടുത്തുകൊള്ളത്തക്കവണ്ണമെല്ലാം നിശ്ചയിച്ചാലും, അതിലെ 11-ാംവകുപ്പുകൊണ്ടു്, "വാശ്ശൊരു തൎക്കം ഉണ്ടായാൽ ഗവർണർദൊരെ ബൊധിപ്പിച്ചാൽ അവിടെനിന്നു നെരും ന്യായവും പൊരുംവണ്ണം നിദാനം വെരുത്തത്തക്കവണ്ണവും നിശ്ചയിച്ചു,"

എന്നുകൂടി ഉള്ളതുകൊണ്ട മാക്കൊരുടെ കാര്യം തീരെ കെട്ടുപോകാതെ വീണ്ടും നിറിപ്പിടിക്കുവാൻ ഇടയായി.

അതാണ രണ്ടാമത്തെ കരാറിനു കാരണമായതു്. 970 ചിങ്ങം 28-ാം നു- കളിക്കോട്ടയിൽവെച്ചു തക്കിച്ചു തീച്ചപ്പെടുത്തിയവയായിരുന്നു അതിലെ വകുപ്പുകഠം. മാളിയക്കൽ ഗോവിന്ദമേനോൻ വലിയ സവ്വാധിയും, ശ്രീരാമൻപട്ടർ സവ്വാധിയും, കത്താവു കായ്യക്കാരുമാണ് അതിൽ കൊച്ചിക്കുവേണ്ടി ഒപ്പുവെച്ചിരിക്കുന്നതു്. ഡച്ചുകാരുടെ ഭാഗത്തേയ്ക്കു ഗവണ്ണർ 'ജോൺവാൻസ്‌വാലും'. മാക്കൊരും തൊപ്പാസ്സന്മാരും (തൊപ്പിക്കാർ) അവരുടെ വസ്തുവഹകഠം കാണം ചമയം വാങ്ങി വിട്ടൊഴിഞ്ഞു പോകുവാൻ സമ്മതിച്ചു കമ്പനിയിൽ ക്ലിപ്തീട്ടുവെച്ചതനുസരിച്ചു്, അവരെ ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ചായിരുന്നു ആ കരാറ്. അതിനെക്കുറിച്ചു മറ്റൊരുദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുള്ളതാകുന്നു.

കൊച്ചിക്കോട്ട ഡച്ചുകാർ ഇംഗ്ലീഷുസൈന്യാധിപൻ മേജർ പാടിക്കു കീഴടങ്ങിയസമയം എഴുതിവെച്ച കടലാസ്സു നോക്കിയാൽ, ഇംഗ്ലീഷു ജനറൽ ലന്തക്കാരെ എത്ര നിസ്സാരമാക്കിത്തള്ളിയിരുന്നു എന്നും, ലന്തയുടെ താൽക്കാലികാവസ്ഥ എത്ര ദയനീയമായിരുന്നു എന്നും ബോധപ്പെടുന്നതാണു്. പാടിക്കിൻെറ അഹങ്കാരം അധികാരസ്ഥാനങ്ങളിൽ അതൃപ്തിയുളവാക്കാതിരുന്നില്ല എന്ന സംഗതി സവിശേഷം സ്മരണീയമാണു്. പട്ടാളക്കാർ പുറത്തുപോകുന്നവർ ആയുധം നിലത്തുവെച്ചു തടവുകാരായി തിരികെവരണം; കൊച്ചിവിട്ടു പോകേണ്ടവർ എങ്ങനെയെങ്കിലും പൊയ്ക്കൊള്ളണം; ഇംഗ്ലീഷുകപ്പലുകഠം അതിലേയ്ക്കു ഉപകരിക്കുന്നതല്ല; വീടുകളിൽ ഇരിപ്പുള്ള മുതലുകളിൽ ഒന്നും എടുപ്പാൻ പാടില്ല; പോകാത്തവരെല്ലാം 'ബ്രിട്ടാനിക്ക് മാജസ്റ്റി'ക്കു ചേന്നവരെന്നു സത്യംചെയ്യണം; കമ്പനിവക റിക്കാട്ടുകഠം ഒന്നും എടുക്കുവാൻ പാടില്ല; എന്നാൽ, ആവശ്യമുള്ളതിനു പകപ്പെടുക്കുവാൻ ഗവണ്ണരെ അനുവദിക്കും; എന്നിങ്ങനെ പത്തൊമ്പതു വകുപ്പുകളോടുകൂടിയതായിരുന്നു ആ കയ്യമറി!

ഒരു മരുമക്കത്തായത്തറവാട്ടിലെ കാരണവരുടെ മരണശേഷം, അദ്ദേഹത്തിൻെറ ഭായ്യയും മക്കളും, ആ തറവാട്ടിൽനിന്നു് ഇറങ്ങിപ്പോകുന്ന അവസരവും സ്വഭാവവും കണ്ടറിഞ്ഞിട്ടുള്ളവക്കു്, കൊച്ചിക്കോട്ടയിൽനിന്നു ഡച്ചുകാരുടെ ഇറങ്ങിപ്പോക്കിൻെറ രംഗം നിഷ്പ്രയാസം

ഗ്രഹിക്കുവാൻ സ്വാധിക്കുന്നതാണു്. നല്ലവാക്കുപറഞ്ഞു് ആശ്വസിപ്പിക്കുവാൻ ഒരാളില്ല; സ്വന്തംവക പണ്ടം പാത്രങ്ങൾകൂടി 'തറവാട്ടുവക'യായതുകൊണ്ടു് ഒന്നും തൊടുവാൻ അവകാശമില്ല; 'അമ്മായിവാണ'കാലത്തു് അകന്നുനിന്നും മറഞ്ഞുനിന്നും അസ്പഷ്ടങ്ങളായ അപേക്ഷകൾ—മിക്കപ്പോഴും അനാദരിക്കപ്പെട്ടവ—ചെയ്തിരുന്ന അനന്തരവന്മാരെല്ലാം നേരിട്ടുവന്നു് അധികാരികളായി ഓരോന്നു കല്പിക്കുന്നു. തലയിൽ മുണ്ടിട്ടുമൂടി, കണ്ണുനീർ വാർത്തുകൊണ്ടു്, കിടാങ്ങളുടെ കയ്യുംപിടിച്ചു് അമ്മായിയമ്മ പിന്തിരിഞ്ഞുനോക്കാതെ, അവരുടെ യൗവനവും സൗന്ദര്യവും സമർപ്പിച്ച ചിരപരിചിതമായ കേളീരംഗത്തെ എന്നെന്നേക്കുമായി വിട്ടുപോകുന്നു! അതെ! ആ രംഗം, ആ കാഴ്ച, ഹൃദയത്തെ സ്പർശിക്കുന്നതും, ആലോചനകളെ ഇളക്കുന്നതും, ഈശ്വരവിലാസത്തെ ഓർമ്മപ്പെടുത്തുന്നതും തന്നെയാണു്. കൊച്ചിയിൽനിന്നുള്ള ലന്തയുടെ ഇറങ്ങിപ്പോക്കു് ഇപ്രകാരമുള്ളതായിരുന്നു!

XI

പ്രഥമലേഖനം

കൊല്ലവർഷം 946-ൽ, ബത്താവിയായിലെ ലന്തജനറാൾക്കു്, ശക്തൻതമ്പുരാൻതിരുമനസ്സുകൊണ്ടു് എഴുതിയ പ്രഥമലേഖനമാണു കീഴേ ചേർക്കുന്നതു്:—

ശ്രീരാമജയം.

"ശ്രീമതു സകലഗുണസമ്പന്നരാന, മഹാമെരുസമാനധീരരാന, അഖണ്ഡിതലക്ഷ്മിപ്രസന്നരാന, മിത്രജനമനോരഞ്ജിതരാന, അവ്യാസപരോപഹാരനിരതരാന, ബന്ധുജനതൊഷകരാന, ആശ്രിതജനരക്ഷകരാന, അസഹായശൂരവിക്രമരാന, രാജമാന്യരാജശ്രീ ബത്താവിയിൽ വെകു കീർത്തിപ്പെട്ടിരുക്കിറ, ജനരൽ അവർകളുക്കു, രാജശ്രീകൊച്ചിയിൽ രാജാവൈയ്യർ അവർകൾ സലാം. നിനൈത്തിരുന്ത നമ്മൈയിനാലെ മാശിമാസം 21-ാംനു വരെക്കും നാമും ക്ഷെമത്തിലെയിരുക്കിറോം. തങ്കളുടെയ ക്ഷെമാദിസകലസന്തൊഷാതിശയങ്കളുക്കു എഴുതി ഇവിടമനുപ്പിവിക്കുമ്പടി ചെയ്യുവും ഇപ്പാൽ നമ്മുടെയ രാജ്യത്തിലെ, ചിരിതു നാളൈക്കിപ്പുറം വന്തിരുന്ത ആപത്തുക്കളെല്ലാം കൊച്ചി കൊട്ടയിലിരുന്ത യജമാനന്മാർ എഴുതി അനുപ്പിവിച്ചിരുന്തപടിയി

നാലെയും, അവർകഠ മുഖവചനത്തിനാലെയും, സകലവിവരമും അറിന്തിരുപ്പാർകളെ. നാമും തിരുവിതാംകോട്ട രാജാ അവർകളും അന്യോന്യമില്ലാമലിരുന്ത നാളയിലെ, അന്തസമയം പാത്തു കൊഴിക്കൂട്ടാർ രാണക്കഠ സഹിതമായി വന്തു നമ്മുടയ രാജ്യമും വെഹുമാനപ്പെട്ട കുമ്പഞ്ഞിക്കുള്ള ചെററുവായ അഴിമുതൽ പാപ്പിവെഴംവരക്കുള്ള രാജ്യമും കട്ടി കൊട്ടകളും പൊട്ടുക്കൊണ്ടിരുക്കവെണമെൻറു യൊജനൈ ചെയ്യാർകഠ. അപ്പൊ, നമുക്കുള്ള പ്രഭുക്കന്മാരും കൊഴിക്കൂട്ടാരൈ പൊയി കണ്ടു അങ്കെ ഒത്തപടി ഇരുക്കൊറൊമെൻറു എഴുതിക്കൊട്ടത്തു കൊഴിക്കൂട്ടാരെയും കൂട്ടിക്കൊണ്ടു വന്തു നമ്മുടയ രാജ്യത്തിലെയും വെകുമാനപ്പെട്ട കുമ്പഞ്ഞി രാജ്യത്തിലെയും കൊട്ടകളും പൊട്ടുക്കൊണ്ടു അനെകം വട്ടികളും ചെയ്തു നമ്മുടയ ആളുകളുക്കും കുമ്പഞ്ഞി ആളുകളുക്കും കൊച്ചിയിലെയിരുന്തു വെളിയിലെ എറങ്കപ്പൂടാമലാനതുപ്പിന്നെ, ചെഞ്ചുകമുതവരും നാമും കൂടി കുമ്പഞ്ഞിവകയിലും നമ്മുട വകയിലും ഉള്ള ആളുകളെയും കൂട്ടിക്കൊണ്ടു കൊട്ടങ്ങള്ളുരുക്കു പൊയി കൊഴിക്കൂട്ടാരൊടെ ശണ്ടെ കെട്ടത്തതിൻപിറകെ, കൊഴിക്കൂട്ടാർ വക കാര്യസ്ഥാളും കുമുതവരും കൂടി കണ്ടു കുമ്പഞ്ഞിരാജ്യത്തിൽ കൊഴിക്കൂട്ടാർ പോട്ടിരുന്ത കൊട്ടകളും ഇടിച്ചു ആളുകളെയും വാങ്കിവിട്ടാർകഠ. നമ്മുടയ രാജ്യം കെട്ടിക്കൊണ്ടതൈ വിടിവിക്കാതുക്കു് കുമ്പഞ്ഞിക്കു ബലം പൂണ്ണമാക വരുത്തി കഴിപ്പിച്ചുക്കൊള്ളുകിറൊമെൻറും അതുവരെക്കും ക്ഷമിച്ചു ഇരുക്കവെണമെൻറും കുമുതവർ ചൊന്നപടിയിനാലെ 936–ാമതു ആടിമാസംവരെയും കൊച്ചിയിലെതാനെയിരുന്തു് വെഹുമനസ്സുമുട്ടുകളും സങ്കടങ്ങളും അനുഭവിച്ചിരുക്കിറപൊതു വെകുമാനകുമുതവരുമായി കൂടി വിചാരിച്ചു നാമും വെകുമാനകുമുതവരുംകൂടിപ്പൊയി, തിരുവിതാംകൊട്ട രാജാ അവർകളെക്കണ്ടു, അന്യോന്യം വിചാരിച്ചു, കടമ്പടിയും അപ്പുറമിപ്പുറം എഴുതി വാങ്ങിക്കൊണ്ടു, നാമും തിരുവിതാംകൊട്ട രാജാ അവർഹളുംകൂടി കൊഴിക്കൂട്ടാരൊടെ ശണ്ടെകൊട്ടുത്തു. അവാഠ കട്ടിക്കൊണ്ടിരുന്ത രാജ്യത്തിൽ വടക്കെ കാരം കൊഞ്ചം രാജ്യം ഒഴിയാത്തതെല്ലാം വിടുവിച്ചുതന്തു, നാം അനുഭവിച്ചുവരുകിറ സമാചാരമും, നമുക്കുള്ള പ്രഭുക്കന്മാർ നമ്മൊടെയും തിരുവിതാംകൊട്ട രാജാ അവർകളൊടെയും നെരെ, കൊഴിക്കൂട്ടാരൊടെ കൂട്ടിക്കൊണ്ടു ഇപ്പുറം ശണ്ടെകൊട്ടുത്തപടിയിനാലെയും അനെകംവിധത്തിലെ ഉപദ്രവത്തിനങ്ങളുംചെയ്തു കൊഴിക്കൂട്ടാരൊടെ കൂട വാങ്ങി പുറപ്പെട്ടു പൊയിരുക്കിറ സമാചാരമും, സകലമും, വെഹുമാനകുമുതവർ ചൊല്ലിക്കെട്ടിരുപ്പാർകളെ. ഇന്തപ്രകാരത്തുക്കുത്താനെ (ആരുടെയോ പേരു്) കുമുതവർ നാളെയിലെയും നട

ന്നുവന്നു. ക്രിസ്തീയാനകളൊത്തു ബെയിക്കൌസനെപ്പ ഗവൎണ്ണദോർ കൊച്ചിക്കു വന്നതിൽ പിന്നെയും നമുക്കു വെണ്ടിന സഹായങ്ങളും ചെയ്യുന്നു ചിലതുനാൾ വെണ്ടിന പടിക്കുത്താനെ നടന്നും വന്നു. 35–ാമതു കാൎത്തികമാസത്തിലെ ഗൊവൎണ്ണദോർ തിരുവിതാംകൊട്ടരാജാ അവർകളുടെ ശത്രുക്കൊട്ടത്തു അനൎത്ഥങ്ങൾ വരാതെ തെരിഞ്ഞപടിയിനാലെ അനുകൂലമാക വരുത്തുകിറതുക്കു നാം അനേകം പ്രകാരത്തിലെ പ്രയത്നങ്ങൾ ചെയ്യ്യാം. ആടിമാസത്തിലെ നാം കൊച്ചിയിലെ ഇരുക്കിറപൊതു, അന്യോന്യം കണ്ടു വിചാരിക്കവെണ്ടിയതുണ്ടെന്റ ഗൊവൎണ്ണദോർ ചൊല്ലിയനുപ്പിന പടിയിനാലെ, 23–ാംനു- നാം കൊച്ചികൊട്ടയിൽ ചെന്റ. ഗൊവൎണ്ണദോരുമായി കണ്ടുചൊന്നവിടത്തിലെ ചൊന്ന സമാചാരം. ഒന്നാമതു, കൊച്ചിരാജ്യത്തിൽ പുതുശാക നാം ചുങ്കം എടുക്കുറതുണ്ടെന്റം, രണ്ടാമതു, കൊട്ടെയുടെയ അത്തുത്തി കാട്ടിത്തരവെണമെന്റം, മൂന്നാമതു കൊങ്കിണികൾ കുമ്പഞ്ഞി കീഴായിട്ടു ഉള്ളവരാകുമെന്റം അവാളൊടെ നാം ഒരു കാൎയ്യം കെൾക്കലാകാതെന്റം, നാലാമതു, അമരാവതി, ചെറളായി, മട്ടാഞ്ചെരി, ഇന്ത പ്രദെശങ്ങൾ കുമ്പഞ്ഞിക്കുള്ളതാകമെന്റം നമ്മൊടെ ചൊന്നാർകൾ. അതുക്കു ഉത്തരം:— ഒന്നാമതു, ചുങ്കം പുതുശാക ഒന്റ നടത്തിവിടതില്ലെയെന്റം, ചുങ്കക്കാരു എറക്കുറവർ എടുക്കുറതുണ്ടാനാൽ വൎത്തകരെ വരുത്തിക്കെട്ടാൽ സങ്കടംകൂടാമൽ നടത്തിവിക്കുറൊം എന്റം, രണ്ടാമതു, കൊട്ടയുടയ അത്തുത്തി അറിയറതുക്കു ഒടമ്പടിയിൽ കണ്ട പടിക്കു ഇന്നെവരെക്കും നടന്നുവറുകിറപടിയെന്റം, മൂന്നാമതു, കൊങ്കിണികളെ ഇന്നെവരെക്കും നാം രക്ഷിച്ചുവരുകിറതുപൊലെയെന്റം, നാലാമതു, അമരാവതി, ചെറളായി, മട്ടാഞ്ചെരി ഇവടം, മുന്നാലെയിരുക്കിറ ക്ഷെത്രങ്ങൾ, കാൎയ്യക്കാർ, മെനൊന്മാർ, ഇവർകൾ വീടുകളിപ്പടിയെല്ലാമിരുക്കിറ പ്രദെശങ്ങൾ നാം കൊടുത്തു നടന്നുവരുകിറതൈ വിടച്ചൊന്നാൽ അതു സങ്കടമെന്റം അവർകളൊടെ ചൊല്ലുവും ചെയ്യ്യാം. അതുകൊണ്ടു ന്യായംപൊലെ വിചാരിക്കുറതുക്കു കുമ്മിതൊന്മാർ രണ്ടുപെരും നമ്മുടയ കാൎയ്യക്കാരരണ്ടുപെരും കൂടിയിരുന്നു, കെട്ടു കീഴിൽ നടന്നമൎയ്യാദൈപോലെ ആയിക്കൊള്ളുകിറതാമെന്റ ചൊല്ലിക്കൊണ്ടു പിരിയവും ചെയ്യ്യാം. അതുക്കുപ്പിന്നെ, നമ്മുടയ കാൎയ്യക്കാരര ഗൊവൎണ്ണദോരകിട്ടെപ്പൊയി, ചിറതു വൎത്തകരെയും ഗൊവൎണ്ണദോർ മുന്നെ വരുത്തി, അവാളൊടെ കീഴ്മൎയ്യാദൈ നടന്നുവരുകിറപ്രകാരം കെട്ടവിടത്തിലെ കീഴിൽ നടന്നുവന്ന പ്രകാരവും അതുക്കു വ്യത്യാസമുണ്ടാനാൽ പ്രമാണ

ങ്ങൾ കാട്ടി ബൊധിപ്പിക്കുറൊമെൻറം ചൊന്നാർകൾ, അതി
ലെ ചിറിതുപേർ കുമ്പഞ്ഞിയും നാമും വിശ്വാസമായിരുക്കിറതൈ വി
ഘ്നം ചെയ്യവെണമെൻറ വിചാരിച്ചു, മയ്യാദൈത്തപ്പാക ചൊന്നവിട
ത്തിലെ അതുക്കു ഉത്തരം നമ്മുടൈയ കാര്യക്കാർ ചൊല്ലുകിറൊമെൻറ
ചൊന്നവിടത്തിലെ, നീങ്കൾ കെട്ടിരിക്കിറതല്ലാമൽ അതുക്കു ഉത്തരം
ചൊല്ലലാകാതൊൻറ ഗൊവ്ണ്ണദൊർ ചൊന്നപടിയിനാലെ കാര്യക്കാ
രന്മാർ നമ്മുടകിട്ടവന്തു ഉണ്ടാന സമാചാരത്തൈ ചൊല്ലിനാർകൾ.
പിന്നെയും കുചൈലന്മാരിൽ നാലു പെരെയും തുപ്പായിമാരെയും കൂടെ
എറണാകുളത്തുക്കു നാം വരുത്തി കീഴമയ്യാദൈ നടന്തുവന്തിരുക്കിറ പ
രമാൎത്ഥങ്ങളും ഗൊവണ്ണദൊരൈ ബൊധിപ്പിക്കച്ചൊല്ലി അവാളൊടെ
യും ചൊല്ലിയനുപ്പിവിട്ടൊം. അതുവും ഗൊവണ്ണദൊർ ബൊധിയാതെ
കൊച്ചിയിൽ നാം അനുഭവിച്ചുവന്തിരുന്ത പ്രദെശങ്ങളും അങ്കചുങ്കങ്ങ
ളും, വസ്തുവയൽകളും, നമ്മുടൈയ കീഴാക നടന്തിരുന്തപെർകളൈ
യും, നാം വിചാരിക്കവെണ്ടാമെൻറ ഗൊവണ്ണദൊർ കടലാസ്സും എഴു
തിത്തറച്ചു, കയ്യെറി, ലെലംചൊല്ലി, നാം അനുഭവിച്ചു നടന്തുവന്തതും
അതുകൂടാമൽ നിലകൂലിയും, ധാവാക്കുത്തകൈയും കൂട കൂട്ടിവെച്ചുക്കൊ
ടുത്തു നടത്തിനാർകൾ. അതുക്കപ്പിന്നെ, നമ്മുടയ അനുഭവങ്ങൾ
എടുക്കുറതുക്കു നാം പൊട്ടിരുന്ത ആളുകളൈ മാൎഗ്ഗക്കാരരൈ അനുപ്പി
കയ്യെത്തംചെയ്തു അവാളൈ തള്ളിപ്പൊട്ടു നടത്തിനാർകൾ. അതുക്കു
പിന്നൈ നമുക്കു ശത്രുവാക ഇരിക്കിറ കൊഴിക്കൂട്ടാരൊടെക്കൂട പുറപ്പെട്ടു
പൊയിരിക്കിറ നമ്മുടൈയ പ്രഭുക്കന്മൊരിൽ ചിറതുപെരെ വരുത്തുകിറ
തുക്കു യത്നം ഉണ്ടെൻറം കെട്ടു, അവാളൈ വരുത്തലാകാതെൻറ നാം
എഴുതി അനുപ്പിവിച്ചൊം. അതൈയും പ്രമാണിയാതപടിക്കു പ്രഭുക്ക
ന്മാരിൽ ചിറതുപെരൈ കൊച്ചിയിൽ വരുത്തി അവാളൊടെ ഗുണ
ദൊഷം വചാരിച്ചു അവാളൈക്കൊണ്ടു നമ്മുടൈയ രാജ്യത്തിൽ ചിറ
തു ചില്ലറൈകൾ ഉണ്ടാക്കിത്തീക്കുംപടിക്കു ഉദ്യൊഗിച്ചു, കൊഴിക്കൂ
ട്ടാർ വകൈ കാര്യസ്ഥാരെയും കൊച്ചിക്കു വരുത്തിക്കൊണ്ടു പെശിനാർ
കൾ. വടക്കെടിക്കിലെ പലകൂട്ടം കാര്യമും ഉണ്ടാനതിനാലെ, തിരു
വിതാംകൊട്ടരാജാ അവർകളൈക്കണ്ടു വിചാരിക്കുറതുക്കു "നാം പൊയി
വരുകിറൊമെൻറ ഗൊവണ്ണർദൊരെയും ബോധിപ്പിച്ചുകൊണ്ടു, നാം
തിരുവനന്തപുരത്തുക്കു പൊന ഉടനെ, ഗൊവണ്ണദൊർ നമ്മൈക്കൊണ്ടു
പലകൂട്ടം ദോഷമായിട്ടും, ഇപ്പൊ കൊച്ചിയിൽ ഇന്ന ഇന്ന കാര്യം
തുടങ്ങിയിട്ടുണ്ടെൻറം, അതിനുടയ നെരും, ന്യായവും ബൊധിപ്പിക്ക
ലാമെൻറം, തിരുവിതാംകൊട്ടരാജാ അവർകളുക്കു കടലാസ്സും എഴുതി

ങ്കൊടുങ്ങല്ലൂർ കൊട്ടയിൽ പെത്തൊരെ, തിരുവനന്തപുരത്തുക്ക അനു പ്പിവിട്ടു. അന്തക്കടലാസ്സു രാജാ അവർകഠം വാശിത്തുകൊണ്ടു ഇന്ത കാൎയ്യങ്ങഠം എപ്പടിയെല്ലാമെൻറ നമ്മൊടെ കെട്ടതിൻപിറകു, അ പ്പൊ ഇന്ത പരമാൎത്ഥങ്ങളെല്ലാം നാമും ചൊല്ലവെണ്ടിവന്നതു.

ഇന്ത സമസ്ഥാനമും കുമ്പഞ്ഞിയുമായിട്ടുള്ള വിശ്വാസത്തിനാലെ, നാം കൂട നെരം, ന്യായമുംപൊലെ വിചാരിക്കവെംമെൻറ തിരുവിതാം കൊട്ടരാജാ അവർകഠം ഗൊവൎണ്ണദൊരുക്ക മറുപടിയും എഴുതി, അവർ കളുടെയ കാൎയ്യക്കാരരെയും ഗൊവൎണ്ണദൊർ കിട്ട അനുപ്പിവിട്ടു. വിചാ രിച്ചു രണ്ടുമൂന്നു പ്രാവശ്യം അപ്പുറമിപ്പുറം എഴുതി അനുപ്പി വിചാരിക്ക റപൊതു ഇന്തക്കാൎയ്യം തിരുവിതാംകൊട്ടരാജാ വിചാരിക്കവെണ്ടാമെ ൻറ രാജാ അവർകളുക്ക ഗൊവൎണ്ണദൊർ മറുപടി എഴുതി അനുപ്പി ന പടിയിനാലെ, ഗൊവൎണ്ണദൊർ നമുക്ക എഴുതിയനുപ്പിനതിനാലെ യല്ലവൊ നാം പ്രയത്നം ചെയ്യൊമെൻറം, ഇപ്പൊ ഇപ്പടി എഴുതി അ നുപ്പിവിക്ക സംഗതിയില്ലെയെൻറം, രാജാ അവർകളും എഴുതി അ നുപ്പിവിട്ടാർകഠം. നാം പൊനകാൎയ്യം രാജാ അവർകളൊടെ വി ചാരിച്ചുകൊണ്ടു, എറണാകുളത്തിലെ വന്തിരുന്തു, കൊച്ചിയിൽ കാൎയ്യം കൊണ്ടു ഗവൎണ്ണദൊരൊടെ ചൊന്നവിടത്തിലെ, കൊച്ചിക്കൊട്ടയുടെ അരുത്തി ഒരു കൈവെടി ദൂരമുണ്ടെൻറം, ഒരു കപിലച്ചുവെടി ദൂരമു ണ്ടെൻറം, ഒരു ബീരങ്കിവെടി ദൂരമുണ്ടെൻറം, മട്ടാഞ്ചെരി എൻകിറ പ്രദെശം കായലിലെ കററിപൊട്ട കരെ വച്ചതാക്കമെൻറം, അവിടം നമുക്ക അവകാശമില്ലെയെൻറം ഇപ്പുറം ചൊല്ലിയനുപ്പിനാർകഠം. കൊട്ടയുടെ അരുത്തി നൂററിലധികം വർഷമായിട്ടു വെളിനിലമായി ന ടന്തും വരുകിറതു. ഒരു വിവാദമില്ലാമൽ കാണുകിറതുക്കും ഉണ്ടെൻറം മട്ടാഞ്ചെരിയിലും ചൊളായിലും കാൎയ്യത്തുക്ക നൂററിരുപതുവൎഷം വരെയും ചെൻറിരുക്കിറ മരങ്ങളും കല്ലുകെട്ടിന വീടുകളും വയൽ കളും പറമ്പുകളും നൂററിൽപരമാന പ്രമാണങ്ങളും ഉണ്ടെൻറം, ചെ റളായിലെ കൊങ്കിണികഠക്ക നമ്മുടെയ പൂൎവ്വികാഠം കൊടുത്തു നട പ്പിച്ചിരുക്കിറ ക്ഷെത്രമും അവരെ രക്ഷിച്ചുവന്തിരുക്കിറ പ്രകാരത്തുക്കും ഉള്ള ആധാരങ്ങളുണ്ടെൻറം, ചൊന്നവിടത്തിലെയും അതൊൻറം ബൊധിയാതെ പടിക്കും, കയ്യെറിനടത്തിയിരുക്കിറാർകഠം. നമ്മുടെ യ ശത്രുക്കളാക ഇരുക്കിറപെർകഠം നമ്മുടെയ സമ്മതമില്ലാമൽ കൊച്ചിയിലും അല്ലാതെയുള്ള പ്രദെശങ്ങളിലെയും വന്തു സഞ്ചരിക്കിറ പടിയിനാലെ നമ്മുടെയ ശരീരമാനാലും രക്ഷിക്കവെണുമെൻറ വി

ചാരിച്ച ശരീരരക്ഷക്കുവെണ്ടിന ആളുകളെയും വരുത്തി നാം എറണാ
കുളത്തിലിരുക്കിറപൊതു, ഒരു ശില്പപ്പിലെ ബീരങ്കിയും എററി കൊ
ച്ചിയിൽ നമ്മുടെയ അരമനക്കു നെരെ കൊണ്ടുവന്നു, ആളുകൾ അരമ
നെയിലെ സഞ്ചരിക്കപ്പെടാമലാക്കിനാർകൾ. പിൻ, പത്തായിരം
മാൎഗ്ഗക്കാരെ ശെഖരിച്ചു തുപ്പാക്കിയും കൊടുത്തു, അവാളെ നമ്മുടെ
യ വയ്പുംകരൈയെൻകിറ പ്രദെശത്തിൽവിട്ടു, അങ്കെ നാലഞ്ചരമ
ന്റെ ഉണ്ടായിരുന്നതെയും മാൎഗ്ഗക്കാരര തൊട്ടു, കതവുകളെയും പിടുങ്കി
അരമനെയിലിരുന്തപെരെയും വെടിവെച്ചുകൊൻറു, അരമനെക്കു
ള്ളെയിരുന്ത ദൈവങ്കളെയും ഒടച്ചു, ശൂദ്രപ്പെണ്ടുങ്കളെയും പിടിച്ചു
കൊട്ടുക്കു കൊണ്ടുപൊയി, വയ്പുംകരൈ ആറുകാതം വഴി രാജ്യമുള്ളതെ
യെല്ലാം നിപാതം ചെയ്യാർകൾ. ഗവൎണ്ണദൊർ നമ്മൊടെ പല എ
ററങ്ങളും ജയിത്തു സഹിക്കപ്പെടാതപടിയിനാലെ ഐപ്പശി (തുലാം)
൨൭-ാം൹ എഴുതി, തൂത്തുക്കുടിവഴിക്കു അനുപ്പിവിട്ട കത്തു അങ്കെ വന്ത
തൊമെൻറു അറിയാതപടിയിനാലെയും മെൽ എഴുതിന ഞെരുക്കങ്ങൾ
ഗൊവൎണ്ണദൊർ . ചെയ്യുപടിയിനാലെയും, ഇപ്പൊതും-രാ-കീൎത്തി
പ്പെട്ടിരുക്കിറ ജനറൽ അവർകൾക്കു എഴുതി അനുപ്പിവിക്കവെണ്ടിവ
ന്തതു. കൊച്ചികൊട്ടയിൽ പുതുശായി കമുതവർ വരുകിറ ചെതികെ
ട്ടു, നടന്തചെതികളെല്ലാം മുന്നാലെതാനെ കമുതവരെ ബൊധിപ്പിക്ക
വെണമെൻറു വിചാരിച്ചു, നടന്ത ചെതികളുക്കെല്ലാം കമുതവക്കൊ
ൻറു എഴുതി കൊല്ലത്തുക്കു നെരെ വന്തവിടത്തിലെ കമുതവക്കു കുടുപ്പിക്ക
വും ചെയ്യൊം. മെലെ എഴുതിന എററങ്ങൾ ചെയ്തുകൊള്ളുകറതുക്കു
സംഗതി എന്നമെൻറു നമ്മുടെയ കാൎയ്യസ്ഥാളെ ഗൊവൎണ്ണദൊർകിട്ടെ
അനുപ്പി വിചാരിച്ചവിടത്തിലെ, കൊച്ചിയിലിരുക്കിറ കൊങ്കിണി
കാളിയൻ വകെയിലുള്ളപെരെ നാം ആളനുപ്പി വരുത്തിനപടിയി
നാലെയാക്കും എൻറു ചൊല്ലിയനുപ്പി വിട്ടാർകൾ. നമ്മുടെയ പൂ
ൎവ്വികാളായിട്ടു കൊച്ചിയിൽ കൊങ്കിണിയക്കു ഇരുക്കിറതുക്കു സ്ഥലമും,
സ്ഥാനമാനങ്ങളും, ക്ഷെത്രം കെട്ടുകിറതുക്കു നിലമും, ഇതക്കു എല്ലാം
നിരുപങ്ങളും കൊടുത്തു നടത്തി, അവാളെക്കൊണ്ടു വെണ്ടിന. കാ
ൎയ്യങ്ങളും വിചാരിച്ചു നടന്തു വരുകിറവിടത്തിലെ, അവാളൊടെ
നാം ഒരു കാൎയ്യം കെൾക്കപ്പെടാതെൻറു ചൊല്ല സംഗതിയില്ലെയെ
ൻറും, കീഴ്മൎയ്യാദൈ നടന്തുവന്തപ്രകാരം ഗൊവൎണ്ണദൊരൊടെ ചൊ
ന്നാൽ ഗൊവൎണ്ണദൊരുക്കു ബൊധിക്കവുമില്ലെ. പിന്നെയും, കാളിയൻ
വകെയിലുള്ള പെരെ അനുപ്പവെണമെൻറും, ആനാൽ വെയ്പുംകരൈ
യിലുള്ള പെരെയും വാങ്ങിവെച്ചു ശിലീപ്പും നീക്കിപ്പൊടലാമെൻറും

എിരണാകുളത്തിൽ നമ്മുടെയ ശരീരരക്ഷകര വരുത്തിയിരുക്കിറപെർ കളെയും പിരിച്ചനുപ്പിവിക്കവെണമെൻറം ഗൊവണ്ണദൊർ ഇപ്പറം ചൊല്ലി അനുപ്പിവിച്ചാർകറ. അപ്പടിയിരുക്കാതിലെ, വയ്യുംകരൈ യിൽ ആളുകളെ അനുപ്പി ലഹളെചെയ്യ. സമാചാരം തിരുവിതാം കൊട്ടുരാജാ അവർകറ കെട്ടു വയ്യുംകരൈക്ക നെരെ കിഴക്കെകരൈ രാ ജാഅവർകളുടെയ രാജ്യമാനപടിയിനാലെ, അവിടം രക്ഷിക്കറെതുക്ക വെണ്ടി തിരുവിതംകൊട്ടുരാജാ അവർകളുടെയ സർവാധികാര്യക്കാരും ആളുകളും വന്തവിടത്തിലെ, അന്തകാര്യക്കാരരൈ ഗൊവണ്ണദൊർ അ ളനുപ്പിക്കൂട്ടിക്കൊണ്ടുപൊയി, നമ്മുടെയ കാര്യക്കാരരൊടുചൊല്ലി അ നുപ്പിവിട്ടപ്രകാരം താനെചൊല്ലി അനുപ്പിവിക്കകൊണ്ടും, കാര്യത്തുക്ക വെണ്ടി നടപടിക്ക ഇരിക്കലാമെൻറം, ഇപ്പറം ചൊല്ലി അനുപ്പിവിട്ട പടിയിനാലെ, അതെ എില്ലാം നാം അനുസരിച്ച ആളുകളെയും പിരിച്ച, കൊങ്കിണികറ വകെയിലുള്ളപെരൈയും അനുപ്പവും ചെയ്യൊം. പിന്നെയും, മെൽ എഴുതിന കാര്യംകൊണ്ടു ഗൊവണ്ണ ദൊർകിട്ട തിരുവിതാംകൊട്ടു രാജാ അവർകറ കാര്യക്കാരരൈ അനു പ്പിവിച്ചവിടത്തിലെ മട്ടാഞ്ചെരിയിലും ചെറളായിലും എിടുക്കറ മു തലിൽപാതി നമുക്ക തരലാമെൻറം, അവടം എിഴുതിക്കൊടു ക്കവെണമെൻറം, അതല്ലാവിട്ടാൽ കുമ്പഞ്ഞിക്കുള്ള വെണ്ടുതുരുത്തും, വല്ലാർപാടമും, മുറക്കംപാടമും, നമക്ക എിഴുതിതരുകിറൊമെൻറം ഇന്തപ്പടിക്ക തീത്തുക്കൊണ്ടുവെണം ഗൊവണ്ണദൊക്ക പൊകരതു കെൻറം, ഇപ്പടിക്കെല്ലാം ഇപ്പറം ചൊല്ലി അനുപ്പിവിട്ടാർകറ. കൊ ട്ടയുടയ അതിരും കീഴ്മര്യാതൈ നടന്തുവന്തതും കുമ്പഞ്ഞിയുട പഴയ പുസ്തകത്തിലെ. വിവരപ്പടി എിഴുതിക്കാണവും ചെയ്യുമെ. കൊച്ചി കൊട്ടയിൽ ഇന്നെവരെക്കും ഇരുന്ത എിജമാനന്മാർ ഒരുത്തരും കുമ്പ ഞ്ഞിക്കാര്യം നെരും ന്യായവും പൊലെ വിചാരിക്കവില്ലെ എിൻറം, അവർകളുക്ക നാം "കൈലഞ്ചം" കൊടുത്തപടിയിനാലെയാക്കും വി ചാരിക്കാതെയിരുന്തതെൻറം, ഇപ്പടിയാക്കും ഗൊവണ്ണദൊർ ചൊല്ലു കിറതു. കൈലഞ്ചം കൊടുത്തതുണ്ടാനാൽ, ഇന്ത കൊട്ടയിൽ വന്തിരു ന്ത യജമാനന്മാരിൽ, ചിറതുപെർ അങ്കെ ഉണ്ടായിരുപ്പാർകളെ. അ വർകളുടന്നെ വിചാരിക്കാപൊതു, അന്ത പരമാത്ഥം തെരിയവരുമെ. ചെറിയ തുപ്പായിയെ ചൊല്ലിയനുപ്പി കൊച്ചിയിൽ നമ്മുടെയ അ രമനെക്ക തെക്കുപുറംവരൈക്കും പറമ്പുകളും വീടുകളും കൊച്ചിരാജ്യം നാം അനുഭവിച്ച വന്തതൈയെല്ലാം എിഴുതി ഒരു കടലാസ്സുപുസ്തകവും ഉണ്ടാക്കിയിട്ടും ഉണ്ടു. വെളുമാനപ്പെട്ട കുമ്പഞ്ഞിയുട കല്പനെക്ക

കൊച്ചി കൊട്ടെ പിടിച്ച അമരാലും നമ്മുടെയ പൂൎവ്വികാളുമായിക്കൂടി ഒടമ്പടിയിൽ എഴുതി പിടിച്ചതിൽ പിറകു വസ്തുകളും മൎയ്യാദകളും നമക്കു തെരിയറപടിക്കു പൂൎവ്വികാൾ ചിറന്നു ആധാരം മുന്നാലെ എഴുതിവച്ചിട്ടും ഉണ്ടു. ബഹുമാനപ്പെട്ട കുമ്പഞ്ഞി നമ്മുടെയ ശത്രുക്കളെയും ഒഴിച്ചു കൊച്ചി കൊട്ടയെ പിടിച്ച ഇന്ത സംസ്ഥാനമും കുമ്പഞ്ഞിയും തങ്ങളിൽ അന്യോന്യം ഐക്യമായി ചെല്ലുവേണ്ടിന പ്രകാരത്തുക്കു എഴുതി പിടിച്ചിരുക്കിറ ഉടമ്പടിയിലെ ന്യായം അങ്കെയും തെയ്യവരുമെ. അന്ത ഒടമ്പടി പ്രമാണിച്ചും പരങ്കി കൊട്ടെ വിട്ടു ഒഴിയറപൊതു കുമ്പഞ്ഞിക്കു എഴുതിതന്നതു പ്രമാണചീട്ടും ആകും. അതുത്തിക്കാൎയ്യമും കൊങ്കിണികൾകാൎയ്യമും ഗൊവൎണ്ണദോർ ഇപ്പൊ വിചാരിക്കറതു എൻറ ചൊല്ലുകിറതും മട്ടാഞ്ചെരിയിലും ചൊളായിലും കടലാസ്സ് എഴുതി തറച്ചിരുക്കിറതിലും കാണുകിറതുക്കും ഉണ്ടു. കുമ്പഞ്ഞിയുമായിട്ടു എഴുതിപ്പിടിച്ചിരുക്കിറ ഉടമ്പടിയിൽ കൊട്ടക്കു വെളിയിലെ വെളിനിലത്തിൽ തെങ്ങുമരവും മരങ്ങളും നട്ടു ഉണ്ടാക്കലൊകാതെൻറ എഴുതിയിരുക്കിറതുക്കുള്ളെ ഇതുനാൾവരെയും ഒരു മരങ്ങൾ വച്ചു ഉണ്ടാക്കവും, കല്ലുവച്ചു വീടുകെട്ടവും ഉണ്ടായിട്ടുമില്ലെ. പറങ്കി കുമ്പഞ്ഞിക്കു എഴുതിക്കൊടുത്തതിൽ കൊങ്കിണികൾ കാൎയ്യം കാണുകിറതുക്കു ഉണ്ടെൻറ ഗൊവൎണ്ണദോർ ചൊല്ലുകിറതു, പറങ്കി ഗോവയിലെയിരുന്തു കൊങ്കിണികളെ പിടിച്ചു മാൎഗ്ഗത്തിൽ കൂട്ടിനതിൽ ചിറതുപെർ കൊച്ചിയിൽ അന്നെക്കു ഉണ്ടായിരുന്താൾ. അവാളെയാക്കും ലൈന്തെ എഴുത്തിൽ കന്നടിക്രിസ്ത്യാം എൻറ എഴുതിയിരുക്കിറതു. ചൊളായിലും മട്ടാഞ്ചെരിയിലും ബഹുമാനപ്പെട്ട കുമ്പഞ്ഞി കൊച്ചികൊട്ടെ പിടിക്കറതുക്കു മുന്നെയുള്ള കുടികളും മരങ്ങളും കല്ലുകെട്ടി പണിചെയ്യ വീടുകളും കുടികൾക്കു, വയൽ പറമ്പുകൾക്കു, അനെകം നാളെക്കു മുന്നെയുള്ള പ്രമാണങ്ങളും കൊങ്കിണി ജാതികൾ ഇന്ത രാജ്യത്തിൽ വന്താര അവർകളുക്കു നമ്മുടെയ പൂൎവ്വികാൾ ഇരുക്കിറതുക്കു വെണ്ടിന നിലങ്ങളും തിരിച്ചു കൊടുത്തു അവാളെ രക്ഷിക്കവെണ്ടിയതുക്കു കൊടുത്തിരുക്കിറ ആധാരങ്ങളും പലതും കാണുകിറതുക്കും ഉണ്ടു. അന്ത ആധാരങ്ങളെയെല്ലാം അങ്കെയിരുന്തു ഒരുത്തരെ അനുപ്പിവിട്ടാൽ സാദ്ധ്യമായി ബൊധിപ്പിച്ചു കൊടുക്കലാം. നമ്മുടെയ നെരും ന്യായമും അപ്പെന്തെരിയവരും. നസ്രാണി ജാതിക്കു പ്രമാണിയാന അറക്കത്തു ചാക്കു എൻകിറവനും 72 പള്ളിക്കാരും കൂടി വന്തു സങ്കടം ചൊന്നപടിയിനാലെ മട്ടാഞ്ചെരിയിൽ പള്ളി കെട്ടുകിറതുക്കു നിലമും സ്ഥാം കൊടുത്തു കെട്ടിവച്ച പള്ളിയെയല്ലാമൽ മറാപ്പടിയല്ലാ. അതാതു കൊട്ടക്കു വേ

ണ്ടിന വെളിനിലമും മുന്നെയുള്ള പെർ നിശ്ചയിച്ചു നടന്തു വരുകിറതു ഇന്നെക്കും കാണുകിറതുക്കും ഉണ്ടു. മുന്നാലെ പറങ്കി കൊച്ചിയിൽ പെട്ടിരുന്ത കൊട്ടക്കു കിഴക്കെ പുറത്തു വാശൽ ഇപ്പൊ കുമ്പഞ്ഞി പൊട്ടിരുക്കിറ കൊട്ടയുടെയ കിഴക്കെ അകിഴുക്കു കിഴക്കെ കരയിലാക്കും ആയിരുന്തതു്. അതുക്കിപ്പുറം വെളിനിലമും അതുക്കുള്ള ആധാരങ്ങളും ഇപ്പൊതും കാണുകിറതുക്കും ഉണ്ടു. ഇന്തവാചകം ഇതുക്കു മുന്നാലെ ഒൻറ, രണ്ടു, കത്തു എഴുതി അനുപ്പിവിട്ടതിൽ എഴുതിയിട്ടുമില്ലെ. നമുക്കു ഏറിന ശത്രുക്കൾ ഉണ്ടായിട്ടു നമ്മുടെയ രാജ്യമെല്ലാം നാനാവിധമാനാലും വെഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ നാമത്താലെ കൊച്ചി രാജ്യത്തിലുള്ളതുക്കു ഒരു ഏറക്കുറവു കൂടാമൽ ഇന്നെവരെക്കും നാം അനുഭവിച്ചുവന്തോം. ഇപ്പൊ അവടത്തുക്കു ഇപ്പടിയുള്ള വിവാദം ചൊല്ലി കുമ്പഞ്ഞി ഇപ്പൊ കയ്യേറി നടക്ക എൻറ വന്താൽപിന്നെ നാം കൊച്ചിരാജാവാക ഇരുക്കവെണമെൻറില്ലയെ. ഇതുക്കു നമ്മുടെയ നല്ലനെർ അങ്കെ ബൊധിപ്പിക്കറപൊത കീഴ മര്യാദൈപൊലെ നടക്കുമെൻറ നാം നിശ്ചയിച്ചപടിയിനാലെയാക്കും എല്ലാം എഴുതി അനുപ്പിവിക്കുറതു. വെഹുമാനപ്പെട്ട കുമ്പഞ്ഞി നമ്മുടെയ സ്ഥാനംപ്രതി ചെയ്തിരുക്കിറ സഹായം മറന്തു നാം ഒൻറ വിചാരിക്കവും ഒരുകാര്യം ചെയ്യവും ഇന്നെവരെക്കും ചെയ്തിട്ടുമില്ലെ. ഇപ്പൊ നമ്മോടെ ഗൊവർണ്ണദൊർ ചെയ്യുതെയെല്ലാം പാർത്തുകൊണ്ടിരുക്കിറൊം. ഇന്ത നെരും ന്യായമും കീഴ മര്യാദയും വിചാരിച്ചു നമ്മുടെയ പൂർവ്വികാളായിട്ടിന്നെവരക്കും നടന്തുവന്തപ്രകാരം നടത്തിത്തരവെണ്ടിയതുക്കു അങ്കെയിരുന്തുരണ്ടുപെരെ അനുപ്പിവിച്ചു കീഴ മര്യാദൈപൊലെ നടത്തിത്തരവെണുമെൻറ നമ്മുടെയ ആകിറതു. ഇന്തനെരും ന്യായമും ഉള്ള അപെക്ഷ അങ്കെ കൈക്കൊള്ളുവാർകളെൻറ നാം വിശ്വസിച്ചു, അങ്കെയിരുന്തു വരുകിറ മറുപടിയും പാർത്തുകൊണ്ടിരുക്കിറൊം. ആകയിനാലെ ഇതു വിവരങ്ങളുക്കും ഇവടത്തിൽ വെണ്ടിനകാര്യങ്ങളുക്കും താങ്കളുടെ ക്ഷെമാദി സകല സന്തൊഷാതിശയങ്ങളുക്കും എഴുതി പടമനുപ്പിവിക്കുമ്പടി ചെയ്യവും വെണം—."

— എഴുത്തു തമിഴിൽ ആണെങ്കിലും മലയാളിക്കു മനസ്സിലാക്കാൻ പ്രയാസമുള്ളതല്ല. അസ്സൽ എഴുത്തു തമിഴക്ഷരത്തിൽതന്നെയാണ്. അതിനെ മലയാളലിപികളിൽ പകർത്തുകമാത്രമേ ഇവിടെ ചെയ്തിട്ടുള്ളു. തിരുവിതാംകൂറും കൊച്ചിയും ഡച്ചും കൂടി ചേർന്നുള്ളതും, ഇതിൽ കൂടി നോക്കിക്കാണാവുന്നതുമായ ലന്തയുടെ അത്യാർത്ത അടപ്പിച്ചു

കൊണ്ടുവരുന്ന ആ രംഗം, വിനോദത്തെയും വിജ്ഞാനത്തെയും പ്രദാനം ചെയ്യുന്നതിനു പര്യാപ്തമായിട്ടുള്ളതാകുന്നു. കല്പന കേൾക്കാനല്ല, കല്പന കൊടുക്കാൻതന്നെ കെല്പുള്ള ഒരാൾ എത്തിയിരിക്കുന്നു എന്നു ഈ പ്രഥമലേഖനം വിളംബരപ്പെടുത്തുന്നു.

XII

കച്ചവടവൈപുല്യം

ശക്തൻതമ്പുരാനു പ്രായപൂർത്തി വരുന്നകാലത്തു രാജവംശത്തിന്റെ ധനസ്ഥിതി അശേഷം അസൂയാർഹമായിരുന്നില്ല. രാജ്യത്തിന്റെ വിസ്താരം പകുതിപ്പെട്ടിരുന്നു; നാടുവാഴികളുടെ അനാദരം അങ്ങേ അററത്തു് എത്തിയിരുന്നു; കണ്ടുകൃഷികൾ അനാഥങ്ങളായും ആദായം കുറഞ്ഞും കിടന്നിരുന്നു; വ്യയാധിക്യം ദുസ്സഹമായി പരിണമിച്ചിരുന്നു. 'പുത്ത'നുള്ള പൊരിച്ചൽ അന്നു പുത്തനായി ആരംഭിച്ചിരുന്നതല്ല.

പക്ഷേ പുത്തനു നിവൃത്തിയുണ്ടായാലല്ലാതെ അക്കാലത്തു്—ഇന്നും—ആർക്കും ഒന്നും സാധിച്ചിരുന്നില്ല. തന്നിമിത്തം മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിൽ തമ്പുരാൻ ആദ്യംമുതല്ക്കുതന്നെ ബദ്ധശ്രദ്ധനായിത്തീന്നു. മുപ്പറയും കെട്ടുതേങ്ങയും, പുരുഷാന്തരവും, ചങ്ങാതവും, അങ്കവും, ചുങ്കവും, ആണ്ടുകാഴ്ചയും, അടിയന്തിരക്കാഴ്ചയും കൊണ്ടൊന്നും ഉദ്ദേശ്യസിദ്ധി കൈവരുന്നതല്ലെന്നും, സാധാരണചിലവുകൾക്കു്, ആവകയൊക്കെ കണിശമായും കൃത്യമായും പിരിക്കുകയും, ധനാർജ്ജനത്തിനു് ഇതരങ്ങളായ പന്ഥാക്കളെ ആരായുകയും വേണമെന്നും അദ്ദേഹം കാലേകൂട്ടി കണ്ടു. കച്ചവടം കൊതിച്ചാണു്, കച്ചവടലാഭത്തിൽ ഭ്രമിച്ചാണു്, "പറങ്കിയും ലന്തയും പരന്തരീസ്സും ഇങ്കരിയസ്സും" ഒക്കെ മലയാളക്കരയിൽവന്നു മത്തടിക്കുകയും മത്സരിക്കുകയും ചെയ്യുന്നതു്! കച്ചവടത്തിൽനിന്നു് അവർക്കുണ്ടാകുന്ന ലാഭം, അവരുടെ വമ്പിച്ച പാഴ്ചിലവുകൾക്കുശേഷവുംകൂടി, വിസ്മയാവഹമാകുന്നു. ദ്രവ്യസമൃദ്ധിയാണു് അവരുടെ ബലം. അവരുടെ ദ്രവ്യം കച്ചവടവുമാണു്. സമ്പാദ്യം വേണമെങ്കിൽ കച്ചവടംചെയ്യണം!

ചുററുപാടുകളെ കണ്ടുപഠിച്ച കുശാഗ്രബുദ്ധിയായ ശക്തൻതമ്പു

രാൻ വിപുലമായ രീതിയിൽ വ്യാപാരവിഷയത്തിൽ നേരിട്ട് ഏർപ്പെടുന്നതിനു കാലവിളംബമെന്യേ നിശ്ചയിച്ചു. തന്റെ രാജ്യത്തുണ്ടാകുന്ന ഉൽപന്നങ്ങളെ, തന്റെ ഉപയോഗത്തിനുംകൂടി ഉതകാത്തവിധത്തിൽ, അന്യരാജ്യക്കാർ വന്നു നിഷ്പ്രയാസം സംഭരിച്ചു വ്യാപാരം നടത്തി ധനികന്മാരായിത്തീർന്ന്, തന്റെ നേർക്കുതന്നെ 'ക്ഷാത്രം' എടുക്കുന്നതിനു ശക്തന്മാരായിത്തീരുന്നതും, തന്റെ നാട്ടുകാർക്ക് അതിൽനിന്നു വെറും പ്രവൃത്തിക്കുള്ള കൂലിമാത്രം വാങ്ങി സംതൃപ്തിപ്പെടേണ്ടിവരുന്നതും, കണ്ട് അദ്ദേഹത്തിന്റെ കരളുരുകുകയും, ആശ വർദ്ധിക്കുകയും, ഒരു കൈ താനും നോക്കുന്നതിനുള്ള ധൈര്യം സ്വയം അങ്കുരിക്കുകയും ചെയ്തു. രാജകീയമായ മനോവിശാലതയോടുകൂടിത്തന്നെ അവിടുന്നു കച്ചവടത്തിനൊരുങ്ങി.

മലയാളക്കരയിലെ മഹാരാജാക്കന്മാരിൽ ഇദംപ്രഥമമായി ഈ വ്യാപാരഭ്രമം കൊട്ടമ്പിരിക്കൊണ്ടതു ശക്തൻതമ്പുരാൻ തിരുമനസ്സിലേയ്ക്കാണ്. ആഢ്യത്വം, അഭിമാനം, അന്തസ്സ്, ആഭിജാത്യം എന്നു തുടങ്ങിയ നൂറുകൂട്ടങ്ങൾ, സാധാരണന്മാർപോലും ഏറക്കുറെ അവജ്ഞയോടുകൂടിമാത്രം വീക്ഷിച്ചിരുന്ന വാണിജ്യനഭോമണ്ഡലത്തിന്റെ അത്ഭുതശക്തികളെ നോക്കിക്കാണുന്നതിന്, ശക്തൻതമ്പുരാന്റെ കാര്യത്തിലും, വലിയ പ്രതിബന്ധങ്ങളായിബ്ഭവിക്കേണ്ടതായിരുന്നു. എന്നാൽ, അവയെയെല്ലാം അതിലംഘിച്ച്, കപ്പൽക്കച്ചവടംമുതൽ കായക്കച്ചവടംവരെയുള്ള എല്ലാ വ്യാപാരങ്ങളിലും, മുഴുകുന്നതിന്, അവിടുത്തെ ഉല്പതിഷ്ണുതയും കാര്യഗ്രഹണശക്തിയും ശക്തൻതമ്പുരാനെ പ്രേരിപ്പിച്ചു. എല്ലാററിലും, വലിയതു ചെറിയതു് എന്ന വ്യത്യാസംകൂടാതെ, സ്വന്തം ശ്രദ്ധയും നോട്ടവും പതിപ്പിക്കുന്നതിൽ ജന്മനാ വിദഗ്ദ്ധനും, അഭ്യാസത്താൽ അദ്വിതീയനുമായിരുന്ന അവിടുന്ന്, കച്ചവടക്കാര്യവും വളരെ മെച്ചപ്പെട്ടനിലയിൽത്തന്നെ നേരിട്ടു നിർവ്വഹിച്ചുപോന്നു.

ദ്രവ്യത്തിന്റെ അഭാവംകൊണ്ടുള്ള 'മനസ്സുമുട്ടുകൾ' ദിവാനിശം നേരിട്ടുകൊണ്ടിരുന്ന ഘട്ടത്തിൽ, കാര്യത്തിൽ പ്രവേശിച്ച ശക്തൻതമ്പുരാൻ, അവിടുത്തെ ഭരണകാലത്തു് എന്തൊക്കെ, എത്രയൊക്കെ നിറവേററിയെന്നു് ആലോചിച്ചാൽ അറിയാം, അവിടുത്തെ വ്യാപാരപ്രവർത്തനങ്ങൾ എത്ര വിപുലങ്ങളും വിവിധങ്ങളും ആദായസമ്പൂർണ്ണങ്ങളുമായിരുന്നു എന്നു്. ആവശ്യങ്ങൾക്കെല്ലാം, അനാവശ്യങ്ങൾക്ക് എ

നുംകൂടി പറയാം, അവിടുന്നു പണം ചിലവിട്ടുകൊണ്ടിരുന്നതു 'വെള്ളംപോലെ'യാണു്. അവിടുന്നു നേരിട്ടു പണം കൊടുത്തു തീറവാങ്ങീട്ടുള്ള വസ്തുക്കൾക്കുതന്നെ അവസാനമില്ല. സൂക്ഷ്മത്തോളം നോക്കിയാൽ, ഇന്നു കാണുന്ന 'പണ്ടാരവക' മുക്കാലും ശക്തൻതമ്പുരാന്റെ സമ്പാദ്യങ്ങളാണു്. വ്യാപാരത്തിന്റെ പുഷ്ടിക്കുവേണ്ടി സാധനങ്ങൾ കൃഷിചെയ്യുന്നതിലും ചെയ്യിക്കുന്നതിലും അവിടുന്നു പ്രത്യേകം ജാഗരൂകനായിരുന്നു. തന്നിമിത്തം കൃഷികാര്യങ്ങൾക്കു കൈവന്ന പ്രബുദ്ധതയും പുഷ്ടിയും ആ കാലസ്ഥിതിക്കു് അത്ഭുതാവഹംതന്നെയായിരുന്നു. എത്ര കോവിലകങ്ങളും, കോട്ടകളും, ഊട്ടുപുരകളും അവിടുന്നു പുത്തനായി നിർമ്മിച്ചു! എത്ര ജലാശയങ്ങളും അണകളും അവിടുത്തെ കാലത്തു ജീർണ്ണോദ്ധാരണംചെയ്തു! എത്ര ക്ഷേത്രങ്ങളാണു് അവിടുന്നു ചിലവിട്ടു 'പണിയിച്ചിട്ടുള്ളതു്! ഹൈദരാലിഖാന്റെ കാലംമുതല്ക്കു കൊടുക്കുവാൻ ആരംഭിച്ച കപ്പപ്പണം യാതൊരു തടവുംകൂടാതെ, ഈ വക ചിലവുകൾക്കെല്ലാം പുറമെ, റൊക്കമായിത്തന്നെ അടച്ചുകൊടുത്തുകൊണ്ടുമിരുന്നു. ഈ പണത്തിന്റെ എല്ലാം പുറപ്പാടു് എവിടെനിന്നാണു് എന്നു് അന്വേഷിക്കുന്നതായാൽ, ശക്തൻതമ്പുരാന്റെ വാണിജ്യാഭിവൃദ്ധി അസൂയപ്പെടത്തക്ക ഒരു ആകാരസംപുഷ്ടിയോടുകൂടി നേരിട്ടുവരുന്നതു കാണാം. കൊച്ചി, എറണാകുളം, തൃശ്ശിവപേരൂർ, തൃപ്പൂണിത്തുറ ഈ സ്ഥലങ്ങളിലെല്ലാം ശക്തൻതമ്പുരാന്റെ വമ്പിച്ച 'പാണ്ടികശാലകൾ' ഉണ്ടായിരുന്നു. നാലുദേശം കൊടകര നാട്ടിൽ നിന്നും, പേരാററവീഥിയിൽനിന്നും ഉൽപന്നങ്ങളെല്ലാം 'പൊതിക്കാളകൾ' വഴിക്കു തൃശ്ശൂരിൽക്കൂടി 'അരണാട്ടുകര'ക്കടവിൽ ഇറക്കി വഞ്ചികളിൽക്കയററി കൊച്ചിക്കു് അടുപ്പിച്ചിരുന്നു. അരണാട്ടുകരക്കടവിൽ അക്കാലത്തു വലിയ കേവഞ്ചികൾ സാമാനം ഇറക്കിയും കയററിയും തിരക്കിക്കിടന്നിരുന്ന മനോഹരമായ കാഴ്ച അന്നത്തെ ചില രേഖകളിൽക്കൂടി നോക്കിയാൽ ഒരുവിധം തെളിഞ്ഞു കാണാവുന്നതാണു്. നാനൂറും അഞ്ഞൂറും 'രജമിട്ട' കാളകൾ വിലപിടിച്ച 'മൂടകൾ' വഹിച്ചുംകൊണ്ടു് അവയുടെ നോട്ടക്കാർ, മൂപ്പന്മാർ, അകമ്പടിക്കാർ മുതലായവരോടുകൂടി, കുതിരാൻമല ഇറങ്ങിവരുന്ന വരവിന്റെ ഘോഷോജ്ജ്വലത്വം വർണ്ണനാതീതമാകുന്നു!

ശക്തൻതമ്പുരാന്റെ കച്ചവടഭ്രമം, അദ്ദേഹത്തെക്കുറിച്ചു് അന്നത്തെ 'ഉദരംഭരികളുടെ' ഇടയിൽ ഒരു അവജ്ഞ ജനിക്കുന്നതിനുംകൂടി കാരണമായിത്തീർന്നു. 'കച്ചവടക്കാരൻ രാജാവു്' എന്നു

പലരും ഒരു അനാദരം പ്രദർശിപ്പിച്ചിരുന്നതായി കാണുന്നു! കച്ചവടത്തിനിറങ്ങിട്ടുള്ള ഇന്നത്തെ ചില നമ്പൂരിമാരെക്കുറിച്ച്, ഈ പരിഷ്കൃതകാലത്തുംകൂടി, തത്തുല്യമായ ഒരു മനോഭാവം ഏറെക്കുറെ നിലനിന്നുപോരുന്ന സ്ഥിതിക്ക്, അക്കാലത്ത്, അന്നത്തെ പെരുമ്പടപ്പിൽമൂപ്പീന്ന്, 'ബൗദ്ധന്മാരെപ്പോലെ' കച്ചവടത്തിനു കാപ്പുകെട്ടിയതിനെക്കുറിച്ചു തീർച്ചയായും ജനങ്ങൾ അപവാദംതന്നെ പറഞ്ഞിട്ടുണ്ടായിരിക്കണം. എന്നാൽ അതുകൊണ്ടൊന്നും ഇളകുന്ന ഒരാളല്ലായിരുന്നു കൊച്ചിയിലെ ശക്തൻതമ്പുരാൻ. വ്യാപാരം എന്താണെന്നു മാത്രമല്ല, എന്തിനാണെന്നും അവിടുന്നു പരിശോധിച്ചും പരിചയിച്ചും ഗ്രഹിച്ചിട്ടുണ്ടായിരുന്നു. അവിടുത്തെ വ്യാപാരത്തിന്റെ വൈപുല്യത്തെ ആ തിരുമേനിയുടെ അസ്സൽരേഖകളിൽക്കൂടി നോക്കിക്കാണുന്നതിനു ഞാൻ എന്റെ വായനക്കാരെ സാദരം ക്ഷണിച്ചുകൊള്ളുന്നു.

968 മീനത്തിലെ ഒരു കണക്കിൽ ലന്തക്കാരോടു പലതരത്തിൽ ഒട്ടേറെ തോക്കുകളും മററു പടക്കോപ്പുകളും വിലയ്ക്കുവാങ്ങിച്ചതായും, അതിന്റെ വിലവക പതിനോരായിരം ഉറുപ്പിക, ലന്തക്കാർക്കു വിററതായ സാമാനങ്ങളുടെ വില വരുവാനുണ്ടായിരുന്നതിലേയ്ക്കു തട്ടിക്കിഴിച്ചു രശീതി കൊടുത്തതായും കാണുന്നുണ്ട്. അന്നു വാങ്ങിയ സാധനങ്ങളുടെ ചില ഇനവിവരങ്ങൾ 'സൈനികസംഭരണം' എന്ന അധ്യായത്തിൽ ചേർത്തിട്ടുണ്ട്. 970 കർക്കടകം 20-ാംനു-, ഇംഗ്ലീഷുകമ്പനിക്കാർ കൊച്ചിയിലെ ലന്തക്കാരോടു യുദ്ധത്തിനു ഒരുമ്പെട്ട സമയത്ത്, ശക്തൻ തമ്പുരാൻ 'ഇങ്കരിയസ്സു കമ്പഞ്ഞി' ഉദ്യോഗസ്ഥനു അയച്ച ഒരു എഴുത്തിൽ ഇങ്ങനെ കാണുന്നു:—"ലന്തക്കുമ്പഞ്ഞിക്കു കൊച്ചിയിൽ ഒരു കൊട്ടസ്ഥലം അല്ലാതെ ഒന്നുമില്ല. കൊച്ചിനാടും പ്രജകളും ഒക്കെയും നമുക്കു പ്രത്യേകമായിട്ടുള്ളതല്ലൊ ആകുന്നു. നമ്മുടെ പാണ്ടികശാലകളും പീടികകളും കച്ചവടംവകയ്ക്കു നാം ശേഖരിച്ചിരിക്കുന്ന ചരക്കുകളും ആയിട്ടും അല്ലാതെയും ഏറിയ മുതലുകൾ നമുക്കു കൊച്ചിയിൽ കിടപ്പുണ്ട്. അവിടെ കൊട്ടയ്ക്കു നെരെ പാളയം വരുന്നു എങ്കിൽ നമ്മുടെ മുതലുകൾക്കു ഒരു ഹാനി വരാത്തവണ്ണവും നമ്മുടെ രാജ്യത്തെ പ്രജകളൊടും കുടികളൊടും നാനാവിധം കാട്ടാതെ ഇരിക്കത്തക്കവണ്ണവും നിദാനം വരുത്തിക്കൊള്ളണം". 968 മീനം 7-ാംനു-, 'സൂറത്തീ വെള്ളിരുപാ പതിനെണ്ണായിര'ത്തിനുള്ള അരിച്ചാക്കുകൾ ഡച്ചുകാർ വാങ്ങിച്ച്, "ചങ്ങരംകൊത കുഞ്ഞൻകർത്താവു കാര്യക്കാർക്കു" കൊച്ചിയിലെ 'കുമുദ

വര' രശീതി കൊടുത്തിരിക്കുന്നു! ഇപ്രകാരമുള്ള പല രശീതികളും കാണുന്നുണ്ട്.

ശക്തൻതമ്പുരാൻെറ സ്വന്തംവക കച്ചവടക്കപ്പലുകൾ ഇന്ത്യക്കരയിലുള്ള എല്ലാ തുറമുഖങ്ങളിലും സഞ്ചരിച്ചിരുന്നു. ഒരിക്കൽ ഒരു കപ്പൽ 'നാഗപട്ടണത്തു' ചെന്നു സാമാനങ്ങൾ ഇറക്കുകയും വില്ക്കുകയും ചെയ്തതിനുശേഷം ആവക പണം മുഴുവനും വസൂലാവാഞ്ഞതുകൊണ്ടു ശക്തൻതമ്പുരാൻ നാഗപട്ടണത്തിലെ ഇംഗ്ലീഷു ക്യാപ്ററനു എഴുതിയയപ്പാനായി കൊച്ചിക്കു എഴുതിയ എഴുത്താണു താഴെ ചേർക്കുന്നതു്:—

"നമ്മുടെ സർവ്വാധികാര്യം വിചാരിക്കുന്ന രാമനെയും (കാരക്കാട്ടു രാമമേനൊൻ) കപ്പിത്താൻ ബാലകൃഷ്ണനെയും (സാക്ഷാൽ പണിക്കരു കപ്പിത്താൻ) കൂടെ അങ്ങൊട്ടു അയച്ചിരിക്കുന്നു. നമ്മുടെ വക ഒരു ഉരുവിൽ (കപ്പൽ) ഏതാനും ചരക്കുകൾ കയററി കൊടുത്തയച്ചു നാഗപട്ടണത്തു കൊണ്ടുവന്നു എറക്കി, ഇട്ടിരുന്നു. അതിൽ ഏതാനും നാഗരുവിക്കും, മാവിമുത്താപിള്ളക്കും കച്ചവടം ചെയ്തുകൊടുത്തതിന്നു ഇനി ഏതാനുംരൂപ തരുവാനുണ്ടെന്നും ആയതു ഇതു നെരവും കൊടുക്ക ഉണ്ടായില്ലന്നും, നാഗപട്ടണത്തുനിന്നു നമ്മുടെ ആളുകളുടെപെക്കു ഇവിടെ എഴുതിവന്നു. രൂപാ വെഗത്തിൽ കൊടുക്കെണ്ടതിന്നും ഇനി എതാനുംചരക്ക വില്ലാനുള്ളതു വില്പിക്കുന്നതിന്നും, ഉപായസഹായങ്ങൾ ചെയ്യിച്ചു രൂപാ ശെഖരിച്ചു കൊടുത്തയക്കെണ്ടതിന്നും, അവിടെ ഇരിക്കുന്നകുമ്പഞ്ഞി എജമാനൻമാൎക്കു എഴുതി അയയ്ക്കണം. ഇക്കാൎയ്യംകൊണ്ടും അല്ലാതെയുള്ള കാൎയ്യങ്ങൾകൊണ്ടും തിരിച്ചുതന്നെ തങ്ങളെ ബൊധിപ്പിക്കത്തക്കവണ്ണം രാമനൊടും ബാലകൃഷ്ണനൊടും ഏല്പിച്ചയച്ചിട്ടുമുണ്ടു്..."

കൊച്ചിക്കോട്ടയിലെ ഇംഗ്ലീഷ്പ്രധാനി മിസ്റ്റർ പ്ലവർ സായ്പു തമ്പുരാനു വൃശ്ചികം 9-ാംനു- ഇപ്രകാരം എഴുതിയിരിക്കുന്നു. "അടിയന്തിരമായി കല്പനവന്നിരിക്കകൊണ്ടു (മതിരാശി ഗവൎണ്ണരുടെ ആൎയ്യരിക്കും) രാജാവു അവർകളുടെ ദയവുണ്ടായി രണ്ടായിരം മൂട അരി നമുക്കു വിലയ്ക്കു കൊടുത്താൽ വളരെ ഉപകാരം ആയിരിക്കയും ചെയ്യും. എത്ര ദിവസത്തിന്നകത്തു എത്തിക്കാമെന്നും എന്തു വിലയാണെന്നും മറുപടി അയക്കണം."

രാജാവിന്റെ മറുപടി (വൃശ്ചികം 12-ാംനു-):— "നമ്മുടെ വഹയിൽ മൂട കെട്ടുംതന്നെ കിടപ്പില്ല. ഉടനെ വടക്കെ ദിക്കിലെ പ്രവൃത്തികളിൽനിന്നു വെഗത്തിൽ ശെഖരിക്കത്തക്കവണ്ണം എഴുതീട്ടുണ്ട്." വൃശ്ചികം 29-ാംനു-ത്തെ സായ്പിന്റെ കത്ത്:— "1500-ൽ ചില്വാനം അരി മൂട കൊച്ചിയിൽ എത്തീട്ടുണ്ടെന്നും, രണ്ടു ദിവസത്തിനകത്തു ശെഷവും എത്തിക്കഴിയുമെന്നും തങ്ങൾ കല്പിച്ചയച്ചപ്രകാരം കൃഷ്ണമെനൊൻ (കുണ്ടനാട്ടു കൃഷ്ണമേനോൻ, കൊച്ചി മുതൽപിടി) ഇവിടെ ബൊധിപ്പിച്ചിരിക്കുന്നു........."

ധനു 23-ാംനു- രാജാവുതന്നെ സായ്പിനു് എഴുതുന്നു:— "അരി മൂട രണ്ടായിരവും കെട്ടി കുറവു തീൎപ്പിച്ചു വെച്ചിരിക്കുന്നു എന്നും എറവെവാങ്ങണമെന്നും അറിയിച്ചിട്ടു ഇത്ര നാളായിട്ടും ആളയക്ക ഉണ്ടായില്ല. മൂട കെട്ടി ഇരുന്നാൽ കെട്ടുവന്നുപൊകും. എല്ലുത്തക്കവണ്ണം ഇന്നുതന്നെ ആളെ അയക്കണം. അവിടെ ആവശ്യമില്ലെങ്കിൽ വെറുവൎക്കും വിററുകൊള്ളത്തക്കവണ്ണം അനുവാദം കൊടുക്കയും വെണം."

എത്രവേഗത്തിൽ രണ്ടായിരംചാക്കു് അരി ശേഖരിച്ചു! "വേണ്ടെങ്കിൽ വേറെവില്ക്കാൻ അനുവദിക്കണം" എന്നു് എഴുതീട്ടുള്ളതുകൊണ്ടു 'കച്ചവടനിയമ'ത്തിലും ശ്രദ്ധയുണ്ടായിരുന്നു എന്നു വേണം വിചാരിക്കുവാൻ. 'പ്ലവർ'സായ്പുതന്നെ മറെറാരവസരത്തിൽ അരിസാമാനങ്ങൾ വേണ്ടിവന്നപ്പോൾ മട്ടാഞ്ചേരിക്കമ്പോളത്തിൽ വില്പനയ്ക്കു് ആ വക സാധനങ്ങൾ ധാരാളം ഉണ്ടായിരുന്നാൽ കൊള്ളാമെന്നപേക്ഷിച്ചുകൊണ്ടു് ഒരു എഴുത്തയച്ചു. അതിനു തമ്പുരാൻ കൊടുത്ത മറുപടിയിൽ ഇങ്ങനെ കാണുന്നു:—"അരികൊപ്പുകൾ മട്ടാഞ്ചെരി കമ്പൊളത്തിൽ കൊണ്ടുവന്നു വെച്ചു വില്ക്കത്തക്കവണ്ണം കമ്പൊളക്കാരെ വരുത്തി പറഞ്ഞു നിദാനം വരുത്താനും എഴുത്തയച്ചിട്ടുണ്ടു്. അമരാവതി, ചെറളായി, കൊച്ചങ്ങാടി, മട്ടാഞ്ചെരി ഈ കമ്പൊളക്കാരെ ഒക്കെയും വരുത്തി പട്ടാളക്കാൎക്കു വെണ്ടുന്ന അരിയും കൊപ്പുകളും മൊടക്കംവരാതെ മൎയ്യാദപൊലെയുള്ള വിലയ്ക്കു വിക്കത്തക്കവണ്ണവും നമ്മുടെ കാൎയ്യസ്ഥന്മാൎക്കു എഴുതി അയച്ചിട്ടുണ്ടു്. അവിടെ കൊണ്ടുവന്നു വിക്രയം ചെയ്യും."

'ഉരുക്കളിൽ' ചരക്കുകൾ കയററി ബോംബെ, കല്ക്കട്ട, മദിരാശി മുതലായ തുറമുഖസ്ഥലങ്ങളിലേക്കു അയച്ചിരുന്നതിനുപുറമെ കൊച്ചി രാജ്യത്തിനകത്തുതന്നെ അവിടുന്നു വലിയവ്യാപാരങ്ങൾ നടത്തിയി

രുന്നതായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ വ്യാപാരവും വളരെ വിപുലമായ നിലയിൽ തന്നെയാണ നിർവ്വഹിച്ചിരുന്നതു്. അന്നത്തെ പാണ്ടികശാലകളിൽ പ്രധാനപ്പെട്ട ചിലതിന്റെ വിവരംകൂടി അറിയുന്നതിനു വായനക്കാർ ഉത്സുകരായിരിക്കുമെന്നു വിശ്വസിക്കുന്നു.

"തെക്കെ മുഖത്തു ഉൾപ്പെട്ട കച്ചവടം വകക്കു കൊച്ചിയിൽ മട്ടാഞ്ചെരിയിൽ പടിഞ്ഞാറെ കട്ടത്തു വലിയ പാണ്ടികശാലക്കു തെക്കു, മെറ പരദെശിയൊടു വിലക്കു മെടിച്ച പണ്ടാരവക പാണ്ടികശാലയിൽവെച്ചു കച്ചവടം ചെയ്യുന്ന വകക്കു മടത്തുംപടി കൃഷ്ണമെനൊനെയും കൊച്ചി അങ്ങാടിയിൽ വലിയവീട്ടിൽ കുഞ്ഞാലി മക്കാറെയും മുതൽ ഏല്പിച്ച വകക്കു 974 മീനമാസം 15-ാംനു എഴുതിയ കണക്കിൽ" കാണുന്ന ചില വിവരങ്ങളാണ താഴെ ചേക്കുന്നതു്.

ടി കച്ചവടം ചെയ്യുന്ന വകക്കു മുളകുമടിശ്ശീലയിൽനിന്നും രണ്ടായിരം രൂപാ മുതൽ ഇടത്തക്കവണ്ണം കല്പിച്ചപ്രകാരം ടിയാരുവശം റൊക്കം കൊടുത്ത പഴേ പണം 8871ക്കു് രൂപാ 2306¾—; വലിയ പാണ്ടികശാലയിൽനിന്നും ഏല്പിച്ചുകൊടുത്ത രൂപാ 2701-. ചരക്കുകൾ ഏല്പിച്ചുകൊടുത്തവക,—(ആനത്തേററ, പുലിപ്പല്ലു മുതൽ ചുക്കു, മുളകുവരെ അയ്മ്പത്തഞ്ചുകൂട്ടം സാമാനങ്ങളുടെ വിവരവും വിലയും ചേർത്തതിനുശേഷം)—ആകെ ചരക്കു വില രൂപാ 5876¼—; അതുപൊലെത്തന്നെ പുതിയ പാണ്ടികശാലയിൽനിന്നു ചരക്കുകൾ ഏല്പിച്ചവക-(കുങ്കുമനിറം സാൽവമുതൽ എഴുത്തോലവരെ ഇരുപത്തെട്ടിൽ സാധനവിവരങ്ങൾ ചേർത്തതിനുമേൽ)— ചരക്കുവിലവക രൂപാ 2750; എറണാകുളം പാണ്ടികശാലയിൽനിന്നു വെള്ളക്കൊപ്ര, ചീനച്ചരുള് വക രൂപാ 2602; കൊച്ചിയിൽ നെൽപ്പുരയിൽനിന്നു അരി നെല്ലുകൂടി പറ 4300; അട്ടിപ്പേടവിൽ വന്ന ചരക്കുകൾ ഏല്പിച്ചവക രൂപാ 4000; കൂടി കൂട്ടാകെ റൊക്കം കൊടുത്തവകയും ചരക്കുകൾ ഏല്പിച്ചവകയുംകൂടി മുതലിട്ടതായ രൂപാ ഇരുപത്തിനാലായിരം. ഇതിനുപുറമെ കൊടുത്തേല്പിച്ച ഉപകരണങ്ങളായ കട്ടി, തുലാസ്സ്, ഭരണി, പാത്രം, തൂക്കുവിളക്കു, മാടമ്പി, പെട്ടി, പെട്ടകം, പറ, എടങ്ങഴി, മുതലായവയ്ക്കും പ്രത്യേകം പട്ടിക കൊടുത്തിരിക്കുന്നു!

ടി മീനം 15-ാംനു മുതല്ക്കുതന്നെ വേറെ ഒരു പാണ്ടികശാലകൂടി പുതിയതായി തുറന്നിട്ടുണ്ടു്. മട്ടാഞ്ചേരിയിൽ കിഴക്കേ ഒട്ടത്തെ പു

ത്തൻ പാണ്ടികശാല എന്നാണതിനു പേരുകാണുന്നതു്. മേൽ വിവരിച്ചപ്രകാരമെല്ലാം റൊക്കമായും ചരക്കുകളായും ഉപകരണങ്ങളായും അതിലേക്കും കൊടുത്തിട്ടുണ്ടു്. കൂട്ടാകെ ഇരുപത്തിനാലായിരത്തിൽ ചില്വാനം രൂപാ അവിടെയും മുതലിറക്കിയിരിക്കുന്നു. ഇപ്രകാരം കൊച്ചി മട്ടാഞ്ചേരിയിൽത്തന്നെ ചില്ലാ വില്പനയ്ക്കുവേണ്ടി മൂന്നോ നാലോ പാണ്ടികശാലകൾ ഉണ്ടായിരുന്നു. മററു സ്ഥലങ്ങളിലും—എറണാകുളത്തും തൃപ്പൂണിത്തുറയിലും തൃശ്ശിവപേരൂരും ഉണ്ടായിരുന്നു എന്നു തീർച്ച—പാണ്ടികശാലകൾ ഏർപ്പെടുത്തിയിരുന്നു. ജനങ്ങൾക്കു് ആവശ്യമുള്ള സാധനങ്ങൾ വില്ക്കുന്നതിനാണു് ഈ പാണ്ടികശാലകൾ ഉദ്ദേശിക്കപ്പെട്ടിരുന്നതു്. നാട്ടിലുള്ളവർക്കു വില്ക്കുവാനുള്ള ചരക്കുകൾ വാങ്ങിച്ചു ശേഖരിക്കുന്നതിനുള്ള വലിയ പാണ്ടികശാലകളും, നെൽപ്പുരകളും, 'മുളകുമെടിശ്ശീല'സ്ഥലങ്ങളും വേറെ ഉണ്ടായിരുന്നു. എല്ലാററിനും വെവ്വേറെ വിചാരിപ്പുകാരന്മാരും ഇനംതിരിച്ചു കണക്കുകളും ഉണ്ടായിരുന്നു.

അരിക്കച്ചവടത്തിന്റെ വലുപ്പവും വ്യാപാരസ്വഭാവവും കാണിക്കുന്ന രണ്ടു തിരുവെഴുത്തുകൾ കൂടി താഴെ ഉദ്ധരിക്കുന്നു. കപ്പിത്താൻ റബ്ബിസ്സൻ അവർകൾക്കയച്ചതായ ഒരു എഴുത്തുനോക്കുക:– "......അരിയുടെ കാര്യംകൊണ്ടു്. നമ്മുടെ വകയിൽ അരിമൂട കെട്ടിയിരിക്കുന്നതു വയ്ക്കോലിൽ ആകുന്നു. ആയതു നാരുനീക്കി മൂട ഒന്നുക്കു 75 റാത്തൽ അരിവീതമത്രെ ആകുന്നതു്. തങ്ങൾക്കു 150 റാത്തൽപടി നാലായിരം ചാക്കു അരി ആവശ്യമുള്ളതിനു മൂട ഒന്നുക്കു 75 റാത്തൽ വീതത്തിൽ എണ്ണായിരം മൂട അരണാട്ടുകരെ കടവിൽ തൂക്കിത്തരികയുമാം. 75 റാത്തൽപടി രണ്ടുമൂടക്കു 150 റാത്തൽപടി ചാക്കു ഒന്നുക്കു നാലേകാൽ രൂപാവീതം വില ആകുന്നു. തൂക്കം തരുമ്പോൾ വില തരികയുംവെണം. രൂപ ഇവിടെ തരികയൊ കൊച്ചിക്കൊട്ടയിൽ അടച്ചു നമ്മുടെ പെക്കു രശീതിവാങ്ങിത്തരികയൊ ആം. എറാക്കിക്കൊണ്ടുപൊകുന്നതിനു നമ്മുടെ വകയായുള്ള ചുങ്കങ്ങൾ ഒഴിപ്പിച്ചുതരികയുമാം. സമ്മതമെങ്കിൽ മറുവടിയും, എററു മെടിക്കുന്നതിനു ആളും വരണം. മൂട ഉരുവിൽ ആക്കെണ്ടതിനു പരിചയമുള്ളവർ അവിടെ ഇല്ലാത്തതുകൊണ്ടു തങ്ങൾതന്നെ ആളുകളെ അയച്ചുകൊള്ളണം. അരണാട്ടുകരെനിന്നു ചെററുവാഴ്ക്കു കൊണ്ടുപൊകേണ്ടതിനു വഞ്ചിയും ആളും ഉണ്ടാക്കിച്ചുതരണമെങ്കിൽ ഉണ്ടാക്കിച്ചുതരികയും കൂലി തങ്ങൾ കൊടുക്കുകയും വെണം."

വളരെ സ്പഷ്ടവും നിശിതവുമായ ഒരു കച്ചവടക്കരാർ! ഒരു സംഗതിയും ബാക്കിയില്ല. എഴുത്തുകുത്തുകൾ നീണ്ടു കാലദൈർഘ്യം വരുന്നതിനുള്ള ഇടയും വെച്ചിട്ടില്ല. ഇതിൽനിന്നു് അദ്ദേഹത്തിൻെറ വ്യാപാരവൈദഗ്ദ്ധ്യം സ്പഷ്ടമാകുന്നതാണു്.

'മുളകുമടിശ്ശീല' ശക്തൻതമ്പുരാൻെറ പ്രധാനപ്പെട്ട ഒരു 'മടിശ്ശീല'തന്നെ ആയിരുന്നു. കുരുമുളകിൻെറ കാര്യത്തിൽ, പരമാത്ഥം മുഴുവനും ബോധിപ്പിക്കാതെ മിസ്റ്റർ പൗണിയെ കേവലം തെററിദ്ധരിപ്പിച്ചതായിത്തന്നെ പരാതിയുണ്ടായിരുന്നു. ഈ രാജ്യത്തുള്ള കുരുമുളകു മുഴുവനും 'സക്കാർ കുത്തക'യായിരുന്നു. മററാരാൾക്കും മുളകുവില്പനയ്ക്കധികാരമുണ്ടായിരുന്നില്ല. മുളകു മുഴുവനും സക്കാർ പാണ്ടികശാലയിൽത്തന്നെ കൊടുത്തുകൊള്ളണമെന്നായിരുന്നു നിശ്ചയം. 'കള്ളമുളകി'ൻെറ കാര്യത്തിൽ 'കള്ളപ്പുകയില'യുടേയും മററും സംഗതിയിൽ എന്നപോലെ നിയമങ്ങൾ നിശിതങ്ങളായിരുന്നു. ശക്തൻതമ്പുരാൻെറ കാലത്തു കൊച്ചിരാജ്യത്തുനിന്നു് ഒരു റാത്തൽ കുരുമുളകെങ്കിലും, തമ്പുരാൻെറ പാണ്ടികശാലയിൽക്കൂടിയല്ലാതെ, തമ്പുരാൻെറ 'മുളകുമടിശ്ശീല'യിൽ പണം വീണല്ലാതെ, അതുതന്നെയും നാട്ടുനടപ്പനുസരിച്ചുള്ള നിരക്കുവില കൊടുത്തല്ലാതെ, ഇംഗ്ലീഷുകമ്പനിക്കാക്കു കിട്ടിയിരുന്നില്ല. അവക്കുണ്ടായിരുന്ന അസുഖത്തിനു് അതുതന്നെ വളരെ ബലപ്പെട്ട ഒരു കാരണമായുംതീൎന്നു.

978 തുലാം 27-ാം നു- തമ്പുരാൻ മിസ്റ്റർ ധമ്മൻസായ്പിന്നയച്ച എഴുത്തു നോക്കുക—"........നമ്മുടെ വഹക്കു ഏതാനും ചരക്കുകളും കൊടുത്തു കച്ചവടത്തിന്നു ആക്കിയിരിക്കുന്ന മാളൊത്തരാമനെ നാഗപട്ടണത്തെക്കു അയച്ചിരുന്നു. അവിടെ ചെന്നപ്പോഴക്കും ചരക്കിന്നു വില കുറഞ്ഞു. ചരക്കുകൾ വില്ക്കാതെ കുറെ ദിവസമായി അവൻ അവിടെ പാക്കുന്നു. ഇപ്പൊൾ ചരക്കൊക്കയും കിട്ടുണവിലക്കു വിററു മടിശ്ശീലയുംകൊണ്ടു വരത്തക്കവണ്ണം എഴുതിയതു തബാൽവഴിക്കു കൊടുത്തയക്കെണ്ടതിന്നു അങ്ങൊട്ടു അയക്കുന്നു".

ശക്തൻതമ്പുരാനു സ്വന്തം വക കപ്പലുകളും കപ്പൽവഴിക്കുള്ള കച്ചവടവും ഉണ്ടായിരുന്നതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതിനെക്കുറിച്ചു ചാവക്കാട്ടു കലക്ടർ മിസ്റ്റർ ധർമ്മൻ എഴുതുന്നു.—"രാജാവു് അവർകൾ ഇപ്പൊൾ പണിയിപ്പിക്കുന്ന കപ്പലിന്നു ചെമ്പുപലക അ

ടിപ്പിക്കേണ്ടതിന്ന് ബൊമ്പായിന്നു ഏതാനും ചെമ്പുപലക വാങ്ങി ക്കൊണ്ടുപൊരെണ്ടതിനായിട്ടു രാജാവു അവർകളുടെ ചെറിയ കപ്പലും ആറിംക്കാരും പൊകുന്നുണ്ടല്ലൊ......" ഇതിൽനിന്നു പല കപ്പലുകളും ഉണ്ടായിരുന്നതായും, വലിയതൊന്നു പണിചെയ്യിപ്പിച്ചുവന്നിരുന്ന തായും, അതു ചെമ്പുപൊതിയാൻ വെച്ചിരുന്നതായും, ചെമ്പുവാ ങ്ങാൻ വേറെ കപ്പൽ ബോംബെയ്ക്കു നേരിട്ടുപോയിരുന്നതായും മററും സ്പഷ്ടമാകുന്നു! നാഗ്രൂർ, നാഗപട്ടണം, തരങ്കംപാടി, ശെന്നപട്ടണം വങ്കാളം, ബോംബെ ഈ പ്രദേശങ്ങളിലെല്ലാം ശക്തൻതമ്പുരാന്റെ ക പ്പലുകഠം സഞ്ചരിച്ചിരുന്നു. വങ്കാളത്തേക്കുപോയ കപ്പിത്താനോട്, "ശിവങ്കി" എന്ന മൃഗത്തെ വാങ്ങിക്കൊണ്ടുവരുന്നതിന്നു പ്രത്യേകിച്ചു എഴുതി അയച്ചിട്ടുള്ളതായി കാണുന്നുണ്ട്.

പാണ്ടികശാലകളിൽ തമ്പുരാൻതന്നെ നേരിട്ടുചെന്നിരുന്നു് അന്വേഷിക്കാറുണ്ടെന്നു തെളിയിക്കുന്ന പല സംഗതികളുമുണ്ട്. 978 മകരം 17-ാംതീയതിയിലെ ഒരു കത്തിൽ "...നാം നമ്മുടെ എറണാകു ളത്തുള്ള പാണ്ടികശാലയിൽ ഇരിക്കുമ്പൊഠം..." എന്നിങ്ങനെ എഴുതി കാണുന്നു.

ശക്തൻതമ്പുരാന്റെ കപ്പലുകളിൽ ചിലതിന്റെ പേരും ഓരോ കപ്പലിന്നും കല്പിച്ചു കൊടുത്തിരുന്ന "ചാർട്ടർ" എന്ന തീട്ടൂരങ്ങളുടെ സ്വഭാവവും കാണ്മാൻ സാധിച്ചിട്ടുണ്ട്. ഭാഗീരഥി, ചന്ദ്രശേഖരൻ, ഗംഗാധരൻ, ഭവാനി, ഗൗരി, ഗംഗാഭായി, മഹാലക്ഷ്മി എന്നിങ്ങ നെ എട്ടു വലിയ കപ്പലുകളുടെ നാമങ്ങഠം ആ തീട്ടൂരങ്ങളിൽ കാണുന്നു ണ്ട്. എഴുതിക്കൊടുത്തിരുന്ന തീട്ടൂരം പല പ്രകാരത്തിലും രസാവഹങ്ങ ളായതുകൊണ്ടു മാതൃക കാണ്മാൻ വേണ്ടി ഒരു തീട്ടൂരം താഴെ ഉദ്ധ രിക്കുന്നു. ഓരോ തീട്ടൂരവും രണ്ടുമൂന്നു ഭാഷകളിൽ എഴുതി "കപ്പിത്താ നെ" ഏല്പിച്ചിരുന്നു.

"നാം, രാമവൎമ്മരാജാ, കിരീടപതി, കൊച്ചിരാജാവു്, നമ്മു ടെ തീട്ടൂരത്തിനാലെ സാക്ഷിപ്പെടുത്തുകയും അറിയിക്കുകയും ആകു ന്നു. നമ്മുടെ മഹാലക്ഷ്മി എന്നു പെരായ അട്ടിപ്പടവ അതിന്റെ 'നഹൊദ' കുഞ്ഞാലി മരക്കാര അവന്റെ അപജയത്തിൽ വെറെ ഒരാളെ കല്പിച്ചുവരുവാനുള്ളതിന്നുമെൽ എഴുതിയ അട്ടിപ്പടവ നമ്മുടെ തുറയിൽനിന്നും അയക്കുന്നു. മലയാളത്തിൽ ഉള്ള തുറകളിലെക്കും

ചൊളമണ്ഡലത്തകം പൊകത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നു. മെൽ
എഴുതിയ അട്ടിപ്പടവ നമ്മുടെ തീട്ടുരത്തിനാലെ നിശ്ചയിക്കപ്പെട്ട രക്ഷാ
സാധനത്താൽ കാപ്പിച്ച അയക്കുക ആകുന്നു. എന്നതുകൊണ്ടു ആചാ
രവും സ്നെഹവുംകൊണ്ടു എല്ലാ മഹാരാജാക്കന്മാരൊടും, മഹാജനങ്ങ
ളൊടും, തനത കൊട്ടക്കാരൊടും, അദമിരാൽമാരൊടും, പടക്കപ്പൽ
വിചാരിപ്പുകളൊടും, വിശെഷാൽ കപ്പലുകളിലും തുറകളിലും കല്പ
നയും മുഷ്കരതാപവും (ശക്തി) ഉള്ളവരെ എല്ലാവരൊടും അനുഗ്രഹി
ച്ച അപെക്ഷിക്കുന്നു. മെൽ എഴുതിയിരിക്കുന്ന ഉരുവും അതിലുള്ള ചര
ക്കും 'നഹൊദ'യും അതിൽ ഉൾപ്പെട്ട ആളുകൾ എല്ലാവരും പൂവ്വാനും
വരാനും ഒരു മുടക്കവും ഞെരുക്കവും കൂടാതെ ഇരിപ്പാനുള്ളതിന്നു രക്ഷാസ
ഹായം ഉണ്ടായിരിക്കയും വെണം. അവരുടെ മുട്ടുകൾക്കും ആവശ്യങ്ങൾ
ക്കും വെണ്ടുന്ന സഹായം ചെയ്തുവരികയുംവെണം: വിശെഷിച്ച കടൽ
യൊഗ്യംകൊണ്ടും പിന്നെയും വല്ല സംഗതികൾകൊണ്ടും ആറാകത്ത
ക്കു കടക്കെണ്ടിവന്നു എങ്കിൽ അവക്കു തടവുകൂടാതെ അനുസരിച്ച വരു
മാറാകയും, അവക്കു ആവശ്യമുള്ള വസ്തുക്കൾ കച്ചവടം ചെയ്യാനുള്ളതി
ന്നു അനുവദിച്ച കൊടുക്കുകയും, തുറകളിൽനിന്നു ഒരു മുടക്കവും കൂടാ
തെ സന്തൊഷമായിട്ടു പൊരുവാനുള്ളതിന്നു അനുകൂലം ആയിരിക്കുകയും
വെണം. ഈ സഹായം അത്രയും നമ്മുടെ അടുത്ത സ്നെഹിതന്മാരിൽനി
ന്നും, കൂറാഴ്മകളിൽനിന്നും, മററും എല്ലാവരിൽനിന്നും, നാം തമ്മിലു
ള്ള സ്നെഹവിശ്വാസംകൊണ്ടു, കയ്ക്കൊണ്ടുവരുമെന്നു നിശ്ചയിച്ചിരിക്കു
ന്നു. മെൽ എഴുതിയിരിക്കുന്ന കാൎയ്യങ്ങൾക്കു ഈ കടദാസ്സിൽ നമ്മുടെ
രാജമുദ്രയും ഉണ്ടു. തൃപ്പൂണിത്തുറ കൊട്ടാരത്തിൽനിന്നും കൊടുത്തിരിക്കുന്ന
തു. കൊല്ലം 973-ാമാണ്ടു മെടമാസം 28-ാംനു."

അന്നത്തെ കപ്പൽക്കച്ചവടത്തിന്റെ സ്വഭാവവും, പരക്കെ ജനങ്ങ
ളും അധികാരികളും രാജാക്കന്മാരും കച്ചവടത്തിനു നിയമേന ചെ
യ്തുവന്നിരുന്ന സഹായാനുകൂല്യങ്ങളും, മററും ഈ തീട്ടൂരത്തിൽനിന്നു് ഒ
ട്ടൊക്കെ സ്പഷ്ടമാകുന്നുണ്ടു്. കപ്പലുകളിലെ "കാപ്റ്റൻ"മാരായി നി
ശ്ചയിക്കപ്പെട്ടുകാണുന്നതു മഹമ്മദീയരെ ആണെന്നുള്ള സംഗതി പ്ര
ത്യേകം സ്മരണീയമാകുന്നു. മലയാളത്തിൽ, ആദ്യംമുതല്ക്കുതന്നെ ക
പ്പൽക്കച്ചവടത്തിൽ പേരും പെരുമയും സമ്പാദിച്ചിരുന്നവർ "മൂർവ
ർ"ക്കാരായിരുന്നതുകൊണ്ടു്, അതൊട്ടും അത്ഭുതാവഹമല്ലതാനും. 1796
ജൂലൈമാസം 23-ാംനു സൂറത്തുകാരൻ വില്യം ഗോവർ എന്ന ഒരാ
ളോടു "ജെയിൻ" എന്നു പേരുള്ളതായ ഒരു "രണ്ടുനിലക്കപ്പൽ" പതി

നോരായിരത്തി അഞ്ഞൂറ് ഉറപ്പികക്കു ശക്തൻതമ്പുരാൻ ലേലത്തിൽ എടുത്തതായി അവിടുത്തെ കണക്കിൽ കാണുന്നുണ്ടു്.

അരിക്കച്ചവടത്തിന്റെ വിപുലത താഴെ ഉദ്ധരിക്കുന്ന മറെറാരെഴുത്തു തെളിയിക്കുന്നു. 3-2-970- "......വിശേഷിച്ചു്, മധുഴിയിൽ കപ്പിത്താൻ ബ്രൌനന്ന 969-ൽ മൂടയും നെല്ലും കച്ചവടം ചെയ്യുവകയിൽ പററിയതുനീക്കി ഇനി പതിനെഴായിരത്തിൽ ചില്വാനം രൂപാ തരണ്ടതായിട്ടു ഇവിടെ കണക്കുണ്ടു. അതിൽ പന്തീരായിരത്തി അഞ്ഞൂറു രൂപാ ഉടനെ അവിടെ തരത്തക്കവണ്ണം കപ്പിത്താൻ ബ്രൌന്നനു ഒരു കടദാസ്സും അയക്കുന്നു. കുമ്പഞ്ഞിക്കു പണംകൊടുക്കെണ്ടതിനു ഞെരുക്കം വന്നിരിക്കുന്നതുകാരണം കിട്ടണമെന്നും വെറെ പറയെണ്ടതും പറഞ്ഞിട്ടും, കുഞ്ഞിമിയ്യീൻ കുട്ടിയെ വരുത്തി പറഞ്ഞിട്ടും, രൂപാ വാങ്ങിച്ചു കുമ്പഞ്ഞിയിൽ അടച്ചു ഇവിടെനിന്നു അയക്കുന്ന പന്തീരായിരത്തി അഞ്ഞൂറിനൊടുകൂടി ഇരുപത്തയ്യായിരത്തിനു ഒന്നായിട്ടു രശീതി മെടിച്ചുകൊള്ളണം......"

966-മുതൽ 970-വരെയുള്ള കാലങ്ങളിൽ ശക്തൻതമ്പുരാൻ ലന്തക്കമ്പെനിക്കു വിററ അരിയുടെ കണക്കു 970 ചിങ്ങത്തിൽ ഒത്തുതീർത്തപ്പോൾ നാല്പത്തീരായിരത്തി ഇരുനൂററി അറുപത്തിരണ്ടു ചാക്കിന്റെ വില ചെല്ലുവാനുള്ളതായും കണക്കിൽ ഇരുപത്തയ്യായിരത്തിൽ ചില്വാനം രൂപാ തമ്പുരാനു ബാക്കികിട്ടുവാനുള്ളതായും കണ്ടിരിക്കുന്നു!

സ്വന്തം കച്ചവടാവശ്യത്തിലേക്കായി കപ്പലുകൾ പണിയിച്ചിരുന്നതിനുപുറമേ ശക്തൻതമ്പുരാന്റെ കപ്പലുകൾ കൂലിക്കും നടന്നിരുന്നു. 'കുമ്പഞ്ഞി'യിൽനിന്നുതന്നെയും ശക്തൻതമ്പുരാനു കപ്പൽക്കൂലി കൊടുത്തിരുന്നതായി തെളിവുണ്ടു്. "......തിരുമനസ്സിൽനിന്നു പുത്തനായിട്ടു മെടിച്ച കപ്പൽ കെവിനു (കൂലിക്കു) തരുന്നു എങ്കിൽ കെവു് എത്ര എന്നും എന്നക്കു കിട്ടാമെന്നും അറിയണം. കടലിന്മൽ കള്ളക്കപ്പലുകളുടെ ഭയം ഒട്ടുംതന്നെ ഇല്ല. ഇങ്കരിയസ്സു് കൊടിയും ഇട്ടു് ഓടിക്കാം." എന്നിങ്ങനെ കൊച്ചിക്കോട്ടയിൽനിന്നുതന്നെ തിരുമനസ്സിലേയ്ക്കു് എഴുതി അയച്ചതായി കാണുന്നുണ്ടു്.

നെല്ലു്, അരി, കുരുമുളകു്, മലഞ്ചരക്കു് എന്നീ വകകളും അതിനുപുറമെ കാട്ടിൽനിന്നു വെട്ടി ഇറക്കുന്ന തേക്കു മുതലായ മരങ്ങളും

ആയിരുന്നു ശക്തൻതമ്പുരാന്റെ വ്യാപാരപ്രചരണകൾ. മരത്തിന്റെ കാൎയ്യത്തിൽ തിരുമനസ്സിലേയ്ക്കു വളരെ നിഷ്കൎഷയും ശ്രദ്ധയുമായിരുന്നു. ഒരു പൂളമരമെങ്കിലും പുറത്തുപോകാതെ, എല്ലാം വെട്ടിച്ചു ഉദ്ദിഷ്ടസ്ഥലങ്ങളിൽ എത്തിച്ചു നല്ല വിലമേടിച്ചിരുന്നു. ഇംഗ്ലീഷു കമ്പഞ്ഞിക്കാർ കാരോ തൊടുന്യായംപറഞ്ഞു കൊച്ചിരാജ്യാതിൎത്തികളിൽനിന്നു മരങ്ങൾ മുറിക്കുവാൻ തുടങ്ങിയതിനെ ശക്തിയായി പ്രതിഷേധിക്കുകയും അവരെ ഒഴിക്കുകയും ചെയ്തു. ഉപായത്തിലും ചുരുങ്ങിയ വിലയ്ക്കും മരം കയ്ക്കലാക്കുന്നതിനു പല സായിപ്പന്മാരും വിവിധശ്രമങ്ങൾ ചെയ്തിരുന്നെങ്കിലും ഒന്നും ഒട്ടും ഫലപ്രദമായില്ല. മരം വെട്ടുന്ന കാൎയ്യത്തിൽ തമ്പുരാൻ ഒരവസരത്തിൽ അയച്ചതായ താഴെ ചേൎക്കുന്ന എഴുത്തിൽനിന്നു അക്കാൎയ്യത്തിൽ അവിടത്തെ ഉത്സാഹവും ശ്രദ്ധയും എത്രയെന്നു കാണാവുന്നതാണ്.

തൃത്താല നിന്നു കവളപ്പാറവഴി പാലക്കാട്ടെയ്ക്കു പോകുന്ന റൊഡിൽ ഒററപ്പാലം പുഴയിൽ പാലംകെട്ടാനാണെന്നുംപറഞ്ഞു, സമീപത്തുള്ള കൊച്ചിമലയിൽനിന്നു കൊച്ചിരാജാവിനോടു ചോദിക്കാതെ, അധികാരം നടിച്ചു, 'വാർഡീൻസായ്പി'ന്റെ കല്പനപ്രകാരം, കവളപ്പാറ സിരസ്യ്ദാര ആൾക്കാരോടുകൂടി ചെന്നു, തോന്നിയപോലെ മരം വെട്ടിത്തുടങ്ങിയപ്പോൾ, രാജാവിന്റെ ചെലക്കര കാൎയ്യക്കാരു തടയുകയും, "മരം വെട്ടാൻ തമ്പുരാന്റെ കല്പനയില്ല; കല്പന കൂടാതെ മുറിക്കരുതു, ഒരു പൂളപോലും തൊടാൻ സമ്മതിക്കില്ലാ" എന്നു ബലമായി ശഠിക്കുകയും, ചെയ്തപ്പോൾ, 'മെക്കലൊട്ട' സായ്പ് ആ സംഗതിക്കു രാജാവിനു ശാസനാരൂപത്തിൽ 977 കൎക്കടകം 20-ാംതീയതി ഒരു കത്തെഴുതി. അതിൽ, "വഴി നന്നാക്കുന്നതും പാലം പണിയുന്നതും എത്രയും ആളുകൾക്കു സൗഖ്യമായിട്ടുള്ളതല്ലൊ ആകുന്നു; ഉക്കാൎയ്യത്തിനു കല്പന വെണമെന്നു പറയുന്നതു നെരല്ലാത്തതെല്ലൊ ആകുന്നു; താങ്കൾ ബൊധിയാതെ ആളുകൾ തടഞ്ഞു എന്നത്രെ വിശ്വസിക്കുന്നു. അല്ലാതെ വഴികെടായിട്ടുള്ളതു വരികയും ഇല്ലല്ലൊ. 'പാരഡീൻസായ്പി'ന്റെ കല്പനയ്ക്കു എത്ര മരമെങ്കിലും വെട്ടുവാൻ വിരൊധിക്കാതെയിരിക്കണമല്ലൊ", എന്നെല്ലാം ബഹുഭംഗിയായും കേവലം പുച്ഛമായും എഴുതിയിരുന്നു. അതിനു ശക്തൻതമ്പുരാൻ ഇങ്ങനെ മറുപടി അയച്ചു.

"... ഈ കാൎയ്യത്തിൽ പാരഡീൻസായ്പിന്റെ ഒരു കല്പനയും നമുക്കു ഉണ്ടായിട്ടും ഇല്ല. ഇപ്പൊൾ ഇപ്രകാരം താങ്കളുടെ കടദാസ്സു വന്നിരി

ക്കകൊണ്ടു, പാലം ഇടണ്ടതിന്നു ഇത്രകണ്ടി മരം വെണമെന്നു താങ്കളുടെ പെക്കെങ്കിലും പാരഡീൻസായ്പ് അവർകളുടെ പെക്കെങ്കിലും എഴുതി വന്നാൽ അത്രയും മരം ആ മലയിൽനിന്നു നാം കൊടുപ്പിക്കയും ആം. അതല്ലാതെ പാലംപണിക്കു വെണ്ടു മരം മുറിച്ചുകൊള്ളത്തക്കവണ്ണം വെച്ചാൽ ഈ വകക്കു എന്നു പറഞ്ഞുംകൊണ്ടു ഇതിന്നു ശ്രമിക്കുന്ന ആളുകൾക്കു ആവശ്യമുള്ളതിനുംകൂടി മുറിച്ചുകൊണ്ടുപോയി എന്നു വരുമല്ലൊ. പാലത്തിന്നു ഇത്ര കററി മരം വെണമെന്നു അറികയുമാമല്ലൊ...',

ഈ എഴുത്തു കിട്ടിയപ്പോൾ സായ്പിനും ബോധംവീണു. അധികാരസ്ഥാനത്തു നിന്നിറങ്ങി സാധാരണ ഒരാളെപ്പോലെ ഗുണദോഷം ആലോചിച്ചു. "പാലംപണിക്കു" എഴുപതു കററി മരം വെണം; ആയതു മുറിപ്പിച്ചയക്കയും വെണം" എന്നിങ്ങനെയാണു മറുപടി അയച്ചതു്!

"സാമൂതിരിയുടെ ആൾക്കാർ വെറെ മലകളിൽനിന്നു മരം വെട്ടി പൊന്നാനിക്കു് ഇറക്കുമ്പൊൾ കൊച്ചിരാജ്യത്തുകൂടി കടത്തിക്കൊണ്ടു പൊകുന്നതിന്നു 'ശക്തൻതമ്പുരാന്റെ കാര്യസ്ഥന്മാർ ചുങ്കം ചൊദിക്കുന്നു, കൊടുക്കാഞ്ഞാൽ തടഞ്ഞുനിർത്തുന്നു" എന്നുള്ള ഒരു വലിയകേസ്സു 'കമ്മീശനർമാരു'ടെ മുമ്പാകെ വിചാരണക്കു് എത്തി. അതിന്റെ കടദാസ്സു വന്നപ്പോൾ 975 വൃശ്ചികം 21-ാം നു- ശക്തൻതമ്പുരാൻ അയച്ച മറുപടി ഇങ്ങനെയായിരുന്നു.

'....ഈ വക മരവും പലകയും രാമിനാഥപട്ടരും കളനാട്ട ഇക്കണ്ടനും, പട്ടന്മാരും, മാപ്പിളമാരും, കച്ചവടക്കാരായിട്ടുള്ളവരിൽ ചിലരും കൂടി കച്ചവടത്തിനായിട്ടു എറക്കിച്ചുകൊണ്ടു വന്നതു ആകകൊണ്ടു അതിന്നു നമുക്കു മര്യാദപൊലെയുള്ള ചുങ്കം തന്നു കൊണ്ടുപൊയ്ക്കൊള്ളണമെന്നു നമ്മുടെ ചുങ്കത്തു ആക്കിയിരിക്കുന്ന ആളുകൾ പറഞ്ഞു തടഞ്ഞതു നെരുതന്നെ ആകുന്നു. അതിന്റെ ശെഷം കച്ചവടക്കാരിൽ ചിലരു ഇവിടെ വന്നു ചുങ്കം തരാമെന്നു പറകയും ഉണ്ടായി. കച്ചവടക്കാർ വെട്ടി എറക്കിച്ചുകൊണ്ടു പൊകുന്ന മരത്തിന്നു നമുക്കു മര്യാദപൊലെയുള്ള ചുങ്കം തരെണ്ടതാകുന്നു എന്നു തങ്ങൾക്കും അറിയാമല്ലൊ. അതുകൊണ്ടു ചുങ്കം തന്നു കൊണ്ടുപൊകത്തക്കവണ്ണം നിദാനം വരുത്തി വെക്കയും വെണം...'

മലബ്ബാർ കമ്മീഷണർമാരുടെ ഒത്താശവഴിക്കു 'ക്രാവട്ട്' എന്നൊരു സായ്പ് ആ ലാക്കുനോക്കി മലയാളത്തിൽ ഒരു മരക്കച്ചവടം ആരം

ഭിച്ചു. മരങ്ങളും ഓരോ സ്വാധീനവഴിക്കു വെറുതെ കയ്ക്കലാക്കി നല്ല വിലയ്ക്കു പുറത്തേയ്ക്കു് അയച്ചു വമ്പിച്ച ലാഭം ഉണ്ടാക്കുക- ഇതായിരുന്നു ആ കച്ചവടം! അതിൽ ആ സായ്പിനുവേണ്ട 'സഹായം' ചെയ്യണമെന്നു 'കമ്മീശനർമാരുടെ കായതം' വന്നതിനു ശക്തൻതമ്പുരാൻ അയച്ച മറുപടിയിൽനിന്നു് അവിടത്തെ വിവേകപൂർണ്ണമായ നയജ്ഞത സവിശേഷം തിളങ്ങുന്നുണ്ടു്. 974 കർക്കടകം 10-ാംനു- ഇങ്ങനെ എഴുതുന്നു:—

"കൊട്ടത്തയച്ച കടദാസ്സ എത്തി, വായിച്ചു കെട്ട അവസ്ഥയും ധരിച്ചു. 'ക്രാവട്ട'സായ്പിന്നു നമ്മുടെ നാട്ടിൽനിന്നും മരക്കച്ചവടത്തിനു നാം സഹായിക്കെണ്ടും അവസ്ഥകൊണ്ടല്ലൊ തങ്ങളുടെ കടദാസ്സ എഴുതിവന്നതിൽ ആകുന്നതു. 965-ാമാണ്ടിൽ ടിപ്പുസുൽത്താന്റെ പാളയം വന്ന നമ്മുടെ രാജ്യത്തുള്ള ക്ഷെത്രങ്ങളും കൊവിലകങ്ങളും ഒക്കയും ചുട്ട നാനാവിധമാക്കിക്കളഞ്ഞിരിക്കുന്ന പ്രകാരം തങ്ങളും അറിഞ്ഞിട്ടുണ്ടല്ലൊ. ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ കൃപകൊണ്ടു ഇപ്പൊഴും ക്ഷെത്രങ്ങളും കൊവിലകങ്ങളും നന്നാക്കിക്കെണ്ടതിനു നാം പ്രയത്നം ചെയ്യുവരികകൊണ്ടും നമ്മുടെ രാജ്യത്തുള്ള മലകളിൽനിന്നും കുറെശ്ശ മരം എറക്കികൊണ്ടുവരുന്നതുകൊണ്ടു ആയതു പണിപ്പിച്ചും വരുന്നു. ആ വകക്കും അല്ലാതെയും നമ്മുടെ ഓരൊ പണിക്കും നമ്മുടെ മരംകൊണ്ടു തന്നെ പൊരാഴികകൊണ്ടു പുറമെയുള്ള കച്ചവടക്കാരൊടു വിലക്കു മെടിച്ചിട്ടും അത്രെ പണിപ്പിച്ചുവരുന്നതു. ആയവസ്ഥകളും ഒക്കയും താങ്കളുംഅറിഞ്ഞിരിക്കുന്നതു ആകകൊണ്ടു വിശെഷിച്ചു നാം എഴുതി അറിയിക്കെണ്ടതില്ലല്ലൊ."

"ഇപ്പോൾ ആരാ കേമൻ?" എന്നു തന്നെത്താൻ ഒന്നു ചോദിക്കാൻ തോന്നുന്നു. എന്തു വിനയം, എന്തു പോരു്, എന്തുറപ്പു്! ഇന്നും കൂടി എത്രെങ്കിലും ഒരു സായിപ്പു ചോദിച്ചാൽ ആരെങ്കിലും വെറുതെ കുറെ മരംകൊടുത്തു എന്നുവരും! അവിടെ അതൊന്നും ചിലവായില്ല.

ശക്തൻതമ്പുരാന്റെ ശക്തി മുഴുവനും യഥാർത്ഥത്തിൽ അവിടത്തെ വ്യാപാരങ്ങളുടെ വൈപുല്യത്തിന്റെ സൽസ്സന്താനമായ ധനസമൃദ്ധിയുടെ ശക്തിയായിരുന്നു. കച്ചവടംകൊണ്ടു സമ്പാദിച്ച വമ്പിച്ച ധനത്തിന്റെ സഹായത്താലാണു് അവിടുന്നു് അനേകം വലിയ കാര്യങ്ങളും സാധിച്ചതു്. അനാവശ്യമായി അരക്കാശുപോലും കളയുവാൻ തയ്യാറില്ലാതിരുന്ന ആ തിരുമേനി, അവിടത്തെ ദൃഷ്ടിയിൽ അത്യാവശ്യങ്ങ

ളെന്നു ബോദ്ധ്യമായ അനേകം സംഗതികൾക്ക്—വിലപിടിച്ച സമ്മാനങ്ങളും കാഴ്ചകളും ഓരോരുത്തൎക്കു കൊടുക്കുന്നതിനുംകൂടി—അനവധി ദ്രവ്യം വാരിക്കോരി ചിലവുചെയ്യാൻ ഒട്ടും മടിച്ചിരുന്നില്ല. വടക്കേ ഇന്ത്യയിലെ 'പ്രതാപസിംഗ്' എന്ന രാജാവ്, തനിക്കൊരു പുത്രനുണ്ടായ വിവരം അറിയിച്ചപ്പോൾ, ശക്തൻതമ്പുരാൻ ഒരു പല്ലക്കും, രണ്ട് ആനയും, ആനക്കൊമ്പും, നീലനും, തത്തയും, തോക്കും, കുന്തവും, വാളും ബാലകൃഷ്ണൻ കപ്പിത്താന്റെ പററിലയച്ചുകൊടുത്തു! ഒരു ഉണ്ണിയുടെ ചോറുണിനു മുപ്പതിനായിരം രൂപായോളം ചിലവാക്കി; ചിററമ്മയുടെ അടിയന്തിരങ്ങൾക്കു വളരെ വലിയസംഖ്യ ചിലവുചെയ്തു. പല സായ്പുമാൎക്കും, അന്യരാജ്യങ്ങളിലെ രാജാക്കന്മാൎക്കും—കോലാപ്പാപൂരി രാജാവിനുംമററും—വലിയ വിലപിടിച്ച സമ്മാനങ്ങൾ അയച്ചുകൊടുത്തു.

ഒരുതവണ നാണ്യങ്ങൾ മാററുവാൻ അയച്ചതിൽ വങ്കാളിമൊഹറ, ഹമ്മതി, ആമാട, ഭാരതിബ്രാഹൻ, ഇസ്തംപൂരി, പ്രാംസിസ്സപത്താക്ക, മൈലിപ്പണം, സൂറത്തി ഉറുപ്പിക, വെമ്പായിമൊഹറ, ശിന്തായി, സുൽത്താൻ ബ്രാഹൻ, ഇക്കിരിബ്രാഹൻ, പറങ്കിബ്രാഹൻ, വീരരായൻ, കണ്ടിരായൻ, ഇങ്ങനെയുള്ള പലതരം നാണ്യങ്ങൾ അയച്ചിരിക്കുന്നു! ഇതിൽനിന്നും വ്യാപാരവൈപുല്യം ഗണിക്കാവുന്നതാണല്ലോ. എല്ലാം കമ്പനിഉറുപ്പികയാക്കി മാററിവാങ്ങിച്ചു!

രാജ്യതന്ത്രജ്ഞൻമാത്രമല്ല, മികച്ച വ്യാപാരവിദഗ്ദ്ധൻകൂടി ആയിരുന്നു കൊച്ചിയിലെ ശക്തൻതമ്പുരാൻ തിരുമേനി.

XIII

ചന്തകൾ

വ്യാപാരവിദഗ്ദ്ധനായിരുന്ന ശക്തൻതമ്പുരാൻ, കച്ചവടത്താലല്ലാതെ സമ്പൽസമൃദ്ധി കരഗതമാകുന്നതല്ലെന്നു വിശ്വസിച്ചിരുന്നതുകൊണ്ട്, തന്റെ രാജ്യത്തെ വ്യാപാരവൎദ്ധനവിനായി അത്യന്തം ശ്രദ്ധയോടുകൂടി പ്രവൎത്തിച്ചിരുന്നതിൽ ഒട്ടും അത്ഭുതമില്ല. കുടികളുടെ കൃഷികളിൽ ഉണ്ടാകുന്ന സാധനങ്ങൾ ആയാസവും അധികച്ചിലവും കൂ

ടാതെ വില്ക്കുന്നതിന്നും, അവക്ക് ആവശ്യമുള്ള സാമാനങ്ങൾ യഥാസൗകര്യം വാങ്ങിക്കുന്നതിന്നും ഉതകുന്ന വിധത്തിൽതന്നെ രാജ്യത്തൊക്കെ പ്രധാനപ്പെട്ട കമ്പോളങ്ങളും ചന്തകളും ഉണ്ടായിരിക്കുന്നതിനു ശക്തൻ തമ്പുരാൻ രാപ്പകൽ പ്രയത്നിക്കുകയും, തന്നാൽ ആവുന്നതിലുമധികം ആനുകൂല്യങ്ങളും കത്താശകളും ദ്രവ്യസഹായങ്ങളും ആ വകയ്ക്കു് അനുവദിച്ചുകൊടുക്കുകയും ചെയ്തു.

തൃപ്പൂണിത്തുറ, ഇരിങ്ങാലക്കുട, ചാലക്കുടി, കൊരട്ടി, തൃശ്ശിവപേരൂർ, കുന്നംകുളം, ചിററൂർ ഈ സ്ഥലങ്ങളിലെല്ലാം അദ്ദേഹം പുതിയതായി 'ചന്തകൾ' എപ്പെടുത്തിയതായി തെളിയിക്കുന്ന രേഖകൾതന്നെ കണ്ടുകിട്ടീട്ടുണ്ടു്. അതുപോലെ മററു സ്ഥലങ്ങളിലും ചെയ്തിരുന്നതായി വിശ്വസിക്കുവാനുള്ള കാരണങ്ങളുമുണ്ടു്. രാജാവിൻെറ വകയായിട്ടുതന്നെയുള്ള പാണ്ടികശാലകളും (എമ്പോറിയം), പീടികകളും (വില്പനസ്ഥലങ്ങളും) പലേടത്തും ഉണ്ടായിരുന്നതായി കാണുന്നുണ്ടു്. ആകപ്പാടെ, രാജ്യത്തിൻെറ സാമ്പത്തികമായ സമുന്നതിക്കു് അവിടുന്നു് അശ്രാന്തം അദ്ധ്വാനിച്ചിരുന്നു എന്നു നിർവ്വിവാദമാണു്.

ചിററൂരിൽ ചന്ത സ്ഥാപിക്കുന്ന സംഗതിക്കു് അന്നു "കിഴക്കെമുഖം സർവ്വാധി"യായിരുന്ന കാരക്കാട്ടു രാമമേനോൻ 972 മീനം 1-ാംനു- "പവ്വത്തിൽ മെനൊൻ വായിച്ചു എൻെറ തമ്പുരാൻെറ തിരുവുള്ളത്തിൽ എഴുന്നരുളുന്നതിന്നു എഴുതിയ അവസ്ഥ" എഴുതി അയച്ചതായ ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:— "...ചിററൂരിൽ ചന്ത തുടങ്ങിക്കത്തക്കവണ്ണം കല്പന വന്നിട്ടുണ്ടെന്നു കാര്യക്കാര വിടകൊണ്ടു. 15-ാംനു- ഞായറാഴ്ച ചന്ത തുടങ്ങുക എന്നു വെച്ചിരിക്കുന്നു. പുതുമന പണിക്കരുടെ വഹയിൽ (ചോണ്ടത്തു മന്നാടിയാർ) 125 ആളുള്ളതിൽ കൊഴിഞ്ഞാംപാറ, നല്ലേപ്പിള്ളി, നാട്ടുകൊട, തത്തമംഗലം, കല്ലഞ്ചിറ ഈ പ്രദെശങ്ങളിൽ കാവൽ ആക്കിയിരിക്കുന്ന ആളുകൾ നീക്കിയാൽ, മുപ്പതിലധികം ആളെ ചിററൂര പാക്കുന്നുള്ളു. ചന്ത തുടങ്ങിയാൽ കാവല്കും കടത്തിനുംകൂടെ ആളുമതിയാകയുമില്ല. ഇനി 25 ആളെക്കൂടി പാപ്പിക്കത്തക്കവണ്ണം കല്പന ഉണ്ടായെങ്കിൽ വരുത്താമെന്നു പണിക്കരു വിടകൊണ്ടിട്ടും ഉണ്ടു്. നെമ്മാറെ പാക്കുന്ന ആളുകൾക്കു ദിവസം അഞ്ഞാഴിശ്ശ അരിയും മാസം 8 പുത്തനും അത്രെ കൊടുത്തുവരുന്നതു. അതുപൊലെ ഞങ്ങൾക്കും തരാഞ്ഞാൽ സങ്കടമെന്നു ഇവർ വിടകൊള്ളുന്നു. അടിയൻ ഇവിടെ ക്ലെശിക്കെണ്ടുംപ്രകാരത്തിനു കല്പിച്ചു തീട്ടൂരം

എഴുതിവരുമാറാകയുംവെണം..." ഈ എഴുത്തു് അനുസരിച്ച് ആളെ കൂട്ടതൽ ചേക്കുകയും നെമ്മാറക്കാരുടെ ശമ്പളത്തോതു് അവക്കും അനുവദിക്കുകയും നിശ്ചിതദിവസംതന്നെ ചിറാവർച്ചന്ത ക്രമമായി ആരംഭിച്ചു നടത്തുകയും ചെയ്തു.

980 എടവമാസം 31-ാം തീ- 'തൃശ്ശൂർപട്ടന്മാരെ'സംബന്ധിച്ചുണ്ടായ ഒരു രാജകീയവിളംബരം നോക്കുക:—

"പറവട്ടാനിസമൂഹത്തിൽ തൃശ്ശിവപെരൂര കരപ്പുറത്തു, ആ കരപ്പുറത്തുള്ള പട്ടന്മാർ അല്ലാതെ വഴിപൊക്കരായിട്ടുള്ള പട്ടന്മാരും മററു പല രും തുണിച്ചരക്കുകൾ ചന്തയിലും മഠങ്ങളിലും മററു സ്ഥലങ്ങളിലും കൊണ്ടുവന്നിട്ടു വിററുവരുന്നപ്രകാരം സമൂഹത്തിലുള്ളവരുടെ ആവലാതി വന്നിരിക്കകൊണ്ടു ഇന്നുമുതല്ക്കു തൃശ്ശിവപെരൂര കരപ്പുറത്തിൽ ആ കരപ്പുറത്തു ഉൾപ്പെട്ട ആളുകളും അവരുടെ അനുവാദത്തൊടുകൂടിയുള്ളവരും അല്ലാതെ മററൊരുത്തനും തുണിച്ചരക്കുകൾ ചന്തയിലും മഠങ്ങളിലും മററൊരെടത്തും കൊണ്ടുവന്നു വെച്ചു വിൽക്കയും അരുതു. സമൂഹത്തിലുള്ളവരുടെ അനുവാദം കൂടാതെ വിററാൽ ആ ചരക്കു സമൂഹക്കാര വാരിക്കൊണ്ടു പൊകയും ചെയ്യും. അതിനു ആവലാതിക്കു വന്നാൽ കെൾക്കുകയും ഇല്ല."

അന്നത്തെ കാലത്തു തുണിച്ചരക്കിന്റെ പ്രധാനസ്ഥലം പാണ്ടിദേശമായിരുന്നു. പാണ്ടിക്കാർ ഈ രാജ്യത്തിലെ 'ജൗളിവ്യാപാര'ത്തിന്റെ 'കുത്തകതി'ക്കാരുമായിരുന്നു. അതിനുവേണ്ടി ശക്തൻതമ്പുരാൻ പ്രത്യേകം ചില പട്ടന്മാരെ ക്ഷണിച്ചുവരുത്തുകയും അവക്ക് ഊട്ടുപുരകളിലും മററും പല ആനുകൂല്യങ്ങളും അനുവദിക്കുകയും, ഇരിക്കുന്നതിനു പ്രത്യേകം മഠങ്ങൾതന്നെ കെട്ടിക്കൊടുക്കുകയും, തുണിച്ചരക്കുകച്ചവടത്തിനുള്ള കുത്തകതന്നെ ആ സമൂഹക്കാക്കു കല്പിച്ചുകൊടുക്കുകയുംചെയ്തു. അപ്രകാരമാണു തൃശ്ശൂർപട്ടണത്തിൽ പാണ്ടിക്കാരുടെ സംഘശക്തി വദ്ധിച്ചതു്. അവിടെനിന്നാണു് അതു ഇതരസ്ഥലങ്ങളിലേക്കു പകന്നതു്. അന്നത്തെ സ്ഥിതിക്കു ശക്തൻതമ്പുരാൻ തുടങ്ങിവെച്ചതു വളരെ അത്യാവശ്യവും അനുകരണീയവുമായ ഒരു പ്രസ്ഥാനംതന്നെ ആയിരുന്നു. ചെറുതുരുത്തി, പട്ടിക്കാട്ടു്, വീമ്പു്, ഈ പ്രദേശങ്ങളിലെ പ്രസിദ്ധപ്പെട്ട ഊട്ടുപുരകൾ മിക്കവാറും ചരക്കുകച്ചവടക്കാരായ പാണ്ടിക്കാരുടെ സുഖസൗകര്യങ്ങളെ ഉദ്ദേശിച്ചുശക്തൻതമ്പുരാനാൽ സ്ഥാപിക്കപ്പെട്ടവയാകുന്നു.

980-ലെ ഈ വിളംബരത്തിനുമുമ്പുതന്നെ തിരുമനസ്സിൽനിന്നു പറവട്ടാനിസമൂഹക്കാൎക്കു ചില പ്രത്യേകാനുകൂല്യങ്ങൾ ചെയ്തിരുന്നു. അവ എന്തൊക്കെയാണെന്നു വിശദപ്പെടുത്തുന്ന രേഖയൊന്നും കാണുന്നില്ലെങ്കിലും, 973 ചിങ്ങത്തിൽ ആ സമൂഹക്കാർ ചെയ്തുവെച്ചതായ താഴെ ചേൎക്കുന്ന രേഖയിൽക്കൂടിനോക്കിയാൽ അസ്പഷ്ടമായിട്ടെങ്കിലും ആ അനുകൂല്യങ്ങളുടെ സ്വഭാവം ദൃഷ്ടിഗോചരമാകുന്നതാണു്.

"പറവട്ടാനിസമൂഹത്തിൽ തൃശ്ശിവപെരൂര കരപ്പുറത്തിൽ കിഴിക്കാരനും പട്ടോലക്കാരനുംകൂടി എഴുത്ത. പള്ളിയറമുതൽപിടിക്കാരൻ അറിയെണ്ടും അവസ്ഥ. എന്നാൽ, തൃശ്ശിവപെരൂര ക്ഷെത്രത്തിന്റെ തെക്കെ ഗൊപുരത്തിനും തെക്കപടിഞ്ഞാറായിട്ടു, തെക്കവടക്ക കിഴക്കൊട്ടു ദൎശനമായി; മഠം ഒന്നുക്കു രണ്ടു മുറിവീതം, പന്ത്രണ്ടു മഠം ഇരുപത്തിനാലു മുറി അകമായിട്ടു പണ്ടാരവകയിൽനിന്നും കല്പിച്ചു പണിയിച്ചിരിക്കുന്നതിൽ ഈ സമൂഹത്തിലുള്ള ആളുകൾ ഇരുന്നു കച്ചവടം ചെയ്യുന്നതകവെണ്ണം 973 ചിങ്ങം 27-ാംനു ഞങ്ങൾ പണ്ടാരവകയിൽനിന്നും കൂലിക്കായിട്ടു മെടിച്ചിരിക്കകൊണ്ടു എല്ലാ മുറികളിലും ഇരുന്നു കച്ചവടംചെയ്തു, കെട്ടിമെച്ചിലും കഴിച്ചു, അററകുററംവരാതെ സൂക്ഷിച്ചു, കൂലിവകക്കു മഠം ഒന്നുക്കു നൂറു പണം പഴെതുവീതം ഒരായിരത്തി ഇരുനൂറുപണം ആണ്ടുതൊറും പണ്ടാരവകയിൽ അടച്ചു പററുശീട്ടു മെടിക്കയുമാം. 973 ചിങ്ങം 28-ാംനു."

തൃപ്പൂണിത്തുറയിൽ ചന്ത തുടങ്ങിയതു 973 മേടമാസം 10-ാംനു-മുതല്ക്കാണു്. കോട്ടയ്ക്കു കിഴക്കുവശത്തു പുതിയതായി ശക്തൻതമ്പുരാൻ സ്ഥാപിതമായ 'പുത്തനങ്ങാടി'യിൽ വെച്ചാണു പ്രസ്തുത ചന്ത നടത്തുവാൻ കല്പന. ആ ചന്ത നടത്തേണ്ടുവിധത്തിനും, 'നടമെൽപള്ളിക്കാരും' കമ്പോളക്കാരും 'കൊപ്പുകൾകൊണ്ടുവന്നു വില്ക്കേണ്ടും പ്രകാര'ത്തിനും, എഴുതിക്കൊടുത്ത കല്പന താഴെ ചേൎക്കുന്നു. അതിൽനിന്നു ചന്തയുടെ സ്വഭാവവും വില്പനകളുടെ രീതിയും അതിനു നിയോഗിക്കപ്പെട്ടിരുന്നവരുടെ ചുമതലകളും സൎവ്വോപരി തമ്പുരാൻതിരുമനസ്സിലേയ്ക്കു് ആ കാൎയ്യത്തിൽ ഉണ്ടായിരുന്ന ശുഷ്കാന്തിയും സ്പഷ്ടമാകുന്നതാണു്.

"വ്യാഴാഴ്ചതൊറും ചന്തയിൽ കൊണ്ടുവന്നു വില്ക്കേണ്ടും ദിനസുകൾ (പിന്നെ വളരെ നീണ്ടതായ ഒരു സാധനവിവരപ്പട്ടിക കാണു

ന്നു. അതു് ഉദ്ധരിക്കുന്നില്ല). ചന്തതൊറും മുടക്കംകൂടാതെ കൊണ്ടുവന്നു വില്ക്കണം. ലാഭംഉള്ളതും അഴിച്ചിലവുള്ളതും ആയ ചരക്കുകൾ ഏറ്റം ഉണ്ടായിരിക്കണം. അല്ലാതെയുള്ള ചരക്കുകൾ എല്ലാകൂട്ടവും കുറെശ്ശയെങ്കിലും ഉണ്ടായിരിക്കണം. മെഴുകും, ചുക്കും, ഏലവും, മുളകും, ആനക്കൊമ്പും കുന്തകച്ചരക്കു ആകകൊണ്ടു, ആ വകയൊക്കെയും പണ്ടാരവക പാണ്ടികശാലയിൽ കൊണ്ടുവന്നുകൊടുക്കണം. കഞ്ചാവും കാറപ്പും കള്ളും താവരവും ചന്തയുടെ അടുക്കൽ എങ്ങും കൊണ്ടുവന്നു വില്ക്കുകയും അരുതു്. രണ്ടു നാഴിക അകലത്തു വില്ക്കണം. അല്ലാതെ വിററാൽ വലിയ ശിക്ഷ ഉണ്ടാകയും ചെയ്യും. (ചെറിയ ശിക്ഷ തന്നെ 192 അടിയായിരുന്നെങ്കിൽ, ശക്തൻതമ്പുരാന്റെ ഈ വലിയ ശിക്ഷ എന്താകുമെന്നു പരീക്ഷിക്കുവാൻ ആർ ധൈര്യപ്പെടും?) ചന്തനാൾ ചന്തയിൽ വാണിഭം വില്ക്കുന്നതല്ലാതെ മററൊരു കമ്പൊളത്തിൽ എന്തു ചരക്കെങ്കിലും കച്ചവടംചെയ്താൽ ആയത ഒക്കെയുംപണ്ടാരവകയായിട്ടു കണ്ടുകെട്ടുകയും ചെയ്യും. (ചന്തദിവസങ്ങളിൽചന്തയിലല്ലാതെ ക്രയവിക്രയംപാടില്ല. ചന്തയെ പുഷ്ടിപ്പെടുത്താൻഇതിലും വലിയതു് എന്തു ചെയ്യാനുണ്ടു്? ഈ കടലാസ്സിന്റെ അസ്സൽ ഇവിടെ വളരെഭാഗം പൊടിഞ്ഞുപോയിരിക്കുന്നതുകൊണ്ടു് എന്തെഴുതിയിരുന്നു എന്നറിഞ്ഞുകൂട). ചന്തനാൾ അരനാഴിക പുലരുമ്പൊൾ കൊപ്പുകൾ ഒക്കെയും കൊണ്ടുവന്നു ചന്തപിരിവയാളത്തെക്കും ഇരുന്നു വിപ്പിച്ചുകൊള്ളണം."

പിന്നെ ഓരോ തണ്ടാന്മാരുടെ പേരു വിവരവും അവർ ഓരോരുത്തരും കൊണ്ടുവരേണ്ട സാമാനങ്ങളുടെ ഇനവിവരവും ചേർത്തിരിക്കുന്നു. ആ ഭാഗവും പൊടിഞ്ഞുപോയിട്ടുണ്ടു്. നടമേൽത്തണ്ടാൻ, കണ്ണാഴത്തു തണ്ടാൻ, കാവനാർതണ്ടാൻ, ചെപ്പനത്തണ്ടാൻ, മാടത്തിൻകീഴ്ത്തണ്ടാൻ ഇവരുടെ പേരുകൾ ഒരുവിധം തെളിഞ്ഞുകാണുന്നുണ്ടു്. മത്സ്യങ്ങൾകൊണ്ടുവന്നു വില്ക്കുന്നതിനു മത്സ്യങ്ങളുടെ പല പല പേരുകൾ കൂടി ആ കല്പനയിൽ ഉണ്ടു്. ഒട്ടാകെ രണ്ടായിരം പുത്തന്റെ മത്സ്യം ഓരോ ചന്തയ്ക്കും എത്തിച്ചുകൊള്ളണമെന്നാണു വ്യവസ്ഥ. തൈരു്, പാലു്, നെയ്യ് മുതലായ സാധനങ്ങൾക്കും പ്രത്യേകം എടങ്ങളിലും കൊണ്ടുവന്നു വില്ക്കാൻ വെവ്വേറെ ആളുകളെയും നിശ്ചയിച്ചു എഴുതിട്ടുണ്ടു്. ആ ഭാഗവും പൊടിഞ്ഞിരിക്കുന്നു. ഇതിനെല്ലാംപുറമെ, തൃപ്പൂണിത്തുറെ വലിയ പാണ്ടികശാലയിൽനിന്നും ചന്തതോറും "കുമുദാതി" ചരക്കുകൾ കൊണ്ടുചെന്നു കടയിട്ടു വില്ക്കേണ്ടുംപ്രകാരത്തിനും എഴുതിക്കാണുന്നുണ്ടു്.

969 മേടത്തിൽ കൊരട്ടിപ്പള്ളി കത്തനാരന്മാരും ഇടവകക്കാരും കൂടിയും, ചാലക്കുടിപ്പള്ളി കത്തനാരന്മാരും ഇടവകക്കാരും കൂടിയും വേറെ വേറെ, "പവുത്തിൽ മേനോൻ വായിച്ചു തിരുവുള്ളത്തിൽ ഏറാവന്നതിന്നു," എഴുതികൊടുത്തിട്ടുള്ള രേഖയിൽ "അടിയങ്ങൾ കച്ചവടം ചെയ്തു പൊരുകെണ്ടുംപ്രകാരത്തിന്നു കല്പിച്ചു ഹുക്കുനാമം എഴുതിത്തന്നു കച്ചവടത്തിന്നു പണവും കല്പിച്ചു തരുവിച്ചിരിക്കകൊണ്ടു ഹുക്കുനാമപ്രകാരം നല്ലവണ്ണം കച്ചവടംചെയ്തു ഇരുന്നുകൊള്ളുകയുമാം" എന്നു പ്രസ്താവിച്ചിരിക്കുന്നു. ആ ഹുക്കുനാമങ്ങൾ കാണ്മാൻ സാധിച്ചിരുന്നു എങ്കിൽ പല പല നേരമ്പോക്കുകളും കാര്യങ്ങളും കണ്ടാനന്ദിക്കുകയും ചിരിക്കുകയും ചെയ്യാമായിരുന്നു.

ഇരിങ്ങാലക്കുടച്ചന്തയും തുടങ്ങിയതു ശക്തൻതമ്പുരാൻതന്നെയാണെന്നു 993 മകരം 24-ാംനു- അന്നത്തെ ദിവാനായിരുന്ന നഞ്ചപ്പയ്യർ മൺറോസായ്പിനു് അയച്ചതായ ഒരു എഴുത്തിൽനിന്നു മനസ്സിലാക്കാം. അല്ലാതെ ആ ചന്തയെ സംബന്ധിക്കുന്ന അസ്സൽ രേഖകളൊന്നും ഇപ്പോൾ കാണുന്നില്ല. ശക്തൻതമ്പുരാൻ സ്ഥാപിച്ചതാണെങ്കിൽ ആ ചന്തയ്ക്കും 'ഹുക്കുനാമം' കൊടുത്തിരുന്നു എന്നും, മററു സ്ഥലങ്ങളിലെ ചന്തകൾക്കു ബാധകമാക്കിയിരുന്നതായി തെളിയുന്ന നിബന്ധനകൾ എല്ലാം അവിടെയും കല്പിച്ചാക്കിയിരുന്നു എന്നും നിർവ്വിവാദമാണല്ലോ. നഞ്ചപ്പയ്യന്റെ എഴുത്തു് ഇങ്ങനെയാണു്:— "...ഈ ചന്ത തൃശ്ശൂരനു തീപ്പെട്ട മഹാരാജാവായിട്ടു പെട്ടകളും കെട്ടി അന്നുമുതൽ ഇന്നുവരെ ചന്തകുറവു കൂടാതെ നടന്നുവരുന്നു. ആ ചന്തകൊണ്ടു ക്ഷേത്രത്തിനു അശുദ്ധിയും ഇല്ല. ഉണ്ടെന്നു തച്ചുടയകയ്മൾക്കു എഴുതി അയപ്പാൻ യാതൊരു സംഗതിയും ഇല്ല."

ഈ എഴുത്തു മറെറാരുവിധത്തിലുംകൂടി ശ്രദ്ധേയമാകുന്നു. ശക്തൻതമ്പുരാന്റെകാലത്തു തച്ചുടയകയ്മളില്ല. കയ്മൾ അവരോധം നിരോധിച്ചുകൊണ്ടു് അവിടുന്നു് ഒരു അന്ത്യശാസനവും കല്പിച്ചു. എന്നാൽ പിന്നത്തെ മഹാരാജാവു് അതിനെ അനാദരിച്ചു. അദ്ദേഹത്തിനെ കയ്മളവരോധത്തിന്റെ ആവശ്യക്കാർ സ്വാധീനിച്ചു. അചിരേണ ഒരു കയ്മളവരോധവും നടന്നു.(കയ്മളവരോധം എന്ന അദ്ധ്യായം നോക്കുക.) ആ കയ്മൾ വന്നു കയറിയപ്പോഴയ്ക്കും ഓരോ 'കുസൃതി' കളും ആരംഭിച്ചു. അതിൽ ഒന്നാണു നഞ്ചപ്പയ്യന്റെ ഈ എഴുത്തിനു കാരണമായ ചന്തകൊണ്ടു് അമ്പലം ശുദ്ധംമാറുന്നു എന്നു കയ്മൾ പുറപ്പെടുവിച്ച മുറവിളി.

തൃശ്ശിവപേരൂരും ശക്തൻതമ്പുരാൻ ചന്ത സ്ഥാപിച്ചിരുന്നു. തൃശ്ശൂർ 'എരട്ടച്ചിറ'യിൽ 'പുത്തൻപെട്ടയിൽ'—തൃപ്പൂണിത്തുറയിലെ 'പുത്തനങ്ങാടി'യെപ്പോലെ തൃശ്ശൂരിൽ സെൻറ് തോമാക്രിസ്ത്യാനികളെ ശക്തൻതമ്പുരാൻ പ്രത്യേകം വരുത്തി പാർപ്പിച്ച സ്ഥലമാണു 'പുത്തൻപെട്ട'—വെള്ളിയാഴ്ചയും തിങ്കളാഴ്ചയും 'ചന്ത വില്പിക്കെണ്ടും പ്രകാരത്തിന്നു' 969 മകരമാസം 28_ാംനു എഴുതിയ 'ഹുക്കുനാമം' കണ്ടുകിട്ടിയിട്ടുണ്ട്. അതിലെ പ്രധാനഭാഗങ്ങൾ താഴെ ചേക്കുന്നു. ചുക്ക്, മുളക്, തിപ്പലി മുതൽ സകലവിധ അങ്ങാടിസ്സാമാനങ്ങൾക്കും, കട്ടംപെട്ടിസ്സാധനങ്ങൾക്കും, കോഴി, താറാവ്, ആട്, മത്സ്യം മുതലായവക്കും, എറിയതരം ഇരിമ്പു, മരം, മണ്ണു സാധനങ്ങൾക്കും, പശു, മൂരി, കാള, എരുമ മുതലായ ഉരുക്കൾക്കും, സുദീർഘമായ ഒരു വിവരപ്പട്ടിക കൊടുത്തതിൻെറശേഷം ഇപ്രകാരം അതിൽ എഴുതിയിരിക്കുന്നു:—

"ഈ വക കൊപ്പുകൾ ഒക്കയും അങ്ങാടി വിചാരിപ്പുകാരന്മാരെക്കൊണ്ടു വരുത്തിച്ചു തിങ്കളാഴ്ചയും വെള്ളിയാഴ്ചയും ചന്തയിൽ വില്പിക്കണം. ഇപ്രകാരമുള്ള എല്ലാ ചരക്കുകളും കൊണ്ടുവന്നു വില്ക്കുന്നില്ലാ എന്നുവന്നാൽ അങ്ങാടിവിചാരിപ്പുകാരന്മാരൊടു പത്തിനു മൂന്നു ലാഭം കെട്ടി മെടിച്ചുകൊള്ളണം. ആയതു അനുസരിക്കാതെ ഇരിക്കുന്ന ആളുകളെ എഴുന്നള്ളി ഇരിക്കുന്നെടത്തു കൂട്ടി അയച്ചുകൊള്ളണം.

"എരട്ടച്ചിറ ഊട്ടുമ്പുരകളാവു, തൃശ്ശിവപേരൂർ പ്രവൃത്തിയിലുള്ള തണ്ണീർപന്തലുകൾ, നടക്കാവു വെട്ടുവഴികൾ, പണ്ടാരവകക്ഷെത്രങ്ങളിൽ പാന, പറ, പൂരം, ഉത്സവം, പൂജ അടിയന്തരം ഉൾപ്പെട്ട വക വിചാരിക്കത്തക്കവെണ്ണം എഴുതിത്തന്നിരിക്കകൊണ്ടു അപ്രകാരംതന്നെ നടന്നുവരുന്നുണ്ടൊ എന്നു ശോധനചെയ്തു ആ എഴുതിയിരിക്കുന്ന പ്രകാരം നടത്തിച്ചുകൊള്ളണം.

"പണ്ടാരവക, ആന, കുതിര, ഒട്ടകം, കാള ഈവക പെട്ടയിൽ വന്നു ഇറങ്ങിയാൽ ആ വകക്കു വെണ്ടുന്ന കൊപ്പുകൾ മെടിച്ചു കൊടുത്തു അതിൻെറ വില അവരൊടു മെടിച്ചുകൊള്ളണം. ആയതല്ലാതെ അവരു കുടിയിൽ കടന്നു നാനാവിധം ചെയ്തുപൊകാതെ നൊക്കിക്കൊള്ളണം.

"പെട്ടയിൽ കാവല്ക്കു പത്തുപെരു ചട്ടക്കാരെയും, ഒരു അമാൽദാ

രെയും കല്പിച്ചു ആക്കി ഇരിക്കകൊണ്ടു പെട്ടയിൽ രണ്ടെടത്തു കാവലാക്കി സൂക്ഷിച്ചുകൊള്ളണം.

"ചന്തദിവസങ്ങളിൽ കണ്ണു, കാലു, ഇല്ലാതെ വന്നുകൂടുന്ന പാവങ്ങൾക്കു അഞ്ചുപറ അരിയും നാല്പതു പുത്തനും കലവറയിൽനിന്നു വരുത്തിച്ചു ഉരിശ്ശ അരിയും ഓരൊ കാശ്ശുംവീതം കൊടുത്തുകൊള്ളണം. ഈ കൊടുക്കുന്നതിൽ അരിക്കൊ കാശിനൊ ഒരു വ്യത്യാസം വന്നാൽ വലിയ പിഴയായിട്ടു വരികയും ചെയ്യും.

"വിചാരിപ്പുകാരനു നാൾ ഒന്നുക്കു മൂന്നേമുക്കാൽ എടങ്ങഴി അരിയും ചങ്ങലവിളക്കിനു ഒന്നരത്തൊടം വെളിച്ചെണ്ണയും മാസം ഒന്നുക്കു അറുപതു പുത്തനും മാസപ്പടിക്കാരു പെര രണ്ടുക്കു ഓരൊ എടങ്ങഴി അരിയും മാസം നാലുപുത്തൻവീതവും ചട്ടക്കാരുടെ കാവൽ രണ്ടുക്കു ഒന്നരതൊടം പുവ്വത്തെണ്ണവീതം മൂന്നുതവി എണ്ണയും കൊടുപ്പിക്കണം. ഇപ്രകാരംഎരട്ടച്ചിറ ഊട്ടുകലവറയിൽനിന്നും കൊടുപ്പിച്ചുകൊള്ളണം.

"എരട്ടച്ചിറ ബങ്കളാവു ദിവസവും അടിച്ചുതളിപ്പിച്ചു, നിലവും കറപ്പിച്ചു, ഇടുവിക്കണം. അതിലെ സസ്യാദികളും പൂച്ചെടികളും നനപ്പിച്ച് ഒന്നിനും ഒരു കേടുകൂടാതെ സൂക്ഷിക്കണം. പറമ്പിൽ മീതെ പതനത്തിൽ വാഴ, കപ്പൽമുളകു, വതിന, നാരകം, ഈവകയും അതിൻെറ മീതെ പതനത്തിൽ പിലാവു, കരിമ്പന, കൊടപ്പന, കശ്ശുമാവ്, നെല്ലി, മാവ് ഈവകയും, ഓരൊ ദിനശിൽ ഓരൊ വരിയായിട്ടും, അരുവിൽ ഒക്കയും പനയായിട്ടും വെപ്പിച്ചു ആയതൊന്നും കെട്ടുവന്നുപൊകാതെ നനപ്പിച്ചു സൂക്ഷിക്കണം. പടിപ്പുരപണിയും കഴിപ്പിച്ചു പൂട്ടും താക്കൊലും ഉണ്ടാക്കിക്കൊള്ളണം."

ഈ ചന്തക്കു പ്രത്യേകിച്ച് ഒരു "അങ്ങാടിവിചാരിപ്പുകാരൻ" ചുമതലക്കാരനായി ഉണ്ടായിരുന്നതായി കാണുന്നുണ്ട്. എല്ലാ ചന്തകൾക്കും അപ്രകാരം ഉണ്ടായിരുന്നിരിക്കാം. എന്നാൽ ആ വക രേഖകളൊന്നും കാണ്മാൻ കഴിഞ്ഞിട്ടില്ല. 'അങ്ങാടിവിചാരിപ്പുകാ'രനു മററു ചില ചുമതലകൾകൂടി ഉണ്ടായിരുന്നതുകൊണ്ടായിരിക്കും ഹുക്കുനാമത്തിൽ ആ വക സംഗതികൾകൂടി ഉൾപ്പെടുത്തിയിരിക്കുന്നതു്. "കണ്ണു കാലും ഇല്ലാതെ വന്നുകൂടുന്ന പാവങ്ങളെ"കുറിച്ചുള്ള വ്യവസ്ഥ ആരെയും കോൾമയിർക്കൊള്ളിക്കുന്ന ഒരു നിശ്ചയംതന്നെയാകുന്നു. "ക്രൂര

നം, "ഘാതകനും" മററമായി അറിയപ്പെടുന്ന ശക്തൻതമ്പുരാൻെറ യഥാത്ഥമായ ഹൃദയമുഖലത്തിലേക്കു് കന്നാന്തരം ഒരു തെളിവാകുന്നു ആ ഭാഗം. ഇന്നുംകൂടി ഒരു രാജശാസനയിലും കാണപ്പെടാത്തതും ആരും ശ്രദ്ധിക്കാത്തതും ആയ ആ "ഉരി അരിയും ഒരുകാശും" ശക്തൻതമ്പുരാൻെറ തിരുനാമത്തിനു ചുററും ചേതോഹരമായ ഒരു പ്രഭാമണ്ഡലത്തെ നിമ്മിച്ചിരിക്കുന്നു! അവിടുത്തെ ഏതു കല്പനകഠം പരിശോധിച്ചാലും സാധുക്കളുടെ നേരേ അവിടേക്കുണ്ടായിരുന്ന സഹജവും തീവ്രവും ആയ അനുകമ്പയുടെ സ്ഫുലിംഗങ്ങഠം കാണാവുന്നതാണു്. 'ഭൂരിപക്ഷത്തിൻെറ ഭൂരിസുഖം' അവിടുത്തെ പ്രധാനലക്ഷ്യമായിരുന്നു.

ഇപ്രകാരം പ്രധാനപ്പെട്ട പ്രദേശങ്ങളിലെല്ലാം ശക്തൻതമ്പുരാൻ ചന്തകഠം ഏൎപ്പെടുത്തി രാജ്യക്ഷേമത്തെ സകൗതുകം സംപൂൎണ്ണമാക്കുകയും സശ്രദ്ധം സംരക്ഷിക്കുകയും ചെയ്തുവന്നു.

XIV

ഹൈദർ ആലിഖാൻ.

സാമൂതിരിയുടെ നേരേ ഹൈദരാലിഖാൻ യുദ്ധത്തിനു പുറപ്പെടുവാനുണ്ടായ കാരണവും, സാമൂതിരിക്കുണ്ടായ അനുഭവങ്ങളും മററും വേറെ ഒരദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടു്. കോഴിക്കോട്ടുരാജ്യം മുഴുവനും കീഴമൎത്തി, തെക്കോട്ടു പുറപ്പെട്ട നവാബു്, പാലക്കാട്ടുരാജ്യം മുമ്പുതന്നെപിടിച്ചടക്കിയിരുന്നതുകൊണ്ടു്, നിഷ്പ്രയാസം കൊച്ചിയെ വിഴുങ്ങിയേക്കുമെന്നു് അന്നത്തെ കൊച്ചിരാജാവിനു ബോദ്ധ്യമായി. തന്നെ വിളിച്ചുണൎത്തി അത്താഴമില്ലെന്നുപറഞ്ഞ മാൎത്താണ്ഡവൎമ്മമഹാരാജാവിൻെറ നേരേ ഹൈദൎക്കു വലിയ നീരസവും, തിരുവിതാംകൂർ കീഴടക്കണമെന്നു് അതിയായ ആഗ്രഹവും ഉണ്ടായിരുന്നു. തെക്കോട്ടുണ്ടായ യാത്രയുടെ മുഖ്യോദ്ദേശ്യവും പ്രധാനകാരണവും അതായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ബലവാനായിരുന്ന സാമൂതിരിയുടെ ശക്തിയെ ഛിന്നഭിന്നമാക്കുകയും, സാമൂതിരി തന്നെ കോവിലകത്തിനു കൊള്ളിവെച്ചു ആത്മഹത്യചെയ്യുകയും കഴിഞ്ഞിരിക്കെ, നവാബു കൊച്ചിക്കു കടന്നാൽ എന്തുണ്ടാകുമെന്ന കാൎയ്യം സ്പഷ്ടമായിരുന്നു. എതിൎത്തുനില്ക്കുവാൻ നോക്കിയ മലയാളരാജാക്കന്മാരെ മുഴുവനും നവാബു തോല്പിച്ചു.

അവർ രാജ്യംവിട്ടോടി കാട്ടിലും മലയിലും കയറി രക്ഷപ്പെട്ടു. ഫ്രഞ്ചുകാരുടെ 'മാഹി'യിലും ഇംഗ്ലീഷുകാരുടെ 'തലശ്ശേരി'യിലും ഒററയ്ക്കു ചിലർക്കു താല്ക്കാലികരക്ഷ കിട്ടിയെങ്കിലും, രാജ്യവും രാജസ്ഥാനങ്ങളും മുഴുവനും നഷ്ടപ്പെട്ടു. അതൊക്കെ കണ്ടുംകൊണ്ടിരുന്ന കൊച്ചിരാജാവു നവാബിന്റെ മേല്ക്കോയ്മയെ സ്വീകരിക്കാനുള്ള സന്നദ്ധതയോടുകൂടി 'സ്വരക്ഷാർത്ഥം' ഒരു ഭയാഭ്യർത്ഥന ചെയ്തു. രാജപ്രതിനിധികൾ കോഴിക്കോട്ടുചെന്നു ഹൈദരെ 'തിരുമുൽക്കാഴ്ച'കഴിച്ചുകണ്ടു വിവരങ്ങൾ വഴിപോലെ ധരിപ്പിച്ചു. ചുരുക്കത്തിൽ, കൊച്ചിയെ നവാബിനു വളരെ ബോധിച്ചു. "തന്റേടവും തലച്ചോറും ഉള്ള ഒരു രാജാവെങ്കിലും മലയാളത്തിലുണ്ടല്ലൊ" എന്നു നവാബു പറഞ്ഞു എന്നാണു പ്രസ്താവം. മററാർക്കും കിട്ടാത്ത പല ആനുകൂല്യങ്ങളും, തന്നിമിത്തം, കൊച്ചിക്കു സിദ്ധിച്ചു. അന്നത്തെ രാജാവു് അങ്ങനെ ചെയ്തിട്ടുണ്ടായിരുന്നില്ലെങ്കിൽ തീർച്ചയായും, കൊച്ചിശ്ശീമ ഇന്നു മലബാർഡിസ്ട്രിക്ടിലെ ഒരു ഫർക്കയോ താലൂക്കോ മാത്രമായിപ്പോകുമായിരുന്നു. മലവെള്ളത്തെ മണലണ കെട്ടിത്തടഞ്ഞില്ലെന്നുള്ളതു് ഒരിക്കലും ഒരു അപരാധമായോ അപമാനമായോ വരാവുന്നതല്ല. ഹൈദരുടെ ആദ്യത്തെ വരവു കഴിഞ്ഞു പോയതിനുശേഷം, 'ഒക്കെക്കഴിച്ചുപോയി' എന്നും, 'അത്രക്കുള്ള ഒരുത്തൊന്നുമില്ലാ' എന്നും തെററിദ്ധരിച്ചു രാജാക്കന്മാരും നാടുവാഴികളും നവാബിന്റെ ചെറിയ കാവൽപ്പട്ടാളത്തെ ക്ഷണത്തിൽ തുരത്തിവിട്ടു. എങ്കിലും, 949-ൽ ഉണ്ടായ രണ്ടാമത്തെ ആക്രമണത്തിൽ മുഴുവനും 'ഇരുന്നുനോക്കിയാൽ നിരന്നു കാണാറാക്കി' എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലൊ. 951-ൽ നവാബു ഡച്ചുകാരെ തോല്പിച്ചു ചേററുവാമണപ്പുറവും കൈവശപ്പെടുത്തി. 957-ൽ ഹൈദർ നിര്യാതനുമായി.

ഹൈദരാലിഖാനുമായി ശക്തൻതമ്പുരാൻ സന്ധിചെയ്തതു് ഒന്നും ആലോചിക്കാതെയൊ ചുററുപാടുകളെ തുഴഞ്ഞുനോക്കാതെയൊ അല്ലെന്നു് അന്നത്തെ ഡച്ചുഗവണ്മെന്റിൽനിന്നു കിട്ടിയതും താഴെ ചേർക്കുന്നതുമായ എഴുത്തിലെ ഭാഗങ്ങൾ പ്രസ്പഷ്ടമാക്കുന്നുണ്ടു്. "ഇങ്കരിയസ്സു് നേടിയിരിപ്പ രാജ്യത്തു ഉറപ്പിച്ചുപാക്കത്തക്കവണ്ണം പ്രയത്നങ്ങൾ ഒക്കയും ചെയ്യുമെന്നു അറിയാമല്ലൊ. വിശേഷിച്ചു ഈ അനർത്ഥങ്ങളുള്ള സമയത്തു അങ്ങയുടെ രാജ്യത്തു കടക്കാതിരിക്കത്തക്കവണ്ണം ഉടനെതന്നെ തൃപ്പാപ്പിയിൽ മൂത്ത' രാജാവിനൊടു അങ്ങുന്നു അപേക്ഷിക്കണം. ഒരു സംശയംകൂടാതെ ഉലന്തയുടെ (ഡച്ചു) പടക്കപ്പലുകൾ വന്നാൽ, (വരാനുണ്ടായിരുന്നില്ല, വന്നതുമില്ല) നാം നവാബിന്റെയും

രാജ്യത്തെക്ക കടക്കയുംചെയ്യും. (കടന്നില്ലന്നു മാത്രമല്ല, ഡച്ചുകാർ തോറേറാട്ടുകയും ചെയ്തു). അവർ സമീപത്തു വന്നു തുടങ്ങിയാൽ അങ്ങുന്നും തമ്പുരാക്കന്മാരും സമ്പത്തും തൃപ്പാപ്പിസ്വരൂപത്തിന്റെ രാജ്യത്തു കടന്നു നല്ല കാലം വരുവൊളം എഴുന്നള്ളി പാക്കണം എന്നാത്രെ നമ്മുടെ ഭാവം ആകുന്നതു. അങ്ങക്ക തെളിഞ്ഞു എങ്കിൽ ഈ അവസ്ഥകൾ നാം ഒരു സാധനം തൃപ്പാപ്പിസ്വരൂപത്തികലെക്ക എഴുതി അയക്കയും ആം........"

നല്ല ഉപദേശവും പിന്താങ്ങുമാണ്, ബന്ധുവും സഹായിയും ആയ ഡച്ചിൽനിന്നു കിട്ടിയതു്! അതിനു ശക്തൻതമ്പുരാനയച്ച മറുപടിയിൽ, ഉപദേശം ഉചിതമായിരിക്കുന്നു എന്നും, തൃപ്പാപ്പിസ്വരൂപത്തിന്റെ രാജ്യത്തുചെന്നു കളിച്ചിരിക്കാൻ ഡച്ചിന്റെ തീട്ടൂരം ആവശ്യമില്ലെന്നും, ഹൈദരാലിഖാനു തന്നോടു പ്രത്യേകിച്ചൊരു 'രാഗദ്വേഷവും' ഇല്ലെന്നും, ഈ നിലയ്ക്കു ഡച്ചിന്റെ പോക്ക് എങ്ങോട്ടാണെന്ന് അറിയുന്നില്ലെന്നും, രാജ്യം വിട്ടോടാൻ ഏതായാലും വിചാരിക്കുന്നില്ലെന്നും, യുക്തംപോലെ പ്രവൃത്തിച്ചുകൊള്ളാമെന്നും, എഴുതിയിരുന്നതായി പിന്നീടുണ്ടായ സംഭവങ്ങളിൽ നിന്നു വിശ്വസിക്കണം.

ലന്തയുടെ ഉപദേശം സ്വീകരിച്ചു തിരുവിതാങ്കൂറിൽ കടന്നുകൂടിയാലോ എന്നു വലിയതമ്പുരാനും, അമ്മത്തമ്പുരാട്ടികളും മററും വിചാരമുണ്ടായിരുന്നു. ശക്തൻതമ്പുരാൻ അതിനെ ശക്തിയായി എതിർത്തു. "സ്വന്തം രക്ഷ മാത്രം നോക്കി രാജ്യം വിട്ടോടുന്ന രാജാക്കന്മാരെക്കുറിച്ചു നിസ്സഹായരായ പ്രജകൾ എന്തു വിചാരിക്കും? മടങ്ങിവരാൻ പററുമെന്നോ, വന്നാൽതന്നെ രാജ്യംതിരിച്ചു കിട്ടുമെന്നോ, കിട്ടിയാൽതന്നെ പ്രജകളുടെ ആദരവുണ്ടാകുമെന്നോ എന്താണുറപ്പ്? സാധിക്കുമെങ്കിൽ യുദ്ധം ചെയ്യുക; അതിനു തരമില്ലെങ്കിൽ ബലവാനെ വഴങ്ങിയും രാജ്യരക്ഷ ചെയ്യുക. ഇതാണു രാജധർമ്മം", എന്ന് അവിടുന്നു വിടാതെ വാദിക്കയും, ആ അഭിപ്രായം പ്രബലപ്പെടുകയും, അവിടുന്നുതന്നെ നേരിട്ടു കോഴിക്കോട്ടുചെന്നു നവാബിനെ സന്ദർശിച്ചു സമാധാനം സമ്പാദിക്കുകയുംചെയ്തു.

951മുതൽ ഹൈദർ 'മലബാറിൽ' കാട്ടിക്കൂട്ടിയ വിക്രിയകളും, നേടിയ വിജയങ്ങളും, ഏർപ്പെടുത്തിയ ഭരണസമ്പ്രദായങ്ങളും ഈ അദ്ധ്യായ

ത്തിലെ വിഷയത്തിനു പുറത്തു കിടക്കുന്നവയായതുകൊണ്ടു് ആ ഭാഗങ്ങളെ ഒന്നും ഇവിടെ സ്പർശിക്കുന്നില്ല. എന്നാൽ, കൊടുങ്കാററുകളും ഭൂകമ്പങ്ങളും, മലയിടിച്ചിലും, കടലാക്രമണവും എല്ലാം 'മലയാള'ത്തിൽ നടന്നുകൊണ്ടിരുന്ന ആ കാലത്തു്, കൊച്ചിരാജ്യം ആ വകയിൽ നിന്നെല്ലാം വിമുക്തമായി ഒരുവിധം സ്വൈരവും സുഖവും, കാലസ്ഥിതിക്കു് അനുസരിച്ചു്, നവാബിൻെറ ബന്ധുവായും "കീഴേട"മായും, അനുഭവിച്ചിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണു്. ഹൈദരും കൊച്ചിരാജാവും തമ്മിൽ സാരതരമായ യാതൊരു പിണക്കവും തെററിദ്ധാരണയും കൂടാതെതന്നെ കഴിഞ്ഞു.

കൊച്ചിയും ഹൈദരും തമ്മിൽ പല എഴുത്തുകുത്തുകളും നടന്നിട്ടുണ്ടു്. അവയിൽ മിക്കതും നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടെത്തുവാൻ സാധിച്ചിട്ടുള്ളവയിൽ ചിലതു മാത്രം മാതൃക കാണിപ്പാൻവേണ്ടി താഴെ ചേക്കുന്നു. അവയിൽ രണ്ടെണ്ണം ഹൈദരാലിഖാൻെറ "പരമാനകൾ" ആകുന്നു.

"ഹൈദർ നവാബ കോഴിക്കൊട്ട ദിവാൻ സരദാർഖാനു എഴുതിയ കന്നടപ്പരമാന: ബജായത്ത ഭസ്തഹാഹ സരദാരഖാൻ ബാഷീയത്ത ബാഷന്തരവില്ല— തൃച്ചിവപെരുരനിന്ന കൊച്ചിക്ക വഞ്ചികളിൽ മരം, നെല്ലു, അരി, മുളക, പാക്ക മുതലാന സാമാനങ്ങൾ പൊകുന്നതുണ്ടല്ലൊ. അതിൻെറ ചുങ്കത്തിൻെറ നിമിത്തമായിട്ട തടവ ചെയ്യിരിക്കുന്നപ്രകാരം കെൾവിപ്പെട്ടൊം. അതുകൊണ്ട കൊച്ചിക്കാരതെ സക്കാറിലക്ക വെണ്ടാവണ്ണം ആയിരിക്കുന്നു. അതുകൊണ്ട കല്പിക്കുന്നത എന്തെന്നവച്ചാൽ, എപ്പഴകിലും അവരുടെ തൊണിക്കമെൽ പൊയ്യൊണ്ടിരിക്കുന്ന സാമാനങ്ങൾ പൊകുന്നതിന്നു ചുങ്കം മുതലാനത എതു ഒന്നും അട്ടി ചെയ്യാമൽ നടത്തിച്ചു കൊണ്ടുവരണം. ഈ വിവരം അറിയണം. തിയ്യതി എഴ, വാൽഗുണബഹുളസപ്തമി, ആണ്ട ഇമ്പരി ഒരായിരത്തി ഒരുന്നൂററി തൊണ്ണൂററിനാല."

"ചാവക്കാട്ട അമൽദാരന— ചാവക്കാടതാലൂക്കിൽ കൊച്ചിക്ക നടന്നുവരുന്ന ഗ്രാമങ്ങളെ കണ്ടുകെട്ടുവാൻ മുമ്പെ കല്പന അയച്ചിട്ടുണ്ടല്ലൊ. ആ പണം കാശുകൾ നിങ്ങൾ പിരിക്കയും വെണ്ടാം. ഈ വകക്ക ഇനി കല്പന ഉണ്ടാകും. തൃച്ചിവപെരുരിലെ ഇരുന്നു, കൊച്ചിരാജാവ അവരുകൾ സ്വകായ്യച്ചിലവിന്ന പൊകുന്ന അരി ഷരിപ്പ മുത

ലാന മൂടകെട്ടി പൊകുന്ന സാമാനങ്ങളും അയപ്പാൻ ആവശ്യം ഇല്ലന്നു വെച്ച മൂടക്കിയിരിക്കുന്ന വർത്തമാനം വന്താറെ എഴുതി അയച്ചിരിക്കുന്നു. മാമൂൽപ്രകാരം പൊകുന്ന സാമാനങ്ങൾ തടവ ഉണ്ടാകയും അരുത. വെണ്ടുംവണ്ണം നടത്തിക്കൊണ്ടുവരികയും വെണം."

ഈ ചുങ്കത്തിൻെറ കാൎയ്യം പിന്നീട് ഇംഗ്ലീഷുകാരുമായിട്ടു വളരെ ദീർഘിച്ച എഴുത്തുകുത്തുകൾക്ക് എടയാക്കുകയും നീരസത്തിനു കാരണമാക്കുകയും ചെയ്തിട്ടുള്ളതാണെന്ന് അന്യത്ര വിവരിച്ചിട്ടുണ്ട്. ചേററുവാമണപ്പുറത്തിനോടു ചേൎന്ന "എടത്തുരുത്തി"ച്ചുങ്കത്തെക്കുറിച്ചാണീപ്രസ്താവം.

ഹൈദർനവാബും ശക്തൻതമ്പുരാനും കൂടി കോഴിക്കോട്ടുവെച്ചു നടന്ന കൂടിക്കാഴ്ച കൊച്ചിരാജ്യചരിത്രത്തിലെ പ്രധാനസംഭവങ്ങളിൽ ഒന്നാകുന്നു. എളിയനിലയിൽനിന്നു രാജാധിരാജൻെറ സ്ഥാനത്തേയ്ക്കു സ്വപ്രയത്നത്താലും പ്രാഗത്ഭ്യത്താലും എത്തിച്ചേൎന്നവനായിരുന്ന ഹൈദർ, രാജപുത്രനായി ജനിച്ച തൻെറ മകൻ ടിപ്പുവിനെക്കാൾ, ലോകപരിചയവും കാൎയ്യഗ്രഹണശക്തിയും ഉണ്ടായിരുന്ന ഒരു മഹാപുരുഷനായിരുന്നു. രാജാക്കന്മാരൊക്കെ തൻെറ മേല്ക്കോയ്മയെ അംഗീകരിക്കണമെന്നല്ലാതെ, അവരെ ഭ്രഷ്ടരാക്കി കാടിക്കണമെന്നോ, രാജ്യങ്ങൾ കൊള്ളചെയ്യണമെന്നോ, മതാചാരങ്ങളിൽ ശ്രദ്ധിക്കണമെന്നോ, യഥാൎത്ഥത്തിൽ ഹൈദർ ആഗ്രഹിച്ചിരുന്നില്ല. സാമൂതിരിരാജാവ് ആദ്യത്തിൽസമ്മതിച്ചപ്രകാരമുള്ള കപ്പംകൊടുക്കാതിരുന്നതുകൊണ്ടും, മററുമാണു ഹൈദർ മലബാർ ആക്രമിച്ചതും, അനവധി അത്യാഹിതങ്ങൾക്ക് ഇടയായതും. ആ സംഗതി കൊച്ചിത്തമ്പുരാൻ നല്ലപോലെ ധരിച്ചുവെച്ചിരുന്നു.

ഈ കൂടിക്കാഴ്ചയ്ക്കു പുറപ്പെടുന്നതിനുമുമ്പു സ്ഥിതിഗതികളെ സൂക്ഷ്മത്തോളം പരിഗണിക്കാതിരുന്നില്ല. ലന്തഗവൎണ്ണരിൽനിന്ന് ആ അവസരത്തിൽ ശക്തൻതമ്പുരാനു കിട്ടിയതായ ഒരു എഴുത്തിലെ ചില ഭാഗങ്ങൾ താഴെ ചേൎക്കുന്നു. അതിൽനിന്ന് അന്നത്തെ ചുഴലികളുടെ ചുററലും, ആശങ്കകളുടെ നാനാത്വവും, ആഗ്രഹങ്ങളുടെ അടിയുറപ്പില്ലായ്മയും എല്ലാം അറിയാവുന്നതാണ്. "...എറോപ്പിൽവെച്ചു നമ്മൊടു (ഡച്ചുകാരോടു) പടതുടങ്ങിയ ഇങ്കരീസ്സു ഇവിടെ നാട്ടിലും ശത്രുത്വം തുടങ്ങുകയുംചെയ്തു. ചതുരപട്ടണത്തിൽ ഇരിക്കുന്ന നമ്മുടെ പത്രിക അവർ

കയ്യടക്കി, അതുപൊലെ നാഗപട്ടണത്തും, പാലക്കാട്ടും, ജഗനാക്കപ്പുറവും, പുള്ളിക്കൊവും, ബിമിലിപട്ടണവും, കൂടെ കൈ ആക്കുമെന്നു സംശയമില്ല. ആയതൊക്കെയും ചെറിയതായിട്ടും യുദ്ധത്തിനു വചമില്ലാത്തതും കച്ചവടം ചെയ്യത്തക്കവണ്ണവും പാക്കുന്ന എടങ്ങൾ അത്രെ ആകുന്നു. നാഗപട്ടണത്തെ കൊട്ടയൊട അവരൊന്നും ചെയ്യിട്ടില്ല. കട്ടക്കത്തെ [illegible]മാസത്തിലധികം ഹൈദർ നവാബായിട്ടു പല യുദ്ധങ്ങളും ഉണ്ടായിട്ട ഇങ്കരീയസ്സിന്റെയും മമ്മതലി നവാബിന്റെയും (ആക്കാട്ടിലെ നവാബു) പുരുഷാരത്തിനു വളരെ ആൾ ചെതം വരികകൊണ്ടു നാഗപട്ടണത്തെ കൊട്ടപിടിപ്പാൻ അവക്കു കൂടുകയുമില്ല. ഹൈദർനവാബു ജയക്കാരൻ ആയി ഇരിക്ക ആകുന്നു. ഇപ്പൊൾ അദ്ദെഹത്തിന്റെ പെരുംപാളയമായിട്ടു തിരിശ്ശിനാപ്പിള്ളിക്ക ചൊവ്വ എറങ്ങി ആ കൊട്ട വളഞ്ഞുപാക്കുന്നു. അദ്ദെഹത്തിന്റെ വെറെ ഒരു പാളയം നാഗപട്ടണത്തിനു സമീപം പാക്കുന്നു. ഹൈദർ നവാബും നാമുമായിട്ടു നാഗപട്ടണത്തുവെച്ചു അന്യൊന്യം ആയതുപോലെ തൊന്നുന്നു. (ഡച്ചും ഹൈദർനവാബുംതമ്മിൽ ഒരു സന്ധിയുണ്ടായി.) ഇപ്പൊൾ നമുക്ക ഇങ്കരീയസ്സുമായി ഉണ്ടായിട്ടുള്ള പടയിൽ മദ്ധ്യസ്ഥാനത്തിലായി ഇരിക്കാമെന്നു തുപ്പാപ്പിസ്വരൂപം വാക്കുതന്നിരിക്കുന്നു. നമ്മുടെ ഒരു പഴെ ബന്ധുസ്വരൂപമാകകൊണ്ടു, ഹൈദർനവാബുമായിട്ടു നമുക്കുള്ള അന്യൊന്യത്തിൽ, അങ്ങക്കും (കൊച്ചിക്കും) കൊടുങ്ങല്ലൂർ രാജാവിനും, ബന്ധിക്കുന്നതിൻവണ്ണം ആ സ്വരൂപത്തിനുംകൂടെ ബന്ധിക്കത്തക്കവണ്ണവും, നമ്മുടെ ഒരു ബന്ധുസ്വരൂപമായിട്ടു വിചാരിച്ചുംകൊണ്ടു അനത്ഥങ്ങളൊന്നും ചെയ്യാതിരിക്കത്തക്കവണ്ണം, ഹൈദർ നവാബായിട്ടു നിശ്ചയിപ്പാൻ നമുക്ക മനസ്സ ആകുന്നു. ഇക്കാൎയ്യത്തിനുതന്നെ തുപ്പാപ്പിസ്വരൂപമായിട്ടു കൂടിക്കാഴ്ചക്ക മനസ്സായിരിക്കുന്നു. ഹൈദർനവാബിന്റെ ഇഷ്ടംപൊലെ പ്രവൃത്തിപ്പാൻ നാം എല്ലാവരുംകൂടി സമ്മതിച്ചു എന്നുവരികിൽ തെക്കൊട്ടു അദ്ദെഹം ക്ഷണത്താലെ വന്നു എറങ്ങുമെന്നു നമുക്ക ശങ്ക ആകുന്നു. തൂത്തുക്കുടിയിൽ ഗുണമായിട്ടുതന്നെ ആകുന്നു. തിരുനവെലിയും പാളയംകൊട്ടിലും ഇരുന്ന ഇങ്കരിയസ്സിന്റെയും മമ്മതലി നവാബിന്റെയും പുരുഷാരം, അയിദർനവാബിന്റെ പാളയത്തൊട കറപ്പുവരത്തക്കവണ്ണം ക്ഷണത്തിൽ എത്തണമെന്നു വടക്കൊട്ടുക്കു വിളിപ്പിക്കുകയും ചെയ്യു. പരന്ത്രീസ്സു നമ്മുടെ ബന്ധുവാകുന്നു. വരുന്ന മാസത്തിൽ അവരുടെ പുരുഷാരവും പടക്കപ്പലുകളും എത്തും. പന്ത്രണ്ട ഉലന്ത (ഡച്ച) കപ്പലുകളും വരുന്നുണ്ടു......"

ഡച്ചുകാർ, 'അഴക്കോലിലെ കാക്ക'തന്നെയായിരുന്നു എന്നു സ്പഷ്ടമാണു്. ഇംഗ്ലീഷുകാർ ജയിക്കരുതെന്നു പ്രാൎത്ഥന; ഫ്രഞ്ചുകാർ സഹായിക്കുമെന്നു വിചാരം; അവർ ഇംഗ്ലീഷിനെ തോല്പിക്കുമെന്നു വിശ്വാസം; ഡച്ചിന്റെ ശക്തി തന്നെ കൂടുമെന്നു വ്യാമോഹം; ഹൈദരെ ബഹുപേടി; മുഷിപ്പിക്കാൻ അതിലധികം ഭയം; തൃപ്പാപ്പിയാണെങ്കിൽ ഇംഗ്ലീഷിന്റെ ബന്ധു. 'മത്സ്യവുമല്ല, മാംസവുമല്ല' എന്നുപറഞ്ഞപോലെയുള്ള ഒരു സ്ഥിതിയാണു കൊച്ചിയിലെ ഡച്ചധികാരികൾ അക്കാലത്തു കൈക്കൊണ്ടതു്!

അന്നത്തെ വടംവലികളെ വളരെ വിസ്തരിക്കുന്നില്ല. 'കുലങ്കഷമായ വിചിന്തനങ്ങൾക്കുശേഷം കൊച്ചിയിലെ ശക്തൻതമ്പുരാൻ ഹൈദർനവാബിനു വഴങ്ങി, പാളയത്തെ രാജ്യത്തു കടത്താതെ, സ്വപ്രജകളെ രക്ഷിക്കുവാൻതന്നെ തീൎച്ചപ്പെടുത്തി. കാലസ്ഥിതിക്കു് ഏററവും സമുചിതവും വിവേകപൂൎവ്വകവും ആയ ഒരു പ്രവൃത്തിയായിരുന്നു അതു് എന്നു അനന്തരസംഭവങ്ങൾ ആപാദചൂഡം തെളിയിക്കുന്നുമുണ്ടു്. ഹൈദരും ശക്തൻതമ്പുരാനും ഒരുമാതിരി ലോക്യനിലയിൽ തന്നെ പിന്നീടുകഴിഞ്ഞുകൂടുകയും ചെയ്തു. ഹൈദരുടെ കാലത്തുണ്ടായ രണ്ടു മൂന്നു കത്തുകൾ കൂടി അതിലേയ്ക്കു താങ്ങായി താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

ഹൈദർ നവാബു കോഴിക്കോട്ടു ദിവാൻ സർദർഖാനു് എഴുതിയ കന്നടപരമാനയുടെ പകൎപ്പു മുമ്പു ചേൎത്തുപോയിട്ടുള്ളതാണു്. "ശ്രീരങ്കപട്ടണത്ത ദിവാൻ കൊഴിക്കൊട്ടു ശിരസ്ത്യദാരു രാമലിംഗംപിള്ളക്കു് എഴുതിയ സന്നതു—കൊച്ചിരാജ്യത്ത ഇരുന്ന ഉണ്ടാകുന്ന നെല്ലു മുതലായ്തു ചാവക്കാട്ടു പാറൊത്യക്കാരൻ കൊണ്ടുപൊയി ഇരിക്കറെതാകവും, ചെററുവായി പാറൊത്യക്കാരൻ അന്ത രാജ്യത്തിൽ ഉള്ളവരെ പിടിച്ചു കൊണ്ടുപൊയി ഇരിക്കാതാകവും, സമാചാരം കെൾവിപ്പെട്ടിതു. അതു നെല്ലു മുതലാനതും കുടിയാനവന്മാരെയും വിട്ടുവിടാൻതക്കവണ്ണം ഇതിന്നുമുമ്പിൽതന്നെ പരമാന അയച്ചിരിക്കുന്നു. ആ പരമാനപ്രകാരം എല്ലാം വിടുകയുംവെണം. കായൽവഴിക്കു കൊണ്ടുപൊകുന്ന നെല്ലു മുതലായ്തു പൊകുന്നതു തടവു ചെയ്യാതെ മാമൂൽപ്രകാരം നടത്തിച്ചുകൊടുക്കയും വെണം. മെല്പട്ടു ഇതിൻവണ്ണം വിവാദം വന്നുപൊകയും അരുത.—"

കോഴിക്കോട്ടു ദിവാൻ ഹരിപ്രഭു കൊച്ചി സൎവ്വാധികാരി രാമമേനു

എഴുതിയതു്, നിങ്ങൾ രണ്ടു പ്രാവശ്യം എഴുതി അനപ്പിന കടദാസ്സി നാലെ സകല വിവരവും അറിയപ്പെട്ടിതു. നിങ്ങൾവക ഈശ്വരപ ട്ടര കാര്യക്കാര ഇവിടെ പാളയത്തോടുകൂടെ ഒന്നിച്ച ഇരുന്നുകൊണ്ടു അരമന (ഹൈദരുടെ) കാര്യങ്ങൾ ജാഗ്രതയോടെയും നടന്നുകൊണ്ടു ഇരിക്കുന്നു. അയാൾക്കു നാമും 'ആഷദ്ബെക്കുഖാനും' കൂടി കല്പന കൊടുത്ത നാട്ടിലെക്ക അയച്ചിരിക്കുന്നു. അവിടെ വന്നു ബൊ ധിക്കയും ചെയ്യും. വിശെഷിച്ച ചെനങ്ങാടരശിമലയിലെയും യും ചാവക്കാട്ടുശീമയിലെയുംകൂടി പൂൎവ്വമായിട്ട കൊച്ചിശീമക്ക നടന്നുവരുന്ന ദെശങ്ങളിൽ നാനാവിധങ്ങൾ ചെയ്യാതെ കീഴ നാളിലത്തെപൊലെ നടക്കണ്ടെതിന്ന രണ്ടു താലൂക്കിൽ അമൽദാരന്മാ ൎക്കും കല്പന എഴുതികൊടുത്ത അയച്ചിരിക്കുന്നു. അതുപ്രകാരം ശട്ടം കെട്ടിക്കൊള്ളണം. അരമനകാൎയ്യത്തിന ഒരു മനസ്സായിട്ട നടത്തുകൊ ണ്ടുവന്താൽ തങ്ങളുടെ സംസ്ഥാനകാരിയം അനുകൂലമായിവരും. വിശേ ഷിച്ച നാമും പാളയംകൂടി കൊഴിക്കൊട്ടുക്കുവന്ന അ രാജ്യങ്ങൾ ഒക്ക യും സ്വാധീനമാക്കികൊണ്ട വിവരങ്ങൾ ഒക്കയും ഈശ്വരപട്ടര ഇതി ന്നുമുമ്പു എഴുതി അയച്ചിരിക്കുമല്ലൊ. എന്നതിൻെറശെഷം നാം ഇ വിടക്കുവന്നു കിഴക്കുംപുറം വടക്കുംപുറം പുഴവായി മുതലായ രാജ്യങ്ങൾ ഒക്കയും പറഞ്ഞ പണത്തിന്ന വിവരങ്ങൾചെയ്യ്തയച്ചിരിക്കുന്നു. ഇ ല്ലാത വിവരങ്ങൾ താങ്കൾ അറികവെണ്ടതു."

കാലസ്ഥിതിയേയും അന്നത്തെ രാജനീതിയേയും വിശദമാക്കുന്നതി ന്ു ഉപകരിക്കുന്നതുകൊണ്ടും പല ഇനങ്ങളിലും നമ്മുടെ കഥാനായക നായ ശക്തൻതമ്പുരാന്റെ സ്വഭാവവുമായി സാമ്യം കാണുന്നതുകൊ ണ്ടും ഹൈദരാലിഖാനെക്കുറിച്ചു ഒട്ടും അനുഭാവമില്ലാത്ത ഒരു ഇംഗ്ലീഷു ഗ്രന്ഥകാരൻ രേഖപ്പെടുത്തീട്ടുള്ള വിവരണംകൂടി ചേരാടെ ചേൎത്തുകൊ ള്ളുന്നു. 1779-ൽ ഹൈദറുമായി അഭിമുഖസംഭാഷണം നടത്തിയ "ഷ്വാർട്ട്സ്" ഇപ്രകാരം എഴുതിയിരിക്കുന്നു. "ഹൈദരുടെ കൊട്ടാരം പൌരസ്ത്യസമ്പ്രദായത്തിലുള്ള മനോഹരമായ ഒരു ഹൎമ്മ്യമാണു്. മുൻ വശത്തു വിശാലമായ ഒരു അങ്കണമുണ്ടു്. അതിന്റെ ഇരുവശത്തും വരിവരിയായി വിശാലമായതും തുറന്നതുമായ വലിയ കെട്ടിടങ്ങൾ ഉണ്ടു്. സിവിൽ, ക്രിമിനൽ, സൈനികം, തുടങ്ങിയ എല്ലാ വകുപ്പുക ളിലെയും മേലധികാരികൾ ഗുമസ്തന്മാരോടുകൂടി എല്ലാനേരത്തും അവിടെ പ്രവൃത്തിയെടുത്തുകൊണ്ടിരിക്കും. കൊട്ടാരത്തിന്റെ മുകളി ലെ പൂമുഖത്തു നിന്നാൽ അവർ പ്രവൃത്തി എടുക്കുന്നതു നേരിട്ടു നോക്കി

കാണാം. അവിടെ എങ്ങും ആഡംബരത്തിന്റെ ഒരു ലക്ഷണവും ഇല്ല. എന്നാൽ കാൎയ്യക്ഷമതയും കണിശവും ചൊവ്വചൊവ്വകളും സൎവ്വത്ര തെളിഞ്ഞുകാണാം. ഹൈദർ ഒരാൾക്കു സമ്മാനം കല്പിച്ചുകൊടുക്കുന്നതു വളരെ അപൂൎവ്വമാണു്. നയമല്ലാ ഭയമാണു് അവിടെ വാഴുന്നതു്. ഇരുനൂറോളം വില്ലക്കാർ നീണ്ട കൊരടാവും ഉയൎത്തിപ്പിടിച്ചുകൊണ്ടു് അതു പ്രയോഗിക്കാൻ സദാസന്നദ്ധരായി നില്ക്കുന്നു! കുറെ പേൎക്കെങ്കിലും അടിശിക്ഷ കിട്ടാത്ത ഒരുദിവസമില്ല. ശിക്ഷയ്ക്കു് ആളുവസ്ഥയോ ജാതിവ്യത്യാസമോ ഒന്നുമില്ല. വലിയ ഉദ്യോഗസ്ഥന്മാൎക്കും, കുതിരക്കാൎക്കും, തോട്ടക്കാൎക്കും സ്വന്തം സന്താനങ്ങൾക്കും എല്ലാം പിഴച്ചാൽ കൊരടാവുകൊണ്ടുള്ള നല്ല അടിതന്നെ. 'അടിച്ചു പുറം പൊളിക്കുക' യാണു് അവിടത്തെ സാധാരണമായ ശിക്ഷ. ഏതുദ്യോഗസ്ഥനേയും അടിപ്പിച്ചു വിടും. എന്നാൽ ആരേയും പണിയിൽനിന്നു പിരിക്കില്ല. അടിയുടെ വടുക്കളോടുകൂടി അവർ വീണ്ടും പ്രവൃത്തി എടുക്കും. 'അടിയുടെ പാടുകൾ കണ്ടു' മററുള്ളവർ പഠിക്കട്ടെ. 'വഞ്ചകന്മാൎക്കു മാനഹാനിക്കു്, അവൎക്കു മാനം എവിടെ' എന്നാണത്രെ ഹൈദരുടെ പക്ഷം! ഞാനായിട്ടു കുറച്ചധികംനേരം സംസാരിച്ചുകൊണ്ടിരുന്നു. വളരെ ആദരവോടും വിവേകത്തോടും കൂടിയാണു സംസാരിച്ചതു്. അതിനിടയിലും ആയിരംകൂട്ടം വലിയകാൎയ്യങ്ങൾ അദ്ദേഹം അവിടെ നടത്തിക്കൊണ്ടുപോന്നു. തുടരെത്തുടരെ ഓരോരുത്തർ വരുന്നു; ഓരോന്നു വായിച്ചു കേൾപ്പിക്കുന്നു; ഉടനെ മറുപടി കല്പിക്കുന്നു; കല്പന കേട്ടവർ ധൃതിപ്പെട്ടു പുറത്തുപോകുന്നു; കല്പിച്ച കല്പന എഴുതിക്കൊണ്ടു വരുന്നു; അതു വീണ്ടും വായിച്ചു കേൾപ്പിക്കുന്നു; കടലാസ്സു വാങ്ങിച്ചു മുദ്രകുത്തി കൊടുക്കുന്നു; ഇങ്ങനെ ഒരു പ്രവാഹം ഇടവിടാതെ വന്നുകൊണ്ടും പൊയ്ക്കൊണ്ടും ഇരുന്നു! കാൎയ്യവിചാരവും, ബുദ്ധികൂൎമ്മയും, തീൎപ്പിനുള്ള ശീഘ്രതയും, അതിനുള്ള ഉറപ്പും അത്ഭുതാവഹമാകുന്നു. ഹൈദൎക്കു് എഴുത്തറിയില്ല. പേരിന്റെ ആദ്യാക്ഷരംമാത്രം വളരെ ഞെരുങ്ങി ഒന്നു കോറുവാൻ ശീലിച്ചിട്ടുണ്ടു്. അതുപയോഗിക്കൽ വളരെ അപൂൎവ്വമാണു്. എന്നാൽ, ഹിന്തുസ്ഥാനി, മറാത്തി, കന്നടം, തെലുങ്കു്, തമിഴു് ഈ ഭാഷകളിലെല്ലാം സാമസമായി സംഭാഷണം ചെയ്യാം. കല്പന പറഞ്ഞതു കേട്ടുപോയ ആളല്ലാ അതു് എഴുതിയ കടലാസ്സുകൊണ്ടുവന്നു വായിക്കുക! പറഞ്ഞുകൊടുത്തതിനും എഴുതി വന്നതിനും ഈഷൽഭേദമുണ്ടെങ്കിൽ എഴുതിയവന്റെ തലയില്ല: മതം ആൎക്കു് എന്തായാലും അദ്ദേഹത്തിനു് ഒന്നുമില്ല. അതൊക്കെ അവരവരുടെ ഇഷ്ടമാണെന്നാണു് അഭിപ്രായം. ഹൈദൎക്കു് ഒരു മതവുമില്ല".

‘നിഷാൻ ഹൈദർ’ എന്ന പേഴ്സ്യൻപുസ്തകത്തിൽ ഇങ്ങനെയും കാണുന്നു. “സകലസ്ഥലത്തും ഹൈദരുടെ ആൾക്കാരുണ്ട്. നിരുപദ്രവഭാവത്തിൽ അവർ എല്ലാവാർത്തകളും പെറുക്കിക്കൊണ്ടുവന്നു ഹൈദർക്കു കൊടുക്കും. അവരിൽനിന്ന് എല്ലാം അപ്പപ്പോൾ ധരിച്ചിരിക്കും. കാർമ്മശക്തി അസാമാന്യമാണ്. രാപ്പകൽ ഒരുപോലെ ഹൈദർ പ്രവൃത്തി എടുത്തുകൊണ്ടിരിക്കും. അന്യരാജാക്കന്മാരുമായുള്ള യുദ്ധകാര്യങ്ങൾ മുതൽ ആരാമത്തിലെ അടിച്ചുതളിയുടെ അവധികാര്യംവരെ സകലതും ഹൈദർ താൻതന്നെ കല്പിച്ചു നടത്തും. കൂടാരംകെട്ടുന്ന കയറുംകൂടി ഹൈദർ നോക്കി സമ്മതിക്കണം!

“ശിക്ഷയുടെ കാര്യത്തിൽ ഒരു ദാക്ഷിണ്യവുമില്ല. കണ്ണുനാസാച്ഛേദങ്ങൾ കേവലം സാധാരണങ്ങളായ ശിക്ഷകളാണ്. മരണശിക്ഷയ്ക്കും അശേഷം മനസ്സങ്കോചമില്ല. കുറ്റക്കാരായ മനുഷ്യർക്കു വല്ല ഈച്ചയുടെയൊ കൊതുവിന്റെയോ സ്ഥാനമേയുള്ളൂ. തിരിച്ചുവരുമെന്നുള്ള ഉറപ്പോടുകൂടി ആരും തിരുമുമ്പിൽ ചെല്ലാറില്ല. ഉച്ചയ്ക്കു പന്ത്രണ്ടുമണിക്കും രാത്രി പന്ത്രണ്ടുമണിക്കുമാണു രണ്ടു ഭക്ഷണം. ഇടയ്ക്കൊന്നും കഴിക്കുക സാധാരണ പതിവില്ല. അന്തഃപുരത്തിൽ അറുനൂറോളം തരുണികളെ വളർത്തിയിരുന്നാലും സ്ത്രീവിഷയം ഒരു മിനിട്ടുപോലും, അദ്ദേഹത്തെ കാര്യവിമുഖനാക്കുകയോ, അദ്ദേഹത്തിന്റെ അഭിപ്രായഭേദത്തിനു കാരണമാകുകയൊ ഉണ്ടായിട്ടില്ല. ദാസിയാട്ടവും വിനോദപ്രകടനങ്ങളും വളരെ പത്ഥ്യമായിരുന്നു.”

നിസ്സാരസംഗതികളിൽക്കൂടി സ്വന്തം ശ്രദ്ധചെലുത്തുക, എഴുതിവരുന്നതിനു മറുപടി നേരിട്ടു കല്പിച്ചു അയയ്ക്കുക, കുറ്റക്കാരെ ശിക്ഷിക്കുക, വലിയ ഉദ്യോഗസ്ഥന്മാരെപ്പോലും കൂലിക്കാരെപ്പോലെ വിക്ഷിക്കുക, രാജ്യത്തൊക്കെ ചാരന്മാരെ നിർത്തി അപ്പപ്പോൾ സംഗതികൾ ധരിക്കുക, ആഡംബരരഹിതമായ ജീവിതം നയിക്കുക, മതകാര്യങ്ങളിൽ ആർക്കെന്തുമതമായാലും വിരോധമില്ലാതിരിക്കുക, എന്നിങ്ങനെ ഹൈദരാലിഖാനുണ്ടായിരുന്നതായി മേൽച്ചേർത്ത ഉദാഹരണങ്ങളിൽനിന്നു തെളിയുന്ന സ്വഭാവവിശേഷങ്ങൾ ഒട്ടുമുക്കാലും അപ്രകാരംതന്നെ ശക്തൻതമ്പുരാനുമുണ്ടായിരുന്നതായി കാണാവുന്നതാണ്.

തിരുവിതാംകൂറിനെയും കീഴമർത്തണമെന്നു ഹൈദർക്കു നല്ല മോഹമുണ്ടായിരുന്നു. രാജ്യഭ്രാന്തുകൊണ്ടു ഹൈദരും മതഭ്രാന്തുകൊണ്ടു ടിപ്പു

വും സ്വന്തം നാശത്തിനുള്ള വഴികളെ താൻതാൻ തന്നെ വെട്ടിത്തെളിയിച്ചു. ഹൈദർ നവാബിൻെറയും പ്രത്യേകിച്ചും ടിപ്പുസുൽത്താൻെറയും നാമങ്ങളെ ഒന്നരനൂറ്റാണ്ടിനു ശേഷവും കേരളം മറന്നിട്ടില്ല. പെരുമാളൊഴിഞ്ഞപ്പോൾ മുളച്ചുയർന്ന കേരളത്തിലെ അനവധി രാജസ്ഥാനങ്ങളിൽ രണ്ടെണ്ണമൊഴിച്ചു മറ്റെല്ലാം മുടിയടഞ്ഞതു് അവരുടെ കൈകൊണ്ടാണു് !

XV

ടിപ്പുസുൽത്താൻ

"എനിക്കു പൈതൃകമായി ഒരു രാജ്യവും സിദ്ധിച്ചിരുന്നില്ല. ഞാൻ നിനക്കു് ഒരു സാമ്രാജ്യത്തെ സമ്പാദിച്ചുവെച്ചിരിക്കുന്നു. അതിനെ സൂക്ഷിച്ചു സംരക്ഷിക്കുക" എന്നുള്ള അന്ത്യശാസനമാണു ഹൈദരാലിഖാൻ ടിപ്പുസുൽത്താനു നല്കിയിരുന്നതു്. ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ, മറാത്താക്കാർ, ഹൈദരബാദിലെ നൈസാം ഈ കൂട്ടർ ശക്തിപ്പെട്ടുവരുന്ന കാലമായിരുന്നു അതു്. അവരോടൊക്കെ ഹൈദർക്കു ഓരോ തരത്തിൽ ഏററുമുട്ടേണ്ടിവന്നിട്ടുണ്ടു്. ഹൈദരുടെ ഉപദേശത്തെ, രാജപുത്രനായിത്തന്നെ ജനിച്ചുവളർന്ന ടിപ്പുസുൽത്താനു്, അതിൻെറ ശരിയായ നിലയിൽ മനസ്സിലാക്കുന്നതിനു്, ആദ്യം സാധിച്ചില്ല. അന്തരാർത്ഥം അറിഞ്ഞു തുടങ്ങിയപ്പോഴേക്കും ആപല്ക്കരമായ നിലയിൽ നിപതിക്കുകയും ചെയ്തു. പെട്ടെന്നു് ഒരു മതഭ്രാന്തു പിടിപെട്ടതുകൊണ്ടാണു് — പോർത്തുഗീസ്സുകാർക്കു പററിയതും പ്രധാനമായി അതുതന്നെയാണു് —ടിപ്പുവിൻെറ അധഃപതനത്തിനു വേഗം കൂടിയതു്.

ഹൈദരാലിഖാൻെറ മരണാനന്തരം മകൻ ടിപ്പുസുൽത്താൻ കിരീടപതിയാകുകയും അദ്ദേഹം "അർഷെഡ്ബെക്ക്ഖാൻ" എന്ന ഒരു കർണ്ണാട്ടിക്കുകാരനെ നീലേശ്വരംമുതൽ കൊച്ചിവരയ്ക്കുള്ള തൻെറ മലയാളരാജ്യത്തിൻെറ ഭരണാധികാരിയായി "ജനറൽ ഫൗജിദാർ" എന്ന സ്ഥാനപ്പേരോടുകൂടി 958-ൽ കോഴിക്കോട്ടേയ്ക്കു് അയയ്ക്കുകയും ചെയ്തു. അർഷെഡ് വലിയ മര്യാദക്കാരനും, നല്ല നയജ്ഞനും, ബഹുസമർത്ഥനും

ആയിരുന്നതുകൊണ്ടു പൊറാറകെട്ടിത്തുടങ്ങിയിരുന്ന വ്രണങ്ങളിൽ കൊള്ളിവെച്ചു പൊള്ളിക്കാതെ തൈലം പകന്നു സുഖപ്പെടുത്തിക്കൊണ്ടിരുന്നു. അദ്ദേഹത്തിനെ ഇന്നും ജനങ്ങറം കൃതജ്ഞതയോടെ സ്മരിച്ചുവരുന്നുണ്ടു്. ടിപ്പുവിൻെറ മലബാർഭരണം തുടക്കത്തിൽ വളരെ കാൎയ്യക്ഷമവും സുഖാവഹവുമായിരുന്നു എന്നുതന്നെവേണം പറയുവാൻ. അന്നു ഹിന്ദുക്കളല്ലാ, "മാപ്പിളമാ"രാണു്, വഴക്കിനൊരുമ്പെട്ടതു്. മഞ്ചേരിയിലെ 'കുരുക്കറം മാപ്പിള' എതിൎത്തു പുറപ്പെടുകയും, 'ആഷെഡു്ബെക്കി'നു സൈന്യബലം പോരാതെവരികയും, നയോപായങ്ങളാൽ അദ്ദേഹം സാമൂതിരിക്കോവിലകത്തെ "രവിവൎമ്മ"യെ കൂട്ടുപിടിക്കുകയും ഇരുവരും ചേൎന്നു കുരുക്കളെ തോല്പിച്ചു കാട്ടുകേററുകയുംചെയ്തു.

"കുരുക്കളുടെ യുദ്ധ"ത്തിനുശേഷമാണു ടിപ്പുസുൽത്താൻ ഇദംപ്രഥമമായി, 962 മേടമാസത്തിൽ, മലയാളത്തിലേക്കു വന്നതു്. "കാൎയ്യങ്ങറം ഇത്ര ഭംഗിയായും സുകരമായും നടന്നിട്ടും ഇങ്ങനെയല്ലേ ഉണ്ടായതു്" എന്നുള്ള ഒരു ഇച്ഛാഭംഗത്തോടും കോപത്തോടും കൂടിയായിരുന്നു ആ യാത്ര. ആ വരവിൽ കോഴിക്കോട്ടുവെച്ചുണ്ടായ അനുഭവത്തിൻെറ ഫലമായിട്ടാണത്രെ അവസാനത്തിൽ തനിക്കുതന്നേ കോടാലിയായിത്തീൎന്ന മതപരിവൎത്തനപ്രസ്ഥാനം പരസ്യമായും ശക്തിയായും ടിപ്പു ആരംഭിച്ചതു്. രാജ്യത്തിലെ ഐകമത്യത്തിനും, ഭരണത്തിൻെറ രക്ഷക്കും ഭരണീയരുടെ അഭിവൃദ്ധിക്കും, പ്രജകറം ഏകമതാവലംബികളായിരിക്കുന്നതു് അത്യാവശ്യമാണെന്നുള്ള ഒരു തോന്നലാണു്, "സകലരും നമ്മുടെ മുഹമ്മദുമതം സ്വീകരിച്ചുകൊള്ളണം" എന്നുള്ള പ്രഖ്യാപനത്തിൻെറ അടിസ്ഥാനമെന്നു ടിപ്പുതന്നെ പ്രസ്താവിച്ചിട്ടുള്ളതായി ഇംഗ്ലീഷു് കമ്മീഷണർമാരുടെ റിപ്പോൎട്ടിൽ സൂചനയുണ്ടു്. എന്തു കാരണംകൊണ്ടായാലും തനിക്കുള്ള ശവക്കുഴി താൻതന്നെ കുഴിക്കുകയാണു ടിപ്പു ചെയ്തതു്. അതിനെത്തുടൎന്നു മലയാളത്തിലുണ്ടായ വിപ്ലവങ്ങളും നാശങ്ങളും ഒന്നും ഇവിടെ സംഗതങ്ങളല്ലാത്തതുകൊണ്ടു വിസ്തരിക്കുന്നില്ല. 966-ൽ ടിപ്പുവിൻെറ സൈന്യം മലയാളത്തിൽനിന്നു തീരെ പുറത്താക്കപ്പെട്ടു. 967-ലെ കരാറുപ്രകാരം ടിപ്പുവിൻെറ മലയാളം ഇംഗ്ലീഷുകാൎക്കു് അധീനവുമായി. 957 മുതൽ 967 വരെയുള്ള ദശവൎഷങ്ങളിലെ ടിപ്പുവിൻെറ വിക്രമങ്ങളാണു മലയാളത്തെ കീഴ്മേൽ മറിച്ചതു്. 'പാളയക്കാലം' മലയാളികറം ജന്മജന്മാന്തരങ്ങളിലും മറക്കാത്ത ഒരു കലാപമായിരുന്നു. മൈസൂർപ്പുലി കടക്കാത്ത തൊഴുത്തൊന്നും മലയാളത്തിലുണ്ടായിരുന്നില്ല. എന്നാൽ, കൊ

ച്ചിയെ സംബന്ധിച്ചേടത്തോളം അതിലും ചില വ്യത്യാസങ്ങൾ കാണാവുന്നതാകുന്നു.

946-മുതല്ക്കു്, അന്നു് ഇരുപതു തിരുവയസ്സേ ആയിരുന്നുള്ളുവെങ്കിലും, കൊച്ചിയുടെ ഭരണഭാരം മുഴുവനും ഏററു നടത്തിവന്നിരുന്നതു് — അന്നു കാരണവന്മാർ രണ്ടുപേരുണ്ടായിരുന്നെങ്കിലും — ശക്തൻതമ്പുരാനാകകൊണ്ടു ഹൈദരുടെ വരവുമുതല്ക്കുള്ള ചരിത്രഗതികൾക്കെല്ലാം കൊച്ചിരാജ്യത്തെ സംബന്ധിച്ചേടത്തോളം പ്രധാനോത്തരവാദി അവിടുന്നു തന്നെയായിരുന്നു. കോഴിക്കോട്ടുചെന്നു ഹൈദരാലിഖാനെക്കണ്ടു കാഴ്ച കഴിപ്പാൻപോയ കൂട്ടത്തിലും അവിടുന്നുണ്ടായിരുന്നു എന്നും, അവിടുത്തെ വിനയമധുരമായ അത്ഭുതഗാംഭീര്യവും, കാര്യഗ്രഹണവൈദഗ്ദ്ധ്യവും നവാബിനു നന്നെ പിടിച്ചു എന്നും ആണു പറയപ്പെടുന്നതു്.

മൈസൂരുമായി സന്ധിചെയ്യുന്നതിനുണ്ടായ കാരണങ്ങളുടെ കുറ ഏകദേശജ്ഞാനം ശക്തൻതമ്പുരാന്റെ വാക്കുകളിൽനിന്നുതന്നെ അറിയുന്നതു വളരെ കൗതുകമായിരിക്കുമല്ലൊ. അതിനായി, 964 കുംഭം 23-ാംനു- അവിടുന്നു് അന്നത്തെ ഡച്ചു് ഏതിരേൽക്കു് അയച്ചതായ ഒരു എഴുത്തിലെ ചില ഭാഗങ്ങൾ, താഴെ എടുത്തുചേർത്തുകൊള്ളുന്നു "...താങ്കൾ പന്ത്രണ്ടുകാലം കൊച്ചിയിൽ ഇരിക്കകൊണ്ടു നമ്മുടെ സ്വത്രുപത്തികളെയും രാജ്യത്തിലെയും പ്രകാരങ്ങൾ അറിയാമല്ലൊ. ഹൈദർ നവാബ മലയാളത്തിൽവന്നു നമ്മുടെ രാജ്യം കുതുക്കവാൻ നാട്ടിൽ പാളയം കടത്തി ഇട്ടതും, അതിന്റെ ശെഷം ഇപ്പൊഴത്തെ അവസ്ഥക്ക ദ്രവ്യം കൊടുത്തും രാജ്യം ബലവാൻ കുതുക്കി പൊകാതെ ആക്കി നിലനിർത്തണമെന്നും, പിന്നത്തതിൽ വെണ്ടുംവണ്ണം വിചാരിച്ചു നിദാനം വരുത്താമെന്നും, നാം നിശ്ചയിച്ചതും, കാലത്താൽ ദ്രവ്യം കൊടുക്കുക എന്നു നിശ്ചയിച്ചു പാളയം വാങ്ങിച്ചതും നമ്മുടെ ഏതിലരുടെ മനസ്സിൽ ഉണ്ടല്ലൊ. ഹൈദർ നവാബു മരിച്ചു. അയാളുടെ മകൻ ടിപ്പുസുൽത്താൻ അത്രെ ഇപ്പൊൾ രാജ്യം വാഴുന്നതു. 'പാർഛാ' എന്ന പട്ടപ്പെരും, (പാദ്ഷാ എന്നായിരിക്കണം) ആക്കി ഏറിയ ബലവാനായി എല്ലാ ജനങ്ങളൊടും മര്യാദവിട്ടു് അതിക്രമങ്ങൾ ചെയ്തു നശിപ്പിക്കയും ജനങ്ങൾക്കു സഹിച്ചുകൂടാത്തവണ്ണം പ്രവൃത്തിക്കയും ആകുന്നു. ഇപ്പൊൾ നമ്മുടെ രാജ്യവുംകുതുക്കി അയാൾ ബലത്തൊടുകൂടി വന്നു തുപ്പാപ്പി സ്വത്രുപത്തിലെ രാജ്യം കുതുക്കണമെന്നുവെച്ചു ഇടങ്ങി ഇരിക്കുന്നു. നമുക്കു പലപ്രകാരത്തിലും രാജ്യച്ചെതവും ദ്രവ്യനാശ

വും അനത്ഥവും അനുഭവിച്ചാകുന്നു ഇരിക്കുന്നതു. ടിപ്പുസുൽത്താൻെറ ബലം ഇങ്ങൊട്ടു കടന്നു പൊയെങ്കിൽ നമുക്കു എങ്ങുംതന്നെ ഒരു നില ഇല്ലാതെവരും..."

ടിപ്പു കൊച്ചിക്കു കടക്കുന്നതിനു മുമ്പിൽ മലയാളത്തിൽ നടത്തിയതായി മുമ്പു സൂചിപ്പിച്ചിട്ടുള്ള അക്രമങ്ങളെക്കുറിച്ചാണ് ഇവിടെ വിവക്ഷിച്ചിട്ടുള്ളതു്. ആദ്യകാലത്തു കൊച്ചിയോടു ടിപ്പുവിനു വളരെ പ്രതിപത്തിയും, ശക്തൻതമ്പുരാനെ ആന്തരമായ ബഹുമാനവും ഉണ്ടായിരുന്നു. യാതൊരു ദ്രോഹങ്ങളും നാശങ്ങളും ചെയ്യാതെ നല്ല മര്യാദക്കാരനായിട്ടുതന്നെയാണു ടിപ്പു കൊച്ചിയിൽ പ്രവേശിച്ചതും പ്രവത്തിച്ചതും എന്നു പ്രാരംഭഘട്ടത്തിലും 'തൃച്ചൂരിൽ' കച്ചേരി സ്ഥാപിച്ചു താമസിച്ചിരുന്നകാലത്തും ടിപ്പു ചെയ്തിട്ടുള്ള സംഗതികളിൽനിന്നു മനസ്സിലാക്കാം. കൊച്ചിരാജാവിനെ തോല്പിച്ചോടിക്കണമെന്നോ, രാജ്യം പിടിച്ചടക്കണമെന്നോ, തുടക്കത്തിൽ എന്തായാലും, സുൽത്താൻ ആഗ്രഹിച്ചിരുന്നില്ലെന്നു്, ആദ്യകാലത്തെ സമ്പ്രദായത്തിനു പെട്ടെന്നു വന്നുചേന്ന മാററത്തിൽനിന്നു ധാരാളം കാണാവുന്നതാണ്. പരാജിതനാക്കപ്പെട്ടതിനുശേഷവും കൊച്ചിരാജാവിൻെറ നേരേ ടിപ്പുവിനു് ഒരു വാത്സല്യവും അനുഭാവവും ഉണ്ടായിരുന്നതായി ആലങ്ങാട്ടു്, പറവൂർ, കരപ്പുറം പ്രദേശങ്ങളെക്കുറിച്ചുണ്ടായ വമ്പിച്ച വാദപ്രതിവാദത്തിൽ സംശയനിവൃത്തിക്കുവേണ്ടി കമ്മീഷണർമാർ ടിപ്പുവിനോടു് അഭിപ്രായം ചോദിച്ചപ്പോൾ അദ്ദേഹം അയച്ച അത്ഭുതകരമായ മറുപടിയിൽനിന്നു പ്രത്യക്ഷപ്പെടുന്നുണ്ടു്. അതിനെക്കുറിച്ചു മറെറാരു ഘട്ടത്തിൽ വിവരിച്ചിട്ടുള്ളതാകുന്നു.

എന്നാൽ പിന്നീടു പെട്ടെന്നുണ്ടായ ഈ അഭിപ്രായവ്യത്യാസത്തിനുള്ള കാരണമെന്താണെന്നു് അറിഞ്ഞിരിക്കണമല്ലോ. "തൃപ്പാപ്പിസ്വരൂപത്തിലെ രാജ്യം ഒളുക്കണമെന്നുവെച്ചു തുടങ്ങിയിരിക്കുന്നു". മേലുദ്ധരിച്ചിട്ടുള്ള എഴുത്തിലെ ഈ വാചകത്തിൽക്കൂടി നോക്കിയാൽക്കാണാം ടിപ്പുവും ശക്തൻതമ്പുരാനും തമ്മിൽ പിണങ്ങുവാനും, കൊച്ചിരാജ്യം ടിപ്പുസുൽത്താൻ കൈവശപ്പെടുത്തുവാനും, ഏറിയ നാശങ്ങൾക്കും ദ്രോഹങ്ങൾക്കും ഒരുമ്പെടുവാനും ഉണ്ടായ യഥാത്ഥകാരണം. തൻെറ ശത്രുക്കളായ ഇംഗ്ലീഷുകാരുടെ ബന്ധു, താൻ തോല്പിച്ചു് ഓടിച്ച മലയാളത്തിലെ രാജാക്കന്മാക്കും മററും അഭയം അരുളിയ ധിക്കാരി, ഈ നിലയിൽ പ്രത്യേകിച്ചും, തിരുവിതാംകൂർരാജാവു ടിപ്പുവിൻെറ വമ്പി

ച്ച വിദ്വേഷത്തിന്നു വിഷയമായിരുന്നു. മലയാളത്തിലേക്കു വന്ന മുതല്ക്കുതന്നെ കന്യാകുമാരിയിലോളംനോക്കിക്കൊണ്ടു 'വെള്ളമിറക്കി'ക്കൊണ്ടാണു ടിപ്പു വർത്തിച്ചിരുന്നതു്. തിരുവിതാംകൂറിനെ ആക്രമിക്കുവാൻ കൊച്ചിരാജ്യത്തുകൂടിത്തന്നെവേണം പോകുന്നതിനു്. കൊച്ചിയെ ഒരു 'കീഴേട'മായ് നിലക്കു നിർത്തി കൊച്ചിയുടെ സഹായത്തോടുകൂടി തിരുവിതാംകൂറിനെ കീഴടക്കണമെന്നേ തുടക്കത്തിൽ ഏതായാലും അദ്ദേഹത്തിനു് ആഗ്രഹമുണ്ടായിരുന്നുള്ളു. അക്കാര്യത്തിൽ കൊച്ചി ഒന്നു 'വിറങ്ങലിച്ചു'; അഥവാ വിലങ്ങിച്ചു. അതാണു ഭാവഭേദത്തിനും, ശത്രുതക്കും പ്രധാനകാരണമായിഭവിച്ചതു്. മേലുദ്ധരിച്ച ആ എഴുത്തിലെ ശേഷം ഭാഗങ്ങളിൽനിന്നു ആ വൃത്താന്തം ഏറെക്കുറെ സ്പഷ്ടമാകുന്നുമുണ്ടു്. ആ ഭാഗം ഇപ്രകാരമാണു്:—

"പാർഛാ ഏറിയ ബലത്തോടുംകൂടി 963 എടവമാസത്തിൽ മലയാളത്തിൽ കോഴിക്കോട്ടേക്കും പാലക്കാട്ടുശെരിക്കും വരികകൊണ്ടു നാം ചെന്നു കാണണമെന്നു പല എഴുത്തുകളും ആളുകളും വന്നതിന്റെ ശെഷം ആ സംഗതി ഇപ്പൊഴത്തെ ഏതിലെര ആയിട്ടും തൃപ്പാപ്പിസ്വരൂപത്തിങ്കൽ രാജാവായിട്ടും വിചാരിച്ചാറെ, ഇപ്പൊൾ ചെന്നു കാണാഞ്ഞാൽ പാർഛാ രാജ്യങ്ങൾ ഒതുക്കി ഏറിയ അനൎത്ഥങ്ങൾ അനുഭവിപ്പിക്കുമെന്നു രണ്ടുപെരും പറകകൊണ്ടു 963 എടവമാസം 14-ാം നു-നാം പാലക്കാട്ടുശ്ശെരിക്കു ചെന്നുകണ്ടു പറഞ്ഞു 16-ാംനു- ഇങ്ങൊട്ടു പൊരികയുംചെയ്തു."

പാലക്കാട്ടുവെച്ചുണ്ടായ ഈ കൂടിക്കാഴ്ച ഒരു വലിയ സംഭവമായിരുന്നു. കൊച്ചിയുടെ മാത്രമല്ല, തിരുവിതാംകൂറിന്റെയും, ഭാവിയെ രൂപപ്പെടുത്തുന്ന ഒരു കൂടിക്കാഴ്ചയായിരുന്നു അതു്. പാലക്കാട്ടുകോട്ടയിൽ വെച്ചാണു കൂടിക്കാഴ്ച നടന്നതു്. ഒരു സാമന്തരാജാവിനെപ്പോലെ വിനയാന്വിതനായിട്ടുതന്നെയാണു ശക്തൻതമ്പുരാൻ 'പാർഛാ'യുടെ പാർശ്വത്തിൽ ചെന്നതു്. പതിവുപോലുള്ള തിരുമുൽക്കാഴ്ചകളുമുണ്ടായിരുന്നു. തമ്പുരാനു് അന്നു 37 വയസ്സാണു്. എളയതമ്പുരാനായിരുന്നു. 965-ലാണു് അവിടേക്കു മൂപ്പുകിട്ടിയതു്. 'കന്നടത്തി'ലാണു് അവർ തമ്മിൽ സംഭാഷണം നടന്നതു്. രണ്ടു വാൾക്കാരന്മാരും മൂന്നോ നാലോ വാലിയക്കാരുമല്ലാതെ ആരും പാലക്കാട്ടെത്തുമ്പോൾ ശക്തൻ ഒരുമിച്ചുണ്ടായിരുന്നില്ല. കല്ലൂരു നമ്പൂരിപ്പാടു മന്ത്രംജപിച്ചു തിലകം തൊടുവിക്കയും, ചേന്ദോസ്സനമ്പൂരി പുഷ്പാഞ്ജലികഴിച്ചു തീർത്ഥം സേവിപ്പിക്കയും

ചെയ്തിട്ടാണത്രെ ശക്തനെ ടിപ്പുവിൻെറ അടുക്കൽ അയച്ചതു്. അവർ രണ്ടുപേരും അനുഗമിച്ചതായും പറയപ്പെടുന്നു. ടിപ്പു തമ്പുരാനെ സ്നേഹാദരങ്ങളോടുകൂടി സ്വീകരിച്ചിരുത്തി. അവർ തമ്മിൽ നടന്ന സംഭാഷണത്തിൻെറ സാരം താഴെ ചേക്കുന്നു.

ശക്തൻ: പാർഷാ തൃപ്പാദങ്ങൾക്കു പെരുമ്പടപ്പിൽ എളയരാജാവിൻെറ സലാം. ഇത്രനേരവും വന്നു കാണാഞ്ഞതിൽ മനസ്സാപാപ്പെടുന്നു.

ടിപ്പു: അല്ലാ. താങ്കൾ എളയരാജാവാണൊ? കാരണവരെവിടെ?

ശക്തൻ: വൃദ്ധനും, ദീനക്കാരനുമാണ് അമ്മാമൻ. അതുകൊണ്ടെന്നെ അയച്ചു. ആ കാരണംകൊണ്ടുതന്നെയാണ് ഇത്രനാളായിട്ടും, കല്പനകൾ അയച്ചിട്ടും, വന്നുകാണാഞ്ഞതും. പാർഷായോടുള്ള വിശ്വാസത്തെയും അനുസരണത്തെയും അമ്മാമൻ പ്രത്യേകം അറിയിക്കുന്നു. അനുഗ്രഹത്തിനു് അപേക്ഷിക്കയുംചെയ്യുന്നു. കീത്തിപ്പെട്ട ഹൈദർ നവാബുനാളിലെപ്പോലെ പെരുമ്പടപ്പിനെ പാലിക്കണമെന്നാണ് അമ്മാമൻെറ പ്രാത്ഥന.

ടിപ്പു: കൊച്ചിയിലെ കായ്യവിചാരം അമ്മാമനോ താങ്കളാണോ?

ശക്തൻ: അമ്മാമൻെറ ചൊല്പടിക്കു്, പാർഷായുടെ അനുഗ്രഹത്താൽ എന്നാൽ ആവുന്നതു ഞാൻ അന്വേഷിക്കുന്നുണ്ടു്. അന്തരിച്ച ഹൈദരാലിഖാനും അറിവുള്ള സംഗതിയാണതു്.

ടിപ്പു: പാർഷായുടെ വന്ദ്യപിതാവു് ഹൈദരാലിഖാൻ—ഹള്ളാ! രക്ഷിക്കട്ടെ — എന്നാൽ താങ്കളെപ്പററിയും നമ്മോടു പറഞ്ഞിട്ടുണ്ടു്.

ശക്തൻ: നവാബിനു ദൈവാനുഗ്രഹത്താൽ നമ്മെ കുറെ കായ്യമായിരുന്നു. ആ സ്നേഹം നിലനിന്നുകാണാൻ പ്രാത്ഥിക്കുന്നു.

ടിപ്പു: കൊള്ളാം. മലയാളത്തുകാരുടെ വാത്തകളെല്ലാം ധരിച്ചിട്ടില്ലേ? പാർഷായെ അവരൊന്നു കളിപ്പിക്കാൻ നോക്കി.

ശക്തൻ: സാഹസം—അവിവേകം—ആപൽക്കാലം.

ടിപ്പു: താങ്കളുടെ പണങ്ങളെല്ലാം അരമനയിൽ അരക്കാശുവിടാതെ അടഞ്ഞുവരുന്നില്ലെ?

ശക്തൻ: കഷ്ടപ്പെട്ടാണെങ്കിലും പാർഷായുടെ കായ്യത്തിൽ വീഴ്ചവരുത്തുന്നില്ല. ഒരു മനസ്സായിരിക്കുന്നു.

ടിപ്പു: നല്ലതു്. നമ്മുടെ രക്ഷയുണ്ടാവും. നമ്മെ വിശ്വസിച്ചിരിക്കണം. തൃപ്പാപ്പിയായിട്ടെങ്ങനെയാണു്?

ശക്തൻ: (കുന്നുകൂടി കരുതിക്കൊണ്ടു്) അയൽരാജ്യമാണു്. പണ്ടു പല അലോഹ്യങ്ങളും ഉണ്ടായിട്ടുണ്ടു്. ഇപ്പോഠം രണ്ടും പറയാതെ കഴിയുന്നു.

ടിപ്പു: ആഠം കുറെ ബലവാനാണോ? ഉലന്തയോ?

ശക്തൻ: തുപ്പാപ്പിസാമ്രാജ്യത്തിലെ രാജ്യം വലുതാണു്. ദ്രവ്യസമ്പത്തുമുണ്ടു്. ഇങ്കരിയസ്സു കമ്പഞ്ഞിക്കാരുടെ സഖ്യവും. ഉലന്തയുടെ ഉപദ്രവമൊന്നും ഇപ്പോഴില്ല.

ടിപ്പു: ഛീ-ഭാഷു്! പാർഛായുടെ ബലം അവരറിയുന്നില്ല. നാമൊരു പാഠം പഠിപ്പിക്കും. മലയാളത്തരെയൊക്കെ പിടിച്ചുവെച്ചിരിക്കുന്നു! ആട്ടെ നോക്കാം. ഉലന്തക്കാർക്കു നമ്മെ തെരിയും. നാം കൊച്ചിയിൽക്കൂടി തിരുവാങ്കോട്ടേക്കാണു്. താങ്കളെന്തു പറയുന്നു?

ശക്തൻ: അതു വേണമൊ? എല്ലാം പാർഛായുടെ മനസ്സു്. പെരുമ്പടപ്പിനെ അതിൽ പിടിച്ചിടരുതു്. അതു് അപേക്ഷയാണു്.

ടിപ്പു: എന്താ! ഭയപ്പെടുന്നോ? പെരുമ്പടപ്പിലെ രാജ്യം പിടിച്ചുവെച്ചിട്ടില്ലേ? അതു തിരിച്ചെടുക്കണ്ടേ? ചോദിക്കു. തരാതിരിക്കട്ടെ. പാർഛാക്കു തക്ക കാരണമായി.

ശക്തൻ: ഭയം! അതു ഞാനറിയാത്തതാണു്. കല്പനക്കു് എതിരു പറഞ്ഞതല്ല. കൊച്ചിക്കത്ര ശക്തിയില്ല.

ടിപ്പു: ഉഷാർ-എന്നാൽ പാർഛായുടെ പങ്കു നിക്കു്. പാർഛായുടെ പാളയം തെക്കോട്ടു നീങ്ങട്ടെ. കൊച്ചിയെ പാർഛാ നിലനിത്തുന്നുണ്ടു്. രാജ്യങ്ങഠം വീണ്ടെടുത്തു തരും.

ശക്തൻ: കല്പിക്കുന്നതു ശരിയാണെങ്കിലും അയൽവക്കമര്യാദയ്ക്കും, തമ്മിലുള്ള "അന്യോന്യ"ത്തിനും അത്ര ഭംഗിയാകുമൊ? തുപ്പാപ്പിയും പാർഛായുടെ പുറപ്പാടു കാത്താണിരിക്കുന്നതു്.

ടിപ്പു: എന്താ! നമുക്കു് ഒത്താശ ചെയ്യില്ലേ? തുപ്പാപ്പിയുടെ ബലം പാർഛാ അറിഞ്ഞിട്ടുണ്ടു്. മലയാളത്തിലെ അനുഭവം കേട്ടിട്ടില്ലെ? കൊച്ചിയോടു കൂടിയല്ലെങ്കിൽ, കൊച്ചിയെ തുരത്തി, നാം തുപ്പാപ്പിയടക്കുന്നുണ്ടു്. രാജാവെന്തു പറയുന്നു?

ശക്തൻ: അമ്മാമനല്ലാതെ അവസാനത്തിപ്പിനു് അധികാരമില്ല. സംഗതികഠം വഴിപോലെ അവിടെ അറിയിക്കാം. കല്പനക്കെതിരുണ്ടാവില്ല.

ടിപ്പു: ശരി. നാലുനാഠംക്കുള്ളിൽ കായിതം വരണം. അല്ലാട്ടാൽ... ഉം...രാജാവിനു് ഇപ്പോഠം പോകാം. പാർഛായുടെ പ്രീതിക്കു് ഇതിരിക്കട്ടെ.

ടിപ്പുസുൽത്താനാൽ സമ്മാനിക്കപ്പെട്ട മുത്തുമാലയുംകൊണ്ടു ശക്തൻ തമ്പുരാൻ ഒരുവിധം പുറത്തുപോന്നു. 16–ാംനു- പാലക്കാട്ടുവിട്ടു കൊച്ചിയിൽ എത്തുകയുംചെയ്തു. ലന്തഗവർണ്ണരും തിരുവിതാംകൂർ രാജാവും അറികെയായിരുന്നു പാലക്കാട്ടു യാത്ര എന്നു കാണുന്നുമുണ്ടല്ലൊ. മടങ്ങിവന്നു നടന്ന സംഗതികളെക്കുറിച്ച് അവരുമായി ഗാഢാലോചനചെയ്തു. ടിപ്പുവിനെ ധിക്കരിച്ചു തിരുവിതാംകൂറിനോടുചേർന്നു പ്രയത്നിക്കുവാൻതന്നെ തീരുമാനിച്ചു. നെടുങ്കോട്ടകെട്ടി ശത്രുനിരോധം ചെയ്യുന്നതിനുള്ള ശ്രമത്തിൽ തിരുവിതാംകൂറിനെ സഹായിച്ചു. ബന്ധുദ്രോഹത്തിനും, സ്വജനവിദ്വേഷത്തിനും കൊച്ചി വഴിപ്പെട്ടില്ല. അമ്മാമനോടു ചോദിച്ചിട്ടുള്ള സമാധാനം ടിപ്പുവിനെ ഒട്ട് അറിയിച്ചതുമില്ല. രാജാവു മനഃപൂർവ്വം ഒഴിഞ്ഞു മാറിയതാണെന്നു ടിപ്പുവിനു ബോദ്ധ്യമായി. അതുമുതല്ക്കാണു ടിപ്പു കൊച്ചിയിലും കയ്യേറ്റങ്ങളും കലാപങ്ങളും കല്പിച്ചുകൂട്ടിച്ചെയ്യുതുടങ്ങിയതു്. അവസാനമില്ലാത്ത നാശങ്ങൾവരുത്തുകയുണ്ടായി. 937-ലെ തിരുവിതാംകൂർ-കൊച്ചിക്കരാറനുസരിച്ച്, ന്യായപ്രകാരം നോക്കിയാൽ, കരപ്പുറം മുതലായ രാജ്യങ്ങൾ കൊച്ചിക്കു വിട്ടുകിട്ടേണ്ടതു കിട്ടീട്ടില്ലെന്നുള്ള സംഗതിയെ സൂചിപ്പിച്ചാണു ടിപ്പുസുൽത്താൻ, "പെരുമ്പടപ്പിലെ രാജ്യം പിടിച്ചുവെച്ചിട്ടില്ലേ? അതു തിരിച്ചെടുക്കണ്ടേ?" എന്നു ചോദിച്ചിരിക്കുന്നതു്.

വഴിപ്പെടാതിരുന്ന കൊച്ചിയെ ടിപ്പു വിഴുങ്ങാൻ തുടങ്ങിയതിനുശേഷം എഴുതിയതാണു മേലുദ്ധരിച്ച കത്തു്. അതിന്റെ അവസാനഭാഗം ഇപ്രകാരമാണു്:—..."നെരും ഞായവും ഇല്ലാതെ ഏറാവും അതിക്രമങ്ങൾ ആയിട്ടത്രെ കാൎയ്യങ്ങളും പ്രവൃത്തികളും ആകുന്നതു. അയാളുടെ സ്നെഹത്തിനെ നിശ്ചയിച്ചുംകൂട. ഈ ഊഴം പാളയവും കൊണ്ടു വന്നതു, കൊടുങ്ങല്ലൂരും മുനമ്പത്തും ഉള്ള ഉറപ്പുകളും, തുപ്പാപ്പിസാത്രപത്തികലക്ക നെടുകൊട്ടയിൽ ഒക്കയും ഉറപ്പിച്ചിരിക്കുന്നതും കണ്ടു, ഇതിൻവണ്ണം എല്ലാം ഉണ്ടായിരിക്കുമെന്നു മുമ്പെ ഗ്രഹിക്കാത്തതുകൊണ്ടു തിരിച്ചു അങ്ങൊട്ടു പൊയിരിക്കുന്നു. എങ്കിലും ഇനി നിരൂപിയാതെ "കണ്ടു നശിപ്പിക്കാനുള്ളവഴി വിചാരിക്കുമെന്നും നിശ്ചയിക്കാമല്ലൊ. എന്നതുകൊണ്ടു കൊടുങ്ങല്ലൂരു ഉറപ്പിച്ചു മെലിലും വേണ്ടുന്നതു ഒക്കയും വരുത്തിവെക്കണം. വെണ്ട പടക്കപ്പലുകളും ആളുകളും മലയാളത്തുക്കു അയപ്പാനുള്ളതിന്നും എത്രയും തിഷ്ടതി ആയിരിക്കണം. പാർഛരാവിന്റെ കയ്യെറാം ആയിവരുന്നു എങ്കിൽ ഏറിയ ബലക്ഷയം വന്നുപൊകയുംചെയ്യും."

ഡച്ചുകാർ ഒരു സഹായവും ചെയ്യുന്നതിന് അന്നു ശക്തരല്ലായിരുന്നു. അവർ കാര്യമായൊന്നും പ്രവർത്തിച്ചതുമില്ല. എന്നാലും വേണ്ടില്ല, അന്തസ്സിൽ കുറയ്ക്കാതെ, "ടിപ്പുവിനോടു ഒരുവിധത്തിലും എണങ്ങിപ്പോകരുത്. അതു കമ്പനിയുടെ ശത്രുതയ്ക്കു കാരണമാകും." എന്ന് അധികാരസ്വരത്തിലുള്ള ഒരു നീണ്ട കത്ത് അവർ കൊച്ചിരാജാവിന് എഴുതി അയച്ചു.

ഈ പ്രത്യക്ഷവൈരം പൊട്ടിപ്പുറപ്പെടുന്നതിനുമുമ്പു ശക്തൻതമ്പുരാനും ടിപ്പുസുൽത്താനുംതമ്മിൽ വളരെ സ്നേഹവിശ്വാസത്തിലായിരുന്നു എന്നു കാണിക്കുന്ന അന്നത്തെ എഴുത്തുകുത്തുകളിൽനിന്നു 'ചിലതു താഴെ ചേർക്കുന്നു. ടിപ്പുസുൽത്താന്റെ ഒരു കന്നട'പരമാന'യിൽ നിന്ന്:—

"കാമ്പധാരിക്കു (?) ഒരു ആനെ കൊടുത്തയച്ചിരിക്കുന്നു എന്നും ഈശ്വരസാക്ഷിയായിട്ടു സർക്കാരെ (ടിപ്പുവിനെ) താങ്കൾ നമ്പിനടന്നുകൊള്ളുന്ന വിവരങ്ങളും മറ്റും എഴുതി അയച്ചിട്ടുണ്ടല്ലൊ. അതുംവണ്ണം ആനയും വന്ന എത്തുകയുംചെയ്തു. നിങ്ങൾ നമ്പി നടന്നുകൊള്ളുന്ന വിവരങ്ങൾ എഴുതിയതു സർക്കാരിലിരുന്ന അതുംവണ്ണം നടത്തിച്ചുകൊൾകയുമാം. ഇതല്ലാമൽ തങ്ങളുടെ താലൂക്ക അഞ്ചുഗ്രാമവും തടവുചെയ്ത കാര്യങ്ങൾക്കു എഴുതി അയച്ചതു സരിയ്യ. ഇപ്പൊൾ കല്ലിക്കൊട്ട ദിവാൻ 'ഭക്ഷിക്ക' താക്കീത എഴുതി അയച്ചിരിക്കുന്നു. നിങ്ങൾ ശീമയിൽ നിന്നു വരുന്ന അരിശി മുതലാനതു തടയാതെ ബിട്ടുവിടാൻ തക്കവണ്ണം പാലക്കാട്ടുകിലെദാര അമിൽദാരക്കു പരമാന അയച്ചിരിക്കുന്നു...."

ശക്തൻതമ്പുരാനിൽനിന്നു പല ഉപദ്രവങ്ങളും ഉണ്ടാകുന്നു എന്നു കാണിച്ച് അവിടുത്തെ എതിർകക്ഷികൾ ചിലർകൂടി ടിപ്പുവിന് ഒരു സങ്കടഹർജി കൊടുത്തതിനെസംബന്ധിച്ചു ടിപ്പു കൊച്ചിരാജാവിനു അയച്ച കത്ത് ഇങ്ങനെയാണ്:—"— കൊച്ചിരാജാ സർക്കാരിലക്കു നെരായിരിക്കുന്നവരുടെ രാജ്യത്ത കുടിയാൻമാര വർത്തകൻമാരകളെ തന്നാൽ നശിപ്പിക്കുന്നപ്രകാരം ഹജൂരിൽ (മൈസൂർ) ബൊധിപ്പിക്കയും ചെയ്തു. ഇപ്പൊൾ കല്പിക്കുന്നത എന്തെന്നാൽ, അന്ത താലൂക്കിലെ ഒരു കാര്യത്തിന്ന എങ്കിലും ഉപദ്രവിക്കയും അരുത." ആക്ഷേപഹർജിയെ "അറിവിന്നായി അയക്കുന്ന" സമ്പ്രദായത്തിൽ മാത്രമാണ് ഈ എഴുത്തയച്ചിട്ടുള്ളതെന്ന് പ്രത്യക്ഷമാണല്ലൊ.

അതുപൊലേതന്നെ ചില പ്രദേശങ്ങൾ തൻെറ ശീമയിൽ ചേൎന്നതും തനിക്കുള്ളതും വിട്ടുതൽചെയ്തു കിട്ടേണ്ടതും ആണെന്നു ശക്തൻ തമ്പുരാൻ അറിയിക്കയും ആവശ്യപ്പെടുകയും ചെയ്തപ്പോൾ അനുവദിച്ച് എഴുതിവന്ന പരമാനയിൽ ഇപ്രകാരം കാണുന്നു. "........ഇപ്പൊൾ താങ്കൾക്ക ഫറൂഖികച്ചെരി താലൂക്ക ചെന്ന ചാവക്കാട്ട ശീമയിൽ എല്ലയിലെ ഇരിക്കറ തെശങ്കൾ വിത്ത്യമാനരികൾ ശൊല്ലികൊണ്ടതിനാലെ അന്ത തെശങ്കൾ അരമനയിലെ ഇരുന്തു ഒങ്കൾക്ക വിട്ടുകൊടുത്തവിവരം. ചാവക്കാടതാലൂക്കിലെ അതുക്കവിവരം: ആട്ടയൂരതറെ, ചാല, പെരുംചാല, കടവല്ലൂര, ഇരിങ്ങപ്പുറം, ഇതുക്കപണം പതിനെണ്ണായിരത്തി എഴുന്നൂററി പത്തെമുക്കാല. നെട്ടങ്ങനാട്ടുക്ക ശെന്ത തെക്കുംമംഗലം, മൊളഞ്ഞന്തൂര, ഇതുക്കപണം 8146- ഇന്തവകൈക്കി രാമങ്ങൾ വിട്ടുകൊടുത്തിരിക്കറോം. അതെ ഒമ്മുടെ കല്പനയ്ക്കുള്ളെ വെച്ച അറ്റമനക്കാരിയത്തിലെ ഒരു മനസ്സായി ആശിരായി ഇരിക്കവേണ്ടിയതു......"

ഈ പരമാനയിൽ കാണുന്ന പ്രദേശങ്ങളെസംബന്ധിച്ച് ഇംഗ്ലീഷുകാരുടെ ആധിപത്യസ്ഥാപനത്തിനുശേഷവും സാമൂതിരിയും കൊച്ചിയും തമ്മിൽ മററു പല വഴക്കുകളും ഉണ്ടായിട്ടുണ്ട്. എങ്കിലും അവ മിക്കതും ഇന്നു കൊച്ചിശീമയിൽ ഉൾപ്പെട്ടപ്രദേശങ്ങളാകുന്നു. ആ വഴക്കുകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മററു ചില അദ്ധ്യായങ്ങളിൽ കാണാവുന്നതാണ്.

വടക്കുംചേരി, എടത്തുരുത്തി, ചേററുവാ ഈ സ്ഥലങ്ങളിൽക്കൂടി കൊച്ചിക്കു കടത്തിക്കൊണ്ടുപോകുന്ന കൊച്ചിരാജാവിൻെറ സാമാനങ്ങൾക്കു ചുങ്കംപിരിക്കുന്ന സംഗതി ഒരു വലിയ വാദവിഷയമായിരുന്നു. ഇംഗ്ലീഷധികാരികളും രാജാവും തമ്മിൽ ദീഘകാലം നിലനിന്ന എഴുത്തുകുത്തുകളും തൽസംബന്ധമായുണ്ടായിട്ടുണ്ട്. ആ വിഷയം ടിപ്പുവിൻെറ നാളിലും തൎക്കത്തിൽപ്പെടുകയും ശക്തൻതമ്പുരാൻ ആവലാതിപ്പെടുകയും ടിപ്പുസുൽത്താൻ എല്ലാററിനും നിവൃത്തിചെയ്തുകൊടുക്കുകയും ചെയ്തു. അതിനെക്കുറിച്ചുണ്ടായ ഒരു പരമാനയാണു താഴെ ചേൎത്തിരിക്കുന്നതു്:—"...നിങ്ങൾ അയച്ചിരിക്കുന്ന ഹർജികൊണ്ടു സകല വിവരവും തിരിച്ചിലാച്ചിതു. നിങ്ങൾക്കു വരുന്ന അരി ചെററുവാക്കാര തടഞ്ഞിരിക്കുന്നതാഹ എഴുതി അയച്ചിട്ടും ഉണ്ടല്ലൊ. അവര തട ചെയ്യാതെ ഇരിപ്പാനായിട്ട പരമാന എഴുതി ഇതിനകത്ത വെച്ച അയ

ച്ചിരിക്കുന്നു. അത അയച്ച അരിശി വരുത്തിക്കൊൾകയും വെണം. ഇവിടെനിന്ന നിങ്ങളുടെ വക്കീലിനെ അയച്ചിരിക്കുന്നു. നിങ്ങൾ ഹർജി എഴുതണമെന്നുവെച്ചാൽ ഗുലാൻമെയ്യീൻകൂടെ എഴുതണം; നിങ്ങളും കൂടെ എഴുതണം..."

ടിപ്പു സുൽത്താൻ കൊച്ചിയിലെ രാമ്രമേനോൻ സർവ്വാധികാര്യക്കാരക്ക് വടക്കഞ്ചെരി ചുങ്കസംഗതിക്ക് എഴുതിയ 'നിരൂപം' ഇങ്ങനെയാണ്:—...'താൻ എഴുതിയ ഹർജിയും മഹാരാജാവിൻെറ ഹർജിയും ഈ ശ്രാരപട്ടരകാര്യക്കാര വന്നു പറഞ്ഞ കാര്യങ്ങളും ഒക്കെയും മനസ്സിൽ ആകയും ചെയ്തു. രാജാവു കൊടുത്തയച്ച നദിരസാമാൻ (?) ഇവിടെ വന്നുശെന്നിതു. ചിത്രകൂടംസ്ഥലത്തുക്കാഹ വിട്ടുവിട്ടുവാൻതക്കവണ്ണം ഗുലാൻ മെയ്യീന കല്പന അയച്ചിരിക്കുന്നപ്രകാരവും ചരക്ക മുതലായ വഹക്ക ചുങ്കം ചൊദിക്കാതെ ഇരിക്കത്തക്കവണ്ണവും അതൃത്തിത്തലക്കളിലെ കാര്യങ്ങൾകൊണ്ടു ഉപദ്രവിക്കാതിരിക്കത്തക്കവണ്ണവും ഹരിഷദ്ബഹ്ഖാനുക്കും പാലക്കാട്ടുശെരി അമിൽ ബസു അയ്യനുക്കും കല്പന കൊടുത്തയച്ചിരിക്കുന്നു. അരമനക്കാര്യത്തിലെ ഒരു മനസ്സായി ഇരുന്നുകൊണ്ടു അവിടത്തെ വൎത്തമാനങ്ങൾക്ക എഴുതി വരികയും വേണം..."

എത്ര ഭംഗിയായി എഴുതുകയും, ശക്തൻതമ്പുരാനു് അനുകൂലമായി ഓരോ കാര്യങ്ങൾ ടിപ്പുസുൽത്താൻ തീർപ്പുകല്പിക്കുകയും ചെയ്തിരിക്കുന്നു! 'ചിത്രകൂടം' വിട്ടുതൽചെയ്തു കൊടുക്കാൻകൂടി ടിപ്പുസുൽത്താൻ സമ്മതിച്ചിരിക്കുന്നു. 'അരമനയ്ക്കു' ഒരു മനസ്സായിരിക്കണ'മെന്നുമാത്രമേ ഒരു നിർബ്ബന്ധമുണ്ടായിരുന്നുള്ളൂ. കൊച്ചിയെ സ്വാധീനതയിൽ നിൎത്തുന്നതിനു്, അതിനുള്ള കാരണം ബഹുമാനമോ, സ്നേഹമോ, സ്വന്തം ആവശ്യമോ എന്തെങ്കിലും ആയിക്കൊള്ളട്ടെ, സുൽത്താൻ എപ്പോഴും ഉത്സുകനായിരുന്നു.

പാലക്കാട്ടെ അധികാരികൾ അടുത്തുള്ള കൊച്ചിപ്രജകളെ ഉപദ്രവിക്കുന്നതായി അറിഞ്ഞു് അതിൻെറ നിവാരണാൎത്ഥം ടിപ്പുസുൽത്താൻ അവിടത്തെ അമീൽദാരൻ ബസു അയ്യനു് അയച്ചതായ ഈ എഴുത്തു നോക്കുക:— "കൊച്ചിരാജ്യത്തെ അതിൎത്തിത്തലക്കൽ ഇരിക്കുന്ന കുടിയാന്മാരെ അരമനശീമക്ക വരച്ചൊല്ലിയും, കൊച്ചിക്കാരുടയ ദിനസ്സുകാര്യം കൊണ്ടുപൊകുന്നതിനു ചുങ്കം മുതലാനതു കൊടുക്ക ശൊല്ലിയും,മററം ഓരൊരൊ നാനാവിധങ്ങൾ ചെയ്യുന്നപ്രകാരവുംകെട്ടു. കൊ

ച്ചിക്കാരര അരമനസക്കാരിലെ വിശ്വസിച്ചിരിക്കകൊണ്ട അവരുടെ കാൎയ്യത്തിൽ ഇല്ലാത്ത ഉപദ്രവങ്ങൾ ഒക്കെയും ചെയ്യാൻ സംഗതി എ ന്തു. ഇനി മെല്ലട്ട ഇതിൻവണ്ണം ചെയ്യാതകണ്ട കൊച്ചിക്കാററരുടെ കാൎയ്യത്തിൽ സരാഗമായിട്ട ചുങ്കങ്ങൾ ചൊദിക്കാതെ വിട്ടുവിടുകയും വെണം."

എഴുത്തുകുത്തുകളിൽനിന്നും, അന്യോന്യമുണ്ടായിരുന്ന പെരുമാററങ്ങളിൽനിന്നും, ഒരു സംഗതി നിരാക്ഷേപം തെളിയുന്നതു്, കൊച്ചിയിലെ ശക്തൻതമ്പുരാനെ ടിപ്പുസുൽത്താൻ എന്തുചെയ്യും പാട്ടിൽ നിൎത്തുന്നതിനു പണിപ്പെട്ടിരുന്നു എന്നാണു്. തിരുവിതാംകൂറിനെ ആക്രമിക്കുന്നതിനുള്ള സഹായസഹകരണങ്ങളെ പ്രമാണിച്ചല്ലാതെ, ആന്തരമായ സ്നേഹബഹുമാനംകൊണ്ടല്ലാ, അങ്ങനെ വൎത്തിച്ചതെന്നു വാദിക്കാമെങ്കിലും, മുഴുവനും ആ സ്വാൎത്ഥംതന്നെയായിരുന്നു അടിസ്ഥാനമെന്നു തോന്നുന്നില്ല. കാരണം, ശക്തൻതമ്പുരാൻ തനിക്കു് എതിരായി തിരുവിതാംകൂറിനോടു ചേൎന്നിട്ടും, ഏറെക്കുറെ ആ മനോഭാവംതന്നെ ടിപ്പുവിൽ നിലനിന്നതായി തെളിവുണ്ടു്. കൊച്ചിയും തിരുവിതാംകൂറും തമ്മിലുണ്ടായ തൎക്കകാൎയ്യത്തിൽ ഇംഗ്ലീഷുകമ്മീഷണർമാൎക്കു ടിപ്പുസുൽത്താൻ "നിസ്സാരസംഗതിയല്ലെ, കൊച്ചിയെ എന്തിനു നഷ്ടപ്പെടുത്തുന്നു" എന്ന അൎത്ഥത്തിൽ മറുപടി അയച്ചതായി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. കേരളത്തിൽ മററൊരാളുടെ നേൎക്കും തോന്നീട്ടില്ലാത്തതും, തീൎച്ചയായും, പ്രത്യക്ഷപ്പെടുത്തീട്ടില്ലാത്തതും ആയ ചേതോഹരമായ ഒരു ഹൃദയസരളതയാകുന്നു ശക്തൻതമ്പുരാനെ സംബന്ധിച്ചു ടിപ്പു പ്രദൎശിപ്പിച്ചിട്ടുള്ളതു്. അതുപൊലെതന്നെ ചേററുവാക്കാൎയ്യത്തിലും, കൊടുങ്ങല്ലൂർതൎക്കത്തിലും മററും ടിപ്പു പ്രവൎത്തിച്ചിട്ടുള്ളതായി കാണുന്നു. അതൊന്നും സ്വാൎത്ഥത്തിനൊട്ടും അവകാശമുണ്ടായിരുന്നില്ല; എന്നുതന്നെയല്ല, തന്നെ സഹായിക്കാതെ മനഃപൂൎവ്വം തോല്പിക്കാൻ ഒരുമ്പെട്ടതിനു കൊച്ചിയുടെനേരെ പകവീട്ടുന്നതിനു പററിയ അവസരങ്ങളുമായിരുന്നു അവ. എന്നിട്ടും കൊച്ചിയെ സഹായിക്കണമെന്നു തോന്നിയതിനു കുറേക്കൂടി ഉദാരവും വിശാലവുമായ ഒരു വ്യാഖ്യാനംതന്നെ കൊടുക്കേണ്ടതാകുന്നു.

കപ്പം കൊടുക്കുന്നവനും വിശ്വസ്തനും ആയ ഒരു സാമന്തരാജാവിനെ എന്നപോലെ, ശക്തൻതമ്പുരാനെ ടിപ്പുസുൽത്താൻ സ്നേഹിക്കയും സഹായിക്കയും ചെയ്തു. അക്കാലത്തു കൊച്ചിക്കു ടിപ്പുവിൽനിന്നു

ന്നു പറയത്തക്ക ദ്രോഹങ്ങളൊന്നും ഉണ്ടായിട്ടില്ല. തിരുവിതാംകൂർരാജ്യം ആക്രമിക്കുന്നതിനു ടിപ്പു കൊച്ചിയുടെ സഹായസഹകരണങ്ങളെ പലപ്രകാരത്തിലും ആവശ്യപ്പെട്ടു. അതിനു വഴിപ്പെടാതെ വിപരീതം പ്രവർത്തിച്ചപ്പോൾ, ടിപ്പു കൊച്ചിരാജ്യം കീഴടക്കുകയും കൊള്ളയിടുകയും ചെയ്തു. പാലക്കാട്ടുവെച്ചുണ്ടായ കൂടിക്കാഴ്ചയ്ക്കു മുമ്പുതന്നെ ടിപ്പുവിനെ തടയുന്നതിനുള്ള ഒരുക്കങ്ങൾ തിരുവിതാംകൂറും കൊച്ചിയും ഡച്ചുംകൂടി ഒത്തൊരുമിച്ചു ചെയ്തിരുന്നു എന്ന സംഗതി ടിപ്പുവിന്റെ പാളയം തെക്കോട്ടു പുറപ്പെട്ടു നെടുകോട്ടയെ സമീപിച്ചപ്പോഴാണു ടിപ്പുവിനു മുഴുവനും മനസ്സിലായതു്. അദ്ദേഹം ആ പതനത്തിൽ ശുണ്ഠിയെടുത്തതിലും ക്രൂരത പ്രവർത്തിച്ചതിലും, വഴിപോലെ വിചാരിച്ചാൽ, അത്ഭുതമില്ല. നെടുകോട്ടയ്ക്കലുണ്ടായ യുദ്ധത്തിൽ ടിപ്പു പരാജിതനായി കിടങ്ങിൽവീണു കാലൊടിഞ്ഞു; ആ മുടന്തുപിന്നെ മാറിയതുമില്ല. അപമാനം, അമർഷം, അഭിമാനഭംഗം, അപകടം, എല്ലാം ടിപ്പുവിന്റെ വാശിയെ വർദ്ധിപ്പിച്ചു. തന്റെ സൈന്യത്തെ മുച്ചൂടും മലയാളത്തിലേയ്ക്കു വരുത്തി. ഇനി കൊച്ചിയേയും തിരുവിതാംകൂറിനേയും നശിപ്പിച്ചിട്ടേ വേറെ ഒരു കാര്യമുള്ളു എന്നു ടിപ്പു തീർച്ചപ്പെടുത്തി, പൂർണ്ണമായ സൈന്യബലത്തോടുകൂടി ഒരു വരവു വന്നു. ആ കൊടുംകാററിൽ നിലംപതിക്കാത്തതായി ഒന്നുമില്ലായിരുന്നു. ടിപ്പുവിന്റെ നിർഭാഗ്യത്താൽ, കൊച്ചി_ തിരുവിതാംകൂറുകാരുടെ ഭാഗ്യാതിരേകത്താൽ, ആ വമ്പിച്ച മൈസൂർപട്ടാളത്തിനു ദുർഘടങ്ങളും, മാർഗ്ഗനിരോധവും, ആത്മരക്ഷയ്ക്കുള്ള അത്യാവശ്യവും നേരിട്ടു. മലവെള്ളവും, ഇംഗ്ലീഷുകാരുടെ മൈസൂരാക്രമണവുംനിമിത്തം തല്ക്കാലം കൊച്ചിയെ കൈവെടിഞ്ഞു തിരുവിതാംകൂർ ആക്രമണം നിർത്തിവെച്ചു്, പിന്മടങ്ങുന്നതിനു ടിപ്പു നിർബദ്ധനായി. അക്കാലത്തുണ്ടായ മൈസൂർയുദ്ധത്തിൽ ടിപ്പു തോല്ക്കുകയും മലയാളരാജ്യത്തെ എന്നെന്നേയ്ക്കുമായി വിട്ടുകൊടുക്കേണ്ടിവരികയും ചെയ്തു. അല്ലെങ്കിൽ അന്നു് എന്തുതന്നെ സംഭവിക്കുമായിരുന്നില്ല! കൊച്ചിയുടെ കഥ തീർച്ചയായും മറെറാരു തരത്തിലാകുമായിരുന്നു.

ശക്തൻതമ്പുരാനും ടിപ്പുസുൽത്താനും ഒരു കയ്യായിരുന്നു എന്നു്, മംഗലാപുരത്തെ കരാറിനുശേഷവും, ഇംഗ്ലീഷുകാർ സംശയിക്കുക മാത്രമല്ലാ, രേഖപ്പെടുത്തുകതന്നെയും ചെയ്തിട്ടുണ്ടു്. സ്വകാര്യമായി ശക്തനും ടിപ്പുവും തമ്മിൽ എഴുത്തുകുത്തുകൾ നടത്തിയിരുന്നു എന്നും, ഫ്രഞ്ചുകാരുടെ സഹായത്തോടുകൂടി ഇംഗ്ലീഷുകാരെ തോല്പിക്കുവാൻ ശ്രദ്ധമായി

ശ്രമങ്ങൾ ചെയ്തിരുന്നു എന്നും, തന്നിമിത്തം കൊച്ചിയിലെ രാജാവിനെ പ്രത്യേകം സൂക്ഷിക്കണമെന്നുമായിരുന്നു ഇങ്കരിയസ്സ് കമ്പഞ്ഞിക്കാരുടെ ആന്തരമായ അഭിപ്രായം. അതിനു് ആടിസ്ഥാനമുണ്ടായിരിക്കട്ടെ, ഇല്ലാതിരിക്കട്ടെ, അതിൽനിന്നു് "ഇത്രയൊക്കെയായിട്ടും ടിപ്പുവിൻെറ മനസ്സിൽ ശക്തൻതമ്പുരാനെക്കുറിച്ചു് ഒരു സ്നേഹമോ വിശ്വാസമോ ഉണ്ടായിരുന്നു" എന്നുള്ള സംഗതി അനുമാനിക്കാവുന്നതാണു്. ഈ ഒരു ധാരണനിമിത്തം, ശക്തൻതമ്പുരാൻെറ നേരെ ഇംഗ്ലീഷുകമ്പനിഉദ്യോഗസ്ഥന്മാർക്കു്, ഏതാണ്ടു മുഴുവൻ ആളുകൾക്കും, കലശലായ പരിഭവവും വിശ്വാസക്കേടും നിലനിന്നു. തന്മൂലം ഇംഗ്ലീഷു-കൊച്ചി ബന്ധത്തിൻെറ പ്രാരംഭഘട്ടം വളരെ അസുഖകരമായിഭവിക്കുകയും ചെയ്തു. ആയതിനെക്കുറിച്ചു കൂടുതലായി "ആംഗ്ലേയപ്രശസ്തി" എന്ന അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

എന്നാൽ ഫ്രഞ്ചുകാരെക്കുറിച്ചു ശക്തൻതമ്പുരാനുണ്ടായിരുന്ന യഥാൎത്ഥമായ അഭിപ്രായം അവിടുത്തെ ഈ തിരുവെഴുത്തിൽനിന്നു വിശദമാകുന്നുണ്ടു. ഈ കത്തു 971 കന്നി 17-ാം- ശക്തൻതമ്പുരാൻ മതിരാശിഗവൎണ്ണൎക്കു് അയച്ചതാണു്. "...ലന്തക്കാരെ ഇങ്കരിയസ്സ കുമ്പഞ്ഞിയാററെ നമ്പി ഇരുന്നിതെ ആനാൽ അവാൾക്ക വെദവ്യാപാരങ്ങളും ശെയ്തു അവാൾ രാജ്യത്തിലെ സുഖമായി ഇരിക്കലാമായിരുന്നിതു. അതുക്കു ലന്തക്കാരുക്കു അദൃഷ്ടം ഇല്ലാമലും, ബുദ്ധിപെരാപടിയിനാലെയും, പരന്ത്രീസുകാററ അവാളുടെ രാജാവെയും കൊന്ന ദുർജ്ജനങ്ങളായിരിക്കാവരോടുകൂടി ലന്തക്കാററെ ശെന്തിരിക്കിറ പടിയിനാലെ ഈശ്വരൻ അവാൾക്കു അനുകൂലമായി വരാതു....നാം വെഹുമാനപ്പെട്ട ഇങ്കരിയസ്സുകുമ്പഞ്ഞിയെ വിശ്വസിച്ചുവരുകിറപടിയിനാലെ ലന്തക്കാററെ ആകട്ടും, മററ ആര ആകട്ടും, വെഹുമാനപ്പെട്ട കുമ്പഞ്ഞിയാററൊടു വിപരീതമായി നില്ക്കുറവാൾ ഒരുത്തൊരടെയും നാം ഉൾപ്പെടപ്പൊററതില്ലെ. ഇവിടത്തിലെ ഇരിക്കററ കുമ്പഞ്ഞിക്കാററ താങ്കൾക്കു എഴുതി അനുപ്പിവിപ്പാരകളെ, ഇവിടത്തിലെ നമുക്കു ബന്ധുവായി ഇരിക്കറവാൾ കൂടെയും ശത്രുവായി വന്നിരുക്കാതു..."

രാജാവിനെക്കൊന്ന പരന്ത്രീസുകാരോടു രാജസ്ഥാനത്തെ സംഗൗരവം വീക്ഷിക്കുന്ന ശക്തൻതമ്പുരാനു വിരോധം ജനിച്ചതു് എത്രയും സംഗതവും സാരവത്തും ആകുന്നു എന്നു പറയേണ്ടതില്ലല്ലോ. ഇംഗ്ലീഷുകാരുടെ ഈ അവിശ്വാസം കാരണം "എളുതരം കണ്ടെടുത്തു വാതം കേ

ദന്ന"പ്രകാരം പൂർവ്വവൈരംവെച്ച പുലത്തിപ്പോന്നിരുന്ന പ്രലരും ശക്തന്റെ ശത്രുക്കളായി പരിണമിച്ചതും അവർ ഒന്നിനുപത്തായി കമ്പനിക്കാക്കു് എയ്ഷണി കൂട്ടിക്കൊടുക്കുവാൻ ശ്രമിച്ചതും പരമാർത്ഥമായിരിക്കണം. അതിലൊട്ടും അത്ഭുതവുമില്ല. ഇംഗ്ലീഷുകാർക്കു് ആ കാലത്തു ഫ്രഞ്ചുകാരെ വളരെ ഭയവും ശങ്കയും ഉണ്ടായിരുന്നതുകൊണ്ടു് ഏതു് അനക്കത്തിൻെറ അടിയിലും അവർ ഫ്രഞ്ചുശക്തിയെ വീക്ഷിച്ചതു് വിസ്മയാവഹമല്ല.

ഇംഗ്ലീഷുകാരുമായുണ്ടായ ഒടുവിലെ യുദ്ധത്തിൽ— അതിലാണു് ആ ധീരയോദ്ധാവു മൃതിപ്പെട്ടതു്— ടിപ്പുസുൽത്താൻ – സകലഹിന്ദുക്കളെയും മുഹമ്മദുമതത്തിൽ ചേക്കുവാൻ വാളും കുറാനുമായി പുറപ്പെട്ടു എന്നു പറയപ്പെടുന്ന ആ ധീരാഗ്രഗണ്യൻ— ഗത്യന്തരമില്ലാതെ ശങ്കരാചാര്യസ്വാമികളുടെ കാല്ക്കൽവീണു് അനുഗ്രഹമപേക്ഷിച്ചതായ ഒരു പുതിയവൎത്തമാനംകൂടി, കേവലം ഒരു ചരിത്രശകലം എന്ന നിലക്കു്, ഇവിടെ ചേത്തുകൊള്ളുന്നു. 974 കക്കടകത്തിൽ "വടക്കെ വൎത്തമാനത്തിനു ശക്തൻതമ്പുരാനു" എഴുതിവന്നതായി കാണുന്ന ഒരു രേഖയിലെ പ്രസ്താവമാണിതു:—"......ശ്രീരംഗപട്ടണത്തെ കൊട്ടെ വെള്ളക്കാരർ പിടിച്ച അന്നക്കു ടിപ്പു അരമനക്കും കാവെരിക്കും ജലം വരുകിറ കാറാഞ്ചി ഓകവെ നൊഴെഞ്ചു പകലെല്ലാം ഓകുലത്താനെ ഇരുന്നു. രാത്രി കാവെരികടത്തു വടക്കെ അക്കരെയിൽ 'കെന്നാളു' എങ്കറ ഊരിലെ പൊയി കറവെക്കവുണ്ടൻ എങ്കാവനുടെ വീട്ടിലെ ഇരുന്നു, ആശ്വാസം വരുത്തിക്കൊണ്ടു, ഒരുനാൾ അവൻ വീട്ടിലെത്താനെ മറവായി ഇരുന്നു, മറുനാൾ അങ്കെ ഇരുന്നു പുറപ്പെട്ടു, ബങ്കളൂർ നാഗമംഗലത്തുക്കു പൊയി ശെർന്താൻ. അവിടത്തിലെ ഖൈദർകുതിരൈ നാലായിരം കുതിരയും, ഇന്ത സർദാർ ജടങ്കി എങ്കിറവനും ഇരുന്തപടിയിനാലെ അവനെയും, കുതിരയാൾ സഹിതമായി ശെത്തികൊണ്ടു ചിത്രക്കല്ലു ദുൎഗ്ഗത്തുക്കു പൊനെൻ. അങ്കെ ഇരുന്ത ഹൌജുകളെയും ധൊണ്ടിജി എങ്കറവനെയും വരുത്തി അവനുക്കു ശൊല്ലത്തക്ക വിവരങ്കളും ശൊല്ലി, രണ്ടുവക ഹൌജുകളെയും ചിത്രക്കല്ലിലെവെച്ചു, പട്ടണത്തുക്കു വടക്കു ഇങ്കരിജിനുടയ വഴിയിൽ ഒരു മനുഷ്യൻ വരാത്തപടിക്കു കാത്തുകൊള്ളുകറാപ്പൊലെ താക്കീതിയായി ശൊല്ലിവെച്ചെപ്പൊട്ടു. അങ്കെ ഇരുന്തു പുറപ്പെട്ടു ശ്രീങ്കെരിക്കു പൊയി ശങ്കരാചാര്യസ്വാമികളെ കണ്ടു. സാഷ്ടാംഗമായി വിഴുന്തു കാലെപിടിച്ചുംകൊണ്ടു, തങ്ങളുടെ സങ്കടങ്ങൾ യാവത്തും സ്വാമി ഇടത്തിലെ അറിവിക്കെ ശൈയ്യും

കൊണ്ടപടിയിനാലെ, ടിപ്പുക്കു ധൈര്യം ശൊല്ലി. പൂനാപട്ടണത്തു ശ്രീമന്തനക്കു ശ്രീമുഖം എഴുതി സ്വാമികൾ വക കാര്യസ്ഥാൾ കയ്യിലെ കൊടുത്തു ടിപ്പുവെയുംകൂട്ടി പൂനാപട്ടണത്തുക്കും പൊനെൻ. ശ്രീമന്തനെക്കണ്ടു. ശ്രീമുഖം കൊടുത്തു. ടിപ്പു ശ്രീമന്തനുടയ കാലിലെ വിഴുന്തു അവനുടയ സങ്കടങ്ങൾ യാവത്തും ശൊല്ലിക്കൊണ്ടു, അവിടത്തിലെ യഥാപ്രകാരം ഒമ്മുടയ രാജ്യം ഒമ്മക്കെ ശെയ്തിച്ചു തരുകിറോം എങ്കുറതാന ബരവനമായി ശൊല്ലി, പൂനാപട്ടണത്തിലെ പത്തുനാൾ വരക്കംവെച്ചും കൊണ്ടിരുന്തു. ദവുലത്തുറായി, ചിരിന്ന എങ്കുറ സരദാരനും, ലക്ഷം കുതിരയും പരശുരാം ബാപ്പാമകൻ അപ്പാസാബു എങ്കുറവനും കുതിരയും ടിപ്പുവൊടുകൂട്ടി ചിലവുക്കു മൂന്നുകൊടി രൂപായും കൊടുത്തു അനുപ്പിവിച്ചപടിയിനാലെ, അതിലെ ചിറത്തു കുതിരൈ ബങ്കാളത്തുനൊരെ പൊനതാകവും ചിറത്തു കുതിരയും ടിപ്പുവും ചിത്രക്കല്ലിലെക്കു പൊനതാകവും...".

ഈ എഴുത്തിൽ തമിഴും മലയാളവും എടകലർന്നു കിടക്കുന്നു. 'ലക്ഷം കുതിര', 'മൂന്നു കോടി രൂപ' എന്നൊക്കെ പറയുന്നതു കുറെ അതിശയോക്തിയല്ലേ എന്നും തോന്നുന്നു. എങ്കിലും ഇതികർത്തവ്യതാവിമൂഢനായ ടിപ്പു അവസാനഘട്ടത്തിൽ എത്രയൊക്കെ പരക്കംപാഞ്ഞു, പാടുപെട്ടു, എന്നു തെളിയിക്കുന്നതിനു് ഈ കത്തു് എന്തായാലും ധാരാളം മതിയാവുന്നതാണു്.

ടിപ്പുവിന്റെ മരണാനന്തരം, ആ വിഷയത്തെക്കുറിച്ചു്, ഇംഗ്ലീഷ് കമ്പനി ഉദ്യോഗസ്ഥൻ മിസ്റ്റർ സ്പെൻസർ ശക്തൻതമ്പുരാനു് അയച്ച എഴുത്തും, തമ്പുരാൻ അതിനു കൊടുത്ത മറുപടിയും കൂടി ചേർത്തു് ഈ വിഷയം ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

മിസ്റ്റർ സ്പെൻസർ 974 എടവം 5-ാംനു- എഴുതി:—"രാജമാന്യരാജശ്രീ കൊച്ചിയിൽ രാജാവു അവർകൾക്കു സലാം. മെടമാസം 24-ാംനു- ജനരാൾ സായ്പു അവർകളുടെ കല്പനക്കു ഇങ്കരീശ്ശുപാളയം ശ്രീരംഗപട്ടണത്തെ കൊട്ടയിൽ കയറി ഇരിക്കുകയും ചെയ്തു. ടിപ്പുസുൽത്താൻ അവർകൾ അപായം വരികയും ചെയ്തു. അവരുടെ വശത്തിൽ ഉള്ളവരും കയ്ക്കൽ അകപ്പെടുകയും ചെയ്തു. കമ്പനിക്കു നല്ലതു ആഗ്രഹിക്കുന്നവർക്കു ഈ വർത്തമാനം അറിയിച്ചാൽ തങ്ങൾ സന്തൊഷിക്കും എന്നുവെച്ചു നാം സന്തൊഷത്തൊടെ ബൊധിപ്പിക്കുന്നു."

ശക്തൻതമ്പുരാൻെറ മറുപടി:—"കടദാസ്സ എത്തി വായിച്ചു കെട്ടു അവസ്ഥയും ധരിച്ചു. ബഹുമാനപ്പെട്ട കമ്പഞ്ഞി ശത്രുസംഹാരത്തിനായിട്ടു പുറപ്പെട്ടിരിക്കകൊണ്ടും ഇപ്പൊൾ വലുതായിട്ടുള്ള ജയംവന്ന സന്തൊഷത്തിന്നു തങ്ങളുടെ കടദാസ്സ വരികകൊണ്ടും ആയതു സന്തൊഷത്തൊടെ നാം കയ്യറ്റി വായിച്ചുകെട്ടതിൻെറ ശെഷം നമുക്കു എത്രയും വളരെ സന്തൊഷമാകയും ചെയ്തു. ഇനിയും കമ്പഞ്ഞിക്കു വലുതായിട്ടുള്ള ജയങ്ങളും എചസ്സും കീൎത്തിയും മെല്ലമെൽ വൎദ്ധിച്ചുവരണമെന്നു നാം സകലനെരവും ഉടയ ഈശ്വരനെ പ്രാൎത്ഥിച്ചുകൊണ്ടു ഇരിക്കുന്നു".

XVI

തിരുമുപ്പ്.

ശക്തൻതമ്പുരാൻെറ മുൻഗാമി കൊല്ലം 965-ാമാണ്ടു കൎക്കടകമാസം 32-ാംനു തീപ്പെട്ടു. അവിടത്തെ ശവസംസ്കാരാദിക്രിയകളെല്ലാം നിൎവ്വഹിച്ചതും പള്ളിദീക്ഷ ആചരിച്ചതും ശക്തൻതമ്പുരാനായിരുന്നു. സാധാരണ നടപടി, തീപ്പെട്ട വലിയതമ്പുരാൻെറ 'ശേഷക്രിയകൾ' പിന്നത്തെ വലിയതമ്പുരാൻ നടത്തുക എന്നാകുന്നു. മുമ്പുതന്നെ രാജാധികാരസ്ഥാനത്തായിരുന്നതുകൊണ്ടു് ഈ നൂതനസ്ഥാനാരോഹണം ശക്തൻതമ്പുരാനിൽ പ്രത്യക്ഷമായ ഒരു വ്യത്യാസവും വരുത്തിയില്ല. ചിററമ്മത്തമ്പുരാൻെറ അഭിപ്രായവും, ദീക്ഷിക്കേണ്ടതു കുഞ്ഞിപ്പിള്ളതന്നെയാണെന്നായിരുന്നു. പള്ളിപ്പുല കഴിഞ്ഞതോടുകൂടി 'കിരീടധാരണ'ത്തിനുള്ള വട്ടങ്ങൾ തുടങ്ങി. 966 ചിങ്ങത്തിൽത്തന്നെ ആ 'ക്രിയ' ആഡംബരരഹിതമായ ഒരു നിലയിൽ, എന്നാൽ പരമ്പരാസിദ്ധങ്ങളായ ചടങ്ങുകളിൽ ഒന്നിനും ഒരു നീക്കുപോക്കു കൂടാതെ, നടത്തപ്പെട്ടു.

പെരുമ്പടപ്പുസ്വരൂപത്തിലെ കിരീടധാരണത്തിനും, ആ വംശത്തിൻേറതുപോലെ, വിസ്തൃതവും വിമോഹനവുമായ ഒരു ചരിത്രമുണ്ടു്. ചേരമാൻപെരുമാളുടെ പള്ളിശ്ശംഖും, വീരമദ്ദളവും, മുത്തുമാലയും, കിരീടവും, ഉടവാളും സിദ്ധിച്ചതു പെരുമ്പടപ്പുസ്വരൂപത്തിലേയ്ക്കാണല്ലൊ. ആദ്യകാലത്തു കിരീടധാരണത്തിൻെറ പ്രാരംഭചടങ്ങുകളായ വൈദികകൎമ്മങ്ങൾ അനുഷ്ഠിച്ചിരുന്നതു തിരുവഞ്ചിക്കുളത്തുതേവരുടെ സന്നിധി

യിൽവെച്ചും, കിരീടധാരണം ചെയ്യിരുന്നതു വന്നേരിയിൽ ചിത്രകൂടത്തിൽവെച്ചും ആയിരുന്നുവത്രെ. തിരുവഞ്ചിക്കുളം പെരുമാക്കന്മാരുടെ തലസ്ഥാനവും, അവിടത്തെ 'തേവർ' ആ വംശത്തിന്റെ കുലദൈവതവുമാണല്ലൊ. 'ചിത്രകൂടം' വന്നേരിയിൽനിന്നു വന്നതായ്യ പെരുമ്പടപ്പക്കാരുടെ മൂലസ്ഥാനവുമാകുന്നു. 1698 മുതൽ 1722 വരെ കൊച്ചിരാജ്യം ഭരിച്ചിരുന്ന രാജാവിന്റെ കിരീടധാരണാവസരത്തിൽ, വന്നേരിനാടു സാമൂതിരിക്കധീനപ്പെട്ടുപോയതുകൊണ്ടും, അന്നുവരെ അതു വീണ്ടെടുക്കുവാൻ സാധിക്കാഞ്ഞതുകൊണ്ടും, "ചിത്രകൂടത്തിൽചെന്നല്ലാതെ ഞാനീ കിരീടം വെയ്ക്കില്ലാ" എന്നു് അവിടുന്നു് ഒരു ഉഗ്രശപഥം ചെയ്യുവെന്നും, ആ രാജ്യം പിന്നീടു് ഇതുവരെയും കൊച്ചിക്കു കൈവന്നിട്ടില്ലാത്തതുകൊണ്ടു്, ആ പ്രതിജ്ഞയെപ്രമാണിച്ചു്, കൊച്ചിരാജാക്കന്മാർ ഇന്നോളവും കിരീടം വെച്ചിട്ടില്ലെന്നും ഉള്ള ഐതിഹ്യം പ്രസിദ്ധമാകുന്നു. ആ കിരീടം, ശിരസ്സിൽ ധരിക്കാത്ത നവരത്നഖചിതമായ ആ മനോഹരകിരീടം, ചേരമാൻ പെരുമാളുടെയെന്നു പറയപ്പെടുന്ന ആ പൊൻകിരീടം, ഇപ്പോഴും എറണാകുളം ഖജാനയിലെ ഇരട്ടപ്പൂട്ടിൽ ഒരു കാഴ്ചസ്സാധനമായി വെച്ചിരിക്കുന്നു! അത്തച്ചമയത്തിനുപോലും അതു പുറത്തെടുത്തു കണ്ടിട്ടില്ല.

പതിമ്മൂന്നാംശതകത്തിന്റെ മദ്ധ്യത്തിൽ പെരുമ്പടപ്പിന്റെ തലസ്ഥാനം "മകോതയപുര"ത്തുനിന്നു (കൊടുങ്ങല്ലൂർ, തിരുവഞ്ചിക്കുളം) കൊച്ചിക്കു മാററപ്പെട്ടു. 'കിരീടധാരണക്രിയ' അതിനുശേഷം കൊച്ചിക്കോവിലകത്തുവെച്ചു നടന്നുപോന്നിരിക്കാമെങ്കിലും, പെരുമ്പടപ്പിൽ ലയിച്ച 'കുരുനാടി'ന്റെ തലസ്ഥാനമായിരുന്ന 'കണയന്നൂർ' ആദ്യകാലം മുതല്ക്കുതന്നെ ഈ വംശത്തിന്റെ ഒരു പ്രധാനസ്ഥാനമായിരുന്നതുകൊണ്ടു്, കിരീടധാരണം സംബന്ധിച്ച ചടങ്ങുകൾക്കു് ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനംതന്നെ 'കണയന്നൂർക്കോവിലകം' പണ്ടേക്കുപണ്ടേ വഹിച്ചിരുന്നതായി കാണുന്നുണ്ടു്. മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ആക്രമണകാലത്തു് ഇങ്ങോട്ടുകടന്നു നശിപ്പിക്കപ്പെട്ട കോവിലകങ്ങളുടെ കൂട്ടത്തിൽ 'കണയന്നൂരും' ഉൾപ്പെട്ടിരുന്നു. അതിനുശേഷമായിരിക്കണം സിംഹാസനാരോഹണാവസരത്തിൽ കണയന്നൂർ ഒരു കാര്യമായെന്നും കരുതപ്പെടാതായതു്. ഇപ്പോഴും മട്ടാഞ്ചേരിക്കോവിലകത്തുവെച്ചുമാത്രമാണു കൊച്ചിമഹാരാജാവിന്റെ 'കിരീടധാരണം' നടന്നുവരുന്നതു്. 1828 ആഗസ്റ്റ്മാസം 19-ാംനു-, അന്നത്തെ ബ്രിട്ടീഷു റസിഡണ്ടു്, കൊച്ചിയിലെ ഇംഗ്ലീഷുകമ്മാണ്ടർ 'ബ്ലവു

ഡൻ' സാഹ്വിനു് അയച്ചതായ ഒരു നീണ്ട റിപ്പോട്ടിൽ, ബ്രിട്ടീഷു ഗവമ്മേണ്ടിനെ സംബന്ധിച്ചിടത്തോളം, ഈ കിരീടധാരണവിഷയത്തിൽ അനുഷ്ഠിക്കേണ്ടതായ എല്ലാ ചടങ്ങുകളേയും വിശദപ്പെടുത്തി കാണുന്നുണ്ടു്. കൊല്ലം 1003_ൽ ഉണ്ടായ കിരീടധാരണമാണു് അതുപ്രകാരമുണ്ടായ ഒന്നാമത്തേതു്. അതിനുശേഷം പറയത്തക്ക യാതൊരു വ്യത്യാസവും ആ ചടങ്ങുകൾക്കു കൈവന്നിട്ടുള്ളതായി കാണുന്നില്ല. കിരീടധാരണത്തിന്റെ "പൊളിററിക്കൽ" ഭാഗം ഇന്നും അതേവിധം തന്നെ നിവ്വഹിക്കപ്പെടുന്നു. ശക്തൻതമ്പുരാന്റെ കാലത്തു്— അവിടുത്തെ കിരീടധാരണകാലത്തു പ്രത്യേകിച്ചും— ഇംഗ്ലീഷുകാരുടെ ആധിപത്യം 'കൊച്ചിക്കു' കടന്നിട്ടുണ്ടായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലൊ.

കണയന്നൂരും, തൃപ്പൂണിത്തുറയിലും, കൊച്ചിയിലും കൊച്ചിരാജാവു കിരീടധാരണം പുരസ്കരിച്ചു ചെയ്യേണ്ടതും ചെയ്യിക്കേണ്ടതും ആയ കാൎയ്യങ്ങളെ സമഷ്ടിയായിട്ടെങ്കിലും സ്പശിക്കുന്നതു വിജ്ഞാനപ്രദവും വിനോദകരവുമായിരിക്കുമെന്നു വിശ്വസിക്കുന്നു. സവ്വചടങ്ങുകളും ലോപം കൂടാതെ ശക്തൻതമ്പുരാൻ അനുസരിക്കുകയുംചെയ്തു.

തമ്പുരാൻ തലേന്നാൾ ഉപവാസം അനുഷ്ഠിക്കണം. ആ ശുഭദിവസംപ്രഭാതത്തിൽ സ്നാനാദികളും വന്ദനാദികളും കഴിച്ചു്, തറവട്ടത്തു്, അകമ്പടിക്കാരോടുകൂടി കണയന്നൂർ കൊട്ടാരത്തിൽ എഴുന്നള്ളണം; അപ്പോൾ അവിടെ "തിരുമുപ്പവാഴ്ചയ്ക്കുള്ള മയ്യാദകളാവിതു്."

കണയന്നൂർക്കോവിലകം വരിയോലവിവരം.

"ചേന്നോത്തു നമ്പൂതിരിക്കു കൂറയും പവിത്രത്തിനും ഉറുമാൽ, അതോട അറുകൂടെ പണം നാലു; കൂടെ നമ്പൂരിക്കും പരികമ്മികൾക്കും ഉടുപ്പാനും, ഉത്തരീയത്തിനും, പീഠം വിരിപ്പാനും, കലശം പൊതിവാനുംകൂടി മുറി 16; കൂടി ക്രിയകൾക്കും 88 കൂടെ നമ്പൂരിദക്ഷിണ 240; ആ സ്ഥാനം പുളിയന്നൂരു മേക്കാട്ടെ നമ്പൂരിക്കാകുന്നു. ചേന്നാസ്സു് നമ്പൂരി അവിടെ പോകകൊണ്ടു നമ്പൂതിരിക്കായി. വടക്കെ കെട്ടിൽ പടപ്പിൽ നമ്പൂരിപ്പാട്ടീന്നു ഉടവാൾ പൂജിക്കുന്നതിനു് ഉടുപ്പാനും, ഉത്തരീയത്തിനും, പീഠം വിരിപ്പാനും, കൂടി മുറി 3, മുണ്ടു് 1. ദക്ഷിണക്കു വീരപ്പാളി മുറി 1. പഴയ പണം 64ക്കു പുത്തൻ 256. കൂടെ അയച്ച പണം 12. കിഴക്കെ കെട്ടിൽ ദ്രോണമ്പിള്ളി, ഓലപ്പിള്ളി

നാൎക്കു ഉടവാൾ പൂജിക്കുന്നതിനു ഉടുപ്പാനും, ഉത്തരീയത്തിനും, പീഠം വിരിപ്പാനും കൂടി മുറി 3, മുണ്ടു 1. ദാനം പണം 4. കൂടെ ദക്ഷിണപ്പണം 64ക്കു പുത്തൻ 256. കൂടെ വീരപാളി മുറി 1. അയപ്പപണം 12. തെക്കിനേതിൽ പേരാററുപുറത്തു പണിക്കൎക്കു ഉടവാൾ പൂജിക്കുന്നതിനു മുറി 3, മുണ്ടു 1. ദാനത്തിനു പണം 4. ദക്ഷിണക്കു പണം 34. വീരപാളി മുറി 1. അയപ്പപണം 12.

അരിയിട്ടു വാഴിക്കുന്നതിനു പള്ളിപ്പുറത്തു നമ്പൂരിപ്പാട്ടിലേക്കു ദക്ഷിണക്കു അച്ച 18ക്കു പുത്തൻ പണം 540. വീരപാളി മുറി 1.

കല്ലുകംര പിഷാരടിക്കു വീരപാളി മുറി 1. പണം 22. മങ്ങാളരപ്പിള്ളി ശംഖു പൊതിയുവാൻ ചെത്തിമുറി 1. പുതിശ്ശേരി മാരാൎക്കു ഉടുപ്പാനും ഉത്തരീയത്തിനും കൂടി മുറി 1, മുണ്ടു 1.

എളേടത്തു മാരാൎക്കു മുറി 1, മുണ്ടു 1.

കുഴിക്കാട്ടു മാരാൎക്കു മുറി 1, മുണ്ടു 1.

അരിക്കര മാരാൎക്കു മുറി 1, മുണ്ടു 1.

ചെമ്മഴിക്കാട്ടു കുറുപ്പിനു മുറി 1, മുണ്ടു 1.

കിഴക്കേടത്തു പള്ളിക്കൽ കുറുപ്പിനു മുറി 1, മുണ്ടു 1.

വടക്കരെ കയ്മൾക്കു മുറി 4.

എറമല്ലൂർ വടശ്ശേരി നായൎക്കു മുറി 1.

സിംഹാസനം പണിയുന്ന പുന്നച്ചാലിൽ ആശാരിക്കു സിംഹാസനം മൂടാൻ മുറി 1. തേങ്ങ രണ്ടിപ്പാൽ നാഴിനെല്ലും നാഴിയരിയും 4 പണവും കൊടുക്കണം. പുന്നച്ചാലിലെ ആശാരിയായിട്ടു കരിയക്കാട്ടിലെ ആശാരിയാകുന്നു.

അരിയിട്ടു വാഴ്ചകഴിഞ്ഞു ഗണപതിയെ തൃക്കൺപാൎക്കുമ്പോൾ 1 മുറി പട്ടും ചാൎത്തിച്ചു തീൎത്ത ദക്ഷിണ 26 പണവും ചെയ്യണം.

ആവിടന്നു തൃപ്പൂണിത്തുറ്റ തേവരെ തൃക്കൺപാൎക്കാൻ എഴുന്നള്ളുമ്പോൾ തണ്ടു കൊടുക്കേണ്ടതു തലാക്കളുടെ കയ്മൾ. തണ്ടു തൃക്കാൽ കൊണ്ടു ചവിട്ടി കൊടുക്കണം; തിരുമുല്ക്കാഴ്ച കത്ത അച്ച 12ക്കു പണം 360. തലാക്കളുടെ കയ്മളാടായിട്ടു കുന്നത്തൂരി മേനോനെ കല്പിച്ചുകിടക്കുന്നു. പനക്കാടമ്പിള്ളി കയ്മൾക്കു തണ്ടു തൃക്കാൽകൊണ്ടു ചവിട്ടി കൊടുക്കയും, തിരുമുല്ക്കാഴ്ച 360 പണം. ഇതു പനക്കാഴത്തു പണിക്കരുടേത്തു ആകുന്നു.

നടപ്പിള്ളി തലാപ്പുകയ്മൾക്കു തണ്ടു തൃക്കാൽകൊണ്ടു ചവിട്ടികൊടുക്കയും തിരുമുല്ക്കാഴ്ച 360 പണം. ഇതു പൂന്തോടത്തു പണിക്കരുടേത്തു ആകുന്നു.

കാക്കനാട്ട കയ്മാൾ ആയിട്ടും, പനക്കാഴത്തു പണിക്കരു ഒത്തു ആകുന്നു.

തച്ചോത്തു കയ്മൾക്ക തണ്ടു തൃക്കാൽകൊണ്ടു ചാർത്തി കൊടുക്കയിൽ തിരുമുൽക്കാഴ്ച പണം 360. ആ സ്ഥാനത്തെക്ക തൃപ്പൂണിത്തുറെനു തീപ്പെട്ട തമ്പുരാന്റെ തിരുമൂപ്പ വാഴ്ചക്കും, ഇരിഞ്ഞാലക്കുട തീപ്പെട്ട തമ്പുരാന്റെ തിരുമൂപ്പവാഴ്ചക്കും മൂലംകുഴി തണ്ടു കയറിയപ്പൊഴത്തിനു ആ സ്ഥാനത്തെക്ക മടത്തി എളെടം തണ്ടു കയറിയതു. ഈ സ്വരൂപികൾക്ക ആ തണ്ടെററ ഇല്ല.

കയ്മൾമാരു സ്ഥാനത്തെക്ക പൂകിച്ചു കിടക്കകൊണ്ടു തണ്ടുകരെറാൻ സംഗതിയാകുന്നു.

തൃപ്പൂണിത്തുറയ്ക്കു എഴുന്നള്ളി നീരാട്ടുകളിയും കഴിഞ്ഞു ഭഗവാനു ആനയും ഇരുത്തി, തൊട്ടിയും വളരുംവെച്ചു, ചെറിയ പരിഷചാക്യാരെക്കൊണ്ടു രാമായണം കൂത്തും പഠിച്ചു, ഭഗവാനു ഒരു ഉടവാളുംകൊടുത്തു, ഒരു വീരപാളിയും ചാത്തിച്ച്, തൃക്കൺപാത്തു, തീത്ഥദക്ഷിണ 16 പണവും ചെയ്യണം. ചാക്യാക്കു കുറയും പവിത്രത്തിനും മുറി 4. പണം 16. ഭഗവാനെ തൃക്കൺപാത്താൽ അമ്മതമ്പുരാൻ കൊവിലകത്തെക്ക എഴുന്നള്ളും. അമ്മതമ്പുരാൻ മൊതിരവും ഇടുവിച്ചു അന്നത്തെ വിരുന്നു അമൃതെത്തും കഴിക്കണം. അവിടന്നു എഴുന്നള്ളത്തു പുറപ്പെട്ടു വടക്കെടത്തു മനക്കൽ എഴുന്നള്ളി നമ്പൂരിപ്പാട്ടീന്നു മൊതിരവും ഇടുവിച്ചു അരിയിട്ടു വാഴിക്കയും വെണം. നമ്പൂരിപ്പാട്ടിലെക്ക വീരപാളി മുറി 1. ഇങ്ങൊട്ടു 8 ഉറമാൽ നമ്പൂരിപ്പാട്ടീന്നു തിരുമടിയിൽ വെക്കുകയും ചെയ്യും.

അവിടന്നു കണയന്നൂക്ക് എഴുന്നള്ളി പള്ളിവെട്ടക്കാവിലെയ്ക്കു എഴുന്നള്ളണം. പള്ളിവെട്ടക്കാവിൽ, തിട്ടെനായക്കും, മീനംപാട്ടു നായക്കുംകൂടി കവിണിമുറി 5. കൂടെ വിതാനിപ്പാൻ ചെത്തിമുറി 1. പാവാട വിരിപ്പാൻ കവിണിമുറി 2. പള്ളിശ്രാമ്പിക്ക തിരുകവാൻ ഉറമാൽ 3.

പള്ളിവെട്ടക്ക എഴുന്നള്ളുമ്പൊൾ ചാത്തിയ ചെത്തിമുറി ഒന്നും, വള ഒന്നുക്ക പണത്തൂക്കം പത്തും, അനന്തമുടി 2ക്ക പണത്തൂക്കം 25, തണ്ടരഞ്ഞാൾക്ക ഉറപ്പ്യകാശു 10. ഇതൊക്കെയും വെക്കെക്കയ്യൾക്ക കൊടുക്കണം. കൂടെ പള്ളിവെട്ടക്കാവിൽ പന്തിരുനാഴിക്ക ഉറളി 1, കുഴിയിൽ 1, ചെപ്പുകുടം 1, കിണ്ടി 1, തളിക 1, വിളക്ക 1, വിരട്ടുവിളക്ക 1. ഉറളി കൊട്ടത്തു നിലവിളക്കും കിണ്ടിയും തളികയും കൊടുത്തു ശെഷമുള്ളതിന്നു 16 പണവും കൊടുക്കണം.

പള്ളിശ്രാമ്പി പണിയിപ്പാൻ 2൯ പണവും വെക്കെക്കെയ്മൾക്ക കൊടുക്കണം. സ്വരൂപികൾക്ക തൃപ്പൂണിത്തുറക്ക എഴുന്നള്ളത്തു പുറപ്പെട്ടപ്പോൾ പനക്കാഴത്തു പണിക്കൎക്ക ചെത്തിമുറി 1. കുന്നത്തുരുത്തിമെന്നു ചെത്തിമുറി 1, മടത്തിക്കയ്മൾക്ക ചെത്തിമുറി 1, കടമ്പനാട്ടുമെന്നു ചെത്തിമുറി 1, പൂന്തൊടത്തു ആരുമില്ലാഞ്ഞിട്ട കൊടുത്തില്ല. മുളങ്കുടിക്കയ്മൾക്കും മടത്തിൽ ഇളെടത്തിന്നു കൊടുക്കകൊണ്ട കൊടുത്തില്ല. പള്ളിവെട്ടക്കാവിൽ നായാടിക്ക മുറി 1. കണിയാരു രണ്ടുക്ക മുറി 2.

കൊല്ലന്നു മുറി 1, വില്ലുകൊണ്ടുവന്ന കുറുപ്പിന്നു മുറി 1, ആശാരിക്ക മുറി 1, തട്ടാന്നു മുറി 1, പള്ളിച്ചാന്മാർ 16ക്ക അയച്ച പണം 224. വെള്ളാരപ്പിള്ളിക്കാരു സ്ഥാനക്കാരു, ചെമ്പരനായൎക്ക പണം 4, മുല്ലെച്ചേരി നായൎക്ക പണം 4, മംഗലത്തു നായൎക്ക പണം 4, എടശ്ശേരിനായൎക്ക പണം 4, കാഞ്ഞൂർ കുറുപ്പിന്നു പണം 4, വാഴെലി നായൎക്ക പണം 4, വാമന നായൎക്ക പണം 4, എടയിപ്പുറത്തു നായൎക്ക പണം 4, കണയന്നൂക്കാർ പെണ്ട്യാൻമാർ, എളെച്ചിൽ മുറി 2, കളമ്പുകാട്ട മുറി 2 എലയിപ്പാല മുറി 2, വല്ലത്തു മുറി 2, കൊരങ്ങമ്പിള്ളി മുറി 2, തെക്കെ വല്ലത്തു മുറി 2, കാളന്തുരു മുറി 2, പഴങ്ങനാട്ട മുറി 2, മക്കാട്ട മുറി 2, പള്ളികുന്നത്തു മുറി 2, പാറയിൽ മുറി 2, പള്ളിച്ചന്മാരു അമ്പാട്ട മുറി 2, മാന്നാത്തു, പെരിങ്ങാടിൽ, ചെറുകര, കുന്നമ്പിള്ളി, മങ്ങാടൻ, തത്തനാടൻ, മുറി 2 വീതം. പെരയിൽ നായർ മുറി 2, പെരുമ്പിള്ളിമെന്നു മുറി 2, കൊവിക്കാരു പെണ്ട്യാന്മാൎക്ക വസ്ത്രത്തിന്നു പണം 54.

കൊച്ചിക്കുറുപ്പിന്നു പുടവക്ക പണം 6. അയിനിക്കുറ്റിലെ അഞ്ചാം വീട്ടിലെക്ക വീരവാളിമുറി 1, പണം 64. പറവൂരുന്നുവന്ന നമ്പൂരിക്കും, മംഗലപ്പിള്ളിമെന്നും, ചെമ്പകശ്ശേരിമെന്നും, ശെഷം പട്ടൎക്കുംകൂടി പണം 52. മുരിയനാട്ട നമ്പ്യാർ അയച്ച വന്ന കെളമെന്നും, പട്ടൎക്കുംകൂടി പണം 20. കായംകുളത്തുനിന്നു വന്ന കാൎയ്യക്കാൎക്ക പണം 48. ചങ്ങരംകൊത കയ്മൾക്ക പണം 22. അമ്പലപ്പുഴെ പ്രവൃത്തിക്കാരന്നു പണം 6. പടിഞ്ഞാറെക്കുറ്റിലെ കാൎയ്യക്കാൎക്ക പണം 6. മുടക്കാതക്കുറ്റിലെ കാൎയ്യക്കാൎക്ക പണം 16. വടക്കുംകുറ്റിലെ കാൎയ്യക്കാൎക്ക പണം 16. തെക്കുംകുറ്റിലെ കാൎയ്യക്കാൎക്ക പണം 24. പങ്ങൊട്ട കയ്മൾക്ക പണം 16. പടിഞ്ഞാറെടത്തു കയ്മൾക്ക പണം 26. തച്ചെത്തു മൂന്നാംകൂർ കയ്മൾക്ക വീരവാളിമുറി 1, പണം 64. കൂടെ അനന്തരവർ വന്നവൎക്ക പണം 22. നടുവത്തു എളെടത്തിന്നു പണം 24. കുറി

കണയന്നൂർ കോവിലകം

കണയന്നൂർ കോവിലകത്തിന്റെ
പഴയകോട്ടയുടെ നഷ്ടശിഷ്ടങ്ങൾ

മട്ടാഞ്ചേരി ഡച്ചുകൊട്ടാരം

ക്കാട്ടു മൂത്ത എളെടത്തിനു പണം 24. കക്കാട്ടു എളെടത്തിനു പണം 21. കളത്തി എളെടത്തിനു പണം 24. പുള്ളക്കാട്ടു കയ്മൾക്കു പണം 24. തൃട്ടായത്തു പണിക്കക്കു പണം 12. ചീങ്ങം താവഴിക്കും അനന്തരവനുംകൂടി പണം 22. പനച്ചിക്കാട്ടു ചാത്തര നമ്പൂതിരിമാക്കു പണം 450. കൂടെ കിഴിയിൽ പണം 402. പട്ടിഞ്ഞാറുവ ചാത്തര നമ്പൂരിമാക്കു പണം 703. കൂടെ കിഴിയിൽ പണം 402. കാരമംഗലത്തു ചാത്തര നമ്പൂരിമാക്കു പണം 607. കൂടെ കിഴിയിൽ പണം 402. മടപ്പിള്ളിക്കാക്കു പണം 602. ശ്രമിച്ച പട്ടന്മാക്കു സവ്വാണികൂടി പണം 126. സവ്വാണിയും അതിന്റെ യഥാക്രമം കണ്ടുള്ള പ്രതിഗ്രഹവും ചെയ്യണം. കൊട്ടയിന്നു കല്പിച്ചയച്ച തിരുമാരക്കും, ഉപ്പായിക്കും, പണം 258.

കണയന്നൂർനിന്നു എഴുന്നള്ളുമ്പൊൾ പള്ളി ഓടം ഏറക്കി കൊച്ചി അങ്ങാടിക്കാരു മൂന്നു തിരുവുകാരും, പടവിന്മെൽ അകമ്പടിയെട്ടു കൂടി ഘൊഷത്തൊടെ എഴുന്നള്ളണം. കടവിൽ ചെന്നാൽ പള്ളി ഓടത്തുനിന്നു തുടങ്ങി കിഴക്കെ നടയിൽകൂടി പാവാടയും വിരിച്ചു കിഴക്കെ മാളികെലു കൂടാരംവെച്ചു പള്ളിയറയിൽ..........അവിടെയിരുന്നരുളിയാൽ നാല്ക്കുരുവീട്ടിൽ അച്ചൻ മൊതിരമിടീക്കണം. അരിപ്പറ വീരമട്ടക്കാക്കും, നെൽപ്പറ കൊച്ചിപെണ്ട്യന്മാക്കും, കിഴക്കെ നടക്കൽ തുടങ്ങി, കൊണിക്കൽ താഴത്തൊളം ഉള്ള പാവാട തന്നതിനു, ശെഷം പാവാട ആനക്കാക്കു കൈക്കുടെ കൊടുക്കും. 3 തിരുവുകാക്കും 64 പണംവീതം കൊടുക്കണം. പാണ്ടികവാദ്യക്കാക്കു 22 പണം കൊടുക്കണം. അന്നത്തെ വിരുന്നമുതെത്തും പാവാടയും കൊച്ചി കാര്യക്കാക്കു ആകുന്നു. തിരുമൂപ്പു വാഴ്ക്ക ബന്ധുസംബന്ധങ്ങൾക്കും, പ്രഭുക്കന്മാക്കും മാടമ്പികൾക്കും, കാര്യക്കാരന്മാക്കും ഇന്നദിവസം എന്നു മുമ്പു തീട്ടുരം എഴുതിയയച്ചിരിക്കുന്നു. ചാക്യാക്കു കൊടുക്കെണ്ടതൊക്കെ എഴുതുവാനുമുണ്ടു്......"

മട്ടാഞ്ചേരിക്കോവിലകം ചടങ്ങുവിവരം.

കണയന്നൂരെയും, തൃപ്പൂണിത്തുറയിലെയും ചടങ്ങുകൾ കഴിഞ്ഞു കൊച്ചിയിൽ എത്തിയാൽ പിന്നെ ഉണ്ടാകുന്നതും വേണ്ടതും താഴെ ചേക്കുന്നപ്രകാരമാകുന്നു:—

കൊച്ചിയിലെ കോവിലകംകടവിൽ പള്ളിബോട്ടുടുത്താൽ, കോവിലകത്തെ പഴയന്നൂർക്കാവിലെ പൂജക്കാരൻ നമ്പൂരി അഷ്ടമംഗ

ല്ല്യത്തോടുകൂടി വന്നു എതിരേല്ക്കണം. അതിന്റെ എല്ലാക്കൂട്ടവും നമ്പൂരിക്കുള്ളതാകുന്നു. കസവുമുണ്ടു ചാർത്തി മെയ്യാഭരണങ്ങൾ അണിഞ്ഞ് അവിടെനിന്നു ഘോഷയാത്രയായി എഴുന്നള്ളത്തു പുറപ്പെടും. വഴിക്കൊക്കെ 'പാവാട' (കോടിവസ്ത്രം) വിരിച്ചിരിക്കും. കൊച്ചങ്ങാടിയിലെ മൂന്നു തെരുവിലെ ജോനകമാപ്പിളമാർ അകമ്പടിസേവിക്കും. (ഇതു ശക്തൻതമ്പുരാനായിട്ടു തുടങ്ങിവെച്ചതാണത്രെ. ഇവർക്ക് ഇന്നും അന്തച്ചമയത്തിലും സ്ഥാനവും സംഭാവനയുമുണ്ട്). ദേവദാസികളുടെ ആട്ടവും ഉണ്ട്. ഈ എഴുന്നള്ളത്തു നേരേ മട്ടാഞ്ചേരി കോവിലകത്തെ "ഗന്ധകറ" എന്ന മുറിയുടെ മുമ്പിലെത്തും. അവിടെനിന്നു ക്ഷേത്രമുററത്തു കടന്ന്, എടത്തുതിരിഞ്ഞു നടന്ന്, "ഹോമപ്പുര"യ്ക്കു സമീപംചെന്നു വലത്തുതിരിഞ്ഞ്, ഹോമപ്പുരയുടെ കിഴക്കെ അതിർത്തിവരെ നടന്ന്, വീണ്ടും വലത്തു തിരിഞ്ഞ്, ഭഗവതിയുടെ നടയ്ക്കൽ എഴുന്നള്ളിനില്ക്കും. ദീപസ്തംഭത്തിന്റെ കിഴക്കുഭാഗത്തുനിന്നുകൊണ്ടു ഭഗവതിയെ വന്ദിക്കും. എന്നിട്ടു വന്നവഴിയെത്തന്നെ തിരികെ നടന്നു ഹോമപ്പുരയ്ക്കു കിഴക്കുള്ള കല്പടവുകളോടുകൂടിയ കോണിവഴിക്കു കോവിലകത്തിന്റെ മാളികയിൽ പ്രവേശിക്കും. മുകളിൽ ചെന്നു "കൊമള തറച്ച പള്ളിയറ" എന്ന മുറി കടന്നു തെക്കെത്തലയ്ക്കലുള്ള "കൂത്തറമച്ചുള്ള പള്ളിയറ"യിൽ എത്തും. അവിടെ നിറപറ മുതലായതൊക്കെ വെച്ചിരിക്കും. അതിനെ വലംവെക്കും. അവിടെ 'വാസനക്കച്ച' വിരിച്ചിട്ടുള്ള ഒരു കട്ടിലിന്മേൽ കിഴക്കോട്ടു തിരിഞ്ഞ് എഴുന്നള്ളിയിരിക്കും. അപ്പോൾ നായ്ക്കരുവീട്ടിലച്ചൻ ഒരു തൂശൻ ഇലയിൽ ഒരു പൊൻമോതിരം തിരുമുല്ക്കാഴ്ച വെക്കും. പിന്നീടു 'മണ്ഡലമുതലിയാർ' ആറുമുറി കച്ച ചുരുട്ടി വക്കു ചരടുകൊണ്ടു കെട്ടി കാഴ്ചവെക്കും. ഇവ രണ്ടും രാജാവിനുവേണ്ടി പാലിയത്തച്ചൻ എടുത്തുവെക്കും. പിന്നീട് ഇതിന്റെ കിഴക്കേ മുറിയിൽ എഴുന്നള്ളി നീരാട്ടുകുളിക്ക് ഒരുങ്ങും.

നീരാട്ടുകുളിച്ചു 'പള്ളിത്തേവാര'ത്തിൽ സന്ധ്യാവന്ദനംകഴിച്ചു ക്രിയാഭാഗംനടത്തും. പള്ളിത്തേവാരത്തിന് 'അഴിതുക്കോവിലി'ലെ നാലമ്പലമാണ്. പള്ളിദ്ദീക്ഷയുള്ളതുകൊണ്ടു (മരിച്ച രാജാവിന്റെ ദീക്ഷ. ഒരു കൊല്ലംകാലം നിത്യവും ബലിയിടണം) തിരുബലിയുംകഴിക്കും. ഇത്രയുംകഴിഞ്ഞാൽ പഴയന്നൂർഭഗവതിയെ ശരിയായി തൃക്കൺപാർക്കാൻ എഴുന്നള്ളും. നടക്കൽ ഒരു സ്വർണ്ണത്താലിയും ഒരു പട്ടു ചരടും ഒരു കുത്തു പട്ടും വെക്കും. ഭണ്ഡാരത്തിൽ 32 പുത്തനിടും. നെയ്‌വിളക്കിനു നാഴി നെയ്യുവെക്കും; അപ്പോൾ ഭഗവതിയെ മൂവ്വായി

രം മുല്ലപ്പൂകൊണ്ടു കോർത്ത ഒരു മാല്യം അണിയിച്ചിരിക്കും. ശാന്തിക്കാരനു 32 പുത്തൻ തീൎത്ഥദക്ഷിണ കൊടുക്കും. പിന്നെ പള്ളിത്തേവാരക്കെട്ടിൽ എഴുന്നെള്ളി മൂന്നിലൊന്നു കുത്തു ചെത്തിപ്പട്ടും, രണ്ടുതവി നെയ്യും വെച്ചു വന്ദിച്ച്, എട്ടു പുത്തൻ ദക്ഷിണയും കൊടുക്കും. കോവിലകത്തിന്റെ വടക്കെ വാതിൽകടന്നു ശിവക്ഷേത്രത്തിലെഴുന്നെള്ളും. അവിടെ മൂന്നിലൊന്നു ചെത്തിപ്പട്ടും, രണ്ടുതവി നല്ലെണ്ണയും തീൎത്ഥദക്ഷിണ നാലു പുത്തനും കൊടുക്കും. അവിടന്നു പഴയന്നൂർ ഭഗവതിയുടെ നടക്കൽവന്നു കോവിലകത്തിന്റെ തെക്കുവശത്തുള്ള കരിങ്കല്ലു കോണിപ്പടികൾ കയറി 'അഴിത്തുക്കോവിൽ' എന്നു വിഷ്ണുക്ഷേത്രത്തിൽ വടക്കേവാതലിൽകൂടി പ്രവേശിച്ചു ശ്രീകോവിൽ വലം വെക്കും. ആ നടക്കൽ ബാക്കിയുള്ള മൂന്നിലൊന്നു ചെത്തിപ്പട്ടും എട്ടു പുത്തനും രണ്ടുതവി നെയ്യും വെക്കും. നാലുപുത്തൻ തീൎത്ഥദക്ഷിണയും കൊടുക്കും. ആ വടക്കെ നടയിൽകൂടിത്തന്നെ തിരിച്ചെഴുന്നള്ളി കോവിലകത്തെ മാളികയിൽ ചെല്ലും. അവിടെ ആ മുറിയിൽ തെക്കെ അററത്തു ഒരു നിറപറയും, എടങ്ങഴിയും, പച്ചക്കുലയും, മററും വെച്ച് ഒരു വെള്ളിവിളക്കു കുളത്തിയിരിക്കും. അന്ന് ആ ക്ഷേത്രങ്ങളിൽ നിറമാല, വിളക്ക്, ഉദയാസ്തമയപൂജ, പന്തീരാഴി, ചതുശ്ശതം, ദാസിയാട്ടം, പ്രത്യേക വെള്ളനിവേദ്യം, സദ്യ, വാദ്യഘോഷങ്ങൾ മുതലായ ആഘോഷങ്ങൾ ഉണ്ടായിരിക്കും. കതിനവെടി മുഴങ്ങിക്കൊണ്ടിരിക്കും. സദ്യയിൽനിന്നു മണ്ഡലമുതലിയാക്കു പ്രത്യേകം 'പകച്ച്'യും ഉണ്ടു്.

മട്ടാഞ്ചേരിക്കോവിലകത്തു് എഴുന്നള്ളിയതിന്റെ പിറേറന്നു രാവിലെ നീരാട്ടുകുളികഴിച്ചു കസവുടുത്തു, രാജകീയങ്ങളായ ആഭരണങ്ങൾ അണിഞ്ഞു ഹോമപ്പുരയുടെ കിഴക്കുവശത്തുള്ള കല്പടവുകൾ ഇറങ്ങി താഴെ എഴുന്നെള്ളി തെക്കുഭാഗത്തുകൂടി പുറത്തുവന്നു 'ഗന്ധക അറ'യുടെ പടിഞ്ഞാറെ വാതലിൽക്കൂടി പുറത്തുകടക്കും. അവിടെവെച്ചു പല്ലക്കിൽ കയറും. പ്രമാണികൾ, കാൎയ്യക്കാരന്മാർ, കൊട്ട്, വാദ്യം, ഒക്കെ ഉണ്ടായിരിക്കും. കൊച്ചങ്ങാടി ജോനകന്മാർ വാദ്യത്തോടുകൂടി അകമ്പടിനില്ക്കും. കോവിലകത്തിനു പടിഞ്ഞാറുവശത്തുള്ള കുളത്തിന്റെ തെക്കുഭാഗത്തുകൂടി പടിഞ്ഞാട്ടു എഴുന്നള്ളും. എന്നിട്ടു 'പള്ളിയറക്കാവി'ന്റെ കിഴക്കെ നടയിൽ എത്തും. പള്ളിയറക്കാവമ്പലത്തിൽ ദൎശനത്തിനു് അകത്തേക്കു് എഴുന്നള്ളും. അവിടെ ഭണ്ഡാരത്തിൽ എട്ടു പുത്തൻ ഇടും. കാലേ അരക്കാൽ എടങ്ങഴി നെയ്യു വിള

ക്കിനു കൊടുക്കും. അരക്കുത്തു ചെത്തിപ്പട്ടു നടക്കൽ വെക്കും. എട്ടു പുത്തൻ തീൎത്ഥദക്ഷിണയും കൊടുക്കും.

അവിടെനിന്നു കാൽനടയായി അമ്പലത്തിന്റെ തെക്കേഭാഗത്തുകൂടി ചെന്നു പടിഞ്ഞാറെ നടകടന്നു പുറത്തുകടക്കും. അവിടന്നു വീണ്ടും പല്ലക്കിൽ കയറും. അതുവഴി അകമ്പടിയോടുകൂടി 'ചിറക്കൽ കോവിലകത്തു' എഴുന്നള്ളും. മിററത്തു വിതാനപ്പന്തലുണ്ട്. അവിടെ പല്ലക്കിൽനിന്നു താഴെ ഇറങ്ങും. എന്നിട്ടു കാൽനടയായി കോവിലകത്തിന്റെ തെക്കിനിയിൽ പടിഞ്ഞാറെ അററത്തെ മുറിയിൽ വെച്ചിരിക്കുന്ന കട്ടിലിൽ ചെന്നു കിഴക്കോട്ടുതിരിഞ്ഞിരിക്കും. വഴിനീളെ പാവാട വിരിച്ചിരിക്കും. കട്ടിലിൽ 'വെള്ളയും കരിമ്പടവും' വിരിച്ചിരിക്കും. വിളക്കും നിറപറയും കട്ടിലിനു മുൻവശം ഉണ്ടായിരിക്കും.

അവിടെവെച്ചു കൊച്ചിയിലെ മേനോൻമാർ തിരുമുല്ക്കാഴ്ച കഴിക്കും. ഒമ്പതു മേനോൻമാർ, നാസ്തരവീട്ടിലച്ചൻ, മണ്ഡലമുതലിയാർ, സമൂഹമഠക്കാർ, ഇവരാണു തിരുമുല്ക്കാഴ്ചക്കാർ. വെള്ളയിൽ മേനോൻ, പന്തിയിൽ മേനോൻ, പള്ളിയിൽ മേനോൻ, എടത്താഴത്തു മേനോൻ, പണ്ടാരപ്പറമ്പിൽ മേനോൻ, കയ്യക്കളങ്ങരെ മേനോൻ, പട്ടരുവീട്ടിൽ മേനോൻ, എരേച്ചൻവീട്ടിൽ മേനോൻ, പാപ്പിനിയാഴത്തു മേനോൻ ഇവരാണ് ഒമ്പതു മേനോൻമാർ.

തിരുമുൽക്കാഴ്ച കഴിഞ്ഞാൽ പല്ലക്കു കയറി അകമ്പടിയോടുകൂടി തെക്കേ സമൂഹമഠത്തിൽ എഴുന്നള്ളും. വടക്കേ ഗോപുരത്തിൽ ഇറങ്ങി, പാവാട വിരിച്ചിട്ടുള്ളതിൽകൂടി നടന്നു കുളക്കടവിൽ ചെന്നു കാലും മുഖവും കഴുകി, സമൂഹമഠത്തിലെ ശാസ്താവിന്റെ ക്ഷേത്രനടയ്ക്കൽ ചെല്ലും. അവിടെ അരക്കുത്തു ചെത്തിപ്പട്ടും മുപ്പത്തിരണ്ടുപുത്തനും നടയ്ക്കൽ വെക്കും. എട്ടുപുത്തൻ തീൎത്ഥദക്ഷിണ കൊടുത്തു, തെക്കു ഭാഗത്തു വെള്ളയും കരിമ്പടവും വിരിച്ചിട്ടുള്ള കട്ടിലിൽ കിഴക്കൊട്ടു തിരിഞ്ഞിരിക്കും. അവിടെ സമൂഹക്കാർ ഒരു പീതാംബരം ഒരു വെള്ളിത്തട്ടിലാക്കി കാഴ്ചവെക്കും. മറെറാരു തട്ടത്തിൽ ഫലങ്ങളും, താംബൂലം മുതലായതും കാഴ്ചവെക്കും. രണ്ടും തൃക്കയ്യുകൊണ്ടു തൊട്ടു സ്വീകരിക്കും.

അവിടെനിന്നു പുറപ്പെട്ടു പല്ലക്കു കയറി ആഘോഷത്തോടുകൂടി

വടക്കേ സമൂഹമഠത്തിന്റെ പടിഞ്ഞാറെ പടിക്കൽ ചെല്ലും. അവിടെയും തെക്കെ മഠത്തിലെ പോലെ കക്കെ ഉണ്ടാവും.

അവിടെനിന്നു പുറപ്പെട്ടു പല്ലക്കു കയറി മുഞ്ചിള്ളി സമൂഹത്തിന്റെ തെക്കേ പടിക്കൽ എത്തും. ഇവിടെയും ചടങ്ങുകൾ മററെ മഠങ്ങളിലെപ്പോലെ. എന്നാൽ ഈ മഠക്കാർ ഒരുന്തുററികന്നു പൂത്തൻ ഒരു കിഴികെട്ടി ഒരു വെള്ളിത്തട്ടിലാക്കി തിരുമുൽക്കാഴ്ച വെക്കുന്നു.

അവിടെനിന്നു തിരിച്ചു പല്ലക്കിൽ കയറി നേരേ കോവില്കത്തേക്കു് എഴുന്നള്ളും. ഗന്ധകറയുടെ പടിഞ്ഞാറെ വാതൽ കടന്നു് അകത്തു പ്രവേശിച്ചു ഹോമപ്പുരയ്ക്കു കിഴക്കുള്ള കല്പടവുകൾ കയറി മാളികയിൽ എത്തും. അതിനുശേഷം തെക്കേമുറിയിൽ എഴുന്നെള്ളി അമൃതേത്തു കഴിക്കുന്നു. അമൃതേത്തു കഴിഞ്ഞാൽ പതിവുള്ള "ചിരുതവിളി" നടക്കും. ഇളയതമ്പുരാൻകൂടെ ഉണ്ടായി എന്നും ഇല്ലെന്നും വരാം.

മേല്പറഞ്ഞ ചടങ്ങുകളിൽ കൊച്ചിയിലുള്ളവ മാത്രമേ ഇപ്പോൾ നടക്കുന്നുള്ളു. അതിൽ വിശേഷവിധിയായി ഒരു "ഡർബാറും" ബ്രിട്ടീഷു റസിഡണ്ടിന്റെ 'കാക്രാതം' വായനയുംകൂടി ഉണ്ടുതാനും.

XVII

ആംഗ്ലേയസന്ധി

ഇംഗ്ലീഷുകാർ കൊച്ചിരാജ്യത്തു പ്രവേശിക്കുന്നതിനു വളരെ മുമ്പു തന്നെ തിരുവിതാംകൂറിൽ അഞ്ചുതെങ്ങിലും, വടക്കേ മലയാളത്തിൽ തലശ്ശേരിയിലും പാണ്ടികശാലകൾ തീൎത്തു വ്യാപാരകേന്ദ്രങ്ങൾ സ്ഥാപിച്ചു്, അവരുടെ സ്വാധീനശക്തിയെ പ്രതിഷ്ഠിച്ചുകഴിഞ്ഞിരുന്നു. തിരുവിതാംകൂറും ഇംഗ്ലീഷും തമ്മിലുണ്ടായിരുന്ന സഖ്യത്തിനു തന്നിമിത്തം കൂടുതൽ പഴക്കവും, പഴക്കംകൊണ്ടുള്ള ബലവും ഉണ്ടായിരുന്നു. പൂൎവ്വബന്ധുക്കൾ എന്ന നിലയിൽ കമ്പനിക്കാൎക്കു തിരുവിതാംകൂറിന്റെ നേരേ കൂടുതൽ സ്നേഹവും വിശ്വാസവും നിലനിന്നു. 968-ൽ തിരുവനന്തപുരം സന്ദർശിച്ചു് ശക്തൻതമ്പുരാൻ മടങ്ങി എഴുന്നള്ളുമ്പോൾ

അഞ്ചുതെങ്ങിൽ ഇറങ്ങിയതായും കമ്പഞ്ഞിക്കാർ അപ്പോാം ആചാര വെടിവെച്ചതായും രേഖപ്പെടുത്തിക്കാണുന്നു. രണ്ടു രാജ്യത്തേക്കും കൂടിയുള്ള ബ്രിട്ടീഷ് റസിഡണ്ടിൻെറ തലസ്ഥാനവും ആപ്പീസ്സും മററും ആദ്യം മുതൽക്കുതന്നെ തിരുവനന്തപുരത്തായെന്നതും, തിരുവിതാംകൂറകാരും ഇംഗ്ലീഷധികാരികളും തമ്മിലുള്ള സൗഹാർദ്ദത്തിനു, സമ്മേളനാവസരങ്ങളുടെ സുലഭതയാൽ, ശക്തി വർദ്ധിപ്പിച്ചിരിക്കണം. 1795_ൽ—990_ൽ—ഇംഗ്ലീഷുകമ്പനിക്കാരും തിരുവിതാംകൂറും ചേൎന്നുണ്ടായ ഉടമ്പടിയിൽതന്നെ, "അന്യശത്രുക്കളൊട് എതിൎത്തു, തിരുവിതാംകൊട്ടുരാജ്യം രക്ഷിച്ചു, ശരണമാക്കുന്നതിനു കമ്പഞ്ഞിയും തിരുവാങ്കൊട്ടു രാജ്യവും തമ്മിൽ പണ്ടുപണ്ടെ ചെൎന്നുവരുന്ന അന്യോന്യബന്ധുത്വത്തിൻെറയും കട്ടുമാനത്തിൻെറയും പ്രകാരങ്ങാം പ്രബലമാക്കി വിസ്താരപ്പെടുത്തുന്നതിനു ഭാവിക്കകൊണ്ടു" എന്നു് എഴുതിയിരിക്കുന്നതിനാൽ, ആ മൈത്രീബന്ധത്തിൻെറ പ്രബലതയും പ്രാധാന്യവും അവർ കൊച്ചിക്കു കടക്കുന്നതിനുമുമ്പുതന്നെ സുസ്ഥാപിതമായിരുന്നു എന്നു തെളിയുന്നു.

ശക്തൻതമ്പുരാനും ഇംഗ്ലീഷുകാരും തമ്മിൽ ഇദംപ്രഥമമായുണ്ടായ കരാറിനെയാണു "മിസ്റ്റർ പൗണിയുടെ കരാറു്" എന്നു പറയുന്നതു്. അതിൽ മതിരാശിയിലെ കൗൺസിലിൽ ഒപ്പുവെച്ചതു 1791 ഫെബ്രുവരിമാസം 2_ാംനു ആണെങ്കിലും, അതിലെ 9_ാം വകുപ്പുകൊണ്ടു 1790 സെപ്റ്റമ്പർ മാസം 25_ാംനു മുതല്ക്കു് ആ കരാറു പ്രബലതയിൽ വന്നിരിക്കുന്നു. മതിരാശി ഗവർണർ കൗൺസിൽ പ്രതിനിധിയായി കൊച്ചിക്കു വന്ന മിസ്റ്റർ ജോർജ്ജ് പൗണിയും ശക്തൻതമ്പുരാനും കൂടിയാണു കരാറുണ്ടായതു്. ആ കരാറുണ്ടാകുന്നതിനു മുമ്പു ശക്തൻതമ്പുരാനെ അതിലേക്കു പ്രേരിപ്പിച്ച സംഗതികളും സാഹചര്യങ്ങളും സവിശേഷം സ്മരണീയങ്ങളാകുന്നു.

ഇംഗ്ലീഷുകമ്പനിക്കാരുമായുണ്ടായ പ്രസ്തുതകരാറു ചെയ്യുവാൻ തീർച്ചപ്പെടുത്തുന്നതിനു മുമ്പിൽ ശക്തൻതമ്പുരാൻ വളരെ ദിവസം വിചാരമഗ്നനായി കാണപ്പെട്ടു എന്നും, കർത്തവ്യത്തെക്കുറിച്ചു ദിവാനിശം ആലോചിച്ചുകൊണ്ടിരുന്നു എന്നും, മറെറാരവസരത്തിലും അവിടുന്നു് ആചരിച്ചിട്ടില്ലാത്തതുപോലെ വിശ്വസ്തന്മാരായ പല കാര്യക്കാരന്മാരെയും വിളിച്ചുവരുത്തി ഒരു ഗൂഢാലോചന കഴിച്ചു എന്നും പറയപ്പെടുന്നു. അജയ്യൻ എന്നു് അഭിമാനിച്ചിരുന്ന ടിപ്പു പരാജിതനായി. ടിപ്പുവിൻെറ സേനകാം മുഴുവൻ—ഒരു ശിപ്പായി

പോലും ബാക്കികൂടാതെ—മലയാളം വിട്ടൊഴിഞ്ഞുപോയി. 'ടിപ്പുവിൻെറ മലയാളം' അങ്ങനെതന്നെ സുൽത്താൻ കമ്പനിക്കാക്ക് വിട്ടുകൊടുത്തു. തനതു കൈവശമുണ്ടായിരുന്ന രാജ്യങ്ങൾ മാത്രമല്ലാ, കീഴേടങ്ങളായിരുന്ന ഭാഗങ്ങളും, അതിൽ ഉൾപ്പെട്ടിരുന്നു. ആ കരാറുവഴി കൊച്ചിയും കമ്പഞ്ഞിക്കു ചേൎന്നതായിബ്ഭവിച്ചു. പുറപ്പെട്ടുപോയ രാജാക്കന്മാരൊക്കെ തിരികെ എത്തിത്തുടങ്ങി. കേശവപിള്ള ദിവാൻ ഒരു കന്നാലിക്കൂട്ടത്തെ എന്നവണ്ണം അവരെ ആട്ടിക്കൊണ്ടുവന്നു. കമ്പനിക്കാരും കേശവപിള്ളയും—തിരുവിതാംകൂറും—വളരെ പത്ഥ്യത്തിലുമായിരുന്നു. ലന്തക്കാർ കൊച്ചിയിൽ ഉണ്ടെന്നല്ലാതെ അവൎക്കു കാൎയ്യമായ സഹായത്തിനൊന്നും ശക്തിയും സന്നദ്ധതയും ഇല്ല. തിരുവിതാംകൂറിനു ലന്തയോട് ഒട്ടും സുഖമില്ല. കൊച്ചിയോടുള്ള നില ദൃഢാവലംബത്തെ ന്യായീകരിക്കുന്നതായിരുന്നില്ല. മലയാളത്തിലേക്കു മടങ്ങിവന്നു രാജാക്കന്മാൎക്ക് അവരുടെ പൂൎവ്വസ്ഥാനങ്ങൾ സുരക്ഷിതമാകുന്ന വഴിക്കല്ലാ പുറപ്പാടുകാണുന്നതു്. ഇംഗ്ലീഷുകാരുടെ വളൎന്നുവരുന്ന ശക്തിയെക്കുറിച്ചു ലന്തക്കും പരിഭ്രമംതന്നെ ഉള്ളതായിക്കണ്ടു. പരന്ത്രീസ്സിൻെറ ഉയൎച്ചയേയാണ് അവർ കാൎയ്യമായി പ്രതീക്ഷിച്ചിരുന്നതു്. നെപ്പോളിയൻ ലോകസമ്രാട്ടാകുമെന്നു പറയുന്നതിൻെറ പരമാൎത്ഥം ആരറിഞ്ഞു! രാജാവിനെ കൊന്നുംവെച്ചു രാജശക്തിയെ പ്രചരിപ്പിക്കുന്ന ജനങ്ങളുണ്ടോ കണക്കിലാകുന്നു? നിസ്തൎക്കമായ ഒരു പൎയ്യവസാനം വരുന്നതുവരെ ഒന്നും ഉറപ്പിക്കാതെ കൊണ്ടും കൊടുത്തും നില്ക്കുന്നതു രക്ഷയാണോ? ബുദ്ധിപൂൎവ്വകമാണോ? പെട്ടെന്നാണെങ്കിൽ വല്ലതും സാധിക്കും. അവൎക്കും കാൎയ്യങ്ങളുടെ ഒന്നും പിടുത്തം കിട്ടിയിരിക്കയില്ല. 'അധികം മൂത്താൽ വിത്തിനാകാ' എന്നില്ലേ? എന്താണീ പതനത്തിൽ വേണ്ടതും, നല്ലതും?

ഏവംവിധങ്ങളായ അഗാധചിന്തകളാൽ ശക്തൻതമ്പുരാൻ ക്ഷീണമാനസനായി. അന്നു വലിയതമ്പുരാനായിരുന്ന, 965 കൎക്കടകം 32-ാംനു- തീപ്പെട്ട, മഹാരാജാവിനു തക്കതായ ഒരു ഉപദേശം നല്കുന്നതിനുള്ള ഓജസ്സോ പ്രാപ്തിയോ ഉണ്ടായിരുന്നില്ല. "ഉണ്ണി വേണ്ടവിധം ആലോചിച്ചു ഉറച്ചോളൂ" എന്നു മാത്രം അവിടുന്നു കല്പിച്ചു. ചിററമ്മതമ്പുരാട്ടിതിരുമനസ്സിലൊടും പതിവുപോലേ — പ്രധാനപ്പെട്ട യാതൊരു കാൎയ്യവും അവിടെക്കൂടി അറിയിക്കാതെ ശക്തൻതമ്പുരാൻ ചെയ്യാറില്ലല്ലോ—ആലോചിക്കാതിരുന്നില്ല. ഇല്ലത്തു ഗോവിന്ദമേനോൻ, മാളിക്കൽ ഗോവിന്ദമേനോൻ, കാരക്കാട്ടു രാമമേനോൻ, പണിക്കർ

കപ്പിത്താൻ, ഈശ്വരപട്ടര കാൎയ്യക്കാർ, ശ്രീരാമയ്യർ, കൎത്താവുകാൎയ്യക്കാർ എന്നിവരെയും മററും വിളിച്ചുവരുത്തി തൃപ്പൂണിത്തുറയിൽവെച്ച് ഒടുവിൽ ഒരു കാൎയ്യാലോചന നടത്തി. ടിപ്പുവിനോടു എതിൎക്കാതിരുന്ന കൊച്ചിക്കു്, 'ആ സുൽത്താനെ പോലും തോല്പിച്ചു തുന്നംപാടിച്ച കുമ്പഞ്ഞിക്കാരെ പൊരുതു തോല്പിക്കുവാനോ, അവരോടു പ്രതികൂലിച്ചു നില്ക്കുവാനൊ സാധിക്കുന്നതല്ലെന്നും, അകത്തുതന്നെ അനേകതരത്തിലുള്ള ആലശീലകൾ ഉള്ള സ്ഥിതിക്കു, പുറത്തുനിന്നുള്ള ബലവാനായ എതിരാളിയെ വഴങ്ങുകയാണു നല്ലതെന്നും, അവകാശപ്പെട്ടതൊക്കെ മടക്കിക്കിട്ടുന്നപക്ഷം ടിപ്പുവിനു കൊടുത്തിരുന്ന കപ്പം കുമ്പഞ്ഞിക്കു കൊടുക്കുന്നതായിരിക്കും മെച്ചമെന്നും, വിശേഷിച്ചു കച്ചവടക്കാരും ലാഭേച്ഛുക്കളുമായ കുമ്പഞ്ഞിക്കാർ ഇപ്പോഴാണെങ്കിൽ എളുപ്പത്തിൽ വഴിപ്പെട്ടേക്കുമെന്നും, സ്വാദറിഞ്ഞാൽ കടി വിട്ടില്ലെന്നുവരാമെന്നും, എന്തെങ്കിലും തീരുമാനിക്കുന്നതിനുമുമ്പിൽ, പൂൎവ്വബന്ധുവെന്നനിലയ്ക്കു വൎത്തിക്കുന്ന ലന്തക്കുമുദവരോടു ചോദിച്ചില്ലെന്നുവരുതല്ലൊ എന്നും, അവൎക്കു് ഇപ്പോൾ ഉള്ളതു പോകാഞ്ഞാൽ അവർ അനുകൂലികളാവാനേ വഴിയുള്ളു എന്നും,' ആയിരുന്നു അസാധാരണവും അത്ഭുതാവഹവുമായിരുന്ന ആ കാൎയ്യാലോചനാസഭയിൽനിന്നുണ്ടായ ഐകകണ്ഠ്യമായ തീരുമാനം.

കുമ്പഞ്ഞിയുമായി സന്ധിചെയ്യുക എന്നു തീൎച്ചപ്പെടുത്തിയ ഉടനെതന്നെ രണ്ടു ഹരിക്കാരന്മാരെ ഒരു തീട്ടുരത്തോടുകൂടി ജന്നപട്ടണത്തേയ്ക്കു നേരേ അയച്ചു. ടിപ്പുവുമായുള്ള ബന്ധുതയെ എന്നെന്നേയ്ക്കുമായി തീരെ വിടുവാനും, ആ സ്ഥാനത്തു ഇങ്കരിയസ്സുകുമ്പഞ്ഞിയുടെ മേല്ക്കോയ്മയെ സാദരം സ്വീകരിക്കുവാനും, സകല രക്ഷയും കുമ്പഞ്ഞിയിൽനിന്നുതന്നെ നടത്തി, ടിപ്പുനിമിത്തം സംഭവിച്ച രാഷ്ട്രകഷ്ടങ്ങൾക്കു നിവാരണവും നിവൃത്തിയും ചെയ്യേണമെന്നു് അപേക്ഷിക്കുവാനും, ഒരുങ്ങിയിരിക്കുന്നു എന്നായിരുന്നു ആ തീട്ടുരം. ജന്നപട്ടണത്തേയ്ക്കു തീട്ടുരം അയച്ചതോടുകൂടി ലന്തക്കുമുദവരുടെ അടുക്കലേയ്ക്കു് ആലോചനകൾക്കായി സൎവ്വാധിയേയും അയച്ചു. കുമുദവരുടെ കഥ, കച്ചിട്ടു് എറക്കാനും വയ്യ, മധുരിച്ചിട്ടു തുപ്പാനുംവയ്യ, എന്ന മട്ടിലായിരുന്നു. കിടക്കാൻ സ്ഥലം കിട്ടിയില്ലെങ്കിലും ഇരിപ്പിടം പോകാതെ കഴിഞ്ഞാൽകൊള്ളാമെന്നു കുമുദവൎക്കു തന്നെ ആശ ഉണ്ടായിരുന്നു.

കുമുദവരുടെ അടുക്കൽചെന്ന സൎവ്വാധിയും കുമുദവരുംതമ്മിൽ എ

റിയനേരത്തെ കൂടിയാലോചന നടന്നു. എതിക്കുന്നതു് ആപത്കരമാണെന്നും, ഈ സ്ഥിതിക്കു തിരുവിതാംകൂറിനെ ചാരുന്നതു ബുദ്ധിപൂർവ്വമല്ലെന്നും, ഒരു സന്ധിക്കുള്ള ഏററവും നല്ല അവസരം ഇപ്പോഴത്തെന്നെയാണെന്നും, ലന്തക്കാരുമായി ഇപ്പോൾ നിലവിലുള്ള കരാറിനെ അസ്ഥിരപ്പെടുത്താത്തവണ്ണം ആവണം ആ കരാറ് എന്നുമാത്രമേ തങ്ങൾക്കു പ്രത്യേകിച്ചൊന്നുള്ളു എന്നും, കുമുദവരും അവസാനത്തിൽ സമ്മതിച്ചു. ലന്തയുമായുണ്ടായിരുന്ന കരാറിനെ അനുവദിച്ചുകൊണ്ടും അതിലേയ്ക്കു തൻെറ വകയാണെന്നിലയ്ക്കു ചില നിർദ്ദേശങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടും ഒരു കത്തുതന്നെ 'ആകൾംബെക്കു് കുമുദവർ' ശക്തൻതമ്പുരാനു വഴിയെ എഴുതിക്കൊടുത്തയയ്ക്കുകയും ചെയ്തു. ആ എഴുത്തു താഴെ ചേർക്കുന്നു:—

"...അങ്ങക്കു വടക്കെദിക്കിലുള്ള രാജ്യങ്ങളുടെ കാര്യംകൊണ്ടു അങ്ങ ഇങ്കരിയസ്സ കുമ്പഞ്ഞിയുമായി ക്ലെശിച്ചിരിക്കകൊണ്ടും, അവരഅതുകൊണ്ടു അങ്ങും ഉലന്തക്കുമ്പഞ്ഞിയുമായിട്ടുള്ള ഉടമ്പടിക്കു ഒരു വ്യത്യാസംവരാതെ പറഞ്ഞു നിദാനം വരത്തക്കവണ്ണം മനസ്സ ഉണ്ടാക കൊണ്ടും, ഈ പ്രകൃതികൊണ്ടു നമുക്കു ഒട്ടും ചടത ഇല്ല. ഇക്കാര്യത്തിന നാംകൂടെ പ്രയത്നം ചെയ്യുകയും ആം. ഈ രാജ്യത്തു അങ്ങുന്നു ആഗ്രഹിച്ചിരിക്കുന്നതിൻവണ്ണം സ്വാധീനത്തിൽ വരാനുള്ളതിനു ഢിനാഴികയും താമസിക്കാതെ മെസ്സർ പൌണിയായിട്ടു വിചാരിക്കയും വെണം. അങ്ങുന്നു മുമ്പിനാലെ അനുഭവിച്ചപൊന്നിരുന്ന രാജ്യങ്ങളുടെ അതിർത്തികളും, ഇപ്പൊൾ അനുഭവിപ്പാൻ മൊഹമുള്ളതിൻെറ വിവരവും മെസ്സർ പൌണിയെ തിരിച്ചു ബൊധിപ്പിച്ചുകൂടെ ഈ രാജ്യങ്ങൾക്കു ഇങ്കരിയസ്സ കുമ്പഞ്ഞിക്കു കൊടുക്കത്തക്കവണ്ണം നിശ്ചയിക്കുന്ന കപ്പം ഇത്ര എന്നു നിശ്ചയിക്കുകയും വെണം. എന്നാൽ ഈ രാജ്യങ്ങളുടെ വരവും വഴിപൊലെ വിചാരിച്ചു ഇങ്കരിയസ്സ കുമ്പഞ്ഞിക്കു ഇത്ര കൊടുക്കണമെന്നു പറയുന്നതു അവക്കു ഇഷ്ടം വരാനുള്ളതിനായിട്ടും അങ്ങക്കു ചെതം വരാത്തതു ആയിട്ടും വെണം. കുറഞ്ഞാൽ ഉടമ്പടിക്കു അവർ സമ്മതിക്കില്ല. രാജ്യങ്ങൾ നെടിയിരിപ്പു സ്വരൂപത്തിങ്കലെക്കു എങ്കിലും, മററ ആർക്കെങ്കിലും കൊടുക്കയും ചെയ്യും. ഏറെക്കൊടുക്കാമെന്നുവെച്ചാൽ അങ്ങക്ക കാര്യംദൊഷവും വരും. അവര എന്തെല്ലാം ചൊദിക്കുമെന്നു നമുക്ക അറിഞ്ഞുകൂടാ. അങ്ങക്കുള്ള രാജ്യങ്ങൾ ഒക്കയും നെടിയിരുപ്പും നവാബും ഒതുക്കിയിരിക്കുന്നതു ഇങ്കരിയസ്സ പിടിക്കുന്നതു തിരിച്ചെഴുതി ആയതു അങ്ങക്കു ഏല്പിച്ചുതരത്തക്കവണ്ണം അവ

ണം. ചുങ്കത്തിന്റെ കാര്യംകൊണ്ടും ഇങ്കരിയസ്സും ടിപ്പുസുൽത്താനു മായി സമാധാനമായാൽ വിട്ടുപൊകാത്തവണ്ണവും നിദാനം വരുത്ത ണം. ഏറിയകാര്യങ്ങൾ ദീഘംകൊണ്ടു ഫലമില്ലാതെ പൊയല്ലൊ. ഇനി താമസംകൂടാതെകണ്ടു ഉത്സാഹിക്കയും വെണം."

കുമുദവരുടെ മറുപടിക്കു മുമ്പിൽതന്നെ കമ്പിനിക്കാരുമായുള്ള സ ന്ധിയുടെ പ്രാരംഭച്ചട്ടങ്ങൾ മിക്കതും തീർന്നിരുന്നു. മിസ്റ്റർ പൗണി കമ്പിനിപ്രതിനിധിയായി കൊച്ചിയിൽ എത്തുകയും, ഒന്നിലധികം തവണ തമ്പുരാൻ നേരിട്ടു മിസ്റ്റർ പൗണിയെ കണ്ടു സംസാരിക്കുകയും ക ഴിഞ്ഞിരുന്നു. ഇംഗ്ലീഷു കമ്പിനിവക ആളുകൾ അന്നു കൊച്ചിയിൽ ഇ ല്ലാതിരുന്നതുകൊണ്ടും, പൊതുജനങ്ങളാരും സായ്പിനെ ചെന്നുകണ്ടു സ്വ യം ഒന്നും ബോധിപ്പിച്ചുപോകരുതെന്നു പ്രത്യേകം രാജശാസനമുണ്ടാ യിരുന്നതുകൊണ്ടും, ആക്ഷേപങ്ങളോ അവകാശത്തർക്കങ്ങളോ പുറപ്പെട്ടു വിച്ചേക്കാവുന്നവരെ തമ്പുരാൻ ഒരുവിധം പാട്ടിൽപിടിച്ചുനിർത്തിയി രുന്നതുകൊണ്ടും, കരാറിൽ ഏർപ്പെടുന്നതിനുമുമ്പു മിസ്റ്റർ പൗണിക്ക് അധികമൊന്നും അന്വേഷിച്ചറിയുവാൻ സൗകര്യമുണ്ടായിട്ടില്ലെന്നും, അദ്ദേഹത്തിനു സിദ്ധിച്ച അറിവിന്റെ അടിസ്ഥാനം മിക്കവാറും തമ്പു രാനും ആൾക്കാരും നിവേദിപ്പിച്ചതുമാത്രമായിരുന്നു എന്നും, പിന്നീട് ഒരാക്ഷേപം പൊന്തിയതായി കാണുന്നുണ്ട്! അതു് ഏറെക്കുറെ ശരിയാ ണെന്നും വരാം. ഏതായാലും "മൂന്നാംചെവി അറിയാതെ" ശക്തൻതമ്പു രാനും ഇംഗ്ലീഷുകമ്പിനിയും തമ്മിൽ കരാറു ചെയ്തു!!

"പെരുമ്പടപ്പിൽ വലിയ രാമവർമ്മരാജാ അവർകൾ ബഹുമാന പ്പെട്ട ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പഞ്ഞിയുമായി ഒരു സന്ധിക്കരാറിൽ ഏ ർപ്പെട്ടാൽ കൊള്ളാമെന്നു ആഗ്രഹിച്ചു അപേക്ഷിക്കകൊണ്ടും, ടിപ്പുസുൽ ത്താനുമായുള്ള സകല സംബന്ധങ്ങളും നിർത്തൽചെയ്തു ബഹുമാനപ്പെട്ട ഇംഗ്ലീഷുകമ്പഞ്ഞിക്കു കീഴ്മനം വർത്തിക്കുവാൻ മനസ്സുള്ളപക്ഷം, സ ന്ധിയിൽ ഏർപ്പെടുന്നതിന്നു മതിരാശി ഗവർണ്ണർ കൗൺസിലിൽനി ന്നു സമ്മതിച്ചിട്ടുള്ളതുകൊണ്ടും, കൗൺസിലിന്റെ പ്രതിനിധിയായി അധികാരപ്പെടുത്തിയ മിസ്റ്റർ ജോർജ്ജ് പൗണി ഒമ്പതു വകുപ്പുകളോ ടുകൂടിയ ഈ സന്ധിക്കരാറു ചെയ്തിരിക്കുന്നു." എന്നിങ്ങനെയാകുന്നു ആ കരാറിന്റെ പീഠിക.

1. "കൊച്ചിയിലെ രാമവർമ്മരാജാവു് ഈ കരാറിലെ വ്യവസ്ഥ

കളിൽനിന്ന് അണവും വ്യതിചലിക്കയില്ലെന്നും, അതിലെ നിശ്ച യങ്ങളെ ഏറ്റക്കുറവുകൂടാതെ വിശ്വസ്തതയോടെ അനുസരിക്കുമെന്നും സമ്മതിച്ചിരിക്കുന്നു". ഈ ഒന്നാം വകുപ്പിൽത്തന്നെ ഒരു വിശേഷമുള്ളതു ശ്രദ്ധേയമാണ്. "കൊച്ചിയിലെ രാമവർമ്മരാജാവി"നല്ലാതെ "പിൻതുട ച്ചക്കാർക്കും പിൻവാഴ്ചക്കാർക്കും" കൂടി ബാധകമായിരിക്കുമെന്നും, 'സൂര്യ നും ചന്ദ്രനുമുള്ളകാലം നിലനില്ക്കുമെന്നും' ഈദൃശങ്ങളായി സന്ധിക്കരാ റുകളിൽ സാധാരണ കാണപ്പെടുന്ന പദസമൂഹങ്ങളുടെ അഭാവം മനഃ പൂർവ്വമാണോ എന്നു നിശ്ചയമില്ല.

2. ബഹുമാനപ്പെട്ട കമ്പനിയുടെ സൈന്യങ്ങൾ, രാമവർമ്മരാജാ വിൽനിന്നു ടിപ്പുസുൽത്താൻ ബലമായെടുത്ത രാജ്യങ്ങളെ വീണ്ടെടുക്കു ന്നതിനു രാജാവിനെ സഹായിക്കുന്നതും രാജാവിനെ ടിപ്പുവിന്റെ അ ധീനതയിൽനിന്നു സ്വതന്ത്രനാക്കുന്നതും ആകുന്നു.

3. താഴെ വിവരിക്കുന്നപ്രദേശങ്ങളെ അപ്രകാരം വീണ്ടെടുത്ത തിനുശേഷം അവയുടെയെല്ലാം കൈവശം രാമവർമ്മരാജാവിന് ഏല്പി ച്ചുകൊടുക്കുന്നതാണ്.

പ്രദേശങ്ങളാവിതു്: നന്തിപുലം നാട്ടിൽ, മുകുന്ദപുരം, ഇരിങ്ങാ ലക്കുട, കോടശ്ശേരി, മാപ്രാണം, പുതുക്കാട്.

പറവട്ടാനി നാട്ടിൽ, തൃശ്ശൂർ, പറവട്ടാനി, ഊരകം, പെരുവനം, ഏനാമാക്കൽ, ചിററിലപ്പിള്ളി.

തലപ്പിള്ളിനാട്, മുള്ളൂക്കരനാട്, പേരാററവീഥി നാട്, തത്ത മംഗലംഗ്രാമം, കവളപ്പാറനാട്.

പാലക്കാട്ടുശ്ശേരി നാട്ടിൽ, തെമ്മലപ്പുറം, വടമലപ്പുറം എന്ന രണ്ടു കുന്നുകൾ.

ഈ നാടുകൾക്ക് എടയിൽ, കൊടകരനാട്, നാലുദേശം.

ചേററവാമണപ്പുറം നാട്ടിൽ, പതിനെട്ടരയാളം, കാര, തൃപ്രയാർ കൊടുങ്ങല്ലൂർ ശീമ, തിരുവഞ്ചിക്കുളം, എടത്തുരുത്തി.

4. പ്രസ്തുതപ്രദേശങ്ങളെല്ലാം രാമവർമ്മരാജാവിനു കൈവശം കിട്ടിയതിനുശേഷം രാജാവു കമ്പനിക്കു സാമന്തരാജാവായിരിക്കുന്നതും, കമ്പനിഅധികാരികൾക്ക് ആദ്യത്തെ ആണ്ടിൽ എഴുപതിനായിരവും, രണ്ടാമത്തെ വർഷത്തിൽ എൺപതിനായിരവും, മൂന്നാംകൊല്ലത്തിൽ തൊണ്ണൂറായിരവും, നാലാംകൊല്ലത്തിൽ ഒരുന്തുറായിരവും ഉറപ്പിക

വീതവും, പിന്നീട് എല്ലാക്കൊല്ലവും ഒരുന്തുറായിരം ഉറപ്പിക. വീതവും കപ്പം ബൊധ്ധ്യപ്പെടുത്തുന്നതും ആകുന്നു. ഓരൊ കൊല്ലത്തിലും സംഖ്യ കഠം ശരിവീതം നാലുതവണകളായി അടയ്ക്കേണ്ടതും ആകുന്നു."

മൂന്നും നാലും വകുപ്പുകളുടെ കാര്യത്തിൽ രാജാവു മിസ്റ്റർ പൗണിയെ പററിച്ചുവത്രേ! അവകാശമില്ലാത്ത ദേശങ്ങളുടെ പേരുകഠം ആ പട്ടികയിൽ ഉഠംപ്പെടുത്തി! കൊടുക്കാൻ ന്യായവും പ്രാപ്തിയും ഉള്ള കപ്പത്തിൻെറ തുക ഓരോ കാരണം പറഞ്ഞു നന്നെ കുറച്ചു കാണിച്ചു! ഈ അപവാദങ്ങഠംക്ക് അത്ര അത്ഥമോ അടിസ്ഥാനമോ ഉണ്ടെന്നു തോന്നുന്നില്ല. രാജാവിൻെറ വിരോധികളും എഷ്ണിക്കാരുമായിരുന്നവർ കേവലം അസൂയയാലും ഇച്ഛാഭംഗത്താലും ഊതിവീപ്പിച്ചുണ്ടാക്കിയ പൊള്ളവാദങ്ങളായിരുന്നു. അവ എന്നാണു തോന്നുന്നതു്... അല്ലാത്തപക്ഷം 'ചേററുവാമണപ്പുറം' മുഴുവൻതന്നെ ഉഠംപ്പെടുത്താമായിരുന്നു; 'നടുവട്ടവും, വടക്കുഞ്ചേരിയും' അതുപൊലെ അതിൽ ചേത്തുവിടാമായിരുന്നു. അതൊന്നും ചെയ്തിട്ടില്ല. 'കവളപ്പാറക്കാര്യം' കുറെ സംശയഗ്രസ്തമാണെങ്കിലും, രാജാവു് ഉത്തമവിശ്വാസത്തോടെയാണു് അതു ചേത്തതെന്നു്, വാദത്തിൽ തോററാലും, അതു സംബന്ധിച്ചു പിന്നീടുണ്ടായ 'വിസ്താരം' വിശദമാക്കുന്നുണ്ടു്.

കപ്പപ്പണത്തിൻെറ തുക മനഃപൂവ്വം കുറച്ചു ചേത്തു എന്നു പറയുന്നതിലും, ശരിയായി പരിശോധിച്ചാൽ, പരമാത്ഥമില്ലെന്നു കാണാം. നെടുങ്കോട്ടയ്ക്കു വടക്കുള്ള ഭൂഭാഗങ്ങഠംക്കു മാത്രമാണീ കപ്പം. ആ രാജ്യം മുഴുവനും ടിപ്പുവിൻെറ പാളയം നിമിത്തം മിക്കവാറും അന്നു മരുഭൂമിപോലെയാണു കിടന്നിരുന്നതു്. ലന്തക്കാരെ തോല്പിച്ചയച്ചതിനു ശേഷം കൊച്ചിരാജ്യം മുഴവനും ഇംഗ്ലീഷുകാക്കു് അധീനമായതിനുമേൽ, മക്കോളെ റസിഡണ്ടിൻെറ കാലത്തു്, കപ്പപ്പണം ഒരു പുതിയ കരാറുപ്രകാരം വളരെ വദ്ധിപ്പിക്കുകയും, അതു് എടുക്കാൻ വയ്യാത്ത ഒരു വലിയ ഭാരമായിത്തീരുകയും, പിന്നീടു മൺറോസായ്പിൻെറ കാലത്തു മൂന്നിലൊന്നു കുറയ്ക്കുകയും ചെയ്തു എന്ന 'കപ്പച്ചരിത്രം' നോക്കിയാൽ ത്തന്നെ ശക്തൻതമ്പുരാൻ നിദ്ദേശിച്ച ഒരു ലക്ഷം ഉറപ്പികത്തോതു്, അന്നത്തെ കാലസ്ഥിതിക്കും രാജ്യസ്ഥിതിക്കും കുടുംതന്നെ ഒരു ചതി ചെയ്യുതല്ലെന്നു നിഷ്പക്ഷനിലക്കാർ സമ്മതിക്കാതിരിക്കയില്ല.

5. "മേൽ വിവരിച്ച പ്രദേശങ്ങളിൽ ഏതിനെങ്കിലും, അഞ്ചു

കൊല്ലത്തിനുള്ളിൽ, ഏതെങ്കിലും രാജാക്കന്മാർ അവകാശം പുറപ്പെട്ടു വിക്കുന്നു എങ്കിൽ, ആ സംഗതി മര്യാദപ്രകാരം നിഷ്പക്ഷനിലയിൽ വിചാരണ ചെയ്യുന്നതും, അതിനെ സംബന്ധിച്ച കമ്പനിഗവമ്മേണ്ടു ചെയ്യുന്ന തീപ്പു് അവസാനത്തീപ്പായിരിക്കുന്നതും ആണു്".

ഈ വകുപ്പും ഏതാനും ചില തൊറിദ്ധാരണകൾ വഴിയേ വലി ച്ചിട്ടു. ആ പ്രദേശങ്ങൾക്കു തനിക്കുള്ള അവകാശത്തെ സംബന്ധിച്ചു് അന്നുതന്നെ രാജാവിനു വിശ്വാസമില്ലായിരുന്നതുകൊണ്ടും, മിസ്റ്റർ പൗണിക്കു വളരെ സംശയമുണ്ടായിരുന്നതുകൊണ്ടും ആണു് ആ വകുപ്പുംകൂടെ ചേത്തതെന്നും, അങ്ങനെയൊന്നുമല്ലാ, ഒരു നാട്ടമര്യാദയ്ക്കു് ആ വകുപ്പുംകൂടി ഇരിക്കട്ടെ എന്നു രാജാവുതന്നെ ആവശ്യപ്പെട്ട പ്രകാരമാണു് അതുൾപ്പെടുത്തുവാൻ ഇടയായതെന്നും ആയിരുന്നു അതി നെ സംബന്ധിച്ച വാദമുഖങ്ങൾ. "ഏതെങ്കിലും രാജാക്കന്മാർ തേച്ചു പ്പെട്ടാൽ" എന്നുള്ള ഭാഗവും വ്യാഖ്യാനിക്കേണ്ടിവന്നതായി കാണുന്നു ണ്ടു്. 'കവളപ്പാറനായർ' ഒരു കാലത്തും "ഒരു രാജാവാ"യിരുന്നില്ലെ ന്നും, അതുകൊണ്ടു് ഈ വകുപ്പു കവളപ്പാറനായരുടെ അവകാശവാദ ത്തെ സ്പശിക്കുവാനേ പാടില്ലെന്നും ആയിരുന്നു അതിൽനിന്നുത്ഭവി ച്ച വാദം.

6. "രാമവമ്മരാജാവും ലന്തക്കമ്പെനിയും തമ്മിൽ ഒരു സന്ധിക്കരാറു നിലനിന്നുവരുന്നതുകൊണ്ടും, അതിൻെറ അതിത്തികളെ സ്പശി ക്കുന്നതിനു് ഇംഗ്ലീഷുകമ്പനിക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ലാത്തതു കൊണ്ടും ആ കരാറിനു വിഘ്നംകൂടാതെ, ടിപ്പുസുൽത്താൻ കൈവശ പ്പെടുത്തിയിരുന്നതും, രാമവമ്മരാജാവു ടിപ്പുസുൽത്താനു കപ്പം കൊടു ത്തിരുന്നതും, ലന്തക്കമ്പനിക്കാക്കു സംബന്ധം ഇല്ലാത്തതും ആയ മേല്പറഞ്ഞ പ്രദേശങ്ങൾക്കുമാത്രമേ ഈ കരാറു ബാധകമായിരി ക്കയുള്ളു."

7. "ഇംഗ്ലീഷുകമ്പനിക്കാരുടെ മേല്കോയ്മാധികാരത്തെ സമ്മതി ച്ചുംകൊണ്ടു രാമവമ്മരാജാവിനു മേൽവിവരിച്ച പ്രദേശങ്ങളിൽ പൂണ്ണ വും അനിയന്ത്രിതവുമായ ഭരണസ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണു്."

8. "രാമവമ്മരാജാവു സുസ്ഥിരമായും ഇടറിച്ചകൂടാതെയും കമ്പ നിയെ വിശ്വസിച്ചും കമ്പനിയുടെ മേല്കോയ്മയെ സമ്മതിച്ചും വത്തി

ക്കുമെന്ന കാരണത്താൽ, കമ്പനിയിൽനിന്നും രാജാവിനോടു മുൻപറഞ്ഞതല്ലാതെ കൂടുതലായി യാതൊരു സംഖ്യയും അവകാശപ്പെടുകയോ ആവശ്യപ്പെടുകയോ ചെയ്യുന്നതല്ല. കമ്പനിയിൽ നിന്നു കമ്പനിയുടെ വിശ്വസ്തരായ സാമന്തന്മാക്കു നൽകുന്ന സകലരക്ഷകളും രാജാവിനു നൽകുന്നതുമായിരിക്കും."

ഈ വകുപ്പു കമ്പനിക്കാരെ പിന്നീടു വളരെ അസുഖപ്പെടുത്തുകയും വീർപ്പുമുട്ടിക്കുകയും ചെയ്തുവത്രെ. പ്രധാനമായും കച്ചവടക്കാരായിരുന്ന അവർ ഒരു വ്യാപാരദൃഷ്ടിയിൽക്കൂടെയാണു സകലത്തെയും വീക്ഷിച്ചിരുന്നതു് എന്നു പറയേണ്ടതില്ലല്ലോ. 'സംഖ്യ കുറഞ്ഞുപോയി' എന്ന വ്യസനം അവരെ നന്നെ പരിഭ്രമിപ്പിച്ചു. കൂട്ടിച്ചോദിക്കുവാനുള്ള പല ന്യായങ്ങളും കാരണങ്ങളും കണ്ടുപിടിക്കപ്പെട്ടു. എന്നാൽ വിശ്വസ്തതയിൽ പെരുമാറുന്ന കാലത്തോളം കൂടുതൽ ഒന്നും ചോദിക്കുകയില്ലെന്നുള്ള കരാറുവാചകം അവരെ ഇടക്കിട്ടു ഞെരുക്കി. അതിന്റെ പരിധികളിൽനിന്നു പുറത്തുചാടുന്നതിനു് അവർ കണ്ടുപിടിച്ച സൂത്രം, 'രാജാവു വിശ്വസനീയനല്ലാ' എന്നു വരുത്തിവെയ്ക്കുകയായിരുന്നു. അതിൽനിന്നാണു പിന്നീടുണ്ടായ അപവാദങ്ങളുടെയെല്ലാം പുറപ്പാടു്.

9. "ഈ കരാറു് 1790 സെപ്തംബർ 25-ാംനു- മുതല്ക്കുതന്നെ പ്രബലതയിൽ വന്നിരിക്കുന്നു. അന്നുമുതൽ മുൻപറഞ്ഞ പ്രദേശങ്ങൾ കമ്പനിയുടെ സഹായത്താൽ രാമവർമ്മരാജാവിനു കൈവശം വന്നിട്ടുള്ളതും, അന്നുമുതൽ മേൽ 4-ാംവകുപ്പിൽ പറഞ്ഞിരിക്കുന്ന സംഖ്യ തീക്കുന്നതിനു രാജാവു ബാദ്ധ്യതപ്പെട്ടിട്ടുള്ളതും ആകുന്നു. എന്നു 1791 ജനുവരി 6-ാംനു-."

അനന്തരസംഭവങ്ങളെ ആരായുമ്പോൾ, ഈ മുൻതിയ്യതി വെച്ചതും ശക്തൻതമ്പുരാന്റെ കള്ളപ്പോരുകളിൽപ്പെട്ട ഒരു പ്രയോഗമാണെന്നു കമ്പനി അധികൃതന്മാർ ആക്ഷേപിച്ചതായി കാണാവുന്നതാണു്. "ആ തീയതിക്കു കവളപ്പാറനാട്ടിലേക്കു കമ്പനിപ്പട്ടാളത്തിൽ ഒരാൾപോലും കടന്നിട്ടില്ലാത്ത സ്ഥിതിക്കു കരാറിൽ എന്തെഴുതിയാലും ആ രാജ്യം എങ്ങനെ തരും" എന്നൊരു പ്രധാനപ്പെട്ട ചോദ്യം അവർ കവളപ്പാറക്കേസ്സിൽ ഉച്ചത്തിൽ ഉച്ചരിച്ചതായി കാണുന്നുണ്ടു്.

ഈ കരാറും, അതിനെസ്സംബന്ധിക്കുന്ന അധികവിവരങ്ങളും എഴുതീട്ടുള്ള ഒരു കത്തു കൂടി—ഈ കത്തിനെയാണു കൊടുങ്ങല്ലൂർ വാദത്തിലും മററും ഒരു കൂടുതൽ തെളിവായി കമ്പനിക്കാർ അംഗീകരിക്കുവാൻ ആഗ്രഹിച്ചതു്—മതിരാശിക്കു് അയയ്ക്കുകയും, ഗവർണർ കൗൺസിൽ പരിശോധിച്ചു സ്വീകരിച്ചു്, "ഇതു കമ്പനിവകയായി ഇന്ത്യാരാജ്യത്തുള്ള എല്ലാ സ്ഥലങ്ങളിലും ബാധകമാണു്" എന്നു സമ്മതിച്ചു്, മൂന്നു കൗൺസിലർമാരും ഒരു സിക്രട്ടറിയും ഒപ്പുവെച്ചു കമ്പനി മുദ്രകുത്തി തമ്പുരാനു് എത്തിച്ചുകൊടുക്കുകയും ചെയ്തു. അങ്ങനെ കൊച്ചിരാജ്യം ഇദംപ്രഥമമായി ഇംഗ്ലീഷുകാരുമായി ബന്ധപ്പെട്ടു.

1790 സെപ്തംബർ 25-ാംനു- മുതല്ക്കു പ്രബലത; 1791 ജനുവരി 6-ാംനു- എഴുത്തും രാജാവിന്റെ ഒപ്പും മുദ്രയും; 1791 ഫെബ്രുവരി 2-ാംനു- മതിരാശി കൗൺസിലിന്റെ അംഗീകാരവും പ്രഖ്യാപനവും! ഇതോടുകൂടിത്തന്നെയാണു "ചേററുവാമണപ്പുറ"ത്തിന്റെ പാട്ടശ്ശീട്ടും. അതിലേ തിയ്യതി 1790 നവമ്പർ 26 എന്നാകുന്നു. ഈ പാട്ടശ്ശീട്ടിന്റെയും ഉടമ്പടിയുടെയും തിയ്യതികളിൽനിന്നുത്ഭവിച്ചതായ ചില വാദമുഖങ്ങളും ആക്ഷേപസമാധാനങ്ങളും കൊടുങ്ങല്ലൂർ, ചേററുവാ, എന്നീ അദ്ധ്യായങ്ങളിൽ കാണാവുന്നതാകുന്നു.

ഈ "മിസ്റ്റർ പൗണി"യുടെ കരാറിനു മറെറാരു വലിയ ദൂഷ്യം കൂടി കല്പിച്ചിട്ടുണ്ടു്. മുഖ്യമായും കച്ചവടക്കാരായിരുന്ന കമ്പനിക്കാർക്കു കൊച്ചിരാജ്യത്തിലെ കുരുമുളകിന്റെ കുത്തക മുഴുവനും ലാഭത്തിൽ കിട്ടുന്നതിനു് ഒന്നാമതായി ശ്രമിക്കുകയും, ആദ്യവകുപ്പിൽത്തന്നെ അതിനെ സംബന്ധിച്ച വ്യവസ്ഥ രേഖപ്പെടുത്തുകയും ചെയ്യുന്നതിനു പകരം, ആ വിഷയം തന്നെ ദർശിക്കാതെയും, സ്പർശിക്കാതെയും കരാറിൽ വിട്ടുകളഞ്ഞിരിക്കുന്നു. അതും ശക്തൻതമ്പുരാൻ മിസ്റ്റർ പൗണിയെ തെററിദ്ധരിപ്പിച്ചതിന്റെ ഫലമാണത്രെ. കൊച്ചിരാജ്യത്തു പറയത്തക്കവണ്ണമൊന്നും കുരുമുളകു് ഉണ്ടാകുന്നില്ലെന്നും, സ്വല്പം ഉണ്ടാകുന്നതു രാജാവിന്റെ തനതാവശ്യത്തിനുപോലും മതിയാകുന്നില്ലെന്നും, തമ്പുരാൻ പൗണിയെ പറഞ്ഞുവിശ്വസിപ്പിച്ചുവത്രേ. എന്തിനു പറയുന്നു, ലഗ്നാലും ചന്ദ്രാലും തമ്പുരാനിൽ അവർ കുററങ്ങളും കുറവുകളും തന്നെ കണ്ടു. ഈ കുരുമുളകുകേസ്സു കുറച്ചു രസമുള്ള ഒരു സംഗതിയാകുന്നു.

കുരുമുളകുവഴക്കിനേ സംബന്ധിക്കുന്ന ചില അസ്സൽരേഖകൾ

കാണുന്നതുകൊണ്ടു് ആ കഥ അവയിൽകൂടിത്തന്നെ കേൾക്കുന്നതായിരിക്കും കൂടുതൽ രസാവഹമായിരിക്കുക. ഒരു തിരുവെഴുത്തു താഴെ ചേർക്കുന്നു:—

"...മുളകിന്റെ കാൎയ്യംകൊണ്ടല്ലൊ എഴുതിവന്ന കടദാസ്സിൽ ആകുന്നു. ജനറാൽ അബർകൊമ്പി അവർകൾ മുമ്പെ കൊച്ചിയിൽ വന്നിരിക്കുമ്പൊൾ ചെറവവായിലും നമ്മുടെ കരാറിൽ ഉൾപ്പെട്ട രാജ്യത്തും ഉണ്ടാകുന്ന മുളകിൽ നമ്മുടെ ചിലവിലക്കു വെണ്ടതു നീക്കി അധികം ഉള്ളതു കുമ്പഞ്ഞിവകക്കു കൊടുക്കണമെന്നും അതിന്നു, ചെതം കൂടാതെയുള്ള വില നമുക്കു തരാമെന്നും പറഞ്ഞതിന്റെ ശേഷം, നാം കരാറു എഴുതി പിടിച്ചിരിക്കെ കരാറിൽ അധികമായിട്ടു ഒന്നു ചൊദിക്കയും ഇല്ലല്ലൊ എന്നും, നമ്മുടെ രാജ്യത്തു ഉണ്ടാകുന്ന മുളകു നമ്മുടെ ചിലവിനു മാത്രമെ ഉള്ളു എന്നും, ബാക്കിയുണ്ടായിരുന്നാൽ കച്ചവടമൎയ്യാദക്കു കുമ്പഞ്ഞിയിൽ തൂക്കിത്തന്നു മരിയാദപൊലെയുള്ള വിലയും വാങ്ങിച്ചുകൊള്ളാമെന്നും അത്രെ അബർകൊമ്പി അവരുകളൊടു പറഞ്ഞുവെച്ചിരുന്നതു. ഇപ്പൊൾ ചെറവവാമണപ്പുറത്തെ മുളകു അവിടെ ഇരിക്കുന്ന കുടികൾതന്നെ പറിച്ചു അവരവൎക്കു ബൊധിച്ച ആളുകൾക്കു വിറ്റുകൊള്ളത്തക്കവണ്ണം മെസ്തർ ഇഷ്ടിമാൻ നിശ്ചയിച്ചിരിക്കുന്നു. അതുകൊണ്ടു അവർ നമുക്കു തരികയും ഇല്ല. നമുക്കു തരുവാൻ കല്പന വന്നാൽ വാങ്ങിച്ചു അയക്കുകയും ആം. ടിപ്പുസുൽത്താന്റെ പാളയം വന്നു രാജ്യമൊക്കെ നാനാവിധമായി പരവശപ്പെട്ടിരിക്കുന്ന സമയത്തു കുമ്പഞ്ഞീന്നു നമ്മെ നിലനിൎത്തി നമുക്കു കരാറും എഴുതിത്തന്നു നാം കപ്പവും അടച്ചു മാനമരിയാദിക്കു നടന്നു വരികകൊണ്ടു കരാർനാമപ്രകാരമല്ലാതെ അതിലധികമായിട്ടു ഒന്നു വെണമെന്നുവെച്ചാൽ ആയതു സങ്കടമായിട്ടുള്ളതല്ലൊ ആകുന്നു. കരാറുപ്രകാരമൊക്കെ നമ്മെക്കൊണ്ടു നടത്തിക്കുമെന്നത്രെ നാം നിശ്ചയിച്ചിരിക്കുന്നതു..."

കരാറുകാലത്തു, "ടിപ്പുവിന്റെ പാളയം, സൎവ്വം നാനാവിധം, ഒക്കെ പരവശം, ഉള്ളതു തൻചിലവിനുതന്നെ ഇല്ലാ" എന്നൊക്കെത്തന്നെ പറഞ്ഞിരിക്കണമെന്നു് ഊഹിക്കണം. കരാറിനുശേഷം ആവശ്യപ്പെട്ടപ്പോൾ, 'കരാറിൽ ഇല്ലല്ലൊ. ഇല്ലാത്തതു് എങ്ങനെ ചോദിക്കും? എന്തിനു തരണം?' എന്നായി വാദം!

കുരുമുളകുകാൎയ്യം വളരെ എരിവുള്ളതായതിൽ അത്ഭുതമില്ല.

വിശേഷിച്ചും കുരുമുളക പഴകുംതോറും ഗുണവും ശക്തിയും കൂടുന്ന ഒരു സാധനവും ആണല്ലോ. പിന്നീട്, മിസ്റ്റർ പൗണിക്കശേഷം, വന്ന എല്ലാ സായ്പുമാക്കും തന്നിമിത്തം തമ്പുരാന്റെ നേരേ നല്ല 'എരിച്ചൽ'തന്നെ ഉണ്ടായിരുന്നു. അതു വളരെ നീണ്ടുനിൽക്കുകയും ചെയ്തു. സായ്പുമാരുടെ പല എഴുത്തുകളിലും കാരോത്രപത്തിൽ അതു പ്രത്യക്ഷപ്പെട്ടു കാണുന്നുണ്ട്. "കുരുമുളകുകൊടി കണ്ടെഴുതുന്നതിനു "പാറമൽ" സായ്പിന്റെ പേക്കു തിരുമനസ്സറിയിപ്പാൻ എഴുതിക്കൊടുത്തയച്ച കാര്യത്തിൽ, തിരുമനസ്സീന്നു സമ്മതിച്ചതുമില്ലാ, മറുപടി എഴുതിക്കൊടുത്തയച്ചതുമില്ല." എന്നു് ഒരെഴുത്തിൽ കാണുന്നു. ഇതിലും മീതേ ഒരു ധിക്കാരം എന്തുള്ളു? "കുരുമുളകിന്റെ കാര്യത്തിൽ അമ്പതു് അറുപതു കണ്ടിയിൽ അധികമുണ്ടാവില്ലെന്നു തിരുമനസ്സീന്നു കല്പിച്ച എന്നും, മൂന്നൂറു നാന്നൂറു കണ്ടി ഉണ്ടാകുമെന്നു കുമ്പഞ്ഞിക്കു സൂക്ഷ്മമായിട്ടു് അറിയാമെന്നും, കുമ്പഞ്ഞീന്നു കണ്ടെഴുതുമ്പോഠം അറിയാമല്ലോ എന്നു കല്പിച്ച എന്നും, ഇപ്പോഠം കാലമായാറെ കണ്ടെഴുതുവാൻ തിരുമനസ്സീന്നു സംവദിച്ചിട്ടും ഇല്ല..." എന്നായിരുന്നു ആക്ഷേപം. കുമ്പഞ്ഞിക്കാർ പിന്നെ മുഷിയാതിരിക്കുമോ?

ഒടുവിൽ ഇപ്രകാരം ഒരു കുമ്പഞ്ഞിക്കല്പന പുറപ്പെട്ടു. "മുകുന്ദപുരം കൊടശ്ശേരി ഇപ്രദേശം ടിപ്പുവിന്റെ പാളയം വന്നു കിടന്നിട്ടു അശേഷം കേടായി എന്നും, എന്നാമാക്കൽ, പെരുവാറവീഥി ഇപ്രദേശത്തു മുളക തുലൊം കുറയുമെന്നും, തലപ്പിള്ളി ചിററിലപ്പിള്ളി, തൃശ്ശിവപെരൂർ് ഇപ്രദേശത്തു മാത്രം കുറെ മുളകേ ഉള്ളു എന്നും, ഒരു പന്തി കക്കയും ജനറാൽ ബൊഡാമും ഡൊംസായ്പും കണ്ടു ബൊധിച്ചിട്ടുണ്ടെന്നും, ഞാൻ പറഞ്ഞാറെ, ഇത്ര മുളക ചിലവിന്റെ വകയ്ക്കു നീക്കി ഇത്ര മുളക ബൊധിപ്പിക്കാമെന്നു സംഖ്യവെച്ച, ആയതല്ലാതെ പിന്നെ കരുത്തക്കും ഒരു മുളകുപൊലും കൊടുക്കുകയില്ലെന്നും ഉണ്ടാകുന്നതു മണപ്പുറത്തു കൊണ്ടുവന്നു കൊടുക്കാമെന്നും നിശ്ചയിച്ച ഉടനെ തീട്ടൂരം എഴുതി വരട്ടെ എന്നു സായ്പുമാർ കല്പിക്കയും ചെയ്തു!"

അങ്ങനെ ഒരു തീട്ടൂരവും തമ്പുരാൻ കൊടുത്തില്ല. 'അത്ര ഇല്ല, ഇത്രയില്ല, ചിലവിലേയ്ക്കുതന്നെ പോരാ, കൃഷി ചെയ്യുണ്ടാക്കാൻ നോക്കുന്നുണ്ടു, ഉണ്ടായാൽ ഒക്കെ കുമ്പഞ്ഞിക്കുതന്നെ ആണല്ലൊ' എന്നു് അവധിപറഞ്ഞും, കരാറിലില്ലാത്തതു ചോദിക്കുന്നതു സങ്കടമാണെന്നു ന്യായം പറഞ്ഞും, ഉരുട്ടിപ്പെരട്ടി കഴിച്ചതേ ഉള്ളു. ആ സ്ഥിതിക്കു കമ്മീ

ഷണർമാക്കും മററും തമ്പുരാന്റെ നേരെ അനുഭാവശൂന്യത മാത്രമല്ലാ, അതിയായ അമർഷംതന്നെയും അങ്കുരിച്ചു. 'പൌണ്ടിക്കരാറ്' എന്ന ഇരുമ്പുചട്ട ധരിച്ചും, അതിന്മേൽ സൂക്ഷ്മക്കുറവുകൊണ്ടു സുഷിരങ്ങളോ പൊളിവുകളോ ഒന്നും വന്നുപോകാതെ ശ്രദ്ധിച്ചും തമ്പുരാനും കഴിച്ചുകൂട്ടി. അന്ന് ആ കരാറ് അത്ര പെട്ടെന്നു ചെയ്യിരുന്നില്ലെങ്കിൽ പിന്നീട്ട് ഉണ്ടാകുമായിരുന്ന കരാറിൽ എന്തൊക്കെ വ്യവസ്ഥകൾ കടന്നുകൂടുമായിരുന്നു എന്ന് ആൎക്കറിയാം? അവിടന്നു രണ്ടുകൊല്ലത്തിനകത്താണു 'കമ്മീഷണർമാരുടെ' വിസ്താരവും വിചാരണയും നടന്നതു്. അതിനെക്കുറിച്ചു മറെറാരു അദ്ധ്യായത്തിൽ വിവരിക്കുന്നതാണ്.

XVIII

കമ്പനിദിവാൻമാർ.

ഇംഗ്ലീഷുകാർ 'മലയാളപ്രവിശ്യ'യുടെ ഭരണാധികാരം കൈക്കലാക്കിയ ആദ്യകാലഘട്ടത്തിൽ അവർ കാൎയ്യവിചാരത്തിനു വിദഗ്ദ്ധന്മാരായ രണ്ടു "നാടൻദിവാൻമാരെ" നിശ്ചയിച്ചിരുന്നു. അവർ അമ്മോമനും മരുമകനും എന്ന നിലയിൽ ബന്ധപ്പെട്ടവരായ രണ്ടു പരദേശബ്രാഹ്മണർ ആയിരുന്നു. "അയ്യണ്ണയ്യൻ" എന്നും, "ശിവണ്ണയ്യൻ" എന്നും ആയിരുന്നു അവരുടെ പേരുകൾ. ഇംഗ്ലീഷുകാരും നാട്ടുപരിചയമോ ഭാഷാപരിജ്ഞാനമോ ഇല്ലാതിരുന്നവരും ആയ "കുമ്പഞ്ഞി എജമാനന്മാരു"ടെ അടുക്കൽ അവൎക്കു വേണ്ടുവോളം സ്വാധീനശക്തിയും അടുപ്പവും ഉണ്ടായിരുന്നതിൽ അത്ഭുതമില്ല. ഇംഗ്ലീഷധികാരികൾ ആയ ദേവന്മാരുടെയും, അവരെ കുമ്പിട്ടു കൂപ്പുവാൻ ചെന്ന നാട്ടുകാരുടെയും—ആ ഭജനക്കാരിൽ മഹാരാജാക്കന്മാർമുതൽ മലയാംശിപ്പായികൾവരെയുള്ളവരൊക്കെ ഉൾപ്പെട്ടിരുന്നു—മദ്ധ്യത്തിൽ പുരോഹിതന്മാരായി അവർ വൎത്തിച്ചിരുന്നതുകൊണ്ടു് അവൎക്കു ചെയ്‌വാൻ സാധിച്ചിരുന്ന കാൎയ്യങ്ങളുടെ മേന്മയും താഴ്ചയും ഒരുപോലെ ഗണ്യമായിരുന്നു. ആവലാതിക്കാരോടു് ഒരുവിധം പറഞ്ഞും, സായ്വുമാരെ മറെറാരുവിധം ധരിപ്പിച്ചും, അവരുടെ തീൎപ്പുകളെ മൂടിവെച്ചും, ദുൎവ്യാഖ്യാനംചെയ്തും, മററും ആ ദിവാൻമാർ വരുത്തിവെച്ച വിപത്തുകൾക്കു് അവസാനമില്ല. അവർ കേവലം സംസ്കാരവിഹീനരായ സ്വാൎത്ഥലോലുപന്മാരായിരുന്നു. അവർ ചീനവെടിക്കെട്ടിനെപ്പോലെ

വിമോഹനകാന്തിയെ വിതരണംചെയ്തുകൊണ്ടു് അത്യന്തം ഉയരുകയും അതുപോലെതന്നെ പെട്ടെന്നു പൊലിഞ്ഞുപോകുകയും ചെയ്തു. ഇംഗ്ലീഷുകാരും ശക്തൻതമ്പുരാനും തമ്മിൽ നടന്നിരുന്ന വിവിധങ്ങളായ വിവാദങ്ങളുടെ കാലത്തെല്ലാം അവർ കമ്പനിദിവാൻമാരായിരുന്നതുകൊണ്ടു്, അന്നത്തെ ചരിത്രത്തിലും തമ്പുരാന്റെ കാൎയ്യവിചാരങ്ങളിലും ആ രണ്ടു് അയ്യന്മാൎക്കുമുണ്ടായിരുന്ന സ്ഥാനം സൎവ്വപ്രധാനമായിട്ടുള്ളതായിരുന്നു. ആ ദിവാന്മാരുടെ വക്രങ്ങളായ വിക്രിയകൾ, ഇന്നത്തെ വായനക്കാൎക്കു വെറും ചരിത്രശകലം എന്ന നിലയിൽ, വിനോദത്തോടുകൂടി വായിക്കാവുന്നവയാണു്. നല്ല നേരമ്പോക്കുള്ള ആ മൂൎത്തിദ്വയത്തിന്റെ അപദാനങ്ങളെക്കുറിച്ചു് അല്പം വിസ്തരിച്ചുതന്നേ എഴുതുവാൻ ആഗ്രഹിക്കുന്നു.

അയ്യണ്ണയ്യൻ കോഴിക്കോട്ടും, ശിക്കണ്ണയ്യൻ ചെൎപ്പുളശ്ശേരിയിലും 'ദിവാനഗിരി'മാർ ആയിരുന്നു. അക്കാലത്തു നടന്നതായ ചില എഴുത്തുകുത്തുകളിൽനിന്നുതന്നെ പ്രസ്തുത കഥാപുരുഷന്മാരുടെ 'വിശ്വരൂപം' വെളിവാകുന്നതുകൊണ്ടു സ്വതന്ത്രമായ ഒരു അഭിപ്രായപ്രകടനം മിക്കവാറും കൂടാതെ കഴിക്കുവാൻ സാധിക്കുന്നതാണു്.

കൊച്ചിക്കാൎയ്യങ്ങൾക്കു വേണ്ടി കോഴിക്കോട്ടേയ്ക്കയച്ചിരുന്ന കാരയ്ക്കാട്ടു രാമുമേനോൻ അന്നത്തെ വലിയ സൎവ്വാധിക്കു്, തൃപ്പൂണിത്തുറായിലേയ്ക്കു്, എഴുതുന്നു:—"ദിവാനു രണ്ടു മുത്തും 24 പവിഴവും വരുത്തികൊടുക്കണമെന്നു എഴുതിയിരിക്കുന്നു. ആയതും ഒരു കുറവാക്കുപ്പി പനീരും കല്യാണത്തിനു തക്കവണ്ണം എത്തിച്ചുതരണമെന്നും, പെരാറവീഥിയിൽനിന്നു ഏതാനും വാഴയ്ക്കയും എത്തിച്ചു എങ്കിൽ അതിന്റെ പണം തരാമെന്നും പറഞ്ഞു. കല്യാണത്തിന്റെവകക്കു 400 പറ അരിയും 50 പറ പരിപ്പും, പത്തു ചൊതന നെയ്യും കൊടുക്കത്തക്കവണ്ണം എഴുതി ദരയച്ചിട്ടുമുണ്ടു. തത്താലയ്ക്കു വന്നതിന്റെ ശെഷം ഏതാനും കറിസ്സാമാനങ്ങളും എലയും, വിറകും, വട്ടി, കൊട്ട, പരമ്പു, കലം, കൊടം, ഈവകയും വരുത്തിത്തരണമെന്നു ചിക്കണ്ണയ്യനും പറഞ്ഞിരിക്കുന്നു. ഈവകക്കുള്ള പണം തരാമെന്നത്രെ ചിക്കണ്ണയ്യൻ പറഞ്ഞിരിക്കുന്നതു്. കല്യാണത്തിനു പൊകുന്ന ആളുകളുടെ അവസ്ഥ വിചാരിച്ചാൽ ഇയ്യാളുകളെ ഒക്കയും വെണ്ടുംവണ്ണം ഭരിച്ചുകഴിയുമെന്നു തൊന്നുന്നതും ഇല്ല. കല്യാണത്തിനു തൽസമയത്തു എല്ലാവരും ചെയ്യുന്ന പ്രകാരം ചെയ്യുന്നതിന്നു വെണ്ടവിധം കല്പന വരികവെണ്ടിയിരിക്കു

നു. ഇപ്പോൾ കല്യാണം അറിയിക്കുന്നതിന്നു ദിവാൻ അയ്യണ്ണയ്യന്റെ പെക്ക അങ്ങക്കും, അച്ഛനും വലിയ മെലെഴുത്തുപിള്ളക്കും, തെക്കെമുഖം സർവ്വാധികാര്യക്കാർക്കും കടദാസ്സുകൾ എഴുതി അയച്ചിട്ടുമുണ്ടു."

"കല്യാണം മംഗളം, ശുഭം" എന്നുള്ളതുകൊണ്ടു 'കമ്പനിദിവാൻ' എന്ന 'ഇസ്രുപ്പട്ടം'കെട്ടി മലയാളത്തിനു മുഴുവൻ ബഹുമാന്യനായി വർത്തിച്ചിരുന്ന അയ്യണ്ണയ്യന്റെ മകളുടെ കല്യാണാഘോഷത്തോടുകൂടി കഥാകഥനം ആരംഭിക്കുന്നതു് ഉചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. "അഷ്ടദിക്പാലന്മാർ" മുഴുവനും ആദ്യവസാനത്തിനു ചെന്നു ചേരുവാൻ നിശ്ചയിച്ചിട്ടുണ്ടായിരുന്ന ആ മഹാസത്രത്തെക്കുറിച്ചു രാമമേനോൻ പരിഭ്രമിച്ചതിൽ ഒട്ടും അത്ഭുതമില്ല. "തത്സമയത്തു" ദേവവൃന്ദംകൂടി "വേണ്ടതു ചെയ്യുമ്പോൾ" തങ്ങൾമാത്രം പിൻമാറിനില്ക്കുന്നതു് അനുചിതവും അനർത്ഥകരവും ആണെന്നു രാജഭക്തനായ ആ സ്വദേശസ്നേഹി വിചാരിച്ചതിലും തെറ്റില്ല.

"ഇഷ്ടിമൻസായ്പും ദിവാന്റെ കല്യാണത്തിനു യാത്രയുണ്ടെന്നാണു കേട്ടതു. കല്യാണം എത്രയും ഘോഷമായിട്ടത്രെ ആകുന്നു. എല്ലാ സ്വരൂപങ്ങളിൽനിന്നും കാര്യസ്ഥന്മാരും ആളുകളും ദിവാൻ ഒന്നിച്ചു തന്നെ വിടകൊള്ളുന്നതുമുണ്ടു. തത്സമയത്തു വെണ്ടതു ഇന്നതെന്നു കല്പിച്ചു തീട്ടൂരം വരികയും വെണം." എന്നു രാമമേനോൻ വീണ്ടും എഴുതിയിരിക്കുന്നു. 'ഇഷ്ടിമാൻ' മലയാളത്തിലെ കമ്പഞ്ഞി എജമാനൻ ആണു്. അദ്ദേഹം കൂടെ പുറപ്പെടുന്ന സ്ഥിതിക്കു സ്വരൂപക്കാരൊക്കെ പരസ്യമായി പങ്കുകൊള്ളുന്ന അവസ്ഥയ്ക്കും മറ്റൊന്നും ചിന്തിക്കേണ്ടതില്ലാ എന്നായിരുന്നു രാമമേനോന്റെ അഭിപ്രായം.

"'ചെറിയ ഇഷ്ടിമാൻ' 14-ാം൹ തന്നെ ഇവിടെ എത്തി. 16-ാം൹ അയ്യണ്ണയ്യന്റെ ഗൃഹത്തിലും, ചിക്കണ്ണയ്യന്റെ ഗൃഹത്തിലും, മുഹൂർത്തം രണ്ടും വേണ്ടുംപ്രകാരം കഴികയും ചെയ്തു. ഇഷ്ടിമാൻസായ്പു 17-ാം൹ രാത്രി അയ്യണ്ണയ്യന്റെ ഗൃഹത്തിൽ വീണ്ടും വന്നു. അയ്യണ്ണയ്യനും ചിക്കണ്ണയ്യനും ഓരോ വീരചങ്ങലയും, വിവാഹം കഴിയുന്ന കിടാങ്ങൾക്കു ഓരോ കുത്തു പട്ടും ഓരോ റൗക്കശ്ശീലയും കൊടുത്തു. അയ്യണ്ണയ്യൻ ഇഷ്ടിമാൻസായ്പിനു ഒരു പിടിസരവും(?) രണ്ടു സാല്വയും, കൂടെ വന്നിരുന്ന ഒരു വെള്ളക്കാരനു ഒരു വീരചങ്ങലയും ഒരു സാല്വയും അങ്ങോട്ടും കൊടുത്തു." എന്നു കാണുന്നതുകൊണ്ടു്,

‘സമ്പ്രതികൾക്കു സമ്മാനം കൊടുപ്പാൻ വിരോധമില്ലായിരുന്നു എന്നുതന്നെ വിചാരിക്കണം. അപ്രകാരം എല്ലാവരും ചെയ്തതായി, ‘കല്യാണം 20-ാംനു കഴിഞ്ഞു. ആശീർവ്വാദത്തിനു ഇവിടെ എത്തീട്ടുള്ളവർ അവരവരുടെ അവസ്ഥപൊലെ രൂപാ, പണം, സാൽവ, പട്ടു, തലപ്പാവു, ഉപ്പട്ടാവു, ഈവക ഒക്കെയും കൊടുത്തു. അടിയൻ രണ്ടുവകക്കുംകൂടി രണ്ടു സാൽവയും രണ്ടുകുത്തു പട്ടും, രണ്ടു തലപ്പാവും കൊടുത്തു" എന്നു് എഴുതീട്ടുള്ളതുകൊണ്ടു സ്പഷ്ടവുമാണു്. തൽസമയത്തു മറ്റൊരുത്തൻ ചെയ്യുമ്പോൾ ചെയ്തതാണു രാമമേനോൻെറ ഈ എഴുത്തിൽ കാണുന്നതു്. പരസ്യമായുള്ള മറ്റു സംഭാവനകൾക്കു തീട്ടൂരംതന്നെ ഉണ്ടായിരുന്നു. "നമ്മുടെ കാരക്കാട്ടു രാമനു, എന്നാൽ, കല്യാണത്തിനു ദിവാൻഅയ്യണ്ണയ്യനും ചിക്കണ്ണയ്യനും കൊടുക്കേണ്ടതിനു നാലുകണ്ടി പഞ്ചാരയും, നാലുമന്നു അൽമെന്തരും ഒരു മന്നു മുന്തിരിങ്ങയും, എട്ടെ കാൽമന്നു കല്ക്കണ്ടവും, ഒരു കറവാകുപ്പി പനീരും, ഒരു മന്നു ഈന്തപ്പഴവും, ഒരു മന്നു കാരക്കയും അയക്കുന്നു. ആയതു സദൃശംപോലെ കൊടുത്തുകൊള്ളണം......... എന്നായിരുന്നു തീട്ടൂരം.

രാമമേനോൻ നൽകിയ കല്യാണസമ്മാനങ്ങളുടെ വിലയും അതുമൂലമുണ്ടായ ഫലവും ഉടനെതന്നെ അറിയുവാൻ സാധിച്ചതുകൊണ്ടു്, ചെയ്തുപോയതിൽ ഒട്ടും പശ്ചാത്തപിക്കേണ്ടിവന്നില്ല. എന്തുകൊണ്ടെന്നാൽ, അദ്ദേഹം അടുത്ത അവസരത്തിൽത്തന്നെ വലിയതമ്പുരാൻ തിരുമനസ്സിലെ പേക്കു ഇങ്ങനെ എഴുതി അയച്ചിരിക്കുന്നു:—

"പരന്തിരിയസ്സും ഇങ്കിരിയസ്സും തമ്മിൽ ശണ്ഠ നന്നെ മുഴുത്തിരിക്കകൊണ്ടും, പരന്തിരിസ്സുന്മാര പരവശപ്പെട്ടു ചെല്ലുന്നവക്കു ലന്തക്കാർ ഉപകാരസഹായങ്ങൾ ചെയ്തുകൊണ്ടും, ലന്തക്കൊടികൾ ഒക്കെയും പിടിച്ചു അവരുടെ മുതൽ കാൎയ്യങ്ങൾ ഒതുക്കുന്നതിനു, കല്പന വന്നിരിക്കയാൽ കൊച്ചിക്കൊട്ടയ്ക്കു നെരെ യുദ്ധത്തിനു പട്ടാളങ്ങൾ മഴമാറിയാൽ പുറപ്പെടത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നു. പണ്ടാരവക മുതലുകൾ എതാനും കൊച്ചിക്കൊട്ടയ്ക്കകത്തു സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതു ഇപ്പൊൾ ആവശ്യമുണ്ടെന്നു പറഞ്ഞു മെടിച്ചുകൊള്ളണമെന്നും, ലന്തക്കുമ്പഞ്ഞിയിൽനിന്നു എങ്കിലും, അതിൽ ഉൾപ്പെട്ട ആളുകൾ എങ്കിലും, പണ്ടാരവകക്കു എതാനും തരുവാനുണ്ടെങ്കിൽ വെഗത്തിൽ മെടിച്ചുകൊള്ളണമെന്നും അയ്യണ്ണയ്യൻ പാക്കുന്നൊടത്തെക്കു അടിയനെ ആളയച്ചു വിടകൊണ്ടിരിക്കുന്നു......"

നമ്മുടെ കാരയ്ക്കാട്ട മേനോൻ ദിവാൻെറ നല്ല പത്ഥ്യക്കാരനും സേവനും ഒക്കെ ആണെങ്കിലും, സരസനും കുശാഗ്രബുദ്ധിയും പരമവിശ്വസ്തനുമായിരുന്ന അദ്ദേഹത്തിനു്, ആ അയ്യനെക്കുറിച്ചു് ആന്തരമായുണ്ടായിരുന്ന അഭിപ്രായം അദ്ദേഹം യഥാകാലം ശക്തൻതമ്പുരാനെ ഉണർത്തിച്ചുവെച്ചിരുന്നു. അതു് ഇപ്രകാരമാണു്:—"അയ്യണ്ണയ്യനു ദ്രവ്യം കിട്ടിയാൽ ഇന്ന കാൎയ്യം ചെയ്യാമെന്നും, ഇന്ന കാൎയ്യം ചെയ്യരുതു എന്നും ഇല്ല. അങ്ങനെ അത്രെ കാണുന്നതു. ദ്രവ്യം കൊടുത്താലും ചെയ്യുന്നതിനും പറയുന്നതിനും സ്ഥിരവും ഇല്ല. ശേഷം ഒക്കെ വന്നിട്ടു ഉണർത്തിച്ചുകൊള്ളാം............അതിന്റെശേഷം അങ്ങൊട്ടു എന്തു പറഞ്ഞിട്ടും ബൊധിക്കുന്നതും ഇല്ല......ഇതു ദുഷ്ടനായിട്ടു അയ്യണ്ണയ്യനെപ്പോലെ ആരും ഇല്ല...........ഇതു മനസ്സിൽവെച്ചുകൊണ്ടു ഇഷ്ടിമാൻസായ്പിനെ എന്തെല്ലാം പറഞ്ഞു ബൊധിപ്പിക്കുന്നു എന്നു അറിഞ്ഞതുമില്ല."

ഈ 'ഇഷ്ടിമാൻമാരു്' ദിവാൻമാരുടെ കൂട്ടുകാരായിരുന്നു എന്നും, അവർ ഒരു കയ്യായിരുന്നു എന്നും, 'അയ്യർ'മാരുടെ അഴിമതികളിൽ ഈ സായ്പുമാർക്കും പങ്കുണ്ടായിരുന്നു എന്നും മററും ഒരു വലിയ ആക്ഷേപം അക്കാലത്തുതന്നേ പൊട്ടിപ്പുറപ്പെടുകയും, 'ഇഷ്ടിമാൻമാരുടെ സത്യസന്ധത ബങ്കാളത്തിലും ബോംബയിലും മാത്രമല്ലാ ശീമയിൽപ്പോലും ഉണ്ടായിരുന്ന കമ്പനി ഉടമസ്ഥന്മാരുടെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയമാകുകയും ചെയ്തിരുന്നു. എങ്കിലും അവരുടെ നടവടികളെയോ അപരാധങ്ങളെയോ ഇവിടെ എടുത്തു വിവരിക്കുവാൻ വിചാരിക്കുന്നില്ല. അവരെ അന്നത്തെ വെള്ളക്കാരുടെ ഇടയിൽ 'കറുത്ത ആടുകളു്' ആക്കി ഒടുവിൽ നീക്കിനിർത്തിയതായി കാണുന്നുണ്ടു്. എന്നാൽ ഈ ദിവാൻമാരെയും. അവരുടെ കുനയങ്ങളിലും കുസൃതികളിലും സഹായിച്ചിരുന്ന ഇഷ്ടിമാൻമാരെയും കൊച്ചിയിലെ ശക്തൻതമ്പുരാൻ 'മോഹബൊധപ്പെടുത്തി' എന്നൊരാക്ഷേപം തമ്പുരാൻ തിരുമനസ്സിലെക്കുറിച്ചും കമ്പിനി എജമാനന്മാർ പുറത്തു. പറഞ്ഞിരുന്നതായി പല സൂചനകളുമുണ്ടു്. അവിടുന്നു കല്പിച്ചുകൂട്ടി ആ സായ്പന്മാൎക്കു വമ്പിച്ച സമ്മാനങ്ങൾ കൊടുത്തു്, അൎഹതയില്ലാത്ത അനുഭാവങ്ങൾ സമ്പാദിച്ചതായി, സായ്പുമാരുടെ ഇടയിൽ ഒരു ദുരഭിപ്രായം പ്രചരിച്ചിരുന്നു എന്ന സംഗതി ഇവിടെ മറച്ചുവെയ്ക്കുന്നില്ല. "ആൎക്കും ഒന്നും കൊടുത്തിരിക്കയില്ല" എന്നു തീൎത്തുപറയുവാൻ തുനിയുന്നില്ല; എന്നാൽ "കോഴ കൊടുത്തു കാൎയ്യംനേടി" എന്ന അപവാദത്തിനു് അണുവും അടിസ്ഥാനമില്ലെന്നു്

"എന്നിട്ട് എന്തു കിട്ടി" എന്ന ചോദ്യത്തിനു ലഭിക്കുന്ന ഉത്തരത്തിൽ നിന്നു ധാരാളം തീച്ചപ്പെടുത്താവുന്നതാണ്. "ചേററവാ മണപ്പുറം" സ്വന്തം രാജ്യമായി വിട്ടുകിട്ടുന്നതിനു ഭഗീരഥപ്രയത്നംചെയ്തു. മുപ്പതുകൊല്ലത്തെ കാലംവെച്ചു പാട്ടത്തിനു കിട്ടുവാനെങ്കിലും കൊണ്ടുപിടിച്ചു ശ്രമിച്ചു. ഒടുവിൽ എന്തുണ്ടായി? മൂന്നു കൊല്ലത്തേയ്ക്കു് ആണ്ടിൽ മുപ്പതിനായിരം ഉറുപ്പികയ്ക്കു് ഒരു പാട്ടക്കരാറ മാത്രം കിട്ടി. അതുപോലെതന്നെ കരപ്പുറം മുതലായ നാടുകളുടെ കാര്യത്തിലും, കവളപ്പാറ മുതലായ പ്രദേശങ്ങളുടെ തക്കത്തിലും, ശക്തൻതമ്പുരാൻ ഉദ്ദേശിച്ച വിജയം സിദ്ധിച്ചില്ല. യഥേഷ്ടം കോഴ കൊടുക്കുന്നതിനു സന്നദ്ധനായിരുന്നുവെങ്കിൽ, "ന്യായമായ കോഴ" കൊടുത്തിരുന്നു എങ്കിൽ, എതെങ്കിലും പതനത്തിൽ വെച്ചെങ്കിലും, ഒരു അനുകൂലാഭിപ്രായം രേഖപ്പെട്ടുകാണുമായിരുന്നു. യഥാർത്ഥത്തിൽ കിട്ടേണ്ടതു മുഴുവൻ കിട്ടാതെപോകുകയല്ലാതെ— അതിനുള്ള പ്രധാനകാരണം മലബാർ കമ്മീഷണർമാരുടെ നിർഭാഗ്യവശാൽ ഉണ്ടായിത്തീർന്ന ഈ തെററിദ്ധാരണയാണു താനും—അവകാശമില്ലാത്തതുംകൂടി കൈക്കലാവുകയല്ല സംഭവിച്ചതു്. "ദിവാൻമാരുടെ കോഴ" "പ്രമാദമായ" ഒരു വിഷയമായതുകൊണ്ടും അതിൻെറ നിഴലുകൾ തമ്പുരാൻ തിരുമനസ്സിലെ ബാധിച്ചിരുന്നതുപോലെ കാണുന്നതുകൊണ്ടും അതിനെക്കുറിച്ചു് ഇത്രയും പ്രസ്താവിച്ചതാണ്.

'ഇഷ്ടിമാനെ' തമ്പുരാൻ മുഷിപ്പിക്കാതെ 'ലോക്യത്തിൽ'കൊണ്ടുനടക്കുന്നതിനു ശ്രമിച്ചിരുന്നു. ഇടയ്ക്കിടയ്ക്കു ചില കാഴ്ചകളും അയച്ചിരുന്നു. എന്നാൽ അതൊക്കെ പരസ്പരം സ്നേഹവിശ്വാസമുള്ള പരിചയക്കാർ സാധാരണ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന തരത്തിലുള്ള ഉപഹാരങ്ങൾ മാത്രമായിരുന്നു. രാമമേനോൻെറ ഒരു എഴുത്തിൽ, ഇഷ്ടിമാൻസായ്പിനെക്കണ്ടു എന്നും, "പൂവ്വൻപഴം, കോഴിമുട്ട, ചെറുനാരങ്ങ, കാവത്തുംകിഴങ്ങ് ഈവക കോപ്പുകളും തീട്ടൂരവും കൊടുത്തു"എന്നും, മറെറാരു കത്തിൽ, "49 താറാവും, 17 വാത്തയും, 12 ഞൊങ്ങണംകോഴിയും കൊണ്ടുവന്നുകൊടുത്തതിൽ ഇഷ്ടിമാനു വളരെ പ്രസാദമാകുകയും ചെയ്തു" എന്നും, എഴുതിക്കാണുന്നതിൽനിന്നു ശക്തൻതമ്പുരാൻ കൊടുത്തിരുന്ന സമ്മാനങ്ങളുടെ സ്വഭാവം സ്പഷ്ടമാകുന്നുണ്ടു്. ഇന്നും 'വലിയ സായ്പുമാർ' വരുമ്പോൾ "സംസ്ഥാനാതിഥിക"ളായി അവരെ സ്വീകരിച്ചു്, അവൎക്കു് എന്തെല്ലാം സമ്മാനങ്ങൾ കൊടുക്കുന്നുണ്ടു്! ഇക്കാലത്തു പരസ്യമായി നല്കുന്ന ഒരു "നല്ല

കാസ്റ്ററി"ന്റെയോ, ഹാരത്തിന്റെയൊ വിലയ്ക്കില്ലല്ലോ ഈ വാർത്തയും താറാവും ഞൊങ്ങണംകോഴിയും എല്ലാം.

അനുഭവം മോശമായതിൽനിന്നു മാത്രമല്ലാ, കോഴക്കേസ്സു വൃഥാവിലുണ്ടാക്കിയതായിരിക്കണമെന്നു സംശയിക്കുന്നതു്. ശക്തൻ തമ്പുരാനു് അനവധി ശത്രുക്കൾ നാലുപുറത്തുമുണ്ടായിരുന്നുഎന്നും, അവർ 'ഒന്നിനൊന്നായിട്ടു പറഞ്ഞു' പല തെററിദ്ധാരണകളും ഉണ്ടാക്കിക്കൊണ്ടിരുന്നു എന്നും, അവിടുത്തെ പല തിരുവെഴുത്തുകളിലും സ്പഷ്ടമായിത്തന്നെ പറഞ്ഞുകാണുന്നുണ്ടു്. അയ്യണ്ണയ്യൻ ഒരുവേള, "ഒക്കെ ഞാൻ ശരിപ്പെടുത്തിത്തരാം. നമുക്കും സായ്വിനും ഉള്ളതു കയ്യിൽ തന്നാൽ മതി" എന്നു നിർബ്ബന്ധിച്ചിട്ടുണ്ടായിരിക്കും. "അതൊക്കെ ഇഷ്ടംപോലെ ആവാം" എന്നു രാജാവിന്റെ കാര്യസ്ഥന്മാരും പറഞ്ഞിട്ടുണ്ടായിരിക്കും. എന്നാൽ, വളയൊന്നും തുളയിൽ വീണില്ല! കാര്യം ഒന്നും നടന്നതുമില്ല! ഇപ്രകാരമായിരിക്കും സംഭവിച്ചിരിക്കുക. ആ വഴിക്കുള്ള ഒരു സൂചന താഴേ ചേർക്കുന്ന ഒരു കത്തിൽനിന്നു ലഭിക്കുന്നുണ്ടു്. രാമ്രമേനോൻ എഴുതുന്നു:—"......ത്രപാ കൊച്ചിയിൽനിന്നും കൊണ്ടുവരുന്നു എന്നും, ജവന്തിച്ചെട്ടിയാരൊടു മെടിച്ചു തരാമെന്നും, ഇങ്ങനെ ഒക്കയും പറഞ്ഞിട്ടു ത്രപാ ഇത്രനെരവും വന്നില്ലല്ലൊഎന്നും, ഞാൻ ഇഷ്ടിമാൻ സായ്വിനൊടു പറഞ്ഞിരിക്കുന്ന വാക്കു നെരുകെടു വരുത്തണമെന്നല്ലെ നിങ്ങൾക്കു സിദ്ധാന്തമുള്ളു എന്നും, അതുകൊണ്ടു വെണ്ടുവതില്ലെന്നും, സമയംപൊലെ ഞാനും വിചാരിച്ചുകൊള്ളാമെന്നും എത്രയും കലശ്ശലായി അയ്യണ്ണയ്യൻ വിടകൊണ്ടു."

ശക്തൻതമ്പുരാൻ സായ്പുമാൎക്കു സമ്മാനങ്ങൾ കൊടുത്തിരുന്നു എങ്കിൽ അതു കോഴയായിട്ടല്ലെന്നും കേവലം സ്നേഹചിഹ്നമായിട്ടാണെന്നും, അങ്ങനെ ചെയ്തിരുന്നതു പരസ്യമായിട്ടാണെന്നും, തെളിയിക്കുന്ന ഒരു സംഭവമാണു മിസ്റ്റർ ഒലിസ്ഫാന്തിനു് ആനക്കുട്ടിയെ കൊടുത്ത കഥ. എന്നാൽ, ആയതുംകൂടി നിർഭാഗ്യവശാൽ ഒരു ആക്ഷേപവിഷയമായിത്തീൎന്നു എന്നു് അതിനെക്കുറിച്ചു ബോംബേ ഗവർണ്ണർ ശക്തൻതമ്പുരാനയച്ചതായ താഴെച്ചേർക്കുന്ന കത്തിൽനിന്നു ധരിക്കാവുന്നതാണു്. "ഒലിസ്ഫാന്ത സായ്പു തൃശ്ശൂരിൽ വന്നാറെ ഒരു ആനക്കുട്ടി കൊടുത്തു എന്നു ഇപ്പൊൾ ഞാൻ തങ്ങൾക്കു എഴുതുന്നു. ആരുക്കെങ്കിലും ഒരു വസ്തു, വെല ഏറിയതു എങ്കിലും, വെല കൊറഞ്ഞതു

എങ്കിലും, കൊടുക്കയും വേണ്ടാം. അതു എന്തുകൊണ്ടെന്നാൽ നമ്മുടെ ശാസ്ത്രത്തിലുമില്ല, കുമ്പഞ്ഞീടെ കല്പനെലും ഇല്ല. അതുകൊണ്ടു നിങ്ങൾക്കു നല്ലതല്ല. ഇങ്കരീയസ്സുകാൎക്കു ഒരു കാസു കൊടുക്കയും വെണ്ടാ." അന്നത്തെ കുമ്പഞ്ഞിക്കാരുടെ സത്യസന്ധതയ്ക്കും ധൎമ്മബോധത്തിനും ഇതൊരു കന്നാന്തരം തെളിവാണെങ്കിലും, 'ഒരു ആനക്കുട്ടിയെ കൊടുത്തതു്'—അതും അക്കാലത്തെ ഒരു സായ്പിനു്—ഒരു സ്വകാൎയ്യ കൈമെടക്കലാണെന്നു ധരിച്ചുപോയതു വലിയ കഷ്ടമായിപ്പോയി!

ദിവാൻമാൎക്കും ഇഷ്ടിമാൻമാൎക്കും തമ്പുരാൻ കോഴകൊടുത്തു എന്നുള്ള ആക്ഷേപം പൊന്തിയതിന്റെ അടിസ്ഥാനവും ഗൗരവവും രാമമേനോന്റെ കത്തിൽനിന്നുതന്നെ നമുക്കു വായിച്ചറിയാം. അദ്ദേഹം എഴുതുന്നു:— "……അടിയൻ റിക്കാർഡുസായ്പിന്റെ കൂടാരത്തിൽ വിടകൊണ്ടു സലാം ചെയ്യാറെ ഇഷ്ടിമാൻ സായ്പിന്നു ഏതാനും ഒന്നു കൊടുത്തിട്ടുണ്ടെന്നു ഇക്കണ്ടപ്പണിക്കരും രാമരായരും (സാമൂതിരിയുടെ കാൎയ്യക്കാരന്മാർ) പറഞ്ഞു എന്നും, ആയതു ഉള്ളതൊ ഇല്ലാത്തതൊ എന്നും ഇങ്ങൊട്ടു ചൊദിച്ചു. ഞാൻ ഒന്നും കൊടുക്കയും അറിയുകയും ഉണ്ടായിട്ടില്ലെന്നു അങ്ങൊട്ടും വിടകൊണ്ടു. അതിന്റെ ശെഷം രാമരായരു പറഞ്ഞതായിട്ടു ഇങ്കരീയസ്സിൽ ഒരു കടദാസ്സു എടുത്തു വായിച്ചു. അയ്യണ്ണയ്യൻ മുഖാന്തിരം ഇഷ്ടിമാനു കൊടുത്തു എന്നും ആയതു മുഴുവനും അയ്യണ്ണയ്യൻ സായ്പിനു കൊടുത്തില്ലെന്നും, അതു സായ്പിനൊടുതന്നെ ചൊദിക്കണമെന്നും, അതിൽ എഴുതിയിരുന്നു…… കെട്ട വൎത്തമാനം പറയുക ആണെന്നും, ഇവിടെ ഒരു സിദ്ധാന്തം ഇല്ലെന്നും, ഏതാനും ഉണ്ടെങ്കിൽ പറഞ്ഞാൽ വിചാരിക്കാമെന്നും, റിക്കാർഡു്സായ്പു ഇങ്ങൊട്ടും പറഞ്ഞു. ഇല്ലാത്ത കാൎയ്യം ഉണ്ടെന്നു പറഞ്ഞാൽപിന്നെ അതിനു സാക്ഷിക്കാരെ എല്പിച്ചുകൊടുക്കയും സത്യംചെയ്കയും വെണ്ടിവരുമല്ലൊ എന്നു അടിയനും വിടകൊണ്ടു……"

സാമൂതിരിയുടെ സൎവ്വാധികാൎയ്യക്കാരായിരുന്ന പ്രസിദ്ധനായ ശാമിനാഥപട്ടർ തന്നെയാണു് അയ്യണ്ണയ്യനും ശിക്കണ്ണയ്യനും വലിയ ശത്രുവായിപ്പരിണമിച്ചതു്. സാമൂതിരിക്കു 'രാജ്യം' കിട്ടത്തക്കവണ്ണം എല്ലാം ശരിപ്പെടുത്താമെന്നു ദിവാൻമാർ ശാമിനാഥപട്ടരുമായി കരാറു ചെയ്തിരുന്നു. അതിലേയ്ക്കു തക്കതായ പ്രതിഫലം നിശ്ചയിക്കയും പ്രധാനഭാഗം ദിവാൻ പററുകയും കഴിഞ്ഞിരുന്നു. എന്നാൽ കാൎയ്യങ്ങൾ ആ വഴിക്കൊന്നുമല്ലാ കടന്നുപോയതു്. തന്നിമിത്തം അടിസ്ഥാ

നങ്ങളെല്ലാം തകരുകയും അതിന്മേൽ കെട്ടിപ്പടുത്തിരുന്ന ആശാഗോപുരം നിലംപതിക്കുകയും ചെയ്തു. സാമൂതിരിഭാഗക്കാർ ദിവാൻമാരുടെ പരമശത്രുക്കളായി. ഉള്ളതും ഇല്ലാത്തതുമായ പല അപരാധങ്ങളും ദിവാന്റെ തലയ്ക്കു വെച്ചുകെട്ടി. "നിങ്ങളുടെ പണി കളയിച്ചു നാട്ടീന്നു പുറത്താക്കീട്ടില്ലെങ്കിൽ ശാമിനാഥൻ ഒരു പട്ടരല്ലാ", എന്നു സർവ്വാധികാര്യക്കാർ 'അർജ്ജുനസത്യവും' ചെയ്തു. അതിനുവേണ്ടി റിക്കാട്ടുകൾ ഉണ്ടാക്കിത്തുടങ്ങി. താൻതന്നെയാണു കോഴകൾ കൊടുത്തതു് എന്നുംകൂടി എഴുതിവെക്കുവാൻ ശാമിനാഥപട്ടർ മടിച്ചില്ല. 'ആയാൽ ആയി' എന്നു കരുതി, സാമൂതിരിയുടെ ജന്മശത്രുവും, രാജ്യം പോകാത്ത രാജാവായിത്തന്നെ വർത്തിക്കുന്ന ആളും ആയ കൊച്ചിത്തമ്പുരാനെക്കൂടി ആ കൂട്ടത്തിൽ പിടിച്ചിടണമെന്നും ആ പട്ടർ തീർച്ചപ്പെടുത്തി. ശാമിനാഥന്റെ കീഴിൽ ചാവക്കാട്ടിൽ കാര്യക്കാരായിരുന്ന ഉളനാട്ടു് ഇക്കണ്ടപ്പണിക്കരും അതിലേക്കു പററിയ കൊച്ചുമിടുക്കനായിരുന്നു. ഇപ്രകാരമാണു് ഈ വലിയ കേസ്സിന്റെ ഉത്ഭവവും വളർച്ചയും. അതിനുള്ള ഒരു തെളിവു താഴേ ചേർക്കുന്ന എഴുത്തുതന്നെയാകുന്നു. രാമുമേനോന്റെ എഴുത്തു്:— "......അടിയനും ബ്രഹ്മയ്യനും (ശക്തൻതമ്പുരാന്റെ ഒരു ഹരിക്കാരൻ) ജനറാൽ അവർകളുടെ അടുക്കൽ ചെന്നു സലാംവെച്ചു കാരൊന്നു പറഞ്ഞാറെ, ഇഷ്ടിമാൻസായ്പും ദിവാൻ അയ്യണ്ണയ്യനും കൂടി അടിയനെ വിളിച്ചു ഒരു അകത്തേക്കു കൊണ്ടുചെന്നു വെറിട്ടു ഗുണദൊഷം പറഞ്ഞു. ഇഷ്ടിമാൻ സായ്പിന്നു നെടിയിരുപ്പു സ്വരൂപത്തിങ്കൽനിന്നു (സാമൂതിരി) ലക്ഷത്തമ്പതിനായിരം രൂപാ കൊടുത്തിട്ടുണ്ടെന്നും, ഇതുപൊലെതന്നെ പിന്നെയുള്ള രാജാക്കന്മാര ഒക്കെയും (അതിൽ കൊച്ചിയും പെടണമല്ലൊ) ഏറിയ രൂപ കൊടുത്തിട്ടുണ്ടെന്നും, ശാമിനാഥപട്ടരസർവ്വാധികാര്യക്കാര പട്ടിക എഴുതി ജനറാലുടെ കയ്യിൽ കൊടുത്തിട്ടുണ്ടെന്നും, ആയത കള്ളതൊ ഇല്ലാത്തതൊ എന്നു ജനറാലു ചൊദിച്ചു എന്നും, ഒരുത്തരൊടും ഒരു രൂപാ മെടിച്ചിട്ടില്ലന്നു പറഞ്ഞു എന്നും, അക്കാര്യം ബൊമ്പായികുംസലിൽ വിചാരിച്ചു നിശ്ചയിച്ചുകൊള്ളാമെന്നു വെച്ചിരിക്കുന്നു എന്നും, അതിന്നു ശാമിനാഥപട്ടരെ പാറാവിട്ടു നെടുങ്കൊട്ടക്കകത്തു കൊണ്ടുചെന്നുപാർപ്പിച്ചു, ജനറാൽ പൊകുമ്പൊൾ ഇഷ്ടിമാനെക്കൂടെ ബൊമ്പായക്കു കൊണ്ടുപോകുന്നു എന്നും, അവിടെവെച്ചു വിചാരിച്ചു ഇഷ്ടിമാന്റെ പെരിൽ നെരുകെടില്ലെന്നുവന്നാൽ വെഗത്തിൽ കൊഴിക്കൊട്ടെക്കു വരുമെന്നും, കൊഴ മെടിച്ചിട്ടില്ലെന്നുവന്നാൽ ശാമിനാഥപട്ടക്കു പിന്നെ നെടിയിരിപ്പിൻനാട്ടിൽ കടന്നുകൂടാ എന്നും പറഞ്ഞു. ഇപ്രകാരമൊക്കെയും

മറെറാരുത്തരു ഗ്രഹിക്കാതെ തിരുമനസ്സിൽ ധരിപ്പാൻ എഴുതി കൊടുത്തയക്കണമെന്നും അയ്യണ്ണയ്യൻ ഒരു സമയത്തു കൊച്ചിക്കു വന്നു എങ്കിൽ പാപ്പാൻ സ്ഥലവും കൊടുത്തു രക്ഷിച്ചുകൊള്ളണമെന്നും, ഇഷ്ട്രിമാൻ വിടകൊണ്ടു. ഇഷ്ട്രിമാൻ സായ്പിനെയും അയ്യണ്ണയ്യനെയും മാററി വെറെ ആളാക്കിത്തരാഞ്ഞാൽ ഞങ്ങൾ രാജ്യത്തു ഇരുന്നുകഴികയില്ലെന്നും ശാമിനാഥപട്ടരു ജനറാലൊടു രാപ്പകൽ ആവലാതിപറഞ്ഞുപാക്കുന്നു."

അയ്യണ്ണയ്യന്റെ അധഃപതനത്തിനു മറെറാരുവശത്തുകൂടി വേറെ ഒരു ഗ്രഹശക്തിയും പ്രയത്നിച്ചിരുന്നു. ആപത്തുവരുമ്പോൾ കൂട്ടത്തോടെയാണല്ലോ. "നല്ലകാലമൊരുവന്നു വരുമ്പോളില്ലൊരേടവുമവന്നു തടസ്സം" എന്നതുപോലെതന്നെ, കാലം പിഴച്ചാൽ പിന്നെ സവ്വവും പിഴതന്നെ. കാലത്തിനു് എതിരു് ആരുമില്ല. വളത്താനും വധിക്കാനും കാലത്തിനു ശക്തിയുണ്ടു്. അയ്യണ്ണയ്യന്റെ ചരിത്രം മുഴുവനും 'കിളിപ്പാട്ടാ'യിട്ടു 'നമ്മുടെ കാരയ്ക്കാട്ടു രാമ'നെക്കൊണ്ടുതന്നെ പറയിപ്പിക്കുന്നതായിരിക്കും നല്ലതു്. 'രാമൻ' തമ്പുരാനുള്ള ഒരു എഴുത്തിൽ ഇപ്രകാരം അക്കാര്യം വീണ്ടും വിസ്തരിച്ചിരിക്കുന്നു.

"...കൊയമ്പത്തൂരുനിന്നു ആചാളയ്യൻ എന്നൊരാൾ കുറെ ദിവസമായി ഇവിടെ (കോഴിക്കോട്ടു) വന്നു പാക്കുന്നു. മുമ്പെ കമ്പഞ്ഞിക്കായ്യത്തിനു ഏറെ പ്രയത്നം ചെയ്തിട്ടുള്ള ആളാകുന്നു എന്നും. ഇവിടെ തക്കതായിട്ടു ഒരുദ്യോഗം കൊടുക്കണമെന്നും, ജന്നപട്ടണത്തുനിന്നു (മതിരാശി) എഴുതി വന്നിട്ടും ഉണ്ടു. ഇവിടെ വന്നശെഷം, അയ്യണ്ണയ്യനായിട്ടു എടച്ചിൽ ആണന്നു കെൾക്കകൊണ്ടു അടിയൻ ചെന്നുകണ്ടു. അയ്യണ്ണയ്യനായിട്ടുള്ള മത്സരംകൊണ്ടു വിറവണ്ടുപാക്കുന്നു എന്നും, അയ്യണ്ണയ്യന്റെ പാറംപടിയും ഗുണദൊഷങ്ങളും അന്വെഷിച്ചു ജന്നപട്ടണത്തക്കു എഴുതി അയച്ചിട്ടുണ്ടെന്നും, എങ്ങനെ എങ്കിലും അയ്യണ്ണയ്യൻ പററിച്ചിരിക്കുന്ന പണം കമ്പഞ്ഞിക്കെങ്കിലും രാജാക്കന്മാക്കെങ്കിലും കൊടുപ്പിക്കണമെന്നും, എനിക്കു ഉദ്യോഗം വെണമെന്നില്ലന്നും, അയ്യണ്ണയ്യന്റെ താഴെ ഇരിക്കാൻ വന്നതല്ലെന്നും, കമ്പഞ്ഞിയെ സഹായിപ്പാനാണെന്നും, ഞങ്ങൾ ഇരുവരും ഒരു ഊരുകാരാണെന്നും, ഒന്നും മറെറാരുത്തരൊടു പറഞ്ഞുപൊകരുതെന്നും, വന്നു പാക്കുന്നതു തിരുമനസ്സറിയിക്കണമെന്നും, കണ്ടാലറിയുമെന്നും, അപ്പാശ്ശാമിപിള്ള തിരുമുമ്പാകെ അന്നൊരിക്കൽ കൂട്ടിക്കൊണ്ടു ആക്കിയിട്ടുണ്ടെന്നും ഒക്കയും ആചാളയ്യൻ

അടിയനൊട്ടു വിടകൊണ്ടു. ശാമിനാഥപട്ടരും അയ്യണ്ണയ്യനും ആയിട്ടു ബദ്ധവൈരം ആകുന്നു. ഈ ഊഴത്തിൽ അയ്യണ്ണയ്യൻെറ ഉദ്യോഗം പൊകുമെന്നുതന്നെ തൊന്നുന്നു."

അയ്യണ്ണയ്യനെയും ശിക്കണ്ണയ്യനെയും നിലയ്ക്കുനിർത്തുന്നതിനു് ആ ചാളയ്യൻ എന്നൊരയ്യൻതന്നെ അവരുടെ സ്വദേശമായ കോയമ്പത്തൂരുനിന്നു പുറപ്പെട്ടു! വിധിവൈപരീത്യം നോക്കുക! ഏതയ്യനും 'നമ്മുടെ കാരയ്ക്കാട്ടു രാമ'നെ ബഹുപത്ഥ്യമായിരുന്നു. ആയാളോടു പറയാത്ത സ്വകാര്യവർത്തമാനങ്ങൾ ആരുടെ പക്കലുമില്ല; ഈ രാമൻ എത്ര നയജ്ഞനും, രസികനും, ബുദ്ധിശാലിയും ആയിരുന്നിരിക്കണം! ഏതാളുവന്നാലും ശക്തൻതമ്പുരാൻെറ നേരേ അസാധാരണമായ ഒരു ആദരവു പ്രദർശിപ്പിച്ചിരുന്നു എന്നുള്ളതും അഭിമാനിക്കത്തക്കതാകുന്നു.

ഈ അയ്യണ്ണയ്യനെക്കുറിച്ചു ശക്തൻതമ്പുരാനുണ്ടായിരുന്ന അഭിപ്രായവും രേഖപ്പെട്ടിട്ടുണ്ടു്. അവിടുത്തെ ഒരു തിരുവെഴുത്തിൽ ഇങ്ങനെ കാണുന്നു. "......ഇഷ്ടിമാൻ കൊഴിക്കൊട്ടു എത്തിയിരിക്കുമല്ലൊ. ദിവാൻ അയ്യണ്ണയ്യനും കൂടെത്തന്നെ ഉണ്ടു്. അയ്യണ്ണയ്യനു ചെറുപ്പം ആകകൊണ്ടും, കുറെ എടുത്തുചാട്ടം ഉള്ള പ്രകൃതി ആകകൊണ്ടും, ചില സമയങ്ങളിൽ കാര്യങ്ങൾകൊണ്ടു പറയുന്നതിൽ കുറെയൊക്കെ കെറിപ്പറഞ്ഞു എന്നു വരും. അന്നെരത്തെ ഉടൻതന്നെ ഉത്തരങ്ങളായിട്ടു ഒന്നും പറയാതെ സാവധാനമായിട്ടു ഇരുന്നു. പിന്നെ വഴിയെ കാര്യങ്ങൾകൊണ്ടു ഗുണദൊഷമാർഗ്ഗമായിട്ടു പറഞ്ഞു ബൊധിപ്പിച്ചുകൊള്ളണം. സാമൂതിരിയുടെ കാര്യസ്ഥന്മാരു മുതലായിട്ടുള്ള ആളുകൾ, ഇഷ്ടിമാൻസായ്പും ആളുകളും നമുക്കു വിരൊധമായിട്ടുവരുന്നതിനു ദ്രവ്യവ്യയങ്ങൾകൊണ്ടും മിത്രഭെദങ്ങൾ ആയിട്ടും പറഞ്ഞു ബൊധിപ്പിച്ചിട്ടു വഴിപൊലെ ശ്രമിക്കുമെന്നു അറിയാമല്ലൊ. അവക്കു ഇങ്ങൊട്ടു ഒരു അവിശ്വാസത്തിനു എടവരാത്തവണ്ണം വെണ്ടപ്രകാരം ക്ലെശിക്കയും വെണം." ആളുകളുടെ സ്വഭാവവിശേഷങ്ങളും കാരോരുത്തരോടും പെരുമാറേണ്ടും വിധങ്ങളും എത്ര കൃത്യമായും സ്പഷ്ടമായും ശക്തൻതമ്പുരാൻ മനസ്സിലാക്കിയിരുന്നു!

അടിതെററിയാൽ ആഴത്തിൽ വീണേ നില്ക്കൂ. ദിവാന്മാരുടെ എതിർശക്തികൾക്കു ഫലസിദ്ധി അചിരേണ സംഭവിച്ചു. അധഃപതനം എത്രയും വേഗത്തിലും അത്യഗാധത്തിലേയ്ക്കും തന്നെയായി. ഇടക്കാല

ത്തെ സംഭവങ്ങളൊന്നും വിസ്തരിക്കുന്നില്ല. ഗുണത്തിനായാലും ദോഷത്തിനായാലും ശക്തൻതമ്പുരാനോട് ആ ദിവാന്മാർക്ക് ഏതാണ്ടൊരു ആദരഭാവം ആദ്യംമുതല്ക്കേ ഉണ്ടായിരുന്നു. തൊട്ടും തൊടാതെയും പല സഹായങ്ങളും അവരെക്കൊണ്ട് അവിടേയ്ക്കു കൈവന്നിട്ടുമുണ്ടായിരിക്കും. ഒരു സമയം അവർ 'കണ്ണില്ലാത്തതൊക്കെ പൊന്നാക്കാ'മെന്നു പറഞ്ഞു വല്ലതും പററിച്ചിട്ടുണ്ടെന്നും വരാം. എങ്ങനെയായാലും ശക്തൻതമ്പുരാൻ തിരുമനസ്സിലേയ്ക്ക് അവരുടെ ആ ദയനീയമായ അധഃപതനത്തിൽ അനുകമ്പയല്ലാതെ മറെറാരു ഭാവവും ഉണ്ടായിരുന്നില്ല. അത് അവിടുത്തെ സ്വഭാവത്തിന്റെ വൈശിഷ്ട്യത്തെ വിളംബരപ്പെടുത്തുന്ന ഒരു സംഗതിയാണെന്നു വിശ്വസിക്കുന്നു. അവരുടെ അധഃപതനം, എത്ര പരിതാപകരമായിരുന്നു എന്നു തെളിയിക്കുന്ന ഈ എഴുത്തു നോക്കുക:—

കമ്മീഷണർ "വിൽക്കിൻസൺ" ശക്തൻതമ്പുരാന് എഴുതുന്നു:—
"മലയാംപ്രവിശ്യയിൽ കമ്പഞ്ഞിയുടെ പ്രവൃത്തിയിൽ ഇരുന്നിരുന്ന രണ്ടു ദിവാന്മാര, അയ്യണ്ണയ്യനും ചിക്കണ്ണയ്യനും, നെരുകെടായിട്ടുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നുവെച്ച്, കൊഴിക്കൊട്ടു കമ്മീശണര സായ്പുമാര മുമ്പാകെ വിസ്തരിക്കുമ്പൊൾ, ഇവിടെനിന്നു ഇന്നലെ രാത്രിയിൽ കളിച്ചുപൊയിരിക്കുന്നു. ഈ രണ്ടാളും തങ്ങളുടെ നാട്ടിന്നകത്ത ഇപ്പൊഴും ഇനി മെല്പട്ടും കടന്നുപൊകുന്നു എങ്കിൽ എപ്രകാരമെങ്കിലും അവരെ പിടിപ്പാൻ തങ്ങൾ നല്ല മനസ്സൊടുകൂടി വിചാരിച്ചു ഉത്സാഹിച്ചു പിടിക്കയും ആവശ്യമായിട്ടു വെണ്ടിയിരിക്കുന്നു...."

ഈ കത്തിനു ശക്തൻതമ്പുരാൻ അയച്ചതായ മറുപടിയിൽക്കൂടെ നോക്കിയാൽ, നോക്കുന്ന രീതിയും സൂക്ഷ്മദൃഷ്ടിയും അനുസരിച്ച്, കാണുന്ന കാഴ്ചകൾ വിവിധങ്ങളും വിമോഹനങ്ങളും ആയിരിക്കുന്നതാണ്. എഴുത്തിതാണ്:—

"അയ്യണ്ണയ്യൻ എന്ന ആളു രാമെശ്വരത്തെക്കു പൊയി വരുന്ന വഴിക്കു തൃശ്ശിവപെരൂർക്ക വന്നു കുറഞ്ഞൊരു ദിവസം അവിടെ പാർത്തിരുന്നു. അതിനുശെഷം അയ്യണ്ണയ്യനെ നമ്മുടെ അടുക്കൽ വരുത്തിച്ച്, സ്വസ്ഥമായിട്ടു ഇവിടെ ഇങ്ങനെ പാർത്താൽ പൊരാ എല്ലൊ, എന്നും ഇപ്പൊൾ കമ്മീശനരമാര കൊഴിക്കൊട്ടു എത്തിയിരിക്കകൊണ്ടു ചെന്നു കണ്ടു ബൊധിപ്പിച്ചാൽ വാശ്ശുതും ഒരുദ്യൊഗത്തിനു ആക്കുമല്ലൊ

എന്നും, അതുകൊണ്ട വെഗത്തിൽ അങ്ങൊട്ടു പൊകണമെന്നും നാം ക
ല്പിച്ചാറെ, അപ്രകാരംതന്നെ ആം എന്നും പറഞ്ഞിരുന്നു. അങ്ങനെ
ഇരിക്കുമ്പൊൾ വെഗത്തിൽ കൊഴിക്കൊട്ടക്ക ചെല്ലണമെന്നകമ്മീശ
നരമാരുടെ കടദാസ്സ വന്നിരിക്കുന്നു എന്നും, പൊകുന്നു എന്നും പറ
ഞ്ഞുംകൊണ്ട പൊകയും ചെയ്തു! ഇപ്പൊൾ കമ്മീശനര സായ്പുമാരുടെ
കടദാസ്സ നമുക്കു വന്നിരക്കകൊണ്ടു ഉടൻ അവർ നമ്മുടെ രാജ്യത്തെ
ങ്ങാനും വരുന്നുണ്ടെങ്കിൽ തടഞ്ഞുനിൎത്തി കൂട്ടിക്കൊണ്ട വരത്തക്കവണ്ണം
നമ്മുടെ കാൎയ്യസ്ഥന്മാൎക്കു എല്ലാവൎക്കും എഴുതിക്കൊടുത്തയച്ചിട്ടും ഉണ്ടു.
ഇത്രനെരവും വരിക ഉണ്ടായിട്ടില്ല. വന്നാൽ അങ്ങൊട്ടു കൂട്ടി അയപ്പി
ക്കയും ചെയ്യാം. കമ്മീശനരസായ്പുമാര ശരീരസൗഖ്യത്തൊടുംകൂടി സ
ന്തൊഷമായി ഇരിക്കുന്ന അവസ്ഥകൾ എഴുതിവരികയും വെണം. എന്നു
971 കൎക്കടകം 2-ാംനു..."

“- മാളികമുകളേറിയ മന്നന്റെ, തോളിൽ മാറാപ്പുകേററുന്ന” ശ
ക്തി ആ ദിവാന്മാരെ, കല്യാണത്തിന്ന ‘ഇഷ്ടിമാൻ’തന്നെ വെന്നു വീ
രചങ്ങല സമ്മാനിച്ച ആ ദിവാന്മാരെ, അജ്ഞാതമായ അന്ധകാരഗൎത്ത
ത്തിലേക്ക് ഒരു ഏറ് എറിഞ്ഞു! രാമമേനോന്റെ കത്തിൽ കാണുന്ന
ആചാൎയ്യന്ന കമ്പനിയിൽ നല്ല ഒരു ഉദ്യോഗവും കിട്ടി. എങ്കിലും ദി
വാൻപദത്തെ അചിരേണ അലങ്കരിച്ചതു കോയമ്പത്തൂൎക്കാരൻതന്നെയാ
യ ഒരു ‘നഞ്ചപ്പയ്യ’രാണ്. ആ നഞ്ചപ്പയ്യരാണ കൎണ്ണൽ മൺറോ കഴി
ഞ്ഞപ്പോൾ കൊച്ചിരാജ്യത്തിലെ ദിവാൻപദത്തിൽ ഒന്നാമതായി ഉപ
വിഷ്ടനായതും. കോയമ്പത്തൂരുനിന്നു പിന്നീടും ഇടയ്ക്കിടയ്ക്കു കൊച്ചിരാ
ജ്യത്തേയ്ക്കു ദിവാൻമാർ വന്നുചേൎന്നിട്ടുള്ളതു് എല്ലാവൎക്കും അറിയാമല്ലോ.
എന്തായാലും 971നു മുമ്പുള്ള കുറച്ചുകാലത്തു മലയാളക്കരയിലെ എ
ല്ലാ കാൎയ്യവിചാരങ്ങളിലും മുമ്പും കയ്യും ഉണ്ടായിരുന്നതു് അയ്യണ്ണയ്യനും
ചിക്കണ്ണയ്യനും തന്നെയായിരുന്നു. ശക്തൻതമ്പുരാനും ആ ദിവാൻ
മാരും തമ്മിൽ, കാരയ്ക്കാട്ടു രാമമേനോൻ സൎവ്വാധിയുടെ വഴിക്കു്, വളരെ
സൗഹാൎദ്ദത്തിലുമായിരുന്നു വൎത്തിച്ചിരുന്നതു്. അവരായിട്ടുള്ള അടുപ്പം
കൊണ്ടു തമ്പുരാനു് ഒരു അപവാദമല്ലാതെ പറയത്തക്ക യാതൊരു കാ
ൎയ്യലാഭവും ഉണ്ടായിട്ടില്ലെന്നു തീൎച്ചയാണു്.

XIX

മലബാർ കമ്മീഷണർമാർ

ഇംഗ്ലീഷുകമ്പനിക്കാരും ടിപ്പുസുൽത്താനുംതമ്മിലുണ്ടായ സന്ധിക്കരാറപ്രകാരം ടിപ്പുസുൽത്താന്റെ 'മലയാളം' മുഴുവനും കമ്പനിക്കാൎക്കു സിദ്ധിച്ചതിന്റെശേഷം, മലയാളക്കാരുടെ അധികാരകാൎയ്യങ്ങളും അതിൎത്തികളും മററും അന്വേഷിച്ചും പരിശോധിച്ചും 'മലയാളംപ്രവിശ്യയെ' ക്രമവൽക്കരിക്കുന്നതിനു നിശ്ചയിക്കപ്പെട്ട കമ്മിററിക്കാരെയാണു 'മലബാർ കമ്മീഷണർമാർ' എന്നു പറയുന്നതു്. ബോംബേസംസ്ഥാനത്തുനിന്നും, ബങ്കാളസംസ്ഥാനത്തുനിന്നും, കമ്മീഷണർമാരെ, ഏൎപ്പെടുത്തുകയുണ്ടായി. മെസ്സേഴ്സ് പേജ്, ബോഡാം എന്നു രണ്ടുപേരെ കൊച്ചിരാജ്യത്തിന്റെ കാൎയ്യവും, തിരുവിതാംകൂർ ദിവാൻ കേശവപിള്ള അവർകൾ മലയാളത്തിൽനിന്നു പിരിച്ചു പററിയതായി പ്രസ്താവിക്കപ്പെട്ടിരുന്ന സംഖ്യകളുടെ സംഗതിയും, അന്വേഷിക്കുന്നതിനു പ്രത്യേകം ചുമതലപ്പെടുത്തിയിരുന്നു. ബോംബെകമ്മീഷണർമാർ മെസ്സേഴ്സ് ഫാർമർ, ഡങ്കൻ, ഡൌ എന്നിവരായിരുന്നു. ഈ രണ്ടു വകക്കാരും വഴിയെ ഒന്നിച്ചു ചേരുകയും, ഒരുമിച്ചു പ്രവൎത്തിക്കുകയും, അന്വേഷണറിപ്പോർട്ടു സമൎപ്പിക്കുകയും ചെയ്തു. പ്രധാനറിപ്പോർട്ടിൽ ഒപ്പിട്ടിരിക്കുന്നതു ജോൺ ഡങ്കൻ, വില്യം പേജ്, ചാറൽസ് ബോഡാം, അലക്സാൻഡർ ഡൌ എന്നിവരാകുന്നു. അനുബന്ധത്തിൽ ജൊനാതൻ ഡങ്കനും, ബോഡാമും, ഒപ്പിട്ടിരിക്കുന്നു. "അയക്കൊട്ട"യിൽനിന്നും എന്നാണു പ്രധാനറിപ്പോർട്ടിൽ സ്ഥലംവെച്ചു കാണുന്നതു്. ഈ കമ്മീഷണർമാരുടെ തലസ്ഥാനം കോഴിക്കോട്ടായിരുന്നു. എന്നാൽ, അവർ യോജിച്ചും, ഒററതിരിഞ്ഞും, അന്വേഷണങ്ങളുടെ സൗകൎയ്യാൎത്ഥം, യഥേഷ്ടം 'സൎക്കീട്ടു' ചെയ്തിരുന്നു.

കമ്മീഷണർമാരുടെ പുറപ്പാടിനു മുമ്പുതന്നെ ശക്തൻതമ്പുരാനും കമ്പനിക്കാരും തമ്മിൽ "മിസ്റ്റർ പൌണി"മുഖേനയുള്ള സന്ധിക്കരാറു കഴിഞ്ഞിരുന്നു. ആ കരാറു പിന്നീടു വലിയ ആക്ഷേപത്തിനും തെററിദ്ധാരണകൾക്കും, കമ്പനിക്കാൎക്കു തമ്പുരാന്റെനേരേ നിലനിന്നതായി കാണുന്ന പരിഭവത്തിനും, നിദാനമായിത്തീൎന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ, തമ്പുരാൻ അതിനെത്തന്നെ വിടാതെ പിടിച്ചും, അതിന്റെ നാലതിരുകൾക്കു് അകത്തുനിന്നു

കൊണ്ടു പൊരുതിയും, അതിനെസ്സംബന്ധിച്ച കമ്പനിക്കാർ പുറപ്പെട്ടുവിച്ച ആക്ഷേപങ്ങളെ നിരസിച്ചും, ഉയന്നും നിവന്നും നിന്നു. പല കാരണങ്ങളാലും മലബാർ കമ്മീഷണർമാരിൽ ഭൂരിപക്ഷവും, കമ്പനി ഉദ്യോഗസ്ഥന്മാരിൽ അധികമാളുകളും, ശക്തൻതമ്പുരാനോട്ട് അശേഷവും അനുഭാവമില്ലാത്തവരായിത്തീന്നു.

കമ്മീഷണർമാക്കുണ്ടായ പ്രാതികൂല്യത്തിനുള്ള കാരണങ്ങൾ ഒന്നു രണ്ടല്ലാ. മിസ്റ്റർ പൗണിയെ തെറിദ്ധരിപ്പിച്ച് അനഹങ്ങളായ അവകാശങ്ങളെ ആ കരാറിൽ ഉൾപ്പെടുത്തി എന്നൊരു അപവാദം ഒന്നാമതായിത്തന്നെ ഉണ്ടായിരുന്നു. കൊച്ചിരാജാവിൻെറ രാജ്യത്തുണ്ടാകുന്ന കുരുമുളകിനെപ്പററി ശരിയായ വിവരങ്ങൾ ഒന്നും കൊടുക്കാതെ കമ്പനിക്കാരുടെ വ്യാപാരത്തിനുകൂടി നഷ്ടംവരുത്തി എന്നൊരാക്ഷേപവും ഉടനെതന്നെ പുറത്തുകേട്ടിരുന്നു. കമ്പനിക്കാരുടെ ആശ്രിതന്മാരിൽ ഒരാളായിരുന്ന ഒരു മൂസ്സയുടെ ചരക്കുകപ്പൽ കൊച്ചിരാജ്യത്തിൽ ചേന്നു കടലോരത്തുവെച്ചു നശിച്ചപ്പോൾ, അതിലുണ്ടായിരുന്ന ചരക്കുകളെല്ലാം, കീഴ്നടപടിയും അവകാശവും പറഞ്ഞ്, തമ്പുരാൻ എടുത്തു മുതൽകൂട്ടിയതിലും ഇംഗ്ലീഷുകാർ നന്നെ ക്ഷോഭിച്ചവശായിരുന്നു. രാജാവു പരന്ത്രീസ്സുകാക്കു സഹായിയും, ടിപ്പുവായി അന്നും സ്വകാര്യമായി എഴുത്തുകുത്തുകൾ നടത്തിയിരുന്ന ഒരു അവിശ്വസ്തനും ആണെന്നു്, തീരെ അടിസ്ഥാനരഹിതമായിരുന്നാലും, എങ്ങനെയോ കമ്പനിക്കാർ ധരിച്ചുവെച്ചിരുന്നു.

ഇത്രയുംതന്നെ ധാരാളം മതിയായിരുന്നു കമ്പനിക്കാരുടെ ദൃഷ്ടികളെ കലക്കുന്നതിനും, ധർമ്മബോധത്തെ മലിനപ്പെടുത്തുന്നതിനും. അതിനുംപുറമേ, കൊച്ചിരാജ്യത്തിനെ സംബന്ധിക്കുന്ന കാര്യവിചാരങ്ങൾക്കു പുറപ്പെട്ടപ്പോൾ തൊട്ടതിലെല്ലാം തമ്പുരാൻെറ എതിർവാദങ്ങളും ഉണ്ടായി. അതിൽ പ്രധാനമായവതന്നെ ഒരു അരഡസൻ ഉണ്ടായിരുന്നു. "അല്ലാത്തിചുങ്ക"ത്തിൽ നേർപകുതി രാജാവിനാണെന്നുള്ള വാദത്തെ കമ്പനിക്കാർ സ്വീകരിച്ചില്ല. കൽവത്തിത്തോടുവരെ രാജാവിൻെറ അതിത്തി എന്നും, അവിടെയാണു രാജാവിൻെറ "ചുങ്കച്ചാവടി" എന്നും ഉണ്ടായ തേച്ചയെ കമ്പനിക്കാർ ശക്തിയായി എതിത്തു. കൊങ്ങിണികൾ, മാക്കക്കാർ, ചുതന്മാർ, ഇവർ കമ്പനിക്കു ചേന്നവരാണെന്നു കമ്പനിക്കാർ പുറപ്പെടുവിച്ച അവകാശത്തെ തമ്പുരാൻ തരിമ്പും സമ്മതിച്ചില്ല. കമ്പനിക്കാരുടെ ഒരു ആശ്രിതനാ

യിരുന്ന ചൂതൻ മേവവിനു്, രാജാവു വലിയ ഒരു സംഖ്യ കടം തീക്കാ നുണ്ടായിരുന്നതിനെപ്പററിയുണ്ടായ വാദപ്രതിവാദത്തിൽ, കമ്പനിക്കാരുടെ ശിപാശികളെ തമ്പുരാൻ സ്വീകരിച്ചില്ല. സ്വന്തം കപ്പലുകൾക്കു കൊച്ചിഅഴിമുഖത്തു ചുങ്കം പാടില്ലെന്നു തമ്പുരാൻ ശഠിച്ചതിൽ കമ്പനിക്കാർ അക്ഷമരായി. കൊച്ചിക്കോട്ടയ്ക്കു പുറമെ രാജാവിനോ ആൾക്കാക്കോ പ്രവേശനാധികാരമില്ലെന്നു കമ്പനിക്കാർ വിളംബരപ്പെടുത്തിയതിനെ തമ്പുരാൻ തീരെ വിലവെച്ചില്ല.

ഇതിനൊക്കെപ്പുറമേ, ശക്തൻതമ്പുരാൻ ഇഷ്ടിമാൻസായ്പിനും ദിവാൻമാക്കും കോഴകൊടുത്തു എന്നൊരു പരാതിയും പറഞ്ഞുപരത്തിയിരുന്നു! ഇഷ്ടിമാൻസായ്പിനു ശക്തൻതമ്പുരാൻ കോഴകൊടുത്തു എന്നുള്ള അപവാദം അടിസ്ഥാനത്തോടുകൂടിയതോ, ശുദ്ധാമ്മ ഭോഷ്കായിട്ടുള്ളതോ, എന്നു നമുക്കു നിശ്ചയമില്ല. അനുഭവംവെച്ചു നോക്കുമ്പോൾ അങ്ങനെ കൊടുത്തിരിക്കുകയില്ലെന്നു പറയുവാനാണു കാരണമെന്നു് അന്യത്ര പ്രസ്താവിച്ചിട്ടുമുണ്ടു്. എന്നാൽ അക്കാലത്തെ സായ്പുമാരിൽ ചിലരെങ്കിലും നാട്ടുകാരോടു നല്ലനല്ലകാഴ്ചകൾ വാങ്ങിയിരുന്നു എന്നു സമ്മതിക്കാതെ തരമില്ല. കോഴിക്കോട്ടുനിന്നു 975 വൃശ്ചികം 7-ാംനു- കാരയ്ക്കാട്ടു രാമുമേനോൻ മാളിയ്ക്കൽ ഗോവിന്ദമേനോൻ വലിയസവ്വാധിക്കു്, തൃപ്പൂണിത്തുറയ്ക്കു്, അയച്ചതായ എഴുത്തിൽ വളരെ രസാവഹമായ ആ ചരിത്രത്തിലെ ഒരു ഖണ്ഡിക കാണാവുന്നതാണു്.

"വിശേഷിച്ചു......സായ്പിന്റെ പററിൽ രണ്ടു ഹസ്തകടകം ഇരിപ്പുണ്ടു. അതു വില്പാനാകുന്നു എന്നും, പണ്ടാരവകയ്ക്കു ആവശ്യമുണ്ടെങ്കിൽ എടുത്തു തൃപാതന്നാൽ കൊള്ളാമായിരുന്നു എന്നും, ഞാൻ പറഞ്ഞപ്രകാരം തിരുമനസ്സറിയിപ്പാൻ എഴുതിക്കൊടുത്തയച്ചു കല്പന വരുന്നപ്രകാരം പറയണമെന്നും, സായ്പു എന്നൊടുപറഞ്ഞു. അങ്ങനെ ആവാമെന്നു ഞാനും പറഞ്ഞു. ഹസ്തകടകം ഞാൻ കാണുകയും ചെയ്തു. നെല്ലിക്കയൊളം പൊന്നിട്ടു കാരൊ പച്ചക്കല്ലും ഈരണ്ടു മഞ്ചാടിയൊളം പൊന്നിട്ടു കാരൊ ചൊപ്പുകല്ലും, എട്ടു എടത്തരം ചൊപ്പുകല്ലും, ഇരുപത്തി എട്ടുവീതം മുത്തും എടയിൽ ഒക്കെയും ചൊപ്പുപൊടിയും, ഇങ്ങനെ എത്ര ആകുന്നു. നാലായിരം തൃപാ വിലയും പറഞ്ഞു. കല്ലിന്റെ ഗുണദൊഷം എനിക്കു അറിഞ്ഞുകൂടാ. എറെ ശ്രെഷ്ഠമായിട്ടുള്ളതല്ലാ എന്നു തൊന്നുന്നു. എതുപ്രകാരം പറയണമെന്നു എഴുതി വരികവെണ്ടിയിരിക്കുന്നു."

ഇതുപോലെ വേറെ ചിലരും സമ്മാനങ്ങൾ കിട്ടിയിരുന്നതു വിളിച്ചാൻ വഴിയാലോചിച്ചിരുന്നതായി രാമമേനോൻെറ എഴുത്തിൽ കാണുന്നുണ്ടു്. "രണ്ടു വീരചങ്ങലയും, ഒരു പണമാലയും, രണ്ടു മോതിരവും, രണ്ടു അരഞ്ഞാണവും" വില്പനയ്ക്കുണ്ടായിരുന്നു. രാമമേനോൻ മുഖാന്തിരം കൊച്ചിരാജാവു് ഒന്നും വാങ്ങിച്ചതായി അറിയുന്നില്ല.

ഈവക സാധനങ്ങൾ ഒന്നും 'ശീമ'യല്ലാത്തതുകൊണ്ടു നാട്ടുരാജാക്കന്മാരോ, പ്രഭുക്കന്മാരോ ആരെങ്കിലും, കയ്യസാദ്ധ്യത്തിനുതന്നെ വേണമെന്നില്ല, ലൗകികനിലയ്ക്കോ, സ്നേഹവഴിക്കോ ഉപദ്രവനിവാരണത്തിനോ, സമ്മാനിച്ചവയായിരിക്കണം. കാലസ്ഥിതിക്കു് അതിനെ ഒന്നും കോഴയെന്നുപറഞ്ഞു് അവയുടെ ഉടമസ്ഥന്മാരെ അപമാനിക്കുന്നതു് ശരിയാകുമോ ആവോ?

കൂട്ടതലായ ചില വാദവിഷയങ്ങൾക്കൂടി താഴെ ചേക്കുന്ന തിരുവെഴുത്തിൽ കാണുന്നുണ്ടു്. "ചെററവാ മണപ്പുറത്തും, തൃപ്രയാററം തിരുവഞ്ചിക്കുളത്തും ക്ഷേത്രം വകയും എടത്തുരുത്തിയും കമ്പഞ്ഞിയും നാമുമായിട്ടു എഴുതി പിടിച്ചിരിക്കുന്ന കരാറിൽ ചെന്നിട്ടുള്ളതാകുന്നു. ആ ക്ഷേത്രം നമുക്കു പ്രത്യേകമായിട്ടുള്ളതാകകൊണ്ടു അവിടെ നാം ആളാക്കി വിചാരിപ്പിച്ചു മുതൽ എടുപ്പിച്ചു ദെവസ്വം അടിയന്തിരങ്ങളും കഴിപ്പിച്ചു പൂൎവ്വാപൂൎവ്വമായിട്ടു കഴിഞ്ഞുവന്നിരുന്നു. ഇപ്പൊൾ ഈ ദെവസ്വം വകയായിട്ടു മണപ്പുറത്തുള്ള ഉല്പത്തി പറമ്പുകൾ കമ്പഞ്ഞി ആളുകൾ കണ്ടെഴുതി ദെവസ്വം കുടികളെയും സ്ഥാനക്കാരെയും ഞെരുക്കി ഏതാനും പണം മെടിച്ചിരിക്കുന്നു. അതുകൊണ്ടു ആവക പണങ്ങൾ നമുക്കു മടക്കിത്തരുവിച്ചും മെലിൽ ശൊദ്ധ്യവും ഞെരുക്കവും ഉണ്ടാകാതിരിക്കത്തക്കവണ്ണവും നിദാനം വരുത്തുകയും വെണം."

"കൊച്ചിയിൽ പ്പാൎക്കുന്ന വാണിയൻ രാമയ്യശ്ശെട്ടി എന്നവനു നമ്മുടെപെക്കു് ആധാരം കൊടുത്തു അനുഭവിച്ചുവരുന്ന നിലക്കുററിൽ അവൻ പണിയിച്ചിരിക്കുന്ന പാണ്ടികശാലയും, വീടും; അവനു ദ്രവ്യത്തിനു മുട്ടുവന്നപ്പൊൾ, ആധാരങ്ങൾകൊണ്ടുവന്നു ദ്രവ്യം തരുവിച്ചാൽ കൊള്ളായിരുന്നു എന്നു പറകകൊണ്ടു ആധാരം വെപ്പിച്ചു, വിലയും കണ്ടു ദ്രവ്യം ശരിയായിട്ടു കൊടുത്തു എഴുതിമെടിക്കയും ചെയ്തു. അതിൻെറ ശെഷം കൊച്ചികൊട്ടയിൽനിന്നും ആളെ അയച്ചു പാണ്ടികശാലയും വീടും മുദ്ര ഇട്ടു തടഞ്ഞിരിക്കുന്നതുകൊണ്ടു അവിടംത്ത തടവു

കഴിപ്പിച്ച ഉടനെ നിദാനം വരുത്തിത്തരികയും വെണം. നമ്മുടെ അതിത്തിക്കകെത്തുള്ള വസ്തു, കുടികാഠക്ക എഴുതികൊടുത്തിരിക്കുന്നതിന്റെ ആധാരം ഇവിടെ കൊണ്ടുവന്ന ദ്രവ്യം തരണമെന്ന സങ്കടം പറഞ്ഞാൽ ദ്രവ്യം കൊടുത്തു വസ്തു കഴിപ്പിക്കരുതെന്ന നാം ഒരു കരാറ എഴുതി പിടിച്ചിരിക്കുന്നപ്രകാരം നമുക്ക തൊന്നുന്നതും ഇല്ല."

"നമ്മുടെ കരാറിൽ ഉഠംപ്പെട്ട തലപ്പിള്ളിൽ കൊള്ളഞ്ചെരിദെശത്തുള്ള ഉല്പത്തികളുടെ നീതി അങ്ങൊട്ടു കൊടുക്കണമെന്നുവെച്ചു ധമ്മൻസായ്പു അവർകഠം കുടികളെ ഞെരുക്കി പണം മെടിക്കകൊണ്ടു നാം കൊഴിക്കൊട്ടെക്ക എഴുതിയാറെ പണം ഇങ്ങൊട്ടു തരുവിച്ചതിന്റെ ശെഷവും, ആ ദെശത്ത എിള്ളവള്ളി എന്നും മണിക്കനാവ എന്നും ഉള്ള ഉല്പത്തിയുടെയും കക്കാട്ടു താഴത്തും മങ്ങാട്ടു കിഴക്കുമ്പുറത്തും ഉള്ള ഉല്പത്തിയുടെയും നീതി പിന്നെയും അങ്ങൊട്ടു കൊടുക്കണമെന്നുവച്ചു കുടികളെ പിടിച്ചു ചാവക്കാട്ടിൽ കൊണ്ടുചെന്നു ഞെരുക്കിയിരിക്കുന്നു. ആ കുടികളൊടു മെടിച്ചിരിക്കുന്ന പണവും ഇങ്ങൊട്ടു തരുവിച്ചു മെലിൽ ഒരു ശൊദ്ധ്യം ഉണ്ടായിപ്പൊകാത്തവണ്ണം നിദാനം വരുത്തുമാറാകണം."

"നമ്മുടെ നാലുദെശത്തു, തത്തമംഗലത്തു, അത്യാപാടം ഒരുതററി അയ്മ്പതു പറ കണ്ടത്തിന്റെ നീതി പൂർവ്വാപൂർവ്വമായിട്ടു നാം പററിവന്നതു, അങ്ങൊട്ടു കിട്ടണമെന്നു സാമൂതിരി രാജാവിന്റെ ആളുകഠം ഞെരുക്കം ചെയ്തു വാങ്ങിക്കകൊണ്ടു അതു നാം കുമ്പഞ്ഞിയിൽ ബൊധിപ്പിച്ചതിന്റെ ശെഷം ആ പണം തിരികെ തരുവിക്കാമെന്നു പറഞ്ഞ ഉല്പത്തികഠം കഴിപ്പിച്ചുതരികയും ചെയ്തു. അതിൽപിന്നെ 'ഇസ്തിരിസായ്പ്' പാലക്കാട്ടിശെരി തുക്കിടി വിചാരിക്കുമ്പൊഠം നീതിപണം അങ്ങൊട്ടു കിട്ടണമെന്നുവെച്ചു ഞെരുക്കം തുടങ്ങിയാറെ നാം കുമ്പഞ്ഞിയിൽ ബൊധിപ്പിച്ചശെഷം മെടിച്ച പണം മടക്കിത്തരികയും ചെയ്തു. ഇപ്പൊഠം തുക്കിടി വിചാരിക്കുന്ന 'പാരടീൻ'സായ്പു പിന്നെയും കുടികളെ ഞെരുക്കി എതാനുംപണം മെടിച്ചിരിക്കുന്നു. ആ പണവും തരുവിച്ചു മെലിൽ ഞെരുക്കം ഉണ്ടായിപ്പൊകാത്തവണ്ണം നിദാനം വരുത്തിത്തരികയും വെണം."

"അല്ലാന്തിചുങ്കത്തിൽ നെർപാതി രണ്ടുകൊല്ലത്തെവക നമുക്ക കിട്ടാനുള്ളതിന്നു ചൂതൻ മെറവിന്നു നാം എതാനും കൊടുക്കാനു

ള്ളതു കൊടുത്തു തീക്കണമെന്നെല്ലൊ എഴുതിയിരിക്കുന്നതു. നമ്മുടെ കുടികളൊടു നാമൊരൊന്നു മെടിക്കയും അവൎക്കു നാമൊരൊന്നു കൊടുക്കയും ചെയ്യുവരാറുണ്ടു. അവർ വന്നു കണക്കു പറയുമ്പൊൾ കൊടുക്കാനുള്ളതു കൊടുക്കയും മെടിക്കാനുള്ളതു മെടിക്കയും ചെയ്യും. മെറ നമ്മുടെ കുടിയാനാകുന്നു. അവൻ അവിടെ ആവലാതിചെയ്യുഎന്നു വെച്ചു ചുങ്കത്തിൽ പാതി തരെണ്ടതു തരില്ലെന്നു പറയുന്നതു സങ്കടം തന്നെ ആകുന്നു. അതുകൊണ്ടു ആ വക രുപാ ഉടനെ എത്തിച്ചുതരുമാറാകയും വെണം."

ഇപ്രകാരം അനേകം വിഷയങ്ങളിൽ ശക്തൻതമ്പുരാനും സ്ഥലത്തെ ഇംഗ്ലീഷധികാരികളും തമ്മിൽ എടവിടാതെ വാദം നടന്നുകൊണ്ടിരുന്നു. കൊച്ചിയിലും, പാലക്കാട്ടും ഇരുന്നിരുന്ന സായ്പമാർ മുഴുവനും, കോഴിക്കോട്ടുണ്ടായിരുന്നവർ പലരും, ശക്തൻതമ്പുരാനോടു മിക്ക സംഗതിയിലും പ്രതികൂലികളായിരുന്നു. മതിരാശി, ബോംബേ, സംസ്ഥാനങ്ങളിലെ ഗവർണർമാരുടെ അടുക്കൽ എത്തിയതിനുശേഷം മാത്രമാണ പ്രായേണ തമ്പുരാനു കാൎയ്യലാഭം സിദ്ധിച്ചിട്ടുള്ളതു്.

തമ്പുരാനും കമ്പനിക്കാരുംതമ്മിൽ ചില്ലറയായി വേറേയും അനേകം തക്കങ്ങളുണ്ടായിരുന്നു. "പൊള്ളാച്ചി തുക്കിടിയിൽനിന്നും നമ്മുടെ അധീനത്തിൽ ശൊദ്ധ്യം തുടങ്ങിയിരിക്കുന്ന കാൎയ്യത്തിനു അവിടെചെന്നു കണ്ടുപറയാൻ "മെസ്തർ പാരടീൻ" സായ്പു അവർകളുടെ അടുക്കൽ നമ്മുടെ ബ്രാഹ്മണ്യനെ അയച്ചാറെ സായ്പു ബ്രാഹ്മണ്യനെ പാറാവിൽ ആക്കിയിരിക്കുന്നു". "നമ്മുടെ രാജ്യത്തു കാനത്തിൽ മാൎഗ്ഗങ്ങളിൽ കൊപ്പണകവുണ്ടന്നു നാം കൊടുത്തിരിക്കുന്ന വഹകൾ എടുത്തുവരുന്ന താവളങ്ങളിൽ കുമ്പഞ്ഞി ആളുകൾവന്നു ചുങ്കം എടുത്തുവരികകൊണ്ടു നമ്മുടെ കാനത്തിൽ വെള്ളാമ ഇടുന്നതിന്നു ആക്കിയിരിക്കുന്ന ചെട്ടികളെയും മലയരെയും പൊള്ളാച്ചി സുബെദാരു പിടിച്ചുകൊണ്ടുപൊയിരിക്കുന്നു." "എറാപ്പുക്കവുണ്ടന്റെ ആളുകൾവന്നു മണ്ണാമടയിൽ രണ്ടു വിരിപന്തലും, ഒരു പന്തലുബങ്കളാവും കെട്ടിച്ചുതുടങ്ങിയതിനെ കണ്ടു, നമ്മുടെ കല്പനകൂടാതെ ഈ അധീനത്തിൽ കെട്ടിക്കവെഹിയാ എന്നു പറഞ്ഞാറെ, കുമ്പഞ്ഞി കല്പനക്കത്രെ കെട്ടിക്കുന്നു എന്നും പറഞ്ഞു കെട്ടിച്ചിരിക്കുന്നു". "ചോവവാ മണപ്പുറത്തു മതിലകത്തു നെൽപുരയിൽ നാം പലകൂട്ടം മുതലുകൾ ഇട്ടു പൂട്ടി കാവലും ആക്കി സൂക്ഷിച്ചുവരുമ്പൊൾ ഈ മാസം 6-ാംനു ഒരു വെള്ളക്കാരൻ

മെസ്ത്രി അവിടെചെന്നു പൂട്ടു കുത്തിത്തുറന്നു ഒക്കയും നൊക്കിക്കണ്ടുപൊയിരിക്കുന്നു". ഇങ്ങനെ അനവധി! മരം വെട്ടുന്ന കാൎയ്യത്തിൽ, വഴി ന്നാക്കുന്ന കാൎയ്യത്തിൽ, എന്നിങ്ങനെ മററു ചില സംഗതികളെക്കുറിച്ചുണ്ടായിരുന്ന തക്ക്ങ്ങൾക്കു് അതതു് അദ്ധ്യായങ്ങളിൽ സൂചനകളും വിവരണങ്ങളും കാണുന്നതാണു്. ആകപ്പാടെ നോക്കിയാൽ, കൊച്ചിയെ ഒരു നാട്ടുരാജാവിന്റെ രാജ്യമായി നിൎത്തിയിട്ടുതന്നെ ഇല്ലെന്നോ, അഥവാ അങ്ങനെ നിലനിൎത്തിപ്പോയതു വലിയ തെററായിപ്പോയി എന്നോ ഉള്ള ഒരു അഭിപ്രായവും, "ആരെന്തായാലും 'വെള്ളക്കാരൻ' എന്നുവെച്ചാൽ ആരാണെന്നാ ഈ കാമ്പന്മാർ കരുതിയിരിക്കുന്നതു്? വെള്ളക്കാർ എന്തു കാട്ടിയാലും ആക്കെന്താണു ചോദിപ്പാൻ അധികാരമുള്ളതു്?" എന്നുള്ള അഹങ്കാരമയമായ ഒരു മനോഭാവവും, അന്നത്തെ അവരുടെ പ്രവൃത്തികളിൽ ധാരാളം പ്രതിഫലിച്ചുകാണുന്നുണ്ടു്. ആ റാമ്പതു കൊല്ലത്തിനുശേഷവും കൂടി ആ വികൃതരൂപത്തിന്റെ പ്രാകൃതചേഷ്ടകൾ അവിടവിടെ പ്രത്യക്ഷപ്പെട്ടുകാണുന്നതുകൊണ്ടു്, അന്നു് അവയുടെയെല്ലാം വിജൃംഭിച്ച ഒരു വിളയാട്ടംതന്നെ ദൃശ്യമാകുന്നുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെട്ടവാനോ, ആരെയെങ്കിലും കുററപ്പെടുത്തുവാനോ ഇല്ല.

975 മീനം 29-ാംനു- ബോംബേ ഗവണ്ണർ തമ്പുരാനയച്ചതായി കാണുന്ന വളരെ നീണ്ട ഒരു കത്തിൽ—അരപ്പായ ഇരുപതു പുറങ്ങളിലാണു് ആ കത്തു്—മേല്പറഞ്ഞ ഓരോ സംഗതികളും എടുത്തെടുത്തു കാണിക്കയും, അതിലൊന്നും തമ്പുരാന്റെ നില ശരിയല്ലെന്നു് അഭിപ്രായപ്പെടുകയും കമ്പനിക്കല്ലെന്നു വഴങ്ങാത്തപക്ഷം വന്നേക്കാവുന്ന ഭവിഷ്യത്തുകളെ പരുഷമായിത്തന്നെ ചൂണ്ടിക്കാണിക്കുകയും ചെയ്തിരിക്കുന്നു! ആ കത്തും അതുപോലെയുള്ള വേറേ അനവധി കത്തുകളും ഇപ്പോൾ വായിച്ചുനോക്കുമ്പോൾ അവയ്ക്കൊക്കെ മറുപടിപറഞ്ഞുകൊണ്ടും, ഒന്നും വിട്ടുകൊടുക്കാതെയും, വലിയ കാൎയ്യനഷ്ടങ്ങൾക്കു് ഇടവരുത്താതെയും, നമ്മുടെ ശക്തൻതമ്പുരാൻ നിലനിന്നുപോന്നതു്, അവിടുന്നു 'ശക്തൻ' ആയതുകൊണ്ടുതന്നെയാണെന്നു പ്രത്യക്ഷപ്പെടുന്നതാണു്. മേൽ സൂചിപ്പിച്ച വിവാദവിഷയങ്ങളെല്ലാം വേറേ വേറെ പ്രകരണങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടു് ആ പ്രശ്നങ്ങളുടെയൊന്നും കൂലങ്കഷമായ ഒരു വിവരണത്തിനു് ഇവിടെ ആവശ്യമില്ല.

എന്നാൽ കമ്മീഷണർമാർ കൊച്ചിക്കാൎയ്യത്തിൽ എന്തൊരു

മനോഭാവമാണു കൈക്കൊണ്ടതു്? എന്തൊരു അസഹിഷ്ണുതയാണു് അവർ പ്രദർശിപ്പിച്ചതു്? എന്നു് അറിയുന്നതു് ആവശ്യമാണല്ലോ. അന്നു കിഴക്കേമുഖം സർവ്വാധിയായിരുന്ന കാരയ്ക്കാട്ടു രാമമേനോൻ ആയിരുന്നു കൊച്ചിയുടെ പ്രതിനിധിയായി, കാര്യവിചാരങ്ങൾക്കു കോഴിക്കോട്ടുചെന്നു താമസിച്ചിരുന്നതു്. അദ്ദേഹം ദിവസംതോറും, ഒരു ഡയറി എന്ന രൂപത്തിൽ, അവിടത്തെ അനുഭവങ്ങൾക്കും, സ്വഭാവങ്ങൾക്കും തിരുമനസ്സറിവാൻ എഴുതി അയച്ചുകൊണ്ടിരുന്നു. അങ്ങനെയുള്ള എഴുത്തുകൾ അനവധിയുണ്ടു്. അവയിൽനിന്നു് ആവശ്യംപോലെ ഉദ്ധരിക്കുന്നതാണു്, കമ്മീഷണർമാരും തമ്പുരാനും തമ്മിലുണ്ടായിരുന്ന ബന്ധത്തിന്റെ വിശദീകരണത്തിനു്, നന്നായിരിക്കുക എന്നു വിചാരിക്കുന്നു.

ആ കമ്മീഷണർമാരുടെ ഏർപ്പാടുകളെപ്പററിത്തന്നെ രാമമേനോൻ എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു്:— "കാര്യങ്ങൾക്കു ഒക്കയും പ്രമാണമായിട്ടു 'ഉലൂക്കൻ' സായ്പു് ആകുന്നു. ഏതുകാര്യവും ഇന്നവിധമെന്നു 'റിക്കാർഡു്'സായ്പു പറഞ്ഞല്ലാതെ ഉലൂക്കൻ സായ്പു ഒന്നും എഴുതുകയും ഒന്നും വിടകൊള്ളുകയും ഇല്ല. 'ഡൊം'സായ്പു് കമ്മീഷണർമാരിൽ ഒന്നു ആകുന്നു. എഴുതുന്നതിനു ഒക്കയും കൂടെഒപ്പിട്ടു കൊടുക്കും. കാര്യം വിചാരിപ്പാനും വരുന്നില്ല. ഇരിപ്പും മെശയും (തീററയും) വെറിട്ടു ആകുന്നു. ഉലൂക്കൻസായ്പും റിക്കാർഡു്സായ്പും ഒരു കൂടാരത്തിൽതന്നെ ആകുന്നു. മെശയും ഒന്നിച്ചാകുന്നു. ഉലൂക്കൻ നല്ല നെരും മര്യാദയും ഉള്ള ആളാകുന്നു. റിക്കാർഡുസായ്പിനെ ഭയവും കാണാനുണ്ടു. റിക്കാർഡുസായ്പിനു നമ്മൊട ദെഷ്യം നന്നെ ഉണ്ടു. ഇഷ്ടിമാൻസായ്പിനും അയ്യണ്ണയ്യനും കൊഴകൊടുത്തിട്ടത്രെ ചെററുവാമണപ്പുറം ഏററതും ചാലക്കലെ കാര്യം തീർന്നതും തത്തമംഗലത്തെ ഒാഹരിച്ചതും ഇങ്ങൊട്ടാക്കിയതും എന്നാണു ധാരണ. ഉലൂക്കൻസായ്പും റിക്കാർഡുസായ്പുംകൂടി ഇരിക്കുമ്പോൾ കാര്യം പറഞ്ഞാൽ ഉത്തരം പറയുക റിക്കാർഡു സായ്പാണു. റിക്കാർഡുസായ്പു ഇങ്ങൊട്ടു എന്തെങ്കിലും വിടകൊള്ളുന്നതുതന്നെ ദെഷ്യമായിട്ടാണു..."

പ്രസ്തുത ഇഷ്ടിമാൻസായ്പു്, ഏതുവഴിക്കായാലും, ശക്തൻതമ്പുരാനു് അത്ര വിരോധിയായിരുന്നില്ല. താൻ ഒരു കോഴക്കാരനാണെന്നാണു കമ്മീഷണർമാരുടെ ധാരണയെന്നു് അദ്ദേഹവും അറിഞ്ഞിരുന്നതുകൊണ്ടു് ഇഷ്ടിമാനു് അവരോടു് അത്രമാത്രമുള്ള ആദരവേ ഉണ്ടായിരുന്നുള്ളു.

"ഇവർ ഇങ്ങനെയൊക്കെ ആയാൽ എങ്ങനെയാണു്" എന്നു രാമൻ ഇഷ്ടിമാൻെറ അടുക്കൽ പറയുകയും, അദ്ദേഹം രാമനോടു് ഇപ്രകാരം മറുപടി കല്പിക്കയും ചെയ്യുതായിട്ടും, രാമൻെറ മേലുദ്ധരിച്ച എഴുത്തിൽ തന്നെ കാണുന്നുണ്ടു്. "തമ്പുരാൻെറ കാര്യ്യങ്ങൾ ഒന്നും റിക്കാർഡു് സാധ്യ കണക്കിൽ ആക്കുക ഇല്ല. ചാലക്കലെ കാര്യ്യംകൊണ്ടു ചൊദിച്ചാൽ അക്കാര്യ്യം തീൎത്തു വെച്ചിരിക്കുന്നു എന്നും, അതു നെടിയിരിപ്പിലെക്കു സമ്മതമല്ലെങ്കിലൊ എന്നു ചൊദിച്ചാൽ, ഇനി ഒന്നു തീക്കുന്നതു ഞങ്ങൾക്കും സമ്മതമല്ലെന്നും പറഞ്ഞെക്കണം. കാര്യ്യങ്ങൾ ഒന്നും വഴിയാക്കിത്തന്നില്ലെങ്കിൽ നിങ്ങൾ അനുസരിച്ചിട്ടു നടത്തി എന്നു വന്നു പൊകരുതു്. എല്ലാം, അതിക്രമിച്ചു നടത്തട്ടെ."

കാരശ്ശേരി രാമമേനോൻ വളരെ സമത്ഥനും നയജ്ഞനും വിശ്വസ്തനും ആയ ഒരു സവ്വാധിയായിരുന്നു. കോഴിക്കോട്ടുനിന്നു് അദ്ദേഹം കൊട്ടക്കണക്കിനു് എഴുത്തുകൾ—റിപ്പോർട്ടുകൾ—തൃപ്പൂണിത്തുറയ്ക്കു് അയച്ചിട്ടുണ്ടു്. ആ എഴുത്തുകളിലെ ഉള്ളടക്കങ്ങൾ ഒന്നും കണ്ടുകിട്ടീട്ടില്ല. ഏതെഴുത്തിലും 'ഇംകരിയസ്സു കമ്മീശനർ'മാരുടെ കാര്യ്യമാണു വിഷയം. അതിലൊക്കെ '.ഇതിൽ വെച്ചിരിക്കുന്ന കടദാസ്സു കാണുമ്പൊൾ എല്ലാം തിരുവുള്ളത്തിലെറകയും ചെയ്യും. ബാക്കിയൊക്കെ വരുന്ന ആൾ ബൊധിപ്പിക്കയുംചെയ്യും" എന്ന പ്രസ്താവങ്ങളുമുണ്ടു്. ആ അടക്കങ്ങളിൽ എന്തായിരുന്നു, ആ ആൾ എന്താണു ബോധിപ്പിച്ചതു്, എന്നൊന്നും അറിയുവാൻ നിവ്വാഹമില്ല. എന്നിരിക്കിലും, 'പുറംകത്തുകൾ'കൊണ്ടുതന്നെ പലസംഗതികളും ധരിക്കുവാൻ സാധിക്കുന്നതുകൊണ്ടു്, അതിൽ ചിലതിനെ വീണ്ടും അവലംബിച്ചുകൊള്ളുന്നു.

കമ്മീഷണർമാരുടെ ഉള്ളിൽ കിടന്നു പുകഞ്ഞിരുന്ന യഥാത്ഥസംഗതി— രാജാവു കമ്പനിക്കാരെ പാറിച്ചു എന്നതു്— നഗ്നമായി പുറത്തിടുന്നതിനു് അവർ മടിച്ചിരുന്നതുകൊണ്ടു്, അവരുടെ അല്പരസത്തിനു പ്രത്യക്ഷത്തിലുള്ള ഒരു കാരണമായി അവർ പറഞ്ഞിരുന്നതു കപ്പപ്പണം തീക്കുന്നതിനു വരുന്ന അവധിത്തെററുകളെയായിരുന്നു! രാമൻ, വലിയ എജമാനനു് ഇങ്ങനെ എഴുതുന്നു:—

"... 15-ാംനു- ഞാൻ കമ്മീശനർമാരെ ചെന്നു കണ്ടു. രൂപ അത്രയും നാലുദിവസത്തിനകത്തു കൊച്ചിയിൽ തീൎത്തു രശീതി വരുമെ

ന്നു പറഞ്ഞപ്പോൾ, നാലുദിവസം എന്നു അന്നു പറഞ്ഞിട്ടു പത്തുദിവസമായിട്ടും ഇനിയും നാലുദിവസം എന്നു പറഞ്ഞാൽ റിങ്ങൾ പറയുന്നതു കെൾപ്പാൻ ഇരിക്ക അല്ല ഇവിടെ. നാലുദിവസത്തിനകത്തു രശീതി വന്നില്ലെങ്കിൽ പിന്നെ അറിയാം എന്നു നന്നെ കലശ്ശലായിട്ടു പറഞ്ഞു. നമ്മെപ്പററി ശത്രുക്കൾ വഴിപൊലെ പറഞ്ഞു ബൊധിപ്പിച്ചിട്ടുണ്ടു. അതിൻെറ പരമാൎത്ഥത്തൊളം, വിചാരിക്കുമ്പൊൾ ബൊധിക്കുന്നതല്ലാതെ ഇപ്പൊൾ എത്ര പറഞ്ഞിട്ടും ഫലവുമില്ല. ശത്രുക്കൾ കുത്തിപ്പിടിച്ചു പ്രയത്നം ചെയ്യുന്നുണ്ടു. സാമൂതിരിപ്പാട്ടീന്നും എറാൽപാട്ടീന്നും, പടിഞ്ഞാറെ കൊവിലകത്തെ തമ്പാനും 12_ാംനു തൃക്കണ്ടിയൂര എഴുന്നള്ളി താമസിച്ചു, 13_ാംനു രാവിലെ കൂടാരത്തിൽ എഴുന്നള്ളി കാഴിച്ചു കഴിഞ്ഞു തിരുന്നാവായക്കു എഴുന്നള്ളി ഇരിക്കുന്നു......"

ഇഷ്ട്രിമാനുപുറമെ ഒരു "മെസ്സർ ബാടൽ"സായ്വും ശക്തൻതമ്പുരാനു അനുകൂലക്കാരനായുണ്ടായിരുന്നതായും, കമ്മീഷണർമാരുടെ പ്രവൃത്തിയിൽ അദ്ദേഹത്തിന്നും അതൃപ്തിയുണ്ടായിരുന്നതായും, മറെറാരു കത്തിൽ കാണുന്നു:— "... വല്ലവഴിക്കും പ്രയത്നംചെയ്യുകൊള്ളുകയെ വെണ്ടു എന്നും, അല്ലെങ്കിൽ ഇനി ഇവരൊടൊന്നും പറയാതെ നാലഞ്ചുമാസം സ്വസ്ഥമായിട്ടു പാൎക്കെ വെണ്ടു എന്നും, നാലഞ്ചുമാസം കഴിയുമ്പൊൾ തമ്പുരാൻെറ കാൎയ്യങ്ങൾ ഒക്കയും വെണ്ടുംവണ്ണം ആയിട്ടു വരുമെന്നും, ഞാൻ വിശ്വാസം ഉണ്ടാകകൊണ്ടു പറയുന്നു എന്നും, ഞാൻ പറഞ്ഞപ്രകാരം ആരൊടും പറയരുതെന്നും, തിരുമനസ്സറിയിപ്പാൻ നെരിൽ എഴുതി അറിയിച്ചിട്ടുണ്ടെന്നും, ബാടൽസായ്വു അവർകൾ എന്നെ വിളിച്ചു സ്വകാൎയ്യമായി പറഞ്ഞു..."

മറെറാരിക്കൽ ഈ കമ്മീഷണർമാർ 'രാമനെ' സഹിക്കവെയ്യാത്ത തരത്തിൽ അപമാനിച്ചതിനെക്കുറിച്ചു 'രാമൻ' ഇങ്ങനെ എഴുതുന്നു:— "മറിച്ചു ഇരുത്തുന്നതുകൊണ്ടും, പട്ടിണി കിടക്കുന്നതുകൊണ്ടും, സങ്കടം ഇല്ല. ദുഷ്ക്കറവകാരുടെ മുമ്പിൽവെച്ചു അപമാനം അനുഭവിക്കുന്നതുകൊണ്ടും, അവരുടെ പരിഹാസം കാണുന്നതുകൊണ്ടും, സങ്കടം നന്നായിട്ടു ഉണ്ടു. അതിന്നു ഞാൻ വിചാരിച്ചാൽ ഒരു നിൎവ്വാഹവും ഇല്ലല്ലൊ".

കമ്മീഷണർമാർ നിൎഭാഗ്യവശാൽ കൊച്ചിയെ സംബന്ധിച്ചെടത്തോളം, മിസ്റ്റർ ഡമ്മൻ സായ്വിൻെറ— ശക്തൻതമ്പുരാൻെറ നേരേ

വലിയ കാലുഷ്യം കരുതിക്കൊണ്ടിരുന്ന ആളുടെ—ചൊല്പടിക്കായിരുന്നു എന്നു്, 'രാമൻെറ' കത്തിൽ കാണുന്ന, "ധമ്മൻ സായ്പു എഴുതി അയക്കുന്നതിനെ പ്രമാണിച്ചു ഇങ്ങൊട്ടു പറയുന്നതല്ലാതെ, എന്തുപറഞ്ഞാലും മൂളികെൾക്കയും, ഉത്തരം പറയാതിരിക്കയും, പിന്നത്തെതിൽ ധമ്മൻ സായ്പു പറഞ്ഞതുതന്നെ പറകയുംചെയ്യുന്നു" എന്നഭാഗം സാക്ഷിപ്പെടുത്തുന്നു.

കമ്മീഷണർമാരുടെ ആന്തരവ്യാപാരങ്ങളെ, എക്സ്റേപ്രയോഗത്താൽ എന്നപോലെ പ്രത്യക്ഷപ്പെടുത്തുന്ന ഒരു വിശേഷപ്പെട്ട എഴുത്താണു താഴെ കാണുന്നതു്:—

"...കുമ്പഞ്ഞി എജമാനൻമാർ രാജ്യത്തു് ഉണ്ടെന്നു തിരുമനസ്സിൽ ഇല്ലെന്നും, കുമ്പഞ്ഞിക്കല്ലുവ പറഞ്ഞാൽ ഒരു ബഹുമാനവും ഇല്ലെന്നും, കുമ്പഞ്ഞി എജമാനന്മാരെ തമ്പുരാൻെറ കാര്യസ്ഥന്മാക്കുകൂടി ഒരു ബഹുമാനമില്ലെന്നും, നന്നെ ദെഷ്യപ്പെട്ടു ഇങ്ങൊട്ടു പറഞ്ഞതിൻെറ ശെഷം, അയ്യൊ അങ്ങനെ അല്ലെന്നും കുമ്പഞ്ഞി എജമാനനും ഉടയതമ്പുരാനും ഒരു ഭെദംകൂടാതെ അത്രെ തിരുമനസ്സുകൊണ്ടു കല്പിച്ചു നിശ്ചയിച്ചിരിക്കുന്നു എന്നും, അങ്ങൊട്ടു പറഞ്ഞാറെ, അതൊക്കെ ഇവിടെ അറിയാമെന്നും..... കാര്യങ്ങൾ ധമ്മൻ സായ്പു തീൎത്തുതരുമെന്നും പൊകെവെണ്ടു എന്നും, ഇങ്ങൊട്ടു പറഞ്ഞതിൻെറ ശെഷം കാര്യങ്ങൾ ഒന്നും അവിടെ തീൎത്തു തരാത്തതുകൊണ്ടല്ലൊ ഇവിടെ വന്നു എന്നും, പുത്തനായിട്ടു ഒന്നു നടത്തിച്ചുതരെണ്ടതില്ലല്ലൊ എന്നും, അതിനു കമ്മീശനർസായ്പുമാക്കു മനസ്സുണ്ടാവൊളത്തിനു ഇവിടെ പാക്കാമെന്നും അങ്ങൊട്ടും പറഞ്ഞാറെ, ഞങ്ങൾ പറയുന്നതു അനുസരിക്കാതെ ഇങ്ങനെ തക്കിക്കുന്നതു നിങ്ങളല്ലാതെ മറ്റൊരുത്തൻ ചെയ്യുന്നില്ലെന്നും, കമ്മീശ്ശനർ സായിപ്പുമാക്കു് ഇപ്പൊൾ നിങ്ങളുടെ കാര്യം വിസ്തരിപ്പാൻ കൂടുകഇല്ലാ എന്നും, വെറെ കാര്യം ഉണ്ടെന്നും, പൊകെവെണ്ടു എന്നും, കച്ചെരിക്കു വരരുതെന്നും ഇങ്ങൊട്ടു പറഞ്ഞു. കമ്മീശനർ സായിപ്പുമാക്കു ദിവസവും ദെഷ്യവും അസൂയയും വദ്ധിച്ചുവരുന്നതല്ലാതെ, ഒരു കാര്യവും ഇവരു നെരുപൊലെ നടത്തിച്ചുതരുന്ന മാൎഗ്ഗം കാണ്മാനുമില്ല. അവക്കു നീരസം നന്നെ ഉണ്ടെന്നും അതെന്തൊരു സംഗതി എന്നു എനിക്കു അറിഞ്ഞും കൂടാ എന്നും, ഇന്നത്തെ വാക്കുകെട്ടെടത്തു ഇവിടെ ഒരു കാര്യവും രൂപമായി കഴിയുക ഇല്ലെന്നും, ജന്നപട്ടണത്തെക്കു ഒരു തീട്ടുരം കല്പിച്ചു കൊടുത്തയക്കെണ്ടിവരുമെന്നും തൊന്നുന്നു......"

"കമ്പഞ്ഞിക്കല്പനപറഞ്ഞാൽ ഒരു ബഹുമാനവും ഇല്ല. തമ്പുരാന്റെ കാൎയ്യസ്ഥന്മാൎക്കുകൂടി ബഹുമാനമില്ല" എന്നൊക്കെ അവൎക്കു ഉറപ്പിച്ചു പറയുന്നതിനുമാത്രമുള്ള പ്രത്യക്ഷങ്ങളായ അനാദരപ്രദൎശനങ്ങൾ ഒന്നും ഉണ്ടായിട്ടില്ലെങ്കിലും, താഴെച്ചേൎക്കുന്ന ഒരു തിരുവെഴുത്തിൽനിന്നു തെളിയുന്നതുപോലെയുള്ള തെററിദ്ധാരണകൾ, ദുൎവ്യാഖ്യാനങ്ങൾക്കു വഴി നല്കീട്ടുണ്ടായിരിക്കാവുന്നതാണു്. ശക്തൻതമ്പുരാൻ കൊച്ചിയിലെ 'ഒലിസ്ഫാന്ത'സായിപ്പിനയച്ചതാണു് ആ കത്തു്. സന്ദൎഭവും സംഗതിയും സ്പഷ്ടമാകുന്നു.

"......കൊഴിക്കൊട്ടുനിന്നു കമ്മീശനർസായ്പുമാരുടെപെക്കൽ നമുക്കു ഒരു കടദാസ്സു എഴുതി അയച്ചിട്ടുണ്ടു എന്നുപറഞ്ഞു 'മെസ്സർ ക്രൊഫൊർഡ'സായിപ്പു് ഇന്നു തൃപ്പൂണിത്തുറെ വരിക ഉണ്ടായി. ഇവിടെ വന്ന ഉടൻതന്നെ സ്ഥലവും ഒഴിച്ചുകൊടുത്തു പാൎപ്പിച്ചു. നമുക്കു പിഴിഞ്ഞുവീത്തും ധാരയും തുടങ്ങിയ സമയമാകകൊണ്ടു, നമ്മുടെ കുളികഴിഞ്ഞിട്ടു കടദാസ്സും മെടിച്ചു കണ്ടു പറഞ്ഞുകൊള്ളാം എന്നു അറിയിച്ചാറെ, ഇവിടെ താമസിപ്പാൻ കല്പന ഇല്ലെന്നും, പൊകുന്നു എന്നും പറഞ്ഞു നാമായിട്ടും കണ്ടു പറയാതെ, കത്തുംതരാതെ, പൊകയും ചെയ്തു. നമ്മുടെ കുളികഴിയുന്നതിനു എടക്കുതന്നെ കടദാസ്സു വായിച്ചു കെൾക്കത്തക്കവെണ്ണം നാം കല്പിച്ചയച്ചിട്ടു, കാൎയ്യക്കാരന്മാര ചൊദിച്ചതിൽ കടദാസ്സു കൊടുത്തതും ഇല്ല. അതുകൊണ്ടു ക്രൊഫൊർഡസായ്പിനെ പറഞ്ഞു വരുത്തി ആ കടദാസ്സു തങ്ങൾ മെടിച്ചു ഇങ്ങൊട്ടയക്കണം. വായിച്ചുകെട്ടു മറുപടി കൊടുത്തയക്കയുമാം. കുമ്പഞ്ഞിക്കു നമ്മൊടു നീരസം തൊന്നാതെ ഇരിക്കെണ്ടതിനു കാൎയ്യത്തിന്റെ പരമാൎത്ഥം ഇപ്രകാരം ആകുന്നു എന്നു തങ്ങൾ എഴുതി അയച്ചുകൊള്ളുമെന്നും നാം വിശ്വസിക്കുന്നു..."

ശൌൎയ്യവീൎയ്യപരാക്രമങ്ങൾക്കു കേൾവിപ്പെട്ടവനായിരുന്ന ശക്തൻതമ്പുരാൻ അവയുടെ പ്രവൎത്തനങ്ങൾക്കുള്ള കാലദേശാവസ്ഥകളെ വഴിപോലെ ധരിക്കയും, വിവേകത്തോടുകൂടി മാത്രം സ്വശക്തി പ്രയോഗിക്കയും ചെയ്തിരുന്ന ഒരു വലിയ ക്ഷമാശീലനായിരുന്നു എന്നതിനു തൎക്കമില്ല. ആയവ്യയങ്ങളെ ആവുംവണ്ണം ആലോചിച്ചല്ലാതെ ഒരു കാൎയ്യവും അവിടുന്നു പ്രവൎത്തിച്ചിരുന്നില്ല. സായ്പുമാരുടെ അവജ്ഞയും അനാദരവും അഹങ്കാരവും അങ്ങേ അററത്തു് എത്തിയിരുന്ന സന്ദൎഭങ്ങളിൽപോലും അവിടുന്നു് അവലംബിച്ചിരുന്നതു താഴ്മയേയും ക്ഷമയേ

യുംതന്നെയായിരുന്നു. മറിച്ചായിരുന്നു എങ്കിൽ, തീച്ചയായും, ഇന്നു കൊച്ചിശ്ശീമ കമ്പനിശ്ശീമയിൽ ഉൾപ്പെട്ട ഒരു ഡിസ്ത്രിക്ടായിപ്പോകുമായിരുന്നു. കാരസ്സ്കോട്ട രാമമേനോൻെറ ആവലാതിക്കത്തുകൾക്ക് അവിടുന്നു് അയച്ചുകൊടുത്തിരുന്ന മറുപടികളിൽക്കാണുന്ന ശാന്തതയും സഹനശീലവും കേവലം അനന്യസാധാരണങ്ങളാകുന്നു. അവിടുത്തെ എഴുത്തുകളിലെ ഉപദേശങ്ങൾ നോക്കുക:—

"നമ്മുടെ കാരസ്സ്കോട്ട രാമനു, എന്നാൽ—കാൎയ്യങ്ങൾ ഏതാനും ഉണ്ടെങ്കിലും ഇല്ലെങ്കിലും ദിവസവും ഓരൊ കടദാസ്സ എഴുതി ഇങ്ങൊട്ട അയച്ചുകൊള്ളണം. ഗൂഢമായിട്ടുള്ള കാൎയ്യങ്ങൾ എഴുതുന്നതു വിശ്വാസമുള്ള ആളുടെ പക്കൽ കൊടുത്തയച്ചുകൊള്ളണം."

"കാൎയ്യങ്ങൾ ഒന്നും കഴിച്ചലാകുന്നില്ലെന്നുവെച്ചു ബുദ്ധി ക്ഷയിച്ചു ഇരുന്നുപൊകരുതു. എന്നാണു കാൎയ്യങ്ങളുടെ നിദാനം വരുത്തിത്തരുന്നതു എന്നുവെച്ചാൽ, അന്നയൊളവും അങ്ങൊട്ട പറയെണ്ടതിനെ ദിവസെന പറഞ്ഞുംകൊണ്ടുവരിക എന്നാല്ലൊ വിചാരിപ്പാനുള്ളു. രാമൻ ഇപ്പൊൾ എഴുതിയ കടദാസ്സുകണ്ടാറെ, ബുദ്ധിക്ഷയമായിട്ടു ഇരിക്കുന്നു എന്നത്രെ നമുക്കു തൊന്നിയതു. ദിവസെന ചെന്നു കാൎയ്യങ്ങൾ ഒക്കെയും പറയെണ്ടതിനെ പറഞ്ഞുകൊള്ളുകയുംവെണം. നമുക്കു ഭയമുണ്ടെന്നു തൊന്നാത്ത ഭാഷയിൽ തികച്ചിലായിട്ടുതന്നെ പറഞ്ഞുകൊള്ളുകയും വെണം. കാൎയ്യങ്ങൾതീരുന്നതുവരെ ആവലാതിയും പറഞ്ഞു പാക്കുക എന്നല്ലൊ വരു. കച്ചെരിക്കു ചെന്നുകൂടാ എന്നു പറഞ്ഞു എങ്കിൽ എതുത്തൊളം ചെല്ലാമെന്നാൽ അത്രത്തൊളം ചെന്നിട്ടും പറയെണ്ടതിനെ പറഞ്ഞുകൊള്ളണം. വൎത്തമാനങ്ങൾക്കു കൂടെക്കൂടെ എഴുതി വരികയും വെണം."

എത്ര മനോഹരവും ചേതസ്സമാകർഷവുമായ ഒരു കത്തു്! എന്തു ശിഷ്യവാത്സല്യം! എന്തു സഹിഷ്ണുത! എന്തു നയധീരത! രാമൻ അവിടേക്കുചേന്ന ഒരു ഉദ്യോഗസ്ഥൻതന്നെയായിരുന്നു. അയാളുടെ മറുപടി കാണുക:—

"ഇവർ ഒരു കാൎയ്യവും വെണ്ടുംവണ്ണം ആക്കിത്തന്നു കഴികയില്ല. എങ്കിലും ഒരുത്തരു അതിന്നു കെട്ടിക്കൊത്തു പാക്കുന്നുണ്ടെന്നു ബൊധിപ്പിക്കെണ്ടതിന്നു, ഇന്നവര പാക്കണമെന്നില്ലല്ലൊ. റിക്കാൎഡു സായ്പിന്നു എന്നെ കാണ്മൊമ്പൊഴത്തെ ദെഷ്യം ഇന്നപ്രകാരമെന്നു ഗണപതിപട്ടര ബൊധിപ്പിക്കയും ചെയ്യും. എനിക്കു ഇവിടെ പാക്കാൻ മുഷിച്ചു

ലുകൊണ്ടു എഴുതി എന്നു ബൊധിക്കയും അരുതു. എത്രനാളെന്നാൽ അത്രനാളക്ക ഞാൻ പാക്കയും ആം. കാര്യങ്ങൾക്ക ഒക്കയും ബൊമ്പെ ജനരാൽക്ക കല്പിച്ചു തീട്ടൂരം എഴുതിഅയക്കാതെ, ഇവർ ത്രപമാക്കിത്ത രുമെന്നു വിചാരിച്ചുകൊണ്ടു പാത്താൽ, ദൊഷമായിട്ടു വരുമെന്നു തൊ ന്നുന്നു." ഈ എഴുത്തു വലിയസർവ്വാധിക്കായിട്ടാണു രാമമേനോൻ എഴു തിയതു്.

രാമനെ കോഴിക്കോട്ടേക്കയച്ചു; രാമൻെറ ഇഷ്ടംപോലെ എന്തെ ങ്കിലും പ്രവർത്തിച്ചു; അങ്ങനെയല്ലായിരുന്നു. വാദിക്കേണ്ട വിഷയ ങ്ങൾ, പുറപ്പെടുവിക്കേണ്ട ന്യായങ്ങൾ, ഉപയോഗിക്കേണ്ട വാക്കുകൾ, നില്ക്കേണ്ട നിലകൾ എന്നിവയെല്ലാം തമ്പുരാൻ താൻതന്നെ നേരിട്ടു് ഉപദേശം് കൊടുത്തയച്ചിരുന്നതിനുപുറമേ, അപ്പപ്പോൾ വിശദമായ തീട്ടൂരങ്ങളും എഴുതി അയച്ചിരുന്നു. അധികാരദാനത്തോടുകൂടിയ ആ ഉപദേശപത്രങ്ങൾ നിരുപമങ്ങളും നിശിതങ്ങളുമായിരുന്നു. താഴെ ചേ ക്കുന്ന തിരുവെഴുത്തു് അതിനു തക്ക തെളിവാകുന്നു.

"...നമ്മുടെ കാരസ്ഥാട്ടു രാമനു- എന്നാൽ, വെണ്ടതൊക്കയും ഇവി ടെനിന്നു പൊകുമ്പൊൾ കല്പിച്ചയച്ചിട്ടുണ്ടല്ലൊ. അയ്യണ്ണയ്യൻ, ബ്രഹ്മ ഗിരിഅയ്യൻ, വള്ളത്തൊൾ കൊന്തു ഇവരുടെ പെക്കു രാമനായിട്ടു എഴു തിവന്ന കടദാസ്സുകളും അങ്ങൊട്ടു അയക്കുന്നു. രാമൻ കട്ടും താമസിയാ തെ കൊഴിക്കൊട്ടുചെന്നു ജനരാളായിട്ടും കണ്ടു പറയെണ്ടതിനെ പ റഞ്ഞുകൊള്ളണം. കാര്യങ്ങൾകൊണ്ടു ജനരാൾ ചൊദിച്ചാൽ വൈഷ മ്യങ്ങൾ കൂടാതെ, അതതിൻെറ അവസ്ഥപൊലെ, വെണ്ടുംപ്രകാരം ഒക്ക യും വഴിപൊലെ പറഞ്ഞുകൊള്ളണം. ലന്തക്കമ്പഞ്ഞിയായിട്ടു കഴിഞ്ഞു വന്നിരുന്ന മരിയാദകളും, കൊച്ചിയിൽ നടന്നുവരുന്ന ഗുണദൊഷവും, ജനരാൾ ചൊദിച്ചാൽപറയെണ്ടതിനു ഏകദെശം അടവണ(?) യായിട്ടു ഒന്നുകൂടി എഴുതിക്കൊടുത്തയക്കുന്നു. ആയതൊക്കയും വായിച്ചുമനസ്സിലാ ക്കി അതിൽ എഴുതിയിരിക്കുന്ന പ്രകാരവും, പിന്നെ വെണ്ടും പ്രകാരമാ യിട്ടും പറഞ്ഞു, ഭെദങ്ങളായിട്ടു ഒന്നും വന്നുപൊകാത്തവണ്ണം നിദാനം വരുത്തികൊള്ളണം. ചെറവവാ മണപ്പുറത്തിൻെറ 'കബൂൽനാമം' ഇപ്രകാരം എന്തുകൊണ്ടെന്നും മാറി എഴുതണമെന്നും പറഞ്ഞാൽ, അ തിലെ അത്ഥങ്ങൾ ഒക്കയും ഇതിൽ വന്നിട്ടുണ്ടെന്നും, വാചകങ്ങൾ എഴുതുന്നതു സ്വരൂപമര്യാദ കഴിഞ്ഞുവരുന്നതിൻവണ്ണം വെണമല്ലൊ എന്നുള്ളതുകൊണ്ടത്രെ എന്നും, അത്ഥം വന്നിട്ടില്ലെങ്കിൽ അതു് ഇന്ന

തെന്നു പറഞ്ഞാൽ ആയതു് എഴുതിക്കൊടുക്കാമെന്നും, ഗുണദൊഷമായിട്ടു പറഞ്ഞു ബൊധിപ്പിച്ചുകൊള്ളണം. ഏതുപ്രകാരത്തിൽ എങ്കിലും വിചാരിച്ചിട്ടും അവിടത്തെ കാൎയ്യം മറിഞ്ഞുപൊയി എന്നു വരാത്തവണ്ണം പ്രയത്നിച്ചുകൊള്ളുകയും വെണം."

ഇപ്രകാരം അതിയായ അവജ്ഞയും, അടിസ്ഥാനരഹിതമായിരുന്ന അവിശ്വാസവും, വിപുലമായ വിദ്വേഷവും നിറഞ്ഞ ഒരു പരിസരത്തിലാണു ശക്തൻതമ്പുരാനും അവിടുത്തെ കിങ്കരന്മാരും പ്രവൎത്തിക്കുന്നതിനു സംഗതിയായതു്. കമ്മീഷണർമാരിൽ ഒരാളായിരുന്ന മിസ്റ്റർ ഡങ്കൻ സായിപ്പിനുമാത്രം ശക്തൻതമ്പുരാനോടു് അനുഭാവവും ബഹുമാനവും ഉണ്ടായിരുന്നു. ആ സായ്പിനോടു തമ്പുരാൻ തിരുമനസ്സിലേയ്ക്കും വളരെ ആദരവായിരുന്നു. അദ്ദേഹം പ്രശസ്തനും പ്രസിദ്ധനുമായിരുന്നു. അചിരേണ അദ്ദേഹം ബോംബേയിലെ ഗവൎണ്ണർ ആകുകയുംചെയ്തു. കമ്പഞ്ഞിക്കാരുടെ പൂൎവ്വബന്ധുവും സഹായിയും ആയിരുന്ന തിരുവിതാംകൂർ, ശക്തൻതമ്പുരാനു് അനുകൂലമായി ഒരു വാക്കെങ്കിലും ചിലവിട്ടതായി കാണുന്നില്ല. നാട്ടുപ്രഭുക്കന്മാരിൽ പലരും, സാമൂതിരിപ്പാടും, അവിടുത്തെ ആശ്രിതസംഘം മുഴുവനും, പ്രത്യക്ഷമായി എതിർവാദങ്ങൾക്കു തുടരുകയും തെററിദ്ധാരണകളെ ശക്തിപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. അതിലംഘിക്കേണ്ടിവന്ന എതിർശക്തികളേക്കുറിച്ചും, നേരിടേണ്ടിവന്ന സാഹചൎയ്യങ്ങളുടെ പ്രതികൂലാവസ്ഥയേക്കുറിച്ചും, വിധികൎത്താക്കന്മാരുടെ മനോഭാവത്തെക്കുറിച്ചും, വിചിന്തനം ചെയ്തിട്ടുവേണം, ജയാപജയങ്ങളെ പരിഗണിക്കുന്നതിനു്. അപ്പോൾ എല്ലാററിനും ഉപരിയായി, ഏതിനും മുകളിലായി, ശക്തൻതമ്പുരാന്റെ കാൎയ്യക്ഷമതയും, ക്ഷമാശീലവും, വിവേകവും, നയചാതുരിയും, പ്രശസ്യമായ നിലയിൽ പ്രശോഭിക്കുന്നതു കാണാം.

ശക്തൻതമ്പുരാന്റെ അവിശ്രമപരിശ്രമങ്ങൾക്കും, 'കുററംകൊണ്ടു കൂലികൊടുക്കാൻ', മുതിരുന്നവരായ ചില 'മിടുമിടുക്കന്മാ'രെ ഇക്കാലത്തും കാണാം. 'ഇംഗ്ലീഷുകാരുമായി കരാറു ചെയ്തതേ തെററു്; ആ കരാറു പ്രകാരം മടക്കിക്കിട്ടേണ്ട രാജ്യങ്ങൾ തിരിച്ചു വാങ്ങിക്കാഞ്ഞതു് അക്ഷന്തവ്യമായ അപരാധം; രാജ്യം മുഴുവൻ കിട്ടാതിരിക്കെ നിശ്ചയിച്ച കപ്പം കൊടുത്തുകൊണ്ടുവന്നതു ഏററവും വലിയ പിടിപ്പുകേടു്'; എന്നിങ്ങനെ ല 'സൎവ്വജ്ഞന്മാർ' ഇന്നത്തെ സ്ഥിതികളെ വെച്ചുകൊണ്ടു വെട്ടിപ്പൊളിച്ചു പറയുന്നതു കേൾക്കാം. അതിൽ ഒരുപടികൂടിക്കയറി നില്ക്കുന്നവർ,

'ശക്തൻതമ്പുരാൻ ഒന്നും വാദിക്കാതെ ഒക്കെ സ്വയം വിട്ടൊഴിഞ്ഞു കച്ചീട്ടുവെച്ചുകൊടുത്ത കേമനാണു്' എന്നുംകൂടി 'കടത്തിവെട്ടു'വാനും മടിക്കുന്നില്ല. ശാന്തം പാപം!

"കൂടെക്കിടക്കുന്നവനേ രാപ്പനിയുടെ ചൂടറിയാവൂ" എന്നു പറയുന്നതുപോലെ, അന്നത്തെ അന്തരീക്ഷത്തിന്റെ അനുഭവമുള്ളവൎക്കല്ലാതെ, തമ്പുരാന്റെ പ്രയത്നങ്ങളുടെ ഇനകനങ്ങളെ കാണുവാൻ സാധിക്കുന്നതല്ല. കരുമുറിപ്പാമ്പിനും, ഒരു പറക്കു നിലത്തിനുംവേണ്ടി വാശിവിടാതെ വാദിച്ചുകൊണ്ടിരുന്ന തമ്പുരാൻ രാജ്യഭാഗങ്ങളെ അങ്ങനെതന്നെ സ്വയംവിട്ടൊഴിഞ്ഞു കൈകെട്ടി പിൻമാറിനിന്നു എന്നു പറഞ്ഞാൽ ആർ എങ്ങനെ വിശ്വസിക്കും? ആദ്യവസാനം മത്സരബുദ്ധിയോടും മൎക്കടമുഷ്ടിയോടുംകൂടിമാത്രം ശക്തൻതമ്പുരാന്റെ നേരെ പെരുമാറിപ്പോന്ന അന്നത്തെ ഇംഗ്ലീഷധികൃതന്മാരുടെ സാക്ഷിപത്രങ്ങൾക്കു്, മേല്പുദ്ധരിച്ചിട്ടുള്ള അമൂല്യങ്ങളായ അസ്സൽരേഖകളുടെ മുമ്പിൽ, യാതൊരു വിലയും കല്പിക്കാവുന്നതല്ല.

XX

ഗോവിന്ദാഹ്വാനം

ശക്തൻതമ്പുരാന്റെ വലിയ ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ രണ്ടു ഗോവിന്ദമേനോൻമാരുണ്ടായിരുന്നു. മാളിയേക്കൽ ഗോവിന്ദമേനോൻ (വലിയ എജമാനൻ) വലിയസൎവ്വാധിയും, ഇല്ലിക്കൽ ഗോവിന്ദമേനോൻവലിയകപ്പിത്താനും ആയിരുന്നു അവർ. അവരിൽ ഇല്ലിക്കൽ ഗോവിന്ദമോനോൻ വലിയ ഒരു കാൎയ്യസ്ഥനല്ലായിരുന്നു. ആയാളെ ഒരു കപ്പിത്താന്റെ നിലക്കുമാത്രമാണു നിൎത്തിയിരുന്നതും. കിഴക്കേമുഖം സൎവ്വാധി—പിന്നീടു വലിയസൎവ്വാധിയും—ആയിരുന്ന കാരക്കാട്ടു രാമമേനോനെ കമ്മീഷണർമാരുടെ അടുക്കൽ കോഴിക്കോട്ടേക്കു് അയച്ചിരുന്നപ്പോൾ ഒരു തവണ രാമമേനോനെ സഹായിക്കുന്നതിനുവേണ്ടി ഇല്ലിക്കൽ ഗോവിന്ദമേനോനെയും കോഴിക്കോട്ടേക്കയച്ചു. ആയാൾ നയക്കുറവുനിമിത്തം നയവിദഗ്ദ്ധനായിരുന്ന രാമമേനോനുകൂടി ബുദ്ധിമുട്ടുണ്ടാക്കിത്തീൎത്തു. അതിനെ സംബന്ധിച്ചു രാമമേനോൻ, വലിയ സൎവ്വാധി മാളിയേക്കൽ ഗോവിന്ദമേനോനു്, 972 മിഥുനം 22-ാംനു-, ഇപ്രകാരം എഴുതി അയച്ചു.

"ഞാൻ അയച്ച കടദാസ്സ എഴുതിക്കഴിഞ്ഞു, വലിയകപ്പിത്താൻ വായിച്ചു കണ്ടാറെ, കമ്മീശനർമാരും ഞാനും തമ്മിൽ അങ്ങൊട്ടും ഇങ്ങൊട്ടും പറഞ്ഞത വിസ്തരിച്ച എഴുതാഞ്ഞാൽ പ്രയത്നം ചെയ്യുത അറിക ഇല്ലല്ലൊ എന്നു വലിയകപ്പിത്താൻ ഇങ്ങൊട്ടു പറഞ്ഞതിന്റെ ശെഷം, പ്രയത്നം ചെയ്യാനായിട്ടല്ലൊ ഇയ്യാളുകളെ കല്പിച്ചയച്ചിരിക്കുന്നു എന്നും, പ്രയത്നം ചെയ്യാതെ കാൎയ്യം സാധിക്കയില്ലെന്നു അവിടെ അറിയാമല്ലൊ എന്നും, കാൎയ്യത്തിന്റെ വസ്തുത എഴുതിയാൽ മതി എന്നും അങ്ങൊട്ടു പറഞ്ഞാറെ, അദ്ദെഹം പറഞ്ഞ അസഭ്യവാക്കുകൾ എനിക്കു എഴുതികൂട്ടുകയുമില്ല. ഞാൻ വെണ്ടുംവണ്ണം പ്രയത്നം ചെയ്യായ്ക്കകൊണ്ടത്രെ അദ്ദേഹത്തെ കൂടെ കല്പിച്ചയച്ചിരിക്കുന്നു എന്നു പല സംഗതിക്കലും അദ്ദെഹം കാട്ടുന്നുമുണ്ടു. മറുദിക്കിൽ ഉള്ളവരെക്കൊണ്ടു ഒന്നും പറയിക്കരുതല്ലൊ എന്നുവെച്ചു ഇത്രനാളും ഞാൻ ക്ഷമിച്ചു പാൎത്തു..."

വലിയകപ്പിത്താൻ ഒരു അഭിമാനിയും മുൻശുണ്ഠിക്കാരനുമായിരുന്നു. അല്പം കഴിഞ്ഞപ്പോൾ കപ്പിത്താനുതന്നെ തന്റേടം ഉണ്ടാകുകയും എല്ലാം ഭംഗിയാക്കുകയും ചെയ്തു. അതിനെക്കുറിച്ചും രാമമേനോൻ എഴുതിഅയച്ചിട്ടുണ്ട്. "972 കൎക്കടകം 8-ാംനു-, വലിയകപ്പിത്താൻ അസംഗതിയായി കലശൽകൂട്ടിയ അവസ്ഥകൾ എഴുതി അയച്ചിരുന്നുവല്ലൊ. അന്നത്തെ കണ്ടാൽ ഇനി അദ്ദെഹം എന്നൊടു ഗുണദൊഷം വിചാരിക്കുമെന്നു തൊന്നിയില്ല. ഇപ്പൊൾ അദ്ദെഹം എന്റെ വലത്തെ കയ്യു പിടിച്ചു, ഞാൻ ഒന്നും നിരുപിച്ചു പറഞ്ഞതല്ലെന്നും, അതു വഴിപൊലെ ബൊധിക്കണമെന്നും, തൃക്കാലു പിടിച്ചു ആണ ഇടുകയുംചെയ്തു. തൃക്കാൽ പിടിച്ചു ആണ ഇടുകകൊണ്ടു എനിക്കു ഒരു അപ്രിയം ഇനി ഇല്ലെന്നും ഞാൻ അങ്ങൊട്ടും പറഞ്ഞു. പിന്നെ എല്ലാ കാൎയ്യത്തിന്നും ഒന്നിച്ചു വിചാരിച്ചു പ്രയത്നം ചെയ്യുവരുന്നു". കപ്പിത്താൻ അധികം താമസിയാതെ മടങ്ങിപ്പോരുകയും കോഴിക്കോട്ടെ കാൎയ്യങ്ങൾക്കു രാമമേനോൻ തനിച്ചു ചുമതലക്കാരനായിത്തീരുകയുംചെയ്തു.

അടുത്തു മറ്റൊരവസരത്തിൽ, എന്തിനാണെന്നു വിവരമില്ലാ, കമ്മീഷണർമാർ "ഗോവിന്ദമേനോൻ കാൎയ്യക്കാരെ" കോഴിക്കോട്ടെക്കു അയക്കാൻ ശക്തൻതമ്പുരാനോട് ആവശ്യപ്പെട്ടു. ഏതു ഗോവിന്ദമേനോനെ ആണാവോ? രണ്ടു ഗോവിന്ദമേനോൻമാരുണ്ടെന്നുള്ള കഥ അവ

രൊട്ടു ധരിച്ചിട്ടും ഉണ്ടായിരിക്കയില്ല. അതിനെ സംബന്ധിച്ചു രാമു മേനോൻ ഇപ്രകാരം എഴുതിയിരിക്കുന്നു.

"ഗൊവിന്ദമെനൊൻ എന്നൊരു കാൎയ്യക്കാരുള്ള ആളു വരത്തക്കവണ്ണം എഴുതി കൊടുത്തയക്കണമെന്നു റിക്കാഡു സായ്പു മുമ്പു പറഞ്ഞില്ലെ എന്നു വിടകൊണ്ടു. ഗൊവിന്ദമെനൊൻ വലിയസൎവ്വാധിക്കാര ഒരാൾ ഉണ്ടായിരുന്നു എന്നും, അദ്ദേഹം മരിച്ചുപൊയി എന്നും, അങ്ങൊട്ടും വിടകൊണ്ടു. എത്രനാളായി മരിച്ചിട്ടു എന്നു ഇങ്ങൊട്ടും, രണ്ടു സംവത്സരമായി എന്നു അങ്ങൊട്ടും, ഇപ്പൊൾ ഗൊവിന്ദമെനൊൻ ഒരാളും ഇല്ലെ എന്നു ഇങ്ങൊട്ടും, ഇപ്പൊൾ ഗൊവിന്ദമെനൊൻ വലിയകപ്പിത്താൻ ഒരാളുണ്ടെന്നും അദ്ദേഹത്തിന്നു രാജ്യകാൎയ്യം ഇല്ലെന്നും, കമ്പനിവിചാരം ആകുന്നു എന്നും, തിരുമനസ്സുകൊണ്ടു എഴുന്നള്ളി ഇരുന്നരുളുന്നെടത്തു പാൎക്കുന്നതല്ലാതെ കാൎയ്യം വിചാരിക്കത്തക്കവണ്ണം കല്പിച്ചിട്ടില്ലെന്നും അങ്ങൊട്ടും വിടകൊണ്ടു".

എന്തോ ഗൂഢവൎത്തമാനങ്ങൾ തന്നെപ്പററി അറിയാനാണു ഗോവിന്ദനെ സായ്പുമാർ ആവശ്യപ്പെടുന്നതു് എന്നും, ഗോവിന്ദൻ ഒരു കഥയില്ലാത്തവനാകകൊണ്ടു അയച്ചാൽ അബദ്ധമായേക്കുമെന്നും തമ്പുരാൻ സംശയിക്കയും, സായ്പു പറഞ്ഞയച്ച കാൎയ്യം ഉരുട്ടിപ്പെരട്ടി കഴിക്കുവാൻ ശ്രമിക്കയുംചെയ്തു എന്നു താഴെ ചേൎക്കുന്ന എഴുത്തുകുത്തുകൾ തെളിയിക്കുന്നു.

28-5-972ൽ തമ്പുരാൻ എഴുതുന്നു:—"നമ്മുടെ രാജ്യകാൎയ്യത്തിന്ന ഒക്കയും പ്രമാണമായിട്ടു മാളിയ്ക്കൽ ഗൊവിന്ദമെനൊൻ എന്നൊരാളെ ആക്കീട്ടുണ്ടായിരുന്നു. ആ കാൎയ്യക്കാര 970 ചിങ്ങത്തിൽ അപായം വരികയും ചെയ്തു. അന്നത്തെ കണക്കുകൾ തീൎന്നു ശിക്ഷ വന്നു കഴിഞ്ഞിട്ടും ഇല്ല. പിന്നെ രാജ്യകാൎയ്യത്തിന്ന ഒരു തുക്കിടിക്കു കരുത്തരെ ആക്കി വിചാരിച്ചുവരുന്നതല്ലാതെ രാജ്യകാൎയ്യങ്ങൾക്ക ഒക്കയും പ്രമാണമായിട്ടു ഒരുത്തനെ ആക്കീട്ടും ഇല്ല. രജമിട്ടു പട്ടാളം വിചാരിക്കുന്നതിന്ന ഇല്ലത്തു ഗൊവിന്ദമെനൊൻ എന്നൊരാളെ ആക്കീട്ടുണ്ടു. അയാളെ ഡൊംസായ്പും റിക്കാടസായ്പും അറികയും ചെയ്യും. ഗൊവിന്ദമെനെ അങ്ങൊട്ടു അയക്കണമെന്നല്ലൊ എഴുതി വന്നിരിക്കുന്നതും. ഈ ആളെ അയച്ചിട്ടു ഒരു കാൎയ്യവും ഇല്ലല്ലൊ. നമ്മുടെ കിഴക്കെമുഖം സൎവ്വാധികാൎയ്യക്കാര കാരയ്ക്കാട്ടു രാമുമെനൊൻ സായ്പുമാരുടെ അടുക്കൽ

തന്നെവന്നു പാൎക്കുന്നുമുണ്ടു. വിശെഷിച്ചെതാനുമുണ്ടെങ്കിൽ അയാളൊടു പറകയും ചെയ്യാം."

ഇത്രയുമായപ്പോൾ സായ്പുമാൎക്കു ആ ഉള്ള ഗോവിന്ദമേനോനെ കുന്നു അയച്ചുകിട്ടണമെന്നായി. ഉടനെ അയാളെത്തന്നെ അഞ്ചാടിപ്പുറത്തേക്കു അയയ്ക്കുന്നതിനു സായ്പുമാരുടെ എഴുത്തും വന്നു. അതിനു തമ്പുരാൻ ഇങ്ങനെ മറുപടി അയച്ചു:—"വലിയ കപ്പിത്താനു രജിമിട്ടു വിചാരം അല്ലാതെ രാജ്യകാൎയ്യത്തിനു ആയിട്ടു ആക്കീട്ടില്ലെന്നുള്ളതും കൊച്ചിയിൽ ഇപ്പൊൾ നമ്മുടെ കപ്പൽപണിയും ഏറിയ ബദ്ധപ്പാടുകളും ഉള്ള സമയമാകുന്നപ്രകാരവും, തങ്ങൾ അറിഞ്ഞിരിക്കുന്നതല്ലൊ. അതുകൊണ്ടു അയാളെ അയച്ചെ കഴിയൂ എങ്കിൽ അപ്രകാരത്തിനു എഴുതിവരികയും വെണം."

"അയച്ചേ കഴിയൂ, ഉടനെ അയക്കണം" എന്നുതന്നെ ആയി സായ്പുമാർ. "കപ്പിത്താൻ ഇല്ലത്തു ഗൊവിന്ദനെ കമ്മിശനർമാൎക്കു സ്വകാൎയ്യമായിട്ടുള്ള കാൎയ്യങ്ങൾ ചൊദിക്കുന്നതിനു ഒട്ടും താമസിയാതെ അങ്ങൊട്ടു കല്പിച്ചയക്കണമെന്നും, അവിടെ ചെന്നാൽ ഉടനെ ഇങ്ങൊട്ടു പറഞ്ഞയക്കാമെന്നും കമ്മീശനർമാർ കല്പിച്ചിരിക്കുന്നു" എന്നു രാമമേനോൻെറ എഴുത്തും വന്നു. അതിനു തമ്പുരാൻ ഇങ്ങനെ മറുപടി അയച്ചു. "വലിയകപ്പിത്താനെ വെഗത്തിൽ അയക്കത്തക്കവണ്ണം കല്പിച്ചിരിക്കുന്നു. സായ്പന്മാര കൊഴിക്കൊട്ടു എത്തുമ്പൊഴത്തക്ക അവിടക്ക അയച്ചാൽ മതി എങ്കിൽ (അഞ്ചാടിപ്പുറത്തക്കല്ലാതെ) അപ്രകാരവും ആയതല്ലാ ഇപ്പൊൾത്തന്നെ അയക്കണമെങ്കിൽ ആയവസ്ഥക്കും വെഗത്തിൽ എഴുതി വരണം. ഗൊവിന്ദനെ അങ്ങൊട്ടയക്കുമ്പൊൾ ഡൊലിയും കുതിരയും ആളുകളും മററും ഉണ്ടായിരിക്കുമല്ലൊ. അതിനു തടവുണ്ടായിപൊകയും അരുതു."

വീണ്ടും എഴുതിവന്നതു ഇപ്രകാരമാണ്. "വലിയകപ്പിത്താനെ ഒട്ടും താമസിയാതെതന്നെ അയക്കണം. കൂടെ നമ്മുടെ വകയിൽ ഒരു പാറാവും കാവലും വെണമെങ്കിൽ അയക്കയും ആം". എന്നിട്ടും രാജാവു മടിച്ചു. ഇങ്ങനെ ഒന്നുകൂടി എഴുതി. "കുംഭമാസം ശൂന്യമാസമായതുകൊണ്ടത്രെ ഗൊവിന്ദനെ അയക്കാൻ താമസിക്കുന്നതു. ശൂന്യമാസത്തിൽ ഒരുത്തരെയും ഒരു കാൎയ്യത്തിനു അയക്കാറും ഇല്ലല്ലൊ. ഇന്നു 28-ാംനു ആകകൊണ്ടു (972 കുംഭം) മാസം കഴിയുന്നതിനു ഇനി രണ്ടു

ദിവസമെ ഉള്ളു. 1-ാനു- തന്നെ ഗൊവിന്ദനെയും ആളുകളെയും കല്പിച്ചയക്കയും ചെയ്യാം."

എന്നിട്ടും 1-ാനു- അയച്ചില്ലെന്നു സായ്പിൻെറ ഈ എഴുത്തുകൊണ്ടു കാണുന്നു. "ഇന്നു 3-ാംനു- ആയിട്ടും വലിയകപ്പിത്താൻ യാത്ര പുറപ്പെട്ടതുമില്ല. സൊകാൎയ്യമായിട്ടു അല്പം ചൊദിപ്പാനും ആകുന്നു. അതുകൊണ്ടു ഒട്ടും താമസിയാതെ അയക്കണം."

ഉടനെതന്നെ ഇല്ലിക്കൽ ഗോവിന്ദമേനോൻ വലിയകപ്പിത്താനെ ഒരു വലിയ പട്ടാള ഉദ്യോഗസ്ഥൻെറ അന്തസ്സോടുകൂടി — കുതിര, ഡോലി, ശിപായി എന്നിവയോടുകൂടി — കോഴിക്കോട്ടേയ്ക്കു് അയച്ചു. അദ്ദേഹം യഥാകാലം അവിടെ എത്തിച്ചേരുകയും, കമ്മീഷണർമാരുമായി സ്വകാൎയ്യസംഭാഷണം നടത്തുകയും, അധികം താമസിയാതെ മടങ്ങി എത്തുകയും ചെയ്തു. ആ അടിയന്തരയാത്രയുടെ ആവശ്യവും അന്നത്തെ സ്വകാൎയ്യാന്വേഷണങ്ങളുടെ വിവരവും സ്പഷ്ടമായൊന്നും രേഖപ്പെട്ടുകാണുന്നില്ല. എങ്കിലും മററുചില സംഗതികളേയും സംഭവങ്ങളേയും ആ യാത്രയോടു സംഘടിപ്പിച്ചു വിചാരിക്കുമ്പോൾ, തോന്നുന്നതു് ഇപ്രകാരമാകുന്നു. പ്രസ്തുതകാലത്തു് ഇംഗ്ലീഷുകാൎക്കു വടക്കേമലയാളത്തിൽ കുറെ ശക്തിയായ ഒരു എതിരുണ്ടായി. കോട്ടയത്തുരാജാവു കമ്പനിക്കാൎക്കു വഴങ്ങാതെ ഒന്നു വഴക്കടിക്കാൻ ഒരുമ്പെട്ടു. "പഴശ്ശിരാജാവു്" എന്നു വിഖ്യാതനായ യോദ്ധാവിൻെറ മത്സരം ഉത്ഭവിച്ചതു് ആ കാലത്തായിരുന്നു. കമ്പനിക്കാൎക്കു് ആദ്യത്തിൽ അല്പസ്വല്പം പരാജയവും സംഭവിച്ചു. ആ യുദ്ധത്തിൽ നായന്മാരായിരുന്നു രാജാവിനെ സഹായിച്ചിരുന്നതു്. ആ നായർ'പട്ടാളക്കാർ' ചെറിയ തോക്കുകളും ചില 'വലിയതോക്കു'കളും ഉപയോഗിച്ചിരുന്നു. അതു് അവൎക്കു് എവിടെനിന്നു കിട്ടി, ആർ കൊടുത്തു എന്നു സായ്പുമാർ അത്ഭുതപ്പെട്ടു. ശക്തൻതമ്പുരാൻെറ വിരോധികളായിരുന്ന സാമൂതിരിക്കൂററുകാർ ആ തക്കം നോക്കി, "അതൊക്കെ 'കൊച്ചിരാജാവു്' ആ നായന്മാൎക്കു കൊടുത്തതാണു്" എന്നൊരു മിഥ്യാപവാദം പറഞ്ഞുണ്ടാക്കി. മുമ്പുതന്നെ ശക്തൻതമ്പുരാൻെറ നേരേ അല്പം അവിശ്വാസത്തോടുകൂടി വൎത്തിച്ചിരുന്ന കമ്മീഷണർമാരും മററു സായ്പുമാരും ആ അപവാദത്തെ വേദവാക്യംപോലെ സ്വീകരിച്ചു. ആ സംഗതിയുടെ വിചാരണയ്ക്കുവേണ്ടിയായിരുന്നു കപ്പിത്താനെ അത്ര പെട്ടെന്നും നിൎബ്ബന്ധമായും അങ്ങോട്ടുതന്നെ വരുത്തിയതു്!

എന്നാൽ ഈക്കാൎയ്യത്തിൽ ശക്തൻതമ്പുരാനും അശേഷം അശ്രദ്ധനായിരുന്നില്ല. ആവശ്യപ്പെട്ട ഉടനേതന്നെ ആളെ അയയ്ക്കാതെ, "എഴുത്തു ഗോവിന്ദമേനോൻ, ഇയ്യാൾക്ക് ഒന്നും അറിയില്ല, അയാൾ മരിച്ചു, കുംഭമാസം ശൂന്യമാസം" എന്നൊക്കെ പറഞ്ഞു കാലദൈൎഘ്യം വരുത്തിയതു മനഃപൂൎവ്വമല്ലായിരുന്നു എന്നും തോന്നുന്നില്ല. ആദ്യത്തെ 'ആവശ്യക്കല്പന' വന്നപ്പോൾതന്നെ അതിലെന്തോ രഹസ്യമുണ്ടെന്നു തമ്പുരാൻ സംശയിക്കയും, എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരിക്കുന്നതിനിടയ്ക്ക്, സമൎത്ഥരും വിശ്വസ്തരുമായ ചാരന്മാരെ കോഴിക്കോട്ടേയ്ക്കയയ്ക്കയും, അവിടെത്തന്നെ താമസിച്ചിരുന്ന സൎവ്വാധി രാമുമേനോനോടുകൂടി ഗൂഢാന്വേഷണങ്ങൾ നടത്തി സായ്പുമാരുടെ ഉദ്ദേശ്യവും ആവശ്യവും മനസ്സിലാക്കുകയും ചെയ്തു. എല്ലാം വേണ്ടിടത്തോളം മനസ്സിലാക്കി, തക്കതായ മുൻകരുതലുകളോടുകൂടി ആക്ഷേപങ്ങൾക്കുള്ള സമാധാനങ്ങളെ സംഭരിച്ചതിനുശേഷംമാത്രം ആയിരുന്നു ഗോവിന്ദമേനോനെ തമ്പുരാൻ വടക്കോട്ടേയ്ക്ക് അയച്ചതു്. ആ അപവാദം വെറുതെ പറഞ്ഞുണ്ടാക്കിയതാണെന്നും, പഴശ്ശിരാജാവും ശക്തൻ തമ്പുരാനും തമ്മിൽ യാതൊരു കൂട്ടുകെട്ടും ഉണ്ടായിരുന്നില്ലെന്നും, തന്നെ സ്ഥാപിക്കപ്പെട്ടു് എന്നു പറയേണ്ടതില്ലല്ലോ.

ഇപ്രകാരം ഒന്നല്ലെങ്കിൽ മറെറാന്നു്, അധികവും എതിർകക്ഷികളുടെ ഏഷണിമൂലം, ശക്തൻതമ്പുരാനും ഇംഗ്ലീഷുകാരും തമ്മിലുണ്ടായിരുന്ന ബന്ധത്തെ എപ്പോഴും ഇളക്കിക്കൊണ്ടിരുന്നു. പലവിധത്തിലുള്ള അസുഖങ്ങളും തെററിദ്ധാരണകളും വന്നുചേൎന്നാലും, യഥാകാലം എല്ലാം നീങ്ങുകയും ഒന്നിലും ശക്തൻതമ്പുരാൻ പരാജയപ്പെടാതെതന്നെ നിലയ്ക്കുനില്ക്കുകയും ചെയ്തു. അതു് അവിടുത്തെ നയജ്ഞതയുടെയും വിവേകത്തിന്റെയും മിടുക്കുകൊണ്ടാണെന്നതിനു സംശയമില്ല.

XXI

ഒരു പ്രത്യക്ഷപത്രം

മതിരാശി ഗവൎണ്ണർ ലോർഡ് ക്ലൈവിനു ശക്തൻതമ്പുരാൻ 976-ാമാണ്ടു മകരമാസം 27-ാംനു- അയച്ച തിരുവെഴുത്തു്:—

മലയാളം, മതിരാശിയിലെ ഗൗണര 'കൗൺസലിൽ' നിന്നും വിചാരിക്കത്തക്കവണ്ണം വെച്ചപ്രകാരം വെമ്പായിൽ ഗൗണര ഡങ്കൻ

സ്വാമഖെബ അവരുകളുടെ കടദാസ്സ നമുക്കു എഴുതിവരികകൊണ്ടു, ആ സന്തൊഷവൎത്തമാനത്തിന്നു തക്കവണ്ണം ബൊധിപ്പാൻ, നമ്മുടെ പെക്കൽ ഒരു കടദാസ്സും എഴുതി കൊടുത്തു, രണ്ടു പെര ഹരിക്കാരന്മാരെ ഇവിടെ നിന്നും അയച്ചു. അവര കടദാസ്സുംകൊണ്ടു "ധാരാപുരത്തക്ക ചെന്നതിന്റെ ശെഷം ഹരിക്കാരൻമാരെ അവിടെ പാൎപ്പിച്ചുംകൊണ്ടു, കടദാസ്സ ഹാരടീസ്സ സായിപ്പ അവരുകളൊട മെടിച്ചു, തബാലിൽ കൊടുത്തയച്ചു മറുപടി വരുത്തിത്തരാമെന്നും, ആയതല്ലാതെ നിങ്ങളെ 'ചെന്നപട്ടണത്തക്ക അയക്ക ഇല്ലന്നും, കടദാസ്സ തബാലിൽ കൊടുത്ത അയച്ചു എന്നും പറഞ്ഞ ഹരിക്കാരന്മാര ഇരുപത്തിരണ്ടുദിവസം ധാരാപുരത്ത പാൎപ്പിച്ചു. പിന്നെ, കടദാസ്സ തബാലിൽ കൊടുത്തയച്ചിരിക്കുന്നു എന്നും മറുപടി വന്നാൽ കൊടുത്ത അയക്കാമെന്നും ഹാരടീസ്സ സായിപ്പിന്റെ പെക്കൽ നമുക്ക ഒരു കടദാസ്സും എഴുതികൊടുത്ത ഹരിക്കാരന്മാരെ ഇങ്ങൊട്ട അയക്കകൊണ്ടു അവര ഇവിടെവന്നു ഇപ്രകാരം പറകയും ചെയ്തു. നാം തങ്ങൾക്കു എഴുതികൊടുത്തയച്ച കടദാസ്സിന്റെ മറുപടി ഇത്രനെരവും ഇവിടെ എത്തുക ഉണ്ടായതും ഇല്ല. അതിന്റെ മറുപടി നമുക്ക കിട്ടായികകൊണ്ടു വളരെ ദുഃഖത്തൊടും കൂടെ മറുപടി വരുന്നതും പാൎത്തുംകൊണ്ടു നാം ഇരിക്കുന്നു.

൨

അല്ലാന്തി(കടൽ)ചുങ്കം.

കൊച്ചി കൊട്ടയിൽ 'അല്ലാന്തിചുങ്കം' കുമ്പഞ്ഞിക്കും നമ്മുടെ സ്വാത്രപത്തിലെക്കും നെർപാതി ആയിട്ടുള്ളത ആകകൊണ്ടു, 'തഞ്ചായമായിട്ട' മുതൽ എടുക്കുക ആകുന്നു എങ്കിൽ, മുതൽ എടുക്കണ്ടതിന്നും കണക്ക എഴുതണ്ടതിന്നും കുമ്പഞ്ഞി വകയിന്നും നമ്മുടെ വകയിന്നും ആളുകളെ ആക്കി മുതൽ എടുത്ത കണക്ക എഴുതികണ്ടു എടുക്കുന്ന മുതലിൽ നെർപകുതി കുമ്പഞ്ഞിക്കും നെർപകുതി നമ്മുടെ വഹക്കും പററുകയും, ലെലത്തിൽ എല്പിക്ക ആകുന്നു എങ്കിൽ രണ്ടു പുറത്തും കൂടെ ബൊധിപ്പിച്ച ആളെ ലെലത്തിൽ എല്പിച്ച ഇത്ര രൂപാ എന്നുവെച്ച എല്പിക്കുന്നതിൽ പാതിയും പാതിയും ആയിട്ട രണ്ടു വഹക്കും പററുകയും, ഇതുംവണ്ണം അത്രെ പൂൎവ്വാപൂൎവ്വമായിട്ട കഴിഞ്ഞു വന്നിരിക്കുന്നത. കൊച്ചിക്കൊട്ട ബഹുമാനപ്പെട്ട ഇങ്കരീസ്സ കുമ്പഞ്ഞിക്ക ആയതിൽ പിന്നെ 972-ാമതവരെയും അപ്രകാരംതന്നെ നടന്നുവന്നിരിക്കുന്നു 73-ാമതിലെയും 74-ാമതിലെയും വഹക അല്ലാന്തിചുങ്കത്തിൽ നെർ

പകുതി നമ്മുടെ വകക്ക വരുവാനുള്ള രൂപാ കൊടുത്ത അയപ്പിക്കണമെന്ന മെസ്സൂർ കലിസ്സാന്ത സായിപ്പ അവരുകൾക്ക നാം എഴുതികൊടുത്തയച്ചാറെ അല്പാന്തിയിൽ എടുക്കുന്ന മുതലിൽ നൂറിന്ന നാല ചുങ്കം എന്നും, നൂറിന്ന ഒന്നു; പിന്നെയും ചില ചരക്കുകൾക്ക പല പ്രകാരത്തിൽ ആയിട്ടും ലന്തനാളിൽ ഗൌണദോര 'മൎയ്യാദ പററി' വന്നിട്ടു ഉണ്ടു എന്നും, അതു നീക്കി നൂറിന്ന നാല ഉള്ളതിൽ നെർപാതിയെ നമുക്ക 'ഉപകരി' ഉള്ളു എന്നും, ആയത തരാമെന്നും പറകകൊണ്ടും, അല്പാന്തിയിൽ എടുക്കുന്ന മുതലിൽ കുമ്പഞ്ഞിക്കും നമുക്കും, നെർപാതി ആയിട്ടു പററി വരുന്നതല്ലാതെ, മറെറാരു മൎയ്യാദ ചിലര പററിക്കൊള്ളത്തക്കവണ്ണം ലന്തക്കുമ്പഞ്ഞിയും നമ്മുടെ പൂൎവ്വന്മാരുംകൂടി ബൊധിപ്പിച്ചിട്ടും ഇല്ലായ്കകൊണ്ടും, ഈ അവസ്ഥക്കു വെമ്പായിഗൌണ ഡങ്കൻസായിപ്പ അവരുകൾക്ക നാം എഴുതി കൊടുത്തയച്ചാറെ 'ജനറാൽ ഇഷ്ടുവാൎത്ത' സായിപ്പ കൊച്ചിക്ക വരുന്നു എന്നും, ഇതിന്റെ നെരുപൊലെ ജനറാൽ വിചാരിച്ച തീൎത്തുതരുമെന്നും നമുക്ക എഴുതിവരികയും ചെയ്തു.

ജനറാൽ ഇഷ്ടുവാൎത്ത സായിപ്പ കൊച്ചിയിൽ എത്തിയതിന്റെ ശെഷം ഈ വസ്തുത ഒക്കയും ജനറാലെ ബൊധിപ്പിച്ചാറെ അല്പാന്തിചുങ്കത്തിൽ നൂറിന്നു നാലുവീതം ഉള്ളതിൽ നെർപാതി നമ്മുടെ വകക്ക രണ്ടു കാലത്തെ രൂപാ ഉള്ളത ഇപ്പൊൾ പററത്തക്കവണ്ണവും മൎയ്യാദയുടെ കാൎയ്യത്തിന്ന ഗൌണരസായ്പിന്ന കൂടെ എഴുതി, കൊടുത്തയച്ച വിചാരിച്ച ആയതിന്റെ അവസ്ഥപൊലെ തീൎത്തുതരിവിക്കാമെന്നും ജനറാൽ ഇഷ്ടുവാൎത്ത സായിപ്പ അവരുകൾ പറകകൊണ്ടു, അപ്രകാരം ഉള്ള രൂപാ നാം മെടിക്കയുംചെയ്തു. മൎയ്യാദയുടെ കാൎയ്യം തീൎത്തുതരുവിക്കെണ്ടതിന്ന ഗൌണരസായിപ്പ അവരുകൾക്ക നമ്മുടെപെക്കും എഴുതി കൊടുത്തയച്ചിട്ടും ഉണ്ടായിരുന്നു. അതിന്റെ ഇത്ര നെരവും തീൎത്തുതരുവിക്ക ഉണ്ടായില്ല. 75-ാമതിൽ അല്പാന്തിചുങ്കത്തിന്റെ നെർപാതി നമ്മുടെ വകക്ക വരുവാനുള്ള രൂപാ കൊടുത്തയപ്പിക്കണമെന്ന മെസ്സൂർ കലിസ്സാന്ത സായിപ്പ അവരുകൾക്കു നാം എഴുതി കൊടുത്തയച്ചാറെ, കൊച്ചിയിൽ നമ്മുടെ കടികൾ ആയിരിക്കുന്ന വെളുത്ത ചൂതന്മാരിൽ 'മെറ'വിന നാം കൊടുപ്പാനുള്ളത കൊടുത്തല്ലാതെ, അല്പാന്തിചുങ്കത്തിൽ നമുക്ക വരുവാനുള്ള രൂപാ തന്നുകൂടാ എന്ന കലിസ്സാന്ത സായിപ്പ അവരുകൾ നമ്മുടെ കാൎയ്യസ്ഥന്മാരൊട പറഞ്ഞയക്കുകയുംചെയ്തു.

നമ്മുടെ രാജ്യത്തു ഇരിക്കുന്ന കുടികളൊട നാം ഓരൊന്ന മെടിക്കയും അവര നമ്മൊട ഓരൊന്ന മെടിക്കയും ചെയ്യുവരുവാറും ഉണ്ടു. അതിന അവര നമ്മുടെ അടുക്കൽ വന്നു കണക്കു പറഞ്ഞു തീൎക്കുമ്പൊൾ അവൎക്ക കൊടുക്കെണ്ടതു അങ്ങൊട്ടു കൊടുക്കുകയും, അവര തരുവാനുള്ളത ഇങ്ങൊട്ടു മെടിക്കയും ചെയ്യും. 'മെറ' നമ്മുടെ രാജ്യത്തു ഇരിക്കുന്നവൻ, നമുക്ക പ്രത്യെകമുള്ള കുടിയാൻ ആകകൊണ്ടു, അവനായിട്ടുള്ള കാൎയ്യത്തിനും ഇപ്രകാരം അല്ലാതെ ആ കാൎയ്യത്തിന്നായിട്ടു അല്പാന്തിചുങ്കത്തിൽ നമുക്ക വരുവാനുള്ള രൂപാ തരാതെ, ഇങ്ങനെ പറഞ്ഞുകൊണ്ടാൽ അത നമുക്കു ഏറിയ സങ്കടമായിട്ടുള്ളത ആകുന്നു എന്ന നാം എഴുതി അയച്ച തങ്ങൾക്കു ബൊധിക്കണമെന്നില്ലല്ലൊ. മെസ്തർ കലിസ്സാന്ത സായിപ്പിന്റെ പെക്ക നമുക്ക എഴുതിവന്നതിന്ന ഇപ്രകാരം നാം മറുപടിയും എഴുതികൊടുത്തയച്ചിട്ടുണ്ടു. ഇത്ര നെരവും അല്പാന്തിചുങ്കത്തിന്റെ നെർപാതി 75-ാമതിലെ വഹക്കനമുക്ക വരുവാനുള്ള രൂപാ തരിക ഉണ്ടായതും ഇല്ല. അല്പാന്തിചുങ്കത്തിന്റെ നെർപാതി നമുക്കു വരുവാനുള്ള രൂപാ ആണ്ടുതൊറും നമ്മുടെ പുറന്നാളുന്നാൾ ദാനം, അടിയന്തിരം, ഈശ്വരസെവ, ഉൾപെട്ട വഹക്ക മെടിച്ച കഴിഞ്ഞുവരുന്നത ആകകൊണ്ടും, ഈ കഴിഞ്ഞ പുറന്നാളിനു ഈ രൂപാ കിട്ടായ്കകൊണ്ടും അന്നു വൎത്തകന്മാരൊട കടം മെടച്ചിട്ടു എത്രെ ചിലവിട്ടിരിക്കുന്നത. വൎത്തകന്മാരുടെ രൂപാ കൊടുക്കായ്കകൊണ്ടു അതിനും ഞെരുക്കമായിട്ടു വന്നിരിക്കുന്നു. അതുകൊണ്ടു, അല്പാന്തിചുങ്കത്തിന്റെ നെർപാതി 75-ാമതിലെ വഹക്ക നമുക്ക വരുവാനുള്ള രൂപാ വെഗത്തിൽ തരത്തക്കവണ്ണവും, മെല്പെട്ടും ഇങ്ങനെ ഓരൊന്നു പറഞ്ഞു താമസിപ്പിക്കാതെ നമ്മുടെ നെർപാതി ആണ്ടുതൊറും തരത്തക്കവണ്ണവും, മെസ്തർ കലിസ്സാന്തസായ്പ അവരുകൾക്കു തങ്ങളുടെ കടദാസ്സ കൊടുത്തയച്ച നിദാനം വരുത്തുമെന്നും നാം നിശ്ചയിച്ചിരിക്കുന്നു. മൎയ്യാദയുടെ കാൎയ്യത്തിന്ന, അല്പാന്തിയിൽ മറ്റൊരു മൎയ്യാദ മറുചിലര പറ്റത്തക്കവണ്ണം ലന്തക്കുമ്പഞ്ഞിയും നമ്മുടെ പൂൎവന്മാരുംകൂടി ബൊധിച്ച വെച്ചിട്ടും ഇല്ല. അങ്ങനെ ഒരുത്തര പറ്റിവരുന്ന പ്രകാരം നാം ധരിച്ചിട്ടും ഇല്ല. അല്പാന്തിചുങ്കം കുമ്പഞ്ഞിക്കും നമുക്കും നെർപാതി ആയിട്ടുള്ളത ആകകൊണ്ടു അല്പാന്തിയിൽ ആറ്റിന്ന ഒന്നും, പിന്നെ ചില ചരക്കുകൾക്ക പല പ്രകാരത്തിൽ ആയിട്ടും ലന്തക്കുമ്പഞ്ഞിനാളിൽ ഗൗണമൊര മൎയ്യാദപറ്റി വന്നിട്ടുണ്ടെന്ന പറയുന്നത ബൊധിക്കെണ്ടുന്നെടത്ത ബോധിപ്പിച്ചിട്ടു ആയിരിക്ക ഇല്ലാ എന്നും തങ്ങൾക്കതന്നെ അറിയാമല്ലൊ. എന്നതുകൊണ്ടു 73-ാമതിലെയും, 74-ാമതിലെയും വഹക്ക

നുററിന ഒന്നും, പിന്നെ ചില ചരക്കുകൾക്കു പല പ്രകാരമായിട്ടും മര്യാദ എന്നുപറഞ്ഞ പിടിച്ചുനിൎത്തിയിരിക്കുന്നതിൽ നെർപാതിക ണ്ടുള്ള ത്രുപായും നമുക്കു തരത്തക്കവണ്ണവും, മെല്ലെട്ടു അല്ലാന്തിയിൽ എ ടുക്കുന്ന മുതലിന്റെ നെർപാതി ശരിയായിട്ടു തരത്തക്കവണ്ണവും ത ങ്ങൾതന്നെ നിദാനം വരുത്തിത്തരുവിക്കണമെന്ന നാം തങ്ങളൊട എത്രയും വളരെ അപേക്ഷിക്കുന്നു.

൨

അകച്ചുങ്കം

നമ്മുടെ വഹക്കു ചരക്കുകൾ 'ഉരുക്ക'ളിൽ കയററി കൊച്ചി അഴി കടന്നു പുറത്തെക്കു പൊകുന്നതിനും, പുറത്തുനിന്നും അകത്തെക്കു കൊ ണ്ടുവരുന്നതിനും അല്ലാന്തിചുങ്കം കൊടുക്കാതെ 'ഒരു തടവും കൂടാതെ' എത്ര പൂൎവ്വാപൂൎവ്വമായിട്ടു 'ലന്തക്കുമ്പഞ്ഞി' നാളിലും ബഹുമാനപ്പെട്ട 'ഇങ്കരീസ്സ കുമ്പഞ്ഞി'യായതിൽപിന്നെയും, കഴിഞ്ഞുവന്നിരുന്നതു. ഇപ്പൊൾ അതിനും മെസ്തർ ഒലിസ്സാന്ത സായിപ്പു അവരുകൾ തടവാ യിട്ടു തുടങ്ങിയിരിക്കുന്നു. നമ്മുടെ വഹക്കു ഉരുക്കളിൽ ചരക്കുകൾ ക യററി അയക്കുന്നതിനും പുറത്തുനിന്ന കൊണ്ടുവരുന്നതിനും കീഴിൽ അല്ലാന്തിചുങ്കം കൊടുക്കാതെയും ഒരു തടവും ഇല്ലാതെയും നടന്നുവരു ന്നതു; അല്ലാന്തിചുങ്കം കുമ്പഞ്ഞിക്കും നമുക്കും നെർപാതി ആയിട്ടു ള്ളത ആകകൊണ്ടു ആകുന്നു. അപ്രകാരം കഴിഞ്ഞുവരുന്നു എന്നുള്ള അവസ്ഥയും, തങ്ങൾക്കു അറിയാമല്ലൊ. അതുകൊണ്ടു നമ്മുടെ വഹക്കു ഉരുക്കളിൽ ചരക്കുകൾ കയററി കൊച്ചി അഴികടന്നു പുറത്തെക്കു പൊ കുന്നതിനും, പുറത്തുനിന്ന അകത്തെക്കു കൊണ്ടുവരുന്നതിനും ഒരു തടവ ഉണ്ടാകാതെ കീഴുനാളിലെപൊലെ നടത്തിക്കത്തക്കവണ്ണം മെസ്തർ ഒലിസ്സാന്ത സായിപ്പു അവരുകൾക്കു തങ്ങൾ 'തികച്ചിലായിട്ടു' എഴു തി കൊടുത്തയച്ചു നിദാനം വരുത്തിത്തരുമാറാകയും വെണം.

൩

മാക്കാരുടെ കാൎയ്യം

'മാക്കാൎക്കു' നമ്മുടെ വകയും നമ്മുടെ പ്രജകളുടെ വകയും 'ഉല്പ ത്തി'യും പറമ്പുകളും, കാണമായിട്ടും പണമായിട്ടുംമററും കൊടുത്ത

നടന്നവരുമ്പോൾ, ആ വസ്തുക്കൾക്ക നമുക്ക തരെണ്ടുന്ന കരങ്ങൾ തരായ്കകൊണ്ടു ലന്തക്കുമ്പഞ്ഞിനാളിൽ ഈ അവസ്ഥകൊണ്ടു കുമ്പഞ്ഞി എജമാനൻമാരായിട്ടു പറഞ്ഞാറെ, മാൎക്കക്കാരെ ഒക്കെയും വരുത്തി അവര നടക്കുന്ന ഉല്പത്തിപറമ്പുകൾക്കു മുതൽ കുടിയായ്മമൎയ്യാദക്കു നമുക്കു തരെണ്ടുന്ന കരങ്ങൾ ഒക്കെയും തന്നു നടന്നുകൊള്ളണമെന്നു കുമ്പഞ്ഞി എജമാനന്മാര മാൎക്കക്കാരൊട പാഞ്ഞതിന്റെ ശെഷം, തങ്ങൾക്ക കൊടുക്ക കഴിക ഇല്ലെന്നും, ഉല്പത്തിപറമ്പുകൾക്കു തങ്ങൾക്ക വരുവാനുള്ള ദ്രവ്യം തന്നാൽ വാങ്ങി ഉല്പത്തിപറമ്പുകൾ ഒക്കെയും ഒഴിഞ്ഞുപൊയ്ക്കൊള്ളാമെന്നും, അവര കുമ്പഞ്ഞിയിൽ ബൊധിപ്പിച്ചു, അപ്രകാരം അവർ കൊട്ടയിൽ കടദാസ്സും എഴുതി കല്പിട്ടുകൊടുക്കകൊണ്ടു, മാൎക്കക്കാര നടക്കുന്ന ഉല്പത്തി പറമ്പുകൾക്കു നമുക്കു തരെണ്ടുന്ന കരങ്ങൾ തന്നു നടക്കുക എങ്കിലും, ആയതല്ലെങ്കിൽ കാണം വാങ്ങി ഒഴിഞ്ഞു പൊയ്ക്കൊള്ളണമെന്നും മാൎക്കക്കാര തികഞ്ഞ എഴുതി വെച്ചിരിക്കുന്നു എന്നും, അതുകൊണ്ടു അവൎക്കു കൊടുക്കെണ്ടുന്ന ദ്രവ്യം കൊടുത്ത ഉല്പത്തിപറമ്പുകൾ ഒഴിപ്പിച്ചുകൊള്ളണമെന്നും, നമ്മുടെ കാൎയ്യസ്ഥന്മാരൊടും, ദ്രവ്യം വാങ്ങി ഒഴിഞ്ഞു കൊള്ളണമെന്ന മാൎക്കക്കാരൊടും, കുമ്പഞ്ഞിയിൽനിന്നു പാഞ്ഞിന്റെ ശെഷം, നമുക്ക വരെണ്ടുന്ന കരങ്ങൾ മാൎക്കക്കാര തരിക ഇല്ലെന്നു പറഞ്ഞുകൊണ്ടാൽ അവൎക്ക കൊടുക്കെണ്ടു ദ്രവ്യം കൊടുത്തിട്ടും ഉല്പത്തിപറമ്പുകൾ ഒഴിപ്പിക്ക എല്ലൊ ഉള്ളു എന്നു വിചാരിച്ചു ദ്രവ്യം കൊടുത്ത ഒഴിപ്പിക്കെണ്ടതിന്നു, കുമ്പഞ്ഞി ആളുകളെയും അയച്ചു, അവരും നമ്മുടെ കാൎയ്യസ്ഥന്മാരും 'തടസ്സ'രും കൂടെ മാൎക്കക്കാരു നടക്കുന്ന പറമ്പുകളുടെ 'ആറാഴ്ച'യും പുറവിലയും കണ്ടു നിശ്ചയിച്ചു, പ്രമാണങ്ങൾ വരുത്തി കണക്ക പറഞ്ഞതീൎത്ത ഉല്പത്തിപറമ്പുകൾക്ക കാണം, ആറാഴ്ച, പുരവില, കടംവായ്പ, പുറംവായ്പ, ഈ വകയും അവര നടക്കുന്ന പറമ്പുകളിൽ ഉള്ള മാവു, കശുമാവു, ചാമ്പ, പെര, മുരിങ്ങ, ഇങ്ങനെ ചില്ലാനമായിട്ടുള്ള വൃക്ഷങ്ങൾക്ക കൂടെയും വിലവെച്ചു, മാൎക്കക്കാൎക്ക കൊടുക്കെണ്ടുന്ന ദ്രവ്യം ശരിയായിട്ടു കൊടുപ്പിച്ചു പ്രമാണങ്ങൾ ഒക്കെയും ഇങ്ങു വെപ്പിച്ചു, അവരൊടു തീരം എഴുതി മെടിച്ചു, ഉല്പത്തിപറമ്പുകൾ ഒഴിപ്പിച്ചു, വെറെ കുടികളെ പാട്ടത്തിന്ന ഏല്പിച്ചു, നടത്തിച്ചുവരുന്നു. ഇപ്രകാരം ദ്രവ്യം കൊടുത്ത ഒഴിപ്പിച്ചുകൊണ്ടുവരുമ്പൊൾ, കൊച്ചിയിൽ പടയും കലശലും ആയി പൊകകൊണ്ടു, മാൎക്കക്കാര നടന്നുവരുന്ന ഉല്പത്തി പറമ്പുകൾ ഒക്കെയും അന്ന ഒഴിപ്പിച്ചുകഴിഞ്ഞില്ല. 'കൊച്ചികൊട്ട ബഹുമാനപ്പെട്ട ഇങ്കരീസ്സുകുമ്പഞ്ഞിക്ക കൈവശം ആയതിൽ

പിന്നെ ലന്തക്കുമ്പഞ്ഞിനാളിൽ പറഞ്ഞുവെച്ച മാക്കക്കാൎക്ക ദ്രവ്യം കൊടുത്ത കഴിപ്പിച്ചുവന്നിരുന്നപ്രകാരവും, ഇനി ഏതാനും ചിലത കഴിപ്പിപ്പാനുള്ളത കഴിപ്പിക്കെണ്ടതിന്റെയും നിദാനം വരുത്തണമെന്നും; കൊച്ചിക്കൊട്ടയിൽ ഇരിക്കുന്ന മെസ്സർ ഒലിസ്ലാന്തസായ്പു അവൎകളോട നമ്മുടെ കാൎയ്യസ്ഥന്മാരെ അയച്ചു പറയിച്ചാറെ, ഇതിന്റെ നിദാനം വരുത്താമെന്ന പറഞ്ഞുംകൊണ്ടു വന്നിരുന്നു. മാക്കക്കാരൊട മെൽപ്രകാരം കഴിപ്പിച്ചു, വെറെ കുടികളെ ഏല്പിച്ചു, നടന്നുവന്നിരുന്ന പറമ്പുകളിൽ മാക്കക്കാൎക്ക ഒരു സംബന്ധവും ഇല്ലാത്തത ആകകൊണ്ടും, ആ പറമ്പുകളിൽ മാക്കക്കാര പിന്നെയും വന്ന കുടിലുകൾകെട്ടി പാൎത്തു, പറമ്പുകളിൽനിന്ന തെങ്ങയും അടക്കയും മറ്റുള്ള സസ്യാദികളും മൊഷ്ടിക്കയും, ആളുകളുടെ "മെത്തലെ കയറി" കയ്യെറ്റം ചെയ്കയും, ഇങ്ങിനെ ഏറിയ നാനാവിധങ്ങൾ ചലകുട്ടവും മാക്കക്കാര ചെയ്തുവരികകൊണ്ടും, ഈ അവസ്ഥകൾ ഒക്കയും വെമ്പായി ഗൌണദൊർ ഡങ്കൻ സായ്പു അവൎകൾക്ക നാംതന്നെ എഴുതി കൊടുത്തയച്ചാറെ, മാക്കക്കാര നടക്കുന്ന ഉല്പത്തിപറമ്പുകൾ ഇനി ദ്രവ്യം കൊടുത്ത കഴിപ്പിക്കാനുള്ളത കൊടുത്ത കഴിപ്പിക്കുന്നതിന്ന, കൊട്ടയിൽനിന്നും "കമുത്തെരന്മാരെ" കൂടെ അയച്ചു അതിന്റെ നിദാനം വരുത്തത്തക്കവണ്ണം, മെസ്സർ ഒലിസ്ലാന്ത സായ്പു അവൎകൾക്കും അപ്രകാരത്തിന്ന നമുക്കും ഗൌണദൊർ സായ്പു അവൎകളുടെ കടദാസ്സ എഴുതിവരികയുംചെയ്തു. ഇതിന്റെശെഷം, മാക്കക്കാൎക്ക കാണംകൊടുത്ത കഴിപ്പിക്കെണ്ടതിന്ന "കമുത്തെരന്മാരെ" കൂടെ അയച്ചു നിദാനംവരുത്തണമെന്ന, മെസ്സർ ഒലിസ്ലാന്ത സായ്പു അവൎകൾക്ക പലപ്പൊഴും നാം എഴുതി കൊടുത്തയച്ചിട്ടും, നമ്മുടെ കാൎയ്യസ്ഥന്മാരെ അയച്ചു പറയിപ്പിച്ചിട്ടും, ഏറിയ ദിവസമായിട്ട, ഇതുവരെയും അതിന്റെ നിദാനം വരുത്തിത്തരിക ഉണ്ടായതും ഇല്ല. കാണംകൊടുത്ത കഴിപ്പിക്കായ്കകൊണ്ടു, നമുക്ക ഏറിയ മുതൽ ദൊഷമായിട്ടു വന്നിരിക്കുന്നു. നമുക്ക എടുത്തുവരെണ്ടുന്ന മുതലു, മാക്കക്കാരുടെ പാറിൽ ഏറെ കിടപ്പും ഉണ്ടു. നമ്മുടെ രാജ്യത്ത എടുത്തുവരെണ്ടുന്ന മുതലുകൾ എടുത്തുവരാതെ നാം കുമ്പഞ്ഞിവകക്ക കപ്പം അടക്കെണ്ടതിന്നും, നമ്മുടെ ചിലവുകൾക്കും, നമുക്കു വെറെ മുതലില്ലന്ന തങ്ങൾക്ക അറിയാമല്ലൊ. മാക്കക്കാര നടക്കുന്ന ഉല്പത്തിപറമ്പുകൾ ഇനി കാണം കൊടുത്ത കഴിപ്പിക്കാനുള്ളത വെഗത്തിൽ കഴിച്ചുലാക്കിത്തരത്തക്കവണ്ണം തങ്ങൾ നിദാനം വരുത്തിത്തരുമെന്നത്രെ നാം നിശ്ചയിച്ചിരിക്കുന്നത.

൪.

നാട്ടുചുങ്കം

നമ്മുടെ രാജ്യത്തു വടക്കെദിക്കിൽനിന്നും, നമ്മുടെ വഹക്ക, നെല്ലും അരിയും 'മൂടയും' അല്ലാതെ ഉള്ള കൊപ്പുകളും, വഞ്ചിവഴിക്ക എടത്തുരുത്തിയിൽക്കൂടെ കൊച്ചി, തൃപ്പൂണിത്തുറക്ക കൊണ്ടുവരുന്നതിന്നും, ഇവിടെനിന്നു തൃശ്ശിവപെരൂർക്ക കൊടുത്തയക്കുന്നതിന്നും, ഇത്ര വഞ്ചി എന്ന വഞ്ചിയുടെ സംഖ്യയും ഇന്നെന്ന ചരക്കുകൾ എന്ന ചരക്കിന്റെ വിവരവുംവെച്ച, എടത്തുരുത്തി ചുങ്കത്തിലെക്ക നമ്മുടെ കാൎയ്യസ്ഥന്മാരുടെപെക്ക ശീട്ടുകൊടുത്തയക്കയും, ആ ശീട്ട ചുങ്കത്ത മെടിച്ചുകൊണ്ടു തടയാതെ അയക്കയും, ഇപ്രകാരം എത്രെ "നവാബ ഹൈദർആലി ഖാൻ" നാളിലും, "ടിപ്പുസുൽത്താൻ" നാളിലും ബഹുമാനപ്പെട്ട കമ്പഞ്ഞി ആയതിൽപിന്നെ, "ചെന്നപട്ടണത്തു" സംസ്ഥാനത്തുനിന്നു വിചാരിച്ചുവന്നിരുന്ന അന്നും, 'വെമ്പായിൽ' സംസ്ഥാനത്തിൽ ആയതിൽപിന്നെയും 975_ാമാണ്ടു കന്നിമാസം വരക്കും, നടന്നുവന്നിരിക്കുന്നത. ആയതല്ലാതെ, നമ്മുടെ വഹക്ക കൊണ്ടുവരുന്നതിന്ന ഒന്നിന്നും, ഒരെടത്തും ഒരു ചുങ്കം കൊടുക്കുകയും, ഒരു തടവും ഉണ്ടായിട്ടും ഇല്ലാ. കീഴനാളിൽ ഇതിൻവണ്ണം നടന്നുവന്നിരിക്കുന്ന അവസ്ഥ മുമ്പെ വെമ്പായി ഗൌണര ഡങ്കൻസായിപ്പ അവരുകളെ ബൊധിപ്പിച്ചാറെ, കീഴനാളിൽ ശീട്ട കൊടുത്തയച്ചിരുന്നത പൊലെ കൊടുത്തയച്ചുകൊള്ളണമെന്നും, ശീട്ടുംപടി തടയാതെ അയക്കുമെന്നും, ഗൌണരസായിപ്പ അവരുകളും ബൊധിച്ചു നിദാനം വരുത്തിത്തന്ന നടന്നുപൊന്നിരിക്കുന്നു. ഇതിൻവണ്ണം കഴിഞ്ഞുവന്നിരിക്കുംപൊൾ, 75_ാമാണ്ടു കന്നിമാസത്തിൽ 'ധമ്മൻസായിപ്പ' ചാവക്കാട്ടിൽ എത്തിയതിന്റെശെഷം, നമ്മുടെ വഹക്ക നെല്ലും അരിയും മൂടയും കൊപ്പുകളും കൊണ്ടുവരുന്നതിന്ന നമ്മുടെ 'കാൎയ്യസ്ഥന്മാരുടെ പെക്ക എടുത്തുരുത്തി ചുങ്കത്തിലെക്ക ശീട്ട കൊടുത്തയക്കുന്നതിൽ ഇന്നെന്നത ഇത്ര ഇത്ര എന്ന സംഖ്യവെച്ച എഴുതിവരാതെ അയക്കയില്ലെന്നു പറഞ്ഞതകൊണ്ടു, അപ്രകാരത്തിന്ന കൊഴിക്കൊട്ട ഇരിക്കുന്ന 'കമ്മീശനര സായിപ്പ'മാൎക്ക നാം എഴുതികൊടുത്ത, നമ്മുടെ കാൎയ്യസ്ഥന്മാരെ പറഞ്ഞയച്ചു ബൊധിപ്പിച്ചാറെ, കീഴനാളിൽ നമ്മുടെ കാൎയ്യസ്ഥന്മാരുടെ പെക്ക ശീട്ടുകൊടുത്തയച്ചുവന്നിരുന്നതുപൊലെ കൊടുത്തയക്കുന്ന ശീട്ടുംപടിക്ക തടയാതെ അയക്കത്തക്കവണ്ണം, കടദാസ്സ കൊടുത്തയക്ക കൊണ്ടു മിഥുനമാസം വരെക്കും അപ്രകാരംതന്നെ നടന്നുപൊരു

കയും ചെയ്തു. കൎക്കടകമാസത്തിൽ നെല്ലും അരിയും കൊപ്പുകളും വഞ്ചികളിൽ കയററി അയച്ചത എടത്തുരുത്തിയിൽ വന്നാറെ, ശീട്ടിൽ സംഖ്യവെച്ച എഴുതിവരാതെ ഒന്നും അയക്കയില്ലെന്നു പറഞ്ഞ, ഏററിയ വഞ്ചികൾ തടഞ്ഞ ഇട്ടു, നമ്മുടെ പുറന്നാൾ അടിയന്തിരത്തിനും മററും പല അടിയന്തിരങ്ങൾക്കും കൊപ്പുകൾ കൊണ്ടുവന്നത ഒക്കെയും കെട്ടിക്കിടന്ന, ഏററിയ നാനാവിധം വന്നുപൊകയും ചെയ്തു. മൂടയും നെല്ലും അരിയും ഉണ്ടായിരുന്നത അഞ്ചാറുമാസം കെട്ടിതാമസിച്ച അതൊക്കെയും നാനാവിധം വന്നതിന്റെ ശെഷം, 'ഇനി കൊണ്ടുപൊയ്ക്കൊള്ളുകെ വെണ്ടു' എന്ന പറഞ്ഞ, തടവ ഒഴിഞ്ഞ അയച്ചു. രണ്ടാമത നെല്ലും അരിയും കൊപ്പുകളും പടവുകളിൽ കയററി, കീഴുനാളിലെപൊലെ നമ്മുടെ കാൎയ്യസ്ഥന്മാരുടെ പെക്കൽ എടത്തുരുത്തി ചുങ്കത്തിലെക്ക ശീട്ടും എഴുതികൊടുത്ത അയച്ചു. ആയത അവിടെ എത്തിയതിന്റെ ശെഷം, ഒന്നും കടത്തി അയക്ക ഇല്ലെന്നുംപറഞ്ഞു, ഒക്കെയും അവിടെക്കിടന്ന നാനാവിധം വന്നുപൊകുന്നു. നമ്മുടെ മുതലും ചെതം വരുന്നു. വഞ്ചികൾ കച്ചവടക്കാരൊട കൂലിക്ക മെടിച്ച കയററി അയച്ചിരിക്കുന്നത ആകകൊണ്ടു, ഏററിയ ദിവസമായിട്ട കെട്ടിക്കിടന്ന 'മുരിങ്ങകുത്തി', വഞ്ചികൾ ഒക്കയും നാനാവിധമായി, പല പ്രകാരത്തിലും നമുക്കു ഏററിയ മുതൽദൊഷം വന്നിരിക്കുന്നു. ഇങ്ങനെ തടവു വന്നിരിക്കകൊണ്ടു നാം ഇരിക്കുന്നെടത്തു അടിയന്തിരച്ചിലവു ആദിയായിട്ടുള്ളതിന്ന ഒക്കയും മുട്ടായിട്ട അത്രെ വന്നിരിക്കുന്നത. ബഹുമാനപ്പെട്ട കുമ്പഞ്ഞിയിലെക്ക കപ്പപ്പണം അടക്കെണ്ടതിന്ന നമ്മുടെ രാജ്യത്ത വടക്കെ ദിക്കിൽനിന്നു നെല്ലും അരിയും മൂടയും കൊച്ചിയിൽ കൊണ്ടുവന്നു വിററ ഉറുപ്പിക ശെഖരിച്ചത്രെ വെണ്ടിയിരിക്കുന്നത. വഞ്ചികൾ കടത്തി അയക്കായ്കകൊണ്ടു, ആ ഉറുപ്പിക ശെഖരിച്ച അടക്കെണ്ടതിന്നും ഏറെ മുട്ടായിട്ടു വന്നിരിക്കുന്നു. ഇക്കാൎയ്യത്തിന്ന കമ്മീശനരസായിപ്പുമാൎക്ക എഴുതികൊടുത്ത നമ്മുടെ കാൎയ്യസ്ഥന്മാരെ അയച്ചു, അഞ്ചാറുമാസമായിട്ട അവർ സായ്പുമാരുടെ അടുക്കൽ പാൎത്ത ബൊധിപ്പിച്ചിട്ടും, ഇത്ര നെരവും ഇതിന്റെ ഒഴിച്ചല ആക്കി അയക്ക ഉണ്ടായില്ല. കീഴുനാളിലെപ്പൊലെയല്ലാതെ, എടത്തുരുത്തിയിൽ തടവു തുടങ്ങിയിരിക്കകൊണ്ടു, നമുക്കു ഏററിയ സങ്കടവും ഉണ്ടു. ബഹുമാനപ്പെട്ട കുമ്പഞ്ഞിയെ വിശ്വസിച്ചു, പല പ്രകാരത്തിലും നാം പ്രയത്നം ചെയ്തു, കപ്പപ്പണവും അടച്ചു വീഴ്ചവരാതെ നടന്നുവരുന്ന നമ്മുടെ നെരെ ഇപ്രകാരങ്ങൾ എല്ലാം ഉണ്ടാകുന്നത മനസ്സുമുട്ടുതന്നെ എത്രെ ആകുന്നു. അതുകൊണ്ടു തങ്ങളുടെ ദയവുണ്ടായിട്ടു നമ്മുടെ വൎത്തകൊ

ണ്ടുവരുന്ന കൊർപ്പുകൾക്കു നമ്മുടെ കാൎയ്യസ്ഥന്മാരുടെ പെക്ക കീഴുനാളി ലെ പൊലെ ശീട്ട കൊടുത്തയച്ചാൽ, ആ ശീട്ടു ചുങ്കത്തു മെടിച്ചു തട യാതെ അയക്കത്തക്കവണ്ണം, എഴുതിഅയക്കണ്ടവക്ക തങ്ങൾതന്നെ എഴുതി അയച്ചു നിദാനം വരുത്തിത്തരികയും ചെയ്യുമല്ലൊ.

ള

ചേററുവാ മണപ്പുറം

"ചെററുവാ മണപ്പുറം" പത്തു കാലത്തക്ക ആയിട്ടു കുമ്പഞ്ഞി യിൽനിന്നും നമ്മെ പാട്ടത്തിന്നു ഏല്പിക്കുമ്പൊൾ, അവിടത്തെ 'അദാ ലത്തും' 'കാനകൊപിയും' ഒഴിച്ചത്രെ ഇങ്ങൊട്ടു ഏല്പിച്ചിരിക്കുന്നത. അന്നുമുതൽ ഇന്നുവരെയും അപ്രകാരം നടന്നും വന്നിരിക്കുന്നു. ഇ പ്പൊൾ ധമ്മൻസായ്പു ചെററുവാമണപ്പുറത്തെ അദാലത്ത 'ചാവടി' കെട്ടിച്ചു, ആളുകളും ആക്കി, ധമ്മൻസായപ്പും ചെററുവായിൽതന്നെ വന്നുപാൎത്തു, മണപ്പുറത്ത ഇരിക്കുന്ന കുടികളെ ഒക്കയും വരുത്തുകയും, കാൎയ്യങ്ങൾ വിചാരിക്കയും, തുടങ്ങിയിരിക്കുന്നു. കുമ്പ ഞ്ഞിരാജ്യം ആകകൊണ്ടു, രാജ്യം നന്നായിവരണമെന്നും, അവിടെ ഇരിക്കുന്ന ആളുകൾക്കു ഒരു സങ്കടം ഉണ്ടായി എന്നു വരാതെ ഒക്കയും നല്ല സുഭിക്ഷമായിട്ടു വരണമെന്നും, വെച്ചു ഏത്രെ നാം എല്ലാം വിചാ രിച്ചുവരുന്നത. അയത്ര അല്ലാതെ അവിടെ ഇരിക്കുന്ന കുടികൾക്ക സങ്ക ടം വരത്തക്കവണ്ണം നാം ഒന്ന ചെയ്യിട്ടും ഇല്ല. നമ്മുടെ ശത്രുക്കൾ ആയിട്ടുള്ള ആളുകൾ കാരൊരൊവിധം പറഞ്ഞാലും അതിന്റെ വസ്തു ത തങ്ങൾ വിചാരിക്കുമ്പൊൾ പരമാൎത്ഥങ്ങൾ ഒക്കയും ബൊധി ക്കയും ചെയ്യും. ഇപ്പൊൾ അവിടെ ഇരിക്കുന്ന കുടികൾ നാം ആക്കിയിരിക്കുന്ന കാൎയ്യസ്ഥന്മാർ ആളെ അയച്ചാൽ വരികയും, ഉല്പത്തി വിരോധിച്ചാൽ, 'വിരോധം വലിഞ്ഞു' കൊയ്യുകയും, ഈ വക തുടങ്ങിയിരിക്കുന്നപ്രകാരവും നമ്മുടെ കാൎയ്യസ്ഥന്മാരുടെ പെ ക്ക എഴുതിവന്നിട്ടും ഉണ്ടു. ഈ കാൎയ്യത്തിന്നും കമ്മീശ്യനർ സായി പ്പുമാക്ക എഴുതികൊടുത്തയച്ചിട്ടും ഉണ്ടായിരുന്നു. ധമ്മൻസായിപ്പി ന്ന നാം എഴുതിയ കടദാസ്സു കൊണ്ടുകൊടുത്തു പറഞ്ഞാറെ, "നീതി പണം തരണ്ടാ" എന്ന കുടികളൊടു പറഞ്ഞിട്ടില്ലന്നും, "നിങ്ങൾ ചൊദിച്ചാൽ കിട്ടുന്നില്ലങ്കിൽ നിങ്ങൾ കുമ്പഞ്ഞിവഹക്കും ദ്രുപാ കൊടുക്കണ്ടാ എന്നും", ധമ്മൻസായിപ്പു പറഞ്ഞപ്രകാരത്തിന്ന എഴു തിവന്നിരിക്കുന്നു. ഇങ്ങനെ ഒക്കയും ആയാൽ മുട്ടായിട്ടുള്ളത എല്ലൊ

ആകുന്നു. ചെറവ്വാ മണപ്പുറം കുമ്പഞ്ഞിയിൽനിന്നും നമ്മെ ഏല്പിക്കുമ്പൊൾ ഇന്നിന്നപ്രകാരമെന്നവെച്ച ഏല്പിച്ച, അതുപ്രകാരം ഇന്നെവരെക്കും നടന്നുവന്നിരിക്കകൊണ്ടും, കുമ്പഞ്ഞിയിൽനിന്ന ഒരു പ്രകാരം പറഞ്ഞാൽ അതുപ്രകാരമല്ലാതെ നടക്കയില്ലെന്ന നമുക്ക നിശ്ചയം ഉണ്ടാകകൊണ്ടും, മണപ്പുറത്തെ കാൎയ്യത്തിന ഇന്നുവരെയും നമ്മെക്കൊണ്ട നടത്തിച്ചുവന്നതുപൊലെ, മെല്ലെട്ടും നടത്തിക്കണമെന്ന നാം തങ്ങളൊട്ട അപെക്ഷിക്കുന്നു.

നമുക്ക തരെണ്ടുന്ന മുതലുകൾക്കും, ഏട്ടുത്തുവരെണ്ടുന്ന പിരിവുകൾക്കും, ഓരൊരൊ തടവുകളായിട്ടും, ഇവിടെ ഇരിക്കുന്ന കുമ്പഞ്ഞി ഏജമാനൻമാരൊട്ട പറഞ്ഞാൽ, അതിന്റെ ഒന്നും നിദാനം വരുത്തിത്തരാതെ ഇരിക്കുന്നതുകൊണ്ടും, നമുക്ക ഏറിയ സങ്കടമായിട്ട വന്നിരിക്കുന്നു. നാം ബഹുമാനപ്പെട്ട കുമ്പഞ്ഞിയെ വിശ്വസിച്ച, കരാര ഏഴുതി പിടിച്ച നാൾമുതൽക്ക, നമ്മുടെ കാൎയ്യങ്ങൾ ബഹുമാനപ്പെട്ട ചെന്നപട്ടണത്തു സംസ്ഥാനത്തുനിന്നും വിചാരിച്ച നടത്തിച്ച വന്നിരുന്നത ആകകൊണ്ടും, ഇപ്പഴും ചെന്നപട്ടണത്തു സംസ്ഥാനത്തിൽനിന്നുംതന്നെ വിചാരിച്ചു നടത്തിക്കത്തക്കവണ്ണം ആയിവരികകൊണ്ടും, നമുക്ക വളരെ സന്തൊഷമാകയും ചെയ്യു. ഉടനെ നമ്മുടെ സങ്കടങ്ങൾ മുക്കാൽവാശിയും തീരുകയും ചെയ്യു. ഇനി കാൎയ്യങ്ങളുടെ പരമാൎത്ഥങ്ങൾ തങ്ങൾ ബൊധിപ്പിക്കുന്നെരം നമ്മുടെ സങ്കടങ്ങൾ ഒക്കെയും തീൎന്നു വെണ്ടുംപ്രകാരം ആയിവരുമെന്ന നമുക്ക നല്ല നിശ്ചയവും ഉണ്ടു. നമ്മുടെ കാൎയ്യങ്ങൾ ഒക്കെയും തങ്ങൾ വെണ്ടുംപ്രകാരം വിചാരിച്ച നടത്തിച്ചുകൊള്ളണമെന്നു നാം തങ്ങളൊട ഏത്രയും വളരെ അപെക്ഷിക്കുന്നു. ഈ കാൎയ്യങ്ങളുടെ ഒക്കെയും നിദാനംവരുത്തി ആയവസ്ഥക്കും, തങ്ങൾ ശരീരസൗഖ്യത്തൊടുംകൂടി സന്തൊഷമായിരിക്കുംപ്രകാരത്തിനും, വൎത്തമാനങ്ങൾക്കും ഏഴുതിവരുമാറാകയും വെണം. എന്നു 976 മകരം 27-ാം നു."

ശക്തൻതമ്പുരാനും ഇംഗ്ലീഷുകമ്പനിക്കാരും തമ്മിൽ അക്കാലത്തു തെക്കേകൊച്ചിയെസംബന്ധിച്ചേടത്തോളം ഉണ്ടായിരുന്ന പ്രധാനപ്പെട്ട അഞ്ചുവിവാദവിഷയങ്ങളേയും, ഈ ലേഖനം വിശദമായി വിമർശിക്കുന്നുണ്ട്. അതിൽ ഓരോന്നിനെക്കുറിച്ചും അനവധി എഴുത്തുകുത്തുകൾ നടന്നിട്ടുള്ളതായും പ്രത്യക്ഷപ്പെട്ടുകാണുന്നു. കൊച്ചിയിലുണ്ടായിരുന്ന ബ്രിട്ടീഷുദ്യോഗസ്ഥന്മാർ അലക്ഷ്യമായ അനാദരം പ്രദർശി

പ്പിച്ചുവന്നു. ഈ വിഷയങ്ങളിൽ 'ചേറവാ' പാട്ടത്തിനു് ഏല്പിച്ചതു മാത്രം കാലാവധിക്കശേഷം വിട്ടൊഴിഞ്ഞു. മററ സംഗതികളിലെല്ലാം ശക്തൻതമ്പുരാൻെറ അഭിപ്രായപ്രകാരംതന്നെ അവസാനതീർപ്പുകൾ ഉണ്ടാകുകയും ചെയ്തു. "അല്പാന്തിച്ചുങ്കത്തിൻെറ നെർപാതി" എന്ന നടപടി പുതിയ 'ഹാർബർതീററി'വരെ നിലനിന്നുംപോന്നു.

'ടിപ്പുവിൻെറ മലയാളം', ഉടമ്പടിപ്രകാരം 'ഇങ്കരീസ്സുകമ്പഞ്ഞിക്കു്' അധീനമായതിനുശേഷവും, ആ കമ്പഞ്ഞിയുമായി ശക്തൻതമ്പുരാൻതിരുമനസ്സുകൊണ്ടു് ഉടമ്പടിയിൽ ഏപ്പെട്ടതിനുമേലും, ഒരു മുപ്പതുകൊല്ലത്തേയ്ക്കു കമ്പഞ്ഞിക്കാരെ, അവർ അതിബലവാന്മാരും വലിയ അധികാരികളും ആണെങ്കിലും, കൊച്ചിയിലെ ശക്തൻതമ്പുരാൻ ദിവാനിശം സൈ്വരം കെടുത്തിക്കൊണ്ടിരുന്നതായി അക്കാലത്തെ എഴുത്തുകുത്തുകൾ സ്പഷ്ടമായി തെളിയിക്കുന്നുണ്ടു്. എഴുത്തുകുത്തുകൾക്കു് അതിസമർത്ഥനും, പാശ്ചാത്യന്മാരുടെ നയോപായങ്ങളേയും ഉപചാരാദികളേയും സൂക്ഷ്മത്തോളം ധരിച്ചിരുന്ന ഒരു പ്രഗത്ഭനുമായിരുന്നു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്. എഴുത്തിലെ വാക്കുകളിൽ കാണുന്ന വിനയവും താഴ്മയും, വാചകങ്ങളിൽ സ്ഫുടിക്കുന്ന ശക്തിയും കൂസലില്ലായ്മയും കമ്പഞ്ഞിക്കാരെ കണക്കിലധികം പരഭ്രമിപ്പിച്ചിട്ടുണ്ടായിരിക്കണം. ഒരു സംഗതിക്കു് എത്രതവണ എഴുതാമെന്നില്ല. കാര്യം നേടുന്നതുവരെ എഴുതുക തന്നെ എന്നായിരുന്നു അവിടുത്തെ നയം. തോരശ്ശും കൂസാതെ, അവിവേകത്തിനൊരുങ്ങാതെ, നിരന്തരമായി ആ മഹാനുഭാവൻ നടത്തിക്കൊണ്ടിരുന്ന എഴുത്തുകുത്തുകളുടെ ഗുണംകൊണ്ടും ബലംകൊണ്ടും മാത്രമാണു കൊച്ചിരാജ്യം ഒരു രാജാവിൻെറ രാജ്യമായി നിലനിന്നുപോന്നതു്. ആധുനികകൊച്ചിയുടെ സ്രഷ്ടാവു് ആ രാജകേസരിതന്നെയാണു്. നാലുപുറത്തുനിന്നും ദുർഭൂതങ്ങൾ പിച്ചിമാന്തി കൊച്ചിയുടെ രാഷ്ട്രശരീരത്തെ ദിനംപ്രതി അലങ്കോലപ്പെടുത്തിയും നശിപ്പിച്ചുംവന്നിരുന്ന ആ കാലത്തു് അദ്ദേഹത്തെപ്പോലെ ധീരനും നയജ്ഞനും ശക്തനും മന്ത്രവിചക്ഷണനും ആയ ഒരു തമ്പുരാനെ കൊച്ചിക്കു സിദ്ധിച്ചതാണു കൊച്ചിയുടെ മഹാഭാഗ്യങ്ങളിൽ ഒന്നു്. അല്ലെങ്കിൽ, 'ഭാഗ്യം മററന്നാളും മരണം നാളേയും' എന്നു പറയുന്നപോലെ, പിന്നീടുണ്ടായ ഭാഗ്യങ്ങൾ അനുഭവപ്പെടുന്നതിനു മുൻപു രാജ്യം നാമാവശേഷമാകുമായിരുന്നു.

ശക്തൻതമ്പുരാൻ തിരുമനസ്സിൽനിന്നു, താൻതന്നെയാണു തീട്ടരങ്ങൾ—തിരുവെഴുത്തുകൾ—എഴുതി അയച്ചിരുന്നതു്. എല്ലാ കത്തുകളും

അവിടേക്കു നേരിട്ടു തന്നെയാണു വന്നിരുന്നതും. അവിടത്തെ ചൊല്പടികളും അനുവാദത്തോടുകൂടിയുമല്ലാതെ അവിടത്തെ രാജ്യത്തു് അക്കാലത്തു പക്ഷികൾ പറന്നിരുന്നില്ല; വായു ചലിച്ചിരുന്നില്ല; അവിടത്തെ കത്തുകൾ വായിച്ചുകേൾക്കുമ്പോൾതന്നെ—അതിലെ വാചകങ്ങളുടെ അന്തശ്ശക്തിയും ആവേശജനകത്വവും ഭാഷാസ്വാധീനതയുമെല്ലാം-അവിടത്തെ സ്വരൂപം അപ്രകാരം മനസ്സിൽ ഉദിപ്പിക്കുന്നതാണു്. ആയിരക്കണക്കിനു് അപ്രകാരമുള്ള കത്തുകൾ അവിടുന്നു് എഴുതിച്ചിട്ടുണ്ടു്. ഒരു ഊഞ്ഞാൽക്കട്ടിലിൽ ചാരിയിരുന്നുകൊണ്ടും, ഉജ്ജ്വലങ്ങളായ കണ്ണുകളിൽ തീ പാറിച്ചുകൊണ്ടും, കൂടപ്പിറപ്പായ അരവാളിൽ കൈവെച്ചുകൊണ്ടും, വിദേശീയരെ വിദൂരത്താക്കുന്നതിനു വേണ്ടുന്ന സൈന്യബലമോ സാഹചര്യങ്ങളോ ഇല്ലാത്തതിലുള്ള ഇച്ഛാഭംഗത്തെ ഉള്ളിൽ ഒതുങ്ങാതെ ഇടയ്ക്കിടയ്ക്കു ദീർഘനിശ്വാസങ്ങളായി പുറത്തേക്കു വിട്ടുകൊണ്ടും, ആ ഗംഭീരപുരുഷൻ കാര്യക്കാരന്മാർക്കു തിരുവെഴുത്തു വാചകം പറഞ്ഞുകൊടുക്കുന്ന കാഴ്ച ആരുടെയും മാനസദൃഷ്ടികൾക്കു്, ആ എഴുത്തുകൾ വായിക്കുമ്പോൾ, ഗോചരീഭവിക്കാതിരിക്കുകയില്ല.

XXII

ആംഗ്ലേയപ്രശസ്തി.

മിസ്റ്റർ പൗണിയുമായുണ്ടായ 965-ലെ കരാറിനുശേഷം ആ കരാറിനെപ്പറ്റി പല പല ആക്ഷേപങ്ങളും, സകാരണമാവട്ടെ അകാരണമാവട്ടെ, പുറപ്പെട്ടതുകൊണ്ടും, സായ്പുമാർക്കു പൊതുവിൽ തന്നിമിത്തം ഏറെക്കുറെ തമ്പുരാന്റെ നേരേ നീരസവും അവിശ്വാസവും വന്നുചേർന്നതുകൊണ്ടും, അവിടുന്നു് അധികാരികളായ സായ്പുമാരെ നേരിട്ടു കണ്ടു സംസാരിക്കുന്നതിനുതന്നെ മടിച്ചിരുന്നു. കടലാസ്സുകൊണ്ടു കാര്യങ്ങൾ പറയുവാനല്ലാതെ, തമ്മിൽകണ്ടു സംസാരിക്കുന്നതിനു് അവിടുന്നു് അത്ര ഇഷ്ടപ്പെട്ടിരുന്നില്ല! ഗത്യന്തരമില്ലെന്നുവരുമ്പോഴും, അഭിമുഖസംഭാഷണംകൊണ്ടു മാത്രമേ തന്റെ ഇംഗിതങ്ങൾ ഫലപ്രദമാകയുള്ളു എന്നു ബോധ്യപ്പെടുന്ന അവസരങ്ങളിലുമല്ലാതെ അവിടുന്നു "കൂടിക്കാഴ്ച"കൾക്കു വഴിപ്പെട്ടിരുന്നില്ലാ. എന്നാൽ എഴുത്തുകുത്തുകളിൽ ഒട്ടും കുറസ്കാരമില്ല. എന്നല്ലാ, ആ വിഷയത്തിൽ അവിടുന്നു്, അന്നത്തെ സ്ഥിതിഗതികൾ നോക്കുമ്പോൾ

വിശേഷിച്ചും, അസാമാന്യമായ ഒരു വൈദഗ്ദ്ധ്യവും പ്രത്യക്ഷപ്പെടുത്തി. ഭംഗിക്കു ഭംഗി, വിനയത്തിനു വിനയം, കാര്യത്തിനു കാര്യം, വാശിക്കു വാശി, ധീരതയ്ക്കു ധീരത, ഇങ്ങനെ അവിടുന്ന് എഴുത്തുകുത്തുകളിൽ പ്രദർശിപ്പിച്ചുകാണുന്ന സാമർത്ഥ്യം സീമാതീതമാകുന്നു.

താനുമായി വളരെ വഴക്കിട്ടിട്ടുള്ള ഒരു കമ്പനിയുദ്യോഗസ്ഥനായിരുന്നാലും വേണ്ടില്ല, 'ലോകതസ്കും പാകതസ്കും' അനുസരിച്ചുള്ള ഉപചാരവാക്കുകളും അഭിനന്ദനപ്രകടനങ്ങളും മററും അവിടുന്ന് ആയാളോടും പ്രയോഗിക്കുന്നതു കണ്ട്, ആ വകുപ്പിൽ പ്രഗത്ഭന്മാരായിരുന്ന സായ്പന്മാർതന്നെയും, ഗുരുവിനെ തോല്പിച്ച ശിഷ്യൻ എന്ന നിലയിൽ, അത്ഭുതപ്പെട്ടിട്ടുണ്ടായിരിക്കണം. കൊച്ചിയിൽ ഉണ്ടായിരുന്ന മിസ്റ്റർ ധമ്മൻസായ്പിനു ശക്തൻതമ്പുരാനോട് ഇന്നവിധത്തിലുള്ള നീരസമേ ഉണ്ടായിരുന്നുള്ളു എന്നതിനു കണക്കില്ല. അദ്ദേഹത്തിനെക്കുറിച്ച് 'ആക്ഷേപിച്ച്' അവിടുന്നു മതിരാശി ഗവർണ്ണർക്കുതന്നെ നേരിട്ട് എഴുതുകയും ചെയ്തിട്ടുണ്ട്. എന്നിരിക്കിലും ആ ധമ്മൻസായ്പിനു സ്ഥലംമാററം വന്നപ്പോൾ, എത്ര വലിയ ഒരു സ്നേഹിതനെപ്പോലെയാണു തമ്പുരാൻ ആ സായ്പിന് എഴുതീട്ടുള്ളതെന്നു നോക്കുക.

"...നമ്മുടെ കാര്യങ്ങൾ കീഴ നടന്നുവന്നിരുന്നപൊലെ കക്കയും തങ്ങൾക്കു വഴിപൊലെ ധാരണ ഉള്ളതുകൊണ്ടു എല്ലാം തങ്ങൾ പ്ലവർസായ്പു അവരുകളൊടു (ധമ്മനു ശേഷം കൊച്ചിക്കു വന്ന ആൾ) പറഞ്ഞു നിദാനം വരുത്തുകയുംവെണം. തങ്ങൾ കൊച്ചിയിൽനിന്നു മാറിപൊകുന്നു എന്നു കെൾക്കുകകൊണ്ടു നമുക്കു വളരെ ദുഃഖം തൊന്നുകയുംചെയ്തു. തങ്ങൾ എവിടെ ഇരിക്കുന്നു എങ്കിലും തങ്ങളും നാമുമായുള്ള അന്യൊന്യവിശ്വാസത്തിന്നു, തങ്ങളുടെ സുഖസന്തൊഷത്തിന്നു, മാസത്തിൽ ഒരു കടദാസ്സെങ്കിലും നമുക്കു എഴുതികൊടുത്തയക്കണമെന്നു നാം തങ്ങളൊടു എത്രയും വളരെ അപെക്ഷിക്കുന്നു. തങ്ങൾക്കു ഇനിയും വലുതായുള്ള ഉദ്യൊഗം വരണമെന്ന നാം ഈശ്വരനെ പ്രാത്ഥിച്ചുകൊണ്ടിരിക്കുന്നു".

മിസ്റ്റർ ധമ്മൻ സായ്പിൻെറ സ്ഥാനത്തേക്കു കൊച്ചിയിൽ വന്നുചേന്ന മിസ്റ്റർ പ്ലവർസായ്പിന്, "ആട്ട്സൻസായ്പും മററും എറണാകുളത്തെക്കു വന്നപ്പൊൾ തങ്ങൾക്കൂടെ വരായ്കകൊണ്ടു നമുക്കു വളരെ ദുഃഖം തൊന്നുകയും ചെയ്തു. ഇനി തങ്ങളും നാമുമായി കണ്ടു പറഞ്ഞല്ലാതെ

"നമുക്ക അ ദുഃഖം തീരുകയും ഇല്ല. അതുകൊണ്ട് തങ്ങളും നാമും കൂടി അന്യോന്യം കണ്ടുപറയുന്നതിന്ന് എപ്പൊൾ സംഗതിവരുമെന്നും തങ്ങൾ ശരീരസൗഖ്യത്തോടെ സന്തോഷമായിരിക്കുന്ന അവസ്ഥക്കും എഴുതിവരികയും വേണം", എന്നു തമ്പുരാൻ എഴുതി അയച്ചു എങ്കിലും സായ്പിന്റെ സമയവും തമ്പുരാന്റെ സൗകര്യവും ഒത്തുചേരാഞ്ഞതു കൊണ്ടു°, "അ ദുഃഖം തീരുകയും ഉണ്ടായില്ല" എന്നാണ തോന്നുന്നതു°.

റസിഡണ്ടായിരുന്ന മക്കോളെ സായ്പിനെപ്പോഴും—അതും അവിടുത്തെ വാഴ്ചക്കാലത്തിന്റെ അന്ത്യഘട്ടത്തിൽ – കാണാതെയും, എന്നാൽ ആദരക്കുറവു തോന്നാതെയും കഴിക്കുന്നതിന്ന ശ്രമപ്പെട്ടതായി തോന്നുന്നുണ്ടു°. മിസ്റ്റർ ധർമ്മൻ മുഖാന്തിരം കുന്നൽ മക്കോളെ ശക്തൻതമ്പുരാനുമായി ഒരു കൂടിക്കാഴ്ചക്കു° എഴുതി അയച്ചു: അതിനുള്ള മറുപടി ഇങ്ങനെയാകുന്നു:— "978 കൎക്കടകം 18–ാംനു തങ്ങൾ കൊടുത്തയച്ച കടദാസ്സും രാജശ്രീ റസിദാന്തി മക്കൊള സായ്പു അവരുകളുടെ കടദാസ്സയച്ചതും എത്തി വായിച്ചുകെട്ടു അവസ്ഥയും ധരിച്ചു. റസിദാന്തി സായ്പു അവരുകൾ കൊച്ചിക്കു സമീപസ്ഥലത്തു വരുമെന്നും നാമായിട്ടുകണ്ടു പറയെണ്ടു അവസ്ഥകൊണ്ടും അടുത്ത നമുക്കു എഴുതിവന്ന കടദാസ്സിൽ ആകുന്നതു. നമ്മുടെ ചിററമ്മയുടെ തിരുമാസം ചിങ്ങമാസത്തിൽ ആകകൊണ്ടും തിരുമാസം കഴിഞ്ഞാൽ ഉടനെ നാം കൊച്ചിക്കു എത്തുകയും ചെയ്യും. അതിനുമുമ്പു സായ്പു അവരുകൾ വരിക എങ്കിൽ, വന്നു കണ്ടു പറയത്തക്കവണ്ണം, നമ്മുടെ കാൎയ്യസ്ഥന്മാരെ അങ്ങൊട്ടു അയക്കാമെന്നും, മക്കൊളസായ്പു അവരുകളുടെ പെക്കു മറുപടി കടദാസ്സു എഴുതി അങ്ങൊട്ടു അയക്കുന്നു...." ഇതിനുള്ള മറുപടി മക്കോളിസായ്പു രാജാവിനു നേരിട്ടുതന്നെ അയച്ചു. അതിപ്രകാരമായിരുന്നു. "മെജർ മക്കൊളസായ്പു രാജശ്രീ കൊച്ചിരാജാവു അവർകൾക്കു സലാം. നാം രാജാവു അവരുകളെ കാണ്മെണ്ടതിനു ഏറിയ സന്തൊഷത്തൊടു കൂടി അപെക്ഷിക്കുന്നു. ആയതു താമസിയാതെ കാണുകയും ചെയ്യുമല്ലൊ." അതിനു തമ്പുരാൻ ഇങ്ങനെയാണ മറുപടി കൊടുത്തതു°. 'കൊടുത്തയച്ച കടദാസ്സു വായിച്ചുകെട്ടു അവസ്ഥയും ധരിച്ചു. നമുക്കു എത്രയും വളരെ സന്തൊഷമാകയും ചെയ്തു. ഒരു നാഴിക മുമ്പിലെങ്കിലും തങ്ങളുമായി കണ്ടുപറയാനുള്ള സംഗതി വരണമെന്നത്രെ നമ്മുടെ ആഗ്രഹം ആകുന്നതു. എന്നാൽ നമ്മുടെ ചിററമ്മയുടെ തിരുമാസം ചിങ്ങമാസത്തിൽ ആകകൊണ്ടു അതു കഴിഞ്ഞ ഉടനെ കൊച്ചിക്കു എത്തുകയും ചെയ്യും."

അതു പോരാ, അത്രയും താമസിക്കാൻ തരമില്ല, ഉടനേതന്നേ കാണണം, എന്നു നിർബ്ബന്ധമായി സായ്പു വീണ്ടും അപേക്ഷിച്ചു. അതിനു് ഇപ്രകാരം മറുപടി അയച്ചതല്ലാതെ കൊച്ചിക്കു ചെന്നില്ല. "തങ്ങൾ ബോധിപ്പാൻ എഴുതിക്കൊടുത്തയച്ച കടദാസ്സു ഇതിനുമുമ്പു അവിടെ എത്തി വസ്തുത ധരിച്ചിരിക്കുമല്ലോ. ചിററമ്മയുടെ തിരുമാസം കഴിയാതെ കൊച്ചിക്കു എത്തുവാൻ നിവ്വാഹവും ഇല്ല. ഇപ്പൊൾ തങ്ങൾ കൊച്ചിയിൽ എത്തിയിരിക്കകൊണ്ടു തങ്ങളായിട്ടു കണ്ടുപറയുന്നതിനു നാം നമ്മുടെ പാലിയത്തുമെനൊനെ അങ്ങൊട്ടു കല്പിച്ചയക്കുന്നു..."

ഈ പാലിയത്തുമേനോനാണു മക്കോളയുടെ വലിയ വിശ്വസ്തനായിരുന്നതു്. അദ്ദേഹത്തെക്കുറിച്ചാണു സായ്പു പല ശിപാശികളും തമ്പുരാന്റെ അടുക്കൽ ചെയ്യുന്നതും. മക്കോളെസായ്പിനെ കാണാൻ ആ അവസരത്തിൽ പാലിയത്തുമേനോനെത്തന്നെ അയച്ചതും അത്ഥഗഭ്മാകുന്നു. മക്കോളെസായ്പു പലപ്പൊഴും തൃപ്പൂണിത്തുറയ്ക്കു വരാൻ ശ്രമിച്ചിട്ടുണ്ടെന്നും ശക്തൻതമ്പുരാന്റെ കാലത്തു് അതു സാധിച്ചിട്ടില്ലെന്നും, പിൻകാലങ്ങളിൽ മുന്നറിവുകൊടുക്കാതെകണ്ടുംകൂടി ചെല്ലാറുണ്ടെന്നും ആണു പറയപ്പെടുന്നതു്.

ശക്തൻതമ്പുരാനും 'ഇങ്കരിയസ്സുകമ്പഞ്ഞി'ക്കാരും തമ്മിലുണ്ടായിരുന്ന ബന്ധം ഇതിലെ പലപ്രകരണങ്ങളിൽനിന്നും വായനക്കാർ ധരിച്ചിരിക്കുമല്ലോ. ആകപ്പാടെ ഇംഗ്ലീഷുകാരോടു വലിയ ഒരു പ്രതികൂലക്കാരനായിരുന്നു അവിടുന്നു് എന്നായിരിക്കും പലക്കും തോന്നിയിട്ടുണ്ടായിരിക്കുക. എന്നാൽ അവിടുത്തെ സുപ്രസിദ്ധങ്ങളായ അന്ത്യശാസനങ്ങളിൽ ഒന്നു് 'ഇങ്കരിയസ്സുകമ്പഞ്ഞിയുമായി പിണങ്ങിപ്പോകരുതു്' എന്നായിരുന്നു. ഇതു രണ്ടുംകൂടി എങ്ങനെയാണു യോജിക്കുക, എന്നു ന്യായമായ ഒരു സംശയം ഉളവാകാവുന്നതാണു്. അതിനുള്ള സമാധാനം, യഥാത്ഥത്തിൽ തമ്പുരാനു കമ്പനിക്കാരെ ആന്തരമായി വളരെ ബഹുമാനമുണ്ടായിരുന്നതും അവരുടെ ഭാസുരമായ ഭാവിയെക്കുറിച്ചു് അവിടേയ്ക്കു തീച്ചയുണ്ടായിരുന്നതും ആകുന്നു. കാര്യ്യവശാൽ, കാര്യ്യജ്ഞന്മാരായിരുന്ന കമ്പഞ്ഞി എജമാനന്മാരോടു തമ്പുരാൻ കാര്യ്യത്തോളം കലഹിച്ചിരുന്നു എന്നല്ലാതെ അവിടേയ്ക്കു് അവരെക്കുറിച്ചു് അശേഷവും അവജ്ഞയോ അനാദരമോ ഉണ്ടായിരുന്നില്ല. എന്നുതന്നെയല്ലാ, അവരുടെ സ്വഭാവാദികളിൽ പലതും തമ്പുരാനെ അതിയായി ആകഷിക്കുകയും ചെയ്തിരുന്നു.

ഇംഗ്ലീഷുകമ്പനിക്കാരുമായി വേണ്ടിവന്ന എല്ലാ കാൎയ്യാലോചനകളിലും രാജപ്രതിനിധിയായി പ്രവൎത്തിച്ചിരുന്ന കാരക്കാട്ടു രാമുമേനോനും—അദ്ദേഹം ഒടുവിൽ വലിയസൎവ്വാധിയായി—ശക്തൻതമ്പുരാനുംതമ്മിൽ 'കമ്പഞ്ഞിക്കാൎയ്യം'കൊണ്ടു തൃപ്പൂണിത്തുറെ കളിക്കോട്ടയിൽവെച്ചു വളരെ ദീൎഘിച്ച ഒരു കൂടിയാലോചന നടന്നു. ആ അവസരത്തിൽ കമ്പനിക്കാരെക്കുറിച്ചുള്ള തമ്പുരാന്റെ ആന്തരാഭിപ്രായം പ്രത്യക്ഷപ്പെടുകയും, രാമുമേനോൻ അതിനെ, അദ്ദേഹത്തിന്റെ അടുത്ത പരിചയത്തിന്റേയും അനുഭവത്തിന്റേയും ഫലമായി, സമ്മതിക്കുകയും ചെയ്തു.

ശക്തൻതമ്പുരാൻ:— ഇങ്കരിയസ്സുകമ്പഞ്ഞിക്കാരുടെ കാൎയ്യങ്ങളെല്ലാം ഒരുവിധം ശരിയായി, ഇല്ലേ രാമ?

രാമുമേനോൻ:— റാൻ. മലയാളത്തിലൊക്കെ സമാധാനമായി. ഇപ്പോൾ എല്ലാം ശാന്തമായി. ഭരണകാൎയ്യങ്ങളും മുറയ്ക്കു തുടങ്ങീട്ടുണ്ടു്.

ശക്തൻ:—എന്താ, ഈ കമ്പഞ്ഞിക്കാരെക്കുറിച്ചു രാമനു തോന്നുന്നതു്?

രാമൻ: തരക്കേടില്ലെന്നാ അടിയന്റെ പഴമനസ്സിൽ തോന്നുന്നതു് പക്ഷെ വളരെ ശുണ്ഠിക്കാരാണു്. ബുദ്ധിമാന്മാരുമാണു്.

ശക്തൻ: ശുണ്ഠി ഒന്നും സാരമില്ല. ബുദ്ധി ഒക്കെ പലൎക്കുമുണ്ടാവും. മനസ്സാണു നന്നായിരിക്കേണ്ടതു്.

രാമൻ: റാൻ. സായ്പുമാൎക്കു് അഭിമാനമൊട്ടുമില്ല. ഇന്നാളൊരിക്കൽ ഉലുക്സൻ സായ്പും റീക്കാർഡു് സായ്പുംകൂടി പുഴയിൽ ചൂണ്ടലിടാൻപോയി. വലിയ രണ്ടുമൂന്നുമത്സ്യത്തെ പിടിച്ചു. അവരു തന്നെ അതു കെട്ടിപ്പൊതിഞ്ഞു് എടുത്തു കൊണ്ടുപോയി. പിന്നെ ഒരിക്കൽ വേറെ രണ്ടാളുകൂടി നായാടാൻപോയി. ഒരുപാടു മൃഗങ്ങളെയും പക്ഷികളെയും വെടിവെച്ചു കൊണ്ടുവന്നു. അവരു് എന്തിനെയും തിന്നേം ചെയ്യും. ഒരു ദിവസം അടിയനു കണ്ടിട്ടു ഛൎദ്ദിക്കാൻ വന്നു.

ശക്തൻ: തീററയുടെ കാൎയ്യമൊക്കെ ഒന്നേ ഉള്ളു. ശീലിച്ചതു പാലിക്കും. പഞ്ചാരപ്പായസം കഴിച്ചാൽ ഛൎദ്ദിക്കുന്ന നമ്പൂരാരെ രാമൻ കണ്ടിട്ടില്ലെ?

രാമൻ: റാൻ., കല്പിച്ചരുളിച്ചെയ്യതു ശരിയാണു്. എന്നാൽ ഈ സായ്പുമാരുടെ കാൎയ്യത്തിൽ ഒന്നുണ്ടു്. അതാണടിയനു് അത്ഭുതം. അവരു ചൂണ്ടലിടാൻപോയാലും വേണ്ടില്ല, നായാടാൻ പോയാലും വേ

ണ്ടില്ല, എന്തായാലും വേണ്ടില്ല, കച്ചേരിക്കു വരലും കടദാസ്സു നോക്കലും, ഉത്തരം എഴുതിക്കലും, ഒക്കെ ബഹുകണിശമാണ്. കാൎയ്യത്തിന്മേൽ കൊണ്ട കളിയില്ലാ, ഒട്ടോണ്ട.

ശക്തൻ: അതു ശരിയാണ്. നമുക്കതി ക്ഷ ബോധിച്ചിട്ടുണ്ട്. അങ്ങനെ നാം മററാരേം കണ്ടിട്ടില്ല.

രാമൻ: പിന്നെ ഒന്നുണ്ട, തിരുമനസ്സീന്നു. അവൎക്കു നേരുപോലെ ചെയ്യാൻ നല്ല മോഹോം ഉണ്ട്.

ശക്തൻ: അതാണ് അവരുടെ മറെറാരു ഗുണം. ആകപ്പാടെയുള്ള മൎയ്യാദ ബഹുകേമമാണ്. ഒരു മനസ്സാക്ഷീള്ള കൂട്ടരാണെന്ന ക്ഷ തോന്നീട്ടുണ്ട്.

രാമൻ: പാവങ്ങൾ എത്ര പാടുപെട്ടു. നമ്മുടെ ആളുകൾക്കു തക്കോം വ്യാകരണോം ഒക്കെ എതിനുമുണ്ട്. കശുമ്പു കയ്യീന്നു പോയതേ ഉള്ളു. എഷണിക്കു ബഹു വാസനേം.

ശക്തൻ: അല്ലെങ്കിലിപ്പോൾ ഇവിടെ ഈ കുമ്പഞ്ഞിക്കാരുതന്നെ വരുമൊ? അതു പോട്ടെ. എത്ര ബുദ്ധിമുട്ടിയാലും നേരന്വേഷിച്ചറിഞ്ഞു് അതുപോലെ ചെയ്യണമെന്നുണ്ട്. ധൎമ്മിഷ്ഠന്മാരാണവര് അല്ലെ?

രാമൻ: റാൻ. മലയായ്മ അറിയില്ല. മലയാള ആചാരം അറിയില്ല നാടു കണ്ടിട്ടില്ല. നാലു പുറോം വാദക്കാരും. എന്നിട്ടും അവരൊക്കെ കല്പിച്ചില്ലെ?

ശക്തൻ: കല്പിക്കല്ലൊ രാമാ. അവരുടെ നിലേന്നു നോക്കിയാൽ അവരുടെ തീൎപ്പുകളൊക്കെ ശരിയാ. നമുക്കു് അവരെ വളരെ ബഹുമാനമായിപ്പോയി. കവളപ്പാറക്കാൎയ്യത്തിലും, ചേററുവാ മണപ്പുറത്തിന്റെ വിവാദത്തിലും എന്തിനാ, കൊടുങ്ങല്ലൂർ തക്കത്തിലുംകൂടി, അവർ നിന്നനില കണ്ടിരല്ലെ? നാം അതിശയിച്ചുപോയി.

രാമൻ: ശരിയാണൊടൊണ്ടു്. ആശ്രിതവാത്സല്യോം ഉണ്ടു്. പിന്നെ ഒന്നുണ്ടു്. ഇങ്ങോട്ടു ശുണ്ഠി എടുത്താൽ അങ്ങോട്ടു ശുണ്ഠി എടുക്കാം. അതോണ്ടൊന്നും മുഷിയേം മററുല്ല.

ശക്തൻ: രാമനെന്തു തൊന്നുന്നു? അവരൊരു കളി കളിക്കും ഇല്ലെ?

രാമൻ: ഈ കുമ്പഞ്ഞി ശ്രമ്മാ ശ്രമ്മാ പോണ കുമ്പഞ്ഞീന്നാണെന്നു അടിയനു പക്ഷോല്ല. ഇനി ഒരു പരന്തരീസൻ കുമ്പഞ്ഞിയും ഉണ്ടത്രെ എത്തിച്ചു നോക്കിനില്ക്കുന്നു. അതെന്തു ഭൂതാണാവോ?

ശക്തൻ: ഛൈ. അതൊന്നും ഗുണാവില്ല. രാജാവിനെ കഴുമ്മലിട്ട

രാജ്യത്തിനുണ്ടോ കുറ്റം പിടിക്കുന്നു. ഇവിടെ ചിലരു വന്നു നമ്മെ പരിഭ്രമിപ്പിക്കാൻ നോക്കി. നമുക്കു് ആകപ്പാടെ അവരുടെ കഥ തീരെ പിടിച്ചില്ല.

രാമൻ: തിരുമനസ്സിലെപ്പററി ഇങ്കരിയസ്സന്മാൎക്കൊക്കെ ഒരു വിശ്വാസക്കേടു്. അതടിയന്നു നല്ലോണം അറിയാം. അടിയൻ തിരുമനസ്സുറിച്ചിട്ടുമുണ്ടല്ലൊ.

ശക്തൻ: അതൊന്നും സാരോല്യാ രാമ. മുഴുവനും അവരുടെ കുറേറാം അല്ല. ഒന്നിനൊന്നായിട്ടു പറഞ്ഞുകൊടുക്കാൻ നമ്മുടെ ശത്രുക്കളുമുണ്ടു്. പിന്നെ നാമൊന്നും അങ്ങനെ അപ്പടി വിട്ടുകൊടുത്തിട്ടുമില്ല. കാണാനും കെഞ്ചാനും നാം പോകാവം ഇല്ല. കടദാസ്സുകൊണ്ടു നാം താനുപോയീട്ടുമില്ല. കടന്നു ചാടീട്ടുമില്ല. അതു രാമനറിഞ്ഞൂടെ.

രാമൻ: റാൻ. അതു് അവരു വിടകൊള്ളുന്നതും, അടിയൻ കേട്ടിട്ടുണ്ടു്. കൊച്ചിരാജാവു് ഒരു പഥയൻ എന്നാ അവരു വിടകൊള്ളാറു്. തിരുമനസ്സിലെ തീട്ടൂരം വന്നാൽ അവരൊക്കെ ഒന്നിച്ചിരുന്നിട്ടാ നോക്കാറം. പൗണിസായിപ്പിനെ പററിച്ചൂന്നും ഇഷ്ടിമാൻസായിപ്പിനെ വശീകരിച്ചൂന്നും ആണു് അവൎക്കു വലിയ ആക്ഷേപം.

ശക്തൻ: പററിച്ചാലും വശീകരിച്ചാലും അതൊക്കെ കഴിഞ്ഞില്ലെ. ഇപ്പോക്കെ ഒരു നിലയിൽ ആവേം ചെയ്തില്ലേ. ഇനി പെണങ്ങേം വേണ്ടാ എണങ്ങേം വേണ്ട. കാൎയ്യത്തോളം ഒക്കെ വെണേനം.

രാമൻ: ആ വലിയ കപ്പിത്താന്റെ പുറപ്പാടാ ബഹുരസമായതു്. അടിയൻ ആദ്യമൊക്കെ പരിഭ്രമിച്ചു.

ശക്തൻ: ആ കുഴീലു വീഴ്ത്താന്നാ അവരു വിചാരിച്ചതു്. ആ കടവും കടന്നു. കാലസ്ഥിതിക്കു് ഇനി വലുതാവാൻ വഴിയൊന്നുമില്ല. ഉള്ളതൊക്കെ ഉറപ്പിക്ക. അകത്തുതന്നെ വേണ്ട പണീണ്ടു്.

രാമൻ: ഇപ്പൊ അടിയനോടും അവൎക്കു് അപ്രീതി ഒന്നുമില്ല.

ശക്തൻ: അവരെ നാം കട്ടും മുഷിപ്പിക്കരുതു്. അവർ പക്ഷഭേദമില്ലാത്തവരാണു്. മൎയ്യാദയുള്ളവരാണു്. ഈശ്വരാധീനവും അവൎക്കുണ്ടു്. ആ പറങ്കിയെക്കാളും ലന്തയെക്കാളും ഒക്കെ വളരെ നന്നു് ഇങ്കരിയസ്സു്. അവരിൽനിന്നു നമുക്കു വളരെ പഠിക്കാനും ഉണ്ടു്. അവരെന്തു ചെയ്യാനിച്ചാലും ന്യായം ചെയ്യു എന്നു വരണമെന്നു നന്നെ ഉണ്ടു്. അതാ വലിയ മെച്ചം. അതുകൊണ്ടു രാമൻ ഇനി ഒരു കാൎയ്യം ദൃഷ്ടിവെക്കണം. അവരായിട്ടു അലോക്യം ഒന്നും ഉണ്ടാക്കരുതു്. പിന്നെ ഒക്കെ നാം നേക്കിക്കൊള്ളാം.

രാമൻ: റാൻ. അടിയൻെറയും പക്ഷം അതാണ്; തിരുവുള്ളമറിയാതെ തിരുമനസ്സറിക്കാൻ മടിച്ചു നില്ക്കായിരുന്നു.

ശക്തൻ: നാമതൊക്കെ കാലേ ധരിച്ചിട്ടുണ്ട്. ഇനി കൈക്കുമുറയ്ക്ക് നടക്കട്ടെ. രാമനെ നാം നമ്മുടെ വലിയസർവ്വാധിയാക്കി ഉടവാളും കല്പിച്ചുതന്നിരിക്കുന്നു.

രാമൻ: എല്ലാം തിരുവുള്ളവും തൃപ്പൂണിത്തുറെത്തേവരുടെ അനുഗ്രഹവും.

കാരശ്ശാട്ടു രാമുമേനോനെ വലിയസർവ്വാധിയായി നിശ്ചയിച്ച അന്നാണ മേല്പറഞ്ഞ സംഭാഷണം നടന്നതു്. ആ സംഭാഷണത്തിൽ നിന്നു ശക്തൻതമ്പുരാനു യഥാർത്ഥത്തിൽ ഇംഗ്ലീഷുകമ്പനിക്കാരോടു വളരെ ബഹുമാനാദരങ്ങളാണുണ്ടായിരുന്നതെന്നും അകന്നുനിന്നു കാര്യം പറയുന്നതാണ് അന്നത്തെ സ്ഥിതിക്കു നന്നായിരിക്കുക എന്നു ധരിച്ചു മാത്രം അധികം അടുക്കാതെയും എണങ്ങാതെയും നിന്നതാണെന്നും സ്പഷ്ടമാകുന്നുണ്ട്. അതുതന്നെയായിരുന്നു അവിടേയ്ക്കു സ്ഥായിയായുണ്ടായിരുന്ന മനോഭാവമെന്നും, അതുകൊണ്ടുതന്നെയാണു് അവിടുത്തെ മരണശാസനങ്ങളിൽ ഒന്നായി, 'ഇങ്കിരിയസ്സുകമ്പഞ്ഞിക്കാരോടു പിണങ്ങരുതു്' എന്ന ഉപദേശത്തെ ഉൾപ്പെടുത്തിയതെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

XXIII

കോഴിക്കോട്.

ഫ

കലാപകാലം.

കൊച്ചിയും കോഴിക്കോടും ഐതിഹ്യപ്രകാരം മരുമക്കളും മക്കളുമാണു്. ആ മത്സരം അന്നേ തുടങ്ങിയതും അടുത്തകാലംവരെ നിലനിന്നതുമാകുന്നു. പെരുമ്പടപ്പിനെ വന്നേരി ചിത്രകൂടത്തിൽനിന്നു് ഓടിച്ചു എന്നുമാത്രമല്ലാ, ആ സ്ഥാനം ആ സ്വരൂപത്തിലേയ്ക്കു് ഒരിക്കലും സിദ്ധിക്കാതിരിക്കുന്നതിനുവേണ്ടി, "തന്റെ കണ്ണുരണ്ടും പോയാലും അവന്റെ ഒന്നെങ്കിലും കളയണം" എന്ന മനസ്ഥിതിയോടുകൂടി, അവസാനംവരെ പ്രയത്നിക്കയും ചെയ്തു. ടിപ്പുസുൽത്താൻകൂടി

വന്നേരിനാട്ട പെരുമ്പടപ്പിന്ന മടക്കിക്കൊടുക്കുവാൻ വിമുഖനായിരുന്നില്ല. സാമൂതിരിയുടെ തടസ്സനയങ്ങളും സിദ്ധാന്തങ്ങളും നിമിത്തമാണ് ഇംഗ്ലീഷുകാക്കും അതിന്ന സാധിക്കാതെപോയതു്. 'പെരുമാളുടെ കിരീടം' പെരുമ്പടപ്പിലേയ്ക്കു സിദ്ധിച്ചിരുന്നതു ചിത്രകൂടത്തിൽ പൂക്കൈതെയ്ക്കൽവെച്ചുള്ള പട്ടാഭിഷേകാവസരത്തിലാണ് അവർ ധരിക്കുക പതിവ്. കൊച്ചിയെ ഇങ്ങനെ തുടരെത്തുടരെ, ഒരു കല്പ്പക കൊണ്ടെന്നപോലെ, ഉപദ്രവിച്ചിട്ടുള്ള ഒരു ശക്തി വേറെ ഇല്ലെന്നു ചരിത്രം വിളിച്ചുപറയുന്നു. ഒരുകാലത്തു കൊച്ചിരാജ്യത്തെ അങ്ങനെതന്നെ സാമൂതിരി വിഴുങ്ങുകകൂടി ഉണ്ടായി. വേറെ പല അദ്ധ്യായങ്ങളിലും സന്ദർഭവശാൽ സാമൂതിരിവൈരത്തിന്റെ വർണ്ണനകൾ ചേർന്നുപോയിട്ടുള്ളതുകൊണ്ടു് ഇവിടെ ആവക ചരിത്രങ്ങളൊന്നും വിസ്തരിക്കുന്നില്ല. ശക്തൻതമ്പുരാന്റെ കാലത്തു കൊച്ചിയും കോഴിക്കോടുംതമ്മിൽ നേരിടേണ്ടിവന്ന ഘട്ടങ്ങളേയും സംഗതികളേയും വിവരിക്കുവാനേ ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ.

അയൽവക്കക്കാരെ ആക്രമിക്കുന്നതിനുണ്ടായ അമിതമായ ആഗ്രഹംതന്നെയാകുന്നു സാമൂതിരിയുടെ അധഃപതനത്തിന്ന പ്രധാനകാരണമായിത്തീർന്നതു്. കേറിക്കേറി പാലക്കാട്ടുരാജാവിനെ സാമൂതിരി പിടികൂടിയപ്പോൾ അദ്ദേഹം ഹൈദരാലിഖാന്റെ സഹായം അഭ്യർത്ഥിച്ചു. കേരളത്തിലേയ്ക്കു കണ്ണോടിച്ചുകൊണ്ടിരുന്ന പ്രതാപിയായ നവാബു, പാലക്കാട്ടിന്റെ സഹായിയായി കോഴിക്കോട്ടുരാജ്യത്തു പ്രവേശിച്ചു. 1760-61-ൽ നവാബിന്റെ പട സാമൂതിരിയെ പാലക്കാട്ടുനിന്നോടിച്ചു. അപ്പോൾ ഒരു സന്ധിസംസാരം ഉണ്ടായി എന്നും, ഒരു നിശ്ചിതതുക കപ്പം കൊടുക്കുന്നതിന്ന സാമൂതിരി സമ്മതിച്ചു എന്നും പറയപ്പെടുന്നു. ഏതായാലും, തൽക്കാലം നവാബു കൂടുതൽ കലശൽ കൂട്ടാതെ തിരിച്ചുപോയി. പറഞ്ഞുവെച്ചപ്രകാരം സാമൂതിരി പ്രവർത്തിച്ചില്ലത്രെ. കാരണമെന്തായാലും, മൈസൂർപട്ടാളം 1766-ൽ വടക്കൻവഴിക്കു പ്രവേശിച്ചു ചിറക്കൽ മുതൽ കൊച്ചിവരെയുള്ള നാടൊക്കെ കീഴമർത്തി. അഭിമാനത്താലോ, അതിഭയത്താലോ സാമൂതിരി തന്നെത്താൻ കോവിലകത്തിന്ന തീവെച്ചു് ആത്മഹത്യചെയ്തു! ഹൈദർ കൊച്ചിയിൽ എത്തുന്നതിന്നു മുമ്പുതന്നെ, ദീർഘാലോചനയോടുകൂടിയ കൊച്ചിരാജാവു്, ഹൈദരെ തന്റെ രാജ്യാതിർത്തികളിൽ പ്രവേശിപ്പിക്കാതെ മേൽക്കോയ്മസ്ഥാനം സമ്മതിച്ചു്, "കാഴ്ചകൾ" എത്തിച്ചുകൊടുത്തു. കൊച്ചിക്കുമാത്രം, ഭാഗ്യാതിരേകത്താൽ എന്നുവേണം പറയുവാൻ,

രാജ്യനാശം കൂടാതെ കഴിഞ്ഞു. മലയാളത്തിലെ മറെറാരു രാജാവിൻെറയും അപ്രകാരമുള്ള അഭ്യർത്ഥനകളെ ഹൈദർ ആദരിക്കുകയുണ്ടായില്ല.

1768_ൽ ഹൈദർ ഇംഗ്ലീഷുകാരുമായി യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന തരംനോക്കി രാജ്യഭ്രഷ്ടരായ മലയാളരാജാക്കന്മാർ കുഞ്ഞുചേന്ന സാമൂതിരിയുടെ നേതൃത്വത്തിൽ ഹൈദരുടെ ആൾക്കാരെ അകററി വീണ്ടും സ്വസ്ഥാനങ്ങളിൽ സ്വയം പ്രതിഷ്ഠപ്രാപിച്ചു. 1774 വരെ ഹൈദക്ക് മലയാളത്തിലേയ്ക്കു നോക്കുവാൻ സൗകയ്യപ്പെട്ടില്ല. ആ്യാണ്ടിൽ അദ്ദേഹത്തിൻെറ സൈന്യം പൂർവ്വാധികം ബലത്തോടുകൂടി മലയാളത്തിൽ പ്രവേശിച്ചു. നവാബുതന്നെ വടക്കേദിക്കിലേയ്ക്കു ചെല്ലുകയും, ശ്രീനിവാസറാവുവിനെ പാലക്കാട്ടുവഴി തെക്കൻപ്രദേശങ്ങളിലേയ്ക്കു് അയയ്ക്കുകയുംചെയ്തു. സാമൂതിരിസ്വരൂപത്തിലെ അംഗങ്ങളും ഇതരരാജാക്കന്മാരും രാജ്യം വിട്ടോടി തിരുവിതാംകൂറിൽ അഭയംപ്രാപിച്ചു. അന്നുമുതൽ മലയാളം മൈസൂരിനധീനമായി മുറപ്രകാരമുള്ള ഭരണവും തുടങ്ങി. ഇതിനു തുടച്ചയായിട്ടായിരുന്നു ഹൈദർ ചേററുവാമണപ്പുറത്തെ ഡച്ചുകമ്പനിക്കാരിൽനിന്നു പിടിച്ചെടുത്തതു്. ആ ദ്വീപു് അവക്ക് 1717_ലെ കരാറുപ്രകാരം സാമൂതിരിയോടു കിട്ടിയതും, 1776 വരെ അവർ കൈവശം വെച്ചിരുന്നതും ആകുന്നു. 'ആഷെഡ്ബെക്ക് ഖാൻ' ആയിരുന്നു ഹൈദരുടെ മലബാർ "വൈസ്രോയി". അദ്ദേഹം വിദഗ്ധനായ ഒരു ഭരണകൗശലനായിരുന്നു. നാട്ടുകാരെയും രാജാക്കന്മാരെയുമെല്ലാം അദ്ദേഹം ഒരുമാതിരി സമാധാനപ്പെടുത്തി.

ഹൈദക്കുശേഷം മലയാളത്തിൽ പല ചില്ലറ പിടിവലികളും ഉണ്ടായിയെങ്കിലും "സാമൂതിരിരാജ്യം" ടിപ്പുവിൻെറ കീഴിൽത്തന്നെ നടന്നുപോന്നു. 959_ൽ ടിപ്പുസുൽത്താൻ മലയാളത്തെ അഞ്ചു "തുക്രി" കളാക്കി വിഭജിച്ചു് ഓരോന്നിനും ഓരോ "തുക്കുദാരെ"യും നിയമിച്ചു. അന്നുമുതൽ 'ആഷെഡ്ബെക്ക' മലയാളക്കരയിലെ പ്രധാന സേനാപതിയും രാജപ്രതിനിധിയുമായി. അതിനിടയ്ക്കു മഞ്ചേരിമാപ്പിളമാർ ടിപ്പുവിനോടു ലഹളയ്ക്കു് ഒരുങ്ങി. "ആഷെഡ്" ആ അവസരത്തിൽ സാമൂതിരിക്കോവിലകത്തെ 'രവിവർമ്മ'യെ സഹായത്തിനു വിളിക്കയും, മാപ്പിളബാധ അകററുകയും ചെയ്തു. ആ സഹായത്തിനുള്ള പ്രതിഫലമായും, സാമൂതിരിക്കോവിലകത്തെ മററു് അംഗങ്ങളെ സമാധാനപ്പെടുത്തുന്നതിനായും, ടിപ്പു ആ രവിവർമ്മസാമൂതിരിക്കു

നല്ലതായ ഒരു അട്ടഹാസം, സ്വത്രപത്തിലേയ്ക്കു മാന്യമായ ഒരു "ജഗീരം" കല്പിച്ചുകൊടുത്തു. അതുകൊണ്ടു സന്തുഷ്ടരായ സ്വത്രപക്കാർ തല്ക്കാലം ഒതുങ്ങുകയും, തിരുവനന്തപുരത്തു് അഭയം പ്രാപിച്ചിരുന്ന "കൃഷ്ണരാജാവു്" എന്ന സാമൂതിരി തിരിച്ചെത്തി ടിപ്പുവിന്റെ രാജ്യത്തു താമസം തുടങ്ങുകയും ചെയ്തു. സാമൂതിരിയുടെ കാര്യക്കാരനായിരുന്ന 'ശാമിനാഥപട്ടർ' ആഷെഡിനോടുകൂടി ശ്രീരംഗപട്ടണത്തിൽ ചെന്നു ടിപ്പുവിനെ കണ്ടു്, അവരെ പറയുകയും, കപ്പം നിശ്ചയിച്ചുകൊണ്ടു സാമൂതിരിയെ പുനഃപ്രതിഷ്ഠ ചെയ്യേണമെന്നു് അപേക്ഷിക്കുകയുംകൂടി ഉണ്ടായി. എല്ലാം ഒരുവിധം സമാധാനപ്പെട്ടുമെന്ന ഘട്ടത്തിലായപ്പോൾ അവിചാരിതങ്ങളായ ആപത്തുകളാൽ വീണ്ടും എല്ലാം കലങ്ങിമറിഞ്ഞു.

ആ കുഴക്കത്തിന്റെ കാരണക്കാരൻ ടിപ്പുതന്നെയായിരുന്നു. 963 മേടത്തിൽ സുൽത്താൻതന്നെ മലയാളത്തിലേയ്ക്കു വന്നു. 'കുരുക്കളോട്' കൂടി ലഹളചെയ്യ മഞ്ചേരിക്കാരെയും, മലയാളത്തിലെ എല്ലാ രാജാക്കന്മാരെയും പ്രധാനികളെയും തന്റെ മുമ്പാകെ വിളിച്ചുവരുത്തി, "ബെക്കി'ന്റെ സൗഹാർദ്ദസമ്പൂർണ്ണവും അനുഭാവസംശുദ്ധവും ആയ ഭരണംകൊണ്ടുപോലും രാജ്യവാസികൾ മുഴുവനും സംതൃപ്തരാകുന്നില്ലെന്നുകണ്ടു, സമാധാനപരിപാലനത്തിനുള്ള ഏകമാർഗ്ഗം, എല്ലാവരെയും തന്റെ മതാനുയായികളാക്കുന്നതു മാത്രമാണെന്നു നിശ്ചയിച്ചു്, 'എല്ലാവരും ഇസ്ലാംമതാവലംബികളായിക്കൊള്ളണ'മെന്നുള്ള തന്റെ നിശിതശാസനയെ സഗൗരവം വിളംബരപ്പെടുത്തി. അതുപ്രകാരം തല്ക്കാലം ആരും മതം മാറുകയോ, മാറാത്തവരെ ശിക്ഷിക്കുകയോ ഉണ്ടായില്ലെങ്കിലും ഇസ്ലാം സ്വീകരിക്കാത്തവരെല്ലാം 'നുസറന്നാ' എന്നൊരു പ്രത്യേകനികുതി കൊടുത്തുകൊള്ളണമെന്നു നിർബ്ബന്ധിക്കുകയും ബെക്കിനെ കോയമ്പത്തൂർക്കു സ്ഥലംമാററി, 'ഹുസ്സെയിൻആലിഖാ'നെ ആ സ്ഥാനത്തേയ്ക്കു നിയമിക്കുകയും 'ഷുഖാനെ' പ്രധാനദിവാനായി വെയ്ക്കുകയും ചെയ്തു. ആ വക പുതിയ നികുതിപിരിവു പന്ത്രണ്ടു ലക്ഷം ഉറപ്പികയോളം വന്നു എന്നും, കടത്തനാട്ടുരാജാവിന്റെ ഓഹരിതന്നെ ഒന്നേകാൽലക്ഷമായിരുന്നു എന്നും, ആ രാജാവു ബോധിപ്പിച്ചിട്ടുള്ള ഒരു കച്ചീട്ടിൽ കാണുന്നുണ്ടു്. ടിപ്പു കോഴിക്കോട്ടു വന്നമേല്പറഞ്ഞ അവസരത്തിൽ, കച്ചവടത്തിനും മററുമുള്ള കൂടതൽ സൗകര്യം പ്രമാണിച്ചു്, മലയാളത്തിന്റെ പുതിയ തലസ്ഥാനനഗരമായി സ്ഥാപിച്ച 'ഫറക്കബൊാഡു്' ആകുന്നു ഇന്നത്തെ 'ഫറോക്കു്'പട്ടണം.

തലശ്ശേരിയിലുണ്ടായിരുന്ന ഇംഗ്ലീഷുകാരുടെ ബന്ധുത്വം അപേക്ഷിച്ച ചിറയ്ക്കൽ രാജാവിനോടുള്ള പക, മാഹിയിലുണ്ടായിരുന്ന ഫ്രഞ്ചുകാരുടെ സഹായം സിദ്ധിച്ച ചോറങ്ങോട്ടുനായരെ ടിപ്പു പരസ്യമായി തൂക്കിക്കൊന്നതിൽനിന്നുത്ഭവിച്ച അസ്വാസ്ഥ്യം, മാഹിയിൽ പ്രവേശിച്ച ടിപ്പുവിന്റെ കിങ്കരന്മാർ പ്രവൎത്തിച്ച അക്രമങ്ങൾ, മുതലായി പലതും മലയാളത്തിലെ അന്തരീക്ഷത്തെ അന്നു് അത്യന്തം പ്രക്ഷുബ്ധമാക്കിത്തീൎത്തു.

ഈ തരംനോക്കി സാമൂതിരി വീണ്ടും ഒരു 'പുനരുദ്ധാരണപരിശ്രമം' നടത്തി. 'കൃഷ്ണരാജാവു്' എന്നു മേല്പറഞ്ഞ സാമൂതിരി, കോയമ്പത്തൂരിൽ എത്തിപ്പാൎത്തിരുന്ന ടിപ്പുസുൽത്താന്റെ അടുക്കൽ, ശാമിനാഥപട്ടർമുഖാന്തിരം അപേക്ഷിച്ചു് അനുവാദം വാങ്ങിച്ചതനുസരിച്ചു്, നേരിട്ടു് ഒരു അഭയാപേക്ഷ ചെയ്തു. 'സാമൂതിരിരാജ്യം' മുഴുവനും മടക്കിക്കൊടുത്തു മാന്യസ്ഥാനത്തിരുത്താമെന്നും, എന്നാൽ അതിനു പ്രതിഫലമായി തിരുവിതാംകൂർ ആക്രമണത്തിനു സൎവ്വസഹായങ്ങളും ചെയ്യണമെന്നും ടിപ്പു അപ്പോൾ തുറന്നു പറഞ്ഞുവത്രെ! അതു് എത്രയും വലിയ കൃതഘ്നതയായിരുന്നിട്ടും, അതിമോഹത്താലോ അതിരററ ഭയത്താലോ എന്നറിഞ്ഞില്ലാ, ആ പ്രമേയത്തെ സാമൂതിരി സഹൎഷം സ്വീകരിക്കുകമാത്രമല്ലാ, ഏതൽക്കാൎയ്യസിദ്ധ്യൎത്ഥം നല്ല ഒരു സംഖ്യ സാമൂതിരി ടിപ്പുവിനോടു മുക്തർ വാങ്ങിക്കുകയുംകൂടി ചെയ്തു എന്നാണു മലബാർ കമ്മീഷണർമാരുടെ റിപ്പോൎട്ടിൽ 64-ാം വകുപ്പിൽ എഴുതിക്കാണുന്നതു്. മററ ചില സംഭവങ്ങൾ ഇടയ്ക്കുണ്ടായില്ലെങ്കിൽ കൃഷ്ണൻസാമൂതിരിരാജാവു് എന്തു ചെയ്യുമായിരുന്നു എന്നു നിശ്ചയമില്ല; എന്നാൽ, മലയാളത്തിലെ മതപരിവൎത്തനത്തിനു ടിപ്പു പൂൎവ്വാധികം ജാഗ്രതപ്പെട്ടുകൊണ്ടു 'ഷ്ഖീഖാൻ' എന്ന ആളെ കോഴിക്കോട്ടെ പുതിയ ദിവാനായി നിശ്ചയിക്കയും, അയാൾ, മററുള്ളവൎക്കു—താഴെ ജാതിക്കാൎക്കു പ്രത്യേകിച്ചും— ഒരു പാഠമായിരിപ്പാൻവേണ്ടി നമ്പൂരിമാരെയും നായന്മാരെയും മതം മാററുന്നതിൽ അത്യുത്സുകനായിബ്ഭവിക്കുകയുംചെയ്തു. പരപ്പനാട്ടുരാജാവിനെയും നിലമ്പൂർതിരുമുല്പാടിനെയും ടിപ്പുതന്നെ മതപരിവൎത്തനത്തിനു പിടികൂടി എന്നും, ഹിന്തുക്കളെല്ലാം വളരെ ക്ഷോഭിച്ചവശായി എന്നും, മലയാളത്തിലെ 'മാപ്പിളമാർ'കൂടി ഹിന്തുക്കൾക്കു സഹായികളായി നിന്നു എന്നും, സാമൂതിരിസ്വരൂപത്തിലെ രണ്ടു രാമവൎമ്മന്മാർ രണ്ടുംകല്പിച്ചു പുറപ്പെട്ടു എന്നും, അനേകായിരം നമ്പൂതിരിമാരെയും അന്തൎജ്ജനങ്ങളെയും അവർ മുഖാന്തിരം തിരുവി

താംക്കൂറിലേക്കു കടത്തിവിട്ടു എന്നും, അവർ ടിപ്പുവിന്റെ ഉദ്യോഗസ്ഥന്മാരെത്തന്നെ നേരിട്ട് എതിർത്ത് അവർക്കു നിൽക്കക്കള്ളി ഇല്ലാതാക്കി എന്നും, കഴക്കിൽപ്പെട്ട മലയാളത്തെ തടഞ്ഞുനിർത്തുന്നതിനു ടിപ്പു 'ലാലി'യുടെ വലിയ സൈന്യത്തെത്തന്നെ മലയാളത്തിലേക്കു ക്ഷണിച്ചുവരുത്തുന്നതിനു നിർബ്ബന്ധനായി എന്നും, അക്കാലത്തെ സംഭവങ്ങളെ ചുരുക്കത്തിൽ വിവരിക്കാവുന്നതാകുന്നു. വളരെ രാജാക്കന്മാരും പ്രഭുക്കന്മാരും ഇംഗ്ലീഷുകാരുടെ വകയായ തലശ്ശേരിനഗരിയിൽ അഭയം പ്രാപിച്ചു. അവരെ വിട്ടുകിട്ടണമെന്നു ടിപ്പു ശഠിച്ചു. ഒടുവിൽ തലശ്ശേരിയിൽക്കൂടി അവർക്കെല്ലാം തിരുവിതാംകൂറിലേക്കു പോകുവാൻ അനുവദിച്ചുംകൊണ്ട് ഒരു 'മദ്ധ്യസ്ഥതീർപ്പ്'ണ്ടായി. ആ വഴിക്കും അനേകായിരംപേർ തിരുവിതാംകൂറിൽ എത്തിച്ചേർന്നു. ചിറയ്ക്കൽ രാമവർമ്മരാജാവിനെ ടിപ്പുതന്നെ കടന്നുപിടിച്ചപ്പോൾ അദ്ദേഹം ഗത്യന്തരമില്ലാതെ സേവയ്ക്കുനിന്നു കുടുംബക്കാരെ തിരുവനന്തപുരത്തേക്കു് അയയ്ക്കയും, പിന്നീട് 'പിന്നെക്കാണാം' എന്നുപറഞ്ഞു ടിപ്പുവിന്റെ പിടുത്തത്തിൽനിന്നു ചാടിപ്പോകയും, പിന്തുടരപ്പെട്ടവരുടെ കയ്യിൽ പെട്ടാലത്തെ വൈഷമ്യമോർത്ത് അദ്ദേഹം ആത്മഹത്യ ചെയ്യുകയും ആണത്രെ ഉണ്ടായതു്!

൨

ഇംഗ്ലീഷുകാരുടെ പ്രവേശം

എന്തായാലും, കിഴക്കാൻതൂക്കായ ഒരു ചരുവിൽ ടിപ്പു ഉടനെ എത്തിച്ചേരുകയും ഇംഗ്ലീഷുകാരുമായുള്ള ഒരു ഘോരസംഘട്ടനത്തിനു് ഇടയാകുകയും ചെയ്തു. ഇംഗ്ലീഷുകാർ മലയാളമന്നവന്മാരുടെയും നായന്മാരുടെയും സഹായമപേക്ഷിച്ചു. "നിങ്ങളെയെല്ലാം ടിപ്പുവിന്റെ ആധിപത്യത്തിൽനിന്നു സ്വതന്ത്രരാക്കി യഥാപൂർവ്വം അവരവരുടെ സ്ഥാനങ്ങളിൽ ആരോഹണം ചെയ്യിക്കുന്നതാണു്. കമ്പനിക്കാർ നിങ്ങളുടെ രക്ഷണത്തിൽ ജാഗരൂകരായിരിക്കും. പേരിനു് എന്തെങ്കിലും കപ്പവും മുളകുകച്ചവടത്തിന്റെ പൂർണ്ണാവകാശവും മാത്രമേ കമ്പനി ഇച്ഛിക്കുന്നുള്ളു" എന്നൊരു വിളംബരം പ്രസിദ്ധീകൃതമാവുകയും, കാരോരുത്തരോടും അതുപ്രകാരം കരാറു് എഴുതി വാങ്ങുന്നതിനു തലശ്ശേരിയിലെ റസിഡൻറ് നിയുക്തനാവുകയും ചെയ്തു. അതനുസരിച്ചു 965 മേയ് മാസത്തിൽ കടത്തനാട്ടു രാജാവിനും ചിറയ്ക്കൽത്തമ്പുരാനും 'കവുൾനാമങ്ങൾ' നല്കപ്പെട്ടു. വഴിപ്പെട്ടുവന്ന രാജാക്കന്മാരുടെ എണ്ണം വർദ്ധിക്കുകയും ഓരോരുത്ത

രുടെയും ആഗ്രഹങ്ങളെയും അവകാശങ്ങളെയും സാധിപ്പിച്ചുകൊണ്ടു് അവർതമ്മിൽ പരസ്പരം ഐക്യത്തെ സ്ഥാപിക്കുവാൻ പ്രയാസമായിക്കാണുകയും ചെയ്യപ്പോഠം, തലശ്ശേരിക്കാർ "ഇവരെ സ്വതന്ത്രരാജാക്കളായോ, കമ്പനിക്കീഴിലുള്ള ജമിന്ദാരന്മാരായോ എങ്ങനെ ആണ വിചാരിക്കേണ്ടതു്" എന്നു ബോംബായിലേയ്ക്കു് എഴുതി അയയ്ക്കുകയും ഉണ്ടായി. കമ്പനിക്കാക്കു് അനുകൂലികളായിത്തീന്നവരും ടിപ്പുവിനാൽ ഉപദ്രവിക്കപ്പെട്ടവരുമായ നായർവർഗ്ഗത്തിൻെറ നാഥനായും നെടിയവനായും, നെടിയിരിപ്പിലെ—സാമൂതിരിസ്വരൂപത്തിലെ—അനന്തരവനും സമത്ഥനുമായിരുന്ന മേൽവിവരിച്ച 'രവിവമ്മ' പുറപ്പെടുകയും, തൻെറ സ്വരൂപകാര്യ്യം ശ്രുപപ്പെടുത്തുന്നതിനു മതിരാശിക്കു യാത്രയാകുകയും, തൃശ്ശിനാപ്പിള്ളിയിൽവെച്ചു 'ജനറൽ മെഡോസ്സ്' സായ്പിനെക്കണ്ടു സംസാരിക്കയും, 965 സെപ്തമ്പർ 27-ാംനു- നെടിയിരിപ്പിലെ കിരീടാവകാശിയായിരുന്ന കൃഷ്ണരാജാവിൻെറ പേക്കു് ഒരു 'കവുഠംനാമം' എഴുതിവാങ്ങുകയുംചെയ്തു. 'സാമൂതിരിരാജ്യം' എന്നു സങ്കല്പിക്കപ്പെട്ടിരുന്ന ഭൂഭാഗത്തിൻെറയെല്ലാം യുദ്ധകാലത്തെ നികുതി പിരിവധികാരം ആ കവുഠംനാമത്താൽ ലബ്ധമായി. യുദ്ധാനന്തരം 'അവകാശക്കാര്യ്യം' തീച്ച്പ്പെടുത്തുകയും, കപ്പംവക തുക നിണ്ണയിക്കുകയും ചെയ്യുന്നതാണെന്നും അതിൽ പ്രസ്താവിച്ചിരുന്നു.

ഇംഗ്ലീഷുകാരുടെ ആനുകൂല്യത്തോടുകൂടി മലയാളത്തിലേയ്ക്കു മടങ്ങിയെത്തിയ രാജാക്കന്മാരുടെയും മററം കാര്യ്യങ്ങഠം, ഇംഗ്ലീഷുകാരുടെ ആജ്ഞാനുസരണം, തിരുവിതാങ്കൂർ രാജാവിൻെറ ചൊല്പടിക്കാണ നടത്തിയതെന്നും, അതിനുവേണ്ടി തിരുവിതാങ്കൂർ ദിവാൻ കേശവപിള്ള അവർകഠം പാലക്കാട്ടെത്തിത്താമസിച്ചിരുന്നു എന്നും, ഈ ഘട്ടത്തിൽ പ്രത്യേകം സ്മരണീയമാകുന്നു.. മേല്പറഞ്ഞ കവുഠംനാമത്തിനുശേഷം സാമൂതിരിപ്പാട്ടു്, 'രാമരാജാവി'നെ (തിരുവിതാങ്കൂർ) അനാദരിച്ചും, കേശവപിള്ളയെ ധിക്കരിച്ചും സ്വതന്ത്രനായി പ്രവൎത്തിച്ചുതുടങ്ങുകയും, തന്നിമിത്തം പല ആവലാതികളും ഉത്ഭവിക്കുകയും, "രാമരാജാവിൻെറ ദിവാനായ കേശവപിള്ളയെ അനുസരിച്ചുകൊള്ളണ"മെന്നു കമ്പനിക്കാർ സാമൂതിരിയോടു കല്പിക്കുകയുംചെയ്തു. ഈ സെപ്തമ്പർ മാസത്തിൽ തന്നെയാകുന്നു ഇംഗ്ലീഷുകമ്പനിക്കാരും കൊച്ചിരാജാവും തമ്മിലുണ്ടായ ഒന്നാമത്തെ ഉടമ്പടിയും നടന്നതു്. അതിനെക്കുറിച്ചു മറെറാരദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതാകുന്നു. 966 ആരംഭത്തിൽ ടിപ്പുവിനെ കേരളക്കരയിൽനിന്നു തുരത്തിവിടുകയും മലയാളം മുഴുവനും, 1792 മാച്ച്

16-ാംനു- ഉണ്ടായ സന്ധിക്കരാറപ്രകാരം, ഇംഗ്ലീഷിനധീനമാകുകയും, കേരളരാജാക്കന്മാർ അവരവർ സ്വയം തീർച്ചപ്പെടുത്തിയ അവരവരുടെ രാജ്യങ്ങളിലെല്ലാം യഥാശക്തി നേരിട്ടു നികുതിപിരിവുകരം ആരംഭിക്കുകയും ചെയ്തു!

അതിനെ തുടന്നാണു 'മലബാർ കമ്മീഷണർമാർ' നിയുക്തരായതു്. ആ കമ്മിററിയുടെ അന്വേഷണങ്ങളിൽ സാമൂതിരിയും ശക്തൻ തമ്പുരാനും കൂട്ടിമുട്ടുന്ന ഘട്ടങ്ങരം മാത്രമേ ഈ അധ്യായത്തിൽ സംഗതമായിട്ടുള്ളൂ. 1792 മേയ്മാസത്തിലാണു് അവർ കോഴിക്കോട്ടെത്തി 'സാമൂതിരിക്കാര്യം' വിചാരണ തുടങ്ങിയതു്. "അന്നത്തെ സാമൂതിരി ഒരു വയോവൃദ്ധനായിരുന്നു. പാലക്കാട്ടുകാരൻ ഒരു ബ്രാഹ്മണൻ, ശാമിനാഥപട്ടർ, എന്നൊരാളായിരുന്നു സർവ്വാധികാര്യക്കാർ. തിരുവിതാങ്കൂർ ദിവാൻ കേശവപിള്ളയുടെ ഒരു 'സൃഷ്ടി'യായിരുന്നു ആ ശാമിനാഥൻ. അവർ രണ്ടാളുംകൂടി കൈവേന്നു് ഇതിനിടയ്ക്കു മലയാളത്തിലെ രാജാക്കന്മാരോടും മററും പത്തുപന്ത്രണ്ടു ലക്ഷം ഉറുപ്പിക പിരിച്ചെടുക്കുകയും, അതിൽ അധികഭാഗവും അവർ സ്വയം പററുകയും ചെയ്തിരുന്നു" എന്നുള്ള മുഖവുരയോടുകൂടിയാണു് അവർ ആ ഭാഗം റിപ്പോർട്ടു് ആരംഭിക്കുന്നതു്. (റിപ്പോർട്ടു വകുപ്പു 88).

ടിപ്പുവിൻെറ പാളയം മലയാളം വെടിഞ്ഞതോടുകൂടി സാമൂതിരിരാജാക്കന്മാർ തീരെ വിവേകം കൂടാതെയും, അന്തഃസ്സാരമില്ലാതെയും, അഹങ്കാരപ്രമത്തരായും ഭവിച്ചു. തൈലം പുരട്ടേണ്ട മുറിവുകളിലെല്ലാം അവർ തീക്കൊള്ളിവെച്ചു പൊള്ളിച്ചു. ശത്രുക്കളെ നാലു പുറത്തും വളർത്തി. മാപ്പിളമാരോടു വൈരത്തെ വക്കാണത്തിനു പുറപ്പെട്ടു. അവരായി യുദ്ധത്തിൽത്തന്നെ ഏർപ്പെട്ടു. ആദ്യത്തെ യുദ്ധത്തിൽ. ഏറാരംപാടും പടയും പെട്ടുപോയി. കുണ്ടോട്ടിയിൽവെച്ചുണ്ടായ രണ്ടാമത്തെ സംഘട്ടനത്തിൽ സാമൂതിരിപക്ഷക്കാർ 'തോററു തുന്നംപാടി' ആയുധങ്ങളൊക്കെ അകലെക്കളഞ്ഞു് അശരണരായി ഓടിപ്പോയി.

'ജനറാൽ മെഡോസ്സി'നോടു കവുരംനാമം സമ്പാദിച്ച രവിവർമ്മസാമൂതിരിയാണു് — അദ്ദേഹമല്ലായിരുന്നു മൂത്ത 'ആരം— ഈ തകരാറൊക്കെ ഉണ്ടാക്കിവെച്ചതു്. കവുരംനാമം വാങ്ങിക്കൊടുത്തതിൻെറ പ്രതിഫലമായി കൃഷ്ണൻരാജാവു സാമൂതിരിപ്പാട്ടിലോടു്, ഈ രവിവർമ്മ അനഹങ്ങളായ പല അധികാരങ്ങളും 'നേരിംഗ്നാട്ടി'ൻെറ

ആധിപത്യംപോലും കയ്യിലാക്കിയിരുന്നു. ശാമിനാഥപട്ടരും രവിവർമ്മനുംകൂടി വലിയ തൊറായിരുന്നു. സാമൂതിരികുടുംബം അന്നും വളരെ വലിയതും പല താവഴികളും—അമ്പാടി, പുതിയ, കിഴക്കെ, പടിഞ്ഞാറെ എന്നീ നാലും—ഉൾച്ചേർന്നതും ആയിരുന്നു. രവിവർമ്മനും കൃഷ്ണരാജാവിനും തമ്മിൽ, ശാമിനാഥന്റെ പിടിവലിയിൽ, പല മത്സരങ്ങളും വന്നു ചേർന്നു. കട്ടവിൽ കൃഷ്ണരാജാവു് അന്തരിച്ചു. പിന്നത്തെ ആൾ കോഴിക്കോട്ടേയ്ക്കു കടക്കാതെ, ചാവക്കാട്ടുവെച്ചു്, ഇംഗ്ലീഷുകാരെ അറിയിക്കാതെ , അരിയിട്ടു വാഴ്ച കഴിച്ചു. അന്വേഷണക്കമ്മററിക്കാർ ആവശ്യപ്പെട്ടിട്ടും ഹാജരായതുമില്ല. കട്ടവിൽവെച്ചു ശാമിനാഥപട്ടരെ തന്റെ പ്രതിനിധിയായി കോഴിക്കോട്ടേയ്ക്കു് അയച്ചു. മാപ്പിളമാരെ പേടിച്ചു താൻ ചെല്ലാത്തതാണെന്നൊരു സമാധാനവും പറഞ്ഞയച്ചു.

സാമൂതിരിക്കു രാജ്യം കൊടുക്കുന്ന കാര്യത്തിൽ കമ്പനി അധികൃതന്മാർ ആദ്യം മുതല്ക്കുതന്നെ വളരെ വൈമുഖ്യം പ്രദർശിപ്പിച്ചിരുന്നു. 1792 മേയ്മാസം 27–ാംനു– 'മിസ്റ്റർ ഫാർമർ' സമർപ്പിച്ച ഒന്നാം റിപ്പോർട്ടിൽതന്നെ അദ്ദേഹം സ്വാഭിപ്രായത്തെ സ്പഷ്ടമാക്കിയിരുന്നു. "രാഷ്ട്രീയക്കുസ്റ്റുതികളുടെ വിളനിലമായുള്ള സാമൂതിരിസ്വരൂപത്തിന്റെ പുനഃസ്ഥാപനം രാജ്യത്തിന്റെ അഭ്യുദയത്തിനു നാനാപ്രകാരേണയും പ്രതിബന്ധമായിരിക്കും; കമ്പനിവക മുതലെടുപ്പു കുറഞ്ഞുപോകുന്നതാണു്; ഉള്ളതു കിട്ടുവാൻകൂടി പ്രയാസവും നേരിടും; കമ്പനിയുടെ അധികാരം നിലനിൎത്തുന്നതിനു ക്ലേശങ്ങൾ സഹിക്കേണ്ടിവരും; മാത്രമല്ലാ ഇടയ്ക്കിടയ്ക്കു യുദ്ധങ്ങൾതന്നെ വേണ്ടിവന്നേക്കും. ഹൈദരാലിഖാൻ ആദ്യമൊന്നും സാമൂതിരിയെ പുറത്താക്കിയില്ല. വിശ്വാസക്കേടു വർദ്ധിക്കുകയും വഞ്ചനകൾ പ്രത്യക്ഷപ്പെടുകയും ചെയ്യപ്പോൾ മാത്രമാണു ഹൈദർ ആ അവസാനക്രിയ്യ ചെയ്യതു്. അതിൽവെച്ചാണു ഹൈദരും പിന്നീടു ടിപ്പുവും ഹിന്ദുമതദ്രോഹികളായി ക്ഷേത്രങ്ങളെ നശിപ്പിക്കാനും മററും ആരംഭിച്ചതു്. മാപ്പിളമാരുടെ തീരാവൈരത്തിനു പാത്രമായ സാമൂതിരി അവരെ ഒതുക്കുന്നതിനു ശക്തനല്ല. കമ്പനിയുടെ സഹായംകൂടാതെ ശ്രുകി പിരിവും എടുക്കുന്നതിനും സാമൂതിരിക്കു സാധിക്കുന്നതല്ല". എന്നായിരുന്നു 'മിസ്റ്റർ ഫാർമരു'ടെ റിപ്പോർട്ടു്. എന്നാൽ, സാമൂതിരിരാജ്യം കമ്പനിക്കാർ ഏറെറടുക്കുന്നതിലുള്ള വിഷമതകളെക്കുറിച്ചും അദ്ദേഹം ചൂണ്ടിക്കാണിക്കാതിരുന്നില്ല. "ശക്തമായ ഒരു രാജസ്വരൂപത്തിന്റെ ശത്രുതയും, സ്വതന്ത്രന്മാരായ നായന്മാരുടെയും മററും മുഷ്കരത്വവും, രാജ്യസ്വഭാവവും, കമ്പനിക്കു് അതി

നെക്കുറിച്ചുള്ള അജ്ഞതയും, ഏതുനേരവും ആയുധധാരികളായി നിസ്സാരസംഗതികൾക്കുപോലും വെട്ടാനും മുറിക്കാനും സദാ സന്നദ്ധരായി നടക്കുന്ന ജനങ്ങളുടെ സമ്പ്രദായവും, ഈ പ്രശ്നത്തെ ഇലോം ദുഷ്കരമാക്കിച്ചെയ്യുന്നുണ്ട്" എന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. സാമൂതിരിയുടെ പണ്ടത്തെ വലിയ അധികാരത്തെ വിഭജിച്ച്, സാമന്തരാജാക്കന്മാൎക്കും വീതപ്രകാരം കൊടുത്ത്, സാമൂതിരിയെ ഒരു ഏടമട്ടിൽ നിൎത്തണമെന്നായിരുന്നു മിസ്റ്റർ ഫാൎമരുടെ ഉദ്ദേശ്യമെന്നു തോന്നും.

മാറി നിന്നാൽ മാററം കൂട്ടുകയില്ലെന്നു മനസ്സിലായപ്പോൾ, സാമൂതിരി ചാവക്കാട്ടുനിന്നു കമ്മീഷണർമാരുടെ അടുക്കൽ നേരിട്ടു ഹാജരാകുന്നതിനു കോഴിക്കോട്ടെത്തിച്ചേൎന്നു. വാദപ്രതിവാദങ്ങൾക്കും, ആദായത്തിന്റെ കണക്കുപരിശോധനയ്ക്കും ശേഷം, പരീക്ഷാൎത്ഥമായി സാമൂതിരിരാജ്യത്തെ 968-ാമാണ്ടു് ഒരുകൊല്ലത്തെ നികുതിപിരിവിനു സാമൂതിരിയെത്തന്നെ ഏല്പിക്കുന്നതിനു കമ്മിററിക്കാർ തീരുമാനിച്ചു. എന്നാൽ, സാമൂതിരിപ്പാട്ടിന്നു കമ്പനിക്കാരുടെ ഉദ്ദേശ്യങ്ങളെ ധരിക്കാതെയും, അവരോടു പെരുമാറേണ്ട മാൎഗ്ഗങ്ങളെ മനസ്സിലാക്കാതെയും, പണ്ടത്തെ പ്രതാപൈശ്വൎയ്യങ്ങൾക്കും സ്വാതന്ത്ര്യത്തിനും പുനൎജ്ജന്മമുണ്ടാക്കുന്നതിനു പരിശ്രമിക്കുകയും, തനിക്കു് ഏല്പിച്ചുകിട്ടാതിരുന്നതും, എന്നാൽ തന്റെ വകയാണെന്നു ശഠിച്ചിരുന്നതുമായ രാജ്യഭാഗങ്ങൾക്കു് അവകാശത്തങ്ങൾ പുറപ്പെടുവിച്ചു കമ്മീഷണർമാൎക്കു ദുസ്സഹമായ സ്വൈരക്കേടുണ്ടാക്കുകയും ചെയ്തു. ഒരു ഏഴുപതുവൎഷങ്ങൾക്കുമുമ്പ്, 1717-ൽ, സാമൂതിരി ലന്തക്കാരോടു യുദ്ധത്തിൽ തോററപ്പോൾ അവൎക്കു വിട്ടുകൊടുത്ത 'ചേററുവാമണപ്പുറം' സാമൂതിരി അപ്രകാരം അവകാശവാദം പുറപ്പെടുവിച്ച പ്രദേശങ്ങളിൽ ഒന്നാകുന്നു. ആ വാദകാൎയ്യത്തിൽ എതിൎകക്ഷി ശക്തൻതമ്പുരാനായിരുന്നു. അതിനെപ്പററിയുള്ള അധികവിവരങ്ങൾ 'ചേററുവാമണപ്പുറം' എന്ന അദ്ധ്യായത്തിൽ കാണാവുന്നതാണ്. സാമൂതിരിയുടെ ഈ പുറപ്പാടിൽ മലയാളത്തിലെ ചില്ലറ രാജാക്കന്മാരെല്ലാം ഭയവിഹ്വലരാകുകയും, തങ്ങളെ സാമൂതിരിക്കു കീഴിലാക്കരുതേ എന്നു് അവർ കമ്മീഷണർമാരോടു് അഭ്യൎത്ഥിക്കുകയുംചെയ്തു. സാമൂതിരിയുടെ ആൾക്കാരുടെ അഴിമതികൾ കമ്പനിക്കാരെക്കൊണ്ടു കൎശനനടപടികൾ എടുപ്പിച്ചു. ഉടനെ സാമൂതിരിപ്പാടു ഹാജരായി അഭയാപേക്ഷ ചെയ്തു് എല്ലാം "കമ്പനിയുടെ കല്പന"പോലെ എന്നു അറിയിച്ചു. പിരിച്ചെടുക്കേണ്ടുന്ന തുക

നിശ്ചയിക്കേണ്ടതിനെപ്പററിയായി പിന്നത്തെ തക്കം മുഴുവനും. അതു കുറേ നീണ്ടുനിന്നതും വഴക്കിനിടയാക്കിയതും ആയ ഒരു വിവാദവിഷയമായിരുന്നു. ഒടുവിൽ, ഇംഗ്ലീഷും സാമൂതിരിയുംകൂടി 1792 ആഗസ്റ്റ് 18-ാം നു- കോഴിക്കോട്ടുവെച്ച് ഒരു കരാറ് എഴുതി കൈമാറി. ചുരുക്കത്തിൽ, 4,16,366ഉറുപ്പിക ഒരണ്ടു മകരമുതല്ക്കു വടക്കുംപുറം (കുറുമ്പ്രനാട്ടിനു തൊട്ടതു) വരെയുള്ള രാജ്യമെല്ലാം 968-ാമാണ്ടു ഒരു കൊല്ലത്തേയ്ക്കു കമ്പനിക്കാർ സാമൂതിരിയെ ഏല്പിച്ചു! ബേപ്പൂർ, വെട്ടത്തുനാട്, പരപ്പനങ്ങാടി മുതലായ പ്രദേശങ്ങളിലെ രാജാക്കളെല്ലാം അവരവരുടെ രാജ്യത്തിൻെറ വീതത്തിനുള്ള സംഖ്യകൾ സാമൂതിരി മുഖാന്തിരം തീർക്കുക എന്നും, ഇനി ഒരു തീർപ്പുവരെ ഭരണകാര്യത്തിൽ സാമൂതിരിക്കു കീഴായിരിക്കുക എന്നും നിശ്ചയിച്ചു. "ബംഗാൾ കമ്മീഷണർമാർ" വരുമ്പോൾ, അവർ നോക്കി നിശ്ചയിക്കുന്ന നിബന്ധനകൾക്കു സാമൂതിരി വഴിപ്പെട്ടുകൊള്ളാമെന്നും കമ്പനി അനുവാദപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരെ മാത്രമേ ഏല്പെടുത്തുകയുള്ളു എന്നും സാമൂതിരി ഏററു. 'കിഴക്കേ കോവിലകത്തെ അംഗവും, നാലാം മുറക്കാരനുമായിരുന്ന നാലാർപ്പാട്ടിന്നു' മേല്പറഞ്ഞ എല്ലാ സംഗതികൾക്കും സാമൂതിരിയുടെ ജാമ്യക്കാരനായും ഭവിച്ചു. ഇങ്ങനെയൊക്കെയാണ് ആ കരാറുണ്ടായതു്.

ഈ അദ്ധ്യായത്തിലെ ആദ്യഭാഗങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള 'രവിവർമ്മ'— കോയമ്പത്തൂരു ചെന്നു മേജർ മേഡോസ്സിനോടു കവുൾനാമം വാങ്ങിച്ച ആൾ— സാമൂതിരിവംശത്തിലെ ഏഴാമത്തെ മൂപ്പുവാഴ്ചക്കാരൻ— പ്രസ്തുത കരാറുകൊണ്ടു് അതൃപ്തനാകയും, തൻെറ പ്രത്യേകാധികാരത്തെ ആ കരാറിൽ സംരക്ഷിച്ചുകാണാത്തതിൽ പ്രക്ഷുബ്ധനാകുകയും, സാമൂതിരിയുമായി മത്സരിക്കയും, ഗത്യന്തരമില്ലാതെ സാമൂതിരിപ്പാട്ടിന്നു കമ്പിനിക്കാരോടു് അദ്ദേഹത്തെ അമർത്തുവാൻ സൈന്യാപേക്ഷ ചെയ്യുകയും ഉണ്ടായി. 'കാപ്ടൻ ബക്ക്'ലിൻെറ നേതൃത്വത്തിൽ ഒരുകമ്പനിപ്പട്ടാളം രവിവർമ്മയെ എതിർത്തു. അദ്ദേഹത്തിൻെറ മരുമകനെ, സാമൂതിരിയുടെ സർവ്വാധികാര്യക്കാരായിരുന്ന ശാമിനാഥപട്ടരുടെ ഉപദേശവഴിക്കു്, തടവുകാരനാക്കി പിടിച്ചു. 'ബക്ക്ൽ' നേരിങ്ങാട്ടു കൊട്ടാരത്തിൽ എത്തിയപ്പോൾ രവിവർമ്മ ദീനമായി മരണശയ്യയിൽ കിടക്കുന്നതാണു കണ്ടതു്. പിറേറന്നു് അദ്ദേഹം തീപ്പെട്ടുകയും ചെയ്തു. പരേതൻെറ ശേഷക്രിയ ചെയ്യുന്നതിനുവേണ്ടി സാമൂതിരിപ്പാട്ടിന്നു പറഞ്ഞപ്രകാരം, ബന്ധനസ്ഥനായ മരുമകനെ സ്വതന്ത്രനാക്കി വിട്ടു. അടിയന്തരത്തിനുശേഷം ആ കോവിലകത്തുകാരെ

കോഴിക്കോട്ടെയ്ക്കു കൊണ്ടുവന്നു സൂക്ഷിക്കയും, നേരിങ്ങനാട്ടുരാജ്യം സാമൂതിരിക്കുവേണ്ടി ജാമ്മ്യക്കാരൻ 'നാലാർപ്പാട്ടിലെ' ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

നിലയില്ലാത്ത വെള്ളത്തിൽ കിടന്നു നീന്തിത്തുടിക്കുമ്പോഴും സാമൂതിരിയുടെ വാസന മുഴുവനും കൊച്ചിയെ ഉപദ്രവിക്കാൻ ആയിരുന്നു. "കൊച്ചിയും കൊച്ചിയുടെ പൂർവ്വവൈരിയായ സാമൂതിരിയും തമ്മിലുള്ള അതിർത്തിത്തകർക്കങ്ങൾ തീർത്താലും തീരാത്ത ബാധകളായിരുന്നു" എന്നാണു കമ്മീഷണർമാർ റിക്കാട്ടാക്കീട്ടുള്ളതു്. 'കവളപ്പാറക്കായ്മ'ത്തിലും 'ചേറവാത്തക്ക'ത്തിലും, 'കൊടുങ്ങല്ലൂർവഴക്കി'ലും, 'ചാവക്കാട്ടെ വിവാദത്തി'ലും ചാല പെരിഞ്ചോലക്കേസ്സിലും എല്ലാം കൊച്ചിയുടെ പ്രധാന എതിരാളി സാമൂതിരിയായിരുന്നു. 'തനിക്കില്ലെങ്കിലും കൊച്ചിക്കുണ്ടാകരുതു്' എന്ന നയമാണു നിർഭാഗ്യവശാൽ ആ പ്രസിദ്ധരാജവംശം അവരുടെ അധഃപതനകാലത്തുംകൂടി അവലംബിച്ചതായി കാണുന്നതു്.

മുൻപ്രസ്താവിച്ചപ്രകാരം സാമൂതിരിയെ ഏല്പിച്ചതായ രാജ്യത്തിലെ ശരിയായ മുതലെടുപ്പിന്റെ സത്യമായ ഒരു കണക്കു തയ്യാറാക്കുന്നതിനു്, സാമൂതിരി ബോധിപ്പിച്ച കണക്കുകൾ ബോധിക്കാഞ്ഞതുകൊണ്ടും, അതിൽ വളരെ കുറച്ചു കാണിച്ചിരിക്കുന്നു എന്ന ശങ്കകൊണ്ടും, കമ്പനിക്കാർ സാമൂതിരിയോടു പ്രത്യേകം ആവശ്യപ്പെട്ടു. മുൻബാക്കികൾ മുഴുവനും ഇംഗ്ലീഷുകാർ സാമൂതിരിക്കു് കുടുവിൽ വിട്ടുകൊടുത്തു എങ്കിലും, സാമൂതിരിയുടെ ഉദ്യോഗസ്ഥന്മാർ അതുംകൂടി ജനങ്ങളോടു വസൂലാക്കുന്നു എന്നും, കണക്കിൽ കാണിച്ചതിൽ കൂടുതലാണു തന്നൊണ്ടുതന്നെ പിരിക്കുന്നതു് എന്നും ആക്ഷേപം പുറപ്പെടുകയും, പിരിവു പരിശോധിക്കുന്നതിനും ആദായം നിജപ്പെടുത്തുന്നതിനുംവേണ്ടി സാമൂതിരിയുടെ ആൾക്കാരോടുകൂടി പ്രവൎത്തിക്കുന്നതിനു കമ്പനിയിൽനിന്നു പിരിവുകാരെ ഏൎപ്പെടുത്തുകയും ഉണ്ടായി. ഇതിൽ സാമൂതിരി വല്ലാതെ ക്ഷോഭിച്ചു. ടിപ്പുവിന്റെ കാലത്തേസംഖ്യയിൽ പകുതിയിൽ അധികം കമ്പനിക്കാർ ആവശ്യപ്പെടുന്നപക്ഷം രാജ്യത്തു ക്ഷോഭമുണ്ടാകുമെന്നു സാമൂതിരി ഭയപ്പെടുത്തി നോക്കി. ഇപ്പോൾ നിജപ്പെടുത്തുന്ന തുക ശാശ്വതമായിത്തീൎന്നുപോയാലോ എന്നും, തനിക്കും കുടുംബങ്ങൾക്കും പണ്ടത്തെ അന്തസ്സനുസരിച്ചു കഴിയുന്നതിനുള്ള വക കണ്ടുകൊണ്ടല്ലാതെ കണക്കു കൊടുത്താൽ തകരാറാകുമെന്നും,

'കീഴേടക്കാരെ' മേലിലും കീഴിൽത്തന്നെ വെയ്ക്കുന്നതിന്ന വഴിയുണ്ടാകണമെന്നും ആയിരുന്നു സാമൂതിരിയുടെ ഉദ്ദേശ്യങ്ങൾ. ശാമിനാഥപട്ടരും തുടക്കത്തിൽ കണ്ണ് എടുത്തടിച്ചു നോക്കിയെങ്കിലും ഒടുവിൽ സാമൂതിരിയും കാര്യക്കാരും കമ്പനിക്കാരുടെ അടുക്കൽ ചെന്ന് ഉള്ള സത്യം മുഴുവനും അറിയിച്ചു. "രാജ്യത്തു് അത്രയ്ക്കു മുതലെടുപ്പില്ലായ്കയല്ലാ; എല്ലാം തന്നാൽ രാജാവിനും ഭാര്യ്ക്കു കുടുംബത്തിനും വക വേണ്ടേ എന്നു വിചാരിച്ചിട്ടാണു്. എല്ലാം സായ്പുമാരുടെ ഇഷ്ടംപോലെ ആകാം" എന്നുള്ള പട്ടാങ്ങം ബോധിപ്പിച്ചു. ശാമിനാഥപട്ടൎക്കു സാമൂതിരിയുടെമേൽ ഉണ്ടായിരുന്ന സ്വാധീനശക്തിയേയും, പഴക്കവും പഴമയും ഉള്ള ആയാളെ പാട്ടിൽ പിടിച്ചാൽ തകരാറുകൾ അധികം കൂടാതെ പിരിവുകൾ നടത്താൻ സാധിക്കുമെന്നുള്ള പരമാൎത്ഥത്തേയും കാത്തു്, കമ്പനിമുഖ്യന്മാർ ശാമിനാഥനെത്തന്നെ തങ്ങളുടെ 'ദിവാൻ' ആയി നിയമിക്കയും, പിരിവിൽ ഒരു ശതമാനം അയാൾക്കു പ്രതിഫലം നിശ്ചയിച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ അധികം കഴിയുന്നതിനു മുമ്പു സാമൂതിരിവംശത്തിന്റെ ഒരു ശാഖയായ 'പെരിഞ്ഞാർകോവിലക'ത്തെ അംഗങ്ങൾ ശാമിനാഥപട്ടരെ കൊലപ്പെടുത്തുന്നതിനു സന്നദ്ധരായി. 'നേരിങ്ങനാട്ടു്'താവഴിക്കാർ സാമൂതിരിക്കു വഴിപ്പെട്ടാഞ്ഞതിനെപ്പററിയും ശാമിനാഥപട്ടർമുഖേന അവിടത്തെ ഒരാളെ കോഴിക്കോട്ടു തടവിൽ പാൎപ്പിച്ചതിനെപ്പററിയും മററും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിൽനിന്നാണു് ഈ അക്രമത്തിനുള്ള വൈരത്തിന്റെ തുടക്കം. സന്ധ്യാസമയത്തു കുളക്കടവിൽചെന്നു് 'ഊക്കു'കഴിക്കുമ്പോൾ പിന്നിൽക്കൂടി ആയുധപാണികളായ ആളുകൾ ചെന്നു ശാമിനാഥന്റെ പുറത്തു വെട്ടി ശ്വാസകോശങ്ങൾ മുറിച്ചു വിട്ടു. വെട്ടുകൊണ്ടു വെള്ളത്തിൽ വീണ പട്ടർ, എന്തിനു പറയുന്നു, ഭാഗ്യാതിരേകത്താലും, വഴിയെ 'ഡോക്ടർ വൈ' ചെയ്ത ശുശ്രൂഷകളാലും, ചാവാതെ രക്ഷപ്പെടുകതന്നെ ചെയ്തു! സാമൂതിരിയുടെ വലംകയ്യ്, കമ്പനിക്കാരുടെ ദിവാൻ, പോരെങ്കിൽ ഒരു ബ്രാഹ്മണൻ,—ശാമിനാഥപട്ടരോടു പ്രവൎത്തിച്ച അക്രമം രാജ്യാന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കിത്തീൎത്തു.

അധികം വിസ്തരിക്കുന്നില്ല. വയോവൃദ്ധനായിരുന്ന സാമൂതിരിപ്പാട്ടിലെ ഹൃദയദൗൎബ്ബല്യത്താലും, അവിവേകികളായിരുന്ന അന്തേവാസികളുടെ അപനയങ്ങളാലും, ആൾപ്പെരുപ്പവും താവഴിക്കുഴപ്പവും ഉണ്ടായിരുന്ന സാമൂതിരിസ്വരൂപത്തിലെ അന്തശ്ഛിദ്രത്താലും, മത്സരത്താലും, അഭിമാനാതിരേകത്തിൽ നിന്നുത്ഭവിച്ച അധികാരപ്രമത്തതയാലും, മാപ്പിളവൈരത്തിന്റെ വൎദ്ധനയാലും, സാമന്തരാജാക്കന്മാൎക്കു

സാമൂതിരിസ്ഥാനത്തോടുണ്ടായിരുന്ന വിപ്രതിപത്തിയാലും, ഉദിച്ചുയൎന്നിരുന്ന ഇംഗ്ലീഷുസൂൎയ്യൻെറ കരശക്തിയെ കാലേക്കൂട്ടിക്കണ്ടറിയുവാൻ അവിടെ ആൎക്കും സാധിക്കാതെപോയതിനാലും, സാമൂതിരിരാജ്യം അചിരേണ ബ്രിട്ടീഷ് ഡിസ്ട്രിക്റ്റായിത്തീരുകയും, ഒരു കാലത്തു കേരളചക്രവൎത്തിയായിരുന്ന സാമൂതിരിപ്പാട്ടു സ്ഥാനമാനാദികളോടുകൂടിയ ഒരു 'സെമിന്ദാർ'മാത്രമായി രൂപാന്തരപ്പെടുകയും ചെയ്തു!!

൩

കൊച്ചിക്കെതിരായ വാദങ്ങൾ

ആ നിലയിലും സാമൂതിരി കൊച്ചിയെ അസൂയാദൃഷ്ടികളോടും, അനല്പമായ അസഹിഷ്ണുതയൊടും കൂടിത്തന്നെ വീക്ഷിച്ചുകൊണ്ടിരുന്നു! ഒരു ജന്മിയുടെ നിലക്കും, ക്ഷേത്രാധികാരിയുടെ നിലക്കും, വീണ്ടും സാമൂതിരി, തരംകിട്ടുമ്പോഴെല്ലാം, നിലയില്ലെന്നറിഞ്ഞുകൊണ്ടുംകൂടി, പലപല വാദങ്ങളും കൊച്ചിയുടെ നേൎക്കു പുറപ്പെടുവിക്കുകയും, കമ്പനിക്കാരെ കമ്പംപിടിപ്പിക്കുകയും ചെയ്തു. തിരുവില്വാമലക്ഷേത്രത്തെ സംബന്ധിച്ചും, ചാലപെരിഞ്ചാലദേശവഴിയെസംബന്ധിച്ചും, കൊടുങ്ങല്ലൂരിലെ ഓരോ അവകാശങ്ങളെസംബന്ധിച്ചും, കൊച്ചിയും കോഴിക്കോട്ടുംതമ്മിൽ പിന്നീടുണ്ടായ തൎക്കങ്ങളെല്ലാം ആ 'വിടാവൈര'ത്തിൻെറ ഫലങ്ങളായിരുന്നു. ആ വാദങ്ങളിൽ ഒന്നിലും സാമൂതിരിക്കു വിജയം വന്നില്ലെന്നും, ക്ലേശഭാരത്തിനു ശേഷമാണെങ്കിലും, കൊച്ചിക്കു കാൎയ്യം കൈവന്നു എന്നും സവിശേഷം സ്മരണീയമാകുന്നു. ആവക വാദയുദ്ധങ്ങളിലെല്ലാം നേരിട്ടുനിന്നു സമരംചെയ്തതു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നു. യുദ്ധസംഭ്രാന്തിക്കിടയിൽ ചില അസ്ത്രങ്ങൾ തെററായും, ചിലതു് ഊന്നം പിഴച്ചും, പ്രയോഗിച്ചിരിക്കാമെങ്കിലും, അവിടുന്നു് അല്പവും പിന്തിരിയാതെ പിടിച്ചുനിന്നു പൊരുതിയതുകൊണ്ടാണു സാരമായ കാൎയ്യലാഭം കൈവന്നിട്ടുള്ളതു്.

തിരുവില്വാമലക്ഷേത്രത്തെ സംബന്ധിച്ചു കൊച്ചിയും കോഴിക്കോട്ടുംതമ്മിൽ വലിയ അവകാശത്തൎക്കം നേരിട്ടു. അതിനെക്കുറിച്ചുള്ള കൂടുതൽവിവരങ്ങൾ 'തിരുവില്വാമല' എന്ന അദ്ധ്യായത്തിൽ കാണുമെങ്കിലും അതിൻെറ ഒരു ഏകദേശസ്വരൂപം ഈ അദ്ധ്യായത്തിൽ സംഗതമായിരിക്കുമെന്നു വിശ്വസിക്കുന്നു. മലബാർ സൂപ്രവൈസർ മിസ്റ്റർ സ്റെറവാട്ടുസായ്പിനു ശക്തൻതമ്പുരാൻ അയച്ചതായ എഴുത്തു

കളിൽകാണുന്ന, താഴെ ചേക്കുന്ന ഭാഗങ്ങൾ, തന്നിമിത്തം, ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"......കൊഴിക്കൊട്ടുരാജാവിനു തിരുവില്വാമലെ ഒരു ഭവനം ഉണ്ടെന്നും കുംഭമാസത്തിലെ ഏകാദശിനാൾ വിളക്കും, പന്തൽപണിയും കഴിപ്പിച്ചു വന്നിരുന്നു എന്നും... ...എല്ലൊ തങ്ങളുടെ കടദാസ്സിൽ എഴുതിവന്നിരിക്കുന്ന അവസ്ഥകൾ......കൊഴിക്കൊട്ടിന്നു നമ്മുടെരാജ്യത്തിൽ ഒരു സംബന്ധവും ഇല്ല...... തിരുവില്വാമല നാലൊന്നിലെ സ്ഥാനം ഏറിയകാലമായിട്ടു നാം ആളാക്കിച്ചു നടത്തിച്ചു കൊണ്ടുവരുന്നതു കൊഴിക്കൊട്ടുരാജാവിനെക്കൊണ്ടു നടത്തിക്കുക എന്നുവെച്ചാൽ ആയതു നമുക്കെത്രയും സങ്കടമാകുന്നു..." തിരുവില്വാമലക്ഷേത്രം ഇപ്പോൾ കൊച്ചിരാജ്യത്തെ ദേവസ്വം വകുപ്പിൽ ചേൎന്നതാണെന്നു പറയേണ്ടതില്ലല്ലൊ.

ശ്രീരാമയ്യൻ കാൎയ്യക്കാർ ശക്തൻതമ്പുരാനയച്ചിട്ടുള്ള ഒരു റിപ്പോട്ടിൽ തിരുവില്വാമലയെക്കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു. "തിരുവില്വാമലയിൽ ഏറാൽപ്പാട്ടിന്നു 500 ആളെ അയച്ചു പാൎപ്പിക്കാൻ വിചാരിക്കുന്നപ്രകാരം കെൾക്കുന്നു എന്നു പറഞ്ഞാറെ അങ്ങനെ ചെയ്യാൽ ഒരു ക്ഷണംകൊണ്ടു ഒഴിപ്പിച്ചുകളയാമെന്നു സാമ്പ്യപറഞ്ഞു. എന്നാൽ ഏറാൽപ്പാട്ടിന്നു അഞ്ഞൂറാളെ പാൎപ്പിച്ചാൽ കൊച്ചിവകയിൽ നൂറാളുചെന്നു തച്ചുകളഞ്ഞുകൂടെ എന്നു സാമ്പ്യ ചൊദിച്ചാറെ, കല്പനയുണ്ടായാൽ അമ്പതാളെ കല്പിച്ചയച്ചു തച്ചുകളയിക്കാമെന്നു അങ്ങൊട്ടും പറഞ്ഞു..."

ചേറവാമണപ്പുറം, കൊടുങ്ങല്ലൂർ, ഈ അദ്ധ്യായങ്ങളിൽ സാമൂതിരിയും പെരുമ്പടപ്പും തമ്മിലുണ്ടായിരുന്ന തക്കങ്ങളുടെ ചില വിവരങ്ങൾ കാണാവുന്നതാണ്. അവയൊന്നും ഇവിടെ ആവൎത്തിക്കേണ്ട ആവശ്യമില്ലല്ലൊ. ചാല, പെരിഞ്ചോല, അയിനിക്കാട്ട്, അകംതുരുത്ത്, ഈ നാലു പ്രദേശങ്ങളും—ചിററിലപ്പിള്ളി ഫക്കയിൽപ്പെട്ടവ—ഇപ്പോൾ തനി കൊച്ചിരാജ്യത്തിൻെറ ഭാഗങ്ങളാണെങ്കിലും ആ സ്ഥലങ്ങൾക്കു സാമൂതിരി വിടാതെ വാദം നടത്തിക്കൊണ്ടിരുന്നു. 928-ൽതന്നെ ഡച്ചുകമ്പനിക്കാരും തിരുവിതാംകൂർ ഉദ്യോഗസ്ഥന്മാരും പെരുമ്പടപ്പിൻെറയും നെടിയിരിപ്പിൻെറയും പ്രതിനിധികളും ചേൎന്നു കൂട്ടുവെച്ചു "അതിൎത്തിവാദം കേട്ടു തീൎപ്പുകല്പിച്ചു 'വരിയോല' എഴു

തിയെക്കുക ഉണ്ടായി. (ഉദയാന്തരീക്ഷം എന്ന അദ്ധ്യായം നോക്കുക.) സാമൂതിരി വീണ്ടും 'കടന്നുപ്രവേശിച്ച്' വഴക്കുണ്ടാക്കുകയും, ഒരു ചെറിയ 'യുദ്ധ'ത്തിനുതന്നെ ഇടയാക്കുകയും ചെയ്തു. ഇംഗ്ലീഷുകമ്മീഷണർമാക്കും ഒന്നിലധികം തവണ ആ വിഷയം വിചാരണ ചെയ്യേണ്ടി വന്നിട്ടുണ്ട്.

"965_മാണ്ടുവരെക്കും (ചാല, പെരിഞ്ചാല, അയിനിക്കാട്ട്, അകംതുരുത്ത്) ആ പ്രദേശങ്ങളിൽനിന്നും ഞാൻ നികുതി എടുത്തിരിക്കുന്നു എന്നും, അവർ (കൊച്ചിരാജാവ്) നികുതി എടുത്തിട്ടില്ലെന്നും ആയതു കുമ്പഞ്ഞിയിൽനിന്നും വിചാരിക്കുമ്പോൾ അവരു് എടുത്തിട്ടുണ്ടെന്നു വന്നാൽ ആയിരം പൊന്നു പിഴചെയ്യാമെന്നും ഇക്കണ്ടപ്പണിക്കർ കച്ചീട്ട് എഴുതികൊടുത്തു." ഇതായിരുന്നു സാമൂതിരിയുടെ വാദസംഗ്രഹം. ഇക്കണ്ടപ്പണിക്കർ (ഉള്ളനാട്ടു് ഇക്കണ്ടപ്പണിക്കർകാര്യക്കാർ) സാമൂതിരിയുടെ ചാവക്കാട്ടു റെയിഞ്ചു കാര്യക്കാരായിരുന്നു. ടിപ്പുവിനോട്ടു കൊച്ചിക്കു വിട്ടുകിട്ടിയ—കപ്പം നിശ്ചയിച്ചു മേല്ക്കോയ്മസ്ഥാനം സ്വീകരിച്ചപ്പോൾ കിട്ടിയ—രാജ്യങ്ങളാകുന്നു മേല്പറഞ്ഞവ എന്നും അതിനു ടിപ്പുവിന്റെ 'പരമാന' (തിട്ടൂരം) ഉണ്ടെന്നും ആയിരുന്നു കൊച്ചിയുടെ വാദം. അതിനെപ്പററി, "ടിപ്പുസുൽത്താൻ രാജ്യങ്ങൾ കഴിഞ്ഞു കൊടുത്തതിനെക്കുറിച്ചു പരമാന ഇല്ലെന്നും, പരമാനയുടെ നകൽ ആകുന്നു എന്നു പറഞ്ഞ പെട്ടു് ഉണ്ടാക്കിക്കൊണ്ടുവന്നു കൊടുക്കുക ആകുന്നു എന്നും അസ്സൽ പരമാന കാണ്മാൻ ഇല്ലെന്നും 18_ാംനു- ഇക്കണ്ടപ്പണിക്കരു തികച്ചും പറഞ്ഞു, അപ്രകാരം എഴുതിക്കൊടുക്കയും ചെയ്തു." ഈ പരമാനയെക്കുറിച്ചുള്ള തക്കവും വളരെ കേമമായി നടന്നു.

973_ൽ സാമൂതിരി ചെയ്യുതായ ഒരു കയ്യേററത്തെക്കുറിച്ചു കുമ്പഞ്ഞിഅധികാരികൾക്കു ശക്തൻതമ്പുരാൻ ഇപ്രകാരം എഴുതി അയച്ചു കാണുന്നു. "കൊഴിക്കൊട്ടു രാജ്യത്തെ ആളുകൾ നമ്മുടെ രാജ്യത്തു കടന്നു കുത്തിപ്പൊളിച്ചു നാനാവിധങ്ങൾ ചെയ്തുവരുന്നപ്രകാരം പലപ്പൊഴും നാം തങ്ങൾക്കു എഴുതി അയച്ചിട്ടുണ്ടല്ലൊ. ഈ മാസം 9_ാംനു- 20 നാഴിക രാവായപ്പൊൾ നമ്മുടെ അയിലൂരു അഗ്രഹാരത്തിൽ സാമൂതിരിയുടെ മുന്നൂറ ആയുധക്കാരുകൂടി വന്നു കുത്തിപ്പൊളിക്കയും ആളപായം വരുത്തി നാലഞ്ചാളുകൾക്കു മുറിയും എല്പിച്ചു മുതൽ ഒക്കയും കവന്നുകൊണ്ടുപൊകുകയും ചെയ്തു. അതിന്റെ അവസ്ഥ പൊലെ കുമ്പഞ്ഞിയിൽനിന്നു ചൊദിക്കണം. അല്ലെങ്കിൽ നമ്മുടെ

ആളുകളെ അയച്ചു അവസ്ഥപൊലെ ചൊദിക്കുന്നതിന്നു അനുവദിക്കണം. നാമായിട്ടു ഒന്നു ചെയ്യു എന്നു വരരുതെന്നു വെച്ചത്രെ ഒന്നും ചെയ്യാതെ കുമ്പഞ്ഞിയെ അറിയിക്കുന്നതു്."

ആ മീനമാസത്തിലെ മറെറാരു തിരുവെഴുത്തിൽ ഇങ്ങനെ കാണുന്നു. "ഈ മാസം 19_ാംനു- നമ്മുടെ ചെങ്ങഴിക്കൊട്ടു പ്രവൃത്തിയിൽ തിപ്പല്ലൂരു മുള്ളത്ത ശങ്കരൻെറ വീടും കളപ്പുരയും കൊള്ളിവെച്ചു അവിടെ ഉണ്ടായിരുന്ന മുതലുകൾ ഒക്കെയും സാമൂതിരിയുടെ ആളുകൾ വന്നു കൊണ്ടുപൊയിരിക്കുന്നു". 972 കന്നി 1_ാംനു- ഇപ്രകാരം എഴുതുന്നു. "......സാമൂതിരിയുടെ വകയിൽ നൂറും ഇരുന്നൂറും ആളുകൾകൂടി രാത്രിയിൽ വടക്കെദിക്കിൽ നമ്മുടെ രാജ്യത്തു ഇങ്ങൊട്ടു കടന്നു പുരകൾ കുത്തിപ്പൊളിച്ചു മുതലുകൾ എടുത്തുകൊണ്ടു പൊകയും, വീടുകളും തൊഴുത്തുകളും കൊള്ളിവെക്കുകയും, ആളുകളെ വെട്ടിക്കൊല്ലുകയും, കന്നും വല്യാളും പിടിച്ചുകൊണ്ടുപൊകയും, ഇങ്ങനെ നാനാവിധങ്ങൾ പ്രലക്കുട്ടം ചെയ്യുവരുന്നവ ഒക്കെയും തങ്ങൾക്കു എഴുതിഅയച്ചു ബൊധിപ്പിച്ചിട്ടുണ്ടല്ലൊ. ഇപ്പൊഴും അവർ ഇങ്ങട്ടു കടന്നുവെന്നു നാനാവിധങ്ങൾ ചെയ്യുന്നതു ദിവസംപ്രതി വൎദ്ധിച്ചുവന്നിരിക്കകൊണ്ടു വടക്കൻ ദിക്കിലൊക്കെയും എതാനും ആളുകളെ പിരിയാതെ പാൎപ്പിച്ചു സൂക്ഷിച്ചുനിൎത്തിക്കെണ്ടിവരുന്നു. കല്പിസ്സാന്ത സായ്പു പറയുംവണ്ണം നമ്മുടെ ആളുകൊണ്ടും കൊപ്പുകൊണ്ടും വെണ്ടുന്ന പ്രയത്നം ചെയ്യുത്തക്കവണ്ണം നാം കല്പന കൊടുത്തിട്ടും ഉണ്ടു......"

൪

ചാലക്കുടലെ യുദ്ധം.

ചിററിലപ്പിള്ളിയിൽവെച്ചു ശക്തൻതമ്പുരാൻെറ ആളുകളും സാമൂതിരിയുടെ ആയുധക്കാരും തമ്മിൽ നേരിട്ടു് ഒരു യുദ്ധംതന്നെ 971 മേടത്തിൽ നടക്കുകയുണ്ടായി. അതിനെക്കുറിച്ചു മേടം 20_ാംനു- എഴുതിയ ഒരു കത്തിൽ ഇങ്ങനെ കാണുന്നു. "...ഇപ്പൊൾ ആ ദെശങ്ങളിലെ വിളവു കയറെണ്ട സമയത്തു നെടിയിരിപ്പിൻെറ വഹയിൽ രണ്ടുമൂവ്വായിരം ആയുധക്കാരെയും ശെഖരിച്ചു ഊരകത്തു പാൎപ്പിച്ചു (അടുത്തുള്ള ഒരു ഗ്രാമം. അതിപ്പോൾ ബ്രിട്ടീഷ് ശീമയാണു്) വിളവു വിരൊധിക്കകൊണ്ടു നമ്മുടെ വഹയിലും എതാനും ആളുകളെ ചാലക്കലും അയച്ചു പാൎപ്പിച്ചിരുന്നു. മെടം 20_ാംനു- വിളവെടുക്കുന്നതിന്നു നമ്മുടെ ആളുകൾ എത്തിയശെഷം നെടിയിരിപ്പിൻെറ ആളുകൾവന്നു നമ്മുടെ

ആളുകളുടെ നെരെ വെടിവെച്ചു ഒന്നു രണ്ടു ആളുകഠം വീണതിന്റെ ശെഷം നമ്മുടെ ആളുകളും വെടിവെച്ചു അങ്ങൊട്ടും ഇങ്ങൊട്ടും അസാരം കലശൽ ഉണ്ടായി. നാം ഒരു കവിച്ചിലിന്നും പൊയിട്ടും ഇല്ല. ഇനി അവർ കവിച്ചിലിന്നു വരാത്തവണ്ണം നിദാനം വരുത്തുകയും വേണം."

25-ാംനു- വീണ്ടും എഴുതുന്നു:—"ചാലക്കൽവെച്ചുണ്ടായ വത്തമാനങ്ങഠംക്ക തങ്ങഠംക്ക നാം ഒന്നു രണ്ടു കടദാസ്സു കൊടുത്തയച്ചതിന്റെ ശെഷം ഇതുനെരവും ഒരു മറുപടിയും ഉണ്ടായതും ഇല്ല. അവസ്ഥ പൊലെ കുമ്പഞ്ഞിയിൽനിന്നു ചൊദിക്കാഞ്ഞാൽ കപ്പം തീക്കാനും മുട്ടാകുന്നതാണു. വെമ്പായിക്കും നമ്മുടെപെക്കു ഒരു കടദാസ്സുണ്ടു. ആയതു വെഗത്തിൽ എത്തിച്ചുകൊടുത്തു മറുപടി വരുത്തുകയും വെണം".

'വെമ്പായി' ഗവർണർക്കും കൂടിയുള്ള 'കടദാസ്സ്' എത്തിച്ചേർന്നപ്പോഠം മലയാളത്തിലെ സായ്പിന്നു ചൂടുപിടിച്ചു. അദ്ദേഹംഅയച്ച മറുപടി ഇപ്രകാരമായിരുന്നു. "തങ്ങളും സാമൂതിരിരാജാവു അവരുകളും ആളുകളെ അയച്ചു തമ്മിൽ വെടിയും പടയും ഉണ്ടാവാൻ കല്പന കൊടുക്കകൊണ്ടു നമുക്കു വളരെ ഭ്രമമായിരിക്കുന്നു.... മലയാളത്തിലെയും നാട്ടികകളിലെയും ഞായങ്ങഠം തീക്കുന്നതു കുമ്പഞ്ഞിഎല്ലൊ ആകുന്നു. നാടുവാഴികളും രാജാക്കന്മാരും ഒന്നും ചെയ്യാനും ഇല്ല. ...മെലിൽ പട ഉണ്ടാവാതിരിപ്പാൻ കുമ്പഞ്ഞി ശിപ്പായികളെ അങ്ങൊട്ടു അയക്കുന്നു. മുമ്പെ പട തുടങ്ങിയതു ആരെന്നറിയാൻ മെസ്റ്റർ ഇഷ്ടിമാനെ അങ്ങൊട്ടയക്കുന്നു. സംശയം കൂടാതെ പടതുടങ്ങിയതു ആരെന്നുണ്ടായാൽ അവരുടെമെൽ (കുമ്പഞ്ഞി) സക്കാരിൽനിന്നു ഏറിയ അഭിപ്രായം ഉണ്ടായിരിക്കയും ചെയ്യും. 971 എടവം 2-ാംനു-".

ഈ കത്തിനു ശക്തൻതമ്പുരാൻ ഉടനെ തന്നെ താഴെ ചേക്കുന്ന മറുപടി അയച്ചു:- "...2-ാം നു- കൊടുത്തയച്ച കത്തു തുശ്ശുരു കൊണ്ടുന്നു വായിച്ചു കെട്ടു അവസ്ഥയും ധരിച്ചു...തങ്ങഠംക്കു വളരെ ഭ്രമമായിരിക്കുന്നു എന്നും...അല്ലൊ എഴുതിവന്നിരിക്കുന്നതു. നമുക്കു എഴുതിത്തന്നിരിക്കുന്ന കരാറിൽ ഉഠംപ്പെട്ട ഉല്പത്തികളിൽനിന്നു (നിലങ്ങഠം) നമ്മുടെ കുടികളെക്കൊണ്ടു വിളവു എടുപ്പിച്ചതല്ലാതെ സാമൂതിരിയുടെ ഉഭയങ്ങളിൽ നാം കവിച്ചിലായിട്ടു പൊയിട്ടും ഇല്ല. കുമ്പഞ്ഞീന്നു കെട്ടുതീത്തു നിദാനം വരുത്തിത്തന്നിരിക്കുന്ന കാര്യത്തിൽ, സാമൂതിരി

യുടെ ആളുകൾ യുദ്ധത്തിന്നായിട്ട ആയുധക്കാരെയും ശെഖരിച്ചുകൊണ്ടു വന്നു നമ്മുടെ ആളുകളെ വെട്ടുകയും വെടിവെക്കുകയും ചെയ്തശെഷം, നമ്മുടെ ആളുകളും കൂടി അസാരം കലശൽ ഉണ്ടായ അവസ്ഥ ഒക്കയും തിരിച്ചുതന്നെ എഴുതികൊടുത്തയച്ചിട്ടുണ്ടല്ലൊ. എന്നിട്ടും നാം കവിച്ചിലായിട്ട ചെയ്യണമെങ്കിൽ എന്തുകൊണ്ടു അറിയില്ല എന്നെഴുതിയിരിക്കുന്നതു നമുക്കു വളരെ വ്യസനമാകയും ചെയ്തു. അവർ ഇങ്ങൊട്ടു...... നമ്മുടെ വഹയിൽ ആളുകൾ വീണതിന്റെ ശെഷമായിട്ട നാം അങ്ങൊട്ടും പ്രവൃത്തിക്കെണ്ടതിനെ പ്രവൃത്തിച്ചു. എന്നല്ലാതെ ഒരു കവിച്ചിലും നാം ചെയ്തിട്ടും ഇല്ല. ഇഷ്ടിമാന്റെ അടുക്കലെക്കു നമ്മുടെ സർവ്വാധികാര്യക്കാരെ അയച്ചിട്ടും ഉണ്ട്. സാമൂതിരിയുടെ ആളാണു കവിച്ചിലായിട്ട ചെയ്തിരിക്കുന്നതു എന്നു, താങ്കൾ എത്രയും വളരെ ബുദ്ധിശാലി ആകകൊണ്ടു, ഗുണദൊഷങ്ങൾ വിചാരിക്കുമ്പോൾ, തങ്ങൾക്കു ബൊധിക്കയും ചെയ്യും. ഇതുംകൂടാതെ, സാമൂതിരിയുടെ ആളുകൾ നമ്മുടെ രാജ്യത്തു തലപ്പിള്ളി, പെരാററവീഥി, നാലുദെശം കൊടകരനാട്, ഇപ്രദെശങ്ങളിൽ ഇങ്ങൊട്ടു കടന്നു, പലക്കൂട്ടം നാനാവിധങ്ങൾ കാഞ്ഞ നാളായി നമ്മൊടു ചെയ്തുവരുന്നു. ചാലക്കൽവെച്ചു കലശൽ ഉണ്ടായതിനുശെഷവും, നമ്മുടെ നെടുമ്പുര എന്ന പ്രദെശത്ത കൊളഞ്ചെരി എന്ന വീട്ടിൽ 4-ാംനു- രാത്രിയിൽ സാമൂതിരിയുടെ ആളുകൾ കുത്തിപ്പൊളിച്ചു കൊള്ളിവെച്ചു എഴെട്ടു ആളുകളെ മുറി എല്പിച്ചു മുതലുകളുംകൊണ്ടു പൊകയും ചെയ്തു. കന്നു പശു ഇവററ തൊഴുത്തിൽ കിടന്നുവെന്തു ഒക്കയും അപായം വന്നു പൊകയും ചെയ്തു. തലപ്പിള്ളിയിൽ കരുമത്തിൽ പണിക്കരുടെ വീട്ടിൽ ഒരുത്തൻ ദീനമായിക്കിടന്നിരുന്നവനെയും സാമൂതിരിയുടെ ആളുകൾവന്നു തലയും വെട്ടിക്കൊണ്ടുപൊയി. പലക്കൂട്ടം നാനാവിധങ്ങൾ ഇപ്പൊഴും കാരൊദിക്കിൽ ചെയ്തുവരുന്നു. സാമൂതിരിയുടെ ആൾക്കാർ കുമ്പഞ്ഞി എജമാനന്മാരെ ഭയപ്പെടാതെ ഇങ്ങനെ കവിച്ചിലുകൾ ചെയ്തു എന്നുവെച്ചാൽ അതിന്റെ അവസ്ഥ പൊലെ അവരൊടു വിചാരിച്ചു മെലിൽ ഒന്നും വരാത്തവണ്ണം നിദാനം വരുത്തിവെക്കയുംവെണം. വരുത്തിച്ചു തരുവൊളത്തിനു കുമ്പഞ്ഞിയിൽ നമുക്കു ആവലാതിയും ഉണ്ടു.........”

ശക്തൻതമ്പുരാനെക്കുറിച്ചുള്ള കേൾവിക്ക്, അദ്ദേഹം എപ്പോഴും ‘അക്രമരാഹിത്യനയം’തന്നെ സ്വീകരിച്ചു എന്നു വിശ്വസിക്കുക വയ്യെങ്കിലും, ‘ഉരുളക്ക് ഉപ്പേരി’കൊടുത്തുകൊണ്ടിരുന്നു എന്നൂഹിക്കുന്നതാണ് അധികം യുക്തമായിരിക്കുക എങ്കിലും, സാമൂതിരിയുടെ എററ

ങ്ങറം കുറേ എററ ഉണ്ടായിരുന്നു എന്നും, കുമ്പഞ്ഞി രണ്ടുകൂട്ടരുടേയും മേലധികാരം വഹിച്ചിരുന്ന ഒരു ശക്തിയായിരുന്നതുകൊണ്ട്, 'തകരാറൊന്നും തന്റെ ഭാഗത്താകരുത്' എന്ന നിലയ്ക്കു കുറേ സൂക്ഷിച്ചാണു പ്രവർത്തിച്ചിരുന്നതെന്നും, അങ്ങോട്ടുചെന്ന് അടിക്കയും മുമ്പിൽചെന്ന് അന്യായം ബോധിപ്പിക്കയും ചെയ്യുന്ന ചില വീരന്മാരെപ്പോലെയും ചിലപ്പോൾ പ്രവർത്തിച്ചിരിക്കാമെന്നും, വിചാരിക്കാവുന്നതാണ്. എന്തായാലും, സകാരണമായിട്ടാവട്ടെ അകാരണമായിട്ടാവട്ടെ, സാമൂതിരിക്കൂറവകാരുടേയും കിങ്കരന്മാരുടേയും അഹമ്മതികൾക്ക് അന്ന് അവസാനമുണ്ടായിരുന്നില്ലെന്നു നിർവ്വിവാദമാണ്.

ചാലയ്ക്കൽവെച്ചുണ്ടായ 'കലശൽ'കാര്യത്തിൽ കയ്യേററക്കാരൻ സാമൂതിരിയായിരിക്കണമെന്ന് ആ 'യുദ്ധ'ത്തിനുമുമ്പായിത്തന്നെ ശക്തൻതമ്പുരാൻ ചേർപ്പുളശ്ശേരി ഇക്കിടിസായിപ്പിന് എഴുതിയതും താഴെ കൊടുക്കുന്നതുമായ എഴുത്തിൽനിന്ന് അനുമാനിക്കണം. "......ഇപ്പോൾ നെടിയിരിപ്പിന്റെ ആളുകൾ നമ്മൊടു യുദ്ധത്തിനായിട്ടു പത്തുരണ്ടായിരം ആളുകളെ ശെഖരിച്ചു ഊരകത്തു പാൎപ്പിക്കുന്ന പ്രകാരം കെൾക്കകൊണ്ടു നമ്മുടെ വഹയിൽ എതാനും ആളുകളെ ചാലക്കൽ അയച്ചു പാൎപ്പിച്ചിട്ടും ഉണ്ടു. ചാവക്കാട്ടിൽ അദാലത്തു അമ്പലത്തുവീട്ടിൽ മീതയനും എതാനും ആളുകളുംകൂടെ രണ്ടുനാലുദിവസംമുമ്പു ഊരകത്തു വന്നെച്ചുപൊയിഎന്നും കെട്ടു. ഇപ്പൊൾ മാപ്പിളമാരെ ഒക്കെയും ശെഖരിച്ചുംകൊണ്ടു മെയ്തീൻകുട്ടി ഊരകത്തെക്കു എത്തത്തക്കവണ്ണം എളങ്കൂറിന്റെ (എറാൽപ്പാട്ടീന്നു) പെക്ഷം ഒളനാട്ടു ഇക്കണ്ടന്റെ പെക്ഷം എഴുതിക്കൊടുത്തയച്ചിട്ടുണ്ടെന്നും, അതുപ്രകാരം മെയ്തീൻകുട്ടി മാപ്പിളമാരെ ശെഖരിച്ചു വരാൻ ഭാവമുണ്ടെന്നും, കെട്ടു. കുമ്പഞ്ഞിശമ്പളവും പററി കുമ്പഞ്ഞിശെവുകത്തിൽ നില്ക്കുന്ന ആളുകൾ നമ്മുടെ നെരെ യുദ്ധത്തിനു വരിക എന്നുവെച്ചാൽ മുട്ടതന്നെയല്ലൊ ആകുന്നു. ഇതൊക്കെ തങ്ങൾതന്നെ വിചാരിച്ചു നിദാനം വരുത്തിക്കൊള്ളുകയും വെണം."

തന്റെ ചാരന്മാരുടെ സാമൎത്ഥ്യത്താലാണല്ലൊ ഈ വിവരങ്ങൾ ശക്തൻതമ്പുരാൻ ഇത്ര കൃത്യമായി കാലേകൂട്ടി അറിഞ്ഞത്. അറിഞ്ഞഉടനേതന്നെ ആ സംഗതി അധികാരസ്ഥാനത്ത് എത്തിക്കയും ചെയ്തു. അനാവശ്യമായി സാഹസങ്ങൾക്കു പുറപ്പെടുന്നതിന് ഒട്ടും സന്നദ്ധനല്ലായിരുന്നു ആ തിരുമേനി എന്നും, ഇതിൽനിന്നു

തെളിയുന്നു. കുന്തംകുത്തുകളുടെ കാലം കഴിഞ്ഞു്, എഴുത്തുകുത്തുകളുടെ കാലം സമാഗതമായിരിക്കുന്ന വസ്തുത അവിടുന്നു നല്ലപോലെ ധരിച്ചിരുന്നു. ചേപ്പുളശ്ശേരി തുക്കിടിയിലേയ്ക്കു മേല്ക്കോണിച്ച എഴുത്തയച്ചതോടുകൂടി, കോഴിക്കോട്ടു 'കമ്മീഷണർമാരു'ടെ അടുക്കൽ ഓരോ കാര്യങ്ങൾക്കായി പാർപ്പിച്ചിരുന്ന 'നമ്മുടെ കാരസ്ഥാട്ടു രാമനും' ഒരെഴുത്തു ഈ സംഗതിക്കുതന്നെ അയച്ചു. അതിൽ ഇപ്രകാരം കാണുന്നുണ്ടു്. "...ചാലക്കലക്ക ആയുധക്കാരെ അയച്ചു എടയത്തുകവണ്ണം നിശ്ചയിച്ചിരിക്കുന്നപ്രകാരം സൂക്ഷ്മമായിട്ടു അറിയുന്നു. അവിടെ ഉള്ള (ചാവക്കാട്ടിൽ) കുമ്പഞ്ഞി എജമാനന്മാരുടെ ഉള്ളക്കൂടി ഉണ്ടായിട്ടത്രെ പുറപ്പെട്ടിരിക്കുന്നതു. അവർ വരാതിരിക്കുന്നതിന്നു അവിടെ വെണ്ടുംപ്രകാരം പ്രയത്നം ചെയ്തുകൊള്ളണം. നാം കുമ്പഞ്ഞിക്കു കപ്പപ്പണം കൊടുക്കുകയും, എല്ലാ നാളും ഇവരൊടു പടവെട്ടുകയും (രണ്ടുംകൂടി വേണ്ടെല്ലൊ). അതുകൊണ്ടു രാമൻ അവരെല്ലാവരും നമുക്കു വെണ്ടുംവണ്ണമായിട്ടു വരത്തക്കവണ്ണം പ്രയത്നം ചെയ്തുകൊള്ളണം.... ....."

ചിററിലപ്പിള്ളി രാജ്യത്തിനെക്കുറിച്ചു കൊച്ചിയും കോഴിക്കോടും തമ്മിലുണ്ടായിരുന്ന തക്കത്തെ മറെറാരദ്ധ്യായത്തിൽ കൂടുതൽ വിവരിച്ചിട്ടുള്ളതുകൊണ്ടു് അതു വാദവിഷയങ്ങളിൽ ഒന്നായിരുന്നു എന്നു സൂചിപ്പിക്കുക മാത്രമേ ഇവിടെ ചെയ്തിട്ടുള്ളു. ഇപ്രകാരം വിവാദവും വ്യവഹാരവും പെരുമ്പടപ്പിൽനിന്നും നെടിയിരിപ്പിൽനിന്നും തമ്മിൽ കുറച്ചുധികകാലം നിലനിന്നു. അനർഹങ്ങളായ അവകാശങ്ങളെ സാമൂതിരി ഇങ്ങോട്ടു കടത്തി പ്രയോഗിച്ചപ്പോൾ, അടിസ്ഥാനപൂർണ്ണങ്ങളല്ലാത്ത ചില തേച്ചുകളെ ശക്തൻതമ്പുരാൻ അങ്ങോട്ടും തട്ടിവീക്കീട്ടുണ്ടായിരിക്കുമെന്നു പക്ഷേ സമ്മതിക്കാമെങ്കിലും, നിന്നനിലയ്ക്കു നിന്നുംകൊണ്ടു് അവിടുന്നു നടത്തിയ വാദങ്ങളുടെ ഫലമായിട്ടുതന്നെയാണു പലരാജ്യഭാഗങ്ങളും, അന്നത്തെ ആ കലക്കത്തിൽ കലങ്ങിമറിഞ്ഞുപോകാതെ, കൊച്ചിക്കു് ഉറച്ചുകിട്ടിയതെന്നതിനു സംശയമില്ല.

നാനാതരത്തിലും നാലുപുറത്തും നിറഞ്ഞുനിന്നിരുന്ന ശത്രുക്കളുടെ ഏഷണികളെ അവഗണിച്ചു്, ഏകനു നിസ്സഹായനായ അവിടുന്നു പോരാടീട്ടുള്ളതു്. നാട്ടിലെ പ്രഭുക്കന്മാരുടെ സഹായമുണ്ടായിരുന്നില്ലെന്നുതന്നെയല്ല, അവർ സപക്ഷമായി ശത്രുപക്ഷത്തെ തുണയ്ക്കുകയും ചെയ്തിരുന്നു. മണപ്പുറത്തുകാർ എന്തെല്ലാം കുസൃതികൾ ഉണ്ടാക്കിത്തീർത്തു എന്നു് 'ചേററുവാ മണപ്പുറം' എന്ന അദ്ധ്യായത്തിൽ

പ്രസ്താവിച്ചിട്ടുണ്ട്. താൻ സ്വയം തിരഞ്ഞെടുത്ത വിശ്വസ്തന്മാരും വിദഗ്ദ്ധന്മാരുമായ ഏതാനും മന്ത്രിമാരല്ലാതെ മററാരും അവിടുത്തേയ്ക്കു സഹായമുണ്ടായിരുന്നില്ല. ആ മന്ത്രിമാരിൽ ഗോവിന്ദമേനോൻ വലിയസർവ്വാധിയെക്കുറിച്ചു കമ്മീഷണർമാർതന്നെ വളരെ മതിപ്പുണ്ടായിരുന്നതായി അവർ രേഖപ്പെടുത്തീട്ടുണ്ട്. 'നമ്മുടെ കാരസ്ഥാട്ടു രാമൻ' എന്ന് അന്നത്തെ തിരുവെഴുത്തുകളിൽ കാണുന്ന രാമമേനോൻ അതിവിശ്വസ്തനും അതിപ്രാപ്തനും ആയിരുന്നു. ആദ്യത്തിൽ കിഴക്കേമുഖം സർവ്വാധിയായിരുന്ന അദ്ദേഹം തനിച്ചുതന്നെയാണു രാജപ്രതിനിധിയായി കോഴിക്കോട്ടു കമ്മീഷണർമാരുടെ അടുക്കൽ അധികംനാൾ ആശ്രയിച്ചുകൂടി അധികാരങ്ങളും അവകാശങ്ങളും സംരക്ഷിച്ചിട്ടുള്ളതു്. അദ്ദേഹം ആയിരുന്നു ശക്തൻതമ്പുരാൻെറ അവസാനകാലത്തെ വലിയ സർവാധിയും.

നെടിയിരിപ്പും പെരുമ്പടപ്പും തമ്മിൽ നിർഭാഗ്യവശാൽ ആദ്യംമുതല്ക്കുതന്നെ ആരംഭിച്ചതായ അസഹിഷ്ണുതയും അന്യോന്യമത്സരവും കേരളരാജ്യചരിത്രത്തിലെ പലപല അദ്ധ്യായങ്ങളെയും അത്യന്തം ദുഃഖകരങ്ങളാക്കിത്തീർത്തിട്ടുണ്ട്. വന്നേരി ചിത്രകൂടത്തിൽനിന്നു പെരുമ്പടപ്പുകാർ എന്നെന്നേയ്ക്കുമായി പുറത്താക്കപ്പെട്ടു! തന്നിമിത്തം ഇന്നും കൊച്ചിരാജാക്കന്മാർ അവരുടെ പുരാതനമായ രാജകീയപൊൻകിരീടം ധരിക്കാത്തവരുമായി! സാമൂതിരിയുടെ അരിയിട്ടു വാഴ്ചയ്ക്ക് എഴുന്നള്ളിയിരിക്കാനുള്ള കല്പലക കൊച്ചിയുടെ കയ്യിലും, അതിൻെറ കിടപ്പു കൊച്ചിയിൽ രാമേശ്വരത്തു പള്ളിയറക്കാവിലുമായിരുന്നു എന്നും, അതിതേവരേയും സാമൂതിരിക്കു മടക്കിക്കിട്ടീട്ടില്ലെന്നും ഈ അവസരത്തിൽ സ്മരണീയമാകുന്നു. അവസാനത്തിൽ സാമൂതിരിക്കു 'കിരീടം' തന്നെയും നഷ്ടപ്പെട്ടു. 'ഈശ്വരേച്ഛ' എന്നല്ലാതെ ആ ദാരുണപരിണാമത്തെക്കുറിച്ച് ഒന്നും പറയുവാൻ തോന്നുന്നില്ല.

പൂർവ്വവൈരങ്ങളെല്ലാം പരസ്പരം മറന്നു്, ആ രണ്ടു രാജകുടുംബങ്ങളും പിന്നീടു പരസ്പരസൗഹാർദ്ദം സമ്പാദിച്ചതിൻെറ പ്രത്യക്ഷലക്ഷണമായി കൊച്ചിയിലെ വാഴ്ച കഴിഞ്ഞ മഹാരാജാവിൻെറ കാലത്തു്, സാമൂതിരിമഹാരാജാവായിരുന്ന സുപ്രസിദ്ധപണ്ഡിതവര്യൻ, വിദ്വാൻ ഏട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു സംസ്ഥാനാതിഥിയായി കൊച്ചിക്കെഴുന്നള്ളുകയും തൃശ്ശിവപേരൂർ വടക്കുന്നാഥൻക്ഷേത്രത്തിൽ അതിമനോഹരമായ ഒരു വലിയ ദീപസ്തംഭം സ്ഥാപിക്കുകയും, ആ രണ്ടു

മഹാപുരുഷന്മാരും തങ്ങൾക്കു പരസ്പരമുണ്ടായിരുന്ന സ്നേഹാദരങ്ങളെ വിസ്മയാവഹമാംവണ്ണം വിളംബരപ്പെടുത്തുകയും ചെയ്തു!

XXIV

കവളപ്പാറ.

ഷൊർണ്ണൂർ തീവണ്ടി ആപ്പീസ്സിൽനിന്നു കുറേ കിഴക്കുമാറി കോഴിക്കോട്ടു-പാലക്കാട്ടു-വെട്ടുവഴിക്കു തെക്കായി, സ്ഥിതിചെയ്യുന്നു കവളപ്പാറക്കൊട്ടാരം. 'കവളപ്പാറനായർ'കുടുംബം കേരളത്തിലെ പുരാതനവും പ്രസിദ്ധവുമായ വലിയ പ്രഭുസ്വരൂപങ്ങളിൽ ഒന്നാണെന്നു സർവ്വവിദിതമാണല്ലോ. കൊച്ചിരാജാവും സാമൂതിരിയും തമ്മിൽ കവളപ്പാറനായരുടെ രാജ്യത്തിന്റെ മേല്ക്കോയ്മയെക്കുറിച്ചു വളരെ വടംവലികൾ നടത്തീട്ടുണ്ടു്. ആ കുടുംബത്തിനു് ഇന്നും കൊച്ചി രാജ്യാതിർത്തികൾക്കു് അകത്തും അനവധി ഭൂസ്വത്തുക്കളുണ്ടു്. ഇടക്കാലത്തു് ആ കുടുംബത്തിന്റെ ഭരണം 'കോട്ടു്, ഓഫ്, വാർഡ്സിൽ' നിന്നായിരുന്നപ്പോൾ കൊച്ചിരാജ്യത്തുള്ള സ്വത്തുക്കളുടെ ഭരണം കൊച്ചിഗവർമ്മെണ്ടു മുഖേനതന്നെയാണു നടത്തിച്ചിരുന്നതും. ശക്തൻ തമ്പുരാന്റെ ഭരണകാലത്തു കവളപ്പാറക്കാര്യം 'വലിയ ഫീറാമുട്ടി' കളിൽ ഒന്നായിരുന്നു. സാമൂതിരിയും കൊച്ചിരാജാവും മേൽക്കോയ്മാവകാശത്തിനു വാദിച്ചിരുന്നാലും, കവളപ്പാറനായർ താൻ ആർക്കും വഴങ്ങിയവനല്ലെന്നും, പൂർണ്ണസ്വതന്ത്രനാണെന്നും തർക്കിക്കാതിരുന്നില്ല. 'മലബാർ കമ്മീഷണർമാർക്കു' തീരുമാനിക്കുവാൻ ഉണ്ടായിരുന്ന വിവിധവിഷയങ്ങളിൽ ഒന്നു കവളപ്പാറക്കാര്യമായിരുന്നു.

കവളപ്പാറനായരും, കേരളത്തിലെ മററെല്ലാ രാജാക്കന്മാരെയും പ്രഭുക്കന്മാരെയും പോലെ, താനും പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടിയ ഒരു നാടുവാഴിയാണെന്നും, ചേരമാൻപെരുമാൾ രാജ്യം പകുവെച്ചപ്പോൾ തന്റെ സ്വരൂപത്തിലേയ്ക്കു 'കവളപ്പാറനാടു', മററാരാലും ചോദ്യം കൂടാതെ അനുഭവിക്കത്തക്കവണ്ണം അനുവദിച്ചുതന്നതാണെന്നും, അന്നുമുതൽ താൻ സ്വേച്ഛാധികാരത്തോടുകൂടിത്തന്നെയാണു കഴിഞ്ഞുവന്നിട്ടുള്ളതെന്നും, നെടിയിരിപ്പിനാവട്ടെ, പെരുമ്പടപ്പിനാവട്ടെ തന്റെ രാജ്യത്തിലോ സ്വരൂപത്തിലോ യാതൊരു മേൽക്കോയ്മയും ഒരിക്കലും

ഉണ്ടായിട്ടില്ലെന്നും, ഉണ്ടാകാവുന്നതല്ലെന്നും, ഊർജ്ജിതമായി വാദിച്ചു. അതിനെയൊക്കെ തീരെ നിഷേധിച്ചും, നിരസിച്ചും, അവരവരുടെ മേൽക്കോയ്മയെ ഉയർത്തിപ്പിടിച്ചും, നെടിയിരിപ്പും പെരുമ്പടപ്പും എതിർവാദം ചെയ്തു. 'മലബാർ കമ്മീഷണർമാർ' വാദപ്രതിവാദങ്ങൾ എല്ലാം കേട്ട് ഒടുവിൽ ഒരു തീർപ്പും കല്പിച്ചു. അതിന്റെ ഫലമായി കവളപ്പാറരാജ്യം കൊച്ചിക്കുമില്ല, കോഴിക്കോട്ടേയ്ക്കുമില്ല, കവളപ്പാറയ്ക്കുമില്ലാ എന്നുവന്നു. ആ പ്രദേശം ബ്രിട്ടീഷ് മലബാറിന്റെ ഒരു ഭാഗമായിത്തീരുകയും, കവളപ്പാറനായൎക്ക് ചേരമാൻപെരുമാൾ കല്പിച്ചു നല്കിയതായി പ്രസ്താവിക്കപ്പെട്ട രാജ്യാധികാരം പോയി ആ പുരാണപ്രസിദ്ധൻ കേവലം ഒരു ജന്മിനായരായിത്തീരുകയും ചെയ്തു.

കേരളത്തിലുള്ള അനാചാരങ്ങൾക്ക് എല്ലാം അദ്വൈതമതസ്ഥാപകനും വിശ്വവിശ്രുതനുമായ ശ്രീശങ്കരാചാര്യസ്വാമികളെ പഴിപറയുന്ന പതിവുപോലെതന്നെയാണ്, കേരളത്തിലെ ആയിരത്തിയെട്ട് രാജാക്കന്മാരും പ്രഭുക്കന്മാരും ഇടക്കാലത്ത് അവൎക്കുണ്ടായിരുന്നതായി കാണുന്ന സ്വാതന്ത്ര്യത്തിന് – അഥവാ ദുസ്സ്വാതന്ത്ര്യത്തിന് — ചേരമാൻപെരുമാളെ ചാരിനിന്നിരുന്നതും. വളരെ ചെറിയ ഒരു ദേശത്തിന്റെ ആധിപത്യം വഹിച്ചിരുന്ന ഇടപ്രഭുവായിരുന്നാലും വേണ്ടില്ല, ആയാളുടെ അധികാരത്തിന്റെ അടിസ്ഥാനത്തെക്കുറിച്ചു ചോദിച്ചാൽ, ഉടനെ 'ചേരമാൻപെരുമാൾ കല്പിച്ചുതന്നത്' എന്നു മറുപടി പറഞ്ഞുവന്നു. പൂന്നത്തൂരും, കവളപ്പാറയും, എന്നുവേണ്ടാ, 'കയ്യൂക്കുണ്ടായിരുന്ന കാര്യക്കാരന്മാർ' മുഴുവനും, അതേ പല്ലവിതന്നെയാണു പാടിക്കൊണ്ടിരുന്നതു്.

ചേരമാൻപെരുമാളുടെ 'രാജ്യം പങ്കുവെക്കൽ' തീരെ അടിസ്ഥാനരഹിതവും അസംബന്ധവുമാണെന്ന് ആ കഥാവിവരണംതന്നെ തെളിയിക്കുന്നുണ്ട്. വലിയ ഒരു തറവാട്ടിൽ ഭാഗമുണ്ടാകുമ്പോൾ എന്നപോലെ ഒറ്റയ്ക്കു പിരിഞ്ഞവർ, കൂട്ടായിട്ടു തിരിഞ്ഞവർ, താവഴികളായി കഴിഞ്ഞവർ, ഒഴുമുറിവെച്ചു പോയവർ, എന്നിങ്ങനെ പലവിധത്തിലുള്ള ഭാഗഭാക്കുകളും, കേരളവിഭജനവിഷയത്തിലും ഉണ്ടായിട്ടുണ്ട്. അതിനുംപുറമെ 'ശേഷിച്ചതൊക്കെ കിട്ടിയവരായി' ഒരു കൂട്ടരുമുണ്ട്. തറവാട്ടുപേരുകൊണ്ടുമാത്രം തൃപ്തിപ്പെടേണ്ടിവന്നവരേയും കാണാം. അതിലും വിശേഷിച്ച്, 'ആരുടെ വേണമെങ്കിലും കഴുത്തു വെട്ടിക്കോ' എന്ന് അനുജ്ഞയും, അതിനുവേണ്ടി ഒരു വാളുംമാത്രം പെരുമാളോടു

വാങ്ങി,. അന്നുമുതല്ക്കു് ആഹവത്തിനു പുറപ്പെട്ടിട്ടുള്ളവരുമുണ്ടു്. ഇതൊത്രയും അത്ഭുതജനകമായ ഒരു പങ്കുവെയ്ക്കൽ തന്നെയാകുന്നു.

ഈ വിഭജനവിഷയം കേവലം ഒരു മിഥ്യയാണെന്നും, പെരുമാൾ വാഴ്ച സ്വയം അവസാനിക്കയോ, ഈ മിടുക്കന്മാരെല്ലാംകൂടി അവസാനിപ്പിക്കയോ ചെയ്തതോടുകൂടി, "ഇനി ഒരാളെ വാഴിക്കാൻ ഞങ്ങൾക്കു സമ്മതമില്ല," എന്നു പറയാവുന്നവരെല്ലാം പരസ്യമായി പ്രഖ്യാപിച്ചതിനാൽ, അനാഥമായിത്തീന്ന കേരളം അനേകം അധികാരികൾക്കു് അവകാശപ്പെട്ടതായിത്തീന്നതാണെന്നുംമാത്രമേ വിശ്വസിക്കുവാൻ വഴിയുള്ളു. പെരുമാളുടെ കാലത്തു് അദ്ദേഹത്തിൻെറ മേൽക്കോയ്മയെ സ്വീകരിച്ചും ആദരിച്ചും അനുസരിച്ചും വന്നിരുന്ന 'ശക്തികൾ' എല്ലാം അതോടുകൂടി, അവരെ ഒരു കുലയായി നിത്തിയിരുന്ന ഞെട്ടിയിൽനിന്നു ചിതറിപ്പോകുകയും, കാരോരുത്തരും അവരവരുടെ പ്രാപ്തിക്കും ശക്തിക്കും അനുസരിച്ചു വലിയതോ ചെറിയതോ ആയ രാജ്യഭാഗങ്ങളുടെ സ്വതന്ത്രാധികാരികളായിഭ്ഭവിക്കുകയും ചെയ്തിരിക്കാം.

ഇതിനെയായിരിക്കും പെരുമാളുടെ രാജ്യംപങ്കുവക്കലായി ഭംഗ്യന്തരേണ വിവരിച്ചിരിക്കുന്നതു്. പെരുമാൾ കൊടുത്തിട്ടാണു രാജ്യം കിട്ടിയതെന്നു പറയുന്നതു്, പെരുമാൾക്കു ശക്തിയും ശേഷിയും ഉണ്ടായിരുന്നുവെങ്കിൽ മറ്റൊരാൾക്കും സ്വതന്ത്രാധികാരം കിട്ടുമായിരുന്നില്ലല്ലൊ എന്നതു പരമാത്ഥമാകയാൽ, അത്ഥത്തിൽ അത്ര വലിയ അബദ്ധമാണെന്നും പറഞ്ഞുകൂടാ. നാട്ടുരാജാക്കന്മാർ—പെരുമാൾ പരദേശത്തുനിന്നു വന്ന ഭരണാധികാരി മാത്രമാണല്ലൊ—സ്വാതന്ത്ര്യപ്രഖ്യാപനം ചെയ്ത അന്നുമുതല്ക്കായിരിക്കണം കൊല്ലവഷഗണനയെന്നുള്ള പക്ഷക്കാരുടെ അഭിപ്രായത്തിനു തന്നിമിത്തം അടിസ്ഥാനമില്ലായ്കയുമില്ല. ക്രിസ്ത്വബ്ദം 825-ലാണു് ഈ സംഭവമുണ്ടായതെന്നും അവർ വിശ്വസിക്കുന്നു. അന്നാണു മലയാംകൊല്ലത്തിൻെറ ആരംഭവും.

കവളപ്പാറക്കായ്മയാണല്ലോ നമ്മുടെ ആലോചനാവിഷയം. ഈ 'പെരുമാൾവാദം' കവളപ്പാറനായർ മലബാർ കമ്മീഷണർമാരുടെ മുമ്പാകെ നിഷ്കർഷാപൂവ്വം നിവേദിച്ചിരിക്കുന്നതുകൊണ്ടാണു് അതിനെക്കുറിച്ചു് ഇത്രയും പറയുവാൻ ഇടയായതു്. ഏതായാലും, 'വെട്ടിപ്പിടിക്കാനുള്ള' അനുവാദത്തോടുകൂടി 'പെരുമാളുടെ വാളും വാങ്ങി' പുറപ്പെട്ട സാമൂതിരിപ്പാടു്, തനിക്കു വാളു തന്ന പെരുമാൾതന്നെയാണു

കവളപ്പാറരാജ്യം നായക്കും കൊടുത്തതു് എന്നസംഗതി അറിയാഞ്ഞിട്ടോ, അനാദരിച്ചിട്ടോ എന്നു നിശ്ചയമില്ല, നായരുടെ നേരേയും ചന്ദ്രഹാസമിളക്കാതിരുന്നില്ല. സാമൂതിരിയുടെ വെട്ടേല്ക്കാതിരിക്കുന്നതിനായിരിക്കാമെങ്കിലും, അപ്പോഴൊക്കെ, നായർ കൊച്ചിയുടെ സഹായം അപേക്ഷിച്ചുവാങ്ങുകയും, കോഴിക്കോടിനേക്കാൾ കൊച്ചിയെ ബന്ധുവായോ, സഹായിയായോ, മേല്ക്കോയ്മയായോ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതു നിൎവ്വിവാദമാണ്. എടക്കാലത്തു നായർ സാമൂതിരിക്കു കീഴടങ്ങിട്ടുണ്ടെങ്കിൽ അതു ഗത്യന്തരമില്ലാതെയും, കൊച്ചിക്കു സ്വാധീനപ്പെട്ടിട്ടുണ്ടെങ്കിൽ അതു് ഒരു സൗഹാൎദ്ദത്തോടുകൂടിയുമാണു്.

ഹൈദർനവാബിന്റെ മലബാർ ആക്രമണം ഉണ്ടാകുന്നതിനു മുമ്പുള്ള കാലം, സാമൂതിരിയുടെ പ്രതാപൈശ്വൎയ്യങ്ങളുടെ മൂൎദ്ധന്യദശയായിരുന്നു. അന്നത്തെ സാമൂതിരിപ്പാടിന്റെ വിക്രമങ്ങൾ മുൻപു് ഒരദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതാകുന്നു. ആ കാലത്തു കുറച്ചിട കവളപ്പാറ നിരാക്ഷേപം കോഴിക്കോടിനു കീഴിൽതന്നെയായിരുന്നു എന്നു സമ്മതിക്കാതെ തരമില്ല. കൊച്ചിയുടെ സഹായത്തിനെത്തിയ തിരുവിതാംകൂർ, സാമൂതിരിയെ കാടിച്ചുകളഞ്ഞതിനുശേഷം, കവളപ്പാറനായരെ സ്വന്തം രാജ്യത്തിന്റെ സ്വതന്ത്രാധിപതിയാക്കി വീണ്ടും ഉറപ്പിക്കുകയുംചെയ്തു. വലിയ കാലതാമസംകൂടാതെ, ഹൈദരുടെ പട പുറപ്പെട്ടു. ആ കാലത്തു ഭാഗ്യദോഷത്താൽ തുല്യദുഃഖന്മാരായിരുന്ന സാമൂതിരിയും നായരും ഒരുപോലെ തിരുവിതാംകൂറിൽതന്നെയായിരുന്നു. ഹൈദർ കവളപ്പാറയെ 'അരമനജമാവന്തി'യിൽ ഉൾപ്പെടുത്തി. ടിപ്പുവിനെ ഇംഗ്ലീഷുകാർ തോല്പിച്ചതോടുകൂടി അതുവരെ അഭയാൎത്ഥികളായി അങ്ങുമിങ്ങും മാറിത്താമസിച്ചിരുന്ന രാജാക്കന്മാരും പ്രഭുക്കന്മാരുമെല്ലാം തിരികെ വന്നകൂട്ടത്തിൽ കവളപ്പാറനായരും, തിരുവിതാംകൂർദിവാൻ രാജാകേശവപിള്ളയുടെ സഹായത്തോടുകൂടി സ്വരാജ്യത്തെത്തുകയും, ഇംഗ്ലീഷുകാരുമായി സൗഹാൎദ്ദത്തിലായിരുന്ന കേശവപിള്ള കവളപ്പാറനായരെ സ്ഥാനത്തിരുത്തുകയും, അനുഭാവാൎഹനായ ഒരു ബന്ധുവായി ഇംഗ്ലീഷുകാരെ കൂട്ടി ഏല്പിക്കുകയും ഉണ്ടായി. ഈ സംഗതിയിൽ കവളപ്പാറനായരോടു കേശവപിള്ളദിവാൻ 21,000 ക. വാങ്ങീട്ടുണ്ടെന്നാണു മലബാർ കമ്മീഷണർമാരുടെ റിപ്പോൎട്ട് 110-ാം വകുപ്പിലും, അതിനോടു് അനുബന്ധിച്ചിട്ടുള്ള 16-ാം നമ്പ്ര് രശീതിയിലും എഴുതിക്കാണുന്നതു്. സാമൂതിരിയുടെ സൎവ്വാധികാൎയ്യക്കാരായിരുന്ന ശാമിനാഥപ

ട്ടർ തിരുവിതാംകൂറിലെ ദിവാനായിരുന്ന കേശവപിള്ള അവർകളുടെ ചൊല്പടിക്കു നിന്നിരുന്ന ആളാണത്രെ!

965-ലാണല്ലൊ കൊച്ചിയും ഇംഗ്ലീഷുകാരും തമ്മിലുണ്ടായ ഒന്നാമത്തെ ഉടമ്പടി. ആ കരാറിലെ 3-ാം വകുപ്പിൽ കൊച്ചിരാജാവിനു ടിപ്പുവിൽനിന്നും മടക്കിക്കിട്ടേണ്ടതും, മടക്കി വാങ്ങികൊടുക്കുവാൻ കമ്പനിക്കാർ ഏററുമായ പ്രദേശങ്ങളുടെ ഒരു പട്ടികയുള്ളതിൽ 16-ാമത്തെ ഇനം കവളപ്പാറനാട്ട് എന്നതാണ്. ഈ കരാറിനെ അവലംബിച്ചാണു ശക്തൻതമ്പുരാൻെറ കവളപ്പാറവാദം പ്രധാനമായുണ്ടായിരുന്നതു്. കൊച്ചി കവളപ്പാറക്കു പല സഹായങ്ങളും ചെയ്തിട്ടുണ്ടെന്നും, കൊച്ചിക്കു 'ചങ്ങാതം' മുതലായ പണങ്ങൾ കൊടുത്തുകൊണ്ടു വന്നിട്ടുണ്ടെന്നും, കൊച്ചിയുടെ 'കീഴേട'മാണെന്നും, നവാബിൻെറ കാലത്തു പൊയ്പോയതാണെന്നും, ന്യായപ്രകാരം തിരിച്ചുകിട്ടേണ്ടതാണെന്നും, അതൊന്നുമല്ലെങ്കിൽതന്നെ സന്ധിക്കരാറിൽ അതു തിരിച്ചെടുത്തു കൊടുത്തുകൊള്ളാമെന്നു പ്രത്യേകം വ്യവസ്ഥപ്പെടുത്തീട്ടുള്ളതുകൊണ്ട് ഏല്പിച്ചുതരുന്നതിനു കമ്പനിക്കാർ ഏതുനിലയിലും ബാദ്ധ്യസ്ഥന്മാരാണെന്നും ആയിരുന്നു, ചുരുക്കത്തിൽ, ശക്തൻതമ്പുരാൻെറ വാദങ്ങൾ. മററുള്ള സംഗതികൾക്കെല്ലാം അവക്കു തെളിവും തീർപ്പും എളുപ്പമായിരുന്നാലും, 965 ലെ കരാറിൽ കവളപ്പാറ ഉൾപ്പെട്ടുകിടക്കുന്നതു് അവക്കു വാദത്തിനു വലിയ ഒരു തടസ്സമായിത്തീൎന്നു. കവളപ്പാറയിൽ കൊച്ചിക്കു യാതൊന്നുമുണ്ടായിരുന്നില്ലെന്നു നായർ ശഠിച്ചുകൊണ്ടുപോന്നതു് അല്ല അടിസ്ഥാനത്തോടുകൂടിയാണെന്നു വിശ്വസിക്കുവാൻ തരമില്ല.

കവളപ്പാറയെ സംബന്ധിച്ചു കൊച്ചിയിൽനിന്നു പഴയകാലത്തുണ്ടു തീട്ടൂരങ്ങൾ കൊടുത്തതായിക്കാണുന്നുണ്ടു്. അവ താഴെ ഉദ്ധരിക്കുന്നവയാണ്:— "അരുളിച്ചെയ്ക നമ്മുടെ അയ്യഴിക്കൽ ഏറെപ്പന എന്നാൽ നിൻെറ തറവാട്ടിൽ അനന്തരവരായിട്ടു കവളപ്പാറയിൽനായരുടെ തറവാട്ടിൽനിന്നു കെലപ്പനെയും കുഞ്ഞിക്കൊച്ചി എന്നവളെയും അവളുടെ പെററുമക്കളേയും കൂടെ കല്പിക്കയും ചെയ്തു. കടത്തിന്നും ധനത്തിന്നും പണത്തിന്നും പിണ്ഡത്തിന്നും, ഉല്പത്തികരണകാൎയ്യങ്ങൾക്കും, അതുളടിയാക്കും, ഉൾപ്പെട ആഭരണാദികൾക്കും, മററും എപ്പെപ്പെട്ടതിന്നുംകൂടി ഉടയതായി കല്പിക്കയുംചെയ്തു. എന്നാലിതു കീഴമയ്യാദക്കുതക്കവണ്ണം നടന്നു അനുഭവിച്ചുകൊള്ളുമാറെന്നും കല്പിച്ചു. പുതുവെപ്പു 428-ാമതു മകരഞായററിൽ കല്പിച്ചതുളവെ പവ്വത്തിൽ കുഞ്ഞിണ്ണൻ കയ്യെഴുത്തു്."

"അരുളിച്ചെയ്തു നമ്മുടെ കവളപ്പാറയിൽ ഇരവികെമന എന്നാൽ, അയ്യഴി പടനായരുടെ താവാട്ടിൽ അന്യം മുടിഞ്ഞുപൊകകൊണ്ടു നിൻെറ താവാട്ടിലുള്ള അനന്തരവൻ കെലപ്പനെയും കുഞ്ഞിക്കൊച്ചി എന്നവളെയും അയ്യഴി പടനായരായിട്ടു കല്പിക്കയുംചെയ്തു. മുമ്പിനാലെ നടന്നുവന്നിരിക്കുന്ന സ്ഥാനമാനങ്ങളും നടത്തി വസ്തു ഉല്പത്തികളും ഓലപെട്ടികരണങ്ങളും കാരായ്മക്കും ഉടയവനായിട്ടു കല്പിക്കയുംചെയ്തു".

ഈ തീട്ടൂരങ്ങളിൽ കാണുന്ന "അയ്യഴിപടനായർ" എന്ന സ്ഥാനം കവളപ്പാറനായൎക്കു ഇന്നും ഉള്ളതാണത്രെ. അതു സിദ്ധിച്ചതു പ്രസ്തുത തീട്ടൂരങ്ങൾപ്രകാരവുമാണു്. 'തെക്കുംനമ്പിടി', 'വടക്കുംനമ്പിടി' എന്ന രണ്ടു നമ്പിടിസ്ഥാനങ്ങളെക്കുറിച്ചു കൊച്ചിയിലെ പല പഴയ റിക്കാട്ടുകളിലും കാണുന്നുണ്ടു്. കൊച്ചിക്കുചേൎന്ന പേരാറവീഥിയിലെ കാര്യക്കാരന്മാരിൽ ഒരാളായിരുന്ന 'നമ്പിടി'മാരുടെ രണ്ടു ശാഖകളിൽ ഒന്നായിരുന്നു 'വടക്കുംനമ്പിടി'. മററു "കാര്യക്കാരന്മാർ" കിണാറികരെനായർ, അയ്യഴിപടനായർ, തോട്ടശ്ശേരിതലശ്ശന്നവർ, ഇവരായിരുന്നു. തെക്കുംനമ്പിടിയുടെ തറവാട്ടു ഇന്നും ചേലക്കരയിലുണ്ടു്. ചേലക്കര 'അന്തിമാളൻകാവു്'ക്ഷേത്രം ആ രണ്ടു നമ്പിടിവംശക്കാൎക്കും പ്രത്യേകമുള്ളതായിരുന്നു. 'വടക്കുംനമ്പിടി' എന്നു പറയുന്നതു കവളപ്പാറനായരെയാണത്രെ. കവളപ്പാറയ്ക്കു ചേലക്കരയിലും അന്തിമാളൻകാവിലും ചില സ്ഥാനങ്ങളും കാൎയ്യങ്ങളും ഇന്നുമുണ്ടു്. ഒരുസമയം കൊച്ചിസംസ്ഥാനത്തു കവളപ്പാറയ്ക്കു കാണപ്പെടുന്ന സ്വത്തുക്കളും സ്ഥാനമാനങ്ങളും 'അയ്യഴിപടനായരുടെ' വഴിക്കു പ്രസ്തുതതീട്ടൂരങ്ങൾ പ്രകാരം കിട്ടിയതാണെന്നും വരാം. അതുകൊണ്ടു കൊച്ചിയുടെ അവകാശവാദം അവലംബവിഹീനമാണെന്നുണ്ടായ തീൎപ്പിനു സാധുത പോരായ്കയുണ്ടു്. 968-ൽ ശക്തൻതമ്പുരാൻ തിരുമനസ്സിൽനിന്നു കമ്മീഷണർമാൎക്കു് അയച്ചിട്ടുള്ള ഒരു തിരുവെഴുത്തിൽനിന്നു കവളപ്പാറയെ സംബന്ധിച്ചു് അവിടേക്കു പറയുവാനുണ്ടായിരുന്നതിൻെറ സമഷ്ടിയായ ഒരു ജ്ഞാനം ലഭിക്കാവുന്നതാണു്.

"..........വിശെഷിച്ചു കവളപ്പാറനായർ പ്രത്യെകിച്ചു നമുക്കുള്ളവൻ ആകകൊണ്ടും, കവളപ്പാറനായൎക്കു നാം പലകുട്ടം സ്ഥാനമാനങ്ങളും ഓരൊരൊ ദെശങ്ങളും ഉല്പത്തികളും കൊടുത്തു, നായരു നമ്മുടെ കല്പനയും കെട്ടു നടന്നുവന്നിരിക്കകൊണ്ടും, ബഹുമാനപ്പെട്ട കമ്പഞ്ഞീന്നു നമുക്കു ഉടമ്പടി എഴുതിത്തരുമ്പൊൾ, കീഴിൽ കഴിഞ്ഞിരിക്കുന്ന

വസ്തുതകൾ ഒക്കെയും നാം കുമ്പഞ്ഞിയജമാനന്മാരെ ബൊധിപ്പിച്ച, കവളപ്പാറനാട്ടകൂടി നമ്മുടെ ഉടമ്പടിയിൽ കൂട്ടി എഴുതി പിടിച്ചിരിക്കുന്നപ്രകാരം തങ്ങൾ ബൊധിച്ചിട്ടും ഉണ്ടല്ലൊ. നമുക്കു വിപരീതം ആയിട്ടുള്ള ആളുകൾ നായരെ ഒന്നിനൊന്നായിട്ട പറഞ്ഞു ബൊധിപ്പിച്ച, നായർ നമ്മൊട്ട അനുസരിക്കാതെ നില്ക്കുകൊണ്ടു്, മെസ്തർ ബാഡാം കൊച്ചിയിൽ വന്നതിന്റെ ശെഷം, നായരെയുംകൂടെ കൊച്ചിയിൽ വരുത്തി, നമ്മുടെ കാൎയ്യസ്ഥന്മാരെയും കൂട്ടിവെച്ചുകൊണ്ടു മെസ്തർ ബാഡാം നായരൊട്ട ചൊദിച്ചാറെ, നാം പലകൂട്ടം സ്ഥാനമാനങ്ങൾ കൊടുത്തിരിക്കുന്നതു ഒക്കെയും ഒള്ളതുതന്നെ അത്രെ ആകുന്നു എന്നും, നമ്മുടെ കല്പനകെട്ടു നടക്കെണ്ടു ആളുതന്നെ ആകുന്നു എന്നും, നായരുതന്നെ മെസ്തർ ബാഡാമിനൊട്ട സമ്മതിക്കയും ചെയ്തു. ആ കാൎയ്യത്തിന്റെ പരമാൎത്ഥങ്ങൾ ഒക്കെയും നമ്മുടെ കാൎയ്യസ്ഥന്മാരും തങ്ങളെ ബൊധിപ്പിച്ചിട്ടും ഉണ്ടല്ലൊ. ബഹുമാനപ്പെട്ട കുമ്പഞ്ഞിന്നു നമുക്കു എഴുതിത്തന്നിരിക്കുന്ന കടമ്പടി രാമവാക്യമായിട്ടു നാം നിശ്ചയിച്ചിരിക്കകൊണ്ടു, അതിൽ എഴുതിയിരിക്കുന്ന കവളപ്പാറശീമ നമുക്കു സ്വാധീനമാക്കി നടത്തിത്തരാഞ്ഞാൽ നമ്മുടെ സങ്കടം തീരുകയും ഇല്ലല്ലൊ. അതുകൊണ്ടു കവളപ്പാറശീമ നമുക്കു നടത്തിച്ചുതരണമെന്നു നാം വളരെ അപെക്ഷിക്കുന്നു......"

ഈ നിവേദനത്തിനു ബോംബേ ഗവമ്മേണ്ടിൽനിന്നു കമ്മീഷണർമാക്കു ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു. "ടിപ്പുസുൽത്താനിൽനിന്നു കമ്പനിക്കു വിട്ടുകിട്ടിയതായ രാജ്യങ്ങളെ സംബന്ധിച്ച്, ഈരട്ടശങ്ങളായ പഴഞ്ചൻ അവകാശവാദങ്ങളെ, കാലഹരണകാര്യം ആലോചിയാതെ, ഓരോരുത്തർ പുറപ്പെടുവിക്കുന്നതിനെ, ശ്രദ്ധിക്കുവാൻ തുടങ്ങുകയാണെങ്കിൽ, അതിന്റെയെല്ലാം പര്യവസാനം എന്തായിരിക്കുമെന്നു് ആലോചിക്കേണ്ടതാണ്. ഒരു കാര്യം തീച്ചയാണ്. യുദ്ധം ആരംഭിച്ചകാലത്തു്, കവളപ്പാറനാട്ട ടിപ്പുസുൽത്താന്റെ കീഴിലായിരുന്നു. അവിടത്തെ ആദായം എടുത്തിരുന്നതും സുൽത്താനാണ്. മതിരാശി ഗവമ്മേണ്ടും കൊച്ചിരാജാവും തമ്മിലുണ്ടായ ഉടമ്പടിയിൽ കവളപ്പാറ ഉൾപ്പെടുത്തിട്ടുണ്ടെങ്കിൽ അതു മിസ്റ്റർ പൗണിസ്സായിപ്പിനു സംഭവിച്ച പ്രമാദത്തിന്റെ ഫലമായിരിക്കണം."

ഈ തക്കങ്ങൾക്കിടയിൽ തന്റെ സ്വാതന്ത്ര്യം സുരക്ഷിതമാക്കാമെന്നു് ആശിച്ച നായർ, തനിക്കു രാജ്യം കിട്ടിയതു ചേരമാൻപെരുമാ

ളിൽനിന്നാണെന്നും സാമൂതിരിയുടെ കൊച്ചിയാക്രമണംവരെയ്ക്കും താൻ സ്വതന്ത്രൻതന്നെ ആയിരുന്നു എന്നും, കൊച്ചിക്കോ കോഴിക്കോട്ടിനോ താൻ ഒരിക്കലും വഴങ്ങീട്ടില്ലെന്നും, ടിപ്പുവിനെ പേടിച്ച് ഓടിയതു ശരിയാണെന്നും, തിരിച്ചുവന്നപ്പോഠം രാജ്യം വീണ്ടും കിട്ടിയതാണെന്നും ഉള്ള പഴയപല്ലവിതന്നെ പല രാഗത്തിലും താളത്തിലും ആവർത്തിച്ചതല്ലാതെ ഒരു നിലഭേദവും കൈക്കൊണ്ടില്ല.

കിട്ടിയതു കളയാതിരിക്കുന്നതിനു കരുതി പ്രവർത്തിച്ചിരുന്ന കമ്പഞ്ഞിയജമാനന്മാർക്ക് ഒരു കൂടുതൽ അനുകൂലത്തെളിവ് 'ഔദഹത്തറോയി' എന്ന ആളിൽനിന്നു കിട്ടി. കണ്ണൂരാട്ടിക്കാരനായ അദ്ദേഹം ടിപ്പുവിൻെറ കാലത്തു കോഴിക്കോട്ടു ഖജനാവിചാരിപ്പുകാരനായിരുന്നു. അദ്ദേഹത്തിൻെറ തെളിവു കമ്പനിക്കു് അനുകൂലമായതുകൊണ്ട്, "കൊച്ചിക്ക് ഒട്ടും പ്രതികൂലിയല്ലാത്ത ഔദഹത്തറോയി" എന്ന വിശേഷണംകൊണ്ടു് അവർ അദ്ദേഹത്തെ ആദരിക്കയും ചെയ്തു. അദ്ദേഹം പറഞ്ഞതു്, "940-ൽ ഹൈദരുടെ പാളയത്തിനുമുമ്പുവരെ കൊച്ചിക്കു കവളപ്പാറയുടെമേൽ എന്തെല്ലാം അധികാരങ്ങഠം ഉണ്ടായിരുന്നാലും, അതിനുശേഷം, കവളപ്പാറനാട്ടു മൈസൂർ അരമനയ്ക്കു കീഴിലും അവിടത്തെ പണപ്പിരിവു കോഴിക്കോട്ടു ഖജനായിലും ആയിരുന്നു എന്നും, കൊച്ചിരാജാവു ഹൈദർക്കോ ടിപ്പുവിനോ കൊടുക്കാൻ ഏററ കപ്പത്തിൽനിന്നു്, കവളപ്പാറ കൈവിട്ടതുകൊണ്ടു് ഒരു കുറവും വരുത്തീട്ടില്ലെന്നും, അങ്ങനെ കുറവു ചെയ്തുകിട്ടാൻ കൊച്ചി ആവശ്യപ്പെട്ടിട്ടില്ലെന്നും" ആകുന്നു.

'വിസ്താര'മെല്ലാം കഴിഞ്ഞതിനുശേഷം മെസ്സേർസ് പേജ് സായ്പും ബോഡാം സായ്പുംകൂടി എഴുതിയ വിധി ഇപ്രകാരമായിരുന്നു. "കവളപ്പാറയിൽ കൊച്ചിക്കുള്ളതായി വാദിക്കുന്ന അവകാശത്തിൻെറ ഏകാവലംബം മിസ്റ്റർ പൗണിയുമായി ചെയ്തിട്ടുള്ള ഉടമ്പടിയിൽ കവളപ്പാറരാജ്യം ഉഠംപ്പെടുത്തീട്ടുണ്ടു് എന്നുള്ളതു മാത്രമാകുന്നു. കൊച്ചിരാജാവിനു് ഇപ്പോഠംതന്നെ ടിപ്പുവിൻെറ കാലത്തുണ്ടായിരുന്നതിനേക്കാഠം കൂടുതൽ രാജ്യമുണ്ടു്. കൊച്ചിരാജാവു് എന്തെല്ലാം പ്രദേശങ്ങഠംക്കു വേണ്ടി ആണ്ടുതോറും ലക്ഷത്തി ഇരുപതിനായിരം ടിപ്പുവിനു കൊടുക്കുവാൻ ഏററുവോ, അതിലധികം ഇന്നു് അദ്ദേഹത്തിൻെറ അധീനത്തിലുണ്ടു്. അതുകൊണ്ടു്, കവളപ്പാറനാട്ടു കൊച്ചിക്കു വിട്ടുകൊടുക്കാതെ നായരെത്തന്നെ അവിടെ ഉറപ്പിക്കുകയാണു വേണ്ടതു്." ഈ അഭിപ്രാ

യത്തെ ശേഷമെല്ലാവരും ശരിവെയ്ക്കുകയും കൊച്ചിക്കു കവളപ്പാറ എന്നെന്നേക്കുമായി നഷ്ടപ്പെടുകയുംചെയ്തു.

എന്നാൽ, ശക്തൻതമ്പുരാൻതിരുമനസ്സുകൊണ്ടു പിന്നെയും അടങ്ങിയിരുന്നില്ല. തരം കിട്ടുമ്പോഴൊക്കെ, കവളപ്പാറക്കാൎയ്യം വീണ്ടും ആവൎത്തിക്കപ്പെട്ടുകൊണ്ടുവന്നു. എന്തിനേറെ, 'ഇങ്കരിയസ്സു കമ്പഞ്ഞിക്കാൎക്കു്' തന്നിമിത്തം ശക്തൻതമ്പുരാൻ ദുസ്സഹമായ ഒരു 'കണ്ണിൽക്കരടായി'ത്തീൎന്നു. അവൎക്കൊക്കെ അദ്ദേഹത്തോടു വളരെ അസുഖവും അതൃപ്തിയും വൎദ്ധിച്ചു. "കൊച്ചിരാജാവു കമ്പനിക്കു് അനുകൂലക്കാരനല്ല. കമ്പനിയുടെ ശത്രുക്കളായി ഗൂഢാലോചനകൾ നടത്തുന്നുണ്ടു്. ടിപ്പുവുമായി സ്വകാൎയ്യത്തിൽ കത്തെടപാടുകൾ ഉണ്ടെന്നാണറിവു്" എന്നിപ്രകാരം മലബാറിലെ 'കമ്പനിയജമാനന്മാർ' മതിരാശിക്കും ബോംബേക്കും എഴുതി അയയ്ക്കത്തക്കവണ്ണം "ആ കമ്പനിക്കാൎക്കു ശക്തൻതമ്പുരാൻ ചുകപ്പുതുണി"യായിബ്ഭവിച്ചു. ഞാണിന്മേൽ കളിയും, വളയത്തിൽച്ചാട്ടവും ശക്തൻതമ്പുരാൻ പഠിച്ചിട്ടില്ലാത്ത വിഷയങ്ങൾ ആയിരുന്നിരിക്കണമെന്നുമില്ല!

ഗത്യന്തരമില്ലാതെ ഒടുവിൽ ഇംഗ്ലീഷുകാർ മിസ്റ്റർ പൌണിസായിപ്പിന്റെ കരാറിലെ 5-ാംവകുപ്പിനെ അഭയംപ്രാപിച്ചു്, അതിന്റെ പിന്നിൽ നിന്നുകൊണ്ടു ന്യായാസ്ത്രങ്ങൾ പൊഴിച്ചു ശക്തൻതമ്പുരാനെ വീഴിക്കാൻ ശ്രമിച്ചു. ആ വകുപ്പിൽ, "ഇതിലെഴുതിയിരിക്കുന്ന പ്രദേശങ്ങളിൽ ഏതിനെയെങ്കിലുംകുറിച്ചു് ഇന്നുമുതൽ അഞ്ചുകൊല്ലത്തിനകത്തു് ഏതെങ്കിലും അന്യരാജാക്കന്മാരുടെ അവകാശതൎക്കങ്ങൾ ഉത്ഭവിക്കുന്നപക്ഷം അതുകേട്ടു തീരുമാനംചെയ്യുന്നതിനു കമ്പനിക്കു് അധികാരമുള്ളതാകുന്നു" എന്നുണ്ടായിരുന്നുവല്ലോ.

ആ 'പഞ്ചമാസ്ത്രത്തെ' എടുത്തു തൊടുത്തുകൊണ്ടു് 'ഇതിനെന്തു പറയുന്നു' എന്നായി കമ്പനി ഉദ്യോഗസ്ഥന്മാർ. ജയാപജയങ്ങൾ എപ്രകാരമായിരുന്നാലും, അതിനു ശക്തൻതമ്പുരാന്റെ മറുപടി ഇപ്രകാരമായിരുന്നു. "ഒന്നാമതു്, രണ്ടു രാജക്കോയ്മകൾ തമ്മിലുള്ള കരാറിൽ ലോകതയ്ക്കും മൎയ്യാദയ്ക്കുംവേണ്ടി അപ്രകാരം ഒരു വകുപ്പിരിക്കട്ടെ എന്നുകരുതി എന്റെ ഇഷ്ടാനുസരണം ചേൎത്തതാണു് ആ വ്യവസ്ഥ. രണ്ടാമതു്, ആയതു് ഇക്കാൎയ്യത്തിൽ ഒട്ടും ബാധകമല്ല. ഒരു രാജാവും എന്റെ എതിരായി അവകാശവാദം പുറപ്പെടുവിച്ചിട്ടില്ല.

കവളപ്പാറനായർ ഏതവസ്ഥകൊണ്ടും ഒരു രാജാവുമല്ല. കമ്പനിക്കാർ നായരെ വിളിച്ചുവരുത്തി, കമ്പനിയുടെ കയ്യിലുള്ള ഒരു പ്രദേശത്തിൽ നായ്ക്കു പണ്ടു വല്ല കാര്യവുമുണ്ടായിരുന്നുവോ എന്നു് അങ്ങോട്ടു കുത്തിപ്പൊക്കുകയാണുണ്ടായതു്."

"ഹൈദർ വരുന്നതിനുമുമ്പു തങ്ങൾക്കുണ്ടായിരുന്ന രാജ്യമെല്ലാം ഇപ്പോഴില്ലേ? അവകാശവാദങ്ങൾക്കു കാലഹരണമില്ലേ?" എന്നായി കമ്മീഷണർമാർ. അതിനു്, "നാം കുമ്പഞ്ഞിയുടെ ആധിപത്യത്തെ അനുസരിക്കുന്നതിനു സംഗതിയായ ആ കരാറിൽ കവളപ്പാറ നമുക്കു തരുവിക്കണമെന്നു് എഴുതീട്ടുള്ളതു വെറുതേയല്ല. കേരളത്തിൽ രാജ്യാവകാശങ്ങൾക്കുള്ള വാദത്തിനു ശതാബ്ദങ്ങൾക്കുശേഷവും കാലഹരണദോഷം നടപ്പുള്ളതല്ല" എന്നു ശക്തൻ മറുപടി കൊടുത്തു.

ഇപ്രകാരമുള്ള ഒരു വാദച്ചുഴിയിൽ മലബാർ കമ്മീഷണർമാർ ഇതിനുമുമ്പു പെട്ടുക ഉണ്ടായിട്ടില്ല! കവളപ്പാറരാജ്യം വിട്ടുകൊടുക്കില്ലെന്നു് അവർ തീർച്ചപ്പെടുത്തിക്കഴിഞ്ഞു. ന്യായം പറഞ്ഞു മുട്ടിച്ചു, സമ്മതിപ്പിച്ചിട്ടായാൽ കൊള്ളാം അങ്ങനെ ചെയ്യുന്നതു് എന്നുള്ള ആഗ്രഹത്തിനു ശക്തൻതമ്പുരാന്റെ വിടാത്തവാശിയും, വിനയാന്വിതമായ വിരോധഭാവവും, വലിയ പ്രതിബന്ധമായിത്തീർന്നു. വാദശാസ്ത്രവിദഗ്ദ്ധന്മാരും, വിദ്വാന്മാരുമായിരുന്ന ആ പാശ്ചാത്യവിരുതന്മാർ ശക്തൻതമ്പുരാന്റെ ന്യായങ്ങളുടെ 'ശൈഥില്യ'ത്തിനും, നായരുടെ എതിർവാദത്തിന്റെ 'യാഥാർത്ഥ്യ'ത്തിനും, സാമൂതിരിയുടെ കൊതിയുടെ 'അടിസ്ഥാനരാഹിത്യ'ത്തിനും പുറമെ, ഒടുവിൽ ഒന്നാന്തരം ഒരു 'യുക്തി' കൂടി കണ്ടുപിടിച്ചു. മറ്റൊന്നുകൊണ്ടുമല്ലെങ്കിലും അതുകൊണ്ടു ശക്തൻ അമരണം എന്നു് അവർ തീരുമാനിച്ചു. അതിനെ അവർ അവരുടെ 'തുരുപ്പുജാക്കി'യായി ഉയർത്തിപ്പിടിച്ചുകൊണ്ടു റിപ്പോർട്ടിൽ പ്രസ്താവിക്കയും ചെയ്തു.

"മിസ്റ്റർ പൗണിയും കൊച്ചിരാജാവും തമ്മിലുണ്ടായതായി മുൻപു പ്രസ്താവിച്ച ഉടമ്പടിയുടെ അഞ്ചാംവകുപ്പിൽ, 'ഈ കരാറു് 1790 സെപ്റ്റംബർമാസം 25-ാംനു- നടപ്പിൽ വന്നതായി വിചാരിക്കേണ്ടതാകുന്നു' എന്നു പ്രത്യേകം ഒരു വ്യവസ്ഥയുണ്ടു്. അപ്പോൾ, ആ തിയ്യതിക്കു കമ്പനിക്കു് അധീനപ്പെട്ടുനിൽക്കുന്ന രാജ്യങ്ങളെക്കുറിച്ചല്ലാതെ അതിനുശേഷം കമ്പനിക്കാർ പിടിച്ചെടുക്കുവാൻ പോകുന്ന രാജ്യങ്ങളെ

കുറിച്ചു് ഒരിക്കലും അന്നു നിർദ്ദേശിച്ചിരിക്കാൻ നിർവ്വാഹമില്ല. 25-ാംനുക്കു കവളപ്പാറ ഇംഗ്ലീഷുകമ്പനിക്കു് ഒതുങ്ങീട്ടില്ലാ എന്നുമാത്രമല്ല, ആ രാജ്യാതിർത്തിയിൽ കമ്പനിപ്പട്ടാളം പ്രവേശിച്ചിട്ടുമില്ല. പാലക്കാട്ടുനിന്നു പുറപ്പെട്ട കമ്പനിപ്പട്ടാളം കവളപ്പാറരാജ്യത്തു പ്രവേശിച്ചതുതന്നെ സെപ്തംബർ 29-ാംതീയതി ആണു്. അതുകൊണ്ടു് ആ നിലയ്ക്കും, ഏതു നിലയ്ക്കും, കവളപ്പാറയെ കൊച്ചിക്കു വിട്ടുകൊടുക്കുവാൻ കമ്പനിക്കു ബാദ്ധ്യതയില്ല." ഈ വാദവിഷയത്തിൽ കമ്മീഷണർമാർ തിരുവിതാംകൂർ മഹാരാജാവിന്റെ അഭിപ്രായം ആവശ്യപ്പെട്ടു എന്നും, അവിടുന്നു നായരെ പിന്താങ്ങിക്കൊണ്ടാണു മറുപടി എഴുതി അയച്ചതു് എന്നും, കമ്മീഷൻ റിപ്പോർട്ടിൽ ചേർത്തുകാണുന്ന സംഗതി പ്രത്യേകം പ്രസ്താവയോഗ്യമാകുന്നു.

ഇതായിരുന്നു അവരുടെ അവസാനത്തെ വാദം. അതിനു തക്ക സമാധാനം പറയാതിരുന്നില്ല. ആ തീയതിക്കു കമ്പനിക്കാർ കവളപ്പാറ മാത്രമല്ലാ, കരാറിൽ പറയുന്ന മിക്കരാജ്യവും പിടിച്ചിട്ടുണ്ടായിരുന്നില്ല. കൊടുങ്ങല്ലൂർക്കേസിലും ഈ വാദംതന്നെ കാണുന്നുമുണ്ടു്. അതൊരു തൊടുന്യായംമാത്രമാണെന്നായിരുന്നു മറുപടി. കൊച്ചിരാജാവിന്റെ സ്ഥിരതയില്ലാത്ത വാദഗതികൾ, പൂർവ്വാപരവിരുദ്ധങ്ങളായ അവകാശതർക്കങ്ങൾ, കമ്പനിശ്ശത്രുക്കളോടു് അദ്ദേഹത്തിനുള്ള അനുഭാവം, മിസ്റ്റർ പൗണിയുടെ കരാറുകാര്യത്തിൽ ആ സാധുവിനെ തെറ്റിദ്ധരിപ്പിച്ച സംഗതി, മുതലായി പലപല അപരാധങ്ങളുടെ പ്രഖ്യാപനങ്ങളും കൂട്ടിച്ചേർത്തായിരുന്നു അവരുടെ റിപ്പോർട്ടു്. രാജാവിന്റെ നിശിതമായ കല്പനമൂലം മിസ്റ്റർ പൗണിക്കു കൊച്ചിരാജ്യത്തു ചെന്നപ്പോൾ ആ രാജ്യത്തെയോ രാജാവിനെയോ കുറിച്ചു യാതൊരുവിവരങ്ങളും ജനങ്ങളിൽനിന്നു് അറിയുവാൻ തീരെ സാധിച്ചില്ലെന്നും, രാജാവും കാര്യക്കാരന്മാരും പറഞ്ഞതുമാത്രം വിശ്വസിക്കേണ്ടിവന്നു എന്നും, ശുദ്ധഹൃദയനായ അദ്ദേഹം അതൊക്കെ നേരെന്നു കരുതി കരാറു് എഴുതിച്ചുപോയി എന്നും, കരാറിന്റെ പ്രത്യക്ഷങ്ങളായ അതിർത്തികളെ അതിക്രമിക്കുന്നതിനു മേലധികാരികൾക്കു വല്ല നിയമസഹായവും ആവശ്യമുണ്ടായിരുന്നെങ്കിൽ, അതിലേയ്ക്കുവേണ്ടി അവധാനപൂർവ്വം ആ വകയെല്ലാം റിപ്പോർട്ടിൽ ആവർത്തിക്കപ്പെട്ടിരുന്നു.

ശക്തന്റെ കവളപ്പാറവാദം പാറമേൽ പടുക്കപ്പെട്ടതോ, മണലിൽ പണിതുയർത്തിയതോ, എന്തായിരുന്നാലും, വളരെ നീണ്ടുനിന്നതും

വിവിധങ്ങളായ വാദപദ്ധതികളേ സ്പശിച്ചതുമായ ആ അന്വേഷണസംഗതി, അന്നത്തെ അവ്യവസ്ഥിതങ്ങളായ പരിതഃസ്ഥിതികളേയും പുതിയതായി വന്നവരായ ഇംഗ്ലീഷുകാരുടെ കേവലമായ അപരിചിതാവസ്ഥയേയും മററം ആലോചിക്കുമ്പോഠം, ഇംഗ്ലീഷുദ്യോഗസ്ഥന്മാരുടെ ക്ലേശസഹിഷ്ണുതയും, കാൎയ്യക്ഷമതയും മററം അത്ഭുതമാംവണ്ണം വെളിപ്പെടുത്തുന്ന ഒരു വിഖ്യാതവിഷയംതന്നെയാകുന്നു. എത്രതവണയാണു് അവർ മാറിമാറി ആ വാദവിഷയത്തിൽ 'വിസ്താരം' നടത്തിട്ടുള്ളതെന്നതിനു കണക്കില്ല. അവരുടെ ക്ഷമയോടു താരതമ്യപ്പെടുത്തുന്നതിനു ശക്തൻതമ്പുരാന്റെ 'വിടാവാശി' ഒന്നുമാത്രമേ ഉള്ളു.

യഥാൎത്ഥത്തിൽ അവകാശമുണ്ടായിരിക്കട്ടെ, ഇല്ലാതിരിക്കട്ടെ, രാജാക്കന്മാരുടെ വാദങ്ങഠക്കു് എല്ലാം ആധാരവും അടിസ്ഥാനവും എന്നും അവരവരുടെ ശക്തി ഒന്നുമാത്രമാണെന്നാണല്ലോ ഇന്നത്തെ പരിഷ്കൃതലോകംതന്നെയും ഉദാഹരിക്കുന്നതു്. കവളപ്പാറക്കാൎയ്യത്തിൽ അതുപോലെ ആയിരം മററു കാൎയ്യങ്ങളിലും—ശക്തൻതമ്പുരാൻ പ്രദശിപ്പിച്ച നിരന്തരവും, നിഷ്കൃഷ്ടവും, നാനാപ്രകാരവും ആയ പ്രയത്നങ്ങഠ ആരെയും അത്ഭുതപരതന്ത്രരാക്കുന്നതാണു്. പഴുതുകഠ ഒന്നും ബാക്കിവെക്കാതെ, സ്ഥാനങ്ങഠ ഒന്നും വിട്ടുപോകാതെ, ആവുന്നതും അതിലധികവും അവിടുന്നു പ്രയത്നിച്ചു. ഫലംകൊണ്ടുമാത്രം പ്രയത്നങ്ങളെ ഗണിക്കുന്നതു സമുചിതമല്ല. മൂന്നാളുകൂടി കവളപ്പാറയെ അവകാശപ്പെട്ടു. നാലാമതൊരാഠ അതിന്റെ ഉടമസ്ഥനായിത്തീരുകയുംചെയ്തു.

XXV

ചിററിലപ്പിള്ളി

തൃശ്ശിവപേരൂർത്താലൂക്കിന്റെ വടക്കുപടിഞ്ഞാറേഭാഗമാണു് ഇന്നത്തെ ചിററിലപ്പിള്ളി. പണ്ടു് അതിനു കുറേക്കൂടി വ്യാപ്തിയുണ്ടായിരുന്നു. തലപ്പിള്ളിരാജാക്കന്മാരുടെ ഒരു പ്രധാനസങ്കേതമായിരുന്നു ആ സ്ഥലമെന്നും, സുപ്രസിദ്ധമായ 'ചന്ദ്രോത്സവം'കാവ്യത്തിലെ കഥാരംഗം ചിററിലപ്പിള്ളിയാണെന്നും പറയപ്പെടുന്നു. ചന്ദ്രോത്സവത്തിൽ,

"അതിലപഗതകററം ചിററിലപ്പിള്ളി നാടെ—
ന്നവനിനളിന പൊന്നിൻകൎണ്ണികാഭം വിഭാതി

കലിമലപരിഹീണം രാമരാജ്യാവതാരം
നവമവിടമശങ്കം നീതിമന്തോ വദന്തി"

എന്നാണു ചിററിലപ്പിള്ളിയെപ്പററി പറയുന്നതു്. അതിൽ ഉൾപ്പെട്ട ചാല, പെരിഞ്ചാല, അയിനിക്കാട്ടു്, അകംതുരുത്തു് എന്നീ പ്രദേശങ്ങളെ സംബന്ധിച്ച ശക്തൻതമ്പുരാന്റെ കാലത്തു വലിയതക്കങ്ങൾ ഉണ്ടായിരുന്നു. തലപ്പിള്ളിരാജാക്കന്മാരിൽ അയിനിക്കൂറും മനക്കുളവും കൊച്ചിക്കു കീഴടങ്ങുകയും, അവരുടെ രാജ്യാധിപത്യം കൊച്ചിരാജാവിൽ ലയിക്കുകയും ചെയ്തതിനുശേഷവും ആ രാജവംശത്തിലെ കൂടുതൽ പ്രമാണപ്പെട്ട ശാഖയായ പുന്നത്തൂരുമായുള്ള വഴക്കു നിലനിന്നുപോന്നു. പുന്നത്തൂരിനെക്കുറിച്ച ഡച്ചുഗവർണർ രേഖപ്പെടുത്തീട്ടുള്ള അഭിപ്രായം മറെറാരദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. സ്വതന്ത്രനാവാൻ ശ്രമിച്ചും, എന്നും സാമൂതിരിയുടെ പക്ഷനിന്നും, തരമുണ്ടെങ്കിൽ ആ പിടുത്തവും അഴയ്ക്കുവാൻ ഉത്സാഹിച്ചും, പരന്ത്രീസ്സുകാരെക്കൂടി കൂട്ടുപിടിപ്പാൻ മടികാണിക്കാതെയും, എപ്പോഴും കൊച്ചിക്കു് ഒരു ചതുർത്ഥിയായും ആയിരുന്നു പുന്നത്തൂരിന്റെ നില. സാമൂതിരിയുടെ കൊച്ചിരാജ്യാക്രമണം പല നിലയ്ക്കും 'പുന്നത്തൂർവഴി'ക്കായിരുന്നു. മേൽപ്രസ്താവിച്ച ദേശങ്ങൾ — ആ പ്രദേശങ്ങൾ മുഴുവനുംതന്നെ — പുന്നത്തൂരിന്റെയാണെന്നായിരുന്നു വാദം. പുന്നത്തൂർ, തന്റെ ഒരു പിരിവുകാരൻ മാത്രമാണെന്നും, താനാണു് ഉടമസ്ഥനെന്നും സാമൂതിരി എതിർവാദം ചെയ്തു. പുന്നത്തൂരിന്നുമില്ലാ, സാമൂതിരിക്കുമില്ലാ, ആക്കുമില്ലാ, വന്നേരിച്ചിത്രകൂടം വരെയുള്ള രാജ്യം ഒക്കെത്തന്നെ പെരുമ്പടപ്പിന്റെയാകുന്നു എന്നു കൊച്ചിയും തക്കിച്ചു. എല്ലാവരുടെ വാദങ്ങൾക്കും അടിസ്ഥാനവും അത്ഥവും ഉണ്ടുതാനും. ആ പഴയ ചരിത്രശകലങ്ങളെയൊന്നും ഇപ്പോൾ പെറുക്കി എടുത്തു കൂട്ടിച്ചേർത്തു് ഒരു 'ചിത്രകൂടം' നിർമ്മിക്കുവാൻ ഞാൻ ശ്രമിക്കുന്നില്ല. മലബാർ കമ്മീഷണർമാരുടെ ആഗമനകാലത്തും, മലയാളത്തിലെ വിവിധരാജാക്കന്മാരുടെയും അധികാരാവകാശങ്ങളെ വിചാരണചെയ്തു തീർച്ചപ്പെടുത്തുവാൻ അവർ ഉദ്യുക്തരായ കാലത്തും, അതിനു് അടുത്ത മുമ്പും, എങ്ങനെയൊക്കെ ഇരുന്നു എന്നു മാത്രമേ ഇപ്പോൾ പര്യാലോചിക്കേണ്ടതായിട്ടുള്ളു. അവരുടെ അന്വേഷണഫലമായി പുന്നത്തൂരിന്നു രാജ്യാധികാരമില്ലാതായകഥയും മററും അന്യത്ര പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാകകൊണ്ടു് ഇവിടെ ആവത്തിക്കുന്നില്ല. ചിററിലപ്പിള്ളിയെ സംബന്ധിച്ച സാമൂതിരിയും ശക്തൻതമ്പുരാനും തമ്മിലുണ്ടായ തക്കത്തിന്റെ സ്വഭാവവും അതിന്റെ

പര്യവസാനവും മാത്രമേ ഇവിടെ സംഗതമായിട്ടുള്ളു. പ്രസ്തുത പ്രദേശങ്ങൾ ഇപ്പോൾ കൊച്ചിക്കു ചേൎന്നവയായതുകൊണ്ടു കമ്മീഷണർമാർ അവസാനത്തീർപ്പു കല്പിച്ചതു് എങ്ങനെയാണെന്നും സ്പഷ്ടമാകുന്നു. വിധി ഉച്ചരിക്കുന്നതിനു മുമ്പു നടന്ന കേസ്സുപ്രസംഗങ്ങളും സാക്ഷിവിസ്താരങ്ങളും മററും സാമാന്യമായൊന്നു ചിന്തിക്കുക മാത്രമേ നമുക്കു് ഈ പതനത്തിൽ ആവശ്യമുള്ളു.

സാമൂതിരി പല തവണ കൊച്ചിയെ ആക്രമിക്കുകയും കൊച്ചി രാജ്യത്തിൻെറ ഭാഗങ്ങൾ കയ്യടക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടു കൊച്ചിയും കോഴിക്കോടും തമ്മിലുണ്ടായിരുന്ന അതിൎത്തിത്തൎക്കങ്ങളും അവകാശവാദങ്ങളും "പ്രമാദപ്പെട്ട"വയും പ്രമാണപ്പെട്ടവയും അവസാനംവരെ നിലനിന്നുപോന്നവയും ആകുന്നു. ചിററിലപ്പിള്ളിനാടു തൻെറ സ്വന്തമെന്നു സാമൂതിരി വാദിച്ചതിൽനിന്നാണു വഴക്കുത്ഭവിച്ചതു്. 928-ൽതന്നെ കക്കാട്ടു കോവിലകത്തുവെച്ചു തിരുവിതാംകൂർ, കൊച്ചി, ഡച്ചു്, സാമൂതിരി ഇവരുടെ ഒക്കെ പ്രതിനിധികൾ ചേൎന്നു് ഒരു അതിൎത്തിനിൎണ്ണയത്തീർപ്പുണ്ടായതും അതിൽ കൊച്ചിക്കുചേൎന്ന പ്രദേശങ്ങളെ പേരുപറഞ്ഞും, പറമ്പുകളും കണ്ടങ്ങളും വെവ്വേറെ എടുത്തുചേൎത്തും ഒരു വരിയോല എഴുതിവെച്ചതും മറെറാരിടത്തു വിവരിച്ചിട്ടുണ്ടു്. അതിനുശേഷം "ആ പാലത്തിൻെറ ചോട്ടിൽ കൂടി വെള്ളം വളരെ ഒഴുകിപ്പോയിരിക്കുന്നു." 965-ലാണു മലബാർ കമ്മീഷണർമാരുടെ പുറപ്പാടു്. അന്നെയ്ക്കു സാമൂതിരിക്കു പഴയതെല്ലാം മറന്നോ മാച്ചോ ഒരു പുനൎവ്വിവാദത്തിനു പുറപ്പെടാൻ വേണ്ട എല്ലാ സൗകൎയ്യങ്ങളും സിദ്ധിച്ചു. കൊച്ചിയെ എതിൎക്കുന്നതു് ഒരു വ്രതമായി പിടിച്ചിരുന്ന സാമൂതിരി ചിററിലപ്പിള്ളിയേയും, "ഒരു കയ്യ്" നോക്കാതെ, വിട്ടുകൊടുക്കുവാൻ തയ്യാറുണ്ടായിരുന്നില്ല.

ചാല പെരിഞ്ചാലപ്രദേശങ്ങളെക്കുറിച്ചുള്ള തൎക്കങ്ങളെ വിശദപ്പെടുത്തുന്നവയായി അക്കാലത്തെ പല അസ്സൽരേഖകളും കണ്ടുകിട്ടീട്ടുണ്ടു്. അവയിൽനിന്നു് അവസരോചിതം ഉദ്ധരിക്കുന്നതായിരിക്കും ആ വാദസ്വഭാവത്തെ നിഷ്പക്ഷനിലയിൽ നോക്കിക്കാണുന്നതിനു് ഉതകുന്ന ഉത്തമമാൎഗ്ഗം എന്നു വിശ്വസിക്കുന്നു.

974 തുലാം 23-ാംനു-, ശക്തൻതമ്പുരാൻെറ പ്രതിനിധികളായി കോഴിക്കോട്ടു പാൎത്തിരുന്ന—കമ്മീഷണർമാരുടെ കേസ്സുവിസ്താരങ്ങൾക്കു

—കാരശ്ശാട്ടു രാമമേനോനും ഇല്ലിക്കൽ ഗോവിന്ദമേനോനുംകൂടി അന്നു വലിയസർവ്വാധികാര്യക്കാരായിരുന്ന മാളിയക്കൽ ഗോവിന്ദമേനോനു തൃപ്പൂണിത്തുറയ്ക്ക് എഴുതിയതായ ഒരു എഴുത്തിൽ ഇങ്ങനെകാണുന്നു:— "...ചാലപെരിഞ്ചാല അയിനിക്കാട്ട അകംതുരുത്തു ഈ ദെശങ്ങളിൽ നിന്നു 965-ാമതുവരെക്കും ഞാൻ നികുതി എടുത്തിരിക്കുന്നു എന്നും അവരു (കൊച്ചി) എടുത്തിട്ടില്ലെന്നും, ആയതു കുമ്പഞ്ഞിയിൽനിന്നും വിചാരിക്കുമ്പൊൾ അവര എടുത്തിട്ടുണ്ടെന്നുവന്നാൽ ആയിരം പൊന്നു കുമ്പഞ്ഞിയിൽ പിഴ ചെയ്യാമെന്നും ഇക്കണ്ടപണിക്കരെ (സാമൂതിരിയുടെ ചാവക്കാട്ടിലെ കാര്യക്കാരായിരുന്ന ഉള്ളനാട്ട് ഇക്കണ്ടപ്പണിക്കർ) കച്ചീട്ടു എഴുതികൊടുത്തതു (കമ്മീഷണർമാർ) ഞങ്ങളെ കാട്ടി... ഇക്കണ്ടപണിക്കര വല്ലതും പറഞ്ഞു കച്ചീട്ടു എഴുതിവെച്ചാൽ ഞങ്ങൾ കൂടെ കച്ചീട്ടു എഴുതിവെപ്പാൻ സംഗതി ഉണ്ടൊ എന്നും, ഇക്കണ്ടപണിക്കരുടെയും ഞങ്ങളുടെയും കാര്യമല്ലല്ലൊ എന്നും, തമ്പുരാന്റെ കാര്യമാകകൊണ്ടു തിരുമനസ്സിലെ കല്പന വരുന്നപൊലെ പ്രവൃത്തിക്കാമെന്നും ഞങ്ങൾ അങ്ങൊട്ടുപറകയും ചെയ്തു......പന്ത്രണ്ടുമണി കഴിഞ്ഞപ്പൊൾ മൂന്നാർപാട്ടിന്നും (മൂന്നാമത്തെ സാമൂതിരിരാജാവ്) ശാമിനാഥപട്ടരുസർവ്വാധികാര്യക്കാരും, ഇക്കണ്ടപണിക്കരും, ഉണ്ണിനമ്പി എറാടിയും, കാരമ്പിള്ളി കുറുപ്പും, നീലകണ്ഠനമ്പിയും ജനറാളുടെ അടുക്കൽ എത്തി ദെശങ്ങളുടെ കാര്യംകൊണ്ടും, തിരുവില്വാമലക്കാര്യം കൊണ്ടും, തത്തമംഗലത്തെ ചുങ്കക്കാര്യം കൊണ്ടും, ചെറവാമണപ്പുറത്തു ചെന്നു പയ്യൂർമാട വിരൊധിച്ച കാര്യം കൊണ്ടും, കൊക്കര ചാലിശ്ശെരി ഈ രണ്ടു ദെശത്തുള്ള ഉല്പത്തികൾ കയറി നടക്കുന്ന കാര്യം കൊണ്ടുംമററം ഒക്കയും സങ്കടങ്ങളായിട്ടു നാലുനാഴിക നെരം ബൊധിപ്പിച്ചു. (ശക്തൻതമ്പുരാനും സാമൂതിരിയും തമ്മിലുണ്ടായിരുന്ന തക്കങ്ങളുടെ ഒരു നീണ്ട പട്ടികതന്നെ നമുക്കിവിടെ കിട്ടിയിരിക്കുന്നു. കൊടുങ്ങല്ലൂർ, കവളപ്പാറ, പാലക്കാട്ട് എന്ന മൂന്നിനങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ ഈ പട്ടിക എതാണ്ടു പരിപൂർണ്ണമായി)...ടിപ്പുസുൽത്താൻ ദെശങ്ങൾ ഒഴിഞ്ഞുകൊടുത്തതിനു പരമാന ഇല്ലെന്നും, പരമാനയുടെ നക്കൽ ആകുന്നു എന്നുപറഞ്ഞു ഒരു പെപ്പ് ഉണ്ടാക്കി കൊണ്ടുവന്നു കൊടുക്കുക ആകുന്നു എന്നും, അസ്സൽ പരമാന കാണുകയില്ലെന്നും 18-ാംനു ഇക്കണ്ടപണിക്കർ തികച്ചും പറഞ്ഞു. അപ്രകാരത്തിനു എഴുതിക്കൊടുക്കയും ചെയ്തു! ...ഇപ്പൊൾ ഇക്കണ്ടപണിക്കർ ഇപ്രകാരം തികഞ്ഞിരിക്കകൊണ്ടു അസ്സൽ പരമാന 'ഒലിസ്സാന്ത'സായ്പു കണ്ടു അതിന്റെ പെപ്പ് എഴുതി കൊടുത്തയച്ചല്ലാതെ ജനറാൾക്ക

ബൊധിക്കയും ഇല്ല. ...അതുകൊണ്ടു അസ്സൽതന്നെ ആകുന്നു എന്നു സായിപ്പിനെ ബൊധിപ്പിച്ച പെറ്റ് എഴുതി അയക്കണം. എഴുതുന്നതിൽ ദേശങ്ങളുടെ പെരുകൾ എഴുതിയിരിക്കുന്നതിൽ ഭെദങ്ങൾ വന്നു പൊകാതെ ഇരിക്കെണ്ടതിനു ആട്ടയൂര, വട്ടതല, അയിനിക്കാട്ട്, അകംതുരുത്തു, ചാല, പെരിഞ്ചാല, കടവല്ലൂര്, ഇരിങ്ങൂര തെക്കുംമംഗലം, കൊളഞ്ചന്തൂര, ഈ പെരുകൾ പരമാനയിൽ ഇപ്രകാരം എഴുതിയിരിക്കകൊണ്ടു ആയതും പെരിന്നു വ്യത്യാസംവരാതെയും, മുമ്പെ നക്കൽ ഇങ്ങൊട്ടു അയച്ചതിൽ വാചകങ്ങൾക്കു ഭെദംവന്നുപൊകാതെയും പെറ്റിച്ച ഇങ്കരിയസ്സിൽ എഴുതുമ്പൊൾ ഇതെന്നും വിട്ടുപൊകാതെയും എഴുതിക്കയും വെണം........."

സാമൂതിരിയുടെ ആൾക്കാർ ഏതു് അറാംവരെ പോർകുവാനും സദാ സന്നദ്ധരായിരുന്നു എന്നും, അവർ കാലുപിടിച്ചും കണ്ണീർപൊഴിച്ചും കൊച്ചിയെ തോല്പിച്ച തൻകാര്യം നേടുവാൻ ഒരുക്കക്കാരായിരുന്നു എന്നും, നല്ലപോലെ തെളിയുന്നുണ്ടു്. ഈ പരമാനയുടെ തർക്കം വളരെ കാര്യമായ ഒന്നായിത്തീന്നു. യഥാർത്ഥത്തിൽ ടിപ്പുസുൽത്താൻ കൊച്ചിക്കു പല ആനുകൂല്യങ്ങളും അവസാനംവരെ ചെയ്തിരുന്നു എന്നും, അന്ത്യകാലത്തുപോലും അസാധാരണമായ അനുകൂലഭാവം പ്രദർശിപ്പിച്ചിരുന്നുഎന്നും, 'ടിപ്പുസുൽത്താൻ' എന്ന അദ്ധ്യായത്തിൽനിന്നും മററും കാണാവുന്നതാണു്. "കള്ളപ്പരമാനയുണ്ടാക്കി ഇംഗ്ലീഷധികാരികളെ പററിക്കുന്നു" എന്നൊരു വലിയ കററമാണു സാമൂതിരിപക്ഷക്കാർ ഇപ്പോൾ ശക്തൻതമ്പുരാന്റെ പേരിൽ രേഖപ്പെടുത്തികൊടുത്തതു്!

തലശ്ശേരിക്കു യാത്ര പുറപ്പെട്ട സവ്വാധിഗോവിന്ദമേനോൻ കൊച്ചിയിലെ വലിയകപ്പിത്താനു് ആ പരമാനയെക്കുറിച്ചു് ഇങ്ങനെ എഴുതിയിരിക്കുന്നു:—"ചാല പെരിഞ്ചാല ഉൾപ്പെട്ട പ്രദെശങ്ങളുടെ കാര്യത്തിന്നു അസ്സൽ പരമാനതന്നെ കാണണമെന്നു ജനരാൽ സായിപ്പും കമ്മീശനർസ്സായിപ്പുമാരും പറഞ്ഞയച്ച പ്രകാരം, ഒലിസ്സാന്ത സായിപ്പു തൃശ്ശിവപെരൂര വന്നാറെ, തിരുമനസ്സറിയിച്ച അസ്സൽ പരമാനതലച്ചെരിക്കു കൊടുത്തയക്കാൻ കഴിയില്ലെന്നും, ഒലിസ്സാന്ത സായിനെ കാട്ടണമെങ്കിൽ കൊച്ചിക്കു കൊടുത്തയക്കാമെന്നും അരുളിച്ചെയ്തു, ആ പരമാന എന്റെ പററിൽ കല്പിച്ച അയച്ചുതന്നു. ആയതു ഈ മാസം 8-ാം നു- കൊട്ടയിൽ — (കൊച്ചിയിൽ) — കൊണ്ടുചെന്നു കാട്ടിയാറെ, മഹരാഷ്ഠം എഴുത്തിൽതന്നെ ഒരു പെറ്റ് എടുക്കണമെന്ന

സായിപ്പ പറകകൊണ്ട ശ്രീനിവാസരായരെക്കൊണ്ട അവിടെവെച്ചുത ന്നെ ഒരു പെറ്പ്പ എഴുതി കൊടുപ്പിച്ചതിന്റെ ശെഷം, ടിപ്പുസുൽത്താ ന്റെഒപ്പുകൂടെ അതിൽ എഴുതണമെന്ന പറഞ്ഞ ഇങ്കരീശ്ശ എഴുതുന്ന പ്ര. ഭുവിനെക്കൊണ്ട ഒപ്പും എഴുതിച്ചു മെടിക്കയും ചെയ്തു! (ഇതൊരു അസാ ധാരണ സംഗതിതന്നെ). കൊട്ടയിൽ ഒന്നുരണ്ട പരമാന ഇരുന്നതും ഇതും കൂടി നൊക്കിയാറെ, ഒപ്പ രണ്ട പരമാനയിലും ഒരുപൊലെത ന്നെ ആകുന്നു. കൊട്ടയിൽ ഇരുന്ന പരമാനയിൽ മുദ്ര ഇട്ടിരുന്നതു പൊൻചായം ഉണ്ടായിട്ട വട്ടത്തിൽ ആയിരിക്കകൊണ്ടും, ഇവിടെ നിന്നും കൊണ്ടുപൊയ കടദാസ്സിൽ ചതുരത്തിൽ പൊൻചായം ഇല്ലാ ത്ത മുദ്ര ആകകൊണ്ടും, ഇതിൻവണ്ണം വന്നത എപ്രകാരമെന്ന സായി പ്പ ചൊദിക്ക ഉണ്ടായി. അതിന്റെ ശെഷം, മുതൽ എടപെട്ടിട്ടുള്ള പരമാനകളിൽ ഒക്കയും ചതുരത്തിൽ ഉള്ള മുദ്ര അത്രെ ആകുന്നു എന്നും, അല്ലാതെ കാരൊ കാൎയ്യങ്ങൾക്ക് എഴുതുന്ന പരമാനകളിൽ പൊൻചാ യമുള്ള മുദ്ര ആയിട്ടും അല്ലാതെയും എഴുതി വരാറുണ്ടെന്നും പറഞ്ഞു. പരമാനയിൽ ദെശങ്ങൾ ഒക്കയും തിരിച്ചുതന്നെ എഴുതി ഇരിക്കകൊണ്ട അപ്രകാരത്തിന്ന വഴിപൊലെ ശൊധനചെയ്തു എത്രെ പെറ്പ്പ എഴുതി യിരിക്കുന്നതു...... "

ഈ പരമാനയെക്കുറിച്ച്, "ഗവർണർ ഡങ്കൻ സായ്പിന്റെപെക്കു കമ്മീശനർമാൎക്ക് എഴുതിവന്ന കല്പനക്കത്തു ഞങ്ങളെ വായിച്ചു കാട്ടി" യതിന്റെ ഒരു പകർപ്പ രാമമേനോൻ മുതൽപേർ തമ്പുരാനു് അയച്ചു കൊടുത്തു. അതിപ്രകാരമായിരുന്നു. "ഇന്നു ഒമ്നൻ സായിപ്പിനെ ബൊധിപ്പിച്ചു എഴുതിച്ചതിന്റെ പെറ്പ്പ കമ്മിശനര സായിപ്പുമാൎക്കു കൊടുത്തയപ്പാൻ കല്പന ആയിരിക്കുന്നു. ഹൈദര കൊല്ലം 916-ാമ തിൽ ടിപ്പുസുൽത്താൻ കൊച്ചിരാജാവിന്നു കൊടുത്ത കത്തു പ്രത്യെക മുള്ള ഒരു ആധാരമെന്നു നമുക്കു തൊന്നുന്നു. ഇതത്തിന്റെ രണ്ട പെറ്പ്പ അയച്ചിരിക്കുന്നു. ഇക്കത്ത നെരെ അറിയെണ്ടതിന്ന എഴുതിയതുത ന്നെ. ഓക്ക അറിഞ്ഞു ബൊധിപ്പിപ്പാൻ കൊച്ചിയിൽ ഇരിക്കുന്ന ഒലിസ്റ്റാന്ത സായിപ്പിന്നു കല്പിച്ചാൽ അറിയുകയുമാം. എന്നിട്ട സാ മൂതിരി രാജാവിന്നു ആക്കിവെച്ചതിന്നു മുമ്പ, ഇക്കത്തു സുൽത്താൻ അവർകൾ കൊടുത്തു എന്നു വരികിൽ, ഇപ്പൊൾ അവരെ (കൊച്ചി യെ) മാററികൂടാ എന്നു തൊന്നുന്നു. ഈ മടക്കിക്കൊടുത്ത ഉല്പത്തികൾ ടിപ്പുവിന്റെ ആളുകൾ അടക്കുന്നതിന്നു മുമ്പു, കൊച്ചിരാജ്യത്തെക്കു ചെൎന്നതു എന്നു പറയുന്നതു, സാമൂതിരിരാജാവിനു എങ്കിലും, കാൎയ്യ

ക്കാരന്മാക്ക എങ്കിലും, തെളിവായിട്ട ബൊധിപ്പിച്ച, ഹൈദര നാളിൽ ൽമുമ്പു കഴിഞ്ഞ കൊടുത്ത തറകഠം, ചാവക്കാടിന്റെ അതിരകത്തു ആയിരുന്നു എന്നു പരമാൎത്ഥമായി സാക്ഷിക്കണം. അതല്ലാഞ്ഞാൽ അന്ന്യായത്താലെ കൊച്ചിരാജാവിനൊടു വാങ്ങിയതു മടക്കിക്കൊടുത്ത തിന്നു അവകാശം എങ്കിലും സങ്കടം എങ്കിലും പറവാൻ സാമൂതിരി രാജാവിന്നു സംഗതി ഇല്ലല്ലൊ."

ഈ തക്കപ്പെട്ട പ്രദേശങ്ങളേക്കുറിച്ചുള്ള തീൎപ്പ കല്പിക്കുന്നതിനു കമ്മീഷണർമാർ പല അന്വേഷണങ്ങളും നടത്തുകയും, സ്ഥലം പരിശോധിക്കുകയും മററും ചെയ്തു. ആ അവസരത്തിൽ "മിസ്റ്റർ സ്റ്റീവൻസൻ" സായ്പിന്നു ശക്തൻതമ്പുരാൻ അയച്ചതായിക്കാണുന്ന താഴെ ചേക്കുന്ന ദീൎഘമായ എഴുത്തിൽനിന്നു ആ വാദചരിത്രത്തിന്റെ ഒരു സ്വാത്രപജ്ഞാനം അനായാസേന സിദ്ധിക്കുന്നതാകുന്നു.

"നമ്മുടെ കിഴക്കെമുഖം സൎവ്വാധികാൎയ്യക്കാരെ (കാരശ്ശേരി രാമ മേനോൻ) തങ്ങളുടെ അടുക്കൽ അയച്ച എല്ലാ കാൎയ്യങ്ങഠം കൊണ്ടും ബൊധിപ്പിച്ചതിന്റെ ശെഷം ചിററിലപ്പിള്ളിക്ക ചെന്നു അയിനിക്കാട്ട, അകംതുരുത്തു ചാല പെരിഞ്ചാല ഈ പ്രദെശങ്ങളിലെ തക്കം തീൎത്തുവെക്കണ്ടതിനു കുടികളുടെ പററിള്ള ആധാരങ്ങളെയും ജന്മികളെയും വരുത്തിയാൽ തക്കംതീൎത്തു തരാമെന്നു തങ്ങഠം പറഞ്ഞപ്രകാരം എഴുതിവന്നു. ഈ ദെശങ്ങളിൽ ടിപ്പുസുൽത്താൻനാളിൽ, കൊഴിക്കൊട്ടുരാജാവിന്റെ ആളുകഠം ഒന്നിനൊന്നായിട്ട പറഞ്ഞുണ്ടാക്കി കുറഞ്ഞൊരു വിവാദം വരുത്തുകകൊണ്ടു, ഈ നാലുദെശങ്ങളും നമ്മുടെ ചിററിലപ്പിള്ളിക്ക ചെന്നു നടത്തിപ്പൊന്നിരുന്ന പ്രകാരങ്ങളും ആ കാൎയ്യത്തിന്റെ പരമാൎത്ഥത്തൊളവും, ടിപ്പുസുൽത്താനെ നാം ബൊധിപ്പിച്ചതിന്റെ ശെഷം, ഈ ദെശങ്ങഠം നമുക്കുതന്നെ സംബന്ധം ഉള്ളതാകുന്നു എന്നു ബൊധിപ്പിച്ച, നമ്മെക്കൊണ്ടു നടത്തിച്ചുവന്നിരിക്കകൊണ്ടും, ബഹുമാനപ്പെട്ട കുമ്പഞ്ഞിയുമായിട്ടു നാം എഴുതി പിടിച്ചിരിക്കുന്ന കരാറിൽ ചിററിലപ്പിള്ളിശീമകൂടെ എഴുതിയിരിക്കകൊണ്ടും, കുമ്പഞ്ഞിയുടെ കരാറിൽ കവിഞ്ഞതായിട്ടു നാമൊരു ആധാരം കാട്ടി ബൊധിപ്പിക്കണ്ടതും ഇല്ലല്ലൊ. ഈ ദെശങ്ങളുടെ കാൎയ്യങ്ങഠംകൊണ്ടു 'മൈസൂർ ഫാറമൽ' ആയിട്ടും ബൊധിപ്പിച്ച ടിപ്പുസുൽത്താന്റെ കടദാസ്സുകളും പെൎപ്പുകളും കാട്ടിയതിന്റെ ശെഷം, കൊഴിക്കൊട്ടുരാജാവിന്റെ കാൎയ്യം ക്ലെശിക്കുന്ന ശാമിനാഥനെയും

അല്ലാതെയും ഉള്ള ആളുകളെയും, കൂടെ വരുത്തി ഈ ദെശങ്ങളുടെ കാൎയ്യം കൊണ്ടു കൊഴിക്കൊട്ടുവെച്ചു കെട്ടാറെ, ഈ നാലുദെശവും ചിററിലപ്പിള്ളിക്കു ചെൎന്നതുതന്നെ ആകുന്നു എന്നും, കൊഴിക്കൊട്ടുരാജാവിനു ഒരു സംബന്ധവും ഇല്ലെന്നും, ബൊധിച്ചപ്രകാരമത്രെ അവിടെവെച്ചു നിശ്ചയിച്ചിരിക്കുന്നതു. ഉല്പത്തിയുടെ വിവാദം ഉണ്ടെന്നു കൊഴിക്കൊട്ടെ ആളുകൾ പറകകൊണ്ടു വെള്ളം കറവുവന്നാൽ ഉടനെ നൊക്കിക്കൊണ്ടു (അധികവും പുഞ്ചനിലങ്ങളാണ്) ആ വിവാദംതീൎത്തുവെച്ചുകൊള്ളാമെന്നും അന്നു മെസ്തർ ഫാറമൽ പറകയും ചെയ്തു. അപ്രകാരത്തിനു വലിയ 'ഇഷ്ടിമാൻ സായ്വ' അവർകൾക്കു മെസ്തർ ഫാറമെലുടെ കടദാസ്സു എഴുതി വന്നിട്ടും ഉണ്ടു. ഈ ദെശങ്ങൾ നമ്മുടെ പൂൎവ്വന്മാരായിട്ടു അനുഭവിച്ചുവന്നിരിക്കകൊണ്ടും, കുമ്പഞ്ഞിയുടെ കരാറിൽ ഉൾപ്പെട്ടു ഇരിക്കകൊണ്ടും, ഇതിലപ്പുറം മറെറാരാധാരം കാട്ടി ബൊധിപ്പിക്കെണ്ടതില്ലെന്നു താങ്കൾക്കു അറിയാമല്ലൊ. എന്നാലും കുടികളുടെ പററിലുള്ള ആധാരങ്ങളും ജന്മികളെയും വരുത്തണമെന്നു പറകകൊണ്ടു അതും വരുത്തി ബൊധിപ്പിക്കയും ചെയ്തുവല്ലൊ. ഇപ്പൊൾ ഊരകം (അടുത്തുള്ളതു) ദെശംകൂടി കണ്ടെഴുതീട്ടു വെണം ഈ ദെശങ്ങളിലെ കാൎയ്യം തീൎച്ച ചെയ്വാൻ എന്നു തങ്ങൾ പറഞ്ഞപ്രകാരം നമ്മുടെ കിഴക്കെമുഖം സൎവ്വാധികാൎയ്യക്കാരുടെ പെക്കു എഴുതിവന്നിരിക്കുന്നു. ഇത്രയൊക്കെ താമസം വെണ്ടിവരുന്നതുകൊണ്ടു നമുക്കു വളരെ സങ്കടം തൊന്നുന്നതുമുണ്ടു. നാം തങ്ങളെ വിശ്വസിച്ചു പരമാൎത്ഥങ്ങളൊക്കെ ബൊധിപ്പിച്ചിരിക്കകൊണ്ടു ഇനിയും താമസം വരുത്താതെ തീൎച്ചപ്പെടുത്തി നമ്മുടെ സൎവ്വാധിയെ താമസിയാതെ ഇങ്ങൊട്ടു മടക്കിഅയക്കണമെന്നു നമ്മുടെ അപെക്ഷ ആകുന്നു."

സായ്വുമാർ തൎക്കപ്പെട്ട പ്രദേശത്തുചെന്നു സ്ഥലങ്ങൾ പരിശോധിച്ചും, വാദങ്ങൾ കേട്ടും, പ്രസ്തുതപ്രദേശങ്ങളെല്ലാം കൊച്ചിക്കു ചേൎന്നതുതന്നെ എന്നു തീൎച്ചപ്പെടുത്തി, കണ്ടങ്ങൾ തിരിച്ചു കണ്ടെഴുതി, അതിനു് ഒരു വരിയോലയും തയ്യാറാക്കി. മിസ്റ്റർ സ്റ്റീവൻസ് എന്ന "ഇംഷ്ടിമാൻ" സായ്വിന്റെ അദ്ധ്യക്ഷതയിലാണ് അതുണ്ടായതു്. ആ വരിയോലയിലെ തലവാചകം ഇപ്രകാരമാകുന്നു. "ചിററിലപ്പിള്ളിപ്രവൎത്തിയിൽ ചാല, അയിനിക്കാട്ടു, അകംതുരുത്തു ഈ മൂന്നു ദെശത്തെ അതിൎത്തിവാദം നൊക്കിക്കണ്ടു അതിൎത്തിക്കു കററി തറയ്ക്കുന്നതിന്നു ഇങ്കരീസ്സു കുമ്പഞ്ഞിവകയിൽ ഇഞ്ചിനീര "ഹെണ്ട്രിസായ്വും," ചാവക്കാട്ടു അദാലത്ത "ജില്ലൊർസായ്വും," കിഴക്കെമുഖം സൎവ്വാധികാൎയ്യ

ക്കാരും, ഇല്ലത്തു ഗോവിന്ദമെനൊൻ വലിയ കപ്പിത്താനും, ചിററിലപ്പിള്ളി പ്രവൎത്തിയാരും, ചാലക്കൽ ഉള്ള തടസ്ഥരും, ഇക്കണ്ടപ്പണിക്കര കാൎയ്യക്കാരും, ഊരകത്തെ പാറൊത്യം പണ്ടാരത്തിലെ ഇട്ടിച്ചിറനായരും, അപ്പുറത്തുള്ള തടസ്ഥരുംകൂടി വിവാദം തീൎത്തു ഈ മൂന്നു ദെശത്തു ഇപ്പുറത്തുള്ള ഉല്പത്തിയുടെ അതിൎത്തിക്കൽ ഹെണ്ടിറി സായ്പു അതിൎത്തി തിരിച്ച കുററികഠ 22_ാംനം- മുതൽ 24_ാംനം- വരെ തറച്ച പടിക്ക എഴുതിയ വരിയൊല......"

ഇപ്രകാരമൊക്കെ നിശ്ചയിച്ച് വരിയോല എഴുതിവെച്ചിട്ടും സാമൂതിരിയുടെ ആഠംക്കാർ വെറുതെ ഇരുന്നില്ല. ആ തീൎപ്പിനെ പ്രത്യക്ഷമായി നിഷേധിപ്പാൻ അവൎക്ക സാധിച്ചില്ലെങ്കിലും, അതിനെ അനാദരിച്ചുകൊണ്ടുതന്നെ അവസാനംവരെ പ്രവൎത്തിച്ചുകൊണ്ടിരുന്നു. "ശല്യം സഹിക്കവെയ്യാതാകുമ്പൊഴെങ്കിലും സൊല്ല തീരട്ടെ എന്നു ശക്തൻതമ്പുരാൻ വിചാരിച്ചുവിട്ടൊഴി"ഞ്ഞുപോകുമെന്നായിരുന്നു സാമൂതിരി പ്രതിനിധികളുടെ വിചാരം. എന്നാൽ, പിടിച്ചതു വിടുന്ന പുള്ളിയല്ലാ കൊച്ചിയിലെ ശക്തൻതമ്പുരാനെന്നും, അവിടുന്നു സമാപ്തിവരെ സമരംചെയ്യുന്ന, ക്ലേശസഹിഷ്ണുത തികഞ്ഞ, ആളാണെന്നും അവർ അറിഞ്ഞതു് അന്ത്യഘട്ടത്തിലാണ്. സാമൂതിരിക്കൂററുകാർ കയ്യേററം തുടരുന്നതായറിഞ്ഞപ്പോഠ അവിടുന്നു മിസ്റ്റർ 'ഹെണ്ടറിക്ക'യച്ച ഈ തിരുവെഴുത്തു നോക്കുക.

"ബഹുമാനപ്പെട്ട കുമ്പഞ്ഞിയിൽനിന്നും നമുക്ക എഴുതിത്തന്നിരിക്കുന്ന കരാറിൽ ഉഠപ്പെട്ട നമ്മുടെ ചിററിലപ്പിള്ളിനാട്ടിൽ ചെന്ന ചാല, അയിനിക്കാട, അകംതുരുത്തു, ഈ മൂന്നു ദെശവും കൂടക്കുടെ നെടിയിരിപ്പിന്റെ ആളുകഠവന്നു വിരൊധിക്കകൊണ്ടു നമ്മുടെ പാററിലുള്ള ആധാരങ്ങഠ ഒക്കെയും കൊഴിക്കൊട്ടയച്ച ബൊധിപ്പിച്ചതിന്റെ ശെഷം, അവർ ചാവക്കാട്ടിൽവന്നു നമ്മുടെ കാൎയ്യസ്ഥന്മാരെയും നെടിയിരിപ്പിന്റെ ആഠംക്കാരെയും കൂട്ടി എത്തിച്ചുകൂടെ കെട്ടതിന്റെ ശെഷം, ആ മൂന്നു ദെശവും നമുക്കുള്ളതാകുന്നു എന്നു ബൊധിക്കകൊണ്ടു അപ്രകാരത്തിന്നു നമുക്ക കടദാസ്സു എഴുതിത്തരികയും ചെയ്തു. ഇപ്പൊഠ ആ ദെശങ്ങളിലെ വിളവു കൊയ്യെണ്ട സമയത്തു നെടിയിരിപ്പിന്റെ വകയിൽ രണ്ടു മൂവ്വായിരം ആയുധക്കാരെയും ശെഖരിച്ച ഊരകത്ത പാൎപ്പിച്ച വിളവു വിരോധിക്കകൊണ്ടു നമ്മുടെ വകയിലും എതാനും ആളുകളെ ചാലക്കൽ അയച്ച പാൎപ്പിച്ചിരുന്നു..."

ഈ എഴുത്തിന്റെ ബാക്കി ഭാഗവും തൽസംബന്ധമായ വേറേ ചില എഴുത്തുകളും "കോഴിക്കോട്ട്" എന്ന അദ്ധ്യായത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് ഇവിടെ വീണ്ടും എടുത്തു ചേർക്കുന്നില്ല. ചാലക്കുടിൽ വെച്ച് സാമൂതിരിയും ശക്തൻതമ്പുരാനും തമ്മിൽ ശരിയായ ഒരു യുദ്ധം തന്നെ നടന്നു എന്നും, 'ആളപായവും അധികം സംഭവിച്ചു' എന്നും, ആ രേഖകളിൽനിന്നു കാണാവുന്നതാണ്. 928-ൽതന്നെ ഈ പ്രദേശങ്ങളുടെ അതിർത്തിത്തക്കവും അവകാശവാദവും കക്കാട്ടുവെച്ച് ഡച്ചിന്റെയും തിരുവിതാംകൂറിന്റെയും മദ്ധ്യസ്ഥതയിൽ തീർത്തു വരിയോല എഴുതിവെച്ച വർത്തമാനം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. 'എന്തായാലും വേണ്ടില്ലാ മിണ്ടാതിരിക്കില്ലാ' എന്ന മർക്കടമുഷ്ടിയോടുകൂടിയാണ്, ഗുണം വാ ദോഷംവാ, സാമൂതിരിയുടെ സിൽബന്തികൾ ഇക്കാര്യത്തിൽ നിർബ്ബന്ധമായി പ്രവർത്തിച്ചുംകൊണ്ടിരുന്നതു്. രാജഭ്രംശവും അധികാരനാശവും മററനേകം ആപത്തുകളും അടിക്കടി വന്നുചേർന്നിട്ടും കൊച്ചിയോടുള്ള വൈരംമാത്രം നിർഭാഗ്യവശാൽ സാമൂതിരിയെ വിടാതെ ആശ്രയിച്ചുകൂടിയിരുന്നു!

. . . .

... ചേലല്ലാത്ത പല വാദങ്ങളും സാമൂതിരി പൂർവ്വാപരം മറന്നു ചെയ്തു എങ്കിലും, ഇക്കണ്ടപ്പണിക്കർകാര്യക്കാരും, ശാമിനാഥപട്ടരും പഠിച്ച പണി പതിനെട്ടും പരീക്ഷിച്ചു എങ്കിലും, ഇടയ്ക്കിടയ്ക്കു കഠിനമായ കയ്യേററങ്ങളും അവസാനത്തിൽ ആളപായം വന്ന ആഹവും നടത്തി എങ്കിലും, തിരിഞ്ഞുമറിഞ്ഞു്, ശക്തൻതമ്പുരാന്റെ 'പിടിച്ചാൽ വിടാത്ത' വാശി ഒന്നുകൊണ്ടു്, പ്രസ്തുത പ്രദേശങ്ങൾ കൊച്ചിക്കുതന്നെ ഉറപ്പിച്ചുകിട്ടി. ഒടുവിലെ ഘട്ടത്തിൽ, അതിനെപ്പററി കാരയ്ക്കാട്ട് രാമമേനോൻ സർവ്വാധി തിരുമനസ്സിലേയ്ക്കു് അയച്ചതായ താഴെ ചേർക്കുന്ന കത്തുംകൂടി ഉദ്ധരിച്ച് ഈ പ്രകൃതം ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

. . . .

"971 എടവം 9-ാംനു- രാമൻ എഴുത്തു. പവ്വത്തിമെനൊൻ വായിച്ച എന്റെ തമ്പുരാന്റെ തിരുവുള്ളത്തിൽ എറെറണ്ടും അവസ്ഥ. എന്നാൽ, അടിയൻ 5-ാംനു- തൃശ്ശൂരനിന്നും പുറപ്പെട്ടു എട്ടു നാഴിക രാച്ചെല്ലുമ്പൊൾ ചൂണ്ടൽ എത്തി. 16-ാനു- കാലത്തു അവിടെനിന്നും പുറപ്പെട്ടു 5 നാഴിക പുലരുമ്പൊൾ ചാവക്കാട്ടിൽ വിടകൊണ്ടു. ദിവാൻ ചിക്കണ്ണെയ്യനായിട്ടും പ്രഭുവായിട്ടും കണ്ടു. ഇഷ്ടിമാൻ സായ്പിന്റെ അടുക്കൽപൊയി കണ്ടാറെ 7-ാംനു- ഊരകത്തുപൊകണമെന്നും, സാക്ഷിക്കാരെയും കൂടെ കൊണ്ടുപൊരണമെന്നും, നെരു

പൊലെ തീൎത്തരാമെന്നും, ഇങ്ങൊട്ട വിടകൊണ്ടതിൻെറ ശെഷം, ചാലക്കൽവെച്ച ചട ഉണ്ടായതിൻെറ ഗുണദൊഷവും, ഇപ്പൊഠം കുത്തിപ്പൊളി കഴിഞ്ഞുവരുന്ന സ്വഭാവവും, ഒക്കെ തിരിച്ചതന്നെ വിടകൊണ്ടു. അതിൻെറ ശെഷം, ഇഷ്ലിമാൻ സായ്പിന്ന കൊഴിക്കൊട്ടുന്നിന്ന ഒരു കടദാസ്സ എഴുതിവന്നു. അതു വായിച്ചതിൻെറ ശെഷം കൊഴിക്കൊട്ടു സൂപ്രവൈസരുടെ സ്ഥാനം 'ആണ്ട്ളിസായ്പും', 'ഉലുക്ക്സൻ സായ്പും' 'ഡോം സായ്പും' കൂടി വിചാരിക്കത്തക്കവണ്ണം വെമ്പായീന്ന എഴുതിവന്നു എന്നും, കണക്കിന്ന പ്രധാനമായിട്ടു 'രിക്കാട സായ്പ' വന്നു എന്നും, ചാലഉഠംപെട്ടപ്രദേശങ്ങളിലെ കാൎയ്യം ഇഷ്ലിമാൻ സായ്പ തീൎപ്പിച്ചുവെച്ചത നമുക്ക ബൊധിച്ചില്ലന്ന സാമൂതിരിപ്പാട്ടീന്ന കുമ്പഞ്ഞിയിൽ കച്ചീട്ടു എഴുതിക്കൊടുത്തു എന്നും, അതുകൊണ്ടു ആ കാൎയ്യം കൊഴിക്കൊട്ടുവെച്ച വീണ്ടും തീൎത്താൽകൊള്ളാമെന്നും എഴുതി വന്നിരിക്കുന്നു എന്നും, താൻ തീൎത്തുവെച്ച കാൎയ്യം ബൊധിച്ചില്ലെന്ന സാമൂതിരിപ്പാട്ടീന്നും ഇക്കണ്ടപ്പണിക്കരും ശാമിനാഥപ്പട്ടരുംകൂടി പറഞ്ഞു കച്ചീട്ടു എഴുതിവെച്ചതിന്ന, ഏറിയൊന്നു താമസിയാതെ അതിൻെറ ഗുണദൊഷം എല്ലാവൎക്കും ബൊധിക്കാറാക്കിത്തരുന്നുണ്ടെന്നും ഇങ്ങൊട്ട വിടകൊണ്ടതിൻെറ ശെഷം, ഇക്കാൎയ്യം കൊഴിക്കൊട്ടുവെച്ച 'ഡങ്കണി' സായ്പും ബാഡാം'സായ്പും 'പാറമൽ' സായ്പും കൂടി കെട്ടാറെ ഈ മൂന്നുദെശവും ഞങ്ങഠംക്കുള്ളതാകുന്നു എന്നു ബൊധിച്ചിട്ടല്ലൊ ആ വ്യവഹാരം തീൎത്തുതരത്തക്കവണ്ണം വെച്ചതു എന്നും, സായ്പ ചാവക്കാട്ടു വന്നിരുന്നു വിചാരിച്ചാറെയും, ഞങ്ങഠംക്കുള്ളതെന്നു ബൊധിച്ചിട്ടല്ലൊ കടലാസ്സ എഴുതിത്തന്നു എന്നും, സായിപ്പിൻെറ മനസ്സെങ്കിൽ ഇനിയും എവിടെയെങ്കിലും ചെന്നു തൎക്കം തീൎത്തു പൊന്നുകൊള്ളാമെന്നും, അതിന്ന കട്ടംതന്നെ ഇവിടെ ഒരു സംശയവും ഇല്ലെന്നും, സായ്പ തീൎത്തുതന്നിരിക്കുന്ന കാൎയ്യമാകകൊണ്ടു മറെറാരെടത്തു ചെന്നു പറയാതെ കഴിയണമെന്നുണ്ടെന്നും, കൂടിയെ കഴിയൂ എങ്കിൽ പറഞ്ഞയച്ചാൽ പൊകാമെന്നും, അടിയൻ അങ്ങൊട്ട വിടകൊണ്ടു. ഇവിടെ തീൎത്തതു അവൎക്ക ബൊധിച്ചില്ലെങ്കിൽ അവിടെ തീൎക്കുന്നതു തങ്ങഠംക്കും ബൊധിച്ചില്ലെന്ന നിങ്ങഠംക്കും പറയാമല്ലൊ എന്നും, വല്ലതെന്നാലും ഇക്കൊല്ലത്തെ കഴിഞ്ഞുവല്ലൊ എന്നും (വിളവുകൊയ്യൽ) പിന്നെ നിങ്ങഠംക്ക ബൊധിച്ചപൊലെ ആയിക്കൊള്ളുകെ വെണ്ടു എന്നും, ഡങ്കണിസായ്പ പത്തുദിവസത്തിനകത്തു തലശ്ശെരിക്ക എത്തുമെന്നും, തിരിച്ചുവന്നാൽ കൊച്ചിവരെക്കും യാത്ര ഉണ്ടെന്നും, ഇങ്ങൊട്ടും വിടകൊണ്ടു. നെടിയിരിപ്പിലെ ആളുകളെ ഒക്കയും പിരിക്കുന്നു

ക്കവണ്ണം ഇക്കണ്ടപണിക്കക്കു സാമൂതിരിപ്പാട്ടിലെ തിരുവെഴുത്തും ശാമിനാഥപട്ടരുടെ സാധനവും, വന്നിരിക്കകൊണ്ടു ആളുകളെ ഒക്കെയും 5-ാംനു- പിരിച്ചയച്ചപ്രകാരം കെട്ടു. ഇനി ഇവിടത്തെവകയിൽ ഒന്നുരണ്ടു കമ്പനി ചാലക്കൽ പാപ്പിച്ചു ശെഷമുള്ളവരെ എഴുന്നള്ളി ഇരുന്നരുളുന്നെടത്തെക്കു വരുത്താമെന്നത്രെ അടിയനു തൊന്നുന്നതു്. കൊഴിക്കൊട്ടയും കൊലത്തുനാട്ടിലെയും ത്രപാ മുഴുവൻ പിരിയാത്തതുകൊണ്ടു ദെഷ്യപ്പെട്ടത്രെ ജനറാൽ വരുന്നതു. നമ്മുടെ വകയിൽ ഒരുപൈയും അടവാനുണ്ടാവരുതെന്നു തിരുമനസ്സറിയിക്കണെമെന്നു ഇഷ്ടിമാൻ നിഷ്കഷിച്ചിട്ടുണ്ടു്………"

ഈ എഴുത്തു പലനിലയിലും രസാവഹമായിട്ടുള്ളതാകുന്നു. മലബാർ കമ്മീഷണർമാരുടെ പുറപ്പാടിനുശേഷം കൊച്ചിയെ പ്രതിനിധീകരിച്ചുംകൊണ്ടു് അവരുടെ അടുക്കൽ ദിവാനിശം ക്ലേശിച്ചിട്ടുള്ള ആളായ അന്നത്തെ കിഴക്കേമുഖം സർവ്വാധിയും, ഒടുവിൽ വലിയസർവ്വാധികാര്യക്കാരും ആയിരുന്ന കാരക്കാട്ടു രാമ്രമേനോൻെറ നയകുശലത, കാര്യപ്രാപ്തി, രാജഭക്തി, ക്ലേശസഹിഷ്ണത, വിശ്വസ്തത, മുതലായവയെല്ലാം ഏറെക്കുറെ ഈ കത്തിൽനിന്നുതന്നെ തെളിയുന്നുണ്ടു്. ഇഷ്ടിമാൻസായ്പിനെ രാമ്രമേനോൻ അഭിമാനിതനാക്കി മുഖസ്തുതിയെന്നു തോന്നാത്തവിധം നുതിവാക്കുകളാൽ വശീകരിച്ചു കൂടെക്കൊണ്ടുപോയി "പിന്നെ നിങ്ങൾക്കും ബൊധിച്ചപൊലെ ആയിക്കൊള്ളുകെവെണ്ടു" എന്നു സ്പഷ്ടമായി പറയിപ്പിക്കുന്ന സാമത്ഥ്യം അന്യാദൃശംതന്നെയാകുന്നു. ഈ രാമ്രമേനോൻെറ പരിശ്രമഫലമാണു മിക്കവാറും കൊച്ചിക്കു് അക്കാലത്തെ അവകാശത്തക്കങ്ങളിൽ കൈവന്ന വിജയം. ദിവസംപ്രതി നടക്കുന്ന എല്ലാ സംഗതികളും, പരസ്പരമുണ്ടാകുന്ന കാര്യമായ സംഭാഷണങ്ങൾകൂടി ഒന്നും വിടാതെ, രാമ്രമേനോൻ 'എൻെറ തമ്പുരാൻെറ തിരുവുള്ളത്തിലേറവാൻ' വിശദമായ 'റിപ്പോർട്ടുകൾ' എഴുതിക്കൊണ്ടിരുന്നു. ആ രേഖകൾ ശതക്കണക്കിനു കണ്ടുകിട്ടീട്ടുണ്ടു്. അതിൽ ഏതെടുത്തുനോക്കിയാലും ഈ 'രാമൻ' അസാമാന്യമായ കാര്യപ്രാപ്തിയുണ്ടായിരുന്നവനും പെരുമാറ്റവിഷയത്തിൽ അതീവ വൈദഗ്ദ്ധ്യം നേടിയിരുന്നവനും ആയിരുന്നു എന്നു കാണാവുന്നതാണു്. ഒടുവിൽ കോഴിക്കോട്ടുവെച്ചും ഒരു വാദപ്രതിവാദവും രേഖാപരിശോധനയും, സാക്ഷിവിസ്താരവും ഒക്കെ ഉണ്ടായി. ഇത്രയൊക്കെ പാടുപെട്ടിട്ടാണു ചാല, പെരിഞ്ചാല, അകന്തുരുത്തു പ്രദേശങ്ങളെ ശക്തൻതമ്പുരാൻ കൊച്ചിരാജ്യത്തേയ്ക്കു സമ്പാദിച്ചതു്.

കൊടുങ്ങല്ലൂർ, കോട്ടമുക്കു കായൽ



കൊടുങ്ങല്ലൂർ അഴിമുഖത്തിന്റെ ഒരു ഭാഗം

XXVI

കൊടുങ്ങല്ലൂർ

കൊടുങ്ങല്ലൂരിന്റെ പ്രാചീനത, പ്രാമുഖ്യം, പ്രസിദ്ധി മുതലായതെല്ലാം ഗവേഷകന്മാരുടെ പരിശോധനകളിൽ കുടുങ്ങിക്കിടക്കുകയാണു്. കൊടുങ്ങല്ലൂരിന്റെ ഉത്ഭവം എങ്ങനെയാണെന്നുള്ള കാര്യത്തിൽ പോലും അവസാനതീർപ്പുണ്ടായിട്ടില്ല. കൊടുംകല്ലൂർ, കൊടുംകാളിയൂർ, കൊടുംകുലയൂർ, കൊടുംകോൾ ഊർ എന്നിങ്ങനെ ആ പദത്തെ ഓരോരുത്തർ ഓരോവിധം വ്യാഖ്യാനിക്കുന്നു. ആധുനികകാലത്തെ കവിശ്രേഷ്ഠന്മാർ അതിനെ 'കോടിലിംഗപുരം' എന്നു സംസ്കൃതീകരിച്ചിട്ടുമുണ്ടു്. മുചിറി, മുസ്സിറിസ് എന്നു തുടങ്ങിയ ചില പേരുകൾ ആദികാലത്തെ രാജ്യസഞ്ചാരികളും കച്ചവടക്കാരും കൊടുത്തിട്ടുള്ളതു കൊടുങ്ങല്ലൂരിനാണെന്നു് ഒരുവിധം തീർച്ചപ്പെട്ടിട്ടുണ്ടു്. കേരളചരിത്രത്തിൽ പ്രചുരപ്രചാരമുള്ള 'മഹോദയപുരം പട്ടണം' കൊടുങ്ങല്ലൂരാണെന്നും തെളിഞ്ഞിട്ടുണ്ടു്. ചേരന്റെ തലസ്ഥാനമോ, കേരളന്റെ രാജധാനിയോ എന്തെങ്കിലുമായിരുന്നിരിക്കാവുന്ന 'തിരുവഞ്ചിക്കുളം' കൊടുങ്ങല്ലൂരിൽ ചേർന്നതല്ലെന്നു് ആർക്കും പറയുവാനും തരമില്ല. പണ്ടെന്തൊക്കെ ആയിരുന്നാലും, ഉണ്ടായിരുന്നാലും 'പണ്ടത്തെയും പറഞ്ഞു പടിക്കൽ ഇരിക്കേണ്ട' യോഗം കൊടുങ്ങല്ലൂരിനു കൈവന്നതായിക്കാണുന്നു. പോർത്തുഗീസ്സുകാരുടെ കാലംമുതല്ക്കു്—ഡച്ചുകാരുടെ കാലത്തു വിശേഷിച്ചും ഇംഗ്ലീഷാധിപത്യം സംസ്ഥാപിതമാകുന്നതുവരേക്കും, കൊടുങ്ങല്ലൂർരാജ്യം സ്വാതന്ത്ര്യം എന്നല്ല, സ്വൈരവും സമാധാനവുംതന്നെ അധികമായിട്ടൊന്നും അനുഭവിച്ചിട്ടില്ല. ചേറ്റുവാദ്വീപിന്റെ തെക്കെത്തലയായിരുന്നതുകൊണ്ടും, ചേന്നമംഗലം, പാപ്പൂർ, ആലങ്ങാടു് എന്നീ നാടുകളുടെ ഇടയ്ക്കു കിടന്നിരുന്നതുകൊണ്ടും, 'വയ്പിൻ'തുരുത്തിന്റെ അടുത്ത വടക്കേക്കരയായിരുന്നതുകൊണ്ടും, ക്രിസ്ത്വബ്ദം 16-ം 17-ം 18-ം ശതാബ്ദങ്ങളിൽ കൊടുങ്ങല്ലൂർശീമ ആരുടേയും, ഓരോരുത്തരുടേയും, പലരുടേയും, ഇടയ്ക്കിടയ്ക്കു് അവനവന്റേയും ആയിട്ടങ്ങനെ കഴിഞ്ഞുകൂടി എന്നുതന്നെ പറയാം. ഇപ്പോൾ കൊടുങ്ങല്ലൂർ കൊച്ചിരാജ്യത്തിലെ ഒരു താലൂക്കു മാത്രമാണു്. എങ്കിലും, 'കൊടുങ്ങല്ലൂർ ബഡ്ജറ്റ്' ഒന്നു വേറെയാണുതാനും. കൊടുങ്ങല്ലൂർരാജാവിനു് ആ രാജ്യത്തു യഥാർത്ഥത്തിൽ യാതൊരു സ്വാതന്ത്ര്യാധികാരവും ഭരണാവകാശവും ഇല്ല. കൊടുങ്ങല്ലൂർ, കൊച്ചിസംസ്ഥാനത്തിൽ ചേർന്ന ഒരു രാജ്യം മാത്രമാകുന്നു. ശക്തൻ

തമ്പുരാന്റെ കാലത്തു്, 'കൊടുങ്ങല്ലൂർകാര്യം' എന്നതൊരു 'കടിച്ചാൽ പൊട്ടാത്ത' ഒരു വാദവിഷയമായിരുന്നു.

കൊടുങ്ങല്ലൂർ രാജവംശത്തെക്കുറിച്ചുള്ള പഴമ* ഇപ്രകാരമാണു്:— "അമ്പലപ്പുഴ, ഇടപ്പിള്ളി, പറവൂർ, കൊടുങ്ങല്ലൂർ ഈ നാലു രാജാക്കന്മാരും ബ്രാഹ്മണർ—നമ്പൂതിരിമാർ—ആയിരുന്നു. അവർ പെരുമാക്കളുടെ രാജധാനിയിൽ 'തേവാരികൾ' ആയിട്ടു് അനേകം തലമുറയായി രാജസേവ നടത്തീട്ടുള്ള ആഢ്യന്മാരായിരുന്നു. പെരുമാൾ കേരള രാജാക്കന്മാർക്കു് അവരവരുടെ രാജ്യത്തെ ആധിപത്യം സ്വതന്ത്രമായി ദാനം ചെയ്തതായി പറയപ്പെടുന്ന കഥ നടന്നപ്പോൾ, മേല്പറഞ്ഞ ബ്രാഹ്മണാഢ്യന്മാർക്കും ഓരോ രാജ്യത്തെ ദാനം ചെയ്തുവത്രെ! അതിൽ അയിരാണിക്കുളം ഗ്രാമത്തിൽപെട്ട പടിഞ്ഞാററി(നി)യേടത്തു ഭട്ടതിരിക്കാണു കൊടുങ്ങല്ലൂർ രാജ്യം കിട്ടിയതു്. ആ ഭട്ടതിരിയുടെ വംശം വളരെക്കാലത്തിനുശേഷം സന്തതിവിച്ഛേദത്താൽ നാമാവശേഷമായി. ഒടുവിലത്തെ ഭട്ടതിരി 'ഐരൂർചാൽ(ൽ)ക്കര' എന്ന ക്ഷത്രിയരാജകുടുംബത്തിലെ ഒരു സ്ത്രീയുടെ ഭർത്താവായിരുന്നു. ആ സ്ത്രീയിൽ അദ്ദേഹത്തിനു സന്താനങ്ങളുണ്ടായിരുന്നതിനാൽ തന്റെ പിൻതുടച്ച്യാവകാശം ആ സന്തതിപരമ്പരയ്ക്കു് അദ്ദേഹത്തിൽ നിന്നും സിദ്ധിച്ചു. ആ ഐരൂർചാൽക്കരസ്വരൂപം കാലാന്തരത്തിൽ പല വംശമായി തിരിഞ്ഞു. ആ ശാഖക്കാരിൽ ചിലർ ഇന്നു വെള്ളാങ്ങല്ലൂരും (ഐരൂർമാളികക്കോവിലകം) പാലപ്പെട്ടിയിലും (ശാക്കരകോവിലകം, പാലപ്പെട്ടിക്കോവിലകം) ഇന്നും വസിക്കുന്നുണ്ടു്. സാക്ഷാൽ 'പൂഞ്ഞാർ'സ്വരൂപവും ദത്തുവഴി ഈ വംശത്തിൽനിന്നുണ്ടായതാണു്. ഐരൂർ ചാൽക്കര എന്ന മൂലകുടുംബംവകയായ ചില ഭൂസ്വത്തുകൾ ഇന്നും എനാമാക്കൽകെട്ടിനു വടക്കുകിഴക്കായി 'മതിൽക്കര' എന്നും 'ഊരകം' എന്നും പറയപ്പെടുന്ന പ്രദേശങ്ങളിൽ കൊടുങ്ങല്ലൂർ എസ്റ്റേറ്റുവക ദേശവഴികളായിട്ടുണ്ടു്. ഇതൊക്കെ ബ്രിട്ടീഷുമലബാറിലാണു്. എല്ലാ ശാഖക്കാരും അതു് അനുഭവിക്കുന്നുണ്ടു്.

"കൊടുങ്ങല്ലൂർതമ്പുരാക്കന്മാർ മൂപ്പു കിട്ടിയാൽ ഇന്നും സ്ഥാനാരോഹണം ചെയ്യുന്നതും ചെയ്യേണ്ടതും പണ്ടത്തെ പെരുമാൾരാജധാനിക്കടുത്തുള്ള—ഇന്നും കണ്ടാൽ വിസ്മയം തോന്നുന്ന ശില്പവൈചിത്ര്യവും വിസ്താരൗന്നത്യങ്ങളുമുള്ള — 'തൃക്കുലശേഖരപുരം' എന്ന വിഷ്ണുക്ഷേത്ര

* ശ്രീ കുന്നേഴത്തു പരമേശ്വരമേനോന്റെ ഒരു ലേഖനത്തിൽ നിന്നു്.

ത്തിലാണ്. അവിടെ 'വട്ടെഴുത്തിൽ' ചില ശിലാരേഖകളുമുണ്ട്. കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ എഴുതിക്കൊടുത്തിട്ടുള്ള പഴയ തിരുവെഴുത്തുകളിൽ 'തെക്കുംകോവിൽ നാരായണവമ്മ തിരുകോവിലതി(ധി)കാരികൾ' എന്ന സ്ഥാനപ്പേരു് എഴുതിവരുന്നു. ആവക ലക്ഷ്യങ്ങൾ ഇന്നും ഈ ദിക്കിൽ ചിലരുടെ കൈവശത്തിലില്ലെന്നില്ല. 'നാരായണ'ശബ്ദം ബ്രാഹ്മണനാമമാണെന്നു സ്പഷ്ടമാണല്ലോ. പെരുമാളുടെ അംഗരക്ഷകരായിരുന്ന 'ഒന്നുകുറെ ആയിരം എന്ന നായർസൈന്യമാണു 'ലോകർ' എന്ന പേരിൽ ഇന്നും കൊടുങ്ങല്ലൂർ ശ്രീകുരുംബക്കാവിൽ 'കൂട്ടം' ഇരിക്കുകയും, കൊടുങ്ങല്ലൂർതമ്പുരാനെ 'നായനാർ' എന്ന സ്ഥാനത്തു വാഴിച്ചു് അവരുടെ പരദേവതയായ ഭഗവതിയുടെ ക്ഷേത്രരക്ഷകനായി മാസംതോറം ഒന്നാംതിയ്യതിയും, താലപ്പൊലി, ഭരണി മുതലായ ആണ്ടുവിശേഷങ്ങളിലും അകമ്പടി സേവിക്കുകയും ചെയ്യുവരുന്നതു്. കൊടുങ്ങല്ലൂർതമ്പുരാനും 'ഒന്നുകുറെ ആയിരം' യോഗക്കാരും ആയിട്ടുള്ള അന്യോന്യസംബന്ധത്തേയും മററും കുറിച്ചു് ഇനിയും പല സംഗതികളും വിസ്തരിക്കുവാനുണ്ടു്."

'ചേററവാ'യിൽ കൊടുങ്ങല്ലൂർ ഉൾപ്പെടുമോ എന്ന സംഗതി, ഇംഗ്ലീഷുകാരും ശക്തൻതമ്പുരാനും തമ്മിൽ ഉണ്ടായിത്തീൎന്ന വലിയ തക്കങ്ങളിൽ ഒന്നായിരുന്നു. ശ്രീരംഗപട്ടണത്തെ സന്ധിപ്രകാരം ചേററവാ ടിപ്പുവിൽനിന്നു് ഇംഗ്ലീഷുകമ്പനിക്കാൎക്കു കിട്ടിയതോടൊപ്പം കൊടുങ്ങല്ലൂരും കിട്ടി എന്നു് അവരും, അതില്ല, 'കൊടുങ്ങല്ലൂർശീമ' വേറെതന്നെയാണെന്നും അതു തവിക്കു ലന്തക്കമ്പനിക്കാരോടു കിട്ടിയതാണെന്നും ഇംഗ്ലീഷുകാൎക്കു് അവകാശപ്പെട്ടതേ അല്ലെന്നും ശക്തൻതമ്പുരാനും ബലമായി വാദിച്ചു. 965-ൽ (1790-ൽ) ശക്തൻതമ്പുരാനും ഇംഗ്ലീഷുകാരുംതമ്മിൽ ഇദംപ്രഥമമായുണ്ടായ കരാറിൽ—മിസ്റ്റർ പൗണിയുടെ കരാറിൽ—കൊച്ചിക്കു് ഇംഗ്ലീഷുകാർ മടക്കിക്കൊടുക്കേണ്ട രാജ്യങ്ങളുടെ പട്ടികയിൽ "ചേററവാമണപ്പുറം, പതിനെട്ടരയാളം, കാര, തൃപ്രയാർ, കൊടുങ്ങല്ലൂർനാടു്, തിരുവഞ്ചിക്കുളം, എടത്തുരുത്തി" എന്നിങ്ങനെ തിരിച്ചുതിരിച്ചുതന്നെ ചേൎത്തിട്ടുമുണ്ടായിരുന്നു. ചേററവാരാജ്യം കമ്പനിക്കാർ സ്വാധീനപ്പെടുത്തിയ ഉടൻതന്നെ, 1790 നവമ്പർ 26-ാംനു-, ഒരു കൊല്ലത്തേയ്ക്കു പാട്ടത്തിനായി കൊച്ചിരാജാവിനെ ഏല്പിച്ചു രേഖയുംവാങ്ങി. ആ രേഖയിൽ "വെകുമാനപ്പെട്ട കമ്പനിയാരവർകൾ ചേൎന്നുവാദീപൈ ജയിത്തു സ്വാധീനമായി പിടിച്ചുകൊണ്ടാർകൾ. കമ്പനിക്കാരിയ പ്രമാണമായിരിക്കിറ നമ്മൈ

അതൈ കൊച്ചി രാമവമ്മരാജാ അവർകളുക്ക ഒരു സംവച്ഛരത്തുക്ക നാല്പതുനായിരം രൂപായിക്ക കുത്തകൈ കൊടുക്കും പടിയായി നമുക്ക കല്പിച്ചുവന്തിതു. ആനാൽ ചേറ്റുവാദ്വീപൈ ഒരു സംവച്ഛരത്തിക്കമാത്തിരം താങ്കൾക്ക കൊടുക്കിറേൻ" എന്നാണ് എഴുതിയിരിക്കുന്നതു്.

സന്ധിക്കരാറിൽ വാക്കുകളെസംബന്ധിച്ച ചില വ്യത്യാസങ്ങൾ കാണപ്പെട്ടതു കൂടുതൽ വൈഷമ്യത്തെ ഉണ്ടാക്കി. ഇംഗ്ലീഷിൽ എഴുതീട്ടുള്ള കരാറിൽ 'കൊടുങ്ങല്ലൂർ വില്ലേജ്' എന്നും, മലയാളത്തിൽ എഴുതി സായ്പു് ഒപ്പിട്ടു രാജാവിനു കൊടുത്തിട്ടുള്ളതിൽ 'കൊടുങ്ങല്ലൂർശീമ' എന്നുമാണ് എഴുതിയിരുന്നതു്. ഈ 'കൊടുങ്ങല്ലൂർശീമ' എന്ന വാക്കിനെ പിടിച്ചായിരുന്നു ശക്തൻതമ്പുരാൻ പ്രധാനമായി വാദം നടത്തിയതു്. "കൊടുങ്ങല്ലൂർ രാജാവു നമ്മുടെ ജാതിക്കാരനാണ്. ആ രാജ്യത്തുനിന്നുള്ള ആദായം രാജാവുതന്നെയാണു പണ്ടു ചിലവിട്ടിരുന്നതു് എങ്കിലും, നമ്മുടെ ചൊല്പടിക്കു നടക്കുകയും നമ്മുടെ യുദ്ധങ്ങൾക്കു് ആവശ്യപ്രകാരം ആളും അർത്ഥവും അയയ്ക്കുകയുംചെയ്തിരുന്നു. അങ്ങനെ ഇരിക്കുമ്പോൾ 949_ൽ ഹൈദരാലിഖാൻെറ ഒരു സൈന്യത്തോടുകൂടി ശ്രീനിവാസറാവു ആക്രമണത്തിനു് എത്തുകയും നാം പണം കൊടുത്തു് അദ്ദേഹത്തെ തിരിച്ചയയ്ക്കുകയുംചെയ്തു. അതിൽ കൊടുങ്ങല്ലൂരിൻെറ വീതവും നാം കൊടുത്തുകഴിഞ്ഞിരിക്കുന്നു. അന്നു മുതല്ക്കു കൊടുങ്ങല്ലൂർശീമയിലെ പിരിവുകൾ നാം തന്നെ എടുത്തുവരുന്നു. അതിനിടയ്ക്കാണു 952_ൽ ഹൈദരുടെ മറെറാരു സേനാനായകനായ സേർദർഖാൻ വീണ്ടും എത്തിച്ചേർന്നതു്. അപ്പോൾ നാം അന്നുവരെയുണ്ടായിരുന്ന ബാക്കിയെല്ലാം തീർക്കുകയും, മേലിൽ കൊല്ലംതോറും മുപ്പതിനായിരം വരാഹൻ വീതം ബോധിപ്പിക്കുവാൻ ഏല്ക്കുകയുംചെയ്തു. ആ മുപ്പതിനായിരം കൊടുങ്ങല്ലൂരിൻെറ വീതംകൂടി ഉൾപ്പെട്ടതാകുന്നു. 'കൊച്ചിക്കും കൊടുങ്ങല്ലൂരിന്നുംകൂടി മുപ്പതിനായിരം' എന്നെഴുതീട്ടുള്ള രശീതികളും നമ്മുടെ പക്കൽ ഉണ്ടു്. എന്നാൽ സേർദർഖാൻ അവിടന്നു ഡച്ചിൻെറ നേരേ എതിർത്തപ്പോൾ, ഡച്ചു നമുക്കും താൽപര്യപ്പെട്ടവരാകകൊണ്ടും, നവാബും നാമും സഖ്യത്തിലാകയാലും നാം ഒന്നിനും പോകാതെ ഒതുങ്ങി ഇരിക്കയും, കൊടുങ്ങല്ലൂർരാജാവിനെ കുടുംബസഹിതം നമ്മുടെ അടുക്കൽ വരുത്തിപ്പാർപ്പിക്കയുംചെയ്തു. അക്കാലത്തു കൊടുങ്ങല്ലൂരെ മുതലെടുപ്പു സേർദർഖാൻതന്നെ നടത്തുകയും കോഴിക്കോട്ടു് അടയ്ക്കുകയുംചെയ്തു. അങ്ങനെ 966 വരെ നടന്നു. എന്നാൽ അത്രയും സംഖ്യ അതതാണ്ടിൽ, നാം കൊടുക്കേണ്ട മുപ്പതിനായിരത്തിൽ

നമുക്ക കുറവു കിട്ടീട്ടുള്ളതുമാകുന്നു. അക്കാലത്തു നമ്മുടെ സ്വന്തമായ പതിനെട്ടരയാളവും കാര്യം നാം തന്നെ നോക്കിവന്നു.” ഇതായിരുന്ന ശക്തൻതമ്പുരാന്റെ വാദഗതിയുടെ ചുരുക്കം.

969 ചിങ്ങം 22-ാംനു ശക്തൻതമ്പുരാൻ അന്നത്തെ മലബാർ സൂപ്രവൈസർ മിസ്റ്റർ 'ഫാർമർ' സായ്പിന്റെ എഴുത്തിനു് അയച്ച മറുപടിക്കത്തുതന്നെ താഴെ ഉദ്ധരിക്കുന്നു. അതിൽനിന്നു്, അനുപമേയമായ അവിടുത്തെ ഭാഷയിൽതന്നെ, അദ്ദേഹത്തിന്റെ ഉറച്ചനിലയും തികഞ്ഞ ന്യായവും വായിച്ചറിയാവുന്നതാണു്.

“ടിപ്പുസുൽത്താൻ കുമ്പഞ്ഞിക്ക എഴുതിത്തന്ന ജമാവന്തിയിൽ 'കൊടുങ്ങല്ലൂർശീമക്ക ഇത്ര പണം' എന്നുംകൂടെ എഴുതിയിരിക്കകൊണ്ടു അവിടെ നീതി പണം എടുപ്പിക്കെണ്ടതിന്നു താശിൽദാരെ അയച്ചിരിക്കുന്നു എന്നും, അതിനു നാം തടവുചെയ്യപ്പൊകരുതു എന്നും അങ്ങുന്നു എല്ലാം എഴുതിവന്ന കടദാസ്സിൽ ആകുന്നതു. നമുക്ക അവകാശപ്പെട്ട രാജ്യങ്ങൾക്ക അത്രെ നാം ബഹുമാനപ്പെട്ട കുമ്പഞ്ഞിയുമായി ഉടമ്പടി എഴുതിപ്പിടിച്ചു, മൂന്നു സംവത്സരമായിട്ടു കപ്പപ്പണവും ബൊധിപ്പിച്ചുവരുന്നതു. നവാബു ഹൈദരാലിഖാൻ ബലത്തൊടുംകൂടി കൊഴിക്കൊട്ടുവന്നു രാജ്യങ്ങൾ ഒതുക്കിയതിന്റെശെഷം, നെടുങ്കൊട്ടയ്ക്കു പുറത്തു നമുക്കുള്ള രാജ്യങ്ങൾക്ക പറഞ്ഞുവെച്ച കപ്പം ബൊധിപ്പിക്കണമെന്നു ഇങ്ങൊട്ടു ചൊദിക്കകൊണ്ടും, ബലത്തൊടുംകൂടി വന്നിരിക്കുമ്പൊൾ പറഞ്ഞുവെച്ച കപ്പം കൊടുക്കാഞ്ഞാൽ, രാജ്യം ഒതുക്കിക്കൊള്ളുമല്ലൊ എന്നു ഭയപ്പെട്ടും, 952-ാമാണ്ടിൽ ഹൈദരാലിഖാനു കപ്പം കൊടുക്കെണ്ടതിന്നു പറഞ്ഞുവെച്ചു എഴുതിപിടിക്കുമ്പൊൾ, കൊടുങ്ങല്ലൂരു നമുക്ക പ്രത്യെകം ഉള്ള ശീമ ആകകൊണ്ടു്, കൂടെക്കൂട്ടി കപ്പം ബോധിപ്പിക്കത്തക്കവണ്ണം എഴുതിച്ചു കപ്പവും കൊടുത്തുംകൊണ്ടുവരുമ്പോൾ, ലന്തക്കുമ്പഞ്ഞിക്കുള്ള ചെററുവാമണപ്പുറം നവാബ ഒതുക്കി, കൊടുങ്ങല്ലൂർ കൊട്ടയ്ക്കുനെരെ പട എടുക്കകൊണ്ടു മണപ്പുറം ശീമയ്ക്കും കൊടുങ്ങല്ലൂർ കൊട്ടയ്ക്കും മദ്ധ്യെ കൊടങ്ങല്ലൂർശീമ ആകകൊണ്ടും, എറിയ പാളയം കൊടുങ്ങല്ലൂർ ശീമയിൽവന്നു പാത്തുകൊണ്ടു, കൊട്ടയ്ക്കുനെരെ യുദ്ധം ചെയ്കകൊണ്ടും, ആ സമയത്തു നമ്മുടെ ആളുകൾ അവിടെ പൊക ഉണ്ടായതും ഇല്ല. നവാബായിട്ടു പറഞ്ഞുവെച്ചതിൻവണ്ണം കൊടുങ്ങല്ലൂർശീമയ്ക്കുംകൂടി കൂട്ടി നാം കപ്പപ്പണം ബൊധിപ്പിച്ചുകൊണ്ടുവരികയും ചെയ്തു. ആ പണം ബൊധിപ്പിച്ചിരിക്കുന്നതിനു, കൊടുങ്ങല്ലൂരെ

വകക്കൂടിപ്പററിയ പ്രകാരത്തിന്നു നമുക്കു രശീതികളും എഴുതിത്തന്നിട്ടുണ്ടു. മൂന്നു രശീതികളുടെ പെൎപ്പുകൾ കൊടുത്തയക്കുന്നു. നവാബും ഡച്ചുകുമ്പഞ്ഞിയും കൂടി കൊടുങ്ങല്ലൂർ വെച്ചു പട ഉണ്ടായന്നു നമ്മുടെ കൊടുങ്ങല്ലൂർശീമ നശിച്ചു ഏറിയ ചെതങ്ങൾ വരികകൊണ്ടു, ആ അവസ്ഥകൾ ടിപ്പുസുൽത്താനെ ബൊധിപ്പിച്ചാറെ, കപ്പപ്പണം എതാനും നമുക്കു കുറച്ചു തന്നും ഇരിക്കുന്നു. ഇപ്രകാരം നടന്നുവരുമ്പൊൾ, ടിപ്പുസുൽത്താൻ നമ്മുടെ രാജ്യങ്ങളും ഒതുക്കി, ക്ഷെത്രങ്ങൾ ആദിയായിട്ടുള്ളതും കളഞ്ഞു, ഏറിയനാശം വരുത്തുകകൊണ്ടു, ഇനിമെൽ ടിപ്പുസുൽത്താന്റെ സ്നെഹം നമുക്കു വെണ്ട എന്നുംവെച്ചു, ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ സ്നെഹത്തെ നാം പ്രാൎത്ഥിച്ചു, അപ്രകാരത്തിന്നു വെമ്പായിലെ ജനറാളിന്നും ജന്നപട്ടണത്തിലെക്കും നാം എഴുതിക്കൊടുത്തയച്ചയതിന്റെ ശെഷം, ജന്നപട്ടണത്തിൽനിന്നു നമുക്കു കടദാസ്സു എഴുതിവന്നതിൽ, ബഹുമാനപ്പെട്ട കുമ്പഞ്ഞിയെ വിശ്വസിച്ചു നടന്നുകൊണ്ടാൽ കുമ്പഞ്ഞീന്നു മാനമൎയ്യാദയായിട്ടു നടത്തിച്ചു രക്ഷിച്ചുകൊള്ളുമെന്നും, "മെസ്തൂർ പൗണി"യായിട്ടു കണ്ടു കാൎയ്യങ്ങൾ പറഞ്ഞുവെച്ചു തീൎത്തുകൊള്ളണമെന്നും, എഴുതിവരികയും ചെയ്തു. അതുകൊണ്ടു നമ്മുടെ പരമാൎത്ഥങ്ങൾ ഒക്കയും മെസ്തൂർ പൗണിയെ ബൊധിപ്പിച്ചു, നവാബായിട്ടു പറഞ്ഞുവെച്ചു എഴുതിപിടിച്ച കടദാസ്സുകളും കാട്ടിക്കൊടുത്തു ബൊധിപ്പിച്ചു, മെട്ടുകൊട്ടക്കു പുറത്തു നമുക്കുള്ള രാജ്യങ്ങൾക്കു കുമ്പഞ്ഞിക്കു കപ്പപ്പണം ബൊധിപ്പിച്ചു നടന്നുകൊള്ളെണ്ടും പ്രകാരത്തിന്നു, ഇന്നിന്നവണ്ണമെന്നുവെച്ചു, അപ്രകാരത്തിന്നു ഒക്കെയും, മെസ്തൂർ പൗണിയുടെ കടദാസ്സും നമ്മുടെ കടദാസ്സുംകൂടെ ജെന്നപട്ടണത്തെക്കു അയക്കയും, അതിന്റെശെഷം വൎത്തമാനങ്ങൾ ഒക്കെയും 'ലാർട്ടു കൎണ്ണൽ വാലിസ്സി'നെയും ബൊധിപ്പിച്ചു, ജെന്നപട്ടണത്തുവെച്ചു ഉടമ്പടി എഴുതി, 'നിയൊഗസ്ഥന്മാരു'ടെ ഒപ്പും ഇട്ടു കുമ്പഞ്ഞിമുദ്രയുംവെച്ചു, ഉടമ്പടിക്കടദാസ്സു ഇങ്ങൊട്ടു കൊടുത്തയക്കകൊണ്ടു, മെസ്തൂർ പൗണിയുടെ പററിൽതന്നെ ഇന്നെവരക്കും ആ ഉടമ്പടിയിൽ ഒരു ഭെദം കൂടാതെ നമ്മെക്കൊണ്ടു നടത്തിച്ചുകൊണ്ടുവരുമ്പൊൾ, ഇപ്പൊൾ നമ്മുടെ വക കൊടുങ്ങല്ലൂർശീമയിൽ കുമ്പഞ്ഞിയിൽനിന്നു താശിൽദാരനെ ആക്കി നീതി പണം പിരിപ്പിക്കുക എന്നു വന്നാൽ അതു നമുക്കു എത്രയും വളരെ സങ്കടമായിട്ടുള്ള കാൎയ്യമത്രെ ആകുന്നതു. ഇക്കാൎയ്യത്തിൽ നമുക്കു വളരെ വിസ്മയം തൊന്നുകയുംചെയ്തു. ചെററുവാശീമ വെറെ ആയിട്ടും, കൊടുങ്ങല്ലൂർശീമ വെറെ ആയിട്ടും കീഴിൽ ഏറിയൊരു കാലമായി നടന്നുപൊന്നിരുന്ന പ്രകാരങ്ങൾ

കക്കെയും രാജ്യത്തുള്ള എല്ലാവക്കും ബൊധിച്ചിരിക്കുന്നതിലും വിശെഷിച്ച ലന്തകുമ്പഞ്ഞിസ്ഥാനത്തു തങ്ങഠം വിചാരിക്കുമ്പൊഴും ബൊധിക്കയും ചെയ്യുമല്ലൊ...''

ഈ തിരുവെഴുത്തിൽനിന്നു കൊടുങ്ങല്ലൂർവഴക്കിൻെറ വഴികളെല്ലാം വിശദമാകുന്നുണ്ടു്. ഇതുപോലെ ഇനിയും ചില എഴുത്തുകഠം കാണുന്നുണ്ടു്. അവയിലെ സാരാംശങ്ങഠം സംഗ്രഹിച്ചും മററുമാണു് ഈ അദ്ധ്യായം രചിച്ചിട്ടുള്ളതു്. മാതൃകക്കായി ഒരെഴുത്തുമാത്രം—അതുതന്നെയും ആ വിഷയത്തിൽ ഏതാണ്ടു് ഒന്നാമതായുണ്ടായ എഴുത്തുമാത്രം—ഇവിടെ അങ്ങനെതന്നെ എടുത്തു ചേൎത്തിട്ടുള്ളതാണു്. എഴുത്തുകുത്തുകളിൽ ശക്തൻതമ്പുരാൻ ഒട്ടും പിന്നോക്കമായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലൊ.

മലബാർകമ്മീഷണർമാക്കു ശക്തൻതമ്പുരാൻെറ ന്യായങ്ങളൊന്നും അത്ര ബോധിച്ചില്ലെന്നും, അതിൽ ചിലതിൻെറ യാഥാൎത്ഥ്യത്തെത്തന്നെ അവർ സംശയിച്ചു എന്നും, വഴിയെ കാണാവുന്നതാണു്. എന്നാൽ അവക്കും ശക്തൻതമ്പുരാൻ കെട്ടിയ വലയിൽ കുടുങ്ങി അവിടെക്കിടന്നു പിടയുവാനല്ലാതെ, തൽക്കാലം നിവൃത്തിയുണ്ടായിരുന്നില്ല. "എന്തെങ്കിലും ന്യായം പറഞ്ഞൊപ്പിച്ചിട്ടുവേണം തീൎച്ചചെയ്യുന്നതിനു്'' എന്നു് അവക്കുണ്ടായിരുന്ന നിശ്ചയം ആദരണീയംതന്നെയാകുന്നു. ആ വ്രതം അവർ ഒരിക്കലും ഉപേക്ഷിച്ചില്ലെന്നും ബഹുമാനപുരസ്സരം സമ്മതിക്കുകതന്നെ വേണം. അവരുടെ ഒരു റിപ്പോൎട്ടിൽ ഇങ്ങനെ പറയുന്നു:—"വല്ലാത്ത വാദച്ചുഴിയിൽ ഞങ്ങഠം പെട്ടുപോയി. സംഭവങ്ങളുടേയും സംഗതികളുടേയും യാഥാൎത്ഥ്യം തികച്ചും അറിയുന്നതിനു് ഒരു വഴിയുമുണ്ടായിരുന്നില്ല. സത്യം തെളിയിക്കാൻ സാധിക്കുമായിരുന്നവർ കൊടുങ്ങല്ലൂർതമ്പുരാനും, ഡച്ചുഗവർണരുമായിരുന്നു. കൊച്ചിരാജാവു പിടിച്ചു വെച്ചിരുന്ന കൊടുങ്ങല്ലൂർതമ്പുരാനെ കാണാൻ തന്നെ കിട്ടിയില്ല. ഡച്ചുകാക്കു കൊച്ചിയിലേക്കു ഞങ്ങഠം എഴുതി അയച്ചു. "ആങ്കഠംബെക്കു'' ഗവർണർ കൊടുത്തയച്ച മറുപടി ഒരു തുമ്പും വാലും ഇല്ലാത്തതായിരുന്നു. അതിൽ ചില ഭാഗം നോക്കിയാൽ ചേററുവാമണപ്പുറത്തു് എല്ലാം പെടുമെന്നു തോന്നും; മററു ചില കാൎയ്യങ്ങഠം കണ്ടാൽ ചേററുവാ മൂന്നു രാജ്യമാണെന്നു് അനുമാനിക്കണം. ഒരു കാൎയ്യം തീൎച്ചയാണു്; ചേററുവാദ്വീപു മുഴുവനും ഒന്നിച്ചു് 1717 മുതൽ 1776 വരെയുള്ള കാലം അത്രയും ഡച്ചിൻെറ കൈവശത്തിൽ നിന്നിട്ടില്ല.''

സംഗതികൾ മേൽപ്രകാരമിരുന്നതിനാൽ ഗത്യന്തരമില്ലാതെ കമ്മീഷണർമാർ ഐരൂർരാജാവിനെക്കണ്ടു ചോദിക്കുവാൻ തീർച്ചപ്പെടുത്തി. അദ്ദേഹം സാമൂതിരിക്കൂറുകാരനായിരുന്നു എന്നു റിപ്പോർട്ടിൽതന്നെ ഉണ്ട്. ഐരൂർതമ്പുരാന്റെ കഥാകഥനം താഴെചേർക്കുംപ്രകാരമായിരുന്നു. "ചേറ്റുവായിൽ യഥാർത്ഥത്തിൽ എല്ലാംപെടും. എന്നാൽ സാധാരണ പറയുമ്പോൾ ചേറ്റുവാ എന്നും മണപ്പുറം എന്നും കൊടുങ്ങല്ലൂർ എന്നും തിരിച്ചാണു പറയുക. ചേറ്റുവാ മൂന്നുരാജ്യം തന്നെയാണ്. സാമൂതിരി ഈ മൂന്നു രാജ്യവും കീഴടക്കി. ചുങ്കം, ചങ്ങാതം, പുരുഷാന്തരം, ഇതൊക്കെ പിരിച്ചു. 1715 വരെ എല്ലാവരും സാമൂതിരിക്കു വഴിപ്പെട്ടു പോന്നു. അക്കാലത്തു സാമൂതിരി കൊച്ചിരാജ്യത്തേക്കു കടന്നു. അപ്പോൾ കൊച്ചി ലന്തയെ കൂട്ടുപിടിച്ചു. അവർ സാമൂതിരിയെ ചേറ്റുവായിൽനിന്ന് ഓടിച്ചു. അങ്ങനെ 1754 വരെ ചേറ്റുവാ ലന്തക്കാർ കൈവശം വെച്ചു. അന്നു സാമൂതിരി വലിയ പട ഒരുക്കി വീണ്ടുംവന്ന് ഒക്കെപിടിച്ചു. കൊടുങ്ങല്ലൂർകോട്ടമാത്രം ശേഷിച്ചു. കൊച്ചിരാജ്യവും കീഴമർത്തി. അന്നു ലന്തക്കാർക്കു കൊച്ചിയിലേയും കൊടുങ്ങല്ലൂരിലേയും രണ്ടു കോട്ടകൾമാത്രമായി. 1758വരെ സാമൂതിരിയുടെ ശക്തി അങ്ങനെനിലനിന്നു. ഡച്ചും കൊച്ചിയും വീണ്ടും ഒരിക്കൽക്കൂടി യോജിച്ച് എതിർത്തപ്പോൾ സാമൂതിരി പിൻവലിച്ചു. യുദ്ധച്ചിലവു സാമൂതിരി ലന്തക്കു കൊടുക്കുവാനും കൊടുക്കുന്നതുവരെ ചേറ്റുവാദ്വീപുമുഴുവനും ലന്ത കൈവശം വെക്കാനും സമ്മതിച്ചു കരാറെഴുതിമാറി. യുദ്ധച്ചിലവു കൊടുക്കൽ ഉണ്ടായില്ല. അവിടന്ന് എട്ടുകൊല്ലം കഴിഞ്ഞപ്പോഴേക്കും സാമൂതിരിയെ ഹൈദർനവാബു സ്വരാജ്യത്തുതന്നെ പരാജിതനാക്കി. 1774-ൽ ശ്രീനിവാസറാവു വന്നു. അന്നു ഡച്ചുകാർ കൊടുങ്ങല്ലൂർരാജാവിനെ, മനസ്സില്ലാഞ്ഞിട്ടോ ശേഷിയില്ലാഞ്ഞിട്ടോ എന്തോ, ഒന്നും സഹായിച്ചില്ല. കൊടുങ്ങല്ലൂർരാജാവു റാവുവിന് ഒരു സംഖ്യ കൊടുത്തുകൊള്ളാമെന്ന് ഏറ്റു. അതിന്റെ ഉറപ്പിനായി കൊച്ചിരാജാവിന്റെ കാര്യക്കാരെ ജാമ്യംകൊടുത്തു. ആ കാര്യക്കാർ മുഖാന്തിരം രണ്ടുകൊല്ലം കൊടുങ്ങല്ലൂർരാജാവ് ആ സംഖ്യ കൊടുക്കുകയും ചെയ്തു. അപ്പോഴാണു സേർദാർഖാന്റെ വരവ്. അയാൾ ആ രാജ്യമൊക്കെ പിടിച്ചു. ഡച്ചുകാർ പിന്തിരിച്ചുപോയി. ഒടുവിൽ അവർക്കു ശേഷിച്ച കൊടുങ്ങല്ലൂർകോട്ടതന്നെയും അവർ തിരുവിതാംകൂറിനു 1789-ൽ വില്ക്കുവിറ്റു. അതോടുകൂടി ചേറ്റുവായിലെ മൂന്നുരാജ്യത്തിന്റെ വീതവും അരമനക്കണക്കിലേക്കു കോഴിക്കോട്ട് എത്തിച്ചുകൊടുക്കുക എന്നും വെച്ചു."

ഇതിൽ പല ഭാഗങ്ങളും ശരിയാണു്. ചിലതിനെക്കുറിച്ചെല്ലാം കമ്മീഷണർമാക്കു വേറെ തെളിവുകളും കിട്ടാതിരുന്നില്ല. 1776_വരെ രണ്ടോ മൂന്നോ കൊല്ലം, തന്റെ ജാമ്മ്യബാദ്ധ്യതകൂടിയുണ്ടായിരുന്നതുകൊണ്ടു്, കൊച്ചിരാജാവാണു്—അഥവാ അദ്ദേഹം മുഖേനയാണു്—കൊടുങ്ങല്ലൂരിന്റെ സംഖ്യ അടച്ചതു് എന്നുള്ളതു നിരാക്ഷേപമാണു്. ആ കൊല്ലത്തിൽ കൊടുങ്ങല്ലൂർ അങ്ങനെതന്നെ മൈസൂരിനു കീഴടങ്ങുകയുംചെയ്തു. അവിടന്നങ്ങോട്ടും താനാണു സംഖ്യ കൊടുത്തതെന്നും, താൻ കൊടുത്തിരുന്ന സംഖ്യയിൽ ആ വീതവും ഉൾപ്പെട്ടിരുന്നുഎന്നും, കൊച്ചിരാജാവു ചെയ്ത വാദമാണു കമ്മീഷണർമാരെ വിഷമിപ്പിച്ചതു്. 1780, 1782, 1783, എന്നീ കൊല്ലങ്ങളിലെ ചില 'മൈസൂർരശീതികൾ' കൊച്ചിരാജാവു തെളിവിലേയ്ക്കു ഹാജരാക്കി. എന്നാൽ ആ രശീകളുടെ പരമാത്ഥതയെക്കുറിച്ചുകൂടി കമ്മീഷണർമാർ സംശയിക്കുകയും, അവയെല്ലാം നേരാണെങ്കിൽത്തന്നെ തമ്പുരാൻ വാദിച്ച പ്രകാരമല്ലാ അതിൽനിന്നു തെളിയുന്നതെന്നു് അവർ ശഠിക്കുകയുംചെയ്തു. പക്ഷെ, പതിനെട്ടരയാളവും, കാരയും, കൊടുങ്ങല്ലൂരിനോടു തൊട്ടതാണെങ്കിലും അവ യഥാത്ഥത്തിൽ ഐരൂർരാജാവിന്റെ ശീമയിൽ ചേന്നിരുന്നതും ആ സ്വാതന്ത്ര്യത്തിൽനിന്നു പണ്ടുണ്ടായ ഒരു ദത്തുപ്രകാരം പെരുമ്പടപ്പിലേയ്ക്കു് ഒതുങ്ങിയതും ആണെന്നും, ആ രണ്ടുദേശങ്ങളും ആദ്യം മുതല്ക്കുതന്നെ തുടച്ചയായും തടസ്സംകൂടാതെയും, ഹൈദരും, ടിപ്പുവും കൊടുങ്ങല്ലൂർ ഒതുക്കിയ നാളിലും, തന്റെ തനതു കൈവശത്തിലായിരുന്നു എന്നും ശക്തൻതമ്പുരാൻ പുറപ്പെടുവിച്ച വാദത്തെ കമ്മീഷണർമാക്കു തീരെ നിരാകരിക്കുവാൻ സാധിച്ചില്ല. അതിന്റെ സാധുതയെ മനസ്സില്ലാമനസ്സോടെയാണെങ്കിലും അവർ സ്വീകരിക്കുകയും, അതിന്റെ വെളിച്ചത്തിൽ മേല്പറഞ്ഞ രശീതികളെ പരിശോധിക്കുകയും, 'സംശയത്തിന്റെ ആനുകൂല്യം' ഒടുവിൽ അനുവദിക്കുകയും ചെയ്തു. എങ്കിലും, ആ പ്രദേശങ്ങൾക്കു പ്രത്യേകം രശീതികളുണ്ടെന്നു മുമ്പൊരിക്കൽ ചെയ്ത വാദം എവിടെപ്പോയി? ഈ മൂന്നു രശീതികൾ അല്ലാതെ ഇനിയും കൊടുക്കണക്കിനു രശീതികൾ കൈവശമുണ്ടെന്നു ഘോഷിച്ചതിൽനിന്നു് ഒരെണ്ണമെങ്കിലും എന്തുകൊണ്ടു കൊച്ചിരാജാവു ഹാജരാക്കുന്നില്ല? മണപ്പുറത്തിന്റെ പാട്ടശ്ശീട്ടു കൈവശമുള്ളതിൽ നോക്കിയാൽ ഈ സംഗതി വെളിപ്പെടുമെന്നു പ്രസംഗിക്കയല്ലാതെ, ആ രേഖ ഹാജരാക്കാത്തതു് എന്തുകൊണ്ടു്? എന്നുതുടങ്ങിയ നൂറുകൂട്ടം ചോദ്യാസ്ത്രങ്ങൾ വീണ്ടും അവർ ശക്തൻതമ്പുരാന്റെ നേരെ പ്രയോഗിച്ചു. ഒടുവിൽ, തന്റെ കൈയിലുണ്ടായിരുന്ന പാട്ടശ്ശീട്ടു്—കവുൾനാമം—അവിടന്നു

ഹാജരാക്കിക്കൊടുത്തു. ആ പാട്ടശ്ശീട്ടു പരിശോധിച്ചപ്പോഠം കമ്മീഷണർമാർ ഒന്നുകൂടി 'എടത്തടിച്ചു'. ചേററുവായും, ഐരൂരും, കൊടുങ്ങല്ലൂരും ഒരേ ഒരു കരയും രാജ്യവുമാണെന്നും ചേററുവാപദത്തിൽ ഒക്കെപ്പെട്ടുമെന്നും, കൊടുങ്ങല്ലൂരിൻെറ വടക്കെ അതിരിൽ അതിനെ ഐരൂർരാജ്യത്തുനിന്നു വിഭജിക്കുന്ന ഒരു തോടുണ്ടെന്നു പറയുന്നതു പടിഞ്ഞാറെ അററംവരെ എത്താതെ പതിനെട്ടരയാളത്തിൽ അവസാനിക്കുന്നതേ ഉള്ളു എന്നും, അതുകൊണ്ടു് അതു് അതിത്തിയാവുകയില്ലെന്നും ആ വാദം സമ്മതിക്കില്ലെന്നും കമ്മീഷണർമാർ തക്കിച്ചു.

"നിങ്ങഠം എന്തുപറയുന്നു? നിങ്ങഠംക്കു രാജ്യസ്ഥിതികഠം എന്തറിയാം? ലന്തയോടെങ്കിലും അന്വേഷിക്കുക" എന്നായി ശക്തൻതമ്പുരാൻ. "മിസ്റ്റർ വൻ ആങ്കഠംബെക്ക്" ആയിരുന്നു കൊച്ചിയിലെ അന്നത്തെ ഡച്ചുഗവണ്ണർ. 'കപ്പിക്കാൻ' വേണ്ടിയാണെങ്കിലും കമ്മീഷണർമാർ ആ ഗവണ്ണരുടെ അഭിപ്രായം വരുത്തി. അദ്ദേഹം പറഞ്ഞതു് ഇപ്രകാരമായിരുന്നു. "കൊടുങ്ങല്ലൂർ, ചേററുവായിൽനിന്നു വിട്ടുനില്ക്കുന്ന ഒരു ചെറിയ സ്വതന്ത്ര്യരാജ്യമാണു്. നമ്മുടെ 'ചേററുവാ'യായി അതിനൊരു ബന്ധവുമില്ല. പുരാതനകാലംമുതല്ക്കു് ആ ഭാഗം കൊടുങ്ങല്ലൂർരാജാവിൻെറ വകയാണു്. അതിൻെറ തലയ്ക്കൽ പോത്തുഗീസ്സുകാക്കു് ഒരു കോട്ടയുണ്ടായിരുന്നു. അതു 1662_ൽ ലന്തക്കാർ പിടിച്ചെടുത്തു. അടുത്ത കാലത്തു തിരുവിതാംകൂറിലേക്കു വിലയ്ക്കു വിററതുവരെ അതു ലന്തയുടെ കൈവശമായിരുന്നു. 1776_ൽ ഹൈദർനവാബു് ചേററുവാ അടക്കിയപ്പോഠം, കൊടുങ്ങല്ലൂരും അദ്ദേഹത്തിനു് അധീനമായി. അവിടത്തെ രാജാവു രാജ്യം വിട്ടോടിപ്പോയി. പിന്നീടു 1783_ൽ ലന്തക്കാർ ചേററുവാ പിടിച്ചപ്പോഠം ഡച്ചിൻെറ എതിരോ സഹായമോ കൂടാതെ സ്വസ്ഥാനത്തിൽ അദ്ദേഹം ആരോഹണം ചെയ്യപ്പെട്ടു. 1784_ൽ ചേററുവാ ടിപ്പുവിനു വിട്ടുകൊടുക്കുവാൻ 'ബത്താവിയാ'യിൽനിന്നു് എഴുതിവന്നു. അപ്പോഠം നവാബു വീണ്ടും ചേററുവായിൽ പ്രവേശിച്ചു. അതോടുകൂടി കൊടുങ്ങല്ലൂരും നവാബിനു് അധീനമായി."

ആങ്കഠംബെക്കിൻെറ എഴുത്തു "കൊയപ്പത്തിന്മേൽ കൊയപ്പ്" മുണ്ടാക്കിയതല്ലാതെ, അവസാനത്തീപ്പിനു സഹായമായിബ്ഭവിച്ചില്ല. കൊച്ചിയുടെ വാദവും ഡച്ചുഗവണ്ണരുടെ വിവരണവും പല ഭാഗത്തും പൂവ്വാപരവിരുദ്ധമായിരുന്നു. രണ്ടു് അഴിമുഖങ്ങഠംക്കും നടുക്കുള്ള

രാജ്യം മുഴുവനും—കൊടുങ്ങല്ലൂരഴിമുതൽ ചേററുവാ അഴിവരെ—ഡച്ചിന്റെ രാജ്യമായിരുന്നു എന്നും ചേററുവായിൽ എല്ലാംപെടുമെന്നും കമ്മീഷണർമാർക്കുണ്ടായിരുന്ന ധാരണയോ തെളിവോ വിശ്വാസമോ, ഉറച്ചു കിട്ടിയില്ല. കൊടുങ്ങല്ലൂർ ഡച്ചിന്റെ സ്വാധീനത്തിലല്ലായിരുന്നു എങ്കിൽ ആ രാജ്യത്തിന്റെ വിസ്താരം എത്രയൊക്കെയാണെന്നു തെളിഞ്ഞില്ല. കൊച്ചിരാജാവിനു കൊടുങ്ങല്ലൂരിലുള്ള തേച്ചുകളെക്കുറിച്ചുള്ള അസ്പഷ്ടസൂചനകൾപോലും ആകംബെക്കിന്റെ കത്തിൽ കാണുന്നുമില്ല. ചാററുവാദ്വീപിനു മിസ്റ്റർ പൗണി കൊച്ചിരാജാവു പാട്ടശ്ശീട്ടു് എഴുതിക്കൊടുത്തു നടന്നുവരുന്നതുകൊണ്ടു്, അതിൽ കൊടുങ്ങല്ലൂർ ഉൾപ്പെട്ടിട്ടില്ലേ എന്ന സംശയത്തിനു നിവാരണവുംഉണ്ടായില്ല. ചേററുവാ പാട്ടത്തിനു് ഏററ ശേഷവും കൊടുങ്ങല്ലൂർരാജാവു സ്വതന്ത്രനായി വർത്തിച്ചിരുന്നു എന്നു് അതു വായിച്ചാൽ തോന്നുകയും ചെയ്യും!

ആകംബെക്കിനെത്തന്നെ കമ്മിഷണർമാർ വീണ്ടും പിടികൂടി. ഈശ്വരാധീനത്താൽ അദ്ദേഹം ഒടുവിൽ കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു. "ചേററുവാക്കായ്ക്കും ആ പേരുപോലെത്തന്നെ ചേററിൽ പൂണ്ടതാണു്. ഓരോരോ കാലത്തു് അവിടെ ഓരോരുത്തർക്കു് ഉണ്ടായിട്ടുള്ള ഉച്ചനീചത്വങ്ങളെക്കുറിച്ചു കൃത്യമായി വിവരിക്കുക സാധ്യമല്ല. കൊടുങ്ങല്ലൂർരാജാവു ഡച്ചുകാർക്കു് അധീനൻതന്നെ ആയിരുന്നാലും, പലപ്പോഴും അദ്ദേഹത്തെ ശാസിക്കയും സഹായിക്കയും ഒക്കെ ചെയ്തിരുന്നാലും, അദ്ദേഹം സ്വന്തമായി രാജ്യം ഭരിച്ചുപോന്നു. ഒരു കാര്യം നിസ്സംശയമാണു്. 'ചേററുവാമണപ്പുറം' എന്നു പറഞ്ഞാൽ അതിൽ കൊടുങ്ങല്ലൂർ ഉൾപ്പെടുകയില്ല. കൊച്ചിരാജാവിന്റെ ചേററുവാമണപ്പുറത്തിനുള്ള പാട്ടശ്ശീട്ടിൽ കൊടുങ്ങല്ലൂർ ഒരിക്കലും ഉൾപ്പെട്ടിരിക്കുവാൻ നിവൃത്തിയില്ല. കാരണം, കൊടുങ്ങല്ലൂർ ഐത്രൂരിന്റെ 'പാപ്പിനിവട്ട'ത്തിലൊ അതിനും വടക്കുള്ള 'ചേററുവാ'യിലൊ, ഉൾക്കൊണ്ടതല്ല. കൂടാതെ മിസ്റ്റർ പൗണി അതിൽ കൊടുങ്ങല്ലൂരിനെക്കൂടി ഉദ്ദേശിച്ചിരിക്കാനും സംഗതിയില്ല. കൊടുങ്ങല്ലൂർ, ആ പാട്ടശ്ശീട്ടിനു മുമ്പു് നടന്ന സന്ധിക്കരാറുപ്രകാരം കൊച്ചിരാജാവിനു വിട്ടുകിട്ടാൻ വെച്ചിരുന്ന രാജ്യമാകുന്നു. ഒരിക്കൽ സന്ധിക്കരാറിൽ സ്പഷ്ടമായി ഉൾപ്പെടുത്തി, അതിനുംകൂടിയുള്ള കപ്പം നിജപ്പെടുത്തിയിരിക്കെ, ആ കപ്പം തന്നുവരികയും തന്നുകൊണ്ടിരിപ്പാൻ സമ്മതിക്കയും ചെയ്യുമ്പോൾ, അതിനെ അതിൽനിന്നു പുറത്തെടുക്കുവാൻ ഇംഗ്ലീഷു കമ്പനി തുനിയുകയില്ലല്ലോ."

ആകറംബെക്കിൻെറ മേൽകാണിച്ച കത്തു കമ്മീഷണർമാരെ സാമാന്യത്തിലധികം ശുണ്ഠി കടിപ്പിച്ചതിൽ അത്ഭുതമില്ല. അവരുടെ സങ്കല്പസൗധത്തിനു ഊക്കം വെച്ച ആ കത്തു കിട്ടിയപ്പോൾ, അവർ 'തോക്കിൻെറ ഉന്നം തെററിയാൽ ചട്ടകൊണ്ടു് അടിക്കുക' എന്ന നയമാണു സ്വീകരിച്ചതു്. അവർ ആകറംബെക്കിനയച്ച മറുകത്തിൽ നിന്നു് അവരുടെ ക്ഷോഭം മനസ്സിലാക്കാവുന്നതാണു്.

"താങ്കളുടെ ദൃഷ്ടികളിൽകൂടി ഞങ്ങൾക്കു് ഈ സംഭവങ്ങളെ നോക്കിക്കാണുവാൻ സാധിക്കാത്തതിൽ വ്യസനിക്കുന്നു. കൊടുങ്ങല്ലൂരിനെ സംബന്ധിക്കാററിൽ ഉൾപ്പെടുത്തിയതു കൊച്ചിരാജാവു മിസ്റ്റർ പൗണിയെ കേവലം തെററിദ്ധരിപ്പിച്ചിട്ടാണു്. കൊടുങ്ങല്ലൂർ തൻെറ കീഴേടമാണെന്നു കൊച്ചിരാജാവു പ്രസ്താവിച്ചതിനെ ആ സാധു വിശ്വസിച്ചുപോയി. അതു ശരിയല്ലെന്നു വന്നാൽ ആ കരാറിൽനിന്നു പിൻമാറുന്നതിനു നിയമപ്രകാരമുള്ള അവകാശം എങ്ങനെ ഇല്ലാതായി? നിങ്ങളാണെങ്കിൽ എന്തു ചെയ്യും? വിശേഷിച്ചും തക്കങ്ങൾ വന്നാൽ നോക്കുന്നതിനു് അഞ്ചുകൊല്ലത്തെ കാലം അതിൽതന്നെ വെച്ചിരിക്കുന്നതു് എന്തിനാണു്? അതിനുംപുറമെ, ആദ്യത്തെ കരാറിൽ ആ പേർ ഉണ്ടെങ്കിലും, പിന്നീടുണ്ടായ പാട്ടശ്ശീട്ടിൽ അതുൾപ്പെട്ടിരുന്നാൽ, നിയമവ്യാഖ്യാനതത്വപ്രകാരം കടുവിലത്തേതുകൊണ്ടു് ആദ്യത്തേതു നശിക്കയില്ലേ? ഭൂസ്ഥിതി നോക്കിയാൽ കൊടുങ്ങല്ലൂർ ചേററുവാക്കരയുടെ ഭാഗമായതുകൊണ്ടും, 'ചേററുവാച്ചു പാട്ടശ്ശീട്ടുള്ളതുകൊണ്ടും, കൊടുങ്ങല്ലൂർ കൊച്ചിരാജാവിനു് ഒതുക്കേണ്ടതാണെന്നു പറയുന്നതിൽ എന്തൊരർത്ഥമാണുള്ളതു്? അവസാനമായി, കൊടുങ്ങല്ലൂർ മാത്രമല്ല, ചേററുവാരാജ്യംതന്നെ ഞങ്ങൾക്കു ടിപ്പുസുൽത്താനോടു കിട്ടീട്ടുള്ളതും, തന്നിമിത്തം മററാരാളുടെ മുഖം നോക്കാൻ ഞങ്ങൾക്കു് ആവശ്യമില്ലാത്തതുമാണു്." മര്യാദ, തെളിവു്, നിയമം, ശക്തി ഇങ്ങനെ കേറിക്കേറിവന്ന ഈ വാദപ്രതിവാദകോലാഹലം വളരെ കൗതുകകരമായിത്തോന്നുന്നു.

ഈ വാദമത്സരങ്ങൾക്കിടയിൽ ശക്തൻതമ്പുരാൻെറ അന്നത്തെ വലിയസർവ്വാധികാര്യക്കാരും, ഈ കാര്യത്തിലെല്ലാം രാജപ്രതിനിധിയായി പ്രയത്നിച്ചിരുന്ന ആളുമായ മാളിയയ്ക്കൽ ഗോവിന്ദമേനോനെക്കുറിച്ച കമ്മീഷണർമാർ അവരുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തീട്ടുള്ള അഭിപ്രായം അഭിമാനിക്കത്തക്കതാകുന്നു. "കൊച്ചിരാജാവിൻെറ ദിവാനായ

ഗോവിന്ദമേനോൻ വളരെ യോഗ്യനും സംഭാഷണകലയിൽ വളരെ ചതുരനും, ബുദ്ധിമാനും, കാൎയ്യംപറഞ്ഞാൽ മനസ്സിലാകുന്നവനും ആകുന്നു. ആയാളുടെ ഉപദേശവഴിക്കല്ലാതെ രാജാവു യാതൊരു കാൎയ്യവും തീൎച്ചപ്പെടുത്തുന്നതല്ല. ആയാളാണെങ്കിൽ, രാജാവിന്റെ പിടിയിൽ അമൎന്നു നില്ക്കുന്നവനുമാണ്".

കൊടുങ്ങല്ലൂരിനെ അവകാശപ്പെട്ടു പുറപ്പെട്ട സാമൂതിരിയുടെ നിലയെക്കുറിച്ചും മിസ്റ്റർ ആങ്കൽബെക്കിനു ശക്തിയായ ആക്ഷേപമുണ്ടായിരുന്നു. അതിനെക്കുറിച്ചു മേൽപ്രസ്താവിച്ച കത്തിൽ അദ്ദേഹം ഇങ്ങനെ എഴുതിയിരുന്നു.

"സാമൂതിരി ഈ രാജ്യത്തിൽ അവകാശം പുറപ്പെടുവിക്കുന്നതായറിഞ്ഞു ഞാൻ അത്ഭുതപ്പെടുന്നു. ധാൎഷ്ട്യത്തിന്റെ പാരമ്യം എന്നേ പറയുവാൻ തോന്നുന്നുള്ളു. കഴിഞ്ഞ നൂറ്റാണ്ടിലെ ചോരയോടുരാജ്യചരിത്രം ആൎക്കും എന്നും തേൎച്ചപ്പെടാവുന്ന 'കുഴമറി'യിലായിരുന്നു എന്നു മാത്രമേ ആ വാദത്തിന്നു് ഒരു അടിസ്ഥാനമുള്ളു. 1691 സെപ്തമ്പർ 10-ാംനു-യിലെ കരാറുപ്രകാരം ഡച്ചുകമ്പനി ഈ കൊടുങ്ങല്ലൂർ രാജ്യത്തെ കേവലം ദയവായും ദാനംമാത്രമായും സാമൂതിരിക്കു കൊടുത്തതു ശരിയാണ്. കൊടുങ്ങല്ലൂർരാജാവു്, അവിശ്വാസമായി പെരുമാറിയതുകൊണ്ടാണ് അദ്ദേഹത്തെ തോല്പിച്ചു ഞങ്ങൾ അങ്ങനെ ചെയ്തതു്. എന്നാൽ, പിന്നീടു സാമൂതിരി പൂൎവ്വംമറന്നു ഞങ്ങളോടുതന്നെ ശണ്ഠയ്ക്കു വരികയും, ഞങ്ങൾ സാമൂതിരിയെ തോല്പിച്ചു കൊടുങ്ങല്ലൂർരാജ്യം അവിടത്തെ രാജാവിനെത്തന്നെ പണ്ടത്തെ നിലയ്ക്കു് ഏല്പിക്കയും ചെയ്തു. ആ കാൎയ്യംമാത്രം സൂത്രക്കാരനായ സാമൂതിരി ഇപ്പോൾ മിണ്ടുന്നില്ല. 1710 ജനുവരിയിലെ കരാറിൽ എട്ടാം വകുപ്പു നോക്കുക. 1717 ഡിസമ്പർ 17-ാംനു-യിലെ സന്ധിക്കരാറിലും ആ വകുപ്പു് അങ്ങനെതന്നെ അക്ഷരവ്യത്യാസംകൂടാതെ എടുത്തുചേൎത്തിട്ടുമുണ്ടു്. അന്നുമുതൽ ഹൈദരാലിഖാന്റെ ആക്രമണംവരെ, കൊടുങ്ങല്ലൂർരാജാവു സമാധാനത്തോടും സ്വാതന്ത്ര്യത്തോടുംകൂടി വൎത്തിച്ചിരുന്നു. സാമൂതിരിയുടെ ഇന്നത്തെ ഈ അവകാശവാദം വെറും അസംബന്ധം മാത്രമാകുന്നു."

പതിനെട്ടരയാളവും, കാരയും, ഏതായാലും 1769-ൽ ഏതു നിലയ്ക്കും, ഡച്ചുകാർ കൊച്ചിരാജാവിന്നു് അവകാശവഴിക്കു വിട്ടുകൊടുത്തിട്ടുള്ളതായും, ടിപ്പുവിന്റെ കാലത്തും ആ പ്രദേശം കൊച്ചിരാജാവു കൈ

വശംവെച്ചിരുന്നതായും കാണുന്നതുകൊണ്ടു്, അതിനെ സംബന്ധിച്ച തങ്ങൾക്കു് ഇനി സംശയമൊന്നുമില്ലെന്നും, എന്നാൽ കൊടുങ്ങല്ലൂരിന്റെ മേൽ കൊച്ചിക്കുള്ള മേല്ക്കോയ്മാവകാശം ഇതുവരെയായിട്ടും സ്ഥാപിതമായിട്ടില്ലെന്നും, കമ്മീഷണർമാർ വീണ്ടും ആങ്കർബെക്കിനെ അറിയിക്കയും, കൊടുങ്ങല്ലൂർവഴക്കു വല്ലവിധത്തിലും 'തമ്മിൽതീന്നാൽ' കൊള്ളാമെന്നുണ്ടെന്നു് അവർ അഭിപ്രായപ്പെടുകയും ചെയ്തു. ശക്തൻതമ്പുരാൻ ആ അവസരത്തിൽ—സെപ്തമ്പർ 29-ാംനു—"എനിക്കു് എന്റെ ചിററമ്മയിൽനിന്നു് അറിയാൻ സാധിച്ച ചില പുതിയസംഗതികൾ അവിടെ ധരിപ്പിക്കുന്നതിനു് എന്റെ മുൻഷിയെ അങ്ങോട്ടു് അയപ്പാൻ അനുവദിക്കണ"മെന്നു മിസ്റ്റർ ഡങ്കൻസായ്പിന്നു് ഒരു എഴുത്തയച്ചു. 'തക്കം തീന്നാലായല്ലൊ' എന്നു കരുതി മിസ്റ്റർ ഡങ്കൻ അതിനു് അനുവദിക്കുകയും, 'മുൻഷി' ഡങ്കനെച്ചെന്നു കാണുകയും ചെയ്തു. അപ്പോൾ മിസ്റ്റർ ഡങ്കൻ, രാജാവിനെ ധരിപ്പിക്കേണ്ടും വിവരങ്ങൾക്കു്, ഒരു 'മെമ്മോറാണ്ടം' തയ്യാറാക്കി മുൻഷിയെ ഏല്പിച്ചുകൊടുത്തു. അതിന്റെ സംഗ്രഹം താഴെ ചേക്കുന്നു:—

"മിസ്റ്റർ പൗണിയുമായുണ്ടായ സന്ധിക്കരാറിനെ ഞങ്ങൾ അക്ഷരംപ്രതി അനുസരിക്കണമെന്നു രാജാവു ശഠിക്കുന്നതു ശരിയല്ല. ആ കരാറു, കാര്യങ്ങൾ തെററിദ്ധരിപ്പിച്ചതിന്റെ ഫലമായുണ്ടായിട്ടുള്ളതാണു്. അതിനു് ഉത്തരവാദി രാജാവുതന്നെയാകുന്നു. രാജാവിനെ വിശ്വസിച്ചതുകൊണ്ടു പൗണിക്കു് അബദ്ധം പിണഞ്ഞതാണു്. കമ്പനിക്കു രണ്ടുലക്ഷം ഉറപ്പികയാണു് അതുകൊണ്ടു നഷ്ടപ്പെടുന്നതു്. ടിപ്പു എഴുതിത്തന്ന കണക്കുപ്രകാരം ഈ പ്രദേശത്തുനിന്നു മൂന്നുലക്ഷം രൂപ കിട്ടണം. അതിനുള്ള രാജ്യവുമുണ്ടു്. കരാറിൽ കട്ടാകെ 'ഒരു ലക്ഷം' എന്നേ കൊച്ചിരാജാവു് ഏററിട്ടുള്ളു. സംഖ്യയോ രാജ്യമോ കമ്പനിക്കു കിട്ടാതെ കഴിയില്ല.

"കൊടുങ്ങല്ലൂർവില്ലേജ്" എന്നാണു കരാറിൽത്തന്നെ ഉള്ളതു്. പതിനെട്ടരയാളം, കാര ഈ രണ്ടുവില്ലേജുകൾ ഇപ്പോൾത്തന്നെ രാജാവിനു കൊടുങ്ങല്ലൂരുണ്ടു്. ചേററുവായ്ക്കു പാട്ടശ്ശീട്ടു് എഴുതിയപ്പോൾ കൊടുങ്ങല്ലൂരും പെടുമെന്നായിരുന്നു മിസ്റ്റർ പൗണിധരിച്ചതു്. അതു് അദ്ദേഹത്തിന്റെ അന്നത്തെ എഴുത്തുകൊണ്ടു കാണാം. പകർപ്പുവേണമെങ്കിൽ കൊടുത്തയക്കാം. അതുകൊണ്ടും, കൊടുങ്ങല്ലൂരിൽ രാജാവിനുള്ള വാദം തീരണം. ടിപ്പുസുൽത്താന്റെ ജമാവന്തിക്കണക്കിലും കൊടുങ്ങ

ല്ലൂരിലെ ആദായം പ്രത്യേകം കാണിച്ചിട്ടുണ്ടു്. ആകയാൽ മേലധികാരത്തിൽ സമാധാനം പറയേണ്ടവരായ ഞങ്ങൾക്കു്, എങ്ങനെയാണു കൊടുങ്ങല്ലൂർ വിട്ടുകൊടുക്കുവാൻ സാധിക്കുക എന്നു രാജാവുതന്നെ ആലോചിക്കേണ്ടതാണു്. എന്നാൽ, ബങ്കാളത്തിലുള്ള ഞങ്ങളുടെ എജമാനന്മാർ മററതരത്തിൽ തീച്ചപ്പെടുത്തുകയാണെങ്കിൽ അവക്കു് അതിനു് അധികാരമുണ്ടു്. അതുകൊണ്ടു ഞങ്ങൾ ഇങ്ങനെ ചെയ്യാം.

"കൊടുങ്ങല്ലൂർകൂടി ഉൾപ്പെട്ട ചേററുവാദ്വീപു ഞങ്ങൾ ഇപ്പോൾ ഒരു കൊല്ലത്തേയ്ക്കു രാജാവിനെ ഏല്പിച്ചുകൊടുക്കാം. രാജാവു് അദ്ദേഹത്തിന്റെ വാദമുഖങ്ങൾക്കു് ഒരു ഹർജി നേരിട്ടോ, ഞങ്ങൾ മുഖാന്തിരമോ ബങ്കാളത്തിലെ ഗവണ്ണർജനറാൾക്കു് അയയ്ക്കട്ടെ. എന്നിട്ടു് ഉണ്ടാകുന്ന തീപ്പനുസരിച്ചു് ഏതാനുമോ മുഴുവനുമോ വിടുകയൊ നിത്തുകയോ പാട്ടത്തിനു കൊടുക്കുകയൊ ചെയ്യാം. അങ്ങനെ നിശ്ചയിച്ചാണു് ഈ ഏപ്പാടു് എന്ന സംഗതിക്കു ഞങ്ങൾ എഴുത്തുംകൂടെ തരാം. രാജാവു് ഇപ്രകാരം സമ്മതിച്ചു് ഒന്നു എഴുതി അയയ്ക്കട്ടെ."

ഹിന്ദുസ്ഥാനിഭാഷയിൽ എഴുതിയിരുന്ന പ്രസ്തുത മെമ്മോറാണ്ടം ശക്തൻതമ്പുരാൻ മനസ്സിരുത്തി വായിക്കയും പഠിക്കയും ചെയ്തു. അദ്ദേഹത്തിനു ഹിന്ദുസ്ഥാനി നല്ലപോലെ അറിയാമായിരുന്നു എന്നു കമ്മീഷണർമാർതന്നെ റിക്കാട്ടാക്കീട്ടുണ്ടു്. മറുപടി എഴുതി അയയ്ക്കാതെ, ആ 'കാര്യസ്ഥൻതിരുമേനി' മുൻഷിയോടു് ഇങ്ങനെ വാക്കാൽ പറഞ്ഞയച്ചു. "എനിക്കു ഹിന്ദുസ്ഥാനി നല്ല പരിചയമില്ല. ഇതു വലിയ ഒരു കാര്യവുമാണു്. അക്ഷരത്തിനോ അത്ഥത്തിനോ വ്യത്യാസംവന്നാൽ നമുക്കു രണ്ടുകൂട്ടക്കും തരക്കേടായി. മിസ്റ്റർ പൗണിക്കു പററിയെന്നു നിങ്ങൾ പറയുന്ന അബദ്ധം ഇനിയും ഇങ്ങോ അങ്ങോ പററിയേക്കും. അതുകൊണ്ടു മലയാൾമയിൽ ഒന്നു് എഴുതിക്കൊടുത്തയച്ചാൽ തരക്കേടില്ല."

വഴക്കവസാനിപ്പിച്ചു കടന്നുപോകാൻ മോഹിച്ചിരുന്ന കമ്മീഷണർമാർ, ഉടനേതന്നെ രാജാവു കല്പിച്ചപടിക്കു് ആ മെമ്മോറാണ്ടത്തെ മലയാളത്തിൽ എഴുതിച്ചു് ഒപ്പും മുദ്രയുംവെച്ചു രാജാവിനെത്തിച്ചുകൊടുത്തു. അതു കൊണ്ടുപോയ ആൾതന്നെ അതു മടക്കിക്കൊണ്ടുപോന്നു്, രാജാവു് ഇപ്രകാരം പറഞ്ഞു എന്നു കമ്മീഷണർമാക്കു റിപ്പോട്ടും ചെയ്തു. "ഇതു വളരെ വിശേഷമായിരിക്കുന്നു! ഇതിൽ

എന്നെക്കുറിച്ചുതന്നെ പല അപരാധങ്ങളും ഇല്ലാത്ത സംഗതികളും എഴുതിക്കാണുന്നു. ഈ കടലാസ്സു ഞാൻ വാങ്ങി സൂക്ഷിക്കാൻ വിചാരിക്കുന്നില്ല. സായ്പുമാരുടെ പെട്ടിയിൽതന്നെ ഇരിക്കട്ടെ എന്നു് അറിയിച്ചേയ്ക്കു."

"അതു വയ്യാ. എഴുത്തു വാങ്ങിച്ചുവെച്ചുകൊണ്ടു തോന്നുന്ന പോലെ മറുപടി അയയ്ക്കുകയാണു വേണ്ടതു്. രാജാവു് ആവശ്യപ്പെട്ട പ്രകാരമാണു് എഴുതി അയച്ചതു്" എന്നുള്ള കല്പനയോടുകൂടി കമ്മീഷണർമാർ ആ കടലാസ്സുതന്നെ വീണ്ടും രാജാവിന്റെ അടുക്കലേയ്ക്കു് എത്തിച്ചു. അന്നു വൈകുന്നേരം കൊച്ചിയിലെ ഇംഗ്ലീഷുകൂടാരത്തിൽ ഇരുന്നിരുന്ന ഡങ്കൻസായിപ്പിന്റെ മുമ്പാകെ, ആപ്പീസുമുറിയിലുണ്ടായിരുന്ന 'മുൻഷി' പരിഭ്രമിച്ചു ചെന്നു് ഇപ്രകാരം ബോധിപ്പിച്ചു:— "ഞാൻ കൂടാരത്തിൽ ഇരുന്നു് എഴുതുമ്പോൾ കൊച്ചിരാജാവിന്റെ ഒരു നായർകപ്പിത്താൻ നിസ്സങ്കോചം കൂടാരത്തിനകത്തു പ്രവേശിക്കയും, വളരെ ബഹുമാനഭാവത്തിൽ ഒരു കടലാസ്സു് എന്റെ മേശപ്പുറത്തുവെച്ചു് ഒന്നുംമിണ്ടാതെ നീട്ടിവലിച്ചു സലാംചെയ്തു പെട്ടെന്നു് അപ്രത്യക്ഷനാകയും ചെയ്തു. എടുത്തു നോക്കിയപ്പോൾ അതു് ഇവിടെനിന്നും രാജാവിനു് അയച്ച മെമ്മോറാണ്ടം മടക്കിയിരിക്കുന്നതാണു്. അതിതാ."

മിസ്റ്റർ ഡങ്കൻ വളരെ സൽസ്വഭാവിയും നയജ്ഞനുമായിരുന്നു. ശക്തൻതമ്പുരാനും അദ്ദേഹത്തെ വളരെ കാര്യമായിരുന്നു എന്നു്, മറവുള്ള ചില തിരുവെഴുത്തുകളിൽനിന്നു കാണുന്നുണ്ടു്. നായർകപ്പിത്താന്റെ മേല്പറഞ്ഞ അസാധാരണനടപടി ഡങ്കനെ ഒട്ടും രോഷാകുലനാക്കിയില്ല. അദ്ദേഹം തീരെ പരിഭവം നടിക്കാതെ, വീണ്ടും ശക്തൻതമ്പുരാനു വളരെ മൃദുസ്വരത്തിൽ ഒരു കത്തെഴുതി, കൊച്ചിക്കോവിലകത്തു് എഴുന്നള്ളി ഇരുന്നിരുന്ന രാജാവിനു്, അപ്പോൾതന്നെ ഒരാൾവശം കൊടുത്തയച്ചു. എന്നാൽ ആ പോയ ആൾ "രാജാവു പള്ളിക്കുറുപ്പായി. ഇനി കാണാൻ പററില്ല" എന്ന സന്ദേശവുംകൊണ്ടു മടങ്ങിവരികയാണുണ്ടായതു്. പിറേറദിവസം അതിരാവിലെ രാജാവു തൃപ്പൂണിത്തുറയ്ക്കു് എഴുന്നള്ളുകയും ചെയ്തു. എന്നാൽ മാളിയയ്ക്കൽ ഗോവിന്ദമേനോൻ പിറേറന്നു രാവിലേതന്നെ മിസ്റ്റർ ഡങ്കന്റെ മുമ്പാകെ ചെന്നു്, തന്റെ രാജാവിനുവേണ്ടി, "തെററിദ്ധരിക്കരുതെന്നും, മിസ്റ്റർ പൌണിയുടെ കരാറു്, മണപ്പുറത്തിന്റെ പാട്ടശ്ശീട്ടുകൊണ്ടു മാഞ്ഞുപോയി എന്നു

പറഞ്ഞതിൽ വലിയ സുഖക്കേടുണ്ടെന്നും, പാട്ടശ്ശീട്ടിനു പുറമെ മിസ്റ്റർ പൗണി എഴുതീട്ടുള്ള സ്വകാര്യക്കത്തുകളെ അവലംബിച്ച്, ഔദ്യോഗികരേഖകളെ വ്യാഖ്യാനിക്കുന്നതു സങ്കടമാണെന്നും" പ്രസ്താവിച്ച പരിഭവം തീക്കാൻ ശ്രമിച്ചു. 'വാദത്തിൽ തോററാൽ കടലാസ്സു വലിച്ചെറിഞ്ഞിട്ടെന്തു പ്രയോജനം?'' എന്നായിരുന്നു ഇക്കാര്യത്തിൽ മററുള്ള കമ്മീഷണർമാരുടെ അഭിപ്രായം.

കാര്യം തീരാതെ മടങ്ങിപ്പോകേണ്ടിവന്ന ആ കമ്മീഷണർമാർ, ബോംബേയിൽനിന്നു തിരുവാങ്കോട്ടേയ്ക്കു യാത്ര പുറപ്പെട്ട്, 'അയക്കൊട്ട'യിലെത്തിത്താമസിച്ചിരുന്ന മിസ്റ്റർ ബ്രൗൺസായ്പിൻെറ അടുക്കൽ ചെന്ന് ഉണ്ടായ സംഗതികളെല്ലാം പറയുകയും, മിസ്റ്റർ ബ്രൗണിനു മലയാളം അറിയാമായിരുന്നതുകൊണ്ടും, കൊച്ചിരാജാവുമായി അദ്ദേഹം ലോക്യത്തിൽ ആയിരുന്നതുകൊണ്ടും, എങ്ങനെ എങ്കിലും രാജാവിനെ ഒന്നു വഴിപ്പെടുത്തുന്നതിനു പരിശ്രമിക്കണമെന്നപേക്ഷിക്കയും ചെയ്തു. അതനുസരിച്ച്, പോകുന്നവഴിക്ക്, കൊച്ചിയിൽ ഇറങ്ങി തൻെറ പൂൎവ്വസുഹൃത്തായിരുന്ന ശക്തൻതമ്പുരാനെ കണ്ടു് 'അച്ചാലും മുച്ചാലും' അദ്ദേഹം ക്ലേശിച്ചുനോക്കി; എന്നാൽ "എൻെറ കരാറിൽ കൊടുങ്ങല്ലൂർ' ശീമ എന്നാണു എഴുതിയിരിക്കുന്നതു്. രണ്ടു വില്ലേജുകൊണ്ടു ശീമ ഒടുങ്ങുന്നതല്ല. എനിക്ക് ഇംഗ്ലീഷറിഞ്ഞുകൂടാ. ആ ഭാഷയിൽ നിങ്ങൾ എന്തെഴുതിവെച്ചാലും എനിക്കു ബാധകമല്ല. കൊടുങ്ങല്ലൂർ എൻേറതാണു്. എനിക്കു കിട്ടുകയും വേണം" എന്നുള്ള മക്കടമുഷ്ടിയിൽനിന്നു രാജാവിനെ വിടുവിക്കുന്നതിനു മിസ്റ്റർ ബ്രൗണിനും സാധിച്ചില്ല.

കൊടുങ്ങല്ലൂർ വിട്ടുകൊടുക്കുന്നതിനു് ഇംഗ്ലീഷുകാൎക്കു് അശേഷം മനസ്സുണ്ടായിരുന്നില്ലെന്നും എതെങ്കിലും വിധത്തിൽ അതു കൈവശം വെക്കുന്നതിനു് അവൎക്കു് അത്യാഗ്രഹംതന്നെ ഉണ്ടായിരുന്നു എന്നുമുള്ളതിനു വളരെ തെളിവുകൾ ഉണ്ടു്. അവരുടെ ആശകൾക്കെല്ലാം അശേഷം അനുകൂലമല്ലാത്ത മറുപടികൾ കൊടുത്ത മിസ്റ്റർ ആങ്കൾബെക്കിനെത്തന്നെ, അദ്ദേഹം കൊച്ചിത്തമ്പുരാൻെറ ഒരു ആത്മമിത്രമായിരിക്കുമെന്നു് ആ മറുപടികളുടെ സ്വരത്തിൽനിന്നും മറവും ധരിച്ചവശായ കമ്മീഷണർമാർ, കൊച്ചിരാജാവിനെ പറഞ്ഞുടപ്പിക്കുന്നതിനു തങ്ങളുടെ ദൂതനാക്കി വിട്ടു. പ്രിയത്താലോ ഭയത്താലോ എന്നറിഞ്ഞില്ല, ആങ്കൾബെക്കും ശക്തൻതമ്പുരാൻെറ അടുക്കൽ ചെന്നു കൊടുങ്ങല്ലൂർ കാര്യത്തെക്കുറിച്ച് ഒരു സംവാദം നടത്തി.

ആങ്കറംബെക്ക്: ഇപ്പോഠം ഒന്നാകെ പാട്ടത്തിനു് എല്പിക്കാമെന്നും ബങ്കാളത്തിലേയ്ക്കു് എഴുതി അയച്ചു മറുപടി വരുന്നപ്രകാരം പിന്നീടു ചെയ്യാമെന്നും അവർ സമ്മതിച്ചതായി കേട്ടുവല്ലൊ. അങ്ങനെ ആവരുതേ? അതിലും മീതേ എന്താ വേണ്ടതു് ?

ശക്തൻ തമ്പുരാൻ: ഓഹോ! ധാരാളമായി! നിങ്ങളുടെ കൊച്ചിക്കോട്ടയും ഇങ്ങു തന്നേയ്ക്കു. ഞാനും എഴുതി അയച്ചു മറുപടി വരുത്തി, പിന്നെ വേണ്ടതുപോലെ ചെയ്യാം.

ആ: ബെ: എന്താ അങ്ങനെ കല്പിക്കുന്നതു്?

ശ: ത: ഉം? എന്താ! എന്റെ രാജ്യം ഞാൻ അന്യൻ ഒരുത്തനോടു പാട്ടത്തിനു മേടിച്ചു ശീട്ടു് എഴുതിക്കൊടുക്കുക; എന്നിട്ടു് എന്റെയാണോ എന്നു് അവനോടുതന്നെ ചോദിക്കുക; അവൻ അല്ലാന്നു പറഞ്ഞാൽ പാട്ടം കൊടുത്തിരുന്നോളുക; ഇതു് എവിടെക്കേട്ട ന്യായമാണു്? കരാറിൽ വിശദമായി എഴുതി മേടിച്ചിട്ടുംകൂടി ഇങ്ങനെ. അതുംകൂടി ഇല്ലായിരുന്നുവെങ്കിലോ? ഒന്നും വേണ്ടാ. കിട്ടുമോ ഇല്ലയോ എന്നു നോക്കട്ടെ.

ആ: ബെ: അവർ തരാൻ ഭാവമില്ലെങ്കിലോ?

ശ: ത: ബലം പ്രയോഗിച്ചു്, അല്ലേ! അതിനു നിവൃത്തിയില്ല. എന്നാൽ പിന്നെ ന്യായവും കാരണവും പറഞ്ഞു് ആളെ മെനക്കെടുത്തണമോ?

ആ: ബെ: മിസ്റ്റർ പൗണിക്കു തെററിയതാണത്രെ!

ശ: ത: പിന്നെ! അത്ര കൊള്ളരുതാത്തവനെയാണോ ഇത്ര വലിയ കാര്യത്തിനു ചെന്നപട്ടണത്തുനിന്നു കുമ്പഞ്ഞി യജമാനന്മാർ അയച്ചതു്? അയാഠം തന്നതു തെററി. അതാണു കാര്യം.

ആ: ബെ: "അഞ്ചു കൊല്ലത്തിനകത്തു ആരാനും തേച്ച്പ്പെട്ടാൽ" എന്നു കരാറിൽതന്നെ ഉണ്ടല്ലൊ.

ശ: ത: ഉണ്ടു്. തിരുവിതാംകൂറിൽനിന്നു കൊടുങ്ങല്ലൂർ തേച്ച്പ്പെട്ടു. ആ വാദം മെസ്സർ പൗണി കേട്ടു. അവകാശമില്ലാന്നു തീർപ്പും കല്പിച്ചു. ഇനി സാമൂതിരി അവകാശപ്പെടട്ടെ. 1710_ലേയും 17_ലേയും ഉടമ്പടിക്കരാറുകഠം എടുത്തു കാണിക്കയേ വേണ്ടു. സാമൂതിരി തേച്ച്പ്പെടുന്നു!! ഇപ്പോഠം തേച്ച്പ്പെടുന്നതു് ഇതരരാജാക്കന്മാരാരുമല്ലാ; ഇങ്കരീസ്സുകുമ്പഞ്ഞിക്കാർ തന്നെയാണു്!

ആ: ബെ: "കൊടുങ്ങല്ലൂർ വില്ലേജു്" എന്നല്ലേ കരാറിലുള്ളു?

ശ: ത: ആരു പറഞ്ഞു? ഇതാ നോക്കു! 'കൊടുങ്ങല്ലൂർശീമ' എന്നുതന്നെ എഴുതീട്ടുണ്ടു്. ഈ മലയാളം കടലാസ്സാണു് എന്റെ കരാറു്.

അതിൽ ഒപ്പിട്ടുതന്നിട്ടുമുണ്ട്. ഇങ്കരീസ്സിൽ എന്തെഴുതിട്ടുണ്ട്, ആവോ! അതെന്തിനാ ഞാനറിയുന്നതു്?

ആ: ബെ: ഹൈദർനവാബുമായുള്ള സന്ധി, വടക്കോട്ടുള്ള രാജ്യങ്ങളെ സംബന്ധിച്ചല്ലേ ഉള്ളു? അന്നു ഹൈദർ കൊടുങ്ങല്ലൂക്കു് എത്തീട്ടും കൂടി ഇല്ലല്ലൊ. പിന്നെ എങ്ങനെയാണു് ആ രാജ്യം ആ കരാറിൽ ഉൾപ്പെടുത്തുക!

ശ: ത: അതു ശരിയാണ്. എന്റെ അന്തരിച്ച അമ്മാമൻ ഹൈദരുമായി സഖ്യം ചെയ്യുമ്പോൾ, നവാബു കൊടുങ്ങല്ലൂർ പിടിച്ചിരുന്നില്ല. എന്തിനു കൊടുങ്ങല്ലൂരു്? വടക്കുള്ള രാജ്യവും പിടിച്ചിട്ടുണ്ടായിരുന്നില്ല. എന്നാൽ, നവാബു വടക്കേരാജ്യവും, ചേററുവായും, പാപ്പിനിവട്ടവും, കൊടുങ്ങല്ലൂരും എല്ലാം കീഴമത്താൻ കരുതിക്കൊണ്ടാണു പുറപ്പെട്ടിരുന്നതെന്നു് അമ്മാമനു നല്ലപോലെ അറിയാമായിരുന്നു. അതുകൊണ്ടാണു്, അതൊന്നും കൂടാതെ കഴിയാൻവേണ്ടി, അമ്മാമൻ എല്ലാം ഒതുക്കിക്കൊണ്ടു സന്ധിക്കു് ഒരുമ്പെട്ടതു്.

[ഇവിടെ "എന്റെ അമ്മാമൻ" എന്നു എടുത്തു പറഞ്ഞിട്ടുണ്ടെങ്കിലും, അന്നത്തെ കാര്യമൊക്കയും നടത്തിയിരുന്നതു 'ഞാൻ'തന്നെ ആയിരുന്നു എന്നു് ഓർമ്മ വെക്കേണ്ടതാണു്. 946-മുതല്ക്കു 981-വരെ കൊച്ചിയെ സംബന്ധിച്ചുള്ള ഒന്നിനും മറെറാരാൾക്കും ചുമതലയുണ്ടായിരുന്നില്ല. പേരിനുമാത്രം അതതുകാലത്തെ വലിയരാജാവിന്റെ നാമധേയത്തിൽ എല്ലാം നടന്നിരുന്നു എന്നേയുള്ളു.]

ആ: ബെ: എന്നാൽ എന്തേ "പാപ്പിനിവട്ടം" എന്നും "ചേററുവാ" എന്നുംകൂടി കരാറിൽ ഉൾപ്പെടുത്താഞ്ഞതു്?

ശ: ത: അതു നിങ്ങൾക്കു് അറിഞ്ഞുകൂടേ? ആ രണ്ടു രാജ്യവും ഡച്ചുകാരുടെ വകയായി അന്നു നിന്നിരുന്നതുകൊണ്ടു്, അങ്ങനെ ചേത്താൽ, അതു വലിയ ഒരു സത്യലംഘനമായേനെ. (അല്പം താമസിച്ചിട്ടു്) നമ്മുടെ അമ്മാമൻ ഹൈദരുമായി അപ്രകാരം ഉടമ്പടി ചെയ്യുതിൽ കുമ്പഞ്ഞിക്കാക്കു് എന്താണിത്ര അത്ഭുതപ്പെടുവാനുള്ളതെന്നു നമുക്കു മനസ്സിലാവുന്നില്ല. അവർതന്നെ എന്താണു ചെയ്തതു്? അവക്കു യഥാത്ഥത്തിൽ കൈയിൽ കിട്ടീട്ടില്ലാതിരുന്ന രാജ്യമല്ലെ അവർ നമ്മെ ഏല്പിച്ചുതന്നതു്?

ആ: ബെ: നിസ്സാരസംഗതിയല്ലേ? മത്സരം കൂടാതെ കഴിച്ചുകൂടേ? കൊണ്ടുപോയി തുലയട്ടെ.

ശ: ത: നാം കുമ്പഞ്ഞിയെ പൂൎണ്ണമായി വിശ്വസിച്ചു്, അവരുമായി ഒരു

കരാറു ചെയ്തു. അതു അക്ഷരംപ്രതി നിറവേററി സത്യമായി നടക്കുവാൻ നാം എപ്പൊഴും തയ്യാറുമുണ്ടു്. അങ്ങേഭാഗത്തും അതു പോലെതന്നെയല്ലേ വേണ്ടതു്? ഇന്നു് ഒരു സംഗതിക്കു വിട്ടുവീഴ്ച ചെയ്താൽ നാള മറെറാന്നിന്നാവും. അതിന്നു് അവസാനമില്ല. എഴുത്തുകൾക്കൊന്നും വിലയില്ലെന്നുംവരും. പിന്നെ നില എന്താണു്? അതുകൊണ്ടു്, മിസ്റ്റർ ഡങ്കൻെറ അപേക്ഷ നമുക്കു സ്വീകാൎയ്യമല്ല. അവർ എൻെറ കൊടുങ്ങല്ലൂരിനെ തട്ടി എടുത്തു. അവർ സൈന്യബലംകൊണ്ടു് അതു കൈവശം വെക്കാൻതന്നെയാണു് ഒരുക്കമെങ്കിൽ, ബലം കുറഞ്ഞ നാം അതു സഹിക്കുകയേ നിൎവ്വാഹമുള്ളു; എന്നാൽ അതിൽനിന്നു് ഒരു കോൽക്കു സ്ഥലമെങ്കിലും നമ്മുടെ സമ്മതപ്രകാരം കമ്പഞ്ഞിക്കു വിട്ടുകിട്ടുന്നതല്ല.

ആ: ബെ: ഹെയ്! അവൎക്കു കൊടുക്കാൻവേണ്ടി ഞാൻ പറയുന്നതല്ല. ബലപ്പെട്ടുവരുന്ന ഒരു ശക്തിയാണു്. കലഹം കൂടാതിരിക്കാൻ പറഞ്ഞതാണു്.

ശ: ത: ബന്ധുക്കൾ അങ്ങനെതന്നെയാണു വേണ്ടതു്. വേറെ വിശേഷിച്ചൊന്നുമില്ലല്ലൊ. സൗഖ്യം തന്നെയല്ലേ?

ആ: ബെ: സുഖംതന്നെ. തിരുവായുസ്സു വൎദ്ധിച്ചിരിക്കട്ടെ!

ഈ സംഭാഷണവിഷയം അങ്ങനെതന്നെ മിസ്റ്റർ ആകൾബെക്കു് കമ്മീഷണർമാൎക്കു് എഴുതി അയച്ചതായി റിപ്പോൎട്ടിൽ കാണുന്നുണ്ടു്. കമ്മീഷണർമാർ വട്ടത്തിലായി. 'കച്ചിട്ടു് ഇറക്കാനും വയ്യാ, മധുരിച്ചിട്ടു തുപ്പാനും വയ്യാ' എന്ന മട്ടായി അവരുടെ നില. ഇതുയൊക്കെ ഊക്കും ഉശിരും വാശിയും പ്രദൎശിപ്പിച്ചതിനുശേഷം പിൻമാറുകയെന്നതു വലിയ കുറവു്; ബലം പ്രയോഗിച്ചു കൈയടക്കുകയാണെങ്കിൽ അതു്, കാലസ്ഥിതിക്കും രാജാവിൻെറ നിലയ്ക്കും, ടിപ്പു ഇപ്പോഴും ബലവാനായിരിക്കുന്ന സ്ഥിതിക്കും, ഡച്ചുകാർ കൊച്ചിയിൽ തന്നെ ഉള്ള അവസ്ഥയ്ക്കും മററും അശേഷം അഭിലഷണീയവുമല്ല. അതുകൊണ്ടു രാജാവിൻെറ വാദത്തെയല്ലെങ്കിലും ആവശ്യത്തെ ആദരിച്ചു റിപ്പോൎട്ടു ചെയ്യുക എന്നു തന്നെ അവർ തീൎച്ചപ്പെടുത്തി. പതിനെട്ടരയാളം, കാര, തിരുവഞ്ചിക്കുളം, കൊടുങ്ങല്ലൂർ, തൃപ്രയാർക്ഷേത്രം ഇതൊക്കെ കൊച്ചിരാജാവിൻെറ വകയാണെന്നും അങ്ങോട്ടു വിടേണ്ടതാണെന്നും കാണിച്ചുകൊണ്ടു് ഒടുവിൽ കമ്മീഷണർമാർ റിപ്പോൎട്ടയച്ചു.

ഇംഗ്ലീഷുകമ്പനിക്കാർ നീതിവിട്ടോ ന്യായമില്ലാതെയോ ഒന്നും

ചെയ്തിട്ടില്ലെന്നും ചെയ്യുകയില്ലെന്നും, രാജാവിൻെറ വാദപ്രകാരമുള്ള സ്ഥലങ്ങളെല്ലാം രാജാവിനുതന്നെയുള്ളതാണെന്നു തീച്ചപ്പെടുത്തിയാണു തങ്ങൾ റിപ്പോൎട്ടു സമൎപ്പിക്കുന്നതെന്നും, വാദകോലാഹലങ്ങൾക്കിടയിൽ പരിഭവത്തിനിടവന്നിട്ടുണ്ടെങ്കിൽ വ്യസനിക്കുന്നു എന്നും, കാണിച്ചും, 'ചേതം വന്നാലും ചെതം വേണ്ടേ' എന്നു വിചാരിച്ചും, ആ 'പെരുമാററവിദഗ്ദ്ധന്മാർ' കൊച്ചിരാജാവിനെ ധരിപ്പിപ്പാൻ ആങ്കർബെക്കു് മുഖാന്തിരം ഒരു കത്തയച്ചു. അതിൽ ഒപ്പിട്ടിരുന്നതു മി: ഡങ്കനായിരുന്നു. രാജാവിനു തൃപ്തിയായി. അദ്ദേഹം പിന്നീടു് ഒക്ടോബർ 7-ാംനു (1793-ൽ) അയക്കോട്ടയിൽ ഇരിക്കുമ്പോൾ അവിടെ നേരിട്ടു ചെന്നു മിസ്റ്റർ ഡങ്കനെ കണ്ടു വളരെനേരം സരസമായി സല്ലപിക്കുകയും, കമ്പഞ്ഞിക്കാൎയ്യത്തിനു തന്നെക്കൊണ്ടു കഴിയുന്നതെല്ലാം ആത്മാൎത്ഥമായി ചെയ്തുകൊള്ളാമെന്നു് ഉറപ്പുപറയുകയും ചെയ്തു, എന്നുംകൂടി റിപ്പോൎട്ടിൽ എഴുതിക്കാണുന്നുണ്ടു്. 'കിട്ടേണ്ടതു കിട്ടുമ്പോൾ തോന്നേണ്ടതു തോന്നും' എന്നു ശക്തൻതമ്പുരാനും വിചാരിച്ചിട്ടുണ്ടായിരിക്കും. ഏതായാലും, ഇംഗ്ലീഷുകാരോടു് ഇണങ്ങാനും പിണങ്ങാനും നല്ല വശമുണ്ടായിരുന്ന ഒരു നയകോവിദനായിരുന്നു ആ തിരുമേനി എന്നു്, അക്കാലത്തെ എഴുത്തുകുത്തുകളിൽനിന്നും മററും, ധാരാളം മനസ്സിലാക്കാവുന്നതാണു്.

മെസ്സേർസ് ജോൺ ഡങ്കൻ, വില്ല്യം പേജ്, ചാറൽസ് ബോഡാം, മേജർ ഡോ എന്നിവരായിരുന്നു അന്നത്തെ ആ കമ്മീഷണർമാർ. ഒരു രാജ്യം യുദ്ധംചെയ്തു പിടിക്കുവാനുള്ളതിനേക്കാൾ അധികം ക്ലേശം അവർ ഇക്കാൎയ്യത്തിൽ സഹിച്ചു. ശക്തനായ ഒരു ശത്രുവിൽനിന്നു സ്വരാജ്യത്തെ രക്ഷിക്കുവാൻ വേണ്ടതിനേക്കാൾ അധികം ഇക്കാൎയ്യത്തിൽ തമ്പുരാനും ശ്രമിച്ചു. ശക്തൻതമ്പുരാൻെറ കരളുറപ്പു് ഒന്നുകൊണ്ടുമാത്രമാണു കൊടുങ്ങല്ലൂർ ഇന്നു കൊച്ചിരാജ്യത്തിൽ ചേൎന്നതായിക്കാണുന്നതു്. ഇതുപോലെ ഓരോ ദേശത്തിനു വേണ്ടിയും അവിടേയ്ക്കു മല്ലടിക്കേണ്ടി വന്നിട്ടുണ്ടു്. അതിൽ ചിലതു കിട്ടിയില്ലെന്നുവെച്ചു് അവിടത്തെ ശ്രമത്തെ അപലപിക്കുന്നതോ, വാദമുഖങ്ങളും തെളിവുകളും ചിലപ്പോൾ ഗുണദോഷസമ്മിശ്രങ്ങളായിരുന്നു എന്നു കണ്ടു്, അവിടത്തെ അവിവേകമായി അനാദരിക്കുന്നതോ ഒരിക്കലും ക്ഷന്തവ്യമായിരിക്കുകയില്ല.

968—69 ഈ കൊല്ലങ്ങളായപ്പോൾ, ഈ വക വഴക്കുകളെല്ലാം

തീൻറു. കൊടുങ്ങല്ലൂർതമ്പുരാനുമായി ശക്തൻതമ്പുരാൻ വളരെ താൽപര്യത്തിലായിരുന്നു. ഈ അവകാശത്തക്കങ്ങൾ പൊടിപൂരമായി നടന്ന കാലത്തൊന്നും കൊടുങ്ങല്ലൂർ തമ്പുരാനെ പുറത്തുകണ്ടിട്ടില്ലെന്നും, കമ്മീഷണർമാക്ക് അദ്ദേഹത്തെ 'കണ്ടു ചോദിക്കാൻ' അതിയായ ആഗ്രഹമുണ്ടായിട്ടും സാധിച്ചില്ലെന്നും വിശേഷിച്ചും പ്രസ്താവയോഗ്യമാകുന്നു. എങ്ങനെയായാലും, വഴക്കു തീൻപ്പോൾ അദ്ദേഹം കുഴക്കുകൂടാതെ കൊടുങ്ങല്ലൂരെത്തി, കൊച്ചിയെ വഴങ്ങി വാഴുവാൻതുടങ്ങി. ശക്തൻതമ്പുരാൻെറ 970 കന്നിമാ.സം 20-ാംനു-യിലെ ഒരു എഴുത്തിൽ ഇങ്ങനെ കാണുന്നു:- "പടിഞ്ഞാററിയെടത്തുകൊവിലിനു മുചുകുന്നത്തു ദെശവും ക്ഷെത്രവും മുമ്പിനാലെ ഉള്ളതാകുന്നു എന്നും, അവിടെ കൊവിലിൻെറ ആളുകളെ ആക്കി വിചാരിച്ചുവരുന്നു എന്നും, ഇപ്പൊൾ മഞ്ഞത്തായത്തിൻെറ അവകാശമായി അനുഭവിച്ചുവരുന്ന കൊടക്കാട്ടു പടിഞ്ഞാററിയെടത്തിന്നു മുമ്പിനാലെ ഒരു ചെമ്പുതകിടു കൊടുത്തിട്ടുണ്ടെന്നുവെച്ചു ഒന്നിനൊന്നായിട്ടു സാമൂതിരിയൊടു പറഞ്ഞു, എത്താനും ആളുകളെയും കൂട്ടിക്കൊണ്ടു മുചുകുന്നത്തു ചെന്നു എത്തിയിരിക്കുന്നു എന്നും, കൊവിലിൻെറ പെക്ക ഇവിടെ എഴുതിവന്നിരിക്കുന്നു. കൊവിലിൻെറ ആളെ നാം അങ്ങൊട്ടു അയക്കുന്നു. അവിടെവന്നാൽ കാൎയ്യങ്ങൾ മെസ്സൂർ ഇഷ്ടിമാനെ ബൊധിപ്പിച്ചു കീഴ്നാളിലെപ്പൊലെ മെലിലും വിചാരിക്കത്തക്കവണ്ണം വെഗത്തിൽ നിദാനം വരുത്തിച്ചുകൊള്ളണം. കൊവിൽ നമ്മെ വിശ്വസിച്ചിരിക്കുന്ന വസ്തുതകൾ ഒക്കയും രാമനു അറിവുള്ളതാണല്ലൊ." കോഴിക്കൊട്ടെക്ക് അയച്ചിരുന്ന വടക്കെമുഖം സൎവ്വാധികാരക്കാട്ടു രാമമേനോനുള്ളതാണ് ഈ എഴുത്ത്. വാദപ്പെട്ട കാൎയ്യങ്ങളൊക്കെ ഒരുവിധം അവസാനിച്ചാലും സാമൂതിരി വീണ്ടും ഓരോ അവകാശവാദങ്ങൾ, ജന്മിനിലക്കും ഊരായ്മനിലക്കും, തുടരെത്തുടരെ പ്രചരിപ്പിച്ചുകൊണ്ടും കുത്തിപ്പിടിച്ചുകൊണ്ടും ഇരുന്നു. അതൊക്കെ തീരുമാനപ്പെടുന്നതിനു കുറേക്കാലംകൂടി വേണ്ടിവന്നു. ചാല, പെരിഞ്ചാല, അകംതുരുത്തു മുതലായ പ്രദേശങ്ങളിലുംമററും സാമൂതിരി പല കൈയേററങ്ങൾ തന്നെ നടത്തുകയും, കൊച്ചിയും സാമൂതിരിയും തമ്മിൽ ചില ചില്ലറയുദ്ധങ്ങൾകൂടി ഉണ്ടാകുകയും മററും ചെയ്തിട്ടുള്ളതു് അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

'കൊടുങ്ങല്ലൂർശീമ' ഭഗീരഥപ്രയത്നം ചെയ്തു കൈക്കലാക്കി; എന്നിട്ടും കോതപറമ്പു മുതൽ വടക്കോട്ടുള്ള രാജ്യം മുഴുവനും ബ്രിട്ടീഷുശീമയും ശക്തൻതമ്പുരാൻെറ പാട്ടാവകാശത്തിൽപെട്ടു നിന്നിരു

ന്നതുമായതുകൊണ്ടു്, ആ 'കുത്തകപ്പാട്ടം' അവസാനിക്കുന്നതുവരെ ആ പ്രദേശത്തിൽക്കൂടെ 'വെള്ളക്കാരന്റെ ഉപദ്രവം' അപ്പപ്പോൾ നേരിട്ടുകൊണ്ടിരുന്നു. അക്കാലത്തു ശക്തൻതമ്പുരാൻ കമ്പഞ്ഞി അധികാരികൾക്കു് അയച്ചിട്ടുള്ള രണ്ടുമൂന്നു തിരുവെഴുത്തുകളുംകൂടി ഉദ്ധരിച്ചു, ഈ അദ്ധ്യായം അവസാനിപ്പിച്ചുകൊള്ളാം.

979_വൃശ്ചികം 3_ാംനു- മിസ്റ്റർ ധമ്മൻ സായ്പു'നുള്ള എഴുത്തിൽ "കൊട്ടുങ്ങല്ലൂർ കരെമ്മൽ കുത്താമ്പിള്ളി കെളുക്കുട്ടി (കുത്താമ്പിള്ളി കേളുനമ്പ്യാർ, കമ്പനി താശീൽദാർ) ചില പുരകൾ കെട്ടിച്ചു കാവലാക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നപ്രകാരം നമ്മുടെ കാൎയ്യസ്ഥന്മാരുടെ പെക്കു എഴുതിവന്നു. അവിടെ പുരകൾകെട്ടുവാനും കാവലാക്കുവാനും നാം കൂടി ബൊധിയാതെ തങ്ങൾ പറഞ്ഞയയ്ക്കയില്ലെന്നും നമുക്കു നല്ല നിശ്ചയം ഉണ്ടു. അതുകൊണ്ടു പുരകൾകെട്ടുകയും കാവലാക്കുകയും നാനാവിധങ്ങൾ ഒന്നും ചെയ്യാത്തവണ്ണം തങ്ങൾ കെളുക്കുട്ടിക്കു എഴുതി അയച്ചു നിദാനംവരുത്തി ആയവസ്ഥയ്ക്കു നമുക്കു എഴുതിവരികയും വെണം..." എന്നു് എഴുതിക്കാണുന്നു.

ഇതിനു സായിപ്പു് എന്തു മറുപടി കൊടുത്തു എന്നറിയുവാൻ ആ എഴുത്തു കാണുന്നില്ല. എന്നാൽ ശക്തൻതമ്പുരാൻ വീണ്ടും ആ സംഗതിക്കുതന്നെ വൃശ്ചികം 17_ാംനു- ഇപ്രകാരം എഴുതിയിരിക്കുന്നതായി കാണുന്നുണ്ടു്: —"കൊടുത്തയച്ച കടദാസ്സു വായിച്ചു കെട്ടു അവസ്ഥയും ധരിച്ചു. കൊടുങ്ങല്ലൂരു 'പണിക്കർകടവിന്നു' വടക്കു തങ്ങൾക്കു ഒരു ബങ്കലാവു കെട്ടിക്കത്തക്കവണ്ണം തങ്ങൾ കല്പന കൊടുത്തിട്ടുണ്ടെന്നല്ലൊ എഴുതിവന്ന കടദാസ്സിൽ ആകുന്നു. ബഹുമാനപ്പെട്ട കമ്പഞ്ഞിയും നാമും ആയിട്ടു കരാറ എഴുതിപ്പിടിച്ചിരിക്കുന്ന രാജ്യത്തു തങ്ങൾക്കു ഒരു ബങ്കലാവു കെട്ടണമെങ്കിൽ അപ്രകാരത്തിനു നമുക്കു എഴുതി അയച്ചു നാംകൂടെ അനുവദിച്ചിട്ടു വെണ്ടതാകുന്നു എന്നും, അപ്രകാരം അത്രെ അതിന്റെ ഞായം ആകുന്നു എന്നും, അതുകൊണ്ടു നമ്മുടെ അനുവാദംകൂടാതെ തങ്ങൾ അവിടെ ബങ്കലാവു കെട്ടിക്കുഇല്ലെന്നും അത്രെ നാം വിചാരിച്ചിരിക്കുന്നതു്. നമ്മുടെ അനുവാദംകൂടാതെ ബലമായിട്ടു ബങ്കലാവു കെട്ടിക്കുന്നു എങ്കിൽ, ആയതു നമുക്കെത്രയും വളരെ സങ്കടമായിട്ടുള്ളതാകകൊണ്ടു, ബഹുമാനപ്പെട്ട കമ്പഞ്ഞിസംസ്ഥാനത്തു നമ്മുടെ ആവലാതിയും ഉണ്ടു. നമ്മുടെ സങ്കടപ്രകാരം മെൽസ്ഥാനത്തു ബൊധിപ്പിക്കയും ചെയ്യും......"

മേടം 17-ാംനു- വീണ്ടും തമ്പുരാൻ എഴുതുന്നു: – "കൊടുങ്ങല്ലൂരു ബങ്കലാവു പണിയിക്കത്തക്കവണ്ണം തങ്ങൾ അയച്ചിരിക്കുന്ന ആളു കൾ മുദ്രശിപായികളെ അയച്ചു കൊടുങ്ങല്ലൂരുനിന്നു തെങ്ങും മരവും വെട്ടിക്കൊണ്ടുപൊകയും, ആശാരിമാരെയും കൂലിക്കാരെയും പിടിച്ചു കൊണ്ടുചെന്നു കൂലി വെണ്ടുംവണ്ണം കൊടുക്കാതെ വേല എടുപ്പിക്കയും ചെയ്യുകൊണ്ടു, കുടികൾ ചിലരു പുറപ്പെട്ടുപൊയിയെന്നു നമ്മുടെ ആളുകളുടെ പെക്കു ഇവിടെ എഴുതിവന്നു. തങ്ങൾക്കു ആളുകൾ വെ ണമെങ്കിൽ എഴുതിവന്നാൽ നാം വെണ്ടതു കൂട്ടി അയപ്പിക്കുമല്ലൊ. ആയതല്ലാതെ ഇപ്രകാരം ചെയ്ക എന്നുവെച്ചാൽ ഞെരുക്കമായിട്ടുവരുമ ല്ലൊ. അതുകൊണ്ടു നാംതമ്മിലുള്ള അന്ന്യൊന്ന്യവിശ്വാസത്തിനു നമുക്കു എഴുതി അയക്കുന്നതുകൂടാതെ ഇങ്ങനെ ഒന്നും വരാതിരിക്കത്തക്കവണ്ണം നിദാനം വരുത്തി ആയവസ്ഥക്കു എഴുതിവരികയും വെണ ......" സായ്പു വ്യസനിച്ച്കൊണ്ടും 'മാപ്പപേക്ഷിച്ച്'കൊണ്ടും— സായിപ്പിനു രണ്ടും എളുപ്പമാണല്ലൊ—ശക്തൻതമ്പുരാനു് എഴുതി അയച്ച് അനുവാദവും സഹായവും അപേക്ഷിച്ചു; അതു് അനുവദിക്കപ്പെടുകയും ചെയ്തു.

ഒന്നു കഴിഞ്ഞപ്പോൾ മറ്റൊന്നായി! കൊടുങ്ങല്ലൂരുള്ള കടത്തു കടവുകളിലും സായ്പു കൈവെച്ചു. 977 മീനം 5-ാംനു- അതിനെപ്പററി ശക്തൻതമ്പുരാൻ മിസ്റ്റർ ധർമ്മൻസായ്പിനു്—അദ്ദേഹം അന്നു ചാവക്കാട്ടു തുക്കിടിയായിരുന്നു—താഴെച്ചേർക്കുന്ന എഴുത്തയച്ചിരിക്കുന്നു. "... നമ്മുടെ കൊടുങ്ങല്ലൂരു്, അഴിക്കൊട്ടുകടവിലും, പണിക്കർകടവിലും, ആനാപ്പുഴക്കവിലും, ഊഴത്തുംകടവിലും, നമ്മുടെ വകയിൽനിന്നും കടത്തു എറക്കിച്ചു വരുന്നെടത്തു തങ്ങൾ മുദ്രശിപായിമാരെയും ആളുകളെയും ആക്കിച്ചു, കടത്തു എറക്കിച്ചു കാശുമെടിച്ചുവരികകൊണ്ടു, ആ കാര്യത്തിനു നാം തങ്ങൾക്കു എഴുതിക്കൊടുത്തയച്ചാറെ, 'മാക്കലൊട്ടു സായ്പു' അവർകളുടെ കല്പനക്കു അത്രെ കടത്തിനു ആളെ ആക്കിയതു എന്നും, അവിടെനിന്നും കടദാസ്സു എഴുതിവന്നാൽ ഒഴിച്ചുലാക്കിത്തരാമെന്നും, അല്ലൊ തങ്ങൾ പറഞ്ഞയച്ചതു. ആ കാര്യംകൊണ്ടും, അതിൽപിന്ന കരുപ്പടന്നയിൽ നമ്മുടെ നെൽപുരയുടെ വടക്കുവശത്ത മുദ്രശിപായിമാരും ആളുകളും കൂടെ വന്നു അവിടെ ആരും ആയുധവും കൊണ്ടു നിന്നുകൂടാ എന്നു കിണ്ണം കൊട്ടി പറകയും, കരുപ്പടന്നക്കടവിലും ആളാക്കി കാശുമെടിക്കയും ചെയ്യുകൊണ്ടും, കൊടുങ്ങല്ലൂരും ആരും ആയുധം കൊണ്ടു നടന്നുകൂടാ എന്നു കിണ്ണം കൊട്ടി പറഞ്ഞിരിക്കുന്ന അവസ്ഥ കൊണ്ടും, 'മെജർ മാക്കലൊട്ടു'സായ്പിനു നാം എഴുതിക്കൊടുത്തയച്ചു



കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം



തിരുവഞ്ചിക്കുളം (കൊടുങ്ങല്ലൂർ) ക്ഷേത്രം

ബൊധിപ്പിച്ചാറെ, കുമ്പഞ്ഞി ആളുകളെ ഒഴിപ്പിക്കത്തക്കവണ്ണവും, ആയുധവുംകൊണ്ടു നടക്കത്തക്കവണ്ണവും, തങ്ങൾക്കു എഴുതികൊടുത്തയച്ചിരിക്കുന്നപ്രകാരം മാക്കലൊട്ടുസായ്പു അവർകളുടെ കടദാസ്സു നമുക്കു വന്നിരിക്കുന്നു. അതുകൊണ്ടു ഇക്കാര്യത്തിൽ ഒക്കെയും വെഗത്തിൽ നിദാനം വരുത്തി അയയ്ക്കയും ചെയ്യുമല്ലൊ...".

ഇപ്രകാരം തൊട്ടതിനും പിടിച്ചതിനുമെല്ലാം വാശിയും തർക്കവുമായാണു കഴിഞ്ഞുവന്നതു്. 'തുശി കടത്തേണ്ട ദിക്കിൽ തുമ്പ കടത്തി' ക്കൊണ്ടുവന്ന അന്നത്തെ കുമ്പഞ്ഞി യജമാനൻമാൎക്കു ശക്തൻതമ്പുരാൻ ഒരു 'കണ്ണിൽക്കരടായി'ത്തീൎന്നതിൽ അത്ഭുതപ്പെടുവാനില്ല. അവരുടെ അധികാരപ്രമത്തതയെ അവിടുന്നു് അശേഷവും വകവെച്ചിരുന്നില്ല. എത്തിക്കാവുന്ന സ്ഥാനങ്ങളിലെല്ലാം ഏതു ചില്ലറക്കാര്യത്തിനും അവിടുന്നു കടലാസ്സുകൾ തുടരെത്തുടരെ എത്തിച്ചുകൊണ്ടിരുന്നു. അദ്ദേഹം അന്നു് അങ്ങനെ ചെയ്തിട്ടില്ലായിരുന്നു എങ്കിൽ, ഇന്നത്തെ സ്ഥിതി എത്രമാത്രം പരുങ്ങലായിപ്പോയേനേ എന്നു പറഞ്ഞറിയിക്കവയ്യാ. അന്നത്തെ സ്ഥിതിഗതികളും മനഃസ്ഥിതികളും നോക്കിയാൽ സായ്പുമാൎക്കൊക്കെ ശക്തൻതമ്പുരാനെ സംശയവും ശങ്കയും ഭയവും ഉണ്ടായിരുന്നതായിക്കാണുന്നതു് അക്ഷന്തവ്യമല്ല; ഇത്രയും കൂസൽകൂടാതെ, വിടാതെ വാദിച്ചുകൊണ്ടിരുന്ന അദ്ദേഹം, "ടിപ്പുവുമായി എഴുത്തുകുത്തുകൾ നടത്തിയിരുന്നു എന്നും, പരന്ത്രീസ്സുകാരോടു സഖ്യത്തിലായിരുന്നു എന്നും, നെപ്പോളിയൻ ബോണപ്പാൎട്ടിന്റെ ഛായാപടം തന്നെ പെട്ടിക്കകത്തു വെച്ചിരുന്നു എന്നും മററും കുമ്പഞ്ഞിക്കാർ വിശ്വസിച്ചതും വിസ്മയാവഹമല്ല. ആ തരംനോക്കി ശക്തന്റെ നിശിതമായ ഭരണത്തിനു വഴങ്ങേണ്ടിവന്നവരും സാമൂതിരിയുടെ സിൽബന്തികളും ഒന്നിനൊന്നായി ഓരോന്നു പറഞ്ഞു കുമ്പഞ്ഞിക്കാൎക്കു കനം പിടിപ്പിക്കാൻ ശ്രമിച്ചതും അസംഗതമല്ല. എന്നാൽ, സഹജമായ പരിശ്രമശീലത്താലും നെഞ്ഞൂക്കിനാലും ധിഷണാബലത്താലും നയോപായങ്ങളാലും കീഴടങ്ങാതേയും, കാൎയ്യം കളയാതേയും, കുഴപ്പക്കായലിൽ കിടന്നു മറിഞ്ഞിരുന്ന കൊച്ചിയെ അവിടുന്നു സുഖാവഹമായ ഒരു കരയ്ക്കു് അടുപ്പിക്കുകതന്നെ ചെയ്തു.

XXVII

ചേററവാമണപ്പുറം

൧

പൂർവ്വചരിത്രം.

ചേററവാമണപ്പുറം, ചേററവാദ്വീപു്, ചേററവായും കൊടുങ്ങല്ലൂരും എന്നിങ്ങനെ പണ്ടത്തെ രേഖകളിൽ പറയപ്പെട്ടുകാണുന്ന പ്രദേശം കേരളചരിത്രത്തിൽ ഏററവും പ്രധാനമായ ഒരു സ്ഥാനം എത്രയോ പുരാതനകാലംമുതല്ക്കു് അർഹിച്ചിട്ടുള്ളതാകുന്നു. ചേററവാ അഴിമുതൽ കൊടുങ്ങല്ലൂർ അഴിവരെ നീണ്ടുകിടക്കുന്നതും പടിഞ്ഞാറുഭാഗം സമുദ്രത്താലും കിഴക്കുഭാഗം കായലിനാലും ചുററപ്പെട്ടതും ചരിത്രാതീതകാലങ്ങളിൽപോലും സുപ്രസിദ്ധി പ്രാപിച്ചിട്ടുള്ളതും ആയ ഒരു 'നീണ്ടകര'യാകുന്നു ചേററവാമണപ്പുറം. പണ്ടത്തെ മകോതയപട്ടണം, തൃക്കണാമതിലകം എന്ന ഊററപ്പെട്ട രണ്ടു സ്ഥലങ്ങളും ആ മണപ്പുറത്തായിരുന്നു. മകോതയപട്ടണത്തേക്കാളും, തൃക്കണാമതിലകത്തേക്കാളും, ആ തുരുത്തിൻെറ തെക്കെ അററത്തു സ്ഥിതിചെയ്യുന്ന പണ്ടത്തെ മുചിരിയായ ഇന്നത്തെ കൊടുങ്ങല്ലൂരിനേക്കാളും, അതിനു തൊട്ടുകിടക്കുന്ന തിരുവഞ്ചിക്കുളത്തിനേക്കാളും, ചരിത്രപ്രഖ്യാതിയൊ പ്രാധാന്യമൊ ഉള്ള സ്ഥലങ്ങൾ കേരളത്തിൻെറ കേളികേട്ട കാലത്തുവേറെ ഉണ്ടായിരുന്നില്ലെന്നുതീർച്ചയാണു്. അതുകൊണ്ടു ചേററവാമണപ്പുറത്തിൻെറമാഹാത്മ്യത്തെക്കുറിച്ചു കൂടുതലൊന്നും പ്രസ്താവിക്കണമെന്നു തോന്നുന്നില്ല.

പെരുമാൾവാഴ്ചക്കാലത്തിനു വളരെ മുമ്പും 'മുചിരി' ഒരു മുഖ്യതുറമുഖമായിരുന്നതായും ഇന്നു് ആ സ്ഥലത്തു കേവഞ്ചികൾ കാണപ്പെടുന്നതിലുമധികം അക്കാലത്തു പാശ്ചാത്യന്മാരുടെ കച്ചവടക്കപ്പലുകൾ ആതുറമുഖത്തു തിക്കിത്തിരക്കിയിരുന്നതായും ചരിത്രം ഘോഷിക്കുന്നുണ്ടു്. പെരുമാക്കന്മാരുടെകാലത്തും ആ പ്രാധാന്യം ഏറെക്കുറെ നിലനിന്നിരുന്നു എന്നും, തിരുവഞ്ചിക്കുളം പെരുമാളുടെ രാജധാനിയായതോടുകൂടി ഇടക്കാലത്തുണ്ടായ കനക്കുറവിൽനിന്നു് ഒരു ഉദ്ധാരണമുണ്ടായി എന്നും, പെരുമാൾവാഴ്ച തീരെ അവസാനിച്ചതിനുശേഷവും ഏറിയകാലം ആ കീർത്തി മിക്കവാറും നിലനിന്നുപോന്നു എന്നും, കൊല്ലവർഷം 516-ാമാണ്ടിനടുത്ത കാലത്തുണ്ടായതായി പറയപ്പെടുന്ന 'പ്രളയം'നിമിത്തം

കൊടുങ്ങല്ലൂരഴി തൂരുകയും, കൊച്ചി അഴിമുഖം തുറക്കപ്പെടുകയും, മററും ചെയ്യതോടുകൂടിയാണ ചേററുവാകര ആ പേരിനെ അന്വത്ഥമാക്കി ചെയ്യുകൊണ്ടു മുന്നണയിൽനിന്ന പിന്മാറിയതു് എന്നമാകുന്നു ചുരുക്കത്തിലുള്ള ചരിത്രകഥ. അതിനുശേഷമുള്ള നാലഞ്ചു നൂററാണ്ടുകളിലെ അനുഭവങ്ങളെക്കുറിച്ചൊന്നും ശരിയായ ഒരു വിവരം ആക്കുമില്ലെന്നു തന്നേ വേണം പറയുവാൻ.

കൊടുങ്ങല്ലൂർ, പതിനെട്ടരയാളം, കാര, ഐരൂർസ്വരൂപം, പഴഞ്ചേരിനായർ, പാപ്പനിവട്ടം, തൃപ്രയാർ, ചേററുവാ, എന്നീ പേരുകളാണ് ആ ദ്വീപിന്റെ പിൽക്കാലകഥകളിൽ പ്രത്യേകം പൊന്തിനില്ക്കുന്നതായി കാണുന്നതു്. വെട്ടിപ്പിടിക്കാനുള്ള അനുവാദത്തോടുകൂടി പെരുമാളുടെ ഉടവാാം വാങ്ങിച്ച സാമൂതിരിത്തമ്പുരാൻ അന്നുമുതല്ക്കുതന്നെ അയൽരാജ്യങ്ങളുമായി മത്സരവും തുടങ്ങി. ചുരുക്കത്തിൽ ഒരു പന്ത്രണ്ടു തവണ കൊച്ചിരാജ്യം സാമൂതിരിയാൽ ആക്രമിക്കപ്പെട്ടിട്ടുണ്ടു്. അന്നൊക്കെയും സാമൂതിരിപ്പാടു ചേററുവാ മണപ്പുറംവഴിക്കാണ പ്രധാനമായി കൊച്ചിയിലേയ്ക്കു പ്രവേശിച്ചിട്ടുള്ളതും. പോത്തുഗീസ്സുകാരും,ലന്തക്കാരും, കൊച്ചിയും,തിരുവിതാംകൂറും, ഹൈദർനവാബും, ടിപ്പുസുൽത്താനും, ഒടുവിൽ ഇംഗ്ലീഷുകാരും അവരവരുടെ സൈന്യങ്ങളെ ഓരോരൊ കാലങ്ങളിൽ ആ മണപ്പുറത്തേയ്ക്കു പ്രവേശിപ്പിക്കയും, ആ രാജ്യഭാഗത്തു കോട്ടകാം കെട്ടുക, തകക്കുക, പ്രദേശം കീഴടക്കുക എന്ന കൃത്യങ്ങാം നിവ്വഹിക്കുകയും ചെയ്യിട്ടുള്ളതായികാണുന്നു. ചേററുവാ മണപ്പുറത്തെപ്പോലെ ഇത്ര നീണ്ടകാലം ഒരു പടക്കളമായികഴിഞ്ഞിട്ടുള്ളരാജ്യഭാഗം വേറേ കേരളത്തിലുണ്ടോ എന്നു സംശയമാണ്. ഒരു കാലത്തു് ആ ഭൂവിഭാഗം നമ്പൂതിരി ബ്രാഹ്മണരുടെ കേളീരംഗമായിരുന്നു. ഇപ്പോാം ഒരു നമ്പൂരിയെ പുണ്യാഹത്തിനുപോലും ആ കരയിൽ കാണുന്നില്ല. ഒരുപതനത്തിൽ ആ രാജ്യം ബുദ്ധമതക്കാരുടെ സങ്കേതമായിരുന്നുവത്രേ. ഇപ്പോാം 'ബൌദ്ധന്മാർ' ഉണ്ടെങ്കിലും ബുദ്ധമതാനുയായികാം ആരുമില്ല. കൊടുങ്ങല്ലൂർക്ഷേത്രമല്ലാതെ പണ്ടത്തേതെന്നു പറയപ്പെടാവുന്ന ഒന്നുംതന്നെ ആ പ്രദേശത്തു് ഇപ്പോാം പ്രത്യക്ഷത്തിലില്ല.

ക്രിസ്ത്വബ്ദം 1500-നു മുമ്പുതന്നെ സാമൂതിരി ഈ പ്രദേശം കൊച്ചിരാജാവിനെ തോല്പിച്ചു കയ്യടക്കിയിരിക്കണം. അതില്ലെങ്കിൽക്കൂടി 1502-ൽ സാമൂതിരിയും കൊച്ചിയും തമ്മിലുണ്ടായ വലിയ യുദ്ധത്തിൽവെച്ചു തീച്ചയായും ആ രാജ്യം കൊച്ചിക്കു നഷ്ടപ്പെട്ടിരിക്കണം.

പെരുമ്പടപ്പിന്റെ മൂലസ്ഥാനമായി പറയപ്പെടുന്ന വന്നേരിചിത്രകൂടം കൊച്ചിക്കു നഷ്ടപ്പെട്ടതോടുകൂടി സാമൂതിരി ചേററുവാദ്വീപിലേയ്ക്കും പ്രവേശിച്ചിട്ടുണ്ടാവണം. ആ ദ്വീപിൽ കൊടുങ്ങല്ലൂർക്കോവിൽ എന്നും ഐരൂർക്കോവിൽ എന്നും ഏറാക്കറെ സ്വതന്ത്രന്മാരായ രണ്ടു രാജാക്കന്മാർ അക്കാലത്തുണ്ടായിരുന്നു. അവൎക്ക് അന്നു പെരുമ്പടപ്പിനോടുണ്ടായിരുന്ന ബന്ധത്തിന്റെ സ്വഭാവമോ വ്യാപ്തിയോ 'കൃത്യ'മായി പറയുന്നതിനു സാദ്ധ്യമല്ല. എങ്കിലും, സാമൂതിരിക്കുററുകാരോ കീഴേടക്കാരോ ആകുന്നതുവരെ അവർ പെരുമ്പടപ്പിന്ന് അമന്ത്രവരായിരുന്നു എന്നുള്ളതു നിരാക്ഷേപമാണ്. ചേററുവാദ്വീപിന്റെ തെക്കേത്തലയായ കൊടുങ്ങല്ലൂർനാട്ടുകമൊഴിച്ചുള്ള / ആ തുരുത്തിന്റെ വടക്കു ഭാഗങ്ങളൊന്നും 1500_ാമാണ്ടിനുശേഷം ഇന്നേവരെ കൊച്ചിരാജാവിന്നു കീഴമന്നിട്ടില്ല. ഇപ്പോൾ കോതപറമ്പുമുതൽ ചേററുവാ അഴിവരെയുള്ള മണപ്പുറം മുഴുവനും ബ്രിട്ടീഷ്മലബാറിലെ ചാവക്കാട്ടുതാലൂക്കിൽ ഉൾപ്പെട്ട ഭൂഭാഗമാകുന്നു. ഏതാണ്ട് അതിന്റെ നടുക്കു സ്ഥിതിചെയ്യുന്ന തൃപ്രയാർക്ഷേത്രംമാത്രം ഇന്നും കൊച്ചിഗവമ്മേണ്ടിൽ ചേന്നതാണുതാനും.

ചേററുവായുടെ വടക്കുഭാഗം ഐരൂർസ്വരൂപം എന്നുകൂടി പറയുന്ന ശാക്കരക്കോവിലകംവകയായിരുന്നു. ആ രാജകുടുംബം സമ്പൽക്ഷയത്തോടെ ഇന്നും നിലനിന്നുപോരുന്നുണ്ട്. ഇരിങ്ങാലക്കുടയ്ക്കു തെക്കുമാറിയുള്ള വെള്ളാങ്ങല്ലൂരാണ് ആ വംശത്തിന്റെ ഒരു പ്രധാനശാഖ ഇപ്പോൾ താമസിക്കുന്നതു്. ആ രാജവംശത്തിനു രാജ്യം പോയ കഥ വളരെ നേരംപോക്കുള്ള ഒന്നാണ്. അല്പസ്വല്പം വ്യത്യാസങ്ങളോടുകൂടിയ രണ്ടു കഥകൾ പറഞ്ഞുവരുന്നുണ്ട്. ഒരിക്കൽ അവിടത്തെ മൂത്തരാജാവു തീൎത്ഥയാത്രയായി കാശിക്കുപോയി എന്നും, കുറെ കഴിഞ്ഞപ്പോൾ അവിടുന്നുമൂതിയടഞ്ഞതായി അറിഞ്ഞു സ്വരൂപക്കാർ മരണാനന്തരം വേണ്ട ക്രിയകളെല്ലാം നിൎവ്വഹിക്കുകയും, പിന്നത്തെ ആൾ സിംഹാസനാരൂഢനാകുകയും ചെയ്തു എന്നും, അവിടെനിന്നു കുറെ കഴിഞ്ഞപ്പോൾ, കാശിക്കുപോയ രാജാവുതന്നെ തിരിച്ചു വന്നു എന്നും, 'ശേഷക്രിയ' കഴിഞ്ഞതുകൊണ്ടു രാജ്യാധികാരവും മററും കിട്ടുവാൻ തരമില്ലാത്തതിനാൽ സ്വരൂപക്കാർ ദയാപുരസ്സരം അദ്ദേഹത്തിനു 'ചിലവിനായി' വകതിരാജ്യം കൊടുത്തു, എന്നും, അദ്ദേഹം അതു മേലും കീഴും നോക്കാതെ തന്റെ നായർ ഭാൎയ്യക്കും മക്കൾക്കുമായി തീറു കൊടുത്തു എന്നും, ആ രാജാവു

"യഥാൎത്ഥത്തിൽ മരിച്ച"തിനു ശേഷം, പ്രബലന്മാരും പ്രമാണികളുമായിരുന്ന ആ മക്കൾ ആ രാജ്യവും മററ പകതിരാജ്യവും കയ്യടക്കി എന്നും, അങ്ങനെയാണ 'ശക്കര' അലിഞ്ഞുപോയതെന്നും ആണ്' ഒരു വക കഥ. ആ മക്കളുടെ കുടുംബമാകുന്നു "പഴഞ്ചേരി"നായർത്തറവാട്'. മണ്ണാമ്പറമ്പത്തുനായർ, മഞ്ഞളാവിൽനായർ, ബ്ളാഹയിൽനായർ, ഉള്ളനാട്ടനായർ, മുതലായി ഇന്നു' ആ പ്രദേശത്തുള്ള പ്രഭുകുടുംബക്കാരെല്ലാം 'പഴഞ്ചേരി'നായർത്തറവാട്ട ഭാഗിച്ചുണ്ടായ ശാഖക്കാരാകുന്നു. ഡച്ചുഗവണ്ണരായിരുന്ന മോയൻസ്' തന്റെ മെമ്മോറാണ്ടത്തിൽ ഈ നായർപ്രഭുക്കന്മാരുടെ ആഗമം, ശാഖാവിഭാഗം, പരസ്പരമത്സരം, ഡച്ചുകാർ ഇടക്കിടയ്ക്കു മാദ്ധ്യസ്ഥ്യം വഹിക്കാറുള്ള സംഗതി, വാദത്തിൽ തോററ നായർ എപ്പോഴും സാമൂതിരിയെ പ്രാപിക്കാറുള്ള പതിവു മുതലായതെല്ലാം വിവരിച്ചിട്ടുണ്ട്'.

രണ്ടാമത്തെ കഥയ്ക്കു' അല്പം വ്യത്യാസമുണ്ട്'. ശാക്കരക്കോവിലകത്തെ മൂത്തരാജാവു', പഴഞ്ചേരിനായർവീട്ടിൽ സംബന്ധമുണ്ടായിരുന്ന ആൾതന്നെ, അനന്തരവന്മാരുമായി വലിയ ശണ്ഠയിലായി. മത്സരം മൂത്തപ്പോൾ സ്വരൂപക്കാരെ തോല്പിപ്പാൻവേണ്ടി തന്റെ രാജ്യവും രാജാധിപത്യവും മക്കൾക്കായി ഒഴിഞ്ഞുകൊടുത്തു. പ്രഭുത്വത്തിൽനിന്നു രാജത്വത്തിലേയ്ക്കു' എത്തിയ അവർ ആ രാജസ്വരൂപത്തെ തോല്പിച്ചു' അതിലെ അംഗങ്ങളെ അഗതികളാക്കി അയച്ചു. അചിരേണ സാമൂതിരിപ്പാട്ട വരികയും അവർ സാമൂതിരിയുടെ സാമന്തപദം സ്വീകരിച്ചു നാട്ടവാഴികളായി വൎത്തിക്കയും ചെയ്തു. "ഉള്ളനാട്ട ഇക്കണ്ടപ്പണിക്കർകാര്യക്കാർ" എന്നു പ്രസിദ്ധപ്പെട്ട 'പഴഞ്ചേരിനായർ' സാമൂതിരിയുടെ തെക്കൻകാൎയ്യക്കാരന്മാരിൽ പ്രധാനനായിരുന്നു. സാമൂതിരിയിൽനിന്നു ഡച്ചുകാൎക്കു 1717-ൽ ആ രാജ്യം കിട്ടിയപ്പോൾ രാജാധികാരം തികച്ചും കമ്പനിക്കാൎക്കുതന്നെ ആവുകയും, പഴഞ്ചേരിനായന്മാരെ' കീഴ്' പ്രഭുക്കന്മാരായി സ്വീകരിച്ചു', അവരുമായി പ്രത്യേകം സന്ധിക്കരാറുകളിൽ ഏൎപ്പെടുകയും ചെയ്തു. അന്നത്തെ സ്ഥിതിയാണ 'മോയൻസ്' തന്റെ മെമ്മോറാണ്ടത്തിൽ വിവരിച്ചിരിക്കുന്നതു'. രാജ്യത്തിന്റെ മുൻ ഉടമസ്ഥന്മാരായിരുന്ന ഐരൂർസ്വരൂപക്കാർ അഗതികളായിരിക്കുന്നു എന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്'. കൊടുങ്ങല്ലൂർകോവിലകത്തിന്റെ ഒരു പാശ്ചാത്യവഴിയായിരുന്നുവത്രെ ഐരൂർകോവിലകം. ഐതിഹ്യങ്ങളുടെ യാഥാൎത്ഥ്യം എങ്ങനെ ഇരുന്നാലും, ശാക്കരസ്വരൂപത്തിനു' ആ രാജ്യത്തു രാജാധികാരമുണ്ടായിരുന്നു എന്നും, അതു'

ഇടക്കാലത്തു് ഇല്ലാതായി എന്നും, അവരുടെ ആ അധികാരം അങ്ങെനെതന്നെയൊ ഭേദഗതികളോടും ഏററക്കുറവുകളോടും കൂടിയൊ, 'പഴഞ്ചേരിനായർ' നടത്തിപ്പോന്നു എന്നും, ഇപ്പോഠം പഴഞ്ചേരിനായരുടെ അനേകം ശാഖകളിൽ മിക്കതും, ശാക്തസ്വരൂപവും കേവലം സാധാരണന്മാരെപ്പോലെ ക്ലേശത്തിലും കഷ്ടത്തിലുമാണു കഴിഞ്ഞുവരുന്നതു് എന്നും ഉള്ള സംഗതികഠം നിരാക്ഷേപങ്ങളാകുന്നു. ഈ 'പഴഞ്ചേരിനായന്മാർ' ശക്തൻതമ്പുരാനു മണപ്പുറം പാട്ടത്തിനും കൂടെ കിട്ടാതിരിക്കുന്നതിനു മലബാർകമ്മീഷണർമാരുടെ അടുക്കൽ പാടുകിടന്നു പണിയെടുത്തിരുന്നു എന്നും, ഉള്ളനാട്ടു് ഇക്കണ്ടപ്പണിക്കർ കാര്യക്കാർ, സാമൂതിരിയുടെ പ്രധാനകാര്യസ്ഥനായിരുന്ന ശാമിനാഥപട്ടരു കാര്യക്കാരോടു ചേൎന്നു കൊച്ചിക്കു് എതിരായി ഓരോ വാദകാര്യത്തിലും തീവ്രയത്നം ചെയ്തിരുന്നു എന്നും വഴിയേ കാണാവുന്നതാണു്.

ചേററുവാ ദ്വീപിന്റെ തെക്കേത്തലയാണല്ലൊ കൊടുങ്ങല്ലൂർ രാജാവിന്റെ രാജ്യം. 'പടിഞ്ഞാററിയേടത്തു സ്വരൂപം' എന്നു കുടുംബപ്പേരുള്ള ആ രാജവംശത്തിനു സാമൂതിരിക്കോവിലകത്തെ 'അച്ഛൻ'സ്ഥാനം ഉള്ളതായി ഡച്ചുഗവൎണ്ണർ 'ഗൊല്ലനീസ്സി'ന്റെ മെമ്മോറാണ്ടത്തിൽ പ്രസ്താവിച്ചുകാണുന്നു. 1717-ലെ കരാറുപ്രകാരം സാമൂതിരിയിൽനിന്നു ലന്തക്കാൎക്കു വിട്ടുകിട്ടിയ ഒരു പ്രദേശമായിട്ടാണു് അതിൽ കൊടുങ്ങല്ലൂരിനെ വിവരിച്ചിരിക്കുന്നതു്. പണ്ടത്തെ മുചിരിയും, മകോതയപുരവും തിരുവഞ്ചിക്കുളവും ഒക്കെ ഈ കൊടുങ്ങല്ലൂരുതന്നെയായിരുന്നു എന്നു് അറിയുമ്പോഠം കാലാന്തരത്തിൽ കൈവന്ന പരിണാമങ്ങഠം അനുമാനിക്കാവുന്നതാണു്. ചേററുവാമണപ്പുറത്തിന്റെ അവകാശവാദം ലഹളയായി നടന്നിരുന്ന കാലത്തും കൊടുങ്ങല്ലൂർരാജാവു കൊച്ചിരാജാവിന്റെ ചൊല്പടിക്കു നിന്നിരുന്നു. ഇന്നത്തെ കൊടുങ്ങല്ലൂർരാജ്യം കേവലം നാമമാത്രങ്ങളായ ചില പ്രത്യേകതകളോടുകൂടി കൊച്ചിശ്ശീമയിലെ താലൂക്കുകളിൽ ഒന്നാകുന്നു.

൨
ഡച്ചിനുശേഷം

1717 മുതൽ 1776-വരെ ചേററുവാദ്വീപു ഡച്ചുകാരുടെ കൈവശത്തിലായിരുന്നു. ഡച്ചുകാൎക്കു കിട്ടിയതു സാമൂതിരിയുമായുണ്ടായ സന്ധിപ്രകാരമാണു്. സാമൂതിരിക്കു് എന്തു കിട്ടിയെന്നു തീൎച്ചയില്ല. 1776-ൽ ഹൈദർനവാബിന്റെ പാളയം വടക്കുനിന്നു തെക്കോട്ടു

പ്രവേശിക്കയും, നവാബിൻെറ പ്രതിനിധിയായ 'സേർദർഖാൻ' ചേററുവാ തുരുത്തു ഡച്ചിനെ തോല്പിച്ചു കീഴടക്കുകയും ചെയ്തു. ഹൈദർ നവാബിൻെറ കാലത്തും ടിപ്പുസുൽത്താൻെറ കാലത്തും ചേററുവാ 'മൈസൂർ അരമനയ്ക്കു'കീഴിൽത്തന്നെ ആയിരുന്നു എന്നാണുകാണുന്നതു്. ടിപ്പുസുൽത്താനു കൊച്ചിരാജാവു കൊടുക്കാൻ ഏററതായ കപ്പത്തിൽ ചേററുവാതുരുത്തിൻെറ വീതം ഉൾപ്പെട്ടിട്ടില്ലെന്നും, എന്നാൽ കൊടുങ്ങല്ലൂരിൻെറ ഓഹരി ഉൾപ്പെടുത്തിയിരുന്നു എന്നും ഉള്ള വാദത്തിൻെറ സ്വീകാര്യതയെ അവലംബിച്ചാണു പിന്നീടു കൊച്ചിക്കു കൊടുങ്ങല്ലൂർ ഒഴിഞ്ഞിയതും ചേററുവാ കൈവിട്ടുപോയതും. മണപ്പുറം വിട്ടുപോകുന്നകാര്യത്തിൽ ശക്തൻതമ്പുരാനു വളരെ മനോവേദനയുണ്ടായിരുന്നു. അതിനു പല കാരണങ്ങളുമുണ്ടു്. ഒന്നാമതു്, സ്ഥലത്തിൻെറ കിടപ്പുകൊണ്ടു് അതു യഥാർത്ഥത്തിൽ കൊച്ചിയുടെ ഭാഗമായി കൊച്ചിക്കു ചേരേണ്ടതും ഒരുകാലത്തു ചേൎന്നുനിന്നിരുന്നതുമാണു്. രണ്ടാമതു്, ആ ഭാഗം പൊയ്പ്പോയാൽ ബാക്കിയുള്ള കൊച്ചിയിലെ ഗതാഗതസൗകര്യത്തിനുതന്നെ വളരെ അസൗകര്യം നേരിടുന്നതാണു്. "എടത്തുരുത്തിച്ചുങ്ക"ത്തെ സംബന്ധിച്ചു ശക്തൻതമ്പുരാനും ഇംഗ്ലീഷുകമ്പനിക്കാരും തമ്മിൽ ദീർഘകാലം നിലനിന്ന തീരാവഴക്കിൽനിന്നു് ആ സംഗതി സ്പഷ്ടമാകുന്നുണ്ടു്. മൂന്നാമതു്, കൊച്ചിരാജാവിനു്, എത്രയും പ്രത്യേകപ്പെട്ടതായ 'തൃപ്രയാർ'ക്ഷേത്രം ചേററുവാമണപ്പുറത്തിൻെറ മദ്ധ്യത്തിലാണു്. ഇതിനൊക്കെയുംപുറമേ, ചേററുവായിൽക്കൂടി വന്നേരിക്കു കടന്നു തൻെറ മൂലസ്ഥാനമായി വിശ്വസിക്കപ്പെടുന്ന ചിത്രകൂടത്തിലെത്തണമെന്നു പെരുമ്പടപ്പിലേക്കുണ്ടായിരുന്ന, നെടുനാൾ നിലനിന്ന, ആശയ്ക്കു് അക്കാലത്തും അറുതിവന്നിട്ടുണ്ടായിരുന്നില്ല. 970ൽ ശ്രീരാളയ്യർ ശക്തൻതമ്പുരാനു് എഴുതീട്ടുള്ള ഒരു എഴുത്തിൽ ഇങ്ങനെ കാണുന്നു:— "തിരുമനസ്സുകൊണ്ടു്, ഏറെ ആളുകളും വലിയതോക്കുകളുമായി, യുദ്ധസന്നാഹത്തോടുകൂടി, തൃശ്ശിവപേരൂർക്കു് എഴുന്നള്ളി എന്നും, അവിടന്നു 'ചിത്രകൂടത്തിലേക്കു്' എഴുന്നെള്ളി അരിയിട്ടുവാഴ്ചയും കഴിച്ചു, പഴയന്നൂർ 'ചോറിട്ട പാട്ടു' കഴിക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നു എന്നും, ഇക്കണ്ടപ്പണിക്കരു് (മുൻപറഞ്ഞ ഉള്ളനാട്ടു ഇക്കണ്ടപ്പണിക്കർ കാര്യക്കാർ) സാമൂതിരിപ്പാട്ടിലേയ്ക്കു് എഴുതി അയച്ചിരിക്കുന്നു." ചേററുവായുടെ വടക്കേക്കര (അഴിമുറിഞ്ഞു കടന്നാൽ) വന്നേരിനാടായി. അക്കാലത്തും കൊച്ചിയുടെ കണ്ണു ചിത്രകൂടത്തിലായിരുന്നു എന്നും, അതേതായാലും 'വിചിത്രമാക്കണ'മെന്നു സാമൂതിരിക്കു് ആ നശിച്ചകാലത്തും വാശിയുണ്ടായിരുന്നു എന്നും സ്പഷ്ടമാണു്.

1776-മുതല്ക്കു മൈസൂർസാമ്രാജ്യത്തിൽ പെട്ടുപോയ ചേററുവാ, 1790-വരെ അപ്രകാരംതന്നെ നിലനിന്നുപോന്നു. ടിപ്പുസുൽത്താൻ തന്റെ 'മലയാളം' മുഴുവനും ഇംഗ്ലീഷുകമ്പനിക്കാൎക്കു വിട്ടുകൊടുത്തതു് തൊട്ടാണു് അവിടെ ഇംഗ്ലീഷാധിപത്യം ആരംഭിച്ചതു്. ആ കരാറിനു ശേഷം അതുപ്രകാരം സിദ്ധിച്ച രാജ്യങ്ങളും മററും നോക്കിക്കാണുന്നതിനും, അതിലുൾപ്പെട്ട രാജാക്കന്മാരുമായി കാൎയ്യാലോചന നടത്തുന്നതിനും ഏല്പിച്ചയച്ചിരുന്ന പ്രധാനഉദ്യോഗസ്ഥനും കൊച്ചിയിലെ ഒന്നാമത്തെ റസിഡണ്ടും ആയിരുന്നു മിസ്റ്റർ ജോൎജ്ജു് പൌണി. അദ്ദേഹത്തിനെയാണു് ശക്തൻതമ്പുരാൻ പറഞ്ഞു പററിച്ചു എന്നു വലിയ ആക്ഷേപമുണ്ടായിരുന്നതു്. ആ കരാറിന്റെ അകത്തും പുറത്തും നിന്നുകൊണ്ടു ശക്തനും ഇംഗ്ലീഷുകാരും നല്ല മല്ലയുദ്ധംതന്നെ നടത്തി.

ചേററുവാമണപ്പുറത്തെക്കുറിച്ചു ശക്തൻതമ്പുരാനുണ്ടായിരുന്ന വാദസ്വഭാവം അവിടുന്നു് 977 മകരം 19-ാം-നു- മാക്കു്ലോട്ടുസായ്പിനു് അയച്ചതായ താഴെ ചേൎക്കുന്ന എഴുത്തിൽ വിവരിച്ചിരിക്കുന്നു:—"ചേററുവാമണപ്പുറം ഐരൂർരാജാവിന്റെ ആകുന്നു. അതിൽ പഴഞ്ചേരിനാട്ടു ഐരൂർരാജാക്കന്മാരിൽ ബോധിക്കേണ്ടവൎക്കു ഒക്കയും ബോധിയാതെ ആ വകയിൽ ഒരു രാജാവു പഴഞ്ചേരി നായൎക്കു കൊടുത്തതത്രെ ആകുന്നു. ആയതു ശേഷമുള്ളവരെ ബോധിപ്പിച്ചിട്ടു ചെയ്തതല്ലായ്ക്കകൊണ്ടു ആ രാജാവു കഴിഞ്ഞതിന്റെ ശേഷം പഴഞ്ചേരിനാട്ടു നായർ നടക്കുന്നതിനു ശേഷമുള്ളവർ സമ്മതിക്കായ്ക്കകൊണ്ടു നായർ ചെന്നു സാമൂതിരിയെ കണ്ടുപറഞ്ഞു, അവിടുന്നു ബലം കൊണ്ടുവന്നു, രാജ്യത്തു നാനാവിധങ്ങൾ ചെയ്കകൊണ്ടും, ഐരൂർരാജാവു നമുക്കു ചെന്നിട്ടുള്ള ആളാകകൊണ്ടും, ആ രാജാവും നമ്മുടെ സ്വത്രപത്തികനും കൂടി ലന്തക്കുമ്പഞ്ഞിയെ ബോധിപ്പിച്ചു, സാമൂതിരിയുടെ ആളുകളെ അവിടെനിന്നും ഒഴിപ്പിച്ചു, ലന്തക്കുമ്പഞ്ഞി വകയായിട്ടു നടന്നുവന്നിരുന്നു. അതിൽപിന്നെ നവാബു ഹൈദര ആ രാജ്യം ഒതുക്കി. ഹൈദർനാളിലും ടിപ്പുനാളിലും അവൎക്കായിരുന്നു. ടിപ്പുവിന്റെ ആളുകളെ ബഹുമാനപ്പെട്ട ഇങ്കരിയസ്സു കുമ്പഞ്ഞി ഒഴിപ്പിച്ചു ചേററുവാമണപ്പുറം കുമ്പഞ്ഞീടെ വകയായി നടത്തിവരുന്നുവല്ലോ. ആയതല്ലാതെ ചേററുവാമണപ്പുറം സാമൂതിരിരാജാവിനു സംബന്ധം ഉള്ളതല്ല. ഇപ്രകാരമത്രെ മണപ്പുറത്തിന്റെ വസ്തുത ആകുന്നതു. സിദ്ധാന്തം ഇല്ലാത്ത ആളുകളോടു വസ്തുത തങ്ങൾ വിചാരിക്കുമ്പോഴും ഇതിന്റെ പരമാൎത്ഥം തങ്ങൾക്കു ബോധിക്കയും ചെയ്യും."

൩.

ഇംഗ്ലീഷുകാക്കശേഷം.

1790-ൽ (കൊല്ലം 965ൽ) മിസ്റ്റർ പൗണി കൊച്ചിക്കു വന്ന ഉടനെ കൊച്ചിയും ഇംഗ്ലീഷും തമ്മിലുണ്ടായ ഒന്നാമത്തെ ഉടമ്പടി നടന്നു. ആ ഉടമ്പടിയെ തൻെറ 'പരിചയായി ഉയർത്തി ചുഴററിക്കൊണ്ടാണ ശക്തൻതമ്പുരാൻ മലബാർ കമ്മീഷണർമാരുടെ വെട്ടുകളെ എല്ലാം തടുത്തുംകൊണ്ടു നിന്നതും, തരംകിട്ടുമ്പോഴെല്ലാം പരത്തിപ്പിടിച്ച് അടിച്ചതും. '൪ വളപ്പാറ' അദ്ധ്യായത്തിലും മാറം അതിനെക്കുറിച്ചു കൂടുതൽ വിവരിച്ചിട്ടുണ്ട്. ചേററവാ തനിക്കു വിട്ടുകിട്ടണമെന്നു ശക്തൻതമ്പുരാന് അതിയായ ആഗ്രഹമുണ്ടായിരുന്നാലും, 1776 മുതല്ക്ക് ഏതായാലും, ആ രാജ്യം അന്യൻെറ കൈവശത്തിലായിരുന്നുവെന്നതു പ്രത്യക്ഷമായിരുന്നതിനാൽ, മിസ്റ്റർ പൗണിയുടെ അടുക്കൽ ശക്തൻതമ്പുരാൻെറ വാദങ്ങൾക്ക് ഒന്നും അംഗീകാരം സിദ്ധിച്ചില്ല. വിട്ടുകിട്ടില്ലെന്നു തീരുമാനപ്പെട്ടപ്പോൾ, പാട്ടത്തിന് ഏററിട്ടെങ്കിലും കൈവശപ്പെടുത്തണമെന്നും, മററ കാര്യം വഴിയെ നോക്കാമെന്നും, അവിടുന്നു തീരുമാനിച്ചു. "ശാശ്വതപ്പാട്ട"ത്തിനു ചെയ്തു ശ്രമവും നിഷ്ഫലമായി. കൊല്ലത്താൽ നാല്പതിനായിരം ഉറുപ്പിക പാട്ടം സമ്മതിച്ചു, തല്ക്കാലം രണ്ടു കൊല്ലത്തെ കാലാവധി നിശ്ചയിച്ച്, മിസ്റ്റർ പൗണിയോട് അദ്ദേഹം ഒടുവിൽ പാട്ടത്തിനേററ മേടിച്ചു. അന്നും, അതിനുശേഷം വളരെ കാലത്തേയ്ക്കും സാമൂതിരിയും ആൾക്കാരും അതുംകൂടി ഇല്ലാതാക്കുന്നതിനു 'കണ്ണും കരയുമില്ലാതെ' പഠിച്ചപണി പതിനെട്ടും പ്രയോഗിച്ചു.

ചേററവാപാട്ടത്തിനുശേഷം അതു സംബന്ധമായിത്തന്നെ ശക്തൻതമ്പുരാനും ഇംഗ്ലീഷുകാരും തമ്മിൽ നടന്നിട്ടുള്ള കത്തെടപാടുകൾ, ഇന്നു വായിച്ചുനോക്കുമ്പോൾ, അത്യന്തം ആശ്ചര്യം തോന്നുന്നു. ശക്തൻതമ്പുരാൻ അദ്ദേഹത്തിൻെറ 'പിടാവാശി'യുടെ അങ്ങേ അററത്തോളവും, ഇംഗ്ലീഷുകാർ അവരുടെ വമ്പിച്ച ക്ഷമയുടെ നെല്ലിപ്പടിവരെയും എത്തി എന്നും, ഭാഗ്യാതിരേകത്താൽ അതികഠിനങ്ങളായ അനിഷ്ടസംഭവങ്ങളൊന്നും കൂടാതെ കഴിഞ്ഞു എന്നും, സമഷ്ടിയായി പറഞ്ഞവസാനിപ്പിക്കുകയേ നിവ്വാഹമുള്ളു.

രണ്ടു കൊല്ലത്തെ കാലാവധിക്കുശേഷം, പാട്ടം എല്പിക്കൽ പുതു

ക്കേണ്ട കാലമായപ്പോഴെയ്ക്കും, മിസ്റ്റർ സ്റ്റവാട്ട് മലയാംപ്രവിശ്യയിലെ ഭരണാധികാരിയും, അയ്യണ്ണയ്യൻ, ചിക്കണ്ണയ്യൻ എന്നിവർ കമ്പനിദിവാൻമാരുമായി. പാട്ടം പുതുക്കാതെ കഴിയുന്നതിനു പഴഞ്ചേരിനായരും, ഇക്കണ്ടപ്പണിക്കരും മററും, സാമൂതിരിയുടെ നിർദ്ദേശപ്രകാരം, പല കട്ടംകയ്യകൾതന്നെയും ചെയ്തു. ശാശ്വതമായിട്ടല്ലെങ്കിൽ, ചുരുങ്ങിയതു മുപ്പതുകൊല്ലത്തെ കാലംവെച്ചെങ്കിലും ചേററുവാ പാട്ടത്തിനു കിട്ടുന്നതിനു ശക്തൻതമ്പുരാനും, മേല്പറഞ്ഞ ദിവാന്മാരെ പാട്ടിൽപിടിച്ച്, ആ സായ്പമാരെ സ്വാധീനിച്ചു പല പ്രകാരത്തിലും ക്ലേശിച്ചു. ആ ദിവാൻമാരുടെ ചരിത്രം പ്രത്യേകം ഒരദ്ധ്യായത്തിനുവിഷയമായതുകൊണ്ട് ഇവിടെ വിസ്തരിക്കുന്നില്ല. പ്രസ്തുതപാട്ടം ഏല്പനയെ സ്സംബന്ധിച്ചുണ്ടായ ചില തിരുവെഴുത്തുകളിൽനിന്നു ശക്തൻതമ്പുരാന്റെ കാര്യസ്ഥത നല്ലപോലെ തെളിയുന്നതാണ്. തിരിഞ്ഞു മറിഞ്ഞു ശാശ്വതവും നടന്നില്ലാ, മുപ്പതുകൊല്ലവും ഉണ്ടായില്ലാ. നന്നെ അരിഷ്ടിച്ചും, അതുതന്നെയും 'ഇഷ്ടിമാൻമാരുടെ'യും ദിവാൻമാരുടെയും പ്രത്യേകാനുകൂല്യത്താലും, പത്തുകൊല്ലത്തെ കാലം വെച്ച് ഒടുവിൽ ഒരു പാട്ടം ഏല്പനയ്ക്കാണു സാധിച്ചതു്! അതിന്റെ അവസാനത്തിൽ ചേററുവാ ബ്രിട്ടീഷുമലബാറിൽ ഉൾപ്പെടുകയും ചെയ്തു!

രണ്ടാമത്തെ പാട്ടം ഏല്പനക്കാലത്തു നടന്നതായ ചില എഴുത്തുകുത്തുകൾ അന്നത്തെ അടിയൊഴുക്കുകളെയും വടംവലികളെയും പരിശ്രമവൈരുദ്ധ്യങ്ങളെയും വിശദമാക്കുന്നവയാണ്. ചേററുവാ കാര്യത്തിനു കോഴിക്കോട്ടെയ്ക്കു് അയച്ചിരുന്ന വടക്കേമുഖം സർവ്വാധി കാര്യക്കാർ രാമമേനോൻ, അന്നത്തെ വലിയസർവ്വാധിക്കു് അയച്ചതായ എഴുത്തുകളിൽ ഇങ്ങനെ കാണുന്നു. '......ചേററുവാ മണപ്പുറത്തുകാരൊടു ദിവാൻ രണ്ടു മൂന്നു ആളെ അയച്ചു പല പ്രകാരത്തിലും പറയിച്ചിട്ടും അവര സങ്കടം പറഞ്ഞു നില്ക്കുന്നതല്ലാതെ അനുവദിക്കായ്കകൊണ്ടു പഴഞ്ചെരിനായക്കു ബൊധിച്ചില്ലെന്നും, അയാളൊട സായ്പുതന്നെ ഒരു വാക്കു പറയണമെന്നും ദിവാൻ, ഇഷ്ടിമാൻ സായ്പു അവർകളൊടു വിടകൊണ്ടതിന്റെ ശെഷം, നായരെ സായ്പിന്റെ അടുക്കൽ വരുത്തി കീഴിൽ നിങ്ങൾക്കു ഞെരുക്കങ്ങൾ എന്തൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും (ശക്തൻതമ്പുരാൻ കുടികളെ വളരെ ഞെരുക്കി എന്നായിരുന്നു ആവലാതി) ഇനിമെല്ലൊട്ടു അങ്ങനെ ഒന്നും വരികയില്ലെന്നും, ഇപ്പൊൾ ഇപ്രകാരം (പത്തുകൊല്ലത്തേക്കു കൂടി പാട്ടത്തിനു കൊടുപ്പാൻ) അനുവദിക്കെ വെണ്ടു എന്നും, തികച്ചും വിടകൊണ്ടതിന്റെശെഷം, ആ കാര്യം മാത്രം സായ്പു

ഞങ്ങളൊട കല്പിക്കരുതെന്നും, മണപ്പുറം അവിടെയ്ക്കു (ശക്തൻതമ്പുരാനു) കൊടുക്കുക എന്നുവെച്ചാൽ, ഞങ്ങൾ എല്ലാവരും വല്ലെടത്തും പുറപ്പെട്ടു പൊക ആകുന്നു എന്നും, തികച്ചു വിടകൊണ്ടാറെ, ഇഷ്ടിമാൻ സായ്പു ദെഷ്യപ്പെട്ടു, ഞാൻ പറഞ്ഞിട്ടുംകൂടെ അനുസരിക്കില്ലെ എന്നും, ഇവരെ എന്റെ മുമ്പിൽ കാണരുത എന്നും, വെഗം കച്ചെരിയിൽനിന്നു പൊകണമെന്നും, കലശ്ശൽകൂട്ടി. എല്ലാവരും കച്ചെരിയിൽനിന്നുപൊകയും ചെയ്തു. ഐത്രുരതമ്പുരാക്കന്മാരുടെ വകയിൽ ഒരാളെ പാട്ടിൽവെച്ചു, മണപ്പുറം ഇവിടെക്കു കുത്തകയായിട്ടു തരുന്നതു ഐത്രുരതമ്പുരാനും മണപ്പുറത്തുള്ള കുടികൾക്കും സമ്മതമാകുന്നു എന്നു തിരുവെഴുത്തു മെടിച്ചു കൊടുത്തയക്കാൻ എഴുതി അയക്കണമെന്നും, അതിന്നു കഴികയില്ലെങ്കിൽ രണ്ടു മാസംകൂടെ താമസിക്കണമെന്നും, ദിവാൻ വിടകൊണ്ടു. ഐത്രുരതമ്പുരാക്കന്മാര ചിലര വെള്ളാങ്ങല്ലൂര പാക്കുന്നുണ്ടല്ലൊ. അതിൽ ഒരുത്തരുടെപെക്കൽ എഴുതികിട്ടിയാലും മതി എല്ലൊ. അണ്ണാപട്ടര കാര്യക്കാരൊ, ചാത്തുമെനൊൻ പ്രവൃത്തിയാരൊ വിചാരിച്ചാൽ, മണപ്പുറത്തുള്ള നാലെട്ടുകുടിയാന്മാരുടെ പെക്കൽ ഒരു ശീട്ടു എഴുതി കൊടുത്തയപ്പാൻ കഴിയുമെങ്കിൽ അതിന്നും കല്പന ഉണ്ടാവെണ്ടിയിരിക്കുന്നു. കുറച്ചു ചിലരെക്കൊണ്ടു ഇഷ്ടിമാൻ സായ്പിനെ ബൊധിപ്പിച്ചു കാൎയ്യത്തിന്റെ രൂപമാക്കാമെന്നു തൊന്നുന്നു."

പിന്നെ ഒരിക്കൽ "......മണപ്പുറം എല്ക്കണമെന്നുവെച്ചു ശാമിനാഥപട്ടരു സൎവ്വാധികാൎയ്യക്കാരു (സാമൂതിരിയുടെ) വഴിപൊലെ പ്രയത്നം ചെയ്യുന്നുണ്ടു്. ഇപ്പൊൾ അദ്ദെഹം ആളെ അയച്ചു 'ജനൊംപാതിരി'യെക്കൂടെ വരുത്തീട്ടുണ്ടു്. (ഇഷ്ടിമാനൊടു ശിപാൎശിക്കു്) ബ്രൌൺ കപ്പിത്താനും സൎവ്വാധികാൎയ്യക്കാരുടെ പാട്ടിൽ ആകുന്നു. അയാൾക്കു ഇങ്ങൊട്ടു നീരസവും ആകുന്നു. കപ്പിത്താൻ തീൎക്കാനുള്ള രൂപായുടെ കാൎയ്യത്തിനു തീട്ടൂരം എഴുതി വരുത്തിച്ചതാണു കാരണം." (ആ കപ്പിത്താനിൽനിന്നു വലിയ സംഖ്യകൾ ശക്തൻതമ്പുരാനു തീൎന്നുകിട്ടാനുണ്ടായിരുന്നതായി കാണുന്നുണ്ടു്.)

വേറെ ഒന്നിൽ "......ചെറവ്വാമണപ്പുറത്തുനിന്നും പഴഞ്ചെരി എളെനായരും, കുടികൾ വഹയിൽ നായരും, മാപ്പിളയും, ഈഴുവനും ആയിട്ടു നൂററിൽചില്വാനം ആളുകളുംകൂടി കൊഴിക്കൊട്ടു കച്ചെരിയിൽ ഇഷ്ടിമാൻസായിപ്പിന്റെ മുമ്പിൽ വിടകൊണ്ടു, കാക്കൽവീണു, മണപ്പുറം പെരുമ്പടപ്പുസ്വരൂപത്തിലെക്കു കൊടുത്താൽ ഞങ്ങൾ രാജ്യം

വിട്ടുപൊകുമെന്നു വിടകൊള്ളുകയും, കരയുകയും ചെയ്തു. ഇങ്ങനെ ഏറിയ ആളുകൾ സങ്കടംപറഞ്ഞു നില്ക്കുമ്പൊൾ, ശീമ കൊടുത്തുകൂടാ എന്നും, ഇപ്പൊൾ അങ്ങനെ ചെയ്യാൽ ഡങ്കണിസായ്പു (മിസ്റ്റർ ഡങ്കൻ) വരുമ്പൊൾ എനിക്കു മാനഭംഗം വരുമെന്നും ഇഷ്ടിമാൻ സായിപ്പു വിടകൊണ്ടു..... ” എന്നെഴുതിയിരിക്കുന്നു.

“......പഴഞ്ചെരിനായരും, കൊട്ടയ്ക്കാട്ടു കെളുമെനൊനും, അല്ലാതെ പത്തിരുപതു കുടികളുംകൂടെ 11-ാംനു- കൊഴിക്കൊട്ടയ്ക്കു വിടകൊണ്ടു. മണപ്പുറം ഇവിടയ്ക്കു തരികയായിട്ടു കെട്ടു എന്നും, എന്നാൽ ഞങ്ങളാരും അവിടെ ഇരുന്നു കഴികയില്ലെന്നും, കുത്തകക്കു കൊടുക്കുന്നു എന്നുവെച്ചാൽ ആ പണം ഞങ്ങൾതന്നെ ഏററു, അതിന്നു വത്തക്കരെ ‘അപാലത്തി’ ചെയ്യുതരാമെന്നും വിടകൊണ്ടു. “ഇപ്പൊൾ അങ്ങുന്ന കൊടുക്കാൻതന്നെ വെച്ചു, പൊകെവെണ്ടു” എന്നു നയത്തിലും ഭയത്തിലും ദിവാൻ ആകുന്ന പ്രയത്നംചെയ്തുനൊക്കീട്ടും, അവരു് അനുവദിച്ചതുമില്ല. അനുവദിക്കാതെ ചെയ്തുകൂടാ എന്നു ഇഷ്ടിമാൻസായിപ്പിനുമുണ്ടു്. കെളുമെനൊനെ അടിയൻ ആളയച്ചു വരുത്തി വിടകൊണ്ടാറെ, എനിക്കു സമ്മതംതന്നെ ആകുന്നു എന്നും, ശെഷമുള്ളവര പറയുമ്പൊൾ ഞാൻ മററൊരുവിധം പറഞ്ഞാൽ നന്നല്ലല്ലൊ എന്നും പറഞ്ഞു. കുടികൾക്കു സമ്മതമെങ്കിൽ കൊടുക്കാമെന്നത്രെ ‘വെമ്പാ’യിന്നു എഴുതിവന്നിരിക്കുന്നതു. അതുകൊണ്ടത്രെ നാലാളെങ്കിലും സമ്മതിച്ചു എന്നു ഒരു ശീട്ടെഴുതിവരണമെന്നു വിടകൊള്ളുന്നതു...”

“ഉടനെ ഞാനും ദിവാനുംകൂടി ഇഷ്ടിമാന്റെ അടുക്കൽ ചെന്നു ഇവിടെ പാക്കുന്ന പഴഞ്ചെരിനായര അയച്ചിട്ടു രണ്ടു ചുവപ്പുകുപ്പായക്കാരും അല്ലാതെ നാലാളുകളും ചെന്നു കുടികളെ ഞെരുക്കി കൊഴിക്കൊട്ടയ്ക്കു ചെല്ലാൻ കല്പിച്ചതായി പറഞ്ഞു എന്നും, ചുവപ്പുകുപ്പായക്കാർ (കമ്പനിശിപായിമാരുടെ ഉടുപ്പാണതു്) ശാമിനാഥപട്ടരും ഇക്കണ്ടപണിക്കരും അയച്ചു (ആൾമാറാട്ടമായി അയച്ചു) അവരാകുന്നു എന്നും, ബൊധിപ്പിക്കയും, ആ കുപ്പായക്കാരെ പിടിച്ചുകൊണ്ടുവരാൻ കല്പിക്കയുംചെയ്തു. പഴഞ്ചെരിനായരും കെളുമെനൊനും ഇഷ്ടിമാൻസായ്പിന്റെ അടുക്കൽചെന്നു, ഇവിടെ എഴുതിക്കൊണ്ടുവന്ന കടദാസ്സുകൾ ഒന്നും സാധുവല്ലെന്നും, പഴഞ്ചെരിനായര വകയിൽ ചിലര ചെലയിൽകൂടീട്ടുണ്ടെന്നും (ഇസ്ലാംമതത്തിൽ ചേരുക) അവന്റെയാണെന്നും, വിടകൊണ്ടാറെ, (പഴഞ്ചെരിനായരുടെ എന്ന

നിലയ്ക്കു ചില കാലകഠം കൊച്ചിയിൽനിന്ന ഹാജരാക്കിയിരുന്നു.) 'പഴഞ്ചെരി മൂത്തനായര നീയ്യൊ—വെറെ ഉണ്ടൊ' എന്ന സാഷ്യ കല്പിച്ച ശെഷം, മൂത്തനായര വെറെ ഉണ്ടെന്നും, ഞാൻ എളയനായരാകുന്നു എന്നും പറകയും, 'നീ പൊ,മൂത്ത നായര വന്നു പറയട്ടെ, പൊയില്ലെങ്കിൽ പിടിച്ചു കെട്ടി മണപ്പുറത്തൊളം അടിപ്പിക്കും' എന്നു സാഷ്യ കല്പിക്കയും, സങ്കടം നിവൃത്തിയാക്കാമെന്നു കെളുമെന്നൊടു കല്പിച്ചാറെ കെളുമെനൊൻ സമ്മതിച്ചു എഴുതിക്കൊടുക്കയും, മുമ്പെ എഴുതിക്കൊടുത്തവർ (കൊച്ചിയുടെ ഭാഗത്തേയ്ക്കു് അനുകൂലമായി) ആരെല്ലാം എന്നു ചൊദിച്ചാറെ എല്ലാം മണപ്പുറത്തുകാർ ആകുന്നു എന്നു പറഞ്ഞു സമ്മതം എഴുതിക്കൊടുക്കയും ചെയ്തിരിക്കുന്നു..."

മേലുദ്ധരിച്ചവയെല്ലാം കാരയ്ക്കാട്ടു രാമമേനോൻ "വലിയ എജമാനൻ (വലിയസർവ്വാധി) വായിച്ചു തിരുവുള്ളത്തിലേറുന്ന"തിനായി ശക്തൻതമ്പുരാനു് അയച്ച എഴുത്തുകളിൽനിന്നുള്ള ഭാഗങ്ങളാണു്. ശക്തൻതമ്പുരാൻ നേരിട്ടും ആയിടയ്ക്കു 'നമ്മുടെ കാരയ്ക്കാട്ടു രാമനെന്നാൽ, എന്നു കാണിച്ചു പല തിട്ടൂരങ്ങളും അയച്ചിട്ടുണ്ടു്. അവയൊന്നും മുഴുവനായി കണ്ടുകിട്ടീട്ടില്ലാ. എന്നാൽ, താഴെചേക്കുന്ന രണ്ടു തിരുവെഴുത്തുകളിൽനിന്നു സാമൂതിരിയുടെ ചട്ടുകം മാത്രമായി പ്രവത്തിച്ചിരുന്ന പഴഞ്ചേരിനായക്കും കൂട്ടുകാക്കും നേരിടേണ്ടിവന്ന എതിർകക്ഷി കേവലം അസാമാന്യനും "കണ്ടൻ തറിക്കു മുണ്ടൻ തറി' പ്രയോഗത്തിനു ശക്തനും ആയിരുന്നു എന്നു ധാരാളം തെളിയുന്നതാണു്.

970 കന്നി 29-ാംനു-ത്തെ തിരുവെഴുത്തിൽ, "...മൂതിരക്കൽ കുഞ്ഞനും മുരിയാടസ്സനമ്പ്യാരുംകൂടി അവരുടെ പററിൽ ഒന്നു രണ്ടു ഒഴുക്കൻവള ഉണ്ടായിരുന്നതു വിററു, പത്തഞ്ഞൂറു പണംമെടിച്ചു മണപ്പുറത്തെ എരപ്പാളികളായിട്ടുള്ള ആളുകഠംക്കു എതാനും ഒക്കയും കൊടുത്തു്, അവരെല്ലാവരുംകൂടി ഇഷ്ടിമാൻെറ അടുക്കൽവന്നു നിലവിളിക്കണമെന്നുപറഞ്ഞു എല്പിച്ചു, കൂട്ടിക്കൊണ്ടുവരത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നപ്രകാരം കെട്ടു. 'ജനൊംപാതിരി' കൂടെ വന്നിട്ടു ഒന്നിച്ചു പുറപ്പെടത്തക്കവണ്ണമത്രെ വെച്ചിരിക്കുന്നതു. അവര അവിടെ വന്നു പറഞ്ഞാൽ ഒന്നും ഫലിക്കാതെ ഇരിക്കത്തക്കവണ്ണം വെണ്ടുംപ്രകാരം ക്ലെശിച്ചുകൊള്ളണം..." എന്നു കാലേകൂട്ടി വിശദമായി ഉപദേശിച്ചിരിക്കുന്നു!

970 തുലാം 3-ാംനം-ത്തെ തീട്ടൂരത്തിൽനിന്നു് അന്നു കളിച്ച കളികളൊക്കെ സ്ഥാലീപുലാകന്യായേന കാണാവുന്നതാണു് "........പഴഞ്ഞെരി എളെനായരും, കുടിവഹയിൽ നൂററിൽചില-ാനം ആളുകളുംകൂടി വന്നപ്രകാരത്തിനുംമററും എഴുതിവന്നുവല്ലൊ. മുമ്പിൽതന്നെ 'ചെററവാമനപ്പുറത്തെ കുടികളിൽ നാലാളുടെ പെക്ക ഒന്നു എഴുതിച്ചുകൊടുത്തയച്ചാൽ മതി എന്നു പറകകൊണ്ടു, ആയത വാങ്ങിച്ചയച്ചു. പിന്നെ, പഴഞ്ഞെരിനായരുടെയും, വാക്കയിൽ കയ്മളുടെയും കുടികൾ പത്തിരുപതാളുടെപെക്കും എഴുതിക്കൊടുത്തയച്ചു. അതിൽ പിന്നെ ഐത്രുർകൊവിലകത്തെപെക്ക എഴുതിക്കൊടുത്തയക്കണമെന്നു പറഞ്ഞതുകൊണ്ടു അതുംചെയ്തു. ഇനിയും പത്തുനൂറ കുടികളുടെപെക്ക എഴുതിക്കൊടുത്തയക്കണമെന്നു ദിവാൻ പറഞ്ഞതായിട്ടല്ലൊ എഴുതിവന്നിരിക്കുന്നതു. മുമ്പിൽ എഴുതിത്തന്നവരുടെ അട്ടക്കൽ മറുഭാഗക്കാർ എറിയ ഞെരുക്കങ്ങൾ ആരംഭിച്ചിരിക്കുന്നു. ഇനിയും നാംപറഞ്ഞാൽ ഭയപ്പെട്ടിട്ടു എഴുതിത്തരുന്നതും അല്ല. അതുകൊണ്ടു ഇപ്രകാരം കുമ്പഞ്ഞിസ്ഥാനത്തുനിന്നു നമുക്കു തരാമെന്നു വാക്കു തന്നിരിക്കുന്നകാര്യം ആകകൊണ്ടും, എല്ലാടത്തും ഒരുപൊലെ ശ്രുതിപ്പെട്ടതു ആകകൊണ്ടും, നമുക്കുതന്നെ ആക്കിത്തരാഞ്ഞാൽ അപമാനമാകകൊണ്ടും, മററപ്രകാരം വന്നുപൊകാതെ പ്രയത്നിച്ചു നിദാനംവരുത്തിക്കൊള്ളണം".

൮

പാട്ടോലക്കരണകാര്യം.

ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് അഗാധബുദ്ധിമാനും, അതിസമർത്ഥനും, അസാധാരണമായ "കാര്യസ്ഥത"യുണ്ടായിരുന്ന ഒരു "മിടുമിടുക്കനും" ആയിരുന്നു. എഴുത്തുകുത്തുകളിൽ അദ്ദേഹം പ്രദർശിപ്പിച്ചിരുന്ന സാമർത്ഥ്യം "ബഹുവീരന്മാർ" ആയിരുന്ന അന്നത്തെ "ഇങ്കിരിയസ്സു കുമ്പഞ്ഞി"ക്കാരെ കണക്കിലധികം കഷ്ടപ്പെടുത്തുന്നതിനും കൊട്ടയാട്ടുന്നതിനും മതിയായതായിരുന്നു. എല്ലാ സംഗതികൾക്കും ആ തിരുമേനിക്കു നേരിട്ടു് എഴുതി വരിക, ഏതു കാര്യത്തിനും അവിടുന്നു നേരിട്ടു തീട്ടൂരം എഴുതി അയയ്ക്കുക, എന്നതായിരുന്നു അന്നത്തെ സമ്പ്രദായം. ആനക്കാര്യവും ചേനക്കാര്യവും, കോയ്മക്കാര്യവും കൊയ്ത്തുകാര്യവും, എല്ലാം ഒന്നുപോലെ അവിടുത്തെ തീക്ഷ്ണബുദ്ധിയിൽപെട്ടിരുന്നു. തിരുമനസ്സിൽനിന്നു നിർദ്ദേശിച്ചിരുന്ന വാക്കുകളല്ലാതെ

കാൎയ്യസ്ഥന്മാർ, സായിപ്പന്മാരായുള്ള സംഭാഷണങ്ങളിൽപ്പോലും, ഉപയോഗിച്ചിരുന്നില്ല. 970 കന്നിമാസം 1-ാംനു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ട്, കമ്പഞ്ഞിക്കാരുമായി ആലോചിക്കേണ്ട വിവരത്തിനു രാമ്രമേനോനു് എഴുതിയാണു താഴെ ചേൎക്കുന്ന രേഖ; തിരുമനസ്സിലെ അസാമാന്യമായ ലോകപരിചയം, കുശാഗ്രബുദ്ധിത്വം, അതിശ്രദ്ധ, പരിശ്രമശീലം, ഭാഷാസ്വാധീനം, കാൎയ്യസ്ഥത, മുതലായ പലപല സംഗതികൾക്കും അതു് ഒരു ജീവന്നിദൎശനമാകുന്നു.

"ചെറുവാമണപ്പുറം മുപ്പതിനായിരം രൂപാ ആയിട്ടു തരിക എന്നും അതിനു എഴുതേണ്ടത ഒക്കയും ശിക്ഷവരുത്തി എഴുതി തരാമെന്നും, ചുങ്കത്തിന്നു അവര (കമ്പഞ്ഞിക്കാർ) തന്നെ ആളെആക്കുക എന്നും വെച്ചിരിക്കുന്നപ്രകാരവും എല്ലാ ഇങ്ങൊട്ടു കെട്ടിരിക്കുന്നതു. പക്ഷെ, നാല്പതിനായിരം രൂപാ ആയാലും വെണ്ടാതില്ല, ചുങ്കവുംകൂടി ഒന്നായിട്ടുതന്നെ നമ്മുടെ വഹക്കു എല്ക്കണ്ടതിനു വഴിപൊലെ ക്ലെശിക്കണം. മണപ്പുറത്തെ വഹക്കു മുപ്പതിനായിരം രൂപാ ആയിട്ടു എന്നു കെട്ടിരിക്കകൊണ്ടു പതിനായിരം രൂപാ കൂടെ അധികം കൂട്ടി വെച്ചിട്ടും എതു പ്രകാരമെങ്കിലും ചുങ്കവുംകൂടി ഒന്നായിട്ടുതന്നെ നമുക്കു തരത്തക്കവണ്ണം പ്രയത്നം ചെയ്തു നിദാനം വരുത്തിക്കൊള്ളണം. അപ്രകാരം ആയി വരെണ്ടതിനു പല പ്രകാരത്തിലും ക്ലെശിച്ചാലും ആയതു കഴികയില്ലാ എന്നു തന്നെ വരുന്നു എങ്കിൽ, മണപ്പുറം മുപ്പതിനായിരം രൂപാ ആയിട്ടും, ചുങ്കത്തിന്നു നാം തന്നെ ആളാക്കി എടുത്ത മുതലും കണക്കും അവിടെ ബൊധിപ്പിക്കത്തക്കവണ്ണവുംവെച്ചു എല്ക്കുകയും, അങ്ങെ അററം ഇപ്രകാരവും ചെയ്യാം. ആയതിന്നു ചുങ്കത്തിന്നു നാം തന്നെ ആളാക്കി നമ്മുടെ വഹക്കു അങ്ങൊട്ടും ഇങ്ങൊട്ടും പൊകുന്നതു നീക്കി, ശെഷം എല്ലാവരും കൊണ്ടുപൊകുന്ന വഹക്കു ഒക്കയും ചുങ്കം എടുപ്പിച്ചു മുതലും കണക്കുംകൂടി ഇന്നിന്ന തവണയും അവിടെ കൊടുത്തയച്ചു ബൊധിപ്പിക്കണമെന്നും, ഇങ്ങൊട്ടും എഴുതിതന്നു അതിൻവണ്ണം അങ്ങൊട്ടും എഴുതികൊടുത്ത അതിനു പിന്നെ അവരുടെ ആളുകൾ അതിന്നു ഒരു സംബന്ധത്തിന്നു കൂടാത്തവണ്ണവും ആയി വരണം. മുമ്പിൽ എഴുതിയിരിക്കുന്ന പ്രകാരംതന്നെ ആയി വരണ്ടതിനു ക്ലെശിച്ചിട്ടു കഴിഞ്ഞില്ലെന്നു വരികിൽ, ഇപ്രകാരം ആയിട്ടെങ്കിലും നിദാനം വരുത്തെണ്ടതിന്നു വെണ്ടും പ്രകാരം പ്രയത്നം ചെയ്തു കണക്കിൽ ആക്കിക്കൊള്ളണം. ഇതൊക്കെയും ഇന്നപ്രകാരമെന്നു ഖണ്ഡിച്ചുഎഴുതി വന്നിട്ടില്ലായ്കകൊണ്ടത്രെ ഇന്നപ്രകാരമെന്നു ഇവിടെനിന്നും തീൎച്ചയായിട്ടു എഴുതിക്കൊടുത്തയക്കാത്തതു.

"ഇതിന്റെ ഒക്കെയും നിദാനം വരുത്തി എഴുതിപ്പിടിക്കുന്നതിൽ നമ്മുടെ കരാറിന്നു (ഇംഗ്ലീഷുകാരായുള്ള ഉടമ്പടിക്കരാറിനു്) ഒരു ബലക്ഷയമായിട്ടു ഒന്നു എഴുതിപ്പൊയി എന്നു വരാതെ വഴിപൊലെ വിചാരിച്ചുകൊള്ളണം.

"കൊതപറമ്പിന്നു വടക്കൊട്ടു ചൊറുവാ അഴിക്കു തെക്കൊട്ടു ഇതിന്നകത്തു നമ്മുടെ കരാറിൽ ഉൾപ്പെട്ടിരിക്കുന്ന വക ഇന്നെന്നതും നീക്കി ചൊറുവാ മണപ്പാറത്തെവകക്കു ഇത്ര ത്രുപാ ആയിട്ടു എററിരിക്കുന്നു എന്നുള്ള പ്രകാരമായിട്ടു എഴുതിക്കൊള്ളണ .

"അക്ഷരംകൊണ്ടും അൎത്ഥംകൊണ്ടും ഏതുപ്രകാരത്തിലെങ്കിലും (നമ്മുടെ) കരാറിന്നു ഭംഗം വരുത്തക്കവണ്ണം എഴുതണ്ടതിന്നു പല പ്രകാരത്തിലും അവർ (കുമ്പഞ്ഞിക്കാർ) ക്ലെശിക്കും. ആയതു വരാതെ വഴിപൊലെ ശൊധനചെയ്തു എഴുതിച്ചുകൊള്ളണം. രാജ്യം നന്നാക്കത്തക്കവണ്ണം നമ്മെ ഏല്പിച്ചിരിക്കകൊണ്ടു ഇത്ര ത്രുപാ എന്നു വെച്ചിരിക്കുന്ന ത്രുപ്പാ മെടിക്കുന്നതല്ലാതെ ഇത്ര കാലത്തെയ്ക്കു എന്നു വെച്ചു ഏല്പിച്ചിരിക്കുന്നതിന്നു എടയിൽ നമ്മെക്കൊണ്ടു കഴിപ്പിക്കയില്ലെന്നും, ഇങ്ങനെയുള്ള ഉറപ്പുകളും ഒക്കെയുംവെച്ചു ശിക്ഷവരുത്തി എഴുതി മെടിക്കെണ്ടതിന്നു വെണ്ടുംപ്രകാരം ക്ലെശിച്ചുകൊള്ളണം.

"അങ്ങൊട്ടു എഴുതിക്കൊടുക്കുന്നതിന്നും ഇങ്ങൊട്ടു എഴുതി മെടിക്കുന്നതിന്നും അവിടെ വെച്ചു ശിക്ഷവരുത്തി പെൎപ്പായിട്ടു എഴുതിച്ചു വെഗത്തിൽ ഇങ്ങൊട്ടു കൊടുത്തയക്കയും വെണം. പെൎപ്പു രണ്ടും ഇവിടെ കൊണ്ടുവന്നു വായിച്ചു കണ്ടു അങ്ങൊട്ടു കൊടുത്തയച്ചിട്ടു പിന്നെ നല്ലവണ്ണം എഴുതി അങ്ങൊട്ടും ഇങ്ങൊട്ടും പകൎന്നുകൊൾകയുമാം.

"ദിവാൻ അയ്യണ്ണയ്യനും (കുമ്പഞ്ഞി ദിവാൻ) മെസ്തർ ഇഷ്ലിമാനും ശെഷം അവിടെ ഉള്ള എല്ലാവരും നമ്മുടെ കാൎയ്യത്തിന്നുവെണ്ടും പ്രകാരം ആയിട്ടും ഇരിക്കെണ്ടതിന്നും, മെസ്തർ ഡങ്കൻ കൊഴിക്കൊട്ടുക്കു എത്തിയാൽ നമ്മുടെ കാൎയ്യങ്ങൾകൊണ്ടു എല്ലാവരും വെണ്ടുംവിധം മെസ്തർ ഡങ്കനെ ബൊധിപ്പിക്കത്തക്കവണ്ണവും, എല്ലാവരൊടും ഗുണദൊഷങ്ങൾ പറയെണ്ടതിനെ പറഞ്ഞ നിദാനം വരുത്തിക്കൊള്ളണം.

"മണപ്പാറത്തെ കാൎയ്യത്തിന്നു മൂസവടക്കനെക്കൊണ്ടു ശാമിനാഥൻ (സാമൂതിരിയുടെ കാൎയ്യക്കാർ) പ്രയത്നം ചെയ്യിപ്പിച്ചുവരുന്നുണ്ടെന്നും, അതിന്നു പിന്നെ പലരും പ്രയത്നംചെയ്യുംപ്രകാരവും പറഞ്ഞുകെട്ടു. ആരുതന്നെ പ്രയത്നിച്ചാലും മററൊരു വഴിക്കു പൊയ്പ്പൊയി എന്നു വരാതെ നമ്മുടെ വഹയ്ക്കുതന്നെ വരുത്തക്കവണ്ണം ഉറപ്പുകൾ വരുത്തണ്ടതിന്നു

ചെയ്യേണ്ടുംപ്രകാരം ഒക്കയും താല്പൎയ്യമായിട്ടു ചെയ്തു ഉറപ്പുവരുത്തി കൊൾകയും വെണം.

"ദിവാൻ അയ്യപ്പന്നെയും മുൻശിയെയും എല്ലാവരെയും ഗുണദൊഷം പറഞ്ഞ പാട്ടിൽവെച്ചു ഏുറൊപ്പിലെ (യൂറോപ്പ്) വൎത്തമാനങ്ങളൊ വങ്കാളത്തെ (ബംഗാൾ) വൎത്തമാനമൊ എന്തെല്ലാമാകുന്നു എന്നു ചോദിച്ചു അറിഞ്ഞ വൎത്തമാനങ്ങൾക്ക ഒക്കയും തിരിച്ചു ഒരു കടദാസ്സിൽ കുറിച്ചു ഇങ്ങൊട്ടു കൊടുത്തയക്കയും വെണം.

ഇതു നമ്മുടെ കാരസ്ഥാട്ടു രാമനു 970 കന്നിമാസം 1-ാംനു എഴുതിയതു"

ഹാ! എന്തു മനോഹരവും വിസ്മയാവഹവുമായ ഒരു തിരുവെഴുത്ത്! വ്യാഖ്യാനമേ ആവശ്യമില്ല. ചെന്താമരയ്ക്കു ചായം തേക്കേണ്ടതുണ്ടോ? ആയിരക്കണക്കിന് ഇത്തരത്തിലുള്ള സാരസ്യപുഷ്പങ്ങളായ സരസലേഖനങ്ങൾ ശക്തൻതമ്പുരാന്റെ കാലത്തെ റിക്കാട്ടുകളിൽ ഇന്നും കാണപ്പെടുന്നുണ്ട്. എന്തു ദീൎഘദൃഷ്ടി; എന്തു കാൎയ്യപ്രാപ്തി, എന്തു കൃത്യനിഷ്ഠ, എന്തു ക്ലേശസഹിഷ്ണുത! ഇംഗ്ലീഷുകാർ ആ മഹാനെ ഭയപ്പെട്ടതും, സംശയിച്ചതും; വെറുത്തതും വെറുതേയല്ല. അവിടത്തെ അനാദരിച്ചതിൽ ഇംഗ്ലീഷുകാർ കുററക്കാരല്ലാ; അവരോട് അവജ്ഞ പ്രദർശിപ്പിച്ചതിൽ അവിടന്ന് അപരാധിയുമല്ല. ശക്തൻ എന്ന പേരിനെ ആ രാജപുംഗവൻ എഴുത്തുകുത്തുകളിൽപ്പോലും അന്വൎത്ഥമാക്കിചെയ്തു.

ഈ തിരുവെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നപ്രകാരം ചേററുവാമണ്ണപ്പുറം ഇംഗ്ലീഷുകമ്പനിക്കാരിൽനിന്നു ശക്തൻതമ്പുരാൻ പാട്ടത്തിന് ഏറ്റുവാങ്ങുകയും അതിനു കമ്പനിക്കാരോട് ഒരു 'കബൂൽനാമാവ്' എഴുതിവാങ്ങുകയും ചെയ്തു. ആ കബൂൽനാമാവ്, ഇംഗ്ലീഷിലായിരുന്നു. അതിന്റെ മലയാളപരിഭാഷയും അസ്സലുംകൂടി തമ്പുരാൻതിരുമനസ്സിലേയ്ക്ക് എത്തിച്ചുകൊടുത്തപ്പോൾ പിന്നെയും സംശയം തീരാതെ, ഇംഗ്ലീഷിലുള്ള അസ്സലിൽ വല്ല വാഗ്വ്യത്യാസവും കമ്പനിക്കാർ വരുത്തീട്ടുണ്ടോ എന്ന് അറിയുന്നതിന് ആ കബൂൽനാമാവ്, കൊച്ചിക്കോട്ടയിൽ ആ കാലത്തു ഡച്ചുകമ്പനിക്കാരുടെ 'കമുദവരായി' പാൎത്തിരുന്ന ആളും ഇംഗ്ലീഷുഭാഷ അറിയുന്ന ആളും തമ്പുരാന്റെ ഒരു സ്നേഹിതനും ആയിരുന്ന ആൾക്ക സ്വകാൎയ്യമായി പരിശോധനയ്ക്കു കൊടുത്തയച്ചു. അതിനുശേഷം മാത്രമാണു് തൃക്കൈവിളയാടി സമ്മതിച്ച് അയച്ചതു്. ആ സന്ദൎഭത്തിൽ കമുദവർക്ക് അയച്ച തിരുവെഴുത്തു താഴെ ചേൎക്കുന്നു.

"അരുളിച്ചെയ്യ നമ്മുടെ കുമുദവക്കു എന്നാൽ, ചെറുവാമണപ്പുറം പാട്ടത്തിനായിട്ടു പണ്ടു കാലത്തെക്കു ഇങ്കിരിയസ്സ കുമ്പഞ്ഞിയിൽനിന്നും നമുക്കു എഴുതിതന്നിരിക്കുന്ന ആ കബൂൽനാമാവു് എഴുതിയിരിക്കുന്നതിൽ, മുമ്പെ നാം കരാറെഴുതിപ്പിടിച്ചിരിക്കുന്നതിനു ചില താഴ്ചകൾ വരത്തക്കവണ്ണം ഇതിൽ ഉൾപ്പെടിച്ചു എതാനും ഇങ്കിരിയസ്സ എഴുതി ഭെദങ്ങളായിട്ടുണ്ടൊ എന്നു അറിഞ്ഞുവെയ്ക്കണമല്ലൊ? അതുകൊണ്ടു ആ കബൂൽനാമ നമ്മുടെ കുമുദവര വായിച്ചുകാണെണ്ടതിനു അങ്ങൊട്ടു കൊടുത്തയ്ക്കുന്നു. കരാറിനു ഭെദം വരത്തക്കവണ്ണം ഇതിൽ ഒന്നും എഴുതീട്ടില്ലെന്നും ഇവിടെ വായിച്ചു കണ്ടാൽ ആയത എതാനും ഉണ്ടെന്ന വരികിൽ മാറി എഴുതിത്തരാമെന്നും അത്രെ പറഞ്ഞിരിക്കുന്നതു. അതുകൊണ്ടു ആ കബൂൽനാമ നമ്മുടെ കുമുദവര വായിച്ചുനൊക്കി ഇങ്കിരിയസ്സ എഴുത്തു എഴുതി ഇരിക്കുന്നതിൽ മുമ്പെ നാം എഴുതിപിടിച്ചിരിക്കുന്ന കരാറിന്നു ഒരു താഴ്ച വരാത്തവണ്ണം അക്ഷരംകൊണ്ടു എങ്കിലും അൎത്ഥംകൊണ്ടു എങ്കിലും ഇതിൽ എതാനും ഉൾപ്പെടിച്ചു എഴുതീട്ടുണ്ടൊ എന്നു വഴിപൊലെ നമ്മുടെ കുമുദവര പരിശൊധന ചെയ്തു, ഉണ്ടെങ്കിൽ ആയതു ഇന്നതു ആകുന്നു എന്നും, ഇല്ലെങ്കിൽ ഇതുതന്നെ മതി എന്നും തിരിച്ചുതന്നെ നമ്മുടെ കുമുദവരുടെ കടദാസ്സ എഴുതിവരികയും വെണം..."

മറ്റു പല ഭാഷകളിലും അവിടുന്നു പ്രവീണനായിരുന്നാലും ഇംഗ്ലീഷുഭാഷയിൽ ശക്തൻതമ്പുരാൻതിരുമനസ്സിലേക്കു യാതൊരു പരിജ്ഞാനവും ഉണ്ടായിരുന്നില്ല. എന്നുമാത്രമല്ല, ആംഗ്ലേയഭാഷ വിവിധങ്ങളായ അൎത്ഥഭേദങ്ങൾക്കു വഴികൊടുക്കുന്ന ഒന്നാണെന്നു് അവിടുന്നു ധരിക്കുകയും വ്യാഖ്യാനകുസൃതികളും, തദനുസാരങ്ങളായ വ്യത്യസ്തപ്രവൃത്തികളും ഇങ്കിരിയസ്സ കുമ്പഞ്ഞിക്കാരുടെ കച്ചവടസാമൎത്ഥ്യത്തിൽ ഉൾപ്പെട്ടതാണെന്നു് അവിടുന്നു ഭയപ്പെടുകയും ചെയ്തിരുന്നു. ഗൂഢങ്ങളായ രക്ഷാമാൎഗ്ഗങ്ങളെ സന്ധിക്കരാറുകളിൽ ഉപായേന ചെലുത്തി വെയ്ക്കുന്നതിനും, അവയുടെ നിഴലിൽനിന്നുകൊണ്ടു് അധികാരാവകാശങ്ങൾക്കു വാദം ചെയ്യുന്നതിനും, ഇംഗ്ലീഷുകാൎക്കു പ്രകൃത്യാ ഉള്ളതും പിന്നീടു വിശ്വവിശ്രുതമായിത്തീൎന്നിട്ടുള്ളതുമായ അവരുടെ ആ സ്വഭാവവിശേഷത്തെ അത്ര കാലേതന്നെ സൂക്ഷ്മമായി ധരിച്ച ശക്തൻതമ്പുരാൻതിരുമനസ്സിലെ ധിഷണാസാമൎത്ഥ്യത്തിൽ ആരും അത്ഭുതപ്പെട്ടുപോകുന്നതാണു്. ചെറുവാക്കരാറു് ഇംഗ്ലീഷുഭാഷയിൽ എഴുതിപ്പിടിക്കാതെ കഴിക്കുന്നതിനുവേണ്ടി അദ്ദേഹം വളരെ ക്ലേശിച്ചിട്ടുള്ളതായി കാണുന്നു.

ആ ഭാഷയെക്കുറിച്ച് അവിടേയ്ക്കുണ്ടായിരുന്ന അഭിപ്രായവും കുമ്പഞ്ഞിക്കാരുടെ കള്ളപ്പോരുകളിൽ അവിടേയ്ക്കുണ്ടായിരുന്ന ആശങ്കകളും ആ കരാറിനെ സംബന്ധിച്ചുതന്നെ അവിടുന്നു 'നമ്മുടെ കാരയ്ക്കാട്ടു രാമനു' 5—6—970ൽ എഴുതീട്ടുള്ളതും താഴെ ഉദ്ധരിക്കുന്നതുമായ തിരുവെഴുത്തിലെ ഭാഗത്തിൽനിന്നു തെളിയുന്നതാണ്. ഇംഗ്ലീഷുകാർ ഈ സൂക്ഷ്മഗ്രഹണശക്തിയും ക്ലേശസഹിഷ്ണുതയുമുള്ള ഒരു സാമന്തരാജാവിനെ ദിവാനിശം സംശയദൃഷ്ടികളോടുകൂടി വീക്ഷിച്ചതിൽ, കാലസ്ഥിതിക്കു അവരെ കുററപ്പെടുത്തുവാനില്ല. ആ എഴുത്തിൽ ഇങ്ങനെ കാണുന്നു:—
ഇങ്ങൊട്ടു എഴുതി മെടിക്കുന്നത ഇങ്കിരിയസ്സ എഴുത്തിൽകൂടി എഴുതുക എന്നുവരുമ്പൊൾ, ഇങ്കിരിയസ്സ എഴുത്തു ഒരു അക്ഷരത്തിന്നുതന്നെ മൂന്നും നാലും അൎത്ഥം ഉള്ളതു ആകകൊണ്ടു ഒരക്ഷരത്തിൽ അസാരം ചില ഭെദങ്ങളായിട്ടു എഴുതി എങ്കിൽ ഇങ്കിരിയസ്സ എഴുത്തു നല്ലവണ്ണം വശമായ ആളുകൾക്കു തന്നെയും അതിന്റെ വൈഷമ്യം അറിവാൻ പരാധീനമുണ്ടെന്നും, അതുകൊണ്ടു ഇങ്കിരിയസ്സ എഴുത്തു കൂടാതെതന്നെ ആയിവരണമെന്നും, മഹാരാഷ്ട്രത്തിൽ എങ്കിലും, കന്നടത്തിൽ എങ്കിലും, തമിഴിൽ എങ്കിലും, മലയായ്മയിൽതന്നെ ആയിട്ടെങ്കിലും ആയാൽ വെണ്ടുവതില്ല എന്നും അത്രെ തൊന്നുന്നതു. അതുകൊണ്ടു ഏതുപ്രകാരത്തിൽ എങ്കിലും ഇങ്കിരിയസ്സ എഴുത്തുകൂടാതെ, നാം കൊടുത്തയക്കുന്ന പെപ്പിൽനിന്നു ഒരു വ്യത്യാസവുംവരാതെ എഴുതി മെടിച്ചുകൊള്ളണം. ഇങ്കിരിയസ്സ എഴുത്തിൽ എഴുതിയാൽ ഒരക്ഷരത്തിന്നു എങ്കിലും വ്യത്യാസമായിട്ടുവരികിൽ പിന്നെ അതുകൊണ്ടു വ്യവഹരിപ്പാൻ എടവരുമല്ലൊ. അതുകൊണ്ടു എങ്ങനെയെങ്കിലും ഇങ്കിരിയസ്സ എഴുത്തു കൂടാതെ കഴിയേണ്ടതിന്നുതന്നെ താൽപൎയ്യപ്പെടണം. ഇങ്കിരിയസ്സ എഴുത്തുകൂടാതെ കഴികയില്ലാ എന്നുതന്നെ വന്നുഎങ്കിൽ ഈ പെപ്പിൽ എഴുതിയിരിക്കുന്നതിൽ ഒരക്ഷരത്തിന്നു എങ്കിലും ഭെദംകൂടാതെ വഴിപൊലെ ശൊധനചെയ്തു ഇങ്കിരിയസ്സിൽ എഴുതിച്ച പെർപ്പുംപ്രകാരം തന്നെ എന്ന മലയായ്മയിൽ ആ കടദാസ്സിലും എഴുതിച്ചു മെടിച്ചുകൊള്ളണം."

ഇത്രയൊക്കെ ശ്രമിച്ചിട്ടും ശ്രദ്ധിച്ചിട്ടും കച്ചവടക്കണ്ണു തെളിഞ്ഞവരും അചിരേണ ഭൂമുഖത്തിന്റെ ഭൂരിഭാഗത്തിനു അവകാശികളായി ഭവിക്കുവാനുള്ളവരും ആയിരുന്ന 'ഇങ്കിരിയസ്സ കുമ്പഞ്ഞിക്കാർ' അതിനൊന്നും വഴിപ്പെട്ടില്ല. തമ്പുരാൻതിരുമനസ്സിലെ പകപ്പു അനുസരിച്ചാണെങ്കിലും ഇങ്കിരിയസ്സിൽതന്നെ അവർ ഉടമ്പടി എഴുതി അയച്ചു.

ആ ഉടമ്പടിയാണു തൃക്കൈവിളയാടുന്നതിനു മുമ്പിൽ തന്റെ വിശ്വസ്തനായിരുന്ന ഡച്ചുകമ്മദോവക്കു കൊടുത്തയച്ചു പരിശോധിപ്പിച്ചതായി മേൽപ്രസ്താവിച്ചിട്ടുള്ളതു്. എന്നിട്ടും 'അക്ഷരത്തിനും അർത്ഥത്തിനും ഭേദമായിട്ടുതന്നെ വന്നു' എന്നു് 24—12—970-ൽ ആ തിരുമേനി രാമമേനോനുതന്നെ എഴുതീട്ടുള്ള മറെറാരു തീട്ടൂരത്തിൽനിന്നു സ്പഷ്ടമാകുന്നുണ്ടു്. അതിൽ ഇപ്രകാരം കാണുന്നു:—

"...ചെറവവാ മണപ്പുറത്തെ കാൎയ്യത്തിന്നു എഴുതിയിരിക്കുന്ന കടദാസ്സിൽ ചില വാചകങ്ങൾ അസാരം വ്യത്യാസം ആയിട്ട് എഴുതിയിരിക്കുന്നകൊണ്ടു ആളുകൾ നന്നെ പരിഹാസമായിട്ടു അത്രെ പറഞ്ഞുവരുന്നതു. വ്യത്യാസമുള്ള വാചകം ഭെദംവരുത്തി എഴുതി മെടിക്കെണ്ടതിനൊക്കെയും മുമ്പെ എഴുതിക്കൊടുത്തയച്ചിട്ടും ഉണ്ടല്ലൊ. ഇപ്രകാരം മെസ്തർ ഇഷ്ടിമാനായിട്ടും പറഞ്ഞു എങ്ങനെ എങ്കിലും വാചകങ്ങൾ ഭെദംവരുത്തുവാനുള്ളതു ഭെദംവരുത്തി എഴുതി മെടിച്ചുകൊണ്ടുവരണം".

കുമ്പഞ്ഞിക്കാർ അതിനു കൂട്ടാക്കിയില്ലെന്നു പറയേണ്ടതില്ലല്ലൊ. അവർ 'അക്ഷരത്തിന്നു പെപ്പിലെ വാചകങ്ങൾക്കു ഭെദംവന്നിട്ടില്ലെന്നു വാദിച്ചുകൊണ്ടിരുന്നതല്ലാതെ മറിച്ചെഴുതുകയുണ്ടായില്ല. ശക്തൻതമ്പുരാൻ ആദ്യത്തിൽ സംശയിച്ചതുപോലെതന്നെ പിൽക്കാലത്തു് ആ കരാറിന്റെ അൎത്ഥവും ഉദ്ദേശ്യവും വിപരീതങ്ങളായ വലിയ വ്യാഖ്യാനങ്ങൾക്കു വിഷയമാകുകയും ചെയ്യാതിരുന്നില്ല.

ആ കബൂൽനാമാവു്, ശക്തൻതമ്പുരാൻ ഉദ്ദേശിച്ചപ്രകാരം, മാററിക്കിട്ടുന്നതിനു്, അഥവാ അദ്ദേഹം സംശയിക്കയും ഭയപ്പെടുകയും ചെയ്ത സന്ദിഗ്ദ്ധഭാഗങ്ങളെ തിരുത്തിവാങ്ങുന്നതിനു്, ശ്രമപ്പെട്ടതിന്റെ സ്വഭാവവും അവസാനഫലവും താഴെ ചേൎക്കുന്ന എഴുത്തിലെ ഭാഗത്തിൽനിന്നു തെളിയുന്നതാണു്:—

"...ചെറവവാമണപ്പുറത്തെ കബൂൽനാമാവിന്റെ കാൎയ്യംകൊണ്ടു വിടകൊണ്ടാറെ, കടദാസ്സു മാറി എഴുതിക്കൂടാ എന്നും, നക്കലുകൾ വെമ്പായിക്കും വക്കാലത്തെക്കും കൊടുത്തയച്ചു എന്നും, അന്നു ചെറവവാക്കാര ആവലാതിക്കു വന്ന അവസ്ഥയും, ഒന്നും നിങ്ങൾ വിചാരിക്കുന്നില്ലല്ലൊ എന്നും, കുടികൾ ആവലാതിപ്പെട്ടപ്പൊൾ തമ്പുരാനു ശീമ കൊടുത്തുകൂടാ എന്നും, കൊടുത്താൽ നമുക്കു പൊരായ്മ വരുമെന്നും, ഇവിടെ ഉള്ള കുമ്പഞ്ഞിക്കാരൊക്കെയും പറഞ്ഞു എന്നും, അതി

നൊക്കയും പൊത്തുവരുത്ത ഉണ്ടാക്കി തമ്പുരാനെ വിചാരിച്ചിട്ടത്രെ ഞാൻ എഴുതിത്തന്നതു എന്നും, ഗുണം വരുത്താകുന്നെടത്തോളം വരുത്തീട്ടുണ്ടെന്നും, പത്തു കാലത്തെക്ക എന്നു എഴുതിയിരിക്കകൊണ്ടു ആണ്ടും കാലവും വെക്കണമെന്നില്ലെന്നും, കൂടിയെ കഴിയു എങ്കിൽ വെക്കാമെന്നും വിടകൊണ്ടു. കബൂൽനാമ വാങ്ങിച്ച ഇങ്കിരിയസ്സിലും മലയായ്മയിലും ഇഷ്ടിമാൻ സായ്പുതന്നെ ആണ്ടുംകാലവും എഴുതുകയും ചെയ്തു.”

ചോററവാമണപ്പുറം സ്വന്തം രാജ്യമായി വിട്ടുകിട്ടേണ്ടതാണെന്നും, അതു തരപ്പെട്ടുന്നില്ലെന്നു വന്നപ്പോൾ കുത്തകപ്പാട്ടമായി എന്നെന്നേയ്ക്കും കിട്ടണമെന്നും, അതിനു നിവൃത്തിയില്ലാതായപ്പോൾ മുപ്പതു കൊല്ലത്തേയ്ക്കായും ചുങ്കം ഉൾപ്പെട്ടും കിട്ടണമെന്നും, മററും തിരുമനസ്സിൽനിന്നു വിടാതെ വാദിച്ചുനോക്കി. സാമൂതിരിപ്പാട്ടിലേയും ആൾക്കാരുടേയും ശാഠ്യത്താലും, അവരുടെ പ്രേരണപ്രകാരം ചോററവാ മണപ്പുറത്തെ കുടികൾ പുറപ്പെട്ടുവിച്ച ശക്തിയായ പ്രാതികൂല്യത്താലും, വളരെ നാളത്തെ വാദപ്രതിവാദത്തിനുശേഷം, പത്തുകൊല്ലത്തെ കാലംവെച്ചു് ഒരു പാട്ടയേല്പനമാത്രമാണു് ഒടുവിൽ ,കൈവന്നതു്. ആ പാട്ടശ്ശീട്ടാണു പ്രസ്തുത ‘കാബൂൽനാമാവു’’പാട്ടോലക്കരണം.

യഥാൎത്ഥത്തിൽ വല്ല അൎത്ഥവ്യത്യാസവും വന്നിട്ടുണ്ടോ എന്നോ, കല്പിച്ചുകൂട്ടി വരുത്തിവെച്ചിരുന്നുവോ എന്നോ ഉള്ളതല്ലാ ഇവിടെ ചിന്തായോഗ്യമായിട്ടുള്ളതു്. എത്ര ഗാഢമായ ശ്രദ്ധയോടും ;ക്ലേശസഹിഷ്ണുതയോടും ബുദ്ധിപൂൎവ്വമായിട്ടും ആയിരുന്നു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഓരോ കാൎയ്യങ്ങളിൽ ഏൎപ്പെട്ടുകയും, താൻതന്നെ നേരിട്ടു പ്രവൎത്തിക്കുകയും ചെയ്തുവന്നിരുന്നതു്! അക്കാലത്തെ എഴുത്തുകുത്തുകൾ പരിശോധിച്ചുനോക്കുമ്പോൾ,· വിദഗ്ദ്ധന്മാരും, വീരന്മാരുമായിരുന്ന ഇങ്കിരിയസ്സ്കുമ്പഞ്ഞിക്കാരോടു പെരുമാറുന്നതിനു്, തൃപ്പാപ്പിയും നെടിയിരിപ്പും സ്വരൂപങ്ങളും, നാടുവാഴികളും, ദേശാധികാരികളും മുഴുവനും കൊച്ചിക്കു് എതിരായി കുതന്ത്രങ്ങളും കുസൃതികളും പ്രവൎത്തിച്ചു, കുമ്പഞ്ഞിക്കാരെ കൊച്ചിക്കെതിരായി നിലനിൎത്തിക്കൊണ്ടുപോരുവാൻ പ്രയത്നം ചെയ്തിരുന്ന ആ ഒരു കാലത്തു്, ഈ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടല്ലാതെ മറെറാരു രാജാവായിരുന്നു ഇവിടെ ഉണ്ടായിരുന്നതു് എങ്കിൽ, തീൎച്ചയായും ഇന്നത്തെ കൊച്ചിരാജ്യം ഒരുവേള തിരുവിതാംകൂറിന്റെയോ, അല്ലെങ്കിൽ ബ്രിട്ടീഷ്മലബാറിന്റെയോ, അതുമല്ലെങ്കിൽ രണ്ടിന്റേയുംകൂടിയോ ഭാഗങ്ങളായി, ചരിത്രനഭോമണ്ഡ

ലത്തിൽനിന്നു് എന്നെന്നേക്കുമായി പൊലിഞ്ഞുപോകുമായിരുന്നു എന്നു് ഉറപ്പിച്ചുതന്നെ പറയുന്നതിനു ധൈര്യം തോന്നുന്നു. ശക്തൻെറ ശക്തിയാണു കൊച്ചുകൊച്ചിയെ നിലനിൎത്തിയതു്.

XXVIII

പാലയ്ക്കാട്ടും പുന്നത്തൂരും

ശക്തൻതമ്പുരാൻ 'മലബാർ കമ്മീഷണർ'മാരുടെ മുമ്പാകെ തൻെറ എല്ലാത്തരം അവകാശവാദങ്ങളെയും സമൎപ്പിക്കുന്നതിനു് ഒട്ടും മടി കാണിച്ചില്ല. ചില വാദങ്ങളുടെ സാധുതയെപ്പററി അവിടെയ്ക്കുതന്നെയും നല്ല തൃപ്തിയുണ്ടായിരുന്നില്ലെങ്കിലും, ചിലതിനെക്കുറിച്ചു കാലഹരണവാദം പുറപ്പെട്ടേക്കാമെന്നറിഞ്ഞിരുന്നെങ്കിലും, ഒരു മഹാവിപ്ലവാനന്തരം ഉണ്ടാകുവാൻ പോകുന്ന നവീകരണവും പുനഃസ്ഥാപനവും ആകയാൽ 'ആവശ്യക്കാരില്ലാത്തതുകൊണ്ടാണു് അവകാശങ്ങൾ നഷ്ടപ്പെട്ടതു്' എന്നൊരു അപരാധത്തിനു് ഇടകൊടുക്കാതെയും, 'അപേക്ഷിക്കുക, വാദിക്കുക, വിധികൎത്താക്കന്മാർ യുക്തംപോലെ തീൎച്ചയാക്കട്ടെ' എന്ന സൎവ്വവിദിതമായ സാധാരണനയം അനുസരിച്ചും, അവിടുന്നു പഴുതുള്ളേടത്തൊക്കെ പൊരുതി നോക്കി. ഗുരുലഘുത്വവിചിന്തനം കൂടാതെ വാരിവലിച്ചു വാദിച്ചു എന്നൊരാക്ഷേപം ഒരുസമയം അവിടുത്തെ ആ പ്രവൃത്തിയെക്കുറിച്ചു പ്രത്യക്ഷത്തിൽ തോന്നിയേക്കാമെങ്കിലും, പരിതഃസ്ഥിതികളെ പരിഗണിക്കുമ്പോൾ ആ വക വാദങ്ങൾ അസ്ഥാനത്തിലായി എന്നു പറഞ്ഞുകൂടാ. 'ഒഴുകുന്ന വെള്ളത്തിൽനിന്നു് ഒരു കുടം മുക്കുവാൻ' സാധിച്ചാൽ അതു നല്ല കാൎയ്യമായി. എന്നുമാത്രമല്ല, കുറെ മുമ്പൊരു കാലത്താണെങ്കിലും വന്നേരിമുതൽക്കു് ആലപ്പുഴവരെയുള്ള രാജ്യങ്ങളെല്ലാം പെരുമ്പടപ്പിനു ചേൎന്നതായിരുന്നുതാനും. ആലങ്ങാട്ടു്, പറവൂർ, കരപ്പുറം ഈ പ്രദേശങ്ങളെ സംബന്ധിച്ചുണ്ടായ വാദവും തീരുമാനവും അന്യത്ര വിവരിച്ചിട്ടുണ്ടു്. അതുപോലെ പരാജയപ്പെട്ട മററു ചില തീൎപ്പുകളും ഉണ്ടായിരുന്നു. അവയെക്കുറിച്ചാണു് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നതു്.

കണ്ണൂർകോട്ട 'ജനറൽ അബർകോമ്പി'ക്കും, ഫറോക്കു് 'കേണൽ ഹാർട്ടലി'ക്കും കീഴടങ്ങിയതോടുകൂടി ടിപ്പുവിൻെറ മലയാളം മുഴുവനും

1791 ആദ്യത്തിൽ ഇംഗ്ലീഷുകമ്പനിക്കാക്ക് അധീനമായി; മലയാളത്തിലെ രാജാക്കന്മാരെല്ലാം സ്വസ്ഥാനങ്ങളിൽ വന്നുചേൎന്നു. കൊല്ലവഷം 966 കന്നി മുതൽക്ക് അവരവർ കമ്പനി ചൊല്പടിക്കു നികുതിപിരിവുകളും ആരംഭിച്ചു. 1792 മാൎച്ച്മാസം 16-ാംനു-യാണു ടിപ്പുവും ഇംഗ്ലീഷുകാരും തമ്മിൽ ശ്രീരംഗപട്ടണത്തിൽവെച്ച് ഉടമ്പടി ഒപ്പിട്ടതു്. അതോടുകൂടി രേഖപ്രകാരവും കമ്പനിക്കാർ മലയാളത്തിന്റെ അധിപന്മാരായി. കുറുമ്പ്രനാട്ട്, കോഴിക്കോട്ട്, ഏർനാട്ട്, വെട്ടത്തുനാട്ട്, ചാവക്കാട്ട്, ഇവയായിരുന്നു ടിപ്പുവിന്റെ 'തുക്കിടികൾ'. ആദ്യകാലത്തു 'പാലക്കാട്ട്' ടിപ്പുവിന്റെ മലയാളജില്ലയിൽ ഉൾപ്പെട്ടതല്ലായിരുന്നു. പാലക്കാട്ട കോയമ്പത്തൂർ തുക്കിടിയിലാണു ചേൎന്നിരുന്നതു്. പിന്നീട്ട് അതു കോഴിക്കോട്ടുതുക്കിടിയിൽ ചേൎക്കപ്പെട്ടു. ടിപ്പുവിന്റെ 'ജമാവന്തി'ക്കണക്കിൽ പാലക്കാട്ടെ പിരിവു് എമ്പത്തി എണ്ണായിരം വരാഹനാണു്. മൂന്നേ അരക്കാൽ ഉറുപ്പികക്കു് ഒരു വരാഹൻ എന്നാണു കണക്കുകൊണ്ടു കാണുന്നതു്. പാലക്കാട്ടുശീമയെ മൂന്നാക്കി തിരിച്ചിരുന്നു. അതിൽ രണ്ടാമത്തെ വിഭാഗത്തിൽ ചേൎന്ന പ്രദേശങ്ങളായിരുന്നു കോങ്ങാട്ടും, മണ്ണൂരും, എടത്തറയും. പാലക്കാട്ട് എന്ന മൂന്നാംവിഭാഗത്തിലെ പ്രദേശം മാത്രമാണു യഥാൎത്ഥത്തിൽ 'പാലക്കാട്ടു രാജാവിന്റെ' വകയായിരുന്നതു്. മലയാളരാജാക്കന്മാർ സ്വസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടകൂട്ടത്തിൽ കമ്പനിക്കാരുടെ സഹായിയും, തിരുവിതാംകൂറിന്റെ പ്രതിനിധിയുമായ കേശവപിള്ളദിവാൻജി, പാലക്കാട്ടുരാജാവിനെ പാലക്കാട്ടും ഇരുത്തി. രണ്ടാംവിഭാഗത്തിൽ ചേൎന്ന മങ്കര മുതലായ നാടുകൾ പണ്ടു പാലക്കാട്ടിൽ ഉൾപ്പെട്ടിരുന്നാലും, ഇടക്കാലത്തുവെച്ച് അവിടത്തെ പ്രഭുക്കന്മാർ സാമൂതിരിക്കു വഴിപ്പെട്ടു വേറിട്ടു നിന്നിരുന്നതുകൊണ്ട്, കേശവപിള്ളദിവാൻ ആ പ്രദേശങ്ങളെ പാലക്കാടിനോടു ചേൎക്കാതെ കോഴിക്കോടിനോടു ബന്ധിച്ചുനിൎത്തി. കോങ്ങാട്ടും, മണ്ണൂരും, എടത്തറയും പാലക്കാട്ടുരാജാവിനെ ധിക്കരിച്ചു വെള്ളാട്ടിരിരാജാവിനു വഴിപ്പെട്ട് അവിടത്തെ കീഴേടങ്ങളായി കഴിഞ്ഞുവന്നിരുന്നു. സാമൂതിരിയുടെ തെക്കോട്ടുള്ള ജൈത്രയാത്രയിൽ ആ പ്രദേശങ്ങളെയെല്ലാം, വെള്ളാട്ടിരിരാജസ്ഥാനത്തെത്തന്നെയും, താൻ കീഴൊതുക്കിനിൎത്തിയിരുന്നതായി സാമൂതിരിയും വാദിച്ചു. സാമൂതിരിയെ ടിപ്പു തോല്പിക്കയും സാമൂതിരിയുടെ രാജ്യം അടക്കുകയും ചെയ്തു. ആ ടിപ്പുവിന്റെ രാജ്യം ഇപ്പോൾ കമ്പനിക്കും സിദ്ധിച്ചു. ആ സ്ഥിതിക്കു് ഈ ത്രിദേശങ്ങളും മററാൎക്കുമല്ലാതെ കമ്പനിക്കുള്ളതാകുന്നു എന്നു് അവരും വാദിച്ചു.

ശക്തൻതമ്പുരാൻ ഈ മൂന്നുപ്രദേശങ്ങളും കൊച്ചിക്കു ചേർന്നതും തനിക്കു കിട്ടേണ്ടതും ആണെന്നു് ഒന്നു വാദിച്ചുനോക്കി. "ഇരുമ്പുപിടിച്ചു നശിച്ചുപോയ ഒരവകാശത്തെ കൊച്ചിരാജാവും പുറപ്പെടുവിച്ചു" എന്നാണു കമ്മീഷണർമാർ അതിനെക്കുറിച്ചു് അഭിപ്രായപ്പെട്ടുകാണുന്നതു്. എന്നാൽ ഇരുമ്പുപിടിച്ചതായാലും 'അവകാശം' എന്ന സാധനം അവിടെ ഉണ്ടായിരുന്നു എന്നുള്ള ഒരു സമ്മതം ആ അഭിപ്രായത്തിൽ അന്തർഭവിച്ചുകാണുന്നതു സമാധാനപ്രദംതന്നെ. കൊച്ചിയുടെ വാദച്ചുരുക്കം ഇപ്രകാരമായിരുന്നു. "ഈ മൂന്നു ചെറിയദേശങ്ങളും വെള്ളാട്ടിരിരാജാവിൻെറയായിരുന്നു. വെള്ളാട്ടിരിരാജാവും പെരുമ്പടപ്പുമായി ബന്ധുത്വംപമുണ്ടായിരുന്നു. വെള്ളാട്ടിരിക്കു പണമുട്ടു വന്നപ്പോൾ കൊച്ചിയോടു ദ്രവ്യം വാങ്ങി ഈ മൂന്നുപ്രദേശങ്ങളെയും കൊച്ചിക്കായി വിട്ടുകൊടുത്തു. അങ്ങനെ ആ നാടുകൾ കൊച്ചിക്കു ചേർന്നതൊ കൊച്ചിക്കു കീഴമന്നതോ ആയിത്തീർന്നു. ഹൈദർനവാബു പാലക്കാടു പിടിച്ചപ്പോൾ,—മലയാളത്തെ ആക്രമിക്കുന്നതിമുമ്പനാണു് അതുണ്ടായതു്,—ആ പ്രദേശങ്ങൾ കൊച്ചിയുടെ പിടുത്തത്തിൽനിന്നു തല്ക്കാലം വിട്ടുപോയി എന്നുള്ളതു ശരിയാണു്. എന്നാൽ, നാമിപ്പോൾ അവകാശങ്ങളെയെല്ലാം ആദ്യംമുതല്ക്കേ ആരായുകയാണല്ലോ ചെയ്യുന്നതു്". വെള്ളാട്ടിരിപ്രതിനിധികളും നാടുവാഴികളും ശക്തൻതമ്പുരാൻെറ അവകാശത്തെ നിഷേധിച്ചു. പക്ഷെ, വെള്ളാട്ടിരിരാജാവു് ഒന്നു സമ്മതിച്ചു: "ദ്രവ്യം വാങ്ങിയിരുന്നതു നേരാണു്. പക്ഷെ അതൊക്കെമടക്കിക്കൊടുത്തുപോയിട്ടുണ്ടു്." വാദസ്വഭാവംകൊണ്ടു് ആ വിവാദവിഷയം വിലയില്ലാതെ പോകുകതന്നെ ചെയ്തു. ആ ത്രിദേശങ്ങൾ വള്ളുവക്കോനാതിരിക്കും നഷ്ടപ്പെട്ടു എന്നു പറയേണ്ടതില്ലല്ലൊ. കോങ്ങോട്ടുനായരും, മണ്ണൂരുനായരും, എടത്രനായരും നായകസ്ഥാനംകൂടിയില്ലാത്ത വെറും നായന്മാരായും തീർന്നു.

തനി പാലക്കാടിനെക്കുറിച്ചും ശക്തൻതമ്പുരാൻ മൗനമവലംബിച്ചില്ല. പാലക്കാട്ടുരാജവംശം വമ്പിച്ച ഒന്നാണു്. അനേകം താവഴികളുമുണ്ടു്. സ്വരൂപത്തിലേയ്ക്കു മൂത്ത ആൾ രാജസ്ഥാനത്തു് എത്തുമ്പോഴേക്കും സാധാരണമായി 'കുഴിയിലേക്കു കാലുനീട്ടിയ' കാലമാവും. ഇളമേനോ മൂന്നാമനോ, ചിലപ്പോൾ വിശ്വസ്തനായ മറെറാരു അനന്തരവനോ 'മുക്ത്യാർകാരൻ' ആയി ഭരണമുറകൾ നടത്തും. ഇങ്ങനെയായിരുന്നു പതിവു്. ഇംഗ്ലീഷാധിപത്യസ്ഥാപനാനന്തരം, അന്നത്തെ രാജപ്രതിനിധിയായിരുന്ന ഇട്ടിപ്പങ്ങി അച്ചൻ തൻെറ രാജ്യകാര്യം

നിജപ്പെടുത്തുവാൻ കോഴിക്കോട്ടുചെന്നു. പാലക്കാടിനു മാത്രമായി തൊണ്ണൂറായിരം ഉറപ്പികയാണു ജമയെന്നു പറഞ്ഞു. മററു വിവരങ്ങളൊന്നുമില്ലാതിരുന്ന കമ്മീഷണർമാർ അതിൽനിന്നു പതിനായിരം ഉറപ്പിക പിരിവിന്റെ ചിലവിനും രാജാവിന്റെ കുടുംബച്ചിലവിനും വകനീക്കി, കൊല്ലത്താൽ എമ്പതിനായിരം രൂപായ്ക്കു്, 968-ാ മാണ്ടിലേക്കായി പാലക്കാട്ടുരാജ്യം ഇട്ടിപ്പങ്ങി അച്ചനെ ഏല്പിച്ചുകൊടുത്തു.

അടുത്ത അവസരത്തിൽതന്നെ മിസ്റ്റർ പൗണിയുടെ ഒരു റിപ്പോർട്ട് കമ്മീഷണർമാർക്കു കിട്ടി. അതിൽ, പാലക്കാടിനും അതിനോടു ചേന്ന നാട്ടുകൾക്കുംകൂടി ടിപ്പുവിന്റെ കണക്കനുസരിച്ചുള്ള ജമ ഒരുലക്ഷത്തിപതിനായിരം 'സുൽത്താൻ ചക്രം' ആണെന്നു് എഴുതിയിരുന്നു. കമ്മീഷണർമാർക്കു് ഇക്കാര്യത്തിൽ വലിയ ഒരു അമളി പിണഞ്ഞു. കൊച്ചിയിൽ, 'സുൽത്താൻചക്രം' എന്നു പറഞ്ഞാൽ, കോഴിക്കോട്ടു വരാഹൻ എന്നുപറയുന്നതുതന്നെയാണെന്നു മനസ്സിലാക്കാതെ, ഒരു വരാഹനു മൂന്നേഅരയ്ക്കാൽരൂപാ എന്നു കണക്കാക്കുന്നതിനുപകരം, മൂന്നു ചക്രം കൂടിയതാണു ഒരുറപ്പിക എന്നു തെററിദ്ധരിക്കയും, അങ്ങനെ കണക്കുണ്ടാക്കി നോക്കിയപ്പോൾ, ഇട്ടിപ്പങ്ങിഅച്ചൻ സമ്മതിച്ച സംഖ്യയേക്കാൾ കുറവേ വരുന്നുള്ളു എന്നു കാണുകയും ചെയ്യുതുകൊണ്ടു്, ഇട്ടിപ്പങ്ങിയച്ചന്റെ കൂടുതൽ ജമയെ വേഗം സ്വീകരിച്ചു്, അദ്ദേഹവുമായി ഉടനെ ഒരു കരാറു് എഴുതി കൈമാറുകയും 'പാലക്കാട്ടുശ്ശേരി'യെ അച്ചനെ ഏല്പിക്കുകയും ചെയ്തു!

അച്ചന്മാർ സായ്പുമാരെ പററിച്ചു എന്നൊരാക്ഷേപം അപ്പോൾ കൊച്ചിയിൽനിന്നു പുറപ്പെട്ടു. സായ്പുമാർ കൂലങ്കഷമായി അന്വേഷണം നടത്തി. മിസ്റ്റർ പൗണിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനങ്ങളെ പരിശോധിച്ചു. വളരെക്കാലം ഹൈദരുടെയും ടിപ്പുവിന്റെയും മുൽപിടിയായിരുന്ന 'ശിംഗൻപിള്ള'യെ വരുത്തി വിസ്തരിച്ചു. സുൽത്താൻചക്രം എന്നുവെച്ചാൽ വരാഹൻ തന്നെയാണെന്നു ബോധ്യമായി! 'അണ്ടികളഞ്ഞ അണ്ണാനെ'പ്പോലെ അവർ അമ്പരന്നു. ആ തക്കംനോക്കി കൊച്ചിയിലെ ശക്തൻതമ്പുരാൻ 'പാലക്കാട്ടുശ്ശേരി' താൻ അഞ്ചുകൊല്ലത്തേയ്ക്കു കൊല്ലത്താൽ മൂന്നുലക്ഷം ഉറപ്പികയ്ക്കു പാട്ടത്തിന്നേടുക്കാം എന്നൊരപേക്ഷ സമപ്പിച്ചു. സായ്പുമാരുടെ കണക്കിലെ പ്രമാദം അപ്പോൾ ഒന്നുകൂടി പ്രത്യക്ഷപ്പെട്ടു. അവർ ഇതികത്തവ്യതാവിമൂഢരായി. കടുവിൽ ഇങ്ങനെ തീരുമാനിച്ചു. 'ഏതായാലും ഏല്പിച്ച

കൊടുത്തു കരാറെഴുതി വാങ്ങിക്കഴിഞ്ഞു. ഒരു കൊല്ലത്തേയ്ക്കുമാണു്. ഇനി മാററുന്നതു യുക്തമല്ല. കൊച്ചിയുടെ വാക്കു സ്വീകരിക്കാൻ അധികാരമില്ല. ഒരു കൊല്ലത്തിൽ കവിഞ്ഞു് ഏല്പിക്കരുതെന്നാണു വെമ്പായീന്നുള്ള കല്പന. രാജാവിനു് അഞ്ചുകൊല്ലം വേണം. അതിനുംപുറമെ അതതുരാജ്യത്തിന്റെ മുന്നടമസ്ഥന്മാക്കല്ലാതെ അവകാശം വാദിക്കുന്ന അന്യന്മാരെ രാജ്യം ഏല്പിക്കുന്നതും ശരിയല്ല. ഇപ്പൊഠം ഇങ്ങനെ നില്ക്കട്ടെ."

കൂടുതൽസംഖ്യവെച്ചു് ഏല്ക്കാമെന്നുപറഞ്ഞിട്ടും ശക്തൻതമ്പുരാനു പാലക്കാട്ടുശ്ശേരി പാട്ടത്തിനുംകൂടി കിട്ടിയില്ല. കൊങ്ങാടും, മണ്ണൂരും, എടത്രയും പാലക്കാട്ടുരാജാവിന്റെ കീഴിലാക്കുന്നതിനു കമ്മീഷണർമാർ ആലോചിച്ചു. വെള്ളാട്ടിരി വല്ലഭൻരാജാവു, താൻ യുദ്ധകാലത്തു കമ്പനിക്കാക്കു ചെയ്തിട്ടുള്ള കാരോ സഹായങ്ങളെ വിചാരിച്ചെങ്കിലും, മുമ്പു തനിക്കു കീഴമന്നിരുന്ന ആ മൂന്നുനായർസ്ഥാനങ്ങളേയുംതനിക്കുതന്നെ വിട്ടുതരണമെന്നപേക്ഷിച്ചു. 45,766_2_0 രൂപാ താൻ ആവകയ്ക്കു പിരിച്ചടച്ചുകൊള്ളാമെന്നും ഏററു. എന്നാൽ ആ സംഖ്യ ടിപ്പുവിന്റെ പ്രതിനിധിയായിരുന്ന ആഷെഡു്ബെക്കിന്റെ ജമാവന്തിക്കണക്കിൽ കാണുന്നതിന്റെ പകുതിപോലുമില്ലെന്നു കമ്മീഷണർമാർ കണ്ടു പെശങ്ങിനോക്കി. വെള്ളാട്ടിരിരാജാവു സ്വസ്ഥാനത്തു തിരിച്ചെത്തിയതിനുശേഷം അദ്ദേഹത്തെ സഹായിച്ചുകൊണ്ടു പിരിവുകഠം നടത്തിച്ചിട്ടുള്ള കേശവപിള്ളദിവാനോടു ചോദിച്ചാൽ, രാജ്യത്തിന്റെ ദാരിദ്ര്യാവസ്ഥ മനസ്സിലാകുമെന്നു വല്ലഭൻതമ്പുരാന്റെ കാര്യക്കാർ അറിയിച്ചു. ദിവാൻ കേശവപിള്ളയുടെ 'സട്ടിഫിക്കെററു'' അനുസരിച്ചായിരിക്കണം, മേല്പറഞ്ഞ സംഖ്യയെത്തന്നെ, പിന്നീടു കമ്മീഷണർമാർ അംഗീകരിക്കയും, പിരിക്കുന്നതിന്റെ ചിലവുവകയ്ക്കു 7356 ക. കുറവു ചെയ്തുകൊടുക്കുകയും ചെയ്തു. പ്രസ്തുത നായർസ്ഥാനങ്ങളിലേക്കു നിശ്ചയിച്ച പിരിവുകഠം വല്ലഭൻരാജാവു നേരിട്ടു് എടുക്കുവാനും, പാലക്കാട്ടുരാജാവു മുഖാന്തിരം കമ്പനിയിൽ അടയ്ക്കുവാനും വ്യവസ്ഥപ്പെടുത്തി. അങ്ങാടിപ്പുറത്തു കമ്പനിശിപ്പായിപ്പട്ടാളത്തിന്റെ ഒരു വിഭാഗത്തെ നിത്തുകയും ചെയ്തു. അതോടുകൂടി വെള്ളാട്ടിരിരാജാവിന്റെ ചിലവുവകയ്ക്കു് എന്ന നിലയിൽ കട്ടാകെയുള്ള പിരിവിൽനിന്നു 3184ക. വേറെയും വിട്ടുകൊടുത്തു. എന്നാൽ, ഉടനെ, ഒരു അവിചാരിതസംഭവമുണ്ടായി. വെള്ളാട്ടിരിയിലെ നാലാംകൂറകാരൻ, തമ്മിൽ നേരിട്ടു ഒരു വഴക്കുനിമിത്തം, മണ്ണൂർനായരെ കവച്ചുചെയ്തു. നായന്മാരെ

ല്ലാവരുംകൂടി കമ്പനിയിൽ ആവലാതി ബോധിപ്പിച്ചു. അതിന്റെ ഫലമായി ആ മൂന്നുനായർസ്ഥാനങ്ങളേയും വെള്ളാട്ടിരിയിൽനിന്നു വിട്ടുവിക്കയും മേലിൽ വീതപ്രകാരമുള്ള സംഖ്യകൾ കമ്പനിക്കു് അവരവർ നേരിട്ടടക്കുവാൻ തീർച്ചപ്പെടുത്തുകയും ചെയ്തു. അങ്ങനെ ആ നാടുവാഴികൾ നാട്ടുജന്മികൾ മാത്രമായി പരിണമിച്ചു. വെള്ളാട്ടിരിരാജ്യവും കമ്പനിസംസ്ഥാനത്തിൻതന്നെ ചേർക്കപ്പെട്ടു. കുപ്രസിദ്ധനായ 'ഉണ്ണിമൂത്തമൂപ്പ'ന്റെ (ജോനകമാപ്പിളപ്രമാണി) അക്രമങ്ങളെ ഒതുക്കുന്നതിനും സമാധാനം പാലിക്കുന്നതിനും ശേഷിയില്ലെന്നു കണ്ടതുകൊണ്ടും, കമ്പനിക്കാരുടെ അനുവാദമില്ലാതെയാണു കേശവപിള്ളദിവാൻ വല്ലഭരാജാവിനെ തിരുവിതാങ്കൂറിൽനിന്നു വരുത്തി വാഴിച്ചതു എന്ന സംഗതികൊണ്ടും, രാജ്യം കൊടുക്കത്തക്കവണ്ണം കമ്പനിയിൽനിന്നു യാതൊരു കരാറും ഉണ്ടായിട്ടില്ലാത്തതുകൊണ്ടും, നാട്ടിലെ ക്ഷേമത്തിനു് അതു് അത്യാവശ്യമായിക്കണ്ടതുകൊണ്ടും മററും വെള്ളാട്ടിരിരാജാവിന്റെ രാജ്യം കമ്പനിശീമയിൽ ചേർക്കപ്പെട്ടു എന്നാണു റിപ്പോർട്ടാക്കീട്ടുള്ളതു്.

പാലക്കാട്ടിലെ പഴയവഴക്കുകളുടെ വിശദമായ ഒരു വിവരണത്തിനു് ഇവിടെ സ്ഥാനമില്ലെങ്കിലും, ശക്തൻതമ്പുരാനും "പാലക്കാട്ടുശ്ശേരിയിലെ അച്ചന്മാരും" തമ്മിൽ നടന്ന ചില വഴക്കുകൾ വഴിയെ പ്രസ്താവിക്കപ്പെടുന്നതുകൊണ്ടു്, അവയുടെ സമഷ്ടിയായ ഒരു അവലോകനം ആവശ്യമാണെന്നു വിചാരിക്കുന്നു. പാലക്കാട്ടുരാജാക്കന്മാർ എട്ടു താവഴിക്കാരുണ്ടു്; എട്ടിലും അറുപതിൽ ചില്വാനം വയസ്സു പ്രായംചെന്ന വളരെ പുരുഷന്മാരുമുണ്ടു്; എല്ലാററിലേയ്ക്കും മൂത്തആൾക്കാണു 'രാജസ്ഥാനം'; ആദ്യത്തെ അഞ്ചാൾക്കു 'രാജാ' എന്ന സ്ഥാനപ്പേരുണ്ടു്; പിന്നത്തവർ ഒക്കെ 'അച്ചന്മാർ' ആണു്; വയോവൃദ്ധനായിരിക്കും വലിയരാജാവു്; അതുകൊണ്ടു വിശ്വസ്തനായ ഒരു ചെറപ്പക്കാരൻ അനന്തരവനെ 'പ്രതിനിധി'യാക്കിക്കല്പിക്കും; രാജാവു് എന്ന പേരൊഴിച്ചു മററൊക്കെ അയാൾക്കാണു്. ഇങ്ങനെയായിരുന്നു അന്നത്തെ സ്ഥിതി എന്നാണു റിപ്പോർട്ടിൽ കാണുന്നതു്. കമ്മീഷണർമാർ വരുന്ന കാലത്തെ രാജപ്രതിപുരുഷൻ 'ഇട്ടിപ്പങ്ങിഅച്ചൻ' ആയിരുന്നു എന്നും, അദ്ദേഹവുമായിട്ടാണു് ആദ്യത്തെ തീർപ്പുണ്ടായതെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. 967 കന്നിയിൽ ആ ഇട്ടിപ്പങ്ങിഅച്ചൻ എന്തോ കാരണത്താൽ തന്നത്താൻ തോക്കൊഴിച്ചു് ആത്മഹത്യചെയ്തു. അദ്ദേഹത്തിന്റെ സ്ഥാനത്തു വന്നതു കോമ്പിയച്ചൻ ആയിരുന്നു. രണ്ടാം രാജാവിന്റെ

സഹായത്തോടുകൂടി 'കുഞ്ചിയച്ചൻ' എന്നൊരാൾ കോമ്പിയച്ചനുമായി വലിയ മത്സരത്തിലായി. ഭഗവതിയുടെ കോമരംതുള്ളി കല്പിച്ചതു കോമ്പിക്കനുകൂലമായിട്ടാണ്. ഏതായാലും കോമ്പിയും കുഞ്ചിയും തമ്മിൽ വലിയ 'ദേവാസുരയുദ്ധ'മായിരുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞു വല്ലോ. 967 ധനുമാസത്തിൽ ഈ ഇട്ടിക്കോമ്പിയച്ചൻ ചെയ്തതായ ചില ബ്രാഹ്മണദ്രോഹങ്ങൾക്കു മിസ്റ്റർ ലോക്ക്ഹാർട്ട് എന്ന അക്കാലത്തെ കലക്ടർ, അദ്ദേഹത്തെ കശനമായി താക്കീതു ചെയ്തു.

കമ്മീഷണർമാർ എത്തിയപ്പോൾ 'രാജപ്രതിനിധി'സ്ഥാനം അകന്ന അനന്തരവനായിരുന്ന ഇട്ടിപ്പങ്ങിക്കല്ലാ അടുത്ത അവകാശിയായ തനിക്കാണ വേണ്ടതു് എന്നു് 'ഇളമുറക്കാരൻ' പങ്ങിഅച്ചൻ സങ്കടം ബോധിപ്പിച്ചു. ഇളമുറ എന്ന നടപടിയില്ലെന്നും വലിയ രാജാവിന്റെ ഇഷ്ടമാണെന്നും മറുഭാഗക്കാർ മറുപടി പറഞ്ഞു. കമ്പനിക്കാർ തൽക്കാലം ഒന്നും തീർച്ചപ്പെടുത്താഞ്ഞതുകൊണ്ടു് ഇരുകക്ഷികളും 'അടിച്ചു തീർച്ചപ്പെടുത്തു'വാനുള്ള ഒരുക്കങ്ങളായി. കവളപ്പാറ മുതലായ നായർപ്രഭുക്കന്മാർ ആളും അർത്ഥവും കൊണ്ടു കോമ്പിയച്ചനെ സഹായിക്കുവാനും തയ്യാറായി. അടി വീഴുന്നതിനു മുമ്പായി 'ആ അവകാശത്തക്കം കോടതി തീർച്ചയാക്കട്ടെ' എന്നു കമ്മീഷണർമാർ കല്പിച്ചതുകൊണ്ടു വാദിപ്രതികൾ കോഴിക്കോട്ടെത്തി. എന്നാൽ അന്തഃഛിദ്രം പൂർവ്വാധികം വർദ്ധിക്കയും, കുഞ്ചിയച്ചൻ വളരെ ഭേദപ്പെട്ട ഒരു നായർപ്രമാണിയെ വെട്ടിക്കൊല്ലുകയും, ആയാളുടെ മുതലുകൾ കൊള്ള നടത്തുകയും ചെയ്തതിൽവെച്ചു മത്സരം മൂത്തു, 'രാജസ്ഥാനം'തന്നെ അചിരേണ നഷ്ടപ്പെടുകയും, രാജ്യം കുമ്പഞ്ഞിശ്ശീമയിൽ ചേരുകയും ചെയ്തു. കുഞ്ചിയച്ചനാൽ വധിക്കപ്പെട്ട ആൾ ശക്തൻതമ്പുരാന്റെ പ്രജയും സഹായിയുംകൂടി ആയിരുന്നതുകൊണ്ടു്, കുഞ്ചിയച്ചനു് എങ്ങും അഭയസ്ഥാനമില്ലാതായി. 'ഇളയച്ചനിടത്തിലെ' അധികമായ വസ്തുക്കൾ ശക്തൻതമ്പുരാനു വെച്ചൊഴിഞ്ഞുകൊടുക്കേണ്ടിയും വന്നു.

'കോണിക്കലെടത്തിലെ കേലനും തമ്പിമാരും' കൂടിയും, 'ഇളയച്ചനിടത്തിൽ ഇട്ടിക്കൊമ്പിയച്ചൻ' തനിച്ചും, 'എളേച്ചനിടത്തിൽ കൊമ്പി അച്ചനും അനന്തരവന്മാരും' കൂടിയും, 'തരുവയ്യൂരുടയ മരുമകൻ ഇളയച്ചനെടത്തിൽ കോമ്പിഅച്ചനും അനന്തവരും'കൂടിയും, 'തരുവയ്യൂരുടയ മരുമകൻ പുളിക്കൽ എടത്തിൽ കോമ്പിഅച്ചനും അനന്തരവരും' കൂടിയും, 'തരുവയ്യൂരുടയ മരുമകൻ ഇളയച്ചനിടത്തിൽ പങ്ങി

അച്ചൻ' തനിച്ചും, 'പങ്ങിഅച്ചനും അനന്തവരും' കൂടിയും, 'പങ്ങിഅച്ചനും തമ്പിമാരും' ചേൎന്നും, 'തരുവയൂര തെക്കെവീട്ടിൽ വട്ടിയപ്പൻ പങ്ങിയും തമ്പിമാരും' ചേൎന്നും, 'തരുവയൂരുടയ മരുമകൻ കല്ലമ്പിള്ളി അച്ചനും തമ്പിമാരും' ചേൎന്നും, 'ഇളയച്ചനിടത്തിൽ ഇട്ടിക്കോമ്പിയച്ചൻ ചൊല്ലടിക്ക മുട്ടത്തിൽ കോരപ്പനും,' കിട്ടവല്ലരെ അട്ടിപ്പേറകളും, ഒഴുമുറികളും, ചാത്തുകളും, ശക്തൻതമ്പുരാൻെറ കാലത്തുണ്ടായിട്ടുള്ളതായി കാണുന്നുണ്ട്. ആ വക രേഖകളെ ഉദ്ധരിച്ചു, മേൽപ്രസ്താവിച്ച കുഞ്ഞിയച്ചൻെറ കയ്യേററത്തെതുടൎന്നുണ്ടായ എഴുത്തുകുത്തുകളെ എടുത്തു ചേൎത്തും അദ്ധ്യായം ദീൎഘിപ്പിക്കുന്നില്ല. എന്നാൽ, ഈ ഇളയച്ചനെടത്തിൻെറ അന്നത്തെ നിലയും വിലയും വിശദമാക്കുന്നതായ ഒരു രേഖ താഴെ ഉദ്ധരിച്ചുകൊള്ളുന്നു. അച്ചൻെറ എഴുത്തുകാരൻ 'മുട്ടത്തിൽ കോരപ്പൻ' ശക്തൻതമ്പുരാൻെറ തീട്ടുരമെഴുത്തു മേനോൻ 'പവ്വത്തിൽ അമ്പാടിക്കു' എഴുതിക്കൊടുത്ത 'ചാത്താണു' പ്രസ്തുതരേഖ.

"എടവ വ്യാഴം ഞായററ 10-ാംനു പവ്വത്തിൽ അമ്പാടി മെനൊൻ കണ്ട കാൎയ്യം. എന്നാൽ, കിളിയല വലിയകൂട്ടാലയും എളയകൂട്ടാലയും, അതിൽ ഉൾപ്പെട്ടിരിക്കുന്ന ഉല്പത്തികളും പറമ്പുകളും അതിന്മെലുള്ള മെല്പലവും കീഴ്ഫലവും കുളങ്ങളും, കിണറകളും, കുടിയിരിപ്പുകളും, അടിയാര കുടിയാരകളും, വല്ല്യാളരും, ചക്ക മുക്കാൽപട്ടവും, അമ്പലപ്പടിഊരാണ്മയും വാരവും കാരാണ്മയും അതിനകത്തുള്ള അങ്കവും ചുങ്കവും, അയിമുല, മുമ്മുല, തെരവാര, ചെകൊമ്പും, കൊമ്പും, കൊറവും, വാലും, തൊലും, അതിരും, വരമ്പും, ഉമികുടതല, മാണിക്കത്തൊടിട, മാറമെപ്പെട്ടതും, ഇതിന്മേലുള്ള കൎണങ്ങളും തിരുവെഴുത്തുകളും, പെരുമ്പടപ്പിക്കൽ സ്വത്രുപത്തികലക്ക കൊടുത്ത, അതിന്മേലുള്ള ദ്രവ്യം എപ്പെട്ടതും എടത്തിൽനിന്നും വാങ്ങി ഇതൊക്കയും സ്വത്രുപത്തികലക്കായിട്ട നീരുദക്കമായി കൊടുക്കകയുംചെയ്തു."

പുന്നത്തൂർ

പുന്നത്തൂർരാജാവുമായുണ്ടായ തക്കവും ഈ അദ്ധ്യായത്തിൽതന്നെ ഉൾപ്പെടുത്താമെന്നു കരുതുന്നു. പുന്നത്തൂർ നിമിത്തമാണു കൊച്ചിയും കോഴിക്കോടും തമ്മിലുണ്ടായിരുന്ന മത്സരം മുച്ചുപോകാതെ നിലനിന്നതെന്നും; മററും ഡച്ചു ഗവൎണ്ണർ ഗൊല്ലനീസിൻെറ മെമ്മോറാണ്ടത്തിൽ എഴുതീട്ടുള്ള സംഗതി മറെറാരദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

ടിപ്പുവിൻെറ പാളയം പേടിച്ച് പാഞ്ഞുപോയ രാജാക്കന്മാരുടെ കൂട്ടത്തിൽ പുന്നത്തൂരും പെട്ടിരുന്നു. അന്നൊക്കെ പുന്നത്തൂർ സാമൂതിരിയുടെ വലത്തുകയ്യും ചൊല്പടിക്കു നിന്നിരുന്ന ആളും ആയിരുന്നു. ഇംഗ്ലീഷുകാരുടെ അധികാരസ്ഥാപനാനന്തരം പുന്നത്തൂരിനു സാമൂതിരിയുടെ പിടുത്തംവിട്ടു സ്വതന്ത്രനായാൽ കൊള്ളാമെന്നായി. "പടിഞ്ഞാറെ പാടം" എന്നും 'കിഴക്കെപാടം' എന്നും പറയുന്ന പ്രധാന പ്രദേശങ്ങൾ ഉൾപ്പെട്ട 'ചാവക്കാടാ'യിരുന്നു പുന്നത്തൂർരാജ്യം. ഗുരുവായൂരിനു സമീപം കോട്ടപ്പടി എന്ന സ്ഥലത്താണ് പുന്നത്തൂർസ്വരൂപത്തിൻെറ ഇന്നത്തെ കുടുംബസ്ഥാനം. 967 ചിങ്ങത്തിൽതന്നെ "തനിക്കു വേണ്ടകാര്യങ്ങ'ളെക്കുറിച്ചു പുന്നത്തൂർ, 'മേജർ ഡൗ' എന്ന സായ്‌വിനെ അറിയിച്ചു എങ്കിലും, "സാമൂതിരിയായുള്ള കാര്യങ്ങളെല്ലാം തീരുമാനപ്പെട്ടുപോയതുകൊണ്ട് ഇനി ഒന്നും നിവൃത്തിയില്ലാ" എന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്.

മേജർ ഡൗവിൻെറ റിപ്പോർട്ടിൽ പുന്നത്തൂരിനെക്കുറിച്ചുള്ള വിവരണം വിജ്ഞാനപ്രദമാകുന്നു. "പുന്നത്തൂരിൻെറയും മററും രാജ്യം പണ്ടു, ബ്രാഹ്മണരെല്ലാവരുംകൂടി, കേയപ്പെരുമാളെ കൊലപ്പെടുത്തിയതിനുള്ള പ്രതിഫലമായി, 'കക്കാട്ട'ിനു സമ്മതിച്ചുകൊടുത്തതാണ്. എന്നാൽ കക്കാട്ടുനിന്ന് അധികകാലം ആ രാജ്യം സ്വൈരമായി അനുഭവിച്ചില്ല. ചേരമാൻപെരുമാളോടു വെട്ടിപ്പിടിക്കാനുള്ള അനുമതിയോടുകൂടി വാള് വാങ്ങിച്ച സാമൂതിരി, അചിരേണ അയൽരാജാക്കന്മാരെയൊക്കെ ഉപദ്രവിക്കുകയും തലപ്പിള്ളിനാട്ടിൽ—പുന്നത്തൂരിൻെറ മറെറാരു പേരാണത്—കലഹം ഉണ്ടാക്കിത്തീർക്കുകയും, ക്രമത്തിൽ ചാവക്കാടും ചേററുവായും കരസ്ഥമാക്കുകയും ചെയ്തു. കുറേക്കാലത്തേയ്ക്ക് ശേഷിച്ച രാജ്യങ്ങളെ തലപ്പിള്ളിരാജാക്കന്മാർതന്നെ ഭരിച്ചു. കൊല്ലവർഷം പത്താംശതകത്തിൻെറ ആദ്യഘട്ടത്തിൽ തലപ്പിള്ളിക്കകത്തു ഗൃഹച്ഛിദ്രം കടന്നുകൂടി. രാജ്യം ഛിന്നഭിന്നമായി. രാജ്യം മൂന്നു സഹോദരന്മാർ തമ്മിൽ പങ്കുവെച്ചു. മൂത്ത ആൾ പകുതിയെടുത്തു. ഇളയവർ രണ്ടുപേരും മറേറ പകുതിയെ ശരിവീതം ഭാഗിച്ചു. മൂത്ത ആൾ പുന്നത്തൂരും, താഴെയുള്ളവർ മണക്കുളവും അയിനിക്കൂറും ആയി.

"937-ൽ കൊച്ചിയും തിരുവിതാംകൂറും തമ്മിലുണ്ടായ സന്ധിക്കരാറനുസരിച്ചു വേണാട്ടിൻെറ സഹായത്തോടുകൂടി സാമൂതിരിയെ തോല്പിച്ച കൊച്ചിരാജാവ് ആ യുദ്ധത്തിൽ അയിനിക്കൂറിനേയും മണക്കുള

ത്തിനേയും മുഴുവൻ കീഴടക്കി. എന്നാൽ, പുന്നത്തൂരിന്റെ രാജ്യത്തിൽനിന്നു, കീഴ്മേൽ ഏഴുകാതവും തെമ്മെടൽ അഞ്ചുകാതവും വിസ്താരമുള്ള ഭാഗം മാത്രമേ കൊച്ചിക്കു പിടിച്ചെടുക്കാൻ അന്നു സാധിച്ചുള്ളൂ. അതുതന്നെ അധികം താമസിയാതെ പുന്നത്തൂർ കൊച്ചിയിൽനിന്നു വീണ്ടെടുക്കുകയുംചെയ്തു. കക്കാട്ടെ കോട്ടമാത്രം കൊച്ചിയുടെ കൈവശം നിന്നു. ഹൈദർനവാബിന്റെ പുറപ്പാടിൽ പുന്നത്തൂർരാജാവു നാടു വിട്ടു പോയപ്പോൾ, താൻ പുന്നത്തൂരിനോടു മുമ്പു പിടിച്ചെടുത്തതും തിരിച്ചെടുക്കപ്പെട്ടതുമായ രാജ്യഭാഗത്തെ കൊച്ചിരാജാവു തന്റെ വകയായി അവകാശപ്പെട്ടു. കൊച്ചിയും ഹൈദരുംകൂടി സന്ധിയിലും ഏറ്റെട്ടു. ആ പ്രദേശങ്ങളെല്ലാം ഇന്നും (കമ്മീഷണർമാർ വരുമ്പോൾ) കൊച്ചിയുടെ കൈവശംതന്നെയാകുന്നു.

"തിരുവിതാംകൂറിൽ ശരണംപ്രാപിച്ചിരുന്ന സാമൂതിരി തിരിച്ചെത്തിയപ്പോൾ, കൊച്ചിരാജാവു കൈവശംവെച്ചിരുന്നതു് ഒഴിച്ചുള്ള പുന്നത്തൂർരാജ്യം മുഴുവനും സാമൂതിരി കയ്യടക്കിവെച്ചു. പുന്നത്തൂർ രാജാവിനെത്തന്നെ ആ രാജ്യത്തിന്റെ 'ദിവാനാ'ക്കി പിരിവുകൾക്കു ചുമതലപ്പെടുത്തി! ഇടയാനോ തടയാനോ ശേഷിയില്ലാതെ പുന്നത്തൂർ'കോതശങ്കരൻ' എന്ന അന്നത്തെ രാജാവു തന്റെ സ്വന്തം രാജ്യത്തിൽ സാമൂതിരിയുടെ പിരിവുകാരൻ മാത്രമായിത്തീർന്നു. എന്നുമാത്രമല്ല, ആദ്യത്തെ കൊല്ലത്തെ കണക്കു തീർത്തതോടുകൂടി സാമൂതിരി അദ്ദേഹത്തിനെ ആ ജോലിയിൽനിന്നും പിരിച്ചുവിടുകയും ചെയ്തു. 967 മകരംവരെ അങ്ങനെ കഴിഞ്ഞുകൂടി. തുടരെ ചെയ്ത ആവലാതികളുടെ ഫലമായി സാമൂതിരിപ്പാട്ടിന്നു് ഒടുവിൽ പുന്നത്തൂരിനെ വീണ്ടും പുന്നത്തൂർരാജ്യത്തിന്റെ പിരിവുകാരനാക്കി നിശ്ചയിച്ചു. അതോടുകൂടി മാസംതോറും സ്വന്തം ചിലവിലേയ്ക്കു് ആയിരത്തി ഇരുന്നൂറു പണം വീതം പിരിവിൽനിന്നു പററിക്കൊള്ളുവാനും അനുവദിച്ചു. എങ്കിലും, യഥാർത്ഥത്തിൽ പിരിവു നടത്തിയിരുന്നതെല്ലാം സാമൂതിരിയുടെ ആൾക്കാർതന്നെയായിരുന്നു.

"മഹാബ്രാഹ്മണരാൽ നല്കപ്പെട്ട മഹോന്നതസ്ഥാനമായ കക്കാട്ടേയ്ക്കു് ഇപ്പോൾ ഉള്ളതു വെറും പൊള്ളയായ ഒരു 'രാജാ'സ്ഥാനവും, സാമൂതിരി ദയവായി പുന്നത്തൂർക്കു നല്കുന്ന ഒരു അടിത്തൂണും, അവമാനകരമായ പിരിവുകാരന്റെ പണിയും മാത്രമാകുന്നു. അയിനിക്കൂറും മണക്കുളവും കേവലം വസ്തു ഉടമസ്ഥന്മാർ മാത്രമാകുന്നു. അവരുടെ രാജ്യ

ത്തിൽ അധികഭാഗവും—കൊല്ലത്താൽ കുറഞ്ഞതു ഇരുപതിനായിരം ഉറുപ്പിക പിരിയുന്ന ഭാഗം—കൊച്ചിരാജാവിന്റെയും, ബാക്കി സാമൂതിരിയുടെയും കയ്യിൽ ആകുന്നു."

ഇതാണു മേജർ ഡൗവിന്റെ റിപ്പോർട്ട്. മെസ്സേർസ് പേജ്, ബോഡാം എന്നിവരുടെ അടുക്കൽ ആവലാതി ബോധിപ്പിക്കുന്നതിനു കോതശങ്കരരാജാവു വളരെ മോഹിച്ചു എങ്കിലും സാമൂതിരി വിട്ടയച്ചില്ല. വളരെ പണിപ്പെട്ടതിനുശേഷം ഒരിക്കൽ അദ്ദേഹം കമ്മീഷണർമാരുടെ മുമ്പിൽ ചാടിവീണു. എന്നാൽ അപ്പോഴും സാമൂതിരിയുടെ സർവ്വാധി, ആ ശാമിനാഥപട്ടർ, കൂടെത്തന്നെ ഉണ്ടായിരുന്നുതാനും. കഷ്ടിപിഷ്ടിയായി പുന്നത്തൂർ കടവിൽ തന്റെ ആവലാതികളൊക്കെ കമ്മീഷണർമാരെ ധരിപ്പിച്ചു. "ഹൈദർക്കു മുമ്പു താൻ പൂർണ്ണസ്വതന്ത്രനായിരുന്നു എന്നും, സാമൂതിരിക്കു വഴങ്ങപ്പെട്ടവനല്ലായിരുന്നു എന്നും, തിരുവിതാംകൂറിൽനിന്നു സാമൂതിരി ഒന്നിച്ചു തിരിച്ചുവന്നപ്പോൾ ഗത്യന്തരമില്ലാതെയും, വഴിയെ നോക്കാമെന്നുവെച്ചും, പിരിവുകാരനായി കൂടിയതാണെന്നും, തന്റെ രാജ്യം തനിക്കുതന്നെ ആക്കിത്തരണമെന്നും" ആയിരുന്നു വാദസാരം. സാമൂതിരി ഈ തേർച്ചയെ ശക്തിയായി നിഷേധിച്ചു. "പൊന്നാനിമുതല്ക്കു ചാവക്കാട്ടുവരെ മുഴുവനും പണ്ടേക്കു പണ്ടേ തന്റെ രാജ്യമാണെന്നും, സർവ്വവിധ രാജഭോഗങ്ങളും താനാണു എടുപ്പിച്ചും അനുഭവിച്ചുംവന്നിട്ടുള്ളതെന്നും" സാമൂതിരി ഖണ്ഡിതമായി എതിർവാദംചെയ്തു. ആ അവകാശത്തർക്കം ആലോചനയിൽ ഇരിക്കുന്നകാലത്തു, പുന്നത്തൂരിന്റെ കഷ്ടകാലത്തിനു എന്നു പറയട്ടെ, അവിചാരിതമായ ഒരു അനിഷ്ടസംഭവമുണ്ടായി. അതോടുകൂടി കാര്യങ്ങളെല്ലാം അമ്പേ അട്ടിമറിഞ്ഞു. പുന്നത്തൂരും, മണക്കുളത്തെയും അയിനിക്കൂറിനെയുംപോലെ!, കേവലം ഒരു ജന്മിയായിത്തീർന്നു! ഭാഗത്തിൽ മൂന്നിൽ ഒന്നിനുപകരം പകുതിതന്നെ ഭുജിച്ചുതത്തിട്ടുണ്ടെങ്കിൽ ആ പര്യവസാനം അനർഹമാണെന്നും പറഞ്ഞുകൂട.

സംഗതിയിതാണ്. സാമൂതിരിസ്വരൂപത്തിലെ താവഴിക്കാർ തമ്മിൽ പല ഭയങ്കരമത്സരങ്ങളുമുണ്ടായിരുന്നു. അതിനെക്കുറിച്ചു അന്യത്ര വിവരിച്ചിട്ടുമുണ്ട്. അതിൽ ഇംക്ലീഷുകാക്കും സാമൂതിരിപ്പാട്ടിലേക്കും എതിരായി പുറപ്പെട്ട 'പടിഞ്ഞാറെകോവിലകത്തു'കാരെ പുന്നത്തൂർ സ്വീകരിക്കയും, ആദരിക്കയും, സഹായിക്കയും ചെയ്തു. എന്നുമാത്രമല്ല അവരുടെ കുനയങ്ങളിൽപ്പെട്ടും വീരവാദങ്ങളിൽ ഭ്രമിച്ചും,

ശക്തിപ്രഖ്യാപനങ്ങളിൽ വിശ്വസിച്ചും അവരുടെ കൂറിൽ നിന്നുകൊണ്ടു് ഇംഗ്ലീഷുകാരെ വെല്ലുവിളിച്ചു. 'താൻ സമപ്പിച്ച തേച്ചുകൾക്കു് ഉടനെ തക്ക സമാധാനം ചെയ്യാഞ്ഞാൽ,—ഹാ..' എന്നൊരു വീരവാദം പുറപ്പെടുവിച്ചു. "രണ്ടു മാസം അന്വേഷണം നടത്തിയും, വിചാരണചെയ്തും തീരുമാനിക്കേണ്ടതായ ഒരു സംഗതിക്കു് ഇപ്പോൾ, ഉടനെ, തീർപ്പുണ്ടാക്കണമെന്നു വാശിപിടിച്ചാൽ ഞങ്ങൾ എന്തു ചെയ്യും? സാമൂതിരിയുടെ രാജ്യത്തിൽനിന്നു മാത്രമല്ല, കൊച്ചിരാജാവിൻെറ രാജ്യത്തിൽനിന്നും പുന്നത്തൂക്കു് ഒഴിഞ്ഞുകിട്ടുകയും വേണം!" എന്നാണു ധമ്മസങ്കടത്തിൽപ്പെട്ട ആ വിധികത്താക്കന്മാർ റിപ്പോട്ടിൽ എഴുതിക്കാണുന്നതു്.

കിഴക്കെക്കോവിലകക്കാരെ മയ്യാദ പഠിപ്പിച്ചതോടുകൂടി പുന്നത്തൂരിൻെറ ഹാലിളക്കം മിക്കവാറും നിലച്ചു. "പൂവ്വികന്മാരായിട്ടു പാലക്കാട്ടുനാടു സാമൂതിരിക്കു വിട്ടുകൊടുത്തിട്ടുണ്ടെന്നും, സാമൂതിരിപ്പാടു് 'പുരുഷാന്തരം' പററാറുണ്ടെന്നും പുന്നത്തൂർതന്നെ സമ്മതിച്ചു. 'മിസ്റ്റർ ഫാർമർ' തെളിവെടുത്തു റിപ്പോട്ടു ചെയ്യുന്നപ്രകാരം കേൾക്കാമെന്നും, അതുവരെ ക്ഷമിക്കയും, സാമൂതിരിയെ തടയാതിരിക്കയും ചെയ്യാമെന്നും പുന്നത്തൂർ ഏററുമ്പളി. അതുവരെയ്ക്കു ചിലവിനു വക കൊടുപ്പിക്കാമെന്നു കമ്മീഷണർമാരും ഉത്തരവാദപ്പെട്ടു. മിസ്റ്റർ ഫാർമരുടെ തീർപ്പുപ്രകാരം പുന്നത്തൂരിൻെറ രാജ്യാധികാരം തീരെപോയി. സാമൂതിരി കൊല്ലംതോറും പുന്നത്തൂക്കു് ഇരുപതിനായിരം പണം വീതം 'മാലിഖാൻ' കൊടുക്കാൻ നിശ്ചയിക്കയും ചെയ്തു! പുന്നത്തൂർസ്വരൂപത്തിലെ മൂത്തരാജാവിൻെറ സ്ഥാനനാമം ഇന്നും 'ഗോദശങ്കരൻ' എന്നുതന്നെയാകുന്നു.

തലപ്പിള്ളി

'തലപ്പിള്ളിരാജ്യം' ആദ്യകാലത്തു വളരെ വിസ്താരവും മുതലെടുപ്പും ഉള്ള ഒരു ദേശമായിരുന്നു. ഇന്നത്തെ കൊച്ചിശ്ശീമയിലെ തലപ്പിള്ളിത്താലൂക്കു മുക്കാലും, അതിനുപുറമേ പൊന്നാനിമുതല്ക്കു ചേററുവായ്വരെയ്ക്കുള്ള കടലോരം മുഴുവനും, ഒരു കാലത്തു് ആ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. ആ കടലോരപ്രദേശത്തു ചേന്നതാണു ചരിത്രപ്രഖ്യാതമായ പെരുമ്പടപ്പിൻെറ വന്നേരി ചിത്രകൂടം. ഇന്നത്തെ കക്കാട്ടു്, കുന്നംകുളം, 'ചിററിലപ്പിള്ളി ഫർക്ക' മുതലായി കൊച്ചിക്കു ചേന്ന പ്രദേശ

ങ്ങളെല്ലാം 'പുന്നത്തൂരിനോടു പിടിച്ചെടുത്തതായി' മുമ്പു സൂചിപ്പിച്ചിട്ടുള്ളതാകുന്നു. ആ നാട്ടുകളെ സംബന്ധിച്ചു ശക്തൻതമ്പുരാനും പുന്നത്തൂരുമായും, പുന്നത്തൂരിന്റെ കേസ്സു വിധി കല്പിച്ചതിനുശേഷം ശക്തൻതമ്പുരാനും സാമൂതിരിയുമായും, ഏറിയ വാദപ്രതിവാദങ്ങൾ നടന്നു. 'ഒരു കമ്പു കടത്തിവെട്ടുന്ന' സ്വഭാവക്കാരനായിരുന്ന ശക്തൻ തമ്പുരാൻ, താൻ കൈവശം വെച്ചിരുന്ന മേല്പറഞ്ഞ 'പുന്നത്തൂർശീമ' വിടാതെ പിടിക്കുകമാത്രമല്ലാ, പുന്നത്തൂർരാജ്യത്തെത്തന്നെ തൻേറതായി തേച്ചുപ്പെടുകയും ചെയ്തു. വന്നേരി മുതല്ക്കു തെക്കോട്ടൊക്കെ ഏതായാലും പെരുമ്പടപ്പിൻെറ 'പെരുംപരപ്പു' കാലത്തു തൻെറ സ്വരൂപത്തിലേയ്ക്കു ചേൎന്നതായിരുന്നതുകൊണ്ടു്, 'കാലഹരണം, എസ്റ്റോപ്പൽ, ഉപേക്ഷ മുതലായ പല വാദതടസ്സങ്ങളുമുണ്ടായിരുന്നാലും, ആ വാദം കേവലം അടിസ്ഥാനരഹിതമായിരുന്നു എന്നും പറഞ്ഞുകൂടാ. പോയതൊന്നും കിട്ടിയില്ലെങ്കിലും, കിട്ടിയതൊന്നും പോകാതെ കഴിഞ്ഞതു് അവിടുത്തെ 'വ്യവഹാരശീലം' കൊണ്ടുതന്നെയാണു്. തലപ്പിള്ളിത്താലൂക്കിൻെറ പടിഞ്ഞാറെഭാഗങ്ങളും, തൃശ്ശൂർതാലൂക്കിൽ ചേൎന്ന ചിററിലപ്പിള്ളിനാട്ടും—ചാല, പെരിഞ്ചാല, അകത്തുരുത്തു, അയിനിക്കാട്ടു് എന്നീ ദേശങ്ങൾ—അങ്ങനെ ഉറച്ചുകിട്ടിയതാണു്. പുന്നത്തൂർക്കു കൊച്ചിശ്ശീമയിൽ അനവധി വസ്തുക്കളുണ്ടായതും അതനുസരിച്ചാണു്.

ഇന്നത്തെ കൊച്ചിരാജ്യത്തിൻെറ അതിൎത്തികൾ ശക്തൻതമ്പുരാൻെറ കാലത്തു നിൎണ്ണയിക്കപ്പെട്ടവയാണു്. പറയത്തക്ക യാതൊരു വ്യത്യാസവും പിന്നീടുണ്ടായിട്ടില്ല. എത്തുമുക്കിലും മൂലയിലും അദ്ദേഹത്തിൻെറ കണ്ണെത്തിയിരുന്നു. കണ്ണെത്തിയിരുന്നേടത്തൊക്കെ കയ്യും ചെന്നിരുന്നു. ആ കയ്യിനു നീട്ടിപ്പിടിക്കാനുള്ള വാസനയുണ്ടായിരുന്നാലും, സ്വരക്ഷയ്ക്കുവേണ്ടിടത്തോളം ശക്തിയും ഉണ്ടായിരുന്നു. അവിടുത്തെ ആ ബലിഷ്ഠഹസ്തങ്ങൾക്കു് ഇന്നത്തെ കൊച്ചി കുറച്ചൊന്നുമല്ലാ കടപ്പെട്ടിരിക്കുന്നതു്. അവിടുത്തെ അടുത്ത രണ്ടു പിൻവാഴ്ചക്കാരുടെ കാലത്തോടൊന്നു താരതമ്യപ്പെടുത്തുമ്പോൾ കാണാം 'ശക്തൻ തമ്പുരാനു്' ആ പേർ സിദ്ധിച്ചതു കേവലം ഔപചാരികമായിട്ടല്ലായിരുന്നു എന്നു്.

XXIX

തിരുവിതാംകൂർ

കൊച്ചിയും തിരുവിതാംകൂറും തമ്മിൽ 937ൽ ഉണ്ടായ ചരിത്രപ്രഖ്യാതവും അതിപ്രധാനവുമായ സന്ധിക്കരാറിനെക്കുറിച്ചും, രണ്ടു രാജാക്കന്മാരെയും ആ സന്ധിയിലേയ്ക്കു് അടുപ്പിച്ചതായ സാഹചര്യങ്ങളെയും സംഭവങ്ങളെയും കുറിച്ചും, 'ഉദയാന്തരീക്ഷം' എന്ന അദ്ധ്യായത്തിൽ ഒരു വിധം വിവരിച്ചിട്ടുണ്ടല്ലോ. ആ ഉടമ്പടിയുടെ ഫലമായി കൊച്ചിയുടെ പരമ്പരാശത്രുവായിരുന്ന സാമൂതിരിയെ രാജ്യാതിർത്തികൾ കടത്തിവിട്ട കഥയും, കൊച്ചി തിരികെ കിട്ടുവാൻ കൊതിച്ചിരുന്ന വന്നേരി ചിത്രകൂടം പ്രദേശങ്ങളും മററും അന്നും കൈവരാതിരുന്ന ഇച്ഛാഭംഗവൃത്താന്തവും മററും, ഇതരപ്രകരണങ്ങളിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. മൈസൂർരാജാക്കന്മാർ തിരുവിതാംകൂറിനെയാണു് ഉററുനോക്കിക്കൊണ്ടിരുന്നതെന്നും, യഥാർത്ഥത്തിൽ അവക്കും തിരുവിതാംകൂറിനും ഇടയ്ക്കു താങ്ങായും തടവായും കിടന്നിരുന്ന രാജ്യമാണു കൊച്ചി എന്ന കാരണത്താലാണു കൊച്ചിക്കു് അചിന്ത്യങ്ങളായ ചില അത്യാഹിതങ്ങൾ അനുഭവിക്കേണ്ടിവന്നതെന്നും സർവ്വവിദിതമാണല്ലോ. ഹൈദരുടെ പ്രവേശകാലത്തും, ടിപ്പുവിൻെറ അക്രമണകാലത്തും, കൊച്ചിയും തിരുവിതാംകൂറും, വരാവുന്ന വിപത്തുകളുടെ ഗൗരവാവസ്ഥയെ വഴിപോലെ മനസ്സിലാക്കിക്കൊണ്ടു്, തോളോടുതോൾ ചേർന്നുതന്നെയാണു വർത്തിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതും. കൊച്ചിയിലെ ശക്തൻതമ്പുരാൻെറ നയചാതുരിയും കർത്തവ്യബോധവും തന്നെയാണു തിരുവിതാംകൂറിനെ മൈസൂർപുലി കടിക്കാതെ രക്ഷപ്പെടുത്തിയതെന്നു പറയുന്നതു്, അതൊരു ചരിത്രസത്യം ആയതുകൊണ്ടു മാത്രമാണു്.

'ടിപ്പുസുൽത്താൻ' എന്ന അദ്ധ്യായത്തിൽനിന്നു്, ശക്തൻതമ്പുരാൻ വളരെ ദീർഘാലോചനയോടും ബുദ്ധിചാതുര്യത്തോടുംകൂടിയാണു കടുവാക്കൂട്ടിൽനിന്നു പുറത്തു ചാടിയതു് എന്ന സംഗതിയും സ്പഷ്ടമാകുന്നുണ്ടു്. തിരുവിതാംകൂറുമായി, ടിപ്പുവുമായുണ്ടായ കൂടിക്കാഴ്ചയ്ക്കുമുമ്പും, അതിനുശേഷവും, കൂടിയാലോചിക്കുകയുണ്ടായി. 937ലെ കരാറുകാലത്തു ശക്തൻതമ്പുരാൻ 11 വയസ്സുമാത്രംപ്രായമുള്ള ഒരു 'ഉണ്ണി'യായിരുന്നാലും, അതിൻെറ ആലോചനാസമയത്തു് അമ്മാമൻമാരുടെ കൂടെ, വലിയ കാര്യാലോചനകൾക്കിടയിൽ ചിലപ്പോൾ കുട്ടികളും ചാടിവിഴാറുള്ളു

പോലെ, ശക്തനും ഉണ്ടായിരുന്നു എന്നും, പെരുമ്പടപ്പിലെ പരമ്പരാ ശത്രുവായ സാമൂതിരിയുമായി ഒരു സന്ധി ഏർപ്പാടും നമുക്കാവശ്യമില്ല; അതൊരിക്കലും പാടില്ല; എന്നു് ഇടയ്ക്കു കയറിപ്പറഞ്ഞു എന്നും, ഉണ്ണിയുടെ ഊർജ്ജസ്വലതയിൽ അവിടെയുണ്ടായിരുന്നവരെല്ലാം അമ്പരന്നു എന്നും, അന്നുപ്രസ്താവിച്ച ശക്തിയായ ആ അഭിപ്രായം അവസാനത്തിൽ എല്ലാവരും അംഗീകരിച്ചുവെന്നും പറയപ്പെടുന്നുണ്ടു്! അതെങ്ങനെയായാലും, ആ സന്ധിമൂലം രേഖപ്പെട്ട കൊച്ചിതിരുവിതാംകൂർമൈത്രി, പത്തുമുപ്പതു കൊല്ലത്തോളം—മലബാർകമ്മീഷണർമാർ കേരളരാജ്യത്തിന്റെ പുതിയ ഭൂപടം നിർമ്മിക്കുന്നതിനു് ആരംഭിച്ച കാലഘട്ടംവരെ—പരസ്പരമുള്ള ഏറ്റമുട്ടലുകളോ, വാദമത്സരങ്ങളോ സാരമായൊന്നും കൂടാതെ, അഭംഗുരമായും അഭംഗിക്കൂടാതെയും നിലനിന്നു എന്നുതന്നെ പറയാം.

മൈസൂർ യുദ്ധത്തിനുശേഷം, രാജ്യഭ്രഷ്ടരായിരുന്ന മലയാളത്തിലെ വിവിധരാജാക്കന്മാരും നാട്ടുവാഴികളും എല്ലാം അന്നു തിരുവിതാംകൂർദിവാനായിരുന്ന 'രാജാകേശവദാസൻ' എന്ന വിഖ്യാതവിക്രമനും ഒന്നിച്ചാണു്, കുമ്പഞ്ഞിക്കാരുടെ ആജ്ഞാനുസരണം, സ്വരാജ്യങ്ങളിലേയ്ക്കു തിരിച്ചെത്തിയതു്. അവരുടെ പുനസ്ഥാപനം വിഷമവും വിപുലവും ആയ വിഷയം ആയിരുന്നതുകൊണ്ടു്, മുമ്പുതന്നെ കുമ്പഞ്ഞിബന്ധുവായിരുന്ന തിരുവിതാംകൂറിന്റെ സഹായസഹകരണങ്ങളെ 'കുമ്പഞ്ഞി എജമാനന്മാർ' ആവശ്യപ്പെടുകയും, അതിലേയ്ക്കുവേണ്ടി കേശവപിള്ളദിവാൻ, താൻതന്നെ വേണ്ടുന്ന ഒരുക്കങ്ങളോടുകൂടി, മലബാറിൽവന്നു വളരെനാൾ താമസിക്കുകയും ചെയ്തു. മിക്കകാര്യങ്ങളിലും കുമ്പഞ്ഞിക്കാർ സംശയനിവൃത്തികൾക്കു കേശവപിള്ളയെ സമീപിക്കുകയും, അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ഏറക്കുറെ ആദരിക്കുകയും ചെയ്തുവന്നു. കേശവപിള്ളയും സാമൂതിരിയുടെ സർവ്വാധികാര്യക്കാരായിരുന്ന ശാമിനാഥപട്ടരുംകൂടി, മലയാളത്തിൽ പലരോടുമായി പത്തുപന്ത്രണ്ടുലക്ഷം ഉറപ്പിക അക്കാലത്തു പിരിച്ചെടുത്തു പററിയതായി ഒരാക്ഷേപവും ആയിടയ്ക്കു പുറപ്പെട്ടതായി രേഖപ്പെട്ടിട്ടുണ്ടു്. കേശവപിള്ള ആ അപവാദസംഗതിയിൽ നേരേനിന്നു സമാധാനം പറഞ്ഞതായും കാണുന്നുണ്ടു്. യഥാർത്ഥം എപ്രകാരമായിരുന്നാലും, ആ കുററാരോപണം വിചാരണചെയ്തു്, ഒരു അവസാനത്തീർപ്പു കല്പിക്കുന്നതിനു്, പല സംഗതിവശാലും, കമ്പനിഅധികൃതന്മാർ സന്നദ്ധന്മാരായിബ്ഭവിച്ചില്ല. തന്നിമിത്തം അതിനു്

അത്രമാത്രമേ അടിസ്ഥാനമുണ്ടായിരുന്നുള്ളു എന്നുവെയ്ക്കുക. ഈ സംഗതി മററു ചില അദ്ധ്യായങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്. ദിവാൻ കേശവപിള്ളയ്ക്കു് അക്കാലത്തു 'മലബാർകാര്യത്തിൽ' ഒരു പങ്കുണ്ടായിരുന്നു എന്നു തീർച്ചയാണ്. അതു കമ്മീഷണർമാരുടെ റിപ്പോർട്ടിൽ നിന്നു തെളിയുന്നുമുണ്ട്.

തിരുവിതാംകൂറും കൊച്ചിയും ജ്യേഷ്ഠാനുജന്മാരെപ്പോലെതന്നെയാണു കലാപകാലങ്ങളിലെല്ലാം ഒത്തൊരുമിച്ചു പ്രവർത്തിച്ചതെങ്കിലും, മലയാളത്തിലെ രാജാക്കന്മാർക്കു 'രാജസ്ഥാന'ങ്ങൾ നഷ്ടപ്പെടുകയും, കൊച്ചിരാജ്യം ഒരു രാജസ്ഥാനമായിത്തന്നെ നിലനില്ക്കുവാൻ ഇടവരികയും ചെയ്യുപ്പോൾ ആ പര്യവസാനം തിരുവിതാംകൂറിനു പരിപൂർണ്ണസംതൃപ്തിയെ പ്രദാനംചെയ്തുവോ എന്നു വളരെ സംശയമാണ്. തിരുവിതാംകൂർ ഒഴികെയുള്ള കേരളം മുഴുവനും കമ്പഞ്ഞിഭരണത്തിലായിക്കാണുന്നതിനു കൂടുതൽ ഔത്സുക്യം തിരുവിതാംകൂറിനുണ്ടായിരുന്നില്ലേ എന്നുവേണം സംശയിക്കുവാൻ. ഏതായാലും, കൊച്ചി ഒരു രാജ്യമായിത്തന്നെ നിലനില്ക്കുവാൻ പോകുന്നു എന്നു തീർച്ചപ്പെട്ടപ്പോൾ, കൊച്ചിയുടെ അധികാരസീമയെ കഴിയുന്നതും സങ്കചിതമാക്കുന്നതിനും, അതിനു സാധിച്ചില്ലെങ്കിൽ ഏതുനിലയ്ക്കും കൂടുതലായ അധികാരലാഭങ്ങൾ ഒന്നും കൊച്ചിക്കു കിട്ടിപ്പോകാതിരിക്കുന്നതിനും, തിരുവിതാംകൂറിൽനിന്നു ശ്രമിച്ചില്ലെന്നു പറഞ്ഞുകൂടുന്നതല്ല. കൊച്ചിയും കമ്പനിക്കാരുംതമ്മിലുണ്ടായ കാര്യവിചാരണകളിലെല്ലാംതന്നെ, തിരുവിതാംകൂർ ക്ഷണമനുസരിച്ചോ സ്വയമായോ പ്രവേശിക്കുകയും, കൊച്ചിക്ക് എതിരായി വാദിക്കുകയും, സാക്ഷി മൊഴി കൊടുക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. തനിക്കില്ലെങ്കിൽ—ഉണ്ടാകാൻ വഴിയുണ്ടായിരുന്നതല്ല—മലയാളത്തുകാർക്കും ഗുണപ്രദമായിട്ടുള്ളതല്ലെങ്കിൽ, നമ്മുടെ അയൽരാജ്യവും ബന്ധുരാജ്യവുമായ കൊച്ചിക്ക് എങ്കിലുമിരിക്കട്ടെ, എന്നുള്ള ഒരു വിശാലമനസ്ഥിതിയല്ലേ? നാം അന്നത്തെ തിരുവിതാംകൂറിന്റെ പെരുമാററങ്ങളുടെ അടിയിൽ തപ്പിനോക്കിയാൽ കാണുന്നതെന്നു സവ്യസനം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ആലങ്ങാട്ട്, പറവൂർ, കരപ്പുറം ഈ പ്രദേശങ്ങളെസംബന്ധിച്ചു കൊച്ചി പുറപ്പെടുവിച്ച അവകാശത്തർക്കത്തിന്റെ സംഗതിയിൽ, 937-ലെ ഉടമ്പടിയെ അടിസ്ഥാനപ്പെടുത്തി, തിരുവിതാംകൂറിലേയ്ക്ക്—ഉടമ്പടിക്കാലത്തെ ഉദ്ദേശ്യവും ആവശ്യവും ഒടുവിൽ ഉണ്ടായ അനുഭവവും എന്തു

തന്നെ ആയിരുന്നാലും—ഒരു നിലപ്പാറുണ്ടായിരുന്നിരിക്കാമെങ്കിലും, കൊടുങ്ങല്ലൂർ, കവളപ്പാറ മുതലായ പ്രദേശങ്ങളെക്കുറിച്ചുണ്ടായ തക്കങ്ങളിൽ പ്രദർശിപ്പിച്ച പ്രതികൂലഭാവം പ്രശസ്തതരമായിരുന്നു എന്നു പ്രസ്താവിച്ചുകൂടാ. ആ സംഭവങ്ങളുടെ സ്വഭാവം അവയെക്കുറിച്ചു വിവരിക്കുന്ന അധ്യായങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതുകൊണ്ടു് ഇവിടെ എടുത്തു വിസ്തരിക്കുന്നില്ല. കലാപങ്ങൾ എല്ലാം കലാശിച്ചു്, ശാന്തതയും സമാധാനവും സംസ്ഥാപിതമായതിനുശേഷം, നോക്കുമ്പോൾ ആ കച്ചവടത്തിൽ കറകളഞ്ഞ ലാഭം കിട്ടിയതു തിരുവിതാംകൂറിനായിരുന്നു എന്നു കാണാവുന്നതാണു്.

ശക്തൻതമ്പുരാനും, അവിടുത്തെ കാലത്തെ തിരുവിതാംകൂർമഹാരാജാക്കന്മാരുംതമ്മിൽ രണ്ടു വ്യക്തികൾ എന്നനിലയ്ക്കു പരമമായ സൗഹാർദ്ദവും സമ്മതിയും ഉണ്ടായിരുന്നു എന്നതിനു് ആക്ഷേപമില്ല. 968 ധനുമാസത്തിൽത്തന്നെ ശക്തൻതമ്പുരാൻ ശുചീന്ദ്രംവരെ ഒരു സക്കീട്ടു പോയതായി രേഖത്തെളിവുണ്ടു്. "പഴയന്നൂർഭഗവതിയെയും തൊഴുതുകൊണ്ടു ശുചീന്ദ്രത്തെയ്ക്കു യാത്രയായി എഴുന്നള്ളുന്നപ്രകാരം എഴുതിവന്നതിൽ നമുക്കു വളരെ പ്രസാദമാകയും ചെയ്തു" എന്നു 1792 ഡിസംബർ 23-ാം നു- കൊച്ചിക്കോട്ടയിൽനിന്നു സായ്പു് എഴുതി അയച്ചുകാണുന്നു. ആ യാത്രയിൽ തിരുവിതാംകൂറിന്റെ തെക്കേ അറ്റംമുതൽ വടക്കേ അറ്റംവരെ ഓരോ സ്ഥലങ്ങളിൽ അവിടുന്നു് എഴുന്നള്ളി ക്ഷേത്രങ്ങളിൽ തൃക്കൺപാർക്കുകയും, തൃപ്പാപ്പിസ്വരൂപത്തിൽനിന്നു് അവിടുത്തെ യഥാവിധി സൽക്കരിക്കുകയും ചെയ്തിട്ടുണ്ടു്.

കഥ്യം അങ്ങനെ ഒക്കെ ആണെങ്കിലും, അടിയിൽക്കൂടി ഒരു ചുഴലി ചുററിത്തിരിഞ്ഞിരുന്നു എന്നു വേണം വിചാരിക്കുവാൻ. ആ സംശയത്തെ താഴെ ചേർക്കുന്നതും 970 കർക്കടകത്തിൽ ശക്തൻതമ്പുരാൻ കാരയ്ക്കാട്ടു രാമമേനോൻ സർവ്വാധിക്കു കോഴിക്കോട്ടേയ്ക്കു് അയച്ചതുമായ എഴുത്തു പ്രബലപ്പെടുത്തുന്നുമുണ്ടു്.

"...തൃപ്പാപ്പിസ്വരൂപത്തിലെ വകയിൽ പട്ടാളങ്ങളും കുതിരയും ഇങ്ങോട്ടു യാത്രയായിരിക്കുന്നപ്രകാരം (മലബാറിൽനിന്നു തിരുവിതാംകൂറിലേയ്ക്കുള്ള മടക്കയാത്രയായിരിക്കണം) അവിടെനിന്നുവന്ന ആളുകൾ പറഞ്ഞുകേട്ടു. തൃപ്പാപ്പിസ്വരൂപം നമുക്കു ബന്ധുവാകുന്നുഎന്നു ഭാവിച്ചിരിക്കയും നമ്മോടു ഓരോരൊ എണ്ണങ്ങൾ മറിച്ചുചെയ്യുവരുന്നതും

രാമനു വഴിപൊലെ മനസ്സിലായിട്ടുള്ളതും എല്ലൊ ആകുന്നു. അവരുടെ പട്ടാളങ്ങൾ ഇങ്ങൊട്ടുവന്നാൽ കാരുഷ്യംവെച്ച നമ്മുടെ രാജ്യത്ത നാനാവിധങ്ങൾ ചെയ്യണ്ടതിന്ന മടിക്ക ഇല്ലല്ലൊ. അതുകൊണ്ടു മെസ്സർ ഇഷ്ടിമാനായിട്ടു ഗുണദൊഷങ്ങൾ പറഞ്ഞ, കാരൊ സംഗതികൾ കണ്ടുവരുന്നത ബന്ധുഭാവംപൊലെ അല്ലെന്നും നാം കുമ്പഞ്ഞിയെ വിശ്വസിച്ചിരിക്കകൊണ്ടത്രെ ഇവര ഇങ്ങൊട്ട ഒന്നും ചെയ്യാത്തത എന്നും എല്ലാംവെണ്ടവണ്ണം നിദാനംവരുത്തിക്കൊള്ളണമെന്നും ബൊധിപ്പിച്ചു തൃപ്പാപ്പിസ്വരൂപത്തിലെ പാളയം ഇതിലെ വരാതെ നൊക്കണം...

ലന്തയും ഇങ്കിരിയസ്സും തമ്മിലുണ്ടായ കൂട്ടിമുട്ടലിന്റെ കാലമാണിതു്. അതുകൊണ്ടു് 'ഈ പട്ടാളവും കുതിരയും' ഇംഗ്ലീഷുകാരെ സഹായിക്കാൻ തിരുവിതാങ്കൂറിൽനിന്നു് ഇങ്ങൊട്ട വന്നിരുന്നതാണെന്നും വരാം. അതേതായാലും വിരോധമില്ല. എന്നാൽ, "ബന്ധുവാകുന്നു എന്നു ഭാവിച്ചിരിക്കയും, മറിച്ചു കാരോരൊ എണ്ണംചെയ്തു വരികയും" എന്നു് എഴുതിക്കാണുന്നതുകൊണ്ടു് അങ്ങനെയും ഇങ്ങനെയും ഉള്ള നുള്ളലും പിച്ചലും, തോണ്ടലും തള്ളലും കുറേമുമ്പുതന്നെ തുടങ്ങീട്ടുണ്ടെന്നു് അനുമാനിക്കേണ്ടിവരുന്നു. "കാരുഷ്യംവെച്ചു്" എന്ന പ്രയോഗം, അടിയിൽ കിടക്കുന്ന അസഹിഷ്ണുതയുടെ കറക്കനത്തെയും കാണിക്കുന്നു!

968നു മുമ്പിൽതന്നെ അല്പം നീരസത്തിനു സംഗതിയായിട്ടുണ്ടെന്നും, അതിനുള്ള കാരണം "തച്ചുടയകയ്മൾവഴക്കാ"ണെന്നും തെളിയിക്കുന്ന മറെറാരെഴുത്തു കാണുന്നുണ്ടു്. ആ കാലത്തു 'കയ്മൾ' ഉണ്ടായിരുന്നില്ല. കയ്മളവരോധത്തിനു ശക്തൻതമ്പുരാൻ ബദ്ധവിരോധിയും ആയിരുന്നു. കയ്മളെ വാഴിക്കണമെന്നു തിരുവിതാങ്കൂറിനുമുണ്ടായിരുന്നു. അതിൽനിന്നാണു് ആ "അല്പരസം" അങ്കുരിച്ചതു്. 968-ൽ രാമൻ തമ്പുരാനു് എഴുതിയ ഒരു കത്തിൽ ഇങ്ങനെയും ഉണ്ടു്. "അടിയൻ ഇരിങ്ങാലെക്കുടെ വിടകൊണ്ടു കൃഷ്ണമെനൊൻ വലിയ കപ്പിത്താനായിട്ടും, 'പെരുംപാട്ടാളറ' ആയിട്ടും കണ്ടതിന്റെ ശെഷം, പെരുംപാട്ടാളറ അടിയനൊടു വിട്കൊണ്ടപ്രകാരം. തിരുമനസ്സുകൊണ്ടു തുലാമാസത്തിൽ ഇരിങ്ങാലക്കുടയ്ക്കു എഴുന്നള്ളിയതിന്റെ ശെഷം, ഇരിങ്ങാലക്കുടെ തച്ചൊടയകയ്മളെ ഉണ്ടാക്കാതെകണ്ടുതന്നെ, അമ്പലം പണി കഴിപ്പിക്കത്തക്കവണ്ണം, നമ്പൂരിമാരൊടു തിരുമനസ്സുകൊണ്ടു അരുളിച്ചെയ്തു എന്നും, അതിന്റെ ശെഷം മരത്തൊമ്പിള്ളി ചൊമാതിരി അല്ലാത്തവര് ഒക്കെയും അനുസരിച്ചു എന്നും, ചൊമാതിരിയുടെ മകൻ വെണാട്ടുകരക്ക

ചെന്നു തിരുമനസ്സിൽ അറിയിച്ചതിൻെറ ശേഷം ചൊമാതിരി അങ്ങൊട്ട ചെല്ലത്തക്കവണ്ണം നീട്ടെഴുതി വന്നു എന്നും, അതുകൊണ്ട ത്രെ ചൊമാതിരി ഇപ്പൊൾ അങ്ങൊട്ട പൊയിരിക്കുന്നത എന്നും തരണ നെല്ലൂര വെളുത്തെടത്ത ഈശാനൻ നമ്പൂരിപ്പാട്ടീന്ന പറഞ്ഞു എന്നും പെരുംപാട്ടാളറ അടിയനൊട്ട വിടകൊണ്ടു..."

ഈ എഴുത്തിനു് ഒരു വ്യാഖ്യാനം ആവശ്യമില്ലെങ്കിലും, അതിലെ, 'കയ്മളെ ഉണ്ടാക്കാതെത്തന്നെ അമ്പലം പണി കഴിപ്പിക്കത്തക്കവണ്ണം കല്പിച്ചു' എന്ന ഭാഗത്തിനു പ്രത്യക്ഷത്തിൽ കാണുന്നതിൽ കവിഞ്ഞ തായ ഒരു പ്രാധാന്യം ഉള്ളതിനെ എടുത്തുകാണിക്കേണ്ടിയിരിക്കുന്നു. അമ്പലപ്പണി ഉണ്ടാകുമ്പോഴൊക്കെ അതിലേക്കായി കയ്മളെ അവരോധിക്കണമെന്നല്ലാതെ, എന്നും കയ്മൾ വേണമെന്നില്ലെന്നും, കയ്മൾക്കു ക്ഷേത്രത്തിലെ മററു കാര്യങ്ങളിൽ കയ്യൊന്നുമില്ലെന്നും, കയ്മളവരോധത്തിൻെറ മൂലതത്വത്തെ സംബന്ധിച്ചു കൊച്ചിക്കുള്ള വാദത്തിൻെറ സ്ഥൂലരൂപമാണു് ഈ വാക്കുകളിൽ കാണുന്നതു്. 968_ൽ അമ്പലംപണി—ടിപ്പു നശിപ്പിച്ച അമ്പലം ശക്തൻതമ്പുരാനാണ ജീർണ്ണോദ്ധാരണം ചെയ്തതു്—നിശ്ചയിച്ചിരുന്നു. ആ ഘട്ടത്തിൽ എതുനിലക്കും, കൊച്ചിയുടെ വാദപ്രകാരം തന്നെയും, ഒരു കയ്മളെ വാഴിക്കേണ്ട താണു്. എന്നിട്ടും കയ്മളെ കൂടാതെ അമ്പലംപണിക്കു കല്പിച്ചു. അതാണു് അതിൻെറ പ്രാധാന്യം. അതാണു് അങ്ങേപ്പുറത്തുനിന്നുണ്ടായ ആ പ്രതിഷേധത്തിൻെറ മൂർച്ചയുടെയും മൂലം.

965_ലാണല്ലൊ ശക്തൻതമ്പുരാനും ഇംഗ്ലീഷുകാരുമായുണ്ടായ ഒന്നാമത്തെ സന്ധിക്കരാറ്. അന്നുമുതൽ കൊച്ചിരാജ്യം ഇംഗ്ലീഷുകാരുടെ ഒരു കീഴ്‌രാജ്യമായി. കാര്യങ്ങൾ ദൃഢീഭൂതങ്ങളാകുന്നതിനുമുമ്പു കൊച്ചി രാജ്യത്തിൻെറ പരിസരങ്ങളിൽ നിന്നു തങ്ങൾക്കു കിട്ടാവുന്നതൊക്കെ കയ്ക്കലാക്കണമെന്നു് ഒരു മോഹം തിരുവിതാങ്കൂർ അധികാരികൾക്കുണ്ടായതിൻെറ ഫലമായിട്ടായിരിക്കണം ആ സന്ധിക്കരാറ് എഴുതിയ കടലാസ്സിലെ മഷിവററുന്നതിനു മുമ്പുതന്നെ തിരുവിതാംകൂറിൽ നിന്നു കൊച്ചിയെ മാന്തുവാനും കടിക്കുവാനും തുടങ്ങിയതു്. 966 മേടത്തിൽപോലും ഒരു തിരുവിതാംകൂർസൈന്യം കൊച്ചിരാജ്യത്തേക്കു കടന്നു് എന്തോ ചില അക്രമങ്ങൾ നടത്തുകയും കൊച്ചിപ്പട്ടാളം എതിർക്കുകയും, 'കണ്ടനാട്ടു'വെച്ചു് ഒരു ചെറിയ യുദ്ധംതന്നെ ഉപായത്തിൽ നടക്കുകയും ചെയ്തു. അതിനെക്കുറിച്ചു് അറിഞ്ഞുവശായ

അന്നത്തെ കൊച്ചിയിലെ ഇംഗ്ലീഷ്മേധാവി, മിസ്റ്റർ പൗണി, രണ്ടു രാജാക്കന്മാരേയും ആ അവിവേകത്തിനു നല്ല ഭംഗിയായി ശാസിക്കുകയുണ്ടായി. അക്കാര്യത്തിൽ അദ്ദേഹം ശക്തൻതമ്പുരാന് അയച്ചതായിക്കാണുന്ന, 1790 ഏപ്രിൽ 3-ാംനു-യിലെ, കത്ത് ഇപ്രകാരമാകുന്നു.

"കണ്ടനാട്ട അകാടിയിൽ തങ്ങളുടെ മനുഷ്യാൾ രാമരാജാ (തിരുവിതാംകൂർ മഹാരാജാവ്) അവരുകളുടെ മനുഷ്യാളെ ഉപദ്രവം ചെയ്താഹവും, അതിൻപെരിൽ അവാൾ അവടത്തുക്കു പുള്ളിശെഖരിത്തു അനുപ്പിതാഹവും, താങ്കളും ആളുകളെ ശെഖരിത്തു അനുപ്പിവിത്തതായും, ശമാശാരങ്ങൾ കെൾവിപെട്ടെൻ. ഇന്ത ശമാശാരം ശെന്നപട്ടണത്തു കെട്ടാൽ അപ്രീതിയായി വിടുവാർകൾ. ഒരുവെളെ ഒരുവക്കൊരുവൻ ശണ്ണൈനടന്തു, അതുവിൽ മനുഷ്യയാളുക്കു അപായം വന്താൽ ഗവർണർദാർ റൊമ്പവും ദെഷ്യപ്പെട്ടുവാർകൾ. അപ്പടിക്കു വരാമൽ നടന്തുകൊള്ളവെണ്ടിയതു നല്ലതു. താങ്കൾക്കു ഏതാഹിലും വ്യവഹാരം ഇരുന്താൽ നമ്മുടനെ ശൊന്നാൽ തീർത്തുതരുകിറൊം. ഇന്ത കാരിതം താങ്കളുടനൈ എത്തിയതും തൽക്ഷണം ആളുകളെ തിരുമ്പി വരുത്തിക്കൊള്ളവെണ്ടിയതു. രാമരാജാ അവരുകളുടെനയും അപ്പിധം ചൊല്ലി ഇരിക്കറതു. അവരും ആളുകളെ തിരുമ്പിവിളിക്കുവർ. യുദ്ധം ചെയ്യ അപെക്ഷയായി ഇരിക്കപ്പെട്ടവർ ടിപ്പുവുടനെ ശെയ്താൽ റൊമ്പവും കീർത്തിയായിരിക്കും. കമ്പനിയാരുടെ ബന്ധുക്കൾ ഒരുവക്കൊരുവൻ ഇപ്പടിക്കു ശൈയ്യുകൊള്ളറതു നല്ലതല്ലാം. തങ്കളുടെ ആളുകളെ എല്ലാം വരുത്തിക്കൊള്ളവേണ്ടിയതു......"

യുദ്ധംചെയ്യണമെന്നുള്ളവരൊക്കെ ആ ടിപ്പുവിൻെറ നേരേചെന്നു യുദ്ധംചെയ്യട്ടെ, എന്നാൽ നല്ല കീർത്തിയുണ്ടാകും എന്ന ഉപദേശം രസികനായിരുന്ന ആ സായിപ്പിൻെറ 'ഫലിത'ത്തിനു നല്ല ഉദാഹരണമാകുന്നു.

'കാലംപോലെ കോലം'—'കാററിഞ്ഞു തൂററണം' എന്നു തുടങ്ങിയ പ്രഥമപാഠങ്ങൾ ശക്തൻതമ്പുരാനു ഹൃദിസ്ഥങ്ങളായിരുന്നതുകൊണ്ടു മേലുദ്ധരിച്ച കത്തിലെ, 'താങ്കൾക്ക് ഏതെങ്കിലും വ്യവഹാരമുണ്ടായാൽ നമ്മോടെ അടുത്തു പറഞ്ഞാൽ തീർത്തുതരാമല്ലൊ' എന്ന ഉപദേശകല്പനയെ, അവിടുന്നു ദൃഢമായി പിടിക്കുകയും, മേലിലെല്ലാം അതുപ്രകാരം മാത്രം പ്രവർത്തിക്കയും ചെയ്തു. എന്നാൽ, അന്നും തിരുവിതാംകൂർ ആ

ഉപദേശം സ്വീകരിക്കാതെ കൈയ്യൂക്കുകൊണ്ടു കാൎയ്യം നേടാൻതന്നെ ശ്രമിച്ചു. തന്നിമിത്തം, അപ്പപ്പോൾ, അവിടവിടെ, കൊച്ചിയും തിരുവിതാംകൂറും തമ്മിൽ 'ഏറിയ വിവാദവും മത്സരവും' നേരിട്ടു.

കണ്ടനാട്ടെ കാൎയ്യം അങ്ങനെ കഴിഞ്ഞപ്പോൾ, മലയാററൂരുള്ള മലംപ്രദേശത്തേയ്ക്കു് ആ മത്സരത്തിൻെറ രംഗം ഒന്നു മാററിസ്ഥാപിച്ചു. 980 കുംഭം 11-ാംനു- അതിനെക്കുറിച്ചു ശക്തൻതമ്പുരാൻ കൊച്ചിക്കോട്ടയിലേയ്ക്കു് ഇപ്രകാരം എഴുതി അയച്ചുകാണുന്നു.

"വെള്ളാരപ്പിള്ളി പ്രവൃത്തിയിൽ ചേൎന്ന നമ്മുടെ മലയാററൂര മലയിൽ നമ്മുടെ അതിൎത്തിക്കകത്തു തിരുവാംകൊട്ടുരാജാവിൻെറ ആളുകൾ വന്ന ഒരു പുരകെട്ടിച്ചുതുടങ്ങുവെ, നമ്മുടെ ആളുകൾ അറിഞ്ഞ വിരൊധിച്ചതിൻെറ ശെഷം, അതു സമ്മതിയാതെ പുരകെട്ടിച്ചു, കാവലിന്നു ആളുകളെയും ആക്കി, നമ്മുടെ ആളുകളെ അവർ അടിക്കയും ചെയ്തു. ആ മലയിൽ പൂൎവ്വാപൂൎവ്വമായിട്ടു നാം ആളാക്കി വിചാരിച്ചു ആന പിടിക്കയും, മരം വെട്ടി എറക്കിക്കയും മററുള്ള മുതൽ എടുപ്പിക്കയും അത്രെ ചെയ്തുവരുന്നതു. ഇപ്പൊൾ നമ്മളൊട ഇങ്ങനെ ഒക്കയും അക്രമങ്ങളായിട്ടു ചെയ്തിരിക്കുന്നു. നാം ഞായമല്ലാതെ ഒന്നിനും പൊയിട്ടും ഇല്ല. ഇതു കുമ്പഞ്ഞിക്കും പൊരായ്മയാണു. ഇതിൻെറ ഉത്തരം ചൊദിക്കാൻ നാം വിചാരിച്ചാൽ നല്ലൊണം കഴിയും. അതിന്നു കുമ്പഞ്ഞി കല്പനക്കൂടാതെ ചെയ്യരുതല്ലൊ എന്നു വെച്ചത്രെ നാം ക്ഷമിച്ചു വിവരം അറിയിക്കുന്നതു..."

തരം കിട്ടുമ്പോഴൊക്കെ, എന്തെങ്കിലും തൊടുഞായം പറഞ്ഞു്, തിരുവിതാംകോട്ടെ ആളുകൾ ശല്യങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നതിൽനിന്നു്, ഈ അദ്ധ്യായത്തിൻെറ തുടക്കത്തിൽ സൂചിപ്പിച്ചതായ അസംഖ്യത അസ്പഷ്ടമായിട്ടെങ്കിലും അനുമേയമാകുന്നു. 980 മീനത്തിൽ, കാട്ടിൽനിന്നിറങ്ങി, കടൽവക്കത്തു വെച്ചും ഒരു വഴക്കുണ്ടാക്കി. അതിനെക്കുറിച്ചും ശക്തൻതമ്പുരാൻ ഇങ്കിരിയസ്സു കുമ്പഞ്ഞിയജമാനൻമാരെ യഥാവസരം ധരിപ്പിച്ചു.

ആ എഴുത്തും താഴെ ചേൎക്കുന്നു. "നമ്മുടെ വയ്പിൻ പ്രവൃത്തിയിൽ കുഴുപ്പിള്ളി എന്ന പ്രദെശത്തിന കുറെവടക്കു പടിഞ്ഞാറു ആയിട്ടു ഈ മാസം 18-ാംനു- ഒരു ശീപാട (?) ഓടി കെട്ടുവന്ന ഒറയ്ക്കുകൊണ്ടു അതിലെ

ചരക്കുകൾ കരയ്ക്കു എററക്കേണ്ടതിന്നായിട്ട നമ്മുടെ ആളുകൾ ചെന്ന സമയം, തിരുവാങ്കൊട്ടെ ആയുധക്കാരും ആളുകളും കൂടെവന്ന ഉരുവിൽ ഉണ്ടായിരുന്ന ചരക്കുകൾ ഒക്കയും കൊണ്ടുപൊകയുംചെയ്തു. ഉരു വീണിരിക്കുന്നത നമ്മുടെ അതിൎത്തിക്കകത്താകുന്നു. അവിടെ തിരുവാങ്കൊട്ടേക്ക ഒരു സംബന്ധവും ഇല്ല. പ്രദെശം തങ്ങൾക്ക അറിയെണ്ടതിന്നു ആ ദിക്ക വരച്ച കടദാസ്സും (സ്ഥലത്തിന്റെ പ്ലാൻ) അയക്കുന്നു..."

'ഉരുവീണകാൎയ്യം' ഒരുവിധം തീൎന്നപ്പോഴെയ്ക്കും, മറ്റൊരു ദിക്കിൽ വേറെ ഒരു വഴക്കുത്ഭവിച്ചു. ഇത്തവണ അതൊരു പള്ളിപ്പടിക്കൽ ആയിരുന്നു. ഇങ്ങനെ കണ്ണിലെ കരടുപോലെ അസഹ്യതവരുത്തിക്കൊണ്ടിരുന്നതൊക്കെ യാദൃച്ഛികസംഭവങ്ങളാണെന്നു വിശ്വസിക്കുവാൻ വിഷമമുണ്ട്. അശേഷം ആശാസ്യമല്ലാതിരുന്ന എന്തോ ഒന്ന് അടിയിൽക്കൂടെ അലട്ടിക്കൊണ്ടിരുന്നതിന്റെ ബഹിർഭാവങ്ങളായിരുന്നിരിക്കണം ഈ ശഠതകളെല്ലാം.

പള്ളിപ്പടിക്കലെ വഴക്കിനെക്കുറിച്ച 980 എടവം 1-ാംനു ശക്തൻ തമ്പുരാൻ കൊച്ചിയിലെ 'മിസ്റ്റർ പ്ലവക്ക്" ഇങ്ങനെ എഴുതിയിരിക്കുന്നു. "...നമ്മുടെ കണയന്നൂര പ്രവൃത്തിയിൽ വെട്ടിക്കൽ കുരിശിങ്കൽ മെടമാസത്തിൽ ഞായറാഴ്ചക്ക നസ്രാണിമാപ്പിളമാര പലരും എത്തീട്ട ഒരടിയന്തരം ഉണ്ടു. അതിന്ന നമ്മുടെ കാൎയ്യസ്ഥന്മാരകൂടെ ചെന്നിരുന്നു അടിയന്തരം കഴിപ്പിച്ച നമ്മുടെ അവകാശം വകയ്ക്കു വരെണ്ടതും മെടിച്ചുകൊണ്ടുപൊരും. ഇപ്രകാരമത്രെ പൂൎവ്വാപൂൎവ്വമായിട്ട കഴിഞ്ഞു വരുന്നതു. 979 ാമാണ്ടു മെടത്തിൽ തിരുവാങ്കൊട്ടെ വകയിൽ രണ്ടു പ്രമാണക്കാരും ഏതാനും ആയുധക്കാരുംവന്നു നമ്മുടെ ആളുകളെ കയ്യേററംചെയ്തു നെച്ചുവന്ന മുതലുകളും എടുത്തുകൊണ്ടുപൊയി. ഈയാണ്ടിൽ മെടം 11-ാംനു ഞായറാഴ്ച അടിയന്തരത്തിന്നു ചെന്നപ്പഴും അവര വന്നു ഭണ്ഡാരക്കുററി കെളച്ചു മറിച്ചു കൊണ്ടുപൊയി. അവർ നമ്മൊട കവിച്ചിലുകൾ ആയിട്ട ചെയ്യുവരുന്നതൊക്കയും കുമ്പഞ്ഞിടെ ബലംകൊണ്ടാകയാൽ നെരുപൊലെ തീൎത്തുതരുവിക്കയും വെണം."

ഈ വഴക്കുകൾക്ക തിരുവിതാംകോട്ടയ്ക്ക് എള്ളുതരം കൊടുത്തതായ ഒരു സംഗതിയുണ്ട്. ഇംഗ്ലീഷുകാരും തരുവിതാംകൂറും തമ്മിൽ പണ്ടേ സഖ്യത്തിലും സ്നേഹത്തിലുമായിരുന്നു. ശക്തൻതമ്പുരാനെക്കുറിച്ചു—തമ്മിൽ ഉടമ്പടിയും കാൎയ്യവും ഒക്കെ ഉണ്ടെങ്കിലും—ഇംഗ്ലീ

ഷുകാർക്കു് ഏതുനേരവും സംശയവും ആയിരുന്നു. കൊച്ചി-തിരുവിതാംകൂർ-തർക്കങ്ങളിൽ പ്രായേണ തിരുവിതാംകോട്ടിനോടായിരുന്നു ഇംഗ്ലീഷുകാരുടെ അനുഭാവം മുഴുവനും. തന്നിമിത്തം, ശക്തൻ തമ്പുരാനും വല്ലാത്ത ഒരു വിഷമം നേരിട്ടു. ബലാബലം ഒന്നു പരീക്ഷിക്കുന്നതിനു തുടങ്ങിയാൽ, അതിനുള്ള ഊക്കുണ്ടായിരുന്നാലും, ഇംഗ്ലീഷുകാർ പ്രത്യക്ഷമായി അലോക്യത്തിലാകുകയും, ടിപ്പാപ്പിയെ സഹായിക്കുകയും, അവസാനം അനിശ്ചിതമായിബ്ഭവിക്കുകയും ചെയ്യും. സാമദാനങ്ങളെക്കൊണ്ടു് ഇംഗ്ലീഷുകാരെ പാട്ടിൽനിർത്തുന്നതിനു് ആകപ്പാടെകൂടി വന്നുകൂടിയ അപ്രീതിനിമിത്തം, അത്ര എളുപ്പവുമല്ലാതായി. കടലാസ്സയച്ചു കാര്യവിചാരം ചെയ്യിക്കുന്നതിൽ നേരിട്ട തടസ്സവും താമസവും വലിയ മനോവേദനയും ഉളവാക്കി. 'ധീരതയുടെ ഉത്തമാംശം വിവേകം' തന്നെ എന്ന ആപ്തവാക്യത്തെ മുൻനിർത്തി ആവുംവിധം പ്രയത്നിക്കുക എന്നുതന്നെ അവിടുന്നു തീർച്ചപ്പെടുത്തി. അതുകൊണ്ടാണു തിരുവിതാംകോടിന്റെ ഏതു് അപനയത്തിനും അധികാരസ്ഥാനത്തു് ആവലാതിപ്പെടുകമാത്രം മതി എന്നുവെച്ചതു്.

ഇപ്രകാരമുള്ള തിരുവിതാംകോട്ടെ ഏററങ്ങളും കവിച്ചിലുകളും ശക്തൻതമ്പുരാന്റെ കാലം മുഴുവനും ഉണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ, 978 മിഥുനമാസം 9-ാംനു-കൂടി അവിടുന്നു 'മെസ്സർ ധർമ്മൻ' സായിപ്പിനു് ഇങ്ങനെ എഴുതിയിരിക്കുന്നു. "കൊടുങ്ങല്ലൂരു പടിഞ്ഞാറെ അററത്തായിട്ടു ഒരു മൂന നീണ്ടിരിക്കുന്നെടത്തു വെട്ടിമുറിക്കത്തക്കവണ്ണം തിരുവാംകോട്ടെ വകയിൽ ആലങ്ങാട്ടുമുഖത്തു സർവ്വാധികാര്യക്കാരും ആയുധക്കാരും കൂലിക്കാരും ആയിട്ടു രണ്ടായിരത്തിലഹം ആളുകൾ ഇമ്മാസം 26-ാംനു വന്നു വെട്ടിമുറിക്കാനായിട്ടു ഭാവിക്കകൊണ്ടു നമ്മുടെ ആളുകൾ അരുതെന്നുപറഞ്ഞാറെ ആയതു അനുസരിക്കാതെ വെട്ടിമുറിച്ചുവരുന്നു. അവർ ഇപ്രകാരം ഏററംചെയ്യുതു നാം കമ്പഞ്ഞിയെ വിശ്വസിച്ചു ഇരിക്കകൊണ്ടാകുന്നു. അവർ പലകൂട്ടം ഏററങ്ങളായിട്ടു നമ്മോടു ചെയ്യുവരുന്നു. എല്ലാകാര്യങ്ങളും തങ്ങൾതന്നെ വിചാരിച്ചു നടത്തിച്ചുതരികയും വെണം."

പിന്നീടൊരിക്കൽ തിരുവിതാംകോട്ടുകാർ മലയാററൂർമലയിൽ കയറി വേറെ ഒരു വഴക്കുണ്ടാക്കി. അതിന്റെ സ്വഭാവവും ഒരു എഴുത്തിൽനിന്നു കാണാം. "മലയാററൂർ മലയിൽ മകരം 11-ാംനു ഒരു ആന കുഴിയിൽ എറങ്ങ്കൊണ്ടു നമ്മുടെ ആളുകൾ കയററി കൊട്ടിളിൽ

കൊണ്ടുവന്നു ആക്കിയിരുന്നു. ആ ആന് തൃപ്പാപ്പിസ്വരൂപത്തിങ്ക ലെക്കു ചെന്നതാകുന്നു എന്ന അന്ന്യായമായിട്ടു പറഞ്ഞു പിടിച്ചുകൊണ്ടുപൊകത്തക്കവണ്ണം പത്തുരണ്ടായിരം ആളുകൾകൂടി കുംഭമാസം 27-ാംനു- മലയാററുക്കു കടന്നു, കൊട്ടിളപൊളിച്ചു ആനയെ കൊണ്ടുപൊകയും ചെയ്തു. ഇപ്രകാരമുള്ള ഏറിയ ഏററങ്ങൾ ചെയ്യിട്ടും നമ്മുടെ ആളുകൾ ക്ഷമിച്ചു പാർത്തതല്ലാതെ ഒരു ഏററം ചെയ്കയും, വാക്കെററമായിട്ടു ഒന്നു പറകയും, ഉണ്ടായിട്ടുംഇല്ല. ഈ കാൎയ്യംകൊണ്ടു കുമ്പഞ്ഞിയിൽ ആവലാതി ആയിട്ടു ഒന്നുപറകയും വെണ്ടാ." പറഞ്ഞിട്ടൊരു ഫലവുമില്ലാ എന്നു കണ്ടതുകൊണ്ടായിരിക്കുമോ, 'ഒന്നു പറകയും വെണ്ടാ' എന്നു് എഴുതിയിരിക്കുന്നതു് എന്നും വരാവുന്നതാണു്.

അതിർത്തിത്തലകളിൽ കയ്യിട്ടുന്നതുകൂടാതെ വെറെയും കൊച്ചിക്കു തിരുവിതാംകൂറിൽനിന്നു ചില ഉപദ്രവങ്ങൾ സംഭവിച്ചിരുന്നു. അതു പ്രധാനമായി ചുങ്കത്തിനെ സംബന്ധിച്ചായിരുന്നു. ചുങ്കവഴക്കു് ആദ്യമായി ആരംഭിച്ചകാലത്തു് ആയതു ഭംഗിപോലെ നിശ്ചയംചെയ്തുവെയ്ക്കണമെന്നുദ്ദേശിച്ചു ശക്തൻതമ്പുരാൻ തന്റെ പ്രതിനിധികളെ തിരുവനന്തപുരത്തേയ്ക്കു് അയച്ചു. എന്നാൽ അവർ അവിടെ ചെന്നു വളരെ ദിവസം താമസിച്ചിട്ടും, ക്ലേശിച്ചിട്ടും, ഒരു ഫലവും ഉണ്ടായില്ല. വഴക്കു വർദ്ധിച്ചുംവന്നു. അപ്പോൾ ഗത്യന്തരമില്ലാതെ ആ വിവരത്തിനും കുമ്പഞ്ഞിക്കാൎക്കു് എഴുതി അയച്ചു. അതിൽ ഒരെഴുത്തുംകൂടി മാതൃക കാണിക്കുന്നതിനായും, പൂൎവ്വചരിത്രസൂചനകൾകൂടി അതിൽ കാണുന്നതുകൊണ്ടും, താഴെ ഉദ്ധരിക്കുന്നു. അതു 971 മേടമാസം 8-ാംനു- യിലെ ആണു്.

"ചുങ്കകാൎയ്യത്തിൽ നമ്മുടെ കാൎയ്യസ്ഥന്മാരെ രണ്ടുപെരെ നാം തിരുവാംകൊട്ടുരാജാവിന്റെ അടുക്കലെക്കു അയച്ചു. എട്ടുപത്തുമാസം അവർ അവിടെ പാൎത്തു പറഞ്ഞിട്ടും അതിന്റെ വഴിയായിട്ടൊന്നും പറഞ്ഞയച്ചതും ഇല്ല. നമ്മുടെ ചിലവുവഹയ്ക്കായിട്ടു നമ്മുടെ രാജ്യത്തുനിന്നും നമ്മുടെ രാജ്യത്തെയ്ക്കുതന്നെ നമ്മുടെ സാധനങ്ങൾ കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിനും, തിരുവാംകൊട്ടുരാജാവിനു ചുങ്കം കൊടുക്കണം എന്നുവെച്ചാൽ അതു നമുക്കു വളരെ സങ്കടമായിട്ടുള്ളതല്ലൊ ആകുന്നു. . ഇതല്ലാതെയും അവര നമ്മൊടു കീഴുനാളിൽ കഴിഞ്ഞുവന്നിരിക്കുന്നവണ്ണമല്ലാതെ ചെയ്യുവരുന്നു. ലന്തക്കുമ്പഞ്ഞിനാളിലും ടിപ്പുസുൽത്താൻ നാളിലും അവര ബലമായിട്ടു നമ്മൊട ഒന്നും ചെയ്തു

വന്നിട്ടും ഇല്ല. ഇപ്പൊാഠ ബലമായിട്ട കാരൊന്നു ചെയ്യുംവരുന്നു. അതു കൊണ്ടു തിരുവാങ്കൊട്ടുരാജാവിന്റെ ചുങ്കങ്ങളിൽ തടവു ഉണ്ടായിപ്പൊകാത്തവണ്ണവും നമ്മൊടു ബലമായിട്ടു കാരൊന്നു ചെയ്യാതെ ഇരിക്കത്തക്കവണ്ണവും തങ്ങാഠ നിദാനം വരുത്തിത്തരികയുംവെണം."

971-ൽ തിരുവനന്തപുരത്തേയ്ക്കു കാര്യസ്ഥന്മാരെ അയച്ചു. ഫലമൊന്നും ഉണ്ടായില്ല. എന്നിട്ടും ശക്തൻതമ്പുരാൻ നൈരാശ്യമോ ദുരഭിമാനമോ വിചാരിച്ചു മൗനം ദീക്ഷിച്ചില്ല. കാലം മാറുമ്പോഠ കോലവും മാറുമെന്നുവിചാരിച്ചു 974-ൽ വീണ്ടും പ്രതിനിധികളെ തിരുവനന്തപുരത്തേയ്ക്കയച്ച്, സൗഹാർദ്ദം സ്ഥാപിക്കുവാൻ ശ്രമിച്ചു. ആ അവസരത്തിൽ ആ കാര്യസ്ഥന്മാർ തമ്പുരാനു തിരുവനന്തപുരത്തുനിന്നു് അയച്ചിട്ടുള്ള എഴുത്തുകളിൽ ഒന്നാണു താഴെ ചേർക്കുന്നതു്. ആ എഴുത്തു പലപ്രകാരത്തിലും ശ്രദ്ധേയമായ ഒന്നാകുന്നു.

"...പത്മനാഭപുരത്തെക്കു വിടകൊള്ളുവാൻ തീട്ടുരം വന്നുവല്ലൊ. ഇപ്പൊാഠ ഇവിടെ പുറമെയുള്ള കാര്യങ്ങളും അല്ലാതെയുള്ള കാര്യങ്ങളും ഒക്കെയും ദിവാൻജിതന്നെ പ്രമാണമായിട്ടു എഴുതിക്കൊടുത്തയച്ചും വിടകൊണ്ടയച്ചും നടത്തിച്ചുവരികകൊണ്ടും, ദിവാൻജികൂടാതെ അടിയങ്ങാഠ പത്മനാഭപുരത്തെക്കു വിടകൊണ്ടാൽ ഒന്നും വെണ്ടുംപ്രകാരം വന്നില്ലെങ്കിലൊ എന്നുവിചാരിച്ചും, അടിയങ്ങാഠ ഇവിടെത്തന്നെ താമസിച്ചു, കാര്യങ്ങാഠക്കെയും അങ്ങുന്നുതന്നെ (ദിവാൻജി) പ്രത്യെകമായിട്ടു വിചാരിച്ചു നിദാനം വരുത്തിത്തരണമെന്നു വിടകൊണ്ടുവരുന്നു".

"(വിശേഷിച്ചു) പത്മനാഭപുരത്തു രണ്ടു പുലിയെ വലയിൽ ആക്കി, പുറമെ ആളുകഠ ഈട്ടികൊണ്ടു കുത്തി എന്നും, അതിൽ ഒരു ഈട്ടിയുടെ കിഴതലയിന്മെൽ പുലി കടിച്ചുപിടിച്ചപ്പൊാഠ ഈട്ടി പിന്നൊക്കം വലിച്ചാറെ, ഈട്ടികൊണ്ടു സമ്പ്രതിപ്പിള്ളയുടെ മാറു മുറിഞ്ഞു എന്നും, ദിവാൻജി അടിയങ്ങളൊടു വിടകൊണ്ടു. സമ്പ്രതിപ്പിള്ളക്കു മുറിഞ്ഞതു പെഷ്കാരുടെ ഈട്ടികൊണ്ടു ആകുന്നു എന്നും, ആയതു മററാരും അറിയരുതു എന്നും, ഇളയതമ്പുരാന്റെ മകഠക്കു പട്ടും കച്ചയും കൊടുത്തുവരുന്ന രാമൻതമ്പി അടിയങ്ങളൊടു വിടകൊണ്ടു. രാമൻതമ്പി ദിവാൻജിയുടെ മച്ചിനൻ അത്രെ ആകുന്നു."

അന്നത്തെ ഈ എഴുത്തിൽ വളരെ രസപ്രദവും അത്ഭുതാവഹവുമായ

മറെറാരു സംഭവംകൂടി വിവരിച്ചുകാണുന്നുണ്ട്. "...ധനുമാസത്തിൽ വാവുന്നാറം കന്ന്യാകുമാരിയിൽ സമുദ്രം മുമ്പെ ഉള്ളെടത്തുനിന്നും രണ്ടു നാഴികവഴി പുറത്തെക്ക അകന്നുപൊയി എന്നും, മത്സ്യങ്ങളും മററം കിടന്നത ഏറിയ ആളുകറം എടുത്തുകൊണ്ടു പൊയി എന്നും, രാത്രി യായപ്പൊറം സമുദ്രം മുമ്പെ ഉണ്ടായിരുന്ന ദിക്കിൽതന്നെവന്നു എന്നും, സമുദ്രം അകലുന്നത ഒന്നരനാഴിക രണ്ടുനാഴിക കൂടുമ്പൊറം അകലുക യും പിന്നെ അപ്രകാരംതന്നെ അടുക്കുകയും, ഇങ്ങനെ അന്നു അസ്തമി ക്കുന്നതിന്നകത്ത നാലു പ്രാവശ്യം ഉണ്ടായി എന്നും ദിവാൻജി അടി യങ്ങളൊട്ട വിടകൊള്ളുകയുണ്ടായി."

പോയിരുന്ന രാജപ്രതിനിധികളും തിരുവിതാംകൂർദിവാൻജിയും തമ്മിൽ വളരെ ഇണക്കമായും സ്നേഹമായും പെരുമാറിയിരുന്നു എന്നു് ഈ കത്തിൽനിന്നു തീരുമാനിക്കാം. എന്നാൽ 'പോയകാര്യം' മാത്രം ഒന്നും വേണ്ടതുപോലെ ആയിക്കാണുന്നതുമില്ല. കീഴനാളിൽ കഴി ഞ്ഞുവന്നിരിക്കുന്നവണ്ണമല്ലാതെയും, ലന്തനാളിലും ടിപ്പുനാളിലും ചെ യ്തുവന്നിട്ടില്ലാത്ത പോലെയും, ഇപ്പോറം 'ഇങ്കരിയസ്സനാളിൽ' ആരം ഭിച്ചതിനുള്ള സാഹചര്യങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതുതന്നെ ആ കുന്നു. ഭയത്തിൻെറ അഭാവവും സഹായത്തിൻെറ ആവശ്യമില്ലായ്മ യും, പിൻബലത്തിൻെറ വിശ്വസ്തതയുമല്ലാതെ മറെറാന്നുമല്ലാ ഈ പുതിയ രീതിയുടെ അടിസ്ഥാനമെന്നു അറിയുവാൻ വലിയ അന്വേഷ ണങ്ങറം ഒന്നും വേണമെന്നു തോന്നുന്നില്ല.

ഈ കവിച്ചിലുകറം ഒക്കെ ഉണ്ടായിരുന്നിട്ടും, ഈ സന്ധിശ്രമങ്ങ ളെല്ലാം വിഫലങ്ങളായിട്ടും, ശക്തൻതമ്പുരാൻ അടങ്ങിയൊതുങ്ങിയിരു ന്നതു കാണുമ്പോറം അതു് ഒരു സമയം അദ്ദേഹത്തിൻെറ അശക്തിയു ടെയും അന്ധതയുടെയും ഫലമായിരിക്കുമെന്നു കൂടി ചിലക്കു ശങ്ക ജനി ച്ചേക്കാം. എന്നാൽ അടിയൊഴുക്കുകളുടെ ശക്തിയെക്കുറിച്ചും, കാർമ്മേ ഘപടലങ്ങളാൽ വ്യാപൃതമായിരുന്ന ആകാശത്തിൻെറ ആപത്കര മായിരുന്ന അനിശ്ചിതാവസ്ഥയെക്കുറിച്ചും, അനല്പമായ അറിവുണ്ടായി രുന്ന അദ്ദേഹം, മേലുവെള്ളം ഒഴിഞ്ഞുപോകുന്നതിനേയും, നഭോമ ണ്ഡലം നിർമ്മലമാകുന്നതിനേയും, അസാധാരണമായ ക്ഷമയോടുകൂടി ബുദ്ധിപൂർവ്വം കാത്തുകൊണ്ടിരുന്നു. അവിടുത്തെ ആന്തരാഭിപ്രായ ങ്ങറം നാമരൂപങ്ങളെ കൈക്കൊള്ളുന്നതിനു മുമ്പിൽ അവിടുന്നു നിര്യാ തനുമായി.

തിരുവിതാംകൂറിന്റെ തുള്ളലും തോണ്ടലും, കടിക്കലും മാന്തലും, ശക്തൻതമ്പുരാന്റെ കാലത്തു സർവ്വസാധാരണമായിരുന്നു എങ്കിലും, അവിടത്തെ അവക്കും വലിയ ശങ്കയായിരുന്നു എന്നും, ഭയപരിഭ്രമങ്ങളോടുകൂടിത്തന്നെയായിരുന്നു തിരുവിതാംകൂറും അക്കാലത്തു കഴിഞ്ഞുകൂടിയിരുന്നതെന്നും, ശക്തൻതമ്പുരാന്റെ നിര്യാണാനന്തരം, കാലവിളംബമെന്യെ, നടന്ന സംഭവങ്ങളിൽനിന്നു ധാരാളം തെളിയുന്നുണ്ടു്. 981 കന്നിമാസം 13-ാംനു ശക്തൻതമ്പുരാൻ തീപ്പെട്ടു. ആ കുംഭമാസത്തിൽത്തന്നെ പിന്നത്തെ കൊച്ചിരാജാവു തിരുവനന്തപുരത്തേക്കു് എഴുന്നള്ളി. ആലപ്പുഴക്കുവെച്ചു് അദ്ദേഹത്തെ തിരുവിതാംകൂർമഹാരാജാവു 'കൈപിടിച്ചിരുത്തി' സൽക്കരിച്ചു. ഉടനെ കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ഒരു പുതിയ സന്ധിക്കരാറുണ്ടായി. തിരുവിതാംകൂർ ദിവാൻ വേലുത്തമ്പിദളവയുടെ കൂറുകാരനായിരുന്ന പാലിയത്തച്ചൻ കൊച്ചിയിൽ മന്ത്രിയുമായി. അക്കൊല്ലത്തിൽത്തന്നെ ഇരിങ്ങാലക്കുടയിൽ തച്ചുടക്കയ്മളുടെ അവരോധവും നടന്നു. തിരുവിതാംകൂറിന്റെ അഭിലാഷങ്ങൾക്കു തടസ്സമായും എതിരായും നിന്നിരുന്ന ഒരു അനിഷ്ടമൂർത്തിയായിട്ടായിരുന്നു ശക്തൻതമ്പുരാൻ അന്നത്തെ തിരുവിതാംകൂറിന്റെ അക്ഷികൾക്കു ലക്ഷീഭവിച്ചിരുന്നതു് എന്നു പറയുന്നതു് ഒട്ടും അബദ്ധമാണെന്നു തോന്നുന്നില്ല.

XXX

ആലങ്ങാട്ടും പറവൂരും

ആലങ്ങാട്, പറവൂർ, കരപ്പുറം ഈ നാടുകൾ ഒരുകാലത്തു കൊച്ചിയിൽ ചേർന്നതോ, കൊച്ചിക്കു് അമന്നതോ ആയിരുന്നു. ഇപ്പോൾ ആ പ്രദേശങ്ങൾ മുഴുവനും തിരുവിതാംകൂർശീമയിൽ ഉൾപ്പെട്ടു കിടക്കുന്നു. കരപ്പുറം—കൊച്ചിക്കു തെക്കു ചേർത്തല ആലപ്പുഴ എന്നീ കടലോരപ്രദേശം—പ്രധാനപ്പെട്ട 72 മാടമ്പികളുടെ രാജ്യമായിരുന്നു. പറവൂർരാജാവു്, കൊടുങ്ങല്ലൂർതമ്പുരാനെപ്പോലെ ഒരു ആഢ്യൻനമ്പൂതിരിയായിരുന്നു. ആലങ്ങാട്ടുരാജാവു് ഒരു നായരായിരുന്നു. പെരുമ്പടപ്പിന്റെ 'പെരുംപരപ്പു്' അനപത്ഥമായിരുന്ന കാലത്തു്, ഈ പ്രദേശങ്ങളെല്ലാം കൊച്ചിരാജാവിന്റെ ആധിപത്യത്തിൻകീഴിലായിരുന്നു. പോർത്തുഗീസ്സും, ഡച്ചും, നാട്ടുരാജാക്കന്മാരെ തമ്മിൽ അടപ്പി

ക്കാതെയും ഇണക്കാതെയും പരസ്പരം മത്സരത്തിൽ നിർത്തി, അവരുടെ കാര്യം നേടുന്നതിന് അക്ഷീണം പരിശ്രമിച്ചിരുന്നു. ആ രാജ്യങ്ങളുടെ പൂർവ്വചരിത്രങ്ങളിലേയ്ക്ക് അധികം കടന്നുചെന്ന് അന്വേഷിക്കുന്നതു് ഈ അദ്ധ്യായത്തിലെ വിഷയത്തിന് അത്ര ആവശ്യമാണെന്നു തോന്നുന്നില്ല. ശക്തൻതമ്പുരാനു കാര്യപ്രാപ്തിയും ഭരണവിഷയത്തിൽ കർയ്യം ഉണ്ടാകുന്നതിനു മുമ്പുതന്നെ ഈ ഭൂഭാഗങ്ങളെല്ലാം കൊച്ചിക്കു നഷ്ടപ്പെട്ടിരുന്നു. അതിൽ അവിടേയ്ക്ക് അശേഷം പങ്കോ ഉത്തരവാദിത്വമോ ഇല്ല.

കൊല്ലം 885 മീനം 28-ാംനു-യിലെ ഒരു ഉടമ്പടിയിൽ, "കരപ്പുറത്തെ എഴുപത്തിരണ്ടു മാടമ്പികളും കീഴ്മരിയാതി പൊരുംവണ്ണവും മലയാംവെയ്യു പൊരുംവണ്ണവും പെരുമ്പടപ്പിസ്വരൂപത്തിങ്കൽ മൂത്ത രാജാവോടു ഒത്തവണ്ണം ഇരിക്കുമാറെന്നും തിരുമനസ്സുകൊണ്ടു കല്പിക്കുന്നതു അനുസരിച്ചു ആകുന്ന വില്ലുവെല ചെയ്യുമാറാകതക്കവണ്ണവും വ്യവസ്ഥ വരുത്തുകയും ചെയ്തു..." എന്നു എഴുതിക്കാണുന്നുണ്ടു്. 894 വൃശ്ചികം 20-ാംനു-യിലെ കരാറിൽ ഇങ്ങനെയും കാണുന്നു. "മാടമ്പികളും അവരുടെ കീഴമന്ന നായന്മാരും വലിയതമ്പുരാനും കുമ്പഞ്ഞിയും (ലന്ത) എപ്പൊൾ പടയ്ക്കു വിളിച്ചു, എന്നാൽ അപ്പൊഴെ പുറപ്പെട്ടു കല്പിച്ചെടത്തു എത്തി വെല ചെയ്യുമാറു കല്പിച്ചു. എത്താത്തവരെയും ആ കല്പന നിന്നിക്കുന്നവരെയും ശിക്ഷിപ്പാറും വെച്ചു. ഒരു മാടമ്പിയെങ്കിൽ അവന്റെ മാടവും വെപ്പിച്ചു നാട്ടീന്നു കളയുമാറും നായരാകിൽ കൊല്ലുമാറും കല്പിച്ചു. കരപ്പുറത്തെ നാട്ടുടയതു പെരുമ്പടപ്പിൽ മൂത്തരാജാവല്ലൊ ആകുന്നു. രാജാവൂടെ അവകാശവും പൊകവും ഒക്കയും രാജാവുതന്നെ അനുഭവിക്കുമാറുംവെച്ചു......" 929-ൽ മാർത്താണ്ഡവർമ്മമഹാരാജാവു കരപ്പുറംനാടു വെട്ടിപ്പിടിക്കയും അതു കൊച്ചിക്കു് എന്നെന്നേയ്ക്കുമായി നഷ്ടപ്പെടുകയുംചെയ്തു. അന്നു ശക്തൻ തമ്പുരാനു മൂന്നു തിരുവയസ്സാണു്.

ടിപ്പുവും ഇംഗ്ലീഷുകാരും തമ്മിലുണ്ടായ കരാറിൽ കൊച്ചി രാജാവിനു വിട്ടുകൊടുക്കേണ്ടതായ രാജ്യങ്ങളുടെ പട്ടികയിൽ പറവൂരും, ആലങ്ങാട്ടും, കുന്നത്തുനാട്ടും ഉൾപ്പെട്ടിരുന്നു. തിരുവിതാങ്കൂറും ഇംഗ്ലീഷു കമ്പനിക്കാരും ആദ്യംമുതല്ക്കുതന്നെ സഖ്യത്തിലായിരുന്നു എന്നും, തിരുവിതാങ്കൂർ ദിവാൻ കേശവപിള്ള അവർകൾ കമ്പനിക്കാരുടെ സഹായത്തിനു രാജപ്രതിനിധിയായി മലബാറിൽ എത്തിത്താമസിച്ചിരുന്നു

ന്നും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ടിപ്പുവിന്റെ കരാറിൽ ഉൾപ്പെട്ട മേല്പറഞ്ഞ പ്രദേശങ്ങളെ സംബന്ധിച്ച 967-ൽതന്നെ അദ്ദേഹം തിരുവിതാംകൂറിന്റെ പേക്ക് അവകാശങ്ങൾ പുറപ്പെടുവിക്കുകയും ആ നാടുകൾ തിരുവിതാംകൂറിന്റെ വകയാണെന്നു തേച്ച്പ്പെടുകയും ചെയ്തു. 965ലെ കരാറ് എഴുതിപ്പിടിച്ച മിസ്റ്റർ പൗണിയും ആ വാദത്തെ ശരിവെക്കയും 1755 മുതല്ക്ക് ആ രാജ്യങ്ങളെല്ലാം തിരുവാങ്കോട്ടെയ്ക്കു ചേർന്നതാണെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി.

സാമൂതിരി കൊച്ചിരാജ്യം മുക്കാലും ജയിക്കുകയും, തിരുവിതാംകൂറിലേയ്ക്കു കടക്കുവാൻ ആഗ്രഹിക്കുകയുംചെയ്ത അവസരത്തിൽ, 937-ൽ, കൊച്ചിയും തിരുവിതാംകൂറും കൂടി ചെയ്ത ചരിത്രപ്രസിദ്ധമായതും കേരളചരിത്രത്തിൽ അവിചാരിതമായ ഒരു പരിവർത്തനമുണ്ടാക്കിത്തീർത്തതുമായ ഉടമ്പടിയിൽ തിരുവിതാംകൂർ കൊച്ചിയെ സഹായിച്ച സാമൂതിരിയെ പുറത്താക്കാമെന്നും, സാമൂതിരി പിടിച്ചെടുത്ത കൊച്ചിയുടെ രാജ്യഭാഗങ്ങളെല്ലാം വീണ്ടെടുത്തുകൊടുക്കാമെന്നും അതിലേയ്ക്കു പ്രതിഫലമായി മുൻപ്രസ്താവിച്ച നാടുകൾ കൊച്ചിരാജാവു തിരുവിതാംകൂറിനു വിട്ടുകൊടുക്കണമെന്നും ആയിരുന്നു നിശ്ചയം. പ്രസ്തുതകരാറിലെ ആ ഭാഗം താഴെ ചേർക്കുന്നു.

"..932-ാമാണ്ടിനു ശേഷം സാമൂതിരി നമ്മുടെ രാജ്യത്ത പുരുഷാരത്തൊടുകൂടി കടന്നു നമ്മുടെ ആളുകളെ ഓടിച്ച രാജ്യം സ്വാധീനമാക്കകൊണ്ടു, നമ്മുടെ ശത്രുക്കളെ ഒഴിച്ച മുന്നിലത്തെപ്പൊലെ രാജ്യം വടക്കെ അതൃത്തി പടിഞ്ഞാറെ വഴിക്ക പൂക്കൈതെയ്ക്കു തെക്കൊട്ടും, വെള്ളപ്പനാട്ടിൽ നാം അനുഭവിച്ചുവന്ന രാജ്യങ്ങളും, കിഴക്കെ വഴിക്കു ചിററാറിന്നു തെക്കൊട്ടും, നമുക്കു സ്വാധീനമാവൊളത്തിന്ന അങ്ങെക്കുടെ അൎത്ഥപുരുഷാരം ചിലവിട്ട നമുക്കു വെണ്ടുന്ന സഹായങ്ങൾ ചെയ്യുന്നതിന്ന, കരപ്പുറം പമ്പാ അഴിക്ക തെക്കു ആലപ്പുഴക്കു വടക്കു ഉള്ള പ്രദെശങ്ങളിൽ അണ്ടിക്കടവും, കുമ്പളങ്ങിയും, ചെല്ലാനവും നീക്കി ശെഷം ഉള്ള പ്രദെശങ്ങളും പറവൂരും ആലങ്ങാട്ടും രണ്ടു രാജ്യവും അങ്ങെയ്ക്കു എഴുതിത്തന്നിരിക്കകൊണ്ടു..."

ഈ കരാറുപ്രകാരം തിരുവിതാംകൂറിന്റെ സഹായത്തോടുകൂടി സാമൂതിരിയെ അന്നത്തെ കൊച്ചിരാജ്യാതിർത്തികൾ കടത്തിവിട്ടു എങ്കിലും, ഉടമ്പടിപ്രകാരം പൂക്കൈതെയ്ക്കുലോളമുള്ള രാജ്യവും, വെള്ളപ്പനാടും,

ചിററാറിനു തെക്കുള്ള പ്രദേശവും മുഴുവൻ സാമൂതിരിയിൽനിന്നു വീണ്ടെടുക്കുകയോ, കൊച്ചിക്കു് ഏല്പിച്ചുകൊടുക്കുകയോ ഉണ്ടായില്ല. ചേററുവാ കടത്തിവിട്ട സാമൂതിരിയും, കരാറുപ്രകാരം കൊച്ചിയുടെ സഹായത്തിനു് എത്തിയ തിരുവിതാംകൂറും തമ്മിൽ, കൊച്ചിയെ അറിയിക്കാതെ അതിനിടയ്ക്കു രാജിയാകുകയും സന്ധി ചെയ്യുകയും ചെയ്തു. പിന്നീടു ഹൈദർനവാബു സാമൂതിരിയെത്തന്നെ തോല്പിക്കയും സാമൂതിരിരാജ്യംമുഴുവനും കീഴമർത്തുകയും ചെയ്തു. ഏതുപ്രകാരമായാലും തൻെറ വടക്കൻരാജ്യങ്ങളെ വീണ്ടുകിട്ടുന്നതിൻെറ പ്രതിഫലമായി മാത്രം താൻ വിട്ടുകൊടുത്ത തൻെറ തെക്കൻരാജ്യങ്ങളെ അങ്ങനെതന്നെ കൈവശം വെയ്ക്കുന്നതിനു തിരുവിതാംകൂറിനു് അവകാശമില്ലാതായിരിക്കുന്നു എന്നൊരു വാദം കൊച്ചിരാജാവിനു് അന്നുമുതല്ക്കുതന്നെ ഉണ്ടായിരുന്നു. പ്രതിഫലം ഇല്ലാതായേടത്തോളം ഭാഗം, കരാറു ദുർബലമാണെന്നുള്ള തർക്കം അത്ര ന്യായരഹിതവുമല്ല. എന്നാൽ, ഹൈദരുടെ പാളയം, ടിപ്പുവിൻെറ വിജയം, സാമൂതിരിയുടെ അടിയറവു്, ഇംഗ്ലീഷുകമ്പനിക്കാരുടെ പ്രവേശം, എന്നീ സംഗതികളാൽ ആകപ്പാടെ അന്നത്തെ എല്ലാ കാര്യങ്ങളും വലിയ കുഴമറിയിൽ കിടന്നിരുന്നതുകൊണ്ടും, മററും കൊച്ചിയും തിരുവിതാംകൂറും തമ്മിലുണ്ടായിരുന്ന ആ കരാറുലംഘനക്കേസ്സു വിചാരണചെയ്തു തീർച്ചപ്പെടുത്തുന്നതിനു് ആളോ. അവസരമോ ഇല്ലാതെപോയി. ആ ഘട്ടത്തിലാണു കമ്പനിക്കമ്മീഷണർമാർ കാര്യാന്വേഷണത്തിനു നിയുക്തരായതു്. അവരുടെ മുമ്പാകെ മേല്പറഞ്ഞ വാദം സമർപ്പിക്കപ്പെടുകയും ചെയ്തു.

ടിപ്പുവിൻെറ പട്ടികയിൽ കൊച്ചിയുടെ വകയായി മേല്പറഞ്ഞ സ്ഥലങ്ങൾ ചേർത്തിട്ടുണ്ടെന്നും, ഏതൊരു കരാറുവഴിക്കു തിരുവിതാംകൂർ ഈ പ്രദേശങ്ങൾ അവകാശപ്പെടുന്നുവോ ആ കരാറുപ്രകാരം നടക്കാഞ്ഞതുകൊണ്ടു് അതു പ്രതിഫലമില്ലാത്തതായിത്തീർന്നു എന്നും, കൂടുതൽ പററിയ പ്രതിഫലം ന്യായപ്രകാരം മടക്കിക്കിട്ടേണ്ടതാണെന്നും ആയിരുന്നു കൊച്ചിയുടെ പ്രധാനവാദം. മിസ്റ്റർ പൗണി നിർഭാഗ്യവശാൽ, ആക്ഷേപാസ്പദമായിത്തീർന്ന അദ്ദേഹത്തിൻെറ കരാറുനിമിത്തം, പിന്നീടു് ഏതു കാര്യത്തിലും കൊച്ചിക്കു് എതിരായിരുന്നു. വഴിയെ വന്ന കമ്പനി ഉദ്യോഗസ്ഥന്മാരിൽ അദ്ദേഹം തൻെറ ആ അസുഖം ഏറക്കുറെ കത്തിവെക്കുകയും ചെയ്തിരുന്നു. കേശവപിള്ള ദിവാൻ പ്രഗത്ഭനും പ്രസിദ്ധനുമായ ഒരു രാജ്യതന്ത്രജ്ഞനായിരുന്നതിനുപുറമെ, ഇംഗ്ലീഷുകാരുടെ "സ്വന്തം ആളും" ആയിരുന്നു. ഡച്ചുകാ

രുടെ നില അന്നു "വയനാട്ടിലെ മോരുപോലെ, വിലയ്ക്കുമില്ലാ വെറുതെയുമില്ലാ" എന്ന മട്ടിലായിരുന്നു. കൊച്ചിരാജ്യത്തിലെ പ്രഭുക്കന്മാരുടെ ശക്തിയും സ്വാതന്ത്ര്യങ്ങളും അന്നു് അവസാനത്തിലെ അദ്ധ്യായത്തിലോളം എത്തീട്ടേ ഉണ്ടായിരുന്നുള്ളൂ. "സമാപ്ത"ത്തിനു ശക്തൻ തമ്പുരാൻെറ "കയ്യൊഴിഞ്ഞിട്ടു്" വേണ്ടിയിരുന്നു. ഇപ്രകാരമുള്ള നിസ്സഹായവും നിരാശാജനകവുമായ ഒരു ദുർഘടത്തിലാണു 937_ൽ തൻെറ പൂർവ്വികൻ ചെയ്തുവെച്ച ഒരു കാര്യത്തെക്കുറിച്ചു ശക്തൻതമ്പുരാൻ തിരുമനസ്സിലേയ്ക്കു്, അനാദരവും അവിശ്വാസവുംകൊണ്ടു മ്ളാനമായിരുന്ന ഒരു ന്യായസ്ഥാനത്തു്, അവകാശവാദം ചെയ്യേണ്ടിവന്നതു്!

മിസ്റ്റർ പൗണിയുടെ റിപ്പോർട്ടിൽ ആ മൂന്നു രാജ്യങ്ങളും ടിപ്പുവിൻെറ പട്ടികയിൽ ഉൾപ്പെടുത്തിയതു കേവലം തെററാണെന്നും, മററു വിധത്തിലും ടിപ്പു കൊച്ചിക്കു് അനുകൂലമായി പ്രവർത്തിച്ചിട്ടുണ്ടെന്നും, കൊച്ചിയിലെ മുതലെടുപ്പിനെക്കുറിച്ചുതന്നെ ടിപ്പു കൊടുത്ത കണക്കു വളരെ കുറവാണെന്നും പ്രസ്താവിച്ചിരുന്നു! തന്നിമിത്തം ഇംഗ്ലീഷധികാരികൾ ടിപ്പുവിനോടു സമാധാനം ചോദിക്കയും, തന്റേതല്ലാത്ത ആലങ്ങാടും പറവൂരും പട്ടികയിൽ ഉൾപ്പെടുത്തിയതിനുപകരം അത്രയും രാജ്യം "നീലേശ്വര"ത്തു കിട്ടണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. ആലങ്ങാടു, പറവൂർ, കരപ്പുറം രാജ്യങ്ങളുടെ കാര്യം തീർച്ചപ്പെടുത്തുന്നതിനു്, ഇംഗ്ലീഷും മൈസൂരും തമ്മിൽ യുദ്ധം ആരംഭിച്ച കാലത്തു് അതു് ആരുടെ കൈവശത്തിലായിരുന്നു എന്നു് അറിയേണ്ടിയിരിക്കുന്നു. ആ യുദ്ധത്തിനുമുമ്പുതന്നെ, ഏതു തരത്തിലെങ്കിലുമായിക്കൊള്ളട്ടെ, ആ രാജ്യങ്ങൾ തിരുവിതാംകൂർരാജാവിൻെറ കൈവശമായിരുന്നുവെങ്കിൽ, പ്രത്യേകിച്ചും കൊച്ചിരാജാവു ഹൈദർനവാബിനു വഴങ്ങിയതിനുമുമ്പുതന്നെ, കൊച്ചിരാജാവുമായുണ്ടായ ഉടമ്പടിപ്രകാരം ആ രാജ്യങ്ങൾ തിരുവിതാംകൂറിനു സിദ്ധിച്ചവയാണെങ്കിൽ, തീർച്ചയായും തിരുവിതാംകൂറിലേയ്ക്കു് ആ പ്രദേശങ്ങളെ നഷ്ടപ്പെടുത്തുന്നതു് ഒട്ടും ന്യായമായിരിക്കയില്ലല്ലൊ എന്നുംകൂടി കമ്മീഷണർമാർ ടിപ്പുവിനു് എഴുതി അറിയിച്ചു. കരപ്പുറംനാടു യുദ്ധംചെയ്തു പിടിച്ചടക്കിയതും, ആലങ്ങാടും പറവൂരും ഉടമ്പടിപ്രകാരം പൂർണ്ണമനസ്സാലെയും തക്കതായ പ്രതിഫലത്തിന്മേലും ദത്തം ചെയ്യപ്പെട്ടതും ആണെന്നായിരുന്നു തിരുവിതാംകൂറിൻെറ തീർച്ച എന്നു പറയേണ്ടതില്ലല്ലൊ.

ടിപ്പുവിൻെറ മറുപടിയിലെ താല്പര്യം ഇപ്രകാരമായിരുന്നു. "ഈ

മൂന്നു രാജ്യങ്ങളും വളരെക്കാലമായി കൊച്ചിരാജാവിന്റെ വകയാണ്. കൊച്ചിരാജാവാകട്ടെ ഉടമ്പടിപ്രകാരം നമ്മുടെ ആശ്രയഭാവത്തിലുമാണ്. യുദ്ധാരംഭത്തിൽ, നമ്മുടെ അധീനത്തിലെന്നു വിചാരിക്കാവുന്ന രാജ്യങ്ങൾ ഏതൊക്കെയെന്നു നോക്കീട്ടുവേണം ഈ കാര്യം തീർച്ചപ്പെടുത്തുവാൻ. പ്രസ്തുതതാലൂക്കുകൾ ഒരിക്കലും തിരുവിതാംകോട്ടേയ്ക്കു ചേർന്നവയല്ല; കൊച്ചിയോടു കയ്യേററംചെയ്തു് എടുത്തിട്ടുള്ളവയാണ്. നാം കൊച്ചിരാജ്യത്തുചെന്നു് അവിടത്തെ രാജാവിനേയും പ്രമാണക്കാരേയും വരുത്തി, ഈ താലൂക്കുകളെക്കുറിച്ചു പ്രത്യേകം അന്വേഷണം നടത്തുകയും, യുദ്ധത്തിൽ ഏറ്റെടുക്കുകയും ചെയ്തു. അന്നു തെല്ലിടയായി ഈ താലൂക്കുകൾ, കേവലം ബലംകൊണ്ടു്, തിരുവിതാംകൂർ കയ്യടക്കിവെച്ചിരുന്നു. നാമും കമ്പഞ്ഞിയുമായുണ്ടായ കരാറിലെ മൂന്നാം വകുപ്പുകൊണ്ടു്, യുദ്ധാരംഭത്തിൽ നമ്മുടെ വകയായുണ്ടായിരുന്ന രാജ്യങ്ങളിൽ നേർപകുതി മൂന്നു സംസ്ഥാനത്തേയ്ക്കുമായി നല്കണം എന്നാണല്ലൊ കാണുന്നതു്. അത്രയും രാജ്യത്തിനുപുറമെ നാലരലക്ഷം വരാഹൻകൂടി നാം ഇപ്പോൾ നല്കിയിരിക്കുന്നു. എന്തിനാണു കമ്പനിക്കാർ ഈ നിസ്സാരസംഗതികളെ മറിച്ചാക്കുവാൻ മെനക്കെടുന്നതു്?" ഈ ഒടുവിലത്തെ വാചകംകൊണ്ടു് ആലങ്ങാടു, പറവൂരു, കരപ്പുറം പ്രദേശങ്ങൾ കൊച്ചിരാജാവിനു കൊടുത്താൽ കൊള്ളാമെന്നായിരുന്നു ടിപ്പുസുൽത്താന്റെ അഭിപ്രായമെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. നാട്ടുരാജാക്കന്മാരിൽ ആരുടെ കാര്യത്തിലും അശേഷം പ്രദർശിപ്പിച്ചിട്ടില്ലാത്തതായ പ്രത്യേകമായ ഒരു അനുഭാവമാണു ടിപ്പുസുൽത്താൻ കൊച്ചിയിലെ ശക്തൻതമ്പുരാന്റെ കാര്യത്തിൽ പ്രത്യക്ഷപ്പെടുത്തിക്കാണുന്നതെന്നു പ്രസ്താവാർഹമാണ്.

937-ലെ ഉടമ്പടിപ്രകാരം മുഴുവനും പ്രവർത്തിക്കാഞ്ഞതുകൊണ്ടു് ആലങ്ങാടു, പറവൂരു, കരപ്പുറം പ്രദേശങ്ങൾ തനിക്കു തിരിച്ചുകിട്ടേണ്ടവയാണെന്നും, അന്നുമുതല്ക്കേ തന്റെ പൂർവ്വികന്മാരും പിന്നീടു താനും തിരുവിതാംകൂറിനോടു വിടാതെ ആവശ്യപ്പെട്ടുകൊണ്ടുവരുന്നുണ്ടെന്നും, തിരുവിതാംകൂർ ഓരോ അവധികൾ പറഞ്ഞു കാലം നീട്ടിക്കൊണ്ടുവരികയായിരുന്നു എന്നും, അവരുടെ ആ അമാന്തമാണു തിരുവിതാംകൂർരാജ്യം ആക്രമിക്കുന്നതിനു ടിപ്പുവിനെ ഉദ്യുക്തനാക്കിയ സംഗതികളിൽ പ്രധാനമായിട്ടുള്ളതു് എന്നും, തിരുവിതാംകൂറിന്റെ യഥാർത്ഥകൈവശമിരുന്നാലും ആ രാജ്യങ്ങൾ നിയമപ്രകാരവും മര്യാദവഴിക്കും കൊച്ചിയുടെതന്നെ ആയിരുന്നു എന്നും, അതാണ് ആ പേരു

കഠ ടിപ്പുവിന്റെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കാരണമെന്നും, തനിക്കുതന്നെ വിട്ടുകിട്ടേണ്ടതാണെന്നും ആയിരുന്നു ശക്തൻതമ്പുരാന്റെ ന്യായവാദങ്ങൾ. ടിപ്പു തിരുവിതാംകൂറിന്റെ നേരേ കണ്ണുവെച്ചിരുന്നു എന്നും, തന്റെ കേരളസാമ്രാജ്യസ്ഥാപനസംരംഭത്തിനു വലിയ വിഘാതമായിരുന്ന വേണാടിനെ ഛിദ്ദ്രണമെന്നു് അതിയായി ആഗ്രഹിച്ചിരുന്നു എന്നും, സാമൂതിരിയും ടിപ്പുവുമായി കോയമ്പത്തൂരുവെച്ചുണ്ടായ സംഭാഷണത്തിൽനിന്നുംകൂടി തെളിയുന്നതുകൊണ്ടു്, ആ വസ്തുത കമ്പനിക്കാര്യസ്ഥന്മാർ അവരുടെ റിപ്പോർട്ടിൽ, മൃദുസ്വരത്തിലാണെങ്കിലും, സമ്മതിച്ചു എഴുതിക്കാണുന്നുണ്ടു്.

ദിവാൻ കേശവപിള്ളയായിരുന്നു ഈ വാദത്തിലെല്ലാം തിരുവിതാംകൂർപ്രതിനിധിയും കൊച്ചിയുടെ എതിർകക്ഷിയും. അദ്ദേഹം തോരണം താഴാതെ വാദിച്ചു എന്നു പറയേണ്ടതില്ലല്ലോ. ന്യായമായി പിടിച്ചടക്കിയതാണെന്നും, മടക്കിക്കൊടുക്കാവുന്ന രാജ്യങ്ങളൊക്കെ തന്റെ മഹാരാജാവു കൊച്ചിക്കു വിട്ടുവിച്ചുകൊടുത്തിട്ടുണ്ടെന്നും, കൊച്ചിക്കു യാതൊരുവക അവകാശവും യഥാർത്ഥത്തിലില്ലാത്ത ദേശങ്ങളാണു പൂക്കൈതയും വെള്ളപ്പനാട്ടും ചിററാറിനു തെക്കുള്ള നാട്ടും എന്നും, അതൊക്കെ മടക്കിക്കിട്ടാൻ അവകാശമോ മടക്കി ഏല്പിക്കാൻ കാരാറുകൊണ്ടു ബാദ്ധ്യതയോ ഇല്ലെന്നും, ആ രാജ്യങ്ങൾ പണ്ടേ സാമൂതിരിയുടെ വകയായിരുന്നു എന്നും, ഇതിനെല്ലാം പുറമെ ഹൈദർനവാബു മലയാളം ജയിച്ചതോടുകൂടി, ആ വകപ്പു് അസാദ്ധ്യവും അപ്രായോഗികവും ആയത്തീൎന്നു എന്നും, മടക്കിക്കിട്ടുവാൻ കൊച്ചിയിൽനിന്നും തുടച്ചയായി ആവശ്യപ്പെട്ടുകൊണ്ടുവന്നു എന്നു പറയുന്നതിനു് അടിസ്ഥാനമില്ലെന്നും ഏതുനിലയ്ക്കും വിട്ടുകൊടുക്കുവാൻ ഒരു ന്യായവുമില്ലെന്നും ആയിരുന്നു കേശവപിള്ള അവർകളുടെ പത്രിക.

കൊച്ചിക്കു നിരാക്ഷേപമായുണ്ടായിരുന്ന രാജ്യത്തിന്റെ അതിർത്തിയിൽനിന്നു സാമൂതിരിയെ പുറത്താക്കിയതോടുകൂടി, സാമൂതിരിയും തിരുവിതാംകൂറുംകൂടി ഒരു സന്ധിക്കരാറിൽ ഏൎപ്പെട്ടതുകൊണ്ടാണു പ്രധാനമായും, കൊച്ചിയുടെ പൂൎവ്വസ്ഥാനങ്ങളെ വീണ്ടെടുക്കുന്നതിനു സാധിക്കാഞ്ഞതെന്നും, അതിൽ കൊച്ചിക്കു് ഉത്തരവാദിത്വമില്ലെന്നുംകൂടി അറിഞ്ഞിരിക്കേണ്ടതാകുന്നു. അ പത്രികയിൽ, നെടുകോട്ടയ്ക്കുനേരെ ടിപ്പു എതിക്കുന്നതുവരെ സുൽത്താനു പ്രസ്തുതരാജ്യങ്ങളുടെ വിവരംതന്നെ ഉണ്ടായിരുന്നില്ലെന്നും, ഏതാനുംനാൾ ഈ പ്രദേശങ്ങൾ ടിപ്പു കൈ

വശം വെച്ചു എന്നു പറയുന്നതു്, സുൽത്താൻ തൃശ്ശിവപേരൂർ കച്ചേരി സ്ഥാപിച്ചു് ഓരോ രാജ്യങ്ങളിലെ പിരിവുകൾ എടുക്കുവാൻ ഉത്സാഹിച്ച കാലത്തെക്കുറിച്ചാണെന്നും, എന്നാൽ പലപല രാജ്യങ്ങളും തനിക്കധീനപ്പെട്ടതാണെന്നു നടിക്കുവാനല്ലാതെ അവിടങ്ങളിൽ തന്റെ ഉദ്യോഗസ്ഥന്മാരെ അയയ്ക്കുന്നതിനുപോലും ടിപ്പുവിനു സാധിച്ചിട്ടില്ലെന്നും, ആ കൂട്ടത്തിൽ ഇനിയും ഇതുപോലെ കോഴിക്കോട്ടെയ്ക്കും പാലക്കാട്ടെയ്ക്കും ചേൎന്ന പല നാടുകളുമുണ്ടെന്നും, പ്രവൃത്തികൾ എന്തെങ്കിലും ആരംഭിക്കുന്നതിനു മുമ്പുതന്നെ ഇംഗ്ലീഷുകമ്പനിക്കാരുമായി യുദ്ധത്തിൽ ഏൎപ്പെടേണ്ടിവന്നതുകൊണ്ടു ടിപ്പുവിന്റെ ആവക ആഗ്രഹങ്ങളെല്ലാം ദിവാസ്വപ്നങ്ങളായി പരിണമിക്കുകയാണുണ്ടായതെന്നും പ്രസ്താവിക്കപ്പെട്ടിരുന്നു.

വിചാരണയിൽ പ്രാധാന്യം സിദ്ധിച്ചതു രണ്ടേ രണ്ടു സംഗതികൾക്കാണു്. ഒന്നാമതു്, മുപ്പത്തിരണ്ടുകൊല്ലത്തോളമായിട്ടു് ആ രാജ്യങ്ങൾ തിരുവിതാംകൂറിന്റെ കൈവശത്തിലാണോ? രണ്ടാമതു്, കരാറു പ്രകാരം മുഴുവനും തിരുവിതാംകൂർ പ്രവൎത്തിച്ചിട്ടില്ലേ? ആദ്യത്തേതിനു് 'അതേ' എന്നും, പിന്നത്തേതിനു് 'ഇല്ല' എന്നും ആയിരുന്നു കമ്മീഷണർമാരായിരുന്ന മെസ്സേർസ് പേജും ബോഡാമും അഭിപ്രായപ്പെട്ടതു്. എന്നാൽ, 'കരാറുലംഘനവിഷയ'ത്തിന്റെ പ്രാബല്യത്തെ പരിഗണിക്കുന്നതിനു്, 'തിരിച്ചുകിട്ടുവാൻ തുടൎച്ചയായി ആവശ്യപ്പെട്ടുകൊണ്ടു വന്നു' എന്ന സംഗതിക്കു സ്വീകാൎയ്യമായ തക്ക തെളിവു് അവർ കൊച്ചിരാജാവിനോടു് ആവശ്യപ്പെട്ടു. കമ്മീഷണർമാൎക്കു കൈപ്പററാവുന്ന ഒരു തെളിവു ഹാജരാക്കുന്നതിനു കൊച്ചിക്കു തൽക്കാലം സാധിച്ചില്ലെന്നാണു കമ്മീഷണർമാർ പറഞ്ഞിരിക്കുന്നതു്.

ഇത്രയും 'പ്രമാദ'മായി ആരംഭിച്ച ഈ അവകാശതൎക്കം, 'മലപോലെ വന്നതു മലർപോലെ പോയി' എന്നു പറഞ്ഞതുപോലെയാണു് അവസാനിച്ചതെന്നു പറയാതെ തരമില്ല. ശക്തൻതമ്പുരാൻ വേണ്ടതുപോലെ പൊരുതാഞ്ഞതുകൊണ്ടാണു പൊയ്പോയതെന്നുംകൂടി ചിലൎക്കു് ആക്ഷേപംതന്നെ ഉണ്ടു്. കമ്മീഷണർമാരുടെ റിപ്പോൎട്ടു നോക്കിയാൽ ശക്തൻതമ്പുരാനു 'വല്ല അബദ്ധവും പററിപ്പോയിട്ടുണ്ടോ' എന്നു സംശയിക്കുന്നതിനു വഴിയില്ലായ്കയുമില്ല. "അവസാനം കൊച്ചിരാജാവു വളരെ സങ്കടത്തോടുകൂടി — ബാഷ്പകലുഷിതങ്ങളായ നേത്രങ്ങളോടുകൂടി എന്നാണു റിപ്പോൎട്ടു് — ആ അവകാശവാദത്തിൽ

നിന്നു പിൻവലിച്ചതുകൊണ്ടു് ഒരു തീർപ്പു കല്പിക്കേണ്ടിവന്നില്ലാ" എന്നാണു് അവർ രേഖപ്പെടുത്തിക്കാണുന്നതു്. മറേറതു കാര്യത്തിലും അവസാനംവരെ അവധാനത്തോടുകൂടി അക്ഷീണം വാദിച്ചിട്ടുള്ള ആ മഹാൻ ഇക്കാര്യത്തിൽ ഇങ്ങനെ ചെയ്യതു് —അതു നേരാണെങ്കിൽ— എന്തുകൊണ്ടാണെന്നുള്ള പ്രശ്നത്തിനു ധാരാളം പ്രസക്തിയുണ്ടു്. അപ്രകാരം പിൻമാറുന്നതിനു് അദ്ദേഹം പറഞ്ഞതായ ചില കാരണങ്ങളേയും കമ്മീഷണർമാർ രേഖപ്പെടുത്തീട്ടുണ്ടു്. ആയതുംകൂടി എടുത്തുപറഞ്ഞതിന്റെശേഷമാവാം ആ സംഗതികളുടെ ഗുരുലഘുത്വവിചിന്തനവും ആ പ്രവൃത്തിയുടെ ഗുണദോഷവിവേചനവും.

"ഹൈദരാലിഖാന്റെ വരവിനു വളരെ മുമ്പുതന്നെ തന്റെ പൂർവ്വികന്മാർ പ്രസ്തുതപ്രദേശങ്ങളെ രേഖാമൂലം തിരുവാങ്കോട്ടേയ്ക്കു വെച്ചൊഴിഞ്ഞിരിക്കുന്നു; ഉദ്ദേശിക്കപ്പെട്ട രാജ്യങ്ങളൊക്കെ സാമൂതിരിയോടു വീണ്ടെടുക്കുവാൻ തരപ്പെടാഞ്ഞതു വലിയ നിർഭാഗ്യമായി. തൃപ്പാപ്പിസ്വരൂപവും പെരുമ്പടപ്പുസ്വരൂപവും ഇപ്പോഴും വളരെ ലോക്യത്തിലും ഐകമത്യത്തിലും ആണു്; ആ മൈത്രീബന്ധത്തിനു് ഏതെങ്കിലുംവിധത്തിൽ ശൈഥില്യം സംഭവിക്കുന്നതിനു താൻ ഇഷ്ടപ്പെടുന്നില്ല; ഈ കാരണങ്ങളാൽ താൻ ഈ വാദത്തിൽനിന്നു തൽക്കാലം പിൻവലിച്ചിരിക്കുന്നു" എന്നാണുപോലും കൊച്ചിരാജാവു പ്രസ്താവിച്ചതു്!

തിരുവിതാംകൂറിനാൽ വ്യാമോഹിതനാക്കപ്പെടുകയോ, കേശവപിള്ളദിവാന്റെ പിരട്ടിൽപെട്ടുപോകയോ, തക്കതായ ഒരു ലാഭം വേറെ കാണുകയൊ ചെയ്തിരിക്കണം, അല്ലാതെ ശക്തൻതമ്പുരാൻ ഇപ്രകാരം പിന്തിരിയുകയില്ലാ എന്നൊരു പക്ഷക്കാരുണ്ടു്. പണത്തിനു പഞ്ഞമില്ലാതിരുന്ന തിരുവിതാംകൂർമഹാരാജാവു് ആ പ്രദേശത്തെ വാദം കൂടാതെ വിട്ടൊഴിയുന്നതിനു്, ന്യായമായ പ്രതിഫലംതന്നെ, ധനസ്ഥിതിയിൽ അന്നു് അസൂയപ്പെടത്തക്ക യാതൊരുസ്ഥാനവും ഇല്ലാതിരുന്ന കൊച്ചിരാജാവിനു കൊടുത്തു സമാധാനിപ്പിച്ചിരിക്കാമെന്നുംകൂടി ചിലക്കു് അഭിപ്രായമുള്ളതായി അറിവുണ്ടു്. വിധി എങ്ങനെ വരുമെന്നു തീച്ചപ്പെടുത്താൻ വയ്യാത്ത ഒരു വിവാദകാര്യത്തിൽ, പ്രതിഫലംപററി രാജിയാകുന്നതു് അത്ര അസാധാരണമോ അസംബന്ധമോ ആയ ഒരു സംഗതിയല്ലാത്തതുകൊണ്ടും, സ്വരൂപത്തിന്റെ ശക്തിക്കും, മിക്കവാറും സ്വതന്ത്രരായിരുന്ന പ്രഭുക്കന്മാരെ അമച്ചു ചെയ്യുന്നതിനും, ഭൂമിയേക്കാൾ ദ്രവ്യംതന്നെയാണു് അധികം അഭില

ഷണീയമെന്നു് ഒരു സമയം വിചാരിച്ചിരുന്നാൽത്തന്നെയും തെററില്ലാത്തതുകൊണ്ടും, "പ്രതിഫലം പററീട്ടായിരിക്കും" എന്നു പറയുന്നവരേ —അതിനു് അടിസ്ഥാനമില്ലെങ്കിലും—അപലപിക്കുന്നതിനു് ഇവിടെ തുനിയുന്നില്ല.

വാദിച്ചിരുന്നാൽ അന്നു ജയിക്കുമായിരുന്നുവോ എന്നുകൂടി ഈ കാൎയ്യത്തിൽ ചിന്തനീയമായിട്ടുണ്ടു്. മുപ്പത്തുമുപ്പത്തിഅഞ്ചു കൊല്ലത്തെ പഴക്കം, 937-ലെ കരാറു്, വടക്കേരാജ്യങ്ങൾ പിടിച്ചടക്കാൻ കഴിയാഞ്ഞതിനുള്ള കാരണം, ആ വടക്കൻപ്രദേശങ്ങൾ വളരെമുൻപുതന്നെ കൊച്ചിക്കു നഷ്ടപ്പെട്ടവയാണെന്നുള്ള പരമാൎത്ഥം, തിരിച്ചുകിട്ടാൻ തുടൎച്ചയായി ചോദിച്ചുകൊണ്ടിരുന്നു എന്നുള്ളതു നിരാക്ഷേപമായി തെളിയിക്കുന്നതിനുള്ള അസാദ്ധ്യത, ബന്ധുതയെ അനുവൎത്തിക്കുന്ന തിരുവിതാങ്കൂറിന്റെ സ്ഥിതി, അവൎക്കു് ഇംഗ്ലീഷുമായുള്ള സഖ്യം, ഇംഗ്ലീഷുകമ്പനിക്കാൎക്കു പൊതുവിൽ നിൎഭാഗ്യവശാൽ കൊച്ചിരാജാവിനോടുതോന്നിയിരുന്ന അവിശ്വാസം, നാട്ടുപ്രഭുക്കന്മാർ നാലുപുറത്തുനിന്നും എഷണി കൂട്ടിക്കൊടുക്കുന്ന കാലഘട്ടം, എല്ലാംകൂടി ആലോചിച്ചാൽ "ഇരിമ്പു കുടിച്ച വെള്ളം കാലാതെ" പോകുവാൻ തന്നെയാണു വഴിയെന്നു ഭയപ്പെടാമായിരുന്നു. ഈ ആലോചനകളൊക്കെ ആദ്യം ഉറങ്ങിക്കിടക്കുകയായിരുന്നുവോ എന്നൊരു പൂൎവ്വപക്ഷത്തിനു വഴി ഇല്ലാതില്ല. "ചെല്ലാവുന്നേടത്തോളം ചെല്ലണം, ചൊല്ലാവുന്നേടത്തോളം ചൊല്ലണം" എന്ന വ്രതക്കാരനായിരുന്നു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്. അതനുസരിച്ചൊന്നു വാദിച്ചുനോക്കി. വഴക്കലധികമാണെന്നു കണ്ടപ്പോൾ കാലിടറി കരണം കുത്താതെ പതുക്കെ കരക്കു കയറി. അതു കാലസ്ഥിതിക്കും കാൎയ്യസ്വഭാവത്തിനും അശേഷം അപലപനീയമല്ലായിരുന്നു. എന്നാൽ പ്രസ്തുതവാദം, ഒരു പുനൎവിചാരണക്കു വിഷയമാകാൻ വയ്യാത്തവണ്ണം ഒരു അവസാനവിധി കല്പിക്കുക ഉണ്ടായിട്ടില്ലെന്നു റിപ്പോൎട്ടിൽത്തന്നെ പറഞ്ഞിട്ടുള്ളതുമാകുന്നു.

വന്നേരിയോളം നീണ്ട മോഹം, കരാറലംഘനം എന്നു സ്പഷ്ടമായ ഒരു ന്യായം, പഴയതൊന്നും പിടുത്തമില്ലാത്തവരായ വിധികൎത്താക്കന്മാരുടെ ആവിർഭാവം, ടിപ്പുവിന്റെ അനുഭവപൂൎവ്വമായ മറുപടി, "യുദ്ധത്തിൽ രണ്ടും വരും, സംശയസ്ഥാനം യുദ്ധം" എന്നൊരു സമാധാനം, ഇതൊക്കെ വെച്ചുകൊണ്ടൊന്നു പൊരുതി നോക്കി. വിചാരിക്കാത്ത വഴികളിൽക്കൂടിയൊക്കെയാണു വാദഗതികൾ തുടരു

ന്നതെന്നു കണ്ടു. ദുർവ്വാശിക്കാരനെന്നും കുതക്കക്കാരനെന്നും വിധിന്യായത്തിൽ പ്രസ്താവിക്കപ്പെടുവാനും, വിപരീതമായി തീർപ്പുകല്പിക്കുവാനും, ഇടയാകുന്നതു് ഇനിയും പല കേസ്സുകളും വിചാരണ ചെയ്യാനുള്ളപ്പോൾ, ആപത്കരമായിരിക്കുമെന്നും, മറെറാരവസരത്തിലേയ്ക്കു വാദതടസ്സമായിത്തീരുമെന്നും മനസ്സിലായി. "പഴയരേഖകൾ പരിശോധിക്കാതെ പറഞ്ഞുപോയതാണു വാദം. തല്ക്കാലം പിൻവലിച്ചിരിക്കുന്നു" എന്നു പറഞ്ഞൊഴിഞ്ഞാൽ യഥാർത്ഥത്തിൽ കാര്യദോഷവുമില്ല; മേലാൽ വാദതടസ്സവുമില്ല; വിധികർത്താക്കന്മാർക്കു തെററിദ്ധാരണയുമില്ല; അയൽവക്കക്കാർക്കു് ആവലാതിയുമില്ല." ഇങ്ങനെയായിരുന്നിരിക്കണം കൊച്ചിരാജാവിൻെറ മനോവ്യാപാരങ്ങളുടെ പോക്കു് എന്നാണു് അനുമാനിക്കേണ്ടതു്. അതോടുകൂടി, കൈനഷ്ടമോ മുതൽച്ചേതമോ കൂടാതെയും കഴിഞ്ഞിട്ടുണ്ടെങ്കിൽ, (മററു ചിലർ സംശയിക്കുന്നതുപോലെ,) കാര്യം കേമമായി എന്നുതന്നെ വേണം വിചാരിക്കുവാൻ. ഏതായാലും ആലങ്ങാടും, പറവൂരും, കരപ്പുറവും അതോടുകൂടി കൊച്ചിക്കു് അന്നു നഷ്ടപ്പെട്ടു. കിട്ടാമോ എന്നു നോക്കുവാൻ ഇപ്പോഴും തടസ്സവുമില്ല.

ഈ ഘട്ടത്തിൽ ഒന്നുകൂടി വിചാരിക്കുവാനുണ്ടു്. ശക്തൻതമ്പുരാൻെറ സർവ്വാവലംബം അവിടുത്തെ 'ചിററമ്മ'യായിരുന്നു. പലപ്പോഴും 'അമ്മയോടു ചോദിച്ചു മറുപടിപറയാം' എന്നു് അവിടുന്നു പ്രസ്താവിക്കാറുള്ളതായി 'കമ്മീഷണർമാർ' രേഖപ്പെടുത്തീട്ടുണ്ടു്. ഈ വിവാദകാര്യത്തിലും ഒടുവിൽ അവിടുന്നു ചിററമ്മയുടെ അഭിപ്രായം ആരാഞ്ഞിരിക്കും. വേണാട്ടുമായുള്ള കരാറും നെടിയിരിപ്പുമായുണ്ടായ യുദ്ധവും മററും ,ചിററമ്മയ്ക്കു" അനുഭവമായിരുന്നു. "അമ്മാമൻ ഒപ്പിട്ടുകൊടുത്തില്ലേ ഉണ്ണീ! ഇപ്പോഴും കേറിപ്പിടിക്കണ്ടാ. ഇനി ഉള്ളതു പൂർവ്വാതെ നോക്കുക. ത്രിപ്പാപ്പിയായിട്ടു് ഒരു വഴക്കിട്ടും വരണ്ടാ. ഇനിയും ആവാലോ" എന്നു ചിററമ്മ ഉപദേശിച്ചില്ലെന്നും ഉറച്ചുകൂടാ.

കേസ്സു നടന്നിരുന്നു എങ്കിൽ അന്നത്തെ വിധി എപ്രകാരമാകുമായിരുന്നു എന്നുള്ളതിനു കമ്മീഷണർമാരുടെ റിപ്പോർട്ടിൽത്തന്നെ പല സൂചനകളുമുണ്ടു്. "എന്തു ന്യായപ്രകാരമാണു ടിപ്പു ആ മൂന്നുരാജ്യങ്ങളേയും കരാറിൽ ഉൾപ്പെടുത്തിയതു്? മുപ്പത്തഞ്ചുകൊല്ലം പഴക്കമുള്ള തിരുവിതാംകൂറിൻെറ അവകാശം തീർച്ചപ്പെടുത്തുന്നതിനു സുൽത്താനു് എന്തധികാരമാണു്? സംശയങ്ങളെ നമ്മുടെ തീർച്ചയ്ക്കുവെയ്ക്കാതെ, കരാ

ദാകളെ അനാദരിച്ചുകൊണ്ടു്, സ്വന്തം പേരിൽ അവകാശസ്ഥാപനം ചെയ്യതിനു് എന്തു വിലവെയ്ക്കാം?" എന്നിത്യാദികളായ അഭിപ്രായപ്രകടനങ്ങൾ, കാററു് ഏതുവഴിക്കാണു വീശിയിരുന്നതെന്നു്, വിശദമാക്കുന്നുണ്ടു്. വിരോധിയായ ജഡ്ജിയെക്കൊണ്ടു വിധിപറയിക്കാഞ്ഞതാണു സാമത്ഥ്യമായതു്.

എല്ലാംകൂടി നോക്കിയാൽ, ശക്തൻതമ്പുരാനു ശക്തിപോരാഞ്ഞതുകൊണ്ടാണു് ഈ പ്രദേശങ്ങൾ കൊച്ചിക്കു നഷ്ടപ്പെട്ടതു് എന്നുപറയുന്നതിനു യാതൊരു അത്ഥവും അടിസ്ഥാനവുമില്ല. എത്ര വലിയ കീറാമുട്ടികൾ അദ്ദേഹം വെട്ടിപ്പൊളിച്ചു കൈകൊള്ളികളാക്കിയിരിക്കുന്നു! കടിച്ചതൊക്കെ കരിമ്പായില്ലെന്നുവെച്ചോ, പിടിച്ചതൊക്കെ പുളിക്കൊമ്പായില്ലെന്നു നിനച്ചോ, പരിതഃസ്ഥിതികളെ പരിഗണിക്കാതെ, പരാതിപ്പെടുന്നതു പരിതാപകരമാകുന്നു. അവിടുത്തെ നയോപായങ്ങളും പ്രയോഗചാതുരികളും ആദരത്തേയും അഭിമാനത്തേയും വളത്തുന്നവയാണെന്നു്, വീക്ഷണകോണിനു വ്യതിയാനംകൂടാതെ നോക്കിയാൽ, കാണാവുന്നതാണു്.

XXXI

ക്രിസ്ത്യാനികൾ.

ക

സാമാന്യസ്ഥിതി

ശക്തൻതമ്പുരാൻതിരുമനസ്സിലേയ്ക്കു വൎഗ്ഗീയമായോ ജാതിമതസംബന്ധമായോ ആരോടും പ്രത്യേകം ഒരു പ്രാതികൂല്യവും ഉണ്ടായിരുന്നില്ലെന്നും, അദ്ദേഹം സകലരെയും ഒരേ നിശിതശാസനത്തിൽത്തന്നെ നിത്തിപ്പോന്നു എന്നും സവ്വരും സമ്മതിക്കുന്നതാണു്. എന്നാൽ, കാലസ്ഥിതിക്കനുസരിച്ചുള്ള വൎണ്ണാശ്രമമുറകളേയും, ആചാരപദ്ധതികളേയും, ശിക്ഷാക്രമങ്ങളേയും അവിടുന്നു് അംഗീകരിക്കാതിരുന്നിട്ടില്ലെന്നു പറയുന്നതു്, അവിടുത്തെക്കുറിച്ചു് ഒരു തെററിദ്ധാരണ ഉളവാക്കുമെന്നും തോന്നുന്നില്ല. ഈഴവരോടും ക്രിസ്ത്യാനികളോടും തമ്പുരാനു പ്രത്യേകം ദാക്ഷിണ്യംതന്നെ ഉണ്ടായിരുന്നു. അവക്കു വേണ്ടുന്ന ആനുകൂല്യ

ങ്ങൾ അനുവദിക്കുന്നതിനും, പ്രോത്സാഹനങ്ങൾ നല്കുന്നതിനും, ഔത്സുക്യം കാണിക്കുന്നതിനും അവിടുന്ന് ഒരിക്കലും വിമുഖനായിരുന്നില്ല. പട്ടാളത്തിൽ ചേർത്തും, സ്വന്തംകൃഷികൾ ഏല്പിച്ചും, സ്ഥാനമാനങ്ങൾ കല്പിച്ചുനല്കിയും, അന്നത്തെ സ്ഥിതിക്കു നല്ലാവുന്ന ഉദ്യോഗങ്ങൾ കൊടുത്തും, മററും അവിടുന്നു ക്രിസ്ത്യാനികളെയും അവർണ്ണഹിന്ദുക്കളെയും സദയം പ്രോത്സാഹിപ്പിച്ചുപോന്നു. പല സ്ഥലങ്ങളിലേയ്ക്കും ക്രിസ്ത്യാനികുടുംബക്കാരെ ക്ഷണിച്ചുവരുത്തി സ്ഥലംകൊടുത്തു കച്ചവട കാര്യങ്ങൾ ഏല്പിച്ചിട്ടുള്ളതായി കാണുന്നുണ്ട്. തൃശ്ശിവപേരൂർപട്ടണത്തിലേയ്ക്ക് ഏതാനും—അറുപത്തിനാല് എന്നു പറയപ്പെടുന്നു—ക്രിസ്ത്യാനിവീട്ടുകാരെ വിളിച്ചുവരുത്തി, അവക്കു 'പുത്തൻപേട്ട' സൗകര്യപ്പെടുത്തിക്കൊടുത്തു്, കച്ചവടം വദ്ധിപ്പിച്ചതു ശക്തൻതമ്പുരാനാണെന്നു പ്രസിദ്ധമാണ്. അതുപോലെതന്നെ തൃപ്പൂണിത്തുറ, ഇരിങ്ങാലക്കുട, ചാലക്കുടി, കുന്നംകുളം മുതലായ സ്ഥലങ്ങളിലും അവിടുന്നുതന്നെ ക്രിസ്ത്യാനികൾക്കു വലിയ പ്രോത്സാഹനങ്ങൾ നല്കിയിട്ടുണ്ട്. പല പള്ളികൾക്കും അവിടുന്നു സ്ഥലം കൊടുക്കുകയും, പലപല സംഭാവനകൾ നല്കുകയും ചെയ്തിട്ടുണ്ട്. അവിടുന്നു ജനിച്ച വെള്ളാരപ്പിള്ളിക്കോവിലകത്തിന് അടുത്തുള്ള 'കാഞ്ഞൂർ'കത്തോലിക്കപ്പള്ളിയിൽ ശക്തൻതമ്പുരാൻ സമ്മാനിച്ചതായി പറയപ്പെടുന്ന വിശേഷപ്പെട്ട ഒരു 'ആനവിളക്ക്' ഇന്നും ആ പള്ളിക്കാർ അഭിമാനത്തോടുകൂടി സൂക്ഷിച്ചും വിശേഷാവസരങ്ങളിൽ ഉപയോഗിച്ചും വരുന്നുണ്ട്. തൃപ്പൂണിത്തുറയിൽ രാജകുടുംബം സ്ഥിരമായി താമസിക്കുന്ന കോട്ടയ്ക്കു തൊട്ടുപുറത്തായി പള്ളികൾക്കും ചന്തകൾക്കും അവിടുന്നു സസന്തോഷം സ്വാതന്ത്ര്യം അനുവദിച്ചിരുന്നതിൽനിന്നുതന്നെ അവിടുത്തെ വിദ്വേഷവിഹീനമായ മനഃസ്ഥിതി പ്രത്യക്ഷപ്പെടുന്നുണ്ട്.

എന്നാൽ, മറെറാരുവശത്തുകൂടി നോക്കിയാൽ ശക്തൻതമ്പുരാൻ ക്രിസ്ത്യാനികളെ അതികഠിനമായി ശിക്ഷിച്ചിരുന്നതായും, വളരെ കക്കശമായി അവരോടു പെരുമാറിയിരുന്നതായും കാണാവുന്നതാണ്. അതു 'ക്രിസ്ത്യാനികൾ' എന്നുള്ള വിരോധത്താലല്ലെന്നും 'കീഴമന്നു നില്ക്കാഞ്ഞവർ' എന്ന കാരണത്താൽ മാത്രമാണെന്നും സ്പഷ്ടമാണ്. സ്വപ്രജകളുടെ അവിവേകത്തെ, രാജസ്ഥാനത്തോടുള്ള അനാദരവിനെ, അവർ ആരായിരുന്നാലും വേണ്ടില്ല, ശക്തൻതമ്പുരാൻ തരിമ്പും സഹിച്ചിരുന്നില്ല. അനവധി നമ്പൂതിരിമാക്കും നായന്മാക്കും നാടുവാഴികൾക്കും ആ കാരണത്താൽ അധഃപതനം മാത്രമല്ലാ അപമൃത്യുതന്നെ

യും സംഭവിച്ചിട്ടുണ്ട്. അതൊക്കെ മറന്നുംകൊണ്ട്, അദ്ദേഹത്താൽ ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളുടെ കാര്യം മാത്രം എടുത്തു പൊക്കിപ്പിടിച്ച്, 'ശക്തൻ ക്രിസ്ത്യാനികൾക്ക് ഉപദ്രവിയായിരുന്നു' എന്നൊരു തീർപ്പു കല്പിക്കുന്നത് അവിവേകവും അബദ്ധവും ആകുന്നു.

അക്കാലത്ത്, ഇപ്പോഴത്തെപ്പോലെതന്നെ, ക്രിസ്ത്യാനികളിൽ പല വിഭാഗക്കാരും വിശ്വാസക്കാരും ഉണ്ടായിരുന്നു. അവർ തമ്മിലും, അവരുടെ മേലധികാരികൾ തമ്മിലും, അന്നു പ്രത്യക്ഷമായിത്തന്നെ വഴക്കുകളും മത്സരങ്ങളും നടന്നിരുന്നു. സുറിയാനികൾ, മാർത്തോമ്മാക്കാർ, മാക്കക്കാർ, തൊപ്പാസ്സന്മാർ എന്നിങ്ങനെ പല വിഭാഗക്കാരെപ്പറ്റിയും അന്നത്തെ രേഖകളിൽ പ്രസ്താവിച്ചുകാണുന്നുണ്ട്. പറങ്കികൾക്കു വഴിപ്പെട്ടവരെന്നും, ലന്തക്കാർക്കു വഴങ്ങിയവരെന്നും, സ്വതന്ത്രരെന്നും, അന്നത്തെ ക്രിസ്ത്യാനികളെ സാമാന്യമായി മൂന്നാക്കി തരംതിരിക്കുകയും ചെയ്യാം. കൊടുങ്ങല്ലൂർമുതല്ക്കു തെക്കോട്ടുള്ള കടലോരപ്രദേശങ്ങളിലും, അതിനടുത്ത കരകളിലുമായി അക്കാലത്തു നിവസിച്ചിരുന്ന ക്രിസ്ത്യാനികളുടെ കാര്യത്തിലാണു ശക്തൻ തമ്പുരാന്ന് അസുഖകരങ്ങളായ പല അനുഭവങ്ങളുമുണ്ടായത്. തന്നിമിത്തം അവർക്കു ശക്തൻതമ്പുരാന്റെ രക്ഷയേക്കാൾ അധികം ശിക്ഷയെ അനുഭവിക്കേണ്ടിയും വന്നു!

പറങ്കികളുടെ കാലംമുതല്ക്ക്, അവരുമായുള്ള സാമീപ്യസമ്പർക്കങ്ങളാൽ, കൊച്ചിയിലെ ക്രിസ്ത്യാനികളിൽ ചില വിഭാഗക്കാർക്ക് അശേഷം അഭിലഷണീയമല്ലാതിരുന്ന ഒരു അഹംഭാവമോ, അനാദരമോ ഉളവായിവന്നു. തങ്ങൾ കൊച്ചിരാജാവിന്റെ രാജ്യത്തു പാർക്കുന്നവരെങ്കിലും, രാജാവിന്റെ കുടിയാന്മാരെങ്കിലും, തങ്ങളുടെ മേലധികാരം ക്രിസ്ത്യാനികളായ പറങ്കികൾക്കോ ലന്തക്കാർക്കോ മാത്രമല്ലാതെ, ക്രിസ്ത്യേതരനായ കൊച്ചിത്തമ്പുരാന്ന് ഇല്ലെന്നും, ഉണ്ടാവാൻ പാടില്ലെന്നും ഉള്ള ഒരു തെറ്റിദ്ധാരണയിൽ അവർ പെട്ടുപോകുകയും, അർത്ഥശൂന്യമായ ആ വിചാരഗതിക്ക് അതതുകാലത്തെ കമ്പനിയജമാനന്മാർ നിർഭാഗ്യവശാൽ വളംവെച്ചുകൊടുക്കുകയും ചെയ്തു. അതുകൊണ്ട് അനാവശ്യമായ മനോവേദനയ്ക്കും, ദുഃഖാനുഭവങ്ങൾക്കും, എന്നുവേണ്ട എല്ലാകൂട്ടർക്കും സംഗതിയുമായി. കമ്പനിക്കാരും കൊച്ചിത്തമ്പുരാനും തമ്മിൽതന്നെ, ഈ ക്രിസ്ത്യാനിക്കാര്യംകൊണ്ട്, വേണമെങ്കിൽ കൂടാതെ കഴിക്കാമായിരുന്ന, പല വടംവലികളും നടന്നു. എന്നാൽ,

ഈ മേലധികാരവാദവിഷയത്തിന്റെ പരിധിയിൽ കേവലം ക്രിസ്ത്യാനികളെമാത്രമല്ല, കമ്പനിക്കാർ ഉൾപ്പെടുത്തിയിരുന്നതെന്നും, നേരേ ~~മറിച്ച~~ കൊങ്ങിണികൾ ജൂതന്മാർ മുതലായവരെയും ചേർത്തിരുന്നു എന്നും കാണുമ്പോൾ, ഈ വാദപ്രതിവാദത്തിൽനിന്നു് അതിന്റെ ക്രിസ്തീയച്ഛായ തീരെ നീങ്ങിപ്പോകുന്നുണ്ടു്. "മലയാളത്തുകാർ അല്ലാത്തവർ" എന്ന ന്യായംപറഞ്ഞാണു് അവർ—കമ്പനിക്കാർ—കൊങ്ങിണികളേയും ജൂതന്മാരേയും തങ്ങളുടെ രക്ഷയിൻകീഴിൽ ആക്കാൻ ആഗ്രഹിച്ചതു്. ആ തോതുവെച്ചുനോക്കുമ്പോൾ, ക്രിസ്ത്യാനികളിൽ അധികഭാഗവും മലയാളത്തുകാർ തന്നെയായതുകൊണ്ടു്— ദൂരദേശങ്ങളിൽനിന്നു വന്നു കുടിയേറിപ്പാർത്തവരുടെ സംഖ്യ തീരെ പരിമിതമാണല്ലൊ—കമ്പനിക്കാരുടെ വാദത്തിന്റെ അടിസ്ഥാനം കണ്ടുകൂടി ശിഥിലമായിത്തീരും. ഏതായാലും ക്രിസ്ത്യാനികൾ ആർക്കു ചേർന്നവരാണു് എന്ന് സംഗതി ഒന്നുമാത്രമാണു് അന്നത്തെ വാദവിഷയം. അതിൽ കമ്പനിപക്ഷം ചേർന്നുനിന്നു രാജശാസനയെ സ്വീകരിക്കാഞ്ഞവർക്കാണു ശക്തൻതമ്പുരാന്റെ പരിഭവങ്ങളോടു് എതിരേണ്ടിവന്നതും, ശിക്ഷകൾ അനുഭവിക്കേണ്ടിവന്നതും.

ഫ

ലന്തയും പറങ്കിയും

പോർത്തുഗീസ്സുകാരും ലന്തക്കാരും തമ്മിൽത്തന്നെ ക്രിസ്ത്യാനികളുടെ മേല്ക്കോയ്മയെപ്പറ്റി പരുഷമായ അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നു എന്നു് 962 കുംഭമാസം 7-ാംനു- ഡച്ചുഗവർണ്ണർ 'ആങ്കൾ ബെക്കു്' കൊച്ചിരാജാവിനയച്ചതായ, താഴെ ചേർക്കുന്ന, കത്തിൽനിന്നു് ധാരാളത്തിലധികം തെളിയുന്നതാണു്.

"... ഇന്ത്യക്കരെ നിയോഗത്തിൽപ്പെട്ട മലയാളക്കരെക്കു അധിപതിആയ ഗരാതുവൻ ആങ്കൾ ബക്ക എതിലോര എഴുത്ത. പെരുമ്പടപ്പിൽസ്വരൂപത്തികൽ മൂത്തതമ്പുരാൻ തിരുവുള്ളത്തിൽ എററണ്ടും അവസ്ഥ എന്നാൽ, അങ്ങെരാജ്യത്തും (കൊച്ചിയിലും) തൃപ്പാപ്പിസ്വരൂപത്തികൽ മൂത്തതമ്പുരാന്റെ രാജ്യത്തും (തിരുവിതാംകൂറിലും) രഹസ്യമായിട്ടുള്ള വിചാരങ്ങൾ തുടങ്ങീട്ടുണ്ടു. ആയത മുൻനടത്തിയാൽ അങ്ങെക്കും കമ്പഞ്ഞിക്കും (ലന്തക്കാർക്കും) എററിയ കാർയ്യദൊഷമായി വരുമെന്നു തൊന്നുന്നു. എന്നു വരുമ്പൊൾ ഈ അവസ്ഥ അങ്ങെ ഉണർത്തിക്ക

ത്തക്കവണ്ണം വെണ്ടിവന്നു. കുമ്പഞ്ഞിയുടെ കാൎയ്യത്തിന്നു നാം അങ്ങൊട്ടക്ക ഗ്രഹിക്കുന്നതിന്നു ഉതാരത (ഉദാസീനത ?) ചെയ്യുകൂട. അതുതന്നെയുമല്ലാ നാം അങ്ങക്ക എറിയ മമത ഉണ്ടാകകൊണ്ടു, ഇനി മെല്പട്ട ഒര അനൎത്ഥം വരാതെ ഇരിക്കത്തക്കവണ്ണം അങ്ങൊട്ടക്ക അറിയിക്ക വെണ്ടി വന്നു.

"കുമ്പഞ്ഞി മലയാളത്തു വന്നതിൽപിന്നെ, പറങ്കിപാദ്രിമാരെ കുമ്പഞ്ഞി രക്ഷക്കീഴുള്ള റൊമാനുപള്ളികളിൽ അവരെ പതിച്ചു ഇരുത്തി ഭരിപ്പിക്ക ഇല്ലെന്നു ശട്ടം വെച്ചിട്ടുണ്ടു. ആയത അവരെക്കൊണ്ടു ഒരു പൈശുന്യം ഉണ്ടായിട്ടല്ല. അവര എറിയൊരു വികൃതി ഉള്ളവര എന്നു പരീക്ഷിക്കകൊണ്ടത്രെ ആകുന്നു. അവര (ഇപ്പോൾ) കൊയ്മസ്ഥാനം നടത്തത്തക്കവണ്ണം ക്ലെശിക്ക എത്രെ ആകുന്നു. പള്ളികളിലും ദെശനങ്ങളിലും അവരെ കീഴ അമൎത്തിക്കൊണ്ടു ചെന്നിട്ടു, അതുകൾ ജനങ്ങളുടെ ആത്മാവിനെ വിശാരിക്കുന്നതല്ലാതെയും, രാജ്യവിശാരവുംകൂടെ ക്ലെശിച്ചിട്ടു, ഗൊവയിലെ മെത്രാപൊലിത്തയുടെ കീഴിൽ കൊണ്ടുവരത്തക്കവണ്ണം ഉള്ള പ്രയത്നം അത്രെ ആകുന്നു. ആയതുകൊണ്ടു പറങ്കിപാദ്രിമാരെ കുമ്പഞ്ഞി എല്ലായ്പൊഴും മുടക്കിയിട്ടു.

"വരാപ്പുഴ മെത്രാനും കാൎമ്മലീത്താപാദ്രിമാരെക്കൊണ്ടു നടത്തിവരുന്നു. അവരിപ്പൊൾ നൂറിൽചില്വാനംകാലം കുമ്പഞ്ഞിക്കീഴുള്ള പള്ളികൾ നടത്തിചെല്ലുന്നു. അവ്വണ്ണംതന്നെ അങ്ങെ രാജ്യത്തും തൃപ്പാപ്പിസ്വരൂപത്തികലെ രാജ്യത്തും ഉള്ള പള്ളികൾ വിശാരിച്ചുവരുന്നു. ഇപ്പൊൾ വരാപ്പുഴമെത്രാനും പാദ്രിമാരും ദുഷ്ടത ഉള്ളവര ആകുന്നു എന്നും, രഹസ്യത്തൊടുകൂടി വിശാരിക്കണ്ടതാകുന്നു. 'ദൊം കരിയാത്ത' എന്ന മെത്രാപൊലിത്ത പൊൎത്തുഗൽ രാജ്യത്ത വാഴ്ച കഴിഞ്ഞവന്ന ഗൊവയിൽ മരിച്ചത, ഇവരകൂടെ ആ മരണത്തിൽ ഉൾപെട്ടവരെന്നു അങ്ങെകുടിയാന്മാരിൽ ചിലർ ഗ്രഹിച്ചിട്ടുണ്ടായിരിക്കുമല്ലൊ. ഈ ദൂഷണം അവര ചതിയായിട്ടു വിശാരിച്ചു, വരാപ്പുഴമെത്രാനും കാൎമ്മലീത്തപാദ്രിമാരും അങ്ങെ തിരുവുള്ളക്കെട വരുത്തിയിട്ട അവരെ കളഞ്ഞു, സൂരിയാന്നും റൊമാനും പള്ളികളും അവരെ കീഴ കള്ളത കക്കയും നീക്കിയിട്ടു കൊടുത്തു (അതൊക്കയും), "പുത്തൻചിറ"ക്കലും പാക്കുന്ന പറങ്കിമെത്രാന്മാൎക്ക കൊടുക്കത്തക്കവണ്ണം ഉത്സാഹിക്ക ആകുന്നു. ഇത ഇവ്വണ്ണം വന്നാൽ ഇപ്പള്ളികളൊക്കയും ഗൊവയിലെ മെത്രാപൊലിത്തയുടെ കീഴമന്നുപൊകയുംചെയ്യും. പറങ്കിപാദ്രിമാരുടെ കൈസ്സാനം

മലയാളത്തിലുള്ള മാർക്കൊക്കു ഒക്കെയും ഉണ്ടാകയും ചെയ്യും. ആയത രാജാക്കന്മാൎക്കും കുമ്പഞ്ഞിക്കും കാൎയ്യദൊഷമായി വരികയും ചെയ്യും.

"കൊല്ലത്തു പാൎക്കുന്ന പറങ്കിമെത്രാൻ എന്നൊരു വ്യാപ്തിയും ദുഷ്പ്രവൃത്തികളും തുപ്പാറ്റുസംപ്രദായത്തിലെ രാജ്യത്തും പ്രജകളൊടും ചെയ്യിരിക്കുന്നതു തങ്ങൾ അറിയാതെ ഇരിക്കയില്ലല്ലൊ. ഈ പാദ്രിമാരുടെ കൈസ്ഥാനം ഇവ്വണ്ണം വൎത്തിച്ചാൽ അതുകൊണ്ടു ഏറിയൊരു അനൎത്ഥവും വിപരീതവും മുതിൎന്നുവരുമല്ലൊ. "ദൊം കരിയാത്ത" ഗൊവയിൽ പറങ്കികളുടെ തലത്തിൽ വെച്ചു മരിച്ച മരണത്തിൽ വരാപ്പുഴമെത്രാനും പാദ്രിമാരും ഒന്നും അറിഞ്ഞവരുമല്ല. ഇത്ര വലുതായിട്ടുള്ള കാൎയ്യം ആധാരംകൂടാതെകണ്ടു വിശ്വസിച്ചുകൂടാ എല്ലൊ. വരാപ്പുഴമെത്രാനും പാദ്രിമാരും ഇതൊന്നും ചെയ്യിട്ടില്ലാ എന്നു നിശ്ചയിക്കാമല്ലൊ. അവര ഗൊവയിലെ പാദ്രിമാരായിട്ടു ഒരു ശെച്ചയുമില്ല. ജാതിഭേദമുണ്ടു. കല്പനയും, നടപ്പും, മൂപ്പന്മാരും വെറെ പ്രകാരത്തിൽ ആകുന്നു. എന്നു വരുമ്പൊൾ ഇവ്വണ്ണമുള്ള ശതിവചനം അനുസരിച്ചു വരാപ്പുഴ മെത്രാനെയും പാദ്രിമാരെയും സങ്കടപ്പെടുത്തുകയുമരുത. അവർ മെല്ക്കുമെൽ അങ്ങെ രക്ഷയും സഹായവും ഉണ്ടായിരിക്കണമെന്നു ഞാങ്ങളുടെ അപെക്ഷിക്കുന്നു. തിരുവായുസ്സ വൎദ്ധിച്ചിരിക്കട്ടെ. കൊച്ചികൊട്ടയിന്നു. 1787 കുംഭം 7. ാംനു- (ഒപ്പ)"

൩

വരാപ്പുഴ മെത്രാൻ.

'പറങ്കിപ്പാതിരിമാർ' അധികാരസ്ഥാപനത്തിനു ചെയ്തിരുന്ന ശ്രമങ്ങളും, അതിനെ നാട്ടുകാർ എങ്ങനെ വീക്ഷിച്ചിരുന്നു എന്ന സംഗതിയും, കൊച്ചി തിരുവിതാംകൂർ രാജാക്കന്മാർ മെത്രാപ്പോലീത്തമാരുടെ വാഴ്ച്ചക്കു" എങ്ങനെ സഹായികളായിരുന്നു എന്ന വസ്തുതയും, ഗോവയിൽ നിന്നും അന്തരിച്ച 'ദൊം കരിയാത്ത' മെത്രാപ്പോലീത്തയുടെ മരണം ഒരു ദുർമ്മരണമായിരുന്നു എന്നുണ്ടായിരുന്ന സംശയവും എല്ലാം മേലുദ്ധരിച്ച കത്തിൽനിന്നു വിശദമായി മനസ്സിലാക്കാവുന്നതാണ്. മേല്പറഞ്ഞ സംഭവത്തിന്റെ ചുരുക്കമിങ്ങനെയാണ്: ആലങ്ങാട്ടു സ്വദേശീയനും, തദ്വാരാ ശക്തൻതമ്പുരാൻ തിരുമനസ്സിലെ പ്രജയുമായിരുന്ന 'ദോം കരിയാത്ത' (ഡോക്ടർ ജോസഫ് കരിയാററിൽ), പറങ്കികളുടെ ഭരണത്തിൽനിന്നും സുറിയാനിക്രിസ്ത്യാനികളെ



മറ്റംകുന്നം, ആരക്കുഴ പള്ളി — ടി. മുൻവശം



കുന്നംകുളം ആർത്താറ്റുകുരിശുപള്ളി
നാലിട്ടപ്പോൾ റോമൻ കത്തോലിക്കർക്കു കിട്ടിയതു

മോചിപ്പിക്കുവാൻ, റോമയിൽചെന്നു നിവേദനം ചെയ്യുകയും, മടക്കയാത്രയിൽ പോൎത്തുഗലിൽവെച്ചു മലയാളത്തിന്റെ മെത്രാപ്പൊലീത്തയായി അഭിഷേചിക്കപ്പെടുകയും ചെയ്തു. അദ്ദേഹം അവിടെനിന്നും പുറപ്പെട്ടു ഗോവയിലെത്തിയപ്പോൾ, പെട്ടന്നവെ മരണം പ്രാപിച്ചു. പറങ്കികൾ അദ്ദേഹത്തെ അപായപ്പെടുത്തി എന്നാണു നാട്ടുചരിത്രകാരന്മാർ പറയുന്നതു്. ആ സംഗതിയിൽ വരാപ്പുഴമെത്രാനും കൂട്ടുക്കും പങ്കില്ലായെന്നു്, വരാപ്പുഴമെത്രാന്റെ ഭാഗം പിടിച്ചു്, ആനല്ലാ ആകൾ ബക്കിന്റെ പ്രസ്തുത കത്തു്. വരാപ്പുഴമെത്രാന്മാരും, അവിടത്തെ ഇടവകക്കാരും എന്നും പെരുമ്പടപ്പിനു കീഴമൎന്നിരുന്നവരാകുന്നു. അവൎക്കു രാജസ്ഥാനത്തുനിന്നും പല ആനുകൂല്യങ്ങളും സിദ്ധിച്ചിട്ടുമുണ്ടു്. ശക്തൻതമ്പുരാന്റെ കാലത്തെ വരാപ്പുഴമെത്രാൻ അവിടേക്കു് അയച്ചതായ, ചുവടെ ചേൎക്കുന്ന, രണ്ടു എഴുത്തുകളിൽനിന്നു് ആ രണ്ടു സ്ഥാനങ്ങളും തമ്മിൽ നിലനിന്നുപോന്ന സൗഹാൎദ്ദം തെളിയുന്നതാണു്.

"പെരുമ്പടപ്പിൽസ്വരൂപത്തിങ്കലെ മഹാരാജാവിന്റെ തിരുവുള്ളത്തിൽ എറ്റെണ്ടും അവസ്ഥ. നാം, മാർ റൈമുണ്ടു സൂരിയാ എന്ന മെത്രാൻ, മലങ്കരയിടവകക്കും കൊച്ചിയിടവകക്കും വിഗാരി അപ്പസ്തോലിക്ക എഴുത്തു. റോമയിൽനിന്നും നമ്മുടെ വെദത്തലവന്റെ തിരുവെഴുത്തു വരികകൊണ്ടു, വെമ്പായിൽ ചെന്നു മെത്രാന്റെ സ്ഥാനവും കൈക്കൊണ്ടു വരാപ്പുഴ എത്തുകയും ചെയ്തു. എന്നാലും കീഴ്നാളിൽ നമ്മുടെ കാരണവന്മാരൊട തിരുമനസ്സുണ്ടായതിൻവണ്ണം പല സംഗതിയാലും തിരുമനസ്സുണ്ടായി കാഴ്മാനുള്ള ഇടവന്നതിനെക്കൊണ്ടും പ്രത്യേകമായി നമ്മോടും നമ്മുടെ വെദക്കാരൊടും കീഴ്നാളിലെപ്പോലെ തിരുമനസ്സുണ്ടായിരിക്കണമെന്നു ആഗ്രഹിക്കുന്നു. സൎവ്വേശ്വരകടാക്ഷത്താൽ തിരുമനസ്സിലെ കൃതാൎത്ഥതയും തിരുവായുസ്സും വൎദ്ധിച്ചിരിക്കണമെന്നു പ്രാൎത്ഥിക്കുന്നു."

മറ്റൊരു മെത്രാന്റെ ലേഖനം:—"നാം, മാർ അലോയിസിയൊസ് ഉസ്ലന്ത എന്ന മെത്രാൻ, മലങ്കരയിടവകക്കും കൊച്ചിയിടവകക്കും വിഗാരി അപ്പസ്തോലിക്ക എഴുത്തു പെരുമ്പടപ്പിൽ വലിയതമ്പുരാൻ തിരുവുള്ളത്തിൽ എറ്റെണ്ടും അവസ്ഥ. കെരളനാട്ടിൽ വസിക്കുന്ന ക്രിസ്ത്യാനികളുടെ വെദകാൎയ്യങ്ങളെ നാം പാദ്രിയായി പന്ത്രണ്ടു സംവത്സരം വിചാരിച്ചാറെ, ഇപ്പോൾ, നാം നമ്മുടെ വെദത്തലവന്റെ

കല്പനയാലെ ഉസല എന്ന മെത്രാനുമായി വികാരി അപ്പസ്തോലിക്കായുമായി വരാപ്പുഴെവന്നു മകരമാസം 15-ാംനു വാഴിച്ചക്രിയയും കഴിച്ചു നസ്രാണിവെദക്കാരുങ്ങളെയും പള്ളികളിലെ മെൽവിചാരവും എല്ലാകയും ചെയ്യുമായിതിന്ന വരാപ്പുഴമെത്രാൻമാക്ക വലിയതമ്പുരാൻ കീഴമര്യാദ കല്പിച്ചുതരുന്ന സഹായങ്ങളും തിരുവുള്ളവും പ്രത്യെകം നമ്മുടെ നെരെ ഉണ്ടാകണമെന്നും, കാര്യങ്ങളെ കല്പിച്ച നടത്തിത്തരണമെന്നും നമുക്ക ഏറിയൊര ആഗ്രഹമാകുന്നതു. ഈശ്വര തിരുവുള്ളവും തിരുമെനിക്ക ആരൊഗ്യവും ദെഹസുഖവും ഉണ്ടാകണ്ടിട്ടു നാം നമ്മുടെ നിത്യദൈവത്തിൽ സകല ഗുണകാരണമായിരിക്കുന്ന ഈശ്വരനൊടു പ്രാർത്ഥിക്കയുംചെയ്യും. കൃതാർത്ഥതയും തിരുവായുസ്സും വർദ്ധിച്ചിരിക്കട്ടെ."

൮

ക്കുറില്ലോസ്സ്മെത്രാൻ

ശക്തൻതമ്പുരാൻ തിരുമനസ്സിലെ ഭരണകാലത്തു് (965–981) ക്രിസ്ത്യാനികളുടെ പലവിഭാഗക്കാരും അവിടുത്തെ അടുക്കൽ ഹർജികൾ കൊടുക്കുകയും, സങ്കടങ്ങൾ ഉണർത്തിക്കുകയും, സംരക്ഷണകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്. ഇതിനു കീഴിൽ ചേർത്തിരിക്കുന്ന രണ്ടു് എഴുത്തുകൾ ക്കുറില്ലോസ്സ്മെത്രാൻ തിരുമുമ്പാകെ സമർപ്പിച്ചിട്ടുള്ളവയാകുന്നു. അതിൽ ഒന്നാമത്തേതിൽ ക്രിസ്ത്യാനികളുടെ മുഴുവൻചരിത്രവുംകൂടി സമഷ്ടിയായി വിവരിക്കപ്പെട്ടിട്ടുള്ളതുകൊണ്ടും, രണ്ടാമത്തേതിൽ വടക്കൻകൊച്ചിയിലെ ക്രിസ്ത്യാനികളുടെ സ്ഥിതി വിസ്തരിച്ചിട്ടുള്ളതുകൊണ്ടും കൂടുതൽ വിജ്ഞേയങ്ങളാകുന്നു.

ഈ ക്കുറില്ലോസ്സ് മെത്രാനെക്കുറിച്ചു രണ്ടുവാക്കു മുഖവുരയായി പ്രസ്താവിക്കേണ്ടതുണ്ടു്. മാർത്തോമ്മാ അഞ്ചാമനെ മെത്രാനാക്കി വാഴിക്കുന്നതിനു ലന്തക്കാർ മൂന്നു ബിഷോപ്പന്മാരെ വരുത്തി. അവർക്കു് അവരുടെ കപ്പൽക്കൂലി വകവെച്ചുകിട്ടാഞ്ഞതുകൊണ്ടു് അവർ ആ വാഴ്ചനടത്തുവാൻ വിസമ്മതിച്ചു. അവരിൽ ഒരാൾ മാർത്തോമ്മാ അഞ്ചാമന്റെ വിരോധിയും എതിർകക്ഷിയും ആയിരുന്ന മറ്റൊരാളെ വാഴിച്ചു. ആ പുതിയമെത്രാനെ മാർത്തോമ്മാ അഞ്ചാമൻ പിടിച്ചു തടവിലിട്ടു. അദ്ദേഹം അവിടെനിന്നു തടവുചാടി 'അഞ്ഞൂർ' എന്ന ദിക്കിലെത്തി, ഒരു പള്ളി എങ്ങനെയോ സ്വാധീനപ്പെടുത്തി, 'മാർ ക്കുറില്ലോസ്സ് ഒന്നാമൻ' എന്ന

പട്ടപ്പേരോടുകൂടി മെത്രാനായിവാണു. ആ പള്ളിയും ഇടവകക്കാരും മാത്രം അദ്ദേഹത്തിനു വഴങ്ങിനിന്നു. ആ സ്വതന്ത്രനാണ് ഈ കുറിലോസ്സ്. ആ പള്ളിയും ഇടവകയും ഇന്നും ഒന്നിലുംപെടാതെ ഒറ്റതിരിഞ്ഞുതന്നെ നില്ക്കുന്നുണ്ട്.

"തിരുമനസ്സറിവിപ്പാൻ കുറിലൊസ്സമെത്രാന്റെ സങ്കടപ്രകാരം ആകുന്നതു. മലയാളത്തിൽ 'മാർഗ്ഗം' ഉണ്ടായിട്ടു 1744 കാലം ആയി. അറിയിച്ച ആളുതന്നെ കൊല്ലം, പാലൂര, കൊടുങ്ങല്ലൂര, പറൂര, പള്ളിപ്രം, നെരണം, ചായൽ ഇങ്ങനെ എഴു കുരിശുപള്ളിയും വെച്ചു, കത്തങ്ങളെയും ഉണ്ടാക്കി. അദ്ദേഹം പൊയ ശെഷം (ശേഷം) മലയാളത്തിൽ ഉണ്ടായിരുന്ന കത്തങ്ങൾ മരിച്ചാറെ, മാർഗ്ഗമറിയാതകളുടെ വഴി നടത്തുവാൻ കത്തങ്ങൾ ഇല്ലായ്കകൊണ്ടു, 243 കാലം മനസ്സുമുട്ടി പാക്കുമ്പൊൾ, അപ്രകാരം നസ്രാണികളുടെ തലസ്ഥാനത്ത അറികകൊണ്ടു, അവിടെനിന്നു മെത്രാനെയും കത്തങ്ങളെയും നസ്രാണികളെയും കല്പിച്ചയച്ചു. അവര മലയാളത്തിൽവന്നു ചെരകൊൻപെരുമാൾ (ചേരമാൻ പെരുമാൾ) തമ്പുരാൻ തിരുമനസ്സുകൊണ്ടു പതവികളും കൊടുത്തു.........അന്നുമുതൽ കൊല്ലം 828-ാമതു വരയും പരദെശത്തുനിന്ന മെത്രാന്മാരവന്നു മലയാളത്തിലുള്ള പള്ളികൾ പതിച്ചുവന്നതല്ലാതെ മലയാളത്തിൽ മെത്രാന്മാര ഉണ്ടായിട്ടും ഇല്ല. കൊല്ലം 828-ാമാണ്ടിൽ മലയാളത്തിലെക്കു കല്പിച്ചയച്ച മെത്രാനെ കൊച്ചിയിൽവെച്ചു പൊൎത്തുഗസ്സുകാര അപായംവരുത്തുകകൊണ്ടു, മലയാളത്തിലുള്ള നസ്രാണികൾ എല്ലാവരുംകൂടി പൊൎത്തുഗസ്സുകാര നമ്മുടെ അനന്തരവകാലത്തും അനുസരിക്ക ഇല്ലാ എന്നും വെച്ചു സത്യവുംചെയ്തു. ഈ ആവലാതികൾ ഒക്കയും തിരുമനസ്സറിയിച്ചപ്പൊൾ പണ്ടാരക്കാൎയ്യം അന്വെഷിപ്പാൻ കല്പിച്ചു ആക്കിയിരിക്കുന്ന "അൎക്കദിയാക്കൊൻ" എന്നു പെരുള്ള "ചെമ്മായി"നെ 'മെത്രാൻ' എന്നു വിളിച്ചുകൊള്ളത്തക്കവണ്ണം 828-ാമതിൽ കല്പിച്ചു മൊതിരവും ഇടീച്ചു നടത്തുകയുംചെയ്തു. പെരുമ്പടപ്പു വലിയതമ്പുരാൻ കല്പിച്ചിട്ടത്രെ 'തൊമ്മൻ ചെമ്മായി'നെയും മെത്രാനാക്കി നടത്തിയതു. ആയതിപ്പൊൾ 143 കാലവുംആയി. (ഈ ഹർജ്ജിയുടെ കാലം കൊല്ലം 971 ആകുന്നു). ഇതിനുമുമ്പു മലയാളത്തിൽ മെത്രാന്മാര ഉണ്ടായിട്ടും ഇല്ല. 926ൽ പരദെശത്തുനിന്നും വന്ന മെത്രാന്മാര 947ൽ കുറിലൊസ്സു മെത്രാനു പട്ടവും സ്ഥാനവും തികച്ചുകൊടുത്തു. പെരുമ്പടപ്പിൽവലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചനുവദിച്ചു മൊതിരവും ഇടീച്ചു, മലങ്കര പുത്തൻകൂറിലുള്ള

പള്ളി എടവകക്കാ ഒക്കയും മെത്രാന്റെ സ്ഥാനങ്ങൾ നടത്തിക്കൊള്ളുന്ന്തക്കവണ്ണം കല്പിച്ചു തീട്ടൂരവും കൊടുത്തു നടത്തിച്ചുപൊരുകയും ചെയ്തു. മുമ്പിൽ കല്പിച്ചുനടത്തിയ തൊമ്മൻ മെത്രാന്റെ അനന്തരവൻ എന്നും വെച്ചു ഇരിക്കുന്നവൻ, തൃപ്പാപ്പിസ്വരൂപത്തിങ്കലെ (രാജ്യത്തിലെ) 'പൊതിമാടെൻ' അവിടത്തെ ഒരു സർവ്വാധികാര്യക്കാരെയും കൂട്ടിക്കൊണ്ടുവന്നു പെരുമ്പടപ്പിൽ വലിയതമ്പുരാൻ തിരുമനസ്സറിവിച്ചു സിദ്ധാന്തിച്ചുവരാകകൊണ്ടും, ബലം ഉള്ളവര ആകകൊണ്ടും, കൂറില്ലൊസ്സു മെത്രാന്റെ പള്ളികൾ ഒക്കെയും 'പൊതിമാടെനു' കൊടുക്കയുംചെയ്തു. അത പെരുമ്പടപ്പുരാജ്യത്തുള്ള പള്ളിക്കാര അനുസരിക്കായ്കകൊണ്ടു ഹെമം ചെയ്യു, 'പൊതിമാടെനെ' അനുസരിപ്പിക്കയുംചെയ്തു......"

ഇപ്രകാരം നടന്നുവരുന്നതിനെപ്പററി ആവലാതിപ്പെട്ടുകൊണ്ടും അതു മാററിക്കിട്ടുന്നതിനു് അപേക്ഷിച്ചുകൊണ്ടും ഉള്ളതാണു് ഈ ഹർജി. 933 വരെ "തൃപ്പാപ്പിസ്വരൂപത്തിങ്കലെ മൂത്തരാജാവു്" സാക്ഷാൽ വീരമാർത്താണ്ഡവർമ്മ ആയിരുന്നു. അദ്ദേഹത്തിന്റെ സൈന്യം കൊച്ചിയെ തെക്കും തെക്കുകിഴക്കും ഭാഗങ്ങളിൽക്കൂടി കടന്നു വിഴുങ്ങുക തന്നെ ചെയ്തു. 937ലാണല്ലൊ കൊച്ചിയും തിരുവിതാംകൂറുംതമ്മിൽ, വടക്കുനിന്നു വന്ന സാമൂതിരിയെ തോല്പിപ്പാൻ വേണ്ടി, ചരിത്രപ്രഖ്യാതമായ സന്ധിക്കരാറുണ്ടായതു്. സാമൂതിരി പിൻവാങ്ങിയതോടുകൂടി ഹൈദർനവാബിന്റെയും പിന്തുടൎന്നുകൊണ്ടു ടിപ്പുസുൽത്താന്റെയും ആക്രമണങ്ങളായി. 965_ൽ ശക്തനും ഇംഗ്ലീഷും തമ്മിലുണ്ടായ ഉടമ്പടിവരെ കൊച്ചിയിലെ രാജ്യകാൎയ്യങ്ങൾ ഒട്ടാകെ കുഴപ്പത്തിലായിരുന്നു. അക്കാലത്തു തൃപ്പാപ്പിസ്വരൂപത്തിലേക്കു കൊച്ചിയിൽ കുറെയൊക്കെ സ്വാധീനശക്തിയും ബലവും ഉണ്ടായിരുന്നു. അങ്ങനെയുള്ള 947ലാണു തൃപ്പാപ്പിസ്വരൂപത്തിൽനിന്നു "പൊതിമാടെനെ" തിരുവിതാംകൂറിലെ മാത്രമല്ലാ, കൊച്ചിരാജ്യത്തിലെയും, മെത്രാനായി, കൊച്ചിരാജാവിന്റെ മുൻതീർപ്പിനും, കൊച്ചിക്രിസ്ത്യാനികളുടെ ആഗ്രഹത്തിനും, എതിരായി നിർബ്ബന്ധിച്ചു നിശ്ചയിച്ചതായി ഈ കത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്. ആ ദുരനീതിയെ തിരുത്തി, ക്രിസ്ത്യാനികളുടെ അഭിലാഷത്തെ സാധിപ്പിക്കുന്നതിനാണു 971__ൽ ശക്തൻതമ്പുരാനോടു മെത്രാൻ ഈ കത്തുമൂലം അപേക്ഷിച്ചിട്ടുള്ളതു്. ആ എഴുത്തിന്റെ അന്ത്യഭാഗം ഇപ്രകാരമാകുന്നു.

"തൃപ്പാപ്പിസ്വരൂപം നടത്തിവരുന്ന കാൎയ്യം ആകുന്നു എന്നും, പൊ

ത്തുഗസ്സുകാരൻ മെത്രാനെ പുത്തൻകൂറുകാരുടെ പള്ളിക്ക വിചാരിക്കാവൂ എന്നും, പെരുമ്പടപ്പുവലിയതമ്പുരാൻ കല്പിച്ച ആക്കിയ പുത്തൻകൂറുകാരനു 'പെരുമ്പടപ്പുരാജ്യത്തുള്ള പുത്തൻകൂറുകാൎയ്യവും ഇല്ലെന്നും' പള്ളി വിചാരിച്ചുകൂടാ എന്നും, തൃപ്പാപ്പിസ്വരൂപം കല്പിച്ചാൽ, അത ഒരു സ്ഥാനത്തു കെട്ടാലും നെരായിവരുമെന്നു തൊന്നുന്നില്ല. പെരുമ്പടപ്പുസ്വരൂപം അറിയാതെ തൃപ്പാപ്പിയിൽനിന്നും ആക്കിയ ആളാകകൊണ്ടു "പൊതിമാടെനെ" അനുസരിച്ചു നടപ്പാൻ ഒരു രാജ്യത്തും നസ്രാണികൾക്കു സംഗതി ഇല്ലല്ലൊ. വിശേഷിച്ചും നാം മറുരാജ്യത്തുപൊയി ബുദ്ധിമുട്ടി പാൎക്കകൊണ്ടും, വെണ്ടുന്നതിന്നു ആളും കൊളും ഇല്ലായ്കകൊണ്ടും, അന്ത്യകാലം അടുക്കകൊണ്ടും, തിരുമനസ്സുണ്ടായിട്ടു കീഴിൽ രക്ഷിച്ചതിൻവണ്ണം രക്ഷിപ്പാൻ തിരുമനസ്സുണ്ടായിരിക്കുക വല്ലാ്യ മനൊഗുണം. ഇതു പട്ടാങ്ങ."

ഒന്നുരണ്ടു സംഗതികൾ ഈ കത്തിൽ പൊന്തിനില്ക്കുന്നതു പ്രത്യേകം ശ്രദ്ധേയമാകുന്നു. കൊച്ചിമഹാരാജാവിന്റെ കല്പനപ്രകാരമാണ്, മലയാളത്തിലേക്ക് ഇദംപ്രഥമമായി, കൊല്ലം 828-ാമാണ്ടിൽ, സ്വദേശിയായ ഒരു മെത്രാൻ അവരോധിക്കപ്പെട്ടതു്. എന്നുമാത്രമല്ല, ആ ആദ്യമെത്രാൻ കൊച്ചിരാജാവിന്റെ 'പണ്ടാരകാൎയ്യം' വിചാരിച്ചിരുന്ന 'അൎക്കദിയാക്കോൻ' ആയിരുന്നുതാനും. 'മെത്രാനായി കല്പിച്ചു മോതിരം ഇടീച്ചു' നടത്തിച്ചതായിട്ടാണു പറഞ്ഞിരിക്കുന്നതു്. 'മോതിരം ഇടീക്കൽ' അധികാരദാനത്തെയും സമ്മതത്തെയും കുറിക്കുന്ന ഒരു മംഗളകൎമ്മമാണ്. മുമ്പൊക്കെ കൊച്ചിരാജാക്കന്മാരുടെ കിരീടധാരണാവസരത്തിൽ വലിയമ്മതമ്പുരാനും പ്രമാണപ്പെട്ട പ്രഭുക്കന്മാരും മോതിരം ഇടീച്ചിരുന്നു. മെത്രാനെ വാഴിക്കുന്ന കാൎയ്യത്തിൽ കൊച്ചിരാജാവിനുണ്ടായിരുന്ന 'മുമ്പും കയ്യും' ഇതിൽനിന്നു സ്പഷ്ടമാകുന്നു. രാജാവിന്റെ ആ അധികാരത്തെ ക്രിസ്ത്യാനികൾ സാദരം സമ്മതിക്കുകമാത്രമല്ല, ആ അധികാരം പ്രയോഗിച്ചുരക്ഷിക്കുന്നതിന്നു സവിനയം അപേക്ഷിക്കുക കൂടി ചെയ്തിരുന്നു!!

രണ്ടാമത്തെ സംഗതിയും അതുപോലെതന്നെ, ഒരുപക്ഷെ അതിനേക്കാൾ കൂടുതലായും, പ്രാധാന്യമുള്ളതാകുന്നു. 'പെരുമ്പടപ്പുവലിയതമ്പുരാൻ തിരുമനസ്സറിയാതെ ആക്കിയ ആളെ അനുസരിച്ചു നടക്കാൻ ഒരുരാജ്യത്തും നസ്രാണികൾക്കു സംഗതി ഇല്ലല്ലൊ" എന്നു് ആ മെത്രാൻ പറയുന്നതു നോക്കുക. കേരളത്തിലെ ഹിന്ദുക്കൾക്കു മുഴ

വനും 'വേദത്തലവൻ' (മെത്രാൻെറ വാക്കുതന്നെ) ആയ 'പെരുമ്പടപ്പിൽ മൂപ്പീന്നു്' വേണം മലയാളത്തിലുള്ള എതുരീതിക്കിലേയും മെത്രാൻെറ അഭിഷേകകാര്യത്തിൽ അനുമതി നല്കുവാൻ എന്നും, അങ്ങനെ അനുമതി നല്കപ്പെട്ട മെത്രാനെ തൃപ്പാപ്പിരാജ്യത്തുള്ള ക്രിസ്ത്യാനികളും അനുസരിക്കുന്നതുകൂടാതെ, പെരുമ്പടപ്പിൽ അറിയാതെ തൃപ്പാപ്പീന്നു് ആക്കിയ മെത്രാനെ ഒരു ക്രിസ്ത്യാനികളും അനുസരിക്കുവാൻ ആവശ്യമില്ലെന്നും ബലം ഉള്ളവരാകകൊണ്ടു തൃപ്പാപ്പീന്നു് അങ്ങനെ ആക്കിയതാണെന്നും, അതു സാധൂകരിക്കാവുന്നതല്ലെന്നും തികച്ചും തെളിഞ്ഞിരിക്കുന്നു. എന്നാൽ, ഈ കൂറില്ലോസ്സ്മെത്രാൻ ബഹിഷ്കൃതനായ ഒരാളാണെന്നും, ക്രിസ്ത്യാനികളിൽ വളരെ തുച്ഛമായ ഒരു ന്യൂനപക്ഷക്കാർമാത്രമേ അദ്ദേഹത്തെ അംഗീകരിച്ചിരുന്നുള്ളു എന്നും, അദ്ദേഹത്തിൻെറ ആ പരമ്പരയാണു് ഇന്നും 'അഞ്ഞൂർ'പള്ളി വാഴുന്നതെന്നും, അതു് ഒരു പ്രധാനവൎഗ്ഗത്തിലുംപെട്ട പള്ളിയല്ലെന്നും, അതുകൊണ്ടു ആ കൂറില്ലോസ്സ്മെത്രാൻ കൂടുതൽ സ്വാധീനമോ ശക്തിയോ കൈവരുന്നതിനുവേണ്ടി രാജാവിങ്കൽ സമൎപ്പിച്ച ഒരു 'സങ്കടഹർജി'യാണിതെന്നുമിരിക്കിലും, കേരളത്തിലെ മററു രാജാക്കന്മാൎക്കു് ആൎക്കുമില്ലാതിരുന്ന ഒരു പരമാധികാരം ക്രിസ്ത്യാനികളുടെമേൽ കൊച്ചിരാജാവിനുണ്ടായിരുന്നു എന്നുള്ളതു ചരിത്രകാരന്മാർ സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയാകുന്നു.

മതപരമായ യാതൊരു മത്സരവുംകൂടാതെ, സൗജന്യബുദ്ധിയോടും വിശാലമനസ്സോടുംകൂടി സമ്പൂൎണ്ണസൗഹാൎദ്ദപൂൎവ്വം 'പെരുമ്പടപ്പിൽമൂപ്പീന്നു്' ക്രിസ്ത്യാനികൾക്കു മെത്രാനെ നല്കുകയും, ഹിന്ദുക്കൾക്കു 'യോഗാതിരി'യെ അവരോധിക്കുകയും ചെയ്തിരുന്ന ആ സുവൎണ്ണകാലം എങ്ങു കിടക്കുന്നു!

൫

പള്ളികളുടെ കിടപ്പും വ്യാപ്തിയും

കൂറില്ലോസ്സ്മെത്രാൻ ശക്തൻതമ്പുരാനു സമൎപ്പിച്ചതായ രണ്ടാമത്തെ ഹർജി ഇപ്രകാരമാകുന്നു:—

"...... വെട്ടിയ കൊട്ടയ്ക്കു പുറത്ത ഇരുപതിൽചില്വാനം പള്ളികൾ ഉണ്ടല്ലൊ. ആയത ഒക്കയും പഴെത എത്രെ ആകുന്നു. വട്ടക്കെഅറാത്ത തെക്കേപ്പള്ളിയിൽ അര പള്ളിക്കാരെ പുത്തൻകൂറായിട്ടുള്ളു.

അതിന്ന "ചാട്ടുകുളങ്ങരെ"പള്ളി എന്നു പെരാകുന്നു.(കുന്നംകുളത്തുനിന്നു രണ്ടു നാഴിക തെക്ക്, ഗുരുവായൂർനിന്നു രണ്ടുനാഴിക വടക്ക്). അതിന്നു വടക്കെ പള്ളികളും മാപ്പിളമാരും ഇല്ല. മൂന്നു കരിചുപള്ളിയും ഉണ്ട. തിരുമനസ്സുണ്ടായിട്ടു വടക്കെ അററത്തെ ചാട്ടുകുളങ്ങരെ പള്ളിക്കാരു നമുക്കു ആക്കിവെച്ചുതരണം. വിചെഴിച്ച കൊച്ചുതമ്പുരാൻെറ (?) രാജ്യത്തു ഇരിക്കുന്ന മെത്രാൻ ആവലാതിക്കു വരുമല്ലൊ. അയാൾ ഒരു ചെമ്മാച്ചനെ ഉണ്ടാക്കുമ്പൊൾ അഞ്ഞൂറ ചക്രംവാങ്ങും! ഒരു കത്തനാരെ ഉണ്ടാക്കുമ്പൊൾ അഞ്ഞൂറ ചക്രംവാങ്ങും! യാതിമര്യാദക്കു അടുക്കാത്തവണ്ണം ഒരുത്തൻ ചെയ്തു എങ്കിൽ അവൻെറ വഹപൊലെ വാങ്ങും. ഇങ്ങനെ ഇരുപതിററാണ്ടുകാലം വലിയതമ്പുരാൻെറ രാജ്യത്തെ മുതൽ അയാൾ എടുത്തു: വിചെഴിച്ച നമ്മോട വിയസാലെ (?) ഒരു പൊന്നുംവടിയും ഒരു പൊന്നും സിറളസായും (?) ഒരു വെള്ളിചിലാക വലിയകുപ്പായവും, ഒരു ചെത്തിക്കുപ്പായവും, ഒരു വെള്ളിമുദ്രയും, ഒരു മാസുക്കുകുപ്പായവും, ഇങ്ങനെ ആറുകൂട്ടം, അവൻ നമ്മെ അപായം വരുത്തും എന്നു തൊന്നിയപ്പൊൾ നാം കൊടുത്തു തടവ ഒഴിച്ചു. നാം വടക്കൊട്ടുപൊകയും ചെയ്തു. ആയതും പണ്ടാരത്തിലെക്കു വരണ്ടതല്ലൊ ആകുന്നു. ആയതും, അയാളുടെ മൊതലിന്നു അടുത്തതുപൊലെ പണ്ടാരത്തിലെക്കു ചെരിയുമ്പൊൾ എതാനും പള്ളികൾ അയാൾക്കും കൊടുക്കണമല്ലൊ. ആയതുകൊണ്ടു മൊളന്തുരുത്തിയും, കരിങ്ങാച്ചിറയും, നട്മെലുംകൂടെ കുറില്ലൊസ്സമെത്രാൻ വിചാരിപ്പാൻ കല്പന ഉണ്ടായാൽ, അയാൾ ആവലാതിക്കുവരുമ്പൊൾ, അയാൾക്കും എതാനും പള്ളികൾ തിരുമനസ്സുണ്ടായാൽ കൊടുക്കണമല്ലൊ. അക്കാര്യം തിരുമനസ്സിൽ ബൊധിച്ചതുപൊലെ. നമുക്കു വടക്കെ അററത്തുള്ള ചാട്ടുകുളത്തെ പള്ളി എടവകക്കാരെ കല്പിച്ചുതന്നാൽ മതി. മുമ്പെ പുത്തൻകൂറവും പുറത്തുള്ള പള്ളികൾ ഒക്കയും കല്പിച്ചു നമ്മെക്കൊണ്ടു നടത്തിച്ചപ്പൊൾ അയ്യായിരം പുത്തൻ പണ്ടാരത്തിലെക്കു നാം ആവലാതികൂടാതെ കൊടുത്തു. ഇപ്പൊഴും അവസ്ഥപൊലെ, നമ്മുടെ കൊച്ചുകത്തനാരൊടുകൂടെ ഒരു തുപ്പായിയെ കല്പിച്ചയച്ചാൽ മതി. എൻെറ തമ്പുരാനെ കാണാൻ വളരെ ആഗ്രഹം ഉണ്ട. ആയസ്സും ശ്വാസ്ഥതയും വർദ്ധിച്ചിരിക്ക..."

ഈ മെത്രാൻ ക്രിസ്ത്യാനികളിൽ ഒരു പ്രത്യേകവിഭാഗത്തിൻെറ—ഒരു ന്യൂനപക്ഷത്തിൻെറ—മാത്രം തലയാൾ ആണെങ്കിലും അദ്ദേഹം അതുവരെ നടപ്പില്ലാത്ത ചില സംഗതികളെ കേവലം വാദ

രക്ഷയ്ക്കോ ഉദ്ദേശ്യസിദ്ധിക്കോവേണ്ടി എടുത്തു ചേർത്തതാണെന്നു മുഴുവനും വിശ്വസിച്ചുകൂട. ഓരോ പള്ളി ഇടവകക്കാരെ മറ്റൊരു പള്ളി ഇടവകക്കാരാക്കുക; മെത്രാനെ വാഴിക്കുക; കത്തനാരന്മാരെ സ്ഥലം മാററുക; പള്ളിസ്വത്തിൻെറയും കാര്യമന്വേഷിക്കുക, കത്തനാർ, മെത്രാൻ ഇവരുടെ വഴക്കാശനങ്ങളിൽനിന്നുംകൂടി രാജഭോഗം എടുക്കുക, മുതലായി പല വലിയ കാര്യങ്ങളും— ഇന്നുള്ളവർക്കു പറഞ്ഞാൽ വിശ്വാസംവരാത്ത പല സംഗതികളും അക്കാലത്തു പെരുമ്പടപ്പിൽ മൂപ്പീന്നു നടത്തിയിരുന്നതായി പ്രസ്തുതലേഖനത്തിൽ കാണുന്നു.

അപ്രകാരം പരിപൂർണ്ണമായ സഹിഷ്ണുതയും, സഹതാപവും, ഉദാരതയും അഭംഗുരമായി വിളയാടിയിരുന്ന ആ കാലത്തു്, ക്രിസ്ത്യാനികളും ഹിന്ദുക്കളും വിവിധമതാവലംബികളാണെന്നുള്ള വ്യത്യാസമേ തോന്നാതെ, ഏകോദരസഹോദരന്മാരെപ്പോലെതന്നെ വർത്തിച്ചിരുന്നു. അക്കാലത്ത ക്രിസ്ത്യൻപള്ളികളിലേക്കു ഹിന്ദുരാജാവും അദ്ദേഹത്തിൻെറ ഹിന്ദുപ്രജകളും സംഭാവനകളും വഴിവാടുകളും നല്കിയിരുന്നു. ക്രിസ്ത്യാനികളും നിസ്സങ്കോചം ഹിന്ദുക്ഷേത്രങ്ങളിലേക്കു് ആവശ്യവും ആഗ്രഹവുംപോലെ സംഭാവനകൾ ചെയ്തിരുന്നു. ഇന്നത്തെ സ്ഥിതി അപ്രകാരമാണോ എന്നാലോചിക്കുമ്പോൾ വ്യസനവും ലജ്ജയും തോന്നുന്നു. അന്നുള്ളവർക്കു 'പഠിപ്പും പരിഷ്കാരവും' ഉണ്ടായിരുന്നില്ല; ഇന്നു് അതൊക്കെയുണ്ടു്. ഇങ്ങനെയാണോ, ഇതാണോ, പഠിപ്പിൻെറയും പരിഷ്കാരത്തിൻെറയും ഫലം!

978 മീനത്തിൽ പുത്തൻചിറപ്പള്ളിയിൽനിന്നു ശക്തൻതമ്പുരാനു് അയച്ചതായിക്കാണുന്ന, താഴെ ചേർക്കുന്ന, എഴുത്തും വളരെ സാരസമ്പൂർണ്ണമായിട്ടുള്ള ഒരു രേഖയാകുന്നു.

"ശിക്ഷരക്ഷയൊടുകൂടെ പരിപാലിച്ചുവാണിരിക്കുന്ന 'പെരുംപടപ്പിൽ' മഹാരാജാവിനെ തിരുമനസ്സു അറീക്കെണ്ടും അവസ്ഥ. എന്നാൽ ഒരു പള്ളിയിൽ പട്ടക്കാരു അവകാശപ്പെടുന്നതു, തുടക്കത്തിൽ ഒരു പള്ളി പെരു വിളിച്ചു പട്ടം എല്പിക്കുന്നതുകൊണ്ടാകുന്നു. ഇങ്ങനെയല്ലൊ ഇന്നായൊളവും തിരുമനസ്സുകൊണ്ടും കല്പിച്ചു നടത്തിവരുന്നത. ഇന്ത്യക്കരയിൽ തുപ്പാപ്പിസ്വരൂപത്തികൽ ചെന്നു കണ്ടനാട്ടിൽ, വരാപ്പുഴമെത്രാൻെറ കീഴിൽ ഇരിക്കുന്ന 'കുരുവിള'കത്തനാരെ ഇപ്പൊൾ ചെന്നമംഗലത്തെ പള്ളിയിലെ എടവക പട്ടക്കാരനായി അനുസരിച്ചു

നടത്തത്തക്കവണ്ണം, ഈ കത്തനാരുടെ വഹക്കാരെ തിരുമനസ്സ അറിയിച്ച കല്പനപ്പടിയെ, കുഞ്ചുതിരുപ്പാട്ടിലെ സാധനം പാലിയത്തെ വലിയച്ചൻ വന്നതുകൊണ്ടു, അതിന്മണ്ണം അനുസരിക്കണമെന്ന ശെന്നമംഗലത്തെ പള്ളിക്കാരൊടു ശൊദ്യവും തുടങ്ങിയിരിക്കുന്നു. പുത്തൻചിറെ മെത്രാൻ ഉൾപ്പെട്ട പള്ളികളിൽ ഇതിൻവണ്ണം കഴിഞ്ഞിട്ടുമില്ല. സകല കാര്യങ്ങളും കീഴമര്യാദചട്ടം ഏറാക്കുറവു കൂടാതെ തിരുമനസ്സുകൊണ്ടു കെട്ട ചിട്ടപ്പെടുത്തി വരുന്നതു വിശ്വസിച്ചുംകൊണ്ടു ഈ അവസ്ഥയും തിരുമനസ്സറിക്കുന്നു. നമ്മുടെ വെദമര്യാദക്കും പള്ളികൾ ഉൾപ്പെട്ടതിനും, സകലകാര്യങ്ങൾക്കും ഇന്നെവരെയും ഇനിമെലും തിരുമനസ്സുതന്നെയല്ലൊ ആധാരമുള്ളു. എന്നതുകൊണ്ടു കീഴ കഴിഞ്ഞിട്ടില്ലാത്തവണ്ണം കണ്ടനാടുപള്ളി ഇടവകക്കാരൻ കത്തനാരെ ശെന്നമംഗലത്തെ പള്ളിയിലെ പട്ടക്കാരനായി നടത്തുവാൻ വന്നിരിക്കുന്ന കല്പന കഴിഞ്ഞ പ്രകാരത്തിനു,പാലിയത്തച്ചനു കല്പന ഉണ്ടാകണമെന്നു നാം അപെക്ഷിക്കുന്നു. നമ്മുടെ മെലും വെദമര്യാദമെലും തിരുമനസ്സ ഉണ്ടായിരിക്കയും വേണം. തിരുവായുസ്സും ആരോഗ്യതയും വദ്ധിച്ചിരിപ്പാൻ സർവ്വേശ്വരനോടു പ്രാത്ഥിക്കുന്നു. ഇതു പുത്തൻചിറപള്ളിയിൽനിന്നു ജറാൾ മത്ത്യാസ പാദ്രെ എഴുത്തു (കപ്പ്.)"

കത്തനാരന്മാരുടെ സ്ഥലമാററങ്ങൾകൂടി രാജസ്ഥാനത്തുനിന്നുതന്നെ നടത്തിയിരുന്നു! മെത്രാന്മാർ അന്തരിച്ചാൽ ഉടനെ രാജാവിനെ അറിയിക്കാറുണ്ടെന്നു താഴെ ചേക്കുന്ന എഴുത്തു തെളിയിക്കുന്നു. "പള്ളത്തിൽ മെനവൻ വായിച്ച പെരുമ്പടപ്പിൽ വല്യതമ്പുരാൻ തിരുമനസ്സറിയിക്കെണ്ടും അവസ്ഥ. എന്നാൽ മാത്തൊമ്മാമെത്രാൻ എഴുത്തു. മീനമാസം 28-ാംനു- വെള്ളിയാഴ്ച എഴരനാഴിക പകലെ എന്റെ കാരണവർ മാത്തൊമ്മാമെത്രാന്റെ ദീനം വൈഷമിക്കുകയും ചെയ്തു. ഞാൻ ചെറുപ്പമാകകൊണ്ടും കാര്യങ്ങൾ ഒക്കയും വിചാരിച്ച നടത്തിക്കൊള്ളുവാൻ പ്രാപ്തി കുറഞ്ഞിരിക്കകൊണ്ടും തിരുമനസ്സുണ്ടായിട്ടു കീഴമര്യാദ കല്പിച്ചു രക്ഷിച്ചിരിക്കുന്നതിൻവണ്ണം നടത്തിച്ചുകൊള്ളുമാറാകയും വെണം."

ഇന്നാശ്ശുപാതിരി അവർകളുടെ ഒരു "സങ്കടവരിക്കടെദാസ്സ" ഇപ്രകാരമാകുന്നു.

'പെരുമ്പടപ്പിൽ വലിയതമ്പുരാന്റെ തിരുമുമ്പാകെ നില്ക്കുന്ന

മന്ത്രിമാർ വായിച്ചു തിരുമനസ്സിൽ ഏററണ്ടു "സങ്കടവരിക്കടദാസ്സ്."

"എന്റെ അമ്മാമൻ പൂക്കൊട്ടു ജന്നാൻ പാദ്രി മരിക്കുമ്പോൾ അസ്സമയത്തു ഞാൻ കൂടെ ഇല്ലാഴികകൊണ്ടു, ഇയ്യവസ്ഥ തിരുമനസ്സു ഏററുവാനുള്ള ഇട ഉണ്ടായില്ല. മുൻനാളിലെ എന്റെ കാരണവന്മാരെ തിരുമനസ്സുകൊണ്ടു താവരിച്ചു (?) രക്ഷിച്ചു വന്ന നന്ദി ഓൎക്കുമ്പോൾ, ഞാനതിനുപ്രാപ്തി പോരാ എങ്കിലും, തിരുമനസ്സിലെ കാരുണ്യം വലുതാകകൊണ്ടു, ഇനിയും എന്റെ സങ്കടം വഴിയെ അറിയിച്ചാൽ തിരുവുള്ളക്കടാക്ഷമുണ്ടാകുമെന്നത്രെ ശരണപ്പെടുന്നതു. എന്റെ അമ്മാമൻ ജന്നാൻപാദ്രിക്കു വല്യതമ്പുരാൻ തിരുമനസ്സുകൊണ്ടു വെണ്ടുന്ന വസ്തുകൃത്യങ്ങൾ കല്പിച്ചുകൊടുത്തു ആയുസ്സു കഴിഞ്ഞുവരുമ്പോൾ മരിച്ചതിന്റെ ശെഷം, ഇനിയും തിരുമനസ്സിലെ കുടിപതികളിൽ ഒരു കുടിപതി എന്നുള്ള കാരുണ്യം തിരുമനസ്സിൽ ഉണ്ടാകുന്നാകിൽ തൃക്കാക്കൽ കണ്ടു അജരിപ്പാൻ മുൻനാളിൽ കല്പിച്ചു രക്ഷിച്ചുവന്നതിൻവണ്ണം എന്നെയും പ്രാപ്തനാക്കണമെന്നുള്ള കല്പന വരുമാറാകണമെന്നു ഏറിയ താഴ്മയൊടെ അപെക്ഷിക്കുന്നു."

എത്ര ഹൃദയം കുളൎപ്പിക്കുന്ന ഒരു സഹോദരസൽഭാവമാണ് അക്കാലത്തുണ്ടായിരുന്നതെന്നു ഈ ലേഖനങ്ങൾ വിളിച്ചുപറയുന്നു! കഠിനശിക്ഷകൾക്കും കഠോരശാസനകൾക്കും കുപ്രസിദ്ധി സമ്പാദിച്ചിട്ടുള്ള കൊച്ചിയിലെ ശക്തൻതമ്പുരാൻ, കഠിനരോടല്ലാതെ കഠിനകൈ കാട്ടാറില്ലെന്നും, ജാതിവ്യത്യാസം അവിടുത്തെ സ്നേഹാദരങ്ങളെ ഒട്ടും മലിനപ്പെടുത്തീട്ടില്ലെന്നും മെത്രാന്മാരും, പാദ്രിമാരും സസന്തോഷം സാക്ഷിപ്പെടുത്തുന്നു!

൩

ആൎത്താററുപള്ളിവഴക്ക്.

കൂറില്ലോസ്സ്മെത്രാന്റെ മേലുദ്ധരിച്ച രണ്ടാമത്തെ ലിഖിതത്തെ തുടൎന്നുകൊണ്ടു ശക്തൻതമ്പുരാന്റെ കാലത്തു നടന്ന ചില തീരുമാനങ്ങൾ ഏത്രയും സാരഭൂയിഷ്ഠങ്ങളാകുന്നു. ഈ കത്തിൽ പറയുന്ന ചാട്ടുകുളംപള്ളി വളരെ പഴക്കമുള്ളതും, മാർത്തോമ്മായാൽത്തന്നെ സ്ഥാപിക്കപ്പെട്ടതാണെന്നു വിശ്വസിക്കപ്പെട്ടുവരുന്നതും ആകുന്നു. ഡച്ചുകാരുടെ ആധിപത്യകാലത്തു ക്രിസ്ത്യാനികളിൽ ഒരു ഭിന്നിപ്പു നേരിടുകയും പറങ്കികളുടെ ആധിപത്യത്തിനു വഴിപ്പെടാഞ്ഞവർ പുതിയക്കൂറുകാരായി

മാറി നില്ക്കുകയും ചെയ്തു. ചാട്ടുകുളത്തെ ദൈവമാതാവിന്റെ വലിയപള്ളിയും അതിന്റെ മുമ്പിലുണ്ടായിരുന്ന കുരിശുപള്ളിയും തന്നിമിത്തം കത്തോലിക്കരുടേയും യാക്കോബായക്കാരുടേയും ഉഗ്രമായ കിടമത്സരത്തിനുള്ള ദയനീയരംഗമായിത്തീൎന്നു. ശക്തൻതമ്പുരാന്റെ കാലത്തു്, അവിടത്തെ വികാരി കുന്നംകുളത്തു പുലിക്കോട്ടിൽ ഇട്ടൂപ്പ് എന്ന വൈദികൻ ആയിരുന്നു. അദ്ദേഹം മഹാപണ്ഡിതനും പരമഭക്തനും ആയ ഒരു മഹാനായിരുന്നു. സുറിയാനിച്ചരിത്രത്തിൽ ഇട്ടൂപ്പറമ്പാൻ എന്നും, യൌസേഫ് ദിവന്ന്യാസ്യോസ് എന്നും പ്രഖ്യാതനായ അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ച ശക്തൻതമ്പുരാൻ നേരിട്ടുതന്നെ ആ പള്ളിവഴക്കിൽ തലയിടുകയും, ഇരുകൂട്ടൎക്കും തൃപ്തികരമായവിധത്തിൽ, വളരെക്കാലമായി നിലനിന്നുപോന്ന, ആ വാദത്തെ സമാപ്തീകരിക്കുകയും ചെയ്തു.

"ആത്താറ പള്ളിപ്പാട്ടു്" എന്നൊരു പഴയകൃതിയിൽ ഈ സംഗതി വൎണ്ണിച്ചുകാണുന്നുണ്ടു്. "എട്ടുദിക്കിൽ കേൾവികേട്ട ചാട്ടുകുളങ്ങരെപ്പള്ളി, സൃഷ്ടിനായകനീശോ മാതാവു വാണിടുന്നിതെത്രയുമത്ഭുതത്താലെ" എന്നുതുടങ്ങി ആ പള്ളിയുടെ ഒരു വൎണ്ണനയും, "കലഹത്താൽ റോമാവൃന്ദം കലഹിച്ചു മുടിപ്പാനായ്, ആലാഹനീതിമൎയ്യാദകളും ഹനിച്ചിട്ടു ദുഃഖിതരായി വാഴുമ്പോൾ" എന്നിങ്ങനെ, "കൂറരണ്ടിൽ" വന്നുചേൎന്നു വമ്പിച്ച വിവാദത്തിന്റെ വിവരണവും, ആ പാട്ടിൽ കാണുന്നു. "കഹനയൌസെപ്പുമായി ലോകരുമൊരുമിച്ചിട്ടു്" ആ പള്ളിവഴക്കു്, "ഒട്ടുകാലം കഴിഞ്ഞപ്പോൾ, കൊച്ചിനാമം പുകൾപൊങ്ങും, ശ്രേഷ്ഠനായ്വാണ രാജൻ, ക്ഷത്രിയൻ മഹാധീരൻ, ശക്തനാം പെരുമ്പടപ്പു ശൗൎയ്യതേജോൽക്കരൻ, ചാരുചരിത്രപൂൎവ്വകൻ, ധീരൻ, കാൎയ്യനാം കാൎയ്യാൎത്ഥകനാകിയ ധരശ്രേഷ്ഠൻ, തന്നൊടയെഴുന്നള്ളത്തു്", കുന്നംകുളത്തു് എത്തിയസമയം നേരിട്ടുചെന്നു സങ്കടമുണൎത്തിക്കുകയും, "ആത്താറപള്ളി ഞങ്ങൾക്കു തരിക മഹാരാജൻ, ആത്തിയായ് പലകാലമതിനു വേലചെയ്തു," എന്നും മാറം 'മൂപ്പച്ചൻ' അപേക്ഷിക്കയും ചെയ്തു എന്നും, ആ രാജപുംഗവൻ, "ദേവീക്ഷേത്രം കുറവെന്യേ നടത്തിച്ചുതരുന്നുണ്ടു ദൈവഭക്തനാം മുനിപ്രവര ധരിച്ചാലും, ഭേദമില്ലിതിനൊട്ടുമേ" എന്നു റമ്പാനൊടു കല്പിച്ചരുളിച്ചെയ്തു എന്നും, പിന്നീടു് ഇരുഭാഗക്കാരേയും വരുത്തി വിചാരിക്കയും വലിയപള്ളിയും കുരിശുപള്ളിയും ഓരോന്നു് ഓരോരുത്തൎക്കായി—കത്തോലിക്കൎക്കും യാക്കോബായക്കാൎക്കും—കൊടുക്കുവാനും, ആൎക്കു് ഏതുവെണമെന്നു നറുക്കിട്ടു് എടു

ത്തു' തീരുമാനിക്കുവാനും കല്പിച്ചു എന്നും, പള്ളിയുടെ മുമ്പിൽ മഹാജനമദ്ധ്യത്തിൽവെച്ചു നറുക്കിട്ടു് എടുത്തു എന്നും, "കീർത്തനം പാട്ടുകൾ നാമം സ്തുതി മന്ത്രം ഹിതത്തോടെ കീർത്തിച്ചശേഷം, ശീട്ടുമെടുപ്പാനടുത്തുടനെയണഞ്ഞിതിരുക്കുറമേ," എന്നും, "പാപ്പാവംശം തെക്കുഭാഗെ സുറിയാനി വടക്കെത്തും, കെല്ലൊട്ടു സ്വപണ്ണ്യാസിന്റെ ഇടത്തും വലത്തുമായി നിറഞ്ഞുള്ള സംഘവും, മുട്ടുകുത്തി സുറിയാനിവൃന്ദമാകെയൊരുപോലെ' എന്നും, സുറിയാനികൾ "മംഗലമണിയുടെ മുടിചൂടിടും, തിരുകന്യക ദൈവമാതാവെ, ശുദ്ധമായ നിനക്കുള്ള പള്ളി ഞങ്ങൾക്കുതകേണം, പെത്തു റോമക്കാൎക്കു കുരിശു നല്കീടണമെത്രയുമത്തുതത്താലെ" എന്നു പ്രാൎത്ഥിച്ചു എന്നും, നറുക്കെടുത്തപ്പോൾ "കിട്ടിനാൻ സുറിയാനിക്കാൎക്കു പള്ളിയും, കുരിശു പുറകായിക്കാൎക്കും" എന്നും മററും വളരെ സരസമായി ആ പാട്ടിൽ വൎണ്ണിച്ചുകാണുന്നുമുണ്ടു്. നറുക്കെടുത്തപ്പോൾ, "ആനന്ദാദിത്യന്റെ രശ്മി പൊയ്ക്കുളഞ്ഞതുപോലെ, ആനന്ദഹീനന്മാരായിക്കറുത്തു മുഖാംബുജം പാപ്പാ തന്നുടെ വംശങ്ങൾക്കു്" എന്നാണു് ആ പാട്ടുകാരൻ പറയുന്നതു്. തൎക്കത്തിൽ വിജയം നേടിയ യാക്കോബായകക്ഷികളിൽ ആരെങ്കിലുമായിരിക്കും ഈ ഗാനത്തിന്റെ കൎത്താവു് എന്നു് ഊഹിക്കണം. എന്തായാലും 'ചാട്ടുകുളം'പള്ളിക്കാൎയ്യം അങ്ങനെ അവസാനിച്ചു. ആൎത്താററുപള്ളി ഇപ്പോൾ യാക്കോബായക്കാരുടെ പ്രബലപ്പെട്ടതും പ്രധാനപ്പെട്ടതുമായ ദൈവാലയമാണു്. അതിനെ അങ്ങനെ ആക്കിയതു ശക്തൻതമ്പുരാനുമാണു്. അത്രമാത്രമെ നമുക്കിവിടെ ചിന്തനീയമായിട്ടുള്ളൂ. ഈ തീൎപ്പനുസരിച്ചു് ഒരു കഴുമുറിവെപ്പിക്കുയും യാക്കോബായക്കാൎക്കു് ഒരു തീട്ടൂരം കല്പിച്ചുകൊടുക്കുകയുംകൂടി ചെയ്തു.

ആ കഴുമുറി ഇപ്രകാരമാകുന്നു. "ആൎത്താററുപള്ളി ഇടവകയിൽ പുത്തൻകൂററുകാരുവകയിൽ, പള്ളികയ്ക്കാര വടക്കൂട്ട അയിപ്പവും, കാക്കശ്ശേരി അയപ്പവും, ചുങ്കത്ത ഇയ്യുവും, ചെറുവത്തൂര ഇക്കുരുവും കൂടി എഴുത്തപഴെക്കൂററുകാര പള്ളികയ്ക്കാര കിഴക്കൂട്ട ചിമ്മാരും, തൈക്കര ഇയ്യപ്പനും, ചിററിലപ്പിള്ളി മാത്തുവും, മാറൊക്കി ചിമ്മാരും കൂടി അറിയെണ്ടുംഅവസ്ഥ. എന്നാൽ നമ്മൾ രണ്ടു വകയിലും ഉള്ളവര എല്ലാവരും തമ്മിൽ വിവാദിച്ച ഏറിയകാലം ആൎത്താററുപള്ളിയിലും കുരിശികലും കൎമ്മവും ക്രിയയും കൂടാതെ മുടങ്ങിക്കിടന്നതിന്റെശെഷം, രണ്ടു വകക്കാരുടെയും ആവലാതി എഴുന്നള്ളി ഇരുന്നരുളുന്നെടത്ത ഉണ്ടാകകൊണ്ട, പള്ളിക്കൽവെച്ച ശീട്ട എഴുതി എടുക്കത്തക്കവണ്ണം വെച്ചാറെ, നമ്മൾ രണ്ടുവകക്കാരും അനുസരിച്ചപ്രകാരം, തിരുമുമ്പാകെ കച്ചീട്ട എഴുതി

വെച്ചതിന്റെ ശേഷം, കല്പിച്ച ആളെ അയച്ച ആത്താറപള്ളിക്കൽ വെച്ചു, ആയതു വെണ്ടത്തക്ക ആളുകൾഎല്ലാവരും കൂടി, ശീട്ട എഴുതി ഇട്ടെടുത്താറെ, പള്ളി ഞങ്ങൾക്കും കരിശു നിങ്ങൾക്കും ആയിട്ട തിരിച്ചുവെച്ച അതിരും ഇട്ടുതന്നു, അപ്രകാരം കല്പിച്ച തീട്ടൂരം തന്നിരിക്കകൊണ്ടു, അതിൻവണ്ണംതന്നെ ഞങ്ങൾ എല്ലാവരും സമ്മതിച്ചു ഇനിമേലിൽ കുരിശികൽ ഞങ്ങൾക്ക ഒരു സംബന്ധവും ഇല്ലാത്തതിൻവണ്ണം അനുവദിച്ചെഴുതിത്തരികയും ചെയ്തു." തീട്ടൂരം കല്പിച്ചുകൊടുത്തതിലും ഈ വിവരങ്ങൾ ഒക്കെ ചേർത്തിട്ടുണ്ടു്. അതിനുപുറമെ, "ഇതിനു് ആണ്ടുകാഴ്ച കല്പിച്ച പുത്തൻ നൂററിരുപതും കാലംതൊറും കുന്നംകുളങ്ങര പ്രവൃത്തിയിൽ ഒടുക്കി നടന്നുകൊള്ളത്തക്കവണ്ണവും കല്പിച്ചുനാം തീട്ടൂരം തന്നു. തൃശ്ശിവപെരൂർ കൊവിലകത്തുനിന്നും അരുളെ" എന്നുംകൂടിയുണ്ടു്.

യാതൊരു പഠിപ്പും പരിഷ്കാരവും നിയമവും വകുപ്പും ഒന്നും ഇല്ലാതിരുന്ന ആ കാലത്തു്, അത്യന്തം 'പ്രമാദ'മായതും ഏറിയകാലം നിലനിന്നതുമായ ആത്താറ-ചാട്ടുകുളം പള്ളിവഴക്കു് എത്ര ഭംഗിയായും, ആർക്കും അസുഖവും നഷ്ടവുംകൂടാതെയും, തീരുമാനപ്പെടുത്തി! ഏതാണ്ടിതുപോലെതന്നെയുള്ള ഒരു പള്ളിത്തക്കമായിരുന്നു അടുത്തുണ്ടായ 'തൃശ്ശൂർപള്ളിക്കേസ്സ്.' അതു എത്ര കാലം നടന്നു; എത്രകോടതികളിൽ ഇറങ്ങിക്കയറി; അതുനിമിത്തം എത്ര വമ്പിച്ച മുതൽച്ചേതംവന്നു; എത്ര കുടുംബക്കാർ അതോടുകൂടി അധഃപതിച്ചു! എന്നിട്ടും ഉണ്ടായ തീർപ്പോട്ടും തൃപ്തികരമായതുമില്ല. അറിവും അഭിവൃദ്ധിയുമൊക്കെ മനുഷ്യനെ എങ്ങോട്ടാണു വലിച്ചുകൊണ്ടുപോകുന്നതെന്നു് അവൻ അറിയുന്നില്ല. ശക്തൻതമ്പുരാന്റെ 'നീതിന്യായഭരണം' പഴകഥകളിൽ കേൾക്കുന്ന പ്രകാരം, 'വെട്ടൊന്നു് മുറി രണ്ടു്' എന്ന തരത്തിലായിരുന്നില്ലെന്നും, സത്യത്തെയും മര്യാദയെയും ലോകഹിതത്തെയും അവിടുന്നു സശ്രദ്ധം ഗണിച്ചിരുന്നു എന്നും, ചാട്ടുകുളംപള്ളിക്കേസ്സ് സ്പഷ്ടമാക്കുന്നുണ്ടു്. 'ചാട്ടുകുളം' എന്നതു പഴയപേരാണു്. സ്ഥലം ആത്താറാണു്. അതുകൊണ്ടാണു ചാട്ടുകുളത്തുനിന്നു് ആരംഭിച്ച വഴക്കു് ആത്താറചെന്നു് അവസാനിച്ചതു്!

ശക്തൻതമ്പുരാനെ കുന്നംകുളത്തുള്ള പള്ളിയുമായി സംഘടിപ്പിക്കുന്ന മറെറാരു സംഭവമുള്ളതുംകൂടി ഈ ഘട്ടത്തിൽത്തന്നെ കുറിക്കുന്നതു യുക്തമായിരിക്കുമെന്നു കരുതുന്നു.

ശക്തൻതമ്പുരാൻ കുന്നംകുളത്തു് എഴുന്നെള്ളിയ അവസരത്തിൽ, പഴയപള്ളിയിൽനിന്നു് ആർത്താറെറക്കു പോകുമ്പോഠം, വലിയങ്ങാടിയിൽ 'നട്ടപ്പന്തി' എന്ന സ്ഥലത്തിറങ്ങി, 'ഹൈദരാലിഖാ'നെക്കൊണ്ടു 'നസ്രാണിക്കമ്പോളം' എന്നു പറയിപ്പിച്ചു് ആ അങ്ങാടിയെ നോക്കിക്കാണുകയും, 'ഇവിടെ പണ്ടാരവക എതൊക്കെ' എന്നു കല്പിച്ചു ചോദിച്ചതിനു് 'ഇവിടെ ഒക്കെ തലപ്പിള്ളിരാജാക്കന്മാൎക്കാണു്' എന്നു് ആരോ മറുപടി പറഞ്ഞതുകേട്ടു് 'എന്നാൽ ഇന്നു മുതല്ക്കു് ഇവിടന്നങ്ങോട്ടു നമ്മുടെ ജന്മം', എന്നു കല്പിക്കയും ചെയ്തുവത്രെ. എങ്ങനെ ആയാലും, കുന്നംകുളം അങ്ങാടിയിൽ അത്രയും സ്ഥലം മാത്രം ഇന്നും പണ്ടാരവകക്കാണവും, ബാക്കി മുഴുവനും കുന്നംകുളം മറപ്പാട്ടുകാരുടെ വക കാണവും ആകുന്നു !

അതോടുകൂടി, പണ്ടാരവകക്കാണക്കുടിയാന്മാരായിത്തീൎന്ന പ്രജകഠം മണക്കുളം ജന്മത്തിലായിരുന്ന അവരുടെ പഴയപള്ളിയെക്കുറിച്ചു് ആവലാതിപ്പെട്ടപ്പോഠം, തെക്കെ അങ്ങാടിയുടെ മദ്ധ്യത്തിൽ ജീൎണ്ണാവസ്ഥയെ പ്രാപിച്ചുകിടന്നിരുന്ന 'അന്തിമാളൻകാവി'നെ പള്ളിയായി ഉപയോഗിച്ചുകൊള്ളുവാൻ അനുമതി നല്കുകയുംകൂടി ചെയ്തുവത്രെ. അതിപ്പോഴും എതാണ്ടു് ആ നിലയിൽത്തന്നെയുണ്ടു്. അതിൻെറപിന്നിലായി വേറെ പള്ളി വന്നിട്ടുണ്ടെങ്കിലും കൊല്ലത്തിൽ ഒരിക്കൽ ഇന്നും അവിടെ വെച്ചു 'കുർബാന' ചൊല്ലിവരുന്നുണ്ടു്! അമ്പലത്തെ പള്ളിയാക്കാൻ അനുവദിച്ച ശക്തൻതമ്പുരാൻെറ പരമതസഹിഷ്ണുത അപാരവും അത്ഭുതാവഹവുംതന്നെയായിരുന്നു. ഇപ്രകാരം പല സ്ഥലത്തും പള്ളികാൎയ്യങ്ങളിൽ ശക്തൻതമ്പുരാൻ ശ്രദ്ധിക്കുകയും, പ്രയത്നിക്കുകയും, ക്രിസ്ത്യാനികളുടെ ശാശ്വതമായ കൃതജ്ഞതയ്ക്കും ആദരവിനും പാത്രമാകുകയും ഉണ്ടായിട്ടുണ്ടു്.

൭

മേല്കോയ്മാധികാരവാദം.

സാധുസംരക്ഷകനും ശത്രുവിധ്വംസകനുമായിരുന്ന ശക്തൻതമ്പുരാനു്, തന്നോടു് എതിൎക്കുന്നവരുടെ ജാതിയോ, മതമോ, അന്തസ്സോ 'ആസ്തി'യോ ഒന്നും ഒരു ചിന്താവിഷയമായിരുന്നില്ലതന്നെ. എതിൎക്കുന്നവൻ നമ്പൂരിയായാലും നസ്രാണിയായാലും വൎഗ്ഗംതിരിച്ചുള്ള ദയാദാക്ഷിണ്യങ്ങഠം അവിടേയ്ക്കുണ്ടായിരുന്നില്ല. 'മാക്കോ'രെ കിഴവനച്ചാലിൽ കെട്ടിത്താഴ്ത്തീട്ടുണ്ടെങ്കിൽ, മഹാബ്രാഹ്മണരുടെ മറുപുറം തുളച്ചിട്ടും

ഉണ്ട്. 'ഏകശാസനം' നാട്ടിൽ സ്ഥാപിച്ച രാജ്യത്തിലെ സമാധാനത്തിനും ജനങ്ങളുടെ സമുദ്ധാരണത്തിനുമുള്ള ചുമതലയും അധികാരവും മുഴുവൻ തന്നിൽത്തന്നെ ആക്കുന്നതിനു് അവിടുന്നു ദിവാനിശം പ്രയത്നിച്ചുകൊണ്ടിരുന്നു. എന്നാൽ, 'ഏറിയബലവാ'ന്മാരോടു സാമദാനങ്ങളും സമന്മാരോടു ഭേദദണ്ഡങ്ങളും അവിടുന്നു വിവേകപൂർവ്വം അനുവർത്തിച്ചുവന്നു. വഴങ്ങേണ്ട ദിക്കിൽ വഴങ്ങുന്നതിനും, കുനുങ്ങേണ്ട ദിക്കിൽ കുനുങ്ങുന്നതിനും, എതിർക്കേണ്ട ദിക്കിൽ എതിർക്കുന്നതിനും, വാളും വാക്കും തരംപോലെ പ്രയോഗിക്കുന്നതിനും ശക്തൻതമ്പുരാൻ മടിച്ചിരുന്നില്ല. 'കുമ്പഞ്ഞിക്കാ'രുടെ 'ശക്തി'യെക്കുറിച്ചും, തന്റെ ചുററുമുണ്ടായിരുന്ന ശത്രുക്കളുടെ കുനയങ്ങളെപ്പററിയും അവിടേക്കു ദൃഢജ്ഞാനമുണ്ടായിരുന്നു. അതുകൊണ്ടു് എതിർത്തെത്തിയ നാട്ടുകാരോടു് ഉഗ്രതയും, പ്രബലത പ്രകടിപ്പിച്ച അന്യന്മാരോടു വ്യഗ്രതയും ഭാവിച്ചു. ആ നയവിശേഷമാണു കൊച്ചിയെ നിലക്കുനിർത്തിയതും, രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ സംരക്ഷിച്ചതും. അദ്ദേഹത്തിന്റെ മരണാനന്തരം മന്ത്രിപ്പദത്തിൽ വീണ്ടും സ്ഥാപിക്കപ്പെട്ട പാലിയത്തച്ചൻ ഇങ്കിരിയസ്സ് കുമ്പഞ്ഞിക്കാരുടെ നേരേ പ്രദർശിപ്പിച്ച വിവേകശൂന്യമായ വിപ്ലവബുദ്ധി അല്പമെങ്കിലും ശക്തൻതമ്പുരാൻ പ്രത്യക്ഷപ്പെടുത്തിയിരുന്നു എങ്കിൽ, അന്നത്തെ വാദകോലാഹലങ്ങൾക്കിടയിൽ, കൊച്ചി "തവിടുപൊടി"യാകുമായിരുന്നു.

ക്രിസ്ത്യാനികളിൽ, അന്നത്തെ രേഖകളിലെല്ലാം, 'മാക്കാർ' എന്നു വിവരിച്ചിരിക്കുന്ന വിഭാഗക്കാരാണു്, ആദ്യത്തിൽ ഡച്ചുകാരുടേയും, പിന്നീടു് ഇംഗ്ലീഷുകാരുടേയും പിൻബലത്തോടും ഒത്താശകളോടുംകൂടി, "കൊച്ചിക്കു കീഴമന്നവരല്ല" എന്നുള്ള വാദത്തെ, ശക്തൻതമ്പുരാന്റെ കാലത്തു്, എത്രയും മുമ്പോട്ടു കൊണ്ടുവന്നതു്. ആ വഴക്കു്, അതു് അടിസ്ഥാനരഹിതവും അബദ്ധവും ആയിരുന്നെങ്കിലും, അനേകം തെററിദ്ധാരണകൾക്കും, അസുഖങ്ങൾക്കും, വൃഥാമത്സരങ്ങൾക്കും വഴിയുണ്ടാക്കിത്തീർത്തു. 'മാക്കാർ' എന്ന പേരുകൊണ്ടുതന്നെ അവർ ഇടക്കാലത്തു 'ക്രിസ്തുമാർഗ്ഗം' സ്വീകരിച്ച നാട്ടുകാർ ആണെന്നു സ്പഷ്ടമാണു്. അവർ അതുവരെ നിരാക്ഷേപമായി കൊച്ചിക്കാരും, കൊച്ചിരാജാവിന്റെ സ്വന്തം പ്രജകളും ആയിരുന്നിരിക്കെ, മതംമാററം കൊണ്ടുമാത്രം 'കുമ്പഞ്ഞിക്കു ചേർന്നവരും' കൊച്ചിത്തമ്പുരാനു് ഒരു കാര്യത്തിലും വഴിപ്പെടുവാൻ ആവശ്യമില്ലാത്തവരും ആയിത്തീരുന്നതു് എങ്ങനെ എന്നു്. അവരോ, അവരെ പിന്നിൽനിന്നും,—പലപ്പോഴും

നേരിട്ട് മുന്നിൽ ചാടിവീണും,—സഹായിച്ചു കുമ്പഞ്ഞിക്കാരോ, അത്ര ഗാഢമായൊന്നും ആലോചിച്ചിട്ടുണ്ടായിരുന്നില്ലെന്നു തോന്നുന്നു. കൊച്ചിരാജാവിന്റെ രാജ്യത്തു്—കൊച്ചിയിലെ ബ്രിട്ടീഷുകോട്ടയ്ക്കകത്തല്ലാ—തന്നെ പാൎക്കുകയും, രാജാവിന്റെ സ്വന്തം പ്രസ്തുതൽപത്തികൾ സാധാരണ കുടിയാന്മാരെപ്പോലെ അനുഭവിക്കുകയും ചെയ്തിരുന്ന 'മാപ്പിളക്കാർ' രാജശക്തിയെ അനാദരിക്കുവാനു് ഇടയായിത്തീൎന്നതു പരിതാപകരമാകുന്നു. ഏറിയകാലം നീണ്ടുനിന്ന ആ വഴക്കു് അചിരേണ മൎയ്യാദപോലെയും, മാനമായും പൎയ്യവസാനിച്ചു എന്നു കാണുന്നതു് അഭിമാനകരവും ആവാദ്യപ്രദവും തന്നെ. അന്നത്തെ രേഖകളിൽ പറഞ്ഞുകാണുന്ന 'മാപ്പിക്കാർ' എന്ന പേർ തന്നെ ഇവിടെ സ്വീകരിച്ചിരിക്കുന്നു എന്നല്ലാതെ ആ പദപ്രയോഗത്തിൽ അന്യഥാ ശങ്കിക്കേണ്ടതില്ല.

" കുമ്പഞ്ഞിക്കാരുടെ അധികാരസീമയിൽപ്പെട്ട എതെങ്കിലും സ്ഥലത്തുവെച്ചു— പ്രധാനമായി കൊച്ചിക്കോട്ടയ്ക്കകത്തുവെച്ചു— ആരെന്തു കുററം ചെയ്താലും—അക്കാൎയ്യത്തിൽ കൊച്ചിപ്രജയെന്നോ, കുമ്പഞ്ഞിയുടെ ആളെന്നോ ഉള്ള വ്യത്യാസം ഉണ്ടായിരുന്നില്ല—അവരെ കോട്ടയ്ക്കകത്തു വെച്ചുതന്നെ വിചാരണ ചെയ്തു ശിക്ഷിക്കുകയായിരുന്നു പതിവു്. ആ നടപടിയെ ശക്തൻതമ്പുരാൻ നിരസിക്കുകയൊ, ആക്ഷേപിക്കുകയോ ചെയ്തില്ല. എന്നുമാത്രമല്ലാ, ആ സമ്പ്രദായത്തെ സസന്തോഷം സമ്മതിച്ചുകൊടുക്കുകയും ചെയ്തു. ഈ എഴുത്തു നോക്കുക:—

"മെഹർ ബാൻ ദൊസ്തർ മെസ്തർ പ്ലവർ സായ്പ്പ്, സല്ലമല്ലഹ ത്താലാ കൊടുത്തയച്ച കടദാസ്സ ഇവിടെ കൊണ്ടുവന്നു വായിച്ചുകെട്ട അവസ്ഥയും ധരിച്ചു. കള്ളന്മാരുടെ കാൎയ്യംകൊണ്ടു വിസ്തരിക്കേണ്ടതിനു പച്ചാളത്തുകാരൻ ജന്നനെയും, ശങ്കരനായ്ക്കനെയും, കുറവകാട്ടു് അയ്യപ്പൻ എന്ന ചൊകനെയും തങ്ങളുടെ കടദാസ്സ വന്ന ഉടനെ ആളയച്ചു വരുത്തി നമ്മുടെ മുതൽപിടി കുണ്ടനാട്ടു കൃഷ്ണനും കൂടെ ഒരുമിച്ചു അങ്ങൊട്ടു കൂട്ടിഅയക്കുന്നു. തങ്ങൾ നെരുപൊലെ വിസ്തരിച്ചു തീൎത്തു അയപ്പിക്കയും ചെയ്യുമല്ലൊ".

എന്നാൽ കോട്ടയ്ക്കു പുറത്തു പാൎത്തിരുന്നവരും, സ്വദേശികളും, തമ്പുരാന്റെ 'കുടിപതികളും' ആയിരുന്ന 'മാപ്പിക്കാർ' പുറത്തുവെച്ചു് എന്തു കുററം ചെയ്താലും രാജാവിനു ചോദിപ്പാൻ അധികാരമില്ലെന്നും,

...ൽക്കൂരയാണ്



കറാംകുളം അന്ത്യാറാംപള്ളിയുടെ മേടയും



അരനിരപ്പൻ കാവുംപള്ളി

(കിഴക്ക് നിന്നുള്ള കറാംകുളത്തു താഴെ കല്ലിട്ട് ...)

കാഞ്ഞൂർ കത്തോലിക്കാ പള്ളി

പടിഞ്ഞാറെ ഗോപുരം

...തമ്പുരാൻ പള്ളിക്ക സമ്മാനിച്ച ആനവിളക്ക്

കുററക്കാരെ കോട്ടയ്ക്കു് അയയ്ക്കുന്നതല്ലാതെ അവരെ ഒന്നും ചെയ്തുകൂടുന്നതല്ലെന്നും 'കുമ്പഞ്ഞി ഏജന്റന്മാർ' ശഠിച്ചതിൽവെച്ചാണ വിവാദവും വഴക്കും വന്നു ചേർന്നതു്. ശക്തൻതമ്പുരാനു മുമ്പുണ്ടായിരുന്നവർ ആ അധികാരം കമ്പനിക്കു് വിട്ടുകൊടുത്തിരുന്നാൽക്കൂടി അതിനെ വകവെയ്ക്കുവാൻ ശക്തൻ തയ്യാറുണ്ടായിരുന്നില്ല. 975-ൽ കൊച്ചിക്കോട്ടയിൽനിന്നു ശക്തൻതമ്പുരാനയച്ച ഒരു എഴുത്തു കാണുക:—

"ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ പ്രജകളും ആകുന്ന 'മാക്കാ'രോടു സ്വരൂപത്തിങ്കലെ ആളുകൾ ഒരു ഏറാറവും പ്രവൃത്തിക്കരുതെന്നും, മാക്കാര വല്ലതും പിഴക്കുന്നു എങ്കിൽ അവരെ ശിക്ഷിപ്പിക്കേണ്ടുന്നതിനു കോട്ടയിൽ കൊണ്ടുവന്നു ഏല്പിക്കണമെന്നും കല്പിച്ചുവെച്ചിരിക്കുന്നതു നമുക്കു ധാരണയുണ്ടല്ലൊ. വയ്പിൻ പ്രവൃത്തിയിൽ ഉള്ളാട്ട മാത്തു എന്ന മാക്കാരനും അല്ലാതെ രണ്ടു നായന്മാരുംകൂടി എളങ്കുന്നപുഴ ക്ഷേത്രത്തിലെ ആഭരണങ്ങൾ മോഷ്ടിച്ചു എന്നും, ആ കള്ളന്മാരെ പിടിച്ചു ബന്ധനപ്പെടുത്തി തുമ്പുണ്ടാക്കി മുതലുകളൊടുകൂടി തൃശ്ശിവപേരൂർക്ക അയക്കണമെന്നും കാര്യക്കാർക്കു തീട്ടൂരം വന്നിരിക്കുന്നു. ബഹുമാനപ്പെട്ട കുമ്പഞ്ഞീന്നു മാക്കാരെ ശിക്ഷിച്ചുവരുന്നതുകൊണ്ടു അവൻ പിഴച്ചിട്ടുള്ളതിന്റെ രേഖയും കൊടുത്തു അവനെ ഇങ്ങോട്ടു അയക്കയും വേണം..."

കുററക്കാരൻ കൊച്ചിക്കു ചേർന്ന വയ്പിൻപ്രദേശത്തുകാരൻ; കുററം ചെയ്തതു കൊച്ചിയിൽ ചേർന്ന എളങ്കുന്നപ്പുഴദേശത്തുവെച്ചു്; കുററം രാജാവിന്റെ അമ്പലത്തിലെ ശ്രീഭണ്ഡാരം മോഷ്ടിക്കൽ; കുററക്കാരിൽ ചിലർ നായന്മാരും; എന്നിട്ടും അവരിൽ ആ മാക്കാരനെമാത്രം കോട്ടയ്ക്കയയ്ക്കണമെന്നു കല്പന! ഇതു കണ്ടാൽ ശുണ്ഠികടിക്കാത്ത ഒരു രാജാവുണ്ടാകുമൊ? അപ്പോൾ പിന്നെ ശക്തൻതമ്പുരാൻ ഒന്നു വിറങ്ങലിച്ചു വാദിച്ചതിൽ എന്താണു് അത്ഭുതം? അതിലെന്താണൊരു തെററു്? മുൻകരാറുകൾ അജ്ഞതയുടേയോ അശക്തിയുടേയോ ഫലമെന്നും, സ്വീകാര്യമല്ലെന്നും വാദിച്ചു. പ്രസ്തുതസംഗതിയിൽ പിന്നെ എന്തുണ്ടായി എന്നു തീർത്തു പറയുവാനുള്ള ലക്ഷ്യങ്ങൾ കണ്ടുകിട്ടീട്ടില്ല. എന്നാൽ ശക്തൻതമ്പുരാൻ വഴിപ്പെട്ടില്ലെന്നു തീർച്ചയാണു്. 975 മകരമാസം 1-ാംനു ശക്തൻതമ്പുരാൻ സായ്പിനു് അയച്ചതായ താഴെക്കാണുന്ന എഴുത്തിൽനിന്നു മാക്കാരുടെ ധിക്കാരങ്ങളുടെ വലുപ്പവും, സായ്പിന്റെ പിൻസഹായത്തിന്റെ അനീതിയും, രോഷാകുല

നായ രാജാവിന്റെ ശക്തിയായ പ്രതിഷേധത്തിന്റെ സ്വഭാവവും കാണാവുന്നതാണ്.

"......നമ്മുടെ രാജ്യത്തു നാം എടുത്തുവരെണ്ടുന്ന മുതലുകൾ നാം എടുക്കാതെ, നമ്മുടെ പറമ്പുകളിൽ മാക്കെരൊര ഒത്തവണ്ണം വന്നു കുടിലുകെട്ടി പാക്കുകയും, ആയതു പൊളിപ്പിക്ക വയ്യാ എന്നും മററും മെസ്സൂർ കലിസ്പാന്ത അറിയിപ്പ പറയുന്നതും നമുക്കു എത്രയും സങ്കടമാകുന്നു. മാക്കെരാക്കു കാണം, ആറാട്ടു, പുരവില, കടംവാട്ടു, ഈ വകയും, മാവു, കശുമാവു, പെര, ചാമ്പ, മുരിങ്ങ ഇങ്ങനെ ചില്ലാനമായിട്ടുള്ള വൃക്ഷങ്ങൾക്കുകൂടിയും വിലവെച്ചുകൊടുക്കെണ്ടും ദ്രവ്യം ശരിയായി കൊടുത്തു ഒഴിപ്പിച്ചു, വെറെ കുടികളെ പാട്ടത്തിനു ഏല്പിച്ചിരിക്കുന്നതു ആകകൊണ്ടും, ഒഴിഞ്ഞ ഉല്പത്തിപറമ്പുകളിൽ മുതൽ കുടിയായ്മമര്യാദകൂടിയും അവക്കു ഒരു സംബന്ധം ഇല്ലാത്തതുകൊണ്ടും, ഇതിൻവണ്ണം ഉള്ള കാര്യത്തിനു ഇപ്പൊൾ മാക്കെരാർ തുടങ്ങിയിരിക്കുന്നതും അതിനെ അനുസരിച്ചു മെസ്സൂർ കലിസ്പാന്തസായ്പു അവർകൾ പറയുന്നതും, മലയാളത്തിലും പരദെശത്തും ഒരു രാജ്യത്തും കഴിഞ്ഞുവരുന്ന മര്യാദയും അല്ല. അതുകൊണ്ടു തങ്ങൾ ഈ കാര്യത്തിൽ എഴുതി അയക്കെണ്ടിടത്തെക്കു എഴുതി അയച്ചു മാക്കെരാക്കു ഒരു സംബന്ധവുമില്ലാത്ത പറമ്പുകളിൽ അവർ വന്നു കുടിലുകെട്ടുന്നതും, കൊട്ടയിൽനിന്നും ആളുകളെ കൂടെ അയച്ചു കുടിലുകൾ കെട്ടിക്കുന്നതും ഉണ്ടായി പൊകാത്തവണ്ണവും, നമ്മുടെ കുടികൾക്കു ആ കുടിലുകൾ നീക്കം ചെയ്യുന്നതിൽ ഒരു ശൊദ്യവും ഉണ്ടാകാത്തവണ്ണവും തികച്ചിലായിട്ടു നിദാനം വരുത്തിത്തരികയും വെണം......"

ഈ കത്തിൽ പ്രസ്താവിച്ചിരിക്കുന്ന സംഗതികളുടെ സ്വഭാവം പൂർണ്ണമായി ധരിക്കുന്നതിനു കുറേക്കൂടി വിസ്തൃതമായ ഒരു കഥാകഥനം ആവശ്യമാകുന്നു. അതു വഴിയെ ചെയ്യുന്നതാണ്. ദ്രവ്യംകൊടുത്തു ഒഴിപ്പിച്ചെടുത്ത ഭൂമികളിൽ മാക്കെരാർ വീണ്ടും ബലമായി പ്രവേശിച്ചു കുടിലുകെട്ടി പാത്തു എന്നും, അതിനു അവരെ കോട്ടയിലുള്ളവർ സഹായിച്ചു എന്നും, കുടിലുകൾ നീക്കം ചെയ്യാൻചെന്ന രാജകിങ്കരന്മാരെ കോട്ടയിലുള്ള അധികാരികൾ തടസ്സപ്പെടുത്തി എന്നും, ഈ കത്തുകൊണ്ടു കാണുന്നുണ്ട്. ഇതിൽനിന്നു വലിയ അന്യായങ്ങൾക്കും മാക്കെരാർ തയ്യാറായിരുന്നു എന്നും, അവക്കു രാജസ്ഥാനത്തെ ബഹുമാനമോ ഭയമോ ഉണ്ടായിരുന്നില്ലെന്നും, അവരുടെ അനീതികൾ

ക്കു മുഴുവനും താങ്ങും തണലും 'കുമ്പഞ്ഞി'യായിരുന്നു എന്നും തെളിയുന്നു. അപ്രകാരം അനാദരം പ്രദർശിപ്പിക്കുവാൻ ധൈര്യപ്പെട്ടവരോടു ശക്തൻതമ്പുരാൻ കുറച്ചധികം കർശനമായി പെരുമാറിയാൽ ആയതു് അവിടുത്തെപ്പേരിൽ ഒരിക്കലും ഒരു അപരാധമായിത്തീരാവുന്നതല്ല. ഒരു മാർക്കാരനായിരുന്ന ഡച്ചുദ്യോഗസ്ഥൻ 'മുന്തിരിക്കപ്പിത്താന്റെ' വീടു ശക്തൻതമ്പുരാൻ തട്ടിനിരത്തി കുളംകോരിച്ചു എന്നും, അതാണു് എറണാകുളത്തുണ്ടായിരുന്ന 'ആലുംകുളം' എന്നും പറയപ്പെടുന്നു.

'മാർക്കാർ' കൊച്ചിസംസ്ഥാനത്തു് എവിടെ ഉണ്ടെങ്കിലും അവരൊക്കെ കുമ്പഞ്ഞിയുടെ പ്രജകളാണെത്രെ. അവരോടു കൊച്ചിരാജാവിനു് ഒരു ശോദ്ധ്യ'വും പാടില്ലാത്രെ! 973 ധനുമാസം 4-ാംനു-യിലെ ഈ എഴുത്തു നോക്കുക.

"കൊച്ചികൊട്ടയിൽ 'ത്രൊയിൻസ്'' എഴുത്തു. വലിയ എജമാനൻ മാളീക്കൽ ഗൊവിന്ദമെന്നു എന്നാൽ. എറണാകുളത്തും, കലൂരും, ചാത്ത്യാത്തും പാക്കുന്ന ബഹുമാനപ്പെട്ട കുമ്പഞ്ഞിയിലെ മാർക്കാരൊടു പണ്ടാരവക ആളുകൾ പ്രവൃത്തിക്കുന്ന ഞെരുക്കങ്ങൾ, ചാത്ത്യാത്തുപള്ളിയിൽ പാക്കുന്ന കമ്മലീത്തദശനത്തിൽ പാദ്രി മിശ്ശെനര ഇവിടെ വന്ന കമിശനാരെ ബൊധിപ്പിക്ക ആയി......ഇപ്പൊൾ ചാത്ത്യാത്ത പള്ളിയിൽ എങ്കിലും, പാദ്രിയൊടും വെലക്കാരൊടും എങ്കിലും, അവിടെ പാക്കുന്ന മാർക്കൊരൊട എങ്കിലും, പണ്ടാരവക ആളുകൾ ചെന്നു ഒരു ഞെരുക്കവും പ്രവൃത്തിക്കാതെ ഇരിക്കത്തക്കവണ്ണം തികച്ചിലായിട്ടു കല്പന കൊടുക്കണമെന്നു മെസ്സർ മുതലിന്ന്യർ കല്പിച്ചിരിക്കുന്നു.."

കോട്ടയ്ക്കു പുറത്തു പാർത്തിരുന്നവരും കൊച്ചിരാജാവിന്റെ കുടിപതികളും ആയിരുന്ന 'മാർക്കാ'രെ, എന്തായാലും കുമ്പഞ്ഞിക്കാർക്കു വിട്ടൊഴിഞ്ഞുകൊടുക്കുവാൻ, അവർ അവിടെ പാർക്കുകയും വസ്തുക്കൾ നടക്കുകയും ചെയ്യുന്ന കാലത്തോളം, ശക്തൻതമ്പുരാൻ തീരെ സമ്മതിച്ചില്ല. എന്നുമാത്രമല്ല, അവരിൽ ധിക്കാരികളെ കഠിനമായി ശിക്ഷിപ്പിച്ചും വന്നു. മാർക്കാർ കൊച്ചിയിലെ ഡച്ചുകമ്പനിക്കാരുടെ അടുക്കൽ ആവലാതിപ്പെട്ടു. ഡച്ചും കൊച്ചിയും തമ്മിൽ അതിനെക്കുറിച്ചു് എറിയ എഴുത്തുകുത്തുകൾ നടന്നു. അവകാശവാദത്തിലും അധികാരപ്രദർശനത്തിലും ശക്തൻതമ്പുരാൻ അണുവും വിട്ടുകൊടുത്തില്ല.

അക്കാലത്തു് ഇംഗ്ലീഷുകാരുടെ പ്രാമാണ്യം നെടുങ്കോട്ടയ്ക്കു വടക്കുമാത്രമായിരുന്നു. കൊച്ചിയും ഡച്ചും തമ്മിലുണ്ടായിരുന്ന മുൻ ഉടമ്പടിയെ, ഇംഗ്ലീഷും കൊച്ചിയും തമ്മിൽചെയ്ത ഒന്നാമത്തെ കരാറിൽ, സ്വീകരിക്കയും സമ്മതിക്കയും ചെയ്തിരുന്നു.

കണ്ടുപിടിച്ച പോംവഴി

ഗത്യന്തരമില്ലാതെ ഡച്ചധികാരികൾ ഒരു വഴി കണ്ടുപിടിച്ചു. മാൎക്കക്കാരുടെ വസ്തുക്കളൊക്കെ രാജാവു് ഒഴിപ്പിച്ചുവാങ്ങുക; അവൎക്കു് അവകൾക്കു ന്യായമായി കൊടുക്കേണ്ടതായ ദ്രവ്യം മുഴുവനും റൊക്കം കൊടുക്കുക; അവർ രാജാവിന്റെ രാജ്യംവിട്ടു കോട്ടയിലോ, മറ്റെവിടെയെങ്കിലുമോ പോയിക്കൊള്ളട്ടെ; ഇങ്ങനെയാണു നിശ്ചയിച്ചതു്. അതു മാൎക്കക്കാരും സമ്മതിച്ചു്, അപ്രകാരത്തിനു കച്ചീട്ടും എഴുതിവെച്ചു. ഇത്ര വളരെ ആളുകൾക്കു ദ്രവ്യം കൊടുത്തു വസ്തു ഒഴിഞ്ഞുവാങ്ങുവാൻ കൊച്ചിരാജാവു കൂട്ടിയാൽക്കൂടുകയില്ലെന്നും, ആ ഘട്ടത്തിൽവെച്ചു ഖണ്ഡിതങ്ങളായ ചില വ്യവസ്ഥകൾ ചെയ്തു മാൎക്കക്കാരുടെ കാൎയ്യം ഉറപ്പിക്കാമെന്നും ആയിരുന്നു ഡച്ചുകാരും മാൎക്കക്കാരുംകൂടി കണ്ടുവെച്ചിരുന്ന പോരു്. അതും അതിനപ്പുറവും ശക്തൻതമ്പുരാൻ കാലേകൂട്ടിക്കണ്ടു. എന്തു കെടുകാൎയ്യംചെയ്തും അതിനു വേണ്ടതു ദ്രവ്യം ഉണ്ടാക്കണമെന്നുറയ്ക്കുകയും ഉണ്ടാക്കുകയുംചെയ്തു. ഡച്ചുകാർമുഖേനതന്നെ വസ്തുക്കളെല്ലാം നോക്കി ദ്രവ്യം കൊടുക്കേണ്ടതിന്റെ കണക്കു തയ്യാറാക്കിച്ചു. ദ്രവ്യം കൊടുത്തു് ഒഴിപ്പിക്കയുംചെയ്തു! വസ്തുക്കളിൽനിന്നു പുറത്താക്കപ്പെട്ട മാൎക്കക്കാർ പിന്നെ എങ്ങോട്ടു പോകാനാണു്? അവരും അവരുടെ പിന്തുണക്കാരും പരുങ്ങലിൽ ആയി. "നിങ്ങളൊക്കെ അതതു പറമ്പുകളിൽത്തന്നെ പ്രവേശിച്ചു കുടിലുകൾകെട്ടിപാൎത്തുകൊള്ളുവിൻ; ഞങ്ങളില്ലേ നിങ്ങളെ സഹായിക്കാൻ. രാജാവു് എന്തെടുക്കുമെന്നു കാണാമല്ലോ" എന്നുള്ള ഉപദേശമായിരിക്കണം കൊച്ചിക്കോട്ടയിലെ ഡച്ചുമേധാവികൾ മാൎക്കക്കാൎക്കു കൊടുത്തതു്. അതനുസരിച്ചും ആസ്പദിച്ചും ഒഴിപ്പിക്കപ്പെട്ട മാൎക്കക്കാരൊക്കെ വീണ്ടും അവരവരുടെ പഴയ വഹകളിൽ വന്നുകൂടി. ഇതാണു് ആ സംഭവത്തിന്റെ ചുരുക്കം. താഴെ ചേൎക്കുന്ന എഴുത്തിൽ നിന്നു് ഈ ചരിത്രം ഏറക്കുറെ അറിയാവുന്നതുമാണു്. കൊച്ചിയിലെ ഡച്ചുകുമ്മദോൎക്കു ശക്തൻതമ്പുരാൻ എഴുതുന്നു.

"മാക്കൊരും ഉപ്പാസൻമാരും നമ്മുടെ കുമൂദവരുടെ അടുക്കൽ വന്നാറെ, ചില സങ്കടങ്ങളായിട്ട പറകകൊണ്ടു,..........എഴുതിവന്നുവല്ലൊ. മാക്കൊരും ഉപ്പാസൻമാരും കാണംപിടിച്ചു കഴിയണമെന്നു ബഹുമാനപ്പെട്ട കുമ്പഞ്ഞിക്കെങ്കിലും നാമെങ്കിലും അവരൊട്ട ശൊദ്യം ഉണ്ടായിട്ടില്ലല്ലൊ. നമ്മുടെ രാജ്യത്തെ ഉല്പത്തിക്കും (നിലങ്ങൾ) പറമ്പിന്നും മറവുള്ളവർ നടന്നുവരുന്ന മരിയാദപൊലെ നടക്കണമെന്നു ആവശ്യപ്പെട്ടാറെ, ആയതും പരാധീനമാകുന്നു എന്നും, അവൎക്കുള്ള ദ്രവ്യംകിട്ടിയാൽ വാങ്ങി ഒഴിഞ്ഞു പൊയ്ക്കൊള്ളാമെന്നും, അവര എല്ലാവരുംകൂടി കുമ്പഞ്ഞിസ്ഥാനത്തു തികച്ചിലായിട്ട എഴുതി ഒപ്പുകുത്തിവെച്ചു. അതിന്റെശെഷം ആയതിന്റെ പെൎപ്പ കുമൂദവരുടെ കടദാസ്സൊടുകൂടി നമുക്കുവന്നു. എന്നതിന്റെശെഷം ആ വകക്കു വെണ്ടുന്ന ദ്രവ്യവും തടവുതീൎത്തു കൊടുത്തു നമ്മുടെ ആളുകളെയും കൂടെ അയച്ചു. പിന്നെ കുമൂദവരുടെ ആളുകളെയുംകൂടെ അയച്ചു കാണവും ആറാഴിച്ചയും നൊക്കിത്തുടങ്ങിയപ്പൊൾ, ദിവസത്താമസമായിട്ട വരത്തക്കവണ്ണം ഉള്ള വഴിമാക്കൊര കാരൊന്നു തുടങ്ങി. അപ്രകാരത്തിന്നു നമ്മുടെ കുമൂദവൎക്കു നാം എഴുതി അയച്ചു, വെഗത്തിൽ നൊക്കി കണക്കുതീൎക്കത്തക്കവണ്ണവും, നൊക്കിത്തീരുന്ന പുള്ളിക്കാരുടെ ദ്രവ്യം ഉടനെ കൊടുത്തു ഒഴിപ്പിക്കത്തക്കവണ്ണവും അറിയിച്ചാറെ, അപ്രകാരം തികച്ചിലായിട്ട നിദാനം വരുത്തിയിരിക്കുന്നപ്രകാരത്തിന്നു കുമൂദവരുടെ കടദാസ്സ നമുക്കു എഴുതിവന്നിട്ടും ഉണ്ടല്ലൊ. നമ്മുടെ കുമൂദവർ നിശ്ചയിച്ചു നമുക്കു വാക്കുതന്നിരിക്കുന്ന കാൎയ്യമാകകൊണ്ടു അതിന്നു ഒരു ഭെദം വരികയില്ലെന്നും, അരനാഴികപൊലും താമസംകൂടാതെ കഴിയുമെന്നും അത്രെ നാം നിശ്ചയിച്ചിരിക്കുന്നതു". രണ്ടുദിവസത്തെ എട വെണമെന്നും, രണ്ടു തിങ്ങളിലകം തീൎത്തുകൊള്ളാമെന്നും ഇങ്ങിനെ ഒക്കയും കുമൂദവരുടെ കടദാസ്സ എഴുതിവന്നതു കാണുകകൊണ്ടു എത്രയും ദുഃഖം തൊന്നുകയും ചെയ്തു. അരനാഴിക താമസം വരുത്താവുന്നതുമല്ല. ഉല്പത്തികളിൽ അവരവർ വിളവ എറക്കിയിരിക്കുന്നതു അവൎക്കുതന്നെ കയറണമെന്നുണ്ടെങ്കിൽ, കാണം വാങ്ങിയാലും വിളകയറി പാട്ടം നമ്മെ ബൊധിപ്പിച്ചാലും മതിയല്ലൊ. ദിവസദീൎഘം വരുത്താനായിട്ട മാക്കൊരെ ഓരൊരിക്കൽ ഓരൊവിധം അവിടെവന്നു പറകയും, അതിനെ അനുസരിച്ചു നമ്മുടെ കുമൂദവര നമുക്കു എഴുതി അയക്കയും, എന്നു വന്നാൽ അതു എത്രയും മുട്ടായിട്ടുള്ളതുതന്നെയല്ലൊ ആകുന്നു. അതുകൊണ്ടു മുമ്പെ നിശ്ചയിച്ചതിൻവണ്ണംതന്നെ ആധാരങ്ങൾ കൊണ്ടുവന്നു കാട്ടി ആറാഴിച്ചയും നൊക്കി നിശ്ചയിച്ചു തീൎന്ന പുള്ളിക്കാരുടെ

ദ്രവ്യം ഉടനെ വാങ്ങി ഒഴിയത്തക്കവണ്ണം നമ്മുടെ കമുദവരു തികച്ച ലായിട്ടു പറയണ്ടതിനെ പറഞ്ഞു നിദാനംവരുത്തിക്കൊള്ളണം. ഈ വകക്കു ഏറിയ ദ്രവ്യം നാം കടം മെടിച്ചു തടവു തീൎത്തിരിക്കുന്നതാക കൊണ്ടു കെട്ടി ഇരുന്നു പലിശമുടക്കം വന്നാൽ നമുക്കു ഏറിയ കാൎയ്യ ദൊഷം വരുന്നതല്ലൊ ആകുന്നു..."

എത്ര സ്പഷ്ടവും കാൎയ്യസമ്പൂൎണ്ണവും ആയ എഴുത്തു്! 'നമ്മുടെ കമുദേവർ' എന്നു് ഒരടിക്കടി എടുത്തു ചേൎക്കുന്ന 'പത്ഥ്യ'ത്തിൽക്കൂടി കാണാവുന്ന 'അപത്ഥ്യം' അത്ഭുതാവഹമാകുന്നു. അന്യായത്തിനു് ആരു നില്ക്കുന്നു' എന്ന കുററാരോപണം എത്ര ഭംഗിയായും ശക്തിയോടുകൂടിയും നിൎവ്വഹിച്ചിരിക്കുന്നു. കമുദവരെ കൂട്ടുപിടിച്ച മാൎക്കൊർ 'വെള്ളത്തിലുമല്ലാ കരയിലുമല്ലാ' എന്ന മട്ടിലായിപ്പോയി. കടം മേടിച്ച ദ്രവ്യം കെട്ടിവെച്ചതിൻെറ പലിശനഷ്ടത്തിനെക്കുറിച്ചുള്ള പ്രസംഗം എത്ര കിറിക്കു കൊള്ളുന്നതും, തന്മയത്വത്തോടുകൂടിയതുമാണു്. "നമ്മുടെ കമുദേവർ നമ്മെ ഒന്നു കളിപ്പിക്കാമെന്നു വിചാരിച്ചു. അല്ലെ! ആട്ടെ പിടിച്ചോളു' എന്നുള്ള ഒരു മുഖഭാവത്തോടുകൂടിയായിരിക്കയില്ലേ അവിടന്നു് ആ കത്തിൽ തുലികവിളയാടിയിരിക്കുക!

മാൎക്കൊരുടെ 'നാനാവിധങ്ങൾ' ദിനംപ്രതി വൎദ്ധിച്ചുവന്നതുകൊണ്ടും, അവരെ പിന്നിൽക്കൂടി സഹായിച്ചിരുന്ന ഡച്ചുകമ്പഞ്ഞിക്കാരോടു വെറുതെ ഏററുമുട്ടാൻ മടിച്ചതുകൊണ്ടും, ഈ കഴുമുറിപ്രസ്ഥാനത്തെ അംഗീകരിച്ചതാണു്. ഒററക്കുണ്ടാകുന്ന തകരാറുകൾക്കു തക്കതായ ശിക്ഷ കല്പിക്കയും, വൎഗ്ഗം തിരിഞ്ഞുണ്ടാകുന്ന കയ്യേററങ്ങളെക്കുറിച്ചു കമ്പഞ്ഞിക്കു് എഴുതി അയക്കുകയും ചെയ്തിരുന്നു. "വിശെഷിച്ചു എറണാകുളത്തു പള്ളിക്കൽ ഒരു കടദാസ്സു കൊണ്ടുവന്നു തറച്ചു എന്നും, എറണാകുളത്തു കമ്പൊളത്തിൽവെച്ചും കൊച്ചിയിൽവെച്ചും പിന്നെയും പലെടത്തുവെച്ചും, മാൎക്കൊര വന്നു നമ്മുടെ ആളുകൾ പലരൊടും പിച്ചാകത്തി പിടിച്ചുപറിക്കയും മററും ഉണ്ടായി എന്നും ഇവിടെ കെൾക്കകൊണ്ടു ആ അവസ്ഥ തങ്ങളെ ബൊധിപ്പിച്ചിട്ടുണ്ടല്ലൊ. ഇപ്പൊഴും മാൎക്കൊര ഏറിയ നാനാവിധം ചെയ്യുവരുന്നപ്രകാരം കെൾക്കകൊണ്ടു വെണ്ട നിദാനം വരുത്തി അയക്കുമാറാകയും വെണം". എന്നിങ്ങനെ, ഇംഗ്ലീഷുകാർ കൊച്ചിക്കോട്ടക്കു് അധിപന്മാരായതിനുശേഷവും—977 മീനം 5-ാംതീയതിയും—എഴുതി അയച്ചിട്ടുള്ളതായി കാണുന്നുണ്ടു്.

൯

ഡച്ചിന്റെ മനഃസ്ഥിതി.

എത്ര നിസ്സാരങ്ങളും കേവലം സാധാരണങ്ങളും ആയ ചില്ലറ വഴക്കുകളെക്കൂടിയും 'പർവ്വതീകരിച്ചു' കുററം മുഴുവനും ഇങ്ങേവശത്താക്കി 'മാർക്കക്കാരെ മടിയിലിരുത്തു'വാൻ ഈ 'നമ്മുടെ കമുദവർ'തന്നെ വിടാതെ വിഷമിച്ചുകൊണ്ടിരുന്നു എന്നുള്ളതിനു താഴെ ചേർക്കുന്ന മറുപടി രേഖ ഒന്നാംതരം തെളിവാകുന്നു.

“...നമ്മുടെ ആളുകൾ മാർക്കക്കാരുടെ പറമ്പുകളിൽനിന്നും ഓല വെട്ടുന്നുഎന്നും, പശുക്കളെ പിടിച്ചുകെട്ടായ്കകൊണ്ടു മാർക്കക്കാരുടെ കുടികളിൽ 'നട്ടതലകൾ' നശിപ്പിച്ചുകളയുന്നു എന്നും, എല്ലൊ നമ്മുടെ കമുദവരുടെ കടദാസ്സു എഴുതിവന്നിരിക്കുന്നതു. പശുക്കളെ കെട്ടെണ്ടു കാലത്തു കുടികൾ കെട്ടാഞ്ഞാൽ കെട്ടിക്കെണ്ടതിനു 'കാലാക്കയെയും', തറകളിൽ 'മൂന്നലക്കാരന്മാരെ'യും നാം ഏല്പിച്ചിട്ടുണ്ടു. അവർ കെട്ടിക്കാതെ ചെതം വരുത്തിയാൽ ആ ചെതം അവരെക്കൊണ്ടു കെട്ടിക്കയും വെണം. ഇപ്രകാരമത്രെ കീഴ്മര്യാദ......ആനകൾക്കു തീൻകൊടുക്കെണ്ടതിനു നമ്മുടെ വക കാണം, പാട്ടം, അടിമ, അനുഭൊഗം ആയിട്ടുള്ള പറമ്പുകളിൽനിന്നു തെങ്ങുകൾക്കു ആണ്ടൊന്നുക്കു ഈരണ്ടു മടൽ ഓല വെട്ടിക്കൊള്ളത്തക്കവണ്ണം നാം കല്പിച്ചിട്ടുണ്ടു. അതു വെട്ടിക്കാതെ കഴികയും ഇല്ല. മട്ടാഞ്ചെരിയിൽനിന്നും മൊഷ്ടിച്ച മാർക്കക്കാരെ നമ്മുടെ ചങ്ങാതംകൊത കയ്യാളെ കൂട്ടി അയച്ചിട്ടും ഉണ്ടു. നമ്മുടെ കമുദവർ ഇതിനുമുമ്പു ഇങ്ങനെ എഴുതി വരാത്തതുകൊണ്ടു ഇപ്പൊൾ എഴുതിവന്നതു കമുദവരെ ബൊധിച്ചിട്ടു ആയിരിക്കയില്ലെന്നത്രെ നാം വിശ്വസിക്കുന്നതു...” ഇതു വളരെ ആദ്യകാലത്തെ ഒരു എഴുത്തിനു തമ്പുരാൻ അയച്ചിട്ടുള്ള മറുപടിയാണ്.

കമുദവരും മാർക്കക്കാരും കരുതിയിരുന്നതുപോലെ കാര്യങ്ങളൊന്നും കൈവന്നില്ലെന്നും, മാർക്കക്കാരെയൊക്കെ പറഞ്ഞ ദ്രവ്യംകൊടുത്തു ഒഴിപ്പിച്ചയച്ചു എന്നും, വന്നപ്പോൾ കമുദവരുടെ ചെമ്പു പുറത്തായി. ഇംഗ്ലീഷുശൈലിപ്രകാരം 'പൂച്ച ചാക്കിനു പുറത്തു ചാടി'. ഒഴിപ്പിച്ച വസ്തുക്കൾ മാർക്കക്കാർക്കുതന്നെ വെറുമ്പാട്ടത്തിനു കൊടുക്കണമെന്നായി 'നമ്മുടെ കമുദവർ'. അങ്ങനെ നിർബന്ധിച്ച് എഴുതിയ കത്തിനു ശക്തൻതമ്പുരാൻ കൊടുത്ത മറുപടി താഴെ ചേർക്കുന്നു. “...മാർക്ക

ക്കാരിൽ കാണം, ആറാഴ്ച മുതലായിട്ടുള്ളതു മെടിച്ചു കഴിഞ്ഞ ആളുകൾക്കു വെറുമ്പാട്ടത്തിനു കൊടുത്തു നടത്തിക്കൊണ്ട അവസ്ഥകൊണ്ടെല്ലൊ എഴുതിവന്ന കടദാസ്സിൽ ആകുന്നു. ആ ഗുണദൊഷങ്ങൾ ഒക്കയും നമ്മുടെ കുമുദവരായിട്ടു കണ്ടു സംസാരിക്കത്തക്കവണ്ണം നമ്മുടെ പാലിയത്തുമെന്നെ അങ്ങൊട്ടു കല്പിച്ചു അയക്കുന്നു. മാക്കക്കാർ നല്ല ആളുകളാകുന്നു എന്നും, അവരെ വെണ്ടുംപ്രകാരം നടത്തിക്കണമെന്നും, നമുക്കു തൊന്നത്തക്കവണ്ണമുള്ള. വഴി ഇത്രനെരവും കണ്ടുതുടങ്ങിയതും ഇല്ല. മാക്കക്കാര ഒരുത്തര് എങ്കിലും നെരാകുംവണ്ണം പ്രമാണങ്ങളുംമററം കൊണ്ടുവന്നു ദ്രവ്യം മെടിക്ക ഇന്നെവരക്കു ചെയ്തിട്ടില്ല. അതു നമ്മുടെ കുമുദവരുതന്നെ അന്വെഷിച്ചാൽ അറികയും ചെയ്യാം. ഒരു പത്തുകുടികളെങ്കിലും നെരാകുംവണ്ണം പ്രവൃത്തിച്ചിരുന്നു എങ്കിൽ നമുക്കു സന്തൊഷം തൊന്നും. അല്ലാതുള്ള വഴിക്കു അവർ നടന്നാലുള്ള അവസ്ഥയും വിശെഷിച്ചു നാം എഴുതി ബൊധിപ്പിക്കെണ്ടതില്ലല്ലൊ. ആ ഗുണദൊഷങ്ങൾ തിരിച്ചുതന്നെ പാലിയത്തുമ്മെന്നൊൻ ബൊധിപ്പിക്കയുംചെയ്യും'. (25-5-970)

പ്രസ്തുതവാദസംഗതിയെ സംബന്ധിച്ചുണ്ടായിട്ടുള്ള എഴുത്തുകുത്തുകൾ വളരെയുണ്ടെങ്കിലും അതൊക്കെ ഇനിയും പകർത്തിയിട്ടു വായനക്കാരെ മുഷിപ്പിക്കുന്നില്ല. വാദസ്വഭാവങ്ങളും നിലകളും തിരിച്ചറിയുന്നതിനു വേണ്ടിടത്തോളം ഉദ്ധരിച്ചിട്ടുണ്ടെന്നു വിശ്വസിക്കുന്നു. മാക്കക്കാർ ഒരുതരത്തിലും രാജാവിനു് ഒതുങ്ങാതെ നില്ക്കുവാനാണു ശ്രമിച്ചതു്. 'മുപ്പാറ, കെട്ടുതെങ്ങു്' മുതലായ രാജഭോഗങ്ങൾ മററു പ്രജകളെപ്പോലെ അവരും കൊടുക്കണമെന്നു നിർബ്ബന്ധിച്ചപ്പോൾ അതിലും ഡച്ചുകാർ എതിരുനിന്നു. ഒരു നിവൃത്തിയുമില്ലെന്നുവന്നപ്പോഴാണു കാണംകൊടുത്തു് ഒഴിപ്പിച്ചതു്. വസ്തുക്കളിൽനിന്നു പുറത്താക്കപ്പെട്ടപ്പോൾ അവരിൽ ഭൂരിപക്ഷവും 'അണ്ടികളഞ്ഞ അണ്ണാനെ'പ്പോലെയായി എന്നു പറയേണ്ടതില്ലല്ലൊ. അതിനിടയ്ക്കു ലന്തയുടെ അന്തവും ആസന്നമായി. അധികം താമസിയാതെ ലന്തക്കാർ സർവ്വവും ഇങ്കിരിയസ്സു കമ്പഞ്ഞി'യുടെ കാല്ക്കൽ സമർപ്പിച്ചു വിട്ടൊഴിഞ്ഞു പോകയുംചെയ്തു.

ഇംഗ്ലീഷും കൊച്ചിയുമായുള്ള സന്ധിക്കരാറ 965-ൽ തന്നെ കഴിഞ്ഞു; എങ്കിലും ആ കരാറുതന്നെ പിന്നീടു നിർഭാഗ്യവശാൽ വലിയ തെററിദ്ധാരണകൾക്കും, ഇങ്കിരിയസ്സും ശക്തൻതമ്പുരാനും തമ്മിൽ എറിയ

സുഖവിരോധങ്ങൾക്കും കാരണമാക്കി. ആ തക്കംനോക്കി, പണ്ടത്തെ പഴമയും പറഞ്ഞുംകൊണ്ടു്, മാക്കക്കാർ ഇംഗ്ലീഷുകാരെ അഭയംപ്രാപിച്ചു. സംഗതിവശാൽ കൊച്ചിയിലുണ്ടായിരുന്ന ഇങ്കിരിയസ്സു കമ്പഞ്ഞി എജമാനന്മാരും മാക്കക്കാരുടെ പക്ഷംചേൎന്നു. ഓരോ തൊടുന്യായങ്ങൾ പുറപ്പെടുവിച്ചുംകൊണ്ടു മാക്കക്കാരെ "കൊച്ചിക്കു ചേൎന്നവർ" അല്ലെന്നു് ആക്കിത്തീക്കുവാൻ ശ്രമിച്ചു. ഇംഗ്ലീഷുകമ്പനിക്കാരുടെ അടുക്കലും, ആ വിഷയം കുറേക്കാലം തക്കത്തിൽകിടന്നു. കൊച്ചിക്കോട്ടയിലെ ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാർ ശക്തൻതമ്പുരാനു് എതിരായി; മലയാള പ്രവിശ്യയിലെ മേലാളികൾ കൊച്ചിക്കാരുടെ അഭിപ്രായഗതികളെ ശരിവെച്ചു. എന്നാൽ, ശക്തൻതമ്പുരാനാകട്ടെ ഒരു ഭാഗത്തുകൂടി കടലാസ്സുകൊണ്ടും, മററൊരുഭാഗത്തു കൂടി കരബലംകൊണ്ടും ആ തക്കം സമാപ്തീകരിക്കുവാൻ ശ്രമിച്ചു.

976-ാമാണ്ടു മകരമാസം 27-ാംനു- ശക്തൻതമ്പുരാൻ അന്നത്തെ മതിരാശി ഗവൎണ്ണൎക്കു് ഒരു പ്രത്യക്ഷപത്രം സമപ്പിച്ചു. അതിൽ അക്കാലത്തെ പ്രധാനപ്പെട്ട അഞ്ചു വാദവിഷയങ്ങളെക്കുറിച്ചും, കൊച്ചിയിലെ ഉദ്യോഗസ്ഥന്മാരുടെ നിരുത്തരവാദിത്വത്തെക്കുറിച്ചും ശക്തിയായി പ്രസ്താവിച്ചിരുന്നു. ആ പ്രത്യക്ഷപത്രത്തിൽ മൂന്നാമത്തെ വിഷയമായി പ്രസ്താവിച്ചിട്ടുള്ളതു മാക്കക്കാരുടെ സംഗതിയാകുന്നു. ആ പത്രംതന്നെ അന്യത്ര എടുത്തു ചേൎത്തിട്ടുണ്ടു്. (21-ാം അധ്യായം 237-239 പുറങ്ങൾ നോക്കുക) 981-ൽ ശക്തൻതമ്പുരാൻ തീപ്പെടുന്നതുവരെ "മാക്കക്കാർ" നിലപ്പാററില്ലാത്ത കഴക്കിൽതന്നെയാണു പെട്ടുകിടന്നിരുന്നതു്. കാലാന്തരത്തിൽ അവൎക്കും വിവേകം ഉദിക്കുകയും, ഇംഗ്ലീഷുകാരും കാൎയ്യം ശരിയായി ധരിച്ചു ന്യായപ്രകാരം പ്രവൎത്തിക്കുകയും, കൊച്ചിക്കുള്ള രാജശക്തിതന്നെ കനംകുറയുകയും, അധികം താമസിയാതെ ബുദ്ധിമാനും നയജ്ഞനും ആയ കേണൽ മൺറോ കൊച്ചിയിലെ 'ദിവാൻപദം' കൂടി എറെറടുക്കുകയും, ചെയ്യുമ്പോൾ മാക്കക്കാർ മൎയ്യാദക്കാരും, മററു പ്രജകളെപ്പോലെയും ഇതരക്രിസ്തീയവിഭാഗക്കാരെപ്പോലെയും രാജഭക്തന്മാരുമായിത്തീരുകയും, രാജ്യത്തിന്റെ അഭിവൃദ്ധിക്കും, അതോടൊപ്പം സ്വസമുദായത്തിന്റെ അഭിമാനവൎദ്ധനക്കും സന്നിഷ്ക്കർഷം പ്രയത്നിക്കുന്ന ബഹുമാന്യന്മാരായ പ്രജകളായി ഭവിക്കുകയും ചെയ്തു.

൧൦

ശക്തൻതമ്പുരാൻെറ നയം

അനുകൂലികളെ അനുഗ്രഹിക്കുന്നതിനും പ്രതികൂലികളെ എന്തു ചെയ്തും അമത്തുന്നതിനും മടിക്കാത്ത ഒരു സ്വഭാവക്കാരനായിരുന്നു ശക്തൻതമ്പുരാൻ. ശിക്ഷിക്കുന്ന കാൎയ്യത്തിൽ ക്രൂരതയുടെ അങ്ങേ അററത്തെത്തിയിരുന്ന അദ്ദേഹം, പൈശാചികമെന്നുതന്നെ പറയാവുന്ന പലപല ശിക്ഷകളും നടത്തീട്ടുള്ളതായി വിശ്വസിക്കാവുന്ന ഐതിഹ്യങ്ങളുണ്ടു്. 'കിണിയുടെ തല കണ്ണിയാക്കിയതു' രേഖപ്പെട്ടിട്ടുള്ള ഒരു സംഭവമാണു്. മാക്കാരെ വളരെപ്പേരെ ഒരു വഞ്ചിയിൽ കയററിക്കൊണ്ടുപോയി കഴുത്തിൽ കുടംകെട്ടി കെഴമനച്ചാലിൽ താഴ്ത്തിച്ചു എന്നു പറയുന്നതു്, മുഴുവനും നേരാവണമെന്നില്ലെങ്കിലും, ചിലരെയൊക്കെ ചിലതൊക്കെ ചെയ്തിട്ടുണ്ടായിരിക്കുമെന്നു നിരാക്ഷേപമാണു്. മാപ്പിളക്കാർ അവിടേയ്ക്കു് അത്യന്തമാത്രം അസഹ്യതയുണ്ടാക്കിയിരുന്നിരിക്കണം. തമ്പുരാൻെറ ഹുക്കുനാമങ്ങൾ നോക്കിയാൽതന്നെ ശിക്ഷയുടെ ക്രൂരത കാണാവുന്നതാണു്. "ചന്തി പൊളിയുന്നതുവരെ പുളിവാറുകൊണ്ടു 192 അടി" അടിക്കണമെന്നും മററുമാണു് അതിലെ കല്പനകൾ!

സ്വപക്ഷത്തിലുള്ളവരായാലും അഹിതം പ്രവൎത്തിച്ചാൽ പിന്നെ ജീവൻ നിലനില്ക്കുന്നതു 'യോഗംപോലെ'യാണു്. അതിൽ ആൾഭേദമോ അവസ്ഥാഭേദമോ ഒന്നും ഉണ്ടായിരുന്നില്ലെന്നുള്ളതാണു് ഒരു പ്രത്യേകത. കീഴമൎന്നു നിന്നിരുന്ന ക്രിസ്ത്യാനികളുടെ കാൎയ്യത്തിലും, അവർ മാമൂലുകളെ മുറിച്ചുവെച്ചാൽ, രാജകോപത്തിനു പാത്രങ്ങളായിത്തീൎന്നിരുന്നു. നിലയ്ക്കു നിന്നിരുന്നവരെ നിസ്സംശയം വസ്തുക്കൾ കൊടുത്തും, അന്തസ്സുകൾ അനുവദിച്ചും, ദാനാദികൾ നല്കിയും, മററും യഥോചിതം അനുഗ്രഹിക്കുകയും ചെയ്തിരുന്നു. ശക്തൻതമ്പുരാൻെറ ആനുകൂല്യങ്ങൾ അനുഭവിക്കാത്ത പള്ളികളും, മററു ദേവാലയങ്ങളും അക്കാലത്തു നന്നെ അപൂൎവ്വംതന്നെ ആയിരുന്നു.

980-ൽ ഇടക്കൊച്ചിയിൽ പള്ളിപ്പണിയുടെ കാൎയ്യത്തിൽ ഒരു തക്കം നേരിട്ടു. അവിടത്തെ പഴയപള്ളി ശക്തൻതമ്പുരാൻെറ ദയാദൃഷ്ടികൾക്കു പ്രത്യേകം ലാക്കായിരുന്ന ഒരു സ്ഥാപനമായിരുന്നു. എങ്കിലും രാജകീയാനുമതി സിദ്ധിക്കാതെ ഇടവകക്കാർ ആ പള്ളി പൊളിച്ചു

വലുതാക്കി പണിയുവാൻ തീച്ചപ്പെടുത്തുകയും, രാജകിങ്കരന്മാർ അതു തടയുകയും, ക്രിസ്ത്യാനികൾ കൊച്ചിക്കോട്ടയിലെ മേധാവിയായിരുന്ന മിസ്റ്റർ "പ്ലവഗർ'സായ്പിനെ ശരണം പ്രാപിക്കയും, അദ്ദേഹം ശക്തൻ തമ്പുരാനു കശ്നമായി ഒരു കത്തയയ്ക്കുകയും ഉണ്ടായി. അതിനു് അന്നു തന്നെ അവിടുന്നു സായ്പിനു് ഒരു മറുപടി കൊടുത്തതാണു താഴെ ഉദ്ധരിച്ചിരിക്കുന്നതു്.

"എടക്കൊച്ചിയിൽ പള്ളിയുടെ പണി തുടങ്ങിയതിൻെറ ശെഷം നമ്മുടെ ആളുകൾ വിരൊധിച്ചിരിക്കുന്നപ്രകാരം വരാപ്പുഴെ മൂപ്പൻപാതിരി തങ്ങൾക്കു എഴുതികൊടുത്തയച്ചിരിക്കകൊണ്ടല്ലൊ തങ്ങളുടെ കടദാസ്സു വന്നിരിക്കുന്നതു. എടക്കൊച്ചിയിൽ നമ്മുടെ തൊറ്റപ്പപാമ്പിന്നകത്തു എറ്റെ മാക്കാരുടെ പള്ളി ഇരിക്കുന്നതു. അവിടെ മുമ്പെ മാക്കക്കാർ കല്ലിട്ടു ചില പണികൾ പണിയിക്കാത്തക്കവണ്ണം തുടങ്ങിയാറെ അന്നു നാം വിരൊധിച്ചതിൻെറശെഷം പിന്നെ പണിയിപ്പിക്ക ഉണ്ടായതും ഇല്ല. ഇപ്പൊൾ മാക്കാര ആ വിരൊധം മറന്നു കല്ലിട്ടു പണിതുടങ്ങുകകൊണ്ടത്രെ നമ്മുടെ ആളുകൾ വിരൊധിച്ചിരിക്കുന്നതു. നമ്മുടെ നിലക്കുററിൽ മുമ്പു പള്ളി ഇരിക്കുന്നതു കൂടാതെ ഇനി ഒന്നു പണിയിപ്പിക്കണമെങ്കിൽ നമ്മുടെ അനുവാദം കൂടാതെ ചെയ്യുകൂടുന്നതും അല്ലെന്നു താങ്കൾക്കു അറിയാമല്ലൊ. അതുകൊണ്ടു മുമ്പെ ഇരുന്ന പള്ളി കൂടാതെ ഇനി അവിടെ മാക്കാര വെറെ പണിയിപ്പിക്കാതിരിക്കത്തക്കവണ്ണം തങ്ങൾ താക്കീതു ചെയ്തുകൊള്ളണം..."

യാതൊരു പരിഭ്രമവും കൂടാതെ, ഉള്ള സംഗതി സ്പഷ്ടമായും ശക്തിയായും പ്രസ്താവിച്ചിരിക്കുന്നു! സായ്പിനു് ഈ മറുപടി കിട്ടിയപ്പോൾ 'ഇനി എന്തു വേണ്ടു' എന്നു് അല്പം ഒരു പരുങ്ങലുണ്ടായി. അദ്ദേഹം വീണ്ടും രാജാവിനു് എഴുതിയതിൽ "...മുമ്പുള്ള പള്ളി കെട്ടുപിഴ തീക്കത്തക്കവണ്ണം വരാപ്പുഴ മൂപ്പൻപാദ്രി അനുവാദം കൊടുത്തിരിക്കുന്നു. ഇങ്ങനെയുള്ള കാര്യത്തിൽ വേണ്ട സഹായം ചെയ്തുകൊടുക്കുന്നതിനു തങ്ങളുടെ കാര്യസ്ഥന്മാരൊടു കല്പിക്കുമല്ലൊ" എന്നാണു കാണുന്നതു്. അതിനു ശക്തൻതമ്പുരാൻ ഇങ്ങനെ എഴുതി അറിയിച്ചു. "...പള്ളി കെട്ടുപിഴ വന്നിരിക്കുന്നതു പഴയ അടിസ്ഥാനം പ്രമാണിച്ചു നന്നാക്കികുന്നതിനു വിരൊധം ഉണ്ടായിപ്പൊകരുതെന്നു നമ്മുടെ കാര്യസ്ഥന്മാരൊടു കല്പിച്ചിട്ടും ഉണ്ടു. പഴയതു വിട്ടു പടിഞ്ഞാട്ടു നീട്ടി കല്ലുവെക്കകൊണ്ടും, അതു നമ്മുടെ അനുവാദംകൂടാതെ ചെയ്യുതുകൊണ്ടും അത്രെ;

നമ്മുടെ ആളുകൾ വിരോധിച്ചതു. അതിനു തങ്ങളും അനുവാദം കൊടുക്കില്ലന്നത്രെ നമ്മുടെ നിശ്ചയം..." ആ പള്ളി അന്ന് ആ പ്രകാരം തന്നെ പഴയസ്ഥാനത്താണു പണിതതു് എന്നു പറയേണ്ടതില്ലല്ലൊ.

വെണ്ടുരുത്തിപ്പള്ളിയിൽ വരാപ്പുഴമെത്രാൻ പ്രവേശിച്ച അവസരത്തിലും ചുരുക്കത്തിൽ ഒരു മത്സരമുണ്ടായി. വെണ്ടുരുത്തിദ്വീപു മുഴുവനും മുമ്പു ലന്തക്കാരുടെ സ്വന്തമായിരുന്നു. അവരുടെ തന്നതു കൈവശത്തിലുമായിരുന്നു. ആ തുരുത്തു ശക്തൻതമ്പുരാൻ പിടിപ്പതു വിലകൊടുത്തു ലന്തക്കാരോടു തീറെഴുതി വാങ്ങിച്ചു കൈവശപ്പെടുത്തിയതാണു്. അവിടെ ഉണ്ടായിരുന്ന പള്ളിയിൽ മേലധികാരത്തിനു വരാപ്പുഴമെത്രാൻ മുതിർന്നപ്പോൾ ശക്തൻതമ്പുരാന്റെ ആൾക്കാർ തടസ്സം ചെയ്തു. മെത്രാൻ ഉടനെ കൊച്ചിയിലെ 'പ്ലവഗർ'സായിപ്പിനെത്തന്നെ ശരണീകരിച്ചു. സായ്പു പതിവുപോലെ ശുപാർശികടിച്ചു രാജാവിനു് ഒരു കല്പന അയച്ചു. അതിനു ശക്തൻതമ്പുരാന്റെ മറുപടി ഇങ്ങനെയായിരുന്നു.

"......വരാപ്പുഴെ മൂപ്പൻപാതിരി വെണ്ടുരുത്തിപ്പള്ളിയിൽ ചെന്നാറെ പള്ളിക്കകത്തു കടന്നുകൂടാ എന്നു നാം വിരോധിച്ചപ്രകാരം തങ്ങൾ കേട്ടു എന്നും, ആയതു എന്തുകൊണ്ടാകുന്നു എന്നും അറിയെണ്ടതിനു എഴുതിക്കൊടുത്തയക്കണമെന്നും അല്ലൊ എഴുതിവന്ന കടദാസ്സിൽ ആകുന്നതു. വെണ്ടുരുത്തി ലന്തക്കുമ്പഞ്ഞിയൊടു നാം അട്ടിപ്പെറായിട്ടു വിലക്കു വാങ്ങിച്ചിരിക്കുന്നതു ആകുന്നു. വെണ്ടുരുത്തിൽ എതുകാര്യമെങ്കിലും നാം വിചാരിച്ചു നടത്തിക്കുന്നതല്ലാതെ മറ്റൊരുത്തക്കും അവിടെ ഒരു സംബന്ധവും ഇല്ല. ഇങ്ങനെ ഇരിക്കുന്ന കാര്യത്തിൽ നമ്മുടെ അനുവാദംകൂടാതെ വരാപ്പുഴ മൂപ്പൻപാതിരി അവിടെ ചെല്ലുവാൻതന്നെ സംഗതി ഉള്ളതല്ലെന്നു തങ്ങൾക്കു അറിയാമല്ലൊ..." 980 ധനുമാസം 23-ാംനു-യിലെയാണു് ഈ കത്തു്. 981 കന്നി 13-ാംനു- അവിടുന്നു തീപ്പെട്ടുകയുംചെയ്തു. അതുവരെ അക്കാര്യം തീർച്ചപ്പെടാതെ തന്നെ എഴുത്തുകുത്തിൽകിടന്നു് എന്നും, അതിനിടയ്ക്കു ചില മാക്കൊക്കു ശിക്ഷകൾ അനുഭവിക്കേണ്ടിവന്നു എന്നും കാണുന്നു. അക്കാലത്തു 'പ്ലവഗർ' സായ്പു് എഴുതീട്ടുള്ള ചില കത്തുകളിൽ പണിക്കർകപ്പിത്താൻ ചിലരെ തടങ്ങലിൽ വെച്ചിട്ടുള്ളതായും, ചില മറുപടികളിൽ "നമ്മുടെ വലിയകപ്പിത്താന്റെ സ്ഥാനം വിചാരിക്കുന്ന തണ്ടാശ്ശേരികൃഷ്ണൻ

ചിലരെ പിടിച്ച ആമത്തിൽ ആക്കീട്ടുണ്ടെ''ന്നു സമ്മതിച്ചിട്ടുള്ളതായും മററും കാണുന്നുണ്ടു്.

തെക്കൻരാജ്യത്തല്ലാതെ, അതിലും വിശേഷിച്ച മാക്കക്കാരുടെ കാര്യത്തിലല്ലാതെ, ക്രിസ്ത്യാനിക്കാര്യത്തിനു ശക്തൻതമ്പുരാൻ ഒരു ശത്രുത പ്രവത്തിച്ചതായോ പ്രാതികൂല്യം പ്രകടിപ്പിച്ചതായോ യാതൊരു വത്തമാനവുമില്ല. നേരേമറിച്ച ക്രിസ്ത്യാനികളെ അത്യധികം ആദരിക്കയും, സഹായിക്കയും ചെയ്യിട്ടുള്ളതായി തെളിവുതന്നെ വേണ്ടതുണ്ടുതാനും. അതുകൊണ്ടു് അനാശാസ്യമായ ഈ മാക്കക്കാര്യത്തെ ഒരു യാദൃച്ഛികസംഭവമെന്നു ഗണിക്കുകയും, അതിനുള്ള കാരണം മാക്കക്കാരിൽ തന്നെ സമപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ക്രിസ്ത്യാനികളെ പ്രത്യേകം സഹായിച്ചതായ ഉദാഹരണത്തിനു് ഒരുകററ രേഖമാത്രം താഴെ ഉദ്ധരിക്കുന്നു. അതു 969 മേടം 13-ാംനു- കൊരട്ടിപ്പള്ളിക്കാരും, ചാലക്കുടിപ്പള്ളിക്കാരും വെവ്വേറെ എഴുതിവെച്ചിട്ടുള്ള, ഒരുപോലെയുള്ള, രണ്ടു രേഖകളിൽ ഒന്നാകുന്നു.

''കൊരട്ടിപള്ളി കയ്ക്കാര വെളിയത്ത ഉതിപ്പും കൊല്ലംവളപ്പിൽ കുഞ്ഞിപ്പൈലൊതും പിന്നെയും വളരെ പേരുകളുണ്ടു്) എല്ലാവരുംകൂടി എഴുത്ത. പവ്വത്തിൽ മെനൊൻ വായിച്ച ഞങ്ങളുടെ വലിയതമ്പുരാന്റെ തിരുവുള്ളത്തിൽ എററെണ്ടും അവസ്ഥ. എന്നാൽ, അടിയങ്ങൾ കച്ചവടം ചെയ്യു പൊറക്കെണ്ടുംപ്രകാരത്തിന്നു കല്പിച്ച ഹുക്കുനാമാവും എഴുതിത്തന്ന കച്ചവടത്തിന്ന പണവും കല്പിച്ചുതരുവിച്ചിരിക്കകൊണ്ടു ഹുക്കുനാമപ്രകാരം നല്ലവണ്ണം കച്ചവടങ്ങളും ചെയ്യു ഇരുന്നുകൊള്ളുകയുമാം. വിശെഷിച്ച കൊരട്ടിപള്ളിയും എടവകക്കാരും തമ്പുരാനു പ്രത്യെകം ഉള്ളവരാകകൊണ്ട.......മററൊരാളുടെ രക്ഷയിൻകീഴിൽ അടിയങ്ങൾ ഒരുത്തരും ഉൾപ്പെടുകയും പണം മെടിക്കയും ഉല്പത്തിപറമ്പുകൾ എഴുതികൊടുക്കയും ഇല്ല.''

975ലെ തിരുനാളിനു മട്ടാഞ്ചേരിയിലെ പാതിരി സമപ്പിച്ച ഒരു എഴുത്തോടുകൂടി ഈ പ്രകരണത്തെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

''പെരുംപ്പടപ്പിൽ കിരീടപതി മഹാരാജാവ അവർകൾക്ക മട്ടാൻചെരിയിൽ പാതിരി സലാം. തിരുമെനികണ്ട ആശംശിപ്പാനും തിരുമെ

നിലെ സുഖകൾ അപെക്ഷിപ്പാനും പല ഭൂഷവും (ദിവസവും) നിയൊ ഗിക്കെ എങ്കിലും സങ്ങതി വരാഴികകൊണ്ടു, ഇപ്പഴ തിരുനാളായ ദിവ സം വരികൊണ്ട തിരുമനസ്സിലക്ക സന്തൊഷവും സുഖവും തിരുവയ സ്സിന ദീൎഘായിസ്സും ഹൃദയത്തൊടെ അപെക്ഷിപ്പാനും ആജ്ഞപെട്ടകത കൊണ്ട (ആശപ്പെട്ടകകൊണ്ട)ത്രെ എഴുതി അയക്കുന്നതു. വിശെഷാൽ കരിന്തലായ സൂരിയരാജക്കന്മാരുടെ പുത്രൊല്പത്തിയും (കൊച്ചിരാജാ ക്കന്മാർ സൂൎയ്യവംശജാതന്മാരാണെന്നു് ഐതിഹ്യം) സമസ്തദിശിൻ അതികീൎത്തിയായ ചെരുമ്പരുമാളിന്റെ കെട്ടു്ളമാനും (ചേരമാൻ പെരുമാളുടെ പെങ്ങളുടെ വംശക്കാർ)തിരുമെനി കട്ടു്ളമാനുത്താൽ നല്ല പെട്ട വരികകൊണ്ടആചന്ദ്രതാരം കീൎത്തിയൊടും നില്ലപ്പെട്ടവാനും അ തിലും ദിവ്യതയൊട വൎദ്ധിപ്പാനും ഹൃദയത്തൊടെ ആഗ്രഹിക്കുന്നു. വി ചെചിച്ച, വെമ്പായെൽനിന്നും മദ്രാസ്സെയിൽനിന്നും വരുന്ന വൎധ മാനക്കടദാശിയിലുള്ള വൎധമാനങ്ങളും ചെഴം വൎധമാനങ്ങളും തിരു വുള്ളത്തിലെറെറണ്ടുവതിന്ന സന്തൊഷം ആകുമെങ്കിൽ കല്പന ഉണ്ടാ യാൽ കൂടെകൂടെ പെൎത്തകൊടുത്ത അയക്കയുമാം. ഇപ്പടിക്ക മട്ടാൻ ചെരിയിൽ വിഗാരി പാതിരി 'വൻളെവൻ' എഴുത്തു. (1800 കൎക്കി ടകമാസം 21_ാം നു.)."

അന്നത്തെ തിരുനാൾക്ക തമ്പുരാൻ തിരുമനസ്സിൽനിന്നും തീൎച്ച യായും ഈ എഴുത്തിനെ എത്രയും മഹത്തായ ഒരു ഉപഹാരമായി അം ഗീകരിക്കയും, പലവുരു അതു പലരെക്കൊണ്ടും മാറിമാറി വായിപ്പിച്ച കേട്ടു് ആനന്ദിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. മറുപടി അയച്ചതു് എന്താണെന്നോ, 'വൎധമാനങ്ങൾ പെൎത്ത' വരുത്തിയിരുന്നോ എന്നോ ഒന്നും നിശ്ചയമില്ലെങ്കിലും, തിരുനാൾസദ്യയുടെ ഒരു 'പകൎച്ച' അവി ടുന്നു തീൎച്ചയായും ആ പാതിരിപ്രവരനു് എത്തിച്ചുകൊടുത്തിട്ടുണ്ടായിരി ക്കുമെന്നാണ വിശ്വസിക്കേണ്ടതു്.

XXXII

കൊങ്കണികൾ.

൧

പ്രജാവാദം.

കൊച്ചിരാജ്യനിവാസികളിൽ, എണ്ണംകൊണ്ടു് ഒരു സമയം ന്യൂനപക്ഷക്കാരാണെങ്കിലും, അന്തസ്സിലും ആഭിജാത്യത്തിലും ആകപ്പാടെയുള്ള സ്വാധീനശക്തിയിലും കൊങ്കണികൾ ഒട്ടും പിന്നിട്ടുനില്ക്കുന്നവരല്ലതന്നെ. ബോംബേസംസ്ഥാനത്തിലെ 'കൊങ്കൺ' എന്ന പ്രദേശത്തുനിന്നു വന്നവരായതുകൊണ്ടാണു് അവർ 'കൊങ്കണി'കളായതു്. ഉച്ചാരണവൈകല്യം അവരെ 'കൊങ്ങിണി'കളാക്കിത്തീർത്തു. 'ഗൗഡസാരസ്വതബ്രാഹ്മണർ' എന്നാണു് ഇപ്പോൾ അവരെ വിളിച്ചുവരുന്നതു്; സാധാരണമായി സാരസ്വതരെന്നും പറയും. അവരുടെ 'വംശചരിത്രം' ഈ അദ്ധ്യായത്തിന്റെ പരിധിയിൽ പെട്ടിട്ടുള്ളതല്ല. ചരിത്രനായകനായ ശക്തൻതമ്പുരാന്റെ കാലത്തെ അവരുടെ ചരിത്രം ആരായുകയും, അതിനു വേണ്ടിടത്തോളം പൂർവ്വകഥയെ വിസ്മരിക്കുകയും മാത്രമേ ഇവിടെ ചെയ്യുന്നുള്ളു. കൊച്ചിക്കു വരുന്നതിനുമുമ്പു 'ഗോവ'യായിരുന്നു അവരുടെ വാസസ്ഥലം. ആ പട്ടണത്തിന്റെ അഭിവൃദ്ധിക്കു് ഉതകുംവിധം പ്രയത്നിച്ച വണിഗ്വരന്മാരായി അവിടെ അധികകാലം വസിച്ചു. വ്യാപാരവൈദഗ്ദ്ധ്യം അവൎക്കു ജന്മസിദ്ധമാകുന്നു.

ഹിന്ദുമതദ്രോഹികളായിത്തീൎന്ന പോൎത്തുഗീസ്സുകാരുടെ കയ്യേറ്റങ്ങളെ ഭയന്നു സാരസ്വതർ ഗോവ വിട്ടു കോഴിക്കോട്ടു ചെന്നുകേറി. അവർ, കോഴിക്കോട്ടെ കച്ചവടത്തിന്റെ മുഴുവനും 'മേധാ'വികളായിരുന്ന 'മൂർവൎഗ്ഗ'ക്കാരുടെ വിദ്വേഷത്തിനു പാത്രീഭൂതരായപ്പോൾ കോഴിക്കോട്ടും കൈവെടിഞ്ഞു കൊച്ചിയിൽ എത്തിച്ചേൎന്നു. ആൎക്കും സ്വാഗതമരുളിയിരുന്ന കൊച്ചി, അവരുടെ സ്വൈരവാസത്തിനും വ്യാപാരാഭിവൃദ്ധിക്കും പററിയ സുഖവാസസ്ഥാനമായിത്തീൎന്നു. അവിടെ അവർ കൊച്ചിരാജാവിന്റെ കുടിപതികളായും, കൊച്ചിയുടെ വ്യാപാരവൎദ്ധനയ്ക്കു കാരണക്കാരായും സകലവിധരാജകീയാനുകൂല്യങ്ങളേയും അനുഭവിച്ചുകൊണ്ടു സമാധാനത്തോടും സംതൃപ്തിയോടുംകൂടി കാലംകഴിച്ചുപോന്നു.

പോർത്തുഗീസ്സിന്റെ ശക്തി കൊച്ചിയിൽ കേന്ദ്രീഭവിച്ചിരുന്ന കാലത്തുഗോവയിലെ അനുഭവം നിലനിന്നുപോന്നതുകൊണ്ടും മററും, സാരസ്വതക്കു് അവരോടത്ര അനുഭാവം ഉണ്ടായിരുന്നില്ലെന്നുവേണം വിചാരിക്കുവാൻ. എന്നാൽ, ഡച്ചുകാർ പോർത്തുഗീസ്സിന്റെ സ്ഥാനം കൈവശപ്പെടുത്തിയതോടുകൂടി അവർ അചിരേണ ഡച്ചിന്റെ കൂററുകാരായിത്തീൎന്നു. സാരസ്വതർ ഡച്ചിന്റെ പക്ഷത്തിലാണെന്നുള്ള ആവലാതി പോർത്തുഗീസ്സുകാർകൂടി അവരുടെ അന്ത്യകാലത്തു പുറപ്പെടുവിച്ചുകാണുന്നുണ്ടു്. ഡച്ചുകാരുമായുള്ള അടുപ്പം കാലക്രമേണ വൎദ്ധിച്ചുംവന്നു. തങ്ങളുടെ രക്ഷാശിക്ഷാദികളുടെ കൎത്തൃത്വം തന്നെ അവർ ഡച്ചുകാരിൽ സമൎപ്പിക്കുകയോ ഡച്ചുകാർ കൈക്കലാക്കുകയോ ചെയ്തു.

കൊല്ലം 838 മീനത്തിലാണു് അന്നത്തെ കൊച്ചിരാജാവു ലന്തക്കമ്പനിയുമായി ഒന്നാമത്തെ കരാറു ചെയ്തതു്. ആ മീനം 14-ാം൹-കൊച്ചിരാജാവു ചെപ്പേട്ടിൽ ഒരു വരിയോല എഴുതിവെച്ചതായികാണുന്നുണ്ടു്. അതിൽ സാരസ്വതരെക്കുറിച്ചു താഴെ ചേൎക്കുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

“കൊങ്ങിണിമകാജനങ്ങൾ അമ്മാമൻമാരെ വന്നു കണ്ടു, അവൎക്കു ഇരിപ്പാൻ വെണ്ടുന്ന ഭൂമികളും രച്ചിക്കു ആയിട്ടു വെണ്ടുന്നതിനെയും കൊടുത്തു, അവൎക്കു ഒരു ചെത്തിരം (ക്ഷേത്രം) ഉണ്ടാക്കുണെമെന്നു അപെച്ചിക്കകൊണ്ടു ആയതിനു വെണ്ടുന്ന തലവും, അതിന്നു കക്കയും തീട്ടുരങ്ങളും കൊടുത്തു, ചെത്തിരത്തിൽ അടിയന്തിരത്തിന്ന അമ്മാമൻമാരായിട്ടു വെച്ചുനടത്തി ഇരിക്കുന്നതിന്ന, ഒരു എറാക്കുറവുകൂടാതെ ആ പരിഷകളെയും നടത്തിച്ചുകൊള്ളണം. നമ്മുടെ ആപത്തുകാലത്തു ഈ പരിഷകൾ തെരവിയം (ദ്രവ്യം) കൊണ്ടു എറിയ സഹായം ചെയ്യിരിക്കുന്നവരത്രെ ആകുന്നതു. ഇവരെ ബിരാമണ (ബ്രാഹ്മണ) മരിയാത പൊലെ വിചാരിച്ചു അല്ലാതെ ചെയ്തുപൊകയും അരുത. ബിരാമണരെ രച്ചിക്കുന്ന പിറകാരം (പ്രകാരം) ഞങ്ങളെയും രച്ചിച്ചുകൊള്ളണമെന്ന, അവര അപെച്ചിക്കകൊണ്ടത്രെ, കൊങ്ങിണികൾക്കു പുരുഷാന്തരം വെണ്ടാ എന്ന വെച്ചിരിക്കുന്നതു. കൊങ്ങിണികളിൽ ഒരുത്തൻ അററുപൊയാൽ അവന്റെ മുതൽ നമ്മുടെ ആളുകളും മകാജനങ്ങളും കൂടിബൊധിച്ചു, ഉള്ളമുതലിൽ പാതി നമുക്കും, പാതി തിരുമലദെവനും ആയിട്ടത്രെ കീഴിൽ വെച്ചിരിക്കുന്നതു.”

ഇതിൽനിന്നു സാരസ്വതരുടെ വരവു്, അവരുടെ നില, അപേക്ഷകളുടെ സ്വഭാവം, അനുവദിക്കപ്പെട്ട ആനുകൂല്യങ്ങളുടെ വിസ്തൃതി, അവരോടു സ്വരൂപപാരമ്പര്യപ്രകാരമുള്ള അനുഭാവം, എന്നിവയെല്ലാം ഏറെക്കുറെ അറിയാവുന്നതാണു്.

859 കർക്കടകം 15-ാംനു- ഡച്ചുകാരും പെരുമ്പടപ്പിൽ മൂത്തരാജാവുംകൂടി എഴുതിമാറിയ കരാറിലെ മൂന്നാംവകുപ്പുകൊണ്ടു "പെരുമാൾ ഷേണായി" എന്നൊരാൾ പെരുമ്പടപ്പിലെ പ്രധാനമുജാൻജിയായി തുടൻപോകണമെന്നു നിശ്ചയിച്ചുകാണുന്നുണ്ടു്. ഒമ്പതാംശതകത്തിലെ അവസാനഘട്ടത്തിൽ സാരസ്വതരെ സംബന്ധിച്ചു പെരുമ്പടപ്പു സ്വരൂപവും ഡച്ചുകാരും തമ്മിൽ ചില അധികാരതർക്കങ്ങളോ അവകാശവടംവലികളോ വന്നുചേർന്നു. "കൊങ്ങിണികളുടെ മേല്ക്കോയ്മാധികാരം കമ്പനിക്കോ കൊച്ചിക്കോ" എന്നായിരുന്നു പ്രധാനവാദമെന്നും, അതു് ഇരുകൂട്ടരും കുറെ കാര്യമായി പിടിച്ചതും നീണ്ടുനിന്നതും ആയ ഒരു വിഷയമായിരുന്നു എന്നും, 947 മകരം 29-ാംനു- ഡച്ചുകുമ്മദവർ പെരുമ്പടപ്പിൽരാജാവിനു് അയച്ചതായ താഴെ ചേർക്കുന്ന കത്തിൽനിന്നു് അറിയാം.

"കൊങ്ങിണികൾ അങ്ങെക്കീഴിൽ ആകുന്നു എന്നല്ലൊ പറയുന്നതു. ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ നിലക്കുറിൽ പാക്കുന്ന കുടികൾ കുമ്പഞ്ഞിയുടെ കീഴിലെല്ലൊ ആകുന്നു. അവ്വണ്ണംതന്നെ കൊങ്ങിണികൾ കുമ്പഞ്ഞിയുടെതന്നെ കീഴിൽപ്പെട്ട ആകുന്നത. 1663 ജനവരിമാസം 8-ാംനു- പറങ്കിയുമായിട്ടു എഴുതിവെച്ച കരാറിൽ ഒഴിഞ്ഞുകൊടുക്കകയല്ലൊ ചെയ്യുത. അങ്ങെ കാരണോന്മാരഎഴുതിവെച്ച ഉടമ്പടിയിൽ ഒമ്പതാംവാചകത്തിൽ കൊങ്ങിണികളെ കുമ്പഞ്ഞിക്കീഴിൽ ആക്കീട്ടില്ലാ എന്നല്ലൊ പറയുന്നതു. കൊങ്ങിണികളും തൊപ്പസ്സന്മാരും (മാക്കോർ) രണ്ടു മാസത്തിനു മുമ്പു കുമ്പഞ്ഞിയുടെ കീഴിൽ ആയിരുന്നു എന്നതുകൊണ്ടു അങ്ങെ പൂർവ്വന്മാരെ, ആ സംഗതികൊണ്ടു ക്ലെശിപ്പാൻ സംഗതി ഇല്ലാഞ്ഞു. അവര പറങ്കികളുടെ കുടിപതികൾ ആയിരുന്നു. പെരുമ്പടപ്പിൽരാജാവിന്റെ കീഴിൽ അല്ലാഞ്ഞു. പരദെശികളെല്ലാം ഏതൊരു ജാതി എങ്കിലും, മലയാളത്തിൽ ബന്ധിക്കാത്തവര, ഒരു സംശയംകൂടാതെ കുമ്പഞ്ഞിയുടെ രക്ഷ.അനുഭവിച്ചെല്ലൊ ചെല്ലുന്നത. കൊങ്ങിണികൾ പരദെശികൾ അല്ലയൊ. അവര മുമ്പ കർണ്ണാടകരാജ്യത്തു പാർത്തിരുന്നവരല്ലയൊ. അതുകൊണ്ടു കൊങ്ങിണികളെ രക്ഷിക്കാതിരി

പ്പാൻ ഏൽപ്പിച്ചെന്നാൽ സംഗതിയാകുന്നു. മറ്റൊരുത്തരുടെ കീഴിൽ അവർ നിൽക്കുന്നില്ലെന്നും, കുമ്പഞ്ഞിയുടെ കീഴിൽനിന്നു മരിക്കത്തക്കവണ്ണവും പാത്രമായി, അവർ കൊട്ടക്കകത്ത വന്നു പാർക്കയൊ രാജ്യംവിട്ടു പൊകയൊ എന്നു നിശ്ചയിക്കകൊണ്ടു കൊങ്ങിണികളുടെ രാജസ്ഥാനം കുമ്പഞ്ഞിക്കുതന്നെ ആകുന്നു." അന്നത്തെ വാദമുഖങ്ങൾ ഈ എഴുത്തിൽനിന്നു സ്പഷ്ടമാകുന്നു.

961 കന്നി 29-ാം രു കൊച്ചിരാജാവും ഡച്ചുകമ്പനിയും തമ്മിൽ ഒരു കരാറുണ്ടായിട്ടുണ്ട്. അതാണു ലന്തയുമായുണ്ടായ ഒടുവിലത്തെ കരാറ്. അന്നെല്ലാ രാജ്യഭരണത്തിന്റെ ചുമതലക്കാരൻ ശക്തൻതമ്പുരാനായിരുന്നു. അതിൽ വിവിധവിഷയങ്ങളെ വിവരിക്കുന്ന പന്ത്രണ്ടു വകുപ്പുകൾ ഉണ്ട്. അതിൽ 'മാക്കൊ'രുടെ കാര്യം പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു. അവരും ആ 'മേല്ക്കോയ്മവാദ'ത്തിൽ ഉൾപ്പെട്ടവരായിരുന്നു. എന്നാൽ 'കൊങ്ങിണി'കളെക്കുറിച്ച് ഒരക്ഷരം പോലും ആ കരാറിൽ ഇല്ലതാനും. 946 മുതല്ക്കുതന്നെ ശക്തൻതമ്പുരാൻ 'കാര്യത്തിൽ പ്രവേശിച്ചു' എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അന്ന് ആ വാദം ശക്തിയായി നിലനിന്നിരുന്നു എന്നതിനു സംശയമില്ല. ഇതിൽനിന്ന് 946 മുതല്ക്കു 961 വരെയുള്ള കാലത്ത് ആ വിഷയം ഒരുവിധം തീരുമാനപ്പെടുകയോ, അതു ഡച്ചുകാർക്ക് അത്രയ്ക്കു ശ്രദ്ധേയമല്ലാതായി ഭവിക്കുകയോ ചെയ്തിരിക്കണം. ഒരു ഭാഗക്കാരും വെറുതെ വിട്ടൊഴിഞ്ഞിരിക്കയില്ലെന്നു തീർച്ചയാണ്. ഒടുവിൽവെച്ചു സാരസ്വതരുടെ മേല്ക്കോയ്മസ്ഥാനം കൊച്ചിക്കുതന്നെയായിത്തീർന്നു എന്നു കാണുന്നതുമുണ്ട്. ആ പരിവർത്തനകാലത്തു ശക്തൻതമ്പുരാൻ വെറുതെ ഇരുന്നിരിക്കയില്ലെന്ന് അവിടത്തെ അപദാനങ്ങളെക്കുറിച്ചറിയുന്നവരെ പറഞ്ഞറിയിക്കേണ്ടതുമില്ല.

947-ൽ ഉണ്ടായ വഴക്കിൽ കേവലം സാരസ്വതരുടെ കാര്യം മാത്രമല്ലാ ഉൾപ്പെട്ടിരുന്നത്. ഡച്ചുകാരുടെ കോട്ടയ്ക്കു പുറത്തു കിടന്നിരുന്ന മട്ടാഞ്ചേരി, ചെറളായി, അമരാവതി എന്നീ പ്രദേശങ്ങൾ
58 1663-ൽ, തങ്ങൾക്കുകൊച്ചിരാജാവിനാൽ ഏല്പിച്ചുകിട്ടിയതാണെന്നും, അവിടത്തെ അവകാശവും അധികാരവും ഒക്കെ എന്തായാലും തങ്ങൾക്കാണെന്നുംകൂടി ഡച്ചുകാർ വാദിച്ചിരുന്നു. ഏല്പനക്കാര്യം അത്ര സ്പഷ്ടമോ സാധുവോ ആയിരുന്നില്ല. മേല്പറഞ്ഞസ്ഥലങ്ങൾ ഇപ്പോൾ കൊച്ചിവകയാണെന്നുള്ളതു മതി ആ വാദത്തിന്റെ വാസ്തവസ്ഥിതി മന

സ്സിലാക്കുവാൻ. 947_ൽ സാരസ്വതരെ സംബന്ധിച്ചും മദ്ധ്യസ്ഥത്തിപ്പ്രായി ചില വ്യവസ്ഥകൾ ചെയ്യാതിരുന്നില്ല. "നൂതനമായി യാതൊരു കരവും അവരുടെമേൽ ചുമത്തിക്കൂടാ. അവക്കു ഡച്ചുഗവണ്ണരുടെ അടുക്കൽ നേരിട്ടു് ആവലാതിപ്പെടാം. കമ്പനിക്കാർ അറിയാതെ അവരുടെ ക്ഷേത്രകാൎയ്യങ്ങളിൽ രാജാവു പ്രവേശിക്കയില്ല" എന്നു് എഴുതിക്കാണുന്നു. അക്കൊല്ലത്തിൽ ഏവംവിധങ്ങളായ ചില നിബന്ധനകൾക്കു് അന്നത്തെരാജാവു നിൎബ്ബന്ധവശാൽ, വിധേയനായി എങ്കിലും, അവയുടെ പ്രാമാണ്യത്തെ ശക്തൻതമ്പുരാൻ ആദ്യവകവെച്ചില്ലെന്നു മാത്രമല്ലാ, തന്റെ രാജ്യത്തെ കുടിപതികൾ തന്റെ പ്രജകളും, തനിക്കുമാത്രം വഴിപ്പെടേണ്ടവരും ആണെന്നും, അവരുടെ ക്ഷേത്രമൎയ്യാദകൾ നിശ്ചയിക്കുവാനും മററം ഡച്ചുകാൎക്കല്ലാ അധികാരമെന്നും, വാദിക്കുകയും തദനുസാരങ്ങളായ പ്രവൃത്തികൾ പലതും ബലമായിത്തന്നെ ചെയ്യുകയും ഉണ്ടായി. തന്നിമിത്തം, ഡച്ചും കൊച്ചിയുംതമ്മിൽ ഏറിയൊരു ഏററമുട്ടലും നടന്നു. ചിലപ്പോഴൊക്കെ തമ്പുരാനു പരാജയവും സംഭവിച്ചു. എന്നാൽ, അതുകൊണ്ടൊന്നും പിന്മാറുന്ന ഒരു സമ്പ്രദായക്കാരനായിരുന്നില്ലാ ശക്തൻതമ്പുരാൻ. സംഘട്ടനങ്ങളും സന്ധികളും, സാമദാനഭേദദണ്ഡങ്ങളിൽ എല്ലായിനങ്ങളും അവസരാനുകൂലം നടത്തപ്പെട്ടു. 'തനിക്കു വഴിപ്പെടാത്തവർ' എന്ന നിലയ്ക്കു്, ന്യായരഹിതങ്ങൾ എന്നുകൂടി പറയാവുന്ന, പല മൎദ്ദനങ്ങളും അക്കാലത്തു തമ്പുരാനിൽനിന്നു സാരസ്വതർ അനുഭവിക്കേണ്ടിയുംവന്നു. വലിയ ദ്രവ്യനഷ്ടങ്ങളും അവക്കു സംഭവിച്ചിരിക്കും. അങ്ങനെ ഒരു പന്തീരാണ്ടുകാലം നിലനിന്നുപോന്ന ജയപരാജയങ്ങളുടെ അന്ത്യഘട്ടത്തിലാണു മേല്പറഞ്ഞ 961_ലെ സന്ധിക്കരാറുണ്ടായതു്.

970_ൽ ഡച്ചുകാർ സകലതും ഇംഗ്ലീഷുകാരുടെ കാല്ക്കൽ സമൎപ്പിച്ചു രാജ്യംവിട്ട സമയം എഴുതിവെച്ചതായ, ഇരുപതു വകുപ്പുകളോടുകൂടിയ, ഒഴുമുറിപത്രത്തിലോ, 965_ൽ ഇംഗ്ലീഷുകാരും കൊച്ചിരാജാവും തമ്മിൽ ഇദംപ്രഥമമായി എഴുതിപ്പിടിച്ച ഉടമ്പടിക്കരാറിലോ, സാരസ്വതരെക്കുറിച്ചു യാതൊന്നും പ്രസ്താവിച്ചിട്ടില്ല. ഡച്ചുകാൎക്കു സാരസ്വതർ 'പ്രത്യേക'പ്പെട്ടവരായിരുന്നു. ഡച്ചുകാർ അവരുടെ വമ്പിച്ച കച്ചവടത്തിന്റെ മാനേജരായി ഒരു സാരസ്വതപ്രമാണിയെ നിശ്ചയിച്ചിരുന്നതായിക്കാണുന്നുണ്ടു്. ഡച്ചുകാരുടെ ഉദ്യോഗസ്ഥനായിരുന്ന 'മാലപ്പൻ' (മാളപ്പൈ) എന്നൊരു സാരസ്വതബ്രാഹ്മണനെ പാലിയത്തച്ചൻ കൊലപ്പെടുത്തിയതിൽവെച്ചു കൊച്ചിയും ഡച്ചും തമ്മിൽ ഒരു

യുദ്ധംതന്നെ നടന്നു. "നിങ്ങൾക്കു കച്ചവടം, എനിക്കു രാജ്യാധികാരം" എന്നായിരുന്നു, തെററായാലും ശരിയായാലും, ശക്തൻതമ്പുരാൻെറ വാദം. ബലവാന്മാരായ പുറംശത്രുക്കളോടു വഴങ്ങിയ ഒരു രാജാവിനു സ്വരാജ്യത്തുള്ള പ്രജകളോട്, അവരുടെ നില പന്തിയല്ലെന്നു തോന്നിയാൽ, എതിൎത്തുകൂടാ എന്ന് ആരും വാദിക്കുമെന്നു തോന്നുന്നില്ല. മൈസൂർപ്പട വന്നപ്പോൾ മലയാളത്തിലെ മററെല്ലാരാജാക്കന്മാരും 'ധീരതയോടെ കാടി'പ്പോയപ്പോൾ 'ഭീരുവായി വഴങ്ങിനിന്നതു' ശക്തൻതമ്പുരാൻ ഒരാൾ മാത്രമല്ലേ എന്ന് ആക്ഷേപിക്കുന്നവരോട് "ആ ധീരാഗ്രഗണ്യന്മാരുടെ രാജ്യമൊക്കെ ഇപ്പോൾ എവിടെ?" എന്നേ ചോദിക്കേണ്ടതുള്ളു.

സാരസ്വതവഴക്കുനിമിത്തം ഡച്ചുകാർ കൊച്ചിരാജാവിനെ ഒരിക്കൽ കൊച്ചിക്കോവിലകത്തുനിന്നു പുറത്തേയ്ക്കു് ഓടിച്ചു തൃപ്പൂണിത്തുറയിൽ കൊണ്ടിരുത്തിയതു നേരാണെങ്കിലും, 1791 ഒക്ടോബർമാസത്തിൽ ഡച്ചിനെ തോല്പിച്ചു കൊച്ചി, ആ വിജയത്തെ അററംവരെ നേടാഞ്ഞതു്, അതിനിടയ്ക്കു ഡച്ചുകാർ ഇംഗ്ലീഷുകാരുടെ മാദ്ധ്യസ്ഥ്യം സ്വീകരിക്കയും, പുതിയബന്ധുവും ഏതാനും രാജ്യത്തിൻെറ മേല്ക്കോയ്മാധികാരികളും ആയിരുന്ന ആംഗ്ലേയരുടെ മദ്ധ്യസ്ഥതയ്ക്കു കൊച്ചിരാജാവു വഴിപ്പെടുകയും ചെയ്യുതുകൊണ്ടുമാത്രമാണെന്നു താഴെ ചേക്കുന്ന എഴുത്തു തെളിയിക്കുന്നു.

"ഇന്ത്യാക്കാര നിയൊഗത്തിൽ ഉൾപ്പെട്ട മലയാളത്തുക്ക അധിപതിയായ ജൊാൺ ഗറാത്തുവൺ ആങ്കൾ ബക്കു് എതിലെര എഴുത്ത. പെരുമ്പടപ്പിൽസ്വരൂപത്തിങ്കൽ രാജാവ തിരുവുള്ളത്തിൽ എററെണ്ടും അവസ്ഥ. എന്നാൽ, എത്രയും ബഹുമാനപ്പെട്ട ഉലന്തക്കുമ്പഞ്ഞിയും അങ്ങും തമ്മിൽ ഉണ്ടായ വ്യത്യാസങ്ങൾ മെസ്സൂർ പൗണിയുടെ മദ്ധ്യസ്ഥംകൊണ്ട മിത്രമായിട്ട നിവൃത്തിക്കെണ്ടതിന്നു ജന്നപട്ടണത്ത ഇങ്കരെസ്സുസംസ്ഥാനത്തിന്ന സ്നെഹതപമായിട്ട ഇടപുറപ്പെട്ടകകൊണ്ട നാം സമ്മതിക്കയുംചെയ്തു. അതിന്നു നമ്മുടെ വഹക്കു 'മക്കുമുദവരൻ സ്റ്റാളിനെ' നിശ്ചയിക്കയുംചെയ്തു. അദ്ദെഹവും മെസ്സൂര പൗണിയുമായിട്ട തമ്മിൽ വിജാരിച്ചതിൽ ഇക്കാൎയ്യംകൊണ്ട അങ്ങും അവരുമായിട്ട ഗുണദൊഷം കാണത്തക്കവണ്ണം നിശ്ചയിക്കയും ചെയ്തു. ആയതുകൊണ്ട ഇത അങ്ങെ ഉണൎത്തിക്ക ആകുന്നു. എന്നതുകൊണ്ട ഈ രണ്ട എജമാനൻമാരും തിരുമുമ്പാകെ വരെണ്ടുന്നതിന്ന നല്ല ഒരു ദിവസം

നിശ്ചയിച്ച ഇന്ന എടത്തു വരെണ്ട എന്ന സ്ഥലവും നിശ്ചയിച്ച തിരിച്ചഎഴുതിവരുമാറാകയും വെണം. തിരുവായുസ്സ വദ്ധിച്ചിരിക്ക. എന്നാലിത കൊച്ചി കൊട്ടയിന്ന 1792-പിവരിമാസ 15-ാംന്ത. ആങ്കൾ ബെക്ക (ഒപ്പ്)."

ശക്തൻതമ്പുരാനു സാരസ്വതരുടെ നേരേ വല്ല പൂവ്വവൈരമോ, വശ്ശിദ്വേഷമോ, പകയോ മറേറാ യാതൊന്നുംതന്നെ ഉണ്ടായിരുന്നില്ല. തൻെറ കല്പനകൾ കേൾക്കേണ്ടവരാണെന്നു താൻ നിശ്ചയിച്ചവർ അതിനു വഴിപ്പെടാഞ്ഞപ്പോൾ, ആ തോന്നൽ അബദ്ധമോ അസംബന്ധമോ എന്തെങ്കിലുമാകട്ടെ, താൻ അവരെ തൻെറ പാട്ടിലാക്കാൻ ആവുന്നതൊക്കെ ചെയ്തു, അത്രേ ഉള്ളു. അവിടുന്നുതന്നെ അതിനുമുമ്പു അവക്ക് അറിഞ്ഞുംകൊണ്ട് അനേകം ആനുകൂല്യങ്ങൾ കല്പിച്ചുകൊടുത്തിട്ടുണ്ട്. ഒരുദാഹരണം ചുവടേ ചേക്കുന്ന തീട്ടൂരത്തിൽ കാണാം.

"അരുളിചെയ്തു. നമ്മുടെ തിരുമലദേവര അധികാരികൾക്ക. എന്നാൽ, 928-ാമതു വരെയും ദെവസ്വം പെക്ക നെട്ടമായിട്ടും കാണമായിട്ടും പിടിച്ചിരിക്കുന്ന ഉല്പത്തികൾക്കും പറമ്പുകൾക്കും എട്ടിലൊന്നും മൂപ്പറയും കെട്ടുതെങ്ങും തെങ്ങായും ദെവസ്വത്തിലക്കു നാം ഒഴിഞ്ഞുതരികയും ചെയ്തു. എന്നാലിതു 955-ാമതു കുംഭഞായത്തിൽ കല്പിച്ചരുളിയ നീട്ട. പവ്വത്തിൽ അമ്പാടി കയ്യെഴുത്ത." 928-ാമതു കൊല്ലത്തിൽ ദേവസ്വംവകയായുണ്ടായിരുന്ന സകല ഭൂസ്വത്തുക്കളും ഇതിനാൽ 'കരമൊഴിവാക്കി' കൊടുത്തിരിക്കുന്നു!

തങ്ങൾ തീരെ നിരപരാധികളാണെന്നും, ശക്തൻതമ്പുരാൻെറ അവസാനം കാണാത്ത ധനാത്തിയും അക്രമസ്വഭാവവും മാത്രമാണു തങ്ങളുടെ അനിഷ്ടാനുഭവങ്ങൾക്കെല്ലാം കാരണമെന്നും, അമ്പതിനായിരം രൂപാ തമ്പുരാൻ കടംപററിയിരുന്നതു മടക്കിക്കൊടുപ്പാനുണ്ടായിരിക്കെ അതിൻെറ ന്യായംപറയാതെ വീണ്ടും ഒരു മുപ്പതിനായിരം വരാഹൻകൂടി ആവശ്യപ്പെട്ടതു കൊടുക്കുവാൻ വിസമ്മതിച്ചതുകൊണ്ടാണു തങ്ങൾക്ക് അനേകം ആപത്തുകൾ അനുഭവിക്കേണ്ടിവന്നതെന്നും ഡച്ചുകമ്പനിക്കാരുടെ മദ്ധ്യസ്ഥതയിൽ ആ മുപ്പതിനായിരം വരാഹൻ ഇരുപതിനായിരം ഉറപ്പികയായി കുറഞ്ഞുകിട്ടിയെന്നും മററുമാണു യഥാത്ഥചരിത്രമെന്ന് ഇതിനൊരു പൂവ്വപക്ഷമുള്ളതിനെ ഞാൻ മറച്ചു

വെയ്ക്കുന്നില്ല. വർത്തകന്മാരോടു ഞെരുക്കംചെയ്യും, വിത്തം വാങ്ങുന്നതു പണ്ടത്തെ രാജാക്കന്മാർ ആരുംചെയ്യിട്ടില്ലാത്ത ഒരപൂർവ്വസംഗതിയല്ല. യുദ്ധാവശ്യങ്ങൾക്കും, ശത്രുക്കളെ ദ്രവ്യം കൊടുത്തു് ഒഴിക്കുന്നതിനും മററും, ഇന്നത്തെപ്പോലെ 'യുദ്ധബോണ്ടുകളും' വെറുംസംഭാവനകളും, അഭ്യർത്ഥനാസമ്പ്രദായങ്ങളും ഒന്നും പ്രചാരത്തിലില്ലാതിരുന്ന അക്കാലത്തു രാജാക്കന്മാർ ധനമുള്ളേടത്തുചെന്നു് ഉള്ളേടത്തോളം മുഴുവനും ബലംപ്രയോഗിച്ചും എടുക്കാറുണ്ടു്. ശക്തൻതമ്പുരാനും അപ്രകാരം ചെയ്തിരിക്കാം. "പെട്ടിയിൽ പണം കെട്ടിപ്പൂട്ടിയങ്ങിരിക്കുന്ന" ഐശ്വര്യവാന്മാരായിരുന്ന സാരസ്വതബ്രാഹ്മണർ രാജാവു പണം ചോദിച്ചതു കൊടുത്തില്ലാ; കൊടുക്കാതെകഴിക്കാൻ ഡച്ചുകാരുടെ സഹായവും അഭ്യർത്ഥിച്ചു. കൊടുക്കാഞ്ഞതിൽ അവർ നിയമപ്രകാരം അശേഷം അപരാധികളല്ലായിരിക്കാം. ആ കേസ്സു വിസ്തരിച്ചു കുററം സ്ഥാപിച്ചു ശിക്ഷാവിധികല്പിക്കുന്നതിനു് ഇവിടെ ഉദ്ദേശ്യവുമില്ല. മിസ്റ്റർ സി. അച്യുതമേനോൻ "സ്റ്റേററുമാനുവലിൽ" ഈ അധികാരവാദത്തെക്കുറിച്ചു് എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു്. "കൊങ്ങിണികൾ പ്രബലന്മാരും ധനവാന്മാരുമായിരുന്നു. അവർ ലന്തക്കാരുടെ പ്രത്യേകരക്ഷയിലായിരുന്നു. കൊച്ചിരാജാവിനു് അവരുടെമേലുള്ള അധികാരം നാമമാത്രമായിരുന്നു. ശക്തൻതമ്പുരാനു് അക്കാര്യത്തിൽ അവരുടെനേരേ വലിയ അസൂയയുണ്ടായി. ഡച്ചിൻെറ മേലധികാരം നിലനിത്താൻ ഒട്ടും മനസ്സുണ്ടായില്ല. ഡച്ചുകാരുടെ വദ്ധിച്ചുവന്ന ബലഹീനത, പുതിയതായി സിദ്ധിച്ച ആംഗ്ലേയബന്ധത്തിൻെറ പിൻബലം, ഇവയെ അവലംബിച്ചു ശക്തൻതമ്പുരാൻ ഡച്ചിൻെറ അധികാരത്തെ ധിക്കരിച്ചു. എതിത്തുനിന്ന കൊങ്ങിണികളെ വെട്ടിക്കൊല്ലുകയുംചെയ്തു."

"ശക്തൻതമ്പുരാൻെറ സ്വഭാവത്തെയും ചെയ്തികളെയുംപററി ചച്ച്ചെയ്യുമ്പോൾ അന്നത്തെ രാജാക്കന്മാരുടെ സാധാരണനടപടികളെയും, രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവങ്ങളെയും അസമാധാനങ്ങളെയും പരിഗണിക്കേണ്ടതായിട്ടുണ്ടു്. ആ കാലഘട്ടത്തിൽ രാജ്യത്തിനുള്ളിൽ ആജ്ഞാഭംഗത്തെയൊ, തോന്ന്യാസത്തെയൊ, അനുവദിക്കുന്നതു കൊച്ചിരാജ്യത്തെ നാമാവശേഷമാക്കുകയില്ലായിരുന്നു എന്നു് ആരറിഞ്ഞു? തൻെറ രാജ്യത്തെ അന്യശാസനകളിൽനിന്നു മോചിപ്പിച്ചു തൻെറ അധികാരത്തെ ദൃഢമായി സ്ഥാപിക്കുക എന്നുള്ള കൃത്യത്തിൽ വ്യാപൃതനായിരുന്ന ശക്തൻതമ്പുരാൻ സാധൂകരിക്കാൻ നിവൃത്തിയില്ലാത്ത പ്രവൃത്തികളെ ചെയ്തു

പോയതായിരിക്കണം. ആറു പെൻസിനുള്ള സാമാനം മോഷ്ടിച്ചാൽ ഇംഗ്ലണ്ടിൽ ഒരാഠം വധശിക്ഷയ്ക്കു പാത്രമായിരുന്ന കാലമായിരുന്നു അതു്. അക്കാലത്തു് ഈ രാജ്യത്തു കാഴ്ചവെച്ചു് അനുവാദം വാങ്ങിക്കാതെ മേൽമീശ വെക്കാൻപോലും പാടില്ലായിരുന്നു. ബാഹ്യശക്തികളെ ആശ്രയിച്ചു് ഉപജാപവും ചാരവൃത്തിയും കൊണ്ടു രാജസ്ഥാനത്തിന്റെ ശക്തിയെ ഉലയ്ക്കുന്നതിനുള്ള ശ്രമങ്ങളും നാട്ടിൽ നടക്കുന്നില്ലയോ എന്നു രാജ്യരക്ഷാതൽപരനായ ഒരു നാടുവാഴിക്കു ശങ്കിക്കുവാൻ ധാരാളം അവകാശമുണ്ടായിരുന്നു. ചിലരുടെ അഭിപ്രായത്തിൽ സാധാരണജീവിതത്തിലെ സംഭവങ്ങളെ ചർച്ച ചെയ്യുന്നതിൽനിന്നു ഭിന്നമായ ഒരു രീതിയേയാണു രാജാക്കന്മാരുടേയും ഗവർമ്മേണ്ടുകളുടേയും സ്ഥാനപതികളുടേയും പ്രവൃത്തികളെ ചർച്ച ചെയ്യുന്നതിൽ ആശ്രയിക്കേണ്ടതു്."(1)

വ

ദേവരേശക്കിണി.

'പ്രജാവാദ'ത്തിന്റെ തട്ടുകഠം, എന്ത്രമുഴിഞ്ഞാലിന്റെ പെട്ടികളെപ്പോലെ, ഉയന്നും താന്നും അങ്ങനെ നില്ക്കാതെ ഇളകിക്കൊണ്ടിരുന്ന കാലത്താണു്, അതിദാരുണവും അത്യന്തം അപലപനീയവുമായ 'കിണിയുടെ തല കണി' എന്ന അത്യാഹിതം വന്നുചേന്നതു്. മിസ്റ്റർ കെ. പി. പത്മനാഭമേനോൻ ആ സംഭവത്തെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നതു് ഇപ്രകാരമാകുന്നു.

"966-ൽ തൃപ്പൂണിത്തുറവെച്ചു നടന്ന തിരുമാസഅടിയന്തരത്തിനു് ആവശ്യമുള്ള പഞ്ചസാര(2) മുഴുവനും കൊടുത്തയപ്പാനായി തിരുമല

---

(1) അഡ്വോക്കേററ് എൻ. ദേവരേശക്കമ്മത്തു് ബി. എ. ബി. എൽ. അവർകഠ 'ശക്തൻതമ്പുരാനും കൊങ്ങിണികളും' എന്ന തലക്കെട്ടിൽ 'നവജീവ'നിൽ എഴുതീട്ടുള്ള ഒരു ലേഖനത്തിലെ ഏതാനും ഭാഗമാണു മേൽ ഉദ്ധരിച്ച ഖണ്ഡിക. അതിനെ ഞാൻ കൃതജ്ഞതാപൂർവ്വം അംഗീകരിക്കയും ഈ അദ്ധ്യായത്തിൽ, എന്നുവേണ്ടാ ഈ ഗ്രന്ഥത്തിൽ, എവിടെയെങ്കിലുംതന്നെ, ആക്കെങ്കിലും അസുഖമോ അതൃപ്തിയോ തോന്നാവുന്ന ഘട്ടങ്ങളുണ്ടെങ്കിൽ, അവയെ ഈ ഉദ്ധാരണത്തിന്റെ വെളിച്ചത്തിൽ നോക്കിക്കണ്ടാൽകൊള്ളാമെന്നു് അപേക്ഷിക്കുകയും ചെയ്യുന്നു.

(2) മി. പത്മനാഭമേനോൻ പിന്നീടെഴുതിയ 'History of Kerala, എന്ന പുസ്തകത്തിൽ ശക്തൻതമ്പുരാൻ ആവശ്യപ്പെട്ടതു ശക്കരയാണെന്നു തിരുത്തിക്കാണിച്ചിട്ടുണ്ടു്.

ദേവസ്വം അധികാരികളോടു തമ്പുരാൻ കല്പിച്ചു. അവർ ആ കല്പന പ്രകാരം നടക്കാഞ്ഞതിനാൽ തിരുവുള്ളക്കേടായിട്ടു് അവരെ ശിക്ഷിപ്പാൻ കല്പനയായി. 966 കന്നി ആദ്യത്തിൽ പണിക്കരുകപ്പിത്താനും ചട്ടക്കാരായ രണ്ടു പട്ടാളഉദ്യോഗസ്ഥന്മാരുംകൂടി ദേവസ്വം അധികാരികളിൽ ഒരുവനായ ദേവരേശക്കിണി എന്ന ആളുടെ പീടികയിൽ ഒരു ദിവസം കാലത്തുചെന്നു പട്ടുതരങ്ങൾ ആവശ്യപ്പെട്ടു. അയാൾ പലതരത്തിലുള്ള പട്ടുതരങ്ങൾ എടുത്തു കാണിച്ചുകൊണ്ടിരിക്കുമ്പോൾ പണിക്കരുകപ്പിത്താൻ അയാളുടെ തല വെട്ടിയെടുത്തു പട്ടിൽപൊതിഞ്ഞു തൃപ്പുണിത്തുറയ്ക്കു കൊണ്ടുപോയി തമ്പുരാനു തിരുമുല്ക്കാഴ്ചവെച്ചു! ദേവരേശക്കിണിയെ കൊന്ന ഉടനെ തമ്പുരാന്റെ പട്ടാളക്കാർ കൊങ്ങിണികളുടെ പീടികകളിലും വീടുകളിലും ദേവസ്വത്തിലും മററും കയറി കൊള്ളയിട്ടു വളരെ ദ്രവ്യം അപഹരിച്ചെടുത്തു."

"ഈ സംഭവത്തെക്കുറിച്ചു കൊല്ലം 970 മേടമാസം 2-ാംനു- സാരസ്വതർ അവരുടെ അന്നത്തെ ഗുരുവായിരുന്ന സുമേന്ദ്രതീൎത്ഥസ്വാമി തൃപ്പാദങ്ങളിൽ ഒരു വരിയോല സമൎപ്പിച്ചു. അതിപ്പോൾ തുറവൂർ ക്ഷേത്രത്തിലുണ്ടു്. അതിൽ കുറെ കൂടുതൽ വിവരങ്ങൾ ചേൎത്തുകാണുന്നു.

"......വലിയ സൎവ്വാധികാരു ആളെ അയച്ചു അധികാരികളെ കൊവിലകത്തു കൊണ്ടുചെന്നു തിരുമാസംവകയ്ക്കു ആറു തുലാം ശക്കര മഹാജനങ്ങളോടു വരിയിട്ടു പിരിപ്പിച്ചു കൊടുക്കണമെന്നും കൊട്ടയിലെ വാലിഭക്കാരരെ കാവൽപുരയും കെട്ടിക്കൊടുത്തു പാൎപ്പിച്ചിരിക്കുന്നതു മാററണമെന്നും കല്പന വന്നിരിക്കുന്ന പ്രകാരവും പറകകൊണ്ടു ഇതിൻ കീഴിൽ മഹാജനങ്ങളോടു വരിയിട്ടു ശക്കര കൊടുത്തിട്ടില്ലെന്നും അറിയിച്ചതിന്റെ ശെഷം......ഉടൻതന്നെ കല്പിച്ചു ശിപായികൾ ക്ഷെത്രത്തിൽ മതിൽക്കകത്തുവന്നു ശക്കര വരി കൊടുക്കണമെന്നും വെച്ചു അധികാരികളെയും മണിയാക്കാരന്മാരെയും മുട്ടുമറിപ്പായിട്ടു വരച്ചിരുത്തി, ശെഷം ഉള്ളതിൽ ചിലരെ കൊപലാത്തും കൂട്ടിക്കൊണ്ടുപൊകുന്നതു കണ്ടു ഭയപ്പെട്ടു......അതിൽപിന്നെ 967-ാമാണ്ടു കന്നിമാസം 29-ാംനു- ഉച്ചയാകുമ്പൊൾ മട്ടാഞ്ചെരിയിൽ കുമ്പഞ്ഞിയുടെ കാവലിന്നകത്തു മൂടൽ ഇട്ടവള്ളത്തിൽ തമ്പുരാന്റെ വക പരിശക്കാര നായന്മാര വന്നിരുന്നു ദെവരെശക്കിണിയന്റെ പണ്ടകശാലയിൽ കടന്നു ദെവരെശക്കിണിയനെയും അയാളുടെ മകൻ കൃഷ്ണനെയും, മണഷശ്ശെണായിയെയും, റവുളമല്ലനെയും, അനന്തനെയും, പ്രക്കാട്ടു രംഗപ്പ നാഗെന്ദ്രനെയും ഇങ്ങനെ എഴുപെരെയും വെട്ടിക്കൊന്നു. അന്നേരം കൂടെ ഉള്ളതിൽ

ശിഷ്യരെപ്പെക്കും, ശൂക്കടരെപ്പെക്കും, തിമ്മനെയും, പ്രക്കാട്ട മത്ത്യനെയും മുറിവ ഏററ പണ്ടകശാലക്കകത്തുള്ള മടിശ്ശീല പെട്ടകവും ആഭരണങ്ങളും ഉടൻതന്നെ വള്ളത്തിൽ കയററി കൊണ്ടുപൊകയും ചെയ്തു. ഉടൻതന്നെ തമ്പുരാൻെറ ആളുകളും കമ്പഞ്ഞി ആളുകളും തമ്മിൽ നെത്തു വെടികൾവെച്ച കലശൽ ഉണ്ടായ ഭയംകൊണ്ടു ജനങ്ങൾ എല്ലാവരും അമളിച്ചു. പിറെറദിവസം......കാവൽ പാൎപ്പിച്ച ആളുകളെ പിടിച്ചുകെട്ടി മതില്കകത്തുള്ള സൎവ്വസ്വവും എടുപ്പിച്ചുംകൊണ്ടു തമ്പുരാൻെറ ആളുകൾ കൊണ്ടുപൊയപ്രകാരം പറഞ്ഞുകെട്ടു......" *

സാരസ്വതമഹാജനങ്ങൾ ഒന്നുചേൎന്നു കൊല്ലം 1026-ൽ തിരുവിതാംകൂർ ദിവാനു് അയച്ചതും, പറവൂർ ജില്ലാക്കോടതിയിൽ 1063-ൽ അസ്സൽ 121-ാംനമ്പ്രു് കേസ്സിൽ 191-ാംനമ്പ്രായി ഫയലാക്കിട്ടുള്ളതും ആയ ഒരു ഹർജിയിൽ പ്രസ്തുതസംഭവത്തെക്കുറിച്ചു് ഒരു വിവരണമുണ്ടു്. അതിൽനിന്നു് അക്കാൎയ്യത്തിൽ ലന്തക്കുമ്പഞ്ഞിയുടെ മനോഭാവം എന്തായിരുന്നു എന്നുംകൂടി വിശദമാകുന്നതാണു്.

"......കമ്പനി കാവലും ഇട്ടു നടന്നുവന്നത 967-ാമതിൽ പെരുമ്പടപ്പിൽതമ്പുരാൻ ആ മാസഅടിയന്തിരത്തിന്ന പെരുവഴി വരിയിട്ട ശക്കുതരണമെന്ന കല്പിക്കയും വരികുറി കൂടാതെ മുൻകല്പനതന്നു രക്ഷിച്ചുവന്നതിൻവണ്ണം അല്ലാതെ വരി കൊടുക്കുന്നതു സങ്കടം എന്നും, ദെവരെശക്കിണി ഒരുത്തൻതന്നെ കൊടുക്കാമെന്നും, അറിയിക്കയുംചെയ്ത നീരസംനിമിത്തം, ആളയച്ച കാവലിന്നു കാത്തുവന്ന ദെവരെശക്കിണിക്കും പുറക്കാട്ടുനിന്നും കച്ചവടത്തിന്നുചെന്ന നാഗെന്ദ്രപ്പെക്കും മുതൽപെക്കും അപായവും, അതല്ലാതെ ചിലൎക്ക അംഗഹീനവും വരുത്തിയതല്ലാതയും, ക്ഷെത്രം മുതലായതിൽ ഒള്ള മുതലിനെയും കൊള്ളക്ക വരുംപ്രകാരം അറിഞ്ഞപ്പൊൾ വിഗ്രഹവും കൈസ്വാധീനത്തിലുള്ള മുതലും എടുത്തുകൊണ്ടു കൊട്ടയിൽചെന്ന എതിലെരെ കണ്ടു പറഞ്ഞാറെ കെട്ടു തീൎത്തു തരാമെന്നും പറഞ്ഞു. കൊട്ടയ്ക്കു വെളിയിൽ രണ്ടുമൂന്നു ദിവസം പാൎത്താറെ, പെരുമ്പടപ്പിൽ ഉദ്യൊഗസ്ഥന്മാരും എതിലെരുമായിട്ട ചെൎന്ന ദെവസ്വക്കാരെയും വിഗ്രഹവും മുതൽകാൎയ്യങ്ങളും കമ്പനിസ്ഥലത്തുനിന്നും എറക്കികൊടുക്കാനും വിചാരക്കാറരചെന്ന തമ്പുരാനെ കണ്ടു പാൎക്കത്തക്കവണ്ണവും എതിലെര ഉത്തരവു

* മിസ്റ്റർ എൻ. ദേവരേശകമ്മത്തു. നവജീവനിലെഴുതിയിരിക്കുന്ന മുൻപ്രസ്താവിച്ച ലേഖനത്തിൽനിന്നു്.

കൊടുക്കുമെന്ന ശ്രദ്ധമായിട്ടു കേട്ടു. അവരുടെ പക്കലുള്ള മുതലും വിട്ടു, നില ഇല്ലന്നും വെച്ചു, വിഗ്രഹവും എടുത്തുകൊണ്ടു തൊറവൂർ വന്നു പാൎത്തു............ പെരുമ്പടപ്പുതമ്പുരാൻ തിരുവനന്തപുരത്തു എഴുന്നള്ളി കൊച്ചിയിൽനിന്നും വിഗ്രഹവും കൊണ്ടുവന്നവരെ പെരുമ്പടപ്പുകാരരെ ഏല്പിക്കാൻ പടിഞ്ഞാറെമുഖത്തു സൎവ്വാധികാൎയ്യക്കാർ അങ്ങെത്തു നീട്ടു വാങ്ങിച്ചു......... പരിഭ്രമിച്ചു വിഗ്രഹങ്ങളുംകൊണ്ടു ആലപ്പുഴക്കു വന്നു ദിവാൻജിയെ ബൊധിപ്പിച്ചാറെ ദെവനെ ആലപ്പുഴെ തിരുമലദെവരുനടയിൽ വെച്ചു സൂക്ഷിപ്പാനും തല്ക്കാലത്തക്കു കഴിഞ്ഞു പാൎക്കുവാനും ഉത്തരവായി.... .....''*

ഇതാണു പ്രസിദ്ധമായ "പഞ്ചസാര-ശൎക്കരവഴക്കു്." ഏത്രയും മധുരമായ ഒരു പദാൎത്ഥത്തിന്റെപേരിൽ ഇത്രയും കയ്പേറിയ ഒരു കലഹം കൈവന്നതു വളരെ ശോചനീയംതന്നെ. വലിയ ജന്മികൾ ഇക്കാലത്തുംകൂടി അവരുടെ പ്രധാനപ്പെട്ട അടിയന്തിരങ്ങൾക്കു കുടിയാന്മാരോടു മുഴുവനും വരി പിരിക്കാറുണ്ടെന്നുള്ള സംഗതി ഈ അവസരത്തിൽ സ്മൎണീയമാകുന്നു.

൩

തിരുമലദേവസ്വം.

സാരസ്വതബ്രാഹ്മണർ തിരുവിതാംകൂറിലും കൊച്ചിയിലും കടലോരം സംബന്ധിച്ചു പല സ്ഥലങ്ങളിലും ഉണ്ടെങ്കിലും അവരുടെ പ്രധാനകേന്ദ്രം കൊച്ചിയും ആ സമുദായക്കാരുടെ പ്രഥമഗണനീയമായ ദേവാലയം കൊച്ചിയിലെ തിരുമലദേവന്റെ ക്ഷേത്രവും ആയിരുന്നു; ഇന്നും അപ്രകാരംതന്നെയത്രെ. ആ ക്ഷേത്രത്തിനുവേണ്ട സ്ഥലവും മററു സഹായങ്ങളും കൊച്ചിരാജാവു തീട്ടൂരങ്ങൾപ്രകാരം കൊടുത്തിരുന്നതിനെയാകുന്നു 838-ലെ വരിയോലയിൽ പ്രസ്താവിക്കുന്നതു്. ആ സമുദായത്തിന്റെ സമ്പൽസമൃദ്ധിക്കനുസരിച്ചു പ്രസ്തുതക്ഷേത്രത്തിലെ ധനാഭിവൃദ്ധിയും സമുൽക്കൎഷത്തെ പ്രാപിച്ചു. തിരുമലദേവസ്വത്തിലെ ബിംബത്തിനും, സാരസ്വതരുടെ വൎഗ്ഗചരിത്രത്തിനു് എന്നപോലെ, ഏത്രയും ക്ഷോഭജനകമായ ഒരു പൂൎവ്വചരിത്രമുണ്ടു്. പല ഉച്ചനീചത്വങ്ങളും ആ ബിംബത്തിനും അനുഭവി

---

* മിസ്റ്റർ എൻ. ദേവരേശക്കമ്മത്തിന്റെ മുകളിൽപ്പറഞ്ഞ ജീവൻലേഖനത്തിൽനിന്നു്.

ക്കേണ്ടിവന്നു. എന്നാൽ ഏതാപൽഘട്ടത്തിലും സാരസ്വതർ അവരുടെ ആ മനോഹരബിംബത്തെ വെച്ചൊഴിയാതെയും, വിട്ടുകൊടുക്കാതെയും അതിന്റെ രക്ഷയ്ക്കുവേണ്ടി അനവധിക്ലേശങ്ങൾ അനുഭവിച്ചിട്ടുള്ളതു് ഏററവും ഹൃദയാവർജകമായ ഒരു ചരിത്രമാകുന്നു.

1589-വരെ ഗൗഡസാരസ്വതരുടെ ആ ക്ഷേത്രത്തിലെ ബിംബം അവർ ഇദംപ്രഥമമായി പ്രതിഷ്ഠിച്ച വിഗ്രഹംതന്നെയായിരുന്നു. ആ കൊല്ലത്തിൽ അവരുടെ കുംഭകോണസ്വാമികൾ കൊച്ചിക്കുവന്നു. അദ്ദേഹത്തിന്റെ കയ്യിൽ അതിമനോഹരമായതും, വിലയേറിയതും, മഹത്വംകൂടിയതും, അദ്ദേഹം നിത്യപൂജയ്ക്കുപയോഗിക്കുന്നതും ആയ ഒരു സുന്ദരവിഗ്രഹമുണ്ടായിരുന്നു. സ്വാമികൾ കൊച്ചിയിൽ താമസിച്ചകാലത്തു ക്ഷേത്രസന്നിധിയിൽ ആ ബിംബത്തെക്കൂടി വെച്ചു പൂജിച്ചിരുന്നുവെന്നും; താമസം മതിയാക്കി യാത്രപുറപ്പെട്ട അവസരത്തിൽ ആ ബിംബം എടുക്കുവാൻ ശ്രമിച്ചപ്പോൾ സാധിച്ചില്ലെന്നും, സ്വാമി രോഗാധീനൻ ആയി എന്നും, ഒടുവിൽ 'വിചാരിച്ചുനോക്കി'യപ്പോൾ ആ ബിംബത്തിനു് അവിടം വിടുവാൻ തീരെ സമ്മതമില്ലെന്നു കണ്ടുവെന്നും, അതുകൊണ്ടു് ആ ബിംബത്തെ അവിടെത്തന്നെ പ്രതിഷ്ഠിക്കയും സ്വാമികൾ അതോടുകൂടി ക്ഷേത്രാധികാരികളിൽ പ്രധാനിയാകുകയും ചെയ്തു എന്നും, ഒരു ഐതിഹ്യമുണ്ടു്. 1719-ൽ, എങ്ങനെയാണെന്നു നല്ല നിശ്ചയമില്ല, ആ ബിംബത്തെ ആരോ പുഴക്കി എടുത്തു കടപ്പുറത്തേയ്ക്കു് എറിഞ്ഞുകളഞ്ഞുവത്രെ. ഒരുദിവസം അന്നത്തെ ഡച്ചുഗവർണർ കടപ്പുറത്തു കാററുകൊണ്ടു നടക്കുമ്പോൾ ആ ബിംബം കണ്ടെത്തുകയും, അതിന്റെ ഭംഗികണ്ടു് അതു കുട്ടികൾക്കു കളിക്കാനായി അദ്ദേഹം എടുത്തുകൊണ്ടുപോയി തന്റെ ബങ്കളാവിൽ എല്പിക്കുകയും ചെയ്തു. ആ ബിംബം അവിടെ ചെന്നമുതല്ക്കു സായിപ്പിനും കുട്ടികൾക്കും ഒരു സുഖവും ഉണ്ടായില്ലെന്നും, ഒടുവിൽ സംഗതികൾ ആരാഞ്ഞതിൽ ആ ബിംബത്തിന്റെ സാന്നിദ്ധ്യമാണു് ആലശീലകൾക്കെല്ലാം കാരണമെന്നു തെളിഞ്ഞു എന്നും, തിരിഞ്ഞുമറിഞ്ഞു് ആ ബിംബം വീണ്ടും തിരുമലക്ഷേത്രത്തിൽത്തന്നെ പ്രതിഷ്ഠിക്കപ്പെട്ടു എന്നും ആണു പറയപ്പെടുന്നതു്. ആ പ്രതിഷ്ഠയ്ക്കുശേഷമാണു ശക്തൻ തമ്പുരാന്റെമേൽ പ്രസ്താവിച്ച 'കൊള്ള'യുണ്ടായതു്.

ആ കൊള്ളക്കാലത്തു് അവർ ആ ബിംബത്തെ രക്ഷിക്കുന്നതിനു പാടുപെട്ടതും, ഡച്ചുകോട്ടയിൽ കയറിയിരുന്നതും, ഡച്ചുകാർ തങ്ങളെ

പെരുമ്പടപ്പുരാജാവിനു വിട്ടുകൊടുക്കാൻ പോകുന്നു എന്നു കേട്ടു പരിഭ്രമിച്ച് അവിടം വിട്ടതും, പലസ്ഥലത്തും തടഞ്ഞും തങ്ങിയും തുറവൂരു ചെന്നുചേൎന്നതും, വിട്ടുകൊടുക്കുവാൻ സൎവ്വാധികാൎയ്യക്കാർ കല്പിച്ചതും, ഗത്യന്തരമില്ലാതെ ആലപ്പുഴയിൽ എത്തിക്കൂടിയതും, അവിടെ ഒരു തല്ക്കാലസങ്കേതം ലഭിച്ചതും മററും മേൽകാണിച്ച സാരസ്വതരുടെതന്നെ രേഖകളിൽനിന്നു തെളിയുന്നുണ്ട്.

രാജാകേശവദാസദിവാൻെറ ആനുകൂല്യം വഴിക്കാണു സാരസ്വതൎക്ക് ആലപ്പുഴയിൽ സൈ്വരവും സമാധാനവും സിദ്ധിച്ചതു്. ആ പ്രസിദ്ധപ്പെട്ട മനോഹരവിഗ്രഹം ആലപ്പുഴയ്ക്കു ചെന്നതോടുകൂടി, അതുവരെ ഒരു കുഗ്രാമമായി കിടന്നിരുന്ന ആലപ്പുഴ വമ്പിച്ച കച്ചവടകേന്ദ്രമായും, വിമോഹനമായ ലക്ഷ്മീനിലയമായും രൂപാന്തരപ്പെട്ടു എന്നും, കൊച്ചി അതുപോലെതന്നെ അധോഗതിയെ പ്രാപിച്ചു എന്നും പറയപ്പെടുന്നു.

കാലത്തിനു നികത്തുവാൻ വയ്യാത്ത പുണ്ണില്ലല്ലൊ. യഥാകാലം കൊച്ചിയിൽ എല്ലാം സമാധാനമാകുകയും, പൂൎവ്വമൈത്രി സംസ്ഥാപിതമാകുകയുംചെയ്തു. 'ആലപ്പുഴബിംബ'ത്തെ കൊച്ചിക്കുതന്നെ തിരിച്ചുകൊണ്ടുവരുന്നതിനു് അന്നത്തെ കൊച്ചി ഗവൎമ്മേണ്ടു മാത്രമല്ലാ സാരസ്വതസമുദായക്കാരും ആഗ്രഹിച്ചു. ആലപ്പുഴയുടെ സമ്പൽസമൃദ്ധിക്കു നിദാനമെന്നു നിനയ്ക്കപ്പെട്ടുപോന്ന ആ ബിംബത്തെ തിരിച്ചയയ്ക്കുന്നതിനു തിരുവിതാംകൂർകാർ വിമുഖന്മാരായതിൽ അത്ഭുതമില്ല.

പരസ്പരമുള്ള മത്സരവും ചില്ലറയുദ്ധങ്ങളും തന്നിമിത്തം കുറച്ചധികംകാലം നിലനിന്നുപോന്നു. കൊച്ചിക്കാരായ ചില സാരസ്വതരുടെ ബുദ്ധിചാതുൎയ്യത്താലും നയോപായങ്ങളാലും ഒരു കപടബിംബത്തെ ആലപ്പുഴയിൽവെച്ച്, ആദ്യത്തെ ബിംബത്തെ കൊച്ചിക്കു കടത്തിക്കൊണ്ടുപോന്നു! ഉടനെ 'ബിംബമോഷണം' പ്രമാദപ്പെട്ട ഒരു കേസ്സായിത്തീൎന്നു. 1857വരെ അക്കാൎയ്യം തീൎച്ചപ്പെടാതെ നിലനിന്നു. അക്കൊല്ലത്തിൽ ബ്രിട്ടീഷിൻെറ മദ്ധ്യസ്ഥതയിൽ കേസ്സവസാനിക്കുകയും, കൊച്ചിക്കുണ്ടായ പുനഃപ്രവേശം സാധൂകരിക്കപ്പെടുകയും ചെയ്തു. ആദ്യം ആലപ്പുഴയ്ക്കു കൊണ്ടുപോയതുതന്നെ, കൊച്ചിരാജാവിനെ പററിക്കാൻവേണ്ടി, ഒരു കപടബിംബമാണെന്നും, ശരിയായുള്ളതു് അന്നും ഇന്നും കൊച്ചിയിലുണ്ടെന്നും, ആലപ്പുഴയിൽനിന്നു തിരിച്ചുകൊണ്ടുപോ

ന്നതു് അങ്ങോട്ടു പകരംകൊണ്ടുപോയ കപടബിംബമാണെന്നും മററും ആ ബിംബത്തിന്റെ നിജസ്ഥിതിയെക്കുറിച്ചും കൂടി ആ മദ്ധ്യസ്ഥകാര്യത്തിൽ രസാവഹങ്ങളായ പല വാദങ്ങളും ഉണ്ടായിരുന്നതായി കാണുന്നുണ്ടു്. പരമാത്ഥം എങ്ങനെ ഇരുന്നാലും കുംഭകോണസ്വാമികളുടെ അന്നത്തെ ആ വിശിഷ്ടവിഗ്രഹം തന്നെയാണു കൊച്ചിയിലെ തിരുമലദേവന്റെ ഇന്നത്തെ ബിംബമെന്നാണു വിശ്വസിക്കപ്പെടുന്നതു്.

൪

ഇംഗ്ലീഷുകാക്കശേഷം.

'സാരസ്വതസമരം' അവസാനിച്ചു എന്നും, ഡച്ചുകാരുടെ നിഷ്കാസനത്തോടുകൂടി അതൊരു വാദവിഷയമല്ലാതായിത്തീന്നു എന്നും, സമാധാനപ്പെട്ടിരിക്കുമ്പോഴാണു പുതിയതായി എത്തിച്ചേന്ന ഭരണാധികാരികളായ ഇംഗ്ലീഷുകമ്പനിക്കാരും ആ പഴയകുഴി ഒന്നു തുച്ചിയെടുപ്പാൻ ശ്രമിച്ചതു്. ഇംഗ്ലീഷുകാരും ശക്തൻതമ്പുരാനും തമ്മിൽ 965_ൽ ഉണ്ടായ ഉടമ്പടി, അതിലേയ്ക്കു നിയോഗിക്കപ്പെട്ട ഇംഗ്ലീഷുപ്രതിനിധിയായ മിസ്റ്റർ പൗണിസായ്പിനെ തമ്പുരാൻ തെററിദ്ധരിപ്പിച്ചു്, സംഗതികൾ മുഴുവനും മസ്സിലാക്കാതെയും 'ഇരുചെവി അറിയുംമുമ്പും' ഉപായത്തിൽ സമ്പാദിച്ചതാണെന്നുള്ള ഒരു ആക്ഷേപം അധികദിവസം കഴിയുന്നതിനു മുമ്പുതന്നെ പുറപ്പെടുകയും, തമ്പുരാൻ ആ രേഖയുടെ നാലതിരുകൾക്കു് അകത്തുനിന്നുകൊണ്ടും, കമ്പനിക്കാർ അതിന്റെ നിയമസാധുതയെത്തന്നെ നിരാകരിച്ചുകൊണ്ടും, ഏറിയകാലം ഏററവും വലിയ വാദപ്രതിവാദങ്ങൾ നടത്തുകയും, തമ്പുരാന്റെ 'ദുവ്വാശി' കമ്പനിക്കാക്കു കടിച്ചാൽപൊട്ടാത്ത കൊട്ടടയ്ക്കയായിത്തീരുകയും മററും ചെയ്തു. ആവക സംഭവങ്ങളെക്കുറിച്ചു മററുപല അദ്ധ്യായങ്ങളിലും സൂചനകളും വിവരണങ്ങളും കാണാവുന്നതാണു്. ആ കൂട്ടത്തിൽ വീണ്ടും ഈ തീന്നുപോയ കൊങ്ങിണിക്കായ്യവും അവർ കുത്തിപ്പൊന്തിക്കാതിരുന്നില്ല. കൊച്ചിയിൽ കായ്യവിചാരം ചെയ്തിരുന്ന മിസ്റ്റർ ധമ്മൻസായ്പും ശക്തൻതമ്പുരാനുംതമ്മിൽ, കൊല്ലവഷം 978_ൽ നടന്നതും, താഴെ എടുത്തു ചേത്തിരിക്കുന്നതുമായ എഴുത്തുകുത്തുകളിൽ നിന്നു്, ഇംഗ്ലീഷുകാരും, ശക്തൻതമ്പുരാനുമായി, ഒന്നു് ഉരസിനോക്കി എന്നു ധാരാളം തെളിയുന്നതാണു്.

978 മീനത്തിൽ ധമ്മൻസായ്പു്, തമ്പുരാൻ തിരുമനസ്സിലേയ്ക്കു്, ഇ

ങ്ങനെ എഴുതിയിരിക്കുന്നു. "ഈ മാസം 7-ാംനു- അസ്തമിച്ചു ഏഴുമണി സമയത്തു നാറാണക്കമ്മെത്തി എന്നൊരു കൊങ്ങിണിയെ, ഒരു സംഗതി കൂടാതെ രാജാവു അവർകളുടെ ആളുകൾ പിടിച്ചുകൊണ്ടുപൊയ പ്രകാരം നാം കെട്ടു. മുമ്പെ 975-മത മീനമാസം 9-ാംനു- വെമ്പായെ ഗവർണർ ഡങ്കിനിസായ്പു അവർകൾ, രാജാവ അവർകൾക്കു എഴുതി അയച്ചിട്ടുള്ള കടലാസിൽ, അഞ്ചാമത്തെതിൽ, കൊങ്ങിണികളുടെ കാര്യംകൊണ്ടു എഴുതീട്ടുള്ള പ്രകാരത്തിനു മെൽ എഴുതീട്ടുള്ള നാറാണക്കമ്മെത്തിയെ, ഈ കത്തു കണ്ടാലപ്പൊഴെ, കൊച്ചികൊട്ടയ്ക്കു കൂട്ടി അയക്കയും വെണം. അവൻ എന്താനും കാരിയം പറവാനുണ്ടെങ്കിൽ ആ വൎത്തമാനം അറിഞ്ഞാൽ ഇവിടെവച്ചു വിസ്തരിച്ചു തീൎത്ത നിദാനം വരുത്തിക്കൊള്ളുകയും ആം. എന്നാൽ മെലെഴുതിയ നാറാണക്കമ്മെത്തിയെയും ഇക്കത്തിന്റെ മറുപടിയും, വരുന്ന മുദ്രശിപ്പായിയൊടുകൂടി അയക്കുകയും വെണം........"

സായ്പിന്റെ ഈ എഴുത്തിനു—അതിന്റെ സ്വരവും സ്വഭാവവും നോക്കുക—ശക്തൻതമ്പുരാൻ അയച്ച മറുപടി താഴെ ചേൎക്കുന്നു:—

"തങ്ങൾ കൊടുത്തയച്ച കടദാസ ഇവിടെ കൊണ്ടുവന്ന വായിച്ചുകെട്ടു അവസ്ഥയും ധരിച്ചു. നാറാണക്കമ്മെത്തിയുടെ കാര്യം കൊണ്ടല്ലൊ എഴുതിവന്ന കടദാസ്സിൽ ആകുന്നു. കൊങ്ങിണികളുടെ കാര്യംകൊണ്ടു വെമ്പായിൽ ഗൌണർ ഡങ്കൻ സാഹെബ് അവർകൾ ആയിട്ടു ഒന്നു എഴുതി പിടിക്കയും പറഞ്ഞവക്കയും ഉണ്ടായിട്ടില്ലാ. കൊങ്ങിണികൾ പ്രത്യെകം നമ്മുടെ കുടികൾ എത്രെ ആകുന്നു. അണ്ടികടവിൽ പാൎക്കുന്ന നാറാണക്കമ്മെത്തി എന്നവൻ നമ്മുടെ പുകയിലകുത്തുമതി നടക്കുന്നവനെയും അല്ലാതെ പലരെയും എറ്റങ്ങളായിട്ടു പലകൂട്ടവും ചെയ്തിരിക്കും. അപ്രകാരം അവരുടെ ആവലാതി ഉണ്ടാകകൊണ്ടു ആ കാൎയ്യംകൂടി കെട്ടു തീൎക്കെണ്ടതിന്നായിട്ടു എത്രെ നാറാണക്കമ്മെത്തി എന്നവനെ ആളയച്ചു കൂട്ടിച്ചുകൊണ്ടു വന്നിരിക്കുന്നതു. അതിനു വരുത്തെണ്ടുന്ന ആളുകളെയും വരുത്തികൂടി കെട്ടു നെരുപൊലെ തീൎത്തു വയ്ക്കയും ചെയ്യാം. തങ്ങൾ ശരീരസൌഖ്യത്തൊടും കൂടി സന്തൊഷമായിരിക്കുന്ന അവസരക്കും വൎത്തമാനത്തിനും എഴുതിവരികയും വെണം. കൊല്ലം 978-ാമാണ്ടു മീനമാസം 7-ാംനു- എഴുത്തു."

ഈ മറുപടി സായ്പിനെ ഒട്ടും തൃപ്തനാക്കിയില്ല. എന്നുമാത്രമല്ലാ അതിലെ വിനീതമെങ്കിലും ദൃഢമായ കരളുറപ്പ് ആ വെള്ളക്കാരന്റെ മുഖം ചുവപ്പിച്ചു. അദ്ദേഹം വീണ്ടും ഇങ്ങനെ എഴുതി.

"കൊച്ചികൊട്ടയിൽ കാൎയ്യവിചാരം മെസ്തര ധൎമ്മ സായ്പവർകൾ സലാം. നാറാണക്കമ്മത്തി എന്ന കൊങ്ങിണിയെ പിടിച്ചുകൊണ്ടു പൊയ കാൎയ്യത്തിന്നു മുമ്പിനാൽ രണ്ടുപ്രാവശ്യം കത്ത എഴുതികൊടുത്തയച്ചിട്ടും നാംതന്നെ പറഞ്ഞയച്ചിട്ടും ഇത്രനെരവും വിട്ട അയച്ചതും ഇല്ലല്ലൊ. മുമ്പിനാൽ രാജാവ അവർകളുടെ കാരണവരും രാജാവു അവർകളും ബഹുമാനപ്പെട്ട ലന്തകുമ്പഞ്ഞി ഗൌൎണ്ണതൊരൻമാരായിരുന്ന മുനസ്സും, ആങ്കൾ വെക്കും ആയിട്ട എഴുതി പിടിച്ചിട്ടുള്ള കടംപിടിയിൽ എഴുതീട്ടുള്ള കാൎയ്യങ്ങൾകൊണ്ട മുൻപു 75-ാ മത മീനമാസം 29-ാം നു വെമ്പായെ ഗൌണവര ഡകിനിസായ്പ അവർകൾ രാജാവ അവർകൾക്ക എഴുതി അയച്ചിട്ടുള്ള കടലാസ്സിൽ വെളുത്ത ജൂതൻമാരുടെയും മാക്കക്കാരുടെയും ബാണിയരുടെയും തട്ടാരുടെയും കൊങ്ങിണികളുടെയും കാൎയ്യംകൊണ്ടു എഴുതീട്ടുള്ള പ്രകാരംപൊലെ അല്ലാതെ ആ കല്പന മറന്ത ഇപ്പൊൾ ഒരു സംഗതികൂടാതെ പിടിച്ചുകൊണ്ടു പൊയിട്ടുള്ള നാറാണക്കമ്മത്തിയെ ഇങ്ങൊട്ടു അയക്കണമെന്നു കത്തുകൾ എഴുതികൊടുത്തയച്ചിട്ട അവനെ അയക്കാതെ ഇരുന്നതിന്റെ നിശ്ചയം ഇന്നതുകൊണ്ടെന്നു നാം അറിഞ്ഞതുമില്ല. അതുകൊണ്ടു മെൽ എഴുതിയിട്ടുള്ള പ്രകാരത്തിന്നു നാറാണക്കമ്മത്തിയെ ഇങ്ങൊട്ട അയക്കുമെങ്കിൽ ഇപ്പൊൾതന്നെ അയക്കുകയും, അയക്കയില്ലെങ്കിൽ അപ്രകാരത്തിന്നും ഇതിന്റെ മറുപടിവരുന്ന മുദ്രശിപ്പായിപക്കൽ തന്നെ എഴുതികൊടുക്കുകയും വെണം. മറുപടി വരുന്ന പ്രകാരംപൊലെ ഇക്കാൎയ്യം മെൽസംസ്ഥാനത്തെക്ക എഴുതി അറീക്കാമെന്നുവച്ചു താമസിച്ചിരിക്കകൊണ്ടു കട്ടും താമസിയാതെ നിശ്ചയിച്ച മറുപടി എഴുതിവരുമാറാകയും വെണം. എന്നാൽ രാജാവ അവർകൾ സുഖമായിരിക്കുന്ന അവസ്ഥക്കും വൎത്തമാനത്തിന്നും എഴുതിവരികയും ചെയ്യുമല്ലൊ. കൊല്ലം 978-ാമത മീനമാസം 14-ാം നു, കൊച്ചീകൊട്ടയിൽ നിന്നു എഴുതിയതു്."

രണ്ടാമത്തെ എഴുത്തു കയ്യിൽ കിട്ടുമ്പോൾ രാജാവു് അമ്പരന്നു് അഭയാൎത്ഥിയാകുമെന്നു സായ്പു വിചാരിച്ചിരുന്നിരിക്കണം. എന്നാൽ രാജാവിന്റെ പിന്നത്തെ മറുപടി നോക്കിയാൽ എത്ര അക്ഷോഭ്യതയോടും കാൎയ്യശീലത്തോടുംകൂടിയാണു ശക്തൻതമ്പുരാൻ അതിനെ സ്വീകരിച്ചതെന്നു കാണാം. അതിതാണു്:—

"തങ്ങൾ കൊടുത്തയച്ച കടലാസു് ഇവിടെ കൊണ്ടുവന്നു വായിച്ചുകെട്ട അവസ്ഥയും ധരിച്ചു. നാറാണക്കമ്മത്തി എന്നവന്റെ കാൎയ്യം

കൊണ്ട എല്ലൊ എഴുതിവന്ന കടദാസിൽ ആകുന്നു. കൊഞ്ഞിണികളു ടെയും മററുള്ളവരുടെയും കാൎയ്യംകൊണ്ടു വെമ്പായിൽ ബഹുമാനപെട്ട ഗൗണരു ഡങ്കൻ സാഹിബ അവർകളും നാമും ആയിട്ടു ഒന്നു എഴുതി പിടിക്കയും പറഞ്ഞ വട്ടയും ഉണ്ടായിട്ടും ഇല്ല. ലന്തകുമ്പഞ്ഞിയും ആ യിട്ടു കടംപിടി എഴുതിപിടിച്ചിരിക്കുന്ന അവസ്ഥകൊണ്ടകൂടെ തങ്ങളുടെ കടദാസിൽ എഴുതീട്ടുണ്ടല്ലൊ. ലന്തകുമ്പഞ്ഞിയും ആയിട്ടു ഒടംപിടി കഠം എഴുതിപിടിച്ചിരിക്കുന്നതിന്റെ ഒക്കെയും നമുക്കും സൂക്ഷം ഉണ്ട. അതിന്റെ അവസ്ഥ ഇനിയും തങ്ങഠം വഴിപൊലെ ശൊധനചെയ്യു മ്പൊഴും ലന്തകുമ്പഞ്ഞിനാളിൽ നടന്നുവന്നിരിക്കുന്ന അവസ്ഥയും തങ്ങഠം അവിടെ വിചാരിക്കുമ്പൊഴും തങ്ങഠംക്കു ബൊധിക്കയും ചെ യ്യും. ചെറിയാനന്ദപുരംപ്രവൃത്തിയിൽ അണ്ടിക്കടവുമുറിയിൽ ഇരിക്കു ന്ന നാറാണക്കമ്മെത്തി എന്നവൻ പലകുറ്റവും ഏറെകുറവ ചെയ്തിരി ക്കുന്നവനാകകൊണ്ട ആ കാൎയ്യത്തിന്നായിട്ടു എത്രെ അവനെ ഇവിടെ വരുത്തി പാൎപ്പിച്ചിരിക്കുന്നത. ഒരു കാൎയ്യത്തിനായിട്ടു ഒരുത്തനെ വരു ത്തിയാൽ ആ കാൎയ്യത്തിന്റെ തീർച്ച വന്നിട്ടുവെണം അവനെ അയ പ്പാൻ എന്നു തങ്ങഠംക്കു അറിയാമല്ലൊ. തങ്ങഠം ശരീരസൗഖ്യ ത്തൊടുംകൂടെ സന്തൊഷമായിരിക്കുന്ന അവസ്ഥക്കും വൎത്തമാനത്തി നും എഴുതിവരികയും വെണം. കൊല്ലം 978-ാമാണ്ട മീനമാസം 15-ാംനു എഴുത്ത."

ഈ "പ്രജാവാരം" ശക്തൻതമ്പുരാന്റെ കാലത്തൊന്നും പരമാവ സാനത്തിൽ എത്തിച്ചേൎന്നില്ല. വിഷയം തിരിച്ചും, സ്ഥലം തിരിച്ചും, കാലം തിരിച്ചും ഉള്ള തക്കങ്ങഠം ശക്തൻതമ്പുരാനും ഇംഗ്ലീഷധികാരിക ളും തമ്മിൽ ഇടയ്ക്കിടയ്ക്കെല്ലാം ഉണ്ടായിക്കൊണ്ടിരുന്നു. ആ വഴക്കിനു ഒരു പൂൎണ്ണവിരാമം വന്നതു 1814-ൽ മാത്രമാകുന്നു. "തമ്പുരാന്റെ കുടിപതി കളായ സാരസ്വതരുടെ മേലധികാരം അന്യന്മാൎക്കായതിൽവെച്ചു അ നേകവിധത്തിലുള്ള കുഴപ്പങ്ങഠംക്കു ഇടയായി. ഇതിന്റെ നിവൃത്തിക്കു 'ബ്രിട്ടീഷ്ഗവൎമ്മെണ്ടു ഇവരുടെമേലുള്ള അധികാരം തമ്പുരാനു കഴി ഞ്ഞുകൊടുക്കുന്നതു വിഹിതമായിരിക്കു'മെന്നു റസിഡണ്ടു ചെയ്ത ശുപാ ൎശ അനുസരിച്ചു, 1814-ൽ ആ അധികാരത്തെ സൎക്കാരിലേക്കു വിട്ടു കൊടുത്തു.

ശക്തൻതമ്പുരാന്റെ തിരുമനസ്സിലേയ്ക്കു 'തിരുമലദേവ'ന്റെ കാൎയ്യ ങ്ങളിൽ യഥാൎത്ഥമായുണ്ടായിരുന്ന മനോഭാവം അവിടുന്നു ഡച്ചുകുമ

ദേവക്ക് അയച്ചതും, താഴെ ചേക്കുന്നതുമായ തിരുവെഴുത്തിൽനിന്നു മന സ്സിലാക്കാവുന്നതാണ്.

"നമ്മുടെ കുമുദവക്ക എന്നാൽ. തിരുമലതെവരുടെ മുക്കാൽവട്ടത്തെ വക ഏതാനും ദ്രവ്യം "ചക്രസ്ഥലി"യുടെ പാററിൽ ഇരിക്കുന്നതു്, മുക്കാൽവട്ടത്തുകൊണ്ടുവന്നു വെച്ച, അവിടത്തെ പൂജ അടിയന്തിരം ആദിയായിട്ടുള്ളതൊക്കയും, വെണ്ടുംപ്രകാരം കഴിപ്പിക്കായ്ക്ക കൊണ്ടു, ഇപ്പൊൾ എല്ലാററിനും തെവരുടെ കൊപം ആയിട്ട വന്നിരിക്കുന്നു. പ്രശ്നക്കാരെ വരുത്തി വിചാരിച്ചതിന്റെ ശെഷവും ഈ മുതലുകൾ മുക്കാൽവട്ടത്തുതന്നെ കൊണ്ടുവന്നു വപ്പിച്ച, അവിടക്കു വെണ്ടുംപ്രകാരം നിദാനം വരുത്തായ്കകൊണ്ട എത്രെ തെവരുടെ കൊപം ആകുന്നു എന്നും, ആയതൊക്കയും അവിടത്തന്നെ കൊണ്ടുചെന്നു വെച്ചാൽ, എല്ലാം വെണ്ടുംപ്രകാരം ആയിരിക്കുമെന്നും, അത്രെ പ്രശ്നത്തിലും തിരിഞ്ഞിരിക്കുന്നത. ഇപ്പൊൾ നമ്മുടെ ഉണ്ണിയുടെ ചൊറൂണ അടിയന്തിരത്തിന്നു ദിവസം സമീപിച്ചിരിക്കകൊണ്ടും, ആയത നമുക്കു എത്രയും വളരെ സന്തൊഷമായിട്ടുള്ള കാൎയ്യമാകകൊണ്ടും, ഉണ്ണിയുടെ ചൊറൂണ അടിയന്തരത്തിന്നു മുമ്പിൽതന്നെ, ആ മുതലുകൾ കക്കെയും മുക്കാൽവട്ടത്ത കൊണ്ടുവന്നു വെപ്പിച്ച, അവിടെ വെണ്ടതിന്റെ കക്കയും നിദാനം വരുത്തണമെന്നത്രെ നിശ്ചയിച്ചിരിക്കുന്നതു. നമ്മുടെ കുമുദവരും നാമുമായിട്ടു ഏററിയ അന്യൊന്യവിശ്വാസത്തൊടുകൂടി കഴിഞ്ഞുവരികകൊണ്ടും, നമ്മുടെ സ്വശ്രൂപത്തിങ്കലക്ക പുഷ്ടിവരുന്നതിന്നു, കക്കയും നമ്മുടെ കുമുദവര എല്ലായ്പ്പൊഴും വെണ്ടുംപ്രകാരം വിചാരിച്ചവരികകൊണ്ടും, അടിയന്തിരത്തിന്നു മുമ്പിൽതന്നെ തിരുമലത്തെവരുടെ മുതലുകൾ ചക്രസ്ഥലിയിൽ വെച്ചിരിക്കുന്നത നമ്മുടെ പാലിയത്തുമെന്നെ ഏല്പിച്ചുകൊള്ളണമെന്നു നാം നിശ്ചയിക്കുന്നു..."

ഈ എഴുത്തിൽനിന്നു് അവിടേയ്ക്കു സ്വശ്രൂപശ്രേയസ്സിലുണ്ടായിരുന്ന ശ്രദ്ധ, പ്രശ്നമാൎഗ്ഗത്തിലുണ്ടായിരുന്ന വിശ്വാസം, ഈശ്വരകോപത്തിലുള്ള ഭയം, അധൎമ്മഭീരുത്വം, മുതലായ പല സ്വഭാവവിശേഷങ്ങളും കാണാവുന്നതാണ്. "തിരുമലദേവന്റെ മുതലൊക്കെ കൊച്ചിശക്തൻതമ്പുരാൻ കൊള്ളചെയ്തുകൊണ്ടുപോയി" എന്ന അപവാദത്തിന്റെ യഥാൎത്ഥ സ്വഭാവത്തെയും ഈ രേഖ തെളിയിക്കുന്നു !!

കൊച്ചിമഹാരാജാവിൻെറ പ്രജാസഞ്ചയങ്ങളിൽ സാരസ്വതർ ഇന്നും ഒരു പ്രധാനസ്ഥാനത്തെത്തന്നെ അർഹിക്കുന്നുണ്ടെന്നു് ആരംഭത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവരുടെ പ്രസിദ്ധപ്പെട്ട 'തിരുമല ദേവസ്വം' ഇന്നു നടന്നുവരുന്നതു കൊച്ചിസക്കാരിൻെറ ഭരണത്തിലാണു്. അതു് ആ ജനവിഭാഗത്തിൻെറ ആശയും ആഗ്രഹവും അനുസരിച്ചും, കൂടുതൽ അഭിവൃദ്ധിയെ ഉദ്ദേശിച്ചുമാണു്. തൃപ്പൂണിത്തുറയിലുള്ള 'ശ്രീരാമദേവസ്വം" ഭൂരിപക്ഷാഭിപ്രായപ്രകാരം 1115-ാമാണ്ടിൽ ദേവസ്വംവകുപ്പിൽനിന്നു് ഏറെറടുത്തിരിക്കുന്നു. വിഖ്യാതമായ തിരുമല ദേവസ്വം ഹൈസ്ക്കൂറം സക്കാർഭരണത്തിൽ പരിപുഷ്ടിയെ പ്രാപിച്ചുവരുന്നു. തിരുമലദേവൻെറ "അനന്തവ്രത"ത്തിനു കൊച്ചിമഹാരാജാവു പ്രത്യേകം "ചിലവിനു കൊടുത്തു"വരുന്നു. വ്രതത്തിനു് അവർ തിരുമുല്ക്കാഴ്ചചെയ്തു് അനുജ്ഞ വാങ്ങുന്നു. വ്രതാനന്തരം "പ്രസാദം"സമപ്പണം ചെയ്തു തൃപ്തരാകുന്നു. കൊച്ചിയിലും എറണാകുളത്തും "കമ്പാളക്കാരിൽ" വിദഗ്ദ്ധന്മാരും വിശ്രുതന്മാരും സാരസ്വതരാകുന്നു. അവക്കിപ്പോറം അല്പവും "അന്യർ" എന്നുള്ള ഭാവമില്ല. അവർ കൊച്ചിയിലെ "സ്വന്തംപ്രജകളു"മാകുന്നു.

XXXIII

ജൂതന്മാർ

എ

പൂർവ്വചരിത്രം

ലോകത്തിലെങ്ങും, എന്നുതന്നെപറയാം, സ്വൈരവാസത്തിനു സൗകര്യം ലഭിക്കാതെ, അതിവസമത്ഥരും ധനാഢ്യരും ആണെങ്കിലും, അലഞ്ഞുനടന്നിരുന്ന ജൂതന്മാക്കു് ആദ്യംമുതല്ക്കുതന്നെ, കൊച്ചി, സവ്വമംഗളപ്രദമായ ഒരു അഭയസ്ഥാനമായിരുന്നു. ജാതിമതഭേദമോ, വണ്ണവ്യത്യാസമോ ഒന്നുംകൂടാതെ ഏതു വഗ്ഗക്കാരേയും രണ്ടു കയ്യും നീട്ടി സ്വീകരിക്കുകയും സസ്നേഹം മാറോടുചേത്തു് ആശ്ലേഷിക്കുകയും ചെയ്തിട്ടുള്ള പാവനചരിതയായ ഒരു സാദ്ധ്വിയാകുന്നു നമ്മുടെ കൊച്ചിമാതാവു്. ഇന്നും കൊച്ചി, ജൂതന്മാരുടെ അധിവാസംകൊണ്ടു പ്രത്യേകത സമ്പാദിച്ചിട്ടുള്ള ഒരു ഭൂവിഭാഗമാകുന്നു. തനിക്കൊച്ചിക്കാർ എന്ന നിലയ്ക്കു



കൊച്ചിയിലെ തിരുമല ദേവസ്വം മഹാക്ഷേത്രം

തന്നെ ജൂതന്മാർ ഇതരന്മാരോടൊപ്പം സർവ്വസ്വാതന്ത്ര്യത്തോടുകൂടി സൈപരജീവിതം അനുഭവിച്ചുപോരുന്നു. നിയമനിർമ്മാണസഭയിൽ അവക്കൊരു പ്രത്യേകപ്രതിനിധിയുണ്ട്. വിദ്യാഭ്യാസത്തിനും, ഉദ്യോഗലാഭത്തിനും അവക്കു പല ആനുകൂല്യങ്ങളുമുണ്ട്. "ഭാസ്കരരവിവർമ്മ"ന്റെ പ്രസിദ്ധപ്പെട്ട 'ചെമ്പുപട്ടയം' ജൂതന്മാക്കു നൽകപ്പെട്ടിട്ടുള്ളതാകുന്നു.

പോർത്തുഗീസ്സുകാർ കൊച്ചിക്കു വന്നതിന് എത്രയോ മുമ്പുതന്നെ ജൂതന്മാർ കൊച്ചിരാജ്യനിവാസികളും കൊച്ചിരാജാവിന്റെ സ്വന്തം പ്രജകളും ആയിരുന്നു. അക്കാലത്തൊന്നും അവക്കു രാഷ്ട്രീയങ്ങളായ യാതൊരുവക മനഃക്ലേശങ്ങൾക്കും കാരണമുണ്ടായിട്ടില്ല. എന്നുമാത്രമല്ല, അന്നത്തെ കൊച്ചിയിലെ രാജസദസ്സിൽപോലും അവക്കു സർവ്വമാന്യമായ സ്ഥാനവും ഉണ്ടായിരുന്നു. എന്നാൽ, പാശ്ചാത്യന്മാരും ക്രിസ്ത്യാനികളുമായ പോർത്തുഗീസ്സുകാരുടെ ആധിപത്യത്തിനും അധികാരത്തിനും കൊച്ചിയിൽ ശക്തിയും പരപ്പും വർദ്ധിച്ചതോടുകൂടി, ക്രിസ്തുഘാതകർ എന്നുള്ള അനാദരംകൊണ്ടോ, വർത്തകപ്രമാണികൾ എന്നുള്ള അസൂയകൊണ്ടോ, തങ്ങളുടെ കോട്ടയ്ക്കു ചുറ്റും പാക്കുന്നവർ എന്നുള്ള ഭയംകൊണ്ടോ, പോർത്തുഗീസ്സുകാർ ജൂതന്മാരെ തരം കിട്ടുമ്പോഴൊക്കെ പലവിധത്തിലും ഉപദ്രവിച്ചുംകൊണ്ടിരുന്നു. തന്നിമിത്തം കൊച്ചിയിൽ അവക്കുണ്ടായിരുന്ന വലിയസങ്കേതം ചിന്നിച്ചിതറി. മാള, എറണാകുളം, ചേന്നമംഗലം, പറവൂർ എന്നീ ദിക്കുകളിൽ അവർ പ്രവേശിച്ചതു് അക്കാലത്താണ്. എന്നാൽ പാങ്കികൾക്കു ശേഷം വന്ന ലന്തക്കാരും, അവരെ പിന്തുടൎന്നു വന്ന ഇംഗ്ലീഷുകാരും ജൂതന്മാരോട് ഒരു വിശേഷാൽ ആദരവും അനുഭാവവും പ്രദശിപ്പിക്കുകയും, കാലക്രമേണ ജൂതന്മാർ അവരുടെ കൂറുകാരായിത്തീരുകയും, കൊച്ചിരാജാവിന്റെ പ്രജകളല്ലെന്നുകൂടി വാദിക്കുവാൻ ഇടവരികയും, കമ്പഞ്ഞിക്കാർ ജൂതന്മാക്കു് എറെക്കുറെ ചേൎന്നുനില്ക്കുകയും ചെയ്തു. കൊങ്കിണികൾ, മാക്കോർ ഇവരുടെ കാൎയ്യത്തിലും നിർഭാഗ്യവശാൽ മേൽപ്രകാരംതന്നെ സംഭവിച്ചു.

ഈ വീക്ഷണവ്യത്യാസത്തിൽനിന്നു് ഉത്ഭവിച്ചതും, എറെക്കാലം നിലനിന്നുപോന്നതുമായ മത്സരം ഇംഗ്ലീഷുകാരുടെ ആധിപത്യസ്ഥാപനത്തിനുശേഷവും, മാഞ്ഞുപോകാതെ തെളിഞ്ഞും വളൎന്നുംവന്നു. തന്നിമിത്തം ശക്തൻതമ്പുരാനും ഇംഗ്ലീഷ് അധികൃതന്മാരും തമ്മിൽ, ജൂതന്മാരുടെ നിലയെസംബന്ധിച്ചു്, വളരെ എഴുത്തുകുത്തുകൾക്കു് ഇടയായി.

അടിസ്ഥാനരഹിതമായ അവിശ്വാസത്തിനും അനാവശ്യമായ മന ശ്ശല്യത്തിനും ആ വാദപ്രതിവാദം സംഗതിയാക്കിത്തീൎത്തു. അവ സാനത്തിൽ എല്ലാം വേണ്ടതുപോലെയും ഭംഗിപോലെയും തന്നെ തീ ൎച്ചപ്പെട്ടു; എങ്കിലും, ആ ഇടക്കാലം അധികവും അസുഖമായിത്തന്നെ കഴിഞ്ഞു. അക്കാലത്തു, നടന്നതും താഴെ എടുത്തു ചേൎക്കുന്നതുമായ ക ത്തെടപാടുകളിൽനിന്നു് ആ വഴക്കിന്റെ വിപുലതയും വഴികളും വിശ ദമാകുന്നതുകൊണ്ടു് വേറെ ഒരു വിവരണത്തിനു് ഇപ്പോൾ വിചാരി ക്കുന്നില്ല.

ജൂതന്മാരിൽ ശുക്ലപക്ഷക്കാരും (വെളുത്ത ജൂതൻ) കൃഷ്ണപക്ഷക്കാ രും (കറുത്ത ജൂതൻ) ഉണ്ടു്. അതിൽ 'ശുദ്ധജൂതൻ' ആരാണെന്നു് അ വർതമ്മിൽ ഇന്നും തൎക്കവുമുണ്ടു്. ചെവിക്കടുക്കലെ കുടുമ്മ രണ്ടുകൂട്ടൎക്കു മുണ്ടു്. (കുടുമ്മയുള്ള മററു ജാതിക്കാരിലും പരിഷ്കാരികൾ 'നിഷ്കുടുമ്മ' ന്മാരായിട്ടുള്ളതുപോലെ, 'കുടുമ്മദ്രോഹികൾ' ജൂതന്മാരിലുമുണ്ടു്). ജൂത ന്മാർ മതാചാരാദികളിൽ വളരെ നിഷ്ണാതന്മാരാണു്. കൊച്ചിയിലെ ജൂതന്മാരുടെ ഇടയിൽ, ലോകം മുഴുവൻ കുപ്രസിദ്ധി നേടീട്ടുള്ള—അതു ഷേക്സ്പിയർ മഹാകവി വരുത്തിവെച്ച വിപത്താണു്—'ഷൈലോക്കി ന്റെ സ്വഭാവം തീരെ ഇല്ലെന്നുതന്നെ പറയാം. ഇപ്പോൾ 'ഷൈ ലോക്കി'നെ അന്യസമുദായങ്ങളിലാണു് അധികം കാണുന്നതു്!! ജൂത ന്മാരുടെ പള്ളിയും വേദപുസ്തകച്ചുരുളും ദേശസഞ്ചാരികളെ ഇന്നും കൊച്ചിക്കു് ആകൎഷിച്ചുകൊണ്ടിരിക്കുന്നു.

എഴുത്തുകുത്തുകളിലേയ്ക്കു പ്രവേശിക്കുന്നതിനു മുമ്പിൽ, ജൂതചരി ത്രം ചുരുക്കത്തിൽ ഒന്നു പറഞ്ഞുവെയ്ക്കുന്നതു സമുചിതമായിരിക്കുമെന്നു കരുതുന്നു. ക്രിസ്ത്വബ്ദം 70-ാമാണ്ടിലാണത്രെ അവർ ഇദംപ്രഥമമായി കേരളത്തിൽ കാലെടുത്തുകുത്തിയതു്. അതു കൊടുങ്ങല്ലൂരായിരുന്നു. 379-ാമാണ്ടിലാണത്രെ മുൻപ്രസ്താവിച്ച ചെമ്പുപട്ടയദാനം ഉണ്ടായ തു്. ഒരായിരം കൊല്ലത്തോളം അവർ കൊടുങ്ങല്ലൂർക്കാരായിരുന്നു. ക്രി സ്ത്യൻവഴക്കു്, മുഹമ്മദീയമത്സരം, സാമൂതിരിയുടെ ആക്രമണം എന്നീ കാരണങ്ങളാൽ അവർ കൊച്ചിക്കുവന്നു. കൊച്ചികോവിലകത്തിനുതൊ ട്ടു് അവൎക്കു ഒരു പള്ളിക്കുള്ള സ്ഥലവും, അവരുടെ നേതാവിനു 'മുതലി യാർ' എന്ന സ്ഥാനവും കൊച്ചിരാജാവു കല്പിച്ചുകൊടുത്തു. 1567-ൽ കൊച്ചിയിലെ ജൂതപ്പള്ളി പണിതു. 1664-ൽ പോൎത്തുഗീസ്സുകാർ ആ പള്ളിക്കു കൊള്ളിവെച്ചു് അതു നശിപ്പിച്ചു. ഡച്ചിന്റെ ആധിപത്യ

സ്ഥാപനത്തോടുകൂടി ആ പള്ളി പുതിയതായി പണിയിച്ചു. അതിലെ മണിമാളിക 1760-ൽ നിർമ്മിച്ചതാണ്. 1805-ൽ തിരുവിതാംകൂർ മഹാരാജാവു് അവരുടെ വേദപുസ്തകത്തിനു് ഒരു 'പൊന്നുറ' സമ്മാനിച്ചു. 1808-ൽ കേണൽ മൺട്രോ സായ്പു് ആ പള്ളിയിൽക്കാണുന്ന വെള്ളിവിളക്കു് അവൎക്കുകൊടുത്തു. പലവിധത്തിലുള്ള അവകാശങ്ങളും അധികാരങ്ങളും അവൎക്കു കൊച്ചിരാജാക്കന്മാർ തീട്ടൂരങ്ങൾപ്രകാരം കല്പിച്ചുകൊടുത്തിട്ടുണ്ടു്.

എത്രയും വാത്സല്യത്തോടുകൂടിയാണു കൊച്ചിരാജാക്കന്മാർ തുടക്കംമുതല്ക്കുതന്നെ ജൂതന്മാരോടു പെരുമാറിവന്നിട്ടുള്ളതു്. കൊച്ചിയിലെ കോവിലകവും—അതു തന്നെയാണു പഴയന്നൂർഭഗവതിയുടെ ക്ഷേത്രവും—ജൂതപ്പള്ളിയും തൊട്ടുടുത്ത സ്ഥലങ്ങളാണു്. ഇടയ്ക്കു് ഒരു മതിൽക്കെട്ടു മാത്രമെ ഉള്ളു. ഇതിൽനിന്നുതന്നെ അന്നത്തെ അസാമാന്യമായ അനുഭാവത്തെ അളക്കാവുന്നതാണു്. ആ സ്ഥിതിക്കു് അവർ ഒന്നു ചേരി മാറിക്കളിക്കാൻ തുനിഞ്ഞതു് കുറ്റം ശരിയായില്ലെന്നു പറയേണ്ടതില്ലല്ലൊ.

൨

ധർമ്മൻസായ്പും ശക്തൻതമ്പുരാനും.

മുൻസൂചിപ്പിച്ച എഴുത്തുകളും മറുപടികളും താഴെചേൎക്കുന്നു. മിസ്റ്റർ ധർമ്മൻ സായ്പു ശക്തൻതമ്പുരാനു് അയച്ച എഴുത്തു:—

"ശ്രീമതു സകലഗുണസമ്പന്നരാന, സകലധൎമ്മപ്രതിപാലകരാന, മിത്രജനമനൊരഞ്ജിതരാന, അഖണ്ഡിതലക്ഷ്മീപ്രസന്നരാന, രാജശ്രീ കൊച്ചിരാജാവു് അവർകൾക്കു് കൊച്ചികൊട്ടയിൽ കാൎയ്യവിചാരം മെസ്സൂർ ധൎമ്മൻസായ്പവർകൾ സലാം. ഇപ്പൊൾ രാജാവ അവർകളുടെ കല്പന ആകുന്നു എന്നു വെച്ചു കൊച്ചികാരിയക്കാര വെളുത്ത ഭാഗത്തിരിക്കും ചില ജൂതന്മാരെ പിടിച്ചുകൊണ്ടുചെന്ന പശുക്കളെ ആക്കുന്ന എടത്തിലും പുലിക്കൂട്ടിലും ആക്കി എതാനും ഉറപ്പിക പിഴ വാങ്ങീട്ടുള്ള പ്രകാരവും ഇപ്രകാരം പിഴ വാങ്ങുന്നതും ബുദ്ധിമുട്ടിക്കുന്നതും വളരെ സങ്കടമാകുന്നു എന്നും നമ്മുടെ മുമ്പാകെ ജൂതന്മാര കച്ചെരിയിൽ സങ്കടം എഴുതി ബൊധിപ്പിച്ചിരിക്ക ആകുന്നു. രാജാവ അവർകളുടെ കാരണവന്മാരായിട്ടും രാജാവു അവർകളുമായിട്ടും തമ്മിൽ ഉടമ്പടി എഴുതി പിടിച്ചപ്രകാരത്തിന്ന മുമ്പ 75-ാമത മീനമാസം 30-ാംനു-

ഗൗർണ്ണര ഡങ്കനിസായ്പു അവർകാം' രാജാവ അവർകാംക്ക എഴുതീട്ടുള്ള കത്തിലെപ്രകാരംപൊലെ അല്ലാതെ; കവിച്ചിലായിട്ടും ഇപ്പൊാം ഈവക കാൎയ്യങ്ങാം ചെയ്യുന്നത എന്തുകൊണ്ടെന്ന നമുക്ക നിരുപിച്ചെടത്ത ഉണ്ടായതും ഇല്ല. അതുകൊണ്ട രാജാവ അവർകളുടെ കല്പനക്കൊ, കൊച്ചികാൎയ്യക്കാരുടെ സ്വമെധമൊ; ഇപ്രകാരംചെയ്യുന്നത എന്ന നമുക്ക അറിയെണ്ടതിന്ന ഇതിന്റെ മറുപടി കുട്ടും താമസിയാതെ എഴുതി കൊടുത്തയക്കുകയും മെൽ എഴുതീട്ടുള്ളവരൊടു പിഴ വാങ്ങിട്ടുള്ള ഉറുപ്പിക ആത്രയും താമസിയാതെ കൊടുത്തയക്കുകയും വെണം. കൊല്ലം 978-ാമത മിഥുനമാസം 25-ാംനു. ഡ്രമൺസ അസിസ്റ്റണ്ടു് കളക്ടർ."

ഈ എഴുത്തിനു ശക്തൻതമ്പുരാൻ ധമ്മൻസായ്പിനു് അയച്ച മറുപടി ഇങ്ങനെയാണു്:—

" "മെഹർബാൻ ദൊസ്താൻ മെസ്റ്റർ ധമ്മൻ സാഹെബ സല്ലമല്ലാഹുത്താലാ, കൊടുത്തയച്ച കടദാസ ഇവിടെ കൊണ്ടുവന്നു വായിച്ചു കെട്ട അവസ്ഥയും ധരിച്ചു. ഇപ്പൊാം നമ്മുടെ കല്പന ആകുന്നുവെന്നു വച്ച കൊച്ചികാൎയ്യക്കാര വെളുത്തചൂതഭാഗത്തിരിക്കും ചില ചൂതന്മാരൊടു ഏതാനും ഉറുപ്പ പിഴ വാങ്ങി ഇരിക്കുന്നപ്രകാരം എല്ലൊ തങ്ങളുടെ പെക്ക എഴുതിവന്ന കടദാസ്സിൽ ആകുന്നു. വെളുത്തചൂതന്മാര പ്രത്യെകം നമ്മുടെ കുടികാം ആയിട്ടുള്ളവര ആകകൊണ്ടു അവര എടവട്ട ഡാശ്ശകാൎയ്യവും ഉണ്ടായാൽ നമ്മുടെ അടുക്കൽവന്ന പറകയും ഇവിടെനിന്നും ആയത വിചാരിച്ചു തീൎത്തു പിഴ ഉള്ളവരെകൊണ്ടു പിഴചെയ്യിച്ച ഉറുപ്പാ മെടിക്കയും, ഇത ഒന്നും ഇന്ന പുത്തനായിട്ടുള്ളത അല്ല. പൂൎവ്വാപൂൎവ്വമായിട്ടുള്ളപ്രകാരം കഴിഞ്ഞുവരുന്നതാകുന്നു. ഇപ്പൊാം ചില കാൎയ്യങ്ങാം ഉണ്ടായിട്ട ചൂതന്മാരിൽ ചിലര നമ്മുടെ അടുക്കൽ വന്ന ആവലാതി ചെയ്കകൊണ്ട ആ കാൎയ്യത്തിന്നു വരുത്തെണ്ടുന്നവരെക്കയും വരുത്തി, കെട്ടുതീൎത്ത, പിഴചെയ്യുണ്ടവരെക്കൊണ്ടു പിഴചെയ്യിച്ച, ഉറുപ്പ മെടിച്ചിട്ടും ഉണ്ട. 75-ാമാണ്ടു മീനമാസം 19-ാംനു ഗൗണ്ണര ഡങ്കൻ സായ്പു അവർകാം നമുക്ക എഴുതീട്ടുള്ള കത്തിലെപ്രകാരംപൊലെ അല്ലാതെ ഇപ്പൊാം ഈവക കാൎയ്യങ്ങാം ചെയ്യുന്നത എന്തുകൊണ്ടെന്നു തങ്ങാം വിചാരിച്ചിട്ടു ഉണ്ടായില്ലന്നു കൂടെ തങ്ങളുടെ കടദാസ്സിൽ എഴുതീട്ടുണ്ടല്ലൊ. മുന്നു ഗൗണ്ണര ഡങ്കൻസായ്പു അവർകാം നമുക്ക എഴുതി അയച്ച കടദാസ്സിന്റെ മറുപടി നാമും എഴുതി കൊടുത്തയച്ചിട്ടുണ്ട. ഗൗണ്ണര ഡങ്കൻസായ്പു അവർകാംക്കു നാം എഴുതി

കൊടുത്തയച്ചിരിക്കുന്ന കടദാസ്സിൽ എഴുതി ഇരിക്കുന്നപ്രകാരങ്ങളും, ലന്തക്കുമ്പഞ്ഞിനാളിൽ നമ്മുടെ പൂൎവ്വന്മാരായി കടംപിടിട്ടു എഴുതി പിടിച്ചിരിക്കുന്നതിൽ എഴുതി ഇരിക്കുന്നത ഒക്കയും തങ്ങൾ വായിച്ചു നൊക്കിയാൽ, ഇക്കാൎയ്യത്തിന്ന ഇപ്പൊൾ ഇപ്രകാരം ചെയ്യുന്നത എന്തുകൊണ്ടെന്ന വിചാരിച്ചിട്ട ഉണ്ടായില്ലന്നും, ചൂതന്മാരൊട്ട പിഴ വങ്ങീട്ടുള്ള രുപ കൊടുത്തയക്കണമെന്നും തങ്ങൾ നമുക്ക എഴുതി അയപ്പാൻ സംഗതി ഇല്ലന്നത്രെ നമുക്ക തൊന്നുന്നത. ലന്തകുമ്പഞ്ഞിനാളിൽ നമ്മുടെ പൂൎവ്വന്മാരായിട്ട എഴുതി പിടിച്ചിരിക്കുന്ന കടംപിടിയിൽ എഴുതി ഇരിക്കുന്നത ഒക്കയും ഗൌണര ഡകൻസായ്പു അവൎകൾക്ക നാം എഴുതി കൊടുത്തയച്ചിരിക്കുന്ന കടദാസ്സിൽ എഴുതി ഇരിക്കുന്ന പ്രകാരങ്ങളും തങ്ങൾ ഇനിയും ശൊധന ചെയ്യാലും പൂൎവ്വാപൂൎവമായിട്ട നടന്നുവന്നിരിക്കുന്ന അവസ്ഥ കൊച്ചിയിൽ ഇരിക്കുന്ന ആളുകളൊട്ടും പുറമെ ഉള്ളവരൊട്ടും പലരൊട്ടും തങ്ങൾ വിചാരിക്കുമ്പൊഴും ചൂതന്മരുടെ കാൎയ്യത്തിന്ന ഇന്നെവരെയും കഴിഞ്ഞു വന്നിരിക്കുന്നതുപൊലെ തന്നെ..............(പൊടിവ)..........വെന്നുള്ള അവസ്ഥ വഴിപൊലെ തങ്ങൾക്ക ബൊധിക്കയുംചെയ്യും. തങ്ങൾ ശരീരസൗഖ്യത്തൊട്ടുംകൂടി സന്തൊഷമായിരിക്കുന്ന അവസ്ഥകളും വൎത്തമാനത്തിന്നും എഴുതി വരികയുംവെണം. കൊല്ലം 978-ാമാണ്ട മിഥുനമാസം 30-ാംനു- എഴുത്തു."

എന്തു ധീരത! എന്തു കാൎയ്യക്ഷമത! എന്തു ദൃഢത! അധികാരങ്ങളെ അണുവും വിട്ടുകൊടുക്കാതെ, ചെയ്യു കാൎയ്യങ്ങളെ ലേശവും മറച്ചുവെയ്ക്കാതെ, ആ വിക്രമശാലി വിടാതെവാദിച്ചുകൊണ്ടിരുന്നു. എഴുത്തുകുത്തുകളിൽ അതിവിദഗ്ദ്ധന്മാരെന്നു വിശ്രുതി നേടിയിരുന്ന ഇംഗ്ലീഷുകാക്കു് ആ വിഷയത്തിൽ പററിയ പ്രതിയോഗിതന്നെയായിരുന്നു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്. നിലകൾ കയറിക്കയറി പൊട്ടുന്ന 'അമട്ടുകൾ'പോലെ, അവിടത്തെ മറുപടികൾ ഉയൎന്നുയൎന്നു് പോകുന്നതു കാണേണ്ട കാഴ്ചയാകുന്നു.

നേരിട്ടു എഴുതിയതുകൊണ്ടു മാത്രം ഫലപ്രാപ്തിവരികയില്ലെന്നു കാലേകൂട്ടി അറിഞ്ഞിരുന്ന ധൎമ്മൻസായ്പു്, ആ സംഗതിക്കു തന്റെ മേലധികാരികൾക്കും എഴുതി അയക്കയും, ചില കല്പനകൾ വരുത്തുകയും ചെയ്തു. ആ കല്പനകളാകുന്ന ആയുധങ്ങളുടെ ശക്തിയോടുകൂടി അദ്ദേഹം വീണ്ടും രാജാവിനു് അയച്ച എഴുത്താണു കീഴിൽക്കാണുന്നതു്.

"ശ്രീകൊച്ചികൊട്ടയിൽ കാൎയ്യവിചാരം മെസ്സര ധൎമ്മൻസായ്പു അവർകറം സലാം: വെള്ളത്തം ഭാഗത്ത ഇരക്കം ജ്യൂതന്മാരെയും ചില കൊങ്ങിണികളെയും പിടിച്ചുകൊണ്ടു പൊയി ബുദ്ധിമുട്ടിച്ച പിഴ ചെയ്യിപ്പിച്ച വൎത്തമാനത്തിന്നും പിഴ ചെയ്യിപ്പിച്ച ഉറുപ്പിക തിരികെ കൊടുത്തയക്കണമെന്നും മിഥുനമാസം 25-ൽ നാം കത്തു എഴുതീട്ടും ഉണ്ടല്ലൊ. ആ കാൎയ്യംകൊണ്ട മലയാളം കൎണ്ണാടകം സൌന്ത പ്രവിശ്യയിലെ അപ്പീൽ കൊട്ടതിയിലെക്കും സക്കീട്ടു കൊടതിയിലെക്കും പ്രധാനി പ്രംസിപ്പാറം കളക്ടർ രാബൎട്ടു റിക്കൊട്ടു സായ്പു അവർകളുടെ കത്ത ഇപ്പൊറം നമുക്ക വന്നിട്ടുള്ളപ്രകാരം...(പൊടിവ)...... രാജാവ അവർകറംക്ക എഴുതീട്ടുള്ള കത്തിലെ കാരിയം അനുസരിച്ചു ബൊധംവരുത്തുവൊളത്തെക്കും രാജാവ അവർകറം എങ്കിലും ഭരവിട്ടത്തെ കാൎയ്യക്കാരന്മാര എങ്കിലും ഒരുത്തരും ബഹുമാനപ്പെട്ട കുമ്പഞ്ഞിസൎക്കാരിലെ അന്തൃക്കകത്ത കടന്ന കൂട്ടുവാനും, ഈ എഴുതീട്ടുള്ള കത്ത അവിടെ എത്തിയമുതൽ ആറുമണി എടയൊളം അവുധി കൊടുക്കണമെന്നും അപ്രകാരം അവുധി കൊടുത്തിട്ടും കാൎയ്യം അനുസരിച്ച ബൊധം വരുത്തീല്ല എങ്കിൽ മെൽഎഴുതീട്ടുള്ളതിൽ ആരെങ്കിലും വരുത്തി പാറാവിൽ പാൎപ്പിച്ച വൎത്തമാനത്തിന്ന എഴുതി കൊടുത്തയക്കണമെന്നും ഇപ്രകാരത്തിന്നു കൈയും ഖണ്ഡിതമായിട്ടു നമുക്ക കത്ത എഴുതിവന്നിരിക്കുന്നത. അതുകൊണ്ടു രാജാവ അവർകറംക്ക......(പൊടിവ)...... വരെണ്ടതിന്നു നാം ഇപ്പൊഴും കത്തു എഴുതുന്നു. ആയത നല്ലവണ്ണം വഴിപൊലെ കാൎയ്യത്തൊളം രാജാവ അവർകറംതന്നെ വിചാരിച്ച മെൽ എഴുതീട്ടുള്ളവരെകൊണ്ടു പിഴ ചെയ്യിപ്പിച്ച ഉറുപ്പിക അത്രയും കൂട്ടം താമസിയാതെ ബഹുമാനപ്പെട്ട കുമ്പഞ്ഞിസൎക്കാരിൽ ബൊധംവരുത്തുകയും വെണം. താങ്കറം ശരീരസൗഖ്യത്തൊടുകൂടി സന്തൊഷമായിരിക്കുന്ന അവസ്ഥക്കും വൎത്തമാനത്തിന്നും എഴുതിവരികയും ചെയ്യുമല്ലൊ. കൊല്ലം 978 കൎക്കിടകമാസം 2—ാം-൹. കൊച്ചികൊട്ടയിൽ നിന്നും എഴുതിയത."

"നല്ലവണ്ണം, വഴിപോലെ, കാൎയ്യത്തോളം വിചാരിച്ചു മറുപടി അയക്കുകയും, പറഞ്ഞപ്രകാരം പ്രവൎത്തിക്കുകയും" ചെയ്യില്ലങ്കിൽ "കാണിച്ചുതരാം," എന്ന സ്വരത്തിലുള്ളതും, അധികാരം മുഴുവനും അവലംബിച്ചിട്ടുള്ളതുംആയ ഈ കത്തു കയ്യിൽ കിട്ടിയാൽ കൊച്ചിയിലെ രാമവൎമ്മ രാജാവു് ഇതികൎത്തവ്യതാമൂഢനായി 'സമസ്താപരാധം ക്ഷമസ്വ' എന്നു് അപേക്ഷിക്കുമെന്നായിരുന്നു ആ വെള്ളക്കാരൻെറ വിശ്വാസം. എന്നാൽ

താഴെ ചേൎക്കുന്ന മറുപടിയിൽ വേണ്ടിടത്തോളം വിനയവും, ആവശ്യമുള്ളേടത്തോളം അപേക്ഷാഭാവവും ഉണ്ടെങ്കിലും, കാൎയ്യത്തിൽ ഒരു കട്ടികിടക്കും വിട്ടുവീഴ്ച വരുത്തീട്ടുള്ളതായി കാണുന്നില്ല.

"തങ്ങൾ കൊടുത്തയച്ച കടദാസ്സ ഇവിടെ കൊണ്ടുവന്നു വായിച്ചു കെട്ട അവസ്ഥയും ധരിച്ചു. വെളുത്ത ചൂതന്മാരിൽ ചിലരൊട ഏതാനും രൂപ പിഴ വാങ്ങീട്ടുള്ളത ഒട്ടും താമസിയാതെ ബഹുമാനപ്പെട്ട കുമ്പിഞ്ഞി സൎക്കാരിൽ ബൊധം വരുത്തണമെന്നും ഈ കാൎയ്യത്തിന്നു രിക്കൊട്ട സായ്പു അവരുകളുടെ പെക്കൽ തങ്ങൾക്ക എഴുതി വന്നിരിക്കുന്ന പ്രകാരങ്ങൾക്കും തിരിച്ചു തന്നെ തങ്ങളുടെ കടദാസ്സ എഴുതി വന്നുവല്ലൊ. വെളുത്ത ചൂതന്മാര പ്രത്യെകം നമ്മുടെ കുടികൾ ആകകൊണ്ടു അവര എടപെട്ട കാൎയ്യങ്ങൾ നമ്മുടെ അടുക്കൽ വന്നു പറകയും, ഇവിടെ നിന്നും ആയത വിചാരിച്ചു തീൎത്ത കൊടുത്ത നടത്തിക്കയും, പിഴ ഉള്ള ഇവരെകൊണ്ടു പിഴ ചെയ്യിപ്പിക്കയും ഇത ഒന്നും ഇന്നു പുതുതായിട്ട ഉള്ളതല്ല. പൂൎവ്വാപൂൎവ്വന്മാരായിട്ട കഴിഞ്ഞുവരുന്നത ആകുന്നു. ....(പൊടിവ)..............25-ാംനു- തങ്ങൾ നമുക്ക എഴുതി കൊടുത്തയച്ച കടദാസ്സിന്റെ മറുപടി 30-ാംനു- തങ്ങൾക്ക നാം എഴുതികൊടുത്തയച്ചിരിക്കുന്ന കടദാസ്സിൽ തിരിച്ചു തന്നെ എഴുതീട്ടും ഉണ്ടല്ലൊ. ആ കടദാസ്സ വായിച്ചു കാണുമ്പഴും പൂൎവ്വാപൂൎവ്വമായിട്ട കഴിഞ്ഞുവന്നിരിക്കുന്ന അവസ്ഥ തങ്ങൾ അവിടെ വിചാരിക്കുമ്പഴും തങ്ങൾക്ക ബൊധിക്കുമെന്നത്രെ നാം നിശ്ചയിച്ചിരിക്കുന്നതു്. ഈ കാൎയ്യത്തിന്റെ ബൊധം വരുവൊളത്തെക്കും നാം എങ്കിലും ഒരുത്തരും ബഹുമാനപ്പെട്ട കുമ്പഞ്ഞിസൎക്കാരിലെ അതുക്ക അകത്തുകടന്നുകൂടാ എന്നു രിക്കൊട്ട സായ്പു അവരുകളുടെ പെക്കൽ എഴുതി വന്നിരിക്കുന്ന പ്രകാരം തങ്ങളുടെ കടദാസ്സിൽ എഴുതീട്ടുണ്ടല്ലൊ. നമുക്കു ഉടയ ഈശ്വരനും ബഹുമാനപ്പെട്ട കുമ്പഞ്ഞിയും ഒരുപൊലെ ആയിട്ട നാം നിശ്ചയിച്ചു നടന്നുവരുമ്പൊൾ ഇപ്പൊൾ ഇപ്രകാരം തങ്ങളുടെ കടദാസ്സ എഴുതിവരികകൊണ്ടു് നമുക്ക വളരെ സങ്കടമായിരിക്കുന്നു. നാം ബഹുമാനപ്പെട്ട കുമ്പഞ്ഞിയെ വിശ്വസിച്ചു ഇരിക്കകൊണ്ടു നമുക്കുള്ള സങ്കടങ്ങൾ നാം കുമ്പിഞ്ഞിയെ ബൊധിപ്പിക്കയും ബഹുമാനപ്പെട്ട കുമ്പഞ്ഞി യജമാനന്മാര അതിന്റെ നെരുപോലെ നമ്മുടെ സങ്കടം തീൎത്ത കീഴനാളിലെപ്പൊലെ നടത്തിക്കയും വെണമല്ലൊ. അങ്ങനെ എല്ലൊ ഇന്നെവരെയും കഴിഞ്ഞു വന്നിരിക്കുന്നതു്. അതുകൊണ്ടു ഒരു നാഴികപൊലും നമുക്കും നമ്മുടെ കാൎയ്യസ്ഥന്മാൎക്കും കുമ്പഞ്ഞി എജമാനൻ

മാരുടെ അടുക്കൽ വരികയും കാൎയ്യങ്ങൾ ബോധിപ്പിക്കേണ്ടതിനെ ബോധിപ്പിക്കയും കൂടാതെ കഴിക ഇല്ലല്ലൊ. വെളുത്ത ചൂതന്മാരുടെ കാൎയ്യത്തിന്നു ഇന്നെവരെയും കഴിഞ്ഞുവന്നിരിക്കുന്ന പ്രകാരം നാം തങ്ങൾക്കു എഴുതികൊടുത്ത അയച്ചിരിക്കകൊണ്ടു അപ്രകാരം ഒക്കയും തങ്ങളുടെ പെക്ക രിക്കാട സായ്പു അവരുകൾക്കു എഴുതികൊടുത്ത അയച്ചു ബോധിപ്പിച്ചു ഇന്നെവരെയും നടന്നു വന്നിരിക്കുന്നതിൽ ഭേദംകൂടാതെ നടത്തത്തക്കവണ്ണം നിദാനം വരുത്തി തരുന്നു........ (പൊടിവ)........നാം നിശ്ചയിച്ചിരിക്കുന്നത. തങ്ങൾ ശരീരസൗഖ്യത്തൊടുംകൂടി സന്തൊഷമായിരിക്കുന്ന അവസ്ഥകളും വൎത്തമാനത്തിനും എഴുതിവരികയും വെണം. കൊല്ലം 978_ാമാണ്ടു കൎക്കടകമാസം 15_ാംനു- എഴുത്ത."

എഴുത്തുകളും മറുപടികളും ഇങ്ങനെ വൎദ്ധിപ്പിച്ചിട്ട് ആവശ്യമില്ലല്ലൊ. 'സ്ഥാലീപുലാകന്യായേന' അവയെ കണ്ടുകൊള്ളുക എന്ന അപേക്ഷയോടുകൂടി ഇവിടെ നിൎത്തുന്നു. ഒടുവിൽ ച്ശൂതന്മാർ, മറവള്ളവരെപ്പോലെ കൊച്ചിയിലെ 'പ്രജകൾ'തന്നെ ആയി എന്നും ഇംഗ്ലീഷുകാർ ആവശ്യപ്പെട്ടതും ആഗ്രഹിച്ചതുമായ പ്രത്യേകാധികാരം സ്ഥാപിക്കപ്പെട്ടില്ലെന്നും ഉള്ള സംഗതികൾ സുവിദിതങ്ങളാകുന്നു.

ഇതിനിടയ്ക്കുതന്നെ ഈ വിഷയത്തെ സംബന്ധിക്കുന്ന ചില സാമാന്യ സൂചനകളോടുകൂടി ശക്തൻതമ്പുരാൻ മിസ്റ്റർ ധൎമ്മൻസായ്പിനു് അയച്ചതായ മറെറാരു കത്തുംകൂടി ഉദ്ധരിച്ചുകൊള്ളട്ടെ.

"ചൂതന്മാരും കൊങ്കണികളും ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ രക്ഷക്കീഴിൽ ഉള്ളവര ആകുന്നു എന്നും, അവര നമ്മുടെയും നമ്മുടെ കാൎയ്യസ്ഥന്മാരുടെയും അടുക്കൽവന്നു ഒരു കാൎയ്യം പറഞ്ഞു പൊകരുത, എന്നും ചൂതന്മാരുടെയും കൊങ്ങിണികളുടെയും കാൎയ്യംകൊണ്ടു നമ്മുടെ പൂൎവ്വന്മാരായിട്ടു ഒടംപടി എഴുതിപിടിച്ചിരിക്കുന്ന പ്രകാരം വമ്പായിൽ ഗൗണര ഡങ്കൻ സായ്പു അവർകൾ 75_ാമാണ്ടു മീനമാസം 29_ാംനു- നമുക്കു കടദാസ്സു എഴുതി കൊടുത്തയച്ചിട്ടുണ്ടെന്നും ഇപ്രകാരം തങ്ങൾ 'പിളാക്കാത്ത' എഴുതി അമരാവതിയിലും ചെറളായിലും മട്ടാഞ്ചെരിയിലും ചൂതഭാഗത്തും താപ്പിച്ചു പ്രകാരം നമ്മുടെ കാൎയ്യസ്ഥന്മാരുടെ പെക്ക എഴുതിവന്നു. സിലെമാൻ മൊശയും ദാനീലും കാവതിയാനും, കുഞ്ഞാച്ചി എന്നവളും എത്തച്ചി എന്നവളും ഇവര തമ്മിൽ

കാൎയ്യങ്ങൾ ഉണ്ടായിട്ടു നമ്മുടെ അടുക്കൽ വന്നു ആവലാതി ചെയ്തുകൊണ്ടു അവരെ എല്ലാവരെയും വരുത്തി ഇവിടെവെച്ചു കെട്ടു തീൎത്തു അയച്ചിരിക്കുന്ന കാൎയ്യത്തിന്നായിട്ടു ഇപ്പൊൾ ദാനീലിനെയും ഓവതിയാനെയും നവുത്താലിയെയും തങ്ങൾ വരുത്തി കൊട്ടയിൽ പാൎപ്പിച്ചിരിക്കുന്ന പ്രകാരവും കെട്ടു. ചൂതന്മാരും കൊങ്ങിണികളും പ്രത്യെകം നമ്മുടെ കുടികൾ ആയിട്ടുള്ളവര ആകകൊണ്ടു അവൎക്കു നാം സ്ഥലവും കൊടുത്തു പാൎപ്പിച്ചു അവര എടപെട്ടു വാശ്ശകാൎയ്യങ്ങളും ഉണ്ടായാൽ നമ്മുടെ അടുക്കൽ വന്നു പറകയും, ആയതു ഇവിടെ നാം വിചാരിച്ചു തീൎത്തുകൊടുക്കയും, അവരെ കൊണ്ടു വഴിപെഴ ചെയ്യിക്കയും, ഇവര കുററി മുടിഞ്ഞാൽ അവരുടെ മുതൽ നമ്മുടെ വകക്കു എടുക്കയും, അവൎക്കു ആളുവക ഇല്ലാതെ പൊയാൽ ദത്തവെപ്പിച്ചു നമ്മുടെ പെൎക്കു തീട്ടും കൊടുത്തു നടത്തിക്കയും, ഇപ്രകാരം എത്രെ പൂൎവ്വാപൂൎവ്വമായിട്ടു കഴിഞ്ഞു വന്നിരിക്കുന്നതു. ലന്ത കുമ്പഞ്ഞി നാളിൽ നമ്മുടെ പൂൎവ്വന്മാരായിട്ടു ഒടമ്പിടി എഴുതി പിടിച്ചിരിക്കുന്നതിൽ എഴുതി ഇരിക്കുന്നതു ഒക്കയും തങ്ങൾ വായിച്ചു നൊക്കിയാൽ, ചൂതന്മാരുടെയും കൊങ്ങിണികളുടെയും കാൎയ്യത്തിന്നു ഇപ്രകാരം 'പിളക്കാത്ത' എഴുതി തറപ്പാൻ സംഗതി ഉണ്ടെന്നു നമുക്കു തൊന്നുന്നില്ല. വെമ്പായിൽ ഗൗണര ഢങ്കൻ സായ്പു അവൎകൾ 75_ാമാണ്ടു മീനമാസം 29_ാംനു- നമുക്കു എഴുതി കൊടുത്തയച്ച കടദാസ്സിന്റെ മറുപടി നാമും എഴുതികൊടുത്തയച്ചിട്ടുണ്ടു. ആയതു തങ്ങൾ ശൊധന ചെയ്താലും ഇതിന്റെ അവസ്ഥ അറിയാമല്ലൊ. ആയതല്ലാതെ ചൂതന്മാരുടെയും കൊങ്ങിണികളുടെയും കാൎയ്യത്തിന്നു ഗൗണര ഢങ്കൻ സായ്പു അവൎകളും നാമും ആയിട്ടു ഒരു ഒടമ്പിടി എഴുതിപിടിക്കയും ഒന്നു പറഞ്ഞു വെക്കയും ഉണ്ടായിട്ടും ഇല്ല. കീഴുന്നാളിൽ നടന്നു വന്നിരിക്കുന്നതിൽ ഭേദം കൂടാതെ നടക്കെണ്ടതിന്നായിട്ടു എല്ലൊ നാം ബഹുമാനപ്പെട്ട കുമ്പഞ്ഞിയെ വിശ്വസിച്ചു കരാറ എഴുതി പിടിച്ചു കല്പ്പവും തന്നു നടന്നു വരുന്നതും. ലന്ത കുമ്പഞ്ഞി നാളിലും ബഹുമാനപ്പെട്ട ഇങ്കിരസകുമ്പഞ്ഞി ആയതിൽ പിന്നെ ഇന്നെവരെയും നടന്നുവന്നിരിക്കുന്നതുപൊലെ അല്ലാതെ നമ്മുടെ കുടികൾ ആയിട്ടുള്ള ചൂതന്മാരും കൊങ്ങിണികളും നമ്മുടെ ഒരുക്കലും നമ്മുടെ കാൎയ്യസ്ഥന്മാരുടെ അടുക്കലും വന്നു ഒരു കാൎയ്യം പറയരുതെന്നു ഇപ്പൊൾ 'പിളക്കാത്ത' എഴുതി തറച്ചതു നമുക്കു എത്രയും വളരെ സങ്കടമായിട്ടുള്ളതു ആകുന്നു. അതുകൊണ്ടു 'പിളാക്കത്തകൾ' തറപ്പിച്ചിരിക്കുന്നതു തങ്ങൾ എടുപ്പിച്ചു നവുത്താലിയെയും ദാനീലിനെയും ഓവതിയാനെയും കൊട്ടയിൽ പാൎപ്പിച്ചിരിക്കുന്നവരെ ഒഴിച്ചു അയച്ചു ഇന്നെവ

രെയും നടന്നു വന്നിരിക്കുന്നതുപൊലെ നടക്കത്തക്കവണ്ണം തങ്ങൾ നിദാനം വരുത്തി തരുമാറാകയും വെണം. തങ്ങൾ ശരീരസൗഖ്യത്തൊടുംകൂടി സന്തൊഷമായിരിക്കുന്ന അവസ്ഥക്കും വൎത്തമാനത്തിന്നും എഴുതിവരികയും വെണം. കൊല്ലം 978-ാമാണ്ട മിഥുനമാസം 29-ാംനു- എഴുത്തു."

൩

ശക്തൻതമ്പുരാനും മതിരാശിഗവൎണ്ണരും.

കൊച്ചിയിലും മലയാളത്തിലും അക്കാലത്തു് ഉദ്യോഗസ്ഥന്മാരായിരുന്ന ഇങ്കിരിയസ്സു കുമ്പഞ്ഞിക്കാർ മിക്കവരും ശക്തൻതമ്പുരാനോട് അശേഷവും അനുഭാവം ഉണ്ടായിരുന്നവരല്ല. 'തിരുവായിക്ക് എതിർ വായ്'' പറയുന്ന വ്രതത്തെത്തന്നെ ബാല്യംമുതൽക്കു് ആചരിച്ചുവന്നിട്ടുള്ള, ശക്തനെങ്കിലും നയജ്ഞനും കൂടെയായിരുന്ന, തമ്പുരാനോടു പരിഭവപ്പെട്ടതിൽ പരാതിപ്പെടുവാനില്ല. തന്റെ സങ്കടങ്ങളെ "എത്തിക്കേണ്ടേടത്തൊക്കെ എത്തിക്കുന്നതിനു്" സൎവ്വഥാ സന്നദ്ധനായിരുന്ന തമ്പുരാൻ 'ഇവിടം കൊണ്ടൊക്കില്ലെ'ന്നു കണ്ടപ്പോൾ 'ചെന്നപട്ടണത്തെ ഗവർണരെ'ത്തന്നെ തന്റെ കാൎയ്യങ്ങൾ എഴുതി അറിയിച്ചു.

ശക്തൻതമ്പുരാൻ മതിരാശി ഗവർണൎക്കയച്ചതായ മെമ്മോറാണ്ടങ്ങളാണു കീഴെ ഉദ്ധരിക്കുന്നതു്.

"ചെന്നപട്ടണത്തെ ഗൗണര ലാടത്തവീലിയം കവണ്ടിസ്സു ബെംടിക്ക സായ്വെബമട്ടല്ലാജിൽ ജലാപ്പഹ: കൊച്ചിയിൽ നമ്മുടെ കുടികൾ ആയിരിക്കുന്ന വെളുത്തചൂതന്മാരും കൊങ്ങിണികളും ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ രക്ഷയിൻകീഴിൽ ഉള്ളവരാകുന്നു എന്നും, അവരൊരുത്തരും നമ്മുടെ അടുക്കലും നമ്മുടെ കാൎയ്യസ്ഥന്മാരുടെ അടുക്കലും വന്നു ഒരു കാൎയ്യം പറയരുത എന്നും, അവരുടെ കാൎയ്യങ്ങൾകൊണ്ടു നമ്മുടെ പൂൎവ്വന്മാരായിട്ടു കടമ്പിടി, എഴുതി പിടിച്ചിരിക്കുന്നപ്രകാരം വെമ്പായിൽ ഗൌണര ഡങ്കൻ സായിപ്പു അവരുകൾ 75-ാമാണ്ട മീനമാസം 20-ാംനു- നമുക്കു കടുദാസ്സു എഴുതിക്കൊടുത്തു അയച്ചിട്ടുണ്ടന്നും, മെസ്സർ ധമ്മൻ സായിപ്പു അവരുകൾ കൊച്ചിയിൽ, അമരാവതിയിലും ചെറളായിലും മട്ടാഞ്ചെരിയിലും ചൂതഭാഗത്തും 'പിളാക്കാത്ത' എഴുതി തറച്ചു വിലക്കി ഇരിക്കുന്നു. ചൂതന്മാരും കൊങ്ങിണികളും

പ്രത്യേകം നമ്മുടെ കുടികൾ ആയിട്ടുള്ളവര ആകുന്നു. അവൎക്ക നാം
സ്ഥലംകൊടുത്ത പാൎപ്പിച്ച അവര എടപെട്ട വാശ്ശ കാൎയ്യങ്ങളും ഉണ്ടാ
യാൽ നമ്മുടെ അടുക്കൽവന്ന പാൎയ്യകയും, ഇവിടെനിന്നും വിചാരിച്ച
തീൎത്തുകൊടുക്കയും പിഴ ഉള്ളവരക്കൊണ്ട പിഴ ചെയ്യിക്കയും, പുരുഷാ
ന്തരം പറയിപ്പിക്കയും, കുററിമുടിഞ്ഞാൽ അവന്റെ മുതല നമ്മുടെ വ
ഹ്ക്ക എടുക്കയും, ആളുവക ഇല്ലാതെപൊയാൽ ദത്തുവെച്ച നമ്മുടെ
വക തീട്ടുരംകൊടുത്ത നടത്തിക്കയും, ഇപ്രകാരമത്രെ പൂൎവ്വാപൂൎവ്വമായി
നടന്നുവന്നിരിക്കുന്നത. ലന്തക്കുമ്പഞ്ഞിയിലെക്ക നമ്മുടെ പൂൎവ്വന്മാര
എഴുതി ഒപ്പിട്ടുകൊടുത്തിരിക്കുന്നത വരുത്തി നൊക്കുമ്പോൾ ചൂതന്മാ
രുടെയും കൊങ്ങിണികളുടെയും കാൎയ്യത്തിന്ന ഇപ്രകാരം വിളാക്കാത്ത
എഴുതി തറച്ച വിലക്കുവാൻ സംഗതി ഇല്ലാത്തത ആകുന്നു എന്ന ത
ങ്ങൾക്ക ബൊധിക്കയും ചെയ്യും. ഇവരുടെ കാൎയ്യംകൊണ്ടു വെമ്പാ
യി ഗൗണര ഡങ്കൻ സായിപ്പ അവരുകളും നാമും ആയിട്ട ഒരു കട
മ്പടി എഴുതി പിടിക്കുകയും ഒന്നു പറഞ്ഞുവെക്കയും ഉണ്ടായിട്ടും ഇല്ല.
ഡങ്കൻസായിപ്പ അവരുകളുടെ പേൎക്ക നമുക്ക എഴുതിവന്ന കടുദാസ്സി
ന്റെ മറുപടി നാമും എഴുതിക്കൊടുത്ത അയച്ചിട്ടുണ്ടു. ഗൗണരക്ക
നാം എഴുതിക്കൊടുത്തിരിക്കുന്ന കടുദാസ്സ എടുത്തുനൊക്കിയാലും ഇ
തിന്റെ അവസ്ഥ വഴിപൊലെ തങ്ങൾക്ക ബോധിക്കുന്നത ആകുന്നു.
നമ്മുടെ സൊത്രുപത്തികൽ വിശേഷിച്ച ഒരു അടിയന്തരം ഉണ്ടായാൽ
ചൂതന്മാര നമ്മുടെ അടുക്കൽ വന്ന കണ്ട മൎയ്യാദകൾ ചെയ്യുണ്ടത ചെ
യ്യാറാറ ഉണ്ടു. ചൂതന്മാര നമ്മുടെ അടുക്കൽ വന്ന കാണരുത എന്ന
ധൎമ്മൻ സായിപ്പ അവരുകൾ വിലക്കി ഇരിക്കകൊണ്ടു 79-ാമാണ്ടു ചി
ങ്ങമാസത്തിൽ അവര നമ്മുടെ അടുക്കൽവന്നു കാണുകയും അവര ചെ
യ്യുണ്ട മൎയ്യാദ ചെയ്കയും ഉണ്ടായതും ഇല്ല. വെളുത്ത ചൂതന്മാരിൽ
ചിലര തമ്മിൽ ചില കാൎയ്യങ്ങൾ ഉണ്ടായിട്ട നമ്മുടെ അടുക്കൽവന്ന
ആവലാതി ചെയ്കകൊണ്ടു ആ കാൎയ്യത്തിന്റെ നെരുപൊലെ കെട്ട തീ
ൎത്ത പിഴ ഉള്ളവരെക്കൊണ്ട പിഴ ചെയ്യിപ്പിച്ച ത്രുപാ മെടിക്ക ഉണ്ടായി.
ആ ത്രുപാ ബഹുമാനപ്പെട്ടകുമ്പഞ്ഞി സൎക്കാരിൽ അടയ്ക്കണമെന്ന 'രിക്കാ
ട സായ്പി'ന്റെയും 'ധൎമ്മൻ സായ്പി'ന്റെയും കടുദാസ്സ നമുക്ക എഴുതി
വന്നതിന്റെ ശെഷം, ചൂതന്മാരെക്കൊണ്ട് പിഴചെയ്യിപ്പിക്കയും, ത്രു
പാ മെടിക്കയും, നമ്മുടെ പൂൎവ്വന്മാര കാലങ്ങളിലെ കഴിഞ്ഞു വരുന്നത
ആകുന്നു എന്നും, ഇന്ന നാം പുത്തനായിട്ട തുടങ്ങിയത അല്ലാ എന്നും,
നമ്മുടെ കുടികൾ ആയിരിക്കുന്ന ചൂതന്മാരും കൊങ്ങിണികളും നമ്മുടെ
അടുക്കൽവന്ന ഒരു കാൎയ്യം പറയരുത എന്ന വിലക്കിയിരിക്കുന്ന അവ

സ്ഥകൊണ്ടും, ഇവരുടെ കാൎയ്യത്തിന്ന പൂൎവ്വാപൂൎവ്വമായിട്ട നടന്നുവന്നിരിക്കുന്നതിൻവണ്ണം നിദാനം വരുത്തിത്തരണമെന്നും രിക്കാട്ട സായ്വവിനും ധൎമ്മൻ സായ്വിനും നാം കടുദാസ്സ എഴുതി കൊടുത്ത അയച്ചു, രിക്കാട്ടസായ്വിന്റെ അടുക്കൽ നമ്മുടെ കാൎയ്യസ്ഥന്മാരെ അയച്ച നാലുമാസം പാൎപ്പിച്ചു, സങ്കടം ബോധിപ്പിച്ചിട്ടും ഇത്രനെരവും ആ സങ്കടം തീൎത്തുതന്നതും ഇല്ല. ചൂതന്മാരെക്കൊണ്ട പിഴചെയ്യിപ്പിച്ച മെടിച്ച ദ്രുപാ കുമ്പഞ്ഞിയിൽ ബോധിപ്പിച്ചല്ലാതെ നമ്മുടെ കാൎയ്യസ്ഥന്മാര കുമ്പഞ്ഞി എജമാനന്മാരുടെ അടുക്കൽ ചെന്നുകൂടാ എന്നും വിലക്കി ഇരിക്കുന്നു. നാം കുമ്പഞ്ഞിയെ വിശ്വസിച്ച കുമ്പഞ്ഞിക്കാൎയ്യത്തിന്ന ഒരു ഏറക്കുറവുവരുത്താതെ നടന്നു വരുമ്പൊൾ നമ്മുടെ കുടികൾ ആയിരുന്നവരുടെ കാൎയ്യത്തിന്ന ഇപ്രകാരം ഒക്കയും ചെയ്യുന്നത നമുക്ക എത്രയും വളരെ സങ്കടമായിട്ടുള്ളത ആകുന്നു. ഇവിടെ ഇരിക്കുന്ന കുമ്പഞ്ഞി എജമാനൻമാര പറയുന്ന പ്രകാരം കുമ്പഞ്ഞി കാൎയ്യത്തിന്ന നമ്മാൽ ആകുന്ന പ്രയത്നങ്ങളും ചെയ്തു അത്രെ നാം നടന്നുവന്നത. നാം കുമ്പഞ്ഞിയെ വിശ്വസിച്ചിരിക്കകൊണ്ട കുമ്പഞ്ഞി ആളുകളുടെ അടുക്കൽ ചെല്ലാതെയും കാൎയ്യങ്ങൾ ബൊധിപ്പിക്കണ്ടത ബൊധിപ്പിക്കാതെയും കഴികയും ഇല്ലല്ലൊ. ഈ അവസ്ഥകൾ ഒക്കയും തങ്ങൾ ബൊധിപ്പിക്കുമ്പൊൾ കിഴനാളിൽ നടന്നുവന്നിരിക്കുന്നതപൊലെ നിദാനം വരുത്തിത്തരുമെന്നത്രെ നാം നിശ്ചയിച്ചിരിക്കുന്നത. അതിന്ന നാം തങ്ങളൊട എത്രയും വളരെ അപെക്ഷിക്കുന്നു. കുമ്പഞ്ഞിക്ക നാം കപ്പം അടക്കെണ്ടുന്നത ശരിയായിട്ട അടച്ചും വരുന്നു. മെല്പട്ടും ശരിയായിട്ട അടപ്പിച്ചുകൊള്ളുകയും ആം. ഈ അവസ്ഥകൾക്ക ഒക്കയും ഈ കഴിഞ്ഞ വൃശ്ചികം 23-ാംനു- തങ്ങൾ ബൊധിക്കത്തക്കവണ്ണം ഒരു കടുദാസ്സ എഴുതി തബാൽവഴിക്ക തങ്ങൾക്ക കൊടുത്ത അയച്ചിട്ടും ഉണ്ടു. ഇപ്പൊൾ നമ്മുടെ ബന്ധുക്കൾതന്നെയും നമ്മുടെ ശത്രുവായിട്ട വന്നിരിക്കുന്നു. ബഹുമാനപ്പെട്ട കുമ്പഞ്ഞിയാരും ഈശ്വരനും അല്ലാതെ നമുക്ക മറെറാരു സഹായവും ഇല്ല. അത എല്ലായിപ്പൊഴും തങ്ങളുടെ മനസ്സിൽ ഉണ്ടായിട്ട കീഴനാളിലെപൊലെ മാനമരിയാതിയായിട്ട നടത്തിച്ചുതരുന്നതിന്ന കൃപാകടാക്ഷമുണ്ടാകയും വെണം. തങ്ങൾ ശരീരസൗഖ്യത്തൊടുകൂടി സന്തൊഷമായിരിക്കുന്ന അവസ്ഥകളും, വൎത്തമാനങ്ങൾക്കും, എഴുതിവരുമാറാകയും വെണം. എന്ന 979-ാ മാണ്ടു ധനുമാസം 4-ാംനു- എഴുത്തു."

"നമ്മുടെ സങ്കടങ്ങൾ ഒക്കയും തങ്ങൾ ബൊധിപ്പിക്കെണ്ടതിന്ന

79-ാമാണ്ടു വൃശ്ചികമാസം 23-ാംനു- തബാലിലും, ധനുമാസം 4-ാംനു- ഹരിക്കാരന്റെ പററിലും നാം എഴുതികൊടുത്തയച്ച കട്ടദാസ്സുകളുടെ മറുപടി വരായ്കകൊണ്ടു നമുക്കു വളരെ വ്യസനമായിരിക്കുന്നു. നമ്മുടെ രാജ്യത്ത തൃശ്ശിവപെരൂര മുതലായ പ്രദെശങ്ങളിൽനിന്നും, നമ്മുടെ ചിലവു വഹക്കു നെല്ലും അരിയും മററപല സാധനങ്ങളും വഞ്ചിവഴിക്കു കൊണ്ടുവരുന്നതിനും, കിഴക്കു നമ്മുടെ രാജ്യം നാലുദെശം കൊടകര നാട്ടിൽനിന്നും കരവഴിക്കു കൊണ്ടുവരുന്നതിനും, ഹൈദര നാളിലും ടിപ്പുസുൽത്താൻ നാളിലും ബഹുമാനപ്പെട്ട കുമ്പഞ്ഞി കല്പന ആയതിൽ പിന്നെ ഇന്നെവരക്കും, നടുവട്ടത്തും, വടക്കുഞ്ചെരിയിലും, എടത്തുരുത്തിയിലും, ചുങ്കങ്ങളിലക്കു, ഇന്നിന്ന കൊപ്പുകറ്റ കൊടുത്തയക്കുന്നു എന്ന നമ്മുടെ കാൎയ്യസ്ഥന്മാരുടെ പെക്ക ശീട്ടു കൊടുത്തയച്ചാൽ ആ ശീട്ടുംപടിക്കു തടയാതെ അയച്ചു എത്രെ വന്നിരിക്കുന്നത. ഇപ്രകാരം പൂൎവ്വാപൂൎവ്വമായിട്ടു നടന്നുവന്നിരിക്കുന്നു. ഇതുംവണ്ണമല്ലാതെ ഒന്നും ഒരിക്കലും ആക്കും കൊടുത്തുവന്നിട്ടും ഇല്ല. ഇപ്പൊറ്റ ചുങ്കം തരാതെ കടത്തി അയക്കരുതെന്ന കല്പന വന്നിരിക്കുന്നു എന്ന പറഞ്ഞ മെസ്തർ ധൎമ്മൻ സായിപ്പ അവരുകറ്റ തടഞ്ഞിരിക്കുന്നു. അതുകൊണ്ടു വളരെ മനസ്സുമുട്ടായിട്ടു എത്രെ വന്നിരിക്കുന്നതു. നമ്മുടെ കരാറിൽ ഉറ്റപ്പെട്ടു തലപ്പിള്ളി ഗ്രാമത്തിൽ മുന്നുറ പറകണ്ടവും നാലു ദെശത്ത മുന്നുറ പറക്കണ്ടവും, ചൊറവാ മണപ്പുറത്ത നമ്മുടെവക തൃപ്പറയാററ ദെവസ്വം വകയിൽ ഏതാനുംഉല്പത്തികളും പറമ്പുകളും തിരുവഞ്ചിക്കുളത്തു ദെവസ്വം 'മന്തുരുത്തും' അതിലുള്ള ഉല്പത്തികളും പറമ്പുകളുംനടക്കുന്ന കുടികളെ ഞെരുക്കി ഇപ്പൊറ്റ മെസ്തർ ധൎമ്മൻ സായിപ്പ അവരുകറ്റ നീതി മെടിച്ചു വരുന്നു. മെലെഴുതിയ ഉല്പത്തികളും പറമ്പുകളും പൂൎവ്വാപൂൎവ്വമായിട്ടു നമ്മുടെ വഹയ്ക്കു നീതി എടുത്തു വന്നിരുന്നത എത്രെ ആകുന്നത. പാലയ്ക്കാട്ടുശ്ശെരി നിന്നും വടക്കുഞ്ചെരിക്കു മുമ്പെ വഴിവെട്ടിച്ചിരിക്കുന്നതു നമ്മുടെവക ഉല്പത്തിയിലും കൂടി ചൊവ്വായിട്ടു എത്രെ ആകുന്നത. ഇപ്പൊറ്റ ആ വഴി മാററി നമ്മുടെ ഉല്പത്തിയിൽകൂടെ തന്നെ വളച്ചു വെട്ടി ആയതുകൊണ്ടു അറപതുപറക്കണ്ടം നമുക്കു ചെതം വന്നിരിക്കുന്നു. വഴികറ്റ രണ്ടും ഒരുത്തനെ അയച്ചു നൊക്കിയാൽ നമ്മുടെ ഉല്പത്തി ചെതം വരുത്തണ്ടതിന്നായിട്ടുമാത്രം ചെയ്യു കാൎയ്യം ആകുന്നു എന്ന ബൊധിക്കയും ചെയ്യും.

"കൊച്ചിയിൽ നമ്മുടെ കുടികറ്റ ആയിരിക്കുന്ന വെളുത്ത ചൂതന്മാര നമ്മുടെ അടുക്കൽ വരരുതെന്ന മെസ്തർ ധൎമ്മൻ സായിപ്പ വില

ക്കിയിരിക്കുന്ന പ്രകാരവും അവരുടെ കാൎയ്യത്തിൽ പൂൎവ്വാപൂൎവ്വമായിട്ട നടന്നു വന്നിരുന്ന അവസ്ഥകളും മുമ്പെ നാം എഴുതികൊടുത്തയച്ചിരിക്കുന്ന കടദാസ്സിൽ തിരിച്ചു തന്നെ എഴുതി ഇരിക്കകൊണ്ടു തങ്ങൾ ഇപ്പോൾ ബോധിച്ചിരിക്കുമല്ലോ. ഈ കാൎയ്യങ്ങൾ ഒക്കെയും ധൎമ്മൻസായ്പു അവരുകൾക്കും, പാരടീൻ സായ്പു അവരുകൾക്കും, രിക്കാൎട്ട സായ്പു അവരുകൾക്കും പലപ്പൊഴും നാം എഴുതികൊടുത്തയച്ചിട്ടും, നമ്മുടെ കാൎയ്യസ്ഥന്മാരെ അവരുടെ അടുക്കൽ അയച്ചു ഏറിയ ദിവസം സങ്കടം ബോധിപ്പിച്ചിട്ടും ഇന്നെവരെക്കും നമുക്ക സങ്കടം തീൎത്തുതന്നതും ഇല്ല. നാം കുമ്പഞ്ഞിയെ വിശ്വസിച്ചു കുമ്പഞ്ഞി കാൎയ്യങ്ങൾ മുഖ്യമായി വിചാരിച്ചു നടന്നുവരുന്നു. ഈ കാൎയ്യങ്ങളും പിന്നയും പലകൂട്ടം കാൎയ്യങ്ങൾ ഉള്ളത ഒക്കയും കടദാസ്സ മുഖാന്തിരം എഴുതി കൂടുന്നത അല്ലായ്ക കൊണ്ടു തങ്ങളുടെ അടുക്കൽ വന്നു ബോധിപ്പിക്കവെണ്ണം, നമ്മുടെ ബ്രഹ്മയ്യനെ അയക്കുന്നു. നമുക്ക പല പ്രകാരത്തിലും ശത്രുക്കൾ ഏറെ ഇരിക്കകൊണ്ടു ഈ അവസ്ഥകൾ ഒക്കയും തങ്ങൾ ബോധിക്കുമ്പോൾ നമ്മുടെ സങ്കടമത്രയും തീരുമെന്നത്രെ നാം നിശ്ചയിച്ചിരിക്കുന്നത. അതുകൊണ്ടു തങ്ങളുടെ കൃപാകടാക്ഷമുണ്ടായി നമ്മുടെ കൊപ്പുകൾക്ക ചുങ്കങ്ങളിൽ തടവില്ലാതിരിക്കത്തക്കവണ്ണവും, കരാറിൽ ഉൾപെട്ട നമ്മുടെ ഉല്പത്തികളിൽനിന്ന മെസ്തർ ധൎമ്മൻ ഞെരുക്കി പിരിച്ചിരിക്കുന്ന നമ്മുടെ വക നീതി പണം നമുക്ക തരത്തക്കവണ്ണവും വളച്ചാക്കിയിരിക്കുന്ന വഴി മുൻപൊലെ ചൊവ്വിന വെട്ടത്തക്കവിധവും, വെളുത്ത ജൂതന്മാരുടെ പെക്കുള്ള തടവ കഴിച്ചുലാക്കിയപ്രകാരവും ഇവിടെ ഇരിക്കുന്ന കുമ്പഞ്ഞി എജമാനന്മാൎക്കു തികച്ചിലായിട്ട എഴുതി അയച്ചു നമ്മുടെ സങ്കടങ്ങൾ തീൎത്ത മാനമൎയ്യാദയായി നടത്തിച്ചു കൊള്ളണമെന്ന എത്രയും വളരെ അപെക്ഷിക്കുന്നു. തങ്ങൾ ശരീരസൗഖ്യത്തൊടും ......കൊല്ലം 980-ാമാണ്ടു കൎക്കിടകമാസം 20-ാം നു- എഴുത്തു."

൮

ജൂതന്മാരുടെ അവസാനനില.

ഇപ്രകാരമുള്ള പിടിയും വലിയും ഒക്കെ നടന്നാലും, ഏതു ചേരിയിലാണു ചേരേണ്ടതു് എന്നറിയാതെ ആദ്യത്തിൽ അവൎക്കു് ഏറക്കുറെ അമ്പരപ്പുണ്ടായിരുന്നാലും, വിജ്ഞന്മാരും വിവേകികളും കൃതജ്ഞരുമായ ജൂതന്മാർ, അവസാനത്തിൽ, നേരും നെറിയും വിടാതെ നിവൎന്നു നില്ക്കുകയും, രക്ഷയ്ക്കു് ആരുമില്ലാതിരുന്ന കാലത്തു തങ്ങളെ ദയയം

സംരക്ഷിച്ച കൊച്ചി രാജാവിനെത്തന്നെ സർവ്വാത്മനാ ശരണീകരിക്കുക യും ചെയ്തു. ആ സംഗതി താഴെ ചേർക്കുന്നതും 'ജൂതയോഗത്തിൽ നിന്നു കൊച്ചിരാജാവിനു സമർപ്പിച്ചതും ആയ നിവേദനത്തിൽനിന്നു സ്പഷ്ടമാകുന്നതാണ്:—

"കൊച്ചിയിൽ വെളുത്ത ജൂതഭാഗത്തു യോഗത്തിൽ സസൊനും, മെറവും, ശിംശൊനും, മൊശരുവിയും, നവത്താലിയും, എവറദാനിയലുംകൂടി എഴുത്ത. പവ്വത്തിൽ മെനൊൻ വായിച്ച വലിയ തമ്പുരാന്റെ തിരുവുള്ളത്തിൽ എറെറണ്ടും അവസ്ഥ. എന്നാൽ വെളുത്ത ജൂതന്മാരുടെ വീടുകളിലുള്ള ആണും പെണ്ണും, കിടാങ്ങളും കാരൊ വീട്ടിൽ ഇത്ര ഇത്ര ആളുണ്ടെന്നും, അവരുടെ പെരും വരിയൊല എഴുതികൊണ്ടു ചെല്ലണമെന്ന കൊച്ചി കൊട്ടയിലെ ജസ്റ്റീസയിൽ നിന്ന, യൊഗത്തിൽ നാലാൾക്കായിട്ട കടദാസ്സുകൾ എഴുതി വരികകൊണ്ടും, അടിയങ്ങൾ തമ്പുരാന പ്രത്യെകം ഉള്ളവര ആകകൊണ്ടും, മറെറാരെടത്ത ഇങ്ങനെ ഒരു വരിയൊല എഴുതി കൊടുക്കലും മറവും, കീഴനാളിൽ ചെയ്തു വന്നിട്ട ഇല്ലായ്ക്കകൊണ്ടും, തമ്പുരാന്റെ കല്പന കൂടാതെ ഒന്നും ചെയ്തുകൂടാ എന്നും നിശ്ചയിച്ച, അടിയങ്ങളിൽ നാലുപെര കൊട്ടയിൽ ചെന്ന, ഇങ്ങനെ ഞങ്ങളുടെ കൂട്ടരുടെ വരിയൊല മറെറാരെടത്ത എഴുതികൊടുക്കയും മാറം കീഴനാളിൽ ചെയ്തു വന്നിട്ടില്ലാ എന്നും, തമ്പുരാന്റെ കല്പന കൂടാതെ ഞങ്ങൾക്ക എഴുതിത്തരികയും ചെയ്തുകൂടാ എന്നും, ജസ്റ്റീസയിൽ വിചാരിക്കുന്നവരൊട്ട ബൊധിപ്പിച്ചതിന്റെ ശെഷം, എന്നാൽ നിങ്ങൾ പൊകെ വെണ്ടു എന്ന അവർ ഇങ്ങൊട്ടു പറഞ്ഞു.

"ഈ അവസ്ഥകൾ ഒക്കെയും അടിയങ്ങൾ കൊച്ചികൊവിലകത്തു വന്ന തമ്പുരാന്റെ കാൎയ്യസ്ഥന്മാരെ ബൊധിപ്പിച്ചിട്ടും ഉണ്ടു. അതിൽ പിന്നെ മിഥുനമാസം 18-ാനു-യും 19-ാനു-യും ആയിട്ട, ജസ്റ്റീസയിൽ വിചാരിക്കുന്നവര, മുദ്രശിപായിമാരെ അയച്ച അടിയങ്ങൾ പത്തു പന്ത്രണ്ടുപെരെ കൊട്ടയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ചെന്നാറെ, ആളിന്റെ വരിയൊല എഴുതി ഇവിടെ തരണമെന്ന പറഞ്ഞിരിക്കുന്ന കാൎയ്യം നിങ്ങൾ സ്വതന്ത്രപത്തികൽ പറകകൊണ്ടു എല്ലൊ, അവിടെ നിന്നും തടവാൻ സംഗതി വന്നത എന്ന, ഇങ്ങൊട്ടു പറഞ്ഞു. ആ കാൎയ്യംകൊണ്ടു ഞങ്ങൾ ഇവിടെ വന്നു ബൊധിപ്പിച്ച എല്ലൊ എന്നും, ഞങ്ങൾക്കും ഞങ്ങളുടെ മുതലിനും ഉടയതമ്പുരാനാകകൊണ്ടു ഞങ്ങളുടെ ഗുണദൊഷം അവിടെബൊധിപ്പിക്കയും ചെയ്യാം എന്നും, അവിടത്തെ

കല്പന കൂടാതെ ഒന്നും ഞങ്ങൾക്ക ചെയ്യുകൂട്ടുകയും ഇല്ലന്നും, അങ്ങൊട്ട ബൊധിപ്പിച്ചാറെ, ഞങ്ങളുടെ വീടിന്റെയും ആളിന്റെയും വരിയൊല എഴുതികൊണ്ട വരണമെന്ന പറഞ്ഞിരിക്കുന്നതു വഹിയാ എന്ന സപ്രൂപത്തികൽനിന്നും വിലക്കുകകൊണ്ട എത്രെ ഞങ്ങൾ ചെയ്യാത്തത എന്ന ഒരു കടദാസ്സ എഴുതി ഒപ്പിട്ട തരണമെന്നും അതിന്ന ഭയമുണ്ടെങ്കിൽ ജസ്തീസയിൽ പ്രമാണമായ "റഡി"സായ്പിന്റെയും, 'കമ്മസാരി' സായ്പിന്റെയും 'കെർണ്ണൽ' സായ്പിന്റെയും പെക്ക ഒറപ്പായിട്ട നിങ്ങൾക്ക കടദാസ്സ എഴുതി ഒപ്പിട്ട തരാമെന്നും, ചൂതഭാഗത്ത കാവലിന്ന കൊട്ടയിൽ നിന്നും ആളെ അയച്ച കറപ്പാക്കിത്തരാമെന്നും ജസ്തീസയിൽ ഉള്ളവര ഇങ്ങൊട്ട ഒറപ്പായിട്ട പറഞ്ഞു.

"ഞങ്ങൾക്ക കുടി ഇരിക്കാനും പള്ളി പണിയാനും സ്ഥലവും, ഞങ്ങൾക്ക വെണ്ടത ഒക്കയും തമ്പുരാൻ കല്പിച്ചുതന്ന കുടിയിരുത്തി പൂർവ്വാപൂർവ്വമായിട്ട രക്ഷിച്ച വരികക്കൊണ്ടും, തമ്പുരാന്റെ കല്പനകൂടാതെ അങ്ങനെയും എഴുതിവെച്ചുകൂടാ എന്ന അങ്ങൊട്ട ബൊധിപ്പിച്ചാറെ, കടദാസ്സ എഴുതി ഒപ്പിട്ട തരാതെ നിങ്ങൾ കൊട്ടയിൽനിന്നും പൊക വഹിയാ എന്നും പറഞ്ഞു, അടിയങ്ങളുടെ വീട്ടിലുള്ള കുഞ്ഞുകുട്ടികളെ കാണാൻ കൂടിയും പുറത്തുക്ക അടിയങ്ങളെ വിടാതെ പത്തുപന്ത്രണ്ട ദിവസം പാർപ്പിച്ച സങ്കടപ്പെടുത്തുകകൊണ്ട, കൊട്ടയിൽ പാർത്ത മനസ്സമുട്ടാതെ വാശ്ശപ്രകാരവും അവിടെനിന്ന പൊന്നു, ഈ സങ്കടപ്രകാരം തമ്പുരാന്റെ തിരുമനസ്സിൽ അപെക്ഷിച്ചാൽ, ഇവര ന്യായമല്ലാതെ തുടങ്ങിയിരിക്കുന്ന ശൊദ്ദ്യത്തിന്ന, വെണ്ടുംപ്രകാരം കല്പിച്ച വിചാരിച്ചു, സങ്കടം തീർത്തുതരുമെന്നു നിശ്ചയം ഉണ്ടാകകൊണ്ട, ഞങ്ങൾക്ക ഒരു കടദാസ്സ എഴുതി ഒപ്പിട്ട തരാമെന്നത മുമ്പിൽ എഴുതിതന്നാൽ ഞങ്ങൾ എഴുതിതരാമെന്ന ഒരു കടദാസ്സ അടിയങ്ങൾ എഴുതി ജസ്തീസയിൽ കൊടുത്തു.

"എന്നതിന്റെശെഷം, ഇനി നിംങ്ങൾ പൊയ്ക്കൊള്ളുകെ വെണ്ടു എന്ന പറഞ്ഞ അടിയങ്ങളെ കൊട്ടയിൽനിന്ന അയക്കയും ചെയ്തു. അടിയങ്ങൾക്കും മുതലിനും ഒടയതമ്പുരാൻ ആകകൊണ്ടും, ജസ്തീസയിൽ ഉള്ളവർ ന്യായമല്ലാതെ ശൊദ്ദ്യം ചെയ്തു അടിയങ്ങളെ കൊട്ടയ്ക്കകത്ത പാർപ്പിച്ച ഏറെ സങ്കടപ്പെടുത്തുകകൊണ്ടും, അടിയങ്ങൾ എഴുതികൊടുത്തു പൊന്ന കടദാസ്സിനെ വെണ്ടുംപ്രകാരം കല്പിച്ച വിചാരിച്ചു, ആ കടദാസ്സ അടിയങ്ങൾക്ക മടക്കിവാങ്ങിച്ച തരുവിച്ചു, ഇനി അടിയ

ങ്ങളോട ഇങ്ങനെയുള്ള ശൊദ്ദ്യങ്ങഠം ഉണ്ടായി പൊകാത്തവണ്ണം നിദാനം വരുത്തി കല്പിച്ച രക്ഷിച്ചുകൊള്ളുമാറാകണമെന്നപെക്ഷിക്കുന്നു...''

ഈ ഹർജി എത്രയും പ്രധാനപ്പെട്ട പല സംഗതികളേയും കരതലാമലകംപോലെ പ്രത്യക്ഷമാക്കുന്നു. ജ്രൂതന്മാരുടെ പിടിവലി എത്ര വലിയ ശക്തിയോടുകൂടി നടന്നു! ഏതു ഭാഗത്തു നിന്നാണ് അധികം 'ഞെരുക്കപ്പാട്' ഉണ്ടായതു് എന്നു പറഞ്ഞുകൂടെങ്കിലും, ശക്തൻതമ്പുരാൻെറ ശക്തിതന്നെയാണ് ഒടുവിൽ വിജയിച്ചതെന്നു നിരാക്ഷേപമാണ്. കൊങ്കിണികളുടെ അനുഭവത്തിൽ നിന്നു പഠിച്ച പാഠവും, സ്വജാതീയതിൽ കൃതജ്ഞതാബോധത്തിനു പുറമെ ജ്രൂതന്മാരെ ഇക്കാര്യത്തിൽ പ്രേരിപ്പിച്ചിട്ടുണ്ടായിരിക്കണം. അവകാശങ്ങളെ അധികാരത്തോടുകൂടിയും എന്നാൽ വിനയത്തിനു വിഘ്നം വരാതേയും വിശദീകരിക്കുന്നതിനും, വിടാതെ പിടിക്കുന്നതിനും ആ തിരുമേനിക്കുണ്ടായിരുന്ന സന്നദ്ധതയും സാമത്ഥ്യവും അനന്യസുലഭമായിരുന്നു. ബലിഷ്ഠരെങ്കിലും ബലത്തെ മാത്രം അവലംബിക്കാതെയും, മാനമര്യാദകളെ അനാദരിക്കാതെയും, ന്യായം പ്രവൎത്തിക്കുന്നതിന് ഇംഗ്ലീഷുകാർ പ്രദശിപ്പിച്ച സന്മനസ്സാണ ശക്തൻതമ്പുരാൻെറ സൎവ്വവിജയങ്ങളുടെയും അടിസ്ഥാനമെന്നും കാണാവുന്നതാണ്.

XXXIV

ഈഴവർ

ശക്തൻതമ്പുരാനെപ്പോലെയുള്ള ഒരു കേരളക്ഷത്രിയരാജാവു്, അക്കാലത്തു്, മലയാളത്തിൽ നടപ്പുണ്ടായിരുന്ന ആചാരവിധികളെ—അഥവാ അനാചാരങ്ങളെ— ആദരിച്ചിരുന്നാൽ അതിൽ ആരും അദ്ദേഹത്തെ അപരാധിയാക്കുമെന്നു തോന്നുന്നില്ല. എന്നാൽ, 'ഈഴവർ' ആണെന്നുള്ള കാരണത്താൽ സ്വപ്രജകളിൽപ്പെട്ട ആ വിഭാഗത്തെ അദ്ദേഹം ആവശ്യത്തിലധികം അകററിനിൎത്തുകയോ അനുഭാവരഹിതമായി അവരോടു പെരുമാറുകയോ ചെയ്തിട്ടില്ല. നേരേമറിച്ച്, വാത്സല്യാതിരേകത്തോടുകൂടിത്തന്നെ അവരെ ഓരോ കാൎയ്യങ്ങഠംക്കു നിയോഗിച്ചിരുന്നതായിട്ടു കാണുന്നതുമുണ്ട്. ശക്തൻതമ്പുരാൻെറ രാജ്യരക്ഷയിൽ ഈഴവൎക്കും അഭിമാനിക്കാവുന്ന ഒരു സ്ഥാനമുണ്ടായിരുന്നു.

തമ്പുരാൻെറ പട്ടാളത്തിൽ ഈഴവസൈന്യത്തിനു കാര്യമായ ഒരു വിലയും നിലയും ഉണ്ടായിരുന്നു. രാജ്യത്തിൻെറ കാവലിനുള്ള ഭാരവും കൃഷിവിചാരത്തിനുള്ള മുമ്പും കയ്യും ഈഴവക്കായിരുന്നു.

തമ്പുരാൻ "കൊമ്പാന്താ"ന്മാക്കു കല്പിച്ചുകൊടുത്തിരിക്കുന്ന ഹുക്കുനാമത്തിലെ ഇരുപത്തിനാലാമത്തെ ഖണ്ഡികയിൽ "ചോകന്മാരെ"ക്കുറിച്ചുള്ള ഒരു പ്രസ്താവനയുണ്ട്. അതിൽനിന്നു് അവരെ അന്നത്തെ പട്ടാളത്തിൽ ചേത്തിരുന്നു എന്നു ധാരാളം തെളിയുന്നുണ്ട്. "പ്രവൃത്തിയിൽനിന്നു കമ്പനിക്കും ചട്ടക്കാരുടെ വകക്കും ചെത്തിരിക്കുന്ന വീടുകഠം നീക്കി ഇനിചെരാത്ത വീടുകഠം എത്ര എന്നും അതിൽ ആളുകഠം എത്രയെന്നും, ചോകുടികഠം എത്ര എന്നും അതിൽ എണ്ണം എത്ര എന്നും വരിയൊല തയ്യാറാക്കി കയ്യിൽ വെച്ചിരിക്കണം. ആളെ അയക്കണമെന്ന കല്പന വരുമ്പൊഠം ഉടനെ ഇന്നിന്നെടത്ത ഇത്ര ഇത്ര ആളുകഠം ഉണ്ടെന്നു വിവരംതിരിച്ച എഴുതി അയച്ചുകൊള്ളണം".

അതുപോലെതന്നെ, "കാര്യക്കാരന്മാക്കു"ള്ള ഹുക്കുനാമത്തിൽ, "ആ കോവിലകത്തുംവാതുക്കൽ ഉഠംപ്പെട്ട പ്രവൃത്തികളിൽനിന്നു ചട്ടക്കാര വകയ്ക്കു് പൊയിട്ടില്ലാത്ത ഈഴവപ്പുരകളിൽനിന്നു രണ്ടും നാലും ഉള്ളെടത്തുനിന്നു ഓരൊരുത്തരെ ചട്ടക്കാരവകക്ക കൂട്ടിഎല്പിക്കണം" എന്നു പ്രത്യേകം കല്പിച്ചിരിക്കുന്നു. ഇതിൽനിന്നു 'ചട്ടക്കാർ' എന്ന പട്ടാളവകപ്പ് ഈഴവക്കുള്ളതോ ഈഴവരുടെ വകയോ ആയിരുന്നു എന്നു ധാരാളം അനുമാനിക്കാവുന്നതാണ്. എല്ലാ വീടുകളിൽനിന്നും പ്രായപൂത്തിവന്നവർ ഏതാനും പേരെങ്കിലും 'ചെട്ടക്കാർ' വകയിൽ ചേന്നിരിക്കണമെന്നായിരുന്നു വ്യവസ്ഥ. മററുള്ളവർ ആവശ്യം വരുമ്പോഠം ചേരുന്നതിനു സന്നദ്ധരായിരിക്കയും വേണം. തീച്ചയായും ഈഴവർ ശക്തൻതമ്പുരാൻെറ ഗാഢവും സ്നേഹബഹുമാനമസൃണവും ആയ ശ്രദ്ധയെ ആകഷിച്ചിരുന്നു.

മരണശിക്ഷക്കു വിധിക്കപ്പെട്ട കുററക്കാരെ വധിക്കുന്ന കാര്യത്തിൽ നിയമിതരായിരുന്ന ഉദ്യോഗസ്ഥന്മാർ ഈഴവന്മാരായിരുന്നു എന്നാണു തോന്നുന്നതു. രണ്ടുപേർ കലപ്പള്ളികഠംക്കു കൊലച്ചോറു കൊടുത്തതിൻെറ വിവരം എഴുതിയിരിക്കുന്നതിനു ശേഷം ആ കണക്കിൽ തന്നെ ശിക്ഷിച്ചതിന്നു തിരുനിലത്തുപറമ്പിൽ ഈഴംമാമു മുതൽപേക്കു കൊടുത്ത പുത്തൻ 95" എന്നു കൂട്ടിചേത്തുകാണുന്നുണ്ട്. നായാട്ടുകഠംക്കു തട്ട

മ്പുരാനെ സഹായിച്ചിരുന്നവർ പ്രധാനമായി ഈഴവരായിരുന്നു. അതിനെ ബലപ്പെടുത്തുന്ന പല കഥകളും പ്രചാരത്തിലുണ്ട്. ഒരു തവണ കണക്കിൽ "പുലിയെ വെടിവെച്ചുകൊണ്ടുവന്ന ഈഴം കുഞ്ഞിട്ടിക്ക് പുത്തൻ 35" എന്നു തിരിച്ചെഴുതിക്കാണുന്നുമുണ്ട്.

പണികൾക്ക സ്വീകരിക്കുന്ന കാര്യത്തിലും കൂലി കൊടുക്കുന്ന സംഗതിയിലും ഈഴവരും നായന്മാരും തമ്മിൽ രാജദൃഷ്ടിയിൽ യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ല. ഒരു കന്നിമാസം 29_ ാംനു-ത്തെ കണക്കിൽ എഴുതിക്കാണുന്നതു ഇങ്ങനെയാണ്: "കൊച്ചിയിൽനിന്നും ആളുകളെയും സാമാനങ്ങളും കഴിക്കേണ്ടതിന്നു നായന്മാര്, മാപ്പിളമാര്, കുടുമ്മിക്കാര്, ഈഴവന്മാര് ഉൾപെട്ട എണ്ണൂററിഅറുപത്തിഎട്ടു പെക്ക് കഞ്ഞിക്ക പുറമെ ആൾ ഒന്നുക്ക് കാരൊ പുത്തൻ വീതം..." അവിടെ ജാതിവ്യത്യാസമോ മതവ്യത്യാസമോ ഒന്നും ഇടയിൽ കടന്നുകൂടീട്ടുള്ളതായി കാണുന്നില്ല.

പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം കാവൽപുരകളുണ്ടായിരുന്നു. ആവക സ്ഥലങ്ങളിലെ കാവലിൻെറ ചുമതല മുഴുവനും പ്രായേണ ഈഴവന്മാർക്കായിരുന്നു. അവരുടെ മേലാൾക്ക വലിയ അന്തസ്സും അവസ്ഥയും ഉണ്ടായിരുന്നതായി കാണുന്നുണ്ട്. "കാവൽതണ്ടാന്മാർ" എന്നു അവൎക്കു സ്ഥാനവും കല്പിച്ചുകൊടുത്തിരുന്നു.

കൃഷികാര്യങ്ങളിൽ പലതിൻെറയും കർത്തൃത്വം ഈഴവന്മാരിലാണു അർപ്പിച്ചിരുന്നതു. "കണ്ടകൃഷികളിൽ" മിക്കതും ഈഴവപ്രമാണികളുടെ ചുമതലയിലാണു നടത്തപ്പെട്ടിരുന്നതു. കന്നുകാലികളെ കൊയിത്തു കഴിഞ്ഞാൽ അഴിച്ചിടുവാനുള്ള കാലം കൊട്ടിയറിയിക്കുക, വിതയ്ക്കുന്ന കാലംവരുമ്പോൾ കാലികളെ പിടിച്ചു കെട്ടുവാൻ പരസ്യപ്പെടുത്തുക, അകാലത്തും അന്യായമായും അഴിച്ചുവിടുന്ന കാലികളെ തടഞ്ഞു നിൎത്തുക, അതിൻെറ അപരാധികളെ അധികാരസ്ഥാനത്തേക്ക് അയക്കുക, എന്നിങ്ങനെയുള്ള പല പ്രവൃത്തികൾക്കും ഈഴവന്മാരെയാണു നിശ്ചയിച്ചിരുന്നതു. "ചാലിടുന്നതിനുള്ള ദിവസവും മുഹൂൎത്തവും വിളിച്ചുപറയുന്ന" ജോലിക്കായി ചില കുടുംബക്കാരെ അധികാരപ്പെടുത്തിയിരുന്നതായും ആ വകയ്ക്ക് അവൎക്കു ചില അനുഭവങ്ങൾ നിശ്ചയിച്ചിരുന്നതായും കാണുന്നുണ്ട്. 'കാലികളെ കെട്ടേണ്ടകാലത്തു കടികൾ കെട്ടാഞ്ഞാൽ കെട്ടിക്കേണ്ടതിന്നു "കാലാക്കയും" തറകളിൽ

"മുന്നലക്കാരന്മാരെ"യും നാം ഏല്പിച്ചിട്ടുണ്ട്' എന്നു ഒരു തിരുവെഴുത്തിൽ കാണുന്നുണ്ട്. ഈ "കാലാക്കർ"യും "മുന്നലക്കാര"നും ഈഴവരായിരുന്നു.

ശക്തൻതമ്പുരാന്റെ "കപ്പൽക്കാര്യം" അധികവും മുഹമ്മതീയരുടെ മേൽനോട്ടത്തിൽ ആയിരുന്നതുപോലെ "തോണിക്കാര്യം" മുക്കോലും, ഈഴവരുടെയും വാലന്മാരുടെയും അധീനത്തിലായിരുന്നു.

തണ്ടാൻസ്ഥാനവും പണിക്കൻ സ്ഥാനവും പല ഈഴവവ്യക്തികൾക്കും സ്വന്തമായുംമററുപലക്കും തറവാട്ടയ്ക്കായും, കല്പിച്ചുകൊടുത്തിട്ടുണ്ട്. വീരശൃംഖല, വാളും പരിച, പൊന്നണിഞ്ഞ പിച്ചാകത്തി, വെളുത്തകുപ്പായം, എന്നിപ്രകാരമുള്ള ബഹുമാനചിഹ്നങ്ങൾ തിരുവുള്ളം തെളിഞ്ഞു വാങ്ങിട്ടുള്ള ഈഴവപ്രമാണികൾ വളരെയുണ്ട്. ദേശങ്ങൾ തോറുംതന്നെ തണ്ടാന്മാരെ നിശ്ചയിച്ച് ഈഴവരുടെ സാമുദായികമായ ഐകമത്യത്തേയും, അച്ചടക്കത്തേയും സൌജന്യബുദ്ധിയോടുകൂടി പരിപാലിച്ചിരുന്നു. നായർപണിക്കന്മാരുടെ എന്നപോലെതന്നെ ഈഴവപണിക്കന്മാരുടേയും കളരികളും പരദേവതമാരും രാജകീയാനുകൂല്യത്തോടുകൂടി സംപുഷ്ടിയെപ്രാപിച്ചു.

പരദേശബ്രാഹ്മണക്കും ഈഴവപ്രമാണികൾക്കും ഒരുപോലെയുള്ള അവകാശാധികാരങ്ങൾ കല്പിച്ചരുളിയതായിക്കാണുന്നുണ്ട്. "തൃശ്ശിവപേരൂർ പഴെനടക്കാവിൽ ഇരിക്കും മെലെ അയ്യൻ നാറാണൻ എഴുത്ത്. എനിക്കു കല്പിച്ച വീരചങ്ങലയും നെടിയ കുടയും ചങ്ങലവട്ടയും തന്ന വകയ്ക്കു് തിരുമുൽക്കാഴ്ചയുംചെയ്തു." എന്നാൽ "അച്ചാങ്ങാട്ടിൽ ഈഴം അരകനു" കല്പിച്ചുകൊടുത്തതിന്റെ വിവരംകാണുക.

"നാളതു കണയന്നൂര കൊവിലകത്തും വാതുക്കൽചെന്നു നെട്ടു പ്രവൃത്തിയിൽ പനങ്ങാട്ട മുറിയിൽ മാങ്ങാട്ടിൽ ഈഴം അരകൻ പെരാൽടിയാനെ പനങ്ങാട്ട തണ്ടാനായിട്ട കല്പിച്ചു, ചെമ്പനത്തു പുഴക്കും പടിഞ്ഞാട്ട, കൈതപുഴക്കും വടക്കൊട്ട, കുമ്പളത്തു പുഴക്കും കിഴക്കൊട്ട, കറകയിൽ തൊട്ടിന്നും തെക്കൊട്ട ഇതിന്നകത്തുള്ള കുടികളിൽ "കല്ലാരിൽ മാക്കി" അനുഭവിച്ചിരുന്നതിൻവണ്ണമുള്ള അനുഭവസ്ഥാനങ്ങളും 'മേൽവാഴ്ചക്കനുസരിച്ചു കീഴ്‌വാഴ്ചയും" പാനായിൽ പണിക്കനായിട്ട അനുഭവിച്ചുവന്നിരുന്ന 'ആശായ്മസ്ഥാനവും" എടത്തുകൈക്കു വളയും വെള്ളികെട്ടിയ വാളും, വെള്ളികെട്ടിയ വടിയും, പൊന്നിട്ടു കെട്ടിയ

പിച്ചാങ്കത്തിയും, കടുക്കനും, വെള്ളക്കുപ്പായവും, കുടയും, നടയും, ആലവട്ടവും, പുലിത്തോലിട്ട പരിചയും, പിണ്ടവാദ്യവും, കുത്തുവിളക്കും, കൊണ്ടുനടന്നുകൊള്ളത്തക്കവണ്ണവും, പരിശനക്കാട്ടു പറമ്പ അനുഭവമായി അനുഭവിച്ചുകൊണ്ടു ആണ്ടുകാഴ്ച പതിനാറുപണം അടച്ചുകൊള്ളത്തക്കവണ്ണവും കല്പിച്ചു തീട്ടൂരവുംകൊടുത്തു."

ഒരു ഈഴവത്തണ്ടാനു കല്പിച്ചുകൊടുത്ത തീട്ടൂരമാണിതെന്നു അതിൽതന്നെ എഴുതിയിട്ടുണ്ടായിരുന്നില്ലെങ്കിൽ, അതിലെ സംഗതികൾ മാത്രം നോക്കിയാൽ, ആരും പറയുകയില്ല. അത്രയ്ക്കുമാത്രം അതിനു മേന്മ തോന്നും. എല്ലാററിനുംപുറമെ ശക്തൻതമ്പുരാൻെറ "വഴിവാടു" കണക്കിൽ ഒന്നു രണ്ടു ഈഴവക്കളരികളിലെപരദേവതമാക്ക് ആണ്ടു വഴിവാടുകൾ കല്പിച്ചനുവദിച്ചിരുന്നതായും കാണുന്നുണ്ടു.

"കളരിക്കൽ പണിക്കൻമാർ" കൊച്ചിരാജ്യത്തു വളരെയുണ്ട്. ഇന്നു നിയമസഭാമെമ്പറായിരിക്കുന്ന കെ. എസ്സ്. പണിക്കർ അവർകളുടെ കുടുംബം അങ്ങനെയുള്ള ഒരു 'കളരിക്കലെ' ആകുന്നു. തണ്ടാൻമാരും പണിക്കൻമാരും അവശേഷിച്ചിട്ടുള്ളവർ, അവരുടെ കുടുംബത്തിൻെറ പഴയ ചരിത്രത്തെ സംബന്ധിച്ചുള്ള ഗവേഷണങ്ങൾക്ക് ഒരുങ്ങുന്നപക്ഷം, ശക്തൻതമ്പുരാൻെറ കാലത്തായിരുന്നു ആ കുടുംബങ്ങളുടെ സൌവർണ്ണകാലമെന്നു കണ്ടെത്താതിരിക്കയില്ല. എനാമ്മാവു കരയിലുള്ള "കുന്നത്തുള്ളി"—ഇന്നും അങ്ങിനെ പേരുള്ള ഒരു ഈഴവകുടുംബം അപ്രദേശത്തുണ്ട്—എന്ന കുടുംബപ്പേരുതന്നെ ശക്തൻതമ്പുരാൻെറ കാലത്തെ ചില രേഖകളിൽ ഉൾപ്പെട്ടുകാണുന്നുണ്ട്.

ശക്തൻതമ്പുരാൻ കല്പിച്ചനുഗ്രഹിച്ചിട്ടുള്ള ഈഴവ കുടുംബക്കാരെക്കുറിച്ചു പൂർണ്ണമായ വിവരങ്ങളൊന്നും ഇപ്പോൾ കിട്ടുവാൻ നിവൃത്തിയില്ലെങ്കിലും, മേൽചേർത്തിരിക്കുന്ന തരത്തിലും അതിൽ താഴെയായി പല തരത്തിലും അവകാശപത്രങ്ങളും അനുഭവതീട്ടൂരങ്ങളും സിദ്ധിച്ചിട്ടുള്ളവർ വളരെയുണ്ടെന്നുള്ളതു നിർവ്വിവാദമാണ്. അങ്ങനെയുള്ളവരുടെ പട്ടികയിൽ, നടമെൽ തണ്ടാൻ, കണ്ണാഴത്തു തണ്ടാൻ, കാവനാർതണ്ടാൻ, ചെപ്പന തണ്ടാൻ, മാടത്തിൻകീഴ്തണ്ടാൻ എന്നീ തണ്ടാന്മാരുടെ പേരുകൾ ഉൾപ്പെടുന്നതാകുന്നു. തൃപ്പൂണിത്തുറ ചന്തയെ സംബന്ധിച്ചുള്ള വിളംബരത്തിൽ ആ പേരുകൾ പ്രത്യേകം വിളിച്ചു പറഞ്ഞിട്ടുമുണ്ട്.

അർഹതയും അനുസരണബുദ്ധിയും ഉണ്ടായിരുന്നവക്കൊക്കെ യഥാക്രമം യഥായോഗ്യം അവിടുന്നു സ്ഥാനമാനങ്ങൾ കല്പിച്ചു നൽകിയിരുന്നു. അതിൽ അവിടുത്തു വർഗ്ഗവ്യത്യാസമൊ വർണ്ണവ്യത്യാസമൊ തീരെ ഉണ്ടായിരുന്നില്ല. എന്നാൽ, അപരാധികളെ ശിക്ഷിക്കുന്ന വിഷയത്തിൽ വീരശൃംഖല ഇടുവിച്ച കൈതന്നെ വെട്ടുന്നതിനും മടിച്ചിരുന്നില്ല. തൃശ്ശൂർ കോട്ടക്കാവൽക്കാരനായ പ്രമാണപ്പെട്ട ഒരു തണ്ടാൻ, വടക്കുന്നാഥൻക്ഷേത്രത്തിൽ ദർശനത്തിനുപോയ ഒരു ശൂദ്രസ്ത്രീയിൽ കാമമോഹിതനായതും, ആ സംഗതി തിരുവുള്ളത്തിലേറിയാറെ അവിടുന്നുതന്നെ ആൾമാറാട്ടമായി നേരിട്ടിറങ്ങി ആ തണ്ടാൻെറ തണ്ടു ശമിപ്പിച്ചതും ആയ കഥയും മററും ഐതിഹ്യപ്രസിദ്ധമാണല്ലൊ.

XXXV

ക്ഷേത്രസങ്കേതങ്ങൾ

കേരളം ഭാർഗ്ഗവക്ഷേത്രമായാലും അല്ലെങ്കിലും, 'കേരളമാഹാത്മ്യത്തിൽ' ക്ഷേത്രങ്ങളും അവയിലെ ഭരണമുറകളും പ്രാചീനകാലം മുതല്ക്കുതന്നെ അനന്യസാധാരണവും വിശ്വമോഹനവുമായ ഒരു സ്ഥാനം വഹിച്ചിരുന്നു. കേരളത്തെ അറുപത്തിനാലു ഗ്രാമങ്ങളായി തിരിക്കയും ഓരോ ഗ്രാമത്തിന്നും ഓരോ അധിദേവതയേയും ഓരോ ദേവതക്കും പ്രത്യേകം ഓരോ ക്ഷേത്രത്തേയും കല്പിക്കയും ചെയ്തിരുന്നതായി പറയപ്പെടുന്നതിൻെറ പരമാർത്ഥം എതുപ്രകാരമായിരുന്നാലും, ചരിത്രാതീതകാലത്തുതന്നെ മലയാളത്തിലെ മഹാക്ഷേത്രങ്ങൾ ആരാധനാസ്ഥലങ്ങൾ മാത്രമല്ല, പരിഷ്കൃതങ്ങളായ ഭരണസമിതികളുടെ കൂടങ്ങൾകൂടിയായിരുന്നു എന്നു നിർവ്വിവാദമാണ്. ഇന്നത്തെ നമ്പൂരിമാരുടെ പൂർവ്വികന്മാരെന്നു വിശ്വസിക്കപ്പെടുന്ന ആ പുരാതനന്മാർ മലയാളത്തിൽ ഇദംപ്രഥമമായി പ്രവേശിച്ച കാലത്തിന്നു മുമ്പുതന്നെയും, ദ്രാവിഡമോ സ്വതന്ത്രമോ ആയിരുന്ന ഒരു നല്ല സംസ്കാരസമ്പത്തും ഭരണസമ്പ്രദായവും കേരളക്കരയിൽ പരിലസിച്ചിരുന്നു. അന്നത്തെ 'കാവുകൾ' ക്ഷേത്രങ്ങളും, ദേവതകൾ ദേവികളും, മലയാളം കേരളവുമായി പരിണമിച്ചതു കാലക്രമത്തിലും, ആര്യസംസ്കാരത്തിൻെറ അപ്രതിഹതവും അനിവാര്യവും ആയ പ്രവർത്തനം നിമിത്തവുമായിരി

ക്കണം. ഈ സംസ്കൃതീകരണവും, സംസ്കാരസംഘട്ടനവും, 'നാട്ടുപരിഷ്കാരം'ത്തിന്റെ അന്തർദ്ധാനവും, കേരളോൽപ്പത്തിക്കു ഒരു ഭാഗ്യമായോ ശാപമായോ ആണ സംഭവിച്ചതു് എന്നുള്ളതിനേക്കുറിച്ചു് പര്യാലോചിക്കുന്നതു ഇപ്പോൾ അനാവശ്യവും അയുക്തവുമാണു്.

'കേരളമാഹാത്മ്യ'ത്തിന്റെ കാലത്തിനു മുമ്പു കേരളത്തിനു മാഹാത്മ്യമുണ്ടായിരുന്നില്ലെന്ന നിലയ്ക്കാണു് കേരളത്തെ ലോകസമക്ഷം മിക്കവാറും അവതരിപ്പിച്ചുകാണുന്നതു്. അതിന്റെ സാധുതയേക്കുറിച്ചു ന്യായവാദം ചെയ്യുന്നതിനല്ല എന്റെ ശ്രമം. ആര്യസംസ്കാരപ്രവാഹത്തിൽ കുളിച്ച കേരളം— ഉപ്പുവെള്ളത്തിൽനിന്നുയൎന്ന കേരളം സംസ്കൃതഗംഗയിൽ ആറാടിയശേഷം— സ്വായത്തമായി സ്വീകരിച്ച നമ്പൂരിപരിഷ്കാരത്തിന്റെ— നമ്പൂരിപരിഷ്കാരമെന്നതു് ഒരു സൗകര്യപ്പേരു മാത്രമാണേ—എങ്ങനെ വിജയിച്ചു, അല്ലെങ്കിൽ എന്തിനു് അപജയിച്ചു എന്നുള്ള അന്വേഷണംതന്നെ ഒരു ഗവേഷകനെ പിടിപ്പതു പണികൊടുക്കുന്ന ഒന്നായിരിക്കെ, അതിനും അപ്പുറത്തുള്ളതും അതിലും ഇരുളടഞ്ഞതും ആയ ഒരു കാലഘട്ടത്തെ സങ്കല്പിച്ചു ഞാനിപ്പോൾ സങ്കടപ്പെടുകയോ സന്തോഷിക്കുകയോ ചെയ്യുന്നില്ല.

അന്നത്തെ ആരാധനാസ്ഥലങ്ങൾ 'കാവുകൾ' ആയിരുന്നു. കാവുകൾ ആരാധനകൾക്കുമാത്രമല്ല, നീതിനെറികളെ വിചിന്തനം ചെയ്യുന്നതിനും, സത്യാസത്യവിവേചനത്തിനും, സാമുദായികകാര്യങ്ങളെ തീൎച്ചപ്പെടുത്തുന്നതിനും ഉള്ള സ്ഥാനങ്ങൾകൂടി ആയിരുന്നു. പിന്നീടു പ്രബുദ്ധവും പ്രസിദ്ധവുമായിത്തീൎന്ന 'ക്ഷേത്രസങ്കേതവിചാര'ത്തിന്റെ ഉടക്കം കാവുകളോടനുബന്ധിച്ച തറക്കൂട്ട'ത്തിൽനിന്നാകുന്നു. 'തറയിൽ ആശാന്മാർ' തറക്കൂട്ടത്തിൽവെച്ചു തീൎച്ചപ്പെടുത്തുന്ന സംഗതികൾക്കു 'വരിയെഴുതി'യിരുന്നു. ദേശത്താശാൻ കാവിലെ പൂശാരിയുംകൂടിയായിരുന്നു. 'ദേശംചേൎന്ന നാടുവാഴി', ആവലാതികളും സങ്കടങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ, 'ദേശം അറിയിച്ചു്', 'പ്രമാണം വിളിച്ചുകൂട്ടി', 'കാവിൽ പൂക്കു', വിചാരംചെയ്തു വിധികല്പിക്കും. ഈ തറക്കൂട്ടത്തിന്റെ പരിഷ്കരിച്ച പതിപ്പാണു് ക്ഷേത്രസങ്കേതം. ബി. സി. 322വരെ മിക്കവാറും ഇപ്രകാരംതന്നെയായിരിക്കണം നടന്നുപോന്നിട്ടുള്ളതു്. അക്കാലത്തും— ബി. സി. 323_ലും—നമ്പൂരിമാർ ഉണ്ടായിരുന്നിരിക്കാം. എന്നാൽ, അന്നു അവർ വൈദികന്മാർ മാത്രമായിരുന്നു. കാവുകളെ ക്ഷേത്രങ്ങളാക്കിത്തീൎത്ത സംസ്കൃതീകരണത്തിൽ ഉദ്യുക്തരുമായിരുന്നിരിക്കണം.

നമ്പൂരിമാരുടെ പ്രവേശത്തിന്നു മുമ്പു എപ്രകാരമായിരുന്നാലും, അവരുടെ മേധാവിത്വം സുപ്രതിഷ്ഠിതമായതിന്നുശേഷം, കേരളത്തിലെ മിക്ക ക്ഷേത്രങ്ങളും, ആ ക്ഷേത്രങ്ങളുടെ ഉടമസ്ഥന്മാർ അബ്രാഹ്മണർ ആയിരുന്നിരിക്കാമെങ്കിലും, വിസ്തൃതവും വ്യവസ്ഥിതവുമായ ഭരണാധികാരം നടത്തിപ്പോന്നിരുന്നു. കേരളക്ഷേത്രങ്ങൾ പല പ്രകാരത്തിലും പ്രാമാണ്യത്തേയും പ്രാമുഖ്യത്തേയും സമ്പാദിച്ചിട്ടുള്ളവയാണ്. "ക്ഷേത്രസങ്കേതങ്ങൾ" അവക്കു മറെറങ്ങുമില്ലാത്ത ഒരു ചരിത്രപ്രധാനത്വവും കൈവരുത്തി. "സങ്കേത"ങ്ങളുടെ ഇന്നത്തെ സ്ഥിതിഗതികൾ മാത്രം അറിയുന്ന ഒരാൾക്കു പോലുമോ അവയുടെ വൈശിഷ്ട്യം വിചാരഗോചരംകൂടിയല്ല. മിക്ക ക്ഷേത്രങ്ങൾക്കും സങ്കേതമുണ്ടായിരുന്നു. അന്നത്തെ സമ്പ്രദായങ്ങളോടും സാഹചര്യങ്ങളോടും താരതമ്യപ്പെടുത്തുമ്പോൾ സങ്കേതശബ്ദത്തിന്നു പില്ക്കാലത്തു സംഭവിച്ചിട്ടുള്ള അർത്ഥപരിണാമംപോലും അത്ഭുതകരമായി തോന്നുന്നു.

കേരളക്ഷേത്രങ്ങൾ മിക്കതും ഗ്രാമക്ഷേത്രങ്ങളായിട്ടാണു കാലാന്തരത്തിൽ വന്നു കലാശിച്ചതു. ക്ഷേത്രഭരണരീതി അന്നത്തെ അത്യുദാരവും അതിശോഭനവുമായിരുന്ന പ്രജായത്തഭരണത്തിന്റെ മനോഹരമാതൃകയായിരുന്നു. ഗ്രാമക്കാരുടെ യോഗം, അതിൽനിന്നു ഭരണസമിതി, ആ സമിതിയിൽനിന്നു ഭരണാധികാരി, അകക്കോയ്മ, പുറക്കോയ്മ, മേല്ക്കോയ്മ, ഇപ്രകാരം അന്യാദൃശമായ ഒരു ഭരണസമ്പ്രദായമാണു നടപ്പുണ്ടായിരുന്നതു്. കാലക്രമത്തിൽ, 'ഭജനം മൂത്തു് ഊരായ്മയും' അവരോധിക്കപ്പെട്ട അധികാരികളുടെ സ്വാർത്ഥപരമായ പരദ്രോഹവും, അകംപുറം കോയ്മകളുടെ കിടമത്സരങ്ങളും, മേല്ക്കോയ്മയുടെ ബലഹീനതയും, നാട്ടുകൂട്ടത്തിന്റെ നട്ടെല്ലിന്നു തട്ടിയ തളച്ചയും എല്ലാം കൂടി ചേർന്നപ്പോൾ ക്ഷേത്രങ്ങളെല്ലാം "പണ്ടാരവകയോ", ഊരായ്മക്കാരുടെ വകയോ ആയിത്തീർന്നു. ഇന്നു് അതു ചരിത്രാന്വേഷികൾക്കും ഗവേഷകന്മാർക്കും ഉപയോഗപ്പെടുന്ന ഒരു നിർജ്ജീവവിഷയമാകുന്നു. എന്നാൽ, ഒരുകാലത്തു സങ്കേതങ്ങൾ കേരളത്തിന്റെ ജീവനാഡികളും കുലശേഖരപ്പെരുമാളെയും, പെരുമ്പടപ്പിൽ മൂപ്പീന്നിനെയും, കുന്നലക്കോനാതിരിയെയും കൂടി 'ശതകം ചൊല്ലിച്ചി'രുന്ന ശക്തികേന്ദ്രങ്ങളും ആയിരുന്നു.

ഒരു ക്ഷേത്രത്തിന്റെ അധികാരാതിർത്തികളെ കുറിക്കുന്ന സ്ഥലപ്പരപ്പിന്നാണു "സങ്കേതം" എന്ന പേർ. ആട്ടക്കളെക്കളിയിൽ വരക്കുക

ത്തു കടന്നാൽ പിടിയ്ക്കാനോ അടിയ്ക്കാനോ പാടില്ലാത്തതുപോലെ, സങ്കേതത്തിന്നകത്തുപെട്ടാൽ പിന്നെ ഏതു ചക്രവർത്തിയ്ക്കുപോലും, എത്ര വലിയ അപരാധിയേയും, അടക്കുവാനോ അടക്കുവാനോ പാടുണ്ടായിരുന്നില്ല. ഇന്നത്തെ രാജദ്രോഹികളുടെ "പോണ്ടിച്ചേറി" പോലെയായിരുന്നു അക്കാലത്തെ ക്ഷേത്രസങ്കേതങ്ങൾ. അപരാധത്തിൻെറ ആകൃതിയോ അളവൊ നോക്കാതെ ആക്കും അതിർത്തികടന്നു രക്ഷപ്പെടാവുന്ന അഭയസ്ഥാനങ്ങളായിരുന്നു ക്ഷേത്രസങ്കേതങ്ങൾ. അന്യോന്യം മത്സരിയ്ക്കയും മത്തടിയ്ക്കയും മുടിച്ചുവിടുകയുംചെയ്തിരുന്ന രണ്ടുകൂറന്മാരും ബലവാന്മാരുമായിരുന്ന മഹാരാജാക്കന്മാർപോലും ക്ഷേത്രസങ്കേതങ്ങളുടെ അലംഘ്യമായ പരിശുദ്ധിയേയും അനിഷേദ്ധ്യമായ വിധികളേയും നിയമേന ആദരിച്ചിരുന്നതുകൊണ്ടു, കൊല്ലും കൊലയും, നാശവും, ക്ലേശവും, രാജ്യത്തൊക്കെ പടന്നുപിടിച്ചിരുന്ന ഭരണസന്ധികളിൽപ്പോലും ക്ഷേത്രസങ്കേതങ്ങൾ പ്രശാന്തങ്ങളും പ്രസന്നങ്ങളുമായി പ്രശോഭിച്ചിരുന്നു.

ബ്രിട്ടീഷാധിപത്യം ഉറച്ചതിന്നുശേഷം ഉടനെ ഉണ്ടായ രാജ്യ "സൎവ്വേ"യ്ക്കു നിയോഗിക്കപ്പെട്ടിരുന്ന "വാർഡ്" എന്നും "കോണർ" എന്നും പേരായ രണ്ടു സായിപ്പന്മാർ അവരുടെ റിപ്പോട്ടിൽ ഒരിടത്തു ക്ഷേത്രസങ്കേതത്തെ "അമ്പലരാജ്യം" എന്നു അർത്ഥഗർഭമാംവണ്ണം വിവരിച്ചിരിയ്ക്കുന്നു. അമ്പലരാജ്യത്തിന്നു "അമ്പലത്തിൻെറ രാജ്യം" എന്നാണു അവർ അർത്ഥനിർണ്ണയം ചെയ്തിട്ടുള്ളതും.

കൊച്ചിയും തിരുവിതാങ്കൂറും തമ്മിൽ "അന്നമനട" ക്ഷേത്രത്തെക്കുറിച്ചുണ്ടായ തൎക്കം ഹാമിംഗ്ടൻധാരയുടെ മദ്ധ്യസ്ഥക്കോടതിയിൽ എത്തിയപ്പോൾ, തിരുവിതാങ്കൂറിൽനിന്നു ബോധിപ്പിച്ച കാൎയ്യവിവരപത്രികയിൽ സങ്കേതത്തെ വിവരിച്ചിരിയ്ക്കുന്നതു ഇപ്രകാരമാണു: "സങ്കേതം" എന്നു പറയുന്നതു എതാനും ഒരു രാജ്യവിഭാഗമാണു. ദേശമൊ ദേശങ്ങളൊ അതിൽ ഒതുങ്ങിയിരിയ്ക്കും. അതുപൂൎണ്ണമായ സ്വാതന്ത്ര്യവും രാജത്വവുമുള്ള ഒരു സ്ഥാപനമാണു. അന്യനൊരുത്തന്നു സങ്കേതത്തിന്നകത്തു യാതൊരുവക അധികാരങ്ങളുമില്ല. സങ്കേതങ്ങൾ രണ്ടു തരമുണ്ടു. ഒരുവകയെ "സ്വയംഭൂക്കൾ" എന്നു പറയാം. അവ പണ്ടത്തെ നമ്പൂതിരി ആധിപത്യത്തിൻെറ അവശിഷ്ടങ്ങളായ കോയ്മസ്ഥാനങ്ങളാണു. മറേറവ രാജനിൎമ്മിതങ്ങളാണു. രാജാവു ഒരു ക്ഷേത്രത്തിന്നു ഭരണാധികാരം കല്പിച്ചുകൊടുക്കുന്നതുകൊണ്ടു ഉണ്ടാകുന്ന

താണ്. മതസംബന്ധമായ ചിന്തകളാൽ ഒരു രാജാവ് ഒരു ക്ഷേത്രത്തിന്നു സങ്കേതത്തെ കല്പിച്ചു വ്യവസ്ഥിതമായ ഭരണാധികാരം പ്രദാനം ചെയ്തു എന്നു വരാം. ഭരണസമ്പ്രദായം രണ്ടിലും ഒന്നുതന്നെയാണ്. എന്നാൽ, രണ്ടാമത്തേതിൽ, ഭരണയോഗത്തിൽ രാജാവിന്നുകൂടി ഒരു സ്ഥാനമുണ്ടായിരിക്കും. അത്രമാത്രമെ വ്യത്യാസമുള്ളു".

സങ്കേതാതിർത്തികൾ വ്യവസ്ഥിതങ്ങളും വിഖ്യാതങ്ങളും ആയിരുന്നു. ഇരിങ്ങാലക്കുടക്ഷേത്രത്തിന്റെ സങ്കേതാതിർത്തികളെ, "വെള്ളാങ്ങല്ലൂരുനിന്നു വടക്കോട്ടും, കരുമാലിപ്പുഴക്കൽനിന്നു തെക്കോട്ടും, കാക്കത്തുരുത്തിപ്പുഴക്കൽനിന്നു കിഴക്കോട്ടും, ചാലക്കുടിപ്പുഴക്കൽനിന്നു പടിഞ്ഞാട്ടും" എന്നാണു വിവരിച്ചുകാണുന്നതു്. അതുപോലെതന്നെ, പെരിയ ഊരും മുഴുവൻ നാടുമായ തൃശ്ശൂരിലെ വടക്കുംനാഥൻ ക്ഷേത്രത്തിന്റെ സങ്കേതത്തിൽ കാൽനാട്ടുകരയും, അരനാട്ടുകരയും, മുക്കാ(ൽനാ)ട്ടുകരയും, പുറനാട്ടുകരയും, ഉൾപ്പെട്ടിരുന്നു. ആദ്യകാലത്തുണ്ടായിരുന്ന സ്വച്ഛവും സ്വതന്ത്രവുമായ ഭരണാധികാരത്തിന്നും ജാതിക്കെട്ടിന്നും മതക്കെട്ടിന്നും നേരിട്ടുവന്ന ശിഥിലീഭാവത്തോടുകൂടി, കാലാന്തരത്തിൽ അലച്ചലും ഉലച്ചലും സംഭവിച്ചാലും, കൊല്ലവർഷം പത്താം ശതകത്തിന്റെ മദ്ധ്യത്തിലോളം, പലപ്പോഴും രാജാവിന്റെ അനുമതിയോടുകൂടിയായിരുന്നിരിക്കാമെങ്കിലും, ക്ഷേത്രാധികാരികൾ തന്നെയാണു മിക്ക സ്ഥലങ്ങളിലും ഭരണാധികാരം നിർവ്വഹിച്ചിരുന്നതു്.

'കൊച്ചിരാജ്യചരിത്ര'ത്തിൽ പരമപണ്ഡിതനായ പത്മനാഭമേനോൻ വിവരിച്ചിരിക്കുന്നതു നോക്കുക: "കേരളത്തിലെ ക്ഷേത്രങ്ങളിൽ മിക്കതും നമ്പൂരിമാരുടെ വകയായിരുന്നു. അവ യോഗക്ഷേത്രങ്ങളോ ഊരാണ്മക്ഷേത്രങ്ങളോ ആയിരുന്നിരിക്കും. ക്ഷേത്രങ്ങളെ ഭരിക്കുന്നതിനും അടിയന്തരങ്ങൾ ശരിയായി നടത്തുന്നതിനും ക്ഷേത്രാധികാരികളായി രാജാക്കന്മാരെ നിശ്ചയിച്ചിരുന്നു. പ്രധാനക്ഷേത്രങ്ങൾക്കെല്ലാം പ്രത്യേകസങ്കേതങ്ങളുണ്ടായിരുന്നു. സങ്കേതാതിർത്തികളിലെ സർവ്വ അധികാരങ്ങളും യോഗക്കാർക്കുമാത്രമായിരുന്നു. ഏതു രാജാവിന്റെ രാജ്യത്തു് ഈ സങ്കേതാതിർത്തികൾ ഉൾപ്പെട്ടിരുന്നാലും ആ രാജാവിനു് ആ സങ്കേതാതിർത്തികളിൽ യാതൊരധികാരവുമില്ല. സർവ്വവും പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി യോഗക്കാർ നടത്തിവന്നു. രാജാവിനുണ്ടായിരുന്നതു രക്ഷകന്റെ സ്ഥാനംമാത്രം. ഈ 'രക്ഷകസ്ഥാനം'തന്നെ യോഗക്കാരുടെ ഇഷ്ടംപോലെ ഏതു രാജാവിനും കൊടുക്കാം. ചില തിരു

വിതാംകൂർ ക്ഷേത്രങ്ങളിൽ കൊച്ചിയ്ക്കും, കൊച്ചിയിലെ ചില ക്ഷേത്രങ്ങളിൽ തിരുവിതാംകോട്ടയ്ക്കും ഈ സ്ഥാനമുണ്ടായിരുന്നു. ആ രക്ഷകസ്ഥാനം വഹിയ്ക്കുന്ന ആൾക്കുള്ള പേരാണു 'കോവിലധികാരികൾ'. 'ഗംഗാധരകോവിലധികാരികൾ' എന്ന സ്ഥാനനാമം ഇന്നും കൊച്ചിയ്ക്കുണ്ട്. (അതു തിരുവഞ്ചിക്കുളത്തെ കോവിലിൻെറ അധികാരത്തെ കട്ടവിലത്തെ പെരുമാൾ കല്പിച്ചുകൊടുത്തപ്രകാരം സിദ്ധിച്ചതാണെന്നും പറയപ്പെടുന്നു.) കൊച്ചിയിലെ പെരുവനംക്ഷേത്രത്തിൽ ഇന്നും തിരുവിതാംകൂറിനു ചില അവകാശാധികാരങ്ങൾ ഉണ്ട്. തിരുവിതാംകൂറിലെ തിരുവല്ലാ ഹരിപ്പാട്ട് ഈ ക്ഷേത്രങ്ങളിൽ കൊച്ചിയ്ക്കു മുമ്പുകാലത്തു് ഈ അധികാരമുണ്ടായിരുന്നു. കൊല്ലവഷം 941-ാമാണ്ടിലെ ഉടമ്പടിപ്രകാരമാണ് അതു വ്യവസ്ഥപ്പെടുത്തിപ്പോയതു്.

941-ലെ ഉടമ്പടിയിൽ ഇപ്രകാരമത്രെ ആകുന്നതു്:- "...അങ്ങൊതുങ്ങിയ രാജ്യത്തിൽ നമുക്കുള്ള ക്ഷേത്രസംബന്ധങ്ങളും കോയിമസ്ഥാനങ്ങളും നാമും, നമ്മുടെ രാജ്യത്തിൽ അങ്ങ് ഒതുങ്ങിയ ക്ഷേത്രസംബന്ധങ്ങളും കോയ്മസ്ഥാനവും അങ്ങും ആളാക്കി നടത്തിച്ചുകൊള്ളുക എന്നു വന്നാൽ രണ്ടെടത്തേയ്ക്കും ആൾദോഷങ്ങൾകൊണ്ടു രണ്ടേടത്തേയ്ക്കും നിത്യവിവാദങ്ങളായിട്ടു് വന്നേയ്ക്കാവുന്നതുകൊണ്ടു അങ്ങും ഇങ്ങും ഒതുങ്ങിയ രാജ്യങ്ങളിലെ ക്ഷേത്രങ്ങളിൽ അങ്ങും ഇങ്ങും തന്നെ ആളാക്കി വിചാരിപ്പിച്ചു കൊള്ളത്തക്കവണ്ണം നിശ്ചയിച്ചിരിക്കകൊണ്ടു..."

ചുരുക്കത്തിൽ, 'സങ്കേതം' എന്നുവെച്ചാൽ സർവ്വസ്വാതന്ത്ര്യത്തോടുകൂടി ബ്രാഹ്മണയോഗത്തിലേയൊ ദേവസ്വത്തിലേയോ അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട അധികാരികളോടും രക്ഷകനോടുംകൂടി ഭരിച്ചുവന്ന ഒരു പ്രദേശമാകുന്നു. രാജാക്കന്മാർ അനുവാദംകൂടാതെ സങ്കേതാതിർത്തികളിൽ കടക്കുകകൂടി പതിവില്ല. തൃശ്ശൂർ വടക്കുന്നാഥൻക്ഷേത്രത്തിലെ 945-ലെ ഒരു ഗ്രന്ഥവരിയിൽ സങ്കേതമുറകളെ സമഗ്രമായി രേഖപ്പെടുത്തിട്ടുണ്ട്. നിർമ്മലവും നിതാന്തസുന്ദരവും ആയ പ്രജായത്തഭരണത്തിൻെറ പരമകാഷ്ഠയിലാണു കേരളം ഒരുകാലത്തു പ്രശോഭിച്ചിരുന്നതെന്നു നിർവ്വിവാദമാണു്. ഇന്നത്തെ നിരാഹാരവ്രതം, അപൂർവ്വാവസരങ്ങളിൽ വിവേകത്തോടുകൂടി പ്രയോഗിയ്ക്കുന്നതിനു മഹാത്മാഗാന്ധിയാൽ സൃഷ്ടിക്കപ്പെട്ട ആ രാഷ്ട്രീയായുധം, പണ്ടത്തെ കേരളീയക്കു സുപരിചിതമായിരുന്ന ഒരു നിത്യായുധമായിരുന്നു എന്നു, 'പട്ടിണി' എന്ന പ്രധാനത്തിൻെറ പ്രബുദ്ധതയിൽനിന്നും പ്രമാണത്തിൽനിന്നും മനസ്സിലാക്കാ

വുന്നതാണ്. അധികാരികഠം തെററുചെയ്താൽ ആ തെററു തീക്കുന്നതു വരെ ജനങ്ങഠം നിരാഹാരവ്രതം—പട്ടിണി—അനുഷ്ഠിച്ചുപോന്നു. തൃശ്ശിവപേരൂർ മഹാക്ഷേത്രത്തിൽ 'പട്ടിണിക്കാക്ക്' അവരുടെ വ്രതമനുഷ്ഠിക്കുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ട ഒരു പ്രത്യേകസ്ഥലംതന്നെ ഉണ്ടായിരുന്നു. ആ കെട്ടിടത്തിന് ഇന്നും "പട്ടിണിപ്പുര" എന്ന പേരും നിലനിന്നുപോരുന്നുണ്ട്. ഈ സമ്പ്രദായം തൃശ്ശൂരിൽമാത്രമല്ല, കേരളത്തിൽ മുഴുവനുംതന്നെ സുസ്ഥാപിതവുമായിരുന്നു.

'നാടകത്തിന്നകത്തു നാടകം' എന്നപോലെ, ഒരു രാജാവിൻെറ രാജ്യത്തിന്നകത്തുതന്നെ ആ രാജാവിനെ പ്രായേണ ധിക്കരിക്കാതെയും എന്നാൽ മിക്കവാറും സ്വതന്ത്രമായും മററൊരു ഭരണസമിതിയൊ, രാജ്യവിഭാഗമൊ, ഉണ്ടായിരിക്കുന്നത്, മദ്ധ്യകാലങ്ങളിലെ രാജ്യസ്ഥിതിയും മതകാര്യങ്ങഠംക്ക് അന്നുണ്ടായിരുന്ന പ്രാമുഖ്യവും ആലോചിച്ചാൽ അശേഷം ആശ്ചര്യപ്പെടത്തക്ക ഒരു സംഗതിയല്ല. അങ്ങനെ ഉണ്ടായിരുന്നു എന്നതിനു നിരാക്ഷേപങ്ങളായ ലക്ഷ്യങ്ങളുമുണ്ട്. ചക്രവർത്തിമാർ ഭരിച്ചിരുന്ന രാജ്യാതിർത്തികഠംക്കുള്ളിൽത്തന്നെ പ്രജായത്തഭരണകേന്ദ്രങ്ങളും, വെറും 'റിപ്പബ്ളിക്ക'കളും സമുജ്വലിച്ചിരുന്നതായി ഭാരതരാജ്യത്തിൻെറ പൂർവ്വചരിത്രവും ഘോഷിക്കുന്നുണ്ടല്ലോ.

പോർത്തുഗീസ്സുകാരുടെ കാലത്തുകൂടി ക്ഷേത്രസങ്കേതങ്ങഠം ഭരണാധികാരം നടത്തിയിരുന്നതായി അവർ രേഖപ്പെടുത്തീട്ടുണ്ട്. എളങ്കുന്നപ്പുഴ ക്ഷേത്രസങ്കേതങ്ങളെക്കുറിച്ച്, 'രണോദ്യുക്തനായ സാമൂതിരി കാലുകുത്തുവാൻ തുനിയാഞ്ഞതായ ക്ഷേത്രസങ്കേത അതിർത്തികഠംക്ക് അകത്ത് എടപ്പിള്ളിക്കോവിൽ വെച്ചുണ്ടായ യുദ്ധത്തിൽ പരാജിതനായ കൊച്ചിയിലെ രാജാവ് അഭയം പ്രാപിച്ചു' എന്നു പ്രസ്താവിച്ചുകാണുന്നു. ഇതുണ്ടായതു കൊല്ലവർഷം 678ലാണ്.

തിരുവിതാംകൂർരാജാവിനാൽ യുദ്ധത്തിൽ പിന്തുടരപ്പെട്ട "പെരിത്തലറാണി" 'നെടുമ്പുരം' എന്ന 'അമ്പലരാജ്യ'ത്തു പ്രവേശിച്ചു രക്ഷപ്പെട്ടതായി 'ഗൊല്ലനീസ്സ്' ഗവർണ്ണരുടെ 'സ്മരണകളി'ൽ കാണുന്നുണ്ട്.

'എടപ്പിള്ളി'യിലെ സങ്കേതത്തെക്കുറിച്ച് "ആഡ്റിയൻ വാൻമീൽ" ഇപ്രകാരം എഴുതിയിരിക്കുന്നു: "എടപ്പിള്ളിരാജ്യം ഒരു സങ്കേതമാകുന്നു. അവിടെ ആക്കും അഭയം പ്രാപിക്കാം. ഏതു രാജാവും,

പ്രഭുവും, മാടമ്പിയും, സൈന്യവും അഭയാർത്ഥികളെ അങ്ങോട്ടു പിന്തുടരുകയില്ല. അവിടെ എത്തിക്കിട്ടിയാൽ ജയിച്ചു. അവിടത്തെ ക്ഷേത്രസങ്കേതം അത്ര അലംഘ്യമാണു്. എല്ലാ മലയാളരാജാക്കന്മാരും ഇതു സ്വീകരിക്കയും സമ്മതിക്കയും ചെയ്തിട്ടുണ്ടു്."

വേദനാട്ടുഗ്രാമം (തൃപ്പൂണിത്തുറ) ഇരിങ്ങാലക്കുട, അന്നമനട, ഊരകം, പെരുവനം, തൃശ്ശൂർ, തൃപ്രയാർ, തിരുവില്വാമല മുതലായി, കൊച്ചിസംസ്ഥാനത്തു് ഇന്നുള്ള വലിയ ക്ഷേത്രങ്ങളെല്ലാം ഗ്രാമക്ഷേത്രങ്ങളും, സങ്കേതഭരണം നിർവ്വഹിച്ചിരുന്ന സ്വതന്ത്രസ്ഥാപനങ്ങളും ആയിരുന്നു. പ്രഭുക്കന്മാർ—നാടുവാഴികൾ—അവരവരുടെ ദേശങ്ങളെ എന്നപോലെ, ക്ഷേത്രങ്ങൾ അവയുടെ സങ്കേതങ്ങളെയും യഥേഷ്ടം ഭരിച്ചു പോന്നിരുന്നു.

ഈ സങ്കേതങ്ങളിൽ— അമ്പലരാജ്യങ്ങളിൽ—നടത്തപ്പെട്ടിരുന്ന രാജ്യാധികാരത്തിന്റെ പൂർണ്ണമായ ഒരു വിവരം കിട്ടുന്നതിനു്, അവയുടെ സകലവിധ അവശിഷ്ടങ്ങളേയും, കാലപ്രവാഹവും അനന്തരഗതികളും തീരെ തേച്ചുമാച്ചു കളഞ്ഞിരിയ്ക്കുന്നതുകൊണ്ടു്, അത്ര എളുപ്പമല്ല. എങ്കിലും തീയിൽനിന്നും, വെള്ളത്തിൽനിന്നും, അന്തമില്ലാതെ പഴയരിക്കാട്ടുകൾ നശിപ്പിയ്ക്കുന്ന ആധുനികഉദ്യോഗസ്ഥന്മാരുടെ ദൃഷ്ടിയിൽനിന്നും രക്ഷപ്പെട്ടു്, അവിടവിടെ അല്പസ്വല്പമായി നിന്നുപോരുന്ന അപൂർവ്വം ചില ശിലാരേഖകളും ഗ്രന്ഥവരികളും ഇരുളടഞ്ഞ ആ ഘട്ടത്തെ മന്ദമായ ഒരു നാട്ടുവെളിച്ചംകൊണ്ടു കുറച്ചൊക്കെ കാണാറാക്കീട്ടുണ്ടു്.

സങ്കേതഭരണം നടന്നിരുന്ന എല്ലാക്ഷേത്രങ്ങളിലും കൊടിയേററസമയത്തു "സങ്കടക്കാരെ കേൾക്കുന്ന" പതിവുണ്ടായിരുന്നു. സങ്കേതാതിർത്തിയിൽപ്പെട്ട സകലരുടേയും എല്ലാ സങ്കടങ്ങളും കേട്ടു തീരുമാനപ്പെടുത്തുകയും സങ്കേതക്കെട്ടിന്നു് ഏതെങ്കിലും തരത്തിൽ വല്ല ശൈഥില്യവും സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള നിവാരണവും നിർവ്വഹിക്കപ്പെടുകയും ചെയ്യല്ലാതെ കൊടിയേററം നടത്തപ്പെടുന്നതല്ല. ഇതിൽനിന്നു് ക്ഷേത്രദേവന്റെ തിരുനാമത്തിലും, ഈശ്വരാർപ്പണമായും ധർമ്മശാസ്ത്രാനുരൂപമായും ആണു സങ്കേതഭരണം നടത്തപ്പെട്ടിരുന്നതെന്നു തെളിയുന്നു. ആദർശത്തിനു ശുദ്ധി പോരായ്കയോ, ഉദ്ദേശത്തിനു നൈർമ്മല്യമില്ലായ്കയോ, അനുഷ്ഠാനങ്ങൾക്കു അവലംബമില്ലായ്കയോ ഒന്നും അന്നത്തെ

ഭരണരീതിയ്ക്കു ന്യൂനതകളായിരുന്നില്ല. കൊച്ചിസംസ്ഥാനത്തിൽ ചേന്നതും, ബ്രിട്ടീഷ് മലബാറിൽ സ്ഥിതിചെയ്യുന്നതുമായ പ്രസിദ്ധപ്പെട്ട തൃപ്രയാർക്ഷേത്രത്തിൽ ഇന്നും ഉത്സവാവസരത്തിൽ മേശ്ശാന്തി പുറത്തുവന്നു, "സങ്കടക്കാരാരെങ്കിലുമുണ്ടോ എഴുന്നള്ളിക്കാമോ" എന്നു വിളിച്ചുചോദിയ്ക്കുന്നതും "ആരുമില്ല എഴുന്നള്ളിക്കാ"മെന്നു ജനക്കൂട്ടത്തിൽ നിന്നു് ഒരാൾ വിളിച്ചുപറയുന്നതും കേൾക്കാം. ഇന്നത്തെ ആ 'ചോദിക്കലും, പറയലും' ഒരു വെറും ചടങ്ങുമാത്രമാണെന്നു പറയേണ്ടതില്ലല്ലോ.

ഇരിങ്ങാലക്കുട ക്ഷേത്രത്തിന്റെ പല സങ്കേതങ്ങളിൽ ഒന്നിൽ ക്ഷേത്രത്തിനുണ്ടായിരുന്ന അധികാരങ്ങളെ ഇപ്രകാരം വിവരിച്ചിരിക്കുന്നു: "സങ്കേതഭൂമികളും, അതിൽപെട്ട കാട്ട് കുന്ന് മലകളും, ആ സ്ഥലങ്ങളിൽ കൂടൽമാണിക്കത്തിനു ചെറികല്പിന്മേൽ ചെലുവാരം, ഊമൻതുളി, കടമരം, കങ്ങാണി, അഞ്ചുചോല, ചെകൊമ്പ, കിണററിൽ പന്നി, നിധിനിക്ഷേപം, പടി പട്ടിൺ, പണ്ടാപടയും, എക്കംചൊല്ലും, വമ്പും, മുമ്പും, കയ്യും, കരണ്ടകവും, തൊലും, മുറിയും, കൊലയും, തലയും, നാട്ടും, നാട്ടുവാഴ്ചയും, മാടമ്പിയും, മനുഷ്യങ്ങളും, ആട്ടമകമ്പടിയും, കൂലിച്ചെത്തം കൊട്ടക്കയും, ഏഴുകൊഴ ഇതൊക്കെയും, വഴിപിഴ, അന്തരാളങ്ങളും, പുലയാട്ടുസാധനം തീക്കയും, വാലും, തൊലും, വലത്തെ കൊറയും, ചങ്ങംപടയും, വളരുംമലയും, മലപ്പുറവും, തണ്ടുംകുടയും, ഈ സ്ഥാനങ്ങൾ ഇങ്ങനെ കൂടൽമാണിക്കത്തിന്നു ചെരാംകല്പിതമെന്നു ദേവന്റെ ഓല..."

958-ൽ തയ്യാറാക്കിയതായ എളങ്കുന്നപ്പുഴ ദേവസ്വത്തിലെ ചിട്ടവരിയോലയിൽ കൊലപ്പുള്ളികളെ തൂക്കിലിടുന്നതിനുള്ള അധികാരംകൂടി ഉൾപ്പെടുത്തിക്കാണുന്നുണ്ടു്. ഈ അധികാരം ആ ദേവസ്വത്തിലേക്കു പ്രത്യേകമായുണ്ടായിരുന്ന ഒന്നല്ലെന്നും അതു ക്ഷേത്രസങ്കേതഭരണത്തിന്റെ സർവ്വസാധാരണവും സജ്ജനസമ്മതിയുള്ളതുമായ ഒരു നടപ്പുമാത്രമായിരുന്നു എന്നും ആ വിവരണത്തിന്റെ സ്വഭാവത്തിൽ നിന്നും, അന്യസങ്കേതങ്ങളിലുണ്ടായിരുന്ന നടപടിക്രമങ്ങളിൽനിന്നും തെളിയുന്നുണ്ടു്.

രാജ്യം വാഴുന്ന രാജാക്കന്മാൎക്കും സങ്കേതമൎയ്യാദകൾ അലംഘനീയങ്ങളായിരുന്നു. ക്ഷേത്രത്തിലെ പ്രവൃത്തിക്കാരുടെമേൽ എന്നുവേണ്ട,

ദേവസ്വം കുടിയാന്മാരുടെമേൽപ്പോലും, രാജാവിനു സങ്കേതമുറകൾക്കു വിരുദ്ധമായി, യാതൊരധികാരവുമുണ്ടായിരുന്നില്ല. അതിനു വിപരീതമായി രാജാവു താൻതന്നെയും എന്തെങ്കിലും അക്രമമൊ അനീതിയൊ ആചരിച്ചുപോയാൽ അതിന്റെ ഫലം 'സങ്കേതം അഴിയുക' എന്നതായിരുന്നു. അതു് അതിഭയങ്കരവും ആപൽകരവുമായ ഒരു സംഭവമായിരുന്നു. സങ്കേതമഴിഞ്ഞാൽപ്പിന്നെ യാതൊരു നടപടിയുമില്ല. എഞ്ചിൻ തകന്ന തീവണ്ടിപോലെ എല്ലാം സ്ഥാവരമായിത്തീരും. രാജാവു പ്രായശ്ചിത്തം ചെയ്യുകയോ, രാജാവിനെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിക്കുകയൊ ഉണ്ടാകുന്നതുവരെ സങ്കേതം നിശ്ചേഷ്ടം, നിർജ്ജീവം! അപ്രകാരം പിഴ ചെയ്യുന്നതിനും അഴഞ്ഞ സങ്കേതക്കെട്ടു മുറുക്കുന്നതിനും വഴിപ്പെടാതെ രാജാവു് അധർമ്മം തുടങ്ങുമ്പോഴാണു് ക്ഷേത്രത്തിൽ 'പട്ടിണി'—നിരാഹാരവ്രതം—തുടങ്ങുന്നതു്.

എളങ്കുന്നപ്പുഴക്ഷേത്രത്തിലെ ഗ്രന്ഥവരികളിൽനിന്നു സാരഭൂയിഷ്ഠങ്ങളായ പലപല സംഗതികളും മനസ്സിലാക്കാവുന്നതാണു്. ഒരു ഗ്രന്ഥവരി നോക്കുക: "88 വൃശ്ചികം 18-ാംനു- രാത്രി ഒമ്പതുമണിക്കു 'പെരുമ്പറയൻ' എന്നൊരാളെ സങ്കേതാതിർത്തിയിൽവെച്ചു തെക്കുംകൂർരാജാവു കൊലപ്പെടുത്തി. അന്നു സങ്കേതംഅഴിഞ്ഞു. തെക്കുംകൂറിനു ക്ഷേത്രത്തിൽ കോയ്മസ്ഥാനമുണ്ടായിരുന്നു. 12 കൊല്ലത്തിനുശേഷം തെക്കുംകൂർ കോയ്മസ്ഥാനം ഒഴിഞ്ഞു. തെക്കുംകൂറിന്റെ ആ കുററത്തിനും അതുപോലെയുള്ള വീഴ്ചകൾക്കും എന്തുവേണമെന്നാലോചിപ്പാൻ മദ്ധ്യസ്ഥന്മാർ കൂടി; പെരുമ്പടപ്പിൽമൂപ്പ്, പോക്കളമററത്തു വാസുദേവൻ നമ്പൂതിരി, പേരയിൽ നാരായണൻ കുമാരൻനായർ, മുതലായവരായിരുന്നു തടസ്സർ. തെക്കുംകൂറിന്റെ പ്രതിനിധിയായും, പകരമായും മേല്ക്കോയ്മയായിരുന്ന കൊച്ചിത്തമ്പുരാൻ, തെക്കുംകൂറിന്റെ കുററങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുക എന്നുവെച്ചു. കൊച്ചി രാജാവു് ഒരു ആനയെ തോട്ടിയും വളരുംകൂടി ദേവസ്വത്തിലേയ്ക്കുകൊടുത്തു. സങ്കേതംദീക്ഷിച്ചു."

പിഴകളും മററും വസൂലാക്കുന്ന ക്രമവും ആ ഗ്രന്ഥവരിയിൽത്തന്നെ കാണുന്നുണ്ടു് "...പിഴ വസൂലാക്കുമ്പോൾ കന്നിരാശികൊണ്ടു പഴേടത്തു പണിക്കർ നില്ക്കും. നമ്പൂരിപ്പാടു മണ്ഡപത്തിൽ ഇരിക്കും. തേവാരിയും യോഗക്കാരും വെലിക്കല്പുരയിൽകൂടും. യോഗക്കാർ ചോദിക്കും, "പിഴ കല്പിച്ചതു സമ്മതമായോ?" "ഉവ്വെ"ന്നു പറഞ്ഞാൽ പിഴ കെട്ടും. മന്നത്തു മൂത്തതു് അതെടുത്തുവെക്കും......"

'എളങ്കുന്നപ്പുഴ ക്ഷേത്രസങ്കേതം, "കച്ചൻതുരുത്ത, മഞ്ഞക്കാട, മുണ്ടങ്ങാട, പിശ്രുക്കൽ, പൂക്കാട, നെട്ടങ്ങാട" എന്നീ ദേശങ്ങളായിരുന്നു. "ഈ ദെശങ്ങളിൽ എവിടെയെങ്കിലും അതിക്രമം ഉണ്ടായാൽ വൈപ്പിലെയും കൊച്ചിയിലെയും രാജാക്കന്മാർ കണ്ടുചെന്നു വാതിൽമാടത്തുവന്നു കുററക്കാരെ ശിക്ഷിപ്പിക്കയും, കുററക്കാരൻ അന്യകോയ്മക്കാരനായിരുന്നാൽ ആ ഭരണാധികാരിയെക്കൊണ്ടു ക്ഷെത്രത്തിലെയ്ക്കു ഒരു ആനയെ പിഴചെയ്യിപ്പിയ്ക്കയും വേണം..."

ഇപ്രകാരമുള്ള ഗ്രന്ഥവരികഠം പലേടത്തുമുണ്ടു്. നിസ്സാരങ്ങളായ ചില നടപടിവ്യത്യാസങ്ങഠം കണ്ടേക്കാമെങ്കിലും സങ്കേതമൎയ്യാദക്രമം കേരളമൊട്ടുക്കു ഏറക്കുറേ ഒന്നുതന്നെയായിരുന്നു. മിക്ക ക്ഷേത്രങ്ങഠക്കും സങ്കേതമുണ്ടായിരുന്നു. സങ്കേതങ്ങളിലെല്ലാം ക്ഷേത്രാധികാരികഠ ഭരണാധികാരവും നടത്തിയിരുന്നു. ഗ്രാമങ്ങഠതോറും തീച്ചയായും അത്തരം ക്ഷേത്രങ്ങളുമുണ്ടായിരുന്നു. അപ്പോഠ ഒരു കാലത്തു കേരളം, ചെറിയ ചെറിയ അമ്പലരാജ്യങ്ങളെക്കൊണ്ടുണ്ടാക്കപ്പെട്ട മനോഹരമായ ഒരു തേൻകൂടുപോലെയായിരുന്നു എന്നു പറയാവുന്നതാണു്. സങ്കേതങ്ങളിൽ ഉഠപ്പെടാത്ത ഭൂവിഭാഗങ്ങളെ നാടുവാഴിപ്രഭുക്കന്മാരാണു ഭരിച്ചിരുന്നതു്. മിക്കവാറും സ്വതന്ത്രങ്ങളായ ഭരണസമിതികളുടെ ഒരു മേല്ക്കോയ്മസ്ഥാനം മാത്രമാണു് കേരളചക്രവൎത്തികഠക്കുപോലും ഉണ്ടായിരുന്നതു്. നാടുവാഴികഠക്കു അവരവരുടെ വലിപ്പച്ചെറുപ്പം അനുസരിച്ചു്—അഞ്ഞൂറ്, ആയിരം, മൂവ്വായിരം, അയ്യായിരം ഇങ്ങനെ— നായർപ്പട്ടാളത്തോടുകൂടി ചെന്നു യുദ്ധകാലങ്ങളിൽ രാജാവിനെ സഹായിയ്ക്കേണ്ടതായ ഒരു ബാദ്ധ്യത മാത്രമാണുണ്ടായിരുന്നതു്. "ഫ്യൂഡലിസ"ത്തിന്റെ ഒരു വകഭേദമാണു അക്കാലത്തു കേരളത്തിൽ ഉണ്ടായിരുന്നതു്. ടിപ്പുവിന്റെ ആക്രമണത്തോടുകൂടി മലബാറിലും, ശക്തൻതമ്പുരാന്റെ ഭരണത്തോടുകൂടി കൊച്ചിയിലും, മാൎത്താണ്ഡവൎമ്മയുടെ ദിഗ്ജയത്തോടുകൂടി തിരുവിതാംകൂറിലും പ്രഭുക്കന്മാരുടെ ഭരണം ചരിത്രകഥയായിത്തീന്നു. അന്നു മുതല്ക്കാണു നായന്മാർ അസംഘടിതരും അലസരുമായി അധഃപതിയ്ക്കുവാൻ തുടങ്ങിയതും.

കൊല്ലവൎഷം 945_ാമാണ്ടിൽ തൃശ്ശൂർ വടക്കുന്നാഥൻ ക്ഷേത്രത്തിൽ ഒരു നവീനകലശമുണ്ടായപ്പോഠ, ക്ഷേത്രസങ്കേതത്തിൽവെച്ചു കൊല നടത്തിയതിനും മററുമായി അയിനിക്കുററിൽ നമ്പിടിയോടു വമ്പിച്ച പിഴകഠ വസൂലാക്കിയതായി കണക്കു കാണുന്നുണ്ടു്. 3941 പറയ്ക്കു

നിലംവഹകൾ ദേവസ്വത്തിലേയ്ക്കു വെച്ചൊഴിഞ്ഞതായും, അതിനു പുറമെ 'മംഗലത്തു മറപ്പാട്ടും' ആറു ദേശവും വിട്ടുകൊടുത്തതായും രേഖപ്പെടുത്തിയിരിയ്ക്കുന്നു!! സ്വാമിയാർ, വാധ്യാൻ, യോഗക്കാർ, കക്കാട്ടു കാരണവപ്പാട്, മററു പ്രഭുക്കന്മാർ, കൊച്ചിരാജാവു് ഇവരെല്ലാം ക്ഷേത്രസന്നിധിയിൽ 'ശ്രീമൂലസ്ഥാനത്തു' കൂടി നിന്നിട്ടാണ് ഈ പ്രായശ്ചിത്തം നടത്തീട്ടുള്ളതു്. അയിനിക്കൂർ സ്വരൂപത്തിന്റെ പൊതു കാരണവരായിരുന്ന കക്കാട്ടു കാരണവപ്പാടു കുററം സമ്മതിയ്ക്കുകയും, സ്വത്തുക്കൾ വെച്ചുകൊടുക്കുകയും, പുറമെ "ഒരാനയെ ഇരുത്തുക"യും ചെയ്തു. കുററക്കാരെക്കൊണ്ടു പിഴ ചെയ്യിപ്പിയ്ക്കുവാൻ താമസം വരുത്തിയ വീഴ്ചയ്ക്കു കൊച്ചിരാജാവും ഒരു ആനയെ ഇരുത്തി. ഇതുണ്ടായതു 945 മേടമാസം 14-ാനു- ആണ്.

ഈവക രേഖകളിൽനിന്നു മൂന്നുനാലു സംഗതികൾ ഏറെക്കുറെ സ്പഷ്ടമാകുന്നുണ്ടു്. ക്ഷേത്രസങ്കേതങ്ങൾ സ്വതന്ത്രങ്ങളായ 'അമ്പലരാജ്യങ്ങൾ' ആയിരുന്നു. അന്യന്റെ കൈകടത്തലിനെ, ആ അന്യൻ ഏതു കൊലകൊമ്പനായിരുന്നാലും, നിസ്സാരസംഗതികളിൽപ്പോലും തീരെ അനുവദിയ്ക്കപ്പെട്ടിരുന്നില്ല. ക്ഷേത്രങ്ങളുടെ സ്വത്തുവദ്ധനയ്ക്കുള്ള പ്രധാനസംഗതികളിൽ ഒന്നു് അപരാധികളായ രാജാക്കന്മാരോടും പ്രഭുക്കന്മാരോടും സാധാരണന്മാരോടും വസൂലാക്കിവന്ന പിഴകളാകുന്നു. "ആനയെ ഇരുത്തുക" എന്ന ക്രിയ സങ്കേതമര്യാദകളെ പാലിയ്ക്കുവാൻ ചുമതലപ്പെട്ട രാജാക്കന്മാർ അക്കാര്യത്തിൽ അനാദരമൊ, അലസതയൊ, കാണിയ്ക്കയൊ, അപരാധികളാകയൊ ചെയ്താൽ അതിനു പരിഹാരമായി പിന്നീടു ചെയ്യാറുള്ള "പിഴ" മാത്രമായിരുന്നു! ഇപ്പോൾ 'ആനയിരുത്തലിനെ' ഒരു 'കളഭസ്സദ്യ'യോടു കൂട്ടിച്ചേത്തു, സ്വമനസ്സാലെ ചെയ്യുന്ന ഒരു "വമ്പിച്ച വഴിപാടു്" ആക്കീട്ടാണ് നടത്തപ്പെടുന്നതു്. സിംഹാസനാരോഹണാനന്തരം മഹാരാജാക്കന്മാർ സ്വരാജ്യത്തുള്ള പ്രധാനക്ഷേത്രങ്ങളിലെല്ലാം "ആനയിരുത്തും കളഭവും" കഴിയ്ക്കുന്നതു്, അറിഞ്ഞോ അറിയാതെയോ ചെയ്തിരിയ്ക്കാവുന്ന സങ്കേതാതിക്രമങ്ങൾക്കു പ്രായശ്ചിത്തമായിട്ടുതന്നെയാണെന്നു ധാരാളം അനുമിയ്ക്കാവുന്നതാണ്. അമ്പലരാജ്യങ്ങളുടെ അന്തകനായി അവതരിച്ച ശ്രീ മാത്താണ്ഡവമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു താൻ പിടിച്ചടക്കിയതും മുമ്പുണ്ടായിരുന്നതുമായ രാജ്യത്തെ മുഴുവനും ശ്രീപത്മനാഭസ്വാമിയുടെ തൃപ്പാദത്തിങ്കൽ സമപ്പിച്ചു പത്മനാഭദാസനായി രാജ്യഭാരം തുടന്നതു ക്ഷേത്രസങ്കേതത്തിന്റെ മാഹാത്മ്യത്തെ മനസ്സിലാക്കിയും

കൂട്ടുതൽ രക്ഷയെ ഉദ്ദേശിച്ചും ഏററവും വലിയ പ്രായശ്ചിത്തമായും ആയിരിയ്ക്കാമെന്നു് ഊഹിക്കുന്നതിലും അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

അധികാരികഠം നിസ്വാത്ഥരും സദാചാരനിരതരുമായിരുന്ന കാലത്തു് ഈ ഭരണസമ്പ്രദായം വളരെ മനോഹരമായും മാന്യമായും നടന്നിരുന്നിരിയ്ക്കണമെന്നതിനു സംശയമില്ല. യഥാത്ഥത്തിൽ, ഏതു ഭരണവും, എന്തിനു ഭരണം, ഏതുകാര്യവും, കത്താവിന്റെ വിചാരശുദ്ധിയിൽ തന്നെയാണല്ലൊ ഇന്നും വിജയിച്ചു നിലനില്ക്കുന്നതു്. പരസ്യമായും കമ്മിററികൂടി തീച്ചപ്പെടുത്തിയും സഭകൂടി പാസ്സാക്കിയുമല്ലാതെ ഒരു കാര്യവും നടന്നിരുന്നില്ല. വാദത്തിനു വഴിയുള്ളേടത്തെല്ലാം തടസ്ഥരെ (മദ്ധ്യസ്ഥന്മാരെ)യും എടുത്തിരുന്നു. "കീഴ്മര്യാദ"യായിരുന്നു നിയമാവലി. അതാണെങ്കിൽ വിഖ്യാതവും സർവ്വജനവിദിതവുമായിരുന്നുതാനും. "അമ്പലരാജ്യങ്ങളുടെ അത്ഭുതപൂർവ്വമായ ഭരണവൈശിഷ്ട്യത്തിന്റെ ഒരു യഥാത്ഥചിത്രം ആരും വരച്ചുവെച്ചിട്ടില്ലാത്തതു് അത്യന്തം ശോചനീയംതന്നെ.

വളരെ സമുജ്ജ്വലവും സമാരാദ്ധ്യവുമായ ഒരു ഭരണസൌധത്തെയാണു്, കാറ്മേഘങ്ങഠംക്കിടയിൽ ചന്ദ്രനെയെന്നപോലെ, നമുക്കു കാണാൻ സാധിയ്ക്കുന്നതു്. അവിടത്തെ കൊടിമരങ്ങളും താഴികക്കുടങ്ങളും ക്ഷേത്രങ്ങളുടെ മാത്രമല്ല, അമ്പലരാജ്യത്തിന്റെ അത്ഭുതാവഹമായ ഭരണകൂടത്തിന്റെയും കൂടിയായിരുന്നു!! യോഗക്കാരുടെ വകയായ ഒരു മഹാക്ഷേത്രം; ആ ക്ഷേത്രസങ്കേതങ്ങളായ ആറു നാടുകഠം; യോഗത്തിങ്കൽനിന്നു നിശ്ചയിക്കപ്പെടുന്ന കോയ്മയും ഊരായ്മയും കൂടിയ എട്ടു് ആളുകഠം ചേന്നുള്ള ഭരണസംഘം; ആ ഭരണസമിതിയുടെ കീഴിൽ ആറു ദേശങ്ങളിലും ദേവസ്വം കൊട്ടാരങ്ങഠം; ഓരോ കൊട്ടാരത്തിലും ഓരോ കോയ്മ; പാട്ടാളി, കണക്കെഴുത്തു്, പതി, ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ; ആവശ്യാനുസരണം വരിക്കപ്പെടുന്ന തടസ്ഥർ; ദേശത്തിലെ ഏതു കാര്യവും ആ കൊട്ടാരത്തിൽ, അവിടെനിന്നുള്ള അപ്പീലൊ, അവിടെ എടുക്കാൻ വയ്യാത്ത സംഗതികളൊ മാത്രം ക്ഷേത്രസന്നിധിയിൽ; ക്ഷേത്രയോഗത്തിനു കൊല്ലിനും കൊലയ്ക്കുമുള്ള അധികാരം; അടിമയും രാജാവും ക്ഷേത്രയോഗത്തിൽ ഒരുപോലെ കുററക്കാർ; രാജാവിനെക്കൊണ്ടുപോലും കുററം സമ്മതിപ്പിച്ചു പിഴചെയ്യിപ്പിയ്ക്കുന്ന സമ്പ്രദായം; ഓരോ പ്രവൃത്തികഠംക്കും പ്രത്യേകം പ്രത്യേകം സ്ഥാനികഠം; വ്യവസ്ഥിതങ്ങളായ



പെരുമനംക്ഷേത്രം

തിരുവില്വാമല ക്ഷേത്രം

ശിക്ഷാവിധികൾ; എല്ലാതരം പിരിവുകൾക്കും ചെലവുകൾക്കും അവകാശങ്ങൾക്കും അനുഭവങ്ങൾക്കും അലംഘ്യങ്ങളായ തിരട്ടുകൾ. ഹാ! ഭരണപരിഷ്കാരത്തിന്റെ പരമകാഷ്ഠയെ കാണിക്കുന്ന പരിശുദ്ധമായ "റിപ്പബ്ളിക്കി"ന്റെ സർവ്വോൽകൃഷ്ടമായ ഒരു സജീവമാതൃക!! കേരളമെ! നീ ഭാഗ്യവക്ഷേത്രമായതു വെറുതെയല്ല. ഭാവനാശക്തികൊണ്ടുമാത്രം ഇന്നു് ആസ്വദിക്കാവുന്ന ഒരു ലോകോത്തരസുന്ദരരൂപം!

കേവലം ലൌകികങ്ങളായ ലാഭചേതങ്ങളിൽ ജനങ്ങൾ കൂടുതൽ വ്യാമോഹിതരാകയും, മതപരങ്ങളായ ആദർശങ്ങൾക്കു്, അശ്രദ്ധയാലും സ്വാത്ഥതയാലും ശ്രദ്ധി കുറയുകയും, തൽഫലമായി ക്ഷേത്രാധികാരികൾ തമ്മിൽ തൊഴുത്തിൽക്കുത്തു മൂക്കുകയും, അവരിൽത്തന്നെ ചിലർ തങ്ങളുടെ പരമ്പരാവകാശാധികാരങ്ങളെ രാജാവിങ്കൽ വെച്ചൊഴിയുകയും, കാലസ്ഥിതി മാറിവരികയും, പാശ്ചാത്യന്മാരായ വ്യാപാരികൾ കപ്പൽ കയററിക്കൊണ്ടുപോയ കേരളത്തിലെ വാസനദ്രവ്യങ്ങൾക്കു പകരം അവരുടെ ദുർവ്വാസനകളെ ധാരാളം ഇറക്കുമതി ചെയ്കയും, മററും, നിമിത്തമായി അചിരേണ ക്ഷേത്രസങ്കേതങ്ങൾ അധർമ്മകേന്ദ്രങ്ങളാകയും, കാലാന്തരത്തിൽ എല്ലാം 'പണ്ടാരം കയറുക'യും സങ്കേതാധികാരങ്ങൾ രാജാധികാരത്തിൽ ലയിച്ചുപോകയും ചെയ്തു! കുന്നു് കടലാകുന്നതും കടൽ കരയാകുന്നതും ലോകചരിത്രത്തിൽ അപൂർവ്വമല്ല.

ഓരോ മഹാക്ഷേത്രത്തിലും യോഗക്കാർ ഭരണാധികാരിയായി ഒരാളെ അപ്പപ്പോൾ "അവരോധി"ച്ചിരുന്നു. യഥാർത്ഥത്തിൽ എല്ലാ പ്രധാനക്ഷേത്രത്തിലെയും പ്രധാനപ്പെട്ട എല്ലാ അധികാരികളും 'അവരോധി'ക്കപ്പെട്ടവരായിരുന്നു. 'അവരോധം' ആജീവനാന്തമായും, പരമ്പരയായും, ക്ലിപ്തകാലത്തെക്കായും, ഉദ്യോഗത്തിനു മാത്രമായും ഇങ്ങനെ പലവിധത്തിലുമുണ്ടായിരുന്നു. "അവരോധം" ആദ്ധ്യാത്മികമായും, ലൌകികമായും വളരെ വിലപിടിച്ചതും അത്ഥസമ്പുഷ്ടവുമായ ഒരു ചടങ്ങായിരുന്നു. അവരോധപുരുഷൻ അവരോധാനന്തരം അതാതിന്റെ അവസ്ഥപോലെ ക്ഷേത്രാധികാരസമ്പന്നനും ദേവപ്രതിനിധിയും ആയിരുന്നു. യോഗാതിരി അവരോധം, കഴകവരോധം, മേശാന്തി അവരോധം, വാട്ടൂളി അവരോധം എന്നു തുടങ്ങി പല പല അവരോധമുറകളും അക്കാലത്തു നടപ്പുണ്ടായിരുന്നു.

അവരോധാനന്തരം സിദ്ധിക്കുന്ന ഭരണാധികാരം, ക്ഷേത്രപ്രതി

വിധിയും ഈശ്വരൻെറ പ്രതിപുരുഷനുമായി ലഭിക്കുന്ന ഭരണാധികാരം, അന്തസ്സാരവിഹീനരായ അഹങ്കാരികളുടെ കയ്യിൽ കേറിപ്പോരും കോറവിയുമില്ലാത്ത ഉടമസ്ഥാവകാശമായി രൂപാന്തരപ്പെട്ടുതുടങ്ങിയപ്പോഴാണ് അവരോധത്തിൻെറ അന്തസ്സും അർത്ഥവും അസ്തമിച്ചതു്. തന്നിമിത്തം, അവരോധങ്ങളെ തടയുകയാണ്, സങ്കേതങ്ങളെ കീഴമർത്തുന്നതിനു, രാജാക്കന്മാർ ഒന്നാമതായി ചെയ്യുതു്. തൃശ്ശൂരിലെ 'യോഗാതിരി അവരോധം' ഇതിനു് ഉത്തമദൃഷ്ടാന്തമാകുന്നു. കൊച്ചിയെ സംബന്ധിച്ചിടത്തോളം പണ്ടത്തെ പ്രധാനപ്പെട്ട അവരോധങ്ങളിൽ 'തച്ചുടയകയ്മളുടെ അവരോധം' ഒന്നുമാത്രമെ അവശേഷിച്ചിട്ടുള്ളു. അതിൻെറ ചരിത്രവും ഇന്നത്തെ ചിത്രവും വിചിത്രമെന്നേ പറയേണ്ടു.

ഭരണാധികാരത്തോടുകൂടിയ ക്ഷേത്രസങ്കേതങ്ങൾ രാജ്യത്തൊക്കെ ഉണ്ടായിരിക്കുക; അവയെല്ലാം രാജദ്രോഹത്തിൻെറയും ജനദ്രോഹത്തിൻെറയുംമറവും സങ്കേതങ്ങളായിത്തീരുക; സങ്കേതങ്ങൾതമ്മിലും സങ്കേതച്ഛായകളിൽ നിന്നുകൊണ്ടു നാടുവാഴികൾതമ്മിലും മത്സരങ്ങൾ വർദ്ധിക്കുക; ഏകശാസനവും ഏകീകരണവുമില്ലെങ്കിൽ രാജ്യംതന്നെ അന്യാധീനപ്പെട്ടുപോകുമെന്നു വരിക; രാജശാസനത്തെ യുദ്ധകാലത്തെങ്കിലും ശ്രദ്ധിച്ചിരുന്ന പ്രഭുക്കന്മാർ നില്ലജ്ജം വിരോധപക്ഷത്തിൽ ചേർന്നു മാനം വിററുണ്ണുക; ഏവംവിധം പരിതാപകരവും പരിഭ്രമജനകവുമായ ഒരു പതനത്തിലാണു കൊച്ചിയിലെ ശക്തൻതമ്പുരാൻ രാജ്യഭരണകാര്യങ്ങളിൽ പ്രവേശിച്ചതു്. 'കൊച്ചിയിൽ രാജാവു് ഒരാൾ' എന്നാക്കണമെന്നും എന്നാൽമാത്രമേ മൂന്നുപുറത്തുനിന്നും കൂട്ടിമുട്ടുന്ന ശത്രുസംഘാതത്തിനു നിവാരണവും കൊച്ചിക്കു സ്വാതന്ത്ര്യജീവിതവും സാദ്ധ്യമാകയുള്ളു എന്നും ബുദ്ധിമാനായിരുന്ന അദ്ദേഹം വഴിപോലെ കണ്ടറിഞ്ഞു. അദ്ദേഹം സങ്കേതങ്ങളേയും അവിടെ രക്ഷപ്രാപിച്ചിരുന്ന അധർമ്മത്തേയും സധൈര്യം നാമാവശേഷമാക്കി. രാജദ്രോഹികളേയും ശത്രുപക്ഷക്കാരേയും, നിസ്സഹകരണനിഷ്ഠന്മാരേയും, നിർദ്ദാക്ഷിണ്യം നിർമ്മൂലനംചെയ്തു. അദ്ദേഹത്തിനെ അവർ അക്രമി, അതിക്രൂരൻ എന്നും, മററുള്ളവർ ശക്തൻ, സാധുസംരക്ഷകൻ എന്നും, പറഞ്ഞുവന്നു. ഏതായാലും ശക്തൻതമ്പുരാനോടുകൂടി കൊച്ചിയിലെ ക്ഷേത്രസങ്കേതങ്ങൾക്കു് ആ സ്ഥാനമില്ലാതായി. പ്രധാനപ്പെട്ട എല്ലാ ക്ഷേത്രങ്ങളും പണ്ടാരവകയുമായി.

XXXVI

തിരുവില്വാമല

തിരുവില്വാമല, ശ്രീവില്വാദ്രിനാഥപുരം, കൊച്ചിസംസ്ഥാനത്തിലെ അതിപ്രധാനങ്ങളായ പ്രദേശങ്ങളിൽ ഒന്നും, അവിടത്തെ ആ മഹാക്ഷേത്രം ദേവസ്വംവകുപ്പിന്റെ പ്രഥമശ്രദ്ധയെ അർഹിക്കുന്നതും ആണല്ലൊ. ഇപ്പോൾ ആ ക്ഷേത്രം തനികൊച്ചി പണ്ടാരവകയാണെങ്കിലും അതു പണ്ടു് ആരുടേയൊ വകയായിരുന്നു. ക്ഷേത്രങ്ങൾ മിക്കവാറും എല്ലാംതന്നെ ആരംഭത്തിൽ ഓരോ ഉടമസ്ഥന്മാരുടെ വകയായിരുന്നിരിക്കണം. "സർക്കാരി"ൽനിന്നു നേരിട്ടു ക്ഷേത്രം പണിയിക്കുന്നതു ഒരിക്കലും സാധാരണമല്ല, തീർച്ചതന്നെ. ഇരിങ്ങാലക്കുട, തൃശ്ശിവപേരൂർ, തൃപ്രയാർ, പെരുവനം, ഊരകം, എളങ്കുന്നപ്പുഴ, എറണാകുളം, തൃപ്പൂണിത്തുറ മുതലായ സ്ഥലങ്ങളിലുള്ള മഹാക്ഷേത്രങ്ങൾ എല്ലാംതന്നെ പണ്ടൊരുകാലത്തു ഗ്രാമക്ഷേത്രങ്ങളൊ, ഊരാണ്മക്ഷേത്രങ്ങളൊ ആയിരുന്നു എന്നു നിർവ്വിവാദമാണു്. അതുപോലെതന്നെ തിരുവില്വാമലക്ഷേത്രവും പണ്ടാരവകയായതു കാലക്രമേണ മുന്നുടമസ്ഥന്മാരെ ഓരോ കാരണവശാൽ നീക്കംചെയ്തിട്ടായിരിക്കണം. മിക്കക്ഷേത്രങ്ങളിലും, അവിടെ സ്വതന്ത്രമായ സ്വയംഭരണം നടന്നിരുന്ന കാലത്തുപോലും, പേരിനെങ്കിലും രാജാവിനു് ഒരു മേൽക്കോയ്മാധികാരം ഉണ്ടായിരുന്നു. അതു് അതതുരാജ്യത്തെ രാജാവിനുതന്നെ ആയിക്കൊള്ളണമെന്നില്ലായിരുന്നു എന്നു്, തിരുവിതാംകൂറിലെ ചില ക്ഷേത്രങ്ങളിൽ കൊച്ചിക്കും, കൊച്ചിയിലെ ചില ക്ഷേത്രങ്ങളിൽ തിരുവാങ്കോട്ടേയ്ക്കും ആ അധികാരം ആധുനികകാലംവരെ നിലനിന്നിരുന്നു എന്ന ചരിത്രപ്രസിദ്ധമായ സംഗതി നല്ലപോലെ തെളിയിക്കുന്നുണ്ടു്.

തിരുവില്വാമലക്ഷേത്രം ആദ്യകാലത്തു 'പരശുടയവർ' എന്നു പറയപ്പെട്ടുന്ന ചില മൂസ്സതന്മാരുടെ വകയായിരുന്നുവത്രെ. ഉടമസ്ഥന്മാരുടെ തൊഴത്തിൽകുത്തുകൊണ്ടും, മത്സരിച്ചുകൊണ്ടിരുന്ന രാജാക്കന്മാരെ അവർ ആളുംതരവും നോക്കി മാറിമാറിയും ഓരോ ചേരിചേർന്നും ആശ്രയിച്ചും അനാദരിച്ചും വന്നതുകൊണ്ടും, കാലാന്തരത്തിൽ ക്ഷേത്രാധികാരവും ഉടമസ്ഥതയും അവരിൽനിന്നു പൊയ്പ്പോയതാകുന്നു. മിക്കക്ഷേത്രങ്ങളും ഏറക്കുറെ സ്വതന്ത്രഭരണസ്ഥാപനങ്ങളും, ആ നിലയ്ക്കു നോക്കുമ്പോൾ, പലപ്പോഴും രാജദ്രോഹകേന്ദ്രങ്ങളും ആയിരുന്നതുകൊണ്ടു,

രാജ്യശക്തിയെ ബലപ്പെടുത്തുവാനും ശരിപ്പെടുത്തുവാനും, ജാഗരൂകനായി അശ്രാന്തം അതിപ്രയത്നംചെയ്ത ശക്തൻതമ്പുരാൻ, ക്ഷേത്രങ്ങളെ കാരോന്നോരോന്നായി 'പണ്ടാരം കയറി'. അവിടുത്തെകാലത്തു് കൈയേറ്റ കയ്യടക്കീട്ടുള്ളവയാണു് ഇന്നു സർക്കാർവകയായി കാണുന്ന പഴയ ക്ഷേത്രങ്ങളിൽ മിക്കതും. തിരുവില്വാമലക്ഷേത്രവും ആ എണ്ണത്തിൽ ഉൾപ്പെട്ടതുതന്നെയാകുന്നു.

ശക്തൻതമ്പുരാൻെറകാലത്തു തിരുവില്വാമലക്ഷേത്രത്തിലെ അധികാരാവകാശങ്ങളെ സംബന്ധിച്ച സാമൂതിരിയും കൊച്ചിയുംതമ്മിൽ ഉഗ്രമായ മത്സരം നടന്നിരുന്നു. സാമൂതിരിയുടെ കൊച്ചിരാജ്യാക്രമണങ്ങൾക്ക പലപല ഉച്ചനീചത്വങ്ങളും സംഭവിച്ചിട്ടുള്ളതിനു് അനുസരിച്ചെല്ലാം, സാമൂതിരിക്കു് ആ ക്ഷേത്രകാര്യത്തിൽ കൈകടത്തുവാനുണ്ടായിരുന്ന സൗകര്യങ്ങളും നിമ്നോന്നതങ്ങളായിരുന്നു. സാമൂതിരിരാജ്യം ഒടുവിൽ ഇംഗ്ലീഷുകാർക്ക അധീനപ്പെട്ടതിനുശേഷവും, ഈ ക്ഷേത്രത്തിലെ മേല്ക്കോയ്മാധികാരത്തെക്കുറിച്ച, തിരുവില്വാമലരാജ്യം കൊച്ചിക്കു ചേന്നതായിരുന്നിട്ടും, വമ്പിച്ച വാദപ്രതിവാദം നടന്നു. മലബാർ കമ്മീഷണർമാർക്കു് ആ വിഷയവും വാദംകേട്ടു തീർച്ചപ്പെടുത്തേണ്ടതായിവന്നു. കൊടുങ്ങല്ലൂർമുതൽ പാലക്കാടുവരേയുള്ള എല്ലാ പ്രദേശങ്ങൾക്കും സ്ഥാപനങ്ങൾക്കും സാമൂതിരി കൊച്ചിരാജാവിനു് എതിരായി തരംകിട്ടുമ്പോഴെല്ലാം, കാര്യങ്ങളുടെ പരമാത്ഥവും മര്യാദയും ന്യായവും എങ്ങനെ ഇരുന്നാലും, വിടാതെ വാദിച്ചുകൊണ്ടിരുന്നു. വാളുവെപ്പിക്കപ്പെട്ടപ്പോൾ സാമൂതിരി, കൊച്ചിയുടെനേരെ വാക്കെടുത്തു. വാക്കും വിഫലമായിത്തീരുകതന്നെ ചെയ്തു. തിരുവില്വാമല ഇന്നു കൊച്ചിസർക്കാർവകയായതുകൊണ്ടു സാമൂതിരിയും കൊച്ചിയുംതമ്മിൽ അതുസംബന്ധിച്ചുണ്ടായ അവകാശത്തക്കം എങ്ങനെയാണു പര്യവസാനിച്ചതെന്നു് എടുത്തു പറയേണ്ടതായിട്ടില്ലല്ലോ. സാമൂതിരിയും ശക്തൻതമ്പുരാനുംതമ്മിൽ തിരുവില്വാമലയെക്കുറിച്ച മലബാർ കമ്മീഷണർമാരുടെ അടുക്കൽ നടത്തിയ അവകാശത്തക്കങ്ങളുടെ സ്വഭാവവും സമ്പ്രദായവും അറിയുന്നതു രസാവഹമായിരിക്കും. ആ സംഗതി ആ കാലത്തെ രേഖകളിൽകൂടി എൻെറ വായനക്കാർ സ്വയംനോക്കിക്കണ്ടുകൊള്ളട്ടെ എന്നു കരുതി കഴിയുന്നതും ആ രേഖകളിൽനിന്നുള്ള ഉദ്ധാരണങ്ങളെത്തന്നെ അവലംബിച്ചുകൊള്ളുന്നു. സാമൂതിരിപ്പാട്ടിന്നു അവിടത്തെ പുത്രനായിരുന്ന കതിരവട്ടത്തു നായക്കു "നടുവട്ടം" കല്പിച്ചുകൊടുത്ത തീട്ടൂരത്തിൽ 'തിരുവില്വാമല ക്ഷേത്രം' ഉൾപ്പെടുത്തിക്കാണുന്നുണ്ടു്.

965 മേടമാസം 25-ാംനു ശക്തൻതമ്പുരാന്റെ കാര്യക്കാരന്മാരിൽ ഒരാളായിരുന്ന 'ശ്രീലാളയ്യർ' അവിടത്തെപേക്ക് ഇപ്രകാരം എഴുതി അയച്ചിരിക്കുന്നു:- "തിരുവില്വാമലയിലെ നാലൊന്നിലെ കാര്യംകൊണ്ടു നെടിയിരിപ്പിൽ സ്വരൂപത്തിങ്കൽ ഉള്ളവര എഴുതി ഇസ്റ്റിമാൻ സായ്പിന്റെ പററിൽ കൊടുത്തു. അതിന്റെ പെറ്റ്പ്പ് ഇങ്ങട്ടും തന്നു. മുമ്പെ തീട്ടൂരം എഴുതി അയച്ചപ്രകാരം ആ ദെവസ്വം നമ്മുടെ നാട്ടകത്ത നമുക്കുള്ളതാകുന്നു എന്നും, പടരാൻമാരെയും മൂത്തതിൻമാരെയും ആക്കിയിരുന്നപ്രകാരവും, അതിൽ ഒരു മൂസ്സത ദെവസ്വം അറാകുററം പൊക്കെണ്ടതിന്നായി ആ വകക്ക ഒരു ചെരിക്കല്ല് വകവെച്ച കൊടുത്തുവന്നു എന്നും, ആ മൂത്തതിനെപാട്ടിൽവെച്ച നെടിയിരിപ്പ സ്വരൂപത്തിങ്കൽ ഉള്ളവരക്കൂടെ കാര്യം വിചാരിച്ച പൊന്നിരുന്നു എന്നും, ഹൈദർനായ്ക്കന്നു കപ്പം കൊടുക്കെണ്ടി വന്നാറെ, നെടിയിരിപ്പിന്റെ നാട്ടിൽ നമ്മുടെ വകക്ക സ്ഥാനമാനങ്ങളും, കാവൽ ചങ്ങാതങ്ങളും, ഉള്ളത അരമനയിൽ എടുക്കത്തെക്കവെണ്ണവും, നെടിയിരിപ്പീന്ന നമ്മുടെ നാട്ടിലുള്ളത ഇങ്ങൊട്ടു വിട്ടതന്നും, 965-ാമാണ്ടുവരെയും ഇങ്ങനെ ആളാക്കി നടന്നു വന്നു എന്നും, 66-ാമാണ്ടു മുതല്ക്ക തിരുവില്വാമലക്കും, അകംതുരുത്ത അയിനക്കാട മുതലായിട്ടുള്ള ദെശങ്ങളിലെയും, നെടിയിരിപ്പിൽ സ്വരൂപത്തിങ്കൽനിന്നും ആളാക്കി തടഞ്ഞാറെ, എടച്ചില്ക്ക പൊകരുതെന്നു കൊഴിക്കൊട്ടെ കുമ്പഞ്ഞി എജമാനന്മാര ഞായംകെട്ട, 965-ാമാണ്ടുവരെ നടന്നമാതിരി നടത്തിക്കുമെന്നു മെസ്കര പൌണി പറകകൊണ്ടു ഇരുന്നു എന്നും, അങ്ങൊട്ടുപറഞ്ഞു. അതുകൊണ്ടു അപ്രകാരത്തിന്നു ഒരുപെറ്റ്പ്പുകൂടി കല്പിച്ച എഴുതി അയക്കണം. അമ്പലം അവർ ചെമ്പ ഇടുവിച്ചപ്രകാരം അവർ എഴുതിയിരിക്കുന്നതിന്നു, ക്ഷെത്രങ്ങളിലെ വഴിവാട ആയിട്ട അങ്ങും ഇങ്ങും ചെയ്യാറുണ്ടല്ലൊ. പെരുവനത്തെ അമ്പലം അവര ചെമ്പ ഇടുവിച്ചു എന്നുവെച്ച അത അവക്ക ആകുന്നില്ലല്ലൊ. ഇതിന്റെ ഒക്കെയും ഇന്നപ്രകാരമെന്നു കല്പിച്ച എഴുതി വരുമാറാക വെണ്ടിയിരിക്കുന്നു".

പെരുവനത്തും തിരുവില്വാമലയിലും ക്ഷേത്രങ്ങളിൽ ചെമ്പുപലക അടിപ്പിച്ചത് ഭക്തികൊണ്ടാവട്ടെ ശക്തികൊണ്ടാവട്ടെ സാമൂതിരിപ്പാട്ടിന്നാണെന്ന് ഈ രേഖയിൽ പ്രത്യക്ഷമായി സമ്മതിച്ചുകാണുന്നു.

ശക്തൻതമ്പുരാൻ 'തിരുവില്വാമല ക്ഷേത്രചരിത്രം' കമ്മീഷണർമാർക്ക് എഴുതി അയപ്പിച്ചതു താഴെ ചേർക്കുംപ്രകാരമായിരുന്നു:

"പേരാററുവീതി മുവ്വായിരം നാട്ടിൽ തിരുവില്വാമല ക്ഷേത്രത്തിലെ വസ്തുക്കൾ പണ്ടെയ്ക്കുപണ്ടെ കഴിഞ്ഞുവന്നിരിക്കുന്ന പ്രകാരങ്ങൾ ആകുന്നത:

"തിരുവില്വാമലക്ഷേത്രത്തിങ്കൽ ഊരാണ്മക്കാരായിട്ട ശങ്കരണത്തും, കിഴക്കില്ലത്തും, പാവത്തും, കണ്ടങ്ങളത്തും, എരെടത്തും തറവാട്ടുകാരും, കാരാണ്മക്കാരായിട്ട അണ്ണത്തും, ഇക്കരെത്തും, പൊള്ളത്തും, നാലൊന്നിലും, അത്രെ ആകുന്നത.

"ഊരാണ്മക്കാർ എവരുംകൂടി ദെവസ്വം കാൎയ്യം വിചാരിപ്പാനായിട്ട എടങ്ങഴിയും താക്കോലും കൊടുത്തു, 'സമുദായത്തിന്ന അഷ്ടഗൃഹത്തിൽ ഒരാളെ ആക്കിയാൽ സമുദായമനുഷ്യമായിട്ടും പാട്ടാളിസ്ഥാനമായിട്ടും, ബ്രാഹ്മണര ഓരൊരുത്തരെ ആക്കി കാരാണ്മക്കാരായിട്ട നാല തറവാട്ടുകാർ ഉള്ളതിൽ വയസ്സുമൂപ്പു ഉള്ള ആളെക്കൂട്ടി എത്രെ ദെവസ്വം കാൎയ്യങ്ങൾ ക്ലെശിച്ചു നടന്നുകൊണ്ടു വന്നിരിക്കുന്നതു.

"അതെത ആണ്ടിൽ കുംഭമാസത്തിൽ ഏകാദശി അടിയന്തരം കഴിഞ്ഞ പിറെറദിവസവും കൎക്കിടകമാസം 10-ാംനു-യും, അടിയന്തരയൊഗം ഇരിക്കുമ്പൊൾ ഊരാണ്മക്കാരും സമുദായവും സമുദായമനുഷ്യവും പാട്ടാളിയുംകൂടെ വാതിൽമാടത്തിൽ വടക്കെ മുറിയിലും, കാരാണ്മക്കാരിൽ വലിയനമ്പി വെലിക്കപ്പുരയിൽ പടിയിന്മലും, ഇരുന്നു വിചാരിക്കുമ്പൊൾ, തമ്പുരാന്റെ മനുഷ്യം വാളും പരിചയുമായിട്ടും, തൃശ്ശൂർസ്വരൂപത്തിലെ മനുഷ്യം ഉറയിൽ ഇട്ട വാളായിട്ടും, നെടിയിരുപ്പിൽ സ്വരൂപത്തിങ്കലെയും ആറങ്ങൊട്ടിൽ സ്വരൂപത്തിങ്കലെയും മനുഷ്യം രണ്ടു ചൂരക്കോലായിട്ടും വെലിക്കപ്പുരയിൽ നില്ക്കയും ചെയ്യും.

"ഈ ക്ഷെത്രം തമ്പുരാന്റെ രാജ്യത്ത ആകകൊണ്ടു ക്ഷെത്രത്തിങ്കലെ രക്ഷക്കായിട്ട തമ്പുരാൻ കല്പിച്ചിട്ടുള്ള മനുഷ്യം ക്ഷെത്രമൎയ്യാദപൊലെ രക്ഷിക്കയും, ശിക്ഷിക്കെണ്ടവരെ ശിക്ഷിക്കയും ചെയ്യെണ്ടതിന്നായിട്ടത്രെ കല്പിച്ചിരിക്കുന്നത.

"നെടിയിരിപ്പുനാട്ടിലും ആറങ്ങൊട്ടുകരനാട്ടിലും ദെവസ്വം സങ്കെതങ്ങളും കുട്ടാലകളും വസ്തു ഉല്പത്തികളും ആള അടിയരും ഉണ്ടാക കൊണ്ടു ആ മുതലുകൾ വെണ്ടുംവണ്ണം എടുത്തുവരെണ്ടതിന്നായിട്ട നെടിയിരിപ്പു സ്വരൂപത്തിങ്കലെ വകക്ക കുതിരവട്ടത്ത നായരെയും, ആറങ്ങൊട്ട സ്വരൂപത്തിന്റെ വകക്ക പനങ്ങാട്ട നായരെയും തൃശ്ശൂർസ്വരൂപത്തിങ്കലെ വകക്ക തരുവിൽ പടനായരെയും, ചങ്ങാതംകൊണ്ടു, അവൎക്ക ആണ്ടിനാൽ കരുന്തുറററി ഇരുപതീതെ പറ നെല്ലുവീതം

അതതു നാട്ടിൽ ദേവസ്വംവകക്ക പിരിവാനുള്ള കൂട്ടത്തിൽനിന്നും ആണ്ടുതോറും കൊടുപ്പിക്കയും ചെയ്യും.

"ഊരാഴ്മക്കാര വകയിൽ എരെടത്തുതറവാടും കാരാഴ്മക്കാര വകയിൽ പൊള്ളത്തും, അണ്ണത്തും, ഇക്കരത്തും ഈ മൂന്നു തറവാടും അററുപോകകൊണ്ടു ഈ നാലുതറവാട്ടികലെ വകയായിട്ടുള്ള വസ്തു ഉല്പത്തികൾ ഒക്കയും ദേവസ്വത്തികൽ ഒതുങ്ങി നടന്നുവരുന്നു.

"കാരാഴ്മക്കാര വകയിൽ നാലൊന്നിൽ നമ്പി പന്തീരടിപൂജയും കുംഭമാസത്തിൽ ഏകാദശിവിളക്കും ക്ഷേത്രത്തിലെ കടഉളിതീക്കേണ്ടതിന്ന ദിവസം ഏഴരത്തച്ച പണിയിപ്പിക്കയും ഇത്രയും നാലൊന്നിൽ നമ്പി ചെയ്യേണ്ടതിന്ന ദേവസ്വത്തിൽനിന്നും വസ്തുതിരിച്ച നാലൊന്നിൽ നമ്പിയെ ഏല്പിച്ച ഇതു മൂന്നുകൂട്ടവും നാലൊന്നിൽ നമ്പിയെക്കൊണ്ടു കഴിപ്പിച്ച വന്നിരിക്കുന്നു.

"ഇപ്രകാരം കഴിഞ്ഞുവന്നിരിക്കുമ്പോൾ കുംഭമാസത്തിൽ അടിയന്തരയോഗം ഇരിക്കുമ്പോൾ, കീഴമര്യാദയല്ലാതെ നാലൊന്നിൽ നമ്പി വാതിൽമാടത്തിൽക്കൂടെ വന്ന ഇരുന്നതിൻെറ ശേഷം കീഴമര്യാദയില്ലാതെ ഇരിപ്പാൻ സംഗതിയില്ലല്ലൊ എന്ന പറഞ്ഞ എടെരത്തപരടാര നാലൊന്നിൽ നമ്പിയെ പിടിച്ച തള്ളി പുറത്ത ആക്കയുംചെയ്തു.

"അന്ന വയ്യന്നേരം ശീവെലിക്ക നാലൊന്നിൽ നമ്പി ആനപ്പുറത്തു തെടമ്പ എഴുന്നള്ളിക്കുമ്പോൾ ആനപ്പുറത്ത ഇരുന്നുകൊണ്ടു ഊരാളരെ അധിക്ഷേപിച്ച പറകകൊണ്ടു ഉടനെ നാലൊന്നിൽ നമ്പിയെ ആനപ്പുറത്തുനിന്ന എറക്കി മതില്ക്കുപുറത്ത ആക്കുകയും ചെയ്തു.

"അന്നുമുതല്ക്ക കാരാഴ്മക്കാര എഴുന്നള്ളിക്കേണ്ടാ എന്നുവെച്ച നമ്പൂരിമാരെക്കൊണ്ടു എഴുന്നള്ളിപ്പിച്ചും വരുന്നു. അത ഹേതുവായിട്ട നാലൊന്നിൽ നമ്പി നെടിയിരുപ്പിൽ സ്വരൂപത്തികൽ ചെന്നു കണ്ടതിൻെറ ശേഷം, ദേവസ്വത്തിൽനിന്നും കൊടുത്തിരിക്കുന്ന നാലൊന്നിലെ തറവാടും വസ്തു ഉല്പത്തികളും എഴുതിവെപ്പിച്ചപ്രകാരം കേൾക്കകൊണ്ടു, എല്ലാവരുംകൂടെ അവിടെ ചെന്ന അങ്ങനെ എഴുതി മെടിപ്പാൻ സംഗതി ഇല്ലല്ലൊ എന്നും ക്ഷേത്രം പ്രത്യേകം പെരുമ്പടപ്പിൽ സ്വരൂപത്തികൽ വലിയതമ്പുരാൻ രക്ഷിക്കേണ്ടതാകകൊണ്ടു ഇക്കാര്യം ഞങ്ങൾക്ക അനുസരിച്ചുകൂടാ എന്നും പറഞ്ഞാറെ, ആയത സമ്മതിയാതെ നാലൊന്നിലെ തറവാട്ടുകൽ നെടിയിരിപ്പ സ്വരൂപത്തിൽനിന്നും ആളാക്കി നടത്തിച്ചുവരുന്നു.

"അവിടുന്ന നാലൊന്നിൽ ആക്കുന്ന ആള അടിയന്തരയോഗ

ത്തിൽ കൂടുകയും, ദെവസ്വം കാര്യങ്ങൾകൂടി വിചാരിക്കയും അന്നുമുതൽ ഇന്നോളം ചെയ്യുവരാറും ഇല്ല. നെടിയിരിപ്പിൽസ്വരൂപത്തിങ്കലെ രാജാക്കന്മാര തിരുവില്വാമലെ തൊഴുവാനായിട്ട ഭാരതപ്പുഴക്കടവിൽ എത്തിയാൽ ദെവസ്വത്തിൽനിന്ന ശംഖും മാരാരെയും കൂട്ടിച്ചുകൊണ്ട തമ്പുരാന്റെ മനുഷ്യംകൂടെ ചെന്ന തൊഴുവിച്ച അയക്കാറും ഉണ്ട.

"ഇപ്രകാരമല്ലാതെ നെടിയിരിപ്പ സ്വരൂപത്തിങ്കലേക്ക ഈ ക്ഷെത്രത്തിൽ ഒരു സംബന്ധവും ഇല്ല."

969 മീനം 21_ാംനു- ശക്തൻതമ്പുരാൻ കാര്യക്കാർ ശ്രീലാളയ്യന്നുമേൽ വിവരിച്ച സംഗതികളെ സംഗ്രഹിച്ച ഒരു തീട്ടൂരംതന്നെ എഴുതി അയച്ചു. ആ കടലാസ്സിൽ മേല്പറഞ്ഞതിൽ കൂടുതലായി കാണുന്ന സംഗതികൾമാത്രം താഴെ ചേർക്കുന്നു: "നമ്മുടെ ചീരാളയ്യന എന്നാൽ_ 1_ാംനു-യും, 2_ാംനു-യും, 7_ാംനു-യും 9_ാംനു-യും ആയിട്ട കൊടുത്തയച്ച് കടദാസ്സ ഒക്കയും മൂന്ന പദളി ആയിട്ട തൃശ്ശിവപെരൂരും വടക്കാഞ്ചെരിയിലും കൊണ്ടുവന്ന വായിച്ചു കെട്ട അവസ്ഥയും ധരിച്ചു. തിരുവില്വാമല ക്ഷെത്രംകൊണ്ട പറയെണ്ട കാര്യം ഒക്കയും മുമ്പിൽ എഴുതി കൊടുത്തയച്ചിട്ടുണ്ടല്ലൊ. തിരുവില്വാമല പെരാറവീഥിയിൽ ചെന്നിട്ടുള്ള പ്രദെശം ആകുന്നു എന്നും ആ ക്ഷെത്രം ഉണ്ടായിട്ട എത്ര കാലമായി എന്ന സംഖ്യ ആക്കും നിശ്ചയമില്ലാ എന്നും, അത നമ്മുടെ രാജ്യത്ത നമ്മുടെ പൂർവ്വന്മാരായിട്ട ഉണ്ടാക്കീട്ടുള്ളത ആകുന്നു എന്നും, നമ്മുടെ സ്വരൂപത്തിൽനിന്ന അവിടെ അടിയന്തരങ്ങൾ നടത്തിക്കുന്നതിന്ന അഞ്ചില്ലക്കാര പടരാൻമാരെയും, വട്ടംകൂട്ടി കൊടുക്കാനും കെട്ടപാടുകൾ പൊക്കുവാനും ആയിട്ട നാലു മൂത്തെതൻമാരെയും കല്പിച്ച ആക്കി എന്നും,......... നെടിയിരിപ്പിൽ ഇങ്ങൊട്ട കടന്ന നമ്മുടെ രാജ്യത്ത പാക്കുന്ന സമയത്ത നാലൊന്നിൽ ഒരു വൃദ്ധൻ ഉണ്ടായിരുന്ന ആളൊട്ട ബലം ചെയ്തു നാലൊന്നിലെ തറവാട്ടും ദെവസ്വത്തിൽനിന്നും അടിയന്തരം നടത്താൻ കൊടുത്തിരുന്ന ഉല്പത്തികളും കയ്യെറി നടത്തിക്കൊണ്ടുപൊന്നു എന്നും, നെടിയിരിപ്പരാജ്യത്തിൽ നമുക്കും പലടത്തും കൊയ്മസ്ഥാനവും മനുഷ്യം സ്ഥാനവും ഉണ്ടന്നും, ഇപ്രകാരം മുമ്പൊക്കയും അങ്ങും ഇങ്ങും നടന്നുവരുമാറുണ്ടെന്നും, 952_ൽ ഹൈദർനവാബിന്ന നാം കപ്പംകൊടുക്കത്തക്കവണ്ണം നിശ്ചയിച്ച എഴുതി പിടിക്കുമ്പൊൾ, നെടിയിരുപ്പിലെക്ക നമ്മുടെ രാജ്യത്തുള്ളത ഒന്നും വെണ്ടാ എന്ന നിശ്ചയിച്ച എഴുതി എന്നും, അതിന്നുശെഷം 965_ാമാണ്ടുവരക്കും നാം കപ്പം കൊടുത്തുവരുമ്പൊൾ

നെടിയിരിപ്പുസ്വരൂപത്തിലെ സംബന്ധങ്ങൾ ആയിട്ട നമ്മുടെ അധീനങ്ങളിൽ ഉള്ളതിന്നൊക്കെയും നാംതന്നെ ആളുകളെ ആക്കി നടത്തിച്ചു കപ്പവും കൊടുത്തുകൊണ്ട വന്നിരുന്നു എന്നും, ഇപ്പൊൾ കുമ്പഞ്ഞിക്ക നാം കപ്പംകൊടുത്തുവരുന്ന കൊണ്ടു, 65-ാമാണ്ടുവരെ നടന്നുവന്നവണ്ണം നടക്കത്തക്കവണ്ണം പറഞ്ഞുവെച്ചിരിക്കകൊണ്ടും, മൈസൂർ പൌണി, അങ്ങും ഇങ്ങും രണ്ടെടവും കുമ്പഞ്ഞിരാജ്യങ്ങൾ ആക കൊണ്ട ശണ്ഠക്ക പൊകരുതെന്ന കൊഴിക്കൊട്ട പാക്കുന്ന കുമ്പഞ്ഞിക്കാർ ഞായങ്ങൾകെട്ട നിശ്ചയിച്ചിരിക്കകൊണ്ടും, നമ്മുടെ അധീനത്തിൽ നെടിയിരിപ്പിന്റെ ആളുകൾ വന്ന കാര്യൊന്ന നടത്തുക എന്നു വന്നാൽ ആയതു സമ്മതിച്ചുകൂട്ടുന്നതല്ലന്നും ഇപ്രകാരമെല്ലാം തിരുവില്വാമല കാര്യം കൊണ്ട പറയെണ്ടുന്നതിനെ പറഞ്ഞുകൊള്ളണം.''

969 മേടം 6-ാംനു-ത്തെ ഒരു തിരുവെഴുത്തിൽ "തിരുവില്വാമല കാര്യംകൊണ്ട ഇനി ഇങ്ങൊട്ട പറഞ്ഞു എങ്കിൽ (കമ്മീഷണർമാർ പറഞ്ഞു എങ്കിൽ) മുമ്പെ തിരുവാംകൊട്ടരാജാവിന്റെ കാര്യസ്ഥന്മാര എത്തി വടക്കെദിക്കിലെ അതിൎത്തിത്തലകളിലെ അവസ്ഥകൊണ്ട പറഞ്ഞുവെക്കുമ്പൊഴും, ഹൈദർനവാബിന്ന കപ്പംകൊടുക്കതക്കവണ്ണം പറഞ്ഞുവെച്ച എഴുതി പിടിക്കുമ്പൊഴും, കൊഴിക്കൊട്ട രാജാവിന്ന നമ്മുടെ രാജ്യത്ത ഒരു സംബന്ധവുമില്ലാത്തപ്രകാരം അത്രെ നിശ്ചയിച്ചു നടന്നുവന്നിരിക്കുന്നത എന്നു പറഞ്ഞുകൊള്ളണം'' എന്നു ഖണ്ഡിതമായി കല്പിച്ചുകാണുന്നു.

സാമൂതിരിയായി തിരുവില്വാമലവഴക്കു് ആരംഭിച്ചതിനെക്കുറിച്ചു് ഒരു ,, കദേശജ്ഞാനം ശ്രീരാളയ്യൻ രാജാവിന്നു അയച്ച ചില എഴുത്തുകളിൽനിന്നു ലഭിക്കുന്നുണ്ടു്.

,,തിരുവില്വാമലയിൽ എറാൾപാട്ടിന്ന അഞ്ഞൂറ ആളുകളയച്ചു പാൎപ്പിക്കാൻ വിചാരിക്കുന്നപ്രകാരം കെൾക്കുന്നു എന്നു സായിപ്പിനൊട്ട പറഞ്ഞാറെ, അങ്ങനെ ചെയ്യുാൽ ഒരു ക്ഷണംകൊണ്ട ഒഴിപ്പിച്ചുകളയാമെന്നു സായ്പു പറഞ്ഞു. തിരുവില്വാമലെ അവക്ക് എന്തെല്ലാമുണ്ടെന്നു ചൊദിച്ചപ്പൊൾ നാലു മൂത്തതന്മാരിൽ ഒരു മൂത്തതിന്റെ സ്ഥാനം ബാലെന കെറി നടന്നു എന്നുംമാറും മുമ്പു ബൊധിപ്പിച്ചിട്ടുണ്ടല്ലൊ എന്ന അങ്ങൊട്ടും പറഞ്ഞു. എന്നാൽ എറാൾപാട്ടിന്ന അഞ്ഞൂറ ആള പാൎപ്പിച്ചാൽ, കൊച്ചിരാജാവിന്റെ വകയിന്ന

 അറുന്നൂറ ആള ചെന്ന തച്ച കളഞ്ഞുകൂടെ എന്നു ചൊദിച്ചാറെ, അനു വദിച്ചാൽ അമ്പതാളെ കല്പിച്ചയച്ച തച്ചുകളയിക്കാമെന്നും പറഞ്ഞു. ആളെ ദയച്ച പാൎപ്പിച്ചാൽ അതിന്റെ ശെഷമായിട്ട കല്പനക്കൊട്ട ക്കാമെന്നും പറഞ്ഞു.''

വീണ്ടും ശ്രീരാമയ്യന്റെ എഴുത്തു്: "......19-ാംനു- കൊഴിക്കൊട്ട കച്ചെരിയിൽചെന്ന ഇഷ്ടിമാൻ സായിപ്പായിട്ട കണ്ടാറെ, തിരുവി ലപാമല വിളക്കുവെയ്ക്കുന്ന നെടിയിരുപ്പിലെ ആളുകൾ എണ്ണയും കൊണ്ടു വന്നപ്പൊൾ സമ്മതിക്കാതെ തള്ളി അയക്കലെ ഉണ്ടായൊ എ ന്നു ചൊദിച്ചു. എണ്ണെടെ അവസ്ഥ നല്ല നിശ്ചയം ഇല്ലെന്നും, നെടി യിരിപ്പിൽ സ്വരൂപത്തുകാർ അസാരം ഉണ്ടായാൽ എറയും കൂട്ടിപ്പറ യുമെന്നും, ആയത ഊരകം ദെശത്തിന്റെ കാൎയ്യംകൊണ്ട (ചിററില പ്പിള്ളി' അദ്ധ്യായം നോക്കുക) അറിയാലൊ എന്നും അങ്ങൊട്ട പറഞ്ഞാ റെ, തിരുവിലപാമല അമ്പലം നെടിയിരിപ്പിലക്ക ഉള്ളതാകുന്നു എ ന്നും അവരത്രെ അമ്പലം കെട്ടി മെച്ചത എന്നും, പൂൎവ്വാപൂൎവ്വമാ യിട്ട അധികാരമുണ്ടെന്നും പറയുന്നു എന്നും, അവൎക്കുള്ളതൊക്കെ എഴു തിക്കൊടുക്കാൻ പറഞ്ഞിട്ടുണ്ടെന്നും, അമ്പലം ആരുടെ ആകുന്നു എന്നും ഇങ്ങൊട്ട ചൊദിച്ചു. അമ്പലവും രാജ്യവും ഞങ്ങളുടെ ആകുന്നു എ ന്ന, അങ്ങൊട്ടും പറഞ്ഞു. വിവരമായിട്ട അതും എഴുതിക്കൊടുക്കണെ മെന്നുപറഞ്ഞു. തിരുമനസ്സറിവിച്ച എഴുതിവരുത്താമെന്ന നിഷ്ക്ക ഷിച്ച അങ്ങൊട്ടും പറഞ്ഞു...''

ശക്തൻതമ്പുരാൻ ഇഷ്ടിമാൻസായിപ്പിന്നു നേരിട്ടുതന്നെ ഈ സംഗതിക്കു് ഒരു എഴുത്തയച്ചു. അതു താഴെ ചേൎക്കുന്നു:

"കൊഴിക്കൊട്ടരാജാവിന്നു തിരുവിലപാമലെ ഒരു ഭവനമുണ്ടെ ന്നും, കുംഭമാസത്തിലെ എകാദശിനാൾ വിളക്കും പന്തൽപണിയും കഴിപ്പിച്ചുവന്നിരുന്നു എന്നും, ഇപ്പൊൾ പണിക്കു ഭാവിച്ചപ്പൊൾ ന മ്മുടെ ആളുകൾ തള്ളി അയച്ചു എന്നും, കീഴിലെപൊലെ അല്ലാ ഞ്ഞാൽ നന്നല്ലല്ലൊ എന്നും എല്ലൊ തങ്ങളുടെ കടദാസ്സിലെ അവ സ്ഥകൾ.

"തിരുവിലപാമലപ്രദെശവും ക്ഷെത്രവും നമുക്കു പ്രത്യെകമായിട്ടുള്ള ത ആകുന്നു. ഹൈദരാലിഖാൻ കൊഴിക്കൊട്ടരാജ്യം കെട്ടിയതിന്റെ

ശേഷം നാമായിട്ടു എഴുതി പിടിച്ചിരിക്കുന്ന കരാറിൽ കോഴിക്കോട്ടിന്നു നമ്മുടെ നാട്ടിൽ ഒരു സംബന്ധവും ഇല്ലന്നത്രെ എഴുതിയിരിക്കുന്നതു. ഏറിയ കാലമായിട്ടു അങ്ങിനെ നടന്നുവരുന്നു. കോഴിക്കോട്ടു രാജാവിന്റെ സംബന്ധമായിട്ടു ഹൈദരാലിഖാൻ എങ്കിലും, ടിപ്പു സുൽത്താൻ എങ്കിലും, കോഴിക്കോട്ടുരാജാവു എങ്കിലും ആളെ അയച്ചു നമ്മുടെ രാജ്യത്തു ഒന്നും വിചാരിക്ക ഉണ്ടായിട്ടും ഇല്ല. നമുക്കു കോഴിക്കോട്ടു രാജ്യത്തു പൂർവ്വാപൂർവ്വമായിട്ടു അരമനകളും കാവൽചങ്ങാതങ്ങളും ആദിയായിട്ടുള്ള സ്ഥാനമാനങ്ങളും പ്രത്യേകമായിട്ടു ഉണ്ടു. അതൊക്കെയും നെരും മര്യാദയും പൊലെ വിചാരിച്ചു നടത്തിച്ചു തരണമെന്നു നാം കുമ്പഞ്ഞിയൊടു അപെക്ഷിക്കുന്നതല്ലാതെ, നാം കോഴിക്കൊട്ടുരാജ്യത്തേക്കു ആളെ അയച്ചു വിചാരിച്ചുവരുന്നും ഇല്ല. കീഴിൽ നടന്നുവന്നതിൻവണ്ണവും മരിയാദയായിട്ടും അല്ലാതെ നാം കവിച്ചലായിട്ടു ഒരുത്തരൊടും ഒന്നും ചെയ്തിട്ടും ഇല്ല. തിരുവിലാമലയിലെ നാലൊന്നിലെ സ്ഥാനം ഏറിയ കാലമായിട്ടു നാം ആളാക്കിച്ചു നടത്തിച്ചുകൊണ്ടു വരുന്നതു, കോഴിക്കോട്ടുരാജാവിനെക്കൊണ്ടു നടത്തിക്കണമെന്നുവെച്ചാൽ ആയതു നമുക്കെത്രെയും സങ്കടമായിട്ടുള്ളതത്രെ ആകുന്നു. നാം കുമ്പഞ്ഞിയെ വിശ്വസിച്ചു വരുമ്പോൾ നമ്മുടെ രാജ്യത്തിന്നകത്തു കോഴിക്കോട്ടു രാജാവു എങ്കിലും അല്ലാതെ ഒരുത്തര എങ്കിലും കടന്നുവന്നാൽ നമ്മാൽ ആകുന്നതിനെ നാം ക്ലേശിക്കുകയും, കഴിയാതെ വന്നാൽ കുമ്പഞ്ഞിയെ ബൊധിപ്പിക്കയും എല്ലൊ മര്യാദയാകുന്നതു. അതുകൊണ്ടു കോഴിക്കൊട്ടെ ആളുകൾ നമ്മുടെ രാജ്യത്തു കടന്നു നാനാവിധങ്ങൾ ചെയ്യാത്തവണ്ണം തങ്ങൾ തന്നെ നിദാനം വരുത്തിവെക്കയും വെണം."

ശക്തൻതമ്പുരാന്റെ സ്വഭാവം മുഴുവനും ഈ എഴുത്തിൽ തെളിഞ്ഞുകാണുന്നു. വിനയം വിടാതെ, അന്തസ്സു കളയാതെ, കാര്യത്തോളം തുറന്നു പറയുന്നതിന്നു് അവിടുന്നു് ഏതു കാര്യത്തിലും ആരുടെ അടുക്കലും അമാന്തിച്ചിട്ടില്ല. ഈ വാദകോലാഹലത്തിൽ സാമൂതിരിപ്പാട്ടിലെ നില എന്തായിരുന്നു എന്നും, വാദഗതി ഏതെല്ലാം വിധമായിരുന്നു എന്നുംകൂടി അറിയുന്നതു് ആവശ്യമായതുകൊണ്ടു, അതിലേക്കു, സാമൂതിരിപ്പാട്ടിന്നു മെസ്സർ ഇഷ്ടിമാൻ സായ്പിനുതന്നെ തന്റെ തേച്ച്കളെ വിശദീകരിച്ചുകൊണ്ടു കൊടുത്തയച്ചതായി കാണുന്ന ലേഖനത്തെ താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"......തിരുവിലാമല ദെവസ്ഥാനം പണി കഴിപ്പിക്കെണ്ടതും

ഓട പൊളികറം തീൎക്കുണ്ടതും നമ്മുടെ സ്വത്രപത്തികൽനിന്ന പണ്ട ക്ഷചണ്ടെ കഴിച്ചുപൊരുന്നത ആകുന്നു. ക്ഷെത്രം മുമ്പെ ഓട ഇടീച്ചിട്ടുള്ളതാകകൊണ്ട കാലംതൊറും ഓരൊരൊ പ്രകാരെണ കെട്ടുവരിക കൊണ്ട എന്നക്കും ലയംവന്നുപൊകാതെ ഇരിക്കണ്ടതിന്ന കൊല്ലം 947-ൽ നമ്മുടെ സ്വത്രപത്തിൽനിന്ന പണികഴിപ്പിച്ച ചെമ്പുപലക താപ്പിഛയെയും ചെയ്തു. (ഇതൊരു വഴിവാടാണെന്നും,വഴിവാട്ടചെയ്ത ആറംക്കൎ ആ കാരണത്താൽ അമ്പലത്തിൽ അവകാശമൊന്നും സിദ്ധിക്കുന്നതല്ലെന്നും ഉള്ള മറപടി മുമ്പു ചേൎത്തിട്ടുണ്ട്.) ടിപ്പു ആ ചെമ്പുപലക പൊളിച്ചതിന്റെശെഷം 66മുതല്ല 68-ാമതിലൊളം ദെചസ്ഥാനം ഇവിടെനിന്ന കാലകെട്ടിച്ചു പൊരികയും ചെയ്തു. കാലംതൊറും വൃശ്ചികമാസം 4-ാംനു-ലെ വാരവും സദ്യയും വിളക്കം മാലയും, കുംഭമാസത്തിൽ അപരപക്ഷത്തിൽ ദശമിനാളത്തെയും എകാദശിനാളത്തെയും വിളക്കും, ഏകാദശി മഹൊത്സവത്തിന്ന പന്തൽപണിയും, ദിചസെന പല അടിയന്ത്രങ്ങളും പണ്ടക്കുംപണ്ടെ നമ്മുടെ സ്വത്രപത്തിൽനിന്ന കഴിച്ചുപൊരുന്നതും ആകുന്നു. ദെവസ്ഥാനത്തിൽ ഈ സ്വത്രപത്തികൽനിന്നും കഴിച്ചുപൊരുന്ന അടിയന്ത്രങ്ങറംക്കും ഓടപൊളികറം തീൎക്കണ്ടതിന്നും ഉള്ള പലിശപാട്ടങ്ങറം വാങ്ങി അടിയന്ത്രങ്ങറം കഴിപ്പിക്കണ്ടതിനും, ഭഗവാന വെദിക്കുന്നതിൽ നാലൊന്ന അവകാശം ഈ സ്വത്രപത്തിലക്ക ഉള്ളതിനെ വാങ്ങുവാനും ഒരു പൊഴത്തിക്കാരനെ ഈ സ്വത്രപത്തികൽനിന്നും കല്പിച്ചാക്കിപൊരുന്നതാകുന്നു. ആ പൊഴത്തിക്കാരൻ ഇരുന്നു കാൎയ്യംവിചാരിക്കെണ്ടതിനും ക്ഷെത്രത്തിലെ അടിയന്ത്രങ്ങറംക്ക സംഭാരങ്ങറം സൂക്ഷിക്കണ്ടതിനും കൂടി നാലൊന്ന എന്ന പെരായിട്ട സ്വത്രപത്തികലെ വകയായി ഒരു ഭവനവും ഉണ്ട. (ഈ നാലൊന്നിന്റെ ചരിത്രവും സാമൂതിരിക്കു നാലൊന്നു് ഒതുങ്ങിയ സമ്പ്രദായവും മുൻവിവരണത്തിൽനിന്നു കാണാം.) ഇപ്രകാരമൊക്കയും എറിയകാലമായിട്ട കഴിഞ്ഞു പൊരുന്നതിന്റെ ശെഷം, 969 കുംഭമാസത്തിൽ ഏകാദശിമഹൊത്സവത്തിനു പന്തൽപണി തുടങ്ങിയാറെ മാടത്തിൻകീഴ്കൊവിലുടെ ആറംക്കാർ അതു മുടക്കുകയും നാലൊന്നിൽ ഇവിടത്തെ ആളുകറം പാൎക്കുന്നവരെ എറക്കി അയക്കുകയും ചെയ്തതിന്റെ ശെഷം, ആയവസ്ഥക്ക എറണാട്ട എളങ്കൂറ (എറാൽപാട്ടിന്നു) താങ്കറംക്ക എഴുതി കൊട്ടത്തയച്ചതിന്റെ ശെഷം, കീഴ്മൎയ്യാദപൊലെ കഴിപ്പിപ്പാൻ തക്കവണ്ണം താങ്കളുടെ മറപടിക്കത്തുവരികകൊണ്ടു,ദശമിവിളക്കിന്നു വെണ്ട എണ്ണയും തിരിയും കൊട്ടത്തയച്ച നാലൊന്നിന്റെ സമീപത്തു ചെന്നപ്പൊറം, മാടത്തിൻ

കീഴകൊവിലൂടെ ആളുകൾ എണ്ണയുംകൊണ്ടു ചെന്നിട്ടുള്ളവരെ തച്ചവലി ച്ചുകെട്ടുന്ന എണ്ണക്കുടം ഉടച്ചു അയക്കയുംചെയ്യു. ഈ വണ്ണം കവിച്ചില കൂടം ആയിട്ട ഇങ്ങൊട്ട ചെയ്യു അവസ്ഥകൾ അതിന്റെ ശെഷമായിട്ട ചെയ്യു നമ്മുടെ സ്ഥാനങ്ങൾ നടത്തിക്കെണ്ടതിന്ന കമ്പഞ്ഞിയിൽകൂടി ബൊധിപ്പിച്ചിട്ടവെണമെല്ലൊ എന്നവെച്ചു സഹിച്ചു ഇരിക്ക ആകുന്നു. പണ്ടെക്കുംപണ്ടെ നമ്മുടെ സ്വാശ്രുപത്തിൽനിന്നും നടന്നുപൊരുന്ന സ്ഥാനങ്ങൾ മാറാ ഓരൊരുത്തര നടക്കുന്നതിൽ നമുക്കു വളരെ സങ്കടവും ഉണ്ട. നമ്മുടെ സകല കാര്യത്തിന്നും കമ്പഞ്ഞിയിൽനിന്നു പ്രമാണമായിരിക്കകൊണ്ടു ഈ സങ്കടം തീൎത്ത കീഴ്മര്യാദനടന്ന പൊന്നിരുന്നതുപൊലെ നടത്തിച്ചുതരികയും വെണം.''

965-ാമാണ്ടു കുംഭമാസം 5-ാം നു- തിരുവിലപാമലെ പാവത്തപര ശ്ശൂടയവര നാരായണൻ തെവൻ, „എനിക്കു തിരുമല്ലനാഥന്റെ ക്ഷെത്രത്തിങ്കൽ ഉള്ള അമ്പലപ്പടി ഊരായ്മയും സ്ഥാനമാനങ്ങളും എന്റെ തറവാട്ടിങ്കലുള്ള വസ്തു ഉല്പത്തിയും ആളടിയാരും എപ്പെപ്പെട്ടതും കൂടി എനിക്കും എന്റെ അനന്തരവന്മാൎക്കും മെലിൽ ഒരു ശൊദ്യം കൂടാത്തവണ്ണം പെറുംവില അൎത്ഥവും വാങ്ങിക്കൊണ്ടു പണ്ടാരവകക്ക കഴിഞ്ഞ തിരുമുമ്പാകെ എഴുതിവെച്ചിരിക്കുന്ന''തായി കാണുന്നുണ്ട.

960 കുംഭം 11-ാം നു-ത്തെ "തിരുവിലപാമല യൊഗത്തിങ്കൽ ഉള്ളര എഴുത്തു, പവ്വത്തിൽ മെനൊൻ വായിച്ചു വലിയതമ്പുരാനെ തിരുമനസ്സറിയിക്കെണ്ടും അവസ്ഥ'' എന്ന രേഖയിൽനിന്നു നെടിയിരിപ്പ (സാമൂതിരി) നാലൊന്നിൽ കടന്നുകൂടിയതിനെപ്പററിയുള്ള പ്രസ്താവവും നിവാരണാൎത്ഥമുള്ള അപേക്ഷയും കാണുന്നതു ഇപ്രകാരമാണ്:

"തിരുവിലപാമല ദെവസ്വം കാൎയ്യം വിചാരിച്ചു നടത്തിക്കത്തക്കവണ്ണം തിരുമനസ്സുകൊണ്ടു കല്പിച്ചു പാട്ടാളിയെ ആക്കിയല്ലൊ. നാലൊന്നിലെ സ്ഥാനത്തെക്ക 966-ാമാണ്ടു തുലാംവരെ തിരുമനസ്സുകൊണ്ടു കല്പിച്ചു ആളെ ആക്കി പാട്ടങ്ങളും പിരിച്ചു അടിയന്തിരങ്ങളും കഴിപ്പിച്ചു വന്നിരിക്കുമ്പൊൾ, സുബ്ബൻപട്ടര പാട്ടാളിയുടെ കുസ്തതികൊണ്ടു ഇപ്പൊൾ കുറഞ്ഞൊരു ദിവസമായിട്ടു, ഈയാളുകളെ (ഞങ്ങളെ) ബൊധിപ്പിക്കാതെ നാലൊന്നിലെ സ്ഥാനത്തെക്ക നെടിയിരിപ്പിലെ ആളെ വരുത്തി പാൎപ്പിച്ചിരിക്കുന്നു. അല്ലാതെയും പാട്ടാളി ക്ഷെത്രത്തിൽ പല വിധം നാനാവിധം ചെയ്യിരിക്കുന്നു. സുബ്ബൻപട്ടര പാട്ടാളിയെമാററി

പാട്ടാളിസ്ഥാനത്തക്ക വെറെ ആളെ കല്പിച്ച 'ആക്കി നടത്തിച്ച തരുമാറാക വേണ്ടിയിരിക്കുന്നു. ഞങ്ങൾകൂടി ബൊധിപ്പിച്ചിട്ട നാലൊന്നിലക്ക ആയിട്ട നെടിയിരിപ്പസ്വരൂപത്തിങ്കലെ ആളുകളെ വരുത്തി പാൎപ്പിക്ക എങ്കിലും അവരെക്കൊണ്ട ഒരു സ്ഥാനം നടത്തിക്ക എങ്കിലും ഉണ്ടായിട്ടും ഇല്ല. ഇപ്പൊൾ പാട്ടാളിയുടെ കുസൃതികൊണ്ടത്രെ നെടിയിരിപ്പ സ്വരൂപത്തിങ്കലെ ആളുവന്ന പാൎക്കുന്നതു."

ദേവസ്വത്തിലെ കാരായ്മക്കണക്കെഴുത്തു് ഉക്കത്ത രാമൻ കൃഷ്ണവാരിയരും മേൽപ്രകാരമുള്ള സംഗതിക്ക് ഒരു കച്ചീട്ട തിരുമുമ്പാകെ എഴുതിവെച്ചു. അതിൽ ഇത്രയുംകൂടി കൂടുതൽ കാണുന്നുണ്ട്: "......ആ പാട്ടാളിയെമാററി വെറെ ആളാക്കി സുബ്ബൻപട്ടര പററിയിരിക്കുന്ന നെല്ലിനും പണത്തിനും വയ്യോല എഴുതി തിരുമുമ്പാകെ വെച്ചിരിക്കകൊണ്ട ആ നെല്ലും പണവും ദെവസ്വത്തിൽ തരുവിച്ച കാൎയ്യങ്ങൾ വീഴ്ചകൂടാതെ നടത്തിപ്പാനുള്ളതിന കല്പന ഉണ്ടാകയും വെണം. അടിയൻകൂടെ ബൊധിച്ച ഒന്നും ചെയ്കിട്ടും ഇല്ല. ഇനി മെല്പട്ട നെടിയിരിപ്പ സ്വരൂപത്തിങ്കലെ ആളുകൾ ആരെങ്കിലും വന്നാൽ അവരെ അടിയത്തിന്റെ ഭവനത്തിൽ പാൎപ്പിക്ക എങ്കിലും അവൎക്ക വെച്ച ചൊറ കൊടുപ്പിക്ക എങ്കിലും അവരായിട്ട ഗുണദൊഷം വിചാരിക്ക എങ്കിലും, അവര പറയുന്നതിനെ അനുസരിച്ച നടക്കയെങ്കിലും ചെയ്യുപൊകയും ഇല്ല. ഇതിൽ ഒരുകൂട്ടം എങ്കിലും ഉണ്ടായി എന്നു വന്നാൽ അടിയത്തിന്റെ സൎവ്വസ്വവും പണ്ടാരവകക്ക എടുത്ത കല്പിച്ച ചെയ്യുന്ന ശിക്ഷയും അനുഭവിച്ചുകൊള്ളുമാറും സമ്മതിച്ചിരിക്കുന്നു... .."

ഈ രേഖകളിലെ അക്ഷരപ്പഴുതുകളിൽകൂടി നോക്കിയാൽ ശക്തൻ തമ്പുരാന്റെ പൗരുഷവും പ്രയത്നവും 'അകലത്തായിട്ടെങ്കിലും അസ്പഷ്ടമല്ലാത്ത നിലയിൽ കാണാവുന്നതാകുന്നു!

ഇന്നു തിരുവില്വാമലയിൽ സാമൂതിരിപ്പാട്ടിലേയ്ക്കു് ഉടമസ്ഥന്റെ നിലയിലൊ 'നാലൊന്നിലെ' പ്രതിനിധിയുടെ നിലയിലൊ യാതൊരവകാശവുമില്ല. ആ ക്ഷേത്രവും സ്വത്തുക്കളും കൊച്ചിസൎക്കാരുവകയും 'ശീമയിൽ ചേൎന്നതും' ആകുന്നു. തിരുവില്വാമലദേവസ്വം വക അധികമുള്ള സ്വത്തുക്കളിൽ അധികഭാഗവും ബ്രിട്ടീഷ് മലബാറിലാണെന്നുള്ള സംഗതിയും പ്രസ്താവയോഗ്യമാകുന്നു. കൊച്ചിയുടെ അവകാശ

സ്ഥാപനത്തിനുവേണ്ടി ശക്തൻതമ്പുരാനു ഭഗീരഥപ്രയത്നം ചെയ്യേണ്ടി വന്നിട്ടുണ്ട്.

പഴയ രേഖകളിൽ ചിലതിൽ "തിരുമല്ലനാഥൻെറ" ക്ഷേത്രം എന്നു കാണുന്നുണ്ട്. ഇന്നത്തെ 'തിരുവിലപാമലയും' അതിനെ കുറുകുടി ശ്രദ്ധിചെയ്യുതായ 'വിലപാദ്രിനാഥാലയവും' തിരുമല്ലനിൽനിന്ന് എങ്ങനെ ഉണ്ടായി എന്നും അവിടത്തെ പ്രതിഷ്ഠ രാമലക്ഷ്മണൻമാരായതുകൊണ്ട് ആ സ്ഥലമെങ്ങനെ 'തിരുമല്ലനാഥ'ൻെറ ക്ഷേത്രമായി എന്നും, അതിൽ വല്ലതുമുണ്ടെങ്കിൽ, അന്വേഷിച്ചറിയുന്നതിനുള്ള ഭാരം ഗവേഷണവിദഗ്ദ്ധന്മാക്ക് വിട്ടുകൊടുത്തു കൊള്ളുന്നു.

XXXVII

തച്ചുടയകയ്മൾ

കയ്മളവരോധം ഇന്നും ഒരു കീറാമുട്ടിയായും, കണ്ണിൽകരടായും, 'മനസ്സലെ പയറിൻെറ കഥ' പോലെ ഒടിക്കാനും തൊലിയ്ക്കാനും വയ്യാത്തതായുംതന്നെ കിടക്കുന്നു! ഇരിങ്ങാലക്കുട മഹാക്ഷേത്രത്തിലെ തച്ചുടകയ്മളുടെ നിയമനമാണു പ്രസ്തുത വിഷയമെന്നു പറയേണ്ടതില്ലല്ലോ. ആ "അമ്പലരാജ്യത്തെ" സ്വരാജ്യത്തോടു ചേർക്കുവാൻ പ്രയത്നപ്പെട്ടിരുന്ന ശക്തൻതമ്പുരാൻ അധികാരപ്രമത്തനായ ഒരു ഭരണാധികാരിയുടെ അവിവേകങ്ങളെ അശേഷം അഭിലഷിച്ചില്ലെന്നതിൽ അത്ഭുതമില്ല. കൊച്ചിരാജ്യത്തുള്ള ഒരു ക്ഷേത്രത്തിൽ, ഒരന്യകോയ്മയാൽ അയക്കപ്പെടുന്ന ഒരു അധികാരിയുടെ പ്രവേശം, എന്തെല്ലാം ക്ലിപ്തങ്ങളായ വ്യവസ്ഥകളോടുകൂടിയാണെങ്കിലും, കാലാന്തരത്തിൽ കോയ്മകൾ തമ്മിലുള്ള സൗഹാർദ്ദത്തിൻെറ നാശത്തിനു മാത്രമല്ലാ, പരിതാപകരമായ കിടമത്സരത്തിന്നുകൂടി സംഗതിയാക്കിയേക്കുമെന്നു ആ അഗാധബുദ്ധിശാലി എത്ര കാലേകൂട്ടിക്കണ്ടിരിക്കുന്നു! അനന്തരസംഭവങ്ങൾ അവിടുത്തെ ആ ഭയാശങ്കകൾ അടിസ്ഥാനരഹിതങ്ങളായിരുന്നില്ലെന്നു നിശ്ശേഷം തെളിയിച്ചിട്ടുണ്ട്.

കേരളത്തിലെ അറുപത്തിനാലു ഗ്രാമങ്ങളിൽ നീലേശ്വരത്തിനു തെക്കുണ്ടായിരുന്ന മുപ്പത്തിരണ്ടു ഗ്രാമങ്ങൾ മാത്രമാണു 'മലയാളഗ്രാമ

ങ്ങൾ". നീലേശ്വരത്തുനിന്നു വെള്ളിയാർവരെ പത്തു ഗ്രാമങ്ങളും, വെള്ളിയാർമുതൽ കൌണാർവരെ പന്ത്രണ്ടു ഗ്രാമങ്ങളും, കൌണാറിന്റെ തെക്കു പത്തു ഗ്രാമങ്ങളും ഇങ്ങിനെയായിരുന്നുവത്രെ ആ മുപ്പത്തിരണ്ടു ഗ്രാമങ്ങളുടെയും അന്നത്തെ വിഭജനം. ആ പന്ത്രണ്ടു ഗ്രാമങ്ങളിൽ നാലെണ്ണം, അതായതു പന്നിയൂർ, ചൊവ്വർ, പെരുവനം, ഇരിങ്ങാലക്കുട, 'അത്യുത്തമങ്ങൾ" എന്ന ഇനത്തിൽപെട്ടവയുമായിരുന്നു. ഇതിൽനിന്നുതന്നെ 'ഇരിങ്ങാലക്കുടയുടെ അന്തസ്സും ആഭിജാത്യവും പഴക്കവും പ്രാമാണ്യവും സുഗ്രഹ്യമാണല്ലൊ. ഈ ഗ്രാമത്തിന്നു 'സംഗമഗ്രാമം' എന്നു നാമധേയം പണ്ടുതന്നെ ഉണ്ടായിരുന്നതായിക്കാണുന്നുണ്ടു്. ഒരുസമയം 'സംഗമ'ത്തിന്റെ മലയാളം മാത്രമായിരിക്കും 'ഇരിങ്ങാലക്കുട'. ആ ഗ്രാമത്തിലെ 'മാണിക്യക്ഷേത്രം' കലിവർഷാരംഭത്തിന്നും മുമ്പുതന്നെ ഉണ്ടായിരുന്നതായിട്ടാണു് ഐതിഹ്യവും. കലിവർഷാരംഭത്തിൽ ഒരു പുനഃപ്രതിഷ്ഠ അവിടെ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നു.

'കലിപനി' മഹർഷി തപസ്സുചെയ്ത സ്ഥലമാണെന്നും അന്നത്തെ ഹോമാഗ്നിയിൽ ഒരു അപൂർവ്വ തേജസ്സുകണ്ടു എന്നും, ആയതു യജ്ഞപുരുഷന്റെ പ്രത്യക്ഷഭാവമായിരുന്നു എന്നും, 'ഇരുന്നശാലാ കൂടെ" എന്നതിൽനിന്നാണു ഇന്നത്തെ പേരുതന്നെ ഉണ്ടായതെന്നും, ആ സ്ഥാനത്താണു ക്ഷേത്രസ്ഥാപനമെന്നും, യജ്ഞപുരുഷൻ 'പുരുഷോത്തമൻ' ആയതുകൊണ്ടു മറെറാരു ദേവനെ അവിടെ സ്മരിച്ചുകൂടാ എന്നും മററും ക്ഷേത്രമാഹാത്മ്യവിഷയത്തിൽ ചിലർ പറഞ്ഞുകേട്ടിട്ടുണ്ടു്. ഏതായാലും സകല കേരളക്ഷേത്രങ്ങളിലും പ്രതിഷ്ഠിക്കപ്പെട്ടുകാണുന്ന സർവ്വവിഘ്നഹരനായ ഗണപതിയെപ്പോലും, പ്രധാനപ്രതിഷ്ഠക്കുപുറമേ, മാണിക്യക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു കാണുന്നില്ലെന്നുള്ളതും, ശൈവന്നും, വൈഷ്ണവന്നും, ഒരുപോലെ 'തേവരി'ക്കാവുന്ന ഒരു തേവരായിട്ടാണു 'സംഗമേശ്വരൻ' ഗണിക്കപ്പെട്ടുവരുന്നതെന്നുള്ളതും കേരളക്ഷേത്രങ്ങളുടെ സാമാന്യവും സാധാരണവും ആയ വൃത്തത്തിൽനിന്നു ഇരിങ്ങാലക്കുടയെ മാററിനിർത്തുന്ന അത്ഭുതസംഗതികളാകുന്നു.

'ധാമാവാവ്' എന്നൊരു 'കലി' ഈ ക്ഷേത്രത്തെപ്പററി പ്രസിദ്ധമായി കേട്ടിട്ടുണ്ടു്. എന്നാൽ അതു 'കലി'യാണോ എന്നും, ആണെങ്കിൽ ഏതൊരു 'അബ്ദ'ത്തെയാണു് അതു സൂചിപ്പിക്കുന്നതെന്നും ആർക്കും തീർച്ചയില്ല. കലിവർഷത്തെയാണു കുറിക്കുന്നതെങ്കിൽ ആ കാലം എത്ര സഹസ്രാബ്ദങ്ങൾക്കു മുമ്പാണു്? കൊല്ലവർഷത്തെയാണെങ്കിൽ

തന്നെയും ആയിരം കൊല്ലത്തിൽ അധികം പഴക്കമൊകുന്നുണ്ട്.. ഇരിങ്ങാലക്കുടയ്ക്കു അരനാഴിക പടിഞ്ഞാറുമാറിയായിരുന്നു പുരാണപ്രസിദ്ധമായ "തൃക്കണാമതിലകം" എന്ന സ്ഥലം. അവിടം ഒരു കാലത്തു ബുദ്ധമതത്തിൻെറ മഹാശക്തമായ ഒരു കേന്ദ്രമായിരുന്നു എന്നും, രണ്ടു സ്ഥാപനങ്ങളും തമ്മിൽ "ഹിന്ദുബുദ്ധയുദ്ധം" മഹാഘോരമായി നടന്നിരുന്നു എന്നും, ബുദ്ധമതക്കാരുടെ പ്രേരണവഴിക്കു് ഇരിങ്ങാലക്കുട ക്ഷേത്രത്തിലെ 'പുഷ്പാഞ്ജലിസ്വാമിയാർ, പ്രതിഷ്ഠാമൂർത്തിയുടെ ചൈതന്യം കെടുക്കുകയൊ, കെടുത്തുവാൻ ചിലതു പ്രവർത്തിക്കുകയോ ചെയ്തുവെന്നും, അന്നാണു്, അതുകൊണ്ടാണു്, "പുനഃപ്രതിഷ്ഠ' വേണ്ടിവന്നതെന്നും, ആ പ്രതിഷ്ഠയെ സംബന്ധിക്കുന്ന കലിയാണു രേഖപ്പെടുത്തിച്ചതെന്നും ചില ഗ്രന്ഥവരികളിൽ കാണുന്നുണ്ടു്. "വാക്കേക്കൈയ്മൾക്കു" ദിവ്യദർശനപ്രകാരം സമുദ്രതീരത്തുനിന്നു ലഭിച്ചതായ ഒരു വിശിഷ്ട വിഗ്രഹമാണത്രെ അന്നു പ്രതിഷ്ഠിക്കപ്പെട്ടതു്. തന്നിമിത്തം "വാക്കേക്കൈയ്മൾ" ക്ഷേത്ര"സംബന്ധികളിൽ" ഒരാളായുംതീർന്നു.

'ക്ഷേത്രസങ്കേതം' എന്ന അധ്യായത്തിൽ വിവരിച്ചിരിക്കുന്ന എല്ലാ സമ്പ്രദായങ്ങളും രീതികളും ഈ ക്ഷേത്രകാര്യത്തിലും പ്രമാണം തന്നെ ആകുന്നു. ഗ്രാമക്ഷേത്രമായതുകൊണ്ടു്, 'ദേവൻെറ ഊരാളർ' ആയ ഊരാഴ്മക്കാർ, കാരാഴ്മക്കാരുടെ ഭരണസമിതി, ആറു നാട്ടിൽ പ്രഭുക്കന്മാർ, സഭായോഗം, അകക്കോയ്മ, പുറക്കോയ്മ, മേല്ക്കോയ്മ, രാജകോയ്മ എന്നുള്ള കോയ്മകൾ ഈ വകയെല്ലാം കൂടൽമാണിക്യത്തിൻെറ കൂടപ്പിറപ്പുകളായിരുന്നതായിട്ടാണു് അറിയപ്പെടുന്നതു്. രാജകോയ്മസ്ഥാനവും പുറക്കോയ്മസ്ഥാനവും പണ്ടേയുംപണ്ടേ 'പെരുമ്പടപ്പിൽ മൂപ്പിൽ"നിന്നും (കൊച്ചിരാജാവു്) അകക്കോയ്മസ്ഥാനം "അയിരൂർ" രാജാവും നടത്തിവന്നിരുന്നതായിട്ടാണു് ഗ്രന്ഥവരികളിൽ പറയപ്പെടുന്നതു്. തിരുത്തിക്കോട്ടു മേനോനും, കൊളോണ്ണിൽ മൂത്തതും, തോട്ടുങ്ങൽ നായരും ദേവസ്വം ഉദ്യോഗസ്ഥന്മാരും റിക്കാർട്ട്പ്രകാരം പെരുമ്പടപ്പിൽ മൂപ്പിലേയ്ക്കു വിധേയരുമായിരുന്നു. കായംകുളത്തരചനെക്കുറിച്ചോ, തച്ചുടയകയ്മളെക്കുറിച്ചോ, തിരുവിതാംകൂർ മഹാരാജാവിനെക്കുറിച്ചോ ആ പഴയ റിക്കാർട്ടുകളിൽ ഒന്നും സ്മരിച്ചു കാണുന്നില്ലെന്നുള്ളതു പ്രത്യേകം സ്മർത്തവ്യമാകുന്നു.

ഊരാഴ്മകുടുംബക്കാരിൽ ഒന്നായിരുന്ന "വടക്കിനിയേടത്തു"'കുടുംബം കാറി മുടിഞ്ഞപ്പോൾ അവരുടെ ഊരാഴ്മ അവകാശംകൂടി പെരു

മ്പടപ്പിന്നു കൈവന്നതായും, മതിലകം യോഗക്കാർ പിൻതാങ്ങിയ അയിരൂർ രാജാവിനെ മേൽക്കോയ്മസ്ഥാനത്തുനിന്നു നീക്കംചെയ്തു് ആ സ്ഥാനം പെരുമ്പടപ്പിന്നു നല്കിയതായും, അയിരൂരിന്റെ വരുതിയിൽപ്പെട്ട കുന്നമ്പിള്ളി നമ്പൂതിരിക്കു ക്ഷേത്രത്തിൽ 'എണ്ണയും അരിയും' കൊടുക്കുവാനുണ്ടായിരുന്ന അവകാശത്തെ 'കോവൂർ' നമ്പൂതിരിക്കു കൈമാററിക്കൊടുത്തതായും, കാലാന്തരത്തിൽ വെള്ളാററുകര രാജാവിന്റെ അകക്കോയ്മസ്ഥാനവും പെരുമ്പടപ്പിനെ പ്രാപിച്ചതായും, പുറത്താക്കപ്പെട്ട വേളൂസ്സ നമ്പ്യാരുടേയും മൂരിയാടസ്സ നമ്പ്യാരുടേയും അധികാരങ്ങൾ കൊച്ചി രാജസ്ഥാനത്തേക്കു ചേർന്നതായും, അപ്രകാരം വിവിധങ്ങളായ അവകാശാധികാരങ്ങൾ കൊച്ചിമഹാരാജാവികൾ സംക്രമിച്ചതായും രേഖകൾ കാണപ്പെടുന്നുണ്ടു്. യോഗക്കാൎക്കുള്ള "അമ്പലപ്പടിസ്ഥാനം"വും,— ക്ഷേത്രത്തിലെ വേദപാഠങ്ങളെ പുഷ്ടിപ്പെടുത്തി ക്ഷേത്രത്തിൽനിന്നു ചിലചില അനുഭവങ്ങൾ പററുവാനുള്ള അവകാശം— അരസ്ഥാനവും,— ഖജാൻജിയുടെ അധികാരം,— പരോധാനിസ്ഥാനവും,— സഭായോഗങ്ങളിൽ പരവധാനി വിരിച്ചു് അതിൽ ഇരിക്കാനുള്ള അവകാശം— മററും പിൽക്കാലങ്ങളിൽ വളൎന്നുണ്ടായിട്ടുള്ള സ്ഥാനമാനങ്ങളാണു്. അതിലൊക്കെയും പെരുമ്പടപ്പിന്നു മുമ്പും കയ്യും ഉണ്ടായിരുന്നുതാനും. കൊല്ലവൎഷം 517-ൽ ഇരിങ്ങാലക്കുട ക്ഷേത്രത്തിലെ ഊരായ്മക്കാരും കായംകുളം രാജാവും തമ്മിൽ ഉണ്ടായതായികാണുന്ന കരാറിനാലാണു് "സമുദായമേലായ്മ സ്ഥാനവും, ശ്രീകോവിൽ പണി തച്ചുടകയ്മൾ സ്ഥാനവും" ഇദംപ്രഥമമായി പ്രത്യക്ഷപ്പെട്ടുകാണുന്നതു്. 918-ലെ സന്ധികരാറുപ്രകാരം കായംകുളത്തിന്റെ അധികാരാവകാശങ്ങൾ തിരുവിതാംകൂർ മഹാരാജാവിനുള്ളതായി കൊച്ചിമഹാരാജാവു സമ്മതിക്കുകയും നടത്തിപ്പോരുകയും ചെയ്തു.

കായംകുളത്തരചൻ— കാണാട്ടുകര രാജാവു്— ഇരിങ്ങാലക്കുടക്ഷേത്രത്തിൽ കടന്നുകൂടിയതെങ്ങനെയാണെന്നു "കൂടൽമാണിക്കം" എന്ന പേരിന്റെ അൎത്ഥത്തിൽതന്നെ ലയിച്ചുകിടക്കുന്നുണ്ടെന്നാണു പറയപ്പെടുന്നതു്. ആ ക്ഷേത്രത്തിലെ ബിംബം കണ്ടെടുത്ത 'വാക്കയിൽ കയ്മൾ' തന്നിമിത്തം 'ക്ഷേത്രസംബന്ധി' യായതിനുശേഷം ഒരിക്കൽ ആ ബിംബത്തിൽ യാദൃച്ഛികമായി കാണപ്പെട്ട പ്രഭാപൂരം ഒരു മാണിക്കക്കല്ലിന്റെ ശോഭയാണെന്നു വിശ്വസിച്ചു താരതമ്യവിവേചനത്തിനുവേണ്ടി ഗ്രാമജനങ്ങളുടെ ആവശ്യപ്രകാരം മറെറാരു മാണിക്കക്കല്ലിനെ അന്വേഷിച്ചു പുറപ്പെടുകയും, കായംകുളത്തു

രാജാവിൻെറ കയ്യിലുണ്ടായിരുന്ന കല്ലിനെ, ആ ആവശ്യം ധരിപ്പിച്ചും നാല്പത്തൊന്നുദിവസത്തെ ഇടപറഞ്ഞും വാങ്ങിക്കൊണ്ടുപോരുകയും, ബിംബത്തിൽ കണ്ട പ്രഭാപൂരത്തിനു സമീപത്തുവെച്ചു നോക്കുകയും ചെയ്തു എന്നും, അത്ഭുതാവഹമാംവണ്ണം അപ്പോൾ കായംകുളം കല്ലു ബിംബത്തോടുകൂടിച്ചേർന്നുപോയി എന്നും, രത്നം തിരിച്ചുകൊടുക്കാൻ സാധിക്കാതെവരികയും, രാജാവു സത്യാവസ്ഥകൾ ധരിക്കുകയും ചെയ്യപ്പോൾ, ക്ഷേത്രാധികാരത്തിൽ പങ്കുകാരനായി സ്വീകരിക്കാമെന്നുള്ള യോഗനിശ്ചയത്തെ സമ്മതിച്ചു രാജാവു് ഒരു കരാറുചെയ്തു എന്നും അന്നുമുതല്ക്കും അതുകാരണമായിട്ടും ആണ് കൂടൽമാണിക്കത്തിൽ ഓണാട്ടുകരത്തമ്പുരാൻ വന്നുകൂടിയ'തെന്നും ആകുന്നു പലരും വിശ്വസിച്ചുപോരുന്നതു്. മിക്ക ഐതിഹ്യങ്ങളിലും എന്നപോലെ ഇതിലും അസംഭാവ്യതകൾക്കു കുറവൊന്നുമില്ല.

പരമാത്ഥം എപ്രകാരമായിരുന്നാലും കൊല്ലവഷം 517-ാമാണ്ടിൽ തുലാമാസത്തിൽ സംഗമപുരം ഗ്രാമക്കാരും കായംകുളത്തരചനും തമ്മിൽ ഇരിങ്ങാലക്കുട ക്ഷേത്രാധികാരത്തെസ്സംബന്ധിച്ചു് ഒരു കരാറുണ്ടായിട്ടുണ്ടെന്നും, അതുപ്രകാരം രണ്ടു പ്രത്യേകാധികാരങ്ങൾ, സമുദായമേല്നോട്ടയെ നിയമിക്കുന്നതിനും, ശ്രീഗർഭഗൃഹപ്പണിക്കു തച്ചുടയകയ്മളെ നിശ്ചയിക്കുന്നതിനും, കായംകുളത്തുരാജാവിനു സിദ്ധിച്ചുവെന്നും ഉള്ള സംഗതി നിരാക്ഷേപമാകുന്നു. അതനുസരിച്ചു കായംകുളത്തുരാജാവു് 517-ാമാണ്ടിൽ ഒന്നാമതായും 903-ാമാണ്ടിൽ അവസാനമായും തച്ചുടയകയ്മൾമാരെ നിശ്ചയിച്ചതായി കാണുന്നുണ്ടു്. 924-25 ആ കാലത്തു കായംകുളംരാജ്യം തിരുവിതാംകൂറിലെ ശ്രീമാത്താണ്ഡവമ്മ മഹാരാജാവു പിടിച്ചടക്കുകയും, കായംകുളത്തിൻെറ പ്രതിനിധിയോ അവകാശിയോ ആയി തിരുവിതാംകൂർ കൂടൽമാണിക്കം ക്ഷേത്രത്തിലെ മേല്പറഞ്ഞ അവകാശത്തെ തേച്ചുപ്പെടുകയും, 941-ൽ കൊച്ചിയും തിരുവിതാംകൂറും തമ്മിലുണ്ടായ ഉടമ്പടിയിൽ അക്കാര്യത്തെക്കുറിച്ചുള്ള പ്രത്യക്ഷസൂചനയൊന്നുമില്ലെങ്കിലും, 981-ൽ ഉണ്ടായ ഉടമ്പടിയിൽ കൊച്ചിയിൽനിന്നും തിരുവിതാംകൂറിൻെറ ആ അവകാശത്തെ അനുവദിച്ചു കൊടുക്കുകയും ചെയ്തു. 941-ലെ കരാറുകാലത്തു കൊച്ചിയിലെ ശക്തൻതമ്പുരാൻ തിരുമനസ്സിലേക്കു് 15 വയസ്സു പ്രായമാണെന്നും, 981-ലെ ഉടമ്പടിയുണ്ടായതു അവിടുന്നു തീപ്പെട്ടു് ആറുമാസംകൂടി തികയുന്നതിനു മുമ്പാണെന്നും പ്രസ്താവയോഗ്യമാണു്. അവിടുന്നു കന്നിയിൽ തീപ്പെട്ടു. കുംഭത്തിൽ പ്രസ്തുത ഉടമ്പടിയും നടന്നു.

941-ലെ കരാറ് എന്നുപറയുന്നതു്, 941-ാമാണ്ടു കന്നി 24-ാനു- കൊച്ചിമഹാരാജാവു് തിരുവിതാംകൂർ മഹാരാജാവിനു് അയച്ചിട്ടുള്ള ഒരു തീട്ടൂരമാണു്. അതിൽ ഇരിങ്ങാലക്കുടയെക്കുറിച്ചു് ഇത്രമാത്രമേ ഉള്ളു: "ഇരിങ്ങാലക്കുട തച്ചുടയകയ്മളുടെ സ്ഥാനം പണ്ടെ ഉള്ളതാക കൊണ്ടു കീഴമര്യാദപൊലെ നടത്തിച്ചെക്കുകയുമാം." ഇതിൽ തിരുവി താംകൂറിന്റെ അധികാരത്തെയല്ലാ കയ്മൾസ്ഥാനത്തെയാണു കൊച്ചി സമ്മതിച്ചിരിക്കുന്നതു്. 981-ലെ കരാറിൽ - 981 കുംഭം 20-ാംനു- 7-ാംവകുപ്പ് ഇരിങ്ങാലക്കുടക്കാര്യമാണു്. അതു ഇപ്രകാരമാകുന്നു:- "ഇരിങ്ങാലക്കുട ക്ഷെത്രത്തിൽ കീഴമര്യാദപൊലെ തച്ചുടയകയ്മളെ അ വരോധിച്ചു ആക്കി ആ ക്ഷെത്രം പണികഴിപ്പിക്കെണ്ടതിന്ന തച്ചുടയക യ്മളെ നിശ്ചയിച്ചു അയക്കത്തക്കവണ്ണവും പിന്നത്തതിൽ തച്ചുടയക യ്മളെ നിശ്ചയിച്ചു ആക്കി പണിയും കഴിപ്പിച്ചു കീഴമര്യാദപോലെ ക്ഷെത്രകാര്യങ്ങളും നടത്തിച്ചുകൊള്ളത്തക്കവണ്ണവും പറഞ്ഞുവെക്കയും. ഷയ്യു."

ക്ഷേത്രത്തിലെ മരാമത്തുകൾ സംബന്ധിച്ചോ അതിലക്കായോ ആണു "തച്ചുടയകയ്മളു"ടെ പുറപ്പാടെന്നു്—അല്ലെങ്കിൽ അവരോധ മെന്നു്—ആ സ്ഥാനപ്പേരിൽത്തന്നെ സൂചനയുള്ളതിനു പുറമെ ഇ ദംപ്രഥമമായുണ്ടായ 517-ലെ കായംകുളം കരാറിലും കാണുന്നുണ്ടു്. "ശ്രീഗർഭഗൃഹ'പ്പണിക്കു തച്ചുടയകയ്മളെ നിശ്ചയിക്കുവാനുള്ള അധി കാരവും" എന്നാണു് ആ കരാറിൽ സ്പഷ്ടമായി എഴുതിക്കാണുന്നതു്. കായംകുളത്തെ മാണിക്കക്കല്ലു കൂടൽമാണിക്കത്തിന്റെ ബിംബത്തിൽ ചേൎന്നുപോയിട്ടുള്ളതായി പറയുന്ന കഥ ശരിയാണെങ്കിൽ, ഗർഭഗൃഹം പൊളിച്ചു പണിയുകയും ബിംബംമാറുകയും ചെയ്യുമ്പോൾ ആ മാണി ക്കക്കല്ലിന്റെ ഉടമസ്ഥന്റെ സാമീപ്യവും മേൽനോട്ടവും ഉണ്ടായിരി ക്കേണ്ടതു് ആവശ്യംതന്നെയാകുന്നു. അതുകൊണ്ടായിരിക്കാം അപ്രകാ രം ഒരു വ്യവസ്ഥ പ്രസ്തുത കരാറിൽ കടന്നുകൂടിയതു്.

ഏതായാലും, എന്തിനായാലും, 517-ാമാണ്ടു തുലാമാസത്തിൽ കാ യംകുളത്തരചന്റെ ആവശ്യപ്രകാരവും, കരാർ നിശ്ചയമനുസരിച്ചും, അന്നുണ്ടായിരുന്ന ക്ഷേത്രജീർണ്ണോദ്ധാരണശ്രമത്തെ അവലംബിച്ചും, കൂടൽമാണിക്കം ക്ഷേത്രത്തിൽ ഒന്നാമത്തെ തച്ചുടയകയ്മൾ ആരോഹ ണം നടന്നു. അദ്ദേഹം 559-ൽ മൃതിയടഞ്ഞതുവരെ 42 കൊല്ലം തച്ചുടയ കയ്മളായി വാഴുകയുംചെയ്തു. രണ്ടാമത്തെ കയ്മളുടെ അഭിഷേകത്തിന്നു്



കൂടൽമാണിക്യംക്ഷേത്രം

ഇരിങ്ങാലക്കുട കൂടൽമാണിക്യംക്ഷേത്രത്തിന്റെ കിഴക്കേഗോപുരം

എണ്പത്തഞ്ചു കൊല്ലത്തെ താമസം നേരിട്ടു. കൊല്ലവഷം 644_ലാണ രണ്ടാമത്തെ കയ്മളവരോധമുണ്ടായതു്. രണ്ടാം കയ്മൾ നിഷ്ഠിഷ്ടമായ ബ്രഹ്മചര്യത്തെ അനുഷ്ഠിക്കാതെ അവരോധമാഹാത്മ്യത്തെ പരസ്യമായിത്തന്നെ അവഗണിച്ചതുകൊണ്ടു് അദ്ദേഹം 684_ാമാണ്ടിൽ ഭ്രഷ്ടനാക്കപ്പെട്ടു. അദ്ദേഹം മരിച്ചതു 694_ാമാണ്ടിലാണു്. അക്കാലത്തിനിടയ്ക്കു പകരക്കാരൻ പുറപ്പെട്ടില്ലെന്നുമാത്രമല്ലാ, പല കാരണങ്ങളാലും അഭിപ്രായവ്യത്യാസങ്ങളാലും ഭ്രഷ്ടനാക്കപ്പെട്ട അവരോധപുരുഷന്റെ പരുഷമായ ജീവചരിത്രം പലരുടേയും കണ്ണുകൾ തുറപ്പിച്ചതുകൊണ്ടും മറ്റും പിന്നീടു ഇരുനൂററിരുപതുകൊല്ലത്തേയ്ക്കു് ഇരിങ്ങാലക്കുടയിൽ തച്ചുടയകയ്മളേ ഇല്ലാതായിത്തീൎന്നു എന്നുള്ളതു വളരെ ശ്രദ്ധേയമായ ഒരു ചരിത്രശകലമാകുന്നു. 903 ലാണ മൂന്നാമത്തെ അവരോധം നടന്നതു്. മൂന്നാം കയ്മൾ 954_വരെ ആസ്ഥാനം വഹിച്ചു. അദ്ദേഹം 954_ൽ മരിച്ചതിനുശേഷം 983_വരെ കയ്മളെ വാഴിക്കുക ഉണ്ടായില്ല എന്ന സംഗതിയും, 945 മുതൽ 981 വരെയായിരുന്നു ശക്തൻവലിയതമ്പുരാന്റെ രാജ്യഭരണകാലം എന്ന പരമാൎത്ഥവും അത്യന്തം സാരഭൂയിഷ്ഠങ്ങളാകുന്നു. 945_ൽ ശക്തൻതമ്പുരാൻ രാജ്യഭരണവിഷയത്തിൽ പ്രവേശിച്ച കാലത്തു 903_ലെ കയ്മൾ ജീവിച്ചിരിപ്പുണ്ടായിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

ശക്തൻതമ്പുരാന്റെ വാഴ്ചകാലത്തു തിരുവിതാംകൂറും കൊച്ചിയും തമ്മിൽ യാതൊരു സന്ധിക്കരാറുകളും ഉണ്ടായിട്ടില്ല. 941_ലെ കരാറുകാലത്തു കയ്മൾവാഴ്ച നിലവിലുണ്ടായിരുന്നു. (ആ കയ്മളാണ 954_ൽ മരിച്ചതു്). പിന്നെ ഒരു കരാറുണ്ടായതു 981 കംഭം 20_ാംനു ആണു്. (981 കന്നി 13_ാംനു ശക്തൻതമ്പുരാൻ തീപ്പെട്ടു). ശക്തൻതമ്പുരാന്റെ നിൎയ്യാണത്തോടുകൂടി പതിനേഴു കൊല്ലമായി മുടങ്ങിക്കിടന്നിരുന്ന കയ്മൾവാഴ്ചയ്ക്കുള്ള വട്ടങ്ങൾ തുടങ്ങി. അങ്ങനെ 983_ൽ നാലാമത്തെ കയ്മളുടെ അവരോധവും നിവ്വഹിക്കപ്പെട്ടു. അദ്ദേഹമാണ തിരുവിതാംകൂർ മഹാരാജാവിനാൽ അയക്കപ്പെട്ട ഒന്നാമത്തെ കയ്മൾ. ആ കയ്മൾ, 1026_ൽ അദ്ദേഹം അന്തരിച്ചതുവരെ, കയ്മളായിത്തന്നെ വാണു. നാലാം കയ്മൾ ഉണ്ടാക്കിത്തീൎത്ത നാനാവിധങ്ങൾക്കും കിടമത്സരങ്ങൾക്കും കയ്യുംകണക്കുമില്ല. പിന്നീടുണ്ടായിട്ടുള്ള വഴക്കുകൾക്കു മുഴുവൻ കാരണം അദ്ദേഹത്തിന്റെ വേരുക്കുറുകളും വികൃതിത്തരങ്ങളുമാകുന്നു എന്നുതോന്നും.

കൊല്ലവഷം 939_ലാണ ഇദംപ്രഥമമായി തിരുവിതാംകൂർമഹാ

രാജാവു് ഇരിങ്ങാലക്കുട ക്ഷേത്രത്തിൽ എഴുന്നള്ളി ട്ടുണ്ടെൻപാത്തു് അന്നു പെരുമ്പടപ്പിൽ മൂപ്പീന്നും ഒരുമിച്ചുണ്ടായിരുന്നു. അപ്പോഠം അവിടെ ക്ഷേത്രപ്പണി നടക്കുന്നുമുണ്ടായിരുന്നു. ആ ക്ഷേത്രപ്പണിക്കു പതിനാറായിരം ഉറുപ്പികയും ആയിരത്തിഇരുന്നൂറു കണ്ടി തേക്കും കൊച്ചിമഹാരാജാവു് കരിക്കൽ ചിലവാക്കീട്ടുള്ളതായി ഒരു കണക്കു കാണുന്നുണ്ടു. തിരുമനസ്സിലെ എഴുന്നള്ളത്തിൻെറ സ്മാരകമായി എന്തെങ്കിലും ക്ഷേത്രത്തിൽ തക്കതായൊന്നു ചെയ്യാൽകൊള്ളാമെന്നു് തിരുവിതാംകൂർ മഹാരാജാവിന്നു തിരുവുള്ളമാകുകയും, യോഗക്കാരുടെ സമ്മതപ്രകാരവും പെരുമ്പടപ്പിൻെറ അനുമതിയോടുകൂടിയും, കൂത്തമ്പലം തിരുവിതാംകൂർ വകയായി നിർമ്മിക്കുവാൻ നിശ്ചയിക്കുകയും, അതിലേക്കുവേണ്ട സംഖ്യ തിരുവിതാംകൂറിൽനിന്നു കൊച്ചിമഹാരാജാവിനെ ഏല്പിക്കയും, അവിടുന്നു കൂത്തമ്പലം 943—ൽ പണിയിക്കുകയുംചെയ്തു. പാലിയത്തു ഗോവിന്ദനച്ചനാണു് ആ മരാമത്തിൻെറ മേൽനോട്ടം വഹിച്ചതെന്നു ശിലാലിഖിതവും ഉണ്ടു്. 944—ൽ ആണു് 'ഇരിങ്ങാലക്കുട ഉത്സവം' തുടങ്ങിയതു്. ഈ കൂത്തമ്പലവും ക്ഷേത്രവും ഒക്കെത്തന്നെ ടിപ്പുവിൻെറ പാളയക്കാലത്തു് അഗ്നിക്കു് ഇരയായിപ്പോയി.

ടിപ്പുവിൻെറ ആക്രമണാനന്തരം ശാന്തതയും സമാധാനവും സംസ്ഥാപിതമായതിനുശേഷം ശക്തൻതമ്പുരാൻ തിരുമനസ്സിൽനിന്നുതന്നെ, 967 മുതൽ 972 വരെയുള്ള കാലത്തിനിടയ്ക്കു് ഇരിങ്ങാലക്കുട ക്ഷേത്രത്തിൻെറ ജീർണ്ണോദ്ധാരണത്തിൽ ബദ്ധശ്രദ്ധനായിരുന്നതായി കാണുന്നുണ്ടു്. അന്നൊരു സമയം പൂർത്തിയാകാതിരുന്ന അമ്പലം പണി മുഴുമിക്കുവാൻ 981—ലെ കരാറിൽ വ്യവസ്ഥപ്പെടുത്തിയിരുന്നതുകൊണ്ടും താൻ വലിയ ഒരു ദൈവഭക്തനും കൂടൽമാണിക്കോപാസകനും ആയിരുന്നതുകൊണ്ടും, വെള്ളാരപ്പിള്ളിയിൽനിന്നും തീപ്പെട്ട മഹാരാജാവു് അമ്പലം പണിക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പാൻ സംഗതിയായി. ക്ഷേത്രമരാമത്തിനു് അവിടുന്നു് ആരംഭിച്ചതോടുകൂടി ആ കാരണത്താൽത്തന്നെ, 517—ലെ കരാറിനേയും 981. ലെ ഉടമ്പടിയേയും അടിസ്ഥാനപ്പെടുത്തി, 955വരെ മുടങ്ങിക്കിടന്നിരുന്ന കയ്മഠം അവരോധത്തിനു തിരുവിതാംകൂറിൻെറ മുട്ടിപ്പു തുടങ്ങുകയും, അങ്ങനെ 983—ൽ മേല്പറഞ്ഞ നാലാം കയ്മളുടെ അവരോധം നടക്കുകയുമാണുണ്ടായതു്.

അന്നുമുതൽ ഇരിങ്ങാലക്കുടയിൽ സൈപാരക്കേടുമാരംഭിച്ചു. യോ

ഗ്ക്കാരും ഊരാളരും ആയ നമ്പൂതിരിമാർ, തനി തിരുവിതാംകൂർ പ്രതിനിധിയായി തെളിഞ്ഞു നാലാം കയ്മളുടെ ചാതുരുപായങ്ങൾക്കു വഴിപ്പെട്ടു പലപ്പോഴും അസംബന്ധമായും, അനർഹമായും പ്രവർത്തിച്ചു "കുഴപ്പത്തിന്മേൽ കുഴപ്പം" ഉണ്ടാക്കീട്ടുണ്ട് എന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. "ചാടിക്കയറുന്നവനു് ഏണി" എന്നപോലെ, നമ്പൂരിമാരുടെ 'കടിച്ചകുത്തി'പ്രയോഗങ്ങൾ കയ്മളുടെ കുസൃതികൾക്കു വളംവെച്ചു കൊടുക്കുകയുംചെയ്തു. 983 മുതല്ക്കു 1026 വരെയുള്ള ആ കയ്മളുടെ വാഴ്ചകാലത്തുണ്ടായിട്ടുള്ള അനേകം കുതർക്കങ്ങളിൽ ചിലതു മാത്രം സ്ഥാലീപുലാകന്യായേന ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. 995-ൽ തച്ചുടയകയ്മൾ തിരുവിതാംകൂർരാജ്ഞിക്കു് ഇങ്ങനെ എഴുതിയയച്ചു:— "കൂത്തമ്പലവും വിളക്കുമാടവും തിരുവിതാംകൂറിൽനിന്നു കെട്ടിക്കുന്ന മരിയാദ (പതിവു) ആകുന്നു. അതിനുവെണ്ട പണവും മരവും കൊടുത്തയക്കണം." ഇതിനെ തുടന്നു വലിയ വാദപ്രതിവാദം നടന്നു. ഒടുവിൽ റസിഡണ്ടായ "കേണൽ മാഗ്ഡൻ" ആ സംഗതി വിചാരണ ചെയ്കയും, അങ്ങനെ ഒരു പതിവില്ലെന്നും കൊച്ചിയിൽനിന്നാണ് ആ പണികൾ നടത്തിക്കേണ്ടതെന്നും തീരുമാനിക്കുകയുംചെയ്തു. 998-ൽ ഉത്സവത്തിന്റെ നെടുമ്പുരയ്ക്കുവേണ്ട നെടുംതൂണുകൾ വലിക്കുന്നതിനു് ദേവസ്വം ആനയെ മുകുന്ദപുരം താസിൽദാർ ആവശ്യപ്പെട്ടപ്പോൾ കയ്മൾ തടസ്സപ്പെടുത്തിയതിൽവെച്ചു് എഴുത്തുകുത്തുകൾ ഉത്ഭവിക്കയും, ഒടുവിൽ റസിഡണ്ടിനോടു താൻ അങ്ങനെ തടസ്സപ്പെടുത്തിയില്ലെന്നും ആനകൾ തയ്യാറുണ്ടെന്നും കയ്മൾ ബോധിപ്പിക്കുകയും ചെയ്തു. കൊച്ചിയിൽനിന്നു തുടങ്ങി നടത്തിവന്നിരുന്ന ക്ഷേത്രം മരാമത്തുകാര്യത്തിലും കയ്മൾ പല ദുർഘടങ്ങളും വലിച്ചിടുകയും വീണ്ടും റസിഡണ്ടു പ്രവേശിക്കേണ്ടിവരികയുംചെയ്തു. 1004-ൽ, 'ആയില്യം' കൊച്ചി മഹാരാജാവിന്റേയും തച്ചുടയകയ്മളുടേയും 'തിരുനാളാ'യി വന്നപ്പോൾ, രണ്ടു തിരുനാൾക്കും ക്ഷേത്രത്തിൽ 'കളഭ'മുള്ളതുകൊണ്ടു് ആരുടെ കളഭമാണു് അന്നു കഴിക്കേണ്ടതു് എന്നു വലിയ വിവാദമുണ്ടായി. 39 നമ്പൂതിരിമാർ കയ്മളുടെ ഭാഗത്തുകൂടി. എന്നാൽ അന്നു ബ്രിട്ടീഷു റസിഡണ്ടായിരുന്ന "മോറിസ്സൻ സായ്പ്" അവർകൾ, 1828 സപ്തമ്പർ 3-ാംനു-ത്തെ കല്പനപ്രകാരം മഹാരാജാവിന്റെ തിരുനാൾക്കളഭത്തിനുതന്നെ മുൻഗണന അനുവദിച്ചു. "ഒരു രാജാവിന്റെ രാജ്യത്തുള്ള അമ്പലത്തിൽ ആ രാജാവിന്റെ തിരുനാളിനു പ്രാധാന്യം നല്കാതെ അമ്പലക്കാര്യസ്ഥന്റെ പിറന്നാളിന്നു പ്രാമാണ്യം കൊടുക്കുന്നതിനു നമ്പൂതിരിമാർ തുനിഞ്ഞതു കഷ്ടംതന്നെ" എന്നു് ആ ധാരക്കൂടി വ്യ

സ്നിച്ചിട്ടുള്ളതായികാണുന്നു. ഉദാഹരണങ്ങൾ ഇനിയും വർദ്ധിപ്പിക്കുന്നില്ല. 1026-ൽ നാലാംകയ്മൾ അന്തരിച്ചതുവരെ ഇരിങ്ങാലക്കുട "ഇരുംചാല്ക്ക് എടയിൽ" കിടന്നു കഷ്ടപ്പെടുകതന്നെ വേണ്ടിവന്നു.

1026 മുതൽ 1057 വരെയുള്ള കാലം വീണ്ടും കയ്മളില്ലാതെ തന്നെ കഴിഞ്ഞു. പോയകാലത്തെ അനുഭവങ്ങൾ ആളുകളെ ഭയവിഹ്വലരാക്കിത്തീൎത്തു. പുതിയകയ്മളെ പുറപ്പെടുവിക്കാൻ തിരുവിതാംകൂർ അതിപ്രയത്നംചെയ്തു. യോഗക്കാരുടെ അപേക്ഷ അനുസരിച്ചു കൊച്ചിമഹാരാജാവിന്റെ അനുമതി വാങ്ങി തീട്ടൂരവുംകൊണ്ടു യോഗപ്രതിനിധികൾ തിരുവനന്തപുരത്തു ചെന്നു് ആവശ്യപ്പെട്ടാലല്ലാതെ, ഒരു കയ്മളെ ഉന്തിത്തള്ളി അയക്കുന്നതിനു തിരുവിതാംകൂറിനു് അധികാരമില്ലായിരുന്നു. കയ്മളായിക്കഴിഞ്ഞാലത്തെ കഥ എന്തുതന്നെ ആയാലും, കയ്മളാക്കുന്നതിനുള്ള ആവശ്യവും അഭ്യർത്ഥനയും കൊച്ചിയിൽനിന്നും യോഗക്കാരിൽനിന്നും തന്നെ പുറപ്പെടണം. ഒരു കാൽനൂററാണ്ടു കാത്തിരുന്നിട്ടും, കെണഞ്ഞു നോക്കീട്ടും, കാൎയ്യം കൈവരായ്കയാൽ രണ്ടു കോയ്മകളുടേയും ആവലാതികളും ആക്ഷേപസമാധാനങ്ങളും അവസാനത്തീൎപ്പിന്നായി ബ്രിട്ടീഷ് ഗവൎമ്മേണ്ടിലെത്തി. ബ്രിട്ടീഷ് ഗവൎമ്മെണ്ടു രൂപീകരിച്ച മദ്ധ്യസ്ഥക്കോടതി ഇരുഭാഗക്കാരുടേയും വാദംകേട്ടു് ഒരു തീർപ്പും കല്പിച്ചു. ആ തീൎപ്പനുസരിച്ചു അചിരേണ 1056—ാമാണ്ടിൽ ഒരു പുതിയ കയ്മൾ—കയ്മൾ പഞ്ചമൻ—അവരോധിക്കപ്പെട്ടു. അദ്ദേഹം 1087-ൽ കയ്മളായിത്തന്നെ മൃതിയടഞ്ഞു.

കയ്മൾ അവരോധം ഒരു രാഷ്ട്രീയപ്രശ്നമാണെന്നും, കയ്മളെ കൂടാതെ കഴികയില്ലെന്നും, അവരോധം അവസരം വരുമ്പോഴൊക്കെ നടത്തേണ്ടതാണെന്നും മററുമാണു് ആ മദ്ധ്യസ്ഥതീൎപ്പിന്റെ സാരം. ദൈവികമായും മതപരമായും ആചാരസംബന്ധമായും ഉള്ള സംഗതികൾക്കു പ്രാധാന്യമോ, പ്രാമുഖ്യമോ കല്പിക്കാതിരുന്നതുകൊണ്ടും മററും 1057-ൽ ഉണ്ടായ കയ്മളവരോധത്തിൽ പെരുമ്പടപ്പിൽ മൂപ്പീന്നിന്റെ പ്രധാനസ്ഥാനം ശൂന്യമായിരുന്നു എന്നും കൊച്ചിമഹാരാജാവു് ആ അവരോധത്തിൽ സംബന്ധിച്ചില്ലെന്നും സുപ്രസിദ്ധമാകുന്നു. 1087-ൽ കാലധൎമ്മം പ്രാപിച്ച കയ്മൾക്കു ശേഷം ആരോഹണംചെയ്ത കയ്മൾ ഷഷ്ഠനാണു് ഇപ്പോൾ, ഉള്ളതു്.

XXXVIII

യോഗാതിരിപ്പാട്

വടക്കുന്നാഥൻക്ഷേത്രത്തിന്റെ പ്രതിനിധിയായും ഭരണാധികാരിയായും അവിടത്തെ ആദ്ധ്യാത്മികവും ലൗകികവും ആയ എല്ലാസംഗതികൾക്കും മേലാളായും തിരഞ്ഞെടുത്തു നിശ്ചയിക്കപ്പെടുന്ന ആൾക്കുള്ള സ്ഥാനപ്പേരാകുന്ന 'യോഗാതിരിപ്പാട്' എന്നുള്ളതു്. ഭരണസ്സംഅർഹതയുമുള്ള ഏതു നമ്പൂതിരിപ്പാടിനേയും ആ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കാമെങ്കിലും, തിരഞ്ഞെടുപ്പു 'യോഗക്കാരു'ടെ ഇഷ്ടംപോലെ ആണെങ്കിലും, തിരഞ്ഞെടുത്തു് 'അവരോധിച്ചു' കഴിഞ്ഞാൽ പിന്നെ, ക്ഷേത്രസങ്കേതത്തിലും കാര്യങ്ങളിലും അദ്ദേഹത്തിന്റെ അധികാരം കേവലം അനിയന്ത്രിതമായിരുന്നു. എന്നാൽ, പ്രായേണ വിശിഷ്ടന്മാരും വിരക്തന്മാരുമായ ആഢ്യന്മാരെ മാത്രം അങ്ങനെ അവരോധിച്ചുവന്നതുകൊണ്ടു് അചിന്ത്യങ്ങളായ അനിഷ്ടഫലങ്ങൾ യോഗാതിരിപ്പാടിൽനിന്നു പുറപ്പെടുന്നതു വളരെ അപൂർവ്വംതന്നെയായിരുന്നു.

തൃശ്ശൂരിലെ വടക്കുന്നാഥൻക്ഷേത്രം കേരളത്തിലെ മഹാക്ഷേത്രങ്ങളിൽ എന്തുകൊണ്ടും പ്രഥമഗണനീയമാണെന്നു പറയേണ്ടതില്ലല്ലോ. 'വൃഷഭാദ്രിപുരം' 'തെൻകൈലാസം' മുതലായി പ്രസിദ്ധപ്പെട്ട പല പഴയ പേരുകളും ആ സ്ഥലത്തിനുണ്ടു്. പരശുരാമമഹർഷി ത്രപവൽക്കരിച്ച അറുപത്തിനാലു ഗ്രാമങ്ങളിൽ മുൻഗണന ലഭിച്ചിട്ടുള്ളതു തൃശ്ശിവപേരൂരിന്നാകുന്നു. അവിടത്തെ പ്രതിഷ്ഠയും സമ്പ്രദായങ്ങളുമെല്ലാം പരശുരാമസൃഷ്ടിയാണെന്നാണു വിശ്വസിക്കപ്പെടുന്നതു്. കേരളചരിത്രം സംബന്ധിച്ചു തൃശ്ശൂർ പ്രഖ്യാതമായ ഒരു സ്ഥലംതന്നെയാണു്. തൃശ്ശൂരിനു പുരാണകാലംമുതല്ക്കുള്ള പ്രാധാന്യം കാലോചിതങ്ങളായ പരിഷ്കാരങ്ങളോടുകൂടി ഇന്നും നിലനിന്നുപോരുന്നുണ്ടു്. പെരുമ്പടപ്പുസ്വരൂപക്കാർക്കു് ആദ്യകാലം മുതല്ക്കേ മുഖ്യമായ ഒരു സ്ഥലമായിരുന്നു തൃശ്ശിവപേരൂർ.

'കേരളമാഹാത്മ്യം' തൃശ്ശൂരിന്റെ മാഹാത്മ്യത്തെ പാടിപുകഴ്ത്തുന്നുണ്ടു്. ശ്രീപരശുരാമൻ കൃഷ്ണാനദീതീരത്തുനിന്നു് ഒരു ബ്രാഹ്മണകുടുംബക്കാരെ തൃശ്ശിവപേരൂർക്കു കൊണ്ടുവന്നതായി അതിൽ പ്രസ്താവിച്ചിട്ടുണ്ടു്. വളരെ ദരിദ്രനും അത്യന്തം വിശിഷ്ടനുമായ ഒരു മഹാ

ബ്രാഹ്മണനേയും അദ്ദേഹത്തിൻെറ എട്ടു പുത്രന്മാരെയും പരശുരാമൻ തൃശ്ശൂക്കുകൊണ്ടുവന്നു എന്നും ആ കുടുംബക്കാൎക്കു തൃശ്ശൂർ പടിഞ്ഞാറെ ചിറയുടെ സമീപത്തായി ഒരു ആലയം തീൎപ്പിച്ചുകൊടുക്കുക ും പല്ലക്കു്, കുട, വിളക്കു്, വാളും പരിചയും, അകമ്പടി എന്നിങ്ങനെ പല പല സ്ഥാനമാനങ്ങളും അവകാശാധികാരങ്ങ ും കല്പിച്ചുകൊടുക്കുകയും ചെയ്തു എന്നും, അനവധി ശിഷ്യന്മാർ അദ്ദേഹത്തെ ആശ്രയിച്ചുകൂടി എന്നുംമററും കേരളമാഹാത്മ്യത്തിൽ വിവരിച്ചിരിക്കുന്നു. ആ മഹാബ്രാഹ്മണനായിരുന്നുവത്രെ വടക്കുംനാഥൻ ക്ഷേത്രത്തിലെ ആദ്യത്തെ "യോഗാതിരിപ്പാടു്.

വടക്കുന്നാഥൻക്ഷേത്രം തൃശ്ശൂർ ഗ്രാമക്കാരായ അനേകം നമ്പൂരിമാരുടെ 'യോഗക്ഷേത്ര'മായിരുന്നു. ആ മഹായോഗത്തിലെ ആചാൎയ്യനും കുലഗുരുവുമായിട്ടാണു മേല്പറഞ്ഞ വൃദ്ധബ്രാഹ്മണൻ ആനയിക്കപ്പെട്ടതു്. യോഗത്തിലെ അഗ്രാസനസ്ഥാനവും ആചാൎയ്യസ്ഥാനവും സിദ്ധിച്ച ആ സാത്വികാഗ്രേസരൻ 'യോഗാചാൎയ്യർ' ആയി അധികകാലം ഭരിച്ചിട്ടുണ്ടത്രെ. അതിനെ തുടൎന്നാണു് യോഗാതിരി, യോഗാതിരിപ്പാടു് എന്ന സംജ്ഞകൾ സംജാതമായിട്ടുള്ളതു്. അദ്ദേഹത്തിൻെറ മുൻപ്രസ്താവിച്ച എട്ടു പുത്രന്മാരിൽനിന്നാണു് 'അഷ്ടഗൃഹത്തിൽ ആഢ്യന്മാർ' ഉണ്ടായതെന്നു പറയപ്പെടുന്നു. അവരുടെ പാരമ്പൎയ്യമായ പുണ്യംകൊണ്ടാണുപോലും ആ വംശക്കാൎക്കു യാഗാദി കൎമ്മങ്ങൾ ഒന്നും ആവശ്യമില്ലാതായിത്തീൎന്നതു്! കാളകണ്ണം, മേഴത്തോൾ, മാത്തൂർ, കുലക്കല്ലൂർ, ചെമ്മങ്ങാടു്, പാഴൂർ, മുരിഞ്ഞോട്ടിൽ, വെള്ളാങ്കല്ലൂർ, ഇവരാണു് ആ എട്ടു ഇല്ലക്കാർ. അവരിൽ കാളകണ്ണത്തിൻെറ വംശപാരമ്പൎയ്യയാണു് ഇന്നത്തെ ഒലപ്പമണ്ണ, വരിക്കാശ്ശേരി, ഓട്ടൂർ ഇല്ലക്കാർ. മേഴത്തോളാണു കൂടല്ലൂർ; കുലക്കല്ലൂരാണു മപ്പാടു്; മുരിഞ്ഞോട്ടിലാണു ഏകാദശി വടക്കേടം തെക്കേടം; വെള്ളാങ്കല്ലൂരാണു് അക്കരെക്കുറുശ്ശി, മേച്ചേരി, വാളപ്പിള്ളി; പാഴൂരാണു പാഴൂർ പടുതോൾ, പണപ്പാട്ടൂർ; മാത്തൂരും ചെമ്മങ്ങാടും അപ്രകാരംതന്നെ ഇന്നും ഉണ്ടു്.

യോഗാതിരി അവരോധം ഒരു ഇല്ലത്തുനിന്നുതന്നെ വേണമെന്നില്ലായിരുന്നു. എന്നാൽ അവരോധം ഒരു നിശ്ചിതകാലത്തേക്കല്ലാ ജീവാവസാനംവരെയായിരുന്നു. ഒരു അവരോധപുരുഷൻെറ മരണശേഷം ഗ്രാമക്കാർ യോഗംകൂടി അൎഹനായ മറെറാരാളെ തിരഞ്ഞെടുത്തു മുറപ്രകാരം അവരോധിക്കുകയായിരുന്നു പതിവു്. യോഗക്കാരായ നമ്പൂതി

രിമാർ എല്ലാവരും, ആ യോഗസങ്കേതത്തിൽപെട്ട പ്രഭുക്കന്മാർ, മാടമ്പികൾ, അവകാശികൾ എന്നിവർ മുഴുവനും, അവരോധത്തിനു് എത്തിച്ചേരണം. അന്യഗ്രാമക്കാരായ പല ആഢ്യബ്രാഹ്മണരേയും അതിലേക്കു വരുത്തണം. പെരുമ്പടപ്പിൽമൂപ്പീന്നും കൊച്ചിരാജാവും ആ സമയത്തു സ്ഥലത്തുണ്ടായിരിക്കണം. ഇപ്രകാരമെല്ലാമായിരുന്നു പണ്ടേക്കുപണ്ടേ ഉള്ള നടപടി.

അവരോധിക്കപ്പെട്ടിട്ടുള്ള യോഗാതിരിമാരുടെയെല്ലാം ഒരു പട്ടിക തയ്യാറാക്കിയാൽ കൊള്ളാമെന്നു കരുതി ഞാൻ കുറെയൊക്കെ ശ്രമിച്ചുനോക്കിയെങ്കിലും അപൂർണ്ണമായിട്ടുപോലും കുന്നുണ്ടാക്കുന്നതിനു വേണ്ട സാമഗ്രികൾ ഒന്നും എനിക്കു ലഭിച്ചിട്ടില്ലെന്നു ഇഷ്ടഭംഗത്തോടുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കോടനാട്ടു നമ്പൂതിരിയായിരുന്നു ക്രമപ്രകാരം അവരോധിക്കപ്പെട്ട ഒടുവിലത്തെ യോഗാതിരിപ്പാട്ട്. അദ്ദേഹത്തിന്റെ മരണശേഷം ഒരിക്കൽക്കൂടി ഒരു അവരോധം നടന്നു. സാമൂതിരിപ്പാട്ടീന്നു കൊച്ചിരാജ്യം ഏതാനും കീഴടക്കി തൃശ്ശൂര് വാണകാലത്തു്, അദ്ദേഹത്തിന്റെ ആവശ്യപ്രകാരവും, സാമൂതിരിക്കൂറുകാരായിരുന്ന ഏതാനും നമ്പൂതിരിമാരുടെ പ്രേരണവഴിക്കും, പെരുമ്പടപ്പുസ്വരൂപത്തോടുള്ള ഒരു വെല്ലുവിളിയെന്ന നിലയ്ക്കുമാണു് അതുണ്ടായതു്. അതിൽ മാമൂൽപ്രകാരമുള്ള ചടങ്ങുകൾ മുഴുവനൊന്നും ഉണ്ടായില്ല. വരേണ്ടവർ മുഴുവനും വന്നതുമില്ല. ആ അവരോധത്തിനു വഴിപ്പെട്ടതു പാതാക്കര നമ്പൂതിരിപ്പാടായിരുന്നു. സാമൂതിരിയെ കൊച്ചിരാജ്യാതിർത്തികൾ കടത്തിവിട്ടതോടുകൂടി പാതാക്കരയേയും പുറത്തുതള്ളി. അദ്ദേഹത്തിനെ ഭ്രഷ്ടനാക്കി. അതുണ്ടായതു 938 മകരമാസം 9-ാംനു-യാണു്. അതിൽപ്പിന്നെ യോഗാതിരി അവരോധം ഉണ്ടായിട്ടുമില്ല. 981 കന്നിയിലാണല്ലോ ശക്തൻതമ്പുരാന്റെ നിര്യാണം. അദ്ദേഹമാണു യോഗാതിരി അവരോധം നിൎത്തലാക്കിയതു്. അതുകൊണ്ടാണു് 'ഇനി അരുതേ' എന്നൊരു മരണശാസനവും നൽകിയതു്.

ക്ഷേത്രമുടമസ്ഥന്മാർ എന്നുതന്നെ പറയപ്പെടാവുന്ന തൃശ്ശൂർയോഗക്കാരായ നമ്പൂതിരിമാർ, മഹാപ്രബലന്മാരും വീരന്മാരുമായിരുന്നു. വടക്കേമഠം, നടുവിൽമഠം, തെക്കേമഠം ഉള്ള സ്വാമിയാർമഠങ്ങൾ മുതലായ മഹാസ്ഥാപനങ്ങളുടെ സ്ഥിതിയിൽനിന്നു് അന്നത്തെ തൃശ്ശൂർ നമ്പൂതിരിമാരുടെ പരിഷ്കാരത്തിന്റേയും മുഷ്കരത്വത്തിന്റേയും തലസ്ഥാനമായിരുന്നു എന്നു തീർച്ചപ്പെടുത്താവുന്നതാണു്.

അന്നുണ്ടായിരുന്ന നമ്പൂതിരിയില്ലങ്ങളിൽ മിക്കതും കുററിമുടിഞ്ഞു പോയി. അവരുടെ ഇല്ലപ്പേരുകൾപോലും എങ്ങും നിലനിന്നുപോരുന്നില്ല. ആയിരക്കണക്കിനു് ആ പ്രദേശത്തു നമ്പൂരിയില്ലങ്ങൾ ഉണ്ടായിരുന്നതായി പറയപ്പെട്ടുന്നുണ്ടു്. ഇന്നും തൃശ്ശൂർ മുൻസിപ്പാലിററിക്കുള്ളു,— അത്രവേണ്ട, കോട്ടയ്ക്കകത്തു— മറെറാരു പട്ടണത്തിലും കാണപ്പെടാത്തവിധം അത്ര അധികം നമ്പൂരിയില്ലങ്ങൾ ഉണ്ടു്. അയൽ പ്രദേശങ്ങളിലും അനവധി നമ്പൂരിഗൃഹങ്ങൾ ഇന്നും നിലനിന്നു പോരുന്നുണ്ടു്. ക്ഷേത്രത്തിൽനിന്നു് ഓരോ അനുഭവങ്ങൾ അനുവദിക്കപ്പെട്ടിരുന്ന പല നമ്പൂരിയില്ലങ്ങളുടേയും പേരുകൾ ഗ്രന്ഥവരിയിൽ കാണുന്നുണ്ടു്. അവയിൽ പലതും അന്യം നിന്നുപോയിരിക്കുന്നു. "പത്തില്ലത്തിൽ" നമ്പൂതിരിമാൎക്കു "കീഴേക്കം" കൊടുത്തിരുന്നു. ആവക ഇല്ലങ്ങളൊന്നുംതന്നെ ഇപ്പോൾ ഇല്ലെന്നു തോന്നുന്നു.

'കീഴേക്കം' ഉണ്ടായിരുന്ന ഇല്ലക്കാരുടെ അവകാശങ്ങൾ ദേവസ്വത്തിൽനിന്നും രാജകല്പനപ്രകാരം കണ്ടുകെട്ടിയതിനെക്കുറിച്ചുള്ള ഗ്രന്ഥവരി താഴെചേൎക്കുംപ്രകാരമാകുന്നു. "പത്തില്ലത്തിലുള്ളവരുടെ സ്ഥാനങ്ങൾ 932-ാമാണ്ടു ധനുമാസം 15-ാംനു- നെടിയിരിപ്പിൽസ്വരൂപത്തികൽനിന്നും തൃശ്ശിവപെരൂൎക്കു കടന്നു പെരുമ്പടപ്പിൽനിന്നും വാങ്ങിപ്പോയതിന്റെ ശെഷം 37-ാമതിൽ തൃപ്പാപ്പിസ്വരൂപത്തികൽനിന്നും പെരുമ്പടപ്പിൽസ്വരൂപത്തികൽനിന്നും അന്യോന്യംചെന്നു പുരുഷാരത്തെ ശെഖരിച്ചുംകൊണ്ടു, നെടിയിരിപ്പിൽ സ്വരൂപത്തികലെ ആളുകളെ ഒഴിപ്പിച്ചതിന്റെശെഷം, 38-ാമതിൽ പെരുമ്പടപ്പിൽവലിയതമ്പുരാൻ തൃശ്ശിവപെരൂൎക്കു എഴുന്നള്ളി, ഗ്രാമത്തിലുള്ള നമ്പൂരിമാര ക്ഷെത്രത്തൊടും യൊഗത്തൊടും, സ്വരൂപത്തൊടും പല എറാണങ്ങളും നെടിയിരിപ്പിൽസ്വരൂപത്തെക്കൊണ്ടു ചെയ്യിക്കകൊണ്ടു, അവരുടെ സ്ഥാനമാനങ്ങളും സ്വത്തും വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചു, പണ്ടാരവകയിൽ എടുത്തതിന്റെ ശെഷം, ക്ഷെത്രത്തിൽനിന്നു നമ്പൂരിമാൎക്കു കൊടുത്തുവരുന്ന കീഴെക്കങ്ങളും അല്ലാതെയും പല സ്ഥാനങ്ങളും അവരെക്കൊണ്ടു നടത്തിക്കണ്ടാ എന്നു തിരുമനസ്സുകൊണ്ടു കല്പിക്കകൊണ്ടു് 38-ാമാണ്ടു മുതൽ, ക്ഷെത്രത്തികൽനിന്നു കൊടുത്തുപൊരുന്നതൊക്കയും, മുമ്പെ കൊടുത്തുപൊരുന്ന കണക്കുംപടിക്കു്, എടുത്തു മുതൽകൂട്ടിക്കൊള്ളത്തക്കവണ്ണം കല്പിക്കകൊണ്ടു അവൎക്കു കൊടുക്കാറുംഇല്ല."

വടക്കിനിയേടം, കിഴക്കിനിയേടം, പടിഞ്ഞാററിയേടം, മുതലാ

യ നമ്പൂതിരിമാരെല്ലാം ആദ്യകാലത്തു വളരെ സമ്പത്തും സ്വാധീന ശക്തിയും ഉള്ളവരായിരുന്നു. വടക്കുന്നാഥൻക്ഷേത്രത്തിൽ അവർ കണ്ടകാര്യമേ ഉണ്ടായിരുന്നുള്ളു. തൃശ്ശൂർ യോഗക്കാരാണു സാമൂതിരിയെ അങ്ങോട്ടു ചെന്നുകണ്ടു കൊച്ചിക്കെതിരായി തൃശ്ശൂക്കു കൂട്ടിക്കൊണ്ടുവന്നു, വടക്കേക്കര കോവിലകത്തു താമസിപ്പിച്ചതു്. അന്നു് ആ സാമൂതിരി തൃശ്ശൂരുണ്ടായിരുന്ന ഗൃഹങ്ങളിൽ 225ഗൃഹങ്ങൾ കൊള്ളചെയ്യുകയും രണ്ടുലക്ഷം പണത്തിന്റെ ' ാശം നാട്ടുകാക്കു വരുത്തിവെക്കയും ചെയ്തു. ആ ഇല്ലക്കാരുടെ നേരെ പെരുമ്പടപ്പിലേക്കു പരിഭവവും ശത്രുതയും തോന്നിയതിൽ കട്ടും അത്ഭുതപ്പെടുവാനില്ല. വടക്കുന്നാഥനേക്കാൾ കരുപറയ്ക്കുനിലം കൂടുതലായിരുന്നുവത്രെ പടിഞ്ഞാററിയേടത്തെ നമ്പൂതിരിപ്പാട്ടിലേയ്ക്കു്!! ആ പടിഞ്ഞാററിയേടം ഇന്നുനിർധനഹർജിക്കാരനായി ഉപജീവനമാർഗ്ഗങ്ങളെ ആരായുന്നു!! കിഴക്കിനിയേടത്തിനു ആ സ്ഥിതി വന്നിട്ടു കാലം വളരെയായി. പെരുമ്പടപ്പിൽ മൂപ്പിന്നിനെ ക്ഷണിച്ചു വരുത്തി വിൽക്കാശ്ശുകൊണ്ടു നിറപറവെച്ചു സല്ക്കരിക്കയും, അമൃതേത്തിനു പൊന്നിലയിൽ സ്വർണ്ണംകൊണ്ടുള്ള പാത്രങ്ങളിൽ സാധനങ്ങൾ എടുത്തുവിളമ്പുകയും വിളമ്പുകഴിഞ്ഞ പൊൻപാത്രങ്ങളെല്ലാം മെഴുകി എടുത്തുവെയ്ക്കുന്നതിന്നു എച്ചിൽപാത്രങ്ങളുടെ കൂട്ടത്തിൽ നടുമിററത്തേക്കു വലിച്ചെറിയുകയും മററുംചെയ്തു്, അതിഥിയെ അത്ഭുതപരതന്ത്രനാക്കിയതായി ഐതിഹ്യമുണ്ടു്. 'മാളികമുകളേറിയ മന്നന്റെ തോളിൽ മാറാപ്പുകേററുന്നതും ഭവാൻ' എന്നു പാടിയ പൂന്താനവും ഒരു നമ്പൂതിരിതന്നെയായിരുന്നു.

യോഗാതിരി അവരോധത്തിന്റെ ചടങ്ങുവിവരണം വിജ്ഞേയവും രസപ്രദവുമാകുന്നു. ദേവസ്വം ഗ്രന്ഥവരിയിൽ തൃശ്ശിവപേരൂർ അവരോധത്തിന്റെ മര്യാദയെ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു:

"പെരുമ്പടപ്പിൽ വലിയതമ്പുരാൻ തൃശ്ശിവപെരൂർ എഴുന്നള്ളിയിരുന്നു, പെരുമ്പടപ്പിൽ മൂപ്പിലെയും എഴുന്നള്ളിച്ചു, മൂപ്പിനു വാതിൽമാടത്തിൽ എഴുന്നള്ളി, ഇരുപത്തിരണ്ടു നമ്പിക്കാറിലെയും, 'പത്തില്ലത്തിൽ ഉള്ളവരെയും പൊന്നഴിക്കയ്മളെയും എത്തിച്ചു, അവരൊധം നിശ്ചയിച്ചപ്രകാരം അരുളിച്ചെയ്തു, 'അങ്ങനെതന്നെ' എന്നു അവർ അരുവദിച്ചു, മുണ്ടകശ്ശെരിക്ഷെത്രത്തിലെ പട്ടൊലക്കാരനൊടു, 'എഴുതിയാട്ടെ' എന്നു പറഞ്ഞു, "മുണ്ടകശ്ശെരിയും കാവുങ്കലും വെങ്ങാട്ടും വെട്ടനാട്ടുംകൂടി എഴുത്തു വടക്കിനിയെടത്ത കാരമുക്കു ധരിക്കെണ്ടും

അവസ്ഥ, എന്നാൽ, തൃശ്ശിവപെരൂർ യൊഗാതിരി അവരൊധത്തിന്നു തമ്പ്രാക്കൾക്കു എഴുതി അയക്കുകയുംചെയ്തു. അങ്ങുന്നുംകൂടി വൈകാതെ എത്തുകയും വെണം." "പാട്ടുര പൊറനാട്ടുകര രണ്ടു ഗൃഹത്തിലുള്ളവരുംകൂടി എഴുത്തു ചെറമുഖവായിച്ചു തമ്പ്രാക്കളെ ധരിപ്പിക്കെണ്ടും അവസ്ഥ എന്നാൽ, തൃശ്ശിവപെരൂർ യൊഗാതിരി അവരൊധത്തിന്നു എല്ലാവരും യൊഗംതികഞ്ഞു പാക്കുന്നു. അതിന്ന അങ്ങുന്നുകൂടി എത്തി അവരൊധം കഴിയ്ക്കുകയും വെണം. ഇതിൻവണ്ണം രണ്ടു ഓലക്കും വാചകം എഴുതി ഓലരണ്ടും കയ്യിൽ കൊടുത്താൽ, മുണ്ടകശ്ശെരിനമ്പൂതിരിയും, കാവുങ്കൽ നമ്പൂതിരിയും, വെട്ടനാട്ടു നമ്പൂതിരിയും മുമ്പിൽ കല്പുകുത്തണം. ശേഷം പതിനെട്ടു് ഇല്ലക്കാരും ആഴ്‌വാഞ്ചെരിയിലെക്കു് (തമ്പ്രാക്കൾക്കു്) എഴുതിയ ഓലക്കും കല്പുകുത്തണം. ആ ഓലകൾ രണ്ടും പെരുമ്പടപ്പിൽ മൂപ്പിന്നിന്റെ കയ്യിൽ കൊടുക്കണം. മൂപ്പിന്നു് ഓലരണ്ടും വലിയ തമ്പുരാന്റെ തൃക്കയ്യിൽ കൊടുത്തു വായിച്ചു തിരുവുള്ളത്തിലെററി, രണ്ടു മഠത്തിൽ തിരുമുമ്പന്മാരെയും യൊഗത്തെയും തിരുവുള്ളത്തിലെററി കാല രണ്ടും, വലിയതമ്പുരാന്റെ തീട്ടുരവും, മൂപ്പിലെ തീട്ടുരവും, കൂടി രണ്ടെടത്തെക്കും വലിയ തമ്പുരാൻതന്നെ കല്പിച്ചു ആളെ അയക്കുകയും വെണം.

"തെക്കനിയെടത്തു നമ്പൂതിരിപ്പാട്ടിലെക്കും, വട്ക്കാട്ടു നമ്പൂതിരിപ്പാട്ടിലെക്കും, കുറമ്പറാതിരിപ്പാട്ടിലെക്കും, വള്ളൊക്കൊനൊപ്പാട്ടിലെക്കും, തെക്കുംകൂററിലെക്കും, വടക്കുംകൂററിലെക്കും, കക്കാട്ടു കാന്നൊപ്പാട്ടിലെക്കും, പുന്നത്തൂരുക്കും, കാരാളർ നാൽവക്കും തീട്ടുരം എഴുതി അയച്ചു വരുത്തുകയും വെണം.

"എല്ലാവരെയും എത്തിച്ചു, നെരെയുള്ള തറയിന്മെൽ രണ്ടു നിലവിളക്കും രണ്ടു നിറ പറയും വെച്ചു, ഗണപതി നിവെദ്യത്തിന്നു വെണ്ടുന്നതുംവെച്ചു, വെളക്കിന്റെ തെക്കുഭാഗത്തു വടക്കുതിരിഞ്ഞു ആവണപ്പലകയിന്മെൽ, ആഴ്‌വാഞ്ചെരി തമ്പ്രാക്കൾ തിരുമുല്പാട്ടിന്നു ഇരുന്നരുളണം. വിളക്കിന്റെ വടക്കെ ഭാഗത്തു വെള്ളയും കരിമ്പടവും വിരിച്ചു, അതിന്മെൽ, ഒടവാളുമായിട്ടു വലിയതമ്പുരാൻ നിന്നു അരുളണം. അപ്പോൾ, തമ്പ്രാക്കൾ "ഇരുന്നാട്ടെ" എന്നു് അരുളിച്ചെയ്യണം. അപ്പൊൾ, വലിയതമ്പുരാൻ ഒടവാളും മടിയിൽവെച്ചു, തെക്കുതിരിഞ്ഞു്, ഇരുന്നു അരുളണം. തമ്പുരാന്റെ വടക്കുഭാഗത്തു, കീററപലകയിന്മെൽ, തെക്കുതിരിഞ്ഞു, കാരമുക്കിൽ നമ്പൂതിരിപ്പാട്ടിന്നു എഴു

ന്നള്ളി ഇരിക്കണം. വിളക്കിന്റെ പടിഞ്ഞാറെ ഭാഗത്തു കിഴക്കതിരിഞ്ഞു പാഴ്ക്കാട്ടുനമ്പൂരി തറവട്ടത്തു അതിന്റെ മീതെ മുണ്ടു ചുററി, കൊല്ലപലകയിന്മെൽ, എഴുന്നള്ളി ഇരിക്കണം. പാഴ്ക്കാട്ടു നമ്പൂതിരിപ്പാട്ടിലെ പിന്നിൽ കിഴക്കു തിരിഞ്ഞിട്ടും, കിരാങ്ങാട്ടു നമ്പൂതിരിപ്പാട്ടിലെ ഭാഗത്തു വടക്കു തിരിഞ്ഞിട്ടും, കൂടി പത്തില്ലത്തിലുള്ളവരും, ഇരുപത്തിരണ്ടിലുള്ളവരും, തൊഴുതുണ്ടു നിലത്തു ഇട്ടു ഇരിക്കണം. തറയുടെ കിഴക്കെ ചവിട്ടുകല്ലിന്മെൽ കുറമ്പറാതി തമ്പുരാനും, മണക്കുളത്തിന്നും, അയിനിക്കൂററീന്നും, കടവാളും കുത്തി നിന്നു അരുളണം. ചവിട്ടുകല്ലിന്റെ തെക്കെ ഭാഗത്തു പട്ടൊലയുമായിട്ടു പട്ടൊലക്കാരൻ നില്ക്കണം. അതിന്റെ തെക്കെഭാഗത്തു പനമുക്കത്തു കയ്മൾ (മാളിയക്കൽ കർത്താവു്) വാളും പരിചയുമായി അടിയിരുത്തി നില്ക്കണം. അപ്പൊൾ "പട്ടൊല വായിച്ചൊട്ടെ" എന്നു വലിയതമ്പുരാൻ അരുളിച്ചെയ്താൽ ഇന്ന കൊല്ലവും മാസവും തിയ്യതിയും രാശിയും നെരത്തു ഇന്നെടത്തു ഇന്ന നാമധെയമായ ആളെ തൃശ്ശിവപെരൂർ അവരൊധത്തിന്നു ആഴ്വഞ്ചെരി തമ്പ്രാക്കൾ എഴുന്നള്ളിയൊ, കിരാങ്ങാട്ടു നമ്പൂതിരിപ്പാട്ടീന്നു എഴുന്നള്ളിയൊ, ഇരുപത്തിരണ്ടു നമ്പിക്കൂററീന്നു എഴുന്നള്ളിയൊ, രണ്ടു മഠത്തിൽ തിരുമുമ്പന്മാര എഴുന്നള്ളിയൊ, ചാങ്ങലിയ്യൊട്ടത്തു നമ്പൂതിരിയും യൊഗവും എഴുന്നള്ളിയൊ, കുറമ്പറാതിപ്പാട്ടീന്നു എഴുന്നള്ളിയൊ, പാഴ്ക്കാട്ടു നമ്പൂതിരിപ്പാട്ടീന്നു എഴുന്നള്ളിയൊ, തെക്കുംകൂററിന്നും വടക്കുംകൂററിന്നും എഴുന്നള്ളിയൊ, വള്ളൊക്കൊനർപ്പാട്ടീന്നു എഴുന്നള്ളിയൊ, കക്കാട്ടു കാരണൊപ്പാട്ടീന്നു എഴുന്നള്ളിയൊ, പുന്നത്തൂരന്നു എഴുന്നള്ളിയൊ, പത്തില്ലത്തിലുള്ളവര എത്തിയൊ, പനമുക്കത്തു കയ്മള അടിപരത്തിയൊ, കാരാളര നാൽവരും എത്തിയൊ, രണ്ടു പുറത്തു ആശാൻമാര എത്തിയൊ, ശാസ്ത്രനമ്പൂതിരിമാര എഴുന്നള്ളിയൊ, പാദവനത്തിൽ ഉള്ളവര് എത്തിയൊ, വഴിയിൽ മാരാരും മാരാന്മാരും വന്നുവൊ, എന്നു വിളിച്ചു ചൊദിക്കണം.

ഇനി ഗണപതിനിവെദ്യം കഴിച്ചു, കിരാങ്ങാട്ടു നമ്പൂതിരിപ്പാട്ടീന്നു അവരൊധം വിളിച്ചു ചൊല്ലിയാൽ, മാരാന്മാർ ശംഖുവിളിച്ചു, പുഷ്പാഞ്ജലിക്കു എഴുന്നള്ളിപ്പാൻ (അവരോധിക്കുന്ന ആളെ ആനയിക്കുവാൻ) തൃശ്ശിവപെരൂരനിന്നും പൊകെണ്ട ആളുകൾ, യൊഗത്തിൽനിന്നു തെവാരി നമ്പൂതിരി, കീഴ്ക്കടിൽവാരിയര പള്ളി അവണയുംകൊണ്ടു, മാരാന്മാര ശംഖുംകൊണ്ടു, രണ്ടുപുറത്തെ ആശാന്മാരും ആളുകളും, കണ്ടരചാത്തര നമ്പൂരിമാര, പെരുടയനായര ഒടയാടയും

കൊണ്ടു, പള്ളിശ്ശംഖുനായന്മാർ പള്ളിത്തണ്ടും കൊണ്ടു; എല്ലാവരും കൂടി മണ്ഡപത്തിൽ ചെന്നു പള്ളിപ്പലകയിട്ടു കടയാടയും വെച്ചു, പള്ളിപ്പലകമെൽ എഴുന്നള്ളി ഇരുന്നു ശംഖുവിളിക്കയും വെണം. അനന്തരത്തു, പട്ടോലക്കാരൻ അവിടെ ഉള്ളവരൊടും അകായിൽ ഉള്ളവരൊടും "വടക്കുന്നാഥനു പുഷ്പാഞ്ജലി അവരൊധത്തിനു ആയിട്ടു എഴുന്നള്ളിക്കുന്നു" എന്നുപറഞ്ഞ ഒരു മൊഴി ശംഖുവിളിച്ചു നീരാട്ടുകുളിക്കായിട്ടു വാദ്ധ്യാൻ നമ്പൂരി മുമ്പെ എഴുന്നള്ളി മാരാന്മാരു ശംഖുവിളിച്ചു, നീരാട്ടുകുളികഴിഞ്ഞു കടയാടയും ചാർത്തി അവിടെനിന്നു എഴുന്നള്ളത്ത പുറപ്പെടണം.

"എഴുന്നള്ളത്തു, നാലുപാലത്തിന്നകത്തു എത്തുന്നതിനു മുമ്പെ, വലിയതമ്പുരാൻ പള്ളിത്തുലാത്തിൽ, വിശ്ശർപാലത്തിങ്കലൊളം എഴുന്നള്ളണം. അവിടുന്നു ഇങ്ങൊട്ടുക്കു അകമ്പടിവെണം. കാരാളര നാല്വരും വെണം. അങ്ങനെ ഉഷത്തു് (മതില്ക്കകത്തു്) എഴുന്നള്ളിയാൽ തമ്പ്രാക്കളും വലിയതമ്പുരാനും മൂപ്പീന്നും തമ്മിൽ കണ്ടു 'പുഷ്പാഞ്ജലിക്കു പുതുവാള തിരുമുടി അവത്ത നീരാട്ടുകുളികഴിഞ്ഞു അകായിൽ പുഷ്പാഞ്ജലിക്കു എഴുന്നള്ളണം' എന്നരുളിച്ചെയ്യണം. തമ്പ്രാക്കളും പുലിയന്നൂരു നമ്പൂരിയുംകൂടി ശ്രീകൊവിലകത്തക്കു എഴുന്നള്ളണം. (തിരുമുടി അവത്തു് കൊക്കർണ്ണിയിൽ നീരാട്ടുകുളികഴിഞ്ഞു അവരോധപുരുഷൻ ശ്രീകോവിൽ എഴുന്നള്ളും. പുഷ്പാഞ്ജലിചെയ്യും. അങ്ങനെ പുഷ്പാഞ്ജലി അവരോധവും കഴിയും.)

പുഷ്പാഞ്ജലിക്കുള്ള യോഗാതിരിപ്പാടു കാലാന്തരത്തിൽ ദേവസ്വം ഭരണക്കാരൻ മാത്രമല്ലാ ഉടമസ്ഥൻതന്നെയായിത്തീൎന്നു. അപ്പോൾ അവരോധം എനിക്കുവേണം എനിക്കുവേണം എന്നുള്ള മത്സരവും തുടങ്ങി. അവരോധപുരുഷനെ സ്വാധീനത്തിൽ നിൎത്തുന്നതിനു രാജ്യസ്ഥാനങ്ങളും നിൎബ്ബന്ധിക്കപ്പെട്ടു. നമ്മുടെ ചരിത്രകാലമായപ്പോഴെയ്ക്കും യോഗാതിരി അവരോധം വലിയ ഒരു അധികാരസമ്പാദ്യം മാത്രമായിപരിണമിച്ചിരുന്നു. അതുകൊണ്ടാണ സാമൂതിരിയുടെ കീഴിൽ പാതാക്കരെ നമ്പൂതിരിയെ അവരോധിച്ചതും, സാമൂതിരിയെ ആട്ടിപ്പായിച്ചതോടുകൂടി ആ അപരാധിയേയും നാടുകടത്തിക്കളഞ്ഞതും, "അവരോധം എന്ന ആപത്തു ഇനി വരുത്തിവെക്കരുതേ" എന്നു ശക്തൻതമ്പുരാന്റെ അന്ത്യശാസനത്തിൽ നിൎദ്ദേശിച്ചതും.

കോടനാട്ടു് നമ്പൂതിരിപ്പാട്ടിന്നായിരുന്നു ക്രമപ്രകാരം അവരോ

ധിക്കപ്പെട്ട കട്ടവിലത്തെ 'യോഗാതിരപ്പാട്ട്' എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷമുണ്ടായ സംഗതികളെക്കുറിച്ച് ഗ്രന്ഥവരിയിൽ പ്രസ്താവിച്ചിരിക്കുന്നതു താഴെ ചേർക്കുന്നു. അതിൽനിന്നു 'യോഗാതിരി' പുഷ്പാഞ്ജലിക്കാരൻ മാത്രമല്ല ക്ഷേത്രഭരണക്കാരൻ തന്നെ ആയിത്തീന്നിട്ടുണ്ടായിരുന്നു എന്നും തെളിയുന്നുണ്ട്.

"930 മിഥുനമാസം 1-ാംനു- കൊടനാട്ടുന്ന അവരൊധിച്ച തമ്പുരാൻ മുടിഞ്ഞരുളിയതിന്റെ ശെഷം, പെരുമ്പടപ്പിൽ തമ്പുരാൻ തൃശ്ശിവപെരൂർക്ക എഴുന്നള്ളി, യോഗാതിരിപ്പാടിന്നു് ഇല്ലാത്ത കാലങ്ങളിൽ, സ്വത്രുപത്തികനു കല്പിച്ച ആളെ ആക്കി കാര്യം ക്ലെശിക്കെണ്ടുന്നതിനു രണ്ടു മാത്തിൽ തിരുമുമ്പന്മാരെയും യൊഗത്തെയും ബൊധിപ്പിച്ച എലവത്തൂർ പാട്ടമാളിയുടെ ആളു രാമപട്ടരു ക്ഷെത്രത്തികലെ കാര്യം ക്ലെശിക്കത്തക്കവണ്ണം കല്പിച്ച വിചാരിച്ചുപൊരുമ്പൊൾ, 932-ാമാണ്ടിൽ നെടിയിരുപ്പസ്വത്രുപത്തിൽനിന്നു, ചാവക്കാടിൽ പുരുഷാരാത്തെയുംകൂട്ടി തൃശ്ശിവപെരൂർക്ക കടന്നു ഇരിപ്പാൻ ഭാവമുണ്ടെന്നും ആയതിനെ തൃശ്ശിവപെരൂർ ഗ്രാമക്കാരു നമ്പൂതിരിമാരെ ചെന്നു കൂട്ടിക്കൊണ്ടുവരുവാൻ നിശ്ചയിച്ചപ്രകാരവും കെൾക്കകൊണ്ടും, പെരുമ്പടപ്പിൽ ഇളയതമ്പുരാൻ തൃശ്ശിവപെരൂർക്ക എഴുന്നള്ളി, നമ്പൂതിരിമാരെ വരുത്തി, കീഴ്മര്യാദവിട്ടു നെടിയിരുപ്പിനെ പൊയി കാണരുതെന്നും മററം കല്പിച്ചതിന്റെശെഷം, ആയതു ചെയ്കയില്ലെന്നു അവർ തികച്ചും അറിയിച്ചതിന്റെശെഷം, നമ്പൂരിമാരു ചാവക്കാട്ടിൽചെന്നു, അവിടന്നു ആളും വാളും കൂട്ടിക്കൊണ്ടു, 932 ധനു 15-ാംനു- തൃശ്ശിവപെരൂരു എത്തി സങ്കെതത്തിൽ കടത്തി പാൎപ്പിച്ചു പല ഏററങ്ങളും ചെയ്തു."

യോഗാതിരിയുടെ ഭരണാധികാരം മാത്രമല്ല, ക്ഷേത്രസംബന്ധികളായ യോഗക്കാർ നമ്പൂതിരിമാരുടെ ധിക്കാരവും രാജദ്രോഹസന്നദ്ധതയുംകൂടി ഇതിൽനിന്നും തെളിയുന്നുണ്ട്. പെരുമ്പടപ്പിൽനിന്നു എലവത്തൂർ പാട്ടമാളിയെ മാനേജരായി നിശ്ചയിച്ചതു അവക്കു അശേഷം പക്ഷമായില്ലെന്നും, ക്ഷേത്രഭരണാധികാരത്തെ രാജാവിന്റെ കീഴിൽനിത്തുന്നതു് അവക്കു കട്ടും സമ്മതമായിരുന്നില്ലെന്നും, സാമൂതിരിയെ ആശ്രയിക്കുന്നതിനു് അതുംകൂടി ഒരു കാരണമായിട്ടുണ്ടായിരിക്കണമെന്നും വിചാരിക്കണം. സാമൂതിരിപ്പാട്ടിന്നു തൃശ്ശൂർ സ്ഥിരവാസം

ഉററപ്പിച്ചതോടുകൂടി അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗാതിരി അവരോധം നടത്തിയതും—അവരോധിച്ചതു പാതാക്കരെ നമ്പൂതിരിപ്പാട്ടിലെയായിരുന്നു—ആ അഭ്യൂഹത്തെ പിൻതാങ്ങുന്നുണ്ടു്.

"936_ൽ നെടിയിരിപ്പിൽസ്വരൂപത്തിൽനിന്നും പാതാക്കരെ നമ്പൂരിപ്പാട്ടിലെക്കൊണ്ടു അവരൊധം ഭാവമുണ്ടെന്നു കെൾക്കകൊണ്ടു, കീഴമൎയ്യാദയില്ലാതെ യൊഗിയാരവരൊധം ചെയ്യുകൊള്ളരുതെന്നു ആഴ്‌വാഞ്ചെരി മനക്കലെക്കും, തൃശ്ശൂര മൂന്നുമഠത്തിലെക്കും, പിന്നെയും ക്ഷെത്രസംബന്ധമുള്ള ആളുകൾക്കും, വലിയതമ്പുരാന്റെ തീട്ടൂരവും, നടുവിലെമഠത്തിലെ നെന്മന്നൂര് മൂത്ത തിരുമുമ്പിലെ തിരുവടയാളവും (നടുവിലെമഠത്തിലെ മൂത്ത സ്വാമിയാരുടെ തിരുവെഴുത്തു്) കൊടുത്തയച്ചതിന്റെശെഷം, ആയതു ബൊധിയാതെ, അവരൊധം ഭാവമുണ്ടെന്നു കെൾക്കകൊണ്ടു, അവരൊധം ചെയ്യപൊകരുതെന്നും അല്ലാതെ ചെയ്യാൽ നാം രാജ്യത്തെക്കു വരുമ്പൊൾ രാജ്യത്തുനിന്നു പുറത്തുപോകെണ്ടിവരുമെന്നും പാതാക്കരെ നമ്പൂരിപ്പാട്ടിലൊടും തികച്ചു കല്പിച്ചാറെ, ആയതു ചെയ്കയില്ലെന്നു തിരുമനസ്സറിയിച്ചുകൊണ്ടു, അവരൊധം കഴിക്കയും ചെയ്തു!"

പെരുമ്പടപ്പിന്റെ ശക്തിയെക്കുറിച്ചു നമ്പൂതിരിമാൎക്കുണ്ടായിരുന്ന നിന്ദ്യഭാവവും സാമൂതിരിയോടു് അവൎക്കുണ്ടായിരുന്ന ആദരാധിക്യവും, സാമൂതിരിവിജയത്തിന്റെ സുസ്ഥിരാവസ്ഥയിൽ അവൎക്കുണ്ടായിരുന്ന വിശ്വാസവും നോക്കുക! ഈ കാലം വളരെ പരിഭ്രമജനകമായ ഒരു കാലംതന്നെയായിരുന്നു. അക്കാലത്തെ സംബന്ധിക്കുന്ന രസകരങ്ങളായ പല കഥകളും ഐതിഹ്യങ്ങളും ഇന്നും പ്രചാരത്തിലുണ്ടു്. സാമൂതിരിയുടെ ആൾക്കാർ പിടിച്ചുകൊണ്ടുപോയി തിരുമുമ്പിൽ എത്തിച്ച പെരുമ്പടപ്പിലെ കൂറുകാരനായ ഒരു നമ്പൂതിരി തിരുമുല്ക്കാഴ്ച വെച്ചതു് ചക്കമടലായിരുന്നു എന്നും, അതെന്താണെന്നു ചോദിച്ചപ്പോൾ "മൂരിക്കു മടലല്ലെ" നല്ലതു് എന്നു സമാധാനം പറഞ്ഞു എന്നും മററും പലപല നേരമ്പോക്കുകഥകളുമുണ്ടു്. രാജഭക്തന്മാരായ കട്ടേറെ നമ്പൂതിരിമാർ അന്നും പെരുമ്പടപ്പിനെ വിടാതെ സേവിച്ചിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണു്.

പാതാക്കരെയുടെ അവരോധത്തിനു, "ചാഴിയൂര നിന്നു പെരുമ്പടപ്പിൽമൂപ്പിലെ പിടിച്ചുംകൊണ്ടുവരുവാൻ ഭാവമുണ്ടെന്നു കെൾക്ക

കൊണ്ടു, ഉടനെ പെരുമ്പടപ്പിൽ മൂപ്പിലെ കൊച്ചിക്കു കടത്തിക്കൊണ്ടുപൊകയും ചെയ്തു." അവരോധത്തിനു ക്ഷേത്രത്തിൽ എത്തേണ്ടുന്ന ആളുകൾ എല്ലാവരും എത്താതെ അത്രെ അവരോധം കഴിച്ചതു." 937-ാമതിൽ തൃപ്പാപ്പിസ്വരൂപത്തിന്റെ സഹായത്തോടുകൂടി "നെടിയിരിപ്പിൽസ്വരൂപത്തൊടു പട തുടങ്ങിയതിന്റെശെഷം, ഗ്രാമത്തിലുള്ള നമ്പൂരിമാർ എല്ലാവരുംകൂടി നെടിയിരിപ്പിൽസ്വരൂപത്തിലെ ആളുകളെക്കൊണ്ടു, തൃശ്ശിവപെരൂര നാലുപാലത്തിന്നു അകത്തുള്ള ഭവനങ്ങൾ ഒക്കെയും ചുട്ടുനശിപ്പിച്ചതിന്റെ ശെഷം," യുദ്ധത്തിൽ സാമൂതിരിയെ തോല്പിച്ചു രാജ്യാതിർത്തികൾ കടത്തിവിടുകയും അമ്പലത്തിലെ അശുദ്ധികൾ നീക്കി, പുണ്യാഹം കഴിപ്പിച്ചു പൂജ തുടങ്ങിക്കുകയും "ഗ്രാമത്തിലുള്ള നമ്പൂരിമാൎക്കു ക്ഷെത്രത്തികൽനിന്നു കൊടുത്തുവന്നിരുന്ന കീഴെകങ്ങൾ ദെവസ്വത്തിലെക്കു ഒഴിഞ്ഞു കൊടുക്കുകയും ചെയ്തു."

"കീഴ്മൎയ്യാദയല്ലാതെ നെടിയിരിപ്പു സ്വരൂപത്തികന്നു അവരൊധം കഴിപ്പിച്ചിരിക്കകൊണ്ടു, പാതാക്കര നമ്പൂരിപ്പാട്ടിലെ രാജ്യത്തികന്നു കളയത്തക്കവണ്ണം നിശ്ചയിച്ചപ്രകാരം, രണ്ടുമഠത്തിൽ തിരുമുമ്പന്മാരൊടും യൊഗത്തൊടും വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചാറെ, അന്നുതന്നെ അതിനെപ്പററി പറഞ്ഞിരിക്കകൊണ്ടു, കളയുന്നതിന്നു വൈഷമ്യമില്ലെന്നു അവർ പറകകൊണ്ടു പാതാക്കരെന്ന അവരൊധിച്ചിരിക്കുന്ന യൊഗാതിരിപ്പാട്ടിലെ, 938-ാമതു മകരമാസം 9-ാംനു- അസ്തമിച്ചു മഠത്തിലെ വടക്കെ പടികടത്തി ഇറക്കി രാജ്യത്തുനിന്നു കളയുകയും ചെയ്തു".

"9-ാംനു- മടപ്പിള്ളിക്കാരെ തിരുമനസ്സുകൊണ്ടു കല്പിച്ചു, യൊഗിയാരുമഠത്തിൽ ഇരിക്കുന്ന പാതാക്കര നമ്പൂരി എറങ്ങിപ്പൊയ്ക്കൊള്ളണമെന്നു വാദ്ധ്യാരെക്കൊണ്ടു പറയിപ്പിച്ചു. എറക്കി അയക്കണമെന്നും; സമ്മതിച്ചില്ലാ എങ്കിൽ, മടപ്പിള്ളിക്കാരെ കയ്യുപിടിച്ചു എറക്കണമെന്നും കല്പിച്ചതിന്റെശെഷം വാദ്ധ്യാൻ പറഞ്ഞിട്ടു സമ്മതിച്ചതുമില്ല. അസ്തമിച്ചു മടപ്പിള്ളിക്കാരെ കൈയ്യുപിടിച്ചിറക്കാൻ ഭാവിച്ചപ്പൊൾ എറങ്ങിപൊയ്ക്കൊള്ളാമെന്നുപറഞ്ഞു വടക്കെ പടികടന്നു എറങ്ങിപ്പൊകയും ചെയ്തു."ഇങ്ങനെയാണ പുറത്താക്കലുണ്ടായതു".

യോഗാതിരിമാർ തൃശ്ശൂര് ബ്രഹ്മസ്വംമഠം എന്ന വടക്കേമഠത്ത

ലാണു താമസിക്കുക പതിവു്. അവിടെനിന്നാണു ആട്ടിപ്പുറത്താക്കിയതു്. അതാണു 'മഠത്തിലെ വടക്കെപ്പടി കടത്തി' എന്നു പറഞ്ഞു കാണുന്നതു്. ഇന്നും 'വടക്കെപ്പടികടത്തുന്നതു്' ഒരു ഭ്രഷ്ടു കല്പിക്കുന്നതുപോലെയാകുന്നു കരുതിവരുന്നതു്. അതിന്റെ ആഗമം പാതാക്കരയുടെ ബഹിഷ്കരണമാണത്രെ.

യോഗാതിരിയെ കഴിപ്പിച്ചുകളഞ്ഞതിനു ശേഷം, മുമ്പിലത്തെപോലെ, "ക്ഷേത്രകാര്യ്യങ്ങൾ ക്ലേശിക്കുന്നതിനു രണ്ടുമഠത്തിൽ തിരുമുമ്പന്മാരെയും (തെക്കെമഠത്തിലേയും നടുവിലെമഠത്തിലേയും സ്വാമിയാർമാരെ) യോഗത്തെയും ബോധിപ്പിച്ചു വെളുത്തൂർ പാട്ടമാളിക്കും വെളനഴി നമ്പൂരിക്കും വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചു തീട്ടൂരവും കൊടുത്തു നടത്തിക്കയും ചെയ്തു. പനമുക്കത്തു കയ്മള എണ്ണക്കുടം ഉടച്ചതിനു പ്രായശ്ചിത്തമായി വടക്കെ ഗോപുരം പണി കഴിപ്പിച്ചു. പൊളിച്ചെഴുത്തു കഴിപ്പിച്ചു കിട്ടിയപണംകൊണ്ടു തെക്കെ ഗോപുരവും പണിയിപ്പിച്ചു. കക്കൊട്ടു കാരണോപ്പാടു അയിനിക്കുറവുകാക്കുവെണ്ടി ഏറിയ പ്രായശ്ചിത്തങ്ങളും ചെയ്തു.

"ക്ഷേത്രത്തിൽ വലുതായിട്ടുള്ള അശുദ്ധികൾ ബാധിച്ചിരിക്കകൊണ്ടു ഒരു കലശം കഴിക്കണമെന്നു നിശ്ചയിക്കയും കലശത്തിനു മുറപ്രകാരം യൊഗാതിരി വെണ്ടതാകകൊണ്ടു എന്തുവെണ്ടു എന്നു ചിന്തിച്ചാറെ, അതു കഴിക്കെണ്ടതിന്നു അഷ്ടഗൃഹത്തിൽ ഉള്ള ആളുകൾ മര്യ്യാദയല്ലാതെ നെടിയിരിപ്പിന്നു പറഞ്ഞപ്രകാരം അവരൊധം കഴിക്കകൊണ്ടു, ഇനിമെലിൽ മഠസ്വരൂപത്തികൽനിന്നു ആയതു തുടങ്ങിയാൽ, അഷ്ടഗൃഹത്തിലുള്ളവരു ആയതിനെ അനുസരിച്ചു അവരൊധം കഴിക്കയില്ലെന്നും നിശ്ചയം വന്നിട്ടുവെണം ഇനി കഴിപ്പാൻ എന്നു എല്ലാവരും കൂടി വിചാരിച്ചു നിശ്ചയിച്ചു 955-ാമതു മെടമാസം 18-ാംനു കലശം കഴിക്കത്തക്കവണ്ണം നിശ്ചയിച്ചു." യോഗാതിരിയെ കൂടാതെയാണു് ആ കലശം കഴിഞ്ഞതെന്നു പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലൊ.

യോഗാതിരിപ്പാട്ടിലെ അവരോധം പിന്നീടു് ഉണ്ടായിട്ടില്ല. ക്ഷേത്രഭരണം പെരുമ്പടപ്പിൽരാജാവിന്റെ കീഴിൽ വെളുത്തൂർ പാട്ടമാളിയും വേളനഴി നമ്പൂരിയുംകൂടി നടത്തിപ്പോന്നു. ശക്തൻതമ്പുരാന്റെ കാലത്തു ക്ഷേത്രഭരണത്തിൽ അവിടുന്നു നേരിട്ടുതന്നെ പ്രവേ

ശിക്ഷകയും കാൎയ്യാദികളിൽ പ്രത്യേകം ദൃഷ്ടിപതിപ്പിക്കുകയും ചെയ്തു പ്രഭുക്കന്മാരുടേയും ജന്മികളുടേയും സ്വാതന്ത്ര്യശക്തിയെ ഉന്മൂലനം ചെയ്യുന്നതു്, രാജകോയ്മയുടെ ശക്തിവൎദ്ധനയ്ക്കും നിലനില്പിനും മാത്രമല്ലാ, രാജ്യത്തു ക്ഷേമാഭിവൃദ്ധി ഉണ്ടാകുവാനും അത്യാവശ്യമായിരുന്നു എന്നു അവിടുന്നു് അനുഭവംകൊണ്ടു മനസ്സിലാക്കിയിരുന്നു.

XXXIX

ഊട്ടു—ദേവസ്വം വകുപ്പു്

൧

വടക്കുന്നാഥൻക്ഷേത്രം.

ടിപ്പുവിൻെറ പാളയം കഴിഞ്ഞതോടുകൂടി വടക്കുന്നാഥൻക്ഷേത്രത്തിനു പല കെടുതികളും തട്ടി. കെട്ടിടത്തിനു പറയത്തക്ക നാശങ്ങൾ ഒന്നും സംഭവിച്ചില്ലെങ്കിലും സുൽത്താനും ആൾക്കാരും മതില്ക്കകത്തു കൂടാരംകെട്ടി പാൎക്കുകയും, ഏറിയ നാനാവിധങ്ങൾ ചെയ്യുകയും ഉണ്ടായി. ടിപ്പു തിരിച്ചുപോയതോടുകൂടി ക്ഷേത്രഭരണത്തിൽ പ്രത്യക്ഷമായ ഒരു മാററം സംഭവിക്കയും, കൊച്ചിരാജാവു ഭരണാധികാരം നേരിട്ടു കയ്യേററോ കയ്ക്കലാക്കിയോ അധികാരം നടത്തിത്തുടങ്ങുകയും ചെയ്തു. ആ ഭരണച്ചുമതല ഏറെറടുക്കുന്നതിനു മുമ്പായി ശക്തൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു് ആ ക്ഷേത്രത്തിൻെറ സ്ഥിതിഗതികളും, വരവുചിലവുകളുംമററും അറിയുന്നതിനു 967-ാമാണ്ടു് എടവമാസം 12-ാംനു- ഒരു ഹുക്കുനാമം എഴുതി അയക്കുകയുണ്ടായി. ആ ഹുക്കുനാമാവാണു താഴെ ചേൎക്കുന്നതു്:

"ശ്രീരാമജയം. തൃശ്ശിവപെരൂർ ക്ഷെത്രത്തിങ്കലെ വക കണക്കുകൾ എഴുതി തീക്കെണ്ടും പ്രകാരത്തിന്ന തിരുമുമ്പാകെവെച്ച 967-ാമാണ്ടു എടവമാസം 12-ാംനു- എഴുതിയ ഹുക്കുനാമാ.

"മതിലകത്തു പൂജ അടിയന്തരം വകക്കു നാൾ ഒന്നുക്കു കണക്കലരി എത്ര, നെയ്യ, എണ്ണ, ശൎക്കര, പഴം, തെങ്ങ ഈ വക എത്ര എന്നും; നെല്ലും അരിയും നിത്യനിദാനം, കയ്യുളവായിട്ടു ഉണ്ടു എങ്കിൽ എത്ര എന്നും; നെല്ലുകുത്തുന്നതു ഇന്നിന്ന വീട്ടുകാർ എന്നും; അവൎക്ക

ഇന്നിന്ന പ്രകാരം കൂലി എന്നും; അമ്പലവാസി മാരാര ഉൾപ്പെട്ട വകക്ക ശമ്പളം കൊടുത്തുവരുന്നുണ്ടെങ്കിൽ ഇന്നിന്നവക്ക ഇന്നിന്നപ്രകാരം എന്നും; പള്ളിത്താമത്തിൽ കിളക്കുന്നതും നനക്കുന്നതും ഇന്നിന്നവർ എന്നും; അവക്ക ജീവിതം ഇന്നപ്രകാരമെന്നും; മതിലകത്ത കീഴെടമായിട്ട ക്ഷെത്രങ്ങൾ ഉണ്ടൊ, എതെല്ലാം, അവിടെ നിത്യനിദാനം മാസവിശെഷം ആണ്ടുവിശെഷം വക ചിലവുകൾ ഇന്നിന്നപ്രകാരമെന്നും; കാൎയ്യവിചാരത്തിനും കണക്കെഴുത്തുവാനും മററും ഇത്രശ്ശ ആളുകൾ അവക്ക ഇത്രശ്ശ ശമ്പളം എന്നും; കൃഷികൾക്ക ക്ഷെത്രത്തിൽനിന്ന വിത്ത, കന്നാലി, എറിമ്പ, വല്യ്യാള ഈ വകകൾ എല്പിച്ചിട്ടുണ്ടെങ്കിൽ ഏത്ര എന്നും; കൃഷികളിൽനിന്ന ആണ്ടു കന്നുക്ക എന്തു പാട്ടം അളക്കുമെന്നും; വിവരമായിട്ട ഓല എഴുതി വരണം.

"ക്ഷെത്രത്തിങ്കലെ അടിയാരും പുറമെ ഉള്ള കുടികളും ചൊററിന്ന കാണം ഇട്ടിരിക്കുന്നവര ഇന്നിന്നവര ഇത്രശ്ശ എന്നും; അവക്ക ചൊറ ഇത്രശ്ശ കൊടുക്കുന്നു എന്നും; ഇതിൽ അന്യം മുടിഞ്ഞിട്ടുണ്ടെങ്കിൽ എത എന്നും; ആ ചൊറ എങ്ങിനെ മുതൽകൂട്ടി വരുന്നു എന്നും; തരംതിരിച്ച വിവരം എഴുതി വരണം.

"സ്വരൂപങ്ങൾ, പ്രഭുക്കന്മാർ, ബ്രാഹ്മണർ അല്ലാതെ ഉള്ള ആളുകളും വഴിവാടായിട്ട ഇന്നിന്ന അടിയന്തരങ്ങൾക്ക നെല്ല, പണം, ഉല്പത്തിയും, പൊന്ന, വെള്ളി ഉൾപ്പെട്ട വകകളും വഴിവാടായിട്ട ഇന്നിന്നവർ ഇന്നിന്നതിന്നെല്ലാം ചെയ്തിട്ടുണ്ട എന്നും; അതിൽ എതെല്ലാം നടന്നുവരുന്നു എന്നും; എതെല്ലാംവീഴ്ച എന്നും; ആവക അടിയന്തരങ്ങൾ മററ ചിലര നെല്ലും പണവും വാങ്ങി നടത്തിവരുന്നുണ്ടെങ്കിൽ ആയവ ഏത, ആര എന്നും; വഴിവാട്ടുകാൎക്ക ക്ഷെത്രത്തിൽനിന്നും എതാനും കൊടുത്തുവരുന്നുണ്ടെങ്കിൽ ഇന്നതെന്നും വിവരംതിരിച്ച വരിയൊല വരണം.

"ടിപ്പുസുൽത്താൻെറ പാളയം വന്നുപൊയതിൽപിന്നെ മതിലകത്തുനിന്ന കണ്ടുകിട്ടിയ വക പണ്ടാരവക കണക്കിൽ എഴുതിയിരിക്കുന്നതു നീക്കി ദെവസ്വത്തിൽനിന്ന പാത്രങ്ങൾ, ഭരണികൾ, നവധാന്യങ്ങൾ, ഇരിമ്പ, മരം, അല്ലാതെ ഉള്ള കൊപ്പുകൾ, ഇവയെല്ലാം എടുത്തിരിക്കുന്നതിൽ ഇന്നിണ്ണത ഉണ്ടായിരുന്നു എന്നും, ഇന്നിന്നത ഇന്നിന്നവൎക്ക ചിലവായി എന്നും, നീക്കി ഇന്നത ഇരിപ്പുണ്ട എന്നും, വിവരമായിട്ട വരിഓല എഴുതിച്ച കൊണ്ടുവരണം.

"ടിപ്പുസുൽത്താൻെറ പാളയം പൊയതിനുമെൽ, 66-ാമാണ്ട കന്നിമാസംമുതൽ കൎക്കടകമാസംവരയ്ക്ക ഇന്നിന്ന വകയിൽ ഇത്ര ഇത്ര നെല്ലും

പണവും മുതൽ വന്നിട്ടുണ്ട എന്നും; വഴിവാടായിട്ട വന്നിട്ടുണ്ടങ്കിൽ ഇന്നിന്നത വന്നിട്ടുണ്ട എന്നും; ഇന്നിന്നവരുടെ വകയാണെന്നും; നെല്ലും പണവും കടം മെടിച്ചിട്ടുണ്ട എങ്കിൽ ഇന്നിന്നവരൊടു ഇത്ര ഇത്ര വീതം മെടിച്ചിട്ടുണ്ട എന്നും; അതിൽ ഇത്ര ഇത്ര ഇന്നിന്നവകക്ക ചിലവായിട്ടുണ്ട എന്നും; ദെവസ്വത്തിൽനിന്നും കടംവാസ്സ കൊടുത്തിട്ടുണ്ടെങ്കിൽ ഇന്നിന്നവൎക്ക ഇത്ര ഇത്ര കൊടുത്തിട്ടുണ്ട എന്നും; നീക്കി ഇത്ര ഇരിപ്പുണ്ടെന്നും; വിവരമായിട്ട എഴുതിവരണം.

"എല്ലാം 15-ാംനു- രണ്ടരനാഴിക പകലെ എഴുതി തീൎത്ത വരണം. 16-ാംനു- ആയിപൊയാൽ പാട്ടാളിയും കണക്ക എഴുതുന്ന ആളും നാള ഒന്നുക്ക അയ്യഞ്ചുരുപാ 'രൊശാ' കൊടുക്കണ്ടിയുംവരും. 24-ാംനു- അപ്പുറം ആയാൽ അപമാനംവരും. അങ്ങനെ വരുത്തിക്കൊള്ളാതെ എഴുതിയിരിക്കുന്നപ്രകാരം ഉള്ള കണക്കുകൾ ഒക്കെയും തീൎത്തകൊണ്ടു വരികയും വെണം."

ഈ കല്പനയിൽനിന്നു് അതുവരെ ദേവസ്വം ഭരണകാൎയ്യത്തിലും മുതലെടുപ്പു ചിലവു വിഷയത്തിലും മററും കൊച്ചിരാജാവിനു നേരിട്ടു് ഒരു പങ്കും ഉണ്ടായിരുന്നില്ലെന്നു് അനുമാനിക്കാവുന്നതാണു്. ചാഴൂർത്താവഴി തമ്പാക്കന്മാരാണു "തൃശ്ശിവപേരൂർ ആദിയായിട്ടുള്ള ക്ഷേത്രങ്ങളിലെ സ്ഥാനങ്ങളും കാവൽചങ്ങാതങ്ങളും" സാമൂതിരിയുടെ ചൊല്പടിക്കു നടത്തിച്ചുവന്നിരുന്നതെന്നും, 'തൃപ്പാപ്പി'സ്വരൂപത്തിലെ (തിരുവിതാംകൂർ) ഒത്താശയോടുകൂടി സാമൂതിരിയെ തോല്പിച്ചോടിക്കയും ചാഴൂർശാഖയുടെ ശക്തി നശിപ്പിക്കയും ചെയ്യതിനുശേഷമാണു കൊച്ചിരാജവംശത്തിലേയ്ക്കു തൃശ്ശിവപേരൂർ ക്ഷേത്രത്തിലേയുംമററും മേല്ക്കോയ്മാധികാരം സിദ്ധിച്ചതെന്നും തെളിയിക്കുന്ന രേഖകൾ കണ്ടുകിട്ടിട്ടുണ്ടു്. ചാഴൂരമൂപ്പിന്നു് എഴുന്നള്ളി പാൎത്തിരുന്ന കോവിലകമാണു തൃശ്ശിവപേരൂരിലെ 'എരട്ടച്ചിറക്കോവിലകം.' ആ കാലത്തു് അതിന്റെ വടക്കു മാറിയും, ഒരുസമയം ഇന്നത്തെ വടക്കേച്ചിറയ്ക്കു തുടച്ചയായി വടക്കുപടിഞ്ഞാട്ടും തെക്കുകിഴക്കോട്ടും നീണ്ടുകിടന്നിരിക്കാവുന്ന വലിയ ചിറയുടെ വടക്കേകരയിൽ ആയിട്ടും, സ്ഥിതിചെയ്തിരുന്ന ഇന്നത്തെ തൃശ്ശൂർ കോവിലകം അന്നു 'വടക്കേക്കരെകോവിലകം' ആയിരുന്നു. ആ കോവിലകത്താണു സാമൂതിരിപ്പാട്ടു് എഴുന്നള്ളി ഇരുന്നു തിരുനാൾ ആഘോഷിച്ചു 'സമ്മാനവരിയോല' വായിപ്പിച്ചതായി പറയപ്പെട്ടുന്നതു്.

കൊല്ലവഷം 943-ലാണ ചാഴൂരമൂപ്പീന്നു തൃശ്ശിവപേരൂർ വിട്ടകയും ക്ഷേത്രാധികാരങ്ങളും മററും ഒഴികയും ചെയ്യുതായി കാണുന്നതു്. അതിനുണ്ടായ വരിയോലയാണ താഴെ ചേർത്തിരിക്കുന്നതു്:—

"ഉണ്ണിയ്ക്കു എന്നാൽ (ചാഴൂർ മൂപ്പീന്നിനേക്കാൾ വയസ്സുകൊണ്ടു താഴെയായിരുന്നു കൊച്ചിരാജാവു്. രണ്ടാളും ഒരേ കടുംബക്കാരും. അതുകൊണ്ടാണ 'ഉണ്ണിക്കു്' എന്നു് എഴുതിയിരിക്കുന്നതു.) കൊമ്പത്താൽ വടക്ക പൂക്കൈയിതക്ക തെക്ക ഇതിന്നകത്ത തൃശ്ശിവപെരൂര ആതിയായിട്ടുള്ള ക്ഷെത്രങ്ങളിലെ സ്ഥാനങ്ങളും ഇതിന്നു അകത്തു ള്ള കാവൽചങ്ങാതങ്ങളും മററുള്ള അനുഭവങ്ങൾ ഒക്കയും, തൃപ്പാപ്പിസ്വരൂപത്തിലെയും ബഹുമാനപ്പെട്ട ലന്തക്കുമ്പഞ്ഞിയുടെയും മുഖെനപിന്നെ ഒരുത്തരാലും ഒരു ചൊദ്യംകൂടാത്തവണ്ണം നാം ഉണ്ണിയ്ക്കു ഒഴിഞ്ഞു തരികയുംചെയ്തു. എന്നതുകൊണ്ടു കിഴനാളത്തെപൊലെ ഇത ഒക്കയും നടത്തിച്ചുകൊൾകയും വെണം. എന്നാൽ ഇത കൊല്ലം 943-ാമത മീനമാസം 7-ാം൹ കല്പിച്ചു മെയ്ക്കു പവൃത്തിൽ അമ്പാടി കയ്യെഴുത്ത."

'യോഗാതിരിപ്പാടു്' എന്ന അധ്യായത്തിൽ വടക്കുന്നാഥൻക്ഷേത്രകാര്യത്തിൽ പെരുമ്പടപ്പിൽമൂപ്പിലേയ്ക്കും, കൊച്ചിവലിയതമ്പുരാനും— ആ രണ്ടു സ്ഥാനങ്ങളും വേറെവേറെ ആയിരുന്ന കാലത്തു്— ഉണ്ടായിരുന്ന അവകാശാധികാരങ്ങളെക്കുറിച്ചു സമഷ്ടിയായിട്ടെങ്കിലും വിവരിച്ചിട്ടുള്ളതാകുന്നു. 'മൂപ്പസ്ഥാനം' നിൎത്തലാക്കപ്പെട്ടതോടുകൂടി എല്ലാ അധികാരങ്ങളും രാജാവിങ്കലേയ്ക്കുതന്നെ സംക്രമിച്ചു. ആ ക്ഷേത്രകാൎയ്യത്തിൽ അവിടുന്നു് എത്ര വളരെ ജാഗരൂകനായിരുന്നു എന്നു കാണിക്കുന്ന പല ഐതിഹ്യങ്ങളുമുണ്ടു്. തേക്കുംകാടു മൈതാനം കാടുവെട്ടി നന്നാക്കിയതു് അവിടുത്തെക്കാലത്താണു്. അതിനുതുടൎച്ചയായി അവിടെ പിന്നെ ഒരു പറയത്തക്ക പരിഷ്കാരം ഉണ്ടായതു് ഇപ്പോഴാണു്. തൃശ്ശൂരിന്റെ ഹൃദയമോ, ശ്വാസകോശമൊ ആയ തേക്കിൻകാടിന്റെ മാഹാത്മ്യത്തെ ആ മഹാൻ വേണ്ടവിധം മനസ്സിലാക്കീട്ടുണ്ടായിരുന്നു. "തൃശ്ശൂർപൂരം" തുടങ്ങിച്ചതുംശക്തൻതമ്പുരാനാണെന്നു് ഐതിഹ്യമുണ്ടു്. എന്നാൽ അതിനെ സൂചിപ്പിക്കുന്ന രേഖകൾ ഒന്നും കണ്ടിട്ടില്ലാത്തതുകൊണ്ടു് അങ്ങനെയും ഐതിഹ്യമുണ്ടെന്നു പറയുകമാത്രമേ ചെയ്യുന്നുള്ളൂ. പൂരത്തിന്റെ തലേന്നാൾ വടക്കേക്കരക്കോവിലകത്തേയ്ക്കു് എല്ലാ പൂരക്കാരുടേയും പാപ്പറപ്പാടുള്ളതു കാണുമ്പോൾ— അതാണു കോവിലകത്തുപൂരം— ഐതിഹ്യം അടിസ്ഥാനരഹിതമല്ലെന്നു വേണം വിചാരിക്കുവാൻ.

വടക്കുന്നാഥൻക്ഷേത്രത്തിൽ നടത്തേണ്ടതായ പണികളെ സംബന്ധിച്ച് അവിടുന്നു നല്കിയതായ ഒരു ഹുക്കുനാമം താഴെ ചേക്കുന്നു.

"വടക്കുന്നാഥന്റെ ക്ഷെത്രത്തിൽ നിദാനമായിട്ടു മുന്നൂററിഅറുപത്തഞ്ചു ദിവസം പണിയിപ്പിക്കെണ്ടും പ്രകാരത്തിന്നു എഴുതിയ കടദാസ.

"ഒരു ആന വലിക്കുത്തക്കവണ്ണം 2 വണ്ടി; 8 പൊത്തു, അതിന കല്ലു വലിക്കുത്തക്കവണ്ണം 3 വണ്ടി; ദെവസ്വംവക അടിയാരിൽ നായര മാരാൻ കടുപ്പട്ടൻ ചെകവൻ ഈ വകയിൽ 12 പെര കൂലിക്കാർ; ഇവക്ക 8 തുമ്പ 2 കൊടാലി 2 വാക്കത്തി; ഈ കൂലിക്കാൎക്ക ദിവസം 1ക്ക 2½ എടങ്ങഴി നെല്ലുവീതം കൊടുക്കണം. എല്ലാചെരികലങ്ങളിൽനിന്നും ഓരൊ കൊട്ടയും ഓരൊ തുമ്പയും ആയിട്ടു ഓരൊ ആള ദിവസവും വന്നു പണിയണം. ആനക്കാരന ദിവസം 5 ഇ നെല്ലു വീതം കൊടുക്കണം. 6 മരാശാരിയും 4 കല്ലാശാരിയും ദിവസവും അമ്പലത്തിൽ അററകുററം നൊക്കി പണിയണം. അവൎക്ക ദിവസവും പെര 1ക്ക 5ഇ നെല്ലു വീതം കൊടുക്കണം. ഒരു കൊല്ലൻ എന്നും പണിയണം. ഒരുതുലാം കട്ടഇരുമ്പുകൊണ്ടു പണുതാൽ 2 പണം. പഴയതും ഒരു തുലാം വാളം ഇരിമ്പുകൊണ്ടു പണുതാൽ 16 പുത്തനും കൂലി കൊടുക്കണം. മരാശാരിക്കും കല്ലാശാരിക്കും നെല്ലു കൊടുക്കുന്നത രാവിലെ 2 ഇ നെല്ലും വയ്യുന്നേരം 3 ഇ നെല്ലും വീതം കൊടുക്കണം. ഓടത്ത നായന്മാര രണ്ടാള ദിവസവും അമ്പലത്തിന്ന ഓട കെട്ടുപാടു ഉള്ളതു നൊക്കി ചൊച്ച് മാററണം. അവൎക്ക ദെവസ്വത്തിൽ നിന്നും മുമ്പിനാലെ ജീവിതം വച്ചുകൊടുത്തുവരുന്നുണ്ടെങ്കിൽ അപ്രകാരം ആയികൊള്ളണം. കൊടുത്തുവരാറില്ലെങ്കിൽ പെര 1ക്ക 5 ഇ നെല്ലുവീതം കൊടുക്കണം. ഈ പണിക്കു എഴുതി ഇരിക്കുന്ന ആളുകൾ ഒക്കയും രാവിലെ പണിക്കു ഊണു കഴിച്ചുവരണം. പിന്നെ വയ്യുന്നെരം വെലകയറി പൊയിട്ടു ഉമ്മാൻ പൊയ്ക്കൊള്ളണം. ഇതിനിടയിൽ ഒരുത്തരും പൊകരുത. അന്നന്നു പണിയുന്ന ആളെ അവിടെ എഴുതുന്ന ആള നൊക്കി ചാത്തണം. അതിൽ കുറവ ഉണ്ടെങ്കിൽ ഇന്നെന്ന വകയിൽ ഇത്ര ഇത്ര ആള കുറവ ഉണ്ടെന്നും ഇത്ര ആള ഇന്നെന്നത പണുതുവെന്നും, അവൎക്ക കൂലി ഇന്നെന്നത കൊടുത്തുവെന്നും ദിവസവും വരിയൊല എഴുതി മാക്കമെനൊൻ കാൎയ്യക്കാരുടെ പററിൽ കൊണ്ടുവന്നു കൊടുക്കണം. ഇന്നെന്ന വണ്ടി ഇന്നെന്നപ്രകാരം പണിയണമെന്നു മാക്കമെനൊൻ കാൎയ്യക്കാര പറഞ്ഞാൽ അതുംവണ്ണം പണിനടത്തിക്കണം. ദെവസ്വം കാൎയ്യം വെറെ, പ്രവൃത്തി

യിലെ കാര്യം വെറെ, കാര്യക്കാര വിചാരിക്കുന്ന കാര്യം വെറെ, ഇങ്ങനെ ഓരൊന്നു വിചാരിച്ച ദെവസ്വംകാര്യം വലുതെന്നും ഇവര പറഞ്ഞാൽ കെൾക്കണ്ട എന്നും ശ്രദ്ധതകൊണ്ടു വിചാരിച്ചു നടന്നാൽ കാര്യക്കാരും പ്രവൃത്തിയാരും പിടിച്ചുകൊണ്ടവന്നു തല്ലുകയും ചെയ്യും. ആയ്യവരാതെ കാര്യക്കാരൊ പ്രവൃത്തിയാരൊ ഒരു കാര്യം ഒരു മാസപ്പടിക്കാരനൊടു പറഞ്ഞയച്ചാലും ആ കാര്യം അതിൻവണ്ണം നടത്തി ആ വൎത്തമാനം അവരൊടു ചെന്നു പറയണം. ഇത ഇത്രയും ഇന്നുതന്നെ തുടങ്ങിയ്ക്കണം. മെൽ ഉള്ളതിന്ന പിന്നാലെ എഴുതിവരികയും ചെയ്യും".

"മേലാൽ ഉള്ളതിനു പിന്നാലെ എഴുതി" ചെന്നിട്ടുണ്ടായിരിക്കും. എന്നാൽ ആവക കടലാസ്സുകൾ ഒന്നും കണ്ടുകിട്ടീട്ടില്ല. ഇന്നു വടക്കുന്നാഥൻദേവസ്വം കൊച്ചിസ്സൎക്കാർ വകയിൽ എത്രകൊണ്ടും ഏററവും പ്രധാനപ്പെട്ട ഒരു ദേവസ്വമാണെന്നു പറയേണ്ടതില്ലല്ലോ. അതിനെ അപ്രകാരമാക്കിയതു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടാണെന്നു ധാരാളം അഭിമാനിക്കാവുന്നതാണ്.

൨

അശോകേശ്വരം

തൃശ്ശിവപേരൂർ പഴയകോവിലകത്തിനും വടക്കേച്ചിറയ്ക്കും ഇടയിൽ സ്ഥിതിചെയ്യുന്നതായ 'അശോകേശ്വരം ശിവക്ഷേത്രം' തൃശ്ശൂരിലെ 'മൂന്നു ശിവന്മാരിൽ' ഒരു ശിവന്റെ ക്ഷേത്രമാകുന്നു. ആ അമ്പലത്തിൽ നടക്കേണ്ടുന്ന സംഗതികൾക്കു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചു നിശ്ചയിച്ചിട്ടുള്ള ചട്ടവട്ടങ്ങളിൽനിന്നു് ആ ക്ഷേത്രത്തിന്റെ പ്രാധാന്യവും, ക്ഷേത്രകാര്യങ്ങളിൽ ആ തിരുമേനി പ്രദർശിപ്പിച്ചിരുന്ന അതിശ്രദ്ധയും അശ്രമം ഗ്രഹിക്കാവുന്നതാണ്. പണ്ടാരവകയായുള്ള മിക്ക ക്ഷേത്രങ്ങളുടെ ഭരണകാര്യത്തിലും ഇപ്രകാരംതന്നെ അവിടുന്നു ബദ്ധശ്രദ്ധനായിരുന്നു എന്നു കാണുന്നുണ്ടെങ്കിലും നിർഭാഗ്യവശാൽ മറെറാരു ക്ഷേത്രത്തിനേയും സ്പർശിക്കുന്ന ഹുക്കുനാമം എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. ഒരു സാമാന്യജ്ഞാനത്തിനു സഹായിക്കുന്നതും രസാവഹങ്ങളും നിശിതങ്ങളുമായ പലപല അച്ചടക്കനടപടിക്രമങ്ങളെ വിവരിക്കുന്നതുമായ ഈ ഹുക്കുനാമം അപ്രകാരംതന്നെ താഴെ കൊടുത്തിരിക്കുന്നു. ഒന്നിൽനിന്നു് എല്ലാററിനേയും കണ്ടുകൊള്ളുക



വടക്കുന്നാഥൻക്ഷേത്രം

തൃശ്ശിവപേരൂർ അശോകേശ്വരം ക്ഷേത്രം

എന്ന നിലയ്ക്കു് അതിനെ സ്വീകരിക്കുന്നതായാൽ ശക്തൻതമ്പുരാന്റെ കാലത്തെ ദേവസ്വംഭരണം ഏറെക്കുറെ സ്പഷ്ടമാകുന്നതാണ്.

"അശൊകെശ്വരത്ത അമ്പലത്തുകൽ കാവലാക്കി നിദാനം വരുത്തെണ്ടുംപ്രകാരത്തിന്ന 972-ാമാണ്ടു കർക്കടകമാസം 2-ാംനു എഴുതി കൊടുത്ത ഹുക്കുനാമാ.

"അഞ്ചു ശിപ്പായി ഒരു 'കുറുപ്രാള' ഇവര ദിവസവും (പൊടിവ) നാഴിക വെളുപ്പാനുള്ളപ്പൊൾ എണീററ പല്ലുതെച്ചു കുളിച്ചു രണ്ടു മുണ്ടു ഉടുത്ത ഭസ്മം തൊട്ടു വന്ന തെവരുടെ മുദ്രവടി എടുത്ത കാവൽ കാക്കണം. അവിടത്തെ തവണക്കാര തെവരുടെ കൊത്തളത്തിൽതന്നെ പാക്കണം. അസ്തമിച്ചു എട്ടുമണി കഴിഞ്ഞാൽ വെളിച്ചം ആകുന്നതിന്ന അകത്ത നാലുപ്രാവശ്യം അമ്പലത്തിന്ന അകത്ത 'പത്രൊലിയും നടന്ന' ശൊധന ചെയ്യണം.

"അമ്പലത്തിന്ന അകത്ത വെച്ചു ആരാനും വെററിലതിന്നുക എങ്കിലും കിടന്ന ഉറങ്ങുക എങ്കിലും മതില്ക്കകത്ത തുപ്പുക എങ്കിലും ഉണ്ടായാൽ കാവല്ക്കാരനു തൊണ്ണൂറ അടിയും, കുറുപ്രാളക്ക ഒരുനൂററി ഇരുപത അടിയും, അടിച്ചുകൊള്ളണം.

"അമ്പലത്തിന്നകത്ത ആരും കൊണകം തൊര ഇടുക വഹിയാ. കൊണകം ആരാനും തൊര ഇട്ടുകണ്ടാൽ ആയത എടുത്ത ചുട്ടു കരിച്ചു ശക്കരയുംകൂട്ടി കുറുപ്രാളെ തീററിക്കൊള്ളണം.

"എണ്ണ, വെളിച്ചെണ്ണ, ശക്കര, പഞ്ചാര, കൊപ്പുകൾ ഒക്കയും എടുത്തു കൊടുക്കണ്ടതിനും സൂക്ഷിക്കണ്ടതിനും തെവരചന്ത്രക്കാരൻ ആയിട്ട വലിയകപ്പിത്താന ബൊധിച്ചതിൽ ഒരുത്തനെ ആക്കിക്കൊള്ളണം. അവൻ 'നെമതമ്പൊറ' കൊട്ടുമ്പൊൾ പല്ലുതെച്ചു കുളിച്ചു വന്ന പാത്തുകൊണ്ടു എമ്പ്രാന്റെ പററിൽ എടുത്തു കൊടുക്കണ്ടത എമ്പ്രാന്റെ പററിലും കഴകക്കാരന്റെ പററിൽ എടുത്തു കൊടുക്കണ്ടത കഴകക്കാരന്റെ പററിലും ചട്ട വരിയൊലപ്രകാരം എടുത്തുകൊടുക്കത്തക്കവണ്ണവും നിദാനം വരുത്തണം.

"ഒന്നക്കലരിയും മലരും വെണ്ടത കഴകക്കാരൻതന്നെ ഉണ്ടാക്കി കൊണ്ടുവന്ന തെവരചന്ത്രക്കാരനെ ബൊധിപ്പിച്ച്, നിലകാതിൽ അളന്ന ഇട്ടു കൊടുക്കത്തക്കവണ്ണം നിദാനം വരുത്തണം.

"പായസത്തിന്ന, വിളക്കിന്ന, ശംഖാഭിഷെകത്തിന, മാലയ്ക്ക, ഈ നാലുകൂട്ടത്തിനും വഴിവാടായിട്ട പണംവന്നാൽ ആയത തെവര ചന്ത്രക്കാരൻ മെടിച്ചുകൊണ്ടു വന്ന കണക്കെഴുതുന്നവനെക്കൊണ്ടു കണക്ക

എഴുതിപ്പിച്ച അപ്രകാരം വട്ടംകൂട്ടി വഴിവാട കഴിപ്പിക്കണം. മാലക്കായി കൊണ്ടു വന്ന പണം കഴകക്കാരന്റെ പററിൽ തന്നെ കൊടുപ്പിച്ച കഴകക്കാരനെക്കൊണ്ട മാലകെട്ടിച്ച വരുത്തിച്ചാർത്തിച്ച കൊള്ളണം. വഴിവാട ഇന്നിന്നപ്രകാരം കഴിക്കണമെന്ന ഹുക്കുനാമ തരികയും ചെയ്യും.

"വെററില മുറുക്കി ആരാനും മതില്ക്കകത്ത തുപ്പിയാൽ ആരതന്നെ എങ്കിലും, അത അവനെക്കൊണ്ട വാരിച്ച ആ ആളുടെ മുഖം പിടിച്ച അവിടെവെച്ച ഉരച്ചുകൊള്ളണം. അത കുറെ പൊരായ്മ എന്നുള്ളവരുണ്ടെങ്കിൽ അയാളൊട ഇരുപത്തിഎട്ടരപുത്തൻ വീതം മെടിച്ച വഴിവാടായിട്ട മുതൽക്കൂട്ടിക്കൊള്ളണം. പണംതരുവാൻ വഹ ഇല്ലങ്കിൽ പിടിച്ചുകൊണ്ടുവന്ന അഞ്ചുദിവസത്തെ കൊട്ടവെല എടുപ്പിച്ചുകൊള്ളണം. ഒരു കാവല്ക്കാരൻ അയാളെ കൊണ്ടുചെന്ന 'എരട്ടച്ചിറ ഊട്ടുപുരയിൽ' ചൊറും കൊടുപ്പിക്കണം. ബ്രാഹ്മണരാകുന്നു എങ്കിൽ പണം മെടിക്കുന്നത അല്ലാതെ ശരീരത്തിൽ തൊട്ട ഒരു വസ്തുവും ചെയ്യുപൊകയും അരുത. പണം തരാതെ ശാഠ്യംപിടിച്ചാൽ ആ ആളെ തെവരുടെ കൊത്തളത്തിൽപിടിച്ചുവെച്ചുകൊള്ളണം. കുളിപ്പിച്ച, ഊക്കിച്ച, എരട്ടച്ചിറയിൽ കൊണ്ടുവന്ന ഊട്ടിൽ ഒാരൊ നെരം ചൊറും കൊടുപ്പിക്കണം. എടയിൽ ഒാടിപൊകാതെ സൂക്ഷിക്കയുംവെണം. പണം തന്നു കഴിഞ്ഞാൽ പിന്നെ വിട്ടുകൊള്ളുകയും ആം.

"കരിമ്പടം, പായ, തലെണ, ഇതൊന്നും ഒരാളും അമ്പലത്തിൽ കൊണ്ടുചെന്ന ഇട്ട കിടന്ന ഉറങ്ങുക വഹിയാ. ആവക അമ്പലത്തിന്നകത്ത കണ്ടാൽ ഒക്കയും എടുത്ത ലെലത്തിൽ ഇടുവിച്ച ആ പണം വഴിവാടായിട്ട മുതൽക്കൂട്ടികൊള്ളണം.

"വെററിലസ്സഞ്ചി, കൊട, വടി, പിച്ചാംകത്തി ആദിയായിട്ടുള്ള സാധനങ്ങൾ ഒന്നും മതില്ക്കകത്ത കടത്തിപൊകരുത. തമ്പുരാക്കന്മാര എഴുന്നള്ളുമ്പൊൾ മാത്രം കൊട ചിററിന്നകത്ത കൊണ്ടുവരാം. ശാന്തിക്കാരൻ കൊട അമ്പലത്തിന്നകത്ത കൊണ്ടുവന്നു വെക്കുന്നതിന്നും, പുറത്തക്കകൊണ്ട പൊകുന്നതിന്നും, തടവ ഉണ്ടായി പൊകയും അരുത.

"വിഷുക്കണി കാണാൻ വരുന്നവരും ശാന്തിക്കാരനും ആ ദിവസം അമ്പലത്തിൽ കിടന്ന ഉറങ്ങുന്നതിന്നു തടവുണ്ടാകരുത. ശാന്തിക്കാരനും തന്ത്രിനമ്പൂരിയും വാശ്ശ അടിയന്തിരവും ആയിട്ട നാലു ദിവസം അമ്പലത്തിൽ കിടക്കണ്ടിവന്നു എങ്കിൽ അതിന്നും തടവുണ്ടാകരുത.

"കുളിച്ച തെവരിയ്ക്കാൻ വരുന്ന ബ്രഹ്മണരെയും തൊഴുവാൻ വരുന്ന ആളുകളെയും ഒരു തടവ ഉണ്ടായിപ്പൊകയും, അവരൊട വഷളായിട്ട

ന്നു പറഞ്ഞ എന്നും മററം വന്നുപൊകയും അരുത. ഇതിന്നപ്പുറമു ള്ളതിന്ന ഹുക്കുനാമം എഴുതിവരികയുംചെയ്യും (ശുഭമസ്തു).

ശക്തൻതമ്പുരാൻെറകാലത്തു്, അനവധി അമ്പലങ്ങൾ ഓരോ സംഗതിവശാലും കാരണത്താലും "പണ്ടാരവകയിൽ" ചേൎത്തിട്ടുള്ളതായി മററു് അദ്ധ്യായങ്ങളിൽ ചേൎത്തിരിക്കുന്ന വിവരങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതാണു്. എല്ലാ ക്ഷേത്രങ്ങളുടെ ഭരണകാൎയ്യത്തിലും അവിടുന്നു പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നതു നിരാക്ഷേപമാണു്. ശതക്കണക്കിനു് അവിടുന്നു് ഓരോ ക്ഷേത്രങ്ങളിലേയ്ക്കു വഴിപാടുകളും നിശ്ചയിച്ചിരുന്നു. അവിടുത്തെ വിപുലമായ സഞ്ചാരപരിപാടിയിൽ ക്ഷേത്രസന്ദൎശനം അനിവാൎയ്യമായ ഒരു എണ്ണവും ആയിരുന്നു. ഓരോ ക്ഷേത്രത്തിൻെറയും, ഭരണത്തെ വ്യവസ്ഥപ്പെടുത്തിയും, അധികാരികളെ നിശ്ചയിച്ചും തീട്ടുരങ്ങൾ കല്പിച്ചിട്ടുണ്ടായിരിക്കണം. ഇന്നത്തെ ദേവസ്വം ഡിപ്പാൎട്ടുമെണ്ടിൻെറ അടിസ്ഥാനവും ആരംഭവും അന്നുമുതല്ക്കാണെന്നു ന്യായമായി വിചാരിക്കാവുന്നതാണു്.

൩

തൃശ്ശിവപേരൂർ ഊട്ടുപുര

"വടക്കുന്നാഥൻ തുണ. തൃശ്ശിവപെരൂര വെളമ്പൻ 969-ാമാണ്ടു ചിങ്ങമാസം 1-ാംനു- മുതല്ക്കു നടക്കെണ്ടുംപ്രകാരത്തിന്നു തൃപ്പൂണിത്തുറ തെക്കെ കൊവിലകത്ത എഴുന്നള്ളി ഇരുന്നരുളുന്നെടത്ത തിരുമുമ്പാകെ വെച്ച എഴുതിയ ഹുക്കുനാമാ.

"തൃശ്ശിവപെരൂര ഊട്ടിന്ന ഒരുദിവസം മൊർകാളനും, പിറെറദിവസം പുളിങ്കറിയും, പിറെറദിവസം എരിശ്ശെരിയും,പിറെറദിവസം നല്ലവണ്ണം ഒരു കൂട്ടുകറിയും, ഒരു മുളകുവെള്ളവും ഇതുംവണ്ണം നന്നാല്ദിവസം കൂടുമ്പൊൾ മാറിമാറി വെച്ചുകൊള്ളണം. അതതു കൂട്ടാന വറക്കെണ്ടും സാധനങ്ങൾ കരിഞ്ഞുപൊകാതെ നല്ലവണ്ണം വറുത്തു കൂട്ടിക്കൊള്ളണം. ചുക്കുവെള്ളത്തിന്ന മുതിരപരിപ്പും ചീരകവും ചുക്കും ഇട്ടു നല്ലവണ്ണം തിളപ്പിച്ചു ഉണ്ടാക്കിക്കൊള്ളണം. നല്ല വാഴയ്ക്കകൊണ്ടു ഒരുകൂട്ടം വറുത്ത ഉപ്പെരിയും, അച്ചിങ്ങ ഉള്ളകാലങ്ങളിൽ അച്ചിങ്ങയും വാഴക്കയും, ഇല്ലാത്തകാലങ്ങളിൽ വഴുതിനങ്ങയും വാഴക്കയും, വഴുതിനങ്ങ ഇല്ലാത്തകാലങ്ങളിൽ ചക്കക്കുരുവും വാഴക്കയും, കൊണ്ടു

ഇപ്രകാരം ഒരുകൂട്ടം മെഴുക്കുപിരട്ടിയും ഉപ്പേരിയുംഉണ്ടാക്കി ദിവസവും മുടങ്ങാതെ വിളമ്പണം. വടുകപ്പുളിനാരങ്ങാകൊണ്ടു ഒരു കൂട്ടം നാരങ്ങാക്കറിയുണ്ടാക്കി ആയതും മുടങ്ങാതെ വിളമ്പണം. ചങ്ങലംപരണ്ടയും പുളിയും പച്ചമുളകും കൊണ്ട ഒരുകൂട്ടം ചമ്മന്തിയും ഉണ്ടാക്കി വെളമ്പണം. ചെറുനാരങ്ങ എങ്കിലും ഉപ്പിലിട്ട ഇഞ്ചി എങ്കിലും നെല്ലിക്ക എങ്കിലും കണ്ണിമാങ്ങ എങ്കിലും, വെളമ്പണം. ഇതിൽ ഏതാണ വളരെ ആ പ്രദെശത്ത ഉള്ളത എന്നുവെച്ചാൽ ആയത അതത കാലാകാലങ്ങളിൽ ആളയച്ച വരുത്തിച്ച ഉപ്പിൽ ഇടുവിച്ച ഒരുകൂട്ടം എങ്കിലും മൊടങ്ങാതെ വെളമ്പിച്ചുകൊള്ളണം.

ഊട്ടിന്ന നല്ല മൊര വെളമ്പണം. ആവകക്ക 25 പശുവും രണ്ട കടയ്ക്കാത്ത കാളയും കറവ ഉള്ളതിൽ അഞ്ച എരുമയും, തന്നിരിക്കകൊണ്ട പശുവിന്ന നല്ല പുല്ലും വയ്ക്കോലും വെള്ളവും കൊടുത്ത നല്ലവണ്ണം കറന്ന കാച്ചി നല്ല മൊരുണ്ടാക്കി വെളമ്പണം. ആ വകക്ക ആ മൊരുകൊണ്ടുതന്നെ പൊരാ എന്നുവരികിൽ വാശ്ശെടത്തും ആളെ അയച്ച നല്ല മൊരു വരുത്തി വെളമ്പണം. പശുക്കൾക്ക ഊട്ടിൽ വെയ്ക്കുന്ന കഞ്ഞി വാർത്ത ആയതും അരികഴുകുന്ന കാടിയും നെല്ലുകുത്തുന്ന തവിടും ഒരുപണത്തൊളമെങ്കിലും ഒരുവകക്കും കൊടുക്കാതെ വെളമ്പൻ ശൊധന ചെയ്തു എടുപ്പിച്ച പശുവിന്നും കാളക്കും എരുമക്കും കൊടുപ്പിച്ചുകൊള്ളണം. പശുക്കളെയും മററും നിറുത്തുന്നതിന്ന ഊട്ടുപുരയ്ക്കുന്ന ഇരുപതുകൊൽ ദൂരത്ത മൂന്ന മുറിയായിട്ട ഒരു തൊഴുത്ത ഉണ്ടാക്കണം. കള്ളന്മാരൊ വ്യാഘ്രങ്ങളൊ മറെറാ വന്ന പശുക്കളെയും കിടാങ്ങളെയും കൊണ്ടുപൊകാതെ അഴികൾ കെമത്തിൽ ഇടുവിച്ചുകൊള്ളണം. അതിന്റെ സമീപത്ത ഒരായിരം മീതെ കെട്ട വയ്ക്കോലകൊണ്ട രണ്ട തുറുവും ഇടുവിച്ചുകൊള്ളണം.

ഊട്ടിന്ന നെടിയരിയെല്ലൊ വെച്ചുവരുന്നത. അതുകൊണ്ട ഈയാണ്ടുമുതല്ക്ക പത്തിന്ന നാലുവീതം പഴയരി വെക്കണമെന്ന വച്ചിരിക്കകൊണ്ട നല്ല പഴയരിയായിട്ട കുത്തിച്ച വരുത്തിവെപ്പിച്ചുകൊള്ളണം. പഴയരിയുടെ വകക്ക മുന്നുമാസത്തക്ക വെണ്ടുന്ന നെല്ല വരുത്തി പുഴുങ്ങി ഒണക്കി പത്തായത്തിൽ ഇടിയിച്ചുകൊള്ളണം. അരി കടുങ്ങുമ്പൊൾ നെല്ല എടുത്ത നല്ല പഴയരിയായിട്ട വരുത്തി വെപ്പിച്ചുകൊള്ളണം. അഞ്ചു സദ്യനാൾ എരുപുളിയും, വട്ടിത്തരം പൊലെ ഉപ്പേരിയും, പായസവും, വെററിലടയ്ക്കയും, ചന്ദനവും ഇപ്രകാരം കഴിപ്പിച്ചുകൊള്ളണം.

ഇപ്രകാരം ഒരു ഏറക്കുറവുവരാതെ കഴിപ്പിക്കത്തക്കവണ്ണം വെച്ചിരിക്കകൊണ്ട ഒന്നിനും ഒരു വ്യത്യാസം വന്നുപൊകാതെ നടത്തിച്ചു കൊള്ളണം. വെളമ്പനും ഊട്ടുവെക്കുന്ന പട്ടന്മാൎക്കും ഇപ്പൊൾ വെച്ചിരിക്കുന്ന അരിയും ശമ്പളവും കൂടാതെ അഞ്ചുപുത്തൻ കൂടെ കൂട്ടിവെച്ചിരിക്കകൊണ്ട അപ്രകാരം പററിക്കൊള്ളണം. പശുക്കളെയും മററും മെപ്പാൻ ഒരു വാലിയക്കാരനെ ആക്കി അവന്ന ഒരുനെരം ഊട്ടിൽ കഞ്ഞിയും, ഒരുനെരം കൊച്ചിനാഴിക്ക നാഴി അരിയും എണ്ണപ്പണം വകക്ക മാസം ഒന്നുക്ക നാലു പുത്തൻ വീതവും കൊടുപ്പിച്ചു കൊള്ളണം......''

൪

എറണാകുളം ഊട്ടുപുര

"എറണാകുളത്തു ഊട്ടും കഞ്ഞിയും കഴിപ്പിക്കണ്ടുംപ്രകാരത്തിന്നു 970-ാമാണ്ടു ധനുമാസം 29-ാംനു- കല്പിച്ചെഴുതിയ ഹുക്കുനാമാ:—

"കഞ്ഞിക്ക നല്ല പഴയരിയായിട്ട കുത്തിച്ചു വരുത്തി ആ അരി ഊട്ടുപുരയിൽ വന്നാൽ അവിടെയും നന്നെ ശൊധനചെയ്തു, കഞ്ഞിക്ക ആയിക്കൊള്ളണം. അര എടങ്ങഴി ചെറുപയററംപരിപ്പും ചുക്കുംകൂടി ഇട്ട കഞ്ഞി കൊഴുത്തുപൊകാതെയും ശിഥിലമായിപൊകാതെയും, ശൊധനചെയ്തു കഞ്ഞിവെപ്പിക്കണം. ഒരു ദിവസം മുതിരകൊണ്ടു പുഴുക്കും, അതിന്റെ പിറെറദിവസം വെളുത്ത ചെമ്പും കുമ്പളങ്ങയും വാഴക്കയുംകൊണ്ടു ഒരു കാളനും, അതിന്റെ പിറെറദിവസം പയറും മത്തങ്ങയുംകൊണ്ടു ഒരു പുഴുക്കും അതിന്റെ പിറെറദിവസം ചക്കകൊണ്ടു അതിൽതെങ്ങയും ചെരുകിയിട്ട ഒരു പുഴുക്കും, അതിന്റെ പിറെറദിവസം ഇവര കൊണ്ടുവന്ന നല്ലവണ്ണം വെവിച്ചു ഒരു പുഴുക്കും, ഇപ്രകാരം അഞ്ചു ദിവസംകഴിഞ്ഞാൽ പിന്നെയും മുമ്പിൽ എഴുതിയിരിക്കുന്ന ക്രമംപൊലെ ആയിക്കൊള്ളണം.

"കഞ്ഞിക്ക നന്നാല തെങ്ങാപ്പൂളും നന്നാല പപ്പടവും, നെല്ലിക്കയും മാങ്ങയുംകൊണ്ടു രണ്ടുകൂട്ടം ഉപ്പിലിട്ടതും വാഴത്തണ്ടകൊണ്ടു തട എങ്കിലും പാള എങ്കിലും ആയികൊള്ളണം. ഇതിന്ന ഒന്നിനും ഒരു വ്യത്യാസം വന്നുപൊകയും അരുത.

"അഞ്ചുസദ്യയിൽ ആദ്യത്തെ സദ്യക്ക അതിശായിട്ട ഒരു എരുപുളിയും, വഴുതിനങ്ങകൊണ്ടും വാഴക്കകൊണ്ടും രണ്ടുകൂട്ടം ഉപ്പെരിയും, പായസവും, രണ്ടുകൂട്ടംഉപ്പിലിട്ടതും, മുമ്മൂന്നുവെററിലയും, ഓരോപൊളി

അടയ്ക്കയും, ചന്ദനവും, ഗന്ധാക്ഷതയും, ആ മാസത്തിൽതന്നെ രണ്ടാമതുവരുന്ന സദ്യക്ക എരുപുളിയും വാഴക്കയും ചേനയുംകൊണ്ട രണ്ടുകൂട്ടം ഉപ്പേരിയും പായസവും രണ്ടുകൂട്ടം ഉപ്പിലിട്ടതും, മൂന്നാമത വരുന്നതിന്ന വാഴക്കയും ചെമ്പും, ഉപ്പേരിയും, നാലാമത്തതിന്ന വാഴക്കകൊണ്ട ഒരുകൂട്ടം ഉപ്പേരിയും ചക്കച്ചുളകൊണ്ടെങ്കിലും, അച്ചിങ്ങകൊണ്ടെങ്കിലും ചുണ്ടങ്ങകൊണ്ടെങ്കിലും ഒരുകൂട്ടം ഉപ്പേരിയും, അഞ്ചാമത്തതിന്ന വാഴയ്ക്ക ഉപ്പേരിയും കുമ്പളങ്ങ കൊണ്ടാട്ടം വറത്തതും ഇപ്രകാരം പന്ത്രണ്ട മാസത്തിലും വരുന്ന അഞ്ചു സദ്യക്കും ഈ ഒരു മാസത്തക്ക എഴുതിയിരിക്കുന്ന ക്രമം അനുസരിച്ച മാറിമാറി കൊടുപ്പിച്ചുകൊള്ളണം. തിരുന്നാളതൊറും എരിശ്ശേരിയും ദ്വാദശിതൊറും ആത്തിഎലകൊണ്ടെങ്കിലും മുരിങ്ങഎലകൊണ്ടെങ്കിലും ഒരുകൂട്ടാനും വാവുന്നാൾതൊറും ഓലോലവും കൊടുപ്പിച്ചുകൊള്ളണം.

"നിദാനം ഊട്ടിന്ന ഒരു ദിവസം മൊർകാളൻ, ഒരുദിവസം എരിശ്ശേരി, പിറെറദിവസം പുളികറിയും പിറെറദിവസം എരിശ്ശേരിയും പിറെറദിവസം എരുപുളിയും പിന്നെ വീണ്ടും അതുപൊലെയും ആയിരിക്കണം.

"കൊളത്തെരിപടിക്കലുള്ള തണ്ണീർപ്പന്തലിൽ ഊട്ടിൽനിന്നുതന്നെ വിചാരിക്കത്തക്കവണ്ണം വെച്ചിരിക്കകൊണ്ടു ആയതിന്ന ദിവസവും മൂന്നുപറ മൊരു, കാൽ എടങ്ങഴി ഉപ്പും, രണ്ട പലം നാരകത്തിലയും, അരപ്പലം കരുവെപ്പിലയും കൂട്ടി സംഭാരം ഉണ്ടാക്കി നീരുമൊര കൊടുപ്പിക്കണം. അതിന്ന ദിവസവും നെല്ലിക്കയെങ്കിലും കണ്ണിമാങ്ങ എങ്കിലും അഞ്ഞൂറീതു കൊടുക്കണം. നെല്ലിക്കയും കണ്ണിമാങ്ങയും ഇല്ലെങ്കിൽ അഞ്ഞൂറ പച്ചമാങ്ങ കൊണ്ടുവന്നു നാലായിട്ട പൊളിച്ച അതിന്നുവെണ്ടുന്ന ഉപ്പും കപ്പൽമുളകും കൂട്ടി തിരുമ്മി കൊടുപ്പിച്ചുകൊള്ളണം.

"ആരുതന്നെ വന്ന വെള്ളംകൊടുക്കുന്നവനെ അധിക്ഷെപിച്ച പറഞ്ഞാലും അവനെ നല്ലവണ്ണം പറഞ്ഞ വെള്ളം കൊടുത്ത അയക്കുന്നതല്ലാതെ അവനൊടു എററമായിട്ട ഒന്നുംപറയാതവണ്ണം നിദാനംവരുത്തികൊള്ളണം. തണ്ണീർപ്പന്തൽ വെക്കുന്ന പട്ടര്ക്ക ഒരു നെരം ഊട്ടിൽ ഭക്ഷണവും ഒരു നെരം അരിയും മാസം ഒന്നുക്ക നാല്പത്തഞ്ചു പുത്തനും വീതം കൊടുപ്പിച്ചുകൊള്ളണം. തണ്ണീർപന്തല ഒരു ദിവസം നാലു പ്രാവശ്യം ചെന്നു വിചാരിക്കണം. അത ഒരുപ്രാവശ്യം വെളമ്പൻ ചെന്ന വിചാരിക്കണം; ഒരു പ്രാവശ്യം വിചാരിപ്പുകാരനും, ഒരു പ്രാവശ്യം കണക്കെഴുത്തുകാരനും, ഒരു പ്രാവശ്യം കലവറക്കാരനും വിചാരിച്ചുകൊള്ളണം.

"ഊട്ടുപുരയിൽ ഒരു ദിവസം വിചാരിപ്പുകാരനും കലവറക്കാരനും കൂടെ രാത്രിയിൽ തവണക്കു ഇരിക്കണം. പിറ്റെദിവസം വെളമ്പനും കണക്കെഴുത്തുകാരനും കൂടെ ഇരിക്കണം. ഊട്ടുവാലിക്കാരിൽ പപ്പാതിശ്ശ ആളായിട്ടു ദിവസവും മാറി മാറി രാത്രിയിൽ ഊട്ടുപുരയിൽ കിടക്കണം. ഊട്ടുപുരയിൽ ഉണ്ടാകുന്ന അരിനുറുങ്ങും തവിടും അരിക്കാടിയും കഞ്ഞിയും പുറമെ ഒരുത്തൎക്കും കൊടുക്കാതെ എടുത്തു സൂക്ഷിച്ചു പശുക്കൾക്കു കൊടുക്കണം. പുറമെ കൊടുത്താൽ വെളമ്പനാകുന്നു എങ്കിൽ ഒരിടങ്ങഴിക്കു ഒരു രൂപായും, വെയ്ക്കുന്ന പട്ടര എങ്കിൽ ഒരു മാസത്തെ ശമ്പളവും, കെട്ടിവെച്ചു കൊടുത്തുകൊള്ളുകയും വെണം. ശുഭമസ്തു. (തൃക്കയ്യു വിളയാട്ടം)."

വലിയ സംഗതികൾ എന്തെങ്കിലും ഉള്ളതുകൊണ്ടല്ലാ ഈ രണ്ടുഹുക്കുനാമങ്ങളും അങ്ങനെതന്നെ പകൎത്തിയിട്ടതു്. അനേകം ഊട്ടുപുരകൾ ശക്തൻതമ്പുരാനായിട്ടു തുടങ്ങിച്ചിട്ടുണ്ടായിരുന്നു. 'വീമ്പിൽ' ഊട്ടു തുടങ്ങിക്കുവാൻ യാത്രപുറപ്പെട്ടപ്പോഴാണത്രെ വലിയ ജോതിഷക്കാരനായ മച്ചാട്ടു് എളയതു് അഭിമുഖമായി വന്നതും, 'എന്തിനാണു പോകുന്നതു് എന്നു പറയാമോ' എന്നു കല്പിച്ചുചോദിച്ചതും, എളയതു നേരെ മറുപടി പറയാതെ 'കാലക്ഷേപണം' എഴുതിവെച്ചതും,അവസാനത്തിൽ രാജാവു് അത്ഭുതപരതന്ത്രനായതും മററും. പുറംനാട്ടുകളിൽനിന്നു കച്ചവടാൎത്ഥം കൊച്ചിക്കു വന്നുകൊണ്ടിരുന്ന ജവുളിക്കച്ചവടക്കാരായ പാണ്ടിക്കാരുടെയും മററും പ്രത്യേകസൗകൎയ്യത്തിനും, പ്രോത്സാഹനത്തിനും വേണ്ടിയായിരുന്നു പാകംപോലെ അതതിടങ്ങളിൽ, ഊട്ടുപുരകൾ ഏൎപ്പെടുത്തിയതു് എന്ന സംഗതി പ്രത്യേകം സ്മരണീയമാകുന്നു. അവയിൽ ഓരോന്നിനെക്കുറിച്ചും പ്രത്യേകം ഹുക്കുനാമങ്ങളുമുണ്ടായിരുന്നു. മാതൃകയ്ക്കായി പ്രധാനപ്പെട്ട രണ്ടെണ്ണം എടുത്തുകാണിച്ചിരിക്കുന്നതാണു്. ഒരു കാൎയ്യത്തിലും ഒന്നും ആൎക്കും യുക്തംപോലെ വിട്ടുകൊടുക്കാതെ, ഏററവും നിസ്സാരങ്ങളായ അരിക്കാടി, വാൎത്ത കഞ്ഞി മുതലായവയെ സംബന്ധിച്ചും കൂടി, എല്ലാററിനും, കൎക്കശങ്ങളായ വ്യവസ്ഥകൾ അവിടുന്നുതന്നെ ചെയ്തിരിക്കുന്നതു് അത്യന്തം അത്ഭുതാവഹമായിരിക്കുന്നു.

ഊട്ടുപുരവട്ടങ്ങൾ എഴുതീട്ടുള്ളതു വായിക്കുമ്പോൾ ഒരു നേരമെങ്കിലും അവിടെ ചെന്നു് ഒന്നു് ഊണുകഴിച്ചാൽ നന്നായിരുന്നു എന്നു തോന്നിപ്പോകുന്നു. നീരുമോരു കൊടുക്കുന്നതിൻെറ സ്വഭാവം വായി

കുമ്പോഠം 'വായിൽ വെള്ളം തെളിയുന്നു' എന്നുതന്നെ പറയാവുന്നതാണു്. വെള്ളം ദാഹിച്ചു വലഞ്ഞുവരുന്നവരോടു്, അവർ ശുണ്ഠികടിച്ചാലും, ആശ്വാസവാക്കുകഠം പറഞ്ഞു്, നല്ല സംഭാരവും നെല്ലിക്കയും കൊടുത്തു് ആശ്വസിപ്പിച്ചുകൊള്ളണമെന്നുള്ള കല്പനയിൽനിന്നു ദുഷ്ടനെന്ന ദുഷ്കീർത്തികൂടി സമ്പാദിച്ചിട്ടുള്ള ആ മഹാരാജാവിന്റെ ഹൃദയസരളതയും സാധുജനാനുകമ്പയും എത്ര ഹൃദയംഗമമായവിധത്തിൽ തെളിഞ്ഞുകാണുന്നു! രാവണനെ കൊന്ന രാമഹസ്തങ്ങഠം തന്നെയാണല്ലോ വിഭീഷണാഭിഷേകവും നിവ്വഹിച്ചതു്. ശക്തൻതമ്പുരാൻ രക്ഷയ്ക്കും ശിക്ഷയ്ക്കും ഒരുപോലെ ശക്തനായിരുന്നു.

XL

സോദയമഠം

തൃപ്പൂണിത്തുറയിൽ നാലുദിവസം തികച്ചു താമസിക്കുന്ന എത്രാഠംക്കും അവിടെ എമ്പ്രാന്തിരിമാക്കു്, കൊച്ചിരാജ്യത്തു മറ്റെങ്ങും കാണപ്പെടാത്തതായ, ഒരു പ്രാമുഖ്യമുള്ളതായി അനുഭവപ്പെടുന്നതാണു്. തൃപ്പൂണിത്തുറെക്ഷേത്രത്തിലെ മേശാന്തിയും കീഴ്ശാന്തിക്കാരും സകലരും എമ്പ്രാന്തിരിമാർ മാത്രമാകുന്നു. എമ്പ്രാന്മാർ കൊച്ചിരാജ്യത്തു പലസ്ഥലത്തുമുണ്ടെങ്കിലും, തൃപ്പൂണിത്തുറയ്ക്കു പുറത്തും പല ക്ഷേത്രങ്ങളിലും ശാന്തി നടത്തുന്നതു് എമ്പ്രാന്മാരാണെങ്കിലും, അതൊക്കെ ഒററതിരിഞ്ഞുള്ള സംഗതികളാകുന്നു. എന്നാൽ തൃപ്പൂണിത്തുറെ എമ്പ്രാന്തിരിമാക്കു് സമുദായസ്ഥാപനമായ മഠവും പൂജാദികളും 'ദേശീയ്യയോഗവും എല്ലാം ഉണ്ടു്. പരദേശബ്രാഹ്മണരുടെ സമൂഹമഠങ്ങളെപ്പോലെ എമ്പ്രാന്മാക്കുള്ള സമൂഹമഠത്തിനെയാണു 'ദേശീയ്യയോഗ'മെന്നു പറയുന്നതു്. എമ്പ്രാന്മാരെല്ലാം—തൃപ്പൂണിത്തുറെയുള്ളവരെല്ലാം എതായാലും—ആ യോഗത്തിന്റെ ആജ്ഞാചക്രത്തിൽ ഉഠംപ്പെട്ടവരും അവിടത്തെ രക്ഷയിലുള്ളവരുമാകുന്നു.

തൃപ്പൂണിത്തുറെക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയ്ക്കൽ തന്നെയാണു പ്രസ്തുത 'ദേശീയയോഗം'. അവിടെയും ഒരു ക്ഷേത്രത്തിൽ എന്നപോലെ നിത്യേനപൂജാദികളും ഉണ്ടു്. അമ്പലത്തിലെ മേശാന്തിതന്നെയാകുന്നു അവിടത്തെ പ്രധാനി. അദ്ദേഹത്തിന്റെയും മററും സ്ഥിരതാമസവും ആ മഠത്തിലാകുന്നു. തൃപ്പൂണിത്തുറക്ഷേത്രത്തിലെ ശാന്തിക്കാരനായി

നിയമിച്ചുകഴിഞ്ഞാൽ പിന്നെ ആ ഊഴക്കാലത്തു് അദ്ദേഹത്തിനു സ്വദേശത്തേയ്ക്കു പോകുവാനോ ബ്രഹ്മചര്യം ലംഘിക്കുവാനോ പാടുള്ളതല്ല. ബ്രഹ്മചാരിക്കു ശാന്തിയും പാടില്ല. ക്ഷേത്രത്തിൽനിന്നു പല അനുഭവങ്ങളും അദ്ദേഹത്തിനുള്ളതിനുപുറമേ ആ മഠത്തിലേയ്ക്കും 'യോഗ'ത്തിലേയ്ക്കും വിശേഷാലുമുണ്ടു്.

ശാന്തിക്കാരനെ നിയമിക്കുന്നതു ക്ഷേത്രത്തിലെ മേല്ക്കോയ്മാധികാരിയായ മഹാരാജാവുതിരുമനസ്സുകൊണ്ടുതന്നെയാണു്. തൃപ്പൂണിത്തുറെ ക്ഷേത്രത്തിൽ മാത്രമല്ല മററു പലക്ഷേത്രങ്ങളിലും 'ശാന്തിമാററം' കല്പിച്ചു ചെയ്യുന്നതു തിരുമനസ്സുകൊണ്ടാണു്. ശാന്തിമാററത്തിനുള്ള അവധികൾ ദേശീയയോഗത്തിലേയ്ക്കു് അറിവുകൊടുക്കും. യോഗക്കാരായ അനവധി എമ്പ്രാന്മാർ എന്നെ എന്നെ എന്നു തിക്കിത്തിരക്കിക്കൊണ്ടു നിശ്ചിതസമയത്തു തിരുമുമ്പിൽ ഹാജരാവും. തിരുമനസ്സിൽനിന്നു യുക്തം പോലെയും പാകംപോലെയും അവരിൽനിന്നു് അർഹത അനുസരിച്ചു്.എമ്പ്രാന്മാരെ തിരഞ്ഞെടുത്തു് ഓരോ ക്ഷേത്രങ്ങളിലെ! ശാന്തിക്കാരായി നിയമിച്ചു കല്പനകൊടുക്കുകയുംചെയ്യും. ഇങ്ങനെയാണു് ഇന്നും നടന്നുവരുന്നതു്. നിശ്ചയിക്കപ്പെടുന്ന ശാന്തിക്കാർ യഥാക്രമം ദേശീയയോഗത്തിൽ ചില അവകാശങ്ങൾ അടയ്ക്കണം. ഓരോ ശാന്തിമാററവേളലും പത്തുംന്തൂറും എമ്പ്രാന്മാർ അപേക്ഷകന്മാരായി ഹാജരാവാറുണ്ടു്. ഈ ദേശീയയോഗത്തിലേയ്ക്കു് ഏതാനും പൊതുസ്വത്തുക്കളുണ്ടു്. അതിന്റെയൊക്കെ ഭരണം 'യോഗത്തിൽ'നിന്നുതന്നെയാണെങ്കിലും, എല്ലാററിന്റെയും ഒരു മേൽനോട്ടാധികാരം മഹാരാജാവിങ്കലാണു നിക്ഷിപ്തമായിരിക്കുന്നതു്. പുതിയ ചിലവുകൾക്കു മഹാരാജാവിന്റെ അനുമതി വാങ്ങിക്കണം. ആണ്ടവസാനത്തിൽ കണക്കുവരിയോലകൾ മഹാരാജാവിങ്കൽ എത്തിക്കുകയും വേണം. തൃപ്പൂണിത്തുറദേവസ്വം കാര്യക്കാരാണു മഹാരാജാവിന്റെയും ദേശീയയോഗത്തിന്റെയും മദ്ധ്യത്തിൽ നില്ക്കുന്ന അധികാരി. കാര്യക്കാർ മുഖാന്തിരം സർവ്വാധികാര്യക്കാർക്കു് എഴുതി അയയ്ക്കുകയും, തിരുമനസ്സിലെ അഭിപ്രായമറിയുകയുമാണു സാധാരണ നടപടി. ശാന്തിക്കാരായും, അല്ലാതെയും തൃപ്പൂണിത്തുറെ കോട്ടയ്ക്കകത്തു് അനവധി എമ്പ്രാന്മാരുണ്ടു്. അവരൊക്കെ ദേശീയയോഗാധികാരത്തിനു വിധേയരുമാണെന്നാകുന്നു സങ്കല്പം. ഏതു് എമ്പ്രാനും ക്ഷേത്രത്തിൽ രണ്ടു നേരവും സൗജന്യമായി ഭക്ഷണം ലഭിക്കും. അടുത്ത കാലംവരെ നിത്യേന തേച്ചുകുളിക്കു് എണ്ണയും കിട്ടിയിരുന്നു.

ഈ ദേശീയയോഗവും എമ്പ്രാൻമഠവും ഉണ്ടാകുന്നതിനു മുൻപു 'സോദയമഠം' എന്നൊരു സ്ഥാപനവും സ്ഥലവും തൃപ്പൂണിത്തുറയിൽ ഉണ്ടായിരുന്നു. ഇപ്പോഴത്തെ പാത്രക്കലവറയുള്ള കെട്ടിടം നില്ക്കുന്ന സ്ഥലത്തായിരുന്നു ആദ്യത്തെ മഠം. പിന്നീടു ചക്രംകുളങ്ങരെ ക്ഷേത്രത്തിന്റെ അടുത്തായി. ആ കെട്ടിടം ഇപ്പോഴുമുണ്ട്. ആ പേരും നിലനില്ക്കുന്നുണ്ട്. എന്നാൽ, ഇപ്പോൾ അതു പള്ളിയറ മുതൽപിടി വകയും വാടകയ്ക്കും മററുമായി കൊടുത്തുപോരുന്നതും ആകുന്നു. അവിടം സോദയമഠമായിരുന്ന കാലത്ത്, അതായിരുന്നു ഈ രാജ്യത്തിലെ എമ്പ്രാന്മാരുടെ സങ്കേതവും കേന്ദ്രവും. അവിടെയും പൂജാദികളും മററുമുണ്ടായിരുന്നു. ദേശീയയോഗത്തിന്റെ ആവിർഭാവത്തിനും എമ്പ്രാൻമഠത്തിന്റെ സ്ഥാപനത്തിനും ശേഷം "സോദയമഠം" ഇല്ലാതായിത്തീർന്നു. അവിടെവെച്ചു പൂജിച്ചിരുന്ന ദേവന്മാരെ എല്ലാം 'പുത്തൻബങ്കളാവ്' എന്നു പറയപ്പെടുന്ന കോവിലകത്തിന്റെ വലിയ നാലുകെട്ടിൽ മററനവധി ദേവന്മാരെ പ്രതിഷ്ഠിച്ചിട്ടുള്ള കൂട്ടത്തിൽ മാററിപ്രതിഷ്ഠിച്ചു എന്നാണു കാണുന്നതു്. ഏതായാലും സോദയമഠം ഇന്നില്ല.

'ഉടുപ്പി'യാണു് എമ്പ്രാന്മാരുടെ തലസ്ഥാനം. അവിടെ അഷ്ടമഠങ്ങൾ' എന്നു പറയപ്പെടുന്ന എട്ടു വ്യത്യസ്തമഠങ്ങൾ ഉണ്ടു്. ഓരോ മഠത്തിലും സ്വാമിയാർമാരുണ്ടു്. അവരെല്ലാം ഉപനയനത്തോടുകൂടി സന്ന്യാസം സ്വീകരിക്കുന്നവരാകകൊണ്ടു 'ബാലസന്ന്യാസിമാർ' ആകുന്നു. ഊഴമിട്ടു് ഓരോ മഠത്തിലെയും സന്ന്യാസിമാർ ഈരണ്ടുകൊല്ലം വീതം ഉടുപ്പിയിലെ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ പ്രധാനപുഷ്പാഞ്ജലിക്കാരൻ ആകും. ആ മഠങ്ങളിൽ 'സോദയമഠ'ത്തിൽ ചേർന്നതാണു തൃപ്പൂണിത്തുറയിലുള്ളതു്.

'സോദയമഠം' വഴിവാടുകൾ പലതും ഇന്നും നിലനിന്നു പോരുന്നുണ്ടു്. സോദയമഠത്തിലെ മസ്ലികപലഹാരനിവേദ്യത്തിനു കൊല്ലത്താൽ 52ക. 2ണ 4സ ഇന്നും ദേക്കാർവകയായി പാലസ്സ് ആപ്പീസിൽനിന്നു വാങ്ങിച്ചു മഹാരാജാവിന്റെ നിത്യച്ചിലവു വകപ്പു മുഖാന്തിരം കൊടുത്തുവരുന്നുണ്ടു്. അതിനുപുറമെ അത്തച്ചമയത്തിനു 3ക 2ണയും, തിരുനാൾ വഴിവാടിനു 68ക 3ണയും, തൃതീയപട്ടത്താനം വകയ്ക്കു 40കയും, 'ഗുരുദക്ഷിണ' എന്ന പേരിൽ കൊല്ലംതോറും വിദ്യാരംഭത്തിനു 5ക 10ണയും കൊട്ടരത്തിൽനിന്നു സോദയമഠംവകയ്ക്കു ചിലവുണ്ടു്. സോദയമഠത്തിലെ സ്വാമിയാരാണു രാജകുലത്തിലെ 'ഗുരു' എന്ന നിലയ്ക്കാണീ ദക്ഷിണ!

ഇതിനെല്ലാം പുറമെ 'വർഷാശനം' വകയ്ക്കു മാസം ഒരുന്തുറുപ്പിക വീതം കൊല്ലത്തിൽ 1200 രൂപാ 1090_ാമാണ്ടുവരെ സർക്കാരിൽനിന്നു കൊടുത്തുവന്നിരുന്നു. അതിനുശേഷം, കാരണമെന്താണെന്നറിയുന്നില്ല, അങ്ങനെ ഒരു ചിലവുചെയ്തു കാണുന്നില്ല. സംഖ്യകളെല്ലാം ഉഡുപ്പിയിലുള്ള സ്വാമിയാർമഠത്തിലേയ്ക്കാണ് അയയ്ക്കുക. അവിടെനിന്നു കർണ്ണാടകത്തിൽ എഴുതീട്ടുള്ളതും മാമൂലായ ആശീർവ്വാദങ്ങൾ ചേർന്നിട്ടുള്ളതും ആയ 'ലേഖനങ്ങൾ' വരാറും ഉണ്ട്.

മാധ്വമതാനുസാരികളായ എമ്പ്രാന്മാരുടെ മുഖ്യസ്ഥാനമാണു ഉഡുപ്പി. വൈഷ്ണവമാണ് അവരുടെ മതമെന്നു പറയേണ്ടതില്ലല്ലോ. വൈഷ്ണവന്മാരും ശൈവന്മാരും തമ്മിൽ, ചിലേടങ്ങളിൽ, ഹിന്ദുമുസ്ലീം മത്സരത്തെക്കാൾ ഒട്ടും താഴെയല്ലാത്ത വർഗ്ഗമത്സരം ഇന്നുമുണ്ടത്രെ. എന്നാൽ മാധ്വമതാവലംബികൾ ശൈവമതവിദ്വേഷകന്മാരല്ലെന്നു പറയപ്പെടുന്നു. പക്ഷേ അവർ ഭസ്മം ധരിക്കുകയില്ല. കൊച്ചിരാജകുടുംബം പുരാതനകാലംമുതല്ക്കുതന്നെ വൈഷ്ണവമെന്നോ ശൈവമെന്നോ മറ്റോ ഉള്ള മതഭിന്നിപ്പുകളെയൊന്നും പരിഗണിക്കാതെ എല്ലാ 'ഈശ്വരന്മാ'രെയും ഒരുപോലെ ഭജിച്ചും സേവിച്ചും ആകുന്നു കഴിഞ്ഞുപോന്നിട്ടുള്ളതു്. പഴയന്നൂർഭഗവതിയും തിരുവഞ്ചിക്കുളത്തെ ശിവനും, തൃപ്പൂണിത്തുറയിലെ വിഷ്ണുവും എല്ലാം ആ സ്വരൂപത്തിലേയ്ക്കു പ്രത്യേകമുള്ളവരുമാണ്. ആ സ്ഥിതിക്കു് ഒരു വൈഷ്ണവമതപ്രചരണത്തിനോ, ശൈവമതനിഷേധത്തിനോ ഒരിക്കലും അവിടെ സ്ഥാനമൊ സംഗതിയൊ ഇല്ലാത്തതുമാകുന്നു. മലയാളികൾക്കു പൊതുവിൽത്തന്നെ അങ്ങനെ ഒരു മതവ്യത്യാസമില്ല. അവർ നിറയെ ഭസ്മംകൊണ്ടുള്ള ത്രിപുണ്ഡ്റകങ്ങളും അതിനു മീതെതന്നെ ചന്ദനംകൊണ്ടുള്ള ഗോപിക്കുറികളും സാധാരണ ധരിക്കുന്നവരാണ്. രാജകുടുംബാംഗങ്ങളുടെ ഇടയിലും നടപടി അങ്ങനെതന്നെയായിരുന്നു.

കൊല്ലം പത്താംശതകത്തിന്റെ ആദ്യാദ്ധ്യത്തിൽ ഉഡുപ്പിയിലെ സോദയമഠത്തിലെ മാധ്വമതാചാര്യനും; തന്നിമിത്തം വൈഷ്ണവമതനിഷ്ണാതനും ആയ സ്വാമിയാർ അവർകൾ, ക്ഷണപ്രകാരമാണോ എന്നറിവില്ല, പരിവാരസമേതം തൃപ്പൂണിത്തുറയിൽ എത്തിച്ചേർന്നു. അക്കാലത്തു ശക്തൻതമ്പുരാൻ വടക്കേരാജ്യത്തേയ്ക്കു് എഴുന്നള്ളിയിരിക്കയായിരുന്നു. ഇളമുറരാജാവും കൂട്ടുകാരും സ്വാമിയാരെ ആഘോഷാ

ഡംബരസഹിതം സൽക്കരിക്കയും അവൎക്കു വേണ്ടുന്ന എല്ലാ അന്തസ്സുകളും ആനുകൂല്യങ്ങളും സ്വാധീനപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. അവർ മഠസ്ഥാപനത്തിനും മതപ്രചരണത്തിനും ഉദ്യോഗിച്ചു എന്നു മാത്രമല്ല, നിഷ്കൎഷിച്ചു പ്രയത്നിക്കുകയും ചെയ്തു. ആ സ്വാമിയാരുടെ അന്തേവാസികളും അംഗീകരിക്കപ്പെട്ട ശിഷ്യന്മാരുമായിത്തീൎന്നു ശക്തന്റെ പിൻവാഴ്ചക്കാരായ തമ്പുരാക്കന്മാർ. അവരുടെ പിൻബലത്തോടുകൂടിയും പ്രോത്സാഹനമനുസരിച്ചും രാജകുടുംബത്തിൽ ഒരു മതപരിവൎത്തനസംരംഭംതന്നെയുണ്ടായി. എന്നല്ലാ, സ്വത്രപാംഗങ്ങൾ പരസ്യമായി മാധ്വമതം സ്വീകരിക്കയും, സ്വാമിയുടെ ശിഷ്യത്വം കൈക്കൊള്ളുകയും, അതിനെ വിളംബരപ്പെടുത്തുന്ന ചില 'അംഗമുദ്രകൾ' അണിയുകയുംചെയ്തു. 'ശംഖചക്രഗദാപത്മ'ങ്ങളോടുകൂടിയ ഒരു ചക്രം കൊണ്ടു 'പച്ചകുത്തുന്ന' സമ്പ്രദായത്തിൽ ഒരു മുദ്ര അടിക്കുകയായിരുന്നു ചെയ്യുതു്. രാജകുടുംബാംഗങ്ങളെ മുഴുവനുമോ, മുക്കാലുമോ, ആ സ്വാമിയാർ അന്നു മുദ്രകുത്തി വിട്ടു എന്നാണു പറയപ്പെടുന്നതു്!

കോവിലകക്കാരുടെ മേല്പറഞ്ഞ പ്രവൃത്തി നാട്ടിൽ കുറെ അതൃപ്തിയും കുറഞ്ഞൊരു ക്ഷോഭവും ഉളവാക്കി. ബന്ധുപരിഷകളായിരുന്ന നമ്പൂതിരിമാൎക്കു് ഈ പ്രവൃത്തി വല്ലാത്ത അസുഖം ഉളവാക്കി. ശിവദ്രോഹവും ഭസ്മനിഷേധവും നാട്ടുകാൎക്കു സഹനീയങ്ങളായിരുന്നില്ല. പുതുപ്രസ്ഥാനത്തിനു ശക്തിയുണ്ടെന്നും, വൎദ്ധിച്ചുവശായേക്കുമെന്നും, ഗുണദോഷോപദേശങ്ങൾ നിഷ്ഫലങ്ങളാണെന്നും കണ്ടപ്പോൾ ആവലാതികൾ ഓരോവഴിക്കു്, എഴുന്നള്ളി ഇരുന്നരുളുന്നേടത്തു് എത്തുവാൻതുടങ്ങി. ശക്തൻതമ്പുരാൻ സ്വന്തം ചാരന്മാരെ അയച്ചു സ്ഥിതിഗതികൾ യഥാവിധി മനസ്സിലാക്കി. അനവധാനതയോടുകൂടിയ ഒരു അവിവേകവും, അവിചാരിതങ്ങളായ അനേകം അനൎത്ഥങ്ങൾക്കു കാരണമായേക്കാവുന്ന ഒരു അനാവശ്യവും ആണു് ആ നൂതനപ്രസ്ഥാനമെന്നു് അവിടേയ്ക്കു ബോദ്ധ്യമായി. അനന്തരവന്മാരോടു് 'അരുതെ'ന്നു് അറിയിച്ചു. അനുകൂലമായ അനുഭവമല്ലാ ഉണ്ടായതു്. കൎശനങ്ങളായ അച്ചടക്കനടപടികൾക്കു് അവിടുന്നു നിൎബ്ബദ്ധനായി. ഇളയതമ്പുരാൻ മുതൽപേർ വളരെ കഷ്ടത്തിലായി. അവർ അത്യന്തം ക്ഷോഭിച്ചുവശായി. ഗത്യന്തരമില്ലാതെ അവരുടെ ആവലാതികൾ ചിറമ്മത്തമ്പുരാൻ തിരുമനസ്സിലെ സന്നിധിയിലും എത്തിച്ചേൎന്നു. തമ്പുരാക്കന്മാൎക്കുള്ള വേതനങ്ങൾതന്നെ ശക്തൻതമ്പുരാൻ നിൎത്തൽ ചെയ്തു എന്നാണു പറയപ്പെടുന്നതു്

കുറേ താമസിച്ചാണത്രെ ശക്തൻതമ്പുരാൻ തൃപ്പൂണിത്തുറയ്ക്കു തിരിച്ചെഴുന്നള്ളിയതു്. അതിനിടയ്ക്കു് ഉടുപ്പിസ്സോദയമഠംസ്വാമിയാരുടെ മതപരിവർത്തനപ്രസ്ഥാനം കൊട്ടമ്പിരികൊണ്ടുകഴിഞ്ഞിരുന്നു. ശക്തൻതമ്പുരാൻെറ പുനരാഗമനത്തിൽ സകലരും പരിഭ്രാന്തചിത്തരായി. അവിടേയ്ക്കു കർത്തവ്യത്തെക്കുറിച്ചു് ഒരു കാര്യത്തിലും സംശയമുണ്ടാകാറില്ല. ഈ പതനത്തിലും അവിടുന്നു സ്വാഭിപ്രായത്തെ പ്രശസ്തതയോടുകൂടിത്തന്നെ പ്രകടിപ്പിച്ചു. സ്വാമിയാക്കും സന്നാഹങ്ങൾക്കും ഉടുപ്പിയിലേയ്ക്കുള്ള വഴി രാജകിങ്കരന്മാർ നല്ല ഭംഗിയിൽ കാണിച്ചുകൊടുത്തു! അവരെ യാതൊരു ഉപദ്രവവും ഏല്പിച്ചതായി പ്രസ്താവമില്ല. വള്ളക്കടവിൽ തയ്യാറാക്കിച്ചിരുന്ന വഞ്ചികളിൽ കയററി അവരെ മടക്കി അയച്ചപ്പോൾ ഒന്നുമാത്രം ഉണ്ടായി എന്നാണു് ഐതിഹ്യം. സ്വാമിയാരും ശിഷ്യന്മാരും തനി വൈഷ്ണവന്മാരായിരുന്നതുകൊണ്ടു ശൈവഭൂഷണമായ ഭസ്മം അവക്കു തീരെ തിരസ്കൃതമായിരുന്നു. വള്ളക്കടവിൽ ഒരു ചെറുവഞ്ചി നിറയെ ഭസ്മം കലക്കിവച്ചിരുന്നു എന്നും, സ്വാമിയാരെയും, മററും ഒരു ഭസ്മാഭിഷേകം കഴിച്ചാണു പറഞ്ഞയച്ചതെന്നുമാണു് ആ കഥ. അതിനു് എത്രമാത്രം അടിസ്ഥാനമുണ്ടെന്നു നിശ്ചയമില്ല. എന്നാൽ അങ്ങനെയും ഒരുപക്ഷെ സംഭവിച്ചിരിക്കാമെന്നു്, ആകപ്പാടെ ഒന്നു് ആലോചിക്കുമ്പോൾ, വിശ്വസിക്കുവാനും വിരോധമില്ല. എങ്ങനെയായാലും ശക്തൻതമ്പുരാൻെറ കാലത്തൊന്നും പിന്നെ ഉടുപ്പിയിൽനിന്നുള്ള ബാധയുണ്ടായിട്ടില്ലെന്നാണു കേൾവി. "അന്തസ്സാരവിഹീനരായ അനന്തരവന്മാരെ അപമാർഗ്ഗത്തിൽ ചരിപ്പിക്കുന്നതു ശരിയാണോ. ഞങ്ങളുടെ പഴയന്നൂരമ്മയേയും, തിരുവഞ്ചിക്കുളത്തപ്പനേയും ഇവിടത്തെ കിടാങ്ങൾ ഉപേക്ഷിക്കണമെന്നാണോ സ്വാമിയാരുടെ പക്ഷം. അതിനുള്ള കാലമായിട്ടില്ല. ആവുമ്പോൾ അറിയിക്കാം. അപ്പോൾ വന്നാൽ മതി" എന്നായിരുന്നുവത്രെ സ്വാമിയാരെക്കണ്ടു ഉടനെ കല്പനയായതു്.

ശക്തൻതമ്പുരാൻ ഒരു നിരീശ്വരവാദിയോ, അവിശ്വാസിയോ മതദ്രോഹിയോ ഒന്നുമായിരുന്നില്ലെന്നു്, അവിടുത്തെ അപദാനങ്ങളേയും കാര്യോ പ്രവൃത്തികളേയും പരിശോധിക്കുന്നവക്കു കാണുവാൻ സാധിക്കും. ബ്രാഹ്മണപൂജയിലൊ, ക്ഷേത്രസന്ദർശനത്തിലൊ, അമ്പലങ്ങളിലേയ്ക്കുള്ള വഴിപാടുകളിലൊ, ശ്രാദ്ധാദികർമ്മങ്ങളിലൊ, പള്ളിത്തേവാരകാര്യത്തിലൊ ഒന്നും അവിടുന്നു് അശേഷം അശ്രദ്ധനായിരുന്നില്ല. എന്നല്ലാ വലിയ ജാഗ്രത പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. ഉടുപ്പി

സ്വാമിയാരോടൊ സോദയമഠത്തോടൊ മാധ്വമതത്തോടൊ അവിടേയ്ക്കു പ്രത്യേകമായി യാതൊരു അവജ്ഞയും ഉണ്ടായിരുന്നില്ല. എമ്പ്രാന്മാരോടു പൊതുവിലും അവിടുന്നു യാതൊരു അസഹിഷ്ണുതയും കാണിച്ചിട്ടില്ല. അവിടുത്തെ പള്ളിത്തേവാരത്തിനുള്ള പരികർമ്മികളിൽ മൂന്നുപേർ എമ്പ്രാന്തിരിമാർ ആയിരുന്നു എന്ന ഏകസംഗതിയിൽനിന്നുതന്നെ ആ ഭാഗം സുവ്യക്തമാകുന്നുണ്ടു്. സർവ്വംസഹമായ ഒരു മതബോധത്തിൽ വളർന്നിരിക്കെ, അവലംബിച്ചിരിക്കെ, ശിവനേയും ദേവിയേയും നിരസിച്ചുകൊണ്ടുള്ള ഒരു വൈഷ്ണവമതപ്രതിപത്തി അസ്ഥാനത്തിലാണെന്നും അനാവശ്യവും ആപത്കരവുമാണെന്നും, അവിടേയ്ക്കു ശക്തിയായ അഭിപ്രായമുണ്ടായിരുന്നതുകൊണ്ടുമാത്രം, അസുഖകരമായ ഒരു പര്യവസാനം ആ നൂതനമതാവലംബികൾക്കു സംഭവിച്ചതാണു്. ശക്തൻതമ്പുരാനും അനന്തരവന്മാരുമായി വന്നുചേർന്ന അകൽച്ചയും അല്പരസവും വർദ്ധിച്ചതു് ഈ അഭിപ്രായവ്യത്യാസത്തിൽനിന്നാകുന്നു.

ചിററമ്മയുടെ മുമ്പാകെ എത്തിച്ചേർന്ന ആവലാതികൾക്കു സമാധാനം പറയുന്നതിനു കല്പനപ്രകാരം ശക്തൻതമ്പുരാൻ സന്നിഹിതനാകേണ്ടിവന്നു എങ്കിലും, പതിവുപോലെ, അവിടുത്തെ ന്യായവാദങ്ങളും സാന്ത്വനങ്ങളും സ്വീകരിച്ചു് ഒടുവിൽ, "കുഞ്ഞിപ്പിള്ളേളുടെ ഇഷ്ടംപോലെ ആയിക്കൊള്ളു" എന്നുള്ള അനുവാദകല്പനതന്നെയാണുണ്ടായതു്.

"തേയ്ക്കാത്ത എണ്ണ ധാര" എന്നു പറഞ്ഞപോലെ ശക്തൻതമ്പുരാനാൽ തിരിച്ചയക്കപ്പെട്ട സോദയമഠംസ്വാമിയാരും ശിഷ്യവൃന്ദവും അവിടുത്തെ നിർയ്യാണാനന്തരം, പൂർവ്വാധികം പ്രതാപത്തോടും ശക്തിയോടുംകൂടി തൃപ്പൂണിത്തുറയ്ക്കു വീണ്ടും ആനയിക്കപ്പെട്ടു. ആവശ്യമാകുമ്പോൾ ആളെ അയയ്ക്കുമെന്നു ശക്തൻതമ്പുരാൻ കല്പിച്ചതു ശരിയായി ഫലിച്ചു. സോദയമഠസ്ഥാപനവും, ഗുരുശിഷ്യസംബന്ധവും മസ്ഥികഫലാഹാരനിവേദ്യവും മററും തദനന്തരം സംഭവിച്ച സംഗതികളാകുന്നു. വെള്ളാരപ്പിള്ളിയിൽനിന്നും 984-ൽ തീപ്പെട്ട തമ്പുരാൻ തിരുമനസ്സിലെ വാഴ്ചക്കാലം ചുരുങ്ങിയ മൂന്നുകൊല്ലം കൊണ്ടു് അവസാനിച്ചതിനാലും, ആ കാലം മുഴുവനും അച്ചൻ-തമ്പിമാർ ഒത്തുചേർന്നു് ഇംഗ്ലീഷുകാരോടുചെയ്ത യുദ്ധകാലമായിക്കഴിഞ്ഞതുകൊണ്ടും, അവിടുത്തെ വാഴ്ചക്കാലത്തു് ഉടുപ്പിമതത്തിനു വേരൂന്നുവാൻ സാധിച്ചില്ല. എന്നാൽ

പിന്നത്തെ മഹാരാജാവു് —1003-ൽ തീപ്പെട്ട ആൾ— ആദ്യ്യകാലഘട്ടത്തിൽ കുഞ്ഞിക്കൃഷ്ണമേനോൻ വലിയസർവ്വാധിയുടെ സാഹസങ്ങളാൽ അല്പം ക്ഷീണമാനസനായി എങ്കിലും, ഉടനെതന്നെ മൺറോ സായ്പു പ്രവേശിച്ചതുകൊണ്ടു് അവിടുത്തേയ്ക്കു രാജ്യഭാരക്ലേശങ്ങളൊന്നും കൂടാതെ യഥേഷ്ടം 'ഉടുപ്പും കണ്ണെഴുത്തു'മായി വിനോദിക്കുന്നതിനു വേണ്ട സകല സൗകര്യങ്ങളും സിദ്ധിച്ചു.

ഉടുപ്പിക്കാറു പരക്കെ വീശിയാലും, സോദയമഠസ്ഥാപനവും വൈഷ്ണവമതപ്രതിപത്തിയും കടന്നുകൂടിയാലും, എമ്പ്രാന്മാരുടെ സ്വാധീനശക്തി സംസ്ഥാപിതമായാലും, പൂർവ്വംമറന്നുള്ള ഒരു 'വൈഷ്ണവീകരണം' സംഭവിച്ചില്ലാ എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. രാജകുടുംബം ഇന്നും വിഷ്ണുവിനേയും, ശിവനേയും, ഗണപതിയേയും (കണയന്നൂർ ഗണപതി), ഭഗവതിയേയും ഒന്നുപോലെ ഭജിക്കയും പൂജിക്കയും ചെയ്തുവരുന്നതുകൊണ്ടു ശക്തൻതമ്പുരാൻ തിരുമനസ്സിലെ ആദർശത്തിനും അഭിപ്രായത്തിനും തന്നെയാണു് ഒടുവിൽ വിജയമുണ്ടായതെന്നു സമാധാനിക്കാവുന്നതാണു്. എങ്കിലും ഈ നൂതനപ്രസ്ഥാനത്തിൻെറ ഫലമായി ചില ചില ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും രാജകുടുംബാംഗങ്ങൾ തമ്മിൽ അല്പസ്വല്പം വ്യത്യാസങ്ങൾ ഇന്നും നിലനിന്നുപോരുന്നുണ്ടു്. മതിരാശിയിൽനിന്നു തീപ്പെട്ട മഹാരാജാവിൻെറ വാഴ്ചക്കാലത്തു്, ഒരിക്കൽ, ഉടുപ്പിസ്വാമിയാരെ സംസ്ഥാനാതിഥിയായി ക്ഷണിച്ചുവരുത്തുകയും, വളരെ ആഘോഷത്തോടുകൂടി സ്വീകരിക്കുകയും, വലിയ സംഭാവനകൾ നല്കുകയും ചെയ്തിട്ടുണ്ടു് എന്ന സംഗതി കൂടി പ്രസ്താവിച്ചുകൊള്ളുന്നു.

സോദയമഠക്കാരും, മാധ്വമതക്കാരുമായ ഈ എമ്പ്രാന്മാർതന്നെ ഇപ്പോൾ ശിവക്ഷേത്രത്തിലും, ഭഗവതിക്കാവിലും ശാന്തിക്കാരായി പ്രവർത്തിച്ചുവരുന്നുണ്ടെന്നു് അറിയുമ്പോൾ അവരുടെ വൈഷ്ണവമതതീക്ഷ്ണത് ആറിപ്പോയിരിക്കുന്നു എന്നോ, ശാന്തിയെക്കുറിച്ചുള്ള ചാക്യാരുടെ ശ്ലോകം അനർത്ഥമായിരിക്കുന്നു എന്നോ, എന്താണു വിചാരിക്കേണ്ടതെന്നു മനസ്സിലാകുന്നില്ല.

സൈനികവ്യവസ്ഥകൾ

ശക്തൻതമ്പുരാൻ സിംഹാസനാരൂഢനായപ്പോഴെയ്ക്കും കൊച്ചി രാജ്യത്തു് ഒരു പട്ടാളത്തിന്റെ ആവശ്യംതന്നെ മിക്കവാറും ഇല്ലെന്നുള്ള പതനത്തിൽ ആയിക്കഴിഞ്ഞു. 965_ൽ ഇംഗ്ലീഷുകാരുമായുള്ള സന്ധിക്കരാറു പൂർത്തിയായി. രാജ്യരക്ഷാഭാരം കമ്പഞ്ഞിയുടെ ബലിഷ്ഠഹസ്തങ്ങളിലായി. അവരുടെ പട്ടാളം കാവലും ആരംഭിച്ചു. കൊച്ചിയിൽനിന്നു ഡച്ചുകാൎക്കു കുറച്ചുകാലത്തിനിടയ്ക്കു വിട്ടൊഴിയേണ്ടിയും വന്നു. ശക്തൻതമ്പുരാൻ പ്രായപൂൎത്തിവന്ന കാലത്തു നോക്കിയപ്പോൾ കണ്ടതു ഹൈദരാലിഖാനെയാണു്. ഹൈദരോടും ടിപ്പുവിനോടും യുദ്ധം വേണ്ടെന്നു കാലേതന്നെ തീൎച്ചപ്പെടുത്തി. അതു വലിയ ഒരു ഉപകാരവുമായി. ഈ സ്ഥിതിയിൽ ശക്തന്റെ സൈനികസംരംഭങ്ങൾ അത്രതന്നെ വിപുലങ്ങളായിരുന്നില്ല. നാട്ടുകാരിൽതന്നെ രാജസ്ഥാനത്തെ അവഗണിക്കയും അനാദരിക്കയും ചെയ്തിരുന്ന പ്രഭുക്കന്മാരുടേയും സംഘക്കാരുടേയും നേരേ പ്രയോഗിക്കുന്നതിനും, സാധാരണമായ സമാധാനപരിപാലനത്തിനും വേണ്ടത്ര സേനാബലം മാത്രമേ അന്നു വേണ്ടിയിരുന്നുള്ളു. ഒരു നാല്പതമ്പതു കൊല്ലത്തിനുമുമ്പായിരുന്നു ശക്തൻതമ്പുരാന്റെ കാലമെങ്കിൽ അദ്ദേഹത്തിൽ നാം അത്ഭുതാവഹമാംവിധം പ്രത്യക്ഷപ്പെട്ടുകാണുന്ന പൗരുഷവും, ധൈൎയ്യവും, കാൎയ്യക്ഷമതയും, യുദ്ധത്തിനുള്ള വാസനയും, കൊച്ചിരാജ്യചരിത്രത്തെ മറെറാരുതരത്തിൽ മാററിവാക്കുമായിരുന്നു എന്നു ന്യായമായി വിചാരിക്കാവുന്നതാണു്. എന്നാൽ "എല്ലാററിനും ഓരോ കാലവും എല്ലാം അതതിന്റെ കാലത്തും" എന്ന അപ്രമേയമായ പ്രകൃതിനിശ്ചയം ശക്തൻതമ്പുരാനു കല്പിച്ചുകൊടുത്തതായിക്കാണുന്ന സ്ഥാനവും ചുമതലയും മറിച്ചായിരുന്നു; മറെറാന്നായിരുന്നു. 'നിലയ്ക്കുനിന്നു വിലയ്ക്കുപോന്നാൽ മതി' എന്ന നയത്തെ വിവേകത്തോടും, എന്നാൽ ദൃഢതയോടുകൂടിയും, അംഗീകരിക്കുകയായിരുന്നു ആ കാലഘട്ടത്തിൽ വേണ്ടിയിരുന്നതു്. അതിനു് അവിടുന്നു പററിയ ഒരു പുരുഷപുംഗവനുമായിരുന്നു. അതുകൊണ്ടു ശക്തൻതമ്പുരാന്റെ സൈനികസംരംഭങ്ങളെക്കുറിച്ചുള്ള വിവരം ജിജ്ഞാസുക്കളെ തൃപ്തിപ്പെടുത്തുന്നതിനുമാത്രമേ പൎയ്യാപ്തമാകുന്നുള്ളു എന്നുവരാം.

968 മീനത്തിൽ നാല്പതിനായിരം ഉറുപ്പികവിലയ്ക്കുള്ള യുദ്ധസാമഗ്രികൾ ശക്തൻതമ്പുരാൻ യൂറോപ്പിൽനിന്നു വരുത്തിയതായ ഒരു കണക്കു കാണുന്നുണ്ടു്. അതു താഴെ ചേൎക്കുന്നു.

പതിനെട്ടുറാത്തൽ ചെമ്പു് തോക്കു്		എണ്ണം	2ക്കു	17165 ക
പന്ത്രണ്ടുറാത്തൽ	ടി	ടി	2ക്കു	11322 ക
എട്ടുറാത്തൽ	ടി	ടി	1ക്കു	3369 ക
മൂന്നുറാത്തൽ	ടി	ടി	1ക്കു	1305 ക
നാലരവിരൽ ഉള്ള 'ഒബെഷ്'		ടി	2ക്കു	1125 ക
പതിനെട്ടുറാത്തൽ ഉണ്ട		ടി	200ക്കു	370 ക
ടി ടി	വണ്ടിക്കു			223 ക
പന്ത്രണ്ടുറാത്തൽ ഉണ്ട		എണ്ണം	209ക്കു	215 ക
ടി	വണ്ടിക്കു			218 ക
എട്ടുറാത്തൽ ഉണ്ട		എണ്ണം	250ക്കു	206 ക
ടി	വണ്ടിക്കു			125 ക
മൂന്നുറാത്തൽ ഉണ്ട		ടി	150ക്കു	52 ക
ടി	വണ്ടിക്കു			123 ക
പതിനെട്ടുറാത്തൽ ചെല്ലി ഉണ്ട		ടി	200ക്കു	885 ക
പന്ത്രണ്ടുറാത്തൽ	ടി	ടി	200ക്കു	653 ക
എട്ടു റാത്തൽ	ടി	ടി	50ക്കു	121 ക
മൂന്നുറാത്തൽ	ടി	ടി	50ക്കു	51 ക
നാലുവിരൽ ഒബെഷതൊക്കാത്ത ചെല്ലി ഉണ്ട			200ക്കു	123 ക
ടി	ചാട്ടിന്നു			183 ക
പതിനെട്ടുറാത്തൽ ചുക്കൊത്ത		എണ്ണം	2ക്കു	13 ക
പന്ത്രണ്ടുറാത്തൽ	ടി	ടി	1ക്കു	9 ക
എട്ടുറാത്തൽ	ടി	ടി	1ക്കു	3 ക
മൂന്നുറാത്തൽ	ടി	ടി	1ക്കു	2 ക
പതിനെട്ടുറാത്തൽ ശക്തത്രാപ്പ		ടി	2ക്കു	2 ക
പന്ത്രണ്ടുറാത്തൽ	ടി	ടി	2ക്കു	1 ക
എട്ടുറാത്തൽ	ടി	ടി	1ക്കു	1 ക
മൂന്നുറാത്തൽ	ടി	ടി	1ക്കു	1 ക
തോക്കിൻെറ ശില്പ എട്ടുക്കും, കൊഴമൂടി ആറക്കും ശില്പ എട്ടുക്കും, തിരിയടിക്കൊൽ എട്ടുക്കും കൂടി				12 ക
			ആകെ	37,878 ക

ഇപ്രകാരം പലപ്പോഴും വിലയ്ക്കുവാങ്ങുകയും ചിലപ്പോഴൊക്കെ ഡച്ചുകമ്പനിക്കാരോടു കച്ചവടം ചെയ്യുവകയിൽ ബാക്കി തീരുവാനുള്ളതിൽ തട്ടിക്കഴിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

1792 ജൂലൈമാസം 25—ാം-നു- ഡച്ചുകമ്മദവർ, തമ്പുരാൻ തിരുമനസ്സിലേയ്ക്കു്, എഴുതീട്ടുള്ള ഒരു എഴുത്തിൽ നിന്നാണു താഴെ കാണുന്ന ഉദ്ധാരണം.

"...അങ്ങെ (അങ്ങയുടെ) ശിപ്പായി കുമ്പഞ്ഞി (കമ്പനി) കളുടെ അണി മുതലായിട്ടുള്ള അഭ്യാസങ്ങൾ വഴിയെ പടിപ്പിക്കേണ്ടതിന്ന നല്ല പട്ടത്തം ഉള്ളതും മലയാംഭാഷ വചമായിട്ടുള്ളതിലും ഒരു അപ്പെരിസിയെയും (അപ്രൻടിസ്സ്) ദ്രെല്ലു മെസ്തരായിട്ടു (ഡ്രിൽ മാസ്റ്റർ) ഒരു ലന്ത കൊറപ്രാളിനെയും (കൊർപൊറൽ) നല്ല പട്ടത്തമുള്ളതിൽ ഒരു ചൊകൻ (ഈഴവ) കൊറപ്രാളിനെയും ആകെ ഇങ്ങനെ മൂന്നുപെരെയും നൊം അങ്ങൊട്ടു അയക്കയുമാം. ഈ ആളുകൾ പഠിപ്പിക്കുന്ന ശിപ്പായിമാരൊടുകൂടെ പാക്കുന്നു എങ്കിൽ അഭ്യസിപ്പാനും കല്പന നടത്തിപ്പാനും തമ്മിൽ പരിശയിപ്പാനും എളുപ്പമായട്ടുള്ളത എന്നു നമുക്ക തൊന്നുകകൊണ്ടു അതുംവണ്ണംതന്നെ ആകംിച്ചുകൊള്ളുക നന്നു. നൊം ആക്കിക്കുന്ന ആളുകൾക്ക അങ്ങുന്നു ചിലവു കൊടുക്കണമെന്നില്ല. കുമ്പഞ്ഞിനു പുത്തനായിട്ടു ആളുകളെ പടിപ്പിക്കുന്നു എങ്കിൽ അഭ്യാസത്തിനു കമ്മദാന്തിമാക്കും ദ്രെല്ലുമെസ്തർമാക്കും കൊടുത്തുവരുന്ന മരിയാതവീതം നൊം കൊടുപ്പിച്ചുകൊള്ളാമെന്നും, അതുംവണ്ണം അങ്ങെ ബൊധിപ്പിച്ചു മറുവടി വരുത്തിക്കൊള്ളണമെന്നു കാൎയ്യക്കാരൊടു നൊം പറകയും ചെയ്തു. ആയത അങ്ങ ബൊധിച്ചു എങ്കിൽ കമ്മദാന്തിനെയും, ദ്രെല്ലുമെസ്തരെയും നാം കൊച്ചി കൊവിലകത്തക്ക അയക്കയുമാം......"

ശരിയായ സൈനികപരിശീലനം പട്ടാളക്കാൎക്കു് അത്യാവശ്യമാണെന്നും, വെറുതെ പാടത്തുനിന്നും പറമ്പിൽനിന്നും പിടിച്ചു കൊണ്ടുവരുന്ന 'നായന്മാരെ'കൊണ്ടു കാൎയ്യമില്ലെന്നും, ശക്തൻതമ്പുരാൻ തീൎച്ചപ്പെടുത്തിയതായിക്കാണുന്നു. തിരുവിതാംകൂറിലെ മാൎത്താണ്ഡവൎമ്മ മഹാരാജാവിൻെറ വിജയരഹസ്യങ്ങളിൽ ഒന്നു ഇതായിരുന്നു എന്നും തമ്പുരാൻ ധരിച്ചുവെച്ചിരുന്നു. അതിൻെറ സൽഫലമായിട്ടാണു പട്ടാളക്കാൎക്കു് ഒരു പരിശീലനപദ്ധതിയെ പരിഷ്കൃതരീതിയിൽ പ്രചാരപ്പെടുത്തയതു്. അഭ്യാസമുറകൾ മറന്നവരും, അശിക്ഷിതരും ആയിരുന്ന

നാട്ടുവാഴികളുടെ ആൾശേഖരങ്ങളെ അമർത്തുന്നതിനു ശക്തൻതമ്പുരാനെ പ്രാപ്തനാക്കിയതു തന്റെ പട്ടാളത്തിന്റെ ഈ അഭ്യാസമുറകളായിരുന്നു. ശക്തൻതമ്പുരാന്റെ പട്ടാള ഉദ്യോഗസ്ഥന്മാരെല്ലാം പണ്ടത്തെ പയററുസമ്പ്രദായങ്ങൾ മാത്രമല്ല, അന്നത്തെ അഭ്യാസമുറകളും പഠിച്ചവരായിരുന്നു.

966 കുംഭത്തിൽ ഡച്ചുഗവർണർ ആങ്കൾ ബെക്ക്, "അങ്ങുക്കു കൈത്തോക്കിനു വളരെ ആവശ്യമുണ്ടാകകൊണ്ടു അഞ്ഞൂറു തൊക്കു കൊടുത്തയച്ചിരിക്കുന്നു" എന്നു് എഴുതിക്കാണുന്നുണ്ടു്.

തന്റെ പട്ടാളത്തിനു യുദ്ധപരിശീലനംമാത്രം പോരാ, നവീനസമ്പ്രദായത്തിലുള്ള മററുചില പരിഷ്കാരങ്ങളും കൂടി വേണമെന്നു് അവിടുന്നു കല്പിച്ചു നിശ്ചയിച്ചതിന്റെ ഫലമായി, ആങ്കൾ ബെക്കു് തന്നെ "അപേക്ഷിച്ചതിൻവണ്ണം രണ്ടു ട്രെല്ലാമസ്തരും, ഒരു തമ്പൊറുകാരനെയും, ഒരു ചീങ്കുഴൽകാരനെയും" പട്ടാളബാൻറിന്റെ ആവശ്യത്തിനു് അയച്ചുകൊടുക്കുകയും "കുമുദാന്തി കൊയിന്ന പതിനഞ്ചുരുപായും, ഉലന്ത ബൊമ്പാദരിന്ന പത്തുരുപായും തമ്പൊറുകാരനും ചീങ്കുഴൽകാരനും എട്ടുരുപായും വലിയതൊക്കുകാക്കു ഓരൊരുത്തക്കു അഞ്ചുരുപാവീതം തിങ്ങൾതൊറും കൊടുപ്പിച്ചുകൊള്ളത്തക്കവണ്ണം കല്പിക്കുമാറാകയും വെണം", എന്നു വിശേഷിച്ചും എഴുതി അയക്കുകയും ചെയ്തു!

980 കന്നി 12-ാംനു കേണൽ മക്കോളെ എഴുതിയതായ ഒരു കത്തിൽ, "തിരുവാങ്കൊട്ടുരാജ്യത്തുണ്ടായ അലമ്പിയം അകെത്തുവാൽ കൊച്ചിയിൽവെച്ചു രാജാവു നമുക്കു പീരങ്കി മുതലായിട്ടുള്ള സഹായങ്ങൾ കാണിച്ചതുകൊണ്ടത്രെ ആകുന്നു. കൊച്ചിരാജാവു നമുക്കു കാണിച്ച ഉപായസഹായങ്ങൾക്കു മെൽ എഴുതപ്പെട്ട കല്പനിവൃത്തിക്കും വലുതായ ഉപകാരവാക്കുകൾ ഇക്കട്ടദാസ്സു മുഖാന്തരമായിട്ടു ചൊല്ലുവാൻ സന്തൊഷമായിരിക്കുന്നു" എന്നു രേഖപ്പെടുത്തിക്കാണുന്നതുകൊണ്ടു്, ശക്തൻതമ്പുരാന്റെ 'വലിയതോക്കുകൾ' ഇംഗ്ലീഷുകാക്കുപോലും 'ഉപായസഹായങ്ങൾ' ചെയ്തിരുന്നു എന്നു തീച്ചപ്പെടുത്താം.

970-ൽ ശക്തൻതമ്പുരാൻ ഇംഗ്ലീഷുകാരുടെ മലബാർ ഉദ്യോഗസ്ഥനായിരുന്ന മിസ്റ്റർ സ്റ്റാർമർ സായിപ്പിനു് എഴുതിയതായ ഒരു

ത്തിലെ താഴെ ചേക്കുന്ന ഭാഗം അന്നത്തെ സൈന്യശേഖരത്തിൻെറ യും മററം ഒരു സ്വാതന്ത്ര്യപജ്ഞാനം നല്കുന്നതിനു് ഉതകുന്നതാകുന്നു.

"...നമ്മുടെ രാജ്യത്ത പെരാററവീഥി തലപ്പിള്ളി പ്രദെശങ്ങളിൽ പല നാനാവിധങ്ങളും ചെയ്യുവരികകൊണ്ട ചെലക്കര തിരുവിലപാമല പഴയന്നൂര ഈ അതിർത്തിത്തലക്കൽ കാവല്ക്കായിട്ട പാക്കത്തക്കവണ്ണം നമ്മുടെ വക കൊച്ചിയിൽ പാർത്തിരുന്ന കർണ്ണാടകം വകയിൽ നാറാണരാജുവിനെയും ഏതാനും ആളുകളെയും കൂടെ അയച്ച പാർപ്പിക്കുന്നു. കുംഭമാസം 5-ാംനു- രാത്രിയിൽ ലക്കിടിക്കൊട്ടയിൽനിന്നും. കമ്പഞ്ഞി വകയിൽ രണ്ടു കമ്പനിയും കപ്പിത്താന്മാരും തിരുവിലപാമലെവന്ന നമ്മുടെ കർണ്ണാടകക്കാര പാക്കുന്നെടത്ത വളഞ്ഞു. രാജുവിൻെറ മകനെ പിടിച്ചുകെട്ടുകയും വെട്ടികരിക്കൊപ്പുകാരനെ കഴൽ കുന്തംകൊണ്ടു കുത്തുകയും......മററം ചെയ്യുപ്രകാരം നാമിരിക്കുന്നെടത്തെക്ക എഴുതി വന്നു. നമ്മടെ 'ചട്ടക്കാരിൽ' ഏതാനും പെരെയത്രെ ആ ദിക്കിൽ ആക്കിയിരിക്കുന്നത. 'പരന്തരീശൻ'മാരുടെ കലശൽ തുടങ്ങിയതിൻെറ ശെഷം പമ്പാഴിമുതൽ കൊടുങ്ങല്ലൂരവരക്ക കരപ്പുറംവഴിക്ക നമ്മുടെ കർണ്ണാടകംവക ആളുകളെ അവിടെ കാവലിന്ന പാർപ്പിച്ചിരുന്നു. ഇപ്പൊൾ പരന്തരീശകപ്പലുകൾ കൊച്ചിക്ക ചൊവ്വെ സഞ്ചരിക്കുന്ന പ്രകാരം എഴുതിവരികകൊണ്ടും, ചട്ടക്കാരുവകക്കാർ 'പായത്ത' പഴകിയവരാകകൊണ്ടും, തിരുവിലപാമലെനിന്ന ചട്ടക്കാരെ കൊച്ചിക്കയച്ച, കർണ്ണാടകംവക ആളുകളെ അതിർത്തിത്തലകളിലക്ക അയക്കയത്രെ ചെയ്യുതു. കർണ്ണാടകക്കാരെ ഈ എടെ ശെഖരിച്ചതും അല്ല. മുമ്പെതന്നെ നമ്മടെ ശെവുകത്തിൽ പതിഞ്ഞുനില്ക്കുന്നവരത്രെ ആകുന്നു. ഇവർ ഒരു 'തുണ്ടത്തരം' ചെയ്കയും ഇല്ല. അവർ പടിഞ്ഞാറെ കൊവിലകത്തുരാജാവിനൊട ചെന്നവരും അല്ല. അങ്ങിനെയുള്ളവരെ നാം പാർപ്പിക്കയും ഇല്ല. നമ്മുടെ ആളുകളെ നമ്മുടെ ആവശ്യത്തിന്ന നമ്മുടെ രാജ്യത്ത അവിടവിടെ പാർപ്പിക്കുമ്പൊൾ, സാമൂതിരിയുടെ ആളുകൾ ഒന്നിനൊന്നായിട്ട കാരൊന്ന പറഞ്ഞുണ്ടാക്കുകയും ആയതുകെട്ട കമ്പഞ്ഞി ആളുകൾ ഇത്തരം കാരൊന്ന ചെയ്യുകയും എന്നുവന്നാൽ അതെത്രയും മനസ്സുമുട്ടത്രെ ആകുന്നു. 65-ൽ ടിപ്പുവിൻെറ പാളയംവന്നു രാജ്യത്തുള്ള ആളുകൾ ഒക്കയും ചത്തുപൊയതിൻെറശെഷം, കർണ്ണാടകക്കാരവകയിൽ ഏതാനും ആളുകളെ ശെഖരിച്ച പാർപ്പിച്ചിരിക്കകൊണ്ടു കമ്പഞ്ഞി ആളുകൾ ഇപ്രകാരം ചെയ്യുന്നു എന്നുവന്നാൽ അവർ അങ്ങൊട്ടും വല്ലതും ചെയ്യു എങ്കിൽ ആയത നാം ചെയ്യിച്ച എന്നെ

ല്ലൊ വരുക. അതുകൊണ്ട നമ്മുടെ ആളുകളെയും തൊക്കും വാളും കൊപ്പുകളും തിരികെ എടുപ്പിച്ച ഇങ്ങൊട്ട കൂട്ടി അയക്കുമെന്നത്രെ നാം നിശ്ചയിച്ചിരിക്കുന്നു......"

ശക്തൻതമ്പുരാനു കുറേ മുമ്പുമുതല്ക്കുതന്നെ ഒരു കർണ്ണാടകസൈന്യമുണ്ടായിരുന്നു. അതു കമ്പനിക്കാർക്ക് ഇഷ്ടമല്ലായിരുന്നു. സാമൂതിരിയോടും അതോടുകൂടി ഇംഗ്ലീഷുകാരോടും മത്സരിച്ചുകൊണ്ടിരുന്ന സാമൂതിരിക്കോവിലകംവക പടിഞ്ഞാറെക്കോവിലകത്തെ രാജാവിനെ സഹായിക്കാൻ വേണ്ടി ആ രാജാവിന്റെ തുണക്കാരായി വന്നുകൂടിയിരിക്കുന്നവരാണീ കർണ്ണാടകക്കാരെന്നുള്ള തെറ്റിദ്ധാരണയാലും, എന്തുവകയായാലും നാട്ടുരാജാക്കന്മാർ സൈന്യശേഖരംചെയ്യുന്നതിൽ അപാരമായ അസഹിഷ്ണുതയുണ്ടായിരുന്നതുകൊണ്ടുമാണ ലക്കിടിക്കോട്ടയിലുണ്ടായിരുന്ന കുമ്പഞ്ഞിപ്പട്ടാളം തിരുവില്വാമലയിൽ പാർത്തിരുന്ന ശക്തൻതമ്പുരാന്റെ കർണ്ണാടകസൈന്യത്തെ ആക്രമിച്ചതു്. "അവർ ഇങ്ങൊട്ടും വല്ലതും ചെയ്യുവെങ്കിൽ നാം ചെയ്യിച്ചതെന്നല്ലൊ വരുക" എന്ന പ്രയോഗത്തിൽ അന്തർഭവിച്ചിട്ടുള്ള സ്തോഭം ആലോചിക്കുംതോറും അനപലപനീയമാകുന്നു. ആ കർണ്ണാടകസൈന്യത്തെ അവിടെനിന്നു സ്ഥലംമാററുകയും 'അതിത്തിത്തലക്കാവലിനു' വേറെ ആളുകളെ എല്പ്പെടുത്തേണ്ടിവരികയുംചെയ്തു. എന്നാൽ നമുക്കിവിടെ പ്രധാനമായിട്ടുള്ളതു ശക്തൻതമ്പുരാനു് ഒരു "കർണ്ണാടകസൈന്യ"മുണ്ടായിരുന്നു എന്നുള്ള ചരിത്രസത്യം മാത്രമാകുന്നു.

ചില കൊല്ലങ്ങളിലെ കണക്കുകൾ അവശേഷിച്ചിട്ടുണ്ടു്. അതിൽ അവിടവിടെ, സൈന്യവകുപ്പിനെ സംബന്ധിക്കുന്ന ചില ഇനങ്ങൾ എഴുതിക്കാണുന്നതിൽനിന്നു കൂടുതലായി പലതും ഗ്രഹിക്കുവാനുണ്ടു്. "വലിയതോക്കിന്റെ വണ്ടിയും തുശിയും പണിത ആശാരി എണ്ണം പതിമൂന്നുക്കു ചിലവു; പള്ളിശ്ശേരി ഇററാരു മെനൊൻ കപ്പിത്താൻ വിചാരിക്കുന്ന കമ്പനിയിൽ പാതിരിവട്ടത്ത കുഞ്ഞിട്ടുണ്ണിമെന്നു ദീനമാകയാൽ ടിയാനെ വെള്ളാരപ്പിള്ളി എത്തിക്കാൻ കല്പനപടിക്കു ചിലവു; തച്ചോത്ത കുഞ്ഞൻ മെനൊൻ കപ്പിത്താൻ വിചാരിക്കുന്ന 'വലിയപെട്ടി'ക്കമ്പിനിക്കു അരി അളവു ചിലവു; കയ്യാനപ്പിള്ളി കൃഷ്ണമെനൊൻ കപ്പിത്താൻ വിചാരിക്കുന്ന "തീക്കുടുക്ക' കമ്പിനിക്കു ചിലവു; കയ്യറമ്പിൽ രാമമെനൊൻ കപ്പിത്താൻ വിചാരിക്കുന്ന ചട്ടക്കാര കമ്പനിക്കു ചിലവു; വാറപട്ടാളത്തിന്നു ശെഖരിച്ചിരിക്കുന്ന അറബികൾക്കു

ചിലവു; കയ്യിള്ളി കൃഷ്ണമെനൊൻ കപ്പിത്താൻ വിചാരിക്കുന്ന അട്ടതൽ കമ്പനിക്കു ചിലവു; കണ്ടുവെലി ശങ്കരമെനൊൻ കപ്പിത്താൻ വിചാരിക്കുന്ന കമ്പനിക്കു ചിലവു" എന്നിങ്ങനെയുള്ള ചിലവിനങ്ങൾ പ്രത്യേകം ശ്രദ്ധേയമാകുന്നു.

ഇവിടെ പറയുന്ന 'കമ്പനികൾ' ഒക്കെയും 'തെക്കേമുഖത്തു ചേർന്നതാണ്. അവയുടെ വലിയകപ്പിത്താനായിരുന്നിരിക്കണം സുപ്രസിദ്ധനായ 'പണിക്കരുകപ്പിത്താൻ.' ഇല്ലത്തു ഗോവിന്ദമേനോൻ വലിയകപ്പിത്താൻ, നാകപ്പാടി കോമിമേനോൻവലിയകപ്പിത്താൻ എന്നിങ്ങനെ ഒരേകാലത്തുതന്നെ വേറെയും കപ്പിത്താന്മാരെയും വലിയകപ്പിത്താന്മാരേയും കാണുന്നുണ്ട്. ഓരോ കോവിലകത്തുംവാതുക്കലും പ്രത്യേകം പ്രത്യേകം 'കമ്പനിയും', ഓരോ കമ്പനിക്കും കപ്പിത്താനും രണ്ടോ മൂന്നോ കമ്പനികൾക്കു കൂടി ഒരു വലിയകപ്പിത്താനും ആയിരുന്നു എന്നാണു തോന്നുന്നതു്. ഒരു 'കമ്പനി'യിൽ സാധാരണ എഴുപത്തിയഞ്ചു 'ശിപ്പായി'മാരും അതിനുപുറമെ ഉദ്യോഗസ്ഥന്മാരും ആയിരുന്നു. ഇന്നു് ഇവിടത്തെ 'നായർപട്ടാളത്തി'ൽ ഓരോ കമ്പനിയിൽ എഴുപത്തിയഞ്ചു ശിപായികളും ഒരു ജമേദാർ, രണ്ടു ഹവിൽദാർ, രണ്ടു നായ്ക്കു്, രണ്ടു ലാൻസ്നായ്ക്കു്, ഒരു ഡ്രമ്മർ, ഒരു ബ്യൂഗ്ളർ, ഇത്രയും ഉദ്യോഗസ്ഥന്മാരുമാണുള്ളതു്.

ശക്തൻതമ്പുരാനു 'നായർപട്ടാളം' മാത്രമല്ലാ, ഈഴവപട്ടാളവും, ക്രിസ്ത്യൻപട്ടാളവും ഉണ്ടായിരുന്നു എന്നു പ്രസിദ്ധമാണല്ലൊ. അതിനുപുറമെ 'ഏറനാട്ടു മുഖത്തുനിന്നു' ഏതാനുംപേരെ പ്രത്യേകം 'തിരുമേനികാവലിനു'വേണ്ടി വരുത്തിത്താമസിപ്പിച്ചിരുന്നതായും കാണുന്നുണ്ട്. തിരുമേനികാവലിനുണ്ടായിരുന്ന 'കമ്പനി'യുടെ 'കപ്പിത്താൻ' കടലക്കുറച്ചികുഞ്ഞുനിലൻപിള്ള ഏജമാനൻ എന്നൊരാൾ ആയിരുന്നു. അയാളുടെ താഴെ ഉണ്ടായിരുന്ന ആൾ ഒരു കൃഷ്ണപിള്ള ഏജമാനൻ ആയിരുന്നു. അവർക്കു രണ്ടുപേക്കും പ്രത്യേകം 'അരിയും കോപ്പും' കല്പിച്ചുകൊടുത്തിരുന്നതായി കണക്കുണ്ടു്. ദേശങ്ങൾതോറും കാവൽപുരകൾ ഉണ്ടായിരുന്നു. കാവലിനു് ആക്കിയിരുന്നതു് അധികവും ഈഴവരെയാണു്. കൃഷിക്കാര്യങ്ങളുടെ മേല്‌വിചാരിപ്പും, ഏറക്കുറെ അവക്കായിരുന്നു. കന്നുകാലികളെ അഴിച്ചുവിടേണ്ടുന്ന കാലം, പുറത്തുവിടാതെ പിടിച്ചുകെട്ടേണ്ടുന്ന കാലം, ഒന്നാമതായി 'ചാലിടുക' (ഉഴവു നടത്തുക), പൊഴുതു വിതയ്ക്കുക എന്നിവയ്ക്കുള്ള കാലം, ഇതൊക്കെ അവർ യഥാവസരം കൊട്ടി അറിയിച്ചിരുന്നു.

എല്ലാവീടുകളിൽ നിന്നും, കുടികളിൽ നിന്നും, പുരകളിൽ നിന്നും പ്രായപൂർത്തിവന്നവരെല്ലാം 'കമ്പനി'യിൽ ചേരാൻ സന്നദ്ധരായിരുന്നുകൊള്ളണമെന്നും, എല്ലായിടത്തുനിന്നും ഓരോരുത്തരെങ്കിലും ചേർന്നിട്ടുണ്ടായിരിക്കണമെന്നുമായിരുന്നു നിശ്ചയം. ആ സംഗതി 'ഹുക്കുനാമ'ങ്ങളിലെ ചില വകുപ്പുകളിൽനിന്നു തെളിയുന്നുണ്ട്.

'വള്ളക്കള്ളന്മാരെ'— കള്ളവഞ്ചിക്കാരെ— അമർത്തുന്നതിനു പ്രത്യേകം ഒരു 'നാവിക'സൈന്യത്തെയും തമ്പുരാൻ രൂപവൽക്കരിച്ചിട്ടുണ്ടായിരുന്നു. വേഗംകൂടിയ ഓടികളും അവക്കു കൊടുത്തിരുന്നു. കായലിൽ മുങ്ങുന്നതിനും, വലവീശുന്നതിനും, മററും വിദഗ്ദ്ധന്മാരായ 'വാലന്മാർ' ആയിരുന്നു ആ സൈന്യവിഭാഗത്തിലെ പ്രധാനികൾ. വളരെ പണ്ടുകാലംമുതല്ക്കുതന്നെ കേരളത്തിലെ കപ്പൽക്കച്ചവടം മുഹമ്മദീയരായ 'മൂർവർഗ്ഗ'ക്കാരുടെ കയ്യിലായിരുന്നു. സാമൂതിരിപ്പാട്ടിലെ കേൾവികേട്ട കടൽസൈന്യത്തിന്റെ മുഴുവനും മേധാവികൾ അവരായിരുന്നു. ലോകപ്രസിദ്ധി സമ്പാദിച്ച ചില നാവികയുദ്ധവിദഗ്ദ്ധന്മാരും അക്കാലത്തുണ്ടായിരുന്നു. ഇംഗ്ലീഷുകാർക്കുശേഷം ആവകയെല്ലാം തീരെ ഇല്ലാതാകയും, മൂർവർഗ്ഗക്കാരുടെ മുഖ്യതയും ശക്തിയും നാമാവശേഷമാകയുംചെയ്തു. എങ്കിലും, കപ്പൽക്കാര്യങ്ങൾക്കു മിടുക്കന്മാർ അന്നും അവർതന്നെ ആയിരുന്നു. ശക്തൻതമ്പുരാന്റെ കപ്പൽക്കച്ചവടത്തിന്റെ ആധിപത്യവും കപ്പലുകളിലെ "കപ്പിത്താൻസ്ഥാനവും" തന്നിമിത്തം മുഹമ്മദീയരാണു മുഖ്യമായും വഹിച്ചിരുന്നതു്.

XLII

ഭരണവിഭാഗങ്ങളും മുതലെടുപ്പുകളും

ഭരണസൗകര്യാർത്ഥം കൊച്ചിരാജ്യത്തെ അക്കാലത്തു മൂന്നു മുഖങ്ങളാക്കി വിഭജിച്ചിരുന്നു. വടക്കേമുഖമെന്നും, തെക്കേമുഖമെന്നും, കിഴക്കേമുഖമെന്നുമായിരുന്നു ആ ഖണ്ഡങ്ങളുടെ പേരുകൾ. കിഴക്കേമുഖത്തു് ഇന്നത്തെ ചിററൂർത്താലൂക്കിൽ ഉൾപ്പെട്ട കൊടകരനാടു്, നാലുദേശം, മുതലായ പ്രദേശങ്ങളായിരുന്നു. ചിററൂർ, തത്തമംഗലം നെന്മാറ എന്നീ പേരുകൾ അന്നുമുണ്ടെങ്കിലും ആദ്യംപറഞ്ഞ നാമങ്ങൾക്കാണു പ്രാധാന്യം കാണുന്നതു്. ഓരോ മുഖത്തേയും പലപല കോവി

ലകത്തുംവാതുക്കലുകളായും, ഓരോ കോവിലകത്തുംവാതലിനേയും പല പ്രവൃത്തികളായും വീണ്ടും ഭാഗിച്ചിരുന്നു. 'പ്രവൃത്തികൾ' ആയിരുന്നു—ഇന്നത്തെ വില്ലേജുകൾതന്നെ, എന്നാൽ ഒരു പ്രവൃത്തിയിൽ ഇന്നത്തെ രണ്ടും നാലും വില്ലേജുകൾ ഉൾക്കൊണ്ടിരുന്നു—അന്നത്തെ ഭരണഘടകങ്ങൾ. പ്രവൃത്തികൾക്കെല്ലാം പ്രവൃത്തിയാരന്മാർ—പാറോത്ത്യക്കാരന്മാർ— ഉണ്ടായിരുന്നു. പ്രവൃത്തിയാരന്മാരുടെ കീഴിൽ മേനോന്മാർ, ചന്ത്രക്കാരന്മാർ, മാസപ്പടിക്കാർ ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരുമുണ്ടായിരുന്നു. അതിനുപുറമെ ചില പ്രവൃത്തികളിൽ—കണ്ടകൃഷികളൊ, കോവിലകങ്ങളൊ, പാണ്ടികശാലകളൊ, ഊട്ടുപുരകളൊ മറ്റൊ ഉണ്ടായിരിക്കുന്നതിന്റെ തരംപോലെ—വിചാരിപ്പുകാരന്മാരെക്കൂടി ഏർപ്പെടുത്തിയിരുന്നു.

തെക്കേമുഖത്തു് ഇന്നത്തെ മുകുന്ദപുരം കൊച്ചി, കണയന്നൂർ താലൂക്കുകളും, വടക്കേമുഖത്തു് ഇന്നത്തെ തൃശ്ശിവപേരൂർ, തലപ്പിള്ളി താലൂക്കുകളുമാണുണ്ടായിരുന്നതു്. തെക്കേമുഖത്തു് ആകെ നാലുകോവിലകത്തുംവാതലും ഇരുപത്തിരണ്ടു പ്രവൃത്തികളും, വടക്കേമുഖത്തു നാലുകോവിലകത്തുംവാതലും പതിനാറു പ്രവൃത്തികളും ഉണ്ടായിരുന്നു. ഓരോ മുഖത്തിനും ഓരോ സർവ്വാധിയേയും, ഓരോ കോവിലകത്തുംവാതുക്കലും ഓരോ കാര്യക്കാരനേയും നിശ്ചയിച്ചിരുന്നു. 'മുഖത്തുമുതൽപിടി' എന്നൊരു ഉദ്യോഗസ്ഥൻ മുഖങ്ങളിൽ വെവ്വേറെയും ഉണ്ടായിരുന്നു. എല്ലാററിന്റേയും 'കേന്ദ്രം' എഴുന്നള്ളി ഇരുന്നരുളുന്നേടംതന്നെയായിരുന്നു. അവിടെ വിചാരിപ്പുകാർ, മുതൽപിടിക്കാർ, കാര്യക്കാരന്മാർ, ചന്ത്രക്കാരന്മാർ, തീട്ടരമെഴുത്തുകാർ, കണക്കെഴുത്തുകാർ, വരിയോലക്കാർ എന്നിങ്ങനെ വകപ്പതിരിച്ചും ജോലിതിരിച്ചും പ്രത്യേകം ഉദ്യോഗസ്ഥന്മാരും, അവക്കു് എല്ലാവക്കും മീതെയായും, രാജ്യത്തിനു് കൂട്ടാകെ മേലുദ്യോഗസ്ഥനായും വലിയ എജമാനൻ എന്നും വലിയസർവ്വാധിയെന്നും പേരുകൾ പറഞ്ഞു വന്നിരുന്ന, ഇന്നത്തെ ദിവാൻജിയുടെ സ്ഥാനംവഹിക്കുന്ന, ഒരു പ്രധാനിയും ഉണ്ടായിരുന്നു. പട്ടാളങ്ങൾ, കമ്പനികൾ, രജിമിട്ടുകൾ ഇവയുടെ മേലാളികളായി കപ്പിത്താന്മാരും, കപ്പിത്താന്മാർക്കു മേധാവിയായി ഒരു വലിയകപ്പിത്താനും ഉണ്ടായിരുന്നു. പാണ്ടികശാലാവിചാരിപ്പുകാരൻ, "കുത്തുമതി" വിചാരിപ്പുകാരൻ, മുളകുമടിശീലവിചാരിപ്പുകാരൻ ചുങ്കംവിചാരിപ്പുകാരൻ എന്നീ ഉദ്യോഗസ്ഥന്മാർ അതതുവകപ്പുകളുടെ മേധാവികളായി പ്രത്യേകമുണ്ടായിരുന്നു.

തെക്കേമുഖത്തെ കോവിലകത്തുംവാതലുകൾ, കൊച്ചി, മുകുന്ദപുരം, കോടശ്ശേരി, കണയന്നൂർ ഇവയായിരുന്നു. കൊച്ചിയിൽ കൊച്ചി, വയ്പിൻ, പള്ളുരുത്തി, ചെറിയാനന്ദപുരം, പതിനെട്ടരയാളം, എന്നീ പ്രവൃത്തികളും, മുകുന്ദപുരത്ത് മുകുന്ദപുരം, അരിപ്പാലം, മാപ്രാണം, പുതുക്കാട്, താഴക്കാട്, പാലത്തിങ്കൽ എന്നീപ്രവൃത്തികളും കോടശ്ശേരിയിൽ കോടശ്ശേരി, തിരുമുക്കുളം, വെള്ളാരപ്പിള്ളി, ആനന്ദപുരം, കൊരട്ടി, മലയാററൂർ ഈ പ്രവൃത്തികളും, കണയന്നൂരിൽ കണയന്നൂർ, നീണ്ടകര, നെട്ടൂർ, എറണാകുളം എന്നീ പ്രവൃത്തികളും പുറമെ അയിക്കരനാട്ടും രാമംഗലവും ഉൾപ്പെട്ട പ്രദേശങ്ങളും ഉൾപ്പെട്ടിരുന്നു.

അന്നത്തെ മുതലെടുപ്പുകളിൽ പലതും ഇന്നു നാമാവശേഷമായിരിക്കുന്നു. വേറെ ചിലതു രൂപാന്തരപ്പെട്ടും പരിഷ്കാരപ്പെട്ടും നിലനിന്നുപോരുന്നുണ്ട്. പല പുതിയ ഇനങ്ങളും കാലക്രമേണ ഉണ്ടായിത്തീരുകയും ചെയ്തിരിക്കുന്നു. മുതലെടുപ്പ് ഇനങ്ങളുടെ ഒരു പട്ടിക ചേർക്കുന്നതു പലതുകൊണ്ടും രസപ്രദവും വിജ്ഞേയവുമായിരിക്കുമല്ലോ.

പണ്ടാരവക വെറുമ്പാട്ടംവക പാട്ടവും, പണ്ടാരവക കാണംവക മിച്ചവാരവും അന്നത്തെ മുതൽക്കൂട്ട കണക്കിൽ ഉൾപ്പെട്ടവയായിരുന്നു. എട്ടിലൊന്ന്, പാട്ടക്കാഴ്ച, കെട്ടുതെങ്ങ് — ഒരു പറമ്പിലുള്ള തെങ്ങുകളിൽ നൂറിനു മൂന്നുവീതം രാജാവിന് — അടിമക്കാഴ്ച, അനുപോകക്കാഴ്ച, , ആണ്ടുതിരുമുല്ക്കാഴ്ച, അത്ഥപലിശ, വല്ലിയാൾ മിച്ചവാരം, രക്ഷാപോകം, പള്ളിയമ്പുവക കാഴ്ച, തുക്കപ്പണം, തലയറവക, നായാട്ടുവക, ചക്കപ്പണം, കററിക്കൂലി, ചെത്തുപണം, പെരപ്പണം, എറാപ്പണം, പീടികപ്പണം, കല്പനപ്പണം, ചൂളപ്പണം, ചെങ്ങാതം, തോട്ടുകല, കലയടക്ക, കാപ്പുകുത്തക (മീൻപിടിക്കാൻ), ചൂരപ്പണം, ഓണക്കാഴ്ച, തരകുവക, പീടികക്കൂലി, കൊട്ടക്കാശു, വഞ്ചിക്കാശു, ഉപ്പുകുത്തകവക, മേലുപ്പുവക, ഊന്നിപ്പാട്ടം (ഊന്നികളിട്ടു മീൻപിടിക്കാൻ), മുപ്രവക (പത്തുപറക്കു മൂന്നുപറപ്രകാരം) എന്നിങ്ങനെ ചില്ലറ പല ഇനങ്ങളിലും അക്കാലത്തു പിരിവെടുത്തുവന്നിരുന്നു. ഇന്നത്തെ 'കോർട്ട്ഫീ' ഇനത്തിന്റേതുപോലെ 'കാരിയം തീരുംവകയ്ക്കു" ഒരു പിരിവും ഉണ്ടായിരുന്നു. അടിയറവക, പുരുഷാന്തരംവക, ചാവേറ തീന്നവക, ഉത്തിരപ്പാട തീന്നവക, അടക്കതെവക, ചിട്ടിക്കലിയൻവക, പെരാമ്പ്രവക, തക്ഷാവകംവക, പിന്നെ പലതും തീന്നവക, തീപ്പിച്ചവക ഇങ്ങനെ എറിയ ഇനങ്ങൾ

അന്നത്തെ കണക്കിൽ കാണുന്നുണ്ട്. അതിൽ പലതും എന്താണെന്നു സുഗ്രഹമല്ല.

പുറവക മുതൽകൂട്ട് ഇനത്തിൽ കഴുത്തുപൊൻവക, ചരടുചെമ്പുവക, കല്ലുപതാരംവക, കൊപ്പുകൾ വിററവക, പശുക്കിടാവുക, ശക്കരത്തട്ടു വരണ്ടവക, വഞ്ചിക്കൂലിവക, ഒഴുകുമരംവക, ആൾച്ചുങ്കംവക, വലപ്പണംവക, അടിയന്തരകാഴ്ചവക, പിഴവക എന്നിപ്രകാരവും അനവധി ഇനങ്ങൾ കാണുന്നുണ്ട്.

അന്യംനിന്ന പറമ്പുകളിലെ അനുഭവംവക, ചൂതുകളിക്കാരോടു പിടിച്ചെടുത്തവക, ഇട്ടേച്ചുപോയ മുതൽ എടുത്തു വിററവക, മുറിചികിത്സക്കു കെട്ടിവെപ്പിച്ചവക, പ്രാപ്തിയില്ലാത്തവരുടെ കുററിക്കടങ്ങൾ പിരിച്ചുകൊടുത്തവക, നാണയം മാററിയവക, ഇപ്രകാരത്തിലും സംഖ്യകൾ വരവുവെച്ചിട്ടുണ്ട്. ഇതുപോലെ എല്ലാ പ്രവൃത്തികളിൽനിന്നും വരവുകൾ ഉണ്ടായിരുന്നു. ഇതിൽ പല ഇനങ്ങളെക്കുറിച്ചും, അവയുടെ ആഗമം, വളച്ച, രൂപാന്തരം, ഇന്നത്തെ സ്വഭാവം എന്നിങ്ങനെയുള്ള സംഗതികളെ പരാമശിച്ചും കാരോ പ്രബന്ധമെഴുതാവുന്നതാണ്. ചില ശബ്ദങ്ങളിൽ വലിയ രാജ്യചരിത്രംതന്നെ അന്തർഭവിച്ചുകിടപ്പുണ്ട്. എന്നാൽ അതെല്ലാം വിസ്തരിക്കുന്നതിനു ഇപ്പോൾ ഒരുമ്പെടുന്നില്ല.

എല്ലാംകൂടി, ആകെ തെക്കേമുഖത്തു ചേന്ന കോവിലകത്തുംവാതുക്കൽ നാലിലും, പ്രവൃത്തികൾ ഇരുപത്തിരണ്ടിലും, മുഖത്തുമുതൽപിടിയിലുംകൂടിതന്നാണ്ടുവകയും മററും കൂടി ഈവക ചില്ലറ മുതൽകൂട്ട പതിനയ്യായിരത്തിഇരുന്നൂററിപതിനഞ്ചേകാൽ രൂപയായിരുന്നു 967-ാമാണ്ടിലെ പിരിവെന്നു കാണുന്നു.

"ആകെ തെക്കേമുഖത്തു കൊവിലകത്തുംവാതുക്കൽ നാലിലും ചെന്നപ്രവൃത്തി 22-ലും കൂടി അമ്പലം 12-ം ബലിക്കപ്പുര 2 ം, കൊവിലകം 9-ം, മഠം 15-ം കൊട്ടാരം 1-ം തണ്ണീർപന്തൽ 6-ം, ഊട്ടുപുര 7-ം വെടിപ്പുര 1-ം മരുന്നറ 1-ം ചാവടി 6-ം, പീടിക 10-ം, പീടികഅറ 1-ം കത്തുപുര 1-ം കുളപ്പുര 5-ം പള്ളിയൊടപ്പുര 3-ം വഞ്ചിപ്പുര 1-ം വെങ്ങപ്പാളയം 3-ം കാവൽപുര 2-ം നെടുമ്പുര 1-ം പടിപ്പുര 1-ം കൊട്ടവാതുക്കൽ കാവപ്പുര 1-ം, ഗൊപുരം 4-ം,

പത്തായപ്പുര 1_ം" കൂടി ആകെ നൂററിഎട്ടു സ്ഥലങ്ങളും പണ്ടാരവകയിൽനിന്നും 967_ാമാണ്ടിൽ നേരിട്ടു കെട്ടിമേച്ചിൽ നടത്തിച്ചിട്ടുള്ളതായി കാണുന്നു.

ആ കൊല്ലത്തെ, 967_ലെ, കണക്കിൽ ഒടുവിൽ ഇങ്ങനെ ഒരു വിവരം എഴുതിയിരിക്കുന്നു. "ആകെ തെക്കെമുഖത്തെ കൊവിലകത്തും വാതുക്കൽ നാലിലും ഉൾപ്പെട്ട പ്രവൃത്തി 22_ലും കൊവിലകത്തുംവാതുക്കൽ മുതൽപിടിയിലും, മുഖത്തുമുതൽപിടിയിലും കൂടി ദെവസ്വം, തഞ്ചിലവു, ഒടമച്ചിലവു (ശമ്പളംവക,) ഭവനത്തിൽ ചിലവു് ഉൾപ്പെട്ട വകക്കു ആണ്ടൊന്നാകെ പണവക ചിലവു പുത്തൻ 12,88,218$\frac{7}{8}$."

മേൽവിവരിച്ച ഇനങ്ങൾക്കുപുറമെ വേറെ ചില ഇനങ്ങളിലും രാജസ്ഥാനത്തേയ്ക്കു പിരിവുകൾ ഉണ്ടായിരുന്നു. പടിപ്പുര വെക്കുവാൻ അനുവാദം, വലിയപപ്പടം കാച്ചാൻ അനുവാദം, കല്യാണത്തിനു കിഴക്കുപടിഞ്ഞാറ പാവലിടാൻ അനുവാദം, കൊട്ടുംവാദ്യത്തിനു് അനുവാദം, എന്നിപ്രകാരം പലതരം അനുവാദങ്ങൾക്കും "രാജഭോഗം" ഉണ്ടായിരുന്നു. സ്ഥാനമാനങ്ങൾ കല്പിച്ചുകൊടുക്കുന്നതിനു് ആണ്ടുതോറും തിരുമുല്ക്കാഴ്ച ഒടുക്കിച്ചിരുന്നു.

പ്രസ്തുതകണക്കിൽ ആകെ രാജ്യത്തിലെ ഒരു കൊല്ലത്തെ പിരിവിന്റെ വിവരം ചേർത്തിരിക്കുന്നതു് ഇപ്രകാരമാണു്. "ആകെ തെക്കെമുഖത്തും വടക്കെമുഖത്തും ഉൾപ്പെട്ട പ്രവൃത്തി 36 ലും അയിക്കരനാട്ടു, നാമംഗലത്തും, അയിരുനാട്ടിലും കൂടി നിലനിന്ന വകക്കു മുതൽകൂട്ടു പുത്തൻ 1403364$\frac{15}{16}$. ടിവക നെല്ലു 6114,91_ം നിലനികുതിവകയ്ക്കു മുതൽകൂട്ടു നെല്ലു 5,63,703_ം." ഇതു 967_ാമാണ്ടിലെയാകുന്നു.

"നാലുദേശം കൊടകരനാടു്" എന്ന കിഴക്കേമുഖത്തെ വിവരം ആ കണക്കിൽ കാണാഞ്ഞതു്, ആ 'മുഖം' പിന്നീടു്— 967നുശേഷം ശക്തൻതമ്പുരാൻ പ്രത്യേകം ഏർപ്പെടുത്തിയ ഒരു 'മുഖ'മായതുകൊണ്ടായിരിക്കണം. 970_ശേഷം മാത്രമാണു 'കിഴക്കേമുഖം' സർവ്വാധിയേക്കുറിച്ചു പ്രത്യേകം വിവരിച്ചുകാണുന്നതു്. പിന്നീടുള്ള കാലത്തെ ഒരു കണക്കിൽ— "നെമ്മാറെ കൊവിലകത്തുംവാതുക്കൽ ഉൾപ്പെട്ട പ്രവൃത്തി ആറിലും കൂടി ആകെ നിലം 43272 എന്നും, അതിൽ നീതി പതിഞ്ഞ വക 27096 എന്നും, കുത്തകപ്പാട്ടമായുംമററും

എഴുതിച്ചവക 6176 എന്നും, ബാക്കി തരിശു എന്നും പ്രസ്താവിച്ചുകാണുന്നുണ്ടു്. കിളിയലികളപ്പാട്ട്, പോത്തുണ്ടികളപ്പാട്ട്, തിരുത്തംപാടംകളപ്പാട്ട്, കളപ്പെട്ടികളപ്പാട്ട, തോട്ടശ്ശേരികളപ്പാട്ട, കൊല്ലങ്ങാട്ടു കളപ്പാട്ട് എന്നിങ്ങനെ പല കൃഷിസ്ഥലങ്ങൾ ഉണ്ടായിരുന്നതായി അവയുടെ പേരുകളും ചേർത്തിട്ടുമുണ്ടു്.

മൈസൂർ ആക്രമണത്തിനുശേഷം സ്ഥിരമായി വലിയൊരു സംഖ്യ ആണ്ടുതോറും കപ്പംകൊടുക്കുന്നതിനു നിർബ്ബന്ധിക്കപ്പെട്ടതുകൊണ്ടും അന്നുമുതല്ക്കുമാണു 'നിജകരം', പതിച്ച വസ്തുക്കളിൽനിന്നു നികുതിപിരിക്കുക എന്ന ഏർപ്പാടു നിജപ്പെട്ടതു്. ആദ്യകാലത്തു് ആ നികുതി പിരിവു നെടുങ്കോട്ടയ്ക്കു വടക്കുള്ള ഭൂമികളെമാത്രമേ ബാധിച്ചിരുന്നുള്ളു. അതു ക്രമേണ നിലനില്ക്കുകയും എല്ലാഭാഗത്തേയ്ക്കും പരക്കുകയും ചെയ്തു. 996-ൽ ആണെന്നുതോന്നുന്നു ഒന്നാമത്തെ 'നിലം കണ്ടെഴുത്തു്' ഉണ്ടായതു്. 1032 വരെ കാത്തിരിക്കേണ്ടിവന്നു പറമ്പു കണ്ടെഴുത്തിനു്.

ഇന്നത്തെ നിലയിൽനിന്നു നോക്കിയാൽ ആ കാലത്തെ പിരിവുകളും പിരിവിൻെറ സമ്പ്രദായങ്ങളും, ചിലവുകളും ചിലവുകളുടെ സ്വഭാവങ്ങളും എല്ലാം വളരെ നിസ്സാരങ്ങളായി തോന്നിയേക്കാമെങ്കിലും, വൈദ്യവകുപ്പും വിദ്യാഭ്യാസവകുപ്പും, അതുപോലെ പല വകുപ്പുകളും അന്നു് ആരംഭിച്ചിട്ടില്ലെങ്കിലും, കാലാനുസൃതമായ ഒരു പ്രജാക്ഷേമതല്പരതയും, ചുമതലാബോധവും അന്നും ധാരാളമുണ്ടായിരുന്നു എന്നു കാണാവുന്നതാണു്.

കച്ചവടത്താലും, പ്രഭുക്കന്മാരെ അമർച്ചചെയ്ത വഴിക്കും മററുമായി ശക്തൻതമ്പുരാൻെറ കാലത്തു മുതലെടുപ്പു തുലോം വർദ്ധിച്ചു എന്നതിനു സംശയമില്ല. എന്നാൽ 970നു ശേഷമുള്ള കണക്കുകൾ ഒരുകൊല്ലത്തെയെങ്കിലും പൂർത്തിയായിട്ടു കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

ചുങ്കങ്ങൾ

൧

അല്പാന്തിച്ചുങ്കം

പോൎത്തുഗീസ്സുകാരുടെ കാലംമുതല്ക്കു കൊച്ചിത്തുറമുഖം മലയാളക്കരയിലെ ഒന്നാമത്തെ കപ്പൽകച്ചവടസ്ഥാനമാണല്ലോ. തുറമുഖവക്കത്തുള്ള കൊച്ചിക്കോട്ട പോൎത്തുഗീസ്സുകാൎക്കു പാണ്ടികശാലാസ്ഥാപനത്തിനുവേണ്ടിമാത്രം കൊച്ചിരാജാവു് അനുവദിച്ചുകൊടുത്തതും, അവരിൽനിന്നു ഡച്ചുകാൎക്കും, ഡച്ചുകാരെ തോല്പിച്ച ഇംഗ്ലീഷുകാൎക്കും കൈവശം വന്നതുമാകുന്നു. 'ഭജനം മൂത്തു് ഊരായ്മ'യായതിന്റെ ഒന്നാന്തരം ഒരു ഉദാഹരണമാണു ബ്രിട്ടീഷുകൊച്ചി. നൂററാണ്ടുകളുടെ പ്രവൎത്തനംകൊണ്ടു സംഭവിച്ചതായ ആ പരിണാമത്തെ അപലപിക്കുകയോ ഇളക്കിനോക്കുകയോ അല്ലതന്നെ ഞാൻ ചെയ്യുന്നതു്. അതിനിപ്പോൾ അൎഹതയുമില്ലാ, അൎത്ഥവുമില്ല.

ആദ്യംമുതല്ക്കുതന്നെ 'കടൽച്ചുങ്കം' കൊച്ചിരാജാക്കന്മാരുടെ പ്രധാനപ്പെട്ട പുറവരവുകളിൽ പ്രാഥമ്യത്തെ പ്രാപിച്ചിരുന്നു. വലിയ വാദപ്രതിവാദങ്ങൾക്കൊന്നും ഇടംകൊടുക്കാതെ ആ ചുങ്കക്കാൎയ്യം 'പറങ്കിനാളിലും ലന്തനാളിലും' നടന്നുംപോന്നു. ശക്തൻതമ്പുരാന്റെ കാലമായപ്പോൾ ആ ചുങ്കക്കാൎയ്യത്തിൽ ഒരു നവീകരണം ആവശ്യമായിവന്നു. അതിനുമുമ്പുണ്ടായിരുന്ന രാജാക്കന്മാരാരും സ്വന്തമായി കപ്പൽക്കച്ചവടമൊ, എന്തെങ്കിലും കച്ചവടമൊ നടത്തിയിരുന്നില്ല. ശക്തൻതമ്പുരാന്റെ കപ്പൽക്കച്ചവടം വിപുലവും വിശ്രുതവും ആയ ഒരു പുതിയ ഏൎപ്പാടായിരുന്നു. അദ്ദേഹത്തിന്റെ കപ്പലുകൾ സാമാനങ്ങൾ കയററിയും ഒഴിച്ചും തുറമുഖത്തു് എത്തുമ്പോൾ അവയ്ക്കു ചുങ്കം പിരിക്കണമൊ, വേണമെങ്കിൽ എങ്ങനെ വേണം, എന്നുള്ള ഒരു പുതിയ വിഷയം അക്കാലത്തു് ആലോചനയ്ക്കുവന്നു. അന്നു ലന്തക്കാരുടെ ആധിപത്യകാലമായിരുന്നു. ലന്തക്കാർ തമ്പുരാന്റെ കപ്പൽക്കച്ചവടത്തിനു വേണ്ട 'ഉപായസഹായങ്ങൾ' നല്കുന്നതിനു വലിയ വിമുഖന്മാരായിരുന്നില്ല. അദ്ദേഹത്തിന്റെ കപ്പലുകളെ ചുങ്കത്തിൽനിന്നു് ഒഴിവാക്കുകയും ശേഷമുള്ള പിരിവുകളെ പകുതിവ്വീതം പങ്കിട്ടു് എടുക്കുകയും

ചെയ്തുവന്നു. രണ്ടുവിധത്തിലാണ്, ആ ചുങ്കപ്പിരിവ് എടുത്തിരുന്നതു്. കുത്തകയായി ഒരു കൊല്ലത്തേയ്ക്കു് ഇത്ര ഉറപ്പിക്ക എന്നു ലേലംവിളിച്ചു് ഏല്പിച്ചു് ആ സംഖ്യയിൽ പകുതി ലന്തക്കാരും പകുതി തമ്പുരാനും എടുക്കുകയോ, ഇരുഭാഗക്കാരും ചേൎന്നു് ഉദ്യോഗസ്ഥന്മാരെ നിശ്ചയിച്ചു ചിലവുചെയ്തു പിരിവുകൾ എടുത്തു ചിലവു നീക്കിയുള്ളതു പകുതിവീതം എടുക്കുകയോ, ഇങ്ങനെ രണ്ടുതരത്തിലും നടന്നുവന്നു. അങ്ങനെ നടന്നുവരുന്നകാലത്താണു് ഇങ്കിരിയസ്സുകുമ്പഞ്ഞിക്കാരുടെ പുറപ്പാടു്. ലന്തക്കാരെ അവർ തോല്പിച്ചു കൊച്ചിയിൽനിന്നു പുറത്താക്കി, ലന്തസ്ഥാനം ഇംഗ്ലീഷുകാർ ഏറ്റെടുത്തു. കീഴുനാളിലെപ്പോലെ എല്ലാസംഗതിയും, ഈ അല്പന്തിച്ചുങ്കക്കാൎയ്യവും, നടത്തപ്പെടുമെന്നു തമ്പുരാനും വിശ്വസിച്ചു. ഭാവവും ഭാവനയും എല്ലാംഅങ്ങനെതന്നെ ആയിരുന്നുതാനും. കുറേക്കാലം അങ്ങനെ നടക്കുകയും ചെയ്തു. അചിരേണ ഇംഗ്ലീഷധികൃതന്മാരും ശക്തൻതമ്പുരാനും തമ്മിൽ അല്പാന്തിച്ചുങ്കത്തിന്റെ കാൎയ്യംകൊണ്ടു പല വാദപ്രതിവാദങ്ങളും നടന്നു. അൽഫാന്തിക്കോ എന്നോ മറ്റോ ഉള്ള ഒരു ഡച്ചുവാക്കിൽനിന്നുണ്ടായതാണു് 'അല്പാന്തി' എന്ന വാക്കു്. 'കടൽച്ചുങ്കം' എന്നാണതിനൎത്ഥം.

ഈ നടപടിയെസ്സംബന്ധിച്ചു ശക്തൻതമ്പുരാൻ തന്റെ സ്വന്തം രീതിയിൽ മിസ്റ്റർ റിക്കാഡ്സ് സായ്പിനയച്ച ഒരു കത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു. "അല്പാന്തിച്ചുങ്കം മുറിഞ്ഞ കുത്തക ആയിട്ടു ഏല്പിക്കുക ആകുന്നു എങ്കിൽ കുത്തക ഏല്പിക്കുന്ന ദ്രുപായിൽ നമുക്കും കുമ്പഞ്ഞിക്കും നെർപകുതി ആയിട്ടും, തഞ്ചായമായിട്ടു മുതൽ എടുക്കുക ആകുന്നു എങ്കിൽ കണക്കെ എഴുതി മുതൽ എടുക്കേണ്ടതിന്നു ബഹുമാനപ്പെട്ട കുമ്പഞ്ഞിയിൽനിന്നും നമ്മുടെ വഹയിൽനിന്നും കൂടെ ആളാക്കി മുതൽ എടുത്ത നെർപകുതി ആയിട്ടും ആം. ഇപ്പൊൾ നമ്മുടെ വഹയിൽനിന്നും കൂടെ ആളാക്കാൻ അയച്ചാറെ വഹിയാ എന്നു ധൎമ്മൻ സായ്പു അവർകൾ വിലക്കിയിരിക്കുന്നു. അതു നമുക്കു സങ്കടമായിട്ടുള്ളതല്ലൊ ആകുന്നു."

ഒന്നുകൂടി വിശദമായ ഒരു വിവരണം മറെറാരു തിരുവെഴുത്തിൽ കാണുന്നു:— "നമ്മുടെ വഹയ്ക്കു ചരക്കുകൾ ഉരുക്കളിൽ കയററി കൊച്ചി അഴി കടന്നു പുറത്തെക്കു പൊകുന്നതിന്നും, പുറത്തുനിന്നു അകത്തെക്കു കൊണ്ടുവരുന്നിനും, അല്പാന്തിച്ചുങ്കം കൊടുക്കാതെ, ഒരു തടവും കൂടാതെ എത്രെ പൂൎവ്വാപൂൎവ്വമായിട്ടു ലന്തക്കുമ്പഞ്ഞിനാളിലും ഇങ്കിരിയസ്സു

കമ്പഞ്ഞി ആയതിൽപിന്നെയും കഴിഞ്ഞു വന്നിരിക്കുന്നതു. ഇപ്പോൾ അതിനും മെസ്സർ 'കലിസ്സാന്ത സായ്യ' അവർകൾ തടവായിട്ട തുടങ്ങിയിരിക്കുന്നു. നമ്മുടെ വഹയ്ക്ക ചരക്കുകൾ ഉരുക്കളിൽ കെററി അയക്കുന്നതിന്നും പുറത്തുനിന്നും കൊണ്ടുവരുന്നതിന്നും കീഴിൽ അല്ലാന്തിച്ചുങ്കം കൊടുക്കാതെയും ഒരു തടവും ഇല്ലാതെയും നടന്നു വരുന്നതു, അല്ലാന്തിച്ചുങ്കം കമ്പഞ്ഞിക്കും നമുക്കും നെർപകുതി ആയിട്ടുള്ളതുകൊണ്ടാകുന്നു. അപ്രകാരം കഴിഞ്ഞു വരുന്നു എന്നുള്ള അവസ്ഥയും തങ്ങൾക്കു അറിയാമല്ലൊ. അതുകൊണ്ടു നമ്മുടെ വഹക്കു ഒരു തടവു ഉണ്ടാകാതെ കീഴനാളിലെപ്പൊലെ നടത്തിക്കത്തക്കവണ്ണം മെസ്സർ കലിസ്സാന്ത സായ്യിനു തങ്ങൾ തികച്ചിലായിട്ട എഴുതിക്കൊടുത്തയച്ച നിദാനം വരുത്തിത്തരുമാറാകയും വെണം...".

ഈ വിഷയം ഇംഗ്ലീഷുകാർ ഒട്ടും വിട്ടുകൊടുക്കാതെ ബലമായിപ്പിടിച്ചു വാദിച്ചു. ഒരിമ്മിക്കും പിൻമാറാതെ ശക്തൻതമ്പുരാനും തുടർന്ന വാശിപിടിച്ചു. എത്ര അസംഖ്യം എഴുത്തുകുത്തുകളാണ് ആ കാലത്തു് അതു സംബന്ധമായി നടന്നിട്ടുള്ളതെന്നു പറഞ്ഞാൽ അവസാനമില്ല. ഓരോന്നിലും ഓരോ പുതിയ വാദമുഖങ്ങളും, ന്യായനിലകളും, അതിനൊക്കെയുള്ള സമാധാനങ്ങളും എതിർവാദങ്ങളും തിരിഞ്ഞുതിരിഞ്ഞു കാണാവുന്നതാണ്. ആ രേഖകളിൽനിന്നു ചിലതുമാത്രം എടുത്തു കാണിക്കുന്നതായാൽ അതുകൊണ്ടു് ആ വാദകോലാഹലങ്ങളുടെ വക്കും മൂലയുംകൂടി മുഴുവനും കാണാൻ സാധിക്കാത്തതുകൊണ്ടും, എല്ലാംതന്നെ പകത്തിയിടുന്നതു് അഭിലഷണീയമല്ലാത്തതുകൊണ്ടും വാദരൂപത്തെ ചുരുക്കത്തിൽ വിവരിച്ചു സമാഹരിക്കുവാനേ നിർവ്വാഹമുള്ളു. തമ്പുരാൻെറ ഉരുക്കൾ ഉൾപ്പടെ എല്ലാററിനും ചുങ്കം വേണമെന്നും, പിരിവു പരിശോധിക്കുവാൻ തമ്പുരാനു കാര്യമില്ലെന്നും, തങ്ങൾ കല്പിച്ചുകൊടുക്കുന്നതു മേടിച്ചുകൊള്ളുകയേ വേണ്ടൂ എന്നും, പകുതിയിൽ നിന്നു് എന്തെല്ലാം ഇനങ്ങൾ കിഴിയണം എന്നു തങ്ങൾ തീർച്ചപ്പെടുത്തുമെന്നും, ഉള്ള വീതം എന്തായാലും ആയതു കപ്പത്തിൽ തട്ടിക്കിഴിക്കുവാനല്ലാതെ റൊക്കം ആവശ്യപ്പെടുവാൻ അവകാശമില്ലെന്നും, ഇങ്ങനെ നൂറുകൂട്ടം കാര്യങ്ങളെ കമ്പനിക്കാർ തപ്പിപ്പിടിച്ചും, താങ്ങിയെടുത്തും, കുത്തിപ്പൊന്തിച്ചും തമ്പുരാനെ അമ്പരപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ, ഒന്നുകൊണ്ടും പിൻമാറാതെ എഴുത്തിനു് എഴുത്തും, ന്യായത്തിനു ന്യായവും, ആയി തമ്പുരാനും കൂടി. കൊച്ചിയിലുണ്ടായിരുന്ന കമ്പനിയുദ്യോഗസ്ഥന്മാർ വെറങ്ങലിക്കുന്നതു കണ്ടപ്പോൾ

കോഴിക്കോട്ടെ സായ്പുമാരെ സമീപിച്ചു. അവരും എടത്തടിക്കുവാനാണു ഭാവമെന്നറിഞ്ഞപ്പോൾ ബൊംബായിലേയ്ക്കും മതിരാശിയിലേയ്ക്കും ആളെയും എഴുത്തും അയച്ചു. മതിരാശിഗവർണ്ണർക്ക് അയച്ചതായ പ്രത്യക്ഷപത്രത്തിൽ നിന്നെടുത്തതാണു മേലുദ്ധരിച്ചിട്ടുള്ള രണ്ടാമത്തെ ഖണ്ഡം. ഇതൊരു 'കഴിയാബാധ'യാണെന്നും, നയത്തിലും ഭയത്തിലും ഒതുങ്ങുന്നതല്ലെന്നും കണ്ടപ്പോൾ ന്യായപ്രകാരമുള്ള കാര്യവിചാരത്തിനുതന്നെ അധികൃതന്മാർ ഒരുങ്ങുകയും, "അല്ലാന്തിച്ചകത്തിൽ നേർപകുതി" എന്നു തന്നെ വ്യവസ്ഥപ്പെടുത്തുകയും ചെയ്തു.

അ വഴക്കിനിടയ്ക്കു കൊച്ചിയിലുണ്ടായിരുന്ന മിസ്റ്റർ ധമ്മൻ സായ്പിനെക്കുറിച്ചു കോഴിക്കോട്ടു 'വാണിരുന്ന' മിസ്റ്റർ രിക്കാർഡുസായ്പിനു തമ്പുരാൻ ഒരിക്കൽ ഇങ്ങനെ എഴുതിയിരിക്കുന്നു. "കാരൊരൊ കാര്യങ്ങൾകൊണ്ടു കണ്ടു പറയെണ്ടതിന്ന മെസ്റ്റർ ധമ്മൻസായ്പു അവരുകൾക്ക എഴുതികൊടുത്തയച്ചാലും പറഞ്ഞയച്ചാലും, തങ്ങളുടെ പെക്ക എഴുതിവരാതെ നാമായിട്ടെങ്കിലും നമ്മുടെ കാര്യസ്ഥന്മാരായിട്ടെങ്കിലും കണ്ടു പറഞ്ഞുകൂടാ എന്ന ധമ്മൻസായ്പു എഴുതി അയക്കുന്നു! നാം കുമ്പഞ്ഞിയെ വിശ്വസിച്ചിരിക്കുമ്പൊൾ നമുക്കും കാര്യസ്ഥന്മാക്കും കുമ്പഞ്ഞി എജമാനൻമാരായിട്ടു കണ്ടു പറയാതെ കഴികയും ഇല്ല. എല്ലാകാര്യങ്ങളും നടന്നുവന്നതുപൊലെ നടത്തിച്ചതരുവൊളത്തിന്ന കുമ്പഞ്ഞിസംസ്ഥാനത്തു നമ്മുടെ ആവലാതിയും ഉണ്ടു."

ഈ ധമ്മൻസായ്പിനോടു തമ്പുരാൻ എതുനിലയിൽ പെരുമാറിയിരുന്നു എന്നും, എത്രമാത്രം അദ്ദേഹത്തിൻെറ അനാദരഭാവത്തെ വിലവെച്ചിരുന്നു എന്നും, തെളിയിക്കുന്നതാണു താഴെ ചേക്കുന്ന തിരുവെഴുത്ത്. "തങ്ങൾ മുമ്പെ ചാവക്കാടു തുക്കിടി വിചാരിക്കുമ്പൊഴും കൊച്ചിയിൽ ഇരുന്നു വിചാരിക്കുമ്പൊഴും ഇപ്പൊൾ പാലക്കാട്ടുക്കു പൊയതിൻെറ ശേഷവും നമ്മൊടു നീരസമായിട്ടു പലകൂട്ടം ചെയ്തുവരികകൊണ്ടു......കുമ്പഞ്ഞി എജമാനൻമാര പലരും പലടത്തും ഇരുന്ന കാര്യങ്ങൾ വിചാരിച്ചുവരുന്നുണ്ടല്ലൊ. അവര ഒരുത്തരും നമ്മൊടെ തങ്ങളെപൊലെ സിദ്ധാന്തമായിട്ടു ഒന്നും ചെയ്തിട്ടും ഇല്ല. തങ്ങൾ ഇങ്ങനെ ചെയ്യത്തക്കവണ്ണം നാം കുമ്പഞ്ഞിയൊടു ഒന്നു ചെയ്തതായി തൊന്നുന്നതും ഇല്ല. തങ്ങൾ സിദ്ധാന്തമായി ചെയ്തുവരുന്ന അവസ്ഥ മെൽസംസ്ഥാനത്തിൽ ബൊധിപ്പിക്കാനുള്ള സംഗതി വരികയില്ലെന്ന തങ്ങൾ വിചാരിച്ചുപൊകയും അരുത. മെൽസംസ്ഥാനത്തികൽ

ബൊധിപ്പിക്കുമ്പോൾ നമ്മുടെ സങ്കടങ്ങൾക്ക ഒക്കയും നിവൃത്തിവരുമെന്ന നമുക്ക നിശ്ചയമുണ്ടു്". അക്കാലത്തു് മറ്റൊരു രാജാവും ഒരു സായ്പിനു് ഇങ്ങനെ എഴുതിയിരിക്കുമെന്നു തോന്നുന്നില്ല!

ഈ ധമ്മൻസായ്പു മലയാളത്തിലേയ്ക്കു് അക്കാലത്തു് ഒരു പ്രമാണിയായിരുന്നു. അദ്ദേഹം എന്തോ സംഗതിവശാൽ ശക്തൻ തമ്പുരാന്റെ വലിയ വിരോധിയായിത്തീൎന്നു്, 'ധമ്മൻ' എന്ന പേരിന്റെ മുമ്പിൽ ഒരു 'അ'കാരവുംകൂടി ഘടിപ്പിച്ചു! അദ്ദേഹത്തെക്കുറിച്ചു ശക്തൻതമ്പുരാൻ, "ധമ്മൻസായ്പു മനഃപൂൎവ്വം നമുക്കു വിരൊധിയാകുന്നു. നാം എഴുതി അയച്ചാൽ മറുപടി അയക്കയില്ല. ആളെ അയച്ചു പറഞ്ഞാൽ 'പറയെടുത്തു പറഞ്ഞൊളു' എന്നു പറഞ്ഞയക്കും. മെലധികാരത്തിൽ അറിയിച്ചു കല്പന വരുത്തിയാൽ കിട്ടീട്ടില്ലെന്നു പറയും. അല്ലങ്കിൽ വല്ല തടസ്സവും പറയും. കടുവായാൽ 'മനസ്സില്ല' എന്നും പറയും" എന്നിങ്ങനെ ആക്ഷേപിച്ചു് എഴുതിയിട്ടുള്ളതായി പല കത്തുകളും കാണുന്നുണ്ടു്.

ഈ കൂട്ടത്തിൽ 'ജൊനാഥൻ ഡങ്കൻ' എന്നൊരു വളരെ നല്ല സായ്പുണ്ടായിരുന്നു. അദ്ദേഹം കാലക്രമത്തിൽ ബോംബെ ഗവൎണ്ണരാകുകയും ചെയ്തു. അദ്ദേഹവും ശക്തൻതമ്പുരാനുമായി വളരെ സ്നേഹത്തിലും വിശ്വാസത്തിലുമായിരുന്നു. തമ്പുരാനും കമ്പനിയും തമ്മിൽ ഉണ്ടായിത്തീൎന്ന വഴക്കുകളെല്ലാം ക്രമപ്രകാരം വിചാരണ ചെയ്തു ന്യായപ്രകാരം അവസാനിപ്പിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന പങ്കു ചില്ലറയൊന്നുമല്ലായിരുന്നു. അദ്ദേഹം തലശ്ശേരിക്കു മാറിവരുന്നതിനു മുമ്പുതന്നെ ശക്തൻതമ്പുരാൻ അദ്ദേഹത്തിനയച്ചതായ ഒരു എഴുത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. "നമ്മുടെ കാൎയ്യങ്ങൾ ഒക്കെയും കൊച്ചിയിൽ മെസ്സർ ഒലിസ്സന്തസായ്പും വടക്കെടിക്കുകളിൽ കമ്മീശനരസായ്പുമാരും വെണ്ടുംപ്രകാരം വിചാരിച്ചു നിദാനം വരുത്തുമെന്നല്ലൊ തങ്ങളുടെ കടദാസ്സിൽ ആകുന്നതു. അവൎക്കു എഴുതി അയച്ചിട്ടും കാൎയ്യസ്ഥന്മാരെ അയച്ചിട്ടും ഒരു കാൎയ്യത്തിന്റെ എങ്കിലും ഇത്രനെരവും നിദാനം വരുത്തിത്തരിക ഉണ്ടായതും ഇല്ല. നാം എഴുതിയാൽ മറുപടിയും ഇല്ല. ഇങ്ങനെ എത്രെ കണ്ടു വരുന്നതു. നമ്മുടെ കിഴക്കെമുഖം സൎവ്വാധി ആറുമാസമായി കമ്മീശനൎമാരുടെ അടുത്തു പാൎക്കുന്നു. തുങ്ങൾ നമ്മൊടു വാക്കു തന്നിരിക്കുന്ന അവസ്ഥക്കു നമ്മൊടു ഇങ്ങനെ തുടങ്ങുവാൻ സംഗതി ഇല്ലല്ലൊ. നാം കമ്പഞ്ഞിയിൽ ഒരു ദ്രൊഹവും ഇതിനു തക്കവണ്ണം ചെയ്കിട്ടും ഇല്ല..."

തലശ്ശേരിക്കു വന്ന ഉടനെ മിസ്റ്റർ ഡങ്കനു വീണ്ടും എഴുതുന്നു:- "തങ്ങൾ തലശ്ശേരിക്കു എത്തുകകൊണ്ടു നമുക്കു എത്രയും വളരെ സന്തൊഷമാകുകയും ചെയ്തു. നമ്മുടെ പൂൎവ്വന്മാരും ബുദ്ധിശാലികൾ ആയിട്ടുള്ള കാൎയ്യസ്ഥന്മാരും കഴിഞ്ഞു പരവശമായ നാം കുമ്പഞ്ഞിയെ വിശ്വസിച്ചതിന്റെ ശെഷം മാനമരിയാദയൊടുകൂടി എല്ലാം നടത്തിച്ചു പൊന്നിരുന്നതു് ഇപ്പൊൾ കുറഞ്ഞൊരു ദിവസമായിട്ടു നമുക്കു പലകൂട്ടം സങ്കടങ്ങളും വന്നിട്ടുണ്ടു. ആയതൊക്കയും ഇവിടെ ഇരിക്കുന്ന കുമ്പഞ്ഞിക്കാരെ ബൊധിപ്പിച്ചതിന്റെ ശെഷം ഒന്നും ഇത്രനെരവും നിദാനം വരുത്തീട്ടുമില്ല. അതിനാൽ തങ്ങൾ തലശ്ശേരിക്കു എത്തിയതിൽ ഇപ്പൊൾ നമുക്കു ഭാഗ്യം ഉള്ള കാലമാകുന്നു."

മിസ്റ്റർ ഡങ്കൻ തലശ്ശേരിയിൽവെച്ചു 'സൎവ്വാധിരാമനെ' കാണുകയും, രാമനെ വിളിച്ചുനിൎത്തി വളരെനേരം കൊച്ചിക്കാൎയ്യങ്ങളെക്കുറിച്ചും, തമ്പുരാന്റെ ദേഹസ്ഥിതിയെക്കുറിച്ചും പ്രത്യേകം അന്വേഷിക്കുകയും, തിരുമനസ്സിലേയ്ക്കു കുറച്ചുദിവസമായി ശരീരസുഖമില്ലെന്നു രാമൻ സായ്പിനെ അറിയിക്കയും ചെയ്തു എന്നും, സായ്പു വളരെ അനുഭാവത്തോടുകൂടി വിവരത്തിനു് ഉടനെ എഴുതിഅയച്ചു മറുപടി വരുത്തണമെന്നു പറഞ്ഞു എന്നും, മററും കോഴിക്കോട്ടുനിന്നു 'രാമൻ' തിരുമനസ്സുണൎത്തിപ്പാൻ എഴുതിഅയയ്ക്കുകയുണ്ടായി. ശക്തൻതമ്പുരാൻ ഡങ്കൻസായ്പിനു് ഉടനെ എല്ലാ വൎത്തമാനങ്ങൾക്കും "നമ്മുടെ കാൎയ്യങ്ങൾ ഒക്കയും തങ്ങൾ വെണ്ടതുപൊലെ ബൊധിച്ചിരിക്കുന്നതല്ലൊ ആകുന്നു. നാം തങ്ങളെ പ്രത്യെകം വിശ്വസിച്ചിരിക്കയും ചെയ്യുന്നു" എന്നു കാണിച്ചും, മറുപടിയും അയച്ചു. ആ കത്തിനു സായ്പു വീണ്ടും അയച്ചതായ എഴുത്തു നോക്കിയാൽ, ആ സായ്പിന്റെ ഹൃദയശുദ്ധിയും സത്യസന്ധതയും എല്ലാം സ്പഷ്ടമായി അതിൽ തെളിഞ്ഞുകാണുന്നതാണു്. "തങ്ങൾ അയച്ച കത്തു കിട്ടി. ദീനം ആശ്വാസം എന്നെല്ലൊ എഴുതി ഇരിക്കുന്നു. ഭഗവൽക്കാരുണ്യത്താൽ വെഗെന സൗഖ്യം വരണ്ടതിലെക്കും, ഏറിയകാലം തങ്ങൾ ഇരിക്കണ്ടതിനും നാം ഈശ്വരനെ പ്രാൎത്ഥിക്കുന്നു. വിശെഷിച്ചു, കാൎയ്യങ്ങൾക്കു നാം അനുസരിക്കാതെ ഇരിക്കുന്നില്ലാ എന്നു തങ്ങളുടെ കാൎയ്യക്കാരന്മാര ബൊധിപ്പിച്ചിരിക്കുമല്ലൊ. നമ്മുടെ മനൊഗുണം വിശ്വസിച്ചിരിക്ക. ശരീരസൗഖ്യത്തിനു കൂടെക്കൂടെ എഴുതിവരുമാറാകയും വെണം."

ഈ മിസ്റ്റർ ഡങ്കൻസ്സായ്പു് ശക്തൻതമ്പുരാന്റെ കാലത്തെ ഒരു

പ്രാമാണികൻ ആകകൊണ്ടും, അദ്ദേഹത്തിന്റെ നീതിബോധവും സത്യനിഷ്ഠയും കർമ്മകുശലതയും അല്പാന്തിച്ചുങ്കത്തിന്റെയും മററും കാര്യത്തിൽ തമ്പുരാനു വളരെ സഹായമായിത്തീർന്നതുകൊണ്ടും ഈ ഭാഗം അല്പം ഒന്നു ദീർഘിപ്പിച്ചതാണ്. 'കിണ്ണത്തിന്റെ വക്കത്തെ കടുകുമണിപോലെ, നിന്നിരുന്ന അല്പാന്തിച്ചുങ്കകാര്യം കാലൊടിഞ്ഞാലും തല പോകാതെ രക്ഷപ്പെട്ടുപോന്നതു ശക്തൻതമ്പുരാന്റെ നയവിശേഷവും പ്രവൃത്തിപ്രാഗത്ഭ്യവും ഒന്നുകൊണ്ടുമാത്രമാകുന്നു.

൨

മററു ചുങ്കങ്ങൾ

മാക്കഥെർ, കൊഞ്ഞിണികൾ, മുതലായവരുടെ 'ചേരിത്തുക്കം' പോലെ പ്രമാണപ്പെട്ടതും, പ്രമാദപ്പെട്ടതും, ഏറിയകാലം നിലനിന്നതും, ഏറെപ്പേർ ഇടപെട്ടതും ആയ ഒരു വാദവിഷയമായിരുന്നു, ശക്തൻതമ്പുരാന്റെ കാലത്തു്, ചുങ്കസ്ഥലങ്ങളും അവിടത്തെ പിരിവു സമ്പ്രദായങ്ങളും. കൊച്ചിരാജാവിനു കൊടകര, നാലുദേശം എന്ന അയിർനാട്ടിലും പേരാററവിീഥിയിലും വളരെ കണ്ടകൃഷികളും മററു വസ്തുക്കളും ഉണ്ടായിരുന്നു. അതിനുപുറമേ ആ പ്രദേശങ്ങളിലെ രാജകീയങ്ങളായ അനുഭവങ്ങളും പിരിവുകളും എല്ലാം സാധനങ്ങളായിട്ടായിരുന്നു കിട്ടിവന്നിരുന്നതു്. ആവക 'കോപ്പു'കളെ തൃശ്ശൂർവഴിക്കു്, അരണാട്ടുകരക്കടവിൽ ഇറക്കി, വള്ളങ്ങളിൽകയററി, എടത്തുരുത്തിപ്പുഴയിൽ കൂടി, കൊച്ചിക്കു കൊണ്ടുവന്നു വില്ക്കുകയും, തൃപ്പൂണിത്തുറയ്ക്കു് അടുപ്പിച്ചു് എടുക്കുകയും ചെയ്തുവന്നിരുന്നു. അങ്ങനെയല്ലാതെ ഒട്ടു നിവൃത്തിയും ഉണ്ടായിരുന്നില്ല. അപ്രകാരം കൊണ്ടുപോന്നിരുന്ന സാധനങ്ങൾക്കു കിഴക്കൻരാജ്യത്തും എടത്തുരുത്തിയിലുംവെച്ചു് ഇംഗ്ലീഷുകമ്പനിക്കാർ ചുങ്കം ഈടാക്കുവാൻ തുടങ്ങിയതിനെസ്സംബന്ധിച്ചാണു് ഈ ചുങ്കക്കേസ്സുത്ഭവിച്ചതു്.

"പാലക്കാട്ടുശ്ശേരിയിൽ പാലമാനകരത്തിലേക്കു നമ്മുടെ അധീനത്തിൽകൂടിയുള്ള മണ്ണാമടവഴിക്കു ചരക്കുകൾ കൊണ്ടുപൊകുന്നതിന്നു പറതിപ്പെരുന്തലയ്ക്കൽവെച്ചു നമ്മുടെ വഹയ്ക്കു ചുങ്കം എടുത്തുവരുന്നത എടുക്കവഹിയാ എന്നുപറഞ്ഞു പാലക്കാട്ടുശ്ശേരിയിൽ ഇരിക്കുന്ന 'ബാരടീൻ സായ്പു' അയച്ചിട്ടുള്ള ആളുകൾ വന്നു ഈ വഴിക്കു ചെട്ടിവത്തുകരെ പലമാ നകരത്തിലേക്കു കൂട്ടിച്ചുകൊണ്ടുപൊകുന്നു" എന്നുള്ള

ആവലാതിയിൽനിന്നു രാജാവിന്റെ സാമാനങ്ങൾ കടത്തിക്കൊണ്ടു പോകുന്നതിനു ചുങ്കം ചുമത്തിയതിനുപുറമേ, രാജാവിന്റെ രാജ്യത്തുകൂടി കടന്നുപോയിരുന്ന സാമാനങ്ങൾക്കു രാജാവു ചുങ്കം പിരിച്ചിരുന്നതു മുടക്കുകയുംകൂടി ചെയ്തിരുന്നതായി തെളിയുന്നുണ്ടല്ലൊ.

972-ൽ ചേറ്റ്വായിളശ്ശേരി തുക്കിടി മിസ്റ്റർ 'ഇസ്മിസ്സായ്പു' രാജാവിനു് ഇപ്രകാരം ഒരു കല്പന അയച്ചു. "കമ്മീശനർ സായ്പുമാര നമുക്ക എഴുതിയതിന്റെ ഗുണദൊഷം തങ്ങൾക്ക എഴുതി അറിയിക്കുന്നു. ഇനിമെൽ തൊട്ടു തങ്ങളുടെ വകക്കുള്ള ചരക്കുകൾക്കു, കിഴക്കുനിന്നു പടിഞ്ഞാട്ടു പൊകുന്നതും പടിഞ്ഞാറുനിന്നു കിഴക്കൊട്ടു പൊകുന്നതും, കമ്പഞ്ഞി ചുങ്കത്തു കൂടീട്ടു തങ്ങടെ നാട്ടിൽ പൊകുന്ന ചരക്കിന്ന ചുങ്കം തീർത്തല്ലാതെ ഒന്നും അയക്കണ്ടാ എന്നു കല്പിച്ചിരിക്കുന്നു..."

തെമ്മലപ്പുറം തുക്കിടിയിൽനിന്നുള്ള എഴുത്തു്:—"തങ്ങളുടെ വഹക്കു എറിയ കൊപ്പുകൾ കമ്പഞ്ഞി ചുങ്കങ്ങളിൽ കൂടി തങ്ങടെ നാട്ടിൽ പൊകുന്നതിനു മരിയാദിപ്രകാരം ചുങ്കം വീട്ടിയല്ലാതെ അയക്കണ്ടാ എന്നു കമ്മീശനർസായ്പുമാര നമുക്ക എഴുതി അയച്ചിരിക്കുന്നു. അതു കൊണ്ടു ചുങ്കം വീട്ടാതെ അയക്കണമെന്നു പറയുന്നതു എന്തൊരു അധികാരംകൊണ്ടാകുന്നു..."

ഈ കല്പനകൾക്കു ശക്തൻതമ്പുരാൻ ഓജസ്സോടുകൂടിത്തന്നെ മറുപടി കൊടുത്തു. "നമ്മുടെ വഹസ്സു നമ്മുടെ രാജ്യത്തുനിന്നു അങ്ങൊട്ടും ഇങ്ങൊട്ടും കൊണ്ടുപൊകുന്ന 'മുസ്സെദികൾക്കു' കീഴിൽ ഒരുത്തക്കും ചുങ്കം കൊടുത്തുവന്നിട്ടില്ലായ്കകൊണ്ടും, ബഹുമാനപ്പെട്ട കമ്പഞ്ഞി ആയതിൽപിന്നെയും പൂർവ്വാപൂർവ്വമായിട്ടു നടന്നുവന്നതുപൊലെതന്നെ ഇന്നുവരെയും നടത്തിച്ചുവരികകൊണ്ടും, കീഴിൽ കഴിഞ്ഞുവന്നിരിക്കുന്ന പ്രകാരങ്ങൾ തങ്ങളുടെ മനസ്സിൽ ആകായ്കകൊണ്ടാകുന്നു തങ്ങൾ ഇപ്പൊൾ ഇങ്ങനെയെല്ലാം എഴുതി അയച്ചിരിക്കുന്നതു എന്നത്രെ നാം നിശ്ചയിച്ചിരിക്കുന്നതു. കമ്പഞ്ഞിയിൽനിന്നു നമുക്കു കരാറും എഴുതിത്തന്നിരിക്കുന്നതുകൊണ്ടു കീഴിലെപ്പൊലെ നടത്തിച്ചുതരണമെന്നു നാം എഴുതി അയച്ചതല്ലാതെ മറെറാന്നും എഴുതീട്ടും ഇല്ല. കീഴിൽ നടന്ന പ്രകാരങ്ങൾ മുമ്പെ വിചാരിച്ചിരുന്ന കമ്പഞ്ഞി എജമാനന്മാരായിട്ടു തങ്ങൾ വിചാരിക്കുമ്പൊൾ അറികയും ചെയ്യും..."

"നമ്മുടെ നാലുദെശം കൊടകരനാട്ടിൽനിന്നും നെല്ല, അരി, പരിപ്പ, പയറ, മുളക, പുളി, മുതിര, നെയ്യ, ആതിയായിട്ട ഓരൊരൊ കൊപ്പുകൾ നാം ഇരിക്കുന്നെടത്തക്ക കൊണ്ടുവരുന്നതിന്നും, നടുവട്ടത്തും വടക്കഞ്ചെരിയിലും, തൃശ്ശിവപെരൂരുംനിന്ന നെല്ല, അരി കൊപ്പുകൾ തൃപ്പൂണിത്തുറ ഉൾപ്പെട്ട പ്രദെശത്തക്കും, ആ പ്രദെശങ്ങളിൽനിന്ന ഓരൊരൊ കൊപ്പുകൾ തൃശ്ശിവപെരൂർക്കും, കൊണ്ടുപൊകുന്നതിന്ന എടത്തുരുത്തിയിലും തടവു വന്നിരിക്കുന്നു.

"കീഴനാളിൽ നാം ഒരു ചുങ്കവും ഹൈദർനാളിലും ടിപ്പുനാളിലു കൊടുത്തിട്ടും ഇല്ല. കുമ്പഞ്ഞിയെ വിശ്വസിച്ചു കരാറു എഴുതിത്തന്ന കല്പപ്പണവും നാം അടച്ചും വരുന്നു. ജന്നപട്ടണത്തു സംസ്ഥാനത്തുനിന്ന നടത്തിച്ചുവന്ന അന്നും, വെമ്പായിസംസ്ഥാനത്തിൽനിന്നും ആയതിൽപിന്നെയും ചുങ്കങ്ങളിൽ തടവുകൂടാതയത്രെ കഴിഞ്ഞുവന്നിരുന്നതു്. ഇപ്പൊൾ ഇങ്ങനെ വന്നതു എന്തു കൊണ്ടാണെന്നു നാം വിചാരിച്ചിട്ട ഉണ്ടാകുന്നതും ഇല്ല. ജന്നരാൽ ഡങ്കൻസായ്പു അവർകൾ 969ൽ പള്ളിപ്പുറത്തു വന്നപ്പൊൾ ആയവസ്ഥ നാംതന്നെ കല്പിച്ച സാഹിബ്ബ് അവർകൾ ബൊധിച്ച തടവ ഒഴിപ്പിച്ചു അയച്ചു, തടഞ്ഞതിന്ന ചുങ്കക്കാരെ അടുക്കുംവണ്ണം ശിക്ഷയും കഴിച്ചു, മെലിൽ തടവു ഉണ്ടായി പൊകരുതെന്നും പറഞ്ഞു നിദാനം വരുത്തുകയും ചെയ്തു. മററ വാശ്ശവരും ചെയ്യാൽ കുമ്പഞ്ഞിയിൽ നിന്ന നമുക്ക സഹായം ചെയ്യുതരുമെന്ന നാം വിശ്വസിച്ചിരിക്കെ, കീഴിൽ നടന്നുവന്നിരിക്കുംപ്രകാരമല്ലാതെ കുമ്പഞ്ഞി ആളുകൾതന്നെ ഇതിൻപ്രകാരം തുടങ്ങിയിരിക്കുന്നതു എത്രയും സങ്കടമത്രെ ആകുന്നതു്. തങ്ങൾ അറിഞ്ഞാൽ ഇങ്ങനെ വരില്ലന്നും നാം നിശ്ചയിച്ചിരിക്കുന്നു. എന്നു 972 തുലാമാസം 20_ാംനു."

ഈ കത്തിൽനിന്നു ചുങ്കവഴക്കിന്റെ ചരിത്രം ഏറക്കുറെ സ്പഷ്ടമാകുന്നുണ്ടല്ലോ. മുമ്പുണ്ടായിരുന്നില്ലെന്നും, ഇടയ്ക്കുവെച്ചു തുടങ്ങിയതാണെന്നും, ഡങ്കൻസായ്പ് കരിക്കൽ തീർച്ചപ്പെടുത്തിയതാണെന്നും, അദ്ദേഹം പോയപ്പോൾ വീണ്ടും ആരംഭിച്ചതാണെന്നും, സ്ഥലത്തെ സായ്പുമാരുടെ നീരസമാണ് അതിനുള്ള പ്രധാനകാരണമെന്നും തെളിയുന്നു.

എടത്തുരുത്തിച്ചുങ്കത്തിന്റെ കാര്യം വളരെ നഷ്ടകഷ്ടങ്ങൾക്ക് ഇടയാക്കിയ ഒരു സംഗതിയാകകൊണ്ട് അതിനെപ്പററി നേരിട്ടുകണ്ടു

സങ്കടംപറഞ്ഞു നിവാരണമുണ്ടാക്കുന്നതിനു ശക്തൻതമ്പുരാൻ കാൎയ്യക്കാരന്മാരിൽ ഒരാളായ ശ്രീരാളയ്യനെ കോഴിക്കോട്ടു മിസ്റ്റർ ഫാർമർ സായ്പിൻെറ അടുക്കലേയ്ക്കു പ്രത്യേകം കല്പിച്ചയച്ചു. അക്കാലത്തു്, പിന്നീടു കൊച്ചിയിലെ ദിവാനായി വന്ന, നഞ്ചപ്പയ്യൻ കമ്പനിയിലെ ഒരു റവന്യുഉദ്യോഗസ്ഥനായിത്തീർന്നിട്ടുണ്ടായിരുന്നു. സായ്പിനെ കണ്ട വിവരത്തിനു ശ്രീരാളയ്യൻ തമ്പുരാനു് അയച്ചതായ താഴെ ചേർക്കുന്ന എഴുത്തിൽ മിസ്റ്റർ ഫാർമരുടെയും മററും മക്കടെമുഷ്ടിയും മുഷിച്ചലും തെളിഞ്ഞുകാണാം.

"ചുങ്കത്തിൻെറ കാൎയ്യംകൊണ്ടു മെസ്സർ പാറമൽ സായ്പായിട്ടു പറഞ്ഞിട്ടു ബൊധിച്ചില്ല. ശാഠ്യങ്ങളായി തികച്ചിലായിട്ടുതന്നെ ഒഴിവഴികൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു. കാൎയ്യങ്ങളുടെ പരമാൎത്ഥം ബൊധിച്ചാലും ഒഴിച്ചിലാക്കുന്ന ആളല്ല. പലകൂട്ടം കാൎയ്യത്തിനും അങ്ങനെ തന്നെ ഇവിടെ കാണുന്നതു. ചുങ്കത്തിൻെറ കാൎയ്യത്തിന്ന ഒരുദിവസം താമസിച്ചാൽ ഏററിയ മുട്ടുകളും കാൎയ്യദൊഷങ്ങളും വരുന്നത ആകകൊണ്ടു 'ഡെങ്കണി' സായ്പിന്നുതന്നെ വെണ്ടുംവിധം താമസിയാതെ തീട്ടുരം കല്പിച്ച അഞ്ചൽമാൎഗ്ഗമായൊ, ഹരിക്കാരൻ പററിലൊ, അയച്ചെങ്കിൽ കൊള്ളാമെന്നുണ്ടു. സായ്പു ചെന്നപട്ടണത്തുണ്ടു. ഒന്നുരണ്ടുമാസം ഉണ്ടാകുമെന്നു കെൾക്കുന്നു. നഞ്ചപ്പയ്യൻ ആയിട്ടും ഗുണദൊഷം ആലൊചിച്ചാറെ, ഇയ്യാള മക്കടെമുഷ്ടി ആയിട്ടുള്ള ആളാകുന്നു എന്നും, ഒരു കാൎയ്യമെങ്കിലും പരമാൎത്ഥം ബൊധിച്ചാൽതന്നെയും നിദാനം വരുത്തുക ഇല്ലെന്നും ഡെങ്കണിസായ്പു ഇരിക്കുമ്പൊൾതന്നെ വെണ്ടുംവണ്ണം കല്പിച്ചു എങ്കിൽ തീച്ചയായി പൊയെനെ എന്നും, ഇയ്യാളായിട്ട പറഞ്ഞുകൊണ്ടിരിക്കുന്നതിൽ ഭെദം സായിപ്പിന എഴുതി കൊടുത്തയച്ചാൽ പതിനഞ്ചുദിവസത്തിനകം ഒഴിച്ചലായിട്ട വരുമെന്നും നഞ്ചപ്പയ്യനും പറഞ്ഞു." ശ്രീരാളയ്യൻെറ ഈ 'ഡെങ്കണിസായ്പു്', ജനരാൽ ഡങ്കൻ, എന്നു തമ്പുരാൻ പറഞ്ഞിട്ടുള്ള ആളുതന്നെ ആണെന്നു തോന്നുന്നു.

മേജർ മാക്കു്ലോട്ട സായ്പിനും തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഒരു എഴുത്തു് അയച്ചിട്ടുണ്ടു്. അതിലും ചുങ്കക്കഥ വിസ്തരിച്ചിട്ടുണ്ടു്. "കീഴുനാളിൽ എടത്തുരുത്തിച്ചുങ്കത്തിൽ തടവ ഉണ്ടായിട്ടില്ലന്നും, കറഞ്ഞൊരുദിവസമായിട്ട ഒക്കയും തടവ വന്നിരിക്കുന്ന അവസ്ഥയും നമ്മുടെ സൎവ്വാധിരാമൻ കൊഴിക്കൊട്ടുവന്ന കാൎയ്യം തങ്ങളെ ബൊധിപ്പി

ച്ചാറെ, തങ്ങൾ കൊച്ചിക്കു എത്തീട്ട അതിന്റെ കക്കയും നിദാനംവ രുത്തിത്തരാമെന്നല്ലൊ രാമനൊടു പറഞ്ഞയച്ചതു. ഇപ്പൊൾ നടുവട്ടത്തും വടക്കഞ്ചേരിയിലും ചുങ്കത്തിൽ തടവു വന്നിരിക്കുന്നപ്രകാരം എഴുതി വന്നിരിക്കുന്നു. നമ്മുടെ വഹക്ക നെല്ലും അരിയും മൂടയും കൊണ്ടുവരുന്നതിന്നു ഒക്കയും നമ്മുടെ കാൎയ്യസ്ഥന്മാരുടെ പെക്ക എടത്തുരുത്തിയിലും നടുവട്ടത്തും വടക്കഞ്ചെരിയിലും ചുങ്കങ്ങളിലക്ക ശീട്ട കൊടുത്തയക്കുകയും ആ ശീട്ടു ചുങ്കങ്ങളിൽ മെടിച്ചു കെട്ടിക്കൊണ്ടു തടയാതെ അയക്കയും ഇങ്ങനെ എത്രെ മുമ്പിനാലെ കഴിഞ്ഞുവന്നിരുന്നതു......കുമ്പഞ്ഞിവഹക്ക നാം കപ്പം അടക്കുന്നതിന്നു നെല്ലും അരിയും മൂടയും കൊണ്ടു വന്നു വിററ ശ്രുപ ശെഖരിച്ചിട്ടത്രെ. നമ്മുടെ ചില വ്യവഹാരക്കും ഊട്ടു അടിയന്തരം ആദിയായിട്ടുള്ള വഹക്കും നെല്ലും അരിയും കൊപ്പുകളും നാലുദെശം കൊടകരനാട്ടിൽനിന്നു കൊണ്ടുവന്നിട്ടു വെണ്ടതാകുന്നു...... അതുകൊണ്ടു തടവ കഴിച്ചു കീഴ്‌നാളിലെപൊലെ ആക്കുന്നതിന്നു അപെക്ഷിക്കുന്നു...."

എത്താവുന്ന ദിക്കിലൊക്കെ എത്തുകയും, മുട്ടാവുന്ന ദിക്കിലൊക്കെ മുട്ടിനോക്കുകയും ചെയ്തു എങ്കിലും, കവാടങ്ങൾ ഒന്നും തുറക്കപ്പെട്ടില്ല. കടുവിൽ മതിരാശിഗവൎണ്ണരുടെ അടുക്കലേക്കു ഒരു പ്രത്യക്ഷപത്രത്തോടുകൂടി ആളെ അയച്ചു. ആ പ്രത്യക്ഷപത്രത്തിലെ പ്രധാനപ്പെട്ട ഒരു വകുപ്പു ഈ ചുങ്കക്കാൎയ്യമായിരുന്നു. (പുറം 233.). ശക്തൻതമ്പുരാന്റെ നിൎയ്യാണംവരെ ഈ വിഷയം അവസാനത്തിപ്പിനിടവരാതെ, കൊണ്ടും കൊടുത്തും, തള്ളിയും ഉന്തിയും, നിലനിന്നു. അക്കാലത്തു നടന്നിട്ടുള്ള എഴുത്തുകുത്തുകൾ അസംഖ്യമാണെങ്കിലും, എല്ലാററിലെയും ആവലാതിയും ആവശ്യവും, സമാധാനവും സാന്ത്വനവും ഒന്നുതന്നെ ആയിക്കാണുന്നസ്ഥിതിക്കു അവയെ ഇതിലധികം സ്പൎശിക്കുന്നതുകൊണ്ടു പ്രയോജനമില്ലെന്നുമാത്രമല്ല, അതു നീരസജനകമായിബ്ഭവിക്കുകയും ചെയ്യുക്കും. നാലുപുറത്തും ശത്രുക്കൾ, നാട്ടിലൊക്കെ വിരോധികൾ, അക്രമധ്വംസനത്തിന്റെ ആധിക്യത്താൽ കമ്പനി ഉദ്യോഗസ്ഥന്മാരൊക്കെ പ്രതികൂലികൾ, ശക്തിപ്രദൎശനത്തിനൊട്ടു സൗകൎയ്യവുമില്ല, ഇപ്രകാരം ദുഘടമയവും ദുരിതപൂൎണ്ണവുമായ ഒരു കാലത്താണു അവിടുന്നു കൊച്ചിരാജ്യം വാണതു്. അവിടുത്തെ പ്രയത്നങ്ങളുടെ വ്യാപ്തിയേയും നിബിഡതയേയും കേവലം നീക്കിയിരിപ്പു മാത്രം പരിശോധിച്ചുകൊണ്ടു പരിഗണിക്കാവുന്നതല്ല.

XLIV

പുകയിലയും മലവകയും

എ

പുകയിലക്കുത്തകമതി

ശക്തൻതമ്പുരാൻ കല്ല കണ്ണുള്ള ഒരു കച്ചവടക്കാരനായിരുന്നു. അരിക്കച്ചവടം, നെല്ലുകച്ചവടം, തടിക്കച്ചവടം, മലഞ്ചരക്കുകച്ചവടം, പാണ്ടികശാലക്കച്ചവടം, പുകയിലക്കച്ചവടം, ഉപ്പുകച്ചവടം, മുതലായി എല്ലാത്തരം വ്യാപാരങ്ങളിലും അദ്ദേഹം നേരിട്ടു പ്രവൎത്തിക്കയും, ഓരോന്നിനും പ്രത്യേകം വകുപ്പുകൾ നിൎമ്മിക്കുകയും, വകുപ്പദ്ധ്യക്ഷന്മാരെയും കീഴ്ജീവനക്കാരെയും ഏൎപ്പെടുത്തുകയും, അതതു് അവസ്ഥപോലെ നടപടിക്രമങ്ങൾക്കു വിശദമായ 'ഹുക്കുനാമാ' എഴുതിച്ചു തൃക്കൈവിളയാടിക്കൊടുത്തു് ഏല്പിക്കുകയും ചെയ്തിരുന്നു. 'പ്രവൃത്തികൾ' തോറും പാണ്ടികശാലകളും, പാണ്ടികശാലാവിചാരിപ്പുകാരും ഉണ്ടായിരുന്നു. കരയ്ക്കു മാത്രമല്ലാ കടലിലും അവിടത്തെ വിപുലമായ കച്ചവടം നടന്നിരുന്നു. സ്വന്തമായിത്തന്നെ അനവധി കപ്പലുകൾ അദ്ദേഹം നിൎമ്മിക്കയും സ്വന്തം കച്ചവടത്തിനു് ആവശ്യമില്ലാത്തപ്പോഴും അധികമുള്ളപ്പോഴും പാശ്ചാത്യന്മാൎക്കുകൂടി കൂലിക്കു കൊടുക്കുകയും ചെയ്തിരുന്നതായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇന്ത്യയിലെ ഒട്ടുമിക്ക തുറമുഖങ്ങളിലും ശക്തന്റെ നൗകകൾ നിത്യം എന്നപോലെ സഞ്ചരിച്ചുംകൊണ്ടിരുന്നു. അതിനെക്കുറിച്ചു കച്ചവടവൈപുല്യം എന്ന അദ്ധ്യായത്തിൽ കൂടുതലായി വിവരിച്ചിട്ടുമുണ്ടു്.

അന്നത്തെ അനേകം കച്ചവടവകുപ്പുകളിൽ 'പുകയിലക്കുത്തകമതി' യെക്കുറിച്ചു "തെക്കേമുഖത്തുചേൎന്ന മുകുന്ദപുരം കോടശ്ശേരി കോവിലകത്തുംവാതുക്കൽ രണ്ടിലും, ഉൾപ്പെട്ട പ്രവൃത്തി എട്ടിലും, വടക്കേമുഖത്തു ഉൾപ്പെട്ട പ്രവൃത്തി പതിനൊന്നിലും, കോമിമേനോൻ വലിയകപ്പിത്താനും മുതൽപിടിക്കാരൻ കണ്ടനാട്ടു കൃഷ്ണമേനോനുംകൂടി ചുമതലവഹിച്ചു നടത്തേണ്ടുംവിവര"ത്തിനു 972-ാമാണ്ടു തുലാമാസം 26-ാംനു എഴുതിയ ഹുക്കുനാമാവാണു താഴെ ചേൎക്കുന്നതു്. ഇതുപ്രകാരം മററു മുഖങ്ങളിൽപ്പെട്ട പ്രവൃത്തികളിലേയ്ക്കും വെവ്വേറെ ഹുക്കുനാമങ്ങൾ ഉണ്ടായിരുന്നു. ഈ ഹുക്കുനാമത്തിൽനിന്നു് അന്നത്തെ കാലസ്ഥി

തികൾ പലതും പ്രത്യക്ഷപ്പെട്ടുന്നതുകൊണ്ടു് അതിനെ അങ്ങനെ തന്നെ താഴെ ഉദ്ധരിച്ചിരിക്കുന്നു. 'കുത്തുമതി'ക്കു നമ്മുടെ ഇന്നത്തെ കുത്തക' എന്നാണത്ഥമെന്നു തോന്നുന്നു.

"ഒന്നാമത—വടക്കെ മുഖത്ത ഉൾപ്പെട്ട പ്രവൃത്തികൾ പതിനൊന്നിലും കുത്തുമതിക്ക അരണാട്ടുകര പാണ്ടികശാലയിൽ മാസം ഒന്നുക്ക ഒരായിരത്തി എഴുന്നൂറ കെട്ട പുകയിലയും മുകുന്ദപുരം കൊടശ്ശെരി കൊവിലകത്തുംവാതുക്കൽ ഉൾപ്പെട്ട പ്രവൃത്തികൾ എട്ടിലും കുത്തുമതിവഹയ്ക്കു പുതുക്കാട, മാള, പാണ്ടികശാലകളിൽ മാസം ഒന്നുക്കു ആയിരത്തിമുന്നൂറകെട്ട പുകയിലയും കൂടി മൂവ്വായിരം കെട്ട പുകയില വീതം വരുത്തി വൃശ്ചികമാസം ഒന്നാംനു- മുതല്ക്കു കൊടുത്തു വിപ്പിക്കെണ്ടതാകുന്നു. ആറമാസത്തെക്കു പതിനെണ്ണായിരം കെട്ട പുകയില വെണ്ടുന്നതിന്നു ഇപ്പൊൾതന്നെ കണ്ടനാട്ട കൃഷ്ണമെനൊന്റെ കച്ചവടത്തിൽ (അതു വേറേ കച്ചവടമാണു്) മുതലുള്ള ത്രുപം യിൽനിന്നു പണമായിട്ടും ചരക്കായിട്ടും കിഴക്കൊട്ട കൊടുത്തയച്ച പുകയില ഒന്നായിട്ട വരുത്തി 'എരട്ടച്ചിറ' പാണ്ടികശാലയിൽ ഇടുവിച്ച മാസംതൊറം അരണാട്ടുകര, പുതുക്കാട, മാള ഈ മൂന്നു പാണ്ടികശാലകളിലെയ്ക്കും കൊടുപ്പിച്ചുകൊള്ളണം.

"രണ്ടാമത - പുകയിലക്കു വില കൊടുക്കുന്നതിന്നു അടയ്ക്ക ആയിട്ടും നെല്ല ആയിട്ടും മററ പലവക മറചരക്കുകൾ ആയിട്ടും കൊടുക്കാവുന്നതു കൊടുത്തു പുകയില വരുത്തികൊള്ളണം. പണംതന്നെ കൊടുക്കെണ്ടിവന്നു എങ്കിൽ കണ്ടനാട്ട കൃഷ്ണമെനൊന്റെ പാണ്ടികശാലയിൽ മുതലുള്ള ശരക്കുകൾ അരണാട്ടുകരയും, പുത്തൻപെട്ടയിലും വിററ, പണം ശെഖരിച്ച കൊടുത്തയച്ച പുകയില വരുത്തികൊള്ളണം......

"മൂന്നാമത—പുകയില വരുത്തി വീഴിച്ചവരാതെ കൊടുക്കെണ്ടതിന്നു രണ്ടുമാസത്തെക്കു കൊടുപ്പാൻ മാത്രം പുകയില പാണ്ടികശാലയിൽ കിടപ്പുണ്ടെന്നു കാണുമ്പൊൾ പിന്നെയും ഉടനെ ആറമാസത്തെക്കു വെണ്ടുന്ന പുകയില നല്ല ചരക്കായിട്ട വരുത്തി ഇടുവിച്ചകൊള്ളണം.

നാലാമത—കുത്തുമതികളിൽ പുകയില വില്ക്കുന്നവക പണം കുററിയിൽ നിലവു വന്നു പൊകാതെ ഞെർങ്ങി പിരിച്ച വെള്ളിയാഴ്ച തൊറും വാങ്ങി പാണ്ടികശാല മുതൽപിടിക്കാരന്മാരെക്കൊണ്ടു മുടിപ്പുകെട്ടിച്ച ഇരട്ടച്ചിറ പാണ്ടികശാലയിൽ കച്ചവടം മുതൽപിടിക്കു ആക്കിയിരിക്കുന്ന കണ്ടനാട്ട കൃഷ്ണമെനൊന്റെ പററിൽ കൊടുപ്പിച്ച ശീട്ടും കൊടുപ്പിച്ചുകൊള്ളണം.

"അഞ്ചാമത— പുകയിലപ്പണം പിരിഞ്ഞുവരുന്നതിൽ പുകയില കൊററുവിലക്കുള്ള പണം നീക്കി ശെഷം മെലാദായം ഉള്ള പണം മാസംതൊറും 'ഇക്കെരിവരാഹൻ' മാററിച്ച 15-ാംനു-യും, 25-ാംനു-യും രണ്ടു തവണയായിട്ടു എഴുന്നെള്ളി ഇരുന്നരുളുന്നെടത്തെക്കു കൊടുത്തയച്ച പറമ്പിൽ ഇക്കൊരമെനൊൻ പററിൽ കൊടുപ്പിച്ച ശീട്ടും മെടിച്ചുകൊള്ളണം. പണം കൊടുത്തയക്കുന്നതിനു തീട്ടൂരം എഴുതി വന്നാൽ കൊററുവിലക്കുള്ള പണം എടുത്തു വെച്ച മെലാദായം പണം മാത്രം കൊടുത്തയക്കുന്നതല്ലാതെ കൊററുവിലക്കുള്ള പണം ഒരു പുത്തൻപൊലും കൊടുത്തയച്ചു എന്നു വരികയും അരുതു..

"ആറാമത— പണം കൊടുത്തയക്കുന്നതിനു ആണ്ടും കാലവും ഇട്ടു കല്പിച്ച തീട്ടൂരം എഴുതി വരുന്ന വകക്കു അല്ലാതെ ഇന്ന വകക്കു ഇത്ര പണം കൊടുക്കണമെന്നു വലിയ എജമാനൻെറ പെക്ക സാധനം എഴുതി വന്നാലും കൂടി ഒരു വകക്കും ഒരു പുത്തൻപൊലും കൊടുത്തയച്ചു പൊകയും അരുതു.

"എഴാമത—എല്ലായിടത്തും കള്ളപ്പുകയില എറിവന്നിരിക്കകൊണ്ടു ആയതു വരാതെ ഇരിക്കേണ്ടതിനു എല്ലായിടത്തും ആളാക്കി വഴിപൊലെ ശൊധനചെയ്യിപ്പിച്ച കള്ളപ്പുകയില പിടിക്കേണ്ടതു പിടിച്ച മെലിൽ വരാത്തവണ്ണം നിദാനം വരുത്തിക്കൊള്ളണം.

"എട്ടാമത—അരണാട്ടുകര, പുതുക്കാട്ടു, മാള ഈ പാണ്ടികശാല മൂന്നിലും മുതൽപിടിക്കും കണക്കിനും ആക്കിയിരിക്കുന്ന ആളുകൾ അതതമാസം 15-ം 25-ം നു-കളിൽ എരട്ടിച്ചിറ പാണ്ടികശാലയിൽ വന്നു വരുതി പറഞ്ഞു പൊയ്ക്കൊള്ളണം. പറയാത്തവനെ പിടിച്ച കൊണ്ടു വന്നു വലിയതൊക്കിൻെറ വണ്ടിമ്മൽ കെട്ടി നവങ്ങെ അടിച്ച കൊള്ളണം.

"ഒമ്പതാമത—തുലാമാസംവരക്കു ഈ മൂന്നു പാണ്ടികശാലയിലും വിററതു നീക്കി കിടപ്പുള്ള പുകയില എത്ര എന്നു ആളെ അയച്ച പരിശൊധനചെയ്യിപ്പിച്ച, വില്പിച്ചവക പണവും കുടിശിക വന്നിരിക്കുന്ന പണവും ശൊധന ചെയ്യും പിരിപ്പിച്ചും ആവക പണം വെറെതന്നെ കെട്ടി എരട്ടച്ചിറയിൽ വരുത്തി കൃഷ്ണമെനൊനെക്കൊണ്ടു വക തിരിച്ച വെറെതന്നെ ശീട്ടും കൊടുപ്പിച്ച, ആ പണത്തിനു ഇക്കെരിവരാഹൻ മാറി, എഴുന്നള്ളി ഇരുന്നരുളുന്നെടത്തെക്ക കൊടുത്തയച്ച, ഇക്കൊരമെനൊൻെറ പററിൽ കൊടുപ്പിച്ച, തുലാമാസം വരെയുള്ള പണത്തിൽപററിയ പ്രകാരം ശീട്ടും മെടിച്ചുകൊള്ളണം. ഈവക പണത്തിൽനിന്നു

ഒരു പുത്തൻപൊലും പാണ്ടികശാലകളിൽ ശമ്പളക്കാൎക്കും കൂടി കൊടുക്കണമെങ്കിൽ കല്പിച്ച തീട്ടുരം എഴുതിവരണം.

“പത്താമത - പുകലിയപാണ്ടികശാലകൾതൊറും കച്ചവടംകൂടെ ചെയ്യിക്കുക എന്ന വെച്ചിരിക്കകൊണ്ട അരണാട്ടുകരെ പാണ്ടികശാലയിൽ രണ്ടായിരത്തിഅഞ്ഞൂറരുപായും, പുതുക്കൊട്ട ആയിരത്തിഅഞ്ഞൂറരുപയും മാളയിൽ ആയിരം രുപായും ഇങ്ങിനെ മൂന്നെടത്തും ആയിട്ട അയ്യായിരം രുപാമുതൽ എല്പിച്ച കുത്തുമതി ഉള്ള പ്രദെശങ്ങളിൽഒക്കെയും, നെല്ലുമാത്രം ഒഴികെ, അടയ്ക്ക, എള്ള, എണ്ണ, മറവ ലാഭം ഉള്ള ചരക്കുകൾ ഒക്കെയും കൊണ്ട ശെഖരിച്ച വിപ്പിച്ച, പാണ്ടികശാലകളിലെ കണക്കെഴുത്തുകാരെകൊണ്ട, വെറെത്തന്നെ കണക്കും എഴുതിച്ച, മാസംതൊറും ലാഭം കാണുന്ന രുപയ്ക്ക വരിയൊല വരുത്തി എരട്ടച്ചിറ പാണ്ടികശാലയിൽ കണക്കിൽ പതിച്ച, ആ ലാഭം ഉള്ള രുപാക്കും വരാഹൻ മാററി, അതതുമാസം രണ്ടുതവണയായിട്ട, പുകയിലപ്പണം കൊടുത്തയക്കുന്നതിനൊടുകൂടി കൊടുത്ത അയച്ചുകൊള്ളണം.

“പതിനൊന്നാമത— അയ്യായിരം രുപാകൊണ്ട കച്ചവടം ചെയ്യിക്കുന്നതിന്ന മാസംതൊറും പത്തിന്ന അര ലാഭം ഉണ്ടാവാൻ തരക്കെ ഇല്ലാത്തത ആകകൊണ്ട, മാസം വീതം ഇരുന്നൂററി അയ്മ്പത്തു രുപാ ലാഭം ഉള്ളതും, കുത്തമതി പുകയിലയിൽ വില നീക്കി മൂവ്വായിരം കെട്ടിന്ന ഉദ്ദെശത്തുംപടി ഇരുപത്തി എഴായിരം പുത്തൻ മെലാദായം ഉള്ളതും, ശരിയായിട്ട ഇക്കെരിവരാഹൻ മാററിച്ച കൊടുത്ത അയച്ചുകൊള്ളണം.

“പന്തിരണ്ടാമത—വൃശ്ചികം മുതല്ക്ക, പുകയില വിപ്പിച്ച വക പണം കുററിയിൽ നിലവു വന്നുപൊയി എന്നും, കെടുകുടി, ചാക്കുടി, ഈവകയായിട്ട വന്നുപൊയി എന്നും വരാതെ പണം മുഴുവനും വെള്ളിയാഴിച്ച തൊറും ശരിയായിട്ട പിരിപ്പിച്ച വരുത്തിക്കൊള്ളണം. പുകയില വില്ക്കുന്നതിന്ന ഒന്നുകിലൊ പണം മടിശ്ശീലയിൽ, അല്ലെങ്കിൽ ചരക്ക പാണ്ടികശാലയിൽ, ഇപ്രകാരം ശൊധനചെയ്തു കുററിയിൽ നിലവു വന്നുപൊകാതെ നൊക്കിക്കൊള്ളണം.

“പതിമൂന്നാമത— കച്ചവടത്തിന്ന പുതുക്കൊട്ട പാണ്ടികശാലയിൽ ആയിരത്തി അഞ്ഞൂറരുപാ എല്പിക്കുന്നതുകൊണ്ട നന്തിയലം, വാസപുരം ഉൾപ്പെട്ട പ്രദെശങ്ങളിലെ അടയ്ക്കയും, പുതുക്കൊട്ട വഴിക്ക കിഴക്കുനിന്നും കൊണ്ടുവരുന്ന എലം, മെഴു, പക്കച്ച ഉൾപ്പെട്ട ശരക്കുകളും പിന്നെയും ലാഭം ഉണ്ടാകുന്ന ശരക്കുകൾ ഒക്കെയും ശെഖരിച്ച കച്ചവടം ചെയ്യിപ്പിക്കണം. മാളയിലെ ആയിരം രുപാകൊണ്ട ചാലക്കുടിവഴി

ക്കു ഉണ്ടാകുന്ന അടയ്ക്കകളും, കിഴക്കുനിന്നും ചെട്ടികൾ കൊണ്ടുവരുന്ന ശരക്കുകളും, ഏലം, മെഴു, അല്ലാതെയും കൊടശ്ശേരി കൊവിലക ത്തുംവാതുക്കൽ ഉൾപ്പെട്ട വകയിൽ ലാഭം ഉണ്ടാകുന്ന ശരക്കുകൾ ഒ ക്കെയും ശെഖരിച്ചു വിപ്പിക്കണം. അരണാട്ടുകര പാണ്ടികശാലയിൽ തലപ്പിള്ളിൽ നിന്നുള്ള അടയ്ക്കയും, വടക്കെ ദിക്കിൽനിന്നുള്ള എള്ളും, എണ്ണയും, ഏനാമാക്കൽ നിന്നുള്ള തെങ്ങയും, വെളിച്ചെണ്ണയും, അല്ലാ തെയും ലാഭം ഉണ്ടാകുന്ന ശരക്കുകൾ ഒക്കെയും കൊണ്ടു ശെഖരിച്ചു വി പ്പിച്ചുകൊള്ളണം. വിപ്പിക്കുന്നതിൽ പത്തിനു അരലാഭം കണ്ടു മാസം തൊറം അടയ്ക്കണം. പത്തിന്നു അരകണ്ടു അധികം കാണെണ്ടതു കട്ട ക്കം കണക്കെഴുതി തീൎത്തു ആ കണക്കും അധികം കാണുന്ന ലാഭവും ആണ്ടവതിക്കു എരട്ടച്ചിറ പാണ്ടികശാലയിൽ കൊടുപ്പിച്ചുകൊള്ളണം.

"പതിന്നാലാമത — പുകയില കുത്തുമതി എടപെട്ട കാൎയ്യം വലുതാ യിട്ടുള്ള രാജകാൎയ്യം ആയതുകൊണ്ടു പുകയില വരുത്തെണ്ടതിന്നും വി പ്പിക്കെണ്ടതിന്നും കള്ളപ്പുകയിലവരാതെ സൂക്ഷിക്കണ്ടതിന്നും വിക്കുന്ന പുകയിലയുടെ പണം കുടിയിൽ കിടന്നുപൊകാതെ ഇരിക്കുന്നതിന്നും വഴിപൊലെ ശൊധന ചെയ്തു നിദാനം വരുത്തിക്കൊള്ളണം.

"പതിനഞ്ചാമത — പാണ്ടികശാല മൂന്നിലും മുതൽപിടിക്കും കണ ക്കിനും മാസപ്പടിക്കും ആക്കിയിരിക്കുന്നവര ഇന്നിന്നവരെന്നും കുത്തുമ തി ഇന്നിന്നവരെ മുറിഞ്ഞു ഏല്പിച്ചിരിക്കുന്നു എന്നും, ശൊധനചെ യ്തു പെരുവഴി വരികാല എഴുതിച്ച വൃശ്ചികമാസം 20. ാംനു-ക്കു എഴു ന്നള്ളി ഇരിക്കുന്നൊടത്തെയ്ക്കു കൊട്ടുത്തയക്കയും വെണം."

വ്യാപാരവിദഗ്ദ്ധന്മാരായ "ഇങ്കിരിയസ്സുകമ്പഞ്ഞിക്കാരു"പോലും വിസ്മയം കൊണ്ടിട്ടുള്ള കച്ചവടസാമൎത്ഥ്യപ്രദൎശനമായിരുന്നു ശക്തൻ തമ്പുരാൻ തിരുമനസ്സിലെ കൊള്ളക്കൊടുക്കകൾ. കൊച്ചിയിലും എറ ണാകുളത്തും മററും, തൃശ്ശൂരിലെഎരട്ടച്ചിറയിൽ എന്നപോലെ, വ്യാപാ രകേന്ദ്രങ്ങൾ ഉണ്ടായിരുന്നു. ആ പാണ്ടികശാലകളിൽ തിരുമനസ്സിൽ നിന്നുതന്നെ പലപ്പോഴും നേരിട്ട് എഴുന്നള്ളിയിരുന്നു "കാൎയ്യവിചാ രം ചെയ്തിരുന്ന"തായും ചില തിരുവെഴുത്തുകളിൽനിന്നു തെളിയുന്നുണ്ട്.

ഈ 'പുകയിലക്കുത്തുമതി' ശക്തൻതമ്പുരാനും ഇംഗ്ലീഷുകമ്പനി ക്കാരുടെ ഉദ്യോഗസ്ഥന്മാരും തമ്മിൽ പലപ്പോഴും ഏററുമുട്ടുന്നതിനും അനാശാസ്യങ്ങളായ അപൽസ്സന്ധികളെ നമ്മിക്കുന്നതിനും സംഗതി യാക്കിയിട്ടുണ്ട്. 979 വൃശ്ചികം 17-ാനു- തമ്പുരാൻ കൊച്ചിയിലെ

'മിസ്റ്റർ റിക്കാർഡ്' സായ്വിന്' എഴുതീട്ടുള്ള ഒരു എഴുത്തിൽ ഇപ്രകാരം ആവലാതിപ്പെട്ടു കാണുന്നു:—

"...കൊച്ചി കൊട്ടകുത്തുമതിയിൽ മുമ്പെ പുകയിലയിട്ടു വിററു വരുന്ന സ്ഥലങ്ങളിലല്ലാതെ ഇപ്പൊൾ മററു ചില ദിക്കിലും, നമ്മുടെ പുകയില വിററു വരുന്ന സ്ഥലത്തും കൂടെ കൊട്ടകുത്തുമതിയിലെ പുകയില വിററുവരികകൊണ്ടു നമ്മുടെ കുത്തുമതിക്കു വീഴിച്ച ആയിട്ടു വന്നിരിക്കുന്നു..."

മററൊരിക്കൽ മിസ്റ്റർ ധമ്മൻസായ്വിന്' ഇങ്ങനെ എഴുതിയിരിക്കുന്നു:—"...അതുകൊണ്ടു കൊച്ചിയിൽ കൽവത്തിപ്പാലത്തിനു തെക്കുപുറത്തു കൊട്ടയിൽനിന്നും കൊണ്ടുവന്നു ഇട്ടിരിക്കുന്ന പുകയില ഉടനെ എടുത്തുകൊണ്ടു പൊകത്തക്കവണ്ണവും, നമ്മുടെ പുകയില കീഴനാളിലെപ്പൊലെ അവിടെ ഇട്ടുവിക്കുന്നതിന്നു തടവുകൂടാത്തവണ്ണവും തങ്ങൾ നിദാനം വരുത്തി അയക്കയും വെണം..."

ഇതിനെത്തുടന്നു മിസ്റ്റർ ധമ്മൻ സായ്വിനുതന്നെ വീണ്ടും താഴെ ചേക്കുന്ന മറുപടി അയച്ചുകാണുന്നു. "ചുങ്കം തീത്തുകൊണ്ടു പൊകുന്ന ചരക്കു പിടിപ്പെട്ടത്തിരിക്കുന്നു എന്നല്ലൊ തങ്ങളുടെപെക്കു എഴുതി വന്നിരിക്കുന്നത. ചുങ്കം തീത്ത ചീട്ടു കൊടുത്തയച്ചപ്പൊൾ പുകയില നമ്മുടെ രാജ്യത്തു എങ്ങും കയററി ഇടരുത എന്നും, ഈ വഴിതന്നെ കൊണ്ടുപൊയ്ക്കൊള്ളണമെന്നും നിശ്ചയിച്ചത്രെ അയച്ചിരുന്നത. വെണ്ടുരുത്തിയിൽ 'പാളു സിഞ്ഞൊൻ' എന്നവൻ പലപ്പൊഴും കള്ളപ്പുകയില കൊണ്ടുവന്നു അവന്റെ അവിടെ ഇട്ടു വിററുവരാറുണ്ടാകകൊണ്ടു ആയതിന്റെ ശൊധന ചെയ്വാനായി നമ്മുടെ ആളുകൾ ചെന്നാറെ പുകയില അവന്റെ അവിടെവെച്ചു കാണുകകൊണ്ടു ആകുന്നു എടുപ്പിച്ചുകൊണ്ടുപൊന്നിരുന്നത."

മററൊരവസരത്തിൽ എഴുതിയിരിക്കുന്നു:—"...കുമ്പഞ്ഞിയുടെ അധീനത്തിൽനിന്നു കട്ടു കൊണ്ടുപൊയിട്ടുള്ളതിൽ രണ്ടായിരം കെട്ടു പുകയില തിരുവിലാമലെവെച്ചു താങ്കളുടെ കായ്യസ്ഥന്മാര പിടിച്ചപ്രകാരം നാം അറിഞ്ഞിരിക്കുന്നു. പുകയില പിടിച്ചവക്കു കല്പനപ്രകാരമുള്ള സമ്മാനം കൊടുക്കുകയും ചെയ്യും."

രാജാവിന്റെ ആളുകൾ 'വ്യാജപ്പുകയില' പിടിച്ചാൽ കുമ്പഞ്ഞി വകയാണെന്നും, കുമ്പഞ്ഞി ശിപായികൾപിടിച്ചാൽ തമ്പുരാന്റെ വകയാണെന്നും പറഞ്ഞുകൊണ്ടു കള്ളക്കച്ചവടക്കാർ അക്കാലങ്ങളിൽ

പല വ്യാജങ്ങളും നടത്തിയിരുന്നു. പലപ്പോഴും തമ്പുരാന്റെ കാര്യസ്ഥന്മാർ പിടിക്കുന്ന ആളുകളെ കമ്പനിക്കാർ ഓരോ തൊടുന്യായങ്ങൾ പറഞ്ഞ്, നേരിട്ടും ഒളിവിൽനിന്നും, സഹായിച്ചുകൊണ്ടും ഇരുന്നു. എന്നാൽ 'കമ്പനിപ്പുകയില' പിടിച്ചാൽ കള്ളന്മാരെ ശിക്ഷിക്കുന്നതിനും പിടിച്ചവർക്കു സമ്മാനം കൊടുക്കുന്നതിനും ശക്തൻതമ്പുരാൻ ഒട്ടും അലസനായിരുന്നതുമില്ല. 'കട്ടതു ആരുടെയായാലും, ആരായാലും, കളവിനു ശിക്ഷ' എന്നു മാത്രമേ അവിടുന്നു നിശ്ചയിച്ചിട്ടുണ്ടായിരുന്നുള്ളു.

977 കന്നി 3-ാംതീയതിയിലെ ഒരു തിരുവെഴുത്തിൽനിന്നു പുകയിലവഴക്കിന്റെ ഒഴുക്കു കാണുവാൻ കഴിയുന്നതാണ്.

"...വഞ്ചിയിൽ യാപ്പാണം പുകയില കയററി തെക്കൊട്ടു കൊണ്ടുപൊകാനായിട്ടു കൊണ്ടുവന്നതിനെ നമ്മുടെവഹക്കു ചുങ്കം തരാതെ മുദ്രശ്ശിപായി (കമ്പനിവക) വഞ്ചി നീക്കിച്ചു അയച്ചിരുന്ന കാര്യത്തിനു, കൊച്ചിയിൽ കൊണ്ടു വന്നു എറക്കുന്ന ചരക്കുകൾക്കു, അല്ലാന്തിച്ചുങ്കവും തീർത്തു, പുഴവഴിക്കു അകത്തക്കു കൊണ്ടുപൊകുന്നതു പുഴച്ചുങ്കത്തിൽ അമന്നിട്ടുള്ളതു അല്ലന്നെല്ലൊ തങ്ങളുടെ കടദാസ്സു എഴുതിവന്നതിൽ ആകുന്നു. കടൽവഴിക്കു കൊച്ചിയിൽ കൊണ്ടു വന്നു എറക്കുന്ന ചരക്കുകൾക്കു അല്ലാന്തിച്ചുങ്കവും തീർത്തു ചരക്കുകൾ ആ പുഴവഴിക്കു എവിടെങ്കിലും കൊണ്ടുപൊകുന്നതിന്നു കായ്യം പൂർവ്വാപൂർവമായിട്ടു നമ്മുടെ വഹക്കു ഒഴുവുചുങ്കം എടുത്തു എത്രെ വരുന്നതു. ആ വസ്തുത കൊച്ചിയിൽ ഇരിക്കുന്ന കച്ചവടക്കാരൊടും അല്ലാതെ ഉള്ള ആളുകളൊടും വിചാരിച്ചാൽ അതിന്റെ പരമാത്ഥം തങ്ങൾക്കു ബൊധിക്കയും ചെയ്യും. പൂർവ്വം നടന്നു വന്നിരിക്കുന്നതുപൊലെ അല്ലാതെ ഇന്നു പുത്തനായിട്ടു നമ്മുടെ കാര്യസ്ഥന്മാര ഒരു ചുങ്കം ചൊദിച്ചതും ഇല്ല. യാപ്പാണം പുകയിലയുടെ ചുങ്കം നമ്മുടെ ആൾക്കാരു ചൊദിച്ചതു മുദ്രശിപായി തടഞ്ഞതു തങ്ങൾ ബൊധിച്ചിട്ടത്രെ എന്നല്ലൊ തങ്ങളുടെ കടദാസ്സിൽ ആകുന്നതു. കീഴ നടന്നുവന്ന പരമാത്ഥംപൊലെയല്ലാതെ കന്നിനൊന്നായിട്ടു ആളുകൾ തങ്ങളെ ബൊധിപ്പിക്കകൊണ്ടാകുന്നു ഇപ്രകാരം തങ്ങൾ എഴുതിയതു എന്നത്രെ നമുക്കു തൊന്നുന്നത. പൂർവ്വം നടന്നുവന്നതുപൊലെ നമുക്കുള്ള അവകാശം എടുക്കാതെ കഴിയുന്നതും അല്ലെന്നു തങ്ങൾക്കു അറിയാമല്ലൊ. അതുകൊണ്ടു ഇപ്പൊൾ രണ്ടു വഞ്ചിയിൽ യാപ്പാണംപുകയില കയററിക്കൊണ്ടുപൊയിരിക്കുന്നതിന്റെ ചുങ്കം ആ കച്ചവടക്കാരെക്കൊണ്ടു തരുവിച്ചു മെല്ലെട്ടു ഇങ്ങനെവന്നു

പൊകാത്തവണ്ണം നിദാനംവരുത്തിക്കൊള്ളുമെന്നത്രെ നാം നിശ്ചയിച്ചിരിക്കുന്നത്".

ഇപ്രകാരം ഒരു എഴുത്തുകിട്ടിയാൽ അഭിമാനാതിരേകംകൊണ്ടും അധികാരപ്രമത്തതകൊണ്ടും ഏറക്കുറെ അന്ധതപം ബാധിച്ചവരായിരുന്ന കൊച്ചിയിലെ ഇംഗ്ലീഷധികാരികളുടെ മുഖം ചുമക്കാതിരിക്കുമൊ? കണ്ണുകൾ കലങ്ങാതിരിക്കുമൊ? പകുതിവലിച്ച ചുരുട്ടുകൾ വലിച്ചെറിഞ്ഞ്, ബൂട്ട്സിട്ടു നിലത്തു ചവിട്ടാതിരിക്കുമൊ? അതൊക്കെ സംഭവിച്ചിട്ടുണ്ടായിരിക്കും. "നമ്മുടെ വഹകളുള്ള അവകാശം എടുക്കാതെ കഴിയുന്നതും അല്ല"! എന്തു ധിക്കാരമായ വാക്കുകൾ! ശക്തൻതമ്പുരാന്റെ അവകാശവാദങ്ങളിലെല്ലാം ഒരു സംഗതി, ഒരു അടിസ്ഥാനം, പ്രസ്പഷ്ടമായി കാണും. കീഴ്മര്യാദ, പൂർവ്വാപൂർവ്വമായ നടപടി, പണ്ടുള്ള പതിവ്, ഈ ഭിത്തികളിന്മേലാണ് അവിടുത്തെ വാദസൗധങ്ങൾ എല്ലാം കെട്ടിപ്പടുത്തിരുന്നതു്. "അവിടെ ഇരിക്കുന്നവരൊടും അല്ലാതെ ഉള്ള ആളുകളൊടും തങ്ങൾ വിചാരിക്കുമ്പോൾ പരമാത്ഥം അറികയുംചെയ്യും" എന്നാണ് അവിടുന്നു മിക്കപ്പോഴും ഉദ്ധരിച്ചിട്ടുള്ളതായി കാണുന്ന പ്രധാനതെളിവ്. "നാട്ടുകാരൊക്കെ രാജാവിനെ ഭയപ്പെട്ട് ഇഷ്ടംപോലെയല്ലാതെ പറയില്ല. അതുകൊണ്ട് അവർ പറയുന്നതു സ്വീകരിച്ചുകൂടാ" എന്ന ദുർബ്ബലമായ ഡൈനാമിററിട്ടാണ് ഇംഗ്ലീഷുദ്യോഗസ്ഥന്മാർ ശക്തൻതമ്പുരാന്റെ വാദക്കോട്ടകളെ തകൎക്കാൻ ശ്രമിച്ചതു്. മററുതരം കോട്ടകളെ നിഷ്പ്രയാസം തട്ടിനിരത്തിയ അവൎക്കു തമ്പുരാന്റെ അവകാശദുൎഗ്ഗങ്ങളെ മിക്കപ്പോഴും നിരോധിക്കുവാൻ സാധിച്ചില്ല.

ഈ പുകയിലവഴക്കുകൾ ഒടുവിൽ ശക്തൻതമ്പുരാനു് അനുകൂലമായ വിധത്തിലും, അവിടുത്തെ അവകാശവാദം സ്ഥാപിച്ചും, തന്നെയാണു തീൎച്ചപ്പെട്ടതു് എന്നു പറയേണ്ടതില്ലല്ലൊ. കൊച്ചിയിലുണ്ടായിരുന്ന കമ്പഞ്ഞി എജമാനന്മാർ മിക്കവരും ശക്തൻതമ്പുരാനു പ്രതികൂലികളായിബ്ഭവിച്ചിരുന്നാലും, അവിടുത്തെ അവകാശതൎക്കങ്ങളെ എത്തിക്കേണ്ടെടത്തു്കൊക്കെ എത്തിക്കയും, സഹജമായ ഒരു സന്മാൎഗ്ഗബോധത്തോടുകൂടിയവരായിരുന്ന മേലധികാരികൾ തിരിഞ്ഞുമറിഞ്ഞ് എല്ലാം ഒടുവിൽ ഭംഗിയാക്കിക്കലാശിപ്പിക്കുകയും ചെയ്തു.

൮

മലവക വകുപ്പ്.

രാജ്യത്തുള്ള ഉല്പന്നങ്ങൾ എല്ലാം, ഒന്നും വിടാതെ, വളരെ നിഷ്കർഷയായി സംരക്ഷിക്കയും സംഭരിക്കയും വ്യാപരിക്കയും ചെയ്തിരുന്ന ഒരു രാജാവാണു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്. അവിടുത്തെ 'മലവക ഡിപ്പാർട്ടുമെൻറും' മററവകുപ്പുകളെപ്പോലെതന്നെ അവിടുത്തെ അവധാനപൂർവ്വമായ ശ്രദ്ധയെ ആകർഷിച്ചിരുന്നു. വനംവകുപ്പുഭരണത്തെ സംബന്ധിച്ചു് അവിടുന്നു കല്പിച്ചരുളിയ നിയമാവലി ഉൾക്കൊള്ളുന്നതും താഴെ ചേർക്കുന്നതുമായ ഹുക്കുനാമത്തിൽനിന്നു സാരസംപൂർണ്ണമായ ഒരു വിവരണം നമുക്കു ലഭിക്കുന്നുണ്ടു്. തൃക്കൈവിളയാടീട്ടുള്ള അസ്സൽ രേഖതന്നെ ഇന്നും സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്.

"തെക്കെമുഖത്തും വടക്കെമുഖത്തും ഉൾപ്പെട്ട മലകളിൽനിന്നു ചരക്കുകളും കൊപ്പുകളും മരങ്ങളും എറക്കേണ്ടുംപ്രകാരത്തിന്ന 970-ാമാണ്ടു തുലാമാസം 20-ാംനു തൃപ്പൂണിത്തുറ കളിക്കൊട്ടയിൽ വെച്ചു കല്പിച്ചു എഴുതിയ ഹുക്കുനാമാ." (തേക്കുംതടികൾ മുതൽ ചീനിക്ക, നെല്ലിക്ക, ചൂരൽ, വരെ അനവധി മലഞ്ചരക്കുകളുടെ പേരുംവിവരങ്ങളും, കൊല്ലംതോറും ഇറക്കേണ്ടും തുകയും, തിരിച്ചുതന്നെ എഴുതിയതിന്റെ ശേഷം ആ ഹുക്കുനാമം ഇപ്രകാരം തുടരുന്നു.)

"...ഇതത്രയും എത്ര ശൊധന ചെയ്തു വരുത്താമെങ്കിൽ അത്രയും ശൊധന ചെയ്തു വരുത്തി മരിയാതപൊലെ മലകൾക്കു മാററത്തിന്നുള്ള ചരക്കുകളും കൊടുത്ത എറക്കാവുന്നെടത്തൊളം എറക്കി കൊച്ചിയിൽ വലിയ പാണ്ടികശാലയിൽ, മാസവീതംകണ്ടു എറക്കേണ്ടത മാസവീതവും, ആറുമാസത്തിൽ എറക്കേണ്ടത ആറുമാസംകൊണ്ടും, ആണ്ടു തികഞ്ഞിട്ട എറക്കേണ്ടത ആണ്ടുതികഞ്ഞിട്ടും, ഇപ്രകാരം എറക്കി എല്പിക്കണം. ഒരു ആണ്ടിലെ ചരക്ക ആ ആണ്ടിൽതന്നെ എറക്കി എല്പിക്കാതെ മറു ആണ്ടിലായാൽ കൊച്ചിയിൽ വില്ക്കുന്ന വിലക്കു മെലാദായം കെട്ടിത്തരണ്ടിയും വരും.

"ആനക്കൊമ്പും, പുലിപ്പല്ലും, പുലിതൊലും ആനയും കിട്ടിയാൽ ഉടനെ എഴുന്നള്ളി ഇരുന്നരുളുന്നെടത്ത കൊണ്ടുവരണ്ടതാകകൊണ്ടു ഉടനെ എത്തിക്കയും വെണം. ആന പിടിക്കണ്ടതിന്ന അതതകാലാകാലങ്ങളിൽ കുഴികുത്തിക്കുന്നെടം നൊക്കി കുഴി കുത്തിച്ചു മൂടിച്ചു കാവല്ക്കാർ ആക്കി സൂക്ഷിച്ച വഴിപൊലെ പ്രയത്നം ചെയ്യണം. ഈവ

കൾ മുതൽപിടിക്കാരന്മാര പെര 4, കലവറക്കാരൻ പെര 4, കണക്കെ ഴുത്തുകാരൻ പെര 4, മാസപ്പടിക്കാര പെര 8, ഇതുപൊലെ ആളുകളെ ആക്കി നിശ്ചയിച്ച ശമ്പളവും അരിയും കൊടുപ്പിക്കണം.

"മലയിൽ പണിയ്ക്കു ആശാരി പെര 40, കൂലിക്കാര പെര 80, കണക്കന്മാര പെര 40, അറക്കക്കാര വാള 8, ഇത്രയും ആളെ ആക്കി അവൎക്കു മരിയാതപൊലെ ഉള്ള ശമ്പളവും കൊടുത്തു ശെവത്തിന്ന പാൎപ്പിക്കണം. ശെവത്തിന്ന പാൎക്കുന്നത അവൎക്ക സങ്കടം ആകുന്നു എങ്കിൽ അവരെ ഈരണ്ടുമാസം കൂടുമ്പൊൾ മാറമാറി ആക്കിക്കൊള്ളണം.

"മലകൾ കക്കയും കൂടെ നാലു തുക്കിടികൾ ആയിട്ടു വെച്ചിരിക്ക കൊണ്ടു ഈ നാലെടത്തും കൊപ്പുകൾ കൊണ്ടുവരണ്ടതിന്ന നാല്പത കാളയും കാളക്ക പതിനാറ ആളും കൂട്ടി വെച്ച കൊപ്പുകൾ കടത്തിക്കയും, അരി നെല്ല ഈ വക മലയ്ക്കു കൊണ്ടുപൊയി കൊടുക്കയും ചെയ്യിപ്പിക്കണം.

"അരിയൊ നെല്ലൊ പൊതിപിടിച്ച മലയിൽ താവളത്തിൽ കൊണ്ടുചെന്നാൽ അവിടെ അരനാഴികയും താമസിയാതെ കാളകളെ താഴത്ത എറക്കിയ്ക്കണം.

"മലയാംകാര ശിപ്പായിമാര 2, ചട്ടക്കാര 4, കാട്ടുമാസപ്പടിക്കാര പെര 2, ഇപ്രകാരം ഓരൊ തുക്കിടിയ്ക്കു ആളെ ആക്കി കൊടുക്കണം. ശിപ്പായികളെയും ചട്ടക്കാരെയും പതിപ്പത്തു ദിവസം കൂടുമ്പൊൾ മാറി ആക്കണം. ഉള്ള ആനെയും ആനക്കാരെയും സദൃശംപൊലെ നാല തുക്കിടിയായിട്ടു തിരിച്ചുകൊടുക്കണം. ആനക്കാരെയൊ ഒടമക്കാരെയൊ മാററിയൊ മറിച്ചൊ ആക്കണമെങ്കിൽ തിരുമനസ്സറിയിച്ച കല്പന വാങ്ങിച്ചിട്ടു വെണം. ആനക്കാൎക്കും ഒടമക്കാൎക്കും മുമ്പെ എഴുതിയിരിക്കുന്ന പ്രകാരം ശമ്പളവും അരിയും കൊടുപ്പിച്ചുകൊള്ളണം.

"ആണ്ടുതൊറും മലയിൽ ചിലവുവകൾക്കു പന്തീരായിരം പറ നെല്ലും എണ്ണായിരം രുപായും ഇതു ഇത്രയും എല്പിച്ചിരിക്കുന്നതാകകൊണ്ടു പണ്ടാരവകൾക്കു ചിലവറുത്ത ചിലവാകുന്നതിനു വിവരമായിട്ടു കണക്കും എഴുതി ബൊധിപ്പിച്ചാൽ എറെ ചിലവിട്ടിട്ടുണ്ടെങ്കിൽ വകവെപ്പിച്ചു തരും. ഈവക നെല്ലീന്നും പണത്തീന്നും കരുത്തക്കു നാഴി നെല്ലെങ്കിലും ഒരു പുത്തനെങ്കിലും മുമ്പുപിറക ആയിട്ടു എങ്കിലും വായ്പ ആയിട്ടു എങ്കിലും കൊടുത്താൽ ഒരു ഇടങ്ങഴി നെല്ലിനു ഒരു പറ നെല്ലായിട്ടും ഒരു പുത്തനു ഒരു രുപ ആയിട്ടും കെട്ടി വെപ്പിക്കയും ചെയ്യും.

"ഒരെടത്തു വകകൊടുത്താൽ അവിടെനിന്നു മെടിച്ചുകൊണ്ടുപൊയി ചിലവിടുന്നതല്ലാതെ ആ വക മാറിവെച്ച മററൊരെടത്തു മെടിച്ചു

ചില.വിട്ടക വഹിയാ. എവിടെ വക കൊട്ടത്തുവൊ അവിടെനിന്നു തന്നെ മെടിച്ചു ചിലവു ചെയ്തുകൊള്ളണം.

"മലയിൽ ഇന്നിന്ന വഴിയെ നടക്കാവൂ എന്നതുകൊണ്ടു രാജവഴി ആയിട്ടു വെച്ചിരിക്കുന്ന വഴി അല്ലാതെയുള്ള വഴികൾ ഉണ്ടെങ്കിൽ ആയതു ഒക്കയും വെട്ടി അടച്ചു അതിലെ ഒരുത്തരും നടക്കാത്തവണ്ണം നിദാനം വരുത്തിക്കൊള്ളണം.

"മല വിചാരിക്കുന്നവൻ സ്വകാര്യം കൃഷി ചെയ്യക്കൂടാ. അവന്റെ വീട്ടിലെക്കൊ മറെറാ ഒരു കാര്യത്തിന്നു പൊകണമെങ്കിൽ തിരുമനസ്സറിയിച്ചു കല്പന വാങ്ങിച്ചിട്ടു വെണം. അല്ലാതെ പൊയി എന്നു വന്നാൽ ഒരിക്കൽ പറഞ്ഞു വിലക്കണം. രണ്ടാംപ്രാവശ്യം പ്രാശ്ചിത്തം ചെയ്യിക്കണം. മൂന്നാം പ്രാവശ്യം പിടിച്ചുകൊണ്ടുവന്നു വലിയ തൊക്കിൽ കെട്ടി നൂററിത്തൊണ്ണൂറ അടി അടിച്ചു എറണാകുളത്തു 'ബന്തിഖാണായിൽ ആക്കുകയും ചെയ്യും.

"കുത്തകയായിട്ടു എറക്കാൻ വെച്ചിരിക്കുന്ന കൊപ്പുകൾ അതെതവണക്കു എറങ്ങാതെപൊയാൽ അപ്പൊൾ കൊച്ചിയിൽ വിക്കുന്നപ്രകാരമുള്ള വില കെട്ടിത്തരികണ്ടിയും വരും.

"ഈ ഹുക്കുനാമാ നാലു തുക്കിടിക്കും കൂടി എഴുതി ഇരിക്കകൊണ്ടു ഇതിന്റെ പെപ്പു നാലു തുക്കിടിക്കാക്കും കൊടുക്കണം. അതെതു തുക്കിടിയുടെ തരാതരംപൊലെ നൊക്കി, ചരക്കുകളും കൊപ്പുകളും എറക്കത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളണം. ഈ നാലു തുക്കിടിക്കും കൂടെ കണക്കെഴുതുന്നതിന്നു ശെഖരിപ്പമെനൊൻ മുതൽപിടിക്കാരൻ ഇപ്രകാരം ആളുകളെ ആക്കിയും ഇരിക്കുന്നു. (തൃക്കയ്യ്വിളയാട്ടം)".

മരക്കച്ചവടം ശക്തൻതമ്പുരാന്റെ വിസ്തൃതമായ വ്യാപാരപദ്ധതിയിൽ ഉൾപ്പെട്ടതായിരുന്നു. അതിൽ എത്ര നിഷ്കർഷ പ്രദർശിപ്പിച്ചിരുന്നു എന്നു് കററപ്പാലത്തെ പാലംപണിക്കു മുൻകൂട്ടി അനുവാദം വാങ്ങാതെ കമ്പനിക്കല്പനപ്രകാരം മരം വെട്ടിച്ചതിനെ സംബന്ധിച്ചുണ്ടായ എഴുത്തുകുത്തിൽനിന്നു കാണാവുന്നതാണു്. (പുറം 140_142 നോക്കുക). അന്നു് ഓരോ കച്ചവടക്കാർ വേറെ മലകളിൽ നിന്നു മരംവെട്ടി ഇറക്കിക്കൊണ്ടുപോകുമ്പോൾ തകരാറുകൾ ചെയ്യാതിരിക്കത്തക്കവണ്ണം "ശോധനസ്ഥലങ്ങ"ളും ചുങ്കംപിരിവു് ഏപ്പാട്കളും അവിടുന്നു നിശ്ചയിച്ചിരുന്നതായും, ആ പ്രകരണത്തിൽ വിവരിച്ചിട്ടുണ്ടു്. മലയരോടു് അവിടേയ്ക്കു് അസാമാന്യമായ ഒരു അനുഭാവവുമുണ്ടായിരുന്നു.

"ആനപിടുത്തം" അന്നുതന്നെ വളരെ കാൎയ്യക്ഷമമായ രീതിയിൽ നടത്തിവന്നിരുന്നു. വളരെ ആനകൾ അവിടുത്തെ വകയായി അന്നുണ്ടായിരുന്നു. "ആനയും വളരും തൊട്ടിയും വെക്കുക" എന്ന സമ്പ്രദായം—അതിൻെറ ഒരു രൂപമാണു് ഇന്നും നിലനിന്നുപോരുന്ന ആനയിരുത്തിക്കളഭം— സൎവ്വസാധാരണമായതുകൊണ്ടു ദേവസ്വം വകയായും ഒട്ടേറെ ആനകളുണ്ടായിരുന്നു. ഒലിസ്പാന്ത സായ്പിനു് ഒരാനക്കുട്ടിയെ ശക്തൻതമ്പുരാൻ സമ്മാനിച്ച സംഗതി ഒരാക്ഷേപവിഷയമായിത്തീൎന്നു! ഹൈദർനവാബും ടിപ്പുസുൽത്താനും പലപ്പോഴും വലിയ ആനകളെ ആവശ്യപ്പെടുകയും ശക്തൻതമ്പുരാൻ അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടു്. കോലാപ്പൂരിയിലെ മഹാരാജാവു ഒരു ആനഭ്രമക്കാരനാണെന്നു കേട്ടുകൊണ്ടു് അങ്ങോട്ടും ആനയെ അയച്ചതായി കാണുന്നു. നാട്ടിൽമാത്രമല്ലാ, കാട്ടിലും അവിടുത്തെ കണ്ണു് എത്താതിരുന്നിട്ടില്ല.

XLV

നിത്യച്ചിലവുകൾ

മഹാരാജാവിൻെറ നിത്യച്ചിലവു ഡിപ്പാൎട്ടുമെൻറു്— പള്ളിയറമുതൽപ്പിടിയും അതിൽ ഉൾപ്പെടുന്നു—ഇന്നത്തെ വലിയ വകുപ്പുകളിൽ ഒന്നാണു്. അനവധി ഉദ്യോഗസ്ഥന്മാരും, വലിയ പണച്ചിലവും ഉള്ളതാണു് ആ വകുപ്പു്. അതിൻെറ ഭരണം നിത്യച്ചിലവു മാനേജർ ആണു നടത്തുന്നതു്. മാനേജർ ആദ്യകാലങ്ങളിൽ സൎവ്വാധികാൎയ്യക്കാരുടെ കീഴിലായിരുന്നു. ഇടക്കാലത്തുവെച്ചു 'പാലസ്സു് കൺട്രോളർ' എന്നൊരു തസ്തിക പുതിയതായി ഏൎപ്പെടുത്തുകയും, സൎവ്വാധികാൎയ്യക്കാരുടെ ആ ഭാരം ഒഴിച്ചുവിടുകയും ചെയ്തു. ഇപ്പോൾ വീണ്ടും ആ ഡിപ്പാൎട്ടുമെൻറിനെ സൎവ്വാധികാൎയ്യക്കാരുടെ കീഴിലേയ്ക്കുതന്നെ മാററിയിരിക്കുന്നു. അങ്ങനെയൊക്കെ ചില മാററങ്ങളോ പരിഷ്കാരങ്ങളോ വരുത്തുകയൊ, വന്നുകൂടുകയൊ, ചെയ്തിട്ടുണ്ടെങ്കിലും ആ ഡിപ്പാൎട്ടുമെൻറിൻെറ ആന്തരഭരണസമ്പ്രദായവും നടപടികളും കണക്കെഴുത്തുരീതികളും മററും ശക്തൻതമ്പുരാൻെറ കാലത്തു നിശ്ചയിച്ചുവെച്ചിരുന്നതുപോലെതന്നെയാണു് ഇന്നും കഴിഞ്ഞുവരുന്നതു്. ആ നിലയ്ക്കും, ഇത്രയും സുപ്രസിദ്ധനും മഹാനുമായ ഒരു രാജകേസരിയുടെ നിത്യനിദാന

ച്ചിലവുകൾ എന്തൊക്കെയായിരുന്നു എന്നു് അറിയുന്നതു് ആക്കും അത്യന്തം രസപ്രദമാകാതിരിക്കാൻ വഴിയില്ലാത്തതുകൊണ്ടും, ചരിത്രപ്രാധാന്യമില്ലെങ്കിലും കൂടി, ആ വകുപ്പിന്റെ അന്നത്തെ പ്രവൎത്തനരീതിയേയും ചിലവുസമ്പ്രദായങ്ങളേയും കുറഞ്ഞൊന്നു വിവരിക്കുവാൻ വിചാരിക്കുന്നു. ജീവചരിത്രത്തിൽ അതിനു സ്ഥാനമില്ലായ്കയുമില്ല.

ഈ അദ്ധ്യായത്തിൽ ചേൎത്തിരിക്കുന്ന വിവരങ്ങൾ ഒരു ഗ്രന്ഥനാമത്തിൽനിന്നും, "എഴുന്നള്ളി ഇരുന്നരുളുന്നേടത്ത ദാനം അടിയന്തരം ഈശ്വരസേവ ഉൾപ്പെട്ടവകക്കും അല്ലാതെയും മററ പലവകക്കും 967-ാമാണ്ട ചിങ്ങമാസാമുതല്ക്ക പതിവായിട്ട വെണ്ടുന്ന ചിലവിന്ന എഴുതിയ പുസ്തക"ത്തിൽ നിന്നും, സംഭരിച്ചിട്ടുള്ളവയാകുന്നു. ഈ കണക്കു നോക്കിയാൽ, "ശക്തൻതമ്പുരാൻ ഈശ്വരഭജനതല്പരൻ അല്ലായിരുന്നു" എന്ന അപവാദം തീരെ അടിസ്ഥാനരഹിതമാണെന്നു സ്പഷ്ടമാകുന്നതാണു്. എന്നുതന്നെയല്ലാ, ഇന്നും അന്നത്തെ നിശ്ചയങ്ങൾ അങ്ങനെയൊക്കെത്തന്നെയാണു്, കാലാവസ്ഥകൊണ്ടു സ്വയം വന്നു ചേൎന്നിട്ടുള്ള ചില വ്യത്യാസങ്ങളുണ്ടെങ്കിലും, നടന്നുവരുന്നതെന്നും മനസ്സിലാക്കാവുന്നതാണു്.

ക. ദാന അടിയന്തരംവക.

നിത്യനിദാനം ദാനത്തിനു രണ്ടു വസ്ത്രവും അഞ്ചു പുത്തനും. ഈ ദാനം കഴിഞ്ഞതിനുശേഷമേ അമൃതേത്തിനു് എഴുന്നള്ളി ഇരിക്കുകയുള്ളു. കൂടാതെ, ദിവസംതോറും കൂടൽമാണിക്കത്തിനു് ഒരു പുത്തൻ വീതം വഴിപാടു നിക്കിവെയ്ക്കും. മാസംതോറും പൂയം തിരുനാളിനു് (ശക്തൻതമ്പുരാന്റെ നാളാണു പൂയം), 'അലങ്കാരദാനം' ചെയ്തുവരുന്ന വകയ്ക്കു പശുവും കിടാവും, പൊന്നും വെള്ളിയും, മുറിയും പുത്തനും, കാട്ടുകിണ്ടിയും, ആറപേക്കു ദക്ഷിണയും കൂടി പുത്തൻ $380\frac{7}{16}$. ദ്വാദശിതോറം അലങ്കാരദാനം; മാസംതോറം വെളുത്ത വാവുന്നാൾ തിലപാത്രദാനം; കറുത്തവാവിനു തിലധേനുദാനം; ആകെ മാസത്തിൽ കോപ്പുവിലത്തരം ഉൾപ്പടെ പതിവുദാനങ്ങൾക്കു $5695\frac{5}{8}$ പുത്തൻ.

വ. പള്ളിത്തേവാരം വക.

ശൎക്കരപ്പായസം, വെള്ളരിനിവേദ്യം, വെണ്ണനിവേദ്യം, കദളിപ്പഴനിവേദ്യം, ശംഖാഭിഷേകം, ശ്രീരുദ്രാഭിഷേകം, ആജ്യാഹുതിഹോമം,

ഗണപതിഹോമം, തണ്ണുലപൂജ, മൃത്യുഞ്ജയപൂജ, വയനുജപം. പ്രസ്തുത കണക്കപുസ്തകത്തിന്റെ മുഖവുര ഇപ്രകാരമാകുന്നു. 'പഴയന്നൂരമ്മ ശരണം. എഴുന്നള്ളി ഇരുന്നരുളുന്നെടത്തു ദാനം അടിയന്തരം ഉൾപ്പെട്ട വകയ്ക്കും, പള്ളിത്തേവാരം ഉൾപ്പെട്ട ഈശപരസെവ വകയ്ക്കും, തിരുവെലിദക്ഷിണ, തൻചിലവു ഉൾപ്പെട്ട വകയ്ക്കും, കൊവിലകത്തും എടപ്പഴെരിയിലും ഭക്ഷണം കൊട്ടപ്പിച്ചുവരുന്ന വകയ്ക്കും, കടമപ്പണം, എണ്ണപ്പണം വകയ്ക്കും, കൊപ്പുകാരവകയ്ക്കും, വെററില, അടയ്ക്ക, ചങ്ങലവട്ടയ്ക്കു വെളിച്ചെണ്ണ കൊട്ടപ്പിച്ചുവരുന്ന വകയ്ക്കും കൂടി ചിങ്ങമാസം മുതല്ക്കു വെണ്ടുന്ന അരിക്കും പണത്തിനും കൂടി 'തിരുമുമ്പാകെ വെച്ച്' എഴുതിയ 'പതിവുപുസ്തകം.' ഇതിൽ പത്തുഭാഗം നിറയെ ചില്ലറ ഇനങ്ങളെ ഒന്നൊന്നായി വിവരിച്ചതിന്റെശേഷം എല്ലാംകൂടി മാസം ഒന്നുക്കു ഇത്ര പുത്തൻ, ഇത്ര അരി, ഇത്ര നെല്ല്, എന്നു ഒരു 'ഒട്ടാകെ ചിലവും' ചേൎത്തിട്ടുണ്ടു്.

൯. തിരുവെലികൾ

ശക്തൻതമ്പുരാൻ താൻതന്നെ അനവധി 'തിരുവെലികൾ'—ആണ്ടശ്രാദ്ധങ്ങൾ—ഊട്ടിവന്നിരുന്നു. കൊല്ലംതോറും ചിങ്ങമാസത്തിൽ പൂരം തിരുവെലിക്കു 604 പുത്തനും, കന്നിമാസത്തിൽ മകം തിരുവെലിക്കു 270 പുത്തനും, അതോടുകൂടിയുള്ള 'വെച്ചുനമസ്കാര'ത്തിനു ഗ്രാമം ഒന്നുക്കു ആയിരത്തി ഒന്നു പുത്തൻ വീതം മൂവ്വായിരത്തിമൂന്നു പുത്തനും, പഴയന്നൂർഭഗവതി, വടക്കുന്നാഥൻ, കൂടൽമാണിക്കം, തൃപ്പൂണിത്തുറ തേവർ ഇവൎക്കു വഴിവാടിനു ഒരുന്നൂററിഒന്നു പുത്തൻവീതം നാന്നൂററിനാലുപുത്തനും, തുലാമാസത്തിൽ 'രേവതി' തിരുവെലിക്കു 48പുത്തനും, വൃശ്ചികത്തിലെ അശ്വതിക്കു 34 പുത്തനും, വൃശ്ചികത്തിൽതന്നെ പുണർതത്തിനു 48 പുത്തനും, ധനുമാസത്തിൽ അശ്വതിക്കു 51 പുത്തനും, ടി മാസത്തിൽ കാൎത്തികയ്ക്കു 34 പുത്തനും, ടി മാസത്തിൽത്തന്നെ ചോതിക്കു 81 പുത്തനും, മകരത്തിൽ അത്തത്തിനു 262 പുത്തനും, ടി മാസത്തിൽ പൂരാടത്തിനു 34 പുത്തനും, കുംഭമാസത്തിൽ തിരുവോണത്തിനു 79 പുത്തനും, മീനത്തിൽ കാൎത്തികയ്ക്കു 34 പുത്തനും, എടവത്തിൽ ഉത്രത്തിനു 55 പുത്തനും, മിഥുനത്തിൽ ഉത്രത്തിനു 39 പുത്തനും, കൎക്കടകത്തിൽ ചതയത്തിനു 360 പുത്തനും, ടി മാസത്തിൽ ഉത്രത്തിനു 51 പുത്തനും, ദക്ഷിണച്ചിലവു ചെയ്തു വെലി ഇട്ടിരുന്നു. മേൽപറഞ്ഞ ചതയം തിരുവെലി ഒരു "പട്ടത്താനം" ആണു്.

"പട്ടത്താനം" എന്നുവെച്ചാൽ ഒരു അമ്മതമ്പുരാട്ടിയുടെ ആണ്ടുശ്രാദ്ധമാണു്. എന്നാൽ ആ അമ്മതമ്പുരാട്ടിക്കു മരിക്കുന്നകാലത്തു രണ്ടുതരത്തിലുള്ള അമ്മസ്ഥാനം ഉണ്ടായിരുന്നിരിക്കണം. ഒന്നാമതു് അവിടുന്നു സ്വരൂപത്തിലെ എല്ലാ സ്ത്രീകളിലും വെച്ചു മൂത്തതമ്പുരാട്ടിയായിരിക്കണം. രണ്ടാമതു് അവിടുന്നു, രാജ്യഭാരംചെയ്യുന്ന മഹാരാജാവിന്റെ മാതാവുമായിരിക്കണം. അപ്രകാരം എല്ലാംകൊണ്ടും വലിയമ്മതമ്പുരാട്ടിയായിരുന്നുകൊണ്ടു തീപ്പെട്ടുപോയ ആളുടെ ആണ്ടുശ്രാദ്ധത്തിനാണു "പട്ടത്താന"മുള്ളതു്. 'ഭട്ടൻ' എന്ന സ്ഥാനം വ്യുല്പത്തിവൈശിഷ്ട്യത്താൽ സിദ്ധിച്ചിട്ടുള്ള മഹാബ്രാഹ്മണർക്കുള്ള 'ദാനം' (സ്ഥാനം) സംഭാവന എന്നായിരുന്നു 'പട്ടത്താന'ത്തിന്റെ അർത്ഥം. ദാനാവകാശികളുടെ പേരു വായിക്കുമ്പോൾ, 'വേദാന്തത്തിൽ, വ്യാകരണത്തിൽ, തർക്കത്തിൽ' എന്നിങ്ങനെ വിഷയവിശകലനംചെയ്തുകൊണ്ടാണു വായിക്കുക. ഇപ്പോൾ ആവക ശാസ്ത്രവുമില്ല ശാസ്ത്രജ്ഞരുമില്ല. പക്ഷേ നമ്പൂരിക്കു മാത്രമേ 'താന'മുള്ളു. അതു ഇഷ്ടംപോലെ കല്പിച്ചുകൊടുക്കുന്നുമുണ്ടു്. അങ്ങനെയുള്ള പട്ടത്താനങ്ങൾ ആറെണ്ണം ഇന്നും നടന്നുവരുന്നുണ്ടു്. അതിൽ ഒന്നു്, അതായതു തുലാമാസത്തിലെ പുണർതം, ഞാറയ്ക്കൽ കോവിലകത്തുവെച്ചും, മറ്റൊന്നു കരിക്കാട്ടുകോവിലകത്തുവെച്ചുവേണ്ടതിന്നു് ആ രാജ്യം കൊച്ചിക്കു് ഇല്ലാത്തതുകൊണ്ടു തിരുവാങ്കുളത്തുവെച്ചും — അതു മകരത്തിലാണു, നാൾ ആർക്കും അറിയില്ല — ഇന്നും നടത്തിപ്പോരുന്നു. ബാക്കി നാലും മഹാരാജാവു നേരിട്ടുതന്നെ തിരുവെലിവെച്ചു് ഊട്ടിവരുന്നു. കർക്കടകത്തിലെ ചതയം പട്ടത്താനത്തിനു ശക്തൻതമ്പുരാന്റെ കണക്കിൽ, "കിഴിയിൽ 301 പുത്തൻ വീതം 77 കിഴിക്കു പുത്തൻ 23177; 33 പുത്തൻ വീതം ഒന്നു; 32 പുത്തൻ വീതം കിഴി എട്ടുക്കു് 256; പന്ത്രണ്ടു പുത്തൻവീതം ഒന്നു" എന്നു് എഴുതിയിരിക്കുന്നു. ഇതിനൊക്കെ സദ്യച്ചിലവു വെറേയുമുണ്ടെന്നു പറയേണ്ടതില്ലല്ലോ.

൮. മഠപ്പിള്ളിച്ചിലവു

ശക്തൻതമ്പുരാന്റെ 'അടുക്കളെച്ചിലവി'ന്റെ വിവരം അറിയുന്നതു രസാവഹമായിരിക്കുമല്ലോ. അമൃതേത്തു് ഉൾപ്പെട്ടവകയ്ക്കുനാൾ ഒന്നുക്കു നേന്ത്രക്കായ 50, നേന്ത്രപ്പഴം 15, ചേന 2, വഴുതിനങ്ങ 60, എളവൻ $2\frac{1}{8}$, മത്തങ്ങ വെള്ളരിക്ക 2, ചേമ്പുവിത്തു എടങ്ങഴി $1\frac{1}{2}$, ചുണ്ടങ്ങ എടങ്ങഴി $\frac{1}{2}$, അച്ചിങ്ങ എടങ്ങഴി 3, ചീരക്കെട്ടു 6, പടറ്റപ്പഴം 50, ചെറിയ പപ്പടം 100, പഞ്ചാരപലം 5, നെയ്യ് എടങ്ങഴി $\frac{5}{8}$,

വെണ്ണപലം 3, തോരപ്പരിപ്പ എടങ്ങഴി 1, തയിര എടങ്ങഴി 5, വെളിച്ചെണ്ണ എടങ്ങഴി 6, തേങ്ങ എണ്ണം 3, മുതിര എടങ്ങഴി $\frac{1}{4}$, ചുക്ക പലം 1, മുളക എടങ്ങഴി $\frac{1}{2}$, മഞ്ഞപ്പൊടി എടങ്ങഴി $\frac{1}{2}$, കടുക എടങ്ങഴി $\frac{1}{8}$, ജീരകം നാഴി $\frac{3}{8}$, ഉലുവ എടങ്ങഴി $\frac{1}{16}$, ഉഴുന്നുപരിപ്പ എടങ്ങഴി $\frac{5}{16}$, എല 30, വെററ കൊൽ 300. ഇത്രയും കൊണ്ടു് അവിടുത്തെ ഒരുദിവസത്തെ ചിലവു കഴിഞ്ഞു! അരിമാത്രം ഇതിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. ഒരു നേരത്തേയ്ക്കു മൂന്നു പറ അരിയാണെന്നു തോന്നുന്നു.

൭. നീരാട്ടുകുളി

ശക്തൻതമ്പുരാനു കാച്ചിയ എണ്ണയും കുഴമ്പും ഉണ്ടായിരുന്നു. വാസനദ്രവ്യങ്ങളിട്ടു തിളപ്പിച്ച ചൂടുവെള്ളം നീരാട്ടുകുളിക്കു് ഉപയോഗിച്ചിരുന്നു. മൂന്നുകുപ്പി പനിനീർ പതിവായി തളിച്ചുവന്നിരുന്നു. "കലപ്പെണ്ണയും തിരുമേനിക്കുഴമ്പും കാച്ചുന്നതിനു കൊല്ലത്താൽ 1712$\frac{18}{16}$ പുത്തൻ" മാത്രം വേണ്ടിവന്നിരുന്നു. നീരാട്ടുകുളിക്കുള്ള വെള്ളത്തിൽ "ചന്ദനം 2 പലം, കൊട്ടം 2 പലം, രാമച്ചം 4 പലം" ഇത്രയും ഇട്ടു തിളപ്പിച്ചിരുന്നു.

൯. തിരുമേനിചാർത്തു്

അവിടുത്തെ വസ്ത്രധാരണക്രമവും അതിനുള്ള ചിലവും കണക്കിൽ നിന്നു മനസ്സിലാക്കാം. "ആറമുണ്ടിൽ പാവകുത്ത 12, തിരുമുടി ചാർത്തു വകക്ക ഉറുമാൽ 4, തിരുമുടി തൊർത്തു 64, ലഞ്ചി 8, ഉച്ചാത്ത (കൗപീനം) 50, കടഞ്ഞാൺ (അരയിലെ ചരട) 20". ഇത്രയുമാണു് ഉടുപ്പിനു വേണ്ടിയിരുന്നതു്. പുറമേ പള്ളിവിരി, പള്ളിത്തലയണക്കറ മുതലായതിനുള്ള 'കച്ച'യും വേണ്ടിയിരുന്നു.

൧൦. മുറുക്കു ചിലവു

മുറുക്കു് അവിടേയ്ക്കുണ്ടായിരുന്നാലും പുകയില ഉപയോഗിച്ചിരുന്നില്ല. സ്വന്തം ചിലവിനു മാസം ഒന്നുക്കു 4241 പുത്തനാണു കണക്കിട്ടിരുന്നതായി കാണുന്നതു്. (19$\frac{1}{8}$ പുത്തനാണു് ഒരു രൂപാ എന്നറിയാമല്ലൊ) മുറുക്കാവശ്യത്തിനു് ഇരുന്നൂറ വെററില, 1 റാത്തൽ കരയാമ്പൂവു്, $\frac{1}{2}$ റാത്തൽ വാലുമുളകു്, $\frac{1}{2}$ റാത്തൽ ജാതിപത്രി,

½ എടങ്ങഴി വെട്ടടക്ക, ½ റാത്തൽ ജാതിക്ക" ഇത്രയും എടുത്തിരുന്നു. നമ്പൂരിമാർ ഉൾപ്പെട്ട വകക്കു പുകയില കെട്ടു ഒന്നു വെറെതന്നെ കൊടുത്തിരുന്നു.

൮. പതിവുകാർ

ശക്തൻതമ്പുരാന്റെ കൂടെ പതിവായി പതിനേഴു നമ്പൂതിരിമാർ താമസിച്ചിരുന്നു. ചേന്ദാസ്സ്, കൃഷ്ണത്തു്, തൃക്കമാരംകോടത്തു്, ആനല്ലൂരു, പാടിവട്ടത്തു്, നാറാണമംഗലത്തു്, മാത്തൂരു, വെള്ളക്കാറാട്ടു്, ഒഴിയസ്സ്, എഴിക്കോട്ടു്, മാവണ്ണ, തൊട്ടസ്സ്, പാറപ്പുറസ്സ്, നീണ്ടൂരു് എന്നീ ഇല്ലങ്ങളിലെ അംഗങ്ങളായിരുന്നു അവർ. എഴുന്നള്ളത്തോടു കൂടി ഒററപ്പേരായിട്ടു പാർത്തിരുന്നവർ 'എഴിക്കോട്ടു്, കീഴേപ്പുറത്തു്, തൊട്ടസ്സ്, പുളിക്കീഴസ്സ്, കുറവൂരു, ഇങ്ങനെ അഞ്ചു നമ്പൂതിരിമാരായിരുന്നു. പള്ളിത്തേവാരത്തിൽ പരികർമ്മം നാറാണനെമ്പ്രാൻ, കൃഷ്ണൻ എമ്പ്രാൻ, പുരുഷോത്തമൻ എമ്പ്രാൻ ഇവരായിരുന്നു. തിരുപ്പാടന്മാരു വകയിൽ അഞ്ചേരി വടക്കൂട്ടു രാഘവർ, ടിയിൽ കുഞ്ഞുണ്ണി, കണ്ണേഴത്തു കുഞ്ചു, ടിയിൽ രേമരു്, കോയിക്കൽ കേരളർ, കോട്ടപ്പുറത്തു കുഞ്ഞുണ്ണി, ടി യിൽ രേമരു്, ചങ്ങരംപാട്ടു കോമരു്, ഇവർ എട്ടുപേരായിരുന്നു. ഒട്ടാകെ നിയമേന കോവിലകത്തു ഭക്ഷണം കഴിച്ചിരുന്നവർ 74-ം എടപ്പുഴേരിയിൽ ഭക്ഷിച്ചിരുന്നവർ 95-ം ആയിരുന്നു.

൯. 'മഠ'ത്തിലെ ചിലവു

ഈ കണക്കുണ്ടാക്കിയ കാലത്തു ശക്തൻതമ്പുരാന്റെ നേത്ര്യാരമ്മ 'കുറപ്പത്തുമഠത്തിൽ പാറുക്കുട്ടിയമ്മ' ആയിരുന്നു. അവർ തൃപ്പൂണിത്തുറയിൽത്തന്നെ പ്രത്യേകം മറെറാരു സ്ഥലത്താണു താമസിച്ചിരുന്നതു്. ആ 'മഠ'ത്തിലേയ്ക്കു വേണ്ട ചിലവുകൾക്കും കണക്കു കുറിച്ചിരുന്നു. കണക്കു വിട്ടൊന്നും ആർക്കും കിട്ടുന്നതല്ലെന്നു പറയേണ്ടതില്ലല്ലൊ. സാക്ഷാൽ ശക്തന്റെ നേത്ര്യാരമ്മയുടെ ജീവിതരീതിയും അന്തസ്സും തെളിയിക്കുന്നതിനു പ്രസ്തുതകണക്കിലെ ആ ഭാഗം വളരെ ഉപകാരപ്പെടുന്നതാണു്. അതിൽ നോക്കിയാൽ ഇത്രയും അറിയാം.

"കുറപ്പത്തുമഠത്തിലെ വകക്കു, നാൾ ഒന്നുക്കു വിത്തരി എടങ്ങഴി 2¼

കൊപ്പവിലത്തരം—കാരോ എനങ്ങൾ എടുത്തു വിവരിച്ചും വിലവെച്ചും നാൾ ഒന്നുക്കു, ദിവസം ഇത്ര, മാസം ഒന്നുക്കു എന്നു കണക്കു പിടിച്ചും—മാസാന്തം പുത്തൻ 688; നേത്ര്യാരമ്മ വകക്കു മാസം പുത്തൻ 120; പുകയിലക്കെട്ടു 1; കരയാമ്പൂവു, ജാതിക്ക മുതലായതു; ഉട്ടപ്പാൻ പാവു കുത്തു മൂന്നു, ഒന്നരമുണ്ടിനു പാവു കുത്തു മൂന്നു; കുറപ്പത്തു ഗൊവിന്ദനു ശമ്പളം പുത്തൻ 50; മഠത്തിൽ വെപ്പിനു എളയതു പേർ 2; ശിവപൂജക്കു മുത്തുറ്റട്ടർ 1; മഠത്തിൽ മെൽനൊട്ടം വടക്കെടത്തു കൃഷ്ണമെനൊൻ; വാലിയക്കാരൻ മെലെടത്തു നാറാണൻ; ഗൊവിന്ദമെനു വാലിയക്കാരൻ മണ്ണത്തു നാറാണൻ; വാലിയക്കാരത്തികൾ കിഴ്വീട്ടിൽ ലക്ഷ്മി വെള്ളാക്കൊട്ടിൽ ലക്ഷ്മി; പുറംപണിക്കാർ എറവക്കത്ത കൃഷ്ണൻ, രാമൻ; ഒരു വെളുത്തെടൻ; ആകെ കുറപ്പത്തുമഠത്തിലക്ക അരി $62\frac{1}{4}$ പറയും പുത്തൻ 544-ം കൊപ്പവിലത്തരം പുത്തൻ $871\frac{1}{2}$-ം." ഇപ്രകാരമായിരുന്നു 'കുറപ്പത്തുമഠ'ത്തിൻെറ സ്ഥിതി!! 'ഉട്ടക്കാനെടുത്തു കൊടുക്കു'ന്നതു കൊല്ലത്തിൽ എത്രതവണയാണെന്നു തെളിയുന്നില്ല!

൧൦ പലവക ചിലവു

പ്രസ്തുതകണക്കിൽ പെടുത്താത്ത ഇനങ്ങൾ ഒന്നുമില്ല. കാവൽവിളക്ക്, കോൽവിളക്ക ഇതുകളിലേയ്ക്കുള്ള എണ്ണ, വാലിയക്കാർക്കുപോലുമുള്ള എണ്ണ, ഇഞ്ചെ, മുറക്കാൻ, എന്നിപ്രകാരം കാരോന്നും ആളുടെ പേരു വിളിച്ചുപറഞ്ഞുംകൊണ്ടു പതിവു ചിലവ് എഴുതി നിശ്ചയിച്ചു വെച്ചിരുന്നു. മാസാന്തം കണക്കിൻെറ കടുവിൽ പ്രധാന ഇനങ്ങളെല്ലാം ആവർത്തിക്കപ്പെട്ടതിനുശേഷം, ആകെ നെല്ല് 2813 പറ $7\frac{3}{4}$ ഇടങ്ങഴിയും, പുത്തൻ $13882\frac{5}{16}$-ം ശമ്പളം വകയ്ക്കു $8566\frac{1}{2}$-ം, മററം ഒക്കെ ചേർത്തു്, കട്ടാകെ മാസം ഒന്നുക്കു ചിലവു പുത്തൻ $34276\frac{5}{16}$ എന്നു തീർത്തെഴുതിയിരിക്കുന്നു. മാസവിശേഷങ്ങളിൽ, മുപ്പട്ടുവെള്ളിയാഴ്ചയും, വെളുത്തവാവും, സംക്രാന്തിയും, ഭഗവതിസ്സേവയും, ദ്വാദശിതോറും തൃപ്പൂണിത്തുറെക്ഷേത്രത്തിൽ നമസ്കാരവും, പ്രദോഷംതോറും ശിവനു പൂജിച്ചു കാൽകഴുകിച്ചു് ഊട്ടും ഉണ്ടായിരുന്നു.

൧൧. പുറത്തുള്ള ചിലവുകൾ—തെക്കേമുഖം.

മേല്പറഞ്ഞ വഴിവാടുകളും ചിലവുകളും എല്ലാം എഴുന്നള്ളി ഇരിക്കുന്നെടത്തുവെച്ചു മുടക്കുകൂടാതെ നേരിട്ടു നടത്തിച്ചുപോന്നിരുന്നവയാണ്.

അവകൂടാതെ കൊച്ചിരാജ്യത്തും പുറത്തും ഉള്ള അനവധി ക്ഷേത്രങ്ങളിൽ നിത്യനിദാനമായും, മാസവിശേഷമായും, ആണ്ടുവിശേഷമായും വളരെ വഴിപാടുകൾക്കു കണക്കുപതിച്ചു നിശ്ചയം വെച്ചിരുന്നു. അവയുടെയൊക്കെ പട്ടിക ചേർക്കുന്നതിനു് ആവശ്യമില്ലെങ്കിലും അതിൻെറ പരപ്പും തഴപ്പും സൂചിപ്പിക്കുന്ന സംഗതികളെ സമഷ്ടിയായി ഈ പഠനത്തിൽത്തന്നെ പ്രസ്താവിച്ചുകൊള്ളുന്നു. വൈക്കത്തു ക്ഷേത്രത്തിൽ തുലാമാസത്തിലെ പൂയം ദിവസം ഒരു സന്ധ്യവേല നടത്തിച്ചിരുന്നതിനു ചിലവു് എഴുതിയിരിക്കുന്നതു 10,622$\frac{1}{4}$ പുത്തൻ ആകുന്നു. ഈ സന്ധ്യവേല അന്നുമുതൽ 'ക്ഷേത്രപ്രവേശവിളംബരം' നിമിത്തം വൈക്കം ക്ഷേത്രത്തിൽ അവർണ്ണർക്കു പ്രവേശമുണ്ടായ കൊല്ലംവരെ, കൊച്ചി മഹാരാജാവു 'പള്ളിയറമുതൽപ്പിടിയിൽ'നിന്നു്, കലമേനിക്കു മൂവ്വായിരം രൂപയോളം ചിലവുചെയ്തു്, കേമമായി നടത്തിച്ചുകൊണ്ടിരുന്നു! അന്നുമുതൽ അതു മുടങ്ങുകയും ചെയ്തു.

കൊച്ചി കോവിലകത്തു ചേർന്ന പ്രവൃത്തികൾ അഞ്ചിലും ഉൾപ്പെട്ട ദേവസ്വം ഇരുപത്തിയൊന്നിലുംകൂടി ശക്തൻതമ്പുരാൻ ഒരു കൊല്ലത്തിൽ 'നിത്യനിദാനം, മാസവിശേഷം, ആണ്ടുവിശേഷം, ശാന്തിക്കുടമ ഉൾപ്പെട്ട വകയ്ക്കു' 28039$\frac{1}{4}$ പുത്തൻ ചിലവാക്കിയിരുന്നു. അതുപോലെതന്നെ 'മുകുന്ദപുരംകോവിലകത്തുംവാതുക്കൽ' ചേർന്ന പ്രവൃത്തി ആറിലും ഉൾപ്പെട്ട പതിനെട്ടു ദേവസ്വങ്ങൾക്കു് ആണ്ടിനാൽ 3617$\frac{1}{2}$ പുത്തനും, കോടശ്ശേരി കോവിലകത്തുംവാതുക്കൽ ചേർന്ന പ്രവൃത്തി അഞ്ചിലും ഉൾപ്പെട്ട ദേവസ്വം 21 ക്കു 5984$\frac{1}{16}$ പുത്തനും, കണയന്നൂർ കോവിലകത്തുംവാതുക്കൽ ചേർന്ന പ്രവൃത്തി നാലിലും ഉൾപ്പെട്ട ദേവസ്വം 29 ക്കു 62514$\frac{11}{16}$ പുത്തനും ചിലവിട്ടിരുന്നു!

കൊച്ചി കോവിലകത്തുള്ള പഴയന്നൂർഭഗവതിക്ഷേത്രത്തിൽവെച്ചു് ആണ്ടുതോറും കർക്കടകമാസത്തിൽ നാല്പത്തിയൊന്നു ദിവസത്തെ 'വലിയ ഗണപതിഹോമം' ഇന്നും നടന്നുവരുന്നുണ്ടു്. ആയതിനു ശക്തൻതമ്പുരാൻെറ കാലത്തു പന്തീരായിരം നാളികേരവും, 23598$\frac{11}{16}$ പുത്തനും ചിലവു ചെയ്തിരുന്നതായിട്ടാണു് ഈ കണക്കിൽ കാണുന്നതു്. അതിനുപുറമേ, അവിടെവെച്ചുള്ള നവരാത്രിപൂജയ്ക്കു 2479$\frac{1}{8}$ പുത്തൻ വേറെയും ചിലവിട്ടിരുന്നു. കൂടാതെ, കൊച്ചികോവിലകത്തു മുത്താഴം വഴിയൂട്ടു്, മുകുന്ദപുരത്തു താഴയ്ക്കാട്ടു വഴിയൂട്ടു്, തൃപ്പൂണിത്തുറെ കണ്ണംകുളങ്ങരെ ഊട്ടു്, എറണാകുളത്തു് അത്താഴം വഴിയൂട്ടു്, ചേരാനെല്ലൂർ

കഞ്ഞിവീഴ്ത്തു്, ഈവകയും ഏപ്പെട്ടുത്തുകയും, അതിനൊട്ടാകെ 67458¾ പുത്തൻ വീതം കൊല്ലംതോറം ചിലവിടുകയും ചെയ്തു. ഇവയെല്ലാം പുറമേ കോവിലകത്തുവെച്ചുതന്നെ കളഭസ്സദ്യകൾ നടത്തിച്ചിരുന്നതിനു 43843 പുത്തൻ വീതം ആണ്ടുതോറം ചലവുവന്നിരുന്നു!

൧൨. വടക്കേമുഖം.

ഇതൊക്കെ 'തെക്കേമുഖ'ത്തെ വർത്തമാനങ്ങളാണു്. ഏതാണ്ടു് ഇതുപോലെയൊക്കെയുള്ള വഴിവാടുകൾ 'വടക്കേമുഖത്തും' അയിരുന്നാട്ടിലും പതിവുവെച്ചിട്ടുണ്ടായിരുന്നു. അതിലെ ചില അപൂർവ്വവിവരങ്ങൾ മാത്രമേ ഇവിടെ ചേക്കുന്നുള്ള. തൃശ്ശിവപേരൂർ വടക്കുന്നാഥൻ ക്ഷേത്രത്തിൽ പലവകയായി 5283 പുത്തനും, അശോകേശപുരം, പാറമേക്കാവു്, കൊക്കാലക്കൽ വെട്ടയ്ക്കൊരുമകൻകാവു് എന്നീ ക്ഷേത്രങ്ങളിലും, ചിററിലപ്പിള്ളി, വിജയപുരം, നെയിതലക്കാവു, താന്നിക്കുടം, എടത്രുകാരമുക്കു്, മണലൂർ, അന്തിക്കാട്ടു്, തോന്ന്യകാവു്, തൃപ്രയർ, ചാഴൂരു്, പാറക്കുളങ്ങര, തിരുവാണിക്കാവു്, ഊരകം, പെരുവനം ഇങ്ങനെ അനേകം ക്ഷേത്രങ്ങളിലും അവസ്ഥാനുസാരം വഴിവാടുകൾ നിശ്ചയിച്ചിരുന്നു.

തലപ്പിള്ളിത്താലൂക്കിൽ, വന്നേരി ചിത്രകൂടത്തിലെ കോയപ്പിള്ളിത്തേവർ, മുക്കുത്തല ഭഗവതി, കക്കാട്ടുഗണപതി, നെല്ലുവായിൽതേവർ, പഴയന്നൂർഭഗവതി, തിരുവില്വാമലത്തേവർ എന്നിവക്കും ശക്തൻതമ്പുരാൻ പ്രത്യേകം വഴിവാടുകൾ ഏപ്പെടുത്തിയിരുന്നു. ചിററൂർത്താലൂക്കിൽ തത്തമംഗലത്തു കാക്കുറശ്ശി, മുടപ്പി, ക്ഷേത്രങ്ങളിലേക്കും, ചിററൂർഭഗവതിക്കും, തെക്കേഗ്രാമത്തിലെ ക്ഷേത്രത്തിലേക്കും, പോത്തുണ്ടിയിലും, നെല്ലിക്കുളങ്ങരയിലും, തിരുവഴിയാട്ടും, അയിലൂരും, വല്ലങ്ങിയിലും, എന്നുവേണ്ടാ ഒരുമാതിരി പ്രധാനപ്പെട്ടക്ഷേത്രങ്ങൾ എവിടെയൊക്കെ ഉണ്ടോ, അവിടെ ഒക്കെയും ശക്തൻതമ്പുരാൻ നിത്യവഴിവാടൊ, മാസവഴിവാടൊ, ആണ്ടുവഴിവാടൊ യുക്തംപോലെ നടത്തിച്ചുവന്നിരുന്നു!

൧൩. അരിയും കോപ്പും.

നിത്യച്ചിലവിൽനിന്നു പലക്കും പതിവായി അരിയും കൊപ്പും പുത്തനും കല്പിച്ചുകൊടുത്തിരുന്നു. അതു കിട്ടിയിരുന്നവരുടെ പേരുവിവരങ്ങളിൽ ചില ചരിത്രശകലങ്ങൾ ഒളിഞ്ഞുകിടക്കുന്നതുകൊണ്ടു്

അവരിൽ പ്രധാനപ്പെട്ടവരുടെ പേരുകൾ താഴെ ചേൎക്കുന്നു. "പള്ളുരുത്തി പ്രവൃത്തീന്നു നീണ്ടതാവഴി നമ്പ്യാൎക്ക്, കോടശ്ശേരീന്ന മുരിയാടസ്സു നമ്പ്യാൎക്ക്, നെട്ടു പ്രവൃത്തീന്ന നാസ്തുരുവീട്ടിലക്ക്, എറണാകുളത്തുനിന്ന ചെരാനെല്ലൂർ കൎത്താക്കൾ, മുളകുകാട്ടുനിന്ന പുണക്കോട്ടുനമ്പൂരിക്ക്, അവിടന്നുതന്നെ പള്ളിപ്പുറത്തുനമ്പൂരിപ്പാട്ടിലക്ക്, വയ്പീന്ന പാലിയത്തക്ക്, മുളകുകാട്ടീന്നു നാസ്തുരവീട്ടുകാൎക്ക്, കൊച്ചിന്ന പാകത്ത—എലുക്കു പരദെശി മെറ എന്ന വെളുത്തചൂതന്ന" ഇങ്ങനെയാണ് ആ പട്ടിക. ഇങ്ങനെ എടുത്തു വിവരിക്കാൻ തുടങ്ങിയാൽ അന്തം കാണുന്നതല്ല. നിത്യച്ചിലവിൽ സംഗതികൾ നടക്കേണ്ടുംപ്രകാരത്തിനു വിശദമായും കണിശമായും ഒരു 'ഹുക്കുനാമം' എഴുതികൊടുത്തിരുന്നു. അതു നോക്കിയാൽ എല്ലാം സ്പഷ്ടമാകുന്നതാണ്. അതുകൊണ്ട് അതു താഴെ ഉദ്ധരിച്ചു കൊണ്ട് ഈ പ്രകരണത്തെ ഇവിടെ സമാപ്തീകരിച്ചു കൊള്ളുന്നു.

൨

ഹുക്കുനാമാ

"നിത്യച്ചിലവുകാൎയ്യക്കാരനും, വിചാരിപ്പുകാരനും, കണക്കെഴുത്തുകാരനും നടക്കെണ്ടുംപ്രകാരത്തിന്ന എഴുതിയ ഹുക്കുനാമാ.

"വടക്കെ ഊട്ടുപുരയിലും അമ്പലത്തെ കലവറയിലും മടപ്പിള്ളി പട്ടന്മാര, ഉണ്ണികൾ, പള്ളിയറക്കാര, പള്ളിത്തെവാരക്കാര, നീരാട്ടുകുളിക്കാര, തീട്ടൂരം എഴുത്തുകാര, കണക്ക മെനൊന്മാര, മുതൽപിടിക്കാര, കലവറക്കാര, മാസപ്പടിക്കാര, വെള്ളത്തെടത്തവര, ഈവക നിത്യം ശമ്പളം ആയിട്ടുള്ളവൎക്ക ഒക്കയും പണമായിട്ടും അരിയായിട്ടും കൊടുത്തുവരുന്നവൎക്ക ഒക്കയും മുപ്പതുമുപ്പതു ദിവസത്തെക്കുള്ളത തീൎത്ത കൊടുപ്പിക്കണം. അതിൽ പൊക്കവെരവു ഉണ്ടെങ്കിൽ പിന്നത്തെ മാസത്തിൽ നീക്കികൊടുക്കണം.

"എണ്ണ, വെററില, അടക്ക, ചങ്ങലവട്ടക്ക വെളിച്ചെണ്ണ കൊടുത്തുവരുന്നവൎക്ക ഓരൊ മാസത്തെക്ക തീൎത്ത കൊടുപ്പിക്കണം. അതിലും പൊക്കുവരവുണ്ടെങ്കിൽ പിന്നത്തെ മാസത്തിൽ നീക്കിക്കൊണ്ട് കൊടുക്കണം.

"കൊടുക്കുന്നതിന്ന ഒക്കയും അവരവരുടെ കയ്യടക്ഷീട്ടു മെടിച്ചു കെട്ടികൊണ്ട കണക്ക എഴുതണം.

"പ്രഭുക്കന്മാര, കൎത്താക്കന്മാര, നമ്പൂതിരിമാര ഇങ്ങനെ യൊഗ്യരായിട്ട വരുന്നവൎക്ക അരിയും കൊപ്പും കൊടുക്കുന്നതിന്ന അവരവരുടെ വാലിയക്കാരുടെ ശീട്ടുകാണാതെ കണക്ക എഴുതിക്കൂടാ. വിശെഷാൽ ഇങ്കിരിയസ്സു കുമ്പഞ്ഞിവക, ലന്തക്കുമ്പഞ്ഞിവക, തുപ്പാപ്പി സ്വരൂപം വക വരുന്നവൎക്ക അരിയും കൊപ്പും ഭക്ഷണവും കൊടുക്കുന്നതിന്ന, വെളമ്പന്റെ ശീട്ട മെടിച്ചുകൊണ്ട കണക്കെഴുതണം.

"രണ്ടുനെരവും അമൃതെത്തവകക്കും എടപ്പഴെരിവകക്കും വെക്കുവാൻ എടുക്കുന്ന അരിക്കും കൊപ്പിന്നും വെളമ്പന്റെ ശീട്ട മെടിച്ചു കെട്ടിക്കൊണ്ട കണക്ക എഴുതണം.

"എല അമൃതെത്ത വകക്ക (മുറക്കാൻ) കൊടുക്കുന്ന ജാതിക്ക, കരയാമ്പൂവ, വാൽമുളക, വെററില, അടയ്ക്ക ഇതിന്നൊക്കയും പള്ളിയറക്കാരനൊട ശീട്ട മെടിച്ചു കെട്ടിക്കൊണ്ട കണക്കെഴുതണം.

"പള്ളിത്തെവാരംവകക്ക കൊടുക്കുന്നതിന്ന ഒക്കയും, പള്ളിത്തെവാരത്തിന്ന വട്ടംകൂട്ടുന്നവനൊട ശീട്ടുവാങ്ങി കണക്കെഴുതണം. നീരാട്ടുകുളിക്കും കലപ്പെണ്ണവകക്കും കൊടുക്കുന്ന എണ്ണ, നെയ്യ, ആവണക്കെണ്ണ, മരുന്നുകൾ ഈവകക്ക നീരാട്ടുകുളിക്കാരൊടും കലപ്പെണ്ണക്കാരൊടും ശീട്ടുമെടിച്ചു കെട്ടി കണക്കെഴുതിക്കൊള്ളണം.

"നമ്പൂരിമാൎക്ക എണ്ണ, ഇഞ്ച, വെററില, അടയ്ക്ക കൊടുക്കുന്നതിന്ന പള്ളിത്തെവാരത്തിന്ന ഒരുക്കുന്നവനൊട ശീട്ടുമെടിക്കണം.

"ഇപ്രകാരം ശീട്ടുകണ്ട കണക്കെഴുതുന്നതല്ലാതെ ഒരുവകയ്ക്ക എങ്കിലും ശീട്ടുകൂടാതെ എഴുതികണ്ടാൽ കണക്കെഴുതുന്നവന്റെ കൈവെട്ടിക്കളകയും ചെയ്യും. കൊടുക്കുന്ന മുതൽപ്പിടിക്കാരനൊടും കലവറക്കാരനൊടും, അരവാശിപടി കൂട്ടിക്കെട്ടി മെടിക്കയും ചെയ്യും.

"തൊപ്പുകൾ, കൊവിലകത്തുംവാതുല്യകൾ, കണ്ടുകൃഷികൾ, പ്രവൃത്തികൾ, ഇങ്ങനെ പലവകയിലും വകവെച്ചിരിക്കുന്ന പണം, അരി, കൊപ്പുകൾ, വരുന്നതിന്ന ഇന്നിന്നെടത്തുനിന്നും ഇത്രഇത്ര അരിയും, ഇത്രഇത്ര പണവും, ഇന്നൊന്ന കൊപ്പുകളും വന്നു എന്ന, വന്നതിന്റെ പിറെറദിവസം വിരിയൊല എഴുതിക്കൊണ്ടുവന്ന തിരുമനസ്സിൽ അറിവിച്ചു ആ വരിയൊല തീട്ടൂരം എഴുത്തുകാരുടെ പററിൽ കൊടുക്കണം.

"നിത്യച്ചിലവിൽ മുതൽപിടിക്കാരൻ, മെനൊൻ, പിള്ള, കലവറക്കാര, ഇങ്ങനെ ഉള്ളവര മററ ഒരുദിക്കിൽ പൊകണമെങ്കിലും, അവരവരുടെ വീട്ടിൽതന്നെ പൊകണമെങ്കിലും, തിരുമനസ്സിൽ അറിയിച്ചു കല്പന ഉണ്ടാക്കി അയക്കുന്നതല്ലാതെ അയച്ചാൽ, പൊകുന്നവന്റെ

കയ്യിൽ വടി കൊടുത്തു, അയക്കുന്നവനെ തല്ലിക്കയും ചെയ്യും. അതിന്ന മെൽകീഴ നൊക്കുകയും ഇല്ല. ചൊതിക്കാതെകണ്ട പൊയി എങ്കിൽ ഇന്നവൻ ഇത്രാംതു- കാടിപൊയിരിക്കുന്നു എന്ന കുമാന്തപാക്കുന്ന കപ്പിത്താനൊട്ട പറഞ്ഞു, തിരുമനസ്സിൽ അറിയിച്ചുകൊള്ളണം.

"അരി കൊപ്പു പണംവക വരുന്നത ഒരുത്തൻ നാഴി അരി എങ്കിലും നാഴി നെല്ലെങ്കിലും ഒരു പുത്തന്റെ കൊപ്പു എങ്കിലും വായ്പ ആയിട്ട കൊടുത്തു എന്നുവന്നാൽ കൈ വെട്ടുന്നത അല്ലാതെ മറെറാരു ശിക്ഷയും ഇല്ല.

"ലാവണം പതിഞ്ഞിരിക്കുന്നവരു, പണ്ടാരവകക്കു വായ്പ മെടിക്കണമെന്നുണ്ടെങ്കിൽ കണക്കു എഴുതുന്നവർ കൂടെ ബൊധിച്ച കണക്കു എഴുതുന്നവരുടെ കയ്യെഴുത്തും വെച്ചുശീട്ടു കൊടുത്തു മെടിച്ച കണക്കിൽ മുതൽക്കൂട്ടം എഴുതുന്നതല്ലാതെ ഒരു മുതൽ വായ്പയായിട്ടു മെടിച്ചാൽ ആയതു കണക്കിൽ മുതൽക്കൂട്ട എഴുതുകയും അരുതു. പണ്ടാരവകക്കു വായ്പമെടിക്കുന്നതിനൊട്ട കൂടെ സ്വകാര്യം വകക്കു ഒരു മുതൽ വായ്പ മെടിച്ചുകൂടാ. സ്വകാര്യം വകക്കു മെടിക്കണമെങ്കിൽ ജെഷ്ടനൊ അനുജനൊ ഉള്ളവരെക്കൊണ്ടു മെടിപ്പിച്ചുകൊള്ളണം. ആയതു ഇല്ലാത്തവരു വെറെ മെടിക്കയും കൊടുക്കയും ചെയ്തുകൊള്ളണം. ഇപ്രകാരമല്ലാതെ, പണ്ടാരവകക്കു വായ്പ മെടിക്കുന്നതിനൊട്ടകൂടെ സ്വകാര്യം വകക്കു ഒരു മുതൽ വായ്പ് മെടിച്ചു എന്നു വരികയും അരുതു.

"ഇപ്പൊൾ അരിയും കൊപ്പും കൊടുത്തുവരുന്നതിനു വരിയൊല എഴുതിക്കൊണ്ടു വരണമെന്നു കല്പിച്ചിട്ടുണ്ടല്ലൊ. അതു വെഗത്തിൽ എഴുതി തിരുമുമ്പാകെ കൊണ്ടുവരണം. അരിയും കൊപ്പും കൊടുക്കുന്ന ആളുകൾക്കു ഇന്നിന്ന കൊപ്പുകൾ കൊടുക്കണമെന്നു തിരിച്ചു മുദ്ര അടിച്ചശീട്ടു എഴുതിവരും. അപ്രകാരം കൊടുക്കുന്നതല്ലാതെ അതിൽ എറെ ഒന്നു കൊടുത്തുപൊയി എന്നു വരികയും അരുതു."

മിക്കവാറും ഇതുപോലെതന്നെയാണ് ഇന്നും നടന്നുവരുന്നതു്. 'കയ്യുവെട്ടിത്തുക്കലും' 'വടി കൊടുത്തു തല്ലിക്കലും' ഇല്ലെന്നു മാത്രം. അനുസരിക്കാൻ ഒട്ടും പ്രയാസമില്ലാത്ത നിയമങ്ങളുടെ ലംഘനത്തിനു് അതികഠിനങ്ങളായ ശിക്ഷകൾ വിധിക്കുന്നതു് അത്ര അബദ്ധമാണോ എന്നു തന്നെ സംശയിക്കുന്നു. ഏതായാലും സംസ്കാരസംപുഷ്ടി അത്രയൊന്നും ഇല്ലാതിരുന്ന ആ കാലത്തു ശിക്ഷകളുടെ തീഷ്ണതയല്ലാതെ മറെറാന്നും, മനുഷ്യരെ അപരാധങ്ങളിൽനിന്നു് അകററിനിത്തുവാൻ പര്യാപ്തമായിരുന്നില്ലെന്നു വരാം. കണക്കിലെ ഏതിനത്തിനും സ്പഷ്ടമായ 'വൗച്ചർ'

വേണമെന്നും, ഏതു ചിലവിനും അധികാരപ്പെടുത്തിയ ലക്ഷ്യം വേണമെന്നും, സർക്കാർകാര്യവും സ്വന്തംകാര്യവും കൂട്ടിക്കലർത്തിപ്പോകരുതെന്നും, ഉള്ള ഇന്നത്തെ അലംഘ്യങ്ങളായ നിയമശാസനകളെത്തന്നെ, ശക്തൻതമ്പുരാൻ ശക്തിയായ ഭാഷയിലും രൂപത്തിലും, അന്നേ പ്രചാരപ്പെടുത്തിയിരിക്കുന്നു!

XLVI

മരാമത്തുകൾ

ഫ

കോവിലും കോവിലകവും.

മറ്റോരോ കാര്യങ്ങളിൽ എന്നപോലെ ശക്തൻതമ്പുരാൻ മരാമത്തുവിഷയത്തിലും വലിയ പ്രതിപത്തി പ്രദർശിപ്പിച്ചിരുന്നതായി കാണുന്നുണ്ട്. പണത്തിനു വളരെ ബുദ്ധിമുട്ടുള്ള ഒരു കാലത്താണ് അവിടുന്നു രാജ്യകാര്യം നടത്തിയിരുന്നതെങ്കിലും, ഭഗീരഥപ്രയത്നം ചെയ്തിട്ടാണു ദ്രവ്യസമ്പത്തു വർദ്ധിപ്പിച്ചതെങ്കിലും, ചിലവുചെയ്യുന്ന കാര്യത്തിൽ അവിടുത്തെ കൈ നന്നെ അയഞ്ഞതുതന്നെയായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. വളരെ മരാമത്തുകൾ അവിടുത്തെ കാലത്തു നടത്തീട്ടുണ്ട്. വാസ്തവമാലോചിച്ചാൽ ഇന്നു കൊച്ചിരാജ്യത്ത് അവിടവിടെ കാണുന്ന കോവിലകങ്ങൾ ഒട്ടുമിക്കതും അവിടുന്നു പണികഴിപ്പിച്ചിട്ടുള്ളവയാകുന്നു. കണ്ടുകൃഷികൾ ദേശങ്ങൾതോറും തന്നെ ഏർപ്പെടുത്തിയതുകൊണ്ട് അവിടവിടെ ആ കൃഷികളുടെ രക്ഷയ്ക്കായും, പാട്ടംപിരിവിനായും, കോവിലകങ്ങളേയും നിർമ്മിച്ചു. ആ കോവിലകങ്ങളിലെല്ലാം അവിടുന്നു യഥാസൗകര്യം എഴുന്നള്ളിത്താമസിക്കയും ചെയ്തിരുന്നു. ചിറ്റൂർ, തിരുവില്വാമല, ചേലക്കര, തൃശ്ശിവപേരൂർ എന്നീ സ്ഥലങ്ങളിലുള്ള കോവിലകങ്ങൾ അവിടുന്നു നേരിട്ടു പണിയിച്ചിട്ടുള്ളവയാകുന്നു. അതിൽ ചേലക്കരക്കോവിലകം വളരെ വലിയതും വളരെ കനത്തിലും ഉറപ്പിലും നിർമ്മിച്ചിട്ടുള്ളതുമാണ്. തൃശ്ശൂർക്കോവിലകത്തെക്കുറിച്ചൊന്നും പറയേണ്ടതുമില്ലല്ലോ. അതുകൂടാതെയും അവിടവിടെ അനേകം കോവിലകങ്ങൾ നിർമ്മിച്ചിട്ടുള്ളതായി കാണുന്നുണ്ട്.

ഇതിൻപുറമെ ക്ഷേത്രങ്ങൾ ജീർണ്ണോദ്ധാരണം ചെയ്യിച്ചിട്ടുള്ളതിന് അററമില്ല. ഇരിങ്ങാലക്കുടെക്ഷേത്രത്തിൽ നടത്തിയ മരാമത്തിനുതന്നെ രണ്ടായിരം കണ്ടി മരവും പന്തീരായിരം ഉറപ്പികയും കരിക്കൽ ചിലവാക്കിയതായി ഒരു കണക്ക കാണുന്നുണ്ട്. തിരുവഞ്ചിക്കുളത്ത് അമ്പലത്തിൽ വലിയ തോതിൽ പല മരാമത്തുകളും നടത്തീട്ടുള്ളതിനു് അവിടത്തന്നെ ശിലാലിഖിതമുണ്ട്. ടിപ്പുവിൻെറ പാളയകാലത്തു നാശമോശങ്ങൾ സംഭവിച്ച മിക്കക്ഷേത്രങ്ങളും അവിടുന്നു പുതുക്കി പണിയിച്ചതായും, അതിലേയ്ക്കു വേണ്ടിടത്തോളം മരം മുഴുവനും കൊച്ചി മലകളിൽനിന്നു ലഭിക്കാഞ്ഞതുകൊണ്ട് അന്യന്മാരായ കച്ചവടക്കാരോട്ട മരം വിലയ്ക്കു മേടിച്ചിട്ടുള്ളതായും ഒരു തിരുവെഴുത്തിൽനിന്നു തെളിയുന്നു.

ചെയ്യുന്ന മരാമത്തുകൾ നല്ല മോടിയിലും ധാടിയിലും ചെയ്യിക്കണമെന്ന വ്രതവുംകൂടി അവിടേയ്ക്കുണ്ടായിരുന്നു. 'വെറും വഴിപാട്' രീതിയിൽ ഒന്നും ചെയ്യാൻ അവിടുന്നു് ഇഷ്ടപ്പെട്ടിരുന്നില്ല. 970 എടവം 16-ാംനു തൃശ്ശിവപേരൂർക്കോവിലകം പണി പൂർത്തിയാക്കുന്നതിനു വേണ്ട 'ചായം' വരുത്തുന്നതിനു ഡച്ചുകുമുദവക്ക് അയച്ചതായ ഈ എഴുത്തു നോക്കുക! "തൃശ്ശിവപെരൂര നാമിപ്പൊൾ പുത്തനായിട്ട ഒരു കൊവിലകം പണീക്കുകകൊണ്ട അതിന്ന ചായം ഇടുവാൻ നൂറ റാത്തൽ വെള്ളപ്പൊടിയും നാല്പതറാത്തൽ 'എറോപ്പ നീല'വും, നമ്മുടെ കുമുദവര എവിടെനിന്നെങ്കിലും വിചാരിച്ച മെടിച്ച ഈ വരുന്ന ആൾ വശം അയക്കണം. എറൊപ്പ നീലം കിട്ടുക ഇല്ലെങ്കിൽ നാല്പതുറാത്തൽ 'വകാള പച്ച' കൊടുത്തയച്ചാലും മതി. എറൊപ്പ നീലംതന്നെ എത്രെ വെണ്ടുന്നത. ആ വകക്കുള്ള ദ്രൂപക വരുന്ന ആളുകളുടെ പെക്ക "പള്ളുസയിലക്ക്" ഒരു ശീട്ടും എഴുതി മെടിച്ചുകൊള്ളണം." ഇതു വായിച്ചാൽ, ചായത്തരങ്ങളെപ്പററി നല്ല ഒരു പരിജ്ഞാനംകൂടി തമ്പുരാൻ തിരുമനസ്സിലേയ്ക്കു് ഉണ്ടായിരുന്നു എന്നു തോന്നും!

കോവിലകങ്ങൾ സൂക്ഷിക്കുന്ന കാര്യത്തിലും, അതിൽ സമ്മതമില്ലാത്തവരൊ അശുദ്ധി ബാധിപ്പിക്കുന്നവരൊ പ്രവേശിക്കാതെ നിഷ്കർഷിക്കുന്ന സംഗതിയിലും, അവിടുന്നു് ആരുടേയും മുഖംനോക്കാതെ കണിശമായി പ്രവർത്തിച്ചിരുന്നു. പോഞ്ഞിക്കരക്കോവിലകം തല്ക്കാല താമസത്തിനു് ആവശ്യപ്പെട്ടുകൊണ്ടു കൊച്ചിയിലെ ഒരു സായ്പ്പ് അയച്ച എഴുത്തിനുള്ള ഈ മറുപടിയിൽനിന്നു് അതു മനസ്സിലാക്കാം.

തൃപ്പൂണിത്തുറെ ദേവതമാളിക

ശക്തൻതമ്പുരാൻ പണിയിപ്പിച്ച കോവിലകം—
പിന്നീട് അതിനെ ദേവതമാളിക എന്നു പറഞ്ഞുവന്നു

ദേവതമാളികയുടെ മുഖവശം

തൃപ്പൂണിത്തുറ ദേവതമാളിക

ദേവതമാളികയുടെ മറ്റൊരുഭാഗം

ദേവതമാളികയുടെ ഉൾഭാഗം

"തങ്ങൾക്കു പാക്കുന്നതിനു പൊഞ്ഞിക്കരെകൊവിലകം പ്രത്യുദിവസത്തെങ്കിലും ഒഴിച്ചുകിട്ടണമെന്നല്ലൊ എഴുതി വന്നിരിക്കുന്നത്. കൊവിലകം, കൊട്ടാരം, മഠം ഇങ്ങനെ നമ്മുടെ വകയായിട്ടുള്ളതിൽ നാം പാക്കുന്നത അല്ലാതെ വെള്ളക്കാര ഇങ്ങനെയുള്ള ആളുകൾക്ക ഒഴിച്ചു കൊടുപ്പാറില്ല. ആയത നമ്മുടെ ജാതിക്ക മര്യാദയും അല്ല. അതുകൊണ്ടു പൊഞ്ഞിക്കരെ കൊവിലകം തരാൻ കഴികയില്ല. അവിടെ വെച്ചു ഏറിയ ഈശ്വരസെവകൾ ചെയ്യിച്ചിരിക്കുന്നതാകകൊണ്ടും ഇപ്പൊഴും പലകൂട്ടം നടത്തിവരുന്നകൊണ്ടും കൊവിലകം തങ്ങൾക്കു താമസിക്കുവാൻ തരുവാൻ കഴിയുന്നതല്ല. കഴിയാത്തതിനു തങ്ങൾ എഴുതി അയച്ചിട്ടുകഴിഞ്ഞില്ലല്ലൊ എന്നു തങ്ങൾക്കു നീരസവും വെണ്ടാ. തങ്ങൾ ഇപ്പൊൾ താമസിക്കുന്ന സ്ഥലം നന്നാക്കിത്തരത്തക്കവണ്ണവും ആയതല്ലെങ്കിൽ വെറെ ഒരു സ്ഥലം വിചാരിച്ചു തരത്തക്കവണ്ണവും നാം ഇല്ലത്തു ഗൊവിന്ദന (വലിയകപ്പിത്താൻ) എഴുതി കൊടുത്തയച്ചിട്ടും ഉണ്ടു".

എന്തു നേരും നെറിയും കലൎന്ന ധീരമായ മറുപടി. ഇക്കാലത്തും കൂടി ഒരു നാട്ടുരാജാവു് ഇങ്ങനെ "തികച്ചിലായിട്ടു്" എഴുതുമോ എന്നു സംശയിക്കണം. പോഞ്ഞിക്കരയിൽ ഇപ്പോൾ കൊച്ചിവക കോവിലകമില്ല. പോഞ്ഞിക്കരതന്നെ—ഇന്നത്തെ ബോൾഗാട്ടി—ബ്രിട്ടീഷുകാൎക്കു വളരെ ദീൎഘിച്ച ഒരുകാലത്തേയ്ക്കു പിൽക്കാലത്തു പാട്ടത്തിനു കൊടുത്തു പോയി. അവിടെ ഇപ്പോൾ ഉള്ളതു റസിഡണ്ടു വന്നാൽ താമസിക്കുന്ന ബ്രിട്ടീഷ് ബങ്കളാവാണ്. അതായിരുന്നുവത്രേ പ്രസ്തുത കോവിലകം.

968-ൽ കാരയ്ക്കാട്ടു രാമമേനോന്റെ ഒരു എഴുത്തിൽ "ഇരിങ്ങാലക്കുട ബങ്കളാവിന്റെ പണി കട്ടിള ഒരു പന്തി കുംക്കെയും വെച്ചു. തറയ്ക്കുമെൽ ഭിത്തിയും ഒരാൾ പൊക്കമായി" എന്നു എഴുതിക്കാണുന്നതുകൊണ്ടു് 'ഇരിങ്ങാലക്കുട ബങ്കളാവു' ശക്തൻതമ്പുരാൻ പണിയിച്ചതാണെന്നു തീരുമാനിക്കണം. ആ പറയുന്ന 'ബങ്കളാവ' ഇന്നു് അവിടെയുള്ള "വലിയതമ്പുരാൻ കോവിലക" ത്തിന്റെ തെക്കെ അററത്തു്, പുറമതിലിനോടു ചേൎന്നുകാണുന്നതും, തറപ്പൊക്കംകൊണ്ടു മാളികച്ഛായ വരുത്തീട്ടുള്ളതും ആയ കെട്ടിടമാണെന്നു വിശ്വസിക്കപ്പെടുന്നു.

974-ലെ ഒരു തിരുവെഴുത്തുകൊണ്ടു്—കൊച്ചിയിൽ ഒലിസ്സാന്തസായ്പിനു് അയച്ചതു്—കോവിലുകളും കോവിലകങ്ങളും വളരെ ജീൎണ്ണോദ്ധാരണം ചെയ്യിച്ച സാരമായ സംഗതിക്കുപുറമെ, തമ്പുരാൻ

തിരുമനസ്സിലേക്കുറിച്ച് അവശ്യം അറിഞ്ഞിരിക്കേണ്ട മററു പല തത്വങ്ങളും തെളിയുന്നുണ്ട്. ജോത്സ്യത്തിൽ അവിടേക്കുണ്ടായിരുന്ന വിശ്വാസം, ദൈവികവിഷയങ്ങളിൽ അവിടേക്കുണ്ടായിരുന്ന ഭക്തി, അതിനുവേണ്ടി എന്തും ചിലവിടുന്നതിനും മററുമുണ്ടായിരുന്ന സന്നദ്ധത, മുതലായി പല വസ്തുതകളും അതിൽ, ഒരു വിളംബരത്തിൽ എന്നപോലെ, വിളങ്ങുന്നു.

"നമുക്കു ദീനം വന്നിരിക്കുന്നതു ഇത്രനെരമായിട്ടും നല്ല സ്വസ്ഥാനം വന്നുകഴിയായ്കകൊണ്ടു, തെക്കെ ദിക്കിൽനിന്നു പാഴൂര കണിശൻ മുതലായിട്ടുള്ള ജൊതിഷക്കാരെ വരുത്തി പ്രശ്നം വെപ്പിച്ചു വിചാരിച്ചാറെ, നമ്മുടെ ധർമ്മദൈവവും പരദെവതയും ആയിട്ടുള്ള ക്ഷെത്രങ്ങളും കൊവിലകങ്ങളും അശുദ്ധമായി കിടക്കകൊണ്ടത്രെ ദീനത്തിനു സൗഖ്യം വന്നു കഴിയാത്തതു എന്നു പറകകൊണ്ടു, നമ്മുടെ രാജ്യത്തുള്ള ക്ഷെത്രങ്ങളും കൊവിലകങ്ങളുമൊക്കയും ശുദ്ധംവരുത്തി നന്നാക്കി ഇടുവിക്കത്തക്കവണ്ണം എഴുതി അയച്ചിരിക്കുന്നു. വയ്പിൽ കുഴപ്പിള്ളിയിൽ കൊവിലകവും അവിടെയുള്ള ക്ഷെത്രവും അശുദ്ധമായി കിടക്കകൊണ്ടു അവിടത്തെ ധർമ്മദൈവത്തിന്റെ കൊപമത്രെ ഏററവും കാഴ്മാനുള്ളതു. അതുകൊണ്ടു (കൊച്ചി) കൊട്ടയിൽ ഇരിക്കുന്ന കുമ്പഞ്ഞി എജമാനന്മാരൊടു എല്ലാവരൊടും തങ്ങൾ നിഷ്കർഷിച്ചു പറഞ്ഞു, കുമ്പഞ്ഞി ആളുകൾ വയ്പിൽക്കൂടി തെക്കൊട്ടും വടക്കൊട്ടും പൊകുന്നവരു ഒരുത്തരും, വയ്പിൽ കുഴപ്പിള്ളിയിൽ നമ്മുടെ കൊവിലകത്തു കടന്നു പാക്കയും കുളവും കിണറും തൊടുകയും അശുദ്ധമാക്കയും ഒന്നും ചെയ്യാതിരിക്കത്തക്കവണ്ണം, നിദാനം വരുത്തിക്കൊള്ളുമാറാകയും വെണം. ഇതു നമുക്കു എത്രയും വലുതായിട്ടുള്ള കായ്യമാകുന്നു..." എത്ര മൃദുസ്വരത്തിൽ, കായ്യകാരണസഹിതം, "എടോ! വെള്ളക്കാരെ! നിങ്ങൾ നമ്മുടെ കോവിലകത്തു കടന്നു് അയിത്താക്കരുതു" എന്നുള്ള നിശിതമായ രാജകല്പനയെ, നയകോവിദനായ ആ പെരുമാററവിദഗ്ദ്ധൻ വിളംബരപ്പെടുത്തിയിരിക്കുന്നു!

൨

കളിക്കോട്ട, ദേവതമാളിക.

25-8-970-ൽ കായങ്കുളത്തു പാർത്തിരുന്ന 'ഇപ്പായി'ക്കു് എഴുതീട്ടുള്ള ഒരു കത്തിൽ, "തൃപ്പൂണിത്തുറയിൽ കളിക്കൊട്ട എന്ന ഒരു

കെട്ടിടവും വേറെ ഒരു മാളികയും വിദേശീയരായ പണിക്കാരെ കൊണ്ടു പണി കഴിപ്പിച്ചു വരുന്നതുകൊണ്ടു അതിൻെറ മേൽനോട്ടത്തിനു സമർത്ഥനും മലയാളം പറഞ്ഞാൽ അറിയാവുന്നവനും ആയ ഒരു 'ഇഞ്ചിനീരിനെ' പറഞ്ഞയക്കണമെന്നു" പ്രത്യേകം ആവശ്യപ്പെട്ടിരുന്നു! തൃപ്പൂണിത്തുറയിലെ 'കളിക്കോട്ട' ഡച്ചുകാർ പണിതതാണെന്നാണു പറയുന്നതു്. അതിനു് ഇന്നും ഒരു കേടുമില്ല. അതു വളരെ വിശേഷപ്പെട്ട ഒരു കെട്ടിടമാകുന്നു. 'മാളിക' എന്നു പറഞ്ഞതു് ഏതാണെന്നു തീർച്ചപറഞ്ഞുകൂടാ. പക്ഷെ, മിസ്റ്റർ ഹെർബർട്ടു് ദിവാൻജിയായിരുന്ന കാലത്തു പൊളിച്ചുമാററിച്ചതും, അന്നത്തെ നിയമസഭയിൽക്കൂടി ചില വാദപ്രതിവാദങ്ങൾക്കു് ഇടയാക്കിയതും, 'ദേവതമാളിക' എന്നു പറയപ്പെട്ടിരുന്നതും ആയ ഒരു വലിയ മാളികയുണ്ടായിരുന്നതായിരിക്കണം അതു്. ആ കെട്ടിടത്തിൻെറ ഭിത്തിപ്പുറത്തു് ഒരാൾക്കു വിലങ്ങനെ കിടക്കാമായിരുന്നുവത്രെ! ആ സ്ഥാനത്തിപ്പോൾ ഒരു പുതിയ മാളിക വന്നിട്ടുണ്ടു്.

പ്രസ്തുത മാളിക പലവിധത്തിലും വിശേഷപ്പെട്ടതും പ്രസിദ്ധപ്പെട്ടതുമായിരുന്നു. ഭിത്തിവണ്ണത്താലും, ഇടക്കിടക്കു ഉണ്ടായിരുന്ന അറകളാലും, അന്തർപഴുതുകളാലും മററും ആ കെട്ടിടം ആകർഷം അത്ഭുതം വളർത്തി. അതു പൊളിച്ചപ്പോൾ അതിൻെറ അടിയിൽ വലിയ ഒരു കുളമായിരുന്നു എന്നും നല്ല കരിങ്കല്ലുപലകകൾകൊണ്ടു മൂടി കെട്ടി, അതിന്മേലാണു മാളിക പണിയിച്ചിരുന്നതെന്നും കണ്ടു. ആ കെട്ടിടം പൊളിച്ചതു കഷ്ടമായി എന്നു ഇന്നും പലരും പറയുന്നുണ്ടു്.

തൃപ്പൂണിത്തുറയിൽ പണിയിച്ച കോവിലകത്തെക്കുറിച്ചു ശക്തൻ തമ്പുരാൻ വളരെ അഭിമാനം പൂണ്ടിരുന്നതായിവേണം വിചാരിക്കുവാൻ. എന്തുകൊണ്ടെന്നാൽ, അതിനെക്കുറിച്ചു് അവിടുന്നു കൊച്ചിയിലെ 'കുമുദവൎക്കു്' 970 തുലാം 20-ാംനു- ഇപ്രകാരം ഒരു ക്ഷണക്കത്തു് അയച്ചുകാണുന്നു: "തൃപ്പൂണിത്തുറെ പുത്തനായിട്ട നാം ഒരു കൊവിലകം പണിയിച്ചിരിക്കകൊണ്ട ആ കൊവിലകം കാണുന്നതിന്ന നമ്മുടെ കുമുദവര വരണമെന്ന നാം അപെക്ഷിച്ചിട്ടുണ്ടല്ലൊ. നാമും കുമുദവരും കമ്പഞ്ഞിയും തമ്മിലുള്ള അന്ന്യൊന്ന്യവിശ്വാസത്തിന്ന കുമുദവരും നിയൊഗന്മാര എല്ലാവരും കുമുദവരുടെ സ്നെഹിതന്മാരായിട്ടുള്ള ആളുകളും കൂടി തൃപ്പൂണിത്തുറക്ക വരുമെന്നു നാം നിശ്ചയിച്ചിരിക്കുന്നു. ഇന്നപ്പൊൾ വരുമെന്ന അറിയണ്ടതിന്നും മററും നാം നമ്മുടെ വലിയ

എജമാനന്റെ സ്ഥാനം വഹിക്കുന്ന മാളിയേക്കൽ ഗോവിന്ദനെ അങ്ങോട്ട അയച്ചിരിക്കുന്നു." കുമുദവർ ഈ ക്ഷണം സ്വീകരിക്കയും, ചെല്ലുന്ന വരുടെ ഒരു പട്ടിക അയച്ചുകൊടുക്കുകയും, നിശ്ചിതദിവസം എല്ലാവരുംകൂടി എത്തിച്ചേരുകയും, തമ്പുരാൻ അവരെയൊക്കെ യഥാക്രമം സ്വീകരിക്കുകയും, അവക്കു നാട്ടുസമ്പ്രദായത്തിലും പാശ്ചാത്യരീതിയിലുമായി ഒരു സദ്യകഴിച്ച് അവരെ ആദരിക്കുകയും ചെയ്തു.

൩

തൃശ്ശൂർ കോട്ടയും കോവിലകവും.

തൃശ്ശിവപേരൂരിൽ തമ്പുരാൻ പുതിയതായി വലിയനിലയിൽ ഒരു കോട്ട കെട്ടുന്നുണ്ടെന്നും, അതു് ഇംഗ്ലീഷുകാരെ എതിക്കാനാണെന്നും മററും മറുപക്ഷക്കാർ പറഞ്ഞുപരത്തിയ അപവാദം കേട്ട മിസ്റ്റർ മൂക്ക്ലോട്ട്സായ്വ് തമ്പുരാനു് ഒരു കത്തയച്ചു. അതിനു തമ്പുരാൻ അയച്ച മറുപടിയിൽ, "നാം ഇപ്പോൾ പുത്തനായിട്ടു ഒരു കൊട്ട കെട്ടിക്കുന്നതും ഇല്ല. നാനാവിധമായി കിടക്കുന്നവയൊക്കയും ഇപ്പൊൾ നന്നാക്കിച്ചുവരുന്നുണ്ടു", എന്നു എഴുതിയിരിക്കുന്നു. എന്നാൽ മാക്ക്ലോട്ട് സായ്വ് ആ മറുപടികൊണ്ടു തൃപ്തിപ്പെടാതെ, അക്കാര്യം അന്വേഷിക്കുന്നതിനു ചാവക്കാട്ടു തുക്കിടിക്കു് എഴുതി അയക്കുകയും, അതിനെത്തുടന്നു ചാവക്കാട്ടുനിന്നു രാജാവിനു താഴെചേക്കുന്ന എഴുത്തു വരികയും ചെയ്തു:

"തൃശ്ശിവപെരൂർ താങ്കൾ ഒരു കൊട്ട പണിയിക്കുന്നുണ്ടെന്നു കെൾക്കകൊണ്ടു ആയതു പണിതു പൊകരുതെന്നു താങ്കൾക്ക ഒരു കത്ത രാജശ്രീ മെജര മാക്ലൊട്ട സായ്വ എഴുതിയതു കൊണ്ടുചെന്ന കൊട്ടത്തു കണ്ടുപറഞ്ഞു പൊരണമെന്നു നമുക്കും ഒരു കത്തു വന്നിരിക്കകൊണ്ടു നാം എടവമാസം 24-ാംനു- തൃശ്ശിവപെരൂര താങ്കൾ ഇരിക്കുന്നെടത്തു വന്നു കണ്ടുപറഞ്ഞു, കത്തു താങ്കൾക്കു തന്നു, കൊട്ടപ്പണി നിൎത്തിപ്പൊന്നതിന്റെ ശെഷം, അതിന്റെ രണ്ടാം ദിവസം മുതല്ക്കു ഇന്നെവരെ ദിവസെന അഞ്ഞൂറും അറുനൂറും ആളുകളെക്കൊണ്ടു കൊട്ടപണി ചെയ്യിക്കുന്നപ്രകാരം സൂക്ഷ്മമായി കെൾക്കകൊണ്ടു, വിരൊധം സമ്മതിക്കാതെ രണ്ടാമതും പണി തുടങ്ങിപ്പിച്ചിരിക്കുന്നു എന്നു മാക്കലൊട്ട സായ്വ അവർകൾക്ക കത്തെഴുതിക്കൊടുത്തയക്കുന്നതിന്നു നമ്മുടെ സങ്കടവും ഉണ്ടു. അതുകൊണ്ടു സിരസ്തേദാര രാവുണ്ണി നമ്പ്യാരെയും രായസം ചാത്തു മെനൊനെയുംകൂടെ ആറ ആള മുദ്രക്കാരെയും അങ്ങൊട്ട അയച്ചിട്ടും ഉണ്ടു.

തൃപ്പൂണിത്തുറ ദേവതമാളിക



ദേവതമാളികയുടെ വിചിത്രത്തൂണുകൾ

ദേവതമാളികയുടെ ഉൾഭാഗം



തൃപ്പൂണിത്തുറയിൽ ശക്തൻ തമ്പുരാൻ പണികഴിപ്പിച്ച കളിക്കോട്ട

അവര അവിടെവന്നാൽ കൊട്ട നാലുപുറവും നടന്നു നൊക്കി പണി ചെയ്യിക്കുന്നതു കണ്ടു പൊറുവാൻ തക്കവണ്ണം കല്പിച്ചയച്ചിട്ടും ഉണ്ടു...'

ശക്തൻതമ്പുരാൻ അങ്ങനെയിങ്ങനെയൊന്നും പരിഭ്രമിക്കുന്ന ഒരു ആളല്ലായിരുന്നു. അന്നത്തെ ഇംഗ്ലീഷധികാരികൾ എത്ര സംശയത്തോടും അവിശ്വാസത്തോടും കൂടിയാണ് അവിടുത്തെക്കുറിച്ചു ധരിച്ചിരുന്നതെന്നും എത്ര ഭയപരിഭ്രമങ്ങളോടുകൂടിയാണു രാജാക്കന്മാരുടെ സാധാരണസംരംഭങ്ങളെപ്പോലും അവർ വീക്ഷിച്ചിരുന്നതെന്നും ഈ കത്തിൽനിന്നു കാണാവുന്നതാണ്. ശക്തൻതമ്പുരാൻ പ്രസ്തുതകത്തിന് ഉടനെതന്നെ ഇങ്ങനെ മറുപടി അയച്ചു:—

"രാവുണ്ണിയും ചാത്തുവും ഇവിടെ വന്നതിന്റെ ശെഷം തങ്ങളുടെ കടദാസ്സിൽ എഴുതി വന്നിരിക്കുംപ്രകാരം നാം ആളെയും കൂട്ടി അയച്ചു മക്കെ നൊക്കിക്കണ്ടു മടങ്ങി അവരെ അങ്ങൊട്ടു അയക്കുന്നു. ഇവിടെ ഒരു ക്ഷെത്രം നാനാവിധമായിക്കിടന്നിരുന്നതു നന്നാക്കിയും അവിടെ ഒരു കുളം വെട്ടിക്കയും കൊവിലകങ്ങൾ, മഠങ്ങൾ, തൊപ്പുകളുടെയും അററകുററങ്ങൾ തീൎപ്പിക്കുകയും ചെയ്യുവരുന്നുണ്ടു. ആയതു അവർ കണ്ടു ബൊധിച്ചുകൊണ്ടത്രെ വരുന്നതു. പരമാൎത്ഥത്തൊളം തങ്ങൾ വിചാരിച്ചു നമുക്കു ഗുണമായിട്ടുള്ളതിനൊക്കയും വെണ്ടുംപ്രകാരം നിദാനം വരുത്തിക്കൊള്ളുമെന്നത്രെ നാം നിശ്ചയിച്ചിരിക്കുന്നതു..."

തൃശ്ശിവപേരൂർക്കോവിലകവും, അതിനു തൊട്ടുകിടക്കുന്ന അശോകേശ്വരംക്ഷേത്രവും വടക്കേച്ചിറയും കോവിലകത്തിനു തന്നെയുള്ള കോട്ടയും ആകുന്നു ഈ എഴുത്തിൽ സൂചിപ്പിച്ചിട്ടുള്ളതെന്നു തോന്നുന്നു. നമുക്കിവിടെ സംഗതമായിട്ടുള്ളതു് ഇംഗ്ലീഷുകാരുടെ ആക്ഷേപമല്ലാ, ശക്തൻതമ്പുരാന്റെ മരാമത്തുമാത്രമാണെന്നു പറയേണ്ടതില്ലല്ലോ. തൃശ്ശിവപേരൂർക്കോവിലകത്തും, ക്ഷേത്രത്തിലും, കുളത്തിലും അവിടുന്നു വമ്പിച്ച മരാമത്തുകൾ ആ കാലത്തു നടത്തീട്ടുണ്ടെന്നു തെളിയിക്കുന്നതിനെങ്കിലും ഈ എഴുത്തുകുത്തുകൾ പര്യാപ്തമാകുമെന്നു വിശ്വസിക്കുന്നു.

൪

രാജപാതകൾ മുതലായവ.

പണ്ടാരവക കോവിലകങ്ങൾക്കു മാത്രമല്ലാ, പൊതുജനങ്ങൾക്കു്

ആവശ്യമുള്ള പാലങ്ങൾ, വഴികൾ, ചിറകൾ, അണകൾ, ഊട്ടുപുരകൾ, വഴിയമ്പലങ്ങൾ മുതലായവകൾക്കും ശക്തൻതമ്പുരാൻ വളരെ ദ്രവ്യം വ്യയം ചെയ്തിരുന്നു. "പനങ്കാറിക്കടവിൽ പാലം (തൃപ്പൂണിത്തുറയിൽ) നന്നാക്കി കെട്ടേണ്ടതിനു നീളം ഉള്ളതായിട്ട് ഏതാനും മരവും മററവം വരുത്തിച്ചിട്ട വേണ്ടുന്നതാകകൊണ്ടും അതിനു വേണ്ട മരങ്ങളും മററം വരുത്തി പാലം വേഗത്തിൽ പണികഴിപ്പിച്ചുകൊള്ളണം" എന്നു് ഒരിക്കൽ എഴുതി അയച്ചതായി കാണുന്നുണ്ട്.

വെട്ടുവഴിപ്പണിയെ സംബന്ധിച്ചു് 978_ലെ ഒരു തിരുവെഴുത്തിൽ ഇപ്രകാരം കാണുന്നു. "ചൊവവായിൽനിന്നു കൂററനാട്ടുക്കുള്ള വഴിയിൽ നമ്മുടെ രാജ്യത്തിന്റെ അതിത്തിക്കകത്തു വേണ്ട വഴിയും പാലവും നന്നാക്കിച്ചു, പാലങ്ങൾ ഇടേണ്ട ദിക്കിൽ പാലങ്ങൾ ഇടീക്കത്തക്കവണ്ണം നമ്മുടെ കാര്യസ്ഥന്മാക്ക് നിശ്ചയിച്ചു എഴുതിക്കൊടുത്തയച്ചു നിദാനം വരുത്തീട്ടും ഉണ്ട്." പിന്നെ ഒരിക്കൽ, "ചാട്ടുകുളങ്ങരെവരെയും ഉള്ളവഴി അപ്പാത്തു വെച്ചിരുന്ന മാതിരിക്ക. വേഗത്തിൽ വെട്ടിച്ചു പാലങ്ങൾ ഉട്ടവിച്ചു ശിക്ഷവരുത്തത്തക്കവണ്ണം നമ്മുടെ കാര്യസ്ഥന്മാക്കു" എഴുതി അയച്ചിരിക്കുന്നു.

968_ലെ ഒരു കണക്കുപുസ്തകത്തിൽ ചേത്തുകാണുന്ന ചില ഇനങ്ങൾ ശക്തൻതമ്പുരാന്റെ മരാമത്തുകളുടെയും അററകുററപ്പണികളുടെയും വൈപുല്യത്തെ വിശദമാക്കുവാൻ മതിയായവയാണ്. "കുമ്പഞ്ഞി ആളുകൾ ധനു 22_ാംനു മുതൽ മേടം 11_ാംനു വരെ കൊച്ചിക്കോവിലകത്തു പാക്കുകകൊണ്ടു് അവരെ ഒഴിപ്പിച്ചു കോവിലകം അററകുററം തീക്കുവാനും, പള്ളിപ്പുറത്തു കോവിലകത്തു തൃപ്പാപ്പിസ്വരൂപത്തിലെ ആളുകൾവന്നു പാക്കകൊണ്ടു് അവരെ ഒഴിപ്പിച്ചു കോവിലകം അററകുററം തീക്കുവാനും, എറണാകുളത്തു കടവിൽമുതൽ വയിററില പാലംവരേയും വെട്ടിച്ചു നാട്ടുപെരുവഴിയിൽ വെക്കേണ്ടുന്നതിനു് എറണാകുളം പ്രവൃത്തിയിൽനിന്നു വിലയ്ക്കുവാങ്ങിച്ച 861 തെങ്ങുംതയ്യിന്റെ വില കൊടുപ്പാനും, എറണാകുളത്തു കടവിൽനിന്നു തൃപ്പൂണിത്തുറപ്പാലംവരെ വഴിനന്നാക്കിച്ചവകക്കും, വയിററിലെ ചിറ കുത്തിച്ച വകക്കും, കോടകുളങ്ങരതുടങ്ങി കണ്ണൻകുളങ്ങരെവരെ വഴി വെട്ടിച്ച വകക്കും, കരിങ്ങാച്ചിറമുതൽ പുത്തനങ്ങാടിവരെയുള്ള വഴിവെട്ടിച്ച വകക്കും, കരിങ്ങാച്ചിറപ്പാലം, വയിററിലെപ്പാലം ഈ വകക്കും, നെട്ടൂർ തോട്ട വെട്ടിച്ചതിനും, എറണാകുളത്തെ കൊവിലകം,

കിടങ്ങുകൾ, കാവപ്പുരകൾ, കൊത്തുപുരകൾ മുതലായവ നിർമ്മിച്ച വകയ്ക്കും", മററം വളരെ വലിയ സംഖ്യകൾ—കാലസ്ഥിതിക്കു തീച്ച യായും വളരെ വലിയ തുകകൾ— ചിലവു ചെയ്തിട്ടുള്ളതായിക്കാണുന്നുണ്ടു്. അതിനും പുറമെ, കാക്കത്തുരുത്തിമുതൽ കരുവന്നൂർവരയ്ക്കും, ഇരിഞ്ഞാലക്കുട കിഴക്കേഗോപുരംമുതൽ താഴയ്ക്കാട്ടു പ്രവൃത്തിയുടെ അതിത്തിയിൽ ചിററൽപാടംവരയ്ക്കും, ചാലക്കുടി പുഴയുടെ തെക്കെ കരമുതൽ കൊരട്ടി ചിറങ്ങരവരയ്ക്കും, കുഴിപ്പുള്ളത്തു തോട്ടുകൽനിന്നു ചൊവ്വരവരയ്ക്കും, വേറെ ചില വഴികളും ആ കാലത്തുതന്നെ വെട്ടിച്ചതായി കണക്കുണ്ടു്. അദ്ദേഹം വെട്ടിച്ച വഴികളുടേയും എടുപ്പിച്ച കെട്ടിടങ്ങളുടേയും പൂർണ്ണമായ ഒരു വിവരം കിട്ടീട്ടില്ലെങ്കിലും വളരെ വലിയ സംഖ്യകൾ ചിലവുചെയ്തു പല പല മരാമത്തുകളും നടത്തിച്ചിട്ടുണ്ടെന്നു സ്പഷ്ടമാകുന്നു. അവിശ്രമപരിശ്രമിയായിരുന്ന അവിടുത്തെ കച്ചവടത്തിൻെറ നിലയും, കൃഷികളുടെ വിപുലതയും മററം ആലോചിച്ചാൽ, ചക്രവർത്തിപ്പാതകളല്ലെങ്കിലും രാജപാതകൾ അദ്ദേഹം ഒരുമാതിരിയൊക്കെ എല്ലാസ്ഥലത്തും പുതിയതായി നിർമ്മിച്ചിട്ടുണ്ടായിരുന്നു എന്നുതന്നെ വേണം വിശ്വസിക്കുവാൻ.

കാര്യക്കാരന്മാർക്കും മററുമുള്ള ഹുക്കുനാമങ്ങൾ നോക്കിയാൽ അതതു ദിക്കിലുള്ള വഴികൾ, പാലങ്ങൾ, ചിറകൾ, കുളങ്ങൾ, പൊതുസ്ഥലങ്ങൾ മുതലായവയെല്ലാം സംരക്ഷിക്കുന്നതിനും, അററകുററം തീക്കുന്നതിനും വേണ്ടുന്ന വ്യവസ്ഥകൾ ബുദ്ധിപൂർവ്വം ചെയ്തുവെച്ചിരുന്നതായി കാണാവുന്നതാണു്.

൫

എനാമാക്കൽകെട്ടു്

കൃഷികളെ പ്രത്യേകം സംബന്ധിക്കുന്ന അണക്കെട്ടുകൾ ചിറകൾ മുതലായവയുടെ കാര്യത്തിലും ശക്തൻതമ്പുരാൻ വലിയ താല്പര്യവും ശ്രദ്ധയും പതിച്ചിരുന്നു. അതിനുള്ള ഉദാഹരണങ്ങൾ സുലഭമാണെങ്കിലും 'എനാമാക്കൽക്കെട്ടു്' എന്നു് ഇന്നും പ്രസിദ്ധമായതും ഗവർമ്മേണ്ടധികാരികൾക്കു ചില കാലങ്ങളിൽ കലശലായ മനശ്ശല്യം ഉണ്ടാക്കുന്നതും ആയ അണക്കെട്ടിനെക്കുറിച്ചുള്ള ചില രേഖകൾ മാത്രം ഇവിടെ എടുത്തുചേക്കുന്നു. എനാമാക്കൽക്കായലിനെ—ഇപ്പോൾ ഇംഗ്ലീഷിൽ ട്രിച്ചൂർ ലെയിക്ക് എന്നു

പറഞ്ഞുവരുന്ന—സമുദ്രവുമായി സംഘടിപ്പിക്കുന്നതും ഉപ്പുവെള്ളം കയറി കോൾപ്പുഞ്ചക്കൃഷികളെ നശിപ്പിക്കാതിരിക്കുന്നതിന്ന സനിഷ്കർഷം പരിപാലിക്കപ്പെട്ടുന്നതും, പകുതി ബ്രിട്ടീഷ്മലബാറിലും പകുതി കൊച്ചിശ്ശീമയിലും ചേൎന്നുകിടക്കുന്നതും, അടുത്തകാലത്തു കൂടി കൊച്ചിസ്സൎക്കാരിൽനിന്ന വമ്പിച്ച ഒരു തുക ചിലവുചെയ്തു തെക്കേഭാഗം കരിങ്കല്ലിട്ടു കെട്ടിച്ചതും ആകുന്ന ഈ "എനാമാക്കൽകെട്ടു്". കൊച്ചിരാജ്യത്തിന്റെ വടക്കുപടിഞ്ഞാറെ മൂലയ്ക്കൽ കിടക്കുന്ന ആ സ്ഥലത്തേയും കെട്ടിനേയും കുറിച്ചു് അന്നു് അവിടുന്ന കല്പിച്ചു് എഴുതീട്ടുള്ള സംഗതികൾ ഇന്നും അങ്ങിനെതന്നെ കിടക്കുന്നതേ ഉള്ളു എന്ന കേൾക്കുമ്പോൾ അവിടുത്തെ സൂക്ഷ്മഗ്രഹണശക്തിയും വിചാരശീലവും വിശദമാകുന്നതാണു്.

977 മിഥുനം 14-ാംനു- ശക്തൻതമ്പുരാൻ മലയാളജില്ലാ കലക്ടർ മാക്ലോട്ടു സായ്പു് അവൎകൾക്കു് എഴുതുന്നു:—"നമ്മുടെ എനാമാക്കൽ കൊട്ടയുടെ വടക്കെപുറത്ത നാം കെട്ടിച്ചിരിക്കുന്ന ചിറ മുറിപ്പിക്കുന്നതിന്നു ധമ്മൻ സായ്പു (ചാവക്കാട തുക്കിടി) മുമ്പെ ഒരിക്കൽ അവിടെവന്ന നൊക്കിക്കണ്ടുപൊയി എന്നും, ഇപ്പൊൾ ആ ചിറ മുറിപ്പിക്കുന്നതിന്ന ഭാവിച്ചിരിക്കുന്നപ്രകാരവും കെട്ടു. ഈ ചിറ മുറിച്ചാൽ എനാമാക്കൽ മുതൽ തൃശ്ശിവപെരൂര വരെ നമ്മുടെ രാജ്യത്തുള്ള കണ്ടങ്ങൾ, വിരിപ്പും മുണ്ടകനും പുഞ്ചയും കക്കയും (പുഞ്ചതന്നെ ഉദ്ദേശം ഇരുപതിനായിരം എക്കറെണ്ടു്!) കാര കയറി (പുളിവെള്ളം കടന്ന) നശിപ്പാൻ എടയാകുന്നതാണ. അതുകൊണ്ടത്രെ ഈ ചിറ നാം കെട്ടിച്ചിരിക്കുന്നത. മുമ്പൊരിക്കൽ ഈ ചിറ മുറിഞ്ഞു പൊകകൊണ്ട എറിയ ഉല്പത്തികൾ (നിലങ്ങൾ) നടപ്പാൻ വഹിയാതെ തരിശ ആയിട്ടുവന്ന പൊയതിന്റെ ശെഷം എറിയൊന്ന പ്രയാസപ്പെട്ടിട്ടു എത്രെ അന്ന ചിറകെട്ടി ഒറപ്പിച്ചതു. ഈ ചിറ മുറിച്ചാൽ നമ്മുടെ രാജ്യത്തു ഇരിക്കുന്ന പ്രജകൾക്കും നമുക്കും എത്രയും വലിയ സങ്കടമായിട്ടുവരുന്നതും ആകകൊണ്ടു ഒക്കയും തങ്ങൾ ധരിച്ചാൽ നമുക്കു സങ്കടം വരത്തക്കവെണ്ണം ഒന്നും ഉണ്ടാകയില്ലെന്ന നമുക്കു നിശ്ചയം ഉണ്ടു. നമ്മുടെ രാജ്യം നശിക്കണമെന്ന വിചാരിച്ച നമ്മുടെ ശത്രുക്കൾ ആയിട്ടുള്ള ആളുകൾ, (തൊട്ടു വടക്കേപ്രദേശങ്ങൾ മുഴുവനും, കായലിൽ വടക്കേ അററവും, സാമൂതിരി തേച്ചിപ്പെട്ടതും കമ്പനിക്കു കിട്ടിയതും ചാവക്കാട്ടു തുക്കിടിയിൽ പെട്ടതും ആണു്) ഒന്നിനൊന്നായിട്ടു പറയുന്നതിനെ കെട്ടു ധമ്മൻ സായ്പു ചിറ മുറിക്കാതെ ഇരിക്കത്തക്കവെണ്ണം തങ്ങൾതന്നെ വിധാനം വരുത്തുകയും വെണം.

പാമ്പത്തള്ളിൽക്കൂടെ തൊടു വെട്ടിച്ചാൽ കായലിലെ വെള്ളം അതിലെ ഒഴിഞ്ഞു പൊകുന്നതും അപ്പുറത്തും ഇപ്പുറത്തും ഗുണമായിട്ടുള്ളതും ആകുന്നു." ഈ മിസ്റ്റർ ധർമ്മൻസായ്പിന്നു ശക്തൻതമ്പുരാനോട് വളരെ മുഷിച്ചൽ ഉണ്ടായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതു കൊണ്ടായിരിക്കണം അദ്ദേഹത്തിന്റെ മേലധികാരി 'മാക്ക്ലോട്ടി'ന്നു് എഴുതിയതു്.

ഏനാമാക്കൽക്കെട്ടു ത്തൂത്തു കെട്ടി, കായലിൽ വർഷകാലത്തുണ്ടാകുന്ന അധികമായ വെള്ളത്തെ സമുദ്രത്തിലേക്കു ചാടിക്കുവാൻ,' ഒരു തോടുണ്ടാക്കുന്നതാണു കൃഷിരക്ഷയ്ക്കു് ഏററവും പററിയ മാർഗ്ഗമെന്നു് ആധുനികകാലത്തെ ചില വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. അതു് ഈ എഴുത്തിലെ സൂചന ഒന്നും കണ്ടിട്ടും അല്ല. ആ സംഗതിമാത്രം ഇതുകാലവും നടന്നിട്ടുമില്ല. 'പുളി കയറുന്നു' എന്ന ആക്ഷേപം ഇടയ്ക്കിടയ്ക്കു് ഉണ്ടാകാറുണ്ടു്. ഒരിക്കൽ 'പുളി' കയറിയതിനുള്ള മലയാളം റിപ്പോർട്ടിനെ ഇംഗ്ലീഷാക്കിയപ്പോൾ 'പുളി' ശബ്ദം 'പുലി'ശബ്ദമായി മാറിയതുകൊണ്ടു് (ഇംഗ്ലീഷിൽ 'ളകാരമില്ലല്ലോ) സായ്പു പരിഭ്രമിച്ചു തോക്കുംകൊണ്ടു പുറപ്പെട്ടു എന്നു കേട്ടിട്ടുണ്ടു്!! എന്തായാലും ആധുനിക എൻജിനീയർമാരുടെ ആ ആശയം ശക്തൻതമ്പുരാൻ വെറും ഒരു സാധാരണ സംഗതിയായി അന്നേ കല്പിച്ചു റിക്കാട്ടാക്കിയിരിക്കുന്നു!

XLVII

സമ്പാദിച്ച സ്വത്തുക്കൾ

ശക്തൻതമ്പുരാൻ നാനാപ്രകാരത്തിലും വലിയ 'സമ്പാദ്യക്കാരൻ' ആയിരുന്നു. രാജ്യാതിർത്തികളെ വിസ്താരപ്പെടുത്തുന്നതിനും പഴയ അതിർത്തികളെ അലംഘ്യങ്ങളാക്കുന്നതിനും അവിടുന്നു ചെയ്ത ശ്രമങ്ങളെക്കുറിച്ചെല്ലാം മററു പല അദ്ധ്യായങ്ങളിലും വിവരിച്ചിട്ടുണ്ടു്. കപ്പൽകച്ചവടംചെയ്തും, ഇതരവ്യാപാരങ്ങളിൽ പ്രവേശിച്ചും, സ്വന്തം പാണ്ടികശാലകൾ ഏർപ്പെടുത്തിയും മററും സമ്പാദ്യം വർദ്ധിപ്പിക്കുന്നതിൽ അവിടുന്നു് അനവരതം പ്രയത്നിച്ചുകൊണ്ടിരുന്നു എന്ന വസ്തുതയും വിസ്തരിക്കപ്പെട്ടിട്ടുണ്ടു്. അതുപോലെതന്നെ സ്വന്തമായി ഭൂസ്വത്തുക്കൾ സമ്പാദിക്കുന്നതിലും അവിടുന്നു ബദ്ധശ്രദ്ധനായിരുന്നു. അനവധി

സ്വത്തുക്കൾ സമ്പാദിക്കുകയും ചെയ്തു. പരമാർത്ഥത്തിൽ ഇന്നു കൊച്ചി രാജ്യത്തു പണ്ടാരവക പാട്ടമായും, കാണമായും, അനുഭവമായും ഉള്ള വസ്തുക്കൾ ഏതാണ്ട മുഴുവനും ശക്തൻതമ്പുരാന്റെ കാലത്തു സമ്പാദിച്ചവയാകുന്നു. വളരെ വസ്തുക്കൾ റൊക്കം പണംകൊടുത്തു് അട്ടിപ്പേറവാങ്ങീട്ടുണ്ടു്. അനവധി വഹകളെ ഓരോ കാരണവശാൽ കണ്ടുകെട്ടി എടുത്തിട്ടുണ്ടു്. അനേകം ഭൂമികൾ പിഴയായും, പ്രായശ്ചിത്തമായും, പുരുഷാന്തരത്തിനായും, വെച്ചൊഴിഞ്ഞു വാങ്ങീട്ടുമുണ്ടു്. ഓരോ കൃഷിയിൽ നിന്നുള്ള ആദായം രാജകുടുംബത്തിന്റെ ഓരോ ദിവസത്തെ ചിലവിലേയ്ക്കു് എന്ന നിലയിൽ മുന്നൂററി അറുപത്തഞ്ചു 'കണ്ടകൃഷികൾ' അവിടുന്നു് ഏൎപ്പെടുത്തിയിരുന്നു എന്നാണു പറയപ്പെടുന്നതു്. ഏതായാലും വളരെ കണ്ടകൃഷികൾ അവിടുത്തെ വകയായി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഉണ്ടായിരുന്നു എന്നതു നിൎവ്വിവാദമാണു്.

എടത്തടിച്ചും എതിൎത്തും നിന്നിരുന്ന പല നായർപ്രഭുക്കന്മാരുടേയും, നമ്പൂതിരിപ്രവരന്മാരുടേയും, എന്നുവേണ്ട ജാതിവ്യത്യാസമൊ സ്ഥാനവലുപ്പമൊ, വകവെക്കാതെ പലരുടേയും വസ്തുവഹകൾ അദ്ദേഹം ഓരോവഴിക്കു് ഒഴിഞ്ഞുവാങ്ങീട്ടുള്ളതായി കാണുന്നുണ്ടു്. ദത്തു് അനുവദിക്കാതെയും, അനുവദിച്ചിട്ടുള്ള സംഗതികളിൽ പത്തിനു രണ്ടു എന്ന കുറഞ്ഞ നിരക്കിൽനിന്നു് ഒട്ടും കുറയാതെ അവകാശങ്ങൾ വാങ്ങിയും, സ്വത്തു വൎദ്ധിപ്പിച്ചിട്ടുണ്ടു്. അന്നത്തെ രാജ്യസ്ഥിതിയും കാലസ്വഭാവവും ആലോചിക്കുമ്പോൾ, ഇന്നത്തെ അവസ്ഥയിൽനിന്നു നോക്കിയാൽ നമുക്കൊക്കെ എന്തുതന്നെ തോന്നിയാലും, അതൊന്നും ആക്ഷേപാൎഹങ്ങളോ അസാധാരണങ്ങളോ ആയിരുന്നില്ലതന്നെ.

വെണ്ടുരുത്തിത്തുരുത്തു മുഴുവനും ശക്തൻതമ്പുരാൻ 43319 രൂപായും 16 ഇസ്സൊപ്പും റൊക്കം വില കൊടുത്തു ലന്തക്കമ്പനിക്കാരോടു് അട്ടിപ്പേറ വാങ്ങിച്ചതാകുന്നു. അപ്രകാരംതന്നെ മററനേകം വസ്തുക്കൾ അന്യന്മാരോടു വിലയ്ക്കു വാങ്ങിച്ചിട്ടുണ്ടു്. പണക്കാരനായ ഒരു വലിയ ജന്മി തക്കത്തിൽ വസ്തുക്കൾ പിടിക്കുന്നതിനു ലാക്കുനോക്കിയിരിക്കുന്നതുപോലെ, ശക്തൻതമ്പുരാനും വസ്തുക്കൾ വില്പനയ്ക്കുണ്ടെന്നു കേട്ടാൽ ഉടനെ അവിടെ എത്തി തരംപോലെ ആ വസ്തു വിലയ്ക്കെടുത്തിരുന്നു. വിശേഷിച്ചും അപ്രകാരമുള്ള വസ്തുവഹകളിൽ അവിടേയ്ക്കു വല്ല "പ്രത്യേകതയ്ക്കും" അവകാശമുള്ളതാണെങ്കിൽ ഒരിക്കലും അവിടുന്നു വിട്ടുകള

ഞ്ഞിരുന്നില്ല. "നാലാള് കാണുന്ന വിലയ്ക്കു" തീറ വാങ്ങിപ്പാൻ കരുങ്ങി എത്തുന്നതു സർവ്വസാധാരണമായിരുന്നു. 978 കന്നി 17-ാംനു- അവിടുന്നു കൊച്ചിയിലെ ധർമ്മൻസായ്പിനയച്ചതായ താഴെ ഉദ്ധരിക്കുന്ന കത്തിലെ ഭാഗം മേല്പറഞ്ഞ പ്രസ്താവത്തെ പൂർണ്ണമായും പിന്താങ്ങുന്നുണ്ടു്.

"കൊച്ചിയിൽ ചൂതഭാഗത്തെ സൂര്യാൻപരദെശിയുടെ വീട കുഞ്ഞിപ്പോക്കരുടെ കടത്തിനായിട്ട വിക്കത്തക്കവണ്ണം വെച്ചിരിക്കുന്നതായി കെട്ടു. ചൂതന്മാൎക്കു കൊടുത്തിരിക്കുന്ന നിലക്കറ നമുക്കു പ്രത്യെകമായിട്ടുള്ളത ആകകൊണ്ടു ആയത മററാരുവഴിക്കു പൊകയും അരുത. നാലാളു കണ്ട വിലക്കുള്ള രൂപ നാം കൊടുപ്പിക്കയും ആം. നമുക്കുതന്നെ തരത്തക്കവണ്ണം തങ്ങൾ വിചാരിച്ചു നിദാനം വരുത്തുകയും വെണം."

വസ്തുക്കൾ വാങ്ങുന്ന കാൎയ്യത്തിൽ, ഇന്നത്തെ ചില വലിയ 'കാൎയ്യസ്ഥന്മാ'രെപ്പോലെ ശക്തൻതമ്പുരാൻ വളരെ ആലോചിച്ചും അന്വേഷിച്ചറിഞ്ഞും കഴിയുന്നതും വിലച്ചേതം വന്നുപോകാതിരിപ്പാൻ ശ്രദ്ധിച്ചുംതന്നെ ആയിരുന്നു പ്രവൎത്തിച്ചിരുന്നതു്. "പറഞ്ഞു പററിക്കാൻ" സായ്പുമാൎക്കുംകൂടി സാധിച്ചിരുന്നില്ല. കൊച്ചിയിൽ ഒരു ജൂതൻ ഇംഗ്ലീഷുകാരുടെ അത്യന്തം ആശ്രിതനായുണ്ടായിരുന്നു. അയാൾക്കു് അനവധി വസ്തുക്കളും പിടിപ്പതു കടവും ഉണ്ടായിരുന്നു. കടക്കാരുടെ മുട്ടിപ്പുവന്നപ്പോൾ ആ ജൂതൻ കോട്ടയിൽചെന്നു ശരണംപ്രാപിച്ചു്; വസ്തുക്കളെല്ലാം ഏറെറടുത്തു കടത്തിൽനിന്നു രക്ഷിച്ചാൽ കൊള്ളാമെന്നപേക്ഷിച്ചു. സായ്പുമാർ സഹായിക്കുന്നതിനു സന്നദ്ധരായിരുന്നാലും, വസ്തുവാങ്ങി പണം കൊടുപ്പാൻ അവൎക്കും നിവൃത്തിയുണ്ടായിരുന്നില്ല. ശക്തൻതമ്പുരാനു് ഒരു കല്പന കൊടുത്തു് ആ വസ്തുക്കളൊക്കെ തമ്പുരാനെക്കൊണ്ടു വിലയ്ക്കു് എടുപ്പിച്ചു 'ജൂതരക്ഷ' ചെയ്യാമെന്നു സായ്പുമാർ വാക്കും കൊടുത്തു. ആ സംഗതിയെ സംബന്ധിച്ചു സായ്പും തമ്പുരാനും തമ്മിൽ നടന്നതായ എഴുത്തുകുത്തുകൾ ഇരുകൂട്ടരുടേയും നിലഭേദങ്ങളും തമ്പുരാന്റെ കാൎയ്യസ്ഥതയും വിശദീകരിക്കുന്നവയാകുന്നതുകൊണ്ടു് അതിലെ വിജ്ഞേയങ്ങളായ ഭാഗങ്ങളെ കീഴെ ചേൎക്കുന്നു.

കൊച്ചിയിൽനിന്നു മിസ്റ്റർ പ്ലവർ സായ്പു് എഴുതുന്നു. "ചൂതൻ മെറ, റാവി മുതൽപെക്ക തങ്ങളുടെ (കൊച്ചിരാജാവിന്റെ) നാട്ടിൽ അട്ടിപ്പെറായിട്ടും കാണംപണയമായിട്ടും ഉള്ള വസ്തുക്കളുടെ ഒരു പട്ടിക

അയക്കുന്നു. തങ്ങൾ ആ വസ്തുക്കൾ എടുത്തൊ വില്പിച്ചൊ അവക്കുവെണ്ട ദ്രവ്യം കൊടുത്തയക്കവെണ്ടിയിരിക്കുന്നു. മെറ കടംകൊടുക്കാനുള്ള കൎത്താവുകാൎയ്യക്കാരെയും അച്ചൻകാൎയ്യക്കാരെയും വരുത്തി കാൎയ്യം അന്വെഷിച്ചു അവർ പറയുന്ന സ്ഥിതി അറിയിക്കവെണ്ടിയിരിന്നു. ഇതു കൂടാതെ കൊച്ചിയിലുള്ള ഏറിയ ആളുകൾ മെറ റാവിക്കു കൊടുപ്പാനുണ്ടു. അതിന്റെ പട്ടിക വഴിയെ കൊടുത്തയക്കാം. അതും കൂടി കൊടുപ്പിക്കെണ്ടതിന്നു താല്പരിയം ഉണ്ടാക വെണ്ടിയിരിക്കുന്നു....."

ധനു 15-ാംതീയതിയിലെ ഈ എഴുത്തിനു 16-ാം നു- തന്നെ രാജാവു ഇപ്രകാരം മറുപടി അയച്ചു:—"അവർ അവരുടെ വസ്തുക്കളുടെ ആധാരങ്ങൾ കൊണ്ടു ഇവിടെ വന്നാൽ നാലു തടസ്സരെയും നമ്മുടെ നാലു ആളുകളെയും കൂടെ അയച്ചു വസ്തുക്കളുടെ വില കണ്ടു, നമ്മുടെ വഹക്കു എടുക്കുന്നതിന്റെ ആധാരങ്ങളും കൊടുപ്പിച്ചു, ദ്രവ്യവും വെപ്പിച്ചുകൊള്ളാം." സായ്പു്, ധനു 18-ാംനു-:—"വില നിശ്ചയിക്കെണ്ടതിന്നു നാലു തടസ്സരെ ഇവിടെനിന്നയയ്ക്കുന്നു. അതൊടുകൂടി നാലാളെ തങ്ങളും അയച്ചു വില നിശ്ചയിച്ചു തങ്ങൾ എടുക്കുന്നതു ഇത്രയെന്നും മറവുള്ളവർ എടുക്കുന്നതു ഇത്രയെന്നും വിവരം തിരിച്ചു മറുപടി അയക്കയും വെണം...." മകരം 11-ാംനു- സായ്പു വീണ്ടും എഴുതുന്നു:— "തടസ്സരെ അയച്ചിട്ടു ഇരുപത്തിഒന്നു ദിവസത്തൊളമായിട്ടും അതിന്റെ വൎത്തമാനം ഒന്നും ഇല്ല. കടക്കാൎക്കു താമസിയാതെ ദ്രവ്യം വരുത്തിക്കൊടുക്കാമെന്നു ഇവിടെ പറഞ്ഞുമിരിക്കുന്നു....." അതിനു മകരം 12-ാംനു- തന്നെ രാജാവിന്റെ മറുപടി. "....തടസ്സരെയും കൂട്ടി അയച്ചിരിക്കുന്നു. അവർ നൊക്കിക്കണ്ടു ഇത്ര നെരവും മടങ്ങി എത്തീട്ടും ഇല്ല. എത്ര ദ്രവ്യത്തിനു എടുക്കുന്നതെന്നു എഴുതി അയക്കുന്നതിന്നു അവരു ഇവിടെ എത്തീട്ടു വെണമെന്നു തങ്ങൾക്കു അറിയാമല്ലൊ. വന്നുകഴിഞ്ഞാൽ ഒക്കയും നാം ശൊധനചെയ്തു നിശ്ചയംവരുത്തി അപ്രകാരത്തിന്നു എഴുതി അയക്കയുമാം." മകരം 18-ാംനു- സായ്പു് വീണ്ടും എഴുതുന്നു: "മെറമുതൽപെരുടെ ഏഴുവലിയ വീടും, രണ്ടു ചെറിയ വീടും, മട്ടാഞ്ചെരിയിലുള്ള പാണ്ടികശാലയും കൂടി 28543½ രൂപക്കു കണക്കിൽ വിലയിരുത്തി എഴുതിയിരിക്കുന്നു. തങ്ങളുടെ വകയ്ക്കു അതു എടുക്കാമെങ്കിൽ അപ്രകാരം ആക്കിത്തരികയും ചെയ്യാം. ആയതല്ലെങ്കിൽ വെറെ വില്പിക്കയും ചെയ്യാം."

സായ്പു കല്പിച്ച വില തിരുമനസ്സിലേക്കു് ഒട്ടും സ്വീകാൎയ്യമായിരുന്നില്ല. മറുത്തു പറയുവാൻ മടിച്ചു് ആ എഴുത്തിനു് അവിടുന്നു മറുപടി

തന്നെ അയച്ചില്ല. സായ്പ് അക്ഷമനായി. വസ്തുക്കൾ തമ്പുരാനെക്കൊണ്ട് എടുപ്പിച്ചു സംഖ്യ വരുത്തിക്കൊടുത്തുകൊള്ളാമെന്നു മേറ മുതൽപേരോടു സായ്പ് ഏററിട്ടും ഉണ്ടായിരുന്നു. അതുകൊണ്ടു കുംഭമാസം 1-ാംനു- സായ്പ് ഒന്നുകൂടി എഴുതി. "മെറ മുതൽപെരുടെ കാൎയ്യം കൊണ്ട എഴുതി അയച്ചതിന്ന മറുപടി ഒന്നും എട്ടുദിവസമായിട്ടും വരിക ഉണ്ടായതും ഇല്ല. ഉടനെ മറുപടി അയക്കയും വെണം." അതിനു തമ്പുരാൻ തൽക്ഷണം മറുപടി അയച്ചു. "നമ്മുടെ ആളുകളെ അയച്ച് വില ഏകദെശം നൊക്കിക്കണ്ട അവർ ഇവിടെ വന്നു. അതുകൊണ്ട മെറ മുതൽപെരെയും തങ്ങൾക്ക വിശ്വാസമുള്ളതിൽ ഒരാളെയും കൂട്ടി ഇങ്ങൊട്ടയച്ചാൽ പറയെണ്ടതിനെ പറഞ്ഞ നിശ്ചയിച്ച എഴുതിക്കൊടുത്തയക്കയുമാം."

"ഉടമസ്ഥനെ അയക്കുക; ഞാനയാളായിട്ടൊന്നു നേരിട്ടു സംസാരിക്കട്ടെ. പറയേണ്ടതിനെ പറയട്ടെ", എന്നു പറഞ്ഞതല്ലാതെ സായ്പു കാണിച്ച വിലയേക്കുറിച്ചൊന്നും ആ എഴുത്തിൽ ശബ്ദിച്ചിട്ടില്ലെന്നുള്ളതു വളരെ സാരഗൎഭമാകുന്നു. സായ്പ് അപ്രകാരം ചെയ്തില്ല. മേറ മുതൽപേരെ തമ്പുരാന്റെ അടുക്കൽ അയയ്ക്കുവാൻ സായ്പിനു തീരേ വിശ്വാസമൊ സമ്മതമൊ ഉണ്ടായിരുന്നില്ലായിരിക്കണം. കുറെ കഴിഞ്ഞിട്ടും കാൎയ്യത്തിന്റെ തീരുമാനമൊന്നുമുണ്ടാകാഞ്ഞതുകൊണ്ടു സായ്പു തന്നെ പിന്നെയും, മീനം 16-ാംനു-, തമ്പുരാനു് ഒരു കത്തയച്ചു. "ഒന്നര മാസത്തൊളമായിട്ടും ഇന്നപ്രകാരമെന്നു മറുപടി ഉണ്ടായതും ഇല്ല. വെഗത്തിൽ തീൎത്തു വെയ്ക്കണ്ടതിനു എത്രയും താല്പൎയ്യമായിരിക്കുന്നു."

അതിനു മീനം 15-ാംനു-തന്നെ തമ്പുരാന്റെ മറുപടി ഉണ്ടായി. "വില നൊക്കിക്കാണുന്നതിനു നാം ആളെ അയച്ചതിൽ ഇരുപത്തിനാലായിരം രൂപാ വിലയ്ക്കു നമ്മുടെ വകക്ക എടുത്തുകൊള്ളാമെന്നും അപ്രകാരം ബൊധിച്ചു എങ്കിൽ ആധാരങ്ങൾ ഒക്കയും അവർ ഇങ്ങൊട്ടുകൊണ്ടുവന്നാൽ ഇവിടെ മെടിച്ച രൂപാ എടവമാസം 20-ാംനു-ക്ക കൊടുക്കയുമാം." ഉള്ള സംഗതി തുറന്നുപറഞ്ഞു. താൻ മതിക്കുന്ന വില അറിയിച്ചു. സംഖ്യ എന്നേയ്ക്കുണ്ടാകുമെന്നും പറഞ്ഞു. സായ്പും കൂട്ടരും ആലോചനയിൽപ്പെട്ടു. ഉദ്ദേശിച്ച സംഖ്യയ്ക്കു രാജാവു് എടുക്കില്ല. വാങ്ങാൻ വേറെ ആളുമില്ല. പണത്തിനു തിടുക്കവുമായി. ഗത്യന്തരമില്ലാതെ രാജാവു പറഞ്ഞ വിലയ്ക്കു് അവിടേയ്ക്കുതന്നെ കൊടുക്കുവാൻ തീൎച്ചപ്പെടുത്തി വിവരത്തിനു് എഴുത്തയച്ചു. "മെടം 15-ാം

തിയ്യതി. മീനം 15-ാംനു-ത്തെ തീട്ടൂരം വായിച്ചുകെട്ട അവസ്ഥയും അറി ഞ്ഞു. മെറ മുതൽപെരെ വരുത്തി അക്കാര്യംകൊണ്ടു സമ്മതിപ്പിച്ചു (സായ്പിന്റെ ദയകൊണ്ടു !!) ഇരുപത്തിനാലായിരത്തിന്നു തന്നെ കൊ ടുത്തുയക്കത്തക്കവണ്ണം നിശ്ചയിക്കയും ചെയ്യു."

ഇതനുസരിച്ചു പിന്നീട് ആ വഹകൾ മുഴുവനും അട്ടിപ്പേറെടുത്തു പണം റൊക്കം ബോദ്ധ്യപ്പെടുത്തി എന്നു പറയേണ്ടതില്ലല്ലൊ. തമ്പു രാൻതിരുമനസ്സിലെ വ്യാപാരവൈദഗ്ദ്ധ്യത്തേയും "നാട്ടുകാര്യസ്ഥത" യേയും കാണിക്കുന്നതിനു് ഉതകുന്നതാകകൊണ്ടു് ഈഭാഗം ഇത്രയും വി സ്തരിച്ചതാണു്. ഇതുപോലെതന്നെയാണു് അവിടത്തെ സകല ക്രയ വിക്രയങ്ങളിലും നടപടികൾ ഉണ്ടായിട്ടുള്ളതു്. മേറ മുതൽപേരോടു് അട്ടിപ്പേറെടുത്തതു കൊച്ചി മട്ടാഞ്ചേരിക്കമ്പോളത്തിലെ ഒമ്പതു വീടു കളും ഒരു പാണ്ടികശാലയും ആകുന്നു. ആ അവസരത്തിൽത്തന്നെ മ റ്റൊരു ഇടപാടും കൂടി നടത്തിയതായി കാണുന്നുണ്ടു്. അതുപ്രകാരം വാങ്ങിച്ച വഹകൾ, ചൊവ്വരയിൽ ഈഴംചിറപ്പാടം നിലംവിത്തു പറ ആയിരം, എറണാകുളത്തു ചൂളക്കൽപ്പറമ്പും വീടും, കടകംപാടത്തു പാണ്ടികശാലപ്പറമ്പും നിലവും, മട്ടാഞ്ചേരിയിൽ മുണ്ടക്കൽപ്പറമ്പും വീടും, മട്ടാഞ്ചേരിയിൽ ആനിക്കൽപ്പറമ്പും, മാളയിൽ നിലം നൂറു പറയും, മുളവുകാട്ടിൽ നെടിയകാട്ടിപ്പറമ്പും, ചിരികണ്ടൻനിലവും, കൊച്ചിയിൽ വെരിയത്ത രാരിച്ചൻ കൃഷ്ണൻവക പള്ളിച്ചാൽപറ മ്പും, തൈപ്പറമ്പും, എന്നീ വഹകളാകുന്നു!!

ശക്തൻതമ്പുരാന്റെ കാലത്തു പണ്ടാരവകയ്ക്കു തീറവാങ്ങീട്ടുള്ള വ സ്തുക്കളുടെ ഒക്കെ ഒരു വിവരം കൊടുക്കുന്നതു കേവലം അസാദ്ധ്യമാകു ന്നു. അത്രയ്ക്കു മാത്രം അവിടുന്നു വസ്തുവഹകൾ സമ്പാദിച്ചിട്ടുണ്ടു്. അ തുകൊണ്ടു് അവയിൽ ചിലതൊക്കെ സാമാന്യമായി ഒന്നു സ്പർശിക്കു വാൻ മാത്രമേ ഉദ്ദേശിക്കുന്നുള്ളു. കൊല്ലം 951-ാമാണ്ടിലും അതിനടുത്ത കാലത്തും 'തിരുവയ്യൂര് മലയൻ കെലു'നോടു ചേരാമംഗലത്തു ചെറു വള്ളിപ്പാടവും, തേവരക്കുറനിലവും, വേറേ നിലങ്ങളും 'പെരം അത്ഥ വും പററി' നീരുദകമായി' എഴുതി വാങ്ങിച്ചിട്ടുണ്ടു്. 'തിരുവയ്യൂരുടയ മരുമകൻ ഇളയച്ചനിടത്തിൽ കോമ്പി അച്ചനും അനന്തരവരും കൂ ടി' മംഗലം, മൊടപ്പല്ലൂരു ഈ പ്രദേശങ്ങളിൽ 951-ാമാണ്ടിൽത്തന്നെ ഉദ്ദേശം ആയിരത്തിമുന്നൂറപറ വിത്തു വിതയ്ക്കുന്ന സ്ഥലവും, പുളി ക്കൽ എടത്തിൽ അച്ചനും അനന്തരവർമാരും കൂടി ഇരുനൂറപറയ്ക്കു

നിലവും, ശക്തൻതമ്പുരാനു 'ദ്രവ്യം വാങ്ങി' തീറ കൊടുത്തതായി രേഖകൾ ഉണ്ട്. അതിനു പുറമേ ഇളയച്ചനിടത്തിൽനിന്നുതന്നെ "രണ്ടു ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തിഎട്ടര പണത്തിനു തെമ്മലപ്പുറത്തുള്ള ഉല്പത്തിയും അന്താഴിയും, നാലുദേശത്തും മംഗലത്തും ഉള്ള ഉല്പത്തിയും അന്താഴിയും കൂടി എണ്ണായിരത്തി അറുപത്തി മൂന്നെമുക്കാൽ പറ നെല്ലു പാട്ടത്തിനു തെളിയിച്ച് കഴിഞ്ഞ് എഴുതി"ക്കൊടുക്കുകയും ചെയ്തു.

974 കന്നിയിൽ "നടുവിലെടത്തു മൊഴിവട്ടത്തു നാരായണനും തമ്പിമാരും കൂടി" പൊന്നംമൊഴിവട്ടം, കീരമ്പിള്ളി മൊഴിവട്ടം, നടുവിലെടത്തു മൊഴിവട്ടം, ഇങ്ങനെ എല്ലാ മൊഴിവട്ടത്തുശാഖക്കാരുടെയും തറവാട്ടുവക എല്ലാ സ്വത്തുക്കളും, അന്നമനടക്ഷേത്രത്തിലും, കിഴുത്തുക്കയ്യിൽക്ഷേത്രത്തിലും, ആയ്യൻപറമ്പിൽക്ഷേത്രത്തിലും, ആലത്തൂർ ക്ഷേത്രത്തിലും, കയ്മനക്ഷേത്രത്തിലും, ആ തറവാട്ടേയ്ക്കുണ്ടായിരുന്ന എല്ലാ ഊരായ്മ ഉടമസ്ഥാവകശങ്ങളും അട്ടിപ്പേറായി വെച്ചൊഴിഞ്ഞിരിക്കുന്നു.

അന്നമനടക്ഷേത്രത്തിൽ പെരുമ്പടപ്പിൽനിന്നു പ്രവേശിച്ചതു് ഈ അട്ടിപ്പേറ വഴിക്കാണെന്നു്, ആ അട്ടിപ്പേറനുസരിച്ച് ആ കുടുംബക്കാർ അന്നത്തെ ദേവസ്വം അധികാരികൾക്കു കൊടുത്തതായ, താഴെ ചേക്കുന്ന, 'നോട്ടീസ്സ്' വ്യക്തമാക്കുന്നു. "നടുവിലെടത്തു മൊഴിവട്ടം എഴുത്തു. തിരു അന്നമനടെ അടിയന്തരയൊഗത്തിങ്കൽ ബൊധിക്കെണ്ടും അവസ്ഥ. എന്തെന്നാൽ, നമുക്കുള്ള പൊന്നംമൊഴിവട്ടത്തു തറവാട്ടും, നടുവിലെടത്തു മൊഴിവട്ടത്തു തറവാട്ടും, ദെശവും ദെശാധിപത്യവും, മൂന്നു തറവാട്ടെയ്ക്കും ഉള്ള ഊരായ്മയും, സ്ഥാനമാനങ്ങളും ഉല്പത്തിയും പറമ്പുകളും ആളടിയാരും എപ്പെരപ്പെട്ടതും പെറും അത്ഥവും വാങ്ങി പെരുമ്പടപ്പിൽസ്വത്രുപത്തികലെക്ക അട്ടിപ്പെറകൊടുത്തിരിക്കകൊണ്ടു കിഴനാളിൽ നാം നടന്നുവന്നിരിക്കുന്ന അടിയന്തരങ്ങൾ ക്കയും സ്വത്രുപത്തിൽനിന്നും അയക്കുന്ന ആളെക്കൊണ്ടു നടത്തിച്ച ഈ തറവാട്ടുകളിലക്കുള്ള കീഴെക്കവും കൊടുത്തുകൊൾകയും വെണം. എന്നു 974 തുലാം 24-ാംനു".

966 മേടത്തിൽ "ഇരിമ്പനം ദേശത്തു" അമ്പാട്ടു ഗംഗാധരവാസുദേവനും തമ്പിമാരും" കൂടി ഇരിമ്പനത്തിനും കണയന്നൂരിനും ഇട

യിലുള്ള ദേശങ്ങൾ മുഴുവനും പെരുമ്പടപ്പിലേക്കു് തീറെഴുതിക്കൊടുത്തിരിക്കുന്നു. 965 കുംഭത്തിൽ പഴയന്നൂർപ്രവൃത്തിയിൽ തിരുവില്വാമല പവ്വത്തു് പരശ്ശൂടയവര നാരായണൻ തേവൻ എഴുതിവെച്ച ആധാരം ഇപ്രകാരമാകുന്നു. "എനിക്കു തിരുമലനാഥന്റെ ക്ഷെത്രത്തിങ്കലുള്ള അമ്പലപ്പടിഊരായ്മസ്ഥാനമാനങ്ങളും എന്റെ തറവാട്ടിങ്കലുള്ള വസ്തു ഉല്പത്തിയും ആളടിയാരും എപ്പെപ്പെട്ടതും, എനിക്കും എന്റെ അനന്തരവക്കും മെലിൽ ശൊദ്യംകൂടാത്തവണ്ണം പണ്ടാരവകക്കു ഒഴിഞ്ഞു തിരുമുമ്പാകെ എഴുതി വെച്ചിരിക്കുന്നു." കുംഭം 11-ാംനു അടിയന്തരയോഗക്കാർ പ്രസ്തുത അധികാരദാനത്തെ സ്വീകരിച്ചും, കാരായ്മക്കണക്കു് ഉക്കത്തു വാരിയർ വരിയോലയിൽ ചേർത്തും, നിദാനം വരുത്തുകയുംചെയ്തു. തിരുവില്വാമലക്ഷേത്രത്തിലേക്കുള്ള പ്രവേശം മേൽപ്രകാരമായിരിക്കണമെന്നു തോന്നുന്നുണ്ടു്.

ഇതുപോലെതന്നെ പെരുവനംക്ഷേത്രത്തെ സംബന്ധിച്ചും ചില രേഖകൾ കാണുന്നുണ്ടു്. 959 മേടമാസം 29-ാംനു "പെരുവനത്തു ഊരായ്മക്കൂററിൽ ഉള്ളവരും യൊഗത്തിങ്കൽ ഉള്ളവരും എഴുത്തു. ചെറാക്കുളത്തു ഭട്ടതിരി വായിച്ചു രാജാവിങ്കൽ ധരിപ്പിക്കെണ്ടും അവസ്ഥ. ദെവന്റെ മലപ്പുറത്തുകാരായ്മക്കൂറ ആയിട്ടുള്ളതൊക്കയും രാജാവിങ്കലക്ക ഒഴിഞ്ഞുതരികയും ചെയ്തു." അതനുസരിച്ചു പെരുവനത്തു യോഗത്തിങ്കലുള്ളവരും എഴുതി. "പെണർക്കാട്ടു ഭട്ടതിരി വായിച്ചു രാജാവിങ്കൽ ധരിപ്പിക്കെണ്ടും അവസ്ഥ. പെരുവനത്തു ക്ഷെത്രത്തിങ്കൽ വെണ്ടുന്ന കാര്യങ്ങൾ ഒക്കയും രാജാവുങ്കൽനിന്നുതന്നെ പ്രത്യെകം ആളാക്കി വിചാരിച്ചു നടത്തിക്കുകയും വെണം."

969 മീനത്തിൽ വടക്കാഞ്ചേരിയിൽ കേളത്തെ കോമ്പിയോടും, 970 കന്നിയിൽ വാളഞ്ചുരുത്തിൽ അമ്മയോടും, 975 കർക്കടകത്തിൽ കൊച്ചിയിൽ അമരാവതിയിൽ ഉപേന്ദ്രൻ രാമനോടും, (നാലുമുറിപ്പുറമ്പു, പുത്തൻപറമ്പു, ഓടിട്ട മാളിക, നെല്ലറ, തേങ്ങാക്കൂട്ട, ആറുമുറി പീടിക ഇങ്ങനെ വളരെ), 979 ചിങ്ങത്തിൽ പറവട്ടാനിയിൽ കോതകണ്ടനോടും (കുമരപുരം സ്വരൂപം. കോന്നാമാസ്സൽ, കൊഴക്കുള്ളി കുറവയിൽ, ചെറുകര, പൂവ്വൻചിറ, മേലേക്കൂട്ടാല, പറമ്പത്തു മഠം, എന്നീ കളപ്പാട്ടുകളും സ്വത്തുക്കളും), 972-ൽ മംഗലശ്ശേരി നമ്പൂരിയോടും, 968-ൽ മുരിയൻകോതയോടും (മുരിയാടസ്സു നമ്പ്യാർ, 401 പറ വിത്തു സ്ഥലം), 970-ൽ മട്ടാഞ്ചേരിയിൽ ഗുണ്ടപ്പെ

യോഗിയാരോടും, 967 കുംഭത്തിൽ കാനാട്ടുകരെ കണ്ടൻകുമരത്തു ശങ്കരനോടും, 960 ൽ മുതുക്കാരുമുക്ക നമ്പൂരിപ്പാട്ടിലോടും, 971 മേടത്തിൽ ആളുവൻ കണ്ടനോടും, (അയിനിക്കൂർ സ്വരൂപം, തിരുത്തുരുദേശം); 974-ൽ കിഴമുണ്ടയൂര നമ്പൂരിയോടും (മുതുപറ, പുറനാട്ടുകര, കുണ്ടുകുളങ്ങര, ചിററിലപ്പിള്ളി, കുറവര ദേശങ്ങളിലെ അവരുടെ സ്വത്തുക്കൾ), 968 മീനത്തിൽ എറണാകുളത്തു അനന്തൻശെട്ടിയോടും, 969 തുലാത്തിൽ തൃപ്പൂണിത്തുറെ ചക്കനാംപറമ്പിൽ അച്യുതനോടും, (പന്നിരപ്പിള്ളിപ്പാടം), 971 തുലാത്തിൽ ചിറവര ചമ്പത്തിൽ ഇട്ടിച്ചാത്തരമന്നാടിയാരോടും, 979—80-ൽ കൊച്ചിയിൽ 'വെളുത്തഭാഗത്തു ചുത്തന്മാരോടും, വളരെ വസ്തുവഹകൾ പിടിപ്പതു ദ്രവ്യം കൊടുത്തു് അട്ടിപ്പേറം തീറും വാങ്ങീട്ടുള്ളതായി രേഖകൾ കാണുന്നുണ്ടു്.

വസ്തുക്കൾ മാത്രമല്ലാ, അമ്പലപ്പടി, ഊരായ്മസ്ഥാനങ്ങൾ മാത്രമല്ലാ, ജനവർഗ്ഗങ്ങളുടെ മേലധികാരാവകാശവും കൂടി വിലയ്ക്കു വാങ്ങിച്ചിട്ടുള്ളതായി കാണുന്നു. 969 മേടം 10-ാം നു- കണ്ണമംഗലത്തിനോടു് (കണ്ണമംഗലത്തു നമ്പൂരി?) എഴുതി വാങ്ങീട്ടുള്ള ആധാരം ഇപ്രകാരമാകുന്നു. "കണ്ണമംഗലം കണ്ടകാൎയ്യം. എന്നാൽ, നമ്മുടെ അടിയാരായിട്ടു ചെപ്പ്, പെരുമ്പിള്ളിശ്ശേരി, പനഞ്ഞിയം, പള്ളിപ്പുറം, പുത്തൂര, പെരിഞ്ചേരി, ഇഞ്ചമുടി, കുറുമ്പിലാവു, ഈ പ്രദേശങ്ങളിലും അല്ലാതെയും ചില്ലാനമായിട്ടു പുറമെ പലടത്തും ഉള്ള പടനക്കണക്കന്മാരെ ഒക്കെയും ദ്രവ്യം വാങ്ങി രാജാവിങ്കലേക്ക ഒഴിഞ്ഞു എഴുതിത്തരികയും ചെയ്തു."

ക്ഷേത്രങ്ങളോ, ഊരായ്മസ്ഥാനമോ എഴുതി വാങ്ങിച്ചിട്ടുള്ളതിനു മേൽചേൎത്ത ഖണ്ഡങ്ങളിൽ കാണുന്നവ കൂടാതെ ഇനിയും വളരെ ഉദാഹരണങ്ങളുണ്ടു്. വാസ്തവത്തിൽ ഇന്നത്തെ പണ്ടാരവകക്ഷേത്രങ്ങൾ, മുഴുവനുമല്ലെങ്കിൽ മുക്കാലും തന്നെ, ശക്തൻതമ്പുരാന്റെ കാലത്തു 'രാജാവിങ്കലേയ്ക്കു വെച്ചൊഴിഞ്ഞപ്രകാരം', ഒഴിഞ്ഞതു് എന്തിനെങ്കിലുമാവട്ടെ, സിദ്ധിച്ചിട്ടുള്ളവയാണു്.

"വസ്തുത്ത എടതിരിഞ്ഞി എഴുത്ത. പൊത്താനിയിൽ അങ്ങെ സ്വരൂപത്തിങ്കലേക്ക ഉള്ള ഊരായ്മസ്ഥാനം ഇങ്ങു നെടിയിരിപ്പുസ്വരൂപത്തോട്ടുകൂടി കരേറി നടക്കകൊണ്ട നമുക്കുള്ള അമ്പലപ്പടി ഊരായ്മസ്ഥാനം സ്വരൂപത്തിങ്കലേക്ക ഒഴിഞ്ഞുതരികയും ചെയ്തു" എന്ന രേഖപ്രകാരം

മാണു് 'പൊത്താനിദേവസ്വം' പണ്ടാരവകയായതു്. ഇതുപോലെ എത്തെല്ലാം ക്ഷേത്രങ്ങളുടെ ഊരാണ്മക്കാർ യോജിച്ചോ, ഒററതിരിഞ്ഞോ, ഇടക്കാലത്തു സാമൂതിരിക്കു വഴങ്ങീട്ടുണ്ടു്, അവരെ ഒക്കെ നീക്കംചെയ്തു് അവരുടെ എല്ലാം 'അമ്പലപ്പടി ഊരാണ്മ' ശക്തൻതമ്പുരാൻ 'പണ്ടാരവകക്കു്' ഒഴിഞ്ഞുവാങ്ങിച്ചിട്ടുണ്ടു്. പ്രബലന്മാരായിരുന്ന പ്രഭുക്കന്മാരുടെ ശക്തികുറച്ചു് അവരെ രാജസ്ഥാനത്തേക്കു് അനുസരണമുള്ളവരാക്കുകയും രാജകോയ്മയുടെ ശക്തി വർദ്ധിപ്പിക്കുകയും ചെയ്ത വിധങ്ങളിൽ ഒന്നു് ഇതായിരുന്നു.

"വെള്ളപ്പായ പാറങ്ങാട്ടിൽ തറവാട്ടിലുള്ള ആളുകൾ ഒക്കയും ക്ഷയിച്ചുപോകകൊണ്ടു വസ്തു ഉല്പത്തികളും ദേശവും ദേശാധിപത്യവും അമ്പലപ്പടി ഊരാണ്മയും രാജാവിങ്കലേക്കു ഒഴിഞ്ഞു" കൊടുത്തതു് അനുസരിച്ചാണു 'വെള്ളപ്പായദേവസ്വം' സക്കാരിലേക്കു സിദ്ധിച്ചതു്. 970-ൽ 'യോഗക്കാർ' ഈ ഒഴുമുറി സ്വീകരിച്ചു "കല്പനപ്രകാരമല്ലാതെ ഒരു ചിലവും ചെയ്യുന്നതല്ലെ"ന്നു കച്ചീട്ടും വെച്ചു. 'പെമൻ നാറാണൻ' ഒഴിഞ്ഞുകൊടുത്തപ്രകാരം 'പുറനാട്ടുകര ദേവസ്വവും', 'പാറപ്പിള്ള' എഴുതിവെച്ചതനുസരിച്ചു 'വെണ്ടൂറ ദേവസ്വവും' സിദ്ധിച്ചു.

നാട്ടുകാർ കുററംചെയ്താൽ അതിനു പിഴയായിട്ടും, ആളവസ്ഥയും കുററത്തിന്റെ ഗുരുലഘുത്വവും പോലെ, വസ്തുവഹകൾ സക്കാരിലേക്കു് ഒഴിഞ്ഞു മേടിച്ചിട്ടുണ്ടു്. മാതൃകക്കു് ഒരു രേഖമാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. "ചെങ്ങാട്ടിൽ തത്തൻ തത്തൻ എഴുത്ത. അമ്പാടിമെനൊൻ വായിച്ചു എന്റെ തമ്പുരാന്റെ തിരുവുള്ളത്തിൽ എറെറണ്ടും അവസ്ഥ. എന്നാൽ, എന്റെ അനന്തരവൻ മൊഷ്ടിക്കകൊണ്ടു അപ്പുരുക്കിനുള്ള പിഴയായിട്ടു ചെറങ്ങാടദെശത്ത അതിയാരംപൊററയിൽ അവനുള്ള നിലം പന്ത്രണ്ടുപറക്കും തമ്പുരാനു ഞാൻ ഒഴിഞ്ഞുവെച്ചുതരികയും ചെയ്തു." ഇത്തരത്തിലുള്ള 'വെച്ചൊഴിയലി'നുള്ള രേഖകൾ വളരെ കാണുന്നുണ്ടു്.

ഈ വകയെല്ലാം പുറമെ, ചാഴൂർത്താവഴിക്കാരോടും ഒരു ഒഴുമുറി ശക്തൻതമ്പുരാൻ എഴുതി വാങ്ങിച്ചതായി കാണുന്നുണ്ടു്. ചാഴൂത്തർാവഴിക്കാക്കുള്ള രാജ്യാവകാശം അതിനുമുമ്പുതന്നെ നഷ്ടപ്പെടുകയും, അവർ പലതും 'ഒഴിയുക'യും ചെയ്തിരുന്നാലും, പണ്ടത്തെ ഉന്നതസ്ഥിതിയുടെ അവശിഷ്ടങ്ങളായി അവിടവിടെ പല കോവിലകങ്ങളും സ്വത്തുക്കളും

അവക്കു് അവകാശപ്പെട്ടതായോ, അവരുടെ സ്വാധീനത്തിലായോ ഉണ്ടായിരുന്നു. ആവക എല്ലാ കരടുകളേയും വാരിക്കളഞ്ഞുകൊണ്ടു 950 ധനുമാസം 15-ാംനു- ചാഴൂരിലെ മൂത്തരാമവമ്മരാജാവിനോടു താഴെ ചേക്കുന്ന ഒരു ഒഴുമുറിപത്രം കൂടി വാങ്ങിച്ചു. "ഉണ്ണിക്ക എന്നാൽ, കുഴുപ്പിള്ളി കൊവിലകത്തെ വഹയിലും,ഞാറക്കൽ കൊവിലകത്തെ വഹയിലും, പൈങ്ങാരപ്പിള്ളി കൊവിലകത്തെ വഹയിലും, ഉള്ള വസ്തു ഉല്പത്തികളും മററു എപ്പെപ്പെട്ടതും ഉണ്ണിക്കു നാം കഴിഞ്ഞുതരികയും ചെയ്തു."

സ്വരൂപത്തിൻെറ ശ്രേയസ്സിനായും, സക്കാരിൻെറ സാമ്പത്തികാഭിവൃദ്ധിക്കായും, എതിത്തുനിന്നിരുന്നവരുടെ ശക്തി കെടുത്തുന്നതിനായും ശക്തൻതമ്പുരാൻ വളരെ പ്രയത്നിക്കുകയും പ്രവൃത്തികളെല്ലാം —അതിനെപ്പററി ആധുനികന്മാരുടെ അഭിപ്രായം എന്തുതന്നെ ആയിരുന്നാലും—പൂണ്ണവിജയത്തിൽ പര്യവസാനിക്കുകയും ചെയ്തു. ആശ്രിതന്മാരായിരുന്ന പലക്കും, അഗതികളായിരുന്ന പല കുടുംബക്കാക്കും, സഹായസഹകരണങ്ങൾക്കു സന്നദ്ധരായിരുന്ന പല ബന്ധുമിത്രങ്ങൾക്കും, അവിടുന്നു ഭൂദാനങ്ങളും മററു സംഭാവനകളും യഥാവിധി ചെയ്യാതിരുന്നിട്ടുമില്ല. അവിടുത്തെ പിന്തുടച്ചക്കാരായിവന്ന മഹാരാജാക്കന്മാരെല്ലാം, എന്നുതന്നെപറയാം, അനവധി ഭൂസ്വത്തുക്കൾ, അവിടുന്നു് അത്ര കഷ്ടപ്പെട്ടു സമ്പാദിച്ച സ്വത്തുക്കളിൽനിന്നു്, അവരുടെ നേത്ര്യാരമ്മമാക്കു യഥേഷ്ടം കരമൊഴിവായും സവ്വമാന്യമായും മററും തീട്ടൂരം കല്പിച്ചുകൊടുത്തിട്ടുള്ളതുപോലെ, അവിടുന്നു ചെയ്തിട്ടില്ലെന്നുള്ള സംഗതിയും പ്രത്യേകം പ്രസ്താവ്യമാകുന്നു.

XLVIII

ചില കൗതുകങ്ങൾ.

ഫ

ലായം

ശക്തൻതമ്പുരാനു വൃക്ഷലതാദികളോടും പക്ഷിമൃഗാദികളോടും സാധാരണയിൽക്കവിഞ്ഞ ഒരു താല്പര്യമുണ്ടായിരുന്നു എന്നതു നിരാക്ഷേപമാണ്. പൂന്തോട്ടത്തിനു വേണ്ട വിത്തുകളെ ദൂരദേശങ്ങളിൽനിന്നു വരുത്തി. 'ലക്കപ്രാവിനെ' എന്തു വിലകൊടുത്തും വാങ്ങിച്ചു. 'ശിവങ്കി' എന്ന മൃഗത്തിനു ബങ്കാളത്തിലേക്ക് എഴുതി അയച്ചു. ജാതിക്കാമരത്തിന്റെ തയ്യുകൾ വടക്കൻകോട്ടയത്തുനിന്നു വരുത്തി. ഒട്ടകങ്ങളെ കപ്പലിൽ കയററിക്കൊണ്ടുവന്നു! എന്നാൽ കുതിരകളോടും ആട്ടുമാട്ടുകളോടും അവിടേയ്ക്കുണ്ടായിരുന്ന പ്രതിപത്തി മേല്പറഞ്ഞതിനേക്കാളൊക്കെ ഉപരിയായിരുന്നു. അവിട്ടത്തെ കുതിരലായവും, തൊഴുത്തും, വിശാലങ്ങളും വിസ്മയാവഹങ്ങളുംതന്നെയായിരുന്നു.

കുതിരകളോട് അവിടേയ്ക്കുണ്ടായിരുന്ന വാത്സല്യവും താല്പര്യവും കേവലം അനന്യസാധാരണമായിരുന്നു. കുട്ടിക്കാലംമുതല്ക്കേ അവിട്ടുന്നു 'കുതിരഭ്രാന്ത'നായിരുന്നു. കേവലം ഒരു ബാലനായിരുന്നകാലത്ത് ജീനിയും കടിഞ്ഞാണും ഒന്നുംകൂടാതെ, മുമ്പു കണ്ടിട്ടുംകൂടിയില്ലാത്ത ഒരു വലിയ കുതിരയുടെ പുറത്തു ചാടിക്കയറി, യാതൊരു ക്ലേശവുംകൂടാതെ വെട്ടുവഴിയിൽ നാലുചാല് ഓടിച്ച്, ആ കുതിരയുടെ ഉടമസ്ഥനായിരുന്ന കച്ചവടക്കാരൻ മുസൽമാനെപ്പോലും അമ്പരപ്പിച്ചതായി പറയപ്പെടുന്നുണ്ട്. മഹാനായ അലക്സാണ്ടർ തന്നെ കുട്ടിക്കാലത്തുതന്നെ, മററാക്കും ഒതുങ്ങാതെ എടുത്തടിച്ചുനിന്നിരുന്ന ഒരു പടക്കുതിരയുടെ പുറത്തു പെട്ടെന്നു ചാടിക്കയറി അതിനെ വശത്താക്കി സവാരിചെയ്തതായ ഒരു സംഭവം 'പ്ളൂട്ടാക്ക്' എഴുതീട്ടുള്ള ജീവചരിത്രത്തിൽ കാണുന്നുണ്ട്. അതുപോലെതന്നെയുള്ള ഒരു വിക്രമമാണ് ഈ രാജകുമാരനും ചെയ്തതു്! 937-ൽ ഒരു അറബിക്കാരൻ ഏതാനുംകുതിരകളെ വില്പനയ്ക്കു കൊണ്ടുവന്നു എന്നും, മററു ചിലരോടുകൂടി കളിച്ചുകൊണ്ടിരുന്ന 'രാമവർമ്മൻ' കുതിരകളെക്കണ്ടു 'കുതിര, കുതിര' എന്നുപറഞ്ഞുംകൊണ്ടു പുറത്തേയ്ക്കു് ഓടിവന്നു എന്നും, ഒരു കുതിരയെക്കിട്ടുന്നതിനു മോഹിച്ചു വാശിപിടിച്ചു എന്നും, "ഉണ്ണിക്കു കുതിരപ്പുറത്തു കയറാറായോ.

ഇതൊക്കെ വലിയ കുതിരകളല്ലേ?" എന്നു പ്രിയപ്പെട്ട മാതുലൻ' ശാസിച്ചു എന്നും, "ഞാനിതിൽ ഏതു കുതിരയുടെയെങ്കിലും പുറത്തുകേറി ഓടിക്കാ"മെന്നു പറയുക മാത്രമല്ലാ, കണ്ടു നില്ക്കുന്നവർ മതിമറന്നുപോകുമാറു് ഉടനെ അതിൽ വലിയതിന്റെ പുറത്തുതന്നെ പിടഞ്ഞുകയറി ആ വഴിയിലിട്ടു് ഓടിച്ചു എന്നും, ചിററമ്മ പരിഭ്രമിച്ചു പുറത്തു വന്നപ്പോൾ ഇറങ്ങിവന്നു് 'എന്താ അമ്മയ്ക്കിത്ര പേടി, എന്നു ചോദിച്ചു എന്നും, 'ആവൂ, ഉണ്ണീടെ ഒരു ശക്തി' എന്നു് അവർ പെട്ടെന്നു പറഞ്ഞു എന്നും, അന്നു തുടങ്ങി 'ശക്തൻ' എന്നു് ഒരു കളിപ്പേരുണ്ടായി എന്നും, മററും അവിടുത്തെ ബാല്യത്തിലെ കുതിരഭ്രമത്തിനെക്കുറിച്ചു പല ഐതിഹ്യങ്ങളുമുണ്ടു്. അതിന്റെയൊക്കെ പരമാത്ഥം എങ്ങനെ ഇരുന്നാലും, ശക്തൻതമ്പുരാൻ വലിയ ഒരു കുതിരഭ്രമക്കാരനായിരുന്നു എന്നുള്ളതു്, ആക്ഷേപാതീതങ്ങളായ അസ്സൽരേഖകളിൽ നിന്നുതന്നെ ധാരാളം തെളിയുന്നുണ്ടു്.

ഇന്നും എറണാകുളത്തു താലൂക്കുഖജാനയിൽ ഒരു കുതിരയുടെ 'കോപ്പുകൾ' ഇരിക്കുന്നുണ്ടു്. മുഴുവനും പട്ടുകൊണ്ടുണ്ടാക്കീട്ടുള്ളവയാണു്. അതിലെ കെട്ടുകൾ, പൂട്ടുകൾ, പൂക്കൾ, കുററികൾ, കുളമ്പുകൾ, എന്നിവയെല്ലാം സ്വർണ്ണംകൊണ്ടു് ഉണ്ടാക്കിയിരിക്കുന്നു! വിശേഷപ്പെട്ട ഒരു 'പെഗുപോണി' എന്ന കുട്ടിത്തരം കുതിരയ്ക്കു പാകത്തിനുണ്ടാക്കിയതുപോലെയാണു് അതിന്റെ വലുപ്പം കണ്ടാൽ തോന്നുക. ശക്തൻതമ്പുരാന്റെ കാലത്തേതു് എന്നാണു് അതിനെക്കുറിച്ചുള്ള വിശ്വാസം. ആ തിരുമനസ്സിലെ വകയെന്നു തീച്ചയുള്ള മററു ചില സാധനങ്ങളും,—അരയിൽ ധരിച്ചിരുന്ന സ്വർണ്ണനൂലു്, ഹസ്തകടകം, മോതിരങ്ങൾ എന്നിവ—ആ കൂട്ടത്തിൽ ഉണ്ടു്. ശക്തൻതമ്പുരാന്റെ ശ്രായങ്ങളുടെ വർണ്ണനയ്ക്കു്, സംശയഗ്രസ്തങ്ങളായ ആവക തെളിവുകളെ ഒന്നുംതന്നെ ആശ്രയിക്കേണ്ടതായിട്ടില്ല. തൽക്കാലത്തെ അസ്സൽരേഖകൾതന്നെ വിശ്വമോഹനമായ അവിടുത്തെ 'അശ്വഹൃദയ'ത്തെ, വിശ്വസിക്കാവുന്ന വിധത്തിൽ, വിളംബരം ചെയ്യുന്നുണ്ടു്.

974 ധനുമാസം 4-ാംനു- തിരുമനസ്സിൽനിന്നു കപ്പിത്താൻ മെകംപെരിസ്സ്' എന്ന ആൾക്കു കൊച്ചിക്കു് എഴുതി അയച്ചതായ ഈ എഴുത്തു നോക്കുക: "കൊടുത്തയച്ച കടദാസ്സു വായിച്ചുകെട്ട അവസ്ഥയും ധരിച്ചു. ഇങ്ങൊട്ടു കൊടുത്തയച്ച കുതിരയ്ക്കു വില ഇത്ര രൂപാ എന്നു നമ്മടെ വലിയകപ്പിത്താൻ അവിടെ വന്നു ചൊദിച്ചു എന്നും,

അതിന്റെ വില കച്ചിൽ നിന്നു എഴുതിവരാതെ ഇന്ന പ്രകാരമെന്നു പറഞ്ഞുകൂട എന്നും, ആ കുതിര ഇവിടക്കു വേണ്ടുന്നതല്ലായ്കകൊണ്ടു അങ്ങൊട്ടുതന്നെ കൊടുത്തയക്കണമെന്നും എല്ലൊ എഴുത്തിൽ ആകുന്നതു നാം തമ്മിലുള്ള അന്യൊന്യത്തിനു നല്ലതെങ്കിലും ചീത്തയെങ്കിലും തങ്ങൾ കൊടുത്തയച്ച കുതിര നമുക്കു കൊള്ളുന്നതല്ലാതെ ഇരിക്ക ഇല്ലല്ലൊ. അതു നമുക്കു കൊള്ളുന്നതു എന്നത്രെ നാം വിചാരിക്കുന്നതു. എഴുത്തു കണ്ടു നമുക്കു വളരെ വിസ്മയം തൊന്നി. നമ്മുടെ കാര്യസ്ഥന്മാരു തങ്ങൾക്കു കുണ്ഠിതം തൊന്നത്തക്കവണ്ണം പറകകൊണ്ടു ആയിരിക്കും ഇപ്രകാരം എഴുതി അയച്ചതു എന്നും അല്ലാതെ ഇപ്രകാരം എഴുതാൻ സംഗതി ഇല്ലാ എന്നും എത്രെ നമുക്കു തൊന്നിയതു. ഈ കുതിരയുടെ വിലയുടെ അവസ്ഥക്കു പത്തു രൂപ ഇങ്ങൊട്ടു എങ്കിലും, അങ്ങൊട്ടു എങ്കിലും ഏറക്കുറവു വന്നാൽ നാം തമ്മിലുള്ള അവസ്ഥക്കു വിശെഷിച്ചൊന്നും വരാൻ ഇല്ലല്ലൊ. എന്നാലും വില ഇന്നതെന്നു തീർച്ചപ്പെടുത്തീട്ടു ഇവിടെ നിർത്തുന്നതല്ലൊ തങ്ങൾക്കും നമുക്കും നന്നായിട്ടുള്ളതു എന്നു വിചാരിച്ചിട്ടത്രെ നമ്മുടെ വലിയകപ്പിത്താൻ തങ്ങളൊടു ചൊദിച്ചതു. അല്ലാതെ ഒന്നുകൊണ്ടുമല്ല. നാം തമ്മിലുള്ള വിശ്വാസത്തിനു കുതിരയെ അങ്ങൊട്ടു മടക്കി കൊടുത്തയക്കുന്നതും ഇല്ല......"

നല്ല കുതിരകളെ തിരിഞ്ഞു വാങ്ങിക്കുന്നതിനുവേണ്ടി 'കുറുപ്പത്തു ഗോവിന്ദ'നേയും 'മാളോത്തുരാമനേ'യും കപ്പൽവഴിക്കു 'കോലാപുര'ത്തേക്കു് അയച്ചിരുന്നതായി കാണുന്നുണ്ടു്. അവർ കോലാപ്പൂർ രാജാവിന്റെ അടുക്കൽചെന്നു 'തിരുമുൽകാഴ്ച' വെച്ചതായും, അവിടത്തെ രാജാവിനു് അത്യന്തം പ്രീതി ഉളവാക്കിയതായും, ഒരു എഴുത്തുണ്ടു്. ആ മഹാരാജാവിന്റെ ഉപദേശപ്രകാരവും സഹായത്തോടുകൂടിയും അവിടെനിന്നു് അവർ കുറേയധികം കുതിരകളെ വിലക്കു വാങ്ങി. ആ കച്ചവടത്തിന്റെ വിപുലത അവർ അവിടെനിന്നും ശക്തൻതമ്പുരാനു് അയച്ച ഒരു വിവരണത്തിൽനിന്നു മനസ്സിലാക്കാം. "....എട്ടു കുതിര മെടിച്ച വകക്കും ചിലവു വകക്കുംകൂടി ഏഴായിരം രൂപാ ചിലവാകയും ചെയ്തു. ഇനി രണ്ടായിരം രൂപാ ഉള്ളതിനുംകൂടി കുതിര മെടിച്ചുംകൊണ്ടു വെഗത്തിൽ വരികയും ആം. ഞങ്ങൾ പൂനാവിലാക്കു പൊയതിന്റെ ശെഷം 'ദലവത്തറാവു'വും 'ഹൊൾക്കാറു'ടെ അനുജൻ 'മല്ലാരിജി'യും തമ്മിൽ ശണ്ഠയുണ്ടായി, ഹൊൾക്കാറുടെ അനുജൻ അപായം വരികയും ചെയ്തു. ഇപ്പൊൾ ദലവത്തറാവുവിന്റെ കാര്യം അത്രെ കയറി വരുന്നതു. കോലാപുരത്തു രാജാവിനു ആനയിന്മൽ വളരെ

താല്പയ്യമുണ്ട. രാജാവു സവാരി പൊകുന്നതും വരുന്നതും ആനപ്പുറത്ത തെ്ര കാണുന്നതു......"

ശക്തൻതമ്പുരാന്റെ ആൾക്കാർ എവിടെയെല്ലാം എത്തിയിരിക്കുന്നു! എന്തെല്ലാം കാൎയ്യങ്ങൾ അവർ ആരായുന്നു! മഹാരാഷ്ട്രന്മാരുടെ ശക്തി വദ്ധിച്ചുവന്നിരുന്ന കാലമായിരുന്നു അതു്. കോലാപുരി രാജാവിന്റെ സ്നേഹവും സഖ്യതയും ശക്തൻതമ്പുരാൻ സമ്പാദിച്ചിരുന്നു. ആ രാജാവിനു് ആനയെ അയച്ചതായും അദ്ദേഹവുമായി പല എഴുത്തുകുത്തുകളും നടത്തിയിരുന്നതായും കാണുന്നുണ്ടു്.

971 മകരം 6-ാം൹-യിലെ ഒരു തിരുവെഴുത്തിൽനിന്നു്:— "...കൊച്ചിയിൽ വന്നിരിക്കുന്ന കുതിരകളിൽ ഒരു 'മാദവാൻ' (?) ഉണ്ടെന്നു കെൾക്കകൊണ്ട നമ്മുടെ ലായത്തിലെ 'മെസ്സരിയെ' (?) അയച്ചു നൊക്കിച്ചാറെ, നമുക്കു കെറത്തക്കവണ്ണം നല്ലതായിട്ട ഒരു മാദവാൻ ഉണ്ടെന്നു പറഞ്ഞുകെട്ടതുകൊണ്ട, തങ്ങൾ കുതിരകളെ 'പൂറ' അടപ്പിച്ചു മെടിക്കുന്നതൊട്ടുകൂടി ആ മാദവാനെ മെടിച്ചു നമ്മുടെ മെസ്സരിയുടെ പറ്റിൽ കൊടുത്തയക്കയും വെണം. ഇത്ര രൂപാ കൊടുത്തു എന്ന എഴുതി അയച്ചാൽ ആ രൂപ നാം അയക്കയും ചെയ്യാം......"

മറ്റൊരിക്കൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "......നമുക്കു കയറെണ്ടതിന്ന അറബിക്കുതിര എങ്കിലും തുരക്കിക്കുതിര എങ്കിലും നന്നായിട്ടുള്ളത ഉണ്ടെങ്കിൽ രണ്ടൊ നാലൊ മെടിച്ചുകൊള്ളുകയും ആം...."

'മങ്കംപെരി'ക്കുള്ള വേറെ ഒരു എഴുത്തു കാണുക. "...നമ്മുടെ ലായത്തിൽ വലുതായിട്ടുള്ള ഒരു ദീനംവന്നു എറിയ കുതിരകൾ ചത്തുപൊയി. അതുകൊണ്ട നമുക്കു വളരെ ദുഃഖം ആയിരിക്കുന്നു. തങ്ങൾക്കു കുതിര വരുന്നെരം അഞ്ചും എട്ടും കുതിരയായിട്ട നമുക്കു തന്ന നമ്മുടെ ലായത്തിലെ കുറവും തീക്കണം. നാംതമ്മിൽ ജെഷ്ഠനും അനുജനും പൊലെ ആകകൊണ്ട തങ്ങളുടെ വകക്കു 'ഡംകി' വരുന്നെരം ഒരു ഡങ്കിന്ന അഞ്ചും എട്ടും കുതിരയായിട്ടും വാങ്ങിച്ചു നമ്മുടെ ലായത്തിലെ കാവ്വു തീക്കണം......"

970 ധനുമാസത്തിലെ ഒരു കത്താണിതു്. "...നമുക്കു ഖാസാ സവാരിക്കുതകത്തക്കവണ്ണം ഒരു പെൺകുതിരയും ഒരു ആൺകുതിരയും,

അതിൽ താന്നതായിട്ട നാലു പെൺകുതിരയും നാലു ആൺകുതിരയും, ഇങ്ങിനെ പത്തുകുതിര നമ്മുടെ വഹക്ക തരാമെന്ന താകുൾ വാക്കുതന്നിട്ടുണ്ടല്ലൊ. "ഖാസാസവാരിക്ക നമുക്കു രണ്ടു കുതിരമാത്രം ഉണ്ടായാൽ നമ്മുടെ തമ്പിമാര രണ്ടുപെരുള്ളവൾക്കു (984_ം 1003_ലും തീപ്പെട്ട മഹാരാജാക്കന്മാർ) പൊരാ എന്ന തങ്ങൾക്കറിയാമല്ലൊ. അതുകൊണ്ട ഖാസാസവാരിക്കു നാലു കുതിരയും ശെഷം അതിൽ താന്നതായിട്ട പതിനഞ്ചു കുതിരയും ഇപ്പൊൾ നമുക്ക വാങ്ങിക്കണം. അത്രയും ഇല്ലെങ്കിൽ വന്നിരിക്കുന്ന കുതിരയിൽ മുഖന്തരം ആയിട്ടുള്ളതും അതിൽ താഴെ ആയിട്ടും പന്ത്രണ്ടു കുതിരയെ വെഗത്തിൽ നമ്മുടെ വലിയകപ്പിത്താൻ ഇല്ലത്തു ഗൊവിന്ദനെ ഏല്പിച്ചു കൊടുത്തയക്കണം......"

മററ ചില എഴുത്തുകൾ നോക്കുക:– "ഗാട്ടിക്ക പൂട്ടുന്ന കുതിരകളുടെ രണ്ടുകൂട്ടം കൊപ്പു നമ്മുടെ കുമുദവര കൊടുത്തയച്ചത കൊണ്ടുവന്നു കാണുകയും ചെയ്തു. ആയതിൻെറ വില ഇന്നപ്രകാരമെന്നു എഴുതിവന്നതും ഇല്ല. അതു രണ്ടും നമുക്ക ആവശ്യമുള്ളതാകകൊണ്ടു ഇവിടെ എടുത്തു. വിലയ്ക്കു വെഗത്തിൽ എഴുതിവരികയും വെണം......" "നമുക്കു കെറെണ്ടത്തിന്ന അയച്ച കുതിര കണ്ട നമുക്കു വളരെ സന്തൊഷമാകയും ചെയ്തു. കുതിരെ നൊക്കിക്കണ്ടാറെ കുതിരക്ക 'അസ്രുമഥാൻ" എന്ന ചുഴി ഉണ്ട. ആ ചുഴിയുള്ള കുതിരയെ അരമനയിൽ നിൎത്തിയാൽ കുഞ്ഞുകുഴന്ത സംസാരങ്ങൾക്ക മഹാദൊഷമായിട്ടുള്ളത ആകുന്നു. അതുകൊണ്ട അതിനെ അങ്ങൊട്ട അയച്ചിരിക്കുന്നു. മററൊന്നും തൊന്നിപ്പൊകരുത. നമുക്കു കുതിരയെ നന്നായിട്ടുതന്നെ അയക്കുന്നതിന്നു ഇനിയും കുതിരകൾ വരാതെ ഇരിക്കയും ഇല്ല...." ലക്ഷണമൊത്ത കുതിരകളേ അവിടേയ്ക്കു വേണ്ടൂ!

തൻെറ സ്വന്തം ഉപയോഗത്തിനു പ്രത്യേകം ചില കുതിരകളെ നേരിട്ടുള്ള ലാളനയിൽത്തന്നെ ശക്തൻതമ്പുരാൻ നിൎത്തിയിരുന്നു. അവയുടെ കണക്കൊന്നും കാണുവാൻ സാധിച്ചിട്ടില്ലെങ്കിലും പുറംസൂക്ഷിപ്പുകാരുടെ "പാററിൽ" നിൎത്തിയിരുന്ന ലായങ്ങളുടേയും കുതിരകളുടേയും ചില കണക്കുകൾ കണ്ടുകിട്ടീട്ടുണ്ടു്. ശക്തൻതമ്പുരാൻ അശ്വാരൂഢനായിട്ടായിരുന്നു ഏതു സമയവും യാത്രചെയ്തിരുന്നതു് എന്നുള്ള ഐതിഹ്യത്തിനു് അനുരൂപമായവിധത്തിൽ തന്നെയാണു് അവിടത്തെ കുതിരഭ്രമം രേഖപ്പെട്ടിരിക്കുന്നതും. രണ്ടു "കുമുദാന്തി"കളുടേയും രണ്ടു

"കപ്പിത്താന്മാരു"ടേയും മേൽനോട്ടത്തിലായിരുന്നു അവിടുത്തെ ലായങ്ങൾ. അതിൻെറ വിവരം താഴെ ചേൎക്കുന്നു.

൧ കുഞ്ഞൻമേനോൻ കമുദാന്തിവശം.

നീലമാദവാൻ കുതിര എണ്ണം		1		
ശഗ്ഗ്ാമാദവാൻ കുതിര എണ്ണം		1		
പഞ്ചകല്യാണി മാദവാൻ	ടി	1		
സുരങ്കമാദവാൻ	ടി	3		
തെല്ലപ്രാമുസ്ക്കി മാദവാൻ	ടി	1		
ആകെ മാദവാൻ	എണ്ണം			7
നീല ആൺകുതിര		1		
സമന്ത ആൺകുതിര		1		
ശഗ്ഗ്ാ ആൺകുതിര		1		
സമന്ത ആൺകുട്ടി		1		
ആകെ				4
കൂട്ടാകെ	എണ്ണം			11

൨ ചാത്തുമേനോൻ കമുദാന്തിവശം.

കുമെത്ത മാദവാൻ	കുതിര	എണ്ണം	1		
സമന്ത	ടി	ടി	ടി	1	
നീലാ	ടി	ടി	ടി	2	
ശഗ്ഗ്ാ	ടി	ടി	ടി	1	
	ആകെ മാദവാൻ	എണ്ണം			5
സുരങ്ക ആൺകുതിര എണ്ണം				2	
കുമെത്ത ആൺകുതിര	ടി			2	
നീലാ ആൺകുതിര	ടി			1	
		ആകെ			5
	കൂട്ടാകെ	എണ്ണം			10

൩ ബാലകൃഷ്ണമേനോൻ കപ്പിത്താൻവശം.

മാദവാൻ കുതിര എണ്ണം			7	
മററതരം	ടി	ടി	4	
	ആകെ	എണ്ണം		11

൪ ശങ്കരമേനോൻ കപ്പിത്താൻവശം.

മാദവാൻ കുതിര എണ്ണം			5	
മററതരം	ടി	ടി	5	
	ആകെ	എണ്ണം		10

ആകെ തൃക്കിടി നാലിലും കൂടി മാടവാൻ 24, മററതരം 18. ആകെക്കൂട്ടി എണ്ണം 42.

ഇപ്രകാരം 42 കുതിരകൾ അന്നന്നു പുറത്തുള്ളവരുടെ സൂക്ഷ്പ്പിൽത്തന്നെ ഉണ്ടായിരുന്നു എന്നതു നിരാക്ഷേപമാണ്. എന്നാൽ ഈ കണക്കു മുഴുവനുമായോ എന്നു പറയുവാൻ സാധിക്കുന്നതുമല്ല. മോട്ടോർകാറുകളുടെ പ്രചാരം നിമിത്തമായിരിക്കാമെങ്കിലും, ഇപ്പോൾ കൊച്ചിസക്കാർ വക കുതിരലായത്തിൽ കട്ടാകെയുള്ള കുതിരകളുടെ എണ്ണം പതിന്നാലുമാത്രമാണ് എന്നു പ്രത്യേകം പ്രസ്താവ്യമാകുന്നു.

൨

തൊഴുത്തുകൾ

ശക്തൻതമ്പുരാന്റെ തൊഴുത്തിനു ലായത്തിനേക്കാൾ വളരെ കൂടുതൽ വിസ്താരവും സമൃദ്ധിയും ഉണ്ടായിരുന്നു. കാളകളുടെ ശുശ്രൂഷാവിഷയത്തിൽ അവിടുന്ന് എത്രമാത്രം ജാഗരൂകനും നിഷ്കർഷക്കാരനുമായിരുന്നു, എന്നു 'രജിമിട്ട'കളുടെ വിവരണത്തിൽനിന്നു സ്പഷ്ടമായി കാണാവുന്നതാണ്. ഓരോ കാളയ്ക്കും ഇത്രവീതം ഇന്നിന്ന ഇനത്തിൽ ഓരോ തീററകൾ കൊടുത്തുകൊള്ളണമെന്നും, ഇത്ര തൂക്കത്തിൽ കൂടുതലായി ഒരു ഭാരവും വലിപ്പിച്ചുകൂടാ എന്നും, നോട്ടക്കാരൻ രാത്രി കിടക്കാൻപോകുന്നതിനുമുമ്പു കാളകളുടെ മൂക്കുകയറിന്റെ കെട്ടു പരിശോധിച്ചു കെട്ടിന്റെ ഭാഗം കൊമ്പുകളുടെ ഇടയിലേയ്ക്കു വലിച്ചുവെച്ചുകൊള്ളണമെന്നും മററും അനവധി ഉപദേശകല്പനകൾ 'ഹുക്കുനാമങ്ങൾ' മൂലം പ്രചരിപ്പിച്ചിരുന്നു!

974 മകരം 22-ാംനു-യിലെ ഒരു തിരുവെഴുത്തിൽ ഇങ്ങനെ കാണുന്നു. "കമ്പഞ്ഞിവഹക്ക ചുമട എടുക്കേണ്ടതിന്നും, 'കുലാലവണ്ടി' വലിക്കുന്നതിന്നും കാളയും മൂരിയും ആനയും ഒട്ടകവും വിലക്ക എങ്കിലും കൂലിക്ക എങ്കിലും നമ്മുടെ പററിൽ എത്ര ഉണ്ടാകുമെന്നല്ലൊ എഴുതിവന്നിരിക്കുന്നതു. ഇപ്പൊൾ തങ്ങളുടെ പെക്ക ഇപ്രകാരം എഴുതിവന്നിരിക്കകൊണ്ടു മട എടുക്കുന്നതിന്ന നല്ല കാളകളായിട്ട ഒരുന്നൂറ കാളകളെയും അയ്മ്പതു മൂരികളെയും അതിന്റെ കൊപ്പുകളും ശെഖരിച്ചു തൃശ്ശിവപെരൂര എത്തിച്ചിരിക്കുന്നു. കുലാലവണ്ടി വലിക്കുന്ന കാളകൾ നമ്മുടെ രാജ്യത്തു ഇല്ലാത്തപ്രകാരം തങ്ങൾ അറിഞ്ഞിട്ടുണ്ടല്ലൊ..."

നല്ല കാളകളെ എവിടെക്കണ്ടാലും വാങ്ങിക്കുന്നതിൻ ശക്തൻതമ്പുരാനു വലിയ ആഗ്രഹമുണ്ടായിരുന്നു എന്നും, അങ്ങനെ വാങ്ങിച്ചിരുന്നു എന്നും സ്പഷ്ടമാകുന്നതിനുപകരിക്കുന്ന ഒന്നും രണ്ടും കഷണം വാചകങ്ങൾ പല എഴുത്തുകുത്തുകളിലും കാണപ്പെടുന്നുണ്ട്. അവയിൽനിന്നു ഉദാഹരണത്തിനായി ഒന്നുമാത്രം താഴെ കാണിക്കുന്നു. "രാമൻ എഴുത്ത, വലിയഎജമാനൻ അറിയെണ്ടും അവസ്ഥ. എന്നാൽ (കാരക്കാട്ടു രാമമേനോൻ ഒരന്നത്തെ വലിയസർവ്വാധികാര്യക്കാർ മാളിയേക്കൽ ഗോവിന്ദമേനോനു) സ്പെൻസർ സായ്പിന്റെ പററിൽ രണ്ടു കാളകൾ നിന്നിരുന്നത ശാമിമുതലിയാര മെടിച്ചു നിൎത്തിയിരിക്കുന്നു. അത 25-ാംനു-വരെക്ക മററാൎക്കും വിററുപൊകരുതെന്ന പറഞ്ഞു നിൎത്തിയിട്ടുണ്ട. ആ കാളകളെ പണ്ടാരവകക്കു മെടിക്കണമെങ്കിൽ എഴുതിവന്നാൽ വരുത്തിക്കൊള്ളാം..."

അക്കാലത്തെ പിരിവുകൾ — രാജഭോഗം — മുക്കാലെ അരക്കാലും സാധനങ്ങളായിട്ടായിരുന്നു. നെല്ല്, കുരുമുളക്, അടക്ക എന്നീ സാധനങ്ങൾ, സ്വന്തം കൃഷിയിൽ ഉണ്ടാകുന്നവയും, പാട്ടം മിച്ചവാരം ആയി പിരിയുന്നവയും, രാജഭോഗമായി വസൂലാകുന്നവയും, എല്ലാം അതതു സ്ഥലങ്ങളിൽനിന്നു കമ്പോളങ്ങളിലേക്കു കൊണ്ടുപോന്നിരുന്നതു കാളപ്പുറത്തായിരുന്നതുകൊണ്ടു 'പൊതിക്കാള'കൾക്കു അന്നു വലിയ ആവശ്യമുണ്ടായിരുന്നു. എല്ലാം 'മൂട'കെട്ടി കാളപ്പുറത്തുകയററി കൂട്ടം കൂട്ടമായി ആട്ടി ഇറക്കിക്കൊണ്ടുപോരുകയായിരുന്നു അക്കാലത്തെ പതിവ്. അതിലേക്കുവേണ്ടി 'തുക്കിടി' തിരിച്ചു 'രജിമിട്ട'കളും കൃഷിസ്ഥലങ്ങളിലെല്ലാം സനിഷ്കൎഷം പാലിക്കപ്പെട്ടിരുന്ന പണ്ടാരവക തൊഴുത്തുകളും ഉണ്ടായിരുന്നു.

മേൽപ്രസ്താവിച്ച കഞ്ഞൻമേനോൻ കുമുദാന്തിയുടെ മേൽനോട്ടത്തിൽ 94 കൊമ്പുകാളകളും 9 മോഴക്കാളകളും കൂടി 103 കാളകളെ നിൎത്തിയിരുന്നു. അതുപോലെതന്നെ ചാത്തുമേനോന്റെ പററിൽ 87 കൊമ്പുകാളകളും 9 മോഴക്കാളകളും കൂടി 96 കാളകളും; ബാലകൃഷ്ണമേനോൻ കപ്പിത്താൻവശം രണ്ടിനവുംകൂടി 101 കാളകളും; ശങ്കരമേനോന്റെ കീഴിലായി 95 കാളകളും നിന്നിരുന്നു. അതിനുപുറമെ 'നമ്പ്യാര ജെമെദാർ" വശം മോഴക്കാള 54-ം, കൊമ്പുകാള 12-ം ഗുജരാത്തിക്കാള 1-ം, ഡില്ലിക്കാള 2-ം കൂടി 69 കാളകളെ നിൎത്തിയിരുന്നു. കൂടാതെ ഓരോ ദിക്കുകളിൽ ചില്ലറ ആവശ്യങ്ങൾക്കായി 32 കൊമ്പുകാളകളെ

സൂക്ഷിച്ചിരുന്നു. അങ്ങനെ ആകപ്പാടെ 502 കാളകൾ 'രജമിട്ട'വക യായി ഒരിക്കൽ ഉണ്ടായിരുന്നതായി കണക്കു കാണുന്നുണ്ട്.

പശുക്കളുടെ കാര്യത്തിൽ തമ്പുരാൻ ഏററവും ശുഷ്കാന്തി പ്രദ ശിപ്പിച്ചിരുന്നു. ഒരു "സൂറത്തിപ്പശു"വിനെക്കുറിച്ച് അവിടുന്ന് എഴു തിയ ഒരു എഴുത്ത് അന്യത്ര ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. പാൽ അവിടേ ക്കു ബാല്യംമുതല്ക്കു വളരെ പത്ഥ്യമായതും, അവിടുന്നു നിത്യേന ധാ രാളം ഉപയോഗിച്ചിരുന്നതും ആയ ഒരു ഭക്ഷണസാധനമായിരു ന്നു. 'നമുക്കു പാലു കുടിക്കുവാൻ' എന്നുതന്നെ മേല്പറഞ്ഞ കത്തിൽ എഴുതിക്കാണുന്നുമുണ്ട്. 979 കക്കിടകമാസം 5-ാംനു- തയ്യാറാക്കി യതായിക്കാണുന്ന ഒരു കണക്കിൽ, ആ തീയതിക്കു പുറത്ത് ഓരോ സ്ഥലങ്ങളിൽ സൂക്ഷിപ്പിൽ നിർത്തിയിരുന്ന പശുക്കളുടെയും മററും വി വരം ചേർത്തിരിക്കുന്നതു വളരെ വിജ്ഞാനപ്രദവും രസാവഹവും ആകു ന്നു. പശുപാലന്മാരിൽ പ്രധാനിയെ 'മൂപ്പൻ' എന്നും, നോട്ടക്കാരെ 'കലാശി' എന്നും പറഞ്ഞുവന്നിരുന്നു.

മൂപ്പൻ കോലഴി നാരായണമേനോൻ, കലാശികൾ ചഴയംപി ള്ളിരാമൻ, വടക്കേടത്ത് കോന്നൻ ഇവരുടെ അധീനത്തിൽ, പെ ററ ഗുജറാത്തി പശു 7, എടത്തരം പശുക്കുട്ടി 3, കുടിക്കുന്ന പശു ക്കുട്ടി 1, കുടിക്കുന്ന കാളക്കുട്ടി 4, വലിയ ഗുജറാത്തിക്കാള 1 (വി ത്തുകാള), എടത്തരം കാള 2, ഇങ്ങനെ 18 ഉരുക്കളെ നിർത്തിയി രുന്നു. അതുപോലെതന്നെ മുല്ലക്കര കൃഷിയിൽ മൂപ്പൻ കട്ടപ്പട്ടി രാമമേനോന്റെ അടുക്കൽ മേല്പറഞ്ഞ ഓരോ വകയിൽ കൂടി ഒട്ടാ കെ 17 എണ്ണത്തേയും, പട്ടിക്കാട്ട് കൃഷിയിൽ മൂപ്പൻ പുല്ലാട്ടു കു ഞ്ഞൻമേനോന്റെ നോട്ടത്തിൽ പെററതും മൂഖം വെളുത്തതുമായ എരുമ 5, എടത്തരം 3, എരുമക്കുട്ടി 1, പോത്തുംകുട്ടി എടത്തരം 3, ചന്ദ്രൻ എന്ന വലിയ പോത്ത് 1, ഇങ്ങനെ 13 ഉരുക്കളേയും, താന്നിപ്പാടം കൃഷിയിൽ മൂപ്പൻ എളയച്ഛിചേന്ദൻ മേനോന്റെ കീ ഴിൽ എരുമ, എരുമക്കുട്ടി, പോത്ത് ഇനങ്ങളിൽ 15 ഉരുക്കളേയും, കൃഷ്ണപുരത്തു കൃഷിയിൽ മൂപ്പൻ പഴോരു ഈച്ചരമേനോന്റെ പററിൽ പെററപശുഎണ്ണം 7, ഉൾപ്പടെ 16 ഉരുക്കളേയും, പ്രത്യേകം പ്ര ത്യേകം നിർത്തിയിരുന്നതായി കാണുന്നുണ്ട്. എഴുന്നള്ളത്തൊന്നിച്ച് എപ്പോഴും കറവപ്പശുക്കൾ ധാരാളമുണ്ടായിരുന്നു. അധികപ്പടിയു ണ്ടാകുന്ന പാൽ, തൈര് മുതലായതു വിററു പണം വസൂലാക്കി

കണക്കെഴുതേണ്ടുന്ന സംഗതികൾക്കുംകൂടി പ്രത്യേകം ഗ്രന്ഥനാമങ്ങളുമുണ്ടായിരുന്നു! കഞ്ഞിയും തവിടും പശുക്കൾക്കുതന്നെ കൊടുക്കുന്നതിന് ഊട്ടുപുരഗ്രന്ഥനാമങ്ങളിൽ എഴുതിയിരിക്കുന്നു.

ആടുമാടുകൾ എന്നാണല്ലോ നാം സാധാരണ പറയുക. അതുകൊണ്ടു 'മാടുകളെ' വിവരിക്കുന്നതിൽനിന്ന് 'ആടുകളെ' ഒഴിവാക്കുന്നതു ഭംഗിയായിരിക്കയില്ല. തന്നിമിത്തം ശക്തൻതമ്പുരാന്റെ ആടുകളെയും ഈ കൂട്ടത്തിൽതന്നെ ചേർത്തുകൊള്ളുന്നു. ലായത്തെപ്പോലെയും, തൊഴുത്തിനെപ്പോലെയുംതന്നെ തമ്പുരാന്റെ 'ആലയും' ആരെയും ആകർഷിക്കത്തക്കതായിരുന്നു. കുമുദാന്തി കുഞ്ഞൻമേനോന്റെ അടുക്കൽ പലതരത്തിൽ ആറാടുകളും, ചാത്തുമേനോൻവശം ആറാടുകളും, ബാലകൃഷ്ണമേനോന്റെ പാറിൽ ഏഴാടുകളും, കൊച്ചുശങ്കരമേനോൻ കപ്പിത്താന്റെ അധീനത്തിൽ അഞ്ചാടുകളും, 'പാൽക്കഷായത്തിന്' ഗ്രന്ഥത്തിൽ പത്ത് ആടുകളും കൂടി മുപ്പത്തിനാലു ആടുകളുടെ കാര്യം ഒരു കൊല്ലത്തെ കണക്കിൽ സ്പഷ്ടമായി തെളിഞ്ഞുകാണുന്നുണ്ട്.

മഹാനായ ഒരു മഹാരാജാവിന്റെ ജീവചരിത്രവർണ്ണനയിൽ തൊഴുത്തിനും, ആലയ്ക്കും മററും ഇത്രവലിയ ഒരു സ്ഥാനം കൊടുക്കേണ്ടിയിരുന്നുവോ എന്നു സംശയിക്കുന്നവരോട്, എതുകൊണ്ടും അസാമാന്യനായിരുന്ന ആ വീരപുരുഷന്റെ വിവിധങ്ങളായ മനോവ്യാപാരങ്ങളെയെല്ലാം വഴിയാംവണ്ണം ഗ്രഹിച്ചാൽ മാത്രമേ വിശദവും സ്പഷ്ടവുമായ ഒരു സ്വരൂപജ്ഞാനം ഉണ്ടാകയുള്ളു എന്നും, പലപ്പോഴും എളിയ സംഗതികളിൽനിന്നും, നിസ്സാരസംഭവങ്ങളിൽനിന്നുമാണു 'വ്യക്തിയുടെ സ്വഭാവം' തെളിയുക എന്നും ആകുന്നു എനിക്കു പറയുവാനുള്ളതു്. കൂടാതെ വെറും ജിജ്ഞാസയെ സംതൃപ്തിപ്പെടുത്തുന്നതോടുകൂടി സാരതരമായ ഒരു കൗതുകത്തെ ജനിപ്പിക്കുന്നതിനുംകൂടി ഈവക സംഗതികൾ ഉപകരിക്കുന്നതുമാണ്. എത്തുരുക്കളേയും പിടിപ്പത് വിലകൊടുത്താണു വാങ്ങിച്ചിരുന്നതെന്നും, ആ വക വ്യയങ്ങൾക്കു തിരുമനസ്സിലേയ്ക്കു തീരെ 'കൈമുറുക്ക'മുണ്ടായിരുന്നില്ലന്നും സ്പഷ്ടമാകുന്നു.

൯

പൂന്തോട്ടങ്ങൾ

എതുനേരവും രാജ്യകാര്യപ്രയത്നവും വ്യാപാരഭാരക്ലേശവും മുഷ്കര

മർദ്ദനവും കാരോതരത്തിലുള്ള ബുദ്ധിമുട്ടുകളും അനുഭവിച്ചുകൊണ്ടും, സംസ്ഥാനം മുഴുവനും സഞ്ചരിച്ചുകൊണ്ടും, കഴിച്ചുകൂട്ടിയിരുന്ന ശക്തൻതമ്പുരാനു്, മറെറാരു ജോലിയുമില്ലാതെ വിശ്രമവും വിനോദവും അനുഭവിച്ചുകൊണ്ടിരിക്കുന്നവരിൽമാത്രം പ്രായേണ കാണപ്പെടാവുന്നതായ, പൂന്തോട്ടപ്രവൃത്തി മുതലായ ഉല്ലാസങ്ങളിൽ ഭ്രമം സാമാന്യത്തിലധികമുണ്ടായിരുന്ന എന്നു കേട്ടാൽ ആരും അത്ഭുതപ്പെടാതിരിക്കയില്ല. പുതിയപുതിയ പൂച്ചെടികളെ ഏററവും പരഷ്കൃതമായ രീതിയിൽ അതിനുള്ള വിദഗ്ദ്ധന്മാരെ പ്രത്യേകം ഏർപ്പെടുത്തി നട്ടുപിടിപ്പിക്കുന്നകാര്യത്തിൽ ആ തിരുമേനി, ശ്രമസാദ്ധ്യങ്ങളായ രാജ്യകാര്യങ്ങളിൽ എന്നപോലെ, അശ്രാന്തവും അഗാധവും ആയ ശ്രദ്ധ പതിപ്പിച്ചിരുന്നു. കൊച്ചിയിലെ ഡച്ചുകാരുടെ ബങ്കളാവുകളിൽനിന്നു തോട്ടക്കാരെ വരുത്തിയും, അന്യരാജ്യങ്ങളിൽനിന്നു് അപൂർവ്വങ്ങളായ ചെടികളെ വിലകൊടുത്തു വാങ്ങിച്ചുകൊണ്ടുവന്നും അവിടുന്നു തൃശ്ശൂർ, എറണാകുളം, തൃപ്പൂണിത്തുറ ഈ സ്ഥലങ്ങളിലുണ്ടായിരുന്ന കോവിലകങ്ങളിൽ മനോഹരങ്ങളായ പൂന്തോട്ടങ്ങളെ സനിഷ്കർഷം നിർമ്മിച്ചു ലാളനാപൂർവ്വം സംരക്ഷിച്ചിരുന്നു.

970 തുലാമാസം 20-ാംനു അവിടുന്നു ഡച്ചുകുമുദവൎക്കയച്ചതായ ഈ തിരുവെഴുത്തു നോക്കുക: "വിശേഷിച്ചു നമ്മുടെ കളിക്കോട്ടയിൽ (ഈ സ്ഥലം ഇന്നും അങ്ങനെതന്നെ നില്ക്കുന്നുണ്ടു്. അവിടെ ഇപ്പോഠം തമ്പുരാക്കന്മാൎക്കുള്ള ഹൈസ്കൂഠം നടത്തപ്പെടുന്നു.) പൂക്കളും മററും നട്ടുവിക്കേണ്ടതിന്ന, മുമ്പെ 'എതിലെരുടെ' ഠാടത്തിൽനിന്നിരുന്ന ആളെ ഇങ്ങൊട്ടു കൂട്ടി അയച്ചു ഇവിടെവന്ന കുറെദിവസം പാൎത്ത പൂത്തരങ്ങഠം നട്ടുവിക്ക ഉണ്ടായി എല്ലൊ. ആ ആളെ രണ്ടുദിവസത്തേക്ക ഇവിടെ ഒന്നു വന്നു കൊണ്ടുപൊകത്തക്കവണ്ണം ഇങ്ങൊട്ടു കൂട്ടി അയക്കണം..." അതുപ്രകാരം ആ ആഠം വരികയും കളിക്കോട്ടയിലെ പൂക്കളെക്കു പുതുമക്കൂട്ടുകയും ചെയ്തു എന്നു പറയേണ്ടതില്ലല്ലൊ.

അടിയന്തരമായ ഒരു രാജ്യകാര്യം പ്രമാണിച്ചു മറുനാട്ടിലേയ്ക്കു് അയച്ചിരുന്ന കാരയ്ക്കാട്ടു രാമൻമേനോൻ അവിടെ നിന്നു് ആ കാര്യം സംബന്ധിച്ചു് അയച്ച ഒരു എഴുത്തിൽ ഒരു പ്രധാനസ്ഥാനം ജാതിത്തയ്യിനും ചീരവിത്തിനും കൊടുത്തുകാണുന്നതിൽനിന്നു് ആ രാജപുംഗവന്റെ പൂന്തോട്ടഭ്രമം എത്ര ആഴമേറിയതായിരുന്നു എന്നു തെളിയുന്നുണ്ടു്. അദ്ദേഹം എഴുതുന്നു:—"...ജാതിക്കാമരത്തിന്റെ തയ്യു

കല്പനപ്രകാരം കൊടുത്തയച്ചിരിക്കുന്നു. വെയിലത്തു വാടിപ്പോകാതെ എത്തിക്കുവാൻ ശട്ടംചെയ്തിട്ടുണ്ടു. തയ്യു വന്നാൽ കുഴികുഴിപ്പിച്ചു മണ്ണു എളകിപ്പോകാതെ കമ്പങ്ങൾ പൊളിച്ചു കളഞ്ഞു നട്ടുവിക്കുമല്ലൊ. ഇവിടെ ഒരു കൂട്ടം ചീര കണ്ടു. അതിന്റെ വിത്തു ഉണ്ടാക്കിച്ചു കൊടുത്തയക്കുന്നു..."

968-ൽ പ്രസ്തുത രാമമേനോൻതന്നെ അയച്ചതായ മറെറാരു കത്തിൽ ഇങ്ങനെ കാണുന്നു:—"...കൊട്ടയത്തുതമ്പുരാൻ മെസ്റ്റർ ഇഷ്ടിമാൻ സായ്പിനെ കാണുവാൻ എഴുന്നള്ളിയപ്പൊൾ, തിരുമനസ്സിലേക്കു കൊടുത്തയപ്പാൻ അഞ്ചാറു ജാതിക്കാമരത്തിന്റെ തയ്യുകൾ വരുത്തിച്ചു തരണമെന്നു അടിയൻ വിടകൊണ്ടിരുന്നു. അവിടന്നു പതിരുപതു ദിവസം കഴിഞ്ഞാറെ എട്ടു തയ്യു കൊടുത്തയച്ചു. ആയതു ഇവിടെ നട്ടു നനച്ചിരുന്നു. അതിൽ അഞ്ചു തയ്യു പൊടിച്ചു. ആയതു മണ്ണോടുകൂടി കമ്പങ്ങളിൽ ആക്കി അപ്പരെയും കൃഷ്ണമെനെയും എല്പിച്ചു എഴുന്നള്ളി ഇരുന്നരുളുന്നെടത്തേക്കു കൊടുത്തയക്കുന്നു. ശെഷം മൂന്നു തയ്യുള്ളതിൽ ഒന്നുംകൂടി പൊടിക്കുമെന്നു തൊന്നുന്നു. പൊടിച്ചു എങ്കിൽ അടിയൻ വിടകൊള്ളുമ്പൊൾ കൊണ്ടുവരികയും ചെയ്യാം..."

980 മേടം 4-ാംനു-യിലെ ഒരു തിരുവെഴുത്തിൽ കാണുന്നതാണു താഴെ ചേക്കുന്നതു്. "നമ്മുടെ തൊപ്പിനകത്തു പറമ്പുകൾ ചിലക്കു പാട്ടത്തിനു കൊടുത്തിരുന്നതിന്റെ ശെഷം ഇപ്പൊൾ നാംതന്നെ തൊപ്പിൽ ചെന്നു നൊക്കിയാറെ പറമ്പുകൾ ഒക്കയും നാനാവിധം വരുത്തി ഇരിക്കകൊണ്ടും തൊപ്പിലകത്തു പാക്കുന്ന ആളുകൾ തൊപ്പിലെ തെങ്ങും കൊപ്പുകളും മൊഷ്ടിച്ചു ഏറിയ മുതൽനാശം വരുത്തുന്നതു കൊണ്ടും ഇതി തൊപ്പിനകത്തു മറെറാരുത്തനെ പാപ്പിക്കുകയും, നായരമാക്കും മറെറാരുത്തക്കും പാട്ടത്തിനു കൊടുക്കുകയും വേണ്ടാ എന്നുവെച്ചു നമ്മുടെ ശിപ്പായിമാര പാത്തിരുന്നവരെ കൂടെ അവിടെനിന്നു ഓടിച്ചു വെറെ ആളുകളെ ആക്കി സൂക്ഷിപ്പിച്ചുവരുന്നു...."

മറെറാരു തിരുവെഴുത്തിൽ ഇങ്ങനെ കാണുന്നു:—"...നാലഞ്ചു സംവത്സരത്തിന്ന ഇപ്പുറം വടക്കെ ദിക്കിലേക്കു നാം വന്നു വിചാരിക്കായ്ക്ക കൊണ്ടും കൊവിലകങ്ങൾ, തൊപ്പുകൾ, കൃഷികൾ ഈവകയും ഇതിന്റെ ഒക്കയും വെലികളും പൊയി നാനാവിധമായിക്കിടക്കകൊണ്ടു ആയതൊക്കയും ഇപ്പൊൾ നന്നാക്കിച്ചുവരുന്നുണ്ടു".

. കൃഷികാൎയ്യത്തിൽ, മരങ്ങൾ നട്ടുപിടിപ്പിക്കുന്ന സംഗതിയിൽ പ്രത്യേകിച്ചും, ശക്തൻതമ്പുരാനു വളരെ താല്പൎയ്യമായിരുന്നു. തൃപ്പൂണിത്തുറെ കിഴക്കേനടയ്ക്കൽ രണ്ടുവരിയായി ഒട്ടധികം ആൽമരങ്ങൾ വെച്ചു പിടിപ്പിച്ചു എന്നും, താൻ വാത്സല്യപൂൎവ്വം വളൎത്തിപ്പോന്ന ആ വൃക്ഷങ്ങളിൽനിന്നു് അതിന്റെ ചില്ലകൾ അന്നത്തെ ഇളയതമ്പുരാന്റെ —984-ൽ വെള്ളാരപ്പിള്ളിയിൽനിന്നും തീപ്പെട്ട മഹാരാജാവു്— ആടുകളെ തീറ്റുന്നതിനായി ആ തമ്പുരാന്റെ ഭൃത്യഗണത്തിൽപ്പെട്ട ചെറപറമ്പത്തു കുഞ്ഞിക്കൃഷ്ണമേനോൻ—ഇദ്ദേഹം പിന്നീടു വലിയസൎവ്വാധിയായി രാജ്യത്തിനു സൎവ്വവിധമായ ആധിയും വരുത്തിവെച്ചു—വെട്ടിയതുനിമിത്തം ശക്തൻതമ്പുരാൻ അദ്ദേഹത്തിന്റെ തല തന്നെ വെട്ടുവാൻ ഒരുങ്ങി എന്നും ഐതിഹ്യമുണ്ടല്ലോ. അതിൽനിന്നു്, മറെറാന്നുമില്ലെങ്കിൽക്കൂടി, ഒരു സംഗതി പ്രത്യക്ഷപ്പെടുന്നുണ്ടു്; അവിടേയ്ക്കു വൃക്ഷങ്ങളുടേയും ചെടികളുടേയും മററും കാൎയ്യത്തിൽ എന്തെന്നില്ലാത്ത ഒരു പ്രത്യേകപ്രതിപത്തി ഉണ്ടായിരുന്നു എന്നു്.

൪

നായാട്ടുനായ്ക്കൾ

"ശ്വാവിനെ കണ്ടാൽ കാൽ കഴുകണം, തൊട്ടാൽ കുളിക്കണം, തൊട്ടതും കളയേണം" എന്നാണു നായ്ക്കളേക്കുറിച്ചുള്ള പഴയ വെയ്പു്. ആ സ്ഥിതിക്കു ശക്തൻതമ്പുരാനെപ്പോലെയുള്ള ഒരു ക്ഷത്രിയരാജാവു് അന്നത്തെ കാലത്തു്, നായ്ക്കളെ വളൎത്തുകമാത്രമല്ല, ഓമനിക്കുകതന്നെ ചെയ്തിരുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കുവാൻ പ്രയാസമാണു്. എന്നാൽ ആ സംഗതി അവിടുത്തെ തിരുവെഴുത്തുകളിൽനിന്നു തന്നെ ധാരാളം തെളിയുന്നതുകൊണ്ടു സുസ്ഥാപിതമാകുന്നു. അന്നത്തെ രേഖകളിൽക്കൂടിത്തന്നെ വിസ്മയാവഹമായ ആ വിഷയത്തെ വീക്ഷിച്ചുകൊള്ളുക. കൊച്ചിരാജാക്കന്മാരിൽ ആരും "നായ്ക്കളെ വളൎത്തിയിരുന്ന"തായി ആദ്യകാലത്തോ ആധുനികകാലത്തോ കാണപ്പെടുന്നില്ല.

. 974 തുലാം 10-ാംനു "ജൊാജ്ജ ബ്രൌൺ" എന്ന ഒരു സായ്പിനു് അയച്ച തിരുവെഴുത്തിൽനിന്നു്:— "...വിശെഷിച്ചു കൊട്ടയ്ക്കകത്തു ബ്രെഷ്ടന്റെ പററിൽ നല്ല നായയായിട്ടു ഒരു വലിയ വരയൻനായ, നില്പുണ്ടെന്നു കെട്ടു. ഇപ്പൊൾ നായാട്ടിന്നായിട്ടു യാത്രയാകകൊണ്ടു,

തങ്ങൾക്ക നന്മെയുള്ള സ്നെഹത്തിന്നു, തങ്ങൾതന്നെ ബ്രെഷ്ടൻ ആയിട്ടും പറഞ്ഞു, ആ നായയെ മെടിച്ച ഇങ്ങൊട്ടു കൊടുത്തയക്കണം. ഇതു കൂടാതെ തങ്ങൾതന്നെ നല്ല നായയായിട്ട ഒരു പെൺനായയെയ്യും ഒരു ആൺനായയെയും ഇങ്ങനെ ഒരു ജൊടി വലിയ നായയെ നമുക്ക വരുത്തിത്തരുമെന്നും നാം നിശ്ചയിച്ചിരിക്കുന്നു. ഇപ്പൊൾ ബ്രെഷ്ടന്റെ പററിൽ നില്ക്കുന്ന വരയൻ നായയെ ഏതുപ്രകാരത്തിൽ എങ്കിലും ബ്രെഷ്ടനെ പറഞ്ഞു ബൊധിപ്പിച്ചു ഉടനെ മെടിച്ചു കൊടുത്തയക്കുമല്ലൊ..."

ഇതിൽനിന്നു് ഈ "നായഭ്രമം" ഒരു താല്ക്കാലികസുഖക്കേടല്ലെന്നും സ്ഥിരമായ ഒരു ഉറച്ചതാല്പര്യമാണെന്നും സ്പഷ്ടമാകുന്നു. "ഏതുപ്രകാരത്തിലെങ്കിലും" വാങ്ങിച്ചയയ്ക്കണമെന്നുള്ള നിർബ്ബന്ധത്തിൽനിന്നു് ആ ഭ്രമം എത്ര അടിയുറച്ചതാണെന്നും തെളിയുന്നു. തന്റെ മഹാരാജാവിന്റെ നായക്കൊതിയെക്കുറിച്ചു ധാരാളം ധരിച്ചിരുന്ന സർവ്വാധി കാരക്കാട്ട രാമമേനോൻ 972 കർക്കടകം 8-ാംനു- കോഴിക്കോട്ടുനിന്നു തമ്പുരാനു് അയച്ച ഒരു റിപ്പോർട്ടിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. "...പണ്ടാരവകക്ക നല്ല നായയായിട്ട ഒരു ജൊടി നായയെ മെടിച്ചു കൊടുത്തയക്കണമെന്നും, നായ 'കപ്പാത്ത ഇടാത്തത' ആയിരിക്കണമെന്നും എല്ലൊ എഴുതിവന്നിരിക്കുന്നതു. നല്ല നായ്ക്കൾ വെള്ളക്കാരുടെ പററിൽ അല്ലാതെ വെറെ ആരുടെ പററിലും കാണാനില്ല. അടിയങ്ങൾ ആകുന്ന പ്രയത്നം ചെയ്തു കിട്ടുന്നതിനെ മെടിച്ചു കൊടുത്തയക്കുകയുമാം".

കർക്കടകം 19-ാംനു- വീണ്ടും രാമമേനോൻ എഴുതുന്നു:—"നായയുടെ കാര്യംകൊണ്ടു ഇഷ്ടിമാൻസായ്പിനൊടു ചൊദിച്ചാറെ, എനിക്കുള്ള നായകളിൽ നന്നായിട്ടു രണ്ടു നായകളെ ഞാൻ തമ്പുരാനു കൊടുക്കാമെന്നും ചെറവാല്ക്ക എത്തിയാൽ കല്പിച്ചു അയച്ചാൽ ഒരു ആൺനായയെയും ഒരു പെൺനായയെയും അയക്കാമെന്നും പറഞ്ഞു..." നായ്ക്കളെയും മററും തമ്പുരാൻ സായ്പമാൎക്കു് അങ്ങോട്ടും അയച്ചുകൊടുക്കാറുണ്ടെന്നു് അങ്ങനെ ചെയ്ത ഒരവസരത്തിൽ തമ്പുരാനു കിട്ടിയ മറുപടിയിൽനിന്നു് എടുത്തതായ താഴെക്കാണുന്ന ഉദാഹരണം തെളിയിക്കുന്നു. "......അല്ലെരുടെ പററിൽ കൊടുത്തയച്ച നായ ആറും ഊട്ടി രണ്ടും, കൊരട്ടുക്കമ്പു (?) രണ്ടും, വെണ്ണഴവും അടിയനും അല്ലെരും കൂടി ഇഷ്ടിമാൻസായ്പിന്റെ അടുക്കൽ കൊണ്ടുചെന്നു കൊടുത്താറെ, വലിയ

നായ രണ്ടും ഈട്ടിയും വെണ്ണഴവും കണ്ടു നന്നെ പ്രസാദിക്കയും ചെയ്തു. ചെറിയ നായ നാലും കൊരട്ടക്കമ്പും എനിക്കു വെണമെന്നില്ലെന്നും മടക്കി അയക്കാമെന്നും പറഞ്ഞാറെ, ഇവിടസ്ഥായിട്ടു കല്പിച്ചു അയച്ചതു തിരികെ കൊണ്ടുപൊക ഇല്ലെന്നു വിടകൊണ്ടാറെ, ആയതു കാര്യംതന്നെ ആകുന്നു എന്നും, ഇവിടെ ഏററ എന്നും വിടകൊണ്ടു നാസ്സളെ ഒക്കയും പിടിച്ചുകെട്ടിക്കയും ചെയ്തു…" ഇതിൽനിന്നു ശക്തൻതമ്പുരാന് ഒരു 'നായകൃഷി'തന്നെ ഉണ്ടായിരുന്നു എന്നും, അനവധി നാസ്സളെ അവിടുന്നു യഥാവിധി തീററകൊടുത്തു വളർത്തിയിരുന്നു എന്നും അനുമാനിക്കാവുന്നതാണ്. 974 കന്നി 24-ാംനു 'വെമ്പെ ഊട്ടസായ്പു്' അവർകൾ തമ്പുരാന്റെ സർവ്വാധിക്കു് അയച്ചതായ ഒരു എഴുത്തിൽ ഇപ്രകാരം കാണുന്നു. "…ഇപ്പൊൾ നാം തലശ്ശെരിയിൽ ഇരിക്കുമ്പൊൾ തങ്ങൾ ഒരു പെണ്ണും ഒരു ആണും രണ്ടു നായക്കു നമ്മൊടു പറഞ്ഞിട്ടുണ്ടായിരുന്നുവല്ലൊ. ആയതു ഇപ്പൊൾ ഇവിടെ രണ്ടു നായ നല്ല കട്ടിനായയായിട്ടു കിട്ടുകയും ചെയ്തു. ആയതു ഇപ്പൊൾ രാജാവവർകൾക്കു വെണ്ടി അങ്ങൊട്ടു കൊടുത്തയച്ചു ഇരിക്കുന്നു. ആയതു കൊടുത്തു നമ്മുടെ സലാം ഉണർത്തിക്കയും വെണം…"

ശക്തൻതമ്പുരാൻ പ്രമാണപ്പെട്ട ഒരു 'ഷിക്കാരി' ആയിരുന്നു എന്നും, 'നായാട്ടു്' അവിടുത്തെ വിനോദങ്ങളിൽ ഒന്നായിരുന്നു എന്നും, പ്രസിദ്ധമാണ്. നായാട്ടിൽ നാസ്സളില്ലാതിരിക്കുന്നതല്ലല്ലൊ. എതുകാര്യത്തിലും അവിടുത്തെ നേരിട്ടുള്ള പ്രത്യേകശ്രദ്ധ പ്രായേണ പതിഞ്ഞു കാണുന്നതുപോലെതന്നെ നാസ്സളുടെ സംഗതിയിലും ആ തിരുമേനി ശ്രദ്ധാലുവും ദൃഢവ്രതനുമായിരുന്നു.

൯

കാപ്പിരിക്കുട്ടികൾ

എതുകൊണ്ടും അസാമാന്യനായിരുന്ന ശക്തൻതമ്പുരാൻ അദ്ദേഹത്തിന്റെ തനതായ അഭിരുചികളിലും ഒരു അസാധാരണത്വം പ്രത്യക്ഷപ്പെടുത്തി. വമ്പിച്ച വിലകൊടുത്തുംകൂടി അവിടുന്നു ആഫ്രിക്കയിലെ കാപ്പിരികളെ വളരെ എണ്ണത്തിനെ വരുത്തി കൊതിയോടും കൗതുകത്തോടുംകൂടി വളർത്തിപ്പോന്നു! ഇന്ത്യയിൽതന്നെ, മററാർക്കും ഈ 'കമ്പം' ഉണ്ടായിരുന്നതായി അറിവില്ല. അപൂർവ്വവസ്തുക്കളിലെല്ലാം തമ്പുരാന്നു് അതിഭ്രമമായിരുന്നതായി കാണുന്നുണ്ടു്. അതിന്റെ ഫല

മായിരിക്കാം ഈ കാപ്പിരിഭ്രാന്തെന്നു വിചാരിക്കണം. ഏതായാലും കൊച്ചിയിലെ ശക്തൻതമ്പുരാൻ അനവധി കാപ്പിരിക്കുട്ടികളുടേയും കൂടി രാജാവായിരുന്നു. അവിടുത്തെ ഈ അപൂൎവ്വമനസ്ഥിതി ഐതിഹ്യക്കാർകൂടി കീൎത്തിച്ചുകാണാത്തതിൽ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. അക്കാലത്തെ അസ്സൽരേഖകളെത്തന്നെ വായനക്കാരുടെ മുമ്പിൽ എടുത്തുകാണിക്കുന്ന സ്ഥിതിക്കു്, അതിന്റെ യാഥാൎത്ഥ്യത്തെക്കുറിച്ചു്, ആൎക്കും സംശയത്തിനു് അവകാശമില്ലല്ലൊ.

കൊച്ചിയിലെ ഡച്ചുകുമുദവൎക്കു ശക്തൻതമ്പുരാൻ ഇപ്രകാരം എഴുതുന്നു:—"......ഇപ്പൊൾ അഞ്ചു കാപ്പിരിക്കുട്ടികൾ കൊച്ചിയിൽ വന്നു എന്നും, അവരെ കുമുദവര മെടിച്ചു നിൎത്തിയിരിക്കുന്നു എന്നും, നമ്മുടെ ചങ്ങാതംകൊതകയ്യൽ നമുക്ക എഴുതി അയച്ചിരിക്കുന്നു. നിയൊഗക്കാർ ഇവിടെ വന്നു കൊച്ചിക്കു പൊകുമ്പൊൾ കൊട്ടയിൽ രണ്ടു കാപ്പിരികൾ നില്പുണ്ടെന്നും രണ്ടിനെയും നമ്മുടെ വഹക്ക കൊടുത്തയക്കാമെന്നും തികച്ചു വാക്കു തന്നിരുന്നു. അതിന്റെശെഷം ആ കാപ്പിരിക്കുട്ടികൾ രണ്ടിനെയും ലെലത്തിൽ വിററുനിൎത്തിയിരിക്കയാകുന്നു എന്നും, ബത്താവിയായിൽനിന്നും കല്പനവന്നിട്ടു വെണമെന്നും, കല്പന വരുത്തി ആ രണ്ടിനെയും നമ്മുടെ വഹയ്ക്കു അയക്കാമെന്നും നമ്മുടെ കുമുദവര വിചാരിച്ചുവരുന്നപ്രകാരം എല്ലൊ എഴുതിവന്നിരിക്കുന്നത. അഞ്ചു കാപ്പിരിക്കുട്ടികൾ വരികകൊണ്ടും അഞ്ചിനെയും കുമുദവര മെടിച്ചു നിൎത്തിയിരിക്കകൊണ്ടും കുമുദവരും നാമുമായിട്ടുള്ള വിശ്വാസത്തിനു ആ അഞ്ചും നമുക്കു കിട്ടി എന്നത്രെ നാം നിശ്ചയിച്ചിരിക്കുന്നതു. അതുകൊണ്ടു ആ അഞ്ചു കാപ്പിരിക്കുട്ടികളെയും ഈ വരുന്ന ആൾവശം ഇങ്ങൊട്ടു കൊടുത്തയക്കുകയും വെണം. കാപ്പിരിക്കുട്ടികൾക്കു ഒന്നുക്കു നൂററിഅയ്മ്പതു രൂപാ വീതം അയച്ചിരിക്കുന്നു. ചരത്തൊ നൂറൊ ഏറാക്കുറവുണ്ടെങ്കിൽ തരികയുമാം..."

കൗതുകത്തിനുവേണ്ടി ഒന്നിരണ്ട കിട്ടിയാൽ പോരാ. എന്തു വിലകൊടുത്തായാലും ആ അഞ്ചും വേണം. വില റൊക്കം കൊടുത്തു് ആളെയും അയയ്ക്കുന്നു. "നമുക്കു കിട്ടി എന്നത്രെ നാം നിശ്ചയിച്ചിരിക്കുന്നതു്" എന്നൊരു ഉറപ്പും. തമ്പുരാന്റെ വിചാരങ്ങൾക്കും വികാരങ്ങൾക്കും എല്ലാം അതിയായ ഒരു ശക്തികാണുന്നതു "ശക്തൻതമ്പുരാനു" ചേൎന്നതുതന്നെയാകുന്നു. ആ കാപ്പിരിക്കുട്ടികളെ ഒക്കെ വരുത്തി. തൃപ്തിവരാതെ വീണ്ടും വീണ്ടും കിട്ടാവുന്നേടത്തോളമൊക്കെ കയ്ക്കലാക്കു

കാര്യം ചെയ്യു. അക്കാലത്തും കൊച്ചിയിൽ "കാപ്പിരിക്കച്ചവടം" കുറച്ചൊക്കെ നടന്നിരുന്നു എന്നു് ഈ രേഖ തെളിയിക്കുന്നു. രാജാവിന്റെ ഈ എഴുത്തിനു കുമുദവരുടെ പേൎക്കു് അയച്ച മറുപടി താഴെ ചേൎക്കുന്നു.

"...ആകുന്ന പ്രയത്നം കഴിച്ച അഞ്ചു കാപ്പിരിക്കുട്ടികളിൽ മൂന്നു എണ്ണത്തിനെ എങ്കിലും തിരുമനസ്സിലേക്ക കൊടുത്തു അയച്ചെ മതിയാവു എന്നു ബഹുമാനപ്പെട്ട കുമുദവരൊടും കെട്ടിയവരൊടും കുഞ്ഞുങ്ങളൊടും പറഞ്ഞു സമ്മതിപ്പിച്ചു. മൂന്നു കാപ്പിരിക്കുട്ടികളെ അങ്ങൊട്ടക്ക മെടിച്ചു കൊടുത്തു അയച്ചിട്ടുണ്ടു. കാപ്പിരിക്കുട്ടികളുടെ കുറച്ചില്ലു കണ്ടു കുമുദവരുടെ കെട്ടിയവൎക്കും കുഞ്ഞുങ്ങൾക്കും അവരുടെ മെരെയുള്ള വാത്സല്യവും ഇത്രമെൽ ഉള്ളതു എന്നു എഴുതിക്കൂട. തിരുമനസ്സിലെക്ക പ്രസാദം വരുത്തിക്കണെമെന്നുവെച്ചു കുമുദവരു കൊടുത്തയക്കയും ചെയ്യു..."

എന്തിനാണിക്കാപ്പിരിപ്പൈതങ്ങളെ വാങ്ങിയതെന്നോ അവരെക്കൊണ്ടു പിന്നെ എന്തു ചെയ്തു എന്നോ അറിയുന്നില്ല. എന്നാൽ ശക്തൻതമ്പുരാന്റെ 'കാപ്പിരിഭ്രാന്തു' വല്ലാത്തതായിരുന്നു എന്നും, മൂന്നെണ്ണത്തിനെ ഇത്ര കഷ്ടപ്പെട്ടു വാങ്ങിച്ചതുകൊണ്ടൊന്നും തൃപ്തിപ്പെടാതെ പിന്നെയും കിട്ടാവുന്നേടത്തോളം കാപ്പിരികളെ തക്ക പ്രതിഫലം കൊടുത്തു വാങ്ങിച്ചുകൊണ്ടിരുന്നു എന്നും വേറെ ചില രേഖകളിൽനിന്നു തെളിയുന്നുണ്ടു്. മഹാന്മാരുടെ മനോഗതികളും ഇഷ്ടാനിഷ്ടങ്ങളും അസാധാരണങ്ങളായിരിക്കുന്നതു സാധാരണമാകുന്നു. കാപ്പിരികളെ ലാളിച്ചു വളൎത്തിയിരുന്നു. അവരെ കുതിരസ്സവാരികൂടി പഠിപ്പിച്ചിരുന്നു. 970 ധനുമാസം 23-ാംനു 'മൺഗോമറി' എന്ന സായ്പിനോടു കാപ്പിരിക്കുട്ടികൾക്കു കയറി നടക്കേണ്ടുന്ന ആവശ്യത്തിനു നാലു കുതിരകളെപ്രത്യേകം വാങ്ങിച്ചിരിക്കുന്നു.

976 തുലാം 25-ാംനു പുതിയവീട്ടിൽ കാതിരുമക്കാരു് എന്നൊരു മുഹമ്മദീയവൎത്തകൻ 'നസിബ' എന്നൊരു കാപ്പിരിക്കുട്ടിയെ ശക്തൻ തമ്പുരാനു തിരുമുല്ക്കാഴ്ച വെച്ചതായി രേഖപ്പെടുത്തിക്കാണുന്നുണ്ടു്. 'മുസ്തത്ത മുഹമ്മതുമുനി ആലി, എന്നൊരു അപരൻ 'സാല' എന്ന കാപ്പിരിക്കുട്ടിയെ പിടിക്കും വിലയുംപററി പെരുമ്പടപ്പിൽ ഗംഗാധരരാമവൎമ്മതിരുകോവിൽ അധികാരികൾ കൊണ്ടാർ' എന്നു വേറെ ഒരു രേഖയുണ്ടു്. 974 മകരത്തിൽ ബസ്രാക്കാരൻ അബ്രാം എലിയ കൊച്ചി

സക്കാരിലേക്കു 'ജ്ജുവാൻ, പ്രസിസ്കൂ,' എന്നു രണ്ടു കാപ്പിരിക്കുട്ടികളെ വിലയ്ക്കു വിററിട്ടുള്ളതായി കാണുന്നു. പിന്നീടൊരിക്കൽ അയാളോടുതന്നെ 'ന്തബി, ഇബ്രാഹിം, മഞ്ഞുവാൻ, നസീഫ്, സങ്കരി, വാറംസ്' എന്നീ ആറു കാപ്പിരികളെ ശക്തൻതമ്പുരാൻ ആധാരപ്രകാരം തീറു വാങ്ങിച്ചിട്ടുണ്ടു്. 971 തുലാത്തിൽ 'ശാലം ശാദിയാ ലെവി' എന്നൊരു കച്ചവടക്കാരൻ 'ശ്രുബാലി' എന്ന കാപ്പിരിയേയും, 1793 ആഗസ്റ്റ്മാസത്തിൽ 'ഫിലിപ്പി' എന്ന വ്യാപാരി 'സ്ക്രീപ്പ' എന്ന ഒരു കാപ്പിരിക്കുട്ടിയേയും പെരുമ്പടപ്പുസ്വരൂപത്തിൽ മൂത്തതമ്പുരാൻ പണ്ടാരവകയ്ക്കു 'പെറം അത്ഥവും പാറി' വിററിട്ടുണ്ടു്.

ഇത്രയും അധികം കാപ്പിരികളെ വാങ്ങിച്ചിട്ടു് അവരെ പിന്നെ എന്തു ചെയ്തു എന്നതിനെക്കുറിച്ചു് അറിയുന്നതിനു് ഒരു മാർഗ്ഗവും കാണുന്നില്ല. എനിക്കു കാണുവാൻ സാധിച്ചിട്ടുള്ളേടത്തോളം രേഖകളിൽ ഒന്നിലും പിന്നത്തെ കാപ്പിരികാര്യമൊന്നും പ്രസ്താവിച്ചിട്ടുമില്ല.

൩

മൃഗശാല

ശക്തൻതമ്പുരാൻ വലിയ ഒരു 'മൃഗശാല' സനിഷ്കർഷം പരിപാലിച്ചുപോന്നിരുന്നു. അതിനുവേണ്ടി ദ്രവ്യം വ്യയം ചെയ്യുന്നതിനും മററും അവിടുന്നു് കട്ടും ദാക്ഷിണ്യം പ്രദർശിപ്പിച്ചിരുന്നില്ല. ദുരപൂർവ്വവസ്തുക്കളിൽ ഒക്കെ അവിടേയ്ക്കു് അതീവതാല്പര്യമായിരുന്നു. അവിടുത്തെ മൃഗശാലയുടെ കേന്ദ്രസ്ഥാനം എറണാകുളത്തായിരുന്നു എന്നാണു തോന്നുന്നതു്. എന്തെല്ലാം മൃഗങ്ങൾ ഉണ്ടായിരുന്നു എന്നോ, എന്നാണു് അതു് ആരംഭിച്ചതെന്നോ, പിന്നീടു് അതിനു് എന്തു സംഭവിച്ചു എന്നോ അറിയുന്നില്ല. എന്നാൽ ആ മൃഗശാല കുറേ വലിയതും പലതരം മൃഗങ്ങൾ ഉണ്ടായിരുന്നതും സായ്പുമാരെക്കൂടി ആകർഷിച്ചിരുന്നതും ആയിരുന്നു എന്നതു നിരാക്ഷേപമാണു്. ആന, കുതിര, കാള, പശു മുതലായ നാട്ടുജന്തുക്കളെ സംബന്ധിച്ചേടത്തോളം ആ തിരുമനസ്സിലെ കൊട്ടിലും ലായവും തൊഴുത്തും മററും വളരെ വിശ്രുതങ്ങളും വിപുലങ്ങളുമായിരുന്നു. ആനയെ ഓരോരുത്തർക്കു കാഴ്ചകൊടുക്കുന്നതും മററും വളരെ സാധാരണമായിരുന്നു. ഹൈദരാലിഖാൻ പലപ്പോഴും വലിയ കൊമ്പനാനകളെ ആവശ്യപ്പെട്ടിരുന്നതായി കാണുന്നുണ്ടു്.

978 മകരം 17-ാംനു- 'മേജർ മാക്ക്ലോട്ടു്' എന്ന മലബാർ കലക്ടൎക്കു തമ്പുരാൻ അയച്ചതായ ഒരു എഴുത്താണു താഴെ ചേൎക്കുന്നതു്: "......എറണാകുളത്തു നമ്മുടെ പാണ്ടികശാലയിൽ ഒരുദിവസം നാം ഇരിക്കുമ്പോൾ ലന്തക്കാരിൽ ചിലരും, ഇങ്കരിയിസ്സു കമ്പഞ്ഞിവകയിൽ ചിലരും അവരുടെ വകയിൽ ചില സ്ത്രീകളും കിടാങ്ങളും ചില പറങ്കികളും കൂടി വഞ്ചികളിച്ചുവരുമ്പോൾ പാണ്ടികശാലക്കടവിൽ വന്ന അടുത്തതിന്റെ ശെഷം, എന്തിനായിട്ടു വന്നു എന്നു അവരൊടു ചോദിച്ചാറെ, ഇവിടെ അഞ്ചു പുലിയെയും കരടിയെയും വളൎത്തുന്നുണ്ടെന്നു കെൾക്കകൊണ്ടു അയതിനെ കാണ്മാനായിട്ടു വന്നു എന്നു പറയുകയും അവർ പുലിയെയും കരടിയെയും കണ്ടെച്ചുപൊകയും ചെയ്തു."

974 മകരം 22-ാംനു-ത്തെ ഒരു തിരുവെഴുത്തിൽ ഒട്ടകങ്ങളെക്കുറിച്ചു് എഴുതിക്കാണുന്നുണ്ടു്:—"...നമ്മുടെ ചുമടുകൾ എടുക്കുന്നതിന്ന പതിനഞ്ച ഒട്ടകത്തിനെ നാം മെടിച്ചു നിൎത്തീട്ടുണ്ടു. അതിന്റെ സാമാനം ഒന്നും കുറവു തീൎത്തിട്ടും ഇല്ല. ഇയ്യിടെ മെടിച്ചതാകകൊണ്ടു പരിചയമുള്ള ആളുകളും ഇല്ല. ഉരുവിൽനിന്നു (കപ്പൽ) മെടിച്ചുപടിക്ക ഇവിടെ നിൎത്തിയിരിക്കുന്നത എത്രെ ആകുന്നു. പരിചയമുള്ളവർ തിരുനൽവെലി ആ പ്രദെശത്തെങ്ങാനും ഉണ്ടൊ എന്നു അന്വെഷിക്കുന്നതിന്ന ആളെ അയച്ചിരിക്കുന്നു. ഈ വഹയിൽനിന്നുതന്നെ പത്ത ഒട്ടകത്തിനെ തങ്ങളുടെ ആവശ്യത്തിന്നു അയക്കുകയുമാം. അതിന്റെ വിലത്തരം വരിയൊലയും എഴുതി മെസ്റ്റർ ഒലിസ്സാന്ത സായ്പിന്റെ പററിൽ ഇവിടെ കൊടുപ്പിച്ചുകൊള്ളാം......"

ഒട്ടകങ്ങൾ മലയാളരാജ്യത്തു് എതായാലും ഒരു അപൂൎവ്വജന്തുവാണു്. ചുമടു് എടുക്കുന്നതിനായിട്ടു് ഇതിനു മുമ്പും പിമ്പും ആരും ഈ രാജ്യത്തു് ഇത്ര വളരെ ഒട്ടകങ്ങളെ വിലയ്ക്കു വാങ്ങിച്ചുനിൎത്തിയിരുന്നതായും അറിവില്ല. കുംഭകോണം സ്വാമിയാരുടെ എഴുന്നള്ളത്താണു് ഈ രാജ്യക്കാൎക്കു് ഇടയ്ക്കിടയ്ക്കു് ഒട്ടകത്തെ കാട്ടിക്കൊടുക്കുന്നതു്. അപൂൎവ്വം ചിലപ്പോൾ ചില സൎക്കസ്സുകാരുടെ അടുക്കലും കണ്ടെത്താറുണ്ടു്. ഒട്ടകങ്ങൾക്കു നല്ല വിലയുള്ളതുകൊണ്ടും, കപ്പലിൽ വരുത്തിയവയാണെന്നു കാണുന്നതുകൊണ്ടും, ആ വകയ്ക്കു കുറേയധികം ദ്രവ്യം ചിലവു ചെയ്തിരിക്കണമെന്നു ന്യായമായി ഊഹിക്കാവുന്നതാണു്.

രാജാവിന്റെ മറെറാരെഴുത്തിൽ ഇങ്ങനെ കാണുന്നു:— "...ഒരു

സൂറത്തിപ്പട്ടു തങ്ങൾക്കു വന്നിരിക്കുന്നതു നമുക്കു ഇങ്ങൊട്ടു കൊടുത്തയക്കത്തക്കവണ്ണം വെച്ചിരിക്കുന്നപ്രകാരം അറിഞ്ഞ സന്തൊഷിക്കുന്നു' ഇനിയും അപൂർവ്വമായിട്ടുള്ള വസ്തുക്കൾ എന്തെങ്കിലും തങ്ങൾക്കു വന്നാൽ നമുക്കു കൊടുത്തയക്കുമെന്നും നാം വിശ്വസിക്കുന്നു...."

971 മേടത്തിൽ ശക്തൻതമ്പുരാന്റെ ഒരു കച്ചവടക്കപ്പൽ ബംഗാളിലേക്കു പോയിരുന്നു. ആ കപ്പലിലെ കപ്പിത്താനു്, ആ ദിക്കിലും വഴിക്കും കിട്ടുന്ന ചിലതൊക്കെ വാങ്ങിക്കൊണ്ടുവരുന്നതിനു തമ്പുരാൻ ഒരു എഴുത്തയച്ചു. അതിതാണു്:—"...മെത്തരം നെരിയ പട്ടുതല്ലു വിശെഷമായിട്ടുള്ളതു കിട്ടുമെങ്കിൽ അഞ്ചു നിറത്തിലും ഈരണ്ടു റാത്തൽ വീതം; വെട്ടു നായയായിട്ടു രണ്ടു നല്ല വെട്ടു നായ; പുലിയുടെ നിറത്തിൽ "ശിവങ്കി" എന്നൊരു കൂട്ടം മൃഗമുണ്ടു. അതിൽ രണ്ടു ശിവങ്കി; ലക്കപ്രാവ നാലെണ്ണം; കയ്യിൽ പിടിച്ചാൽ വെടിവെക്കുമ്പൊൾ ഇരുത്താത്തതായിട്ടു രണ്ടു പെറമുൽ; നല്ല സൗരഭ്യമുള്ള നാലുതൊല സാമ്പ്രാണി; തൊട്ടങ്ങളിൽ നടുന്ന നല്ല പൂത്തരങ്ങളുടെ വിത്തുകൾ എല്ലാതരവും......... ഈ എഴുതിയിരിക്കുന്ന പദാൎത്ഥങ്ങൾ നാഗ്രര, നാഗപട്ടണം, തരങ്കംപാടി, ശെന്നപട്ടണം, വങ്കാളം ഈ പ്രദെശത്തു വിചാരിച്ചാൽ കിട്ടുന്നതു അവിടന്നു മെടിച്ചു പടവ (കപ്പൽ) തിരികെ വരുമ്പൊൾ കൂടെ കൊടുത്തയക്കണം. വങ്കാളത്തുള്ളതു കപ്പിത്താൻ വങ്കാളത്തു ചെന്നുകെവിനു ഉരു മെടിച്ചു വരുമ്പൊൾ ബങ്കാളത്തുനിന്നും മെടിച്ചു ഉരുവിൽ കയററിക്കൊണ്ടു പെന്നുകൊള്ളണം..."

ശക്തൻതമ്പുരാന്റെ വാസനകളുടെ വിവിധത്വവും ദൃഢതയും സൂചിപ്പിക്കുന്നതിനു് ഇത്രയുംകൊണ്ടു മതിയാകുമെന്നു വിശ്വസിക്കുന്നു. അവിടത്തെ ശിക്ഷകളിൽ 'പുലിക്കൂട്ടിലാക്കുക' എന്നതിനു് ഒരു സർവ്വസാധാരണത്വം സിദ്ധിച്ചിരുന്നതായി അക്കാലത്തെ രേഖകൾ വിളിച്ചുപറയുന്നുണ്ടു്. ആ 'പുലിക്കൂടുകൾ' പുലികളെ സൂക്ഷിക്കുന്നതിനു് ഉപയോഗിച്ചിരുന്ന കൂടുകൾതന്നെയായിരുന്നിരിക്കണം. ഒരു സമയം, തന്റെ ശത്രുക്കളായ കോലാട്ടുകാൎക്കു് ഒരു വൻപുലിതന്നെയായിരുന്ന ശക്തൻതമ്പുരാന്റെ ഏതു കൂടും 'പുലിക്കൂടാ'യിരുന്നു എന്നും വരാം.

XLIX

രാജനീതി

൧

സാമാന്യവിവരണം

ഇന്നത്തെ സമ്പ്രദായത്തിലുള്ള കോഡും വകുപ്പും, കോടതിയും കച്ചേരിയും, മുൻസിപ്പും ജഡ്ജിയും, പണ്ടുണ്ടായിരുന്നില്ലെങ്കിലും, കേരളത്തിൽ നിലനിന്നിരുന്ന നീതിന്യായഭരണം വിദേശീയസഞ്ചാരികളുടെപോലും ബഹുമാനത്തെ അർഹിച്ചിരുന്നു. കഴിഞ്ഞ ഒരു പ്രകരണത്തിൽ ക്ഷേത്രസങ്കേതങ്ങളിൽ നടത്തിപ്പോന്നിരുന്ന രക്ഷാശിക്ഷകളുടെ സ്വഭാവം ഏറക്കുറെ വർണ്ണിച്ചിട്ടുണ്ടു്. (പുറം 456–470 നോക്കുക). അഹിന്ദുക്കളുടെ അഭാവം അന്നത്തെ ഭരണക്രമത്തെ എളുപ്പമാക്കിത്തീർത്തു എന്നതിനു സംശയമില്ല. വർണ്ണാശ്രമധർമ്മങ്ങളെ അവലംബിച്ചും, യാജ്ഞവല്ക്യസ്മൃതിയെ അനുസരിച്ചും, എന്നാൽ ഏതുകാര്യത്തിലും കീഴ്നടപ്പിനെ അടിസ്ഥാനപ്പെടുത്തിയും ആയിരുന്നു അക്കാലത്തെ നീതിന്യായവിചാരങ്ങളെല്ലാം. കുററങ്ങളുടെ ഗുരുലഘുത്വങ്ങളും ശിക്ഷകളുടെ കാക്ശ്യവും മിക്കവാറും അപരാധികളുടെയും സങ്കടക്കാരൻെറയും ജാതിയെ ആശ്രയിച്ചിരുന്നു.

"പുരുഷാണാം കുലീനാനാം
നാരീണാം ച വിശേഷതഃ
മുഖ്യാനാം ചൈവരത്നാനാം
ഹരേണ വധമർഹതി.

സ്ത്രീഹന്താ ലോഹശയനേ
ദഗ്ദ്ധവ്യോ വൈകടാഗ്നിനാ
നരഹന്താ ഹസ്തപാദൌ
ഛിത്വാഘാത്യശ്ചതുഷ്പഥേ.

യേനാങ്ഗേനാപരോവർണ്ണോ
ബ്രാഹ്മണസ്യാപരാധ്നുയാൽ
തദേവ തസ്യ ഛേത്തവ്യ-
മേവം ശുദ്ധിമവാപ്നുയാൽ."

എന്നുതുടങ്ങിയ യാജ്ഞവല്ക്യനിയമങ്ങൾക്ക് അന്നു സർവ്വത്ര പ്രാമുഖ്യമുണ്ടായിരുന്നു.

സ്മൃതിശാസനങ്ങൾ അനിഷേധ്യങ്ങളായിരുന്നാലും നീതിന്യായഭരണത്തിന്റെ ശരിയായ അടിസ്ഥാനം മുഴുവനും, മര്യാദ, ദേശാചാരം മുൻനടപ്പ്, കീഴ്നടപടി എന്നിവയായിരുന്നു. ആ മര്യാദ പരിപാലിക്കലായിരുന്നു രാജാവിന്റെ കർത്തവ്യം. പഴമയും പരിചയവുമുള്ള 'നാലർ' കൂടിയാണ 'മര്യാദ' വിധിച്ചിരുന്നതു്. വസ്തു സംബന്ധിച്ച തർക്കങ്ങൾ മിക്കപ്പോഴും ഏതദ്ദേശീയരായ 'പഞ്ചായത്തുകാരോ' തടസ്ഥരൊ ആണ തീർച്ചപ്പെടുത്തിയിരുന്നതു്.

നിയമത്തിന്റെ പരിധിയിൽ ആളുകളുടെ വലുപ്പച്ചെറുപ്പങ്ങൾക്കൊന്നും സ്ഥാനമുണ്ടായിരുന്നില്ല. ഒരു രാജാവിനെപ്പോലും അദ്ദേഹത്തിന്റെ കടക്കാരൻ, ഒരു കച്ചവടപ്രമാണി, പണം തന്നല്ലാതെ പുറത്തുപോയിക്കൂടാ എന്നു പറഞ്ഞു്,'വരഞ്ഞു നിർത്തി'യതായി "മാർക്കൊപോളൊ'എന്ന സഞ്ചാരി രേഖപ്പെടുത്തീട്ടുണ്ടു്. രാജാക്കന്മാരും സാധാരണക്കാരെപ്പോലെ ശീട്ട് എഴുതിക്കൊടുത്തു നാട്ടുകാരോടു പണം കടംവാങ്ങിച്ചിരുന്നു. ഉള്ളനാട്ട് ഇക്കണ്ടപ്പണിക്കർക്കും, മലയകണ്ടത്തു പുതുവാൾക്കും, ചില ക്രിസ്ത്യാനികൾക്കും, അങ്ങനെ പലക്കും ശക്തൻതമ്പുരാൻ ശീട്ടെഴുതിക്കൊടുത്തു ദ്രവ്യം വായ്പ വാങ്ങിച്ചതായും ഇടപാടുകൾ തീർത്തു ശീട്ടുകൾ മടക്കി വാങ്ങിച്ചതായും, ഏതാനും തീർക്കുമ്പോൾ പററശീട്ടുകൾ വാങ്ങിച്ചതായും രേഖകൾ കാണുന്നുണ്ടു്. കടം പററിയതു നിഷേധിക്കുന്നതു മഹാപാപമാണെന്നായിരുന്നു പൊതുവിലുള്ള ധാരണ. തീർക്കാത്ത കടം വീട്ടുന്നതിനു മാത്രമായിത്തന്നെ ഒരു ജന്മമെടുക്കേണ്ടിവരുമെന്നു ജനങ്ങൾ വിശ്വസിച്ചിരുന്നതുകൊണ്ടു്, പണമിടംപെട്ട ഇടപാടുകാര്യങ്ങളിൽ തേച്ചുനിഷേധങ്ങളും, കാലഹരണവാദങ്ങളും മററും അത്യന്തം ദുർല്ലഭങ്ങളായിരുന്നു. കരാറുലംഘനം, വാക്കുമാററൽ, പരിഹാരമില്ലാത്ത പാപമാണെന്നു ഗണിക്കപ്പെട്ടിരുന്നു.

പലിശനിരക്കു ദേശമര്യാദപ്രകാരം മാസത്തിൽ നൂറ്റുക്ക് ഒന്നായിരുന്നു. അതുകൊണ്ടാണു് ഇന്നും ആ നിരക്കിനു 'മര്യാദപലിശ' എന്ന പേർ നിലനിന്നുപോരുന്നതു്. പലിശയ്ക്കു പലിശയും. അതിൽ കൂടുതൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇംഗ്ലീഷ്കമ്പനിക്കാർ അതിൽ കൂടുതൽ വസൂലാക്കിയിരുന്നു. അവരുടെ ഇടപാടുകൾക്കു ഗഡുവുകൾ

തെററിയാൽ ആദ്യത്തെ എട്ടു ദിവസത്തേയ്ക്കു പന്ത്രണ്ടും, പിന്നത്തെ ഇരുപതു ദിവസത്തേയ്ക്കു് ഇരുപത്തിനാലും, അതും തെററിയാൽ മുപ്പത്തിയാറും ശതമാനം വീതമായിരുന്നു പിഴകൾ. പലിശയ്ക്കു പലിശയും, ഇരട്ടി പലിശയും പിഴയും കൊച്ചിയിൽ, കേരളത്തിൽ, കടന്നുകൂടിയതു കപ്പൽവഴിക്കാണു്.

'ക്രിമിനൽനിയമം' തീരെ 'ശാട്ടുമട്ടില്ലാത്തതാ'യിരുന്നു. സദാചാരത്തേയൊ സമുദായാചാരത്തേയൊ ലംഘിക്കുന്നതായ കുററങ്ങൾക്കു സമുദായക്കാർതന്നെയാണു ശിക്ഷകൾ നടത്തിയിരുന്നതു്. രാജാവിന്റെ 'മനുഷ്യം' ശിക്ഷ അമിതമായിപ്പോകാതിരിപ്പാനും, നിശ്ചിത ശിക്ഷ യഥാക്രമം നടത്തിക്കുവാനുമായി സന്നിഹിതരായിരിക്കുന്നതാണു പതിവു്. വ്യഭിചാരം, ജാതിവലുപ്പമനുസരിച്ചു വിശേഷിച്ചും, വളരെ വലിയ ഒരു കുററമായിരുന്നു. ജാതിഭ്രഷ്ടിൽ താന്നതായ ഒരു ശിക്ഷയും ആ കുററത്തിനുണ്ടായിരുന്നില്ല. 'സ്മാർത്തവിചാരം' ബ്രാഹ്മണരുടെ വ്യഭിചാരകാര്യത്തിലുള്ള അന്വേഷണരീതിയാകുന്നു. 'തൊട്ടതിന്മേൽ തൊട്ടു്' വളരെപ്പേർക്കു സ്മാർത്തവിചാരത്തിൽ ഭ്രഷ്ടു് കല്പിക്കപ്പെടാറുണ്ടു്. സന്ദർഭംപോലെ വ്യഭിചാരിയുടെ മുതലുകൾ 'പണ്ടാരത്തിലേയ്ക്കു' കണ്ടുകെട്ടിയിരുന്നു.

ഇളകുന്ന മുതലുകളെ സംബന്ധിക്കുന്ന കുററങ്ങൾക്കു് ഇന്നും അന്നുമായി വളരെ വലിയ വ്യത്യാസമുണ്ടു്. അന്നത്തെ പ്രധാനോദ്ദേശ്യം കളവു മുതൽ വീണ്ടെടുക്കുകയായിരുന്നു. കള്ളനെ ശിക്ഷിക്കുന്നതിനു രണ്ടാംസ്ഥാനംമാത്രമാണുണ്ടായിരുന്നതു്. എങ്കിലും അടിശിക്ഷ പരക്കെ നല്കപ്പെട്ടിരുന്നു. നീണ്ടകാലത്തെ തടവുശിക്ഷ സാധാരണ നല്കപ്പെട്ടിരുന്നില്ല. ചിലപ്പോൾ മോഷണം നിമിത്തം മോഷ്ടാവിന്റെ മുതലുകൾ —സ്വന്തം സ്വത്തുക്കൾ— കണ്ടുകെട്ടിയിരുന്നതായി കാണുന്നുണ്ടു്. അതിനു് ഇന്നത്തെ പിഴകല്പിക്കുന്നതിന്റെ സ്ഥാനമായിരുന്നു. തടവുകാരനെ സർക്കാരിൽനിന്നു തീററകൊടുത്തു വളർത്തുന്നതു് അത്ര അഭിലഷണീയമായി തോന്നിയിരിക്കുകയില്ല. അങ്ങനെ വേണ്ടിവന്നാൽ ആ വക ചിലവുകൾ ആവലാതിക്കാരൻ വഹിക്കേണ്ടിയും വന്നു. ബ്രാഹ്മണദ്രോഹം, ഗോഹത്യ, ബലാൽസംഗം, നരഹത്യ, രാജദ്രോഹം, മുതലായ കുററങ്ങൾക്കു മരണശിക്ഷതന്നെ കല്പിച്ചിരുന്നു. സ്ത്രീകളേയും ബ്രാഹ്മണരേയും വധശിക്ഷയ്ക്കു വിധിച്ചിരുന്നില്ല. അല്ലാതെ, കുററക്കാരന്റെ മാനമൊ, സ്ഥാനമൊ, ഒന്നും ശിക്ഷയിൽനിന്നു് അവനെ നീക്കി

നിൎത്തിയിരുന്നില്ല. ആവലാതിക്കാരൻ, രാജപ്രതിനിധിയുടെ മുമ്പാകെ 'കേസ്സു തെളിയിക്കണം'. ആവലാതി കളവാണെന്നു കണ്ടാൽ പ്രതിക്കു കിട്ടുമായിരുന്ന ശിക്ഷയേക്കാരം കൂടുതൽ ആയിരിക്കും അന്യായക്കാരനു സിദ്ധിക്കുന്ന ശിക്ഷ. നാടുവാഴികരം, പ്രഭുക്കന്മാർ എന്നു തുടങ്ങിയവരെ ശിക്ഷിക്കാൻ പാടില്ലെന്നായിരുന്നു വെയ്പ്. എന്നാൽ ശക്തൻതമ്പുരാന്റെ കാലത്തു് — മാൎത്താണ്ഡവൎമ്മമഹാരാജാവാണു് അതു് ആദ്യം തുടങ്ങിവെച്ചതു് — നമ്പൂരിയെന്നൊ നായരെന്നൊ, പ്രഭു എന്നൊ, നാടുവാഴി എന്നൊ ഉള്ള യാതൊരു വ്യത്യാസവും കൂടാതെ, കുററക്കാർ മുഴുവനും തക്ക ശിക്ഷകരംക്കു പാത്രമായിത്തീൎന്നു. മിക്കപ്പോഴും കുററം കേരംക്കുന്നതും, ശിക്ഷ കല്പിക്കുന്നതും, പലപ്പോഴും ശിക്ഷകരം നടത്തുന്നതും, ശക്തൻതമ്പുരാൻ നേരിട്ടുതന്നെ ആയിരുന്നു.

ശക്തൻതമ്പുരാന്റെ നിൎയ്യാണാനന്തരം വളരെ താമസിക്കാതെ തന്നെ മഹാനായ മൺറോ സായ്പിന്റെ ഭരണംതുടങ്ങി. അദ്ദേഹത്തിന്റെ ഏതദ്വിഷയം സംബന്ധിച്ച 'മെമ്മൊറാണ്ടം' തന്നിമിത്തം ഈ ഘട്ടത്തിൽ എത്രയും സംഗതമായിട്ടുള്ളതാകുന്നു.

"രാജ്യം മുഴുവൻ ദേശങ്ങളായി ഭാഗിക്കപ്പെട്ടിരുന്നു. ഓരോ ദേശത്തും 'ദേശവാഴി'യുണ്ടായിരുന്നു. രാജസ്ഥാനത്തിൽ ചേൎന്ന അധികാരങ്ങളിൽ പലതും ദേശവാഴിയിൽ രാജകീയാനുമതിപ്രകാരം നിക്ഷിപ്തങ്ങളായിരുന്നു. അമ്പലപ്പടി ഊരായ്മ, ദേശം, ദേശാധിപത്യം എന്നിവയോടുകൂടിയവനായിരുന്നു ദേശവാഴി. അദ്ദേഹത്തെ ഭരണകാൎയ്യത്തിൽ ദേശപ്രമാണികരം സഹായിച്ചിരുന്നു. പ്രമാണിത്വത്തിന്റെ അടിസ്ഥാനം ആ വ്യക്തിയുടെ ബുദ്ധിശക്തിയും സ്വാധീനശക്തിയും മാത്രമായിരുന്നു. ദേശവാഴികരം മീതെയായിരുന്നു നാടുവാഴി. "ഒന്നാമത്തെ കളവിനു പിഴയും കളവുമുതൽ മടക്കിക്കൊടുക്കലും, രണ്ടാമത്തേതിനു വസ്തുക്കരം കണ്ടുകെട്ടലും, മൂന്നാമത്തേതിനു വധശിക്ഷയും, ഇങ്ങനെയായിരുന്നു നടപടി."

ശക്തൻതമ്പുരാന്റെ ഭരണകാലത്തു ദേശവാഴികളും നാടുവാഴികളും മററും കേവലം നാമമാത്രന്മാരായി. അധികാരശക്തി മുഴുവനും രാജാവിങ്കൽ സംക്രമിച്ചു. രക്ഷാശിക്ഷകരംക്കുള്ള സകലഭാരവും ബാദ്ധ്യതയും രാജാവിനായി. കീഴ്മൎയ്യാദയെ രാജാവു പാലിച്ചിരുന്നതു സ്വന്തം കിങ്കരന്മാരോ ഉദ്യോഗസ്ഥന്മാരോ വഴിക്കായിരുന്നു. ഈ

ഖണ്ഡത്തിൽ ചേർത്തിരിക്കുന്ന ഹുക്കുനാമങ്ങൾ നോക്കിയാൽ ആ പരിണാമം പ്രത്യക്ഷപ്പെടുന്നതാണ്. ദേശവാഴികളുടെ സ്ഥാനം പ്രവൃത്തിയാരന്മാരും, നാട്ടുവാഴികളുടെ സ്ഥാനം കാര്യക്കാരന്മാരും വഹിച്ചിരുന്നതായും, കൊമ്പാന്താന്മാരുടെ പിൻബലത്തോടുകൂടി അവർ സ്ഥാനപ്രവൃത്തികൾ നടത്തിയിരുന്നതായും തെളിയുന്നു. റവന്യൂ, സിവിൽ, ക്രിമിനൽ, മിലിട്ടറി, എന്നീ നാലുവകുപ്പുകളും ആ ഉദ്യോഗസ്ഥന്മാർക്ക് ഓരോരുത്തർക്കും യഥാക്രമം നല്കപ്പെട്ടിരുന്നു; അവരവരുടെ അധികാരപരധികളെ വ്യവസ്ഥപ്പെടുത്തുകയും രാജസ്ഥാനത്തുനിന്നു നേരിട്ടു നടത്തേണ്ട സംഗതികളെ വിവരിക്കുകയും ചെയ്തിരുന്നു.

'സത്യംചെയ്യൽ' അക്കാലത്ത് ഏതാനുമൊക്കെ നടപ്പുണ്ടായിരുന്നു എങ്കിലും 'കൈമുക്കലും' 'അകവും' മിക്കവാറും നാമാവശേഷമായിരുന്നു. തെളിവ് എടുക്കലും കൊടുക്കലും അന്നു സർവ്വസാധാരണമായിരുന്നു. വിദ്വാന്മാരുംവിവേകികളുമായിരുന്ന ജൂറിമാർ, ആയിരുന്നു അഭിപ്രായപ്പെട്ടിരുന്നത്. ആ അഭിപ്രായങ്ങൾ, രാജസ്ഥാനത്ത് എത്തിക്കേണ്ടവയായിരുന്നാൽ അവിടെ സമർപ്പിക്കുകയും, രാജാവു ശിക്ഷിക്കുകയും ചെയ്തുവന്നു. ശിക്ഷകൾ നടത്തുന്നതിന്, വിശേഷിച്ചും വധശിക്ഷ നിർവ്വഹിക്കുന്നതിന്, പ്രത്യേകം ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു. 'കൊലച്ചോറു കൊടുക്കുന്ന' സമ്പ്രദായം അന്നുണ്ടായിരുന്നതായി കണക്കുകളിൽ കാണുന്നുണ്ട്. ഉദ്യോഗസ്ഥന്മാർ നടക്കേണ്ടും പ്രകാരങ്ങൾക്കെല്ലാം തിരിച്ചു തിരിച്ചു ഹുക്കുനാമങ്ങൾ നല്കിയിരുന്നു. അവരുടെ വ്യതിയാനങ്ങൾക്കു നിശ്ചയിച്ചിരുന്ന ശിക്ഷകൾ കഠിനങ്ങളായിരുന്നു. ശിക്ഷകളുടെ കാഠിന്യം കാലാനുസൃതമെന്നേ പറഞ്ഞുകൂടൂ. ശരിയായ അച്ചടക്കത്തിൻെറയെല്ലാം ആധാരമായ അടിസ്ഥാനം ഭയം തന്നെയാണ് ഇന്നും എന്നു വരുമ്പോൾ അന്നത്തെ കാര്യം പറയേണ്ടതില്ലല്ലോ.

രാജ്യത്തിൽ സമാധാനം പരിപാലിക്കുക; ജനങ്ങൾക്കു പ്രവൃത്തി എടുത്തു യഥാവിധി ജീവസന്ധാരണംചെയ്യുന്നതിൽ അന്യരിൽ നിന്നുള്ള ഉപദ്രവങ്ങൾ ഒന്നും ഇല്ലാതിരിക്കുക; അക്രമങ്ങളേയും അനീതികളേയും അപ്പപ്പോൾ അമർത്തുക; കൃഷി കച്ചവടം മുതലായതു പുഷ്ടിപ്പെടുത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുക; ഇത്രയുമായാൽ അന്നത്തെ കാലസ്ഥിതിക്കു തൃപ്തികരമായ ഒരു ഭരണവ്യവസ്ഥയായി. ഭരണകാര്യത്തിൽ ശക്തൻതമ്പുരാൻ വിമോഹനമായവിധം വിജയിയായിരുന്നു

എന്നു് ആരും സമ്മതിക്കാതിരിക്കയില്ല. "അടുത്തകാലത്തെങ്ങും കൊച്ചിരാജ്യവാസികഠം അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത സൈ്വരവും സുഖവും സമാധാനവും ശക്തൻതമ്പുരാന്റെ കാലത്തു് അവർ ആസ്വദിച്ചു" എന്നാണു് അദ്ദേഹത്തോടു് ആദരാധിക്യം അശേഷം പ്രദശിപ്പിച്ചിട്ടില്ലാത്ത ചരിത്രകാരന്മാർപോലും രേഖപ്പെടുത്തിയിരിക്കുന്നതു്.

൨

ശുക്രനീതി.

'ശുക്രനീതി' രാജാക്കന്മാരുടെ നടപടികളേയും മുറകളേയും ഭരണകാൎയ്യങ്ങളേയും സവിസ്തരം പ്രതിപാദിക്കുന്ന ഒരു പഴയഗ്രന്ഥമാകുന്നു. അതിൽ വിവരിച്ചിരിക്കുന്ന ചിലകാൎയ്യങ്ങഠം കാണുമ്പോഠം ശക്തൻതമ്പുരാൻ പ്രസ്തുതഗ്രന്ഥവുമായി ഏററവും അടുത്തു പരിചയിച്ചിരുന്നു എന്നു വിചാരിക്കണം. അവിടുത്തെ പ്രസിദ്ധങ്ങളായ അപദാനങ്ങളിൽ മിക്കതിനും ആ അമൂല്യഗ്രന്ഥത്തിൽ പ്രാമാണ്യം കല്പിച്ചു കാണുന്നുണ്ടു്. അതിൽനിന്നു്, ചില ഭാഗങ്ങഠം ഉദ്ധരിക്കുന്നതു പ്രകൃതത്തിനു് അനുയോജ്യമായിരിക്കുമെന്നു വിചാരിക്കുന്നു.

"രാജാവിൻ ധൎമ്മങ്ങളിൽ പരമമാകുന്നതു
ലോകരക്ഷണം തഥാ ദുഷ്ടനിഗ്രഹം നിത്യം.

രാജാവിൻ ദണ്ഡനീതീഭയത്താലല്ലോ ധരാ-
വാസികഠം ഭവിപ്പതു സ്വധൎമ്മനിരതരായ്.
മഹത്താം ദണ്ഡനീതീഭയത്താൽ നൃപോത്തമൻ
സമസ്തജനത്തേയും ധൎമ്മിഷ്ഠരാക്കീടേണം.

ലോകരക്ഷണത്തിങ്കൽ ദക്ഷനും നിരതനും
ശൂരനും പരാക്രമീ സന്തതം ദാന്തൻ സദാ
ലോകപീഡകന്മാരെശ്ശിക്ഷിപ്പാനുദ്യുക്തനും
ആയിടുന്നവൻതന്നെ ക്ഷത്രിയനായുള്ളവൻ.

ദൃക്കായതമാത്യനും, ശ്രോത്രങ്ങഠം സുഹൃത്തതും,
ചൊല്ലേറ്റുണ്ട മുഖം കോശം, ബലമങ്ങഹോ മനം,
ഹസ്തപാദങ്ങഠംരണ്ടും ദുൎഗ്ഗങ്ങഠം രാഷ്ട്രങ്ങളും
വ്യക്തമായേവം വിധം സ്മൃതമാകുന്നു രാജ്യം.

ദണ്ഡകൃത്താകും യമൻ ദണ്ഡനംചെയ്യുംപോലെ
ദണ്ഡിച്ചുകൊണ്ടിടുന്നു ദുഷ്ടരേ നരവരൻ.

ഈവിധമോരോ വാർത്തയാരാഞ്ഞങ്ങറിയിക്കാൻ
ചൊവ്വോടെ ഗൂഢചാരന്മാരേ വെച്ചവർ മൂലം
ഉർവ്വിയിൽ സുകീർത്ത്യനാം നൃവരൻ ലോകദൃഷ്ട്യാ
സർവ്വവുമറിയേണം തന്നുടെ കുറവുകൾ.

പാന്ഥരെപ്പീഡിപ്പിക്കും ദുഷ്ടരെ ദയാഹീനം
അന്തകാലയത്തിനായയച്ചീടുകവേണം.

മന്ത്രിയാണെന്നാകിലുമൊരിക്കൽ കുററം കണ്ടാൽ
മന്നവനേകാന്തത്തിലവരെദ്ദണ്ഡിക്കണം. *

ശക്തൻതമ്പുരാൻ ഈവക ധർമ്മശാസനങ്ങളെ ലോപംകൂടാതെ അനുസരിച്ചുപോന്നിരുന്നു എന്നു് അവിടുത്തെ സംബന്ധിക്കുന്ന കഥകൾ ധാരാളം തെളിയിക്കുന്നുണ്ടു്. "ലോകരക്ഷണ"ത്തിൽ അവിടുന്നു ജാഗരൂകനായിരുന്നു. അനാഥന്മാരും നിരാശ്രയരും അവിടുത്തെ പ്രത്യേകകാരുണ്യത്തിനു സർവ്വഥാ പാത്രവാന്മാരായിരുന്നു. "ദുഷ്ടനിഗ്രഹം നിത്യം" അവിടുന്നു് ഒരു വ്രതം പോലെ നിറവേററിയിരുന്നു. "രാജാവിൻെറ ദണ്ഡനീതിയിലുള്ള ഭയത്താൽ മാത്രമാണു ധരാവാസികൾ ധർമ്മതല്പരരായി ഭവിക്കുന്നതു്" എന്നുള്ളതു യഥാർത്ഥത്തിൽ ഇന്നും അക്ഷരംപ്രതി പരമാർത്ഥമാകുന്നു. "ലോകപീഡകന്മാരെ ശിക്ഷിപ്പാനുദ്യുക്തനായിട്ടാ"യിരുന്നു അവിടുത്തെ പ്രച്ഛന്നവേഷത്തിലുള്ള പര്യടനങ്ങൾ മുഴുവനും. 'ഗൂഢചാരന്മാരെവെച്ചു്, അവർ മൂലം തന്നുടെ കുറവുകൾ സർവ്വവും അറിയുന്നതിനു്' ഇത്രമാത്രം ശ്രമപ്പെട്ടിട്ടുള്ള ഒരു രാജകേസരി ഉണ്ടായിട്ടില്ലെന്നുതന്നെ പറയണം. "പാന്ഥരെ പീഡിപ്പിക്കുന്ന ദുഷ്ടരെ, ദയാഹീനം അന്നു് "അന്തകാലയത്തിനയച്ചി"ട്ടുള്ളതിനു കയ്യും കണക്കുമില്ല. 'മന്ത്രിയാണെന്നാകിലും ഒരിക്കൽ കുററം കണ്ടാൽ അവനെ ഏകാന്തത്തിൽ ദണ്ഡിക്കുന്ന'തിനു പകരം പരസ്യമായിത്തന്നെ ദണ്ഡിപ്പിക്കുകയാണു് അവിടുന്നു ചെയ്തിട്ടുള്ളതായിക്കാണുന്നതു്.

രാജ്യത്തു നടക്കേണ്ടുന്ന നീതിമുറകളെ രാജാക്കന്മാർ പ്രസിദ്ധംചെയ്യണമെന്നാണു് അന്നത്തെ വിധി. ഇന്നത്തെപ്പോലെ കോഡുകളും

* മിസ്റ്റർ വി. വി. നാരായണപിള്ളയുടെ പരിഭാഷ.

വകപ്പുകളും അന്നില്ലല്ലൊ. ദാസരോടൊ, ഭൃത്യരോടൊ, ഭാൎയ്യാപു ത്രാദികളോടൊ യാതൊരാളും "കാതാഴ്ക്ക കൊള്ളിവാക്യം പാരുഷ്യവാക്യങ്ങളും" അളവിലും തൂക്കത്തിലും സാധനങ്ങളുടെ സഹജമായ ശുദ്ധിയിലും "യാതൊരു മറിമായമായതുമെന്റെ നാട്ടിൽ, യാതൊരു മനുഷ്യരും ചെയ്യരുതൊരുനാളും". ആരും ആരോടും ബലം പ്രയോഗിച്ച യാതൊരുവിധമായ രേഖയും വാങ്ങിപ്പോകരുതു്. "കോഴയും കൈക്കാണവും വാങ്ങരുതാരും തന്നെ; സ്വാമികാൎയ്യത്തിലാരും ലോപവും വരുത്താഴ്ക". കുററക്കാരായവരെ ആരേയും ആരും മാച്ചുവെക്കരുതു്. "വാപികൾ, കൂപങ്ങളും, സീമകളാരാമവും, ദേവതാഗൃഹം, ധൎമ്മശാലകൾ, മാൎഗ്ഗങ്ങളും, ആരുമെ തടയരുതേതുമേയന്ധരേയും, ദീനരാം ജനത്തേയും, വികലാംഗന്മാരെയും" എന്നുതുടങ്ങിയ ശാസ്ത്രോക്തങ്ങളായ പ്രഖ്യാപനങ്ങൾക്കെല്ലാം ശക്തൻതമ്പുരാന്റെ ഹുക്കുനാമങ്ങളിൽ പ്രാധാന്യം നല്കിക്കാണുന്നതുകൊണ്ടു "രാജാവു നീതിശാസ്ത്രനിപുണനായിരിക്കണ"മെന്ന ശാസനത്തെ അവിടുന്നു യഥാവിധി നിൎവ്വഹിച്ചിട്ടുള്ളതായിക്കാണുന്നു.

"രാജാവിന്റെ രേഖാമൂലമായ കല്പനകൂടാതെ ഉദ്യോഗസ്ഥന്മാർ ഒന്നും ചെയ്യുകൂടാ. രേഖകൂടാതെയുള്ള കല്പന രാജാവു കൊടുക്കയും അരുതു്" എന്നതു് അവിടുത്തെ മുദ്രാവാക്യമായിരുന്നു എന്നു് എഴുത്തുകുത്തുകൾ സ്പഷ്ടമാക്കുന്നുണ്ടു്. "ബാക്കി വേണ്ടതിനു തീട്ടൂരം എഴുതിവരികയും വേണം" എന്നു് ഉദ്യോഗസ്ഥന്മാരും, "മേലിൽ വേണ്ടതിനു തീട്ടൂരം എഴുതിവരികയും ചെയ്യും" എന്നു രാജാവും, പരസ്പരം എഴുതുന്നതു സാധാരണമായിരുന്നു.

"തൽകാൎയ്യത്തിനു് ആസ്പദമായ ഗ്രാമത്തിലുള്ളവരാണു വാദകാൎയ്യങ്ങൾ നിൎണ്ണയിക്കുന്നതിനു് ഏററവും പററിയവർ" എന്ന തത്വത്തെ അവിടുന്നു് അംഗീകരിച്ചു പ്രവൎത്തിച്ചുവന്നു. വിവാദങ്ങൾ തീൎക്കുന്നതു് അതതു സ്ഥലത്തുവെച്ചുതന്നെ വേണമെന്നും കൂടി നിഷ്കൎഷിച്ചിരുന്നു.

"അത്യധികം ബലമായ ശത്രുവേ സേവ്‌യും താഴ്മയുംകൊണ്ടു തൃപ്തിപ്പെടുത്തണം. സാമാന്യബലവാനെ ദാനങ്ങൾകൊണ്ടു തൃപ്തിപ്പെടുത്തണം. ദുർബലനോടു യുദ്ധം ചെയ്യണം" എന്നാണു നീതിശാസ്ത്രക്കാരന്റെ ഉപദേശം. അതിനെ അക്ഷരംപ്രതി ശക്തൻതമ്പുരാൻ അനുസരിച്ചിരിക്കുന്നു.

ആനകൾ, കാളകൾ, ഒട്ടകങ്ങൾ, കുതിരകൾ എന്നിവയുടെ ലക്ഷണങ്ങൾ, അവയെ രക്ഷിക്കേണ്ടും ക്രമങ്ങൾ, എന്നാദിയായ വിഷയങ്ങളിൽ തമ്പുരാൻ പ്രാഗത്ഭ്യം പ്രദർശിപ്പിച്ചിരുന്നു എന്നു് അവിടത്തെ ഏുകനാമങ്ങളും ലേഖനങ്ങളും തെളിയിക്കുന്നു. ആവക വിഷയങ്ങളെല്ലാം ശുക്രനീതിയിൽ പ്രത്യേകം പ്രതിപാദിക്കപ്പെട്ടിട്ടുള്ളവയുമാണു്. അതിൽനിന്നു് അവിടുന്നു ശാസ്ത്രങ്ങളിൽ തികച്ചും പണ്ഡിതനായിരുന്നു എന്നു ന്യായമായി വിശ്വസിക്കാവുന്നതാണു്.

൩

അഗ്നിപുരാണോക്തി

"രാജാവിന്റെ അംഗരക്ഷകൻ നല്ല വാൾക്കാരനായിരിക്കണം"മെന്നാണു് അഗ്നിപുരാണം പറയുന്നതു്. ശക്തൻതമ്പുരാന്റെ അംഗരക്ഷകനായും ദൂതനായും (കിങ്കരനായും) വർത്തിച്ചിരുന്ന പണിക്കരുകപ്പിത്താനും പ്രസിദ്ധനായ 'പേരാററപ്പുറവും' (പണിക്കാർസ്ഥാനമുള്ള നമ്പൂതിരി) അക്കാലത്തെ ഖഡ്ഗപ്രയോഗങ്ങളിൽ അതിചതുരന്മാരായിരുന്നു.

"രാജാവു ചാരന്മാരെക്കൊണ്ടു നോക്കിക്കാണുന്നവനായിരിക്കണം. ചാരന്മാരെ എല്ലായ്പോഴും ഏർപ്പെടുത്തണം. ചാരന്മാർ ജനങ്ങളാൽ അറിയപ്പെട്ടവരായിരിക്കരുതു്. സൗമ്യതയുള്ളവരായിരിക്കണം. ചാരന്മാർ തമ്മിൽത്തമ്മിൽ അറിയപ്പെട്ടവരായിരിക്കയുമരുതു്". എന്നുള്ള അഗ്നിപുരാണക്കാരന്റെ നിർദ്ദേശത്തെ ശക്തൻതമ്പുരാൻ സനിഷ്കർഷം പരിപാലിച്ചിരുന്നു.

ശക്തൻതമ്പുരാൻ തന്റെ രാജ്യത്തെ 'പ്രവൃത്തി'കളായിതിരിച്ച 'പ്രവൃത്തിയാരന്മാരേ'യും, പല 'പ്രവൃത്തിക'ൾക്കും കൂടി ഒരു 'കോവിലത്തുംവാതലും', പല കോവിലകത്തുംവാതുക്കലുകൾക്കുംകൂടി ഒരു 'മുഖ'ത്തേയും, 'മുഖ'ങ്ങൾക്കു ഒക്കെക്കൂടി ഒരു അധിപതിയേയും നിശ്ചയിച്ചതു പുരാണങ്ങളിലെ ശാസനമനുസരിച്ചാണെന്നു് അഗ്നിപുരാണത്തിലെ താഴെ ചേർക്കുന്ന ഖണ്ഡിക വെളിപ്പെടുത്തുന്നു. "രാജാവു് ഓരോ ഗ്രാമങ്ങൾക്കു് അധിപതിയായി ഓരോ ആളേയും, അങ്ങനെയുള്ള പത്തുഗ്രാമങ്ങൾക്കു് അധിപതിയായി ഒരാളേയും, എല്ലാററിനും ഉപരിയായി ഒരു "വിഷയേശ്വര"നേയും നിയമിക്കുകയും, അവർക്കുള്ള

വേതനങ്ങൾ വ്യവസ്ഥപ്പെടുത്തുകയും, അവരുടെ പ്രവൃത്തികളെ രാജാവു ചാരന്മാർ മുഖേന എപ്പോഴും പരീക്ഷിച്ചുകൊണ്ടിരിക്കയും വേണം."

"രാജാവു ബകം (കൊററി) എന്നപോലെ കാര്യങ്ങൾ അഗാധമായി ചിന്തിക്കണം; സിംഹം എന്നപോലെ പരാക്രമം പ്രകടിപ്പിക്കണം; വൃകം (ചെന്നായ്) എന്നപോലെ ശത്രുക്കളെ ഹിംസിക്കണം; ശശം (മുയൽ) എന്നപോലെ കാര്യങ്ങളിൽ എഴുന്നുചാടണം; സൂകരം (പന്നി) എന്നപോലെ ദൃഢമാംവണ്ണം പ്രഹരിക്കണം; ശിഖി(മയിൽ) എന്നപോലെ നാനാപ്രകാരങ്ങളിലുള്ള ആകാരങ്ങളോടുകൂടിയവനായിരിക്കണം; ശ്വാവ് എന്നപോലെ ദൃഢഭക്തിയുള്ളവനായിരിക്കണം; കോകിലം (കുയിൽ) എന്നപോലെ മധുരമായി സംഭാഷണം ചെയ്യണം; കാകൻ എന്നപോലെ അപരിചിതസ്ഥാനത്തു പാർക്കാതിരിക്കണം."

"രാജാവു സൂര്യനെന്നപോലെ മഹത്തായ തേജസ്സുകൊണ്ടു ദുന്നിരീക്ഷ്യനാകുന്നു. ജനങ്ങൾ രാജാവിനെ കണ്ടാൽ ചന്ദ്രനെക്കണ്ടാലെന്നപോലെ കുളർമയെ പ്രാപിക്കും. രാജാവു ചാരന്മാരെക്കൊണ്ടു ലോകം മുഴുവനും വ്യാപിച്ചിരിക്കുന്നതുകൊണ്ടു വായുതുല്യനാകുന്നു. ദോഷനിഗ്രഹനായ രാജാവു യമതുല്യനാകുന്നു. ദുർബുദ്ധിയെ ദഹിപ്പിക്കുന്ന രാജാവ് അഗ്നിതുല്യനാകുന്നു. ദാനനിരതനായ രാജാവു കുബേരതുല്യനാകുന്നു. ക്ഷമാശീലനായ രാജാവു പൃഥിവിയോടു തുല്യനാകുന്നു. ഉത്സാഹശക്തി, മന്ത്രശക്തി മുതലായവകൊണ്ടു രാജാവു വിഷ്ണുതുല്യനാകുന്നു."

ശക്തൻതമ്പുരാന്റെ ദണ്ഡനീതി ജനങ്ങളെ വല്ലരെയെല്ലാം ദണ്ഡിപ്പിച്ചു എന്നു പറയാതെ തരമില്ല. എന്നാൽ അവിടുത്തെ ശിക്ഷകളെല്ലാം കാലാനുസൃതങ്ങളും മിക്കവാറും ശാസ്ത്രോക്തങ്ങളുമായിരുന്നു എന്നതിനു തർക്കമില്ല. അഗ്നിപുരാണത്തിലെ ഒരു വകുപ്പു നോക്കുക. 'പശു മുതലായ മൃഗങ്ങളെ കൊല്ലുന്നവന്റെ കൈകാലുകൾ പകുതി വെച്ചു ഛേദിക്കേണ്ടതാണ്. വൃക്ഷത്തെ ബലഹീനമാക്കി ചെയ്യുന്നവൻ ഒരു 'സുവർണ്ണം' പിഴയടക്കണം. വഴി മുറിക്കുക, അതിരു വെട്ടുക, ജലാശയം പിളക്കുക, എന്നിവയ്ക്കു് ഇരട്ടി പിഴയിടണം. സ്ത്രീകളെ അപഹരിച്ചാൽ വധശിക്ഷതന്നെ വേണം. ഒരു കള്ളൻ ഏതംഗങ്ങൾ കൊണ്ടാണോ മുതൽ മോഷ്ടിപ്പാൻവേണ്ടി മനുഷ്യരെ ഉപദ്രവിക്കുന്നതു്,

അവന്റെ ആ അംഗങ്ങളെ രാജാവു ഛേദിച്ചുകളയണം. നിലവും പുരയിടവും അപഹരിക്കുക, പതിയെ ബലാൽക്കാരംഗമിക്കുക, തീപ്പൊള്ളിക്കുക, വിഷം കൊടുക്കുക, ഭയപ്പെടുത്തി കൊല്ലാൻ ആയുധം കാണുക എന്നിവയ്ക്കും വധശിക്ഷതന്നെ കൊടുക്കണം. തന്നേക്കാൾ ഉയൎന്ന കുലത്തിൽ പിറന്ന സ്ത്രീയെ ഗമിക്കുന്ന അപകൃഷ്ടജാതിക്കാരൻ വധത്തിനൎഹനാകുന്നതാണു്. പ്രജകളെ രക്ഷിപ്പാനായി നിയമിക്കപ്പെട്ടവർ പ്രജകളിൽനിന്നു ധനം അപഹരിക്കുന്നതായാൽ അവരുടെ എല്ലാ മുതലും രാജാവു കണ്ടുകെട്ടുകയും അവരെ രാജ്യഭ്രഷ്ടരാക്കുകയും വേണം. കൊള്ളക്കാരെ രക്ഷിക്കുന്നവരെ രാജാവു നിഗ്രഹിക്കണം. അന്യോന്യം സന്ധിചെയ്തു രാത്രിയിൽ കവച്ച നടത്തുന്ന തസ്കരന്മാരെ രണ്ടു കൈകളും ഛേദിച്ചു്, കൂൎത്തശൂലത്തിന്മേൽ കയററണം. മാൎഗ്ഗമദ്ധ്യേ വിസൎജ്ജനം ചെയ്യുന്നവനെക്കൊണ്ടു് അതു കോരിച്ചു മാററി വഴി ശുദ്ധമാക്കിക്കുകയും പിഴയടപ്പിക്കുകയും വേണം. കച്ചവടസ്സാധനങ്ങളെ ദൂഷിപ്പിച്ചു വില്ക്കുക, സാധനമാററം ചെയ്തു വ്യാപരിക്കുക, കള്ളത്താപ്പുകൾ ഉപയോഗിക്കുക ഈ കുററങ്ങൾക്കു് 'ഉത്തമസാഹസദണ്ഡം' ശിക്ഷ കല്പിക്കണം.

'രാജാവു പ്രത്യക്ഷദൈവമാണു്' എന്നൊരു ചൊല്ലു സാധാരണമായിട്ടുണ്ടെങ്കിലും, ഇംഗ്ലണ്ടിലും മററും പണ്ടൊരുകാലത്തു പ്രചാരത്തിൽ ഉണ്ടായിരുന്ന "ദൈവവും രാജാവും ഒന്നുതന്നെ" എന്ന തരത്തിലുള്ള ഒരു അഭിപ്രായത്തിനു്, ഹിന്ദുശാസ്ത്രങ്ങളേയും പുരാണങ്ങളേയും സംബന്ധിച്ചേടത്തോളം, വലിയ അടിസ്ഥാനമോ സാധുതയോ ഉണ്ടെന്നു തോന്നുന്നില്ല. പല കാരണത്താലും രാജാവു് ഈശ്വരനെപ്പോലെ വായു, യമൻ, വിഷ്ണു മുതലായവരെപ്പോലെ— ആണെന്നു പറയുന്നതല്ലാതെ, രാജദ്രോഹത്തെ ദൈവദ്രോഹമായി ഹിന്ദുനീതിശാസ്ത്രജ്ഞന്മാർ ആരും കരുതിപ്പോന്നിട്ടില്ല. മിക്കവാറും രാജാവു പ്രജാഹിതം പ്രവൎത്തിച്ചിരുന്നവനും പ്രവൎത്തിക്കേണ്ടവനും ആകുന്നു. പ്രജാദ്രോഹികളായ രാജാക്കന്മാരെ ശിക്ഷിച്ചതായും മാററിയതായും ഉദാഹരണങ്ങളും ഇല്ലായ്കയില്ല. ധൎമ്മശാസ്ത്രങ്ങളാലും, ആചാരാദികളാലും എന്നും രാജാവു നിയന്ത്രിതനായിരുന്നു.

കേവലം "ദൎശനങ്ങളിൽ" മാത്രമല്ലാ, ലോകവ്യാപാരാദികളിലും പൗരാണികന്മാർ പ്രഗത്ഭന്മാരും പ്രയോഗചാതുൎയ്യം സമ്പാദിച്ചിരുന്നവരും ആയിരുന്നു എന്നു് അക്കാലത്തെ ഓരോ ഗ്രന്ഥങ്ങൾ ഓരോ

ന്നോരോന്നായി പുറത്തുവരുന്നതോടുകൂടി ലോകം വിസ്മയസമന്വിതം മനസ്സിലാക്കിക്കൊണ്ടുവരുന്നുണ്ട്. കൗടില്യന്റെ അർത്ഥശാസ്ത്രം എന്ന ലോകോത്തരഗ്രന്ഥം വിസ്മൃതിയുടെ ഗർത്തത്തിൽനിന്നു പുറത്തു വന്നതോടെ നവീനലോകം ഒരു പുതിയശ്രദ്ധയോടും ദൃഷ്ടിയോടും കൂടി പുരാതനഭാരതത്തിലെ ഭൗതികസംസ്കാരത്തെ വീക്ഷിക്കുവാൻ തുടങ്ങീട്ടുണ്ട്. ആ അർത്ഥശാസ്ത്രം അതിനു മുമ്പുണ്ടായിരുന്ന അനേക ഗ്രന്ഥങ്ങളിൽനിന്നുള്ള ഒരു ചെറിയസംഗ്രഹം മാത്രമാണെന്നുകൂടി അറിയുമ്പോൾ ആരും അമ്പരന്നുപോകും. മഹാഭാരതത്തിലും, അഗ്നിപുരാണത്തിലും മററും "രാജനീതി" സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതുമാകുന്നു.

ശക്തൻതമ്പുരാൻ ദേശമര്യാദകളേയും കീഴ്നടപ്പുകളേയും ശാസ്ത്രോക്തങ്ങളായ ശാസനകളേയും വേണ്ടതിൻവണ്ണം ആദരിച്ചിരുന്നു എന്നു്, അവിടുന്നു മലബാർജില്ലാനിർമ്മാണാവസരത്തിൽ എഴുതി അയച്ച മറുപടിയിൽനിന്നും, തെളിയുന്നുണ്ടു്. കൂടാതെ "വൈദ്യനാഥദീക്ഷിതീയം" എന്ന ഗ്രന്ഥത്തിന്റെ ഒരു പ്രതി കിട്ടുന്നതിനുവേണ്ടി അവിടുന്നു പലേടത്തേയ്ക്കും ആളുകളെ അയച്ചു് അന്വേഷണം നടത്തിയതായി ഒരു തിരുവെഴുത്തിൽ കാണുന്നുണ്ടു്. വേദവിത്തുക്കളും, വിജ്ഞന്മാരുമായിരുന്ന ഒരു സംഘം ആളുകൾ എന്നും അവിടുത്തെക്കൂടെത്തന്നെ ഉണ്ടായിരുന്നു.

൭

അന്വേഷണവും മറുപടിയും.

ശ്രീരംഗപട്ടണത്തിലെ സന്ധിക്കരാറോടുകൂടി മൈസൂർകടുവായുടെ വായിൽനിന്നു ബ്രിട്ടീഷ്സിംഹം കടിച്ചെടുത്ത മലയാളരാജ്യം ഏതാണെന്നും എവിടെയാണെന്നും ആരുടെയൊക്കെയാണെന്നും, അതിൽനിന്നൊക്കെക്കൂടി കൊല്ലത്തിൽ എന്തു് ആദായമുണ്ടാകുമെന്നും, ലാഭം വദ്ധിപ്പിക്കാൻ വല്ല വഴിയുമുണ്ടോ എന്നും മററും അന്വേഷിച്ചു റിപ്പോട്ടു ചെയ്യുന്നതിനു "മലബാർ കമ്മീഷണർമാർ" എന്ന ഒരു കമ്മിററിയെ ബോംബെ, മദിരാശി, ബങ്കാൾ ഈ മൂന്നു സംസ്ഥാനത്തുനിന്നുംകൂടി, അന്നത്തെ ഗവർണ്ണർജനറാൽ ആയിരുന്ന കോറൺവാലിസ്സ്പ്രഭുവിന്റെ നിർദ്ദേശപ്രകാരം, നിയോഗിക്കുകയുണ്ടായല്ലൊ. അവർ മലയാളത്തിൽ "ഗോകർണ്ണം മുതൽ കന്യാകുമാരി"വരെയുള്ള

ഓരോ നാട്ടിലും ദേശത്തിലും സഞ്ചരിക്കയും, മലയാളരാജാക്കന്മാരെ —ടിപ്പുവിനെ തോല്പിച്ചു എന്നു കേട്ടപ്പോഴേയ്ക്കും അഭയസ്ഥാനങ്ങളിൽ നിന്നു് അവകാശവാദങ്ങളുംകൊണ്ടു പാഞ്ഞെത്തിയ ശതക്കണക്കിനുള്ള രാജാക്കന്മാരെ—വിളിക്കയും, വിസ്തരിക്കയും, വാദിപ്പിക്കയും, കുട്ടിക്കെടിപ്പിക്കയും മററും ചെയ്യുക കൂട്ടത്തിൽ, ആ കമ്മിററിക്കാർ, ഓരോ രാജാക്കന്മാർക്കും അവരവരുടെ രാജ്യാതിർത്തികളിൽ നടക്കുന്ന നീതിന്യായപരിപാലനത്തിൻെറ സ്വഭാവം വിവരിച്ച് എഴുതി അറിയിക്കുവാൻ ആജ്ഞാപിച്ചുകൊണ്ടു്, ഇന്നത്തെ രീതിയിൽ പറകയാണെങ്കിൽ, ഓരോ "സർക്കുലർ" അയച്ചു. പലരും പറയേണ്ടതു് എന്തെന്നു് അറിയാതെ പരുങ്ങലിലായി. പലർക്കും ആ പറഞ്ഞതുതന്നെ തലയ്ക്കു കോടാലിയുമായി! കമ്മീഷണർമാരുടെ എഴുത്തും, തദവസരത്തിൽ കൊച്ചിയിലെ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് അവർക്ക് അയച്ചുകൊടുത്ത മനോഹരവും മഹനീയവുമായ മറുപടിയുമാണു താഴെ ചേർക്കുന്നതു്!

ആ മറുപടിയിൽ അവിടുന്നു് ഓരോന്നോരോന്നായി കമ്മീഷണർമാരുടെ ചോദ്യത്തിനു് എങ്ങും തൊടാതെയും എങ്ങനെയെങ്കിലും വ്യാഖ്യാനിക്കാവുന്ന തരത്തിലും തൻെറ രാജ്യത്തിലെ നീതിന്യായമുറകളെ വിവരിച്ചുകൊണ്ടു സമാധാനം പറഞ്ഞിരിക്കുന്നതു നോക്കുക! "മര്യാദകൾ ഒക്കയും ഓരൊ പ്രദെശങ്ങളിൽ ഓരൊ പ്രകാരം ആക കൊണ്ടു ദെശമരിയാദപൊലെ ഒക്കെയും നടക്കുന്നതും ഉണ്ടു" എന്നാണു് അവസാനത്തിൽ പ്രസ്താവിച്ചുകാണുന്നതു്. ഇംഗ്ലീഷുകാരുടെ സുപ്രസിദ്ധമായ എഴുത്തുകുത്തുസമ്പ്രദായം ആ മഹാരാജാവു കാലേ കൂട്ടി മനസ്സിലാക്കിയിരുന്നതുപോലെ തോന്നുന്നു. 968 മേടമാസം 12-ാംനു-യിലെ ആ തിരുവെഴുത്തു ശക്തൻതമ്പുരാനെക്കുറിച്ചുള്ള കേൾവിക്കും കീർത്തിക്കും അനുസാരമായിത്തന്നെ ഇരിക്കുന്നു.

"കൊച്ചിയിൽ രാജാവിനു സലാം. തങ്ങളുടെ രാജ്യത്തിങ്കൽ കൊയിമ വിസ്താരംതൊട്ടു പാരംപരിയമായിട്ടു കഴിഞ്ഞുകൊണ്ടുപൊന്നതും ഇപ്പൊൾ വിസ്തരിച്ചുകൊണ്ടു വരുന്ന വർത്തമാനങ്ങളും ഞങ്ങൾ അറിയണ്ടതിനു മുമ്പിൽ തങ്ങളുടെ മനസ്സുകൊണ്ടുതന്നെ ഇക്കാര്യം തൊട്ടു ഇരുപുറവും ഉള്ള അവസ്ഥകൾ വിചാരിച്ചതിൻെറ ശെഷം, തങ്ങളുടെ കാര്യക്കാരന്മാരെയും തൊഴിൽക്കാരൻമാരയും വരുത്തി, മെപ്പടി കാര്യങ്ങൾകൊണ്ടും വെണ്ടുംവണ്ണം വിസ്തരിച്ചു, വിവരത്തൊടും ഞങ്ങൾ അറിയാറാകയും വെണം.

"ഒന്നാമത—തമ്മിൽ തമ്മിൽ ഉള്ള ഞായവും, കൊള്ളുന്നതും വില്ക്കുന്നതും, നാടതൊട്ടും, നെലംതൊട്ടും വിവാദങ്ങൾ ഈ വക അന്ന്യായങ്ങൾ ഉണ്ടായി വന്നാൽ ആയതൊക്കയും വിസ്തരിക്കുന്നതും വിധിക്കുന്നതും ആർ ആകുന്നു എന്നും, ഈ വിസ്താരവും വിധിയും നാലാളുകൾ പറയുംപ്രകാരമൊ, അതല്ല പ്രത്യെകം ഒരു വിധികത്താവിന്റെ വിധിയൊ, അതുവും അല്ല, ഇരുപുറവും മനസ്സ തെളിഞ്ഞു അക്കാൎയ്യം വിസ്തരിപ്പാനും തീൎപ്പാനുംഒരു വിധികൎത്താവിനെ ഉണ്ടാക്കുകയൊ, ഇതൊക്കെയും വിവരത്തൊടെ അറിയാറാകുകയും വെണം.

"രണ്ടാമത—ചാകലം മുറിയും തൊട്ടും, പെരുവഴിയിൽ നിന്നും വലുതായിട്ടുള്ള കളവു കാണിക്കുന്നതും, മററും പലവക കളവുകൾ തൊട്ടും അപരാധങ്ങൾ തൊട്ടും, ജാതിഭ്രഷ്ട തൊട്ടും, ഈ വക വലുതായിട്ടുള്ള അന്ന്യായങ്ങൾ ഉണ്ടായിവന്നാൽ വിസ്തരിക്കുന്നതും വിധിക്കുന്നതും തീൎക്കുന്നതും എങ്ങനെ. ഈ വക ഓരൊ അന്ന്യായത്തിനു എതുവക ഒരു ശിക്ഷ, ആ-ശിക്ഷയിന്റെ വണ്ണവും അതിന്റെ നിശ്ചയവും, ആയത കല്പിക്കുന്ന പ്രകാരവും, ഈ വക അന്ന്യായങ്ങൾ വിസ്തരിക്കുന്നതും, വിധിക്കുന്നതും, ഒററ ആളൊ അതല്ലാ പ്രത്യെകം ഒരു വിധികൎത്താവൊ, അതുവും അല്ലാ പലെ ആളുകളും കൂടിയിട്ടൊ, ഇതൊക്കെയും വിവരത്തൊടെ അറിയാറാകയും വെണം.

"മൂന്നാമത—ഈ എഴുതിവെച്ച രണ്ടു വകുപ്പിലും വെവ്വെറെ എഴുതി കാണിച്ച രണ്ടുവക അന്ന്യായങ്ങളുടെ വിസ്താരങ്ങളും വിധികളും ചിലെ പുസ്തകത്തിന്മെൽ എഴുതികാണുന്ന മാൎഗ്ഗം ശാസ്ത്രം പൊലെയൊ. ആ വക പുസ്തകങ്ങൾ ഇപ്പൊൾ കാണൊനുണ്ടൊ. അതല്ലാ പ്രത്യെകം ആ വക അന്ന്യായങ്ങൾ വിസ്തരിക്കുന്ന ആളുകളുടെ വിവെകവും ബുദ്ധിദൃഢവും പൊലെയൊ. ഇതൊക്കെയും വിവരത്തൊടെ അറിയാറാകുകയും വെണം.

"നാലാമത—പലവക കുററത്തിനു ശിക്ഷ ആയിട്ടു ഒരുത്തനു കൊന്നുകളവാൻ വിധിയിൽ വെളിച്ചപ്പെട്ടാൽ എതുപ്രകാരത്തിൽ ശിക്ഷിക്കുണ്ടതു; തൂക്കുകയൊ തല വെട്ടുകയൊ കഴുവിന്മെൽ ആക്കുകയൊ മററും എതുപ്രകാരത്തിൽ ശിക്ഷിക്കാറുണ്ട്; ആയതൊക്കെയും വിവരത്തൊടെ അറിയാറാകുകയും വെണം."

ഇംഗ്ലീഷ്കമ്പനിക്കാർ അക്കാലത്തു നാട്ടുരാജാക്കന്മാക്ക് അയച്ചിരുന്ന കത്തുകൾ എല്ലാം മലയാളത്തിൽ എഴുതിച്ച ഇംഗ്ലീഷിൽ കയ്യൊപ്പും മുദ്രയുംവെച്ചാണ് അയച്ചിരുന്നതു്. ഇംഗ്ലീഷിൽ എഴുതിയതിൻെറ തർജ്ജമയാണെന്നു വായിച്ചാൽതന്നെ അറിയാം. എങ്കിലും അക്കാലത്തെ തർജ്ജമസമ്പ്രദായവും മലയാളഭാഷയുടെ സ്വഭാവവും ആ വക എഴുത്തുകളിൽനിന്നു സ്പഷ്ടമായി ഗ്രഹിക്കാം. പല ഭാഗങ്ങളും വളരെ അതിശയിക്കത്തക്കവയാണെന്നും കാണാം. അന്നത്തെ ഇംഗ്ലീഷുകാരുടെ കാര്യഗ്രഹണശക്തിയും പരിശ്രമശീലവും ഉദ്ദേശ്യശുദ്ധിയും ആവക എഴുത്തുകളിൽ നല്ലപോലെ തെളിഞ്ഞുകാണുന്നുണ്ടു്. ഭാഷാചരിത്രസംബന്ധമായുംകൂടി ആ എഴുത്തുകത്തുകൾ പ്രാമാണ്യത്തെ അർഹിക്കുന്നവയാണു്.

'രാജനീതി' എഴുതിക്കൊടുത്തയച്ചതോടുകൂടി ശക്തൻതമ്പുരാൻ അയച്ച 'മേലെഴുത്താ'ണു കീഴെ ചേർത്തിരിക്കുന്നതു്. "തങ്ങളുടെ കടദാസ്സ എഴുതിവന്ന ഉടൻതന്നെ ആയവസ്ഥകൾ ഒക്കയും വിചാരിച്ച എഴുതിക്കൊടുത്തയക്കേണ്ടതിന്നു നമ്മുടെ രാജ്യത്തു ഉള്ളതിൽ പ്രായം ചെന്നവരായിട്ടും, കുടിമുതലായുള്ള മരിയാദ നല്ലവണ്ണം സൂക്ഷ്മം ഉള്ളവരായിട്ടും, ബുദ്ധിയും ദൃഢതയും ഉള്ള ബ്രാഹ്മണരും അല്ലാതെ ഉള്ള ആളുകളെയും വരുത്തി വിചാരിച്ച നീതിശാസ്ത്രപ്രകാരങ്ങൾ ഒക്കെയും വിവരമായിട്ടു അങ്ങൊട്ടു കൊടുത്തയക്കുന്നു. ആ കടദാസ്സ വായിച്ചു കാണുമ്പൊൾ ആയതിൻെറ അവസ്ഥകൾ ഒക്കെയും ഇന്നിന്നപ്രകാരം ആകുന്നു എന്നു മനസ്സിൽ ആകയും ചെയ്യുമല്ലൊ...... 968-ാമാണ്ടു മെടമാസം 12-ാംനു."

(3)

നീതിശാസ്ത്രം

"നീതിശാസ്ത്രം" തയ്യാറാക്കി അയച്ചതാണു വഴിയെ ചേർത്തിരിക്കുന്ന തിരുവെഴുത്തു്:—

"ശ്രീരാമജയം. നീതിശാസ്ത്രം എഴുതിയതു ആകുന്നു.

"ഒന്നാമത—തമ്മിൽ തമ്മിൽ ഉള്ള ന്യായവും, കൊള്ളുന്നതും വിക്കുന്നതും നാടുതൊട്ടും നിലംതൊട്ടും, വിവാദം, തക്കവും, ഈ വക അന്ന്യായ

ങ്ങൾ കണ്ടായിവന്നാൽ തീക്കുന്നതു ആകുന്നതു. തമ്മിൽ തമ്മിൽ ഉള്ള ഞായങ്ങൾ തൊട്ടു വിവാദ ആയിട്ടു കൊയിമ്മസ്ഥാനത്തു എത്തിയാൽ, പ്രായം ചെന്നിട്ടുള്ളവര ആയിട്ടും, മുതൽ കുടിയായ്മ ഞായത്തിന്നു സിദ്ധാന്തം കൂടാതെ ഉള്ളവര ആയിട്ടും, നല്ല ബുദ്ധിയും ദൃഢതയും ഉള്ളവര ആയിട്ടും, ബ്രാഹ്മണരിലും അല്ലാതെയും അറിയപ്പൊകുന്നതിൽ നാല എട്ടുപെരെ കൂടെ എത്തിച്ചു അന്യായക്കാരന്റെയും ഉത്തരവാദിയുടെയും മൊഴികൾ കെട്ടു ഇന്നവണ്ണമെന്നു കെൾക്കുന്ന ആളുകൾ നിശ്ചയിക്കുന്ന പ്രകാരം, കൊയ്മസ്ഥാനത്തും ഞായം എന്നുതന്നെ ബൊധിച്ചാൽ, ആ നിശ്ചയിക്കുന്ന ഞായം പൊലെ തീൎത്ത അയയ്ക്കയും ചെയ്യും. കൊള്ളുന്നതും വിക്കുന്നതും ദെശാചാരം പൊലെ മുതലിന്റെ ഉടയനും കൊള്ളുന്ന ആളും അന്യൊന്യം പറഞ്ഞു ബൊധിച്ചുകൊള്ളുകയും വിക്കുകയും ചെയ്യും. അന്നെരം രണ്ടു സാക്ഷികളെക്കൂടെ ബൊധിപ്പിച്ചു കൊണ്ടു ചെയ്കയും ചെയ്യും. അപ്രകാരം സാക്ഷിയുംവെച്ചു, അന്യൊന്യം പറഞ്ഞ ബൊധിച്ചു അങ്ങൊട്ടും ഇങ്ങൊട്ടും എഴുതിക്കണ്ടതിനെയും എഴുതി പകൎന്ന കഴിഞ്ഞിട്ടു പിന്നെ, അതിന്നു ചില തൎക്കങ്ങൾ ആയിട്ടു കൊയ്മസ്ഥാനത്തു വന്നു പറഞ്ഞാൽ, കൊള്ളുന്നവനെയും വിക്കുന്നവനെയും സാക്ഷിക്കാരനെയും വരുത്തി വിചാരിച്ചു അന്നു സാക്ഷിക്കാരെയും ബൊധിപ്പിച്ചു അന്യൊന്യം പറഞ്ഞു ബൊധിച്ചു എഴുതി പകൎന്നിരിക്കുന്ന പ്രകാരം, കൊയ്മസ്ഥാനത്തിന്നു തീൎത്തുകൊടുപ്പിക്കയും ചെയ്യും. നാടു തൊട്ടും നിലംതൊട്ടും വിവാദം തൎക്കവും ഉണ്ടായിവന്നാൽ ആ നാട്ടിൽ ഉള്ളതിൽ ബുദ്ധിയും ദൃഢതയും പഴമയും ഉള്ളതിൽ നാലു എട്ടു ആളെയും ബ്രാഹ്മണരിൽ അറിയപ്പൊകുന്നതിൽ നാലു എട്ടു ആളെയുംകൂടെ എത്തിച്ചു അന്യായക്കാരന്റെയും ഉത്തരവാദിയുടെയും മൊഴികൾ കെട്ടു അതുകൊണ്ടു വിസ്തരിച്ചു ഇപ്രകാരമെന്നു കെൾക്കുന്ന ആളുകൾ നിശ്ചയിച്ചു കൊയ്മസ്ഥാനത്തു ബൊധിപ്പിച്ചാൽ ആ നിശ്ചയിക്കുന്നതു നല്ല ക്രമംപൊലെ തന്നെ എന്നു കൊയ്മസ്ഥാനത്തും ബൊധിച്ചാൽ അപ്രകാരം തീൎച്ച ആയിട്ടു നടത്തിക്കയും ചെയ്യും.

"രണ്ടാമത — ചാക്കും മുറിയും തൊട്ടും, പെരുവഴിയിൽനിന്നും വലുതായിട്ടുള്ള കളവുകൾ കാണിക്കുന്നതും മററം, പലവക കളവുകൾ തൊട്ടും, അപരാധങ്ങൾ തൊട്ടും, ജാതിഭ്രഷ്ടുതൊട്ടും, ഈ വക വലുതായിട്ടുള്ള അന്യായങ്ങൾ ഉണ്ടായിവന്നാൽ, തീക്കുന്നതു ആകുന്നതു: ചാക്കും മുറിയും തൊട്ടുവരുന്നതിന്നു ഒരുത്തനെ ഒരുത്തൻ കൊന്നുവെന്നു അന്യായങ്ങൾ ഉണ്ടായാൽ, അതിന്റെ ശെഷം ആ കൊന്നവനെ പിടിച്ചു

കൊണ്ടുവന്ന ബ്രാഹ്മണരെയും അല്ലാതെ അറിയപ്പൊകുന്നതിൽ നാലു എട്ടു പെരെയും കൂടെ വരുത്തി, ശൊധന ചെയ്യാൽ കൊന്നതു ഉള്ളതു തന്നെ എന്ന നിശ്ചയം വന്നാൽ, കൊന്നവനെ കൊല്ലുകയും ചെയ്യും. മുറിതൊട്ടു അന്ന്യായം ഉണ്ടായാൽ മുറി എല്പിച്ചവനെയും കൂടെ വരുത്തി കെട്ടാൽ മുറി എല്പിച്ചതു ഉള്ളതുതന്നെ എന്ന ബൊധം വന്നു കഴിഞ്ഞാൽ, ശൂദ്രനിൽ താഴെ ഉള്ള ജാതികൾക്കത്രെ മുറി എററിരിക്കുന്നു വെങ്കിൽ ആ മുറിക്കു ചികിത്സക്കു വെണ്ടുന്നതു ആ മുറി എല്പിച്ചവനെ കൊണ്ടു കെട്ടിക്കൊടുപ്പിച്ചു, ദ്രവ്യദെണ്ഡവും ചെയ്യിപ്പിച്ചു, മെൽപ്പട്ടു ഇതുംവണ്ണം ചെയ്യാത്തവണ്ണം നിദാനം വരുത്തി അയയ്ക്കയും ചെയ്യും. മുറി എറെ വൈഷമ്യം ആകുന്നുവെന്നു തൊന്നിയെങ്കിൽ മുറി എല്പിച്ചവനെ കാവലിൽ പാൎപ്പിച്ചുംകൊണ്ടു മുറിക്കു വെണ്ടുന്ന ചികിത്സകളും ചെയ്യിപ്പിച്ചാൽ മുറിക്കു ഭെദംവരാതെ മുറി എററവൻ അപായം വന്നു പൊയെങ്കിൽ, മുറി എല്പിച്ചവനെ കൊയ്മസ്ഥാനത്തുന്നു ശിക്ഷിപ്പിക്കയും ചെയ്യും. ബ്രാഹ്മണരെ എങ്കിലും പശുക്കളെ എങ്കിലും ഒരുത്തൻ വെട്ടി മുറി എല്പിച്ചു ചൊരകണ്ടാൽ ആ മുറി എല്പിച്ചവനെ കൊയ്മസ്ഥാനത്തുന്നു ശിക്ഷിപ്പിക്കയും ചെയ്യും. പെരുവഴിയിൽ വെച്ചിട്ടു എങ്കിലും അല്ലാതെയും പലവക കളവുകൾ ചെയ്യാൽ, അതിന്റെ ശൊധനകൾ ചെയ്തു തുമ്പുണ്ടാക്കി, രാജഭണ്ഡാരം എങ്കിലും, ദെവഭണ്ഡാരം എങ്കിലും മൊഷ്ടിച്ചിട്ടുള്ളവനെ, കൊയ്മസ്ഥാനത്തുന്നു പിടിപ്പിച്ചു കൊണ്ടുവന്നു അതിന്റെ സൂക്ഷത്തൊളം വിചാരിച്ചു മൊഷ്ടിച്ചത ഉള്ളതുതന്നെ എന്നു നിശ്ചയംവന്നാൽ, ആ വക മുതലുകൾ അവന്റെ പററിൽ ഉള്ളതും ശൊധനചെയ്തു വരുത്തിച്ചുംകൊണ്ടു, അവനെ കൊയ്മസ്ഥാനത്തുന്നു ശിക്ഷിപ്പിക്കയും ചെയ്യും. വഴികളിൽനിന്നും എത്രെ മൊഷ്ടിച്ചതു എങ്കിൽ വൈദികന്മാരു ആയിട്ടുള്ള ബ്രാഹ്മണരെയും അല്ലാതെ അറിയപ്പൊകുന്ന ആളുകളെയും കൂടെ എത്തിച്ചു ഇന്നപ്രകാരം ശിക്ഷ എന്നു അവനു വിധിക്കുന്നപ്രകാരം ഉള്ള ശിക്ഷ കൊയ്മസ്ഥാനത്തുന്നു ആ കള്ളനെ ശിക്ഷിക്കയും ചെയ്യും. അല്ലാതെ പലവക ചില്ലാനങ്ങൾ ആയിട്ടുള്ള കളവുകൾ ഉണ്ടായിവന്നാൽ ആ കള്ളനെ ആറുമാസം, സംവത്സരം, കാവലിൽ ഇട്ടു പാകംവരുത്തുകയും, അടികൊണ്ടുള്ള ദെണ്ഡങ്ങൾ ചെയ്തു അയയ്ക്കയും, പ്രായശ്ചിത്താദികൾ ചെയ്യിപ്പിച്ചു അയയ്ക്കയും, അംഗഹീനങ്ങളിൽ ഒന്നുവരുത്തി അയയ്ക്കയും, കളവിന്റെ വലിപ്പം പൊലെ ഇപ്രകാരം ഉള്ള ശിക്ഷകൾ ചില്ലാനമായിട്ടുള്ള കളവുകൾക്കു ചെയ്തു അയക്കയും ചെയ്യും. അപരാധങ്ങൾ ഉണ്ടായിവന്നാൽ, ശൂദ്രനിൽ താഴെ ചണ്ഡാളൻവരക്കും അപരാധം ഉണ്ടായാൽ, വൈദികൻ

മാർ ആറുപെരെയുംകൂടെ എത്തിച്ച അപരാധങ്ങൾ ഉണ്ടായിരുന്ന അവസ്ഥകൾകൊണ്ടു വിസ്തരിച്ച അപരാധങ്ങളുടെ അവസ്ഥപൊലെ ജാതീന്നു ത്യജിക്കെണ്ടവരെ ത്യജിച്ച അപരാധം ഉണ്ടായ ആള പൊകെ ശെഷം ഉള്ള ആളുകളെ ജാതിധൎമ്മംപൊലെ നടത്തുകയും, ക്ഷെത്രിയരാജാവിന്റെ രാജ്യത്തു ആകുന്നു എങ്കിൽ രാജാവു കിണ്ടിയും വെള്ളവും കൊടുത്തു ശുദ്ധംവരുത്തി തീൎക്കയും, വൈദികന്മാർ ചില കൎമ്മങ്ങൾ ചെയ്തു ശുദ്ധംവരുത്തി തീൎക്കയും ഇപ്രകാരത്തിൽ ശൂദ്രനിൽ താഴെ ഉള്ള ആളുകൾക്ക അപരാധങ്ങൾ ഉണ്ടായാൽ തീൎത്തു അയക്കയും ചെയ്യും. ബ്രാഹ്മണൎക്ക അപരാധങ്ങൾ ഉണ്ടായിവന്നാൽ അതതു രാജ്യത്തുകൽ സ്മാൎത്തൻ ആയിരിക്കുന്ന ബ്രാഹ്മണനെകൊണ്ടു വിചാരം കഴിപ്പിച്ച, ബ്രാഹ്മണസ്ത്രീക്കത്രെ അപരാധം ഉണ്ടായിവന്നുവെങ്കിൽ സ്മാൎത്തനായിരിക്കുന്ന ബ്രാഹ്മണനും കൊയ്മസ്ഥാനത്തെ ആളും ബ്രാഹ്മണരിൽഅറിയപ്പൊകുന്ന ആളുകളുംകൂടി നിന്ന ഒരു ക്രിയ ചെയ്യാനുണ്ടു. ആ ക്രിയ ചെയ്തുകഴിഞ്ഞിട്ടു, ആ ബ്രാഹ്മണസ്ത്രീയെ ജാതിയിൽനിന്നും ത്യജിച്ചു കൊയ്മസ്ഥാനത്തു എല്പിക്കയും, ബ്രാഹ്മണന്ന അത്രെ അപരാധം ഉണ്ടായിരിക്കുന്നു എങ്കിൽ ആ ബ്രാഹ്മണനെ സ്മാൎത്തൻ ആയിരിക്കുന്ന ബ്രാഹ്മണനും സജ്ജനങ്ങൾ ആയിട്ടുള്ളതിൽ നാലു ബ്രാഹ്മണരും കൊയ്മസ്ഥാനത്തെ ആളും കൂടിനിന്നു ഒരു ക്രിയചെയ്യാനുള്ളതും ചെയ്തു, ജാതിയിൽനിന്നും കളഞ്ഞാൽ രാജ്യത്തിന്നു പുറത്തു കടത്തികളകയും ചെയ്യും. ആ തറവാട്ടിൽ ശെഷം ഉള്ള ആളുകളെ വൈദികന്മാർ ആറുപെരുംകൂടി ചെയ്യെണ്ടുന്ന ക്രിയകളും ചെയ്തു അവൎക്ക ജാതിക്ക ഒരു ഭെദംകൂടാതെ നടത്തുകയും ചെയ്യും. ജാതിഭ്രഷ്ടുകൾ ഉണ്ടായാൽ ശൂദ്രനിൽ താഴെ ചണ്ഡാളൻ വരെക്കും ഉള്ള ആളുകൾക്ക ഭ്രഷ്ടുവന്ന ആളെ ജാതീന്നു നീക്കികളഞ്ഞശെഷം ഉള്ള ആളുകളെ ഭെദംകൂടാതെ രക്ഷിക്കുകയും ചെയ്യും. ബ്രാഹ്മണൎക്ക എത്രെ ജാതിഭ്രഷ്ട ഉണ്ടായി എങ്കിൽ വൈദികന്മാര ആറു പെരുംകൂടി ജാതിഭ്രഷ്ട ഉള്ള ആളെ നീക്കി കളഞ്ഞശെഷം ഉള്ള ആളുകളെ ചെയ്യെണ്ടുന്ന കൎമ്മങ്ങളും ചെയ്തു ജാതിക്ക ഭെദം കൂടാതെ നടത്തുകയും ചെയ്യും.

“മൂന്നാമത — ഈ എഴുതിരിക്കുന്ന രണ്ടു വകപ്പിലും ഉള്ള അവസ്ഥകൾ ഏതുപ്രകാരമെന്നു അറിക്കണമെന്ന എഴുതി ഇരിക്കുന്നതിന്നു വൈദികന്മാർ ആറാളും, സ്മാൎത്തനായിട്ടുള്ള ബ്രാഹ്മണനെയും വരുത്തി വിചാരിച്ചു ചെയ്യുന്ന കാൎയ്യങ്ങൾക്ക ഒക്കയും അവരുടെ പററിൽ ഉള്ള മാൎഗ്ഗശാസ്ത്രം ആയിട്ടുള്ള പുസ്തകങ്ങൾ നൊക്കീട്ടത്രെ ചെയ്തുവരുന്നത.

ശേഷം ഉള്ള കാൎയ്യങ്ങൾ ഒക്കെയും ബുദ്ധിയും ദൃഢതയും ഉള്ള ആളുകളെ കൊണ്ടു വിചാരിപ്പിച്ച നിശ്ചയിച്ച കൊൎയ്യസ്ഥാനത്തു ശിക്ഷിപ്പിക്കയും ചെയ്യും.

"നാലാമത—പലവക കുററത്തിനു കൊല്ലുക എന്നുള്ളതിന്റെ നിശ്ചയം വന്നാൽ കീഴനടപ്പുപ്രകാരം ആളുകളെ തൂക്കുകയും ചെയ്യും. വാളുകൊണ്ടു വെട്ടിക്കൊല്ലുകയും, വെടിവെച്ചു കൊല്ലുകയും, കഴുമെൽ ഇടുകയും ചെയ്യും. ഈ മൎയ്യാദകൾ ഒക്കെയും ഓരൊരൊ പ്രദെശങ്ങളിൽ ഓരൊരൊ പ്രകാരം ആകകൊണ്ടു ദെശമരിയാദപൊലെ ഒക്കെയും നടക്കുന്നതും ഉണ്ടു. 968-ാമാണ്ടു മെടമാസം 12-ാംനു."

ശക്തൻതമ്പുരാന്റെ മനോധൎമ്മമാഹാത്മ്യങ്ങളും അന്നത്തെ മരിയാദകളും ഈ വിവരണത്തിൽനിന്നു ഗ്രഹിക്കാവുന്നതാണ്. നാം ഇന്നു കണ്ടുപരിചയിച്ചിട്ടുള്ള വിധം നീതിന്യായക്കോടതികളും വിധികൎത്താക്കന്മാരും ഇല്ലാതിരുന്ന അക്കാലത്തു്, എല്ലാററിനും അവലംബം കോൎയ്യസ്ഥാനവും, അടിസ്ഥാനം പരമ്പരാചാരങ്ങളും ആയിരുന്നുവല്ലൊ. എന്നിരിക്കിലും, ഒരുതരത്തിലുള്ള സാക്ഷിവിസ്താരങ്ങളും, തെളിവുപരിശോധനകളും, 'ജൂറിമാർ' എന്നു പറയപ്പെടാവുന്ന ആളുകളുടെ അഭിപ്രായപ്രകടനവും, രാജസ്ഥാനത്തെ പരിശോധനയും, അന്നും ഉണ്ടായിരുന്നതായി തെളിയുന്നു. ഒരു തറവാട്ടിലെ കാരണവൻ സ്വകുടുംബാംഗങ്ങളെ എന്നപോലെ, ആയിരുന്നു അന്നത്തെ രാജാക്കന്മാർ പ്രജകളെ രക്ഷാശിക്ഷകൾ ചെയ്തിരുന്നതു്. കാരണവരുടെ സ്വഭാവഗുണവും ധൎമ്മബുദ്ധിയും ആജ്ഞാശക്തിയുംപോലെ ഗുണദോഷങ്ങൾക്കു വ്യത്യാസങ്ങളും വന്നിരുന്നു.

ന്ന

മലബാർ ജില്ലാസ്ഥാപനം.

മലയാളംജില്ല രൂപവൽക്കരിച്ച വിവരത്തിനു്, കൊല്ലം 968-ാമാണ്ടിൽ, ബ്രിട്ടിഷ് കമ്പഞ്ഞിക്കാരുടെ മേലധികാരി കൊച്ചിമഹാരാജാവിനയച്ച ഒരു ലിഖിതത്തിന്റെ പകൎപ്പാണു താഴെച്ചേൎത്തിരിക്കുന്നതു്:—

"പെരിപടപ്പു രാജാവ അവൎകൾക്കു സലാം. ബഹുമാനപ്പെട്ട ഇങ്കരിസ്സു കുമ്പഞ്ഞിക്കു വഴങ്ങപ്പെട്ട മലയാംരാജ്യങ്ങളുടെയും മുമ്പിനാൽ

ഉൾപ്പെട്ടിരിക്കുന്ന തലശ്ശരി എന്ന പ്രദെശത്തിന്റെയും, കപ്പവ്വഴക്കം ചെയ്യിരിക്കുന്നു. കൊച്ചിയിൽശീമക്ക ഉൾപ്പട്ടിരിക്കുന്ന. ദിക്കുകളുടയും, മെൽപ്പട്ടക്ക ഉള്ള രക്ഷാപ്പരിപാലനത്തിന, നന്മുടെ മുഖാന്തരെണ, നന്മുടെ സന്മതത്തൊടുകൂടി, മുഖ്യസ്ഥാൻമാര നിശ്ചയിച്ചവച്ച അടിസ്ഥാനം തങ്കളെ അറിവിക്ക ആവുന്നത. ഇപ്പൊ ബൊധം വരുത്തുന്ന എണ്ണങ്ങൾ മുഴുവനായി സംഗ്രഹിച്ച, മെൽപ്പട്ടക്ക തങ്കളുടെ വദ്ധനക്ക ആയിട്ടും കറപ്പിനായിട്ടും ഈ പ്രകാരംതന്നെ, ശെഷം കുമ്പഞ്ഞിരക്ഷ സംസ്ഥാനത്തക്ക ഉൾപ്പെട്ടിരിക്കുന്ന രാജ്യങ്ങൾ ഒക്കെക്കും അത്രെ ആകുന്നത. എന്നിരിക്കെ ഈ രാജ്യങ്ങൾക്കു കുമ്പഞ്ഞി സാക്ഷാൽ ആയുള്ള നാഥൻ ആകകൊണ്ടു പ്രജകൾ ഒക്കെക്കും വദ്ധനക്കായിട്ടു കുമ്പഞ്ഞിയുടെ അടികുടിയാന്മാര എന്നപൊലെ അവരെ വാത്സല്യപ്പെടുത്തുവാൻ കടമാകപ്പെട്ടിരിക്കുന്നു. എന്നതുപൊലെ അതാതു നാട്ടിന്റെയും ദെശങ്ങളുടെയും പ്രഭുക്കന്മാരയും അവരവരുടെ മാനംപൊല്ലെ ഉള്ള ആചാരങ്ങൾക്കൊണ്ടു ആചരിച്ചുകൊള്ളുവാൻ കുമ്പഞ്ഞിയിന്നുതന്നെ സൂക്ഷിക്കയുംചെയ്യും. ഇച്ചൊന്ന കാരണത്താൽ മലയാളം, കൊച്ചി മുതൽ കൗവായിയൊളമുള്ള രാജ്യം ഏകദെശമായി രണ്ടു പകുതിയായി സങ്കല്പിച്ച ഒരു പകുതിയിൽ കുമ്പഞ്ഞിയുടെ ഒരെ മുഖ്യസ്ഥാനന്മാര പരിപാലിപ്പാനായിട്ടു കല്പിച്ച ആക്കിവെക്കയും ചെയ്തു. ഇപ്രമാണിച്ചിരിക്കുന്ന മുഖ്യസ്ഥാനമാക്കു അവരവരുടെ പകുതി അകപ്പെട്ടിരിക്കുന്ന ദിക്കുകളിൽ ഇച്ചൊന്നവർ പ്രത്യെകം ഇങ്കരിയിസ്സു സംസ്ഥാനത്തിങ്കലക്ക സാദൃശ്യമായവർ ആകുന്നു. രാജ്യവാസികൾ തമ്മിൽ വെണ്ടുന്ന സമാധാനം വരുത്തുവാനായിട്ടും ശിക്ഷരക്ഷക്ക ആയിട്ടും ഈ രാജ്യത്തിങ്കൽ നിന്നിട്ടു നമ്മുടെ സംസ്ഥാനത്തിങ്കലക്ക അവകാശപ്പെട്ടിരിക്കുന്ന ദ്രവിചം വാങ്ങുവാനായിട്ടും ആയിരിക്കുന്നു.

"ഈ ചൊന്ന അധികാരികൾ രണ്ടുപെരും ഈ രാജ്യത്തിങ്കൽപ്പെട്ട എല്ലാ വസ്തുതകൾകൊണ്ടും കുമ്പഞ്ഞിയശമാനന്മാരിൽ പ്രധാനമായിരിക്കുന്ന അധികാരിയിൽ വഴങ്ങി ഇരിക്കുന്ന ഈ രാജ്യങ്ങൾ ഈ സാധനം മുതൽക്കു മലയാം പ്രൊവിംസിയ എന്നു പെരു വിളിക്കയും ചെയ്തു. മെൽ അധികാരിയുടെ സാമാന്യം ഇരിപ്പടം കൊഴിക്കൊട്ടു ആയി ഇരിക്കയും ചെയ്യും. ആയ്തു എന്തുകൊണ്ടു എന്നാൽ മെൽചൊന്നിരിക്കുന്ന അധികാരികൾ അവരവരുടെ അധികാരത്തിൽ പ്രത്യയം ആയിട്ടു ചിലതു പ്രവൃത്തിച്ച എന്നു വരികിൽ താമസംകൂടാതെ സകല വസ്തുതകൊണ്ടും ഉടൻതന്നെ കൊഴിക്കൊട്ടു അവരുടെ പ്രധാനമായിരിക്കുന്ന

അധികാരിയെ ബൊധിപ്പിച്ചാൽ, ആ സ്ഥാനത്തുകൽനിന്നും കെട്ട നിധാനംവരുത്തികൊടുക്കയും ചെയ്യും. ഇച്ചൊന്ന പ്രധാനമായിട്ടിരിക്കുന്ന അധികാരി അസാരമായിട്ടുള്ള ശിക്ഷാരക്ഷകളിലും നാട്ടിലെ മുതലെടുപ്പുകളിലും ഉൾപ്പെടുകയും ഇല്ല. എന്നവരികിലും, പ്രതിഭാഗമായിട്ടു രണ്ടു പകുതിയിലെ അധികാരികൾ ചെയ്യുന്ന എണ്ണങ്ങൾ നിത്തുവാനായിട്ടു അത്രെ മെലധികാരി ആകുന്നതു. അധികാരികൾ എങ്കിലും അധികാരികളുടെ കീഴ ശ്രുമക്കാരു എങ്കിലും യാതൊരു അന്ന്യായ അമൎയ്യാദ പ്രവൃത്തിച്ചു എന്നു വരികിൽ, തങ്ങൾ എങ്കിലും മറവ യാതൊരുത്തൻ എങ്കിലും, കൊഴിക്കൊട്ട മെലധികാരിയെ ബൊധിപ്പിച്ചാൽ, പ്രധാനമായിരിക്കുന്ന അധികാരത്വത്തിൽ കുത്തിരിക്കെണ്ടി വരും.

"എന്നാൽ ഈ രാജ്യം രണ്ടു പകുതി ആക്കി ഓരൊ ദിക്കിൽ ഓരൊ അധികാരിയെയും കൊഴിക്കൊട്ട ഈ മലയാംപ്രൊവിംസിയുടെ മദ്ധ്യസ്ഥാനം അവിടെ നിന്നു ഈ രണ്ടു അധികാരികളൊടു വെണ്ടുന്നതിനെ കല്പിച്ചു അവരുടെ പ്രവൃത്തികളും രാജ്യത്തുകൽ അടങ്ങി ഇരിക്കുന്ന പ്രഭുക്കളുടെ പ്രവൃത്തികളും സൂക്ഷിച്ചു നലവരുത്തുവാൻ ആക്കൊണ്ടു, ബഹുമാനപ്പെട്ട കുമ്പഞ്ഞീന്നു ഏറക്കുറയ ദ്രവ്യം ചിലവരുത്തു ഇപ്രകാരം മെലധികാരിയെ ആക്കിവെക്ക. ആയതു എന്തുകൊണ്ടു എന്നാൽ, വെമ്പായിയും മലയാളവും കയിഅകലം ആകകൊണ്ടു, അന്ന്യായങ്ങൾക്കു വെമ്പായിലെത്തി ഉത്തരിക്കാതെ ഇരിപ്പതിനും, തങ്ങളുടെ അന്ന്യായത്തിന്റെ ദവിദാനം ഇവിടെത്തന്നെ ഉണ്ടാകുവാനായിട്ടും, തന്നെ ഇപ്രകാരം ആക്കിവച്ചതു. എന്നവരികിലും, അധികാരികൾ എങ്കിലും മെലധികാരി എങ്കിലും നിധാനം വരുത്തുന്ന കാൎയ്യങ്ങൾ തങ്ങൾക്കു ബൊധം ആയില്ല എന്നുവരികിൽ, ബൊധംവരാത്ത എണ്ണങ്ങൾ വെമ്പായി സംസ്ഥാനത്തുകൽ എത്തിക്കയും ചെയ്യാം. എന്നാൽ ഈരണ്ടു അധികാരികളെക്കൊണ്ടെങ്കിലും ഒരുത്തരെക്കൊണ്ടെങ്കിലും അന്ന്യായം ഉണ്ടായിവന്നാൽ ഉടനെതന്നെ വെമ്പായി എത്തിക്കാതെ കൊഴിക്കൊട്ട മെലധികാരിയെ ബൊധിപ്പിച്ചു അവിടനിന്നു കല്പിച്ചുവരുന്നതും തങ്ങൾക്കു ബൊധം ആയില്ല എന്നവരികലെ, വെമ്പായിക്കു എത്തിക്കാവൂ. ഈ എണ്ണങ്ങൾ ഒക്കയും മുഖ്യസ്ഥന്മാർ ഇതിൽ ഏറാം വിസ്താരമായിട്ടു ഉണ്ടാക്കി മലയാംഭാഷയിൽ പകൎത്തു തങ്ങളയും രാജ്യത്തുകൽ ഉൾപ്പെട്ടവരയും അറിയുമാറാക്കയും ചെയ്യും.

"ഇപ്രകാരം ചെയ്തുകഴിഞ്ഞാൽ മുഖ്യസ്ഥന്മാര മുതലായിട്ടുള്ളവര രാജ്യ ത്തുങ്കലെ മുതൽ എടുപ്പുകകൊണ്ടു ഒരു ഒടമ്പടി നിയൊഗിച്ചു വക്കണ്ടുത തങ്ങളുടെ നിയൊഗത്തുങ്കലും ചെരുമാനമായി എന്നുവരുകിൽ അപ്ര കാരം ആക്കിവെയ്ക്കയും ചെയ്യും. ആയതു അല്ലാഞ്ഞാൽ മുഖ്യസ്ഥാന മാക്ക ബൊധിച്ചവണ്ണമാക്കിവക്കയും ചെയ്യും. ഇപ്രകാരം ആക്കിവെ ച്ചു കഴിഞ്ഞാൽ മുഖ്യസ്ഥാന്മാര അവരുടെ കയിക്ക ആക്കിവച്ചുത കഴി ഞ്ഞ അവരവരുടെ സ്ഥാനത്തിങ്കലക്ക പൊകയും ചെയ്യും. ഇപ്രകാരം ഒക്കയും ആക്കിവെച്ചു പൊയതിന്റെ ശെഷം നമ്മുടെ സംസ്ഥാനത്തി കൽനിന്നും മലയാം പ്രൊവിംസയിലക്ക ഉൾപ്പെട്ട അധികാരത്വം ഒക്കയും ഈ പ്രൊവിംസയിൽ ആക്കിയിരിക്കുന്ന പ്രധാനമായിരി ക്കുന്ന ഒരധിക്കാരിക്കും അധിക്കാരിക്ക അടങ്ങിയ അധികാരികൾക്കും അവരവരുടെ അവസ്ഥപൊലെ ആക്കിവച്ചു ഇരിക്കുന്നു. മെസ്റ്റ്ര പാ മെർ എന്ന ദെഹം മുമ്പനാൽതന്നെ മുഖ്യസ്ഥാന്മാരുടെ പ്രഥമക്കാരൻ ആയി ഇരിക്കകൊണ്ടും സിദ്ധരാജ്യത്തുങ്കലെ രാജാക്കന്മാരായിട്ടും അവരൊട ഉൾപ്പെട്ടവരായിട്ടും ഗതാഗതം സഞ്ചരിച്ചു പരിശീലം ഉണ്ടാകകൊണ്ടും അതതു രാജ്യങ്ങളുടെയും അതിൽ ഉൾപ്പെട്ട നരന്മാരു ടെയും മര്യാദകളും ക്രമകളും വിവരമായി ഗ്രഹിക്കുകകൊണ്ടും അത്രെ ഈ മലയാംപ്രൊവിംസയുടെ ഈ സ്ഥാനത്തിലുങ്കലയ്ക്ക ഈ ദെഹത്തെ നീരുവണ ആയി കൊഴിക്കൊട്ടു വാസം ചെയ്യുതിന്നായിട്ടു നാം കല്പിച്ചു ത. ആ സ്ഥാനത്തിങ്കൽനിന്നു രണ്ടു അധികാരികൾക്കും കാര്യശീലങ്ങ ളും കല്പനകളും എഴുതി എത്തിക്കണ്ടെതിന്നു ആകുന്നു. മുഖ്യസ്ഥാന്മാരിൽ മെസ്റ്റ്ര പാമെർ പിരിഞ്ഞുത പ്രധാനമായിരിക്കുന്ന അധികാരത്വത്തിൽ ഉൾപ്പെട്ടിരിക്കുന്ന വലുതായിട്ടുള്ള കാര്യാധികാ ഉണ്ടാകകൊണ്ടത്രെ ആകുന്നത. ആ സ്ഥാനത്തുങ്കൽ ഇരുന്നുംകൊണ്ടു ശെഷം മുഖ്യസ്ഥാന്മാ രായിട്ടും കാര്യങ്ങൾകൊണ്ടു നിരൂപണം ഉണ്ടാകുകയും ചെയ്യും. മു ഖ്യസ്ഥാന്മാർ ഈ ഉൾപ്പാഴിൽനിന്നു പിരിഞ്ഞാൽ ആസകലവും മെസ്റ്റ്ര പാമെർ തന്നെ ആകയും ചെയ്യും. ശിക്ഷരക്ഷകൾക്കും ശെഷം കാര്യ ങ്ങളുടെ നടപ്പുമാർഗ്ഗത്തിനും ഈ മലയാംപ്രൊവിംസയിൽ ബലവും ആജ്ഞയും നടത്തുവാനായിക്കൊണ്ടും അത്രെ ആകുന്നത. എന്നാൽ മു ഖ്യസ്ഥാന്മാരുടെ ഇരിപ്പു ഉണ്ടാകുംപൊളത്തൊക്കും സകലകാര്യവും അവർക ളൊടുകൂടി വിചാരിച്ചത്രെ നടക്കെണ്ടുത ആകുന്നു. എന്നാൽ കൊല്ലം തൊള്ളായിരത്തി അറുപത്തെട്ടാമത മീനമാസം പത്താം ദിവസി കൊഴിക്കൊട്ടുനിന്നും എഴുതിയതു. ആർ. എൻ. അബർകൊംബി".

ഉദ്യോഗസ്ഥന്മാർ

൧

പ്രവൃത്തിയാരന്മാർ.

ഓരോ ഉദ്യോഗസ്ഥനും നടക്കേണ്ടുംപ്രകാരങ്ങൾക്കു വിശദമായും വിസ്താരമായും "ഹുക്കുനാമം" എഴുതിക്കൊടുത്തിരുന്നതായി കാണുന്നുണ്ട്. വലിയസർവ്വാധിയും, സർവ്വാധിയും, വലിയകപ്പിത്താനും, മററും നടക്കേണ്ടുംപ്രകാരത്തിനും, അപ്രകാരം അധികാരബാദ്ധ്യതകളെ വിവരിക്കുന്ന തീട്ടൂരങ്ങൾ എഴുതിക്കൊടുത്തിരുന്നതായി തെളിയുന്നുണ്ടെങ്കിലും ആ നിർദ്ദേശപത്രങ്ങളുടെ പകർപ്പുകൾ ഒന്നും കണ്ടുകിട്ടീട്ടില്ല. എന്നാൽ പ്രവൃത്തിയാർ, കാര്യക്കാർ, കൊവിലകത്തുംവാതുക്കലെ "കൊമ്പാന്താൻ" ഇവരുടെ പ്രവൃത്തികളെയും ചുമതലകളെയും അധികാരങ്ങളെയും നിശ്ചയിക്കയും നിയന്ത്രിക്കയും ചെയ്യുന്ന ഹുക്കുനാമങ്ങളുടെ ചില പകർപ്പുകളും തൃക്കൈവിളയാടീട്ടുള്ള ചില അസ്സൽരേഖകളും കാണപ്പെടുന്നുണ്ട്. ഓരോ പ്രവൃത്തിയാർക്കും, കാര്യക്കാർക്കും, കൊമ്പാന്താനും രാജ്യവ്യത്യാസമനുസരിച്ചുള്ള ചില്ലറ ഭേദഗതികളോടുകൂടി വേറേവേറെ സാധനങ്ങൾ എഴുതിക്കൊടുത്തിരുന്നതായി ആ വക രേഖകളിൽനിന്നു സ്പഷ്ടമാകുന്നുണ്ട്. മാതൃകയ്ക്കായി ഒരു പ്രവൃത്തിയാർക്കും, ഒരു കാര്യക്കാർക്കും, ഒരു കൊമ്പാന്താനും കല്പിച്ചു നല്കീട്ടുള്ള ഓരോ അധികാരപത്രങ്ങളുടെ പകർപ്പുകൾ താഴെ ഉദ്ധരിച്ചുകൊള്ളുന്നു. ഭരണക്രമം "പ്രവൃത്തി"കളിൽനിന്നു് ആരംഭിക്കുന്നതുകൊണ്ടാണു പ്രവൃത്തിയാർക്കുള്ള തീട്ടൂരത്തെ ഒന്നാമതായി ചേർത്തിരിക്കുന്നതു്.

"ചെലക്കര പ്രവൃത്തിയാർ ആ പ്രവൃത്തിയിൽ നടത്തിക്കേണ്ടും പ്രകാരത്തിന്നു 970-ാമാണ്ടു വൃശ്ചികമാസം 20-ാംനു- തൃപ്പൂണിത്തുറ കളിക്കൊട്ടയിൽവെച്ചു എഴുതിയ ഹുക്കുനാമം—

"ഒന്നാമതു—പ്രവൃത്തിയാരു തിരുമുമ്പാകെ ചെന്നു യാത്ര അറിയിച്ചുംകൊണ്ടു പ്രവൃത്തിയിൽ ചെന്നാൽ, അയാൾ അവിടെ തെക്കു വടക്കു കിഴക്കു പടിഞ്ഞാറ ഒരുപൊലെ സഞ്ചരിച്ചു കുടികൾക്കു എന്താനും ആവലാതി ഉണ്ടൊ എന്നു അന്വെഷിച്ചു ഉണ്ടെന്നുവന്നാൽ പ്രവൃത്തി

യാരാൽ തീൎത്തുകൊടുക്കാവുന്നത തീൎത്തുകൊടുത്തും അല്ലാത്തതിന്ന ഉടനെ തിരുമനസ്സറിയിക്കാൻ എഴുതി കൊടുത്തയച്ചും നടന്നുകൊള്ളണം. എഴുതി അയക്കുന്നത ഇന്നിന്നവൎക്ക ഇന്നിന്ന സങ്കടങ്ങൾ എന്ന തിരിച്ചുതന്നെ വരിയൊല എഴുതി അയക്കയും വെണം.

“രണ്ടാമത — ക്ഷെത്രങ്ങളിൽ അടിയന്തരങ്ങൾ എതാനുംമുട്ടിപ്പൊയിട്ടുണ്ടൊ എന്നും, എതാനും നാനാവിധങ്ങൾ വന്നുപൊയിട്ടുണ്ടൊ എന്നും, വിചാരിച്ച വിവരംപൊലെ വരിയൊല എഴുതി അയക്കണം.

മൂന്നാമത — പാലം, വഴി, വഴിയമ്പലം, നടക്കാവ, താവളം, ബങ്കലകച്ചെരി ഇങ്ങനെ ഉള്ളതിന്ന എതാനും അററകുററങ്ങൾ വന്നുപൊയിട്ടുണ്ടൊ, എന്ന നൊക്കി ഇങ്ങൊട്ട വരിയൊല എഴുതി അയക്കണം. അപ്രകാരംതന്നെ കാൎയ്യക്കാൎക്കും എഴുതി അയക്കണം. നടകെട്ടു, വഴി നന്നാക്കിക്കുക, പാലം കെട്ടുപൊക്കുക, നടക്കാവുവൃക്ഷങ്ങൾ വെപ്പിക്ക, നനപ്പിക്ക, വെലി കെട്ടിക്ക, കണ്ടുകൃഷിവകകളും, കച്ചവടം വകകളും പൊക്കുനീക്കി, കൊവിലകം, മഠം, കൊട്ടാരം, ബങ്കലാവു, വഴിയമ്പലം, കച്ചെരി, താവളം വഞ്ചിപ്പുര, ഈ വകകൾ കെട്ടിക്കണ്ടതിനും, അററകുററങ്ങൾ തീൎപ്പിക്കണ്ടതിനും, ‘കൂലിക്കാരു, ആശാരിമാരു, കൊല്ലന്മാരു, ഇവരെക്കൂട്ടി അയക്കണമെന്നു കാൎയ്യക്കാരുടെയും കൊമ്പാന്താന്റെയും പെൎക്ക എഴുതിവന്നാൽ, ആയതു മെടിച്ച കെട്ടിക്കൊണ്ടുകൂട്ടി അയച്ചുകൊള്ളണം. ആ വകക്കു ഓലയൊ കൊപ്പുകളൊ മെടിച്ചുകൊടുത്തയക്കണമെന്നു അവരുടെ പെൎക്ക എഴുത്തും പണവും കൂടെ വന്നാൽ മൎയ്യാദപൊലെയുള്ള വില കുടികൾക്കു കൊടുത്ത കൊപ്പുകൾ മെടിച്ചു കൊടുത്തയച്ചുകൊള്ളണം.

“നാലാമത — ആ പ്രവൃത്തിയിൽ തവണക്കു മൂടകെട്ടിക്കത്തക്കവണ്ണം നിശ്ചയം വെച്ചിരിക്കുന്നതിന്ന വെഗത്തിൽ നെല്ലു അളപ്പിച്ച അരി കുത്തി മൂടകെട്ടിച്ച തവണപ്രകാരം വെച്ചിരിക്കുന്ന മൂട അതതതവണക്ക അരണാട്ടുകരക്കു എത്തിച്ച മൂടവക മുതൽപിടിക്ക ആക്കിയിരിക്കുന്നവന്റെ പററിൽ ത്തൂക്കിക്കൊടുപ്പിച്ചുകൊള്ളണം. കല്പിച്ചമാതിരി തന്നിരിക്കുന്നപ്രകാരമുള്ള അരി കുത്തിച്ച എല്പിക്കാതെ അതിൽ ഭെദം വന്നാൽ ആ മൂടക്കു വാശി കൂട്ടിത്തരണ്ടിയുംവരും. നീതി വകക്ക മൂട കെട്ടിക്കണ്ടതിന്ന നിശ്ചയിച്ചിരിക്കുന്നതു നീക്കി ശിഷ്ടം ഉള്ള നെല്ലും അരണാട്ടുകരക്കു എത്തിച്ച തവണപ്രകാരം അളവുകൊടുത്ത ശീട്ടും മെടിച്ചുകൊള്ളണം.

"അഞ്ചാമത — പ്രവൃത്തിയിൽ മുതലുള്ള നെല്ലും പണത്തിലും 'ഹവാൽത്ത' ചെയ്യുന്നു നീക്കി ശെഷമുള്ളതു പിരിച്ച തീട്ടൂരം എഴുതി വരുന്നവയ്ക്ക കൊടുത്ത പറശീട്ടു മെടിച്ചുകൊള്ളണം. 'ഹവാൽത്ത' ചെയ്യുന്നു നീക്കി ശെഷമുള്ള നെല്ലിന്ന ആ കൊവിലകത്തുംവാതുക്കലെ കാളകൾ വന്നാൽ ഉടനെ പൊതിപിടിപ്പിച്ച കൊടുത്തയച്ച കൊള്ളണം.

"ആറാമത — ഊട്ടു അടിയന്തരം, വാരം, ഉത്സവം, പട്ടത്താനം, വെച്ചുനമസ്കാരം, ഈ അടിയന്തരത്തിനും അല്ലാതെയും കൊവിലകത്തുംവാതുക്കൽനിന്നും കഴിക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്ന അടിയന്തരങ്ങൾക്കും കൊപ്പുകൾ ഇന്നിന്നത മെടിച്ച കൊടുത്തയക്കണമെന്ന മനസ തിരിച്ച വരിയൊലയും ആ വകക്ക വെണ്ടുംപണവും കാൎയ്യക്കാരുടെയും കൊമ്പാരന്താന്റെയും പെക്ക എഴുതി രണ്ട കറ്റും ഇട്ട കാലയും കെട്ടിവന്നാൽ മൎയ്യാദപൊലെയുള്ള വിലയും കുടികൾക്ക കൊടുപ്പിച്ച കൊപ്പുകളും ശെഖരിച്ച അയപ്പിച്ചുകൊള്ളണം. അടിയന്തിരങ്ങൾക്ക കൊപ്പുകൾ എത്തിച്ചുകൊടുക്കാതെയിരുന്നാൽ വലിയ പിഴയായിട്ടുവരുന്നതും ആകുന്നു. അടിയന്തരങ്ങൾക്ക ശ്രമിക്കുന്നതിന്ന ആളുകൾക്ക എഴുതിവന്നാൽ വെണ്ടുന്ന ആളുകളെയും അയച്ച അവക്ക പതിവുപൊലെ ഉള്ള ചിലവും കാൎയ്യക്കാരൊട വാങ്ങി കൊടുപ്പിച്ച കൊള്ളണം.

"എഴാമത — കരിടത്ത കുത്തിപ്പൊളി നാനാവിധം ഉണ്ടായിട്ട, ആയുധക്കാരെയും ശെഖരിച്ചുകൊണ്ടു ചെല്ലണമെന്ന എഴുതിവന്നാൽ ഉടനെ അവരെ കൂട്ടിക്കൊണ്ടചെന്നുകൊള്ളണം. പ്രവൃത്തിയാരന ദീനം ആയിപൊയി എന്നുവരികിൽ പ്രവൃത്തിയിൽ പാക്കുന്ന സുബെദാരായിട്ട പറഞ്ഞുംകൊണ്ട ആയുധക്കാരെ ശെഖരിച്ച പ്രവൃത്തിയിലെ 'മുന്നലക്കാരൻമാരെ'യും കൂട്ടി അയച്ചുകൊള്ളണം.

"എട്ടാമത — കണ്ടുകൃഷിയിൽ ചെയ്യിരിക്കുന്ന കൊവിലകം, മഠം, കളപ്പാട, കൊട്ടാരം, കയ്യാല, തൊഴുത്ത ഈ വക കെട്ടിയ്ക്കുണ്ടതിന്ന കാലയും ആളും വെണമെന്ന എഴുതിവന്നാൽ കണ്ടുകൃഷിയിൽനിന്ന ആ വഹയ്ക്കുള്ള പണവും പററി കാലയും തടവു തീൎത്തയച്ച ആളുകളെ അയച്ച കെട്ടിച്ചുകൊടുത്ത പതിവുപൊലെ ഉള്ള ചിലവും കൊടുത്തു. കൊള്ളണം.

"ഒമ്പതാമത — പ്രവൃത്തിയിലെ മാസാന്തവരിയൊല മറമാസം 5-ാംനു-ക്ക മുമ്പിൽ വകതിരിച്ച കൊവിലകത്തുംവാതുക്കൽ കൊടുക്കണം. അതിൽ കണക്കെഴുതുവാൻ ആക്കിയിരിക്കുന്നവന്റെയും ഒപ്പു ഇട്ടിരിക്കണം.

"പത്താമത — പ്രവൃത്തിയിൽ, പ്രവൃത്തിയാര, കണക്കെഴുത്തുകാര, 'കിഴക്കൂട്ടം' എഴുതുന്നവര, നീതിചന്ത്രക്കാരൻ, നീതികണക്കെഴുത്തുകാരൻ, മാസപ്പടിക്കാര, ആ പ്രവൃത്തിയിൽ പണ്ടാരവക ചന്ത്രംവിചാരിക്കുന്ന ആള, ആ കണക്കെഴുത്തുകാരൻ, ഈ ആളുകൾക്ക ഒടമ (ശമ്പളം) വകക്കുള്ള നെല്ലും പണവും കൊവിലകത്തുംവാതുക്കൽനിന്നും തരത്തക്കവണ്ണം വെച്ചിരിക്കകൊണ്ട അതെതുമാസത്തിലെ ഒടമെക്കുള്ള നെല്ലിനും പണത്തിനും, മാസാന്തവരിയൊല അയക്കുമ്പോൾ, പ്രവൃത്തിയാരുടെപെക്ക, കൊവിലകത്തുംവാതുക്കലെക്ക പാറശീട്ടും കൊടുത്തയച്ച നെല്ലും പണവും വാങ്ങിച്ച അതെത ഒടമക്കാൎക്ക കൊടുത്ത അവരൊട പ്രവൃത്തിയാര വെറെ പാറശീട്ടും വാങ്ങിക്കൊള്ളണം. ഒരുത്തന്റെ കടംവായ്പ പിരിച്ച കൊടുക്കണമെന്ന കാൎയ്യക്കാരന്റെയൊ കൊമ്പാന്താന്റെയൊ പെക്ക എഴുതിവന്നാലും തീട്ടൂരം വരാതെ ആയത പ്രവൃത്തിയാര ചെയ്യുപൊകയും അരുത.

"പതിനൊന്നാമത — പണ്ടാരവകക്ക കണ്ടുകെട്ടിയ മുതലുകളിൽ ഒരു ഇരുമ്പിന്റെ നറുക്ക എങ്കിലും ഒരുത്തൎക്ക കൊടുക്കണമെന്ന കാൎയ്യക്കാരനൊ കൊമ്പാന്താനൊ എഴുതി അയച്ചാൽ ആയതിന്ന തീട്ടൂരം വരാതെ ഒന്നും കൊടുത്തുപൊകയും അരുത.

"പന്ത്രണ്ടാമത — പണ്ടാരവക കച്ചവടക്കാർ എങ്കിലും, പുറമെ ഉള്ള കച്ചവടക്കാർ എങ്കിലും, ആ പ്രവൃത്തിയിൽനിന്ന നെല്ല എങ്കിലും, ഒരു കൊറ്റ്പ്പുകൾ എങ്കിലും, മെടിച്ച കൊടുക്കണമെന്നും ആളുകളെ അയച്ച സഹായം ചെയ്യുകൊടുക്കണമെന്നും, കാൎയ്യക്കാരുടെയൊ കൊമ്പാന്താന്റെയൊ പെക്ക എഴുതിവന്നാലും തീട്ടൂരം വരാതെ ആയത ഒന്നും ചെയ്യുപൊകയും അരുത.

"പതിമൂന്നാമത — പ്രഭുക്കന്മാര, മാടമ്പിമാര, ഇങ്ങനെ ഉള്ളവൎക്കും, പണ്ടാരവകക്ക സംബന്ധം ഇല്ലാത്ത ക്ഷെത്രങ്ങളിലെക്കും, പണ്ടാരവക എടപെട്ട ആളുകൾക്കും, പുറമെ ഉള്ളവൎക്കും എന്തെങ്കിലും കൊപ്പുകൾ മെടിച്ച കൊടുക്കണമെന്നും, കൂലിക്കാരെ അയച്ച പ്രയത്നം

ചെയ്യിച്ചു കൊടുക്കണമെന്നും ആവശ്യപ്പെട്ടാലും എഴുതിവന്നാലും തിട്ടൂരം കാണാതെ ആയ്തും ചെയ്തുപൊകയും അരുത.

"പതിന്നാലാമത — കണ്ടകൃഷിയിലെ വെല കാൎയ്യങ്ങൾക്കല്ലാതെ മററു ഓരൊ വെലകാൎയ്യങ്ങൾക്കു കൂലിക്കാരെ കൂട്ടി അയച്ചു വെല ചെയ്യിക്കണമെന്നു കാൎയ്യക്കാരന്റെയൊ കൊമ്പാന്താന്റെയൊ പെക്ക എഴുതിവന്നാലും, തീട്ടൂരം വരാതെ, ഒരു വല്യാളെ എങ്കിലും, ഒരു കന്ന എങ്കിലും പിടിച്ചു എല്പിച്ചുപൊകയും അരുത.

"പതിനഞ്ചാമത — പ്രവൃത്തിയിലെ നെല്ലും പണവും പിരിയ്ക്കണ്ടതിന്നു ഞെരുക്കം വെണ്ടാ എന്നും, ഒരുത്തനൊടു മുതല ചൊദിക്കണ്ടാ എന്നും, ഒരുത്തന്റെ 'വിരൊധം ഒഴിഞ്ഞു കൊടുക്കണ'മെന്നും (വിലക്കം ചെയ്യുതു് എടുത്തുകളയുക) എഴുതിവന്നാലും തീട്ടൂരം കാണാതെ സമ്മതിക്കയും അരുത.

"പതിനാറാമത — എതു കാൎയ്യത്തിനെങ്കിലും ഒരു കുടിയാനെക്കൊണ്ടു ഓല എഴുതിച്ചു കയ്യു കുത്തിച്ചു കഴിഞ്ഞാൽ ഉടനെ മടക്കികെട്ടി മുദ്രയിട്ടു ഇങ്ങൊട്ടു കൊടുത്തയക്കുന്നതല്ലാതെ ആ ഓല തിരിയെ അവന കൊടുക്കണമെന്ന കാൎയ്യക്കാരനൊ കൊമ്പാന്താനൊ പറഞ്ഞാലും അങ്ങനെ ചെയ്യുപൊകയും അരുത.

"പതിനേഴാമത — രജിമിട്ടു, പട്ടാളം, ലായം ഈ വകക്കും മററുപല വകക്കും പ്രവൃത്തിയിൽനിന്നും നെല്ലും പണവും കൊടുക്കത്തക്കവണ്ണം വകവെച്ചു ആളു വന്നാൽ വരുന്ന ആളെ അവിടെ പാൎപ്പിച്ചുകൊണ്ടു, പ്രവൃത്തിയിൽ 'തയനാത്തിന' പാക്കുന്ന ആളുകളെ കുടികളിൽ അയച്ചു നെല്ലും പണവും പിരിപ്പിച്ചു വരുന്ന ആളുടെ പററിൽ കൊടുക്കുന്നതല്ലാതെ വരുന്ന ആളുകളെ കുടികളിൽ അയച്ചുപൊകയും അരുത.

"പതനെട്ടാമത — കാൎയ്യക്കാര എങ്കിലും, കൊമ്പാന്താൻ എങ്കിലും, തയനാത്തിനു പാക്കുന്നവർ എങ്കിലും, രജിമിട്ടിൽ ഉൾപ്പെട്ടവർ എങ്കിലും, കണ്ടകൃഷി, കുത്തകകൃഷി, ചുങ്കം, കച്ചവടം, കുത്തുമതി ഈ വകയിൽ എടപെട്ട മററ ആര എങ്കിലും, പ്രവൃത്തിയിൽ കുടന്ന ഒരു നാനാവിധം ചെയ്യാൽ, കട്ടംതന്നെ സംശയം കൂടാതെ, ഉടനെ തിരുമനസ്സിൽ അറിവിപ്പാൻ എഴുതി അയക്കാതെ ഇരുന്നു പൊകയും അരുത. എഴുതി അയക്കാതിരുന്നാൽ എററവും വലിയ പിഴയായിട്ടുള്ളത ആകുന്നു.

"പത്തൊമ്പതാമത — പ്രവൃത്തിയിൽ മററാരാനും വന്നു കുടികളിൽ പാൎത്തു എന്നു കെട്ടാൽ പ്രവൃത്തിയാരാൽ കഴിയുന്നതു പറഞ്ഞ അവിടെനിന്നു ഒഴിപ്പിച്ചുകൊള്ളണം. സമ്മതിക്കാതെ പാൎത്തു എങ്കിൽ തിരുവാണയിട്ട' വെലക്കണം. എന്നിട്ടും പാൎത്തു എങ്കിൽ തിരുമനസ്സിൽ അറിയിപ്പാൻ എഴുതി അയച്ചുകൊള്ളണം.

"ഇരുപതാമത- പെരുമ്പടപ്പിൽ രാജ്യത്തുള്ള ആളുകൾ അല്ലാതെ പുറമെനിന്നും പ്രമാണക്കാരൊ അല്ലാതയൊ ഉള്ള ആളുകളൊ ആയുധക്കാരൊ പ്രവൃത്തിയിൽക്കൂടി വഴിപൊയാൽ ഇത്രാംനു ഇന്നിന്നവർ ഇന്നെടത്തെക്ക പൊയി എന്നും, അല്ലാതെ ഉള്ളവർ വന്നാൽ ഇന്നാൾ ഇന്നിടത്തെക്ക വന്നു എന്നും, വിവരം തിരിച്ചു എഴുതി അയച്ചുകൊള്ളണം. നാലുദിവസം തികച്ചു അവിടെ ഒരെടത്തു പാൎക്കുന്നു എന്നുവരികിൽ കല്പനകൂടാതെ പാൎത്തുകൂടാ എന്നു പറഞ്ഞു വിലക്കിക്കൊള്ളണം. ഇങ്കിരിയസ്സ കുമ്പഞ്ഞിവക ആളുകൾ ആകുന്നു എങ്കിൽ അവരൊടു ഗുണദൊഷമായിട്ടു പറയുന്നതല്ലാതെ വാക്കെററം പാറകയും കയ്യെററം ചെയ്കയും അരുത.

"ഇരുപത്തിഒന്നാമത — മറുരാജ്യത്തുനിന്നും കന്നും വല്യാളും 'എഴുന്നുവന്നാൽ' ആയതു മറെറാരുത്തരും പിടിച്ചുനിറുത്തി എന്നു വരാതെ പ്രവൃത്തിയിൽ നിറുത്തി തിരുമനസ്സിൽ അറിവിച്ചു തീൎപ്പുരം വരുത്തുവൊളത്തിനു നിറുത്തിക്കൊള്ളണം.

"ഇരുപത്തിരണ്ടാമത, — തിരുവാണ ഇട്ടിട്ടു ആരുതന്നെ എങ്കിലും തിരുവാണമറുത്താൽ, അവരെ പിടിച്ചുകൊണ്ടുവന്നു കച്ചെരിയിൽ കാവലിൽ പാൎപ്പിച്ചു, തിരുവാണ വലിഞ്ഞതു അവനു പിഴയാകുന്നു എന്നു അനുവദിച്ചപ്രകാരം കച്ചീട്ടും എഴുതിപ്പിച്ചു, ആ തറയിൽ ഉള്ളതിൽ നാലു സാക്ഷിക്കാരെക്കൂടെ നിൎത്തി അവരെയും ബൊധിപ്പിച്ചു, തിരുവാണ വലിഞ്ഞവൻ ആസ്തി ഉള്ളവൻ ആകുന്നു എങ്കിൽ, അവനു ഇത്ര പണത്തിന്ന ആസ്തിയുണ്ടെന്ന തറയിൽനിന്ന നാലുപെരെ വരുത്തുന്നവരെക്കൊണ്ടു "കണ്ടപത്രവും" എഴുതി ഒപ്പിട്ടമെടിച്ചുംകൊണ്ടു, അവനുള്ള ആസ്തിയിൽ നൂറു പുത്തന്ന ഇരുപതുപുത്തൻകണ്ടു അവനെക്കൊണ്ടു പ്രാശ്ചിത്തവും ചെയ്യിപ്പിച്ചുകൊള്ളണം. ആസ്തിയില്ലാത്തവനാകുന്നു എങ്കിൽ, കണ്ടപത്രവും എഴുതിച്ചു അനുവാദകച്ചീട്ടുംവാങ്ങി തറയിൽ നാല സാക്ഷിക്കാരെയും ബൊധിപ്പിച്ചു, പ്രവൃത്തിയിൽ പാൎക്കുന്ന സുബെദാരായിട്ടും പറഞ്ഞ, തയനാത്തിന്ന പാൎക്കുന്ന

ശിപ്പായിമാരെക്കൊണ്ട അവന്റെ അരക്കു കിഴപ്പറം എഴുപത്തഞ്ച അടി കച്ചെരിയിൽവെച്ച അടിച്ച അയച്ചുകൊള്ളണം. ബ്രാഹ്മണര എത്രെ തിരുവാണ വലിഞ്ഞത എങ്കിൽ അവരുടെ കൃഷിക്കാരനെ കച്ചെരിയിൽ വരുത്തി മുമ്പു പറഞ്ഞപ്രകാരത്തിലെല്ലാം ചെയ്തുകൊള്ളണം. ഒരു കാൎയ്യവുംകൂടാതെ അന്യായമായിട്ട തിരുവാണ ഇടുക ആയി എന്നുവരികിൽ (മേൽവിവരിച്ചപ്രകാരം) അവന്റെ ആസ്തിയിൽ പത്തിന്നു നാലു പ്രാശ്ചിത്തവും, ആസ്തിയില്ലാത്തവനെങ്കിൽ (മുൻപു പറഞ്ഞതുപോലെ) ഒരുന്നൂറിഅയമ്പത അടിയും ശിക്ഷിപ്പിച്ചുകൊള്ളണം. തയനാത്തിന പാക്കുന്ന ആളുകൾ എത്രെ ഒരു വഴിയല്ലാതെ തിരുവാണ ഇട്ടത എങ്കിൽ അവരെ ഇതുംവണ്ണംതന്നെ ശിക്ഷിപ്പിക്കത്തക്കവണ്ണം, സുബെദാക്ക കല്പന കൊടുത്തിരിക്കകൊണ്ട, ശിക്ഷിച്ചില്ലങ്കിൽ ആ വൎത്തമാനത്തിന്ന അറിയിപ്പാൻ എഴുതി അയക്കയും വെണം. അടിപ്പിക്കുന്നത തയനാത്തിന്നു പാക്കുന്ന ആളുകളെക്കൊണ്ടല്ലാതെ മററാരെക്കൊണ്ടും ആകയും അരുത.

"ഇരുപത്തിമൂന്നാമത—ക്ഷെത്രങ്ങളിൽ കടന്നു ഭണ്ണാരം മൊഷ്ടിക്കയും, ഇല്ലങ്ങളിൽ കടന്നു മൊഷ്ടിക്കയും, ബ്രാഹ്മണരൊട എററങ്ങൾ ചെയ്കയും, അപരാധിക്കയും ചെയ്താൽ ഉടനെ അവനെ പിടിച്ച വിലങ്ങിട്ട കച്ചെരിയിൽ പാപ്പിച്ച, അവന്റെവക മുതലുകളെല്ലാം പണ്ടാരവകക്ക കണ്ടുകെട്ടി, അപ്രകാരത്തിന്ന വരിയൊല എഴുതി അയച്ച അറിയിച്ചുകൊള്ളണം.

"ഇരുപത്തിനാലാമത— കുടികൾ കുടിപുറപ്പെട്ട മറുരാജ്യത്തക്ക പൊയി എന്നുവരികിൽ മുതലുകൾ ഒക്കെയും പണ്ടാരവകക്ക കണ്ടുകെട്ടി വരിയൊല എഴുതി അറിയിച്ചുകൊള്ളണം. പുറപ്പെട്ടുപൊയവരെ പ്രവൃത്തിയാന്മാര വിചാരിച്ചാൽ വരുത്താമെങ്കിൽ വരുത്തി, വിലങ്ങിട്ട, കച്ചെരിയിൽ പാപ്പിച്ച, സുബെദാരെ ഏല്പിച്ച ശീട്ടുംവാങ്ങിച്ച വരിയൊല അയച്ചുകൊള്ളണം.

"ഇരുപത്തഞ്ചാമത—കുടികളുടെവക കന്നു, വല്യാള, പെട്ടി, പ്രമാണങ്ങൾ ഒന്നും മററൊരു രാജ്യത്തക്ക കടത്തിക്കൊണ്ടുപൊകയും വഹിയ. മറുരാജ്യത്തുന്നു ഇങ്ങൊട്ട വന്നിട്ട എങ്കിലും അങ്ങൊട്ട ചെന്നിട്ട എങ്കിലും, ഗുണദൊഷങ്ങൾ വിചാരിക്കുന്നുണ്ടൊ എന്നും, അങ്ങും ഇങ്ങും ഓല ഉത്തരങ്ങൾ എഴുതുന്നുണ്ടൊ എന്നും, ഇവിടെ ഉള്ളവർ മറുസംസ്ഥാനത്തെയെങ്കിലും അവിടത്തെ പ്രമാണക്കാരെ എങ്കിലും

സെവിപ്പാനായിട്ട എങ്കിലും പൊകുന്നുണ്ടൊ എന്നും ദിവസെന രാപകൽ ശൊധന ചെയ്തുകൊണ്ടു, വിവരം തിരുമനസ്സിൽ അറിയിച്ചു കൊള്ളണം.

"ഇരുപത്തിആറാമത—പ്രവൃത്തിയാര, കണക്കെഴുത്തുകാര, നീതിചന്ത്രക്കാര ഇങ്ങനെ പ്രവൃത്തിയിൽ പണ്ടാരവകക്ക എടപെട്ട ആളുകൾ ആ പ്രവൃത്തിയിൽ കൊവിലകം, മഠം, കൊട്ടാരം കച്ചെരി ഉള്ളെടത്ത പാൎക്കുന്നതല്ലാതെ, പ്രവൃത്തിയിൽ ഒരു വീട്ടിൽ കയറിപാൎക്കയും, അവര കഞ്ഞിവെച്ച തരണമെന്ന പറകയും ചെയ്തുപൊകരുത.

"ഇരുപത്തിഎഴാമത—പ്രവൃത്തിയാര എങ്കിലും പ്രവൃത്തിയിൽ പണ്ടാരവക എടപെട്ട ആളുകൾ എങ്കിലും സ്വകാൎയ്യം ആയിട്ട ആ പ്രവൃത്തിയിൽ ഒരു കൃഷിചെയ്കയും, കടംവാങ്ങി വാങ്ങിക്കയും, ഒരു പുത്തൻ' ഒരു കുടിയാനൊട്ട മെടിക്കയും, ചെയ്തുപൊകരുത".

കമനീയമായ ആ രാജ്യഭരണകമാനത്തിന്റെ ആണിക്കല്ല് "പ്രവൃത്തിയും പ്രവൃത്തിയാരും" തന്നെ ആയിരുന്നു എന്നു് ഇതിൽനിന്നു സ്പഷ്ടമാണു്. മേൽ ചേൎത്തിരിക്കുന്ന നിൎദ്ദേശപത്രത്തിൽ സ്പൎശിച്ചിട്ടില്ലാത്ത ഒരു വസ്തുവോ വിഷയമോ ഇല്ലെന്നു തോന്നുന്നു. അതിലെ പല പല വകുപ്പുകളിൽനിന്നും അന്നത്തെ കാലസ്ഥിതികളും പെരുമാററസമ്പ്രദായങ്ങളും, രാജാവിന്റെ മുതലെടുപ്പുമുറകളും, ശിക്ഷയുടെ സ്വഭാവങ്ങളും പ്രത്യക്ഷപ്പെടുന്നതുകൊണ്ടു് അവ പ്രത്യേകിച്ചും വിജ്ഞാനപ്രദങ്ങൾ തന്നെ ആകുന്നു. സാധാരണക്കാരായ കുടികളുടെ നേരേ ആ രാജപുംഗവനു് അതിരററ അനുകമ്പയും, അനുഭാവവും ഉണ്ടായിരുന്നു എന്നുള്ള വിഖ്യാതി ഏററവും അടിസ്ഥാനത്തോടുകൂടിയതാണെന്നു് അതിലെ പല ശാസനകളിൽനിന്നും ഗ്രഹിക്കാവുന്നതാണു്.

൨

കാൎയ്യക്കാരന്മാർ

പ്രവൃത്തിയാരന്മാൎക്കു നേരേ മുകളിലുള്ള ഉദ്യോഗസ്ഥനായിരുന്നു കാൎയ്യക്കാർ. അയാളുടെ അധികാരാതിൎത്തി "കോവിലകത്തുംവാതുക്ക"ലായിരുന്നു. ഓരോ കോവിലകത്തുംവാതുക്കലും വലുപ്പവ്യത്യാസം അനുസരിച്ചു് അന്നു നാലും ആറും പ്രവൃത്തികൾ വീതമുണ്ടായിരുന്നു. കാൎയ്യക്കാർ നടക്കേണ്ടുംപ്രകാരങ്ങൾക്കു് ഓരോരുത്തൎക്കും പ്രത്യേകം

പ്രത്യേകം അധികാരപത്രങ്ങളായ "ഹുക്കുനാമം" എഴുതി കൊടുത്തിരുന്നു. പലപ്രകാരത്തിലും വിജ്ഞേയങ്ങളായി തോന്നുന്ന ആ ഹുക്കുനാമങ്ങളിൽ ഒന്നു മാതൃകയ്ക്കായി താഴെ ചേൎത്തിരിക്കുന്നു.

"ഏനാമാക്കൽ കാൎയ്യക്കാര നടക്കെണ്ടുംപ്രകാരത്തിന്നു 969-ാമാണ്ടു മെടമാസം 5-ാംനു കല്പിച്ചെഴുതിയ ഹുക്കുനാമം:—

'ഒന്നാമത —കാൎയ്യക്കാര കാലത്തെ എറെറ കാല്യ, മുഖം കഴുകി ദെഹശുദ്ധിവരുത്തി, അര നാഴിക പുലരുമ്പൊഠം കച്ചെരിയിൽ വന്നു, മെനൊന്മാര, പിള്ളമാര, പ്രവൃത്തിയാരമ്മാര, ഇവരെല്ലാവരും വന്നിട്ടുണ്ടൊ എന്ന അന്വെഷിച്ചു, വരാത്തവരെ ആളയച്ചു വരുത്തി, കണക്കുകളും കാൎയ്യങ്ങളും വിചാരിച്ചു, ഏറക്കുറവായിട്ടു നടന്നിട്ടുള്ളവരുണ്ടെങ്കിൽ അവരെക്കൊണ്ടു പിഴയും അനുസരിപ്പിച്ചു, ശീട്ടും എഴുതിവാങ്ങി, എഴുന്നള്ളി ഇരിക്കുന്നെടത്തെക്ക കൊടുത്തയക്കണം.

"രണ്ടാമത — ഊട്ട, തണ്ണീർപന്തൽ, പാലം, നടക്കാവ, വഴിയമ്പലം, താവളം, ഒരുപറ അരിക്കു മെൽ വെച്ചു കഴിപ്പിച്ചുവരുന്ന സദ്യകഠം, പണ്ടാരവക ക്ഷെത്രങ്ങളിലെ ഉത്സവം അടിയന്തരങ്ങഠം, ഇതൊക്കയും കൊവിലകത്തുംവാതുക്കൽ നിന്നും വിചാരിക്കുക എന്നും, ഇതിന്നു വക മെടിച്ചു ചിലവിടുക എന്നും, കണക്കുകഠം തിരുമുഖംപിടിച്ച മെനൊനെക്കൊണ്ടു എഴുതിക്കുക എന്നും, കല്പിച്ചുവെച്ചിരിക്കകൊണ്ടു, ആ കാൎയ്യങ്ങഠം ക്രമപ്രകാരം നടക്കത്തക്കവണ്ണം ശൊധനചെയ്തു നടത്തിച്ചുകൊള്ളണം. അതിന്നു ഏത എങ്കിലും വ്യത്യാസങ്ങളായിട്ടുവന്നാൽ ഒരിക്കൽ പിഴ ആയിട്ടും, രണ്ടാമത അപമാനമായിട്ടും വരികയും ചെയ്യും.

"മൂന്നാമത — തണ്ണീർപ്പന്തൽ വെപ്പിക്കുന്നതിൽ നല്ല പട്ടരായിട്ട ആക്കി, ആയതിന്ന ഉപ്പും മൊരും നെരത്തെ എത്തിക്കത്തക്കവണ്ണം നിദാനംവരുത്തി, പുലരുന്ന അര നാഴിക ആകുമ്പൊഠം വെള്ളം വീഴ്ത്തു തുടങ്ങി, രണ്ടരനാഴിക പകലൊളം കൊടുത്തുകൊള്ളണം.

'നാലാമത—വഴിയമ്പലം, നടക്കാവ, താവളം, പാലം, വൃത്തനായിട്ട വെട്ടിയിട്ടിരിക്കുന്ന വഴികഠം ഇതൊക്കയും ദിവസവും ശൊധന ചെയ്യിപ്പിച്ചു, അററകുററങ്ങളും തീൎപ്പിച്ചുകൊള്ളണം. സദ്യകഠക്കും ഉത്സവം അടിയന്തരങ്ങഠംവകക്കും അവപതുദിവസത്തിന്നു മുമ്പിൽ

എഴുതികൊടുത്തയച്ച വക വരുത്തി വ്യത്യാസം വരാതെ നടത്തികൊള്ളണം.

"അഞ്ചാമത—കൊവിലകത്തുംവാതുക്കൽ ചെന്ന നാലു പ്രവൃത്തികളിലും ഉള്ള ദെവസ്വങ്ങളിൽ പൂജ, ഉത്സവം, പാട്ട, വെല, ഈവകകൾക്കയും 965–ാമാണ്ടിന്ന ഇപ്പുറം കഴിപ്പിച്ചുവരുന്നതിൽ ഒരു ഏറക്കുറവു കൂടാതെ കഴിപ്പിച്ചുകൊള്ളണം. അതെത ക്ഷെത്രങ്ങളിൽ മുതൽ ഉണ്ടെങ്കിൽ അവിടെ നിന്നുതന്നെ കഴിപ്പിക്കണം. മുതലില്ലാത്തവകൾക്ക തിരുമനസ്സിൽ അറിയിച്ച വക വരുത്തി കഴിപ്പിച്ചുകൊള്ളണം."

"ആറാമത—പ്രവൃത്തികളിൽ വിചാരിപ്പാൻ ഒരു 'പെരുമ്പാട്ടാളി'യെ കല്പിച്ചിരിക്കകൊണ്ട, ഒരുപണം ചിലവിടണമെങ്കിലും പാട്ടാളികയ്യാൽ ചിലവിടീക്കുന്നതല്ലാതെ, ഒത്തവണ്ണം ചിലവിട്ട എന്നുവരികയും അരുത. ഇപ്പൊഴുള്ളവരിൽ ആരെയെങ്കിലും മാററണമെന്നുവരികിൽ, ഇന്നിന്നവൻ ഇന്ന പിഴ ചെയ്തിരിക്കുന്നു എന്ന തിരുമനസ്സറിയിപ്പാൻ എഴുതികൊടുത്തയച്ച കല്പന വരുംവണ്ണം ആയികൊള്ളണം.

"എഴാമത—കൊവിലകത്തുംവാതുക്കൽ ചെന്ന പ്രവൃത്തികളിൽ ഉള്ള ക്ഷെത്രങ്ങളിൽ പണ്ടാരവകകൾ എന്തെല്ലാം സംബന്ധങ്ങൾ ഉണ്ടെന്നും, എന്തെങ്കിലും മാഞ്ഞുമറിഞ്ഞു കിടക്കുന്നുണ്ടൊ എന്നും, ശൊധന ചെയ്തു, പണ്ടാരവകകൾ ചെല്ലുന്നെടത്തൊളം ചെന്നു വിവരം തിരുമനസ്സറിയിപ്പാൻ എഴുതി അയക്കണം.

"എട്ടാമത—മാടമ്പിമാര, പ്രഭുക്കന്മാര, മുതലാളന്മാര, കുടികളുടെ ഉല്പത്തിയും പറമ്പും എഴുതി മെടിക്കണമെങ്കിൽ തിരുമനസ്സിൽ അറിവിക്കാതെ ചെയ്യുക്കൂടുന്നതും അല്ല എന്ന 67–ാമാണ്ട മുതല്ക്ക കല്പിച്ചിരിക്കുകകൊണ്ട, അവര ആരൊട എഴുതിമെടിച്ചു എങ്കിലും, മിച്ചവാരം അടക്കിഎഴുതി വാങ്ങീട്ടുണ്ട എങ്കിലും, ദെവസ്വം ബ്രഹ്മസ്വം മുതലാളന്മാൎക്ക എഴുതികൊടുത്തിട്ടുണ്ട എങ്കിലും, ആയത ശൊധന ചെയ്തു 67–ാമാണ്ടിന്ന ഇപ്പുറം ചെയ്തിട്ടുള്ളത ഒക്കെയും പണ്ടാരവകയായിട്ട കെറികെട്ടി ആ വൎത്തമാനത്തിന്ന എഴുതി കൊടുത്തയക്കണം.

"ഒമ്പതാമത—ഇതൊക്കയും ശൊധന ചെയ്യുണ്ടതിന്നും, കൊട്ടാരങ്ങൾ, കൊവിലകങ്ങൾ അററകുററം നൊക്കണ്ടതിന്നും കൂട നിഷ്കരിഷിച്ചു കെട്ടിക്കണ്ടതിനും, കാൎയ്യക്കാരെ ഓരൊ പ്രവൃത്തിയിലും ഓരൊ

മാസത്തിൽ എട്ടു ദിവസം ചെന്നിരുന്ന ക്ലേശിക്കുന്നതല്ലാതെ ഒരെടത്തു തന്നെ ഇരുന്നു എന്നുവരികയും അരുത.

"പത്താമത—കരുന്നൂററി ഇരുപതു പുത്തനിൽത്താഴെ കാൎയ്യക്കാര കാൎയ്യം തീൎപ്പിച്ചുകൊൾക എന്നു വെച്ചിരിക്കകൊണ്ട, കാൎയ്യം തീൎപ്പിക്കണമെങ്കിൽ പ്രവൃത്തിയാൎക്ക എഴുതിഅയച്ചു കുടികളെ വരുത്തി തീൎപ്പിക്കുന്നതല്ലാതെ കാൎയ്യക്കാര ആളെ അയച്ചു പിടിച്ചുകൊണ്ടുവന്നു എന്നു വരികയും അരുത.

"പതിനൊന്നാമത—പണ്ടാരവക കാൎയ്യത്തിന്ന ഗുണമായിട്ടും, കാൎയ്യലാഭമായിട്ടും ഉള്ള കാൎയ്യത്തിന്ന മെല്പടിയിൽനിന്നും എഴുതികൊടുത്തയച്ചാൽ ആയത അനുസരിച്ചുകൊള്ളുന്നതല്ലാതെ, ഒരു പണം ചില വിടെണ്ടുന്നതിനും, ഒരുത്തൎക്ക ഒരു കുറവു ചെയ്തുകൊടുക്കുന്നതിനും, അങ്ങനെ എഴുതിവന്നാൽ ആയത അനുസരിക്കയും വെണ്ടാ. അതൊക്കെ തീട്ടുരത്തുംപടിയല്ലാതെ ചെയ്തു എന്നു വന്നാൽ പിഴയായിട്ടു വരികയും ചെയ്യും.

"പന്ത്രണ്ടാമത—മഠസ്വത്രുപത്തികലെ വകക്കും, ദെവസ്വം ബ്രഹ്മസ്വം വകക്കും, പണ്ടാരവക കുടിയാന്മാര ഒരു പറ കണ്ടമെങ്കിലും ഒരുകൊൽ പറമ്പ എങ്കിലും കൊടുത്തുപൊകാത്തവണ്ണം ദിവസവും ശൊധന ചെയ്തുകൊള്ളണം.

"പതിമൂന്നാമത—മൂട അതതകാലാകാലങ്ങളിൽ വിററ, പണം അടക്കെണ്ടുന്നത ആകകൊണ്ട, നീതിവക നെല്ല പിരിക്കെണ്ടതിനും, അരി കുത്തിക്കെണ്ടതിനും, മൂടകെട്ടി എറക്കെണ്ടതിനും, പ്രവൃത്തിക്കാരനെക്കായിൽ എററം താല്പൎയ്യമായിട്ടു കാൎയ്യക്കാര നൊക്കിക്കൊള്ളണം.

"പതിന്നാലാമത—ഈ രാജ്യത്തുനിന്നും മറുരാജ്യത്തെക്ക പുറപ്പെട്ടു പൊയിട്ടുള്ളവരൊട ഇവിടെ ഇരിക്കുന്നവര ഗുണദൊഷം വയ്ക്കാ എന്ന കല്പിച്ചിരിക്കകൊണ്ട, അങ്ങനെ ചെയ്തിട്ടുള്ളവർ ഉണ്ടെങ്കിൽ, അവരുടെ മുതലിൽ പാതി കണ്ട പണ്ടാരവകക്ക ചെർത്ത തിരുമനസ്സറിയിക്കാൻ എഴുതിക്കൊള്ളണം.

"പതിനഞ്ചാമത—പണ്ടാരവകയിൽ ശെവം പതിഞ്ഞിട്ടുള്ളവർ ആരെങ്കിലും ആ കൊവിലകത്തുംവാതുക്കൽ ചെന്ന പ്രവൃത്തികളിൽ കാടി കളിച്ചുവന്നു പാൎക്കുന്നുണ്ടൊ എന്ന ദിവസവും ശൊധനചെയ്തു

ഉണ്ടെങ്കിൽ പിടിച്ച ആ കൊവിലകത്തുംവാതുക്കൽ "തയനാത്തിന്ന" ഇരിക്കുന്ന കപ്പിത്താൻവശം ഏല്പിക്കണം.

"പതിനെഴാമത— കാൎയ്യം ഏതാനും ഉണ്ടെങ്കിലും ഇല്ലെങ്കിലും ദിവസവും ഓരെ ഓല തിരുമനസ്സിൽ അറിയിപ്പാൻ എഴുതി 'അഞ്ചലിൽ' ഇട്ട കൊടുത്തയക്കണം".

"വേറെ ചില കോവിലകത്തുംവാതുക്കലെ കാൎയ്യക്കാരന്മാൎക്ക മേൽ പ്രകാരം കല്പിച്ചനൽകിട്ടുള്ള അധികാരത്തീട്ടൂരങ്ങളിൽ, മുകളിൽ പ്രസ്താവിച്ച പതിനേഴുകൂട്ടം കാൎയ്യങ്ങളിൽ ഉൾപ്പെടാത്ത, മററ ചില സംഗതികൾകൂടി ചേൎത്തുകാണുന്നുണ്ട്". ആവക കൂടുതൽ നിൎദ്ദേശങ്ങളേയും താഴെ ചേൎത്തുകൊള്ളുന്നു.

കണയന്നൂർ കാൎയ്യക്കാൎക്ക്:— "കുടികൾ എന്തൊരു പിഴതന്നെ പിഴച്ചു എങ്കിലും അറുപത്തിനാല പുത്തനിൽ അധികം പ്രാൎച്ചിത്തം ആയിട്ടും തിരുമുല്ക്കാഴ്ച ആയിട്ടും കാൎയ്യക്കാര തീൎപ്പിച്ചപൊകയും അരുത. അതിലും വലുതായിട്ടുള്ള പിഴകൾ ഉണ്ടായാൽ എഴുതി അയച്ച കല്പന വരുംവണ്ണം ആയിക്കൊള്ളണം.

"കുടികളെക്കൊണ്ടു പുരുഷാന്തരം പറയിപ്പിക്കുന്നതു, നൂറ പണത്തിന്നു പത്തുപണം വീതമെ തീർപ്പിച്ചുകൂട. കാൎയ്യക്കാര പുരുഷാന്തരം തീൎപ്പിക്കുന്നത ഇരുനൂറ പുത്തൻവരക്കും ആവാം. അതിലധികം തീൎപ്പിക്കേണ്ടുന്ന കാൎയ്യങ്ങളിൽ എഴുതിഅയച്ച തീട്ടൂരം വരുന്നതിൻവണ്ണം ആയിക്കൊള്ളണം. പുരുഷാന്തരം തീൎപ്പിക്കുന്നത, അതെത ദെശത്ത പ്രമാണമായിട്ടുള്ളതിൽ നാലു കുടികളെക്കൂടെ ബൊധിപ്പിച്ചിട്ട വെണം. 965-ാമാണ്ടിന്നു അപ്പുറം മരിച്ചിട്ടുള്ളവരുടെ പുരുഷാന്തരം ഒരുത്തരെക്കൊണ്ടും പറയിക്കയും അരുത. 64 പുത്തൻ പ്രാൎച്ചിത്തവും ഇരുനൂറപുത്തൻ പുരുഷാന്തരവും കാൎയ്യക്കാര തീൎപ്പിക്കാൻ നിശ്ചയിച്ചിരിക്കകൊണ്ടു ഇതിന്നുമുമ്പു (ഈ രേഖ 969 ധനു 22 ാംനു-യിലെ ആണ്) അതിലധികം തീൎപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്നുള്ള ശീട്ടുകൾ ഒക്കെയും എഴുന്നള്ളി ഇരുന്നരുളുന്നെടത്ത അയച്ച പള്ളിയറമുതൽപ്പിടിയിൽ കൊടുപ്പിച്ചുകൊള്ളണം.

"965-ാമാണ്ടിന്നു മുമ്പുള്ള കുടിശ്ശിക നെല്ലും പണവും കുടികളൊട ഒരുത്തരൊടും വാങ്ങിപ്പൊകയും അരുത. 66-ാമാണ്ടിന്നു ശെഷമുള്ളതൊക്കെ മെടിച്ചുകൊള്ളുകയും വെണം.

"കുടികഠം തമ്മിലുള്ള കടംവായ്പക്കാൎയ്യം അവരതമ്മിൽതന്നെ പറഞ്ഞ തീക്കുന്നതല്ലാതെ, കാൎയ്യക്കാര കുടികളെ വരുത്തി പറഞ്ഞു തീപ്പിച്ചു, അതിന പണ്ടാരവകക്ക ഒരു "പെരാംമ്പെര" മെടിച്ചുപൊകയും അരുത.

"അതെത പ്രവൃത്തിയിലെ കാൎയ്യം അതെത പ്രവൃത്തിയിൽ ചെന്നിരുന്നു വിചാരിക്കുന്നതല്ലാതെ ഒരു പ്രവൃത്തിയിലിരുന്നു മറെറാരു പ്രവൃത്തിയിലെ കുടിയാനെ വരുത്തി കാൎയ്യം വിചാരിക്കയും അരുത.

"പ്രവൃത്തിയാരെ അറിയിക്കാതെ കാൎയ്യക്കാര ഒരു "ഉല്പത്തി വിരൊധിക്ക"യും, "വിരൊധം ഒഴിഞ്ഞു" കൊടുക്കുകയും അരുത. പ്രവൃത്തിയിൽ എന്തൊരു കാൎയ്യവും പ്രവൃത്തിയാരും "സങ്കടം വിചാരിപ്പിന്ന" ആക്കിയിരിക്കുന്ന ആളും, ബൊധിയാതെ ചെയ്യരുത. പ്രവൃത്തിയാരഹുക്കുനാമാവിൽ പറയുംപ്രകാരം എല്ലാകാൎയ്യങ്ങളും ഏററക്കുറച്ചൽ കൂടാതെ നടത്തുന്നുണ്ടൊ എന്നു കാൎയ്യക്കാർ ജാഗ്രതയായി വിചാരിച്ചു കൊള്ളണം. നടക്കുന്നില്ലങ്കിൽ പ്രവൃത്തിയാരെ ആളയച്ചു വരുത്തി അതിൻെറ അവസ്ഥപൊലെ കാൎയ്യക്കാർ വിചാരിക്കയുമാം. ആളയച്ചിട്ടു പ്രവൃത്തിയാര വന്നില്ലങ്കിൽ പാറാവിട്ടു കാവലിൽ പാൎപ്പിച്ചു അടക്കുംവണ്ണം ചൊദിക്കയുമാം.

"കാൎയ്യക്കാര എട്ടെട്ടുദിവസം ഓരൊ പ്രവൃത്തികളിൽ ഇരുന്ന പണ്ടാരവകക്കു പിരിയെണ്ടുന്നതും അല്ലാതെയും ഉള്ള കാൎയ്യങ്ങളും വിചാരിച്ചു, നാഴി നെല്ലെങ്കിലും ഒരു പുത്തനെങ്കിലും കുടിശ്ശിക കിടന്നുപൊകാതെ നിദാനം വരുത്തി, കൊടുക്കണ്ടെടത്ത കൊടുപ്പിച്ചുകൊള്ളണം. വഞ്ചിക്കൂലി, ചുമട്ടുകൂലി ശരിയായിട്ടു കൊടുക്കുന്നില്ലെ എന്നും സിദ്ധാന്തമായിട്ടു കയററിക്കൊണ്ടുപൊകുന്നുണ്ടൊ എന്നും വിചാരിച്ചു ആയത പറഞ്ഞതീൎത്തുകൊള്ളണം.

"പണ്ടാരവക നിലം എങ്കിലും, പറമ്പ എങ്കിലും, കൊയ്മസ്ഥാനങ്ങഠം, "പൊകങ്ങഠം", അത്ഥപലിശകഠം, രക്ഷാപൊകം, കാണമിച്ചവാരം, വെറമ്പാട്ടം, കാവൽച്ചുങ്കാതം, അല്ലാതെയും പണ്ടാരവകയായിട്ടുള്ള എന്തെങ്കിലും, അന്യംമുടിഞ്ഞവകയിൽ, ആരാനും മറച്ചിട്ടുനടക്കുന്നുണ്ടൊ എന്ന എത്രയും താല്പരിയമായിട്ടു വിചാരിച്ചു ആ വകക്ക പണ്ടാരവകക്ക വരുത്താവുന്നെടത്തൊളം വരുത്തി ചെല്ലാവുന്നെടത്തൊളം ചെന്നുകൊള്ളണം.

"മറുരാജ്യത്തുകാർ ഈ രാജ്യത്തു കടന്ന നാനാവിധങ്ങളം എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്നു ഊണിലും ഉറക്കത്തിലുംകൂടെ വിചാരിച്ചു കൊള്ളണം.

"ആ കൊവിലത്തുംവാതുക്കൽ ഉൾപ്പെട്ട പ്രവൃത്തികളിൽനിന്ന കമ്പനിക്ക (പട്ടാളത്തിലേയ്ക്കു) പൊയിട്ടില്ലാത്ത വീടുകളിൽ രണ്ടും നാലും ഉള്ളെടത്തുനിന്നു ഓരൊരുത്തരെക്കൂടി അയക്കണം. ചട്ടക്കാരവകക്ക പൊയിട്ടില്ലാത്ത ഈഴവപ്പുരകളിൽനിന്ന രണ്ടും നാലും ഉള്ളെടത്തുനിന്നും, ഓരൊരുത്തരെ ചട്ടക്കാരവകക്കുംകൂടി എല്പിക്കണം. കുതിരലായം ഉൾപെട്ട ശൂദ്രവകയിൽ ഉള്ള ആളുകൾ എങ്കിലും, ചട്ടക്കാര. ചവളക്കാര (കുന്തക്കാർ) എങ്കിലും ഒളിച്ചുവന്ന പ്രവൃത്തികളിൽ പാക്കുന്നുണ്ടൊ എന്നും വിചാരിച്ചു അപ്രകാരം വന്നു പാക്കുന്നവരെ പിടിച്ചുകെട്ടി എഴുന്നള്ളി ഇരുന്നരുളുന്നെടത്ത കൊടുത്തയക്കണം.

"ഇപ്രകാരമെല്ലാം ക്ലെശിച്ചുകൊള്ളണം. ഇനി എല്ലാ കാൎയ്യത്തിനും കല്പിച്ചു ഹുക്കുനാമം എഴുതിവന്നാൽ അതിൻപ്രകാരവും ക്ലെശിച്ചുകൊള്ളണം. ഇതിൽ അധികമായിട്ട ഒന്നു നടന്നു എന്നുവരികിൽ പണംകൊണ്ടല്ലില്ല ഇല്ലാത്ത അപമാനം അനുഭവിച്ചുപൊയി എന്നും വരും."

ഇതുപോലെയുള്ള അധികാരപത്രങ്ങൾ എല്ലാ കാൎയ്യക്കാരന്മാൎക്കും വേറെവേറെ കല്പിച്ചു്, എഴുതിക്കൊടുത്തിരുന്നു. തെക്കേമുഖത്തു നാലും വടക്കേമുഖത്തു നാലും, കിഴക്കേമുഖത്തു രണ്ടും (?) ഇങ്ങനെ പത്തു കോവിലകത്തുംവാതുക്കലുകൾ ഉണ്ടായിരുന്നു. ഓരോ സ്ഥലത്തേയ്ക്കും ഓരോ കാൎയ്യക്കാരന്മാരായിരുന്നു. 'അക്ഷരത്തിനെങ്കിലും അൎത്ഥത്തിനെങ്കിലും' ഈഷൽഭേദംകൂടാതെ എല്ലാ കാൎയ്യക്കാരന്മാരും പ്രവൃത്തി എടുത്തുവന്നിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അവർ ഓരോരുത്തരും ദിവസേന സംഭവറിപ്പോൎട്ടുകൾ എന്നപോലെയുള്ള 'ഡയറികൾ' എഴുതി 'അഞ്ചൽവഴിക്ക' തിരുമുമ്പിൽ എത്തിച്ചിരുന്നു. ഇന്നത്തെ അഞ്ചൽവകുപ്പ് ആരംഭിച്ചതു 966_ൽ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നുവെന്നുള്ളതു് ഈ ഘട്ടത്തിൽ പ്രസ്താവ്യമാകുന്നു. അപ്രകാരമുള്ള ഡയറികളിൽ പലതും ഇന്നും അവശേഷിച്ചിട്ടുണ്ടു്. ഈ നിൎദ്ദേശപത്രങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന ഓരോ സംഗതിക്കും യഥാവിധി ആ റിപ്പോൎട്ടുകളിൽ ദിവസവും സ്ഥാനംകൊടുത്തു കാണുന്നുണ്ടു്. പ്രവൃത്തി തിരിച്ചുള്ള റിപ്പോൎട്ടുകളാണു ഓരോരുത്തരും

സമർപ്പിച്ചിരുന്നതു്. എല്ലാം തിരുമുമ്പിൽ എത്തി, തിരുമനസ്സിൽനിന്നുതന്നെ വായിച്ചുകേട്ടു, വേണ്ടുംപ്രകാരങ്ങൾക്കു നേരിട്ടുതന്നെ തീട്ടൂരങ്ങളും എഴുതി അയച്ചുകൊണ്ടിരുന്നു. തീട്ടൂരങ്ങളിൽ പലതിലും അവിടത്തെ കയ്യൊപ്പു വെച്ചുകാണുന്നുണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണു്. സാധുജനങ്ങളെ ഉദ്യോഗസ്ഥന്മാർ 'കുതിരകയറാതെ'യിരിക്കുന്നതിനു് അവിടുന്നു് എത്ര ശ്രദ്ധിച്ചിരുന്നു എന്നും, ജനതതിയുടെ ക്ഷേമാഭിവൃദ്ധിയിൽ അവിടുന്നു് എത്ര ജാഗരൂകനായിരുന്നു എന്നും ഈ ഹുക്കുനാമത്തിലെ പല വ്യവസ്ഥകളും വിളിച്ചുപറയുന്നുണ്ടു്! ഇപ്രകാരം 'സർവ്വംസ്പർശി'യായ ഒരു ഭരണവൈദഗ്ദ്ധ്യവും, ക്ലേശസഹിഷ്ണുതയും മനുഷ്യസാധാരണമല്ലെന്നുകൂടി തോന്നിപ്പോകുന്നു. ഏറക്കുറെ അലസന്മാരും 'സുഖിയ'ന്മാരുമായിരുന്ന അക്കാലത്തെ അന്യന്മാർ ആ തിരുമേനിയിൽ 'ദിവ്യത്വം' ദർശിച്ചതിൽ അശേഷം ആശ്ചര്യപ്പെടുവാനില്ല. അവിടുന്നു കേൾക്കാത്ത ശബ്ദവും, കാണാത്ത കാഴ്ചയും, അന്നത്തെ കൊച്ചിയിൽ ഉണ്ടായിട്ടില്ലെന്നുള്ളതും നിർവ്വിവാദമാണു്.

൩

കൊമ്പാന്താന്മാർ.

"കൊമ്പാന്താൻ", ഒരു കോവിലകത്തുംവാതുക്കലിലെ ഉദ്യോഗസ്ഥന്മാർക്കൊക്കെ,— പ്രവൃത്തിയാരന്മാർ, കാര്യക്കാരന്മാർ, വിചാരിപ്പുകാരന്മാർ മുതലായ എല്ലാവർക്കും,— മേലാളായ ഒരു ഉദ്യോഗസ്ഥനായിരുന്നു. കോവിലകത്തുംവാതുക്കലിലെല്ലാം "കൊമ്പാന്താൻ" ഉണ്ടായിരുന്നു. ആ വാക്കിന്റെ ശരിയായ അർത്ഥമോ, ആഗമമോ മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. എങ്കിലും, ഹുക്കുനാമം നോക്കിയാൽ ആ തസ്തികയുടെ അധികാരബാദ്ധ്യതകൾ ആർക്കും അറിയാവുന്നതാണു്. ഓരോ "വാതുക്കലും" നിർത്തിയിരുന്ന 'പട്ടാള'ത്തിന്റെ മേലധികാരവുംകൂടി കൊമ്പാന്താനുണ്ടായിരുന്നു. "കമാൻഡന്റ്" എന്ന വാക്കിൽനിന്നോ അതുപോലെയുള്ള ഡച്ചോ, പോർത്തുഗീസ്സോ ഭാഷയിലുള്ള പദങ്ങളിൽനിന്നോ ഉത്ഭവിച്ചതായിരിക്കും "കൊമ്പാന്താൻ" എന്ന പദം. കൊമ്മോഡോർ എന്നതിനു് "കുമുദവേർ" എന്നും, അഡ്മിറൽ എന്നതിനു് "അമരാല" എന്നും, ക്യാപ്റ്റൻ എന്നതിനു് "കപ്പിത്താൻ" എന്നും, മററും വെവ്വേറെ പേരുകൾ ഉപയോഗിച്ചു കാണുന്നതുകൊണ്ടാണു് 'കൊമ്പാന്താന്റെ' കൊമ്പു് എവിടെയാണെന്നു കണ്ടുപിടിക്കാൻ പ്രയാസമായതു്.

കാൎയ്യക്കാരും, പ്രവൃത്തിയാരും നടക്കേണ്ടുംപ്രകാരങ്ങൾക്കുള്ള ഹുക്കുനാമങ്ങളേക്കാൾ പലതുകൊണ്ടും ശ്രദ്ധേയവും, സുന്ദരവും, വിജ്ഞാനപ്രദവും ആകുന്നു ഈ ഹുക്കുനാമം എന്നു് ആരും സമ്മതിക്കുന്നതാണു്. സാധുജനങ്ങളോടുള്ള അനുകമ്പ, അവരെ അധികാരികൾ ആക്രമിക്കാതിരിക്കുന്നതിനുള്ള പ്രത്യേകനിഷ്കൎഷ, കൃഷികാൎയ്യങ്ങളിലുള്ള അതിശ്രദ്ധ, മുതലായി ആ മഹാരാജാവിനെ ലോകവന്ദ്യനാക്കിത്തീൎക്കുന്ന പല പല അംശങ്ങളും ഈ ഹുക്കുനാമത്തിൽ സ്ഥാലീപുലാകന്യായേന തെളിഞ്ഞുകാണുന്നുണ്ടു്. ശിക്ഷകളുടെ കാഠിന്യത്തിനുള്ള കാരണം പൊതുജനക്ഷേമത്തിലുള്ള തല്പരതയും, അശിക്ഷിതരായ അന്നത്തെ ഉദ്യോഗസ്ഥന്മാരെ നേർവഴിക്കു നടത്തുവാൻ നിൎദ്ദയമായ ശിക്ഷയല്ലാതെ മറ്റൊന്നില്ലെന്നുള്ള വിശ്വാസവുമാണു്. കല്പനകൾ ദിനന്തോറും വായിച്ചുനോക്കണം, വായിച്ചു കേൾപ്പിക്കണം, വിവരിച്ചുകൊടുക്കണം എന്നും മററും കാണുന്ന നിൎദ്ദേശങ്ങളിൽനിന്നു് ഉദ്ദേശ്യശുദ്ധിയും വ്യക്തമാകുന്നുണ്ടു്.

"എന്നാമാക്കൽ കൊവിലകത്തുംവാതുക്കൽ "സൎവ്വ ബെസ്ത" പാൎക്കുന്ന "കൊമ്പാന്താൻ" നടക്കെണ്ടുംപ്രകാരത്തിന്ന 970-ാമാണ്ടു വൃശ്ചികമാസം 20-ാംനു- തൃപ്പൂണിത്തുറ "കളിക്കൊട്ട"യിൽവെച്ച എഴുതിയ ഹുക്കുനാമം:—

"ഒന്നാമത—കൊമ്പാന്താൻ കൊവിലകത്തുംവാതുക്കൽ ചെന്നാൽ കാൎയ്യക്കാൎക്കും പ്രവൃത്തിയാരൻമാൎക്കും കൊടുത്തിരിക്കുന്ന ഹുക്കുനാമം പെൎത്തി എഴുതിവെച്ചുകൊള്ളണം. ഒരുയത ദിവസവും കാലത്ത വായിച്ചുനൊക്കണം. അതുംവണ്ണം നടക്കുന്നുണ്ടൊ എന്ന ദിവസവും ശൊധനചെയ്യണം. എന്തെങ്കിലും ഭെദമായിട്ടു നടന്നാൽ ആ വൎത്തമാനത്തിന്ന തിരുമനസ്സറിയിക്കാൻ എഴുതി അയക്കണം.

"രണ്ടാമത — കണ്ടുകൃഷി കുത്തകപാട്ടക്കാര, കുടികളിൽ കടന്ന കാല, മുള, ഈ വക വെട്ടാതെയും, മരം മുറിക്കാതെയും, എല ആദിയായിട്ടുള്ള കൊപ്പുകൾ കൊണ്ടുപൊകാതെയും, അല്ലാതെ ഉള്ള ഉപദ്രവങ്ങൾ ഒന്നും ചെയ്യാതെയും, ശിപ്പായിമാരെ അയച്ച ശൊധനചെയ്യു, അങ്ങനെ എതാനുംചെയ്യു എങ്കിൽ, അവനെ പിടിച്ച കൊണ്ടുവന്ന പാറാവിൽ ഇട്ട, ചെറുതായിട്ടുള്ള പിഴ ആകുന്നു എങ്കിൽ, കാടുകുററി ഗൊവിന്ദമെനൊൻ "മെൽവിചാരിപ്പുകാര"ന്ന എഴുതികൊടുത്തയച്ചു തീൎക്കണം. വലുതായിട്ടുള്ള പിഴ ആകുന്നു എങ്കിൽ കയ്യും കാലും

വിലങ്ങ ഇട്ട, വരുന്ന ശിപായിയെ ഏല്പിച്ച ഒരു ശീട്ടും എഴുതിമെടിച്ച എഴുന്നള്ളി ഇരിക്കുന്നെടത്തക്ക കൊടുത്തയക്കണം.

"മൂന്നാമത — ഇതുപ്രകാരം ചുങ്കക്കാരനും ഏതാനും ഉപദ്രവങ്ങൾ ചെയ്യുന്നുണ്ടൊ എന്നും, കല്പിച്ചുവെച്ചിരിക്കുന്നപ്രകാരമല്ലാതെ കൂടുതലായി എന്തെങ്കിലും വാങ്ങുന്നുണ്ടൊ എന്നും, ഓരൊ പ്രവൃത്തിയിലും അഞ്ചും ആറും ആളെ സെവപിടിച്ച, ചുങ്കക്കാര എന്നും പറഞ്ഞ പണ്ടാരവകകാൎയ്യത്തിന്നു വരാതെ നില്ക്കുന്നുണ്ടൊ എന്നും വിചാരിച്ച, ഉണ്ടെങ്കിൽ, അവനെ പിടിച്ച പാറാവിൽ ആക്കി, ചെറുതായിട്ടുള്ള പിഴയാകുന്നു എങ്കിൽ, ആ "ചുങ്കം മെല്വിചാരിപ്പുകാര"നു എഴുതി കൊടുത്തയച്ച തീൎത്തുകൊള്ളണം. വലിയ പിഴയാകുന്നു എങ്കിൽ, വിലങ്ങിട്ട എഴുന്നള്ളി ഇരിക്കുന്നെടത്തക്ക കൂട്ടി അയച്ചുംകൊള്ളണം.

"നാലാമത — പുകയില കുത്തകമതിയിൽ ഉള്ള ആളുകൾ, പ്രവൃത്തിയിൽ കടന്നു യാതൊരു നാനാവിധങ്ങളും, ഉപദ്രവങ്ങളും, ചെയ്യാതെ ശൊധനചെയ്തുകൊള്ളണം. കല്പിച്ച നിശ്ചയിച്ചിരിക്കുംപ്രകാരമല്ലാതെ പുകയില ഒരുത്തരെ കെട്ടി ഏല്പിക്ക എങ്കിലും, പുകയില കുത്തകമതിക്കാര എന്നുവെച്ച സെവപിടിച്ച പത്തും ഇരുപതും ആള പണ്ടാരവക വെലകാൎയ്യത്തിന്ന വരാതെ മാറി നില്ക്കുന്നുണ്ടൊ എന്നും ശൊധനചെയ്തു, ഉണ്ടെങ്കിൽ, അവനെ പുകയിലകുത്തകമതി മെൽവിചാരിപ്പുകാരനായിട്ടും പറഞ്ഞു, അവിടെ തീൎപ്പിക്കാവുന്നതു തീൎപ്പിച്ച, വലുതായിട്ടുള്ള പിഴയാകുന്നു എങ്കിൽ വിലങ്ങിട്ട, എഴുന്നള്ളി ഇരിക്കുന്നെടത്തക്ക കൂട്ടി അയച്ചുകൊള്ളണം.

"അഞ്ചാമത — അഞ്ചൽ അവിടെനിന്നും പുറപ്പെട്ടാൽ, വയ്യന്നെരം ഇവിടെ എത്തണമെന്നു വെച്ചിരിക്കകൊണ്ട, അഞ്ചൽകാര ഒരെട്ടും വിനാഴികയും താമസിക്കാതെ, എത്തത്തക്കവണ്ണം നിദാനം വരുത്തണം. അവൎക്ക വകവെച്ചെടത്തു നിന്നും അരിയും കൊപ്പം ശരിയായിട്ട കൊടുക്കണം. ആയത വരുത്തിക്കൊടുക്കാതെ അവരെ ഏമിച്ചാൽ പിഴയായിട്ട വരികയും ചെയ്യും.

"ആറാമത — തയനാത്തിന്ന ആക്കിയിരിക്കുന്ന കൊവിലകത്തുംവാതുക്കൽ എങ്കിലും, പ്രവൃത്തികളിൽ എങ്കിലും, കണ്ടുകൃഷി കുത്തകപ്പാട്ടം, കുത്തകമതി, ചുങ്കം, ഇതിൽ ഉൾപ്പെട്ട ആളുകളൊട എങ്കിലും, ഒരു പുത്തന്റെ മുതൽ എങ്കിലും, ഒഴക്ക അരി എങ്കിലും മെടിക്ക എങ്കിലും, വായ്പമെടിക്ക എങ്കിലും ചെയ്താൽ കൊടമാശ്ശയിൽ

ഇട്ട അടിക്കുന്നത അല്ലാതെ, മറെറാരു ശിക്ഷയും ഇല്ല. അതുകൊണ്ട അങ്ങിനെ വരുത്തിക്കൊള്ളാതെ വിചാരിച്ച നടന്നുകൊള്ളുകയും വെണം.

“ഏഴാമത — ര-ിമിട്ടുകളിൽ ചെന്ന കുമ്പനി, കുതിരലായം, വാർപട്ടാളം, ചട്ടക്കാര, കലാശി, നിത്യച്ചിലവിൽ ഉൾപ്പെട്ട ആളുകൾ, ഇവർ പ്രവൃത്തികളിൽക്കൂടി അങ്ങൊട്ടും ഇങ്ങൊട്ടും പൊകുമ്പൊഴും വരുമ്പൊഴും, കുടികളിൽ കയറി എന്തെങ്കിലും അല്പമായിട്ടെങ്കിലും നാനാവിധമൊ ഉപദ്രവമൊ ചെയ്താൽ, പ്രവൃത്തിയിൽ തയനാത്തിന്ന പാൎക്കുന്ന സുബെദാരും ശിപ്പായികളും അവരെ പിടിച്ചുകെട്ടി കൊവിലകത്തുംവാതുക്കൽ കൊണ്ടുവരണം. അവിടെനിന്ന വിലങ്ങ ഇട്ട കൊട്ടയിൽ കൊണ്ടുചെന്നു പാൎപ്പിച്ച, വൎത്തമാനത്തിന്ന തിരുമനസ്സറിയിപ്പാൻ എഴുതി അയച്ചുകൊള്ളണം. വലിയവര എങ്കിലും നാനാവിധങ്ങൾ ചെയ്താൽ, ഒട്ടും സംശയിച്ച ഇരുന്നുപൊകയും അരുത.

“എട്ടാമത — എഴുന്നള്ളത്തൊടുകൂടി ‘ശെവുകം പതിഞ്ഞു’ പാൎക്കുന്നവരിൽ ഒരുത്തര എങ്കിലും, പ്രവൃത്തികളിൽ കാടികളിച്ചുവന്നു പാൎക്കുന്നുണ്ടൊ എന്നു ദിവസവും ശൊധനചെയ്തു, ഉണ്ടെങ്കിൽ, അവനെ പിടിച്ചുകെട്ടി വിലങ്ങിട്ട, വൎത്തമാനത്തിന്ന എഴുതി അയച്ചുകൊള്ളണം. അങ്ങിനെ ആരെങ്കിലും, നമ്പൂരിമാര, പ്രഭുക്കന്മാര, ഇങ്ങിനെ ഉള്ള യൊഗ്യരൊടുകൂടി നില്ക്കുന്നു എങ്കിലും, അവരെ ബൊധിപ്പിച്ച പിടിച്ച അയച്ചുകൊള്ളണം.

“ഒമ്പതാമത — രജിമിട്ടിൽ ഏല്പിച്ചിരിക്കുന്ന കാളകൾ, പ്രവൃത്തികളിൽക്കൂടി അങ്ങൊട്ടും ഇങ്ങൊട്ടും പൊകുമ്പൊൾ, ‘ദാവണി ഇട്ടുകെട്ടുന്നെടങ്ങളിലും, എല്ലായിടത്തും, ശൊധനചെയ്തു, കല്പനപ്രകാരങ്ങൾ എല്ലാം നടത്തുന്നില്ല എന്ന നിദാനം വരുത്തിക്കൊള്ളണം. കാളകളെ വഴിപൊലെ നൊക്കാതെ എന്താനും തെറവ്യത്യാസങ്ങൾ കണ്ടാൽ ആ കാളകളുടെ രജിമിട്ട വിചാരിക്കുന്ന വലിയകപ്പിത്താനു ഒരു പ്രാവശ്യം എഴുതി അയക്കണം. എന്നിട്ടും വെണ്ടുംവിധം വിചാരം എത്തിയില്ലന്നു വരികിൽ, തമ്മിൽ തമ്മിൽ ആകുന്നു എന്ന മമത വിചാരിയാതെ, തിരുമനസ്സറിയിക്കാൻ എഴുതിഅയച്ചുകൊള്ളണം. മമത വിചാരിച്ച എഴുതിക്കൊടുത്തയക്കാഞ്ഞാൽ അത്ര മമത ആയിട്ടുള്ള ആളെ ഇവിടെ കാണണ്ടാ എന്നാകയും ചെയ്യും.

“പത്താമത — ഓരൊ അടിയന്തിരങ്ങൾക്കു, കൊപ്പുകൾ അയക്കുമെന്ന പ്രവൃത്തികളിലെക്കു തീട്ടൂരം എഴുതിവന്നാൽ, കുടികൾക്കു

മൎയ്യാദപൊലെയുള്ള വില കയ്യിൽ കൊടുത്ത മെടിക്ക അല്ലാതെ, ഉഹമിക്ക എങ്കിലും, ഞെരുങ്ങി മെടിക്ക എങ്കിലും, പണത്തിന്ന ശീട്ട എഴുതി കൊടുത്ത മെടിക്ക എങ്കിലും ചെയ്യാൽ ആയത ചെയ്യു മാസപ്പിടിക്കാരനെ പിടിച്ചുകൊണ്ടുവന്ന, കാൎയ്യക്കാരരെയും ബൊധിപ്പിച്ചു, കുടികളെയും വരുത്തി കൂട്ടിക്കെട്ടു, പുളിവാറ വെട്ടിക്കൊണ്ടുവരിച്ചു, ൫൦ അടി അടിക്കണം. പിന്നെ ഇവിടെനിന്നും ആളയച്ചു ശൊധന ചെയ്യാൽ അടിയുടെ ഒരു പാടെങ്കിലും കുറഞ്ഞു കണ്ടാൽ, കുറഞ്ഞിരിക്കുന്ന അടിയുടെ പാടുകൾ കാൎയ്യക്കാരന്മാരുടെയും, കൊമ്പാന്താന്റെയും, ശരീരത്തിൽ കാണത്തക്കവണ്ണം ആ കാൎയ്യം ചെയ്യും. അടിയിൽ മാസപ്പടിക്കാരൻ ചത്തുപൊയി എങ്കിൽ, വലിച്ചു കുഴിച്ചിട്ടു, വെറെ മാസപ്പടിക്കാരനെ ആക്കിക്കൊള്ളണം. ഈ ഹുക്കുനാമം, മാസപ്പടിക്കാരെ ഒക്കെയും വായിച്ചു കെൾപ്പിച്ചു നിഷ്കരിഷിച്ചു ധരിപ്പിച്ചുകൊള്ളണം.

"പതിനൊന്നാമത — എതു വകയിൽ എങ്കിലും, പണ്ടാരവകയിൽ ശെവുകം പരിഞ്ഞിരിക്കുന്നതിൽ, കരുത്തര എങ്കിലും, കള്ളു കുടിക്ക എങ്കിലും, കഞ്ചാവു വലിക്ക എങ്കിലും, ചെയ്യുന്നപ്രകാരം കെൾക്കുക എങ്കിലും, കാണുക എങ്കിലും, ചെയ്യാൽ അവനെ പിടിച്ചു ൧൦൦ അടിയും അടിച്ചു, വിലങ്ങിട്ടു, കൊട്ടയിൽ പാൎപ്പിച്ചു, ആയവസ്ഥക്ക എഴുതി അയച്ചുകൊള്ളണം.

"പന്ത്രണ്ടാമത ചെൎന്ന പ്രവൃത്തികളിൽ മൊളകുകാലുകൾ ഇടീക്കുന്നതിന്ന, അതതുകാലം വെണ്ട നിദാനം വരുത്തിക്കൊള്ളണം. കള്ളമുളകു കൊണ്ടുപൊയി വിൽപ്പിക്കാതെ, മുളകു അറുക്കുന്നേടത്ത ഒക്കെയും, രണ്ടും മൂന്നും ചട്ടക്കാരെ ആക്കി, മുളകു മുഴുവനും അറപ്പിച്ചു, ചട്ടവട്ടോലപ്രകാരമുള്ള വിലയും കുടികൾക്ക കൊടുപ്പിച്ചു, മുളകു ശെഖരിച്ചു, ഒണക്കി, കല്പിക്കുന്നേടത്ത എത്തിക്കുകയും വെണം.

"പതിമൂന്നാമത — ചെൎന്ന പ്രവൃത്തികളിൽ ഉള്ള എരികൾ, ചിറകൾ, എവിടെ എല്ലാം ഉള്ള എന്ന അന്വെഷിച്ചു കുടിയാന്മാർ കെട്ടെണ്ടും ചിറകൾ കുടികളെക്കൊണ്ടും, പ്രവൃത്തിയിൽനിന്നും കെട്ടെണ്ടവ പ്രവൃത്തിയിൽനിന്നും, കണ്ടുകൃഷികളിൽനിന്നു, കെട്ടെണ്ടവ അവരെക്കൊണ്ടും, അതതകാലം കെട്ടിച്ചുകൊള്ളണം. അല്ലാതെ കൃഷി നടക്കെണ്ടതിന്ന വീഴിച്ചു വന്നുപൊകയും അരുത.

"പതിന്നാലാമത — ഒരു കുടിയാൻ ഒരു കുളം കുത്തി വെള്ളം നിൎത്തിയിരിക്കുന്നു എങ്കിൽ, വെറെ ഒരു കുടിയാന ആ വെള്ളം ആവശ്യ

മുണ്ട എന്നുവരികിൽ, അവനെ ബൊധിപ്പിച്ച, അനുവാദം മെടിച്ച, ആ വെള്ളം എടുക്കുന്നതല്ലാതെ, ബലംപിടിച്ച വെള്ളം മുറിച്ചു കൊണ്ടുപൊകാത്തവിധം നിദാനം വരുത്തിക്കൊള്ളണം.

"പതിനഞ്ചാമത — അതിത്തിത്തലയ്ക്കലെ ഉല്പത്തികൾ (നിലങ്ങൾ) മറരാജ്യത്തുള്ള കുടികളെക്കൊണ്ടു നടത്തിക്കണ്ടിവരുന്നതായാൽ, അവരൊടു കച്ചീട്ടു എഴുതിമെടിച്ച, അതിന്റെ പെപ്പ് അവിടെ വെപ്പിച്ച, എഴുന്നള്ളിയിരിക്കുന്നെടത്തെക്ക അയച്ചുകൊള്ളണം. കച്ചീട്ടിന്ന പെപ്പ് ഇവിടെനിന്നും എഴുതിക്കൊടുത്തയച്ചതിൻവണ്ണം ആയിരിക്കയും വെണം. ഉല്പത്തിയും പാമ്പുകളും തരിശായിട്ടു കിടന്നുപൊകാതെ ശൊധന ചെയ്തുകൊള്ളണം.

"പതിനാറാമത — മറരാജ്യത്തുള്ള നമ്പൂരിമാര, മൂസ്സെന്മാര, ഇങ്ങനെയുള്ളവൎക്ക നമ്മുടെ രാജ്യത്ത സമുദായങ്ങൾ ആയിട്ടും, ഊരായ്മകളായിട്ടും ഉണ്ടായിരിക്കും. ആയവര ക്രമെണാലെ പണ്ടാരവകക്ക ഒരൊ സംബന്ധങ്ങൾ ഇല്ലാതെ ആക്കി നടത്തും. ആയത വഴിപൊലെ ശൊധനചെയ്തു ഒന്നും പൊകാതെ സൂക്ഷിച്ചുകൊള്ളണം.

"പതിനെഴാമത — പണ്ടാരവക ക്ഷെത്രങ്ങളിൽ പൂജ അടിയന്തരങ്ങൾ, വെണ്ടതുപൊലെ കഴിഞ്ഞുവരുന്നുണ്ടൊ എന്ന വഴിപൊലെ ശൊധനചെയ്തു, ഇല്ലെന്നു കണ്ടാൽ പ്രവൃത്തിക്കാരന്മാൎക്കും പാട്ടാളിമാൎക്കും, എഴുതി അയച്ച നടത്തിക്കയും, വൎത്തമാനത്തിന്ന തിരുമനസ്സറിയിക്കാൻ എഴുതിക്കൊടുത്തയക്കുകയും വെണം.

"പതിനെട്ടാമത — ഊട്ടു അടിയന്തരം, ഉത്സവം അടിയന്തരം, ഇങ്ങനെ ഓരൊരൊ അടിയന്തരങ്ങളും നിശ്ചയപ്രകാരമെല്ലാം നടക്കുന്നില്ലെ എന്ന ദിവസവും അന്വെഷിച്ചുകൊള്ളണം.

"പത്തൊമ്പതാമത — വഴി, വഴിയമ്പലം, നടക്കാവ, പാലം, താവളം, ബങ്കളാവ, കച്ചെരി, ഈവകയെല്ലാം നാനാവിധം വരാതെ സൂക്ഷിക്കയും നാനാവിധങ്ങൾ വരുന്നത കാൎയ്യക്കാരായിട്ടും പറഞ്ഞ ഉടനെ തീൎപ്പിക്കയും വെണം.

"ഇരുപതാമത — പുകയില കുത്തുമതിക്കാര, നിശ്ചയിച്ചെടത്തൊളം പൊകല വരുത്തി വില്ക്കുന്നില്ലെ എന്നും, വിലയിൽ എറെറം ചെയ്യുന്നുണ്ടൊ എന്നും വിചാരിച്ചുകൊണ്ട അവിടെ തീൎക്കാവുന്നതു തീൎത്ത, അല്ലാത്തതിന്ന എഴുതി അയച്ചുകൊള്ളണം.

"ഇരുപത്തിന്നാമത—കൊവിലകത്തുംവാതുക്കൽ ഉൾപ്പെട്ട എല്ലാ പണ്ടാരവകകാൎയ്യം വിചാരിക്കുന്നവൎക്കും, കല്പിച്ചുകൊടുത്തിട്ടുള്ള ഹുക്കുനാമങ്ങളുടെ പെൎപ്പുകൾ, കൊമ്പാന്താൻ പെൎത്തവെച്ചുകൊണ്ടു ദിവസെന വായിച്ചുനൊക്കി, അതിൽ എഴുതിയിരിക്കുന്നതിന്ന ഒന്നിന്നും ഏറക്കുറവു വരാതെ അവരവരെക്കൊണ്ടു പറഞ്ഞു നടത്തിച്ചുകൊള്ളുകയും വെണം.

"ഇരുപത്തിരണ്ടാമത—മലകളിൽ രാജമൎഗ്ഗങ്ങൾ അല്ലാതെ ഓരൊരൊ കള്ളവഴികൾ ആയിട്ടുള്ളതെല്ലാം ശൊധനചെയ്തു, എല്ലാം മുടക്കി കെട്ടി അടപ്പിച്ചുകൊള്ളണം. മലകളിൽ കള്ളന്മാരുടെ സഞ്ചാരം ഉള്ളതാകകൊണ്ടു, കൊമ്പാന്താനും കാൎയ്യക്കാരും മലവിചാരിപ്പുകാരനും മലയരുവിൽ ചുററിനടന്ന കാവലാക്കെണ്ടും ദിക്കിൽ കാവലും ആക്കി എല്ലാം നിദാനം വരുത്തിക്കൊള്ളണം.

"ഇരുപത്തിമൂന്നാമത— കൊവിലകത്തുംവാതുക്കലും, പ്രവൃത്തികളിലും, പണ്ടാരവകക്ഷെത്രങ്ങളിലും, കണ്ടുകൃഷി, കുത്തുമതി, ചുങ്കം, പുകയില, വകകളിലെയും എല്ലാ കണക്കുകളും അതെതമാസം എഴുതിച്ചു, കൊവിലകത്തുംവാതുക്കൽ വരുത്തി ശൊധനചെയ്തു, ചെപ്പിച്ചു മെനൊന്മാരെകൊണ്ടു ഒപ്പു ഇടുവിച്ചു, പെൎപ്പുവെച്ചു, വരിയൊലകളുടെകൂടെ മടക്കിക്കെട്ടി, മുദ്ര ഇട്ടു, എഴുന്നള്ളി ഇരുന്നരുളുന്നെടത്തക്കു, ഒരു തടവുകൂടാതെ എത്തിപ്പിച്ചുകൊള്ളണം.

"ഇരുപത്തിനാലാമത— പ്രവൃത്തിയിൽനിന്ന കമ്പനിക്കും (പട്ടാളം) ചട്ടക്കാരവകക്കും (ശിപ്പായിമാർ) പൊന്നിരിക്കുന്ന വീടുകൾ നീക്കി ഇനി പൊരാത്ത വീടുകൾ ഇത്ര എന്നും, അതിൽ ആളുകൾ, ഇത്ര എന്നും, ചൊകുടികൾ ഇത്ര എന്നും അതിൽ എണ്ണം ഇത്ര എന്നും വരിയൊല തയ്യാറാക്കി കയ്യിൽ വെച്ചിരിക്കണം. കമ്പനിക്കും ചട്ടക്കാര വകക്കും ആളെ കൂട്ടി അയക്കണമെന്ന കല്പന വരുമ്പൊൾ, ഉടനെ ഇന്നന്നെടത്ത ഇത്ര ഇത്ര ആൾ ഉണ്ടെന്ന വിവരം തിരിച്ച എഴുതി അയച്ചുകൊള്ളണ,

"ഇനിമെൽ വെണ്ടുന്ന കാൎയ്യങ്ങൾക്കു ഒക്കെയും കൂടെകൂടെ തീട്ടൂരം എഴുതിവരും. അപ്പൊൾ അതിൻപ്രകാരം ഏറക്കുറവുവരാതെ നടന്നുകൊള്ളുകയും വെണം."

കുടികളുടെ രക്ഷകളെക്കുറിച്ചുള്ള സംഗതികൾ ഈ ഹുക്കുനാമത്തിൽനിന്നു ധാരാളം മനസ്സിലാക്കാവുന്നതാണ്. കള്ളും കഞ്ചാവും

ഉപയോഗിക്കുന്നവക്ക് പൊതിരെ തല്ലും ഉദ്യോഗനഷ്ടവും വിധിച്ചിരിക്കുന്നതു നോക്കുക. അതു് എത്രയും അത്ഥഗർഭവും ആശ്ചയ്യകരവുമായ ഒരു വ്യവസ്ഥയാകുന്നു. ആകപ്പാടെ, ഈ ഹുക്കുനാമമാകുന്ന കുഴൽക്കണ്ണാടിയിൽക്കൂടി ശക്തൻതമ്പുരാൻെറ പ്രഭാമണ്ഡലത്തിൻെറ ഒരു ചിത്രംതന്നെ എടുക്കുന്നതിനു സാധിക്കുന്നതാണു്.

൪ രജിമിട്ടുകാർ

ഹുക്കുനാമങ്ങളിൽ നിന്നാകുന്നു പ്രധാനമായും ശക്തൻതമ്പുരാൻെറ ദണ്ഡനീതികളും ഭരണവ്യവസ്ഥകളും മനസ്സിലാകുന്നതു്. എല്ലാ തുറകളിലേയ്ക്കും ഏതു് ഉദ്യോഗസ്ഥനും അധികാരബാദ്ധ്യതകളെ വിശദപ്പെടുത്തുന്നതും, ശിക്ഷകളെ ചൂണ്ടിക്കാണിക്കുന്നതും, ശമ്പളത്തോതുകളെ നിർണ്ണയപ്പെടുത്തുന്നതും ആയ ശാസനങ്ങൾ അവിടുന്നു തൃക്കയ്യുവിളയാടി അയച്ചുകൊടുത്തിരുന്നു. എങ്കിലും അതു മുഴുവനും കണ്ടുകിട്ടുവാൻ കഴിഞ്ഞിട്ടില്ല. കായ്യക്കാരന്മാർ, പ്രവൃത്തിയാരന്മാർ, കൊമ്പാന്താന്മാർ ഇവക്കുള്ള തീട്ടുരങ്ങളുടെ സന്നിഷ്കൃഷ്ടമായ പരിശോധനയിൽനിന്നു മനസ്സിലാക്കുവാൻ സാധിക്കുന്ന ഭരണമുറകളും സമ്പ്രദായങ്ങളും തുലോം വിസ്മയാവഹങ്ങളാകുന്നു. കാളകൾ, പശുക്കൾ മുതലായവയെ സംബന്ധിക്കുന്നവയാണു് ഈ വകുപ്പിൽ ചേർത്തിരിക്കുന്ന ഹുക്കുനാമങ്ങൾ. കായ്യത്തിൻെറ കനം കൊണ്ടല്ലാ, വിഷയത്തിൻെറ വിശാലതകൊണ്ടാണു് അവയ്ക്കു് ഇത്രയും പ്രാധാന്യം നല്കുന്നതു്. പ്രത്യേകിച്ചും ഏതു ചെറിയകായ്യത്തിലും തമ്പുരാൻ നേരിട്ടുതന്നെ പ്രവേശിക്കയും, സ്വാഭിപ്രായപ്രകാരം നടത്തിക്കുകയും ചെയ്തിരുന്നു എന്നു് ഇവയിൽ നിന്നു സവിശേഷം തെളിയുന്നുമുണ്ടു.

കുതിരകളെക്കുറിച്ചുള്ള കല്പനകൾ കാണുമ്പോൾ അശ്വശാസ്ത്രത്തിൽ അപാരമായ പാണ്ഡിത്യവും പരിചയവും ഉണ്ടായിരുന്ന ഒരാളായിരുന്നു ശക്തൻതമ്പുരാൻ എന്നുതന്നെ വിശ്വസിക്കണം. അതുപോലെതന്നെ പലതരം മൃഗങ്ങളുടെയും, പക്ഷികളുടെയും സ്വഭാവാദികളെക്കുറിച്ചു് അവിടേയ്ക്കു നല്ല അറിവുണ്ടായിരുന്നതായി, അവയെ സംബന്ധിക്കുന്ന കത്തുകളിൽ നിന്നു്, മനസ്സിലാക്കാം. മരാമത്തു കായ്യത്തിലും പൂന്തോട്ടപ്രവൃത്തിയിലും മററും അവിടേയ്ക്കുണ്ടായിരുന്ന പ്രാഗത്ഭ്യം പ്രസിദ്ധമാണല്ലോ. അതുപോലെതന്നെ കാളകളുടെ കായ്യത്തിലും ആ തമ്പുരാൻ ശ്രദ്ധാലുവും സുശിക്ഷിതനുമായിരുന്നു എന്നു

കാളരക്ഷ്യ്ക്കു വിധിച്ചിരിക്കുന്ന നടപടികളെക്കുറിച്ചാലോചിച്ചാൽ അറിയാം.

"ഡൊമസ്റ്റിക് എക്കോണമി" എന്ന വലിയ ബഹുമാനപ്പേരു കൊണ്ടു് ഇന്നു് അറിയപ്പെടുന്ന "വീട്ടുകാര്യ"ത്തിലും അവിടുന്നു സമുന്നതമായ ഒരു സ്ഥാനം വഹിച്ചിരുന്നു. നിത്യച്ചിലവുവകുപ്പിലെ വിവരങ്ങളിൽ നിന്നുതന്നെ ആ ഭാഗം പ്രത്യക്ഷപ്പെടുന്നുണ്ടു്. കീഴെ ചേർത്തിരിക്കുന്ന "പശുക്കറവ"യെക്കുറിക്കുന്ന വ്യവസ്ഥകളും പാലുമോരുകളുടെ വിനിമയനിയമങ്ങളും, വിലത്തരങ്ങളും, മററും മനോഹരങ്ങളായിരിക്കുന്നു. ഇന്നത്തെ സമ്പ്രദായത്തിൽ പറയുകയാണെങ്കിൽ ഒരു "ഡെയറിഫാറം" കൂടി അവിടുന്നു നടത്തിക്കൊണ്ടുപോന്നു എന്നു വിചാരിക്കാവുന്നതാണു്.

"രജിമിട്ടുകളിൽ നെല്ലും അരിയും പൊതിപിടിപ്പാൻ എല്പിച്ചിരിക്കുന്ന കാളകളെക്കൊണ്ടു തുക്കിടി തിരിച്ചു ആളാക്കി പൊതിപിടിപ്പിക്കേണ്ടുംപ്രകാരത്തിന്നു എഴുതിയ കടദാസ.

"നെല്ലും അരിയും പൊതിപിടിപ്പാൻ ആ രജിമിട്ടിൽ എല്പിച്ചിരിക്കുന്ന കാള 180 കൊണ്ടു 3 തുക്കിടിയായിട്ടു പകുത്തു കാളയെ ഓട ണ്ടതിന്നു ഒരു തുക്കിടിക്കു പിള്ളമാര വകയിൽ 7 പെര കലാശികളെയും, ആവകക്കു ഒരു മൂപ്പനെയും 2 ശിപ്പായിയെയും ഒരു കാര്യപ്രാളയും ഓശാരംതാങ്ങി കൊടുക്കണ്ടതിന്നും വിരി അററകുററം പൊക്കണ്ടതിന്നും കാളയുടെ കെടപാട നൊക്കണ്ടതിന്നും കൂടെ 2 ചെട്ടിയെയും ഇപ്രകാരം 3 തുക്കിടിക്കും ആളുകളെയും ആക്കി കാളകളെക്കൊണ്ടു പൊതിപിടിപ്പിച്ചുകൊള്ളണം.

"അരി പൊതിപിടിക്കുന്നുവെങ്കിൽ കാള 1ക്കു മുദ്രക്കൽ 6 പറ അരി വീതവും, നെല്ലു പൊതിപിടിക്കുന്നുവെങ്കിൽ കാള 1 ക്കു മുദ്രക്കൽ 12 പറ നെല്ലുവീതവും വെച്ചു പൊതിപിടിപ്പിച്ചുകൊള്ളണം. പ്രകാശം ഇടങ്ങുമ്പൊൾ പൊതികയററി 10 നാഴിക പുലരുവൊളമെ പൊതി എടുപ്പിക്കാവു. പിന്നെ എവിടെ എന്നാൽ അവിടെ താവളത്തിൽ പൊതി തള്ളി കാളകളെ മെച്ചിൽക്കു വിട്ടുകൊള്ളണം. 2½ നാഴിക പകലെ കാളകളെ ഒക്കെയും അടിച്ചു കൊണ്ടുവന്നു ദാവണി അടിച്ചു അതിൽ കെട്ടി നല്ലവണ്ണം വക്കൊലും ഇട്ടു മൂക്കിലെ കയററിന്റെ കെട്ടു കീഴ്പ്പൊട്ടു എറങ്ങിപൊയിട്ടുണ്ടെങ്കിൽ ആയതു വലിച്ചു നെററിക്കു നെരെ ആക്കി കാലിനും കയ്യിനും

മുതുകിനും വീക്കം ഉണ്ടെങ്കിൽ കാച്ചികുത്തി, മുറികൾ ഉണ്ടെങ്കിൽ അതിന്ന മരുന്നുകളും ഉണ്ടാക്കി തെച്ച ശിക്ഷവരുത്തിക്കൊള്ളണം.

“കാള 1ക്കു ഓരൊഇടങ്ങഴി പിണ്ണാക്കും 2 ഇടങ്ങഴി തവിട്ടും കൂടെ കൂട്ടി കലക്കികൊടുപ്പാൻ പാത്രം ഉണ്ടെങ്കിൽ കലക്കി കൊടുക്കണം. അത അല്ലെങ്കിൽ തവിടും പിണ്ണാക്കും കൂട്ടി നനച്ച കുഴത്തികൊടുക്കണം.

“കലാസികൾക്കും മൂപ്പനും ചെട്ടികൾക്കും ചിലവിന്ന കൊടുക്കെണ്ടും വിവരം. ചെട്ടികൾക്ക ദിവസം പെര 1ക്ക ഇരണ്ട പുത്തനും, അഞ്ഞാഴിശ്ശ അരിയും വീതവും, ഇപ്രകാരംതന്നെ പിള്ളമാരവക മൂപ്പനും പിള്ളമാരവക കലാസികൾക്ക പെര 1ക്ക നാൾ 1ക്ക 1½ശ്ശ പുത്തനും, അഞ്ഞാഴിശ്ശ അരി വീതവും കൊടുക്കണം. ആയത ദിവസവും അവരുടെ കയ്യിൽ കൊടുക്കയും വെണം. കാളകളെ മെപ്പാൻ അയക്കുന്ന ആളുകൾക്ക ഉപ്പും വിറകും പണ്ടാരവകയായിട്ട പണം കൊടുത്ത മെടിച്ചകൊടുക്കണം.

“കാളകൾക്ക ദെണ്ണംദീനംവന്നാൽ, ചടപ്പ കാണുന്നുവെങ്കിൽ, മുന്തിയ തുക്കിടിയിൽ ചടപ്പ കാണുന്ന കാളയെ അയ്യനൊൾ കൃഷിയിൽ എല്പിച്ച ചടപ്പ തീൎത്തകൊള്ളണം. രണ്ടാം തുക്കിടിയിൽ ചടപ്പകാണുന്ന കാളയെ മരുത്താക്കരകൃഷിയിൽ എല്പിച്ച ചടപ്പ തീൎത്തകൊള്ളണം. മൂന്നാം തുക്കിടിയിൽ ചടപ്പ കാണുന്ന കാളയെ പൊങ്ങണത്തുകൃഷിയിൽ എല്പിച്ച ചടപ്പ തീൎത്തകൊള്ളണം. ഇപ്രകാരം അല്ലാതെ കാളകളെ വഴിയിൽ ഇട്ടുംവച്ച പൊകയും അരുത. ദെണ്ണംദീനം വന്നാൽ പൊറുത്തുവരത്തായിട്ടുള്ള ദീനം ആകുന്നുവെങ്കിൽ ചെട്ടികളെക്കൊണ്ടുതന്നെ അതിന്ന വെണ്ടുന്ന മരുന്നുകൾ ചെയ്യിച്ച ദെണ്ണം ഭെദം വരുത്തിക്കൊള്ളണം.

“ഒരു തുക്കിടിക്കു ഒരു തുക്കിടി താവളത്തിന്ന താവളം അകന്ന നടക്കുന്നതല്ലാതെ ഒരുമിച്ച കൂടി നടക്കയും അരുത. കാളകളെ കെട്ടിയാൽ കാളയെ മെക്കുന്ന ആളുകൾ ഒക്കെയും ദാവണിയുടെ അടുക്കൽതന്നെ കെടക്കണം. അവിടംവിട്ട വീടുകളിലും മററും കയറി പാൎക്കയും അരുത. അതിന്ന ശിപ്പായിമാൎക്കു സങ്കടം ഉണ്ടെങ്കിൽ ശിപ്പായിമാരെയും കുറപ്രാളയും മൊറക്ക മാറിമാറി അയച്ചകൊള്ളണം. ആയ്തു പക്ഷാഭെദംകൂടാതെ എല്ലാവരെയും മാറിമാറി അയച്ചകൊള്ളണം. കാളകളെ മെക്കുന്നത വളച്ചവെച്ച മെക്കാതെ പരത്തിനിറുത്തി മെപ്പിച്ചകൊള്ളണം.

"അരിയും നെല്ലും പൊതിപിടിക്കുന്ന സ്ഥലത്തനിന്നും വഞ്ചികയററുന്ന സ്ഥലംവരക്കു 3 തവണ നെല്ലും അരിയും പൊതിപിടിപ്പിച്ചാൽ പിന്നെ 5 ദിവസം കാളകളെ ഒരെടത്ത നിവത്തി കുളിപ്പിച്ചു മസാലയും കൊടുത്ത നല്ലവണ്ണം തിന്മാനും കൊടുപ്പിച്ചു ആറാംദിവസം പൊതിപിടിപ്പാൻ കൊണ്ടുപൊയിക്കൊള്ളണം. ഈ എഴുതീരിക്കുന്ന പ്രകാരം അല്ലാതെ മാററൊരൊപ്രകാരം ചെയ്തു കാളകൾ ദണ്ണംദീനം പിടിച്ചു ചത്തുപൊയാൽ കാള 1ക്കു 815 പണം വീതരായൻവീതം വലിയകപ്പിത്താൻമാര അരമനക്കു കെട്ടിത്തരണ്ടിയുംവരും. ഇപ്രകാരം പൊതിപ്പിടിക്കത്തക്കവണ്ണം നിദാനംവരുത്തി കാളക്കാൎക്കു ഇപ്രകാരം ചട്ടവയ്യ്ക്കാലയും എഴുതി കൊടുത്ത നിദാനം വരുത്തിക്കൊള്ളണം."

"970–ാമാണ്ടു മെടമാസം 1–ാംനു മുതലായിട്ടു കാർഖാണാ കാളകളെ കൊണ്ടു നടക്കെണ്ടുംപ്രകാരത്തിന്നും, കാളക്കാൎക്കും മററം ചിലവിന്നു കൊടുക്കെണ്ടുംപ്രകാരത്തിന്നും കല്പിച്ചു എഴുതിയ ഹുക്കുനാമം."

"കാർഖാണാ വഹക്കു കാള 50; കൂടാരവും കനാത്തും എടുക്കണ്ടതിനു കാള 1–ം, ദാവണി ചൂട്ടുകൊല ഈ വക എടുക്കണ്ടതിനു കാള 1–ം, കൊള്ളപുഴുങ്ങുന്ന കിടാരം എടുക്കണ്ടതിനു കാള 1–ം, വക 3 ൽ കാള 3–ം ഉൾപ്പടെ കാള 53; വിരി 53 കൊണി 50 മണി 5 ദാവണി തലകയറ 50, ബ്രുശി 10, ചിച്ചാംകത്തി 2, കൂടാരം 1, അതിന്നു കനാത്തും ഉണ്ടായിരിക്കണം. ഈ വഹക്കു ഒരു മുതൽപ്പിടിക്കാരനെയും ഒരു കണക്കെഴുത്തുകാരനെയും ഒരു മൂപ്പനെയും ഒരു അവൽദാരനെയും 20 പെര കാളക്കാരെയും ആക്കി മൂപ്പന്നും അവൽദാരും മുതൽപ്പിടിക്കാരനും കണക്കെഴുത്തുകാരനും നാൾ 1 ക്കു പെര 1 ക്കു പുത്തൻ 4 വീതം പെര 4ക്കു പുത്തൻ നാൾ 1ക്കു 16–ം, കാളക്കാൎക്കു നാൾ 1ക്കു പെര 1ക്കു പുത്തൻ 3 വീതം പെര 20ക്കു നാൾ 1ക്കു പുത്തൻ 60–ം, വെളക്കുവെപ്പു വഹക്കു നാൾ 1ക്കു പുത്തൻ 1–ം വെറകിന്റെ വഹക്കു നാൾ 1ക്കു പുത്തൻ 1–ം വക്കൊലിന്റെ വഹക്കു നാൾ 1ക്കു പുത്തൻ 15–ം കൊള്ളവഹക്കു നാൾ 1ക്കു പുത്തൻ150–ം ആകെ വക 6–ൽ നാൾ 1ക്കു പുത്തൻ 243 ആകെ മാസം 1ക്കു പുത്തൻ 7290. ഇപ്രകാരം ആളുക്കു ചിലവിന്നും കൊള്ള വക്കൊല ഈ വകക്കും കൊടുത്തുകൊള്ളണം.

"ഇതിൽ ഇരുപത കാളക്കു നെടിയരിയും, ഇരുപത കാളക്കു കൊള്ളും, പത്തു കാളക്കു പരിപ്പും ഇതുംവണ്ണം പൊതിപിടിക്കണം. കാളക്കു ചുമട കെട്ടുന്നത കാള 1ക്കു എട്ടു പറ അരിയും, ആറ പറ കൊള്ള

ആവപാ വരിപ്പ ഇപ്രകാരം ചുമട കെട്ടണം. ആയ്യ അളന്നു പയ്യിൽ ഇട്ട കെട്ടി മുദ്ര ഇട്ടിട്ട കൊണിക്കകത്തു ഇട്ട കെട്ടിക്കൊള്ളണം.

"കാർഖാണാ കാളയൊടുകൂടെ ഒരു പാറാജനം ശിപ്പായിയും ഒരു കരപ്രാളും കൂടെ പൊകണം. അതിൽ നാല ശിപ്പായി കാളകളുടെ മുമ്പിലും, നാല ശിപ്പായി കാളകളുടെ പിന്നിലും, ഒരു ശിപ്പായിയും കരപ്രാളും നടുവിലും ആയിട്ടു പൊകൊള്ളണം. മുസാവുരിയൊടു കൂടെ ഒരു ദിക്കിൽ ചെന്നാൽ ഇന്നൊടത്തു കൂടാരം അടിച്ച കാളകളെ കെട്ടത്തക്കവണ്ണം കല്പന ഉണ്ടായാൽ, ആ ദിക്കിൽ കൂടാരം അടിച്ച കാളകളെയും കെട്ടി അവിടെ പാറാവും ആയികൊള്ളണം. ഇതിനു പത്തുദിവസം ആടതൽ രജിമിട്ടിൽനിന്നും, പത്തുദിവസം ജാങ്കലാരജിമിട്ടിൽനിന്നും, പതിനഞ്ചു ദിവസം വലിയ രജിമിട്ടിൽനിന്നും, ഇപ്രകാരം തവണക്ക മാറിമാറി ശിപ്പായിമാരെയും കരപ്രാളയും അയച്ചുകൊള്ളണം. അതതെ രജിമിട്ടിലെ തവണക്ക എടയിൽ കാളക്കാരൊ മറൊറാ ഒളിച്ചു പൊയി എങ്കിൽ അന്നു തവണയുള്ള രജിമിട്ടിലെ വലിയകപ്പിത്താൻ ആള അയച്ചു ഒളിച്ചുപൊയവനെ പിടിച്ചുകൊണ്ടുവന്ന ഏല്പിക്കണം. ഒളിച്ചു പൊയ ആളെ എത്തുപെട്ടില്ലങ്കിൽ അതിനുപകരം ആളെ വരുത്തി ആക്കി കൊടുക്കണം.

"കാളകാറക്ക കൊള്ളിനും വക്കൊലിനും ഉള്ളതും, ആളുകാറക്ക ചിലവിനുള്ളതും, മുമ്മൂന്നു മുമ്മൂന്നു ദിവസം കൂടുമ്പൊറ കൊച്ചുശങ്കരമെനൊൻ കപ്പിത്താൻ തരികയുംചെയ്യും. വക്കൊലും വൊകും എത പ്രവൃത്തിയിൽ ആകുന്നു എഴുന്നള്ളീട്ട എന്നാൽ ആ പ്രവൃത്തിയിലെ പ്രവൃത്തിയാരായിട്ടും പറഞ്ഞ പണവും കൊടുത്തു മെടിച്ചു കൊള്ളണം. കൂടാരവും തട്ടുമുട്ടുകളും എടുക്കണ്ടതിനു മൂന്ന കാളെ എഴുതി ഇരിക്കുന്നതിന്നു കൊള്ളും വക്കൊലും വെണ്ടുന്നതിന്നു അയ്മ്പതു കാളയുടെ വഹക്ക എഴുതി ഇരിക്കുന്നതുകൊണ്ടു ഈ മൂന്നു കാളയുടെ വഹക്കുകൂടെ കഴിയണം. കാളക്കാൎക്കു ഒക്കയും ഓരൊ വാളും ഓരൊ ചില്ലടവും ഓരൊ ലെഞ്ചിയും ഓരൊ കരിമ്പടവും ഇതുയും കൂടെ എല്ലാവൎക്കും ഉണ്ടായിരിക്കണം."

"കാർഖാണാ കാളയൊടുകൂടെ പശുക്കളെയും എരുമയെയും കൊണ്ടുനടക്കെണ്ടുംപ്രകാരം.

"പശുവ 20, എരുമ 20, ആട 50, തവിടും പിണ്ണാക്കും എടുക്കണ്ടതിനു കാള 5. പശുവും എരുമയും ആടിനെയും മെക്കണ്ടതിനു ആവപെര

യും, പശുവും എരുമയും കറന്ന കാച്ചുണ്ടതിനു ഒരു ആളെയും, ഒരു മൂപ്പനെയും ഒരു പ്രമാണക്കാരനെയും ഒരു കണക്കെഴുത്തുകാരനെയും ഇപ്രകാരം ആളുകളെ ആക്കിക്കൊള്ളണം.

"പശുവും എരുമയും മെയ്ക്കുന്ന പെര 6ക്കു പെര 1ക്കു നാഴി 1ക്കു പുത്തൻ 3 വീതം നാഴി 1ക്കു പുത്തൻ 18—ം കറന്ന കാച്ചുന്ന പെര 1ക്കു പുത്തൻ 3—ം മൂപ്പൻ പെര 1ക്കു പുത്തൻ 4—ം പ്രമാണക്കാരനും കണക്കെഴുത്തുകാരനുംകൂടി പെര 2ക്കു പുത്തൻ 8—ം വക 4—ൽ പെര 1ക്കു നാഴി 1ക്കു പുത്തൻ 33. ആകെ മാസം 1ക്കു പുത്തൻ 99. ഇപ്രകാരം ആളുകൾക്കു ചിലവിനും കൊടുത്തുകൊള്ളണം.

"എരുമക്കും പശുവിനും ഓരൊന്നിനു ദിവസം മുമ്മൂന്നാഴി തവിടും ഒരെടങ്ങഴി പിണ്ണാക്കും കാക്കാലിശ്ശ കെട്ട വകെക്കാലും വീതം കൊടുക്കണം. മുസാവുരിയൊടുകൂടെ പൊയി എറങ്ങുന്നെടത്തു പശുവു എരുമയും ആടും കറന്ന, പശുവുംപാല് ഓരെടങ്ങഴി വിലയും, എരുമപ്പാല അഴിവന മൂന്നാഴി വലിയും,ആട്ടുംപാല അഴിവന നാഴി വിലയും, ഇപ്രകാരം വില്പിക്കണം. പാല ആരും മെടിക്കുന്നില്ലന്നു വരികിൽ കറന്ന കാച്ചി ഒറ കുത്തി തൈര ഉണ്ടാക്കി പാലിന്റെ വില എഴുതി ഇരിക്കുന്ന വീതം കണക്കുകൂട്ടി ആ വിലക്കു തൈര വില്പിച്ചുകൊള്ളണം. ഈ വകവിററു ഉണ്ടാകുന്ന പണം 10—ം 20—ം 30—ം നു-കളിൽ മൂന്നു തവണ ആയിട്ടു പ്രമാണക്കാരനും കണക്കെഴുത്തുകാരനും കൂടെ തിരുമുമ്പാകെ കൊണ്ടുവന്ന കല്പന ഉണ്ടാകുന്നെടത്തു കൊടുത്തുകൊള്ളണം.

LI

പാലിയത്തച്ചൻ.

"കൊച്ചിരാജാക്കന്മാരുടെ പട്ടോലമേനോന്മാർ പന്തി, പവ്വോത്തി, പള്ളി എന്നീ മൂന്നു നായർകുടുംബങ്ങളിൽനിന്നുമാത്രമേ അടുത്തകാലംവരെ ഉണ്ടായിട്ടുള്ളു എന്നാണ് ഐതിഹ്യം. എന്നാൽ പഴയ ഓലകൾ പരിശോധിച്ചതിൽ ഇതു ശരിയല്ലെന്നു തെളിയുന്നുണ്ട്. പട്ടോലമേനോൻ എന്നു വച്ചാൽ കണക്കെഴുത്തുകാരൻ മാത്രമാണെന്നും ഒരു തെററിദ്ധാരണയുണ്ട്. പുരാതനകാലങ്ങളിൽ പാലിയം, ചെറുപറമ്പ്, തോട്ടയ്ക്കാട്ട് മുതലായ പല കുടുംബങ്ങളിൽ നിന്നും

'മേനവന്മാർ' ഉണ്ടായിരുന്നതായി ലക്ഷ്യങ്ങളുണ്ടു്. ഈ മേനവന്മാരിൽ പലരും പ്രസിദ്ധയോദ്ധാക്കളായിരുന്നു. പന്തിയിൽമേനോന്മാർ വെട്ടത്തുമന്നന്മാരൊരുമിച്ച 1662-ൽ ഡച്ചുകാരോടു പടപൊരുതി വീരസ്വർഗ്ഗം പ്രാപിച്ചു. പള്ളിയിൽ ഇട്ടിക്കേളമേനോൻെറ പ്രതാപങ്ങൾ സുപ്രസിദ്ധമാണല്ലോ. എന്നാൽ ഇത്തരം മേനവന്മാരുടെ കുടുംബങ്ങളിൽ വച്ചു് ഏററവും മുഖ്യമായതു പാലിയം തന്നെയാണു്.

"കൊച്ചിരാജ്യചരിത്രങ്ങളിലൊന്നും പാലിയംതറവാടിൻെറ പൂർവ്വചരിത്രത്തെപ്പററി വളരെയൊന്നും പ്രസ്താവിച്ചുകാണുന്നില്ല. മിസ്റ്റർ കെ. പി. പത്മനാഭമേനോൻ കൊച്ചിരാജ്യചരിത്രത്തിൽ ഇപ്രകാരമാണു് എഴുതീട്ടുള്ളതു്:—"പോർത്തുഗീസുകാരുടെ ആദികാലത്തു പാലിയത്തേയ്ക്കു് ഒരു വലിയ പ്രാധാന്യം ഉണ്ടായിരുന്നതായി പോർത്തുഗീസു ചരിത്രങ്ങളെക്കൊണ്ടു കാണുന്നില്ല....................എന്നാൽ ഡച്ചുകാർ വന്ന കാലത്തു പാലിയത്തച്ചൻ പെരുമ്പടപ്പുരാജാക്കന്മാരുടെ പ്രധാനമന്ത്രിയും സേനാനായകനുമായിരുന്നു. ഈ സ്ഥാനങ്ങൾ അവരുടെ കുടുംബത്തേയ്ക്കു പാരമ്പര്യാവകാശമായി സിദ്ധിച്ചതു് ഏതു കാലത്താണെന്നറിയുന്നില്ല". ഈ പാരമ്പര്യാവകാശം സിദ്ധിച്ചതു ഡച്ചുകാർ 1663-ൽ കൊച്ചിക്കോട്ട പിടിച്ചതിൻെറശേഷം മാത്രമാണു്. പാലിയത്തു കോമിമേനവൻ ഡച്ചുകാരുമായി 1661-ൽ ചെയ്ത ഉടമ്പടിയാണു് ഈ തറവാടിനെപ്പററി ഇതേവരെ പ്രസിദ്ധപ്പെടുത്തിട്ടുള്ള രേഖകളിൽ വച്ചു്ഏററവും പഴക്കമുള്ളതായി പത്മനാഭമേനോൻ പറഞ്ഞിട്ടുള്ളതു്".

എന്നാൽ പുലിയന്നൂർ മനവക ഗ്രന്ഥവരിയിൽ താഴെപ്പറയും പ്രകാരമുള്ള ഒരു തീട്ടൂരം കണ്ടുകിട്ടിയിരിക്കുന്നു: "അരുളിച്ചെയ്തു. നമ്മുടെ പുലിയന്നൂർക്കു്.........എന്നാൽ, ഇതു കൊല്ലം 783-ാമതു മകരഞായററിൽ കല്പിച്ചരുളിചെയ്തു കണയന്നൂർ കൊവിലകത്തിരുന്നരുളെ പാലിയത്തിട്ടിയുണ്ണിരവി എഴുതി തീട്ടൂരത്തിനു മൊതിരമിട്ടതാനും." ഇതിൽനിന്നും ക്രിസ്ത്വബ്ദം 1608-ൽ കൊച്ചിരാജാവിൻെറകണക്കെഴുത്തുമേനോൻ പാലിയത്തുനിന്നായിരുന്നെന്നു തെളിയുന്നുണ്ടു്. ക്രിസ്ത്വബ്ദം 1612-ൽ തിരുമലദേവസ്വത്തിലേയ്ക്കു കൊടുത്ത ഒരു തീട്ടൂരത്തിൽ, പാലിയത്തു് ഇട്ടിക്കുമരൻ എഴുത്തുമേനവനായിരുന്നു. 1615-ൽ ഒരു ഇട്ടിക്കുമരമേനവനെ വെട്ടിക്കൊന്നു എന്നും, അന്നത്തെകേളി "അസൗഗോശ്രീന്ദ്രസ്ഥേയാൻ" എന്നാണെന്നും ഈ വിവരം തൃപ്പൂണിത്തുറ ഈ

ടുവൈപ്പു ഗ്രന്ഥവരിയിൽനിന്നു കിട്ടിയതാണെന്നും, പത്മനാഭമേനോൻ പ്രസ്താവിക്കുന്നു. ഈ ഇട്ടിക്കുമരമേനവൻ ഒരുപക്ഷെ മുമ്പു പ്രസ്താവിച്ച പാലിയത്തുമേനവനായിരിക്കാം. 1622_ൽ കൊച്ചി രാജാവു പാലിയത്തു രാമൻ ഇരവിക്കും തമ്പിമാക്കും കൊച്ചി അഴിമുതൽ കപ്പിത്താൻകുരിശുവരെയുള്ള സ്ഥലം മുഴുവൻ "ദേശം ദേശാധിപത്യം, അംശം, സ്ഥാനം, അകം, മുകം, മററപ്പേർപ്പെട്ടതും" അട്ടിപ്പേർ കൊടുത്തതായിക്കാണുന്നുണ്ടു്. അതിനുശേഷമാണു് പാലിയത്തു മേനവന്മാർ വൈപ്പിൻതുരുത്തിലെ കരപ്രമാണികളായിത്തീന്നതു്. ഡച്ചുകാരായുള്ള 1661_ലെ ഉടമ്പടിയിൽ "വൈപ്പു് എന്ന തുരുത്തിലെ പ്രഭുവായ പാലിയത്തു കോമിമേനോൻ" എന്നു പ്രസ്താവിച്ചുകാണുന്നു. എന്നാൽ അവർ പണ്ടത്തെ പട്ടോലമേനവൻ എന്ന സ്ഥാനത്തെ തീരെ വേണ്ടെന്നു വച്ചില്ല. 1663_ൽ തിരുമല ദേവസ്വത്തിലേയ്ക്കു കൊച്ചിരാജാവു കൊടുത്ത ഒരു തീട്ടൂരത്തിൽ "പാലിയത്തു് ഇട്ടിക്കോരൻ കയ്യെഴുത്തു്" എന്നു കാണുന്നുണ്ടു്. 1677_78_ൽ അവക്കു പിന്നേയും അനവധി വസ്തുക്കൾ (കൊച്ചിരാജകുടുംബത്തിൽ നിന്നു) കിട്ടി. ഈ വസ്തുക്കൾ ദാനം ചെയ്യതു് അന്നത്തെ വലിയമ്മത്തമ്പുരാനാണു്. (അക്കാലങ്ങളിലെ വലിയമ്മത്തമ്പുരാക്കന്മാക്കു് "ഗംഗാധരലക്ഷ്മി, അംബ, അംബിക, തിരുക്കോവിലധികാരികൾ" എന്ന സ്ഥാനപ്പേരുണ്ടായിരുന്നു.) അന്നത്തെ പട്ടോലമേനവൻ വടക്കുംചേരി ഉണിക്കുമരനായിരുന്നു. അതിൻെറശേഷം പാലിയത്തുനിന്നു് ഒരു പട്ടോലമേനോൻ ഉണ്ടായിരുന്നതായി യാതൊരു ലക്ഷ്യവും കണ്ടു കിട്ടീട്ടില്ല.*

മണക്കോട്ടസ്വരൂപക്കാർ മുള്ളൂക്കരരാജ്യത്തിൻെറ അധിപന്മാരായിരുന്നു എന്നും, ആ സ്വരൂപം കൂടി ഒതുങ്ങിക്കിട്ടിയതോടുകൂടിയാണു പാലിയത്തേയ്ക്കു് അച്ഛൻസ്ഥാനവും പ്രതാപൈശ്വയ്യങ്ങളും കൂടുതലായി കൈവന്നതെന്നും ഡച്ചുറിക്കാട്ടുകളിൽ നിന്നു തെളിയുന്നുണ്ടു്. 'വില്ലാർവട്ടം' പെരുമ്പടപ്പിൽനിന്നു പാലിയത്തേയ്ക്കു് അട്ടിപ്പേറ കൊടുത്തതായ 1622_ലെ തീട്ടൂരത്തിൻെറ വിവരമാണു മുമ്പു ചേർത്തിട്ടുള്ളതു്. ചാഴൂരമൂപ്പീന്നു കൊച്ചിരാജസ്ഥാനം ലഭിക്കുവാൻ ലന്തക്കമ്പനിക്കാരുടെ സഹായമപേക്ഷിച്ചുകൊണ്ടു കുളമ്പിലേയ്ക്കു പോയപ്പോൾ പാലിയത്തച്ഛനും കൂടെപ്പോയിരുന്നതായി കാണുന്നുണ്ടു്. പാലിയത്തച്ഛനു മുമ്പു

* മി. വി. കെ. ആർ. മേനോൻ.—ശ്രീചിത്രയുഗം.

"നായ്ക്കരവീട്ടിൽ അച്ചന്മാൎക്കു കൊച്ചിരാജകുടുംബത്തിലെ മന്ത്രിസ്ഥാന മൊ മററൊ —ഇടക്കാലത്തു പാലിയത്തുകാൎക്കുണ്ടായിരുന്ന സ്ഥാനം തന്നെ—ഉണ്ടായിരുന്നതായി സൂചനകൾ കാണുന്നുണ്ടു്. എന്നാൽ, അതു് ഏതുകാലത്തു്, എങ്ങനെ, ഇല്ലാതായി എന്നു ഖണ്ഡിതമായി പറയത്തക്കവണ്ണമുള്ള തെളിവുകൾ ഒന്നും ദൃഷ്ടിയിൽ പെട്ടിട്ടില്ല. ആ കുടുംബത്തേയ്ക്കു ചില അനുഭവങ്ങൾ കല്പിച്ചുകൊടുത്തിട്ടുള്ളതിനെപ്പററി അന്യത്ര പ്രസ്താവിച്ചിട്ടുണ്ടു്. ഏതായാലും, എങ്ങനെആയാലും, ഡച്ചുകാരുടെ കാലം മുതല്ക്കു പാലിയത്തച്ചൻ പ്രഭുവും, മന്ത്രിയും, സേനാനായകനുമാണു്. അന്നത്തെ റിക്കാർട്ടുവശാൽ, പാലിയത്തുമേനോനല്ലാതെ പാലിയത്തച്ചൻ ഇല്ലെന്നുള്ളതും പ്രസ്താവ്യമാണു്.

928-29 ആ കാലത്തു കൊച്ചിയും തിരുവിതാംകൂറും തമ്മിലുണ്ടായ യുദ്ധത്തിൽ പാലിയത്തെ കോമിമേനോൻ കൊച്ചിഭാഗത്തെ ഒരു ധീരയോദ്ധാവായിരുന്നു. അദ്ദേഹം തിരുവിതാംകൂറിന്റെ തടവുകാരനായി കുറേക്കാലം തിരുവനന്തപുരത്തു പാൎത്തു. അക്കാലത്തു് അദ്ദേഹത്തിനു് അവിടെ ഉണ്ടായിത്തീൎന്ന പരിചയങ്ങളും സ്വാധീനങ്ങളും 937-ൽ കൊച്ചിയും തിരുവിതാംകൂറുമായുണ്ടായ സന്ധിക്കൊററിനു പ്രധാനപ്രേരകങ്ങളായിത്തീൎന്നു.

കൊച്ചിരാജകുടുംബത്തിനു ഡച്ചുകാരുടെ കാലത്തു സംഭവിച്ചിട്ടുള്ള സമ്പത്തിലും വിപത്തിലും എല്ലാം ഏറക്കുറെ പാലിയവും ഭാഗഭാക്കായിരുന്നു! സാമൂതിരിയിൽനിന്നുള്ള അക്രമണവും നാശവും പലപ്പോഴും പാലിയം അനുഭവിച്ചിട്ടുണ്ടു്. ചേന്നമംഗലംതന്നെ അന്യാധീനപ്പെട്ടു കുടുംബക്കാർ നാടുവിട്ടു പാൎത്ത സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ടു്. ഒരവസരത്തിൽ പാലിയത്തുകാരും ചേരി തിരിഞ്ഞു്, ഒരു പങ്കുകാർ കൊച്ചിക്കു് എതിരായി, സാമൂതിരിയെ പരസ്യമായി അനുകൂലിക്കയും ഉണ്ടായിട്ടുണ്ടു്. പിന്നത്തേതിൽ ഒരു കാരണവർ തന്റെ അനന്തരവന്റെ ആ അവിവേകത്തിനു പിഴ ചെയ്യുകയും, മാപ്പപേക്ഷിച്ചു വാങ്ങുകയും, അങ്ങനെയും സംഭവിച്ചിട്ടുണ്ടു്. ഒരു ഘട്ടത്തിൽ പാലിയംവക സകല സ്വത്തുക്കളും കൊച്ചിരാജാവു കണ്ടുകെട്ടുകയും, ക്ഷമാപണത്തിനുശേഷം തിരികെക്കൊടുക്കുകയും ചെയ്തു. ഡച്ചിന്റെ കാൎയ്യസ്ഥന്മാരിൽ ഒരാളായിരുന്ന "മാലപ്പൻ" എന്നൊരു കൊങ്ങിണിയെ പാലിയത്തച്ചൻ വധിച്ചതിൽനിന്നുണ്ടായ വഴക്കുനിമിത്തം ഡച്ചും കൊച്ചിയും തമ്മിൽ ഒരു യുദ്ധം തന്നെയും വേണ്ടിവന്നു. ഇപ്രകാര

മുള്ള പാലിയംസ്വരൂപത്തിന്റെ പൂർവ്വചരിത്രം ഒന്നും നമുക്കിവിടെ ചിന്തിക്കേണ്ടതില്ല. ശക്തൻതമ്പുരാന്റെ കാലത്തെ പാലിയം മാത്രമാണു നമ്മുടെ ചിന്താവിഷയം.

പാലിയംസ്വരൂപത്തിലെ സമ്പ്രദായങ്ങളും നടപടികളും—ഇന്നും നടന്നുവരുന്നവ തന്നെ—പരിശോധിച്ചാൽ അത്ഭുതം തോന്നുന്ന ഒരു സാദൃശ്യം സ്പഷ്ടമാകുന്നതാണ്. ചേന്നമംഗലത്തു പാലിയത്തുള്ള സർവ്വസംഗതികളും, നടപടികളും, സമ്പ്രദായങ്ങളും തൃപ്പൂണിത്തുറ കോവിലകത്തെ നേർപകർപ്പാണ്. അവിടത്തെ മണിയടിക്കുന്നതും കൂടി തൃപ്പൂണിത്തുറയിലെ സമയക്കണക്കിനാണ്. കൊച്ചിരാജ്യത്തു തൃപ്പൂണിത്തുറയിൽ മാത്രമേ, "ഒരു സ്ഥലത്തെ സമയം"—അതു ചില കാലത്തു് അരമണിക്കൂറിലധികം തീവണ്ടിസമയത്തിനു പിന്നാണ്—സ്വീകരിക്കപ്പെട്ടിട്ടുള്ളൂ. ഭക്ഷണരീതികൾ, പകർച്ചകൾ, അരിയും കോപ്പുകൾ, ഓണപ്പുടവകൾ, വരിയോലസമ്പ്രദായങ്ങൾ, നീട്ടുകൾ, എല്ലാം കോവിലകത്തേതിന്റെ നേർപകർപ്പു തന്നെയാണ്. ഇപ്പോൾ പാലിയം സർക്കാർഭരണത്തിലാകുകയും, നടപടികൾക്കു ക്രമേണ ഓരോ മാററങ്ങൾ വന്നുചേരുകയും ചെയ്യുന്നുണ്ട്. കോവിലകത്തു രാമവർമ്മൻ, കേരളവർമ്മൻ, രവിവർമ്മൻ, ഇങ്ങനെ മൂന്നേ പുരുഷനാമങ്ങൾ ഉള്ളൂ. അതുപോലെതന്നെ പാലിയത്തും രാമൻ, കൃഷ്ണൻ, ഗോവിന്ദൻ, ഇങ്ങനെ മൂന്നു പുരുഷനാമങ്ങളെ ഉള്ളൂ.

ശക്തൻതമ്പുരാന്റെ കാലത്തു പാലിയത്തച്ചനു മന്ത്രിസ്ഥാനമുണ്ടായിരുന്നില്ല. 'വലിയകപ്പിത്താൻ'—സേനാനായകൻ—എന്ന അധികാരവും നിഷേധിക്കപ്പെട്ടിരുന്നു. എന്നിരിക്കിലും, തമ്പുരാനും അച്ചനുമായി യാതൊരു അസുഖവും ആദ്യകാലത്തു് ഉണ്ടായിരുന്നില്ലെന്നു നിരാക്ഷേപമാണ്. എന്തുകൊണ്ടെന്നാൽ ആദ്യകാലത്തെ പല തീട്ടൂരങ്ങളിലും, "നാം നമ്മുടെ പാലിയത്തുമേനോനെ അയക്കുന്നു" എന്നും 'സ്വകാർയ്യകാർയ്യങ്ങളും മേനോനെ ബോധിപ്പിക്കാ"മെന്നും എഴുതിക്കാണുന്നുണ്ട്. അക്കാലത്തും തമ്പുരാന്റെ 'വലിയസർവ്വാധി' മററാരോ ആയിരുന്നുതാനും. എന്നു മുതല്ക്കാണ്, പ്രത്യേകം എന്തു കാരണംകൊണ്ടാണ്, പാലിയത്തുമേനോൻ അങ്ങനെ ഒരു 'എടത്തുകാരൻ' മാത്രമായതെന്നു കൃത്യമായി പറയുന്നതിനുള്ള ലക്ഷ്യങ്ങളൊന്നും കണ്ടുകിട്ടീട്ടില്ല. എന്നാൽ തിരുവഞ്ചിക്കുളംക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണം കഴിച്ചതു പാലിയത്തുഗോവിന്ദനച്ചനാണെന്നു 976-ലെ ഒരു ശിലാരേഖയുണ്ട്.

"പാലിയത്തച്ചനെ മന്ത്രിയാക്കരുതു്," എന്നുള്ള നിശിതമായ ഒരു ശാസനം ശക്തൻതമ്പുരാൻ നിർയ്യാണവേളയിൽ തന്റെ പിൻഗാമികൾക്കു കൊടുത്തിരുന്നതായി കാണുന്നതുകൊണ്ടു്, അവിടത്തെ അവസാനകാലമായപ്പോഴേയ്ക്കും, തമ്പുരാനും അച്ചനും തമ്മിൽ പണ്ടുണ്ടായിരുന്ന വിശ്വാസവും സൗഹാർദ്ദവും തീരെ നശിച്ചിരുന്നു എന്നും, അവർ വലിയ മത്സരത്തിലും മുഷിച്ചലിലും ആണ് വർത്തിച്ചിരുന്നതെന്നും വിചാരിക്കണം. തമ്പുരാൻ തീപ്പെട്ടകാലത്തെ വലിയച്ചൻ മിക്കവാറും ഒരു രാജ്യഭ്രഷ്ടനെപ്പോലെ, പൊതുകാര്യങ്ങളിൽ ഒന്നും പ്രവേശിക്കാതെ, മുള്ളൂക്കര പാലിയത്തേയ്ക്കു നീങ്ങി ഒതുങ്ങിത്താമസിക്കുകയായിരുന്നു. അദ്ദേഹത്തിനെ ഉദ്ദേശിച്ചായിരിക്കണം, പ്രത്യേകിച്ചും, ആ മരണശാസനം പുറപ്പെടുവിച്ചിട്ടുള്ളതു്.

ശക്തൻതമ്പുരാന്റെ മരണശാസനങ്ങളിൽ മിക്കതും—നാലുകൂട്ടത്തിൽ മൂന്നുകൂട്ടവും തീർച്ചയായും—അവിടത്തെ പിൻഗാമികൾ മനഃപൂർവ്വം ലംഘിക്കുകയും, അതുകൊണ്ടുള്ള അചിന്ത്യങ്ങളായ അനിഷ്ടഫലങ്ങളെ യഥാവിധി അനുഭവിക്കുകയും ചെയ്തു! തച്ചുടയകയ്മളെ വീണ്ടും അവരോധിക്കരുതെന്നു കല്പിച്ചിരുന്നാലും അവിടുന്നു തീപ്പെട്ട കൊല്ലത്തിൽ തന്നെ ആ അവരോധം പൊടിപൂരമായി നടത്തി. അന്നുമുതൽ ഇന്നോളവും കൂടൽമാണിക്യം ഒരിക്കലും കൂടാത്ത ഒരു മാണിക്കമായി തീർന്നിട്ടുണ്ടല്ലോ. അച്ചനെ മന്ത്രിയാക്കരുതെന്നു കല്പിച്ചു. അചിരേണ ആ അച്ചൻതന്നെ പ്രധാനമന്ത്രിയായി. വേലുത്തമ്പിദളവയുമായി സഖ്യം ചെയ്തു്, കമ്പഞ്ഞിക്കാരെ മുഷിപ്പിക്കരുതെന്നുള്ള ശാസനത്തെയും, നിരാകരിച്ചുകൊണ്ടു്, ഇംഗ്ലീഷുകാരോടു യുദ്ധം ചെയ്തു്, രാജ്യത്തേയ്ക്കു് അനവധി ആപത്തുകൾ വരുത്തിവെച്ചു. ആ നാലു കല്പനകളിൽ യോഗാതിരി അവരോധനിഷേധം മാത്രം എന്തോ, സംഗതിവശാൽ ലംഘിക്കപ്പെട്ടിട്ടില്ല.

ഹൈദരാലിഖാൻ, ടിപ്പുസുൽത്താൻ, മിസ്റ്റർ പൗണി, കമ്മീഷണർമാർ, ഇങ്ങനെ പലരുടെ അടുക്കലും ശക്തൻതമ്പുരാനു പല വലിയകാര്യങ്ങളും പറയാനും പറയിപ്പിക്കാനും ഉണ്ടായിരുന്നിട്ടും അതിനൊന്നിനും, ഒരിക്കലും, പാലിയത്തച്ചനെ നിയോഗിച്ചുകാണാത്തതും, ഒട്ടു് ഒടുവുവരെ, അച്ചനും തമ്പുരാനുംതമ്മിൽ മുഷിച്ചൽ ഒന്നും കൂടാതെ കഴിഞ്ഞുവന്നതുംകൂടി ആലോചിക്കുമ്പോൾ, "അതിൽ എന്തോ ഉണ്ടു്" എന്നു് ആർക്കും തോന്നിപ്പോകുന്നതാണു്. 972-ലെ ഒരു

തിരുവെഴുത്തിൽക്കൂടി ഇങ്ങനെ കാണുന്നു:—"...വേണ്ടപ്രകാരമൊക്കെയും ബൊധിപ്പിക്കത്തക്കവണ്ണം പാലിയത്തു മെനൊനൊടു കല്പിച്ചയച്ചിട്ടും ഉണ്ട. മെനൊൻ അവിടെ വന്ന ഒക്കെയും ബൊധിപ്പിക്കയും ചെയ്യും. ഏതു കാൎയ്യമെങ്കിലും മെനൊനൊടു പറഞ്ഞാൽ വെണ്ടതില്ല."

ഇപ്രകാരം ഒററയ്ക്കും തററയ്ക്കും ഓരോ കാൎയ്യങ്ങൾക്കു് അയക്കാറുണ്ടെങ്കിലും അതിലും ഒരു പ്രത്യേകത ശ്രദ്ധേയമായിട്ടുണ്ടു്. അച്ചനെ ഒററയ്ക്കു് ഒരു കാൎയ്യത്തിനു് അയയ്ക്കുന്നതു് അപൂൎവ്വമാണു്. വേറെ ഒരാളെക്കൂടി കൂട്ടി അയയ്ക്കും. പ്രമാണി അച്ചൻതന്നെയാണെന്നു കാണിക്കുകയും ചെയ്യും. 972_ലെ ഒരെഴുത്തു നോക്കുക:—"അമരാവതിയിലെ പുകയില കുത്തുമതിയുടെ ഗുണദൊഷം തങ്ങളുമായിട്ടു ബൊധിപ്പിച്ചു നിദാനം വരുത്തത്തക്കവണ്ണം നമ്മുടെ പാലിയത്തുമെനൊനൊടും വലിയകപ്പിത്താൻസ്ഥാനം വിചാരിക്കുന്ന ഇല്ലത്തു ഗൊവിന്ദനൊടും കല്പിച്ചയച്ചിരിക്കുന്നു. മെനൊൻ എല്ലാം ബൊധിപ്പിക്കയും ചെയ്യും......" മററൊരെഴുത്തിൽ, "എഴുതി അയച്ചുകൂടാത്തതിൻവണ്ണം ഉള്ളത ഏതാനും ഉണ്ടെങ്കിൽ ആയതൊക്കെയും നമ്മുടെ പാലിയത്തുമെനൊനെ ഗ്രഹിപ്പിച്ചാൽ നമ്മെ ബൊധിപ്പിക്കുന്നതിന്ന മെനൊൻ ഇങ്ങൊട്ടു പറഞ്ഞയച്ചുകൊള്ളുകയും ചെയ്യും". എന്നു കാണുന്നതുകൊണ്ടു്, തമ്പുരാൻ തിരുമനസ്സിലേയ്ക്കു് അക്കാലത്തു വിശ്വാസക്കേടൊട്ടും ഉണ്ടായിരുന്നില്ലെന്നു വിചാരിക്കണം.

എവിടംകൊണ്ടാണു പിന്നീടൊരു നീരസം വന്നുചേൎന്നതെന്നു സ്പഷ്ടമാകുന്നില്ല. സാരമായിട്ടു് എന്തെങ്കിലുമൊന്നു സംഭവിച്ചിട്ടുണ്ടായിരിക്കണം. ശക്തൻതമ്പുരാന്റെ ആദ്ധ്യത്തെ നേത്ര്യാരമ്മ മൂലമായിരിക്കുമോ ഈ മുഷിച്ചൽ എന്നു സംശയിക്കണം. മേൽവിവരിച്ച എഴുത്തുകൾക്കുശേഷം രണ്ടുകൊല്ലംകഴിഞ്ഞു്, 974 ധനുമാസം 28_ാംനു ഒരു എഴുത്തിൽ, "അതിൎത്തിത്തലകൾ എടപെട്ടു ചിലകാൎയ്യങ്ങൾ ഉണ്ടാകകൊണ്ടു തിരുവാങ്കൊട്ടുരാജാവായിട്ടും കണ്ടുപറഞ്ഞ അതിന്റെ ഒക്കെയും നിദാനം വരുത്തെണ്ടതിനായിട്ടു, നമ്മുടെ കാൎയ്യസ്ഥന്മാരിൽ പാലിയത്തുമെനൊനെയും, വലിയയജമാനൻ മാളിയക്കൽ ഗൊവിന്ദനെയും തിരുവാങ്കൊട്ടുരാജാവിന്റെ അടുക്കലെക്ക ഒരയച്ചിരിക്കുന്നു" എന്നു പ്രസ്താവിച്ചിട്ടുണ്ടു്. അതുമുതല്ക്കും ആ അതിൎത്തിത്തൎക്കകാൎയ്യത്തിൽ കൊച്ചിയുടെ കാൎയ്യം വേണ്ടതുപോലെ ശരിയായി വാദിച്ചില്ലെന്നോ, അതുസംബന്ധിച്ച പ്രവൃത്തികളിൽ വിശ്വസ്തത മതിയായില്ലെ

ന്നോ മറോ ഉള്ള കാരണത്താലുമായിരിക്കണം, പിന്നീടുണ്ടായ പിണക്കത്തിനും വേർപാടിനും കാരണമെന്നു് ഊഹിക്കുവാൻ അവകാശമുണ്ടു്. ഈ സന്ദർഭത്തിൽ, പാലിയത്തച്ഛനും ശക്തൻതമ്പുരാനും തമ്മിൽ, ആ തിരുവിതാംകൂർയാത്രയ്ക്കുശേഷം നടന്നതായ ഒരു സംഭാഷണസംഗതി ഐതിഹ്യരൂപത്തിൽ പ്രചാരപ്പെട്ടിരിക്കുന്നതുംകൂടി സ്മരണീയമാകുന്നു. കോവിലകത്തെ തെക്കേച്ചുമരു ചാരിക്കൊണ്ടു മേനോൻ നില്ക്കുമ്പോഴാണു് ആ സംഭാഷണം ഉണ്ടായതെന്നും, അടക്കിയാൽ അടങ്ങാത്ത അതൃപ്തിയോടുകൂടി, തമ്പുരാൻ അച്ഛനോടു്, "എന്താ, മേനോൻ തെക്കോട്ടു ചാരീട്ടാണു്, അല്ലേ" എന്നു ചോദിച്ചു എന്നും, രസികനും ബുദ്ധിമാനുമായിരുന്ന അച്ഛൻ "തെക്കോട്ടു ചാരിയാലും ദൃഷ്ടികൾ വടക്കോട്ടുതന്നെയാണു്" എന്നു മറുപടിപറഞ്ഞു എന്നും, ആണു് ആ ഐതിഹ്യം. ഈ കഥയും, മേല്പറഞ്ഞ എഴുത്തും, പിന്നീടുണ്ടായ നടപടിയും എല്ലാംകൂടി ചേർത്തുവെച്ചു നോക്കുമ്പോൾ ആ അതിർത്തിത്തക്കം സംബന്ധിച്ചു ശക്തൻതമ്പുരാൻ തിരുമനസ്സിലേയ്ക്കു പാലിയത്തച്ഛനോടു നീരസം ജനിച്ചിട്ടുണ്ടെന്നു ന്യായമായി അനുമാനിക്കാവുന്നതാണു്.

അന്നത്തെ പാലിയത്തച്ഛൻ വേലുത്തമ്പിദളവയുടെ കൂട്ടുകാരനായിരുന്നു എന്നു് അനന്തരസംഭവങ്ങൾ തെളിയിക്കുന്നുണ്ടു്. അക്കാലത്തു ബ്രിട്ടീഷ്റസിഡണ്ടിന്റെ സ്ഥാനം വഹിച്ചിരുന്ന സാക്ഷാൽ മക്കോളെ സായ്പും അച്ഛനുംതമ്മിൽ ആദ്യകാലത്തു വളരെ സ്നേഹവിശ്വാസത്തിലായിരുന്നു എന്നതിനും തെളിവുണ്ടു്. അച്ഛനെ വിശ്വസ്തനല്ലാത്ത നിലയിൽ അകററി നിർത്തിയതിനെക്കുറിച്ചു്, അച്ഛൻ മക്കോളെ സായ്പിന്റെ അടുക്കൽ ആവലാതിപ്പെടുകയും, സായ്പു് അച്ഛന്റെ ഭാഗം വക്കാലത്തുപിടിച്ചു്, ശക്തൻതമ്പുരാന്റെ അടുക്കൽ പല കറി വാദിക്കുകയും ചെയ്തിട്ടുണ്ടു്. ആ അതിർത്തിത്തക്കം എന്തായിരുന്നു എന്നൊ, അതിൽ അച്ഛൻ എന്തൊരു ഭാഗമാണു നിർവ്വഹിച്ചതെന്നോ, തെളിയിക്കുന്ന രേഖയൊന്നും കാണുവാൻ കഴിഞ്ഞിട്ടില്ല.

"അച്ഛനെ മന്ത്രിയാക്കരുതു്," എന്നു ശക്തൻതമ്പുരാൻ ശാസിച്ചതിനു് അവിടേയ്ക്കു മതിയായ കാരണമുണ്ടായിരുന്നിരിക്കണമെന്നു തീർച്ചയാണു്. പ്രബലനും പ്രമാണിയുമായ ഒരു നാട്ടുകാരൻ പ്രഭു ആ നാട്ടിലെ രാജാവിന്റെ പ്രധാനമന്ത്രികൂടിയാകുന്നപക്ഷം അനാശാസ്യങ്ങളായ പല പരിണാമങ്ങളും രാജ്യത്തേയ്ക്കും രാജസ്ഥാനത്തേയ്ക്കും വന്നുകൂടിയേക്കാമെന്നുള്ള ഒരു വിചാരവും, ആ കാരണങ്ങൾക്കുപുറമെ, ശക്തൻ

തമ്പുരാൻണ്ടായിരുന്നു എന്നുവരാം. മന്ത്രിയായാലും വേണ്ടില്ല, തന്ത്രിയായാലും വേണ്ടില്ല, തന്റെ ആളുകളൊക്കെ തനിക്കു കീഴമന്നും, തന്റെ കല്പനകൾ കേൾപ്പാനും നടത്താനും സന്നദ്ധരായും, നില്ക്കണമെന്നുള്ള വ്രതക്കാരനായിരുന്നു ആ തമ്പുരാൻ. സ്വാതന്ത്ര്യേച്ഛുവും സ്വാഭിപ്രായപ്രകാരം പ്രവൎത്തിക്കുന്നവനും ആയിരുന്ന അച്ചനെ ആദരിക്കാതിരുന്നതിലും അത്ഭുതമില്ല. അതിൽനിന്നു അച്ചൻ വീഴ്ചക്കാരനാണെന്നൊ, തമ്പുരാൻ തെററുകാരനാണെന്നൊ വരണമെന്നുമില്ല. എങ്ങനെ ആയാലും ശക്തൻതമ്പുരാന്റെ വാഴ്ചക്കാലത്തെ ഒടുവിലത്തെ അഞ്ചാറുകൊല്ലക്കാലം പാലിയത്തച്ചൻ, തമ്പുരാന്റെ അതൃപ്തിക്കു പാത്രമായി മുള്ളൂക്കരയിൽ അടങ്ങിഒതുങ്ങി പാൎക്കുകതന്നെ വേണ്ടിവന്നു. അവിടെനിന്നു പുറത്തുകടന്ന ഉടനെ പ്രദൎശിപ്പിച്ച തന്നിഷ്ടവും അതിസാമൎത്ഥ്യവും അത്യന്തം ആപത്കരമായ ഒരു ഗൎത്തത്തിൽ കൊച്ചിയെക്കൊണ്ടു ചാടിക്കുകയും ചെയ്തു!

മക്കോളെസായ്പ് അച്ചനുവേണ്ടി ശിപാൎശിക്കു പുറപ്പെട്ടു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതു് ഒരിക്കലും, രണ്ടു പ്രാവശ്യവും മാറമല്ല. ശക്തൻതമ്പുരാന്റെ നിൎയ്യാണകാലംവരെ മക്കോളെയും തമ്പുരാനും തമ്മിൽ ആ കാൎയ്യം സംബന്ധിച്ച് എഴുത്തുകുത്തുകൾ നടന്നിരുന്നതായിക്കാണുന്നുണ്ടു്. മക്കോളെയുടെ ആവക എഴുത്തുകൾക്കു തമ്പുരാൻ മിക്കപ്പോഴും മറുപടി തന്നെ അയക്കാതെയും, അയച്ചാൽതന്നെ ശരിയായ മറുപടി പറയാതെയും, അങ്ങനെ കുറെക്കാലം കഴിച്ചു. ഒടുവിൽ മക്കോളെയുടെ നിൎബ്ബന്ധം കലശലാകുകയും, എഴുത്തുകൾ തുടരെത്തുടരെ വന്നുകൊണ്ടിരിക്കയും ചെയ്തു. 980_81 ഈ കാലങ്ങളിൽ നടന്ന ചില എഴുത്തുകുത്തുകൾ താഴെ ചേൎക്കുന്നു.

980 കന്നി 12-ാംനു- മക്കോളെ തമ്പുരാനയച്ച ഒരു കത്തിന്റെ അവസാനത്തിലായി ഈ ഒരു വാചകം കൂടിയുണ്ടു്. "കൂടെ ഈ സംഗതിയിങ്കൽത്തന്നെ പാലിയത്ത അച്ചന്റെ നെക്കും, അയാളുടെ വസ്തു കാൎയ്യങ്ങൾക്കും, അനുഭവങ്ങൾക്കും, രാജാവ അവൎകളുടെ കാരുണ്യവും, ആശ്രയവും ഉണ്ടാകണമെന്ന് വീണ്ടും നാം അപെക്ഷിക്കുന്നു. വിശെഷിച്ച എഴുത്തു പറവാനുള്ളു."

മക്കോളെ മറെറാരിക്കൽ, "പാലിയത്തുമെനവന്റെ കാൎയ്യം നാം സമ്മതിച്ച എഴുതീട്ടുള്ള ബന്ധത്തിന്ന അങ്ങു അറിയപ്പെടുത്താഴിക

കൊണ്ടു, ഇപ്പൊഠ നാം വീണ്ടും എഴുതി അപെക്ഷിക്കുന്നതു എന്തെന്നാൽ അച്ചന്ന അങ്ങെടെ ആദരവും, രക്ഷയും, വെണമെന്നും വെച്ച വിശെഷമായിട്ടുള്ളൊരു വിധത്തിൽ അങ്ങക്ക ശ്രുപാശി എഴുതി ബൊധിപ്പിക്കുന്നതിന്നു പിന്നീടും ഈ സമയം നാം കാണെ ഉണ്ടാക്കിക്കൊള്ളുകയും ചെയ്യു''.

ശക്തൻതമ്പുരാന്റെ മറുപടി:—"പാലിയത്തുമെനൊന്റെ കാൎയ്യം കൊണ്ടു, കൎക്കടകമാസത്തിൽ നമ്മുടെ പുറന്നാഠക്കു തക്കവണ്ണം നാം വടക്കെദിക്കിൽ നിന്നും എറണാകുളത്ത എത്തിയതിന്റെശെഷം, പാലിയത്തെ ചെറിയമെനൊൻ വന്നു കണ്ടാറെ, വലിയമെനൊൻ ദീനമാകകൊണ്ടത്രെ വരാഞ്ഞതു എന്നും, അത്താച്ചമയത്തിന്നു തക്കവണ്ണം അയാഠ നാമിരിക്കുന്നെടത്തു വന്നുകൊള്ളാമെന്നും, പറകകൊണ്ടു, ഭയപ്പെടണ്ടാ എന്നും, അത്താച്ചമയത്തിന്നു എത്തത്തക്കവണ്ണവും പറഞ്ഞയ്ക്കയും ചെയ്തു. അപ്പൊഠ വെണ്ടപ്രകാരം നിദാനം വരുത്തിവെക്കയും ആം? ഇപ്രകാരം പറഞ്ഞിരിക്കകൊണ്ടത്രെ മറുപടി കൊടുത്തയക്കാഞ്ഞതു".

മക്കോളെ വീണ്ടും:— "പാലിയത്തുമെനൊന്റെ കാൎയ്യം ഗവൎമ്മെണ്ടിന്റെ മുമ്പിൽ ഇടുകകൊണ്ടു വീണ്ടും അങ്ങെ അസഹ്യപ്പെടുത്തുന്നു. ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെയും, തിരുവാങ്കൊട്ടു സൎക്കാരുടെയും കീഴ ഉഠപ്പെട്ടിരിക്കുന്ന പാലിയത്തുമെനൊൻ അയാളുടെ വസ്തു അവകാശങ്ങഠ പൂൎണ്ണമായിട്ടു അനുഭവിക്കത്തക്കവണ്ണം അങ്ങാൽ രക്ഷിക്കപ്പെടുമൊ എന്നു ഗവൎമ്മെണ്ടിൽ ബൊധം വരുത്തെണ്ടതിന്ന നമുക്കു വിവരമായിട്ടു എഴുതി അയക്കാൻ ദരപെക്ഷിക്കുന്നു. ചൊദ്യത്തിന്ന ചൊവ്വായുള്ള ഒരു ഉത്തരം എഴുതി അയക്കയും വെണം."

ശക്തൻതമ്പുരാൻ വീണ്ടും:— "നാം ഉടയ ഈശ്വരനെയും കുമ്പഞ്ഞിയെയും ഒരുപൊലെ വിശ്വസിച്ചിരിക്കുന്നു. പാലിയത്തുമെനൊന്റെ കാൎയ്യത്തിന്ന ചിങ്ങം 4-ാംനു- നാം തങ്ങഠക്ക അയച്ചിരിക്കുന്ന കടദാസ്സിൽ തിരിച്ചുതന്നെ എഴുതി ഇരിക്കകൊണ്ടു ആ വസ്തുത ഇനിയും തങ്ങഠ വിചാരിക്കുമ്പൊഠ വഴിപൊലെ തങ്ങഠക്ക ബൊധിക്കുകയും ചെയ്യും."

സാക്ഷിന്റെ മേലുദ്ധരിച്ച കത്തിലെ ഒരു പ്രസ്താവന, ചെമ്പുപുറത്താക്കുന്നതിന്നു മതിയായതല്ലും, ശക്തൻതമ്പുരാനെ പാടല്ലാതെ പരി

ഭ്രമിപ്പിച്ചതും ആയിരുന്നു. "കുമ്പഞ്ഞിയുടേയും തിരുവാങ്കോട്ടുസക്കാരിൻേറയും കീഴെ ഉൾപ്പെട്ടിരിക്കുന്ന പാലിയത്തുമേനോൻ!!" അച്ചൻ തെക്കോട്ട് ചാരിനിന്നിരുന്നതായി സംശയിക്കപ്പെട്ടതിൽ തെററില്ലെന്നു തമ്പുരാനു തോന്നീട്ടുണ്ടായിരിക്കണം. ഇനി മക്കോളെയുമായി ഈ സംഗതികൊണ്ടു കത്തെടപാടുകൾ തുടരുന്നതു നിഷ്ഫലമാണെന്നും അവിടുന്നു സംശയിച്ചിരിക്കണം. എന്തുകൊണ്ടെന്നാൽ, ഉടനെതന്നെ മദിരാശി ഗവണ്ണക്ക് ആ സംഗതിയെ സംബന്ധിച്ച് ഒരു ദീഘലേഖനം തമ്പുരാൻ എഴുതി അയച്ചതായിക്കാണുന്നുണ്ട്. അതു് ഇപ്രകാരമായിരുന്നു. അന്നത്തെ ഗവണ്ണർ ലോർഡു് വില്യം കാവൻഡിസ്സ് ബെൻറിക്ക് ആയിരുന്നു. 981 ചിങ്ങം 11-ാംനു-യിലെയാണു് ആ കത്തു്.

'.....നമുക്കു പ്രത്യേകം അടിയാനായിട്ടുള്ള പാലിയത്തു മെനൊൻ എന്നൊരുത്തൻ ഉണ്ടു. അവനു നാം പല സ്ഥാനമാനങ്ങളും ഉല്പത്തികളും പറമ്പുകളും കൊടുത്തു നടത്തിച്ചുവരുന്നു. അവൻ ഇപ്പോൾ കെണൽ മക്കൊളി സായ്പിനെയും തിരുവാങ്കൊട്ടുരാജാവിൻെറ ദളവയെയും കണ്ടു, അവരെ പാട്ടിൽവെച്ചുകൊണ്ടു, നമ്മുടെ നെരെ ചില ദ്രൊഹങ്ങൾ ചെയ്യുന്നുണ്ടു. ഇപ്പൊൾ പാലിയത്തുമെനൊൻ ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെയും തിരുവാങ്കൊട്ടുരാജാവിൻെറയും കീഴിൽ പെട്ടിരിക്കുന്നവൻ എന്നും, അവനെ നമ്മാൽ രക്ഷിക്ക കഴിയുമെങ്കിൽ അപ്രകാരത്തിന്ന എഴുതിവരണമെന്നും കെണൽ മക്കൊളിസായ്പു അവരുകളുടെപെക്ക നമുക്കു എഴുതിവന്നിരിക്കുന്നു. പാലിയത്തുമെനൊൻ നമുക്കു പ്രത്യേകമായിട്ടുള്ളവൻ എത്രെ ആകുന്നു. അതല്ലാതെ തിരുവാങ്കൊട്ടുരാജാവിനും പിന്നെ ഒരുത്തക്കും ഒരു സംബന്ധം ഉള്ളവനും അല്ല. നാം ബഹുമാനപ്പെട്ട കുമ്പഞ്ഞിയെ വിശ്വസിച്ചു കല്പവും തീത്തു നടന്നുവരുമ്പൊൾ നമ്മുടെ അടിയാരകുടിയാര ആയിട്ടുള്ള ആളുകൾ നമ്മെക്കൊണ്ടു ദ്രൊഹങ്ങൾ പറകയും, അവരെ നമ്മാൽ രക്ഷിക്ക കഴിയുമൊ എന്നു കുമ്പഞ്ഞി എജമാനന്മാർതന്നെ എഴുതി കൊടുത്തയക്കുകയും ചെയ്യാൽ, അതു നമുക്കെത്രെയും സങ്കടമായിട്ടുള്ളതുതന്നെ ആകുന്നു. ഇന്നെവരക്കും നടന്നുവന്നതുപൊലെ അല്ലാതെ പാലിയത്തുമെനൊൻെറ കായ്യത്തിനും, അല്ലാതെ ഉള്ള കായ്യത്തിനും, നൂതനമായിട്ടു നമ്മൊടൊന്നു ചെയ്യാതെ ഇരിക്കത്തക്കവണ്ണം ഇവിടെ ഇരിക്കുന്ന കുമ്പഞ്ഞി എജമാനൻമാക്ക തങ്ങൾ താക്കീത എഴുതി അയക്കണമെന്നു നാം തങ്ങളൊടു എത്രയും വളരെ അപെക്ഷിക്കുന്നു......"

ശക്തൻതമ്പുരാന്റെ സ്വഭാവവും നിലയും, പാലിയത്തച്ചന്റെ കാര്യത്തിൽ, എപ്രകാരമായിരുന്നു എന്നു പ്രസ്പഷ്ടമാക്കുന്ന ഒരു പ്രഖ്യാപനംതന്നെ ഈ എഴുത്തിൽ കാണുന്നു! അവിടുത്തെ നീരസം കുറേ ഉള്ളിൽകൊണ്ടതായിരുന്നു എന്നും തെളിയുന്നു. പിൽക്കാലത്തുണ്ടായ സംഭവങ്ങളുടെ സ്വഭാവവും, വിജിഗീഷുവായിരുന്ന ആ അച്ചന്റെ വിക്രമവും നോക്കിയാൽ, മന്ത്രിസ്ഥാനം മാത്രമല്ലാ അതിൽ കവിഞ്ഞതായ പദവിതന്നെ കയ്ക്കലാക്കുന്നതിന് അച്ചൻ ഉള്ളിൽക്കൂടി ചിലതെല്ലാം പ്രവർത്തിച്ചിരിക്കാമെന്നും, ആ മനോഗതിയും പ്രവൃത്തിമാർഗ്ഗങ്ങളും മനസ്സിലാക്കിയതുകൊണ്ടായിരിക്കാം അച്ചനെ അടുപ്പിക്കാതെ, അകററുകയും, അടുപ്പിക്കരുതെന്നു ശാസനം നല്കുകയും ചെയ്തതെന്നും വരുകൂടായ്കയില്ല. മദിരാശി ഗവർണ്ണർ എന്തു മറുപടി കൊടുത്തു എന്നോ, പ്രവർത്തിച്ചു എന്നോ അറിയുന്നില്ല. ചിങ്ങം 11-ാംനു ഈ എഴുത്തയച്ചു. കന്നി 13-ാംനു അവിടുന്നു തീപ്പെടുകയും ചെയ്തു. അതുകൊണ്ട് അവിടുത്തെ കാലത്തൊന്നും ഒരു തീരുമാനത്തിനും ഇടയായിരിക്കയില്ല. അവസാനംവരെ അവിടുന്ന് അച്ചനെ അടുപ്പിച്ചില്ലെന്നും തീർച്ചയാണ്. അവിടുത്തെ നിര്യാണാനന്തരം, കുമ്പഞ്ഞിയുടെ നിർബ്ബന്ധപ്രകാരമായാലും അല്ലെങ്കിലും, അച്ചനെ വീണ്ടും മന്ത്രിയാക്കി സ്വീകരിക്കുകതന്നെ ചെയ്തു. അതുകൊണ്ടുണ്ടായ അനിഷ്ടാനുഭവങ്ങളെക്കുറിച്ചും മററും 'അസ്തമനാൽപരം' എന്ന അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

കുടുംബങ്ങളുടേയും വർഗ്ഗങ്ങളുടേയും മററും 'പൂർവ്വകാലചരിത്രത്തെ പര്യവേഷണംചെയ്യുമ്പോൾ, പലവിധത്തിലുള്ള നിമ്നോന്നതസ്ഥിതികളും കണ്ടേക്കാവുന്നതാണ്. കേവലം ജിജ്ഞാസുക്കളെപ്പോലെ അക്ഷോഭ്യരായി അവക സംഗതികളെ നിരീക്ഷിക്കേണ്ടതു് അത്യാവശ്യമാണ്. ഇന്ന്, പാലിയംസ്വരൂപത്തിന്റെ സകലവിധമായ ഭരണഭാരവും വാത്സല്യപൂർവ്വം, അതിശ്രദ്ധയോടുകൂടി, കുടുംബാംഗങ്ങളുടെ സമ്മതപ്രകാരം, കൊച്ചിഗവർമ്മെണ്ടിൽനിന്നുതന്നെ നടത്തിച്ചുവരുന്നതുകൊണ്ട്, ഭൂതം വർത്തമാനത്തെ ലേശവും സ്പർശിച്ചിട്ടില്ലെന്നു സ്പഷ്ടമാണല്ലോ

ചിമ്മുകുട്ടിയമ്മ.

തൃശ്ശൂർ ഇന്നുള്ള നായർത്തറവാട്ടുകളിൽ സമ്പത്തുകൊണ്ടും, സൽക്കീർത്തികൊണ്ടും, സജ്ജനസമ്മതികൊണ്ടും മുന്നണിയിൽ നില്ക്കുന്ന ഒന്നാകുന്നു 'കരിമ്പറ്റ' എന്ന തറവാട്ട്. കൊച്ചിയിലെ ശക്തൻതമ്പുരാൻ തിരുമനസ്സിലെ ഒടുവിലത്തെ നേത്യാരമ്മയായിരിക്കുവാനുള്ള ഭാഗധേയം സിദ്ധിച്ചതു കരിമ്പറ്റചിമ്മുകുട്ടിയമ്മയ്ക്കാണ്. അവരുടെ ശാഖയിലെ ഒരു സ്ത്രീരത്നമാണ്, 'മിടുക്കൻ' എന്ന അപരനാമത്താൽ സുപ്രസിദ്ധനായ കൊച്ചിയിലെ ഇന്നത്തെ ഇളയതമ്പുരാൻതിരുമനസ്സിലെ നേത്യാരമ്മയായ ശ്രീമതി അമ്മിണിയമ്മ എന്ന ലക്ഷ്മികുട്ടി നേത്യാരമ്മ അവർകൾ എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാകുന്നു. അടുത്തകാലത്തു തന്നെ ബഹുമാനപ്പെട്ട കൊച്ചി ചീഫ്കോട്ടിലേയ്ക്കു പ്രാപ്തന്മാരായ രണ്ടു ജഡ്ജിമാരെ—ശ്രീമാന്മാരായ പരേതൻ കരിമ്പറ്റ രാമൻമേനോൻ, ആയുഷ്മാൻ അച്യുതമേനോൻ എന്നിവരെ—പ്രദാനംചെയ്ത ആ പുരാതനകുടുംബത്തിന്റെ പണ്ടത്തെ ചരിത്രത്തെക്കുറിച്ച് ഈ അവസരത്തിൽ കുറഞ്ഞൊന്നു ചിന്തിക്കുന്നതു് അവസരോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

കരിമ്പറ്റത്തറവാടിന്റെ മൂലസ്ഥാനം വള്ളുവനാട്ടുതാലൂക്കിൽ അങ്ങാടിപ്പുറത്തുള്ള സുപ്രസിദ്ധമായ തിരുമാന്ധാംകുന്നു ഭഗവതിക്ഷേത്രത്തിന്റെ സമീപമാണെന്നുള്ള സംഗതി പരക്കെ അറിയപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. ആ പ്രദേശത്തുള്ള ഒരു പറമ്പിന്, 'കരിമ്പറ്റപ്പറമ്പ്' എന്ന പേര് ഇന്നും നിലനിന്നുപോരുന്നുണ്ട്. തിരുമാന്ധാംകുന്നിലെ ക്ഷേത്രസംബന്ധികൾകൂടി നടത്തേണ്ടതും നാല്പത്തൊന്നു ദിവസം നിലനില്ക്കുന്നതുമായ മണ്ഡലംപാട്ടിൽ പതിനെട്ടാമത്തെ ദിവസത്തിന്റെ അവകാശവും ചുമതലയും കരിമ്പറ്റയ്ക്കാകുന്നു. ലക്ഷ്മികുട്ടിനേത്യാരമ്മ അവർകൾ സനിഷ്കർഷം ആ വഴിപാടു യാതൊരു വീഴ്ചയുംകൂടാതെ ഇന്നും മുറയ്ക്കു നടത്തിപ്പോരുന്നതുമുണ്ട്.

കരിമ്പറ്റത്തറവാട്ടിനു രാജകുടുംബങ്ങളായുള്ള അടുപ്പം ഇന്നും ഇന്നലെയും ആരംഭിച്ചതോ, അങ്ങനെ ഇങ്ങനെ അവസാനിക്കുന്നതോ അല്ല. അങ്ങാടിപ്പുറം മുതലായ പ്രദേശങ്ങൾ ഉൾപ്പെട്ട വള്ളുവനാട്ടു

രാജ്യം വെള്ളാട്ടിരിരാജാവിന്റെ സംസ്ഥാനമായിരുന്നു. 'വെള്ളപ്പനാട്ട്' എന്ന വള്ളുവനാട്ട് ഒരുകാലത്തു പെരുമ്പടപ്പിൽ ചേർന്നതോ, പെരുമ്പടപ്പിനു കീഴമർന്നതോ ആയിരുന്നതായി പറയപ്പെടുന്നു. അനിശ്ചിതങ്ങളായ ആവക ചരിത്രശകലങ്ങളുടെ നിജസ്ഥിതിയെക്കുറിച്ചൊന്നും ഇപ്പോഴും ആലോചിക്കേണ്ടതായിട്ടില്ല. ആ രാജവംശത്തിന്റെ ഒരു ശാഖയാകുന്നു ഇന്നത്തെ മങ്കടക്കോവിലകം. കരിമ്പററത്തറവാട്ടിന്റെ പൂർവ്വം വെള്ളാട്ടിരിരാജ്യത്തായിരുന്നു എന്നും, ആ സ്വരൂപത്തിലെ ഒരു രാജാവിന്റെ ഭാര്യ കരിമ്പററത്തറവാട്ടിലെ ഒരു സ്ത്രീയായിരുന്നു എന്നും മാത്രമേ ഇപ്പോഴും ഇവിടെ ചിന്തനീയമായിട്ടുള്ളു. ആ സ്ത്രീ ശക്തൻതമ്പുരാൻ തിരുമനസ്സിലെ നേത്യാരമ്മയായിരുന്ന ചിമ്മുക്കുട്ടിയമ്മയുടെ നേരേ ജ്യേഷ്ഠത്തിയുമായിരുന്നു.

വെള്ളാട്ടിരിത്തമ്പുരാനും ശക്തൻതമ്പുരാനും തമ്മിൽ വലിയസ്നേഹമായിരുന്നുവെന്നും, ടിപ്പുവിന്റെ പാളയക്കാലത്തിനു സമീപിച്ച് അദ്ദേഹം ഭാര്യാസമേതനായി തൃശ്ശിവപേരൂർക്കു വന്നു, തൃശ്ശൂർ പാലിയത്തിന്റെ തൊട്ടു പടിഞ്ഞാറെപ്പറമ്പിൽ വീടുകെട്ടി അവിടെ താമസിച്ചിരുന്നുവെന്നും പ്രസ്താവിക്കപ്പെടുന്നുണ്ട്. ശക്തൻതമ്പുരാൻ ഒന്നിച്ച് അദ്ദേഹം ഏറിയകാലം തൃപ്പൂണിത്തുറയിലും താമസിച്ചിട്ടുണ്ടെന്നും, ആ കാലത്തു് അദ്ദേഹം പതിവായി തേവാരത്തിനുപയോഗിച്ചിരുന്ന തിരുമാന്ധാംകുന്നു ഭഗവതിയുടെ വിഗ്രഹത്തെ തൃപ്പൂണിത്തുറെ അമ്മത്തമ്പുരാൻ കോവിലകത്തു്, അന്നു് അവിടെ ഉണ്ടായിരുന്ന മററു തേവാരവിഗ്രഹങ്ങളുടെ കൂട്ടത്തിൽവെച്ചാണു തേവാരമുറകൾ നടത്തിപ്പിച്ചതെന്നും, ഒടുവിൽ, അദ്ദേഹം തൃപ്പൂണിത്തുറ വിട്ട സമയത്തു്, 'അങ്ങേയ്ക്കു് അങ്ങു ചെന്നാൽ ഭഗവതിതന്നെ അവിടെ ഉണ്ടല്ലോ; അതുകൊണ്ടു്, ഈ വിഗ്രഹം ഞങ്ങൾക്കുവേണ്ടി ഇവിടെ വെയ്ക്കരുതേ' എന്നു് അന്നത്തെ വലിയമ്മത്തമ്പുരാൻ ചോദിക്കുകയും ആവശ്യപ്പെടുകയും ചെയ്തുവെന്നും, അതനുസരിച്ചു് അദ്ദേഹം ആ വിഗ്രഹത്തെ അവക്കായിട്ടു കൊടുത്തുവെന്നും, അന്നുമുതല്ക്കാണു തൃപ്പൂണിത്തുറക്കോവിലകത്തേയ്ക്കു തിരുമാന്ധാകുന്നിൽഭഗവതി പ്രത്യേകമായിത്തീർന്നതെന്നും, വിശ്വസിക്കപ്പെടുന്നുണ്ടു്. ഇന്നും തിരുമാന്ധാകുന്നിൽഭഗവതിക്കു തൃപ്പൂണിത്തുറെക്കോവിലകത്തു് ഒരു മാന്യസ്ഥാനമുണ്ടെന്നു മാത്രമല്ലാ, കൊല്ലംതോറും ആ ഭഗവതിക്കു കളമെഴുത്തും പാട്ടും നടന്നുവരുന്നുമുണ്ടു്. ആ പാട്ടും കളവും അങ്ങാടിപ്പുറത്തുനിന്നുള്ള ആളുകൾ തന്നെയാണു വന്നു കഴിച്ചുകൂട്ടുന്നതും. ഈ കൊല്ലവുംകൂടി തൃപ്പൂണിത്തുറ വടക്കേക്കോവിലകത്തു

നാലുകെട്ടിൽ മഹാരാജാവു തിരുമനസ്സിലെ സന്നിധാനത്തിൽവെച്ചു കളംപാട്ടു വളരെ കേമമായി നടത്തുകയും, വെളിച്ചപ്പാടു തുള്ളിക്കല്പിക്കുകയും, മഹാരാജാവു തിരുമനസ്സുകൊണ്ടു ഭക്ത്യാദരപുരസ്സരം നമ്രശിരസ്കനായി അരുളപ്പാടു സ്വീകരിച്ചു ദക്ഷിണ കല്പിച്ചുകൊടുക്കുകയും ഉണ്ടായി.

വെള്ളാട്ടിരിരാജാവുമായുള്ള സ്നേഹവഴിക്കാണുപോലും ചിമ്മുക്കുട്ടിയമ്മയെ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു നേത്ത്യാരമ്മയാക്കുവാൻ സംഗതിയായതു്. ആ തിരുമേനിയുടെ ആദ്യത്തെ ഭാര്യയായിരുന്ന കരുപ്പത്തുമഠത്തിലെ പാറുക്കുട്ടിയമ്മ നിർഭാഗ്യവശാൽ 972-ൽ മൃതിയടയുകയും, അവിടുന്നു പുനർവ്വിവാഹതല്പരനായി കാണപ്പെടുകയും ചെയ്ത അവസരത്തിൽ, കൊല്ലവർഷം 975-ൽ ആണെന്നു തോന്നുന്നു, ചിമ്മുക്കുട്ടിയമ്മയുടെ സംബന്ധം നടന്നതു്. ആ വിവാഹം ഒരുവിധം സ്വയംവരമായിരുന്നു. എന്നാൽ, വധു വരനെ സ്വയംവരിക്കുന്നതിനുപകരം, വരൻ വധുവിനെ തിരഞ്ഞെടുക്കുകയാണുണ്ടായതു് എന്നൊരു വ്യത്യാസമുണ്ടു്. 975-ൽ, 'കന്നിമാസത്തിലെ ഓണക്കാലത്തു്, ശക്തൻതമ്പുരാൻ തൃശ്ശൂർക്കോവിലകത്തു് എഴുന്നള്ളിത്താമസിക്കുമ്പോൾ, കോവിലകത്തുവെച്ചു് ഒരു കൈകൊട്ടിക്കളി ഏർപ്പാടു ചെയ്കയും, 'പാട്ടും കളിയും' അറിയാവുന്ന ഭേദപ്പെട്ട സ്ത്രീകളെയൊക്കെ ക്ഷണിച്ചുവരുത്തി പൊടിതകൃതിയാക്കി ഒരു 'തിരുവാതിരക്കളി' നടത്തിക്കുകയും ചെയ്തു. അന്നു കളിക്കാൻകൂടിയ കൂട്ടത്തിൽ, പതിനേഴു വയസ്സു പ്രായവും, നല്ല പൂവൻപഴത്തിന്റെ നിറവും, ചുരുണ്ടു നീണ്ട തലമുടിയും, അരോഗദൃഢഗാത്രവും, 'വട്ടമൊത്തുള്ളൊരു മുഖമതുമാരോഗ്യലക്ഷ്മീവിലാസ"വും, എല്ലാം തികഞ്ഞ കരിമ്പറ്റ ചിമ്മുക്കുട്ടിയും, വെള്ളാട്ടിരിരാജാവിന്റെ നിർബ്ബന്ധപ്രകാരം, കളിയുടെ കാര്യപ്രകാരങ്ങളൊന്നും ധരിക്കാതെ, പങ്കെടുത്തിരുന്നു. അവരുടെ ഒരു കണ്ണിനു് അല്പമൊരു പന്തികേടുണ്ടായിരുന്നുവെങ്കിലും, മറ്റേതംശംകൊണ്ടും, കൈകൊട്ടിക്കളിയുടെ ചാതുര്യംകൊണ്ടും, അവർ ആ കൂട്ടത്തിൽ പ്രഥമഗണനീയയായിരുന്നു. ശക്തൻതമ്പുരാനു് അന്നു് അമ്പതു തിരുവയസ്സാണു്.

കൈകൊട്ടിക്കളിയുടെ അന്ത്യത്തിൽ വെള്ളാട്ടിരിരാജാവും ശക്തൻതമ്പുരാനും തമ്മിൽ അതിനെപ്പറ്റി താഴെപ്പറയുംപ്രകാരം ഒരു സംഭാഷണം നടന്നു :—

ശക്തൻ. കൈകൊട്ടിക്കളി നന്നായി, ഇല്ലേ, തമ്പാൻ ?

തമ്പാൻ. ആവോ ? അഭിപ്രായം പറയേണ്ടതും അഭിനന്ദിക്കേണ്ടതും അവിടുന്നല്ലേ ?

ശക്തൻ. എന്താ, തമ്പാനു് ഈ വകേടെ ഒന്നും ഗുണദോഷം അശേഷമില്ലേ ?

തമ്പാൻ. എന്റെ അഭിപ്രായത്തിനു് ഇവിടെ സ്ഥാനമുണ്ടോ ? അതാക്കെങ്കിലും അറിയേണമെന്നുണ്ടോ ?

ശക്തൻ. ഉവ്വ്. എനിക്കൊന്നറിയണം. ആട്ടെ, ആ കളിയിൽ ചേന്നവരിൽ ആരെയാണു തമ്പാനു ബോധിച്ചതു്?

തമ്പാൻ. എനിക്കാരെ ബോധിച്ചാലും അതുകൊണ്ടവക്കൊരു കൃതവുമില്ല. അവിടേയ്ക്കാണെങ്കിലോ നേരേ മറിച്ചാണുതാനും.

ശക്തൻ. അതെന്താ ?

തമ്പാൻ. അവിടേയ്ക്കു തിരുവുള്ളമായാൽ കല്പിച്ച് ഓണപ്പുടയെങ്കിലും കൊടുക്കും.

ശക്തൻ. എനിക്കാ പൊട്ടക്കണ്ണീടെ പാട്ടും കളിയുമാണു ബോധിച്ചതു്. അവളേതാ ?

തമ്പാൻ. അവളെ അവിടേയ്ക്കു ബോധിച്ചുവെങ്കിൽ ഞാൻ പറയാം. "പൊട്ടക്കണ്ണി" എന്നല്ലേ ആദ്യംതന്നെ പറഞ്ഞതു്? പിന്നെന്തു ബോധിക്കലാ ?

ശക്തൻ. അല്ലാ, ആ കോങ്കണ്ണുകൂടിയില്ലായിരുന്നുവെങ്കിൽ അവളോട്ട ജയിക്കാൻ ആരുമുണ്ടാവില്ല. അവളേതാ ? തമ്പാനറിയാമോ ?

തമ്പാൻ. അവളെ ഞാൻ നല്ലോണം അറിയും. അവൾക്കൊട്ടു കോകണ്ണുമില്ല; പൊട്ടക്കണ്ണുമില്ല. അവൾക്കു് അസ്സലായി ആടേം ചെയ്യാം, പാടേം ചെയ്യാം. അവൾക്കു് ഓണപ്പുട കൊടുക്കാനൊരുക്കമുണ്ടോ ?

ശക്തൻ. കളിക്കുള്ള ഓണപ്പുടയല്ലേ ?

തമ്പാൻ. കൊച്ചിയിലെ ശക്തൻതമ്പുരാന്റെ ഓണപ്പുട കളിക്കാണോ ?

ശക്തൻ: എന്നാൽ കാര്യത്തിനു തന്നെ. എന്താ, ആ പെണ്ണു്? അതു പറഞ്ഞില്ലല്ലൊ.

തമ്പാൻ: അവൾക്കാണോ അവിടുത്തെ ഓണപ്പുട ? അതു പറയൂ.

ശക്തൻ: അർത്തേ, ആ് പൊട്ടക്കണ്ണിക്കതന്നെ.

തമ്പാൻ: ദാ, പിന്നേയും പൊട്ടക്കണ്ണി! അവളെ അങ്ങനെ പറയാൻ ഞാൻ സമ്മതിക്കില്ല.

ശക്തൻ: അവളതിനു തമ്പാൻെറ ആരാ ?

തമ്പാൻ: അവഠം അവിട്ടത്തെ ആരുമല്ലല്ലോ. പിന്നെന്തിനാ ആക്ഷേപിക്കുന്നതു്!

ശക്തൻ: എന്നാൽ, ഞാൻ എൻെറ ആക്കിക്കളയാം. എന്നാൽ വിളിക്കാലോ.

തമ്പാൻ: ഉറച്ചുവോ ?

ശക്തൻ: ഉം—അവഠം ഏതാ, പറയൂ.

തമ്പാൻ: പറയാം. എൻെറ ഭാര്യയുടെ അനുജത്തി ചിമ്മുവാണു്.

ശക്തൻ: എന്നിട്ടാ, ഇത്രയൊക്കെ. അവഠംക്കുതന്നെ കാണപ്പുട.

തമ്പാൻ: വരട്ടെ. അവളോടു ചോദിച്ചിട്ടു മതി.

ശക്തൻ: എന്താ, അവഠം വേണ്ടെന്നു പറയോ?

തമ്പാൻ: ആവോ, അവിട്ടത്തെ നേരേ ഭയമല്ലാതെ മററുവല്ലതും ആക്കെങ്കിലുമുണ്ടോ ?

ശക്തൻ: ഞാൻ മനുഷ്യനല്ലേ? ആട്ടെ, അവളെ വിളിക്കു.

തമ്പാൻ: ചിമ്മൂ! ചിമ്മുക്കുട്ടീ! തിരുമുമ്പിൽ വിടകൊള്ളാൻ കല്പന.

ചിമ്മുക്കുട്ടി: ററാൻ.

ശക്തൻ: ചിമ്മുക്കുട്ടിക്കു നാം കാണപ്പുട കല്പിച്ചുതന്നാൽ വാങ്ങില്ലേ? പാട്ടും കളിയും നമുക്കു ക്ഷ ബോധിച്ചു.

ചിമ്മുക്കുട്ടി: അടിയൻെറ ഭാഗ്യം. എന്നും ആ തിരുവുള്ളമുണ്ടായിരിക്കണമെന്നേ പ്രാത്ഥനയുള്ളു.

ശക്തൻ: തമ്പാൻ, നാം ഉറച്ചു (ചിമ്മുക്കുട്ടിയോടു്) അടുത്തുവരു. ഭയപ്പെടേണ്ട. കിഴക്കോട്ടു തിരിഞ്ഞുനില്ക്കു. രണ്ടു കയ്യും നീട്ടു.

തമ്പാൻ: സംശയിക്കണ്ട വാങ്ങിക്കൊള്ളൂ. തിരുവുള്ളം തെളിഞ്ഞു. ചിമ്മുവിൻെറ ഭാഗ്യം!

ചിമ്മുക്കുട്ടി കാണപ്പുട വാങ്ങി. ആരും പറയാതെതന്നെ ആ രാജകേസരിയെ ഒന്നു വലംവെച്ചു തൊഴുതു നമസ്കരിച്ചു.

ശക്തൻ: തമ്പാൻ ഇപ്പോഠം പോകണ്ട. ചിമ്മുക്കുട്ടിയും ഇവിടെ പാക്കട്ടെ.

അന്നുമുതല്ക്കു കരിമ്പറെറ ചിമ്മുക്കുട്ടിയമ്മ ശക്തൻതമ്പുരാൻെറ പ്രാണപ്രേയസിയായിത്തീൎന്നു. പക്ഷെ, അഞ്ചുകൊല്ലത്തിലധികം അവക്കു് ആ ഭാഗ്യം അനുഭവിപ്പാൻ യോഗം ഉണ്ടായില്ല. അമ്പത്തഞ്ചു തിരുവയസ്സു കൎക്കടകത്തിൽ തികഞ്ഞ പിന്നത്തെ കന്നിയിൽ, 981-ൽ, അവിടുന്നു നിൎയ്യാതനായി.

തിരുമനസ്സിലേയ്ക്കു ചിമ്മുക്കുട്ടിയമ്മയെ വലിയ കാൎയ്യമായിരുന്നു. അമ്പതുകഴിഞ്ഞ ഏതു ഭൎത്താവിനും പതിനേഴുവയസ്സുള്ള യുവതിയായ ഭാൎയ്യയെ എത്രയും 'കാൎയ്യ'മായിരിക്കുമെന്നു്, ഒരുപക്ഷെ, പറയുമായിരിക്കാം. വാൎദ്ധക്യം യൗവനത്തിൻെറ മുമ്പിൽ—പ്രത്യേകിച്ചും വൃദ്ധൻ യുവതിയുടെ മുമ്പിൽ—നമ്രശിരസ്കനാണു്. അതെങ്ങനെ ആയാലും, കൊച്ചിരാജ്യത്തെ മുഴുവനും വിറകൊള്ളിച്ചിരുന്ന ശക്തൻതമ്പുരാൻ ചിമ്മുക്കുട്ടിനേത്ത്യാരമ്മയുടെ മുമ്പിൽ കേവലം ഒരു സാധുവായിരുന്നുവെന്നാണു കേട്ടുകേൾവിയുള്ളതു്. അതു സ്ത്രീകളുടെ ശക്തി കാണിക്കുന്നതിനുവേണ്ടി പക്ഷപാതികൾ പറയുന്നതോ, ശക്തൻെറ ശക്തിയിൽ അസൂയയുണ്ടായിരുന്നവർ പരിഹാസമായി സൃഷ്ടിച്ചതോ, എന്നു നല്ല നിശ്ചയമില്ല. അഥവാ, പ്രണയബദ്ധനായ ഏതൊരു ഭൎത്താവാണു ഭാൎയ്യയ്ക്കു വശംവദനല്ലാത്തതു്? ഏതുവിധമായാലും അതു് ഒട്ടും അസംഗതവുമല്ല, ആശ്ചൎയ്യകരവുമല്ല. അവരുടെ ദാമ്പത്യത്തിൻെറ മാധുൎയ്യത്തെക്കുറിക്കുന്ന പലപല കഥകളും സംഭവങ്ങളും കേട്ടിട്ടുണ്ടു്. അതൊന്നും ഇപ്പോൾ ഇവിടെ വിസ്തരിക്കുന്നില്ല. ശക്തൻ തമ്പുരാൻ തീപ്പെട്ടതു യാദൃശ്ചികമായി സംഭവിച്ച ഒരു ശീലായ്മമൂലമാണു്. സ്വത്രുപത്തിൻെറ നിലനില്പിനും, അന്തസ്സിനും, ധനപുഷ്ടിക്കും, രാജ്യത്തിൻെറ സമാധാനത്തിനും, ക്ഷേമത്തിനുംവേണ്ടി ദിവാനിശം പ്രയത്നിച്ചിരുന്ന ഒരു മഹാനാണെങ്കിലും, നേത്ത്യാരമ്മയ്ക്കു സ്വത്തു കല്പിച്ചുകൊടുക്കുന്ന കാൎയ്യത്തിൽ, ആ തിരുമേനി പണ്ടത്തെ ചില കാരണവന്മാരെപ്പോലെ, തീരെ അശ്രദ്ധനായിരുന്നു. ചിമ്മുക്കുട്ടി നേത്ത്യാരമ്മ പ്രസവിച്ച സന്താനങ്ങളുണ്ടായിരുന്നതുമില്ല. അതുകൊണ്ടു് ഇത്ര വലിയ ഒരു മഹാരാജാവിൻെറ നേത്ത്യാരമ്മയുടെ നിലയ്ക്കു മേലിൽ കഴിയുന്നതിനുള്ള യാതൊരു സ്വത്തും ആ സ്ത്രീക്കു സിദ്ധിച്ചിരുന്നില്ല. 1003-ൽ തീപ്പെട്ട തമ്പുരാൻെറ കാലം മുതല്ക്കാണു നേത്ത്യാരമ്മമാർ സമ്പാദ്യക്കാരായിത്തുടങ്ങിയതു്. ഇപ്പോൾ ലക്ഷ്മിക്കുട്ടിനേത്ത്യാരമ്മ അവർകളുടെ തുശ്ശൂരുള്ള വീടു് ഇരിക്കുന്ന വളപ്പും, അതിൽ ഒരു നാലുകെട്ടു ഭവനവും, അഞ്ഞൂറപാ നെല്ലോളം കൊല്ലത്തിൽ പാട്ടം

കിട്ടുന്ന നിലംവകകളും, ഏതാനും ചില മെയ്യാഭരണങ്ങളും മാത്രമാണ ചിമ്മുക്കുട്ടിനേത്ത്യാരമ്മ അവർകൾക്ക സമ്പാദ്യമുണ്ടായിരുന്നതു്. അതിനെ സംബന്ധിച്ചുതന്നേയും പിന്നീടു പല പരാതികളും പൊട്ടിപ്പുറപ്പെടുകയും ചെയ്തു.

"പ്രാണില്ലം" എന്നൊരു നമ്പൂരിഗൃഹമുണ്ടായിരുന്ന സ്ഥലത്താണു് ആ ഭവനം പണിയിച്ചതു് എന്നു്, 991 തുലാമാസം 27-ാംനു- അന്നത്തെ കൊച്ചിരാജാവു് കർണ്ണൽ മൺറൊ സായ്പിനു് അയച്ചതായ ഒരെഴുത്തിൽനിന്നു മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ടു്. ആ എഴുത്തു താഴെ ചേർക്കുന്നു.

"തൃശ്ശിവപേരൂര പ്രവൃത്തിയിൽ "പ്രാണില്ലത്തു" നമ്പൂരിയുടെ ഇല്ലം ഇരുന്ന പറമ്പു കരിമ്പറ്റെചിമ്മുക്കുട്ടിക്കു ഭവനം പണിക്കു എടുത്തതിന്നു പകരമായിട്ടു കൊട്ടപ്പുറത്തു തിരുപ്പാടിന്റെ മഠവും പറമ്പും കല്പിച്ചുകൊടുത്തു കരം ഒഴിവാക്കി അനുഭവിച്ചുവന്നതിനെ ഇപ്പൊൾ കരം മുതൽക്കൂട്ടി ശൊദ്ധ്യംചെയ്യുന്നതു മാമൂൽപ്രകാരം നടത്തിക്കെണ്ടെ സംഗതികൊണ്ടു എഴുതിയ കായിതം എത്തി വസ്തുത മനസ്സിലാകയുംചെയ്തു. ഇപ്പൊൾ നമ്പൂരിമാരു്, ബ്രാഹ്മണരുടെ ഇല്ലംമഠം ഇരിക്കുന്ന പറമ്പുകൾക്കു മാമൂൽപ്രകാരം കരം ഒഴിവായിട്ടും എഴുതികൊള്ളത്തക്കവണ്ണം കല്പനകൊടുത്തിരിക്കകൊണ്ടു മെൽഎഴുതിയ നമ്പൂരിയുടെ ഇല്ലം പറമ്പിന്നു വിശെഷാൽ ഒരു ശൊദ്ധ്യം ഉണ്ടാവാൻ ഇടയില്ലല്ലൊ."

ചിമ്മുഅമ്മയ്ക്കു സിദ്ധിച്ച പ്രാണില്ലത്തുപറമ്പും കരമൊഴിവായിട്ടാണ കുറേക്കാലം നിലനിന്നതു്. എങ്കിലും പിന്നീടു് ആ പറമ്പിനു കരംകെട്ടി നികുതി പണ്ടാരവകയ്ക്കു മുതൽക്കൂട്ടുകതന്നെചെയ്തു. "കോട്ടപ്പുറത്തുമഠം" ഏതാണെന്നു് അറിയുന്നില്ല. ആ കാലത്തു തൃശ്ശൂരിൽ ഉണ്ടായിരുന്ന അനേകം നമ്പൂരി ഇല്ലങ്ങൾ കാലാന്തരത്തിൽ കുറ്റിമുടിഞ്ഞുപോയ കൂട്ടത്തിൽ പ്രാണില്ലവും കാലയവനികയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്നു. അവിടത്തെ കട്ടവിലെ നമ്പൂരിയുടെ പ്രേതത്തെയാണത്രെ പാറമേക്കാവിൽ "ബ്രഹ്മരക്ഷസ്സാ"യി പ്രതിഷ്ഠിച്ചിരിക്കുന്നതു്.

ശക്തൻതമ്പുരാൻ തിരുമനസ്സിലെ പിൻതുടച്ചക്കാരായി വന്ന രണ്ടു മഹാരാജാക്കന്മാരും—984ലും, 1003ലും തീപ്പെട്ടവർ—അദ്ദേഹവുമായി കട്ടവിൽവെച്ചു് ഏറക്കുറെ സുഖവിരോധത്തിലായിരുന്നുവൊന്ന

സംഗതി ചരിത്രപ്രസിദ്ധമാണ്. ആ രണ്ടു മഹാരാജാക്കന്മാക്കും തന്നിമിത്തം ചിമ്മുക്കുട്ടിനേത്യാരമ്മയോടു യാതൊരുവക അനുഭാവവും ഉണ്ടായില്ല. യൗവനത്തിളപ്പിൽത്തന്നെ അവിചാരിതമായവിധം വൈധവ്യം അനുഭവിക്കേണ്ടിവന്ന നിർഭാഗ്യയായ ആ തരുണീരത്നത്തെ, അവരുടെ ഭർത്താവായിരുന്ന മഹാരാജാവിന്റെ പിൻഗാമികൾ, വളരെ അസഹ്യപ്പെടുത്തുക മാത്രമല്ലാ, കഷ്ടപ്പെടുത്തുവാനും ചീത്തപ്പെടുത്തുവാനും ശ്രമിക്കയുംകൂടി ചെയ്തു. അവരുടെ "നടത്ത നല്ലതല്ലെ"ന്നും, അവരുടെ സഹോദരന്മാർ കോഴക്കാരാണെന്നും, അവർ രാജഭണ്ഡാരത്തിലിരിക്കേണ്ടുന്ന ആഭരണങ്ങൾ കയ്യടക്കിയിരിക്കുന്നുവെന്നും, മററും പല പല ആക്ഷേപങ്ങളും, രാജകീയാനുകൂല്യത്തോടുകൂടി പ്രചാരപ്പെട്ടുവന്നു. എന്നാൽ, ആ രണ്ടു മഹാരാജാക്കന്മാരും, അവരുടെ പരിതാപകരമായ അപ്രാപ്തിമൂലം, രാജ്യഭരണത്തെ വളരെ വലിയ ദുർഘടത്തിലെത്തിച്ചവരായിരുന്നു. അതുകൊണ്ടു റസിഡണ്ടുമാരായിരുന്ന മക്കോളെ, മൺറൊ മുതലായ സായ്പന്മാർ നേരിട്ടു പ്രവേശിച്ചു രാജ്യരക്ഷ യഥാവിധി നിർവ്വഹിക്കേണ്ടിവന്നു. വിശാലാശയന്മാരായിരുന്ന ആ ധീരന്മാരുടെ നീതിബോധത്താൽ ചിമ്മുക്കുട്ടിയമ്മയ്ക്കു് അന്തസ്സും ആഭിജാത്യവും ആജീവനാന്തം പുലത്തുവാൻ സംഗതിയാകുകയും ചെയ്തു.

നേത്യാരമ്മ അവർകൾ ഒരു വിധവയായിത്തന്നെ കാലംകഴിച്ചു. അവക്കു് ആ രാജഭർത്താവിനെ സമ്പാദിക്കുന്നതിനു കാരണമായിവന്ന "പാട്ടും കളിയും" അവർ പിന്നീടു ബഹുധാ പ്രചാരപ്പെടുത്തി. അനവധി യുവതികളെ അവർ ശിഷ്യകളായി സ്വീകരിച്ചു പാട്ടഭ്യസിപ്പിച്ചിട്ടുണ്ടെന്നും, തൃശ്ശൂരിൽ പില്ക്കാലത്തു സംഗീതത്തിനു സിദ്ധിച്ച പ്രചാരത്തിന്റെ മുഖ്യഹേതു അവരുടെ സഥിരപ്രയത്നമായിരുന്നുവെന്നും, വിസ്തരിക്കാവുന്നതല്ല. അവരുടെ ശിഷ്യത്തികളിൽ ഒട്ടും അപ്രധാനയല്ലാത്ത ഒരു മാന്യസ്ത്രീയായിരുന്നു നമ്മുടെ ഇന്നത്തെ ഗവമ്മെണ്ടു സിക്രട്ടറി കോമാട്ടിൽ അച്യുതമേനോൻ അവർകളുടെ മുത്തശ്ശി നാനിയമ്മ. പ്രസിദ്ധസംഗീതവിദുഷിയായിരുന്ന അവർ ചിമ്മുക്കുട്ടിയമ്മയുടെ ഗാനസാമത്ഥ്യത്തെക്കുറിച്ചു വിസ്മയപൂർവ്വം വിസ്തരിക്കുന്നതു താൻ തന്നെ കേട്ടിട്ടുണ്ടെന്നു മി. അച്യുതമേനോൻ എന്നോടു പറഞ്ഞിട്ടുണ്ടു്.

ചിമ്മുക്കുട്ടിനേത്യാരമ്മയ്ക്കു ശക്തൻതമ്പുരാൻ വാങ്ങിച്ചുകൊടുത്ത പുരയിടമാണു് ഇപ്പോൾ ലക്ഷ്മിക്കുട്ടിനേത്യാരമ്മയുടെ ഭവനം ഇരിക്കുന്ന സ്ഥലം. ആ "വടക്കേ കരിമ്പററ" വീടിന്റെ കിഴക്കെ പടിക്കൽ

വടക്കോട്ടു നീങ്ങി ഇപ്പോഴും ഒരു കുളമുണ്ടു്. അതു പണ്ടു പാറമേക്കാവിൽ ഭഗവതിക്ഷേത്രത്തോടു ചേൎന്നതും, ഭഗവതിയുടെ ആറാട്ടുകുളവുമായിരുന്നു. നേത്ത്യാരമ്മയുടെ വീടിനു തൊട്ടായതുകൊണ്ടും, ആ പറമ്പിൽ അന്നു വേറെ കുളമില്ലാതിരുന്നതുകൊണ്ടും, നേത്ത്യാരമ്മ ആവശ്യപ്പെട്ടപ്രകാരം ആ കുളം ദേവസ്വംവകയിൽ നിന്നു് ഒഴിവാക്കി, ശക്തൻതമ്പുരാൻതന്നെ നേത്ത്യാരമ്മക്കായി വിട്ടുകൊടുപ്പാൻ കല്പിച്ചപ്രകാരമാണു് അതു കരിമ്പറെക്കുളമായതു്. ഭഗവതിക്കു് ആറാടാൻ കുളമില്ലാതായതിനെപ്പററി പൊതുജനങ്ങൾ ആവലാതിപ്പെടുകയും, പാറമേക്കാവമ്പലത്തിന്റെ വടക്കുഭാഗത്തു് ഇന്നുള്ള വലിയ പാറക്കുളം തമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരം അപ്പോൾ പുതിയതായി ഉണ്ടാക്കിക്കുകയും ചെയ്തുവത്രേ. അന്നു് ആ ഭാഗം വലിയ കാടായിരുന്നു. അവിടെ എത്രയോ പഴക്കം ചെന്ന ഒരു വലിയ പാലമരം നിന്നിരുന്നു. അതു വെട്ടിനീക്കിയസമയം അതിന്റെ ഒരു കൊമ്പു തമ്പുരാൻതന്നെ എടുത്തു് അമ്പലത്തിന്റെ പടിഞ്ഞാറെ നടക്കൽ, അല്പം വടക്കോട്ടു നീക്കി ഒരു സ്ഥാനം നിശ്ചയിച്ചു്, കുഴിച്ചിട്ടു എന്നും, ആ കൊമ്പു പൊടിച്ചുണ്ടായ മരമാണു് ഇന്നത്തെ 'പാറമേക്കാവിലെ പാലച്ചോടു്' എന്നും, ആണു പറയപ്പെടുന്നതു്. കുളത്തിനുവേണ്ടി ആ പഴയ പാല വെട്ടിച്ചതിൽ ഭഗവതിയുടെ കോമരം തുള്ളി വിലക്കി എന്നും, അതു കൂട്ടാക്കാതെയാണു മുറിച്ചുനീക്കി കുളം കുത്തിച്ചതെന്നും, കുളംപണി മുഴുവനാകുന്നതിനുമുമ്പു ഭഗവതിയുടെ കോപംനിമിത്തം അവിടുന്നു മൃതിയടഞ്ഞുവെന്നും, ചില പഴമക്കാർ ഇന്നും വിശ്വസിച്ചുവരുന്നതുമുണ്ടു്. എന്തായാലും പാറമേക്കാവിലമ്മയുടെ ആറാട്ടുകുളത്തെ നേത്ത്യാരമ്മയുടെ നീരാട്ടുകുളമാക്കുകയും, ഭഗവതിക്കു് ആറാട്ടിനു വേറെ കുളം നിൎമ്മിക്കാൻ കല്പിക്കുകയും ചെയ്തു എന്നുള്ളതു് പരമാൎത്ഥംതന്നെയാകുന്നു.

ശക്തൻതമ്പുരാന്റെ പിൻവാഴ്ചക്കാരിൽനിന്നു ചിമ്മുക്കുട്ടിയമ്മക്കു പലപല അസഹ്യതകളും അനുഭവിക്കേണ്ടിവന്നതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവർ നേരിട്ടുതന്നെ ചെന്നു പിന്നത്തെ മഹാരാജാവിന്റെ അടുക്കൽ സങ്കടങ്ങൾ ഉണൎത്തിക്കാറുണ്ടായിരുന്നെങ്കിലും, അതുകൊണ്ടൊന്നും ഒരു ഫലപ്രാപ്തിയും ഉണ്ടായില്ല. ഒടുവിൽ ഗത്യന്തരമില്ലാതെ റസിഡണ്ടവർകൾക്കു് അവർ ഒരു ഹൎജി ബോധിപ്പിച്ചു. ആ ഹർജി താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"മഹാരാജമാന്യരാജശ്രീ ബിളാക്കർ സായ്യവർകളുടെ സന്നിധാന

ത്തിങ്കൽ കരിമ്പാററ ചിമ്മുഅമ്മ എഴുതി ബൊധിപ്പിക്കുന്ന സങ്കടഹരജി. എന്തെന്നാൽ: കഴിഞ്ഞ തുലാമാസത്തിൽ തൃശ്ശിവപെരൂര എഴുന്നെള്ളിയതിന്റെ ശെഷം, തിരുമുമ്പിൽ പൊയെങ്കിൽ കൊള്ളാമായിരുന്നുവെന്നുവെച്ചു, ആളെ അയച്ചു തിരുമനസ്സിൽ അറിയിച്ചാറെ, ചെല്ലുത്തക്കവണ്ണം കല്പനയായി. തിരുമുമ്പാകെ ചെന്നതിന്റെശെഷം, ഓരൊരുത്തരു ഒന്നിനൊന്നായിട്ടു നമ്മെ ബൊധിപ്പിക്കകൊണ്ടു കുറെ സുഖക്കെട്ട് ഉണ്ടായി എന്നും, ഇപ്പൊൾ അതിന്റെ പരമാൎത്ഥംപൊലെ ഗ്രഹിക്കകൊണ്ടു സുഖക്കെട്ടു ഒക്കെയും തീൎന്നുവെന്നും, ഇതിനുമുമ്പു നടന്നുവന്നതുപൊലെ നമ്മുടെ അടുക്കലും അമ്മതമ്പുരാക്കന്മാരുടെ അടുക്കലും കൂടെക്കൂടെ വന്നുപൊകണമെന്നും കല്പന ഉണ്ടായി. എന്നതിന്നു ശെഷം, മകരമാസത്തിൽ എഴുന്നള്ളത്തു എത്തിയാറെ, മുമ്പെ അഞ്ചു കാലിടങ്ങഴി അരിയും കൊപ്പും ചിലവിന്നു കല്പിച്ചുവെച്ചിരുന്നതു കിട്ടായ്കകൊണ്ടു, നിത്യത കഴിച്ചൽക്കു ബുദ്ധിമുട്ടു വരുന്നപ്രകാരം തിരുമനസ്സിൽ അറിയിച്ചാറെ, ഇരിങ്ങാലക്കുടക്കു ചെല്ലത്തക്കവണ്ണം കല്പനയായി. അവിടെ ചെന്നതിന്റെ ശെഷം, അരിയും കൊപ്പിന്റെയും കാൎയ്യത്തിന്നു മഹാരാജമാന്യരാജശ്രീ മൺറൊ സായ്പവർകൾക്കും ബില്ലാക്കർ സായ്പവർകൾക്കും കല്പിച്ചു തീട്ടൂരം തന്നതിന്റെ ശെഷം, സായ്പ അവർകൾ ഇവിടെ ഇല്ലായ്കകൊണ്ടു, മൺറൊ സായ്പവർകൾക്കു എഴുതിയിരിക്കുന്ന തീട്ടൂരം സമക്ഷത്തിങ്കൽ കൊടുത്തയച്ചു ബൊധിപ്പിച്ചിരിക്കകൊണ്ടു, ഇപ്പൊൾ സായ്പവർകൾക്കു എഴുതിയിരിക്കുന്ന തീട്ടൂരം ഇതിനുമുമ്പിൽ കൊടുത്തയച്ചതു സമക്ഷത്തിങ്കൽ ബൊധിപ്പിച്ചിരിക്കുമല്ലൊ. ഇരിങ്ങാലക്കുടക്കു പൊയതുകൊണ്ടു ഇനിമെലിൽ ഭവനത്തിൽനിന്നും കല്പന കൂടാതെ പുറത്തെക്കു പൊകരുതെന്നു കല്പന വന്നിരിക്കുന്നപ്രകാരം പാറാനായ്ക്കൻ പാർക്കകൊണ്ട്, തമ്പുരാക്കന്മാർ എഴുന്നള്ളിയിരുന്നെടുത്തു പൊകരുതെന്നുവെച്ചാൽ ആയതു വളരെ സങ്കടമാകകൊണ്ടും, അപ്രകാരം വീട്ടിൽനിന്നും പുറത്തെക്കു പൊകാതെ ഇരിക്കത്തക്കവണ്ണം തമ്പുരാന്റെ എങ്കിലും സായ്പ അവർകളുടെ എങ്കിലും കല്പന മുമ്പെ ഉണ്ടായിട്ടും ഇല്ല. അതുകൊണ്ടു, ഇപ്പൊൾ ഇപ്രകാരം വന്നിരിക്കുന്നതു വളരെ സങ്കടമായിട്ടു വന്നിരിക്കുന്നുവെന്നും, സായ്പവർകളുടെ കൃപാകടാക്ഷമുണ്ടായി കീഴനാളിൽ കഴിഞ്ഞുവന്നിരുന്നതുപൊലെ നടക്കെണ്ടതിന്നു കല്പന ഉണ്ടാകെണമെന്നുവെച്ചു വളരെ വളരെ അപെക്ഷിക്കുന്നു. എന്നു 991_ാമാണ്ടു എടവമാസം 5_ാംനു- (ഒപ്പു)."

982 കുംഭമാസം 22_ാംനു- ചിമ്മുക്കുട്ടിനേത്ര്യാരമ്മയുടെ സഹോദ

രന്മാരിലൊരാളായ കരിമ്പറെറ ഗോവിന്ദമേനോൻ, അതിനിടയ്ക്കു പ്രധാനമന്ത്രിയായി പുനരാഗമിച്ച പാലിയത്തച്ചൻ അവർകൾക്കു് സമപ്പിച്ചതും, താഴെ ചേക്കുന്നതുമായ ഒരെഴുത്തിൽനിന്നു നേത്ര്യാരമ്മ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളുടെ ഒരു സ്വരൂപജ്ഞാനം ലഭിക്കുന്നതാണു്. ആ എഴുത്തിതാണു്:—

"കരിമ്പറെറ ഗൊവിന്ദൻ എഴുത്തു. ഇട്ടിരാരിച്ചമെനൊൻ വായിച്ചു അച്ചനെ കെൾപ്പിക്കെണ്ടും അവസ്ഥ. എന്നാൽ ഞങ്ങൾക്കു തീപ്പെട്ട വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചു തന്നിട്ടുള്ളതുകൂടാതെ, വിശെഷദിവസങ്ങളിൽ ഉടപ്പിറന്നവൾക്കു ഇട്ടുംകൊണ്ടു നടക്കുന്നതിന്നു, പണ്ടാരപ്പെട്ടിയിൽനിന്നും ചില മെയ്യാഭരണങ്ങൾ തന്നിട്ടുള്ളതു, തീപ്പെട്ടതിന്റെശെഷം പണ്ടാരപ്പെട്ടിയിൽതന്നെ വെക്കെണ്ടതിന്നായിട്ടു, തിരികെ തരികയും ചെയ്യുവല്ലൊ. ആ ആഭരണങ്ങൾ ഞങ്ങൾക്കു തന്നിട്ടുള്ളതാകുന്നു എന്നും, തിരുമനസ്സുകൊണ്ടു കല്പിച്ചു മെടിച്ചതു സങ്കടം ആകുന്നുവെന്നും ജെഷ്ഠൻ (രാമമേനോൻ) പറഞ്ഞപ്രകാരം ചാത്തുമെനൊൻ കാര്യക്കാരു തിരുമനസ്സിൽ അറിവിച്ചെല്ലൊ. കല്പിച്ചു തരാത്ത മുതൽ പണ്ടാരവകക്കു കൊണ്ടുവന്നു ഏല്പിച്ചതു് സങ്കടം ആകുന്നു എന്നു ജെഷ്ഠൻ എങ്കിലും മററുള്ളവരു എങ്കിലും, പറക ഉണ്ടായിട്ടും ഇല്ല. ചാത്തുമെനൊൻ കാര്യക്കാരെക്കൂടെ വരുത്തി ക്കൂട്ടികെട്ടാൽ ഉണ്ടെന്നു വരികിൽ കല്പിക്കും‌വണ്ണം കെൾക്കുന്നതിന്നു സങ്കടവും ഇല്ല."

ശക്തൻതമ്പുരാന്റെ കാലത്തു മുള്ളൂക്കരെയിൽ നിന്നും പുറത്തിറങ്ങാതെ, യാതൊരു രാജ്യകാര്യവും കൂടാതെ, "അജ്ഞാതവാസ"മനുഭവിച്ചിരുന്ന പാലിയത്തച്ചൻ, "അച്ചനെ മന്ത്രിയാക്കരുതു്" എന്നു ശക്തൻതമ്പുരാന്റെ മരണശാസനമുണ്ടായിരുന്നിട്ടും, ഉടൻതന്നെ മന്ത്രിപീഠത്തിൽ ആരോഹണം ചെയ്യപ്പെട്ടല്ലോ!! ആ അച്ചന്റെ അടുക്കലാണു് ഈ ഹർജി സമപ്പിച്ചതു്. അചിരേണ ആ അച്ചൻനിമിത്തം രാജാവുതന്നെ അനുഭവിക്കേണ്ടിവന്ന അത്യാഹിതങ്ങൾക്കു് അളവും അതിത്തിയും ഇല്ല.

കൊച്ചിരാജാവും റസിഡണ്ടുസായ്പും തമ്മിൽ നടന്നതും താഴെ കൊടുക്കുന്നതുമായ എഴുത്തുകുത്തുകൾ ചിമ്മുക്കുട്ടിനേത്ര്യാരമ്മയെ സംബന്ധിക്കുന്നവയാകുന്നു. ആ എഴുത്തുകളിൽക്കൂടി അന്നത്തെ അന്തരീക്ഷപ്രക്ഷുബ്ധതയെ നോക്കിക്കാണുക!

കണ്ണൂൽ മൺട്രൊ— "കരിമ്പറെറ ചിമ്മുക്കുട്ടിയമ്മ എഴുതിയ ഹരജിക്ക പകപ്പ് എഴുതിച്ചു ഇതിനൊടുകൂടി കൊടുത്തയച്ചിരിക്കുന്നു. നെത്ര്യാരമ്മമാൎക്കു ഉല്പത്തികൾ കൊടുപ്പിച്ചു മാമൂലായി നടത്തിച്ചുവരുന്നതിൻവണ്ണം, ഈ വകക്കും കൊടുത്തു നടത്തിപ്പിക്കുന്നതിന്നു സംഗതി ഉള്ളതുപൊലെ തൊന്നുകകൊണ്ടും, ഈ വകക്കു അഞ്ചെകാലിടങ്ങഴി അരിയും കൊപ്പും കൊടുത്തുവന്നിരുന്നതുകൂടെ മാൎകഴി (ധനു) മാസം മുതൽ നിൎത്തിയിരിക്കുന്നപ്രകാരം കെൾക്കകൊണ്ടും, അവരുടെ കാലക്ഷെപത്തിന്നു ഒരു മാൎഗ്ഗം ചെയ്തുകൊടുപ്പാനുള്ളതിന്നു ആവശ്യം (ഉള്ളതു)പൊലെ തൊന്നിയിരിക്കകൊണ്ടും, ഈ കാൎയ്യങ്ങൾക്കു ഒക്കയും മഹാരാജാവു അവൎകളുടെ അഭിപ്രായം എപ്രകാരമെന്നും, എതെല്ലാം പ്രകാരത്തിൽ മാൎഗ്ഗം വരുത്തികൊടുക്കെണമെന്നും കായസം എഴുതിവരികയും ചെയ്യുമല്ലൊ. 987 മീനമാസം 19-ാംനു-".

മഹാരാജാവിന്റെ മറുപടി. "......ഹരജി പെപ്പ് കൊടുത്തയച്ചതു വായിച്ചു കെൾക്കയും ചെയ്തു. തൃശ്ശിവപെരൂരനിന്നും തീപ്പെട്ട... (പൊടിവു്)ചിമ്മുക്കുട്ടിക്കു ഇനാം ആയിട്ടു് ആഭരണങ്ങൾ...(പൊടിവു്) കൊടുത്തിരുന്നതുകൂടാതെ...(പൊടിവു്) എല്പിച്ചുവെച്ചു പൂട്ടി സൂക്ഷിച്ചു...(പൊടിവു്) കാരൊന്നും എടുത്തുകൊടുക്കയും മെടിച്ചുവെച്ചു പൂട്ടിസൂക്ഷിക്കയും ഇപ്രകാരം കഴിഞ്ഞുവന്നിരുന്നു. 981-ാമാണ്ടിൽ തീപ്പെട്ടതിന്റെ ശെഷം വെള്ളാരപ്പിള്ളിയിൽനിന്നും തീപ്പെട്ട (984-ൽ) ജെഷ്ഠൻ ആയിട്ടു ആവക കണക്കുകൾ വരുത്തി ശൊധനചെയ്തു, അന്നുള്ള കാൎയ്യസ്ഥന്മാരെയും വരുത്തി വിചാരിച്ചു, കുഞ്ഞികൃഷ്ണനും (ചറുപറമ്പത്തു കുഞ്ഞികൃഷ്ണമെനോൻ, കുടുവിലത്തെ വലിയസൎവ്വാധികാൎയ്യക്കാരായ അദ്ദേഹത്തെ പുറത്താക്കി മൺരടാസായ്പു തന്നെ രാജ്യഭാരം എറെറടുക്കേണ്ടിവന്നു)ശെഷമുള്ള കാൎയ്യസ്ഥരും കൂടിയിരുന്നു, അവ ഒക്കെയും വരുത്തി, ഇനാം ആയിട്ടു ഉണ്ടാക്കികൊടുത്തിരുന്ന വക ചിമ്മുക്കുട്ടിക്കുതന്നെ കൊടുപ്പിച്ചു, അലങ്കാരത്തിന്നായി പെട്ടിയിൽനിന്നും എടുത്തിരുന്ന വക പെട്ടി പൂട്ടുന്നവനെയും എല്പിക്കയും ചെയ്തു. 14000 പണം മെടിച്ചു എന്നു എഴുതിരിക്കുന്നതിനു, ചിമ്മുക്കുട്ടിയുടെ ഉടപ്പിറന്നവൻമാരൊടു, അവർ കയ്ക്കൂലി വാങ്ങിച്ചതിനു, വെള്ളാരപ്പിള്ളിയിൽനിന്നും തീപ്പെട്ട ജെഷ്ഠൻ മെടിക്ക ഉണ്ടായിട്ടും ഉണ്ടു. അരിയും കൊപ്പും കൊടുത്തിരുന്നതു മുടക്കി എന്നു എഴുതിവന്നിരിക്കുന്നതിനു, തീപ്പെട്ട ജെഷ്ഠൻ തൃശ്ശിവപെരൂര പ്രവൃത്തിയിൽനിന്നു അഞ്ചെകാലിടങ്ങഴി അരിയും കൊപ്പും കൊടുപ്പിച്ചുവന്നിരുന്നു. 986-ാമാണ്ട

എടവമാസം മുതല്ക്ക പതിവു വെച്ചപ്പൊൾ പതിവിൽ കൂടിവെയ്ക്ക ഉണ്ടായില്ല: നെത്ത്യാരമ്മമാരു മൎയ്യാദപൊലെ ഇരുന്നാൽ അവരുടെ കാലം കഴിവൊളത്തിന്നു ചിലവിന്നു കൊടുക്കയും, മൎയ്യാദയില്ലാതിരുന്നാൽ ചിലവിന്നു കൊടുക്കാതിരിക്കയും അത്രെ. ചിമ്മുകുട്ടി മൎയ്യാദയില്ലാതെ... (പൊടിവു്). ചിമ്മുകുട്ടീടെ ചിലവിന്നായിട്ടു 360 പാട്ടത്തിന്റെ ഉല്പത്തിയും, തൃശ്ശിവപെരൂരു ദെവസത്തിൽ 8000 പണം കാണമിട്ടു ഒരു കൃഷിയും, കൊടുപ്പിച്ചിരിക്കകൊണ്ടു അഞ്ചെകാലും കൊപ്പും ഇനിമെലിൽ കൊടുപ്പാൻ സംഗതി ഉണ്ടെന്നു നമുക്ക തൊന്നുന്നതും ഇല്ല. അനുഭവം കൊടുത്തിരുന്ന ഉല്പത്തിയുടെ നീതി 84 മുതൽ മെടിച്ചു വന്നിരുന്നപ്രകാരം ഇപ്പൊഴും മെടിച്ചുവരുന്നു. തൃപ്പൂണിത്തുറെ സങ്കടത്തിന്നു വന്നു പാൎക്കുമ്പൊൾ എറക്കി അയച്ചുവെന്നു എഴുതിയിരിക്കുന്നതിന്നു, മൎയ്യാദയില്ലാത്ത പ്രവൃത്തികൾ ചെയ്യുന്നപ്രകാരം കെൾക്കകൊണ്ടു ആളെ അയച്ചു പറയിച്ചതല്ലാതെ എറക്കി അയക്ക ഉണ്ടായതും ഇല്ല. എന്നു 987 മീനമാസം 21-ാംനു-."

ഈ മറുപടിക്കടിസ്ഥാനമായ ആവലാതിക്കത്തു കണ്ടുകിട്ടീട്ടില്ലെങ്കിലും, ഈ എഴുത്തിന്റെതന്നെ പല ഭാഗങ്ങളും കീറിപ്പോയിട്ടുണ്ടെങ്കിലും, വിശദമായ ഒരു വികൃതചിത്രം മനോമുകുരത്തിൽ പ്രതിഫലിപ്പിക്കുന്നതിനു് ഈ എഴുത്തു ധാരാളം മതിയാകുന്നതാണു്. ആധുനിക കൊച്ചിയുടെ സ്രഷ്ടാവും കൎത്താവും ആയ ലോകവിശ്രുതനായ ശക്തൻ തമ്പുരാൻ തിരുമനസ്സിലെ നേത്ത്യാരമ്മക്കു സിദ്ധിച്ച മുതലുകൾ എന്തൊക്കെയും എത്രയൊക്കെയും ആണെന്നു്, കൂട്ടം അവരുടെ പക്ഷപാതിയല്ലാത്ത ആ തിരുമനസ്സിലെ അനന്തരാവകാശിയിൽനിന്നുതന്നെ നമുക്കു് അറിയാൻ സാധിക്കുന്നു. അരിയും കോപ്പുംകൂടി മുടക്കുകമാത്രമല്ലാ, അനാവശ്യങ്ങളായ അപരാധപ്രഖ്യാപനങ്ങൾകൊണ്ടു സ്വന്തം മാനസചാപല്യത്തെ ആവരണം ചെയ്യാനും ശ്രമിച്ചിരിക്കുന്നു! ഈ രാജാവിനെക്കുറിച്ചാണു ചാക്യാന്മാരുടെ സുപ്രസിദ്ധമായ "ഉടുപ്പും കണ്ണെഴുത്തുമായി കഴിച്ചുകൂട്ടി" എന്ന ഫലിതമുള്ളതു്. ഇദ്ദേഹംതന്നെയാണു്, അധികംകാലതാമസം കൂടാതെ, "നമ്മെയും നമ്മുടെ ഉടപ്പിറന്നവർമാരെയും പലപ്രകാരത്തിലുമുള്ള അപമാനങ്ങൾ ചെയ്കയും നമ്പൂരിമാരെ കൊവിലകങ്ങളിൽനിന്നു എറക്കി പാറാവിൽ പാൎപ്പിക്കയും" മററും മേല്പറഞ്ഞ കുഞ്ഞിക്കൃഷ്ണൻതന്നെ ചെയ്തതായി റസിഡണ്ടിനു എഴുതി അയച്ചിട്ടുള്ളതു്. ആ മഹാരാജാവിന്റെ മാനസികമായ, ദൗൎബ്ബല്യമല്ലാതെ, ചിമ്മുക്കുട്ടിനേത്ത്യാരമ്മയുടെ മൎയ്യാദകേടല്ലാ ഈ കത്തുകളിൽ തെളിഞ്ഞുകാണുന്നതു് എന്നു് എടുത്തുപറയേണ്ടതില്ലല്ലൊ.

23 8_987_ൽ മൺറോസായ്പു വീണ്ടും എഴുതുന്നു:—"കരിമ്പറെറ ചിമ്മുക്കുട്ടിയമ്മയുടെ സംഗതിക്കു കൊടുത്തയച്ച കടലാസ്സു എത്തി വൎത്തമാനം മനസ്സിലാകയും ചെയ്തു. ആ അമ്മയുടെ നടത്തകൾ നന്നല്ലാ എന്നുതന്നെ ആകിലും, തൃശ്ശൂരുന്നു തീൎപ്പെട്ട മഹാരാജാവു അവർകളുടെകൂടെ ഇരുന്നതാകകൊണ്ടും, ഇപ്പോൾ കാലക്ഷെപത്തിന്നു യാതൊരു വകയും ഇല്ലെന്നു വന്നിരിക്കകൊണ്ടും, ആയതിന്നു എന്തെങ്കിലും വെച്ചുകൊടുക്കെണ്ടതിന്നു എത്ര ഉറുപ്പിക എന്നു മഹാരാജാവു അവർകളുടെ സമ്മതം എന്നാൽ ആ വസ്തുത നമ്മോടു അറിയിക്കുകയും വെണം." എത്രയായാലും സായ്പു സായ്പുതന്നെ ആണെന്നും, സായ്പിന്റെ നിഷ്പക്ഷനിലയും ഔചിത്യബോധവും ധൎമ്മനിഷ്ഠയും നാട്ടുകാരിൽ കാണുന്നതു് അത്ര ധാരാളമല്ലെന്നും വിശ്വസിക്കുന്നവരുടെ അഭിപ്രായത്തിനു് ഈ എഴുത്തു നല്ല താങ്ങായിത്തീരുന്നുണ്ടു്.

ഗത്യന്തരമില്ലാതെ, സായ്പിന്റെ അഭിപ്രായത്തിനു് എതിരു പറവാനുള്ള മോഹമുണ്ടായാലും തീരെ ശക്തിയില്ലാതെ, ഉടനെ മഹാരാജാവു റസിഡണ്ടിനു് ഇപ്രകാരം ഒരു മറുപടി കൊടുത്തു. "ചിമ്മുക്കുട്ടിയുടെ നടത്ത നന്നല്ലെങ്കിലും, അവളുടെ കാലക്ഷെപത്തിന്നായിട്ടു മുമ്പെ കൊടുത്തുവന്നപ്രകാരം ഉള്ള അഞ്ചെകാലും കൊപ്പും കൊടുപ്പിക്കത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുമല്ലൊ. ഏതൊരു കാൎയ്യമെങ്കിലും താങ്കളുടെ ഉത്തരവുംപ്രകാരം നടക്കെണമെന്നത്രെ നാം സദാനെരവും വിചാരിച്ചിരിക്കുന്നതു്." മൺറൊസായ്പു് ഉടനെ ഇപ്രകാരം കല്പന കൊടുത്തു. "കരിമ്പറെറ ചിമ്മുക്കുട്ടിയമ്മ മുമ്പെ ഇരുന്ന മഹാരാജാവു അവർകളുടെ നെത്യാരമ്മയായിട്ടു പാൎത്തിരുന്നവരാകകൊണ്ടു സംസ്ഥാനമൎയ്യാദക്കും യശസ്സിന്നും അവൾക്കു അഞ്ചെകാലിടങ്ങഴി അരിയും കൊപ്പുംവിതം കൊടുത്തുകൊള്ളത്തക്കവണ്ണം നമ്മുടെ ഉത്തരവു കൊടുത്തയച്ചിട്ടും ഉണ്ടു്. എന്നു 987 മീനമാസം 24_൹."

ശക്തനെ കീഴമൎത്തിനിൎത്തുവാൻ സാധിച്ച ചിമ്മുക്കുട്ടിയമ്മ, അഞ്ചെകാലും കോപ്പും സ്ഥിരപ്പെടുത്തി വാങ്ങിയതിനുശേഷവും, അവകാശവാദത്തിൽ അടങ്ങിയൊതുങ്ങി വൎത്തിക്കാതെ, വീണ്ടും മല്ലടിച്ചുകൊണ്ടേയിരുന്നു എന്നും, അനേകം അപരാധങ്ങളെ കോരിവാരി വഷിച്ച ആ മഹാരാജാവിൽത്തന്നെ ഒരു ഹൃദയപരിവൎത്തനം ക്രമേണ വരുത്തി എന്നും അനന്തരസംഭവങ്ങൾ തെളിയിക്കുന്നു.

ചിമ്മുക്കുട്ടിനേത്ത്യാരമ്മയും 1003-ൽ തീപ്പെട്ട മഹാരാജാവും തമ്മിൽ പലപല കൂടിക്കാഴ്ചകളും ഉണ്ടായിട്ടുണ്ട്. "ദിവാൻജിയുടെ ഡയറി"യിൽ, അതിനെപ്പററി പല പ്രസ്താവങ്ങളുമുണ്ട്. "ഒരിക്കൽ ഞാൻതന്നെ ഒരു കൂടിക്കാഴ്ച കാണുവാനിടയായി" എന്നു് അതിൽ ഒരിടത്തു പ്രസ്താവിച്ചിട്ടുമുണ്ട്. ആ കൂടിക്കാഴ്ചകളിൽ 993 മേടമാസത്തിൽ ഇരിങ്ങാലക്കുടക്കോവിലകത്തുവെച്ചുണ്ടായ സമ്മേളനം ഒരു സംഘട്ടനമായിത്തന്നെ പരിണമിച്ചു; എങ്കിലും, അതിൻെറ അനന്തരഫലങ്ങൾ ഈശ്വരാനുഗ്രഹത്താൽ ഇരുകൂട്ടർക്കും സുഖപ്രദങ്ങളായിരുന്നു.

ഇരിങ്ങാലക്കുട ഉത്സവം കൊടികയറിക്കിടക്കുന്ന മേടമാസംകാലം. മഹാരാജാവുതിരുമനസ്സുകൊണ്ടു് അവിടെ വലിയതമ്പുരാൻകോവിലകത്തു പരിവാരസമേതം എഴുന്നള്ളിത്താമസിക്കുന്നു. ഇടനേരം കഴിഞ്ഞു് അവിടുന്നു കോവിലകത്തു പുറത്തളത്തിൽ, ഒരു ഊഞ്ഞാൽക്കട്ടിലിൽ കാൽ കീഴ്പോട്ടിട്ടു പടിഞ്ഞാട്ടു തിരിഞ്ഞിരിക്കുന്നു. കാഴ്ചശ്ശീവേലിക്കു് എഴുന്നള്ളിപ്പിനുള്ള സമയമായിട്ടില്ല. സമീപത്തു്, താഴെ ഒരു പുല്ലുപായയിൽ, കണ്ണേഴത്തു കുഞ്ഞിക്കാവുനമ്പിഷ്ടാതിരിനേത്ത്യാരമ്മ കാലുംനീട്ടിയിരുന്നു്, ഒരു വെള്ളിച്ചെല്ലം തുറന്നുവെച്ചു്, മുറുക്കാൻ ഉണ്ടാക്കുന്നു. ഒരു തവണക്കാരൻ പ്രവേശിച്ചു്, 'ചിമ്മുക്കുട്ടിനേത്ത്യാരമ്മ വിടകൊണ്ടിട്ടുണ്ടു്' എന്നു് ഉണർത്തിച്ചു. 'വരാൻ പറഞ്ഞോളു. നിർത്തിയാൽ നില്ക്കുന്നവളല്ല ചിമ്മു' എന്നു കല്പനയായി.

വടക്കുഭാഗത്തുനിന്നു കോണിപ്പടി കയറി, 40 വയസ്സിൽതാഴെ പ്രായമായിട്ടുണ്ടെങ്കിലും യൗവനത്തിനു് അല്പവും ഉലച്ചൽ തട്ടീട്ടില്ലാത്ത ഒരു പ്രൗഢ—അമരാത്ത അഭിമാനാതിരേകത്താലും വഴിനടന്ന ക്ഷീണത്താലും അരുണവർണ്ണം കലർന്ന മുഖത്തോടും, തൻെറ കാര്യത്തിനു താൻ മതിയെന്നുള്ള ഭാവത്തോടും, ചിമ്മുക്കുട്ടി നേത്ത്യാരമ്മ—ശങ്കാഹീനം തിരുമുമ്പിൽ പ്രവേശിച്ചു. രക്തവർണ്ണത്തിലുള്ള ഒരു പട്ടുചരടിന്മേൽ കോർത്തുകെട്ടിയിരുന്ന എന്ത്രവും കുഴലുമല്ലാതെ യാതൊരു ആഭരണവും, ആ കോമളകളേബരത്തെ അലങ്കരിക്കുകയോ അലങ്കോലപ്പെടുത്തുകയോ ചെയ്തിരുന്നില്ല. ഒരു തുടക്കു ഒന്നരമുണ്ടുടുത്തു്, മീതെ തത്തയും താമരയുമുള്ളതും നടുക്കു കുറിയുള്ളതുമായ ഒരുകസവുമുണ്ടു ചുററിയിരുന്നു. ഒരു ഈക്കിലിക്കസവുകരമുണ്ടു പുതച്ചിരുന്നു. ചുമലിൽക്കൂടി ഇട്ടു പുതച്ചിരുന്ന നേരിയതിനെ ആദരവോടുകൂടി എടുത്തു് അരയിൽ ചുററി, താണു തൊഴുതു്, കൈകൂപ്പി നിന്നപ്പോൾ അവരുടെ വക്ഷഃ

പ്രദേശത്തെ അലങ്കരിച്ചിരുന്ന പൊൻകലശങ്ങരം കയ്യമൎത്തലേററു ഞെളുങ്ങിയതുപോലെ തോന്നി. പാറമേൽക്കാവിൽഭഗവതിക്കു് ആടിയ ചാന്തുകൊണ്ടു തൊട്ടിരുന്ന തിലകത്താൽ, വൃത്താകാരത്തിലുള്ള അവരുടെ മുഖത്തിനു പൂൎണ്ണചന്ദ്രനോടുണ്ടായിരുന്ന സാമ്യം ഒന്നുകൂടി വൎദ്ധിച്ചിരുന്നു. വിനയം പൂണ്ട വീൎയ്യം അവരുടെ ആ പകച്ച നേത്രങ്ങളിൽ കളിയാടിയിരുന്നു. മഹാരാജാവു് അവരെ കേശാദിപാദം ഒന്നു സൂക്ഷ്മാവലോകനം ചെയ്തു. നിലത്തു പുല്ലുപായയിൽ ഇരുന്നിരുന്ന നമ്പിഷ്ടാതിരിനേത്ര്യാരമ്മ അവിടെനിന്നു് എഴുന്നേററ തെക്കോട്ടുമാറി വലത്തെ പാൎശ്വംകൊണ്ടു തെക്കെച്ചുമരും ചാരി, അത്ഭുതപൂൎവ്വമായ ആ രംഗത്തെ ആശങ്കകളോടുകൂടി നോക്കിക്കൊണ്ടു നിന്നു.

മഹാരാജാവു്. എന്താ! ചിമ്മൂന്റെ സങ്കടം ഒന്നും ഇനിയും തീൎന്നില്ലേ? എത്രയായാലാ മതിയാവാ. ഞാനെവിടെയാച്ചാൽ അവിടേത്താന്നായിട്ടുണ്ടല്ലോ!

ചിമ്മുക്കുട്ടിയമ്മ. റാൻ. തിരുവുള്ളക്കേടുണ്ടാക്കുന്നതിൽ അടിയനു നന്നെ സങ്കടമുണ്ടു്. മററാരോടാ അടിയനൊന്നു വിടകൊള്ളാനുള്ളതു്?

മഹാരാജാവു്. ഇനി എന്താ! ഒക്കെ തീൎത്തു തന്നില്ലെ?

ചിമ്മു. റാൻ. റസിഡേണ്ടുസായ്പിന്റെ മനസ്സുകൊണ്ടു കരിക്കാടിക്കു വഴിയായി.

മഹാരാജാവു്. അതു ചിമ്മൂന്റെ നടത്ത നന്നല്ലാഞ്ഞിട്ടല്ലെ? ഞാൻ സമ്മതിച്ചില്ലെങ്കിൽ സായ്പു ചെയ്യോ?

ചിമ്മു. റാൻ! അടിയന്റെ നടത്തയെക്കുറിച്ചുമാത്രം കല്പിച്ചരുളിച്ചെയ്യുന്നതു് അടിയനു സങ്കടമാണു്. അടിയൻ നിരപരാധിയാണു്.

മഹാരാജാവു്. ആ കുഞ്ഞിക്കൃഷ്ണനും അണ്ണാവിയും കോമരും ഒക്കെ—

ചിമ്മു. കല്പിച്ചരുളിച്ചെയ്യേണ്ട. ആ കുഞ്ഞിക്കൃഷ്ണമേനോനെക്കുറിച്ചുള്ള പരമാൎത്ഥങ്ങരം തിരുമനസ്സിലേക്കിപ്പോരം ബോദ്ധ്യമായിട്ടുള്ളതല്ലെ? അണ്ണാവിയെക്കുറിച്ചൊന്നും വിടകൊള്ളുന്നില്ല. തിരുപ്പാട്ടിനെക്കുറിച്ചു് അടിയനു തിരുമനസ്സറിയിക്ക വയ്യാ.

മഹാ. അതൊക്കെ പോട്ടെ. ആരും പറയാണ്ടതന്നെ നോക്കൊക്കെ അറിയാം. എന്താ കുഞ്ഞിക്കാവെ!

കുഞ്ഞിക്കാവുനമ്പിഷ്ടാതിരി എന്ന നേത്ര്യാരമ്മ ഒന്നും മറുപടി പറയാതെ പടിഞ്ഞാറെ ജനേരിക്കലേയ്ക്കു മാറി തെക്കോട്ടുനോക്കി നിന്നു.

ചിമ്മു. അടിയന്നു് ഒന്നു തിരുമനസ്സുണർത്തിക്കാനുണ്ടു്. സിംഹത്തിന്റെ ഗുഹയിൽ കിടന്നിരുന്ന ചിമ്മു മൂരിത്തൊഴുത്തിൽ മേയുന്ന വളല്ല. അടിയന്റെ ശക്തൻ തിരുമേനി—

മഹാ. അദ്ദേഹം ഞങ്ങളെ ...

ചിമ്മു. അതിന്നു അടിയൻ എന്തു പിഴച്ചു? എന്തെല്ലാം അപരാധങ്ങളാണു് ഇപ്പോൾ അടിയങ്ങൾക്കു്! ഉടപ്പിറന്നോന്മാരു കൈക്കൂലി വാങ്ങി. തീയംട്ടയിൽ ഉദമ്പരിച്ചു അല്ലേ തിരുമേനി! തരാത്ത മെയ്യാഭരണങ്ങളെ അടിയങ്ങൾ അവകാശപ്പെട്ടു. തൃപ്പൂണിത്തുറേന്നു് അടിയനെ എറക്കി അയച്ചു. അടിയന്നു നടപ്പുദോഷവുമായി. കുപ്പാട്ടുണ്ടായിരുന്നതിന്നു നീതി കെട്ടി. ജന്മിം കോപ്പുംനിത്തലാക്കി. ഉടപ്പിറന്നോന്മാരെ ഞെരുക്കി പതിന്നാലായിരം പണം കെട്ടിച്ചു. കുപ്പാട്ടീന്നു പുറത്തിറങ്ങരുതെന്നൊരു കല്പനേം. എന്റെ പാറേക്കാവിലമ്മേ!

മഹാ. 360 പാട്ടത്തിന്നുള്ള ഉല്പത്തിയും ഒരു നാലുകെട്ടും 8000 പണം കാണവും. ഇതൊക്കെ പോരെ ?

ചിമ്മു. (നമ്പിഷ്ഠാതിരി നേത്യാരമ്മയെ ചൂണ്ടിക്കാണിച്ചിട്ടു്) മതിയോ എന്നു ഇദാ, അവരോടൊന്നു കല്പിച്ചു ചോദിക്കണം.

(കണ്ണേഴത്തുമഠത്തിലേക്കു് ആ തിരുമേനി വളരെ വസ്തുവഹകൾ കരമൊഴിവായി കൊടുത്തിട്ടുണ്ടു്.)

മഹാ. ചിമ്മൂന്റെ ധിക്കാരം കവിയുന്നു. ഇവിടം എവിടാണെന്നും, നാം ആരെന്നും മറന്നോ ?

ചിമ്മു. ഇല്ലാ തിരുമനസ്സോണ്ടു്. മറന്നിട്ടില്ല. പുരുഷപുംഗവനും രാജകേസരിയുമായിരുന്ന അവിടുത്തെ പൂർവ്വികൻ കൊച്ചിശക്തൻതമ്പുരാൻ തിരുമനസ്സിലെ ഹതഭാഗ്യയായ നേത്യാരമ്മ ഉണ്ണാനും ഉടുക്കാനും ഇല്ലാതെ, ആ തിരുമനസ്സിലെ അനന്തിരവന്റെ തിരുമുമ്പിൽനിന്നു ഭിക്ഷ ചോദിക്കുന്നു. ശക്തൻതിരുമേനി! എന്താ, ആ പേരു കേൾക്കുമ്പോൾത്തന്നെ തിരുമനസ്സിലേക്കു ഭയമാകുന്നുണ്ടോ ?

മഹാ: ചിമ്മൂ ! ചിമ്മൂനു് എന്താ വേണ്ടതു് ? ഞാനോരോരുത്തരു പറഞ്ഞതൊക്കെ കേട്ടു. എനിക്കൊരു മുഷിച്ചില്ലില്ല. എന്താ വേണ്ടേന്നെച്ചാൽ ഒക്കെ സായ്വിനോടു പറഞ്ഞോളൂ.

ചിമ്മു: ഒക്കെ സായ്പിന്നു വിട്ടുകൊടുത്തുവോ? അടിയൻെറ പൊന്നുതിരുമേനി അന്നേ ഇതൊക്കെ അരുളിച്ചെയ്യാറുണ്ട്. സായ്പ് അടിയൻെറ ആരുമല്ല. അടിയത്തിന്നു സായ്പിൻെറ ഒന്നും വേണ്ട.

മഹാ: ഇനി എന്താ വേണ്ടതെന്നെച്ചാൽ പറഞ്ഞോളൂ. ഞാൻതന്നെ സായ്പിനോടു പറഞ്ഞു തരീക്കാം.

ചിമ്മു: തിരുവുള്ളം തെളിഞ്ഞു അടിയത്തിന്നു ദിവസം ഒരു ചെമ്പു കാച്ചലിനുള്ള വഴിയുംകൂടി കല്പിച്ചു തരണം. അതേ അടിയന്നു് അപേക്ഷയുള്ളു. അതോടുകൂടി ഒന്നുംകൂടിയുണ്ട്. അടിയനെപ്പററി ആരെരൊക്കെ എന്തൊക്കെ അപരാധങ്ങൾ പറഞ്ഞുണ്ടാക്കിയാലും തിരുമനസ്സിൽനിന്നു് അതൊന്നും വിശ്വസിക്കരുതു്. തീപ്പെട്ട തിരുമേനിയാണ സത്യം.

മഹാ: ഹെയ്! ഒന്നുമില്ല! സാരോല്യ! ഒക്കെ പാകംപോലെ ആകാം. ദിവാൻജിയോടു പറയാം. തീട്ടൂരവും കൊടുത്തയക്കാം. പൊയ്ക്കോളൂ. ആരവിടെ? ചിമ്മൂന്നു് എടേരത്തെ കൊടുക്കൂ. വന്നിട്ടു് ഉത്സവം കണ്ടേചാ?

ചിമ്മു: അടിയന്നു തിരുമുഖം കാണുന്നതാണ വലിയ ഉത്സവം. അതടിയൻ കണ്ടു. തിരുവുള്ളമുണ്ടായി അടിയനെ കാത്തു രക്ഷിക്കണം. അവിവേകം വിടകൊണ്ടിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. തിരുവായുസ്സു വദ്ധിച്ചിരിക്കട്ടെ.

ചിമ്മുക്കുട്ടിയമ്മ ഒന്നുകൂടി താണു തൊഴുതു്, പത്തടി പിന്നാക്കം നടന്നു്, ഇടത്തുവശത്തുള്ള വാതുക്കൽക്കൂടി വടക്കോട്ടിറങ്ങി, അരയിൽ കെട്ടിയിരുന്ന മുണ്ടെടുത്തു പുതച്ചു്, രാജധാനിയുടെ അകണത്തിലും മററും അതൊക്കെക്കണ്ടു് അമ്പരന്നു നിന്നിരുന്നവരോടു് ആരോടും, ഒരക്ഷരംപോലും മിണ്ടാതെ, നേരെ കിഴക്കെപ്പടിക്കൽചെന്നു്, അവിടെ കാത്തുനിന്നിരുന്ന ഭൃത്യനേയും കൂട്ടി, ശരേന്നു നടന്നു്, കോവിലകപരിസരങ്ങൾ വിട്ടുപോയി.

"അനാടി ചിമ്മൂ!" എന്ന ഭാവത്തിൽ, സ്തബ്ധചിത്തയായി നിശ്ശബ്ദം നോക്കിക്കൊണ്ടു നിന്നിരുന്ന നമ്പിഷ്ടാതിരിനേത്യാരമ്മ, "കുഞ്ഞിക്കാവേ!" എന്നു മഹാരാജാവു വിളിക്കുന്നതു കേട്ടു സ്വപ്നത്തിൽനിന്നുണന്നവളെപ്പോലെ പതുക്കെ രാജസമീപം ചെന്നു. "ചിമ്മൂന്നു് എന്തെങ്കിലും കൊടുക്കല്ലെ? അവൾക്കു മാസം 30ക കൂടി വേണേന്നേള്ളൂ." "കല്പിച്ചു കൊടുക്കാം ഭേദം. അല്ലെങ്കിൽ ഇരിക്കപ്പൊറുതീണ്ടാവില്ല. മേലൊക്കെ വായലാവാ. ഒരു കൂസലില്ലല്ലോ."

ചിമ്മുക്കുട്ടിയമ്മയുടെ കൂടിക്കാഴ്ച നിഷ്ഫലമായില്ലെന്നു പിന്നീടുണ്ടായ അനുഭവങ്ങളിൽനിന്നു മനസ്സിലാക്കാം. 993-ലെ ദിവാന്റെ ഡയറിയിൽ, എടവം 13-ാംനു-യിലെ കുറിപ്പിൽ, ഇപ്രകാരം ചേർത്തു കാണുന്നു:—

"കരിമ്പററെ ചിമ്മുക്കുട്ടിയമ്മ വിടാതെ ചെയ്യു അലട്ടുകളാൽ മഹാരാജാവു അവൾക്കു ഇപ്പോൾ വാശ്ശ്ശ്ചം കൂട്ടിക്കൊടുക്കണമെന്നു എന്നോടു കല്പിച്ചു. മെലാൽ അവരുടെ ചിലവുവകക്കു എടവമാസം മുതല്ക്കു മാസം ഒന്നുക്കു മുപ്പതുരൂപാവീതം ഖജനാവിൽനിന്നും കൊടുപ്പിച്ചുകൊള്ളണമെന്നു തീട്ടൂരം എഴുതി തന്നിരിക്കുന്നു." അതനുസരിച്ചു മുപ്പതുരൂപ്പികപ്രകാരമുള്ള അടിത്തൂൺ അവൾക്കു മരിക്കുന്നതുവരെ കിട്ടിക്കൊണ്ടിരുന്നു. 1028 ചിങ്ങമാസം 1-ാംനു- തയ്യാറാക്കിയതായി കാണുന്ന ഒരു പെൻഷ്യൻവരിയോലയിൽ, "കരിമ്പററെ ചിമ്മുക്കുട്ടിയമ്മ—തൃശ്ശൂരുനു തീപ്പെട്ട മഹാരാജാവിന്റെ നെത്ത്യാരമ്മ—മാസം 30ക. വീതം" എന്നു എഴുതിക്കാണുന്നുണ്ടു്. അവർ മരിച്ചതു 1030-ലാണെന്നു തോന്നുന്നു.

നേത്ത്യാരമ്മമാക്കു പെൻഷൻ കൊടുക്കുക എന്ന സമ്പ്രദായത്തെ ഈ രാജ്യത്തു് ഇദംപ്രഥമമായി നടപ്പിലാക്കിയതു കരിമ്പററെ ചിമ്മുക്കുട്ടിനേത്ത്യാരമ്മ അവർകളാണു്. ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു കുറേക്കാലംകൂടി ജീവിച്ചിരുന്നുവെങ്കിൽ എന്തെല്ലാം പരിവത്തനങ്ങൾ രാജ്യത്തേയ്ക്കും കരിമ്പററെയ്ക്കും വന്നുചേരുമായിരുന്നു എന്നു് ആ രാജപുംഗവന്റെ അസാധാരണങ്ങളായ അപദാനങ്ങളെക്കുറിച്ചു് അറിയുന്നവക്കു് ആലോചിക്കാവുന്നതാണു്.

ശക്തൻതമ്പുരാനും ചിമ്മുക്കുട്ടിയമ്മയും പ്രായംകൊണ്ടു നോക്കുമ്പോൾ പിതാവും പുത്രിയുംപോലെയായിരുന്നു. പുത്രീനിവ്വിശേഷമായ ഒരു വാത്സല്യത്തോടുകൂടിയായിരുന്നു ആ രാജകേസരി നേത്ത്യാരമ്മയോടു പെരുമാറിയിരുന്നതെന്നു പറയുന്നതു ഭംഗിയായിരിക്കയില്ലെങ്കിലും, ആ പുരുഷപുംഗവൻ അവരുടെ ഓരോ പരിഭവങ്ങളേയും ദുവ്വാശികളേയും, അച്ഛൻ മകളുടെ വികൃതിത്തരങ്ങളെ എന്നപോലെ, സ്നേഹത്തോടും ക്ഷമയോടുംകൂടിമാത്രം വീക്ഷിച്ചുവന്നു. അതിൽനിന്നാണു "നേത്ത്യാരമ്മയുടെ പാട്ടിൽ പെട്ടുപോയി" എന്നൊരു ഖ്യാതിയോ അപഖ്യാതിയൊ അവിടേയ്ക്കുണ്ടായിത്തീന്നതു്. യഥാത്ഥത്തിൽ ചിമ്മുക്കുട്ടിയമ്മയുടെ 'പാട്ടിൽ'പെടുകയും, 'കുളിയിൽ' ഭ്രമിക്കുകയും ചെയ്തിട്ടാണല്ലൊ അവി

ട്ടന്നു് അവരെ സ്വീകരിച്ചതു്. അവരുടെ [illegible] "പാലുകാച്ചിന്നു്" ചോറില്ലാത്ത സദ്യയ്ക്കു വട്ടംകൂട്ടിയ കഥ സുപ്രസിദ്ധമാണല്ലോ. നേത്ര്യാരമ്മ വലിയ "അല്പരസക്കാരത്തി"യായിരുന്നു എന്നും, ഇടയ്ക്കിടയ്ക്കു പരിഭവിച്ചു മുഖം വീപ്പിച്ചു പിണങ്ങിപ്പോകാറുണ്ടെന്നും, അവരുടെ രാജഭർത്താവു് അതെല്ലാം ഒരു നർമ്മബുദ്ധിയോടുകൂടി കൊണ്ടാടുക മാത്രമല്ലാ, കല്പിച്ചുകൂട്ടി "സൗന്ദര്യപ്പിണക്കങ്ങളും" ഉണ്ടാക്കിത്തീർക്കാറുംകൂടിയുണ്ടെന്നും, അതൊക്കെ കണ്ടറിഞ്ഞിട്ടുള്ളവരിൽനിന്നു കേട്ടറിവുണ്ടു്. അവയൊക്കെ അദ്ദേഹത്തിനു് ഒരു വിനോദമായിരുന്നു. കോവിലകത്തുനിന്നു പിണങ്ങി, താനേ യാത്ര പുറപ്പെട്ടു പടികടന്നു തിരിഞ്ഞുനോക്കാതെ പോകുന്ന നേത്ര്യാരമ്മ, കരിമ്പററ ചെന്നുകേറുമ്പോഴും, ഹരിക്കാരും വില്ലക്കാരും തന്നെ അനുഗമിച്ചിരുന്നതായി കണ്ടു ലജ്ജിക്കാറുണ്ടെന്നും, അവിടെ എത്തുന്നതിനു മുമ്പിൽത്തന്നെ തിരികെ കോവിലകത്തേയ്ക്കു് ആനയിപ്പിക്കുന്നതിനു മേനാവുകാർ കാത്തുനില്ക്കുന്നതു കണ്ടു് അത്ഭുതപ്പെടാറുണ്ടെന്നും, ഒരവസരത്തിൽ "പൂർവ്വാണെങ്കിൽ പൊയ്ക്കൊള്ളൂ. പണ്ടങ്ങളൊക്കെ ഇവിടെ അഴിച്ചുവെച്ചേക്കൂ" എന്നു കല്പിച്ചതുകേട്ടു ശുണ്ഠിയെടുത്തു്, അഴിക്കാൻ നില്ക്കാതെ, വലിച്ചുപൊട്ടിച്ചെറിഞ്ഞുംകൊണ്ടുപോയി എന്നും, സ്വഗൃഹത്തിൽ എത്തിയപ്പോഴും അതിലധികം പണ്ടങ്ങളോടുകൂടി "വലിയസർവ്വാധി"തന്നെ കാത്തുനില്ക്കുന്നതു കണ്ടു്, വീട്ടിൽ കയറാതെ തിരികെ കോവിലകത്തു ചെന്നു്, "ഞാൻ കൊച്ചുകുട്ടിയാ, ഇങ്ങനെ കളിപ്പിക്കാൻ?" എന്നുണർത്തിച്ചു എന്നും, "കൊച്ചുകുട്ടിയല്ലാ—ചിമ്മുക്കുട്ടി" എന്നു് പുഞ്ചിരിപൂണ്ടു് അരുളിച്ചെയ്തതു കേട്ടു പിണക്കം തീർന്നു് ഇണക്കം മൂളിയെന്നും, ഇങ്ങനെ ആ രാജദമ്പതികളുടെ ഗൃഹജീവിതത്തിന്റെ മധുരഭാവത്തെ വിശദപ്പെടുത്തുന്ന പലപല കഥകളും ധാരാളമായി കേട്ടിട്ടുണ്ടു്.

LIII

സാഹിത്യാഭിവൃദ്ധി.

കൊല്ലവർഷം പത്താം ശതകം, കേരളകലകളേയും സാഹിത്യാഭിവൃദ്ധിയേയും സംബന്ധിച്ചേടത്തോളം, വളരെ പ്രധാനപ്പെട്ട ഒരു കാലഘട്ടമാകുന്നു. കൊല്ലം 933-ലാണു് ആധുനികതിരുവിതാംകൂറിന്റെ സ്രഷ്ടാവായ സാക്ഷാൽ മാർത്താണ്ഡവർമ്മമഹാരാജാവു തീപ്പെട്ടതു്. വേണാടിന്റെ ഏകീകരണവും, രാജ്യത്തിലെ സമാധാനത്തിന്റെ

സുസ്ഥിരതയും അസാമാന്യനായിരുന്ന ആ മഹാപുരുഷൻ സുദൃഢമാക്കിച്ചെയ്തിരുന്നു. തന്നിമിത്തം, അവിടുത്തെ പിൻവാഴ്ചക്കാരനായിരുന്ന രാമവർമ്മമഹാരാജാവിനു്, സ്വൈരത്തോടുകൂടി ഭരണമുറകളെ പരിപാലിക്കുന്നതിനും കലാകാരന്മാരെ സകൗതുകം പ്രോത്സാഹിപ്പിക്കുന്നതിനും ഏറെക്കുറെ സാധിച്ചു. ഹൈദർനവാബിന്റെയും ടിപ്പുസുൽത്താന്റെയും ആക്രമണങ്ങളാൽ അന്യാധീനരും അശരണരുമായിത്തീർന്ന കേരളരാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും അഭയസ്ഥാനമരുളിയ തിരുവിതാംകൂറിൽ, ആ അഭയാർത്ഥികളോടൊപ്പം, അവരെ പിന്തുടർന്നും അല്ലാതെയും, അനവധി പണ്ഡിതന്മാരും കലാപ്രണയികളും വന്നുകൂടി. അസമാധാനത്തോടുകൂടിയ ഒരു തിരക്കാണു് അവിടെ അന്നുണ്ടായിരുന്നതെങ്കിലും, പലതുകൊണ്ടും തിരുവിതാംകൂർ മിക്കവാറും സുരക്ഷിതമായിരുന്നതിനാലും, അചിരേണ പൂർവ്വസ്ഥാനങ്ങൾ കരഗതമാകുമെന്നു് ആശിക്കുവാൻ അവർക്കു വഴിയുണ്ടായിരുന്നതിനാലും, ഔദാര്യനിധിയായിരുന്ന രാമവർമ്മമഹാരാജാവു് അവർക്കെല്ലാം സ്വാഗതവും സ്വൈരവാസവും അരുളിയതിനാലും, ഒരുകാലത്തു കോഴിക്കോട്ടിനു് അലങ്കാരമായി പരിലസിച്ചിരുന്ന "വിക്രമസദസ്സി"ന്റെ ഒരനുകരണം അന്നത്തെ തിരുവിതാംകൂറിൽ സവിശേഷം സംസ്ഥാപിതമായി എന്നുതന്നെ പറയാം. അന്നുമുതല്ക്കാണു തിരുവിതാംകൂർ സാഹിത്യസംഗീതാദികലകളിൽ കാര്യമായി മുൻനിന്നു പ്രവർത്തിക്കുവാനും പ്രോത്സാഹനം നല്കുവാനും തുടങ്ങിയതു്. കൂടാതെ, അമ്പലപ്പുഴ, വടക്കുംകൂർ മുതലായി അക്കാലത്തു തിരുവിതാംകൂർരാജ്യത്തോടുകൂടി ചേർന്നുപോയിട്ടുള്ള രാജസ്ഥാനങ്ങൾ, പരമ്പരയായി പണ്ഡിതന്മാരുടെ കേളീരംഗങ്ങളായിരുന്നതുകൊണ്ടു്, ആ പാരമ്പര്യവും ഏറെക്കുറെ തിരുവിതാംകൂർ രാജസദസ്സിലും ഒതുങ്ങാതിരുന്നിട്ടുമില്ല.

കേരളരാജാക്കന്മാർ പലരും, സാമന്തപ്രഭുക്കന്മാർ മിക്കവരും, കലാപോഷണാർത്ഥം അതതുകാലങ്ങളിലും സ്ഥലങ്ങളിലും സ്വയംപ്രവർത്തിച്ചിട്ടുണ്ടെങ്കിലും, വിശേഷാന്തരങ്ങളായ പലപല കൃതികളും രാജകീയനിർദ്ദേശപ്രകാരം വിരചിതങ്ങളായിട്ടുണ്ടെങ്കിലും, ശരിയായ ഒരു വിദ്വത്സദസ്സു്, പണ്ഡിതപരിഷത്തു്, പരിശുദ്ധമായി പരിലസിച്ചിരുന്നതു കോഴിക്കോട്ടെ സാമൂതിരിരാജാവിന്റെ ആസ്ഥാനമണ്ഡപത്തിൽത്തന്നെയായിരുന്നു എന്നു സർവ്വവിദിതമാണു്. വിക്രമസദസ്സു് കേരളത്തിനു മുഴുവനും ഒരഭിമാനസ്ഥാനമായിരുന്നു. "സാമൂതിരിയുടെ പതിനെട്ടരക്കവികൾ", കേരളം കരിക്കൽക്കൂടി സമുദ്രത്തിൽ ആണ്ടുപോയാലും, അല

ച്ചാത്തുകളുടെ മീതെ, ആണ്ടുപോകാതെതന്നെ കിടക്കും. യുദ്ധവീരന്മാരായി, ദിവാനിശം സമരസന്നദ്ധതയോടേ സഞ്ചരിച്ചിരുന്ന വിജിഗീഷുക്കളായ സാമൂതിരിരാജാക്കന്മാർപോലും, വിശ്വവിശ്രുതന്മാരായ സാഹിത്യകേസരികളായിരുന്നു എന്നു കേൾക്കുമ്പോൾ ആരും അത്ഭുതപരതന്ത്രരായിപ്പോകുന്നതാണ്. വാളുകൊണ്ടു മാത്രമല്ലാ, തൂവൽകൊണ്ടും—അല്ലെങ്കിൽ എഴുത്താണികൊണ്ടായിരിക്കും—ഒരുപോലെയുള്ള പ്രയോഗവൈദഗ്ദ്ധ്യം ആ മഹാന്മാർ പ്രകടിപ്പിച്ചിരുന്നു! സക്ഷാൻ 'കൃഷ്ണനാട്ട' ത്തിൻെറ അനുഗൃഹീതകർത്താവായ സാമൂതിരിപ്പാട്ടിന്നു് അതു രചിച്ചതു തീർച്ചയായും പടക്കളങ്ങളിലെ നെടുമ്പുരകളിൽ വെച്ചായിരിക്കണം.

ഹൈദരാലിഖാൻെറ വരവോടുകൂടി, പത്താംശതകത്തിൻെറ പൂർവ്വാർദ്ധത്തിൽതന്നെ, സാമൂതിരിരാജാവിൻെറ ശക്തിക്കു ദൈവഗത്യാ നാശം സംഭവിക്കുകയും, ചിറകൊടിയുകയും, തൂലിക പ്രയോഗിക്കുന്നതിനും എഴുത്തുകാരെ ആദരിച്ചിരുത്തുന്നതിനും മററും സൗകര്യമില്ലാതാകുകയും ചെയ്തു. ആ ശതാബ്ദത്തിൻെറ അവസാനത്തോടുകൂടിമാത്രമാണു കേരളത്തിൽ, മലബാറിൽ തീർച്ചയായും, സമ്പൂർണ്ണമായ സമാധാനം സംസ്ഥാപിതമാകുകയും, സ്ഥിതിഗതികൾ നിർണ്ണയിക്കപ്പെടുകയും ചെയ്തതു്. അതോടുകൂടി കോഴിക്കോട്ടിൻെറ സുവർണ്ണകാലം, നിർഭാഗ്യവശാൽ, അസ്തമിതപ്രായവുമായി. വിക്രമന്മാവരന്മാർക്കു പണ്ടത്തെപ്പോലെ പണ്ഡിതസദസ്സുകളെ പുലർത്തുന്നതിനു നിർവ്വാഹമില്ലാതെയുമായി. എങ്കിലും, മനോമോഹനവും ഉത്തേജകവുമായിരുന്ന പണ്ടത്തെ പ്രശസ്തമായ പാരമ്പര്യത്തെ, കഴിയുന്നത്ര ആ പ്രസിദ്ധരാജവംശം നിലനിർത്തിപ്പോന്നു എന്നുള്ളതു്, അത്യന്തം അഭിമാനകരംതന്നെയാകുന്നു.

പെരുമ്പടപ്പുസ്വരൂപവും കലാപോഷണവിഷയത്തിൽ ഒരിക്കലും പിന്നിലായിരുന്നില്ല. പലവിധത്തിലുള്ള ക്ലേശങ്ങളും, നിമ്നോന്നതസ്ഥിതികളും, ആ രാജവംശത്തിനു്, പ്രത്യേകിച്ചും ക്രിസ്ത്വബ്ദം പതിനഞ്ചാം നൂററാണ്ടിനുശേഷം, സംഭവിച്ചുകൊണ്ടിരുന്നതിനാലും, പാശ്ചാത്യന്മാരുടെ ശക്തിസംഘട്ടനങ്ങൾക്കുള്ള പ്രഥമസ്ഥാനവും പ്രധാനരംഗവും കൊച്ചിയായിത്തീർന്നതിനാലും, വടക്കുനിന്നു സാമൂതിരിയുടെ ആക്രമണങ്ങൾ, കാലവർഷംപോലെ കൊല്ലംതോറും എന്ന മട്ടിൽ, കൊച്ചിയെ ഏററുമുട്ടിക്കൊണ്ടിരുന്നതിനാലും മററും സുസ്ഥിരമായ ഒരു വിദ്വത്സമ്മേളനം കൊച്ചിയിൽ അനുസ്യൂതമായി നിലനിന്നുപോന്നി

ല്ലെന്നുള്ളതു കൊച്ചിയുടെ ഒരു കുററമോ കുറവോ അല്ലെന്നു പറയേണ്ടിയിരിക്കുന്നു. എങ്കിലും, ഉണ്ണുനീലീസന്ദേശം, ശിവവിലാസം, തെൻകൈലനാഥോദയം, രാജരത്നാവലീയം, യുധിഷ്ഠിരവിജയം, കൃഷ്ണാർജ്ജുനീയം, ചന്ദ്രോത്സവം, നൈഷധചമ്പു മുതലായി സുപ്രസിദ്ധങ്ങളും സുന്ദരങ്ങളുമായ അനേകം സാഹിത്യഗ്രന്ഥങ്ങളുടെ പുറപ്പാടിനുള്ള ചുമതലക്കാർ, ഓരോ വിധത്തിൽ, പെരുമ്പടപ്പിലെ മഹാരാജാക്കന്മാരായിരുന്നു എന്നു കാണാവുന്നതാണ്.

മലയാളത്തിന്റെ ആദ്യകാലചരിത്രത്തിലേയ്ക്കു് എത്തിച്ചുനോക്കുന്നതായാൽ, പെരുമ്പടപ്പുസ്വരൂപം സാഹിത്യസംപോഷണവിഷയത്തിലും അസൂയപ്പെടാവുന്നതായ ഒരു മാന്യസ്ഥാനം വരിച്ചിരുന്നതായി, മേൽപ്രസ്താവിച്ച കൃതികളുടെ സ്വഭാവംകൊണ്ടും മററും കാണാവുന്നതാണ്. ലോകഗുരുവും അദ്വൈതമതസ്ഥാപകനുമായ സാക്ഷാൽ ശ്രീശങ്കരാചാര്യരുടെ ജന്മദേശമായ കാലടി ആ കാലത്തു പെരുമ്പടപ്പിന്റെ രാജ്യമായിരുന്നു എന്നതു നിരാക്ഷേപമാണ്. പ്രസിദ്ധ നാടകകർത്താവായ കുലശേഖരപ്പെരുമാളുടെ സദസ്യനായിരുന്ന വിഖ്യാതനായ തോലൻ കൊച്ചിരാജ്യത്തു ചേന്ന കാഞ്ഞൂർദേശത്തു പരമേശ്വരമംഗലത്തു് ഇല്ലത്തെ ഒരു വിദ്വാൻനമ്പൂതിരിയായിരുന്നു. മലയാളത്തിന്റെ മാററരുക്കുന്നതിനുള്ള മണിപ്രവാളരീതിയുടെ പ്രണേതാവു തോലനായിരുന്നു എന്നു പറയുന്നതിൽ വലിയ തെററുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ സദസ്സു തിരുവഞ്ചിക്കുളമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ഉണ്ണിയാടീചരിതചമ്പുവും ഉണ്ണുനീലീസന്ദേശവും തോലൻ തുറന്നിട്ട മണിപ്രവാളമാർഗ്ഗത്തിൽക്കൂടി പിന്നീടുണ്ടായിട്ടുള്ള ഉൽകൃഷ്ടകൃതികളാണ്. ചമ്പുമാർഗ്ഗത്തിൽക്കൂടിയായിരുന്നു മണിപ്രവാളരീതി സഞ്ചാരം തുടന്നതു്. നൈഷധം, രാജരത്നാവലീയം, കൊടിവിരഹം, ബാണയുദ്ധം, നാരായണീയം, തെൻകൈലനാഥോദയം എന്നീ ചമ്പുക്കളെല്ലാം കൊച്ചിരാജ്യത്തും കൊച്ചിരാജാക്കന്മാരുടെ പ്രോത്സാഹനംവഴിക്കും ആവിർഭവിച്ചിട്ടുള്ളവയാകുന്നു. രാമായണചമ്പുമാത്രമാണു കൊച്ചിരാജ്യത്തിനു പുറത്തുവെച്ചു് ഉണ്ടായിട്ടുള്ള ഒരു പ്രധാനചമ്പുഗ്രന്ഥം. അതിന്റെ വിശിഷ്ടകർത്താവായ പുനംനമ്പൂതിരിതന്നെയും പില്ക്കാലത്തു കൊച്ചിരാജാവിന്റെ സദസ്യനായിരുന്നു എന്നാണ് ഐതിഹ്യം. മണിപ്രവാളരീതി ക്രമത്തിൽ മലയാളഭാഷയുടെ അഭിമാനസ്തംഭവും ആരാധ്യസ്ഥാനവുമായിത്തീന്നു. തീച്ചയായും ആ മണിപ്രവാളരീതിയെ മലയാളഭാഷയ്ക്കു സമ്മാനിച്ചതു പെരുമ്പടപ്പുസ്വ

ത്രപത്തിൻെറ പൌരോഹിത്യത്തിലാകുന്നു എന്നു ധാരാളം അഭിമാനപ്പെടാവുന്നതാണ്. പതിനഞ്ചാംശതകത്തോടുകൂടിയാണ്, ഉയൎന്നു വന്ന വിജയനഗരസാമ്രാജ്യത്തിൻെറ പിൻബലത്തോടുകൂടി, സാമൂതിരിരാജവംശം കേരളത്തിൽ ചക്രവൎത്തിപദലാഭത്തിനു മുമ്പോട്ടു വന്നതു്. അതിനുശേഷം കൊച്ചിരാജവംശത്തിനു ഭാരതപ്പുഴയ്ക്കു വടക്കോട്ടു വലിയ സ്വാധീനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും തെക്കോട്ടു കൊല്ലംവരെയുള്ള നാടുകളെല്ലാം കൊച്ചിക്കു കീഴമൎന്നിരുന്നു.

ഉണ്ണുനീലീസന്ദേശത്തെക്കുറിച്ചു മേൽപ്രസ്താവിച്ചുവല്ലോ. ആ മഹനീയഗ്രന്ഥം, സന്ദേശപ്രസ്ഥാനത്തിലെ ഏതാണ്ടു് ഒന്നാമത്തേതും ഏതുകൊണ്ടും പ്രഥമഗണനീയവുമായ ആ സുന്ദരകാവ്യം, രചിച്ചതുതന്നെ ഒരു കൊച്ചിരാജാവാണെന്നും അതിലെ കഥാനായകൻ ഒരു കൊച്ചിത്തമ്പുരാനാണെന്നും സംശയിക്കുവാൻ കാരണമുണ്ടെന്നുംകൂടി വാദിക്കുന്നവരുണ്ടു്. ശിവവിലാസകാവ്യത്തിലെ ഇതിവൃത്തം ഒരു കൊച്ചിത്തമ്പുരാൻെറ സ്വയംവരകഥയാകുന്നു. പൂന്താനത്തിൻെറ ഭക്തിസംശുദ്ധങ്ങളായ കവനതല്ലജങ്ങളോടു മാററുരയ്ക്കുന്നതും, ഒരു സമയം പൂന്താനത്തിനുതന്നെ മാൎഗ്ഗദൎശിയായിത്തീൎന്നിരിക്കാവുന്നതുമായ 'രാസക്രീഡ' എന്ന മനോഹരകൃതിയുടെ കൎത്താവു പെരുമ്പടപ്പിലെ ഒരു തമ്പുരാനാകുന്നു. ആ ഗ്രന്ഥത്തെക്കുറിച്ചു മഹാകവി ഉള്ളൂർ പരിഷത്തൈത്രമാസികത്തിൽ ഉപന്യസിച്ചുകാണുന്നുണ്ടു്. തമിഴിലെ തിരുക്കുറൾ എന്ന പ്രസിദ്ധഗ്രന്ഥം ഇദംപ്രഥമമായി മലയാളത്തിലേയ്ക്കു തൎജ്ജമ ചെയ്തതും ഒരു കൊച്ചിരാജാവാകുന്നു.

ഈ നിലയ്ക്കു നോക്കുമ്പോൾ, മലയാളത്തിലെ മഹനീയമായ സന്ദേശകാവ്യത്തിൻേറയും, മനോഹരമായ സ്തോത്രകാവ്യത്തിൻെറയും, രണ്ടിനും നിദാനമായ മണിപ്രവാളരീതിയുടെയും ജനയിതാക്കൾ പെരുമ്പടപ്പുരാജാക്കന്മാരായിരുന്നു എന്നു വിചാരിക്കാവുന്നതാണ്. തൃശ്ശൂരിന്നടുത്തുള്ള ചിററിലപ്പിള്ളിനാട്ടിൽ നടന്ന കഥയാണു കാവ്യരസംകൊണ്ടു സൎവ്വശ്ലാഘ്യമായ 'ചന്ദ്രോത്സവ'ത്തിലെ ഇതിവൃത്തം. തുഞ്ചത്തു് ആചാൎയ്യരുടേയും നിരണംകവികളുടേയും കാലത്തു്, അവരുടെ ജനനത്താൽ പരിപാവനങ്ങളാക്കി ചെയ്യപ്പെട്ട പ്രദേശങ്ങൾ, കൊച്ചിരാജ്യത്തിൽ ഉൾപ്പെട്ടവയായിരുന്നു എന്നറിയുമ്പോൾ, മലയാളസാഹിത്യത്തിൻെറ ആദ്യകാലം പെരുമ്പടപ്പുസ്വരൂപവുമായി ഒന്നുചേൎന്നാണു കിടന്നിരുന്നതെന്നു നിൎമ്മത്സരബുദ്ധികൾ സമ്മതിക്കുന്നതായിരിക്കും.

ഗാഥാപ്രസ്ഥാനവും, കേരളത്തിന്റെ ആധുനികകേളിയിലും കിളക്കാതെ കളിക്കുന്ന കഥകളിയും, ആരംഭിച്ചതു കൊച്ചിരാജ്യത്തിനു പുറത്തുവെച്ചാണ്. "കൊട്ടാരക്കര കോട്ടയത്തരചരു"ടെ വകയായിട്ടാണ് കഥകളിയുടെ ഉൽപത്തിയും ഉയൎച്ചയും എങ്കിലും, ഉണ്ണായിവാരിയരെ വിട്ടുകളഞ്ഞാൽ കഥകളി കാലൊടിഞ്ഞ ഒരു സത്വമായിത്തീരുന്നതാണ്. ആ ഉണ്ണായി തനികൊച്ചിക്കാരനും, കൊച്ചിരാജാവിന്റെ ആശ്രിതനും, അതുവഴി അന്നു കൊച്ചിയുടെ കീഴേടമായിരുന്ന ചെമ്പകശ്ശേരിരാജാവിന്റെ അടുക്കൽ എത്തിച്ചേൎന്ന ആളും, ചെമ്പകശ്ശേരിരാജ്യം തിരുവിതാംകോടിനോടു ചേൎക്കപ്പെട്ടപ്പോൾ, അവിടത്തെ മഹാരാജാവിന്റെ കൊട്ടാരത്തിൽ വാസമുറപ്പിച്ച ആളുമായിരുന്നു. ഉണ്ണായിയുടെ കൃതികളുടെ പഴയ താളിയോലഗ്രന്ഥങ്ങൾ നോക്കിയാൽത്തന്നെ ഈ സംഗതി സ്പഷ്ടമാകുന്നതാണ്. നളചരിതം ആട്ടകഥയുടെ താളിയോലഗ്രന്ഥങ്ങൾ തൃപ്പൂണിത്തുറ ഈടുവെപ്പിൽനിന്നും ഇരിങ്ങാലക്കുട തെക്കെവാരിയത്തുനിന്നും—അതാണ് ഉണ്ണായിയുടെ വാരിയം—ഓരോ കാലത്തു കണ്ടുകിട്ടീട്ടുണ്ടു്. അതിൽ രണ്ടിലും കൊച്ചിരാജവംശത്തിന്റെ പരദൈവങ്ങളായ പഴയന്നൂർഭഗവതി, തിരുവഞ്ചിക്കുളത്തു ശിവൻ, തൃപ്പൂണിത്തുറയപ്പൻ, ഇരിങ്ങാലക്കുടത്തേവർ എന്നു തുടങ്ങിയ മൂൎത്തികളെ ഗ്രന്ഥനിൎമ്മാണസഹായാൎത്ഥം സഭക്ത്യാദരം സ്മരിച്ചുകാണുന്നുണ്ടു്. ആ ഭാഗങ്ങൾ തെക്കൻപ്രസിദ്ധീകരണങ്ങളിൽ കാണാത്തതു മനഃപൂൎവ്വമാവണമെന്നില്ല.

പത്താംനൂറ്റാണ്ടിന്റെ ആദ്യത്തെ ചതുൎത്ഥഭാഗത്തിൽ കൊച്ചിരാജ്യത്തിന്റെ സ്ഥിതി കുറച്ചധികം അപകടത്തിലായിരുന്നു. സ്വരാജ്യത്തുള്ള പ്രഭുക്കന്മാരും പുറത്തുള്ള കോയ്മകളും എടുത്തടിച്ചും എതിൎത്തടിച്ചും നിന്നിരുന്നു എന്നും, തൃപ്പാപ്പിസ്വരൂപത്തിന്റെ വടക്കൻയാത്രയും, നെടിയിരിപ്പിന്റെ തെക്കൻയാത്രയും സംഘട്ടനരംഗമായിത്തീൎന്ന കൊച്ചി എന്താണ്ടു് ഒരു മദ്ദളപ്രായത്തിലാണ് അന്നു വൎത്തിച്ചിരുന്നതു് എന്നും, ആ കാലം ആലശീലകളൊന്നും കൂടാതെ പാടിക്കേൾക്കാനോ ആടിക്കാണ്മാനോ സൗകൎയ്യപ്പെട്ട ഒരു സുഖകാലമായിരുന്നില്ലാ എന്നും ചരിത്രം തെളിയിക്കുന്നുണ്ടു്. 926-ലാണല്ലോ ശക്തൻതമ്പുരാന്റെ ജനനം. 928—929—939—941 ഈ കാലങ്ങളിലെല്ലാം കൊച്ചിയും തിരുവിതാംകൂറും തമ്മിൽ പലപല സന്ധിക്കരാറുകളും ഉണ്ടായി. 940-ലാണ്, കൊച്ചിയെ കന്നാകെ വിഴുങ്ങുവാൻ ബകാസുരനെപ്പോലെ പാഞ്ഞെത്തിയ സാമൂതിരിയെ, തിരുവിതാംകൂറിന്റെ സഹായ

ത്തോടുകൂടി, കൊച്ചിരാജ്യാതിൎത്തി കടത്തി വടക്കോട്ടു തള്ളിവിട്ടതു്. അതു കഴിഞ്ഞു് ഒന്നു് അമൎന്നിരിക്കുവാൻ ആലോചിക്കുമ്പോഴേയ്ക്കും, ഹൈദരാലിയുടെ മൈസൂർപ്പട പുറപ്പെട്ടു. അയാളെ "വിത്തംകൊടുത്തും വശപ്പെടുത്താ"മെന്നോൎത്തു്, അതിനുള്ള പരിശ്രമങ്ങൾക്കിടയിൽ, കാലു മടക്കിയിരുന്നു കലോത്സവം കാണാൻ കഴിഞ്ഞില്ലെങ്കിൽ അതിലൊട്ടും അത്ഭുതമില്ല. പിന്നാലെ പുറപ്പെട്ടതു "മൈസൂർപ്പുലി"തന്നെയാണു്. ടിപ്പുവിന്റെ പാളയം നെടുങ്കോട്ടയിലോളം എത്തുകയും, എല്ലാം "ഇരുന്നു നോക്കിയാൽ നിരന്നു കാണാറാകുക"യും ചെയ്തു. 965 വരെയുള്ള കാലമെല്ലാം സമരസന്നദ്ധതയിലും ഭയപരിഭ്രമത്തിലും കഴിഞ്ഞുകൂടി. 965ലാണല്ലോ ഇംഗ്ലീഷാധിപത്യം സ്വീകരിച്ചുകൊണ്ടുണ്ടായ ഒന്നാമത്തെ ഉടമ്പടി. അതിനുശേഷം ചില ആഭ്യന്തരകലഹങ്ങളുടെ അമൎച്ചയോ അച്ചടക്കനടപടികളോ അധികാരസ്ഥാനങ്ങളിൽ ആവലാതികളോ ഒക്കെ വേണ്ടിവന്നാലും, ആകപ്പാടെ ഒരു സമാധാനകാലംതന്നെയായിരുന്നു. 981-ൽ ശക്തൻതമ്പുരാൻ തീപ്പെടുകയും ചെയ്തു. അതുകൊണ്ടു് 946 മുതൽ 981 വരെയുള്ള അവിടുത്തെ ഭരണകാലം ഭരണകാൎയ്യങ്ങൾക്കു ചുമതലപ്പെട്ട ഒരു രാജാവിനു്, കലാപ്രോത്സാഹനാൎത്ഥം കാപ്പുകെട്ടി കാത്തിരിക്കുവാൻ സാധിക്കുമായിരുന്ന ഒരു കാലമല്ലായിരുന്നു എന്നുവേണം വിചാരിക്കുവാൻ.

എന്നിരിക്കിലും, ആധുനികകൊച്ചിയുടെ സംസ്ഥാപകനായി സാഭിമാനം സ്വീകരിക്കപ്പെടാവുന്ന ശക്തൻതമ്പുരാന്റെ കാലത്തു്, കാലോചിതവും അവിടുത്തെ നാമധേയത്തിനു് അനുസൃതവുമായ ഒരു പ്രബുദ്ധത, കലകളെസ്സംബന്ധിച്ചേടത്തോളവും, കൊച്ചിരാജ്യത്തു് ഉണ്ടാകാതിരുന്നിട്ടില്ല. കവികളെയും കലാവിരുതന്മാരെയും വിളിച്ചുവരുത്തി വിശ്രമവേളകളെ വിനോദപ്രദങ്ങളും വിജ്ഞേയങ്ങളുമാക്കിത്തീൎക്കുന്നതിനു്, രാജ്യം മുഴുവനും സഞ്ചരിച്ചു മല്ലിട്ടുകൊണ്ടിരുന്ന ആ മഹാരാജാവിനു വേണ്ടത്ര സൗകൎയ്യം സിദ്ധിച്ചിരുന്നില്ലെങ്കിലും, അവിടുന്നു് അങ്ങനെയും ശ്രദ്ധിച്ചിരുന്നതിനു പുറമേ, കേളികേട്ട കലാപ്രണയികളായിരുന്ന അവിടുത്തെ അനന്തരവന്മാൎക്കു ധാരാളം പ്രോത്സാഹനങ്ങൾ നല്കി സഹായിക്കുകയും ചെയ്തിരുന്നു. മാധ്വമതപ്രതിപത്തിമൂലവും, മൂലം മറന്നുള്ള ചില മതപരിവൎത്തനങ്ങൾക്കു വശംവദന്മാരായപ്പോഴും, അതുനിമിത്തവും മാത്രമാകുന്നു, ആ തിരുമേനികൾക്കു തമ്മിൽ അല്പസ്വല്പം അസുഖവും അപ്രീതിയും വന്നുചേൎന്നതു്. 984-ം, 1003-ം കൊല്ലങ്ങളിൽ തീപ്പെട്ട മഹാരാജാക്കന്മാർ സാഹിത്യാ

ദികലകളിലെല്ലാം നിതരാം ശ്രദ്ധാലുക്കളും പ്രത്യേകം പ്രഗത്ഭരുമായിരുന്നു.

ആ തിരുമേനികളുടെ അദ്ധ്യക്ഷതയിൽ തൃപ്പൂണിത്തുറ അക്കാലത്തു സംസ്കൃതവിദ്യാഭ്യാസത്തിന്റെയും സാഹിത്യകോലാഹലങ്ങളുടെയും കഥകളി മുതലായവയുടെയും ഒരു കുത്തരങ്ങായിരുന്നു. 1003-ൽ തീപ്പെട്ട കേരളവമ്മരാജാവു നൂറോളം കഥകളിഗ്രന്ഥങ്ങൾ സ്വന്തമായി രചിച്ചിട്ടുണ്ടെന്നും, കഥകളി അവിടെ മുടങ്ങാതെ നടന്നുകൊണ്ടിരുന്നു എന്നും, അന്നൊരു കലാകാലമായിരുന്നു എന്നും പ്രസിദ്ധമാണ്. കഥകളി മാത്രമല്ലാ, വേറെ പല സാഹിത്യഗ്രന്ഥങ്ങളും അക്കാലത്തുണ്ടായിട്ടുണ്ട്. 'രാമായണം സുന്ദരകാണ്ഡം പാന' എന്ന മനോഹരഗ്രന്ഥത്തിന്റെ കർത്താവു 984-ൽ തീപ്പെട്ട മഹാരാജാവാണ്. ആ പുസ്തകത്തിന്റെ ഒരു പുതിയപതിപ്പ നാടുവാഴുന്ന ശ്രീമൂലം മഹാരാജാവിന്റെ കല്പനപ്രകാരം, കോവിലകാംഗങ്ങളുടെ പ്രത്യേകാവശ്യം പരിഗണിച്ച്, ഇയ്യിടയിൽ പരിഷ്കരിച്ച് അച്ചടിപ്പിച്ചിട്ടുണ്ട്. 'രാമായണശ്ലോകമാല, പൂർണ്ണത്രയീശശതകം' എന്നീ രണ്ടു സംസ്കൃതകാവ്യങ്ങളും ആ തിരുമനസ്സിലേതന്നെ കൃതികളാകുന്നു. 1003-ൽ തീപ്പെട്ട മഹാരാജാവു പ്രത്യേകിച്ചും ചാക്യർകൂത്തിൽ എന്തെന്നില്ലാത്ത അഭിരുചി പ്രദശിപ്പിച്ചിരുന്നതുകൊണ്ട്, ആ പ്രശസ്തപ്രസ്ഥാനത്തിനു്, അവിടുത്തെ കാലത്തുണ്ടായിത്തീൎന്ന പ്രബുദ്ധത പ്രശംസാർഹമാകുന്നു.

പത്താംനൂററാണ്ടു പലതുകൊണ്ടും പറയത്തക്ക മേന്മ സമ്പാദിച്ചു. തിരുവിതാംകൂർരാജധാനത്തിനു് അലങ്കാരഭൂതന്മാരായി പരിശോഭിച്ച കീത്തിപ്പെട്ട കലാകുതുകിയായ ബാലരാമവമ്മമഹാരാജാവു്, കേരളത്തിലെ ത്യാഗരാജനായ സ്വാതിതിരുനാൾ മഹാരാജാവു്, ആട്ടക്കഥാകർത്താവായ അശ്വതിതിരുനാൾ മഹാരാജാവു്, മഹാകവി ഇരയിമ്മൻ തമ്പി, 'ചിന്താമണി'പ്രണേതാവായ കോഴിക്കോട്ടെ മണിത്തമ്പുരാൻ, വ്യാകരണവിദുഷിയായ മനോരമത്തമ്പുരാട്ടി, അഖിലേന്ത്യാപ്രശസ്തിനേടിയ കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ, പണ്ഡിതവരേണ്യനായ രാമപാണിവാദർ, അദ്ദേഹത്തിന്റെ മാതുലൻ രാഘവപാണിവാദർ, ഉത്തരനൈഷധീയകർത്താവായ ആത്രർ അടിതിരി, വിദ്വച്ഛിരോമണിയായിരുന്ന കുഞ്ഞിട്ടി രാഘവൻനമ്പ്യാർ എന്നു തുടങ്ങി സംസ്കൃതസാഹിത്യനഭോമണ്ഡലത്തേ, അതിൻറ് കേരളഭാഗത്തെ വിശേഷിച്ചും, വിശ്വമോഹനമാക്കിത്തീർത്ത മഹാപണ്ഡിതന്മാർ

37100.

കൊല്ലം പത്താംശതകത്തിന്റെ സന്താനങ്ങളായിരുന്നു. കോഴിക്കോട്ടു മുതല്ക്കു തിരുവനന്തപുരംവരെയുള്ള എല്ലാ രാജസ്ഥാനങ്ങളിലും അവസ്ഥപോലെയുള്ള വിദ്വത്സദസ്സുകളും വിദ്വത്തപ്രകടനങ്ങളും യഥാവിധി നടന്നുകൊണ്ടിരുന്നു. സമരസംഘട്ടനങ്ങളും സമാധാനക്കേടുകളും കേരളത്തെ കീഴ്മേൽ മറിച്ചിരുന്നാലും, അതിൽനിന്നെല്ലാം വിട്ടും, അതുകൊണ്ടൊന്നും ചഞ്ചലമാകാതെയും, ശാന്തവും സുന്ദരവുമായ ഒരു സംസ്കാരാഭിവൃദ്ധി അക്കാലത്തും പ്രവഹിച്ചുകൊണ്ടിരുന്നു എന്നതു നിരാക്ഷേപമാണു്. സംസ്കൃതകവികളേയും പണ്ഡിതന്മാരേയും മാത്രമല്ല, ആ നൂററാണ്ടു നമുക്കു പ്രദാനംചെയ്തിട്ടുള്ളതു്. മലയാളഭാഷയുടെ ആത്മാവും ശരീരവും എന്നു നിർവ്വിശങ്കം നിർവ്വചിക്കാവുന്ന സാക്ഷാൽ കുഞ്ചൻനമ്പ്യാർതന്നെ പത്താംനൂററാണ്ടിന്റെ പ്രിയപുത്രനാകുന്നു.

ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടും സംസ്കാരാഭ്യുദയത്തിൽ അതീവതല്പരനായിരുന്നു. ജ്യൗതിഷം, വൈദ്യം, ആചാരപദ്ധതി, തച്ചുശാസ്ത്രം, മന്ത്രവാദം, രാജനീതി എന്നീ വിഷയങ്ങളിൽ അവിടേക്കു കൂടുതൽ ശ്രദ്ധയും പരിശ്രമവും ഉണ്ടായിരുന്നു എന്നു കാണുന്നുണ്ടു്. 'വൈദ്യനാഥദീക്ഷിതീയം' എന്നൊരു ആചാരഗ്രന്ഥം കിട്ടുന്നതിനുവേണ്ടി അവിടുന്നു പല ദിക്കുകളിലേക്കും ആളുകളെ അയയ്ക്കുകയും, എഴുത്തുകൾ അയയ്ക്കുകയും ചെയ്തു. എന്തു കൊടുത്തിട്ടും അതൊന്നു കയ്ക്കലാക്കുവാൻ പണിപ്പെട്ടിരുന്നു. എന്നാൽ ആ ഗ്രന്ഥം കൈവശം വന്നുവോ എന്നുള്ളതിനു റിക്കാർട്ടൊന്നും കാണുന്നില്ല. അതുപോലെതന്നെ അപൂർവ്വഗ്രന്ഥങ്ങൾ പലതും—വിശേഷിച്ചും ജ്യൗതിഷവും മന്ത്രവാദവും വൈദ്യവും—ശേഖരിക്കുന്നതിനു കൊണ്ടുപിടിച്ചു ശ്രമിച്ചിരുന്നു. 'ശിവകി'യേയും 'ലക്കപ്രൊവു'കളെയും മററും മാത്രമല്ല, ഗ്രന്ഥങ്ങളേയും, ഗ്രന്ഥകാരന്മാരേയും ശക്തൻതമ്പുരാൻ തേടിപ്പിടിച്ചിരുന്നു. അന്നത്തെ മന്ത്രവാദികളിൽ അഗ്രഗണ്യനായിരുന്ന കല്ലൂർനമ്പൂതിരിപ്പാടും, തന്ത്രശാസ്ത്രത്തിൽ അതിനിപുണനായിരുന്ന ചോന്ദ്രോസ്സ് നമ്പൂതിരിപ്പാടും, 'വൈദ്യരത്ന'മായിരുന്ന അരണാട്ടുകരത്തരകനും, ജ്യൗതിഷശാസ്ത്രപാരംഗതനായിരുന്ന മച്ചാട്ടു് ഇളയതും, കച്ചകെട്ടി 'മേലൊക്കെ കണ്ണാക്കി'യിരുന്ന പേരാററുപുറത്തു പണിക്കരും (നമ്പൂതിരി), രാജ്യതന്ത്രവിദഗ്ദ്ധന്മാരായിരുന്ന മാളിയേക്കൽ ഗോവിന്ദമേനോൻ, കാരയ്ക്കാട്ടു രാമമേനോൻ എന്നിവരോടൊപ്പം ശക്തൻതമ്പുരാന്റെ അതിരററ അഭിനന്ദനങ്ങൾക്കു പാത്രമായ അസാമാന്യന്മാരായിരുന്നു.

പഴനെല്ലിപ്പുറത്തു തയ്ക്കാട്ടുമൂസ്സിൻെറ ഇല്ലക്കാർ കൊച്ചിരാജ്യത്തു വന്നതും, തൃശ്ശൂരിനടുത്തു കിഴക്കുംപാട്ടുകരയിൽ സ്ഥിരതാമസമുറപ്പിച്ചതും ശക്തൻതമ്പുരാൻെറ കാലത്തും അവിടുത്തെ ആശ്രയത്തിലുമായിരുന്നു. സാമൂതിരിയുടെ രാജ്യത്തുള്ള അവരുടെ ഇല്ലത്തു് അവക്കു സുഖവാസം അസാദ്ധ്യമായിത്തീൎന്നു എന്നും, അതിനുള്ള പ്രധാനകാരണം ആ മൂസ്സു കൊച്ചിരാജാവിനെ ചികിത്സിച്ചു സുഖപ്പെടുത്തി എന്നുള്ളതായിരുന്നു എന്നുമാണു കഥ പറഞ്ഞുകേൾക്കുന്നതു്. അതെന്തായാലും ആ ഇല്ലക്കാരെ ശക്തൻതമ്പുരാൻ സ്വാഗതംചെയ്കയും, അവക്കു കിഴക്കുംപാട്ടുകരയിൽ ഒരില്ലവും സ്വത്തുക്കളും പല അനുഭവങ്ങളും അന്തസ്സുകളും കല്പിച്ചുകൊടുക്കുകയും ചെയ്തു എന്നതു പരമാൎത്ഥം തന്നെ.

ശക്തൻതമ്പുരാൻെറ പ്രധാനവൈദ്യൻ അന്നത്തെ ആ മൂസ്സായിരുന്നു. വൈദ്യശാസ്ത്രസംബന്ധമായും അല്ലാതെയും അദ്ദേഹം പല വിശിഷ്ടകൃതികളും രചിച്ചിട്ടുള്ളതായി പ്രസിദ്ധിയുണ്ടെങ്കിലും ഒന്നുപോലും കണ്ടുകിട്ടുവാൻ കഴിഞ്ഞിട്ടില്ല. അച്ചടിശാലകളും പാഠപ്പുസ്തകക്കമ്മെററികളും ഇല്ലാതിരുന്ന ആ കാലത്തു്, വശ്യവാക്കുകളായ വിദ്വാന്മാർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ മിക്കപ്പോഴും അവരവരുടെ കാലത്തോടുകൂടി വിസ്മൃതങ്ങളായിരിക്കാമെങ്കിലും, പലതും അനവധാനതകൊണ്ടു നഷ്ടപ്പെട്ടിരിക്കാമെങ്കിലും, "അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും" എന്ന വ്രതംവെച്ചു പ്രയത്നിച്ചാൽ ഇനിയും പലതും കിട്ടിയേക്കാമെന്നു്, ദിനംതോറും ഗവേഷണപടുക്കളാൽ പുറത്തുവിടപ്പെടുന്ന നവീനവിജ്ഞാനശകലങ്ങൾ വിളംബരപ്പെടുത്തുന്നു.

മച്ചാട്ടു് ഇളയതു്—ശങ്കരൻപിള്ളി—പല നിലയിലും വളരെ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിൻെറ ശ്ലോകസൃഷ്ടിയിൽ ടിപ്പുസുൽത്താൻ പോലും പരിഭ്രാന്തചിത്തനായി വിലപിടിച്ച സമ്മാനങ്ങൾ നല്കിയിട്ടുള്ളതായി പറയപ്പെടുന്നുണ്ടു്. മച്ചാട്ടേയ്ക്കു തൃശ്ശൂർനിന്നു പത്തുപന്ത്രണ്ടു നാഴിക അകലമേയുള്ളു. ശക്തൻതമ്പുരാൻ തൃശ്ശൂരെഴുന്നള്ളിത്താമസിക്കുമ്പോഴെല്ലാം ഇളയതും ഒന്നിച്ചുണ്ടാകാറുണ്ടത്രേ. വീമ്പിലെ ഊട്ടുസ്ഥാപനത്തിനുണ്ടായ എഴുന്നള്ളത്തവസരത്തിലെ ലക്ഷണം പറയൽ, പശ്ശുക്കരണത്തിൽ വാഴവെച്ചാൽ കായ വെട്ടുന്നതല്ലെന്നുള്ള ശാസ്ത്രവിധിയെക്കുറിച്ചു തമ്പുരാനും ഇളയതും തമ്മിലുണ്ടായ വാദം, ഒടുവിൽ ഇളയതിൻെറ വാദത്തിനുണ്ടായ വിജയം, ഉണ്ണിനുള്ളിൽപ്പെട്ട

ചതഞ്ഞുപോയ സർപ്പത്തിന്റെ കോപത്തെക്കുറിച്ചുള്ള വാദകോലാഹലം, ഉണ്ട വെട്ടിപ്പൊളിച്ചു സർപ്പത്തെ പുറത്തെടുത്തു രക്ഷപ്പെടുത്തൽ, മുതലായി ശക്തൻതമ്പുരാനെയും എളയതിനെയും പരസ്പരം സംബന്ധിക്കുന്ന വിമോഹനങ്ങളായ വിവിധകഥകൾ വിശ്രുതങ്ങളായിത്തീർന്നിട്ടുണ്ട്. അതിൽനിന്നെല്ലാം രണ്ടുകാര്യങ്ങൾ, ഏതായാലും, സ്പഷ്ടമാകുന്നുണ്ട്: ഒന്നാമത്തു് എളയതു് അപാരപണ്ഡിതനായിരുന്നു; രണ്ടാമത്തു് എളയതു തമ്പുരാന്റെ വാത്സല്യഭാജനമായിരുന്നു.

മച്ചാട്ടു് എളയതിനെ ഇന്നത്തെ മലയാളികൾ, സാഹിത്യകാരന്മാർ വിശേഷിച്ചും, മാനിക്കുന്നതു് അദ്ദേഹത്തിന്റെ ശാസ്ത്രവ്യുൽപത്തിയെ പരിഗണിച്ചിട്ടല്ല; അദ്ദേഹത്തിന്റെ സുന്ദരങ്ങളും സർവ്വവിദിതങ്ങളുമായ സാഹിത്യപ്രയത്നങ്ങളെ അഭിനന്ദിച്ചിട്ടാകുന്നു. അസാമാന്യമായ കവിതാവാസനയും സാഹിത്യാഭിരുചിയും കലർന്ന ഒരു കലാകാരനായിരുന്നു അദ്ദേഹം. ശാകുന്തളം, പാർവ്വതീപരിണയം, സീതാസ്വയംവരം മുതലായി മേത്തരങ്ങളായ ഒട്ടേറെ കൈകൊട്ടിക്കളിപ്പാട്ടുകൾ അദ്ദേഹം നിർമ്മിച്ചിട്ടുണ്ട്. ആ പരമരസികന്റെ "ഓടും മൃഗങ്ങളെത്തേടി നരപതി" എന്നും, "കല്യാണി കളവാണി" എന്നും മററുമുള്ള സ്വന്തം മനോധർമ്മസൃഷ്ടങ്ങളായ ശീലുകളെ ഇന്നത്തെ ജീവത്സാഹിത്യകാരന്മാർകൂടി കൃതാർത്ഥതയോടെ അംഗീകരിച്ചുകാണുന്നുണ്ട്. അതിനുപുറമേ, "രാമായണം യമകകാവ്യം", "ധാന്യമുഖാലയേശസ്തവം" തുടങ്ങിയ പല ഉൽകൃഷ്ടസംസ്കൃതകൃതികളും അദ്ദേഹത്താൽത്തന്നെ വിരചിതങ്ങളായിട്ടുണ്ട്. ഈ സാഹിത്യസംരംഭങ്ങൾക്കെല്ലാം പ്രോത്സാഹനവും, പലപ്പോഴും പ്രേരണയും പുറപ്പെട്ടിരുന്നതു ശക്തൻതമ്പുരാൻ തിരുമേനിയിൽനിന്നായിരുന്നു. എന്നുമാത്രമല്ല, എളയതിന്റെ കൈകൊട്ടിക്കളിപ്പാട്ടുകൾ, ഒന്നു തുടർന്നു മററൊന്നുണ്ടായതു്, ശക്തൻതമ്പുരാന്റെ നിർദ്ദേശപ്രകാരവും, അവിടത്തെ നേത്ര്യാരമ്മയുടെ അപേക്ഷയനുസരിച്ചുമാണെന്നാണു കേൾവി. ചിമ്മുക്കുട്ടിയമ്മയുടെ 'പാട്ടും കളിയു'മാണല്ലൊ അവരെ ശക്തനിലേയ്ക്കു് ആകർഷിച്ചതു്. അവർക്കു പാടാനും കളിക്കാനും വേണ്ടിത്തന്നെ പല പാട്ടുകളും, തമ്പുരാൻ കല്പിച്ചതനുസരിച്ചു്, എളയതു നിർമ്മിച്ചിട്ടുണ്ടത്രെ. എളയതു് ഒരു പാട്ടുണ്ടാക്കിക്കഴിഞ്ഞാൽ 'ചിമ്മുക്കുട്ടിയമ്മ അതു ഹൃദിസ്ഥമാക്കി കൂട്ടുകാരെ പഠിപ്പിക്കുമെന്നും, ചിമ്മുക്കുട്ടിയമ്മയുടെ അദ്ധ്യക്ഷതയിൽ പാട്ടു മുഴുവനും അടുത്ത അവസരത്തിൽ തിരുമുമ്പിൽവെച്ചു സ്ത്രീകൾ പാടിക്കളിക്കുമെന്നും, എളയതിനുള്ള സമ്മാനദാനങ്ങളും മററും അന്നായിരിക്കുമെന്നും മററും രസപ്രദങ്ങളും

സംഭവ്യങ്ങളുമായ അനേകം കഥകളുണ്ടു്. എതായാലും രസിക ശിരോമണിയായിരുന്ന മച്ചാട്ടു് എളയതിന്റെ സാഹിത്യവാസന ശക്തൻതമ്പുരാനാൽ സവിശേഷം സല്ക്കരിക്കപ്പെട്ടു എന്നതു നിർവ്വിവാദമാകുന്നു.

കല്ലൂരു നമ്പൂരിപ്പാട്ടു് ഒരു മന്ത്രവാദിമാത്രമല്ല, അതിവാസനക്കാരനായ ഒരു കവികൂടിയായിരുന്നു. ശക്തൻതമ്പുരാൻ ടിപ്പുവിനെ സന്ദർശിക്കുവാൻപോയപ്പോൾ നമ്പൂരിപ്പാടു 'വശ്യ'ത്തിന്നായി തമ്പുരാനെ ഒരു തിലകംതൊട്ടുവിച്ചാണത്രെ അയച്ചതു്! ഇതിൽനിന്നു മറെറാന്നുമില്ലെങ്കിലും, തമ്പുരാനും നമ്പൂരിപ്പാട്ടും വളരെ പത്ഥ്യത്തിലായിരുന്നു എന്നെങ്കിലും വിചാരിക്കണം. ആ നമ്പൂരിപ്പാട്ടിലെ ഇല്ലവും തൃശ്ശൂരിനടുത്തുള്ള ഒല്ലൂരാണു്. അദ്ദേഹവും ശക്തന്റെ നർമ്മസചിവന്മാരിൽ ഒരാളായിരുന്നു. അദ്ദേഹത്തിന്റെ മന്ത്രവാദനൈപുണിയെ തമ്പുരാൻ പരീക്ഷിച്ചതായ ഒരു കഥയും പ്രചാരത്തിലുണ്ടു്. ബാലിവിജയം, മധുകൈടഭവധം മുതലായ കേൾവിപ്പെട്ട കൃതികളുടെ കർത്താവു് ആ നമ്പൂരിപ്പാടാകുന്നു. ബാലിവിജയം കഥകളി എഴുതിക്കഴിഞ്ഞ ഉടനെ ഇദംപ്രഥമമായി അരങ്ങേററം കഴിച്ചതു തൃശ്ശിവപേരൂർക്കോവിലകത്തുവെച്ചും ശക്തൻതമ്പുരാന്റെ മഹനീയാദ്ധ്യക്ഷതയിലുമായിരുന്നുവത്രെ. അതിനുവേണ്ട കളിയോഗക്കാരെ തൃപ്പൂണിത്തുറനിന്നാണു വരുത്തിയതെന്നും, അന്നത്തെ അഭിനയചാതുരിയിൽ തമ്പുരാൻ അപഹൃതചിത്തനായിബ്ഭവിച്ചു എന്നും, അന്നുമുതൽ തൃപ്പൂണിത്തുറയിലെ കഥകളിയോഗക്കാൎക്കു 'ശുക്രദശ'യുണ്ടായി എന്നും പ്രസിദ്ധമാണു്.

"പാരെങ്ങും പേർ പുകഴ്ന്നീടിന," കവിവൎയ്യനായ എടവട്ടിക്കാട്ടു നമ്പൂരിയുടെ ഇല്ലം തൃപ്പൂണിത്തുറയ്ക്കടുത്തു വാകോട എന്ന പ്രദേശത്താണു്. രുഗ്മിണീസ്വയംവരം എന്ന വിശിഷ്ടഗ്രന്ഥത്തിന്റെയും, അനേകം ഒററശ്ലോകങ്ങളുടെയും കർത്താവായ ആ നമ്പൂരിപ്രവരൻ കൊച്ചിയിലും തിരുവിതാംകൂറിലും ഒരുപോലെ സേവകനായിരുന്നു. അദ്ദേഹം പലപ്പോഴും രണ്ടേടത്തേയും ദൗത്യം വഹിച്ചിട്ടുമുണ്ടു്. കൊച്ചിരാജകുടുംബവും എടവട്ടിക്കാട്ടില്ലവും, പ്രത്യേകം താല്പൎയ്യത്തിലായിരുന്നു എന്നതു നിർവ്വിവാദമാണു്.

തൃശ്ശൂർനിന്നു് ഊരകത്തേയ്ക്കു പോകുന്നവഴിക്കു് ഏതാണ്ടു മാൎഗ്ഗമദ്ധ്യത്തിലാണു് അത്തൂർ ഭട്ടതിരിയുടെ—അടിതിരിയുടെ—ഇല്ലം. ഉത്തര

നൈഷധം എന്ന മഹാകാവ്യത്താൽ അനശ്വരകീൎത്തിമാനായിട്ടുള്ള ആ മഹാപണ്ഡിതകവി ശക്തൻതമ്പുരാന്റെ സ്നേഹബഹുമാനങ്ങളെ ഹാൎദ്ദാകൎഷിച്ചിരുന്നു. എന്നുതന്നെയല്ല തൃപ്പൂണിത്തുറെക്കോവിലകത്തെ കൊച്ചുതമ്പുരാക്കന്മാരെയും മററും സംസ്കൃതം പഠിപ്പിക്കുന്നതിനുവേണ്ടി അടിതിരിയേയാണു ശക്തൻതമ്പുരാൻ അഭിഷേചിച്ചയച്ചതു്. തൃപ്പൂണിത്തുറയിലെ സംസ്കൃതവിദ്യാഭ്യാസത്തിന്റെ ആരംഭം അന്നുമുതല്ക്കാകുന്നു. ഇപ്പോഴും അവിടെയുള്ള സംസ്കൃതകോളെജും വാക്യാൎത്ഥസദസ്സും മററും അതിൽനിന്നു് അനുക്രമമായി വളൎന്നുവന്ന സ്ഥാപനങ്ങളാണെന്നു ധാരാളം അഭിമാനിക്കാവുന്നതാണു്.

ശക്തൻതമ്പുരാന്റെ ആദ്യത്തെ നേത്യാരമ്മയായിരുന്ന കുറുപ്പത്തുമഠത്തിലെ പാറുക്കുട്ടിയമ്മയ്ക്കു് ഒരു മകളുണ്ടായിരുന്നു എന്നും, ആ കുട്ടിയുടെ ചോറൂണും കെട്ടുകല്യാണവുമാണു ശക്തൻതമ്പുരാൻ ആഘോഷിച്ചതെന്നുമുള്ള ഒരുപക്ഷക്കാരുണ്ടെന്നു് അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതേതുപ്രകാരമായാലും, കുറുപ്പത്തെ ഒരു സ്ത്രീയുടെ—ആ മകൾതന്നെയാണെങ്കിൽ അത്രയും നന്നായി—ഭൎത്താവു ചേരാനെല്ലൂൎമൂപ്പിലെ കൎത്താവായിരുന്നു എന്നും, ആ വിവാഹബന്ധം വഴിക്കുംകൂടിയാണു ചേരാനെല്ലൂർകൎത്താവിനെ — അഞ്ചിക്കൈമ്മൾമാരിൽ പ്രഥമഗണനീയനെ — ശക്തൻതമ്പുരാൻ രാജശാസനത്തിൽ ഒതുക്കിനിൎത്തിയതെന്നും, ആ സ്ത്രീ പിന്നീടു സന്താനലാഭംകൂടാതെ മരിക്കുകയാണുണ്ടായതെന്നും, കുറുപ്പത്തു വീട്ടുകാരിൽനിന്നുതന്നെ അറിയുവാൻ ഇടയായിട്ടുണ്ടു്. ആ കഥയുടെ നിജസ്ഥിതിയല്ലാ പ്രസ്താവവിഷയം. ശക്തൻതമ്പുരാന്റെ കാലത്തെ ആ ചേരാനെല്ലൂർകൎത്താവു്—കൃഷ്ണൻകൎത്താവുമൂപ്പിന്നു്—പ്രാമാണികനായ ഒരു സാഹിത്യകാരനും, തമ്പുരാന്റെ ആപ്തമിത്രവുമായിരുന്നു. ചിൽപുരേശസ്തവം, നാരായണീയാനുകരണം എന്ന രണ്ടു നല്ലഗ്രന്ഥങ്ങൾ ആ മഹാന്റെ കൃതികളാകുന്നു. ചിൽപുരേശൻ, തെക്കൻചിററൂർ എന്നു പറയുന്ന ചേരാനെല്ലൂർ ചിററൂർക്ഷേത്രത്തിലെ ശ്രീകൃഷ്ണസ്വാമിയാകുന്നു.

ഉഷാനിരുദ്ധം എന്നൊരു സംസ്കൃതകാവ്യത്തിന്റെ കൎത്താവായ ആമ്പല്ലൂർ എളേടത്തു നമ്പൂരിപ്പാട്ടും ഈ കാലത്തെ ഒരു മഹാകവിയാകുന്നു. ആ കാവ്യംതന്നെ രാജശാസനപ്രകാരം നിൎമ്മിച്ചതാണത്രെ. ഏത്തവട്ടിക്കാടിന്റെ രുഗ്മിണീസ്വയംവരം രാജസദസ്സിൽ അവതരിപ്പിച്ചപ്പോൾ, അതിന്റെ നിരൂപണവിഷയത്തിൽ പങ്കുചേൎന്ന ആമ്പല്ലൂർ,

എന്തോ ഒരു കുതർക്കം പുറപ്പെടുവിച്ചതിനെത്തുടർന്നു്, "ഞാൻ തന്നെ ആമ്പല്ലതും ഒന്നുണ്ടാക്കിക്കൊണ്ടുവരാം" എന്നുണ്ടായ രാജകല്പനയെ ആദരിച്ചും അനുസരിച്ചും, രുഗ്മിണീസ്വയംവരത്തെ അനുകരിച്ചും, നിർമ്മിച്ച കൃതിയാണുപോലും ഉഷാനിരുദ്ധം. അതുകൊണ്ടു് ഉഷാനിരുദ്ധത്തിന്റെ ആവിർഭാവത്തിൽ കൊച്ചിരാജകുടുംബത്തിലേയ്ക്കു നല്ലൊരു പങ്കുണ്ടെന്നു തീച്ചയാണു്.

കല്ലായക്കുളങ്ങരെ രാഘവപ്പിഷാരോടിയെക്കുറിച്ചു സാഹിത്യഗവേഷകന്മാരല്ലാതെ സാധാരണക്കാർ ഒരുസമയം കേട്ടിരിക്കയില്ലെങ്കിലും, അദ്ദേഹം ശക്തൻതമ്പുരാന്റെ ഒരാശ്രിതനും അവിടുത്തെ സംരക്ഷണയിൽ വളന്നുവന്ന ഒരു സാഹിത്യകാരനുമായിരുന്നു. പാലക്കാട്ടുശ്ശേരിയിൽ ഇട്ടിക്കോമ്പി അച്ഛന്റെ സദസ്യനായിരുന്നു ആ പിഷാരോടി. ഇട്ടിക്കോമ്പിയച്ചനും ശക്തൻതമ്പുരാനും തമ്മിൽ, അതിർത്തിക്കാര്യത്തിൽവെച്ചു് ഒരേററുമുട്ടലുണ്ടായപ്പോഠം, ന്യായം നോക്കിയോ, ശക്തിയറിഞ്ഞോ എന്തോ, പിഷാരോടി ശക്തൻതമ്പുരാന്റെ പങ്കുപറഞ്ഞു എന്നും, അതിൽവെച്ചു് അച്ഛൻ പിഷാരോടിയുടെ പരമശത്രുവായിത്തീന്നു എന്നും, അച്ഛനെപ്പേടിച്ചു് അദ്ദേഹം തമ്പുരാനെ ശരണീകരിച്ചു എന്നും, അങ്ങനെയാണു കൊച്ചിക്കു കടന്നുകൂടിയതെന്നും, മററുമാണു കേഠംവിയുള്ളതു്. പിഷാരോടിയുടെ കൃതിയായി അറിയപ്പെടുന്നതു നളചരിതം നാലുദിവസത്തെ കഥകളിയാണു്. അന്നേയ്ക്കു് ഉണ്ണായിവാരിയരുടെ നളചരിതം പുറത്തായിരിക്കുന്നു. "ഉണ്ണായിയുടെ നളചരിതം ഒരു ദേശീയമട്ടാണു്. അതു പോരാ, നമുക്കു വേറിട്ടൊന്നു വേണം" എന്നു കല്പിക്കപ്പെട്ടതനുസരിച്ചാണുപോൽ പിഷാരോടിയുടെ നളചരിതം രചിക്കപ്പെട്ടതു്. ഈ ഗ്രന്ഥം തൃപ്പൂണിത്തുറെ ഈടുവെപ്പിൽ ഇരിപ്പുണ്ടു്.

സാക്ഷാൽ കുഞ്ചൻനമ്പ്യാർ, കേരളത്തിന്റെ കണ്ണിലുണ്ണി, മലയാളത്തിന്റെ മകുടാലങ്കാരം, യഥാർത്ഥത്തിൽ ഒരു കൊച്ചിക്കാരനാണെന്നു് അഭിമാനിക്കാവുന്നതാണു്. അദ്ദേഹം തൃപ്പൂണിത്തുറെക്കോവിലകത്തും വളരെ പരിചിതനായിരുന്നു എന്നതിന്നു തക്ക തെളിവുകളും ഇല്ലാതെയില്ല. ശക്തൻതമ്പുരാന്റെ 'ചിററമ്മത്തമ്പുരാൻ' പണ്ടത്തെ രീതിയിലുള്ള പാട്ടും കളിയും നന്നെ ഇഷ്ടപ്പെട്ടിരുന്നു. അവിടുത്തെ കോവിലകത്തു് ഇടയ്ക്കൊക്കെ കൈകൊട്ടിക്കളി നടക്കാറുണ്ടായിരുന്നു. അതിൽ വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചിരുന്നവക്കു് അവിടുന്നു് ഓണ

പ്പടവശും കല്പിച്ചനല്കിയിരുന്നു. "പാറക്കുട്ടിക്കു പാട്ടും കളിയുമുണ്ടോ," എന്നായിരുന്നുവത്രേ ശക്തൻതമ്പുരാൻെറ അത്ത്യന്തത്തെ നേത്ത്യാരമ്മയോട്ട് അവിടുന്നു് ഒന്നാമതായി ചെയ്യ കുശലപ്രശ്നം! ആ ചിററമ്മത്തമ്പുരാൻെറ ആവശ്യപ്രകാരമാണു കുഞ്ചൻനമ്പ്യാർ "രുഗ്മിണീസ്വയംവരം പത്തുവൃത്തം" ഉണ്ടാക്കിയതെന്നാണു തൃപ്പൂണിത്തുറയിലുള്ള ഐതിഹ്യം. ആ പത്തുവൃത്തം വളരെക്കാലം—ഇന്നത്തെ സമ്പ്രദായത്തിലുള്ള സംഗീതം പ്രചാരപ്പെടുന്നതുവരെ—അവിടത്തെ കോവിലകങ്ങളിൽ സാധാരണ പാടിപ്പോന്നിരുന്നു.

ശക്തൻതമ്പുരാൻെറ കാലത്തു സാഹിത്യത്തിനും മററും നല്ല അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നും, ആ അഭ്യുദയത്തിൽ കൊച്ചിക്കും യഥാവിധി പ്രത്യേകാഭിമാനത്തിനു് അർഹതയുണ്ടെന്നും കാണിക്കുവാനും, നിഷ്കണ്ടകനോ നിർദ്ദയനോ, അരസികനോ ആയിരുന്നു ശക്തൻതമ്പുരാൻ എന്നു പറയുന്നതു കേവലം അടിസ്ഥാനരഹിതമാണെന്നു തെളിയിക്കുവാനും വേണ്ടി ഇത്രയും വിസ്തരിച്ചതാണു്. ശക്തൻതമ്പുരാൻെറ സാഹിത്യാഭിരുചിയും സംസ്കൃതപഠനശക്തിയും കലാപ്രോത്സാഹനങ്ങളും മററും അഭിനന്ദനീയങ്ങളായിരുന്നു. അവയെല്ലാം അവിടത്തെ അനന്തരവന്മാരുടെ കാലത്തു കൂടുതൽ പൗഷ്കല്യത്തെ പ്രാപിക്കുകയും ചെയ്തു.

LIV

അസ്തമനം.

൧

അന്ത്യകാലം.

ശക്തൻതമ്പുരാൻ, അയ്മ്പത്തഞ്ചു തിരുവയസ്സു കക്കടകത്തിൽ തികഞ്ഞ പിന്നത്തെ കന്നിമാസത്തിൽ, തീപ്പെട്ടതുകൊണ്ടു ദീർഘായുർയോഗം അവിടേയ്ക്കു് ഉണ്ടായിരുന്നില്ലെന്നു സ്പഷ്ടമാണല്ലോ. ജാതകപ്രകാരം എട്ടാം ഭാവം ദുർബ്ബലവും ദുഷ്ടമയവുംതന്നെയായിരുന്നു. അവിടത്തെ പേരു കേൾക്കുന്നവക്കും വിക്രമങ്ങളെ വിവരിക്കുന്ന കഥകൾ ശ്രദ്ധിക്കുന്നവക്കും അവിടുന്നു് അസാദൃശമായ മനോബലം മാത്രമല്ലാ, അസാമാന്യമായ കായബലം കൂടി ഉണ്ടായിരുന്ന ഒരാളായിരുന്നു

ഉണ്ടെന്നാണ് തോന്നുക. എന്നാൽ, ഇരുപതു വയസ്സു തികയുന്നതിനു മുമ്പിൽത്തന്നെ അവിടേയ്ക്കു രാജ്യഭരണക്ലേശം അനുഭവിക്കേണ്ടിവന്നതു കൊണ്ടും അന്നു തുടങ്ങി രാവുപകലെന്ന വ്യത്യാസംകൂടാതെ അവിടുത്തെ ബുദ്ധിയും ശരീരവും ഒരുപോലെ കഠിനമായി അവിശ്രമം അദ്ധ്വാനിച്ചിരുന്നതുകൊണ്ടും ക്രമപ്രകാരം മൂത്ത രാജാവായി പട്ടം കെട്ടാറയപ്പോഴേയ്ക്കും അവിടുന്നു ഏറെക്കുറെ ഒരു ദീനക്കാരനായിത്തീർന്നിട്ടുണ്ടായിരുന്നു. കുതിരസ്സവാരി അവിടേയ്ക്കു് ഏറ്റവും ഇഷ്ടമായിരുന്നു. അതു പത്തുപന്ത്രണ്ടു വയസ്സുള്ളപ്പോൾ മുതല്ക്കു ശീലിച്ചും വന്നിരുന്നു. അവിടുത്തെ യാത്രകൾ, എല്ലായ്പോഴും എന്നുതന്നെ പറയാം, കുതിരപ്പുറത്തായിരുന്നു. ഒരു സാധാരണ പാവുമുണ്ടു ചാർത്തി ചുവപ്പു നിറത്തിലുള്ള ഒരു വലിയ ഉറുമാൽ തലയിൽ കെട്ടി, ഒരു അംഗവസ്ത്രം തോളത്തു് ഇട്ടും. ഇതായിരുന്നുവത്രെ സാധാരണ വേഷം. വലത്തെ കയ്യിന്റെ മോതിരവിരലിന്മേൽ മാത്രം കുറെവലുപ്പമുള്ള ഒരു മുദ്രമോതിരവും കാതിൽവൈരക്കല്ലുവെച്ച കടുക്കനും ധരിച്ചിരുന്നതുകൂടാതെ വേറെ വിഭൂഷകൾ ഒന്നും സാധാരണ ഉണ്ടാവാറില്ല. കടുക്കൻ ആവശ്യാനുസരണം അഴിച്ചുവെയ്ക്കാറുമുണ്ടു്. ഉടവാൾ ഒന്നു് എതുനേരത്തും ഉണ്ടായിരിക്കുമത്രെ. വാളായിരുന്നു അവിടുന്നു് ഏററവും ഇഷ്ടപ്പെട്ടിരുന്ന ആയുധം. എന്നാൽ അവിടുന്നു വളരെ പ്രിയപ്പെട്ടിരുന്ന വിശേഷപ്പെട്ട ഒരു പിസ്റ്റൽ എപ്പോഴും കൂടെ കൊണ്ടുപോകാറുണ്ടു്. അവിടുത്തെ വകയായി പലതരത്തിലുള്ള അനവധി തോക്കുകൾ സക്കാർവക ഊട്ടുവെപ്പിൽ പിള്ളാലത്തും ഉണ്ടായിരുന്നു എന്നും, അതിൽനിന്നു വിശേഷപ്പെട്ട ഒരു കുഴൽ തോക്കു 'കിച്ചനർപ്രഭു' എറണാകുളം സന്ദർശിച്ച അവസരത്തിൽ കണ്ടു ഭ്രമിച്ചു് എടുത്തുകൊണ്ടുപോയി എന്നും ഉള്ള സംഗതി പ്രത്യേകം പ്രസ്താവ്യമാകുന്നു. കുതിരകളിൽ അവിടുത്തെ പ്രത്യേകവാത്സല്യത്തിനു പാത്രീഭൂതമായിരുന്നതു 'പഞ്ചകല്യാണി' എന്നൊരു പെൺകുതിരയായിരുന്നു. വളരെക്കാലം അതിനെത്തന്നെയാണു സവാരിക്കു് ഉപയോഗിച്ചിരുന്നതു്.

തോട്ടങ്ങളിൽ കടന്നുചെന്നു് അവിടത്തെ പണികൾ പരിശോധിക്കുക, പണിക്കാർക്കു കൂടുതൽ ഉപദേശങ്ങൾ കൊടുക്കുക, പൂന്തോട്ടങ്ങളിലെ പ്രവൃത്തികളെ നിയന്ത്രിക്കുക, ലായങ്ങളിലും തൊഴുത്തുകളിലും ആളറിയാതെയും ആകസ്മികമായും കയറിച്ചെന്നു് അവിടുത്തെ തീറ്റകളേയും തിരുമ്മലുകളേയും പരീക്ഷിക്കുക, (തിരുവനന്തപുരത്തു ചെന്നപ്പോൾ അവിടത്തെ ഒരു കുതിരക്കാരനെ തല്ലുകയോ കൊല്ലുകയോ.



തൃശ്ശിവപേരൂര്, [illegible]

തൃശ്ശിവപേരൂർ പഴയകോവിലകത്തിൻെറ കിടങ്ങും
കോട്ടവാതിൽ (വടക്കേച്ചിറ കോവിലകം)

ചെയ്യുവത്രെ), പാണ്ടികശാലകളിൽ ചേരിട്ടു ചെന്നിരുന്നു വില്പനകളെയും വിലത്തരങ്ങളെയും ഒത്തു നോക്കുക, എന്നിവയെല്ലാം നിയമേന എന്നപോലെ അവിടുന്നു ചെയ്തുകൊണ്ടിരുന്നു. പ്രായേണ ശിക്ഷകളെല്ലാം ഇളോം കഠിനങ്ങളായിരുന്നതുകൊണ്ടും, ഓരോരുത്തരും നടക്കേണ്ടും പ്രകാരത്തിനെല്ലാം വിശദമായും വിവരമായും തീട്ടുരങ്ങൾ കൊടുത്തിരുന്നതുകൊണ്ടും, ഏല്പിച്ചിരുന്ന പണികളിൽ വീഴ്ചകളും വിഘാതങ്ങളും തീരെ ഇല്ലാതിരുന്നു എന്നുതന്നെ പറയാം.

പ്രഭാതോത്ഥാനം ബാല്യത്തിലേ ശീലിച്ചിരുന്നതുകൊണ്ട് എത്ര നേരം വൈകിക്കിടന്നാലും, രാവിലെ അഞ്ചുമണിക്കുമുമ്പു പള്ളിക്കുറുപ്പുണരുന്നതു പതിവായിരുന്നു. സാധാരണ ഏഴരനാഴിക പുലരുന്നതോടുകൂടി അമൃതേത്തു കഴിഞ്ഞു കാര്യവിചാരത്തിന് എത്താറുണ്ടായിരുന്നുവത്രെ. കാളക്കു കഞ്ഞികൊടുക്കുന്ന കാര്യം മുതൽ, കമ്മീഷണർമാരുമായുള്ള കത്തെടപാടുകൾ വരെ സകലസംഗതികളും അവിടുത്തെ നേരിട്ടു ധരിപ്പിച്ചും, അവിടുത്തെ സ്വന്തം കല്പന അനുസരിച്ചും ആണു നടന്നിരുന്നതെന്ന് അക്കാലത്തെ രേഖകൾതന്നെ നിരാക്ഷേപം തെളിയിക്കുന്നുണ്ട്. കാര്യസ്ഥന്മാരുടെ 'ധയറികൾ' ദിവസേന വന്നുകൊണ്ടിരുന്നു. 'തൃശ്ശൂരെ കോവിലകം മേയുന്നതിനു ഏനാമാക്കൽനിന്നു ഓല വരുത്തുകയോ എങ്ങനെ വേണ്ടു' എന്നുംകൂടി ആവക 'റിപ്പോർട്ട്'കളിൽ ഉപദേശം ആവശ്യപ്പെട്ടിരിക്കുന്നു! എല്ലാററിനും തീട്ടുരങ്ങളും അയയ്ക്കും. ആ ഘടിതിക്കു 'കാര്യവിചാരം' എത്ര വിപുലമായതായിരുന്നു എന്ന് ഊഹിക്കാവുന്നതാണ്. തന്നിമിത്തം വിനോദങ്ങൾക്കും, വിശ്രമത്തിനും ലഭിച്ചിരുന്ന സന്ദർഭങ്ങൾ ഒട്ടും സുലഭങ്ങൾ ആയിരുന്നില്ല.

അചിരേണ ദേഹാസ്വാസ്ഥ്യം അവിടുത്തെ വിട്ടുപിരിയാതെയായി. ആ സംഗതി അവിടുത്തെ തിരുവെഴുത്തുകളിൽനിന്നു ധാരാളം തെളിയുന്നുമുണ്ട്. 970 മീനത്തിൽ കപ്പിത്താൻ മെക്കം പെക്ക്' അവർകൾക്ക് ഇങ്ങനെ എഴുതിയിരിക്കുന്നു. "നമ്മുടെ ശരീരത്തിനു അസാരം ദീനം തുടങ്ങി എണീററു നടക്കാൻകൂടിയും പരാധീനമായി[illegible]ആകകൊണ്ടത്രെ മുമ്പെ തങ്ങളുടെ കടദാസ്സു എഴുതി വന്നതിനു മറുപടി കൊടുത്തയപ്പാൻ താമസിച്ചതു. നമുക്കു ദീനം നന്നായിട്ടു ഉണ്ടാകകൊണ്ടു നാം തൃപ്പൂണിത്തുറെനിന്നും ഒരുവിധത്തിൽ ചൊവ്വരക്കു വന്ന വ[illegible] ഒരു മരുന്നു സേവിച്ചുവരുന്നു. അതിന്റെശേഷം എട്ടുപത്തു ദിവസമായിട്ടു ഭഗവൽകാരുണ്യംകൊണ്ടു കുറഞ്ഞൊരു ആശ്വാസ

മാകുന്നു. കുറെ സ്വസ്ഥാനം ആയതിൻെറ ശെഷം തൃപ്പൂണിത്തുറക്കുതന്നെ പൊകുന്നതും ആകുന്നു..."

അക്കൊല്ലം എടവമാസത്തിൽ, "നമുക്കസാരം തലനൊവും പനിയും ആകകൊണ്ടത്രെ തൃശ്ശൂരിൽ താമസിക്കുന്നതു്" എന്നും, മിഥുനത്തിൽ "നമുക്ക ശരീരത്തിന്നു കുറഞ്ഞൊരു സുഖക്കെടുണ്ടായിരുന്നതിന്ന ഇപ്പൊൾ കരു നെയ്യ കാച്ചി സെവിച്ചുവരുന്നതുകൊണ്ട കടദാസ്സുകൾ ഒന്നും നൊക്കാറില്ല" എന്നും എഴുതിക്കാണുന്നുണ്ടു്.

പഴനെല്ലിപ്പുറത്തു തയ്ക്കാട്ടു മൂസ്സ് അവിടുത്തെ സ്വന്തം വൈദ്യനാണെങ്കിലും ഇംഗ്ലീഷു ഡോക്ടർമാരുടെ മരുന്നുകളും അവിടുന്നു് ആവശ്യംപോലെ ഉപയോഗിച്ചിരുന്നു. അവരെ വിശ്വാസക്കേടോ അവരുടെ വൈദ്യത്തോടു് അനുഭാവശൂന്യതയോ അവിടേയ്ക്കുണ്ടായിരുന്നില്ലെന്ന്, 'ഡോക്ടർ വിൽസൻ' കോഴിക്കോട്ടു നിന്നയച്ചതായ താഴെ ചേക്കുന്ന എഴുത്തു തെളിയിക്കുന്നു.

"മഹാരാജശ്രീ പെരുമ്പടപ്പിൽ കൊച്ചിരാജാവ അവർകൾക്ക വിൽസൻ സായ്പു അവർകൾ സലാം. നാം രാജാവ അവർകളൊട ഇന്നലെ മരുന്ന കൊടുത്തയക്കാമെന്നു പറഞ്ഞിട്ടുണ്ടല്ലൊ. ആയതുകൊണ്ട ഇപ്പൊൾ ഈ കത്തുംകൊണ്ടുവരുന്ന ശിപായിയുടെപക്കൽ കൊടുത്തയച്ചിട്ടും ഉണ്ട. ആ മരുന്ന കരു ചെറിയ ഇത്തളിൽ അടങ്ങുന്നത എടുത്ത രാവിലെനെരവും വയ്യന്നെരവും അഷ്ടികഴിഞ്ഞ ഒരു മണിക്കൂറ താമസിച്ച രാജാവിൻെറ തൊണ്ടയിൽ ഉള്ള 'പണ്ഡത്തിന്മേൽ' (വ്രണത്തിന്മേൽ എന്നായിരിക്കാം) കാൽനാഴികനെരം വെച്ചുകൊള്ളുകയും വെണം. പിന്നെ തുപ്പിക്കളകയും വെണം. ഈ മരുന്ന കട്ടുങ്ങുവൊളം ദിവസെന്നാൽ അപ്രകാരംതന്നെ നടന്നുകൊള്ളുകയും വെണം. ഈ മരുന്ന വെച്ചിട്ടുള്ള അവസ്ഥ എപ്രകാരമെന്ന രാജാവ അവർകൾ നമുക്ക കൊഴിക്കൊട്ടുക്ക എഴുതി അയച്ചു എങ്കിൽ നന്നായിരുന്നു. ആ ഫഹദീനങ്ങൾ ഭെദംവരുത്തിന്ന താമസം വെണം. വിശെഷിച്ച അത നന്നായിവരുവാൻ പ്രയത്നം ചെയ്യാൻ വളരെ ആവശ്യം ഉണ്ട."

മറൊരു തിരുവെഴുത്തിൽ, "നമുക്കു ദീനത്തിനു വഴിപൊലെ സ്വസ്ഥാനം വരായ്കകൊണ്ട ഇപ്പൊൾ ഒരുകൂട്ടം ലെഹ്യവും പൊടിയും

ണ്ടാക്കി സേവിച്ചവരുന്നു. ദീനത്തിന്ന കുറെ ആശ്വാസം വന്നാൽ ഉ ടനെ തങ്ങളുമായിട്ടും കാണ്മാനുണ്ടതിന്ന നാം അവിടെ എത്തുകയും ചെ യ്യും......" എന്നു മേജർ പീതർസായിപ്പ് അവർകൾക്ക് എഴുതിക്കാ ണുന്നു. വാട്ടസൻ സായിപ്പ് അവർകൾ കമ്മീഷണർമാരുടെ കല്പനയും കൊണ്ടു ചെന്നപ്പോൾ "ധാരയും പിഴിച്ചിലും" ആയിരുന്നു എന്ന സം ഗതി മറ്റൊരിടത്തു പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

980 എടവത്തിൽ മെക്കാളെസായ്പിന്ന് ഇപ്രകാരം എഴുതിയി രിക്കുന്നു. "...നമുക്കിപ്പോൾ കുറെ കഷ്ടകാലം ആകകൊണ്ടും, കാ രൊ ദീനങ്ങൾ തുടങ്ങിയിരിക്കകൊണ്ടും, അതിന്നു നമ്മുടെ ശക്തിക്കു തക്കവണ്ണം ഉള്ള ഈശ്വരസേവകളും ദാനങ്ങളും ചെയ്യുവരുന്നു. തൃ ശ്ശിവപെരൂര ഒരു മഹാക്ഷെത്രം ആകകൊണ്ടും, മഹാബ്രാഹ്മണര അധി കം ആളുകൾ ഉള്ള ദിക്കാകകൊണ്ടും, ഈശ്വരസെവയും ദാനങ്ങളും തൃശ്ശൂരവെച്ച ആയാൽ കൊള്ളാമെന്ന ബ്രാഹ്മണര പലരും പറകകൊ ണ്ടും അത്രെ ഇവിടെത്തന്നെ വെച്ച ചെയ്യുവരുന്നതു."

ഈ എഴുത്തിനുശേഷം തൃശ്ശൂരുനിന്നു പോയിട്ടില്ലെന്നും, 981_ലെ ഒരു തച്ചമയംകൂടി തൃശ്ശൂരുവെച്ചാണു നടത്തിയതെന്നും, ആ കന്നിയിൽ ത്തന്നെ അവിടുന്നു നിര്യാതനായി എന്നും പറയേണ്ടതില്ലല്ലൊ. കുറ ഞ്ഞു് കാരൊ ബ്രാഹ്മണരേയും, ഒരുവേള കാരൊ കുടുംബത്തെത്തന്നെയും, തക്കകാരണത്തോടുകൂടിയാണെങ്കിലും, അവിടുന്നു കഠിനമായി ശിക്ഷി ച്ചിട്ടുണ്ടു്. എന്നാൽ അതൊന്നും ബ്രാഹ്മണഭക്തിക്കൊ ദാനധർമ്മാദി കളിൽ ഉള്ള വിശ്വാസത്തിനൊ ഉള്ള യാതൊരു കുറവുകൊണ്ടും അല്ലെന്നു് ഈ എഴുത്തിൽനിന്നു മനസ്സിലാക്കാം. കാലനെക്കൊന്ന ശിവൻ തന്നെയാണു് അതേസമയത്തു മാർക്കണ്ഡേയനു ചിരഞ്ജീവി ത്വം കല്പിച്ചരുളിയതും.

ശരീരസൗഖ്യത്തെ പരിഗണിക്കാതെ ചെയ്ത പര്യടനങ്ങളാലും, കാര്യസംബന്ധമായുണ്ടായ അതിക്ലേശത്താലും, ബാധിച്ച ക്ഷീണത്താ ലും ദീനത്താലുമാണു ശക്തൻതമ്പുരാൻ മുമ്പറഞ്ഞ വയസ്സിനുമുമ്പുതന്നെ മൃതിയടഞ്ഞതു് എന്നതിന്നു സംശയമില്ല.

980 എടവത്തിലാണു തൃശ്ശൂർക്കു് എഴുന്നള്ളിയതു്. അവിടെ കുറച്ചു ദിവസം താമസിച്ചു്, കർക്കടകമാസത്തിൽ തിരുനാളിനു തക്കവണ്ണം

തൃപ്പൂണിത്തുറയ്ക്കുതന്നെ തിരിച്ചു എഴുന്നള്ളണംമെന്നായിരുന്നു ഉദ്ദേശ്യമെന്നു തെളിയുന്നുണ്ടു്. എന്നാൽ തൃശ്ശിവപേരൂരിൽ എത്തിയതിനുശേഷം, ഈശ്വരസേവകളും വഴിപാടുകളും മററും വളരെ നടത്തിയാലും, ബ്രാഹ്മണപ്രീതിക്കുവേണ്ടി വളരെയൊക്കെ പ്രയത്നിച്ചാലും, ശീലായ്മയിൽപെടുകയും അതിൽനിന്നു രക്ഷപ്രാപിക്കാതെ കന്നിയിൽ ദീനം വൈഷമ്മിക്കുകയുമാണുണ്ടായതു്. അക്കൊല്ലത്തെ തിരുനാളാഘോഷം തൃശ്ശിവപേരൂരിൽവെച്ചുതന്നെയായിരുന്നു. കോവിലകത്തും, ഭക്തപ്രിയത്തും (തൃശ്ശൂരിലെ വലിയ ഊട്ടുപുര, ഭക്തപ്രിയത്തുക്ഷേത്രത്തോടു ചേർന്നതാണല്ലോ.) ബ്രഹ്മസ്വം മഠത്തിലും കെങ്കേമമായി തിരുനാൾ സദ്യയും ബ്രാഹ്മണർക്കു മുഴുവനും ദക്ഷിണയും ഉണ്ടായിരുന്നു. അന്നു നീരാട്ടുകുളിക്കൊ തൃക്കൺപാർക്കാൻ എഴുന്നള്ളുന്നതിനൊ ശീലായ്മയാലുള്ള തടസ്സമൊന്നുംഉണ്ടായിരുന്നില്ല.

തിരുനാൾ കഴിഞ്ഞപ്പോൾ, ഓണത്തിനു് —അത്തച്ചമയത്തിനുതക്കവണ്ണം — തൃപ്പൂണിത്തുറയ്ക്കു് എഴുന്നള്ളാമെന്നാണു വെച്ചിരുന്നതു്. നിർഭാഗ്യവശാൽ അതിനു സാധിച്ചില്ല. അതുകൊണ്ടു്, തൃശ്ശൂരിന്റെ ഭാഗ്യത്തിനു് എന്നുതന്നെ പറയട്ടെ, 981ലെ അത്തച്ചമയമഹോത്സവം തൃശ്ശൂരുവെച്ചു് ആഘോഷിക്കുവാൻ സംഗതിയായി. നാടുവാഴുന്ന ശ്രീമൂലംമഹാരാജാവു തിരുമനസ്സുകൊണ്ടു 112 ചിങ്ങത്തിൽ തൃശ്ശൂരു് എഴുന്നള്ളി അത്തച്ചമയം അവിടെവെച്ചു നടത്തിയ അവസരത്തിൽ 981ലെ 'മുൻനടപടി' അക്കാര്യത്തിൽ വലിയ സഹായമായിത്തീർന്നു. ആ മഹോത്സവം കണ്ടിട്ടുള്ളവരോടു് അതിന്റെ അന്നത്തെ വിശേഷങ്ങളൊന്നും പറഞ്ഞറിയിക്കേണ്ടതില്ല. ശക്തൻതമ്പുരാന്റെ 'തൃശ്ശൂർഅത്തച്ചമയം' ആയിരുന്നു അതിന്റെ മാർഗ്ഗദർശിനി എന്നു്അറിയുമ്പോൾ 981 ലുണ്ടായ അത്തച്ചമയത്തെക്കുറിച്ചും ഏതാണ്ടൊരു ജ്ഞാനമെങ്കിലും വായനക്കാർക്കു് ഉണ്ടാകാതിരിക്കയില്ല.

അവിടുന്നു തൃശ്ശൂരു എഴുന്നള്ളിയിരിക്കുന്ന കാലത്താണു്, അനന്തരവന്മാരെ 'ചക്ക കാണിച്ചു'' അവിടത്തെ ആജ്ഞാശക്തിയെ പ്രത്യക്ഷപ്പെടുത്തിയ ഐതിഹ്യമുള്ളതു്. ശീലായ്മക്കാലത്തു്, 'ചക്ക എരിശ്ശേരിക്കു'' അവിടേയ്ക്കു കൊതിയുണ്ടെന്നറിഞ്ഞു മററുള്ളവർ വളരെ ശ്രമിച്ചിട്ടും ഒരു ''കൊത്തച്ചക്ക'' മാത്രമെ കിട്ടിയുള്ളു എന്നും — ചക്കയുടെ കാലമല്ലല്ലൊ കർക്കടകമാസം — അവരുടെ 'മിടുക്കില്ലായ്മ' കണ്ടു ശക്തൻതമ്പുരാൻ താൻതന്നെ അടുത്തദിവസം ''ഒരു ചക്കവാരം'' — ചക്കച്ചുള

വരത്തളും, ചക്കഎരിശ്ശേരിയും, ചക്കപ്പഴപ്രഥമനും ആണ്് ആ വാരത്തിലെ പ്രധാനവിഭവങ്ങൾ—തന്നെ വേണമെന്നു "കല്പിച്ചു" എന്നും, കല്പനയുണ്ടായപ്പോൾ ആജ്ഞാകരന്മാർ നാട്ടു മുഴുവനും നടന്നു വേണ്ടതിലധികം മൂത്ത ചക്ക സംഭരിച്ചു വാരം കഴിച്ചു എന്നും, ആണ്് ആ കഥ. അവിടുത്തെ 'ആജ്ഞാശക്തി' അത്ര അലംഘ്യമായിരുന്നു എന്നേ അതിനൎത്ഥമുള്ളു എന്നു വെക്കുക.

"മാളികമുകളിൽനിന്നു താഴെ ചാടാമോ?" എന്നു തന്റെ അന്തേവാസികളോടു തിരുവനന്തപുരത്തു മഹാരാജാവു ചോദിച്ചപ്പോൾ എല്ലാവരും പരിഭ്രമിച്ചും പകച്ചും നിന്നും എന്നും, അവിടുത്തെ കൂടെ ഉണ്ടായിരുന്ന ശക്തൻതമ്പുരാൻ അതുകണ്ടു തന്റെ അനുചരന്മാരിൽ ഒരാളോടു "ചാടു്" എന്നു കല്പിച്ചു എന്നും, കല്പന കേട്ടു മാത്രയിൽ അവൻ എടുത്തു ചാടി എന്നും, ഭാഗ്യാതിരേകത്താൽ കേടൊന്നും കൂടാതെ കയറിവന്നു കുലശേഖരപ്പെരുമാളുടെ സമ്മാനംതന്നെ വാങ്ങി എന്നും, "നീയെങ്ങനെ ചാടി"? എന്നു വേണാട്ടർ കോൻ ചോദിച്ചപ്പോൾ "ചാടിയില്ലെങ്കിൽ തല പോകും തീർച്ച; ചാടിയാൽ തല പോയില്ലെന്നും സമ്മാനം കിട്ടിയെന്നും വരാം. അപ്പോൾ ചാടുന്നതല്ലേ നല്ലതു്?" എന്നു മറുപടി പറഞ്ഞു എന്നും, മറെറാരു കഥയുണ്ടു്. അതിൽനിന്നു് ആജ്ഞാശക്തിയുടെ അടിസ്ഥാനം മനസ്സിലാക്കാവുന്നതാണ്്.

അത്തച്ചമയവും ഓണവും കഴിഞ്ഞതോടുകൂടി ശക്തൻതമ്പുരാൻ മിക്കവാറും കിടപ്പിലായി എന്നുതന്നെ പറയാം. എന്തു പ്രത്യേക സുഖക്കേടുകൊണ്ടാണ്് അവിടുന്നു നിൎയ്യാതനായതു് എന്നു നല്ല തീർച്ചയില്ല. ഉദരം സംബന്ധിച്ചുള്ള ഒരു ശീലായ്മയുണ്ടായിരുന്നു. അതിനിടയ്ക്കു "ചന്തം ചാൎത്തു" സമയത്തു (ക്ഷൗരം കഴിക്കുമ്പോൾ) പററിയ മുറിയിൽക്കൂടി 'വിഷം കയറി' ഒരു വ്രണമോ മറേറാ ഉണ്ടായി എന്നും, അതിനെ "മറാവസൂരി," എന്നു ചിലർ തെററിദ്ധരിച്ചു എന്നും, കൂടി പ്രസ്താവിക്കപ്പെടുന്നുണ്ടു്. ഏതുവിധത്തിലായാലും വളരെ ദിവസമൊന്നും അവിടുന്നു രോഗാൎത്തനായി കിടക്കുക ഉണ്ടായില്ല. അവസാനനിമിഷംവരെ അവിടേയ്ക്കു സുബോധവുമുണ്ടായിരുന്നു.

൨

ആലസ്യം

കൊല്ലവൎഷം 981-ാമാണ്ടു കന്നിമാസം 13-ാംനു. കൎക്കടകത്തിലെ അൎദ്ധവൎഷം കഴിഞ്ഞു്, ഓണവട്ടൻ ഊണുംകഴിച്ചു്, ഊക്കും ഉശിരും

പ്രദർശിപ്പിച്ചിരുന്ന കല്ലു പൊളികരുന്ന കന്നിമാസത്തിലെ കഠിനവെയിലിനു്, തുലാവർഷാരംഭത്തിലെ മേഘപടലങ്ങൾ ആസന്നമായ ആപത്തിനെ കാട്ടിക്കൊടുത്തു. മണൽത്തിട്ടകളെ മനോഹരമാംവണ്ണം അല്പാല്പം പുറത്തു കാണിച്ചുകൊണ്ടു സ്വച്ഛത സമ്പാദിച്ചുതുടങ്ങിയിരുന്ന പുഴകളിൽ, ഒന്നുകൂടി കലങ്ങിത്തെളിയുവാനുള്ള വട്ടങ്ങൾ കണ്ടു. കന്നിപ്പൂവിനുശേഷം ഏറക്കീട്ടുള്ള വിളവുകൾ വെയിലത്തു വരളുകയോ, മഴയത്തു മുങ്ങുകയോ ചെയ്യേക്കാമെന്നു പ്രസിദ്ധപ്പെട്ട തൃശ്ശൂർ കോവിലകത്തുംപാടത്തെ കൃഷിക്കാർ പരിഭ്രമംപൂണ്ടു. ചേററുവായ അഴിയുടെ സാമീപ്യത്താൽ വടക്കൻകൊച്ചിയിലെ ജലാശയങ്ങളിലെല്ലാം "കന്നിപ്പുളി" കേറി അശുദ്ധി ബാധിക്കുവാൻ തുടങ്ങി. ശക്തൻ തമ്പുരാൻ തിരുമനസ്സിലെ പ്രത്യേകമേൽനോട്ടത്തിൽ നിന്നിരുന്ന കോവിലകപ്പറമ്പുകളിലെ നേന്ത്രവാഴത്തോട്ടങ്ങൾ, ഓണക്കുലകൾ വെട്ടിപ്പോയതുകൊണ്ടും, "കന്നിളക്കൽ" കഴിയാഞ്ഞതുകൊണ്ടും, യുദ്ധാനന്തരമുള്ള അടർക്കളങ്ങളെപ്പോലെയിരുന്നു.

സമയം ഏതാണ്ടു പകൽ കഴിയാറായിത്തുടങ്ങി. ഉദയം മുതൽ അത്യുഗ്രമായ കരശക്തികൊണ്ടു ലോകത്തെ മുഴുവൻ തപിപ്പിച്ച മാർത്താണ്ഡൻ, വിവശനായി, വിഷാദാത്മകനായി, പശ്ചിമാംഭോനിധിയുടെ വക്കത്തെത്തിയിരുന്നു. ഇച്ഛാഭംഗമോ, പശ്ചാത്താപമൊ, അരിശമോ, അസഹിഷ്ണുതയോ, എന്തൊക്കെയോ അരുണാഭയാൻ ആ തിരുമുഖത്തു പ്രകാശിച്ചിട്ടുണ്ടു്. അന്നത്തെ സൂര്യൻ ചരമാബ്ധിയിൽത്തന്നെയാകുന്നു പതിക്കുവാൻ പോകുന്നതെന്നറിഞ്ഞു പ്രകൃതിപോലും വിഷാദവും വിഭ്രമവും പൂണ്ടു. പതിവിൽ കവിഞ്ഞതായ ഒരു ഭയവിഹ്വലത പക്ഷിമൃഗാദികളെക്കൂടി ബാധിച്ചിരുന്നതായി തോന്നി. രാജശക്തിയുടെ അഭാവത്തിൽ അക്രമികളായ ദുഷ്ടപ്രഭുക്കന്മാർ എന്നപോലെ, സൂര്യൻ അസ്തമിക്കാറായപ്പോഴേക്കും, കാർമേഘങ്ങൾ ഉയരുവാനും വാളിളക്കുവാനും തുടങ്ങി.

തൃശ്ശിവപേരൂർ അന്നും ജനസമൃദ്ധവും പ്രസിദ്ധവുമായ ഒരു പട്ടണമായിരുന്നു. പട്ടണത്തിനെ വമ്പിച്ച ഒരു കോട്ടമതിൽ കാത്തു സൂക്ഷിച്ചുപോന്നു. കോവിലകവും പരിസരങ്ങളും അന്നു പല തരത്തിലുള്ള ജനാവലിയെക്കൊണ്ടു നിബിഡമായി കാണപ്പെട്ടു. സമയത്തിനു മുമ്പു തന്നെ വടക്കേച്ചിറയുടെ — ആ ചിറയും മാറും, അന്നു് ഇന്നത്തെപ്പോലെതന്നെയായിരുന്നില്ല — ഉത്തരതീരത്തുള്ള "അശോകേശ്വരക്ഷേത്ര

ത്തിൽനടത്തുവാനും നിറയെ വിളക്കുവെച്ചിരുന്നു. വടക്കുന്നാഥൻക്ഷേത്രത്തിലേയ്ക്കു പടിഞ്ഞാറെ പള്ളിത്താമത്തിൽനിന്നുള്ള മാല എഴുന്നള്ളിപ്പിന്റെ ശംഖുവിളി പതിവിലും നേരത്തെ കേട്ടിരിക്കുന്നു. ആ മഹാക്ഷേത്രത്തിലെ മേശാന്തിമാർ പൂജാക്രമങ്ങൾക്കു കാലേ ഉത്സാഹിച്ചുതുടങ്ങി. അവരുടെ മുഖങ്ങളിൽ എന്തോ, ഒരു വൈവശ്യം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. കോവിലകത്തിന്റെ പടിഞ്ഞാറെ കോട്ടവാതിൽ മലക്കെ തുറന്നു കിടന്നിരുന്നു. കോവിലകം കോട്ടമതിലിന്റെ വടക്കുപടിഞ്ഞാറേ ഭാഗത്തുണ്ടായിരുന്ന കൊടിക്കാലിന്മേൽ പാറിക്കളിച്ചിരുന്ന കൊടിക്കൂറ, ആരെയോ ഭയപ്പെട്ടിട്ടോ, എന്തിലോ വ്യസനിച്ചിട്ടോ, എന്നപോലെ, കാലിനെ കെട്ടിപ്പിടിച്ചിരുന്നു. ആയുധപാണികളായ കുറേ പട്ടാളക്കാർ ഗോപുരദ്വാരം വിട്ടു കിഴക്കുവശത്തു് അണിനിരന്നുനിന്നിരുന്നു. ചില ഉദ്യോഗസ്ഥന്മാരും ഒട്ടേറെ പൊതുജനങ്ങളും കോട്ടവാതുക്കലും തിരുമുററങ്ങളിലും കൂട്ടം ചേൎന്നും ഒററതിരിഞ്ഞും നിരുന്മേഷരായി നിലകൊണ്ടിരുന്നു. എല്ലാവൎക്കും എന്തോ സംസാരിക്കാനുണ്ടായിരുന്നതായി തോന്നിയാലും ആരും അധികമൊന്നും മിണ്ടിയിരുന്നില്ല. കോവണിച്ചുവട്ടിൽ ഊരിപ്പിടിച്ച വാളോടുകൂടി മല്ലന്മാരായ രണ്ടു വില്ലുക്കാർ പാറാവു നില്ക്കുന്നു. മാളികമുകളിലേയ്ക്കു് അങ്ങനെയൊന്നും ആളുകൾ പ്രവേശിച്ചിരുന്നില്ല. മുകളിൽനിന്നു് ഇടയ്ക്കു താഴോട്ടു വന്നിരുന്നവരുടെ മുഖത്തു വല്ലാത്തവാട്ടവും വ്യസനവും കാണാമായിരുന്നു. വേഷഭൂഷാദികളിൽ അശ്രദ്ധകളായ ഏതാനും സ്ത്രീകളുടെ നിശ്ശബ്ദമെങ്കിലും, പരിഭ്രമജനകമായ പദവിന്യാസങ്ങൾ പുറത്തുള്ളവൎക്കു് ഏറക്കുറെ കാണാമായിരുന്നു.

ഈശ്വരസ്സേവക്കെട്ടിന്റെ സമീപത്തും ജനക്കൂട്ടമുണ്ടായിരുന്നു. അവരിൽ അധികവും നമ്പൂരിമാരാണു്. നീണ്ട മുൻകുടുമ ഇടത്തുവശം ചെരിച്ചുകെട്ടി പൂച്ചും പിടിച്ച ചെവിക്കിടയിൽ തിരുകി, അലക്കിയ "വസ്ത്രങ്ങൾ" ഞെറിഞ്ഞു തററുടുത്തിട്ടുള്ളവരായിരുന്നു അവരിൽ അധികംപേരും. അവരുടെ ലലാടമദ്ധ്യത്തിലെ നമസ്കാരമുഴകൾ, ബ്രഹ്മതേജസ്സു സൂക്ഷിച്ചുവെച്ചിരുന്ന ചെറുചെപ്പുകളേപ്പോലെ പ്രകാശിച്ചിരുന്നു. ചോറകളത്തെ നമ്പ്യാത്തൻഭട്ടതിരി, കുന്നത്തൂർ പടിഞ്ഞാറേടത്തെ ഇട്ടിവാസുഭട്ടതിരി, വരിക്കശ്ശേരി നാരായണൻനമ്പൂരി, പേരാററുപുറത്തുപണിക്കർ (നമ്പൂരി), പുലിയന്നൂരു നമ്പൂരി, കല്ലൂരു നമ്പൂരിപ്പാട്ടു് മുതലായവരായിരുന്നു അവരിൽ പ്രധാനികൾ. ചാങ്കേലിയോട്ടു വാസുദേവൻവാദ്ധ്യാൻനമ്പൂതിരിയും കോശ്ശേരി രാമൻ

നമ്പൂരിയും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. എറയത്തും പുറത്തുമായി നിന്നിരുന്ന നമ്പൂരിമാരുടെ മുഖത്ത് ആപച്ഛങ്കയും ഒരു അത്യാഹിതഭീതിയും നിഴലിച്ചിരുന്നു.

കൊച്ചിയിലെ അന്നത്തെ ഇളയതമ്പുരാൻ തിരുമനസ്സിലെ സ്നേഹവിശ്വാസങ്ങൾക്കു പാത്രമായിരുന്ന ചെറുപറമ്പിൽ കുഞ്ഞുകൃഷ്ണമേനോൻ അവിടെ 'കാര്യവസാനക്കാര'നായി അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നുണ്ട്. അയാളുടെ മുഖത്തുമാത്രം സൂക്ഷ്മദൃക്കുകൾക്കു സന്താപത്തിന്റെ കരാളതയ്ക്കു സന്തോഷമാകുന്ന വാർണീഷുകൊണ്ട് ഒരു നിറവ്യത്യാസമുള്ളതായി കാണുവാൻ സാധിച്ചിരുന്നു. പാറമേക്കാവിലെ മേശാന്തി "വേണാട്ട്," ആ തറയിലെ ആശാരിക്കാരൻ അപ്പാട്ടുരാമകുറുപ്പാൾ, അങ്ങാടിദേശത്തെ ആശാനായ വെള്ളാട്ട് കൊച്ചുണ്ണിപ്പണിക്കർ, കരിമ്പററ, രാമമേനോൻ, കുറുപ്പത്തെ വലിയ ഇച്ചാത്തുമേനോൻ, ഗോപുരംവീട്ടിൽ നാറാണക്കുറുപ്പാൾ, വൈദ്യവിദഗ്ദ്ധൻ പഴനെല്ലിപ്പുറത്തു തയ്ക്കാട്ടുമൂസ്സ്, പ്രസിദ്ധ ഭിഷഗ്വരൻ അരണാട്ടുകര മാത്തുത്തരകൻ ടിപ്പുവിനാൽപ്പോലും സംമാനിതനായിരുന്ന ജ്യോതിഷശാസ്ത്രപ്രവീണൻ വിദ്വാൻ നാരായണൻ ഇളയത്, (ശാന്തമ്പിള്ളി), മാളിയക്കലെ എജമാനൻ, കുമരപുരത്തെ മൂപ്പിന്ന്, ചാഴൂർക്കോവിലകത്തെ രണ്ടാമൻ മുതലായവരേയും അന്നത്തെ ആ തിരക്കിൽ തിരിച്ചറിയാം.

പടിഞ്ഞാറെ തിരുമുററത്തിന്റെ വടക്കുപടിഞ്ഞാറായി തൃശ്ശൂരിലെ പുത്തൻപേട്ട അങ്ങാടിക്കാരായ പഞ്ചുവീടരിൽ ചില സുറിയാനിക്രിസ്ത്യാനികളും, വടക്കേപ്പുറമ്പിലായി അരയിൽ ചുവന്ന പട്ടു കെട്ടിട്ടുള്ളവരായ ചില തണ്ടാന്മാരും, അവരുടെ (ഈഴവ)സംഘത്തിൽപെട്ടവരും കാരോനു സംസാരിച്ചുകൊണ്ടു നിന്നിരുന്നു. എല്ലാംകൂടി കണ്ടാൽ, അവിചാരിതവും അതിദുഃഖകരവുമായ എന്തോ ഒരു അനിവാര്യമായ അനിഷ്ടസംഭവം' അവിടെ നടന്നിട്ടുണ്ടെന്നോ, നടക്കുവാൻ പോകുന്നുണ്ടെന്നോ ആർക്കും തോന്നും. ആളുകളുടെ വരവു നിലച്ചിരുന്നില്ല. ഇരുത്തുറെ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും ജനങ്ങൾ വന്നുചേർന്നുകൊണ്ടിരുന്നു. കോണിച്ചുവട്ടിൽ നിന്നിരുന്ന വില്ലുക്കാരൊഴിച്ച മററാരും ജനപ്രവാഹത്തെ തടയുകയോ നിയന്ത്രിക്കുവാൻ ശ്രമിക്കുകയോ ചെയ്തിരുന്നില്ല.

വടക്കുന്നാഥൻ ക്ഷേത്രത്തിൽനിന്ന് ഒരു നമ്പൂതിരിയും രണ്ടു തിരുപ്പാടന്മാരുംകൂടി തീർത്ഥവും പ്രസാദവുംകൊണ്ടു പടിഞ്ഞാറെഗോ

പുരം കടന്നുവന്നു. അവരൊന്നിച്ച്, എലവത്തൂർ പാട്ടമാളിയം ലക്ഷ്മി കൊളത്തൂരാൻപട്ടരും വേറേ രണ്ടു പരദേശബ്രാഹ്മണരും ഉണ്ടായിരുന്നു. അശോകേശ്വരത്തെ ശാന്തിക്കാരൻ, താൻതന്നെ ഒരു വെള്ളിക്കിണ്ണത്തിൽ പൂവും ചന്ദനവും മററും എടുത്തുകൊണ്ടു തെക്കേ മതിലിൻ പടികടന്നു വടക്കോട്ടു ചെന്നു. സാമാന്യം ആൎക്കും മുകളിലേയ്ക്കു കേറിച്ചെല്ലുവാൻ ധൈൎയ്യമുണ്ടായിരുന്നില്ല. മുകളിലുണ്ടായിരുന്നവർ താഴെ വരുന്നതിനും ധൈൎയ്യപ്പെട്ടില്ല. അമ്പലത്തിൽനിന്നു വന്നവരും തേവാരക്കെട്ടിൽനിന്നു കൂടിയവരും ചേൎന്നു മാളികമുകളിലേയ്ക്കു ചെന്നു. അല്പംകഴിഞ്ഞപ്പോൾ ഉഗ്രകായനും വാൎദ്ധക്യത്തെ വിലങ്ങിട്ടു നിൎത്തിയിരിക്കുന്നതുപോലെ തോന്നിക്കുന്ന വിക്രമിയുമായ ഒരാൾ മുകളിൽനിന്നു് ഇറങ്ങിവന്നു. അതു 'കിണിയുടെ തല കണി'യാക്കിയ സാക്ഷാൽ പണിക്കർകപ്പിത്താനായിരുന്നു. ടിപ്പുവിന്റെ അരമനയിൽ കൊച്ചിയുടെ 'വക്കീലായി' വാണിരുന്ന പരമേശ്വരപട്ടരുകാൎയ്യക്കാരും, വലിയസൎവ്വാധി കാരക്കോട്ടു രാമമേനോനും കൂടെ ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. "കൊല്ലുന്ന രാജാവിന്റെ തിന്നുന്ന മന്ത്രി"യായ കപ്പിത്താനേയും കാൎയ്യക്കാരേയും കണ്ടപ്പോൾ അവിടെ കൂടിയിരുന്നവർ ഓച്ഛാനിച്ചു കുറേ മാറി നിന്നു! പണിക്കരുടെ മുഖം തീവ്രമായ ഒരു മനോവേദനയാൽ എന്നപോലെ പരുഷവും പരവശവുമായിരുന്നു. പട്ടിണികിടന്നു ചടച്ച ഒരു മൂത്ത "സിംഹത്താനെ"പ്പോലെയാണു് അംഗഹീനനെങ്കിലും തുംഗവിക്രമിയായിരുന്ന പണിക്കരുകപ്പിത്താനെ കാണികൾ കണ്ടതു്.

ശക്തൻതമ്പുരാൻ രോഗബാധിതനായി, ആസന്നമരണനായി ആ കോവിലകത്തു്, മുകളിൽ വടക്കേ പള്ളിയറയിൽ കിടന്നിരുന്നു. അതാണു് അന്നത്തെ ജനക്കൂട്ടത്തിന്റെ ഭയപരിഭ്രമങ്ങൾക്കു കാരണം. കുറച്ചു ദിവസമായിട്ടു് അവിടേയ്ക്കു ശീലായ്മയാണെങ്കിലും, അന്നു് അത്യന്തം കലശലാണെന്നും അവിടുന്നു തീപ്പെട്ടേയ്ക്കുമെന്നും നാട്ടിലൊക്കെ ഒരു ശ്രുതി പരന്നിരുന്നു.

കോവിലകത്തു മുകളിൽ വടക്കേ പള്ളിയറയിൽ ഒരു ഊഞ്ഞാൽക്കട്ടിലിലാണു് അവിടുന്നു പള്ളിശ്ശയനം ചെയ്തിരുന്നതു്. ആ കട്ടിലിന്റെ അടുത്തുള്ള ജനൽവാതിലിന്റെ പടിയിന്മേൽ ആ തിരുമനസ്സിലെ കൂടെപ്പിറപ്പായ അരവാൾ—അധൎമ്മധ്വംസനം മുഴുവനാകാഞ്ഞതുകൊണ്ടു് 'അരവാൾ' മാത്രമായ അവിടത്തെ ആ വിശിഷ്ടകൃപാ

ണ്ട് — കൃപണമെന്ന മട്ടിൽ ഉറയില്ലാതെ നിരാലംബം നിവൎന്നുകിടന്നിരുന്നു. പടിഞ്ഞാറെ ജനൽവാതിലിൽക്കൂടി പ്രവേശിച്ചിരുന്ന അസ്തമനസൂൎയ്യന്റെ അരുണകിരണവും, തലയ്ക്കു ഭാഗത്തു കത്തിക്കൊണ്ടിരുന്ന വലിയവെള്ളിനിലവിളക്കിന്റെ ദീപപ്രഭയും പതിഞ്ഞ ആ വാളിന്റെ 'പളപളായത' അതിന്മേലേയ്ക്കു് ആരുടേയും ദൃഷ്ടികളെ ആകൎഷിച്ചു. വിട്ടുവിട്ടുള്ള അതിന്റെ മിന്നൽപ്രഭ കണ്ടാൽ, പരിഹസിച്ചു ചിരിക്കുകയോ കോപിച്ചുവിറയ്ക്കുകയോ എന്താണു ചെയ്യുന്നതെന്നു പറയുവാൻ സാധിക്കുകയില്ല. ഒരു സമയം, ഭൎത്തൃനാശത്താൽ ഭയപ്പെടുന്ന വരാംഗിയുടെ വികാരതപ്തമായ വിളറിച്ചയായിരിക്കാം ആ വാളിൽ കാണപ്പെട്ടതു്. ആ വീരപുരുഷൻ കിടന്നിരുന്ന രാജകീയപൎയ്യങ്കം — അവിടത്തെ ആ ഊഞ്ഞാൽക്കട്ടിൽ — അതിന്മേൽ പള്ളിശ്ശയനംചെയ്തിരുന്ന മഹാരാജാവിന്റെ അന്നത്തെ അസ്വാസ്ഥമായ ഹൃദയം എന്നപോലെ, തന്നെത്താൻ ആടിക്കൊണ്ടിരുന്നു. അതിന്മേൽ വിരിച്ചിരുന്ന പള്ളിമെത്ത, ആ മഹാരാജാവിന്റെ ശരീരകനം താങ്ങാനാവാതെ നടുഭാഗം കുഴിഞ്ഞിരുന്നു. ആ തിരുമേനിയുടെ ഉത്തമാംഗത്തെ താങ്ങിയിരുന്ന പട്ടുതലേണയുടെ മദ്ധ്യഭാഗം നടുക്കുവെച്ചു മുറിഞ്ഞതുപോലെ, അത്രയ്ക്കു് അമൎന്നിരുന്നു. അനേകം അക്രമികളെ അമൎത്തിനിൎത്തീട്ടുള്ള തന്റെ കരപരിഘങ്ങളെക്കൊണ്ടു് ആ ധീരാഗ്രഗണ്യൻ ഉദരഭാഗത്തെ ഇടയ്ക്കിടയ്ക്കു തടവിക്കൊണ്ടിരുന്നു. അധൎമ്മികളായ അനേകം മൎത്ത്യശലഭങ്ങളെ അങ്ങനെതന്നെ ദഹിപ്പിക്കുന്നതിനു പൎയ്യാപ്തങ്ങളായിരുന്ന ആ പുരുഷകേസരിയുടെ ദീപ്തദൃഷ്ടികൾ അപ്പോഴത്തെ പശ്ചിമാകാശംപോലെ തുടുത്തും കലങ്ങിയും കാണപ്പെട്ടു. ആ അവസ്ഥയിലും അവ തുലോം ഭീതിജനകങ്ങളായിരുന്നു. അല്പനേരത്തേയ്ക്കു് ആ നേത്രഗോളങ്ങൾ അടഞ്ഞു. അടുത്തു നിന്നിരുന്നവരെല്ലാം കാൎച്ചോന്നു് അകന്നുനിന്നു. അവിടുന്നു് എന്തോ ധ്യാനത്തിലായിരിക്കുന്നതുപോലെയാണു സമീപവൎത്തികൾക്കു തോന്നിയതു്. അപ്രകാരം ഇടയ്ക്കിടയ്ക്കു് അതിനു മുമ്പും ഉണ്ടായിട്ടുണ്ടു്. ഉച്ച തിരിഞ്ഞ മുതല്ക്കു് അവിടുന്നു കാൎയ്യമായൊന്നും സംസാരിച്ചിട്ടില്ല. പൂൎണ്ണപ്രജ്ഞയുണ്ടായിരുന്നുവോ എന്നുതന്നെ ജനങ്ങൾ സംശയിച്ചിരുന്നു. ജനക്കൂട്ടമുണ്ടായിരുന്നാലും കോവിലകവും പരിസരങ്ങളും കേവലം ശബ്ദരഹിതമായിരുന്നു. തെക്കേ തോപ്പുപറമ്പിന്റെ വടക്കു കിഴക്കേ മൂലയ്ക്കൽ നിന്നിരുന്ന ഒരു മുത്തൻമാവിന്മേൽ ഇരുന്നുകൊണ്ടു് ഒരു കൂമൻ മാത്രം, അതിന്റെ ശരിയായ യാമമായിരുന്നില്ലെങ്കിലും, അലക്ഷ്യമായും, എന്നാൽ ആപൽസൂചകമായവിധത്തിലും ഇടയ്ക്കിടയ്ക്കു്, ശക്തൻതമ്പുരാൻ തിരുമേനിയെ പേടിച്ചു മൂളു

ക്കരയിൽ കളിച്ചു പാൎത്തിരുന്ന, പാലിയത്തെ വലിയച്ഛനെപ്പോലെ, ഉറക്കെ മൂളിക്കൊണ്ടിരുന്നു.

ഇതിനിടയിലാണു മേൽപ്രസ്താവിച്ചപ്രകാരം പണിക്കരും കാൎയ്യക്കാരും വലിയസൎവ്വാധിയുംകൂടി പുറത്തു വന്നതു്. എന്തോ യന്ത്രശക്തിയാൽ വലിയ ഒരു സത്വം നീങ്ങുന്നതുപോലെയാണു പണിക്കർ ഇറങ്ങി വന്നതു്. അല്പം ചില പ്രമാണക്കാരും അന്തേവാസികളും അടുത്തുകൂടി. അവരുടെ അന്വേഷണങ്ങളെ ആദരിക്കുന്നതിനു മുമ്പു മറെറാരു രംഗം പണിക്കരുടെ ശ്രദ്ധയെ ഹഠാദാകൎഷിച്ചു. തലമുടി മുഴുവൻ വളൎത്തി, ചുമലോടുചേൎത്തു് അരിഞ്ഞുനിൎത്തീട്ടുള്ള ചെറുപ്പക്കാരായ രണ്ടു നായർയുവാക്കന്മാർ ഒരു പണിയില്ലാതെ പരുങ്ങി പെരുമാറുന്നതായി പണിക്കർ കണ്ടു. അവർ അവിടേയും ഇവിടേയും, ആ വാതുല്ക്കലും ഈ പടിക്കലും, നാലാളു നില്ക്കുന്നേടത്തും, സംസാരിക്കുന്നേടത്തും, എല്ലാം "കണ്ണും ചെവിയും വട്ടം പിടിച്ചു"കൊണ്ടു്, എന്തോ തിരഞ്ഞു നടക്കുന്നതായി പണിക്കൎക്കു തോന്നി. അവർ കൂട്ടത്തിൽ പെട്ടവരല്ലെന്നും ചാരന്മാരായിരിക്കണമെന്നും കുശാഗ്രബുദ്ധിയായ പണിക്കർ ഉറച്ചു. ഒട്ടും സംശയിക്കാതെ, "ജമേദാർ! ആ കള്ളന്മാരെ ഇങ്ങു പിടിച്ചുകൊണ്ടുവരു" എന്നുള്ള ഒരു സുഗ്രീവാജ്ഞ ഉടനെ പുറപ്പെട്ടു. ഒരിരുപതു കൈകൾ ആ മാത്രയ്ക്കു് ആ യുവാക്കന്മാരെ പിടികൂടി. "നിന്റെ അച്ഛനോടു പോയി പറ. ഇരുട്ടായിത്തുടങ്ങി, ഉടനെ വെളിക്കു ചാടാമെന്നു്. പോ പുറത്തു്" എന്നു ഹാസ്യവും അരിശവും സഹിക്കാനാവാതെ പണിക്കർ ഗൎജ്ജിച്ചു. അവർ നിലംതൊടാതെ പടിഞ്ഞാറെ ഗോപുരദ്വാരം കടന്നു. അവരെ പാട്ടരാശ്ശൽപാടം കടത്തിവിട്ടു. അവർ മുള്ളൂക്കരയിൽനിന്നു പാലിയത്തച്ചൻ പറഞ്ഞയച്ചിരുന്ന ദൂതന്മാരായിരുന്നു എന്നു് എല്ലാവൎക്കും മനസ്സിലായി. പിന്നീടു പണിക്കർ തന്റെ സമീപത്തു നിന്നിരുന്നവരോടായിട്ടു് ഇപ്രകാരം പറഞ്ഞു:

പണിക്കർ: എനിക്കൊന്നും അറിഞ്ഞുകൂടാ. ഇങ്ങനെ ഒരു പരിഭ്രമം ഇതിനു മുമ്പൊന്നും എനിക്കുണ്ടായിട്ടില്ല.

മച്ചാട്ടിളയതു്: അരിഷ്ടിന്റെ മൂൎദ്ധന്യം. ഈ കടവു കടക്കുമെന്നു് എനിക്കു തോന്നുന്നില്ല.

കാൎയ്യക്കാർ: രോഗിയെക്കുറിച്ചു പറയേണ്ടതു വൈദ്യന്മാരാണു്.

തൃക്കോട്ടു മൂസ്സ്: മറെറാരാളായിരുന്നു എങ്കിൽ ഇതിനുമുമ്പുതന്നെ കഴിയുമായിരുന്നു. അന്തകനുംകൂടി അവിടുത്തോടടുക്കാൻ ഭയമുള്ളപ്പോലെ തോന്നുന്നു.

തരകൻ: മനശ്ശക്തി ഒന്നുമാത്രമേ മരിക്കാതെ ബാക്കിയുള്ളൂ.

മൂസ്സ്: തരകൻ ഒന്നു സൂക്ഷിച്ചുവോ? ശാസ്ത്രപ്രകാരമുള്ള ശ്വാസോച്ഛ്വാസങ്ങളേക്കൂടി അവിടുന്നു മനഃപൂർവ്വം നിയന്ത്രിക്കുന്നു. എണ്ണം കുറച്ചു സമയം നീട്ടാൻ ശ്രമിക്കുന്നപോലെ തോന്നുന്നു.

തരകൻ: എന്തോ ഒരു വിദ്യയെടുക്കുന്നുണ്ടെന്നു് എനിക്കും തോന്നി.

കാര്യക്കാർ: ശാസ്ത്രവിധികളൊന്നും അവിടേയ്ക്കു ബാധകമല്ല.

കുഞ്ഞികൃഷ്ണമേനോൻ: ഇന്നത്തെ കഴിയില്ലെന്നാ വിചാരിക്കേണ്ടതു്.

ഇച്ചാത്തരമേനോൻ: തൃശ്ശൂരിന്റെ ബ്രഹ്മാവാണത്തിരുമേനി.

എളയതു്: വൈഷമ്മിക്കുകയാണെങ്കിൽ വേണ്ടതെല്ലാം തയ്യാറില്ലേ?

മൂസ്സ്: അസ്തമനത്തോടുകൂടി കഴിയണമെന്നാണു് എന്റെ നോട്ടത്തിൽ.

പണിക്കർ: വേണ്ടതെല്ലാം തയ്യാറുണ്ടു്. ആ നിമിഷത്തിൽ എല്ലാം * സ്ഥലത്തെത്തും.

കാര്യക്കാർ: വേണ്ടതെല്ലാം അവിടുന്നുതന്നെ കല്പിച്ചു നിശ്ചയിച്ചിട്ടുണ്ടു്. അതല്ലേ അത്ഭുതം!

പണിക്കർ: 'തെക്കേ തോപ്പുപറമ്പിൽ എന്റെ ശവസംസ്കാരം' എന്നാണു് അവിടുത്തെ ആജ്ഞ.

എളയതു്: ആവോ? ഇനിയത്തെ കഥ കണ്ടുതന്നെ അറിയണം. എനിക്കെല്ലാം ഇരുട്ടായി തോന്നുന്നു.

കുഞ്ഞികൃഷ്ണമേനോൻ: അങ്ങനെയില്ല.

പണിക്കർ: എന്നെയുംകൂടി ഒന്നിച്ചു കൊണ്ടുപോയാൽ നന്നായിരുന്നു. മറെറാരു വേഷംകെട്ടാൻ പണിക്കർ പഠിച്ചിട്ടില്ല. ഇനി അതിനുള്ള പ്രായവുമില്ല.

കുഞ്ഞികൃഷ്ണമേനോൻ: ഒരു വേനൽക്കു് ഒരു വർഷം.

മൂസ്സ്: അങ്ങനെയൊന്നും പരിഭ്രമിക്കാനില്ല. കാലചക്രം തിരിക്കുന്നതു നാമാരുമല്ല.

ഇച്ചാത്തരമേനോൻ: എന്റെ ~~വടക്കും~~നാഥാ!

ഇതിനിടയ്ക്കു മുകളിൽനിന്നൊരു ശബ്ദം കേട്ടു. ആളുകളുടെ ശ്രദ്ധയെല്ലാം ആ ഭാഗത്തേയ്ക്കു തിരിഞ്ഞു. ആരേയോ വിളിച്ചതുപോലെയാണു തോന്നിയതു്. ജനാവലി മുഴുവനും ഇളകിവശായി. ഒരു ഞൊടിയിടകൊണ്ടു്, കോണിപ്പടികൾ ഒന്നും ചവിട്ടാതെയെന്നു തോന്നും,

പണിക്കർ തിരുമുമ്പിലെത്തി 'എറാൻ' എന്നു വിളിക്കേട്ടു. കാര്യക്കാർ, മൂസ്സ് മുതലായവരും മുകളിൽ പ്രവേശിച്ചു. "ഉണ്ണികളാരുമില്ലേ?" എന്നുള്ള ഒരു അന്വേഷണത്തോടുകൂടി അതുവരെ അടഞ്ഞുകിടന്നിരുന്ന ആ രോഗാതുരന്റെ കണ്ണുകൾ തുറന്നു. അസാധാരണമായ ഒരു കാന്തിപൂരം ആ നേത്രഗോളത്തിൽ തെളിഞ്ഞു. അതിൽനിന്നു് ഒരു ആവി പുറപ്പെട്ടതായി സമീപവാസികൾക്കു തോന്നി. "റാൻ. എല്ലാവരും" എന്നു പണിക്കർ മറുപടി പറഞ്ഞു.

൩

അന്ത്യശാസനങ്ങൾ

തമ്പുരാക്കന്മാരും മററും തുടിക്കുന്ന ഹൃദയങ്ങളോടുകൂടി കട്ടിലിന്നടുത്തു ചേർന്നുനിന്നു. അവരുടെ കൈകാലുകൾ വിറച്ചു. ശരശയനം ചെയ്തിരുന്ന ഭീഷ്മരെപ്പോലെയാണു ശക്തൻതിരുമേനി ശയിച്ചിരുന്നതു്. അസ്വസ്ഥനെങ്കിലും ദൃഢവ്രതനായ ആ രാജസിംഹം വളരെ പണിപ്പെട്ടു ദൃഷ്ടികൾ ഉയർത്തി ഒന്നു നോക്കി. സ്വാധീനശക്തി കുറഞ്ഞാലും കനക്കുറവു സംഭവിച്ചിട്ടില്ലാതിരുന്ന അവിടുത്തെ ഇടത്തേ കൈകൊണ്ടു് ഇളയതമ്പുരാന്റെ പുറത്തൊന്നു തലോടുവാൻ ശ്രമിച്ചു. താങ്ങു് ഉറയ്ക്കാതെ ആ രാജഹസ്തം കിടക്കയിൽത്തന്നെ വീണു. തൃക്കൈ രണ്ടും ഉയർത്തി എന്തോ എടുക്കുവാനോ, ആരെയോ അനുഗ്രഹിക്കുവാനോ തുടങ്ങി. സ്വശരീരത്തിലെ അംഗങ്ങൾപോലും തന്റെ ഇംഗിതങ്ങളെ അനുസരിക്കുന്നില്ലെന്നറിഞ്ഞിട്ടെന്നപോലെ ആ മഹാൻ ദീർഘമായൊന്നു നിശ്വസിച്ചു. അവിടേക്കു് എന്തോ കല്പിച്ചരുളിച്ചെയ്യാനുണ്ടായിരുന്നതുപോലെ തോന്നി. ശബ്ദം കണ്ഠത്തിൽ തടഞ്ഞു. ഉദരഭാഗത്തുള്ള വേദനയാലായിരിക്കാം, തിരുമുഖം ഒന്നു ചുളിച്ചു. കാലപാശം കണ്ഠത്തിൽ മുറുകുന്നതിനെ വകവെയ്ക്കാതെ ആ ധീരസമ്രാട്ട സർവ്വശക്തികളേയും ധൈര്യത്തേയും സംഭരിച്ചു് ഒടുവിൽ ഒരുവിധത്തിൽ ഇത്രയും കല്പിച്ചരുളിച്ചെയ്തു:—

"ഞാൻ മരിക്കുന്നു—അയ്യോ!—എന്റെ കൊച്ചു! ഉണ്ണി! അധർമ്മധ്വംസനമാണു രാജ്യക്ഷേമം. അമ്മേ! ഭഗവതി! അടുത്തുനിക്കു. നിങ്ങൾ ഓർമ്മവെയ്ക്കണം. നാലു്—നാലുകൂട്ടം.—യോഗിയാതിരിയെ അവരോധിക്കരുതു്. വടക്കുന്നാഥാ! കയ്യളെ വാഴിക്കരുതു്. അയ്യോ! ജഗദീശ്വരാ—അച്ഛനെ—കിട്ടോ—അടുപ്പിക്ക-രു-തു്— ഇങ്കിരിയസ്സു

-കാവൂഞ്ഞി—ആവൂ—അവരെ പിണ്ക്കർത്തു്. അയ്യോ! നിങ്ങൾക്കു കണ്ടുകൂടിലാവും—പൂർണ്ണത്രയീശാ! കരുണാനിധേ! രാജധർമ്മം രക്ഷിക്കണെ! ആ—വൂ..."

തലേദിവസം രാത്രിമുതല്ക്കു് അല്പപ്രജ്ഞനായും ഒന്നും സംസാരിക്കാതേയും മരണവുമായി മല്ലയുദ്ധം നടത്തിക്കൊണ്ടെന്നവണ്ണം കിടന്നിരുന്ന ആ തിരുമേനിക്കു് ഇത്രയും അന്ത്യശാസനങ്ങൾ കല്പിക്കാനുള്ള ശക്തിയും തന്റേടവും ഉണ്ടായതിൽ ആളുകൾ അത്ഭുതപ്പെട്ടു. ഒരു സമയം ശീലായ്മ ഭേദപ്പെടുകയാണെന്നുകൂടി സ്നേഹാധിക്യമുള്ളവൎക്കു തോന്നി. എന്നാൽ, തീരെ കെടാൻപോകുന്ന ജീവാഗ്നിയുടെ ഒടുവിലത്തെ ആളിക്കത്തൽമാത്രമായിരുന്നു അതു്. അരുളിച്ചെയ്ത അസാധാരണമായ വാക്കുകളുടെ സാരാംശം ശ്രോതാക്കൾ ശരിയായി മനസ്സിലാക്കുന്നതിനു മുമ്പിൽ, കട്ടിലിനു സമീപം നിന്നിരുന്നവർ മുഖത്തോടു മുഖം നോക്കുകയും, ചിലർ ഗംഗാജലം നൽകുകയും ചെയ്യുന്നതിനിടക്കു്, അവിടുത്തെ കണ്ണുകൾ വീണ്ടും അടഞ്ഞു. ശത്രുപരിഷക്കു ദുസ്സഹങ്ങളായിരുന്ന ആ തേജോഗോളങ്ങൾ പിന്നീടു തുറക്കപ്പെട്ടിട്ടില്ല. കണ്ണുകൾ അടഞ്ഞതോടുകൂടി ഇടത്തേ കാലൊന്നു വലിച്ചു തന്നെത്താൻ നീർത്തിവെച്ചു. വലത്തെ കൈയൊന്നിളകി. അതോടുകൂടി കൈകാലുകളുടെ ചേഷ്ടകൾ എന്നെന്നേക്കുമായി നിലച്ചു. ഉടനെ തക്കാട്ടുമൂസ്സ് ആ കാലുപിടിച്ചു നേരെ നീർത്തിവെച്ചു. കൈയെടുത്തു് ഉടലോടു ചേർത്തുവെച്ചു. വീണ്ടു നിവൎന്നു കണ്ണടച്ചു കിടന്നുംകൊണ്ടു് ആ മഹാരാജാവു 'മഹാൻ' എന്ന ശ്വാസത്തെ ശാസ്ത്രപ്രകാരം ആദരിക്കുവാൻ തുടങ്ങി.

അല്പസമയം അങ്ങനെ കഴിഞ്ഞു. ഹരിനാമോച്ചാരണഘോഷമല്ലാതെ മറ്റൊരു ശബ്ദവും അവിടെ ഉണ്ടായിരുന്നില്ല. നിലവിളക്കു തെളിയിച്ചു. മൂസ്സ് മൃദുസ്വരത്തിൽ പറഞ്ഞു: "നിലത്തിറക്കാം. അന്ത്യശ്വാസങ്ങൾ ഭൂമിയിൽ." അവസാനഘട്ടത്തിന്റെ അത്രക്കു് അടുത്തു എന്നറിഞ്ഞു് ആളുകളെല്ലാം ആമ്പരന്നവശരായി. ഇളയതമ്പുരാനും മറ്റുംകൂടി ആ കട്ടിലിനെ ഒന്നു വലംവെച്ചു ശക്തൻതമ്പുരാൻ തിരുമനസ്സിലെ ശരീരം കിടക്കയിൽനിന്നു താങ്ങിയെടുത്തു. സമീപത്തു നിന്നിരുന്ന നമ്പൂരിമാരിൽ ചിലർ അല്പംമുമ്പു താഴത്തേക്കു് ഇറങ്ങിപ്പോയിരുന്നു. ചിലർ തമ്പുരാക്കന്മാരെ അവരുടെ ആ മർമ്മഭേദകമായ പ്രവൃത്തിയിൽ സഹായിച്ചു. രോഗിയെ നാലുകെട്ടിന്റെ തെക്കിനി

ത്തറയിൽ "നിലത്തിറക്കു"ന്നതിന്നായൊരുങ്ങി, പുറപ്പെട്ടു. അപ്പോൾ അവിടെ ചുമരുംചാരി, അല്പം അകലെ, കണ്ണീരോടുകൂടി, ഇടത്തേ കൈകൊണ്ടു മുഖഭാഗം താങ്ങി നിന്നിരുന്ന, യൌവ്വനയുക്തയായ ഒരു സ്ത്രീരത്നം, 'എൻെറ ഭഗവതീ!" എന്നു പറഞ്ഞുംകൊണ്ടു നെഞ്ഞത്തു് ഒരടിയോടുകൂടി, വെട്ടിമുറിച്ചിട്ടതുപോലെ നിലത്തുവീണു. സമീപവർത്തികൾ അവൾക്കു വേണ്ട ശുശ്രൂഷകൾ ചെയ്തു.

അന്ത്യശ്വാസങ്ങളോടുകൂടിയ തിരുമേനിയെ മുകളിൽനിന്നു താഴത്തേയ്ക്കു് എടുത്തുകൊണ്ടുവന്നു; ചുവട്ടിലെ തെക്കേമുറിയിൽക്കൂടി കിഴക്കോട്ടുള്ള വാതിൽ കടന്നു തെക്കിനിത്തറയിൽ ദർഭയും മറ്റും വിരിച്ചു തയ്യാറാക്കീട്ടുണ്ടായിരുന്ന സ്ഥലത്തു തല തെക്കോട്ടായി കിടത്തി. അവിടെ ഒരു വലിയ നിലവിളക്കു കത്തുന്നുണ്ടു്; നിറപറയും വെച്ചിട്ടുണ്ടു്. തുളസിച്ചെടികളെ മണ്ണോടുകൂടി ശിരോഭാഗത്തു സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അടുത്തിരുന്ന ബ്രാഹ്മണർ ഗീതാപാരായണവും, ഭാഗവതം വായനയും, സഹസ്രനാമജപവും ബദ്ധശ്രദ്ധരായി നടത്തിയിരുന്നു. അവിടെക്കൊണ്ടു കിടത്തിയതോടുകൂടി വൈദികൻ 'ചെവിയിലോത്തു്' എന്ന അന്ത്യകർമ്മം നടത്തി. മരണഗ്രസ്തനായിരുന്ന ആ മഹാരാജാവു് ഒന്നു, രണ്ടു, മൂന്നു, പ്രാവശ്യം വായ നല്ലപോലെ പിളർത്തി 'ഊർദ്ധ്വൻ വലിച്ചു.' അധികാരവചസ്സുകളെ അനവരതം ഉദീരണംചെയ്തിരുന്ന ആ തിരുവായ മൂന്നാമത്തെ ശ്വാസത്തോടുകൂടി എന്നെന്നേയ്ക്കുമായടഞ്ഞു. അവിടത്തെ ജീവൻ കൂടുവിട്ടു. ആ ശത്രുസംഹാരമൂർത്തി മൂർതിയടഞ്ഞു. മാതൃഭൂമിയിലെ മാർത്താണ്ഡദേവൻ ചരമാദ്രിയിൽത്തന്നെ പതിച്ചു. കൊച്ചി ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് — മൂന്നു പന്തീരാണ്ടുകാലത്തേയ്ക്കു കൊച്ചിയുടെ ജീവനാഡിയായിരുന്ന ആ അത്ഭുതവിക്രമൻ — നിര്യാതനായി. എല്ലാം അന്ധകാരമയമായി. അകത്തുനിന്നു പുറപ്പെട്ട ആ ഇരുട്ടു പുറത്തും മുഴുവൻ വ്യാപിച്ചതുപോലെ തോന്നി.

അരമണിക്കൂറുനേരത്തേയ്ക്കു് ആ അത്യാഹിതത്തിൻെറ അമിതമായ കനംകൊണ്ടു് ആളുകൾ അനങ്ങുകൾ ചെയ്യാതെ നിശ്ചേഷ്ടരായി നിലകൊണ്ടു കതിനവെടിയുടെ ശബ്ദവും വീരമദ്ദളത്തിൻെറ മുഴക്കവും, വന്നുകൂടിയ ആപത്തിനെക്കുറിച്ചു നാട്ടിലെല്ലാം അറിവുകൊടുത്തു. ആൾക്കൂട്ടം പൂർവ്വാധികം വർദ്ധിച്ചുവശായി. 'കഴിഞ്ഞു, തീപ്പെട്ടു, ആന്തരിച്ചു' എന്നിങ്ങനെയുള്ള ചില വാക്കുകൾമാത്രം, ചുണ്ടുകൾക്കു താഴെ,

നിന്നവർ എല്ലാവരോടു പറഞ്ഞു. നാളികേരമുറികളിൽ അരിഎഴി വെച്ച് എണ്ണ പകൎന്നിട്ടുള്ള വിളക്കുകൾ നാലുകെട്ടിന്നകത്തും പുറത്തും വഴിനീളെ ഗോപുരദ്വാരങ്ങൾവരേയും രണ്ടുവരിയായി കത്തിക്കൊണ്ടിരുന്നു. അശോകേശ്വരത്തെ അത്താഴപ്പൂജ അന്ന് ഏഴുമണിക്കു കഴിഞ്ഞു നടയടച്ചു. ക്ഷേത്രപ്രിയത്തെ അത്താഴപ്പൂജ അന്നു മുഴുമിക്കുകയുണ്ടായില്ല. വടക്കുന്നാഥൻക്ഷേത്രത്തിലെ 'തൃപ്പുക'യുടെ മൂന്നു വെടികളിൽ ഒന്നുപോലും ശരിക്കു പൊട്ടിയില്ല.

തീപ്പെട്ട വൎത്തമാനം പുറത്തായതോടുകൂടി ജനക്കൂട്ടത്തിനിടയിൽ എന്തെന്നില്ലാത്ത ഒരു പരിഭ്രമമുണ്ടായി. വളരെ ജനങ്ങൾ വാവിട്ടു കരഞ്ഞുപോയി. ദൂരത്തുനിന്നിരുന്ന ഈഴവസംഘം 'ഞങ്ങടെ തമ്പുരാൻ' എന്നുപറഞ്ഞ് ഉറക്കെ നിലവിളിച്ചു. പുത്തൻപേട്ടക്കാരായ ക്രിസ്ത്യാനികൾ കണ്ണീരൊഴുക്കി. കുറേ നേരത്തേക്ക് എങ്ങും എല്ലാവൎക്കും രോദനവും അശ്രുധാരയുംതന്നെ.

മരണാനന്തരമുള്ള ക്രിയാദികൾക്കു രാജകുടുംബാംഗങ്ങളെ ഉദ്യോഗസ്ഥന്മാരും സിൽബന്തികളും തിടുക്കപ്പെടുത്തി. തമ്പുരാക്കന്മാരും മററു വേണ്ടപ്പെട്ടവരും ഒടുവിൽ ഒരുവിധത്തിൽ നീരാട്ടുകുളി കഴിച്ചു തററുടുത്തു ജലപാത്രങ്ങളോടുകൂടി തയ്യാറായി, ശവദാഹത്തിനു വട്ടം കൂട്ടി. ഒരു ക്ഷൗരക്കത്തി മൃതശരീരത്തിന്റെ അംഗങ്ങളിലെല്ലാം തൊടുവിച്ചു, 'ചൗരം ചാൎത്തി' എന്നു വരുത്തി; വസ്ത്രങ്ങൾ മാററി ശുദ്ധജലം തളിച്ചു മൃതശരീരത്തിനു ശുദ്ധിവരുത്തി; ഭസ്മം, ചന്ദനം മുതലായവ ലേപനംചെയ്തു; കോടിവസ്ത്രംകൊണ്ടു മൂടി, ഒരു വീരാളിപ്പട്ടു പുതപ്പിച്ചു; തമ്പുരാക്കന്മാർ വലംവെച്ചു നമസ്കരിച്ചു; പച്ചമുള വെട്ടി തൽസമയത്തുണ്ടാക്കിയ ഒരു കോവണിയിൽ മൃതശരീരത്തെ എടുത്തു കിടത്തി; ദൎഭപ്പുല്ലുകൊണ്ടുള്ള കയറുപിരിച്ചു കൂട്ടിക്കെട്ടി; നമ്പൂതിരിമാരുടെ സഹായസമേതം മൃതശരീരത്തെ കോവണിയോടുകൂടി സംസ്കാരസ്ഥലത്തേക്ക് എടുത്തു; നാലുകെട്ടിന്റെ തെക്കേവാതിൽ തെക്കോട്ടുകടന്നു. തെക്കേമതിൽകെട്ടു വെട്ടിപ്പൊളിച്ച് അപ്പോൾത്തന്നെ ഉണ്ടാക്കിയതായ് പഴുതിൽക്കൂടി തെക്കേത്തോപ്പുപറമ്പിലേക്കുള്ള 'എഴുന്നള്ളത്ത്' പുറപ്പെട്ടു. വീരമദ്ദളവും പള്ളിശ്ശംഖും മുഴങ്ങി. ഓരോ കാലു വെയ്ക്കുമ്പോൾ ഓരോ വെടി എന്ന കണക്കിനു കതിനവെടികൾ പൊട്ടിക്കൊണ്ടിരുന്നു. ചങ്ങലവട്ടക്കാരും കുത്തുവിളക്കുകാരും ദീവട്ടിക്കാരും മുമ്പേ നടന്നു. ആയുധങ്ങളെ തലകീഴായി വഹിച്ചിട്ടുള്ളവരും മീശകളഞ്ഞവരും ആയ പട്ടാളക്കാർ ശ്രേണിനിന്നു.

ശക്തൻതമ്പുരാൻ

തൃശ്ശിവപേരൂർ—വടക്കേക്കര കോവിലകം
തെക്കേ തോപ്പുപറമ്പിൽ ഒരുഭാഗം.

ശക്തൻതമ്പുരാൻതിരുമനസ്സുകൊണ്ടു സംസ്കരിക്കപ്പെട്ട സ്ഥലം
(തെക്കേ തോപ്പിന്റെ ഒരു ഭാഗം)



ശക്തൻതമ്പുരാൻ തിരുമനസ്സിലെ ശ്മശാനത്തറ
തൃശ്ശൂർ വടക്കേക്കരക്കോവിലകം

നാലുകെട്ടിൽനിന്നു ശവസംസ്കാരത്തിനു നിശ്ചയിച്ചിരുന്ന സ്ഥലത്തേയ്ക്കുള്ള ദൂരം പറയുവാൻമാത്രമില്ലാത്തതുകൊണ്ടു് അവിടെ ജനക്കൂട്ടത്തിന്റെ തിക്കും തിരക്കും ദുസ്സഹമായിരുന്നു. തോപ്പുപറമ്പിൽ ശവദാഹത്തിനു വേണ്ടുന്നതെല്ലാം തയ്യാറാക്കിയിരുന്നു. ദഹനത്തിനു വേണ്ട ചന്ദനമുട്ടിയും രാമച്ചവും പുത്തൻപേട്ടയിലെ വർത്തകന്മാരായ ക്രിസ്ത്യാനികൾ അടുപ്പിച്ചുകൊടുത്തിരുന്നു. വൈദികവിധികൾപ്രകാരം ജപിച്ചും ഹോമിച്ചും തയ്യാറാക്കിയിരുന്ന കുണ്ഡത്തിൽനിന്നു് അഗ്നിയെടുത്തു് ഇളയതമ്പുരാൻ ചിതയിൽവെച്ചു. മററു തമ്പുരാക്കന്മാരും അപ്രകാരം ചെയ്തു. അവർ വടക്കോട്ടുമാറി വിചാരമഗ്നരായി, ആളിക്കത്താൻതുടങ്ങിയ അഗ്നിയെ നോക്കിക്കൊണ്ടുനിന്നു. ആജ്യാഹുതികൊണ്ടു് അഗ്നി അത്യാർത്തിയോടെ ആളിക്കത്തി. തീപ്പൊരികൾ വാനിലോളം പറന്നു. പ്രജാലക്ഷങ്ങളുടെ നിർവ്യാജമായ സന്താപവഹ്നിയും ഒപ്പം വളർന്നു. അവരുടെ വികാരതപ്തങ്ങളായ ഹൃദയങ്ങൾ പൊട്ടുന്നതുപോലെ ചിതയിലെ വിറകും കത്തിയെരിയുമ്പോൾ പൊട്ടിത്തെറിച്ചുകൊണ്ടിരുന്നു.

എല്ലാം കത്തി അവിഞ്ഞു. തമ്പുരാക്കന്മാർ ‘ശ്രീപാദം’ കണ്ടു തൊഴുതു വലംവെച്ചു നമസ്കരിച്ചു ‘നീരുദകം’ ചെയ്തു നിശ്ശബ്ദം കോവിലകത്തേയ്ക്കു തിരിച്ചെഴുന്നള്ളി. സ്വർഗ്ഗത്തിലേയ്ക്കു് എഴുന്നള്ളുന്ന ശക്തൻതമ്പുരാൻ തിരുമനസ്സിലെ പാവനാത്മാവിനെ പനിനീർതളിച്ചു ദേവവൃന്ദം സ്വീകരിക്കുകയായിരിക്കുമെന്നു തോന്നിക്കുമാറു്, അവസാനത്തിൽ, അല്പം മഴച്ചാറലുണ്ടായി. “മഹാരാജാവു തീപ്പെട്ടു. മഹാരാജാവു നീണാൾ വിജയിക്കട്ടെ” എന്നാണല്ലോ പൗരബുദ്ധി. അവർ ഇളമുറ മഹാരാജാവിനെ മഹാരാജാവായിക്കണ്ടു കണ്ണിതം പോക്കി. ശക്തൻതമ്പുരാൻ തിരുമനസ്സിലെ ഭൗതികശരീരത്തിന്റെ ചിതാഭസ്മം കൊണ്ടു പാവനമാക്കപ്പെട്ട ആ സ്ഥലത്തു് ഒരു കൽത്തറ ഇപ്പോഴും ഉണ്ടു്. അവിടെ ഇന്നു പതിവായി ദീപാരാധന നടന്നുവരുന്നുമുണ്ടു്.

LV·

അസ്തമനാൽപരം

൧

അച്ഛൻ വീണ്ടും മന്ത്രി.

അസ്തമനാൽപരം അന്ധകാരംതന്നെ ആയിരുന്നു; നിബിഡമായ അന്ധകാരം. ഒരു മൂന്നു പന്തീരാണ്ടു കാലം കൊച്ചിരാജ്യത്തെ മുഴുവനും പ്രകാശമാനമാക്കിച്ചെയ്ത തേജോഗോളം പൊലിഞ്ഞതോടുകൂടി രാജ്യത്താകെ ഒരു ഇരുട്ടു ബാധിച്ചു. നിലാവില്ലാത്ത നിശീഥിനി; ഘോരാട്ടഹാസം മുഴക്കുന്ന കാർമേഘപടലങ്ങൾ; അശുഭസൂചകങ്ങളായ അപശബ്ദങ്ങൾ; മാർജ്ജാരനാശത്തിൽ മൂഷികരുടെ ഗന്ധർവ്വൻതുള്ളൽ; വൃക്ഷങ്ങളുടെ കടപറിച്ചു തള്ളുന്ന കൊടുങ്കാററു്!! കലാശം കാണാത്ത ആ കാളരാത്രിയിൽ കൊച്ചി പാമരം പൊട്ടിയ, അമരം തകൎന്ന, നൗകയെപ്പോലെ ആപത്സമുദ്രത്തിൽ നിപതിച്ചു. പാലിയത്തച്ചനെ നാടുകടത്തി, കുഞ്ഞികൃഷ്ണമേനോൻ വലിയസൎവ്വാധിയെ പിരിച്ചുവിട്ടു്, അന്നു റസിഡണ്ടായിരുന്ന മൺറോസായ്പു താൻതന്നെ രാജ്യഭരണം നേരിട്ടു് ഏറെറടുത്തു നടത്തിത്തുടങ്ങിയതുവരെയുള്ള കാലത്തിനിടക്കു കൊച്ചിരാജ്യമാകുന്ന കപ്പൽ, പല കരിമ്പാറകളിൽ ചെന്നിടിച്ചിട്ടും, പല മണൽത്തിട്ടുകളിലും ചെന്നുറച്ചിട്ടും, പല കൊടുങ്കാററിലും പെട്ടുഴന്നിട്ടും, സാരതരങ്ങളായ കേടുകൾ ഒന്നും കൂടാതെ രക്ഷാസ്ഥാനത്തു് എത്തിച്ചേൎന്നതു ശക്തൻതമ്പുരാന്റെ കാലത്തെ കൎമ്മവൈദഗ്ദ്ധ്യവും നയകൗശലവും നിമിത്തമാകുന്നു.

"ഇവന്റെ കാലത്താണു രാജ്യം അന്യാധീനപ്പെടുക" എന്നു ശക്തൻതമ്പുരാൻ അവിടുത്തെ ഏതൊരു അനന്തരവന്റെ മാനസികമായ ദൌൎബ്ബല്യത്തെക്കുറിച്ചാണോ വ്യസനസമേതം പ്രസ്താവിച്ചതായി ഐതിഹ്യമുള്ളതു്, ആ അനന്തരവൻ തന്നെയായിരുന്നു ശക്തൻതമ്പുരാന്റെ അടുത്ത പിൻവാഴ്ചക്കാരൻ; അവിടുത്തെ ചിററമ്മയുടെ മകൻ, സോദയമഠാന്നുകുലി, മാധ്വമതാവലംബി, ദുൎബ്ബലൻ, വേദാന്തി, കവി. ശക്തൻതമ്പുരാന്റെ 'തിരുവന്തളി' അടിയന്തരാദികളെല്ലാം തൃശ്ശിവപേരൂർ വെച്ചുതന്നെ നടത്തി. 981 തുലാം ആദ്യത്തിൽ അദ്ദേഹം തൃപ്പൂണിത്തുറയിൽ എത്തി, ഇംഗ്ലീഷുകാരുടെ സഹായസഹകരണങ്ങളോടു്

കൂടി യഥാവസരം സിംഹാസനാരൂഢനായി. 984 കുംഭമാസത്തിൽ അവിടുന്നു വെള്ളാരപ്പിള്ളിയിൽവെച്ചു തീപ്പെട്ടതുകൊണ്ടു് അവിടുത്തെ രാജ്യഭാരം 'മൂന്നേമുക്കാൽ നാഴിക നേരം' മാത്രമെ ഉണ്ടായുള്ളു. എന്നാൽ 'നഞ്ചു നാനാഴി വേണ്ടെന്നു' പറയുന്നതുപോലെ ആ ചുരുങ്ങിയ കാലത്തിനിടയ്ക്കു് എന്തെല്ലാം അവിവേകങ്ങളിൽ അവിടുന്നു പ്രവേശിക്കുകയും, അഥവാ അവിടുത്തെ കൊണ്ടുചാടിക്കുകയും, എത്ര അപകടാവസ്ഥയിൽ രാജ്യംതന്നെ എത്തിച്ചേരുകയും ചെയ്തു എന്നതിനു കയ്യും കണക്കുമില്ല.

ശക്തൻതമ്പുരാനും ഇംഗ്ലീഷുകമ്പനിക്കാരും തമ്മിലുണ്ടായ കരാറ്—965-ൽ മിസ്റ്റർ പൌണിയുമായുണ്ടായ കരാറ്—ഒന്നു ഭേദപ്പെടുത്തുന്നതിനു് ഇംഗ്ലീഷുകാൎക്കു് ആദ്യംമുതല്ക്കുതന്നെ വളരെ ആഗ്രഹവും ആവശ്യവുമുണ്ടായിരുന്നു. പാലിയത്തച്ചനെ മന്ത്രിസ്ഥാനത്തു പുനഃസ്ഥാപിക്കുന്നതിനു റസിഡണ്ടു മക്കോളെസായ്പു ശക്തൻതമ്പുരാനെ നിരന്തരമായും, നിലവിട്ടും, നിൎബ്ബന്ധിച്ചുകൊണ്ടിരുന്നു. തിരുവിതാംകൂറിനു പല സംഗതിവശാലും കൊച്ചിയുമായി ഒരു പുതിയ ഉടമ്പടി കൂടിയേ കഴിയൂ എന്നുണ്ടായിരുന്നു. ശക്തൻതമ്പുരാന്റെ കാലത്തു് അതൊന്നും നടന്നില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ, അവിടുത്തെ പിൻവാഴ്ചക്കാരന്റെ കാലത്തു്, ഒരു കൊല്ലത്തിനകത്തുതന്നെ, അതൊക്കെ നിൎവ്വഹിക്കപ്പെട്ടു. ഒന്നിന്റെയും ഗുണദോഷം ആലോചിക്കുന്നതിനോ, ഏതെങ്കിലും വിസമ്മതിക്കുന്നതിനോ അവിടേയ്ക്കു പ്രാപ്തിയോ ശക്തിയോ അല്ലെങ്കിൽ അവസരമോ ഉണ്ടായിരുന്നില്ല. അവിടുന്നു മാധ്വമതാനുഷ്ഠാനത്തിലും മനോഹരകവിതാനിൎമ്മാണത്തിലും ലയിച്ചു്, കാൎയ്യങ്ങളെല്ലാം, വീണ്ടും കൈവന്ന മന്ത്രിസ്ഥാനാരോഹണംകൊണ്ടു മദോന്മത്തനായിത്തീൎന്ന പാലിയത്തച്ചനു സൎവ്വസ്വാതന്ത്ര്യത്തോടുകൂടി വിട്ടുകൊടുത്തു. അച്ചൻ രാജാവിന്റെ മന്ത്രിയാകുന്നതിനുപകരം രാജാവിനെ അനാദരിച്ചും അവഗണിച്ചും സ്വാൎത്ഥമയങ്ങളായ സ്വാതന്ത്ര്യപ്രകടനങ്ങൾ തുടങ്ങി. ശക്തൻതമ്പുരാൻ തീപ്പെട്ടുവൊ എന്നറിയുവാൻ മുള്ളൂൎക്കരെയിൽനിന്നു് ഉപായത്തിൽ തൃശ്ശൂർ കോവിലകത്തേയ്ക്കു ചാരന്മാരെ അയച്ച പാലിയത്തച്ചൻ—ആ ചാരന്മാരെ പാട്ടുരായ്ക്കൽവരെ പണിക്കർകപ്പിത്താന്റെ ആളുകൾ കഴുത്തിൽ പിടിച്ചുതള്ളി—ആ തിരുമേനിയുടെ തിരുവന്തള്ളി സദ്യയ്ക്കുതന്നെ പ്രമാണക്കാരനായിരുന്നു എന്നു പറഞ്ഞാൽ, അച്ചന്റെ "നനഞ്ഞേടം കുഴിക്കലും' തമ്പുരാന്റെ നിസ്സഹായതയും സ്പഷ്ടമാണല്ലോ.

പാലിയത്തച്ചന്റെ മന്ത്രിപദത്തിലേയ്ക്കുള്ള ആരോഹണം അപ്രതിഹതമായ ഒരു അധികാരപ്രമത്തതയോടും അഹങ്കാരവായ്പോടും "ആരുമെതിരില്ലെ"ന്നുള്ള ഭാവത്തോടുംകൂടിയായിരുന്നു എന്ന പ്രസ്താവത്തെ അനന്തരസംഗതികൾ പൂർണ്ണമായും സാധൂകരിക്കുന്നുണ്ടു്. അചിരേണ എല്ലാം "അച്ചന്റെ കല്പനപോലെ" എന്നായി. ഒന്നും അച്ചൻ രാജാവിനോടു് ആലോചിക്കാതായി. വലിയ കാര്യങ്ങൾതന്നെ പലതും നടന്നു കഴിഞ്ഞതിനുശേഷംമാത്രമേ രാജാവു് അറിയാറുള്ളു. പലതിനെക്കുറിച്ചും അവിടേയ്ക്കു കഠിനമായ ഒരഭിപ്രായവ്യത്യാസംതന്നെ ഉണ്ടായിരുന്നിട്ടും ആ വ്യത്യസ്താഭിപ്രായങ്ങളെ ഒന്നും അവിടുന്നു അവിവേകിയായിരുന്ന അച്ചനെ അറിയിക്കാൻപോലും ധൈര്യപ്പെട്ടില്ല. അവിചാരിതമായ വല്ല ആപത്തും അച്ചൻ വരുത്തിവെച്ചാലോ എന്നും, അച്ചന്റെ ആരോഹണകാര്യത്തിൽ ബദ്ധശ്രദ്ധരായിരുന്ന ഇംഗ്ലീഷ് അധികാരികൾക്കു നീരസത്തിനു് അതു കാരണമാകിയാലൊ എന്നും ശങ്കിച്ചു്, അച്ചന്റെ എല്ലാ അപരാധങ്ങളേയും അപനയങ്ങളേയും കണ്ണടച്ചുസഹിക്കുകയാണു പ്രശാന്തമാനസനായ അവിടുന്നു ചെയ്തതു്. പണിക്കർകപ്പിത്താനും, രാമമേനോൻ വലിയസർവ്വാധിയും, "പണ്ടത്തെയും പറഞ്ഞു പടിക്കലിരിക്കുക"യായിരുന്നു. അവരെ രണ്ടുപേരെയും അച്ചനു വളരെ ഭയവും ശങ്കയും ഉണ്ടായിരുന്നു. "അവരുടെ കഥ കഴിച്ചല്ലാതെ തന്റെ കഥ ശരിക്കു തുടന്നുപോകുകയില്ല," എന്നു് അച്ചനു ദൃഢാഭിപ്രായമുണ്ടായിരുന്നു. അച്ചന്റെ "ദുഷ്ടി ചൊവ്വല്ലാ," എന്നു പണിക്കരും ധരിച്ചുവെച്ചിരുന്നു.

അച്ചന്റെ അധികതാമസവും ചേന്ദമംഗലത്തായിരുന്നു. പണിക്കരുടെ പെരടിക്കു പിടിക്കുവാനുള്ള പണിത്തരങ്ങളേക്കുറിച്ചു ചിന്തിച്ചുകൊണ്ടു്, ചേന്ദമംഗലത്തു് അച്ചൻ അങ്ങനെ "കൊല്ലും കൊലയും" നടത്തിക്കൊണ്ടിരിക്കുന്ന കാലത്തു്, ഒരുദിവസം, അച്ചൻ മഹാരാജാവുതിരുമനസ്സിലേയ്ക്കു് ഒരു 'നീട്ടയച്ചു'. രാജ്യകാര്യസംബന്ധമായ ചില അടിയന്തരകാര്യങ്ങളെക്കുറിച്ചു ആലോചിക്കുന്നതിനു പണിക്കർകപ്പിത്താനെ ഉടനെ ചേന്ദമംഗലത്തേയ്ക്കു കല്പിച്ചയക്കണമെന്നായിരുന്നു അതിലെ താല്പര്യം. ശുദ്ധാത്മാവായിരുന്ന രാജാവു്, ആ പറഞ്ഞതു പരമാർത്ഥമെന്നു വിശ്വസിച്ചു്, പണിക്കരെ തൽക്ഷണം കല്പനയയച്ചുവരുത്തി ചേന്ദമംഗലത്തേയ്ക്കു പോകുവാൻ ആജ്ഞാപിച്ചു. 'പോന്നവനും' പോരറിയുന്നവനും പൂർവ്വചരിത്രവിശാരദനും ആയിരുന്ന പണിക്കർ, അതിൽ ഒരു വൻചതിയുണ്ടെന്നു് അപ്പോഴേ ധരിച്ചുകഴിഞ്ഞു. രാജകല്പന കേൾ

ക്കാനും വയ്യാ, കേൾക്കാതിരിക്കാനും വയ്യാ എന്ന വിഷമത്തിലായി. മുമ്പു ദർശിച്ചിട്ടില്ലാത്ത ഒരു പരുങ്ങൽ പണിക്കരുടെ മുഖത്തു പ്രത്യക്ഷപ്പെട്ടതു കപടരഹിതനായ ആ തമ്പുരാന്റെ ശ്രദ്ധയെ ആകർഷിച്ചു. "എന്താ! പണിക്കരെ! ഒരു പരുങ്ങല്. അത്രയ്ക്കു ക്ഷീണനായൊ?" എന്നു തമ്പുരാൻ കല്പിച്ചു ചോദിച്ചു. "ചെന്ദമംഗലത്തേയ്ക്കു വിടകൊള്ളാൻ കല്പിച്ചരുളിച്ചെയ്യരുതു." എന്നു പണിക്കർ വിനയാദരപുരസ്സരം തിരുമനസ്സുണർത്തിച്ചു. "കിണിയുടെ തല കണി'യാക്കിയ പണിക്കർകപ്പിത്താന്റെ തല തന്നെ ഇപ്പോൾ ഒരു കണിയിൽ കടുങ്ങാൻ പോകുന്നു എന്നു കപ്പിത്താൻ ധരിച്ചു. കാലചക്രഭ്രമണത്തിൽ സ്ഥിതിഗതികൾക്കു സംഭവിച്ച നിമ്നോന്നതാവസ്ഥകൾ പണിക്കർ നോക്കിക്കണ്ടു.

രാജാവ്: കഷ്ടം! പണിക്കരെ! പണിക്കരിത്ര സാധുവാ. പാലിയത്തുമേനോന് എന്തെങ്കിലും വലിയ കാര്യം പണിക്കരോട് ആലോചിക്കാനുണ്ടാകും. അല്ലാതെന്താ? അന്തരിച്ച ജ്യേഷ്ഠന്റെ കാലത്ത് എന്തിനും മതിയായിരുന്ന പണിക്കർക്ക് എന്താണിന്നിത്ര പരിഭ്രമം? പോയി വരു.

പണിക്കർ: അടിയൻ തിരുമനസ്സിലെ കരിക്കാടികുടിച്ചു വളർന്നവനാണ്. തിരുവായയ്ക്കു എതിർ വായയുമില്ല. അച്ഛൻ അടിയനെ നല്ലതിനല്ലാ ആവശ്യപ്പെടുന്നതെന്നാണ് അടിയന്റെ പഴമനസ്സിൽ തോന്നുന്നതു്. വലിയസർവ്വാധി രാമമേനോനെക്കുറിച്ചു വല്ല അറിവും കിട്ടീട്ടുണ്ടോ?

രാജാവ്: അതെന്താ പണിക്കരേ! രാമനെ കാണാനില്ല. അല്ലാണ്ടെന്താ?

പണിക്കർ: തീപ്പെട്ട തിരുമനസ്സിലെ കാലത്ത് അവിടുത്തെ ആജ്ഞാകരൻ മാത്രമായിരുന്നു അടിയൻ. കല്പനകൾ പലതും അടിയൻ നടത്തീട്ടുണ്ട്. അച്ചനു് അടിയനോട്ട് അരിശത്തിനു പല കാരണങ്ങളുമുണ്ടാകാം. രാമമേനോനെ വെറുതെ കാണാതായതല്ല.

രാജാവ്: അതിനെന്താ? പാലിയത്തുമേനോൻ അത്ര വഷളോ. ഇപ്പോൾ പണിക്കർ നമ്മുടെ കല്പനയ്ക്കല്ലേ പോണതു്?

പണിക്കർ: ്റാൻ. അടിയൻ ഒന്നും വിടകൊള്ളുന്നില്ല. അടിയന്റെ ഈ യാത്ര അവസാനയാത്രയാണ്. തൃപ്പാദങ്ങളാണ സത്യം.

രാജാവു്: ഹെയ്. ഒന്നുമില്ല. നാമല്ലേ ആള്. പോണം. പ്രായായാൽ കുട്ട്യോളെപ്പോലാവും. ഇല്ലേ?

പണിക്കർ: റാൻ. കല്പന. അടിയന്ന് ഈ തൃപ്പാദങ്ങൾ വന്ദിക്കുന്നതിനു് ഇനി യോഗമുണ്ടാവില്ല. അടിയൻ വിടകൊള്ളുന്നു. തിരുവായുസ്സു വർദ്ധിച്ചിരിക്കട്ടെ. എന്നു പറഞ്ഞുകൊണ്ടു പണിക്കർ മഹാരാജാവിനെ ഒന്നു വലംവെച്ചു തൊഴുതു നമസ്കരിച്ചു ചേന്ദമംഗലത്തേയ്ക്കു യാത്രതിരിച്ചു.

പണിക്കർ ചേന്ദമംഗലത്തു് എത്തിച്ചേർന്നു. പണിക്കർക്കു് അവിടെ ഉണ്ടായ അനുഭവങ്ങൾക്കൊന്നും റിക്കാർട്ടില്ല. സർവ്വശക്തൻ മാത്രമേ സാക്ഷിയുമുള്ളു. എന്നാൽ ഒരു പത്തുദിവസത്തിനുശേഷം പാലിയത്തച്ചൻ തമ്പുരാനയച്ചതായ മറ്റൊരു നീട്ടിൽ, "പണിക്കർ കപ്പിത്താൻ നടപ്പുദീനംപിടിച്ചു മരിച്ചു" എന്നു്, മററനേകം വർത്തമാനങ്ങളുടെ കൂട്ടത്തിൽ, എഴുതീട്ടുണ്ടായിരുന്നു! "പണിക്കരെ തല്ലിക്കൊന്നൊ, ജീവനോടുകൂടിയോ അച്ചന്റെ ആളുകൾ പുഴയിൽ കെട്ടിത്താഴ്ത്തി," എന്നായിരുന്നു ജനശ്രുതി. അരി എത്താതെ ആരെങ്കിലും ചാവുക പതിവുണ്ടോ? ചേന്ദമംഗലത്തു പുഴവക്കത്തു പണിക്കർകപ്പിത്താന്റെ പ്രേതത്തെ പ്രതിഷ്ഠിച്ചിട്ടുണ്ടെന്നും, ആ വഴിക്കു പോകുന്ന വഞ്ചിക്കാർ മാർഗ്ഗരക്ഷാർത്ഥം അവിടെ വഴിപാടു ചെയ്യാറുണ്ടെന്നും അറിയുന്നു. രാമുമേനോൻ അപ്രത്യക്ഷനായതും അച്ചൻ അറിയാതെ അല്ലത്രേ!

പണിക്കരുടെ മരണവൃത്താന്തവും, അതിനെത്തുടർന്നുണ്ടായ ജനസംസാരവും, പണിക്കരുടെ അന്ത്യയാത്രയുടെ രംഗത്തിന്റെ സ്മരണയും, കന്മഷരഹിതനായിരുന്ന മഹാരാജാവിൽ എന്തെന്നില്ലാത്ത ഒരു അസ്വാസ്ഥ്യം ഉളവാക്കി. അച്ചന്റെ അക്രമത്താലാണു, കപ്പിത്താൻ മൃതനായതെന്നു് അവിടുന്നും വിശ്വസിച്ചു. എന്നാൽ, അതിനെസ്സംബന്ധിച്ചു് ഒരന്വേഷണം നടത്തുന്നതിനു്, അവിടുന്നു ധൈര്യപ്പെട്ടില്ല. പണിക്കരുടെ മരണവൃത്തം വളരെ ദയനീയമായിരുന്നാലും, നിയതിമുറകൾ മുടക്കുകൂടാതെ നടക്കുകയല്ലേ ഉണ്ടായതു് എന്നു തത്വചിന്തകന്മാർ സമാധാനപ്പെട്ടേയ്ക്കാം. പണിക്കരുടെ തിരോധാനത്തിൽ അച്ചന്റെ അനിയന്ത്രിതമായ ദുസ്സ്വാതന്ത്ര്യം പൂർവ്വാധികം വളർന്നുവന്നു.

൨

കുഞ്ഞികൃഷ്ണമേനോൻ.

മറ്റൊരു വധോദ്യമത്തിനുംകൂടി അച്ചൻ കച്ചകെട്ടി. ചെറുപറമ്പിൽ കുഞ്ഞികൃഷ്ണമേനോനായിരുന്നു അച്ചന്റെ വിദ്വേഷത്തിനു

വിഷയമായിത്തീൎന്ന മറെറാരു വിദ്വാൻ. അദ്ദേഹത്തെക്കുറിച്ച് അല്പം പൂൎവ്വകഥാകഥനം ആവശ്യമാകുന്നു. ശക്തൻതമ്പുരാന്റെ സ്നേഹവിശ്വാസങ്ങൾക്കു ആദ്യത്തിലും, പ്രവൃദ്ധമായ പ്രതികാരത്തിന് അവസാനത്തിലും, പാത്രമായിത്തീൎന്ന ചെറപറമ്പത്തു കുഞ്ഞിട്ടാമേനോനെക്കുറിച്ചു മറെറാരദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അദ്ദേഹത്തിന്റെ മരുമകനും, അമ്മാമന്റെ 'ശിഷ്യനാ'യി തൃപ്പൂണിത്തുറയിൽ കടന്നുകൂടി അന്നത്തെ ഇളയതമ്പുരാന്റെ "ശേവുകത്തിൽ പതിഞ്ഞു", ഇങ്ങനെ അകത്തും പുറത്തുമായി, ശിഷ്യസ്ഥാനത്തുനിന്നു കാൎയ്യസ്ഥതയിലേയ്ക്കുയൎന്നു വളൎന്നുവന്ന ഒരു മതിമാനും മിടുക്കനുമായിരുന്നു ഈ കുഞ്ഞികൃഷ്ണമേനോൻ. സംസ്കാരസംശുദ്ധിയില്ലെങ്കിലും സഹജമായ സാമൎത്ഥ്യസമ്പത്തു നല്ലപോലെ ഉണ്ടായിരുന്നു. നല്ലവണ്ണം നീണ്ടുനിവൎന്നു കണ്ടാൽ യോഗ്യനായ ഒരാളായിരുന്നു അദ്ദേഹം. ആ കുഞ്ഞികൃഷ്ണനെയാണ് ഒരിക്കൽ ശക്തൻതമ്പുരാൻ, ഇളയതമ്പുരാൻ ആടിനെ തീററാൻ ആലിന്റെ കൊമ്പു വെട്ടിയ കുററത്തിനു, തലമുടി ചുററിപ്പിടിച്ചു കഴുത്തുവെട്ടുവാൻ ഭാവിച്ചു എന്നുള്ള ഐതിഹ്യമുള്ളതു്. കൊച്ചിയിലെ ഒടുവിലത്തെ വലിയസൎവ്വാധിയായി രാജ്യത്തിനും രാജസ്വത്രൂപത്തിലേയ്ക്കും വലിയ ആധിയുണ്ടാക്കുന്നതിനുള്ള യോഗമുണ്ടായിരുന്ന അദ്ദേഹം, ഇളയതമ്പുരാൻ ശക്തൻതമ്പുരാന്റെ കാലുപിടിച്ചപേക്ഷിച്ചിട്ടാണെങ്കിലും, അന്നു ഹനിക്കപ്പെടാഞ്ഞതിൽ, എന്താണത്ഭുതപ്പെടുവാനുള്ളതു്? ശക്തൻതമ്പുരാന്റെ നിൎയ്യാണകാലമായപ്പോഴേയ്ക്കും അദ്ദേഹത്തിന് അവിടത്തെ സന്നിധിയിൽപോലും ഏറക്കുറെ പ്രവേശം സിദ്ധിച്ചിരുന്നു. ഇളയതമ്പുരാനു കുഞ്ഞികൃഷ്ണനെ ബഹുകാൎയ്യമായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. 'തന്റെ തമ്പുരാൻ മഹാരാജാവാകുമ്പോൾ 'താൻതന്നെ വലിയ സൎവ്വാധി'എന്നു് ആ മനുഷ്യൻ വിശ്വസിച്ചുപോന്നു. എന്നാൽ, ഇളയതമ്പുരാൻ വലിയതമ്പുരാനായപ്പോൾ ചെറപറമ്പു വലിയപറമ്പാകുന്നതിനുപകരം വിധിവൈപരീത്യത്താൽ പാലിയത്തച്ചന്റെ പുനഃപ്രവേശമാണുണ്ടായതു്. അതു് അനിവാൎയ്യമായിത്തീൎന്ന ഒരു അവസ്ഥാവിശേഷം മാത്രമാണെന്നും, തന്നോടുണ്ടായിരുന്ന രാജപ്രീതിയുടെ കനക്കുറവുകൊണ്ടല്ലെന്നും പരസ്പരം മനസ്സിലാക്കിയിരുന്നതുകൊണ്ടു്, മുമ്പിനാലെയുള്ള സ്നേഹവിശ്വാസങ്ങൾക്കും ഭക്ത്യാദരങ്ങൾക്കും കുറവുകൂടാതെ കുഞ്ഞികൃഷ്ണമേനോൻ ആ വലിയതമ്പുരാന്റെ വലത്തുകയ്യായിത്തന്നെ വൎത്തിച്ചു. എന്നാൽ അച്ചനോടുണ്ടായിരുന്ന ദ്വേഷ്യം നിമിത്തം മേനോൻ ആശയൊ നിരാശയൊ ഒട്ടും പ്രകടിപ്പിച്ചതുമില്ല. പക്ഷെ, അച്ചൻ കുഞ്ഞികൃഷ്ണമേന്റെ ആഴ്ചിലും ആയവും അളന്നു വെച്ചിരുന്നു.

രാജസമീപത്തിൽ അപ്രകാരം ഒരു ചിരകാലവിശ്വസ്തൻ സ്വതന്ത്രനായി സ്വൈരവാസം ചെയ്യുന്നതായാൽ അതു കാലാന്തരത്തിൽ തന്റെ കഴുത്തിലെയ്ക്കുള്ള ഒരു കോടാലിയാകുമെ ന്നച്ചൻ ന്യായമായി തീരുമാനിച്ചു. കുഞ്ഞികൃഷ്ണമേനോനെക്കൂടി ഭൂമുഖത്തുനിന്നു മാററിക്കളയുന്നതു് ആത്മരക്ഷയ്ക്കും അഭിലാഷപൂർത്തിക്കും അത്യന്താപേക്ഷിതമാണെന്നു് അച്ചൻ നിശ്ചയിച്ചു. പണിക്കരുടെ പണി കഴിച്ചതിനുശേഷം കുഞ്ഞികൃഷ്ണനെ 'കൃഷ്ണാർപ്പണ'മാക്കുന്നതിനായിരുന്നു അച്ചന്റെ ആലോചനമുഴുവനും. മരണം മനുഷ്യകൃതമല്ലെന്നു കുഞ്ഞികൃഷ്ണമേനോന്റെ ചരിത്രം തെളിയിക്കുന്നു.

അച്ചൻ വീണ്ടും, എന്തു മനോധർമ്മശൂന്യത, പണിക്കരെ പററിച്ച പല്ലവിതന്നെ പാടി. 'ചെറപറമ്പിൽ കുഞ്ഞികൃഷ്ണനെ രണ്ടുദിവസത്തെയ്ക്കു ചെന്നമംഗലത്തേയ്ക്കു ഒന്നു കല്പിച്ചയക്കണെ'മെന്നു് അച്ചൻ വലിയതമ്പുരാനു് ഇത്തവണയും ഒരു നീട്ടയച്ചു! "ശുദ്ധരിൽ ശുദ്ധ"നായിരുന്ന ആ തിരുമേനിക്കുപോലും ഇത്തവണ സംശയം ജനിച്ചു. "പണിക്കരെപ്പോലെ കുഞ്ഞികൃഷ്ണനും നടപ്പുദീനം പിടിച്ചാലൊ" എന്നു് അദ്ദേഹം ശങ്കിച്ചു. "കുഞ്ഞികൃഷ്ണനെ നാംതന്നെ രക്ഷിക്കും" എന്നു് അവിടുന്നു ഒരു പ്രതിജ്ഞയും ചെയ്തു.

കുഞ്ഞികൃഷ്ണനെ രക്ഷിച്ചുതരണമെന്നപേക്ഷിച്ചുകൊണ്ടു വലിയതമ്പുരാൻ അദ്ദേഹത്തെ അന്നു ബ്രിട്ടീഷ്റസിഡണ്ടായിരുന്ന മക്കോളെ സായ്പിനെ ഏല്പിച്ചു കൊടുത്തു എന്നും, സായ്പു സത്യംചെയ്തു് ഏറെറടുത്തു എന്നും, മേനോൻ പിന്നീടു് ഏതുനേരവും സായ്പിന്റെ കൂടെത്തന്നെ ആയിരുന്നു എന്നും, കുഞ്ഞികൃഷ്ണന്റെ ബുദ്ധിസാമർത്ഥ്യത്തിൽ സായ്പു് അത്യന്തം സംപ്രീതനായി എന്നും, അയാറ സായ്പിന്റെ കണ്ണിലുണ്ണിയായിത്തീർന്നു എന്നും, കൊച്ചിക്കോട്ടയെ പാലിയത്തച്ചൻ പിടിച്ചപ്പോറ അവിടെ ഉണ്ടായിരുന്ന മക്കോളെയും കുഞ്ഞികൃഷ്ണനും രക്ഷപെട്ടതു് അത്ഭുതാവഹമായ ഈശ്വരപ്രാഭവത്താൽ മാത്രമാണെന്നും, പിന്നീടു് വലിയസർവ്വാധിയായി അഭിഷിക്തനാകുന്നതുവരെ മക്കോളെ തന്റെ ഒരു മകനെപ്പോലെ കുഞ്ഞികൃഷ്ണനെ സംരക്ഷിച്ചുപോന്നു എന്നും, മററുമുള്ള "കൃഷ്ണകഥാശകലങ്ങറ" വിസ്മയാവഹങ്ങളും വിജ്ഞേയപ്രധാനങ്ങളുമാണെങ്കിലും ആ ചരിത്രത്തിന്റെ നാതിദീർഘമായ ഒരു വിവരണം ഇവിടെ അസംഗതമായിരിക്കുമെന്നു തോന്നുന്നു. പാലിയത്തച്ചന്റെ രണ്ടാമത്തെ വധോദ്യമമാണല്ലൊ പ്രസ്തുതവിഷയം.

ഈ കുഞ്ഞികൃഷ്ണമേനോനെക്കൂടി ഉലച്ചുവിടണമെന്നും, എന്നിട്ടുവേണം തന്റെ സ്വേച്ഛാധികാരത്തെ പരിപുഷ്ടമാക്കുവാനെന്നും അച്ചൻ വിചാരിച്ചു. എന്നാൽ ദൈവേച്ഛ മററുവിധത്തിലായിരുന്നു. ഏതായാലും 'കുഞ്ഞികൃഷ്ണൻ രാജപാശ്വങ്ങളിൽനിന്നു തീരെ വിട്ടൊഴിഞ്ഞുവല്ലൊ, അതുമതി' എന്നു് അച്ചൻ തല്ക്കാലം സമാധാനിച്ചു.

ശക്തൻതമ്പുരാന്റെ കാലത്തു് ഈ മക്കോളെസായ്പു പലതവണ എഴുത്തയച്ചപേക്ഷിച്ചിട്ടും തമ്മിൽ കാണാൻ അവസരമുണ്ടാക്കാതെ ഉരുട്ടിപ്പെരട്ടി കഴിക്കുകയാണു ചെയ്തതു്. അദ്ദേഹമാണിപ്പോൾ മഹാരാജാവിന്റെ ആത്മമിത്രവും തന്റെ ശിഷ്യനായ കുഞ്ഞികൃഷ്ണന്റെ രക്ഷാധികാരിയുമായിത്തീന്നതു്. സായ്പു് അടുത്തുകൂടിയതു് എന്തിനാണെന്നു് കൊച്ചിരാജാവും ഇംഗ്ലീഷുകമ്പനിക്കാരുംകൂടി അടുത്ത അവസരത്തിൽതന്നെ പുതുക്കി ചെയ്തതായ ഉടമ്പടിക്കരാറിന്റെ സ്വഭാവത്തിൽനിന്നു മനസ്സിലാക്കാവുന്നതാണു്. അതിനെക്കുറിച്ചു വഴിയെ.

൩

അച്ചന്റെ അവിവേകം.

അക്കാലത്തു തിരുവിതാംകൂർ ദിവാനായിരുന്ന വേലുത്തമ്പിദളവ നമ്മുടെ പാലിയത്തച്ചന്റെ ആത്മമിത്രമായിരുന്നു. അവക്കു പരസ്പരം വലിയ ബഹുമാനവുമായിരുന്നു. ഇടക്കത്തിൽ മക്കോളെയും വേലുത്തമ്പിയും നല്ല സൗഹാർദ്ദത്തിലായിരുന്നാലും പിന്നീടു് അവർതമ്മിൽ വലിയ വിരോധവും മത്സരവും വന്നുചേന്നു. അതിനുള്ള കാരണങ്ങളൊന്നും ഇവിടെ നമുക്കു ചിന്തനീയങ്ങളല്ല. ദളവയും സായ്പും അന്യോന്യം നശിപ്പിക്കുന്നതിനുദ്യുക്തരായിത്തീന്നു എന്നുപറഞ്ഞാൽ കഴിഞ്ഞുവല്ലൊ. അച്ചനും ദളവയും ഒന്നു ചേന്നു മക്കോളെയെ തുലയ്ക്കുവാൻ മാത്രമല്ല, ഇംഗ്ലീഷുകാരെ മലയാളത്തിൽനിന്നു് ഓടിക്കുന്നതിനുതന്നെ ഗൂഢമായി ശ്രമിച്ചു; യുദ്ധസന്നാഹങ്ങൾ സംഭരിച്ചു.

അക്കാലത്തു, കൊച്ചിരാജകുടുംബാംഗങ്ങളിൽ പലരും 'വലിയതമ്പുരാനും മട്ടാഞ്ചേരിക്കോവിലകത്താണു് എഴുന്നള്ളിത്താമസിച്ചിരുന്നതു്. അച്ചൻ കൊച്ചിക്കോട്ടയെ എതിക്കുവാനും അതേസമയംതന്നെ ദളവ തിരുവിതാംകൂറിലെ ഇംഗ്ലീഷുകാരെ എതിക്കുവാനും ആയിരുന്നു നിശ്ചയിച്ചിരുന്നതു്. കോട്ടയ്ക്കുനേരെ വെടിതുടങ്ങുന്നതിനു മുമ്പു രാജ

കുടുംബാംഗങ്ങളെ അച്ചൻ ചേന്ദമംഗലത്തു പാലിയത്തു കടത്തിത്താമസിപ്പിച്ചു. പരിശ്രമങ്ങളുടെ സ്വഭാവം അറിഞ്ഞോ അറിയാതെയോ വലിയതമ്പുരാൻ വെള്ളാരപ്പിള്ളിക്കും എഴുന്നള്ളി.

984 ധനുമാസം 14-ാംനു- വേലുത്തമ്പിയുടെ ഒരു പട്ടാളം കൊച്ചിയിലെത്തി. അച്ചൻെറ പട്ടാളത്തോടുചേൎന്നു് ഉച്ചയ്ക്കു രണ്ടുമണിക്കു കോട്ടയ്ക്കുനേരെ വെടിയുംതുടങ്ങി. മക്കോളെ കോട്ടയിലുണ്ടായിരുന്നു. അവിചാരിതവും അസംബാധവുമായി പെട്ടെന്നുണ്ടായ ആ യുദ്ധത്തിൽ മക്കോളെ തല്ക്കാലം ഒളിച്ചോടി, പുറംകടലിൽ ഉണ്ടായിരുന്ന ഒരു കപ്പലിൽ കയറി രക്ഷപ്പെട്ടു. സായ്പിൻെറ കൂടെ പോകുവാൻ സംഗതിവശാൽ സാധിക്കാതെപോയ അദ്ദേഹത്തിൻെറ ആശ്രിതനായ കുഞ്ഞികൃഷ്ണമേനോൻ അന്നു ശത്രുക്കളുടെ കയ്യിൽ അകപ്പെടാതെ രക്ഷപ്പെട്ടതും സായ്പിൻെറ കപ്പലിൽ പിന്നീടു് എത്തിച്ചേൎന്നതും, മററും കേവലം ആയുസ്സിൻെറ വലിപ്പംകൊണ്ടു്, എന്നുവേണം പറയുവാൻ. ഏതായാലും സായ്പും മേനോനും രക്ഷപ്പെട്ടുകതന്നെ ചെയ്തു. ഈ ലഹളയ്ക്കിടയിൽ 984 ധനു 30-ാംനു- ആ വലിയതമ്പുരാൻ വെള്ളാരപ്പിള്ളിയിൽവെച്ചു്, ആധിമൂലമുള്ള വ്യാധിയാൽ എന്നുതന്നെ പറയാം, തീപ്പെട്ടു.

ഒരുമാസത്തിനുള്ളിൽ മക്കോളെസായ്പു കോഴിക്കോട്ടുനിന്നു വേണ്ട സൈന്യശേഖരത്തോടുകൂടി തിരികെ കൊച്ചിക്കുവന്നു. മക്കോളെയ്ക്കു് അച്ചനേയും കൂട്ടരേയും കീഴടക്കുന്നതിനു വളരെ പ്രയാസപ്പെടേണ്ടിവന്നില്ലെന്നു പറയേണ്ടതില്ലല്ലോ. എല്ലാററിനേയും തോല്പിച്ചു്, ആയുധം വെപ്പിച്ചു്, ആ വികൃതിത്തരത്തിനെല്ലാം തലവനായിരുന്ന പാലിയത്തച്ചനെ നിഷ്പ്രയാസം ബന്ധനസ്ഥനാക്കി. ഉടനെ സായ്പു് തിരുവിതാംകൂറിലേയ്ക്കു ചെന്നു വേലുത്തമ്പിദളവയേയും സൈന്യങ്ങളേയും നിരായുധരാക്കി. ദളവയെ പിടിക്കുന്നതിനു സായ്പിനു സാധിച്ചില്ല. ആ വീരൻ പേടിച്ചോടി മണ്ണടിക്ഷേത്രത്തിനകത്തുകടന്നൊളിച്ചു. സായ്പിൻെറ ആളുകൾ അങ്ങോട്ടും എത്തുന്നതായിക്കണ്ടു് അവിടെവെച്ചു് ആത്മഹത്യചെയ്തു. അമൎഷം അടക്കാൻ ആകാഞ്ഞ മക്കോളെ, ദളവയുടെ ആ ശവശരീരത്തെ തിരുവനന്തപുരത്തേയ്ക്കു് എടുപ്പിച്ചു്, അവിടെ ഒരു കുന്നിന്മേൽ കഴുനാട്ടി അതിന്മേൽ കെട്ടി ഞാത്തിയിട്ടു! മക്കോളെയുടെ പൈശാചികമായ ഈ പ്രവൃത്തിയിൽ മതിരാശിഗവൎണ്ണർ കലശലായി ആക്ഷേപിക്കുകയുണ്ടായി. മററുപ്രകാരത്തിലും മക്കോളെ

ഏറെക്കുറെ ആക്ഷേപിതൻ ആയിരുന്നു. തിരുവിതാംകൂറിൽ അതോടുകൂടി 'ദളവാസ്ഥാനം' അന്ന്യംനിന്നു. അന്നുമുതൽ മക്കോളെതന്നെ തിരുവിതാംകൂറിലെ ഒന്നാമത്തെ ദിവാനുമായി.

ദളവയോട് ഇത്ര വളരെ വൈരം പ്രദർശിപ്പിച്ചു എങ്കിലും, പാലിയത്തച്ഛനെ മക്കോളെ യാതൊന്നും ഉപദ്രവിച്ചില്ല. "ചിങ്കൽപ്പേട്ട"യിലേയ്ക്കു നാടുകടത്തുകമാത്രം ചെയ്തു! കുടുംബച്ചിലവിനു കൊല്ലത്താൽ 15,000 ക. ആദായം പുറപ്പെടുന്ന സ്വത്തുക്കൾ മാത്രം നിർത്തി, പാലിയത്തെ 'ബാക്കി സ്വത്തുക്കൾ മുഴുവനും 'യുദ്ധച്ചിലവുവകയ്ക്കു' മക്കോളെ സായ്പ് കയ്യടക്കി. പിന്നീടു വന്ന റസിഡണ്ടു മൺറോസായ്പ്, ആ സ്വത്തുക്കൾ മുഴുവനും സർക്കാരിലേയ്ക്കു മുതൽക്കൂട്ടേണ്ടതാണെന്ന് അഭിപ്രായപ്പെട്ടിരുന്നു. 995-ൽ വെച്ചാണ് സ്വത്തുക്കൾ മുഴുവനും—അതുവരേയുള്ള ആദായം മാത്രം എടുത്ത്—പാലിയത്തേയ്ക്കുതന്നെ വിട്ടുകൊടുക്കുന്നതിനു മതിരാശിഗവർണർ കൗൺസിൽ തീരുമാനിച്ചതു്. ചിങ്കൽപേട്ടയ്ക്കു നാടുകടത്തപ്പെട്ട പാലിയത്തച്ഛനെ കുറേക്കൊല്ലം കഴിഞ്ഞപ്പോൾ സ്വതന്ത്രനാക്കി. എന്നാൽ അദ്ദേഹം സ്വരാജ്യത്തേയ്ക്കു മടങ്ങാതെ നേരേ കാശിക്കു തിരിക്കുകയും, അവിടെവെച്ചു പരലോകപ്രാപ്തനാകുകയും ചെയ്തു. അതോടുകൂടി ക്രിസ്ത്വബ്ദം പതിനേഴാംശതകത്തിൽ ലന്തക്കാരുടെ അനുഗ്രഹത്തോടുകൂടി ആരംഭിച്ചതായ പാലിയത്തച്ഛന്റെ പരമ്പര്യമന്ത്രിസ്ഥാനം സമാപ്തീകരിക്കപ്പെട്ടു. ഒരു 'കാശിയിൽനിന്നു നാടുനീങ്ങിയ വലിയച്ഛൻ' "കൊച്ചി സ്റ്റേയിററമാനുവൽ എന്ന വിഖ്യാതഗ്രന്ഥത്തിന്റെ അനുഗൃഹീതകർത്താവായ സി. അച്ചുതമേനോൻ അവർകളുടെ പിതാവായിരുന്ന പ്രസിദ്ധപ്പെട്ട കുറുപ്പത്തു 'കുഞ്ഞൻമേനോന്റെ അച്ഛനായിരുന്നു. അച്ഛന്റെയും തമ്പിയുടെയും അതിക്രമങ്ങളെക്കുറിച്ചു മക്കോളെ ബ്രിട്ടീഷ്റസിഡണ്ടിന്റെ നിലയിൽ ആലുവായിൽ വെച്ച് ഒരു വിചാരണ നടത്തി. തിരുവിതാംകൂർ കൊച്ചി രാജാക്കന്മാരെ രാജദ്രോഹക്കുററക്കാരെപ്പോലെ സായ്പിന്റെ മുമ്പിൽ ഹാജരാക്കി. മൂടുശീലയിടാത്ത ഡോലികളിൽ കയററി, തോക്കു കീഴോട്ടാക്കി പിടിച്ച പട്ടാളക്കാരുടെ അകമ്പടിയോടുകൂടിയാണത്രെ അവരെ ആനയിച്ചത്. വിചാരണയിൽ ആ രണ്ടു മഹാരാജാക്കന്മാരും തീരെ നിർദ്ദോഷികളും കേവലം നിരപരാധികളുമാണെന്നും, അന്തസ്സാരവിഹീനരായ മന്ത്രിമാരുടെ അവിവേകഫലമാണ് ആ കലാപമെന്നും തെളിഞ്ഞു. പരമാർത്ഥവും അതാണല്ലോ. രാജാക്കന്മാരെ ആദരവോടുകൂടി

ആഘോഷപൂർവ്വം മടക്കി അയച്ചു. അതിനുശേഷമാണ് അച്ചനെ നാടുകടത്തിയതു്.

ശക്തൻതമ്പുരാന്റെ അടുത്ത പിൻവാഴ്ചക്കാരന്റെ രാജ്യഭരണചരിത്രം, പാലിയത്തച്ചന്റെ അവിവേകത്തിന്റെ ഒരു ചരിത്രം മാത്രമാകുന്നു. ആ മഹാരാജാവു രാജ്യകാര്യങ്ങളിൽ ഒന്നും ശ്രദ്ധിച്ചില്ല. അവിടുന്നു് ഏകദേശം ഒരുനൂറോളം കഥകളിഗ്രന്ഥങ്ങൾ രചിച്ചിരുന്നിട്ടുണ്ടു്. അവയിൽ പത്തയ്മ്പതെണ്ണം കണ്ടുകിട്ടീട്ടുമുണ്ടു്. 'സുന്ദരകാണ്ഡം പാന' അവിടുത്തെ ഒരു കൃതിയാകുന്നു. ആ ഗ്രന്ഥം തൃപ്പൂണിത്തുറയുള്ള കോവിലകങ്ങളിലെല്ലാം ഇന്നും സാധാരണ പാരായണംചെയ്തുപോരുന്നുണ്ടു്. തൃപ്പൂണിത്തുറയുള്ള സോദയമഠം നിർമ്മിച്ചതും, തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ ശാന്തിക്കാരായി എമ്പ്രാന്മാരെ നിയോഗിച്ചതും മാധ്വമതാവലംബിയായിരുന്ന ഇദ്ദേഹമാകുന്നു.

981 കുംഭമാസം 20-ാനു—ശക്തൻതമ്പുരാൻ തീപ്പെട്ടു് ആറുമാസം കഴിഞ്ഞേ ഉള്ളൂ—കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ഒരു പുതിയ ഉടമ്പടിയുണ്ടായി. അതിൽ കൊച്ചിയെ പ്രതിനിധീകരിച്ചിരുന്നതു് ഈ പാലിയത്തച്ചനും, അണ്ണാവിസർവ്വാധികാര്യക്കാരും മേല്പറഞ്ഞ ചെറുപറമ്പത്തു കുഞ്ഞികൃഷ്ണമേനോനുമാണു്. ശക്തൻതമ്പുരാന്റെ കാലത്തു വിട്ടുകൊടുക്കാതിരുന്ന പല കാര്യങ്ങളും ആ കരാറുപ്രകാരം കഴിയുവാൻ തീർച്ചപ്പെടുത്തി. അതിലെ ഏഴാംവകുപ്പു്, ഉടനെതന്നെ ഇരിങ്ങാലക്കുടയിൽ തച്ചുടയകയ്മളെ അവരോധിക്കണമെന്നുള്ളതായിരുന്നു. അചിരേണ കയ്മളവരോധവും നടന്നു. തിരുവിതാംകൂറിൽനിന്നു നേരിട്ടയച്ച ഒന്നാമത്തെ തച്ചുടയകയ്മൾ 981-ൽ അന്നു് അവരോധിക്കപ്പെട്ട കയ്മളായിരുന്നു. (തച്ചുടയകയ്മൾ എന്ന അദ്ധ്യായം നോക്കുക). ഏളങ്കുന്നപ്പുഴ, നായത്തോട്ടു്, അന്നമനട മുതലായ പ്രധാനപ്പെട്ട ക്ഷേത്രങ്ങളെ സംബന്ധിച്ചും, അഷ്ടമനാട്ടു്, രാമംഗലം, വെട്ടിക്കൽ, കരിശ്ശ് മുതലായ ദേശങ്ങളെ സംബന്ധിച്ചും, പ്രധാനപ്പെട്ട മററു പല അവകാശങ്ങളെയും അതിർത്തികളെയും സംബന്ധിച്ചും ആ കരാറിൽ കൊച്ചിയെക്കൊണ്ടു പലതും സമ്മതിപ്പിച്ചു രേഖപ്പെടുത്തീട്ടുണ്ടു്. ഗുണമായാലും ദോഷമായാലും ആ കരാറും, അതിനെത്തുടർന്നുണ്ടായ കയ്മളവരോധവും മററും പാലിയത്തച്ചന്റെ പ്രയോഗങ്ങളായിരുന്നു എന്നതിനു സംശയമില്ല.

൪

കടവിലത്തെ വലിയസർവ്വാധി.

984 ധനുമാസത്തിൽ വെള്ളാരപ്പിള്ളിയിൽ വെച്ചു് അന്നത്തെ മഹാരാജാവു തീപ്പെട്ടതിനുശേഷം, അവിടുത്തെ സഹോദരനും 'ചിററമ്മ'ത്തമ്പുരാന്റെ ദ്വിതീയപുത്രനുമായ രാമവമ്മമഹാരാജാവു സിംഹാസനാരോഹണം ചെയ്തു. അദ്ദേഹം 1003വരെ, ഇരുപതു കൊല്ലത്തോളം രാജ്യഭാരം നടത്തി. അദ്ദേഹവും, വളരെ ധമ്മിഷ്ഠനെങ്കിലും അതുപോലെ ദുർബ്ബലനും ആയിരുന്നു. അദ്ദേഹത്തിന്റെ കാലത്തു കൊച്ചിരാജ്യത്തിനു സംഭവിച്ച ശോച്യാവസ്ഥ മമ്മഭേദകമാകുന്നു. ഉട്ടപ്പിസ്വാമിയാരെ പൂജിക്കുന്നതിനും തിരുമനസ്സിലെ പ്രിയപ്രേയസിമാരായിരുന്ന കണ്ണേഴത്തുമഠത്തിലെ നമ്പിഷ്ഠാതിരിമാരെ ലാളിക്കുന്നതിനും അല്ലാതെ ഒന്നിനും അദ്ദേഹത്തിനു സമയമോ സന്മനസ്സോ ഇല്ലായിരുന്നുവത്രെ. അന്നത്തെ വിനോദരസികന്മാരും സ്വാഭിപ്രായപ്രകടനനിരതന്മാരുമായിരുന്ന ചാക്യാന്മാർ, തന്നിമിത്തം, ആ മഹാരാജാവിനെക്കുറിച്ചു് "ഉട്ടപ്പും കണ്ണേഴത്തു"മായി കഴിച്ചുകൂട്ടി എന്നു പരസ്യമായി പ്രസ്താവിച്ചിരുന്നതായി പ്രസിദ്ധിയുണ്ടു്. അദ്ദേഹത്തിന്റെ കാലത്തു 'വലിയസർവ്വാധി'യായിത്തീന്ന ചെറുപറമ്പത്തു കുഞ്ഞികൃഷ്ണമേനോന്റെ 'കൊടികയററവും' ഉത്സവവും കൊണ്ടു് ആദ്യഘട്ടം മുഴുവനും അലങ്കോലപ്പെട്ടുപോയി. ആ ഉത്സവത്തിന്റെ അവസാനത്തിൽ ഒരു 'പള്ളിനായ്ട്ടു' കഴിച്ചു്, 'ആറാട്ടു' നടത്തി ആ രംഗത്തെ അവസാനിപ്പിച്ചതു്, അതിനിടയ്ക്കു ബ്രിട്ടീഷ് റസിഡണ്ടായി വന്ന വിശ്രുതനും വിവേകിയും വിദ്വാനുമായിരുന്ന മൺറോസായ്പു് അവർകളാണു്. അദ്ദേഹത്തോടു കൊച്ചിരാജ്യത്തിനുള്ള കടമ സീമാതീതമാകുന്നു.

ഈ കുഞ്ഞികൃഷ്ണമേനോനെക്കുറിച്ചു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ശക്തൻതമ്പുരാന്റെ കരാളഖഡ്ഗത്തിൽനിന്നു് അദ്ദേഹം രക്ഷപ്പെട്ടു; പാലിയത്തച്ചന്റെ പണിത്തരങ്ങളൊന്നും അദ്ദേഹത്തോടു ഫലിച്ചില്ല; തമ്പിയച്ചന്മാരുടെ യുദ്ധത്തിൽനിന്നു് ഓടി രക്ഷപ്പെട്ടു; യോഗബലത്താൽ മക്കോളെസായ്പിന്റെ കണ്ണിലുണ്ണിയും വിശ്വസ്തശിഷ്യനും ആയിത്തീന്നു. മക്കോളെസായ്പു പാലിയത്തച്ചനെ നാടു കടത്തിയപ്പോൾ, ശൂന്യമായിബ്ഭവിച്ച കൊച്ചിയിലെ മന്ത്രിസ്ഥാനത്തു കുഞ്ഞികൃഷ്ണമേനോൻ, സായ്പിന്റെ കല്പനപ്രകാരം, ആരോഹണം ചെയ്യപ്പെട്ടു! "കഴുവേററപ്പെടുവാൻ യോഗമുള്ളവൻ കപ്പൽ മുങ്ങിച്ചാകുന്നതല്ല" എന്നു് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ടു്!

റസിഡണ്ടിന്റെ ആജ്ഞാനുസരണം മഹാരാജാവു കുഞ്ഞികൃഷ്ണമേനോനെ 'വലിയസർവ്വാധി'യായി വരിക്കയും, അതിനുമുമ്പൊന്നും ഉണ്ടായിട്ടില്ലാത്തവിധം, അദ്ദേഹത്തിനു 'തീട്ടൂരവും, പട്ടും, ഉടവാളും' ഉദ്യോഗചിഹ്നങ്ങളായി കല്പിച്ചു കൊടുക്കുകയും ചെയ്തു. ആ നടപടിയെ തുടൎന്നാണു് ഇന്നും കൊച്ചിയിലെ ദിവാൻജിമാൎക്കു നിയമനാവസരത്തിൽ ഒരു വാളും കൂടി കൊടുത്തുവരുന്നതു്. ആ വാളും ധരിച്ചുകൊണ്ടാണു ദിവാൻജിമാർ അത്തച്ചമയാഘോഷാവസരത്തിൽ മഹാരാജാക്കന്മാരെ ആദരപൂൎവ്വം അകമ്പടി സേവിക്കുന്നതു്.

ഏറ്റവും എളിയ നിലയിൽനിന്നു്, ഈശ്വരാവിലാസത്താൽ, വലിയസർവ്വാധി—ഇന്നത്തെ ദിവാൻജി—ആയിത്തീൎന്ന ഒരു 'മഹായോഗവാൻ' ആയിരുന്നു കുഞ്ഞികൃഷ്ണമേനോൻ എങ്കിലും, അദ്ദേഹത്തിനു് അല്പമെങ്കിലും മഹാമനസ്കതയൊ, ഹൃദയശുദ്ധിയൊ, ആദൎശമഹത്വമൊ, വിവേകംപോലുമൊ ആദ്യകാലത്തു് ഉണ്ടായിരുന്നില്ലെന്നു സവ്യസനം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കുഞ്ഞികൃഷ്ണമേനോൻ വലിയസർവ്വാധി, സകലത്തിനും സർവ്വാധികാരിയായി, അധികാരപ്രമത്തനായി, അസമ്പ്രേക്ഷ്യകാരിയായിട്ടാണു്, പണിക്കുവച്ചതുമുതല്ക്കു പ്രവൎത്തിക്കുവാൻ തുടങ്ങിയതു്. തന്നെക്കൊല്ലാൻ ശ്രമിച്ച പാലിയത്തച്ചൻ, ദൈവേച്ഛയാൽ, മക്കോളെ മുഖാന്തിരം, കഠിനമായി ശിക്ഷിക്കപ്പെട്ടിരുന്നു എങ്കിലും, പ്രതികാരപ്രബുദ്ധമായിരുന്ന കുഞ്ഞികൃഷ്ണമേനോന്റെ മനസ്സു് അതുകൊണ്ടൊന്നും തൃപ്തിപ്പെടാതെ, പകവീട്ടുന്നതിനുള്ള ഇതരപഥങ്ങളെ ആരായുവാൻ തുടങ്ങി. സംസ്കാരശൂന്യനായിരുന്ന അദ്ദേഹം 'നീയല്ലെങ്കിൽ നിന്റെ അച്ഛൻ' എന്ന ചെന്നായന്യായത്തെ അവലംബിച്ചു്, നാടുകടത്തപ്പെട്ട പാലിയത്തച്ചന്റെ കുടുംബത്തെ കഠിനമായി ഉപദ്രവിക്കയും, പാലിയത്തച്ചന്റെ മക്കളായിരുന്ന കുറുപ്പത്തു വീട്ടുകാരുടെമേൽ എന്തൊക്കെയൊ അപരാധങ്ങൾ വലിച്ചിട്ടു്, അവരെ വിലങ്ങുവെപ്പിച്ചു തൃശ്ശൂർ പട്ടണത്തിലെ തെരുവീഥികളിൽ 'വഴിപ്പുണി' എടുപ്പിക്കുകയും കൂടി ചെയ്തുവത്രെ! അശക്തനായ മഹാരാജാവു്, ഉള്ളിൽ നന്നേ അലോക്യമുണ്ടായിട്ടും, ഒന്നും ചോദിക്കുവാൻ തുനിഞ്ഞില്ല. കുഞ്ഞികൃഷ്ണമേനോന്റെ 'അന്തമില്ലായ്മ'ക്കു പുറമെ അദ്ദേഹം മക്കോളെ സായ്പിന്റെ 'സ്വന്തം' ആണെന്നുള്ള സംഗതിയും രാജാവിനെ മൂകനും നിശ്ചേഷ്ടനും ആക്കിത്തീൎത്തു! ഗത്യന്തരമില്ലാതെ, ചിങ്കൽപേട്ടയിൽ രാജ്യഭ്രഷ്ടനായി വസിച്ചിരുന്ന പാലിയത്തച്ചൻതന്നെ ആ അതിക്രമത്തെക്കുറിച്ചു മതിരാശിഗവർണർ അവർകളുടെ

അടുക്കൽ ആവലാതിപ്പെടുകയും, നീതിമാനായിരുന്ന ഗവർണർ അന്വേഷണാനന്തരം കുറപ്പത്തവരുടെ ചങ്ങലവെട്ടിച്ച് അവരെ ബന്ധനവിമുക്തരാക്കി മാനിക്കുകയും ചെയ്തു.

മക്കോളെ സായ്പിന്റെ ആളായ മേനോൻ കൊച്ചിയിലെ മന്ത്രിയായാൽ ഉടനെ ഉണ്ടാകുമെന്ന് ഊഹിക്കാവുന്നതു്, ഇംഗ്ലീഷും കൊച്ചിയും തമ്മിൽ ഒരു പുതിയ ഉടമ്പടിക്കരാറാണല്ലോ. 965-ൽ ശക്തൻതമ്പുരാനും മിസ്റ്റർ പൗണിയും തമ്മിൽ ചെയ്ത കരാറാണ് അന്നു നിലനിന്നിരുന്നതു്. അതിനെ കന്നു ഭേദപ്പെടുത്തുന്നതിനു ശക്തന്റെ കാലത്തൊന്നും, എത്ര ശ്രമിച്ചിട്ടും, കമ്പഞ്ഞിക്കാൎക്കു സാധിച്ചിരുന്നില്ല. എന്നാൽ കുഞ്ഞികൃഷ്ണമേനോൻ 984 എടവത്തിൽ തന്നെ ആ സംഗതി നിൎവ്വഹിച്ചു. മക്കോളെ ആഗ്രഹിച്ചിരുന്നപ്രകാരംതന്നെ സാധിപ്പിച്ചു. ആ കരാറുപ്രകാരം, ഇംഗ്ലീഷുകാൎക്കു കൊടുക്കേണ്ട കപ്പം ഒരുലക്ഷത്തിൽനിന്നു രണ്ടുലക്ഷത്തി എഴുപത്താറായിരത്തി മുപ്പത്തി ഏഴാക്കി വൎദ്ധിപ്പിച്ചു. പണമടയ്ക്കുന്നതിനു വീഴ്ചവരുത്തിയാൽ രാജ്യഭരണംതന്നെ കമ്പനിയിൽനിന്നു നേരിട്ടേടുത്തു നടത്തുന്നതിനു വ്യവസ്ഥപ്പെടുത്തി. കൊച്ചിരാജ്യത്തു് എവിടെയെങ്കിലും, ആവശ്യവും സന്ദൎഭവുംപോലെ, കോട്ടകെട്ടുന്നതിനും പട്ടാളത്തെ നിൎത്തുന്നതിനും കമ്പനിക്കാൎക്കു് അധികാരംകൊടുത്തു. ഇപ്രകാരം പല പുതിയ വ്യവസ്ഥകളോടുകൂടിയതായിരുന്നു ആ കരാർ. അതു് അയുക്തവും അന്യായവുമായിപ്പോയി എന്നു പിന്നീടു വന്ന റസിഡണ്ടു് മൺറോസായ്പിനുകൂടി ബോദ്ധ്യമായി എന്നു് അദ്ദേഹത്തിന്റെ കാലത്തു കപ്പപ്പണം രണ്ടുലക്ഷമാക്കി കുറച്ചു എന്ന ഏകസംഗതികൊണ്ടുതന്നെ വിചാരിക്കാവുന്നതാണു്.

കുഞ്ഞികൃഷ്ണമേനോന്റെ അപ്രാപ്തിയെപ്പോലെത്തന്നെ അതിരറ്റതായിരുന്നു അദ്ദേഹത്തിന്റെ അവിവേകവും. അദ്ദേഹത്തിന്റെ സ്വഭാവവും സദാചാരബോധവും അതുപോലെ മലിനവുമായിരുന്നു. അദ്ദേഹം വലിയ ഒരു സ്ത്രീജിതൻകൂടി ആയിരുന്നുവത്രെ! അംഗീകരിക്കപ്പെട്ട ഭാൎയ്യമാർതന്നെ മൂന്നോ നാലോ ഉണ്ടായിരുന്നു. ആ ധൂൎത്തശീലം അവാച്യങ്ങളായ അനേകം അപവാദങ്ങൾക്കും അപരാധങ്ങൾക്കും കാരണമായിത്തീൎന്നു. രാജകുടുംബാംഗങ്ങൾതന്നെ ഭയവിഹ്വലരും ഇതികൎത്തവ്യതാവിമൂഢരുമായിബ്ഭവിച്ചു. അവരേയും മഹാരാജാവിനെത്തന്നെയും അദ്ദേഹം എള്ളോളം ആദരിച്ചിരുന്നില്ല.

986 കുംഭം 6-ാം൹ മഹാരാജാവു സായ്പിനയച്ചതായ ഒരു കത്തിൽ കുഞ്ഞികൃഷ്ണമേനോൻ കോവിലകത്തുള്ളവരോടു പെരുമാറുന്ന സമ്പ്രദായത്തെക്കുറിച്ച് ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു: "...സ്വരൂപത്തിങ്കൽ പൂൎവ്വാപൂൎവ്വമായിട്ടു നടന്നുവന്നിരിക്കുന്നപൊലെ അല്ലാതെ ഓരൊ എണ്ണങ്ങൾ ചെയ്യുകയും, നമ്മെയും നമ്മുടെ ഉടപ്പിറന്നവർമാരെയും പല പ്രകാരത്തിലും ഉള്ള അപമാനങ്ങൾ ചെയ്കയും, ഉടപ്പിറന്നവർമാരെ വിവാഹംചെയ്തിരിക്കുന്ന നമ്പൂരിമാരെ കോവിലകങ്ങളിൽനിന്നും ഏറക്കി ഇല്ലങ്ങളിൽചെന്നു പാൎക്കത്തക്കവണ്ണം അയക്കയും ഇങ്ങിനെ പലകൂട്ടം ചെയ്യുന്നു..." ഇപ്രകാരമുള്ള ആവലാതികൾ പലതരത്തിലും പലപ്പോഴും ഉണ്ടായിട്ടുണ്ട്. ശോചനീയമായ ആ ഘട്ടത്തെ കൂടുതൽ ഉദാഹരണങ്ങൾകൊണ്ടു തെളിയിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല. നാട്ടുകാൎക്കും രക്ഷയുണ്ടായിരുന്നില്ലെന്നു 986 വൃശ്ചികം 12-ാം൹യിലെ ഒരു തിരുവെഴുത്തിൽ കാണുന്ന "നമ്മുടെ രാജ്യത്തുനിന്നും മൂന്നു പെൺകുട്ടികളെ നാം ബോധിയാതെ കുഞ്ഞികൃഷ്ണൻ പിടിച്ചുകൊണ്ടു വരിച്ച രാമലിംഗംമുതലിയാരുടെ അടുക്കൽ കൂട്ടി ഏല്പിച്ചു പാൎപ്പിച്ചിരിക്കകൊണ്ടു കുട്ടികളുടെ ശേഷക്കാൎക്കു സങ്കടം ബോധിപ്പിച്ചിരിക്കുന്നു," എന്ന വാചകത്തിൽനിന്നു ധാരാളത്തിലധികം ധരിക്കാവുന്നതാണു്.

കുഞ്ഞികൃഷ്ണമേനോന്റെ ധിക്കാരങ്ങൾക്കെല്ലാം പിൻബലം മെക്കാളെയുടെ പ്രീതിതന്നെയായിരുന്നു. മെക്കാളെയുടെ സ്വന്തക്കാരനായ കുഞ്ഞികൃഷ്ണമേനോൻ എന്തു കല്പിച്ചാലും കമ്പനിശിപായിമാരും മററും പ്രവൎത്തിപ്പാൻ സന്നദ്ധരുമായിരുന്നു. കമ്പനിക്കാർ ചെയ്യാൽ രാജാവിനു് അങ്ങാനെ മറുത്തു പറയുവാനും തരമില്ല. ഈ സംഗതിക്കുള്ള തെളിവു താഴെ ചേൎക്കുന്ന എഴുത്തുതന്നെ. 986 തുലാം 25-ാം൹ രാജാവു സായ്പിനു് എഴുതുന്നു: "...തൃപ്പൂണിത്തുറെ കച്ചവടപ്പാണ്ടികശാലയിൽ നാം കണക്കെഴുത്തിനാക്കിയിരുന്നവനെ കുമ്പഞ്ഞിശിപായിമാരിൽ രണ്ടുപെരു വന്നു കയ്യുപിടിച്ചു താഴത്തിറക്കി പിടിച്ചു തള്ളി കുഞ്ഞികൃഷ്ണൻ പാൎക്കുന്നെടത്തു കൊണ്ടുചെന്നാക്കി. ഇന്നെവരക്കും കുമ്പഞ്ഞിശിപായിമാര നമ്മുടെ ആളുകളെ പിടിക്ക ഉണ്ടായിട്ടും ഇല്ല. കുമ്പഞ്ഞി ആളുകൾ കുഞ്ഞികൃഷ്ണൻ പറയുംവണ്ണം കെട്ടു കവിച്ചലുകൾ ചെയ്യുക എന്നു വന്നാൽ നമുക്കു വളരെ മുട്ടായിട്ടു വരുമല്ലൊ..." മററൊരെഴുത്തിൽ, "നാം മെക്കാളെസായ്പിനെ കൊച്ചിയിൽവെച്ചു കണ്ടു കുഞ്ഞികൃഷ്ണനെക്കൊണ്ടുള്ള കവിച്ചലുകൾ പറഞ്ഞാറെ, ഇനി രാജാവിനു ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ലാ എന്നും കുഞ്ഞികൃഷ്ണൻ ഏതാനും ചെയ്തു

എങ്കിൽ നമ്മെ ബൊധിപ്പിച്ചാൽ തീൎത്തു തരുമെന്നു സായ്പു നിശ്ചയിക്കയും ചെയ്യു" എന്നു് എഴുതി കാണുന്നതിൽനിന്നും കുഞ്ഞികൃഷ്ണൻ മക്കോളെയുടെ മുതുകത്തുതന്നെയായിരുന്നു എന്നു തെളിയുന്നുണ്ടു.

൫

അതിൎത്തിവിട്ട അതിക്രമങ്ങൾ.

കുഞ്ഞികൃഷ്ണമേനോന്റെ അതിക്രമങ്ങളുടെ പൂൎത്തിയായ ഒരു പട്ടിക ഈ കടലാസ്സിൽ സ്ഥലം മതിയാകുന്നതല്ല. രാജാവിന്റെ ആവലാതിക്കത്തുകളിൽ ഓരോന്നിലും അവയുടെ വിവരങ്ങൾ ധാരാളമുണ്ടായിരുന്നു. "കുഞ്ഞികൃഷ്ണൻ സാഹസി ആകുന്നുവെന്നും വല്ലതും ചെയ്യുമെന്നും നമ്മൊട പറയത്തക്കവണ്ണം ആളെ അയച്ചിരിക്കുന്നു." രാജദ്രോഹത്തിന്റെ നഗ്നനൎത്തനം! ധാൎഷ്ട്യത്തിന്റെ പരമകാഷ്ഠ! "നാം ഊട്ടുവിചാരിപ്പിന്ന ആക്കിയിരുന്ന ശുപ്പുവിനെ കുഞ്ഞികൃഷ്ണൻ ആളയച്ചു പിടിച്ചു തള്ളി പാറാവിൽ പാൎപ്പിച്ചിരിക്കുന്നു." "നാം സായിപ്പിനുള്ള എഴുത്തും കൊടുത്തയച്ചിരുന്ന മലയനെ അവിടന്നു വരുംവഴി കുഞ്ഞികൃഷ്ണൻ പിടിച്ചുകൊണ്ടുപൊയി പാറാവിലാക്കിയിരിക്കുന്നു." "നാം കൊച്ചി കൊവിലകത്തു കാവല്ക്കു പാൎപ്പിച്ചിരുന്ന കുന്നത്തെരികയ്മളെ പിടിച്ചു തള്ളി അവനെയും മട്ടാഞ്ചെരി ചുങ്കത്തിൽ ആക്കിയിരുന്നവനെയും കുഞ്ഞികൃഷ്ണൻ തടങ്ങലിൽ പാൎപ്പിച്ചിരിക്കുന്നു." "കൊടുങ്ങല്ലൂർ കൊവിലിന്റെ കൂടെ പാൎക്കുന്ന കൃഷ്ണനെ കൊവിലിന്റെ മുമ്പിൽവെച്ചു പിടിച്ചുകെട്ടി പാറാവിൽ ഇട്ടിരിക്കുന്നു." "വലിയ മെലെഴുത്തുകണക്കിനു ആക്കിയിരുന്ന അനന്തരാമനെ മതിരാശി ശിപ്പായിമാരെക്കൊണ്ടു കുടുമ്മപിടിച്ചു വലിച്ചു താഴത്തിട്ടു ചവിട്ടിച്ചു കുഞ്ഞികൃഷ്ണൻ പാൎക്കുന്നെടത്തിട്ടു പൂട്ടിയിരിക്കുന്നു."

ഇപ്രകാരമുള്ള ഏററങ്ങൾ രാജാവിങ്കൽതന്നെ പ്രവൎത്തിച്ച കുഞ്ഞികൃഷ്ണമേനോൻ, തന്നെ അനുസരിക്കാത്ത നാട്ടുകാരോടു് എങ്ങനെയൊക്കെ പ്രവൎത്തിച്ചിരിക്കുമെന്നു് ഊഹിക്കുന്നതായിരിക്കും ഭേദം.

ഈവക അക്രമങ്ങളിൽനിന്നു കുഞ്ഞികൃഷ്ണമേനോൻ തീരെ കഥയില്ലാത്ത, തരിമ്പും തന്റേടമില്ലാത്ത, ഒരു വകനായിരുന്നുവോ എന്നും കൂടി സംശയിക്കണം. അല്ലെങ്കിൽ, ദുൎബ്ബലനും നിരുപദ്രവിയും ആയിരുന്ന ആ മഹാരാജാവിനെ പ്രീതിപ്പെടുത്തിക്കൊണ്ടുതന്നെ സ്വാൎത്ഥം നേടുന്നതിനു അയത്നം സാധിക്കുമായിരുന്നു.

അക്രമങ്ങൾക്കു പുറമെ രാജഭണ്ഡാരത്തിൽനിന്നു പല വിലപിടിച്ച ആഭരണങ്ങളും കുഞ്ഞികൃഷ്ണമേനോൻ കയ്യടക്കിവെച്ചിരുന്നതായി, ആവക ആഭരണങ്ങളുടെ വിശദമായ വിവരണം അടങ്ങിയ ഒരു പട്ടികയോടുകൂടി, രാജാവു റസിഡണ്ടുസായ്പിനു ആവലാതികൾ എഴുതി അയച്ചിട്ടുള്ളതായും കാണുന്നുണ്ടു. ഒരു വിവരണം നോക്കുക:–
"പുഷ്യരാഗംവെച്ച ഒരു മോതിരം വെണമെന്നുവെച്ച അന്വെഷിച്ചിട്ട നല്ലതു കിട്ടായ്കകൊണ്ടു തൃശ്ശൂരുന്നു തീപ്പെട്ട തമ്പുരാന്റെ (ശക്തന്റെ) തൃക്കയ്യിൽ കെട്ടിയിരുന്ന നവരത്നംപതിച്ച പൊഞ്ചിയിന്മൽനിന്ന ഒരു പുഷ്യരാഗം എടുത്ത ഉണ്ടാക്കിയതായ മോതിരം."

അവിവേകം അപ്രാപ്തിയോടുകൂടി സംഘടിതമാകുമ്പോൾ അതു പൂർവ്വാധികം ആപൽഗർഭമാകുന്നു. കുഞ്ഞികൃഷ്ണമേനോന്റെ ധിക്കാരത്തെ സാധൂകരിക്കുന്നതിന്നു തക്കവണ്ണം എന്നുവേണ്ടാ, ഒന്നു കനം കാട്ടുന്നതിനുതകുന്നവിധം പോലും, കാര്യപ്രാപ്തി ആ മനുഷ്യനുണ്ടായിരുന്നില്ലെന്നുവേണം വിചാരിക്കുവാൻ. 'മയ്യോളയുടെ വളർത്തുപുത്രൻ' എന്നതിൽ കവിഞ്ഞൊന്നും കൈമുതൽ ഉണ്ടായിരുന്നില്ലെന്നു അദ്ദേഹത്തിന്റെ ഏതു പ്രവൃത്തിയും പ്രഖ്യാപനം ചെയ്യു. അദ്ദേഹത്തിന്റെ രാജാവു ഇംഗ്ലീഷധികാരികൾക്കു അയച്ചിട്ടുള്ള കത്തുകളിൽനിന്നു എടുത്തതായ താഴെ ചേർക്കുന്ന ഭാഗങ്ങൾ അദ്ദേഹത്തിന്റെ അപ്രാപ്തിയുടെ അതിർത്തിയില്ലായ്മയെ കുറിക്കുന്നു.

"ചെറുപറമ്പിൽ കുഞ്ഞികൃഷ്ണനെ രാജ്യകാര്യം വിചാരിപ്പാൻ ആക്കിയതിൽപിന്നെ, അവൻ മുതൽകൊണ്ടു ഏറിയ ദുർവ്വ്യയം ചെയ്കയും, കാര്യാദികൾ നമ്മെ ബൊധിയാതെ നടക്കയും, ഇങ്ങനെ പല കുറ്റങ്ങൾ പലപ്പൊഴും എഴുതിക്കൊടുത്തയച്ച ബൊധിപ്പിച്ചിട്ടുണ്ടല്ലൊ. നാം ബൊധിയാതെ എല്ലാററിനും അവന്റെ ആളുകളെ വെച്ച മുതൽ എടുപ്പിച്ച അവന ബൊധിച്ചവണ്ണം ചിലവിടുകയും, ഒന്നും വെണ്ടതുപൊലെ പിരിയാതെ ഏറിയ മുതൽദൊഷം വരുത്തുകയും, നമുക്കും സ്വരൂപത്തിക്കും പതിവു വെച്ചിരിക്കുന്നതും വെണ്ടുംവണ്ണം തരാതിരിക്കയും ചെയ്യുന്നു..."

"...നമ്മുടെ രാജ്യത്തുള്ള ജനങ്ങൾ ഒക്കയും കുഞ്ഞികൃഷ്ണൻ ഞെരുക്കങ്ങൾ ചെയ്കകൊണ്ടു കാരൊരുത്തരും പുറപ്പെട്ടുപൊകകൊണ്ടും നമ്മെയും സ്വരൂപത്തെയും ബുദ്ധിമുട്ടിക്കകൊണ്ടും കുമ്പഞ്ഞിക്കപ്പപ്പണം

അടക്കാതെ ഇരിക്കകൊണ്ടും കണക്ക ബൊധിപ്പിക്കായ്കകൊണ്ടും കുമ്പഞ്ഞിയിൽ നിന്നുതന്നെ നമുക്ക ബൊധിച്ച ആളെ ആക്കി നിദാനം വരുത്തുന്നതിന്ന നാം അപെക്ഷിക്കുന്നു..." 1810 ജൂൺമാസം 9-ാംനു- കമ്പനിയിൽനിന്നു വന്നതായ ഒരു അറിയിപ്പിൽ അന്നേത്തീയതിക്കു കപ്പപ്പണത്തിൽ ആറലക്ഷത്തിഅറുപതിനായിരത്തിഅഞ്ഞൂററിഎഴുപത്തിഎഴുരൂപാ ബാക്കി ഉണ്ടെന്നു കാണിച്ചിരിക്കുന്നു!

രാജാവിൻെറ വാക്കുകളിൽ അതിശയോക്തി കലന്നിരിക്കണമെന്നു ശങ്കിക്കുന്നവരുണ്ടെങ്കിൽ അവരുടെ തൃപ്തിക്കായി, അധികം താമസിയാതെ, അന്നത്തെ രാജ്യസ്ഥിതിയെക്കുറിച്ച, കേണൽ മൺട്രൊസായ്പു തന്നെ രേഖപ്പെടുത്തീട്ടുള്ളതിനെ എടുത്തു കാണിച്ചുകൊള്ളുന്നു. അതിപ്രകാരമാണ്: "എത്രതന്നെ വൎണ്ണിച്ചാലും ഭരണസംബന്ധമായി നടക്കുന്ന ജനോപദ്രവം, കൈക്കൂലി മുതലായ ആഭാസനടപടികളുടെ ശരിയായ ഒരു രൂപംഉണ്ടാക്കിത്തീൎക്കുവാൻ സാധിക്കുന്നതല്ല."

കുഞ്ഞികൃഷ്ണമേനോൻ രാജകുടുംബത്തിൻെറയോ രാജാവിൻെറയോ നാശത്തിനോ അധഃപതനത്തിനോ വേണ്ടി മന്ത്രവും മാരണവും മററ് ആഭിചാരവൃത്തികളും ചെയ്യിച്ചിരുന്നതായും കൂടി ആക്ഷേപം പുറപ്പെട്ടു. അതു മദിരാശി കൗൺസിൽവരെ രേഖപ്പെട്ടുകിടക്കുന്ന കുപ്രസിദ്ധമായ ഒരു വൎത്തമാനവുമാകുന്നു. രാജാവുതന്നെ 986 തുലാം 21-ാംനു- ഇപ്രകാരം എഴുതിയിരിക്കുന്നു. "...കുഞ്ഞികൃഷ്ണൻ നമ്മുടെ നെരെ ക്ഷുദ്രാഭിചാരം ചെയ്യിച്ചിരിക്കുന്നതിൽ രണ്ടു നാലാളെ നാം പിടിച്ചു വെച്ചിട്ടുണ്ടു. കുഞ്ഞികൃഷ്ണൻ ദ്രവ്യം ദ്വവ്യ്യയം ചെയ്യുന്നതുകൊണ്ടു അവനു ബന്ധുക്കൾ ധാരാളമുണ്ടാവും. പരമാൎത്ഥം അറിയണ്ടവരു അറിഞ്ഞിരിക്കണമെല്ലൊ എന്നു വെച്ചു മാത്രം നാം ഈ വക എഴുതുന്നതാണ." ധനുമാസം 10-ാംനു- യിലെ എഴുത്തിൽ കൂടുതൽ സംഗതികൾ കാണുന്നുണ്ട്. "...നമ്മുടെ ഉണ്ണി അസംഗതിയായിട്ടു അപായം വരികകൊണ്ടു ആയതു എന്തു എന്ന സംഗതി നാം ശാസ്ത്രം അറിയുന്ന ആളുകളെ പലരെയും വരുത്തി വിചാരിച്ചാറെ, ആഭിചാരംകൊണ്ടാകുന്നു എന്നു അവര പറകകൊണ്ടും, നമ്മുടെ രാജ്യത്തു പലടത്തും വെച്ച് ആഭിചാരങ്ങൾ ചെയ്യിരിക്കുന്നപ്രകാരം കെൾക്കകൊണ്ടും, അതിനു ചെന്നിരിക്കുന്ന് പുതുക്കെരി കെളുവിനെയും, ഊരത്തു രാമനെയും വരുത്തി ചോദിച്ചാറെ, ഉണ്ണി അപായം വരണ്ടതിനായിട്ടും സ്വരൂപം നശിക്കണ്ടതിനായിട്ടും കുഞ്ഞികൃഷ്ണൻ പറഞ്ഞിട്ടു കുഞ്ഞികൃഷ്ണൻ ഒരുമിച്ചു എറിയ

കൂട്ടം ചെയ്യിട്ടുണ്ടെന്നും അവർ പറഞ്ഞു വരിയൊലയും കച്ചീട്ടും എഴുതി വെച്ച തരികകൊണ്ടു ഈ സംഗതിയിൽ രാംശ്രീ സായ്പു അവർകൾതന്നെഎത്തി വിസ്തരിക്കയും വെണം...."

൩

"മഹാരാജന്റെ" മഹാസമാധി.

ഉദ്ധരണങ്ങൾ ഉദാഹരണത്തിനു മാത്രം മതിയല്ലൊ. "നമ്മുടെ ഉണ്ണി അസംഗതിയായിട്ടു അപായം വരികകൊണ്ടു" എന്നു ആ എഴുത്തിൽ കാണുന്ന 'ഉണ്ണി' ഒരു യഥാർത്ഥ തേജഃപുഞ്ജമായിരുന്നു. ശക്തൻ തമ്പുരാൻ മരിക്കുമ്പോൾ ഉണ്ണിക്കു പതിനൊന്നു വയസ്സു മാത്രമേ ആയിരുന്നുള്ളു; എങ്കിലും അവിടുത്തെ പ്രേമസർവ്വസ്വവും ഒരു വിധത്തിൽ ആശാവലംബവും ആ ഉണ്ണിയായിരുന്നു. 'മഹാരാജൻ' എന്ന ഓമനപ്പേരുകൊണ്ടാണു അവിടുന്നു ആ ഉണ്ണിയെ കല്പിച്ചനുഗ്രഹിച്ചിരുന്നതു. 980 മുതല്ക്കുള്ള സകലകാര്യങ്ങളും ശക്തൻതമ്പുരാൻ 'മഹാരാജ'നെക്കൂടി പറഞ്ഞു മനസ്സിലാക്കിയല്ലാതെ ഒന്നും പ്രവർത്തിക്കാറുണ്ടായിരുന്നില്ലത്രെ. അത്രമാത്രം ആ ഉണ്ണിയുടെ ബുദ്ധിശക്തിയേയും, വിവേചനാസാമർത്ഥ്യത്തേയും, അഭിപ്രായധീരതയേയും അവിടുന്നു ആദരിച്ചിരുന്നു.

ആ ഉണ്ണി ഗർഭത്തിലിരുന്ന കാലംമുതല്ക്കു ശക്തനു എന്തെന്നില്ലാത്ത ഒരു ആവേശമോ ആഹ്ലാദമോ ഉണ്ടായിരുന്നതായി പ്രത്യക്ഷപ്പെട്ടിട്ടുണ്ടു. "നമ്മുടെ തങ്കച്ചി ഗർഭം ധരിച്ചിരിക്കുന്നു" എന്നു അന്നത്തെ ഒരു തിരുവെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നതു നോക്കുമ്പോൾ അത്ഭുതം തോന്നും. ഗർഭം ഒമ്പതുമാസമായതുതൊട്ടു തമ്പുരാൻ പ്രസവം പ്രമാണിച്ചു തൃപ്പൂണിത്തുറ വിടാതെ താമസിച്ചു. "നമ്മുടെ തങ്കച്ചിക്കു ഗർഭം ഒമ്പതുമാസമായിരിക്കകൊണ്ടു നമുക്കു ഇവിടം വിടുവാൻ മനസ്സുമില്ല" എന്നു അവിടുന്നു ഒരിക്കൽ കൊച്ചിക്കോട്ടയിലേക്കു എഴുതിയതായി കാണുന്നു. 970 ചിങ്ങത്തിലാണു ആ ഉണ്ണിയുടെ ജനനം. "നമ്മുടെ തങ്കച്ചി പ്രസവിച്ചു ഉണ്ണി ഉണ്ടാകുകയും ചെയ്തു എന്ന സന്തൊഷത്തെ താങ്കളെ അറിയിച്ചിരിക്കുന്നു" എന്നു അന്നത്തെ ഡച്ചുകമഡോർക്കു ശക്തൻ തമ്പുരാൻ എഴുതി അയച്ചു. ഇന്നും രാജകുടുംബത്തിൽ ഒരു ജനനമുണ്ടായാൽ റസിഡണ്ടിനു എഴുതി അയച്ചുവരുന്നതു അന്നത്തെ ആ എഴുത്തുമുതല്ക്കും അതിനെത്തുടർന്നും ആകുന്നു. 970 കുംഭത്തിലായിരുന്നു ആ ഉണ്ണിയുടെ ചോറൂണു. വലിയ മഹോത്സവമായിട്ടാണു ആ അന്ന

പ്രാശനം നടത്തിയതു്. കുറഞ്ഞതു് ഒരു മുപ്പതിനായിരം രൂപാ ആ അടിയന്തരത്തിനു ശക്തൻതമ്പുരാൻ ചിലവിട്ടിട്ടുണ്ടായിരിക്കും. കൊച്ചിയിലുണ്ടായിരുന്ന കുമ്പഞ്ഞിക്കാരും മററും വന്നു് ഉണ്ണിയെക്കണ്ടു 'തിരുക്കാഴ്ച' ചെയ്തിട്ടുണ്ടു്. ഇങ്ങനെ ഒരു സന്താനലാഭസംതൃപ്തി, അന്നു ശക്തൻതമ്പുരാനുണ്ടായതുപോലെ, പുരാണങ്ങളിൽപ്പോലും കാണുമോ എന്നു സംശയമാണു്. ആ കുട്ടിയുടെ വിദ്യാഭ്യാസത്തിൽ ശക്തൻ തന്നെ മനസ്സിരുത്തിയിരുന്നു. "കുണ്ണിലുണ്ണി' യഥാൎത്ഥത്തിൽ ആളുണ്ണിയായിരുന്നു. പതിനുവയസ്സാകുന്നതിനു മുമ്പുതന്നെ ശക്തൻ തമ്പുരാനോടു "മഹാരാജൻ" എന്ന ബിരുദനാമം കയ്ക്കലാക്കിയ അസാമാന്യനായിരുന്ന ഈ ഉണ്ണിയെക്കുറിച്ചാണു് "അസംഗതിയായി അപായംവന്ന ഉണ്ണി" എന്നു മേലുദ്ധരിച്ച എഴുത്തിൽ കാണുന്നതു്. "അസംഗതിയായ ആ അപായവും" അറിഞ്ഞിരിക്കേണ്ട ഒരു വൃത്തംതന്നെയാകുന്നു. 'മഹാരാജനാ'യതു വെറുതേയല്ലെന്നും, അസംഗതിയായി അപായപ്പെട്ടതു സംഗതികൂടാതെയായിരിക്കയില്ലെന്നും ഇപ്പോഠം സ്പഷ്ടമാകുകയും ചെയ്യും.

'മഹാരാജൻ' കുഞ്ഞികൃഷ്ണമേനോന്റെ കാലത്തെ ഇളമുറക്കാരനായിരുന്നു. കുലാചാരവും വംശപാരമ്പൎയ്യവും അനുസരിച്ചു് 'തിരുമാടം പുറപ്പാടു്' കഴിഞ്ഞു തൃപ്പൂണിത്തുറക്ഷേത്രത്തിൽ ഒരുകൊല്ലത്തെ പള്ളിബ്ഭജനത്തിൽ ഏൎപ്പെട്ടിരിക്കുകയായിരുന്നു അന്നു്. കുഞ്ഞികൃഷ്ണമേനോന്റെ അതിക്രമങ്ങഠം എല്ലാ അതിൎത്തികളേയും അതിലംഘിച്ചിട്ടും രാജാവിന്റെ അശക്തിനിമിത്തം ആ ആപത്തിനു് ഒരു മറുകര കാണാതെ രാജസ്വരൂപം ആബാലവൃദ്ധം അമ്പരന്നിരിക്കുമ്പോഠം, ഒരു ദിവസം, മഹാരാജൻ കളിക്കോട്ടയിൽ സമപ്രായക്കാരോടുകൂടി വിനോദിച്ചുകൊണ്ടിരിക്കെ, വലിയസൎവ്വാധി കുഞ്ഞികൃഷ്ണമേനോൻ, പിന്നാലെ വളരെ ആളുകളോടുകൂടി, വലിയ ഉച്ചത്തിൽ എന്തൊക്കെയോ ആക്ഷേപങ്ങഠം വഷിച്ചുംകൊണ്ടു് ആ വഴിക്കു വന്നു. ഒരു ശിഷ്യനെ പറഞ്ഞയച്ചു കുഞ്ഞികൃഷ്ണമേനോനെ മഹാരാജൻ തന്റെ തിരുമുമ്പിൽ വരുത്തി. അവർ തമ്മിൽ താഴെച്ചേൎക്കുംപ്രകാരം ഒരു സംഭാഷണം നടന്നു:

മഹാരാജൻ: എന്താ കുഞ്ഞികൃഷ്ണാ! എന്തും കാട്ടാന്നായൊ? അത്ര ചോദിക്കാനാരും ഇല്ലാതായൊ? ഇതൊന്നും നല്ല പന്തിയല്ലാ, കിട്ടോ.

കുഞ്ഞികൃഷ്ണമേനോൻ: ഇതാരാണാവോ, കുഞ്ഞികൃഷ്ണനോടു ചോദിക്കുന്നതു്? ചോദിക്കേണ്ടവർ ചോദിക്കുമ്പോഴ് കുഞ്ഞികൃഷ്ണൻ ഉത്തരം പറയും.

മഹാരാജൻ: എടാ ദ്രോഹീ! അത്രേമ്മലായോ? എന്തു പറഞ്ഞൂടാ! —അധികാരമുണ്ടോന്നു നോക്കാം. അമ്മാമൻ കല്പിച്ചുതന്ന ഉടവാഠം അവിടെ വെയ്ക്കു്!—താഴത്തു—ഉം—സംശയിക്കണ്ടാ—അല്ലെങ്കിൽ നീ ജീവനോടുകൂടി ഇവിടന്നു മടങ്ങില്ല. അധികപ്രസംഗത്തിനുമുണ്ടൊരതിർത്തി.

കുഞ്ഞികൃഷ്ണമേനോൻ ഇടിവെട്ടേററതുപോലെയായി. കയറെന്നു കരുതി കാളസർപ്പത്തെ കടന്നു പിടിച്ചതുപോലെ അമ്പരന്നു. ഗജേന്ദ്രൻ തന്നെയായിരുന്നാലും കുഞ്ഞികൃഷ്ണൻ ആ സിംഹക്കുട്ടിയുടെ മുമ്പിൽ ഭയാനുവശായി. തന്നെത്താനറിയാതെ ഉടവാഠം നിലത്തു വെച്ചു. കൈകൂപ്പി കണ്ണീരോടുകൂടി പുറത്തുപോയി. പടി കടന്നപ്പോഴേയ്ക്കും കലിയിളകി. നേരെ വലിയതമ്പുരാൻെറ മുമ്പിൽ ചെന്നു്, "തിരുമേനി കല്പിച്ചുതന്ന ഉടവാഠം എളമതമ്പുരാൻ അടിയനെക്കൊണ്ടു താഴെ വെപ്പിച്ചു" എന്നു വിനയാന്വിതനായി തിരുമനസ്സുണർത്തിച്ചു. കുഞ്ഞികൃഷ്ണമേനോൻെറ വേഷപ്പകർച്ചയിൽ ഭ്രമിച്ചും, 'താൻ കൊടുത്ത വാള മറെറാരാള വെപ്പിക്കുകയൊ' എന്നുള്ള അഭിമാനഭംഗത്തിലാണ്ടും "അതുവ്വൊ-ഉണ്ണിയെ വിളിക്കു" എന്നു് അവിടുന്നു കല്പിച്ചു. മഹാരാജൻ കല്പനപ്പടിക്കു തിരുമുമ്പിൽ ഹാജരായി. "എന്താ— ഉണ്ണീ! നാം കൊടുത്ത വാള് ഉണ്ണിടെ മുമ്പിൽ വെപ്പിച്ചുവൊ?" "ഇല്ലാ, തിരുമനസ്സുകൊണ്ടു്, വാളുവെച്ചതു പഴയന്നൂർഭഗവതിയുടെ തിരുമുമ്പിലാണു," എന്നുമാത്രം മഹാരാജൻ അന്തസ്സുവിടാതെയും അവിവേകം കൂടാതെയും മറുപടി പറഞ്ഞു. "ആട്ടെ—കുഞ്ഞികൃഷ്ണൻ പോയെടുത്തോളു" എന്നു മഹാരാജാവു തീർപ്പും കല്പിച്ചു.

ഈ സംഭവം നിമിത്തം കുഞ്ഞികൃഷ്ണമേനോനു് ദുസ്സഹമായ അപമാനവും മനോവേദനയും ഉണ്ടായിത്തീർന്നു എന്നു പറയേണ്ടതില്ലല്ലൊ. "ഈ തമ്പുരാൻെറ തലയിരിക്കുന്നേടത്തു കഴുത്തു വരുമ്പോഠം, എൻെറ തല എൻെറ കഴുത്തിലുണ്ടാവില്ല" എന്നു കുഞ്ഞികൃഷ്ണമേനോൻ നിശ്ചയിച്ചു. പള്ളിബ്ഭജനം മുഴുവനാകുന്നതിനുമുമ്പു മഹാരാജനു് ആകസ്മികമായി ഒരു വയറിളക്കം തുടങ്ങി. അതു ചോരപോക്കായി. എന്തിനു പറയുന്നു, നാലുദിവസം കഴിഞ്ഞപ്പോഠം മഹാരാജൻ മഹാ

സമാധിയടടത്തു!! 'വലിയ ഒരു സൂര്യൻ' അരുണോദയത്തോടുകൂടി അണഞ്ഞുപോയി! കുഞ്ഞികൃഷ്ണമേനോൻ പററിച്ച ചതിയാണതെന്നു പരക്കെ വിശ്വസിച്ചുപോന്നു. ഇതാണു് "ഉണ്ണിയുടെ അസംഗതിയായിട്ടുള്ള അപായം" എന്നു വലിയ തമ്പുരാന്റെ തിരുവെഴുത്തിൽ കണ്ട സംഗതി!

ഈ ദാരുണസംഭവം, അവിചാരിതമായിരുന്ന ഈ അത്യാഹിതം, രാജകുടുംബത്തെ മുഴുവനും, രാജ്യവാസികളെ ഏറിയകൂറും, ഭയവിഹ്വലരാക്കിത്തീൎത്തു. ആത്മരക്ഷയ്ക്കുവേണ്ടിത്തന്നെയും ആളുകൾ മേലും കീഴും നോക്കിത്തുടങ്ങി. "ഇനിയും കുഞ്ഞികൃഷ്ണനെ വെച്ചുവളൎത്തിയാൽ ഈ സ്വരൂപംതന്നെ നാമാവശേഷമാകും", എന്നായി രാജകുടുംബാംഗങ്ങളുടെയെല്ലാം മനസ്സിൽ. പെൺവഴിത്തമ്പുരാക്കന്മാർ ആവലാതിപ്പെട്ടു നിലവിളിക്കുവാൻ തുടങ്ങി. മഹാരാജാവിനോടു സങ്കടം പറഞ്ഞിട്ടു ഫലമില്ലെന്നു പ്രത്യക്ഷമായി. വലിയസൎവ്വാധിയെ പിരിച്ചുവിടുന്നതിനുള്ള പരിശ്രമങ്ങൾ അവസാനത്തിൽ അന്തഃപുരത്തുനിന്നുതന്നെ ആരംഭിച്ചു. ഹൃദയം ചുട്ടുകൊണ്ടുള്ള അവരുടെ മുറവിളികൾക്കു ദൈവാനുകൂല്യവും സിദ്ധിച്ചു.

൧

മൺട്രോസായ്പ്

കരാളമായിരുന്ന ആ കാളരാത്രിയെ കൂടുതൽ ഭയാനകമാക്കിത്തീൎത്ത കാൎമ്മേഘപടലങ്ങൾ അല്പാല്പം അകന്നുതുടങ്ങി. ആകൎഷകമായ ഒരു അരുണോദയത്തെ അറിയിക്കുന്ന വെള്ളിവരകൾ മേഘാന്തൎഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ടു. ഏതു രാത്രിക്കും ഒരു പകലുണ്ടെന്നു സൎവ്വരും സമാധാനം പൂണ്ടു. 'അഹങ്കാരപ്രമത്തത അധഃപതനത്തിലേയ്ക്കുള്ള മാൎഗ്ഗമാകുന്നു' എന്ന ആപ്തവാക്യത്തിന്റെ യാഥാൎത്ഥ്യം അചിരേണ അനുഭവപ്പെടുകയും ചെയ്തു.

മക്കോളെസായ്പിന്റെ ഉദ്യോഗകാലാവധി ഇതിനിടയ്ക്കു അവസാനിക്കയും, മൺട്രോസായ്പു തിരുവിതാംകൂർ കൊച്ചി റസിഡണ്ടായി നിയമിതനാകുകയും ചെയ്തു. മക്കോളെ മഹാധിക്കാരിയും, വെള്ളക്കാരന്റെ വലുപ്പത്തിൽ അഹങ്കരിച്ചിരുന്നവനും, കരമ്പന്മാരോടു കുറമ്പുകാണിച്ചിരുന്നവനും ആയിരുന്നു. അദ്ദേഹത്തെക്കുറിച്ചു് ഒരു നല്ല

അഭിപ്രായം ഉദ്യോഗനിലയിലോ സ്വന്തം നിലയിലോ അന്നത്തെ കമ്പനിറിക്കാർട്ടുകളിൽപ്പോലും ആരും രേഖപ്പെടുത്തീട്ടില്ല. വേലുത്തമ്പി ദളവയുടെ മൃതശരീരത്തോട്, ആ അഹങ്കാരി പ്രദർശിപ്പിച്ച നീചമായ മനോഭാവം അദ്ദേഹത്തിൻെറ മേലധികാരികളെത്തന്നെയും അത്യധികം ക്ഷുഭിതരാക്കിത്തീർത്തു. കമ്പനിക്കാക്ക് അന്ന് എല്ലായിടത്തും തിക്കും തിരക്കുമായിരുന്നതിനാലും, സാഹസിയെങ്കിലും കമ്പനിക്കായും കൈവെടിയാത്ത ഒരാളുടെ സന്നിധാനം ഇവിടെ ആവശ്യമായിരുന്നതിനാലും, തല്ക്കാലം അപരനെ അയയ്ക്കുവാൻ സൗകര്യമില്ലാത്തതിനാലും, മാത്രം മക്കോളെയെ മതിരാശിഗവമ്മേണ്ടു മടക്കിവിളിക്കാതിരുന്നതാണ്.

മക്കോളെയുടെ പിൻഗാമിയായിവന്ന മൺട്രോസായ്പ് മക്കോളെയിൽനിന്നു തുലോം വ്യത്യസ്തനായിരുന്നു. അദ്ദേഹം ഒരു യഥാത്ഥമഹാനും, സൽഗ്ഗുണസമ്പന്നനും, സ്ഥാനഗൗരവത്തെ ശരിയായി ധരിക്കുന്നതിനു തക്ക ബുദ്ധിഗുണവും, തദനുസാരം പ്രവത്തിക്കുന്നതിനു വേണ്ട കായ്യപ്രാപ്തിയും ഉണ്ടായിരുന്നവനും ആയ ഒരു മാന്യനായിരുന്നു. ആ സായ്പിനെക്കുറിച്ചു കൊച്ചിയിലും തിരുവിതാംകൂറിലുമുള്ളവർ ഒരുപോലെ ഇന്നും വളരെ കൃതജ്ഞതയോടുകൂടിയല്ലാതെ സ്മരിക്കുന്നതല്ല. അദ്ദേഹത്തിൻെറ ഭരണകാലത്താണ് ആധുനികകൊച്ചിയുടെ വളച്ചയ്ക്കു വേണ്ട സകലകായ്യങ്ങളും ഒന്നാമതായി രൂപീകരിക്കപ്പെട്ടതു്. അദ്ദേഹത്തിനു നാട്ടുകാരോടു വളരെ അനുഭാവവും അവരുടെ അഭ്യുദയത്തിൽ അതിശ്രദ്ധയും ഉണ്ടായിരുന്നു. അദ്ദേഹം താൻതന്നെ അതിലേയ്ക്കുവേണ്ടി ദിവാനിശം അധ്വാനിക്കുകയും ചെയ്തു.

കൊച്ചിരാജവംശവും രാജ്യവും കുഞ്ഞികൃഷ്ണമേനോൻെറ അന്തസ്സാരവിഹീനങ്ങളായ അക്രമപ്രവൃത്തികളാൽ അവലംബമില്ലാതെ ആധിപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണു മൺട്രോ സായ്പിൻെറ ആവിർഭാവം. കൊച്ചിയിലെ പെൺവഴിത്തമ്പുരാക്കന്മാർതന്നെ കായ്യവിചാരത്തിനു പുറപ്പെട്ട സംഗതി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. മഹാരാജാവിൻെറ നിശ്ചേഷ്ടതയിൽ അവർ നിരാശപ്പെട്ടു തന്നത്താൻ രോഗശമനാത്ഥം ചികിത്സാമാഗ്ഗങ്ങളെക്കുറിച്ചു ചിന്തിക്കയും, മൺട്രോസായ്പിൻെറ സമീപത്തിലേയ്ക്കു തങ്ങളുടെ ഒരു ദൂതനെ അയയ്ക്കുവാൻ തീച്ചപ്പെടുത്തുകയും ചെയ്തു. ആ നിവേദനകായ്യം നിവ്വഹിക്കുന്നതിനു തക്കതായ ഒരാളെ കിട്ടാതെ അവർ കുഴങ്ങി. ഒടുവിൽ, കോവിലകത്തു വിവാഹം ചെയ്തു്

അവിടെ ഇരിപ്പുകാരനായിരുന്ന് കുന്നത്തൂർ ഇട്ടിവാസു ഭട്ടതിരിപ്പാട്ടിലെ അവരുടെ പ്രതിനിധിയായി സായ്പിന്റെ അടുക്കൽ അയയ്ക്കുവാൻ നിശ്ചയിച്ചു.

ഇട്ടിവാസു ഭട്ടതിരിപ്പാട്, ചിററമ്മത്തമ്പുരാന്റെ ഒടുവിലത്തെ മകളുടെ ഭർത്താവായിരുന്നു. അന്നു നാടുവാണിരുന്ന മഹാരാജാവിന്റെ സ്വന്തം സഹോദരിയായിരുന്നു ആ തമ്പുരാട്ടി എന്നു പറയേണ്ടതില്ലല്ലോ. ആ തമ്പുരാട്ടി 971_ൽ ജനിക്കയും 1036 മേടത്തിൽ അന്തരിക്കുകയും ചെയ്തു. ആ തമ്പുരാട്ടിയുടെ സന്താനപരമ്പരമാത്രമാണ് ഇന്നത്തെ രാജകുടുംബം. ആ തമ്പുരാട്ടിയാണ് ഇദംപ്രഥമമായി 'തിലപർവ്വതദാനം' എന്ന 'യാഗം' നടത്തിയത്. ഇട്ടിവാസുഭട്ടതിരിപ്പാട്ടിന്നു വളരെ വിദ്വാനും പ്രാപ്തനും സുജനസമ്മതനുമായിരുന്നു. അമ്മാമൻ അമാന്തക്കാരനായപ്പോഴും അനന്തരവന്മാർ അച്ഛന്റെ സഹായത്തെ സ്വീകരിച്ചതു മരുമക്കത്തായമുറയ്ക്കു ചെയ്യാവുന്നതുമാണല്ലോ. അച്ഛൻ ഭട്ടതിരിപ്പാട് ആ ദൗത്യം സ്വീകരിച്ചു. തന്റെ ഉദ്ദ്യോഗത്തെക്കുറിച്ച് അദ്ദേഹം രാജാവിനെ അറിയിക്കുകയും, ഭീരുവായിരുന്ന അദ്ദേഹം 'നിങ്ങളെന്തെങ്കിലുമായിക്കൊള്ളൂ' എന്ന്, അനുകൂലമൊ പ്രതികൂലമൊ എന്നു നിശ്ചയിക്കാൻ വയ്യാത്ത, ഒരു മറുപടി നല്കുകയും ചെയ്തു. എന്തായാലും അച്ഛൻഭട്ടതിരിപ്പാട് അന്തഃപുരത്തെ ആവലാതികളും പേറിക്കൊണ്ടു മൺറോസായ്പിന്റെ സന്നിധിയിലേക്കു പുറപ്പെട്ടു!

മൺറോസായ്പ് അന്ന് ആലുവായിൽ ഉണ്ടായിരുന്നു. കമ്പനിക്കണക്കുകളുടെ പരിശോധനാർത്ഥം അദ്ദേഹം അവിടെ 'ക്യാമ്പു ചെയ്യുക'യായിരുന്നു. അവിടേക്കാണു ഭട്ടതിരിപ്പാടും കൂട്ടരും ചെന്നതു്. റസിഡണ്ടുസായ്പിന്റെ അടുക്കൽ, ഇംഗ്ലീഷറിയാത്ത ഒരു പഴയ ആഢ്യൻ നമ്പൂരി വലിയ രാജ്യകാര്യങ്ങൾ നിവേദിക്കുന്നതിനു ചെന്നുചേർന്നു! ഇതിൽനിന്നുതന്നെ ഭട്ടതിരിയുടെ ധീരതയും സന്നദ്ധതയും പ്രത്യക്ഷപ്പെടുന്നുണ്ട്. 'കൂടിക്കാഴ്ച'ക്കുള്ള അവസരം ലഭിക്കുന്നതിലും അതിന്റെ പ്രാരംഭചടങ്ങുകളിലും ഭട്ടതിരിക്കു തീർച്ചയായും പല അസൗകര്യങ്ങളും നേരിട്ടിട്ടുണ്ടായിരിക്കണം. എന്നാൽ, അതൊക്കെ അദ്ദേഹം അതിലംഘിച്ച് അകത്തു കടന്നു. സായ്പിന്റെ 'ദ്വിഭാഷി'യായിരുന്ന 'രായരു'ടെ സഹായസഹകരണങ്ങളും അനുകമ്പാമസൃണമായിരുന്ന ആനുകൂല്യവും ഭട്ടതിരിയെ ഇക്കാര്യത്തിൽ എത്രയും വളരെ സഹായിച്ചു എന്നു നന്ദിയോടുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആ കൂടിക്കാഴ്ച വളരെ നീണ്ടു.

നിന്നതും, റസിഡണ്ടിൽ മാറിമാറി ഫലപലസ്തോഭങ്ങളും ജനിപ്പിച്ചതു മായിരുന്നു. ഭട്ടതിരി നിവേദിച്ച പല സംഗതികളും സായ്പിനു പുത്തരി യായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. മക്കോളെയുടെ പിൻബലമാ യിരുന്ന കുഞ്ഞികൃഷ്ണമേനോന്റെ ധിക്കാരങ്ങൾക്കു വളം എന്നു ഭട്ടതിരി തീർത്തു പറഞ്ഞപ്പോൾ, 'നമ്പൂരി എന്തു പറഞ്ഞു' എന്നു് മൺറോസാ യ്പു് ഒന്നു പരിഭ്രമിക്കാതിരുന്നില്ല. എന്നാൽ 'രണ്ടും രണ്ടും നാലു്'എന്ന നിലയിൽ എല്ലാം സ്ഥാപിക്കുന്നതിനു വേണ്ട കരുക്കളും തെളിവുകളും ഭട്ടതിരി കരുതിക്കൊണ്ടുപോയിരുന്നു. ഭട്ടതിരിയുടെ കേസ്സു പ്രസംഗം' സായ്പിന് 'ക്ഷ' ബോധിച്ചു. 'ആട്ടെ പൊയ്ക്കോളൂ, എല്ലാം സായ്പുതന്നെ നോക്കി ഉടനെ വേണ്ടതു ചെയ്യുന്നുണ്ടു്. ഒട്ടും ഭയപ്പെടേണ്ടാ' എന്നു പറഞ്ഞു സായ്പു ഭട്ടതിരിയെ മടക്കി അയച്ചു.

ഭട്ടതിരിപ്പാട്ടു ചെയ്തു ആവലാതികളെക്കുറിച്ചു മൺറോ ചില സ്വ കീയാന്വേഷണങ്ങൾ നടത്തി. ഭട്ടതിരിയുടെ വാക്കിൽ അതിശയോ ക്തിയുടെ സ്പർശംപോലുമില്ലെന്നു സായ്പിനു മനസ്സിലായി. സായ്പു് അടു ത്തദിവസംതന്നെ കുഞ്ഞികൃഷ്ണമേനോനു കല്പനയയച്ചു. കല്പനപ്രകാ രം കൊച്ചിയിലെ വലിയസർവ്വാധികാര്യക്കാർ റസിഡണ്ടിന്റെ കൂടാ രത്തിൽ ഹാജരായി. സായ്പു്, മുഖവുരയൊ പീഠികയൊ ഒന്നും കൂടാ തെ കുഞ്ഞികൃഷ്ണമേനോനോടു് ഇപ്രകാരം ചോദിച്ചു:

"എന്താ, കാര്യക്കാർ, അനീതി വർദ്ധിച്ചിരിക്കുന്നു. സായ്പിനെ ല്ലാം അറിഞ്ഞിരിക്കുന്നു. ശിക്ഷിക്കാതെ വിടാൻ കാരണമുണ്ടൊ കാ ര്യക്കാർ ?"

കുഞ്ഞികൃഷ്ണമേനോൻ: ഞാൻ ഒരനീതിയും ചെയ്യിട്ടില്ല. മക്കോളെ സായ്പു് അവർകളുടെ കല്പനക്കേ നടന്നിട്ടുള്ളു.

മൺറൊ: മക്കോളെയുടെ കല്പനയോ?

കുഞ്ഞി: അതെ. ഇതാണാ സർട്ടിഫിക്കററു്, എന്റെ ബൈബിൾ !

കുഞ്ഞികൃഷ്ണമേനോൻ ഒരു ലക്കോട്ടു സായ്പിന്റെ മുമ്പിൽ വെച്ചു. സായ്പു് അതെടുത്തു അതിലെ എഴുത്തു വായിച്ചുനോക്കി. അത്ഭുതവും, അരിശവും, നിസ്സഹായതയും സായ്പിന്റെ മുഖത്തു പ്രതിഫലിച്ചു. ആ എഴുത്തിപ്രകാരമായിരുന്നു:

"ചെറപറമ്പ കുഞ്ഞികൃഷ്ണമേനോൻ ഈസ്റ്റിന്ത്യാ കമ്പനിക്കും നമുക്കും എത്രയും പ്രസ്സനും സഖിയും ആകുന്നു. അതിനാൽ ഇവൻ ചെയ്യുന്നതു നമ്മുടെയും കമ്പനിയുടെയും ഗുണത്തിനും അനുമതിപ്രകാരവും ആകും. ഇയ്യാൾ എന്തു തെററചെയ്താലും കമ്പനിക്കാർ മാപ്പാക്കുകയും വേണം. എന്നു മക്കൊളെ:"

അല്പസമയത്തു മൺട്രോ മൗനം ഭഞ്ജിച്ചില്ല. ഒടുവിൽ ഒരു ദീർഘനിശ്വാസത്തോടുകൂടി പറഞ്ഞു:

"ശരി. ഞാൻ സായ്പു ശിക്ഷിക്കുന്നില്ല. ഉദ്യോഗത്തിൽനിന്നു പിരിച്ചിരിക്കുന്നതിൻെറ വാൾ അവിടെ വെച്ചേക്കു. മര്യാദക്കിരുന്നാൽ ചിലവിന്നു ഇരുന്നൂററുരൂപാവീതം സായ്പു തരികുന്നതാണ്."

കുഞ്ഞികൃഷ്ണമേനോൻ: പണിയിൽനിന്നു പിരിക്കുന്നതു സായ്പിൻെറ ഇഷ്ടം. ചിലവിന്നു തരികുന്നതു സായ്പിൻെറ ദയ. എന്നാൽ ഈ വാളു മേശപ്പുറത്തു വെയ്ക്കാനുള്ളതല്ല. അതെനിക്കു തന്നാളുടെ മുമ്പിൽ ഞാൻ വെച്ചോളാം.

മൺട്രോസായ്പ് ഒന്നുപല്ലുകടിച്ചു. ദേഷ്യം ശമിക്കാൻ ചുരുട്ടെടുത്തു കൊളുത്തി രണ്ടു വലി വലിച്ചു. എന്നിട്ട്, "ആട്ടെ. വാളുവെയ്ക്കണ്ട. ഇന്നുമുതൽ കൊച്ചിരാജാവിൻെറ മന്ത്രി താനല്ല. തന്നെ പിരിച്ചിരിക്കുന്നു. ഉം. പൊയ്ക്കോളൂ."

മൺട്രോസായ്പിൻെറ കല്പന യഥാവസരം രാജാവിങ്കലും എത്തി. കുഞ്ഞികൃഷ്ണമേനോൻ ആ വാള് എങ്ങും വെക്കാതെയും, രാജാവിനെപ്പോലും കണ്ടു യാത്രചോദിക്കാതെയും, സ്വസ്ഥാനത്തേയ്ക്കു മടങ്ങുകയാണ ചെയ്തതെന്നു പറയപ്പെടുന്നു.* മൺട്രോസായ്പ് അടുത്തദിവസം തന്നെ തൃപ്പൂണിത്തുറയ്ക്കു വന്നു. ഒന്നാമതായി ഇട്ടിവാസുഭട്ടതിരിപ്പാടിനെ വരുത്തി കുശലപ്രശ്നം ചെയ്തു. രാജാവിൻെറ അടുക്കൽ ചെന്നു സംഗതികൾ ധരിപ്പിച്ചു. "ഇനിയൊക്കെ സായ്പുതന്നെ നേരെയാക്കണം. നമുക്കൊന്നും അറിഞ്ഞുകൂടാ" എന്നുമാത്രം രാജാവു പറഞ്ഞു. കൊച്ചിരാജ്യഭരണം മൺട്രോസായ്പുതന്നെ സ്വീകരിച്ചു. "വലിയ സർവ്വാധികാര്യക്കാരൻ" അതോടുകൂടി അന്യംനിന്നു. മൺട്രോസായ്പു കൊച്ചിയിലെ ഒന്നാമത്തെ ദിവാൻജിയുമായി.

ഇപ്പോൾ കൊച്ചിയിലുള്ളതു 'വലിയസർവ്വാധി'യല്ല. 'സർവ്വാധി' മാത്രമാണു്. മൺറോസായ്പു 993–വരെ കൊച്ചിയിലെ ദിവാനുദ്യോഗം ഭരിച്ചു. അദ്ദേഹത്തിനു സ്ഥലംമാററത്തിനുള്ള കാലമാകയും, മാറിപ്പോകകയും ചെയ്യുമ്പോൾ, മലബാറിൽ കമ്പനിക്കാരുടെ റവന്യൂ ഉദ്യോഗസ്ഥനായി, അവരുടെ ആദരവിനും വിശ്വാസത്തിനും പാത്രമായിരുന്ന, കോയമ്പത്തൂക്കാരൻ ഒരു 'നഞ്ചപ്പയ്യരെ'— അദ്ദേഹം ശക്തൻതമ്പുരാന്റെ കാലത്തുതന്നെ മലബാറിൽ ഉണ്ടായിരുന്നു— മൺറോസായ്പിന്റെ ഉപദേശപ്രകാരം കൊച്ചിയിലെ പിന്നത്തെ ദിവാനായി നിയമിച്ചു. കൊച്ചിസർക്കാർ പഞ്ചാംഗത്തിൽ ദിവാൻമാരുടെ പട്ടിക ചേർത്തിരിക്കുന്നതിൽ ഒന്നാമത്തേതായി കാണുന്ന പേർ ഈ നഞ്ചപ്പയ്യരുടേതാകുന്നു.

കുഞ്ഞികൃഷ്ണമേനോൻ പിന്നീടും വളരെക്കാലം ജീവിച്ചിരുന്നു. 1028 ചിങ്ങത്തിൽ തയ്യാറാക്കിയതായിക്കാണുന്ന കൊച്ചിസർക്കാർവക ഒരു പെൻഷ്യൻ വരിയോലയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ചെറപറമ്പത്തു കുഞ്ഞികൃഷ്ണമെനൊൻ— വലിയ സർവ്വാധി— പെൻഷ്യൻ ഇരുനൂറുരൂപാ—മുമ്പിലത്തെ ഒരു ദിവാൻ."

കുഞ്ഞികൃഷ്ണമേനോൻ പിരിഞ്ഞ കാലത്തു്, യുദ്ധച്ചിലവുവകയും (അച്ചന്റെ യുദ്ധം) കപ്പപ്പണം വകയുംകൂടി വളരെ വമ്പിച്ചതായ ഒരു സംഖ്യ കമ്പനിക്കു ബാക്കി തീരുവാനുണ്ടായിരുന്നു. അതിനുപുറമെ ആറലക്ഷത്തിലധികം രൂപാ പുറംകടവും ഉണ്ടായിരുന്നു! ചുരുങ്ങിയകാലത്തെ തീവ്രയത്നംകൊണ്ടു മൺറോസായ്പു കൊച്ചിയിലെ സ്ഥിതിഗതികളെയെല്ലാം എത്രയും നല്ല നിലയിലാക്കി. മഹാരാജാവു് അതിനെക്കുറിച്ചു കമ്പനിക്കാർക്കു് ഇപ്രകാരം എഴുതിയിരിക്കുന്നു: "മൺറോസായ്പിന്റെ അതിപ്രയത്നത്താലും അശ്രാന്തപരിശ്രമത്താലും രാജ്യത്തു സമാധാനത്തെയും, ജനങ്ങൾക്കു ക്ഷേമത്തെയും, നമുക്കു കടമൊചനത്തെയും, സ്വരൂപത്തിനു സൈ്വരത്തെയും, പ്രദാനം ചെയ്തിരിക്കുന്നു." മക്കോളെസായ്പും കുഞ്ഞികൃഷ്ണമേനോനും കൂടി കപ്പപ്പണം വർദ്ധിപ്പിച്ചതിനെ കുറവുചെയ്തു രണ്ടുലക്ഷം എന്നു തീർച്ചപ്പെടുത്തിയതും മൺറോസായ്പാകുന്നു.

ഒഴിപ്പിച്ചയച്ച കുഞ്ഞികൃഷ്ണമേനോൻ പിന്നീടു പല ആനുകൂല്യങ്ങൾക്കും വേണ്ടി റസിഡണ്ടിന്റെ അടുക്കൽ സങ്കടഹർജികൾ

ബോധിപ്പിച്ചതായി കാണുന്നുണ്ടു്. ആ എഴുത്തുകുത്തുകളിൽനിന്നു പ്രസിഡണ്ടിന്റെ ഒരു മറുപടിമാത്രം, സ്വഭാവഗ്രഹണത്തിനു് അത്ര മതിയായതുകൊണ്ടു താഴെ കൊടുത്തിരിക്കുന്നു.

"ഞാൻ എഴുതി അയച്ച സംഗതികളെക്കൊണ്ടു മഹാരാജാവ അവർകൾ ബോധിക്കേണ്ടതിന്നു നാം എഴുതിഅയച്ചതിന്റെ ശെഷം, ആയത അറിക്കട സമ്മതമല്ലാത്ത പ്രകാരം എഴുതി വരികകൊണ്ടും, മഹാരാജാവ അവർകളുടെ രാജ്യം ആകകൊണ്ടും, സകല കാര്യങ്ങളും മഹാരാജാവ അവർകളുടെ സമ്മതപ്രകാരം നടക്കെണമെന്നു കമ്പനിയുടെ മനസ്സായിരിക്കകൊണ്ടും, മഹാരാജാവ അവർകൾക്കു സമ്മതം ഇല്ലായ്കകൊണ്ടും, നാം ഒന്നും ഉത്തരവു കൊടുക്കുന്നതും അല്ല. ആയതു താൻ അറിഞ്ഞുകൊള്ളുകയും വെണം. എന്നു 988 കന്നിമാസം 21-ാം൹."

1036 കർക്കടകത്തിലാണു കുഞ്ഞികൃഷ്ണമേനോൻ പരലോകപ്രാപ്തനായതു്. ഉദ്യോഗകാലത്തു ചോരത്തിളപ്പുകൊണ്ടു് അനേകം തരത്തിലുള്ള അവിവേകങ്ങൾ പ്രവർത്തിച്ചാലും പെൻഷ്യൻ പറ്റിപ്പോന്നതിനുശേഷം ഒരു അരന്തുററാണ്ടോളം നീണ്ടുനിന്ന തന്റെ ആയുശ്ശേഷം മുഴുവനും വളരെ മാന്യനായും സജ്ജനസമ്മതനായും ഉദാരനായും ഉത്സാഹിയായും തന്നെ കഴിച്ചു. പിൽക്കാലത്തെ സൽപ്രവൃത്തികളാൽ അദ്ദേഹം ചെറുപ്പകാലത്തെ പാപങ്ങൾക്കെല്ലാം പ്രായശ്ചിത്തം ചെയ്തു മോചനം നേടി. ദീർഘായുസ്സും പൂർണ്ണാരോഗ്യവും സമ്പാദിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പെൺമക്കളിൽ ഒരാളായിരുന്ന മാതിരപ്പിള്ളി കല്യാണിക്കുട്ടിയമ്മ തിരുവിതാംകൂറിലെ ആയില്യം തിരുനാളിന്റെ 'അമ്മച്ചി'യായി. അവരുടെ മകൾ വിശാഖംതിരുനാളിന്റെ 'അമ്മച്ചി' പദം അലങ്കരിച്ചു; സഹോദരൻ തിരുകോവിൽ അമ്മവീട്ടിലേയ്ക്കു ദത്തെടുക്കപ്പെട്ടു; ചെറുപറമ്പത്തു തറവാടു സമ്പത്തും സജ്ജനസമ്മതിയുമുള്ള ഒരു തറവാടായി ഇന്നും നിലനിന്നു പോരുന്നുണ്ടു്.

ഉപസംഹാരം

അസ്തമനാൽപരം അന്ധകാരവും ആപത്തുകളും നിറഞ്ഞ ഒരു ഘോരരാത്രിതന്നെയാണുണ്ടായതെങ്കിലും ദൈവഗതിക്കു വീണ്ടും സുന്ദരവും സുഖസമ്പൂർണ്ണവുമായ ഒരു സുപ്രഭാതം യഥാകാലം ഉണ്ടാവാതിരുന്നില്ല. ശക്തൻതമ്പുരാന്റെ കാലത്തുറപ്പിച്ചു വെച്ചിരുന്ന അടിസ്ഥാനങ്ങളുടെ സുസ്ഥിരതകൊണ്ടു മാത്രമാണു് അവിടുത്തെ അടുത്ത അനന്തരവന്മാരുടെ കാലത്തു്, ആപത്തുകളും അനർത്ഥങ്ങളും—യാദൃച്ഛികങ്ങളും സ്വയംകൃതങ്ങളും ആയവ—അനേകം വന്നുചേർന്നിട്ടും, അംഗഹീനതപോലും കൂടാതെ, രാജ്യം രക്ഷപ്പെട്ടതു് എന്നതിനു സംശയമില്ല... താരതമ്യേനയാണല്ലോ ഉച്ചനീചത്വങ്ങളേയും നിമ്നോന്നതസ്ഥിതികളേയും ഗണിക്കേണ്ടുന്നതു്. അപ്പോൾ തീർച്ചയായും, മഹോന്നതമായ ഒരു മഹനീയശൃംഗത്തെ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് അക്ഷയകാന്തിയോടുകൂടി ആരോഹണം ചെയ്തിരിക്കുന്നതു് ആർക്കും അക്ഷിലക്ഷീഭവിക്കുന്നതാണു്.

ഉദയത്തിനു് അല്പം മുമ്പു മുതൽ അസ്തമയത്തിനു കുറെശേഷം വരെയുള്ള ഒരു പകലിന്റെ, അയ്മ്പത്തി അഞ്ചു മനുഷ്യസംവത്സരങ്ങൾ ഉൾക്കൊണ്ട ഒരു അഹസ്സിന്റെ, ഒരു 'മുദ്രച്ഛായ' മാത്രം വരയ്ക്കുവാനാണു ഞാനിതുവരെ ശ്രമിച്ചതു്. ആ നഭോമണ്ഡലത്തിന്റെ ശൂന്യത പലപല ശബ്ദങ്ങളാൽ മുഖരിതമാക്കുകയും, വിവിധരൂപങ്ങളാൽ നിബിഡിതമാക്കുകയും, വ്യത്യസ്തവാസനകളാൽ ഗന്ധപൂർണ്ണമാക്കുകയും മറവു ചെയ്തിരിക്കാമെങ്കിലും വിശാലവും, വിശുദ്ധവും, വിമോഹനവും, വികാരതത്ത്വവിപ്രിയ ആ ആകാശത്തിന്റെ ഒരു 'മുദ്രച്ചിത്ര'മെങ്കിലും കടലാസ്സിലായിട്ടുണ്ടോ എന്നു ഞാൻ തന്നെ സംശയിക്കുന്നുണ്ടു്. പ്രാപ്തിയുടെ ക്ലിപ്തപരിധികളെ പരിശ്രമത്തിന്റെ ശൂന്യതയായി' വ്യാഖ്യാനിക്കുന്നതു, രണ്ടുതരത്തിലും അബദ്ധമായിരിക്കുന്നതാണു്.

ശ്രീ ശക്തൻതമ്പുരാൻ ഏതൽക്കാലപര്യന്തം കേവലം ഐതിഹ്യങ്ങളിലും, മുത്തശ്ശിക്കഥകളിലും, നാടോടിപ്പാട്ടുകളിലുമാണു പ്രധാനമായും ഉപജീവിച്ചുപോന്നിരുന്നതു്. കൊച്ചിരാജവംശത്തിലെ ഏതൊരു കാലത്തെയും, ഏതൊരു രാജാവിനെയുംകുറിച്ചും, ഇത്രവളരെ

ഐതിഹ്യങ്ങളും കഥകളും മററും പ്രചാരത്തിലില്ലെന്നു തീർച്ചയാണ്. ശക്തൻതമ്പുരാനെക്കുറിച്ചുള്ള വല്ലതും ഒരു നേരമ്പോക്കെങ്കിലും കേട്ടിട്ടില്ലാത്തവർ, കൊച്ചിരാജ്യവാസികളിൽ ഏതായാലും ആരുംതന്നെ ഉണ്ടാകുമെന്നു തോന്നുന്നില്ല. ചിലേടങ്ങളിൽ തള്ളമാർ വാശിപിടിച്ചു നിലവിളിക്കുന്ന കുട്ടികളെ ഉറക്കുന്നതിനായും, ചിലേടങ്ങളിൽ ഒരു യഥാർത്ഥ ക്ഷത്രിയരാജാവിന്റെ ശൗര്യവീര്യപരാക്രമങ്ങളെയും, ദീനാനുകമ്പാദിഗുണങ്ങളെയും ഉദാഹരിക്കുന്നതിനായും, മററു ചിലേടങ്ങളിൽ ക്രൗര്യം, നിർദ്ദയത്വം, നിഷ്ഠൂരത, മുതലായവയുടെയെല്ലാം മൂർത്തിയോ പര്യായമോ ആയും, ആയിരിക്കാം ആ നാമം, ശക്തൻ തമ്പുരാൻ എന്ന ശബ്ദം, ഉപയോഗിക്കാറുള്ളതു്.

ഏതു വിധമായാലും ആ പഞ്ചാക്ഷരിയുടെ ശക്തിക്കു് ഒന്നരനൂററാണ്ടിനുശേഷവും പറയത്തക്ക ശക്തിക്ഷയമൊന്നും സംഭവിച്ചിട്ടില്ലെന്നുള്ളതു വിസ്മയാവഹമായ ഒരു വാസ്തവമാകുന്നു. അതിൽനിന്നു് ആ വ്യക്തിയുടെ അസാമാന്യമായിരുന്ന വ്യക്തിത്വം വ്യക്തമാകുന്നുണ്ടു്. ജീവിച്ചിരുന്ന കാലത്തു ജനതതിയുടെ ഗാഢവും ശക്തവും ആയ ശ്രദ്ധയെ ആകർഷിച്ചിരുന്ന ഒരാളെക്കുറിച്ചല്ലാതെ 'കഥാനാമങ്ങൾ' പിൽകാലങ്ങളിൽ സൃഷ്ടിക്കപ്പെടുകയില്ലെന്നും ഐതിഹ്യപടലങ്ങൾ കാടുപിടിച്ചു വളരുകയില്ലെന്നും തീർച്ചയാണ്. അടിസ്ഥാനരഹിതങ്ങളായാലും, അടിസ്ഥാനസഹിതങ്ങളായാലും, ആ വ്യക്തി വീക്ഷിക്കപ്പെടുന്നതിന്റെ നിലഭേദമനുസരിച്ചു്, കഥകൾ അഭിമാനകരങ്ങളോ ആക്ഷേപകരങ്ങളോ ആയിരിക്കുകയും ചെയ്യും. ഐതിഹ്യപടലങ്ങളിൽക്കൂടി നോക്കിയാലും, അനിഷേധ്യങ്ങളായ ചരിത്രരേഖകളിൽക്കൂടി നോക്കിയാലും, കൊച്ചി ശക്തൻതമ്പുരാൻ ആരാധ്യമായ ഒരു അഗ്രിമസ്ഥാനത്തു് അക്ഷയഭാസ്സോടുകൂടി വിളങ്ങുന്നതു് കാണാവുന്നതാണ്.

37100

ശ്രീ ശക്തൻ തമ്പുരാൻ

p01 ധാർമ്മികചക്രവർത്തി കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ട്

p021 മഹാമഹിമശ്രീ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ട്

p07 വിഷയവിവരം

p1 ചരിത്രസംക്ഷേപം

p11 പെരുമ്പടപ്പിൽ സ്വരൂപം

p16(1) തിരുവഞ്ചിക്കുളം (കൊടുങ്ങല്ലൂർ) ക്ഷേത്രം

p23 കൊച്ചി

p32 വെള്ളാരപ്പിള്ളി

p32(1) വെള്ളാരപ്പിള്ളി തെക്കേക്കോവിലകം.

p41 ഉദയാന്തരീക്ഷം

p48(1) വെള്ളാരപ്പിള്ളി പുതിയേടം ക്ഷേത്രം

p70 ജനനവും ബാല്യകാലവും

p80(1) 951 കന്നിമാസത്തിൽ തീപ്പെട്ട തമ്പുരാൻ

p111 ഡച്ചുകാർ

p128 കച്ചവടവൈപുല്യം, ചന്തകൾ

p151 ഹൈദർ ആലിഖാൻ, ടിപ്പുസുൽത്താൻ

p182(1) മട്ടാഞ്ചേരി ഡച്ചുകൊട്ടാരം

p187 ആംഗ്ലേയസന്ധി

p213 മലബാർ കമ്മീഷണർമാർ

p252 കോഴിക്കോട്

p274 കവളപ്പാറ

p285 ചിറ്റിലപ്പിള്ളി

p297 കൊടുങ്ങല്ലൂർ

p320(1) കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം

p322 ചേറ്റുവാമണപ്പുറം

p342 പാലയ്ക്കാട്ടും പുന്നത്തൂരും

p355 തിരുവിതാംകൂർ

p368 ആലങ്ങാട്ടും പറവൂറ്റും

p379 ക്രിസ്ത്യാനികൾ

p384(1) കന്ദംകളം ആർത്താറ്റുപള്ളി

p400(2) കാഞ്ഞൂർ കത്തോലിക്കപ്പള്ളി, തമ്പുരാൻ സമ്മാനിച്ച ആനവിളക്കും

p415 കൊങ്കിണികൾ

p434 ജൂതന്മാർ

p434(2) മട്ടാഞ്ചേരി ജൂതപ്പള്ളി

p451 ഈഴവർ

p488(2) ഇരിങ്ങാലക്കുട കൂടൽമാണിക്കം ക്ഷേത്രം

p526 സൈനികവ്യവസ്ഥകൾ

p533 ഭരണവിഭാഗങ്ങളും മുതലെടുപ്പുകളും

p561 നിത്യച്ചിലവുകൾ

p573 മരാമത്തുകൾ

p574(1) തൃപ്പൂണിത്തുറ ദേവതമാളിക

p594 ചില കൗതുകങ്ങൾ

p614 രാജനീതി

p636 ഉദ്യോഗസ്ഥന്മാർ

p662 പാലിയത്തച്ചൻ

p674 ചിമ്മുക്കുട്ടിയമ്മ

p707 അസ്തമനം

p708(1) തൃശ്ശിവപേരൂർ വടക്കേക്കരക്കോവിലകം

p726 പാലിയത്തച്ചൻ വീണ്ടും മന്ത്രി